Registered post

*Telephone No. 2512524*
**Post Box No. 5430**
*Fax 0471-2305891*
*Pin-695 033*

E-mail: secretary@niyamasabha.org

# SECRETARIAT OF THE KERALA LEGISLATURE

No. 3526/EB /2020/leg

Thiruvananthapuram
24.09.2019.

Secretary.

Ms. Geetika Mishra,

1886, Second Floor,
5th Main, 8th Cross,
New Thippasandra,
Bengaluru,
Karnataka -560075

Madam,

Ref:- Your Application dated 17.08.2020 under the Right To Information Act 2005.

Your kind attention is invited to the reference cited above. I am to inform you that information regarding your application in accordance with RTI Act 2005, is available in the official website of Kerala Legislative Assembly, www.niayasabha.org and that the same can be procured through the link - Digital Archives of Assembly Documents - Assembly - KLA 12 - Select date 04.09.2007 - Select Event Legislation - Select Subject - Kerala Anti-Social Activities (Prevention) Bill in 2007 - Search. The specific information required as per your letter can be obtained in PDF format by selecting the page No. from 224 to 302. Also the discussions of Kerala Anti-Social Activities (Prevention) Bill 2007 as reported by Subject Committee can be collected similarly through the same link by selecting the Date 17.09.2007 from page no. 241 to 292.

Similarly for Kerala Anti-Social Activities (Prevention) Ammendment Bill of 2014, the details can be collected through the link Digital Archives of Assembly Documents - Assembly - KLA 13 - Select the date 11.12.2014 - Select Event Legisltion - Select the Subject Kerala Anti-Social Activities (Prevention) Ammendment Bill of 2014 in PDF from page No. 495 to 545.

Connected details about this bill can also be obtained from our site through the link Business - 13 KLA Archives - 12th Sesion - Unedited Proceedings - select date 18.12.2014 - Legislative Business - Papge no. 111 to 132.

The pages mentioned above, if required as hardcopy, could also be made available on paying a sum of Rs.410 (Four hundred and ten rupees only) for a total of 205 pages at the rate of Rs2/ per page by DD/ Bankers Cheque drawn in favour of State Public Information Officer, Kerala Legislature Secretariat payable at Thiruvananthapuram.

Sincerely,

S. Sunil Kumar
Deputy Secretary &
State Public Information Officer.

**Appellate Authority**

Sri. R. Kishor Kumar
Special Secretary,
Kerala Legislature Secretariat.

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 11, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 11, വ്യാഴം

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 63

**II ക്രമപ്രശ്നം**

രാഷ്ട്രീയപാർട്ടിയെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ പരാമർശം ... 403

**III റൂളിംഗ്** ... 406

**IV അറിയിപ്പ്** ... 407

**V അടിയന്തരപ്രമേയം**

കൊച്ചി എൽ.എൻ.ജി. പ്രോജക്ട്–

ശ്രീ. എസ്. ശർമ്മ (അവതരണാനുമതി നിഷേധിച്ചു) .... 408

**VI ശ്രദ്ധ ക്ഷണിക്കൽ**

1. വയനാട് ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ–

ശ്രീ. എം. വി. ശ്രേയാംസ് കുമാർ .... 423

2. കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ–

ശ്രീ. പി. തിലോത്തമൻ ....427

**VII സബ്മിഷൻ**

1. കൺസ്യൂമർ ഫെഡിന്റെ സംരക്ഷണം–

- പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) ...435

2. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരകം–

- ശ്രീ. ഹൈബി ഈഡൻ ...437

3. ആദിവാസി നിൽപ്പ് സമരം–

- ശ്രീ. സി. ദിവാകരൻ ...438


LIBRARY ARCHIVES Kerala Legislative Assembly

പേജ്

4. ട്രാവൻകൂർ റയോൺസിന്റെ ഭൂമിയിൽ പുതിയ സംരംഭങ്ങൾ–

ശ്രീ. സാജു പോൾ ...440

5. മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ നിയമം–

ശ്രീ. എ. പ്രദീപ് കുമാർ ...441

6. ക്യാൻസർ രോഗികളുടെ ബുദ്ധിമുട്ടുകൾ–

ശ്രീ. എ. കെ. ശശീന്ദ്രൻ ...442

7. പാരമ്പര്യവൈദ്യന്മാരുടെ പ്രശ്നങ്ങൾ–

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ...446

8. അകാരണമായി പോലീസ് കസ്റ്റഡിയിലെടുത്തതുമൂലം ജോലി നഷ്ടപ്പെട്ട സംഭവം–

ശ്രീ. ബി. സത്യൻ ...448

9. നീര ഉൽപ്പാദനത്തിലെ തടസ്സങ്ങൾ നീക്കം ചെയ്യൽ–

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ ...451

10. കൊമ്മേരി ഗോട്ട് ഫാം ടൂറിസം കേന്ദ്രമാക്കൽ–

ശ്രീ. പി. ജയരാജൻ ...453

11. ട്രെയിൻ യാത്രക്കാരിൽ നിന്നും അനധികൃത തുക ഈടാക്കൽ–

ശ്രീ. പി. സി. വിഷ്ണുനാഥ് ...455

12. പുതിയ പി. ജി. കോഴ്സുകൾ–

ശ്രീ. ഷാഫി പറമ്പിൽ ...456

13. ഗ്രേസ് മാർക്ക് ഉയർത്തൽ–

ശ്രീ. ആർ. സെൽവരാജ് ...458

14. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് ഒഴിവാക്കൽ–

ശ്രീ. പി. എ. മാധവൻ ...460

15. ബസ് ചാർജ് കുറയ്ക്കണമെന്ന ആവശ്യം–

ശ്രീ. വി. റ്റി. ബൽറാം ...462


LIBRARY ARCHIVES Kerala Legislative Assembly

പേജ്

16. തോട്ടം തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം—

ശ്രീ. കെ. കെ. ജയചന്ദ്രൻ ...469

17. അതിർത്തി പുനർനിർണ്ണയം—

ശ്രീ. കെ. വി. വിജയദാസ് ...471

18. കക്കയം പെരുവണ്ണാമൂഴി ടൂറിസം പദ്ധതി—

ശ്രീ. പുരുഷൻ കടലുണ്ടി ...472

19. പി.ഡബ്ല്യൂ.ഡി.എ.എക്സ്.ഇ.യുടെ ഓഫീസ് മാറ്റാനുള്ള നീക്കം—

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ...474

20. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ രണ്ടാംഘട്ടം—

ശ്രീ. സണ്ണിജോസഫ് ...474

VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ ...477

IX റിപ്പോർട്ട് സമർപ്പണം ...477

X റിപ്പോർട്ട് പരിഗണന ...479

XI ക്രമപ്രശ്നം

കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ... 479

XII നിയമനിർമ്മാണകാര്യം

1. 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...489

2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...541

XIII റൂളിംഗ്

ക്രമപ്രശ്നം അനുവദിക്കാത്തതു സംബന്ധിച്ച് ...607

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 11, വ്യാഴം*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2014 ഡിസംബർ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ...............ഓർഡർ.............ചോദ്യം നമ്പർ* 241

### ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

1 (*241) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നഗരങ്ങൾ, ടൗൺ സെന്ററുകൾ, പാതയോരങ്ങൾ എന്നിവിടങ്ങളിൽ അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യലക്ഷ്യം. പൊതു ശൗചാലയങ്ങളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ശൗചാലയമാണ് വിഭാവന ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണവും ടോയിലറ്റ് ലഭ്യതയും ഉറപ്പ് വരുത്തുക, ഉപഭോക്താക്കളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുക, പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുക, ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ, ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോ ഷോപ്പ്, വിശ്രമ സൗകര്യം, ബാങ്ക് എ.റ്റി.എം, ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോടുകൂടി സ്വയം പര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. അനുബന്ധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും കൂടി ഉപയോഗപ്പെടുത്തി, ലോകോത്തര നിലവാരത്തിൽ ജനോപകാരപ്രദമായ രീതിയിൽ ഇവ പരിപാലിക്കുവാൻ കഴിയും.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ എത്തുന്ന എല്ലാവരുടെയും വലിയൊരു പരാതിയാണ് ഈ കമ്പനി രൂപീകരണവും പ്രവർത്തനവും കൊണ്ട് പരിഹരിക്കാൻ പോകുന്നത്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കേരളത്തിൽ എത്തുന്ന മൊത്തം ജനങ്ങളും പറഞ്ഞുകൊണ്ടിരുന്ന, പ്രത്യേകിച്ചും സ്ത്രീകൾക്ക് ടോയിലറ്റിൽ പോകാൻ നിവൃത്തിയില്ല എന്ന പരാതിക്കാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾവഴി പരിഹാരം കാണാൻ ശ്രമിക്കുന്നത്. പി.ഡബ്ല്യു.ഡി. നാഷണൽ ഹൈവേയിലേയും മറ്റ് മേജർ സ്റ്റേറ്റ് ഹൈവേകളിലേയും മേജർ ജില്ലാ റോഡുകളിലെയും സൈഡുകളിലാണ് ഇത് പണിയാൻ ഉദ്ദേശിക്കുന്നത്.

പി.ഡബ്ല്യു.ഡി.യുടെ ഭൂമി ലഭിക്കാത്ത സ്ഥലത്ത് റവന്യൂ പുറമ്പോക്ക് ഭൂമി ഇതിനുവേണ്ടി വിട്ടുകിട്ടാനായി ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം ഉണ്ടാക്കിയിട്ടുണ്ടോ ; അതിന് എന്തെങ്കിലും സാധ്യതയുണ്ടോ ; അത് ടെണ്ടർ ചെയ്തു കൊടുക്കുകയാണോ അതോ കമ്പനി നേരിട്ടാണോ ഇതിന്റെ ഓപ്പറേഷൻസ് നടത്തുന്നത് ; അതിന്റെ യൂസർ ഫീ തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നമ്മുടെ റോഡുകളിലുള്ള ഓക്സ്ബോ ലാന്റുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അങ്ങനെയാണ് അതിന് തുടക്കം കുറിച്ചിരിക്കുന്നത്. അതായത് റോഡ് വീതി കൂട്ടുമ്പോഴും പുതിയ റോഡ് വരുമ്പോഴും ഉണ്ടാകുന്ന 'കാളക്കൊമ്പ്' എന്ന അർത്ഥം വരുന്ന 'ഓക്സ്ബോ ലാന്റ്'കളിലാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ റവന്യൂ പുറമ്പോക്ക് സ്ഥലങ്ങളിൽ പെർമിസീവ് സാങ്ഷൻ എടുത്തുകൊണ്ട് നിർമ്മിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നടത്തിപ്പിനുവേണ്ടി expression of interest ക്ഷണിച്ചിട്ടുണ്ട്. മൂന്ന് കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കമ്പനികളെ സെലക്ട് ചെയ്തിട്ടില്ല. അതുപോലെ തന്നെ യൂസർ ഫീ മാക്സിമം അഞ്ച് രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ആധുനിക സൗകര്യങ്ങളും സാനിട്ടറി ഉപകരണങ്ങളും കൊടുക്കാനുള്ളതുകൊണ്ട് ഇത് ഒരു ചെലവേറിയ സംഗതിയാണെങ്കിലും യൂസേഴ്സിന് ചെലവ് കുറഞ്ഞ രീതിയിൽ ഈ സൗകര്യം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ലൂഡി ലൂയിസ് : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ കീഴിൽ എത്ര അമിനിറ്റീസ് സെന്ററുകളാണ് ആദ്യഘട്ടത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് ; ഈ അമിനിറ്റീസ് സെന്ററുകളിൽ സ്ത്രീകൾക്കും വൃദ്ധജനങ്ങൾക്കും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : തീർച്ചയായിട്ടും സ്വീകരിക്കാം. വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഓഫർ തന്നിട്ടുള്ള പെരുമ്പാവൂർ, അരൂർ, തിരൂർ എന്നീ മൂന്ന് സ്ഥലങ്ങളിലാണ് ഉടനെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. പെരുമ്പാവൂർ 50 ലക്ഷം രൂപയും അരൂർ 100 ലക്ഷം രൂപയും തിരൂർ 32 ലക്ഷം രൂപയുമാണ് എം.എൽ.എ.മാർ ഓഫർ നൽകിയിട്ടുള്ളത്. അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ധനകാര്യ വകുപ്പിൽനിന്നുള്ള ക്ലിയറൻസും കിട്ടിയിട്ടുണ്ട്. കുറെ സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. റ്റി. ജോർജ് : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ ഭാഗമായി അമിനിറ്റീസ് സെന്ററുകൾ നിർമ്മിക്കുവാൻ എന്തെല്ലാം നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; സെന്ററുകൾ നിർമ്മിച്ചുകഴിഞ്ഞാൽ അവ മോണിറ്റർ ചെയ്യാനുള്ള സംവിധാനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ഇതിന്റെ മോണിറ്ററിംഗും പരിപാലനവുമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇതിന് പ്രത്യേകം പരിശീലനം കിട്ടിയ ആളുകളെയാണ് നിയോഗിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ സൈഡുകളിലുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ സ്ഥലം ലഭ്യമല്ലാത്ത വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നേരത്തെ ശ്രീ ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപോലെ പുറമ്പോക്കുകളിലും ഗവൺമെന്റ് ലാന്റുകളിലും പെർമിസീവ് സാങ്ഷൻ എടുത്ത് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, കംഫർട്ട് സ്റ്റേഷൻ വൃത്തിയായി സൂക്ഷിക്കുന്നതിൽ നമ്മൾ മുൻപന്തിയിലാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്വയം പ്രവർത്തിക്കുന്ന ഇ-ടോയിലറ്റുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. കെൽട്രോൺ ആണ് സപ്ലൈ ചെയ്യുന്നത്, നിർമ്മിക്കുന്നത് സ്വകാര്യ കമ്പനിയുമാണ്. സമയ ബന്ധിതമായി അത് നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. കൊടുത്തതുതന്നെ പ്രവർത്തിക്കുന്നുണ്ടോയെന്ന് നോക്കാൻ സാധിക്കുന്നുമില്ല. അതൊന്ന് മാറ്റാൻ വേണ്ടി സിവിൽ എഞ്ചിനീയർമാരും ഇലക്ട്രോണിക്സ് എഞ്ചിനീയർമാരും, മെക്കാനിക്കൽ എഞ്ചിനീയർമാരുമുള്ള പി.ഡബ്ല്യു.ഡി.യെകൊണ്ട് അല്ലെങ്കിൽ അതുപോലുള്ള സംഘങ്ങളെക്കൊണ്ട് ഒരു ജനതാ മോഡൽ ടോയിലറ്റ് നിർമ്മിച്ച് ഗ്രാമങ്ങളിൽ സപ്ലൈ ചെയ്യാൻ സാധിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിനെപ്പറ്റി ചിന്തിക്കുകയും പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രോണിക്സ് വിഭാഗം ഒരു മോഡൽ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അത് ഒരു സക്സസ് മോഡൽ ആയിട്ടാണ് അനുഭവപ്പെട്ടിരിക്കുന്നത്. അത് ഡെവലപ്പ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാർ സഹകരിച്ചാലേ സാധിക്കുകയുള്ളൂ. അവരുടെ ആസ്തി വികസന ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിച്ച് അവർ നിർദ്ദേശിക്കുന്ന സ്ഥലത്ത് അത്തരത്തിലുള്ള ഇ-ടോയിലറ്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, നമ്മുടെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും പല റോഡുകളും വർഷങ്ങളായി ഗതാഗതയോഗ്യമല്ലാതായി കിടക്കുകയാണ്. ഒരു അറ്റകുറ്റപ്പണിയും നടക്കുന്നില്ല. ഈ റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെക്കാൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. പക്ഷെ മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് അവരെ സംബന്ധിച്ചിടത്തോളം വേണ്ടത്ര സാമ്പത്തിക ശേഷി ഇല്ല. നമ്മുടെ പൊതുമരാമത്ത് ഓഫീസിന് മുന്നിലൂടെ പോകുന്ന റോഡുകൾ പോലും ഗതാഗത യോഗ്യമല്ല. മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ റോഡുകൾ എന്നുള്ളതുകൊണ്ട് ആ വകുപ്പിന് ഒന്നും ചെയ്യാൻ സാധിക്കുന്നുമില്ല. അതുകൊണ്ട് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും പ്രധാനപ്പെട്ട റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മാത്രമേ പൊതുമരാമത്ത് ഫണ്ട് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. പല ഘട്ടങ്ങളിലും നോൺപ്ലാൻ ഫണ്ടും പ്രത്യേക ഫണ്ടുകളും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചുതരാറുണ്ട്. മുൻപും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ സാമ്പത്തിക ക്ലേശം ഉള്ളതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് അത്തരത്തിലുള്ള ഫണ്ടുകളൊന്നും അനുവദിക്കുന്നില്ല. ഇപ്പോഴുള്ള പഞ്ചായത്ത് റോഡുകളും മുനിസിപ്പാലിറ്റി റോഡുകളും അവർതന്നെ മെയിന്റെയിൻ ചെയ്യേണ്ട സ്ഥിതിയാണുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പരിധിയിൽ പൊതു ടോയിലറ്റ് ഉണ്ടാക്കാൻ പോകുകയാണ്. ജലലഭ്യതയോടുകൂടി അത് വരുന്നത് നല്ല കാര്യമാണ്. കേരളത്തിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ ഉണ്ട്. പലയിടത്തും അത് വേണ്ടത്ര രീതിയിൽ മെയിന്റെയിൻ ചെയ്യുന്നില്ല. കേരളത്തിന്റെ പ്രധാനപ്പെട്ട നഗരങ്ങളിലുള്ള പൊതുമരാമത്ത് റെസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് അങ്ങ് രൂപം നൽകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങയുടെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. സിറ്റികളിലുള്ള, പ്രത്യേകിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലുള്ള റെസ്റ്റ് ഹൗസുകൾ വളരെ ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒന്നായി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ

നഗരങ്ങളിലുള്ളതിനൊക്കെ പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. അർബനൈസ് ചെയ്തിട്ടുള്ള പല ചെറിയ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള റെസ്റ്റ് ഹൗസുകളിൽ കൂടുതൽ ശ്രദ്ധചെലുത്താൻ സാധിക്കുന്നില്ല എന്നുള്ളത് പരമാർത്ഥമാണ്. അത് പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് ഏർപ്പെടുത്തുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, റോഡ് സൈഡുകളിൽ അമിനിറ്റീസ് സെന്റർ തുടങ്ങുന്നതിന് സ്ഥലം ആണ് പ്രധാന പ്രശ്നമായി വരുന്നത്. എല്ലാ പ്രദേശങ്ങളിലും PWD യുടെ സബ് ഡിവിഷനോട് ഇതിനാവശ്യമായ സ്ഥലം കണ്ടുപിടിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; പദ്ധതി സമയബന്ധിതമായി, എത്രയും നേരത്തേ തുടങ്ങാൻ സാധിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. സ്ഥലം കണ്ടെത്തുന്ന ജോലിയാണ് ആദ്യം ചെയ്തത്. സ്ഥലം കണ്ടുപിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് ആദ്യഘട്ടത്തിൽ ഒരു കത്തയച്ചിരുന്നു. ഇനിയും കണ്ടെത്തിയ സ്ഥലങ്ങൾ കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് കത്തയയ്ക്കാൻ കമ്പനിയോട് പ്രത്യേകം ആവശ്യപ്പെടാം. പി.ഡബ്ല്യു.ഡി. വക സ്ഥലമില്ലാത്ത പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഇതു തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് പോലെ കാത്തിരുപ്പുകേന്ദ്രനിർമ്മാണങ്ങൾ പൊതുമരാമത്ത് വകുപ്പ് 'പ്രതീക്ഷ' എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പാതയോരങ്ങളിലെ എൻ.എച്ച്. റോഡിലും എം.സി. റോഡിലും പ്രധാനമായും സ്കൂളുകളും ആശുപത്രികളുമുള്ള സ്ഥലങ്ങളിലെ പാതയോരങ്ങളിൽ കാത്തിരിപ്പുകേന്ദ്രങ്ങൾ ജനപ്രതിനിധികളോടും തദ്ദേശഭരണ സ്ഥാപനങ്ങളോടും മുൻകാലങ്ങളിൽ പ്രമേയംവഴി എടുത്തുകഴിഞ്ഞാൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി ചെയ്യാമായിരുന്നു. ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് 'പ്രതീക്ഷ'യെ ഒരു exclusive agency ആയി ഏൽപ്പിച്ചിട്ടുണ്ട്. കവടിയാറിൽ അതിന്റെ ഓഫീസ് തുടങ്ങിയിട്ടുണ്ട്. പക്ഷേ അവിടെ അവർക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ഒരു സംവിധാനവുമായിട്ടില്ല. ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും നിയമാനുസൃതം എം.സി. റോഡിന്റേയും എൻ.എച്ച്. റോഡിന്റേയും മറ്റ് ഗതാഗതമേഖലയിൽ ബുദ്ധിമുട്ടുണ്ടാക്കാതെ കാത്തിരുപ്പ് കേന്ദ്രങ്ങൾ പണിതുകൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യം പരിഗണിക്കുമോ ; അത് പണി ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, 'പ്രതീക്ഷ' ബസ് ഷെൽട്ടേഴ്സിനെ കുറിച്ചുള്ള ചോദ്യമാണ് അങ്ങ് ഇവിടെ ഉന്നയിച്ചത്. 'പ്രതീക്ഷ' ബസ് ഷെൽട്ടേഴ്സിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് എവിടെയെങ്കിലും കാത്തിരുപ്പുകേന്ദ്രങ്ങൾ പ്രത്യേകമായി തുടങ്ങണമെന്നുണ്ടെങ്കിൽ, ആ നിർദ്ദേശം ഈ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായി സംസാരിച്ച് ഒരു തീർപ്പുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഏതെങ്കിലും പ്രദേശമുണ്ടെങ്കിൽ പ്രത്യേകമായി നിർദ്ദേശിക്കാവുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിലെ റോഡ് യാത്രക്കാരുടെ വലിയ പ്രശ്നമാണ് നല്ല ഭക്ഷണവും ശൗചാലയങ്ങളുടെ അപര്യാപ്തതയും. ഒരു പരിഷ്കൃത സമൂഹത്തിൽ ഇത്തരത്തിലുള്ള സൗകര്യങ്ങളില്ലാതിരിക്കുന്നത് അപമാനകരമാണ്. ഗൾഫ് രാജ്യങ്ങളിൽ പെട്രോൾ പമ്പുകളിലും ഷോപ്പിംഗ് മാളുകളിലും ശൗചാലയങ്ങളും ടെലിഫോൺ ബൂത്തുകളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. അതുകൊണ്ട് ശൗചാലയത്തിൽ മാത്രമൊതുക്കാതെ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് നല്ല ഭക്ഷണവും ടെലിഫോൺ ബൂത്തുകളും അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെറിയ മാളുകളും ചേർന്ന് രൂപകൽപ്പന ചെയ്യുമോ ; അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. ആ രീതിയിൽ തന്നെയാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഇതൊരു ആശ്വാസ് പബ്ലിക് അമിനിറ്റീസ് എന്നുപറഞ്ഞാൽ ശൗചാലയങ്ങൾ മാത്രമല്ല ഉദ്ദേശിക്കുന്നത്. അതിന്റെ കൂട്ടത്തിൽ ചെറിയ മാളുകൾ, ഷോപ്പിംഗ് സെന്ററുകൾ, എ.റ്റി.എം. തുടങ്ങി ആധുനികകാലത്ത് ഒരു യാത്രക്കാരന് ആവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പെരുമ്പാവൂർ, അരൂർ, തിരൂർ തുടങ്ങിയ സ്ഥലങ്ങളിലാണ് ഇപ്പോൾ തുടങ്ങാനുദ്ദേശിക്കുന്നത്. ആവശ്യത്തിൽ കൂടുതൽ സ്ഥലമുള്ളതുകൊണ്ട് അരൂരിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഒരു പൂന്തോട്ടം കൂടി വിഭാവന ചെയ്തിട്ടുണ്ട്. ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായതിൽ കൂടുതൽ സ്ഥലസൗകര്യമുള്ള പ്രത്യേക കേന്ദ്രങ്ങളിൽ കഴിയുന്നത്ര മോഡേൺ അമിനിറ്റീസ്, കുട്ടികൾക്ക് കളിക്കുന്നതിനുള്ള സൗകര്യമൊക്കെ ഉദ്ദേശിക്കുന്നുണ്ട്. അരൂരിൽ ഈ സൗകര്യങ്ങളുള്ളതുകൊണ്ട് ഇത് ഉദ്ദേശിക്കുന്നുണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഒരു പദ്ധതിയാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, തൊഴിലില്ലാത്തവർ ധാരാളമുള്ള കേരളത്തിൽ പബ്ലിക് അമിനിറ്റീസിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഡിപ്പാർട്ടുമെന്റിന്റെ ചെലവിൽ കെട്ടിടങ്ങൾ നിർമ്മിച്ച് അത് നോക്കിനടത്താനാവശ്യമായ ആളുകളെയും നിശ്ചയിച്ചാൽ സർക്കാരിന് നല്ല വരുമാനം ലഭിക്കുകയും തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയും. ഈ രീതിയിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. മോഡേൺ സൊസൈറ്റിയിൽ ഇത് നടപ്പിലാക്കുന്നതിന് ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം ലഭിച്ച ആളുകൾ വേണം. ഇതൊക്കെ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ പറ്റിയ ആളുകളുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങയുടെ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. എം. ഉമ്മർ : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് തുടങ്ങുമ്പോൾ അതിനെ സംബന്ധിച്ച് വ്യക്തമായ ധാരണയും കാഴ്ചപ്പാടും അങ്ങേയ്ക്കും ഗവൺമെന്റിനുമുണ്ടാകും. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മറ്റ് ചിലത് തുടങ്ങാൻ പോകുന്നുവെന്ന് പറഞ്ഞു. അങ്ങനെ തുടങ്ങുകയാണെങ്കിൽ അതിന്റെ മെയിന്റനൻസ് ആരാണ് ചെയ്യുന്നത്? ബസ്സ്റ്റാന്റുകളിലൊക്കെ ടോയിലെറ്റുകൾ തുടങ്ങുമ്പോൾ വളരെ മനോഹരമായിരിക്കും. എന്നാൽ മെയിന്റനൻസ് പ്രോപ്പറായി നടത്താൻ സംവിധാനമില്ലാത്തതുകൊണ്ട് അവ അടച്ചിടുകയാണ്. പുതിയ ആശയങ്ങളുമായി വരുമ്പോൾ അതിന്റെ മെയിന്റനൻസ് പ്രോപ്പറായി നടത്തുമെന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഏറ്റവും പ്രധാന പ്രശ്നം, ഇവ തുടങ്ങുക എന്നതല്ല, അത് മെയിന്റയിൻ ചെയ്യുക എന്നുള്ളതാണ്. അതുകൊണ്ടാണ് ഈ കമ്പനി ഇതിൽ വൈദഗ്ദ്ധ്യം നേടിയ, എക്സ്പീരിയൻസ്ഡായിട്ടുള്ള ആളുകളുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചത്. മൂന്ന് കമ്പനികൾ ഇക്കാര്യത്തിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് വളരെ വൈദഗ്ദ്ധ്യത്തോടും നന്നായിട്ടും നടത്തിയിട്ടുള്ള കമ്പനികളെയാണ് തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ തദ്ദേശീയമായ ഏതെങ്കിലും താൽപ്പര്യമുണ്ടെങ്കിൽ അതുംകൂടി പരിഗണിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ നാണു : സർ, ഇവിടെ ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുന്നവ, എം.എൽ.എ.മാർ കാലാവധി കഴിഞ്ഞ് പോകുന്നഘട്ടത്തിലും ഇവയെ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാനും ആവശ്യത്തിന് റിപ്പയർ ചെയ്യാനും വൃത്തിയാക്കി സൂക്ഷിക്കാനും മുൻസിപ്പൽ നിലവാരത്തിൽ ഒരു വിഭാഗത്തെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ ശമ്പളം കൊടുത്താൽ മാത്രമേ ഇത് പ്രാവർത്തികമാവൂ. അക്കാര്യത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇത് ജനാധിപത്യ വൽക്കരിക്കുന്നതിൽ ഒരു പ്രശ്നവുമില്ല. ഇക്കാര്യത്തിൽ പ്രൊഫഷണലായി നടത്തിക്കൊണ്ടു പോകേണ്ട ഒന്നാണ്. നമ്മുടെ നാട്ടിൽ ടോയിലെറ്റുകൾ ഇല്ലാത്തതല്ല പ്രശ്നം, അവ വൃത്തിയായി മെയിന്റെയിൻ ചെയ്യുന്നില്ല എന്നതാണ് പ്രശ്നം. പ്രൊഫഷണലായി നടത്തിക്കൊണ്ടുപോകണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനാണ് കമ്പനി രൂപീകരിച്ചത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം കൂടി പരിഗണിച്ച് മുന്നോട്ടുപോകും.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, കേരളം ഒരു ജെറിയാട്രിക് സൊസൈറ്റിയായി മാറിക്കൊണ്ടിരിക്കുകയാണ്. വൃദ്ധജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലുള്ള പബ്ലിക് അമിനിറ്റീസ് ഉണ്ടാകുന്നില്ല. ഇവിടെയുള്ള ടോയിലെറ്റുകളും മറ്റും ജെറിയാട്രിക് ഫ്രെണ്ട്ലിയല്ല. നമ്മുടെ ആയുർദൈർഘ്യം വർദ്ധിക്കുന്നതനുസരിച്ച് വൃദ്ധൻമാരുടെ എണ്ണം വർദ്ധിക്കുന്നു. പബ്ലിക് യൂട്ടിലിറ്റീസ് വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ നിർമ്മിച്ചിട്ടില്ലെങ്കിൽ വലിയ പ്രശ്നങ്ങളുണ്ടാകും, ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, തീർച്ചയായും വൃദ്ധജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളും അവർക്ക് ഉപയോഗിക്കാൻ പറ്റുന്നരീതിയിലുള്ള ടോയിലെറ്റുകൾ സൗകര്യപ്പെടുത്തിക്കൊണ്ടാണ് അമിനിറ്റീസ് സെന്റർ നിർമ്മിക്കുന്നത്. ചില വിദേശരാജ്യങ്ങളിൽ വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലുള്ള സൗകര്യങ്ങളുണ്ട്. അത് കണ്ടിട്ടുള്ളതുകൊണ്ടായിരിക്കും അങ്ങ് ഈ ചോദ്യം ഉന്നയിച്ചത്. അവർക്ക് പിടിച്ച് എഴുന്നേൽക്കുന്നതിനും, ഇരിക്കുന്നതിനും വീൽചെയറിൽ കടന്നുപോയി ഇരിക്കാനുമുള്ള സൗകര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിലുള്ള സൗകര്യങ്ങൾ കൂടി ആശ്വാസ് അമിനിറ്റീസ് സെന്ററിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, ഇതെല്ലാം നഗര വികസനകാര്യ മന്ത്രാലയത്തിന്റെ കീഴിൽ നടക്കേണ്ട കാര്യങ്ങളാണ്. എന്നാലും കുഴപ്പമില്ല. എങ്ങനെയെങ്കിലും നടന്നാൽ മതി. പ്രതീക്ഷ, റോഡ് ഫണ്ട് ബോർഡ് അങ്ങനെ കുറേ ബോർഡുകൾ ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. എത്ര ബോർഡുകൾ ഉണ്ടെന്ന് അങ്ങോ അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഇടപെട്ട് എം.എൽ.എ.മാരെ അറിയിച്ചെങ്കിൽ കൊള്ളാമായിരുന്നു. മോണോറെയിൽ കോർപ്പറേഷൻ, കുടുംബശ്രീ മിഷന്റെ കീഴിൽ കുറേ കോർപ്പറേഷൻ, കെ.എസ്.യു.ഡി.പി. ഇതുപോലെ കുറേ വെള്ളാനകളെ കൊണ്ടിരുത്തി കോടിക്കണക്കിന് രൂപ സാമ്പത്തിക ബുദ്ധിമുട്ടുള്ളപ്പോൾ തിന്നുമുടിക്കുകയാണ്. ഡിപ്പാർട്ടുമെന്റിൽത്തന്നെ നല്ല കഴിവും ശേഷിയുമുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. ഈ കോർപ്പറേഷനുകളൊക്കെ ഉണ്ടാക്കി അതിലൊരു എം.ഡി., ഒരു ചെയർമാൻ, ഒരു കൺസൾട്ടൻസി ഇങ്ങനെയുള്ള ആളുകളൊക്കെ എന്തിനാണ്; കൺസൾട്ടൻസി എന്നുവച്ചാൽ പരമവെട്ടിപ്പാണ്. റോഡ് ഫണ്ട് ബോർഡ് തിരുവനന്തപുരം സിറ്റിയിൽ 500 കോടി രൂപ മുടക്കിയാണ് 42 കിലോമീറ്റർ റോഡ് ചെയ്തത്, ഇത്രയും വലിയ പ്രോജക്ട് ഉണ്ടാക്കുന്നവർക്ക് വേറെ ഒരു കാര്യവും ചെയ്യുന്നതിനുള്ള ബുദ്ധി ഉദിച്ചിട്ടില്ല. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം സ്വാഗതം ചെയ്യുന്നു. ഇതിന് അഡീഷണൽ ശമ്പളം കൊടുക്കുന്നത് ഒഴിവാക്കിക്കൊണ്ട് കോർപ്പറേഷനും മുനിസിപ്പാലിറ്റിയുമായി സഹകരിച്ചുകൊണ്ടു പോകുന്നതിനുള്ള ഒരു സമീപനവും കൂടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, തീർച്ചയായും അങ്ങ് നിർദ്ദേശിച്ചതുപോലെ ഇതിന്റെയൊരു എക്സ്പെൻഡിച്ചർ കഴിയുന്നത്ര ഒഴിവാക്കുന്നതിനും പ്രത്യേകിച്ച് ഇനീഷ്യൽ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ടുപോകാനുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തിക്കുന്നത്. ഉദാഹരണമായി വാടകയും ശമ്പളവുമൊക്കെ കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങ് നിർദ്ദേശിച്ചതുപോലെ കോർപ്പറേഷനും മുനിസിപ്പാലിറ്റിയുമായി സഹകരിച്ചുപോകാനാണ് ഉദ്ദേശിക്കുന്നത്. അങ്ങയുടെ നിർദ്ദേശം സ്വാഗതം ചെയ്യുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, എല്ലാവർഷവും ശബരിമല തീർത്ഥാടനത്തിനായി ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽനിന്നും എത്തുന്ന ഒരു സ്ഥലമാണ് എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂർ. ചെങ്ങന്നൂർ നഗരത്തിൽത്തന്നെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിനോടു ചേർന്ന് എം.സി.റോഡിന് സമീപത്ത് പി.ഡബ്ല്യു.ഡി.യുടെ സ്ഥലം ഉണ്ട്. അവിടെ ഒരു അമിനിറ്റീസ് കേന്ദ്രം ആരംഭിച്ചാൽ ലക്ഷക്കണക്കിന് തീർത്ഥാടകർക്കും എം.സി. റോഡിലൂടെ യാത്ര ചെയ്യുന്നവർക്കും വലിയ ആശ്വാസമായിരിക്കും. ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡി-ന്റെ ഇത്തരം ഒരു കേന്ദ്രം അവിടെ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ? എന്റെ നിയോജകമണ്ഡലമായതു കൊണ്ടല്ല, വളരെ പ്രധാനപ്പെട്ട ഒരു പോയിന്റായതുകൊണ്ടുമാത്രമാണ് ചോദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റിഡിന്റെ ഇത്തരം ഒരു കേന്ദ്രം നിർമ്മിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. രണ്ടുകാര്യങ്ങളാണ് ഇപ്പോഴുള്ളത്. ഒന്ന്, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടോ എം.എൽ.എ. ഫണ്ടോ ലഭ്യമാക്കണം. അതല്ലെങ്കിൽ വേറൊരു വഴി കൂടി ആലോചിക്കുന്നുണ്ട്. വലിയ കോർപ്പറേറ്റുകളുടെ CSR (Corporate Social Responsibilities)-ൽ നിന്നോ ഫണ്ട് ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ട്. ഗവൺമെന്റ് NTPC-യെ സമീപിച്ചിട്ടുണ്ട്. NTPC സഹായിക്കുകയാണെങ്കിൽ കായംകുളത്ത് അത്തരത്തിലൊരു സ്ഥാപനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടോ എം.എൽ.എ. ഫണ്ടോ ലഭിക്കണം. അല്ലെങ്കിൽ എം.എൽ.എ.മാർ മുൻകൈ എടുത്താൽ ഗവൺമെന്റ് തീർച്ചയായും മോണിറ്ററിംഗ് നടത്തി CSR (Corporate Social Responsibilities)-യിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കി നിർമ്മിക്കാം. ഏതായാലും ആ സ്ഥലത്ത് അമിനിറ്റീസ് കേന്ദ്രം സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാണ്. അങ്ങ് അതിനകത്ത് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ എന്നിവ വികസിച്ചുവന്നപ്പോൾ റോഡരികിൽ പി.ഡബ്ല്യൂ.ഡി.യുടെ വസ്തു ധാരാളമായിട്ടുണ്ട്. ഇത്തിക്കരയാറ് ഏറ്റവും കൂടുതൽ ഒഴുകുന്നത് ചടയമംഗലം മണ്ഡലത്തിലൂടെയാണ്. ഇത്തിക്കരയാറിന്റെ തീരത്ത് ഏകദേശം 80 സെന്റ് വസ്തു പി.ഡബ്ല്യൂ.ഡി.യുടെ കൈവശമുണ്ട്. റോഡ് വികസിപ്പിച്ചപ്പോൾ വന്നതാണ്. ഇപ്പോൾ അത് കയ്യേറ്റ ഭീഷണിയിലാണ്. പലയിടങ്ങളിലും കയ്യേറ്റ ഭീഷണിയുണ്ട്. ശബരിമല സീസണിൽ ലക്ഷക്കണക്കിന് തീർത്ഥാടകരാണ് അതുവഴി പോകുന്നത്. അവിടെ അവർക്ക് കുളിക്കാനുള്ള സൗകര്യവും മറ്റുസൗകര്യങ്ങളുമുണ്ടാക്കിയാൽ ലക്ഷക്കണക്കിന് രൂപ പി.ഡബ്ല്യൂ.ഡി.-ക്ക് വരുമാനം ലഭിക്കും. ഇത്തിക്കരയാറിന്റെ തൊട്ടുതീരത്തായതു കൊണ്ട് ജലത്തിന്റെ പ്രശ്നമില്ല. ആരെയെങ്കിലും ഏൽപ്പിച്ചാൽ അവരുടെ കയ്യിൽ നിന്നും വാടക വാങ്ങാം. അല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി.-ക്ക് നേരിട്ട് നടത്താം. ഈ സൗകര്യങ്ങളെല്ലാം ഉണ്ടാക്കാം. അതല്ലെങ്കിൽ പഞ്ചായത്തിനെ ഏൽപ്പിച്ചാൽ പഞ്ചായത്ത് ആ രീതിയിൽ വസ്തു ഉപയോഗപ്പെടുത്തും. ചടയമംഗലത്തെ വസ്തു പ്രത്യേകമായി എടുത്തുപറയുകയാണ്. ഇത്തരം വസ്തുക്കൾ പോയിന്റൗട്ട് ചെയ്ത് സാഹചര്യമുപയോഗിച്ച് ലക്ഷക്കണക്കിന് രൂപ പി.ഡബ്ല്യൂ.ഡി.-ക്ക് വരുമാനം ലഭിക്കാനും ആളുകൾക്ക് ഉപയോഗപ്പെടുത്താനും അതോടൊപ്പം കയ്യേറ്റം അവസാനിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ നിർദ്ദേശിച്ച കാര്യത്തിൽ പ്രത്യേകം നടപടികൾ സ്വീകരിക്കാൻ കമ്പനിയോട് നിർദ്ദേശിക്കാം. മാത്രമല്ല, പഞ്ചായത്തിനെ ഏൽപ്പിക്കേണ്ട ആവശ്യമില്ല. ഇങ്ങനെയൊരു പദ്ധതിയുള്ളതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ ഈ കമ്പനിക്കു തന്നെ ഇത് ഡെവലപ്പ് ചെയ്യാവുന്നതാണ്. ഇതിന്റെ സൗകര്യം പരമാവധി പ്രയോജനപ്പെടുത്താം. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരുപക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കേണ്ട ഒരു സ്ഥിതി വന്നാൽ അതിനുകൂടി താങ്കൾ സന്നദ്ധമായിരിക്കണമെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനെക്കുറിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യൂസേജ് ഫീ പരമാവധി പരിമിതപ്പെടുത്തിക്കൊണ്ട് വികലാംഗർക്കും തൊഴിൽരഹിതർക്കും കൂടി പ്രയോജനപ്പെടത്തക്കവിധത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, അങ്ങ് ഉദ്ദേശിച്ച കാര്യംതന്നെ നേരത്തേ പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള പ്രത്യേക വൈദഗ്ദ്ധ്യമുള്ള കമ്പനികളെ സെലക്ട് ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യവും പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, എം.എൽ.എ. ഫണ്ടുപയോഗിച്ച് വടക്കഞ്ചേരിയിലെ ബസ് സ്റ്റാന്റിൽ 45 ലക്ഷം രൂപ ചെലവിൽ ഏറ്റവും നല്ല ഒരു വെയിറ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ ഞാൻ നിർമ്മിച്ചിട്ടുണ്ടായിരുന്നു. അവിടെ നല്ല തിരക്കാണ്. പഞ്ചായത്ത് ഒരു രൂപ യൂസർഫീ വച്ച് ഇപ്പോൾ പഞ്ചായത്താണ് അവിടെ മെയിന്റനൻസ് നടത്തുന്നത്. ഏറ്റവും നല്ല വെയിറ്റിംഗ് ഷെഡും ഇ-ടോയിലെറ്റുമാണ്. ആറ് മുറികളുണ്ട്. എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഗവൺമെന്റ് സ്കൂളുകളിലേയ്ക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏർപ്പാടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒരു സാങ്കേതിക തടസ്സമുണ്ട്. പി.ഡബ്ല്യു.ഡി. റോഡിൽ ഈ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവൃത്തി നടത്താൻ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചതിനുശേഷം ബി.ഡി.ഒ.മാർ സാങ്ഷൻ കൊടുക്കുന്നില്ല. അതുകൊണ്ട് എം.എൽ.എ.ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് ചെറിയ ബസ് സ്റ്റാന്റ്-കം-കംഫർട്ട് സ്റ്റേഷനുകൾക്ക് ഇത് ബാധകമല്ല എന്ന ഒരു തീരുമാനം ബഹുമാനപ്പെട്ട മന്ത്രി എടുത്താൽ കുറച്ചുകൂടി ആശ്വാസകരമായിരിക്കും. ആ ദിശയിൽ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഈ കമ്പനികൾ രൂപീകരിച്ച സമയത്ത് ഗവൺമെന്റ് എടുത്ത ഒരു തീരുമാനമാണ്. അങ്ങ് നിർദ്ദേശിച്ചതുപോലെ എം.എൽ.എ.ഫണ്ടിൽ നിന്ന് പണം കൊടുത്ത് ചെറിയ ബസ് സ്റ്റാന്റുകൾ നിർമ്മിക്കുമ്പോൾ ആ ബസ് സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷനുകൾ അനിവാര്യമാണ്. അതുകൂടി ഇതിൽ അറ്റാച്ച് ചെയ്ത് നിർമ്മിക്കുന്നതിനുള്ള പെർമിഷൻ പി.ഡബ്ല്യു.ഡി. നൽകുന്നതാണ്.

ശ്രീ. പി. എ. മാധവൻ : സർ, ഇപ്പോൾ ദീർഘദൂര യാത്രക്കാർക്കും തീർത്ഥാടകർക്കും ആശ്വാസം പകരുന്ന ഒരു വലിയ സംരംഭമാണ് പേരുപോലെ തന്നെ ആശ്വാസ് പബ്ലിക് അമിനിറ്റീസ്. ഒരു പ്രധാനപ്പെട്ട ചോദ്യം, ഗുരുവായൂർ പോലെ ദശലക്ഷക്കണക്കിന് തീർത്ഥാടകർ അന്യസംസ്ഥാനങ്ങളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും വരുന്ന തൃശ്ശൂർ-ഗുരുവായൂർ അതുപോലുള്ള മെയിൻ പാതകളിൽ പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള റോഡ് പുറമ്പോക്ക് സ്ഥലം ചൂണ്ടിക്കാണിക്കുകയും ആശ്വാസ് പബ്ലിക് അമിനിറ്റീസിന് എം.എൽ.എ. ഫണ്ടിൽ നിന്നോ ആസ്തിവികസന ഫണ്ടിൽ നിന്നോ തുക അനുവദിക്കുകയും ചെയ്താൽ അത് മുൻഗണനാക്രമത്തിൽ കൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, തീർച്ചയായും ഗുരുവായൂർ പോകുന്ന റൂട്ടിലും ഗുരുവായൂരിലുമൊക്കെ ഇത് വളരെ അത്യാവശ്യമായ കാര്യമാണ്. മാത്രമല്ല ഗുരുവായൂർ പട്ടണത്തിൽ ഇപ്പോൾ ഇത്തരത്തിലുള്ള നിരവധി സ്വകാര്യ സ്ഥാപനങ്ങളും മുനിസിപ്പാലിറ്റിയുടെ സ്ഥാപനങ്ങളുമൊക്കെയുണ്ട്. അതിനുപുറമേ എം.എൽ.എ.മാർ ഇത്തരത്തിലുള്ള നിർദ്ദേശം വച്ചാൽ അതിന് മുന്തിയ പരിഗണന കൊടുക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾ സഭയിൽ വന്ന ചോദ്യവും അതിനുള്ള ഉത്തരവും നമുക്ക് നല്ല മാതൃകയാണ്. ബഹുമാന്യരായ എല്ലാ അംഗങ്ങളും ചോദ്യങ്ങൾ ചുരുക്കി ചോദിച്ചു. ബഹുമാനപ്പെട്ട മന്ത്രിയും മറുപടി ചുരുക്കിപ്പറഞ്ഞു. 16 പേർ ഉപചോദ്യവും മൂന്നുപേർ മെയിൻ ചോദ്യവും ചോദിച്ചു. ഇത് ഈ നിയമസഭാ സമ്മേളനത്തിൽ ഒരു റെക്കോർഡാണ്. എല്ലാവരും ഈ മാതൃക പിന്തുടർന്നാൽ ഒട്ടേറെ അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ അവസരമുണ്ടാകും. ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പാതകൾ ബി.എം. & ബി.സി. ചെയ്യാൻ നടപടി

2 (* 242) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളും ബി.എം. & ബി.സി. ചെയ്യുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് പ്രധാന സംസ്ഥാന-ജില്ലാ റോഡുകൾ പരമാവധി വീതികൂട്ടി ടാറിംഗ് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാന-ജില്ലാ റോഡുകളിൽ പ്രധാന ജംഗ്ഷനുകളിലെല്ലാം വൃത്തിയുള്ള ടോയ്ലെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളും ബി.എം. & ബി.സി. ചെയ്താണ് നിർമ്മിക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1568 കി.മീ. ദേശീയപാതയിൽ എൻ.എച്ച്. 220-ന്റെ കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കൊല്ലകടവ് (00 കി.മീ. മുതൽ 53 കി.മീ.) വരെയുള്ള ഭാഗം ഒഴികെ ബി.എം. & ബി.സി. പ്രവൃത്തികൾ നടത്തിയാണ് ഉപരിതലം മെച്ചപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന പാതകളും ജില്ലാ റോഡുകളും ഉൾപ്പെടെ 2600 കിലോമീറ്റർ റോഡുകളിൽ ബി.എം. & ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.-1 പദ്ധതിയിൽ ഉൾപ്പെടുത്തി 1454 കി.മീ. ദൈർഘ്യമുള്ള 61 റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുതും ബി.എം. & ബി.സി. ഉപയോഗിച്ചാണ്. കെ.എസ്.ടി.പി.-2 പദ്ധതിയിൽ 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളിലായി ബി.എം. & ബി.സി. ഉപയോഗിച്ച് വികസിപ്പിച്ചുവരുന്നു. കൂടാതെ കേരളാ റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കിവരുന്ന നഗര റോഡുവികസന പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ എല്ലാം ബി.എം. & ബി.സി. ഉപയോഗിച്ചാണ് മെച്ചപ്പെടുത്തുന്നത്.

(ബി) വാഹനപ്പെരുപ്പം കണക്കിലെടുത്ത് പ്രധാന സംസ്ഥാന-ജില്ലാ റോഡുകൾ ഭൂമിയുടെ ലഭ്യതയനുസരിച്ച് പരമാവധി വീതികൂട്ടിയാണ് ടാറിംഗ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന-ജില്ലാ റോഡുകളിൽ പ്രധാന ജംഗ്ഷനുകളിലെല്ലാം വൃത്തിയുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ആശ്വാസ് പബ്ലിക് അമിനിറ്റീസ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടോയ്‌ലെറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, ബാങ്ക് എ.റ്റി.എം., ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോടുകൂടി സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ പ്രധാനപ്പെട്ട റോഡുകൾ ബി. എം. & ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്ന ഗവൺമെന്റ് നിലപാടിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് യാത്രചെയ്യാവുന്ന മെച്ചപ്പെട്ട റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ചെയ്യുന്ന റോഡുകളാണെന്നതിൽ സംശയമില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രിയെടുക്കുന്ന പ്രത്യേക താൽപ്പര്യത്തെയും ഗവൺമെന്റ് നിലപാടിനെയും അഭിനന്ദിക്കുമ്പോൾ.... കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും ചെയ്തിട്ടുണ്ട്. ദീർഘകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ ഉറപ്പുവരുത്തുന്നതിന് നമുക്ക് റബ്ബറൈസ്ഡ് റോഡുകൾകൂടി വ്യാപകമായി കേരളത്തിൽ നടപ്പാക്കുകയെന്നുള്ളത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. റബ്ബർ കർഷകർക്ക് അത് അനുഗ്രഹമാകുമെന്നുള്ളതാണ് പ്രധാന കാര്യം. അതോടൊപ്പംതന്നെ ഗുണനിലവാരമുള്ള ദീർഘകാലം നിലനിൽക്കുന്ന റോഡുകൾക്ക് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ കാലഘട്ടത്തിൽ കേരളത്തിൽ ആദ്യമായി റബ്ബറൈസ്ഡ് റോഡുകൾ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചു. അതിനുള്ള പ്രത്യേക പ്ലാന്റ് കൊച്ചിയിൽ സ്ഥാപിച്ചു. നമ്മൾ കുറേക്കാലം മുന്നോട്ടുപോയി. പക്ഷെ ഇപ്പോൾ അത് പ്രവർത്തനക്ഷമമാക്കുന്നതിന് നമുക്ക് കഴിയുന്നില്ല. ഗവൺമെന്റ് ഈ വിഷയം പരിശോധിച്ചിട്ടുണ്ടോ; റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വിധത്തിൽ കേരളത്തിൽ റബ്ബറൈസ്ഡ് റോഡുകൾ യാഥാർത്ഥ്യമാക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുക്കുകയും അത് നടപ്പാക്കാൻ മുന്നോട്ടുവരുകയും ചെയ്യുമോ ; റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്നതിന് ഗവൺമെന്റ് മുൻഗണന കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :** സർ, ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. റബ്ബർ വിലയിൽ ഇടിവ് സംഭവിച്ചപ്പോൾ കൊച്ചിൻ റിഫൈനറി ഉദ്യോഗസ്ഥരെ പ്രത്യേകമായി ഗവൺമെന്റ് വിളിച്ചുവരുത്തി ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റബ്ബറൈസ്ഡ് ബിറ്റുമിൻ പരമാവധി റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുക എന്നതാണ് സർക്കാരിന്റെ നയം. കെ.എസ്.ടി.പി. പദ്ധതിയിലും നാഷണൽ ഹൈവേ ജോലികളിലും ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്യുമ്പോൾ നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ആണ് ഉപയോഗിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ബി.എം.&ബി.സി. പ്രവർത്തികളിലും ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൂടുതൽ അളവ് എൻ.ആർ.എം.ബി. കേരളത്തിൽ ലഭ്യമാക്കുന്നതിൽ പെട്രോളിയം കമ്പനികൾക്ക് പരിമിതിയുണ്ട്. അവരുടെ കപ്പാസിറ്റി കുറവാണെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്. കപ്പാസിറ്റി കൂട്ടാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

**ശ്രീ. മോൻസ് ജോസഫ് :** സർ, അങ്ങ് ചൂണ്ടിക്കാണിച്ച മറുപടി സ്വാഗതാർഹമാണ്. കേരളത്തിൽ ഇപ്പോൾ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ തന്നെ നമുക്ക് ഉപയോഗിക്കേണ്ടി വരുന്ന ക്വാണ്ടിറ്റി കുറവാണ്. അതുകൊണ്ട് ഇൻഡ്യയൊട്ടാകെ ഇത് നടപ്പാക്കാൻവേണ്ടിയുള്ള ഒരു പരിശ്രമത്തിന് കേരളം മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്. റബ്ബർ കർഷകന് അത് വലിയ സഹായമാകും. ഇൻഡ്യയിലെ എല്ലാ സംസ്ഥാനത്തും റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാനുള്ള തീരുമാനം ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പോളിസിയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ അതിന്റെ ഏറ്റവും വലിയ ഗുണം കിട്ടുന്നത് കേരളത്തിനാണ്. അതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ ; അതോടൊപ്പംതന്നെ ഇപ്പോൾ ടാറിന്റെ ക്ഷാമം ഒരു പ്രശ്നമായി വന്നിരിക്കുകയാണ്. കരാറുകാർ പണമടച്ച് ടാറിനുവേണ്ടി കാത്തിരിക്കുമ്പോഴും ഈ സമീപ പ്രദേശങ്ങളിൽ ടാർ ലഭിക്കാത്ത ഒരു സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടാർ ലഭ്യമാക്കുകയെന്നുള്ളത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സീസൺ പ്രയോജനപ്പെടുത്തി നടപ്പാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. അതുകൊണ്ട് ടാറിന്റെ ലഭ്യത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങ് നിർദ്ദേശിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് പ്രത്യേകം ഈ നിർദ്ദേശം ഉൾക്കൊള്ളുന്ന കത്ത് അയയ്ക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാം. അതോടൊപ്പംതന്നെ കൊച്ചിൻ റിഫൈനറിയാണ് നമുക്ക് ടാർ സപ്ലൈ ചെയ്യുന്നത്. അവരോട് കൂടുതൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉത്പാദിപ്പിക്കാനുള്ള നിർദ്ദേശവും കൊടുക്കാം. ഒരു പ്രധാന കാര്യം, കുറച്ച് പണം കൊച്ചിൻ റിഫൈനറിക്ക് നൽകാനുണ്ട്. ആ കുടിശ്ശിക ഉടൻ കൊടുത്തുതീർത്തുകൊണ്ട് റബ്ബറൈസ്ഡ് ബിറ്റുമിൻ തന്നെ പ്രത്യേകം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. യു. കുരുവിള : സർ, ബി.എം. & ബി.സി. വ്യാപകമായി ചെയ്യുന്ന അങ്ങയെ അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ ഇങ്ങനെ ചെയ്യുന്ന റോഡുകൾക്ക് അഞ്ച് വർഷത്തെ പെർഫോമൻസ് ഗ്യാരണ്ടി ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ റോഡുകൾ നല്ല ക്വാളിറ്റിയോടുകൂടിയല്ല ചെയ്യുന്നത്. അതുകൊണ്ട് അഞ്ച് വർഷത്തെ ബാങ്ക് ഗ്യാരണ്ടി അല്ലെങ്കിൽ പെർഫോം ഗ്യാരണ്ടിയോടുകൂടി ചെയ്യാൻ സാധിക്കുമോ ; അതുപോലെതന്നെ ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി പ്രകാരം മെട്രോ നഗരങ്ങളിൽ നടപ്പാക്കുന്ന വൃത്തിയുള്ള ടോയ്‌ലെറ്റ് സംസ്ഥാന/ജില്ലാ പാതകളിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ നടപ്പാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങ് പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട രാജു എബ്രഹാമിന്റെ മണ്ഡലത്തിൽ കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്ത 55 കിലോമീറ്റർ ദൈർഘ്യം വരുന്ന മണ്ണാറക്കുളഞ്ഞി - പമ്പ ശബരിമല റോഡിന് അഞ്ച് വർഷത്തെ ഗ്യാരണ്ടി ഗവൺമെന്റ് ഏർപ്പാട് ചെയ്തിരിക്കുന്നത്. പക്ഷെ ഇപ്പോൾ ബി.എം. & ബി.സി. റോഡുകൾക്ക് മൂന്ന് വർഷത്തെ ഗ്യാരണ്ടിയാണുള്ളത്. ഗ്യാരണ്ടി പിരീഡ് കൂടുന്നതനുസരിച്ച് കരാറിന് കോമ്പറ്റീഷൻ കുറയുമെന്നതാണ് അതിനെ സംബന്ധിച്ച ഒരു പ്രധാന കാര്യം. കരാറുകാർ ഇക്കാര്യത്തിൽ പിൻമാറുന്ന ഒരു സ്ഥിതിവിശേഷവുമുണ്ട്. അതുംകൂടി പരിഗണിച്ച് ഗ്യാരണ്ടി പിരീഡ് കൂട്ടാൻ പറ്റുമോയെന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, നമ്മുടെ സംസ്ഥാനത്ത് കാലാവസ്ഥാ മാറ്റമനുസരിച്ച് റോഡുകളുടെ സ്ഥിതിക്ക് വലിയ മാറ്റം ഉണ്ടാവുകയാണ്. പല റോഡുകളും വളരെ പെട്ടെന്നുതന്നെ നാശമാകുന്ന സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. ഇപ്പോൾ അങ്ങ് സ്വീകരിച്ച മെച്ചപ്പെട്ടതും വളരെ ദീർഘനാൾ നിലനിൽക്കുന്നതുമായ



LIBRARY ARCHIVES Kerala Legislative Assembly

റോഡുകളുടെ നിർമ്മാണം ഏറെ സ്വാഗതാർഹമാണ്. ഇവിടെ ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ, റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ട് ടാറിംഗ് നടത്തുന്ന കാര്യത്തിൽ നമുക്ക് കുറച്ചുകൂടി വേഗത വേണം എന്നൊരു അഭിപ്രായം പൊതുവെ ഉയർന്നുവരുകയാണ്. രണ്ട് കാരണങ്ങളാണ്, റബ്ബർ മേഖലയിൽ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും, നിലവാരമുള്ള റോഡ് നിർമ്മാണത്തിനുമാണ് ഇത്തരത്തിൽ ഒരാവശ്യകത ഈ സന്ദർഭത്തിൽ ഉയർന്നുവരുന്നത്. അത് വേഗതയിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള ആവശ്യം ഞാൻ ആവർത്തിക്കുന്നതോടൊപ്പംതന്നെ ബി.എം. & ബി.സി. അനുസരിച്ച് റോഡ് നിർമ്മിക്കുന്ന സംവിധാനം അങ്ങ് വളരെ വേഗതയിൽ കൊണ്ടുപോകുന്നുണ്ട്. പി.ഡബ്ല്യു.ഡി. റോഡ് അല്ലാത്ത റോഡുകളും ബി.എം. & ബി.സി. ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. വകുപ്പിന്റെ അധീനതയിൽ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ട്, അതിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. ആയി ചെയ്തിട്ടുണ്ട്?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, അങ്ങ് സൂചിപ്പിച്ചതുപോലെ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കുന്ന റോഡുകൾക്കാണ് കൂടുതൽ ഭംഗിയും ഈടും ഉറപ്പും റൈഡിംഗ് ക്വാളിറ്റിയും ഉള്ളത്. അത്തരത്തിലുള്ള ജോലികൾ ചെയ്യാനാണ് മാക്സിമം ഉദ്ദേശിക്കുന്നത്. പക്ഷെ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മോൻസ് ജോസഫ് പറഞ്ഞതുപോലെ അതിന്റെ ലഭ്യതക്കുറവ് പോലുള്ള കുറച്ച് സാങ്കേതിക പ്രശ്നങ്ങളാണ് ഇതിനകത്തുള്ളത്. തീർച്ചയായും അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന് റോഡ്സ് ആന്റ് ബ്രിഡ്ജസിന് 31,812 കിലോമീറ്റർ റോഡുകളും ദേശീയപാതാ വിഭാഗത്തിന് 1,568 കിലോമീറ്റർ റോഡുകളുമാണ് കേരളത്തിലുള്ളത്. അതിൽ നമ്മുടെ റോഡ്സ് ആന്റ് ബ്രിഡ്ജസിൽ 5,050 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. വഴി ഏറ്റെടുത്ത് നടത്തിയ 1,454 കിലോ മീറ്റർ റോഡുകളും ഈ 5,050 കിലോമീറ്ററിൽ ഉൾപ്പെടുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 53 കിലോമീറ്റർ ഒഴികെ ബാക്കിയുള്ള 1,515 കിലോമീറ്റർ ബി.എം. & ബി.സി. ചെയ്തതാണ്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : സർ, NH 47-ൽ വാളയാർ-വടക്കഞ്ചേരി റോഡിൽ നല്ല നിലയിലുള്ള വർക്ക് നടക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഈ റോഡ് വർക്കുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലം അടക്കം പാലക്കാട് ജില്ലയിലെ മറ്റ് റോഡുകൾ വലിയ വാഹനങ്ങൾ പോകുന്നതുകാരണം തകരുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അത്തരം റോഡുകൾ നവീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. അതോടൊപ്പം തന്നെ എന്റെ മണ്ഡലം തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന മണ്ഡലമാണ്. തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേയ്ക്കെത്തുന്ന വാഹനങ്ങൾ കേരളത്തിലെ റോഡിലേയ്ക്ക് പ്രവേശിക്കുമ്പോൾ വിശ്വപ്രസിദ്ധനായ കാഥികൻ സാംബശിവന്റെ കഥയായ "ദേവലോകത്തിലെ" ഒരു കളക്കടവിൽ ചെമ്പുപാത്രം വീഴുന്നതുപോലെയാണ്.

"ഏകപട ദ്വിപട ത്രിപട ചതുർപഞ്ചാടപട ഠീം" എന്ന പോലെയാണ് എന്റെ മണ്ഡലത്തിലെ റോഡുകളിലേയ്ക്ക് കയറുമ്പോഴുള്ളൊരു സ്ഥിതി. അതുകൊണ്ട് തമിഴ്നാട് സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന ഈ റോഡുകൾ ബി.എം. & ബി.സി. ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : സർ, അങ്ങ് ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പക്ഷേ അങ്ങേയ്ക്ക് പ്രതീക്ഷ നൽകുന്നത് NH 47-ന്റെ വർക്കുകൾ വളരെ നന്നായിട്ട് നടക്കുന്നു എന്നുള്ളതാണ്. 2 വർഷത്തിനുള്ളിൽ വളരെ ഭംഗിയായി, തമിഴ്നാട്ടിലെ റോഡിനേക്കാൾ നല്ല രീതിയിൽ റൈഡിംഗ് ക്വാളിറ്റിയുള്ള റോഡ് ലഭ്യമാകും. പക്ഷേ മറ്റൊരു പ്രധാന പ്രശ്നം, ഈ റോഡിൽ വർക്ക് നടക്കുന്നതുകൊണ്ട് അങ്ങയുടെയും അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ശ്രീ. എം. ചന്ദ്രന്റെയും മണ്ഡലമുൾപ്പെടെയുള്ള ചില റോഡുകളിൽ കൂടുതൽ വാഹനപ്പെരുപ്പം അനുഭവപ്പെടുന്നുണ്ട്. ചില കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഇടപെട്ട് ഈ construction company-യെക്കൊണ്ടുതന്നെ ആ റോഡുകൾ റിപ്പയർ ചെയ്യിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതായാലും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഗവൺമെന്റ് ചെലുത്തുന്നതാണ്. NH 47-ന്റെ വർക്ക് നടക്കുന്നതുകൊണ്ട് ആ പ്രദേശത്തെ റോഡുകളുടെ സ്ഥിതി വളരെ പെട്ടെന്ന് മോശമാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, രണ്ട് കാര്യങ്ങളാണ് എനിക്കിവിടെ അവതരിപ്പിക്കാനുള്ളത്. ഒന്ന്, ഈ റോഡുകൾക്ക് വീതി വേണം. റോഡിന്റെ ഇരുവശവും ഇന്ന് പലരുടെയും കയ്യിലാണ്. അതുകൊണ്ട് ഉണ്ടാകുന്ന അപകടങ്ങൾക്ക് കണക്കില്ല. നിരവധി അപകടങ്ങളാണ് അതുമൂലമുണ്ടാകുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നാട്ടുകാരുടെ കയ്യിൽ പോയ റോഡിന്റെ സ്ഥലം വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള സർവ്വേ നടപടികളും കാര്യങ്ങളും ഉണ്ടാകണം. അതോടൊപ്പംതന്നെ ഈ 20 mm ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്നത് അടുത്ത മഴയത്ത് കാണുകയില്ല. ഇതിന്റെ നാലിരട്ടിയോ അഞ്ചിരട്ടിയോ തുക

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിവരുമെങ്കിലും ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുകയാണെങ്കിൽ അവ 5 വർഷമെങ്കിലും കിടക്കും. അവിടെയും വരുന്ന പ്രശ്നം, തുക below quote ചെയ്ത് ക്വട്ടേഷൻ കിട്ടുന്നതിനുവേണ്ടി നടക്കുന്ന ശ്രമങ്ങളാണ്. അതിനൊരു വ്യവസ്ഥയുണ്ടാകണം. ഒരുകാര്യം കൂടി ഞാൻ പറയട്ടെ, പരീക്ഷിച്ച വിജയിച്ച ഒന്നാണ് പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ടുള്ള റോഡുകൾ. അതുവഴി പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും നിലവാരമുള്ള റോഡുകളുണ്ടാക്കാനും സാധിക്കും. തദ്ദേശ സമിതികളും പി.ഡബ്ല്യു.ഡി.യും ഇത് പരീക്ഷിച്ച സ്ഥലങ്ങളിൽ വിജയകരവുമായിരുന്നു. ഇതിന്റെ നിർമ്മാണത്തിന് അധികം തുകയും വേണ്ടിവരില്ല. സർവ്വേ നടപടികൾ സ്വീകരിച്ച് നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കാനും, ബി.എം. & ബി.സി. വ്യാപകമാക്കാനും അതോടൊപ്പംതന്നെ പ്ലാസ്റ്റിക് റോഡുകൾ പ്രായോഗികമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കട്ട് ചെയ്ത് 30 കിലോമീറ്റർ റോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന കൂട്ടത്തിൽ ചെയ്തിട്ടുണ്ട്. അതൊരു വലിയ വിജയമാണ്. കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അതുസംബന്ധിച്ച് നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ 80 ശതമാനം റോഡ് ബി.എം. & ബി.സി. റോഡുകളായി ചെയ്യണമെന്ന നിലപാടാണ് എടുത്തിട്ടുള്ളത്. ബിലോ ക്വാട്ട് ചെയ്യുന്ന കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കാത്ത ഒരവസ്ഥയുണ്ട്. കാരണം കോമ്പിറ്റീറ്റീവ് ടെണ്ടറാണ് വിളിക്കുന്നത്. ഏറ്റവും കുറഞ്ഞ ടെണ്ടറുകാരന് വർക്ക് കൊടുത്തില്ലെങ്കിൽ അത് CVC guideline അനുസരിച്ച് തെറ്റാണ്. മാത്രമല്ല, അതിന് കേസും കുഴപ്പങ്ങളുമൊക്കെയുണ്ടാകും. അതാണ് യഥാർത്ഥ പ്രശ്നം. അതിനെ എങ്ങനെ സാമൂഹികമായി നേരിടാൻ സാധിക്കും എന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ സഹകരണത്തോടുകൂടി ചെയ്യാവുന്നതാണ്.

<u>ശ്രീ. കെ. അജിത്</u> : സർ, വൈക്കം മണ്ഡലത്തിലെ കുമരകം അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമാണ്. കുമരകത്തേയ്ക്ക് പോകുന്ന 7 കിലോമീറ്റർ റോഡ് ബി.എം. & ബി.സി. ചെയ്യാനായി KSTP സർവ്വേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കോട്ടയം എം.പി.യുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇവിടെ നിരവധി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ബഹുമാന്യനായ മന്ത്രി മുൻകൈ എടുത്ത്

അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് പോകുന്ന ഈ റോഡ് ശരിയാക്കിക്കഴിഞ്ഞാൽ പൊതു സമൂഹത്തിനും ടൂറിസത്തിനും അത് പ്രയോജനപ്പെടുന്നതാണ്. അതിനുള്ള എസ്റ്റിമേറ്റ് പാസ്സാക്കിത്തരാനുള്ള നടപടി എടുക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, അത് KSTP-യുടെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിതന്നെ ടൂറിസത്തിന് പ്രാധാന്യമുള്ള വളരെ പ്രധാനപ്പെട്ടൊരു റോഡാണ് അതെന്ന് പറയുന്നുണ്ട്. പ്രത്യേക താൽപ്പര്യമെടുത്ത് അത് ചെയ്യാം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ബി.എം. & ബി.സി. ചെയ്ത റോഡുകൾ നിലനിൽക്കുന്നുണ്ട്. അതിന്റെ പ്രധാന കാരണം റോഡിൽ വെള്ളം കെട്ടി നിൽക്കുന്നില്ല എന്നുള്ളതാണ്. എന്നാൽ പല ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലുമൊക്കെ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങളില്ല. അതുകൊണ്ടുതന്നെ ബി.എം. & ബി.സി. ചെയ്താലും ഇടയ്ക്ക് അതിന്റെ അരിക് പൊട്ടുകയും പിന്നീട് റോഡ് ചീത്തയായിപ്പോവുകയും ചെയ്യുന്നുണ്ട്. ബി.എം. & ബി.സി. റോഡ് ചെയ്യുന്നതോടൊപ്പം വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രെയിനേജ് കൂടി ഉണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കേരളത്തിലെ റോഡുകളുടെ തകർച്ചയുടെ കാരണം ഡ്രെയിനേജില്ല എന്നുള്ളതാണ്. അതുകൊണ്ട് ലഭ്യമായ സ്ഥലങ്ങളിലൊക്കെ കോൺക്രീറ്റ് ചെയ്ത് ഡ്രെയിനേജ് ഉണ്ടാക്കിക്കൊണ്ടാണ് പുതുതായി ടാറിംഗും ബി.എം. & ബി.സി.-യും ചെയ്യുന്നത്. പക്ഷേ ദൗർഭാഗ്യവശാൽ പല സ്ഥലത്തും നമുക്ക് സ്ഥലം ലഭ്യമല്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ കോട്ടയത്തുനിന്നും ഏറ്റുമാനൂർ വരെയുള്ള എം.സി. റോഡിന്റെ തിരക്കും ഗതാഗത കുരുക്കും ഒഴിവാക്കാൻ ഏറ്റവും സഹായിക്കുന്ന ഒന്നാണ് ഓൾഡ് എം.സി. റോഡ്. ഓൾഡ് എം.സി. റോഡിന്റെ പകുതി ഭാഗം ഇപ്പോൾ ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നതിന് പണി തുടങ്ങിയിട്ടുണ്ട്. അതിന്റെ അവശേഷിക്കുന്ന ഭാഗവും ഉടൻതന്നെ അത്തരമൊരു രീതിയിൽ പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ഓൾഡ് എം.സി. റോഡിന്റെ കാര്യത്തിൽ അങ്ങ് വലിയ താൽപ്പര്യമെടുത്തതുകൊണ്ടാണ് കുറച്ചുഭാഗത്ത് ബി.എം. & ബി.സി. ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായിട്ടും ബാക്കി ഭാഗം കൂടി ബി.എം. & ബി.സി. ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, പൂഞ്ഞാർ പോലെയുള്ള ഞങ്ങളുടെ ഗ്രാമീണ മേഖലയിലും ബി.എം. & ബി.സി. വർക്കൊക്കെ നടക്കും എന്ന് മനസ്സിലാക്കിയത് ബഹുമാനപ്പെട്ട ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മന്ത്രിയായതിനു ശേഷമാണ്. പുനലൂർ-മൂവാറ്റുപുഴ, എരുമേലി-കാഞ്ഞിരപ്പള്ളി വരെ ബി.എം.&ബി.സി. ചെയ്യുകയാണ്. പക്ഷേ കാഞ്ഞിരപ്പള്ളി-ഈരാറ്റുപേട്ട, ഈരാറ്റുപേട്ട-മൂട്ടം ആയിട്ടില്ല. കാഞ്ഞിരപ്പള്ളി-ഈരാറ്റുപേട്ട-മുട്ടം നിർബന്ധമായിട്ടും ഉടനെ ബി.എം. & ബി.സി. ചെയ്യണം. അതിന് ഏറ്റവും പ്രധാനപ്പെട്ടതാണ് വാഗമൺ ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നം, ഈരാറ്റുപേട്ട-വാഗമൺ റോഡ് പണി നടക്കുകയാണ്. ആ റോഡും കൂടി ബി.എം. & ബി.സി. ഈ വർഷംതന്നെ നടത്താനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, തീർച്ചയായിട്ടും. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടതായതുകൊണ്ട് വലിയ പരിഗണന തന്നെ ആ പ്രദേശത്തിന് കൊടുക്കുന്നുണ്ട്. അതുകൊണ്ടാണ് കൂടുതൽ ബി.എം. & ബി.സി. റോഡുകൾ അവിടെ നിർമ്മിക്കുന്നത്. വാഗമണ്ണിലേക്കും മുട്ടത്തേയ്ക്കുമുള്ള റോഡുകളും അതുപോലെ ഈരാറ്റുപേട്ട-മൂട്ടം റോഡുമൊക്കെ ബി.എം. & ബി.സി. ചെയ്യാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നിലവിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനുള്ള പ്രധാന തടസ്സം സ്ഥലം ഉടമസ്ഥൻമാർക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള സന്നദ്ധത ഇല്ലാത്തതാണ്. ലാന്റ് അക്വിസിഷനാണെങ്കിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നുമില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ഥലം ഉടമസ്ഥൻമാർ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ കുറച്ചുഭാഗം വിട്ട് തരികയാണെങ്കിൽ, പിന്നീട് അവർക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കെട്ടിട നിർമ്മാണ ചട്ടപ്രകാരം സാധിക്കുകയില്ല. വീണ്ടും അവിടെ സ്ഥലം വിട്ടാൽ മാത്രമേ കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരു പ്രത്യേകമായ പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിച്ചുകൊണ്ട്, റോഡ് വീതി കൂട്ടുന്നതിന് സ്ഥലം വിട്ടുതരുന്നവരുടെ കെട്ടിട നിർമ്മാണ പ്രശ്നത്തിൽ ഒരു നിലപാട് എടുക്കാൻ തയ്യാറുണ്ടോ ? അങ്ങനെ പ്രഖ്യാപിച്ചാൽ പല റോഡുകളും വീതി കൂട്ടുവാൻ കഴിയും. എന്റെ മണ്ഡലത്തിൽ അങ്ങനെ ഒരു കേസ്സ് ഉള്ളതുകൊണ്ടാണ് പറയുന്നത്. തലശ്ശേരിയിൽ നിന്ന് മാടപ്പീടിക-ചൊക്ലി (ശ്രീ. കെ. പി മോഹനന്റെ മണ്ഡലത്തിൽ കൂടി വരുന്നതാണ്) പെരിങ്ങത്തൂർ വരെയുള്ള റോഡ്. അത് ഒരു തരത്തിലും വീതി കൂട്ടാൻ കഴിയാത്ത സ്ഥിതിയാണ്. ഇങ്ങനെയൊരു സ്കീം പ്രഖ്യാപിക്കുകയാണെങ്കിൽ നമുക്ക് ഒരു ഇടപെടൽ നടത്താൻ കഴിയും. അങ്ങനെയൊരു പദ്ധതി ഗവൺമെന്റിന് ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കഞ്ഞ് : സർ, അങ്ങനെയൊരു പദ്ധതി ഈ ഗവൺമെന്റിന് ഉണ്ട്. ആ പദ്ധതി കൊച്ചിയിൽ നടപ്പിലാക്കുകയും ചെയ്തു. ഫ്ലോർ ഏര്യാ റേഷ്യോ, കൂടുതൽ കൊടുത്തുകൊണ്ട് ഭൂമി ഉടമസ്ഥർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി എറ്റെടുക്കുന്നതാണ്. സഹോദരൻ അയ്യപ്പൻ റോഡിലും അതുപോലെ മറ്റ് റോഡുകളിലും ഒക്കെ ചെയ്തു ഒരു രീതിയാണ്. അത് നമുക്ക് ചെയ്യാവുന്നതാണ്, അങ്ങ് വച്ച നിർദ്ദേശം വളരെ ഫലപ്രദമാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഉള്ള ആ കേസ്സിൽ പ്രത്യേകം മന്ത്രിമാരുടേയും, വകുപ്പ് തലവൻമാരുടേയും യോഗം വിളിച്ചുചേർത്ത് തീരുമാനമെടുത്ത് അത് മന്ത്രിസഭയിൽ കൊണ്ടുവന്ന് അംഗീകരിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. റ്റി. ബൽറാം : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ബി.എം.&ബി.സി ചെയ്ത റോഡുകൾ പലതും 3 വർഷം പോലും നിലനിൽക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? എന്റെ മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പട്ടാമ്പി മുതൽ കറ്റിപ്പുറം വരെയുള്ള പ്രധാനപ്പെട്ട റോഡ് വലിയ രീതിയിൽ ട്രാഫിക്കുള്ള, ആയിരക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന, രണ്ട് ജില്ലകളെ കണക്ട് ചെയ്യുന്ന റോഡാണ്. 20 കിലോമീറ്റർ നീളമുള്ള ഈ റോഡിൽ 3 കിലോമീറ്റർ മാത്രമാണ് ഇപ്പോൾ ബി.എം.&ബി.സി ചെയ്തിട്ടുള്ളത്. രണ്ട് ജില്ലകളെ കണക്ട് ചെയ്യുന്ന പ്രധാനപ്പെട്ട റോഡാണ്. ഈ റോഡ് ബി.എം.&ബി.സി ചെയ്യുകയാണെങ്കിൽ നന്നായിരിക്കും. ഇത്തരം കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർത്തുമോ ? നിർമ്മിച്ച റോഡുകൾ 5 വർഷമെങ്കിലും നിലനിൽക്കാനും, അതിന്റെ കൃത്യമായ റെസ്പോൺസിബിലിറ്റി ഉദ്യോഗസ്ഥതലത്തിൽ ഫിക്സ് ചെയ്യാനുമുള്ള തീരുമാനം ഉണ്ടാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കഞ്ഞ് : സർ, ബഹുമാനപ്പെട്ട ബൽറാം പറഞ്ഞത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ബി.എം.&ബി.സി ജോലികൾ 10 വർഷം കഴിഞ്ഞാലും മോശമാകുന്നില്ല. ചില കരാറുകാർ ചെയ്യുന്ന ജോലികൾ ഒരു വർഷം ആകുന്നതിനുമുൻപ് റോഡ് മോശമാകുന്ന അനുഭവം നമുക്കുണ്ട്. അവരെയെല്ലാം പ്രത്യേകം നിരീക്ഷിക്കുന്നുണ്ട്. ബി.എം.&ബി.സി ജോലികളിൽ ഇപ്പോൾ 3 വർഷത്തെ ഗ്യാരന്റിയാണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട ബൽറാം പറഞ്ഞ റോഡിന്റെ ബാക്കിയുള്ള ഭാഗങ്ങൾ കൂടി ബി.എം.&ബി.സി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. രാജു : സർ, പുറകിലിരിക്കുന്ന എന്നെപ്പോലുള്ള ഉയരം കുറഞ്ഞ ആൾക്കാർ കൈ ഉയർത്തുന്നത് അങ്ങ് കാണുന്നില്ല അതുകൊണ്ടായിരിക്കും എന്നു തോന്നുന്നു. ബഞ്ചിന്റെ പുറത്തുകയറി നിന്ന് കൈ ഉയർത്തണമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട രാജു, നല്ലവണ്ണം കാണുന്നുണ്ട്, പക്ഷേ എന്തു ചെയ്യാനാണ് ?

ശ്രീ. കെ. രാജു : സർ, പുനലൂർ - മൂവാറ്റുപുഴ എന്നാണ് റോഡിന്റെ പേര്. പൊൻകുന്നത്തും, തൊടുപുഴയിലുമാണ് വർഷങ്ങളായി പണി നടക്കുന്നത്. ആ റോഡിന്റെ പുനലൂർ ഭാഗത്ത് ഇതേവരെ പണിയാരംഭിച്ചിട്ടില്ല. എന്നു മാത്രമല്ല അവിടെ വീതികൂട്ടുന്നതിനുവേണ്ടിയുള്ള ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി, വർഷങ്ങളായി കടകളൊക്കെ പൊളിച്ചുമാറ്റിയിരിക്കുകയാണ്. പുനലൂർ നിന്ന് ആ റോഡിന്റെ പണി ആരംഭിക്കുന്നതിന് എന്താണ് തടസ്സം ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അതിന് തടസ്സങ്ങളൊന്നും തന്നെയില്ല. പുനലൂർ-പൊൻകുന്നം റോഡ് ആന്യൂറ്റി സ്കീമിലാണ് കെ.എസ്.ടി.പി. എടുത്തിരിക്കുന്നത്. ടോൾ പിരിവ് നിർദ്ദേശിച്ചു, പക്ഷെ ടോൾ പിരിവ് പറ്റില്ല എന്ന് ഗവൺമെന്റ് പറഞ്ഞു. പി.പി.പി. ആന്യൂറ്റി ആയിട്ട് ആ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. പുനലൂർ നിന്ന് തന്നെ ആ റോഡ് നിർമ്മാണം ആരംഭിക്കും.

ഡോ. കെ. ടി. ജലീൽ : സർ, സ്റ്റേറ്റ് ഹൈവേകളുടെ വികസനത്തിന് ആയിരം കോടി രൂപയുടെ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് സ്പീഡ് കേരള പദ്ധതിയിൽ പത്തോ, ഇരുപതോ പദ്ധതികൾ ഉൾപ്പെടുത്തി അത് സമയബന്ധിതമായി ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുൻപ് ചെയ്യുമെന്നും പറഞ്ഞിരുന്നു. അതനുസരിച്ച് വളരെ പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയായ തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ എടപ്പാളിൽ ഒരു ഫ്ലൈഓവർ. അതിന്റെ ടെണ്ടർ പൂർത്തിയാകുകയും, ടെണ്ടറിന്റെ വർക്ക് എടുക്കുകയും, എഗ്രിമെന്റിനുവേണ്ടി സർക്കാരിലേയ്ക്ക് വരികയും ചെയ്തിട്ടുണ്ട്. ഇന്നലെ പത്രത്തിൽ ഒരു വാർത്ത വന്നിരിക്കുന്നത്, എടപ്പാൾ ഫ്ലൈഓവർ പണിയാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിൻതിരിഞ്ഞു എന്നാണ്. ഇങ്ങനെ വല്ല തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ടോ ? കോഴിക്കോട്ടേയ്ക്ക് പോകാനും, എടപ്പാൾവഴി വരുമ്പോൾ ആ ഫ്ലൈഓവർ നിർമ്മിച്ചില്ലെങ്കിൽ മണിക്കൂറുകളോളം അങ്ങേയ്ക്ക് റോഡിൽ കെട്ടിക്കിടക്കേണ്ടിവരുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഒരിക്കലും അത് ഉപേക്ഷിക്കുന്ന ഒരു സമീപനം സർക്കാർ സ്വീകരിക്കരുത്. അങ്ങനെ വല്ല തീരുമാനവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എടപ്പാൾ ഫ്ലൈഓവറിന്റെ നിർമ്മാണത്തിൽ നിന്നും ഗവൺമെന്റ് ഒരിക്കലും പിൻമാറിയിട്ടില്ല. അങ്ങ് പറഞ്ഞതുപോലെ 1000 കോടി രൂപയുടെ പദ്ധതിയിൽ അല്ല അത് വന്നത്. സ്പീഡ് കേരളയിലെ 23 ഇനത്തിലാണ് ആ പദ്ധതി വന്നത്. 23 പദ്ധതികളും മുന്നോട്ട് പോയി, ആ കൂട്ടത്തിൽ ഏറ്റവും മുൻപന്തിയിൽ പോയ പദ്ധതിയാണ് എടപ്പാൾ ഫ്ലൈഓവർ. പക്ഷേ ഇപ്പോൾ, നേരത്തെ ഞാൻ സൂചിപ്പിച്ച തലശ്ശേരി-മാഹി ബൈപാസ്സ് ഉൾപ്പെടെ 5 പദ്ധതികൾ ചെയ്യാനാണ് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ളത്. മറ്റുള്ളത് ഉപേക്ഷിച്ചു എന്ന് അർത്ഥമില്ല. കുറച്ചുകഴിഞ്ഞാൽ തീർച്ചയായിട്ടും അതിന്റെ അനുവാദം വാങ്ങി നടപടികളുമായി മുന്നോട്ട് പോകാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ബി.എം.&ബി.സി ചെയ്ത റോഡുകൾ 5 വർഷം ഗ്യാരന്റിയെന്നു പറഞ്ഞു, 5 വർഷം കഴിഞ്ഞതിനുശേഷവും റിപ്പയർ എന്നു പറയുന്നത് കുഴി അടയ്ക്കൽ മാത്രമാണ്. ബി.എം.&ബി.സി ചെയ്ത റോഡുകളിൽ കുഴിയടയ്ക്കുന്ന പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ, പിന്നെ ആ റോഡിൽ കൂടി സഞ്ചരിക്കാൻ പറ്റുകയില്ല, അതുപോലെയായിരിക്കും ആ റിപ്പയറിംഗ്. മാവേലിക്കര-കോഴഞ്ചേരി റോഡ്, ആ റോഡിൽ ചെങ്ങന്നൂർ മുതൽ കോഴഞ്ചേരി വരെയുള്ള ഭാഗം ഏറ്റവും കൂടുതൽ ശബരിമല തീർത്ഥാടകർ സഞ്ചരിക്കുന്ന റോഡാണ്, ബി.എം.&ബി.സി ചെയ്തിട്ട് 9 വർഷമായി. ഇപ്പോൾ അവിടെ കുഴിയടയ്ക്കൽ മാത്രമാണ് നടക്കുന്നത്. അത് ശരിയായ രീതിയിൽ ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോഴഞ്ചേരി-ചെങ്ങന്നൂർ റോഡ് ഓവർലേ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഓവർലേ ചെയ്യുന്നതാണ് ഏറ്റവും ഉചിതം. ഏതായാലും ഏപ്രിലിൽ അതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, അതിപ്രധാനമായ ഒരു ചോദ്യമാണ്. വി.സി. റോഡ്, അതായത് വാമനപുരം-ചിറ്റാർ റോഡ്-അതിൽ യാത്ര ചെയ്യാൻ ഒരു നിവൃത്തിയുമില്ല. അവിടെ എൻ.ഡി.എഫ്. കാർ എന്റെ കോലം കത്തിച്ചു. കോലം കത്തിച്ച കാര്യം, ഞാൻ എന്തിന് കള്ളം പറയണം,

എന്നിട്ട് ഒരു യോഗം മിനിഞ്ഞാന്ന് നടത്തി. അവിടെ എൻ.ഡി.എഫ്.കാരും കോൺഗ്രസ്സുകാരും ചേർന്നുകൊണ്ട് കരിങ്കൊടിയുംകൊണ്ട് എന്നെ ആക്രമിക്കാൻ വന്നു. അവിടെ ബി.എം.&ബി.സി. ചെയ്യാനായി ഞാൻ ഒരു എസ്റ്റിമേറ്റ് എടുത്ത് മന്ത്രിയുടെ കയ്യിൽ കൊടുത്തു, അതിനെപ്പറ്റി എന്താണ് പറയാനുള്ളത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അത് 50-56 കിലോമീറ്റർ വരുന്ന റോഡാണ് എന്നാണ് എന്റെ ധാരണ. 56 കോടി രൂപയെങ്കിലും ആ റോഡിന് ആവശ്യമാണ്. ഫണ്ടിന്റെ ലഭ്യത ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഏതായാലും ആ പദ്ധതി ഉപേക്ഷിക്കുന്ന പ്രശ്നമില്ല. ഏതെങ്കിലും ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി അത് ചെയ്യുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ....(മൈക്ക് ഓഫ്)... സർ, 19 കോടി രൂപയുടെ കല്ലറ മുതൽ... എസ്റ്റിമേറ്റ് ഞാനാണ് എടുത്തുകൊടുത്തത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എന്തായാലും ആ പദ്ധതി ഉപേക്ഷിക്കുന്ന പ്രശ്നമില്ല. ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി അത് നടപ്പാക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോളേജുകളുടെ സ്വയംഭരണ പദവി

3 (*243) ശ്രീ. എം. ഹംസ :
ശ്രീ. എം. എ. ബേബി:
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര കോളേജുകളെയാണ് സ്വയംഭരണ പദവിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് സ്വയംഭരണ പദവി നൽകുന്നതെന്ന് അറിയിക്കാമോ ;

(സി) വിദഗ്ദ്ധ സമിതിയുടെ മാർക്കും നാക് ഗ്രേഡിംഗ് സ്കോറും ആദ്യം എത്രയായാണ് നിശ്ചയിച്ചിരുന്നത് ;

(ഡി) പിന്നീട് മാറ്റം വരുത്തുകയുണ്ടായോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; മാറ്റം വരുത്തിയതുമൂലം അധികമായി എത്ര കോളേജുകൾ സ്വയംഭരണ പദവിക്ക് അർഹതനേടും എന്നറിയിക്കാമോ ; അവ ഏതെല്ലാം ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ നടപടിയിൽ ചാൻസലർ കൂടിയായ ഗവർണ്ണർ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി .കെ അബ്ദു റബ്ബ്) : സർ,

(എ) 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സി.ക്ക് അപേക്ഷ സമർപ്പിക്കുന്നതിനാണ് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നത്.

(ബി) നാക്കിന്റെ (NAAC)ന്റെ എ ഗ്രേഡ് അക്രെഡിറ്റേഷൻ നേടിയിരിക്കണം, ബിരുദ ബിരുദാനന്തര അനുപാതം എന്നീ മാനദണ്ഡങ്ങളാണ് സ്വയംഭരണപദവി അനുവദിക്കുന്നതിനു അടിസ്ഥാന യോഗ്യതകളായി പരിഗണിച്ചത്.

(സി&ഡി) വിദഗ്ദ്ധ സമിതിയുടെ മാർക്കും നാക്കിന്റെ ഗ്രേഡിംഗ് സ്കോറും സംബന്ധിച്ച് മുൻകൂട്ടി നിശ്ചയിച്ചിരുന്നില്ല. സ്വയംഭരണാവകാശം നേടുന്നതിനായി അപേക്ഷ സമർപ്പിച്ച കോളേജുകളിൽ നാക്കിന്റെ എ ഗ്രേഡ് നേടുകയും ബിരുദ ബിരുദാനന്തര അനുപാതം പാലിക്കുകയും ചെയ്യുന്ന 28 കോളേജുകളിൽ നേരിട്ട് പരിശോധന നടത്തുന്നതിന് സ്വയംഭരണ അംഗീകാരസമിതി ഉപസമിതിയെ നിയോഗിക്കുകയുണ്ടായി. സ്വയംഭരണ അംഗീകാര സമിതിയുടെ 23-12-2013-ൽ ചേർന്ന യോഗത്തിലാണ് ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 70 മാർക്കിന് മുകളിൽ നേടിയ കോളേജുകളെയും 50-നും 70-നും ഇടയിൽ മാർക്ക് നേടുകയും നാക്ക് (NAAC)-ന്റെ ഗ്രേഡിങ്ങിൽ (Crietrionwise Grade Point Average) 3.5 നു മുകളിൽ അംഗീകാരം ലഭിച്ചിട്ടുള്ള കോളേജുകളും ഉൾപ്പെടെ ആകെ 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സി.യോട് ശിപാർശ ചെയ്യുന്നതിനാണ് തീരുമാനിച്ചത്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സയൻസസ്, എറണാകുളം, എം.ഇ.എസ് കോളേജ്, മാമ്പാട് എന്നിങ്ങനെ രണ്ടു കോളേജുകളാണ് നാക്ക് (NAAC) ന്റെ ഗ്രേഡിങ്ങിലെ മികവിൽ സ്വയംഭരണ പദവിക്കായി അർഹത നേടിയത്.

(ഇ) ഇല്ല. സ്വയംഭരണപദവിക്കായി ശിപാർശ ചെയ്ത കോളേജുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഇക്കാര്യത്തിൽ കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷയിന്മേൽ രണ്ടു മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഹൈക്കോടതി മഹാത്മാഗാന്ധി സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണ്ണറോട് നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് ചാൻസലർ കോളേജിന്റെ അപേക്ഷയിന്മേൽ സർക്കാരിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടായിരുന്നു. ബഹു. ചാൻസലർ, ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ പരിശോധിച്ച് തള്ളി ഉത്തരവായിട്ടുണ്ട്.

## വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

4 (*244) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മലയാളഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഉത്തരവു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്നു വിശദമാക്കുമോ ;

ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്) : സർ,

(എ) 1-9-2011-ലെ സ.ഉ.(പി)നമ്പർ183/2011/പൊ.വി.പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ ഉത്തരവ് പ്രകാരം കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഉണ്ട്. ഹയർ സെക്കന്ററി തലത്തിൽ രണ്ടാം ഭാഷ വിദ്യാർത്ഥികൾക്ക് സ്വമേധയാ തെരഞ്ഞെടുക്കാവുന്ന തരത്തിലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള പക്ഷം മലയാളം രണ്ടാം ഭാഷയായി തെരഞ്ഞെടുക്കാവുന്നതാണ്.

(സി) മലയാളം പാർട്ട് - 2 പാഠാവലി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിന് പകരം മൂന്ന് പിരീയഡുകൾ നീക്കിവയ്ക്കുന്നതിനും ഇതിനായി ചൊവ്വാഴ്ച ദിവസം ടൈം ടേബിൾ 8 പിരീഡായി പുനഃക്രമീകരിച്ച് ഒരു അധിക പിരീഡ് കണ്ടെത്തുവാനും അന്നേ ദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പിരീഡുകളും ഉച്ചയ്ക്ക് ശേഷം 35 മിനുട്ടിന്റെ 4 പിരീഡുകളുമായി പഠനസമയം പുനഃക്രമീകരിച്ചിട്ടുണ്ട്.

## കേരള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി (റിക്)

**5 (*245)** ശ്രീ. എസ്. രാജേന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ കേരള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ കമ്പനി മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് വികസന പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത് ;

(സി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഈ കമ്പനിയുടെ പ്രവർത്തനത്തിന് തടസ്സമായിട്ടുണ്ടോ ; ധനകാര്യ വകുപ്പ് ഇതിനുള്ള അനുമതി നിഷേധിച്ചിട്ടുണ്ടോ ;

(ഡി) റിക് മുഖേന സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന റോഡ് വികസന പദ്ധതികൾ ഇനി ഏത് സംവിധാനത്തിൻകീഴിലാണ് പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

(ബി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി ഏകദേശം 4148 കോടി രൂപ ചെലവിൽ 1100-ഓളം കി.മീ.റോഡുകളുടെ വികസനമാണ് ഈ കമ്പനി മുഖേന വിഭാവനം ചെയ്തിരിക്കുന്നത്.

(സി&ഡി) ടെണ്ടർ നടത്തിയ റീഹാബിലിറ്റേഷൻ പാക്കേജുകൾക്ക് കരാറുകാർ ക്വോട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ പാക്കേജുകൾ ചെറുതാക്കി റീ-ടെണ്ടർ ചെയ്യുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് രണ്ട് ഫെയ്സുകളിലായി റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിലുള്ള റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതികൾ എല്ലാം റിക്ക് (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി) മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

6 (*246) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സിലിണ്ടറുകളുടെ പഴക്കമോ, പ്രവർത്തനക്ഷമതയോ പരിശോധിക്കാതെ ഫില്ലിംഗ് നടത്തി വിതരണം നടത്തുന്നതുമൂലം അടിക്കടി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതു ഒഴിവാക്കാനും, അടിയന്തര ഘട്ടങ്ങളിൽ സുരക്ഷാ മാർഗ്ഗം വേഗത്തിൽ സ്വീകരിക്കാൻ തക്കവിധമുള്ള പരിശീലനവും ബോധവത്ക്കരണവും ഓരോ ഉപഭോക്താവിനും നൽകാനും വേണ്ട നടപടികൾ ഏജൻസികൾ മുഖേന നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.അനൂപ് ജേക്കബ്) : സർ,

(എ) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയയ്ക്കുന്നതിനുമുൻപ് പരിശോധന നടത്താറുണ്ട്. ഇപ്രകാരം വിതരണ ഏജൻസികളിൽ എത്തുന്ന സിലിണ്ടറുകളിൽ കുറഞ്ഞത് 10% സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. അതിനുശേഷം വിതരണത്തിനായി അയയ്ക്കുന്ന ഓരോ സിലിണ്ടറും ഏജൻസിയിൽ വച്ച് പരിശോധന നടത്തുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും പരിശോധന നടത്തിയാണ് വിതരണം ചെയ്യുന്നത്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് സിലിണ്ടറുകൾ പ്രഷർ ടെസ്റ്റിനു വിധേയമാക്കുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട് എന്നും പാചകവാതകം കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

## ഇ-ടെണ്ടറിംഗ് സംവിധാനം

7 (*247) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി നേടാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനംവഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.72/2011/പൊ.മ.വ. തീയതി 3-12-2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4-2-2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും, 2 കോടി രൂപയും അതിനുമുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി, എന്നാൽ 1-2-2012-ലെ ജി.ഒ.(പി)നം.13/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (25 ലക്ഷത്തിനു മുകളിൽ) വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെതന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും, രഹസ്യ സ്വഭാവം പാലിക്കുന്നതിനും സാധിക്കും.

(സി) കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെതന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംവരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും.

(ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായാണ് കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. എൻ.ഐ.സി വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് ഐ.ടി.മിഷൻ ആണ്. ഇതിനുവേണ്ട സാങ്കേതിക സഹായം (payment gateway) നൽകുന്നത് എസ്.ബി.ടി.യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി.വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കുടിവെള്ളവും

8 (*248) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കുടിവെള്ളവും ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സൗകര്യങ്ങൾ പൂർണ്ണമായും ഇപ്പോഴും ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങളുടെയും നിലവിലെ സംവിധാനത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമായവയുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച അപര്യാപ്തതകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. യൂറിനൽ 1:40 എന്ന അനുപാതത്തിലും ടോയിലറ്റ് 1:120 അനുപാതത്തിലും ലഭ്യമാണ്. യൂറിനലിന്റെ എണ്ണം കറവുള്ള സ്കൂളുകളിൽ ആനുപാതികമായി ടോയിലറ്റ് എണ്ണം കൂടുതലുണ്ട്. കടിവെള്ളം എല്ലാ സ്കൂളുകളിലും ലഭ്യമാണ്. വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സ്കൂളുകളിൽ കടിവെള്ളം, ടോയിലറ്റ്, യൂറിനലുകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിൽ 2010-11 സാമ്പത്തിക വർഷം 118 സ്കൂളുകൾക്ക് ശുചിമുറികൾ നിർമ്മിക്കുന്നതിന് 6.86 കോടി രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഇതിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 200 സ്കൂളുകൾക്ക് 10 • കോടി രൂപയും, 113 സ്കൂളുകൾക്ക് 8.37 കോടി രൂപയും 500 സ്കൂളുകൾക്ക് 12.79 കോടി രൂപയും മൂന്നു സ്കീമുകളിലായി ശുചിമുറി നിർമ്മാണത്തിനും കടിവെള്ള സൗകര്യം ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ 74 സ്കൂളുകളിൽ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 146 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 121 ഹയർ സെക്കന്ററി സ്കൂളുകളിൽ ശുചിമുറി, കടിവെള്ള സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. യു.ഡയസ് ഡേറ്റാ 2013-14 പ്രകാരം എലിമെന്ററി സ്കൂളുകളിൽ 137 ആൺകുട്ടികൾക്കായിട്ടുള്ള ടോയ്‌ലറ്റുകളും 82 പെൺകുട്ടികൾക്കായുള്ള ടോയ്‌ലറ്റുകളും ഇനി നിർമ്മിക്കേണ്ടതുണ്ട്. പബ്ലിക് സെക്ടർ യൂണിറ്റും കോർപ്പറേറ്റുകളും 71 ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നു. ബാക്കിയുള്ള 145 ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ. ഇവയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കയർ കയറ്റുമതിയിലെ കുറവ്

**9 (*249)** ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കയറ്റുമതിയിൽ രാജ്യം വളർച്ച നേടിയിട്ടും കേരളത്തിന്റെ കയറ്റുമതി വിഹിതത്തിൽ വൻ കുറവുണ്ടാകാനുള്ള കാരണം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് കയർ മേഖല നേരിടുന്ന പ്രതിസന്ധിയാണ് ഈ തിരിച്ചടിക്ക് കാരണമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടത്തിയ കയർ മേളകൾകൊണ്ട് കയർ മേഖലയ്ക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) മേളകളുടെ ഭാഗമായി ലഭിച്ച തീരദേശ വ്യാപാരം എത്രയെന്ന് അറിയിക്കാമോ ;

(ഇ) വിദേശ ഓർഡറുകൾ ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ; ഈ യാത്രകൾക്ക് എന്തുതുക ചെലവുവന്നെന്ന് അറിയുമോ; യാത്രയുടെ ഫലമായി എന്തു തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചതെന്ന് വിശദമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) സംസ്ഥാനത്തു നിന്നുള്ള കയർ കയറ്റുമതിയിൽ കുറവു വന്നിട്ടുള്ളതായി കാണുന്നില്ല.

(ബി) കയർമേഖലയിലെ പ്രതിസന്ധി വിലയിരുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഇടക്കാല ആശ്വാസം എന്ന നിലയിൽ സബ്സിഡി നിരക്കിൽ ചകിരി നൽകിയിരുന്നു. ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ തൊണ്ടുസംഭരണം വർദ്ധിപ്പിച്ച് ചകിരി ഉൽപ്പാദനം ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-1-2014-ൽ കയർ മേഖല ഉൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്തി. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തുടർച്ചയെന്നോണം കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27-2-2014, 2-3-2014, 30-5-2014 തീയതികളിൽ റവന്യൂ-കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) കയർ മേളകൾ കൊണ്ട് കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ കയറ്റുമതിക്കാർക്കും കയർ മേഖലയിലുള്ള സഹകരണ സംഘങ്ങൾക്കും ഉൾപ്പെടെ കയർ മേഖലയ്ക്ക് പൊതുവെ നേട്ടമുണ്ടായിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയ്ക്ക് ലഭിച്ച വിദേശ വ്യാപാരം സംബന്ധിച്ച വിവരം ലഭ്യമല്ല. എന്നാൽ മേളകളുടെ ഭാഗമായും വിദേശ മേളകളിൽ പങ്കെടുത്തതിന്റെ ഭാഗമായും അത്തരം മേളകളിൽ പങ്കെടുത്ത വിദേശ ബയർമാരെ കയർ കേരളയിൽ പങ്കെടുപ്പിച്ചതിന്റെയുമൊക്കെ ഫലമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേരളസ്റ്റേറ്റ് കയർ കോർപ്പറേഷന് 672 ലക്ഷം രൂപയുടേയും, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് 163.47 ലക്ഷം രൂപയുടേയും കയർഫെഡിന് 239.58 ലക്ഷം രൂപയുടേയും വിദേശ വ്യാപാരം ലഭിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറിന്റെയും കയറുല്പന്നങ്ങളുടേയും വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിലായി 19 തവണ വിദേശത്ത് അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ റവന്യൂ കയർ വകുപ്പുമന്ത്രി, ഉദ്യോഗസ്ഥരുമായി 8 തവണയും, ഉദ്യോഗസ്ഥർ മാത്രമായി 11 തവണയുമാണ് മേളകളിൽ പങ്കെടുത്തിട്ടുള്ളത്. ഇത്തരം വിദേശ മേളകളിൽ പങ്കെടുത്തതിന്റെ ഭാഗമായി കൂടുതൽ വിദേശ ബയർമാരെ വകുപ്പ് നടത്തുന്ന കയർ കേരള എക്സിബിഷനിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം മേളകളിൽ പങ്കെടുത്തതിന്റേയും കയർ കേരള എക്സിബിഷൻ നടത്തിയതിന്റേയും ഒക്കെ ഫലമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 672 ലക്ഷം രൂപയുടേയും, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 163.47 ലക്ഷം രൂപയുടേയും കയർഫെഡ് 239.58 ലക്ഷം രൂപയുടേയും വിദേശ വ്യാപാരം നടത്തിയിട്ടുണ്ട്.

കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഉൾപ്പെടെ മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും യാത്രകൾക്കായി 1,36,35,832 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## റോഡ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

10 (*250) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇത് ഫലപ്രദമായി നടക്കുന്നുണ്ടോ ;

(ബി) മിക്ക റോഡുകളും നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാര യോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ ;

(സി) ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അശാസ്ത്രീയമായ റോഡ് നിർമ്മാണവും ഉദ്യോഗസ്ഥരുടെ അഴിമതിയുമാണ് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ് ; ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നുമുണ്ട്. സംസ്ഥാനത്ത് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി റീജിയണൽ ക്വാളിറ്റി ലബോറട്ടറികൾ നിർമ്മാണവസ്തുക്കളുടെയും നിർമ്മാണ രീതിയുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിലുണ്ട്. ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും പ്രവർത്തിക്കുന്നു. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെ വച്ചും ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തുവാൻ സംവിധാനമുണ്ട്. കെ.എസ്.ടി.പി. ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികളിൽ എല്ലാം കർശനമായ പരിശോധന നടത്തിയാണ് ചെയ്യുന്നത്. നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബിറ്റുമെൻ, മെറ്റൽ, സിമന്റ്, സ്റ്റീൽ, മണ്ണ് മുതലായ സാധനങ്ങളുടെയും പൂർത്തീകരിച്ച കോൺക്രീറ്റ് റോഡുകൾ എന്നിവയുടെയും ഗുണനിലവാരം മുൻകൂട്ടി പരിശോധിക്കാറുണ്ട്. ഈ പരിശോധന നടത്തുന്നതിന് പ്രത്യേക പരിശോധന ലാബുകൾ സജ്ജീകരിക്കണമെന്ന് കരാറിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധനങ്ങളുടെയും റോഡിന്റെയും ഗുണനിലവാരം സംബന്ധിച്ച പരിശോധന കർശനമായി പാലിക്കുന്നുണ്ട്. ഇതിനു പുറമേ കെ.എസ്.ടി.പി.പണികൾക്ക് വിദഗ്ദ്ധ കൺസൾട്ടൻസിയെ കൊണ്ട് ടെക്നിക്കൽ ഓഡിറ്റും നടത്തുന്നുണ്ട്.

(ബി) ചില റോഡുകളുടെ ചില ഭാഗങ്ങൾ നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിക്കടിയുണ്ടാകുന്ന മഴയും വർദ്ധിച്ചുവരുന്ന വാഹന ഗതാഗതംമൂലവും ഇങ്ങനെ സംഭവിക്കാറുണ്ട്. കരാറുകാരുടെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന തകരാറുകൾ, കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുന്നുണ്ട്. കെ.എസ്.ടി.പി.യിൽ ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചില കേസുകളിൽ വിജിലൻസ് ശുപാർശയനുസരിച്ച് ഉത്തരവാദികളായ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) PWD മാന്വൽ പ്രകാരം കരാറുകാരൻ പാലിക്കേണ്ട വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവൃത്തികൾ നടക്കുന്ന സമയത്ത് പരിശോധന നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന പ്രവൃത്തിയുടെ നിബന്ധനകളും ഗുണനിലവാരവും അനുസരിച്ച് വേണം കരാറുകാരൻ പ്രവൃത്തി ചെയ്യേണ്ടത് പ്രവൃത്തി കഴിഞ്ഞാലും 6 മാസം മുതൽ 3 വർഷം വരെ ഗ്യാരണ്ടി കാലാവധിയുണ്ട്. കരാറിൽ ഏർപ്പെടുമ്പോൾ കരാറുകാരൻ സെക്യൂരിറ്റി വയ്ക്കേണ്ടതാണ്. ഡിഫക്ട് ലയബിലിറ്റി പീരിഡിനുള്ളിൽ കരാറുകാരൻ പണിയിലുണ്ടാകുന്ന ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ അയാളുടെ സെക്യൂരിറ്റി തുക ഗവൺമെന്റിലേക്ക് കണ്ടുകെട്ടുന്നതാണ്. ലോകബാങ്കിന്റെ നിബന്ധനകളും IRC/MORTH സ്പെസിഫിക്കേഷനും അനുസരിച്ചാണ് കെ.എസ്.ടി.പി.യിൽ പദ്ധതികൾ നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തെ റോഡുകളുടെ നിലവാരം

**11 (*251)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും ഉദ്ദേശിച്ച് ഡിസൈനിലും നിർമ്മാണരീതിയിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പലപ്പോഴായി റോഡുകൾ വെട്ടിപ്പൊളിക്കുന്ന നടപടി ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗം ആലോചനയിലുണ്ടോ ;

(സി) റോഡ് നിർമ്മാണ/മെയിന്റനൻസ് സമയത്ത് കേബിൾ, പൈപ്പ് എന്നിവ സ്ഥാപിക്കാൻ വശങ്ങളിലും ഇടവിട്ട് കുറുകെയും സ്ഥിരം ഡക്ടുകൾ പൊതുമരാമത്ത് വകുപ്പുതന്നെ നിർമ്മിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ,

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ നിലവിലുള്ള ചിപ്പിങ്ങ് കാർപ്പറ്റ് മാറ്റി കൂടുതൽ ഉറപ്പും ദീർഘകാലം നിലനിൽക്കുന്നതുമായ BM&BC സാങ്കേതികവിദ്യ ഉപയോഗിച്ച് ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരണമായ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കെ.എസ്.ടി.പി. നിർമ്മിക്കുന്ന റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (IRC) മാനദണ്ഡമനുസരിച്ചാണ് ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നത്. Pavement design-ഉം construction-ഉം IRC നിർദ്ദേശിച്ചിട്ടുള്ളതും അന്തർദ്ദേശീയമായി അംഗീകരിച്ചിട്ടുള്ളതുമായ ഗുണമേന്മ ഉറപ്പുവരുത്തിയാണ് റോഡ് പണി ചെയ്യുന്നത്. ദേശീയപാതകളുടെ നിർമ്മാണത്തിന് മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി.ഗൈഡ് ലൈൻസും അനുസരിച്ചുള്ള ഡിസൈനും നിർമ്മാണ രീതിയുമാണ് നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ

കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയ പാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നു. ഇപ്രകാരം പുതിയ റോഡു നിർമ്മിക്കുമ്പോൾ നാല് വർഷം ഡിഫക്ട് ലയബിലിറ്റിയും, അതുകൂടാതെ 40 mm-ൽ കൂടുതൽ കനമുള്ള ബിറ്റുമിനസ് റീ സർഫസിംഗിന് മൂന്ന് വർഷത്തെ ഡിഫക്ട് ലയബിലിറ്റിയുമാണ് ദേശീയപാതയിൽ നിഷ്കർഷിക്കുന്നത്. ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം ആവശ്യമനുസരിച്ച് റീസർഫസിംഗ് നടത്തി ആയുസ്സ് വർദ്ധിപ്പിക്കുകയാണ് നിലവിലെ രീതി. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ ദീർഘകാലം നിലനിൽക്കുന്നതിനായി ഡിസൈൻ ചെയ്തിട്ടുള്ള ഉന്നത നിലവാരമുള്ള റോഡുകളാണ് നിർമ്മിക്കുന്നത്.

(ബി) നിലവിൽ ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായി വിവിധ വകുപ്പുകളുടെ ഏകോപന സമിതിയുണ്ട്. കേബിൾ ഇടുന്നതിനും മറ്റുമായി റോഡ് വെട്ടിപ്പൊളിക്കുന്നതിനുള്ള അനുവാദം ഈ കമ്മിറ്റി മുഖേനയാണ് നൽകുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥിരം ഡക്റ്റുകൾ നിർമ്മിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## ഭൂമിയുടെ ന്യായവില

12(*252) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പലയിടങ്ങളിലും വിപണി വിലയേക്കാൾ കൂടുതലാണ് സർക്കാർ നിശ്ചയിച്ച വിലയെന്ന ആക്ഷേപത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ ; വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില ഉയർത്തിയ നടപടി ഉചിതമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) മുദ്രപ്പത്ര വിലയും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടെ വർദ്ധിപ്പിച്ചതു കാരണം സാധാരണ ജനങ്ങൾ പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഭൂമി വിലയും ഫീസും കുത്തനെ വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കുന്നതിനും ന്യായവില സംബന്ധിച്ച പരാതികളിൽ കാലതാമസം ഒഴിവാക്കി തീർപ്പ് കൽപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നടപടികൾ തുടർന്നു വരുന്നു.

1-4-2010 മുതൽ 30-9-2014 വരെ 1,59,859 അപ്പീലുകൾ തീർപ്പാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമയപരിധി പാലിച്ച് അപ്പീൽ സമർപ്പിക്കുന്നതിന് അവകാശമുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകളിൽ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) കഴിഞ്ഞ 10 വർഷംകൊണ്ട് ഭൂമിയുടെ മാർക്കറ്റ് വില ഗണ്യമായി വർദ്ധിക്കുകയുണ്ടായി എങ്കിലും ന്യായവിലയിൽ തദനുസരണം യാതൊരുമാറ്റവും വരുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ ചോർച്ച ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ന്യായവില ഉയർത്തിയ നയപരമായ തീരുമാനം ഉചിതമാണെന്ന് കരുതുന്നു.

(ഡി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി, പരമാവധി 1,000 രൂപ എന്ന പരിധിയും ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25,000 രൂപ എന്ന പരിധിയും ഒഴിവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഭൂമി വിലയും ഫീസും കുത്തനെ വർദ്ധിപ്പിച്ചിട്ടില്ല. ന്യായവില സംബന്ധിച്ച പരാതികളിൽ കാലതാമസം ഒഴിവാക്കി തീർപ്പുകൽപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് / റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം**

13(*253) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഏകീകൃത യൂണിഫോം നടപ്പിലാക്കുവാൻ ഇതുവരെയും തീരുമാനിച്ചിട്ടില്ല.

(ബി-ഡി) 'എ' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം**

14(*254) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ-സി) ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ 31-5-2014-ലെ സ.ഉ (കൈ) നം.18/14/ഭ.പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. റേഷൻഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.

2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി.വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

3. എ.ആർ.ഡി.നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.

4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.

പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിക്കും. മാത്രമല്ല, സുതാര്യവും ഫലപ്രദവുമായ പൊതുവിതരണം ഉറപ്പ് വരുത്തുന്നതിനും ഉത്തരവാദിത്തപൂർണ്ണവും അഴിമതി രഹിതവുമായ പൊതുവിതരണ ശൃംഖല കെട്ടിപ്പടുക്കുവാനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള SpeMT, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

**റേഷൻകടക്കാരുടെ കമ്മീഷൻ**

**15(*255)** ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടക്കാരുടെ കമ്മീഷനിൽ വരുത്തിയ വർദ്ധന, പൊതുവിതരണ സംവിധാനത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റം ഉണ്ടാക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർദ്ധനവുമൂലം സർക്കാരിനുണ്ടാവുന്ന അധിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടെങ്കിൽ അത് എത്രയെന്നു വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റേഷൻ ചില്ലറ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കമ്മീഷൻ വർദ്ധനവ് പൊതുവിതരണ സംവിധാനത്തിന്റെ ശക്തവും സുതാര്യവുമായ നടത്തിപ്പിന് സഹായകരമാവുമെന്നും കാർഡുടമകൾക്ക് റേഷൻ വ്യാപാരികളിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ആരോഗ്യ കായിക പദ്ധതി

16(*256) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായി എത്തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; അത് എത്രത്തോളം ഉപയോഗപ്പെടുത്തി എന്നറിയിക്കാമോ ;

(ബി) ചട്ടവിരുദ്ധമായി അദ്ധ്യാപകബാങ്കിൽ നിന്ന് ഇതിലേക്കായി അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ;

(സി) ഈ വിധത്തിൽ എസ്.എസ്.എ.യുടെ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) 2014-15 വർഷം ആരോഗ്യകായികവിദ്യാഭ്യാസത്തിന് എസ്.എസ്.എ. പദ്ധതി പ്രകാരം 2936.34 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി നിയോഗിക്കുന്ന അദ്ധ്യാപകരുടെ ശമ്പളം ഈ തുകയിൽ നിന്നും വിനിയോഗിക്കുന്നതാണ്.

(ബി) ചട്ടവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെടുന്ന അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം പിൻവലിച്ചിട്ടുണ്ട്.

(സി) ദുരുപയോഗം ഉണ്ടാവുകയില്ല.

## സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം

17(*257) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് മേഖലകളിലുള്ള എല്ലാ സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ലൈബ്രറികളുടെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സ്കൂൾ ലൈബ്രറികൾ നവീകരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ,

(എ) 4179 ഗവഃ സ്കൂളുകളിലും 6659 എയ്ഡഡ് സ്കൂളുകളിലും ലൈബ്രറി സൗകര്യമുണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം A ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം B ആയി ചേർത്തിട്ടുണ്ട്.*

## റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

18(*258) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡ് നികുതിയിനത്തിൽ പ്രതിവർഷം എന്ത് തുക പിരിച്ചെടുക്കുന്നുണ്ട് ; ഇതിൽ റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എന്ത് തുക ചെലവഴിക്കുന്നുണ്ട്;

(സി) കേരളത്തിലെ റോഡുകൾക്ക് വേണ്ടത്ര നിലവാരമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14 സാമ്പത്തിക വർഷം മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരം പിരിച്ചെടുത്ത തുക 2161.09 കോടി രൂപ ആയിരുന്നു. ടി സാമ്പത്തിക വർഷം റോഡ് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി 2975.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ നിലവാരത്തിൽ BM & BC ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ഏറ്റെടുത്ത് നടത്തിവരുന്നു. പ്രവൃത്തികൾ നടക്കുന്ന സമയത്തുള്ള ഗുണ നിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്താറുണ്ട്.

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

19(*259) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. പി. സി. ജോർജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി വിജയകരമായിരുന്നോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത് ; എത്ര നിയോജക മണ്ഡലങ്ങൾ ഇതിന്റെ ഭാഗമാക്കാമെന്ന് അറിയിക്കുമോ ;

(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്തൊട്ടാകെ വിപുലമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ എന്ന ലക്ഷ്യം മുൻനിർത്തി രൂപംകൊടുത്ത സമഗ്രവിദ്യാഭ്യാസ പദ്ധതി അസംബ്ലിനിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് 56 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അസംബ്ലി നിയോജകമണ്ഡലങ്ങൾ 14 ജില്ലകളിലും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അസംബ്ലി നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ മാരുടെ വികസന ഫണ്ട്, എസ്.എസ്.എ., ആർ.എം.എസ്.എ, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ ആണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കായി വിനിയോഗിക്കുന്നത്. എം.എൽ.എ.മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 56 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ശിപാർശ ചെയ്യുന്ന മുറക്ക് പ്രസ്തുത മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## സേഫ്റ്റി കോറിഡോർ പദ്ധതി

20(*260) ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സേഫ്റ്റി കോറിഡോർ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രത്യേകതകളും എന്തെല്ലാം ;

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്ര ; എത്ര കാലം കൊണ്ട് പൂർത്തിയാകും, ആദ്യ ഘട്ടം ആരംഭിക്കുന്നതെവിടെയാണെന്ന് വെളിപ്പെടുത്തുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്.

<u>പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

1. ലോകോത്തര നിലവാരമുള്ള ഒരു മാതൃകാ സുരക്ഷാ റോഡായി കഴക്കൂട്ടം മുതൽ എം.സി റോഡിൽ തൈക്കാട് വഴി അടൂർ വരെയുള്ള 80 കി.മീ. റോഡിനെ മാറ്റുക.

2. ഈ പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട വിവിധ സർക്കാർ ഏജൻസികളിലെ (ഗതാഗതം, പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത്)

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർക്ക് സുരക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച വിദഗ്ധ പരിശീലനം നൽകുകയും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

3. റോഡ് സേഫ്റ്റി അതോറിറ്റി, പൊതുമരാമത്ത് വകുപ്പിലെ റോഡ് സേഫ്റ്റി സെൽ, ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകൾ മുതലായവയെ ശക്തിപ്പെടുത്തുക.

(ബി) തയ്യാറായിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യ പടിയായി നാറ്റ്പാക്ക് (NATPAC) ഒരു ബേസ് ലൈൻ സർവ്വേ നടത്തുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ലോക ബാങ്ക് മാർഗ്ഗ നിർദ്ദേശ പ്രകാരം അന്തർദേശീയ ദർഘാസ് വിളിച്ച് വിക്ടോറിയ റോഡ്സ് എന്ന ആസ്ട്രേലിയ ആസ്ഥാനമായ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനുള്ള പ്രവർത്തനങ്ങൾക്കും അവർ തന്നെ നേതൃത്വം നൽകും. 24 കോടിയോളം രൂപ ചലഞ്ച് ഫണ്ടായി മാറ്റി വച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് മറ്റു ഫണ്ടിങ്ങ് ഏജൻസികളുമായി സഹകരിച്ച് കൂടുതൽ റോഡുകളിൽ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും പദ്ധതിയുണ്ട്.

(സി) ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ലോക ബാങ്ക് സഹായ പദ്ധതിയായ കെ.എസ്.ടി.പി-രണ്ടിൽ ഉദ്ദേശം 86 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ റോഡു സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഞ്ചു വകുപ്പുകളിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന് ഇവർക്ക് വേണ്ട പരിശീലനം നൽകേണ്ടതുണ്ട്. അവ താഴെപ്പറയുന്നവയാണ്:

1. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ലോകത്തിലെ മികച്ച പ്രവർത്തന രീതികൾ പകർന്ന് നൽകുക.

2. റോഡ് സേഫ്റ്റി പ്രവൃത്തികളുടെ ലക്ഷ്യ പ്രാപ്തിയെ വിലയിരുത്തുന്നതിന് വേണ്ടിയുള്ള രൂപ രേഖ തയ്യാറാക്കുക.

3. മേൽപ്പറഞ്ഞ വർക്കിംഗ് ഗ്രൂപ്പിന് റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കാര്യ പ്രാപ്തി ഉണ്ടാക്കുന്നതിന് സംസ്ഥാനത്തിന് ഒരു റോഡ് സുരക്ഷാ നയം രൂപീകരിക്കുക.



LIBRARY ARCHIVES Kerala Legislative Assembly

4. സേഫ്റ്റി കോറിഡോർ പദ്ധതിയിൽ നിന്നും ഉൾക്കൊണ്ട അനുകരണീയമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മറ്റ് റോഡുകളിലേയ്ക്ക് വ്യാപിപ്പിക്കുക.

5. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളേയും ബോധവൽക്കരിക്കുകയും, വേണ്ട പ്രചോദനം നൽകുകയും അവരെ നയിക്കുകയും ചെയ്യുക.

**പുഴകളുടെ പുനരുജ്ജീവനം**

21(*261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളുടെ പുനരുജ്ജീവനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത്;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി മുഖേന നദികളുടെ തീരങ്ങളിൽ ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിച്ച് നദീതീരങ്ങളെയും നദികളെയും സംരക്ഷിക്കുക, അനധികൃത മണൽ വാരൽ, അനധികൃത കയ്യേറ്റം എന്നിവ തടഞ്ഞ് നദികളിൽ അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്യും നദികളിലെ ജൈവ-ഭൗതിക വ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെ നീരൊഴുക്ക് സംരക്ഷിക്കുക എന്നതുമാണ് ഉദ്ദേശിക്കുന്നത്. നദീസംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട് 17-11-2014 ൽ ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വരട്ടാർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റവന്യൂ റീസർവ്വേ ടീമിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി വരട്ടാറിലെ അനധികൃത കയ്യേറ്റങ്ങൾ സർവ്വെ നടത്തി റിപ്പോർട്ട് ചെയ്യുവാൻ പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) "പുഴ മുതൽ പുഴ വരെ" എന്ന ഒരു പദ്ധതിയിൽ ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളെ മാതൃകാ പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടമായി ഭാരതപ്പുഴയുടെ 527 ഏക്കർ (മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള 3 കി.മീ. റോഡിനോട് ചേർന്നുള്ള സ്ഥലം) തീരവും അച്ചൻകോവിലാറിന്റെ 9 ഏക്കർ (പത്തനംതിട്ട ജില്ലയിൽ അച്ചൻകേവിലാറിന്റെ ഇരുഭാഗങ്ങളിലും) ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുപിടിപ്പിച്ച് പരിപാലിക്കുക മുതലായ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) 15-11-2014-ലെ സ.ഉ (എം.എസ്) നമ്പർ 475/14/റവ. ഉത്തരവ് പ്രകാരം "പുഴ മുതൽ പുഴ വരെ" നദീസംരക്ഷണ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായി. ടി പദ്ധതിയുടെ നടത്തിപ്പിനായി 10 കോടി രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും പദ്ധതിയുടെ നടത്തിപ്പിനായി അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്താനും ILDM-ൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല 28-10-2014-ൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ റവന്യൂ വകുപ്പിന് എറണാകുളം ആസ്ഥാനമായി ഒരു റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകുകയും ഇത് സംബന്ധിച്ചുള്ള ഉത്തരവ് 4-12-2014-ലെ ജി.ഒ.(എം.എസ്)നമ്പർ503/14/റവ. പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

## വൈദ്യുതി പോസ്റ്റുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

**22(*262)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. സി. മമ്മുട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ പാതകളിൽ വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ, ടെലിവിഷൻ, ഇന്റർനെറ്റ് കേബിളുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ; അതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഉപയോഗരഹിതമായതും, വിവേചനരഹിതമായി പാതകളിലൂടെ സ്ഥാപിച്ചിട്ടുള്ളതുമായ കേബിളുകളും പൈപ്പുകളും ഉണ്ടാക്കുന്ന അപകടങ്ങളും മറ്റും തടയാൻ അടിയന്തര നിർദ്ദേശം നൽകുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വൈദ്യുതി പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായി അനുവാദം വാങ്ങേണ്ടതില്ല. എന്നാൽ ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ കേബിളുകൾ, പൈപ്പ് ലൈനുകൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ പാതകളിൽ സ്ഥാപിക്കുന്നതിന് അതാതു വകുപ്പുകൾ പൊതുമരാമത്ത് വകുപ്പിന് അപേക്ഷ നൽകുകയും റോഡ് വെട്ടിപ്പൊളിച്ചുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും അപേക്ഷ, ശിപാർശയോടുകൂടി ജില്ലാ കളക്ടർ ചെയർമാനായുള്ള വിവിധ വകുപ്പുകളുടെ ഏകോപന സമിതിയിൽ സമർപ്പിക്കുകയും സമിതിയുടെ അംഗീകാരത്തോടെ റെസ്റ്റോറേഷൻ തുക അടച്ചശേഷം അനുവാദം കൊടുക്കുകയുമാണ് നിലവിലുള്ള വ്യവസ്ഥകൾ.

(ബി) ഇതിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ അനുമതി റദ്ദാക്കുകയും, നഷ്ടം ഈടാക്കുകയും ചെയ്യും. ജില്ലാതല കമ്മിറ്റിയാണ് നിയമനടപടികൾ സ്വീകരിക്കേണ്ടത്.

(സി) ഉപയോഗരഹിതമായതും വിവേചനരഹിതമായി പാതകളിലൂടെ സ്ഥാപിച്ചിട്ടുള്ളതുമായ കേബിളുകളും പൈപ്പുകളും ഉണ്ടാക്കുന്ന അപകടങ്ങളും മറ്റും തടയാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകുന്നതാണ്.

## നെല്ല് സംഭരണ വില

**23(*263)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ഉടൻതന്നെ ലഭ്യമാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം സംഭരണം കഴിഞ്ഞ് എത്ര ദിവസത്തിനകമാണ് കർഷകർക്ക് നെല്ലിന്റെ വില നൽകേണ്ടത്;

(സി) ഏത് സംവിധാനം വഴിയാണ് കർഷകർക്ക് തുക ലഭ്യമാക്കുന്നത് ; ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭ്യമായിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരാതി ഉയർന്നിട്ടുണ്ടോ ;

(ഡി) നിലവിൽ കർഷകർക്ക് നൽകാനുള്ള സംഭരണ വില കടിശ്ശിക എത്രയാണ് ; ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(ഇ) കർഷകർക്ക് സംഭരണ വില യഥാസമയം ലഭിക്കുന്നതിനും സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ&ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ഉടൻതന്നെ ലഭ്യമാക്കുന്നതിനായി EPRS എന്നൊരു പദ്ധതി ഈ സീസൺ മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്ന സമയത്ത് തന്നെ EPRS സംവിധാനത്തിൽ പാഡി റസീറ്റ് ഷീറ്റ് കർഷകന് നൽകുന്നതോടൊപ്പം പാഡി മാർക്കറ്റിംഗ് ഓഫീസർക്കും, പാഡി പേമെന്റ് ഓഫീസർക്കും ഇലക്ട്രോണിക് സംവിധാനംവഴി അതിന്റെ പകർപ്പ് ലഭിക്കുന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇതിനായി കർഷകർ നേരിട്ട് ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ല. പാഡി പേമെന്റ് ഓഫീസർക്ക് പകർപ്പ് ലഭിച്ചാലുടൻ നെല്ലിന്റെ വില കർഷകന് ലഭ്യമാക്കുന്നതിന് സാധിക്കും.

(സി) സംഭരിച്ച നെല്ലിന്റെ വില വേഗത്തിൽ കർഷകർക്ക് നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് നേരിട്ട് വായ്പ എടുത്തും കർഷകർക്ക് സംഭരണ വില നൽകുന്നുണ്ട്. ടി ഇനത്തിൽ വരുന്ന പലിശ കോർപ്പറേഷനാണ് വഹിക്കുന്നത്.

(ഡി) 2014-15 ഒന്നാം സീസണിൽ ഇതുവരെ (4-12-2014) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 58.63 കോടി രൂപ നൽകുവാനുണ്ട്. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിൽ നിന്നും 150.93 കോടി രൂപ നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നെല്ല് വില നൽകുന്നതിനുള്ള തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

(ഇ) സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായാണ് ഇന്ത്യയിൽ നിലവിലുള്ള ഏറ്റവും കൂടിയ സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകി (കിലോ ഗ്രാമിന് 19 രൂപ) കേരള സർക്കാർ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില 13 രൂപ 60 പൈസ മാത്രമാണ്. നെൽ വില യഥാസമയം നൽകുന്നതിനായി ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് നേരിട്ട് വായ്പ എടുത്തും കർഷകർക്ക് സംഭരണ വില നൽകുന്നുണ്ട്.

### ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സെന്ററുകൾ

**24(*264)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ,

(എ) സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ / സി.ആർ.സി. കൾ കേന്ദ്രീകരിച്ചാണ് റിസോഴ്സസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി) സർവ ശിക്ഷാ അഭിയാൻ സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്ക് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികൾക്കൊപ്പം വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും, മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ മേൻമകളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുകയും, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും പഠന പ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നൽകുകയും, വൈകല്യം ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

(സി) ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകർ ടി കുട്ടികൾക്ക് റെമഡിയൽ ക്ലാസുകൾ, രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി ക്ലാസുകൾ, തുടങ്ങിയവയും ഓട്ടിസം സെറിബൽ പാൾസി തുടങ്ങിയ കുട്ടികളുടെ പരിശീലനത്തിനായി ഓട്ടിസം സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ടി കുട്ടികളുടെ വൈകല്യം ലഘൂകരിക്കുന്നതിനായുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ബി.ആർ.സി.കൾ കേന്ദ്രീകരിച്ചും വിദഗ്ദ്ധ ഡോക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജില്ലകൾ കേന്ദ്രീകരിച്ച് വാങ്ങി നൽകിവരികയും ചെയ്യുന്നു.

(ഡി) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ബി.ആർ.സി.കൾ / സി.ആർ.സി.കൾ കേന്ദ്രീകരിച്ച് ശനിയാഴ്ചകളിൽ പരിഹാര ബോധന ക്ലാസുകൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകർ നടത്തിവരുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയവയ്ക്കുള്ള പരിശീലനം ആഴ്ചയിൽ ഒരു ദിവസം നടത്തിവരുന്നു. ടി കുട്ടികളുടെ രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ, ഭിന്നശേഷിയുള്ള കുട്ടികളേയും സാധാരണ കുട്ടികളേയും പങ്കെടുപ്പിച്ച് സഹവാസ ക്യാമ്പുകളും, ലോകവികലാംഗ ദിനാചരണം തുടങ്ങിയ ദിനാചരണങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## റോഡുകളുടെ തകർച്ച

25(*265) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ അടിക്കടിയുണ്ടാകുന്ന തകർച്ചമൂലം പ്രതിവർഷം ശരാശരി എന്ത് തുകയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) റോഡുകളുടെ മധ്യത്തിലൂടെ കടന്നുപോകുന്ന കേബിളുകളും പൈപ്പ് ലൈനുകളും തകരാറിലാകുന്നത് പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങൾ റോഡുകളുടെ ആയുസ് കുറയ്ക്കുമെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ ; എങ്കിൽ ആയതിന് ശാശ്വതമായ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉപരിതലം പുതുക്കുന്നതിലുള്ള കാലതാമസം കൊണ്ടും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കൊണ്ടും റോഡ് യൂട്ടിലിറ്റിക്കായി വെട്ടിമുറിക്കുന്നതുമൂലവും റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കാറുണ്ട്. ഇവ പരിഹരിക്കുന്നതിനായി പ്രതിവർഷം അറ്റകുറ്റപണികൾക്കായി കഴിഞ്ഞ മൂന്നു വർഷകാലയളവിൽ നിരത്തു വിഭാഗത്തിൻകീഴിൽ ശരാശരി 350 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതായി വന്നിട്ടുണ്ട്.

(ബി) റോഡുകളുടെ മധ്യത്തിലൂടെ കടന്നുപോകുന്ന കേബിളുകളുടെയും പൈപ്പ് ലൈനുകളുടെയും തകരാറ് പരിഹരിക്കാൻ നടത്തുന്ന പ്രവൃത്തികൾമൂലം റോഡിന്റെ ആയുസ്സ് കുറയുന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി അതതു ജില്ലകളിലെ ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായും വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ അംഗങ്ങളായും ഒരു സമിതി നിലവിലുണ്ട്. പ്രസ്തുത സമിതിയിൽ വിലയിരുത്തിയ ശേഷമാണ് റോഡ് മുറിക്കുന്നതിനുള്ള അനുവാദം നൽകാറുള്ളത്.

കെ.എസ്.ടി.പി.പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മാണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് മുൻപ് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെക്കൊണ്ട് കെ.എസ്.ടി.പി.യുടെ ചെലവിൽ പൈപ്പ് ലൈനുകൾ, വൈദ്യുതി ലൈനുകൾ എന്നിവ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാറുണ്ട്. അതുപോലെ തന്നെ നിർമ്മാണം നടത്തുന്ന റോഡുകളുടെ വിവരങ്ങൾ BSNL, മറ്റ് സ്വകാര്യ കമ്പനികൾ എന്നിവരെ അറിയിക്കുകയും നിർമ്മാണ വേളയിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇവരുടെ കേബിളുകൾ റോഡിൽ നിന്ന് മാറ്റി സ്ഥാപിക്കുന്നുമുണ്ട്. കർശന വ്യവസ്ഥയോടെ മാത്രമേ ഇത്തരം ഏജൻസികൾക്ക് പൈപ്പ് ഇടാനും കേബിളുകൾ ഇടാനുമുള്ള അനുവാദം കൊടുക്കാറുള്ളൂ. കഴിവതും റോഡിന്റെ വശങ്ങളിൽ മാത്രമേ ഈ ഏജൻസികളെകൊണ്ട് പൈപ്പുകളും കേബിളുകളും ഇടീക്കാറുള്ളൂ. ഏതെങ്കിലും അത്യാവശ്യ സാഹചര്യത്തിൽ റോഡുകൾ കട്ട് ചെയ്യണമെങ്കിൽ ഈ റോഡുകൾ നിലവിലുള്ള സ്ഥിതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള Restoration charge ഈ ഏജൻസിയിൽ നിന്നും ഈടാക്കി ഇതിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. തന്നെയാണ് ചെയ്യുന്നത്. ഇതുമൂലം കെ.എസ്.ടി.പി.പദ്ധതിയിൽപ്പെട്ട റോഡുകളിൽ പൈപ്പുകളും കേബിളുകളും തകരാറായി റോഡിന്റെ ആയുസ്സ് കുറയുന്നില്ല.

ദേശീയപാതാ വിഭാഗത്തിൽപ്പെടുന്ന റോഡുകളിൽ കേബിളുകളും പൈപ്പ് ലൈനുകളും ഇടാനുള്ള അനുമതി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് നൽകുന്നത്. നിലവിലെ നിർദ്ദേശപ്രകാരം കേബിളുകളും പൈപ്പ് ലൈനുകളും റൈറ്റ് ഓഫ് വേയുടെ അരികിൽകൂടി മാത്രമേ ഇടുവാൻ അനുമതി നൽകുകയുള്ളൂ. റോഡിന്റെ ടാർ ചെയ്ത ഭാഗം ക്രോസ് ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ ടാർ ഉപരിതലത്തിൽ തുറന്ന കുഴിയെടുക്കൽ അനുവദിക്കാതെ Horizontal Directional Drilling (HDD) ലൂടെ ടാർ ചെയ്ത ഉപരിതലം ക്രോസ് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്.

### ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ പരിഷ്കരണം

**26(*266)** <u>ശ്രീ. വി. റ്റി. ബൽറാം :</u>
<u>ശ്രീ. ആർ. സെൽവരാജ് :</u>
<u>ശ്രീ. സി. പി. മുഹമ്മദ് :</u>
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പാഠപുസ്തകങ്ങൾ എന്നു മുതലാണ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ.അബ്ദു റബ്ബ്</u>) : സർ,

(എ) ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. കേരള സ്കൂൾ പാഠ്യപദ്ധതി-2013-ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഒന്നാംവർഷ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ (11-ാം ക്ലാസ്) 9-1-2014-ന് ചേർന്ന 41-ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 2014-15 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂണിവേഴ്സിറ്റികൾ, കോളേജ് തല വിദഗ്ദ്ധർ, ഹയർസെക്കന്ററി അദ്ധ്യാപകർ, എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ, വിവിധ വിഷയങ്ങളുടെ വിദഗ്ദ്ധരായ അദ്ധ്യാപകർ തുടങ്ങിയവർ അടങ്ങിയ സമിതികളാണ് എസ്.സി.ഇ.ആർ.ടിയുടെ വിവിധ ശില്പശാലകളിൽ വച്ച് ഈ പാഠപുസ്തകങ്ങൾ തയ്യാറാക്കിയത്.

(സി) 2014-15 അദ്ധ്യയന വർഷം മുതൽ 11-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ നിലവിൽവന്നു. 2015-16 അദ്ധ്യയന വർഷം മുതൽ 12-ാം ക്ലാസിലെ പുതിയ പാഠപുസ്തകങ്ങൾ പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ

27(*267) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്) : സർ,

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിലെ 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രീ-റവന്യൂ സർവ്വേ അദാലത്ത് സംഘടിപ്പിച്ചിരുന്നു.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന റവന്യൂ വകുപ്പിലേയും സർവ്വേ വകുപ്പിലേയും പരാതികളിന്മേൽ അടിയന്തരമായി പരിശോധന നടത്തി തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി&ഡി) ഏകദേശം 72% പരാതികൾ പരിഹരിച്ചിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നുമാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ - സർവ്വേ അദാലത്ത് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ ശാക്തീകരണം

28(*268) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകൾ വകുപ്പിൽ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, വർക്കിംഗ് സ്റ്റാന്റേർഡ് ബാലൻസുകൾ, കട്ടികൾ, പൾസ് മീറ്ററുകൾ, സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള ഉപകരണം എന്നിവ വാങ്ങിയിട്ടുണ്ട്. വാഹനങ്ങൾ, എൽ.പി.ജി പമ്പ് വെരിഫിക്കേഷൻ കിറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 575 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. വകുപ്പിനായി തിരുവനന്തപുരത്ത് കേന്ദ്ര കാര്യാലയ നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്ത് ആഫീസ് കെട്ടിട നിർമ്മാണം, പത്തനംതിട്ടയിൽ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റിന്റെ നിർമ്മാണം എന്നിവയ്ക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിലായി വകയിരുത്തിയിട്ടുള്ള 575 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുക പി.ഡബ്ല്യൂ.ഡിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആസ്ഥാന കാര്യാലയ കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഒറ്റത്തവണ കേന്ദ്ര സഹായമായി ഉൾക്കൊള്ളിച്ചിട്ടുള്ള 578 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വകുപ്പിന്റെ പ്രവർത്തനത്തിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വകുപ്പിന് വെബ്സൈറ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ താലൂക്കുകളിലും ഇൻസ്പെക്ടർ ഓഫീസ്, ലബോറട്ടറികൾ, ജില്ലകളിൽ ജില്ലാ ആഫീസ്, ഫ്ളൈയിംഗ് സ്ക്വാഡ് ആഫീസുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആവശ്യമായ വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ്, വെയ്ബ്രിഡ്ജുകളുടെ പരിശോധനകൾക്കായി വെയ്ബ്രിഡ്ജ് വെരിഫിക്കേഷൻ കിറ്റ്, ഓട്ടോറിക്ഷാ മീറ്റർ പരിശോധനകൾക്കായി പൾസ് മീറ്ററുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സെക്കന്ററി സ്റ്റാൻഡേർഡ് ലബോറട്ടറി, ഗോൾഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യൽ

29(*269) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ.അബ്ദു റബ്ബ്) : സർ,

(എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 'സമ്പൂർണ്ണ' എന്ന പേരിൽ ഒരു ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 'സമ്പൂർണ്ണ' ഒരു സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആണ്. സ്കൂൾ തലത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രാധാനാദ്ധ്യാപകരെ സഹായിക്കുക എന്നതാണ് സമ്പൂർണ്ണയുടെ പ്രധാന ലക്ഷ്യം. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കുകയും വിദ്യാർത്ഥികളുടെ ഹാജർ വിശദാംശങ്ങൾ, പഠനനിലവാര രേഖ തയ്യാറാക്കൽ, ക്ലാസ് പ്രൊമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങി ഒരു വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് സമ്പൂർണ്ണ-സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.

(സി) വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തേയും വിദ്യാർത്ഥിയെയും സംബന്ധിച്ച് ഉള്ള മുഴുവൻ വിവരങ്ങളുമാണ് ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ, മാതാപിതാക്കളുടെ വിവരങ്ങൾ, മേൽവിലാസം, മുൻപ് പഠിച്ചിരുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ, അഡ്മിഷന്റെയും പാഠ്യവിഷയങ്ങളുടെയും വിവരങ്ങൾ, പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ, തിരിച്ചറിയാനുതകുന്ന രണ്ട് അടയാളങ്ങൾ, വിവിധ ക്ലബ്ബുകളിലെ പങ്കാളിത്തം മുതലായ വിവരങ്ങളാണ് സമ്പൂർണ്ണ വഴി ശേഖരിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ രജിസ്റ്ററിലുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ കുട്ടികളുടെ വിശദാംശങ്ങളും ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐടി@ സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യധാന്യസംഭരണം

30(*270) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഭക്ഷ്യധാന്യം സംഭരിക്കേണ്ടത് സംബന്ധിച്ച് കേന്ദ്രം പുതുതായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ തയ്യാറാകുമോ; അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കാൻ എന്ത് മാർഗ്ഗമാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം ഭക്ഷ്യ ധാന്യ സംഭരണം നടന്നില്ലെങ്കിൽ റേഷൻ വിഹിതം കുറയ്ക്കാൻ സാധ്യതയുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ-സി) നിലവിൽ ഓരോ മാസത്തേയ്ക്കും കേന്ദ്രസർക്കാർ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ തലേമാസം അവസാന തീയതിക്ക് മുൻപായി എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കണമെന്നും മൂന്നു മാസത്തെയെങ്കിലും ഭക്ഷ്യധാന്യവിഹിതം സംഭരിക്കുന്നതിനു വേണ്ടിയുള്ള സ്ഥലം കണ്ടെത്തണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരവും ഭക്ഷ്യസുരക്ഷ പദ്ധതി ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും വേണ്ടി മൂന്നുമാസത്തെ ഭക്ഷ്യധാന്യവിഹിതം സംഭരിക്കുന്നതിലേക്കായി അധിക സംഭരണസ്ഥലം കണ്ടെത്താനുള്ള തീവ്ര യജ്ഞത്തിലാണ് സർക്കാർ. നിലവിലുള്ള മൊത്തവ്യാപാരികളുടെ അധികസ്ഥലങ്ങൾ, FCI, SWC, CWC, ഉൾനാടൻ ജലഗതാഗത വകുപ്പ്, സർക്കാർ ഉടമസ്ഥതയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സ്ഥാപനങ്ങൾ, എന്നിവയുടെ കൈവശമുള്ള ഗോഡൗണുകൾ ഉപയോഗപ്പെടുത്താനും അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്നിവ വാടകയ്ക്കെടുത്തും സർക്കാർ ഉടമസ്ഥതയിലുള്ള മിച്ചഭൂമികളും പുറമ്പോക്കുകളും പതിച്ച് വാങ്ങി ഗോഡൗണുകൾ നിർമ്മിച്ചും അധിക സംഭരണസ്ഥലങ്ങൾ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം ഭക്ഷ്യധാന്യ സംഭരണം നടന്നില്ലെങ്കിൽ റേഷൻ വിഹിതം കുറയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് അനുവദിച്ച കേന്ദ്ര ഫണ്ട്

**1(2902)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിവിധ പദ്ധതികൾക്കായി അനുവദിച്ച കേന്ദ്ര ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ; ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചിരുന്നത് ; ഓരോ സാമ്പത്തിക വർഷത്തേയും പ്രത്യേകം കണക്ക് ലഭ്യമാക്കാമോ ;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ലാപ്സായ തുകയെത്ര ; ലാപ്സാകാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ;

(സി) ഫണ്ട് വിനിയോഗത്തിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഏതെങ്കിലും ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് വിശദീകരണം നൽകാമോ ?

ഉത്തരം

(എ) മറുപടി ചുവടെ പരാമർശിക്കുന്നതിൻപ്രകാരം അനുബന്ധമായി ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| കോളേജ് വിദ്യാഭ്യാസ വകുപ്പ് | - | അനുബന്ധം പുറം 1* |
| സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | - | " 2 |

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് | - | " | 3 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് | - | " | 4 |
| നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | - | " | 5 |

(ബി) സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്-ന് തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ അഭാവംമൂലമാണ് തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാത്തത്.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന് യു.ജി.സി. അനുവദിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി അഡ്വക്കേറ്റ്സ് ട്രെയിനിംഗ് പ്രോഗ്രാമിന് അനുവദിച്ച തുക വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുകയൊന്നും ലാപ്സ് ആയിട്ടില്ല. മറ്റെല്ലാ വകുപ്പുകളും അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടിട്ടില്ല. ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

## ഫ്ളെയർ

2(2903) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ളെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) കോളേജുകളിലെ യുവ അദ്ധ്യാപകർക്ക് ഗുരുകുല സമ്പ്രദായ പ്രകാരം പ്രമുഖ അദ്ധ്യാപകരെ പിൻതുടർന്ന് പരിശീലനം നേടാൻ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) പരിശീലനം നൽകുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഫ്ളെയർ എന്ന പദ്ധതിക്ക് പ്രധാനമായി രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്:

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിനും റിസർച്ചിലും മികച്ച ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതിപ്രകാരം നൽകുന്നു. ആരംഭവർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം, സർക്കാർകോളേജുകൾക്കും അഞ്ച് സർവ്വകലാശാലകൾക്കും പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിൽ താഴെ സർവ്വീസുള്ളതും ഇനിയും 20 വർഷമെങ്കിലും സർവ്വീസുള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ളെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഫ്ളെയർ ഇന്റേണൽഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസ്സുകൾ വീക്ഷിക്കാനുള്ള അവസരം, അവരുടെ ലബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ളെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി-യുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ളെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറേയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ.ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ശ്രീമതി ജെയ്സി ജേക്കബ്ബിന്റെ നിയമനം

3(2905) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മേഴ്സി കോളേജിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ പഠിപ്പിക്കുന്ന ശ്രീമതി ജെയ്സി ജേക്കബ്ബിന്റെ നിയമനം അംഗീകരിക്കുന്നതു സംബന്ധിച്ച് കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് അനുമതി നൽകണമെന്ന അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് മേഴ്സി കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ച് കൊടുത്തിട്ടുണ്ട്.

(ബി) യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയിൽ ഇളവനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

## കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

4(2906) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അനദ്ധ്യാപക തസ്തികയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

(ബി) കോളേജ് അദ്ധ്യാപകരുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കാലോചിതമായി മാറ്റം വരുത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-12-1982-ലെ ജി.ഒ. (എം.എസ്) നമ്പർ 190/82/ഉ.വി.വ. പ്രകാരമാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്.

(ബി) നിലവിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ കോളേജുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് അനദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കുന്നത്. കോളേജ് അദ്ധ്യാപകരുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നകാര്യം പരിഗണനയിലില്ല.

## കൊരട്ടി ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. ഓഫീസർ

**5(2907)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊരട്ടി ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ, ഇവിടുത്തെ എൻ.സി.സി. യൂണിറ്റ് സസ്പെൻറ് ചെയ്യപ്പെട്ടുമൂലം കേഡറ്റുകൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എൻ.സി.സി. ഓഫീസറെ നിയമിക്കുന്നതടക്കമുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

### ഉത്തരം

കൊരട്ടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. യൂണിറ്റ് നിലനിർത്തുന്നതിനായി ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ചിലെ ലക്ചറർ ശ്രീമതി ടി. ജി. ശ്രീമതിക്ക് യൂണിറ്റിന്റെ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. ഈ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്വകാര്യ കോളേജുകൾക്ക് എയ്ഡഡ് പദവി

**6(2908)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവ ഓരോന്നും ഏതെല്ലാം ജില്ലകളിൽ ഏത് സർവ്വകലാശാല പരിധിയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എത്ര അറബിക് കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്; ഏതെല്ലാം ജില്ലകളിൽ എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(സി) അറബിക് കോളേജുകൾ എയ്ഡഡ് കോളേജുകളാക്കുന്നതിന് സർവ്വകലാശാല ചട്ടം അനുശാസിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) പുതുതായി അനുവദിച്ച എയ്ഡഡ് കോളേജുകളുടെ പ്രവർത്തനത്തിന് പ്രതിവർഷം എന്ത് തുക അധികബാധ്യത വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ/അറബിക് കോളേജുകൾക്കൊന്നുംതന്നെ എയ്ഡഡ് പദവി നൽകിയിട്ടില്ല.

(സി&ഡി) ബാധകമല്ല.

**ആലത്തൂർ എസ്. എൻ. കോളേജ്**

**7(2909)** ശ്രീ.എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ എസ്.എൻ.കോളേജിൽ നിന്നും 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ പുറത്താക്കിയിട്ടുണ്ട്, അവരുടെ പേരും, ക്ലാസും, ആരോപിക്കപ്പെട്ട കുറ്റവും വ്യക്തമാക്കുമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് ഹാജർ കുറവുമൂലം പരീക്ഷ ഫീസ് അടയ്ക്കാൻ പ്രിൻസിപ്പാൾ അനുവാദം നൽകിയിരുന്നു ; അവരുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) എത്ര വിദ്യാർത്ഥികൾക്ക് എതിരായി പ്രിൻസിപ്പാൾ പോലീസിൽ പരാതി നൽകിയിട്ടുണ്ട് ; ഇതിൽ എത്ര കേസ്സുകൾ അന്വേഷിച്ച് വ്യാജമെന്ന് കണ്ടെത്തിയിട്ടുണ്ട് ;

(ഡി) വിദ്യാർത്ഥികൾക്ക് എതിരായ പ്രിൻസിപ്പാളിന്റെ നിലപാടിനെതിരായി വിദ്യാർത്ഥികൾ എത്ര കേസുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഫയൽ ചെയ്തിട്ടുണ്ട്;

(ഇ) എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് എതിരായ വിധിയുണ്ടായി ; എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിയുണ്ടായി ; വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിഉണ്ടായ കേസ്സുകളിൽ ആയത് പാലിക്കാൻ പ്രിൻസിപ്പാൾ തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നോ ; എന്തായിരുന്നു യോഗതീരുമാനങ്ങൾ ; അവ നടപ്പാക്കാൻ പ്രിൻസിപ്പാൾ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ പ്രിൻസിപ്പാൾ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ മൂന്ന് വർഷമായി പ്രിൻസിപ്പാളും കോളേജ് അധികൃതരും വിദ്യാർത്ഥികളോട് വൈരനിര്യാതന ബുദ്ധിയോടെ

പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൈക്കോടതി വിധികൾ, യൂണിവേഴ്സിറ്റി നിർദ്ദേശങ്ങൾ, കളക്ടറുടെ നിർദ്ദേശം എന്നിവയൊന്നും പാലിക്കാതിരിക്കാൻ കോളേജ് പ്രിൻസിപ്പാളിനുള്ള പ്രത്യേകാധികാരങ്ങൾ വ്യക്തമാക്കുമോ ; വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കുന്നതിന് അവർക്ക് തുടർ പഠനത്തിനും, പരീക്ഷ എഴുതുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പതിനഞ്ച് വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ പരാതി നൽകിയിട്ടുണ്ട്. ആയതിന് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) വിദ്യാർത്ഥികൾക്കെതിരായി റിപ്പോർട്ട് ചെയ്തിട്ടുള്ള മൂന്ന് കേസ്സുകളും കോടതിയുടെ പരിഗണനയിലാണ്. ടി കേസ്സുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതാകുന്നു.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) ആലത്തൂർ എസ്.എൻ. കോളേജിൽനിന്നും പുറത്താക്കപ്പെട്ട ശ്രീ. അൻഷിഫ്. കെ എന്ന വിദ്യാർത്ഥി നൽകിയ പരാതിയിന്മേൽ കോഴിക്കോട് സർവ്വകലാശാല ടിയാനെ തിരിച്ചെടുക്കണമെന്ന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയെങ്കിലും ആയത് പ്രിൻസിപ്പാൾ നടപ്പിലാക്കിയിട്ടില്ല. കോടതിയുടെയും യൂണിവേഴ്സിറ്റിയുടെയും നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കുവാൻ പ്രിൻസിപ്പാളിന് പ്രത്യേക അധികാരമില്ല. ഈ വിഷയത്തിലുള്ള കോടതി വ്യവഹാരത്തിന്റെ തീർപ്പനുസരിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് കൗൺസിൽ യോഗം

**8(2913)** <u>ശ്രീ.കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിങ്ങ് കൗൺസിൽ യോഗം എപ്പോഴൊക്കെയാണ് വിളിച്ചുചേർത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഗവേണിങ്ങ് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത് എത്ര വർഷം കൂടുമ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(സി) ഗവേണിങ്ങ് കൗൺസിൽ യോഗം ചേരുന്നതിന് കാലതാമസം ഉണ്ടായത് എന്ത് കാരണത്താലാണെന്നത് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 18-11-2014-ൽ

(ബി) നാല് വർഷം കൂടുമ്പോഴാണ് ഗവേണിംഗ് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടത്.

(സി) ഗവേണിംഗ് കൗൺസിൽ രൂപീകരണം വൈകിയതിനാലാണ് ഗവേണിംഗ് കൗൺസിൽ യോഗം ചേരുന്നതിന് കാലതാമസം ഉണ്ടായത്.

## ഹയർസെക്കന്ററി സ്കൂളുകൾ

**9(2915)** <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം പുതിയ എത്ര ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; ഇതിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) അനുവദിച്ച സ്കൂളുകൾ എയ്ഡഡ്, സർക്കാർ തലം തിരിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം എത്ര ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ; സർക്കാർ, എയ്ഡഡ് മേഖലയിൽ ബാച്ചുകൾ അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ബാച്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഇ) അൺ എയ്ഡഡ് സ്കൂളുകൾ ഹയർസെക്കന്ററി മേഖലയിൽ പുതുതായി അനുവദിച്ചിട്ടുണ്ടോ ; പുതിയ ബാച്ചുകൾ നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 218. ഇതിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന 11-6-2013-ലെ സ.ഉ. (കൈ.) നമ്പർ 185/13/പൊ.വി. അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) അനുബന്ധം (II) ആയി ചേർക്കുന്നു.*

(സി) ഈ അദ്ധ്യയന വർഷം സർക്കാർ, എയ്ഡഡ് മേഖലയിലായി 161 അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം (III) ആയി ചേർക്കുന്നു.*

(ഡി) ഉത്തരം (എ)-ൽ പറഞ്ഞിരിക്കുന്ന അതേ മാനദണ്ഡങ്ങൾ

(ഇ) ഉണ്ട്. വിശദവിവരം അനുബന്ധം (IV) ആയി ചേർക്കുന്നു.*

## ഹയർസെക്കന്ററി സ്കൂളുകൾ

**10(2916)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഹയർസെക്കന്ററി സ്കൂളുകൾ എത്ര ; പ്ലസ്ടു ബാച്ചുകൾ എത്ര ; വിഷയം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) മൊത്തം ബാച്ചുകളിൽ എത്ര അദ്ധ്യാപകരുണ്ട് ; എത്ര വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യം ഉണ്ട് ;

(സി) ഹൈസ്കൂൾ തലംവരെ നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കി 2015-16 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കുള്ള സീറ്റുകൾ പ്ലസ്ടു മേഖലയിൽ സജ്ജമാക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഹൈസ്കൂൾ തലത്തിൽ ഓരോ വർഷവും പിന്നിടുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ടോ ;

(ഇ) ഇന്നത്തെ നിലയിൽ അഞ്ച് വർഷം പിന്നിടുമ്പോൾ പ്ലസ്ടു തലത്തിൽ ബാച്ചുകളും അദ്ധ്യാപകരും ആവശ്യത്തിലും ഏറെയായിരിക്കുമെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം ഹയർ സെക്കന്ററി സ്കൂൾ - 2046

| | | |
|---|---|---|
| ബാച്ചുകൾ | - | 7220 |
| (സയൻസ് | - | 3777, |
| ഹ്യൂമാനിറ്റീസ് | - | 1376, കൊമേഴ്സ് - 2067) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകർ - 26338

വിദ്യാർത്ഥികൾ- 3,61,000

(സി) 2015 മാർച്ചിൽ പത്താംക്ലാസ്സ് പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് മാത്രമേ 2015-16-ൽ വേണ്ട പ്ലസ് വൺ സീറ്റുകളുടെ എണ്ണം കണ്ടെത്താൻ കഴിയുകയുള്ളൂ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

## അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം

11(2917) ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗീകരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം തടയുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്നറിയിക്കാമോ ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇത്തരം സ്കൂളുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യമുണ്ടോ ; ചട്ടവിരുദ്ധ പ്രവർത്തനങ്ങളും വിദ്യാർത്ഥി പീഡനങ്ങളും നിത്യസംഭവമായി മാറിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ./ സംസ്ഥാന സിലബസ് എന്നീ വിഭാഗങ്ങളിലുണ്ട് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ പൊതു വിദ്യാലയങ്ങളുടെ നിലനിൽപ്പിനെത്തന്നെ ഭീഷണിയുയർത്തുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ നല്ല

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ പ്രവർത്തിക്കുന്നതും സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതുമായ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും അല്ലാത്തവ അടച്ചുപൂട്ടുവാനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

(സി) സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതാകയാൽ ഇപ്രകാരമുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) ഉണ്ട്. 10-6-2013-ലെ സ.ഉ. (കൈ.) 184/2013/പൊ.വി. പ്രകാരം മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരം ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം

**12(2918)** <u>ശ്രീ. ബാബു എം പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ച് എണ്ണം പെരുപ്പിച്ച് കാട്ടിയ സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന് ഉത്തരവാദികളായ അദ്ധ്യാപകരെ കണ്ടെത്തിയിട്ടുണ്ടോ ; ഇവർക്കെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂൾ പ്രവേശന രജിസ്റ്ററിൽ നിന്നും വ്യാജ അഡ്മിഷൻ നീക്കിയാൽ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(സി) വ്യാജ അഡ്മിഷനിലൂടെ നിയമനം നേടിയ അദ്ധ്യാപകരെ സർവ്വീസിൽ നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

### <u>ഉത്തരം</u>

(എ) സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സൂപ്പർ ചെക്ക് പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയ രണ്ട് സ്കൂളുകളായ കട്ടച്ചൽകുഴി എസ്.എൻ.യു.പി.എസ്., എം.സി.എച്ച്.എസ്. കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രധമാദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡി.പി.ഐ.-യുടെ 9-10-2014-ലെ എച്ച് 2/25637/14 നമ്പർ സർക്കുലർ പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2014-15 വർഷം വ്യാജ അഡ്മിഷനുകൾ നീക്കം ചെയ്യുവാൻ അവസരം നൽകിയിരുന്നു. അതനുസരിച്ച് 2014 ഒക്ടോബർ 14-18 വരെ രജിസ്റ്റർ ചെയ്ത സ്കൂളുകളെ ഒഴിവാക്കുമെന്ന് ഡി.പി.ഐ. നിർദ്ദേശം നൽകിയിരുന്നു.

(സി) ഇക്കാര്യത്തിലുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഇംഗ്ലീഷ്ഭാഷാ അദ്ധ്യാപകർ

13(2919) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ്ഭാഷയിൽ ഡിഗ്രിയും ഇംഗ്ലീഷിൽ ബി.എഡും ഉള്ള എത്ര അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇംഗ്ലീഷ് ഭാഷയിൽ ഡിഗ്രിയും ബി.എഡും ഇല്ലാത്ത എത്ര അദ്ധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇംഗ്ലീഷ് ഭാഷയിൽ ഡിഗ്രിയും ബി.എഡും ഇല്ലാതെ ഈ ഭാഷ പഠിപ്പിക്കുന്നതുമൂലം ഉള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2049 അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്.

(ബി) 253 അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അത്തരം അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ അവധിക്കാല അദ്ധ്യാപക പരിശീലനം മുഖേന നൽകിവരുന്നുണ്ട്.

## ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുകയും ഒഴിവാക്കുകയും ചെയ്ത നടപടി

14(2920) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ ചെയ്ത എത്ര സ്കൂളുകളിലെ എത്ര ഹയർസെക്കന്ററി ബാച്ചുകൾ മന്ത്രിസഭാ ഉപസമിതി ഒഴിവാക്കി ; ഇത്തരത്തിൽ ഒഴിവാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഡയറക്ടറുടെ ശിപാർശയില്ലാതെ മന്ത്രിസഭാ ഉപസമിതി എത്ര സ്കൂളുകളിൽ എത്ര ഹയർസെക്കന്ററി ബാച്ചുകളാണ് അനുവദിച്ചിരിക്കുന്നത് ; ഇവ റദ്ദാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റദ്ദാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 198 സ്കൂളുകളിൽ 219 ബാച്ചുകൾ. പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യകത.

(ബി) 278 സ്കൂളുകളിൽ 283 ബാച്ചുകൾ. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് ഇവ റദ്ദാക്കിയിട്ടുള്ളത്.

## അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

**15(2922)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ ഗവൺമെൻറ് എൽ.പി. സ്കൂൾ, കുട്ടശ്ശേരിക്കുളമ്പ് ഗവൺമെന്റ് എൽ.പി. സ്കൂൾ, ആനക്കയം ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഹയർസെക്കന്ററി മേഖലയിലെ ബധിര-മൂക-അന്ധ വിദ്യാലയങ്ങൾ

**16(2923)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി മേഖലയിൽ എത്ര ബധിര-മൂക-അന്ധ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിദ്യാലയങ്ങളിലെ ഹയർസെക്കന്ററി അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാലയങ്ങളുണ്ടെന്നും ഇവ ഏതെല്ലാം ജില്ലയിലാണെന്നും ഇവയിൽ എത്രവീതം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും എത്ര അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി മേഖലയിൽ 15 ബധിര-മൂക-അന്ധ (സ്പെഷ്യൽ) വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ നിഷ്കർഷിക്കുന്ന 10-6-2014-ലെ സ.ഉ. (കൈ.) നമ്പർ 103/2014/പൊ.വി.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

## കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

**17(2924)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തിദിന കണക്കെടുപ്പ് പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് എത്ര കുട്ടികളുടെ കൊഴിഞ്ഞുപോക്കുണ്ടായെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതുപ്രകാരം സംസ്ഥാനത്ത് 2014-15 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് 2014-15 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥി-അദ്ധ്യാപക അനുപാത പ്രകാരം തസ്തിക നിർണ്ണയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര അദ്ധ്യാപകരുടെ തസ്തിക നിലനിൽക്കുന്നില്ലെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഡിവിഷൻ തലത്തിൽ 1:45 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഗവൺമെന്റ് സ്കൂളുകളിൽ 1920-ഉം എയ്ഡഡ് സ്കൂളുകളിൽ 6957-ഉം തസ്തികകൾ അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

## വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ തസ്തികമാറ്റം

**18(2925)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റംവഴിയുള്ള നിയമനത്തിന് നിലവിൽ ഗ്രേഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നിയമനത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ;

(സി) 2:3:7 അനുപാതത്തിൽ ഒരു ഗ്രൂപ്പിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മറ്റു ഗ്രൂപ്പുകളിലേയ്ക്ക് നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ഡി) പ്രസ്തുത ഗ്രേഡേഷൻ ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(ഇ) ഇല്ലെങ്കിൽ നിലവിൽ ഇതിനുള്ള തടസ്സത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

### ഉത്തരം

(എ) വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഗ്രേഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംയോജിത ഗ്രേഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(ബി) 12-3-2004-ലെ സ.ഉ. (പി.)നമ്പർ.81/2004/പൊ.വി.വ. പ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അടിസ്ഥാനമാക്കിയാണ് നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അനുപാതത്തിൽ നിയമിച്ചിട്ടില്ല.

(ഡി&ഇ) സംയോജിത ഗ്രേഡേഷൻ ലിസ്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ നിയമനങ്ങളുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ലിസ്റ്റ് പൂർത്തിയായാലുടൻ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കും.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരള മുഖേന സമഗ്ര വിദ്യാഭ്യാസ പദ്ധതി

19(2926) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നുവോ ; സീമാറ്റ്-കേരള മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ?

ഉത്തരം

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## ഉച്ചഭക്ഷണപദ്ധതി

20(2927) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിപുലീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ഒരു അദ്ധ്യയന വർഷം കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നേരിട്ട് മുൻകൂർ നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മുൻകാലങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അരി, പയർ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണനശാലകളിൽനിന്നും പാൽ മിൽമയിൽ നിന്നുമാണ് വാങ്ങിയിരുന്നത്. കൂടാതെ പലവ്യഞ്ജനം, എണ്ണ, പച്ചക്കറി, വിറക് എന്നിവ വാങ്ങുന്നതിന് കുട്ടി ഒന്നിന് ഒരു രൂപ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേനയും തുക നൽകിവന്നിരുന്നു. മുട്ടയ്ക്ക് പ്രത്യേകമായും തുക നൽകിവന്നിരുന്നു. എന്നാൽ പരിഷ്കരിച്ച ഉത്തരവുപ്രകാരം അരി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന നൽകുന്നതിനും പയർ, പാൽ, മുട്ട, പലവ്യഞ്ജനം, എണ്ണ, വിറക് എന്നിവ സ്കൂൾ നൂൺമീൽ കമ്മിറ്റിക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രാദേശികമായിത്തന്നെ വാങ്ങുന്നു.

(ബി) അരി ബന്ധപ്പെട്ട മാവേലിസ്റ്റോർ മുഖേന സ്കൂളുകൾക്ക് ലഭിക്കുന്നു. കുട്ടി ഒന്നിന് 5 രൂപ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകന് മുൻകൂറായി നൽകുന്നുണ്ട്. പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുവാൻ സ്കൂൾ നൂൺമീൽ കമ്മിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കുട്ടികൾക്ക് ആവശ്യമായ അരി മുൻകൂറായി മാവേലിസ്റ്റോറിൽനിന്നും ലഭിക്കുന്നതിന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇൻഡന്റ് പാസ്സാക്കി നൽകുന്നു. അരിയുടെ വില എഫ്.സി.ഐ.-ക്ക് നൽകുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുൻകൂറായി തുക അനുവദിക്കുന്നു. കടത്തുകൂലിയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും തുക യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ സ്കൂൾ പാചകത്തിന് ആവശ്യമായ പലവ്യഞ്ജനം, പച്ചക്കറി, മുട്ട, പാൽ, വിറക് എന്നിവ വാങ്ങുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ആറ് മാസത്തേയ്ക്ക് ആവശ്യമായ തുക മുൻകൂറായി സ്കൂൾ പ്രഥമാദ്ധ്യാപകന്റെ സ്കൂളിലെ അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ മുഖേന നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ടെക്സ്റ്റ് ബുക്ക് അച്ചടിയിൽനിന്നും കെ.ബി.പി.എസ്-നെ ഒഴിവാക്കാനുള്ള തീരുമാനം

**21(2928)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റ് ബുക്ക് അച്ചടി കെ.ബി.പി.എസ്.-നെ ഒഴിവാക്കി സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) എറണാകുളത്ത് കാക്കനാടുള്ള കെ.ബി.പി.എസ്. അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; അക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇതിനു മുന്നോടിയായി ഇവിടെ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) നിലവിലുള്ള മാൻ പവർ ഉപയോഗിക്കുമ്പോൾ കെ.ബി.പി.എസ്.ന് വർക്ക് ലോഡ് കൂടുന്ന സാഹചര്യത്തിൽ സർക്കാർ പ്രസ്സുകളെക്കൂടി ചുമതല ഏൽപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുമോ ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഇല്ല

(ബി) കെ.ബി.പി.എസ്. അടച്ചുപൂട്ടുന്നതിന് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. കെ.ബി.പി.എസ്.-ൽ ജീവനക്കാരെ നിയമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.ബി.പി.എസ്.-ൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട തസ്തികകളിലേക്കുള്ള നിയമന നടപടികൾ നടന്നുവരികയാണ്.

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായി കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയും.

## എ.ഇ.ഒ, ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

**22(2929)** ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ മികവിന് അനുസരിച്ച് എ.ഇ.ഒ. ഓഫീസ് മുതൽ ഡി.പി.ഐ. വരെയുള്ള ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കമ്പ്യൂട്ടർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) എ.ഇ.ഒ, ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർപ്രൈസ് വിസിറ്റുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ഡി.പി.ഐ. തലത്തിൽ ഇൻസ്പെക്ഷൻ നടത്തി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ സെക്ഷൻ ക്ലാർക്കുമാർക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്.

(ബി) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്നീ ഓഫീസുകളുടെ നവീകരണത്തിനുവേണ്ടി 2013-14 സാമ്പത്തികവർഷം 49,97,700 (നാൽപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ് ) രൂപയുള്ള ഫണ്ട് അനുവദിച്ചു. 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 10,37,250 (പത്ത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അഡീഷണൽ ഡി.പി.ഐ. തലത്തിലുള്ള ഉദ്യോഗസ്ഥർ സർപ്രൈസ് വിസിറ്റ് നടത്തുന്നുണ്ട്.

## ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ

**23(2930)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പൂർണ്ണ യോഗ്യത നേടിയ എത്ര ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ അദ്ധ്യാപകർ എത്ര കാലമായി പ്രസ്തുത ജോലിയിൽ തുടരുന്നുണ്ട് ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോ ; വിശദാംശങ്ങൾ നൽകുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകർ 2009-10 മുതൽ വിവിധ കാലഘട്ടങ്ങളിലായി നിയമിക്കപ്പെട്ട് ജോലി നോക്കുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകർക്കെല്ലാം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഏപ്രിൽ മാസത്തിൽ തന്നെ ജോലിയിൽ തുടരുന്നതിനുള്ള പുനർനിയമനം നടത്തിവരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ IEDSS പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ റിസോഴ്സ് അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുന്നിടത്തോളംകാലം സംസ്ഥാന സർക്കാരിന് യാതൊരു ബാധ്യതയും ഉണ്ടാകുകയില്ല.

## ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

**24(2931)** ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ഇ.ഡി.എസ്.എസ് (Inclusive Education for Disabled at Secondary stage) റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കേരളത്തിൽ ആകെ എത്ര ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) ജയരാജൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 18,665 രൂപ പ്രതിമാസം ശമ്പളമായും ഓണം അലവൻസും 90 ദിവസത്തെ ശമ്പളത്തോടുകൂടിയ മെറ്റേണിറ്റി ലീവും 15 ദിവസത്തെ കാഷ്വൽ ലീവും അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ജയരാജൻ കമ്മീഷന്റെ പഠനം മുഖ്യമായും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനും അവിടുത്തെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ജി. വി. രാജാ സ്പോർട്സ് സ്കൂൾ

**25(2932)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മികച്ച കായിക സ്കൂളായ തിരുവനന്തപുരം അരുവിക്കരയിൽ സ്ഥിതി ചെയ്യുന്ന ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ നിലവിൽ എത്ര കായിക ഇനങ്ങളിലായി എത്ര കായിക പ്രതിഭകൾ പഠനം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്പോർട്സ് സ്കൂളിൽ എത്ര പരിശീലകർ ഇപ്പോൾ ഉണ്ടെന്നും എത്ര പരിശീലകരാണ് ആവശ്യമെന്നും വ്യക്തമാക്കാമോ ; ആവശ്യത്തിനനുസരിച്ച് പരിശീലകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എൽ.എൻ.സി.പി. മാതൃകയിൽ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് സയൻസിൽ യോഗ്യതയുള്ളവരെ സ്കൂളിന്റെ മേധാവിയായി നിയമിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ സ്കൂളിലെ ഹോസ്റ്റലുകളിൽ താമസിച്ചുപഠിച്ചു വരുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി രണ്ട് ഹോസ്റ്റലുകളിലും പുരുഷ വാർഡന്മാരേയും സ്ത്രീ വാർഡൻമാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ നിലവിൽ 362 കുട്ടികൾ 7 കായിക ഇനങ്ങളിൽ പഠനം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജി.വി. രാജാസ്പോർട്സ് സ്കൂളിൽ നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 6 (ആറ്) കായികാദ്ധ്യാപകരെയും സ്പോർട്സ് കൗൺസിലിൽനിന്നും 4 (നാല്) പേരെയും നിയമിച്ചിട്ടുണ്ട്. കൂടുതൽ പരിശീലകരെ നിയമിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

(സി) വിഷയം പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ പുരുഷ വാർഡൻമാരുടെയും സ്ത്രീ വാർഡന്മാരുടെയും തസ്തിക ഇല്ല. എന്നാൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കായികാദ്ധ്യാപകനെ മെയിൽ വാർഡനായും ദിവസവേതന വ്യവസ്ഥയിൽ സ്ത്രീ വാർഡനെയും നിയമിച്ചിട്ടുണ്ട്.

## സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്

**26(2933)** <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് ലഭിക്കാൻ വേണ്ട മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര രൂപയാണ് പ്രതിവർഷം വിദ്യാർത്ഥിക്ക് സ്കോളർഷിപ്പായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മുസ്ലീം നാടാർ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോ ; എങ്കിൽ സ്കോളർഷിപ്പ് ലഭിക്കാനുള്ള മാനദണ്ഡം എന്താണെന്നും ടി വിഭാഗത്തിന് പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്ഥിരതാമസക്കാരായ മുസ്ലീം/ലത്തീൻക്രിസ്ത്യൻ/ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടതും സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലോ സർക്കാർ മെറിറ്റ് ക്വാട്ടയിൽ അൺ എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങളിലോ പ്രവേശനം ലഭിച്ചതുമായ പെൺകുട്ടികൾക്കാണ് സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപെന്റിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്.

ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപെൻറ് മാത്രമേ ലഭിക്കുകയുള്ളൂ. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50% മാർക്കിൽ കുറയാതെ നേടിയവരും കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നവർ മറ്റ് സ്കോളർഷിപ്പുകളൊന്നും സ്വീകരിക്കരുത് എന്ന നിബന്ധനയും ഉണ്ട്.

(ബി) പ്രതിവർഷം വിദ്യാർത്ഥിനിക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

(i) 3000 ബിരുദ വിദ്യാർത്ഥിനികൾക്ക് - 4000 രൂപ വീതം

(ii) 1000 ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികൾക്ക് - 5000 രൂപ വീതം

(iii) 1000 പ്രൊഫഷണൽ വിദ്യാർത്ഥിനികൾക്ക് - 6000 രൂപ വീതം

(iv) 2000 വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സ്റ്റൈപെന്റ്-12000 രൂപവീതം

(സി) ഉണ്ട്. പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ 11-ാം ക്ലാസ്സിലോ ബിരുദ ഒന്നാം വർഷ കോഴ്സിലോ പ്രവേശനം ലഭിച്ചവരും കുടുംബവാർഷിക വരുമാനം 18000 രൂപയിൽ താഴെയുള്ളവരുമായ വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പ് ലഭിക്കാൻ അർഹരാണ്. പ്രതിവർഷം 125 രൂപയാണ് സ്കോളർഷിപ്പായി നൽകിവരുന്നത്.

(ഡി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## എസ്. എസ്. എ. ഫണ്ട് വിനിയോഗം

**27(2934)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്കാണ് എസ്.എസ്.എ. ഫണ്ട് വിനിയോഗിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഫണ്ട് വിനിയോഗം സംബന്ധിച്ച് കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) അദ്ധ്യാപക ബാങ്കിൽനിന്നും നിയമിക്കപ്പെട്ട ഭാഷാ അദ്ധ്യാപകർക്ക് എസ്.എസ്.എ ഫണ്ടിൽ നിന്നും വേതനം നൽകുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ചുവടെ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി എസ്.എസ്.എ. ഫണ്ട് വിനിയോഗിക്കുന്നതാണ്.

1. എല്ലാ പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യയൂണിഫോം
2. സൗജന്യ പാഠപുസ്തകം
3. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉപകരണവിതരണം
4. ക്ലാസ്റൂം, പ്രഥമാദ്ധ്യാപകരുടെ മുറി, ചുറ്റുമതിൽ, ഇടഭിത്തി, ടോയ് ലെറ്റ്, കുടിവെള്ളം മുതലായവയുടെ നിർമ്മാണം
5. അദ്ധ്യാപകർക്ക് പരിശീലനം

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് വിനിയോഗം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് പ്രൊക്യൂവർ റൂൾ പ്രകാരം ആണ് നടത്തുന്നത്.

(ഡി) ഭാഷാ അദ്ധ്യാപകർക്ക് എസ്.എസ്.എ. ഫണ്ടിൽനിന്നും വേതനം നൽകുന്നില്ല.

**ഭൂമി വിറ്റ് ലാഭം നേടുന്നതിനുവേണ്ടി സ്കൂളുകൾ നിർത്തലാക്കുന്ന നടപടി**

**28(2935)** <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കുട്ടികൾ കറവുള്ള എയ്ഡഡ് സ്കൂളുകളിലെ ഭൂമി വിൽക്കുന്നതിന് വേണ്ടി മാനേജർമാർ സ്കൂൾ നിർത്തലാക്കുന്നതിന് കെ.ഇ.ആർ. പ്രകാരം നോട്ടീസ് നൽകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ലയിലെ മങ്ങാട്ട്മുറി എ.എം.എൽ.പി. സ്കൂൾ, ഉളവട്ടൂർ നിർത്തലാക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കെ.ഇ.ആർ. Under section 7(6) പ്രകാരം നോട്ടീസ് നൽകിയതും അതിന്മേൽ ഹൈക്കോടതിയുടെ അനുകൂല വിധി വന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂൾ ഭൂമി വിറ്റ് ലാഭം നേടുന്നതിനുവേണ്ടി സ്കൂളുകൾ ഇല്ലാതാക്കി ഇവിടുത്തെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംരക്ഷണം സർക്കാരിന്റെ ചുമതലയാക്കി മാറ്റുന്ന സാഹചര്യം മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നതിനും കേരള വിദ്യാഭ്യാസ നിയമം, 1959 (Act 6 of 1959)-ന്റെ 7(6) വകുപ്പ് ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി&ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.എ. 653/2011 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല. വിധിയുടെ പകർപ്പ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതു വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി കേന്ദ്ര ഫണ്ട്

**29(2936)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി പൊതു വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി അനുവദിച്ച കേന്ദ്ര ഫണ്ട് എത്രയാണെന്ന് അറിയിക്കാമോ ; ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ലാപ്സായ തുക എത്ര ; ഇതിനുള്ള കാരണം എന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫണ്ട് ചെലവഴിക്കുന്നതിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; വിശദാംശം നൽകാമോ ;

(ഡി) ഏതെങ്കിലും ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ലാബ് അസിസ്റ്റന്റുമാർ**

**30(2937)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ആകെ എത്ര ലാബ് അസിസ്റ്റന്റുമാരാണ് ജോലി ചെയ്ത് വരുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) അതിൽ എത്ര ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തുവെന്നും ഇനിയും എത്രപേരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ടെന്നും ഉള്ള ജില്ല തിരിച്ച കണക്കുകൾ വിശദമാക്കാമോ ;

(സി) പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് എന്തെങ്കിലും ടെസ്റ്റുകൾ നടത്താറുണ്ടോ ; അവസാനമായി എന്നാണ് പ്രസ്തുത ടെസ്റ്റുകൾ നടന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ആകെ 886 ലാബ് അസിസ്റ്റന്റുമാരാണ് ജോലി ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) മേൽപ്പറഞ്ഞവരിൽ 378 ലാബ് അസിസ്റ്റന്റുമാർ പ്രൊബേഷൻ ഡിക്ലയർ ചെയ്തവരും 508 പേർ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ളവരുമാണ്. ഇവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഇ) തുടർച്ചയായ മൂന്ന് വർഷത്തിനകം രണ്ട് വർഷത്തെ യഥാർത്ഥ ഡ്യൂട്ടി പ്രൊബേഷൻ കാലയളവിലെ തൃപ്തികരമായ സ്വഭാവവും ജോലിയും പി.എസ്.സി. നടത്തുന്ന ലാബ് അറ്റന്റേഴ്സ് ടെസ്റ്റ് വിജയം എന്നിവയാണ് ലാബോറട്ടറി അസിസ്റ്റന്റ് തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ.

(ഡി) ഉണ്ട്. പി.എസ്.സി. നടത്തുന്ന ലാബ് അറ്റന്റേഴ്സ് ടെസ്റ്റ് 17-6-2010-ലാണ് അവസാനമായി പി.എസ്.സി. പ്രസ്തുത ടെസ്റ്റ് നടത്തിയത്.

**അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി**

**31(2938)** ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത രണ്ടായിരത്തിൽപ്പരം അൺ-എയ്ഡഡ് സ്കൂളുകൾക്ക് കൂടി അംഗീകാരം നൽകി പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഈ അദ്ധ്യയന വർഷംതന്നെ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള, നല്ല നിലയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം ഇല്ലാത്തതിനാൽ അത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും പഠിക്കുന്ന വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ആശങ്കകൾ പരിഗണിച്ച് ഉടൻതന്നെ ഇവയ്ക്ക് അംഗീകാരം നൽകുവാൻ നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 10-6-2013-ലെ സ.ഉ. (കൈ) 184/13/പൊ.വി. പ്രകാരം സംസ്ഥാന പാഠ്യപദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽനിന്നും അപേക്ഷ ക്ഷണിക്കുകയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. 31-12-2014-വരെ ഇത്തരം വിദ്യാലയങ്ങളുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ശ്രീ. രതീഷ് കാളിയാടൻ സ്കൂൾ പ്രിൻസിപ്പാൾ മുഖേന സമർപ്പിച്ച അപേക്ഷ

**32(2939)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂളിൽ 2002 മുതൽ ഹയർസെക്കന്ററി വിഭാഗം ജേർണലിസം അദ്ധ്യാപകനായി ജോലി ചെയ്തിരുന്നതും ഇപ്പോൾ തലശ്ശേരി ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ജേർണലിസം അദ്ധ്യാപകനുമായ ശ്രീ. രതീഷ് കാളിയാടൻ സ്കൂൾ പ്രിൻസിപ്പാൾ മുഖേന കണ്ണൂർ ആർ.ഡി.ഡി.വഴി ഹയർസെക്കന്ററി ഡയറക്ടർക്ക് സമർപ്പിച്ച സമയബന്ധിത ഗ്രേഡ് ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷ കണ്ണൂർ ആർ.ഡി.ഡി. ഓഫീസിൽ എന്ന് ലഭിച്ചുവെന്നും ഏത് സെക്ഷനാണ് കൈകാര്യം ചെയ്യുവെന്നും വ്യക്തമാക്കാമോ ; പ്രസ്തുത ഉദ്യോഗസ്ഥൻ ഈ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടി ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കി വിശദമാക്കാമോ ;

(സി) ഗ്രേഡ് സംബന്ധമായി അപേക്ഷ ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടി ക്രമം എന്താണെന്നും ഈ അപേക്ഷയിന്മേൽ തീരുമാനമെടുക്കുവാൻ എത്ര സമയമെടുക്കുമെന്നും വിശദമാക്കാമോ ;

(ഡി) ശ്രീ. രതീഷ് കാളിയാടന്റെ എക്സ് സർവ്വീസ് പരിശോധിക്കാൻ ആർ.ഡി.ഡി. ഓഫീസ് നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എക്സ് സർവ്വീസ് പരിശോധന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; ഇക്കാര്യത്തിൽ കണ്ണൂർ ആർ.ഡി.ഡി. ഓഫീസ് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ; സ്വീകരിച്ച നടപടിക്രമങ്ങളുടെ കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ ;

(ഇ) സമയബന്ധിത ഗ്രേഡ് നൽകാത്തതിനും അകാരണമായി ഫയൽവച്ചുതാമസിപ്പിച്ചതിനും ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ;

(എഫ്) കണ്ണൂർ ആർ.ഡി.ഡി.യിൽ സമയബന്ധിത ഗ്രേഡ് സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാത്ത അപേക്ഷകൾ എത്ര ; ഏതെല്ലാം അദ്ധ്യാപകരുടേതെന്ന് സ്കൂൾ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഈ അപേക്ഷകൾ ലഭിച്ചത് എന്ന് എന്നും എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) തലശ്ശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ജേർണലിസം അദ്ധ്യാപകനായ ശ്രീ. രതീഷ് കാളിയാടൻ സ്കൂൾ പ്രിൻസിപ്പാൾ മുഖേന കണ്ണൂർ ആർ.ഡി.ഡി. ഓഫീസുവഴി ഹയർസെക്കന്ററി ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ, അവ പരിഹരിക്കുന്നതിനായി ടി അപേക്ഷ ഹയർസെക്കന്ററി ഡയറക്ടർ മടക്കിയിട്ടുള്ളതാണ്. ശ്രീ. രതീഷ് കാളിയാടൻ 15-10-2012-ൽ ന്യൂനതകൾ പരിഹരിക്കുന്നതിനായി അപേക്ഷ ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും നേരിട്ട് കൈപ്പറ്റിയെങ്കിലും നാളിതുവരെ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പണം ചെയ്തിട്ടില്ല.

(ബി) ശ്രീ. രതീഷ് കാളിയാടന്റെ അപേക്ഷ കണ്ണൂർ ആർ.ഡി.ഡി. ആഫീസിൽ കിട്ടിയത് 28-3-2014-നാണ്. 25-5-2014 വരെ എ 1 സെക്ഷനാണ് പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്തിരുന്നത്. 26-5-2014-നുശേഷം എ 10 സെക്ഷനാണ് അപേക്ഷ കൈകാര്യം ചെയ്തത്. കുറിപ്പ് ഫയലിന്റെയും നടപ്പ ഫയലിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) അപേക്ഷകൻ സമയബന്ധിത ഹയർ ഗ്രേഡ് സംബന്ധമായ അപേക്ഷ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രിൻസിപ്പാൾ അപേക്ഷ പരിശോധിച്ച് എയ്ഡഡ് സർവ്വീസ് ഉള്ളപക്ഷം ആർ.ഡി.ഡി.യുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ഹയർസെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

1. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷയുടെ സർവ്വീസ് സംബന്ധമായ വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും ലഭ്യമാക്കുന്നു.
2. അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും ലഭിക്കുന്ന സർവ്വീസ് വിശദാംശങ്ങൾ അപേക്ഷയിലെ വിവരങ്ങളുമായി താരതമ്യം ചെയ്യുന്നു.
3. അപേക്ഷയിൽ ന്യൂനതകൾ ഇല്ലാത്തപക്ഷം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നു. ന്യൂനതകൾ ഉള്ളപക്ഷം ആവശ്യമായ തിരുത്തലുകൾ നടത്തി പുനഃസമർപ്പണം ചെയ്യാൻ സ്കൂളിലേക്ക് അപേക്ഷ മടക്കുന്നു. അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്കാണ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും വിശദാംശം ലഭിക്കുകയും അപേക്ഷയിൽ ന്യൂനതകൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു മാസത്തിനുള്ളിൽ ഹയർസെക്കന്ററി ഡയറക്ടർ ഗ്രേഡ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഡി&ഇ) കണ്ണൂർ ആർ.ഡി.ഡി. ആഫീസ് നിലവിൽ വന്നത് 2014 ഫെബ്രുവരി 17-നുമാത്രമാണ്. 15-12-2012-ൽ ന്യൂനതകൾ പരിഹരിക്കാനായി ശ്രീ. രതീഷ് കാളിയാടൻ ഹയർസെക്കന്ററി ഡയറക്ടറിൽനിന്ന് നേരിട്ട് കൈപ്പറ്റിയ അപേക്ഷ കണ്ണൂർ ആർ.ഡി.ഡി.യിൽ ലഭിച്ചത് 28-3-2014-ൽ മാത്രമാണ്. ഇതിനുശേഷം അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ആർ.ഡി.ഡി. ആഫീസിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കണ്ണൂർ ആർ.ഡി.ഡി. ആഫീസിൽ സമയബന്ധിത ഗ്രേഡുമായി ബന്ധപ്പെട്ട് ഇപ്പോൾ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പാക്കാൻ ബാക്കിയില്ല.

## ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

**33(2940)** <u>ശ്രീ. എ. എ. അസീസ്</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിപ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകർ സ്ഥിരം ജീവനക്കാരാണോ ; താൽക്കാലിക ജീവനക്കാരാണോ ; വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം 111 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം-6, കൊല്ലം-3, പത്തനംതിട്ട -ഇല്ല, ആലപ്പുഴ- 2, കോട്ടയം-5, ഇടുക്കി-15, എറണാകുളം-7, പാലക്കാട്-19, മലപ്പുറം-8, കോഴിക്കോട് -6, വയനാട് - 14, കണ്ണൂർ - 9 , കാസർഗോഡ് - 17 .

(ബി) 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിലും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകളിലും സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ സ്കൂളുകളിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുവരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

സ്ഥിരാദ്ധ്യാപകർ - 411

താൽക്കാലികാദ്ധ്യാപകർ - 211

2011-12 വർഷം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഈ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകർ അദ്ധ്യാപനം നടത്തിവരുന്നു.

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആർ.എം.എസ്.എ. സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം

**34(2941)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. സ്കൂളുകളായി ഉയർത്തിയ സ്കൂളുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും ഇല്ലാത്തത് ഇത്തരം സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2009-10 വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുൾപ്പെടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുമായി ചേർന്ന് സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിച്ചുവരുന്നു.

## ആർ.എം.എസ്.എ. പദ്ധതി

**35(2942)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആലപ്പുഴ ജില്ലയിൽ ആർ.എം.എസ്.എ.പദ്ധതിപ്രകാരം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും എന്തൊക്കെ കാര്യങ്ങൾ ചെയ്തു വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം രണ്ട് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ് :

1. ജി.യു.പി.എസ്. നാലുചിറ

2. മുഹമ്മദൻസ് ജി.യു.പി.എസ്. കൊല്ലക്കടവ്

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആർ.എം.എസ്.എ.യുടെ വാർഷിക പദ്ധതിയിൽ എം.എച്ച്.ആർ.ഡി. ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്.

(സി) ഉണ്ട്. ആർ.എം.എസ്.എ. മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദിച്ച തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആർ.എം.എസ്.എ. കൃത്യമായി ശമ്പളം നൽകുന്നുണ്ട്. അവർക്ക് പുറമെ പ്രസ്തുത സ്കൂളുകളിൽ നിയമിതരായ ജീവനക്കാർക്ക് ശമ്പളം നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആർ.എം.എസ്.എ. സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം**

**36 (2943)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 142 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുകയെത്രയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

കെ.ഇ.ആർ. അനുസരിച്ചുള്ള സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എത്രയാണെന്നും അവരെ പൂർണ്ണമായും നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ

**37 (2944)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അർഹതയില്ലെന്ന് വിദഗ്ദ്ധ സമിതി കണ്ടെത്തിയ അപേക്ഷയിൽ സർക്കാർ തലത്തിൽ അംഗീകാരം നൽകുകയുണ്ടായോ ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം എന്തായിരുന്നുവെന്നറിയിക്കാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ട് ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാനും നിലവിലുള്ള അർഹതയുള്ള ഹൈസ്കൂളുകളെ ഹയർസെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ) 29-5-2013-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-6-2013-ലെ സ.ഉ. (കൈ) നമ്പർ 185/13/പൊ.വി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ഹയർസെക്കന്ററി അധികബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 14-6-2013-ലെ എസിഡി സി13/16830/ എച്ച്.എസ്.ഇ/2013 നമ്പർ നടപടിക്രമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ശിപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുവാൻ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായി ഒരു ആറംഗ സമിതിയെയും 25-6-2013-ലെ സ.ഉ. (കൈ) നമ്പർ 194/13/പൊ.വി.നമ്പർ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിക്കുകയുണ്ടായി.

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ടി വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും 642 ബാച്ചുകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് 19-5-2014-ലെ എസിഡി സി13/16830/13/എച്ച്.എസ്.ഇ. നമ്പർ കത്തുപ്രകാരം സർക്കാരിന് ലഭ്യമാക്കി. എന്നാൽ സർക്കാർ മുഴുവൻ കാര്യങ്ങളും പുനഃപരിശോധിക്കുകയും മേൽപ്പറഞ്ഞ ഉത്തരവുകളും വിജ്ഞാപനവും അനുസരിച്ചുള്ള നടപടികൾ തുടരേണ്ടതില്ലായെന്ന് തീരുമാനിച്ചു. പകരം സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ളിടത്ത് അധികബാച്ച് അനുവദിക്കുന്നതിന് 24-5-2014-ലെ സ.ഉ. (കൈ) നമ്പർ 86/2014/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 26-5-2014-ലെ എസിഡി സി13/21437/എച്ച്.എസ്.ഇ/2014 നമ്പർ വിജ്ഞാപന പ്രകാരം അധിക ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെയും വിജ്ഞാപനത്തിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും 408 അധിക ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് 18-6-2014-ലെ കത്ത് പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു. എന്നാൽ 24-5-2014-ലെ സർക്കാർ ഉത്തരവും 26-5-2014-ലെ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ല്യു.പി. (സി) നമ്പർ 13851/14, കേസിലും മറ്റു ബന്ധപ്പെട്ട ഹർജികളിന്മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 10-7-2014-ലെ വിധിന്യായ പ്രകാരം റദ്ദ് ചെയ്യുകയും റിട്ട് അപ്പീൽ നമ്പർ 1341/2013 കേസിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 11-4-2014-ലെ വിധിന്യായത്തിൽ ഉത്തരവായതുപോലെ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതി ശിപാർശ ചെയ്ത 19-5-2014-ലെ കത്തിനോടൊപ്പം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. 23-7-2014-ലെ മന്ത്രിസഭായോഗം സംസ്ഥാനത്തൊട്ടാകെ ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 700 ഹയർ സെക്കന്ററി ബാച്ചുകൾ ഉൾപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

പട്ടികയ്ക്ക് അംഗീകാരം നൽകുകയും 31-7-2014-ലെ സ.ഉ. (കൈ) നമ്പർ 143/2014/പൊ.വി. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. 18-8-2014-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 19-5-2014-ലെ റിപ്പോർട്ടിൽ ഉൾപ്പെട്ട സ്കൂളുകൾക്കുമാത്രം പ്ലസ്ടു ബാച്ചുകളും പ്രവർത്തനാനുമതിയും അനുവദിച്ചുകൊണ്ട് 24-11-2014-ലെ സ.ഉ.(കൈ) നമ്പർ 247/2014/പൊ.വി. പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ബി) 19-5-2014-ലെയും 18-6-2014-ലെയും കത്തുകൾ മുഖാന്തരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശകളും പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് അർഹതയുള്ള സ്കൂളുകൾക്കുമാത്രമാണ് സർക്കാർ അംഗീകാരം നൽകിയത്.

### ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവ്

**38(2945)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ ബദൽ സ്കൂളിൽ അദ്ധ്യാപകരും അനദ്ധ്യാപകരുമായി സേവനം അനുഷ്ഠിച്ച് വരുന്നവരെ പ്രസ്തുത സ്കൂളുകൾ എൽ.പി. സ്കൂളുകളാകുമ്പോൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്ന വേതനം ഉയർത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കൂടി പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബദൽ/ഏകാദ്ധ്യാപക സ്കൂളുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 111 എണ്ണത്തെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് 1-3-2014-ലെ G.O(MS)44/2014/G.Edn. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) പരിശോധിച്ചുവരുന്നു.

(സി) നിലവിൽ ജോലിചെയ്യുന്ന വിദ്യാ വോളന്റിയർമാരുടെ ഓണറേറിയം 1-9-2014 മുതൽ 3000 രൂപയിൽനിന്നും 5000 രൂപയായി ഉയർത്തി 8-10-2014-ലെ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

GO(Ms)207/2014/G.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## ഹയർസെക്കന്ററി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തിക

**39(2946)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലബ്ബാ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഹയർസെക്കന്ററിയിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് കായിക വിദ്യാഭ്യാസം ആവശ്യമാണെന്ന നിർദ്ദേശം നടപ്പിലാക്കാൻ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹയർസെക്കന്ററി സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിനുള്ള പിരീഡുകൾ ഉണ്ടെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്ന കായികാദ്ധ്യാപകരുടെ തസ്തിക സംരക്ഷിക്കുവാൻ ഹയർസെക്കന്ററി വിഭാഗത്തിലുള്ള പീരീഡും കണക്കാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## അനീഷ് മാസ്റ്ററുടെ ആത്മഹത്യ

**40(2947)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്ററെ സർവ്വീസിൽ നിന്നും പിരിച്ചുവിടാനുള്ള കാരണം എന്തായിരുന്നു ;

(ബി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്ററെ മാനേജർ മനപ്പൂർവ്വം കള്ളക്കേസിൽ കുടുക്കുകയായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് ആക്ഷൻ കൗൺസിൽ പരാതി നൽകിയിരുന്നുവോ ; ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) സ്കൂളിലെ മാനേജർ ആരാണ് ; ഇവർക്കെതിരെ അനീഷ് മാഷിന്റെ കടുംബത്തിൽ നിന്നോ മറ്റാരിൽ നിന്നെങ്കിലുമോ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കൂളിലെ എഫ്.റ്റി.എം. ശ്രീ മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേൽപ്പിച്ചു എന്ന പരാതിയിന്മേൽ.

(ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെത്തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തിനുവേണ്ടി പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ 18-11-2014-ൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ആക്ഷൻ കൗൺസിലിന്റെ പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയെപ്പറ്റിയും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ശ്രീ. വി. പി. സൈതലവി, അനീഷ് മാസ്റ്ററുടെ പിതാവ് ശ്രീ. കെ. കെ. കുമാരൻ, അദ്ധ്യാപക സംഘടനകൾ, ആക്ഷൻ കൗൺസിൽ എന്നിവരിൽനിന്നും പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ 18-11-2014-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി

**41(2949)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഓഫീസ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത് ; എന്ന് മുതൽ നിയമനം നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ&ബി) ഉണ്ട്. ഹയർസെക്കന്ററി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ അനുവദിക്കാൻ നടപടി

**42(2950)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ; അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ ഹയർസെക്കന്ററി കോഴ്സുകളുടെ കോമ്പിനേഷൻ നിശ്ചയിക്കുന്നതിനും, അനുവദിക്കുന്നതിനും ചുമതല വഹിക്കുന്നത് ആരാണ് ;

(സി) വിദ്യാർത്ഥികൾ പഠിക്കേണ്ടതും, എന്നാൽ വളരെ അപൂർവ്വമായി മാത്രം അനുവദിക്കാറുള്ളതുമായ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന കൂടുതൽ കോമ്പിനേഷനുകൾ കൂടുതൽ സ്കൂളുകളിൽ (സർക്കാർ സ്കൂളുകളിലെങ്കിലും) അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; +2 വിന് അഡീഷണൽ ബാച്ച് അനുവദിക്കുമ്പോൾ ഈ വിഷയങ്ങൾക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | ആന്ത്രോപ്പോളജി | - | 12 സ്കൂളുകളിൽ |
| | ജിയോളജി | - | 46 സ്കൂളുകളിൽ |
| | ജ്യോഗ്രഫി | - | 288 സ്കൂളുകളിൽ |

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഹയർസെക്കന്ററി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കാനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന പ്രകാരം സ്കൂൾ അധികാരികൾ (സർക്കാർ സ്കൂൾ-ഹെഡ്മാസ്റ്റർ, എയ്ഡഡ് സ്കൂൾ-മാനേജർ) പ്രാദേശിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തി നൽകുന്ന വിഷയ കോമ്പിനേഷനുകളാണ് സർക്കാർ അനുവദിക്കുന്നത്. സ്കൂൾ അധികാരികളുടെ അപേക്ഷ പ്രകാരമല്ലാത്ത ബാച്ചുകൾ അനുവദിക്കുന്നപക്ഷം പ്രാദേശികമായി പ്രസ്തുത ബാച്ചുകളിലേക്ക് മതിയായ വിദ്യാർത്ഥികളെ ലഭ്യമാകാതിരിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ, നിർബന്ധപൂർവ്വം ആവശ്യപ്പെടാത്ത, ബാച്ചുകൾ സ്കൂളുകൾക്ക് അനുവദിച്ചുനൽകാറില്ല. ഭാവിയിൽ പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ച് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് സ്കൂൾ അധികാരികൾ അപേക്ഷിക്കുന്നപക്ഷം ഹയർസെക്കന്ററി

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന ബാച്ചുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

**43(2951)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസാവകാശ നിയമം അനുസരിച്ചുള്ള ദൂരപരിധിയിൽ വിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം എത്ര വിദ്യാലയങ്ങൾ പുതുതായി ആരംഭിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ വിദ്യാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

## വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ ശുചിമുറികൾ

**44(2952)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഹയർസെക്കന്ററി ഹൈസ്കൂളുകളിലാണ് ശുചിമുറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ശുചിമുറികൾ ഇല്ലാത്ത സ്കൂളുകളിൽ ആയത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും എന്നത്തോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) ശുചിമുറികൾ പണിയുന്നതിനുവേണ്ടി റോട്ടറി, ലയൺസ് ക്ലബ്ബുകൾ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളെ പങ്കാളികളാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും ശുചിമുറികൾ ഉണ്ട്.

(ബി) ശുചിമുറികൾ കുറവുള്ള സ്കൂളുകൾക്ക് എസ്.എസ്.എ., ആർ.എം.എസ്.എ.,

എൽ.എസ്.ജി.ഡി., വിദ്യാഭ്യാസ വകുപ്പ് ഇവ മുഖാന്തരം നിർമ്മാണം നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്ന് വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിന് അനുവദിക്കുകയുണ്ടായി. ടി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ടി തുകയിൽനിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ആകെ 74 ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ടി പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 146 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യാനുസരണം ശുചിമുറികൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്.

(സി) പരിശോധിക്കുന്നതാണ്.

## കക്കയം ജി.എൽ.പി. സ്കൂളിന് കെട്ടിടം

**45(2953)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ജി.എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമെന്ന് ബഹു. മന്ത്രി സഭാതലത്തിൽ നൽകിയ ഉറപ്പിനെ തുടർന്ന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോടോ തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) എൻജിനീയറിംഗ് വിഭാഗത്തോടോ ആവശ്യപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ

**46(2954)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 37 സ്കൂളുകൾ.

(ബി) 11 സ്പെഷ്യൽ സ്കൂളുകൾക്ക് (ഹയർസെക്കന്ററി വിഭാഗം-3, ഹൈസ്കൂൾ വിഭാഗം-3, പ്രൈമറി ഉൾപ്പെടെയുള്ളത്-5) സർക്കാർ എയ്ഡഡ് പദവി നൽകിയിട്ടുണ്ട്.

(സി) 9-11-1969-ലെ ജി.ഒ. (പി) 412/69/വി.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്പെഷ്യൽ സ്കൂളുകൾക്ക് (അന്ധ-ബധിര വിദ്യാലയങ്ങൾക്ക്) സർക്കാർ എയ്ഡഡ് പദവി നൽകുന്നത്.

കൂടാതെ 28-4-14-ലെ സ.ഉ. (പി) നമ്പർ 69/2014/പൊ.വി.വ. പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട് :

UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന തീയതി മുതൽക്കേ സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ.

(ഡി) ജി.ഒ. (പി) 412/69/പൊ.വി.വ. എന്ന ഉത്തരവിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നതുസംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി മൂന്നംഗ ഔദ്യോഗിക കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. റാങ്ക് ലിസ്റ്റ്

**47(2955)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

ആരും പ്രവർത്തിക്കുന്നില്ല.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

**48(2956)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ നാല് വർഷമായി സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് എത്രയും വേഗം ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം നിലനിന്നിരുന്ന സ്ഥിരം തസ്തികകളിലെ മരണം, രാജി, പ്രൊമോഷൻ, വിരമിക്കൽ എന്നിവമൂലമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകി ശമ്പളം ലഭിക്കുന്നുണ്ട്. എന്നാൽ അധിക തസ്തികകളിലെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമായിട്ടില്ല

## മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം

**49(2957)** ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളം മീഡിയം സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

തീരുമാനം കൈക്കൊണ്ടിട്ടില്ല

## പ്ലസ്ടു സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

**50(2958)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്ലസ്ടു സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡത്തിന് രൂപം നൽകിയത് ആരാണ് ; ആയത് അംഗീകരിച്ചത് എന്നായിരുന്നു ;

(ബി) സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ നോട്ടിഫൈ ചെയ്തുകൊണ്ട് അപേക്ഷ ക്ഷണിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ;

(സി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകിയ എല്ലാ സ്കൂളുകൾക്കും അധിക ബാച്ചുകൾക്കും അനുമതി നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ എത്രയെണ്ണത്തെ ഒഴിവാക്കുകയുണ്ടായി ;

(ഡി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകാത്ത എത്ര സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി ?

ഉത്തരം

(എ) 11-6-2013-ലെ സ.ഉ.(കൈ) നമ്പർ185/13/പൊ.വി പ്രകാരം സർക്കാരാണ് പുതുതായി പ്ലസ്ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 14-6-2013-ലെ എ.സി.ഡി.സി13/16830/13/എച്ച്.എസ്.ഇ. നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി.

(സി) അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യാത്ത സ്കൂളുകൾക്കും ബാച്ചുകൾക്കും പ്രവർത്തനാനുമതി നൽകിയിട്ടില്ല.

## പ്ലസ്സ് ബാച്ച്

**51(2959)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്സ് ബാച്ച് അനുവദിച്ചതിൽ പ്രാദേശികതലങ്ങളിൽ കച്ചവടം നടന്നിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അന്വേഷണം ഏർപ്പെടുത്താൻ തയ്യാറാകണമെന്നും ഗവൺമെന്റ് ചീഫ് വിപ്പ് പരസ്യമായി ആവശ്യപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യപ്രകാരം അന്വേഷണം നടത്താനും അദ്ദേഹം അവകാശപ്പെട്ടത് പ്രകാരമുള്ള തെളിവുകൾ ശേഖരിക്കാനും നടപടി സ്വീകരിക്കുകയുണ്ടായോ ;

(സി) ഗവൺമെന്റ് ചീഫ് വിപ്പ് രേഖാമൂലം പരാതി നൽകുകയുണ്ടായോ ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## സംസ്ഥാന സ്കൂൾ കലോത്സവ സംഘാടക സമിതി

**52(2960)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോൽസവ സംഘാടക സമിതിയിൽ ഏതെല്ലാം സംഘടനാ പ്രതിനിധികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മാനുവൽ പരിഷ്കരണത്തിൽ അംഗീകൃത അനദ്ധ്യാപക സംഘടനകളെ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) അംഗീകൃത അനദ്ധ്യാപക സംഘടന പ്രതിനിധികളെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കലോൽസവ സംഘാടക സമിതിയിൽ ബഹു. ഗവർണർ, മുഖ്യമന്ത്രി പ്രതിപക്ഷ നേതാവ്, ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, പൗരപ്രമുഖർ, സാംസ്കാരിക നായകന്മാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, അംഗീകൃത അദ്ധ്യാപക സംഘടന നേതാക്കൾ തുടങ്ങി കലോൽസവം നടക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട എല്ലാപേരെയും ഉൾപ്പെടുത്താറുണ്ട്.

(ബി) ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് സംയുക്തമായി കലോൽസവം നടത്തുന്നതിനുവേണ്ടി സ്കൂൾ കലോൽസവ മാനുവൽ 2008-ൽ പരിഷ്കരിച്ചപ്പോൾ സ്കൂൾ കലോൽസവം അക്കാദമിക് വിഭാഗത്തിൽപ്പെട്ടതാകയാൽ അംഗീകൃത അനദ്ധ്യാപക സംഘടനകൾ സബ്കമ്മിറ്റികളിൽനിന്നും വിട്ടുപോകുകയാണ് ഉണ്ടായത്.

(സി) അംഗീകൃത അനദ്ധ്യാപക സംഘടനാ പ്രതിനിധികളെ അടുത്ത കലോൽസവ മാനുവൽ പരിഷ്കരണ വേളയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സ്കൂൾ ടീച്ചറായ ശ്രീമതി സജിത എം.പി.യുടെ അപേക്ഷ

**53(2961)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചിക്കല്ലൂർ ജി.എൽ.പി. സ്കൂൾ ടീച്ചറായ ശ്രീമതി സജിത എം.പിയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ടീച്ചർക്ക് ശമ്പളം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ടീച്ചർക്ക് അർഹമായ ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ചിക്കല്ലൂർ, ജി.എൽ.പി. എസ്സിൽ പി.ടി.എ. നടത്തിവരുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപികയായ ശ്രീമതി സജിത എം.പി.ക്ക് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ച നിശ്ചിതയോഗ്യത ഇല്ലാതിരുന്നതിനാലാണ് ഓണറേറിയം ലഭിക്കാതിരുന്നത്. എന്നാൽ 18-7-2014-ലെ ജി.ഒ. (എം.എസ്) 137/14/ പൊ.വി.വ. പ്രകാരം ജൂലൈ 2014 മുതൽ ഈ അദ്ധ്യാപികയ്ക്ക് ഓണറേറിയം നൽകിവരുന്നുണ്ട്.

## ഓപ്പൺ സ്കൂളിലെ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ

**54 (2962)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂളിൽ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കരുതുന്നത്;

(ബി) ഒരു അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് എത്ര കോൺടാക്ട് ക്ലാസ്സുകൾ നൽകാറുണ്ട് ; പ്രസ്തുത ബാച്ചിന് ഈ വർഷം ഇനി എത്ര ക്ലാസ്സുകൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത് ;

(സി) പഠന സഹായികളും മറ്റു സാമഗ്രികളും തയ്യാറാക്കുന്നത് നിലവിൽ ഏതു ഘട്ടത്തിലാണ് ; ഈ പ്രവർത്തനങ്ങൾക്ക് പരിചയസമ്പന്നരായ ഉദ്യോഗസ്ഥന്മാരുടെ അഭാവം അനുഭവപ്പെടുന്നുണ്ടോ ;

(ഡി) സ്വകാര്യ സ്കൂളുകളുടെ ചൂഷണം ഭയന്ന് ഓപ്പൺ സ്കൂളുകളെ ആശ്രയിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുമോ ; ഓപ്പൺ സ്കൂൾ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഓപ്പൺ സ്കൂൾ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞു.

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമാണ് കോൺടാക്ട് ക്ലാസ്സുകൾ നൽകിവരുന്നത്. ഒരു വർഷം ഒരു വിഷയത്തിന് 30 മണിക്കൂർ കോൺടാക്ട് ക്ലാസ്സുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഇനി 25 മണിക്കൂർ ക്ലാസ്സുകൾ കൂടി നൽകാനുണ്ട്.

(സി) പാഠ്യപദ്ധതി പരിഷ്കരിച്ച വിഷയങ്ങളുടെ പാഠപുസ്തകം പ്രസിദ്ധീകരിച്ച ഉടൻതന്നെ പഠനസഹായി തയ്യാറാക്കുന്നതിനുള്ള ജോലികൾ ആരംഭിക്കും. ഈ വർഷം പരിഷ്കരിച്ച വിഷയങ്ങളുടെ പഠന സഹായികളുടെ ഒന്നാംഭാഗത്തിന്റെ ശിൽപശാലകൾ പൂർത്തിയായിക്കഴിഞ്ഞു. പരിഷ്കരിച്ച വിഷയങ്ങളുടെയും മാറ്റമില്ലാത്ത വിഷയങ്ങളുടെയും പഠന സഹായികളുടെ പ്രിന്റിംഗ് പൂർത്തിയായിവരുന്നു. പഠനസഹായികൾ തയ്യാറാക്കുന്നതിന് പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം അനുഭവപ്പെട്ടിട്ടില്ല.

(ഡി) ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ ഭാവി ഒരു തരത്തിലും അനിശ്ചിതത്വത്തിലാകില്ല. ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്ഥാപന (സ്കോൾ-കേരള)മാക്കി മാറ്റാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

## സ്കൂൾ ബസ്സുകളിലെ ഡ്രൈവർമാരുടെ യോഗ്യതകളും സേവന-വേതന വ്യവസ്ഥകളും

**55 (2963)** ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ബസ്സുകളിലെ ഡ്രൈവർമാരുടെ യോഗ്യതകളും സേവന-വേതന വ്യവസ്ഥകളും വ്യക്തമാക്കാമോ ;

(ബി) സർക്കാർ സ്കൂളുകളിലെ ബസ് ഡ്രൈവർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സർക്കാർവക സ്കൂൾബസ്സുകൾ നിലവിൽ ഇല്ല. ഡ്രൈവർമാരുടെ തസ്തികയും ഒരു സ്കൂളിലും അനുവദിച്ചിട്ടില്ല. ആയതിനാൽ സ്കൂൾബസ്സിലെ ഡ്രൈവർമാർക്ക് യോഗ്യതയും സേവന-വേതന വ്യവസ്ഥയും തയ്യാറാക്കിയിട്ടില്ല. നിലവിൽ പി.ടി.എ. ആണ് സ്കൂൾ ബസ്സുകളുടെ നിയന്ത്രണവും നടത്തിപ്പും നിർവ്വഹിക്കുന്നത്.

(ബി) സർക്കാർ സ്കൂളുകളിൽ ബസ് ഡ്രൈവർമാരുടെ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടത്താനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ചേലക്കരമണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന സ്കൂൾ കെട്ടിടങ്ങൾ

**56 (2964)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) കാലതാമസം ഒഴിവാക്കി ഈ അദ്ധ്യയന വർഷം തന്നെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. എസ്.എം.റ്റി.ജി.എച്ച്.എസ്. ചേലക്കര

2. ജി.എച്ച്.എസ്. ചെറുതുരുത്തി

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) എത്രയുംപെട്ടെന്ന് പണി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

## ശ്രീമതി റെഹിയാനത്തിന്റെ പരാതി

**57 (2965)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ശമ്പളം ജോലിയുടെ സ്വഭാവം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിനായി ഇടുക്കി ജില്ലാ DDE ഓഫീസിൽ, ശ്രീമതി റെഹിയാനത്ത്, കോട്ടവാതുക്കൽ എന്നയാൾ അപേക്ഷ സമർപ്പിച്ചപ്പോൾ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിൽ മാപ്പ് പറഞ്ഞില്ലെങ്കിൽ കേസ് കൊടുക്കും എന്ന് കാട്ടി വക്കീൽ നോട്ടീസ് അയച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് അന്വേഷിക്കുമോ ;

(ബി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിന് പകരം വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) വിവരാവകാശ നിയമപ്രകാരം DDE ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുണ്ട്. അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിന് മാപ്പ് പറഞ്ഞില്ലെങ്കിൽ കേസുകൊടുക്കും എന്നുകാട്ടി വക്കീൽനോട്ടീസ് അയച്ചിട്ടില്ല.

## സ്കൂൾ ക്ലാർക്കുമാരുടെ ശമ്പളത്തിലെ ഗ്രേഡ് സ്കെയിൽ

**58 (2966)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് സ്കൂൾ ക്ലാർക്കുമാർക്കും എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും ശമ്പളത്തിൽ ഗ്രേഡ് സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സമാനജോലി ചെയ്യുന്ന ഇവർക്ക് ഒരേ രീതിയിലുള്ള ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

## സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ്ടു ബാച്ചുകൾ

**59 (2967)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നും ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ എത്ര വീതമെന്നും ഇതിനായി പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് വേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലസ്ടു ബാച്ചുകൾ ഏതൊക്കെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് അനുവദിച്ചതെന്നും ഓരോ സ്കൂളുകളിലും ഏതൊക്കെ വിഷയങ്ങളിലാണ് ബാച്ചുകൾ അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച എത്ര ഹയർസെക്കന്ററി ബാച്ചുകളാണ് കോടതി നടപടികൾമൂലം നിർത്തലാക്കേണ്ടി വന്നതെന്നും സ്കൂളുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾ കണക്കാക്കിയാൽ എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കന്ററി ബാച്ചുകൾ ഉള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ഇ) പുതിയതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിൽ ഒരു പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എയ്ഡഡ് മേഖലയിൽ 2014-15 വരെ പുതിയ ഹയർസെക്കന്ററി സ്കൂളുകളിലായി 278 ബാച്ചുകളും നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ 711 അധിക ഹയർ സെക്കന്ററി ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ബാച്ചുതിരിച്ച വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.* 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ബാച്ചുകളിൽ വേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ആയതിനുശേഷംമാത്രമേ ബാധ്യത തിട്ടപ്പെടുത്താൻ കഴിയൂ.

(സി) 284 ബാച്ചുകൾ. വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) ഇല്ല.

(ഇ) ഉണ്ട്. പഞ്ചായത്ത് തിരിച്ച വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

**മണിയൂർ ഹയർസെക്കന്ററി സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകർ**

**60 (2968)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മണിയൂർ പഞ്ചായത്ത് ഹയർസെക്കന്ററി സ്കൂളിൽ 2011 ഓഗസ്റ്റ് മുതൽ എത്ര ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അവർ ഓരോരുത്തരും എത്ര കാലം ജോലി ചെയ്തുവെന്നും ഗസ്റ്റ് അദ്ധ്യാപകർ എന്ന നിലയിൽ അവർക്ക് ഏതൊക്കെ മാസത്തെ ശമ്പളം നൽകിയിട്ടുണ്ട് എന്നും ഇനിയും എത്ര മാസത്തെ ശമ്പളം ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നൽകാനുള്ള ശമ്പളം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 42

(ബി) 29 അദ്ധ്യാപകർക്ക് ജോലി സമയത്തിന് ആനുപാതികമായി വേതനം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.* വേതനം നൽകുവാനുള്ള 13 അദ്ധ്യാപകരുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) 2011-12 അദ്ധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ച അധിക ഹയർസെക്കന്ററി ബാച്ചുകളിലേക്ക് റെഗുലർ തസ്തിക സൃഷ്ടിക്കുന്നതുവരെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഹയർസെക്കന്ററി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ജോലിഭാരത്തിനനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അദ്ധ്യാപകർക്ക് അപ്പോൾ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. പിന്നീട് പ്രസ്തുത ബാച്ചുകളിലേക്ക് റെഗുലർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനുശേഷം ടി ബാച്ചുകളിൽ സേവനമനുഷ്ഠിച്ചിരുന്ന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള ശിപാർശ ഹയർസെക്കന്ററി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. അതിന്റെ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ജോലിഭാരത്തിനും അനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും വേതന കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം

61 (2969) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡയറക്ടർ ഓഫീസിന് ഔദ്യോഗിക വാഹനം അനുവദിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഔദ്യോഗിക വാഹനം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയും സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ജില്ലയും അധികാര പരിധിയുള്ള മലപ്പുറം റീജിയണൽ ഡയറക്ടർക്ക് വാഹനം അനുവദിക്കേണ്ട ആവശ്യകത പരിഗണിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് ചെലവുകൾ നിയന്ത്രിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഓഫീസിന് ഔദ്യോഗിക വാഹനം വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ സർക്കാർ അംഗീകൃത നിരക്കിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ മലപ്പുറം ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച നിയമ നിർമ്മാണം

**62 (2970)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 14-2-2011-ലെ ജി.ഒ (എം എസ്.) നമ്പർ36/11/പൊ.വി.നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000 രൂപയും എച്ച്.എസ്.എ.യ്ക്ക് 6000 രൂപയും പ്രൈമറി ടീച്ചർക്ക് 5000 രൂപയും ക്ലർക്കിന് 4000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3500 രൂപയും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അൺഎയ്ഡഡ് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും മിനിമം വേജസ് ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്നതുസംബന്ധിച്ച വിഷയം നിയമവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

**63 (2971)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിപ്രകാരം എത്ര കുട്ടികൾക്ക് പ്രയോജനം ലഭിക്കും ;

(ബി) ഹയർസെക്കന്ററിതലത്തിൽ എപ്രകാരമുള്ള പരിശീലനം നടത്താനാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ പ്രസ്തുത പദ്ധതിക്ക് കീഴിൽ പുനർ-വിന്യസിക്കുവാൻ വിദ്യാഭ്യാസവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2012-18 കാലഘട്ടത്തിൽ 3.1 ലക്ഷം വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കും.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, 80 മണിക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

ദൈർഘ്യമുള്ള വിവരസാങ്കേതികവിദ്യ എന്നീ പരിശീലനങ്ങളും വൈവിദ്ധ്യമാർന്ന തൊഴിൽ നൈപുണ്യപരിശീലനവും നൽകുന്നതിലൂടെ അവരെ തൊഴിൽ മേഖലകളിൽ ജോലി നേടാൻ പര്യാപ്തരാക്കുക എന്നതാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ്യം.

(സി) ഇല്ല.

**സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടി**

**64 (2972)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടികളിൽനിന്നും അക്കാഡമിക് സ്റ്റാഫിനെ ഒഴിവാക്കി മുൻ ജീവനക്കാരെക്കൊണ്ട് അവർക്ക് പ്രതിഫലം നൽകി ക്ലാസ്സുകൾ എടുപ്പിക്കുന്നതായും പരിശീലനം സംബന്ധിച്ച രേഖകൾ സംഗ്രഹിച്ചുവയ്ക്കുന്നില്ലായെന്നും പ്രതിഫലം നൽകുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും വൻ ക്രമക്കേട് നടക്കുന്നതായും അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

സീമാറ്റ്-കേരളയിൽ നടക്കുന്ന പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിൽനിന്നും മുൻഡയറക്ടർ സ്റ്റാഫിനെ ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഡയറക്ടർ നിലവിലുള്ള അക്കാഡമിക് സ്റ്റാഫിനെക്കൊണ്ട് പരിശീലന പരിപാടികളിൽ ക്ലാസ് എടുപ്പിക്കുന്നു. മാത്രവുമല്ല, പരിശീലന പരിപാടികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയും അക്കാഡമിക് സ്റ്റാഫ് പ്രവർത്തിച്ചുവരുന്നു. മാനേജ്മെന്റ് പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിനായി IMG ഫാക്കൽറ്റികളെയും അതാതു മേഖലകളിലെ വിദഗ്ധരെയും നിയോഗിച്ചുവരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ള റമ്യൂണറേഷനാണ് അവർക്കു നൽകിവരുന്നത്. അവരിൽനിന്നും TDS പിടിച്ച് സർക്കാരിലേക്ക് അടച്ചുവരുന്നു. പരിശീലനം സംബന്ധിച്ചരേഖകൾ അതാതു വൗച്ചറുകളിൽ കൃത്യമായി സംഗ്രഹിച്ചുവയ്ക്കുകയും ഇന്റേണൽ ആഡിറ്റ് ചെയ്യും വരുന്നു. അതത് പരിശീലന പരിപാടികൾക്കുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോർ, പ്രിമിയർ ഓഫീസ് എക്യുപ്മെന്റ്സ്, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പട്ടികജാതി/വർഗ്ഗക്കാരുടെ എൻ.സി.എ. ഒഴിവുകളിൽ നിയമനം

**65 (2973)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പട്ടികജാതി/വർഗ്ഗക്കാരുടെ എൻ.സി.എ. (No Candidate Available) ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിനായി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ആയതു സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സബ്മിഷന് മറുപടിയായി പ്രസ്തുത നിയമനം ഉടനെ നൽകുമെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പുനൽകിയിരുന്നോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിരുന്നോ ; റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തായിരുന്നു ; ബന്ധപ്പെട്ട ഫയലിൽ നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) എൻ.സി.എ. ഒഴിവുകളിൽ നിയമനം നൽകുന്നതിന് പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാതെ ഇതേ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് ചട്ട വിരുദ്ധമല്ലേ ; ഇക്കാര്യത്തിൽ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തസ്തിക നിർണ്ണയത്തെത്തുടർന്ന് അദ്ധ്യാപക തസ്തികകളിൽ കുറവ് വന്നതിനാൽ നിയമന ഉത്തരവ് നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) നൽകിയിട്ടുണ്ട്.

(സി) ലഭിച്ചിരുന്നു. സർക്കാർ സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുകയോ, പ്രൈമറി പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം പൂർത്തീകരിക്കാൻ കഴിയുകയോ, സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യുകയാണെങ്കിൽ എൻ.സി.എ. ഉദ്യോഗാർത്ഥികളെ പരിഗണിക്കുവാൻ കഴിയുമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന വിഷയമായതിനാൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) നിയമനം നടത്തിയിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ യോഗ്യത

**66 (2974)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ (SSA) പ്രോജക്ടിലെ ബി.ആർ.സി.കളുടെ ചുമതലക്കാരായുള്ളവരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (BPO)-മാരായി നിയമിക്കുന്നതിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ആയതുമായി ബന്ധപ്പെട്ട ഗവ.ഉത്തരവുകളുടെയും അർദ്ധ സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയില്ലാത്ത ജീവനക്കാരെ ബി.ആർ.സി.കളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന് നിയമാനുസൃതമായ സാധുതയുണ്ടോ ;

(ഇ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിലവിൽ നിയമിക്കുവാൻ നിയമസാദ്ധ്യതയുണ്ടോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്തവർ

**67 (2975)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ആറ് വയസ്സായിട്ടും സ്കൂളുകളിൽ പ്രവേശനം നേടിയിട്ടില്ലാത്ത കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ പ്രവേശനം നേടിയശേഷം വിവിധ ക്ലാസ്സുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മുഴുവൻ ഹൈസ്കൂളുകളിലും പ്ലസ്-ടു കോഴ്സ്

**68 (2976)** ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാർത്ഥികളും രക്ഷിതാക്കളും ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലും അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ്-ടു കോഴ്സ് അനുവദിക്കുമോ ; ഇതിലേക്കായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly

## അദ്ധ്യാപക നിയമനരീതി

**69 (2978)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അദ്ധ്യാപക നിയമനരീതി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് ടെറ്റ് യോഗ്യതകൂടി ഉണ്ടായിരിക്കണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(സി) ഇതു വരെ എത്ര തവണകളായിട്ടാണ് ടെറ്റ് നടത്തിയിട്ടുള്ളത് ; ഇതിൽ ഓരോ വിഭാഗത്തിലുമായി ഓരോ വർഷവും എത്ര ശതമാനം പേർ വിജയിച്ചെന്നും അറിയിക്കുമോ ;

(ഡി) ടി.ടി.സി.യും ബി.എഡും പാസായവർക്ക് പി.എസ്.സി. പരീക്ഷ എഴുതുന്നതിന് ടെറ്റ് നിർബന്ധമാക്കിയത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എയ്ഡഡ് അദ്ധ്യാപക നിയമനരീതി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മൂന്നുതവണയാണ് കെ. ടെറ്റ് പരീക്ഷ നടത്തിയിട്ടുള്ളത്. (2012,2013,2014). വിജയശതമാനം ചുവടെ ചേർക്കുന്നു :

| category | 2012 | 2013 | 2014 |
|---|---|---|---|
| I | 9.48% | 2.11% | 14.65% |
| II | 4.19% | 9.03% | 16.98% |
| III | 3.17% | 8.07% | 10.88% |
| IV | പരീക്ഷ ഇല്ലായിരുന്നു. | 8.23% | 19.27% |

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കേന്ദ്ര സർക്കാരിന് കീഴിലുള്ള അക്കാദമിക അതോറിറ്റിയായ എൻ.സി.ടി.ഇ. അംഗീകരിച്ചിട്ടുള്ള യോഗ്യതകൾ നടപ്പിലാക്കേണ്ടതുള്ളതിനാലാണ് ടെറ്റ് നിർബന്ധിതമായത്.

## അദ്ധ്യാപക ബാങ്ക്

**70 (2979)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തസ്തിക നഷ്ടമായതിനെ തുടർന്ന് 2011-12 അദ്ധ്യയന വർഷം എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയത് ; സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും എൽ.പി.,യു.പി.,ഹൈസ്കൂൾ, സ്പെഷ്യലിസ്റ്റ് തസ്തികകൾ തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2014-15 അദ്ധ്യയനവർഷം എത്ര അദ്ധ്യാപകരാണ് അദ്ധ്യാപക ബാങ്കിൽ അവശേഷിക്കുന്നത് ; സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും, എൽ.പി.,യു.പി. ഹൈസ്കൂൾ, സ്പെഷ്യലിസ്റ്റ് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) 2011-12 അദ്ധ്യയന വർഷം മുതൽ 2014-15 അദ്ധ്യയന വർഷം വരെ ഉണ്ടായ ഒഴിവുകളിൽ എത്ര അദ്ധ്യാപകരെ അനദ്ധ്യാപക ബാങ്കിൽ നിന്നും നിയമിച്ചു സർക്കാർ, എയ്ഡഡ് സ്കൂൾ തിരിച്ചും തസ്തികതിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ അദ്ധ്യയന വർഷം (2014-15) എത്ര അദ്ധ്യാപകരെ പി.എസ്.സി. മുഖാന്തരം നിയമിച്ചു ; തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഇ) ഈ അദ്ധ്യയന വർഷം (2014-15) എത്ര അദ്ധ്യാപകരെ എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു ; തസ്തിക തിരിച്ചുമുള്ള കണക്ക് നൽകുമോ ;

(എഫ്) 2013-14 അദ്ധ്യയന വർഷം എത്ര അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചു ; സർക്കാർ എയ്ഡഡ് സ്കൂളുകളിലെ തസ്തികതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

### ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## അദ്ധ്യാപക ഫിക്സേഷൻ

**71 (2980)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ അദ്ധ്യാപക ഫിക്സേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിൽ എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്ത് അധികമായിട്ടുള്ളത് ; സർക്കാർ/സ്വകാര്യമേഖലതിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത അദ്ധ്യാപകരെ നിലവിൽ എങ്ങനെ ക്രമീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് സ്കൂളുകളിൽ 1920 അദ്ധ്യാപകരും എയ്ഡഡ് സ്കൂളുകളിൽ 6957 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം നിലവിലുള്ള റെഗുലർ അദ്ധ്യാപകരിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറച്ചും അദ്ധ്യാപക ബാങ്ക് മുഖേനയും സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച മാർഗ്ഗരേഖകൾ രൂപീകരിച്ചുവരുന്നു.

## പോങ്ങനാട് സർക്കാർ ഹൈസ്കൂൾ

**72 (2981)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RMSA പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി ഉയർത്തിയ പോങ്ങനാട് സർക്കാർ യു.പി. സ്കൂൾ സ്ഥല പരിമിതി കാരണം ബുദ്ധിമുട്ടനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) RMSA പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് ; ഇതിന്റെ ഭാഗമായി എത്ര ക്ലാസ് മുറികൾ നിർമ്മിക്കും ; ഉണ്ടെങ്കിൽ എത്ര ; ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിന് അനുവദിക്കപ്പെട്ട അദ്ധ്യാപകർ എത്ര ; എത്ര പേരാണ് ഇപ്പോൾ പഠിപ്പിക്കുന്നത് ; ഒഴിവുകൾ എത്ര ; ഒഴിവ് നികത്താൻ എന്ത് നടപടിയെടുത്തിട്ടുണ്ട് ; ആവശ്യത്തിലേറെ അദ്ധ്യാപകർ ഉണ്ടായിട്ടും ഒഴിവുകളിലേക്ക് നിയമനം നടത്താത്തത് എന്താണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷകൾ

**73 (2982)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ പണിയുന്നതിനായി ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സമ്മതപത്രം ലഭ്യമാക്കുന്നതിനും ഹോസ്റ്റൽ നിർമ്മാണത്തിനുള്ള അനുമതി ലഭിക്കുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചിരിക്കുകയാണ്.

(ബി) സ്വീകരിക്കുന്നതാണ്.

## മങ്കൊമ്പ്-സ്കൂൾ കെട്ടിടം തകർന്ന് വീണത് സംബന്ധിച്ച്

**74 (2983)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കൊമ്പ് അവിട്ടം തിരുനാൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കെട്ടിടം തകർന്ന് വീണത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ വിദ്യാഭ്യാസ ഉപ ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) മങ്കൊമ്പ് അവിട്ടം തിരുനാൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ കെട്ടിടം ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിരുന്നത്. ആയതിനാൽ, പുതിയ സ്കൂൾ കെട്ടിടം അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് അടക്കത്ത് ബയൽ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി

**75 (2984)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അടക്കത്ത് ബയൽ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് പദ്ധതിപ്രകാരം ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ എല്ലാ അദ്ധ്യാപകർക്കും ശമ്പളം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ശമ്പളം ലഭിക്കാത്ത അദ്ധ്യാപകരുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ; ശമ്പളം എന്നത്തേക്ക് ലഭിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂളിൽ ആരാണ് ഇപ്പോൾ പ്രധാന അദ്ധ്യാപിക ; അവർക്ക് സ്ഥലമാറ്റം ഉണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് ഉത്തരവിറങ്ങിയത് ; അവരെ വിടുതൽ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ മലയാളം മീഡിയം സ്കൂളുകൾ

**76 (2985)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മലയാളം മീഡിയം ഇല്ലാത്ത എത്ര എൽ.പി, യു.പി ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ കമ്പടാജ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഉള്ള ഒരു ഹൈസ്കൂള് പോലും ഇല്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഇതുമൂലം രക്ഷിതാക്കളും കുട്ടികളും അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

## സംസ്ഥാനത്തെ പ്ലസ് ടു സ്കൂളുകൾ-അദ്ധ്യാപകരുടെ ഒഴിവുകൾ

**77 (2986)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലസ് ടു സ്കൂളുകളുണ്ട് ; എയ്ഡഡ് മേഖലയിൽ എത്ര ; സർക്കാർ മേഖലയിലെത്ര ;

(ബി) നിലവിലുള്ള മൊത്തം ബാച്ചുകൾ എത്ര ; എയ്ഡഡ് മേഖലയിലെത്ര ; സർക്കാർ മേഖലയിലെത്ര ;

(സി) സർക്കാർ ഹയർസെക്കന്ററി മേഖലയിൽ നിലവിൽ എത്ര അദ്ധ്യാപകരുണ്ട് ; അതിൽ ഗസ്റ്റ് അദ്ധ്യാപകർ എത്ര ; എയ്ഡഡ് മേഖലയിലെ പ്ലസ് ടു സ്കൂളുകളിൽ മൊത്തം എത്ര അദ്ധ്യാപകരുണ്ട്; അതിൽ ഗസ്റ്റ് അദ്ധ്യാപകർ എത്ര ;

(ഡി) സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | ആകെ | - | 2046 |
| | ഗവൺമെന്റ് | - | 816 |
| | എയ്ഡഡ് | - | 823 |
| | റെസിഡൻഷ്യൽ-ഗവൺമെന്റ് | - | 13 |
| | സ്പെഷ്യൽ സ്കൂൾ-ഗവൺമെന്റ് | - | 2 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| സ്പെഷ്യൽ സ്കൂൾ - എയ്ഡഡ് | - | 8 |
| അൺ-എയ്ഡഡ് | - | 362 |
| സ്പെഷ്യൽ സ്കൂൾ അൺ എയ്ഡഡ് | - | 5 |
| ടെക്നിക്കൽ (ഐ.എച്ച്.ആർ.ഡി.) | - | 17 |

(ബി) ആകെ - 7220

എയ്ഡഡ് - 3267

സർക്കാർ - 2723

(സി) സർക്കാർ ഹയർസെക്കന്ററി മേഖലയിൽ നിലവിൽ 11712 അദ്ധ്യാപകരുണ്ട്. സർക്കാർ സ്കൂളുകളിൽ അനുവദനീയമായ തസ്തികകളിൽ അദ്ധ്യാപകരില്ലെങ്കിൽ പ്രിൻസിപ്പൽമാരാണ് നിയമാനുസൃതം ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. അതിനാൽ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല. എയ്ഡഡ് ഹയർസെക്കന്ററി മേഖലയിൽ 12335 അദ്ധ്യാപകരുണ്ട്. എയ്ഡഡ് ഹയർസെക്കന്ററി മേഖലയിൽ 388 ഗസ്റ്റ് അദ്ധ്യാപകരുണ്ട്.

(ഡി) 2404 ഒഴിവുകൾ .

## സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾ

**78 (2987)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(സി) അംഗീകാരമുള്ളതും ഇല്ലാത്തതുമായ സ്കൂളുകളിൽ എത്ര വീതം കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമുള്ള ആകെ 851 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ ലോവർ പ്രൈമറി-249, അപ്പർ പ്രൈമറി-205, ഹൈസ്കൂൾ-397 എന്നിങ്ങനെയാണ്. ഹയർസെക്കന്ററി സ്കൂളുകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ വിവരം ലഭ്യമല്ല. ഹയർസെക്കന്ററി വിഭാഗത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(സി) അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ ആകെ 5246 കുട്ടികൾ പഠിക്കുന്നു. അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ലഭ്യമല്ല.

## വൊക്കേഷണൽ ഹയർസെക്കന്ററിയിലെ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സ്ഥലം മാറ്റം

**79 (2988)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററിയിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ ഉണ്ടായിരുന്നോ; ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായോ ;

(ബി) സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തിരുന്നോ ; ഇതിന്റെ ഭാഗമായി ഡയറക്ടറുടെ നടപടി പരിശോധിക്കുകയുണ്ടായോ ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നിലപാട് എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വകുപ്പിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്ഥലംമാറ്റം നൽകിയതിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നിട്ടുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർസെക്കന്ററിയിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ഉണ്ടായിരുന്നു. ചില സ്ഥലം മാറ്റങ്ങൾ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലംമാറ്റ ഉത്തരവ് 23-10-2014-ലെ സർക്കാർ കത്ത് നമ്പർ 59329/ എസ്.സി.2/2014/പൊ.വി.വ. പ്രകാരം സ്റ്റേ ചെയ്യുകയുണ്ടായി. സ്റ്റേ പിൻവലിച്ച കൊണ്ട് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുത്ത 1-11-2014-ലെ 59329/എസ്.സി.2/2014/പൊ.വി.വ നമ്പർ കത്തിൽ ഇത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) 10-9-2004-ലെ സ.ഉ.(പി) നമ്പർ 12/2004/പി ആന്റ് എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരവും 22-5-2010-ലെ സ.ഉ.(പി) നമ്പർ77/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരവുമുള്ള മാനദണ്ഡങ്ങളാണ് പൊതുസ്ഥലം മാറ്റത്തിന് വൊക്കേഷണൽ ഹയർസെക്കന്ററിയിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ക്രമക്കേടുകളോ അഴിമതിയോ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ സ്കൂളുകളും ദേശീയ വിദ്യാഭ്യാസ അവകാശനിയമവും

**80 (2989)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾ ദേശീയ വിദ്യാഭ്യാസ അവകാശനിയമം അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പല സ്കൂളുകളും എൽ.കെ.ജി. തലംമുതൽ പ്രവേശന പരീക്ഷ നടത്തുന്നുണ്ടെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് അറിയാമോ ;

(ഡി) സംസ്ഥാനത്തെ സ്കൂൾ ഈ നിയമം അനുസരിക്കും പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിദ്യാഭ്യാസ അവകാശനിയമം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. പ്രവേശന പരീക്ഷകൾ നടത്തുന്നത് വിദ്യാഭ്യാസ അവകാശനിയമത്തിന് വിരുദ്ധമാണ്. ഇതുൾപ്പെടെയുള്ള വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ സ്കൂളുകൾ നടപ്പിലാക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതിനും വിലയിരുത്തുന്നതിനുമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അനാദായകരമായ സ്കൂളുകൾ സംരക്ഷിക്കാൻ നടപടി

**81 (2990)** ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനാദായകരമായ സ്കൂളുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇവയിൽ എത്രയെണ്ണം ഫോക്കസ് പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിരോധിച്ച് അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഒരു ക്ലാസിൽ 15-ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ ഉണ്ട്.

(ബി) ഒന്നാംഘട്ടമായി 1568 വിദ്യാലയങ്ങളെ ഫോക്കസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകിയശേഷം അംഗീകാരമില്ലാതെപ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കാൻ ഉദ്ദേശിച്ചാണ് ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക്

**82 (2991)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ ജില്ലകളുണ്ടെന്നും അവ ഏതെല്ലാമെന്നും റവന്യൂ ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ ജില്ലകളുടെ പരിധിയിൽ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ വിദ്യാഭ്യാസ ജില്ലാപരിധിയിലും എത്ര വീതം വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് 41 വിദ്യാഭ്യാസ ജില്ലകൾ ഉണ്ട്. റവന്യൂ ജില്ലാ ക്രമത്തിൽ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) വിദ്യാഭ്യാസ ജില്ലകളുടെ പരിധിയിൽ 163 ഉപജില്ലാ ഓഫീസുകൾ ഉണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം (2)ആയി ചേർത്തിരിക്കുന്നു.*

(സി) വിദ്യാഭ്യാസ ജില്ലാതലത്തിൽ കുട്ടികളുടെ എണ്ണം ശേഖരിച്ചിട്ടില്ല. ആയത് ശേഖരിച്ച് നൽകുന്നതാണ്. വിദ്യാഭ്യാസ ജില്ലാതലത്തിലുള്ള സ്കൂളുകളുടെ എണ്ണം അനുബന്ധം (3) ആയി ചേർക്കുന്നു.*

## കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം

**83 (2992)** <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം എയ്ഡഡ് സ്കൂളുകളിലാണ് കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ച് തട്ടിപ്പ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ചതുവഴി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ചതുവഴി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ ;

(ഡി) കൃത്രിമം കാണിച്ച സ്കൂളുകൾക്കും അദ്ധ്യാപകർക്കും എതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഇ) എയ്ഡഡ് സ്കൂൾ പ്രവേശനത്തിൽ വ്യാപകമായ ക്രമക്കേടുകളും തട്ടിപ്പും നടക്കുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പരിശോധനയ്ക്ക് തയ്യാറാകുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർണ്ണമായും പൂർത്തിയായാൽ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുവാങ്ങിയ സ്കൂളിലെ ഫിക്സേഷൻ പൂർത്തീകരിച്ചിട്ടില്ല

(സി) പരിശോധന നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഓഫീസിലെ സൂപ്പർചെക്ക് സെല്ലും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൂപ്പർചെക്ക് സെല്ലും കൂടി 93 സ്കൂളുകളിൽ പരിശോധന നടത്തിയിരുന്നു. അവയിൽ പ്രഥമദൃഷ്ട്യാ ക്രമക്കേട് കണ്ടെത്തിയ 2 സ്കൂളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സൂപ്പർ ചെക്ക് പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയ രണ്ട് സ്കൂളുകളായ കട്ടച്ചൽകുഴി എസ്.എൻ.യു.പി.എസ്, എം.സി.എച്ച്.എസ്. കോട്ടുകാൽകോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഡി.പി.ഐ. മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ, എയ്ഡഡ് മേഖലയിൽ സ്കൂളുകൾ

**84 (2994)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ എത്ര സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിരുന്നോ ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഹൈസ്കൂൾതലംവരെ എത്ര വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു ; നിലവിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ&ബി) ഈ അദ്ധ്യയന വർഷം സ്കൂളുകൾ അടച്ചുപൂട്ടിയിട്ടില്ല.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അദ്ധ്യയന വർഷം (2013-14) 4619 സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. 2014-15 വർഷവും 4619 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

**വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണം**

**85 (2995)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. കെ. രാജു</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാം ;

(ബി) വി.എച്ച്.എസ്.ഇ. കോഴ്സുകൾ സെമസ്റ്റർ രീതിയിലേക്ക് മാറ്റുന്നതിന് ശിപാർശയുണ്ടോ ;

(സി) തൊഴിലധിഷ്ഠിത കോഴ്സുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) ഇത് സംബന്ധിച്ച ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

(സി) വൊക്കേഷണൽ ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനോടൊപ്പം അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ, ലാബ് നവീകരണം, കുട്ടികൾക്ക് വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, ഒ.ജെ.റ്റി. കെട്ടിട നിർമ്മാണമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പാഠ്യപദ്ധതി പരിഷ്കരണത്തെ തുടർന്നുള്ള പാഠപുസ്തക നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സർവ്വശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവർത്തികൾ

**86 (2996)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2014 കാലയളവിൽ സർവ്വശിക്ഷ അഭിയാൻ ഫണ്ട് ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂളുകളിൽ അടിസ്ഥാന സൗകര്യം

**87 (2997)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കും എന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി സൗകര്യ വികസനം നടത്തിയ വിദ്യാലയങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഈ ഇനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത് ; ഇത് ഏത് ഫണ്ടിൽ നിന്നാണെന്ന് അറിയിക്കാമോ ?

ഉത്തരം

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം (എ)* ആയും ഹയർസെക്കന്ററി സ്കൂളുകളുടെ വിശദാംശം അനുബന്ധം (ബി) ആയും ചേർത്തിട്ടുണ്ട്.* ഇതിനായി ചെലവഴിച്ച 377 ലക്ഷം രൂപ '2202-02-001-95-34(ഒ.സി.)' പ്ലാൻ ഫണ്ടിൽ നിന്നുമാണ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഹയർസെക്കന്ററി തലത്തിൽ ഒറ്റത്തവണ അധിക കേന്ദ്ര സഹായ കേന്ദ്ര വിഹിതവും സംസ്ഥാന പദ്ധതി വിഹിതവുമായാണ് ഫണ്ട് ലഭിച്ചത്. മറ്റ് സ്കൂൾതലത്തിലുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും

**88 (2998)** ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യങ്ങളും വികസിപ്പിക്കുവാൻ സന്നദ്ധരായ വ്യക്തികളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

**89 (2999)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കുമോ ; വ്യവസ്ഥകൾ പാലിക്കാത്ത എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്കുള്ള അംഗീകാരം പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) കുടിവെള്ളം, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത എത്ര എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ട് ; ഇതുസംബന്ധമായി സർവ്വേ നടത്തിയിട്ടുണ്ടായിരുന്നുവോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കുടിവെള്ള സൗകര്യവും ശൗചാലയങ്ങളും സ്ഥാപിക്കാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ വകുപ്പ് മാറ്റത്തിനുള്ള അപേക്ഷ

**90 (T 3000)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-നു ശേഷം കോഴിക്കോട് ജില്ലയിൽ ഡിപ്പാർട്ട്മെന്റ് മാറ്റത്തിനുവേണ്ടി ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ഡിപ്പാർട്ട്മെന്റ് മാറ്റം അനുവദിച്ചിട്ടുണ്ട് എന്നും അത് ആർക്കൊക്കെയാണെന്നും വിശദാംശം ലഭ്യമാക്കുമോ ;

(സി) വിദ്യാഭ്യാസ വകുപ്പിൽനിന്നും ആരോഗ്യവകുപ്പിലേക്ക് മാറ്റത്തിനുവേണ്ടി ആരുടെയൊക്കെ അപേക്ഷ ലഭിച്ചു എന്നും എത്ര പേർക്ക് മാറ്റം അനുവദിച്ചു എന്നും അത് ആർക്കൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) കെ. റഫീക്ക് എന്നയാൾ വിദ്യാഭ്യാസ വകുപ്പിൽനിന്നും ആരോഗ്യ വകുപ്പിലേക്ക് മാറ്റത്തിന് അപേക്ഷ നൽകിയിരുന്നോ ; എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത് എന്നും അപേക്ഷയിൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 29 പേർ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) 23 പേർക്ക് ഡിപ്പാർട്ടുമെന്റ് മാറ്റം അനുവദിച്ചിട്ടുണ്ട്. പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) പൊതു വിദ്യാഭ്യാസ വകുപ്പിൽ 5 പേരിൽനിന്നും അപേക്ഷ ലഭിച്ചു

1. ടി. കെ. പുഷ്പവല്ലി
2. സുധീർ. എം. പി.
3. നാസർ. പി. കെ.
4. സദാനന്ദൻ എം.
5. കെ. റഫീക്ക്

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ശ്രീമതി സുധ. ആർ-ന്റെ അപേക്ഷയും ലഭിച്ചിട്ടുണ്ട്. ശ്രീമതി സുധ. ആർ ഒഴികെ മറ്റാർക്കും നിയമനം നൽകിയതായി അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അപേക്ഷ ലഭിച്ചിട്ടുണ്ട്. 14-8-2008 നാണ് അപേക്ഷ ലഭിച്ചത്. ഇന്റർ ഡിപ്പാർട്ടുമെന്റ് മാറ്റത്തിന് ലഭിക്കുന്ന അപേക്ഷകൾ യഥാസമയം അതാത് വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകുകയാണ് ചെയ്യുന്നത്. അപ്രകാരം പ്രസ്തുത അപേക്ഷ 18-8-2008-ലെ എ 6/2592/2008 എന്ന കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അയച്ചുകൊടുത്തിട്ടുണ്ട്.

## സ്കൂളുകളിൽ ഭാഷാദ്ധ്യാപകർക്ക് കായികാദ്ധ്യാപകരുടെ ജോലി

**91 (3001)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷാദ്ധ്യാപകർക്ക് ഏതാനും ദിവസം പ്രത്യേക പരിശീലനം നൽകി സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ ജോലി ചെയ്യിക്കാനും കായികാദ്ധ്യാപകരെ ക്രമേണ സ്കൂളിൽനിന്നും ഒഴിവാക്കാനും സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കായികരംഗത്ത് മെച്ചപ്പെട്ട സംഭാവനകൾ തരാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും നല്ലൊരു കായിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനും ഭാഷാദ്ധ്യാപകർക്ക് ഏതാനും ദിവസം പരിശീലനം നൽകിയതിനുശേഷം കായികരംഗം അവരെ ഏല്പിക്കുന്നതിലൂടെ സാധ്യമാകുമെന്ന് ഈ സർക്കാർ കരുതുന്നുണ്ടോ ;

(സി) മറ്റ് വിഷയങ്ങളുടെ കാര്യത്തിലും ഇപ്രകാരമുള്ള താല്ക്കാലിക പരിശീലനത്തിലൂടെ അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നുപറയാമോ ?

### ഉത്തരം

(എ) ഇല്ല. 5-8-2014-ലെ ഗവൺമെന്റ് കത്ത് നമ്പർ 44373/ഡി2/2014/പൊ.വി.വ പ്രകാരം അദ്ധ്യാപക ബാങ്കിലേയ്ക്ക് മാറ്റുന്ന അദ്ധ്യാപകരെ പാർട്ട് ടൈം കായിക ഇൻസ്ട്രക്ടർമാരായി എസ്.എസ്.എ.യിൽ നിന്ന് ശമ്പളം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* ഈ നിർദ്ദേശം നടപ്പിലാക്കേണ്ടതില്ല എന്ന് പിന്നീട് തീരുമാനിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു.)*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദഗ്ധ പരിശീലനം ലഭിച്ച അദ്ധ്യാപകരെയാണ് ഇക്കാര്യത്തിനു നിയോഗിക്കേണ്ടതെന്നാണ് സർക്കാർ കരുതുന്നത്.

(സി) നിലവിൽ ഇല്ല.

## തിരുവനന്തപുരം ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ

**92 (3002)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ ഓണാവധിക്കുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവധിക്കുശേഷം എന്നാണ് സ്കൂൾ തുറന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളിൽ നിലവിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; അവർ സ്കൂളിൽ അദ്ധ്യയനം നടത്തുന്നുണ്ടോ ;

(സി) സ്കൂൾ തുറന്നുപ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ

**93 (3003)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ LP, UP, HS എന്നിവിടങ്ങളിൽ എത്ര അദ്ധ്യാപകരെയാണ് അധികമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് എയ്ഡഡ്, സർക്കാർ സ്കൂൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് വിഷയങ്ങളുടെ പാർട്ട്ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ സംരക്ഷിക്കാൻ ഓരോ സർക്കാർ സ്കൂളും ഒരു യൂണിറ്റായി കണക്കാക്കി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30/1:35 ആയി കുറയ്ക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ; പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ ; ആ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് സ്കൂളുകളിൽ 1920 അദ്ധ്യാപകരും എയ്ഡഡ് സ്കൂളുകളിൽ 6957 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലെയും ഫിക്സേഷൻ നടപടികൾ പൂർത്തിയായാലേ ഇനം തിരിച്ച വിവരം ലഭ്യമാകുകയുള്ളൂ.

(സി) 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം നിലവിലുള്ള റെഗുലർ അദ്ധ്യാപകരിൽ തസ്തിക നഷ്ടപ്പെട്ടവരെയെല്ലാം അദ്ധ്യാപക ബാങ്ക്മുഖേന സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച മാർഗ്ഗരേഖകൾ രൂപീകരിച്ച വരുന്നതേയുള്ളൂ.

(ഡി) 5-8-2014-ലെ സർക്കാർ കത്ത് നമ്പർ 44373/ഡി2/14/പൊ.വി.വ. നമ്പർ കത്ത് പ്രകാരം 19-8-2014-ലെ എച്ച്2/60966/14/ഡി.പി.ഐ. നമ്പർ കത്തിലൂടെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ഈ നിർദ്ദേശം നടപ്പാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച 4-7-2014-ലെ സ.ഉ.(പി) നമ്പർ 124/2014/ പൊ.വി.വ നമ്പർ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്. പിൻവലിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം

**94 (3004)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ല വിഭജിക്കണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉപവിദ്യാഭ്യാസ ജില്ലകളുടെ വിഭജനം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പലപ്പോഴായി ലഭിച്ചിട്ടുള്ള ശിപാർശകൾ ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുത്തുവരുന്നു.

(ബി) കൊണ്ടോട്ടി ഉപജില്ല വിഭജിച്ച് പുളിക്കൽ ആസ്ഥാനമായി പുതിയ ഉപജില്ല രൂപീകരിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ എങ്ങനെ ജീവനക്കാരെയും, കെട്ടിടം, ഫർണിച്ചർ എന്നിവ കണ്ടെത്തണമെന്നും അറിയിക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## കുട്ടനാട്ടിലെ വിദ്യാഭ്യാസ പദ്ധതികൾ

**95 (3005)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ പ്രകാരം കുട്ടനാട്ടിൽ 2013-14 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികൾ വിശദമാക്കുമോ ;

(ബി) അസാപ് പദ്ധതി കുട്ടനാട്ടിലെ ഹയർസെക്കന്ററി സ്കൂളിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ കുട്ടനാട് വിദ്യാഭ്യാസ ഉപജില്ലയിലെ ഏഴ് ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ഗ്രാന്റ് ഇനത്തിൽ 50,000 രൂപവീതവും സയൻസ് കിറ്റ് ഇനത്തിൽ 15,000 രൂപ വീതവും സെൽഫ് ഡിഫൻസ് ട്രെയിനിംഗ്

ഇനത്തിൽ 4500 രൂപ വീതവും മൈനർ റിപ്പയർ ഗ്രാന്റായി 5 സ്കൂളുകൾക്ക് 25000 രൂപ വീതവും സ്പോർട്സ് കിറ്റിന് ഒരു സ്കൂളിന് 20,000 രൂപയും ആർ.എം.എസ്.എ. പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 26 എയ്ഡഡ് സ്കൂളുകൾക്ക് സയൻസ് കിറ്റിനായി 15,000 രൂപ വീതവും നൽകിയിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2014-15 വർഷത്തിൽ കുട്ടനാട് വിദ്യാഭ്യാസ ഉപജില്ലയ്ക്ക് കലോത്സവ തുകയായ 25,000 രൂപ ഉത്തരവായിട്ടുണ്ട്. ഉടനെ തുക കൈമാറുന്നതാണ്. സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ് എന്നീ ഇനത്തിൽ 50,000 രൂപ, 25,000 രൂപ വീതം കൈപ്പറ്റാൻ കുട്ടനാട്ടിലെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

## സ്റ്റുഡന്റ്സ് ഇൻക്യൂബേറ്റർ

**96 (3006)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാർത്ഥി സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് ആരംഭിക്കുന്ന സ്റ്റുഡന്റ്സ് ഇൻക്യൂബേറ്ററിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## അദ്ധ്യാപികയുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാതിരുന്നത് സംബന്ധിച്ച കേസ്

**97 (3007)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കാത്തലിക് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽവരുന്ന ആലപ്പുഴ ജില്ലയിലെ കായംകുളം എ.ഇ.ഒ.-യുടെ പരിധിയിൽപ്പെടുന്ന ഇക്കണോമിക് സ്കൂളായ ചാരുംമൂട് സെന്റ്മേരീസ് എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ ശ്രീമതി മിനി ജോസഫിന് 2010-11-ൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള അടൂർ എ.ഇ.ഒ.-യുടെ പരിധിയിൽപ്പെടുന്ന അൺ ഇക്കണോമിക് സ്കൂളായ കറുമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് സ്കൂളിലേക്ക് സ്ഥലം മാറ്റിയപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2-5-2008-ലെ നമ്പർ എച്ച് 265345/2007 സർക്കുലർ പ്രകാരം ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയെങ്കിലും 2013-14-ൽ തിരികെ ചാരുംമൂട് സെന്റ് മേരീസിലേക്ക് ശ്രീമതി മിനി ജോസഫിനെ സ്ഥലം മാറ്റി നിയമിച്ചപ്പോൾ ഏകദേശം 18 മാസത്തോളം ശമ്പളം നൽകാതെ ബുദ്ധിമുട്ടിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) രണ്ട് ഓണം അലവൻസും അഡ്വാൻസും ഒരു സറണ്ടറും ഇവർക്ക് നഷ്ടപ്പെട്ടത് നൽകുന്നതിന് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇവരുടെ ശമ്പളം അന്യായമായി തടഞ്ഞുവച്ച ഉദ്യോഗസ്ഥരിൽനിന്നും ഇവരുടെ ശമ്പള കുടിശ്ശികയുടെ പലിശ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ബഹു. മുഖ്യമന്ത്രി പ്രത്യേക നിർദ്ദേശം നൽകിയിട്ടും പ്രത്യേക സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ശമ്പളം നൽകാതിരിക്കുകയും സർക്കാർ ഉത്തരവ് നടപ്പാക്കുന്നത് താമസിപ്പിക്കുവാൻ അനാവശ്യമായി സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടതും പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഇവരുടെ ശമ്പളം നൽകുന്നതിന് സർക്കാർ ഉത്തരവും സ്പഷ്ടീകരണ ഉത്തരവും ഇറങ്ങിയിട്ടും പിന്നെയും മാസങ്ങൾ കഴിഞ്ഞ് മാത്രമാണ് ശമ്പളം ഇവർക്ക് നൽകിയത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇവരുടെ കുടിശ്ശിക ശമ്പളം മാറി നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ ; ഇനിയും എത്ര ശമ്പളം മാറി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ; ആയതിന്റെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ; എന്നത്തേക്ക് ഇവരുടെ കുടിശ്ശിക ശമ്പളം നൽകുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഡി.പി.ഐ.യുടെ 2-5-2008-ലെ സർക്കുലർ നമ്പർ എച്ച് 2/65345/2007 പ്രകാരം 2010-11-ൽ മിനി ജോസഫിന്റെ ശമ്പളം അടൂർ എ.ഇ.ഒ. മാറി നൽകിയതുപോലെ 2013-14-ൽ മിനി ജോസഫിന് പകരം സെന്റ് ബ്രോക്കാർഡ്സ് സ്കൂളിലേക്ക് സ്ഥലം മാറി വന്ന ശ്രീമതി കുഞ്ഞമ്മ എൽ.പി.എസ്.എ.-യുടെ ശമ്പളം ഈ സർക്കുലർ പ്രകാരം എന്തുകൊണ്ട് മാറിനൽകിയില്ല എന്ന് വ്യക്തമാക്കുമോ ; ഈ വിഷയവുമായി ബന്ധപ്പെട്ട് തെറ്റു ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; കുറ്റക്കാരെ ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ജി) ഈ വിഷയവുമായി ബന്ധപ്പെട്ട് പരാതികൾ നൽകുകയും വിവരാവകാശ നിയമപ്രകാരം രേഖകൾ ആവശ്യപ്പെടുകയും ചെയ്തതിന്റെ പേരിൽ ഈ സ്കൂളുകളോടും ബന്ധപ്പെട്ട ടീച്ചർമാരോടും പ്രതികാര മനോഭാവത്തോടെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം വ്യക്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21-2-2012-ലെ 5988/ജെ2/12/പൊ.വി. നമ്പർ സർക്കുലർ പ്രകാരം ഒരേ മാനേജ്മെന്റിലെ വിവിധ അൺ ഇക്കണോമിക് സ്കൂളിലെ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലംമാറ്റമാണ് അംഗീകരിക്കാവുന്നത്. ആയതിനാലാണ് ഇക്കണോമിക് സ്കൂളായ ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂളിൽനിന്നും അൺ ഇക്കണോമിക് സ്കൂളായ കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി. സ്കൂളിലേയ്ക്കുള്ള ശ്രീമതി കെ.സി.കുഞ്ഞമ്മയുടെ സ്ഥലംമാറ്റം അംഗീകരിച്ച് ശമ്പളം മാറി നൽകാതിരുന്നത്. തത്ഫലമായി ശ്രീമതി മിനി ജോസഫിന്റെ സ്ഥലംമാറ്റവും അംഗീകരിച്ചില്ല. പിന്നീട് സർക്കാർ പുറപ്പെടുവിച്ച 17-6-2014-ലെ ഉത്തരവിന്റെയും സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഇവരുടെ പരസ്പരം സ്ഥലംമാറ്റം അംഗീകരിച്ച നൽകിയിട്ടുണ്ട്.

(ബി) ശമ്പള കുടിശ്ശിക മാറിനൽകുന്നതോടൊപ്പം 2014-15 വർഷത്തിലെ ഉത്സവബത്ത മാറിനൽകുന്നതാണ്. 2013-14-ലെ ഉത്സവബത്ത ലഭിക്കുന്നതിന് അപേക്ഷിക്കുന്ന മുറയ്ക്ക് പ്രത്യേകാനുമതി നൽകുന്നതാണ്. ഇവരുടെ ശമ്പളം അന്യായമായി തടഞ്ഞുവച്ചിട്ടില്ല.

(സി) സർക്കാർ ഉത്തരവിന്റെയും സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ യഥാസമയം സ്ഥലംമാറ്റം അംഗീകരിച്ച് നൽകിയിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടില്ല.

(ഡി) ഇപ്രകാരമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെയും സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഇവരുടെ സ്ഥലംമാറ്റം അംഗീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും നിർദ്ദേശം ലഭിച്ചയുടൻ സ്ഥലംമാറ്റം അംഗീകരിച്ചുനൽകിയതായി കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഇ) 2013 ജൂൺ മുതൽ 2014 മെയ് മാസം വരെയുള്ള കുടിശ്ശിക ശമ്പളം മാറി നൽകിയിട്ടുണ്ട്. ശമ്പള ബിൽ സ്പാർക്ക്മുഖേന ആയതിനാൽ ഓരോ ബില്ലും പ്രത്യേകം പ്രത്യേകം മാറിവേണം ശമ്പളം എടുക്കേണ്ടത്. ആയതിനാലാണ് കാലതാമസം നേരിടുന്നത്. കുടിശ്ശിക ശമ്പളം 2014 ഡിസംബർ മാസത്തിൽതന്നെ മാറി നൽകാമെന്ന് പ്രഥമാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്.

(എഫ്) 21-2-2012-ലെ 5988/ജെ2/12/പൊ.വി. നമ്പർ സർക്കുലർ പ്രകാരം ഒരേ മാനേജ്മെന്റിലെ വിവിധ അൺ ഇക്കണോമിക്ക് സ്കൂളിലെ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലംമാറ്റമാണ് അംഗീകരിക്കാവുന്നത്. ചാരുംമൂട്

സെന്റ് മേരീസ് എൽ.പി.സ്കൂൾ ഇക്കണോമിക്കും കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ് എൽ.പി.സ്കൂൾ അൺ ഇക്കണോമിക്കും ആയതിനാൽ ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് സർക്കാരിനോട് സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. സർക്കാർ ഉത്തരവും സ്പഷ്ടീകരണവും ലഭിച്ച മുറയ്ക്ക് ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിച്ചുനൽകിയിട്ടുണ്ട്. ഇതിൽ അകാരണമായ കാലതാമസമുണ്ടായിട്ടില്ല.

(ജി) ഇപ്രകാരം സർക്കാരിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽനിന്നും നേരിട്ട് വിശദീകരണം തേടിയിട്ടുണ്ട്.

## ആദായകരമല്ലാത്ത സ്കൂളുകളുടെ നിലവാരമുയർത്താൻ നടപടി

**98 (3008)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആദായകരമല്ലാത്ത സ്കൂളുകളുടെ നിലവാരമുയർത്താൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് നൽകിയ എൻ.ഒ.സി. പിൻവലിച്ചുള്ളകൊണ്ടും അൺഎയ്ഡഡ് സ്കൂളുകൾക്ക് ഈ സർക്കാർ നൽകിയ അംഗീകാരം പിൻവലിച്ചുകൊണ്ടും അനാദായകരമായിപ്പോയ സ്കൂളുകളുടെ നിലവാരം ഉയർത്താമോ?

### ഉത്തരം

(എ) അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരമുയർത്താൻ വകുപ്പുതലത്തിൽ പല പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറി വിഭാഗം പോഷക വിഭാഗമായി ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് അനാദായകരമായ വിദ്യാലയങ്ങൾ ധാരാളമുണ്ട് എന്നത് വസ്തുതയാണ്. 60 കുട്ടികളിൽ കുറവുമാത്രമുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും പഠന നിലവാരമുയർത്തിയും ആകർഷകമാക്കുവാനും വരും വർഷം കൂടുതൽ കുട്ടികളെ ഉറപ്പാക്കുവാനുമായി ഫോക്കസ് 15 എന്ന പദ്ധതി സർവ്വശിക്ഷാ അഭിയാൻ നടപ്പിലാക്കിവരുന്നു.

(ബി) അഞ്ചിലധികം വർഷമായി തുടർന്നുവരുന്ന സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്കും സ്റ്റേറ്റ് സിലബസ് പ്രകാരമുള്ള വിദ്യാലയങ്ങൾക്കുമാണ് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. വർഷങ്ങളായി പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിച്ചുകൊണ്ടുമാത്രം അനാദായകരമായ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്താൻ കഴിയുമെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണവും കുട്ടികളുടെ കൊഴിഞ്ഞ് പോക്കും

**99 (3010)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിനും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്;

(ബി) സംസ്ഥാന സിലബസിൽ പഠിച്ച് വരുന്ന കുട്ടികൾക്ക് ഉന്നത പഠനത്തിനും മറ്റ് പ്ലസ് ടു അധിഷ്ഠിധ കോഴ്സുകൾക്കും മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുന്നതിനും സ്പോക്കൺ ഇംഗ്ലീഷ് കോഴ്സ് പഠിപ്പിക്കുന്നതിനും പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാലയങ്ങളുടെ സമ്പൂർണ്ണ വികസനം

**100 (3011)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളുടെ സമ്പൂർണ്ണ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്നത്;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം

**101 (3012)** <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരിൽനിന്നും എസ്.എസ്.എ.വഴി എത്ര രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപകർക്ക് ശമ്പളം നൽകിയ വകയിൽ ഈ ഫണ്ടിൽനിന്നും എന്ത് തുകയാണ് ചെലവഴിച്ചത് ;

(ഡി) ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയും നിലവാരവും

**102(3013)** <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയന വർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കേരള സ്കൂൾ പാഠ്യപദ്ധതി 2013 അനുസരിച്ച് ഘട്ടം ഘട്ടമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ 1,3,5,7,11 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി.

(ബി) 1,3,5,7,11 ക്ലാസുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി. 2,4,6,8,12 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങും 2015-16 അക്കാദമിക് വർഷം പരിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. 9,10 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും 2016-17 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കാൻ കേരള സ്കൂൾ സ്റ്റിയറിംഗ് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും പഠിതാവ് കേന്ദ്രീകൃതവുമായ പാഠ്യപദ്ധതി രൂപപ്പെടുത്തുകയും പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പഠനം എല്ലാ കുട്ടികളിലും ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതി രൂപപ്പെടുത്തിയപ്പോൾ എല്ലാഘട്ടങ്ങളിലും എല്ലാ ക്ലാസ്സുകളിലും കുട്ടി കൈവരിക്കേണ്ട പഠന നേട്ടങ്ങൾ പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത് വിലയിരുത്തുന്നതിനായി അതിനുതകുന്ന രീതിയിലുള്ള ടൂളുകളും വികസിപ്പിച്ച് നടപ്പിലാക്കി വരികയാണ്. കൂടാതെ അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം ഇതിനെ അടിസ്ഥാനപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

**103 (3014)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്ക് പുതുതായി അംഗീകാരം നൽകുകയുണ്ടായിട്ടുണ്ട് ; ഈ സർക്കാർ അംഗീകാരം നൽകിയ മൊത്തം സ്കൂളുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിപ്പോൾ സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് അനധികൃതം എന്നിങ്ങനെ ഓരോ മേഖലയിലും ഉള്ള സ്കൂളുകൾ എത്ര ;

(ഡി) അംഗീകാരത്തിനായി അപേക്ഷ ക്ഷണിച്ചതനുസരിച്ച് സർക്കാരിന് ലഭിച്ച അപേക്ഷകൾ എത്ര ; ഇതിൽ എത്ര എണ്ണത്തിന് പുതുതായി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നു ;

(ഇ) അംഗീകാരമില്ലാതെ പ്രവർത്തിച്ച് വന്നിരുന്ന സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിന്റെ ഉദ്ദേശ്യം എന്താണ് ; ഇത് അനധികൃത സ്കൂളുകൾ പെരുകുന്നതിന് കാരണമായിട്ടില്ലേ ; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പുനിർദ്ദേശങ്ങളോ സർക്കാർ അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാന സിലബസ് പിൻതുടരുന്ന സ്കൂളുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് അനധികൃതം എന്നിങ്ങനെ ഓരോ മേഖലയിലുമുള്ള വിദ്യാലയങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

<u>സർക്കാർ വിദ്യാലയങ്ങൾ :</u>

| | | |
|---|---|---|
| എൽ.പി. | - | 2601 |
| യു.പി. | - | 857 |
| എച്ച്.എസ്. | - | 1161 |
| ആകെ | | 4619 |

<u>എയ്ഡഡ് വിദ്യാലയങ്ങൾ</u>

| | | |
|---|---|---|
| എൽ.പി. | - | 3893 |
| യു.പി. | - | 1846 |
| എച്ച്.എസ് | - | 1406 |
| ആകെ | | 7145 |

<u>അൺ എയ്ഡഡ്</u>

| | | |
|---|---|---|
| എൽ.പി. | - | 249 |
| യു.പി. | - | 205 |
| എച്ച്.എസ്. | - | 397 |
| ആകെ | | 851 |

<u>അനധികൃതം</u>

അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാന സിലബസ് പിൻതുടരുന്ന സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അപേക്ഷ സമർപ്പിക്കുന്ന സമയപരിധി 31-12-2014 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ കൃത്യമായ അപേക്ഷകളുടെ എണ്ണം ലഭ്യമല്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നതുപ്രകാരമാണ് അംഗീകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ആയതുപ്രകാരം സ്കൂളുകൾ പെരുകുന്നതിന് കാരണമാകുമെന്ന വാദത്തിന് അടിസ്ഥാനമില്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

**104 (3015)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) മാനദണ്ഡം ലംഘിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സിലബസ് പ്രകാരം അദ്ധ്യയനം നടത്തുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ.(കൈ) നമ്പർ 184/2013/പൊ.വി.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗീകാരത്തിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ എൻ.ഒ.സി. (ആക്ഷേപരഹിത പത്രം) നൽകുന്നതിനായി 7-10-2013-ലെ ജി.ഒ.(എംഎസ്.) 202/11/പൊ.വി. പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം - 2 ആയി ഉള്ളടക്കം ചെയ്യുന്നു.*)

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളിനും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാധ്യമല്ല. വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-1-2015 വരെയും സ്റ്റേറ്റ് സിലബസ് പിൻതുടരുന്ന, സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-12-2014 വരെയും ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ വിശദമായി പരിശോധിച്ചശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## പാഠപുസ്തകങ്ങളുടെ അച്ചടി

**105 (3016)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചത് സർക്കാർ പ്രസ്സുകളിൽ അതിന് സംവിധാനങ്ങൾ ഇല്ലാത്തത് കൊണ്ടാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ച നടപടി സർക്കാർ അനുമതിയോടുകൂടി ആയിരുന്നുവോ ; 2013, 2014 വർഷങ്ങളിൽ എത്ര പുസ്തകങ്ങൾ സ്വകാര്യ പ്രസ്സുകൾവഴി അച്ചടിക്കുകയുണ്ടായി ;

(സി) ഇതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നുവോ ; ടെണ്ടറുകളിൽ പങ്കെടുത്ത പ്രസ്സുകൾ ഏതൊക്കെയായിരുന്നു ; വർക്ക് അവാർഡ് ചെയ്ത് ഏതെല്ലാം പ്രസ്സുകൾക്ക് എന്ത് നിരക്കിലായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) അച്ചടി ഏറ്റെടുത്ത പ്രസ്സുകൾ യഥാസമയംതന്നെ എല്ലാ പാഠപുസ്തകങ്ങളും അച്ചടിച്ച് നൽകുകയുണ്ടായോ ;

(ഇ) പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2008-09 അദ്ധ്യയന വർഷം മുതൽ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് സമയബന്ധിതമായി സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള ചുമതല, പൊതുമേഖലാ സ്ഥാപനമായ സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ടെണ്ടർ വിളിച്ചിരുന്നു. സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം, എസ്.ടി. റെഡ്യാർ ആന്റ് സൺസ് (വി.വി.എസ്) പബ്ലിക്കേഷൻസ് ആന്റ് കമ്പ്യൂട്ടറൈസ്ഡ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, എറണാകുളം, രാഷ്ട്രദീപിക, കോട്ടയം എന്നീ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. വർക്ക് നൽകിയിരുന്നത് സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം എന്ന പ്രസ്സിനാണ്. നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം എ )*

(ഡി) അച്ചടി ഏറ്റെടുത്ത സോളാർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം ഏകദേശം എല്ലാ പാഠപുസ്തകങ്ങളും യഥാസമയംതന്നെ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി.

(ഇ) സർക്കാർ പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം ബി & സി)*

## അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ

**106 (3017)** <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി ; LP, UP, High School, HSS എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പുനിർദ്ദേശങ്ങളോ സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) പുതിയ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള വിദ്യാലയങ്ങൾക്ക് 31-12-2014 വരെയും സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് 31-1-2015 വരെയും അംഗീകാരം നേടാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## വിദ്യാർത്ഥികളുടെ യൂണിഫോം

**107(3018)** <u>ശ്രീ. എ. എ. അസീസ്</u>:

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ യൂണിഫോം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ സൗജന്യ യൂണിഫോം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏകീകൃത യൂണിഫോം നടപ്പിലാക്കുവാൻ ഇതുവരെയും തീരുമാനിച്ചിട്ടില്ല.

(ബി) നിലവിൽ എസ്.എസ്.എ. പദ്ധതിപ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യയൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നില്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 2013-14 വർഷത്തിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതനുസരിച്ച് ഒരു ജോഡി യൂണിഫോമിന് തയ്യൽ കൂലിയടക്കം 200 രൂപ നിരക്കിൽ രണ്ടുജോഡി യൂണിഫോമിന് 400 രൂപ വീതം എയ്ഡഡ് മേഖലയിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെ എല്ലാ വിദ്യാർത്ഥികൾക്കും അനുവദിച്ചിരുന്നു. ഓരോ സ്കൂളിനും അവർക്കിഷ്ടമുള്ള പാറ്റേൺ യൂണിഫോമും കളറും തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും അനുവദിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പോളിടെക്നിക്കുകളിലെ വനിതാ ഹോസ്റ്റലുകൾ

**108(3019)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോളിടെക്നിക്കുകൾക്കുകീഴിൽ എത്ര വനിതാ ഹോസ്റ്റലുകൾ നിലവിലുണ്ട് ; ഇവ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തന ഫണ്ട് എപ്രകാരമാണ് ;

(സി) ഇത്തരം ഹോസ്റ്റലുകളിൽ ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ;

(ഡി) മതിയായ ജീവനക്കാരില്ലാത്തതുകാരണം പ്രവർത്തനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഹോസ്റ്റലുകളെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം ഹോസ്റ്റലുകളിൽ ആവശ്യത്തിന് ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ 33 പോളിടെക്നിക്ക് കോളേജുകളിൽ വനിതാ ഹോസ്റ്റലുകൾ നിലവിലുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. ഇവയിൽ പുതുതായി ആരംഭിച്ച 28 എണ്ണം പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ബി&സി) നിലവിൽ പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, പയ്യന്നൂർ എന്നീ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജുകളിലെ വനിതാ ഹോസ്റ്റലുകളിൽ ഭക്ഷണത്തിന്റെ ചെലവും വാടകയും കുട്ടികളിൽനിന്നും ശേഖരിക്കുന്നു. ജീവനക്കാരുടെ ശമ്പളം സർക്കാർ വഹിക്കുന്നു. ഇവിടെ മേട്രൻ, ഹെഡ് കുക്ക്, അസിസ്റ്റന്റ് കുക്ക്, സ്റ്റിവാർഡ് എന്നീ തസ്തികകൾ ഉണ്ട്. പുതുതായി ആരംഭിച്ച പാലക്കാട് ഗവൺമെന്റ് പോളിടെക്നിക്കിലെ വനിതാ ഹോസ്റ്റലിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ, പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ല. അതിനാൽ ഭക്ഷണം പാകപ്പെടുത്തി കുട്ടികൾക്ക് എത്തിക്കുന്ന ജോലിയും

ശുചീകരണ ജോലികളും കുടുംബശ്രീ യൂണിറ്റുകളുടെയും സെക്യൂരിറ്റി ജോലികൾ അംഗീകൃത Ex-servicemen സംഘടനകളുടെയും സേവനം ഉപയോഗിച്ച് നിർവ്വഹിക്കുവാനുള്ള സാധ്യത പരിശോധിച്ച് വരുന്നു.

## വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം

**109(3020)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) സ്കൂൾ പരിസരത്തെ കടകളും അലഞ്ഞുതിരിയുന്ന സാമൂഹ്യ വിരുദ്ധരും വിദ്യാർത്ഥികളുടെ ലഹരി ഉപയോഗത്തെ വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് എക്സൈസ്, സാമൂഹ്യക്ഷേമം, ആഭ്യന്തരം എന്നീ വകുപ്പുകളുമായി യോജിച്ചുള്ള പ്രവർത്തനത്തിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## 10-ാം ക്ലാസ്സിലെ സാമൂഹ്യപാഠം

**110(3021)** ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ക്ലാസ്സിലെ സാമൂഹ്യ പാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പത്താംതരത്തിൽ പൊതു പരീക്ഷയിൽ കഴിഞ്ഞ വർഷത്തെ റിസൾട്ടിൽ ഇതര വിഷയങ്ങൾക്ക് ഉയർന്ന് ഗ്രേഡ് ലഭിച്ചവരിൽ പലർക്കും സാമൂഹ്യ പാഠത്തിനു ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യപാഠത്തിന്റെ ബൃഹത്തായ പാഠ്യക്രമംമൂലം യഥാസമയം പഠിപ്പിച്ചുതീർക്കുന്നതിന് സാധിക്കുന്നില്ലായെന്ന വ്യപകമായ പരാതി ഗൗരവമായി എടുത്ത് പാഠ്യക്രമം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-ാം ക്ലാസ്സിലെ സാമൂഹ്യപാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കിയിട്ടുള്ളതാണ്. ഇപ്പോൾ നടക്കുന്ന പാഠ്യ പദ്ധതി പരിഷ്കരണത്തിന് തുടർച്ചയായി സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം പരിഷ്കരിക്കുന്നത് സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണ്.

## അസാപ് (ASAP)-സ്കിൽ പാർക്കുകൾ

**111(3022)** ശ്രീ. ടി. വി. രാജേഷ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് പരിശീലനം നൽകുന്ന പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വായ്പ ലഭിച്ചത് ; ഈ വായ്പയുടെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ;

(ബി) അസാപിന്റെ (ASAP) കീഴിൽ എവിടെയൊക്കെയാണ് സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 100 മില്ല്യൺ ഡോളേഴ്സ് (621 കോടി രൂപ)വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്ല്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതൊരു ആർ.ബി.എൽ. (Result Based Lending)ആണ്. 2018-നുള്ളിൽ 2,30,000 കുട്ടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ ആയി പ്രവർത്തിക്കുന്ന നിലവിലുള്ള സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000 ത്തോളം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

(ബി) ആദ്യ ഘട്ടത്തിൽ 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനു ആവശ്യമായ സർക്കാർ ഭൂമി ലഭ്യമാക്കാൻ എം.എൽ.എ.മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി. പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും.

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തിക

**112(3023)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തികയിൽ 2012-ന് ശേഷം പുതുതായി അംഗീകാരം ലഭിച്ച എത്ര തസ്തികകളാണുള്ള തെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിൽ എത്ര തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പുതുതായി അംഗീകാരം ലഭിച്ചതോ, ഒഴിവുവരുന്നതോ ആയ തസ്തികകളിൽ എത്ര ശതമാനമാണ് ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുക എന്ന കാര്യം വിശദമാക്കുമോ ;

(ഇ) നിലവിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്ത കാര്യത്തിനായി തസ്തികകൾ മാറ്റിവയ്ക്കാൻ സാധിക്കുമോ ; ആയത് ഏത് നിയമപ്രകാരമാണെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) രണ്ട് തസ്തികകൾ.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 31-8-2013-ലാണ് രണ്ട് തസ്തികകൾ എച്ച്.എസ്.എസ്.റ്റി.ജിയോളജി (സീനിയർ) വിഭാഗത്തിൽ നിലവിൽ വന്നത്. ഈ തസ്തികകളിൽ സ്പെഷ്യൽ റൂൾ പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ ജൂനിയർ എച്ച്.എസ്.എസ്.റ്റി.-മാർ ഇല്ലെന്ന് ഉറപ്പ് വരുത്തിയതിനുശേഷംമാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

(ഡി) ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകരെയാണ് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.റ്റി. ആയി നിയമിക്കുന്നത്. അവരുടെ അഭാവത്തിൽ ആകെ ഒഴിവുകളുടെ 25% യോഗ്യരായ ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ (എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ) തസ്തികമാറ്റ നിയമനം വഴിയും 75% നേരിട്ടുള്ള നിയമനംവഴിയും നികത്തുന്നു. എച്ച്.എസ്.എസ്.ടി.(ജൂനിയർ) തസ്തികയിലെ ആകെ ഒഴിവുകളുടെ 25% ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരിൽനിന്നും തസ്തികമാറ്റ നിയമനംവഴിയും 75% നേരിട്ടുള്ള നിയമനംവഴിയും നികത്തുന്നു.

(ഇ) ഇല്ല. ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ള എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർ ഉണ്ടെങ്കിൽ ടി തസ്തികകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർക്ക് മാറ്റിവയ്ക്കേണ്ടതാണ്. യോഗ്യരായ എച്ച്.എസ്.എസ്.ടി.(ജൂനിയർ) അദ്ധ്യാപകർ ഇല്ലെങ്കിൽ മാത്രമേ ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ വിഭജിച്ച് തസ്തികമാറ്റനിയമനം മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നികത്തുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

**സ്കൂളുകളിൽ RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി**

**113(3024)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത എത്ര സ്കൂളുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ; വ്യക്തമാക്കുമോ ; പ്രസ്തുത സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ബി) സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്തതും RMSA പദ്ധതി പ്രകാരം 8, 9 ക്ലാസുകൾ തുടങ്ങാൻ ആവശ്യപ്പെട്ടതുമായ സ്കൂളുകളിൽ അടിയന്തരമായി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 111 സ്കൂളുകളാണ് ആർ.എം.എസ്.എ. പദ്ധതി പ്രകാരം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആർ.എം.എസ്.എ. നോംസ് പ്രകാരമുള്ള തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിനുപരിയായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. അദ്ധ്യയനം തടസ്സപ്പെടാതിരിക്കാൻ അദ്ധ്യാപക ബാങ്കിൽനിന്നും അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി**

**114(3025)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിപ്രകാരം ആരംഭിച്ച സ്കൂളുകളുടെ നടത്തിപ്പിന് ഇപ്പോൾ അനുഭവപ്പെടുന്ന വിഷമതകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം അദ്ധ്യാപക നിയമനം, ആർ.എം.എസ്.എ. നോംസിന് പുറമെയുള്ള അദ്ധ്യാപകരുടെ ശമ്പളം, സമാന്തര ഡിവിഷനുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ ശമ്പളം, കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ സംബന്ധിച്ചുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 60 സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണം ദ്രുതഗതിയിലാക്കാൻ ആർ.എം.എസ്.എ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. നോംസിന് പുറമെയുള്ള അദ്ധ്യാപകർക്ക് ശമ്പളം സംസ്ഥാന ഫണ്ടിൽനിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ പാർട്ട്ടൈം U.P.S.A. (ഹിന്ദി)യുടെ നിയമനം

**115(3026)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പാർട്ട്ടൈം U.P.S.A. (ഹിന്ദി)യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിയമനം ഏത് വരെയായി ; പ്രസ്തുത ലിസ്റ്റിൽ നിന്നും സൂപ്പർ ന്യൂമററി നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) വയനാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട്ടൈം U.P.S.A. (ഹിന്ദി) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ; സൂപ്പർ ന്യൂമററി തസ്തിക കണക്കാക്കി ആയത് P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ എത്ര പേരാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 18 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. സൂപ്പർ ന്യൂമററി നിയമനം നടത്തിയിട്ടില്ല.

(ബി) ഒഴിവ് നിലവിലില്ല. സൂപ്പർ ന്യൂമററി തസ്തിക കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല

(സി) ദിവസവേതനാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## സീ-മാറ്റ് കേരള ഡയറക്ടർ വത്സലകുമാർ മിസ്-റെപ്രസന്റേഷൻ നടത്തിയതായി കണ്ടെത്തിയ സംഭവം

**116(3027)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീ-മാറ്റ് കേരള ഡയറക്ടർ വത്സലകുമാർ പ്രൊഫസർ എന്ന ഇല്ലാത്ത പദവി ഉപയോഗിച്ച് മിസ്-റെപ്രസന്റേഷൻ നടത്തിയതായി കണ്ടെത്തുകയും ഇക്കാര്യം അന്വേഷിക്കുന്നതിനായി സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തതിനുശേഷം എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു.

## സീ-മാറ്റ് കേരളയുടെ ഫണ്ട് വകമാറ്റൽ

**117(3028)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിവരുന്ന സ്വദ്ഗമയ എന്ന പദ്ധതിക്ക് ക്രമവിരുദ്ധമായി സീ-മാറ്റ് ഫണ്ട് 25.36 ലക്ഷം രൂപ വകമാറ്റി നൽകിയതിനെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ക്രമവിരുദ്ധമായി നൽകിയ പ്രസ്തുത തുക തിരിച്ചുപിടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്രമക്കേട് കാണിച്ച ബന്ധപ്പെട്ടവർക്കെതിരെ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

## എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ

**118(3030)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.സി.ടി.ഇ. (AICTE) യുടെ പുതിയ ശമ്പള സ്കെയിൽ നടപ്പാക്കിയതിനുശേഷം എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ.ബി.എസ്. (LBS)-ന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2012-ൽ നടപ്പിലാക്കിയ പ്രൊമോഷനുകളിൽ പ്രസ്തുത യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപക തസ്തികകളിലെ പ്രൊമോഷനുകൾക്ക് വേണ്ടിയുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) 2012-ൽ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കിയ പ്രൊമോഷനുകളിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) 2012-ലെ പ്രൊമോഷന് സർവ്വീസ് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് പ്രൊമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010-ൽ പുതിയ ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതിനുമുമ്പെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്കുള്ള യോഗ്യതകൾ വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ട്. അതിൻപ്രകാരമുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു :

I. Ph.D degree with the I[st] class degree at Bachelor's or Master's level in the appropriate branch of Engineering/ Technology

II. 3 years experience in teaching/Industry/Research at the level of Lecturer or equivalent.

2010-ലെ AICTE റെഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു :

1. B.E/B.Tech and M.E/M.Tech in the relevant branch with first class or equivalent either in B.E/B.Tech or M.E/M.Tech

2. Ph.D or equivalent in the appropriate discipline with minimum of 5 years experience in teaching/research/ industry.



LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ.ബി.എസ്. സെന്ററിന്റെ എൺപത്തി ഒമ്പതാമത് കാര്യോപദേശക സമിതി സെന്ററിനുകീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ലക്ചറർ (Revised as Assistant Professor)തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവന ദൈർഘ്യം, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (Revised as Associate Professor) തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും 26-9-2012-ലെ സെലക്ഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം അദ്ധ്യാപകൻ പ്രൊമോഷൻ ഉത്തരവാകുന്ന തീയതി മുതൽ ഏഴ് വർഷത്തിനുള്ളിൽ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ചട്ടപ്രകാരം)പി.എച്ച്.ഡി. ബിരുദം നേടിയിരിക്കേണ്ടതാണ് എന്നുള്ള നിബന്ധനകൾക്ക് വിധേയമായി അദ്ധ്യാപകരെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇത് 7-12-2010-ന് മുമ്പ് പ്രൊമോഷൻ അർഹതയുള്ളവർക്ക്, അന്ന് നിലവിൽ (1996 സ്കീം)ഉള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

(സി) എ.ഐ.സി.റ്റി.ഇ./കേരള ഗവൺമെന്റ് റൂൾസ്-ഉം എൽ.ബി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് വിധേയമായുമാണ് നിയമനം നടത്തുന്നത്.

(ഡി) ഉണ്ട്.

(ഇ) 6-8-2012-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും മേൽപ്പടി വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി 26-9-2012-ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസോസിയേറ്റ് പ്രൊഫസർ ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എഞ്ചിനീയറിംഗ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനം

**119(3031)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.സി.ടി.ഇ. മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് വേണ്ട അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മാനദണ്ഡം സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നു മുതലാണ്;

(സി) സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പ്രസ്തുത യോഗ്യത, മാനദണ്ഡം പാലിക്കപ്പെടാതിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം എന്താണ്;

(ഡി) സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്നതിന് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതിവരുത്തി യോഗ്യതയിൽ വ്യത്യാസം വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ബന്ധപ്പെട്ട ബ്രാഞ്ചിൽ ബി.ഇ./ബി.ടെക്-ഉം എം.ഇ/എം.ടെക്-ഉം, ബി.ഇ/ബി.ടെക്കിനോ എം.ഇ.,എം. ടെക്കിനോ ഫസ്റ്റ് ക്ലാസും അസിസ്റ്റന്റ് പ്രൊഫസർ ആർക്കിടെക്ചറിന് ബി.ആർക്ക്-ഉം എം.ആർക്ക്-ഉം രണ്ടിൽ ഏതെങ്കിലും ഒരെണ്ണം ഫസ്റ്റ് ക്ലാസ്സിൽ പാസ്സായിരിക്കണം.

(ബി) 21-6-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ321/13/ഉ.വി.വ പ്രകാരമാണ് പ്രസ്തുത മാനദണ്ഡം നടപ്പിലാക്കിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ യോഗ്യതകൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്നതിന് നിലവിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുമ്പോൾ, യോഗ്യതയിൽ മാത്രമല്ല, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, പ്രിൻസിപ്പാൾ തസ്തികകളിലേയ്ക്കുള്ള നിയമനരീതിയിലും അതിനായുള്ള മാനദണ്ഡങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഇത് സംബന്ധിച്ച കേസ് നിലവിലുണ്ട്. ഇതിന്മേൽ തീരുമാനമായതിനുശേഷം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സർവ്വകലാശാലയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗുകളും

**120(3038)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയ്ക്ക് കീഴിൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗുകളും തുടങ്ങിയത് ഏത് വർഷമാണ്; എത്ര എണ്ണം ; വിശദമാക്കുമോ ;

(ബി) അവ ഏതെല്ലാമെന്നും ഓരോന്നും തുടങ്ങിയവർഷം ഏതാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളത് ; വിശദമാക്കുമോ ;

(ഡി) തുടങ്ങിയതുമുതൽ പ്രസ്തുത സെന്ററുകളിൽ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കുന്നുണ്ട്;

(ഇ) ഓരോ സെന്ററുകളിലെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും എണ്ണം വ്യക്തമാക്കുമോ ;

(എഫ്) ആരംഭം മുതൽ പ്രസ്തുത സെന്ററുകളിൽ സ്ഥിരമായി കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന അദ്ധ്യാപകരെത്ര ; അനദ്ധ്യാപകരെത്ര ;

(ജി) 2010,11,12,13 വർഷങ്ങളിൽ പ്രസ്തുത സെന്ററുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഫീസിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; ഓരോ സെന്ററുകളുടെയും വരുമാനം വ്യക്തമാക്കുമോ ; പ്രസ്തുത സെന്ററുകൾ നടത്തുന്നതിനാവശ്യമായ വരുമാനം എല്ലാ സെന്ററുകളിൽനിന്നും ലഭിക്കുന്നുണ്ടോ ; അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്റ്റെയിൽ ഓഫ് പേ നടപ്പിലാക്കുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ ; അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയതെന്നാണ് ; സ്റ്റെയിൽ ഓഫ് പേ സംബന്ധിച്ച് യൂണിവേഴ്സിറ്റി അധികൃതരുടെ ഒരു യോഗം വിളിച്ചുകൂട്ടുമോ ?

### ഉത്തരം

(എ-എഫ്) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2000 ത്തിലാണ് തുടങ്ങിയത്. ബി.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി എന്നീ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്തിവരുന്നത്.

| | | |
|---|---|---|
| അദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ) | - | 51 |
| അനദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ) | - | 17 |
| സ്ഥിരം ജീവനക്കാർ | - | 4 |
| ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ | - | 16 |

(ജി) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

യൂണിവേഴ്സിറ്റി കോളേജ് ഓഫ്. എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2010 | - | 5,81,58,900 രൂപ |
| 2011 | - | 3,39,53,750 " |
| 2012 | - | 3,64,10,100 " |
| 2013 | - | 3,38,97,950 " |

അദ്ധ്യാപകരുടെ കരാറടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം 1-4-2014-ൽ ആണ് നടപ്പിലാക്കിയത്.

## എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ

**121(3039)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ലോ കോളേജുകളിലാണ് എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ.എൽ.ബി. ഈവനിംഗ് ക്ലാസ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) മലബാർ ഭാഗത്ത് എൽ.എൽ.ബി. ഈവനിംഗ് കോഴ്സ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ.

(ബി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ.

(സി) ഇല്ല. നിലവിൽ ബന്ധപ്പെട്ട സർവ്വകലാശാലയിൽനിന്നും ശിപാർശ ലഭിച്ചിട്ടില്ല.

## വിദൂര വിദ്യാഭ്യാസ സമ്പ്രദായംമുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾക്ക് അംഗീകാരം

**122(3040)** ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർവ്വകലാശാലകളിൽ നിന്നും വിദൂര വിദ്യാഭ്യാസ സമ്പ്രദായം മുഖേന നേടുന്ന ആർട്സ്, കോമേഴ്സ് ബിരുദാനന്തര ബിരുദങ്ങൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള P.S.C. മുഖേനയുള്ള നിയമനങ്ങൾക്കുള്ള യോഗ്യതയായി ഇവ പരിഗണിക്കുന്നുണ്ടോ ; മേൽപ്പറഞ്ഞ യോഗ്യത വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽമാത്രം പരിഗണിക്കുന്നില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലെ സ്പെഷ്യൽ റൂൾസ് കാലോചിതമായി ഭേദഗതി ചെയ്യാത്തതുമൂലം വിദൂര വിദ്യാഭ്യാസ സമ്പ്രദായംമുഖേന ആർട്സ്, കോമേഴ്സ്, വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേക്ക് നടത്തുന്ന പി.എസ്.സി.യുടെ നിയമനങ്ങളിൽനിന്നും അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വകലാശാലകളുടെ അക്കാഡമിക് ബോഡികളാണ് വിദൂര വിദ്യാഭ്യാസംമുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. സർവ്വകലാശാലകൾ അംഗീകാരം നൽകിയ ബിരുദ, ബിരുദാനന്തര ബിരുദങ്ങൾ എന്നിവ സംബന്ധിച്ച വിവരം സർവ്വകലാശാലകളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹയർസെക്കന്ററി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ റെഗുലർ പഠനത്തിലൂടെ നേടിയിരിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ടി നിബന്ധന വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കായികസർവ്വകലാശാല

**123(3041)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇപ്രകാരം ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കായിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും കായിക പരിശീലനത്തിനുമായി ദേശീയ നിലവാരത്തിലുള്ള ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് സർവ്വകലാശാല

**124(3042)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് യോഗങ്ങളിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിൽ സംഘർഷം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്ന് നടന്ന യോഗത്തിലാണ് ഇത് സംഭവിച്ചത്; ഇത് സംബന്ധിച്ച് ആരെങ്കിലും പോലീസിൽ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആരാണ് പരാതി നൽകിയത് ;

(ബി) സിൻഡിക്കേറ്റ് യോഗതീരുമാനങ്ങൾ വി.സി. നടപ്പിലാക്കാത്ത സ്ഥിതിയുണ്ടോ ;

(സി) സിൻഡിക്കേറ്റിനെ മറികടന്ന് വി.സി. ഏകപക്ഷീയമായ തീരുമാനം എടുത്ത് നടപ്പാക്കുന്നതായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് പരാതിയുണ്ടോ ;

(ഡി) വി. സി.-യും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള തർക്കം കാരണം സർവ്വകലാശാലയിൽ യഥാസമയം തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടോ ?

### ഉത്തരം

(എ) ഉണ്ട്. 18-8-2014-ൽ ചേർന്ന യോഗത്തിൽ ഈ യോഗത്തിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും സിൻഡിക്കേറ്റംഗം ശ്രീ. പി. എം. സലാഹുദ്ദീനും പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(ബി) സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലറുടെ വിയോജിപ്പോടെ എടുത്ത ചില തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല.

(സി) ഇത്തരം പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ഡി) വി.സി.യും സിൻഡിക്കേറ്റും തമ്മിലുള്ള തർക്കവും സർവ്വകലാശാലയിൽ നടക്കുന്ന സമരവും ചർച്ച ചെയ്യുന്നതിനായി 28-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഈ പ്രശ്നത്തിൽ ഇടപെട്ട മധ്യസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും പരസ്പര ബഹുമാനത്തോടും വിശ്വാസത്തോടുംകൂടി പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലെ വിദ്യാർത്ഥികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

**125(3043)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ; ഇത് സർവ്വകലാശാല അധികൃതർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കാമ്പസിലെ റെഗുലർ വിദ്യാർത്ഥികൾക്ക് നിലവിൽ മതിയായ ഹോസ്റ്റൽ സൗകര്യമുണ്ടോ ; നിശ്ചിത എണ്ണത്തിൽ കൂടുതൽ കുട്ടികൾ ഇപ്പോൾ ഹോസ്റ്റലിൽ കഴിയുന്നുണ്ടോ ;

(സി) അപേക്ഷ നൽകിയ എത്ര റെഗുലർ വിദ്യാർത്ഥികൾക്ക് ഇനിയും ഹോസ്റ്റൽ സൗകര്യം നൽകാനുണ്ട് ; ഇവർക്ക് എന്നത്തേയ്ക്ക് ഹോസ്റ്റൽ സൗകര്യം നൽകാനാവുമെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) സ്വാശ്രയ-കായിക വിദ്യാർത്ഥികൾക്ക് പുരുഷ ഹോസ്റ്റലിൽ റെഗുലർ/എയ്ഡഡ് വിദ്യാർത്ഥികൾക്കൊപ്പം താമസ സൗകര്യം നൽകരുതെന്നും പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്വാശ്രയ ഫണ്ട് ഉപയോഗിച്ച് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്നമാണ് എസ്.എഫ്.ഐ-യുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെ പ്രധാന ആവശ്യം. കായിക വകുപ്പിലെ സമയക്രമം അനുസരിച്ച് (രാവിലെ 6.30 മുതൽ 8.30 വരെയും, വൈകുന്നേരം 3.30 മുതൽ 6.30 വരെയും) പരിശീലനം നടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. കായിക വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തിയിരുന്ന സർവ്വകലാശാല ക്വാർട്ടേഴ്സ് താമസയോഗ്യമല്ലാതായതിനെതുടർന്ന് പുരുഷ ഹോസ്റ്റലിൽ താമസ സൗകര്യം ഏർപ്പെടുത്തുകയാണ് സർവ്വകലാശാല ചെയ്തത്.

(ബി) പരമാവധി 878 വിദ്യാർത്ഥികൾക്ക് താമസിക്കാവുന്ന വനിതാ ഹോസ്റ്റലിൽ 361 സ്വാശ്രയ വിദ്യാർത്ഥികൾ ഉൾപ്പെടെ 1128 പേർ താമസിക്കുന്നുണ്ട്. 376 പേർക്ക് താമസിക്കാവുന്ന പുരുഷ ഹോസ്റ്റലിൽ 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾ ഉൾപ്പെടെ 376 പേർ താമസിക്കുന്നുണ്ട്.

28-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുത്തവർ ഹോസ്റ്റലുകളുടെ അവസ്ഥ ദയനീയമായതിനാൽ അവ അടിയന്തരമായി പുതുക്കി പണിയണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കാനും പൊതു മെസ് സൗകര്യം ഉപയോഗിക്കാനും ധാരണയായിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) പുരുഷ ഹോസ്റ്റലിൽ താമസിക്കുന്ന 47 സ്വാശ്രയ കായിക വിദ്യാർത്ഥികൾക്ക് നവീകരിച്ച ഗസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്ക് അനുവദിച്ച് സർവ്വകലാശാല ഉത്തരവായിട്ടുണ്ട്. ഇവർ മാറുന്നതോടെ അപേക്ഷ നൽകിയിട്ടുള്ള 44 റെഗുലർ വിദ്യാർത്ഥികൾക്കുകൂടി പുരുഷ ഹോസ്റ്റലിൽ താമസ സൗകര്യം നൽകാൻ കഴിയും.

## പോളിസ്റ്റീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ

**126(3044)** <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-11-2003-ലെ സ.ഉ. (ആർറ്റി.)നമ്പർ 1540/2003/(ഉന്നത വിദ്യാഭ്യാസം) പ്രകാരം യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകൾക്ക് വിധേയമായി പോളിസ്റ്റീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ ;

(ബി) നിലവിൽ അപ്രകാരം പ്രൊമോഷൻ നടക്കുന്നുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിസ്റ്റീമിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നത് വകുപ്പിന്റെ സ്പെഷ്യൽ റൂൾ വ്യവസ്ഥകൾ പ്രകാരമാണ്. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് ബാധകമല്ല. വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രൊമോഷനുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയവർ

**127(3048)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയെന്ന് അറിയിക്കുമോ ;

(ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രവേശനം പൂർത്തിയായിട്ടും മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും എത്രവീതം സീറ്റുകൾ ഒഴിവുണ്ടെന്നും ഇവ ഒഴിഞ്ഞുകിടക്കാൻ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ ജനറൽ വിഭാഗത്തിൽ എത്രയെന്നും സംവരണ വിഭാഗത്തിൽ എത്രയെന്നും ജാതി അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ സീറ്റിൽ ഈ അദ്ധ്യയന വർഷത്തിൽ 28483 വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. അലോട്ട്മെന്റിനുശേഷം ഒഴിവ് വന്ന സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുവാൻ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴ്സ് തിരിച്ചുള്ള അലോട്ട്മെന്റ് വിവരം ചുവടെ ചേർക്കുന്നു :

| കോഴ്സ് | പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| എഞ്ചിനീയറിംഗ് | 23782 |
| ആർക്കിടെക്ചർ | 609 |
| മെഡിക്കൽ | 4092 |
| ആകെ | 28483 |

(ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | | വിഭാഗം | അലോട്ട്മെന്റ് നൽകിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| I | | | ജനറൽ | 19611 |
| II | | | എസ്.ഇ.ബി.സി. | |
| | I | 1 | ഈഴവ | 1520 |
| | | 2 | മുസ്ലീം | 1319 |
| | | 3 | ബാക്ക്വേഡ് ഹിന്ദു | 836 |
| | | 4 | ലാറ്റിൻ കാത്തലിക് | 308 |
| | | 5 | ബാക്ക്വേഡ് ക്രിസ്ത്യൻ | 137 |
| | | 6 | കുടുംബി | 107 |
| III | | | എസ്.സി./എസ്.റ്റി. | |
| | | 1 | പട്ടികജാതി | 1477 |
| | | 2 | പട്ടികവർഗ്ഗം | 141 |

ബാക്കിയുള്ള സീറ്റുകളിൽ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റിക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലായാണ് അലോട്ട് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| കോഴ്സ് | അലോട്ട്മെന്റിനുശേഷംഒഴിവുവന്ന സീറ്റുകളുടെ എണ്ണം |
|---|---|
| എഞ്ചിനീയറിംഗ് | 12181 |
| ആർക്കിടെക്ചർ | 99 |
| മെഡിക്കൽ കോഴ്സുകൾ. | |
| എം.ബി.ബി.എസ്. | 06 |
| ബി.ഡി.എസ്. | 113 |
| ആയുർവ്വേദ | 47 |
| ഹോമിയോ | 19 |
| സിദ്ധ | 10 |

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ എം.ബി.ബി.എസ്/ബി.ഡി.എസ്. ഒഴികെ മറ്റ് സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ വഴി നികത്തുവാൻ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.ബി.ബി.എസ്./ബി.ഡി.എസ്. ഒഴികെ മറ്റ് കോഴ്സുകളിലേയ്ക്ക് ആവശ്യമുള്ള ഓപ്ഷൻ വിദ്യാർത്ഥികൾ സമർപ്പിക്കാത്തതിനാലും അനാവശ്യ ഓപ്ഷൻ നൽകിയതിനുശേഷം വിദ്യാർത്ഥികൾ ജോയിൻ ചെയ്യാത്തതും മൂലമാണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ എണ്ണവും, സംവരണ വിഭാഗത്തിലെ ജാതിതിരിച്ച എണ്ണവും ചുവടെ ചേർക്കുന്നു :

| വിഭാഗം | | | എഞ്ചിനീയറിംഗ് | ആർക്കിടെക്ചർ | മെഡിക്കൽ |
|---|---|---|---|---|---|
| I | ജനറൽ | | 9739 | 78 | 94 |
| II | | | എസ്.ഇ.ബി.സി. | | |
| | 1 | ഈഴവ | 303 | 5 | 27 |
| | 2 | മുസ്ലീം | 252 | 7 | 25 |
| | 3 | ബാക്ക്വേഡ് ഹിന്ദു | 141 | 4 | 22 |
| | 4 | ലാറ്റിൻ കാത്തലിക് | 30 | 3 | 05 |
| | 5 | ബാക്ക്വേഡ് ക്രിസ്ത്യൻ | 10 | - | - |
| | 6 | കുടുംബി | 5 | - | 01 |
| III | | | എസ്.സി./എസ്.ടി. | | |
| | 1 | പട്ടികജാതി | 417 | 01 | 16 |
| | 2 | പട്ടികവർഗ്ഗം | 459 | - | 01 |

ബാക്കി ഒഴിവുള്ള സീറ്റുകൾ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റി ക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

**128(3050)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

റവന്യൂ ഓഫീസുകളിൽനിന്നും ഓൺലൈനായി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും കുറ്റമറ്റതാക്കുവാൻ അവശ്യമായ പരിശോധനകളും അന്വേഷണങ്ങളും നടത്തുവാൻ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് പറയാമോ ; ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ശ്രമിക്കുമ്പോൾ സ്ഥലപരിശോധന, വിവരാന്വേഷണം, രേഖകൾ പരിശോധിക്കൽ, പ്രാദേശികാന്വേഷണം എന്നിവ കൂടുതലായി വേണ്ടിവരുമെന്നതിനാൽ അതിനായി കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുകയോ മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ റവന്യൂ ഓഫീസുകളിൽ ഒരുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

നിലവിൽ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട്സോഫ്റ്റ്വെയറിൽ നടപ്പിലാക്കിയിട്ടുള്ള scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാരോടും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാ കളക്ടർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ചാണ് വിവരാന്വേഷണവും പരിശോധനകളും നടത്തുന്നത്. കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കക്കറയിൽ ശ്രീധരന്റെ കൈവശഭൂമിക്ക് പട്ടയം

**129(3051)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, പട്ടാന്നൂർ, കന്നോത്ത്, ചെമ്മരശ്ശേരി പറമ്പിൽ വീട്ടിൽ ശ്രീ. കക്കറയിൽ ശ്രീധരൻ കൈവശഭൂമിക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് അദ്ദേഹം സമർപ്പിച്ച അപേക്ഷ വകുപ്പിന് ലഭിച്ചത് ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹം അപേക്ഷ സമർപ്പിച്ചത് എന്നാണ് ;

(ഡി) അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) ഇപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷ ഏതു ഘട്ടത്തിലാണെന്നും പട്ടയം എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) 22-2-2012 തീയതിയിൽ കണ്ണൂർ ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) 2011-ൽ.

(ഡി) അപേക്ഷ നിർദ്ദിഷ്ട കുടികിടപ്പ് ഫോറത്തിലുള്ള ഹർജി അപേക്ഷകനിൽ നിന്നും വാങ്ങുവാനും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്.

(ഇ) 22-2-2012-ന് ലഭിച്ച അപേക്ഷയിൽ ഒ.എ. 2/2012 നമ്പറായി കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസിൽ ആദ്യ വിചാരണ 17-4-2012-ൽ നടത്തുകയും അടുത്ത വിചാരണ 26-2-2015-ലേയ്ക്ക് നിശ്ചയിച്ചിരിക്കുകയുമാണ്. കുടികിടപ്പ് അവകാശം തെളിയിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്.

**ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബിലെ വാട്ടർ ചാർജ്, വൈദ്യുതി ചാർജ്ജ് എന്നിവയിലെ കുടിശ്ശിക**

**130(3052)** ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രിവാൻഡ്രം ഗോൾഫ് ക്ലബ്, സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുമ്പോൾ വാട്ടർ ചാർജ് വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നത്;

(ബി) ഈ തുക സർക്കാരിലേക്ക് പിരിഞ്ഞുകിട്ടിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ തുക പിരിച്ചെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബിൽനിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ 2,18,03,802 രൂപ (രണ്ടു കോടി പതിനെട്ട് ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി രണ്ട് രൂപ) സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടാനുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഇല്ല.

(ബി) കിട്ടിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ കേസ് തീരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ഇ-സർട്ടിഫിക്കറ്റുകളായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ**

**131(3053)** ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന ഇ-സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൻ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ; ഫീസുകൾ അടയ്ക്കേണ്ടവിധം എങ്ങനെയാണ് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി വില്ലേജ് ആഫീസുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ ?

**ഉത്തരം**

(എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി (ഇ-സർട്ടിഫിക്കറ്റുകൾക്കായി) നടപ്പിലാക്കുന്നത്. NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവ്വീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയ സെന്ററുകളെയാണ് കോമൺ സർവ്വീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടുകൂടി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതും ആയതിലേയ്ക്കായി 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ, സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ടുമെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ), സർവ്വീസ് ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേയ്ക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്. കൂടാതെ സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഇതിലേയ്ക്കായി നൽകേണ്ട തുക ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് നൽകേണ്ടത്.

(ബി) ഇതിനായി ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുള്ള scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഇ.എഫ്.എൽ. നിയമം-റവന്യൂ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കൽ

**132(3054)** ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് :

ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ.എഫ്.എൽ. നിയമംമൂലം എത്ര ഹെക്ടർ വിസ്തൃതി റവന്യൂ ഭൂമിയാണ് ചെറുകിട കർഷകരിൽനിന്ന് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിക്ഷിപ്തമാക്കിയ ഭൂമി ചെറുകിട കർഷകർക്ക് തിരികെ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ആർ.ഒ.ആർ. സമ്പ്രദായം

**133(3055)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഓഫീസിൽ (ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ആർ.ഒ. ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ട് എത്ര മാസമായി ;

(ബി) ഈ കാലയളവിൽ ഈ സമ്പ്രദായത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത സമ്പ്രദായത്തെക്കുറിച്ച് ഇപ്പോഴത്തെ വിലയിരുത്തൽ എന്താണ്;

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ സമ്പ്രദായം തുടരുന്നതിനോ മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനോ റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പൊതുജനങ്ങളിൽനിന്നും ഇതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചോ ?

ഉത്തരം

(എ) ആലത്തൂർ, വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15-9-2011 മുതൽ റെലിസ് പദ്ധതിവഴി ആർ.ഒ.ആർ. സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഓൺലൈൻ പോക്ക് വരവ് സംവിധാനം വളരെ നല്ല രീതിയിൽ നടന്നുവരുന്നു. ലഭ്യമായ കണക്ക് പ്രകാരം റെലിസ് പദ്ധതിയിലൂടെ 8-12-2014 വരെ, 24717 ആർ.ഒ.ആർ. വിതരണവും 16081 ഓൺലൈൻ പോക്കുവരവും നടന്നിട്ടുണ്ട്.

(ഡി) ഉണ്ട്. 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളെ സബ് രജിസ്ട്രാർ ഓഫീസുകളുമായി കോർത്തിണക്കി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഡേറ്റാബേസിലെ തിരുത്തലുകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പപ്പോൾത്തന്നെ തിരുത്തലുകൾ വരുത്തുകയാണ് ചെയ്യുന്നത്. കൂടാതെ ആലത്തൂർ വില്ലേജിൽ പോക്കുവരവ് അനുവദിക്കാത്തത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ, കോടതി പരാമർശ പ്രകാരം രജിസ്ട്രേഷൻ നടത്തിയെങ്കിലും പൂർണ്ണകൈമാറ്റാവകാശമില്ലാത്തതിനാൽ പോക്കുവരവ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

**ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ്**

**134(3056)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിമുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി &സി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ചും, ടി വില്ലേജുകളിലേയ്ക്ക് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തിക സൃഷ്ടിച്ചും പുതുതായി രൂപീകരിച്ച 30 വില്ലേജുകളിൽ 28 വില്ലേജുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുകയും ബാക്കി 2 വില്ലേജുകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## റിവർമാനേജ്മെന്റ് ഫണ്ട്

**135(3057)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും (RMF) മലപ്പുറം ജില്ലയിൽ 2012-13, 2013-14 വർഷങ്ങളിലും 2014 ഡിസംബർവരെയും വിവിധ പദ്ധതികൾക്കായി എന്ത് തുക ചെലവഴിച്ചു എന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ഏതെല്ലാം മണ്ഡലങ്ങളിൽ താലൂക്കുകളിൽ എത്ര വീതം ചെലവഴിച്ചു എന്ന് അറിയിക്കാമോ ;

(സി) പൊന്നാനി മണ്ഡലത്തിൽ RMF ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് ; അതിന് എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(ഡി) ഭാരതപ്പുഴയും കാഞ്ഞിരമുക്ക് പുഴയും ബിയ്യം കായലും PC കനാലും കടന്നുപോകുന്ന മണ്ഡലത്തിൽ ഈ ഫണ്ടിൽനിന്നും പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിക്കാമോ ; വിശദമാക്കാമോ ?

ഉത്തരം

(എ)

| | |
|---|---|
| 2012-13 | 38,15,380 |
| 2013-14 | 63,68,560 |
| 2014 ഡിസംബർ വരെ | 99,20,064 |

(ബി)

| | |
|---|---|
| ഏറനാട് | 15,89,208 |
| മങ്കട | 14,60,138 |
| മലപ്പുറം | 2,50,028 |
| കോട്ടക്കൽ | 13,44,576 |
| നിലമ്പൂർ | 1,09,70,063 |
| വേങ്ങര | 44,90,001 |

(സി) നടപ്പാക്കിയിട്ടില്ല.

(ഡി) പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വടകര താലൂക്കിലെ റീ-സർവ്വെ

**136(3058)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ ബാക്കിയുള്ള വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റീ-സർവ്വെ നടപടികൾ എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര താലൂക്കിൽ അഴിയൂർ, എടച്ചേരി, തൂണേരി, നടപുറം, ചേക്കിയാട്, വാളയം, വണിമേൽ, വിളങ്ങാട്, തിനൂർ, നരിപ്പറ്റ, കാവിലുംപാറ, വേളം, വടകര മുനിസിപ്പാലിറ്റി, നടക്കുതായ, ഏറമല, എന്നീ വില്ലേജുകളിൽ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ട്.

(ബി) റീ-സർവ്വേയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരുടെ സേവനം സർവ്വെ വകുപ്പ് ഏറ്റെടുത്ത അടിയന്തര പ്രാധാന്യമുള്ള മറ്റ് സർവ്വെ പ്രവർത്തനങ്ങൾക്ക് കൂടി ലഭ്യമാക്കേണ്ടിവന്നത് കാരണം റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

(സി) 31-10-2012-ലെ ജി.ഒ.(എംഎസ്.)409/12/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വെ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുകയാണ്. റീ-സർവ്വെ പുനരാരംഭിക്കുന്ന മുറയ്ക്ക് വടകര താലൂക്കിലെ റീ-സർവ്വേ നടപടികളും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

## ഭൂമി കൈയേറ്റങ്ങൾ തടയാൻ നടപടികൾ

**137(3059)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ തുടർച്ചയായി നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനകം എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും, കയ്യേറ്റഭൂമി കണ്ടെത്തുന്നതിനും റീ-സർവ്വേ സംവിധാനം പുനഃസ്ഥാപിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമം(ഭേദഗതി) 2009 പ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് 783.02 ഹെക്ടർ ഭൂമി ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) അനധികൃതമായി കയ്യേറിയിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി) 2009 പ്രകാരം മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസർ, ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവരുടെ സഹായത്തോടെ നടപടികൾ നടന്നുവരുന്നു.

## ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

**138(3060)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ആർക്കാണ് ഇതിന്റെ നിർവ്വഹണ ചുമതല ; ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. എന്നാൽ തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരുന്നു.

## കുമളി സബ്സ്റ്റേഷന് ഭൂമി

**139(T3061)** ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമളി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നത് പൊന്നുംവില നടപടി ക്രമത്തിലാണോ ; അതോ നെഗോഷ്യബിൾ പർച്ചേസിലൂടെയാണോ എന്ന് വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കണം എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കുമളി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. 1-1-2014-ന് പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികൾ തുടരാൻ സാധിക്കുകയുള്ളു.

(ബി&സി) നെഗോഷ്യബിൾ പർച്ചേസ്വഴി സ്ഥലം ഏറ്റെടുക്കുന്നതിന് 7-2-2011, 15-7-2011 എന്നീ തീയതികളിൽ കക്ഷിയുമായി ചർച്ച നടത്തിയെങ്കിലും കമ്മിറ്റി ശിപാർശ ചെയ്ത വില അംഗീകരിക്കുവാൻ സ്ഥലയുടമ തയ്യാറാകാത്തതിനെ തുടർന്ന് നെഗോഷ്യബിൾ പർച്ചേസ് പരാജയപ്പെടുകയും 1894-ലെ എൽ.എ ആക്ട് പ്രകാരം നടപടി ആരംഭിക്കാനായി കെ.എസ്.ഇ.ബി.അപേക്ഷ സമർപ്പിക്കുകയും സർവ്വെ &ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 1-1-2014-ന് പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ തുടരാൻ കഴിയുകയുള്ളു.

**സീറോ ലാന്റ് ലെസ് പദ്ധതി**

**140(3062)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്കാണ് ഭൂമി നൽകുന്നതെന്ന് അറിയിക്കാമോ ;

(ബി) ആകെ എത്ര അപേക്ഷകളാണ് പ്രസ്തുത ജില്ലയിൽ ലഭിച്ചിട്ടുള്ളത്;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം നിലവിൽ 14,163 ഗുണഭോക്താക്കൾക്ക് ആലപ്പുഴ ജില്ലയിൽ ഭൂമി നൽകേണ്ടതായിട്ടുണ്ട്. ഒന്നാം ഘട്ടമായി 188 പേർക്ക് ഭൂമി അനുവദിച്ചിട്ടുമുണ്ട്. വിവിധ ഘട്ടങ്ങളായാണ് പദ്ധതിപ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) 17,142 അപേക്ഷകൾ ജില്ലയിൽ ആദ്യഘട്ടത്തിൽ ലഭിച്ചിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിന് 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അവസരം നൽകിയതിനെത്തുടർന്ന് 1326 അപേക്ഷകളും കൂടി ലഭിച്ചിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് അവലംബിക്കുന്നത് :-

1. അപേക്ഷകർ കേരള സംസ്ഥാനത്ത് ജനിച്ചവരും സ്ഥിര താമസക്കാരുമായിരിക്കണം.
2. അപേക്ഷകനോ കുടുംബാംഗങ്ങൾക്കോ സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി ഭൂമി ഉണ്ടായിരിക്കരുത്.
3. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം. (എല്ലാ സ്രോതസ്സിൽ നിന്നും )
4. കുടുംബമെന്നത് ഭൂമി പതിവ് ചട്ടങ്ങളിൽ സൂചിപ്പിക്കുന്ന പ്രകാരം ഒരു വ്യക്തിയും അയാളുടെ ഭാര്യ/ഭർത്താവും ആശ്രയിച്ചുകഴിയുന്ന മക്കൾ മാതാപിതാക്കൾ എന്നിവർ ഉൾപ്പെട്ടതായിരിക്കണം.
5. കുടുംബനാഥനോ/കുടുംബനാഥയോ സമർപ്പിച്ചിട്ടുള്ള അപേക്ഷകളായിരിക്കണം.
6. പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കുവാൻ സാധ്യത ഉണ്ടാകാൻ പാടില്ല.
7. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രഖ്യാപിച്ച 9-3-2012 എന്ന തീയതിക്കു ശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളവരാകരുത്.

## ഏഴിമല നേവൽ അക്കാദമിക്ക് വീണ്ടും ഭൂമി അക്വയർ ചെയ്യാൻ തീരുമാനം

**141(T3063)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാദമിക്കുവേണ്ടി വീണ്ടും ഭൂമി അക്വയർ ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നേവൽ അക്കാദമി സ്ഥാപിക്കുന്നതിന് ഭൂമി അക്വയർ ചെയ്തപ്പോൾ പുനരധിവസിക്കപ്പെട്ട ജനങ്ങളെ വീണ്ടും കുടിയൊഴിപ്പിക്കുമ്പോൾ അവർ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങളുടെ പ്രയാസം കണക്കിലെടുത്ത് വീണ്ടും ഭൂമി അക്വയർ ചെയ്യാനുള്ള നടപടികൾ ഉപേക്ഷിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ-സി) കണ്ണൂർ ഏഴിമല നാവിക അക്കാദമിക്കുവേണ്ടി നേവി ബോയ്സ് സ്പോർട്സ് കമ്പനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് സ്റ്റേഷൻ കമാന്റർ 26-3-2014-ൽ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ രാമന്തളി വില്ലേജിൽനിന്നുമാത്രം 2500 ഏക്കറിലധികം സ്വകാര്യ ഭൂമി പൊന്നും വിലയ്ക്ക് ഏഴിമല നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്തിരുന്നു. അതിനുപുറമേയാണ് ഇപ്പോൾ 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനെതിരെ ഏഴിമല ഡെവലപ്മെന്റ് കൗൺസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി നേരത്തെ ഏറ്റെടുത്ത് നൽകിയിട്ടുള്ള സ്ഥലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗിക്കുവാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിയൊഴിപ്പിക്കൽ പരമാവധി ഒഴിവാക്കി ഈ സ്ഥാപനം യാഥാർത്ഥ്യമാക്കണമെന്നതാണ് സർക്കാരിന്റെ താൽപ്പര്യം.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

## വസ്തു പോക്കുവരവ്-നടപടിക്രമം

**142(3064)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്തു പോക്കുവരവ് ചെയ്യുന്നതിനായി വസ്തുവിന്റെ വിസ്തീർണ്ണം കണക്കാക്കുന്നത് വില്ലേജ് ഓഫീസ് രേഖകളിലുള്ള വിസ്തീർണ്ണം, കൈവശ ഭൂമിയുടെ വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിലാണോ ; വിശദമാക്കുമോ ;

(ബി) റീ-സർവ്വെ പൂർത്തിയായി നിരാക്ഷേപം കരമടച്ചുവരുന്ന വസ്തു പോക്കുവരവ് ചെയ്യുന്നതിന് വീണ്ടും റീ-സർവ്വേ നടത്തേണ്ടതുണ്ടോ ; വിശദമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സാഹചര്യത്തിലാണ് റീ-സർവ്വെ നടത്തേണ്ടത്; വിശദമാക്കുമോ ;

(ഡി) റീ-സർവ്വെ നടത്തി അപ്രകാരം വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച സംഗതികളിൽ വസ്തുവിന്റെ ക്രയവിക്രയം റീ-സർവ്വെ പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ആധാരത്തിലെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ചെയ്യേണ്ടത് ; വിശദമാക്കുമോ ;

(ഇ) റീ-സർവ്വെ നടത്തി വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച് നിരാക്ഷേപം കരമടച്ച് വരുന്ന സംഗതികളിൽ വസ്തുവിന്റെ ആധാര പ്രകാരമുള്ള വിസ്തീർണ്ണം റീ-സർവ്വെ പ്രകാരമുള്ളതിൽനിന്നും വ്യത്യസ്തമാണെങ്കിൽ ഏതാണ് കണക്കിലെടുക്കുന്നത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) വസ്തു പോക്കുവരവ് നടത്തുന്നത് വില്ലേജ് രേഖകളുടെയും കൈവശരേഖകളുടെയും കൈവശ ഭൂമിയുടെയും ആധാരത്തിന്റെയും അടിസ്ഥാനത്തിലാണ്.

(ബി&സി) വസ്തു സംബന്ധിച്ച് തർക്കങ്ങളോ, കോടതി ഉത്തരവുകളോ ഉള്ളപക്ഷം വീണ്ടും സർവ്വെ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ആധാര വിസ്തീർണ്ണം റീ-സർവ്വെ വിസ്തീർണ്ണത്തിൽ അടങ്ങുന്നവെങ്കിൽ റീ-സർവ്വെ പ്രകാരവും, റീ-സർവ്വെ വിസ്തീർണ്ണം ആധാരത്തിലും കൂടുതലെങ്കിൽ ആധാര വിസ്തീർണ്ണവും അടിസ്ഥാനപ്പെടുത്തി നടത്താമെങ്കിലും ഇക്കാര്യത്തിൽ വിസ്തീർണ്ണ വ്യത്യാസം നിയമപ്രകാരം പരിഹരിച്ച് ക്രയവിക്രയം നടത്താവുന്നതാണ്.

## കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് കോളനിയിലെ പട്ടയ വിതരണം

**143(3065)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര പഞ്ചായത്തിലെ പുലിപ്പാറകുന്ന് കോളനിയിലെ ഇപ്പോഴത്തെ കൈവശക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്ലോട്ട് റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊടകര പഞ്ചായത്തിലെ കൊടകര വില്ലേജ് സർവ്വെ 1586/2-ൽ ഉൾപ്പെടുന്ന 53 സെന്റ് ഭൂമി പട്ടികജാതി വികസന വകുപ്പ് 1991-92 കാലഘട്ടത്തിൽ ഏറ്റെടുത്ത് 10 പട്ടികജാതി കുടുംബങ്ങൾക്ക് 4 സെന്റ് വീതം വിതരണം ചെയ്തിരുന്നു. ഇതിൽ 5 ഗുണഭോക്താക്കൾ സ്ഥലം കൈപ്പറ്റിയിട്ടില്ലാത്തതാണ്. ഉപേക്ഷിക്കപ്പെട്ടുകിടന്നിരുന്ന ആ 5 പ്ലോട്ടുകൾ കയ്യേറി 18 വർഷമായി കൈവശംവച്ചുവരുന്ന കയ്യേറ്റക്കാർക്ക് റീ അലോട്ട്മെന്റ് അനുവദിക്കുന്നതിനായി ആദ്യത്തെ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക്മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഏറാമല ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഓഫീസ്

**144(3066)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാൻ റവന്യൂ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടം ജീവനക്കാർക്ക് ഇരിക്കാൻ സൗകര്യം ഇല്ലാത്തതും കോൺക്രീറ്റ് അടർന്നു വീഴുന്നതും ആളുകൾക്ക് കയറാൻപോലും സൗകര്യം ഇല്ലാത്തതുമാണ്. അടിയന്തരമായി ഫണ്ട് അനുവദിച്ച് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടം പണിയാനുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## റവന്യൂ ദിനം

**145(3067)** ശ്രീ. എം. പി. വിൻസന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) റവന്യൂവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം തുടർ നടപടിയാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫെബ്രുവരി 24-ാം തീയതിയാണ് റവന്യൂദിനമായി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി റവന്യൂഓഫീസുകൾവഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസീൽദാർ, മികച്ച സേവനം കാഴ്ചവെയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തെരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ചവെച്ച ജില്ലാ കളക്ടർക്കും അന്നേദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിയിട്ടുണ്ട്.

(സി) റവന്യൂദിനാചരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ ജീവനക്കാർക്ക് പ്രേരകമാകും. അതുമൂലം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(ഡി) റവന്യൂവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്തനിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിലെ കടിശ്ശിക

**146(3068)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിൽ കടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 682,71,53,837.00 |
| 2 | കൊല്ലം | 22,73,05,152.00 |
| 3 | പത്തനംതിട്ട | 9,83,81,137.00 |
| 4 | ആലപ്പുഴ | 7,24,00,000.00 |
| 5 | കോട്ടയം | 16,13,67,874.00 |
| 6 | ഇടുക്കി | 1,65,13,087.00 |
| 7 | എറണാകുളം | 112,55,03,348.00 |
| 8 | തൃശ്ശൂർ | 9,00,00,000.00 |
| 9 | പാലക്കാട് | 1,46,84,035.00 |
| 10 | മലപ്പുറം | 10,33,26,532.00 |
| 11 | കോഴിക്കോട് | 80,59,97,572.00 |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | 2,56,77,284.00 |
| 14 | കാസർഗോഡ് | 3,44,98,855.00 |
| | ആകെ തുക | 9,60,28,08,713.00 |

LIBRARY ARCHIVES Kerala Legislative Assembly

## അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പ്

**147(3069)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ എന്താണ്;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഏതു ഘട്ടത്തിലാണ്;

(സി) സ്ഥലമെടുപ്പ് നടപടികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) തുറവൂർ ആശുപത്രിയുടെ വികസനത്തിനായി അടിയന്തരമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതും അവാർഡ് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യൂ.പി.(സി) 28198/11 നമ്പർ ഹർജിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നത് തടഞ്ഞിട്ടുള്ളതാണ്.

(ബി) പ്രസ്തുത റിട്ട് ഹർജി ഇപ്പോഴും നിലവിലുണ്ട്.

(സി&ഡി) പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല. സ്റ്റേ നീക്കിയാൽ സ്ഥലം ഏറ്റെടുത്ത് കൈമാറാനാകും. സ്റ്റേ മാറ്റി കിട്ടുന്നതിനായി അഡ്വക്കേറ്റ് ജനറലിന് കളക്ടർ കത്തെഴുതുകയും early posting - നുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി ഐ.എ. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

## റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

**148(3070)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള എത്ര കർഷകർ ബാക്കിയുണ്ട് എന്നും എത്ര ഹെക്ടർ സ്ഥലത്തിനു ഇത്തരത്തിൽ പട്ടയം നൽകാനുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) താലൂക്കിൽ പട്ടയം ലഭിക്കാനുള്ളവരിൽ ഗ്രോ മോർ ഫുഡ് പദ്ധതിപ്രകാരം കൃഷിഭൂമി ലഭിച്ചവർ ഏതൊക്കെ വില്ലേജുകളിൽ ഉണ്ടെന്നും ഇത്തരക്കാരിൽ എത്ര പേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും ആകെ എത്ര ഹെക്ടർ സ്ഥലമാണ് ഇത്തരത്തിൽ പട്ടയം ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) അത്തിക്കയം, തെക്കേത്തോട്ടി, ചുരക്കുഴി പ്രദേശങ്ങളിലെ കർഷകരുടെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടിയായിട്ടുണ്ടോ ;

(ഡി) ചുരക്കുഴിഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദുചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദുചെയ്തത് ; ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ചുരക്കുഴിയിലെ കൈവശ കർഷകരുടെ റദ്ദുചെയ്ത കരമടവ് പുനസ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; കരമടവ് പുനഃസ്ഥാപിക്കാൻ വേണ്ടി വരുന്ന കാലയളവ് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി താലൂക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ താഴെപ്പറയും പ്രകാരം കൈവശഭൂമിക്ക് പട്ടയം നൽകാനായി ഉണ്ട്:

| പഞ്ചായത്ത് | കൈവശങ്ങളുടെ എണ്ണം | വിസ്തീർണ്ണം (H) |
|---|---|---|
| പെരുനാട് | 730 | 283.00.00 |
| നാറാണംമൂഴി | 579 | 163.06.34 |
| വെച്ചൂച്ചിറ | 490 | 177.00.22 |
| പഴവങ്ങാടി | 254 | 33.42.06 |
| വടശ്ശേരിക്കര | 54 | 15.00.00 |

(ബി) റാന്നി താലൂക്കിൽ ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം കൊല്ലമുള വില്ലേജിൽ (പെരുനാട് ഗ്രാമപഞ്ചായത്ത്-പമ്പാവാലി) 290 കൈവശങ്ങളിലായി 69.00.00 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റാന്നി താലൂക്കിലെ അത്തിക്കയം-തെക്കേതൊടി, ചൂരക്കുഴി പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചൂരക്കുഴി ഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദ് ചെയ്തിട്ടുണ്ട്. 88 കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. പട്ടയം ലഭിച്ചിട്ടുള്ളവർ പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്തതിനാൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-8-1981-ലെ 20335/സി2/81/ആർ.ഡി.നമ്പർ സർക്കാർ കത്തിലെ നിർദ്ദേശാനുസരണം തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ 25-5-2012-ലെ 571I/11/ബി1 ഉത്തരവ് പ്രകാരമാണ് പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടയത്തിനുള്ള അപേക്ഷ സ്വീകരിച്ച് കൈവശം അളന്ന് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി. 224 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റിവർ മാനേജ്മെന്റ് ഫണ്ട്

**149(3071)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റിവർമാനേജ്മെന്റ് ഫണ്ടിലേക്ക് ഓരോ ജില്ലയിൽനിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ 1-7-2011 മുതൽ 31-10-2014 വരെയുള്ളത് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) തുകയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) തുകയുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്രകൃതി ദുരന്തംമൂലമുള്ള വിളനാശങ്ങളുടെ നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ

**150(T 3072)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചത് സംബന്ധിച്ച നഷ്ടത്തുക കണക്കാക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) പ്രകൃതി ദുരന്തത്തിൽ നഷ്ടപ്പെട്ട ഒരു തെങ്ങിന് 800 രൂപ കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ പുതിയ മാനദണ്ഡപ്രകാരം ഒരു തെങ്ങിന് 65 രൂപ മാത്രമേ നൽകാൻ കഴിയൂഎന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ വിളകൾക്ക് വിള വിസ്തൃതിക്ക് പകരം എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുക കണക്കാക്കുന്നതിന് നിർദ്ദേശിക്കാമോ ?

### ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ അനുസരിച്ചാണ് 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവും ചേർന്ന സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായമാണ് അനുവദിക്കുന്നത്. പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിച്ചവർക്കുള്ള ധനസഹായം 21-8-2014-ലെ G.O(Ms)No.361/2014/DMD പ്രകാരമാണ് നിലവിൽ അനുവദിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വൈക്കം ടിവിപുരത്തെ അനധികൃത കയ്യേറ്റങ്ങൾ

**151(3073)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ടിവിപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും പഴുതുവള്ളി പ്രദേശത്തെ മേൽവെള്ളം കായലിലേക്ക് ഒഴുകിപ്പോകുന്നതിനുള്ള മാർഗ്ഗംകൂടിയായ മാത്തുവള്ളിച്ചിറത്തോട് നികത്തുവാൻ ഭൂമാഫിയ നീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ പ്രദേശത്തെ കായൽതീരത്തെ കയ്യേറ്റം നടക്കുന്നതായ റിപ്പോർട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുകയോ ആവശ്യമായ പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ടിവിപുരത്തെ കയ്യേറ്റങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ മാത്തുവള്ളിച്ചിറത്തോട് നികത്തുവാൻ ഭൂമാഫിയ നീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി തോട് നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 16-4-2014-ാം തീയതി വൈക്കം വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്.

(ബി) ഈ പ്രദേശത്തെ കായൽത്തീരത്ത് കയ്യേറ്റം നടക്കുന്നതായി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തഹസീൽദാർക്ക് ലഭിച്ചിട്ടുള്ളതാണ്.

(സി) അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പൊതുജല സ്രോതസ്സുകൾ കയ്യേറുന്നത് നിയമപരമായി അന്വേഷിച്ച് ഒഴിപ്പിക്കുന്നതിനായി 1996-ലെ (കേരള പഞ്ചായത്ത് കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിനുള്ള പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## വില്ലേജ് ഓഫീസ് പരിധിയിലെ ശരാശരി ജനസംഖ്യ

**152(3074)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വില്ലേജ് ഓഫീസ് പരിധിയിലെ ശരാശരി ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയതലത്തിൽ വില്ലേജ് പരിധിയിലെ ശരാശരി ജനസംഖ്യ 21400 ആയി നിജപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ജനസംഖ്യാടിസ്ഥാനത്തിൽ വില്ലേജ് ആഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാനത്തെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 3,33,87,677-ഉം ഇപ്പോഴത്തെ വില്ലേജുകളുടെ എണ്ണം 1664-ഉം ആണ്. ശരാശരി ജനസംഖ്യ വില്ലേജ് തലത്തിൽ ശേഖരിച്ച് ലാന്റ് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഹാരിസൺ മലയാളം പ്ലാന്റേഷൻ

**153(3075)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമിയെ സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും നടപടികൾ നിർദ്ദേശിച്ചിരുന്നോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25-4-2013-ലെ ജി.ഒ.(എംഎസ്.)161/2013/റവ. ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള പാട്ടഭൂമി

**154(3076)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള സർക്കാർ ഭൂമിയിൽ നിന്നും ഏതെങ്കിലും സംഘടനകൾക്കോ ട്രസ്റ്റുകൾക്കോ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സംഘടനകളുടെ പേരു വിവരവും പാട്ടത്തിന് നൽകിയ ഭൂമിയുടെ അളവും പാട്ട കാലാവധിയും വിശദമാക്കുമോ ;

(സി) ഈ സംഘടനകൾക്ക് ഭൂമി പാട്ടത്തിന് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പാട്ടത്തിന് നൽകിയിട്ടുള്ളത് ഏതെല്ലാം ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**പീരുമേട് താലൂക്കിലെ പട്ടയ വിതരണം**

**155(3077)** <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു ;

(ബി) അയ്യപ്പൻകാവിൽ, ചക്കുപള്ളം വില്ലേജുകളിൽ എത്ര പട്ടയം വിതരണം ചെയ്തു ;

(സി) പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) പട്ടയം നൽകുന്നതിനുവേണ്ടി പീരുമേട്ടിൽ Land Assignment ഓഫീസ് തുറക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ 740 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) അയ്യപ്പൻ കോവിൽ വില്ലേജിൽ 1993 റൂൾ പ്രകാരം 430 പട്ടയങ്ങളും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 25 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി 1993 റൂൾ പ്രകാരം 663 അപേക്ഷകളും 1964 റൂൾ പ്രകാരം 6,792 അപേക്ഷകളും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3,547 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

## മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ സ്ഥലമെടുപ്പ്

**156(3078)** <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും, നഷ്ടപരിഹാരത്തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട ഭൂമിയുടെ കരട് പ്രഖ്യാപനം ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശാരിക്കടവ് പാലം അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിന് 1-9-2014-ലെ ജി.ഒ.(ആർറ്റി.) നമ്പർ 4267/14/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദ വിലവിവര പട്ടിക തയ്യാറാക്കിവരുകയാണ്.

(ബി) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ കരട് പ്രഖ്യാപനം അംഗീകരിച്ച് പൊന്നുംവില നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിലും ആശാരിപ്പടി-തലപ്പാവ് കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ ഫണ്ട് ലഭ്യമാക്കി 6 മാസത്തിനുള്ളിലും നഷ്ടപരിഹാരത്തുക നൽകി നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കായംകുളം മണ്ഡലത്തിലെ കാലവർഷക്കെടുതി-പ്രകൃതിക്ഷോഭം ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

**157(3079)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ കാലവർഷക്കെടുതി-പ്രകൃതിക്ഷോഭം ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(സി) ആരംഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, ഇതുവരെയും ആരംഭിച്ചിട്ടില്ലാത്തവ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാലവർഷക്കെടുതി - പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവൃത്തികൾക്കുള്ള ഫണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിനിയോഗിക്കുന്ന രീതി ഇല്ല ആയതിനാൽ, അത്തരത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി&സി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളിൽ കരം പിരിക്കുന്നത് സംബന്ധിച്ച്

**158(3080)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ കരം പിരിക്കുന്നതിന് ഒരു സമയം ഒരു രസീതു ബുക്ക് മാത്രം ഉപയോഗിക്കുന്നതുകൊണ്ട് കരം അടയ്ക്കാൻ എത്തുന്നവർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ ;

(ബി) വെള്ളിയാഴ്ച കണക്ക് പരിശോധനാ ദിനമായതിനാൽ ആ ദിവസം കോടതി ആവശ്യങ്ങൾക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് രസീതു നൽകാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വെള്ളിയാഴ്ചകളിൽ കരം സ്വീകരിക്കുന്നതിനും രസീത് നൽകുന്നതിനും ബദൽ സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ ഒന്നിൽ കൂടുതൽ രസീത് ബുക്കുകൾ ഉപയോഗിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി ഭൂമി**

**159(3081)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വിട്ടുനൽകുന്നതിന് കണ്ടെത്തിയ ഭൂമി റവന്യൂ പുറമ്പോക്കാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് എടുത്ത തീരുമാനം നടപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 4-9-2011-ലെ മന്ത്രിസഭാ തീരുമാനം അനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കാതിരിക്കാൻ ചില നിക്ഷിപ്ത താല്പര്യക്കാർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ശക്തമായ നടപടികൾ സ്വീകരിച്ച് തീരുമാനം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 7-9-2013-ലെ സ.ഉ.(സാധാ)4927/13/റവ. നമ്പർ ഉത്തരവ് പ്രകാരം 1.0076 ഹെക്ടർ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പ് 13-1-2014-ൽ ഏറ്റെടുത്തിട്ടുള്ളതായി കോതമംഗലം തഹസീൽദാർ അറിയിച്ചിട്ടുള്ളതും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം വനംവകുപ്പിന് ആവശ്യമുള്ള സ്ഥലം എത്രയെന്ന് അറിയിക്കാൻ അവശ്യപ്പെട്ടിട്ടുള്ളതും ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ബേബി എം.ജി. എന്നയാൾ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, ചെന്നൈ മുമ്പാകെ 214/14 നമ്പരായി ഫയൽ ചെയ്ത കേസ് നിലവിലുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നതിന്**

**160(3082)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചരിത്ര പ്രസിദ്ധമായ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നതിന് എം.എൽ.എ. ബഹു.രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയെത്തുടർന്ന് റവന്യൂ വകുപ്പിൽ എത്തിയ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) പഞ്ചായത്ത് വകുപ്പിൽനിന്ന് സ്ഥലം അവകാശം ഒഴിഞ്ഞതിന്റെ രേഖകൾ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി റവന്യൂ വകുപ്പ് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ കൊയിലാണ്ടി താലൂക്ക് ഓഫീസിൽനിന്ന് നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ ;

(സി) സബ് രജിസ്ട്രാർ ഓഫീസിനായി മാറ്റിവെച്ച 13 സെന്റ് സ്ഥലത്തുനിന്നും നാഷണൽ ഹൈവേ വികസനത്തിനായി എത്ര സെന്റ് ഭൂമിയാണ് എൻ.എച്ച്.എ.ഐ.-ക്ക് വിട്ടുകൊടുക്കേണ്ടിവരിക എന്നത് സംബന്ധിച്ച് അറിവുണ്ടോ ; രേഖകളുണ്ടോ ;

(ഡി) പഞ്ചായത്ത് വകുപ്പ് മാറ്റിവെച്ച 13 സെന്റ് ഭൂമിയിൽ നാഷണൽ ഹൈവേക്ക് പോകുന്ന ഭൂമി കഴിച്ച് ബാക്കിവരുന്ന ഭൂമിയിൽ ചേമഞ്ചേരി രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദമായ പ്രൊപ്പോസൽ രജിസ്ട്രേഷൻ വകുപ്പിലേക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ ഫയലുകൾ ഒന്നും നിലവിലില്ല.

(ബി) പഞ്ചായത്ത് വകുപ്പിന്റെ അവകാശം ഒഴിയാനുള്ള റിലിങ്ക്വിഷ്മെന്റ് അപേക്ഷയിന്മേൽ കൊയിലാണ്ടി താലൂക്ക് ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസിലുമായി നടപടികൾ എടുത്തുവരുന്നു.

(സി) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട അപ്പോർഷൻമെന്റ് പ്രവൃത്തികൾ നിർത്തിവെച്ച സാഹചര്യത്തിൽ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനു മാറ്റിവച്ച സ്ഥലത്തുനിന്നും എൻ.എച്ച് വികസനത്തിന് വേണ്ട ഭൂമി എത്രയാണെന്ന് ഇപ്പോൾ കൃത്യമായി അറിയാൻ കഴിയില്ല.

(ഡി & ഇ) പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**ഭൂമികേരളം പദ്ധതി**

**161(3083)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിപ്രകാരം നിർദ്ധന കുടുംബങ്ങൾക്ക് ഭൂമി നൽകിയപ്പോൾ കൊല്ലം താലൂക്കിൽ എത്ര പേർക്ക് പട്ടയം നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഗുണഭോക്താക്കളിൽ കേസിൽ ഉൾപ്പെട്ടതും, വ്യക്തമായ അതിർവരമ്പുകൾ നിശ്ചയിച്ച് നൽകുവാൻ കഴിയാത്തതുമായ ഭൂമിക്ക് പട്ടയങ്ങൾ നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം എത്ര ഗുണഭോക്താക്കൾക്ക് കൊല്ലം താലൂക്കിൽ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് എത്രയും പെട്ടെന്ന് പകരം ഭൂമി നൽകുകയോ, പ്രശ്നപരിഹാരം ഉണ്ടാക്കുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം താലൂക്കിൽ 36 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

**162(3084)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം മുനിസിപ്പാലിറ്റിയിൽ സ്കാവഞ്ചിംഗ് തൊഴിലിനായി കൊണ്ടുവന്നവരും അവരുടെ കുടുംബങ്ങളും പതിറ്റാണ്ടുകളായി കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്നവരാണ്. എന്നാൽ, ഇവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കപ്പലണ്ടിമുക്ക് കോളനി നാഷണൽ ഹൈവേയുടെ വശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പ്രസ്തുത ഭൂമി പതിച്ചുനൽകാൻ നിർവ്വാഹമില്ലാത്തതാണ്.

**നദികളിൽ നിന്നും മണൽ ഖനനം നിയന്ത്രിക്കാൻ നടപടി**

**163(3085)** ഡോ. കെ. ടി. ജലീൽ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നദികളിൽനിന്നും മണൽ ഖനനത്തിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു പാരിസ്ഥിതിക ആഘാതത്തിന് ഇടയാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നദികളിൽനിന്നും വ്യാപകമായി അനധികൃത മണൽ ഖനനം നടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽമാഫിയയും ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് അനധികൃത മണൽ വാരലിന് കാരണമായിട്ടുള്ളതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(സി) നദീതീര സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; പ്രസ്തുത നിയമപ്രകാരമുള്ള നദീസംരക്ഷണ സേനക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 15-11-2014-ലെ സ.ഉ.(കൈ)നമ്പർ 13/2014/പരി. ഉത്തരവ് പ്രകാരം മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത നദികളിൽനിന്ന് മൂന്ന് മാസംവരെ മണൽ ഖനനം നടത്തുന്നതിന് താല്കാലിക അനുമതി നൽകിയിട്ടുണ്ട്. കാലാവസ്ഥാ പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിന് വിധേയമായാണ് ഖനനാനുമതി നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണൽ ഖനനത്തിനെതിരെ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനം നടത്തി ഇത്തരം അനധികൃത പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം ഭേദഗതിപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക സംരക്ഷണസേനയുടെ രൂപീകരണം സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

## സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ട്രിവാൻഡ്രം ക്ലബ് സൊസൈറ്റി

**164(3086)** ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്ത ട്രിവാൻഡ്രം ഗോൾഫ് ക്ലബ്ബിൽ 'സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ട്രിവാൻഡ്രം ഗോൾഫ് ക്ലബ് എന്നൊരു സൊസൈറ്റി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സൊസൈറ്റിയുടെ ബൈലോയ്ക്ക് അംഗീകാരം കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ അംഗീകാരം ലഭിച്ച ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഗോൾഫ് ക്ളബിൽ ഇപ്പോൾ അഡ്ഹോക്ക് കമ്മിറ്റി ആണോ ഭരണം നടത്തുന്നത് ;

(ഇ) ആണെങ്കിൽ അഡ്ഹോക് കമ്മിറ്റിയെ ആരാണ് ഭരണച്ചുമതല ഏൽപ്പിച്ചത് ;

(എഫ്) ഈ അഡ്ഹോക് കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത് ;

(ജി) ഈ അഡ്ഹോക് കമ്മിറ്റിയിൽ സർക്കാരിനെതിരെ കേസ് നടത്തിയ പഴയ സ്വകാര്യ ക്ലബ്ബിലെ അംഗങ്ങളും പ്രവർത്തിക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുമായി ഒപ്പുവച്ച

കരാറിൽ ഗോൾഫ് ക്ലബ്ബിന്റെ ഭരണകാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ; അതിന് വിരുദ്ധമായി അഡ്ഹോക് കമ്മിറ്റിയെ ചുമതല ഏൽപ്പിക്കുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ ?

## ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത സൊസൈറ്റിക്ക് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി-ജി) അപെക്സ് കമ്മിറ്റിയാണ് ഗോൾഫ് ക്ലബ്ബിൽ ഭരണം നടത്തുന്നത്. സർക്കാരാണ് അപെക്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. പ്രസ്തുത കമ്മിറ്റിയിൽ ചീഫ് സെക്രട്ടറി - ചെയർമാൻ

ഡയറക്ടർ ജനറൽ സായി-കോ-ചെയർമാൻ

സെക്രട്ടറി, പൊതുഭരണ വകുപ്പ്

സെക്രട്ടറി, ടൂറിസം വകുപ്പ്

സെക്രട്ടറി, സ്പോർട്സ് വകുപ്പ്

ജില്ലാകളക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്, കേരള സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

ഡയറക്ടർ, ഇൻഫ്ര

പ്രസിഡന്റ്, സായി, തിരുവനന്തപുരം ഗോൾഫ് ക്ലബ്ബ്

സെക്രട്ടറി, സായി, തിരുവനന്തപുരം ഗോൾഫ് ക്ലബ്ബ്

സെന്റർ -ഇൻ -ചാർജ്ജ്, സായി ഗോൾഫ് അക്കാഡമി

ശ്രീ.പി.എം.എബ്രഹാം (ഐ.എ.എസ് റിട്ട.)

ശ്രീ. ജോസഫ് ജെ ചാക്കോല

പ്രിൻസിപ്പൽ, എൽ.എൻ.സി.പി.ഇ. മെമ്പർ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞവരിൽ ശ്രീ.പി.എം.ഐബ്രഹാം (ഐ.എ.എസ് റിട്ട.) പഴയ സ്വകാര്യ ക്ലബ്ബിന്റെ പ്രസിഡന്റും ശ്രീ. രഘുചന്ദ്രൻ നായർ, സെക്രട്ടറി, സായി തിരുവനന്തപുരം ഗോൾഫ് ക്ലബ് എന്ന സ്വകാര്യ ക്ലബ്ബിന്റെ സെക്രട്ടറിയുമാണ്.

## റോഡുകളുടെ അടിയന്തര പുനരുദ്ധാരണ ഇനത്തിലെ കുടിശ്ശിക

**165(3087)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകളുടേയും എട്ടുപ്പുകളുടേയും അടിയന്തര പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവർത്തികൾക്കായി എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ നാളിതുവരെ നൽകാനുണ്ടെന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമത്തിൽ തുക അനുവദിച്ചുവരുന്നു.

## ചേർത്തല മനോരമക്കവല വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടി

**166(T3088)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മനോരമക്കവല വികസനം സംബന്ധിച്ച സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി ആലപ്പുഴ ജില്ലാ കളക്ടർ കച്ചവടക്കാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നോ ; എങ്കിൽ എന്നായിരുന്നു ആ യോഗം ; യോഗത്തിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത യോഗത്തിൽ മനോരമക്കവലയുടെ വികസനത്തിനു സ്ഥലമേറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുമെന്നു പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ ഏത് ഉത്തരവു പ്രകാരമുള്ള പാക്കേജാണ് കളക്ടർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജി.ഒ. (എംഎസ്.) 419/2011/ ആർ.ഡി. തീയതി 15-11-2011 പ്രകാരം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് തയ്യാറാക്കുമ്പോൾ നൽകുന്ന ആനുകൂല്യങ്ങൾക്കപ്പുറം പുതുതായി സ്ഥലം കണ്ടെത്തി കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾ ഉറപ്പു നൽകുന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കാതെ കോടതിയുടെ നിർദ്ദേശം ലംഘിച്ചുവെന്ന കാരണത്താൽ കച്ചവടക്കാരുടെ സംഘടന കോടതിയ ലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) മനോരമക്കവലയുടെ വികസനത്തിനു തുരങ്കംവെയ്ക്കുന്ന ഏതാനും പേരുടെ താൽപര്യങ്ങൾക്കുവേണ്ടി സാധ്യമല്ലാത്ത വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്നതിനും, കോടതിയിൽ കേസ്സെത്തിച്ച് കാലതാമസമുണ്ടാക്കുന്നതിനും ഏതെങ്കിലും സർക്കാർ ഘടകം പ്രവർത്തിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുമോ ?

ഉത്തരം

(എ) ചേർത്തല മനോരമക്കവല വികസനവുമായി ബന്ധപ്പെട്ട് 27-9-2013-ൽ ആലപ്പുഴ ജില്ലാകളക്ടർ കച്ചവടക്കാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ആലപ്പുഴ ജില്ലാ കളക്ടർ ആയിരുന്നു ടി യോഗത്തിന്റെ അദ്ധ്യക്ഷൻ. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ നയം അനുസരിച്ച് കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കിയിരുന്നു. 15-11-2011-ലെ ജി.ഒ.(എംഎസ്)419/2011/ആർ.ഡി. ഉത്തരവ്പ്രകാരമുള്ള പുനരധിവാസ പാക്കേജാണ് ജില്ലാ കളക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നത്.

(സി) നിലവിൽ ജി.ഒ(എംഎസ്.)419/2011/ആർ.ഡി. തീയതി. 15-11-2011 ഉത്തരവ് പ്രകാരമാണ് പുനരധിവാസ പാക്കേജ് തയ്യാറാക്കിവരുന്നത്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 15413/14 നമ്പർ കേസുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മനോരമക്കവല വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേർത്തല യൂണിറ്റ് പ്രസിഡന്റ് റവന്യൂ വകുപ്പിന് സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ ഒരു മാസത്തിനകം ഹർജി കക്ഷിയെ അറിയിക്കണമെന്ന് ടി കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത വിധി ലഭിച്ചയുടൻതന്നെ ജില്ലാ കളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം ഹർജി കക്ഷിയെ അറിയിക്കുകയുമുണ്ടായി. ഇതിനിടയിൽ ഹർജി കക്ഷി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയാണുണ്ടായത്. എന്നാൽ കോടതിവിധി യഥാസമയം നടപ്പിലാക്കിയെന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) മനോരമക്കവലയുടെ വികസനത്തിന് തുരങ്കംവയ്ക്കുന്ന യാതൊരുവിധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ഭാരതപ്പുഴ സംരക്ഷണത്തിനായി ആർ.എം.എഫ്. പദ്ധതികൾ

**167(3089)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ഭാരതപ്പുഴയും നദീതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) കേരളത്തിന്റെ പൈതൃക സമ്പത്തായ നദികളെ മലിനീകരണത്തിൽ നിന്നും കയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ പാലക്കാട് ജില്ലയിലെ ആർ.എം.എഫ്.-ൽ എത്ര തുകയുണ്ട് ; 1-7-2011 മുതൽ 31-10-2014 വരെയുള്ള ആർ.എം.എഫ്.-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി രൂപം നൽകിയിട്ടുള്ള പുഴമുതൽ പുഴവരെ എന്ന പദ്ധതിയിൽപ്പെടുത്തി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം മുതൽ തിരുനാവായവരെയുള്ള ഭാരതപ്പുഴയുടെ തീരങ്ങളിൽ വൃക്ഷലതാദികൾ വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭാരതപ്പുഴയിലെ അനധികൃത മണൽഖനനവും കടത്തും തടയുന്നതിനായി തൃശ്ശൂർ, പാലക്കാട് ജില്ലയിൽ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും താലൂക്ക്-ജില്ലാതലത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതുമാണ്. വാഹനങ്ങൾ പുഴയിലിറക്കി മണൽ കയറ്റുന്നത് തടയുന്നതിനായി കോൺക്രീറ്റ് ബ്ലോക്കുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഭാരതപ്പുഴ സംരക്ഷണ പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം സംസ്ഥാന ഉന്നതതല സമിതിയിൽ പരിശോധിക്കുന്നതാണ്.

(സി) നദീതീരസംരക്ഷണവുമായി ബന്ധപ്പെട്ടുള്ളതും, കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ജില്ലാ വിദഗ്ദ്ധ സമിതിയും സംസ്ഥാന ഉന്നതതല സമിതിയും അംഗീകരിക്കുന്ന പ്രവർത്തികൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നു.

(ഡി) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-10-2014 വരെ 13,04,73,179 രൂപ നിലവിലുണ്ട്. 1-7-2011 മുതൽ 31-10-2014 വരെയുള്ള റിവർ മാനേജ്മെന്റ് ഫണ്ട് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## ചാലക്കുടി താലൂക്കിൽപ്പെട്ട പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് പട്ടയം

**168(3090)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട വില്ലേജുകളിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ചതും പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്തതുമായ വിവിധ അപേക്ഷകളിൽ ഉടൻ പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമികൾ പതിച്ചുനൽകുന്നത് സംബന്ധിച്ച് 30 കേസുകളിൽ നടപടികൾ പൂർത്തിയാക്കി ഭൂമിപതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ് എന്നിവയിൽ ഉൾപ്പെട്ട മുഴുവൻ പട്ടയകേസുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കുകയും എന്നാൽ, ബന്ധപ്പെട്ട വകുപ്പുകളുടെ NOC ലഭ്യമായിട്ടില്ലാത്തതുമാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ, കുളം, ചിറ തുടങ്ങിയ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ള 7 കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC ലഭിച്ചാലുടൻ പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്ത കേസുകളിൽ പട്ടയം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെയും NOC-യുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി

**169(3091)** <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാനപരിധി ഇപ്പോൾ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതുമൂലം പലർക്കും അപേക്ഷിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് എന്ന ഇനത്തിൽപ്പെട്ട ഭൂമിയില്ലാത്തതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(2) (i) പ്രകാരം പതിച്ചുനൽകാവുന്ന 10% പ്രദേശം വിമുക്തഭടന്മാർക്ക് പതിച്ചുനൽകുന്നതിന് മുൻഗണന നിഷ്കർഷിച്ചിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7 (2) (i) പ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 75,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി 28-10-2014-ലെ ജി.ഒ.(പി) നം.450/14/ആർ.ഡി. പ്രകാരം ഉയർത്തിയിട്ടുണ്ട്.

(ബി) വരുമാന പരിധി 28-10-2014 ലെ ജി.ഒ.(പി) നം.450/14/ആർ.ഡി. പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിൽ ഇല്ല.

**കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്**

**170(3092)** <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇങ്ങനെ വകമാറ്റി ചെലവഴിച്ചതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

**പോക്കുവരവ് സംബന്ധിച്ച സർക്കുലർ**

**171(3093)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാര പ്രകാരമുള്ള അധിക ഭൂമി പോക്കുവരവ് ചെയ്യുന്നതിന് അധിക വസ്തുവിന്റെ വില ഈടാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോ ;

(ബി) ഉത്തരവിന്റെ തീയതിക്ക് മുമ്പ് ആധാരം രജിസ്റ്റർ ചെയ്ത് പോക്കുവരവിന് അപേക്ഷ സമർപ്പിച്ച സംഗതികളിൽ ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നികുതിക്ക് മുൻകാല പ്രാബല്യം നൽകിയത് ക്രമപ്രകാരമാണോ യെന്ന് വ്യക്തമാക്കുമോ ;

(ഡി) റീസർവ്വേ നടപടികൾ പൂർത്തിയാക്കി നിരാക്ഷേപം കരമടച്ചുവരുന്ന വസ്തുക്കൾക്ക് മേൽപ്പറഞ്ഞ ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

**172(3094)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) പ്രസ്തുത അപേക്ഷകരിൽ നിന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായവരുടെ പട്ടികയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നിയോജകമണ്ഡലത്തിൽ ഭൂമി ലഭിച്ചവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നിയമസഭാ മണ്ഡലം തിരിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അമ്പലപ്പുഴ നിയോജകമണ്ഡലം ഉൾപ്പെട്ടുവരുന്ന അമ്പലപ്പുഴ താലൂക്കിൽ 7495 അപേക്ഷകൾ ലഭിച്ചിരുന്നു. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ നൽകാൻ വീണ്ടും അവസരം നൽകിയതിനെ തുടർന്ന് 477 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടമായി ലഭ്യമായിരുന്ന 7495 അപേക്ഷകളിൽനിന്നും 7236 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത ലിസ്റ്റ് www.zerolandless.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. രണ്ടാം ഘട്ടമായി ലഭിച്ച 477 അപേക്ഷകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) അമ്പലപ്പുഴ താലൂക്കിലെ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽനിന്ന് 19 പേർക്ക് ഒന്നാംഘട്ടമായി ഭൂമി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## ചിറയിൻകീഴ് താലൂക്ക് ഓഫീസ് ജീവനക്കാരുടെ ടൂർ ടി.എ മാറിയെടുത്ത വിവരം.

**173(3095)** ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ ജീവനക്കാരുടെ 5/09 മുതൽ 8/10 വരെയുള്ള ടൂർ. റ്റി.എ അലോട്ട്മെന്റ് ഉണ്ടായിട്ടും യഥാസമയം മാറി നൽകാതെ, താലൂക്കിലെ ജീവനക്കാർ മാത്രം റ്റി.എ മാറിയെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻഗണനാക്രമം തെറ്റിച്ച് റ്റി.എ മാറ്റിയെടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കുറ്റക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(സി) റ്റി.എ സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റ്, റവന്യൂ കമ്മീഷണറേറ്റ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ് എന്നിവിടങ്ങളിൽ ഫയൽ ഉണ്ടായിരുന്നിട്ടും ചിറയിൻകീഴ് താലൂക്കിൽ യഥാസമയം നടപടി കൈക്കൊള്ളാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ഡി) ഇതിനെ സംബന്ധിച്ച് ഗവൺമെന്റിൽനിന്നും ആവശ്യപ്പെട്ട മറുപടികൾ യഥാസമയം താലൂക്കിൽനിന്നും നൽകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഫയലുകൾ വച്ച് താമസിപ്പിക്കുന്ന ജീവനക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(ഇ) റ്റി.എ. നൽകുന്നതിന് അലോട്ട്മെന്റ് ഉണ്ടായിരുന്നിട്ടും വില്ലേജ് ജീവനക്കാരുടെ 05/09 മുതൽ 03/11 വരെയുള്ള റ്റി.എ മാറ്റിവച്ചശേഷം താലൂക്കിലെ ജീവനക്കാരുടെ റ്റി.എ. മാറി എടുക്കുവാൻ കാരണം എന്ത് ;

(എഫ്) 05/09 മുതൽ 3/10 വരെയുള്ള റ്റി.എ. യിൽ വന്ന പ്രശ്നങ്ങൾ പൂർത്തീകരിക്കുവാൻ ഇത്രയും കാലം താമസിച്ചത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(ജി) അലോട്ട്മെന്റ് ഉണ്ടായിരുന്നിട്ടും വർഷങ്ങളോളം റ്റി.എ നൽകാതെ മാറ്റിവയ്ക്കുന്ന നടപടി കൈക്കൊള്ളരുതെന്ന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ ജീവനക്കാരുടെ ടൂർ റ്റി.എ. 2053-00-094-99-04-01 എന്ന ശീർഷകത്തിലും താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടൂർ റ്റി.എ. 2029-00-101-99-04-01 എന്ന ശീർഷകത്തിലും നിന്നുമാണ് മാറുന്നത്. വില്ലേജ് ജീവനക്കാർക്കുള്ള ടൂർ റ്റി.എ. അലോട്ട്മെന്റിൽനിന്നും താലൂക്ക് ജീവനക്കാർക്ക് റ്റി.എ. മാറി നൽകിയിട്ടില്ല.

(ബി) മുൻഗണനാക്രമം തെറ്റിച്ച് റ്റി.എ. മാറി എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, വില്ലേജാഫീസ് ജീവനക്കാരുടെ റ്റി.എ. മാറി നൽകുന്നതിന് പര്യാപ്തമായ തുക 2029-00-101-99-04-01 എന്ന ശീർഷകത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ 5/09 മുതൽ 3/10 വരെയുള്ള റ്റി.എ. ബില്ലുകൾ യഥാസമയം മാറി നൽകാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് ടി ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമായ അവസരത്തിൽ കാലാവധി കഴിഞ്ഞ ബില്ലുകൾ ആയതിനാൽ മാറി നൽകുന്നതിന് സർക്കാരിന്റെ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിക്കുകയും ന്യൂനതകൾ പരിഹരിച്ച് തരുന്നതിനായി സർക്കാരിൽനിന്നും നിർദ്ദേശം നൽകുകയും ടി ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള കാലയളവിലെ റ്റി.എ. ബില്ലുകൾ ന്യൂനതകൾ പരിഹരിച്ച് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ടി ബില്ലുകൾ മാറി നൽകുന്നതാണ്. കേരളത്തിൽ ആകെ 1600-ലധികം വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ടി വിഷയത്തിൽ സർക്കാരിൽനിന്നും 12-5-2014-ൽ ആവശ്യപ്പെട്ട മറുപടി നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഇ) വില്ലേജ് ജീവനക്കാരുടെ റ്റി.എ. മാറുന്നതിനുള്ള ശീർഷകത്തിൽ പര്യാപ്തമായ അലോട്ട്മെന്റ് യഥാസമയം ഇല്ലാതിരുന്നതുകൊണ്ടാണ് വില്ലേജ് ജീവനക്കാരുടെ 05/09 മുതൽ 03/10 വരെയുള്ള റ്റി.എ മാറി നൽകുന്നതിന് കാലതാമസം നേരിട്ടത്. എന്നാൽ, പിന്നീട് ലഭിച്ച അലോട്ട്മെന്റ് പ്രകാരം ടി കാലയളവിലെ ക്ലെയിം മാറി നൽകുന്നതിന് സാദ്ധ്യമല്ലാതിരുന്നതിനാൽ ടി തുക ലാപ്സാകാതിരിക്കുന്നതിനാണ് വില്ലേജ് ജീവനക്കാരുടെ 4/10 മുതലുള്ള റ്റി.എ ക്ലെയിമുകൾ മാറി നൽകിയത്. അപ്രകാരം നടപടി സ്വീകരിച്ചില്ലായിരുന്നെങ്കിൽ വില്ലേജ് ശീർഷകത്തിൽ തുടർന്ന് ലഭിക്കുന്ന തുകകൾ ലാപ്സാവുകയും വില്ലേജ് ജീവനക്കാർക്ക് തുടർന്നുള്ള സമയങ്ങളിലും യാതൊരുവിധ റ്റി.എ.യും ലഭിക്കാതിരിക്കുന്ന സ്ഥിതി ഉണ്ടാകുമായിരുന്നു.

വില്ലേജ് ജീവനക്കാരുടെ റ്റി.എ ക്ലെയിം മാറ്റിവച്ചതിനുശേഷം നാളിതുവരെ 2029-00-101-99-04-01 എന്ന ശീർഷകത്തിൽനിന്നും താലൂക്കാഫീസ് ജീവനക്കാരുടെ റ്റി.എ. മാറി നൽകിയിട്ടില്ല.

(എഫ്) 05/09 മുതൽ 3/10 വരെയുള്ള വില്ലേജ് ജീവനക്കാരുടെ ടൂർ റ്റി.എ. ക്ലെയിമുകൾ യഥാസമയം ലഭ്യമല്ലാത്തതിനാലാണ് തുക മാറി നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത്. ടി ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലപരിധി കഴിഞ്ഞതിനാൽ സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് കിട്ടുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) മനഃപൂർവ്വം റ്റി.എ. ബില്ലുകൾ മാറ്റിവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി

**174(3096)**. ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി അനധികൃതമായി വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശം വച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ എത്ര ഏക്കർ ഭൂമി നാളിതുവരെ തിരിച്ചു പിടിച്ചു ; ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(സി) ബാക്കിസ്ഥലം എപ്പോൾ ഏറ്റെടുക്കുവാൻ കഴിയും എന്നും എന്തു നടപടികൾ ഇതിനായി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) എത്രഏക്കർ സർക്കാർ ഭൂമി കുത്തകപ്പാട്ട വ്യവസ്ഥ പ്രകാരം വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് നൽകിയിട്ടുണ്ട്; ഇതിലൂടെ സർക്കാരിന് കിട്ടുന്ന പ്രതിവർഷവരുമാനം എത്ര ; വ്യക്തമാക്കുമോ ;

(ഇ) കുത്തകപ്പാട്ടത്തിന്റെ കാലാവധികഴിഞ്ഞ ഭൂമി എത്രയുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കുത്തകപ്പാട്ട വ്യവസ്ഥ അനുസരിച്ച് പാട്ടത്തുകയായി സർക്കാരിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(ജി) പാട്ടക്കുടിശ്ശിക അടയ്ക്കുന്നതിനു വീഴ്ച വരുത്തിയവരുടെ കരാർ റദ്ദാക്കി സ്ഥലം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ; ഈ സർക്കാർ എത്ര ഏക്കർ സ്ഥലത്തിന്റെ പാട്ടം പുതുക്കി നൽകി; എന്തുതുക നിരക്കിലാണ് ഇവ നൽകിയത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഹാരിസൺസ് മലയാളം കമ്പനി, റവന്യൂ ഭൂമി വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ കൈവശം വച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ ; പ്രസ്തുത ഭൂമി തിരിച്ചുപിടിച്ച് ഭൂമി ഇല്ലാത്തവർക്ക് നൽകാൻ എന്തു നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

## തൈക്കൂട്ടം കടവിലെ ശുക്കപാലം

**175(3097)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം ദുരന്ത സാഹചര്യമുള്ള സ്ഥലങ്ങളിലെ കടവുകളിൽ പാലങ്ങൾ നിർമ്മിക്കുന്ന സ്കീമിൽ ഉൾപ്പെടുത്തി കെൽ നിർമ്മാണം പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിലെ കാട്ടുകറ്റി പഞ്ചായത്തിലെ തൈക്കൂട്ടം കടവിലെ ശുക്കപാലത്തിന്റെ നിർമ്മാണത്തിൽ സാങ്കേതിക ന്യൂനതകൾ ഉള്ളതായി പ്രാഥമിക പരിശോധനയിൽ ബോധ്യമായതിനെത്തുടർന്ന് വിശദമായ പരിശോധന നടത്തുന്നതിനായും അപാകതകൾ പരിഹരിക്കുന്നതിനായും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അപാകതകൾ പരിഹരിച്ച് ശുക്കപാലം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) ഹൈവേ റിസർച്ച് ജോയിന്റ് ഡയറക്ടർ പരിശോധിച്ചതനുസരിച്ച് തൈക്കൂട്ടം കടവ് ശുക്കപാലത്തിന്റെ നിർമ്മാണത്തിലെ ന്യൂനതകൾ കേരള ഇലക്ട്രിക്കൽ & അലൈഡ് കമ്പനിയെക്കൊണ്ട് പരിഹരിപ്പിക്കുവാൻ പൊതുമരാമത്ത് വകപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൈക്കൂട്ടം കടവ് ശുക്കപാലത്തിന്റെ നിർമ്മാണത്തിലെ അപാകത ഉടൻ പരിഹരിക്കാനും ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് സജ്ജമാക്കാനും KEL പ്രതിനിധിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്മാർട്ട് വില്ലേജുകൾ

**176(3098)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും അവയിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും നവീകരണ പ്രവർത്തനം നടന്നുവരികയുമാണ്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കി 10 ജില്ലകളിലായി 16 വില്ലേജാഫീസുകൾ സ്മാർട്ട്റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ആയതിൽ ഒരെണ്ണം എം.എൽ.എ. ഫണ്ടിൽനിന്നും 15 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ചും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 15 വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും ആകുന്നു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൊയിലാണ്ടി താലൂക്കിലെ പഞ്ചായത്തുകളിൽ സർക്കാർ പുറമ്പോക്ക് ഭൂമി

**177(3099)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ, മേപ്പയ്യൂർ, പേരാമ്പ്ര, നൊച്ചാടി, കൂത്താളി, ചെറുവണ്ണൂർ, ചങ്ങരോത്ത്, ചക്കിട്ടപാറ, അരിക്കളം പഞ്ചായത്തുകളിൽ എത്ര സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

| | | | | |
|---|---|---|---|---|
| (എ) | കീഴരിയൂർ പഞ്ചായത്ത് | - | 135.7238 | ഹെക്ടർ |
| | അരിക്കളം പഞ്ചായത്ത് | - | 78.6955 | " |
| | പേരാമ്പ്ര പഞ്ചായത്ത് | - | 124.45 | " |
| | നൊച്ചാട് പഞ്ചായത്ത് | - | 82.384 | " |
| | ചെറുവണ്ണൂർ പഞ്ചായത്ത് | - | 27.20 | " |
| | മേപ്പയ്യൂർ പഞ്ചായത്ത് | - | 62.82 | " |
| | ചക്കിട്ടപ്പാറ പഞ്ചായത്ത് | - | 1903 | " |
| | ചങ്ങരോത്ത് പഞ്ചായത്ത് | - | 129.79 | " |
| | കൂത്താളി പഞ്ചായത്ത് | - | 7.40 | " |
| | ആകെ | - | 2551.4633 | " |

(ബി) സർക്കാർ പുറമ്പോക്ക് ഭൂമി കേരള ഭൂ സംരക്ഷണ നിയമ പ്രകാരം സംരക്ഷിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എൽ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റെയിഡ്

**178(3100)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജൂൺമുതൽ കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ സ്ക്വാഡ് എത്ര റെയിഡ് നടത്തിയെന്നും എത്ര ലോഡ് മണൽ, മണ്ണ്, ചെങ്കല്ല് എന്നിവ പിടികൂടിയെന്നും വ്യക്തമാക്കാമോ ;

(ബി) റെയിഡിൽ പിടികൂടിയ വാഹന ഉടമകളുടെ പേര്, എടുത്ത കേസ്, ഈടാക്കിയ ഫൈൻ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ; വ്യക്തമാക്കുമോ ;

(സി) പൊതുജനങ്ങൾക്ക് മാർഗ്ഗതടസ്സമുണ്ടാക്കുംവിധം താലൂക്ക് ഓഫീസ് മുറ്റത്ത് വർഷങ്ങളായി പിടികൂടിയിട്ടിരിക്കുന്ന മണൽ, ലോറി മറ്റ് വാഹനങ്ങൾ എന്നിവ എത്രയെന്ന് വിശദമാക്കാമോ ;

(ഡി) പിടികൂടിയ മണൽ പരസ്യമായി ലേലം ചെയ്യുന്നതിനും വാഹനങ്ങൾ മാറ്റുന്നതിനും നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2012 ജൂൺ മുതൽ കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ സ്ക്വാഡ് 354 റെയ്ഡ് നടത്തിയിട്ടുണ്ട്. മണൽ, മണ്ണ്, ചെങ്കല്ല് എന്നിവ പിടികൂടിയ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | മണൽ, മട്ടിമണൽ, പോർട്ട്, മണൽ | മണ്ണ് | ചെങ്കല്ല് |
|---|---|---|---|
| 2012 | 27 വാഹനങ്ങൾ | 18 വാഹനങ്ങൾ | ... |
| 2013 | 29 വാഹനങ്ങൾ | 58 വാഹനങ്ങൾ | ... |
| 2014 | 16 വാഹനങ്ങൾ | 45 വാഹനങ്ങൾ | ... |

(ബി) ആകെ 16,33,000 രൂപ ഫൈൻ ഈടാക്കി. (വാഹന ഉടമകളുടെ പേര്, മറ്റുവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.) *

(സി) 26 വാഹനങ്ങൾ ഏകദേശം 600 ടൺ മണൽ.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം സെക്ഷൻ 23 എ (6) പ്രകാരം കണ്ടുകെട്ടിയ മണൽ നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് വിൽപ്പന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിലുള്ള മണൽ കേസിന്റെ തീർപ്പിനനുസരിച്ച് നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് കൈമാറുന്നതാണ്. വാഹനങ്ങൾ നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അനധികൃതമായി ഭൂമി കൈക്കലാക്കൽ

**179(3101)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി തട്ടിപ്പ് ഭൂപണയത്തിന്മേൽ പലിശയ്ക്ക് പണംനൽകി ചില റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമി കൈക്കലാക്കൽ തുടങ്ങിയ വിവിധതരം തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭൂമി/വാസസ്ഥലം/ കടകൾ തുടങ്ങിയവ വ്യാജപ്രമാണങ്ങളും വ്യാജരേഖകളും ഉദ്യോഗസ്ഥരുടെ സഹായവും ഗുണ്ടാസംഘങ്ങളുടെ സംരക്ഷണവും ഉപയോഗിച്ച് പലരും കൈക്കലാക്കിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചു ; റവന്യൂ വകുപ്പ് പ്രസ്തുത പരാതികളിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(സി) റവന്യൂ വകുപ്പിന്റെ കണക്കുകൾപ്രകാരം ഇത്തരം തട്ടിപ്പുകൾക്ക വിധേയമായി ഭൂമി നഷ്ടപ്പെട്ടവർ എത്ര ; ആത്മഹത്യ ചെയ്തവർ എത്ര ; കൊലചെയ്യപ്പെട്ടവർ എത്ര ; മാരകമായ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പുകൾക്ക് വിധേയരായവർക്ക് അവരുടെ സ്വത്തു വകകൾ തിരികെ നൽകുവാനായി റവന്യൂവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുകയും തട്ടിപ്പുകൾ നടത്തിയതായി കണ്ടെത്തുകയും ചെയ്ത റവന്യൂ വകുപ്പിന്റെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചു ; പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരം തട്ടിപ്പുകാരുടെ പ്രവർത്തനം അവസാനിപ്പിക്കാനും, തട്ടിപ്പിനു വിധേയരാകുന്നവരുടെ ഭൂമി തിരികെ നൽകാനും നിലവിലെ നിയമങ്ങൾ സമഗ്രമായി പരിഷ്കരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റിപ്പോർട്ട് ലഭ്യമായ ജില്ലകളിൽ കൊല്ലം ജില്ലയൊഴികെയുള്ള ജില്ലകളിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ കൊല്ലം ജില്ലയിൽ ഉദ്യോഗസ്ഥർക്കെതിരെ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ലെങ്കിലും 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയശേഷം ബ്ലേഡ് മാഫിയയ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് 14 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണവും തുടർനടപടിയും എടുക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്.

(സി- എഫ്) ബാധകമല്ല.

**പയ്യന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ**

**180(3102)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂരിൽ പൂർത്തിയായിവരുന്ന മിനി സിവിൽസ്റ്റേഷൻ ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓഫീസുകൾക്ക് മുറി അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഏതെല്ലാം ഓഫീസുകൾക്കാണ് മിനി സിവിൽസ്റ്റേഷനിൽ മുറികൾ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. മിനി സിവിൽസ്റ്റേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിക്കുന്നതിന് പരിഗണിക്കപ്പെടുന്ന ഓഫീസുകളായ എക്സൈസ് റെയ്ഞ്ച് ഓഫീസ്, ലേബർ ഓഫീസ്, ലാൻഡ് ട്രിബ്യൂണൽ, പയ്യന്നൂർ, ക്ഷീര വികസനവകുപ്പ്, ഇറിഗേഷൻ, വാണിജ്യ നികുതി , ഫുഡ് സേഫ്റ്റി, വൊക്കേഷണൽ ഹയർ സെക്കന്ററി, റീജണൽ ഓഫീസ്, റീസർവ്വെ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ, കൃഷി വകുപ്പിന്റെ ഓഫീസ് എന്നിവയ്ക്ക് മുറി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## താലൂക്കുകളുടെ രൂപീകരണം

**181(3103)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി താലൂക്കുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട് ; ലിസ്റ്റ് സഹിതം വിശദവിവരം നൽകുമോ ;

(സി) പുതുതായി വില്ലേജ് ഓഫീസുകളും താലൂക്കുകളും ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ അസംബ്ലി മണ്ഡലങ്ങളിലെ ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 പുതിയ താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത താലൂക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) നിയമസഭാ മണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ് പുതുതായി വില്ലേജുകളും താലൂക്കുകളും ആരംഭിക്കുന്നത്.

(ഡി) ഇല്ല. സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിച്ചിട്ടുണ്ട്.

### ട്രിവാൻഡ്രം ഗോൾഫ് ക്ലബ് ഡൈനിംഗ് ഹാൾ വാടകയിനത്തിൽ ലഭിച്ച തുക

**182(3104)** ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രിവാൻഡ്രം ഗോൾഫ് ക്ലബ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്തശേഷം ഇവിടത്തെ ഡൈനിംഗ് ഹാൾ വാടകയ്ക്ക് നൽകുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) വാടക ഇനത്തിൽ എത്രരൂപ ഇതിനകം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

### എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം

**183(3105)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പട്ടയം അനുവദിച്ചു കിട്ടുന്നതിന് എളങ്കുന്നപ്പുഴ വില്ലേജിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടയം അനുവദിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

(ഡി) കടലും കായലും അതിർത്തികൾ നിശ്ചയിക്കുന്ന ദ്വീപ് എന്നത് കണക്കിലെടുത്തും, വർഷങ്ങളായി സ്ഥിരതാമസമാണെന്ന വസ്തുത പരിഗണിച്ചും പട്ടയം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുറമ്പോക്കുഭൂമി കൈവശം വച്ച് വീടുവച്ച് താമസിക്കുന്നവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഭൂമി പതിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 68 അപേക്ഷകൾ .

(സി&ഡി) പ്രസ്തുത അപേക്ഷകളിൽ കൂടുതലും തീരദേശ പരിപാലന നിയമത്തിൽ അനുശാസിക്കുന്ന പരിധിയിൽ വരുന്നവയായതിനാലാണ് കാലതാമസം നേരിടുന്നത്.

## ഭൂരഹിതരില്ലാത്ത കേരളം

**184(3106)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട് ; ഇതിൽ ജില്ലയിലുള്ളവർ എത്ര ; ജില്ലയ്ക്ക് പുറത്തുള്ളവർ എത്ര ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങളും മറ്റും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻകീഴിൽ അളന്ന് നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) നൽകിയ ഭൂമിയിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്ത സ്ഥലമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽതന്നെ കാസർഗോഡ് ജില്ലയിൽനിന്ന് കണ്ടെത്തിയിരുന്ന 10,271 ഗുണഭോക്താക്കൾക്കും പട്ടയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മറ്റ് ജില്ലകളിൽനിന്നുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ പട്ടയം അനുവദിച്ചിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ പൊതുസ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാസയോഗ്യമായതും ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകാൻ കഴിയുന്നതുമായ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അനുവദിച്ച പ്ലോട്ടുകൾ മാറ്റി നൽകണമെന്ന തരത്തിൽ ജില്ലയിൽ 115 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## ഭൂരഹിതരില്ലാത്ത കേരളം

**185(3107)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയുടെ ഭാഗമായി ആരെല്ലാം ഏതൊക്കെ സ്ഥാപനങ്ങൾ ഭൂരഹിതർക്ക് ഭൂമി നൽകാനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്; എത്ര സെന്റ് വീതം ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഭൂമി ഇല്ലാത്ത അവശേഷിക്കുന്നവർക്കും ഭൂമി നൽകുവാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) പദ്ധതിക്കുവേണ്ടി ഭൂമി വാഗ്ദാനം ചെയ്തിട്ടുള്ളവരുടെ പേരുവിവരം താഴെ ചേർക്കുന്നു :

| | |
|---|---|
| **പത്തനംതിട്ട ജില്ല** | 27 സെന്റ് |
| മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ വില്ലേജിൽ കണ്ണമ്മല വീട്ടിൽ ശ്രീ. കെ.എ.വർഗ്ഗീസ് | |
| **എറണാകുളം ജില്ല** | |
| ശ്രീ. കറുമ്പാ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് | 3 സെന്റ് വീതം 50 പേർക്ക് |
| **തൃശ്ശൂർ ജില്ല** | 1.21 ആർ |
| തൃശ്ശൂർ താലൂക്കിൽ താണിക്കുടം മാറോക്കി ഹൗസിൽ കറ്റൂർ വില്ലേജാഫീസർ ആയിരുന്ന ശ്രീ. ഗീവറിന്റെ ഭാര്യ ശ്രീമതി ബിന്ദു. | |
| **പാലക്കാട് ജില്ല** | 10 സെന്റ് ഭൂമി |
| ഒറ്റപ്പാലം താലൂക്കിൽ ശ്രീ. വാസുദേവൻ നായർ, വള്ളിക്കാട്ടിൽ വീട് | |
| **വയനാട് ജില്ല** | 0.0430 ഹെക്ടർ |
| വട്ടവഞ്ചാൽ കുതിരക്കളമ്പിൽ ശ്രീ.സലിം ഷെമിന ദമ്പതിമാർ | |
| **കണ്ണൂർ ജില്ല** | 1.21 ആർ |
| തലശ്ശേരി താലൂക്കിൽ മൊകേരി വില്ലേജാഫീസറായിരുന്ന ശ്രീമതി നസീമ പി.വി. | |
| 2. തലശ്ശേരി താലൂക്കിൽ മാനന്തേരി കീർത്തനം വീട്ടിൽ പുതുശ്ശേരി മഹീന്ദ്രൻ | 2.45 ആർ |
| **കാസർഗോഡ് ജില്ല** | 1 ഏക്കർ |
| വെള്ളരിക്കുണ്ട് താലൂക്കിലെ ശ്രീ. ഷാജി, പി. ചാരത്തുവീട്, പുഞ്ചക്കര | |

(ബി&സി) പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. വീട് വയ്ക്കാൻ അനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കയ്യേറ്റഭൂമികൾ ഒഴിപ്പിച്ചെടുത്തും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ തിരിച്ചെടുത്തും പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ ശ്രമിച്ചുവരുന്നു.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

186(3108) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അനുവദിച്ച ഭൂമി ഏറ്റെടുക്കാത്തവർ എത്രയുണ്ടെന്ന് അറിയിക്കാമോ ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര പേർക്ക് ഭൂമി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത് ; ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ടതിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുള്ളതുമാണെന്ന പരാതി ഉയർന്നിട്ടുണ്ടോ ; ഇക്കാരണത്താൽ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ അപേക്ഷകർ വിമുഖത കാണിക്കുന്നുണ്ടോ ;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്രപേർക്ക് ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എത്രഭൂമി വേണ്ടിവരും ; ഇത് സർക്കാരിന്റെ അധീനതയിൽ ഉണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്കായി ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ ; ഇതിന് എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ; ഈ പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയിരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലുമായി 36,491 പേർക്ക് ഭൂമി അനുവദിച്ചു. ഇതിൽ പട്ടയം കൈപ്പറ്റാത്തവർക്ക് നിയമാനുസൃത നോട്ടീസ് കൊടുക്കുന്ന നടപടി ജില്ലാകളക്ടർമാർ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവർക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഈ പ്രവർത്തനം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ ഭൂമി അനുവദിച്ചിട്ടും ഏറ്റെടുക്കാത്തവരുണ്ടെങ്കിൽ അവരുടെ കണക്ക് വ്യക്തമാകുകയുള്ളൂ.

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഒരുലക്ഷം പേർക്ക് ഭൂമി നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്ത നല്ലൊരു ശതമാനം ഭൂമിയിന്മേലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പ്, കോടതി കേസുകൾ എന്നിവ ഉണ്ടായിരുന്നതിനാൽ ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നയത്രയും ഭൂമി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ ഭൂമികളാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജുകളിലോ സമീപ വില്ലേജുകളിലോ ആണ് ഭൂമി അനുവദിച്ചുവരുന്നത്. അനുവദിച്ച ഭൂമിയിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുമാണെന്ന പരാതികൾക്ക് സാധ്യതയില്ലാത്തതാണ്. ഏതാനും അപേക്ഷകർ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കുന്നതിന് ഉദ്ദേശം 10,000 ഏക്കർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. പദ്ധതിയിൽ വിതരണം ചെയ്യുവാൻ കഴിയുന്ന വിവിധയിനം സർക്കാർ ഭൂമികളുടെ കണക്കെടുപ്പും ജില്ലാതലത്തിൽ നടന്നുവരുന്നു. ഈ നടപടി പൂർത്തിയായാൽ മാത്രമേ ഭൂമിയുടെ ലഭ്യത എത്രമാത്രമെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ഭൂമി വിലയ്ക്ക് വാങ്ങിയിട്ടില്ല. നടപ്പു സാമ്പത്തിക വർഷം 10 കോടി രൂപയാണ് പദ്ധതിക്ക്‌വകയിരുത്തിയിട്ടുള്ളത്.

## മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ

**187(3109)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽകടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടേറ്റിലും പോലീസ് സ്റ്റേഷനുകളിലും കിടന്ന് നശിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാഹനങ്ങൾ യഥാസമയം വിട്ടു നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് കെട്ടികിടക്കുന്ന വാഹനങ്ങളുടെ ലേലത്തിലൂടെ എത്ര രൂപ ഖജനാവിലേക്ക് സമാഹരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) പിടിച്ചെടുത്ത വാഹനങ്ങൾ കളക്ടേറ്റുകളിലും സ്റ്റേഷനുകളിലും നിന്ന് നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനം വിട്ടുതൽചെയ്ത് കിട്ടുന്നതിനായി വാഹന ഉടമ അപേക്ഷ നൽകാത്ത സാഹചര്യത്തിലും കേസുകൾ തീർപ്പാകാത്ത സാഹചര്യത്തിലും നിശ്ചിത പിഴ തുക അടച്ച് വാഹനം ഏറ്റെടുക്കാത്ത സാഹചര്യത്തിലുമാണ് വാഹനങ്ങൾ യഥാസമയം വിട്ടുനൽകാൻ സാധിക്കാതെ വരുന്നത്.

(സി) കേസുകൾ തീർപ്പാക്കാതെ വാഹനം ലേലം ചെയ്യുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ലേലത്തിലൂടെ സമാഹരിക്കാൻ കഴിയുന്ന തുക വിവരം പരിശോധിച്ചിട്ടില്ല.

(ഡി) നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## മുല്ലപ്പെരിയാർ ഡാം-പ്രദേശവാസികളുടെ സുരക്ഷിതത്വം

**188(3110)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാം അപകടാവസ്ഥയിലായ സാഹചര്യത്തിൽ പ്രദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എത്രപേരെയാണ് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളത് ;

(ബി) ഇപ്രകാരം മാറ്റി പാർപ്പിച്ചിരിക്കുന്നവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) സൗജന്യ ചികിത്സ, സൗജന്യ റേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആരെയും മാറ്റി പാർപ്പിച്ചിട്ടില്ല.

(ബി&സി)ബാധകമല്ല.

## വടക്കഞ്ചേരിയിൽ സബ്ട്രഷറിക്കും ഫയർ ഫോഴ്സിനും ഭൂമി കൈമാറിയത് സംബന്ധിച്ച നടപടിക്രമം

**189(3111)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസ് കോമ്പൌണ്ടിൽ നിന്നും 10 സെന്റ് ഭൂമി സബ്ട്രഷറി നിർമ്മാണത്തിന് നൽകണമെന്ന ആവശ്യം പരിഗണിച്ച് ട്രഷറി വകുപ്പിന് കൈവശാവകാശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈവശാവകാശം കൈമാറാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ആലത്തൂർ താലൂക്കിൽ വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ കോമ്പൗണ്ടിൽനിന്നും ഫയർ ഫോഴ്സിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി നൽകിയത് നിയമനാസൃതം കൈമാറിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് കൈമാറ്റം നടക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ട് കാര്യങ്ങൾക്കും റവന്യൂ വകുപ്പിൽ അപേക്ഷ ലഭിച്ചത് എന്നാണെന്നും ഇതുവരെയായിട്ടും നടപടി പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(ബി) ഇല്ല. അഗ്നിരക്ഷാ വകുപ്പ് ലഭ്യമാക്കേണ്ട ഔപചാരിക രേഖകൾ ലഭ്യമാക്കാതിരുന്നതിനാലാണ് കൈമാറ്റം നടക്കാതിരുന്നത്.

(സി) ട്രഷറി വകുപ്പിന്റെ അപേക്ഷ 2-6-2005-ലും അഗ്നിരക്ഷാ വകുപ്പിന്റെ അപേക്ഷ 16-11-2009-ലുമാണ് ലഭ്യമായിട്ടുള്ളത്. അഗ്നിരക്ഷാ വകുപ്പിന്റെ ഔപചാരിക ഭൂമി കൈമാറ്റ രേഖകൾ ലഭ്യമാകാത്തതുകൊണ്ടാണ് ഇതുവരെയായിട്ടും ഭൂമി കൈമാറ്റ നടപടി പൂർത്തിയാകാത്തത്.

## കാലവർഷക്കെടുതി-ദുരിതാശ്വാസ നടപടികൾ

**190(T3112)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം വീടുകൾ നശിച്ച കർഷകർക്ക് ദുരിതാശ്വാസ സഹായം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത ആവശ്യത്തിനായി എന്തു തുക വേണ്ടിവരുമെന്നും അറിയിക്കാമോ ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ വീടുകൾ നശിച്ച കർഷകർ ദുരിതാശ്വാസ സഹായം അഭ്യർത്ഥിച്ച് നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ പരിശോധിച്ച് എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്നും ആയത് കർഷകർക്ക് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കാലവർഷക്കെടുതിയിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം നൽകുന്നുണ്ട്. വീടുകൾ നശിച്ച കർഷകർക്ക് മാത്രമായി ധനസഹായം അനുവദിക്കുന്നില്ല. അതുപോലെതന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിലും ധനസഹായം അനുവദിക്കുന്നില്ല. നഷ്ട പരിഹാരത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡ പ്രകാരമുള്ള ധനസഹായം നൽകുന്നതാണ്.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## നദികളെക്കുറിച്ചുള്ള ഗവേഷണം

**191(3113)** ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി ഗവേഷണം, ട്രെയിനിംഗ് ഇവ ശാസ്ത്രീയമായി നടത്തുന്നതിനായി റവന്യൂ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എറണാകുളം ആസ്ഥാനമായി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചും എറണാകുളം ജില്ലാ കളക്ടറെ പ്രസ്തുത സെന്റർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തി 4-12-14-ലെ സ.ഉ.(എംഎസ്.) 503/14/റവ. നമ്പരായി* സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കാലവർഷക്കെടുതികളും വരൾച്ചാക്കെടുതികളുംവഴി സംസ്ഥാനത്തിനുണ്ടായ നഷ്ടം

**192(3114)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കാലവർഷക്കെടുതികളും വരൾച്ചാക്കെടുതികളുംവഴി സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടിയുടേതായിരുന്നു കണക്കാക്കപ്പെട്ടതെന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

(ബി) ഓരോ കാലയളവിലും കണക്കാക്കപ്പെട്ട നഷ്ടവും ലഭിച്ച കേന്ദ്രഗവൺമെന്റ് സഹായവും സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) ഈ സർക്കാരിന്റെകാലത്ത് ഓരോ വർഷം കാലവർഷക്കെടുതികളും വരൾച്ചക്കെടുതികളും വഴി സംസ്ഥാനത്തിനുണ്ടായ നഷ്ടവും കേന്ദ്രഗവൺമെന്റ് സഹായവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| | കണക്കാക്കപ്പെട്ട നഷ്ടം (കോടി) | ലഭിച്ച കേന്ദ്രഗവൺമെന്റ് സഹായം (കോടി) |
|---|---|---|
| കാലവർഷക്കെടുതി 2011-12 | 712.06 | 109.69 |
| കാലവർഷക്കെടുതി 2012-13 | 1428.75 | 15.96 |
| വരൾച്ച 2012-13 | 2488.18 | 80.05 |
| കാലവർഷക്കെടുതി 2013-14 | 503.86 | 0 |
| കാലവർഷക്കെടുതി 2014-15 | 495.32 | ലഭ്യമായിട്ടില്ല. |

## സർട്ടിഫിക്കറ്റുകളുടെ ഫീസ്

**193(3115)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകി വരുമ്പോൾ ഫീസിനത്തിൽ എത്ര രൂപ വീതമാണ് നൽകേണ്ടിവരുന്നത് ;

(ബി) പല അക്ഷയ കേന്ദ്രങ്ങളും നിശ്ചിതഫീസിലും ഉയർന്ന തുക അപേക്ഷകരിൽ നിന്നും ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം ഉയർന്നനിരക്ക് ഈടാക്കുന്നത് തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ട്മെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ) സർവ്വീസ്ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്.

(ബി) ഇല്ല. പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ജില്ലാ അക്ഷയ കോർഡിനേറ്റർമാരോട് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റുകൾക്കാവശ്യമായ രേഖകളുടെയും ഫീസിന്റെയും വിവരം പൊതുജനങ്ങൾക്കുവേണ്ടി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിക്കുന്നതിലേയ്ക്കായി ജില്ലാ അക്ഷയ കോർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## കോങ്ങാട് മണ്ഡലത്തിലെ സാധാരണ കുടിയേറ്റ കർഷകർക്ക് (1970-ന് മുമ്പ് കുടിയേറിയവർക്ക്) പട്ടയം

**194(3116)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ നാമമാത്രമായ സാധാരണ കുടിയേറ്റ കർഷകർക്ക് (1970-ന് മുമ്പ് കുടിയേറിയവർക്ക്) പട്ടയം നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽ ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

**195(3117)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ വില്ലേജിൽ ശ്രീമതി തേവി ചെറുപെണ്ണ്, മലവിള പുത്തൻവീട്, പുലയരുകുന്ന്, പുല്ലമ്പാറ എന്നയാൾക്ക് പുല്ലമ്പാറ വില്ലേജിലെ 57/16 സർവ്വേ നമ്പരിൽപ്പെട്ട എത്ര ഭൂമിയാണ് പാട്ടത്തിന് നൽകിയിരുന്നത് ; എന്നുമുതൽക്കാണ് പാട്ടം പ്രാബല്യത്തിൽ വന്നത് ; എത്ര നാളത്തേക്കാണ് പാട്ടത്തിന് നല്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാട്ടത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ശ്രീമതി തേവി ചെറുപെണ്ണ് 26-3-2000-ൽ മരണപ്പെട്ടതിനുശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബു പുലയരുകുന്ന് തടത്തരികത്ത് പുത്തൻവീട്, വെള്ളുമണ്ണാടി. പി.ഒ. എന്നയാൾ പാട്ടക്കുടിശിക അടച്ചിട്ടുണ്ടോ ; നിലവിൽ ഈ ഭൂമിക്ക് പാട്ടക്കുടിശികയുണ്ടോ എന്നുള്ള വിവരം അറിയിക്കുമോ ;

(ഡി) ശ്രീമതി തേവി ചെറുപെണ്ണിന്റെ കാലശേഷം ഇവരുടെ മകനായ ശ്രീ. കെ. ബാബുവിന് പ്രസ്തുത ഭൂമി കൈവശം വച്ച് അനുഭവിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ആവശ്യത്തിനായി പ്രസ്തുത 57/16 സർവ്വേ നമ്പർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും എത്ര വീതമാണ് നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ. കെ. ബാബു അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ജി) വർഷങ്ങളായി കൈവശംവച്ച് ദേഹണ്ഡിച്ച് പരിപാലിച്ചുവന്ന പ്രസ്തുത ഭൂമി ശ്രീ. കെ ബാബുവിന് പതിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; മറ്റ് വസ്തുവകകളൊന്നുമില്ലാത്ത പട്ടികജാതിയിൽപ്പെടുന്ന ഇദ്ദേഹത്തിന് മാനുഷിക പരിഗണന നൽകി ടി ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16 സെന്റ് ഭൂമിയാണ് 1985 മുതൽ 1990 വരെ പാട്ടത്തിന് നൽകിയിരുന്നത്.

(ബി) പാട്ടവ്യവസ്ഥകൾ ഇപ്രകാരമാണ് :

1. ഏതാവശ്യത്തിനാണോ പാട്ടം അനുവദിച്ചിട്ടുള്ളത്, പ്രസ്തുത ആവശ്യത്തിന് മാത്രമേ പാട്ട ഭൂമി ഉപയോഗിക്കുവാൻ പാടുള്ളൂ. കൂടാതെ ടി പാട്ട ഭൂമി മറ്റാർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.
2. പാട്ടത്തുക എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി മുൻകൂറായി കൊടുക്കേണ്ടതാണ്.
3. സർക്കാരിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി പാട്ട വസ്തു ആവശ്യമായി വന്നാൽ ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതായിരിക്കും.

(സി) അടച്ചിട്ടുണ്ട്. നിലവിൽ പാട്ടക്കുടിശ്ശികയില്ല.

(ഡി) പാട്ടം കാലഹരണപ്പെട്ടതിനാൽ പാട്ടഭൂമി തിരിച്ചെടുത്ത സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം 5 പേർക്ക് ടി ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

(ഇ) സർവ്വെ നം.57/16 -ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഏറ്റെടുത്ത് 3 സെന്റ് വീതം സുധ, മുരുകാലയം, പുല്ലമ്പാറ; സരസു, പുല്ലമ്പാറ; റീസ, മാണിക്യത്തിൽ വീട്, ആലമുക്ക്; ഇവാഞ്ചലി, തുമ്പപ്പുറത്ത് വീട്; ഓമന, ചരിവിള പുത്തൻവീട് എന്നിവർക്ക് പതിച്ചുനൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത ഭൂമി പതിച്ചുകിട്ടുന്നതിനായി ശ്രീ.കെ.ബാബു, നെടുമങ്ങാട് തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കുകയും ടിയാന്റെ പേരിൽ പതിവ് ഭൂമിയുള്ളതിനാൽ നിലവിലെ നിയമപ്രകാരം ടിയാന് ഭൂമി പതിച്ച് നൽകുന്നതിന് നിർവ്വാഹമില്ല എന്ന വിവരം കക്ഷിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ജി) ശ്രീ. ബാബു 23-12-2013-ൽ ഭൂമി പതിച്ചുനൽകുന്നതിന് സമർപ്പിച്ച അപേക്ഷയിൽ ടിയാന് 5 സെന്റ് ഭൂമി കൈവശമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ 2003 ഒക്ടോബർ 31-ന് റീ-സർവ്വെ റിക്കാർഡുകൾ പുല്ലമ്പാറ വില്ലേജിൽ നിലവിൽ വന്നതിനാൽ ടി പാട്ടഭൂമിയും ടിയാളുടെ പട്ടയഭൂമിയും ഒന്നായി ബ്ലോക്ക് നം.23-ൽ റീ-സർവ്വെ നമ്പർ 57/16-ൽ 0.09.85 ആർ ഹെക്ടർ സ്ഥലം 683-ാം നമ്പർ തണ്ടപ്പേരിൽ നെല്ലനാട് മുറിയിൽ മലവിള പുത്തൻവീട്ടിൽ കറുമ്പൻ സുന്ദരേശൻ, കറുമ്പൻ ബാബു, തേവി ചെറുപെണ്ണ് എന്നിവർ പേരിൽ തണ്ടപ്പേർ പിടിച്ചിട്ടുള്ളതുമാണ്. 27-7-2011-ലെ ജി.ഒ. (എംഎസ്.)280/2011/റവ. നമ്പർ ഉത്തരവ് പ്രകാരം ഭൂമി പതിച്ച് നൽകുന്നതിന് ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാലും ടി ഭൂമി ഭൂരഹിതരില്ലാത്ത കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 5 പേർക്ക് പട്ടയം നൽകുന്നതിനാലും ശ്രീ.ബാബുവിന് ടി ഭൂമി പതിച്ചുനൽകാൻ നിർവ്വാഹമില്ല.

## River Management Fund ഉപയോഗിച്ച് ഗായത്രി പുഴ സംരക്ഷിക്കുന്നതിന് നടപടി

**196(3119)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ River Management Fund ഉപയോഗിച്ച് ഗായത്രി പുഴ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(ബി) ആലത്തൂർ മേഖലയിൽ ഗായത്രിപ്പുഴയോരത്ത് പുഴ പുറമ്പോക്ക് കയ്യേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗായത്രി പുഴയോരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി പുഴയോരങ്ങൾ സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ആലത്തൂർ മേഖലയിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ ;

(ഇ) ഈ സാമ്പത്തിക വർഷം River Management Fund-ൽ നിന്നും പാലക്കാട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു ; ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചത് ; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇല്ല.

(ഇ) അനുബന്ധം കണ്ടാലും*

**മലപ്പുറത്ത് കുടുംബകോടതി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം**

**197(3120)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് പുതിയ കുടുംബകോടതി കെട്ടിടം നിർമ്മിക്കുന്നതിന് 25 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ജില്ലാ കളക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി ഫയൽ സമർപ്പിച്ചിട്ടും നാളിതുവരെ ഭൂമി കൈമാറുന്നത് സംബന്ധിച്ച അന്തിമ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ;

(സി) കുടുംബകോടതിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സർക്കാരിലേയ്ക്ക് ലഭിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിരിക്കുകയാണ്. പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആനയറ വേൾഡ് മാർക്കറ്റിനു സമീപം സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം**

**198(3121)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആനയറ-വേൾഡ് മാർക്കറ്റിന് സമീപം ഫ്ലാറ്റ് നിർമ്മാണക്കമ്പനി സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ ; വിശദാംശം നൽകാമോ ;

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. കൈയ്യേറ്റം അളന്നതിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ട്.

(ഡി) കടകംപള്ളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തിയശേഷം ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്.

**പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടൽ**

**199(3122)** <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവിട്ടത് ;

(ബി) പ്രസ്തുത ഉത്തരവ് അസാധുവാക്കിയിട്ടുണ്ടോ ;

(സി) ഈ റോഡിന്റെ വീതി കൂട്ടൽ നിർത്തിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) വീതി കൂട്ടുന്നതിനായി ഏതൊക്കെ ഉടമസ്ഥരുടെ എത്ര വീതം വസ്തുവാണ് റവന്യൂ രേഖകളിൽനിന്ന് കുറവ് ചെയ്തത് ; വിശദാംശം നൽകുമോ ;

(ഇ) ഈ പദ്ധതി ഒഴിവാക്കിയ സാഹചര്യത്തിൽ റവന്യൂ രേഖകളിൽ നിന്നും കുറവ് ചെയ്ത് ഭൂമി തിരികെ ഉടമസ്ഥർക്ക് നൽകി ഭൂമിയുടെ കരം ഒടുക്കുന്നതിന് ഉടമസ്ഥരെ അനുവദിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് സംബന്ധിച്ച് ഏതൊക്കെ പരാതികളാണ് വകുപ്പിലുള്ളത്;

(ജി) പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**ഉത്തരം**

(എ) തിരുവനന്തപുരം പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്പെഷ്യൽ തഹസീൽദാർ എൽ.എ.-എൻ.എച്ച് കാര്യാലയം മുഖേന നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പൊന്നുംവില നടപടി ഔദ്യോഗികമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) കേശവദാസപുരം-പി.എം.ജി. (റീച്ച്-3) പൊന്നുംവില നടപടിയുടെ അർത്ഥനാധികാരിയായ ദേശീയപാത വിഭാഗം എക്സി.എഞ്ചിനീയറുടെ കാര്യാലയം യഥാസമയം ഫണ്ട് ലഭ്യമാക്കാത്തതിനാൽ ടി പൊന്നുംവില നടപടി ഡിനോവ ആയിട്ടുള്ളതാകുന്നു.

(ഡി) പ്രസ്തുത പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പിൻവാങ്ങൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം എൽ.എ., സ്കെച്ച് ക്യാൻസൽ ചെയ്ത് പഴയ സ്കെച്ച് നിലനിർത്തിയാൽ മാത്രമേ ഭൂമിയുടെ ഉടമസ്ഥർക്ക് എൽ.എ.യ്ക്കുവേണ്ടി ഉൾപ്പെടുത്തിയിരുന്ന ഭൂമിക്കുകൂടി കരം ഒടുക്കുന്നതിന് സാധിക്കുകയുള്ളു.

(എഫ് & ജി) ടി വിഷയം സംബന്ധിച്ച് ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ഏഴ് പരാതികളും ആർ.എസ്.പി. സംസ്ഥാന കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെയുള്ള 6 പേർ സമർപ്പിച്ച പരാതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ലഭിച്ച പരാതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വസ്തുവിന്റെ സ്കെച്ചും സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റും തയ്യാറാക്കി ആയതിൽ അഡീഷണൽ തഹസീൽദാർ, ജില്ലാ സർവ്വേ സൂപ്രണ്ട് എന്നിവർ ഒപ്പിട്ട് അഡീഷണൽ തഹസീൽദാറുടെ നടപടിക്രമം തയ്യാറാക്കി കരംഒടുക്ക് വരുത്തുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ മുൻപാകെയുള്ള പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ചേർത്തല മനോരമ കവലയുടെ വികസനം**

**200(3123)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് പറയാമോ ; ഇതിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; സ്ഥലം നെഗോഷ്യബിൾ പർച്ചേസ് മെത്തേഡിൽ സമയനഷ്ടം ഇല്ലാതെ ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകളും റിപ്പോർട്ടുകളും ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ ; സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടേണ്ട കച്ചവടക്കാർക്കു നൽകേണ്ട നഷ്ടപരിഹാര പാക്കേജോ, പുനരധിവാസ പാക്കേജോ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 9.38 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ 9-10-2014-ൽ ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. സ്വന്തം കടയിൽ കച്ചവടം നടത്തുന്ന 9 പേരെയും വാടകയ്ക്ക് കച്ചവടം നടത്തുന്ന 98 പേരെയും ഒഴിപ്പിക്കേണ്ടിവരും. ഇവർക്കും കടകളിലെ 75 ജോലിക്കാർക്കും പുനരധിവാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനിടയിൽ കേരള വ്യാപാരി വ്യവസായ ഏകോപന സമിതി ചേർത്തല യൂണിറ്റ് പ്രസിഡന്റ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ 998/2014 നമ്പരായി ഹൈക്കോടതിയിൽ ഒരു കോടതി അലക്ഷ്യ കേസും ഫയൽ ചെയ്തിട്ടുണ്ട്. കോടതി നിർദ്ദേശവും ജില്ലാ കളക്ടറുടെ പ്രൊപ്പോസലും പരിശോധിച്ച് സർക്കാർ തീരുമാനം എടുക്കുന്നതാണ്.

**റീ-സർവ്വേ നടപടികൾ**

**201(3124)** ശ്രീ. പാലോട് രവി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റീ-സർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ് ;

(ബി) ഇതുവരെ എത്ര വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട് ; ഭാഗികമായി പൂർത്തിയായ വില്ലേജുകൾ എത്ര ; ഏതെല്ലാം ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇതുവരെയുള്ള റീ-സർവ്വേ നടപടികൾക്ക് എത്ര രൂപ ചെലവായി ;

(ഡി) എല്ലാ വില്ലേജുകളിലും റീ-സർവ്വേ നടപടി ക്രമങ്ങൾ കാര്യക്ഷമമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട്, കരിപ്പൂര്, കരകുളം, വട്ടപ്പാറ, വെമ്പായം, തേക്കട, മാണിക്കൽ, കോലിയക്കോട് എന്നീ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, അണ്ടൂർക്കോണം, മേൽതോന്നക്കൽ, കീഴ്തോന്നക്കൽ, അയിരൂപ്പാറ എന്നീ വില്ലേജുകളിലും റീ-സർവ്വേ നടപടികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; പരാതികളെത്ര ; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാ ക്കുമോ ;

(എഫ്) പരാതികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ജി) പരാതികൾ പരിഹരിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റീ-സർവ്വേ അദാലത്ത് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ റീ-സർവ്വേ നടപടികൾ 6-10-1965-ലെ ജി.ഒ.(കൈ) 781/65/റവന്യൂ പ്രകാരം ആരംഭിച്ചു

(ബി) റീ-സർവ്വേ പൂർത്തിയായ വില്ലേജുകൾ - 821

ഭാഗികമായി പൂർത്തിയായ വില്ലേജുകൾ - 164

ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

(സി) റീ-സർവ്വേ നടപടികൾക്ക് 21,41,35,008 രൂപ ചെലവായിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്ത് റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുകയാണ്.

(ഇ) ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.*

(എഫ്) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചുവന്നിരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ

LIBRARY ARCHIVES Kerala Legislative Assembly

സൂപ്രണ്ടുമാർക്കുകൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നുമാസംകൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കി ജില്ലകളിൽ നടത്തുന്ന റവന്യൂ-സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ തീരുമാനമായി.

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-സർവ്വേ അദാലത്ത് നടത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## തണ്ടപ്പേർ നൽകാൻ നടപടി

**202(3125)** ശ്രീ. കോവൂർ കുഞ്ഞുമോൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര പാലമേൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 220/2-15-ൽ ശ്രീമതി കല്യാണിയമ്മയുടെയും മകൻ ശ്രീ. ആനന്ദിന്റെയും പേരിൽ 7694-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട 45.5 സെന്റ് വസ്തുവിൽ നിന്നും കല്ലട ജലസേചന പദ്ധതിയ്ക്കായി 14.75 സെന്റ് വസ്തു ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ബാക്കിയുള്ള സ്ഥലത്തിന് റീ-സർവ്വേയ്ക്കുശേഷം പുതിയ തണ്ടപ്പേര് നൽകിയിട്ടില്ലായെന്നും റീ-സർവ്വെയിൽവന്ന പ്രസ്തുത തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ട് മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദ മന്ദിരത്തിൽ ശ്രീ. കെ. രവീന്ദ്രൻ 26-12-2012-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ജലസേചന പദ്ധതിക്ക് ഏറ്റെടുത്തശേഷം ബാക്കിയുള്ള വസ്തു, തണ്ടപ്പേർ ഉടമകളുടെ പേരിൽ കൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1978-79 കാലഘട്ടത്തിലാണ് പ്രസ്തുത സ്ഥലം കല്ലട ഇറിഗേഷൻ പ്രോജക്ട് കനാലിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളത്. പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതിന്റെ സ്കെച്ചും മഹസറും ലഭിച്ചാൽ മാത്രമേ കനാലിനുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ

സ്ഥാനനിർണ്ണയം നടത്തി പരാതി പരിഹരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത സ്കെച്ചിന്റെ പകർപ്പുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നതായും ആയത് ലഭ്യമായാലുടൻതന്നെ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ആയയിൽപ്പാലം നിർമ്മിക്കുന്നതിന് വസ്തു

**203(3126)** <u>ശ്രീ. എ. റ്റി. ജോർജ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കാമോ ;

(ബി) പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥന നൽകുകയും ഇതനുസരിച്ച് സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും തുടർന്ന് ശ്രീ. ഷാജി, ശ്രീമതി വീണ എന്നിവർ ബഹു.മാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 16600/10-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി അക്വിസിഷൻ നടപടികൾ സ്റ്റേ ചെയ്യുകയുമുണ്ടായി. അതിനാലാണ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടേണ്ടിവന്നത്. ഇപ്പോൾ കേസ് ഹൈക്കോടതി തള്ളി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ പുതിയ അക്വിസിഷനുള്ള റിക്വിസിഷൻ പൊതുമരാമത്ത് വകുപ്പ് നൽകിയാൽ നിലവിലുള്ള Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരം**

**204(3127)** <u>ശ്രീ. വി. ശശി</u> :താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രതുക അനുവദിച്ചു ; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ ; പ്രസ്തുത മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ?

<u>ഉത്തരം</u>

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജി ആസ്ഥാന മന്ദിരത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100% C.S.S ആയി 2.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർമ്മാണ ഏജൻസിയായ പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് പിഴ**

**205(3128)** <u>ശ്രീ. രാജു എബ്രഹാം</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് ലീഗൽ മെട്രോളജി വകുപ്പ് 2000 രൂപ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ നിർദ്ദേശപ്രകാരമാണോ ഇത്തരത്തിൽ പിഴ ഈടാക്കുന്നത്;

(ബി) മുദ്രപതിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് 2000 രൂപ പിഴ ഈടാക്കാൻ എന്തെങ്കിലും നിയമഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് താങ്ങാനാവുന്നതിലും അപ്പുറമുള്ള ഫൈൻ ഒഴിവാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ; ഓട്ടോറിക്ഷാക്കാരിൽ നിന്നും 2000 രൂപ ഫൈൻ വാങ്ങരുത് എന്ന് വകുപ്പുതല ഉദ്യോഗസ്ഥർക്ക് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) പതിപ്പിക്കാൻ കാലതാമസംവരുന്ന എല്ലാ അളവുതൂക്ക ഉപകരണങ്ങൾക്കും ഇത്തരത്തിൽ ഫൈൻ ഏർപ്പെടുത്തുന്നുണ്ടോ ;

(ഇ) കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഓരോ ജില്ലയിൽനിന്നും ഇത്തരത്തിൽ ഈടാക്കിയ ഫൈൻ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(എഫ്) ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2009-ലെ ലീഗൽ മെട്രോളജി ആക്ടിലെ (കേന്ദ്രനിയമം) വ്യവസ്ഥ പ്രകാരമാണ് ഇത്തരത്തിൽ പിഴ ഈടാക്കുന്നത്.

(ബി) ഇല്ല.

(സി) സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 1-4-2014 മുതൽ ഓട്ടോ ഫെയർ മീറ്റർ മുദ്ര പതിപ്പിക്കുന്നതിന് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 2000 രൂപ പിഴ ഈടാക്കുന്നതിന് 2014 ഡിസംബർ 31 വരെ സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

| | | | |
|---|---|---|---|
| (ഇ) | തിരുവനന്തപുരം. | ₹ | 13,87,000 |
| | കൊല്ലം | ₹ | 6,07,000 |
| | ആലപ്പുഴ | ₹ | 2,88,000 |
| | പത്തനംതിട്ട | ₹ | 1,76,000 |
| | കോട്ടയം | ₹ | 1,36,000 |
| | ഇടുക്കി | ₹. | 44,000 |
| | എറണാകുളം | ₹ | 78,000 |
| | തൃശ്ശൂർ | ₹ | 3,96,000 |
| | പാലക്കാട് | ₹ | 2,32,000 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| മലപ്പുറം | ₹ | 9,42,156 |
| കോഴിക്കോട് | ₹ | 16,64,629 |
| വയനാട് | ₹ | 1,97,687 |
| കണ്ണൂർ | ₹ | 6,47,076 |
| കാസർഗോഡ് | ₹ | 2,80,000 |

(എഫ്) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**കയർ മേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ**

**206(3129)** ശ്രീ. എസ്. ശർമ്മ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം കയർ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.

1. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.
2. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു

3. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും വർദ്ധിപ്പിച്ചു.

4. കയർപിരി, ഡീ-ഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.

5. കയർപിരി, തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽനിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽനിന്നും 10 പൈസയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിന ബത്ത 100 രൂപയിൽനിന്നും 150 രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-2014-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482 രൂപയും അനുവദിച്ചു

7. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു

8. ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു

9. കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി

ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14-ൽ 4,86,20,000 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകി.

11. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000 രൂപയും 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 2,00,00,000 രൂപയും അനുവദിച്ചു.

(ബി) പ്രസ്തുത നടപടികൾമൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ നിന്നും ഉണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേയ്ക്ക് വരുന്ന സാഹചര്യം ഉണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

2. പുനരുദ്ധാരണ പദ്ധതിപ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയതുമൂലം കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതിപ്രകാരം 2011-12-ൽ 388 സംഘങ്ങൾക്കും 2012-13-ൽ 440 സംഘങ്ങൾക്കും 2013-14-ൽ 78 സംഘങ്ങൾക്കും പ്രവർത്തനമൂലധനം ലഭിച്ചിട്ടുണ്ട്.

3. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

4. ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

5. കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചു.

6. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

7. ക്രയവില സ്ഥിരതാപദ്ധതി പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും 8749.98 ലക്ഷം രൂപയായും വർദ്ധിച്ചു.

8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.

9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു.

## കയർ ആഭ്യന്തര വിപണിയും

**207(3130)** <u>ശ്രീ. കെ. ശിവദാസൻ നായർ</u> :

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയിലെ ആഭ്യന്തര വിപണിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുല്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തരവിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

ഉത്തരം

(എ) 'കയർ കേരള', 'കയർ കേരള ഫെയർ' തുടങ്ങിയ എക്സിബിഷനുകൾ സംഘടിപ്പിച്ചും എക്സിബിഷനുകളിൽ പങ്കെടുത്തും വൈവിദ്ധ്യവൽക്കരണ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയും ആഭ്യന്തര വിപണിയുടെ സാധ്യത കയർ മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നു. കൂടാതെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയുടെ പല ഭാഗങ്ങളിലും ബയർ-സെല്ലർ മീറ്റുകൾ നടത്തുന്നു. ഇതുകൂടാതെ കേരളത്തിന്റെ പല ഭാഗങ്ങളിൽ കയർ മേളകൾ സംഘടിപ്പിക്കുന്നു. എല്ലാവർഷവും ഫെബ്രുവരി 1 മുതൽ 5 വരെ ആലപ്പുഴയിൽ വച്ച് കയർ കേരള സംഘടിപ്പിക്കാറുണ്ട്. ഈ മേളമുഖാന്തിരം കയർ മേഖലയിൽ ആഭ്യന്തര വിപണിയും വിദേശ വിപണിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കയറുല്പ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി "ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" എന്ന campaign പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിവരുന്നു.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റ് പൊതുമേഖലകൾ, ഗവൺമെന്റ് ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ടും കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതെല്ലാം ആഭ്യന്തര വിപണിയെ ശക്തിപ്പെടുത്താൻ പ്രയോജനപ്രദമായ കാര്യങ്ങളാണ്.

(ബി) ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏജൻസി ഷോറൂമുകൾ ആരംഭിക്കുന്നവർക്ക് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നിശ്ചിത ശതമാനം ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നു. ചെറുകിട ഉൽപ്പാദക സംഘങ്ങൾക്ക് മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് നൽകുന്നു. കയർ മേഖലയിലെ കൈത്തറി ഉൽപ്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അത്തരം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വ്യാപാരികൾക്കും വിവിധ പ്രോത്സാഹന സഹായങ്ങൾ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

നൽകിവരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദക ചെറുകിട സഹകരണ സംഘങ്ങളിൽ നിന്നും നിശ്ചിത വിലനൽകി ഉല്പന്നങ്ങൾ സംഭരിക്കുകയും ഇത് കയറ്റുമതിക്കാർക്ക് കയർ കോർപ്പറേഷൻ നൽകുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട ഉല്പാദന സഹകരണ സംഘങ്ങൾക്ക് 3%, കയറ്റുമതിക്കാർക്ക് 7.5% എന്ന രീതിയിൽ ഇൻസെന്റീവും കയർ കോർപ്പറേഷന് 3% സർവ്വീസ് ചാർജ്ജും സർക്കാർ ഫണ്ടിൽനിന്നും നൽകുന്നു.

(സി) ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണനം കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**തൊണ്ട് സംഭരണം**

**208(3131)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) തൊണ്ട് സംഭരണ പദ്ധതി 16-1-2012 മുതൽ പരിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് നൽകിയിരുന്ന 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കടത്തുകൂലിയുടെ 50% ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾകൂടെ ഉൾപ്പെടുത്തിയാണ് 16-1-2012 മുതൽ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.

2. തൊണ്ട് സംഭരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി പ്രതിദിന വേതനം 100 രൂപയിൽനിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു.

3. സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽനിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽനിന്നും 10 പൈസയായും വർദ്ധിപ്പിച്ചു.

4. ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടിവരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്ന മാനദണ്ഡ പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 100 രൂപ സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ലഭിക്കുന്നതിന് അർഹരാക്കി.

5. പ്രോജക്ട് ലെവൽ ഹസ്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി.

(ബി) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ആവശ്യമായത്ര ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഇവിടെത്തന്നെ സംസ്കരിച്ച് ചകിരിനാര് ഉല്പ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം മുൻനിർത്തി തന്നെയാണ് ഈ പദ്ധതി പരിഷ്കരിച്ചത്.

(സി) തൊണ്ട് സംഭരണ പദ്ധതിപ്രകാരം ധനസഹായത്തിനുള്ള അർഹത ചകിരി നിർമ്മാണം നടത്തുന്ന എല്ലാ മില്ലുകൾക്കും തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും കൺസോർഷ്യങ്ങൾക്കുമാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡുതല കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയുമാണ് പദ്ധതി പരിഷ്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർദ്ധിപ്പിച്ച രീതിയിലുള്ള ഇൻസെന്റീവ് സഹകരണ-സ്വകാര്യ മേഖലകൾക്ക് നൽകാൻ നടപടി സ്വീകരിച്ചു. ഡീ-ഫൈബറിംഗ് മില്ലുകൾക്ക് ഇത് നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് അംഗീകാരം നൽകിക്കഴിഞ്ഞു.

## കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം

**209(3132)** ശ്രീ. കെ. അജിത് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തുനിന്നും ലഭിക്കുന്ന തൊണ്ടിന്റെ സംഭരണത്തിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കയർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) കയർ ഡീ-ഫൈബറിംഗ് മേഖലയിൽ തൊണ്ടിന്റെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

(ബി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൺസോർഷ്യങ്ങൾക്കു പുറമെ ചെറുതും വലുതുമായ ഡീ-ഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(സി) ചകിരിയുടെ ദൗർലഭ്യവും വിലക്കയറ്റവും പരിഹരിക്കുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000 രൂപ 2013-14-ൽ അനുവദിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വില വരുന്ന 43710.82 ക്വിന്റലും 06.08.2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപവരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) വികസിപ്പിച്ച, ദിവസവും 3000-4000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീ-ഫൈബറിംഗ് മെഷീനുകൾ 2009-10 മുതൽ കയർ മേഖലയിൽ വിതരണം ചെയ്തുവരുന്നു. ഈ മെഷീന്റെ പരിഷ്കരിച്ച മോഡൽ നിർമ്മിച്ച് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ ഡീ-ഫൈബറിംഗ് സംഘങ്ങൾക്ക് വലിയ ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ചകിരി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കയർ മേഖലയെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതികൾ

**210(3133)** <u>ശ്രീ. സി. പി. മുഹമ്മദ്</u>:
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെകാലത്ത് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) എത്രശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുമൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു :

1. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.

2. അർഹമായ ഏതാണ്ട് എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു.

3. കയർപിരി മേഖലയിലെ കുറഞ്ഞകൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും വർദ്ധിപ്പിച്ചു.

4. കയർപിരി, ഡീ-ഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.

5. കയർപിരി, തൊണ്ട് സംഭരണം എന്നിവ ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000 രൂപവരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽനിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽനിന്നും 10 പൈസയായി വർദ്ധിപ്പിച്ചും തൊണ്ടും സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിന ബത്ത 100 രൂപയിൽനിന്നും 150 രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482 രൂപയും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു

8. ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.

9. കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14 -ൽ 4,86,20,000 രൂപ അനുവദിച്ചു

10. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകി.

11. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-2013 വർഷം 18,39,60,000 രൂപയും 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 2,00,00,000 രൂപയും അനുവദിച്ചു

(ബി) ഇക്കാലയളവിൽ കയർ മേഖലയിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ഉൾപ്പെടെ 2011-12-ൽ പദ്ധതിയിനത്തിൽ 90,05,01,000 രൂപയായിരുന്നത് 2012-13-ൽ 104,70,00,000 രൂപയായും 2013-14-ൽ 116,37,00,000 രൂപയായും 2014-15-ൽ 121,93,90,000 രൂപയായും വർദ്ധിപ്പിച്ചു

(സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 2011-2012 നേക്കാൾ 16.27% വർദ്ധനവ് 2012-13-ലും 2012-13 നേക്കാൾ 11.46% വർദ്ധനവ് 2013-14-ലും മുൻവർഷത്തേക്കാൾ (2013-14) 4.7856% വർദ്ധനവ് നടപ്പുസാമ്പത്തിക വർഷവും (2014-15) ഉണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത നടപടികൾമൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേയ്ക്ക് വരുന്ന സാഹചര്യം ഉണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

2. പുനരുദ്ധാരണ പദ്ധതിപ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയതുമൂലം കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതിപ്രകാരം 2011-12-ൽ 388 സംഘങ്ങൾക്കും 2012-13-ൽ 440 സംഘങ്ങൾക്കും 2013-14-ൽ 78 സംഘങ്ങൾക്കും പ്രവർത്തനമൂലധനം ലഭിച്ചിട്ടുണ്ട്.

3. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപവരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.

4. ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

5. കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചതുകാരണം കൂടുതൽ കയർ സംഭരിച്ചിട്ടുണ്ട്.

6. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

7. ക്രയവില സ്ഥിരതാ പദ്ധതി പ്രകാരമുള്ള (PPSS) സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും 8749.98 ലക്ഷം രൂപയായും വർദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.

9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാന സൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു.

## സപ്ലൈകോയിലെ ഒഴിവുകളും നിയമനവും

**211(3134)** ശ്രീ. മോൻസ് ജോസഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ ഡയറക്റ്റ് സ്റ്റാഫിനു അനുവദിച്ചിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ;

(ബി) സപ്ലൈകോയിൽ പ്രൊമോഷൻ സംബന്ധിച്ച് ജി.ഒ. നമ്പർ 30/10 നടപ്പാക്കുന്നതിന് നിലവിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ;

(സി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ സ്റ്റാഫ് സ്ട്രെങ്ത്തിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രോഡക്റ്റിവിറ്റി കൗൺസിൽ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) 2014 ആഗസ്റ്റ് മാസത്തിൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ നിലവിലുള്ള അന്യത്ര സേവന സമ്പ്രദായം നിർത്തലാക്കി പി.എസ്.സി.യിൽനിന്ന് നേരിട്ട് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ജി) സപ്ലൈകോയിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോയിലേക്ക് പുതുതായി 96 ജൂനിയർ അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുന്നതിന് സാമ്പത്തിക ബാധ്യതയില്ലെന്ന് ധനകാര്യവകുപ്പ് അംഗീകാരം നൽകിയ ഫയലിന്റെ തുടർ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ്-II എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

(ബി) 4-9-10-ലെ ജി.ഒ.(എംഎസ്.) നമ്പർ30/10/ഭ.സി.സ.വ. നമ്പർ റിക്രൂട്ട്മെന്റ് പ്രൊമോഷൻ റൂൾസിന് ധനവകുപ്പ് അംഗീകാരം നൽകാത്തതിനാൽ 6-7-2011-ലെ സ.ഉ (എംഎസ്.) നമ്പർ 27/11/ഭ.സി.സ.വ. പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ചട്ടം തയ്യാറാക്കി സമർപ്പിക്കുന്നതിന് റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്. വിജയകുമാറിനെ കൺസൽട്ടന്റായി നിയമിക്കുകയും ടിയാൻ കരട് ചട്ടം തയ്യാറാക്കി സർവ്വീസ് സംഘടനാ/ട്രേഡ് യൂണിയനുകളുടെ അഭിപ്രായത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ നടപ്പാക്കേണ്ട മാറ്റങ്ങളും ഭേദഗതികളും സംബന്ധിച്ച് ആദ്യഘട്ട ചർച്ച നടത്തി-അവർ ഉന്നയിച്ച ഭേദഗതികൾ ഉൾപ്പെടുത്തി കരട് ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

(ഡി) അന്തിമ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ) സപ്ലൈകോയിൽ നേരിട്ട് നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് സെയിൽസ് മാൻമാരിൽനിന്നും ജൂനിയർ അസിസ്റ്റന്റുമാരുടെ 14 ഒഴിവുകളിലേയ്ക്കും 23-10-2014-ലെ സ.ഉ.(എംഎസ്.) നമ്പർ44/14/ഭ.സി.സ.വ ഉത്തരവു പ്രകാരം താത്കാലികമായി അനുവദിക്കപ്പെട്ടിട്ടുള്ള 36 ഒഴിവുകളിലേയ്ക്കും നിശ്ചിത യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ജി) സപ്ലൈകോ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ സപ്ലൈകോയിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കണമെന്ന് അറിയിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. സപ്ലൈകോയിൽ സ.ഉ.(എംഎസ്.)43/09/ഭ.സി.സ.വ തീയതി 31-12-2009 പ്രകാരം 100 ജൂനിയർ അസിസ്റ്റന്റ് തസ്തിക താത്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സപ്ലൈകോയുടെ തസ്തികകളെ സംബന്ധിച്ച പഠനത്തിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ഇക്കാര്യത്തിൽ തുടർ നടപടിക്കായി ലഭിക്കേണ്ടതുണ്ട്.

## തലശ്ശേരി മണ്ഡലത്തിൽ ചൊക്ലിയിൽ സപ്ലൈകോ-യുടെ വിപണന കേന്ദ്രം

**212(3135)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽ ചൊക്ലിയിൽ സപ്ലൈകോയുടെ വിപണനകേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) വിപണനകേന്ദ്രം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മേൽ വിഷയത്തിൽ സാധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് റീജിയണൽ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ കെട്ടിടത്തിന് ആകെ 288 ച.അടി വിസ്തീർണ്ണം മാത്രമാണ് ഉള്ളത്. സപ്ലൈകോയുടെ മാനദണ്ഡപ്രകാരം മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം അനിവാര്യമാണ്. 500 ച.അടിയുള്ള കെട്ടിടം കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിന് തലശ്ശേരി ഡിപ്പോ മാനേജർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അതായത് 5 വർഷത്തേയ്ക്കുള്ള വാടകരഹിത കെട്ടിടവും (500 ച.അടി വിസ്തീർണ്ണമുള്ളത്) കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും നൽകുന്ന മുറയ്ക്ക് സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.

## വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസ്

**213(3136)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ എത്ര റേഷൻ കാർഡുടമകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യകത പരിഗണിച്ച് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) സപ്ലൈ ഓഫീസ് ആരംഭിക്കേണ്ടുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ആകെ 32159 റേഷൻ കാർഡുടമകളാണ് ഉള്ളത്.

(ബി&സി) ഉണ്ട്. പുതിയ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത പരിഗണിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഇല്ല. ഒരു താലൂക്കിന് ഒരു സപ്ലൈ ഓഫീസ് എന്ന കണക്കിൽ അനുവദിച്ചുവരുന്നു. പിന്നോക്ക വിഭാഗക്കാരും ദരിദ്രരുമായ ജനത തിങ്ങിപ്പാർക്കുന്ന മലയോര മേഖലയിൽ നിന്നും സർക്കാർ സംബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾക്ക് ഇപ്പോൾ ഏകദേശം 40-56 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് കാഞ്ഞങ്ങാട് എത്തേണ്ടതായിവരുന്നു. വെള്ളരിക്കുണ്ട് താലൂക്ക് സപ്ലൈ ആഫീസിന്റെ ആരംഭത്തോടെ 7 പഞ്ചായത്തുകളിലെ 79 റേഷൻ കടകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം എഴുപതിനായിരത്തോളം കോളനി നിവാസികൾക്കും ഗിരിവർഗ്ഗക്കാരായ ആളുകൾക്കും സർക്കാർ സേവനം സമീപത്തായി ലഭിക്കുന്നു എന്നുള്ളതാണ് താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് നിദാനമായിരിക്കുന്നത്.

### ബി.പി.എൽ, എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിവരങ്ങൾ

**214(3137)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ., എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര താലൂക്കിലെ ബി.പി.എൽ., എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | എ.പി.എൽ. | - | 6251164 |
| | ബി.പി.എൽ. | - | 1481703 |
| | എ.എ.വൈ | - | 585028 |
| | ആകെ | | 8317895 |

(ബി) മാവേലിക്കര താലൂക്കിൽ ആകെ 93936 കാർഡുകളുണ്ട്.

| | | |
|---|---|---|
| എ.പി.എൽ. | - | 65389 |
| ബി.പി.എൽ. | - | 21290 |
| എ.എ.വൈ. | - | 7257 |
| ആകെ | | 93936 |

LIBRARY ARCHIVES Kerala Legislative Assembly

## നെല്ല് സംഭരണം

**215(3138)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014-15-ൽ നാളിതുവരെ എത്ര ടൺ നെല്ല് സംഭരിക്കുകയുണ്ടായി ;

(ബി) ക്വിന്റലിന് എത്ര രൂപ നൽകിയാണ് നെല്ല് സംഭരണം നടത്തിയത്;

(സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നെല്ല് സംഭരണം നടത്തിയത്;

(ഡി) ആകെ എത്ര തുകയുടെ നെല്ല് സംഭരിക്കുകയുണ്ടായി ;

(ഇ) നെല്ല് സംഭരിച്ച വിവിധ ഏജൻസികൾക്ക് എത്ര തുക വീതം നൽകിയെന്നും ഇനി എത്ര തുക വീതം കൊടുത്തു തീർക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(എഫ്) നെല്ല് സംഭരണം നടത്തിയ വിവിധ ഏജൻസികൾക്ക് കൊടുത്തു തീർക്കുവാനുള്ള തുക എപ്പോൾ നൽകുമെന്ന വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ നാളിതുവരെ (4-12-2014) 133384.665 മെ.ടൺ നെല്ല് സംഭരിച്ചു.

(ബി) 16-8-2014-ലെ സ.ഉ.(എംഎസ്.)31/2014 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിലോ ഗ്രാമിന് 19 രൂപ നൽകിയാണ് സപ്ലൈകോ നെല്ല് സംഭരിച്ച് വരുന്നത്.

(സി) സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയതനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2006 മുതൽ സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരണം നടത്തിവരുന്നു.

(ഡി) ഈ സീസണിൽ (4-12-2014 വരെ) സപ്ലൈകോ 253.43 കോടി രൂപയുടെ നെല്ല് സംഭരിച്ചുകഴിഞ്ഞു.

(ഇ) നെല്ല് സംഭരിച്ച ഇനത്തിൽ 2013-14 രണ്ടാം സീസൺ, 2014-15 ഒന്നാം സീസൺ എന്നിവയിലായി സംസ്ഥാന സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ഇതുവരെ 150.93 കോടി രൂപ നൽകുവാനുണ്ട്.

(എഫ്) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോയ്ക്ക് തുക നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യസുരക്ഷാ നിയമം-പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

**216(3139)** ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) ഭക്ഷ്യസുരക്ഷാ നിയമം എന്നുമുതൽ നടപ്പാക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ബി.പി.എൽ., എ.പി.എൽ എന്നിവയുടെ കൃത്യമായ കണക്ക് കേന്ദ്രഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് നൽകിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഇതനുസരിച്ചുള്ള പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. 14-1-2011-ലെ സ.ഉ.(കൈ)നമ്പർ.16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം നിലവിലെ കാർഡുടമകൾക്ക് റേഷൻകടകൾവഴി നൽകി, പൂരിപ്പിച്ച അപേക്ഷകൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്നതിനൊപ്പം തിരികെ വാങ്ങി, ഡാറ്റാ എൻട്രി നടത്തി 14-1-2011-ലെ സ.ഉ.(കൈ)നമ്പർ.16/11/ത.സ്വ.ഭ.വ. പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച്, പരിഹരിച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസം വരെ സമയം കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറത്തിന്റെ അച്ചടി പൂർത്തിയാക്കി വിവിധ ജില്ലകളിൽ എത്തിച്ചു കൊണ്ടിരിക്കുന്നു. 1-1-2015 മുതൽ റേഷൻ കടകളിലൂടെ ഫാറം വിതരണം ആരംഭിക്കുന്നതാണ്.

## റേഷൻ കാർഡിലെ ബി.പി.എൽ./എ.പി.എൽ. പിശക്

**217(3140)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങളുടെ റേഷൻകാർഡിൽ എ.പി.എൽ. എന്ന് പിശക് സംഭവിച്ചിട്ടുള്ളത് തിരുത്തി ലഭ്യമാക്കുന്നതിനായി തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിലവിൽ ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ആയതുമായി ബന്ധപ്പെട്ടിറങ്ങിയ പ്രാബല്യത്തിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കുമോ ;

(ഡി) ഒന്നിലധികം വകുപ്പുകളുടെ നടപടിക്രമങ്ങൾ ഈ വിഷയത്തിൽ ആവശ്യത്തിനായി വരുന്നതിനാൽ നിലവിൽ അപേക്ഷാ തീർപ്പിന് കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരത്തിലുള്ള കാലവിളംബംമൂലം പാവപ്പെട്ട അപേക്ഷകർക്ക് ചികിത്സാ ആനുകൂല്യങ്ങളടക്കമുള്ളവ നിഷേധിക്കപ്പെട്ടുവരുന്ന സാഹചര്യം സൃഷ്ടിക്കുന്നതാകയാൽ സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിന് അനുബന്ധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ

(ബി) 5-11-2011-ലെ സ.ഉ.(കൈ)നമ്പർ.38/2011/ഭ.സി.സ.വ. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അപേക്ഷകൻ തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ, ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും, ജില്ലാ കളക്ടർ അതിന്മേൽ വിശദമായ അന്വേഷണം നടത്തി, ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ ഉൾപ്പെടുത്തുകയും ബി.പി.എൽ.കാർഡിന് അർഹതയുണ്ടെങ്കിൽ ബി.പി.എൽ. കാർഡുകൾ നൽകുവാൻ ഉത്തരവാകുന്നതിന്റെയും അടിസ്ഥാനത്തിൽ ബി.പി.എൽ. കാർഡുകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർ നൽകിവരുന്നു.

(ഡി) വിശദമായ അന്വേഷണം ആവശ്യമുള്ളതിനാൽ അപേക്ഷ തീർപ്പിന് കാലതാമസം നേരിടാറുണ്ട്.

(ഇ) നിലവിൽ എയ്ഡ്സ്, ക്യാൻസർ രോഗികളേയും ഡയാലിസിസിന് വിധേയരാകുന്നവരേയും പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് 27-4-12-ലെ സ.ഉ.(കൈ)നം.112/12/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പിഎൽ. കാർഡ് നൽകി വരുന്നുണ്ട്. കൂടാതെ NFSA-2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാർഡ് പുതുക്കുന്ന ജോലിയിൽ പൊതുവിതരണ വകുപ്പ് ഒന്നടങ്കം വ്യാപൃതമാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് കാർഡ് പുതുക്കി നൽകുന്നതാണ്. ഇക്കാരണത്താൽ കാർഡുകൾ നൽകുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടതില്ല.

**ഭക്ഷ്യവകുപ്പിലെ അഴിമതി**

**218(3141)** ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് വകുപ്പിൽ ഉദ്യോഗക്കയറ്റം നൽകി പ്രാധാന്യമുള്ള തസ്തികകളിൽ നിയമിക്കുകയുണ്ടായോ ;

(സി) ഉദ്യോഗക്കയറ്റത്തിനും നിയമനത്തിനുമായി അവിഹിതമായ ഇടപെടലുകളും സാമ്പത്തിക ഇടപാടുകളും ഉണ്ടായിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ അനർഹരും അഴിമതിക്കാരുമായവരെ പ്രമുഖസ്ഥാപനങ്ങളിൽ അവരോധിക്കുകവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾതന്നെ അഴിമതിയിൽ മുങ്ങുമെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഭക്ഷ്യവകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ, പ്രസ്തുത അന്വേഷണം പൂർത്തിയാക്കി അച്ചടക്ക നടപടികൾക്ക് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് KCS & CCA Rules, 1960, KSR ഭാഗം 3, ചട്ടം 3, ചട്ടം 59 (ബി) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ഡി.പി.സി. ഉദ്യോഗക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നപക്ഷം KS&SSR ഭാഗം 1, ചട്ടം 28-ലെ വ്യവസ്ഥകൾക്കനുസൃതമായി സീനിയോറിറ്റി പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് നിയമിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി& ഇ) ഉത്തരം 'സി '-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**റേഷൻ സാധനങ്ങളുടെ അനധികൃത കടത്തൽ**

**219(3143)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട് ; എന്തൊക്കെ നിയമനടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ പിടിച്ചെടുത്ത റേഷൻ സാധനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ-സി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, ലൈസൻസ് റദ്ദ് ചെയ്യപ്പെട്ട റേഷൻ കടകളുടെ എണ്ണം, പിടിച്ചെടുത്ത റേഷൻ സാധനങ്ങളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

**റേഷൻ വിതരണത്തിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം**

**220(3144)** ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളും മണ്ണെണ്ണയും കടത്തിക്കൊണ്ടുപോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടക്കുകയാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) പൊതുവിതരണത്തിനായുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പുവരുത്തുക എന്നതാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

## റേഷൻ ഷോപ്പുകളുടെ പ്രവർത്തനം

**221(3145)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) റേഷൻ ഷോപ്പുകളുടെ നവീകരണത്തിനും സാധനങ്ങൾ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ മന്ത്രിസഭ 31-5-14-ലെ സ.ഉ.(കൈ)നമ്പർ.18/14/ഭ.പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.
2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുക.
4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.



LIBRARY ARCHIVES Kerala Legislative Assembly

ഇത് നടപ്പാക്കുന്നതിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി ലഭ്യമാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ സർക്കാർ അനുവദിക്കുന്ന അളവിലും തൂക്കത്തിലും വ്യത്യാസംവരാതെ റേഷൻ സാധനങ്ങൾ ലഭ്യമാകുന്നതിന് സുതാര്യമായ ഓൺലൈൻ സംവിധാനം പൊതുജനങ്ങൾക്ക് ലഭിക്കുന്നു.

## ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതി

222(3146) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിവഴി ചുവടെ ചേർക്കുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് :

1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.

2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.

4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.

(സി) റേഷൻ വിതരണത്തിനായി ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ആധാറുമായി ലിങ്ക് ചെയ്യേണ്ടതുണ്ട്. എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ റേഷൻ കടകളിലേയ്ക്ക് എത്തിക്കുകയും ഉപഭോക്താക്കൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ അവിടെ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ അവരെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. പൊതുവിതരണ ശൃംഖലയിലെ ഓരോ ചുവടും ഒരു സുതാര്യതാ പോർട്ടൽ സ്ഥാപിച്ച് വീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ പൊതുവിതരണ ശൃംഖല സുതാര്യവൽക്കരിക്കപ്പെടുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് പ്രൊപ്പോസലിന് 31-5-14-ലെ സ.ഉ.(കൈ)നമ്പർ 18/14/ ഭ.പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള SpeMT, സിവിൽസപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള

LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് നടപടികൾ നടപ്പിലാക്കിവരികയാണ്.

## നെല്ല് സംഭരണയിനത്തിൽ കർഷകർക്ക് നൽകുവാനുള്ള തുക

**223(3147)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരിച്ച ഇനത്തിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് എത്ര രൂപ കടിശ്ശിക നൽകുവാനുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) വരുംവർഷങ്ങളിൽ നെല്ല് സംഭരിക്കുമ്പോൾത്തന്നെ കർഷകർക്കു പണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ ; ഇതിനായി അടുത്ത ബഡ്ജറ്റുമുതൽ പണം വകയിരുത്തുമോ ?

<u>ഉത്തരം</u>

(എ) 2014-15 ഒന്നാം സീസണിൽ പാലക്കാട് ജില്ലയിൽ നിന്നും (4-12-2014 വരെ) 828342.76 ക്വിന്റൽ നെല്ല് സപ്ലൈകോ സംഭരിച്ച നെൽവിലയായി 140.25 കോടി രൂപ ഇതുവരെ കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

(ബി) വരും വർഷങ്ങളിൽ നെല്ല് സംഭരിച്ച ഉടനെ കർഷകർക്ക് സംഭരണ വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ടി ആവശ്യത്തിലേക്ക് സപ്ലൈകോ ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ സംഭരണ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്ന് കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ട് വായ്പയെടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ ധനകാര്യ സ്ഥാപനങ്ങളുമായി ധാരണയിലെത്തുകയും കർഷകർക്ക് സംഭരണവില വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും (2014-15 ഉൾപ്പെടെ) സംസ്ഥാന ബഡ്ജറ്റിൽ 180 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാവുന്നതിനാൽ നെല്ല് വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നു. സപ്ലൈകോ ഓരോ വർഷവും ഏകദേശം 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കുന്നു. ഈയിനത്തിൽ സംസ്ഥാന സർക്കാർ ഏകദേശം 300 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി യഥാസമയം അനുവദിച്ച് നെല്ല് സംഭരിച്ച ഉടനെ കർഷകരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ വില

224(3149) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ മുഖേന വിറ്റഴിക്കുന്ന സബ്സിഡി നൽകുന്നതും അല്ലാത്തതുമായ ഉല്പന്നങ്ങളുടെ നിലവിലുള്ള വില എത്രയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഉല്പന്നങ്ങളുടെ 2011 ജനുവരിയിലെ വിലനിലവാരം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി

ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അവശ്യവസ്തുക്കളുടെ 2011 ജനുവരിയിലെയും നിലവിലെയും സബ്സിഡി നോൺ സബ്സിഡി വിലകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അരിയുടെ ആളോഹരി ഉപഭോഗം

**225(3150)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് പ്രതിവർഷം എത്ര ടൺ അരി ആവശ്യമായി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) റേഷനിംഗിനായി കേന്ദ്രം പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും പ്രതിവർഷം എത്ര ടൺ അരി കേരളത്തിലെത്തുന്നുണ്ടെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച് ഒരു വ്യക്തിയുടെ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ഉപഭോഗം 13.8 കിലോഗ്രാം ആണ്. ആയത് പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 55,31,040 മെ.ടൺ ഭക്ഷ്യധാന്യം ആവശ്യമായി വരുന്നു.

(ബി) 2013-14-ലെ കണക്കനുസരിച്ച് 5,64,325 ടൺ അരി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 13,46,663 ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി

**226(3151)** ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) ജനങ്ങൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിലും താങ്ങാനാവുന്ന വിലയിലും നൽകാൻ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ?

ഉത്തരം

(എ-ഡി) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത, ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

2. പ്രാദേശികമായി ജനങ്ങൾക്ക് താല്പര്യമുള്ള വിവിധയിനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർബല്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു.

5. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻകടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6. അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

9 സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലുമുള്ള കൃത്രിമം

**227(3152)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകളിൽ നിന്നും ഔട്ട്‌ലെറ്റുകളിലേക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന്റെ ചുമതല ആരാണ് വഹിക്കുന്നത് ;

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ ;

(സി) താലൂക്ക് ഡിപ്പോകളിൽനിന്നും ഔട്ട്‌ലെറ്റുകളിലേക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലും കൃത്രിമം നടക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഔട്ട്‌ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ അളവിലും തൂക്കത്തിലും കുറവുള്ളതായി പരാതി ഉയർന്നിട്ടുണ്ടോ ;

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഇത്തരത്തിലുള്ള കൃത്രിമങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകളിൽനിന്നും ഔട്ട്ലെറ്റുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന്റെ ചുമതല ഡിപ്പോ മാനേജർക്കും ഡിപ്പോയിലെ ബന്ധപ്പെട്ട സ്റ്റോക്ക് കസ്റ്റോഡിയൻമാർക്കുമാണ്.

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കോൺട്രാക്ടർക്ക് നൽകിയിട്ടില്ല.

(സി) താലൂക്ക് ഡിപ്പോകളിൽനിന്നും ഔട്ട്ലെറ്റുകളിലേയ്ക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലുമുള്ള കൃത്യത ഉറപ്പുവരുത്തുന്നതിനായി ജൂനിയർ മാനേജർ (എം&ഐ) സ്റ്റോക്ക് പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് ഡിപ്പോയിൽനിന്നും ലഭിക്കുന്ന സാധനങ്ങൾ ഔട്ട്ലെറ്റുകളിൽ തൂക്കം ഉറപ്പുവരുത്തിയശേഷം മാത്രം ഇറക്കിവക്കുന്നതിനും ബന്ധപ്പെട്ട GIS (Goods Issue Sheet) ഒപ്പിട്ടു കൊടുക്കുന്നതിനും ഔട്ട്ലെറ്റ് മാനേജർമാർക്കുള്ള നിർദ്ദേശം നിലവിലുണ്ട്.

(ഡി) ഇത്തരത്തിലുള്ള ചുരുക്കം ചില പരാതികൾ ലഭിച്ചത് അതാത് ഡിപ്പോകളിലെ ജൂനിയർ മാനേജർമാർ അന്വേഷിച്ച് തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ഔട്ട്ലെറ്റ് തലത്തിൽ കൺസ്യൂമർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) ജൂനിയർ മാനേജർ (എം & ഐ) യുടെ പരിശോധനയിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്. സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലെയും ജൂനിയർ മാനേജർമാർ എല്ലാ മാസവും അതാത് ഡിപ്പോകളുടെ കീഴിലുള്ള കുറഞ്ഞത് 12 ഔട്ട്ലെറ്റുകളിലെങ്കിലും പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഡിപ്പോ മാനേജർമാർ, മേഖലാ മാനേജർമാർ, വിജിലൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരും പരിശോധന നടത്തുന്നുണ്ട്. കൃത്രിമങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

**സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം**

**228(3153)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതും റേഷൻ തിരിമറികൾ കണ്ടെത്തുന്നതും തടയുന്നതും വിജിലൻസ് കമ്മിറ്റികളുടെ അധികാര പരിധിയിൽപ്പെട്ടതാണെങ്കിലും അത്തരം ക്രമക്കേടുകൾ ഇതുവരെ വിജിലൻസ് കമ്മിറ്റികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

## ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽനടന്ന ക്രമക്കേടിന്റെ വിശദാംശങ്ങൾ

**229(3154)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ നടന്ന ക്രമക്കേട് എന്തെല്ലാം; ആരെല്ലാമാണ് ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർ ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനെ സംബന്ധിച്ച ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിലെ നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആവശ്യമായ സാധനങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തല ഡിപ്പോയിൽ നോൺ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. വി. റ്റി. ശ്യാം രാജ് ഡിപ്പോയിലെ കമ്പ്യൂട്ടർ ഡിസ്കും, അനുബന്ധഭാഗങ്ങളും നശിപ്പിക്കുകയും 31-3-2014-ലെ വാർഷിക കണക്കെടുപ്പ് അട്ടിമറിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി എടുത്തുവരുന്നു. കൂടാതെ ടി ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. ബിനുരാജ് ജെ.എ.യും, അസിസ്റ്റന്റ് മാനേജർമാരായിരുന്ന ശ്രീ. സൂരജ് പി.റ്റി., ശ്രീ. ജോസഫ് പി.പി., ശ്രീ. ശെൽവകുമാർ. ആർ., അസിസ്റ്റന്റ് മാനേജരുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. സത്യൻ എം.വി. എന്നിവർക്കെതിരെയും അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് കേസെടുത്തിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലാ ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. പി. പത്മകുമാർ SAI-നെ, ചാർജ് കൈമാറ്റ സമയത്ത് സ്റ്റോക്കിൽ കുറവ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(ബി) നന്മ സ്റ്റോറുകൾ ഭക്ഷ്യവകുപ്പിനുകീഴിൽവരുന്ന സ്ഥാപനമല്ല. സഹകരണ വകുപ്പിനുകീഴിൽവരുന്ന ഈ സ്ഥാപനങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളാൽ സാധനങ്ങൾ ലഭിക്കുന്നതിനുണ്ടാവുന്ന തടസ്സംകാരണം യഥാസമയം അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിയുന്നില്ലായെന്ന് കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

## സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

**230(3155)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ചവകയിൽ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ സീസണിലെ രണ്ടാം വിളയുടെ സംഭരണവില പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കർഷകർക്ക് നൽകിയ തുകയെത്ര ; കുടിശ്ശികയായി എന്തു തുക നൽകാനുണ്ട് ;

(ഡി) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോയ്ക്ക് സർക്കാർ എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച വകയിൽ (4-12-2014) 58.63 കോടി രൂപയാണ് നൽകുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | നൽകുവാനുള്ള തുക |
|---|---|---|
| 1 | ആലപ്പുഴ | 301800841 |
| 2 | കാസർഗോഡ് | 1087788 |
| 3 | കൊല്ലം | 207043 |
| 4 | കോട്ടയം | 111464241 |
| 5 | പാലക്കാട് | 171292581 |
| 6 | തൃശ്ശൂർ | 23750 |
| 7 | വയനാട് | 378618 |
| | ആകെ | 586254862 |

(ബി) കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(സി) 2013-14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായ 759.37 കോടി രൂപ പൂർണ്ണമായും കർഷകർക്ക് നൽകിക്കഴിഞ്ഞു.

(ഡി) നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ സംസ്ഥാന സർക്കാരിൽനിന്നും നൽകേണ്ടതുണ്ട്. ഇതിൽ 100.62 കോടി രൂപ കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ നൽകേണ്ടതാണ്.

## കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം

**231(3156)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഭക്ഷ്യസുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാർഡുകളിൽ തരം തിരിവ് നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് ഇത് നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്നത് ;

(സി) കേന്ദ്രസർക്കാർ ബാങ്കുകളിലൂടെമാത്രമേ സബ്സിഡി നൽകൂ എന്നു വ്യക്തമാക്കിയ സ്ഥിതിക്ക് കേരളത്തിലും അതു നടപ്പിലാക്കുമോ ;

(ഡി) ബാങ്കുവഴി സബ്സിഡി നടപ്പിലാക്കുമ്പോൾ പാവപ്പെട്ട കാർഡുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ കാർഡുകൾ, പൊതുവിഭാഗം കാർഡുകൾ എന്നീ തരത്തിൽ കാർഡുകൾ ഉണ്ടാകും. നിലവിലുള്ള എ.എ.വൈ. കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി നിലവിലെ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 1-9-2015 മുതൽ പുതിയ കാർഡുകൾ നിലവിൽവരുന്ന രീതിയിലാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(സി&ഡി) ബാങ്ക്വഴി സബ്സിഡി നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ല.

**സമ്പൂർണ്ണ-ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം**

**232(3157)** ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ-ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; എന്ന് അറിയിക്കാമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആധാർ അധിഷ്ഠിതമായോ സ്മാർട്ട് കാർഡ് പോലുള്ള ബദൽ മാർഗ്ഗങ്ങളുപയോഗിച്ചോ പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റേഷൻകാർഡ് പുതുക്കലിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങളും ശേഖരിക്കുന്നുണ്ട്. സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(ബി) ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കുന്നതോടൊപ്പം റേഷൻ സാധനങ്ങളുടെ തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. ഒന്നിലേറെ കാർഡിൽ ഒരേയാൾതന്നെ അംഗമാകുന്നത് തടയുന്നതോടൊപ്പം ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തിയ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് സിവിൽ സപ്ലൈസ് വകുപ്പിൽ നിലവിൽ വരും. ഈ ഡാറ്റാബേസ് മറ്റുവകുപ്പുകൾക്കും പങ്കുവയ്ക്കാവുന്നതും വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ യഥാർത്ഥ വ്യക്തിക്കുതന്നെ ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാധ്യമാകുമ്പോൾ ഒരു ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന്റെ അർഹതപ്പെട്ട വിഹിതം, നിരക്കുകൾ, കൈപ്പറ്റിയതും, കൈപ്പറ്റാൻ അവശേഷിക്കുന്നതുമായ വിഹിതം തുടങ്ങിയവ നേരിട്ട് മനസ്സിലാക്കാനും മറിച്ചുവിൽക്കപ്പെടുന്നില്ല എന്നുറപ്പുവരുത്താനും സാധിക്കും.

(ഡി) റേഷൻ വിതരണത്തിനായി ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ആധാറുമായി ലിങ്ക് ചെയ്യേണ്ടതുണ്ട്. എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ റേഷൻ കടകളിലേയ്ക്ക് എത്തിക്കുകയും ഉപഭോക്താക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ അവിടെ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ അവരെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. പൊതുവിതരണ ശൃംഖലയിലെ ഓരോ ചുവടും ഒരു സുതാര്യതാ പോർട്ടൽ സ്ഥാപിച്ച് വീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ പൊതുവിതരണ ശൃംഖല സുതാര്യവൽക്കരിക്കപ്പെടുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് 31-5-14-ലെ സ.ഉ.(കൈ)നമ്പർ18/14/ഭ.പൊ.വി.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള SpeMT, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

(ഇ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ്-I നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ഇതിനായുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചുനൽകിയിട്ടുണ്ട്.

**സപ്ലൈകോ മാവേലിസ്റ്റോറുകൾ-ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ**

**233(3158)** <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സപ്ലൈകോ മാവേലിസ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിനായി ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയതിന് കൂട്ടുനിന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സപ്ലൈകോ മാവേലി സ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ സാധനങ്ങൾ ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോതലത്തിലും ആണ് വാങ്ങി വരുന്നത്. ഹെഡ് ഓഫീസ് തലത്തിൽ ഇ-ടെൻഡർ മുഖേനയാണ് വാങ്ങുന്നത്. ആയതിന് ഗുണനിലവാര നിബന്ധനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയതിന് ജീവനക്കാർ കൂട്ടുനിന്നതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഡിപ്പോകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി ശേഖരിക്കുന്ന സാമ്പിളുകളിൽ എന്തെങ്കിലും ഗുണമേന്മ വ്യത്യാസം കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ/ സപ്ലൈയർമാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

**234(3159)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) മുഴുവൻ കർഷകരുടെയും സംഭരണ വില പൂർണ്ണമായും കൊടുത്ത് കഴിഞ്ഞോ ; ഇനി എത്ര കോടി രൂപയാണ് കൊടുക്കാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) സപ്ലൈകോ സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സീസണിൽ (2014-15 ഒന്നാം വിള) പാലക്കാട് ജില്ലയിൽനിന്നും 4-12-2014 വരെ 82834.276 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

(ബി) നെൽ വിലയായി 140.25 കോടി രൂപ ഇതുവരെ (4-12-2014 വരെ) കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കുടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

(സി) സംസ്ഥാന സർക്കാരിൽനിന്നും നെല്ല് സംഭരണ സബ്സിഡി ഇനത്തിൽ 150.93 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

## പാലക്കാട് ജില്ലയിൽ സപ്ലൈകോ നെല്ല് സംഭരണം

**235(3160)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട് ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ എത്ര നെല്ല് സംഭരിച്ചു ; എന്ത് തുക നൽകി ; അക്കാലയളവിലെ കുടിശ്ശിക നിലവിലുണ്ടോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചു ; എന്ത് തുക കർഷകർക്ക് നൽകി ; എത്ര കുടിശ്ശികയുണ്ട് ;

(ഡി) കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കും ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സീസണിൽ പാലക്കാട് ജില്ലയിൽനിന്നും 82834.276 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. നെൽവിലയായി 140.25 കോടി രൂപ ഇതുവരെ കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കുടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-7-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ സംഭരിച്ച നെല്ലിന്റെയും കർഷകർക്ക് നൽകിയ തുകയുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| സീസൺ | അളവ് (മെ. ടൺ) | നൽകിയ തുക | കുടിശ്ശിക |
|---|---|---|---|
| 2006-07 Ist | 35080.000 | 298181152 | 0 |
| 2006-07 IInd | 61901.349 | 526158273 | 0 |
| 2007-08 Ist | 45960.311 | 413642799 | 0 |
| 2007-08 IInd | 76189.559 | 761895590 | 0 |
| 2008-09 Ist | 50552.146 | 556073606 | 0 |
| 2008-09 IInd | 118688.431 | 1305572741 | 0 |
| 2009-10 Ist | 64638.926 | 775667112 | 0 |
| 2009-10 IInd | 97674.364 | 1172092368 | 0 |
| 2010-11 Ist | 40674.952 | 528774376 | 0 |
| 2010-11 IInd (up to 31.03.11) | 42383.551 | 593369709 | 0 |
| TOTAL | 633743.589 | 6931427726 | 0 |

ടി കാലയളവിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ കുടിശ്ശികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 ഒന്നാം സീസൺ മുതൽ 2014-15 ഒന്നാം സീസൺ (31-10-2014) വരെ സംഭരിച്ച നെല്ലിന്റേയും കർഷകർക്ക് നൽകിയ തുകയുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| സീസൺ | അളവ് (മെ. ടൺ) | നൽകിയ തുക (കോടി രൂപയിൽ ) | കടിശ്ശിക |
|---|---|---|---|
| 2011-12 Ist | 87579 | 131.36 | 0 |
| 2011-12 IInd | 132484 | 198.72 | 0 |
| 2012-13 Ist | 65308 | 111.02 | 0 |
| 2012-13 IInd | 35688 | 60.66 | 0 |
| 2013-14 Ist | 85957 | 154.72 | 0 |
| 2013-14 IInd | 127645 | 224.52 | 0 |
| 2014-15 Ist (31.10.2014) | 82834 | 140.25 | 17.12 |

(ഡി) കാലതാമസമില്ലാതെ കൊടുത്തു തീർക്കുന്നതാണ്.

## കൊണ്ടോട്ടി താലൂക്കിൽ പുതിയ സപ്ലൈ ഓഫീസ്

**236(3161)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി താലൂക്കിൽ പുതിയ സപ്ലൈ ഓഫീസ് തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത താലൂക്ക് സപ്ലൈ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊണ്ടോട്ടി താലൂക്ക് ഉൾപ്പെടെ, സംസ്ഥാനത്ത് പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിലും താലൂക്ക് സപ്ലൈ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ, സാമ്പത്തിക ബാദ്ധ്യതയുൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തിമാത്രമേ അന്തിമതീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ആയതിനുള്ള പരിശോധനകൾ നടന്നുവരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

**237(3162)** ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് എത്ര ശതമാനം വീതം വില വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സപ്ലൈകോ വില്പനശാലകളിൽ പൊതുവെ വില്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഗ്രീൻപീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് 1-8-2012 മുതൽ ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വിലയും വിലകൾ പുനർനിർണ്ണയം ചെയ്തതിന്റെ വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം തടയാൻ നിയമം

**238(3163)** ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വിലക്കയറ്റം തടയാൻ എന്തെല്ലാം വ്യവസ്ഥകളും നിയന്ത്രണങ്ങളുമാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) നിയമം പ്രാവർത്തികമാക്കുന്നതിന് മുൻപ് വ്യാപാരി വ്യവസായികളുമായും ഹോട്ടലുടമകളുമായും ചർച്ച നടത്തുമോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-ഡി) നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വില നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല. ഹോട്ടലുകളിലെ നിലവാരം, സൗകര്യം, ഭക്ഷണപദാർത്ഥങ്ങളുടെ ഗുണമേന്മ എന്നിവയ്ക്കനുസരണമായി വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട കരടുബിൽ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഹോട്ടലുടമകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

## സംസ്ഥാനത്ത് ഒന്നാം വിളയ്ക്ക് സംഭരിച്ച നെല്ലിന്റെ കണക്ക്

**239(3164)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം സംസ്ഥാനത്ത് ഒന്നാംവിളയ്ക്ക് എത്ര ടൺ നെല്ലാണ് സംഭരിച്ചത് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകർക്ക് സംഭരിച്ച നെല്ലിന് എത്ര രൂപയാണ് നൽകുവാനുള്ളത് ;

(സി) നെല്ലുസംഭരിച്ച വകയിൽ എത്ര രൂപയാണ് കർഷകർക്ക കുടിശ്ശികയായി നൽകുവാനുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ 04-12-2014 വരെ 133384.665 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അളവ് (മെ.ടൺ) |
|---|---|---|
| 1 | ആലപ്പുഴ | 33922.924 |
| 2 | എറണാകുളം | 135.921 |
| 3 | ഇടുക്കി | 10.627 |
| 4 | കണ്ണൂർ | 24.954 |
| 5 | കാസർഗോഡ് | 57.252 |
| 6 | കൊല്ലം | 10.897 |
| 7 | കോട്ടയം | 14137.863 |
| 8 | മലപ്പുറം | 58.195 |
| 9 | പാലക്കാട് | 82834.276 |
| 10 | തൃശ്ശൂർ | 2036.847 |
| 11 | തിരുവനന്തപുരം | 46.947 |
| 12 | വയനാട് | 107.962 |
| | ആകെ | 133384.665 |

(ബി&സി) ഈ സീസണിൽ കർഷകരിൽ നിന്ന് ഇതുവരെ സംഭരിച്ച 133384.665 മെ.ടൺ നെല്ലിന്റെ വിലയായ 253.43 കോടി രൂപയിൽ 58.63 കോടി രൂപ (4-12-2014 വരെ) നല്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | നല്കുവാനുള്ള തുക |
|---|---|---|
| 1 | ആലപ്പുഴ | 301800841 |
| 2 | കാസർഗോഡ് | 1087788 |
| 3 | കൊല്ലം | 207043 |
| 4 | കോട്ടയം | 111464241 |
| 5 | പാലക്കാട് | 171292581 |
| 6 | തൃശ്ശൂർ | 23750 |
| 7 | വയനാട് | 378618 |
| | ആകെ | 586254862 |

## ആറ്റിങ്ങൽ നഗരസഭയിൽ നാല് പുതിയ മാവേലിസ്റ്റോറുകൾ

**240(3165)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ആറ്റിങ്ങൽ നഗരസഭ സമർപ്പിച്ചിരുന്ന അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പ്രസ്തുത മാവേലിസ്റ്റോറുകൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) ദേശീയ പാതയിൽ ചാത്തമ്പാറയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ സൂപ്പർബസാർ ആക്കിമാറ്റാമെന്ന് ബഹു. മന്ത്രി നൽകിയ വാഗ്ദാനം പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ്റിങ്ങലിൽ നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

മേഖലാ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാധ്യതാപഠന റിപ്പോർട്ടിന്റെയും സപ്ലൈകോ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും നഗരസഭ നൽകുവാൻ തയ്യാറാകുന്നതിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ബി) ചാത്തന്നൂര മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്തിൽനിന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രൊപ്പോസലിന്റെയും സൗകര്യപ്രദമായ കെട്ടിടത്തിന്റെ ലഭ്യതയുടെയും സാധ്യതാപഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## വിലക്കയറ്റം തടയുന്നതിന് സപ്ലൈകോമുഖേന അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന നടപടി

**241(3166)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവർദ്ധനവ് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) സപ്ലൈകോവഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി സോർട്ടക്സ്, വെളിച്ചെണ്ണ എന്നിവയുടെ 12-6-2014-ലെ വിലയും ഇപ്പോഴത്തെ വിലയും വെളിപ്പെടുത്തുമോ ;

(സി) വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനായി പൊതുവിതരണ രംഗത്തെ ഏതെല്ലാം ഏജൻസികളെയാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലം വിപണിയിലെ ഇടപെടലിനായി സപ്ലൈക്കോയ്ക്ക് അനുവദിച്ച തുകയുടെ വിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സംസ്ഥാനത്ത് നേരിയ തോതിലുള്ള വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യവസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു:

1. നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിനുവേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

2. പ്രാദേശികമായി ജനങ്ങൾക്ക് താല്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

3. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിൽ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ഗുണനിലവാരമുള്ള സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാക്കാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നത് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന പരിശോധനകളും റെയ്ഡുകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭക്ഷ്യവകുപ്പിനുകീഴിൽ സപ്ലൈകോവഴി വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം (2 ) ആയി ചേർക്കുന്നു.*

## സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം

**242(3167)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്രപേർക്ക് നിയമനം നൽകി ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സപ്ലൈകോയിൽ നിയമന നിരോധനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിരോധനം ഒഴിവാക്കി റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നാളിതുവരെ 1328 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവുനൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ, പ്രൊമോഷൻവഴി ഉണ്ടായ ഒഴിവുകൾ, ജോലി രാജിവച്ചതുമൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ എന്നിവ ഉൾപ്പെടെ 1328 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി മുമ്പാകെയുള്ള WP(C)2221/2014 നമ്പർ കേസ് ഇതുവരെ തീർപ്പാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇല്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം

**243(3168)** ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര വികസനത്തിന് സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം തേടാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിലെ നവീകരണത്തിനായാണ് സഹായം ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പൊതുവിതരണ സമ്പ്രദായത്തിന്റെ സമഗ്രവികസനത്തിന് ഐക്യരാഷ്ട്ര സഭയുടെ ഒരനുബന്ധ സംഘടനയായ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സഹകരണം ലഭിച്ചു വരുന്നുണ്ട്.

(ബി) വേൾഡ് ഫുഡ് പ്രോഗ്രാമുമായി 26-2-2014-ന് ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ശാക്തീകരണം, വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള RFP (Request for Proposal) തുടങ്ങിയ രേഖകൾ തയ്യാറാക്കുന്നതിന് സഹായം നൽകുക, പ്രോജക്ടിന്റെ വിവിധ പങ്കാളികളുമായുള്ള ഫലപ്രദമായ സഹകരണം ഉറപ്പുവരുത്തുക, വേൾഡ് ഫുഡ് പ്രോഗ്രാം മറ്റിടങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയ പ്രോജക്ട് വിവരങ്ങൾ പങ്കുവയ്ക്കുക, മറ്റുസാങ്കേതിക ഉപദേശങ്ങൾ നൽകുക തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ Viability (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം WFP യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുകൂടാതെ ഒരു ടെക്നോളജി വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് WFP തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും WFP തയ്യാറായിട്ടുണ്ട്. ഇതിനായി WFP യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും WFP-യുടെ സാങ്കേതിക സഹായം ലഭിക്കും.

## പാചകവാതക വിതരണം

**244(3169)** <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാചകവാതക സിലിണ്ടർ വിതരണ ദിവസം കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

### ഉത്തരം

നിലവിൽ ഇതിനുള്ള സംവിധാനം ഇല്ല എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിരിക്കുന്നത്. സിലിണ്ടർ വിതരണം ചെയ്യുന്ന തീയതി കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓയിൽ കമ്പനികളോട് ആവശ്യപ്പെടുന്നതാണ്.

## സപ്ലൈകോയിൽ സബ്സിഡി ഇനങ്ങൾ

**245(3170)** <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര നിത്യോപയോഗ സാധനങ്ങൾക്കാണ് സപ്ലൈകോയിൽ സബ്സിഡി അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ എണ്ണത്തിൽ വെട്ടി കുറവു വരുത്തുകയുണ്ടായോ ;

(സി) എങ്കിൽ എത്ര ഇനങ്ങൾ കുറച്ചു എന്നും, കുറവു വരുത്തുവാനുള്ള കാരണവും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സപ്ലൈകോ വില്പനശാലകൾവഴി മുൻകാലങ്ങളിൽ (അതായത് 31-7-2012 വരെ) സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്ന സാധനങ്ങളുടെയും 1-8-2012 മുതൽ നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നതുമായ സാധനങ്ങളുടെയും വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം |
|---|---|---|
| 1 | ഉഴുന്ന് ( ബോൾ) | ഉഴുന്ന് ( ബോൾ) |
| 2 | ഉഴുന്ന് ( പിളർന്നത്) | വൻപയർ |
| 3 | വൻപയർ | തുവരപരിപ്പ് |
| 4 | തുവരപരിപ്പ് | മുളക് |
| 5 | മുളക് | മല്ലി |
| 6 | മല്ലി | പഞ്ചസാര |
| 7 | പഞ്ചസാര | പച്ചരി |
| 8 | പച്ചരി | മട്ട അരി |
| 9 | മട്ട അരി | ജയ അരി |
| 10 | പീസ് പരിപ്പ് | കുറുവ അരി |
| 11 | ബോധന അരി | വൻകടല |
| 12 | ഉലുവ | ചെറുപയർ |
| 13 | കടുക് | വെളിച്ചെണ്ണ |
| 14 | ജീരകം | |

LIBRARY ARCHIVES Kerala Legislative Assembly

2006-2010 കാലഘട്ടത്തിൽ ചെറുപയർ, കടല എന്നിവ ഭാരത സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ സബ്സിഡി നിരക്കിൽ ലഭിച്ച ചെറുപയറും കടലയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതനുസരിച്ച് ആ കാലയളവിൽ സപ്ലൈകോ സബ്സിഡി നിരക്കിൽ വിറ്റഴിച്ചിരുന്നു.

സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് 1-8-2012 മുതൽ ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി ഇനങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിൽപ്പന കൂടുതലുള്ള നിത്യോപയോഗ സാധനങ്ങൾ ഒന്നും സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. സബ്സിഡി ഒഴിവാക്കിയ ഇനങ്ങൾ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതാണ്.

സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾ, സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങുന്ന വിലയോടൊപ്പം കടത്തുകൂലിയും കൈകാര്യ ചെലവുകളും മാത്രം ചേർത്ത് ഫ്രീ സെയിൽ സബ്സിഡി നിരക്കുകളിലാണ് വിൽപ്പന നടത്തുന്നത്. ഈ വിലകൾ പൊതു വിപണിയിലെ വിലയേക്കാൾ 10% വരെ കുറവാണ്. ഈ ഇനങ്ങൾക്ക് നിലവിൽ വിൽപ്പന നിയന്ത്രണങ്ങൾ ഒന്നും ഇല്ല.

## വെളിച്ചെണ്ണയിലെ മായം

**246(3171)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയാണ് വിൽപ്പന നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏത് കമ്പനിയുടെ വെളിച്ചെണ്ണയിലാണ് പാരഫിൻ വാക്സ് എന്ന വിഷം കലർന്നതായി കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനിക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) സപ്ലൈകോവഴി സാമ്പത്തിക വർഷം ഇതുവരെ താഴെ പറയുന്ന കമ്പനികളുടെ വെളിച്ചെണ്ണയാണ് വിൽപ്പന നടത്തിയത്:

1. എ & ടി ഗോൾഡ്
2. അക്ഷയ
3. സി.എം.
4. ഫോർച്ച്യൂൺ
5. അതുല്യ
6. കേരഫെഡ് കേര വെളിച്ചെണ്ണ
7. കേര ഡ്രോപ്പ്
8. കേര ശുദ്ധി
9. കേരള ഡ്രോപ്പ്
10. കേരം
11. കേരശ്രീ
12. പാരച്യൂട്ട് വെളിച്ചെണ്ണ
13. പവൻ
14. പുലരി കോക്കനട്ട് ഓയിൽ
15. പ്രീമിയർ
16. സമൃദ്ധി
17. സംതൃപ്തി
18. സിഡ്കോ
19. ശുദ്ധി
20. ലിബേർട്ടി
21. പരിശുദ്ധം
22. ടി.കെ. ശുദ്ധി



LIBRARY ARCHIVES Kerala Legislative Assembly

ഇവയ്ക്കുപുറമെ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡ് ആയ ശബരി വെളിച്ചെണ്ണയും വിൽപ്പന നടത്തുന്നുണ്ട്. ഇ-ടെണ്ടർ വഴി കോൺട്രാക്റ്റ് ലഭിച്ചിട്ടുള്ള എസൈൻ ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനമാണ് ശബരി വെളിച്ചെണ്ണ ഇപ്പോൾ തയ്യാറാക്കി നൽകുന്നത്.

(ബി&സി) കേരളത്തിലെ സർക്കാർ ലാബുകളിലും മറ്റ് അംഗീകൃത ലാബുകളിലും പരിശോധന നടത്തിയതിൽ സപ്ലൈകോ മുഖേന വിൽപ്പന നടത്തുന്ന വെളിച്ചെണ്ണയിൽ പാരഫിൻ വാക്സ് കലർന്നതായി കണ്ടെത്തിയിട്ടില്ല.

## സംസ്ഥാനത്തിന്റെ പ്രതിമാസ റേഷൻ വിഹിതം

**247(3172)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രസർക്കാരിൽ നിന്നും പ്രതിമാസം സംസ്ഥാനത്തിന് ആകെ ലഭ്യമാകുന്ന റേഷനരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ ഇവയുടെ കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

കേന്ദ്ര സർക്കാരിൽ നിന്നും 2014 ഡിസംബർ മാസത്തിൽ ലഭ്യമാകുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു :

| ഇനം | പ്രതിമാസം (മെ.ടൺ) |
|---|---|
| എ.പി.എൽ. അരി | 59333.750 |
| ബി.പി.എൽ.അരി | 37953.125 |
| എ.എ.വൈ.അരി | 20855.000 |
| എ.പി.എൽ. ഗോതമ്പ് | 11777.000 |
| ബി.പി.എൽ.ഗോതമ്പ് | 6963.000 |
| പഞ്ചസാര | 4103.000 |
| മണ്ണെണ്ണ | 10016 കിലോ ലിറ്റർ |

LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പും വിലക്കയറ്റവും ലഭ്യതക്കുറവും

**248(3173)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭക്ഷ്യവസ്തുക്കളിലെ വിഷാംശ പരിശോധനകളും നിയന്ത്രണങ്ങളും വന്നാൽ വിപണിയിൽ ഉണ്ടാകാവുന്ന പൂഴ്ത്തിവയ്പും വിലക്കയറ്റവും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

ഭക്ഷ്യവസ്തുക്കളിലെ വിഷാംശ പരിശോധനകളും നിയന്ത്രണങ്ങളും വന്നാൽ വിപണിയിലുണ്ടാകാനിടയുള്ള പൂഴ്ത്തിവയ്പും വിലക്കയറ്റവും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവും മുൻകൂട്ടി കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിനായി സിവിൽസപ്ലൈസ് വകുപ്പ് ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരികയും ക്രമക്കേടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത പരിശോധനയിൽ കച്ചവട സ്ഥാപനങ്ങളിലെ സ്റ്റോക്ക്ബോർഡും കടയിലെ ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്കും പരിശോധിക്കുന്നു. തന്മൂലം ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പ് തടയാൻ കഴിയുന്നു. കൂടാതെ അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ 1977-ലെയും, 1980-ലെയും Kerala Essential Commodities (Maintenanace of Accounts and Stock Board) Order പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## കമ്പോള നിലവാരം, വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

**249(3174)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്പോള നിലവാരം, വിലവിവരപ്പട്ടിക എന്നിവ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ നിലവിൽ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കമ്പോള നിലവാരം, വിലവിവരപ്പട്ടിക എന്നിവ പ്രദർശിപ്പിക്കുന്നത് പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) കച്ചവട സ്ഥാപനങ്ങളിൽ വിൽക്കപ്പെടുന്ന സാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ പരിശോധനകൾ നടത്തി വരുന്നു. കൂടാതെ പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധനകൾ നടത്തുന്നു.

(ബി) വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ 1977-ലെ Kerala Food Stuffs (Display of price by catering establishment) order,1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and stocks) Order പ്രകാരവും നടപടി സ്വീകരിക്കുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു.

(സി) എല്ലാ കച്ചവടസ്ഥാപനങ്ങളും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനകൾ നടത്തി വരുന്നു. 2014 ജനവരി മുതൽ നവംബർ വരെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത 4598 കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കച്ചവടസ്ഥാപനങ്ങൾ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതെയും അമിത വില ഈടാക്കിയും മറ്റും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതിനെതിരെ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഹോട്ടലുടമകൾ യാതൊരു മാനദണ്ഡവും പാലിക്കാതെ ഭക്ഷണ സാധനങ്ങൾക്ക് വില ഈടാക്കുന്നത് തടയാനുദ്ദേശിച്ചുകൊണ്ട് ഹോട്ടലുകളിലെ ഭക്ഷണങ്ങളുടെ വില ഏകീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉപഭോക്തൃ തർക്ക പരിഹാര ഫോറം

**250(3175)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ് , അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന വേതനം മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെ യാണെന്നും വിശദമാക്കാമോ ;

(ബി) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും അവർക്ക് അനുവദിച്ചിട്ടുള്ള വേതനം മറ്റ് ആനുകൂല്യങ്ങൾ എന്നിവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും നിയമനത്തിന് തുല്യയോഗ്യതകളാണോ സ്വീകരിക്കുന്നത് ;

(ഡി) ആണെങ്കിൽ ഒരേ ജോലി ചെയ്യുന്നവർക്ക് വേതനത്തിലുള്ള ഭീമമായ അന്തരം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിയമിതരാകുന്നവർക്ക് കാലാവധിക്ക് ശേഷം ജില്ലാ കോടതികളിലും കീഴ്ക്കോടതികളിലും പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്ന തീരുമാനമോ ഉത്തരവുകളോ ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(എഫ്) കാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ജി) ജില്ലാ ഫോറത്തിലെ അംഗങ്ങൾക്ക് വേതന വർദ്ധനവിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ ദേശീയ ഉപഭോക്തൃ ഫോറം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ&ബി) ഹൈക്കോടതി ജഡ്ജിയായിരിക്കുന്നതോ ആയിരുന്നതോ ആയവരെയാണ് സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നിയമിക്കുന്നത്. ഇതിനുപുറമേ ഒരു ജുഡീഷ്യൽ മെമ്പറും ഒരു വനിത ഉൾപ്പെടെ മൂന്ന് മെമ്പർമാരുമാണ് സംസ്ഥാന കമ്മീഷനിൽ ഉള്ളത്. ജുഡീഷ്യൽ മെമ്പർക്ക് ജില്ലാതല കോടതികളിലോ ട്രൈബ്യൂണലിലോ 10 വർഷത്തിൽ കുറയാതെ പ്രിസൈഡിംഗ് ഓഫീസറായി സേവനമനുഷ്ഠിച്ചുള്ള പരിചയം അനിവാര്യമാണ്.

ജില്ലാ ഉപഭോക്തൃ ഫോറങ്ങളിൽ ജില്ലാ ജഡ്ജിയെയോ, സമാന യോഗ്യതയുള്ളവരെയോ പ്രസിഡന്റുമാരായി നിയമിക്കുന്നു. സംസ്ഥാന കമ്മീഷനിലും, ഫോറങ്ങളിലും മെമ്പർമാരായി നിയമിക്കപ്പെടുന്നവർക്ക് 35 വയസ്സ് തികയുകയും അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, സാമൂഹിക, സാമ്പത്തിക, വ്യാവസായിക മേഖലകളിൽ ഏതിലെങ്കിലും 10 വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയം എന്നിവ പൊതുയോഗ്യതയായി കണക്കാക്കുന്നു.

സംസ്ഥാന കമ്മീഷൻ പ്രസിഡന്റിന്റേയും, ജുഡീഷ്യൽ മെമ്പറുടെയും, മറ്റംഗങ്ങളുടേയും ജില്ലാ ഫോറം പ്രസിഡന്റുമാരുടേയും മെമ്പർമാരുടേയും വേതനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| തസ്തിക | ശമ്പളം | ഡി എ | എച്ച് ആർ എ | സി സി എ | സ്പെഷ്യൽ അലവൻസ് | ആകെ |
|---|---|---|---|---|---|---|
| പ്രസിഡന്റ് (സംസ്ഥാന കമ്മീഷൻ) | 40,000 | 80,000 | 24,000 | 180 | 12,000 | 1,56,180 |
| ജുഡീഷ്യൽ മെമ്പർ (സംസ്ഥാന കമ്മീഷൻ) | 37,455 | 74,910 | 1,680 | 350 | 4,100 | 1,18,495 |
| മെമ്പർ (സംസ്ഥാന കമ്മീഷൻ) | 28,500 | - | - | - | 8,500 | 37,000 |
| പ്രസിഡന്റ് (ജില്ലാ ഫോറം) | 51,550 | 55,159 | 1,680 | 350 | 4,100 | 1,12,839 |
| മെമ്പർ (ജില്ലാ ഫോറം) | 23,500 | - | - | - | 8,500 | 32,000 |

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമം വകുപ്പ് 10 (1) (a)(b) ഫോറം പ്രസിഡന്റിനും അംഗങ്ങൾക്കും വ്യത്യസ്ത യോഗ്യതാ മാനദണ്ഡങ്ങളാണ് അനുശാസിക്കുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മാർച്ച് 2013-ൽ പാസ്സാക്കിയ പ്രമേയത്തിൽ ഉപഭോക്തൃഫോറം അംഗങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഡയറക്ടർക്ക് തുല്യമായ വേതനം അനുവദിക്കണമെന്നും ആയത് തീരുമാനമാകും വരെ ആന്ധ്രാപ്രദേശ്, കേരള, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലെ രീതി പിൻതുടർന്നാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ

**251(3176)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഉപഭോക്തൃ ഫോറങ്ങളിൽ എത്തുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പരാതികളിൽ നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃസംരക്ഷണ നിയമപ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷനും 1991 ഒക്ടോബർ മുതൽ പ്രവർത്തിച്ചുവരുന്നു. ഇരുപത് ലക്ഷം രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസ്സുകൾ ജില്ലാ ഫോറത്തിൽ ഫയൽ ചെയ്യാവുന്നതാണ്. 20 ലക്ഷം മുതൽ ഒരുകോടി രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസ്സുകൾ സംസ്ഥാന കമ്മീഷനും കൈകാര്യം ചെയ്യുന്നു. ആയതിൽ വാദം കേട്ട് ഉപഭോക്തൃ ഫോറങ്ങൾ വിധി പുറപ്പെടുവിക്കുന്നു. നാമമാത്രമായ ചെലവിൽ പരാതികൾ സമർപ്പിച്ച് ഉപഭോക്താക്കൾക്ക് വേഗത്തിൽ ഉപഭോക്തൃ ഫോറങ്ങളിൽ നിന്നും പരിഹാരം തേടാവുന്നതാണ്.

(ബി) ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ ഹൈക്കോടതി ജഡ്ജിയുടെ പദവിയിലുള്ള പ്രസിഡന്റും, ഒരു ജുഡീഷ്യൽ അംഗവും ഒരു വനിത ഉൾപ്പെടെ മൂന്ന് അംഗങ്ങളുമാണ് ഉള്ളത്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു പ്രസിഡന്റും 2 മെമ്പർമാരുമാണ് (ഒരു വനിത ഉൾപ്പെടെ) ഉപഭോക്തൃ ഫോറങ്ങളിലുള്ളത്. ഉപഭോക്തൃ കോടതി കക്ഷികളെ നേരിൽ കേട്ടും തെളിവെടുത്തും പുറപ്പെടുവിക്കുന്ന വിധി പരാതിക്കാരനും എതിർകക്ഷികൾക്കും അയച്ചുകൊടുക്കുന്നുണ്ട്. വിധി നടപ്പാക്കാത്ത അവസരങ്ങളിൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് ഉത്തരവ് നടപ്പാക്കാറുണ്ട്.

(സി&ഡി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് എല്ലാ മാസവും എറണാകുളം, പാലക്കാട് ജില്ലകളിൽ നടത്തിവരുന്നുണ്ട്. വടക്കൻ ജില്ലകളിലെ ഉപഭോക്താക്കളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കൂടുതൽ തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇത്തരം അദാലത്തുകൾ സഹായകരമാണ്. കൂടാതെ എറണാകുളം ഉപഭോക്തൃ ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പിറവത്തും ഇടുക്കി ഫോറത്തിന്റെ സിറ്റിംഗ് തൊടുപുഴയിലും നടത്തുന്നു. കോട്ടയം ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പാലായിലും തൃശ്ശൂർ ഉപഭോക്തൃ ഫോറത്തിന്റെ സിറ്റിംഗ് ചാലക്കുടിയിലും കണ്ണൂർ ഫോറത്തിന്റെ സിറ്റിംഗ് തലശ്ശേരിയിലും നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്.

## ഉപഭോക്തൃ തർക്ക പരിഹാര സംവിധാനം

**252(3177)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കളുടെ പരാതി പരിഹാരത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എല്ലായിടത്തും ആവശ്യമായ അംഗങ്ങളും ജീവനക്കാരും സൗകര്യങ്ങളും നിലവിലുണ്ടോ ;

(സി) ഇത്തരം സംവിധാനങ്ങളെ കുറിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ;

(ഡി) അടിയന്തര പരിഹാരം ആവശ്യമുള്ള ഉപഭോക്തൃ തർക്കങ്ങൾ അതിവേഗം പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ, ഇതിന് പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാന തലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നു. അഡ്വക്കേറ്റിന്റെ സഹായമില്ലാതെ തന്നെ കമ്മീഷനിലും, ഫോറങ്ങളിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതാണ്. കേസുകൾ കുറഞ്ഞ ചെലവിൽ, കുറഞ്ഞ സമയത്തിനുള്ളിൽതന്നെ തീർപ്പാക്കുന്നതുമാണ്.

(ബി) കോഴിക്കോട് ഉപഭോക്തൃ ഫോറത്തിൽ ഒരു മെമ്പറുടെ ഒഴിവുണ്ട്. ആയത് നികത്തുന്നതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സേവനകാലാവധി പൂർത്തിയാക്കുന്ന ജില്ലാഫോറം പ്രസിഡന്റുമാർക്കും മെമ്പർമാർക്കും പകരം നിയമനം നടത്തുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം ഫോറങ്ങൾക്ക് പുതിയ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി വരുന്നു. മറ്റു ഫോറങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കേന്ദ്ര ഗവൺമെന്റിന്റെ സ്ട്രെങ്ത്തനിംഗ് കൺസ്യൂമർ ഫോറം പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഉപഭോക്തൃസംരക്ഷണം നടപ്പിലാക്കുന്നതിനുവേണ്ടി നിയമം അനുശാസിക്കുന്ന പ്രകാരം പൊതുജനങ്ങളുടെ പ്രതിനിധികൾ, സന്നദ്ധ ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് കൺസ്യൂമർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളെ ഉപഭോക്തൃ കാര്യങ്ങളിൽ ബോധവാൻമാരാക്കുന്നതിന് സംസ്ഥാനത്ത് തെരഞ്ഞെടുത്ത സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന കമ്മീഷൻ മാസംതോറും സംഘടിപ്പിക്കുന്ന അദാലത്തുകൾ മുഖേന തർക്കപരിഹാരം ദ്രുതഗതിയിലായിട്ടുണ്ട്. കൂടാതെ, ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകൾ മുഖേന പരാതികൾ അനുരഞ്ജനത്തിലൂടെ (conciliation) തീർപ്പാക്കുന്നതിനും ഉപഭോക്തൃ ഫോറങ്ങളിലൂടെ തർക്ക പരിഹാരം നേടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സാധ്യതകളുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ ഫോറങ്ങളുടെ താലൂക്കുതല ക്യാമ്പ് സിറ്റിംഗുകൾ എറണാകുളം, ഇടുക്കി താലൂക്കുകളിൽ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ക്യാംപ് സിറ്റിംഗ് ആരംഭിക്കുന്നത് ഗവൺമെന്റ് പരിശോധിക്കുന്നു.

## കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം

**253(3178)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് എന്നു മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിനായി കുന്ദമംഗലത്ത് പുതിയ ഒരു കെട്ടിടം പണിതുവരുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സ്വന്തമായി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 33,74,024 രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് കെട്ടിട നിർമ്മാണം നടത്തി വരുന്നത്. നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഫോറത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാവുന്നതാണ്.

## വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരായ കേസുകൾ

**254(3179)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത എത്ര വ്യാപാരികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തത് ; പിഴയിനത്തിൽ എത്ര രൂപാ ഈടാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

2013-14 വർഷത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത 4434 വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പിഴയിനത്തിൽ 7,52,600 രൂപ ഈടാക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | തുടർനടപടികൾ കൈക്കൊണ്ട കേസുകളുടെ എണ്ണം | പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|
| തിരുവനന്തപുരം | 370 | 25900 |
| കൊല്ലം | 239 | 49500 |
| പത്തനംതിട്ട | 160 | 65050 |
| ആലപ്പുഴ | 138 | 8000 |
| കോട്ടയം | 738 | 22500 |
| ഇടുക്കി | 188 | 13550 |
| എറണാകുളം | 439 | 382500 |
| തൃശ്ശൂർ | 140 | 25500 |
| പാലക്കാട് | 46 | 39000 |
| മലപ്പുറം | 88 | 3750 |
| കോഴിക്കോട് | 1064 | 11500 |
| വയനാട് | 106 | 24350 |
| കണ്ണൂർ | 322 | 49500 |
| കാസർഗോഡ് | 396 | 32000 |

LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷണസാധനങ്ങളുടെ വില ഏകീകരണവും ഹോട്ടലുകളുടെ ഗ്രേഡിങ്ങും

255(3180) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും ഹോട്ടലുകളെ ഗ്രേഡിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്?

ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

## രജിസ്ട്രേഷൻ വകുപ്പിലെ മോഡേണൈസേഷൻ തസ്തിക

256(3181) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള രജിസ്ട്രേഷൻ പ്രക്രിയകൾ ആധുനികവത്കരിക്കുന്നതിനും, ലഘൂകരിക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ തസ്തിക എന്നു സൃഷ്ടിച്ചു ; എന്തൊക്കെ ജോലികൾ നിർവ്വചിച്ചു കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) തസ്തിക സൃഷ്ടിച്ച് ഉത്തരവായതിൻ പ്രകാരം ടി ഉത്തരവിൽ നിർവ്വചിച്ചു പ്രകാരം എന്തെല്ലാം ജോലികൾ ടി ഉദ്യോഗസ്ഥൻ നാളിതുവരെ ചെയ്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-6-2012-ലെ ജി.ഒ.(എം.എസ്.)98/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു.

ടി ഉദ്യോഗസ്ഥന് ചുവടെ ചേർക്കും പ്രകാരമുള്ള ചുമതലകൾ നിർവ്വചിച്ച് നൽകിയിട്ടുണ്ട്:

1. രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്കരിക്കുക.
2. ഫെയർവാല്യു നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
3. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
4. റവന്യൂ രേഖകളിലെ ഓൺലൈൻ മ്യൂട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് മുതലായവ സാധ്യമാക്കാനായി, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള NLRMP പദ്ധതിക്ക് കീഴിലുള്ള സമഗ്ര സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ നീക്കാനുള്ള ശിപാർശകൾ നൽകുക.

(ബി) ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ, 1980 മുതൽ 1989 വരെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ എന്നിവ നടത്തിവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാര കക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, ഫെയർവാല്യു നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കൽ എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 7-3-2014-ലും, NLRMP-യിൽ ഉൾപ്പെടുത്തി രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 12-8-2014-ലും ഇ-ഗവേണൻസ് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 24-10-2014-ലും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

### ഭൂമി ക്രയ-വിക്രയം

**257(3182)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബന്ധുക്കൾ തമ്മിലുള്ള ഭൂമി ക്രയവിക്രയത്തിന് നിശ്ചയിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള 1000 രൂപയുടെ പരിധി മാറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ബി) ബന്ധുക്കൾ തമ്മിലുള്ള ക്രയവിക്രയത്തിൽ ഉൾപ്പെട്ട ഭാഗപത്രം, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി എന്തിന്റെ അടിസ്ഥാനത്തിലാണ് ഉയർത്തിയിരിക്കുന്നത് ; ഇപ്പോൾ ഇതിന് എന്തെങ്കിലും പരിധിയുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതുപോലെ ഇത്തരത്തിൽ ബന്ധുക്കൾ തമ്മിലുള്ള ക്രയവിക്രയത്തിന് രജിസ്ട്രേഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ ഇത് വർദ്ധിപ്പിച്ചിരിക്കുന്നത് ; ആണെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

#### ഉത്തരം

(എ) ഉണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് 2011 മുതൽ നാളിതുവരെ നൽകിയ പ്രത്യേക ഇളവുകൾമൂലം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് വന്ന സാഹചര്യത്തിൽ, സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000 രൂപയും, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1000 രൂപ എന്നിങ്ങനെയാണ് നിലവിലുണ്ടായിരുന്നത്.

ഇവയിൽ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1%, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 2%, എന്നിങ്ങനെ ഭേദഗതി വരുത്തുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രജിസ്ട്രേഷൻ ഫീസ് ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25,000 രൂപ ആയിരുന്നത്, 25,000 രൂപ എന്ന പരിധി ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്.

ഇളവ് അനുവദിച്ചതു മുഖേന സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്.

## ആധാരം എഴുത്ത് മേഖലയിൽ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണം

**258(3183)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം എഴുത്ത് മേഖലയിൽ പുതിയതായി ഏർപ്പെടുത്തിയ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണവും ഓൺലൈൻ സമ്പ്രദായവും ഇവരുടെ തൊഴിലിനെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങളെ വഴിയാധാരമാക്കുന്ന പരിഷ്കാരത്തിൽ നിന്നും പിന്തിരിയാൻ സർക്കാർ ശ്രമിക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളത് ; ഏത് ഏജൻസിയാണ് ഇത് ഏറ്റെടുത്ത് നടത്തുന്നത്?

### ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ ബാധിക്കുമെന്നുള്ള ചില പരാതികൾ ആധാരമെഴുത്ത് ലൈസൻസികളിൽ നിന്നും ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈൻ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കി വരുന്നത്. രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ നൽകുക എന്നതാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം.

(സി) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന് നാളിതുവരെ 549.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കമ്പ്യൂട്ടർവൽക്കരണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ആണ്.

### ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

**259(3184)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് ദീർഘകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിടത്തിന് നൽകിവരുന്ന പ്രതിവർഷ വാടകത്തുക എത്രയാണെന്നറിയിക്കാമോ ;

(സി) പ്രസ്തുത രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആഫീസിന്റെ പ്രതിവർഷ വാടകത്തുക 1,30,260 രൂപയാണ്.

(സി) ഇല്ല.

### രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ

**260(3185)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് I.G (മോഡേണൈസേഷൻ) എന്ന തസ്തിക നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തിക നിലവിൽ വന്നത് എന്നു മുതലാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്താണെന്ന് വ്യക്തമാക്കുമോ ; നാളിതുവരെയായി മോഡണൈസേഷന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) മോഡണൈസേഷന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്ഥാപിച്ച കമ്പ്യൂട്ടറുകളും U.P.S.-കളും പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ആയവ മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. 8-6-2012-ലെ ജി.ഒ.(എം.എസ്.)98/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക നിലവിൽ വന്നു.

(ബി) ടി ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു :

1. രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്കരിക്കുക.
2. ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
3. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
4. റവന്യൂ രേഖകളിലെ ഓൺലൈൻ മ്യൂട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ ഇ-ഗവേണൻസ് മുതലായവ സാധ്യമാക്കാനായി റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള എൻ.എൽ.ആർ.എം.പി. പദ്ധതിക്ക് കീഴിലുള്ള സമഗ്രസേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ നീക്കാനുള്ള ശിപാർശകൾ നൽകുക.

രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 311 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചു പൊതുജനങ്ങൾക്ക് ആധാരവിവരങ്ങൾ ഇന്റർനെറ്റ് മുഖാന്തിരം അറിയുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാരകക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി)

| | |
|---|---|
| തിരുവനന്തപുരം | 02 |
| കൊല്ലം | 03 |
| ആലപ്പുഴ | 05 |
| പത്തനംതിട്ട | 01 |
| ഇടുക്കി | 01 |
| എറണാകുളം | 02 |
| തൃശ്ശൂർ | 08 |
| മലപ്പുറം | 03 |
| കോഴിക്കോട് | 05 |
| കണ്ണൂർ | 06 |
| ആകെ | 36 |

(ഡി) കേടായ യു.പി.എസ്. ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർ മെയിന്റനൻസ്

**261(T-3186)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 സാമ്പത്തിക വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ആയതിൽ നാളിതുവരെയായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; ആയതിലേക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ;

(സി) യു.പി.എസ്. സംവിധാനം തകരാറിലാകുന്നതുമൂലം ജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയ യു.പി.എസ്. വാങ്ങിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി 101.17 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും 2013-14 സാമ്പത്തിക വർഷത്തിൽത്തന്നെ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് 79.44 ലക്ഷം രൂപയും യു.പി.എസുകൾക്ക് 21.73 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എച്ച്.സി.എൽ. ഇൻഫോസിസ്റ്റം എന്ന ഏജൻസിയെയും, യു.പി.എസിന്റെ അറ്റകുറ്റപ്പണികൾക്കായി ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്കായി 79.44 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഉണ്ട്. യു.പി.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം ജില്ലയിലെ റോഡുകളുടെ നവീകരണം

**262(3187)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഏതൊക്കെ റോഡുകളുടെ നവീകരണമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് ; വിശദാംശം അറിയിക്കാമോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ പ്രസ്തുത പദ്ധതിപ്രകാരം ഏറ്റെടുക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) സെൻട്രൽ റോഡ് ഫണ്ട് പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലുണ്ടോ ; എങ്കിൽ ആയത് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സെൻട്രൽ റോഡ് ഫണ്ടിൽ (CRF)-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലം ഉൾപ്പെടെ നവീകരണം നടത്തുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്:

1. പാങ്ങോട്-പുത്തൂർ-ചീരൻ കാവ്- എഴുകോൺ- നെടുമൺ കാവ്- മീയ്യന്നൂർ - ചാത്തന്നൂർ - റോഡിന്റെ നവീകരണം- എസ്റ്റിമേറ്റ് തുക 24 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

2. കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) റോഡിന്റെ നവീകരണം - എസ്റ്റിമേറ്റ് തുക 13 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഉണ്ട്. സി.ആർ.എഫ്. പ്രകാരം തെരഞ്ഞെടുക്കുന്ന റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡോ, സ്റ്റേറ്റ് റോഡോ, റൂറൽ റോഡ് അല്ലാത്ത മറ്റു പ്രധാനപ്പെട്ട റോഡുകളോ റൂറൽ റോഡുമായോ വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലവുമായോ ദേശീയപാതയുമായോ ബന്ധിപ്പിക്കുന്ന റോഡോ ആയിരിക്കണം. 10 കി.മീറ്ററിൽ കുറയാത്ത നീളം ഉണ്ടായിരിക്കണം. ബാധ്യതയില്ലാത്ത സ്ഥലം ലഭ്യമായിരിക്കണം.

**ബോവിക്കനം ജംഗ്ഷനിലെ അപകട സാധ്യത**

**263(3188)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കളം ജാൽസൂർ എസ്.എച്ച്.-ൽ ബോവിക്കനം ജംഗ്ഷനിൽ അടിക്കടിയുണ്ടാകുന്ന വാഹന അപകടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ ജംഗ്ഷനിൽ അപകടം ഉണ്ടാകാതിരിക്കാൻ പി.ഡബ്ല്യു.ഡി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡറും സർക്കിളും സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെർക്കളം-ജാൽസൂർ റോഡും ബോവിക്കനം കാനത്തൂർ റോഡും കൂടിചേരുന്ന ജംഗ്ഷനാണിത്. ഇവിടെ ബസ് സ്റ്റോപ്പ്, ജംഗ്ഷനിൽ തന്നെയായതിനാൽ ബസ് നിർത്തിയിട്ടാൽ മറുഭാഗത്ത് വരുന്ന വാഹനങ്ങളെ കാണാൻ ബുദ്ധിമുട്ടാണ്. കൂടാതെ ജംഗ്ഷനിലുള്ള ഒരു മരവും അപകട കാരണമാകുന്നുണ്ട്.

(ബി) ജംഗ്ഷനിൽ ഡിവൈഡർ സ്ഥാപിക്കാനും മരം മുറിക്കുന്നതിനും ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ചുമാറ്റി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

(സി) പാർക്കിംഗ് ഏരിയ വർദ്ധിപ്പിച്ച് ഡിവൈഡർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു. ശാസ്ത്രീയമായി സർക്കിൾ നിർമ്മിക്കുന്നതിന് ഇപ്പോഴുള്ള സ്ഥലം അപര്യാപ്തമാണ്.

## മോണോ റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ

**264(T3189)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മോണോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി പ്രത്യേകം ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ടോ ; ഓഫീസ് തുറന്നിട്ടുണ്ടോ ; പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) മോണോ റെയിൽ പദ്ധതി രാജ്യത്ത് എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇത് സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചത് ആരാണ് ; ഏത് ഏജൻസിയാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക ഉപദേശങ്ങൾ നൽകി വന്നിരുന്നത് ആരാണ് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്കുവേണ്ടി കെ.എം.സി.എൽ. 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ 10-ാമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാനും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി 4 ആഴ്ചകള്ളിൽ വിശദരൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ, ചീഫ് ജനറൽ മാനേജർ (കൺസ്ട്രക്ഷൻ), പ്രോജക്ട് മാനേജർ (2 തസ്തിക), ലാന്റ് അക്വിസിഷൻ ഓഫീസർ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട് കോ-ഓർഡിനേഷൻ) എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കോർപ്പറേറ്റ് ഓഫീസും, കോഴിക്കോട് പ്രോജക്ട് ഓഫീസും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി പാട്ട വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കുമായി ഒരു ലാന്റ് അക്വിസിഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(സി) രാജ്യത്ത് മുംബൈ നഗരത്തിലാണ് മോണോ റെയിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചത് Larsen & Tourbo Ltd. (L&T), മലേഷ്യൻ കമ്പനിയായ Scomi Engineering Bhd ഉൾപ്പെട്ട കൺസോർഷ്യം ആണ്.

(ഡി) ജനറൽ കൺസൽട്ടന്റായ ഡി.എം.ആർ.സി.-യാണ് പദ്ധതിയുടെ സാങ്കേതിക ഉപദേശങ്ങൾ നൽകിവരുന്നത്.

## പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

**265(3190)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണത്തിന് 2.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) പ്രവൃത്തി ഇതുവരെ തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ചെയ്യാൻ വേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഡിസൈൻ ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പണി ടെണ്ടർ വിളിക്കുന്നതാണ്. ടെണ്ടർ നടപടികൾ ഉൾപ്പെടെ 6 മാസത്തിനകം പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പെരിങ്ങോം വയക്കര ഗവ.ഹയർസെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

**266(3191)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പെരിങ്ങോം വയക്കര പഞ്ചായത്തിലെ വയക്കര ഗവ ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പെരിങ്ങോം വയക്കര പഞ്ചായത്തിലെ വയക്കര ഗവ.ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുള്ള ക്വട്ടേഷൻ അംഗീകാരം 3-12-2014-ലെ ജി.ഒ.(ആർ.റ്റി) നമ്പർ.1672/2014/പി.ഡബ്ള്യൂ.ഡി. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എഗ്രിമെന്റ് വച്ച് ഒരു മാസത്തിനുള്ളിൽ പണികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പാലക്കടവ് പാലം**

**267(3192)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ പാലക്കടവ് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി എന്ന് ലഭിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) നിർദ്ദിഷ്ട പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു.

**കാങ്കോൽ- ചീമേനി റോഡ്**

**268(3193)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാങ്കോൽ ചീമേനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

ഉത്തരം

(എ&ബി) കാങ്കോൽ-ചീമേനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) കോഴിക്കോട് ഉത്തരമേഖല ഓഫീസിൽ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## നെടുമങ്ങാട്-ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ

**269(3194)** ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാറശ്ശാല മണ്ഡലത്തിലെ നെടുമങ്ങാട് ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

നെടുമങ്ങാട്-ഷോർളക്കോട് റോഡ് സി.ആർ.എഫ്. (CRF) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിൽ കള്ളിക്കാട് മുതൽ ആടുവള്ളി വരെയുള്ള ഭാഗത്ത് കാളിപ്പാറ പദ്ധതിക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇട്ട ട്രെഞ്ചിന്റെറെസ്റ്റോറേഷൻ വർക്ക് ചെയ്തതിനുശേഷമാണ് ബി.എം. & ബി.സി. വർക്ക് ചെയ്തിട്ടുള്ളത്. പ്രസ്തുത ടാറിംഗ് പണികൾ പൂർത്തിയായശേഷം വിവിധ ഭാഗങ്ങളിലായി കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനിൽ ചോർച്ചയുണ്ടായത് മൂലമാണ് റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ട്രഞ്ച് ചെയ്ത ഭാഗം കൂടാതെ മറ്റൊരു സ്ഥലത്തും റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ടി ഭാഗത്ത് റോഡിനോട് ചേർന്നുള്ള ഉയർന്ന ഭൂമിയിൽ നിന്നും ശക്തമായ മഴമൂലം കല്ലും, മണ്ണും ശക്തിയായി ഒഴുകി വന്നതിനാലാണ് ഈ ഭാഗത്തെ ബി.സി. ഇളകിപ്പോയിട്ടുള്ളത്. ഇപ്പോൾ ഇതു കൂടാതെ ട്രഞ്ചിന്റെ മറ്റു പല ഭാഗങ്ങളും കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ ലൈനിൽ ചോർച്ച ഉണ്ടാകുന്നതുമൂലം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനായി ട്രെഞ്ചിംഗ് പണി ചെയ്ത കരാറുകാരനും, CRF ചെയ്ത കരാറുകാരനും നിർദ്ദേശം നൽകിയതനുസരിച്ച് BUSG (Built Up Spray Grout) ചെയ്ത ലെവൽ ചെയ്തിട്ടുണ്ട്. മഴ തുടർന്ന് നിൽക്കുന്നതിനാൽ റിപ്പയർപണികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മഴ മാറിയതിന് ശേഷം മാത്രമേ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കോതകർശ്ശിയിലേക്കുള്ള തോടിനു കുറുകെ പാലം**

**2701(3195)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കിലെ കണ്ണിയംപുറം-പനമണ്ണ പൂക്കാട്ട് കർശ്ശിപടിയിൽ നിന്ന് കോതകർശ്ശിയിലേക്കുള്ള വഴിയിൽ തോടിനു കുറുകെ പാലം നിർമ്മിക്കണമെന്ന നാട്ടുകാരുടെ ചിരകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ സർവ്വെ റിപ്പോർട്ടും ഡി.പി.ആർ-ഉം തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പാലം നിർമ്മിക്കുകയാണെങ്കിൽ എത്രപേർക്ക് ഗുണകരമായിരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത റോഡ് പഞ്ചായത്തിന്റെ അധീനതയിൽ ആകയാൽ പൊതുമരാമത്ത് വകുപ്പ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

**നഗര റോഡ് വികസന പദ്ധതി**

**271(3196)** ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ രൂപീകരണംവഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ. വാഹനയാത്രക്കാരുടെയും കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ട പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി.-ആന്യൂറ്റി വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് നഗരങ്ങളിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമല അനുബന്ധപ്പാതകൾ

**272(3197)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല അനുബന്ധപ്പാതകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മണ്ഡലകാലത്തിനുമുമ്പ് ഈ റോഡുകളുടെയെല്ലാം അറ്റകുറ്റപ്പണികൾ വർഷംതോറും നടത്താറുണ്ടോ ;ഓരോ വർഷവും എത്ര തുക ശരാശരി ഇങ്ങനെ ചെലവഴിക്കുന്നു ;

(ബി) ഈ മണ്ഡലകാലത്തിനുമുമ്പ് ഏതൊക്കെ അനുബന്ധപ്പാതകൾക്കാണ് ഫണ്ട് അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ; ഓരോ പദ്ധതിക്കും അനുവദിച്ച ഫണ്ട് എത്രയെന്നും എന്തൊക്കെ പണികൾക്കാണ് ഫണ്ടനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം, ഈ റോഡുകൾ ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം എത്ര റോഡുകൾ BMBC നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട് ; അവ ഏതൊക്കെ ; എത്ര തുക ഇതിന് ചെലവഴിച്ചു ;

(ഡി) മറ്റ് അനുബന്ധ റോഡുകളും BMBC നിലവാരത്തിൽ ടാറിംഗ് നടത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല പാതകളുടെ ലിസ്റ്റ് അനുബന്ധം-I ആയി ചേർക്കുന്നു.* ഈ റോഡുകളിൽ ഓരോ മണ്ഡല കാലത്തിന് മുൻപും അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. ഇതിനായി ശരാശരി പ്രതിവർഷം 10 കോടി രൂപ ചെലവ് വരുന്നു.

(ബി) ഈ മണ്ഡലകാലത്തിനു മുന്നോടിയായി ഏറ്റെടുത്ത പ്രവർത്തികളുടെ ലിസ്റ്റും അതിന്റെ തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം ഏറ്റെടുത്തു പൂർത്തീകരിച്ച ബി.എം. & ബി.സി. പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധം III ആയി ചേർക്കുന്നു.* ഇപ്രകാരം 124.60 കി.മീ. നീളംവരുന്ന റോഡ് 103.15 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മറ്റ് അനുബന്ധ റോഡുകളിലായി 115 കി.മീ. നീളത്തിൽ 76.55 കോടി രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ലിസ്റ്റ് അനുബന്ധം-IV ആയി ചേർക്കുന്നു.*

**ഹരിത നിർമ്മാണ നയം**

**273(3198)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ വിശദമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഇൻഡ്യയിൽ ആദ്യമായി ഹരിത നിർമ്മാണനയത്തിന് രൂപം നൽകിയ സംസ്ഥാനം കേരളമാണ്. 7-3-2013-ലെ സ.ഉ (എം.എസ്.) നമ്പർ 28/2013/ പൊ.മ.വ. എന്ന ഉത്തരവുപ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയം നടപ്പിലാക്കിയിട്ടുള്ളത്.

ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി 40% ത്തോളം ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കുവാൻ കഴിയും. മഴവെള്ള സംഭരണവും ജലത്തിന്റെ പുനർചാക്രീകരണവും നയത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന, സംസ്കരണ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കർശനമായി നടപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള നിർമ്മാണ ചട്ടങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നതാണ്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) വ്യവസ്ഥകൾ കൂടി ഹരിത നിർമ്മാണ നയത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഊർജ്ജക്ഷമമായ വൈദ്യുതോപകരണങ്ങൾമാത്രം ഉപയോഗിക്കാനും അതുവഴി വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും കഴിയും. പരമാവധി നിർമ്മാണ സ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുവാനും നയം വ്യവസ്ഥ ചെയ്യുന്നു. ഹരിത ഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ കുറയ്ക്കുക എന്ന പ്രധാന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും നയം വ്യവസ്ഥചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പരിമിതമായിവരുന്ന അസംസ്കൃത വസ്തുക്കളുടെയും നിർമ്മാണ സാമഗ്രികളുടെയും ഉപഭോഗം കുറച്ച് ഫ്ലൈ ആഷ് പോലുള്ള ബദൽ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു.

(സി) ഫലപ്രദവും കാര്യക്ഷമവുമായ രൂപകല്പന അവലംബിക്കുകവഴി പരമാവധി കാറ്റും പ്രകാശവും കെട്ടിടങ്ങളിൽ ഉറപ്പാക്കുവാൻ കഴിയും. അങ്ങനെ പകൽ സമയങ്ങളിൽ ലൈറ്റുകൾ, ഫാനുകൾ, എയർ കണ്ടീഷണറുകൾ എന്നിവ പരമാവധി ഒഴിവാക്കി വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാം. കൂടാതെ പരമാവധി വൃക്ഷങ്ങളും ചെടികളും സംരക്ഷിക്കുന്നതുവഴി കെട്ടിടത്തിനുള്ളിലെ താപനില നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്. ECBC മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതുവഴി വൈദ്യുതിയുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ വൈദ്യുത ഉപഭോഗം 40% വരെയെങ്കിലും കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി KSTP റോഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ മോർച്ചറി പൂർണ്ണമായും സൗരോർജ്ജത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഹരിത നിർമ്മിതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം കെട്ടിടങ്ങൾക്ക് ടാക്സ് ഇളവുകൾ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകുന്നതിനും നയത്തിൽ നിർദ്ദേശമുണ്ട്. നയത്തെപ്പറ്റിയും ഹരിതനിർമ്മാണ തത്വങ്ങളെപ്പറ്റിയും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനായി പൊതുജനസമ്പർക്ക വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ലഘുലേഖകളുടെ വിതരണം, ഡോക്യുമെന്ററി, വീഡിയോ വാൾ, കുട്ടികൾക്കുള്ള ചിത്രരചനാ പ്രബന്ധ രചനാമത്സരങ്ങൾ എന്നിവയൊക്കെ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ വകുപ്പിലെ സാങ്കേതിക വിദഗ്ധരുടെ ആദ്യഘട്ട പരിശീലന ക്ലാസ്സുകൾ പൂർത്തിയായിക്കഴിഞ്ഞു. പൊതുജനങ്ങൾക്ക് കൂടി ഉപകാരപ്രദമാകുന്ന രീതിയിലുള്ള അടുത്തഘട്ട ബോധവത്കരണ ക്ലാസ്സുകൾ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ജോലി

**274(3199)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത എത്ര പേർ ഏതെല്ലാം നിലയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ജോലി നോക്കുന്നവരിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്ര ; ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ എത്ര ;

(സി) കോൺട്രാക്ടടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ എത്ര ;

(ഡി) വിവിധ സർവ്വീസുകളിൽ നിന്ന് റിട്ടയർ ചെയ്തതിന് ശേഷം കോർപ്പറേഷൻ സേവനം നടത്തുന്നവർ ആരൊക്കെ ; ഓരോരുത്തരുടെയും തസ്തിക, വേതനം, സേവന കാലയളവ് തുടങ്ങിയവ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം " എ" ആയി ചേർത്തിരിക്കുന്നു.*

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ പി.എസ്.സി. വഴി 25 (ഇരുപത്തിയഞ്ച്) പേർക്ക് നേരിട്ട് നിയമനം ലഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 7 (ഏഴ്) ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ 57 പേർ ജോലി ചെയ്യുന്നു.

(ഡി) വിശദാംശം അനുബന്ധം " ബി" ആയി ചേർത്തിരിക്കുന്നു.*

## കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ

**275(3200)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ ഇളവ് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തി ഏറ്റെടുത്തു ; എത്ര എണ്ണം പൂർത്തീകരിച്ചു ; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികൾ കമ്മീഷൻ കൈപ്പറ്റി സ്വകാര്യ കരാറുകാർക്ക് മറിച്ച് നൽകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾ മറിച്ച് നൽകി; ഏതൊക്കെ ;

(ഡി) ടെണ്ടറുകൾ മറിച്ച് നൽകിയവയിൽ 104.81 കോടി രൂപ സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന എ.ജി.-യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് കോടികളുടെ നഷ്ടമുണ്ടാക്കുന്ന കോർപ്പറേഷൻ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽ നിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ആകെ 191 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇതിൽ 50 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ പാനലിൽപ്പെട്ട കരാറുകാരെക്കൊണ്ട് പണി ചെയ്യിക്കുകയാണ് പതിവ്.

(ഡി&ഇ) ഗവൺമെന്റ് കരാറുകൾ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 104.81 കോടിരൂപയുടെ നഷ്ടമുണ്ടാക്കിയെന്ന സി & എ.ജി. യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ മാത്രം ബാധിക്കുന്നതല്ല. ഒരു പൊതു റിപ്പോർട്ടാണിത്. അതിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഉൾപ്പെടുന്നുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച് വരുന്നു.

(എഫ്) സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ കോർപ്പറേഷൻ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പുരോഗതി

**276(3201)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കോതമംഗലം മിനി സിവിൽസ്റ്റേഷൻ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് തടസ്സങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ 5 നിലകളുടെ സ്ലക്ച്ചറും പ്ലാസ്റ്റർ ജോലികളും പൂർത്തീകരിച്ചു. പെയിന്റിംഗും ഇലക്ട്രിക്കൽ ജോലികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) കോതമംഗലം മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

## അരൂർ-കമ്പളം പഴയപാലം പൊട്ടിപൊളിഞ്ഞ് യാത്ര ദുരിതമായിരിക്കുന്ന കാര്യം

**277(3202)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ-കമ്പളം പഴയപാലം പൊട്ടിപ്പൊളിഞ്ഞ് യാത്ര ദുരിതമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം നന്നാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലം അടിയന്തരമായി ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പാലം ദേശീയപാത 47 നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി 2004-ൽ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. പാലത്തിന്റെ ഉപരിതലം മാറ്റി പുതിയ Wearing Coat ഇടുന്നതിന് 1.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എരമം-കറ്റൂർ പഞ്ചായത്തിലെ കടങ്ങോട്ട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്താൻ നടപടി

**278(3203)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച എരമം-കറ്റൂർ പഞ്ചായത്തിലെ കടങ്ങോട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ്പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) എരമം-കറ്റൂർ പഞ്ചായത്തിലെ കടങ്ങോട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) കോഴിക്കോട് ഉത്തരമേഖല ഓഫീസിൽ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ദേശീയ പാത വികസനം

**279(T3204)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്ഥലം ഏറ്റെടുത്ത് കൊടുക്കാൻ സംസ്ഥാന സർക്കാരിന് കഴിയാത്തതിനാലാണ് ചേർത്തല-തിരുവനന്തപുരം പാതയിരട്ടിപ്പിക്കൽ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത് എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

കേരളത്തിലെ ദേശീയപാതകൾ 45 മീ. വീതിയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ അനിശ്ചിതമായി നീണ്ടു പോകുന്നതിനെ തുടർന്നാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയത്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം

**280(3205)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാർ മുഖേന നടപ്പിലാക്കുന്ന ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീമിന് ഭരണാനുമതി ലഭിക്കുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കർത്താവുംപടി റോഡു വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെ പരിഗണനയിലുണ്ടായിരുന്ന 21227/D3/2014 നമ്പർ ഫയൽ പ്രകാരം റിപ്പോർട്ടിനു വേണ്ടി വകുപ്പ് ചീഫ് എൻജിനീയർക്ക് കത്തയയ്ക്കാനുണ്ടായ കാരണം വിശദമാക്കുമോ ?

### ഉത്തരം

(എ) ആസ്തി വികസന സ്കീമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകുന്നതിൽ വകുപ്പിന്റെ അനാവശ്യ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എൽ.എ.സി.-എ.ഡി.എസ്.-ന്റെ മാർഗ്ഗ നിർദ്ദേശ ഉത്തരവിൽ നിർവ്വഹണ ഏജൻസി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള റോഡിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം പ്രവർത്തി ചെയ്യുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുമുണ്ടായ കാരണം ആരായുകയാണ് ചെയ്തത്.

## ദേശീയ ഗെയിംസിന് മുന്നോടിയായി റോഡ് വികസനം

**281(3206)** ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കാൻ പോകുന്ന ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതികൾക്ക് എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തുക അനുവദിച്ചിട്ടുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ ഗെയിംസിന്റെ മുന്നോടിയായി റോഡ് വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ദേശീയപാത ബൈപ്പാസ് 66-ൽ കഴക്കൂട്ടം മുതൽ ഈഞ്ചക്കൽ വരെയുള്ള ഭാഗത്ത് ജംഗ്ഷൻ ഇംപ്രൂവ്മെന്റിനും, 1.50 മീ വീതിയിൽ ഇരുവശത്തും paved shoulder നിർമ്മിക്കുന്നതിനുമായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ റോഡ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾക്ക് ദേശീയപാതയ്ക്ക് 4 കോടിരൂപയും നിരത്തുവിഭാഗത്തിന് 4310.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പദ്ധതിയെ ബാധിച്ചിട്ടില്ല.

(ഡി) ദേശീയ ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പായി ഈ റോഡുകളുടെ നവീകരണവും പുനരുദ്ധാരണവും പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ചു വരുന്നു.

## കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തി

**282(3207)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം-തേനി പാതയുടെ ഉപരിതലം പുതുക്കുന്നതിനായി വകയിരുത്തിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ 20 കിലോമീറ്ററിലധികം അറ്റകുറ്റപ്പണികൾ പോലും ചെയ്യാതെ കിടക്കുന്ന റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൊല്ലം-തേനി ദേശീയപാതയിൽ (എൻ.എച്ച്-183) മാങ്കാകുഴി മുതൽ - കൊച്ചാലുംമൂട് വരെ 1.5 കി.മീ. ദൂരം ഒഴികെ കടപുഴപാലം (23/500) മുതൽ കൊല്ലകടവ് പാലം (53/500) വരെയുള്ള ഭാഗത്തെ ബി.എം. & ബി.സി. പ്രവൃത്തിക്ക് 22.27 കോടി രൂപയുടെ ഭരണാനുമതിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(സി) കൊല്ലം-തേനി ദേശീയപാത (എൻ.എച്ച്.-183)-യുടെ ഹൈസ്കൂൾ ജംഗ്ഷൻ (0/000) മുതൽ കടപുഴപാലം (23/500) വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മേൽപ്പറഞ്ഞ ഭാഗത്തെ ഉപരിതല നവീകരണത്തിന് കേന്ദ്ര ഗതാഗത മന്ത്രാലയം പി.ആർ./ഐ.ആർ.ക്യൂ.പി. 2014-15-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തങ്കളം-കാക്കനാട് റോഡ്**

**283(3208)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(ബി) ഈ റോഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വില അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കോതമംഗലത്തെ എറണാകുളവുമായി അതിവേഗം ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യുദ്ധ കാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തങ്കളം-കാക്കനാട് റോഡിന്റെ ഉദ്ദേശം 800 മീറ്റർ നീളത്തിൽ ഒന്നാം ഘട്ടം പണി പൂർത്തിയായി. ടി ഭാഗത്തെ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. നഷ്ടപരിഹാരതുക മുഴുവനായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിന്റെ പണിയ്ക്കുവേണ്ടി 5 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട അധിക ബാധ്യതയ്ക്കായി ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊല്ലം ബൈപാസ്

**284(3209)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ബൈപാസ് നിർമ്മാണത്തിന് വേണ്ടി തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൊല്ലം ബൈപാസ് നിർമ്മാണം സംബന്ധിച്ച ടെൻഡർ നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുമെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിനായി 267.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഫിനാൻഷ്യൽ ബിഡ് 21-10-2014-ൽ തുറക്കുകയുണ്ടായി. 27.61% അധിക നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ടെണ്ടറിനുള്ള അംഗീകാരം ലഭിച്ചാൽ ഒരു മാസത്തിനകം പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈക്കം സബ്ഡിവിഷനു കീഴിൽ പൊതുമരാമത്ത് വകുപ്പ് വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുക

**285(3210)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വൈക്കം സബ്ഡിവിഷനു കീഴിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുകയും അതിൽ ചെലവായ തുകയും വർഷവും പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഇനിയും ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കൊല്ലം നഗരത്തിൽ റോഡുകളുടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

**286(3211)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം കൊല്ലം നഗരത്തിൽ റോഡുകളുടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) കൊല്ലം നഗരത്തിൽ ബി.എം.&ബി.സി. ഉപയോഗിച്ച് നടപ്പു സാമ്പത്തിക വർഷം നിർമ്മിക്കുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) കൊല്ലം നഗര പരിധിയിൽ റോഡുകളുടെ നവീകരണത്തിനായി വിവിധ പദ്ധതികളിൽപ്പെടുത്തി 8735 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയവ വിവിധ തലങ്ങളിലായി പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുവാനാകൂ.

## ചേലക്കര ബൈപാസ് നിർമ്മാണം

**287(3212)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര ബൈപാസ് നിർമ്മാണത്തിന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിന്ന് ഇളവ് നൽകി അനുമതി ലഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെയടിസ്ഥാനത്തിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ബൈപാസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പ്രധാന്യം പരിഗണിച്ച് എത്രയും വേഗം ഭരണാനുമതിനൽകി സമയബന്ധിതമായി നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണ് പരിശോധനാ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായിട്ടില്ല.

(സി) ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കുമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക്**

**288(3213)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക് നാലിരട്ടിയായി വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സ്വകാര്യ ബസ്സ് ജീവനക്കാർ പ്രതിഷേധിച്ചതിനെ തുടർന്ന് ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) കുമ്പളം ടോൾ പ്ലാസയിൽ വർദ്ധിപ്പിച്ച സ്വകാര്യ ബസ്സുകളുടെ ടോൾ നിരക്ക് കുറയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ടോൾ പ്ലാസയുടെ 20 കി.മീ. ചുറ്റളവിൽ താമസിക്കുന്നവരിൽ നിന്നും ടോൾ ഈടാക്കാതിരിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക് നാലിരട്ടിയായി വർദ്ധിപ്പിച്ചിട്ടില്ല.

(ബി) കമ്പളം ടോൾ പ്ലാസയിലെ ടോൾ പിരിവ് നടത്തുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ഇക്കാര്യത്തിൽ നിയന്ത്രണമില്ല. സ്വകാര്യബസ്സുകൾക്കെതിരെ NHAI നിയമനടപടി സ്വീകരിച്ചിട്ടില്ല.

(സി) 1997-ലെ നാഷണൽ ഹൈവേ ഫീ റൂൾസ് പ്രകാരം കേന്ദ്ര സർക്കാരാണ് കമ്പളം ടോൾ പ്ലാസയിൽ ടോൾ നിരക്ക് നിശ്ചയിക്കുന്നത്. ഇവിടെ ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരമില്ല.

(ഡി) തൽക്കാലം പരിഗണിക്കാൻ കഴിയില്ല.

## ശങ്കർ സ്മാരക ദേശീയ മ്യൂസിയം-കൃഷ്ണപുരം കൊട്ടാരം റോഡ് നിർമ്മാണം

**289(T3214)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം-ദേശീയപാത എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിലവിലുള്ള അവസ്ഥ എന്ത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം - ദേശീയപാത എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ (പാലസ് റോഡ്) 98 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## നെന്മാറ നിയോജകമണ്ഡലത്തിലെ നൂറടി, ആറ്റാലക്കടവ് പാലങ്ങളുടെ പണികൾ

**290(3215)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നൂറടി പാലത്തിന്റെയും ആറ്റാലക്കടവ് പാലത്തിന്റെയും പണികൾ എന്നു തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) ടെന്റർ നടപടി പൂർത്തീകരിച്ച പ്രസ്തുത പാലങ്ങളുടെ പണി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പാലങ്ങളുടെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നൂറടി പാലത്തിന്റെ പ്രവൃത്തിക്കായി കരാർ വച്ചിട്ടുണ്ട്. ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തിക്കായി സെലക്ഷൻ നോട്ടീസ് നൽകി. കരാർ വയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കരാർ വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(സി) നൂറടി പാലത്തിന്റെ പ്രവൃത്തി എഗ്രിമെന്റ് കാലാവധിയായ 6 മാസം കൊണ്ടും ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തി, എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് കാലാവധിയായ 24 മാസം കൊണ്ടും പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലപ്പുഴ ബൈപ്പാസ്

**291(3216)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് ;

(ബി) ബൈപ്പാസ് നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്താണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കമോ ;

(ഡി) ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) 1978-ൽ സ്ഥലമെടുപ്പ് നടപടി തുടങ്ങി സ്ഥലമേറ്റെടുക്കൽ തുടങ്ങി. സ്ഥലമേറ്റെടുക്കൽ 1983-ൽ പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം 1990-ൽ ആരംഭിച്ചു.

(ബി) പല ഘട്ടങ്ങളിലായാണ് പ്രവൃത്തി നടന്നത്. അതിൽ രണ്ട് ഘട്ടങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു മൂന്നാമത്തെ ഘട്ടം ആയ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുണ്ടായ കാലതാമസമാണ് ബൈപ്പാസിന്റെ നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായത്.

(സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ലഭിച്ചു എസ്റ്റിമേറ്റ് തുകയേക്കാൾ 31.92% അധിക നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ ടെണ്ടർ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ബൈപ്പാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

## ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങളുടെയും പാലത്തിന്റെയും നിർമ്മാണം

**292(3217)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ശിപാർശയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആലപ്പുഴയിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കപ്പെട്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാവേലിക്കര തഴക്കര വഴുപടി പാലം അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ ; പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത ശിപാർശ പ്രകാരം ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കപ്പെട്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ചേർത്തല പഴയ ദേശീയപാതയിൽ എക്സ് റേ ആശുപത്രിക്ക് വടക്കുവശം റോഡിന് കിഴക്കുവശം.

2. മുട്ടം - ബസാർ - മിൽ ലാൻഡിംഗ് റോഡിൽ മനോരമ കവലയ്ക്ക് തെക്കു വശം റോഡിന് പടിഞ്ഞാറു വശം.

3. ചേർത്തല അരൂക്കുറ്റി റോഡിൽ തവണക്കടവ് ജംഗ്ഷനിൽ റോഡിന് കിഴക്കുവശം.

4. ചേർത്തല- അരൂക്കുറ്റി റോഡിൽ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിനു മുൻവശം റോഡിന് കിഴക്കുവശം.

5. ചേർത്തല- അരൂക്കുറ്റി റോഡിൽ മാക്കേക്കടവ് ജംഗ്ഷനു വടക്കുവശം, ജെ. ഐ. സി. എ. പ്ലാന്റിനു മുൻവശം റോഡിന് പടിഞ്ഞാറു വശം.

6. ചേർത്തല- അരൂക്കുറ്റി റോഡിൽ പൂച്ചാക്കൽ കെ. എസ്. ഇ. ബി. ഓഫീസിനു മുൻവശം റോഡിനു കിഴക്കുവശം

7. ചേർത്തല- അരൂക്കുറ്റി റോഡിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് ഓഫീസിനുമുൻവശം റോഡിന് കിഴക്കുവശം.

8. ആലപ്പുഴ മധുര റോഡിൽ കോമളപുരം പാലത്തിനു വടക്കുവശം റോഡിന് പടിഞ്ഞാറുവശം.

9. സി. സി. എസ്. ബി. റോഡിൽ മുപ്പാലത്തിന് പടിഞ്ഞാറുവശം റോഡിനു വടക്കുവശം.

LIBRARY ARCHIVES Kerala Legislative Assembly

10. കളക്ടറേറ്റ് ജംഗ്ഷൻ - വലിയ കുളം റോഡിൽ റോഡിന്റെ പടിഞ്ഞാറുവശം വാട്ടർ അതോറിറ്റി കോമ്പൗണ്ടിൽ.

11. സ്കൂട്ടർ ഫാക്ടറി റോഡിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് മുൻവശം റോഡിന് പടിഞ്ഞാറുവശം.

12. അമ്പലപ്പുഴ തിരുവല്ല റോഡിൽ കരുമാടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമീപം റോഡിന്റെ തെക്കു വശം.

13. ഹരിപ്പാട് - വീയപുരം റോഡിൽ ടൗൺ ഹാൾ ജംഗ്ഷന് വടക്കുവശം റോഡിന് കിഴക്കുവശം.

14. ഹരിപ്പാട് - നാരകത്തറ റോഡിൽ സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ റോഡ് ജംഗ്ഷന്റെ തെക്കുവശം റോഡിന് കിഴക്കുവശം.

15. ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ കിടങ്ങറ പാലത്തിന്റെ പടിഞ്ഞാറുവശം റോഡിന് വടക്കുവശം.

16. ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ പള്ളാത്തുരുത്തി പാലത്തിന്റെ കിഴക്കേ അപ്രോച്ചിൽ റോഡിന് തെക്കുവശം.

17. ആലപ്പുഴ തിരുവല്ല റോഡിൽ എടത്വാ പാലത്തിന്റെ താഴെ വടക്കേ കരയിൽ നാലാമത്തെ സ്ഥാനിൽ.

18. കായംകുളം തിരുവല്ല റോഡിൽ പുളിമൂട്ടിൽ ജംഗ്ഷന് തെക്കു വശം റോഡിന് കിഴക്കുവശം.

കായംകുളം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ശൗചാലയം നിർമ്മിക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്. ദേശീയപാതയിൽ കോടംതുരുത്ത് പഞ്ചായത്ത് ഓഫീസിന് സമീപം ശൗചാലയം നിർമ്മിക്കുന്നതിനായി എം എൽ എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) മാവേലിക്കര തഴക്കര വഴുപടി പാലത്തിന്റെ നിർമ്മാണത്തിനായി 139 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി പുതിയ ആക്ട് അനുസരിച്ച് റൂൾസ് ഫ്രെയിം ചെയ്യേണ്ടതുണ്ട്. പ്രസ്തുത പദ്ധതിക്കായി 2130 ലക്ഷം രൂപയുടെ (ഭൂമി ഏറ്റെടുക്കുന്നതിന് 230 ലക്ഷം രൂപ ഉൾപ്പെടെ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി

**293(3218)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി നൽകിയത് എന്നാണ് ; എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് ;

(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിനു വേണ്ടിയുള്ള പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചത് ; പ്രസ്തുത എസ്റ്റിമേറ്റിൽ സ്ഥലമെടുപ്പിനായുള്ള തുക പ്രതിപാദിച്ചിട്ടുണ്ടോ ;

(ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ഭരണാനുമതി ഉത്തരവിൽ സ്ഥലമെടുപ്പിനായി തുക ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യം വ്യക്തമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഇ) എന്തെല്ലാം നടപടിക്രമങ്ങളാണ് പാലത്തിന്റെ പണി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കുവാനുള്ളത് ;

(എഫ്) ഈ പാലത്തിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച പ്രസ്തുത നടപടി ക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 14-7-2009-ൽ 168 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള പ്രൊപ്പോസൽ 4-9-2013-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിനായി 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 27-12-2013-ലെ സ.ഉ (സാധാ) നമ്പർ 1689/13/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ 375 ലക്ഷം രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ-ജി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

**294(3219)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ അവയുടെ തുക സഹിതം ലഭ്യമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത

**295(3220)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുക്കൽ നടന്നത് ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; ഇപ്പോൾ റോഡിന്റെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിന് തന്നെയാണോ ; എങ്കിൽ എന്തുകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി റീടാറിംഗ് ഒഴിവാക്കി കുഴിയടയ്ക്കൽ മാത്രം നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ടി.പി. പ്രസ്തുത റോഡ് ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിൽ എവിടെയൊക്കെ പണി നടന്നെന്നും അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; പ്രസ്തുത പണികൾക്ക് എത്ര തുക വീതമാണ് ചെലവഴിച്ചത് ;

* ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റാന്നി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പണി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ; പണി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുനലൂർ മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽപ്പെടുത്തി 2002-ൽ ഏറ്റെടുത്ത് 2007 ജനുവരിയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പുനലൂർ തൊടുപുഴ ഭാഗം കെ.എസ.ടി.പി-2 പദ്ധതിയിൽപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഇതിൽ പൊൻകുന്നം - തൊടുപുഴ ഭാഗം 28-5-2014-ൽ കെ.എസ്.ടി.പി. ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ഇതിൽ പി.പി. പി. രീതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുനലൂർ - പൊൻകുന്നം റോഡ് കെ.എസ്.ടി.പി. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ലോക ബാങ്കുമായി ഒപ്പിട്ട കരാറിലെ നിബന്ധനപ്രകാരം കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പുനലൂർ - പൊൻകുന്നംറോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) ആണ് നിർമ്മാണം നടത്തുന്നത്. ഇതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഒപ്പുവച്ചതിന് ശേഷമേ പൊതുമരാമത്ത് വകുപ്പിൽ നിന്ന് റോഡ് കെ.എസ്.ടി.പി-ക്ക് കൈമാറുകയുള്ളൂ. കെ.എസ്.ടി.പി.റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുമെന്നതിനാൽ ഈ റോഡിന്റെ ഉപരിതലം പുതുക്കുന്നത് പാഴ് ചെലവായി മാറുമെന്നതിനാലാണ് റീടാറിംഗ് പണികൾ ഏറ്റെടുക്കാത്തത്. എങ്കിലും റോഡിനെ ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനുള്ള അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുണ്ട്. ശബരിമല ഉത്സവത്തിന്റെ ഭാഗമായി റോഡ് പൂർണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിൽ മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. 1 പദ്ധതിയിൽ 2007-ൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിൽപ്പെട്ട പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണം 5-5-2014-ൽ എഗ്രിമെന്റ് വച്ച് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന് 227.13 കോടി രൂപയാണ്

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടങ്കൽ തുക. ഈ റോഡിന്റെ കോലാനിബൈപ്പാസിലും എലിക്കുളം പൈക പ്രവിതാനം എന്നിവിടങ്ങളിൽ ഓട നിർമ്മാണവും നെല്ലാപ്പാറയിൽ പാറപ്പൊട്ടിക്കലും നടന്നുകൊണ്ടിരിക്കുന്നു. ഈ കരാറിൽ ഇതുവരെ 3.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോകബാങ്കുമായി ഒപ്പിട്ട കരാർ പ്രകാരം പുനലൂർ - പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്ത (പി.പി.പി. - അന്വിറ്റി) വ്യവസ്ഥയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ റോഡിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പി.പി.പി. - അന്വിറ്റി രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൺസഷണെയറെ കണ്ടെത്തുന്നതിനുമായി M/s. L& T Ramboll JV with M/s.Fortress എന്ന സ്ഥാപനത്തെ Transaction Advisory Consultant ആയി നിയമിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## അങ്കമാലി നിയോജകമണ്ഡലത്തിലെ ക്യാംപ്ഷെഡ് റോഡ്

**296(3221)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ക്യാംപ്ഷെഡ് റോഡിന്റെ സ്ഥലമെടുപ്പിനും നിർമ്മാണ പ്രവൃത്തിക്കായും അനുവദിച്ച തുക എത്രയെന്നും എന്നെല്ലാമാണ് പ്രസ്തുത തുകകൾ അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഡി) കരാർ കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ഇ) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(എഫ്) ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ ക്യാംപ്ഷെഡ് റോഡിന്റെ സ്ഥലമെടുപ്പിനും നിർമ്മാണ പ്രവർത്തിക്കുമായി 175 ലക്ഷം രൂപ 9-11-2011 തീയതിയിലെ സ.ഉ (സാധാ) നമ്പർ.1540/2011/പൊ.മ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*



LIBRARY ARCHIVES Kerala Legislative Assembly

(സി) ബി.എം. & ബി.സി. നിർമ്മാണ പ്രവർത്തിക്ക് 31-12-2014 വരെ നിർമ്മാണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റിയിടുന്നതിലും ബി.എസ്.എൻ.എൽ കേബിൾ മാറ്റിസ്ഥാപിക്കുന്നതിലുമുണ്ടായ കാലതാമസവും കോൺട്രാക്ടറുടെ സാമ്പത്തിക പരാധീനതയുമാണ് മുഖ്യ കാരണം.

(എഫ്) 31-1-2015-നു മുൻപായി പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷ.

## ദേശീയപാത വികസനവും സ്ഥലം ഏറ്റെടുക്കലും

**297(T3222)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കുമ്പോൾ ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിക്ക് വിപണി വില നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) NH-17, 47, മറ്റ് ഹൈവേകൾ എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകേണ്ട വിപണി വിലയെക്കുറിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ 1956 -ലെ NH Act-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. എന്നിരുന്നാലും 25-10-2014 തീയതിയിലെ സ.ഉ (കൈ)നമ്പർ 94/14/പൊ.മ.വ പ്രകാരം നഷ്ടപരിഹാരം നിർണ്ണയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾ കൂടി പരിഗണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പെരിയയിൽ ഗസ്റ്റ്ഹൗസ്

**298(3223)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പെരിയയിൽ ഗസ്റ്റ് ഹൗസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് (No.10912/E3/13/PWD) തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

'T', മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർവ്വകലാശാലയുടെ ആസ്ഥാനമായി മാറിയിട്ടുള്ള പെരിയയിൽ ഗസ്റ്റ് ഹൗസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ പെരിയയിൽ ഗസ്റ്റ് ഹൗസിനു പകരം റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ദേശീയപാത നിർമ്മാണം**

**299(3224)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്കും, പുനർനിർമ്മാണത്തിനുമായി കേന്ദ്രത്തിൽ നിന്നും എന്ത് തുക ലഭ്യമായെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയപാത് നിർമ്മാണത്തിനും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി എന്ത് തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രത്തിൽ നിന്ന് ലഭ്യമാകാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്കു വേണ്ടി 55.84 കോടിരൂപയും പുനർനിർമ്മാണത്തിനായി 274.86 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ബി) ദേശീയപാത നിർമ്മാണത്തിന് 329.22 കോടി രൂപയും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി 133.14 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിൽ നിന്നും കുടിശ്ശികയായി 131.66 കോടി രൂപ ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പൊന്നാനി മണ്ഡലത്തിൽ കർമ്മ റോഡിന്റെ രണ്ടാം ഘട്ട പ്രവർത്തി

**300(3225)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന കർമ്മ റോഡിന്റെ രണ്ടാംഘട്ട പ്രവർത്തിക്ക് ഫണ്ട് അനുവദിക്കാത്തതുമൂലം പ്രവർത്തി നിലച്ചു പോകുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ രണ്ടാം റീച്ചിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവർത്തി നിലച്ചു പോകുന്ന അവസ്ഥ ഉണ്ടായിട്ടില്ല

(ബി) ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് മാത്രമേ ടി ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

## ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ നേതൃത്വത്തിലെ പ്രവൃത്തികൾ

**301(3226)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ നേതൃത്വത്തിൽ 2014-15 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളും തുകയും വ്യക്തമാക്കുമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ കെ. എസ്. ടി പി. യുടെ പ്രവർത്തിയിൽ ഉൾപ്പെടുത്തി ശ്രീരംഗം വളവിൽ സെന്റർ വെർജ് മീഡിയൻ നിർമ്മിക്കുന്നതിനായി 2,41,473 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ചേർത്തല മനോരമ കവല വികസനം

**302(3227)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മനോരമ കവല വികസനത്തിനുവേണ്ടി സർക്കാർ തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ ; മനോരമ കവല വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നും ഇതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ ;

(ബി) മനോരമ കവല വികസനത്തിന് എത്രമാത്രം സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നു ഉത്തരവ് ലഭിക്കുന്നതിനായി റിപ്പോർട്ടുകളും രേഖകളും പൊതുമരാമത്ത് വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 13-3-2013-ലെ സ.ഉ. (സാധാ)നമ്പർ 354/13/പൊ.മ.വ. പ്രകാരം ചേർത്തല മനോരമ കവല വികസനത്തിനുവേണ്ടി സർക്കാർ 335 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മനോരമ കവല വികസനത്തിന് ചേർത്തല വടക്ക് വില്ലേജിൽ 9.38 ആർസ് (23.18 സെന്റ്) സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനായി ജില്ലാ കളക്ടർ ലഭ്യമാക്കിയ അനുബന്ധ രേഖകൾ അടങ്ങിയ പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

**വാടപ്പൊഴിപാലത്തിനു അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി**

**303(3228)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡിന്റെ പൂർത്തീകരണത്തിനായി വാടപ്പൊഴിപാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നബാർഡിന്റെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ റോഡ് പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാടപ്പൊഴിപാലത്തിനു അപ്രോച്ച് റോഡ് നിർമ്മിക്കുവാൻ വേണ്ടിയുള്ള 250 ലക്ഷം രൂപയുടെ നിർദ്ദേശം RIDF-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേടുപാടുകൾ

**304(3229)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടിയിലെ ശ്രീശങ്കരാ പാലത്തിന് കേടുപാടുകൾ ഉണ്ടായതിനെ തുടർന്ന് 42 കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത സമാന്തര പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ സർവ്വേ നടപടികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

**ഉത്തരം**

(എ) ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-9-2014-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിനുള്ള സർവേ നടത്തുന്നതിനായി 1.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

## ധർമ്മടം നിയോജകമണ്ഡലത്തിലെ മേലൂർക്കടവ് പാലം

**305(3230)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ മേലൂർക്കടവ് പാലം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവർത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കുട്ടനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം വിവിധ പദ്ധതികൾ

**306(3231)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ പൊതുമരാത്ത് വകുപ്പ് മുഖാന്തിരം വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം

**307(3232)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം സ്തംഭിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ കരാറുകാരനുമായുള്ള കരാർ അവസാനിപ്പിച്ചിട്ടുണ്ടോ ;

(ഡി) ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) മുടങ്ങിപ്പോയ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ ;

(എഫ്) റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കരാർ കമ്പനിക്ക് 2 തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും റോഡ് നിർമ്മാണം തടസ്സപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് 24-1-2014-ന് കമ്പനിയെ റിസ്ക് & കോസ്റ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി.

(ഡി&ഇ) വടക്കാഞ്ചേരി മുതൽ വാളയാർ വരെ ദേശീയപാതയുടെ നിർമ്മാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ.സി കമ്പനി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ പരാമർശിത റോഡ് ഗതാഗതയോഗ്യമാക്കി നിലനിർത്താമെന്ന് ഏറ്റിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമാക്കി വരികയാണ്. ദേശീയ പാതയുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം കെ.എൻ.ആർ.സി കമ്പനിയെ തന്നെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കാമോ എന്ന വിഷയവും പരിശോധിച്ചുവരികയാണ്.

## വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനർനിർമ്മാണം

**308(3233)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനർനിർമ്മാണത്തിനു അനുവദിച്ചിരിക്കുന്ന തുക എത്രയെന്നും എത്ര റീച്ചുകളായാണ് ടാറിംഗ് നിശ്ചയിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ ഓരോ റീച്ചുകളുടെയും നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) എഗ്രിമെന്റ് പ്രകാരം ഓരോ കരാറുകാർക്കും പ്രവർത്തി പൂർത്തീകരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിരുന്ന തീയതികൾ വ്യക്തമാക്കാമോ ;

(ഡി) പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ എത്ര തവണയെന്ന് വ്യക്തമാക്കാമോ ;

(ഇ) പൂർണ്ണമായും ടാറിംഗ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) മൂന്ന് റീച്ചുകളിലായി അനുവദിച്ചിരിക്കുന്ന തുക 6,33,11,688 രൂപയാണ്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു :

1. Ch.2/500 to 4/730, 7/300 to 9/00 - T.N.Shanavas
2. Ch 4/730 to 7/300, 9/000 to 11/000 and 12/260 to 13/250 - M/s.Green Worth Infrastructure
3. Ch.13/250 to 19/000 - T.N.Shanavas

(സി) എഗ്രിമെന്റ് പ്രകാരം ഓരോ കരാറുകാർക്കും പ്രവർത്തി പൂർത്തീകരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികൾ ചുവടെ ചേർക്കുന്നു :

1. Sri.T.N.Shanavas: 24-2-2015
2. M/s.Green Worth Infrastructure: 20-7-2014
3. Sri.T.N.Shanavas: 24-2-2015

(ഡി) സമയം ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

(ഇ) രണ്ടു മാസത്തിനുള്ളിൽ പൂർണ്ണമായും ടാറിംഗ് നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**കോഴിക്കോട് സഹകരണഭവൻ കെട്ടിടത്തിന്റെ അപകടാവസ്ഥ**

**309(3234)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന സഹകരണ ഭവൻ കെട്ടിടത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ വിദഗ്ദ്ധസമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ശിപാർശ ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പിന് ഇത് ചെയ്യുവാനുള്ള സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ചെന്നൈയിലുള്ള Structural Engineering Research Centre-നെക്കൊണ്ട് അന്വേഷണം നടത്തി. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കൽപ്പറ്റ മേപ്പാടി ബൈപ്പാസ് നിർമ്മാണം**

**310(3235)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ബൈപ്പാസിന്റെ പ്രവർത്തനപുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

(ബി) ഇല്ല. മേപ്പാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 4.6211 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 431/2013/ പൊ.മ.വ., തീയതി 25-3-2013 പ്രകാരം അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കോട്ടപ്പാടി വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തുകയും ചില സർവ്വേ നമ്പരുകൾ തെറ്റായി ഉൾപ്പെട്ടതായും ചിലത് വിട്ടു പോയതായും കണ്ടെത്തുകയും ലഭ്യമായ അലൈൻമെന്റ് പ്രകാരം കണ്ടെത്തി ഉൾപ്പെട്ടുവരുന്ന സർവ്വേ നമ്പരുകൾ നടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ റവന്യൂ വിഭാഗത്തിൽ നിന്നും ഇപ്രകാരം ലഭ്യമായ സർവ്വേ നമ്പരുകളോടൊപ്പം സ്ഥലത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിരുന്നില്ല. ആയത് വൈത്തിരി തഹസിൽദാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കുന്ദമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

**311(3236)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-7-2014-ന് ചേർന്ന യോഗത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

### <u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിലയിരുത്തൽ നടത്തുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-7-2014 ന് ചേർന്ന യോഗത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ നിരത്ത്, ദേശീയപാത, കെട്ടിട വിഭാഗങ്ങളുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് നൽകിയത്. പ്രസ്തുതപ്രവൃത്തികളും അതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പാലങ്ങളിലെ ടോൾ പിരിവ്

**312(3237)** ശ്രീ. കെ. രാധാകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഏതെല്ലാം പാലങ്ങളിൽ ടോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഏതെങ്കിലും പാലങ്ങളിൽ പ്രദേശവാസികൾക്ക് ടോൾ സൗജന്യപാസ്സ് അനുവദിച്ചിട്ടുണ്ടോ ; ഇതിനു നഷ്ടപരിഹാരമായി കരാറെടുത്ത കമ്പനിക്ക് എത്ര തുകയാണ് നൽകിയത് ; തുക നിശ്ചയിച്ചത് എന്ത് മാനദണ്ഡ പ്രകാരമാണെന്ന് അറിയിക്കാമോ ;

(ബി) പത്തുകോടിയിൽ താഴെ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കാനുള്ള തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുപ്രകാരം എത്ര പാലങ്ങൾ ടോൾ പിരിവിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് ;

(സി) സർക്കാർ വിജ്ഞാപനം വന്നിട്ടും ടോൾ പിരിവ് തുടരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടോൾ പിരിവിന് നിശ്ചിത സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ ; കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുണ്ടോ ;

(ഡി) ടോൾ നിർണ്ണയത്തിലെ അപാകതകളും അനന്തമായി നീളുന്ന ടോൾ പിരിവുകളും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.* ചില പാലങ്ങളിൽ സൗജന്യപാസ് അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ബി) പത്തുകോടി രൂപയിൽ കുറവ് നിർമ്മാണച്ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 7 പാലങ്ങളിലെ ടോൾ പിരിവ് നിർത്തിവച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടോൾ പിരിവിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് നടക്കുന്നില്ല.

(ഡി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലും, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലും ടോൾ നിർണ്ണയത്തിൽ അപാകതയില്ല. ടോൾ പിരിവ് അനന്തമായി നീളുന്നില്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ്

**313(3238)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

ഉത്തരം

(എ&ബി) ഇല്ല. എങ്കിലും കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലം

**314(3239)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാലത്തിന്റെ സ്ഥലം അക്വിസിഷൻ എന്തുകൊണ്ടാണ് നടക്കാത്തത് ; എൽ.എ. നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ;

(സി) പി.ഡബ്ല്യു.ഡി, റവന്യൂ വകുപ്പിന് സ്ഥലം മാർക്ക് ചെയ്ത് കൊടുക്കാതിരിക്കുന്നതിന് കാരണമെന്താണ് ; ആരുടെയെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ ആയത് നീക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും തമ്മിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-2-2011-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 251/2011/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായിട്ടുള്ള അളവ് നടപടികൾ ചില ഭൂ ഉടമകൾ തടസ്സപ്പെടുത്തുകയുണ്ടായി. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

**കോഴിക്കോട് ജില്ലയിലെ പൈമ്പാലശ്ശേരി പാലം**

**315(3240)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പൈമ്പാലശ്ശേരി പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാലം പ്രവൃത്തിക്ക് മുൻകൂർ സ്ഥലം വിട്ടുനൽകിയവർക്ക് കോംപൻസേഷൻ ലഭിച്ചിട്ടില്ലെന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോംപൻസേഷൻ ലഭ്യമാക്കുന്നതിലെ കാലതാമസംമൂലം പ്രസ്തുത സ്ഥലം മുൻകൂർ വിട്ടുകിട്ടാൻ ശ്രമിച്ച ജനപ്രതിനിധികൾക്ക് പ്രയാസങ്ങളുണ്ടാവുന്നതായ വിവരം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) മുൻകൂർ സ്ഥലം ലഭ്യമാക്കിയവർക്ക് കോംപൻസേഷൻ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) 4-2-2011-ന് പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കോംപൻസേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

## കുറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം

**316(3241)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറായിട്ടില്ല. ഡയാലിസിസ് കേന്ദ്രത്തിൽ ഉൾപ്പെടുത്തേണ്ട സൗകര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ റെസ്റ്റ് ഹൗസുകളിലെ ദിവസ വേതനക്കാർ

**317(3242)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, നാദാപുരം, പേരാമ്പ്ര, കുറ്റ്യാടി, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനം ലഭിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ; എന്നത്തേയ്ക്ക് ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുമെന്ന് വ്യക്താമാക്കാമോ ;

(സി) തുച്ഛമായ ശമ്പളം ലഭിക്കുന്ന ഇത്തരം വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാത്തതിനാൽ ജീവനക്കാർ അനുഭവിക്കുന്ന കഷ്ടതകൾ സർക്കാർ കാണുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൊയിലാണ്ടി റെസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് ഒക്ടോബർ, നവംബർ മാസത്തേയും മറ്റു റെസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഒക്ടോബർ അവസാന പകുതിയും നവംബർ മാസത്തെ കടിശ്ശികയുമാണ് കൊടുക്കവാനുള്ളത്. നാലു സെക്ഷനാഫീസുകളുടേയും ചുമതലവഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും കാഷ്വൽ ലേബർ റോൾ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് കടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഇത്തരം ജീവനക്കാരുടെ വേതനം കാലതാമസം കൂടാതെ നൽകുന്നതാണ്.

## കോഴിക്കോട് മോണോറെയിൽ പദ്ധതി

**318(T3243)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിയായ ബൊംബാർഡിയ എന്ന കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്യാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി തുക മാറ്റിവെച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനർ ദർഘാസിലൂടെ ലഭിച്ച ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഒറ്റ ടെൻഡർ ഡി.എം.ആർ.സി അവലോകനം ചെയ്ത് പരിശോധിച്ച ശേഷം നൽകിയ റിപ്പോർട്ടിൽ, എസ്റ്റിമേറ്റ് തുകയെക്കാൾ ഭീമമായ തുക നെഗോഷിയേഷനിലൂടെ കുറയ്ക്കാനുള്ള സാധ്യത വിദൂരമായതിനാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ടെൻഡർ നിരസിക്കുവാനാണ് ശിപാർശ ചെയ്തിട്ടുള്ളത്. മാത്രമല്ല, ക്വോട്ട് ചെയ്തിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയുടെ 150.87% ഉയർന്ന നിരക്കിലാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

10-ാമത് കെ.എം.സി.എൽ ബോർഡ് യോഗത്തിൽ, നെഗോഷിയേഷനിലൂടെ ക്വോട്ട് ചെയ്ത ഭീമമായ തുക, എസ്റ്റിമേറ്റ് തുകയോട് അടുത്ത നിലയിൽ എത്തിക്കാനുള്ള സാധ്യത തീരെ കുറവാണെന്നും പ്രസ്തുത വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ നെഗോഷിയേഷൻ നടത്തുന്നത് അഭികാമ്യമായിരിക്കില്ല എന്നു തീരുമാനിക്കുകയുണ്ടായി.

(ബി) ഉണ്ടായിരുന്നു.

(സി) 2013-14-ൽ കൺസൽറ്റൻസി ഫീസിനത്തിൽ 18 കോടിരൂപയും 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി പ്രത്യേക പദ്ധതി വിഹിതമായി മാറ്റിവച്ചിട്ടുള്ള 1225 കോടി രൂപയിൽ മോണോ പദ്ധതിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് നഗരത്തിൽ മോണോറെയിൽ

**319(T3244)** <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ മോണോറെയിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ ;

(ബി) മോണോറെയിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തീരുമാനമെടുത്തതെന്ന് പറയുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലുമായോ ജനപ്രതിനിധികളുമായോ ചർച്ച നടത്തിയിരുന്നുവോ ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് തീരുമാനിച്ചത് ; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിക്കാവശ്യമായ 20% കേന്ദ്രവിഹിതം ലഭിക്കാനാവശ്യമായ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) 2010 ഡിസംബറിൽ വിൽബർ സ്മിത്ത് എന്ന കൺസൽറ്റൻസി കമ്പനി നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്ത പ്രകാരമാണ് കോഴിക്കോട് മോണോറെയിൽ പദ്ധതി ആവിഷ്കരിച്ചത്.

(സി) 26-7-2013- ന് ബഹു. കോഴിക്കോട് മേയറുടെ അദ്ധ്യക്ഷതയിൽ, കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ ചേർന്ന യോഗത്തിൽ ഡി.എം.ആർ.സി-യുടെ മുഖ്യ ഉപദേഷ്ടാവായ ഡോ.ഇ.ശ്രീധരൻ പദ്ധതിയെപ്പറ്റി വിശദീകരിക്കുകയുണ്ടായി.

22-1-2014-ന് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഡി.എം.ആർ.സി-യുടെ മുഖ്യ ഉപദേഷ്ടാവായ ഡോ.ഇ.ശ്രീധരൻ പദ്ധതിയെപ്പറ്റി വിശദീകരിച്ചു. പ്രസ്തുത യോഗത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹു.പഞ്ചായത്ത് - സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ബഹു. കോഴിക്കോട് എം.പി., ബഹു. കോഴിക്കോട് നോർത്ത് എംഎൽ.എ, കോഴിക്കോട് ജില്ലാ കളക്ടർ മുതലായവർ പങ്കെടുത്തിരുന്നു.

(ഡി) പദ്ധതികൾക്കുവേണ്ടി കെ.എം.സി.എൽ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, സർക്കാർ നിർദ്ദേശ പ്രകാരം പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി വിശദമായി പരിശോധിച്ചതിനു ശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ, ടെൻഡർ നിരസിക്കുകയും ചെയ്തു. മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാനും തീരുമാനിച്ചു.

28-8-2014 -ന് കൂടിയ 10 -ാമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും പകരം മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോറെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ

പദ്ധതിക്കുള്ള വിശദമായ രൂപരേഖ 8-10-2014- ന് കൂടിയ 11-ാമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn- key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗതീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം, ഡോ.ഇ.ശ്രീധരന്റെ നേതൃത്വത്തിൽ 19-11-2014 -ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് കണക്കാക്കപ്പെട്ട മൊത്തം ചെലവ് 1991 കോടി രൂപയാണ്. പദ്ധതിക്കായി ധന സമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ, വിദേശ സന്നദ്ധ ഏജൻസികൾ മുഖേനയും സമാഹരിക്കണമെന്നാണ് ഡി.പി.ആർ. വിഭാവനം ചെയ്തിരിക്കുന്നത്.

(എഫ്) പ്രസ്തുത നഗരങ്ങളുടെ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കേണ്ടിയിരുന്നത് അതാത് കോർപ്പറേഷനുകളായിരുന്നു. ഇവ തയ്യാറാക്കി നൽകുന്നതിന് കെ.എം.സി.എൽ ആവശ്യപ്പെട്ടപ്പോൾ കാലതാമസമുണ്ടാകുമെന്നറിയിച്ചതിനാൽ ഈ പഠനം നടത്തുന്നതിനായി 9-ാമത് കെ.എം.സി.എൽ ബോർഡ് യോഗ തീരുമാനപ്രകാരം ഗവൺമെന്റ് ഏജൻസിയായ നാറ്റ്പാക്-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

## പുതുക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ് പാലം

**320(3245)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ് പാലം പണിയുന്നതിന് ആവശ്യമായ വനം വകുപ്പിന്റെ അനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നേയ്ക്ക് ലഭ്യമാക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾ

321(3246) ശ്രീ.. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഏതെല്ലാം നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് ; പ്രവർത്തിയുടെ പേര്, തുക എന്നിവ വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട് ; ടെണ്ടർ ചെയ്യേണ്ട പ്രവർത്തികൾ ഏതൊക്കെ ;

(സി) ടെണ്ടർ ചെയ്തവരിൽ കരാറുകാർ ഏറ്റെടുത്ത പ്രവർത്തികൾ ഏതെന്നും ഓരോ പ്രവർത്തിയുടെയും നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ ;

(ഡി) ഏതൊക്കെ പ്രവർത്തികളാണ് കരാറുകാർ ഏറ്റെടുക്കാനുള്ളതെന്നും നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിട വിഭാഗത്തിൽ 8 നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ടെണ്ടർ ചെയ്തവയിൽ കരാറുകാർ ഏറ്റെടുത്ത പ്രവർത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) മുച്ചുകുന്ന് ആയുർവ്വേദ ഡിസ്പെൻസറിയുടെ ടെണ്ടർ കരാറുകൾ ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്. കൊയിലാണ്ടി വർക്ക് ഷോപ്പ് ഐ. റ്റി. ഐ. യുടെ ടെണ്ടർ ആരും ഏറ്റെടുത്തിട്ടില്ലാത്തതിനാൽ റീ-ടെണ്ടർ ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**കാസർഗോഡ്-തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെയും നിർമ്മാണം**

**322(3247)** ശ്രീ. കെ. കഞ്ഞിരാമൻ തൃക്കരിപ്പൂർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലന്റെയും പാതിവഴിയിലായ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും സ്റ്റുഡന്റ്സ് ഹോസ്റ്റലിന്റെയും നിർമ്മാണത്തിന് 6-12-2014-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ2893/14/ഉ.വി.വ പ്രകാരം 723 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടെണ്ടർ നടപടി പൂർത്തിയായാലുടൻ നിർമ്മാണം ആരംഭിക്കുന്നതാണ്.

**കാസർഗോഡ്-മംഗലാപുരം ദേശീയപാത**

**323(3248)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-മംഗലാപുരം ദേശീയപാത കുണ്ടും കുഴിയും നിറഞ്ഞു മാസങ്ങളായി ഗതാഗതയോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിപ്രധാനമായ പ്രസ്തുത പാത അവഗണിക്കപ്പെടാൻ എന്താണ് കാരണം ; ഇതിന്റെ അറ്റകുറ്റ പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ; ഇതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് - മംഗലാപുരം ദേശീയ പാതയുടെ ചില ഇടങ്ങളിൽ റോഡിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തലപ്പാടി മുതൽ ഉപ്പള വരെ (കി.മീ 18/050 മുതൽ 29/000 വരെ) പുതുക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഉപ്പള മുതൽ കുമ്പള വരെയുള്ള ഭാഗം (കി.മീ 29/000 മുതൽ 41/000 വരെ) 2012-ൽ ഉപരിതലം പുതുക്കിയതാണ്. ഈ

പ്രവൃത്തി കരാറുകാരന്റെ ഗ്യാരന്റി പീരിയഡിൽ വരുന്ന ഭാഗമായതിനാൽ കേടുപാടുകൾ തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പള ഠൗണിൽ വീതി കൂട്ടി ഇന്റർലോക്ക് ചെയ്യുന്നതിനും കമ്പള, ഷീറിയ, നീലേശ്വരം എന്നീ പാലങ്ങളുടെ നവീകരണ ജോലിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## കോഴിക്കോട് -ബാലുശ്ശേരി സംസ്ഥാനപാതയ്ക്ക് അന്താരാഷ്ട്ര നിലവാരം

**324(T3249)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-ബാലുശ്ശേരി സംസ്ഥാനപാത അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ സംസ്ഥാനപാത കിനാലൂർ വ്യവസായ വളർച്ചാകേന്ദ്രം വരെ (4 കി.മീ. ദൂരം) നീട്ടുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി വികസിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത റോഡ് ഉൾപ്പെടുന്ന റീഹാബിലിറ്റേഷൻ പാക്കേജുകൾ ബി.ഒ.റ്റി/ ആന്യൂറ്റി രീതിയിൽ കരാർ കൊടുത്ത് വികസിപ്പിക്കുന്നതിനുള്ള ടെൻഡറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച ഓഫറുകളിൽ, കരാറുകാർ ക്വോട്ട് ചെയ്ത ആന്യൂറ്റി തുക വളരെ കൂടുതലായതിനാൽ, റീഹാബിലിറ്റേഷൻ പാക്കേജ് പുനഃക്രമീകരിച്ച് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല .

(ഡി) പരിഗണനയിലില്ല.

## ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

**325(3250)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

'T' മാറിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ ഏതെല്ലാം റീച്ചുകൾ പുനരുദ്ധരിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) തുക അനുവദിച്ചിട്ടില്ല. ഇരിക്കൂർ-ബ്ലാത്തൂർ റോഡിന്റെ പുനരുദ്ധാരണത്തിനായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തലത്തിൽ തയ്യാറാക്കി വരുന്നു.

**ബാലുശ്ശേരി-കറുമ്പൊയിൽ-വയലിട റോഡിന്റെ പരിഷ്കരണ പ്രവൃത്തി**

**326(3251)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി-കറുമ്പൊയിൽ-വയലിട റോഡിന്റെ പരിഷ്കരണ പ്രവൃത്തി കരാറുകാരന്റെ മരണത്തെ തുടർന്ന് പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ സാമഗ്രികൾ പ്രവർത്തി സ്ഥലത്ത് സംഭരിച്ചതിനാൽ ഗതാഗത തടസ്സം സൃഷ്ടിച്ചത് സംബന്ധിച്ച് വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡരികിൽ ഗതാഗത തടസ്സമുണ്ടാക്കിയ നിർമ്മാണ സാമഗ്രികൾ മറ്റൊരു സുരക്ഷിതമായ യാർഡിലേക്ക് മാറ്റിയിട്ടുണ്ട്. ഉന്നതതല യോഗ തീരുമാന പ്രകാരം ബാക്കി പ്രവൃത്തികളുള്ള പുതുക്കിയഎസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ ലഭ്യത**

**327(3252)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ലഭ്യമാക്കുന്നത് ഏത് ഏജൻസിയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ടാർ ദൗർബല്യം ഉണ്ടായിട്ടുണ്ടോ ; ഇത് റോഡിന്റെ അറ്റകുറ്റപ്പണികളെയും നിർമ്മാണ പ്രവൃത്തികളെയും ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കമോ ;

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ വിഹിതം എപ്രകാരമാണ്; വിതരണം എപ്രകാരമാണ്; വിശദമാക്കമോ ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ), മാംഗ്ളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) നിലവിൽ ടാർ ദൗർലഭ്യമില്ല.

(സി) ഓരോ ജില്ലയിലും എഗ്രിമെന്റ് വച്ച പ്രവൃത്തികളുടേയും അനുവദിക്കപ്പെട്ട പ്രവൃത്തികളുടെയും ആവശ്യമായ ടാറിന്റെ ഏകദേശ കണക്ക് നോക്കിയാണ് വിഹിതം അനുവദിക്കുന്നത്. ഒരു കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് ഇത്തരത്തിൽ വകുപ്പിൽനിന്നും നേരിട്ട് ടാർ നൽകുന്നത്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ നേരിട്ടാണ് ടാർ വാങ്ങുന്നത്.

**മണിയമ്പിളി പാലം പുനർനിർമ്മാണം**

**328(3253)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിലെ മണിയമ്പിളി പാലം പുനർ നിർമ്മിക്കുന്നതിന് തീരുമാനമെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര രൂപയാണ് ;

(സി) ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഈ പാലത്തിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 59 ലക്ഷം

(സി) ഭരണാനുമതി നൽകിയിട്ടില്ല. മതിയായ ബഡ്ജറ്റ് വിഹിതം ഉറപ്പാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സംസ്ഥാനത്തെ റോഡ് നിർമ്മാണം**

**329(3254)** ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദീർഘകാലം ഈടുനിൽക്കുന്ന പ്രതലവും, റോഡു സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന പ്രവൃത്തികളും ഉൾപ്പെടെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിക്കുന്ന മാനദണ്ഡത്തിന് വിധേയമായി റോഡുകൾ നിർമ്മിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) നിലവാരമുള്ള പ്രതലവും, റോഡ് മാർക്കിംഗുകൾ, സുരക്ഷാ ബോർഡുകൾ, ഓടകൾ, പാർശ്വഭിത്തികൾ എന്നീ സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

(ഡി) സംസ്ഥാനത്ത് പദ്ധതിയിനത്തിൽ പുതിയ റോഡ് നിർമ്മാണം ഏറ്റെടുത്ത് നടത്തുമ്പോൾ പരമാവധി പദ്ധതികളിലും ഇത്തരത്തിൽ BM & BC സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽകാലം നിലനിൽക്കത്തക്ക രീതിയാണ് അവലംബിച്ചിട്ടുള്ളത്.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകൾ

**330(3255)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ പ്രവർത്തിക്കും എത്ര തുകയുടെ ഭരണാനുമതി ലഭിച്ചെന്നും ഓരോ പ്രവർത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിച്ചുണ്ടെന്നും വ്യക്തമാക്കുമോ ; ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം

**331(3256)** ശ്രീ. വി. ശശി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയതിന് എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇതിൽ ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ട്;

(ഇ) ഭൂമി അക്വയർ ചെയ്യൽ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട എൻ.എച്ച്-47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭാഗത്തെ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ഈ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ദേശീയ പാത-47-ലെ ഓച്ചിറ മുതൽ കഴക്കൂട്ടം വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള സ്ഥലമെടുപ്പിനുള്ള വിജ്ഞാപനത്തിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ട അവസ്ഥയാണ്. മാത്രമല്ല, ദേശീയപാത അതോറിറ്റി ഈ വികസന പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുമുണ്ട്.

## വെച്ചൂച്ചിറ മണ്ണടിശ്ശാല പോളിടെക്നിക്ക് കെട്ടിടം

**332(3257)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ മണ്ണടിശ്ശാലയിൽ നിർമ്മിക്കുന്ന പോളിടെക്നിക് കെട്ടിടം പണി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) കെട്ടിടം പണി പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിടം പണി പൂർത്തിയാക്കി പോളിടെക്നിക് കെട്ടിടം എന്ന് പ്രവർത്തന സജ്ജമാക്കാനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധിയാണ് പണി മുടങ്ങാനുള്ള കാരണം.

(ബി) കെട്ടിടം പണി പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടം പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുക്കിയ നിരക്കിൽ ടെണ്ടർ ചെയ്തതിനുശേഷം എത്രയും വേഗം പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

**333(3258)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് നബാർഡ് സഹായം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിക്ക് നബാർഡിൽ നിന്നും ധന സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ടി പ്രവൃത്തിക്ക് ആവശ്യമായ ഭൂമിയുടെ അഡ്വാൻസ് പൊസെഷൻ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര പേരുടെ ; എത്ര ഭൂമിയെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും ഭൂമി ലഭിക്കാനുണ്ടെങ്കിൽ ആരുടെയൊക്കെ ; എത്ര ഭൂമിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനുള്ള 1809 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് RIDF-XX-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിന്റെ പരിഗണനയിലാണ്.

(ബി) 55 പേരുടെ 28 സെന്റ് ഭൂമിയുടെ അഡ്വാൻസ് പൊസെഷൻ ലഭ്യമായിട്ടുണ്ട്.

(സി) കൂടുതലായി ഭൂമി ലഭിക്കാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ചാത്തന്നൂർ-പരവൂർ റോഡിന്റെ നവീകരണം

**334(3259)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലുള്ള ചാത്തന്നൂർ-പരവൂർ റോഡിന്റെ ആദ്യ ഭാഗം ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ട് മാസങ്ങളായെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും ഉണ്ടായില്ലായെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിലേക്ക് ടെണ്ടർ നടപടികളും ക്വട്ടേഷൻ നടപടികളും പൂർത്തീകരിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യമാകുവാൻ ഒരു വർഷമെങ്കിലും സമയമെടുക്കുമെന്ന കാര്യം പരിഗണിച്ച് താത്കാലികമായി റോഡ് മെയിന്റനൻസ് നടത്തുവാൻ ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(സി) പൊതുജന രോഷവും ജനപ്രതിനിധികളുടെ സമരവും നിരന്തരം ഉണ്ടാകുന്ന ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം.

(എ&ബി) പ്രസ്തുത റോഡിന്റെ താൽക്കാലിക അറ്റകുറ്റപണികൾ ചെയ്തു വരുന്നു.

(സി) ടി റോഡിന്റെ കരാർ വേലയുടെ ടെണ്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നെങ്കിലും എൽ.എം.ആർ-ഉം ഡി.എസ്.ആർ. 2013-ഉം ഒറിജിനൽ എസ്റ്റിമേറ്റുമായിട്ടുള്ള വ്യത്യാസം കണക്കാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അംഗീകാരം നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങുന്നതാണ്.

## മുട്ടാങ്ങൽ-നാദാപുരം റോഡിന്റെ നിലവാരം ഉയർത്താൻ നടപടി

**335(3260)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടാങ്ങൽ-നാദാപുരം റോഡ് സംസ്ഥാനപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡ് സംസ്ഥാന പാതയായി ഉയർത്തുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുട്ടാങ്ങൽ - നാദാപുരം റോഡിന്റെ പുനരുദ്ധാരണത്തിന് 21 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

## പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥനെതിരെയുള്ള പരാതികൾ

**336(3261)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്ക് ആയ വി. മധുവിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) ഒരു ഉദ്യോഗാർത്ഥിയുടെ നിയമനം അട്ടിമറിച്ചതുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്റെ പേരിൽ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി ലഭിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ചുള്ള എന്തെങ്കിലും റിപ്പോർട്ടുകൾ പ്രസ്തുത കമ്മിറ്റിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) പത്തനംതിട്ട ജില്ലയിലെ ലൈൻമാൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇയാൾക്കെതിരെ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി നൽകിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത നിയമസഭാ കമ്മിറ്റി സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെ ഇപ്പോൾ ജോലി ചെയ്യുന്ന സീറ്റിൽ നിന്നും മാറ്റണമെന്ന 28-5-2014-ന് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, 1005/NOR/14M(W) നമ്പർ ഉത്തരവ് പ്രകാരം, ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)-നോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് നാളിതുവരെ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുഖേന സർക്കാരിനും പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയർക്ക് നേരിട്ടും ലഭിച്ചിട്ടുള്ള പരാതിയിലെ വിവരങ്ങളെ അടിസ്ഥാനമാക്കി പൊതുമരാമത്ത് വകുപ്പന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു. ഹർജികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ടി ഉദ്യോഗസ്ഥനെ 23-7-14 തീയതി മുതൽ പ്രസ്തുത ഓഫീസിൽ നിന്ന് സ്ഥലം മാറ്റിയിട്ടുണ്ട്.

**പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ**

**337(3262)** ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവ്വഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽവച്ചും പരിശോധന നടത്തുന്നു.

(ബി) ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയത്തിന്റെ പകുതി മാത്രമേ പരമാവധി കാലാവധി നീട്ടികൊടുക്കാവൂ എന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ താമസം വരുത്തുന്ന കരാറുകാരന് പിഴയീടാക്കാനും മാന്വലിൽ വ്യവസ്ഥയുണ്ട്. കൂടാതെ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരുടെ രജിസ്ട്രേഷൻ പുതുക്കാതെയിരിക്കുന്നതിന് കോൺട്രാക്ടേഴ്സ് നിയമ പ്രകാരം ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥന് അധികാരം നൽകിയിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ പ്രവർത്തിക്കും ഗ്യാരണ്ടി പീരീയഡ് നിശ്ചയിച്ചിട്ടുള്ളതും ആയതിനുള്ളിൽ പ്രവൃത്തിക്ക് എന്തെങ്കിലും തകരാർ സംഭവിച്ചാൽ കരാറുകാരൻ ഉത്തരവാദിയാകുന്നതും സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതുമാണ്.

## പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

**338(3263)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായും അതുവഴി എം.എൽ.എ.-മാരുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പിൽ ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ എണ്ണം എത്ര ; ഒഴിവുള്ളവ എത്ര ; ഇവയിൽ ബിരുദധാരികൾക്കായി മാറ്റിവച്ചവ എത്ര ;

(സി) പ്രൊമോഷൻവഴി ഡ്രാഫ്റ്റ്സ്മാൻമാർക്ക് നിയമനം ലഭിക്കേണ്ട തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം 3:7 അനുപാതം പാലിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർട്ടിഫിക്കറ്റ് ക്വാട്ടയിൽ എത്രപേർ നിലവിലുണ്ട് ; എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഒഴിവ് നികത്തുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ കിടക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള 34 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾമൂലം വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ ഇവയുടെ അധിക ചുമതല ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുകയാണ്.

(ബി) ആകെ അസിസ്റ്റന്റ് എഞ്ചിനീയർ-638 ബിരുദധാരികൾക്കായി മാറ്റിവച്ചത് - 383 ഒഴിവുകൾ - 34 (പട്ടികവർഗ്ഗക്കാർക്കായി മാറ്റിവയ്ക്കപ്പെട്ടത്)

(സി) ഡിപ്ലോമ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി 191-ഉം സർട്ടിഫിക്കറ്റ് വിഭാഗത്തിനായി 64-ഉം തസ്തികകളാണ് പ്രൊമോഷൻവഴി ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളത്.

(ഡി) ഇത്തരത്തിലൊരു പരാതി ലഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിയമനത്തിനും പ്രൊമോഷനും ഉള്ള അനുപാതം 6:3:1 ആണ്. ഇത് കൃത്യമായി പാലിച്ചുകൊണ്ടാണ് നിയമനവും പ്രൊമോഷനുകളും നടത്തുന്നത്.

(ഇ) നിലവിൽ 63 പേർ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ തുടരുന്നുണ്ട്. 30-11-2014-ലെ റിട്ടയർമെന്റിനു ശേഷം ഒരു ഒഴിവ് നിലവിലുണ്ട്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം

**339(3264)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണംവഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി ലഭ്യമാക്കുന്നതെന്നും ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ 10-1-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 06/2012/പൊ.മ.വ പ്രകാരം ഇ-പെയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 28609/എച്ച്3/2010/പൊ.മ.വ. പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനംവഴി കഴിയുന്നു. പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി.വകുപ്പ്, എൻ.ഐ.സി, എസ്.ബി.റ്റി, എസ്.ബി.ഐ തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്

**പൊതുമരാമത്ത് വകുപ്പിന്റെ നേട്ടം**

**340(3265)** <u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> ;
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ശതമാനം തുക ചെലവഴിച്ചാണ് ഈ നേട്ടം കൈവരിക്കാനായതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ബഡ്ജറ്റ് വിഹിതത്തേക്കാൾ തുക ചെലവഴിച്ചതുകൊണ്ട് നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ നിരത്തുവിഭാഗം 164 ശതമാനവും കെട്ടിട വിഭാഗം 138.4 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതി നൽകുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താണ് പ്രസ്തുതനേട്ടം കൈവരിച്ചത്.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ, റോഡ് കണക്ടിവിറ്റി**

**341(3266)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് റെയിൽ, റോഡ് കണക്ടിവിറ്റി ലഭ്യമാക്കിയപ്പോൾ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട മുളവുകാട് ഗ്രാമനിവാസികൾക്ക് സർവ്വീസ് റോഡ് അനുവദിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) സർവ്വീസ് റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ പണം അനുവദിക്കുന്നത് ആരെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വിശദീകരിക്കാമോ ;

(ഡി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി, കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നിവയുടെപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സർവ്വീസ് റോഡ് നിർമ്മാണം പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സർവ്വീസ് റോഡിന്റെ ആവശ്യം ജനങ്ങൾ ശക്തമായി ഉന്നയിക്കുന്നതിനാൽ ഇത് ഉൾപ്പെടുത്തുന്ന കാര്യം NHAI -യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ എടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**പരിഷ്കരിച്ച പി.ഡബ്ല്യു. ഡി. മാന്വൽ**

**342(3267)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് പ്രസ്തുത നടപടി എത്ര മാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. ഡബ്ല്യു. ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O (P) No.13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ ഇവയാണ്.

1. ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.

2. പണി നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്.

3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പൊതുമരാമത്ത് പണികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്ത ഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

5. ആധുനികമായ നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ചു.

7. അഞ്ചു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തി. കൂടാതെ, അഞ്ചു കോടി രൂപയ്ക്ക് മുകളിലുള്ള പണികൾക്ക് പുറത്തു നിന്നുള്ള ഏജൻസിയെക്കൊണ്ടുള്ള സാങ്കേതികപരിശോധനയ്ക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും അമ്പതു ശതമാനത്തിൽ (50%) അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴകൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് പരമാവധി 10% ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് ഇത് വളരെയധികം സഹായകമാകമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം ഉദ്യോഗസ്ഥരുടെയും കരാറുകാരുടേയും കാര്യക്ഷമത എന്നിവയിൽ പ്രകടമായമാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുവാനും വേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ഫിനാൻസ് വകുപ്പുമായി ചർച്ചകൾ പൂർത്തിയായി. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്തിയ മാന്വൽ പ്രസിദ്ധീകരിക്കുവാൻ നടപടികളെടുത്ത് വരുന്നു.

## എസ്റ്റിമേറ്റ് എടുത്ത വർക്കുകൾക്ക് ടെണ്ടർ നടപടിക്ക് കാലതാമസം

**343(3268)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് ഭരണ, സാങ്കേതിക അനുമതികൾ നൽകാൻ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പു സാമ്പത്തിക വർഷം അവസാനിക്കാൻ 4 മാസം മാത്രം ഉള്ളപ്പോൾപോലും നിരവധി മാസങ്ങൾക്കുമുമ്പ് സമർപ്പിച്ച വർക്കുകളിൽ ഇനിയും ടെണ്ടർ നടപടി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം ടി പ്രവർത്തനങ്ങൾ താമസിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നത് ശരിയാണോ ; ഇല്ലെങ്കിൽ ഇതിന് വേണ്ട പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് അതാത് ഭരണ വകുപ്പുകളാണ് ഭരണാനുമതി നൽകുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഭരണ സാങ്കേതികാനുമതികൾ നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

## കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

**344(3269)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈനകരി പഞ്ചായത്തിലെ മുണ്ടയ്ക്കൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണം ആരംഭിച്ച ചമ്പക്കുളം പാലം, മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം എന്നിവയുടെ പണി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച കൈനകരിയിലെ ബേക്കറിപ്പാലം നിർമ്മാണം എന്ന് ആരംഭിക്കുമെന്നതിന്റെ കാലാവധി സഹിതമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മുണ്ടയ്ക്കൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തികല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 1. ചമ്പക്കുളം പാലം പൂർത്തീകരിക്കുന്നതിന് കരാറുകാരൻ മുന്നോട്ടു വരാത്തതുകൊണ്ട് കരാറുകാരന് അവസാന നോട്ടീസ് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

2. മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം - നിശ്ചിത കാലാവധിയായ 19-1-2016 നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കൈനകരി പഞ്ചായത്തിലെ ബേക്കറി പാലത്തിന്റെ പ്രവൃത്തിക്കുള്ള കരാർ 7-10-2014-ൽ വച്ചിട്ടുണ്ട്. 2014 ഡിസംബർ അവസാനവാരത്തോടെ പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ**

**345(3270)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച റോഡുകളിൽ പ്രവൃത്തി നടത്താൻ ബാക്കിയുള്ള റോഡുകളുടെ വിശദാംശം നൽകാമോ ; പ്രസ്തുത റോഡുകൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; ഈ റോഡുകളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം**

**346(3271)** ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, ടാറിനോടൊപ്പം ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഗവേഷണ പഠനം നടത്തുകയും തിരുവനന്തപുരം റോഡ്സ് ഡിവിഷനു കീഴിലുള്ള പുല്ലാന്നിവിള - ചാവടിമുക്ക് റോഡ് 2006 ജനുവരിയിൽ 500 മീറ്റർ നീളത്തിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ഉപരിതലം മെച്ചപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഈ റോഡിന്റെ ഗുണനിലവാരം 6 വർഷത്തോളം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠന വിധേയമാക്കുകയും സാങ്കേതികമായി വിജയമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ ഇത്തരത്തിലുള്ള പദ്ധതികളൊന്നും നിലവിലില്ല.

**മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണം**

**347(3272)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തെയും മട്ടന്നൂർ നിയോജക മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന മണക്കായിക്കടവ് പാലത്തിന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണക്കായിക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല ആയതിനാൽ 12-3-2014-ലെ സ.ഉ (സാധാ.) നമ്പർ 423/14/ പൊ.മ.വ പ്രകാരം മേൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ നിരുപാധികം ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ട്. ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം

**348(3273)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-മൂസ ഹാജിമുക്ക് തോട്ടുകര-കിനാത്തിൽ റോഡിന് മലബാർ പാക്കേജിൽ തുക ഉണ്ടായിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

14-7-2009-ലെ സ.ഉ. (സാധാ)നമ്പർ1044/09 പ്രകാരം 460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തിക്കുള്ള സ്ഥലം ലഭിച്ചത് 11-7-2013-ന് മാത്രമായതിനാലും പുതുക്കിയ SOR പ്രകാരം ഈ പ്രവൃത്തിക്ക് അധികതുക ആവശ്യമായി വരും എന്നതിനാലും ഭരണാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ്, ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വരന്തരപ്പിള്ളി പഞ്ചായത്തിലെ ചക്കാലക്കടവ് പാലം

**359(3274)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ചക്കാലക്കടവ് പാലം ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ 28-2-2011-ലെ സ.ഉ (സാധാ) 388/2011/പൊ.മ.വ.പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പാലത്തിന്റെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

## വരന്തരപ്പിള്ളി പഞ്ചായത്തിലെ കാരിക്കംകടവ് പാലം നിർമ്മാണം

**350(3275)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ കാരിക്കം കടവിൽ പാലം നിർമ്മിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവർത്തിക്ക് എന്ന് ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ**

**351(3276)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വക ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റിൽ എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ ;

(ബി) അനധികൃതമായി ക്വാർട്ടേഴ്സുകളിൽ താമസിച്ചിരുന്ന എത്ര പേരെ 2014-ൽ ഒഴിപ്പിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിൽ ഒഴിപ്പിക്കപ്പെട്ട ക്വാർട്ടേഴ്സുകൾ പുനർവിതരണം നടത്തിയിട്ടുണ്ടോ ;

(ഡി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ ഇനി എത്രപേർക്ക് ക്വാർട്ടേഴ്സുകൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ**

**352(3277)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഓരോ പൊതുമരാമത്ത് പ്രവൃത്തികളുടെയും ടെണ്ടർ തുകയും ഇവ പൂർത്തീകരിച്ചതിനുശേഷം ഫൈനൽ ബിൽ തുകയും എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നേരിട്ടാണോ നടത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ ;

(സി) അല്ലെങ്കിൽ ഏത് രീതിയിലാണ് ഈ പ്രവർത്തികൾ പൂർത്തീകരിച്ചതെന്നുള്ള വിശദാംശം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോര പാർക്ക്**

**353(3278)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ മലപ്പുറം-പരപ്പനങ്ങാടി റോഡിൽ കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുഴയോര പാർക്കിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോരപാർക്കിനുള്ള ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തിയുടെ 30% പണികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി&സി) നിലവിലുണ്ടായിരുന്ന വലിയ ഓവ് പാലം ഇരുവശത്തേക്കും വീതികൂട്ടി കൈവരികൾ നിർമ്മിക്കുകയും, റോഡ് വീതികൂട്ടി ബി.എം & ബി.സി ചെയ്യാനും, ഫുട്പാത്ത് നിർമ്മിക്കാനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

**തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ്**
**ഗതാഗതയോഗ്യമാക്കുന്നതിന് നടപടി**

**354(3279)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ- ഇടുമ്പ- കണ്ണവം റോഡുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കോടതി വ്യവഹാരങ്ങൾ തീർപ്പാക്കി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) W.A No.1912/2013-ൽ ബഹു. കേരള ഹൈക്കോടതി 2-2-2014-ൽ പുറപ്പെടുവിച്ച വിധി, SLPC No.19380/2014-ൽ ബഹു. സുപ്രീം കോടതി 25-8-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. ഈ കേസ് 8-12-2014-ൽ വീണ്ടും പരിഗണിക്കുന്നതാണ്.

(ബി) ഇതു സംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമവിധി വന്നതിനുശേഷം മാത്രമേ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് 21-8-2014-ന് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റപ്പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം സ്വീകരിച്ചു വരുന്നു.

**പുലക്കാട്ട് കരപ്പാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**355(3280)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിൽ പുലക്കാട്ട് കരപ്പാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പാലം നിർമ്മാണത്തിന്റെ മുന്നോടിയായ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി വരുന്നു.

**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ 2-ാം ഘട്ടപ്രവർത്തികൾ**

**356(3281)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിൽ 2-ാം ഘട്ട പ്രവർത്തികൾ (കൃത്രിമ തടാകം) ഭരണാനുമതി ലഭിച്ചിട്ട് മാസങ്ങൾ ആയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ 2-ാം ഘട്ട പ്രവർത്തികൾക്കായി 17-7-2013-ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ നിരാകരിക്കുകയും 05.08.2013-ൽ വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 19.8% കൂടിയ റേറ്റിൽ ലഭിച്ച കെ.എസ്.സി.സി.-യുടെ ഒറ്റ ടെണ്ടർ അംഗീകരിച്ചുവെങ്കിലും ഫേം പിരീഡ് കഴിഞ്ഞതിനാൽ കെ.എസ്.സി.സി. ആയതിൽ നിന്നും പിൻമാറി. പിന്നീട് 17-2-2014-ൽ ക്വട്ടേഷനുകൾ ക്ഷണിച്ചതു പ്രകാരം ലഭ്യമായ 2 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജെ.അബ്ദുൾ വാഹീദിന്റെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 33.786% കൂടിയ നിരക്ക് അംഗീകരിച്ചുകൊണ്ട് 8-8-2014-ൽ ഉത്തരവ് നൽകിയെങ്കിലും, ഫേം പിരീഡ് കഴിഞ്ഞതിനാൽ ആയതു ദീർഘിപ്പിക്കുവാനായി കോൺട്രാക്ടർക്ക് 11-9-2014, 30-9-2014, 4-12-2014 എന്നീ തീയതികളിൽ തിരുവനന്തപുരം ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്തു നൽകിയിരുന്നുവെങ്കിലും കോൺട്രാക്ടർ പ്രതികരിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## 4 ജി ഒപ്റ്റിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം

357(3282) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ കുത്തിപ്പൊളിച്ച് 4 ജി ഒപ്റ്റിക്കൽ കേബിളിടാൻ റിലയൻസിന് അനുവാദം നൽകിയിരുന്നുവോ ; എങ്കിൽ എപ്പോൾ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധമായി ആക്ഷേപം ഉയർന്നു വന്നപ്പോൾ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) 4 ജി കേബിളിടുന്നതിന്റെ വാടകയും യൂസർഫീയും തീരുമാനിച്ചതിന് ശേഷമാണോ കേബിളിടാൻ അനുമതി നൽകിയിരുന്നത് ; ഭരണതലത്തിൽ ഉന്നതരായവരുടെയെല്ലാം അറിവോടുകൂടിയാണോ സെക്രട്ടറി റിലയൻസിന് അനുമതി നൽകിയത് ;

(ഡി) റിലയൻസ് സംസ്ഥാനത്ത് ഏതെല്ലാം റോഡുകളിലാണ് ഇതിനകം കേബിളുകൾ ഇട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിന് ശേഷവും ഇപ്പോഴും റിലയൻസ് കേബിൾ ഇട്ടുകൊണ്ടിരിക്കുന്നതായി അറിയാമോ ; ഇത് സർക്കാർ തടഞ്ഞിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വിവരസാങ്കേതിക വകുപ്പിൽ നിന്നും 14-6-2013-ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്)നമ്പർ16/2013/വി.സാ.വ.,11-10-2013-ൽ പുറപ്പെടുവിച്ച സ.ഉ (എം.എസ്)നമ്പർ 30/2013/വി.സാ.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരളത്തിലുടനീളം 3306.26 കി.മീ.ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s.Reliance Jio Inforcomm ന് നൽകിയിട്ടുണ്ട്.

(ബി&സി) 8-11-2000 തീയതിയിലെ ജി.ഒ (എം.എസ്.)നമ്പർ 18/2000/ ഐ.ടി.ഡി., 20-1-2001-ലെ ജി.ഒ.(എം.എസ്)2/2001/ഐ.ടി.ഡി എന്നീ ഉത്തരവുകൾ പ്രകാരം ഇക്കാര്യത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിൽ, ജി.ഒ.(എം.എസ്)നമ്പർ. 18/2000/ ഐ.ടി.ഡി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം അനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി ഓഫ് സെക്രട്ടറീസ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ROW(Right of Way) അനുമതികൾ നൽകുന്നത്.

കേബിളിടുന്നതിനായി ഐ.ടി.വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അന്തിമമായി കരുതണമെന്നും ഇതിനായി ഓരോ വകുപ്പും പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട ആവശ്യമില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യൂസർഫീയും വാടകയും പൊതുമരാമത്ത് വകുപ്പിന് ഈടാക്കാവുന്നതാണെന്നും ഇതിൽ ഉത്തരവായിട്ടുണ്ട്. യൂസർഫീയുടെയും വാടകയുടെയും നിരക്ക് നിശ്ചയിക്കുന്നതിന് ഇപ്പോഴത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഐ.ടി.വകുപ്പ് അനുമതി ലഭിച്ചതിനു ശേഷവും G.O.(M.s)No.88/2013/PWD dated 29-10-2013, G.O.(M.s)No.89/2013/PWD dated 5-11-2013 എന്നീ ഉത്തരവുകൾ നടപടിക്രമങ്ങൾ പാലിക്കാതെയും വകുപ്പുമന്ത്രിയുടെ അനുമതിയില്ലാതെയും പി.ഡബ്ല്യൂ.ഡി. സെക്രട്ടറി പുറപ്പെടുവിച്ചു. ഇത്തരം ഒരു ഉത്തരവ് ഇറക്കിയതിന്റെ സാംഗത്യം പരിശോധിക്കാൻ ചീഫ് സെക്രട്ടറിയോട് മന്ത്രി ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽ നിന്നും ചീഫ് സെക്രട്ടറി വിശദീകരണം തേടിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ഉത്തരവുകൾ റദ്ദാക്കുകയുണ്ടായി.

(ഡി) റിലയൻസ് കേബിളുകൾ ഇട്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഇക്കാര്യം സംബന്ധിച്ച IT-ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവുകളനുസരിച്ച് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്ന ഏജൻസികൾക്ക് റോഡ് കട്ട് ചെയ്യുന്നതിന് ഓരോ വകുപ്പിന്റെയും പ്രത്യേക അനുമതി ആവശ്യമില്ലെന്ന്

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായിട്ടുണ്ട്. അതിൻ പ്രകാരം നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ റോഡിൽ കേബിളുകൾ ഇടുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ

**358(3283)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡുകളുടെ 2014-15 വർഷത്തെ റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്ത് തീർക്കാത്ത എത്ര റോഡുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ PWD റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടെ 119 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. ടാർ ലഭ്യത കുറവായതിനാൽ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ടാറിന്റെ ലഭ്യതയ്ക്കനുസരിച്ച് പാച്ച്‌വർക്കുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. 65 റോഡുകൾ പാച്ച് വർക്കുകൾ ചെയ്തു തീർക്കുവാനുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു. ഈ റോഡിന്റെ അറ്റകുറ്റപണികൾ



LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തന്നെ യഥാസമയം ചെയ്ത് റോഡ് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. റോഡിൽ കേടുപാടുകൾ വരുന്ന മുറയ്ക്ക് അവയും നന്നാക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ദേശീയപാത തലപ്പാടി മുതൽ കാലിക്കടവ് വരെയാണ്. കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതൽ ഉപ്പള വരെ റോഡിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി നടന്നു വരുന്നു. ഉപ്പള മുതൽ പെർവാഡ് വരെയുള്ള ഭാഗം കരാറുകാരുടെ ഗ്യാരണ്ടി പിരിയഡിൽ ഉൾപ്പെടുന്നതാണ്. കേടുപാടുകൾ തീർത്ത് റോഡ് ശരിയാക്കിത്തരുവാൻ വേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം കരാറുകാരന് നൽകിയിട്ടുണ്ട്. പെർവാഡ് മുതൽ അണങ്കൂർ വരെ റോഡിന് കേടുപാടുകൾ ഒന്നുംതന്നെ ഇല്ല. അണങ്കൂർ മുതൽ ചെർക്കള വരെ ഉപരിതലം പുതുക്കൽ പ്രവൃത്തി കരാർ നൽകിയിരിക്കുകയാണ്. റോഡിലെ കുഴികൾ അടച്ചിട്ടുണ്ട്. ചെർക്കളമുതൽ ചട്ടഞ്ചാൽവരെ റോഡിന് കേടുപാടുകൾ ഒന്നും തന്നെയില്ല. ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 19.20 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് റോഡ് പ്രവൃത്തി തുടങ്ങുവാനുള്ള നടപടി ആരംഭിക്കുന്നതാണ് ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ 4 സ്ഥലങ്ങളിൽ കേടുപാടുകൾ വന്നിട്ടുണ്ട്. ഇതിന് 33.90 ലക്ഷം രൂപയുടെ 4 എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിന്റെ മഴക്കെടുതി നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. നീലേശ്വരം മുതൽ കാലിക്കടവ് വരെയുള്ള ഭാഗങ്ങളിൽ കുഴികൾ ഒന്നും തന്നെയില്ല. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(2900, 2901, 2904, 2910, ,2911, 2912, 2914, 2921, 2948, 2977, 2993, 3009, 3029, 3032, 3033, 3034, 3035, 3036, 3037, 3045, 3046, 3047, 3049, 3118, 3142, 3148 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

9.30 Am]

# II ക്രമപ്രശ്നം

## രാഷ്ട്രീയപാർട്ടിയെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ പരാമർശം

<u>ശ്രീ. സി. ദിവാകരൻ</u>: റൂൾ 307 പ്രകാരം ഞാനൊരു ക്രമപ്രശ്നം ഉന്നയിക്കുന്നതിന് എഴുതിത്തന്നിരുന്നു. zero hour-ൽ അത് ഉന്നയിക്കുന്നതിന് അനുവദിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇപ്പോൾ അടിയന്തരപ്രമേയത്തിനുള്ള സമയമാണ്. അതുകഴിഞ്ഞതിനുശേഷമല്ലേ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ....(ബഹളം)......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ചട്ടപ്രകാരം ഇത് zero hour-ൽ ഉന്നയിക്കാവുന്നതാണ്. ആ ഉന്നയിച്ച കാര്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ഒന്ന് ഇരിക്കൂ..... ചെയർ പറയുന്നത് ശ്രദ്ധിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ എഴുതിത്തന്നിട്ടുള്ള ക്രമപ്രശ്നം ഉന്നയിക്കാൻ അനുവദിക്കാത്തത് തീർത്തും നിർഭാഗ്യകരമായിപ്പോയി. ഇക്കാര്യത്തിൽ ചെയറിന് എന്താണ് ഇത്ര നിർബന്ധം?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചെയറിന് ഒരു നിർബന്ധവുമില്ല. ചെയർ പറയട്ടെ; അങ്ങ് ഇരിക്കൂ, ...പ്ലീസ് പ്ലീസ്.. ചെയർ പറയാമെന്നല്ലേ പറഞ്ഞത്. അങ്ങ് തന്ന ക്രമപ്രശ്നം zero hour-ൽ എടുക്കണമെന്നാണ്. ചോദ്യോത്തരം കഴിഞ്ഞ് അടിയന്തരപ്രമേയത്തിനായി വിളിച്ചുകഴിഞ്ഞു. ....(ബഹളം)...... അടിയന്തര പ്രമേയം കഴിഞ്ഞാലുടൻ അങ്ങയുടെ ക്രമപ്രശ്നം എടുക്കുന്നതാണ്. ഇങ്ങനെ നിർബന്ധം പിടിക്കരുത്. അടിയന്തര പ്രമേയത്തിന് വിളിച്ചുകഴിഞ്ഞു. അത് കഴിഞ്ഞാലുടൻ അങ്ങയുടെ ക്രമപ്രശ്നം എടുക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ വിളിക്കുന്നതിനുമുമ്പുതന്നെ ഞാൻ എഴുന്നേറ്റ് ക്രമപ്രശ്നം ഉന്നയിക്കുന്നതിന് അവസരം ചോദിച്ചിരുന്നു. അടിയന്തരപ്രമേയം കഴിഞ്ഞാൽ എന്താണ് നടക്കുവാൻ പോകുന്നതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അടിയന്തരപ്രമേയം കഴിഞ്ഞാൽ ഉടനെതന്നെ അങ്ങയുടെ ക്രമപ്രശ്നമെടുക്കാം. പ്ലീസ്... സഹകരിക്കൂ.... ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് ........ അടിയന്തരപ്രമേയം കഴിഞ്ഞാലുടനെ നിങ്ങൾക്ക് ക്രമ പ്രശ്നമുന്നയിക്കാം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അംഗങ്ങളുടെ അവകാശമാണ് zero hour. അതുകൊണ്ട് ചെയർ അത് അനുവദിക്കണം. അടിയന്തരപ്രമേയം കഴിഞ്ഞാൽ വാക്കൗട്ട് ആണ് നടക്കാൻ പോകുന്നത്. പിന്നെ എങ്ങനെയാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : വാക്കൗട്ട് കഴിഞ്ഞ് നിങ്ങൾ തിരിച്ചുവരുമല്ലോ.

ശ്രീ. സി. ദിവാകരൻ : സർ, ഇപ്പോൾ zero hour ആയതിനാൽ ഇപ്പോൾ തന്നെ ക്രമപ്രശ്നം ഉന്നയിക്കാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: Zero hour-ൽ തന്നെ എടുക്കാം .....(ബഹളം)..... ബഹുമാനപ്പെട്ട ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി.പി.ഐ.-യുടെ കക്ഷി നേതാവ് ഒരു പോയിന്റ് ഓഫ് ഓർഡർ ആണ് അങ്ങേയ്ക്ക് എഴുതിത്തന്നത്. അതിനകത്ത് ഒരു പാർട്ടിയെ ഒന്നടങ്കം ആക്ഷേപിച്ചുകൊണ്ട് മുഖ്യമന്ത്രി ഇന്നലെ നടത്തിയ ഒരു സ്റ്റേറ്റ്മെന്റ് ആ പാർട്ടിക്ക് അപമാനകരമാണ്. അതുസംബന്ധിച്ച് പറയാൻ ഒരു പാർട്ടിയുടെ മെമ്പർമാർ മുഴുവൻ എഴുന്നേറ്റ് നിൽക്കുകയാണ്. ഒരു കക്ഷിയെ അങ്ങേയറ്റം അധിക്ഷേപിച്ചുകൊണ്ട് ഒരു പ്രസ്താവന നടത്തിയത് സഭാരേഖകളിൽ ഉണ്ടാകുന്നത് ശരിയല്ല. ഇങ്ങനെ ഓരോ കക്ഷിയേയും സംബന്ധിച്ച് ഇത്തരത്തിൽ പറയാൻ തുടങ്ങിയാൽ ഇതൊക്കെ സഭാരേഖയിലുണ്ടാവില്ലേ? അതൊരു തെറ്റായ കീഴ്വഴക്കമായിരിക്കും. സാധാരാണഗതിയിൽ അത്തരത്തിലുള്ള പരാമർശങ്ങൾ ഒഴിവാക്കാമായിരുന്നു. അത് ഒഴിവാക്കി ഈ പ്രശ്നത്തിന് ബഹുമാനപ്പെട്ട ചെയർ ഇടപെട്ട് ഒരു പരിഹാരം കാണണം.

ശ്രീ. സി. ദിവാകരൻ: സർ, മുഖ്യമന്ത്രിയുടെ അഭിപ്രായം മാത്രം കേട്ടാൽ മതി. ഞങ്ങളാരും മറ്റ് ന്യായങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നിങ്ങൾ എന്ത് അനാവശ്യം വേണമെങ്കിലും പറഞ്ഞോളൂ, ഞങ്ങൾ ഈ സഭയിൽ കേട്ടുകൊണ്ടിരിക്കാം. ഞങ്ങൾ ഒരൊറ്റ രാഷ്ട്രീയ പാർട്ടിയെയുംകുറിച്ച് ഇവിടെ പറഞ്ഞില്ല, ഭരണപരമായ അഴിമതിയെക്കുറിച്ചാണ് പറഞ്ഞത്. ഞങ്ങൾ മുസ്ലീംലീഗിനെക്കുറിച്ചും ഒന്നും പറഞ്ഞില്ല. .....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ദിവാകരൻ, ചെയർ പറയട്ടെ.... അങ്ങ് ക്രമപ്രശ്നം ഉന്നയിച്ചോളൂ. താങ്കളെ അനുവദിച്ചുകഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ : സർ, റൂൾ 307- "ചർച്ചകളിൽ നിന്നും വാക്കുകൾ നീക്കം ചെയ്യൽ:- അപകീർത്തികരമോ അസഭ്യമോ സഭ്യേതരമോ അന്തസ്സില്ലാത്തതോ ആയ വാക്കോ വാക്കുകളോ ചർച്ചാവേളകളിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ, അദ്ദേഹത്തിന് തന്റെ വിവേചനാധികാരം ഉപയോഗിച്ച് അങ്ങനെയുള്ള വാക്കോ വാക്കുകളോ സഭാനടപടികളിൽനിന്നും നീക്കം ചെയ്യാൻ ഉത്തരവ് നൽകാവുന്നതാണ്."....സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്. ധാരാളം ആക്ഷേപങ്ങളും ആരോപണങ്ങളും തെളിവുകളുമെല്ലാം സഭയിൽ ഹാജരാക്കാനാണ് ജനാധിപത്യത്തിൽ പ്രതിപക്ഷമിരിക്കുന്നത്. അങ്ങയുടെ സഹമന്ത്രി ആയിരുന്ന യു.ഡി.എഫ്.-ന്റെ ഭാഗമാണെന്ന് അങ്ങ് ഇന്നലെയും പ്രഖ്യാപിച്ച ......

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങയുടെ ക്രമപ്രശ്നത്തിലേയ്ക്ക് വരൂ. മറ്റ് കാര്യങ്ങളിലേയ്ക്ക് പോകരുത്.

ശ്രീ. സി. ദിവാകരൻ : സർ,....ആ മാന്യവ്യക്തി, അദ്ദേഹമുന്നയിച്ച കാര്യങ്ങൾ ഇന്നലെ അടിയന്തരപ്രമേയമായി കൊണ്ടുവന്നു. അതിന് മറുപടി പറയുന്നതിനു പകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇൻഡ്യയിലെ ഒരു രാഷ്ട്രീയ പാർട്ടിയെ അടച്ചാക്ഷേപിക്കുന്ന, വളരെ മോശമായ, പാർട്ടിയുടെ പേരെടുത്തു കൊണ്ട് പറഞ്ഞ ആ വാക്കുകൾ പിൻവലിക്കണമെന്നുള്ള ഒരു ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. അപ്പുറത്ത് ബഹളമുണ്ടാക്കുമ്പോൾ ചെയർ അത് കാണാതിരിക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്...അങ്ങയെ അനുവദിച്ചിരിക്കുന്നു. അങ്ങ് പറയൂ.

ശ്രീ. സി. ദിവാകരൻ : സർ, പ്രസൻറ് ചെയ്യാൻ സമ്മതിക്കണ്ടേ; ഞാൻ പുതിയ ആരോപണമൊന്നും ഉന്നയിച്ചിട്ടില്ല. ആ പ്രയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒരു രാഷ്ട്രീയ പാർട്ടിയെ പേരെടുത്ത് പറഞ്ഞ കേരളത്തിന്റെ മുഖ്യമന്ത്രി ഇത്ര പരസ്യമായി ആക്ഷേപിച്ചത് പിൻവലിക്കണം.

മി.ഡെപ്യൂട്ടി സ്പീക്കർ : യെസ്..യെസ് .. ബഹുമാനപ്പെട്ട മുഖ്യമന്ത്രി....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ ആരേയും വേദനിപ്പിക്കാൻ ഉദ്ദേശിച്ച് പറഞ്ഞതല്ല. ഇന്നലെ ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ആരുടെ മനസ്സിലും ഉയർന്നുവരുന്ന ഒരു സംശയം ഞാൻ ഇവിടെ പ്രകടിപ്പിച്ചതാണ്. അത് ഏതെങ്കിലും വിധത്തിൽ നിങ്ങളെ വേദനിപ്പിച്ചുവെങ്കിൽ അതിൽ എനിക്ക് ഖേദമുണ്ട്. ആ കാര്യത്തിൽ അങ്ങനെ ഉദ്ദേശിച്ചിരുന്നില്ലായെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ...........(ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രശ്നം തീർന്നല്ലോ. ...........(ബഹളം)........... ഇനി എന്താണ് .ബഹുമാനപ്പെട്ട സി. ദിവാകരൻ, അത് ക്ലോസ് ചെയ്തുകഴിഞ്ഞു. പ്ലീസ്..... ഇനിയും തൃപ്തിയായില്ലേ, മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ......... (ബഹളം)........... അങ്ങ് സംസാരിക്കു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, .........(മൈക്ക് ഓഫ്)......... ഇല്ലായെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. .......(ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ചെയർ കേട്ടില്ല. ..........(ബഹളം)...........

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, അപ്പുറത്തുനിന്നുള്ള ആളുകൾ എഴുന്നേറ്റുനിന്നാൽ അങ്ങ് ഇരിക്കാൻ പറയണ്ടേ.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ രണ്ടുഭാഗത്തോടും പറയുന്ന ....... (ബഹളം)...... പ്ലീസ്...... ശ്രീ. പി. സി. വിഷ്ണുനാഥ്, പ്ലീസ്...... ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, പ്ലീസ്.... ശ്രീ. ഡൊമിനിക് പ്രസന്റേഷൻ..... സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കുകയില്ലേ. .......(ബഹളം)...... ശ്രീ. പി. സി. വിഷ്ണുനാഥ്.... .......(ബഹളം)...... ശ്രീ. പി. സി. ജോർജ് അവിടെ ഇരിക്കു.

ശ്രീ. സി. ദിവാകരൻ: സർ, .........(മൈക്ക് ഓഫ്).........

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, പ്രതിപക്ഷ നേതാവ് എഴുന്നേറ്റുനിൽക്കുകയാണ്. .......(ബഹളം)...... ഈ പറയുന്നതൊന്നും റെക്കോർഡിലുണ്ടാകുകയില്ല. പിന്നെ എന്തിനാണ് അങ്ങോട്ടുമിങ്ങോട്ടുംനിന്ന് ബഹളമുണ്ടാക്കുന്നത്. ഇതൊന്നും രേഖയിലുണ്ടാകുകയില്ല. അപ്പോൾ എന്തിനാണ് പരസ്പരം പറയുന്നത്? ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അതിനെ അതിന്റേതായ സീരിയസ്സിൽത്തന്നെയാണ് സഭയെടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സംബന്ധിച്ച് പറയുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇനി എന്താണ് വേണ്ടത്? .......(ബഹളം)......

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ലായെന്നുള്ളതാണ് ഞാൻ ആവശ്യപ്പെടുന്നത്. അതാണ് ഡെപ്യൂട്ടി സ്പീക്കർ പ്രാഥമികമായി ചെയ്യേണ്ടത്.

## III റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഇത് ഇന്നലെ ഉന്നയിക്കേണ്ടതായിരുന്നു. പത്രങ്ങളിലെല്ലാം വാർത്ത വന്നു. ഇന്നലെ സഭ പിരിഞ്ഞതിനുശേഷമാണ് എഴുതിത്തന്നത്. .......(ബഹളം)...... ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇത് എല്ലാ പത്രങ്ങളിലും വാർത്താ ചാനലുകളിലും വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. .......(ബഹളം)...... നിങ്ങൾ ഒരുതരത്തിലും സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കില്ലായെന്നൊരു നിലപാട് എടുക്കുന്നതിൽ ഖേദമുണ്ട്. അങ്ങനെയൊരു നിലപാട് എടുക്കരുത്. ദയവുചെയ്ത് സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കില്ല എന്നൊരു നിലപാടിലേയ്ക്ക് വരരുത്. അത് നമ്മുടെ നിയമസഭയ്ക്ക് യോജിച്ചതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ അത് പറഞ്ഞിട്ടുണ്ടെങ്കിൽ ഇന്ന് അതിന് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അതോടുകൂടി ആ പ്രശ്നം തീർന്നു. .......(ബഹളം)...... രേഖയിൽ ഇത് വരുമ്പോൾ മുഖ്യമന്ത്രി പ്രകടിപ്പിച്ച ഖേദവുമുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ഈ വിഷയം സംബന്ധിച്ച് ഇനിയൊരു ബഹളം വേണോ. മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചു. അതോടുകൂടി ആ പ്രശ്നം തീർന്നു. ......(ബഹളം)......

(സി.പി.ഐ.-യെപ്പറ്റിയുള്ള പരാമർശം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുമ്പിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ വന്ന് സംസാരിക്കാൻ പറ്റില്ല. സംസാരിക്കണമെങ്കിൽ സീറ്റിലിരുന്ന് സംസാരിക്കണം. .......(ബഹളം)...... സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.48-ന് അൽപ്പസമയത്തേയ്ക്ക് സഭാനടപടികൾ നിറുത്തിവച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

11.00 AM]

[രാവിലെ 09.48 ന് നിർത്തിവച്ച സഭ 11.05 -ന് പുനരാരംഭിച്ചു.]

## IV അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ നടന്ന സംഭവത്തെത്തുടർന്ന് ഭരണപക്ഷവും പ്രതിപക്ഷവുമായി ഞാൻ സംസാരിച്ചു പക്ഷേ, ഇരുവിഭാഗത്തിനും യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. ഇന്നലെ ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇന്ന് സഭയിൽ ക്രമപ്രശ്നമുന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇനിയും അതിനെത്തുടർന്ന് ഒരു ചർച്ചയിലേയ്ക്ക് പോകരുത് എന്നാണ് ചെയറിന്റെ അഭിപ്രായം. ഒരു കാര്യം ചെയർ ശ്രദ്ധയിൽ കൊണ്ടുവരട്ടെ; ഗവൺമെന്റ് ബിസിനസ് നടത്തിക്കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്തം ചെയറിനുണ്ട്. അതെല്ലാവരും മനസ്സിലാക്കണം, സഹകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെയും ഖേദപ്രകടനത്തിന്റെയും അടിസ്ഥാനത്തിൽ ആ പ്രശ്നം തീർന്നതായി അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സഭാ നടപടി ചട്ടം 307 അനുസരിച്ച് അപകീർത്തികരമായ പരാമർശങ്ങൾ ഉണ്ടായാൽ അതു സംബന്ധിച്ച് കൈകാര്യം ചെയ്യേണ്ട രീതിയിൽ ബഹുമാനപ്പെട്ട ചെയർ കൈകാര്യം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ, അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടതുള്ളതിനാൽ സഖാവ് ശർമ്മയെ ഇവിടെ ഇരുത്തിക്കൊണ്ട്, ഈ നിലപാടിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. സി. ദിവാകരൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട ചെയർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly

## V അടിയന്തരപ്രമേയം

### കൊച്ചി എൽ.എൻ.ജി. പ്രോജക്ട്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അതിനെസംബന്ധിച്ച് ഒരു കാര്യം ചെയറിന് വ്യക്തമാക്കാനുണ്ട്. ഈ നിയമസഭാ സമ്മേളനകാലത്തുതന്നെ ഡിസംബർ മാസം 2-ാം തീയതി ഇതു സംബന്ധിച്ച ഒരു ചോദ്യം സഭയിൽ ഉന്നയിച്ചു. അത് സ്റ്റാർഡ് ക്വസ്റ്റ്യനായിട്ടാണ് വന്നത്. അതിന് വളരെ ദീർഘമായ ഒരു മറുപടിയും തന്നു. അതുമാത്രമല്ല റൂൾ 50 അനുസരിച്ച് പറയുന്നത്, അടുത്തകാലത്തുനടന്ന ഒരു സംഭവത്തെ അടിസ്ഥാന മാക്കിയാണ് അടിയന്തരപ്രമേയം കൊണ്ടുവരേണ്ടത് എന്നാണ്. അങ്ങ് ഇവിടെ തന്നിരിക്കുന്ന വിഷയം അടുത്തകാലത്ത് നടന്ന സംഭവമല്ല. എങ്കിൽപ്പോലും ഈ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതിക്ക് അവസരം നൽകുകയാണ്.

സംസ്ഥാനത്തിന്റെ വാണിജ്യ-വ്യാവസായിക-സാമ്പത്തിക മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പ്രോജക്ടിനെ ദേശീയ പ്രകൃതിവാതക ഗ്രിഡുമായി ബന്ധിപ്പിക്കുന്ന വാതകക്കുഴൽ നിർമ്മാണ ജോലി സ്തംഭിച്ചിരിക്കുന്നതിനാലും വാതകക്കുഴൽ നിർമ്മിക്കുന്ന പാതയിലെ ജനങ്ങൾക്കിടയിലുണ്ടായ ആശങ്ക അകറ്റി പദ്ധതി മുന്നോട്ടുകൊണ്ടു പോകാൻ സർക്കാർ ഇടപെടേണ്ടതും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സംസ്ഥാനത്തിന്റെ വാണിജ്യ-വ്യാവസായിക-സാമ്പത്തിക മേഖലയിൽ വളരെയധികം പ്രയോജനം ചെയ്യുന്ന എൽ.എൻ.ജി. പ്രോജക്ട് എത്രയുംപെട്ടെന്ന് നടപ്പിലാക്കാനാണ് കേരളം ആഗ്രഹിക്കുന്നത്. ദേശീയ വാതക ശൃംഖലയിൽനിന്ന് കേരളം ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാനും എൽ. എൻ. ജി. പദ്ധതി നടപ്പിലാക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ മുൻഗണനന നഷ്ടപ്പെടാതിരിക്കാനും അതേറ്റവുംവേഗം യാഥാർത്ഥ്യ മാക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്, അതിനുവേണ്ടിയാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പെട്രോനെറ്റ് എൽ.എൻ.ജി.-യുടെ പുതുവൈപ്പിനിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേയ്ക്കും നടപ്പാക്കേണ്ട പൈപ്പ്ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. പ്രാദേശികമായ എതിർപ്പുകൾമൂലം പൈപ്പ്ലൈൻ പദ്ധതി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. എന്നാൽ പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം മാത്രമേ ഗെയിലിന് നൽകേണ്ടതായിട്ടുള്ളൂ. കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ്ലൈൻ ആക്ടനുസരിച്ച് ഉപയോഗാവകാശം എടുക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇൻഡ്യയ്ക്കു വേണ്ടി നിയമിച്ചിട്ടുണ്ട്. അപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരം നിശ്ചയിച്ചിരുന്ന തുക ന്യായവിലയുടെ 10 ശതമാനം ആയിരുന്നത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചു. കേരളത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽനിന്നും 10 മീറ്ററാക്കി ചുരുക്കുകയും ചെയ്തു. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഗെയിൽ ഇൻഡ്യ കരാറുകാരെ നിയോഗിച്ചു. സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധി പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും പദ്ധതി നടപ്പിലാക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ്ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ആളുകളുടെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിൽ കൂടി മാറ്റി നിശ്ചയിക്കുന്ന വിഷയം ഗവൺമെന്റ് പരിഗണിച്ചു. പക്ഷേ, വിദഗ്ദ്ധ സമിതി പരിശോധിച്ച് അത് പ്രായോഗികമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. പൈപ്പ്ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങളുടെയിടയിൽ അവബോധം നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് അനുകൂലമായ ഒരു ചിന്താഗതി ഉണ്ടാക്കുന്നതിനും വേണ്ടി പ്രത്യേകമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. എം.എൽ.എ.മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ വരെയുള്ളവരെ വ്യവസായ മന്ത്രിയും ഞങ്ങളെല്ലാവരും കൂടി വിളിച്ചുകൂട്ടിയിരുന്നു. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊക്കെ ഇതിനോട് പൊതുവെ അനുകൂലമായ നിലപാടാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അവരുടെ എതിർപ്പ് കുറഞ്ഞിട്ടുണ്ടെങ്കിലും മറ്റുചില സംഘടനകൾ പ്രാദേശികാടിസ്ഥാനത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. അത് പരമാവധി കുറച്ചുകൊണ്ടുവന്ന് ഈ സ്ഥലം ഉപയോഗത്തിനുവേണ്ടി എടുക്കുന്നതിനുള്ള നടപടി എത്രയും വേഗത്തിലാക്കാൻ ശ്രമിക്കും. നിയമസഭ കഴിഞ്ഞാലുടൻ ജനപ്രതിനിധികളുടെയെല്ലാംകൂടി ഒരു യോഗം കോഴിക്കോട്ട് വച്ച് വിളിച്ചുകൂട്ടാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിൽ നിന്ന് സമീപകാലത്തുണ്ടായിട്ടുള്ള ഗൗരവതരമായ സിറ്റുവേഷനെക്കുറിച്ച് അവർ അങ്ങയെ ധരിപ്പിച്ചിട്ടുണ്ടോ അല്ലെങ്കിൽ അത് അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയാതെ പോയതാണോ എന്നെനിക്ക് മനസ്സിലാകുന്നില്ല. കാരണം പുതുവൈപ്പിനിൽ നിന്ന് മാംഗ്ലൂർ വരെ മൊത്തം 505 കിലോ മീറ്റർ ദൂരം വരെയാണ് പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളത്. അതിൽ 305 കിലോ മീറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കിയുള്ള 200 കിലോ മീറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട മൂന്ന് ജില്ലകളിലാണ് പ്രശ്നമുണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് അവിടെയുള്ള കൃഷിക്കാർക്കും സാധാരണക്കാർക്കുമിടയിൽ ഉയർന്നുവന്നിട്ടുള്ള ഉത്കണ്ഠ ദൂരീകരിക്കുന്നതിന് കളകൂീവായ ഒരു ഇടപെടൽ നടത്തുക എന്നുള്ളത് വളരെ പ്രധാനമാണ്. പക്ഷെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ കാലാവധി 2013 മേയ് മാസം വരെയായിരുന്നു. ഗെയിൽ, അഞ്ച് കമ്പനികൾക്കാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കോൺട്രാക്ട് കൊടുത്തിട്ടുള്ളത്. കാലാവധി കഴിഞ്ഞതിനുശേഷം ഗെയിൽ പല പ്രാവശ്യം കോൺട്രാക്ട് എക്സ്റ്റന്റ് ചെയ്തുകൊടുത്തു. എന്നാൽ ഇപ്പോൾ ടെണ്ടർ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. കേരളത്തിന്റെ വികസന രംഗത്ത് ഒരു പ്രകാശഗോപുരം പോലെ പങ്കുവഹിക്കുമെന്ന് പ്രതീക്ഷിച്ച കേരളത്തിലെ എൽ.എൻ.ജി. പദ്ധതി, ഗെയിൽ ഈ ടെണ്ടർ നടപടി റദ്ദുചെയ്തതോടുകൂടി

ഇതുട്ടിനെയാണ് സംഭാവന ചെയ്യാൻ പോകുന്നത്. അങ്ങേയറ്റം ഗുരുതരമായ ഒരു തിരിച്ചടിയിലേയ്ക്ക് പോകുകയാണ്. ഇതിൽ റഷ്യൻ കമ്പനിയും മറ്റ് ചില കമ്പനികളുമുണ്ട്. പെട്രോനെറ്റ് എൽ.എൻ.ജി.ക്ക് ലോകത്തു തന്നെ ഏറ്റവും വലിയ സംഭരണശേഷിയുള്ള രണ്ട് ടാങ്കുകളുണ്ട്. ഇപ്പോൾ സംഭവി ച്ചിരിക്കുന്നത്, കേരളത്തിൽ ഇത് നടക്കില്ല എന്ന സാഹചര്യം വന്നതോടുകൂടി ആ ടാങ്ക് വാടകയ്ക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുക യാണ്. ആ ഗ്ലോബൽ ടെണ്ടറിൽ 18 കമ്പനികളാണ് പങ്കെടുത്തിരിക്കുന്നത്. അതിൽ ചില ബഹുരാഷ്ട്ര കുത്തകകൾക്ക് ഈ സംഭരണശാല കൊടുക്കാൻ പോകുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള, ലോകത്ത് മറ്റേതൊരു രാജ്യത്തേയും കിടപിടിക്കാൻ കഴിയത്തക്കവിധത്തിൽ കപ്പാസിറ്റിയുള്ള ഈ ടാങ്ക് ഇപ്പോൾ വാടകയ്ക്ക് കൊടുക്കാൻ ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്. അതിന് ബഹുരാഷ്ട്ര കുത്തകകൾ വന്നിരിക്കുകയാണ്. അങ്ങനെ ബഹുരാഷ്ട്ര കുത്തകകൾ ഈ ടാങ്ക് എടുത്തുകഴിഞ്ഞാൽ പിന്നെ കേരളത്തിന്റെ പർപ്പസ് എവിടെ സേവ് ചെയ്യും; കേരളത്തിന്റെ ആവശ്യം എങ്ങനെ നിർവ്വഹിക്കാനാകും ; കേരളത്തിന്റെ ആവശ്യം നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം വരില്ലേ; അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ നടത്തിയ വിശദീകരണത്തിൽ ഈ ഗൗരവാവസ്ഥകൂടി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും യുദ്ധകാല സ്വഭാവത്തോടുകൂടി നേതൃത്വപരമായ ഇടപെടലുണ്ടാകുകയും വേണം. ഇതുമായി ബന്ധപ്പെട്ട് പല മീറ്റിംഗുകൾ വിളിച്ചിട്ടുണ്ട്, ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആ യാഥാർത്ഥ്യങ്ങളൊന്നും ഞാൻ കുറച്ചു കാണുന്നില്ല. എന്നാൽ ഇപ്പോൾ നേരിടുന്ന പ്രതിസന്ധി എന്നുപറയുന്നത്, 4600 കോടി രൂപ മുതൽ മുടക്കി കേരളത്തിന്റെ വികസനത്തിനും തെക്കേ ഇന്ത്യയുടെ പൊതുവായ പുരോഗതിക്കും വേണ്ടി 1998-ൽ തുടക്കം കുറിച്ച്, നീക്കങ്ങൾ ആരംഭിച്ചതാണ് പെട്രോനെറ്റ് എൽ.എൻ.ജി. ഇപ്പോൾ ഇത് ഒരു പന്തം കണ്ട പെരുച്ചാഴിയെപ്പോലെ നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ലോകത്തുണ്ടായ മാറ്റത്തെ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയാതെ വന്നിരിക്കുകയാണ്. എൽ.എൻ.ജി. നമ്മൾ ആരംഭിക്കുമ്പോൾ, ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഒക്കെച്ചേർന്ന് അത് ഉദ്ഘാടനം ചെയ്യുന്ന സന്ദർഭത്തിൽ ബ്രിട്ടീഷ് ടെർമിനൽ യൂണിറ്റ് എന്നുള്ള രീതിയിൽ കണക്കാക്കുമ്പോൾ ഒരു യൂണിറ്റ് എൽ.എൻ.ജി.-ക്ക് 18 ഡോളർ ആയിരുന്നു. അത് പിന്നീട് 24 ഡോളർ വരെയായി. ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ എൽ.എൻ.ജി.-യുടെ വില 11 ഡോളറേയുള്ളൂ. 24 ഡോളറിന്റെ സ്ഥാനത്ത് 11 ഡോളറായി കുറഞ്ഞിരിക്കുകയാണ്. ഇപ്പോൾ കേരളം ഉപയോഗിക്കുന്നതാകട്ടെ

LIBRARY ARCHIVES Kerala Legislative Assembly

peak hour മീറ്റ് ചെയ്യാൻ വേണ്ടി, പവർകട്ട് ഇല്ലായെന്ന് ഉറപ്പുവരുത്താൻ കഴിയത്തക്കവിധത്തിൽ കൊച്ചി B.S.C.S, N.T.P.C. എന്നിവിടങ്ങളിൽനിന്നും വൈദ്യുതി എടുക്കാറുണ്ട്. N.T.P.C.-ൽ നിന്നുമെടുക്കുന്നത് നാഫ്ത്ത ഉപയോഗിച്ചാണ്. നാഫ്ത്ത ഉപയോഗിച്ചുള്ള എൽ.എൻ.ജി.-യുടെ വില 24 ഡോളർ ആണ്. ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ എൽ.എൻ.ജി.-യുടെ വില 11 ഡോളർ ആണ്. നിർദ്ദിഷ്ട എൽ.എൻ.ജി. പദ്ധതി യാഥാർത്ഥ്യമായാൽ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ സാധ്യതയുള്ള മൂന്നുനാല് പ്രത്യേകതകളുണ്ട്. ഒന്ന് എന്നെന്നേയ്ക്കുമായി കേരളത്തിൽ ഇരുട്ട് അവസാനിക്കും. വൈദ്യുതിയുടെ കാര്യത്തിൽ പൂർണ്ണമായ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. ഊർജ്ജോൽപ്പാദനത്തിന് പ്രായോഗികമായി വിഷമതകൾ നേരിടുന്ന ഒരു സാഹചര്യം നിലനിൽക്കുന്ന സന്ദർഭത്തിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ സ്ഥാനത്ത് മുൻഗണന നൽകാൻ കഴിയുന്നതാണ് തെർമൽ പ്രോജക്ടുകൾ. തെർമൽ പ്രോജക്ടുകളിൽ costly power ആയിട്ടുള്ളത് നാഫ്ത്ത ഉപയോഗിച്ചുള്ളതാണ്. നാഫ്ത്ത ഉപയോഗിച്ച് എൽ.എൻ.ജി. ഉൽപ്പാദിപ്പിക്കുന്ന N.T.P.C, B.S.C.S. കൊച്ചി എന്നിവയുമായി ധാരണയുണ്ടാക്കാൻ കഴിയുന്ന സ്ഥിതിവിശേഷം വന്നാൽ 24 ഡോളർ നാഫ്ത്തയുടെ സ്ഥാനത്ത് 11 ഡോളർ എൽ.എൻ.ജി. നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. അതായത് തുക പറഞ്ഞാൽ പെർ യൂണിറ്റിന് 14 രൂപ കൊടുത്തിരുന്ന സ്ഥാനത്ത് പെർ യൂണിറ്റ് 7 രൂപയ്ക്ക് കിട്ടുന്ന സ്ഥിതി വരും. ഇരട്ടി വ്യത്യാസം വരും. നമ്മുടെ രാജ്യത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അടിസ്ഥാനപരമായൊരു പങ്ക് വഹിക്കാൻ കഴിയുന്ന വ്യത്യാസമാണ് ഉണ്ടാവുക. ഊർജ്ജമേഖലയിൽ പൂർണ്ണമായ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഏറ്റവും വലിയ വിഭവസ്രോതസ്സായി ഇത് ഉപയോഗിക്കാമെന്നതാണ്. ഇപ്പോഴത്തെ പ്രശ്നം, ഈ സംഭരണി ഗ്ലോബൽ ടെണ്ടറിന് വിളിച്ചുകഴിഞ്ഞു, 18 കമ്പനികൾ അതിൽ പങ്കെടുത്തും കഴിഞ്ഞു, അതിന്റെ ടെണ്ടർ ഉറപ്പിക്കാൻ പോകുകയാണ്. അങ്ങനെ ഉറപ്പിച്ചുകഴിഞ്ഞാൽ, ബഹുരാഷ്ട്ര കുത്തകകൾക്ക് പുതുവൈപ്പിനിലെ ഗ്യാസ് സംഭരണി കൈവശപ്പെടുത്താനുള്ള അവസരമുണ്ടാകുകയാണ്. ഇത് കേരളത്തിന് അങ്ങേയറ്റം അപമാനകരമായ അവസ്ഥാവിശേഷമായിരിക്കും. ഈ ഗൗരവാവസ്ഥ അങ്ങയുടെ വിശദീകരണത്തിൽ കണ്ടില്ല. മറ്റൊരു പ്രത്യേകത, രാസവള വ്യവസായങ്ങൾക്ക് ഇത് അസംസ്കൃത വസ്തുവായി ഉപയോഗിക്കാമെന്നതാണ്. ഇപ്പോളിത് നാഫ്ത്തയാണ് ഉപയോഗിക്കുന്നത്. നാഫ്ത്ത ഉപയോഗിക്കുന്ന സ്ഥാനത്ത്, ഇത് ഉപയോഗിക്കുന്നതിന്റെ ഫലമായി നഷ്ടത്തിലേക്ക് പോയി, അടച്ചുപൂട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

ഭീഷണി നേരിടുന്ന എഫ്.എ.സി.ടി.-ക്ക്- ഗവൺമെന്റ് വാറ്റിന്റെ കാര്യത്തിലൊരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. എഫ്.എ.സി.ടി.യുടെ കാര്യത്തിൽ അതിന് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാനും പ്രയോജനകരമായിത്തീരാനുമിടവരും. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ ഭാരംപോലെ പൊതുസമൂഹത്തിനിടയിൽ വരുന്ന ഒന്നാണല്ലോ കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ്. ഈ എൽ.എൻ.ജി.-യെ സി.എൻ.ജി. ആയി കൺവർട്ട് ചെയ്താൽ കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പിൽ 35 ശതമാനമാണ് ഇന്ധനവിലയിൽ റിഡക്ഷൻ കിട്ടാൻ പോകുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കിട്ടാതെ, ശമ്പളം കിട്ടാതെ, പാവങ്ങൾ സെക്രട്ടേറിയറ്റ് നടയിൽ സമരത്തിലേർപ്പെടുമ്പോൾ ഇത്തരമൊരു സാധ്യതകൂടി എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഗൗരവതരമായൊരു പരിശോധനയും വിലയിരുത്തലും അനിവാര്യമായിട്ടുള്ളതല്ലേ? എൽ.എൻ.ജി.-യെ സി.എൻ.ജി. ആക്കി കൺവർട്ട് ചെയ്തുകഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം മാത്രമല്ല കേരളത്തിന്റെ മോട്ടോർ വ്യവസായത്തെത്തന്നെ അങ്ങേയറ്റം പരിസ്ഥിതി സൗഹാർദ്ദപരമായി പ്രയോജനപ്പെടുത്താനാകും. ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കപ്പെടുന്നത് വിജയകരമാക്കി, ബലപ്രയോഗമല്ല ഞാൻ ഉദ്ദേശിക്കുന്നത്, എല്ലാവരേയും വിശ്വാസത്തിലെടുത്ത്, കൃഷിക്കാർ, എം.എൽ.എ.മാർ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ മുതലായ എല്ലാവരുടെയും കൂട്ടായൊരു പരിശ്രമം നടത്തിക്കഴിഞ്ഞാൽ ഈ ലൈനിൽ നിന്നും സിറ്റി ഗ്യാസ് പദ്ധതി ആരംഭിക്കാനാകും. അങ്ങനെ വന്നാൽ ഹൗസ് കണക്ഷൻ കൊടുക്കാൻ സാധിക്കും. ഈ ഹൗസ് കണക്ഷൻ കൊടുക്കാൻ കഴിഞ്ഞാലുള്ള പ്രത്യേകത എന്താണെന്നു വച്ചാൽ, ഇപ്പോൾ ഒരു സിലിണ്ടറിന് 800 രൂപയാണ് കൊടുക്കുന്നത്. അത് 520 രൂപയായി കുറയും. 35 ശതമാനമാണ് ഹൗസ് കണക്ഷന് ഗ്യാസ് സിലിണ്ടറിന്റെ റിഡക്ഷനുള്ളത്. കഴിഞ്ഞ 20 കൊല്ലക്കാലമായി ഇന്ത്യയിൽ 13,000 കിലോമീറ്റർ ദൂരം പൈപ്പ്‌ലൈൻ വലിച്ച് ഗ്യാസ് കണക്ഷൻ കുടുംബങ്ങളിൽ എത്തിച്ചുകൊടുക്കുകയാണ്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ, 90 ഓളം വരുന്ന നഗരങ്ങളിൽ, 35 ലക്ഷം വീടുകളിലും വാഹനങ്ങളിലുമായി 18 ദശലക്ഷം ക്യൂബിക് മീറ്റർ പ്രകൃതിവാതകം വിതരണം ചെയ്തുവരുന്നുണ്ട്. ഏറ്റവും സുരക്ഷിതമായി, ഏതെങ്കിലും തരത്തിൽ ഉത്കണ്ഠയില്ലാത്തവിധം 13,000 കിലോമീറ്ററാണ് ഇന്ത്യയിൽ ഇത് സാധ്യമായിട്ടുള്ളത്. ആ സ്ഥാനത്ത് കേരളത്തിന് ആകെ 505 കിലോമീറ്ററിന്റെ ആവശ്യകത മാത്രമേ വരികയുള്ളൂ. ഇന്ത്യയിൽ ഇത് വിജയകരമായി നടത്തുന്നുണ്ട്. അതുകൊണ്ട് ആ സ്ഥിതിവിശേഷത്തെ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനപ്പെടുത്താനാകണം. ഞാൻ നേരത്തെപറഞ്ഞ 1,55,000 ക്യൂബിക് മീറ്റർ സംഭരണശേഷിയുള്ള, ലോകത്തെതന്നെ വളരെ പ്രധാനപ്പെട്ട രണ്ട് വലിയ ടാങ്കുകളാണ് കൊച്ചിയിലെ പുതുവൈപ്പിനിലുള്ളത്. ഇതിപ്പോൾ അന്താരാഷ്ട്ര കച്ചവടക്കാർക്ക് വിപണനത്തിനുള്ള വഴിയൊരുക്കി കഴിഞ്ഞിരിക്കുകയാണ്. ഇത് വന്നാൽ മാത്രമേ ചീമേനി പദ്ധതി യാഥാർത്ഥ്യമാകുകയുള്ളൂ. ഉത്തര കേരളത്തിന്റെ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ടാണല്ലോ ചീമേനി പ്രോജക്ട്. അതുപോലെതന്നെയാണ് തെക്കൻ കേരളത്തിന്റെ മറ്റ് വൈദ്യുത പ്രോജക്ടുകളും. തെക്കൻ കേരളത്തിലും ഉത്തര കേരളത്തിലും കേരളത്തിന്റെ വികസനത്തിന് സന്തുലിതമായൊരു വികസന വീക്ഷണനയത്തെ അടിസ്ഥാനപരമായി സംരക്ഷിക്കാനും പരിസ്ഥിതി സൗഹാർദ്ദപരമാക്കിത്തീർക്കാനും കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്ന് സംരക്ഷിക്കാനും കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിലുള്ളതിനെക്കാൾ 35 ശതമാനം വിലകുറച്ച് കിട്ടാനും വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും കഴിയത്തക്കവിധത്തിലുള്ള ഏറ്റവും ബൃഹത്തായ ഈ പദ്ധതിയുടെ സംരക്ഷണത്തിൽ ഇപ്പോൾ നേരിടുന്ന ഈ അസാധാരണമായ സാഹചര്യം, ബഹുരാഷ്ട്ര കുത്തകകൾക്ക് കൊടുക്കാനുള്ള തീരുമാനം പുനഃപരിശോധിപ്പിക്കുന്നതിനും ടെണ്ടറുകൾ ടെർമിനേറ്റ് ചെയ്യുന്ന, കരാറുകൾ ടെർമിനേറ്റ് ചെയ്ത നടപടികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കാനും വേണ്ടി ഇക്കാര്യം യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, ഇപ്പോൾ ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച വിഷയത്തിന് വിശദമായ മറുപടി തന്നിട്ടുള്ള കാര്യം പറയുകയുണ്ടായി. കണ്ണൂർ, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ചില ജില്ലകളിലാണ് ഇതിന്റെ വിഷയമുള്ളത്. പാലക്കാട് ജില്ലയിലെ കൂറ്റനാട് നിന്ന് കണ്ണൂർ വരെയുള്ള പ്രദേശങ്ങളിലുള്ള ആളുകളുടെ ഭയമാണ് പ്രധാന കാരണം. അതിനെ സംബന്ധിച്ചാണ് അടുത്തുതന്നെ കോഴിക്കോട് വച്ച് ഒരു യോഗം വിളിച്ചുകൂട്ടാൻ പോകുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായത്. കണ്ണൂർ, കോഴിക്കോട് ജില്ലകളിലുള്ള എം.എൽ.എ.മാരെയാണ് കൂടുതലായി ഈ യോഗത്തിൽ ഉൾപ്പെടുത്താൻ പോകുന്നത്. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് യോഗം വിളിച്ചുകൂട്ടാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഇത് ഭൂമിയ്ക്കടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ച ബോംബാണെന്നും മറ്റുമുള്ള ഒരു പ്രചാരണമാണുള്ളത്, തന്നെയുമല്ല പഞ്ചായത്ത് പ്രസിഡന്റുമാർ അടക്കമുള്ള ആളുകൾ എതിർപ്പുമായി വരുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഈ പൈപ്പ്‌ലൈൻ വരുന്നതുകൊണ്ടുള്ള ഗുണം നാനാവിധമാണ്. അതേപോലെ വന്നില്ലെങ്കിലുള്ള ദോഷവും നാനാവിധമാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എഫ്.എ.സി.ടി., കെ.എസ്.ആർ.ടി.സി., വൈദ്യുതി, വ്യവസായം, ഗാർഹികാവശ്യങ്ങൾക്കുള്ള ഉപയോഗം ഇതിനെല്ലാം വളരെയേറെ ഗുണം ചെയ്യും. ടാങ്കർ ലോറിയിൽ ട്രാൻസ്പോർട്ട് ചെയ്യുന്നത് വലിയ പ്രശ്നമാണ് ഉണ്ടാക്കുന്നത്. ഇങ്ങനെ യൊക്കെയുള്ള കാര്യങ്ങൾ ക്രമേണ ഒഴിവാക്കിക്കിട്ടുന്ന സ്ഥിതിയുണ്ടാകും. ലാന്റ് കുറയ്ക്കുകയും കോമ്പൻസേഷൻ കൂട്ടുകയും ചെയ്തിട്ടുണ്ട്. അതുപോലെ വലിയ ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ എല്ലാവരും കൂടിയാലോചിച്ച് ചർച്ച ചെയ്യാം. ഈ യോഗത്തിന് പ്രധാനമായും എം.എൽ.എ.-മാരെയാണ് ആശ്രയിക്കുന്നത്. അതിനുശേഷം അവരുടെ സഹായ ത്തോടുകൂടി താഴെത്തലത്തിലേയ്ക്ക് പോകാമെന്നാണ് വിചാരിക്കുന്നത്. അതിന് എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവസാനത്തെ പരിശ്രമംകൂടി നടത്താമെന്ന് കരുതുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശർമ്മ ഈ വിഷയം സഭയിൽ ഉന്നയിച്ചതിന് ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം കേരളത്തിന്റെ ഭാവി വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട, അവിഭാജ്യമായ ഒരു ഘടകമാണ് ഈ വിഷയം. ലോകം മുഴുവൻ മാറുന്നു, ഇന്ത്യയിൽ മുഴുവൻ മാറ്റങ്ങൾ വരുന്നു, കേരളത്തിന് മാത്രം ഈ പദ്ധതി വേണ്ട എന്നുവച്ചാൽ.... ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഭൂമിയ്ക്കടിയിൽ കുഴിച്ചിട്ടിരിക്കുന്ന ബോംബ്, മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊന്നും അതിലില്ല. പക്ഷേ ഇന്ന് ജനങ്ങളെ ഇളക്കി വിടാൻ വേണ്ടി...... ഇതിനിടയ്ക്ക് ആന്ധ്രാപ്രദേശിൽ ഒരു അപകടമുണ്ടായി. ആ അപകടത്തിൽ മരിച്ചതിനേക്കാൾ എത്രയോ അധികം ആളുകൾ ടാങ്കർ ലോറി കളിൽ ഗ്യാസ് കൊണ്ടുപോകുന്ന വഴി അപകടമുണ്ടായി മരിച്ചിട്ടുണ്ട്. വൈദ്യുതി അപകടം അല്ലേ; നമ്മുടെ വീടുകളിൽ വൈദ്യുതി ഇല്ലേ, ഗ്യാസ് അപകടമല്ലേ; നമ്മുടെ വീടുകളിൽ ഗ്യാസ് ഇല്ലേ? ഇതൊക്കെ എങ്ങനെ ഉപയോഗിക്കുന്ന

എന്നതിനെ ആശ്രയിച്ചാണ് അതിന്റെ കാര്യങ്ങൾ പോകുന്നത്. പക്ഷേ ഇക്കാര്യത്തിൽ വലിയ എതിർപ്പാണ് ഉണ്ടാകുന്നത്. മറ്റ് സംസ്ഥാനങ്ങളിലൊക്കെ പൈപ്പ്ലൈൻ കഴിച്ചിടുന്നതിന് ഫെയർ വാല്യുവിന്റെ 10 ശതമാനമാണ് കൊടുക്കുന്നത്. കേരളത്തിന് പൈപ്പ്ലൈൻ കഴിച്ചിടുന്നതിനുവേണ്ടി മാത്രമാണ് അനുമതിയുള്ളത്. ഭൂമി മുഴുവൻ അതിന്റെ ഉടമസ്ഥന്റെ കയ്യിലാണ്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അത് 30 ശതമാനമാക്കി, അതും വർദ്ധിപ്പിക്കണമെന്നുപറഞ്ഞ് അവസാനം 50 ശതമാനമാക്കി. ഈ പൈപ്പ്ലൈൻ ഇട്ടുപോകുന്നുണ്ടെങ്കിലും ഭൂമി ഉടമസ്ഥന്റെ കൈവശം തന്നെയായിരിക്കും. ഇതിനിപ്പോൾ 50 ശതമാനം വരെ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എസ്. ശർമ്മ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. വൈദ്യുതിയുടെ കാര്യത്തിൽ വളരെയേറെ പ്രയോജനകരമാണ്. എഫ്.എ.സി.ടി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്താനും രാസവളങ്ങളുടെ നിർമ്മാണത്തിനുമെല്ലാം ഇത് പ്രയോജനകരമാണ്. മനഃപൂർവ്വം ഭീതി സൃഷ്ടിക്കുന്നതിനൊരു പരിഹാരമുണ്ടാക്കാൻവേണ്ടി കൊച്ചിയിലെ സിറ്റി ഗ്യാസ് പദ്ധതി പ്രായോഗിക തലത്തിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ 42 കിലോമീറ്റർ മെയിൻ പൈപ്പ്ലൈൻ ഇട്ടുകഴിഞ്ഞു. ഗ്യാസ് ഡിസ്ട്രിബ്യൂഷനായി ഇനി കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽനിന്ന് ലൈസൻസ് ലഭിക്കണം. എത്രയും പെട്ടെന്നുതന്നെ ലൈസൻസ് എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ലൈസൻസ് ലഭിച്ചാൽ കൊച്ചിയിലെ വീടുകളിലേയ്ക്ക് ഗ്യാസ് കണക്ഷൻ കൊടുക്കാം. അപ്പോൾ ഭൂമിക്കടിയിൽ കഴിച്ചിടുന്നത് ബോംബാണോയെന്ന് ആളുകൾക്ക് പരിശോധിക്കാമല്ലോ. യഥാസമയം ഗ്യാസ് ലഭിക്കുകയെന്നത് പല കുടുംബങ്ങളെ സംബന്ധിച്ചും വലിയ പ്രശ്നമാണ്. വീടുകളിൽ പൈപ്പിലൂടെ വെള്ളം ലഭിക്കുന്നതുപോലെ ഗ്യാസും ലഭിച്ചാൽ അത് വളരെ പ്രയോജനകരമായിരിക്കും. ഇതുസംബന്ധിച്ച് ആശങ്കയുള്ളവരെ ഗവൺമെന്റ് ചെലവിൽ കൊണ്ടുവന്ന് സിറ്റി ഗ്യാസ് സ്കീം കാണിച്ച് ബോധവൽക്കരണം നടത്തി എല്ലാവരുടെയും സഹകരണത്തോടെയുള്ള പ്രവർത്തനത്തിലൂടെ ഇത് പ്രായോഗിക തലത്തിൽ നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എഫ്.എ.സി.ടി. യുടെ കാര്യത്തിൽ VAT പോലും ഒഴിവാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനി ച്ചിരിക്കുകയാണ്. ഞങ്ങൾ പ്രധാനമന്ത്രിയോട് എഫ്.എ.സി.ടി.യുടെ പാക്കേജിനെക്കുറിച്ച് സംസാരിക്കാൻ ചെന്നപ്പോൾ അദ്ദേഹം എൽ.എൻ.ജി.യെ സംബന്ധിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം ചോദിച്ചത്. എൽ.എൻ.ജി., എഫ്.എ.സി.ടി.യിൽ ലഭിക്കത്തക്കവിധത്തിൽ പൈപ്പ് ലൈനിന്റെ പണി പൂർത്തിയായി, ഇനി ടാങ്കിന്റെ പ്രശ്നമുണ്ട്, അതു സംബന്ധിച്ച് ഉടനെ തീരുമാനമെടുക്കുമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഇപ്പോൾ അക്കാര്യത്തിൽ തീരുമാനമെടുത്ത് കൊടുത്തുകഴിഞ്ഞു. ഈ കാര്യത്തിൽ ഗവൺമെന്റ് അങ്ങേയറ്റത്തെ ജാഗ്രത പുലർത്തും. ഇതുസംബന്ധിച്ച ഏറ്റവും ഒടുവിലത്തെ സാഹചര്യങ്ങൾ അറിഞ്ഞോയെന്ന് ബഹുമാനപ്പെട്ട മെമ്പർ എന്നോട് ചോദിച്ചു ഓരോ ദിവസത്തെയും നീക്കങ്ങൾ ഗവൺമെന്റ് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കോൺട്രാക്ട് ക്യാൻസൽ ചെയ്തു എന്നുപറഞ്ഞത് ശരിയാണ്. എന്നാൽ അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. കാരണം ഇവിടെനിന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി.എച്ച്. കുര്യൻ ഡിസംബർ 3-ാം തീയതി ഗെയിലിന്റെ ചെയർമാനുമായി വിശദമായി ചർച്ച നടത്തിയിരുന്നു. നിലവിലുള്ള ടെണ്ടർ ക്യാൻസൽ ചെയ്തു. പക്ഷേ നമ്മൾ സ്ഥലം നൽകാൻ റെഡിയാണെന്നു പറഞ്ഞ് കൺസന്റ് ലെറ്റർ കൊടുത്താൽ അടുത്ത ദിവസം തന്നെ ടെണ്ടർ വിളിക്കാൻ തയ്യാറായിട്ടുണ്ട്. അതുകൊണ്ട് മുൻഗണനപോലും നഷ്ടപ്പെടാതെ ഇത് പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. ഈ സഭയിൽ ഇതുസംബന്ധിച്ച് ചോദ്യോത്തരവേളയിൽ ഉന്നയിച്ചതിനുപുറമെ ഇതു പോലൊരു ചർച്ച വന്നത് നന്നായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ വിഷയത്തിൽ എല്ലാ അംഗങ്ങളുടെയും പൂർണ്ണമായ സഹകരണവും പിന്തുണയും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ ഭാവിക്ക് ഏറ്റവും നിർണ്ണായകമായ ഒന്നാണ് എൽ.എൻ.ജി. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇത് യാഥാർത്ഥ്യമാക്കാൻ എല്ലാവരുടെയും പിന്തുണ യുണ്ടാകണം. സ്ഥലം എടുക്കുന്ന കാര്യത്തിലും അതിന് വില നൽകുന്ന കാര്യത്തിലും അതുപോലുള്ള പ്രശ്നങ്ങൾ അഡ്രസ് ചെയ്യുന്ന കാര്യത്തിലും പ്രത്യേകമായ താൽപ്പര്യമെടുക്കും. ഇതിനായി അംഗങ്ങളുടെ എല്ലാ സഹായവും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ച യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ചില തീരുമാനങ്ങൾ എടുത്തിരുന്നു. സ്വാഭാവികമായും ഈ വിഷയത്തിൽ ആശങ്കയുള്ള ഒരു വിഭാഗമുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ

നേതൃത്വത്തിൽ ഒരു യോഗം വിളിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. മറ്റൊന്ന്, പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആശങ്കയുണ്ടാക്കുന്ന ചില സംഘടനകളുണ്ട്. ആ സംഘടനകളുടെ യോഗവും വിളിക്കണമെന്ന് അന്ന് തീരുമാനിച്ചിരുന്നതാണ്. അതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാര്യമായ ഒരു ഇടപെടൽ ഉണ്ടായിട്ടില്ല എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ശക്തമായ ആക്ഷേപം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, കളക്ടർമാരുടെ യോഗം വിളിച്ച് ഭൂമി ഏറ്റെടുക്കുന്ന തിനുവേണ്ടി പ്രത്യേക ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. അതിനുശേഷം തർക്കങ്ങളുള്ള സ്ഥലങ്ങളിലൊക്കെ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു കൂടുതൽ തർക്കങ്ങളുണ്ടായ സ്ഥലങ്ങളിലെ എം.എൽ.എ.മാരോട് ചോദിച്ചപ്പോൾ എം.എൽ.എ.മാർ മാത്രം പോര പഞ്ചായത്ത് പ്രസിഡന്റുമാരെക്കൂടി ഉൾപ്പെടുത്തി യോഗം വിളിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് യോഗം വിളിച്ചുകൂട്ടി ഇതിന്റെ ഗുണങ്ങളും ആവശ്യകതയും അവരോട് വിശദീകരിച്ചു ആ യോഗത്തിൽ പങ്കെടുത്ത എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ഇക്കാര്യത്തിൽ യോജിപ്പ് പ്രകടിപ്പിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എന്നാൽ ഇത് ജനങ്ങളെ എങ്ങനെ പറഞ്ഞ് മനസ്സിലാക്കും എന്ന ആശങ്കയും അവർ പ്രകടിപ്പിച്ചു അവരുടെ ആശങ്കയകറ്റുന്നതിനുവേണ്ടി സിറ്റി ഗ്യാസ് സ്കീമിന്റെ കാര്യം പറഞ്ഞപ്പോൾ അവർ അത് സ്വാഗതം ചെയ്തു. ഏതായാലും ഗവൺമെന്റ് ഈ വിഷയത്തിൽ എല്ലാ വിധത്തിലുള്ള ജാഗ്രതയുമെടുക്കും. പക്ഷേ എല്ലാവരുംകൂടി സഹകരിച്ചാൽ മാത്രമെ ഇത് വിജയിപ്പിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. സി. കെ. നാണു</u>: സർ, രാഷ്ട്രീയപ്പാർട്ടികളെ എല്ലാവരെയുംകൂടി വിളിച്ചു ചേർത്താൽ ഇത് പരിഹരിക്കാൻ കഴിയുമെന്ന് വിചാരിക്കരുത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മലപ്പുറത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് വിളിക്കുകയും ഞാൻ ആ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഈ വിഷയത്തോടുള്ള സമീപനം മനസ്സിലാക്കിയപ്പോൾ യോഗാവസാനം മന്ത്രി തന്നെ പറഞ്ഞത് നിങ്ങൾക്കാർക്കും വേണ്ടെങ്കിൽ ഞങ്ങൾക്കും വേണ്ട എന്നാണ്. നമ്മൾ ഒരു തീരുമാനമെടുക്കുന്ന അവസരത്തിൽ രാഷ്ട്രീയ പാർട്ടികൾ, ജനപ്രതിനിധികൾ, പഞ്ചായത്ത് തലത്തിലുള്ളവർ, ഗ്രാമസഭകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി എല്ലാവരുടെയും യോഗം പ്രത്യേകമായി വിളിക്കാതെ നമ്മൾ എന്ത് പറഞ്ഞാലും ജനങ്ങൾ അത് വിശ്വസിക്കില്ല. പഞ്ചായത്ത് ലെവലിൽ ആളുകൾ ഇതിനെതിരായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അത് മനസിലാക്കാതെ നമ്മൾ ഇവിടെ ഒരു ധാരണയിൽ എത്തിയിട്ട് ഫലമില്ല. നിയമസഭയിൽ എടുക്കുന്ന ഒരു തീരുമാനം മോശമാണെന്ന് പ്രാദേശിക തലത്തിൽ പറയിപ്പിക്കരുത്. ഇത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് തന്നെ അനുഭവമുള്ള കാര്യമാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഇതുസംബന്ധിച്ച് നിരവധി മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഏറ്റവും അവസാനം തിരുവനന്തപുരത്തു വച്ച് കൂടിയ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗമാണ് മുഖ്യമന്ത്രി പരാമർശിച്ചത്. ആ യോഗത്തിൽ മനസ്സിലായത്, ഇതിനോടുള്ള ആളുകളുടെ മനോഭാവത്തിൽ മുമ്പുണ്ടായിരുന്നതിനേക്കാൾ കുറച്ച് മാറ്റങ്ങൾ വന്നിട്ടുണ്ടെന്നാണ്. ഇതുസംബന്ധിച്ച ജനങ്ങളുടെ ആശങ്കയകറ്റുക എന്നതാണ് പ്രധാനം. ബോംബെ, ഡൽഹി തുടങ്ങിയ പട്ടണങ്ങളിലെല്ലാം ഈ സംവിധാനം നിലവിലുണ്ട്. ജനപ്രതിനിധികളും എം.എൽ.എ.മാരും പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റാളുകളുമൊക്കെക്കൂടി ശ്രമിച്ചാൽ ജനങ്ങൾക്കുള്ള ആശങ്കയിൽ ക്രമേണ മാറ്റം വരും എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. കഴിയുന്നതും ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി അലൈൻമെന്റ് നടത്തിയും കോമ്പൻസേഷൻ കൂട്ടിക്കൊടുത്തും എടുക്കുന്ന സ്ഥലങ്ങളുടെ അളവ് കുറച്ചും ചെയ്യാൻ തീരുമാനിച്ചതിനാൽ ചെറിയ ഇംപ്രൂവ്മെന്റ് വന്നിട്ടുണ്ട്. എം.എൽ.എ.മാരും കൂടി ശ്രമിച്ചാൽ കുറച്ചുകൂടി വ്യത്യാസം വരുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുതന്നെയാണ് പ്രധാനപ്പെട്ട കാര്യം. പൈപ്പ് ലൈൻ വരുന്നതുകൊണ്ട് എന്തെങ്കിലും സ്ഫോടനമുണ്ടാകും എന്ന ആശങ്കയല്ല പ്രശ്നം, ഗെയിൽ മാന്യമായ കോമ്പൻസേഷൻ കൊടുക്കാൻ സന്നദ്ധരല്ല എന്നതാണ്. ഇതിന് ഫലപ്രദമായ പാക്കേജുണ്ടാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ ഏറ്റവും ആകർഷകമായ പാക്കേജ് കൊണ്ടുവന്നു. എല്ലാ കൃഷിക്കാരും ഭൂമി വിട്ടുകൊടുക്കാനും വിമാനത്താവളത്തിന്റെ പദ്ധതി അംഗീകരിക്കാനും തയ്യാറായി.

ഇവിടത്തെ പ്രശ്നം, നഷ്ടപരിഹാരം കൊടുക്കുന്നതിനല്ല ഭൂവുടമകളിൽനിന്ന് എത്ര മാത്രം ഇങ്ങോട്ട് പിടിക്കാൻ പറ്റുമെന്നാണ് ഗെയിൽ നോക്കുന്നത് എന്നാണ്. ഒരു നല്ല പാക്കേജുണ്ടാക്കിയാൽ ഈ പദ്ധതി എളുപ്പം നടപ്പിലാക്കാൻ സാധിക്കും. അതിനുവേണ്ടി അങ്ങ് ഇടപെടുന്നതായിരിക്കും നല്ലത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ ഭൂമി ഏറ്റെടുക്കുകയല്ല, ഉപയോഗത്തിനുവേണ്ടി എടുക്കുകയാണ്. മറ്റ് സ്റ്റേറ്റുകളിലൊക്കെ 10 ശതമാനം നഷ്ടപരിഹാരം കൊടുക്കുമ്പോൾ ഇവിടെ 30 ശതമാനമാക്കുകയും ഇപ്പോൾ 50 ശതമാനമാക്കുകയും ചെയ്തു. ഭൂവുടമകളുടെ വസ്തു നഷ്ടപ്പെടാതെ തന്നെ അവർക്ക് വസ്തുവിന്റെ പകുതി വില ലഭിക്കുന്ന പ്രോജക്ടാണ്. ആകർഷകമായ പാക്കേജ് എന്ന നിർദ്ദേശം വന്നപ്പോൾ ഗവൺമെന്റ് ഗൗരവമായിട്ടാലോചിക്കുന്ന മറ്റൊരു കാര്യം, പൈപ്പിടുന്ന സ്ഥലത്തിന് വില നൽകാതെ മാസവാടക ഫിക്സ് ചെയ്ത് കൊടുക്കുന്നതിനുള്ള ഒരു പാക്കേജുണ്ടാക്കാൻ ആലോചിക്കുകയാണ്. അങ്ങനെ ചെറുകിടക്കാർക്ക് മാസവരുമാനം ലഭിക്കുന്ന ഒരു സ്കീം കൂടി ഇതിന്റെ ഭാഗമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് വ്യവസായ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യനെ ഡൽഹിയിൽ അയച്ച് ഗെയിലിന്റെ ചെയർമാനുമായി ഡിസ്കഷൻ നടത്തി, ഗെയിൽ അക്കാര്യത്തിൽ സമ്മതം പ്രകടിപ്പിച്ചുവെന്നാണ്. അത് നല്ലകാര്യം തന്നെയാണ്. മറ്റൊരു ഗൗരവമുള്ള വിഷയം, പുതുവൈപ്പിനിലുള്ള ടാങ്ക് 155000 ക്യൂബിക് സംഭരണശേഷിയുള്ളതാണ്. ലോകത്തെ തന്നെ ഏറ്റവും വലിയ സംഭരണ ശേഷിയുള്ള ടാങ്കുകളാണ്. അതിപ്പോൾ റെന്റിന് നൽകുവാനായി ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്. പതിനെട്ടുപേർ ഈ ടെണ്ടറിൽ പങ്കെടുത്തിരിക്കുകയാണ്. ആ ടെണ്ടർ ഫൈനലൈസ് ചെയ്യാൻ പോവുകയാണ്. മൾട്ടി നാഷണൽസ് അത് കൈവശപ്പെടുത്തിക്കഴിഞ്ഞാൽ അവരുടെ നിയന്ത്രണത്തിലാകുന്ന സ്ഥിതിയുണ്ടാകും, കേരളത്തിന്റെ റിക്വയർമെന്റ് മീറ്റ് ചെയ്യുന്നതിന് തടസ്സമാകുന്ന സ്ഥിതിയുണ്ടാകും. ഇത് അസാധാരണമായ സാഹചര്യമാണ്. ഈ സാഹചര്യം കൂടി കണക്കിലെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മുടെ സംസ്ഥാനത്തിന് ഒരു ബുദ്ധിമുട്ടും വരാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കാം. ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. എച്ച്. കുര്യൻ നാളെ ഡൽഹിയിൽ പോകുന്നുണ്ട്, ഇക്കാര്യം സംബന്ധിച്ച് സംസ്ഥാനത്തിന്റെ താൽപ്പര്യം ഒരു വിധത്തിലും ഹനിക്കാത്ത വിധത്തിൽ ഒരു തീരുമാനം ഉണ്ടാക്കണമെന്ന് വ്യക്തമാക്കും.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഗെയിലിന്റെ ഉദ്യോഗസ്ഥർ ഭൂമിശാസ്ത്രപരമായ യാതൊരു പ്രത്യേകതയും കണക്കിലെടുക്കാതെ അവർക്ക് തോന്നിയതു പോലെയാണ് അലൈൻമെന്റ് ഫിക്സ് ചെയ്തത്. എന്റെ വീടിന്റെ പരിസരത്തുകൂടിയും പൈപ്പ് ലൈൻ കടന്നുപോകുന്നുണ്ട്. ആളുകൾ തിങ്ങിത്താമസിക്കുന്ന പ്രദേശത്തുകൂടിയും വീടുകൾക്കിടയിലൂടെയും അടുക്കളയുടെ സൈഡിലൂടെയുമാണ് പൈപ്പ്ലൈൻ കടന്നുപോകുന്നതിനുള്ള അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ജനങ്ങൾ സ്വാഭാവികമായും വ്യാകുലരാകുകയും സമരരംഗത്ത് വരികയും ചെയ്തിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ജനസാന്ദ്രത ഇല്ലാത്ത തീരപ്രദേശങ്ങളിലൂടെയോ നദീതീരങ്ങളിലൂടെയോ പൈപ്പ്ലൈൻ കടന്നുപോകുന്ന തരത്തിൽ പുതിയ അലൈൻമെന്റ് ഫിക്സ് ചെയ്യണമെന്ന് ഗെയിലിന്റെ ഉദ്യോഗസ്ഥന്മാരോട് അലൈൻമെന്റ് ഫിക്സ് ചെയ്ത സമയത്തുതന്നെ ആവശ്യപ്പെട്ടെങ്കിലും അവർ അതവഗണിക്കുകയും ഇതുസംബന്ധിച്ച് വിളിച്ച യോഗങ്ങളിലൊക്കെ ഗെയിലിന്റെ ഉദ്യോഗസ്ഥർ അവരുടെ നിലപാടിൽ ഉറച്ചുനിൽക്കുകയും ചെയ്തതുകൊണ്ടാണ് ജനങ്ങൾ ശക്തമായി സമരരംഗത്ത് വന്നിട്ടുള്ളത്. ജനസാന്ദ്രത ഇല്ലാത്ത സ്ഥലങ്ങളിൽക്കൂടി പൈപ്പ്ലൈൻ കടന്നുപോകുന്നതിനു വേണ്ടിയുള്ള പുതിയ അലൈൻമെന്റ് ഫിക്സ് ചെയ്തെങ്കിൽ മാത്രമേ വാതക പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിക്കു എന്നാണ് ജനങ്ങളുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ട് അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് ആ നാട്ടിലെ ജനങ്ങൾക്ക് വേണ്ടി ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇങ്ങനെയുള്ള നിർദ്ദേശങ്ങളെല്ലാം പരമാവധി പരിശോധിച്ചതുകൊണ്ടാണ് ഇത്രയും കാലതാമസം ഉണ്ടായത്. കനോലി കനാൽ വഴി പൈപ്പ്ലൈൻ ഇട്ടാൽ പ്രശ്നം ഒഴിവാകുമെന്ന് പറഞ്ഞതനുസരിച്ച് അത് പരിശോധിച്ചു. അതിനുവേണ്ടി കുറച്ച് സമയമെടുത്തു. വിദഗ്ദ്ധ സംഘം പരിശോധിച്ചിട്ട് അത് സാധ്യമല്ലെന്ന് ഐകകണ്ഠ്യേന അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ പൈപ്പ്ലൈൻ പോകുന്ന സ്ഥലങ്ങളിൽ 20 മീറ്റർ വീതിയാണ് എടുക്കുന്നത്. കേരളത്തിൽ അത് 10 മീറ്ററായി കുറച്ചിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിലൂടെ പോകുന്നത് വ്യാപകമായി ഒഴിവാക്കുക എന്നത് ഇനിയും അത്ര എളുപ്പമായിരിക്കില്ല

പക്ഷേ, ചെറിയ മാറ്റങ്ങളാണെങ്കിൽ അതും പരിശോധിക്കാം. ഈ പദ്ധതി താമസം കൂടാതെ നടത്തണം, അതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗിന്റെ ഉപദേഷ്ടാവ് ശ്രീ. ടി.കെ.എ. നായരും ഗെയിൽ എം.ഡി. യും ചേർന്ന് ചില നിർദ്ദേശങ്ങൾ വച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പുതിയ നിർദ്ദേശങ്ങളെന്നുപറയുന്നത് ഇവിടെ ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. അതായത്, കോമ്പൻസേഷൻ കൂട്ടുക, റെന്റൽ ഇൻകം കൊടുക്കുക, പൈപ്പ്ലൈൻ ഇടുന്ന സ്ഥലത്തിന്റെ വീതി കുറയ്ക്കുക തുടങ്ങിയവ. ഇതിൽ രണ്ടുകാര്യങ്ങൾ നടപ്പിലായിട്ടുണ്ട്. റെന്റൽ ഇൻകം എന്നുള്ളത് പ്രൊപ്പോസലായി വന്നിട്ടുണ്ട്. അത് പ്രാവർത്തികമാവുകയാണെങ്കിൽ ആളുകൾക്കിടയിൽ കുറച്ചുകൂടി സ്വീകാര്യമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച അങ്ങയുടെ ചോദ്യത്തിന് രേഖാമൂലം മറുപടി തന്നിരുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, എൽ.എൻ.ജി. പദ്ധതി സംബന്ധിച്ച് ശ്രീ. എസ്. ശർമ്മയുടെ അടിയന്തരപ്രമേയത്തെ ആസ്പദമാക്കി, ഉത്കണ്ഠാജനകമായ നിലയിൽ കേരളത്തെ ആകെ ബാധിക്കുമായിരുന്നുവെന്ന് കരുതിയ ഈ പദ്ധതി സാമാന്യം വിജയകരമായിത്തന്നെ നടപ്പിലാക്കാൻ ഉതകുന്ന തരത്തിലുള്ള സാഹചര്യമാണ് ഒരുക്കിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വിശദീകരിച്ച സാഹചര്യത്തിൽ ഈ പരീക്ഷണം വിജയകരമായി തീരുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ പ്രതിപക്ഷത്തിന് കഴിയുമോ അതെല്ലാം ചെയ്യുന്നതാണെന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിച്ച കൊണ്ട് നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പു മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

[അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു]

LIBRARY ARCHIVES Kerala Legislative Assembly

# VI ശ്രദ്ധ ക്ഷണിക്കൽ

## 1. വയനാട് ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയായ വയനാട്ടിൽ, ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അഭാവം ആരോഗ്യ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. ഗ്രാമീണ മേഖലയിൽ രോഗികൾ ആശ്രയിക്കുന്ന പ്രാഥമിക-സാമൂഹിക-ആരോഗ്യ കേന്ദ്രങ്ങളെയാണ് ഡോക്ടർമാരുടെ കുറവ് ഏറെയും ബാധിച്ചിരിക്കുന്നത്. വയനാട് ജില്ലയിൽ ആകെയുള്ള 190 ഡോക്ടർമാരുടെ തസ്തികകളിൽ 63 എണ്ണവും ഒഴിഞ്ഞു കിടക്കുകയാണ്. ഇതിൽ ഏറെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേതായതിനാൽ ഒരു രോഗത്തിനും വിദഗ്ദ്ധ ചികിത്സ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഒരു ദിവസം ഏകദേശം 1200 ഒ.പി. യും 400 ഐ.പി. യും ഉള്ള മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആകെ 44 ഡോക്ടർമാരാണുള്ളത്. ചികിത്സ തേടിയെത്തുന്ന രോഗികളിൽ ഏകദേശം 20-25 ശതമാനം പേർ ആദിവാസികളാണ്.

ഇതുപോലെ തന്നെയാണ് കൽപ്പറ്റ ജനറൽ ആശുപത്രിയുടെ അവസ്ഥയും. 250 ബെഡ്ഡിന്റെ സ്റ്റെങ്ത് ഉണ്ടെങ്കിലും 47 ബെഡ്ഡുകൾ മാത്രമാണ് അവിടെയുള്ളത്. 6 ഡോക്ടർമാരുടെ കുറവുണ്ട്. പുതിയ ജനറൽ ആശുപത്രിക്ക് വേണ്ടിയുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടില്ല, കെട്ടിടത്തിന്റെ പണി കഴിഞ്ഞെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടുമില്ല.

ബത്തേരി താലൂക്ക് ആശുപത്രിയിൽ ദിവസവും 800 ഒ.പി. യും 23 ഐ. പി. യുമുണ്ട്. ഇവിടെയെത്തുന്നവരിൽ ഏകദേശം 50 ശതമാനത്തിലേറെ ആദിവാസികളാണ്. ഈ ആശുപത്രിയുടെ ബെഡ് സ്റ്റെങ്ത് 120 ആക്കി ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള ഡോക്ടർമാരുടെ നിയമനം നടന്നിട്ടില്ല. എൻ.ആർ.എച്ച്.എം. വഴി നിയമനം നടത്തുന്ന ഡോക്ടർമാർ പലപ്പോഴും ജില്ലയിൽ നിൽക്കാൻ താൽപ്പര്യപ്പെടുന്നില്ല. ഡോക്ടർമാരെ നിയമിച്ചാൽ അവർ ലീവെടുത്ത് പോകുന്ന പ്രവണതയാണുള്ളത്. നിസ്സാര രോഗങ്ങളുമായി ആശുപത്രിയിലെത്തുന്ന ആദിവാസികളും തോട്ടം തൊഴിലാളികളും പാവപ്പെട്ട കർഷകരുമായ രോഗികളെപ്പോലും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ്. ഇല്ലാത്ത പണവും സമയവും ചെലവഴിച്ചാണ് ഇവർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് പോകുന്നത്. ആംബുലൻസ് വിളിക്കുന്നത് ഉൾപ്പെടെയുള്ള സാമ്പത്തിക ബാദ്ധ്യതകൾ ഇവർക്ക് അധിക ഭാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന ജില്ലയാണ് വയനാട്. കാട്ടുനായ്ക്കർ വിഭാഗത്തിലുള്ളവരിൽ കണ്ടുവരുന്ന അജ്ഞാത രോഗം പിടിപെട്ട് ഏകദേശം 12 പേർ മരിച്ചിട്ടുണ്ട്. അതുപോലെ, അരിവാൾ രോഗവും മറ്റ് സംസ്ഥാനങ്ങളിൽ ജോലിക്ക് പോകുന്ന ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങളും നേരിടുന്ന ജില്ലയാണ് വയനാട്. ജില്ലയിലെ ഇത്തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവയെക്കുറിച്ച് ആധികാരികമായി പഠനം നടത്തേണ്ട ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അവിടെ സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുമെന്ന് പ്രഖ്യാപിച്ചത്. പ്രഖ്യാപനം കഴിഞ്ഞ് രണ്ട് വർഷമാവുകയും 50 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് പറയുകയും ചെയ്തിട്ടും സ്ഥലത്തിന്റെ സാങ്കേതികത്വം ഉയർത്തി ആ സ്ഥലം ഏറ്റെടുക്കുകയോ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. അത് വയനാട് ജില്ലയിലെ ആളുകൾക്ക് വളരെയേറെ ആശങ്ക ഉണ്ടാക്കുന്നുണ്ട്. സൗജന്യമായി സ്ഥലം നൽകിയിട്ടുപോലും ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നില്ലെന്നുള്ളതാണ് കഴിഞ്ഞ കുറച്ച് ദിവസങ്ങളായി അവിടത്തെ ഏറ്റവും വലിയ ചർച്ചാവിഷയം. വയനാട് ജില്ലയിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമായി വയനാട് ജില്ലയിലേയ്ക്ക് ഒരു ആരോഗ്യ പാക്കേജ് പ്രഖ്യാപിക്കുന്നതിന് സർക്കാർ തയ്യാറാകണം. അതുപോലെ തന്നെയാണ് വയനാട് സെന്റർ ഓഫ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യവും. കഴിഞ്ഞ 5 വർഷമായി അതിന്റെ പ്രവർത്തനം നടത്തുമെന്ന് പറഞ്ഞെങ്കിലും സ്ഥലം കിട്ടാത്തതുകൊണ്ടും മറ്റ് പല സാങ്കേതിക കാരണങ്ങളാലും അതും മുടങ്ങിക്കിടക്കു കയാണ്. 50 ഏക്കർ സ്ഥലം നൽകിയിട്ടും എന്തുകൊണ്ടാണ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതെന്നാണ് മനസ്സിലാകാത്തത്. അതിനുള്ള പരിഹാരം അങ്ങ് കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വയനാട് ജില്ലയിലെ ഈ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വയനാട് ജില്ലയിലെ ആരോഗ്യ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ 35 പ്രധാന ചികിത്സാ കേന്ദ്രങ്ങളും 207 ഉപ ചികിത്സാ കേന്ദ്രങ്ങളുമാണുള്ളത്. സ്വകാര്യ മേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഈ ജില്ലയിൽ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സാ കേന്ദ്രങ്ങളെയാണ്. ജനസംഖ്യാ വർദ്ധനവിനനുസരിച്ചും കാലാനുസൃതമായും പല ചികിത്സാ കേന്ദ്രങ്ങളും ഉൾപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും എം.എൽ.എ./എം.പി. ഫണ്ടുകളും ഉപയോഗിച്ച് സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ കെട്ടിടങ്ങളും ആധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മെച്ചപ്പെടുത്തിയ ഭൗതിക സാഹചര്യങ്ങൾക്കും ചികിത്സാ സൗകര്യങ്ങൾക്കും അനുസൃതമായി ജീവനക്കാരുടെ ആനുപാതിക അംഗസംഖ്യ നിലവിൽ ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്. ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയായ മാനന്തവാടി ജില്ലാ ആശുപത്രി, 500 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഇവിടെ ശരാശരി 420 -450 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. 300-ഓളം പ്രസവങ്ങളും വിവിധ ശസ്ത്രക്രിയകളും നടക്കുന്ന ഈ സ്ഥാപനത്തിൽ ഡയാലിസിസ്, ഐ.സി.യു., എൻ.ഐ.സി.യു., സി.ടി. സ്കാൻ, 24 മണിക്കൂർ ലാബ് സൗകര്യം, മുഴുവൻ സമയ രക്തബാങ്ക്, കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് എന്നീ സേവനങ്ങൾ ലഭ്യമാണ്. 13-8-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 ജൂനിയർ കൺസൾട്ടന്റിന്റെയും ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രി, ഹൗസ് സർജൻസ് ട്രെയിനിംഗ് സെന്റർ ആക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെ വന്നാൽ കൂടുതൽ ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നതാണ്.

കൽപ്പറ്റ ജനറൽ ആശുപത്രിയിൽ 60-ൽപ്പരം രോഗികളെ കിടത്തി ചികിത്സിച്ചുവരുന്നുണ്ട്. 56 കിടക്കകളുള്ള ബത്തേരി താലൂക്ക് ആശുപത്രിയിൽ 106 രോഗികളെ കിടത്തി ചികിത്സിക്കുന്നു. വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കുന്നതിനായി സുൽത്താൻ ബത്തേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പണിയുന്നതിന് 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിലാകെ 184 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ബഹുമാനപ്പെട്ട എം. വി. ശ്രേയാംസ് കുമാർ പറഞ്ഞ ഒരു കാര്യം ശരിയാണ്. അവിടത്തെ സ്റ്റാഫ് സ്ട്രെങ്ത് അനുസരിച്ച് 130 ഡോക്ടർമാർ ആവശ്യമുള്ളതിൽ 63 ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോക്ടമാരില്ലാത്തതിന് പ്രധാന കാരണമെന്നു പറയുന്നത് വയനാട് ജില്ലയിൽ ഡോക്ടർമാരെ നിയമിച്ചാൽ അവർ അവിടെ ജോയിൻ ചെയ്യാതിരിക്കുകയോ ലീവെടുത്ത് പോവുകയോ ചെയ്യുന്ന ഒരു സാഹചര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് പല കാരണങ്ങൾകൊണ്ടും അവിടെ ജോലി ചെയ്യുന്നതിന് സന്നദ്ധരായി ആരും മുന്നോട്ടുവരാറില്ല. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്ത് 8-12-2014-ന് മുഖ്യമന്ത്രിയുടെയും എന്റെയും സാന്നിദ്ധ്യത്തിൽ പ്രത്യേക യോഗങ്ങൾ ചേർന്ന് ഇതു സംബന്ധിച്ചൊരു തീരുമാനമെടുത്തിട്ടുണ്ട്. വയനാട് ജില്ലയിലെ ആരോഗ്യ മേഖലയിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ഒരു ആരോഗ്യ പാക്കേജ് തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുന്ന 27 അസിസ്റ്റന്റ് സർജന്മാരുടെ വേക്കൻസിയാണ് ഇപ്പോഴുള്ളത്. ഒഴിവുകളിൽ ഉടൻതന്നെ നിയമനം നടത്തുന്നതാണ്. കൺസൾട്ടന്റ്, ഗൈനക്കോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തേണ്ടത് പ്രൊമോഷൻ മുഖാന്തിരമാണ്. അതിനാൽ പ്രൊമോഷൻ നൽകുന്നതിനുവേണ്ടി അടിയന്തരമായി ഡി.പി.സി. കൂടാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ രണ്ട് 108 ആംബുലൻസുകൾ, ഒന്ന് മാനന്തവാടി ജില്ലാ ആശുപത്രിക്കും മറ്റൊന്ന് സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിക്കുമായി അനുവദിക്കുന്നതാണ്. വയനാട് ജില്ലയിൽ രണ്ട് കാരുണ്യാ ഫാർമസികളുടെ പ്രവർത്തനം-ഒന്ന് മാനന്തവാടിയിലും മറ്റൊന്ന് സുൽത്താൻ ബത്തേരിയിലുമായി-ഇക്കഴിഞ്ഞ 10 ദിവസത്തിനുള്ളിൽ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ സ്പെഷ്യൽ ഓഫീസറായി ഡോ. ജിതേഷിനെ സർക്കാർ 1-10-2012-ൽ നിയമിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനു വേണ്ടി സൗജന്യമായി വിട്ടുതന്ന സ്ഥലത്തിന്റെ നിയമപരമായ ക്ലിയറൻസ് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പി.ഡബ്ല്യു.ഡി. ഇതിനുവേണ്ടി 756 കോടി രൂപയുടെ ഒരു ഡി.പി.ആർ. തയ്യാറാക്കുകയും കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, അരിവാൾ രോഗം പോലുള്ള രോഗങ്ങൾ ധാരാളമായി കണ്ടുവരുന്ന വയനാട് ജില്ലയിലെ ആദിവാസി മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തേണ്ടതുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ പിന്നോക്കാവസ്ഥയും സാമൂഹിക സാഹചര്യങ്ങളും പരിഗണിച്ച് ശ്രീചിത്തിര തിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സെന്റർ

LIBRARY ARCHIVES Kerala Legislative Assembly

ളുടങ്ങുന്നതിനായി വയനാട്ടിലെ മാനന്തവാടി താലൂക്കിലെ പേരിയ വില്ലേജിലെ ഗ്ലെൻ ലെവൻ (Glen Leven Estate) എസ്റ്റേറ്റിൽനിന്ന് 75 ഏക്കർ ഏറ്റെടുക്കുന്ന തിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. ഇന്നലത്തെ ക്യാബിനറ്റിൽ 1.90 കോടി രൂപ ഇതിനുവേണ്ടി അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. എന്തായാലും വയനാട് ജില്ലയിലെ ആരോഗ്യ മേഖലയിൽ പ്രത്യേകമായ താൽപ്പര്യമെടുത്തുകൊണ്ട് ഗവൺമെന്റ് ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണെന്ന് ഈ അവസരത്തിൽ ഞാൻ അറിയിക്കുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, അങ്ങിപ്പോൾ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ബത്തേരിയിലും മാനന്തവാടിയിലുമാണ്, എന്നാൽ കൽപ്പറ്റയും വയനാടിന്റെ ഭാഗമാണെന്ന് അങ്ങോർക്കണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലയിലെ സവിശേഷമായ സാഹചര്യങ്ങളും നിലവിലുള്ള ആരോഗ്യ പ്രശ്നങ്ങളും സംബന്ധിച്ച് കളക്ടർ ഒരു റിപ്പോർട്ട് 15-11-2014-ന് അയച്ചിരുന്നു. ആ റിപ്പോർട്ടിൽ ഇന്നത്തെ സാഹചര്യമെന്താണെന്ന് വിശദമായി പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ, ഭൗതിക സാഹചര്യങ്ങളുള്ള ആശുപത്രികളിലെ സ്റ്റാഫിന്റെ കുറവും അതുപോലെതന്നെ മറ്റ് അസൗകര്യങ്ങളും പ്രത്യേകമായി പരിശോധിച്ച് കൽപ്പറ്റ ഉൾപ്പെടെ വയനാട് ജില്ലയിൽ മൊത്തത്തിൽ ആവശ്യമായ നടപടികളെടുക്കുന്ന തിനുവേണ്ടിയുള്ള ഒരു പാക്കേജ് തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

## 2. കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമായ കയർ വ്യവസായം അതീവ ഗുരുതരമായ ഒരു സ്ഥിതി വിശേഷത്തെ നേരിടുകയാണ്. നമ്മുടെ സംസ്ഥാനത്തുനിന്ന് ഈ വ്യവസായമിപ്പോൾ തമിഴ്നാട്ടിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുകയാണ്. കയറ്റുമതി ഉൾപ്പെടെ ഇപ്പോൾ അവിടെയാണ് കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇൻഡ്യയിൽ നിന്ന് ആകെ കയറ്റുമതി ചെയ്ത കയറുൽപ്പന്നങ്ങളിൽ 84 ശതമാനവും തമിഴ്നാടിന്റെ

വകയായിരുന്നു. കയറ്റുമതിയിൽ നമുക്ക് വഹിക്കാൻ കഴിഞ്ഞ പങ്ക് 16 ശതമാനം മാത്രമാണ്. ആ 16 ശതമാനത്തിൽത്തന്നെ ജ്യൂട്ട്, വൻകിട യന്ത്രങ്ങളുപയോഗിച്ചു കൊണ്ടുള്ള പി.വി.സി. ടഫ്റ്റഡ് മാറ്റുകൾ (Pvc tufted mats) എന്നിവയായിരുന്നു ഏറിയ ഭാഗവും. കേരളത്തിലെ കയർ മേഖലയിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചെറുകിട ഉൽപ്പാദകരും തൊഴിലാളികളും അതിഭയങ്കരമായ ഒരു തകർച്ചയെ നേരിടുകയാണ്. അവർക്ക് തൊഴിലില്ല. ആ മേഖലയാകെ സ്തംഭിക്കുന്നു. നമ്മുടെ പരമ്പരാഗത കയർ വ്യവസായ മേഖലയിലെ ആയിരക്കണക്കിന് ചെറുകിട കയർ ഫാക്ടറികൾ ഇല്ലാതാകുന്ന തരത്തിൽ അതിഭയങ്കരമായ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ മേഖലയെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ വിലസ്ഥിരതാ പദ്ധതി ഈ ഗവൺമെന്റ് വന്നതിനുശേഷം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ചുള്ള ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കാത്തതുകൊണ്ട് കയർ കോർപ്പറേഷന് ഓർഡറുകൾ വിതരണം ചെയ്യാനോ, ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിക്കാനോ, തൊഴിലാളികളെയും ചെറുകിട ഉൽപ്പാദക സംഘത്തെയും സംരക്ഷിക്കാനോ, ചെറുകിട ഉൽപ്പാദകരെ സഹായിക്കാനോ കഴിയാത്ത അവസ്ഥ പൊതുവിലുണ്ടായിരിക്കുകയാണ്. കോർപ്പറേഷൻ കഴിഞ്ഞ വർഷം സംഭരിച്ച ഉൽപ്പന്നങ്ങൾക്കുപോലും റിബേറ്റ് നൽകാൻ കഴിയാത്തതുകൊണ്ട് ഇപ്പോൾ അവർക്ക് ഒന്നും ചെയ്യാൻ കഴിയാതെ നിസ്സംഗത പ്രകടിപ്പിക്കാൻ മാത്രമേ സാധിക്കുന്നുള്ളൂ. അങ്ങനെ പരമ്പരാഗത കയറുൽപ്പന്ന നിർമ്മാണ മേഖല അതീവ ഗുരുതരമായ ഒരു തകർച്ചയെ നേരിടുകയാണ്. ആയിരക്കണക്കായ തൊഴിലാളികൾ ഈ രംഗത്ത് ജോലിയെടുക്കാൻ നിവൃത്തി യില്ലാതെ മറ്റ് മേഖലകളെ അഭയം പ്രാപിക്കേണ്ട സ്ഥിതിയാണ് ഇന്നുണ്ടായിരി ക്കുന്നത്. ചേർത്തല അമ്പലപ്പുഴ താലൂക്കുകളിൽ കയർ ഫാക്ടറി മേഖലയിൽ പട്ടിണിയുൾപ്പെടെയുള്ള ദുരിതപൂർണ്ണമായ ഒരവസ്ഥ സംജാതമായിരിക്കുകയാണ്. കയറുൽപ്പന്ന നിർമ്മാണ മേഖലയിലെ സ്ഥിതി ഇതാണെങ്കിൽ കയർ പിരിക്കുന്ന മേഖലയിൽ ഇതിനേക്കാൾ ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ്നാട്ടിൽ നിന്ന് ചകിരി കൊണ്ടുവരണം. ആ ചകിരിക്കാണെങ്കിൽ വമ്പിച്ച വിലയും നൽകേണ്ടിവരുന്നു. അങ്ങനെ കൂടിയ വിലയ്ക്ക് ചകിരി വാങ്ങി ഉൽപ്പാദനച്ചെലവ് വർദ്ധിച്ച കയറുൽപ്പന്നം വിൽക്കുമ്പോൾ അതിന്റെ വില സ്വാഭാവികമായും ഉയരുമെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ തമിഴ്നാട്ടിൽ ചകിരി സുലഭമാണ്. അവർ ആധുനികവൽക്കരിച്ച ഏറ്റവും നല്ല

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രങ്ങളിൽ കയർ പിരിച്ച് കുറഞ്ഞ വിലയ്ക്ക് കേരളത്തിൽ കയർ കൊണ്ടുവന്ന് വിൽക്കുന്ന സ്ഥിതിയാണുള്ളത്. ഒരു കിലോഗ്രാം കയറിന് 44 രൂപയ്ക്ക് അവർക്ക് വിൽക്കാൻ കഴിയുമ്പോൾ നമുക്കിവിടെ ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ 54-55 രൂപയ്ക്കാണ് വിൽക്കാൻ സാധിക്കുന്നത്. അങ്ങനെ ഒരു കിലോഗ്രാമിന് 10 രൂപയുടെ വില വ്യത്യാസം ഉണ്ടാകുകയാണ്. കയർ പിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും അവർ ഉൽപ്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കാൻ സാധിക്കാത്ത അവസ്ഥയാണ് കേരളത്തിലുണ്ടായിരിക്കുന്നത്. ഇത് കയർ പിരി മേഖലയിലെ പതിനായിരക്കണക്കായ തൊഴിലാളികളെയും അവരുടെ പ്രൈമറി സംഘങ്ങളെയും പ്രതികൂലമായി ബാധിക്കുകയാണ്. വലിയ അരക്ഷിതാവസ്ഥയും തകർച്ചയും എന്നതിനപ്പുറത്ത് ജീവിക്കാൻ കഴിയാത്ത ഒരു പതനത്തിലേയ്ക്ക്, പട്ടിണിയുടെ അവസ്ഥയിലേയ്ക്ക് ഇന്ന് കേരളത്തിലെ കയർപിരി മേഖലയിലെ തൊഴിലാളികൾ എത്തിയിരിക്കുകയാണ്. കേരളത്തിന്റെ സാമൂഹിക വളർച്ചയ്ക്ക് ഉജ്ജ്വലമായ പങ്ക് വഹിച്ച കേരളത്തിലെ കയർ തൊഴിലാളികൾക്ക് ദയനീയമായ കഥ മാത്രമാണ് ഇന്ന് പറയാനുള്ളത്. അതുകൊണ്ട് സംസ്ഥാന സർക്കാരും കയർ വികസന വകപ്പും വളരെ ഗൗരവത്തോടുകൂടി ഈ രംഗത്ത് സംയോജിച്ച് പ്രവർത്തിച്ചില്ലെങ്കിൽ കൂട്ട ആത്മഹത്യയും പട്ടിണി മരണവുമുണ്ടാകുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. കയർ ഫാക്ടറികൾ സ്ഥാപിക്കാൻ വലിയ തുക വായ്പയെടുത്ത ചെറുകിട വ്യവസായ ഫാക്ടറി ഉടമകൾ ഇന്ന് വലിയ കടക്കെണിയിലാണ്. കയർ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി തമിഴ്നാട് ഗവൺമെന്റ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ ധാരാളം സൗകര്യങ്ങൾ ചെയ്തു കൊടുക്കുമ്പോൾ നമ്മുടെ സർക്കാർ കാര്യമായി ഒന്നും ചെയ്യാത്ത അവസ്ഥയാണ്. നൂറോ നൂറ്റിയിരുപതോ കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ കയർ വ്യവസായത്തിനുവേണ്ടി നീക്കിവച്ചുവെങ്കിലും ധനകാര്യ വകുപ്പിന്റെ കടുംപിടുത്തംമൂലം ആ പരിമിത തുകപോലും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. കയർ വകുപ്പിനും ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നാണ് കയർ കോർപ്പറേഷന്റെ അനുഭവം തന്നെ ചൂണ്ടിക്കാണിക്കുന്നത്. ചകിരിക്ക് സബ്സിഡി ഏർപ്പെടുത്തുകയും തൊണ്ട് സംഭരണം വ്യാപകമാക്കുകയും ആധുനികവൽക്കരണം കൊണ്ടുവരികയും വേണം. നമ്മുടെ ചെറുകിട ഉൽപ്പാദന മേഖലയേയും പരമ്പരാഗത തൊഴിൽ മേഖലയേയും കയർപിരി മേഖലയേയും പുനഃസംഘടനയ്ക്ക് വിധേയമാക്കണം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷന്റെ ശിപാർശകൾ മാറ്റങ്ങളോടുകൂടിയാണെങ്കിലും നടപ്പാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിന്റെ തീരപ്രദേശം വറുതിയുടെയും പട്ടിണിയുടെയും ദുരിതത്തിന്റെയും കയങ്ങളിലേയ്ക്ക് ആണ്ടുപോകുമെന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ യാതൊരു സംശയവുമില്ല. കയർ തൊഴിലാളിക്ക് ഉജ്ജ്വലമായ സമരകഥയുണ്ട്. പോരാട്ടങ്ങളുടെ ഉജ്ജ്വലമായ സമരകഥ പറയുന്ന കയർ തൊഴിലാളിക്ക് ഇന്ന് ദയനീയമായ സ്ഥിതിയാണ് പറയാനുള്ളത്. അതുകൊണ്ട് വളരെ ഗുരുതരാവസ്ഥയിലായ കയർ വ്യവസായത്തെ രക്ഷിക്കുന്നതിനും അതിനെ ഈ സംസ്ഥാനത്തു തന്നെ സംരക്ഷിച്ചു നിർത്തുന്നതിനും ആ മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കായ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

12.00 Noon]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, കയർ വ്യവസായ മേഖല നേരിടുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് കയർ മേഖല. ഈ മേഖലയെ സംരക്ഷിക്കാനും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് 90,90,000 രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഇടക്കാല ആശ്വാസമെന്ന നിലയിൽ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർ ഫെഡിന് 2013-14 സാമ്പത്തിക വർഷം 4,86,20,000 രൂപ നൽകുകയുണ്ടായി. കയർ ഫെഡ് 2013 നവംബർ മാസം മുതൽ 2014 മെയ് മാസം 23-ാം തീയതി വരെ 12,04,81,802 രൂപ വില വരുന്ന 43710.82 ക്വിന്റലും 06.08.2014 മുതൽ 5-9-2014 വരെ 4,35,86,658 രൂപ വില വരുന്ന 16,040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകുകയുണ്ടായി. ഏതാണ്ട് എല്ലാ കയർ സഹകരണ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തനമൂലധനം വർദ്ധിപ്പിച്ചുനൽകി. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. എൻ.എച്ച്.ഡി.സി. മുഖാന്തിരം ലഭിക്കുന്ന കേന്ദ്രസർക്കാർ പദ്ധതിയായ ട്രാൻസ്പോർട്ടേഷൻ സബ്സിഡി പദ്ധതി കേരളത്തിൽ നിന്നും സംഭരിക്കുന്ന കയറിനും അർഹതയുണ്ടെങ്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കയറിന്റെ മുൻവർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

വിറ്റുവരവിന്റെ പത്തുശതമാനമാണ് സഹകരണ സംഘങ്ങൾക്ക് പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.) ആയി അനുവദിക്കുന്നത്. കയർപിരി തൊഴിലാളികൾക്ക് ത്രിഫ്റ്റ്, ഗ്രാറ്റുവിറ്റി മറ്റ് ആനുകൂല്യങ്ങൾ എന്നിവ അതാത് സംഘങ്ങളോ സ്ഥാപനങ്ങളോ തന്നെയാണ് നൽകേണ്ടത്. ഏതെങ്കിലും സർക്കാർ ഫണ്ടിൽ നിന്നും ഇവ ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. ഉൽപ്പന്നമേഖലയിൽ 360 രൂപ ഇപ്പോൾ തന്നെ മിനിമം കൂലിയായി ലഭിക്കുന്ന സാഹചര്യത്തിൽ ഇൻകം സപ്പോർട്ട് പദ്ധതി ഫാക്ടറി മേഖലയിൽ നടപ്പാക്കാൻ നിലവിലെ മാനദണ്ഡപ്രകാരം കഴിയുകയില്ല. ക്രയവില സ്ഥിരതാ പദ്ധതി ഉൾപ്പെടെ നടപ്പാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 15 കോടി രൂപയിൽ നിന്നും 4,72,50,000 രൂപ കയർ കോർപ്പറേഷന് നൽകുന്നതിന് ഭരണാനുമതി ലഭിച്ചതിൽ നിന്നും രണ്ട് കോടി രൂപ ഇതിനകം കോർപ്പറേഷന് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ബാക്കി തുക നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. 2014 ആഗസ്റ്റ് വരെയുള്ള 8 മാസത്തെ കയർത്തൊഴിലാളി പെൻഷൻ തുക 4,500 രൂപയും കുടുംബ പെൻഷനായി 27,47,74,100 രൂപയും നൽകിക്കഴിഞ്ഞിട്ടുണ്ട്. വിവാഹം, ചികിത്സ, പ്രസവാനുകൂല്യം, വിദ്യാഭ്യാസം, സ്വാധീനശേഷിയില്ലായ്മ, ശവസംസ്കാരം, അപകട മരണം തുടങ്ങിയ വിവിധ ധനസഹായ പദ്ധതിപ്രകാരം 2013-14 സാമ്പത്തിക വർഷം 33352 പേർക്കായി 1,72,57,250 രൂപയും ക്ഷേമനിധി ബോർഡുവഴി വിതരണം ചെയ്തു. ദീർഘനാളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു കാര്യമാണ് ചേർത്തലയിൽ ഒരു കയർ പ്രോജക്ട് ഓഫീസ് ആരംഭിക്കണമെന്നത്. അക്കാര്യം ബഹുമാനപ്പെട്ട അംഗം തന്നെ ഈ സഭയിൽ നേരത്തെ ഉന്നയിച്ചിരുന്നതാണ്. ഈ മാസം 13-ാം തീയതി അതിന്റെ പ്രവർത്തനമാരംഭിക്കാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ആധുനിക സ്പിന്നിംഗ് മെഷീനുകൾ, ഇലക്ട്രോണിക് റാട്ട് തുടങ്ങിയവ ഇപ്പോൾ തന്നെ നൽകുന്നുണ്ട്. പരിഷ്കരിച്ച 125 ഡീഫൈബറിംഗ് മെഷീനും 5717 ഇലക്ട്രോണിക് റാട്ടുകളും നിർമ്മിച്ചുനൽകാൻ കയർ മെഷിനറി ഫാക്ടറിക്ക് ഫണ്ട് നൽകിയിട്ടുണ്ട്. ആവശ്യമനുസരിച്ച് ആധുനിക മെഷിനറികൾ നൽകുന്നതാണ്.

ഈ വ്യവസായം തമിഴ്നാട്ടിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഒരർത്ഥത്തിൽ അതിൽ കുറേ യാഥാർത്ഥ്യങ്ങളുണ്ട്. തമിഴ്നാട്ടിൽ ചകിരി ഉൽപ്പാദന രംഗത്ത് തമിഴ്നാട് ഗവൺമെന്റ് കുറേ അധികം പ്രോത്സാഹനങ്ങൾ കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അവിടെ കുറേയധികം കാര്യങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങ് പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം ഇത് മെക്കനൈസേഷനിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട് എന്നതാണ്. ഇപ്പോൾ 40 ശ്രൂപയ്ക്ക് ഇവിടെ ചകിരി കിട്ടാനുള്ള സൗകര്യമുള്ളപ്പോൾ അതിനേക്കാൾ കൂടുതൽ വിലയാണ് ഇവിടത്തെ ഉൽപ്പാദനച്ചെലവ് വരുന്നതെന്ന യാഥാർത്ഥ്യം ഈ രംഗത്ത് നിൽക്കുന്ന എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞ കാര്യങ്ങളൊക്കെ ഒരുപക്ഷെ ശരിയായിരിക്കാം. ഞാൻ അതിനെ ഡിസ്പ്യൂട്ട് ചെയ്യുകയോ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുകയോ അല്ല. എന്നാൽ അങ്ങ് കരുതുന്നതിനെക്കാൾ ഗൗരവമുള്ള ഒരു അവസ്ഥാവിശേഷമാണുള്ളത്. ഈ വ്യവസായം കേരളത്തിൽ അസ്തമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സഭാസമ്മേളനം കഴിയുന്നതിനുമുമ്പുതന്നെ ഇവിടെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ഒരു യോഗം വിളിച്ച് അവർക്ക് പറയാനുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനുള്ള സന്ദർഭമുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. അടൂർ പ്രകാശ് : സർ, തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതാണ്. നമുക്ക് ആലോചിച്ച് ഒരു തീയതി നിശ്ചയിക്കാവുന്നതാണ്. അങ്ങ് പറഞ്ഞ കാര്യം നൂറു ശതമാനവും ഞാൻ അംഗീകരിക്കുന്നു. ഇക്കാര്യങ്ങൾ ചർച്ചയിലൂടെ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് മെക്കനൈസേഷന്റെ കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങയുടെ മറുപടി തുടങ്ങിയിട്ട് ഏഴ് മിനിട്ടായി.

ശ്രീ. അടൂർ പ്രകാശ് : സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണ്. ഞാൻ ഉടനെ അവസാനിപ്പിക്കാം. മെക്കനൈസേഷനിലൂടെ മാത്രമേ നമ്മുടെ ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവന്ന് വില നിയന്ത്രിക്കാൻ കഴിയൂ. അതുകൊണ്ട് തീർച്ചയായും ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ മെക്കനൈസേഷനിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്. തമിഴ്നാട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും അതു തന്നെയാണ്. നമ്മുടെ ഡിപ്പാർട്ടുമെന്റും അതുതന്നെ ആലോചിക്കുകയാണ്. മെക്കനൈസേഷൻ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. തീർച്ചയായും നമ്മുടെ സഹകരണ സംഘങ്ങളെ അത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സഹായിച്ചുകൊണ്ട് ഉൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഇപ്പോൾ നമ്മുടെ എക്സ്പോർട്ടിന്റെ കാര്യത്തിൽ തന്നെ കുറേയധികം വർദ്ധനവുണ്ടായിട്ടുണ്ട്. ഇല്ലെന്ന് പറയാൻ കഴിയില്ല. 2010-11 കാലഘട്ടത്തിൽ 807 കോടി രൂപയുടെ എക്സ്പോർട്ടാണ് കേരളത്തിലെ കയർ വ്യവസായ രംഗത്ത് നടന്നിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷത്തിൽ അത് 1052 കോടി രൂപയായും 2012-13 സാമ്പത്തിക വർഷത്തിൽ 1116 കോടി രൂപയായും 2013-14 സാമ്പത്തിക വർഷത്തിൽ 1476 കോടി രൂപയായും വർദ്ധിക്കുകയുണ്ടായി. ഇതെല്ലാം കേരളത്തിൽനിന്ന് എക്സ്പോർട്ട് ചെയ്യുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ അങ്ങനെ അവകാശപ്പെടുന്നില്ല എന്നുപറയുമ്പോഴും ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, ഇതിൽ 50 ശതമാനത്തിലധികം നമ്മൾ തന്നെയാണ് എക്സ്പോർട്ട് ചെയ്യുന്നതെന്ന കാര്യം കണക്കുകളിൽ വളരെ വ്യക്തമാണ് എന്നതാണ്. അതിന്റെ കണക്കുകളൊക്കെ എന്റെ കൈവശമുണ്ട്. 2013-14 സാമ്പത്തിക വർഷം 1476 കോടി രൂപയുടെ എക്സ്പോർട്ട് നടത്തിയപ്പോഴും അതിൽ 745 കോടി രൂപയുടെ എക്സ്പോർട്ട് കേരളത്തിൽ നിന്നുള്ള ഉൽപ്പന്ന ങ്ങളായിരുന്നു. അതുകൊണ്ട് ഒരു വർദ്ധനവ് ഏതായാലും ഉണ്ടായിട്ടുണ്ട്. 150 രൂപയായിരുന്നു ഞങ്ങൾ അധികാരത്തിൽ വന്ന സമയത്ത് കയർപിരി മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരുന്ന കൂലി. അത് അടുത്ത വർഷം 210 രൂപയായും പിന്നീട് 260 രൂപയായും ഇപ്പോൾ 300 രൂപയായും വർദ്ധിപ്പിച്ച് കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളെ ഈ രംഗത്ത് നിലനിറുത്തുന്നതിനുവേണ്ടി അവർക്ക് ന്യായമായ കൂലി ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഈ വ്യവസായത്തെ പിടിച്ചുനിർത്തുന്ന തിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ: സർ, കയർ ഉല്പാദനത്തിനാവശ്യമായ ചകിരി ഇവിടെ ഉല്പാദിപ്പിക്കാത്തതാണ് ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് ഏറ്റവും പ്രധാനമായ കാര്യം. അതിനുവേണ്ടി തൊണ്ട് സംഭരണം വ്യാപകമായി നടത്തണ മെങ്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും മറ്റു സബ്സിഡികളും കൊടുത്തെങ്കിലേ കഴിയൂ എന്നത് യാഥാർത്ഥ്യമാണ്. അങ്ങനെ തൊണ്ടിനും ചകിരിക്കും സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് ഉല്പാദനച്ചെലവ് കുറയ്ക്കാനും കൂടുതൽ ഉല്പാദനക്ഷമതയുള്ള യന്ത്രങ്ങൾ ആവിഷ്കരിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടത് സർക്കാരാണ്.



LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇവിടെ ഇൻട്രൊഡ്യൂസ് ചെയ്ത എല്ലാ യന്ത്രങ്ങളും പരമ്പരാഗതമായി കയർപിരിക്കുന്ന യന്ത്രങ്ങളുടെയത്രപോലും ഉല്പാദനക്ഷമതയില്ലാത്തതുകൊണ്ടാണ് ആ രംഗത്ത് വിജയിക്കാതെ പോയത്. എന്നാൽ തമിഴ്നാട് ആ രംഗത്ത് വളരെ വലിയ പുരോഗതി ഉണ്ടാക്കിയിരിക്കുന്നു. നിലവിലുള്ള തൊഴിലാളികളെ സംരക്ഷിച്ചു കൊണ്ട് അവർക്ക് തൊഴിൽ നഷ്ടപ്പെടാത്ത രൂപത്തിൽ യന്ത്രവത്കരണം നടത്തുന്നതിന് ആരും എതിരല്ലെന്നത് മിക്കവാറും എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഒരുപോലെ പറഞ്ഞിട്ടുള്ളതാണ്. വ്യവസായികൾക്ക് ഉൾപ്പെടെ ഇൻസെന്റീവ് കൊടുത്തുകൊണ്ട് ഈ വ്യവസായത്തെ നമ്മുടെ സംസ്ഥാനത്തു തന്നെ സംരക്ഷിച്ചു നിർത്തുന്നതിന് സമഗ്രമായ പുനഃസംഘടന നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, തൊണ്ട് സംഭരണത്തിന്റെ കാര്യം അങ്ങ് പറഞ്ഞു. ചകിരിനാര് ഉല്പാദിപ്പിക്കുകയെന്നതാണ് പ്രധാന കാര്യം. ആധുനികവത്കരണത്തിന്റെ ഭാഗമെന്ന നിലയിൽ ചകിരി നാര് ഉല്പാദിപ്പിക്കുന്നതിനു വേണ്ടി കറ്റമറ്റ മിനി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. 125 ഡീഫൈബറിംഗ് മെഷീനുകൾ കാലതാമസമില്ലാതെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു അതിനുള്ള ഉത്പാദനം നടന്നുകൊണ്ടിരിക്കുന്നു. കയർ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി 5717 ഇലക്ട്രോണിക് റാട്ടുകൾ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു. അതും സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടിയാണ്. യാതൊരു കാരണവശാലും ഈ രംഗത്തുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന പ്രശ്നമുണ്ടാകില്ല. ആധുനികവത്കരണത്തിലൂടെ കൂടുതൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽത്തന്നെ അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്ന് 21 സബ്മിഷനുകളുണ്ട്. 21 സബ്മിഷനുകളും അവതരിപ്പിച്ച് അതിന് മറുപടിയും പറഞ്ഞുകഴിയുമ്പോൾ ധാരാളം സമയമെടുക്കും. അതുകൊണ്ട് സബ്മിഷന്റെ മറുപടി മേശപ്പുറത്ത് വച്ചാൽ മതിയോ?........

എല്ലാവരുടെയും അഭിപ്രായം സബ്മിഷൻ അവതരിപ്പിക്കണമെന്നായതു കൊണ്ട് സബ്മിഷനിലേക്ക് കടക്കാം.

LIBRARY ARCHIVES Kerala Legislative Assembly

# VII സബ്മിഷൻ

## 1. കൺസ്യൂമർഫെഡിന്റെ സംരക്ഷണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, വിലക്കയറ്റം കൊണ്ട് നട്ടംതിരിയുന്ന ജനങ്ങൾക്ക് തെല്ല് ആശ്വാസം നൽകിവന്നിരുന്ന കൺസ്യൂമർഫെഡ് ഇന്ന് തകർച്ച നേരിടുകയാണ്. ഗവൺമെന്റിന്റെയും മാനേജ്മെന്റിന്റെയും നയങ്ങളുടെ പാളിച്ചയും കെടുകാര്യസ്ഥതയുമാണ് ഇതിനുകാരണം. ഗവൺമെന്റ് നിർദ്ദേശ പ്രകാരം നടത്തിയ സബ്സിഡി വിൽപ്പനയുടെ ഭാഗമായി 420 കോടിയോളം രൂപയാണ് ഗവൺമെന്റിൽനിന്നും കൺസ്യൂമർഫെഡിന് നൽകാനുള്ളത്. ഈ തുക ലഭിക്കാത്തതിനാൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് ഈ സ്ഥാപനം. കൺസ്യൂമർഫെഡ് വിതരണക്കാരിൽനിന്നു വാങ്ങിയ സാധനങ്ങളുടെ വിലയായി 350 കോടിയോളം രൂപ കൊടുത്തു തീർക്കാനുണ്ട്. ഇത് നൽകാത്തതുമൂലം വിതരണക്കാർ സാധനങ്ങൾ നൽകുന്നതിന് തയ്യാറാകുന്നില്ല. വിൽപ്പന കേന്ദ്രങ്ങളിൽ സാധനങ്ങൾ ഇല്ലാത്തതിനാൽ വ്യാപാരം നടക്കാതെ സ്ഥാപനം പൂട്ടിയിടുന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു. വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നായി 480 കോടിയോളം രൂപ കൺസ്യൂമർഫെഡ് വായ്പയായും ഡെപ്പോസിറ്റായും വാങ്ങിയിട്ടുണ്ട്. ഇവയുടെ പലിശ മാത്രം ഒരു വർഷം 42 കോടി രൂപയിലധികം വരും. പലിശയും മുതലും കൊടുക്കാത്തതിനാൽ ഈ സഹകരണ സ്ഥാപനങ്ങൾ കൺസ്യൂമർഫെഡിനെതിരെ കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ധനപ്രതിസന്ധിമൂലം കൺസ്യൂമർഫെഡിന്റെ പ്രവർത്തനം ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇതിനുപുറമേ ഈ സർക്കാർ പുറംവാതിലിലൂടെ നാലായിരത്തിലധികം ദിവസ വേതനക്കാരെയും മാനേജ്മെന്റ് ട്രെയിനികളെയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് ശമ്പളം നൽകുന്നതിനുമാത്രം 41 കോടി രൂപ ഒരു വർഷം ആവശ്യമാണ്. ജീവനക്കാരുടെ പെരുപ്പംമൂലം വിറ്റുകിട്ടുന്ന തുക വേതനത്തിനും ശമ്പളത്തിനുംപോലും തികയാതെ വരികയും സ്ഥാപനം തകർച്ചയിലേയ്ക്ക് പോവുകയും ചെയ്യുന്നു. ഈ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ സമരത്തിലാണ്. കൺസ്യൂമർഫെഡ് എന്ന ജനകീയ സഹകരണ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനും വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസകരമായ ഈ സ്ഥാപനം നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൂടാതെ സർക്കാർ കൺസ്യൂമർഫെഡിന് കൊടുത്തുതീർക്കേണ്ട 420 കോടി രൂപ അടിയന്തരമായി കൊടുത്തുതീർക്കണമെന്നും ഞാൻ ആവശ്യ പ്പെടുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാനത്ത് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർഫെഡ്

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുവരുന്നു. ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി ത്രിവേണി, നീതി, നൻമ സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുൾപ്പെടെയുള്ള യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങൾ പൊതുവിപണി വിലയെക്കാൾ 20 ശതമാനം വിലക്കുറവിൽ വർഷം മുഴുവനും വിൽപ്പന നടത്തുന്നതിനായി 865 നൻമ സ്റ്റോറുകൾ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ 20-30 ശതമാനം വരെ സബ്സിഡിയോടെ വിപണന മേളകൾ കൺസ്യൂമർഫെഡ് നടത്തിവരുന്നു. ഉത്സവകാലത്ത് ഗവൺമെന്റ് സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ മുൻ സർക്കാർ നൽകേണ്ടിയിരുന്ന 372.74 കോടി രൂപയിൽ 117.71 കോടി രൂപ മാത്രമാണ് കഴിഞ്ഞ സർക്കാർ നൽകിയത്. 255.03 കോടി രൂപ കുടിശ്ശികയായിരുന്നു. മുൻ സർക്കാരിന്റെ അഞ്ചുവർഷക്കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാരിന്റെ മൂന്നര വർഷക്കാലയളവിൽ 229.50 കോടി രൂപ ഇതിനോടകം തന്നെ നൽകിക്കഴിഞ്ഞു. ഇതിനുപുറമെ, അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന തിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായവും ലഭ്യമാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ടിയിരുന്ന ബാധ്യത 255.03 കോടി രൂപയുൾപ്പെടെ ലഭ്യമാകാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൺസ്യൂമർഫെഡിന് ലഭിക്കാത്തതുമൂലം സാധനങ്ങൾ ലഭ്യമാക്കി യഥാസമയം വ്യാപാരികൾക്ക് തുക നൽകാൻ കഴിയാത്തതും ബാങ്കുകളിൽ നിന്ന് ലഭിച്ച തുകയ്ക്ക് ഭീമമായ തുക പലിശ നൽകേണ്ടി വരുന്നതും കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. ഇന്ന് ഉച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ ഈ യോഗത്തിൽ ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## 2. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരകം

ശ്രീ. ഹൈബി ഈഡൻ: സർ, വിശ്വപൗരനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അവർകൾക്ക് എറണാകുളത്ത് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ സഭയുടെ പൊതു വികാരമായി ഇത് അംഗീകരിക്കണമെന്നാണ് എന്റെ ആവശ്യം. ആദ്യ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരം, നിയമം, ജയിൽ, സാമൂഹ്യക്ഷേമം, വൈദ്യുതി, ജലം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രിയായിരുന്നു അദ്ദേഹം. 1973 മുതൽ സുപ്രീംകോടതി ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം എഴുപതിലധികം ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. എന്നും നീതി നിഷേധിക്കപ്പെടുന്നവന്റെ ശബ്ദമായി, സാധാരണക്കാരന്റെ നീതിക്കുവേണ്ടി പൊരുതിയിട്ടുള്ള പടയാളിയായിട്ടാണ് നമ്മൾ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. പ്രത്യേകിച്ച് കൊച്ചിക്കാരെ സംബന്ധിച്ച് ഏതൊരു സാമൂഹിക വിഷയത്തിലും കൊച്ചിയുടെ വികസനത്തിനുമെല്ലാം അദ്ദേഹം കൈക്കൊണ്ടിട്ടുള്ള നിലപാടുകളും നടത്തിയിട്ടുള്ള ഇടപെടലുകളുമെല്ലാം നമുക്ക് വ്യക്തമായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സ്മാരകമെന്ന നിലയിൽ ഒരു ലൈബ്രറി സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിൽ ജില്ലാ കോടതിയുടെ പിൻവശത്ത് അഞ്ചുസെന്റ് സ്ഥലം സർക്കാർ നൽകുകയുണ്ടായി. അക്കാര്യത്തിൽ ഞാൻ ഈ അവസരത്തിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകം നന്ദി അർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ പേരിലുള്ള ഒരു ഉചിതമായ സ്മാരകം, ഏറ്റവും മോസ്റ്റ് മോഡേണായ ലൈബ്രറി സമുച്ചയം എന്ന രൂപത്തിലാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അവിടെ അദ്ദേഹത്തിന്റെ നിയമ ഗ്രന്ഥങ്ങളും, നിയമ പുസ്തകങ്ങളും ഉൾപ്പെടുത്തി പുതിയ തലമുറയ്ക്ക് പഠിക്കാൻ ഒരു റിസർച്ച് സെന്ററായി വളർത്താനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിന് വേണ്ട ധനസഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് നൽകണം. ഇത് സഭയുടെ പൊതുവികാരമായി അംഗീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. അടുത്ത കാലത്ത് നമ്മെ വിട്ടുപിരിഞ്ഞ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കേരളത്തിന്റെയും ഭാരതത്തിന്റെയും ഏറ്റവും ഉത്തമനായ ഒരു പൗരനായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമ്മുടെ സമൂഹത്തിന് പല തലത്തിലും ഒരു മാതൃകയും ശക്തിയുമായിരുന്നു. അദ്ദേഹത്തെ എല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ പ്രവൃത്തി കൊണ്ടാണ്. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവൃത്തി എല്ലാവരാലും പ്രശംസിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. അദ്ദേഹത്തിന് ഒരു സ്മാരകം എന്ന ആശയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ശ്രീ. ഹൈബി ഈഡൻ ഇവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹത്തിന്റെ പേരിൽ നല്ല നിലയിലുള്ള ഒരു ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് എറണാകുളത്ത് അഞ്ച് സെന്റ് സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റ് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അഞ്ചു സെന്റ് സ്ഥലം അനുവദിക്കാൻ ക്യാബിനറ്റിൽ തീരുമാനമെടുത്തു. അദ്ദേഹത്തിന്റെ നൂറാം

ജന്മദിനം കൊണ്ടാടിയ അവസരത്തിൽ ഗവൺമെന്റിനുവേണ്ടി മന്ത്രി ശ്രീ. കെ. ബാബു ഈ സ്ഥലം അദ്ദേഹത്തിന് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ ഇവിടെ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് നിശ്ചയമായും പരിശോധിക്കും. അവിടെ അദ്ദേഹത്തിന് ഏത് വിധത്തിലുള്ള സ്മാരകം നിർമ്മിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് എല്ലാവരുമായി ആലോചിച്ച് തീരുമാനമുണ്ടാക്കുന്നതാണ്.

## 3. ആദിവാസി നില്പുസമരം

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ അഞ്ചുമാസക്കാലമായി കേരളത്തിന്റെ മനഃസാക്ഷിയെ നൊമ്പരപ്പെടുത്തുന്ന തരത്തിലാണ് സെക്രട്ടേറിയറ്റ് പടിക്കൽ ആദിവാസികളുടെ നില്പുസമരം നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് അതിനെ സംബന്ധിച്ച് 24-9-2014-ൽ കോൺഫറൻസ് വിളിച്ചു. അതിന്റെ തീരുമാനങ്ങൾ എന്താണെന്ന് വ്യക്തമല്ല. ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി കേന്ദ്രം 19600 ഏക്കർ ഭൂമി അനുവദിച്ചതാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ കാലത്ത് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളിൽ സാക്ഷികളായ മൂന്ന് മന്ത്രിമാർ ഈ മന്ത്രിസഭയിലുണ്ട്. അതിനുശേഷം 2002-ൽ ആകെ 677 കുടുംബങ്ങൾക്ക് മാത്രമാണ് ഭൂമി നൽകിയത്. അതോടുകൂടി അത് അവസാനിപ്പിച്ചു. അന്നൊരു കമ്മീഷൻ രൂപീകരിക്കണമെന്ന് പറഞ്ഞു, കമ്മീഷൻ രൂപീകരിച്ചു. എന്നാൽ കമ്മീഷൻ പ്രവർത്തനക്ഷമമല്ല. ഇവർക്കാവശ്യമായ ഭൂമി കൊടുക്കണമെന്ന് 3-4-2010-ൽ സുപ്രീം കോടതിയുടെ വിധിയുണ്ട്; 2004-ൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവുണ്ട്; 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ തീരുമാനമുണ്ട്. വസ്തുതകളല്ല, എല്ലാ രേഖകളും അങ്ങയുടെ മേശപ്പുറത്തുണ്ട്. തികച്ചും ഭൂമിക്കുവേണ്ടി; കുടിവെള്ളത്തിനുവേണ്ടി ആദിവാസികൾ നടത്തുന്ന ഈ സമരത്തിൽ പ്രതികരിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ആ സമരം അവസാനിപ്പിക്കാൻ ഗവൺമെന്റ് അടിയന്തരമായി തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം സി. ദിവാകരൻ ഇവിടെപ്പറഞ്ഞ ഈ പ്രശ്നം വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. ഇവരുടെ സമരത്തെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്നുവെന്നു പറയുന്നത് ശരിയല്ല. ഞാൻ തന്നെ നേരിട്ട് നാലുപ്രാവശ്യം ഇതുസംബന്ധിച്ച് യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ യോഗം ഇന്നലെ വൈകുന്നേരമാണ് ചേർന്നത്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, പട്ടികജാതി

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി, ഞങ്ങൾ നാലുപേരും ചേർന്നാണ് ഇന്നലെ ഏറ്റവുമൊടുവിൽ അവരോട് സംസാരിച്ചത്. അവരുടെ ആവശ്യങ്ങൾ ന്യായമാണെന്നു തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. ഭൂമിയുടെ കാര്യം അവർ ഉന്നയിക്കുന്നു, അതുപോലെ ആദിവാസി ഗ്രാമസഭാ നിയമം എന്നുള്ള ആവശ്യം ഗവൺമെന്റ് അംഗീകരിക്കുന്നു. അവരുടെ മറ്റു ജീവിത സൗകര്യ ങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെപ്പറഞ്ഞ 19000-ത്തോളം ഏക്കർ ഭൂമിയുടെ പ്രശ്നവും ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഗവൺമെന്റ് നടപടികൾ എടുക്കുന്നത്. അവർ പറഞ്ഞ ആവശ്യങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ, സമരം തീരുന്നില്ല. ആവശ്യങ്ങൾ ചർച്ച ചെയ്യും, ഗവൺമെന്റ് അംഗീകരിക്കും, അതിനെ അവർ സ്വാഗതം ചെയ്യും. പക്ഷേ, അത് നടപ്പിലാക്കിക്കഴിഞ്ഞാൽ മാത്രമേ സമരം അവസാനിപ്പിക്കൂ എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട സി. ദിവാകരനറിയാം, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. അവിടെ ഫോറസ്റ്റിന്റെ പ്രശ്നങ്ങൾ വരും, വനാവകാശ നിയമത്തിന്റെ പ്രശ്നങ്ങൾ വരും, അങ്ങനെ ഓരോരോ പ്രശ്നങ്ങൾ വരും. അവർക്ക് എന്ന് ഭൂമി കൊടുക്കാം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ വേണ്ടിയാണ് ഞങ്ങൾ ഇന്നലെ കോൺഫറൻസ് വിളിച്ചത്. വയനാട്ടിൽ 500 പേർക്കും അട്ടപ്പാടി ഉൾപ്പെടെ പാലക്കാട് ജില്ലയിൽ 1000 പേർക്കും ജനുവരി രണ്ടാമത്തെ ആഴ്ചയിൽ ഭൂമി കൊടുക്കാമെന്ന തീരുമാന മെടുത്തിട്ടാണ് യോഗം വിളിക്കുന്നത്. അവർ പറഞ്ഞ ആദിവാസി നിയമം ക്യാബിനറ്റ് പാസ്സാക്കി. പക്ഷേ, അവർ പറയുന്നതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം പറയുന്ന രാഷ്ട്രീയ പാർട്ടികളുടെ സംഘടനകളുണ്ട്. അവരുടെ അഭിപ്രായം കൂടി ഗവൺമെന്റിന് അറിയണം. ആ അഭിപ്രായം കൂടി കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഈ സമരത്തെ വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. അതിനകത്ത് അവർ പറയുന്ന ആവശ്യങ്ങൾ ന്യായമായതാണെന്ന് ഗവൺമെന്റ് കരുതുന്നു. അതുകൊണ്ടുതന്നെ അംഗീകരിച്ചു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ സമരം തീരാത്തത് ഈ ഒരു സാഹചര്യത്തിലാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട രണ്ട് മന്ത്രിമാർ തുടർചർച്ചകൾ നടത്തും, അതിനുശേഷം വീണ്ടും അവരുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാമെന്ന പ്രതീക്ഷയിലാണ് ഇന്നലെ വൈകിട്ട് യോഗം പിരിഞ്ഞത്. ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായ ഒരു സമീപനം സ്വീകരിച്ചേ മതിയാകൂ. കാരണം ഗവൺമെന്റിന്റെ പരിപാടികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി അവരുടേതായ ഒരു ഇനിഷ്യേറ്റീവ് ഉണ്ടാകുന്നില്ല. നമ്മൾ അങ്ങോട്ടുകൊണ്ട് കൊടുക്കേണ്ടി വരും. ആ രീതിയിലുള്ള ഒരു സമീപനം അക്കാര്യത്തിൽ എടുത്തേ മതിയാകൂ. അട്ടപ്പാടി, വയനാട് തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിലും ഒറ്റപ്പെട്ടുകഴിയുന്ന കോളനികളിലും അങ്ങനെ ഒരു സമീപനമുണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

## 4. ട്രാവൻകൂർ റയോൺസിന്റെ ഭൂമിയിൽ പുതിയ സംരംഭങ്ങൾ

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഞാൻ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ച വിഷയമാണിത്. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പതിമൂന്നര വർഷമായി പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിലേറിയ ഉടനെ തന്നെ അടച്ചതാണ്. അന്ന് 1400 തൊഴിലാളികളുണ്ടായിരുന്നു. 1992-നുശേഷം പിരിഞ്ഞുപോയവരുൾപ്പെടെ 2060 പേർക്കായി ലഭിക്കാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. പലരും മരിച്ചു പോയി. നിരവധി പേർ ആത്മഹത്യ ചെയ്തു. പുനരുദ്ധാരണ പദ്ധതികളൊന്നും നടപ്പിലായില്ല. മുൻസർക്കാർ ഇത് ഏറ്റെടുക്കാനുള്ള ഓർഡിനൻസ് കൊണ്ടു വന്നെങ്കിലും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയില്ല. 5000 രൂപ വീതം 2009 മുതൽ കൊടുത്തിട്ടുണ്ട്. തൊഴിലാളികളുടെ ആനുകൂല്യങ്ങളും ബാങ്ക്- ധനകാര്യ സ്ഥാപനങ്ങളുടെ ബാധ്യതകളും കൊടുത്തുതീർത്താൽ 67 ഏക്കർ സ്ഥലം വ്യവസായ ആവശ്യത്തിനായി ലഭിക്കും. റയോൺസിന്റെ പ്രശ്നത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ നേതാക്കളും സർക്കാരിനൊപ്പമുണ്ടാകും. മുമ്പ് സർക്കാർ, തീരുമാനമെടുക്കേണ്ട അവസ്ഥയായിരുന്നുവെങ്കിൽ ഇന്ന് എടുത്ത തീരുമാനത്തിലെ ഉത്തരവ് നടപ്പാക്കിയാൽ മതിയാകും. റയോൺസിന്റെ ബാധ്യതകൾ കിൻഫ്രയുടെ ബഡ്ജറ്റ് ഉപയോഗിച്ച് തീർപ്പാക്കുന്നതിനും കമ്പനിയുടെ കൈവശമുള്ള ഭൂമിയും ആസ്തികളും വ്യവസായ പാർക്കിനായി കിൻഫ്രയ്ക്ക് കൈമാറുന്നതിനും തത്വത്തിൽ അംഗീകാരം നൽകി ജി.ഒ. (എംഎസ്.) നമ്പർ 42/2014/വ്യവ. നമ്പരായി 24-3-2014-ൽ ഉത്തരവിറങ്ങിയതാണ്. 14-ാം ലോകസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്നും ഉത്തരവിലുണ്ട്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറുമാസവും ഉത്തരവിറങ്ങി 8 മാസവും കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരു തീരുമാനം എത്രയും പെട്ടെന്നുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ, ധനകാര്യ വകുപ്പുമന്ത്രിമാരും ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ നൽകി ഇത് പരിഹരിച്ചാൽ 67 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാൻ സാധിക്കും. അത് കേരളത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്ന കാര്യം വളരെ വിനയപൂർവ്വം അറിയിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ട്രാവൻകൂർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം കിൻഫ്ര ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഫണ്ട് കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. ഇതുസംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസ് വേഗം തീർക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

## 5. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ നിയമം

ശ്രീ. എ. പ്രദീപ്കുമാർ: സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള ചില പ്രശ്നങ്ങളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മൾട്ടിലെവൽ മാർക്കറ്റിംഗ് ഇന്ത്യയിൽ വികസിച്ചുവരുന്ന മേഖലയാണ്. പതിനായിരക്കണക്കിന് അഭ്യസ്ത വിദ്യരായ തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുവരുന്നുണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ മിക്ക രാജ്യങ്ങളിലും നിയമങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യയിൽ അത്തരമൊരു നിയമം ഉണ്ടായിട്ടില്ല. ജനങ്ങളെ കബളിപ്പിക്കുന്ന മണിചെയിൻ പോലുള്ള തട്ടിപ്പുകൾ അരങ്ങേറുന്നത് ഈ സാഹചര്യത്തിലാണ്. അതുകൊണ്ടു തന്നെ മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് ന്യായമായി ജോലി ചെയ്യുന്നവരെ സംരക്ഷിക്കാൻ ഒരു നിയമം വേണമെന്ന് തൊഴിലാളി സംഘടനകൾ നേരത്തേ ആവശ്യപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വാണിജ്യ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഒരു നിയമം ഉണ്ടാക്കുമെന്ന് സർക്കാർ നേരത്തെ ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഈ തീരുമാനം ഉണ്ടായിട്ട് ഒരു വർഷം പിന്നിട്ടിട്ടും നിയമനിർമ്മാണം നടത്തിയിട്ടില്ല. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെ ക്രമീകരിക്കാനും തൊഴിലാളികൾക്ക് സംരക്ഷണം ലഭിക്കാനുതകുന്ന ഒരു നിയമം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ച കാര്യങ്ങൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് നടന്നുവരുന്ന മോശമായ പ്രവണതകൾ തടയുന്നതിനും നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നവർക്ക് സംരക്ഷണം നൽകുന്നതിനുമായി കേരള സ്റ്റേറ്റ് മൾട്ടിലെവൽ മാർക്കറ്റിംഗ് കൺട്രോൾ ആന്റ് റെഗുലേഷൻ ബിൽ 2014 തയ്യാറായിട്ടുണ്ട്. ഇതിന് നിയമ വകുപ്പിന്റെ പരിശോധന പൂർത്തിയായിരിക്കുകയാണ്. ഇനി നികുതി വകുപ്പിന്റെ അഭിപ്രായം കൂടി ലഭിക്കാനുണ്ട്. കൂടാതെ പ്രസിഡന്റിന്റെ അസെന്റും വേണം. ബിൽ ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.

## 6. ക്യാൻസർ രോഗികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഭയാനകമായ വിധത്തിലാണ് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത്. ക്യാൻസർ രോഗികളിൽ ഏറ്റവും കൂടുതൽ മലബാർ ജില്ലകളിൽ നിന്നുള്ളവരാണ്. രോഗികളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചുനോക്കിയാൽ മലബാറിൽ നിന്നുള്ള രോഗികളാണ് ആർ.സി.സി.യെ ആശ്രയിക്കുന്നതെന്ന് കാണാൻ കഴിയും. മലബാർ ഭാഗത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്ന തീവണ്ടികളിൽ മിക്കവാറും കോച്ചുകളിൽ ഈ രോഗികളാണ് കയറി ഇങ്ങോട്ട് വരുന്നതെന്ന കാര്യം മലബാറിൽ നിന്നുള്ള എം.എൽ.എ.മാർക്ക് അറിയാവുന്ന കാര്യമാണ്. അങ്ങനെ വരാൻ കാരണം, മലബാർ പ്രദേശത്ത് വിശ്വസനീയവും ആധുനിക സൗകര്യങ്ങളുള്ളതും ശ്രദ്ധേയവുമായ സ്ഥാപനങ്ങൾ ഈ ചികിത്സാ മേഖലയിൽ ഇല്ലായെന്നുള്ളതു കൊണ്ടാണ്. ഒരു പരിധിവരെയെങ്കിലും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നത് പരിയാരത്തുള്ള മെഡിക്കൽ കോളേജും തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററും കോഴിക്കോട് മെഡിക്കൽ കോളേജുമാണ്. അതിൽ മലബാർ ക്യാൻസർ സെന്ററിൽ രോഗികളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും രോഗികളെ ഫലപ്രദമായി പരിചരിക്കാൻ കഴിയാത്തവിധം ഡോക്ടർമാർപോലും ഇല്ലാത്ത അവസ്ഥയാണ്. ഇപ്പോൾത്തന്നെ ആറ് ഡോക്ടർമാർ അവിടെ നിന്ന് വിട്ടുപോയി. അതിനുള്ള കാരണം ആർ.സി.സി.ക്ക് തുല്യമായ സൗകര്യങ്ങൾ ആ ഡോക്ടർമാർക്ക് ചെയ്തു കൊടുക്കുന്നില്ല എന്നുള്ളതാണ്. മലബാറിന്റെ സിരാകേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയെന്നത് ഇപ്പോൾ ഒരു ഡിപ്പാർട്ടുമെന്റ് മാത്രമാണ്. അങ്ങനെ ഡിപ്പാർട്ടുമെന്റ് ആയതുകൊണ്ടുമാത്രമല്ല, അവിടെ ഇതുമായി ബന്ധപ്പെട്ട ടെസ്റ്റുകൾ പല

പ്രദേശങ്ങളിലായി പരന്നുകിടക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി 45 കോടി രൂപയുടെ ഒരു പ്രോജക്ട് അംഗീകരിച്ചിട്ടുണ്ടെന്നുള്ളത് കോഴിക്കോട്ടുള്ളവർക്ക് ഫ്ളെക്സ് ബോർഡുകളിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളൊന്നും അവിടെ നടന്നിട്ടില്ല. അതിന്റെ തൊട്ടടുത്തുള്ള മാവൂരിലെ തെങ്ങിലക്കടവിൽ ഒരു സ്വകാര്യ വ്യക്തി ഏഴ് ഏക്കറോളം ഭൂമിയും കെട്ടിടങ്ങളും ക്യാൻസർ ചികിത്സയ്ക്കുവേണ്ടി സൗജന്യമായി കൊടുത്തിട്ടുണ്ട്. മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട് ഏറ്റവും ഫലപ്രദവും ആധുനികരീതിയിലുള്ള വിദഗ്ദ്ധന്മാർ അടങ്ങുന്ന ഡോക്ടർമാർ ഉൾക്കൊള്ളുന്ന നല്ല ക്യാൻസർ ചികിത്സാ കേന്ദ്രം അനിവാര്യമായ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ആ പ്രൊപ്പോസലുകൾ പരിഗണിച്ച് രോഗികൾക്ക് ആശ്വാസം നൽകാൻ കഴിയുന്ന വിശ്വസനീയമായ സ്ഥാപനങ്ങളാക്കി പരിയാരം മെഡിക്കൽ കോളേജിനെയും മലബാർ ക്യാൻസർ സെന്ററിനെയും കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തെയും മാറ്റിയെടുക്കുകവഴി രോഗികൾക്ക് ആശ്വാസം നൽകാനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ജീവിതശൈലി രോഗങ്ങളിൽ കേരളം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്നാണ് ക്യാൻസർ. അതുകൊണ്ടുതന്നെ ക്യാൻസർ ചികിത്സയ്ക്കും ഗവേഷണത്തിനും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകുന്നത്. മലബാർ മേഖലയിലെ ചികിത്സയ്ക്ക് മാത്രമല്ല പൊതുവായ ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് എല്ലാ പ്രദേശങ്ങളിലും അതിനുവേണ്ട നടപടി ക്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള ക്യാൻസർ ചികിത്സാ വിഭാഗങ്ങളെ ഏകോപിപ്പിച്ച് Tertiary Cancer Care Centre-കൾ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. അതിനകത്ത് കോഴിക്കോട് മെഡിക്കൽ കോളേജുമുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ടുമെന്റ് കൂടാതെ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി ഡിപ്പാർട്ടുമെന്റുകളെ കൂടി ഉൾപ്പെടുത്തി മിനി ആർ.സി.സി.കളായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഇതിനായി ഓരോ വർഷത്തെയും സ്റ്റേറ്റ് പ്ലാനിൽ തുക വകയിരുത്തുകയും കേന്ദ്ര ഗവൺമെന്റ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അതുകൂടി ഉൾപ്പെടുത്തി ഘട്ടംഘട്ടമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വടക്കൻ

കേരളത്തിലെ ക്യാൻസർ രോഗികളുടെ ചികിത്സ ഉറപ്പാക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി ആധുനിക സംവിധാനമായ linear accelerator ഇതിനോടകം തന്നെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗപ്പെടുത്തി Tertiary Cancer Care സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. നാൽപ്പത്തിനാലരക്കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ മെഡിക്കൽ കോളേജിൽ പുതിയ ഒരു വാർഡ്, ഓപ്പറേഷൻ തീയേറ്റർ, സ്പെക്ട് ഗാമാ ക്യാമറ, പുതിയ ലീനിയർ ആക്സിലേറ്ററും ഉൾപ്പെടെ അഡീഷണലായിട്ടുള്ള സൗകര്യങ്ങളും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ തുക ഉപയോഗിച്ച് അനുവദിക്കുകയാണ്. അതോടൊപ്പം വിവിധ ക്യാൻസർ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ തന്നെ വിവിധ വിഭാഗം രോഗികൾക്ക് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ നൽകിവരുന്നുണ്ട്. കുട്ടികൾക്കായുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, സുകൃതം പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആർ.എസ്.ബി.വൈ., ചിസ് പ്ലസ് എന്നിവയിൽ ഉൾപ്പെടുത്തി പരമാവധി മികച്ച ചികിത്സ വിവിധ വിഭാഗം രോഗികൾക്ക് നൽകിവരുന്നുണ്ട്. 2001-ൽ സ്ഥാപിതമായ മലബാർ ക്യാൻസർ സെന്ററിന് നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനമൊഴികെ ക്യാൻസർ രോഗ ചികിത്സയ്ക്ക് ആവശ്യമായ എല്ലാവിധ ചികിത്സാ സൗകര്യങ്ങളുമുണ്ട്. മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യായി ഉയർത്തുന്നതിനുള്ള നടപടികളെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൻകീഴിൽ ക്യാൻസർ ബോധവത്കരണത്തിന്റെയും ക്യാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നേഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം മലബാർ ക്യാൻസർ സെന്റർ നൽകിവരുന്നുണ്ട്. എല്ലാ ജില്ലകളിലെയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികളും നടത്തിവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ ക്യാൻസർ രോഗികൾക്കായി നടപ്പിലാക്കുന്ന ചികിത്സാ ധനസഹായ പദ്ധതികൾ മലബാർ ക്യാൻസർ സെന്ററിലും നൽകി വരുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ പേഷ്യന്റ്സ് വെൽഫെയർ ഫണ്ടിൽ നിന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി സൗജന്യ ചികിത്സയും ഉച്ചഭക്ഷണവും നൽകിവരുന്നു. മലബാർ മേഖലയിലെ ക്യാൻസർ ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ വേങ്ങര മണ്ഡലത്തിലെ ഊരകത്ത് ഇൻകെൽ-ന്റെ ആഭിമുഖ്യത്തിൽ ആധുനിക ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ മലബാർ മേഖലയിലുള്ള മുഴുവൻ രോഗികളും തിരുവനന്തപുരം ആർ.സി.സി.യിലാണ് എത്തിച്ചേരുന്നത്. ഇവിടെ റീജിയണൽ ക്യാൻസർ സെന്ററിൽ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണവും ജോലിഭാരവും കണക്കിലെടുത്ത് ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി 167 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്ററിൽ ലോകോത്തര നിലവാരമുള്ള ചികിത്സാ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന് കഴിഞ്ഞ യു.പി.എ. സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 120 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. അത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മധ്യ കേരളത്തിലെ ക്യാൻസർ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി അന്താരാഷ്ട്ര നിലവാരമുള്ള ക്യാൻസർ സെന്റർ എറണാകുളത്ത് അനുവദിച്ചുകഴിഞ്ഞു. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 450 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ക്യാൻസർ രോഗത്തെ സംബന്ധിച്ച് ഗവേഷണ പദ്ധതികൾ വിഭാവന ചെയ്യുന്നു. ക്യാൻസർ ചികിത്സാ രംഗത്ത് വർദ്ധിച്ചുവരുന്ന ചെലവ് കണക്കിലെടുത്താണ് സൗജന്യ ചികിത്സാ പദ്ധതിയായ സുകൃതം പദ്ധതി നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചത്. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിലും, എറണാകുളത്തെ ജനറൽ ആശുപത്രിയിലും, ആർ.സി.സി., എം.സി.സി.യിലും ഈ സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. കുറഞ്ഞ വരുമാനമുള്ള 35 ലക്ഷം കുടുംബങ്ങൾക്കാണ് ആദ്യപടിയെന്ന നിലയിൽ സൗജന്യ ക്യാൻസർ ചികിത്സാ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക. നമ്മുടെ രാജ്യത്തുതന്നെ ക്യാൻസർ ചികിത്സ സൗജന്യമാക്കുന്ന

പദ്ധതി നടപ്പിലാക്കിയ ഏക സംസ്ഥാനവും കേരളമാണ്. ക്യാൻസർ ചികിത്സാ രംഗത്ത് അതീവ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകുന്നതെന്ന് ഈ കാരണങ്ങൾകൊണ്ട് തന്നെ സൂചിപ്പിക്കപ്പെടുന്നതാണ്. മലബാർ മേഖലയുടെ പ്രത്യേകമായ കാര്യങ്ങൾ പരിശോധിച്ചിട്ടാണ് മലബാർ ക്യാൻസർ സെന്ററിനും അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജിനും 45 കോടി രൂപ അഡീഷണലായി അനുവദിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

## 7. പാരമ്പര്യ വൈദ്യന്മാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, മലബാറിലെ പാരമ്പര്യ വൈദ്യന്മാരുടെ ചില പ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിന്റെയും ഭാരതത്തിന്റെയും അമൂല്യമായ സമ്പത്താണ് പാരമ്പര്യ വൈദ്യചികിത്സാ രീതി. ഇന്നത്തെ ആധുനിക രീതിയിലുള്ള വൈദ്യപഠനവും ചികിത്സാ കേന്ദ്രങ്ങളും വരുന്നതിനുമുമ്പ് നമ്മുടെ നാട്ടിൽ പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സ വളരെ ജനകീയവും പ്രസിദ്ധവും വ്യാപകവുമായിരുന്നു. ആ വിഭാഗത്തിൽപ്പെട്ട പ്രഗൽഭരായ വൈദ്യന്മാർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. വർഷങ്ങൾക്കുമുമ്പ് അവരുടെ വൈദ്യരംഗത്തെ കഴിവുകളും മറ്റും പരിശോധിച്ച് അവർക്ക് ചികിത്സിക്കാനും ആസവാരിഷ്ടങ്ങളുണ്ടാക്കാനും ആവശ്യമായിട്ടുള്ള L3 ലൈസൻസുകൾ അനുവദിച്ചിരുന്നു. അഞ്ചാറ് വർഷക്കാലമായി L3 ലൈസൻസുകൾ പുതുക്കിക്കൊടുക്കാത്തതിന്റെ ഭാഗമായി പാരമ്പര്യ വൈദ്യന്മാർ ഏറെ വിഷമതകൾ അനുഭവിക്കുകയാണ്. ഏതാണ്ട് എഴുന്നൂറിൽപ്പരം L3 ലൈസൻസുകാർ മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്. അവരുടെ ജീവിതാവസാനം വരെയെങ്കിലും L3 ലൈസൻസിൽ പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിന്റെ ആയുർവ്വേദ-സിദ്ധ-മർമ്മ-ബാല ചികിത്സ ഉടങ്ങിയ ഏത് ചികിത്സയ്ക്കും ഭാരതീയ ചികിത്സാ രീതിയനുസരിച്ച് ചികിത്സകനാകുന്നതിന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ അനിവാര്യമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നേടിയിട്ടില്ലാത്ത ഒരാൾക്ക് സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സാ രംഗത്ത് പ്രാക്ടീഷണർ ആകുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്നില്ല. അത് ശിക്ഷാർഹവുമാണ്. 1953-ലെ

LIBRARY ARCHIVES Kerala Legislative Assembly

Travancore-Cochin Medical Practitioners Act, Section 38 അനുശാസിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള വർക്കുമാത്രമെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. മാത്രമല്ല, 1970-ലെ Indian Medicine Central Council Act - Section 17-ഉം ഇപ്രകാരം അനുശാസിക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് ആയുർവ്വേദ ചികിത്സാ പ്രാക്ടീഷണർ എന്ന നിലയിൽ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിൽ ഇളവുകൾ അനുവദിക്കുന്നതിനോ രജിസ്ട്രേഷനില്ലാതെ ചികിത്സ നടത്തുന്നതിന് അനുവദിക്കുന്നതിനോ നിലവിലുള്ള നിയമത്തിൽ കഴിയുകയില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടങ്ങുന്ന രണ്ടംഗ ബഞ്ചിന്റെ 2003 ജനുവരി 8-ാം തീയതിയിലെ വിധിയിലും 1953 നിയമത്തിലെ നിർദ്ദേശാനുസരണം അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവർക്കുമാത്രമെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ആയുർവ്വേദ ചികിത്സാ രംഗത്ത് മെഡിക്കൽ പ്രാക്ടീഷണർ എന്ന നിലയിൽ പ്രവർത്തിക്കാനും അർഹതയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. 4-6-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ - കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് നടത്തുന്നതിനും അവരെ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും 4-6-2009-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി. പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാർക്കും സ്വയം പഠനം നടത്തി ഹോമിയോ പ്രാക്ടീസ് ചെയ്യുന്നവർക്കും കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി പ്രാക്ടീസ് ചെയ്യുന്നതിനും ബി ക്ലാസ് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ സ്വീകാര്യമായ ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ കമ്മിറ്റിക്ക് സാധിക്കാത്തതിനാൽ മലബാർ മേഖലയിൽപ്പെട്ട പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 1-1-2011 തീയതി കണക്കാക്കി 20 വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ചുകൊണ്ട് 1953-ലെ Travancore-Cochin Medical Practitioners Act -38-ാം വകുപ്പ് പ്രകാരം യഥാക്രമം പാരമ്പര്യ ആയുർവ്വേദ വൈദ്യവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥ ഇളവ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം രജിസ്ട്രേഷൻ നൽകിയ സർക്കാർ ഉത്തരവ് 26-4-2011-ൽ ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ എക്സംപ്ഷൻ നൽകുവാൻ കഴിയുകയില്ല. മേൽപ്പറഞ്ഞ വിഷയങ്ങളാണ് പ്രധാനമായും പാരമ്പര്യ വൈദ്യന്മാർ നേരിടുന്ന പ്രശ്നങ്ങളായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കോടതിയുടെ മുന്നിൽ നിൽക്കുന്ന കാര്യമായതുകൊണ്ട് ഗവൺമെന്റിന് തൽക്കാലം ഇടപെടാൻ കഴിയില്ല. കോടതി വിധി വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## 8. അകാരണമായി പോലീസ് കസ്റ്റഡിയിലെടുത്തതുമൂലം ജോലി നഷ്ടപ്പെട്ട സംഭവം

<u>ശ്രീ. ബി. സത്യൻ:</u> സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ തികഞ്ഞ അശ്രദ്ധയും അനാസ്ഥയും കൊണ്ട് സംഭവിച്ച വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. എന്റെ മണ്ഡലത്തിലെ കിളിമാനൂരിൽ ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരികയും അമ്മയും ഭാര്യയും കുഞ്ഞും അടങ്ങിയ നിരപരാധിയായ യുവാവിന്റെ കുടുംബം ഇപ്പോൾ അനാഥമാണ്. കിളിമാനൂർ സ്വദേശിയായ ബിജു, എറണാകുളത്ത് പ്രവർത്തിക്കുന്ന സി. എസ്. സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ സെക്യൂരിറ്റി സൂപ്പർവൈസറായി ജോലി ചെയ്തുവരികയാണ്. പോലീസ് ആസ്ഥാനത്ത് ബോംബ് ഭീഷണിയുണ്ടെന്നുപറഞ്ഞ് അദ്ദേഹം സന്ദേശം അയച്ചു എന്ന കാരണമുന്നയിച്ച് 8-ാം തീയതി നാലു മണിയോടുകൂടി അദ്ദേഹം ജോലി ചെയ്യുന്ന സ്ഥലത്തും കിളിമാനൂരിലെ അദ്ദേഹത്തിന്റെ വസതിയിലും സി.ഐ.യുടെ നേതൃത്വത്തിൽ രണ്ട് വാഹനങ്ങളിലായി പോലീസ് എത്തുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ അപ്പോൾത്തന്നെ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചു. അവിടെയുള്ള സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചാൽ അദ്ദേഹം ജോലിയിലായിരുന്നോയെന്നും ഫോൺ വിളിച്ചോ ഇല്ലയോ എന്നും വ്യക്തമായി അറിയാം. സൈബർ സെല്ലിന്റെയും ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം വിളിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ കേസെടുക്കാനും അത് അന്വേഷിക്കാനും ആവശ്യമായ

എല്ലാ സംവിധാനങ്ങളും നിലനിൽക്കവേ കൂടെയുള്ള ജീവനക്കാരുടെയും നാട്ടുകാരുടെയും മുന്നിൽവച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും തുടർന്ന് മ്യൂസിയം സ്റ്റേഷനിലും കന്റോൺമെന്റ് സ്റ്റേഷനിലും അദ്ദേഹത്തെ ചോദ്യം ചെയ്യുകയും രാത്രി വളരെ വൈകി വിട്ടയയ്ക്കുകയും ചെയ്തു. അദ്ദേഹം നിരപരാധിയാണെന്നുകണ്ട് വിട്ടയച്ചപ്പോൾ, ഇത് പത്രവാർത്തയിൽ വന്നാൽ എന്റെ ജോലി നഷ്ടപ്പെടുമെന്നും ഞാൻ നിരപരാധിയാണെന്നും അതുകൊണ്ട് ദയവായി ഈ വിവരങ്ങൾ പുറത്തുവരരുതെന്നും പോലീസ് ഉദ്യോഗസ്ഥരോട് അദ്ദേഹം പറഞ്ഞിട്ടും പിറ്റേ ദിവസം പത്രമാധ്യമങ്ങളിൽ വലിയ വാർത്ത വരികയും ചെയ്തു. ചില മാധ്യമങ്ങളിൽ അദ്ദേഹം ഒളിവിലാണെന്നും മറ്റുചില മാധ്യമങ്ങളിൽ ഇദ്ദേഹമാണ് ഇത് ചെയ്തതെന്നും വാർത്ത വരികയും തുടർന്ന് അദ്ദേഹത്തെ ജോലിയിൽനിന്ന് പിരിച്ചുവിടുകയും ചെയ്തു. അന്ന് രാത്രി തന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഇക്കാര്യം സംസാരിക്കുകയും എന്റെയും ബിജുവിന്റെയും നിവേദനം ആഭ്യന്തര വകുപ്പുമന്ത്രിക്ക് എത്തിക്കുകയും ചെയ്തു. ഇന്നലെ ഇക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയാഞ്ഞതു കൊണ്ടാണ് ഇന്ന് അവസരം ലഭിച്ചിട്ടുള്ളത്. ഈ സമയം വരെയും അദ്ദേഹത്തിന് ജോലിയിൽ പുനഃപ്രവേശിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ വാങ്ങി പരിശോധിച്ചശേഷം അദ്ദേഹം കുറ്റക്കാരനാണെങ്കിൽ നിശ്ചയമായും ആ യുവാവിന്റെ പേരിൽ കേസ്സെടുക്കാം. അല്ലെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാം. അതിനൊന്നും ശ്രമിക്കാതെ ജീവനക്കാരുടെയും ആളുകളുടെയും പൊതുമധ്യത്തിൽവച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. അദ്ദേഹത്തിന്റെ അമ്മയും ഭാര്യയും കുഞ്ഞുങ്ങളുമടങ്ങിയ വീട്ടിൽ രണ്ടുവണ്ടി പോലീസാണ് പോയത്. അവിടത്തെ പ്രദേശവാസികളെല്ലാം ഒത്തുചേർന്നു. ഇന്നിപ്പോൾ ആ ചെറുപ്പക്കാരന് ആത്മാഭിമാനത്തോടെ പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. അദ്ദേഹത്തെ പോലീസ് പീഡിപ്പിക്കുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്ത ഒരു സാഹചര്യമാണുള്ളത്. ഇന്നലെയും അദ്ദേഹം മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും നിവേദനം സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തെ തുടർന്നും ജോലിയിൽ പ്രവേശിപ്പിക്കുമെന്നുള്ള ഉറപ്പൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല. ഇന്ന് മാധ്യമങ്ങളിൽ പോലീസ് തന്നെ വാർത്ത കൊടുത്തിട്ടുണ്ട്. ജില്ലാ പോലീസ് മേധാവി പറഞ്ഞിരിക്കുന്നത് ജോലി നഷ്ടപ്പെട്ടില്ലെന്നാണ്. ഇങ്ങനെ നിരപരാധിയായ യുവാക്കളെയും ചെറുപ്പക്കാരെയും അറസ്റ്റ് ചെയ്തുകൊണ്ടുപോകുകയും കേസ് എടുക്കുകയും അതിനുശേഷം പോലീസ് തന്നെ വിശദീകരണം കൊടുക്കുകയും ചെയ്യുന്ന അസാധാരണമായ സ്ഥിതിവിശേഷം ഇപ്പോഴുണ്ടായിരിക്കുന്നു. അടുത്തിടെ ഉണ്ടായ ഒന്നുരണ്ട് ചെറുപ്പക്കാരുടെ സംഭവങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി



LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ളതാണ്. പട്ടികജാതി യുവാക്കളെപ്പോലും ഭീകരമായി പീഡിപ്പിക്കുകയും ആക്രമിക്കുകയും ചെയ്ത സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഒരുവിളിപ്പാട് അകലെയുള്ള ജനറൽ ആശുപത്രിയിൽ പോയി ഷൈജു എന്ന ചെറുപ്പക്കാരനെ അങ്ങ് കണ്ടതുമാണ്. ഇങ്ങനെ ഒരു നിയന്ത്രണവുമില്ലാതെ പോലീസ് പെരുമാറുന്നത് എന്തുകൊണ്ടാണ്? രണ്ട് ഉന്നത പോലീസുദ്യോഗസ്ഥരാണ് വീട്ടിലും പണിയെടുക്കുന്ന സ്ഥാപനത്തിലും പോയി ഈ ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്തത്. ഇത് വെള്ളരിക്കാപട്ടണമാണോ? ഇപ്പോൾ പോലീസുകാർ ബി.എസ്.എൻ.എൽ.-ന്റെ പേരിൽ പഴി ചാരുകയാണ്. ബി.എസ്.എൻ.എൽ. കമ്പനിയാണ് ഈ നമ്പർ മാറി തന്നതെന്നാണ് അവർ പറയുന്നത്. ഇതിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. തൊഴിൽ നഷ്ടപ്പെട്ട യുവാവിന് തിരികെ ജോലി ലഭിക്കുന്നതിനുവേണ്ടി അങ്ങ് ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട അംഗം ഈ വിവരം അന്നുരാത്രി തന്നെ എന്നെ ഫോണിൽ വിളിച്ച് സംസാരിക്കുകയും രാവിലെ നിവേദനം നൽകുകയും ചെയ്തതാണ്. പോലീസ് ആസ്ഥാനത്ത് നാല് സ്ഥലത്ത് ബോംബ് വച്ചിട്ടുണ്ടെന്നും അത് 8-12-2014-ന് വൈകിട്ട് 4.00 മണിക്ക് പൊട്ടുമെന്നുമുള്ള ഒരു ഫോൺ സന്ദേശം പോലീസ് ആസ്ഥാനത്തെ സെല്ലിൽ ലഭിച്ചു അതനുസരിച്ച് ഓഫീസിൽ നിന്ന് എല്ലാ ഉദ്യോഗസ്ഥരെയും പുറത്താക്കിയശേഷം തിരുവനന്തപുരം സിറ്റിയിലെ ആന്റി സബോട്ടേജ് സ്ക്വാഡ്, ബോംബ് സ്ക്വാഡ്, ഡോഗ് സ്ക്വാഡ്, ഫയർ ഫോഴ്സ്, പോലീസ് കൺട്രോൾ റൂം എന്നീ വിഭാഗങ്ങളിൽ നിന്നുള്ള സേനാംഗങ്ങൾ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് സുരക്ഷാ പരിശോധനകൾ നടത്തിയതിൽ യാതൊരുവിധ സ്ഫോടക വസ്തുക്കളും ഇല്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം പരിശോധനകൾ പൂർത്തിയാക്കി ബ്യൂഗിൾ ക്ലോസിംഗ് അലാറം മുഴക്കി എല്ലാ പോലീസുദ്യോഗസ്ഥരെയും തിരികെ ഓഫീസിൽ പ്രവേശിപ്പിച്ചു പരിശോധനയിൽ നാല് ഡമ്മി ബോംബുകൾ കണ്ടെടുത്തു. ഇത് പോലീസ് ആസ്ഥാനത്തെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള മോക്ഡ്രിൽ ആയിരുന്നു. സാധാരണ ഇത്തരം മോക്ഡ്രില്ലുകൾ പോലീസ് ആസ്ഥാനത്തും പ്രധാനപ്പെട്ട സ്ഥലങ്ങളിലും നടത്തിവരാറുള്ളതാണ്. എല്ലാ സംസ്ഥാനങ്ങളിലും ഇത് നടത്തിവരാറുള്ളതാണ്. സുരക്ഷ സംബന്ധിച്ചുള്ള വീഴ്ചകൾ ഉണ്ടോയെന്ന് പരിശോധിക്കാൻ വേണ്ടിയും സുരക്ഷാ ചുമതലകൾ ഏകോപിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റി ഓഡിറ്റായി ഇത്തരം മോക്ക്ഡ്രില്ലുകൾ നടത്തിവരാറുണ്ട്. മോക്ക്ഡ്രില്ലുകൾ അതീവ രഹസ്യസ്വഭാവത്തോടുകൂടിയതും ചുരുക്കം ചില ഉയർന്ന ഉദ്യോഗസ്ഥരുടെ അറിവോടുംകൂടിയുമാണ് നടത്തുന്നത്. അല്ലെങ്കിൽ ഈ മോക്ക്ഡ്രില്ലുകൾ നടത്താൻ കഴിയില്ല. 8-12-2014-ൽ പകൽ 3.02 -ന് 9846636190 എന്ന നമ്പരിൽ നിന്നും തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂമിലെ ഫോണിൽ ടി സന്ദേശം ലഭിച്ചു. പരിശോധനയിൽ ടെക്നോപാർക്കിലെ ലീലാ ഇൻഫോ പാർക്കിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്ന കിളിമാനൂർ വിളക്കാട്ടുകോണം പഴയകുന്നുമ്മേൽ ബിജു നിവാസിൽ ബിജു എന്ന ആളിന്റെ പേരിൽ നിന്നാണ് സന്ദേശം വന്നതെന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടിയാനെ മ്യൂസിയം പോലീസ് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കി. ഇദ്ദേഹം ഇത്തരത്തിൽ പോലീസ് കൺട്രോൾ റൂമിലേക്ക് ഫോൺ ചെയ്തിട്ടില്ലായെന്നു പറഞ്ഞതിനാൽ ഇയാളുടെ മൊഴി രേഖപ്പെടുത്തി വൈകുന്നേരം 7.40-ഓടെ സുഹൃത്തുക്കളെ ഏല്പിച്ച് വിട്ടയച്ചു. സാധാരണ നിലയിൽ ഇത്തരം ഒരു സന്ദേശം ലഭിച്ചാൽ പാലിക്കുന്ന ജാഗ്രതാ നടപടികൾ മാത്രമാണ് പോലീസ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ബിജു ഫോൺ ചെയ്തിട്ടില്ലായെന്നിരിക്കെ പ്രസ്തുത ഫോൺ നമ്പർ എങ്ങനെ കൺട്രോൾ റൂമിന്റെ ഫോണിൽ വന്നു എന്ന കാര്യം മൊബൈൽ ഫോൺ സർവ്വീസ് പ്രൊവൈഡറിൽ നിന്ന് വിവരം ശേഖരിച്ചുകൊണ്ടുള്ള അന്വേഷണം നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ബിജുവിന്റെ പേരിൽ യാതൊരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത വിവരം ബിജു ജോലി ചെയ്യുന്ന സ്ഥാപനത്തിലെ സെക്യൂരിറ്റി ഇൻ-ചാർജായ ശ്രീ. ജയകുമാറിനെ തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ എൽ.ആന്റ്.ഒ. ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. ഇദ്ദേഹത്തിന് ജോലിയിൽ തുടരുന്നതിന് യാതൊരു നിയമ തടസ്സവുമില്ല. അദ്ദേഹത്തിന്റെ പേരിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് ജില്ലാ മേധാവി തുടരന്വേഷണം നടത്തിവരികയാണ്.

## 9. നീര ഉല്പാദനത്തിലെ തടസ്സങ്ങൾ നീക്കം ചെയ്യൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളത്തിലെ നാളികേര കർഷകരുടെ ചിരകാല സ്വപ്നമാണ് ഈ സർക്കാർ തറവില നിശ്ചയിച്ച് നാളികേരം നേരിട്ടു വാങ്ങാനും തെങ്ങിൽനിന്ന് നീര ചെത്താനും എടുത്ത തീരുമാനം. കേരളത്തിൽ ഏകദേശം 18 കോടി തെങ്ങുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിന്റെ ചെറിയൊരു ശതമാനം തെങ്ങുകൾ നീര ചെത്താൻ വേണ്ടി അനുവാദം കൊടുത്താൽത്തന്നെ

ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലും സർക്കാരിന് സാമ്പത്തിക വരുമാനവും ഉണ്ടാകും. നീര പ്രകൃതിജന്യ ആരോഗ്യദായക പാനീയമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ലഹരിയുടെ അംശം ഒട്ടും ഇല്ലാത്ത ഈ പാനീയം എക്സൈസ് വകുപ്പിന്റെ നിയന്ത്രണംമൂലം സുലഭമായി ഉണ്ടാക്കാൻ കഴിയുന്നില്ല. 100 വർഷത്തിലധികം പഴക്കമുള്ള അബ്കാരി നിയമമാണ് കേരളത്തിൽ ഇപ്പോഴും പ്രാബല്യത്തിലുള്ളത്. കേന്ദ്രസർക്കാർ ഈ നിയന്ത്രണം നീക്കുവാൻ തീരുമാനിക്കുകയും അത് സ്റ്റേറ്റ് ഗവൺമെന്റുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതായി പത്രവാർത്തകളുണ്ട്. പല സംസ്ഥാനങ്ങളും എക്സൈസ് വകുപ്പിന്റെ പരിധിയിൽ നിന്നും നീരയെ ഒഴിവാക്കിയിട്ടുമുണ്ട്. കോടിക്കണക്കിന് വിദേശനാണ്യം ഉൾപ്പെടെ നേടിത്തരുവാൻ കഴിയുന്ന ഒരു സംരംഭം കൂടിയാണിത്. ലോകനിലവാരത്തിലേയ്ക്കുയരുവാൻ ഈ പാനീയത്തിന് സാധിച്ചിട്ടുണ്ട്. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ധാരാളം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ ഇന്ന് നിലവിലുണ്ട്. ഈ സൊസൈറ്റികൾ ചേർന്ന് കമ്പനികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത്തരം കമ്പനികൾക്ക് നാമമാത്രമായ തെങ്ങുകളിൽനിന്ന് മാത്രമേ നീര ചെത്താൻ അനുവാദമുള്ളൂ. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ തെങ്ങുകളുള്ള താലൂക്കാണ് താമരശ്ശേരി. ഈ താലൂക്കിൽ രണ്ട് ഫെഡറേഷനുകളിലായി 1500 തെങ്ങുകളിൽ നിന്ന് മാത്രമാണ് നീര ചെത്തുവാൻ അനുവാദം ലഭിച്ചിട്ടുള്ളത്. കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഫെഡറേഷനുകൾക്കും ആവശ്യാനുസരണം നീര ചെത്തുന്നതിനായി എക്സൈസ്, കൃഷി എന്നീ ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി ചർച്ച ചെയ്ത് കേരകർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിലേയ്ക്ക് നിയമം കൊണ്ടുവരണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം നീര ഉല്പാദനത്തിനുവേണ്ടിയുള്ള അനുവാദം നല്കിയിരിക്കുന്നത് ഏറ്റവും സന്തോഷമുള്ള കാര്യമാണ്. സംസ്ഥാനത്ത് നീര ഉല്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനവും ഉറപ്പുവരുത്തി. കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നല്കുന്നത് നാളികേര നീര ബോർഡാണ്. കൂടുതൽ ആദായകരമായി തെങ്ങുകൃഷി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യമൊരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് നാളികേര നീര ബോർഡിനുള്ളത്. നാളികേര നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചു കൊണ്ട് നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. 18-11-2014-ലെ സർക്കാർ ഉത്തരവുപ്രകാരം കൃഷി വകുപ്പ് നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രി ചീഫ് കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, മാനേജിംഗ് ഡയറക്ടർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് അബ്കാരി നിയമം തടസ്സം നില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 10. കൊമ്മേരി ഗോട്ട് ഫാം ടൂറിസം കേന്ദ്രമാക്കൽ

ശ്രീ. ഇ. പി. ജയരാജൻ : സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൊമ്മേരി ഗോട്ട് ഫാം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രദേശത്തോട് ചേർന്നുകിടക്കുന്നതാണ്. ടി ഗോട്ട് ഫാം വികസിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രശസ്തമായ ഒരു ഫാം ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കാനുള്ള ഭൗതിക സാഹചര്യമുണ്ട്. അവിടത്തെ ഭൂമി ശാസ്ത്രപരമായ ഘടനയും കാലാവസ്ഥയും വന നിബിഡമായിട്ടുള്ള പ്രദേശങ്ങളും മനോഹരമായ കുന്നിൻചെരിവുകളുമെല്ലാം വിദേശികളെയും സ്വദേശികളെയും ആകർഷിക്കാൻ സാധ്യതയുള്ളതാണ്. 12.17 ഏക്കർ സ്ഥലത്താണ് ഈ ഗോട്ട് ഫാം സ്ഥിതി ചെയ്യുന്നത്. അതിൽ ഏതാണ്ട് 3 ഏക്കർ സ്ഥലം മാത്രമാണ് ആട് വളർത്തലിനുവേണ്ടി ഉപയോഗിക്കുന്നത്. കോളയാട് ഫാമിൽ 1000 ആടുകളെ വളർത്താനുള്ള പ്രോജക്ടാണുള്ളത്. ഇപ്പോൾ ആകെ 200 ആടുകളേയുള്ളൂ. കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകൾക്ക് ആടുവളർത്തൽ പദ്ധതികൾക്കായി കൊടുക്കാനുള്ള കുഞ്ഞാടുകൾപോലും അവിടെയുണ്ടാകുന്നില്ല. 1000 ആടുകളുണ്ടാവുകയാണെങ്കിൽ ഏതാണ്ട് 10,000-ത്തോളം കുഞ്ഞാടുകളെ അവിടെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ "ഓൺ ബ്രീഡ് " ആണ് മലബാറി ആടുകൾ. മലബാറി ആടുകൾ പ്രതിരോധശക്തി കൂടുതലുള്ളതും 80 ശതമാനം പ്രസവത്തിലും ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങളുണ്ടാകുന്നതുമാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി നാലരക്കോടി രൂപ "രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി"യിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. അതുനല്ല കാര്യമാണ്. പക്ഷെ, ഒരു ഫാം ടൂറിസ്റ്റു കേന്ദ്രമായും 1000 ആടുകളെ വളർത്തുന്ന ഒരു അന്താരാഷ്ട്ര നിലവാരമുള്ള ആടുവളർത്തൽ കേന്ദ്രമായും ഗവേഷണ സ്ഥാപനമായും ഈ സ്ഥാപനത്തെ വിപുലീകരിക്കണം. ഈ ഗോട്ട് ഫാമിന്റെ മധ്യത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന തോടിന്റെ ഒരു വശം ടൂറിസ്റ്റ് സെന്ററായി ഡെവലപ്പ് ചെയ്യണം. ഇത് നെടുംപൊയിൽ-കണ്ണൂർ-ന്റെ പ്രധാനപ്പെട്ട പാതയോരത്തുള്ളതും വയനാടൻ കുന്നിന്റെ ചെരുവിലുമുള്ള ഏറ്റവും നല്ല പ്രദേശവുമാണ്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും മറ്റും ആട്ടിൻകുഞ്ഞുങ്ങൾക്കുവേണ്ടി ആവശ്യക്കാർ വരികയാണ്. പക്ഷെ, കൊടുക്കുന്നതിനുവേണ്ടിയുള്ള കുഞ്ഞാടുകൾ ഉണ്ടാകുന്നില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഗോട്ട് ഫാം എന്ന നിലയിൽ അഞ്ചു കോടി രൂപ കൂടി ഇതിനനുവദിച്ച് ടൂറിസം വകുപ്പും കൃഷി വകുപ്പും കൂടിച്ചേർന്നു കൊണ്ട് മെച്ചപ്പെട്ട ആടുവളർത്തൽ കേന്ദ്രമായി ഇതിനെ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇപ്പോഴുള്ള തുക രണ്ട് ഹൈടെക് ഷെഡ്ഡുകൾ പണിയുന്നതിനുവേണ്ടിയുള്ളതാണ്. അതിൽ ഓരോന്നും ഇന്ന ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്താനുള്ള ഒരു പഠന സ്ഥാപനമായി ഇതിനെ വികസിപ്പിക്കാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ എടുത്തു കൊണ്ടിരിക്കുന്ന താല്പര്യങ്ങൾ തികച്ചും സ്വാഗതാർഹം തന്നെയാണ്. പക്ഷെ അത് വളരെ പരിമിതമാണ് എന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണമെന്നുള്ള കാര്യമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

1.00 PM]

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോളയാട് ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൊമ്മേരി ആടുവളർത്തൽ കേന്ദ്രം 1965-ൽ സ്ഥാപിക്കപ്പെട്ടതാണ്. നല്ലയിനം തനതു ജനുസുകളായ മലബാറി ഇനത്തിൽപ്പെടുന്ന ആടുകളെയാണ് മേൽപ്പറഞ്ഞ ഫാമിലൂടെ പരിപാലിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആകെ 12 ഏക്കറിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ 200 പെൺ ആടുകളേയും 10 മുട്ടനാടുകളേയും വളർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് നില വിലുള്ളത്. മേല്പറഞ്ഞ സ്ഥാപനത്തെ ശക്തിപ്പെടുത്തി കൂടുതൽ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ 900 പെൺ ആടുകളേയും 100 മുട്ടനാടുകളേയും പരിപാലിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് ആർ.കെ.വി.വൈ. 2013-14-ൽ ഉൾപ്പെടുത്തി നാലരക്കോടി രൂപ ധനസഹായം അനുവദിക്കുന്ന തിനുള്ള ബൃഹത് പദ്ധതി സമർപ്പിക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. ചുറ്റുമതിൽ പണിയുന്നതിന് ഒരുകോടി രൂപയും പുതിയ ഷെഡ്ഡുകൾ പണിയുന്നതിന് രണ്ട് കോടി രൂപയും ഉൾപ്പെടെയാണ് നാലരക്കോടി രൂപ അനുവദിച്ചത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വർഷംതോറും ഉദ്ദേശം 2700 ആട്ടിൻകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനും പകുതിയോളം പെൺകുഞ്ഞുങ്ങളെ കർഷകർക്ക് പ്രജനന ആവശ്യങ്ങൾക്കായി നൽകുവാനും മുട്ടനാട് കുട്ടികളെ മാംസോല്പാദന ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും സാധിക്കും. കൂടാതെ മേൽപ്പറഞ്ഞ ഫാമിലൂടെ കർഷകർക്ക് ആടുവളർത്തൽ പരിശീലനം നൽകുന്നതിനും മേൽത്തരം പുൽത്തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഇതിനുവേണ്ടിയുള്ള തുക കേന്ദ്ര സർക്കാരിൽനിന്ന് കൂടുതലായി ലഭിച്ചിട്ടില്ല. പകുതി സംഖ്യ മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ഈ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഗവേഷണ പ്രവർത്തനങ്ങൾക്കോ ഫാം ടൂറിസത്തിനോ തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഫാം ടൂറിസത്തിനും ഗവേഷണത്തിനുമുള്ള തുക അനുവദിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ പഠനം നടത്തി ആവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

## 11. ട്രെയിൻ യാത്രക്കാരിൽനിന്നും അനധികൃത തുക ഈടാക്കൽ

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, റെയിൽവേ യാത്രക്കാർക്ക് പകൽ സമയത്ത് സ്ലീപ്പർ കോച്ചിൽ യാത്ര ചെയ്യണമെങ്കിൽ നിലവിലുള്ള ടിക്കറ്റിനുപുറമേ 20 രൂപയുടെ ഒരു ടിക്കറ്റുകൂടി അധികമായി എടുക്കണം. അത്തരത്തിൽ എടുത്ത ഒരു ടിക്കറ്റാണ് എന്റെ കൈവശമുള്ളത്. ചില ട്രെയിനുകളിൽ യാത്ര ചെയ്യുന്ന വർക്ക് അത് ഡീ-റിസർവ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. പക്ഷേ അത് ഇല്ലാത്ത ട്രെയിനുകളിൽ രണ്ട് ടിക്കറ്റ് എടുക്കുന്ന ബുദ്ധിമുട്ടും അധികമായി

20 രൂപ കൊടുക്കേണ്ട പ്രശ്നവുമുണ്ട്. ബഹുമാന്യനായ സംസ്ഥാന റെയിൽവേ വകുപ്പുമന്ത്രി ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കേന്ദ്രഗവൺമെന്റിന്റെ ദൃഷ്ടിയിൽ ഇക്കാര്യം കൊണ്ടുവന്നതിന്റെ ഫലമായി ചെന്നൈ ആസ്ഥാനമായ സതേൺ റെയിൽവേയുടെ ജനറൽ മാനേജർ അദ്ദേഹത്തിന്റെ discretionary power ഉപയോഗിച്ച് കേരളത്തിനുവേണ്ടി മാത്രം തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്നതും തിരുവനന്തപുരത്ത് എത്തിച്ചേരുന്നതുമായ ഒമ്പത് ട്രെയിനുകളുടെ ഏതാനും കോച്ചുകൾ ഡീ-റിസർവ് ചെയ്തു. 16382-ാം നമ്പർ കന്യാകുമാരി-ബോംബെ-സി.എസ്.റ്റി. എക്സ്പ്രസ്സിൽ കന്യാകുമാരി മുതൽ എറണാകുളം ടൗൺ വരെ S5, S6, S7, S8 എന്നീ കോച്ചുകളും എറണാകുളം മുതൽ പാലക്കാടുവരെ S9, S10 എന്നീ കോച്ചുകളും ഡീ-റിസർവ് ചെയ്തു. അതുപോലെ കന്യാകുമാരി-ബാംഗ്ലൂർ ട്രെയിനും മലബാർ എക്സ്പ്രസ്സിന്റെ ഏതാനും കോച്ചുകളും തിരുവനന്തപുരം-ചെന്നൈ മെയിലിൽ എറണാകുളം ടൗൺ വരെയും ആലപ്പുഴ-ധൻബാദ് എക്സ്പ്രസ്സ്, തിരുവനന്തപുരം-ഹൈദ്രാബാദ്, മംഗലാപുരം-തിരുവനന്തപുരം, ചെന്നൈ-തിരുവനന്തപുരം പോലുള്ള ഒമ്പത് ട്രെയിനുകളിൽ ഏതാനും കോച്ചുകൾ ഡീ-റിസർവ് ചെയ്തു. എത്ര ദൂരമാണെങ്കിലും മിനിമം ചാർജ്ജ് 115 രൂപയും റിസർവേഷൻ ചാർജ്ജ് 20 രൂപയുമുൾപ്പെടെ ആകെ 135 രൂപയാണ്. എന്നാൽ ഇപ്പോൾ സതേൺ റയിൽവേ കേരളത്തിൽ മാത്രം തിരുവനന്തപുരവുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം ട്രെയിനുകളിൽ ഈ കോച്ചുകളിൽ റിസർവ്വേഷൻ ചാർജ്ജ് വേണ്ടെന്ന് തീരുമാനിക്കുകയും നിശ്ചിതദൂര സർവ്വീസുള്ള ആളുകൾക്കും സീസൺ ടിക്കറ്റുകാർക്കും ഇതിൽ യാത്ര ചെയ്യാമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ബാക്കിയുള്ള ട്രെയിനുകളിൽകൂടി ബാധകമാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

## 12. പുതിയ പി.ജി. കോഴ്സുകൾ

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ ഏറ്റവും പ്രബലമായ കോളേജുകളിൽ ഒന്നാണ് പാലക്കാട് വിക്ടോറിയ കോളേജ്. ദേശീയ ഭാഷയെയും മാതൃഭാഷയെയും സംബന്ധിച്ചിടത്തോളം ഇത്തരമൊരു കോളേജിൽ കുട്ടികൾക്ക് ബിരുദാനന്തരബിരുദം പഠിക്കാൻ അവസരമില്ല എന്നുള്ളത് വളരെ ഖേദകരമാണ്. അവിടെ എം.എ. - ഹിന്ദിയും മലയാളവും ഇല്ല. ഭരണഭാഷയായും ശ്രേഷ്ഠഭാഷയായും മലയാളത്തെ നമ്മൾ തെരഞ്ഞെടുത്തു. അതിൽ എല്ലാവർക്കും ആഹ്ലാദമുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക് പഠിക്കാൻ അവസരം ലഭിക്കുന്നില്ല. കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഓരോ വർഷവും 200 കുട്ടികൾ വീതം ബി.എ. ഹിന്ദി പാസ്സാകുന്നുണ്ട്; ആ കുട്ടികൾക്ക് പഠിക്കാൻ നിലവിലുള്ള സീറ്റുകളുടെ ആകെ എണ്ണം 40 ആണ്. അതുകൊണ്ട് എം.എ. ഹിന്ദിയും മലയാളവും ആരംഭിക്കാൻ അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വെങ്കലനാദവും സ്ഫടികംപോലുള്ള മനസ്സുമായി കർണ്ണാടക സംഗീതത്തിന് വലിയ സംഭാവന നൽകിയ ചെമ്പൈയുടെ പേരിലുള്ള ചെമ്പൈ സംഗീത കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ വളരെ കുറവാണ്. അവിടെ എം.എ. - വോക്കൽ മാത്രമാണ് കുട്ടികളെ പഠിപ്പിക്കുന്നത്. മണി അയ്യരുടെ നാടാണ് പാലക്കാട് എന്നുള്ളത് നമുക്കെല്ലാമറിയാം. അവിടെ എം.എ. - മൃദംഗം പഠിക്കാൻ കുട്ടികൾക്ക് അവസരമില്ല. അവിടത്തെ ഒരു പ്രത്യേകത എം.എ. കോഴ്സുകൾ (വയലിൻ, വീണ, മൃദംഗം) ആരംഭിക്കുന്നതിന് ഒരു രൂപ പോലും സർക്കാരിന് അധിക ബാധ്യത വരുന്നില്ല എന്നുള്ളതും ഒരു പോസ്റ്റുപോലും പുതിയതായി ക്രിയേറ്റ് ചെയ്യപ്പെടേണ്ടി വരുന്നില്ല എന്നുള്ളതും വസ്തുതയാണ്. ഈ സാഹചര്യം പരിഗണിച്ച് ഈ സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് അടുത്ത അദ്ധ്യയനവർഷമാകുമ്പോഴേയ്ക്കും ഗവൺമെന്റ് അനുകൂലമായ ഒരു തീരുമാനമെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 2014-15 അദ്ധ്യയന വർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ കോളേജ് വിദ്യാഭ്യാസ വകുപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയിൽ ഗവൺമെന്റ് വിക്ടോറിയ കോളേജിൽ എം.എ.-ഹിന്ദി, മലയാളം, തമിഴ് എന്നീ കോഴ്സുകളും ചെമ്പൈ സംഗീത കോളേജിൽ എം.എ. - വീണ, വയലിൻ,.മൃദംഗം എന്നീ കോഴ്സുകളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ കർശന സാമ്പത്തിക അച്ചടക്കം നിലവിലുള്ളതിനാൽ 2015-ൽ അവശ്യകതാപഠനം നടത്തിയതിനു ശേഷം ശിപാർശ വീണ്ടും പരിഗണനയ്ക്കായി സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിന്റെ സാമ്പത്തിക ബാധ്യത കണക്കിലെടുക്കാതെ തന്നെ നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ-എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലില്ലാതിരുന്ന നിയമസഭാ മണ്ഡലങ്ങളിലുൾപ്പെടെ 18 പുതിയ സർക്കാർ കോളേജുകളും നാല് എയ്ഡഡ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## 13. ഗ്രേസ് മാർക്ക് ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: സർ, ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ദുരന്ത നിവാരണത്തിലും ആതുര സേവന രംഗത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ സംഘടനയാണ് ജൂനിയർ റെഡ് ക്രോസ് കേഡറ്റ്. അവർക്ക് നിലവിൽ 10 മാർക്ക് മാത്രമാണ് ഗ്രേസ് മാർക്കായി ലഭിക്കുന്നത്. എന്നാൽ സമാന സംഘടനകളായ എൻ.സി.സി. ക്ക് 49 മാർക്കും എസ്.പി.സി.-ക്ക് 25 മാർക്കും സ്കൗട്ട്സ് ആന്റ് ഗൈഡ്സ്-ന് 49 മാർക്കുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മേൽപ്പറഞ്ഞ മറ്റ് സംഘടനകൾക്ക് സർക്കാർ ധനസഹായത്തിനുപുറമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കൂടി സഹായം ലഭ്യമായിട്ടുണ്ട്. എന്നാൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് ഇത്തരത്തിലുള്ള യാതൊരു സഹായവും ലഭ്യമായിട്ടില്ല എന്നിരിക്കെ 10 മാർക്ക് മാത്രം അനുവദിക്കുന്ന സർക്കാരിന്റെ നടപടി വിവേചനപരവും സംഘടനയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിലുള്ളതുമാണ്. ജൂനിയർ റെഡ് ക്രോസ് സംഘടനയുടെ പ്രസക്തി നന്നായി അറിയാവുന്ന അങ്ങേയ്ക്ക് ഈ പ്രശ്നത്തിന് പരിഹാരം കണ്ട് ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് മറ്റു സംഘടനകൾക്ക് ലഭിക്കുന്ന തോതിലുള്ള ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മഹത്വം സ്കൂൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക, ആതുര ശുശ്രൂഷ, സന്നദ്ധ സേവനം എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് സ്കൂളുകളിൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾ പ്രവർത്തിക്കുന്നത്. നിലവിൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ 10 മാർക്ക് ഗ്രേസ് മാർക്കായി നൽകിവരുന്നു. എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവർക്ക് നൽകുന്ന ഗ്രേസ് മാർക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ കുറവാണെന്നും ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ നൽകിവരുന്ന ഗ്രേസ് മാർക്ക് 25 മാർക്കായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ

സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത്, പ്രസ്തുത വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പ്രോത്സാഹനം നൽകുമെന്നനിലയ്ക്കും പാഠ്യേതര പ്രവർത്തനങ്ങൾ കാരണം പഠന സമയം നഷ്ടപ്പെടുന്നതുമൂലം വിദ്യാർത്ഥിക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുമാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഗ്രേസ് മാർക്ക് നൽകുക എന്നത് അടിസ്ഥാന ലക്ഷ്യമായി മാറാൻ പാടില്ല. എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആന്റ് ഗൈഡ്സ് എന്നിവയ്ക്ക് നിയതമായ മണിക്കൂറുകൾ പരേഡ്, പ്രത്യേക ട്രെയിനിംഗ് തുടങ്ങിയവ പൂർത്തിയാക്കേണ്ടതുണ്ട്. തൽസംബന്ധമായ ബുദ്ധിമുട്ടുകൾകൂടി കണക്കിലെടുത്ത് പഠന സമയം നഷ്ടമാകുന്നതുമൂലമുണ്ടാകുന്ന പഠന പ്രവർത്തനങ്ങളുടെ കുറവ് നികത്തുന്നതുകൂടി ഉദ്ദേശിച്ചാണ് അവർക്ക് നിലവിലുള്ള അത്രയും ഗ്രേസ് മാർക്ക് നൽകുന്നത്. അതേസമയം ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം ചില സമയങ്ങളിൽ ദുരുപയോഗപ്പെടുത്തുന്നതായും സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ നൽകി വരുന്ന ഗ്രേസ് മാർക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകുന്നതിനായി പരീക്ഷാ ഭവൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം സർക്കാർ ഈ ആവശ്യം പരിശോധിക്കുന്നതാണ്.

## 14. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് ഒഴിവാക്കൽ

ശ്രീ. പി. എ. മാധവൻ: സർ, അരിമ്പൂർ പഞ്ചായത്തിലെ ഗ്രാമപഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് സ്റ്റേറ്റ് ഹൈവേയുമായി ചേർന്നുകിടക്കുന്ന ഏകദേശം മൂന്ന് ഏക്കറോളം വരുന്ന സ്ഥലം അനധികൃതമായി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് കയ്യേറി അവിടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്താൻ കഴിഞ്ഞ ഏതാനും മാസമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് റവന്യൂ പുറമ്പോക്ക് കൂടിയാണ് എന്നതുകൊണ്ട് കഴിഞ്ഞ ജനുവരി 29-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ജില്ലാ കളക്ടർ അവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

യോഗം വിളിച്ചുകൂട്ടി ഇതുസംബന്ധിച്ച ചർച്ച നടത്തുകയും സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഇപ്പോൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലം ഒഴിച്ച് ബാക്കി സ്ഥലം പഞ്ചായത്തിന് അവകാശപ്പെട്ടതാണ് എന്ന രീതിയിലുള്ള ഒരു തീരുമാനം എടുക്കുകയും ചെയ്തു. അതുമാത്രമല്ല മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനുള്ള സ്ഥലം അരണാട്ടുകര വില്ലേജിൽ സർവ്വേ 810-ൽ 1 ഏക്കർ 47 സെന്റ് സ്ഥലം കൈമാറാൻ തയ്യാറാണ്. പക്ഷെ നിലമായതു കൊണ്ട് മണ്ണിടാനുള്ള അവകാശം ജില്ലാതലത്തിലുള്ള പ്രാദേശിക നിരീക്ഷണ സമിതിയിൽ നിന്നും കിട്ടാത്തതുകൊണ്ട് ഈ സ്ഥലം കൈവശം വയ്ക്കുന്നുവെന്ന ന്യായമാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ ചിലർ പറയുന്നത്. ഇതിന് ഡ്രൈവിംഗ് സ്കൂളുകാരുടെ സംഘടന കോടതിയിൽ പോയി സ്റ്റേ വാങ്ങിയതിന്റെ വെളിച്ചത്തിലാണ് ഈ സ്ഥലം ഉപയോഗിക്കുന്നത്. പഞ്ചായത്തിന് അവകാശപ്പെട്ട ഏറ്റവും മർമ്മപ്രധാനമായ സ്ഥലത്ത് കോടിക്കണക്കിന് രൂപ വിലമതിക്കുന്ന നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട സ്ഥലം സ്കൂളുകൾക്കും കുട്ടികൾക്കുമൊക്കെ നിരന്തരം പരാതിയുള്ള സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുക, ആ ഡ്രൈവിംഗ് ടെസ്റ്റ് ധിക്കാരപരമായ ഭാഷയിൽ തന്നെ തുടരുകയാണ് എന്നുള്ളതുകൊണ്ടാണ് ഇന്ന് അവിടെയുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഒന്നടങ്കം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും ഗ്രാമ പഞ്ചായത്ത് അംഗങ്ങളും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു നിരാഹാരസമരം നടത്തുന്നത് ഈ അനധികൃതമായ കയ്യേറ്റം ഒഴിവാക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഭരണ സമിതിക്ക് നിരാഹാര സമരത്തിലേയ്ക്ക് പോകേണ്ടിവന്നു എന്നതുതന്നെ ഏറെ ലജ്ജാകരമാണ്. നീതി കിട്ടാനുള്ള പോരാട്ടത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ന്യായമായ സമീപനം ഉണ്ടാകണം. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് അടിയന്തരമായി ഇടപെട്ട് അനധികൃത കയ്യേറ്റം ഒഴിവാക്കുകയും ടെസ്റ്റിന് സൗകര്യപ്രദമായ മൂന്ന് സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ സ്ഥലങ്ങൾ കൈവശപ്പെടുത്തി ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള

സംവിധാനം ഉണ്ടാക്കുകയും വേണം. ഇത് വളരെ മർമ്മപ്രധാനമായ സ്ഥലമാണ്. പഞ്ചായത്തിന് ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പറ്റുന്ന സ്ഥലമാണ്. അതിന് അനുകൂലമായ തീരുമാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വര ശ്രദ്ധയും നിർദ്ദേശവും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പി.എ. മാധവൻ ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ഗൗരവതരമായിത്തന്നെ ആലോചിക്കുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റ്, വെഹിക്കിൾ ടെസ്റ്റ് എന്നിവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് തൃശ്ശൂർ ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ പഞ്ചായത്തിൽ വെളുത്തൂർ വില്ലേജിൽ സർവ്വെ നമ്പർ 146/4-ൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള ഭൂമിയിലാണ് ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും നടത്തുന്നത്. ഇത് നിർത്തിവയ്ക്കണമെന്ന ആവശ്യമുള്ളതിനാൽ ഡ്രൈവിംഗ് ടെസ്റ്റിനും വാഹന പരിശോധനയ്ക്കും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് തൃശ്ശൂർ താലൂക്കിലെ വിയ്യൂർ വില്ലേജിൽ ആകാശവാണിക്ക് പാട്ടത്തിന് അനുവദിച്ചിട്ടുള്ള റീ-സർവ്വേ നമ്പർ 46/2-ൽ 1.5258 ഹെക്ടർ സ്ഥലം മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചു നൽകണമെന്ന് ലാന്റ് റവന്യൂ കമ്മീഷണറോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. വിയ്യൂർ വില്ലേജിലെ സ്ഥലം ആൾ ഇന്ത്യാ റേഡിയോയുടെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായതിനാൽ വകുപ്പിന്റെ അപേക്ഷ പരിഗണിക്കാൻ സാധ്യമല്ല എന്നും അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കാമെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട് എന്ന് ജില്ലാ കളക്ടർ തുടർന്ന് അറിയിച്ചിരുന്നു. അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്-ന്റെ കൈവശമുള്ള തലപ്പിള്ളി താലൂക്കിൽ വെളപ്പായ വില്ലേജിലെ പെരുങ്ങണ്ടൂരിലുള്ള സ്ഥലം മോട്ടോർ വാഹന വകുപ്പിന് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ്, യാർഡ്, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ട്രെയിനിംഗ് സെന്റർ തുടങ്ങിയവ പാട്ടവ്യവസ്ഥയിൽ തുടങ്ങുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡുമായി തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർ ബന്ധപ്പെട്ടുകയും ഭൂമി വ്യവസായ വകുപ്പിന്റെ അനുമതിയോടുകൂടി കൈമാറാൻ തയ്യാറാണെന്ന് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് അറിയിച്ചിട്ടുമുണ്ട്. വ്യവസായ വകുപ്പിന്റെ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരികയാണ്. മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly

വാഹന വകുപ്പിന് സ്വന്തമായി സ്ഥലമില്ലാത്തതിനാലാണ് അരിമ്പൂർ പഞ്ചായത്തിൽ മേൽപ്പടി സ്ഥലത്ത് വാഹന പരിശോധനയും ഡ്രൈവിംഗ് ടെസ്റ്റും നടത്തിവരുന്നത്. അതിനായി മറ്റേതെങ്കിലും സ്ഥലം ലഭ്യമായാൽ അങ്ങോട്ട് മാറുന്നതാണ്. അതിനോടൊപ്പം തന്നെ ബഹുമാനപ്പെട്ട മാധവൻ സൂചിപ്പിച്ചതുപോലെ അരിമ്പൂർ പഞ്ചായത്തിൽ പ്രക്ഷോഭണം നടക്കുകയാണ്. പഞ്ചായത്തിൽ പ്രക്ഷോഭണം നടത്തുന്നതിനോടൊപ്പം ശ്രീ. പി. എ. മാധവൻ ഒരു പെറ്റീഷൻ കൂടി തന്നിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം മോട്ടോർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് കിട്ടിയെങ്കിൽ മാത്രമേ അവിടെ സ്വന്തമായി ഒരു സ്ഥാപനം തുടങ്ങാൻ കഴിയൂ. അതുകൊണ്ട് ഉടമസ്ഥാവകാശം നമുക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഉടമസ്ഥാവകാശം സ്വന്തമായി കയ്യിൽ ലഭിക്കാതെ ഡ്രൈവിംഗ് ടെസ്റ്റിന് എങ്ങനെ അനുമതി കൊടുത്തു എന്നുള്ളതിനെക്കുറിച്ചും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 15. ബസ് ചാർജ് കുറയ്ക്കണമെന്ന ആവശ്യം

ശ്രീ. വി. റ്റി. ബൽറാം: സർ, നമ്മുടെ നാട്ടിലെ സാധാരണക്കാരെ ബാധിക്കുന്ന ഒരു വിഷയമാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ളത്. സാധാരണക്കാരുടെ ഗതാഗതമാർഗ്ഗമാണ് ബസ്. ഇപ്പോൾ ഇന്ധനവില നല്ലരീതിയിൽ കുറഞ്ഞിട്ടുണ്ടെന്നും എന്നാൽ യഥാർത്ഥത്തിൽ കുറയേണ്ടത്ര കുറഞ്ഞിട്ടില്ലെന്നും നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ ആഗസ്റ്റ് മാസം 31-ാം തീയതി നമ്മുടെ നാട്ടിൽ ഡീസലിന്റെ വില 63 രൂപ 32 പൈസയായിരുന്നു വെങ്കിൽ ഇന്ന് അത് 57 രൂപ 53 പൈസ മാത്രമാണ്. ഏകദേശം 6 രൂപ ഡീസൽ വിലയിനത്തിൽ ഇവിടെ കുറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത്രയൊന്നും കുറഞ്ഞാൽ പോരാ. ക്രൂഡോയിലിന്റെ അന്താരാഷ്ട്ര വില നോക്കുകയാണെങ്കിൽ, ഒരുഘട്ടത്തിൽ ബാരലിന് 140 ഡോളറായിരുന്നത് ഇപ്പോൾ 67 ഡോളറായി കുറഞ്ഞിട്ടുണ്ട്. അതിനനുസൃതമായി കേന്ദ്രസർക്കാർ ഇന്ധനത്തിന്റെ വില ഇന്ത്യയിൽ കുറച്ചിട്ടില്ല. നമ്മുടെ പ്രധാനമന്ത്രി വാഗ്ദാനം ചെയ്ത 'അച്ഛേ ദിൻ' ഒക്കെ ഏതാനും ചില കുത്തകകൾക്കും അംബാനിമാർക്കും മാത്രമേ ഇതുവരെ ലഭ്യമായിട്ടുള്ളൂ. ഏതായാലും കുറഞ്ഞ ഡീസൽ വിലയുടെ പരിധി വച്ച് നമ്മുടെ ബസ് ചാർജ്ജ് കുറയ്ക്കുക എന്ന ആവശ്യം സാധാരണക്കാരുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഡീസലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വില വർദ്ധിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് കാലാകാലങ്ങളിൽ ബസ് മുതലാളിമാരും കെ.എസ്.ആർ.ടി.സി. അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളും മത്സരിച്ച് ബസ്ചാർജ് വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ബസ്ചാർജ്ജ് കൂട്ടുന്നതിനുള്ള നടപടികളുമായി അവർ മുന്നോട്ടുപോകാറുള്ളത്. പക്ഷേ ഡീസൽ വില കറയുന്ന സാഹചര്യത്തിൽ സ്വാഭാവികമായി അതിന്റെ ലാഭം സാധാരണക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള ക്രമീകരണം ഇവിടെയുണ്ടാകണം. ഇക്കാര്യത്തിൽ ഒരു സ്ഥിരം സംവിധാനത്തെ ക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ടെലിഫോൺ രംഗത്ത് TRAI എന്ന ഒരു റെഗുലേറ്ററി ഏജൻസിയുണ്ട്. അതുപോലെ വൈദ്യുതി റെഗുലേറ്ററി ഏജൻസിയുണ്ട്. അവരാണ് ഇത്തരത്തിലുള്ള നിരക്കുകൾ തീരുമാനിക്കുന്നത്. സർക്കാർ ആർബിട്രറിയായി തീരുമാനിക്കാതെ ഏതെങ്കിലും ചില സമ്മർദ്ദ ഗ്രൂപ്പുകളുടെ താൽപ്പര്യപ്രകാരം ഇത് തീരുമാനിക്കാതെ, ശാസ്ത്രീയമായി വിലയിരുത്തി, ബസ്ചാർജ്ജ് കാലാകാലങ്ങളിൽ തീരുമാനിക്കാനുള്ള റെഗുലേറ്ററി കമ്മീഷനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലവിൽ ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ അപാകതകൾ വലിയ രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മിനിമം ചാർജ്ജ് കൊടുത്ത് യാത്ര ചെയ്യാൻ പറ്റുന്ന ദൂരം വളരെ പരിമിതമാണ്. അത്തരത്തിലുള്ള ഫെയർ സ്റ്റേജിലെ അപാകതകൾ നിർണ്ണയിക്കണം. അതിനുശേഷം മാത്രമേ ചാർജ്ജ് വർദ്ധനവടക്കമുള്ള കാര്യങ്ങൾ ആലോചിക്കാവൂ എന്ന കൃത്യമായ കോടതി നിർദ്ദേശങ്ങൾ കാലാകാലങ്ങളിലുള്ള ഗവൺമെന്റിന്റെ മുമ്പിലുണ്ടായിട്ടുണ്ട്. ഒരു ഗവൺമെന്റും, ഈ ഗവൺമെന്റെന്നു മാത്രമല്ല ഏത് ഗവൺമെന്റും ചാർജ്ജ് കൂട്ടുന്ന കാര്യത്തിൽ ഇത്തരം നിർദ്ദേശ ങ്ങളൊന്നും പരിഗണിക്കാറില്ല. സ്വകാര്യ ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും രണ്ടാംതരം പൗരന്മാരെപ്പോലെ വലിയ രീതിയിൽ പീഡനം അനുഭവിച്ചു കൊണ്ടിരിക്കുകയാണ് നമ്മുടെ വിദ്യാർത്ഥികൾ. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ ചുമതല വഹിക്കുന്ന മന്ത്രിയെന്ന നിലയിൽ എനിക്ക് താങ്കളോട് അഭ്യർത്ഥി ക്കാനുള്ളത് കെ.എസ്.ആർ.ടി.സി. തന്നെ ഇക്കാര്യത്തിൽ മാതൃകാപരമായ സമീപനം കൈക്കൊള്ളാൻ തയ്യാറാകണം എന്നാണ്. കഴിഞ്ഞദിവസം ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഞാനൊരു പരാതി കൈമാറിയിരുന്നു. നമ്മുടെ പ്രൈവറ്റ് ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും യാത്രചെയ്യുന്ന വികലാംഗരായ ആളുകൾക്ക് 40 കിലോമീറ്റർ ദൂരം മാത്രമേ കൺസഷൻ അനുവദിക്കുന്നുള്ളൂ. ഒരു സമൂഹമെന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ മാറിയ സെൻസിറ്റിവിറ്റീസിനെ അംഗീകരിക്കേണ്ടതുണ്ട്. അംഗപരിമിതരായ ആളുകൾ 40 കിലോമീറ്ററിനുശേഷം പിന്നെയെന്ത് ചെയ്യണം; 41 കിലോമീറ്റർ യാത്ര ചെയ്യണമെങ്കിൽ അവർ ഫുൾ ചാർജ്ജ് കൊടുക്കണം ഇല്ലെങ്കിൽ ബസ്സിൽ നിന്നും ഇറങ്ങണമെന്നുപറയുന്ന സാഹചര്യം, അതെങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത്? അംഗപരിമിതരായ ആളുകൾ എത്ര കിലോമീറ്റർ ദൂരം യാത്ര ചെയ്താലും അവർക്ക് കൺസഷൻ അനുവദിക്കാനുള്ള ക്രമീകരണമുണ്ടാകണം. വിദ്യാർത്ഥികളുടെ യാത്രാകൺസഷൻ സൗജന്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുമെങ്കിൽ കെ.എസ്.ആർ.ടി.സി.യെങ്കിലും മുൻകൈ എടുത്ത് ചെയ്യണം. അതോടൊപ്പംതന്നെ ഫെയർ സ്റ്റേജ് അപാകത നിർണ്ണയിക്കുന്നതടക്കമുള്ള മുഴുവൻ കാര്യങ്ങളും പരിശോധിച്ച് ഡീസൽ വില, അതുപോലുള്ള കാര്യങ്ങളിലുണ്ടാകുന്ന കുറവ് സാധാരണക്കാരിലേയ്ക്ക് പകർന്നു നൽകുന്നതിന്; ബസ് ചാർജ്ജ് കുറയ്ക്കുന്ന സമീപനം സ്വീകരിച്ചുകൊണ്ട് ഈ നാട്ടിലെ സാധാരണക്കാരന്റെ വികാരത്തോടൊപ്പം എന്നും നിന്നിട്ടുള്ള ഈ ഗവൺമെന്റ് ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ ]

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, അങ്ങ് ഇവിടെ പ്രധാനമായും നാല് നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ഒന്ന് റെഗുലേറ്ററി കമ്മീഷൻ പോലൊരു ക്രമീകരണമുണ്ടാക്കി, ബസ്ചാർജ്ജ് വർദ്ധനവിനെക്കുറിച്ചും മാർക്കറ്റിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കനുസരിച്ചും ഗവൺമെന്റിനെ ഉപദേശിക്കുന്നതിന് ഒരു സംവിധാനം വേണം. റെഗുലേറ്ററി കമ്മീഷനെന്ന് പറഞ്ഞിട്ടില്ലെങ്കിലും 2010-ൽ ജസ്റ്റിസ് രാമചന്ദ്രനെ ഒരു കമ്മീഷനായി നിയോഗിച്ച് അന്നത്തെ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിരുന്നു. ഇപ്പോൾ ആ കമ്മീഷന്റെ മുമ്പിലാണ് കാര്യങ്ങൾ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ റെഗുലേറ്ററി കമ്മീഷൻ മോഡൽ അതതു കാലത്തെ പ്രശ്നങ്ങളെല്ലാം പരിശോധിച്ച് കെ.എസ്.ആർ.ടി.സി.-യിലെ പ്രയാസങ്ങൾ മനസ്സിലാക്കി ഗവൺമെന്റിനെ ഉപദേശിക്കുന്നതിനുവേണ്ടി ഒരു സംവിധാനത്തെക്കുറിച്ച് നിശ്ചയമായും ഗവൺമെന്റ് ആലോചിക്കും. അത് നടപ്പാക്കുന്നതിന് തീരുമാനിക്കുകയാണ്. എല്ലാകാര്യങ്ങളും പരിശോധിച്ച് ഇൻഡിപെന്റന്റായ ഒരു ബോഡിയിൽ നിന്നും അഭിപ്രായം വരട്ടെ. അങ്ങനെ അഭിപ്രായം വരുന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

നല്ലത്. അങ്ങനെ ഒരു തീരുമാനം ഗവൺമെന്റ് അംഗീകരിക്കുകയാണ്. വിദ്യാർത്ഥികളുടെ കൺസഷനെക്കുറിച്ച് പറഞ്ഞു. ഈ സഭയിലെ അംഗങ്ങളിൽ 90 ശതമാനം പേരും വിദ്യാർത്ഥി സംഘടനകളിൽനിന്നും വന്നവരാണ്. കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തികക്ലേശവും ബുദ്ധിമുട്ടുമുണ്ട്, ഞങ്ങൾ കൊണ്ടു വന്ന പുതിയ ബിൽ 18-ാം തീയതി ഇവിടെ ചർച്ചയ്ക്ക് വരികയാണ്. അത് ജീവനക്കാരുടെ പെൻഷനും കാര്യങ്ങളും സംബന്ധിപ്പിച്ചുള്ള ഒരു ബില്ലാണ്. ജീവനക്കാരുടെ സംഘടനകളും മറ്റുമായി ആലോചിച്ച് അവരുടെകൂടി പൊതുതാൽപ്പര്യം കണക്കിലെടുത്താണ് ആ ബിൽ കൊണ്ടുവരുന്നത്. ഒരു ചെറിയ സെസ്സ് ഏർപ്പെടുത്തി പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണത്തിലേയ്ക്ക് പോകുകയാണ്. എല്ലാപേരുടേയും അംഗീകാരമുള്ളതാണ്. നമ്മുടെ ഹയർസെക്കന്ററി വരെയുള്ള വിദ്യാർത്ഥികൾക്ക് ഫെബ്രുവരി ഒന്നാം തീയതി മുതൽ സമ്പൂർണ്ണ സൗജന്യ മനുവദിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിക്കുകയാണ്. ഇക്കാര്യത്തിനായി പണ്ട് നമ്മളെല്ലാപേരും ഒരുമിച്ച് ഒരേ മുദ്രാവാക്യം വിളിച്ചവരാണ്. നമ്മുടെ കുട്ടികൾക്ക് 14-ാം വയസ്സുവരെ സാർവ്വത്രികമായ സൗജന്യ വിദ്യാഭ്യാസം കൊടുക്കണം എന്ന് ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. ഈ സമൂഹത്തിൽ എല്ലാ ആളുകളും ഒരേ രൂപത്തിൽ ഇതിനുവേണ്ടി ശബ്ദമുയർത്തിയവരാണ്. ഞങ്ങളുടെ വേദനയും ദുഃഖവും സാമ്പത്തികക്ലേശവുമെല്ലാം ഒരുവശത്ത് നിൽക്കുകയാണ്. പക്ഷേ നടന്നുവന്ന പാതയോട് നീതി കാണിക്കണമെന്നുള്ളതുകൊണ്ട് എത്ര സാമ്പത്തിക ക്ലേശമുണ്ടായാലും ശരി വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര ഏർപ്പെടുത്തുന്നതിന് തീരുമാനമെടുക്കുകയാണ്. അത് ഏർപ്പെടുത്തുമ്പോൾ ചില നിബന്ധനകൾ കൂടി നമ്മളെടുക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യെ മാതൃകയാക്കണമെന്നല്ലേ നമ്മളെല്ലാം പറയുന്നത്. കെ.എസ്.ആർ.ടി.സി. ആ മാതൃകയാവുകയാണ്. നിലവിൽ ബസ്സുകളിൽ കൺസഷൻ ടിക്കറ്റിൽ യാത്രചെയ്യുന്ന 12-ാം ക്ലാസുവരെയുള്ള മുഴുവൻ സ്കൂൾ വിദ്യാർത്ഥികളേയും ഇതിൽ ഉൾക്കൊള്ളിക്കുകയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. 1,30,000 സ്കൂൾ വിദ്യാർത്ഥികൾക്കാണ് കൺസഷൻ കൊടുത്തിട്ടുള്ളത്. ഈ സമ്പൂർണ്ണ സൗജന്യത്തിന്റെ പ്രയോജനം ഈ 1,30,000 കുട്ടികൾക്കും ലഭിക്കും. സൗജന്യ പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വളരെ സുപ്രധാനമായ ഒരു തീരുമാനമാണിത്. ഇന്ത്യയിൽ ആദ്യമായി, കേരളത്തിലാണ് ഇത് നടപ്പിലാക്കുന്ന തെന്നുകൂടി ഞാൻ സന്തോഷത്തോടെ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിലെ



LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും കുട്ടികൾക്ക് ഈ സൗകര്യം കിട്ടിയേ മതിയാകൂ. അതിനുവേണ്ടിയാണ് നമ്മൾ ഈ ശ്രമം നടത്തുന്നത്. ഇങ്ങനെയൊരു തീരുമാനമെടുത്തപ്പോൾ അതിന്-ഇങ്ങനെ എക്സ്റ്റൻഷൻ വേണ്ടേ; ഇന്ന രൂപത്തിൽ വേണ്ടേ - എന്നൊക്കെ നിർദ്ദേശങ്ങൾ വരാം. ഞാൻ ആ നിർദ്ദേശങ്ങളെയൊന്നും ഒറ്റയടിക്ക് വിടുന്നില്ല. പക്ഷേ നമുക്കൊരു സോഷ്യൽ കമിറ്റ്മെന്റുണ്ട്. നമ്മുടെ നാട്ടിൽ എത്രയോ പതിറ്റാണ്ടുകളായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു മുദ്രാവാക്യം അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ്. ഞങ്ങൾക്ക് പ്രതിദിനം ഇക്കാര്യത്തിൽ കുറച്ച് നഷ്ടമുണ്ടാകുന്നുണ്ട്. ഞങ്ങൾക്ക് ഡീസൽ ചാർജ്ജിനകത്ത് ഇപ്പോൾ കുറച്ച് ലാഭവും വരുന്നുണ്ട്. ഞങ്ങൾക്ക് ഡീസൽ ചാർജ്ജിൽ ഒരു ദിവസം, പഴയതുപോലെയത്രയും തുക വേണ്ട. അതേ സമയം ഞങ്ങൾ ഒരു ലിറ്റർ ഡീസലടിപ്പിക്കുമ്പോൾ അതിന്റെ ടാക്സ് വേറെ കൊടുക്കുന്നുണ്ട്. അതിന് കൺസഷൻ കൂടി കിട്ടുകയാണെങ്കിൽ മറ്റ് മാർഗ്ഗത്തിലേയ്ക്ക് പോകാൻ പറ്റും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു പുതിയ പദ്ധതികൂടി പ്രഖ്യാപിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിൽ എത്ര കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങൾക്ക് ഡീസൽ ചാർജ്ജിനകത്ത് ഒരു ദിവസം 16.50 ലക്ഷം രൂപ ലാഭം കിട്ടുന്നുണ്ട്. അതാണ് അങ്ങിവിടെ സൂചിപ്പിച്ചതെന്ന് എനിക്ക് മനസ്സിലായി. ഞങ്ങൾക്ക് കിട്ടുന്ന ഈ ലാഭം നമ്മുടെ നാട്ടിലെ കുട്ടികളിലേയ്ക്ക് പോകട്ടെ. അവർ പഠിക്കട്ടെ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കൊടുക്കണ്ടേ; അവർക്ക് ശമ്പളം കൊടുക്കണ്ടേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതിന് വേറെ സ്കീമുണ്ട്. അതാണ് നമ്മൾ 18-ാം തീയതി ചർച്ച ചെയ്യുന്നത്. ഇവിടെ ഇപ്പോൾ വരുന്നത് വിദ്യാർത്ഥികളുടെ കൺസഷനുമായി ബന്ധപ്പെട്ടതാണ്.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ പ്രഖ്യാപനം വളരെ വലുതാണ്. കേരളത്തിലെ വിദ്യാർത്ഥികൾ എത്രയോ കൊല്ലമായി ആഗ്രഹിക്കുന്നതാണ്. എത്ര കിലോമീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് ഈ സൗജന്യം വിദ്യാർത്ഥികൾക്ക് കിട്ടുമെന്ന കാര്യംകൂടി പ്രഖ്യാപിക്കണം?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ :.......പ്ലീസ്........പ്ലീസ്.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങുംകൂടി വിളിച്ച മുദ്രാവാക്യത്തിന്റെ സാഫല്യമാണ് ഇവിടെയുണ്ടാകാൻ പോകുന്നത്. ഇന്ന് എത്ര കൺസഷൻ, ഏതെല്ലാം സിസ്റ്റം നിലനിൽക്കുന്നോ ഞാനതിന് വള്ളി പുള്ളി വിസർഗ്ഗം ഒരു വ്യത്യാസവും വരുത്തുന്നില്ല. നിലവിലുള്ള തെല്ലാം കൃത്യമായി വരും. സൗജന്യ യാത്ര അനുവദിക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി എല്ലാ കുട്ടികൾക്കും ഞങ്ങൾ ഒരു കാർഡ് വിതരണം ചെയ്യും ആ കാർഡിന് വർഷത്തിലൊരിക്കൽ 10 രൂപ ചാർജ്ജ് ഈടാക്കും. ആ കാർഡ് കയ്യിലുണ്ടെങ്കിൽ ഈ കുട്ടികൾക്ക് ഒരു ദിവസം രണ്ടുപ്രാവശ്യം, അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യാം. കൺസഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം ലഭിച്ചുവരുന്ന ഈ തുക എല്ലാം കൂട്ടി ഞങ്ങൾ വരുംതലമുറയ്ക്ക്, അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി വിനിയോഗിക്കുന്നതിന് തീരുമാനിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ കാർഡെടുത്ത് യാത്രചെയ്യുന്ന വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ ഈ കൺസഷൻ അനുവദിച്ചത്.

ശ്രീ. സി. കെ. നാണു: സർ, കെ.എസ്.ആർ.ടി.സി. ഇങ്ങനെയൊരു നിലപാട് എടുക്കുമ്പോൾ മലബാർ ഭാഗത്തുള്ള കുട്ടികൾക്ക് കൂടി ബാധകമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സിസ്റ്റത്തിൽ ഇപ്പോൾ ആർക്കൊക്കെ കിട്ടുമോ അവർക്കൊക്കെ കൊടുക്കും. അതല്ലേ നമുക്ക് ഇപ്പോൾ കണക്കെടുക്കാൻ സാധിക്കുകയുള്ളൂ. ....(ബഹളം).....അത് നമുക്ക് വേറെ ചർച്ച ചെയ്യാം. ....(ബഹളം)..... ഞാൻ പറഞ്ഞ ഒരു വാക്ക് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ അങ്ങയോട് വളരെ വിനയപൂർവ്വം ഒരു കാര്യം ചോദിച്ചോട്ടെ; ഞാൻ പറഞ്ഞുവന്നത് ഇപ്പോൾ ഞങ്ങൾ കൺസഷൻ കൊടുത്തുകൊണ്ടിരിക്കുന്ന 1,30,000 കുട്ടികൾ.......(ബഹളം).....ശ്രീ. എ. കെ. ശശീന്ദ്രൻ, നമ്മൾ ഒരുമിച്ച് മുദ്രാവാക്യം വിളിച്ചതല്ലേ; ഞാൻ പറയട്ടെ. ഇപ്പോൾ 1,30,000 കുട്ടികൾക്കാണ് കൺസഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. അവരെ സമ്പൂർണ്ണ സൗജന്യമാക്കുന്നു വെന്നാണ് പറയുന്നത്. അതിന് നമ്മൾ ഏരിയ നോക്കിയിട്ടില്ല, സ്ഥലം നോക്കിയിട്ടില്ല, പ്രദേശം നോക്കിയിട്ടില്ല, വിദ്യാഭ്യാസ സ്ഥാപനം നോക്കിയിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ കാർഡ് എടുത്ത് യാത്ര ചെയ്തുവരുന്ന വിദ്യാർത്ഥികൾക്ക്.........(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: എന്തിനാണ് ഈ ബഹളം.....ഒരു നല്ല കാര്യം പ്രഖ്യാപിച്ചാലും ബഹളം വേണോ? പ്ലീസ്...ഇരിക്കു... ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ...പ്ലീസ് ഇരിക്കു..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കട്ടെ. ആ പ്രദേശത്തുള്ള ആളുകൾ ഈ 1,30,000-ൽ ഇല്ല എന്നുള്ളത് എങ്ങനെ അറിയാം. എങ്കിൽ അവർക്ക് വാങ്ങിച്ചുകൊടുക്ക്. അത് എന്റെ കുറ്റമാണോ; ഞാൻ ചോദിക്കട്ടെ.... ഈ 1,30,000 കുട്ടികളിൽ ഏത് ജില്ലയിൽ എത്ര കുട്ടികൾ എന്ന് പറയാൻ സാധിക്കുമോ; അത് എനിക്കുപോലും പറയാൻ സാധിക്കില്ല. ആരൊക്കെയുണ്ടോ, ആ മുഴുവൻ ആളുകൾക്കും ഈ കൺസഷൻ കിട്ടുകയാണ്. നിലവിലുള്ള കൺസഷൻ കാർഡ് നൽകുന്ന സമ്പ്രദായം ഈ പദ്ധതിയിൽ തുടരുകയാണ്. ഒരു ദിവസത്തിൽ രണ്ടുയാത്ര എന്നുള്ള നിലയിൽ നമ്മൾ അനുവദിക്കുകയാണ്. അങ്ങ് ഇവിടെ പറഞ്ഞല്ലോ; ഒരു വർഷത്തേയ്ക്ക് ഇത് പരീക്ഷണാടിസ്ഥാനത്തിൽ നോക്കുകയാണ്. ആ പരീക്ഷണം വിജയകരമാണ് എങ്കിൽ മറ്റുകാര്യങ്ങളിൽകൂടി പരിശോധിക്കാം. ആ പരീക്ഷണം വിജയകരമാക്കണം. പുതിയതായി ചേരുന്ന കുട്ടികൾക്ക് 12-ാം ക്ലാസ്സ് കഴിഞ്ഞു പോകുന്ന കുട്ടികളുടെ അത്രതന്നെ സൗജന്യ കാർഡുകൾ നൽകും. ഇപ്രകാരം വരുമ്പോൾ ബി.പി.എൽ. വിഭാഗം, പെൺകുട്ടികൾ, ഷെഡ്യൂൾഡ് ട്രൈബ്, സർക്കാർ സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് മുൻഗണനയും ഇക്കാര്യത്തിൽ നമ്മൾ ചെയ്യുന്നതാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ കൺസഷൻ കാർഡ് ഇല്ലാത്തവർക്ക് ഈ പദ്ധതിയിൽ ഇപ്പോൾ നിവൃത്തിയില്ല. കാരണം അതിന്റെ കണക്കില്ല. നിലവിൽ ആർക്കൊക്കെയുണ്ടോ അവർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഈ സിസ്റ്റം കേരളത്തിൽ, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി നമ്മൾ വിളിച്ച മുദ്രാവാക്യം കറക്ടായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ സഭയുടെ ഇരുഭാഗങ്ങളിലുമുള്ള ആളുകൾ ഒരുപോലെ സഹായിക്കണമെന്ന് പറയുന്നു. ഇതാണ് ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, വലിയ പ്രഖ്യാപനമാണ് അങ്ങ് നടത്തിയത്. കേരളത്തിൽ ഇത്രയും വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന വലിയ പ്രഖ്യാപനം നടത്തിയ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു

## 16. തോട്ടം തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ 30,000 ഏക്കർ എസ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുക്കാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. കമ്പനി, സർക്കാർ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ആ ഭൂമി ഏറ്റെടുക്കുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഇവിടത്തെ പ്രധാന പ്രശ്നം, ഏറ്റെടുക്കുന്ന ഈ തോട്ടങ്ങളിൽ തേയില, ഏലം, റബ്ബർ, കാപ്പി തുടങ്ങിയ വ്യവസായങ്ങളാണുള്ളത്. ഇവിടെ 13,000 പെർമനന്റ് തൊഴിലാളികളും 38,000 ടെമ്പററി കാഷ്വൽ തൊഴിലാളികളും നിലവിൽ ജോലിയെടുക്കുന്നുണ്ട്. ഈ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ടുപോലെയുള്ള ബാക്ക് അരിയറിന്റെ പ്രശ്നങ്ങളുണ്ട്. അതോടൊപ്പം അവർക്ക് സ്ഥിരമായ ജോലിയും താമസ സൗകര്യങ്ങളും എല്ലാം നിലനിർത്തി അവരുടെ ജീവനോപാധി നിലനിർത്തിക്കൊണ്ടുപോകേണ്ടതുണ്ട്. തോട്ടം ഉടമകൾ കൊടുക്കാത്ത ആനുകൂല്യങ്ങളുമുണ്ട്. തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിന് ബന്ധപ്പെട്ട തൊഴിൽ സംഘടനകളുമായി ചർച്ചകളും തയ്യാറെടുപ്പുകളും ഗവൺമെന്റ് നടത്തിയിട്ടില്ല. ഗവൺമെന്റ് ഇത്തരമൊരു നടപടി സ്വീകരിക്കാത്തതുകൊണ്ട് പതിനായിരക്കണക്കിനു വരുന്ന തൊഴിലാളികൾ വലിയ ആശങ്കയിലാണ്. അതുകൊണ്ട് ഏറ്റവും വേഗം തൊഴിലാളി സംഘടനകളുമായി കൂടിയാലോചിച്ചും അവരെ വിശ്വാസത്തിലെടുത്തു കൊണ്ടും തൊഴിലാളി സംഘടനാ നേതാക്കളെ വിളിച്ച് മുഖ്യമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ചർച്ചചെയ്ത് ഈ പ്രശ്നത്തിനൊരു പരിഹാരം കാണേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ഞങ്ങളുടെ ഭാഗത്തുനിന്നുള്ള ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം, ഇങ്ങനെ തോട്ടം ഏറ്റെടുക്കുമ്പോൾ തൊഴിലാളികളുടെ ജോലി സ്ഥിരതയും അവരുടെ ഭാവിയും ഉറപ്പുവരുത്താൻ ഏറ്റവും നല്ല മാർഗ്ഗമെന്നു പറയുന്നത്, ഇങ്ങനെ ഏറ്റെടുക്കുന്ന തോട്ടം പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും അവർ മുഖേന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ് എന്നതാണ്. അതല്ലെങ്കിൽ ഏറ്റെടുക്കുന്ന തോട്ടങ്ങൾ ഗവൺമെന്റിന്റെ നേതൃത്വത്തിൽ തന്നെ ഒരു കമ്പനി രൂപീകരിച്ച് തൊഴിലാളികളുടെ ജോലിയും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്തി പോകേണ്ടതുണ്ട്. ഇതുമല്ലെങ്കിൽ ബംഗാളിൽ ചെയ്തിട്ടുള്ളതുപോലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ ഏറ്റെടുത്ത് നടപ്പാക്കണം. ഈ രൂപത്തിലുള്ള പ്രശ്നം തൊഴിലാളി സംഘടനകൾക്ക് ഗവൺമെന്റുമായി ചർച്ച ചെയ്യാനുള്ള വേദിയൊരുക്കാതെയാണ്, അതിനുള്ള തയ്യാറെടുപ്പുകൾ നടത്താതെയാണ് ഗവൺമെന്റ് തോട്ടം ഏറ്റെടുക്കൽ പ്രക്രിയയുമായി മുന്നോട്ടുപോകുന്നത്. അത് വലിയ നിലയിലുള്ള പ്രത്യാഘാതമുണ്ടാക്കും. തൊഴിലാളികളാകെ വലിയ ആശങ്കയിലാണുള്ളത്. അതുസംബന്ധിച്ച് ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത് എന്നറിയാനും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുമാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കമ്പനിയിൽ നിന്നും സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29,185 ഏക്കർ ഭൂമിയിലും ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമിയിലും ജോലി ചെയ്തുവരുന്ന തോട്ടം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുകയില്ല. തോട്ടം തൊഴിലാളി കളെയും ബന്ധപ്പെട്ട തൊഴിലാളി സംഘടനകളെയും വിശ്വാസത്തിലെടുത്തു കൊണ്ടുള്ള നടപടി മാത്രമേ സർക്കാർ സ്വീകരിക്കുകയുള്ളൂ. തൊഴിൽ മേഖലയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ ഒരു നടപടിയും സർക്കാർ സ്വീകരിക്കുകയില്ല. ഭൂമിയേറ്റെടുക്കൽ പൂർത്തിയായിക്കഴിഞ്ഞാൽ തൊഴിലാളികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സേവന-വേതന നിരക്കുകൾ മെച്ചപ്പെടുത്തുന്നതിനും അവർക്ക് കൂടുതൽ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട തൊഴിലാളി സംഘടന കളുമായി ചർച്ച നടത്തുന്നതിന് ആലോചിക്കുന്നതാണ്. പതിമൂവായിരത്തിലധികം വരുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമോ എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആശങ്ക ഉയർത്തിയത്. ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടതുണ്ട്. അങ്ങേയ്ക്ക് നന്നായി അറിയാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഹാരിസൺ മലയാളം പ്ലാന്റേഷന് 190-ലധികം കേസ്സുകൾ ഇന്ന് ഹൈക്കോടതിയിലുണ്ട്. കോടതിയിൽ നടക്കുന്ന കേസ്സുകളിൽ ഏതാണ്ട് നല്ലൊരു ശതമാനം തൊഴിലാളികളുമായി ബന്ധപ്പെട്ടുള്ള കേസ്സുകളുമാണ്. തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യം നൽകാതെ, അവർ ആനുകൂല്യം ചോദിച്ചിട്ടുണ്ടെങ്കിൽ അവരെ കേസ്സിൽപ്പെടുത്തി അവർക്കെതിരെ സ്റ്റേ വാങ്ങി വച്ചിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കുന്നുണ്ട്. അങ്ങേയ്ക്ക് അത് നന്നായറിയാം എന്നു ഞാൻ വിശ്വസിക്കുകയാണ്. ഇന്ന് എച്ച്.എം.എൽ. ചെയ്തു കൊണ്ടിരിക്കുന്നത് ഗവൺമെന്റ് ഇത്തരത്തിലൊരു നടപടിയിലേയ്ക്ക് മുമ്പോട്ടുപോയപ്പോൾ തൊഴിലാളി സംഘടനകളെ പിടിച്ചുകൊണ്ട്, തൊഴിലാളികളെ മുന്നിൽ നിർത്തി ക്കൊണ്ട് അവരെ വച്ച് വിലപേശുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടി രിക്കുന്നു എന്നതാണ്. ഒരു കാരണവശാലും ബഹുമാനപ്പെട്ട അംഗം, അങ്ങയെ പ്പോലുള്ള ആളുകൾ ഇക്കാര്യത്തിൽ ഗവൺമെന്റിന് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള ഒരു നിലപാട് ഭൂമി സംബന്ധമായ തർക്കങ്ങൾ നിലനിൽക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങൾ പൂർണ്ണമായും നമുക്ക് തിരിച്ചുകിട്ടേണ്ടതാണ് എന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അതിനുവേണ്ടിയാണ് കോടതിയിൽ നമ്മൾ ഇക്കാര്യങ്ങൾ എപ്പോഴും അവതരിപ്പിച്ചിട്ടുള്ളത്. മാത്രമല്ല, ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മറ്റൊരുത്തരവ് ഉണ്ടായിട്ടുണ്ട്. താൽക്കാലികമായി ഹാരിസൺ ഭൂമിയിൽ തൽസ്ഥിതി തുടരണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ ഒരു കേസ് ഫയൽ ചെയ്തിരുന്നു. ജനുവരി 20-ാം തീയതി വരെ തൽസ്ഥിതി തുടരാൻ വേണ്ടി കോടതി നിർദ്ദേശം തന്നിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടതി കൂടി നിർദ്ദേശിക്കുന്നതിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടിവരും. പക്ഷേ തുടർന്നുള്ള നടപടി കോടതി അനുകൂലമായി നമുക്ക് നിൽക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഗൗരവപൂർവ്വം എടുക്കണം. ഈ സഭയിലെ മുഴുവൻ അംഗങ്ങളും അക്കാര്യത്തിൽ ഒരേ നിലപാട് സ്വീകരിക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്തായാലും അങ്ങേയ്ക്ക് ഒരാശങ്കയ്ക്കും വകയില്ല. തൊഴിലാളികളുടെ പൂർണ്ണമായ സംരക്ഷണം, അവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ, അവർക്ക് ഇന്ന് കിട്ടാതിരിക്കുന്ന അവരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിലുമൊക്കെ നടപടികൾ സ്വീകരിക്കും. തൊഴിലാളി സംഘടനകളുമായി ഇക്കാര്യത്തിൽ ചർച്ച നടത്താനും ഗവൺമെന്റ് തയ്യാറാണ് എന്ന കാര്യംകൂടി ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നമ്മുടെ ഗവൺമെന്റിന്റെ ശക്തമായ നിലപാട് കോടതിയെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലപാട് വളരെ വ്യക്തമായി കോടതിയെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, കോടതിയുടെ നിർദ്ദേശാനുസരണമാണ് ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നോട്ടീസ് നൽകിക്കൊണ്ട് ഭൂമി സർക്കാരിന്റേതാണെന്ന് അവകാശപ്പെടുന്നത്. അത് തെളിയിക്കുന്നതിനുവേണ്ടി കോടതിയിൽ കേസുകൾ ഫയൽ ചെയ്തു. അതിനാവശ്യമായ റിക്കാർഡുകൾ ഹാജരാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കോടതി തുടർനടപടികളുമായി മുന്നോട്ടുപോകുവാനുള്ള നിർദ്ദേശം ഗവൺമെന്റിന് തന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് എറണാകുളം ജില്ലാ കളക്ടർ ശ്രീ. എം. ജി. രാജമാണിക്യത്തെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ടുള്ള നടപടികളുമായി ഞങ്ങൾ മുന്നോട്ടു പോയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## 17. അതിർത്തി പുനർനിർണ്ണയം

ശ്രീ. കെ. വി. വിജയദാസ്: സർ, മണ്ണാർക്കാട് താലൂക്കിലെ തച്ചംപാറ പഞ്ചായത്തിലെ പാലക്കയം എട്ടാം വാർഡിലെ വട്ടപ്പാറ പ്രദേശം ഇപ്പോൾ അട്ടപ്പാടിയിലുള്ള കള്ളമല വില്ലേജിന്റെ ഭാഗമായാണ് നിലനിൽക്കുന്നത്. വട്ടപ്പാറ പ്രദേശത്തെ ജനങ്ങൾക്ക് നികതി അടയ്ക്കാനും വില്ലേജ് ആഫീസിൽനിന്ന് വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ടി 50 കിലോമീറ്ററിലധികം സഞ്ചരിക്കണം. വട്ടപ്പാറ പ്രദേശം പാലക്കയം വില്ലേജ് ആഫീസിൽ നിന്നും കേവലം അഞ്ച് കിലോമീറ്റർ അടുത്താണ് സ്ഥിതിചെയ്യുന്നത്. അതുപോലെതന്നെ ആദിവാസി കോളനികൾ സ്ഥിതിചെയ്യുന്ന പാമ്പൻതോട്, ഓടക്കുന്ന് പ്രദേശങ്ങളും കള്ളമല വില്ലേജിന്റെ ഭാഗമായാണ് കിടക്കുന്നത്. ഈ പ്രദേശത്തുകാർക്ക് വില്ലേജ് ആഫീസിൽ എത്തണമെങ്കിൽ അറുപതോളം കിലോമീറ്റർ സഞ്ചരിക്കണം. അതുകൊണ്ട് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാമ്പൻതോട്, ഓടക്കുന്ന് പ്രദേശവും തച്ചംപാറ പഞ്ചായത്തിലെ വട്ടപ്പാറ പ്രദേശവും കള്ളമല വില്ലേജിൽനിന്ന് വേർപെടുത്തി പാലക്കയം വില്ലേജിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കള്ളമല വില്ലേജിൽ ഉൾപ്പെടുന്ന പാമ്പൻതോട്, തൈക്കുന്ന് പ്രദേശം ആദിവാസി മേഖലയാണ്. ഏകദേശം അൻപതോളം ആദിവാസി കുടുംബങ്ങളും മറ്റ് വിഭാഗക്കാരായ ആറ് കുടുംബങ്ങളും ഇവിടെ താമസിച്ചുവരുന്നു. സർക്കാരിൽ നിന്നും ക്ഷേമ കാര്യങ്ങൾക്കും മറ്റ് ആനുകൂല്യങ്ങൾക്കുമായി സാക്ഷ്യപത്രങ്ങൾ വാങ്ങുന്നതിന് 55 കിലോമീറ്ററോളം യാത്ര ചെയ്താൽ മാത്രമേ ഇവർക്ക് കള്ളമല വില്ലേജിൽ എത്താൻ കഴിയുകയുള്ളൂ. എന്നാൽ ഇവരെ പാലക്കയം വില്ലേജിൽ ഉൾപ്പെടുത്തിയാൽ കേവലം 14 കിലോമീറ്റർ യാത്ര ചെയ്താൽ മതിയാകും. കള്ളമല വില്ലേജിൽ ഉൾപ്പെട്ടുവരുന്ന വട്ടപ്പാറ പ്രദേശത്ത് അറുപതോളം കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെയുള്ളവർക്ക് കള്ളമല വില്ലേജിൽ എത്താൻ അറുപത് കിലോമീറ്ററോളം യാത്ര ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവരെ പാലക്കയം വില്ലേജിൽ ഉൾപ്പെടുത്തിയാൽ കേവലം ആറ് കിലോമീറ്റർ യാത്ര ചെയ്താൽ മതിയാകും. ആയതിനാൽ കള്ളമല വില്ലേജിൽനിന്ന് പാമ്പൻതോട്, തൈക്കുന്ന്, വട്ടപ്പാറ എന്നീ പ്രദേശങ്ങൾ വേർപെടുത്തി പാലക്കയം വില്ലേജിലേയ്ക്ക് ചേർത്ത് അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## 18. കക്കയം - പെരുവണ്ണാമൂഴി ടൂറിസം പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വിദേശികളായ ധാരാളം ടൂറിസ്റ്റുകൾ വരുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് കക്കയം. കേരളത്തിലെ ഏറ്റവും മനോഹരമായ എക്കോ ടൂറിസ്റ്റ് കേന്ദ്രം. ബാലുശ്ശേരി - പേരാമ്പ്ര മണ്ഡലത്തിലെ കക്കയം - പെരുവണ്ണാമൂഴി ടൂറിസം പദ്ധതി മുൻ ടൂറിസം വകുപ്പമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കേന്ദ്രത്തിൽ സമർപ്പിച്ചതിന്റെ ഫലമായി ഉണ്ടായതാണ്; അഞ്ച് കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. ഇപ്പോഴത്തെ ടൂറിസം വകുപ്പമന്ത്രി ശ്രീ. എ. പി. അനിൽകുമാർ താൽപ്പര്യമെടുത്ത് കക്കയം സന്ദർശനം നടത്തുകയും സെമിനാർ സംഘടിപ്പിക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്തു. രണ്ട് വർഷം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടൂറിസം പദ്ധതിക്ക് തറക്കല്ലിട്ടു. വർഷങ്ങളായിട്ടും പണി നടന്നില്ല. വലിയ അനാസ്ഥയാണ് ഉണ്ടായത്. ഇംപ്ലിമെന്റേഷൻ സമയത്തുതന്നെ മുതിയടയുന്ന സ്ഥിതിയാണ് അവിടെ ഉണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പമന്ത്രി കഴിഞ്ഞ മാസം ഒരു യോഗം വിളിച്ചിരുന്നു. അന്ന് പറഞ്ഞത്, പണം ലാപ്സായിപ്പോയെങ്കിലും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പദ്ധതി പൂർത്തീകരിക്കും എന്നാണ്. അതിനോട് ബന്ധപ്പെട്ട എന്തൊക്കെ കാര്യങ്ങൾ നടത്തിയെന്ന് എനിക്കറിയില്ല. പക്ഷേ കേരള ടൂറിസം വകുപ്പ് അത് ഏറ്റെടുത്ത് നടത്തുമെന്ന് പറഞ്ഞിരുന്ന സ്ഥിതിക്ക് എന്താണ് ഈ സ്വപ്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി? എന്തെല്ലാം നടപടികളാണ് കക്കയം ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ളത്? ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി-കക്കയം ടൂറിസം വികസന പദ്ധതിക്കായി അഞ്ച് കോടി രൂപയുടെ അംഗീകാരം കേന്ദ്ര ഗവൺമെന്റ് നൽകുകയും നാല് കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികവുമായ വിവിധ കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ഇറിഗേഷൻ വകുപ്പിന് കഴിയാതെ വന്ന സാഹചര്യത്തിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നാല് കോടി രൂപയും തിരിച്ചടക്കേണ്ടതായി വരികയുണ്ടായി. പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന

ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടും പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനാലും പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 1,90,00,000 രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 18 മാസത്തിനകം പൂർത്തീകരിക്കുവാൻ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതോടൊപ്പം രണ്ടാം ഘട്ടത്തിന് ആവശ്യമായ തുക കൂടി ഗവൺമെന്റ് അനുവദിക്കുന്നതാണ്. എത്രയും പെട്ടെന്ന് ഈ പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്. പ്രവർത്തികൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

## 19. പി.ഡബ്ല്യു.ഡി. എ.എക്സ്.ഇ.യുടെ ഓഫീസ് മാറ്റാനുള്ള നീക്കം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ വർഷങ്ങളായി കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ഫോർട്ടുകൊച്ചിയിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ ഓഫീസാണ് പി.ഡബ്ല്യു.ഡി.-യുടെ സ്പെഷ്യൽ ബിൽഡിംഗ് എ.എക്സ്.ഇ.-യുടെ ഓഫീസ്. അതിപ്പോൾ കളമശ്ശേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് അങ്ങോട്ട് മാറ്റാനുള്ള തീരുമാനം വരാൻ പോകുന്നുവെന്നു കേട്ടു. അങ്ങയുടെ പഴയ മണ്ഡലത്തിൽപ്പെട്ടതാണ് ആ സ്ഥാപനം. പശ്ചിമ കൊച്ചിയിലുള്ള ഒരേ ഒരു പി.ഡബ്ല്യു.ഡി. ഓഫീസ് അത് മാത്രമാണ്. അത് അവിടെ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 17-12-2013-ൽ ആണ് കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നത്. എല്ലാ മെഡിക്കൽ കോളേജുകൾക്കും സംസ്ഥാനത്ത് സബ്-ഡിവിഷനും സെക്ഷനുമുണ്ട്. ഈ കോളേജിനും അത് വേണമെന്ന് നിർബന്ധമാണ്. പക്ഷെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുക്കുമ്പോൾ പുതിയൊരു സെക്ഷനും സബ്-ഡിവിഷനും അനുവദിക്കാൻ പ്രയാസമുണ്ട്. പക്ഷെ അന്തിമ തീരുമാനം എടുത്തിട്ടില്ല. അങ്ങയോടുംകൂടി ആലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുകയുള്ളൂ. അവിടെ നിന്ന് സബ്-ഡിവിഷൻ എടുത്താലും മട്ടാഞ്ചേരിയിൽ സെക്ഷൻ അവിടെത്തന്നെ നിലനിർത്തും. അതോടൊപ്പംതന്നെ വേറൊരു സെക്ഷൻ ഓഫീസ് എറണാകുളത്തുനിന്നുമാണ് എടുക്കാൻ ഉദ്ദേശിച്ചത്. ഇത് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## 20. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ രണ്ടാംഘട്ടം

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ഗ്രാമീണ റോഡുകൾ നവീകരിക്കുകയെന്നത് വളരെ ശക്തമായുള്ള ആവശ്യമാണ്. പലപ്പോഴും ജനപ്രതിനിധികൾക്ക് ഏറ്റവും കൂടുതൽ നിവേദനങ്ങൾ ലഭിക്കുന്നത് ആ കാര്യത്തിനുവേണ്ടിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ കാര്യത്തിന് ആവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റുതന്നെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി (പി.എം.ജി.എസ്.വൈ.) പ്രത്യേക റോഡ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഒന്നാം ഘട്ടത്തിൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് വേണ്ടത്ര റോഡുകൾ പല കാരണങ്ങൾ കൊണ്ട് നേടിയെടുക്കാൻ സാധിച്ചില്ല. റോഡിന്റെ വീതി സംബന്ധിച്ച് എട്ട് മീറ്റർ എന്ന വിഷയം ഉണ്ടായിരുന്നു, ഗ്രേഡിയന്റിനെ സംബന്ധിച്ച വിഷയവും ഉണ്ടായിരുന്നു. എന്നാൽ 2011-നുശേഷം ആ കാര്യത്തിൽ വലിയൊരു കുതിപ്പുണ്ടാക്കാൻ സാധിച്ചു. 415 റോഡുകൾ ഗ്രാമങ്ങൾക്കായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നേടിയെടുക്കുന്നതിന് സാധിച്ചു. അവിടെയും ഒരു തടസ്സം വന്നത്, ഈ റോഡുകൾക്ക് ടെണ്ടർ എക്സസ് സംഖ്യ ഉണ്ടായിരുന്നു. ആ ടെണ്ടർ എക്സസ് സംഖ്യ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുന്നില്ല. അവിടെയും സംസ്ഥാന ഗവൺമെന്റ് 315 കോടി രൂപ സംസ്ഥാനത്തു നിന്ന് വഹിച്ചുകൊണ്ടാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളുടെ ടെണ്ടർ അക്സപ്റ്റ് ചെയ്തുകൊണ്ട് റോഡുകളുടെ പ്രവർത്തി ആരംഭിക്കാൻ സാധിച്ചിട്ടുള്ളത്. അത് വളരെ ആശ്വാസകരമായ ഒരു കാര്യം തന്നെയാണ്. പി.എം.ജി.എസ്.വൈ.-യുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഈ ഘട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഇതിന്റെ ഒരു കോർനെറ്റ് എടുത്തപ്പോൾ 500 റോഡുകളുടെ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതൊരു നിയോജകമണ്ഡലത്തിലെ ആവശ്യമാണെങ്കിൽ സംസ്ഥാനത്തൊട്ടാകെ ആയിരക്കണക്കിന് റോഡുകൾ ഇന്നും നവീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. അതിന് പി.ഡബ്ല്യു.ഡി.-ക്ക് ഫലപ്രദമായ ഫണ്ടും സംവിധാനങ്ങളുമില്ല. അവർക്ക് മടിയാണ്. എത്ര ശ്രമിച്ചാലും സാധിക്കുന്നില്ല. അതുകൊണ്ട് കേന്ദ്രത്തിൽ നിന്ന് ഗ്രാമീണ റോഡ് പദ്ധതിയിൽ എത്രയും കൂടുതൽ റോഡുകൾ, 2000 കിലോമീറ്റർ റോഡെങ്കിലും നേടിയെടുക്കാൻ ആവശ്യമായ നടപടികൾ കൂടുതൽ ശക്തമായി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു flagship പ്രോഗ്രാമാണ് പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (PMGSY). ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ 2010-11 വരെ കേരളം ഈ രംഗത്ത് വളരെ പിന്നിലായിരുന്നു. ആന്ധ്രാപ്രദേശിന്

5,505 കോടി രൂപയും കർണ്ണാടകത്തിന് 3,706 കോടി രൂപയും തമിഴ്നാടിന് 3,225 കോടി രൂപയും അനുവദിച്ചപ്പോൾ കേരളത്തിന് ഈ പദ്ധതിയിൽ കിട്ടിയത് ഏതാണ്ട് 813 കോടി രൂപ മാത്രമാണ്. അതിൽതന്നെ അനുവദിച്ച ഫണ്ട് കേരളം ചെലവഴിച്ചിട്ടുമില്ല. തന്മൂലം കഴിഞ്ഞ ബഡ്ജറ്റിൽ പി.എം.ജി.എസ്.വൈ.-യുടെ Phase II പ്രഖ്യാപിച്ചപ്പോൾ കേരളത്തെ ഉൾപ്പെടുത്തിയില്ല. പി.എം.ജി.എസ്.വൈ. റോഡിന് വളരെയേറെ ഗുണനിയന്ത്രണമുണ്ട് എന്നതിനാൽ 2010-11 വരെ മുടങ്ങിക്കിടന്ന 303 റോഡുകൾക്ക് ടെണ്ടർ വിളിച്ചെങ്കിലും ആരും എടുത്തില്ല. വർക്ക് ചെയ്യുന്ന കോൺട്രാക്ടർ 5 കൊല്ലം അതിന്റെ മെയിന്റനൻസ് പണികൾ ചെയ്യണമെന്നതുകൊണ്ട് ലാഭകരമല്ലാത്ത പണി ചെയ്യാൻ കോൺട്രാക്ടർ തയ്യാറാവുന്നില്ല. ഈ ഗവൺമെന്റ് വരുമ്പോൾ നേരത്തെ പൂർത്തിയാക്കേണ്ടിയിരുന്ന 303 റോഡിന് വീണ്ടും ടെണ്ടർ വിളിച്ചു. മാത്രമല്ല 42 ശതമാനം വരെ സംസ്ഥാന ഫണ്ടിൽനിന്നും ടെണ്ടർ എക്സസ് കൊടുത്തതിന്റെ ഫലമായി ആ റോഡുകളുടെ പണി ആരംഭിക്കാൻ സാധിച്ചു. രണ്ടാമത്, പി.എം.ജി.എസ്.വൈ.-യുടെ എട്ടാമത്തെ Phase-ൽ കേരളത്തിന് ലഭിച്ചത് 415 റോഡുകളാണ്. 415 റോഡുകളും ടെണ്ടർ വിളിച്ചു. അതിന് ടെണ്ടർ എക്സസ് കൊടുത്തതിന്റെ ഫലമായി 345 വർക്ക് ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള വർക്ക് ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. മുടങ്ങിക്കിടന്ന 303 റോഡുകളും 8-ാം ഘട്ടത്തിലെ 345 റോഡുകളുമായി ഏതാണ്ട് 648 റോഡുകൾ ഇപ്പോൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇൻഡ്യയിൽ കേരളത്തിൽ മാത്രമാണ് സംസ്ഥാനം ടെണ്ടർ എക്സസ് വഹിക്കുന്നത്. അതിനുവേണ്ടി 314 കോടി രൂപ കേരളം അനുവദിച്ചുകഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ കേരളത്തിന് നേരത്തെ ഉണ്ടായിരുന്ന നഷ്ടം നികത്തപ്പെടുകയും ആവശ്യമായ, അർഹമായ പരിഗണന ലഭിക്കുകയും വേണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണമെന്നത് സഭയിലെ എല്ലാ അംഗങ്ങളുടെയും ആവശ്യമാണ്. നമുക്ക് ലഭിക്കുന്ന നിവേദനങ്ങളിൽ 90 ശതമാനവും റോഡുകളുടെ കാര്യമാണ്. എം.എൽ.എ.-മാരുടെ ഫണ്ടുകൊണ്ടുമാത്രം ഇത് ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ രംഗത്ത് എല്ലാവരുടെയും കൂട്ടായ ശ്രമങ്ങൾ ഉണ്ടാകണം. കഴിഞ്ഞ പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ കേരളം ഈ കാര്യം ഉന്നയിക്കുകയുണ്ടായി. ഇപ്പോൾ 8-ാം ഘട്ടത്തിൽ നമുക്ക് ലഭിച്ചത് 570 കിലോമീറ്ററാണ്. അതിനുപുറമേ 1000 കിലോമീറ്ററെങ്കിലും വാങ്ങിയെടുക്കാനുള്ള സമ്മർദ്ദം ചെലുത്താൻ എം.പി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടെണ്ടർ എക്സസ് വഹിക്കാൻ കേരളം തീരുമാനിച്ചതുകൊണ്ട് വലിയ മാറ്റമുണ്ടായിട്ടുണ്ട്. നേരത്തെ അങ്ങനെ തീരുമാനിച്ചിരുന്നെങ്കിൽ ഈ പ്രയാസം ഉണ്ടാകുമായിരുന്നില്ല. ഏതായാലും, better late than never. കേരളത്തിന്റെ എം.പി.-മാരും ഈ സഭയും കൂടി കൂട്ടായി ശ്രമിച്ചാൽ, നമുക്ക് 1000 കിലോമീറ്റർ ലഭിച്ചാൽ നമ്മുടെ ഓരോ മേഖലയ്ക്കും അർഹമായ പരിഗണന കൊടുക്കാൻ സാധിക്കും. ആ കാര്യത്തിൽ സഭയുടെ കൂടി സഹായം ഞാൻ പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## VIII മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4350, 7048 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2861-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4477-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## IX റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട ഇൻഷ്വറൻസ്, സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ, സബ്ജക്ട് കമ്മിറ്റി മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട ഇൻഷ്വറൻസ്, സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അൻപത് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

ശ്രീ. അൻവർ സാദത്ത്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനു വേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

## ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. ജോസ് തെറ്റയിൽ: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# X റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

# XI ക്രമപ്രശ്നം

## കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഇതിനെ എതിർക്കുന്നു. റൂൾ 215 അനുസരിച്ച് കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് കാര്യോപദേശക സമിതിക്കുതന്നെ തിരിച്ചയച്ച് വരണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. ഇന്നലത്തെ കാര്യോപദേശക സമിതി ഡിസംബർ 15 മുതൽ 18 വരെയുള്ള തീയതികളിലെ ബിസിനസ്സാണ് തീരുമാനിച്ചിരിക്കുന്നത്. ഒരേ ദിവസം തന്നെ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത രണ്ട് ബില്ലുകൾ വകുപ്പുതിരിച്ചുള്ള ചർച്ച ഉൾപ്പെടെ ചേർത്തു കൊണ്ട് പാസ്സാക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനം 18-ാം തീയതി നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളാണ്. 18-ാം തീയതി ആകെ രണ്ട് മണിക്കൂർ മാത്രമേയുള്ളൂ. ഒരു മണിക്കൂർ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ധനവിനിയോഗ ബില്ലാണ്. അത് 12.30 മുതൽ 1.30 വരെ നടത്തണം, 1.30-ന് വോട്ടിന് ഇടേണ്ട ബില്ലാണ്. നമുക്ക് ലഭിക്കാൻ പോകുന്നത് ആകെ രണ്ട് മണിക്കൂറാണ്. ആ രണ്ട് മണിക്കൂർ കൊണ്ട് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച വിധത്തിലുള്ള രണ്ട് ബില്ലുകൾ ക്ലാസ്-ബൈ-ക്ലാസ് ചർച്ചയോടുകൂടി പാസ്സാക്കാനുള്ളതാണ്. ഒരു ബില്ല് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിക്കുന്ന പുതിയ ബില്ലാണ്. അതിൽ ധാരാളം ഭേദഗതികൾ ഉണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ബില്ല് ഒരു അമെന്റ്മെന്റ് ബില്ലാണ്. അതിന്മേൽ നിരവധി അഭിപ്രായങ്ങൾ പറയുവാനുണ്ട്. വ്യത്യസ്ത അഭിപ്രായങ്ങൾ അതുസംബന്ധിച്ചുണ്ടാകും. കുറേയധികം സമയം ചർച്ചചെയ്ത് തീരുമാനിക്കേണ്ടുന്ന ഈ ബില്ലുകളെല്ലാം തന്നെ രണ്ട് മണിക്കൂർകൊണ്ട്, പപ്പടം ചുട്ടെടുക്കുന്നതുപോലെ നിയമനിർമ്മാണം നടത്തുന്നത് ശരിയല്ല. ഈ അഭിപ്രായങ്ങൾ ബി.എ.സി. യോഗത്തിൽ വന്ന് പറയാനുള്ള അവസരം ഇന്നലെ ഞങ്ങൾക്ക് ഉണ്ടായില്ല. ഞങ്ങൾ ഇന്നലെ ഇവിടെ സമാധാനപരമായി സമരം ചെയ്തു. ആ സമരം നടക്കുന്നതിനിടയിൽ ബിസിനസ് മുഴുവൻ പൂർത്തീകരിച്ചു. ചെയറിന് അത് ചെയ്യേണ്ടതായി വരും. പക്ഷേ ആ ബിസിനസ് പൂർത്തീകരിച്ചത് ഒരു പ്രകോപനപരമായ രീതിയിൽ പ്രസംഗം നീട്ടിക്കൊണ്ടുപോകൽ, ഇങ്ങനെയൊക്കെയാക്കി മണിക്കൂറുകളെടുത്ത്... ഞങ്ങളെ പരമാവധി പ്രകോപിപ്പിച്ചു. ഞങ്ങൾ ചെയറിന്റെ അടുത്തേയ്ക്ക് കയറാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല എന്നൊരു തീരുമാനം എടുത്തിരുന്നു. ചെയറിന്റെ അടുത്ത് കയറിയാൽ മാത്രമേ സഭ നിർത്തിവയ്ക്കുകയുള്ളൂ എന്നുള്ള സ്ഥിതി എടുക്കാൻ പറ്റുമോ; അങ്ങനെയൊരു സാഹചര്യം ഉണ്ടായാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കുക എന്നുള്ള കീഴ്‌വഴക്കം ലംഘിച്ചുകൊണ്ട് എല്ലാമിങ്ങനെ നടത്തിക്കൊണ്ടുപോകും എന്നുള്ള നിലപാടെടുത്തപ്പോഴാണ് ഞങ്ങൾക്ക് ഇന്നലെ വെല്ലിലേയ്ക്ക് ഇറങ്ങേണ്ടി വന്നത്. അങ്ങ് നേരത്തെ ഒരു നടപടി എടുത്തതുകൊണ്ട് അതിൽ ഭയപ്പെട്ടുപോയി, കാണാതായിപ്പോയി എന്ന അർത്ഥത്തിൽ അത് ഒരു ദൗർബല്യമായി കാണരുത്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിൽ കയറി പ്രതിഷേധിച്ചാൽ മാത്രമേ പ്രതിഷേധമാകൂ എന്ന് ധരിക്കാൻ പാടില്ല. പരമാവധി സഹകരിച്ച് പോകണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾക്ക് ഇത്തരത്തിലുള്ള പരിപാടികൾ ചില സമയങ്ങളിൽ നടത്തേണ്ടിവരുന്നത്. അങ്ങനെ നടത്തുമ്പോൾ ഇവർക്ക് ഇത്രയേ കഴിയുകയുള്ളൂ, അത്രയേ ശബ്ദമുണ്ടാക്കാൻ കഴിയുകയുള്ളൂ, എല്ലാം പാസ്സാക്കിയെടുക്കാം എന്നു ധരിക്കരുത്. എന്നിട്ട് ഉടനെ തന്നെ ബി.എ.സി. കൂടുകയാണ്. ഇന്നലെ നടത്തിയ ബി.എ.സി. മാറ്റി വച്ച് ഇന്നത്തേയ്ക്ക് തീരുമാനിച്ചിരുന്നുവെങ്കിൽ വല്ല പ്രയാസവുമുണ്ടോ; നാളെ ഈ ബി.എ.സി. റിപ്പോർട്ട് അവതരിപ്പിച്ച് പാസ്സാക്കി തിങ്കളാഴ്ച തുടങ്ങാൻ പറ്റുമായിരുന്നില്ലേ? അപ്പോൾ പ്രതിപക്ഷത്തിന്റെ പ്രതിഷേധം ഞങ്ങൾക്ക് പുല്ലുവില എന്നൊരു നിലപാട് എടുത്തുകൊണ്ട്...... പ്രതിപക്ഷത്തിന്റെ 65 മെമ്പർമാരില്ലേ ഞങ്ങൾ. ആറ് ആളുകളുടെ ഭൂരിപക്ഷമല്ലേ നിങ്ങൾക്കുള്ളൂ. 65 മെമ്പർമാർ ഒന്നിച്ച് ഒരു നിലപാട് എടുത്തിട്ടും ഒരു തരത്തിലും പരിഗണിക്കാൻ തയ്യാറല്ല .....(ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.....യെസ്...... പ്ലീസ്..... ശ്രീ. വി. ഡി. സതീശൻ, പ്ലീസ്.....

2.00 PM]

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ ചട്ടപ്രകാരം നോട്ടീസ് നൽകിയിട്ടാണ് ഈ പ്രശ്നം ഉന്നയിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അതേ, അങ്ങയെ ചെയർ അനുവദിച്ചിരിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ ഭൂരിപക്ഷം അനുസരിച്ച് എന്തും പാസ്സാക്കാം. നിങ്ങൾക്ക് വേണമെങ്കിൽ ഭൂരിപക്ഷപ്രകാരം ഞങ്ങൾ 65 പേരെയും സസ്പെൻഡ് ചെയ്യാൻ കഴിയും. ജനാധിപത്യം അവിടേയ്ക്ക് എത്താനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് ചെയ്തോളൂ, ഞങ്ങൾക്ക് പ്രശ്നമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തുള്ള ആളുകൾ ഒന്നും വേണ്ട, നിങ്ങൾ വന്നില്ലെങ്കിലും ഞങ്ങൾകൂടി തീരുമാനിക്കും, സഭയുടെ ഭൂരിപക്ഷപ്രകാരം എല്ലാ ബിസിനസുകളും ഞങ്ങൾ തീരുമാനിക്കും എന്നുള്ള നിലയിൽ കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് ഇപ്പോൾ ഇത് പരിഗണനയ്ക്ക് എടുക്കാതെ വീണ്ടും അതേ കമ്മിറ്റിക്ക് തന്നെ തിരിച്ചയച്ച് ഇപ്പോൾ തന്നെ കൂടാം, ഇപ്പോൾ കൂടി തീരുമാനമെടുക്കാം. ഇപ്പോൾ നമുക്ക് തീരുമാനമെടുത്ത് നാളെ ഈ റിപ്പോർട്ട് പരിഗണിച്ച് തിങ്കളാഴ്ച മുതലുള്ള ബിസിനസ് നടത്താം. ഇത് മാറ്റിവച്ചാൽ യാതൊരു ഭരണഘടനാ പ്രതിസന്ധിയും ഉണ്ടാകുകയില്ല. ചട്ടപ്രകാരം എല്ലാം ചെയ്യാൻ സാധിക്കും. അങ്ങനെയൊരു ജനാധിപത്യ മര്യാദ കാണിക്കണം, അതുകൊണ്ട് ഇത് തിരിച്ചയയ്ക്കണം എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യവും ഞാൻ ആവർത്തിക്കുന്നില്ല. ഇന്നലെ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ അവസാനത്തെ വാചകം, സമിതിയുടെ അടുത്ത യോഗം 2014 ഡിസംബർ 15 തിങ്കളാഴ്ച ചേരുവാൻ തീരുമാനിച്ചു. കഴിഞ്ഞ യോഗത്തിൽ വച്ചുണ്ടായ ധാരണ ഈ വ്യാഴാഴ്ച കൂടാം എന്നായിരുന്നു. ഇന്നലെ യോഗം കൂടി, എനിക്ക് നോട്ടീസ് കിട്ടിയില്ല, ഞാൻ സ്ഥലത്ത് ഇല്ലായിരുന്നു. ഞാൻ അത് ആക്ഷേപമായി ഉന്നയിക്കുകയല്ല. തിങ്കളാഴ്ച ഡിസംബർ 15-ാം തീയതി കൂടാം എന്ന് തീരുമാനിച്ച യോഗം ഈ സഭ ഇതുവരെയുള്ള അറിവുവച്ച് 18-ാം തീയതി അവസാനിക്കുകയാണല്ലോ? 18-ാം തീയതി വരെയുള്ള ബിസിനസ് ഷെഡ്യൂൾ ചെയ്തതിനുശേഷം 15-ാം തീയതി വീണ്ടും കൂടാം എന്ന് തീരുമാനിച്ചപ്പോൾ 15-ാം തീയതിയിലെ യോഗത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടാകണമെങ്കിൽ ബാക്കിയുള്ള ബിസിനസ് തീരുമാനിക്കാനുള്ള ഒരു സ്പേസ് അവിടെ ഇടേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ റിപ്പോർട്ട് തിരിച്ചയച്ച് എത്രയുംവേഗത്തിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി വീണ്ടുംകൂടി റിപ്പോർട്ട് ആയി ഈ സഭയുടെ മുൻപിൽ അവതരിപ്പിക്കണം എന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ മാത്യു റ്റി. തോമസും ഇവിടെ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞാൻ അതുസംബന്ധിച്ച് വളരെ ചുരുക്കിപ്പറയാൻ ആഗ്രഹിക്കുന്നു. ഇന്നലത്തെ മീറ്റിംഗ് മാറ്റിവയ്ക്കണമെന്ന് നിങ്ങൾ നേരത്തേ ആവശ്യപ്പെട്ടിരുന്നെങ്കിൽ നിശ്ചയമായും അത് ആലോചിക്കാമായിരുന്നു. നിങ്ങൾ കത്ത് തന്നത് മീറ്റിംഗ് തീരുന്ന സമയത്താണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചീഫ് വിപ്പിന്റെ അടുത്താണ് കത്ത് കൊടുത്തയച്ചത്. ചീഫ് വിപ്പ് തരാൻ താമസിച്ചതിൽ ഞങ്ങൾ ഉത്തരവാദികളല്ല.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എപ്പോൾ കത്തു തന്നുവോ, ആ കത്ത് കിട്ടി രണ്ടാമത്തെ മിനിട്ടിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ കയ്യിൽ ഞാൻ കത്ത് തന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കത്ത് തന്ന സമയത്ത് നമ്മുടെ യോഗം അവസാനിച്ചുകഴിഞ്ഞിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ യോഗം കഴിഞ്ഞ് എഴുന്നേൽക്കുന്ന സമയത്താണ് ആ കത്ത് കിട്ടുന്നത്. നേരെമറിച്ച് നിങ്ങൾ ഇന്നത്തെ മീറ്റിംഗ് നാളെയാക്കിയുടെ എന്ന് ബഹുമാനപ്പെട്ട ചീഫ് വിപ്പിനോട് പറഞ്ഞു വിടുകയോ, ഡെപ്യൂട്ടി സ്പീക്കർക്ക് നേരത്തെ കത്ത് കൊടുക്കുകയോ എന്ത് ചെയ്തിരുന്നുവെങ്കിലും ഞങ്ങൾ നോക്കുമായിരുന്നു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു; ഇങ്ങനെയുള്ള പ്രതിഷേധം നടത്തിയപ്പോൾ നിർത്തിവച്ചില്ല, ചർച്ചചെയ്തില്ല, പ്രതിപക്ഷത്തെ അവഗണിച്ചുകൊണ്ട് പോകാൻ......... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഇവിടെ ശ്രീ. രാധാകൃഷ്ണൻ ഇരിക്കുന്നു. അദ്ദേഹമായിരുന്നു കഴിഞ്ഞ 5 വർഷം സ്പീക്കർ. എന്നെങ്കിലും സഭ നിർത്തിവച്ച് ചർച്ച ചെയ്തിട്ടുണ്ടോ? 5 വർഷത്തിൽ ഒരിക്കലെങ്കിലും, ചോദിക്ക് ....... ഞാൻ ഇരിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സഭ നിർത്തിവച്ച് ഇഷ്ടംപോലെ സംസാരിച്ചിട്ടുണ്ട്, രണ്ടു കൂട്ടരുമായും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സഭ നിർത്തിവച്ച് ചർച്ച ചെയ്തിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഉണ്ട്, ധാരാളം പ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അനിയന്ത്രിതമായ സാഹചര്യങ്ങൾ ഉണ്ടായ സന്ദർഭങ്ങളിൽ സഭ തൽക്കാലം പിരിഞ്ഞിട്ട് നമ്മൾ അവിടെപ്പോയിരുന്ന് ചർച്ച ചെയ്ത പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഞാൻ തന്നെ അന്നത്തെ പ്രതിപക്ഷ നേതാവുമായി സംസാരിച്ചിട്ടുണ്ടല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അല്ല, അന്നൊക്കെ നിങ്ങൾ തീരുമാനിക്കും,

നിങ്ങൾ ചെയ്യും. പക്ഷെ ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പോകുന്ന സമീപനമാണ്. നിങ്ങൾ അവിടെ വരും എന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. വരാതിരുന്നു, യോഗം കഴിയുമ്പോഴാണ് കത്ത് കിട്ടിയത്. പിന്നെ രണ്ടാമത് ശ്രീ. മാത്യു റ്റി.തോമസ്.......

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ റിപ്പോർട്ടിന്റെ മൂന്നാമത്തെ പേജിൽ പ്രതിപക്ഷ കക്ഷികളിൽപെട്ട അംഗങ്ങൾ സമതിയോഗത്തിൽ പങ്കെടുക്കുന്നില്ല എന്ന വിവരം അറിയിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ യോഗത്തെ അറിയിച്ചു എന്ന് വ്യക്തമായി പറഞ്ഞിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് യോഗം കഴിഞ്ഞതിനുശേഷമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് ഡെപ്യൂട്ടി സ്പീക്കർ കാണിച്ച ഒരു മാന്യത. ശ്രീ. മാത്യു റ്റി. തോമസ് 15-ാം തീയതി മീറ്റിംഗ് കൂടുന്നതിന്റെ പ്രസക്തി ചോദിച്ചു. കാരണം, ബിസിനസ് മുഴുവൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. പിന്നെ എന്തിനാണ് 15-ാം തീയതി.... അത് ഞങ്ങളുടെ ജനാധിപത്യ ബോധം കൊണ്ടാണ്. നിങ്ങൾകൂടി പങ്കെടുക്കുന്ന ഒരു യോഗത്തിൽ വച്ച്, അത് പ്രതിപക്ഷത്തിനുകൂടി സ്വീകാര്യമാണെങ്കിൽ ഞങ്ങൾക്ക് ചില നിർദ്ദേശങ്ങളുണ്ട്. അതിനുവേണ്ടിയാണ് 15-ാം തീയതി യോഗം കൂടാനായി വച്ചിരിക്കുന്നത്. പ്രതിപക്ഷംകൂടി ഉള്ളപ്പോൾ എടുക്കേണ്ട തീരുമാനമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അതേ കമ്മിറ്റിക്കുതന്നെ തിരിച്ചയയ്ക്കണമെന്ന ശ്രീ കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ.എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. സി. ദിവാകരൻ
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. കെ. രാധാകൃഷ്ണൻ
14. ശ്രീ. എം. ഹംസ
15. ശ്രീമതി ജമീലാ പ്രകാശം
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. കെ. കെ. ജയചന്ദ്രൻ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോസ് തെറ്റയിൽ
20. ശ്രീ. സി. കൃഷ്ണൻ
21. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
22. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

23. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

24. ശ്രീമതി കെ. കെ. ലതിക

25. ശ്രീ. മാത്യു റ്റി. തോമസ്

26. ശ്രീ. സി. കെ. നാണു

27. ശ്രീ. കെ. കെ. നാരായണൻ

28. ശ്രീ. പുരുഷൻ കടലുണ്ടി

29. ശ്രീ. പി. റ്റി. എ. റഹീം

30. ശ്രീ. ആർ. രാജേഷ്

31. ശ്രീ. എസ്. രാജേന്ദ്രൻ

32. ശ്രീ. കെ. രാജു

33. ശ്രീ. രാജു എബ്രഹാം

34. ശ്രീ. മുല്ലക്കര രത്നാകരൻ

35. പ്രൊഫ. സി. രവീന്ദ്രനാഥ്

36. ശ്രീ. സാജു പോൾ

37. ശ്രീമതി കെ. എസ്. സലീഖ

38. ശ്രീ. വി. ശശി

39. ശ്രീ. എ. കെ. ശശീന്ദ്രൻ

40. ശ്രീ. ബി. സത്യൻ

41. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

42. ശ്രീ. വി. എസ്. സുനിൽകുമാർ

43. ശ്രീ. ഇ. കെ. വിജയൻ

44. ശ്രീ. കെ.വി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. ടി. എ. അഹമ്മദ് കബീർ
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. ഹൈബി ഈഡൻ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്

23. കുമാരി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. സി. പി. മുഹമ്മദ്

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. ആര്യാടൻ മുഹമ്മദ്

39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

40. ഡോ. എം. കെ. മുനീർ

41. ശ്രീ. കെ. മുരളീധരൻ

42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

43. ശ്രീ. ഉമ്മൻ ചാണ്ടി

44. ശ്രീ. അടൂർ പ്രകാശ്

45. ശ്രീ. റ്റി. എൻ. പ്രതാപൻ

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. രമേശ് ചെന്നിത്തല
47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. വി. ഡി. സതീശൻ
51. ശ്രീ. ആർ. സെൽവരാജ്
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. എൻ. ഷംസുദ്ദീൻ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. കെ. ശിവദാസൻ നായർ
56. ശ്രീ. വി. എസ്. ശിവകുമാർ
57. ശ്രീ. സണ്ണി ജോസഫ്
58. ശ്രീ. സി. എഫ്. തോമസ്
59. ശ്രീ. തോമസ് ഉണ്ണിയാടൻ
60. ശ്രീ. പി. ഉബൈദുള്ള
61. ശ്രീ. എം. ഉമ്മർ
62. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
63. ശ്രീ. എം. എ. വാഹീദ്
64. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയെ

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 44 |
| പ്രതികൂലിക്കുന്നവർ | - | 64 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# XII നിയമനിർമ്മാണകാര്യം

## 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ, 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ : എന്റെ പേര് അങ്ങ് വിളിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് എഴുന്നേറ്റില്ല അതുകൊണ്ടാണ് ഞാൻ പേര് വിളിക്കാതിരുന്നത്.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതി ലഭിച്ചതിനു ശേഷം എഴുന്നേൽക്കാമെന്ന് ഞാനും കരുതി.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ അങ്ങയെ നോക്കി, നോക്കിയിട്ട് അങ്ങ് ഒന്നും മിണ്ടുന്നില്ല. അതുകൊണ്ടാണ് ഞാൻ വിളിക്കാതിരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ എനിക്ക് ഈ ബില്ലിനെപ്പറ്റി സംസാരിക്കാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : താങ്കൾക്ക് സംസാരിക്കാം, ക്രമപ്രശ്നമുണ്ട്. ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാം.

## ക്രമപ്രശ്നം

## ബില്ലിലെ അപാകത

ശ്രീ. എ. കെ. ബാലൻ : സർ, 2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ഭരണഘടനാ വിരുദ്ധവും പൗരാവകാശ ലംഘനവുമാണ്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണം സൂചിപ്പിച്ച ഭാഗത്ത് സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ഈ ബിൽ ഭേദഗതി ചെയ്യുകയാണ് എന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കരുതൽ തടങ്കലിന്റെ നിലവിലുള്ള കാലാവധി 6 മാസം എന്നുള്ളത് ഒരു വർഷമാക്കുകയാണ്. മണിചെയിൻ, കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ ഇവരുടെ നിർവ്വചനങ്ങൾക്ക് മാറ്റം വരികയാണ്. ഈ കാര്യങ്ങളൊക്കെ മറ്റ് ചില നിയമങ്ങളിൽ നിർവ്വചിക്കുകയും കുറ്റമെന്താണെന്ന് അതിൽ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. അതിന് കടക വിരുദ്ധമായിട്ടാണ് ഈ ഭേദഗതി ബിൽ ഇവിടെ വരുന്നത്. ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇതിലെ രണ്ടാം വകുപ്പ് (എൽ) "ഹവാലാ തട്ടിപ്പുകാരൻ' എന്നാൽ ഏതെങ്കിലും സംഘത്തിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുന്നുവെന്ന് ന്യായമായി കരുതാവുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ സ്വന്തം നിലയിലോ നിയമവിരുദ്ധമായി ഇൻഡ്യൻ കറൻസിയോ വിദേശ കറൻസിയോ വാങ്ങുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു." ഏതെങ്കിലും സംഘത്തിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുകയാണെങ്കിൽ അതെങ്ങനെയാണ് നിയമ വിരുദ്ധമാകുന്നത്? ഹവാലാ തട്ടിപ്പുകാരൻ എന്ന് പറഞ്ഞതിനുശേഷം, ഹവാലാ തട്ടിപ്പുകാരന്റെ ഡെഫിനിഷൻ കൊടുത്തിരിക്കുന്നത്, ഏതെങ്കിലും സംഘത്തിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുകയാണെങ്കിൽ എന്നാണ്. ഏതെങ്കിലും സംഘത്തിൽ ഒരാൾ പ്രവർത്തിച്ചുകഴിഞ്ഞാൽ എങ്ങനെയാണ് unlawful ആകുക? എങ്ങനെയാണ് ഇതൊക്കെ കടന്നുകൂടുന്നത്? നമ്മളെല്ലാം ഏതെങ്കിലുമൊക്കെ സംഘത്തിലെ അംഗമായിരിക്കുമല്ലോ? പ്രൈമറി സംഘമാവാം, സൊസൈറ്റികളാകാം, ചാരിറ്റബിൾ സൊസൈറ്റികളാകാം, പാർട്ടിയാകാം, അതിലൊക്കെ ഒരംഗമായാൽ unlawful ആകുമോ? അത് എങ്ങനെയാണ് വന്നതെന്നുള്ളത് ഗൗരവമായി പരിശോധിക്കണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, കറൻസി കൈവശം വച്ചുകഴിഞ്ഞാൽ, അല്ലെങ്കിൽ ഇൻഡ്യൻ കറൻസി വാങ്ങിയാൽ/വിറ്റാൽ എന്നുപറഞ്ഞിരിക്കുന്നു. അതൊക്കെ വളരെ vague ആയിട്ടുള്ള ഡെഫിനിഷനുകളാണ്. ഇപ്പോൾ കുട്ടികളുടെ ആൽബമുണ്ട്, വിദേശ കറൻസിയില്ലേ; അതൊക്കെ കൈവശം വച്ചുകഴിഞ്ഞാൽ ഹവാലക്കാരന്റെ നിർവ്വചനത്തിൽ വരുമോ; നിയമവിരുദ്ധ പ്രവർത്തനമാകുമോ? ബഹുമാനപ്പെട്ട അങ്ങ് ഇത് കാര്യമായി നോക്കിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ ഈ രൂപത്തിൽ ഈ ബിൽ കൊണ്ടുവരില്ലായിരുന്നു. ഇതിലെ പ്രധാനപ്പെട്ട പ്രശ്നം 'കാപ്പാ' നിയമത്തിന്റെ 12-ാം വകുപ്പുപ്രകാരം ഏതെങ്കിലും ഒരു വ്യക്തിയെ തടങ്കലിൽ വയ്ക്കാവുന്ന കാലയളവ് നിലവിൽ 6 മാസത്തിൽ കൂടുതലാകാൻ പാടില്ല. ഇപ്പോൾ പുതിയ ഭേദഗതി പ്രകാരം നിങ്ങൾ അത് ഒരു വർഷമാക്കുകയാണ്. ഇത് വ്യാപകമായിട്ടുള്ള ദുരുപയോഗത്തിന് വഴിയൊരുക്കും. ഗവൺമെന്റുകൾ മാറി മാറിവരും, ഏതെങ്കിലും ഒരു ഗവൺമെന്റ് ലോകാവസാനം വരെ ഭരിക്കുകയില്ല. ഇതൊക്കെ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത്. കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഗുണ്ടാ നിയമമനുസരിച്ച് 45-ഓളം പൊതു പ്രവർത്തകർക്കെതിരെയാണ് നിങ്ങൾ നടപടിയെടുത്തത്. ആ നടപടികളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കുകയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ടു കൊണ്ട് പൊതു പ്രവർത്തകർക്കെതിരായിട്ടുള്ള ഗുണ്ടാനിയമ പ്രകാരമുള്ള ഒരു നടപടിപോലും ഹൈക്കോടതി ശരിവച്ചിട്ടില്ല. ആ പ്രൊസിഡ്യൂവേഴ്സെല്ലാം തെറ്റാണെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. റേയ്ഞ്ച് ഐ.ജി. യും അതുപോലെ തന്നെ ജില്ലാകളക്ടറും പാസ്സാക്കുന്ന ഓർഡറുകൾ കാപ്പാ അഡ്വൈസറി ബോർഡും കോടതിയും റദ്ദാക്കിയാൽപോലും പോലീസ് വൈരാഗ്യബുദ്ധി ഉപയോഗപ്പെടുത്തി ക്കൊണ്ട് കേസ്സെടുക്കുകയാണ്. എങ്ങനെയെങ്കിലും ഒരു ക്രിമിനൽ കേസ്സിൽപ്പെടുത്താൻ പോലീസ് ശ്രമിക്കുകയാണ്. 12-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതോടുകൂടി ഇത് ശക്തിപ്പെടും. ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാമല്ലോ, കണ്ണൂരിൽ പയ്യന്നൂർ സ്വദേശി സി.വി. ധനരാജന്റെ സ്ഥിതി പറയാം, 'കാപ്പാ' നിയമപ്രകാരം നാടുകടത്താൻ തീരുമാനിച്ചു. 30-10-2013-ൽ കാപ്പാ അഡ്വൈസറി ബോർഡ് അത് റദ്ദാക്കി. പിന്നീട് 10-4-2014-ൽ അദ്ദേഹത്തിനെതിരെ ഭവന ഭേദനത്തിന് കേസ്സെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട എ.കെ. ബാലൻ, സമയം 2.20 ആയി.

ശ്രീ. എ. കെ. ബാലൻ: വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്, ഇത് പറയാതിരിക്കാൻ കഴിയില്ല. അല്ലെങ്കിൽ ഞാനിവിടെ ഇരിക്കണമെങ്കിൽ ഇരിക്കാം. സർ, പിന്നെ വേറൊരു കേസ്സിൽ പ്രതിയാക്കി. ഹൈക്കോടതി അതും റദ്ദാക്കി. ഈ വിധി ചൂണ്ടിക്കാണിച്ച് ധനരാജൻ സ്റ്റേറ്റ് ഗവൺമെന്റിന് അപ്പീൽ കൊടുത്തു. ഇപ്പോഴും അദ്ദേഹം ജയിലിലാണ്. പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്തെ ജയദേവന്റെ ചരിത്രം ഞാൻ അങ്ങയോട് പറഞ്ഞതാണ്. എങ്ങനെയാണ് ഇത് ദുരുപയോഗിക്കുന്നത് എന്നുള്ളതിന്റെ തെളിവാണ് ഞാൻ പറഞ്ഞത്. ഇതുപോലെ തന്നെ, വകുപ്പ് 16 എ മുതൽ 17 എ (എഫ്) വരെയുള്ളത് ദുരുപയോഗം ചെയ്യും. ഈ ഭേദഗതി പ്രകാരം ഇതുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ ഉടമയും ഡ്രൈവറും പ്രതിയാകുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അങ്ങ് ഇത് കാര്യമായി പരിശോധിക്കണം. ഇത് മലയാളത്തിലും ഇംഗ്ലീഷിലും ഒരേ രൂപത്തിൽ തന്നെയാണുള്ളത്. ഈ ഡെഫിനിഷനൊക്കെത്തന്നെ അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കും. അതുകൊണ്ട് ഇതിനൊരു വ്യക്തത വരുത്തിയിട്ട് അവതരിപ്പിക്കുന്നതായിരിക്കും നല്ലത് എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. കൊള്ളപ്പലിശക്കാരൻ ആരാണെന്നുള്ളത്, മണിചെയിൻ എന്താണെന്നുള്ളത്, ഹവാല തട്ടിപ്പുകാർ എന്താണെന്നുള്ളത് എന്നീ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർവ്വചനം കൊടുക്കാത്തിടത്തോളം കാലം ഇത് ദുരുപയോഗിക്കുമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യം വളരെ ഗൗരവത്തിൽ പരിശോധിക്കണം. പ്രത്യേകിച്ച്, ഹവാല തട്ടിപ്പുകാരന്റെ ഡെഫിനിഷൻ. ഏതെങ്കിലും സംഘത്തിൽ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞാൽ, കാപ്പ ഉപയോഗിച്ച് ജയിലിലാക്കാമെന്ന് വന്നാൽ വല്ലാത്തൊരു പ്രശ്നമുണ്ടാകും. ഇത് ഗൗരവമായി പരിശോധിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ നിയമത്തിന്റെ ഭേദഗതി സമൂഹത്തിന് വളരെ ആവശ്യമാണെന്നും അടിയന്തരമാണെന്നും കണ്ടുകൊണ്ടാണ് കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്ത് 2007-ലാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഈ നിയമസഭ പാസ്സാക്കിയത്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഈ നിയമം ഇവിടെ പൈലറ്റ് ചെയ്യുകയും അവതരിപ്പിച്ചതും പാസ്സാക്കിയതും. നമ്മുടെ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയും ഗുണ്ടകളും ഓർഗനൈസ്ഡായിട്ടുള്ള ഗ്യാങ്ങുകളും......

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ക്രമപ്രശ്നത്തിന് മറുപടി പറയണം. ബില്ലിനെപ്പറ്റി രണ്ടാമത് സംസാരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചത് രണ്ട് കാര്യങ്ങളാണ്. ബില്ലിലെ 16 എ, 17 ബി, 17 സി, 17 ഡി എന്നീ വകുപ്പുകളെ സംബന്ധിച്ചാണ് അദ്ദേഹം തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്. ഇതിനകത്ത് ആദ്യം അദ്ദേഹം പറഞ്ഞത്, 'ഹവാല തട്ടിപ്പുകാരൻ' എന്നതിന്റെ നിർവ്വചനത്തിൽ ഏതെങ്കിലുമൊരു സംഘത്തിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുന്നു......അതിന്റെ ഇംഗ്ലീഷ് ട്രാൻസിലേഷൻ വായിച്ചാൽ അത്രയുമൊരു പ്രശ്നം വരില്ല. ഒറിജിനൽ ബില്ലിൽത്തന്നെ ഈ യൂസേജാണ് വന്നിട്ടുള്ളത്. ഒറിജിനൽ ബില്ലിൽത്തന്നെ അങ്ങനെയാണ്. ഇംഗ്ലീഷ് വായിച്ചാൽ ഈ കൺഫ്യൂഷൻ മാറും. " hawala racketeer" means any person who illegally buys or sells or deals in Indian currency or foreign currency under circumstances from which it can be reasonably inferred that he is doing so as a member of any organized group or of his own motion;" എന്ന് കൂട്ടിവായിക്കുമ്പോൾ അതിനകത്ത് വ്യക്തമായ അർത്ഥം വരും. ഒറിജിനൽ നിയമത്തിലും അതുതന്നെയാണ് വന്നിട്ടുള്ളത്. അതുപോലെ ഭൗതികവസ്തു കണ്ടുകെട്ടുന്ന തിനുള്ള നിരോധനം, അത് പിടിച്ചെടുക്കുകയും കണ്ടുകെട്ടുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് 16 എ വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പുപ്രകാരം നൽകിയിട്ടുള്ള അധികാരങ്ങളും വ്യവസ്ഥകളും യാതൊരു തരത്തിലും ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതാകുന്നു. മറിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ 16 എ വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കാമെന്ന് ഈ വകുപ്പിൽത്തന്നെ പ്രത്യേകമായി വ്യക്തമാക്കിയിട്ടുള്ളതാണ്. 17 ബി, 17 സി, 17 ഡി എന്നീ വകുപ്പുകളിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച ഭൗതിക വസ്തുക്കൾ പിടിച്ചെടു ത്തതിനുശേഷം കണ്ടുകെട്ടുന്നതിനുള്ള നടപടിക്രമങ്ങളാണ് പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ക്രിമിനൽ നടപടിസംഹിതയിലോ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലോ വ്യക്തമായി വ്യവസ്ഥകൾ ഇതുവരെ പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ ഈ ബില്ലിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി സംഹിതയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതാകുന്നു. ഈ നിയമസംഹിത കളിലൊന്നും വരാത്തതുകൊണ്ടാണ് ഒരു വ്യക്തത വരുത്തുകയെന്ന ലക്ഷ്യത്തോടു

കൂടി നമ്മൾ ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. മാത്രമല്ല, ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 5 പ്രകാരം സംസ്ഥാന നിയമങ്ങളുണ്ടാകുമ്പോൾ അത്തരം നിയമങ്ങളുടെ നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ അത്തരം നിയമത്തിൽ തന്നെ ഉൾപ്പെടുത്താനുള്ള അധികാരം സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുള്ളതാണ്. ഈ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല. ഇത് ഓർഡറിലാണ്, നിയമപരമാണ്. അതുകൊണ്ട് ഇത് അംഗീകരിക്കാൻ നിവർത്തിയില്ലായെന്ന് അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് അദ്ധ്യായം 34-ൽ 451 മുതൽ 455 വരെ ഇതിനെ സംബന്ധിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ പറഞ്ഞത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വസ്തുവകകൾ കണ്ടെടുക്കുന്നതിനും ഡിസ്പോസ് ചെയ്യുന്നതിനും എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നതിനെക്കുറിച്ച് സി.ആർ.പി.സി.-യിൽ കൃത്യമായി പറയുന്നുണ്ട്. അതിന് കടകവിരുദ്ധമായിട്ടുള്ളതാണ് ഇതിലുള്ളതെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ രണ്ടുംകൂടി പരിശോധിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറഞ്ഞുകഴിഞ്ഞു. ഇതിനെക്കുറിച്ച് ചെയറും പരിശോധിച്ചു. നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ 16 എ വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കാമെന്ന് ബില്ലിലെ പ്രസ്തുത വകുപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 17 ബി, 17 സി, 17 ഡി എന്നീ വകുപ്പുകളിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുപയോഗിച്ച ഭൗതിക വസ്തുക്കൾ പിടിച്ചെടുത്ത ശേഷം കണ്ടുകെട്ടുന്നത് സംബന്ധിച്ച നടപടിക്രമങ്ങളാണ് പ്രതിപാദിച്ചത്. ഇക്കാര്യം സംബന്ധിച്ച് ക്രിമിനൽ നടപടികൾ, സി.ആർ.പി.സി. സെക്ഷൻ 451 മുതൽ 455 വരെയുള്ള ഭാഗങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചതായി കാണുന്നില്ല. അതുകൊണ്ടുതന്നെ ഈ ബില്ലിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടിസംഹിതയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം നിലനിൽക്കുന്നതല്ല. ഈ ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണോയെന്ന കാര്യം ആത്യന്തികമായി തീരുമാനിക്കാനുള്ള അവകാശം നിയമ കോടതികൾക്കാണ്. ഈ സാഹചര്യത്തിൽ ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച തടസ്സവാദങ്ങൾ തള്ളുന്നു. ബിൽ അവതരിപ്പിക്കുവാൻ അനുവാദം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ബിൽ 2007-ലാണ് നിയമസഭ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം പാസ്സാക്കിയത്. സമൂഹത്തിൽ ക്രമസമാധാനനില പാലിക്കുവാനും അനഭിലഷണീയമായ പ്രവണതകൾ വച്ചുപുലർത്തി സമൂഹത്തിൽ ദൈനംദിനം പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടാക്കുന്ന ആളുകളെ തടയുകയും ചെയ്യുകയെന്നതാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യം. ഒരു പരിഷ്കൃത സമൂഹത്തിൽ ഒരിക്കലും ഗുണ്ടകളെയും മാഫിയാസംഘങ്ങളെയും സാമൂഹ്യവിരുദ്ധ ശക്തികളെയും ആർക്കും പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. ഇന്ന് നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇവിടെ ഈ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിച്ചത്. മാത്രമല്ല, നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ജനങ്ങളെ ചൂഷണം ചെയ്യു ഒരു വിഭാഗമാണ് കൊള്ളപ്പലിശക്കാരും മണിലെന്റേഴ്സിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന ബ്ലേഡ് മാഫിയകളും. ബ്ലേഡ് മാഫിയ ഒരു കാലത്ത് അരങ്ങ് തകർക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഗവൺമെന്റ് വളരെ ശക്തമായ നിലയിലാണ് നടപടികൾ സ്വീകരിച്ചത്. പാവപ്പെട്ട, സാധാരണക്കാരായ ആളുകളെ ചൂഷണം ചെയ്തുകൊണ്ട് അവരുടെ ഇല്ലായ്മയേയും ദാരിദ്ര്യത്തേയും ചൂഷണം ചെയ്തുകൊണ്ട് കൊള്ളപ്പലിശ വാങ്ങി കൊഴുത്തുതടിക്കുന്ന സാമൂഹ്യവിരുദ്ധരായ ആളുകളുടെ നേർക്ക് ശക്തമായ നടപടികൾ സ്വീകരിക്കുകയെന്നതായിരുന്നു ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇതുവരെ 13,761 ബ്ലേഡ് മാഫിയ റെയ്ഡുകൾ നടത്തി. 2908 കേസ്സുകളാണ് ഇന്ന് രാവിലെ വരെ രജിസ്റ്റർ ചെയ്തത്. 2035 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. 4,60,59,585 രൂപ പിടിച്ചെടുക്കുകയുണ്ടായി. തിരുവനന്തപുരത്താണ് മനുഷ്യ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒരു കുടുംബത്തിലെ നാല് അംഗങ്ങളുടെ ആത്മഹത്യയുണ്ടായത്. ബ്ലേഡ് മാഫിയയുടെ ക്രൂരമായ ചൂഷണത്തിന് വിധേയമായിട്ടാണ് അവർക്ക് ആത്മഹത്യ ചെയ്യേണ്ടി വന്നത്. അതിനെത്തുടർന്നാണ് കേരളത്തിൽ ഇത്രയും ശക്തമായ നടപടിയുണ്ടാകണ മെന്ന തീരുമാനം ഗവൺമെന്റ് എടുത്തത്. കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിച്ചുവന്നിരുന്ന അൺസ്കൃപ്പ്ലെസായിട്ടുള്ള മണിലെന്റേഴ്സിനെതിരായി ശക്തമായ നിലയിൽ പോലീസ് വല വിരിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി കേരളത്തിൽ ഇന്ന് കൊള്ളപ്പലിശക്കാരുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ബ്ലേഡ് മാഫിയയുടെ പ്രവർത്തനം പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

അവസാനിച്ചിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനവും ശക്തമായി മുന്നോട്ടുകൊണ്ടു പോകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. എടുത്തിട്ടുള്ള കേസ്സുകൾ ലോജിക്കൽ കൺക്ലൂഷനിലെ ത്തിക്കാൻ ചാർജ്ജുകൾ കൊടുക്കുവാനും അവരെ നിയമപരമായി ശിക്ഷിക്കത്തക്ക നിലയിലുള്ള പ്രോസിക്യൂഷൻ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇതിനുവേണ്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രത്യേക സെൽ രൂപീകരിച്ചുകൊണ്ട് ഓരോ ജില്ലയിലും എടുത്തിട്ടുള്ള കേസുകൾ, പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ, confiscate ചെയ്തിട്ടുള്ള പണം എന്നിവയെ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ തിട്ടപ്പെടുത്തി കോടതിയുടെ മുമ്പിൽ, അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആ സാഹചര്യത്തിലാണ് ചില നിയമ നിർമ്മാണങ്ങൾ അനിവാര്യമായി വന്നത്. ഒരുകാരണവശാലും നിയമത്തിന്റെ അപര്യാപ്തതകൊണ്ട് ഇവർ രക്ഷപ്പെടാൻ പാടില്ലായെന്നുള്ള കാര്യം ഗവൺമെന്റിന് നിർബന്ധമുള്ള കാര്യമാണ്. കേരളത്തിൽ ഇനിയും ഇത്തരത്തിലുള്ള മണിചെയിനുകളും ഹവാല തട്ടിപ്പുകാരും ബ്ലേഡ് മാഫിയക്കാരും ജനങ്ങളെ ചൂഷണം ചെയ്യുന്ന ഒരു അവസ്ഥാവിശേഷം ഉണ്ടാകാൻ പാടില്ലെന്നുള്ള നിലയിൽ അവർക്കെതിരായി കടുത്ത നടപടികൾ സ്വീകരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞത് 100 ശതമാനം ശരിയാണ്. ഇവിടെ കാപ്പ നിയമം ഒരു കാരണവശാലും രാഷ്ട്രീയ പ്രേരിതമായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെന്റുകൾ മാറി മാറി വന്നാലും ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ പ്രവർത്തകർക്ക് തികച്ചും മാന്യത നൽകണമെന്നുള്ള അഭിപ്രായം തന്നെയാണ് എനിക്കും ഈ ഗവൺമെന്റിനുമുള്ളത്. ഞാൻ ആഭ്യന്തര മന്ത്രിയായശേഷം രാഷ്ട്രീയ പ്രവർത്തകരുടെമേൽ കാപ്പ നിയമം അനാവശ്യമായി ചുമത്തരുതെന്നുള്ള പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു കാരണവശാലും രാഷ്ട്രീയകേസുകളുടെ പേരിൽ രാഷ്ട്രീയ പ്രവർത്തകരെ കാപ്പ നിയമം ചുമത്തി നാടുകടത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന നടപടിയോട് ഗവൺമെന്റിന് യോജിപ്പില്ല. അതേസമയം രാഷ്ട്രീയ പ്രവർത്തകരാണെന്നുള്ളതിന്റെ പേരിൽ ഗുണ്ടാ ആക്രമണങ്ങൾ നടത്തുകയും കൊള്ളനടത്തുകയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്താൽ അതനുവദിക്കില്ല. അത്തരം നടപടികളോട് നമുക്കാർക്കും യോജിക്കാൻ സാധ്യമല്ല. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള വികാരം അതാണെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും വിശ്വസിക്കുകയാണ്. ഈ നിയമത്തിൽ ചില പ്രത്യേകമായ കാര്യങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കാനുള്ള ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാപ്പ അഡ്വൈസറി ബോർഡും ഹൈക്കോടതിയുമുണ്ട്. ഇപ്പോൾ കാപ്പ അഡ്വൈസറി ബോർഡിൽ ധാരാളം കേസുകൾ വരികയും ആളുകൾക്ക് റിലീഫ് കിട്ടുകയും ചെയ്യുന്നുണ്ട്. കോടതികളും റിലീഫ് നൽകുന്നുണ്ട്. ന്യായമായ നിലയിൽ, പരിഗണന അർഹിക്കേണ്ടവരാണെങ്കിൽ അതേ സമീപനം തന്നെയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പ്രത്യേകിച്ച്, രാഷ്ട്രീയപ്രവർത്തകരുടെ പേരിൽ ഒരു കാരണവശാലും വൈരാഗ്യ ബുദ്ധിയോടുകൂടി കാപ്പ നിയമം പ്രയോഗിക്കരുതെന്നുള്ള ശക്തമായ നിർദ്ദേശം തന്നെയാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് വളർന്നുവരുന്ന ഹവാല തട്ടിപ്പുകാർ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാസംഘങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ എന്നിവർ ഒരിക്കൽ കാപ്പ കേസിൽ ഉൾപ്പെടുകയും ശിക്ഷ കഴിഞ്ഞ് തിരികെ വന്ന് വീണ്ടും ഈ പ്രവർത്തനം ആരംഭിക്കുകയും ചെയ്താൽ അവരെ കുറെക്കൂടി ശക്തമായ നിലയിൽ നേരിടേണ്ടത് സമൂഹത്തിനാവശ്യമാണ്. ഞാൻ പൗരാവകാശങ്ങളെ ബഹുമാനിക്കുന്ന ഒരാളാണ്. സത്യം പറഞ്ഞാൽ വിചാരണ കൂടാതെ ഒരാളെ തടവിലാക്കുക എന്നു പറയുന്നതിനോട് വ്യക്തിപരമായി യോജിപ്പുള്ള ഒരാളല്ല ഞാൻ. പക്ഷേ, പൗരാവകാശങ്ങളുടെയും ജനാധിപത്യ അവകാശങ്ങളുടെയും പേരിൽ മറ്റുള്ളവരുടെ പൗരാവകാശത്തെ ധ്വംസിക്കുന്ന നടപടികളെ അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് പൗരന്റെ അവകാശങ്ങൾക്ക് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുകയും ജനാധിപത്യ അവകാശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നുണ്ട്. പക്ഷേ, അതിന്റെ പേരിൽ സമൂഹത്തിൽ കലാപമുണ്ടാക്കുകയും കുഴപ്പമുണ്ടാക്കുകയും ഹവാല തട്ടിപ്പ് നടത്തുകയും മണിചെയിൻ നടത്തുകയും ബ്ലേഡ് മാഫിയയിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന നടപടികളോട് യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഒരിക്കൽ കാപ്പ നിയമം ചുമത്തപ്പെട്ട ആൾ പുറത്തിറങ്ങിയശേഷം വീണ്ടും ആ കുറ്റം ചെയ്താൽ അയാളെ ഒരു വർഷത്തേയ്ക്ക് തടവിലാക്കാം എന്നുള്ള നിലയിലാണ് ഈ ഭേദഗതി കൊണ്ടുവന്നത്. അവർ വീണ്ടും അതേ കുറ്റം ആവർത്തിക്കാൻ പാടില്ലെന്നുള്ള ലക്ഷ്യത്തോടെ, ഒരു മുൻ കരുതലെന്ന നിലയിലാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ ഈ നിയമപ്രകാരം മണി ചെയിൻ ആക്ടിവിറ്റീസ് നടത്തുന്നവരിൽ നിന്നും ബ്ലേഡ് മാഫിയകളിൽ നിന്നും ധാരാളം വസ്തുക്കൾ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. അവയെ സംബന്ധിച്ചുള്ള



LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിൽ നിലനിൽക്കുന്ന ചില അവ്യക്തതകൾ ഒഴിവാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു എന്നുള്ളതിന്റെ വെളിച്ചത്തിലാണ് ഈ ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിച്ചത്. തീർച്ചയായും സമൂഹത്തിലെ അക്രമപ്രവർത്തനങ്ങൾ തടയുവാനും ഗുണ്ടാപ്രവർത്തനങ്ങൾ ശക്തമായി നേരിടാനും ഹവാലത്തട്ടിപ്പുകാരെയും ബ്ലേഡ് മാഫിയക്കാരെയും പൂർണ്ണമായി നിയന്ത്രിക്കുവാനും നിരോധിക്കുവാനും കഴിയത്തക്ക നിലയിലുള്ള ഒരു നിയമം കൊണ്ടുവരണമെന്നുള്ള ആഗ്രഹത്തിന്റെ പേരിലാണ് ഇപ്പോൾ നിലവിലുള്ള കാപ്പ നിയമത്തിന് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സമൂഹത്തിൽ അക്രമങ്ങൾ പെരുകാതിരിക്കാനും കുറ്റകൃത്യങ്ങൾ വർദ്ധിക്കാതിരിക്കാനും ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷം ഉറപ്പുവരുത്തേണ്ടത് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ചുമതലയായതുകൊണ്ടുകൂടിയാണ് കുറെക്കൂടി ശക്തമായ നിലയിൽ ഈ നിയമം കൊണ്ടുവരാൻ ഉദ്ദേശിച്ചത്. മറിച്ച് പൗരാവകാശങ്ങളെയോ ജനാധിപത്യ അവകാശങ്ങളെയോ ധ്വംസിക്കാനുള്ള ലക്ഷ്യത്തോടുകൂടിയല്ല. സമൂഹത്തിൽ ശക്തമായ നിലയിൽ നിയമം നടപ്പാക്കുവാനും ജനങ്ങൾക്ക് സൈ്വര്യജീവിതം ഉറപ്പുവരുത്താനും വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മൾ ജീവിക്കുന്ന ഈ സമൂഹത്തിൽ ഇന്ന് ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടാസംഘങ്ങളും ജനങ്ങളുടെ ജീവിതത്തിനുനേരെ വെല്ലുവിളി ഉയർത്തുന്നുണ്ട്. പണം കൊടുത്താൽ ആരെയും കൊല്ലാൻ കഴിയുമെന്നുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്നത് വളരെ ഗുരുതരമാണ്. അതിനെതിരെ ശക്തമായ നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ക്വട്ടേഷൻ സംഘങ്ങളെയും ബ്ലേഡ് മാഫിയകളെയും ഹവാല തട്ടിപ്പുകാരെയും സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന ആൾക്കാരെയും അമർച്ച ചെയ്യുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ല. പണ്ട് ബോംബെ പോലുള്ള വൻകിട നഗരങ്ങളിലായിരുന്നു ഇത്തരം ഗ്യാങ്ങുകൾ പ്രവർത്തിച്ചിരുന്നതെങ്കിൽ ഇന്ന് കേരളത്തിലെ ചെറിയ പട്ടണങ്ങളിൽപോലും ഇതുപോലുള്ള ഗ്യാങ്ങുകൾ പ്രവർത്തിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തെ വളരെ ഗൗരവത്തോടുകൂടി കാണുകയാണ്. ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടാസംഘങ്ങളും പണം വാങ്ങി ആളുകളെ കൊല്ലാനും ഉപദ്രവിക്കാനും മുന്നോട്ടുവരുന്നത് ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. അത്തരം സംഘങ്ങളെ അടിച്ചമർത്തുകയും നിർദാക്ഷിണ്യം നിയന്ത്രിക്കുകയുമാണ് ഗവൺമെന്റിന്റെ ലക്ഷ്യം. സമൂഹത്തിൽ സൈ്വരജീവിതം ഉറപ്പുവരുത്താനും

LIBRARY ARCHIVES Kerala Legislative Assembly

ബ്ലേഡ് മാഫിയയ്ക്കെതിരെ ഗവൺമെന്റ് നടത്തിയ ശക്തമായ നടപടികൾക്ക് കുറെക്കൂടി ബലം നൽകാനും വേണ്ടിയാണ് ഈ നിയമം ഞങ്ങൾ കൊണ്ടുവന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-1-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യം അങ്ങ് ഈ സഭയിൽ കൊണ്ടുവരുമ്പോൾ അങ്ങയെ പിന്തുണയ്ക്കേണ്ട ഭരണകക്ഷി അംഗങ്ങളിൽ എത്ര പേർ ഈ സഭയ്ക്കകത്തുണ്ടെന്ന് അങ്ങ് മനസ്സിലാക്കണമെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ടാണ് തുടങ്ങുന്നത്.

ഈ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നതിന്റെ ഉദ്ദേശ്യശുദ്ധിയെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, അങ്ങ് വളരെ വലിയ രീതിയിൽ കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ച 'ഓപ്പറേഷൻ കുബേര' പോലും തുടക്കത്തിലുണ്ടായിരുന്ന വേഗത ഇപ്പോൾ അതിനില്ലെന്നുള്ള കാര്യം അങ്ങ് ആലോചിക്കണം. നമ്മുടെ സാമൂഹ്യമണ്ഡലത്തിൽ കുറ്റങ്ങളെല്ലാം തുടങ്ങുന്നത് സാമ്പത്തികവുമായി ബന്ധപ്പെട്ടാണ്. ആധുനിക സമൂഹത്തിലാണ് കുറ്റം ഒരു ശാസ്ത്രമായി രൂപപ്പെടുന്നത്. കുറ്റം പണ്ടുമുതൽ ഉണ്ടെങ്കിലും അതിന്റെ കാരണങ്ങളും ഉത്ഭവവും വളർച്ചയും ഈ സമൂഹത്തിന്റെ പോരാട്ടവുമെല്ലാം കുറ്റശാസ്ത്രമായി വികസിക്കുന്നത് ആധുനിക കാലത്താണ്. നമ്മുടെ സമൂഹം ഒരുപാട് സവിശേഷതകളുള്ളതാണ്. സംഘടിത കുറ്റങ്ങൾ കൂടിവരുന്ന ഒരു കാലത്ത് അതിനെ നേരിടുന്നതിനുള്ള പുതിയ നിയമങ്ങൾ ആവശ്യമായി വന്നപ്പോഴാണ് 2007-ൽ കേരളീയ സമൂഹത്തിന്റെ കാവൽപോലെ ഇങ്ങനെ ഒരു നിയമം സൃഷ്ടിക്കപ്പെട്ടത്. ആ നിയമം സൃഷ്ടിക്കപ്പെട്ടതിനുശേഷവും നമ്മുടെ സമൂഹത്തിൽ ധാരാളം സംഘടിത കുറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ, നിയമത്തിന് പരിഹരിക്കാൻ പറ്റാത്ത തരത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ കുറ്റവാളികളെ സൃഷ്ടിക്കുന്നതിലും അത് സംഘടിത കുറ്റങ്ങളായി മാറുന്നതിലുമുണ്ടെന്നുള്ള സത്യം കേരളത്തിലെ ഏറ്റവും പരമോന്നത സംവിധാനമായ ഈ നിയമ നിർമ്മാണസഭ ഉൾക്കൊള്ളേണ്ടതുണ്ട്. കേരളത്തിൽ മാത്രമല്ല എവിടെയും ഇത്തരം നിയമങ്ങൾ ഉണ്ടാകുമ്പോൾ ആ നിയമങ്ങൾക്കകത്ത് വരേണ്ട പലരും രക്ഷപ്പെടുന്നു. ഇതൊരു പൊതു തത്വമാണ്. ചിലന്തിവല പോലെയാണ് നിയമങ്ങൾ. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ പ്രാണികളേ കുടുങ്ങുകയുള്ളൂ. വലുത് വല പൊട്ടിച്ച് പുറത്തുപോകും. വല പൊട്ടിച്ച് പുറത്തുപോയിക്കൊണ്ടിരിക്കുന്നവ എത്ര വലുതാണെന്ന് അങ്ങയോട് പറയേണ്ട കാര്യമില്ല. ഇതെല്ലാം സമൂഹത്തിന് പൊതുവെ ബോദ്ധ്യമുള്ള കാര്യമാണ്.

ചെറിയ ചെറിയ കുറ്റങ്ങൾ ചെയ്യുന്നവർ നിയമത്തിന്റെ മുമ്പിൽ പെട്ടു പോകുകയും വലിയ വലിയ കുറ്റങ്ങൾ ചെയ്യുന്നവർ പെടാതെ പോകുകയും ചെയ്യുന്നത് നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം ഇന്ത്യക്കുപുറത്ത് നിക്ഷേപിക്കപ്പെട്ടിട്ടുള്ള കള്ളപ്പണം തിരിച്ചുകൊണ്ടുവരുമെന്ന് പറഞ്ഞതുകൊണ്ടാണ്. ബി.ജെ.പി.-യുടെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യവും കോൺഗ്രസ്സിനെ ഏറ്റവും കുറ്റപ്പെടുത്തിയതും ആ ഒരു കാര്യത്തിലായിരുന്നു. കോൺഗ്രസ് പാർട്ടിയുടെ ഭാഗത്ത് അങ്ങനെയൊരു കുറ്റമുണ്ടെന്നുള്ളത് സത്യമാണ്. ആ കുറ്റം ജനങ്ങൾക്ക് ബോദ്ധ്യപ്പെടത്തക്കവിധം അവതരിപ്പിക്കാൻ ബി.ജെ.പി. നേതൃത്വത്തിനും ശ്രീ. നരേന്ദ്ര മോഡിക്കും കഴിഞ്ഞു. അവർ പറഞ്ഞതനുസരിച്ചാണെങ്കിൽ ഇന്ത്യയിലെ വോട്ടർമാർക്ക മാത്രമല്ല, ഓരോ മനുഷ്യനും 15 ലക്ഷം രൂപ വീതം കയ്യിൽ വച്ചുകൊടുക്കാനുള്ള കള്ളപ്പണം ഇന്ത്യക്കുപുറത്തുണ്ട്. തീർച്ചയായും അതൊരു വലിയ സംഖ്യയാണ്, ഒരുപാട് പൂജ്യങ്ങൾ ഇടേണ്ട ഒരു സംഖ്യയാണ്. ബി.ജെ.പി. അധികാരത്തിൽ വന്നാൽ ആ കള്ളപ്പണം ഇന്ത്യയിൽകൊണ്ടുവരുമെന്നാണ് പറഞ്ഞത്. അപ്പോൾ 5 പേരുള്ള ഒരു വീട്ടിൽ 75 ലക്ഷം രൂപ കിട്ടും. പിന്നെ അനന്തകാലത്തേയ്ക്ക് കരം പിരിക്കേണ്ടതില്ല, പെട്രോളിന് വില കൂട്ടേണ്ടതില്ല, പെട്രോളിന് വില തന്നെ കൊടുക്കേണ്ടിവരില്ലായെന്നുപറഞ്ഞപ്പോൾ തീർച്ചയായും ഇന്ത്യയിലെ തൊഴിലൊന്നു മില്ലാത്ത ചെറുപ്പക്കാർ അതിൽ പെട്ടുപോയി എന്നുള്ളത് സത്യമാണ്. പക്ഷെ അത് തിരിച്ചുകൊണ്ടുവരാൻ കഴിയുന്നില്ലെന്നത് അവർ നേരിടുന്ന ഒരു വെല്ലുവിളിയാണ്. എന്നാൽ അത്താഴത്തിനുവേണ്ടി; നിവൃത്തികേടുകൊണ്ട് 5 രൂപ മോഷ്ടിക്കുന്ന അല്ലെങ്കിൽ പോക്കറ്റടിക്കുന്ന ചെറിയ കുറ്റവാളിയെ പിടിക്കാൻ വളരെ എളുപ്പമാണ്. ഇതിൽ മറ്റൊരപാകത കൂടിയുണ്ട്-ഹവാലയുടെ കാര്യം പറയുമ്പോൾ, ഇവിടത്തെ മനുഷ്യർക്ക് ജീവിതം കൊടുക്കാൻ ഇന്ത്യയ്ക്ക് പുറത്തുപോയി അദ്ധ്വാനിക്കുന്നവൻ ഒരു ചെറിയ തെറ്റുചെയ്താൽ അവനെ പിടിക്കാം. അവനെ അവിടെ ജയിലിൽ ഇടും. വേണ്ടിവന്നാൽ ഇവിടെയും കുറ്റവാളിയാക്കാം. നേരെമറിച്ച് ഇന്ത്യയിലെ പണം പുറത്തുകൊണ്ടുപോയി നിക്ഷേപിച്ചതിനുശേഷം ഇവിടെ ജീവിക്കുന്ന കള്ളപ്പണക്കാരെ പിടിക്കാൻ ഇതുവരെയും ആർക്കും കഴിയുന്നില്ല. അത് ലക്ഷക്കണക്കിന് കോടി രൂപയുണ്ടെന്നാണ് പറയുന്നത്. നമ്മുടെ നിയമത്തിന് ഒരുപാട് പരാധീനതകളുണ്ട്.

അതാണ് ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞത്. നിയമത്തിന് നല്ല കെയർ കൊടുത്തില്ലെങ്കിൽ, നിർവ്വചനം വേണ്ടത്ര ശരിയായില്ലെങ്കിൽ ചെറുത് പെട്ടുപോകുകയും വലുത് വിട്ടുപോവുകയും ചെയ്യും. നിയമത്തിന്റെ പൊതു സംവിധാനം എന്നുപറയുന്നതുതന്നെ ചെറുതും നിരപരാധികളും പെട്ടുപോകാതിരിക്കുകയും വലുത് പെടുകയും ചെയ്യണമെന്നാണ്. പ്രത്യേകിച്ച് ഈ ഹവാലയുടെ കാര്യമൊക്കെ പറയുമ്പോൾ, നിർവ്വചനം വളരെ കൃത്യമായില്ലെങ്കിൽ യഥാർത്ഥ കറ്റവാളികൾ രക്ഷപ്പെടും. ഇതിനൊക്കെവേണ്ടി നിൽക്കുന്നതിൽ ഒരുപാടുപേർ കോടികൾ സമ്പാദിക്കുന്നവരല്ല. ഇവർ ജീവിക്കാൻ മറ്റു മാർഗ്ഗമില്ലാതെയും അദ്ധ്വാനിക്കാൻ വയ്യാത്തതുമായ മാനസികാവസ്ഥയിൽ ചുറ്റുപാടും നടക്കുന്ന തെറ്റുകളുടെ ഏതെങ്കിലുമൊരു വലിയ കണ്ണിയിലെ ഒരു ചെറിയ കണ്ണിയാവുകയാണ്. വലിയ കണ്ണി രക്ഷപ്പെടുകയും ചെറിയ കണ്ണികൾ പിടിക്കപ്പെടുകയും ചെയ്യാനുള്ള സംവിധാനം ഇതിനകത്തുണ്ടെന്നുള്ളത് അമെന്റ്മെന്റ് വരുമ്പോൾ അങ്ങ് പരിശോധിക്കേണ്ടതുണ്ട്. രണ്ടാമത്തെ പ്രശ്നം, അങ്ങ് വന്നതിനുശേഷം മണിചെയിൻ ഏർപ്പാടും കൊള്ളപ്പലിശയും ഉൾപ്പെടെയുള്ള സാമ്പത്തിക കറ്റങ്ങളിലാണ് അങ്ങയുടെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചത്. ഏത് സമൂഹത്തിലും പലിശ എന്നു പറയുന്നതുതന്നെ പാപമാണ്. ചെറിയ പലിശ യാണെങ്കിലും അത് പാപമാണ്. യേശുദേവനും പ്രവാചകനായ മുഹമ്മദും പൊരുതിയത് പലിശ ഇല്ലാതാക്കാൻ വേണ്ടിയാണ്. ഇസ്ലാമിക് ബാങ്കുകൾ എന്നുപറയുന്നത് പലിശരഹിത ബാങ്കുകളാണ്. പലിശ പാപമാണെങ്കിൽ, വലിയ പലിശകൊണ്ട് കെട്ടിപ്പടുത്ത പാപത്തിന്റെ സൗധങ്ങളാണ് നമ്മുടെ മുമ്പിൽ കാണുന്ന കൊട്ടാര സദൃശ്യമായ സൗധങ്ങൾ. ചിലരൊക്കെ മൊത്തം ഊറ്റിയെടുക്കുകയാണ്. പലിശ മൊത്തം ഊറ്റുന്നവർ കെട്ടിപ്പടുത്ത പാപകൊട്ടാരങ്ങളാണ് കേരളത്തിൽ നിറഞ്ഞിട്ടുള്ളത്. നമുക്ക് എന്ത് ചെയ്യാൻ കഴിയും? അങ്ങനെയുള്ളതിനെ തൊടാൻ കഴിയാത്ത തരത്തിൽ കേരളത്തിലെ പണ സംവിധാനത്തിന്റെ, പാപത്തിന്റെ ചങ്ങല എല്ലാവരെയും ചുറ്റിപ്പറ്റി നിൽക്കുകയാണ്. ഇങ്ങനെ ചുറ്റിപ്പറ്റി നിൽക്കുമ്പോൾ ഒരുകാര്യം മനസ്സിലാക്കേണ്ടത്, കേരളത്തിലെ സാധാരണ കർഷകന്റെയും വിയർപ്പുകൊണ്ട് ജീവിക്കുന്ന സാധാരണക്കാരന്റെയും അധ്വാനത്തിന്റെയും വിയർപ്പിന്റെയും പങ്കാണ് ഈ വലിയ കൊട്ടാരങ്ങളും മണിചെയിനും. സത്യത്തിൽ കേരളം രക്ഷപ്പെടണമെങ്കിൽ ആ നിർവ്വചനത്തിൽ ചിലതിനെക്കൂടി ഉൾപ്പെടുത്താൻ പറ്റിയതരത്തിൽ അതിനെ വിപുലപ്പെടുത്തുകയും മനുഷ്യന്റെ ഭാവിജീവിതത്തിനു തകുംവിധം അതിനെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അങ്ങ് വന്നതിനുശേഷം ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം 2138 കേസ്സുകൾ രജിസ്റ്റർ ചെയ്ത് രണ്ടായിരത്തിലധികം ആളുകളെ അറസ്റ്റുചെയ്തിട്ടുണ്ടെന്നും എത്രയോ കോടി രൂപ അതിലുൾപ്പെട്ടുത്തിയിട്ടുണ്ടെന്നും പറയുന്നു. തീർച്ചയായും അതൊക്കെ വളരെ നല്ലകാര്യമാണ്. പക്ഷെ അതുകൊണ്ട് കേരളത്തിലെ പ്രശ്നം അവസാനിക്കുമോ? പറഞ്ഞുപോകുന്ന കൂട്ടത്തിൽ പറയുകയാണ്, ഇപ്പോൾ കേരളത്തിൽ ഒരു ജനപക്ഷ യാത്ര നടന്നു. ജനപക്ഷ യാത്ര നടത്തിയത് കെ.പി.സി.സി. പ്രസിഡന്റാണ്. ഈ ജനപക്ഷയാത്രയുമായി ബന്ധപ്പെട്ട് കെ.പി.സി.സി. അടിച്ചുകൊടുത്ത രസീതല്ലാതെ വ്യാജ രസീതുപയോഗിച്ച് പിരിവ് നടത്തിയതിന്റെ പേരിൽ എത്രപേരെ പുറത്താക്കേണ്ടിവന്നു; ഇത് ഏത് വകുപ്പിലാണ് പെടുന്നത്; അങ്ങ് പറയുന്ന ഈ സാഹചര്യത്തിൽ, ഞാൻ ഒരു പാർട്ടിയുടെ കാര്യമല്ല പറയുന്നത്, ഏത് പാർട്ടിയുമാകാം. രാഷ്ട്രീയപ്പാർട്ടികളെല്ലാം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരണമെന്ന അങ്ങയുടെ സ്റ്റേറ്റ്മെന്റ് ഞാൻ കണ്ടു. അങ്ങനെ വരണമെന്നുണ്ടെങ്കിൽ........, ഇന്നലെ കൊട്ടാരക്കര ഒരു സംഭവം നടന്നു. ആർ.എസ്.പി. ഭരണകക്ഷിയായപ്പോൾ, കൊട്ടാരക്കരയിലുള്ള ഒരു കടയിൽ പിരിവിന് പോവുകയും അവർ ചോദിച്ച പണം കിട്ടാത്തതിന്റെ പേരിൽ കടക്കാരനായ മാനേജരെയും ബന്ധപ്പെട്ടവരെയും കടയിൽ പൂട്ടിയിടുകയും ചെയ്തു. അങ്ങും ഈ വാർത്ത വായിച്ചുകാണണം. ആർ.എസ്.പി. പ്രതിപക്ഷത്തിരുന്നപ്പോൾ ഇങ്ങനെയൊരു പ്രശ്നം ഉണ്ടായിരുന്നില്ല. അപ്പോൾ ഇവിടെനിന്നും അപ്പുറത്ത് മാറിയപ്പോൾ ആർ.എസ്.പി.-ക്ക് എന്താണ് സംഭവിച്ചത്; എന്തുകൊണ്ടാണ് കേരളത്തിൽ ഇതൊക്കെ സംഭവിക്കുന്നത്; ഇതൊരു ചെറിയ സംഭവമാണെങ്കിൽ, ഇതിന്റെ വലിയ രൂപങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. അതായത് അദ്ധ്വാനമില്ലാതെ സമ്പാദിക്കപ്പെടുന്ന പണം, ഏത് സമൂഹത്തിലും ആ പണം കുറ്റവാളിത്തപണമായി മാറുന്നതിന് ഒരു പ്രയാസവുമില്ല. ആ പണം ഗുണ്ടകളെയും റൗഡികളെയും സൃഷ്ടിക്കും, സമൂഹത്തിൽ ഒരുപാട് തെറ്റുകൾ സൃഷ്ടിക്കും. ഇത് അങ്ങേയ്ക്കും ഈ സമൂഹത്തിനും കൃത്യമായി അറിയാവുന്നതാണ്. ഇതിനെയെല്ലാം നമ്മൾ എങ്ങനെയാണ് എതിർക്കുന്നത്; ഇതിനെയെല്ലാം എങ്ങനെയാണ് ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത്; ഞാൻ എല്ലാം പറയുന്നില്ല. കേരളീയ സമൂഹത്തിൽ ഇങ്ങനെയെല്ലാം ജീവിക്കാൻ കഴിയുന്ന സൗകര്യം വന്നപ്പോൾ....., ഇന്ത്യയിൽ അവസാനം നടത്തിയ പഠനത്തിൽ പറയുന്നത് അദ്ധ്വാനിക്കാൻ ഏറ്റവും വിമുഖതയുള്ളത് കേരളീയ സമൂഹത്തിനാണ് എന്നാണ്. കേരളീയ സമൂഹം അദ്ധ്വാനിക്കണമെങ്കിൽ കേരളത്തിന് പുറത്ത്, ഗൾഫിലോ യൂറോപ്പിലോ പോകണം. കേരളീയ സമൂഹത്തിലെ ധാരാളം പേർ കുറ്റകരമായ രീതിയിൽ ആളുകളെ തട്ടിക്കൊണ്ടു

പോകാനും കൊല്ലാനും മുതലാളിമാർക്കുവേണ്ടി ബസും കാറുമൊക്കെ പിടിച്ചെടുക്കാനും മറ്റ് അക്രമങ്ങൾ നടത്താനുമൊക്കെ നിൽക്കുകയാണ്. ഇതിനുള്ള കാരണങ്ങൾ എന്താണെന്നും, ഇതിന്റെ സാമൂഹികമായ ഉത്ഭവത്തിന്റെ അടിത്തറ എങ്ങനെയാണ് സൃഷ്ടിക്കപ്പെടുന്നതെന്നും തീർച്ചയായും മനസ്സിലാക്കണം. ലോകത്തുള്ള എല്ലാവരും പറയുന്നത് തൊഴിലില്ലായ്മ രൂക്ഷമായിട്ടുള്ള ഒരു സമൂഹത്തിൽ തൊഴിൽ ചെയ്യുന്നതിനുള്ള സ്വാഭാവികമായ ആഭിമുഖ്യം കുറയുകയും തെറ്റായ മാർഗ്ഗത്തിൽ ജീവിക്കാനുള്ള വഴികൾ തുറന്നു കിട്ടിയാൽ അതിൽ ചെന്നുപെടുകയും ചെയ്യുമെന്നാണ്. അത്തരം സാഹചര്യങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ളതിനെക്കാൾ കൂടുതൽ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ടോ എന്നുള്ളത് ഭരണ-പ്രതിപക്ഷകക്ഷിയും സമൂഹവും പരിശോധിക്കണം. മറ്റൊരു പഠനത്തിൽ പറയുന്നത്, കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളുമെല്ലാം കുറ്റവാളിത്ത പണംകൊണ്ടുകൂടി സൃഷ്ടിക്കപ്പെട്ടതാണ് എന്നാണ്. അങ്ങനെയാണെങ്കിൽ തീർച്ചയായിട്ടും അതിനെതിരെ നടപടി ആവശ്യമാണ്. കേരളീയ സമൂഹത്തിൽ കുറ്റവാളിത്ത പണം ഉപയോഗിക്കാൻ കഴിയുന്ന ഒരു സാമൂഹ്യ ഭരണസാഹചര്യം നിലനിൽക്കുകയാണെങ്കിൽ, അത് യു.ഡി.എഫ്.-ന്റെ കാലത്തുമാത്രമാണ് എന്ന് ഞാൻ പറയുന്നില്ല. തീർച്ചയായും അക്കാര്യങ്ങളെക്കുറിച്ച് കരുതലോടെ അന്വേഷിക്കാനും അതൊക്കെ തിരുത്താനുമുള്ള സാമൂഹിക സംവിധാനത്തിലേയ്ക്കുകൂടി നമ്മൾ നീങ്ങേണ്ടതുണ്ട്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, അങ്ങേയ്ക്കുതന്നെ അറിയാം ഇപ്പോൾ ഒരു കുറ്റവാളികൊണ്ടുപോകുന്ന വാഹനം അല്ലെങ്കിൽ സഹായിക്കുന്ന ആൾ, അതുമല്ലെങ്കിൽ പ്രേരണ ചെലുത്തിയ സംവിധാനം ഇതിനെയെല്ലാം പിടിച്ചെടുക്കാനും കണ്ടുകെട്ടാനും ഇവിടെ നിയമം ഉണ്ട്. ഒരിക്കൽ കുറ്റം ചെയ്ത് ശിക്ഷിക്കപ്പെട്ട് തിരിച്ചുവന്ന് പിന്നെയും കുറ്റം ആവർത്തിച്ചാൽ ഒരു വർഷത്തെ ശിക്ഷ കൊടുക്കാനും അങ്ങുപറയുന്നു. അതിനെക്കുറിച്ച് അങ്ങിവിടെ വിശദീകരിച്ചു. പക്ഷെ അങ്ങനെയാണെങ്കിൽ നമ്മുടെ സമൂഹത്തിൽ കുറ്റവാളികൾ സൃഷ്ടിക്കപ്പെടുന്നതിൽ പോലീസിനും ഉദ്യോഗസ്ഥർക്കുമുള്ള പങ്ക് എന്താണ്; നിയമസഭയിൽ ഒരു ചോദ്യത്തിന് അങ്ങുപറഞ്ഞ മറുപടിയിൽ കേരളത്തിലെ ക്രിമിനൽ സ്വഭാവമുള്ള പൊലീസുകാരേയും കുറ്റവാളികളായ പൊലീസുകാരേയും കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇവരുടെ കയ്യിലാണ് ഈ നിയമങ്ങൾ ഏൽപ്പിക്കുന്നത്.......

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: സർ, കുറ്റവാളികളെ സംരക്ഷിക്കുന്ന കേരളീയ സാഹചര്യത്തെക്കുറിച്ചാണല്ലോ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത്. കേരളത്തിൽ, ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ഇത്തരം സമീപനങ്ങളെ ഇല്ലായ്മ ചെയ്യാൻ നേതൃത്വപരമായ പങ്ക് നിർവ്വഹിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തിലെ പ്രധാനപ്പെട്ട ആളുകൾ ആണല്ലോ കേരളത്തിലെ 141 എം.എൽ.എ.മാരും അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരും സ്പീക്കറും ഉൾപ്പെടെയുള്ളവരും; അവർ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങൾ കേരള നിയമസഭ, എം.എൽ.എ. ക്വാർട്ടേഴ്സ് എന്നിവിടങ്ങളൊക്കെയാണ്. അവരുടെ സൗകര്യങ്ങൾ പോലും ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഉദാഹരണത്തിന്, എം.എൽ.എ. ഹോസ്റ്റലിൽ രാവിലെ ചായ കിട്ടാതിരിക്കുക, ഉച്ചയ്ക്ക് ഊണ് കിട്ടാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ, ബഹുമാനപ്പെട്ട ചെയറിൽ ഇരിക്കുന്ന ആളിനും ഇങ്ങനെയുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ടാകും. എം.എൽ.എ. ഹോസ്റ്റൽ പോലും ശരിയായ രീതിയിൽ നടത്താൻ കഴിയുന്നില്ല. കുറ്റവാളികൾക്ക് സംരക്ഷണം കൊടുക്കുന്ന രൂപത്തിലേയ്ക്ക് സാമാജികർ താമസിക്കുന്ന സ്ഥലങ്ങൾ മാറിയതു പോലും തടയാൻ നമുക്ക് സാധിക്കുന്നില്ല. പിന്നെങ്ങനെയാണ് ഇത്തരം ആളുകളെ തടയാൻ സാധിക്കുക; ഇക്കാര്യത്തെ കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ പ്രതികരണമെന്താണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, തീർച്ചയായും ഇക്കാര്യം ശ്രദ്ധിക്കേണ്ട ഒന്നുതന്നെയാണ്. അധികാരമെന്നുപറയുന്നത് ശരിയായ ധാർമ്മികതയുള്ള ആളുകളെ അടുപ്പിക്കുന്ന ഇടമല്ല. അത് സമൂഹത്തിൽ തെറ്റായി സഞ്ചരിക്കുന്നവർ ആദ്യം എത്തപ്പെടുന്നതും, അധികാരത്തിലിരിക്കുന്നവർ ഒരുപാട് ശ്രദ്ധിച്ചില്ലെങ്കിൽ അങ്ങനെ എത്തപ്പെടുന്നവരുടെ കൈകളിൽപ്പെട്ടുപോകുന്നതുമായ ഒരു സംവിധാനമാണെന്ന് പറഞ്ഞത് ഞാനല്ല, മുദ്ഗൽ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നതാണ്. ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് 2700 രൂപയുടെ പേരിൽ വന്ന ഒരു ആരോപണത്തിൽ മുദ്ഗൽ എന്നുപറയുന്ന ഒരു സ്വതന്ത്ര എം.പി. ഇന്ത്യയിൽ രാജി വച്ചിട്ടുണ്ട്. അങ്ങനെ രാജി വച്ചുപോയ പാരമ്പര്യമുള്ള ഈ രാജ്യത്ത് ഇപ്പോൾ ഒരു കോടി, നാല് കോടി, പത്ത് കോടി എന്നിങ്ങനെ ആരോപണം വന്നിട്ടും രാജി വയ്ക്കുകയോ, മാറിനിൽക്കുകയോ ചെയ്യുന്നില്ല. നമ്മുടെ രാജ്യം എത്ര വലിയ ധാർമ്മികതയിൽ നിന്നാണ് അധാർമ്മികമായ ഒരു സഞ്ചാരം നടത്തി (കേന്ദ്രത്തിലാണെങ്കിലും സംസ്ഥാനത്താണെങ്കിലും) ഇവിടെ എത്തി നിൽക്കുന്നതെന്ന് ആലോചിക്കേണ്ട ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. നമ്മൾ നിയമം കൊണ്ടുവന്നത് അനിവാര്യമായ ഒരു കാലത്താണ്. അങ്ങനെയൊരു കാലത്ത് ജീവിക്കുമ്പോൾ, രാഷ്ട്രീയത്തിൽ നിന്ന് ധാർമ്മികത എത്ര അളവോളമാണ് ചോർന്നുപോയതെന്ന്, ഒരു സാധാരണ മനുഷ്യന്റെ മുമ്പിൽ എത്രത്തോളമാണ് നമ്മുടെ വില നമ്മൾ തന്നെ കളഞ്ഞതെന്ന് തീർച്ചയായും ആലോചിക്കേണ്ടതുണ്ട്. അങ്ങനെയൊരവസരത്തിലാണ് എം.എൽ.എ. ഹോസ്റ്റലിൽ താമസിക്കുന്ന രാഷ്ട്രീയക്കാർക്ക് അവിടെ ആരെയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്ന് താമസിപ്പിക്കാം; എങ്ങനെയെല്ലാം താമസിപ്പിക്കാം എന്നൊക്കെ ചിന്തിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്; കേരളത്തിലെ നിയമസഭാ സാമാജികർ താമസിക്കുന്ന എം.എൽ.എ. ഹോസ്റ്റലിൽ ഒരു ചായ പോലും കിട്ടാത്ത അവസ്ഥയിലേയ്ക്ക് മാറിയത് എങ്ങനെയെന്ന് തീർച്ചയായും ആലോചിക്കേണ്ടതാണ്. പണമിടപാട് സംവിധാനത്തിന്റെ പ്രധാന പ്രശ്നം എന്നുപറയുന്നത്, പണം ഉള്ളിടത്ത്, പ്രത്യേകിച്ച് ഒരുപാടുള്ളിടത്ത് കുറ്റങ്ങൾ ഒഴിച്ചുനിർത്താൻ കഴിയില്ല എന്നതാണ്. പണം ഒരുപാടുണ്ടെങ്കിൽ കുറ്റങ്ങൾ കൂട്ടുകാരായി ചേരും, നിഴലുപോലെയല്ല, അകത്തുതന്നെ ചേരും. ഒസ്സ്ലാത്തിയോസ് തിരുമേനിയെ അങ്ങേയ്ക്ക് അറിയാമായിരിക്കും. അദ്ദേഹത്തിന്റെ ഒരു പുസ്തകമുണ്ട്. അതിന്റെ പേരുതന്നെ, 'പാവങ്ങൾക്കിടയിൽ പണക്കാരനായി ജീവിക്കുന്നതാണ് ഏറ്റവും വലിയ പാപം' എന്നാണ്. അങ്ങനെയാണെങ്കിൽ അതുപോലുള്ള പാപം നമുക്കിടയിൽ ധാരാളമുണ്ട്. പണം ഒരു പാപമായിട്ടാണ് ഒസ്സ്ലാത്തിയോസ് തിരുമേനി കാണുന്നത്. അതിനിടയിലൊരു......

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പാവങ്ങൾക്കിടയിൽ പണക്കാരനെ സ്ഥാനാർത്ഥിയാക്കിയത് പാപമാണോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പണക്കാരനായി ജീവിക്കുക എന്നുപറയുന്ന പാപം........, ശ്രീ. പി. സി. വിഷ്ണുനാഥിനോട് ഞാൻ ഒരു കാര്യം പറയുന്നു, തിരുവനന്തപുരത്തെ ഒരു സ്ഥാനാർത്ഥിയുമായി പണത്തിന്റെ പേരിലുള്ള ഏതെങ്കിലും ഇടപാട് നടന്നതായി തെളിയിക്കപ്പെട്ടാൽ ഞാൻ എന്റെ എം.എൽ.എ. സ്ഥാനം രാജിവയ്ക്കാം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ പാർട്ടി തന്നെ കമ്മീഷനെ വച്ച്, പാർട്ടി കമ്മീഷൻ പണമിടപാട് നടന്നിട്ടുണ്ടെന്ന് പറഞ്ഞു. അതിന്റെ പേരിൽ പാർട്ടിയിലെ നേതാക്കളെ തരംതാഴ്ത്തി, ഇനി വേറെ എന്ത് തെളിവാണ് അങ്ങേയ്ക്ക് വേണ്ടത്?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. മുഹമ്മദ്]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടും കൂടി ഞാൻ പറയുന്നു, ഒരു ആരോപണം വന്നപ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ച് ആരോപണമെന്നു പറയുന്നത് തിരുവനന്തപുരത്ത് അങ്ങനെയൊരു സ്ഥാനാർത്ഥിയെ നിർത്തിയതിലുള്ള ശരി തെറ്റാണ്. പാർട്ടി നടത്തിയ അന്വേഷണ റിപ്പോർട്ടിൽ

സാമ്പത്തിക ഇടപാടൊന്നും നടന്നതായി പറയുന്നില്ല. എന്നാൽ, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നിരക്കാത്തവണ്ണം ചില നിലപാടുകൾ എടുത്തവരെ ഞങ്ങൾ ശിക്ഷിച്ചു. കോൺഗ്രസ്സിന് എപ്പോഴെങ്കിലും അങ്ങനെയൊരു ശിക്ഷ ഏതെങ്കിലും കാര്യത്തിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ? ശൂരനാട് രാജശേഖരൻ കൊല്ലത്ത് മത്സരിക്കുന്ന കാലത്ത് അദ്ദേഹം കാശുകൊടുത്ത് സീറ്റുവാങ്ങിച്ചതാണെന്ന് ആരോപണ മുന്നയിച്ച ആൾ ഇന്ന് കെ.പി.സി.സി.-യുടെ നേതാവായിരിക്കുന്ന, ശ്രീ.രാജ് മോഹൻ ഉണ്ണിത്താനാണ്. എല്ലാപത്രങ്ങളിലും വാർത്ത വന്നതാണ്.

മി. ചെയർമാൻ: വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. ഇക്കാര്യം എല്ലാവർക്കും ബാധകമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനപ്രതിനിധികളായ മനുഷ്യരും സമൂഹത്തിൽ ഉയർത്തിപ്പിടിക്കേണ്ട ധാർമ്മികതയെക്കുറിച്ചും അതിന്റെ രാഷ്ട്രീയ നന്മകളെക്കുറിച്ചുമാണ് പറഞ്ഞു കൊണ്ടിരുന്നത്. ആ രാഷ്ട്രീയനന്മ താഴോട്ടുപോകുന്നുവെന്ന കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടോ? ഞാൻ പറയുന്നത്, നമ്മുടെ നാട്ടിൽ രാഷ്ട്രീയ നന്മ താഴോട്ടു പോയിക്കൊണ്ടിരിക്കുമ്പോൾ, പാവപ്പെട്ടവനെ സൃഷ്ടിക്കുന്നത് പണക്കാരനാണെങ്കിൽ, ഒരു പണക്കാരൻ സൃഷ്ടിക്കപ്പെടുന്നത് ഒരുപാട് പേർ പാവങ്ങളാകുമ്പോഴാണെങ്കിൽ, ഒസ്താത്തിയോസ് തിരുമേനിയെപ്പോലെയും.......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പണക്കാരനെ സ്ഥാനാർത്ഥിയാക്കിയതിനെപ്പറ്റി ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, ലോകത്തിലെ ഏറ്റവും വലിയ പണക്കാരൻ നന്ദൻ നിലേക്കനി ഏത് പാർട്ടിയിലുണ്ടായിരുന്ന ആളാണ്; എത്ര കോടി രൂപയുടെ ആസ്തിയുള്ള ആളാണ്; ആരുടെ സ്ഥാനാർത്ഥിയായിരുന്നു; ചാലക്കുടിയിലും കാസർഗോഡും മത്സരിച്ച സ്ഥാനാർത്ഥികൾ ഏത് പാർട്ടിയുടേതായിരുന്നു? ഇന്ത്യൻ പാർലമെന്റിൽ 300-ഓളം വരുന്ന ശതകോടീശ്വരന്മാർ ഉണ്ടെന്നുപറഞ്ഞപ്പോൾ അതിൽ 82 ശതമാനം കോൺഗ്രസ്സുകാരാണെന്നുള്ള കാര്യം ശ്രീ. പി. സി. വിഷ്ണുനാഥിന് അറിയാമല്ലോ; ശ്രീ. പി. സി. വിഷ്ണുനാഥിനെ നയിക്കുന്ന കോൺഗ്രസ്സിന്റെ വമ്പൻ നേതാക്കന്മാർ ആരും കോൺഗ്രസ്സുകാരല്ല. കോർപ്പറേറ്റ് മുതലാളിമാരുടെ ഏജന്റുമാർ കൈപ്പത്തി അടയാളത്തിൽ മത്സരിക്കുമ്പോൾ അത് കാണാതെ, കടുകുചോരുന്നത് കാണുകയും ആന ചോരുന്നത് കാണാതിരിക്കുകയും ചെയ്യുന്ന നിലപാടിനോട് അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. പി.സി. വിഷ്ണുനാഥ് പണമുള്ളവരെ സ്ഥാനാർത്ഥി ആക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. നന്ദൻ നിലേക്കനി ആരാണെന്നും എങ്ങനെയാണ് അദ്ദേഹത്തിന് പണമുണ്ടായതെന്നും അദ്ദേഹത്തിന്റെ ജോലിയും വിദ്യാഭ്യാസ യോഗ്യതയും എന്താണെന്നും ഈ രാജ്യത്തെ മുഴുവൻ ആളുകൾക്കും അറിയാം. അദ്ദേഹത്തെ കേവലം ഒരു പണക്കാരനാക്കി അങ്ങ് ചിത്രീകരിച്ചു, ആയിക്കൊള്ളട്ടെ. പക്ഷേ, അവർ ആരും പണം കൊടുത്ത് സ്ഥാനാർത്ഥിയായതല്ല. ഇവിടെ പണം വാങ്ങി സ്ഥാനാർത്ഥിയാക്കി എന്നു മാത്രമല്ല അതിന്റെ പേരിൽ അന്വേഷണം നേരിടുകയും ശിക്ഷിക്കപ്പെടുകയും ചെയ്ത പാർട്ടിക്കാർ പാതാളം വരെ ധാർമ്മികമായി താഴ്ന്നില്ലേ; അതിനെക്കുറിച്ച് എന്താണ് അങ്ങ് ഒന്നും പറയാത്തത്?

ശ്രീ. മുല്ലക്കര രത്നാകരൻ: നന്ദൻ നിലേക്കനിയെക്കുറിച്ച് നിങ്ങൾ എന്തെല്ലാം പറഞ്ഞാലും അദ്ദേഹത്തെ ജനം രണ്ടേകാൽ ലക്ഷം വോട്ടിനാണ് തോൽപ്പിച്ചതെന്നുള്ളത് സത്യമാണ്. അദ്ദേഹത്തിന് ഏഴായിരം കോടി രൂപയുടെ സ്വത്തുണ്ട്. ഞാൻ ഇതൊന്നുമല്ല പറയാൻ ഉദ്ദേശിക്കുന്നത്. മഹാരാഷ്ട്രയിൽ അവസാനം നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ 36 സ്ഥാനാർത്ഥികൾ ഡി.സി.സി., എ.ഐ.സി.സി. അംഗങ്ങളുൾപ്പെടെയുള്ള കോൺഗ്രസുകാരായിരുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? രാജ്യത്ത് മാറ്റം വരുമ്പോൾ, ആ മാറ്റത്തിൽ വളരുന്ന തെറ്റിനൊപ്പം പോകുന്നതല്ല രാഷ്ട്രീയം. തെറ്റുകൾ വളരുന്നതാണെങ്കിലും വളരുന്ന തെറ്റിനെതിരെ ശരിയായി നിൽക്കുന്നതാണ് രാഷ്ട്രീയം. അങ്ങനെ ശരിയായി നിൽക്കുന്ന ഒരു രാഷ്ട്രീയം കോൺഗ്രസിന് മുമ്പുണ്ടായിരുന്നു. അതിപ്പോൾ കോൺഗ്രസിന് നഷ്ടപ്പെട്ടിരിക്കുകയാണ്. അങ്ങനെ നഷ്ടപ്പെട്ടപ്പോഴാണ് ക്രിമിനലുകൾക്കും പണക്കാർക്കുംപുറകെ പോകേണ്ടി വരുന്നതും ആരെയും വിശ്വാസമില്ലാതെ വരുന്നതും പരസ്പരം ആരോപണമുന്നയിക്കേണ്ടി വരുന്നതും. കോൺഗ്രസ്സ് നഷ്ടപ്പെട്ടുപോകണമെന്ന് ആഗ്രഹിക്കുന്ന ആളല്ല ഞാൻ, ഞങ്ങളാരും അങ്ങനെയല്ല. ഒരു മതേതരത്വ ജനാധിപത്യ സംവിധാനം എന്ന നിലയിൽ ഇന്ത്യയിൽ കോൺഗ്രസ്സ് നിൽക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ, കോൺഗ്രസ്സ് നിലപാട് തിരുത്തണം. മതേതരത്വത്തിന് ശക്തമായി സംഭാവന ചെയ്യണമെങ്കിൽ, ഇന്ത്യയിൽ ബി.ജെ.പി.യെ ശക്തമായി എതിർക്കണമെങ്കിൽ കോൺഗ്രസ്സ് കൊണ്ടുവന്ന സാമ്പത്തികനയം തെറ്റായിരുന്നുവെന്ന് മനസ്സിലാക്കി തിരുത്തണം. തെറ്റായ സാമ്പത്തികനയം കൊണ്ടാണ് കോൺഗ്രസ്സ് ഇന്ത്യയിൽ തോറ്റതെന്ന് ഇലക്ഷനുശേഷം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി

ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിരുന്നു. അതുകൊണ്ട് അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. പക്ഷെ, അങ്ങേയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ദേശീയ നേതൃത്വത്തെക്കൊണ്ട് ആ സാമ്പത്തിക നയം തെറ്റായിരുന്നുവെന്ന്, അത് ഇന്ത്യയിൽ മതേതരത്വത്തെ ദുർബ്ബലപ്പെടുത്തിയെന്ന് സമ്മതിപ്പിക്കാൻ പറ്റുമോ?

3.00 PM]

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൽക്കരിപ്പാടം വിറ്റ് കോടിക്കണക്കിന് രൂപ കൈക്കൂലി വാങ്ങിയപ്പോൾ പാതാളത്തിൽ പോകാത്ത, അഭിമാനം കോൺഗ്രസിനുണ്ടെങ്കിൽ കോമൺവെൽത്ത് ഗെയിംസിന്റെ പേരിൽ എത്ര ആയിരം കോടി രൂപ നിങ്ങൾ വാങ്ങി; കോൺഗ്രസ് ഏത് ഇടപാടിനാണ് കാശ് വാങ്ങാത്തത്? 2 ജി സ്പെക്ട്രം കേസിൽ 1,76,000 കോടി രൂപ വാങ്ങിയ മാന്യൻമാർ പാതാളത്തിന്റെ അടിയിൽനിന്ന് സി.പി.ഐ.ക്കാരെ കുറ്റം പറയാൻ വരരുത്. ഞങ്ങൾ മാന്യമായി, സത്യസന്ധമായി, സുതാര്യമായി പാർട്ടിയുമായി ബന്ധപ്പെട്ട ഒരു നയത്തിന്റെ പേരിലെടുത്ത തീരുമാനമാണ്. ആ തീരുമാനമെടുക്കാൻ ആർജ്ജവവും ചങ്കൂറ്റവും വേണം. നിങ്ങൾ ആ തീരുമാനമെടുത്താൽ 'പാറ്റക്കാട്ടം നീക്കിവന്നാൽ കൂട്ടാനുണ്ടാകില്ല' എന്നുപറഞ്ഞതുപോലെ കോൺഗ്രസിനുള്ളിൽ ഒരാളും ഉണ്ടാകില്ല, ആ വ്യത്യാസം കൂടി മനസ്സിലാക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞങ്ങൾക്ക് ഒരുപാട് ആളുകൾ കുറഞ്ഞു എന്നാണ് ശ്രീ. വി.എസ്. സുനിൽ കുമാർ പറയുന്നത്. എത്ര ആളുകൾ ഉണ്ടെന്നുള്ളത് എണ്ണിനോക്കിയിട്ട് ശ്രീ. വി. എസ്. സുനിൽ കുമാർ ഈ അഭിപ്രായം പറയുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശ്രീ. മുല്ലക്കര രത്നാകരൻ ഈ ബില്ലിനെക്കുറിച്ച് നല്ല രീതിയിൽ സംസാരിക്കുകയായിരുന്നുവെങ്കിലും എവിടെയോ വച്ച് അത് വഴിതിരിഞ്ഞുപോയി. ബഹുമാനപ്പെട്ട ചെയർ പറഞ്ഞതു പോലെ വളരെയേറെ പറയപ്പെടേണ്ട ഒരു വിഷയമാണെന്ന് എനിക്ക് തോന്നിയതു കൊണ്ടാണ് ഞാൻ പറയുന്നത്. പോലീസുകാരുടെ ഇടയിൽ കുറ്റവാളികളും ഉണ്ടെന്നൊക്കെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞു. പോലീസുകാരുടെ ഇടയിൽ മാത്രമല്ല, ക്രിമിനൽ സ്വഭാവമുള്ള ആളുകൾ ഏത് രംഗത്ത് വന്നാലും അതിന്റെ ദോഷമുണ്ടാകും. ഒരു നല്ല മനുഷ്യനല്ലാത്ത ആൾ അദ്ധ്യാപകനായാലും എഞ്ചിനീയറായാലും ഡോക്ടറായാലും രാഷ്ട്രീയ നേതാവായാലും ശരിയാവില്ല.

കേരളം വിദ്യാഭ്യാസ രംഗത്ത് ഇത്രത്തോളം ഉയർന്നുവന്നിട്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗണിതശാസ്ത്രത്തിലോ ജന്തുശാസ്ത്രത്തിലോ ഒരു മനുഷ്യൻ നല്ലവനാകണ മെന്ന് പറയുന്നുണ്ടോ? നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറ കിടമത്സരമാണ്; ഒന്നാമനാകാൻ ശ്രമിക്കുക എന്നതാണ്. പരസ്പരം മാത്സര്യ മനോഭാവമാണ്; പണം മാത്രമല്ല അതിന്റെ ഒരു ഘടകം. ഒരാളിന് പണം കൂടുതലുണ്ടായാൽ അദ്ദേഹം കുറ്റവാളിയാകാനുള്ള സാധ്യതയില്ല. അയാൾ പണത്തെ ഉപയോഗിക്കുന്നോ പണം അയാളെ ഉപയോഗിക്കുന്നോ എന്നതനുസരിച്ചായിരിക്കും അയാൾ കുറ്റവാളിയാകുന്നത്. ആ രീതിയിൽ ഈ വിഷയത്തെ മൗലികമായി കാണാൻ തയ്യാറാകണം എന്നതല്ലേ അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരൻ മുസ്ലീം ലീഗുകാരനാകാൻ പാടുണ്ടോ എന്നത് സംബന്ധിച്ചുകൂടി പറയാമോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, നല്ലവരായ കമ്മ്യൂണിസ്റ്റുകാർക്ക് മുസ്ലീം ലീഗാകാൻ സാധിക്കുമോയെന്നത് പത്താം ക്ലാസിൽ പഠിച്ചിട്ട് ഒന്നാം ക്ലാസിൽ പഠിക്കുന്നതുപോലെയാണ്. അത് അദ്ദേഹത്തിനും അറിയാം.

<u>മി. ചെയർമാൻ</u>: ശ്രീ. മുല്ലക്കര രത്നാകരൻ, 27 മിനിട്ടായി... പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. നല്ല ഡോക്ടർമാരോ, എഞ്ചിനീയർമാരോ, അദ്ധ്യാപകരോ, രാഷ്ട്രീയക്കാരോ, കൃഷിക്കാരോ ഇല്ലെങ്കിൽ നമ്മുടെ നാട് മോശമാകുമെന്നുള്ളത് സത്യമാണ്. ഇതിന്റെയെല്ലാം അടിത്തറ നമ്മുടെ കുടുംബവും വിദ്യാഭ്യാസവുമാണ്. കുടുംബവും വിദ്യാഭ്യാസവും നല്ലതാണെങ്കിൽ കുറ്റവാളികളുടെ എണ്ണം കുറയും. അതുകൊണ്ടാണ് ശ്രീനാരായണഗുരു വിദ്യ കൊണ്ട് പ്രബുദ്ധരാകാൻ പറഞ്ഞത്; വിദ്യ കൊണ്ട് ഡോക്ടറോ എഞ്ചിനീയറോ ആകാനല്ല പറഞ്ഞത്. ഡോക്ടറാകുമ്പോഴും എഞ്ചിനീയറാകുമ്പോഴും ആ വിദ്യകൊണ്ട് പ്രബുദ്ധരാകണം. വിദ്യകൊണ്ട് ഡോക്ടറും എഞ്ചിനീയറുമൊക്കെ ആകുന്നുണ്ടെങ്കിലും വിദ്യകൊണ്ട് പ്രബുദ്ധരാകുന്നില്ല എന്നതാണ് ഇന്ന് കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ പ്രശ്നം. പ്രബുദ്ധരാക്കുന്ന വിദ്യാഭ്യാസം മാത്രമേ സമൂഹത്തിൽ കുറ്റവാളികളുടെ എണ്ണം കുറയ്ക്കുകയും സാമൂഹ്യ പ്രതിബദ്ധത കൂട്ടുകയും ഒരു സമൂഹത്തിന്റെ ഭാവി ഐശ്വര്യപൂർണ്ണമാക്കുകയും മനുഷ്യ ബന്ധങ്ങളും പ്രകൃതിയോടുള്ള ബന്ധങ്ങളും ശക്തമാവുകയും ചെയ്യുകയുള്ളൂ. ആ വിദ്യാഭ്യാസ മേഖലയിലും നമ്മുടെ കുടുംബ ബന്ധങ്ങളിലും തീർച്ചയായും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുനർവായനയ്ക്കോ പുനർസംഘടനയ്ക്കോ കേരളീയ സമൂഹം വിധേയമാകേണ്ടതുണ്ട്. അങ്ങ് പലപ്പോഴും പറയുന്ന പ്രസ്താവനകൾ ഇത്തരം കാര്യങ്ങളിലേയ്ക്ക് പോയില്ലെങ്കിൽ.... നിയമംകൊണ്ടുമാത്രം കയ്യിൽ വിലങ്ങ് വയ്ക്കാം എന്നല്ലാതെ മനസ്സിൽ മാറ്റമുണ്ടാക്കാൻ സാധിക്കില്ല. കയ്യിൽ വിലങ്ങ് വയ്ക്കുന്നതല്ല പ്രധാനം, മനസ്സിൽ മാറ്റമുണ്ടാക്കുന്നതാണ്. ലോകത്ത് പല സ്ഥലത്തും മ്യൂസിക് തെറാപ്പിയും ഹോർട്ടി തെറാപ്പിയും ഒരു ചികിത്സയാണ്. സംഗീതത്തിലൂടെയും കൃഷിയിലൂടെയും കുറ്റവാളികളെ മാറ്റാം. അത്തരം ശാസ്ത്രീയ സംവിധാനങ്ങളിലേയ്ക്ക് സഞ്ചരിക്കാനും എങ്ങനെയാണ് കുറ്റം ഉണ്ടാകുന്നതെന്ന് തിരിച്ചറിയാനും നമുക്ക് കഴിയുന്നുണ്ടോ? അത്തരം ആലോചനകൾ കൂടിയുള്ളപ്പോൾ ഏറ്റവും സാധാരണക്കാരായ പാവപ്പെട്ട മനുഷ്യൻ അറിയാതെ പെട്ടുപോകുന്ന കുറ്റങ്ങളിൽ ഒരു പക്ഷേ അവൻ ശിക്ഷിക്കപ്പെടുകയും തന്ത്രശാലികളായ, പണമുള്ള, ബുദ്ധിയുള്ള, വാദിക്കാൻ വക്കീലൻമാർ ധാരാളമുള്ള കുറ്റവാളികൾ ഈ വലയിൽനിന്ന് വിട്ടുപോകുകയും ചെയ്യാനുള്ള സാധ്യതയുണ്ടോയെന്ന് അങ്ങ് അന്വേഷിക്കേണ്ടതുണ്ട്.

<u>ശ്രീ. കെ. അച്ചുതൻ</u>: സർ, 360 ശതമാനം വരെ കൊള്ളപ്പലിശ വാങ്ങുന്ന ആളുകൾക്കെതിരെ കേസെടുത്താൽ കോടതി അപ്പോൾത്തന്നെ അവരെ വിട്ടയയ്ക്കുന്നുണ്ട്. അതുകൊണ്ട് ഇതുപോലുള്ള ആളുകളെ കർശനമായി താക്കീത് ചെയ്യുകയോ ജയിലിൽ അയയ്ക്കുകയോ ചെയ്യണമെങ്കിൽ നിയമ ഭേദഗതി വേണ്ടിവരും. അതിനുവേണ്ടിയാണ് ഈ ഭേദഗതിയെന്ന് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ പറഞ്ഞത് അങ്ങയെപ്പോലെ ഒരാൾ കുറ്റം ചെയ്താൽ ഒരിക്കലും ശിക്ഷിക്കാൻ കഴിയില്ല. എന്നാൽ അങ്ങയുടെ ഒരു ജോലിക്കാരനെ വേണമെങ്കിൽ ശിക്ഷിക്കാം എന്നാണ്. ഉന്നതരെ ശിക്ഷിക്കാൻ കഴിയില്ല എന്നാൽ സാധാരണക്കാരെ ശിക്ഷിക്കാം എന്നതാണ് നിയമത്തിന്റെ പ്രശ്നം. സാധാരണക്കാരെ ശിക്ഷിക്കുക എന്നത് മാറ്റിനിർത്തുകയും ഉന്നതൻമാരെ ശിക്ഷിക്കാൻ കഴിയുകയും ചെയ്യുമ്പോഴാണ് ഇവിടെയുണ്ടാകുന്ന നിയമത്തിന് കരുത്തുണ്ടാകുന്നത്.

<u>മി. ചെയർമാൻ</u>: ശ്രീ. മുല്ലക്കര രത്നാകരൻ, ജയലളിതയെപ്പോലുള്ള ഒരു മുഖ്യമന്ത്രിയെ വരെ ജയിലിലേയ്ക്ക് അയയ്ക്കാമെന്ന് നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി തെളിയിച്ചില്ലേ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, 18 വർഷങ്ങൾക്കുശേഷം ജയലളിതയുടെയും 40 വർഷങ്ങൾക്കുശേഷം എൽ.എൻ. മിശ്രയുടേയും കേസുകളിൽ വിധിയായി.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഒരു സാധാരണക്കാരനാണെങ്കിൽ രണ്ടാമത്തെ മിനിട്ടിൽ ശിക്ഷിക്കപ്പെട്ടും. ഒരു കാരണവുമില്ലാതെ ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്ന പാവപ്പെട്ട മതന്യൂനപക്ഷത്തിലെ മനുഷ്യരും ആദിവാസികളും സാധാരണക്കാരുമായി എത്രയോ പേരുണ്ട്, എന്തുകൊണ്ടാണ് നിയമം അവർക്ക് ബന്ധുവാകാത്തത്; എന്തുകൊണ്ടാണ് ഏറ്റവും വലിയ നിയമം പോലും ഏറ്റവും വലിയ കുറ്റവാളിക്കും പണക്കാരനും ബന്ധുവാകുന്നത്? ഇന്ത്യയിലെ നവോത്ഥാനം നൽകപ്പെട്ട, ഏറ്റവും ആധുനികവൽക്കരിക്കപ്പെട്ട, സാക്ഷരരായ സമൂഹമാണ് കേരളം. 'സാക്ഷരാ' എന്ന വാക്കിനുതന്നെ ഒരു പ്രത്യേകതയുണ്ട്. 'സാക്ഷരാ' എന്ന വാക്ക് തിരിച്ച് വായിച്ചാൽ 'രാക്ഷസാ' എന്നാകും. സത്യത്തിൽ സാക്ഷരരായ രാക്ഷസൻമാർ ധാരാളമുള്ള സമൂഹമാണ് നമ്മുടേത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ് .....32 മിനിട്ടായി.... ബില്ലിന്റെ ചർച്ചയിൽ കഴിഞ്ഞ ഒരാഴ്ചയായി 25 മിനിട്ടിൽ കൂടുതൽ ആരും സംസാരിച്ചിട്ടില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇവിടെ ചിലപ്പോൾ ഒരു ചോദ്യം ചോദിക്കാൻ പോലും കൂടുതൽ സമയമെടുക്കുന്നുണ്ട്.

<u>മി. ചെയർമാൻ</u>: അങ്ങ് സംസാരിക്കുന്നത് നല്ല സബ്ജക്ടാണ്. അങ്ങയുടെ പ്രസംഗവും നല്ലതാണ്. എന്നാലും ഒരു പരിധിയില്ലേ?

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങ് സാമൂഹ്യ വ്യവസ്ഥിതിയിൽ രാഷ്ട്രീയ നേതാക്കളെയും മറ്റ് കാര്യങ്ങളെയും കുറിച്ച് പറഞ്ഞ് ഇപ്പോൾ ഉദ്യോഗ മണ്ഡലത്തിലേയ്ക്ക് എത്തിച്ചേർന്നു. 'പോന മച്ചാൻ തിരുമ്പി വന്താൻ പൂമനസ്സോടെ' എന്ന് തമിഴിൽ ഒരു പഴഞ്ചൊല്ലുണ്ട്. ഇങ്ങനെയൊരു നിയമം നടപ്പിലാക്കുന്നത് പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാണ്. ഒരു ഉദാഹരണം പറയാം, മൂന്നാറിൽ ജോണി മത്തായി എന്ന എസ്.ഐ.യെ പണപ്പിരിവും മറ്റ് പ്രശ്നങ്ങളും കാരണം കുമളിയിലേയ്ക്ക് സ്ഥലം മാറ്റി. അവിടെയും പ്രശ്നങ്ങളുണ്ടാക്കിയ തിനാൽ വീണ്ടും സ്ഥലം മാറ്റി. ഇപ്പോൾ തിരിച്ച് മൂന്നാറിലേയ്ക്കുതന്നെ വന്നു. അവിടെ വന്നതിനുശേഷം അദ്ദേഹം ആദ്യം ചെയ്തത് മുമ്പ് പിരിവ് നടത്തിക്കൊണ്ടിരുന്ന ആളുകളെ വീണ്ടും വിളിച്ചുവരുത്തി യോഗം ചേർന്ന് നേരത്തെ കൊടുത്തിരുന്നതു പോലെ മാസാമാസം കാശ് നൽകണമെന്ന് അവരോട് കൽപ്പിച്ചു. പെട്ടിക്കട നടത്തുന്ന ആളുകൾപോലും കാശ് കൊടുക്കണമെന്ന നിലയിലായി. ഇത്തരത്തിലേയ്ക്ക് നിയമ നിർമ്മാണം നടത്തിയാൽപ്പോലും നടപ്പിലാക്കേണ്ട സാഹചര്യങ്ങൾ വരുമ്പോൾ അതിലുൾപ്പെട്ട രാഷ്ട്രീയ ഭരണസ്വാധീനമുള്ള ഉദ്യോഗസ്ഥൻമാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്മാരുടെയും മനസ്സിൽ രൂപപ്പെടുന്ന താൽപ്പര്യവും ധാരണയും അനുസരിച്ചല്ലേ വീണ്ടും കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത്. അതു സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞതിനോടൊപ്പം ഒരു കാര്യം കൂടി ചോദിക്കുകയാണ്. ഭരണപക്ഷത്തുള്ള ഒരംഗം പറഞ്ഞത്, നിയമം ഉണ്ടാക്കി കൺട്രോൾ ചെയ്താൽ കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരാൻ കഴിയുമെന്നാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നപ്പോൾ IPC, CrPC എന്നിവയിൽ നിരവധി ഭേദഗതികൾ വരുത്തി. അതിനുശേഷം 84-ഉം 90-ഉം വയസ്സുള്ള അമ്മൂമ്മമാർക്കും രക്ഷയില്ലാത്ത കാലമാണിപ്പോൾ. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെ വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. അതുകൊണ്ട് നിയമം കൊണ്ടുമാത്രം കാര്യമില്ല. മനുഷ്യന്റെ മനസ്സിന് ട്രീറ്റ്മെന്റ് നൽകി മനസ്സുകൂടി നന്നായാൽ മാത്രമേ നിയമം കൊണ്ട് പ്രയോജനമുള്ളുവെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, തീർച്ചയായും. കേരളത്തിലെ ഉദ്യോഗസ്ഥ-പോലീസ് കുറ്റവാളിത്തം എങ്ങനെയാണെന്നതിനെക്കുറിച്ച് കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കുമുമ്പ് മലയാള മനോരമ പത്രം ഒരു അന്വേഷണ പരമ്പര കൊണ്ടു വന്നു. അതിൽ, ട്രാൻസ്ഫർ അഴിമതി ഉൾപ്പെടെ കേരളത്തിലെ എത്രയോ കാര്യങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്. ശ്രീ. എസ്. രാജേന്ദ്രൻ ചോദിച്ച കാര്യമുണ്ട്. എല്ലാ വകുപ്പിലും എത്രയോ നല്ല ആളുകളുണ്ട്. കുറച്ച് ആളുകൾ കുറ്റവാളികളും സമൂഹത്തിലെ കുറ്റവാളികളുമായി ചേരുന്നവരുമാണ്. ആ കുറ്റവാളികളെ സംരക്ഷിക്കാൻ വേണ്ടി സ്വന്തം വകുപ്പിനെപ്പോലും കുറ്റപ്പടയാളം പുരട്ടുന്നവരുമുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. 35 മിനിട്ട് കഴിഞ്ഞു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ 5 മിനിട്ട് കൊണ്ട് അവസാനിപ്പിക്കാം. ധാരാളം ആളുകളുടെ പേരിൽ ആരോപണം വരുന്നുവെന്നുള്ളതാണ് ഭരണകൂടത്തിലുള്ള പ്രശ്നം. ആരോപണം വരുമ്പോൾ ഒരു ഭരണകൂടത്തിന്റെ ധാർമ്മികത ഉദ്യോഗസ്ഥരടങ്ങുന്ന സംവിധാനത്തിലേയ്ക്ക് പകരും. രാഷ്ട്രീയത്തിലോ, ഉദ്യോഗസ്ഥരിലോ, പോലീസിലോ എല്ലാവരും കുറ്റവാളികളാണെന്ന് ആരും പറയുന്നില്ല. കുറ്റവാളിത്ത സ്വഭാവമുള്ളവർ സമൂഹത്തിൽ നിറഞ്ഞുവന്നാൽ അത് സമൂഹത്തിലെ കുറ്റവാളിത്തം ഇല്ലാത്തവരിലും നിറയുന്നതായി തോന്നും. കേരളീയ

സമൂഹത്തിൽ ഇത്തരത്തിലുള്ള വാർത്തകൾ എല്ലാ ദിവസവും വരുന്നുണ്ട്. 10 കോടി രൂപ പറ്റിച്ചുകൊണ്ടുപോയ രണ്ട് സ്ത്രീകളുടെ ചിത്രമുൾപ്പെടെ ഇന്നലെ വാർത്ത വന്നു. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. എന്തുകൊണ്ടാണ് കേരളത്തിലെ ഏറ്റവും സാധാരണക്കാർക്ക് കൊള്ളപ്പലിശക്കാരുടെയും മണി ചെയിൻകാരുടെയും അടുത്ത് പോകേണ്ടി വരുന്നത്. ഇടത്തരക്കാരന്റെ കയ്യിൽ പണയം വയ്ക്കാൻ സ്വർണ്ണവും ജാമ്യം കൊടുക്കാൻ വസ്തുവും ജാമ്യം നിൽക്കാൻ ജോലി ഉള്ളവരും ഉണ്ടാകും. പണയം വയ്ക്കാൻ സ്വർണ്ണവും ജാമ്യം നൽകാൻ ഭൂമിയും ജാമ്യം നിൽക്കാൻ ഉദ്യോഗസ്ഥരും ഇല്ലാത്ത സാധാരണ മനുഷ്യർ എന്തുകൊണ്ടാണ് കൊള്ളപ്പലിശക്കാരുടെ അടുത്ത് ചെന്നുപെടുന്നത് എന്നതുസംബന്ധിച്ച ചോദ്യം ഞാൻ അങ്ങയോട് ചോദിച്ചതാണ്. സാധാരണ മനുഷ്യന് മേൽപ്പറഞ്ഞ കാര്യങ്ങൾ ഒന്നുമില്ലെങ്കിലും അത്യാവശ്യം ന്യായമാണെങ്കിൽ സഹായിക്കാൻ പണമിടപാട് സംവിധാനമുണ്ടെന്ന് ഏത് ഗ്രാമത്തിലും നഗരത്തിലും ഉറപ്പിക്കുമ്പോൾ മാത്രമേ, ഓപ്പറേഷൻ കുബേരയും പണത്തിനുവേണ്ടി പാഞ്ഞുപോകുന്ന ഇടപെടലും അവസാനിക്കുകയുള്ളൂ. അപ്പോൾ മാത്രമേ ചതിയും പാപവും ഇല്ലാതാവുകയുള്ളൂ. ചതിയും പാപവും ഇല്ലാതാകുന്ന സാമ്പത്തിക ചക്രത്തിന്റെ സംവിധാനം കൂടി ഒരുക്കേണ്ടത് ആഭ്യന്തര വകുപ്പുമന്ത്രി മാത്രമല്ല, ധനകാര്യവകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും മറ്റ് സംവിധാനങ്ങളും കൂടിയാണ്. രോഗം വന്ന് 5000 രൂപ ആവശ്യമായാൽ പണയം വയ്ക്കാൻ മറ്റൊന്നും ഇല്ലെങ്കിലും ആ തുക കിട്ടുമെന്ന് ഉറപ്പുണ്ടാകണം. കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതെ വന്നാൽ അതിന് സഹായം കിട്ടുമെന്ന് അർഹതയുണ്ടെങ്കിൽ ഉറപ്പുണ്ടാക്കണം. അങ്ങനെ അർഹതയുണ്ടെങ്കിലും ഉറപ്പില്ലാത്ത ഒരു പണ സംവിധാനം നിലനിൽക്കുമ്പോൾ ഏറ്റവും പാവപ്പെട്ട മനുഷ്യന് അപ്പോഴത്തെ ആവശ്യത്തിന് അഭയം ഈ വട്ടിപ്പലിശക്കാരന്റെയും കൊള്ളപ്പലിശക്കാരുടെയും മുമ്പിലാണ്. അതിനുംകൂടി അങ്ങ് പരിഹാരം കാണണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് വരുമ്പോൾ തീർച്ചയായും ബന്ധപ്പെട്ട ഭേദഗതികൾ അതിൽ ഉൾപ്പെടുത്തണം. നേരത്തെ ഇവിടെ പറഞ്ഞതുപോലെ പ്രബുദ്ധമായ കേരളം കെട്ടിപ്പടുക്കണമെങ്കിൽ പ്രബുദ്ധമായ കുടുംബവും, വിദ്യാഭ്യാസവും, രാഷ്ട്രീയവും കേരളത്തിന് ഉണ്ടാകണം. അങ്ങനെ പ്രബുദ്ധമായ കുടുംബത്തിനും വിദ്യാഭ്യാസത്തിനും രാഷ്ട്രീയത്തിനും കുറവ് വരുന്ന കാലഘട്ടത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന് ഓർമ്മവേണം. ഞാൻ എന്റെ ഭേദഗതി വീണ്ടും മൂവ് ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുരളീധരൻ: സർ, 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആദ്യമായി കേരള നിയമസഭ ഈ നിയമം പാസ്സാക്കുന്നത് 2007-ലാണ്. അന്ന് പാസ്സാക്കിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലാണ് താഴെപ്പറയുന്ന പ്രധാനപ്പെട്ട ഭേദഗതികൾ ഉൾക്കൊണ്ടിട്ടുള്ളത്. നിയമത്തിൽ കാലക്രമത്തിൽ പല മാറ്റങ്ങളും ഉണ്ടാകും. അതുപോലെ സമൂഹത്തിലെ കുറ്റകൃത്യങ്ങളിലും മാറ്റങ്ങൾ ഉണ്ടാകും. പഴയകാലത്തെ കുറ്റകൃത്യങ്ങളിൽനിന്നും വ്യത്യസ്തമായി സൈബർ കുറ്റകൃത്യങ്ങൾ വരെ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിന്ന്. ലോകത്ത് സയൻസിന്റെ പുരോഗതി ഉണ്ടാവുമ്പോൾ അതനുസരിച്ച് കുറ്റകൃത്യങ്ങളിലും മാറ്റംവരും. സ്വാഭാവികമായും അങ്ങനെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുമ്പോൾ അതിനെ തടയാൻവേണ്ടി നിയമങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതികൾ വേണ്ടിവരും. 2007-ൽ നിന്നും വ്യത്യസ്തമായ തെറ്റുകുറ്റങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ജനാധിപത്യ ഗവൺമെന്റിന്റെ ചുമതലയെന്നുപറയുന്നത്, അത് തടയാനുള്ള നിയമങ്ങൾ പുതിയതായി കൊണ്ടുവരണമെന്നുള്ളതാണ്. അതനുസരിച്ച് 2007-ൽ അന്നത്തെ ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ ചില പ്രധാന ഭേദഗതികൾ വരുത്തുന്നതിനാണ് ഈ ബിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചത്. പ്രധാനമായും പറയുന്നത്, സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളുടെ പട്ടികയിൽ മണിചെയിൻ ഉൾപ്പെടുന്നുവെന്നുള്ളതാണ്. അതുപോലെ കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് 6 മാസത്തിൽ നിന്നും ഒരുവർഷമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. വാഹനങ്ങൾ ഉൾപ്പെടെയുള്ളവ പിടിച്ചെടുക്കാനുള്ള അധികാരം നൽകുന്നുണ്ട്. കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ എന്നീ വിശേഷണങ്ങൾക്ക് വ്യക്തമായിട്ടുള്ള നിർവ്വചനങ്ങൾ നൽകുന്നുണ്ട്. അടുത്ത കാലത്ത് കൊള്ളപ്പലിശക്കാരുടെ ശല്യം സമൂഹത്തിൽ വർദ്ധിച്ചുവന്നപ്പോഴാണ് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഓപ്പറേഷൻ കുബേര എന്ന ഓപ്പറേഷൻ ആരംഭിച്ചത്. അതിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത്, എന്റെ നിയോജക മണ്ഡലത്തിലുള്ള ഒരു കുട്ടി അടക്കം കുടുംബത്തിലെ നാലുപേർ കൊള്ളപ്പലിശ ക്കാരന്റെ ശല്യം സഹിക്കവയ്യാതെ ആത്മഹത്യ ചെയ്ത സംഭവമാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുട്ടിയായതുകൊണ്ട് ആ കുട്ടിയുടെ വിവാഹത്തിന് എന്നെ ക്ഷണിച്ചിരുന്നു. വിവാഹത്തിന് കണ്ട കുട്ടിയുടെ ശവശരീരമാണ് 4 മാസം കഴിഞ്ഞ് ഞാൻ കാണുന്നത്. ആ സംഭവമാണ്

കൊള്ളപ്പലിശക്കാരെ നേരിടാൻ ചില ഭേദഗതികൾ ഈ ബില്ലിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. എല്ലാത്തിലും കള്ളനാണയങ്ങളുണ്ട്. രാഷ്ട്രീയത്തിലും ഉദ്യോഗസ്ഥ വൃന്ദങ്ങളിലും, പോലീസ് സമൂഹത്തിന്റെ ഭാഗമായതുകൊണ്ട്, തെറ്റുകളും കുറ്റങ്ങളും ക്രിമിനൽ സ്വഭാവങ്ങളും അവരിലും ഉണ്ടാകാം. എന്നുവിചാരിച്ച് ഇവിടെ എല്ലാവരും കുറ്റക്കാരാകുന്നില്ല. ചില ആളുകൾ കുറ്റം ചെയ്തുവെന്നുവച്ച് ആ വിഭാഗത്തിൽപ്പെട്ടവരെ അടച്ചാക്ഷേപിക്കുന്നത് ഒട്ടും ശരിയായ നടപടിയല്ല. ഇപ്പോൾത്തന്നെ രാഷ്ട്രീയക്കാരായ ആളുകൾക്ക് ഒരു ഫാഷനുണ്ടായിരുന്നു ,രാഷ്ട്രീയ ക്കാരൊക്കെ കൊള്ളരുതാത്തവരാണെന്ന് അവരുതന്നെ സ്വയം പറയുക, അങ്ങനെ വന്നപ്പോൾ സ്വാഭാവികമായും ഉദ്യോഗസ്ഥന്മാർ ഹരിശ്ചന്ദ്രന്മാരായി അവർക്ക് തോന്നി. ഏതായാലും എല്ലാത്തിലും ഇങ്ങനെയുള്ള കള്ളനാണയങ്ങളുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങനെയുള്ളവരെ കണ്ടെത്തുകയും ഏത് മേഖലയിൽപ്പെട്ടവരായാലും അവരെ ശിക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ് നിയമത്തിന്റെ പ്രാധാന്യമെന്നുപറയുന്നത്. എനിക്ക് ലഭ്യമായിട്ടുള്ള വിവരങ്ങളനുസരിച്ച് 'ഓപ്പറേഷൻ കുബേര'യുടെ ഭാഗമായി 13585 റെയ്ഡുകൾ നടത്തിയെന്നാണ് മനസ്സിലാകുന്നത്. അതിൽ 2748-ഓളം കേസുകളെടുത്തിട്ടുണ്ട്. പക്ഷെ, ഇവയൊക്കെ എക്കണോമിക് ഒഫൻസ് എന്ന വിഭാഗത്തിൽപ്പെട്ട് കുറ്റവാളികൾ രക്ഷപ്പെടാനുള്ള സാദ്ധ്യതയുള്ളതുകൊണ്ട് ഇതുകൂടി 'കാപ്പ' നിയമത്തിലുൾപ്പെടുത്തുന്നത് വളരെ ഗുണം ചെയ്യുമെന്നുള്ള ഒരു അഭിപ്രായമുണ്ട്. കാരണം, എക്കണോമിക് ഒഫൻസിൽ രക്ഷപ്പെടാൻ ധാരാളം പഴുതുകളുണ്ട്. അതേസമയം 'കാപ്പ' നിയമത്തിലുൾപ്പെടു ത്തിക്കഴിഞ്ഞാൽ അവരെ തീർച്ചയായിട്ടും നമുക്ക് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സാധിക്കും. പക്ഷെ അതോടൊപ്പംതന്നെ ഒരു കാര്യമുള്ളത്, പണം കടം വാങ്ങിയ ചില ആളുകൾ അത് തിരിച്ചുകൊടുക്കാതിരിക്കാനും 'ഓപ്പറേഷൻ കുബേര'യെ ഭാഗമാക്കുന്നുണ്ട് എന്നുള്ളത് ചില ഒറ്റപ്പെട്ട കേസുകളാണെങ്കിൽ പ്പോലും വരുന്നുണ്ട്, അതുകൂടി ഒന്നു ശ്രദ്ധിക്കണം. കാരണം കടം വാങ്ങിയതിനു ശേഷം.... ചില ആളുകൾ പെട്ടെന്ന് ചെന്ന് എനിക്ക് ഇത്ര രൂപയുടെ ആവശ്യമുണ്ട്, എങ്ങനെയെങ്കിലും സഹായിക്കണമെന്നുപറയുമ്പോൾ ഇല്ലാത്ത കാശ് കടം വാങ്ങി ഇയാളെ സഹായിക്കുന്നതിനുവേണ്ടി കാശ് കൊടുക്കും. ആ കാശ് കിട്ടിക്കഴിഞ്ഞാൽ പിന്നെ തിരിച്ച് കൊടുക്കുന്ന ഏർപ്പാടില്ല. ചിലരാണെങ്കിൽ ഭീഷണിപ്പെടുത്തും, 'ഓപ്പറേഷൻ കുബേര' എന്ന സ്കീമുണ്ട്, നിങ്ങൾക്കെതിരെ ഞാൻ കേസ് കൊടുക്കുമെന്നുപറയും. തീർച്ചയായും അതുകൂടി ഒന്ന് ശ്രദ്ധിക്കേണ്ടതുണ്ട്. നിയമം നല്ലതാണെങ്കിലും ചില ആളുകൾ അതിനെ ദുരുപയോഗപ്പെടുത്താൻ നോക്കുമ്പോൾ അത് തീർച്ചയായും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ, ഇന്ന് നമ്മുടെ രാഷ്ട്രീയ രംഗത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം നോക്കുകൂലിയെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് കഴിഞ്ഞ മാസം 22-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, അതായത് തൃശ്ശൂർ സ്വദേശി പോൾസൺ സക്കറിയ ഫയൽ ചെയ്ത കേസിൽ നോക്കുകൂലി 'കാപ്പ' നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് സൂചിപ്പിച്ചു. പക്ഷേ അത് ഈ ബില്ലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നോക്കുകൂലിയെ സംബന്ധിച്ച് പറയുമ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ച ഒരു സത്യമുണ്ട്, തൊഴിൽ ചെയ്താൽ അതിന് കൂലി ലഭിക്കണം, അത് ഒരു തൊഴിലാളിയുടെ അവകാശമാണ്. എന്നാൽ തൊഴിൽ ചെയ്തില്ലെങ്കിൽ അവർക്ക് കൂലിക്ക് അർഹതയില്ല. പണ്ടുകാലത്ത് കേരളത്തെക്കുറിച്ച് പറഞ്ഞിരുന്ന ഒരു പ്രധാന ആക്ഷേപമെന്നുപറഞ്ഞാൽ ചുമട്ടുതൊഴിലാളികൾ അവർക്ക് തോന്നിയതുപോലെ പണം വാങ്ങുന്നുവെന്നതാണ്. എനിക്കുതന്നെ അറിയാം, 1988-ൽ എന്റെ പിതാവ് എം.എൽ.എ. ആയിരുന്ന സന്ദർഭത്തിൽ, അന്ന് എം.എൽ.എ.മാർക്ക് ഹൗസിംഗ് ബോർഡ് ലോൺ നൽകിയിരുന്നു. ആ ലോൺ അനുസരിച്ച് പി.ടി.പി.നഗറിൽ ഒരു വീടുവച്ചപ്പോൾ സിമെന്റ് കയറ്റുന്നതിന് കയറ്റുകൂലി .60 പൈസയും ഇറക്കുകൂലി 1.50 രൂപയുമായിരുന്നു. 1980-ലെ സ്ഥിതിയാണ് പറഞ്ഞത്. എന്നാൽ ഇന്നങ്ങനെയല്ല. ഇന്നിപ്പോൾ ചിലർക്കൊക്കെ താൽപ്പര്യം തൊഴിലെടുക്കാനല്ല, തൊഴിലെടുക്കാതെതന്നെ എങ്ങനെ കാശുണ്ടാക്കാം എന്നതിലാണ്. സത്യം പറഞ്ഞാൽ തൊഴിലാളി പ്രസ്ഥാനങ്ങളെ അപമാനിക്കുകയാണ് ചെയ്യുന്നത്. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., ബി.എം.എസ്. എന്നിങ്ങനെ ഏത് ട്രേഡ് യൂണിയനാണെങ്കിലും ശരി തൊഴിൽ ചെയ്യാതെ ഭീഷണിപ്പെടുത്തി കാശുവാങ്ങുന്നത് തെറ്റ് തന്നെയാണ്. അവർ തൊഴിലാളിവർഗ്ഗത്തിന് അപമാനം തന്നെയാണ്. അങ്ങനെയുള്ളവരെ തീർച്ചയായും, ഈ നോക്കുകൂലിയെന്നു പറഞ്ഞുകൊണ്ട് ആളുകളെ ശല്യം ചെയ്യുന്നവരെ... പ്രത്യേകിച്ച് ടെക്നോപാർക്ക്, ഇൻഫോപാർക്ക് തുടങ്ങിയ ഐ.ടി. മേഖലകളിലാണ് നോക്കുകൂലി കൂടുതലുള്ളത്. കാരണം ഇലക്ട്രോണിക്സ് സാധനങ്ങളൊക്കെ ഇറക്കുമതി ചെയ്യുകയെന്നുപറഞ്ഞാൽ കുറച്ച് പ്രയാസമുള്ള കാര്യമാണ്. കട്ടിലോ മേശയോ ഇറക്കുന്നതുപോലെയല്ല. ഇലക്ട്രോണിക്സ് ഐറ്റങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ചിലപ്പോൾ ഏതെങ്കിലും സാധനങ്ങൾ പൊട്ടിയാൽ തകരാറിലാകുമെന്നുള്ളതു കൊണ്ട് അവർ ഇറക്കാൻ തയ്യാറല്ല, അതിനുപകരം നിങ്ങൾ ഇറക്കിക്കോ പക്ഷേ, ഞങ്ങൾക്ക് ഇത്ര കൂലി തരണമെന്നാണ് പറയുന്നത്. ചിലയിടങ്ങളിലൊക്കെ നോക്കുകൂലി വിരുദ്ധ പ്രദേശങ്ങളായി പ്രഖ്യാപിച്ചെങ്കിലും അതുപോലും പലയിടത്തും ലംഘിക്കപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇക്കാര്യത്തിൽ കൊണ്ടുവന്ന വിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുപോലെ നോക്കുകൂലി തീർച്ചയായും 'കാപ്പ' നിയമത്തിലുൾപ്പെടുത്തണ മെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെയാണ് മയക്കുമരുന്ന് വിൽപ്പന. കഴിഞ്ഞ ദിവസങ്ങളിലായി ഈ സഭയിൽ നടന്ന ചോദ്യോത്തരവേളയിലും പറഞ്ഞതാണ്; പലയിടത്തും പല വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും മയക്കുമരുന്നുകളും ലഹരിവസ്തുക്കളും നൽകുന്നുണ്ട്. പല രൂപത്തിലാണ് കൊടുക്കുന്നത്. ഞാനിന്നലെ സൂചിപ്പിച്ചതുപോലെ, പ്രത്യേകിച്ച് ച്യൂയിംഗം പോലുള്ള ലഹരി വസ്തുക്കൾ കുട്ടികൾക്ക് കൊടുത്ത് ആ കുട്ടികളെ വളരെ ചെറുപ്പത്തിൽത്തന്നെ ലഹരിവസ്തുക്കൾക്ക് അടിമകളാക്കുന്ന രീതിയിലുള്ള വൻതോതിലുള്ള റാക്കറ്റുകൾ സംസ്ഥാനത്തിന്റെ പലഭാഗത്തും പ്രവർത്തിക്കുന്നുണ്ട്. പലയിടത്തും നമ്മൾ അന്വേഷിച്ചെങ്കിൽപ്പോലും ഇത് നിർബാധം പല സ്ഥലങ്ങളിലും നൽകുന്നുണ്ട്. വിവിധ കളറുള്ള ജ്യൂസുകളുടെ രൂപത്തിലും ച്യൂയിംഗത്തിന്റെ രൂപത്തിലും ഭക്ഷണ പദാർത്ഥങ്ങളുടെ രൂപത്തിലുമൊക്കെ നൽകുന്നുണ്ട്. അത് കുട്ടികളുടെ ഭാവി നശിപ്പിക്കുകയാണ്. ഇങ്ങനെ ലഹരി ക്കടിമപ്പെട്ട ഒരു കുട്ടി മരണംവരെ ഈ ലഹരിയുടെ ഭാഗമായി തീരുകയാണ്. പിന്നെ ആ കുട്ടിയുടെ ജീവിതം നശിക്കുകയാണ്. രക്ഷിതാക്കൾ സ്വന്തം കുട്ടികളെ നല്ല നിലയിലെത്തിക്കുന്നതിനുവേണ്ടിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്നത്. ആ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ഇതുപോലുള്ള ച്യൂയിംഗവും ലഹരി വസ്തുക്കളും കഴിച്ചുകൊണ്ട് അവരെ ലഹരിക്കടിമകളാക്കി നാളെ ഒന്നിനുംകൊള്ളാതെ സമൂഹത്തിന് ഭാരമാകുന്ന പൗരന്മാരാക്കി മാറ്റുന്ന പ്രവർത്തനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് നമ്മൾ കുറേക്കാലങ്ങളായി പലയിടത്തും ചർച്ച ചെയ്യുന്നതാണ്. പക്ഷെ, ചർച്ചയ്ക്കനുസരിച്ച്...

<u>ഡോ. കെ. ടി. ജലീൽ:</u> സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാന്യനായ മെമ്പർ ഇവിടെ പറയുന്നത്. നമ്മുടെ സ്കൂളുകൾ മാഫിയാ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മയക്കുമരുന്ന് വിൽപ്പനയുടെ കേന്ദ്രങ്ങളായി ഹയർ സെക്കണ്ടറി സ്കൂളുകൾ മാറുകയാണ്. എന്നാൽ കോളേജുകളിൽ ആ ഒരു സ്വാധീനം അത്രകണ്ട് നമുക്ക് കാണാൻ കഴിയുന്നില്ല. ഹയർ സെക്കണ്ടറി സ്കൂളുകൾ ഇങ്ങനെയാകുന്നതിന്റെ സുപ്രധാനമായ ഒരു കാരണം അവിടെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ അനുവദിക്കപ്പെടുന്നില്ല എന്നുള്ളതാണ്. കാര്യങ്ങൾ നോക്കാനാളില്ല, ആളും നാഥനുമില്ലാത്ത ഒരവസ്ഥയാണ് നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ രൂപപ്പെട്ടുവന്നിട്ടുള്ളത്. അത് മുതലാക്കിയാണ്, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ഏത് വിദ്യാർത്ഥി സംഘടനയാണെങ്കിലും ഇത്തരത്തിലുള്ള

കാര്യങ്ങളോട് ശക്തമായി വിയോജിക്കാം. എന്തൊക്കെ ദൗർബ്ബല്യങ്ങൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് പറയാമെങ്കിലും പല കാര്യങ്ങളിലും നമ്മുടെ സ്ഥാപനങ്ങളെ സംരക്ഷിച്ചു നിർത്തിയിരുന്നത് നമ്മുടെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളും വിദ്യാർത്ഥി സംഘടനാ നേതാക്കളുമാണ്. അവരുടെ ഒരു ഇടപെടലിന്റെ അഭാവം നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളുകളെ വല്ലാത്ത വിധത്തിലാണ് ഇപ്പോൾ മാറ്റിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരായ നിയമനിർമ്മാണം നടത്തേണ്ടതിനോടൊപ്പംതന്നെ ഹയർ സെക്കണ്ടറി സ്കൂൾ തലങ്ങളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം, കെ.എസ്.യു., എസ്.എഫ്.ഐ., എം.എസ്.എഫ്., എന്നിങ്ങനെ ഏത് വിദ്യാർത്ഥി സംഘടനയുമാകട്ടെ, അവർക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നതിലൂടെയല്ലാതെ ഒരിക്കലും എത്ര നിയമനിർമ്മാണ ങ്ങളുണ്ടാക്കിയാലും ഹയർ സെക്കണ്ടറി സ്കൂളുകളെ ഈ മാഫിയാ സംഘങ്ങളുടെ പിടുത്തത്തിൽനിന്ന് നമുക്ക് മോചിപ്പിക്കാൻ സാധിക്കില്ല. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, തീർച്ചയായും കലാലയങ്ങളിൽ രാഷ്ട്രീയം വേണമെന്നുള്ള അഭിപ്രായത്തിൽ അന്നുമിന്നും ഉറച്ചുനിൽക്കുന്ന ഒരാളാണ് ഞാൻ. കാരണം, രാഷ്ട്രീയത്തിന് തെറ്റുകളും കുറ്റങ്ങളുമുണ്ടാകാം, പക്ഷെ, നമുക്കറിയാം ജനാധിപത്യത്തിൽ 95 ശതമാനം ഗുണങ്ങളും 5 ശതമാനം ചിലപ്പോൾ ദോഷങ്ങളുമുണ്ടാകാം, ആ 5 ശതമാനം ദോഷങ്ങളെ 95 ശതമാനം ഗുണങ്ങളിൽനിന്ന് പർവ്വതീകരിച്ചു കാണിക്കുന്ന ഒരു പ്രവണത പലപ്പോഴും നമ്മുടെ സമൂഹത്തിന്റെ ചില കോണു കളിൽനിന്ന് ചില കാലഘട്ടങ്ങളിലുണ്ടാകുന്നുണ്ട്. ഒരിക്കലും കലാലയ രാഷ്ട്രീയം നിരോധിക്കാൻ പാടില്ല, പക്ഷെ അതിൽ അക്രമങ്ങളുണ്ടെങ്കിൽ നടപടിയെടുക്കണം. അതൊക്കെ ഒറ്റപ്പെട്ട കേസുകളാണ്. സ്വാഭാവികമായും വിദ്യാർത്ഥി സംഘടനകൾ ഇല്ലാത്തയിടങ്ങളിൽ വർഗ്ഗീയ ശക്തികൾക്ക് അവരുടെ അജണ്ട നടപ്പാക്കാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തും അതുപോലെ സംസ്ഥാനത്തുമുണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് തീർച്ചയായും കലാലയ രാഷ്ട്രീയം നിരോധിക്കാനുള്ള ശ്രമങ്ങൾ ഏത് ഭാഗത്തുനിന്നുവന്നാലും അത് നിരുത്സാഹ പ്പെടുത്തേണ്ടതു തന്നെയാണ്. കാരണം വിദ്യാർത്ഥി സംഘടനകൾക്ക് എന്തെല്ലാം ദോഷങ്ങളുണ്ടെങ്കിലും ഒരിക്കലും മാഫിയാ സംഘങ്ങൾക്ക് അവർ കൂട്ടുനിൽക്കില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിനോട് ഞാൻ 100 ശതമാനവും യോജിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ഗുണ്ടാ ആക്ടിൽപ്പെടുന്ന ആളുകൾ, ഒരു ക്രിമിനൽ കേസിലുൾപ്പെട്ട ആൾ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

അതാവർത്തിക്കുകയും 3 ക്രിമിനൽ കേസുകളിലെങ്കിലും പ്രതിയായിട്ടുള്ളവരെ അയാൾ ഏത് പ്രസ്ഥാനത്തിൽപ്പെട്ട ആളായാലും, അയാളെ ഗുണ്ടാ ലിസ്റ്റിന്റെ പരിധിയിൽ തീർച്ചയായും ഉൾപ്പെടുത്തുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണം. കാരണം, എന്തും ചെയ്യാനുള്ള പ്രവണതകൾ ചില ആളുകൾക്കുണ്ട്. യോഗങ്ങൾ അലങ്കോലമാക്കുക, മറ്റുള്ളവർ നല്ല പ്രവർത്തികൾ ചെയ്താൽ തന്റെ ഇഷ്ടത്തിനെതിരാണെന്ന് കണ്ടാൽ അത് നശിപ്പിക്കുക, അങ്ങനെയുള്ള ഗുണ്ടാ പ്രവർത്തനങ്ങൾ ചെയ്യുന്നവരെ 3 ക്രിമിനൽ കേസുകളിലുൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ നിർബന്ധമായും ഗുണ്ടാ ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്ന് അവർക്ക് പരമാവധി ശിക്ഷ ലഭിക്കുന്ന സാഹചര്യങ്ങളുണ്ടാകേണ്ടതാണ്. ഞാൻ, ദീർഘമായി സംസാരിക്കുന്നില്ല.

രണ്ട് പ്രധാന കാര്യങ്ങൾ കൂടി എനിക്ക് പറയാനുണ്ട്. ഒന്ന്, നമ്മൾ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ മാവോയിസ്റ്റുകളുടെ ആക്റ്റിവിറ്റീസ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ പലയിടത്തും ആരംഭിച്ച ഒരു കാലഘട്ടംകൂടിയാണ്. പ്രത്യേകിച്ച് വയനാട് ജില്ലയിലാണ് ഇത് തുടങ്ങിയിട്ടുള്ളത്. നമുക്കറിയാം 1968-70 കാലഘട്ടങ്ങളിൽ ഇവിടെ ധാരാളം നക്സൽ ആക്രമണങ്ങളുണ്ടായി. ആദ്യംതന്നെ പുൽപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും ഒരു എസ്.ഐ.-യെ കൊന്ന് അദ്ദേഹത്തിന്റെ രക്തത്തിൽ കൈമുക്കി ചുമരിൽ പതിച്ച സംഭവം, അതാണ് കേരളത്തിനെ ഞെട്ടിച്ച ആദ്യത്തെ നക്സൽ ആക്രമണം എന്നുപറയുന്നത്. ഇപ്പോൾ അതിൽ പങ്കെടുത്തവരൊക്കെ സമൂഹത്തിൽ മാന്യന്മാരായി. അത് നല്ലകാര്യമാണ്. കാരണം തെറ്റ് തിരിച്ചറിഞ്ഞ് മനസ്സ് മാറുന്നത് നല്ലതാണ്. അതിനുശേഷം പാലക്കാട് ജില്ലയിലെ കോങ്ങാട്, ചെയറിന് അറിയാവുന്നതാണ്; നാരായണൻകുട്ടി നായർ എന്ന ജന്മിയെ രാത്രി പന്ത്രണ്ടുമണിക്ക് തലവെട്ടി, 12 മണിക്ക് ക്ലോക്ക് നിർത്തിവച്ചിട്ടാണ് തലവെട്ടി കുളക്കടവിന്റെ പടിയിൽ കൊണ്ടുവച്ചത്. തിരുവനന്തപുരത്ത് കിളിമാനൂരിൽ രാജകുടുംബത്തിൽപ്പെട്ടവരെ തലവെട്ടിക്കൊന്നു. അങ്ങനെയുള്ള നിരവധി അക്രമസംഭവങ്ങൾ നക്സലൈറ്റുകളുടെ വകയായി കേരളത്തിലുണ്ടായി. അന്ന് സി. എച്ച്. മുഹമ്മദ് കോയയും പിന്നീട് കെ. കരുണാകരനും കേരളത്തിന്റെ ആഭ്യന്തര മന്ത്രിമാരായിരുന്ന കാലഘട്ടത്തിലാണ് ആ പ്രസ്ഥാനത്തിനെ ഇവിടെനിന്നും തുടച്ചുനീക്കാൻ കഴിഞ്ഞത്. എന്നാൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് പോലീസിന്റെ തണ്ടർബോൾട്ടും മാവോയിസ്റ്റുകളുമായി വെടിവയ്പുണ്ടായി. അപ്പോൾത്തന്നെ അവർക്കുനേരെ കർശനമായ ശിക്ഷാ നടപടികളെടുക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയുണ്ടായി. പക്ഷെ അതിലൊരു പ്രശ്നമെന്നുപറയുന്നത്, പോലീസുകാർക്ക് ഇപ്പോൾ ഇങ്ങോട്ട്

വെടിവച്ചാലും തിരിച്ച് വെടിവയ്ക്കാൻ ധൈര്യമില്ല. കാരണം, കാലക്രമത്തിൽ ആ കൂട്ടത്തിലുള്ള ഏതെങ്കിലുമൊരാൾ ഇന്ന ഉദ്യോഗസ്ഥൻ പറഞ്ഞിട്ടാണ് ഞാൻ വെടിവച്ചത് എന്നുപറഞ്ഞാൽ അവരെ ശിക്ഷിക്കുന്ന ഒരു കാലമാണ്. ഐ.ജി. ലക്ഷ്മണയെ ഈ അടുത്തകാലത്ത് വർഗ്ഗീസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ്സിൽ പ്രതിയാക്കി ജയിലിലടച്ച സംഭവമുണ്ടായി. ഇങ്ങനെയുള്ള കേസ്സുകൾ വരുമ്പോൾ ഈ പോലീസ് ഉദ്യോഗസ്ഥരുടെ മൊറാലിറ്റി നഷ്ടപ്പെടുകയാണ്. ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴാണെങ്കിലും ശരി ഒരിക്കലും ഒരിടത്തും മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങളെ പോലീസ് ഉദ്യോഗസ്ഥർ അനുകൂലിക്കാൻ സാധ്യമല്ല. പ്രത്യേകിച്ച് ഛത്തീസ്ഗഢിൽ പാർട്ടിയുടെ പി.സി.സി. പ്രസിഡന്റുൾപ്പെടെയുള്ളവർ പറയുകയുണ്ടായി. അതുപോലെ ബംഗാളിൽ സി.പി.എം. ഭരിക്കുന്ന കാലത്ത് സി.പി.എം. നേതാക്കളെ തന്നെ കൊന്ന ഒരുപാട് സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ കേരളത്തിലും ഇതിന്റെ ചെറിയൊരു പതിപ്പ് തുടങ്ങിയിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് കഴിഞ്ഞ കാലത്തെ നക്സൽ ആക്രമണങ്ങളെക്കുറിച്ചും ഇപ്പോഴത്തെ മാവോയിസ്റ്റ് ആക്രമണങ്ങളുടെ തുടക്കത്തേയും കുറിച്ചാണ് പറഞ്ഞത്. പക്ഷെ കഴിഞ്ഞ കുറേ നാളുകളായി മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ മാറ്റിനിറുത്തി കേരളത്തിൽ അവിടവിടെയായി നടക്കുന്ന ജനകീയ പ്രക്ഷോഭണങ്ങളിലും നുഴഞ്ഞുകയറിക്കൊണ്ട് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ആരോപണത്തിന്റെ മുൾമുനയിൽ നിറുത്തുകയും വെല്ലുവിളിക്കുകയും സംഘർഷങ്ങളുണ്ടാക്കുകയും പോലീസിനെ ഇടപെടുത്തുകയും ചെയ്തുകൊണ്ട് പല സ്ഥലത്തും വ്യാപകമായ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. ഇതാണ് ഇവരുടെ തുടക്കം. ഇങ്ങനെ എല്ലാ സ്ഥലത്തും നുഴഞ്ഞുകയറി പ്രശ്നങ്ങൾ ഉണ്ടാക്കുകയും പിന്നീട് അതൊരു സായുധ കലാപത്തിലേയ്ക്ക് കൊണ്ടുപോകുന്ന തരത്തിലാണ് ആന്ധ്രയിലും ഒറീസയിലും എല്ലാമുണ്ടായിരിക്കുന്നത്. അതേ രീതിതന്നെയാണ് കേരളത്തിലും ആവർത്തിക്ക പ്പെടുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ : സർ, ഒരു കാര്യം കൂടി ഇതുമായി കൂട്ടിച്ചേർത്ത് പറയാനുണ്ട്. ഇവരെ നേരിടാൻ വേണ്ടി നമ്മുടെ സേന ഒരുക്കങ്ങളൊക്കെ നടത്തുന്നുണ്ട്. ഇതിനകത്ത് ഏറ്റവും കൗതുകകരമായി തോന്നിയിട്ടുള്ളത് ഇവരുടെ ഓരോ മൂവ്മെന്റും നമ്മുടെ മാധ്യമങ്ങളിൽ ഫ്ലാഷ് ന്യൂസായിട്ടും, പിന്നീട്

വാർത്തയായിട്ടും വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന സ്ഥലത്ത് തെരയാൻ പോകുന്നു, ആ സ്ഥലത്ത് നമ്മുടെ സേന concentrate ചെയ്യുന്നു, അവിടെ ക്യാമ്പ് ചെയ്യുന്നു. ഇങ്ങനെയുള്ള വാർത്തകൾ ഓരോ സെക്കൻഡിലും വന്നുകൊണ്ടിരിക്കുകയാണ്. മുംബൈ ഭീകരാക്രമണമുണ്ടായ സമയത്ത് അതുമായി ബന്ധപ്പെട്ട ഇവരുടെ ഒരുക്കങ്ങൾ സംപ്രേഷണം ചെയ്തിരുന്നത് അതിന്റെ പ്രിപ്പറേഷനെ ബാധിച്ചുവെന്നുള്ളത് പിന്നീട് റിപ്പോർട്ടുകളുണ്ടായി. ഇതിന്റെയൊരു രഹസ്യസ്വഭാവം നിലനിറുത്തുന്ന കാര്യത്തിൽ, നമ്മുടെ മൂവ്മെന്റ്സ് കറക്ടായി മാധ്യമങ്ങളിലൂടെ തൽസമയം വന്നുകൊണ്ടിരിക്കുകയാണെങ്കിൽ പിന്നെ ആ മൂവ്മെന്റ്സിന് അർത്ഥമില്ലാതാകും. അതുകൊണ്ട് അതിനൊരു രഹസ്യസ്വഭാവം നിലനിറുത്തുന്ന കാര്യത്തിൽ താങ്കൾക്ക് അഭിപ്രായമുണ്ടോ?

ചീഫ് വിപ്പ് (പി. സി. ജോർജ്): സർ, ബഹുമാനപ്പെട്ട വി.ഡി.സതീശൻ പറഞ്ഞ അഭിപ്രായം മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ അപമാനിച്ചുകൊണ്ട് മറ്റുകക്ഷികൾ കയറി പ്രചരണം നടത്തി കഴപ്പമുണ്ടാക്കുന്നുവെന്നാണ്. ശ്രീ. കെ. മുരളീധരൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ആളാണ്. ഈ മുഖ്യധാര രാഷ്ട്രീയ കക്ഷികളായ ദേശീയ കക്ഷികൾ സംസ്ഥാനത്തെ ജനങ്ങളോടുള്ള പ്രതികരണത്തിൽ ശരിചെയ്യാൻ കഴിയാത്തതുകൊണ്ടുണ്ടാകുന്ന അപകടങ്ങളുണ്ട് എന്നുള്ള വസ്തുത നിഷേധിക്കാൻ കഴിയില്ല. ദേശീയ കക്ഷികളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി എപ്പോഴൊക്കെ നമ്മൾ സംസാരിച്ചാലും, ഇപ്പോൾ വന്നിരിക്കുന്ന കസ്തൂരി രംഗൻ റിപ്പോർട്ടുപോലുള്ള റിപ്പോർട്ടുകളൊക്കെ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വലിയ പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. ദേശീയ കക്ഷികൾക്ക് ശക്തമായി ഇടപെടാൻ കഴിയാതെ പോയിട്ടുണ്ട്. ഇടപെട്ടാൽ ദേശീയകക്ഷികളുടെ നേതൃത്വം സംസ്ഥാന നേതൃത്വത്തെ അവിടെ ഇരുത്തുകയില്ല. ധൈര്യമായിട്ട് ദേശീയ നേതൃത്വത്തിനോട് നിങ്ങൾ കാണിക്കുന്നത് തെറ്റാണെന്നുപറയാൻ ദേശീയ കക്ഷികളിലെ സംസ്ഥാന നേതാക്കന്മാർക്ക് ബുദ്ധിമുട്ടുണ്ടാകും. അത് വലിയ പ്രശ്നമാണ്. തമിഴ്നാട്ടിലുള്ള കോൺഗ്രസ് പാർട്ടി തന്റേടത്തോടെ അഭിപ്രായം പറയുന്നുണ്ടല്ലോ. അതുപോലെ അഭിപ്രായം പറയാൻ നമുക്ക് കഴിയുന്നുണ്ടോ? അപ്പോൾ ആ നിലയ്ക്ക് ദേശീയ കക്ഷികൾ അവരുടെ കടമകൾ പ്രാദേശികമായി നിർവ്വഹിക്കാൻ സത്യസന്ധമായി ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന വസ്തുതകൂടി കണക്കിലെടുത്ത് അങ്ങ് മറുപടി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, അങ്ങയുടെ മഹാനായ പിതാവ് നക്സലൈറ്റ് പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്ന കാലത്ത് കാര്യമായിട്ട് പോലീസ് സ്റ്റേഷൻ ആക്രമണവും ഉൻമൂലനാശവുമായിരുന്നു നടന്നിരുന്നത്. എന്നാൽ ഇന്ന് പരിസ്ഥിതി പ്രസ്ഥാനത്തിലും നുഴഞ്ഞുകയറിയിട്ടുണ്ട്. രാജ്യത്തെ വികസന പ്രവർത്തനങ്ങൾക്ക് നക്സലൈറ്റുകൾ മാത്രമല്ല, ഈ രാജ്യത്തെ മതതീവ്രവാദ സംഘടനകളും ചേർന്ന് തുരങ്കം വച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്കുവേണ്ടിയുള്ള പോരാട്ടത്തെ ഒരിക്കലും ചെറുതായി കാണുന്ന ഒരാളല്ല ഞാൻ, അതിനോട് യോജിപ്പുള്ള ആളാണ്. പക്ഷെ നക്സലേറ്റുകളും മതതീവ്രവാദികളും നല്ല ഉദ്ദേശ്യത്തോടുകൂടിയല്ല ഈ രംഗത്ത് നുഴഞ്ഞുകയറുന്നത് എന്നുള്ള കാര്യത്തിൽ അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ : സർ, ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതിന്റേയും ശ്രീ. വി.ഡി.സതീശൻ പറഞ്ഞതിന്റേയും അർത്ഥമൊന്നുതന്നെയാണ്. ഇവിടെ ഭരണ കക്ഷിയും പ്രതിപക്ഷവും സഭയ്ക്കകത്തില്ലാത്ത രാഷ്ട്രീയ പാർട്ടികളും ഒത്തൊരുമിച്ചുചേർന്ന് ഒരു തീരുമാനമെടുത്താൽപ്പോലും അത് നടപ്പാക്കുന്ന കാര്യത്തിൽ മാവോയിസ്റ്റുകൾപോലെയുള്ള സംഘടനകൾ വേഷം മാറിവന്ന് പൊതുജനങ്ങളുടെ അഭിഭാഷകരാണ് ഞങ്ങളെന്ന് വാദിച്ചുകൊണ്ട് ആ വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുണ്ട്. ഉദാഹരണത്തിന്, നമ്മുടെ ദേശീയ പാത 45 മീറ്റർ ആക്കണമെന്ന കാര്യത്തിൽ സഭയിൽ എല്ലാപേർക്കും ഒരേ അഭിപ്രായമാണ്. ആ അഭിപ്രായം നടപ്പാക്കാനായി ചെല്ലുമ്പോൾ അവിടെ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ആ വികസന പ്രവർത്തനങ്ങളെ തുരങ്കംവയ്ക്കുന്നത് ഇതുപോലുള്ള ശക്തികൾ വേഷം മാറി വന്നിട്ടാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. അതുപോലെ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത്, നമ്മുടെ മാധ്യമങ്ങളുടെ അന്വേഷണം നല്ലതാണ്. കാരണം കുറ്റം ചെയ്തൊരാളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ അവർ ചെയ്യുന്ന സംഭാവനകൾ സ്വാഗതാർഹമാണെങ്കിൽപ്പോലും ചില കേസ്സുകളിൽ, ഇതുപോലെയുള്ള നക്സൽ ആക്രമണവും തീവ്രവാദികളുടെ ആക്രമണവും വരുമ്പോൾ അതിനെ സംബന്ധിച്ച കാര്യങ്ങളിൽ അവരുടേതായിട്ടുള്ള അഭിപ്രായങ്ങൾ ഫ്ലാഷ് ചെയ്ത് ബ്രേക്കിംഗ് ന്യൂസായി വരുന്നത് അന്വേഷണത്തിനെ ബാധിക്കുന്നുണ്ട്. അത് മുംബൈയിൽ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിലും പലതിലും ബാധിക്കുന്നുണ്ട്. മാധ്യമങ്ങൾ മാധ്യമ ധർമ്മങ്ങൾ ചെയ്യുന്നതിൽ സന്തോഷമാണ്. പക്ഷെ ഇതുപോലെ രഹസ്യമായി ചെയ്യുന്ന ഓപ്പറേഷനുകൾ ബ്രേക്കിംഗ് ന്യൂസായി കൊടുക്കുമ്പോൾ അതിൽനിന്ന് യഥാർത്ഥ കുറ്റവാളി രക്ഷപ്പെടുന്ന സാഹചര്യമുണ്ട്. ദേശീയ പാർട്ടിയുടെ നയങ്ങൾ സംസ്ഥാനങ്ങളിൽ

അടിച്ചേൽപ്പിക്കുമ്പോൾ സംസ്ഥാന നേതൃത്വം അത് വിഴുങ്ങേണ്ടിവരുന്നു എന്ന് ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. കാരണം, ഇവിടെ ഈ ബിൽ പൈലറ്റ് ചെയ്ത ആഭ്യന്തര വകുപ്പുമന്ത്രി കോൺഗ്രസ് അധികാരത്തിലിരുന്ന കാലത്തുതന്നെ, കോൺഗ്രസിന്റെ, പ്രത്യേകിച്ച് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ സാമ്പത്തിക നയങ്ങൾ കോൺഗ്രസിന്റെ ശൈലിക്ക് വിരുദ്ധമാണെന്നും അത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നും പറഞ്ഞപ്പോൾ അദ്ദേഹത്തിനെതിരെ ഒരു നടപടിയും കേന്ദ്രത്തിൽ നിന്നുമുണ്ടായിട്ടില്ല. ഇന്ന് അദ്ദേഹം സംസ്ഥാനത്തെ ആഭ്യന്തര മന്ത്രിയുടെ കസേരയിലിരിക്കുകയാണ്. അതുപോലെതന്നെ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ കോൺഗ്രസ് പാർട്ടി അതിന്റെ ശക്തമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഒരുകാരണവശാലും ഇവിടെയുള്ള കുടിയേറ്റ കർഷകരെ ദ്രോഹിക്കുന്ന എന്ത് സമീപനം സ്വീകരിച്ചാലും ഞങ്ങൾ അതിനോട് യോജിക്കില്ലായെന്ന് അന്നത്തെ എം.പി.മാർ ഒറ്റക്കെട്ടായി കേന്ദ്രത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ചില ഭേദഗതികൾ വരുത്തിയത്. നമ്മുടെ മുഖ്യമന്ത്രി തന്നെ ഇത് ഇവിടെ അംഗീകരിക്കുന്ന പ്രശ്നമേയില്ല, ഇത് ഇവിടെ നടപ്പാക്കാൻ കഴിയില്ലായെന്ന് ധൈര്യത്തോടെ പറഞ്ഞു. അതുകൊണ്ട് ദേശീയ പാർട്ടികൾക്ക് മൊത്തത്തിൽ ദേശീയ വീക്ഷണമുണ്ടാകും. പക്ഷെ സംസ്ഥാനങ്ങൾ നടപ്പാക്കുമ്പോൾ അതിൽ ചില ഭേദഗതികൾ വേണ്ടിവരും. അതനുസരിച്ചാണ് ഏത് രാഷ്ട്രീയ പ്രസ്ഥാനമാണെങ്കിലും മുന്നോട്ടുപോകുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മുൻ കെ.പി.സി.സി. പ്രസിഡന്റ് നിർഭയമായും നിഷ്പക്ഷമായും അഭിപ്രായങ്ങൾ പറയുന്നൊരാളാണല്ലോ. ഇവിടെ നീതി നിർവ്വഹണം നടത്തുന്ന പോലീസുകാരെ ഡീമോറലൈസ് ചെയ്യിപ്പിക്കാൻ പാടില്ല എന്നുപറഞ്ഞ താങ്കളുടെ വാക്കുകളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഒരു സി.ഐ. ബോംബ് എറിഞ്ഞ് മൃഗീയമായി ആക്രമിക്കപ്പെടുന്നു, അതിലെ പ്രതികൾ 31 എ.ബി.വി.പി.-ആർ.എസ്.എസ്.-കാർ. അതിലുള്ള 17-ാം പ്രതിക്ക് പോലീസ് കോൺസ്റ്റബിളായി സെലക്ഷൻ കിട്ടുന്നു, മുഖ്യമന്ത്രിക്ക് പരാതി കൊടുക്കുന്നു, കേസ് പിൻവലിക്കുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി കോടതിയിൽ ട്രയലിലിരിക്കുന്ന കേസ്സാണ് പിൻവലിച്ചത്. ഏത് പോലീസുകാരനെയാണ് നിങ്ങൾക്ക് വിശ്വാസത്തിലെടുക്കാൻ കഴിയുക? ഈ ഗവൺമെന്റിന്റെ കീഴിൽ നടന്ന കാര്യമാണിത്. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. മുരളീധരന്റെ ഭാഗത്തുനിന്നും എന്തെങ്കിലുമൊരു അഭിപ്രായമുണ്ടാകുമെന്ന് ഞാൻ അന്നു വിചാരിച്ചു. പക്ഷെ ഇതുവരെ ഒരഭിപ്രായവുമുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുരളീധരൻ: സർ, അത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. അതുകൊണ്ടുമാത്രം പോലീസിന്റെ മൊറാലിറ്റി നഷ്ടപ്പെടില്ല. ഗവൺമെന്റിനു വേണ്ടി, രാജ്യത്തിനുവേണ്ടി, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി നടത്തുന്ന ഓപ്പറേഷനുകളിൽ അവർ പിന്നീട് കുറ്റവാളികളാകുമ്പോഴാണ് അവരുടെ മൊറാലിറ്റി നഷ്ടപ്പെടുന്നത്. പക്ഷെ, ഇത്തരം കേസുകൾ ഉണ്ടാകാൻ പാടില്ല. ഈ കേസ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു പോയിന്റും കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ചുംബന സമരത്തെക്കുറിച്ച് പറഞ്ഞു. ഞാൻ ഇതുപറയാൻ കാരണം, ഈ ആക്ടിന്റെ പേര് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ എന്നാണല്ലോ. അമേരിക്കയിൽ ചെന്നാലും, ഒരു പരിധിവരെ ചൈനയിൽ ചെന്നാലും, ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെ ചൈനയിൽ പോയിട്ടുണ്ട്. അവിടെ ചെന്നാൽ ചില ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ, ചൈനയിൽ ഷാംഗായി എന്ന ടൂറിസ്റ്റ് കേന്ദ്രത്തിലാണ് ടൂറിസ്റ്റുകൾ വരുന്നത്. അതുപോലെ അമേരിക്കയിൽ ചെല്ലുമ്പോൾ നടുറോഡിൽ ഇത്തരം സംഭവങ്ങൾ കാണാറുണ്ട്. എന്നാൽ അവിടെ ആരും ഇത് ശ്രദ്ധിക്കാറില്ല. എന്നാൽ ഇവിടെ ഇന്ന ദിവസം ഇന്ന സമയം ഇന്ന സ്ഥലത്ത് ഞങ്ങൾ കൂടിച്ചേർന്ന് ചുംബിക്കുന്നു എന്നുപറയുന്നത് തീർച്ചയായും സാമൂഹ്യവിരുദ്ധ പ്രവർത്തനം തന്നെയാണ്. ചുംബനം അവകാശമാണെന്ന് പറയുന്നത് ശരിയല്ല. അക്കാര്യത്തിൽ ഞാൻ ശ്രീ. പിണറായി വിജയൻ പറഞ്ഞതിനോട് നൂറ് ശതമാനം യോജിക്കുകയാണ്. മുറിക്കകത്ത് ചെയ്യുന്ന കാര്യങ്ങൾ, അവ പുറത്തുകൊണ്ടുവരാനുള്ള കാര്യങ്ങൾ ഇപ്പോഴത്തെ നിലയ്ക്കുണ്ടല്ലോ. അത് പരസ്യമായി നടുറോഡിൽ വച്ച് ചെയ്യുമ്പോൾ സ്വാഭാവികമായും ഓരോ സേനകൾ വരും. സത്യത്തിൽ അത് ദൈവങ്ങളെ അപമാനിക്കുകയാണ്. ഹനുമാൻ സേന, ശ്രീരാമ സേന തുടങ്ങിയ സേനകൾ വരികയും ഇവർ തമ്മിൽ സംഘർഷം ഉണ്ടാവുകയും ചെയ്യും. ചുംബനം നടക്കുന്നതിന്റെ ചിത്രം കുട്ടികളെ കാണിക്കാൻ കഴിയുമോ? ഇത് ചുംബനമല്ല കടിക്കലാണ്. ഇങ്ങനെയുള്ള ചുംബനം നടത്തിക്കഴിഞ്ഞാൽ മുഖത്ത് എല്ലും തൊലിയും പോലും കാണില്ല. ഇതിനൊക്കെ എതിരായി ശക്തമായ നടപടി എടുക്കണം. അല്ലാതെ ഗവൺമെന്റിന് എതിരില്ല എന്നുപറഞ്ഞിട്ട് കാര്യമില്ല. എതിർക്കണം. ഇവയൊക്കെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളാണ്. എറണാകുളം, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ കഴിഞ്ഞു. ഇനി എന്നാണ് തിരുവനന്തപുരത്ത് വരുന്നതെന്ന് അറിയില്ല. ഇങ്ങനെ അനൗൺസ് ചെയ്യുമ്പോൾ കാണാൻ ആൾക്കാർക്ക് താൽപ്പര്യമുണ്ടാകും. ഇതൊക്കെ തടയേണ്ട സമയമായി. അതുകൊണ്ട് കർശനമായ നടപടി ഇക്കാര്യത്തിൽ

ഗവൺമെന്റ് സ്വീകരിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. ഇത്രയും നല്ല ബിൽ കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ടു മെമ്പർമാരാണ് ഈ ബില്ലിന്റെ ചർച്ചാവേളയിൽ പങ്കെടുത്തത്. രണ്ടുപേരോടും നന്ദി പറയുന്നു. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരനും ശ്രീ. കെ. മുരളീധരനും വളരെ കാര്യമാത്ര പ്രസക്തമായി വളരെ ഫലപ്രദമായ നിലയിൽ അവരുടെ പോയിന്റുകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. രണ്ടുപേരോടും നന്ദി പറയുകയാണ്. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞു, ഓപ്പറേഷൻ കുബേര നല്ല പരിപാടിയാണ്. ഇപ്പോൾ അതിന്റെ ശക്തി കുറഞ്ഞുവെന്ന്. അത് ശരിയല്ല, ഇപ്പോഴും ഓപ്പറേഷൻ കുബേര കേരളത്തിൽ നടക്കുന്നുണ്ട്. അതാണ് ബ്ലേഡ് മാഫിയ വീണ്ടും പ്രവർത്തനം തുടങ്ങാത്തതിന്റെ പ്രധാന കാരണം. പക്ഷെ, അത് പത്രമാധ്യമങ്ങളുടെ ശ്രദ്ധയിൽ വരാത്തതിന്റെ കാരണം വൻതോതിൽ കണ്ടെത്തുന്ന കാര്യവും റെയ്ഡുകൾ നടത്തി ആളുകളെ പിടിക്കുന്ന കാര്യവും മാധ്യമ ശ്രദ്ധയിൽ വരുന്നില്ലെന്നുള്ളതാണ്. ഇന്ന് രാവിലെ വരെ നടന്ന റെയ്ഡുകളുടെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. ഇപ്പോൾ ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടമാണ്. രണ്ടാം ഘട്ടമെന്നുപറയുന്നത് കേസുകൾ നന്നായി കൊണ്ടുപോവുക, കുറ്റവാളികളെ നിയമത്തിന്റെമുന്നിൽ കൊണ്ടുവരിക യെന്നതാണ്. ഈ അമെന്റ്മെന്റ് ഈ സഭയിൽതന്നെ കൊണ്ടുവരണമെന്നാഗ്രഹിച്ചത് അതുകൊണ്ടുതന്നെയാണ്. കാരണം ഒരുകാരണവശാലും ഇത്തരം ആളുകൾ നിയമത്തിന്റെ തലനാരിഴ കീറി പരിശോധിച്ച് രക്ഷപ്പെടാൻ പാടില്ല എന്ന ലക്ഷ്യത്തോടെയാണ് ഈ അമെന്റ്മെന്റ് കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതുകൊണ്ട് ഓപ്പറേഷൻ കുബേര നിർത്തിവയ്ക്കുന്ന പ്രശ്നമില്ല. മുന്നോട്ടുതന്നെ പോകും. അങ്ങ് ഒരു കാര്യം ഇവിടെ പറഞ്ഞത് ശരിയാണ്. വൻകിടക്കാരുടെ കാര്യത്തിൽ നമുക്ക് പരിമിതികളുണ്ട്. കാരണം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാണ് അവർ പ്രവർത്തിക്കുന്നത്. അവയെ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് എന്നുവിളിക്കാൻ കഴിയും. അവയെ നിയന്ത്രിക്കുന്നത് കേരള ഗവൺമെന്റല്ല, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരായതു കൊണ്ടാണ് അവരുടെ കാര്യത്തിൽ പരാതി പറയാൻ റിസർവ് ബാങ്ക് ഗവർണർ ശ്രീ. രഘുറാം രാജനെ മുംബൈയിൽ പോയി നേരിട്ട് കണ്ടത്. അവർ ഫെയർ പ്രാക്ടീസ് കോഡ് പാലിക്കണം. കാലാകാലങ്ങളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇറക്കുന്ന ഗൈഡ്‌ലൈനും

സർക്കലറും അനുസരിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. അവയുടെ ഇന്ററസ്റ്റ് റേറ്റ് തീരുമാനിക്കാനുള്ള അധികാരം വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, വൻകിടക്കാരുടെ കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. എൻ.ബി.എഫ്.സി.യുടെ കാര്യത്തിൽ ആർ.ബി.ഐ.യുടെ ഗൈഡ്‌ലൈനിന് വിധേയമാണ് എന്നുപറഞ്ഞു. അത് ശരിയാണ്. പക്ഷേ, അവർ ആവശ്യമില്ലാതെ ചെക്കുകൾ വാങ്ങി വയ്ക്കുക, ആർ.സി. ബുക്ക് വാങ്ങി വയ്ക്കുക, കൂടാതെ നിയമപരമായി അനുവദനീയമല്ലാത്ത ക്രിമിനൽ കുറ്റം എന്നുള്ള രീതിയിൽ തന്നെ കാണാവുന്ന നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിനെ ആ നിലയിൽ തന്നെ കാണാൻ നമുക്ക് കഴിയണം. അത്തരം വൻകിട ഏർപ്പാടുകൾ നടത്തുന്ന ആളുകൾക്കെതിരെ കാര്യമായ നടപടി സ്വീകരിച്ചതായി പത്രമാധ്യമങ്ങളിൽ കൂടി കാണുന്നില്ല. അതാണ് ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതും. അത് ശരിയുമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എൻ.ബി.എഫ്.സി.യുടെ കാര്യത്തിൽ ഫെയർ പ്രാക്ടീസ് കോഡാണ് ആകെയുള്ള ഒരു നിയന്ത്രണം. ഫെയർ പ്രാക്ടീസ് കോഡെന്നു പറയുന്നത് ഇവർ പ്രവർത്തിക്കേണ്ടത് ഇന്ന രീതിയിലായിരിക്കണം എന്നുള്ളതാണ്. കാലാകാലങ്ങളിൽ അവരുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ചേർന്ന് അവരായിരിക്കണം ഇന്ററസ്റ്റ് റേറ്റ് പ്രഖ്യാപിക്കേണ്ടത്. പ്രഖ്യാപിക്കുന്ന ഇന്ററസ്റ്റ് റേറ്റുകൾ, they have to be demonstrated through their advertisements and also they have to give it in writing when loanee will come to them. ആ നിലയിൽ വായ്പ വാങ്ങുന്ന ആളിനെ ബോധ്യപ്പെടുത്തുവാനും പരസ്യ ബോർഡുകൾ പ്രദർശിപ്പിക്കുവാനും പൊതുവായി പരസ്യം കൊടുക്കുമ്പോൾ ഓരോന്നിനുമുള്ള ഇന്ററസ്റ്റ് റേറ്റ് പ്രത്യേകമായി സൂചിപ്പിക്കാനുമുള്ളതുമാണ് ഫെയർ പ്രാക്ടീസ് കോഡെന്നുപറയുന്നത്. അത് ലംഘിക്കുന്നുവെന്നാണ് റിസർവ് ബാങ്ക് ഗവർണർ ശ്രീ. രഘുറാം രാജനെ നേരിൽകണ്ട് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ എൻ.ബി.എഫ്.സി. യെയും ഇവിടുത്തെ എക്സിക്യൂട്ടീവ് ഡയറക്ടർ വിളിച്ചുകൂട്ടി അവർക്ക് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശ്രീ. ശിവദാസൻ നായർ പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. അനധികൃതമായി, ആർ.ബി.ഐ.യുടെ ഡയറക്ഷൻ ഇല്ലാതെ ചെക്ക ബുക്കുകളും ആർ.സി. ബുക്കും വാങ്ങി വയ്ക്കുകയും അതോടൊപ്പം തന്നെ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന എൻ.ബി.എഫ്.സി. ഉണ്ടെങ്കിൽ പരാതി കിട്ടിയാൽ ഒരു സംശയവുമില്ല പോലീസ് അക്കാര്യത്തിൽ നടപടി എടുക്കും. പതിനഞ്ചോളം സെന്ററുകളിൽ അവർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. അതൊന്നും മാധ്യമങ്ങളിൽ വരാത്തതിന്റെ കാരണം ഞാൻ പറയുന്നില്ല. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങയുടെ നല്ല മനസ്സിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. റിസർവ് ബാങ്കിന്റെ നടപടിയോടുള്ള തർക്കവും സമ്മതിക്കുന്നു. അങ്ങ് ഇത് പറയുമ്പോൾ എത്ര ശതമാനം പലിശ വാങ്ങാമെന്നാണ് അങ്ങയുടെ കാഴ്ചപ്പാട്. പന്ത്രണ്ട് ശതമാനം സമ്മതിക്കുന്നുണ്ടോ. അങ്ങനെയെങ്കിൽ കെ.എഫ്.സി, കെ.എസ്.എഫ്.ഇ. ഇവ എത്ര ശതമാനം പലിശയാണ് വാങ്ങുന്നത്. റവന്യൂ ഡിപ്പാർട്ടുമെന്റ് പലിശ എത്രയാണ് വാങ്ങുന്നത്. ഒരു ജപ്തിക്ക് പലിശ എത്രയാണ് വാങ്ങുന്നത്. ആദ്യം സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ നന്നാകട്ടെ. അങ്ങയുടെ നയം പൊതുമേഖലാ സ്ഥാപനത്തിനും ബാധകമാക്കണം. പാവപ്പെട്ടവർ മാസം ഗഡുക്കൾ കൊടുത്ത് പിടിച്ചുനിൽക്കുകയാണ്. ആദ്യം അങ്ങ് റിസർവ് ബാങ്കിന്റെ ഉദ്യോഗസ്ഥരോട് സംസാരിച്ചതുപോലെ 15 ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേൽ നടപടി സ്വീകരിക്കാനുള്ള തീരുമാനം പ്രഖ്യാപിച്ച് നടപ്പാക്കിയാൽ ഈ ഗവൺമെന്റിന് ജനങ്ങളുടെ പിന്തുണയുണ്ടാകും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത് വേറൊരു ക്വസ്റ്റ്യനാണ്. അത് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കാര്യമാണ്. കേരളത്തിൽ Money Lenders Act (1958) അനുസരിച്ച് bank interest plus two percentage service tax ആണ്. ഒരു രജിസ്റ്റേർഡ് മണി ലെൻഡർക്ക് കേരളത്തിൽ ചുമത്താൻ കഴിയുന്നത് bank rate plus two percentage service tax ആണ്. കേരളത്തിൽ ഒരാൾക്കും അതിൽക്കൂടുതൽ ചുമത്താൻ കഴിയില്ല. അങ്ങനെയുള്ളവരെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് 2013-ലെ Kerala Prohibition of Charging Exorbitant Interest Act എന്ന പുതിയ നിയമം നിയമസഭ പാസ്സാക്കിയത്. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ പല വൻകിടക്കാരെയും മണി ലെൻഡേഴ്സ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് നമ്മൾ ആവശ്യപ്പെട്ടതിൽ അവർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽനിന്ന് സ്റ്റേ വാങ്ങി നിൽക്കുകയാണ്. 18 വർഷമായി സ്റ്റേ നിലനിൽക്കുന്നു. സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ടി ലീഗൽ സ്റ്റെപ്പ്സ് എടുക്കാൻ ഞാൻ തന്നെ അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ട് നടപടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസൻ നായർ ചൂണ്ടിക്കാണിച്ചതു

പോലെ ഫെയർ പ്രാക്ടീസ് കോഡ് പാലിക്കാത്ത, ബ്ലാങ്ക് ചെക്കുകൾ ഉൾപ്പെടെ വാങ്ങിവയ്ക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ പരാതി കിട്ടിയാൽ പോലീസിന് അത് അന്വേഷിക്കാനുള്ള അധികാരം ഉണ്ട്. പരാതി കിട്ടിയാൽ ഏത് പ്രെമിസിസും സെർച്ച് ചെയ്യാനുള്ള അധികാരം പോലീസിനുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിൽ ഇത്തരം ബാങ്കുകൾ മണി ലെൻഡേഴ്സിന്റെ സ്വഭാവമുള്ള കോർപ്പറേറ്റ് സംവിധാനത്തിന്റെ എല്ലാ ചിട്ടവട്ടങ്ങളുമുള്ള ബാങ്കുകൾ നിക്ഷേപം സ്വീകരിക്കുന്നതും അവർ പലിശ കൊടുക്കുന്നതും റിസർവ് ബാങ്കിന്റെ നിശ്ചിതമായ നോംസിന് വിധേയമായിട്ടാണോ, അല്ലെങ്കിൽ അതുതന്നെ നമുക്കയർത്താമല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: റിസർവ് ബാങ്കിന്റെ ഗൈഡ്‌ലൈൻസ് പാലിക്കാതെ മുന്നോട്ടുപോകാൻ അവർക്ക് സാധിക്കില്ല. റിസർവ് ബാങ്കിന്റെ ഇത്തരം നടപടികൾ തന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അവർ ഇത് പ്രോത്സാഹിപ്പിക്കുകയാണ്, ഇതിൽ സോഷ്യൽ ആസ്പെക്ട് കാണുന്നില്ല. ഇക്കണോമിക് ആക്ടിവിറ്റി ശക്തിപ്പെടുത്തണമെന്ന നിലയിൽ തന്നെ അവർ ഇത്തരം പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയാണ്. ഇതിനോട് വ്യക്തിപരമായ എതിർപ്പുള്ള ആളാണ് ഞാൻ. അവരും ഇതിനെ നിയന്ത്രിക്കാൻ ബാധ്യസ്ഥരാണ്. RBI is an institution to regulate all the financial institutions in the country. ആ നിലയിൽ അനാവശ്യമായ സ്വാതന്ത്ര്യം എൻ.ബി.എഫ്.സി.-ക്ക് കൊടുക്കുന്നതുവഴി വലിയ തോതിലുള്ള ചൂഷണമുണ്ടാകുകയാണ്. പക്ഷേ അവർ അതിനെ നിയന്ത്രിക്കാൻ മുന്നോട്ട് വരാത്തതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഞാൻ ശ്രീ. രഘുറാം രാജനുമായുള്ള മീറ്റിംഗിൽ ശക്തമായി ഉന്നയിച്ചതിതാണ്. You have to regulate the interest rate, which is finalising by their Board of Directors. If they are charging exorbitant interest rate, the RBI has to step into regulate this. Otherwise they will be exploiting these people. ഇത് കാണാതെ കടന്നുപോയിക്കൂടാ. ഇവരെ നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് പരിമിതിയുണ്ട്. ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഏതെങ്കിലും തരത്തിലുള്ള ഇത്തരം അനധികൃതമായ പ്രവർത്തനങ്ങളുമായി ഇവർ മുന്നോട്ടുവന്നാൽ അത് പരിശോധിക്കാനും നടപടിയെടുക്കാനുമുള്ള അവകാശം നമുക്കുണ്ട്. അത്തരം ധാരാളം സ്ഥാപനങ്ങളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അച്യുതൻ: സർ, ധാരാളം കുറി കമ്പനികളുടെ പേരിൽ ആളുകളുടെ വീടും സ്ഥലങ്ങളുമെല്ലാം എഴുതിവാങ്ങി, ആ സ്ഥലങ്ങളെല്ലാം യഥാർത്ഥ ഉടമയുടെ കൈയിൽ തന്നെയാണ്. പക്ഷേ രേഖ മുഴുവൻ ഈ എഴുതിവാങ്ങിയ ആളുടെ കൈയിലാണ്. പോലീസ് ചെന്ന് പരിശോധന നടത്തുമ്പോൾ ഒരു രേഖയും കിട്ടിയിട്ടില്ല; ഒരു ചെക്കും കിട്ടിയില്ല എന്നുപറഞ്ഞ് നടപടി എടുക്കുന്നില്ല. പത്തും പതിനഞ്ചും ആളുകളുടെ ഭൂമി എഴുതി വാങ്ങിയവർക്കെതിരെ നടപടി എടുക്കാൻ കഴിയുന്നില്ല. അങ്ങനെയുള്ള കേസുകളിൽ എഴുതിവാങ്ങി എന്ന രേഖ നമുക്ക് കാണിച്ചുകൊടുക്കാൻ കഴിയുകയാണെങ്കിൽ അവർക്കെതിരെ നടപടി എടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. തമിഴ്നാട്ടിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും, ഉദാഹരണമായി പാലക്കാട് ജില്ലയിൽ അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഗോപാലപുരം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വലിയ തോതിൽ ഇത്തരം കുറിക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. തമിഴ്നാട്ടിലാണ് രജിസ്ട്രേഷനെങ്കിലും കേരളത്തിലാണ് പ്രവർത്തിക്കുന്നത്. രാവിലെ ആളുകൾക്ക് പണം കൊടുക്കുന്നു, വൈകുന്നേരമാകുമ്പോൾ പണം കൊണ്ടുപോകുന്നു. വലിയ തോതിലുള്ള ചൂഷണമാണ് നടക്കുന്നത്. ശക്തമായ നടപടികൾ നമ്മൾ സ്വീകരിച്ചതിന്റെ ഫലമായി ഇപ്പോൾ അത് അവസാനിച്ചിരിക്കുകയാണ്. മറ്റൊരു പ്രശ്നം, ചിട്ടി സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര ചിട്ടി നിയമം വന്നതിനുശേഷം ചിട്ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ ചിട്ടി നടത്താൻ നമ്മുടെ നാട്ടിൽ കർശനമായ നടപടികളുമായി മുന്നോട്ടുപോയേ മതിയാകൂ. ആയിരക്കണക്കിനാളുകളാണ് ചിട്ടിയുടെ പേരിൽ കബളിപ്പിക്കപ്പെടുന്നത്. കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ ശക്തമായി നടപ്പിലാക്കേണ്ടത് ആവശ്യമാണ്. മാത്രമല്ല, ഫരീദാബാദിൽ രജിസ്റ്റർ ചെയ്തിട്ട് ഇവിടെ ചിട്ടി നടത്തുന്ന നടപടികൾ ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. കേരളത്തിൽ പൊട്ടുന്ന ചിട്ടികളിൽ ബഹുഭൂരിപക്ഷവും.... ഫരീദാബാദിൽ ഒരു ചിട്ടി രജിസ്റ്റർ ചെയ്തിട്ട് പത്ത് ചിട്ടി കേരളത്തിൽ നടത്തും. പണം ലഭിച്ചു കഴിഞ്ഞാൽ ഒരു സുപ്രഭാതത്തിൽ പണവുമായി മുങ്ങും. പാവപ്പെട്ട നിക്ഷേപകരായ ആളുകൾ പ്രയാസപ്പെടുകയാണ്. ഈ ഡയറക്ഷനിൽ ആഭ്യന്തര വകുപ്പിന് നേരിട്ട് ഉത്തരവാദിത്വമില്ലെങ്കിലും കബളിപ്പിക്കപ്പെടുന്നതിന്റെ ഫലമായി ധനകാര്യ വകുപ്പുമന്ത്രിയുമായും രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായും യോഗം നടത്തി ചില നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട് എന്നുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചത്, മാറുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ

കുറ്റകൃത്യങ്ങളും മാറുകയാണ് എന്നതാണ്. White collar crimes are increasing day-by-day. പണ്ട് കാലങ്ങളിലില്ലാതിരുന്ന പുതിയ പുതിയ കുറ്റകൃത്യങ്ങൾ ഉയർന്നുവരുന്നു. അങ്ങ് പറഞ്ഞത് 100 ശതമാനം ശരിയാണ്. ഇക്കണോമിക് ആക്ടിവിറ്റിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളാണ് കൂടുതൽ വരുന്നത്. ഇപ്പോൾ ATM fraud-കൾ, പുതുതായി വന്ന പ്ലാസ്റ്റിക് മണി എന്നുപറയുന്ന കാർഡുകൾ ഉപയോഗിച്ചുകൊണ്ടുള്ള കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റിലൂടെയുണ്ടാകുന്ന പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ, ബാങ്കിംഗ് സംവിധാനത്തിലുള്ള കുറ്റകൃത്യങ്ങൾ, ഇത്തരം ഫ്രോഡുകളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് തടയാനുള്ള ശക്തമായ നടപടികൾ സ്വീകരി ക്കേണ്ടതായിട്ടുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇപ്പോൾ അങ്ങ് പറഞ്ഞ ഈ കാറ്റഗറിയിൽ വരുന്നതാണ് വിദേശത്ത് കൊണ്ടുപോകാം എന്ന വാഗ്ദാനവുമായി ഇപ്പോഴും റിക്രൂട്ടിംഗ് ഏജൻസികൾ അഞ്ചു ലക്ഷവും പത്തു ലക്ഷവും രൂപ വാങ്ങുന്നത്. അവർക്കെതിരെ നിരവധിയായ പരാതിയും വരുന്നുണ്ട്. ആ വിഷയത്തിൽ ഗവൺമെന്റ് എങ്ങനെ ഇടപെടാനാണ് ആലോചിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നേഴ്സിംഗ് ജോലി നേടാം എന്നുപറഞ്ഞ് വിദേശരാജ്യങ്ങളിൽ ആളുകളെ കൊണ്ടുപോകുന്ന ധാരാളം അനധികൃത സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനങ്ങളെ നിരീക്ഷിച്ചുകൊണ്ടിരി ക്കുകയാണ്. അതിനകത്ത് ഒരു പ്രശ്നമുള്ളത്, നമ്മൾ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുമ്പോൾ ഇവരെല്ലാം ബാംഗ്ലൂരിലും മുംബൈയിലുമെല്ലാം സ്ഥാപനങ്ങൾ തുടങ്ങി ഇവിടെ നിന്ന് ആളുകളെ അങ്ങോട്ട് കൊണ്ടുപോകുകയാണ്. ഇക്കാര്യത്തിൽ പോലീസിന്റെ ശക്തമായ നിരീക്ഷണമുണ്ട്. ഞങ്ങളുടെ നടപടി ഇക്കാര്യത്തി ലുണ്ടാകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാനാഗ്രഹിക്കുകയാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യത്തിൽ, കെ.എഫ്.സി.-യും കെ.എസ്.എഫ്.ഇ.-യും ഗവൺമെന്റ് സ്ഥാപനങ്ങളാണ്. അത് ചർച്ച ചെയ്യേണ്ട വിഷയമാണ്. നിയമങ്ങൾ എല്ലാവർക്കും ഒരുപോലെയാകണം. പാവപ്പെട്ടവർക്ക് മാത്രം നിയമം ബാധകവും പണക്കാർക്ക് നിയമങ്ങളൊന്നും ബാധകമല്ല എന്ന നിലയിലേയ്ക്കും കാര്യങ്ങൾ പോകുന്നത് ജനാധിപത്യ സംവിധാനങ്ങളോട് ജനങ്ങളുടെ വിശ്വാസംതന്നെ നഷ്ടപ്പെടുത്താൻ കാരണമാകും. ഓപ്പറേഷൻ കുബേരയുമായി മുമ്പോട്ടുപോയപ്പോൾ എന്റെ മുമ്പിൽ വന്ന ഏറ്റവും വലിയ പ്രശ്നം, ആളുകൾക്ക് ലോൺ ലഭിക്കുന്ന പ്രശ്നമാണ്. ജനങ്ങൾക്കാവശ്യമായ ലോൺ ലഭിക്കണം. 10,000 രൂപയോ

LIBRARY ARCHIVES Kerala Legislative Assembly

25,000 രൂപയോ പാവപ്പെട്ടവന് പെട്ടെന്നൊരു ആവശ്യം വന്നാൽ കിട്ടാതെ വരുമ്പോഴാണ് ബ്ലേഡ് പലിശക്കാരുടെയോ കൊള്ളപ്പലിശക്കാരുടെയോ മുമ്പിൽ പോകുന്നത്. അവിടെയാണ് നമ്മുടെ സഹകരണ സ്ഥാപനങ്ങൾ കുറേക്കൂടി ഉദാരമായ നിലപാട് സ്വീകരിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റ് തന്നെ സഹകരണ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ കൊടുത്തു. ധാരാളം സ്ഥാപനങ്ങൾ അത് പാലിച്ചിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ ആൾ ജാമ്യത്തിൽ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൺഡേ ബാങ്കിംഗ് ഏർപ്പെടുത്തി. ബാങ്കുകളുടെ കൂടുതൽ ശാഖകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു. വായ്പാ പലിശ നിരക്ക് 16 ശതമാനത്തിൽ നിന്ന് 15 ശതമാനമാക്കി കുറച്ചു. നടപടികൾ സ്വീകരിച്ചുവെങ്കിലും പര്യാപ്തമാണെന്ന് പറയുന്നില്ല. സഹകരണ സ്ഥാപനങ്ങൾ നടത്തുന്നത് സഹകാരികളുടെ പണം കൊണ്ടായതുകൊണ്ട് അതിന്റെ റിക്കവറി ഒരു പ്രശ്നം തന്നെയാണ്. ഒരു കാര്യം ഞാൻ പറയാം, നമ്മുടെ സംസ്ഥാനത്ത് പാവപ്പെട്ടവൻ എടുക്കുന്ന ലോണുകൾ തിരിച്ചടവ് 99 ശതമാനമാണ് കുടുംബശ്രീയുടെ റീപേമെന്റ് എന്നുപറയുന്നത്. 1,07,000 കോടി രൂപയാണ് ഇന്ത്യയിലെ ബാങ്കുകളുടെ കിട്ടാക്കടം. ആരുടെയെങ്കിലും പേരിൽ നടപടി എടുക്കുന്നുണ്ടോ. 1,07,000 കോടി രൂപയിൽ 7,000 കോടി രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വായ്പയെടുത്ത വിജയ് മല്ല്യയുടേതാണ്. യാതൊരു നടപടിയുമില്ല. പാവപ്പെട്ടവൻ ലോണെടുത്താൽ..... ഈ ബാങ്കുകളുടെ കാര്യത്തിൽ ശക്തമായ അഭിപ്രായവ്യത്യാസമുള്ളയാളാണ് ഞാൻ. ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ബാങ്കിംഗ് കമ്മിറ്റി യോഗത്തിൽ ഞാൻ പോയതാണ്. അവർ "ഋണമുക്തി" എന്ന പരിപാടി സ്വീകരിച്ചു. ഒറ്റയാൾക്കും സഹായം കിട്ടിയില്ല. ഒരു ബാങ്കും മുന്നോട്ടു വന്നില്ല. പദ്ധതി നടപ്പാക്കുന്നുവെന്ന് പറഞ്ഞതല്ലാതെ ഒരാളും സഹകരിക്കാൻ തയ്യാറായില്ല. നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജനങ്ങളോട് ബാധ്യത വേണ്ടേ? 1,07,000 കോടി രൂപ കിട്ടാക്കടമുള്ളവർ ആരുടെ പേരിലും നടപടിയെടുക്കുന്നില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ നോക്കിയാൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ ഡെപ്പോസിറ്റുള്ളത്. ക്യാഷ് ഡെപ്പോസിറ്റ് റേഷ്യോ എടുത്തുനോക്കിയാൽ ഏറ്റവും കുറവ് കേരളത്തിലാണ്. പൊതുമേഖലാ ബാങ്കുകളുടെ സമീപനങ്ങളിൽ മാറ്റം വരണം. അവർ ജനങ്ങളോട് പ്രതിബദ്ധതയുള്ള സമീപനം സ്വീകരിക്കണം. എങ്കിൽ മാത്രമേ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെയുള്ള ആളുകൾ ബ്ലേഡ് മാഫിയയുടെ അടുക്കലേയ്ക്ക് പോകാതിരിക്കുകയുള്ളൂ. ഈ സമീപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിലെ പാവപ്പെട്ടവരെ ബ്ലേഡ് മാഫിയയുടെ സൈഡിലേയ്ക്ക് എത്തിക്കുന്നത്. കുട്ടിക്ക് സ്കൂളിൽ പോകാൻ, കോളേജിൽ പോകാൻ, ഒരാവശ്യത്തിന് 10,000 രൂപ, 25,000 രൂപ, ഒരു ലക്ഷം രൂപ ചോദിച്ചാൽ ബാങ്കുകൾ കൊടുക്കുന്നില്ല. എനിക്ക് വളരെ വിഷമമുണ്ട്, "ഋണമുക്തി" എന്ന പരിപാടി ആവിഷ്കരിച്ചിട്ട് ഒരാൾക്കുപോലും ലോൺ കൊടുക്കാൻ ഈ സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകൾ മുന്നോട്ടുവന്നില്ല എന്നുള്ളത് ഞാൻ വേദനയോടെ പറയാനാഗ്രഹിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ബാങ്കിംഗ് രംഗത്ത് ഏറ്റവുമധികം ചൂഷണം ചെയ്യുന്നത് ന്യൂ ജനറേഷൻ ബാങ്കുകളാണ്. അവർക്ക് ഒരു നിയന്ത്രണവും ബാധകമല്ല. അവർ തോന്നിയതുപോലെ വൻകിടക്കാർക്ക് മാത്രം ലോൺ കൊടുത്ത് കോടിക്കണക്കിന് രൂപയാണ് കേരളത്തിൽ നിന്നും ഡെപ്പോസിറ്റായി സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ ന്യൂ ജനറേഷൻ ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ കഴിയുമോ?

4.00 PM]

സർ, തീർച്ചയായും. ഞാൻ ഈ ബാങ്കിംഗ് കമ്മിറ്റി യോഗത്തിൽ പറഞ്ഞു, എത്ര രൂപയാണ് വിദ്യാഭ്യാസ ലോൺ..... ഞാൻ പേരുകൾ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് പറയുന്നില്ല. ന്യൂ ജനറേഷൻ ബാങ്കുകൾ വിദ്യാഭ്യാസ ലോണുകൾ കൊടുക്കുന്നില്ല. They have no social responsibility. മാത്രമല്ല റീ-പേയ്മെന്റിന് ഗുണ്ടകളെ ഉപയോഗിക്കുന്ന ആളുകളുണ്ട്. ഒന്നുരണ്ട് സ്ഥാപനങ്ങളുടെ നേർക്ക് ശക്തമായ നടപടികൾ ആഭ്യന്തര വകുപ്പിന് സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്. ബാങ്കുകളുടെ പേര് ഞാൻ പറയുന്നില്ല. ന്യൂജനറേഷൻ ബാങ്കുകൾ സാമൂഹ്യ പ്രതിബദ്ധതയോടെ നന്നായി പ്രവർത്തിക്കണം. അവർ വിദ്യാഭ്യാസ വായ്പ കൊടുക്കുന്നില്ല. വിദ്യാഭ്യാസ വായ്പ കൊടുക്കുന്ന കാര്യത്തിൽ അവർക്ക് ഉത്തരവാദിത്തമില്ലേ? ബാങ്കുകൾ സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിച്ചാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ ഇവിടെയൊരു കാര്യം പറഞ്ഞു. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതു തന്നെ ഈ അമെന്റ്മെന്റിന് പ്രേരണയായ കാര്യങ്ങളാണ്. കാരണം, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലാണ് അഞ്ചുപേർ ആത്മഹത്യ ചെയ്തത്. ഇവരെ നിയന്ത്രിക്കണമെങ്കിൽ ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ കൊണ്ടുമാത്രം സാധിക്കാത്തതുകൊണ്ടാണ് അവരെക്കൂടി 'കാപ്പ' ആക്ടിന്റെ പരിധിയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാൻ തീരുമാനിച്ചത്. നമ്മുടെ സമൂഹത്തിൽ വരുന്ന ഇത്തരം അനഭിലഷണീയമായ പ്രവണതകൾക്കുനേരെ ശക്തമായ നിയമം ഉണ്ടായെങ്കിൽ മാത്രമേ മതിയാകുകയുള്ളൂ. നിയമങ്ങൾകൊണ്ടുമാത്രം കാര്യമാകുന്നില്ലായെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞു. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. സാമൂഹിക പ്രതിബദ്ധതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും സമൂഹത്തിൽ ഇത്തരം മാറ്റങ്ങൾക്കു വേണ്ടി നേതൃത്വം കൊടുക്കുവാനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്.

നോക്കുകൂലിയുടെ കാര്യം പറഞ്ഞു. കേരളത്തിലെ എല്ലാ തൊഴിലാളി സംഘടനകളും നോക്കുകൂലിക്ക് എതിരാണെങ്കിലും ഇപ്പോഴും അത് ഇവിടെയുണ്ട്. പോലീസിന് പരാതി കിട്ടിയാൽ മാത്രമെ രംഗത്ത് വരാൻ സാധിക്കുകയുള്ളൂ. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. തുടങ്ങിയ എല്ലാ ട്രേഡ് യൂണിയനുകളും ഇതിനെതിരാണ്. പക്ഷെ നോക്കുകൂലി കേരളത്തിലുണ്ട്. ഒരു പരിഷ്കൃത സമൂഹത്തിന് ഏറ്റവും അപമാനകരമായ കാര്യമാണ് നോക്കുകൂലി. പണിയെടുക്കാതെ കാശ് വാങ്ങുകയെന്നുപറയുന്നത് ഒരു തൊഴിലാളിക്കും യോജിച്ച നടപടിയല്ല. പണ്ട് നഗരങ്ങളിലാണെങ്കിൽ ഇന്ന് ഗ്രാമങ്ങളിലും അത് കാണാൻ സാധിക്കുന്നുണ്ട്. ഇതിനെതിരായി ശക്തമായ നിലപാടുകൾ സ്വീകരിച്ചു കൊണ്ടു വരേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്.

ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ മയക്കുമരുന്നിന്റെ കാര്യം പറഞ്ഞു. നർക്കോട്ടിക് ആക്ട് കേന്ദ്ര നിയമം ആയതുകൊണ്ട് നമുക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. ഒരു നിശ്ചിത അളവ്, 15 ഗ്രാം കഞ്ചാവ് വരെ കയ്യിൽ വച്ചാൽ നമുക്ക് പിടിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് ഞാൻ തന്നെ കേന്ദ്ര മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. വീണ്ടും റിമൈൻഡർ അയയ്ക്കുകയാണ്. ഈ ആക്ടിൽ കാര്യമായ ഭേദഗതി വരുത്തിയില്ലായെങ്കിൽ മയക്കുമരുന്ന് മാഫിയകളെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുണ്ടാകും. അവർ ഈ നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ചുകൊണ്ട് മയക്കുമരുന്ന് വ്യാപനം വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് മയക്കുമരുന്നിന്റെ അമിതമായ സ്വാധീനം തന്നെയാണ്. പ്രത്യേകിച്ച് നമ്മുടെ ചെറുപ്പക്കാരും കുട്ടികളും. 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പരിപാടി ആരംഭിച്ചത് അതുകൊണ്ടാണ്. പുകയില ഉത്പന്നങ്ങളുടെ വ്യാപനവും വിതരണവും മാത്രമല്ല വ്യാപകമായ തോതിലുള്ള മയക്കുമരുന്നിന്റെ ഉപയോഗവും കേരളത്തിൽ വർദ്ധിച്ചു വരുകയാണ്. ഇത്തരം മാഫിയകൾക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇവിടെ മാവോയിസ്റ്റുകളെപ്പറ്റി പറഞ്ഞു. മാവോയിസ്റ്റുകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചർച്ച നടത്തിയതാണ്. പോലീസിന്റെ നടപടികൾ കൊണ്ടുമാത്രം ഇത് ഫലപ്രദമാകില്ല. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യോഗം ഡിസംബർ മാസം 13-ാം തീയതി വയനാട്ടിൽ വിളിച്ചിട്ടുണ്ട്. അവർക്കെതിരായുള്ള ബഹുജന പിന്തുണ ഉണ്ടാക്കുകയും അവിടത്തെ ആദിവാസികൾ അടക്കമുള്ള പാവപ്പെട്ട ആളുകളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, മാവോയിസ്റ്റുകളെ പോലീസിന്റെ കായികബലം കൊണ്ടുമാത്രം ഇല്ലാതാക്കാൻ കഴിയില്ല. അവരുടെ പ്രവർത്തനങ്ങൾ തടയണമെങ്കിൽ ആ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾക്കുകൂടി പരിഹാരം ഉണ്ടാകണം. അതുപോലെതന്നെ ശക്തമായ പോലീസ് നടപടിയുമുണ്ടാകണം. അത്തരത്തിലുള്ള two-pronged strategy ആണ് ഇക്കാര്യത്തിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ശ്രീ. കെ. മുരളീധരന്റെ സജഷൻസ് ഇക്കാര്യത്തിൽ തീർച്ചയായും ഗൗരവത്തോടുകൂടി തന്നെയാണ് എടുക്കുന്നത്. അതിനെതിരെ ശക്തമായ പൊതുജനാഭിപ്രായം... മാവോയിസ്റ്റുകൾ ഏറ്റവും കൂടുതൽ പേടിക്കുന്നത് ബുള്ളറ്റുകളേയും......

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, നിയമനിർമ്മാണം വളരെ പ്രധാനപ്പെട്ടതാണെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഈ സഭയിലുള്ളവർക്കെല്ലാം പൊതു അഭിപ്രായം രൂപപ്പെടുകയുണ്ടായി. എന്റെ ചോദ്യം, ഇത് പ്രധാനമായും നടപ്പിലാക്കുന്ന പോലീസ് ഡിപ്പാർട്ടുമെന്റിൽ അഴിമതിക്കാരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ ആണ് പ്രധാനമായും സാമൂഹ്യ വ്യവസ്ഥയിൽ സന്ദേശം നൽകുന്നവർ. അഴിമതി നടത്തില്ലായെന്നുള്ള നിലയിലേയ്ക്ക് ......നേരത്തെ അങ്ങില്ലാത്ത സമയത്ത് ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി, കള്ളച്ചാരായം വിൽക്കുന്ന ആളുകൾ, മണൽ കടത്ത്, ഇത്തരത്തിലുള്ള ഇടത്തരക്കാരുമായി ബന്ധപ്പെട്ടുവരുന്ന ഏതെങ്കിലും നിലയിലേയ്ക്ക് കാശുണ്ടാക്കാൻ വേണ്ടി കൈക്കൂലി വാങ്ങിക്കുന്നതായിട്ടുള്ള ഉദ്യോഗസ്ഥന്മാരെ കീ പൊസിഷനിൽ ലോ ആന്റ് ഓർഡറിലല്ലാതെ, മറ്റ് മേഖലകളിലേയ്ക്ക് മാറ്റി നിർത്തുന്ന നിലയിലേയ്ക്കുള്ള നടപടിയും തുടർന്നുണ്ടാകുന്ന വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തുവാൻ അങ്ങ് താൽപ്പര്യപ്പെടുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കുന്ന കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. സ്പെഷ്യൽ ബ്രാഞ്ചിന്റെ നിരീക്ഷണത്തിൽ ഇത്തരം ആളുകളെ ഇയർമാർക്ക് ചെയ്തിട്ടുണ്ട്. അത്തരം ഉദ്യോഗസ്ഥരെ ലോ ആന്റ് ഓർഡർ ഡ്യൂട്ടിയിൽനിന്ന് കഴിയുന്നത്ര ഒഴിവാക്കാനായി ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ,

LIBRARY ARCHIVES Kerala Legislative Assembly

പോലീസിലെ എല്ലാവരും അത്തരക്കാരാണെന്ന് പറയരുത്. ചില ആളുകൾ അത്തരത്തിലുണ്ടാകും. അവരെ തിരഞ്ഞുപിടിച്ച് കീ പൊസിഷൻസിലും ലോ ആന്റ് ഓർഡർ പോലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലും കൊടുക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അങ്ങയുടെ താൽപ്പര്യം കണ്ടു. അങ്ങയുടെ സമീപനത്തിൽ പലപ്പോഴും ഞങ്ങൾക്കെല്ലാം അംഗീകരിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. ചില പോലീസുദ്യോഗസ്ഥന്മാരെക്കുറിച്ച് അങ്ങേയ്ക്ക് നന്നായി അറിയാം. കേരളമാകെ ശ്രദ്ധിക്കപ്പെട്ട പെൺവാണിഭ കേസ് ഏതാണെന്ന് അങ്ങേയ്ക്ക് അറിയാം. അത് തകിടം മറിക്കാൻ വേണ്ടി കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഡിവൈ.എസ്.പി.യായ ജെയ്സൺ എബ്രഹാം ഇടപെട്ടിട്ടും ഒരു നടപടിയും അദ്ദേഹത്തിന്റെ പേരിലുണ്ടായില്ല. കേരളമാകെ ശ്രദ്ധിക്കപ്പെട്ട കേസ്സാണ് പാറക്കടവ് കേസ്. അത്തരത്തിലുള്ള ആളുകൾ ഇപ്പോഴും പോലീസ് ഡിപ്പാർട്ടുമെന്റിലുണ്ട്. അയാൾ വല്ലാത്ത രീതിയിൽ ആ ജില്ലയിൽ മേധാവിത്വം വഹിക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കുറിച്ച് പ്രത്യേകിച്ച് പറയുന്നത് ശരിയല്ല. അദ്ദേഹം നല്ലൊരു ഉദ്യോഗസ്ഥനാണ്. ഈ കേസ്സിനകത്ത് നല്ല അഭിപ്രായമുള്ള പോലീസുദ്യോഗസ്ഥനാണ്. താമരശ്ശേരി ഡിവൈ.എസ്.പി.യുടെ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അങ്ങ് പറഞ്ഞ കേസ്സിനകത്ത് രണ്ട് ഒപ്പീനിയൻ വന്നതുകൊണ്ടാണ് നമ്മൾ ക്രൈംബ്രാഞ്ചിന് വിടാൻ തീരുമാനിച്ചത്. ഒന്ന്, താമരശ്ശേരി ഡിവൈ.എസ്.പി. ആയ ജെയ്സൺ പറയുന്ന അഭിപ്രായവും രണ്ട്, ലോക്കൽ ഡിവൈ.എസ്.പി. പറയുന്ന അഭിപ്രായവും. ഈ രണ്ട് അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടാണ് എ.ഡി.ജി.പി. ഈ കേസ് ക്രൈംബ്രാഞ്ചിന് വിടാൻ തീരുമാനിച്ചത്. നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം അക്കാര്യത്തിൽ നടക്കുമെന്നുള്ള കാര്യത്തിൽ ഉറപ്പുനൽകുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവത്തോടുകൂടി എടുക്കണം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നക്സലൈറ്റുകൾക്ക് ഉണ്ടായിരുന്ന സ്വാധീനം കുറയ്ക്കേണ്ട പ്രശ്നത്തെക്കുറിച്ചാണ് പറയുന്നത്. അതിൽ പ്രധാനമായി പോലീസിന്റെ നിയമപരമായ നടപടികളെക്കാളും പാവപ്പെട്ട ആദിവാസികൾ, അതുപോലെ പല പ്രദേശത്തുമുള്ള സാധുക്കളായ ആളുകൾ ജീവിക്കാൻ വേണ്ടി പരിശ്രമിച്ചിട്ട് അവിടത്തെ പലതരത്തിലുള്ള പ്രമാണിമാരുമായുള്ള ഏറ്റുമുട്ടലിന് സാധിക്കാത്തതിന്റെ ഫലമായി ഉണ്ടായിട്ടുള്ള സംഭവങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ സംഭവങ്ങൾ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ ആവശ്യമാണ്. ആദ്യം നക്സലൈറ്റ് സംഭവമുണ്ടായ പശ്ചിമബംഗാളിൽ അന്ന് അവിടത്തെ കൃഷി വകുപ്പ് മന്ത്രിയായിരുന്ന ഹരേകൃഷ്ണകോനാർ ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് ഭൂമി കൊടുത്തിട്ടാണ് പ്രശ്നം പരിഹരിച്ചത്. ഈ നക്സലിസം ആരംഭിച്ച പല പ്രദേശത്തും മാവോയിസ്റ്റുകൾ ഉണ്ടായിരുന്നുവെങ്കിലും അവിടെ പിന്നീട് കൃഷിക്കാർക്ക് ഭൂമി ലഭിച്ചതിന്റെ ഫലമായി കൃഷിക്കാരുടെ ഭാഗത്തുനിന്നും നക്സലുകൾക്ക് പ്രോത്സാഹനം ഉണ്ടായില്ല. അതുപോലെ താങ്കൾ ഇന്ത്യക്ക് മാതൃകയാകാവുന്ന വളരെ ഗൗരവമായ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ അട്ടപ്പാടിയിലെ ആദിവാസികൾക്കും അതുപോലെയുള്ള പ്രദേശത്തുള്ള പാവപ്പെട്ട പട്ടികജാതികാർക്കും പട്ടികവർഗ്ഗകാർക്കും അവരുടെ ജീവിത പ്രശ്നങ്ങൾ ഒരു മാനുഷിക പ്രശ്നമെന്ന നിലയിൽ നമ്മൾ സ്വാതന്ത്ര്യം സമ്പാദിച്ച് ഇത്ര വർഷമായിട്ടും പരിഹരിക്കാത്തത് പരിഹരിച്ചുകൊടുക്കാൻ റവന്യൂ വകുപ്പിനെയും അതുപോലുള്ള വകുപ്പുകളെയും ഒരുമിച്ചുചേർത്തുകൊണ്ട് ഒരു ലീഡർഷിപ്പ് കൊടുക്കുവാൻ താങ്കൾക്ക് സാധിക്കുമെങ്കിൽ ഈ മേഖലയിൽ അഭിമാനകരമായ വിജയമായിരിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഇന്നലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയും പട്ടിക വർഗ്ഗ വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്തതാണ്. ജാനു, ഗീതാനന്ദൻ ഉൾപ്പെടെയുള്ള ആളുകളെ വിളിച്ച് ഞങ്ങൾ സംസാരിച്ചു. അവിടത്തെ മുഖ്യപ്രശ്നം ഭൂമിയുടേതാണ്. അക്കാര്യത്തിൽ സംശയമൊന്നുമില്ല. ആ ഭൂമി കണ്ടെത്തുകയെന്നുള്ളതാണ് നമ്മുടെ മുമ്പിൽ പ്രശ്നമായിട്ടുള്ളത്. അത് കണ്ടെത്താനുള്ള ശ്രമം നടത്തുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഞാൻ ഈ മേഖലകളിൽ കൂടി സഞ്ചരിച്ചിട്ടുള്ള ആളാണ്. ദന്തേവാഡ പോലുള്ള നക്സലൈറ്റ് ബാധിത പ്രദേശങ്ങളിൽ പോയിട്ടുള്ള ആളാണ് ഞാൻ. ഇതിനൊരു സാമൂഹിക പ്രശ്നം കൂടിയുണ്ട്. കേവലം പോലീസിന്റെ കായിക കരുത്തുകൊണ്ട് ഇതിനെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കില്ല. സാമൂഹ്യ പ്രശ്നമാണ് ആദ്യം പരിഹരിക്കപ്പെടേണ്ടതെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് ഭൂമി മാത്രമല്ല വനത്തിലും വനവിഭവങ്ങളിലുള്ള അവകാശം, അവർക്ക് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴാണ് അവരെ പലപ്പോഴും ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുന്നത്. നമ്മുടെയെല്ലാം രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ടാകാം മാവോയിസ്റ്റുകൾക്ക് വയനാട്, അട്ടപ്പാടി പോലുള്ള മറ്റ് മേഖലകളിലാണെങ്കിലും വലിയ ജനപിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ല. വയനാട് സി.പി.ഐ. (എം) -ന്റെ ജില്ലാ സെക്രട്ടറി ശശീന്ദ്രനാണ് ഏറ്റവും ആദ്യം ഭീഷണി നേരിടുന്നത്. രാഷ്ട്രീയ പാർട്ടികൾ വളരെ സജീവമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നതുകൊണ്ടാണ് കേരളത്തിൽ ഇവരുടെ സ്വാധീനം വർദ്ധിക്കാത്തത്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലുള്ള ആളുകളാണ് ഇപ്പോഴും ഓപ്പറേഷന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിൽ നിന്ന് വലിയ ജന പിന്തുണ ലഭിക്കാതെ വരുന്നത് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും സജീവ സാന്നിദ്ധ്യമുള്ളതുകൊണ്ടാണ്. ഗവൺമെന്റ് ഈ പ്രശ്നത്തെ കാണുന്നത് കേവലം ഒരു ലോ ആന്റ് ഓർഡർ പ്രശ്നമായിട്ടല്ല, സാമൂഹിക പ്രശ്നം കൂടി അതിന്റെ പിറകിലുണ്ട്. അതുകൊണ്ട് സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ ഇതിന് പരിഹാരം കാണാൻ കഴിയില്ലെന്ന വിശ്വാസത്തോടുകൂടി തന്നെയാണ് ഞങ്ങൾ ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതെന്ന കാര്യം അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രി, ഇതൊരു സാമൂഹ്യ പ്രശ്നമായിട്ടാണ് കാണുന്നതെന്ന് പ്രസ്താവിച്ചതിൽ സന്തോഷമുണ്ട്. പക്ഷേ ഗവൺമെന്റിന്റെ ഈ നിലപാടും ഉദ്യോഗസ്ഥൻമാർ വച്ചുപുലർത്തുന്ന നിലപാടും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് തെളിയിക്കുന്ന ഒടുവിലത്തെ ഒരുദാഹരണമുണ്ട്. പട്ടികവർഗ്ഗ വകുപ്പുമന്ത്രി ഇന്നലെയും നിയമസഭയിൽ പറഞ്ഞത് പോഷകാഹാര കുറവുമൂലം അട്ടപ്പാടിയിൽ 63 പേർ മരിച്ചു എന്നാണ്. കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് കേന്ദ്രത്തിലെ മന്ത്രി പാർലമെന്റിൽ പറഞ്ഞത് പോഷകാഹാരക്കുറവുമൂലമല്ല അട്ടപ്പാടിയിൽ കുട്ടികൾ മരിച്ചത് എന്നാണ്. ഈ വൈരുദ്ധ്യമാണ് അവിടത്തെ പ്രാദേശിക ജനത നോക്കിക്കാണുന്നത്. ഇംപ്ലിമെന്റ് ചെയ്യുന്ന പ്രദേശത്തെ ഉദ്യോഗസ്ഥൻമാർക്ക് ഈ പറയുന്ന സാമൂഹ്യ കാഴ്ചപ്പാടില്ലെങ്കിൽ ഗവൺമെന്റ് എത്രതന്നെ ആഗ്രഹിച്ചാലും എങ്ങനെയാണ് ഈ സമീപനം വിജയിപ്പിച്ച് ജനങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയുകയെന്ന് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ പ്രശ്നമാണ് ഇക്കാര്യത്തിലുള്ളത്. ശ്രീ. എ. കെ. ബാലൻ അട്ടപ്പാടിയിൽ സ്ഥിരമായി പോകുന്ന ആളാണ്. ഞാനും ഇടയ്ക്കിടയ്ക്ക് അട്ടപ്പാടിയിൽ പോകുന്ന ആളാണ്. അവിടെ ചെലവഴിച്ച പണം മുഴുവൻ ആദിവാസികളുടെ പേരിൽ ബാങ്കിലിട്ടു കൊടുത്തിരുന്നെങ്കിൽ അവരിപ്പോൾ ലക്ഷപ്രഭുക്കളാകുമായിരുന്നു. കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ, കേന്ദ്ര ഗവൺമെന്റാണെങ്കിലും സംസ്ഥാന ഗവൺമെന്റുകളാണെങ്കിലും, ചെലവഴിക്കുന്ന പണം അവരിലേയ്ക്ക് എത്തുന്നില്ലെന്ന് അങ്ങ് പറയുന്നത് നൂറ് ശതമാനവും ശരിയാണ്. ഞങ്ങളിപ്പോൾ എടുത്തിട്ടുള്ള സമീപനം, ഈ മേഖലകളിൽ

ബ്ലോക്കുകൾ തിരിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട, സിൻസിയറായി പ്രവർത്തിക്കാൻ താൽപ്പര്യമുള്ളതും കഴിവുള്ളതുമായ ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക ചുമതല കൊടുത്തുകൊണ്ട് അവരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ മോണിറ്റർ ചെയ്തുകൊണ്ടുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. പതിമൂന്നാം തീയതി അവരുടെയും കൂടി യോഗം വിളിച്ചിട്ടുണ്ടെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'കാപ്പ' നിയമത്തിന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്, നമ്മുടെ നാട്ടിലെ ഓപ്പറേഷൻ കുബേര അതിന്റെ ലോജിക്കൽ കൺക്ലൂഷനിലേയ്ക്ക് എത്തിക്കുകയും നിയമപരമായ നിലയിൽ ഇത്തരം ആളുകളെ നേരിടാനുള്ള ശക്തി നൽകുകയും ചെയ്യുക എന്നുള്ളതാണ്. അതുപോലെ ഈ കുറ്റകൃത്യങ്ങൾ തുടർച്ചയായി ചെയ്യുകയും കാപ്പ നിയമത്തിൽപ്പെട്ടാൽപ്പോലും പിന്നെയും കുറ്റവാളികളായി മാറുകയും ചെയ്യുന്ന ആളുകളെ അതിൽ നിന്നും തടയാൻ വേണ്ടിയാണ് ആറ് മാസം എന്നുള്ളത് ഒരു വർഷമായി മാറ്റിയിട്ടുള്ളത്. അല്ലാതെ ഒരിക്കലും പൗരാവകാശങ്ങളുടെ ലംഘനമോ ജനാധിപത്യ അവകാശങ്ങളുടെ ധ്വംസനമോ അക്കാര്യത്തിലുണ്ടാകില്ലെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. ഈ നിയമം തീർച്ചയായും സംസ്ഥാനത്ത് കുറ്റവാളികളെയും ഹവാല ഇടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുവാനും അവരുടെ കയ്യിൽ നിന്നും കേരള ജനതയെ രക്ഷിക്കാനുമുള്ള ഒരു റൈറ്റ് ഡയറക്ഷനിലുള്ള സ്റ്റെപ്പായി ഞാൻ കരുതുന്നു. 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2014-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

**അറിയിപ്പ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയറിന് ഒരു കത്ത് നൽകിയിട്ടുണ്ട്. ആ കത്തിൽ ഇപ്പോഴത്തെ ഈ ബിൽ പരിഗണിക്കുന്നതിനുവേണ്ടി സബ്ജക്റ്റ് കമ്മിറ്റി ഇന്ന് കൂടണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ചട്ടം 237 (2)-ൽ പറയുന്നത് ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടതിനുശേഷം കൂടുന്നതിനുമുമ്പ് ഒരു പൂർണ്ണ ദിവസം ഉണ്ടായിരിക്കണമെന്നാണ്. ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് സബ്ജക്റ്റ് കമ്മിറ്റി കൂടാൻ അനുവദിച്ചില്ലെങ്കിൽ ഒരു പൂർണ്ണ ദിവസം ഇതിനിടക്ക് ഉണ്ടാകണമെന്നാണ്. പക്ഷേ ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചാണ് ഇന്ന് കൂടാൻ നിർദ്ദേശം നൽകിയത്. ഇന്ന് കൂടുന്നില്ലെങ്കിൽ നമുക്കിത് ഒഴിവാക്കാം. പക്ഷേ ഇന്ന് സബ്ജക്റ്റ് കമ്മിറ്റി കൂടിയില്ലെങ്കിൽ പിന്നെ സബ്ജക്റ്റ് കമ്മിറ്റി കൂടാൻ കഴിയുന്നത് തിങ്കളാഴ്ച ആണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നാളെ കൂടാം.

മി. ഡെപ്യൂട്ടി സ്പീക്കർ: നാളെ വെള്ളിയാഴ്ച ആണ്. ആരും കാണില്ലല്ലോ. വെള്ളിയാഴ്ച കൂടുന്നതിന് ചെയറിന് താൽപ്പര്യക്കുറവൊന്നുമില്ല. അംഗങ്ങളാരും കാണുകയില്ലെന്നുള്ളതാണ് പ്രശ്നം.

ശ്രീ. വി. ഡി. സതീശൻ: സർ, സബ്ജക്റ്റ് കമ്മിറ്റി കൂടുന്നതുകൊണ്ട് വേറെ തടസ്സങ്ങളൊന്നുമില്ല. പക്ഷേ സബ്ജക്റ്റ് കമ്മിറ്റി കൂടിക്കഴിഞ്ഞതിനുശേഷം സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബിൽ സഭയിൽ വച്ചതിനുശേഷം ഭേദഗതികൾ അവതരിപ്പിക്കാൻ വേണ്ടി സമയം കൊടുക്കുന്നതിൽ ഒരു പ്രശ്നമുണ്ട്. ആ

കാര്യത്തിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും ബഹുമാനപ്പെട്ട ചെയറും അംഗങ്ങളോട് കുറെക്കൂടി സൗമനസ്യം കാണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെനിന്നും എല്ലാവരും പോയശേഷമാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത കേരള മാരിടൈം ബിൽ വന്നത്. ഞായറാഴ്ച വൈകുന്നേരം മൂന്ന് മണിക്കുമുമ്പ് ഭേദഗതികൾ നൽകണമെന്നായിരുന്നു അന്നത്തെ രേഖയിൽ പറഞ്ഞിരുന്നത്. വെള്ളിയാഴ്ച ഞങ്ങൾ പോയ സമയത്ത് ലഭിക്കാത്ത ബില്ലിന് തിരുവനന്തപുരം കഴിഞ്ഞുള്ള ബാക്കി ജില്ലകളിലെ എം.എൽ.എ.മാർ എങ്ങനെയാണ് ഞായറാഴ്ച മൂന്നുമണിക്ക് ഇവിടെ ഭേദഗതികൾ സമർപ്പിക്കുന്നത്? മാരിടൈം ബിൽ പുതിയ ബില്ലാണ്. 117 പ്രൊവിഷനുള്ള മാരിടൈം ബില്ലിന്റെ ഭേദഗതികൾ ഞായറാഴ്ച ഉച്ചയ്ക്ക് മൂന്നു മണിക്ക് കൊടുക്കണമെന്ന് ടൈംടേബിൾ വച്ചാൽ ഭേദഗതികൾ കൊടുക്കാൻ കഴിയുമോ? ഭാഗ്യത്തിന് അത് 17-ാം തീയതിയിലേയ്ക്ക് മാറ്റിവച്ചു. അതുകൊണ്ട് 12-ാം തീയതി വരെ ഭേദഗതികൾ കൊടുക്കാം. ഭേദഗതികൾ അവതരിപ്പിക്കുക എന്നുള്ളത് അംഗങ്ങൾക്കുള്ള അവകാശമാണ്. അവർക്ക് അത് പഠിച്ച് അവതരിപ്പിക്കാനുള്ള സാവകാശം കൊടുക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട വി. ഡി. സതീശൻ, ചെയർ പറയാൻ വന്നത് അതുതന്നെയാണ്. ഇന്ന് സബ്ജക്ട് കമ്മിറ്റി കൂടിയില്ലെങ്കിൽ തിങ്കളാഴ്ച കൂടേണ്ടി വരും. തിങ്കളാഴ്ച കൂടിയാൽ ചൊവ്വാഴ്ച മൂന്നുമണി വരെ മാത്രമെ ഭേദഗതികൾ കൊടുക്കാൻ സമയം ലഭിക്കുകയുള്ളൂ. എല്ലാ ക്ലോസും നല്ലതുപോലെ പഠിച്ച് ഭേദഗതി ചൊവ്വാഴ്ച മൂന്നുമണിക്ക് മുമ്പ് കൊടുക്കാൻ കഴിയില്ലെന്നുള്ളതു കൊണ്ട് ഭേദഗതി കൊടുക്കാൻ സമയം കൂടുതൽ ലഭിക്കാൻ വേണ്ടിയാണ് ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി കൂടണമെന്ന് ചെയർ പറഞ്ഞത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, നാളെ സഭ കഴിഞ്ഞതിനുശേഷം ആഭ്യന്തര വകുപ്പുമന്ത്രിക്ക് സൗകര്യമാണെങ്കിൽ കൂടാം.

<u>ശ്രീ. പി.സി. ജോർജ്</u>: സർ, നാളെ സബ്ജക്ട് കമ്മിറ്റി കൂടാൻ ബുദ്ധിമുട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നാളെ കമ്മിറ്റി കൂടിയാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ സഭയിൽ വരുന്നത് തിങ്കളാഴ്ച ആയിരിക്കും. പിന്നെ എങ്ങനെയാണ് ചൊവ്വാഴ്ച അതിന്റെ ഭേദഗതി കൊടുക്കുന്നത്? അത് ശരിയല്ല. അംഗങ്ങൾക്ക് അവകാശവും സമയവും കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ചട്ടം ഭേദഗതി ചെയ്യാനുള്ള അവകാശമൊക്കെയുണ്ട്. പക്ഷെ ഇതിനൊരു മര്യാദ വേണം. അത്രയേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: 18-ാം തീയതിയാണ് ഈ ബിൽ പാസ്സാക്കാൻ വച്ചിരിക്കുന്നത്. സ്വാഭാവികമായും അംഗങ്ങൾക്ക് സമയം ലഭിക്കാതെ പോകും. അതുകൊണ്ട് അംഗങ്ങൾക്ക് ഭേദഗതി നൽകുന്നതിനാവശ്യമായ സമയം ലഭിക്കുന്നതിനുവേണ്ടിയാണ് ചട്ടം 237(2)-ൽ അനുശാസിക്കുന്ന പ്രകാരം ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഇന്നുതന്നെ യോഗം ചേരുവാൻ ചെയർ അനുവാദം നൽകുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ചെയറിന്റെ വിവേചനാധികാരം എല്ലാ കാര്യത്തിലും കാണുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ചെയറിനെക്കൊണ്ട് മറുപടി പറയിപ്പിക്കരുത്.

## നിയമനിർമ്മാണകാര്യം - (തുടർച്ച)

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, 2014 ഡിസംബർ 4-ാം തീയതി കൂടിയ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ ഞാൻ സഭയുടെ ചർച്ചയ്ക്കായി അവതരിപ്പിക്കുകയാണ്. സംസ്ഥാന ലൈബ്രറി കൗൺസിൽ/ജില്ലാ ലൈബ്രറി കൗൺസിൽ/താലൂക്ക് ലൈബ്രറി കൗൺസിൽ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്

നടത്തേണ്ടതാണെന്ന് 2011 ആഗസ്റ്റ് മാസം 9-ാം തീയതി ജി.ഒ (എം.എസ്.) നം.124/2011 എന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇതിനായുള്ള നിയമത്തിന്റെ അഭാവത്തിൽ ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ലൈബ്രറി കൗൺസിലുകളുടെ സർവ്വീസുകൾ സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമല്ലാത്തതിനാൽ ഭരണഘടനയിൽ 321-ാം അനുച്ഛേദപ്രകാരം ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ടായിരുന്നു. അപ്രകാരം കമ്മീഷനെ അധികാരപ്പെടുത്തുന്ന ഒരു നിയമത്തിൻ കീഴിൽ മാത്രമേ ലൈബ്രറി കൗൺസിലുകളുടെ ഉദ്യോഗസ്ഥന്മാർക്ക് ജീവനക്കാരുടെ നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തിക്കൊണ്ട് സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാനാണ് സർക്കാർ തീരുമാനിച്ചത്. ആ തീരുമാനത്തിന്റെ തുടർച്ചയായി നിയമത്തിന് ഉടൻ പ്രാബല്യം നല്കുന്നതിനായി 19-ാം നമ്പരായി 2014 ജൂലൈ 20-ാം തീയതി വിളംബരം ചെയ്ത ഓർഡിനൻസിനുപകരമായി സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ച ഈ ബിൽ പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്. ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു നിയമനിർമ്മാണത്തിനാണ് സർക്കാർ സഭയുടെ അനുമതി തേടിയിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസ്ഥാന ലൈബ്രറി കൗൺസിലിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ചുള്ള ബില്ലാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിൽതന്നെ കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം എന്നുപറഞ്ഞുകൊണ്ട് ഒരു പ്രമേയം പാസ്സാക്കി ഗവൺമെന്റിലേയ്ക്ക് നല്കിയിരുന്നു. എൽ.ഡി.എഫ്. സർക്കാരിന് അതുമായി ബന്ധപ്പെട്ട ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. അതിന്റെ തുടർച്ച എന്നുള്ള നിലയിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് അതിന് മുതിരുന്നു എന്നുള്ളത് നല്ല കാര്യമാണ്. ഇത്തരുണത്തിൽ പറയേണ്ട ചില കാര്യങ്ങളുണ്ട്. അത് പറയാതെ പോകുന്നതും ശരിയല്ല. കേരളത്തിലെ ചെറുതും വലുതുമായ 7600-ഓളം വരുന്ന വായനശാലകൾ ഇന്ന് മരണശയ്യയിലാണ്. കാലാകാലങ്ങളായി സർക്കാർ നല്കിവരുന്ന ഗ്രാന്റുകൾ ലഭ്യമാക്കാത്തതാണ് വായനശാലകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വീട്ടു നികുതിയുടെ 5 ശതമാനവും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന്റെ ചെലവിനായി നീക്കിവയ്ക്കപ്പെടുന്ന സംഖ്യയുടെ ഒരു ശതമാനത്തിൽ കുറയാത്ത സംഖ്യയുമാണ് ലൈബ്രറികളുടെ ഗ്രാന്റായി നായനാർ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ചട്ടമനുസരിച്ച് നല്കിപ്പോരുന്നത്. കേരളത്തിന്റെ പൊതുബോധത്തെ നിർണ്ണയിക്കുന്നതിലും ഇന്ന് നാം കാണുന്ന കേരളത്തെ കേരളമാക്കി മാറ്റുന്നതിലും ഗ്രാമീണ വായനശാലകൾ വഹിച്ച പങ്ക് അവിതർക്കിതമാണ്. കേരളത്തിൽ മത-സാമുദായിക ബന്ധങ്ങളുടെ ഊഷ്മളത കുറഞ്ഞുവരികയും വിവിധ മത-സമുദായ വിഭാഗങ്ങളിൽപ്പെടുന്നവരുടെ അകൽച്ച വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ള പരിദേവനം രാഷ്ട്രീയ-സാംസ്കാരിക-മത മേഖലകളിൽനിന്ന് കേട്ടുകൊണ്ടിരിക്കുകയാണ്. മത-ജാതി-പാർട്ടി വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാവർക്കും ഒരുമിച്ചിരിക്കാനുള്ള പൊതു ഇടങ്ങൾ നഷ്ടമാകുന്നതാണ് ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അകൽച്ചയുടെ അടിസ്ഥാനമെന്ന് ഇതുസംബന്ധിച്ച് നിരീക്ഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ നാട്ടിൽ നിരവധി ആരാധനാലയങ്ങളുണ്ട്. അവിടെയൊന്നും ബന്ധപ്പെട്ട മതവിശ്വാസികളെയല്ലാതെ മറ്റാരെയും കാണാൻ കഴിയില്ല. നമ്മുടെ നാടിന്റെ പരിച്ഛേദത്തെ കാണാൻ നാട്ടിൻപുറങ്ങളിലെ വായനശാലകളും കലാ-കായിക-സാംസ്കാരിക സംഘടനകളും അവയുടെ വാർഷിക ആഘോഷങ്ങളും മാത്രമേ ഇനി ശരണങ്ങളായിട്ടുള്ളൂ. മാതൃഭൂമി ഇടതുപക്ഷത്തിന്റെ പത്രമല്ല. പക്ഷെ, മാതൃഭൂമി എഡിറ്റോറിയൽ വായനശാലകളുടെ ഗ്രാന്റുകൾ നിഷേധിച്ചുകൊണ്ട് അവയെ ഞെക്കിക്കൊല്ലുന്നതിനെതിരായി വളരെ ശക്തമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അതിലെ ഒരു വാചകം ഞാൻ ഈ സന്ദർഭത്തിൽ വായിക്കുകയാണ്. " പൊതു ഇടങ്ങളുടെ മരണവും നമ്മുടെ ജനാധിപത്യസമൂഹത്തിന് ഏല്പിക്കുന്ന ആഘാതങ്ങൾ ചില്ലറയല്ല." വലിയ ദേശീയോദ്ഗ്രഥന പ്രവർത്തനമാണ് ഗ്രാമീണ വായനശാലകൾ നാട്ടിൻപുറങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അവരോട് പകപോക്കൽ സമീപനം അങ്ങയുടെ ഭാഗത്തുനിന്ന് എന്തിനാണ് ഉണ്ടായത്? വായനശാലകളുടെ ജീവവായു ആയിരുന്നു അവക്ക് നല്കപ്പെട്ടിരുന്ന ഗ്രാന്റുകൾ. ആ ഓക്സിജൻ സിലിണ്ടറാണ് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന അങ്ങ് എടുത്തുമാറ്റാൻ ശ്രമിച്ചത്. ഇത് കക്ഷി-രാഷ്ട്രീയ ഭേദമെന്യേ വിമർശിക്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിന്റെ സാംസ്കാരിക മുഖങ്ങളിലൊന്നായി വിശേഷിപ്പിക്കപ്പെടുന്ന യു. കെ. കുമാരൻ മാതൃഭൂമി പത്രത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനം വളരെ ഹൃദയസ്പൃക്കായിട്ടാണ് എല്ലാവർക്കും തോന്നിയിട്ടുള്ളത്. ഞാൻ അതിലെ ചില വരികൾ ഇവിടെ വായിക്കാം. " ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തിനും അഭിമാനിക്കാൻ കഴിയാത്ത

സാംസ്കാരിക ഔന്നിത്യം കേരളത്തിന് സമ്മാനിക്കുന്നതിൽ ഗ്രന്ഥശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ്." ലൈബ്രറി കൗൺസിലിനോടുള്ള വിയോജിപ്പ് വായനശാലകൾക്കുള്ള ഗ്രാന്റ് തടയുന്നതിന് നിമിത്തമാകാൻ ഒരിക്കലും പാടില്ലായിരുന്നു എന്ന് പറഞ്ഞിരിക്കുന്നത് ദേശാഭിമാനിയിൽ ഇടതുപക്ഷ സഹയാത്രികന്മാരോ അല്ലെങ്കിൽ സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരോ സി.പി.ഐ.യുടെ നേതാക്കന്മാരോ എഴുതിയിട്ടുള്ള ലേഖനത്തിലല്ലെന്നോർക്കണം. 1989-ൽ നായനാർ മുഖ്യമന്ത്രി ആയിരിക്കെ കേരള പബ്ലിക് ലൈബ്രറീസ് ചട്ടം അനുസരിച്ച് സംയോജിക്കപ്പെട്ട് നിലവിൽ വന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. ആ ലൈബ്രറി കൗൺസിൽ പിരിച്ചുവിടാതിരിക്കാനുള്ള കാരണം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കണ മെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് എന്തിനാണ് നോട്ടീസ് അയച്ചത്; അവർ ചെയ്ത തെറ്റ് എന്താണ്; ലൈബ്രറി കൗൺസിലിന് അനുവദിച്ച 44 തസ്തികകളിൽ ജീവനക്കാരെ നിയമിച്ചു എന്ന് ആരോപിച്ചല്ലേ അങ്ങ് അതിന് മുതിർന്നത്? ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ സ്വയംഭരണാധികാരമുള്ള ലൈബ്രറി കൗൺസിലിന് അധികാരമുണ്ട്. സർക്കാരാണ് ശമ്പളം കൊടുക്കുന്നതെങ്കിലും എയ്ഡഡ് സ്കൂളുകളിലെ നിയമനം നടത്താൻ മാനേജർമാർക്ക് നിയമം വ്യവസ്ഥ ചെയ്യുന്നതുപോലെ ഓട്ടോണമസ് ബോഡിയായിട്ടുള്ള ലൈബ്രറി കൗൺസിലിന് നിയമനങ്ങൾ നടത്താൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്. അവരെ പിരിച്ചുവിടണമെന്നുപറഞ്ഞ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവ് കോടതിയുടെ സിംഗിൾ ബെഞ്ച് അംഗീകരിച്ചു. എന്നാൽ ഡിവിഷൻ ബെഞ്ചിൽ ലൈബ്രറി കൗൺസിൽ ജീവനക്കാർ അപ്പീൽ കൊടുത്തു. അപ്പോൾ ഇക്കാര്യത്തിൽ അന്തിമവിധി വരുന്നതുവരെ അവർ ജോലിയിൽ തുടരട്ടെ എന്നുള്ള അഭിപ്രായമാണ് കോടതിയുടെ ഭാഗത്തുനിന്നുണ്ടായത്. സമാനമായ അധികാര വ്യവസ്ഥകളോടെ ലൈബ്രറി കൗൺസിൽ നിയമനങ്ങൾ നടത്തുമ്പോൾ സർക്കാർ അതിന് കുച്ചുവിലങ്ങിടാൻ ശ്രമിക്കുന്നത് ശരിയാണോ? അങ്ങേയ്ക്ക് ഒരുപാട് ഗുണഗണങ്ങളുണ്ട്. എന്നാൽ അവയെല്ലാം നിഷ്പ്രഭമാകുന്നത് അങ്ങയുടെ ദുർവാശിക്ക് മുന്നിലാണ്. ദുർവാശി ഒരു നല്ല ഭരണാധികാരിക്ക് ചേർന്നതല്ല. പല കാര്യങ്ങളിലും അങ്ങയുടെ ഭാഗത്തുനിന്നും അത്തരം സമീപന ങ്ങളുണ്ടാകുന്നു എന്നുള്ള വിമർശനം പൊതുവെ ഉയർന്നുവരുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരം ഒത്തുതീർപ്പാകാത്തത് അങ്ങയുടെ പിടിവാശിമൂലമാണെന്നാണ് പൊതു സംസാരം. അങ്ങ് ഒരു കറുമ്പനായി നിൽക്കേണ്ട ആളല്ല, അങ്ങയുടെ ഗുണഗണങ്ങളെ നിഷ്പ്രഭമാക്കുന്ന ആ ദുർവാശിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ദൂഷിതവലയത്തിൽ നിന്ന് അങ്ങ് മുക്തനായി പുറത്തുവരണം. " Be liberal and be a democrat" അങ്ങയോട് എനിക്ക് ഈ സഭയിൽ വച്ച് അഭ്യർത്ഥിക്കാനുള്ള ഒരേ ഒരു കാര്യം അതുമാത്രമാണ്. അങ്ങനെയല്ലെങ്കിൽ ശിലാഫലകങ്ങളിൽ മാത്രമുള്ള ഒരു വിദ്യാഭ്യാസ മന്ത്രിയായി അങ്ങ് ചുരുങ്ങിപ്പോകും. കേരളത്തിന്റെ മനസ്സിൽ അങ്ങ് ഉണ്ടാകണമെങ്കിൽ പിടിവാശി ഉപേക്ഷിച്ച് ഒരു ജനാധിപത്യവാദിയായി ഒരു ലിബറലായ മനഃസ്ഥിതിക്കാരനായി അങ്ങ് മാറിയേ പറ്റൂ. ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിച്ചു കൊണ്ടുപോകുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്]

ശ്രീ. സാജു പോൾ : സർ, കേരളത്തിൽ പബ്ലിക് ലൈബ്രറികൾ ആരംഭിച്ചത് 185 വർഷങ്ങൾക്കുമുമ്പ് സ്വാതിതിരുനാളിന്റെ കാലത്താണ്. ലൈബ്രറികൾക്ക് ഗ്രാന്റ് നൽകുക എന്നൊരു സങ്കല്പം തന്നെ അന്നാണ് തുടങ്ങിയത്. ഇപ്പോഴുള്ള സർക്കാരിന്റെ ഭരണ കാലയളവിൽ ഈ വർഷത്തെ മാത്രം കടിശ്ശിക 1850 ലക്ഷം രൂപയാണ്, 185 വർഷം മുമ്പ് സ്വാതിതിരുനാൾ ആരംഭിച്ച ലൈബ്രറി ഗ്രാന്റ് ഈ സർക്കാർ 1850 ലക്ഷം രൂപ കടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, തീർച്ചയായും അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈബ്രറി കൗൺസിലുകളെ, നമ്മുടെ വായനശാലകളെ ഇല്ലാതാക്കാൻവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തിന്റെ ഭാഗമായി മാത്രമേ നമുക്കതിനെ കാണാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ വന്നിട്ടുള്ള പ്രയാസമല്ല ഈ ഗ്രാന്റ് കൊടുക്കുന്നതിന് സർക്കാരിനെ അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിനെ വിലക്കുന്നത്. പിരിച്ചെടുത്ത വീട്ടുനികുതിയിൽനിന്ന് അഞ്ച് ശതമാനത്തിന് സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയുമായി എന്ത് ബന്ധമാണുള്ളത്? ഓരോ ബഡ്ജറ്റിലും വിദ്യാഭ്യാസ വകുപ്പിന് ചെലവിനായി അനുവദിക്കുന്ന സംഖ്യയുടെ ഒരു ശതമാനത്തിൽ കൂടാത്ത സംഖ്യ, അതിന് സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുമായി ഒരു ബന്ധവുമില്ലല്ലോ? പണം കയ്യിലുണ്ടായിട്ടും അത് നമ്മുടെ ലൈബ്രറികൾക്ക് കൊടുക്കാതെ എന്തിനാണ് അവയെ ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിച്ചത്? നാട്ടിലെ ഗ്രാമീണ വായനശാലകളിലൂടെ വായിച്ചുവളർന്ന എത്രയോ ആളുകൾ ഈ സഭാതലത്തിലുണ്ട്. നാട്ടിൻപുറങ്ങളിൽ അക്ഷരങ്ങളുടേയും വായനയുടേയും ലോകം തുറന്നുകൊടുത്ത ഗ്രന്ഥാലയങ്ങൾ-വായനാധർമ്മം കേരളത്തിൽ പ്രചരിപ്പിക്കുന്നതിൽ വഹിച്ച പങ്ക് ആർക്കാണ്



LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാൻ കഴിയുക? അത്തരം വായനശാലകളുടെ ഗ്രാന്റുകൾ തടഞ്ഞുവച്ചു കൊണ്ട് അവയുടെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിക്കുന്നത് ഒരു ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടു വന്ന് വിദ്യാഭ്യാസ മന്ത്രിയുടെ കസേരയിലിരിക്കുന്ന അങ്ങയെപ്പോലൊരാൾക്ക് ചേർന്ന പണിയല്ലെന്ന് ഈ സന്ദർഭത്തിൽ വിനയപൂർവ്വം അറിയിച്ചുകൊണ്ട് പി.എസ്.സി.-ക്ക് നിയമനങ്ങൾ വിടാനുള്ള ബില്ലിനെ തത്വത്തിൽ അംഗീകരിച്ച് ഞങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. പി. ടി. ഭാസ്കരപ്പണിക്കരെയും പി. എൻ. പണിക്കരെയും പോലുള്ള മഹാൻമാരുടെ പ്രയത്നവും വിയർപ്പും വീണതാണ് ഈ രംഗമെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 1989-ൽ നിയമം പാസ്സാക്കിയാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിലവിൽ വന്നത്. ഇപ്പോൾ 7900-ത്തോളം ലൈബ്രറികൾ നിലവിലുണ്ട്. ഈ രംഗം നേരിടുന്ന പ്രത്യേക വിഷയം ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. ലൈബ്രറി കൗൺസിലിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പി.എസ്.സി.-യുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നതിനെക്കുറിച്ചാണ് ഇവിടെ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അതിന് നേരത്തെ സർക്കാർ നിർദ്ദേശം നൽകിയപ്പോൾ നടപ്പിലാക്കാനുണ്ടായ സാങ്കേതികമായ തടസ്സങ്ങൾ എന്തായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ലൈബ്രറി കൗൺസിലിന്റെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് പി.എസ്.സി.-യുമായി ഒത്തുചേർന്ന് അതിന്റെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അത് നടപ്പാക്കാൻ കഴിയാതെ പോയത്. എന്നാൽ സർക്കാരിന്റെ നിർദ്ദേശം നടപ്പാക്കാൻ കൂട്ടാക്കുന്നില്ല എന്നതിന്റെ പേരിൽ, ഈ ഗവൺമെന്റ് അതിൽ സ്വീകരിച്ചിട്ടുള്ള സമീപനമെന്തായിരുന്നു എന്നതാണ് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. നിലവിലുള്ള ലൈബ്രറി കൗൺസിലിന് നൽകേണ്ട എല്ലാവിധ ആനുകൂല്യങ്ങളും നിഷേധിക്കുകയാണ്. അതിന് അനുവദിക്കേണ്ട ഗ്രാന്റ് കൊടുക്കാതിരിക്കുകയും അതിന്റെ സംഖ്യ സംബന്ധിച്ചുമെല്ലാം ഇവിടെ വിശദീകരിക്കപ്പെട്ടതാണ്. പ്രധാനമായി അങ്ങനെയൊരു തടസ്സം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി എന്നുള്ളത് എങ്ങനെയെങ്കിലും കേരളത്തിൽ വളർന്നു നിൽക്കുന്ന ഈ പ്രസ്ഥാനത്തെ തകർക്കാനല്ലാതെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ കഴിയുന്നതാണോ? ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്തവിധം സാംസ്കാരിക ഔന്നിത്യം കേരളത്തിന് സമ്മാനിച്ചതിന് ഗ്രന്ഥശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ്. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ വളരെയേറെ ബോധവാനാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതിൽ സംശയമില്ല. പൊതു ഇടങ്ങളെന്ന നിലയിൽ ജനകീയ സംവാദത്തിന്റെ അന്തരീക്ഷം വളർത്തി കേരളത്തെ നവോത്ഥാന പാതയിലേയ്ക്ക് നയിച്ചത് വായനശാലകളാണല്ലോ? ആ വായനശാലകളുടെ പ്രവർത്തനത്തിന് ശക്തി പകർന്നു നൽകിയ ഘടകങ്ങൾ നമുക്കറിയാവുന്നതാണ്. ഒരർത്ഥത്തിൽ നമ്മുടെ നാട്ടിലെ വായനശാലകൾ ഗ്രാമീണ സർവ്വകലാശാലയായി രൂപാന്തരപ്പെടുകതന്നെ ചെയ്തു. അതുവഴി കേരളം നേടിയ നേട്ടങ്ങൾ ചെറുതല്ല. ജാതിക്കും മതത്തിനും വർഗ്ഗത്തിനു മതീതമായി എല്ലാവർക്കും പ്രവേശിക്കാൻ കഴിയുന്ന ഇങ്ങനെയൊരു പൊതു ഇടം മറ്റെവിടെയും കാണുകയില്ല. മലയാളികളുടെ സാമൂഹിക ജീവിതത്തിലും പൊതു ജനാഭിപ്രായ രൂപീകരണത്തിലും ചരിത്രത്തെ ചിന്തയുടെ പ്രവർത്തന മണ്ഡലങ്ങളുമായി കൂട്ടിമുട്ടിക്കുന്നതിലും വായനശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ് എന്നത് ആരാണ് അംഗീകരിക്കാതിരിക്കുക? ഇത്തരം ലോക്കൽ ലൈബ്രറി അതോറിറ്റിയുമായി വേറിട്ട് കിടന്നിരുന്ന വായനശാലകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാൻ സാധിച്ചത് ലൈബ്രറി കൗൺസിലിന്റെ രൂപീകരണത്തോടുകൂടിയാണ്. ലൈബ്രറി കൗൺസിലിന്റെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന് 2007-ൽ അന്നത്തെ ഭരണസമിതി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്തരമൊരു ഉത്തരവ് കൊണ്ടുവന്നത്. പി.എസ്.സി.-യുടേയും ലൈബ്രറി കൗൺസിലിന്റെയും ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വേണം എന്നതുകൊണ്ടാണ് ഇത് നടപ്പാക്കാൻ കഴിയാതെ പോയത്. എന്നാൽ ഇത്തരമൊരു സാഹചര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ സമീപനം; നിർദ്ദേശം നടപ്പാക്കാൻ കൂട്ടാക്കാത്തതുകൊണ്ട് വായനശാലകളെ, ലൈബ്രറി കൗൺസിലിനെ ഇവിടെ പ്രവർത്തിക്കുന്നതിൽ നിന്നും തടയാൻ കഴിയുമോ എന്ന രീതിയിലാണ്. നിയമനത്തെ സംബന്ധിച്ചുള്ള പരാതികൾമൂലം ആ നിയമിക്കപ്പെട്ട ആളുകളെ പിരിച്ചുവിടണമെന്ന നിർദ്ദേശം സർക്കാർ മുന്നോട്ടു വയ്ക്കുന്നു. ഇതെല്ലാം സാധാരണഗതിയിൽ കേരളം പോലൊരു സംസ്ഥാനത്തിന്റെ സാമൂഹ്യ പുരോഗതിക്ക് ഏറെ സംഭാവന ചെയ്ത മഹത്തായ പ്രസ്ഥാനത്തിനുനേരെ ഉയർത്തിയ വെല്ലുവിളിയാണെന്ന് കാണാൻ സാധിക്കും. ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ടവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്താണ്? എല്ലാവർക്കും അറിയാവുന്നതുപോലെ പ്രതിമാസ അലവൻസ് 750 രൂപ മുതൽ 1220 രൂപവരെ മാത്രമാണ് ലഭിക്കുന്നത്. ഇതിനൊരു മാറ്റം വരുത്താതെ അത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ല. ചില പ്രത്യേക പ്രദേശങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലൈബ്രറികളെ സംബന്ധിച്ച് വൈകുന്നേരം 4 മണിക്കുശേഷമുള്ള സമയം പ്രവർത്തിച്ചാൽ മതിയാവില്ല. ഒരു ദിവസം പൂർണ്ണമായും പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഇപ്പോൾ നൽകിവരുന്ന അലവൻസ് വളരെ പരിമിതമാണെന്ന് കാണാൻ സാധിക്കും. അത് വർദ്ധിപ്പിക്കേണ്ടതാണ്. അനുവദിച്ചുകൊടുക്കേണ്ട ഗ്രാന്റിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന സമീപനം ഈ സ്ഥാപനങ്ങളെ പൂർണ്ണമായും പ്രവർത്തനരഹിതമാക്കുന്ന രീതിയിലാണ്. 2005, 2006, 2008 കാലയളവിൽ 44 ജീവനക്കാരെ കൗൺസിൽ നിയമിച്ചിരുന്നു. ഇതിൽ 31 പേർ താല്ക്കാലിക ജീവനക്കാരും 13 പേർ സ്ഥിരം ജീവനക്കാരുമായിരുന്നു. ഇവരെ പിരിച്ചുവിടണമെന്നാണ് സർക്കാർ നൽകിയ നിർദ്ദേശം. ഇപ്പോൾ ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്നൊരു സാഹചര്യമാണ്. ഇവിടെ ഇടത് ആഭിമുഖ്യമുള്ളവരാണ് തെരഞ്ഞെടുക്കപ്പെടുന്നത് എന്നൊരു പരിഭവവും പരിദേവനവുമുണ്ടാകും. അതിന് കാരണമെന്താണ്? ഗ്രാമങ്ങളെ സംഘടിപ്പി ച്ചെടുക്കുന്നതിനുവേണ്ടി നടത്തിയ തീവ്രമായ യത്നം, പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിൽ വായനശാലകൾ സംഘടി പ്പിക്കുന്നതിൽ സ്വാതന്ത്ര്യസമര കാലഘട്ടം മുതൽ ഇങ്ങോട്ട് പുരോഗമന പ്രസ്ഥാനങ്ങളും കേരളത്തിലെ കർഷക പ്രസ്ഥാനങ്ങളുമുൾപ്പെടെയുള്ളവർ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. അതിന്റെ ഫലമായി ഇത്തരം ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന്റെ മുൻകയ്യും നേതൃത്വപരമായ പങ്കും പുരോഗമന പ്രസ്ഥാനങ്ങൾക്കും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും തീർച്ചയായും ഉണ്ടാകുമെന്ന് ഉറപ്പാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും ആവശ്യമായ സമീപനമാണ് സർക്കാർ സ്വീകരിക്കേണ്ടത്. പി.എസ്.സി. നിയമനം നടത്തുന്നതിൽ ഞങ്ങൾ എതിരല്ല. പി.എസ്.സി. നിയമനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള തർക്കമല്ല ഇവിടെയുള്ളത്. അതിനോട് ഗവൺമെന്റ് എടുക്കുന്ന സമീപനത്തിൽ മാറ്റം വരുത്തണം.

<u>ശ്രീ. സാജു പോൾ</u>: സർ, ഇവിടെ സ്വാതന്ത്ര്യസമര കാലം മുതൽ പ്രവർത്തിക്കുന്ന വായനശാലകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അക്കാലത്ത് സ്ഥാപിതമായ വായനശാലകളുടെ പേരുകൾ 'ദേശപോഷിണി വായനശാല, ഗ്രാമോദ്ധാരണ വായനശാല, നവകേരള വായനശാല, കലാനികേതൻ വായനശാല, ദേശബന്ധു വായനശാല, ജ്ഞാനോദയ വായനശാല, വിജ്ഞാന പ്രകാശിനി വായനശാല, വിജ്ഞാന പോഷിണി വായനശാല' തുടങ്ങി 'മഹാത്മാ, ജവഹർ, കലാനികേതൻ, കൈരളി' എന്നിങ്ങനെ നിരവധിയാണ്. കേരളത്തിലെ സാംസ്കാരിക മേഖലയാകെ, ഇപ്പോൾ ശ്രേഷ്ഠമലയാള പദവി കിട്ടിയിരിക്കുകയാണ്. 100 കോടി രൂപ വരുമെന്നും മലയാളമാകെ ഇപ്പോൾ വ്യാപിപ്പിക്കുമെന്നും പറഞ്ഞെങ്കിലും ഒന്നും സംഭവിച്ചിട്ടില്ല. ശ്രീ. മഞ്ഞളാംകുഴി അലിയെപ്പോലെ സിനിമാരംഗത്തുള്ളവർ ചേർന്ന് ആരംഭിച്ച പാവപ്പെട്ട കലാകാരൻമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന പെൻഷൻ (1000 രൂപ വീതം) മൂന്ന് മാസമായി കുടിശ്ശികയാണ്. കാശില്ലാതായപ്പോൾ പത്രപ്പരസ്യങ്ങളിലൂടെ പേടിപ്പെടുത്തുന്ന അവസ്ഥ കുറച്ച് കുറഞ്ഞുവെങ്കിലും അഹംഭാവത്തിന് ഒരു കുറവുമില്ല. യഥാർത്ഥത്തിൽ ഇവിടെ അടുത്ത കാലത്ത് ഒരു സീരിയലിന്റെ പരസ്യം ഇന്റർനെറ്റിലൊക്കെ പ്രചരിച്ചു. ഒരു സ്ത്രീ ഒരാളെ പ്രേമിച്ചു, മറ്റൊരാളെ വിവാഹം കഴിച്ചു, വേറൊരാളിൽ നിന്ന് ഗർഭം ധരിച്ചു. സീരിയലിന്റെ പേര് 'പതിവ്രത'. അത്തരമൊരവസ്ഥയാണ് ഈ ഗവൺമെന്റിനുള്ളത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ആദ്യം പറഞ്ഞ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ആരംഭിച്ച വായനശാലകളുമായി ബന്ധപ്പെട്ട പേരുകളും ആ വായനശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുമെല്ലാം നമുക്ക് അറിയാവുന്നതാണ്. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യബോധത്തെയും സ്വാതന്ത്ര്യബോധത്തെയും തട്ടിയുണർത്തുന്നതിനുവേണ്ടിയിട്ടുള്ള ബോധപൂർവ്വമായ പരിശ്രമമായിരുന്നു 'വിജ്ഞാനദായിനി', 'വിജ്ഞാനദർപ്പണം' എന്നീ പേരുകളിലുള്ള വായനശാലകൾ രൂപീകരിക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ.

<u>ശ്രീ. കെ. രാജു</u>: സർ, ലൈബ്രറികളുടെ പ്രവർത്തനത്തിനുവേണ്ടിയും ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിനുവേണ്ടിയും പ്രധാനമായും ബഡ്ജറ്റിലൂടെ കൊടുക്കുന്ന ഗ്രാന്റിനോടൊപ്പം ലൈബ്രറി സെസ്സും വേണം. ലൈബ്രറി സെസ്സ് കെട്ടിട നികുതിയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പിരിക്കുന്നത്. അങ്ങനെ പിരിച്ചെടുക്കുന്ന തുക പൂർണ്ണമായും ലൈബ്രറി കൗൺസിലിന് കൈമാറാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ലൈബ്രറി കൗൺസിലിന് കിട്ടേണ്ട സെസ്സ് തുക കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഗവൺമെന്റ് ബഡ്ജറ്റിലൂടെ കൊടുക്കുന്ന ഗ്രാന്റിനോടൊപ്പം ഈ സെസ്സും ഉണ്ടെങ്കിൽ മാത്രമേ 7900-ത്തോളം വരുന്ന ലൈബ്രറികളുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകാൻ സാധിക്കുകയുള്ളൂ. തദ്ദേശ ഭരണവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്താൽ മാത്രമേ ആ തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന തുക കൃത്യമായി അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അത് ഇവിടെ ഉണ്ടാകുന്നില്ല. അത്തരം ഒരിടപെടൽ ഗവൺമെന്റ് നടത്തണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കില്ലേ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞ അഭിപ്രായത്തോട് യോജിക്കുകയാണ്. സെസ്സ് പിരിച്ചെടുക്കുന്നതിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപ്പര്യത്തിന് വല്ല കുറവുമുണ്ടെങ്കിൽ, പിരിച്ചെടുക്കാതിരിക്കില്ല,

LIBRARY ARCHIVES Kerala Legislative Assembly

ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിനോടൊപ്പം പിരിച്ചെടുക്കുന്ന സംഖ്യ എന്ന നിലയിൽ അത് അവരുടെ കയ്യിൽ പിരിഞ്ഞെത്തിയാൽ അത് ശേഖരിക്കുന്നതിൽ അല്ലെങ്കിൽ അത് പൂർണ്ണമായ അർത്ഥത്തിൽ സർക്കാരിലേയ്ക്ക് കൊണ്ടുവരുന്ന തിനുള്ള നീക്കം ഉണ്ടായേ മതിയാവുകയുള്ളൂ. എന്തെങ്കിലും കാരണവശാൽ ആ ഫണ്ട് നൽകാതിരിക്കുന്ന സാഹചര്യം ഉണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ടിൽ നിന്നും പിടിച്ചെടുക്കാനും ഇത് ലൈബ്രറി കൗൺസിലിന് നൽകാനുമുള്ള സംവിധാനം ഉണ്ടാകണം. അതിന് ബന്ധപ്പെട്ട മന്ത്രിമാർ തമ്മിലുള്ള കൂടിയാലോചനയും ചർച്ചയും കൂടുതൽ സഹായകര മാകുമെന്നാണ് തോന്നുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, അങ്ങ് പറഞ്ഞതുപോലെ നമ്മുടെ സാമൂഹ്യ സാംസ്കാരിക മേഖലയിലെല്ലാം വലിയ ഇടപെടൽ നടത്തിയിട്ടുള്ളത് ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളാണ്. ഇന്നും അതിന്റെ പ്രാധാന്യം ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണുന്നില്ലായെന്നാണ് സെസ്സുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടുന്ന വിഷയം. ഇന്ന് നമ്മുടെ നാട്ടിലെ സാമൂഹ്യപ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായും ഇടപെടുന്നത് ഗ്രന്ഥശാലകൾ ആണ്. മദ്യം, മയക്കുമരുന്ന്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ജൈവ കൃഷിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പ്രോഗ്രാമുകൾ തുടങ്ങിയ നിരവധി വിഷയങ്ങളിൽ ഗ്രന്ഥശാലാ പ്രസ്ഥാനം ഏറ്റെടുത്ത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ചുമതലകളെയും കടമകളെയും കുടുംബശ്രീ പ്രവർത്തനങ്ങളെ യുമൊക്കെ കൂട്ടിയിണക്കി, എക്സൈസ്, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പ്രോഗ്രാമുകളിൽ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ കൂടി ഏറ്റെടുത്ത് നടപ്പിലാക്കാൻ പരിശ്രമിച്ചാൽ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള സാമൂഹ്യമാറ്റം വ്യാപിപ്പിക്കാൻ കഴിയും എന്ന അഭിപ്രായം അങ്ങേയ്ക്ക് ഉണ്ടോ?

<u>ഡോ. എൻ. ജയരാജ്:</u> സർ, ലൈബ്രറി സെസ്സ് പൂർണ്ണമായും നൽകിയില്ല എന്ന ആരോപണം ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. 2014-ന്റെ ഏതാണ്ട് അവസാന ഗഡു ഒഴിച്ച് മുഴുവൻ നൽകി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ സൂചിപ്പിക്കുമായിരിക്കും. പക്ഷെ എനിക്ക് പറയാനുള്ളത്, ആദ്യകാലത്ത് ഉണ്ടായിരുന്ന ലൈബ്രറികളുടെ അവസ്ഥ മാറിക്കഴിഞ്ഞു. പുസ്തകങ്ങളിൽ കൂടിയല്ല മറ്റ് തരത്തിലുള്ള മീഡിയകളിലൂടെ വിജ്ഞാനം ഇന്ന് ആളുകളിലേയ്ക്ക് എത്തിക്കുന്ന തരത്തിൽ നമ്മുടെ ലൈബ്രറികളുടെ രൂപവും ഭാവവും മാറേണ്ടതാണ്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നമ്മുടെ നാട്ടിലെ ലൈബ്രറികളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ വലിയൊരു പങ്ക്

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികൾ നിർവഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കെട്ടിലും മട്ടിലും ലൈബ്രറികളുടെ ഭാവം മാറേണ്ടതുണ്ട്. ഇതിനോടനുബന്ധമായി, നമ്മുടെ വിഷയവുമായി ബന്ധപ്പെട്ടതല്ലായെങ്കിൽ പോലും, മിക്കവാറും സ്കൂളുകളിലെ ലൈബ്രറികൾ ഇന്ന് കേവലം ഒരു പ്രതീകാത്മകമായ ലൈബ്രറികളായി മാറുകയാണ്. അതുകൊണ്ട് തന്നെ സ്കൂൾ ലൈബ്രറികളിൽ, ടീച്ചർമാർ ഇരിക്കുന്ന മുറിയുടെ പിറകിലുള്ള അലമാരയിൽ ഏതാനും പുസ്തകങ്ങൾ കാണും, കുട്ടികൾക്ക് വായിക്കാനുള്ള സ്ഥലമില്ല. പ്രാദേശിക ലൈബ്രറികളെ വിദ്യാലയങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ഒരു സംവിധാനം കൂടി ഏർപ്പെടുത്താൻ കഴിഞ്ഞാൽ, പ്രോജക്ടുകളൊക്കെ ചെയ്യുന്ന ഈ കാലഘട്ടത്തിൽ, കുട്ടികൾ ലൈബ്രറികളെ കൂടുതൽ പ്രയോജനപ്പെടുത്തും എന്ന ഒരു ആശയം അങ്ങയോട് പങ്ക് വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട ജി.എസ്. ജയലാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗ്രാമീണ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രസ്ഥാനമാണ് വായനശാലകൾ എന്ന കാര്യത്തിൽ സംശയമില്ല. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഗ്രാമീണ ജീവിതത്തിൽ സർവ്വകലാശാലയുടെ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്ന ഒരവസ്ഥ ഇതിന്റെ ഭാഗമായി കേരളത്തിൽ ഉടനീളമുണ്ടായിട്ടുണ്ട്. എല്ലാ രേഖകളെയും ഗ്രാമീണ ജീവിതത്തിലുണ്ടാകുന്ന നാനാവിധമായ പ്രവർത്തനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് മുന്നോട്ടുപോയാൽ സഹായകരമാകും എന്ന കാര്യത്തിൽ സംശയമില്ല. ബഹുമാന്യനായ ഡോ. എൻ. ജയരാജ് ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, നമ്മുടെ സ്കൂൾ ലൈബ്രറികളെ കൂടുതൽ പരിപോഷിപ്പിച്ചു കൊണ്ടുവരുന്നതിന് ബോധപൂർവ്വമായ ഒരു സമീപനം സ്വീകരിച്ചാൽ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കാൻ തീരുമാനിച്ചാൽ നമ്മുടെ ഗ്രാമീണ വായനശാലകളോടൊപ്പം അല്ലെങ്കിൽ ഗ്രന്ഥശാല കളോടൊപ്പം ഉയർത്തിക്കൊണ്ടു വരാനും വിലപ്പെട്ട സംഭാവനകൾ വിദ്യാർത്ഥികൾക്ക് നൽകുവാനും സഹായകരമായ വിധത്തിൽ സ്കൂൾ ലൈബ്രറികളെ മാറ്റാൻ കഴിയും എന്നുതന്നെയാണ് കരുതുന്നത്. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചപ്പോൾ നമ്മൾ അതിനെക്കുറിച്ച് പാടിപ്പുകഴ്ത്തി നടന്നതാണ്. മലയാള ഭാഷയുടെ വളർച്ചയ്ക്കു വേണ്ടി സർവ്വകലാശാല തന്നെ കൊണ്ടുവന്നവരാണ് നമ്മൾ. ലോക മലയാളി മാമാങ്കമൊക്കെ നടത്തുന്നതിനിടയിൽ മലയാളക്കരയിലെ മഹത്തായ പ്രസ്ഥാനമായ ഈ ഗ്രന്ഥശാലാ പ്രസ്ഥാനത്തോട്, ലൈബ്രറി കൗൺസിലിനോട് ഇന്ന് സ്വീകരിക്കുന്ന സമീപനത്തിൽ നിന്ന് ഗവൺമെന്റിന്റെ നിലപാട് മാറ്റണമെന്നും ഗവൺമെന്റ് തീർച്ചയായും അതിനെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഗ്രാന്റ് കൊടുക്കാതിരിക്കുന്നത് എഴുത്തുകാരെയടക്കം നമ്മുടെ വായനാ സംസ്കാരത്തെ വല്ലാതെ ബാധിക്കുന്നുണ്ട്. ലൈബ്രറി കൗൺസിലിന്റെ പുസ്തകോത്സവങ്ങൾ മുമ്പൊക്കെ ഭംഗിയായി നടന്നിരുന്നു. ഈയിടെയായി അതിന് വിഘാതം വരുന്നുണ്ട്. നേരത്തേ പറഞ്ഞതുപോലെ എം.എൽ.എ.-മാർ സഹായിക്കുന്നുണ്ട്. നമ്മുടെ മണ്ഡലങ്ങളിൽ അഞ്ചും ആറും ലൈബ്രറികൾ നവീകരിച്ചുകഴിഞ്ഞു. അവിടെ ലൈബ്രറിക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ട്. അതിനൊന്നും ഒരു തടസ്സവുമില്ല. പക്ഷേ കാര്യമായി വേണ്ടത് ഈ ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുത്ത് കൂടുതൽ പുസ്തകങ്ങൾ വരുത്തുന്നതിന് ലൈബ്രറി കൗൺസിലിനെ ശക്തിപ്പെടുത്തണം. ഓരോ വായനശാലയ്ക്കും മൈക്കും അതിനുവേണ്ട സൗകര്യങ്ങളും ഉണ്ടാകണം. ബോധവൽക്കരണ രംഗത്ത് ലൈബ്രറികളും വായനശാലകളും ചെയ്യുന്ന കർമ്മങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ലൈബ്രറി കൗൺസിൽ സജീവമായി ഉണ്ടാകണം. ഞാൻ ഒരുകാര്യം കൂടി പറയട്ടെ, കോഴിക്കോട്ട് നഗരത്തിന്റെ കേന്ദ്രഭാഗത്തുതന്നെ വലിയ ലൈബ്രറി ഉണ്ട്. ആ ലൈബ്രറി ഇന്നും അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് വേണ്ടത്ര ചലനമില്ലാതെ കിടക്കുകയാണ്. അത് മന്ത്രിക്ക് അറിയാം. ആ ലൈബ്രറിയെ ലൈബ്രറി കൗൺസിലിന് കൈമാറ്റം ചെയ്യാനുള്ള ഫയൽ മന്ത്രിയുടെ മേശപ്പുറത്തുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യത്തിൽ കൂടി തീരുമാനമുണ്ടാകണം, ഇതുമായി ബന്ധമില്ലെങ്കിൽപ്പോലും, ഇതൊക്കെ ഒന്നിനോടൊന്ന് ബന്ധപ്പെട്ടതാണ്. ഇതിന്റെയെല്ലാം കേന്ദ്രബിന്ദു ലൈബ്രറി കൗൺസിലാണ്. കലാകാരന്മാരുടെ മാത്രമല്ല സാഹിത്യകാരന്മാരുടെയും ഉന്നമനത്തിനുവേണ്ടി ലൈബ്രറി കൗൺസിലിനെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി, അങ്ങ് പറഞ്ഞ അഭിപ്രായം തന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഗ്രാന്റും സെസ്സുമൊക്കെ കൃത്യമായി പിരിച്ചെടുക്കുന്നതിനും നിശ്ചയിക്കപ്പെട്ട ഗ്രാന്റ് യഥാസമയം ലൈബ്രറി കൗൺസിലിന് നൽകുന്നതിനുമുള്ള സംവിധാനമുണ്ടാകണം. അതോടൊപ്പം അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ആധുനികമായ രീതിയിൽ ലൈബ്രറികളെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്ന പല പ്രദേശങ്ങളുമുണ്ട്. പുതിയ സംവിധാനങ്ങളിലൂടെ, ഇപ്പോൾ പ്രത്യേകിച്ച് ഇ-ലൈബ്രറി സംവിധാനമുൾപ്പെടെയുള്ളത് നടപ്പിലാക്കിക്കൊണ്ട് വളരെ വിജയകരമായി മുന്നോട്ടുപോയിട്ടുള്ള ഒരുപാട് പ്രദേശങ്ങൾ നമുക്ക് കാണാൻ കഴിയും. ഞാൻ പറയുന്നത് അതിനാവശ്യമായ വിധത്തിൽ ജനപ്രതിനിധികളുടെയും എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും സഹായംകൊണ്ട് പലയിടങ്ങളിലും മനോഹരമായ

കെട്ടിടങ്ങളും ഏറ്റവും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുമെല്ലാം വളർന്നുനിൽക്കുന്നുണ്ട്. പക്ഷേ ഈ മഹാപ്രസ്ഥാനത്തെ മറക്കുന്ന നിലപാടാണ് അല്ലെങ്കിൽ അതിനെ മുന്നോട്ട് കൊണ്ടുപോകാൻ ബാദ്ധ്യതപ്പെട്ട സർക്കാർ പുറംതിരിഞ്ഞുനിൽക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത് എന്നതിലാണ് എനിക്ക് പ്രതിഷേധമുള്ളത്. അതുകൊണ്ടുതന്നെ ഇതിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ലൈബ്രറി കൗൺസിലിലെ ഉദ്യോഗസ്ഥ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷനും ലൈബ്രറി കൗൺസിലും കൂടിയാലോചനകൾ നടത്തി ശരിയായ നിയമങ്ങൾക്കനുസരിച്ച് ന്യായമായ രീതിയിൽ നിയമനം നടത്തുകയും വേണമെന്ന ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ സഭയ്ക്കുമുമ്പാകെ ചർച്ചയ്ക്ക് വന്നിട്ടുള്ളത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വായനശാലകളെക്കുറിച്ചും അവ സാമൂഹ്യജീവിതത്തിൽ വഹിച്ച പങ്കിനെക്കുറിച്ചും അറിയാത്തവരായി ആരുമില്ല. ബഹുമാനപ്പെട്ട ചെയർ ഇവിടെയായിരുന്നുവെങ്കിൽ ഇത്തരം വിഷയങ്ങളിൽ പലതും പറയുമായിരുന്നുവെന്ന് ഊഹിക്കുന്ന ഒരാളാണ് ഞാൻ. എന്റെ സ്നേഹിതൻ, ഡോ. കെ.ടി. ജലീൽ, മാതൃഭൂമിയിൽ യു.കെ. കുമാരൻ എഴുതിയ ലേഖനത്തെ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. യു.കെ. കുമാരന്റെ ലേഖനം മാത്രമല്ല പാലക്കീഴ് നാരായണൻ എഴുതിയ ലേഖനങ്ങളും ഗ്രന്ഥശാലാ പ്രസ്ഥാനത്തെക്കുറിച്ച് ധാരാളം ലേഖനങ്ങളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അനേകായിരം ലൈബ്രറികളുണ്ട്. സുമാർ 8000-ത്തോളം ഗ്രന്ഥശാലകൾ കേരളീയ ജീവിതത്തിന്റെ അനിവാര്യ ഘടകമായി, ഒഴിവാക്കാനാകാത്ത ഭാഗമായി നിലനിൽക്കുകയാണ്. ഗ്രന്ഥശാല എന്നുപറയുന്നതിൽ, വായന, മനുഷ്യനുമായി അടുത്ത ബന്ധമുള്ള ജന്മസിദ്ധമായ ഒരു ഇൻസ്റ്റിംഗ്റ്റാണ്. വായിക്കാനും അറിയാനുമുള്ള മനുഷ്യന്റെ ആഗ്രഹം. " റീഡ് " , ഇഖ്റഹ്," നീ വായിക്കുക എന്ന് കൽപ്പിച്ചുകൊണ്ടാണ് പരിശുദ്ധമായ ഖുറാൻ ആരംഭിക്കുന്നത്. എല്ലാ വേദഗ്രന്ഥങ്ങളിലും ഇതിന് സമാനമായ കാര്യങ്ങളുണ്ടാകും. ഇന്ന് ഇന്ത്യയിലാകെ സുമാർ 60000-ത്തോളം

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ധാരാളം സംസ്ഥാനങ്ങളിൽ ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട് പബ്ലിക് ലൈബ്രറി നിയമങ്ങൾ നിലവിലുണ്ട്. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് വലിയ ചരിത്രമുണ്ട്. പി.എൻ. പണിക്കരുടെയും പി. ടി. ഭാസ്കരപണിക്കരെപ്പോലുള്ള വരുടെയും പേരുകൾ ഇതിന്റെ കൂടെച്ചേർത്ത് വായിക്കാവുന്ന, ഒരിക്കലും വിസ്മരിക്കാനാവാത്ത നാമധേയ ങ്ങളാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം പബ്ലിക് ലൈബ്രറി 1829-ൽ Col. Edward Candgom ആണ് സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു. അദ്ദേഹം ബ്രിട്ടീഷ് മ്യൂസിയം സ്ഥാപിച്ച Hans Sloane-ന്റെ പേരക്കിടാവായിരുന്നു. 1847-ൽ, സ്വാതന്ത്ര്യം കിട്ടുന്നതിന് നൂറ് വർഷങ്ങൾക്കുമുമ്പുതന്നെ തിരുവനന്തപുരം പബ്ലിക് ലൈബ്രറിക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ടായി. കോട്ടയം പബ്ലിക് ലൈബ്രറി 1858-ലും എറണാകുളം പബ്ലിക് ലൈബ്രറി 1870-ലുമാണ് എസ്റ്റാബ്ലിഷ് ചെയ്തത്. 1884-ലാണ് വഞ്ചിയൂരിലെ സുഗുണപോഷിണി വായനശാല സ്ഥാപിക്കപ്പെട്ടത്. യഥാർത്ഥത്തിൽ കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം 1945-ൽ ആരംഭിച്ചു. അതിനുവേണ്ടി 1989-ലാണ് ആദ്യമായി ഒരു നിയമമുണ്ടാക്കിയത്. മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നതിനും മനുഷ്യന്റെ സാംസ്കാരിക നവോത്ഥാനത്തിനും വായന വഹിക്കുന്ന പങ്ക് നിസ്സാരമല്ല. ഈ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും കാര്യങ്ങളെല്ലാം നടന്നുപോകുന്നതും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണെങ്കിലും, വിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ എങ്ങനെ കാണുന്നുവോ അതുപ്പോലെ ഗ്രന്ഥശാലകളെയും കാണണം, ആ നിലവാരത്തിലേയ്ക്ക് ഗ്രന്ഥശാലകളെ കൊണ്ടുവരണമെന്നാണ് ഞാൻ പറയുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലക്ഷോപലക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പല മേഖലകളിലായി പ്രവർത്തിക്കുന്നു. അതിന്റെ കാര്യങ്ങളിലെല്ലാം നമ്മൾ ബദ്ധശ്രദ്ധരാണ്. നിയമസഭ വിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ വളരെ ശ്രദ്ധിക്കുന്നുണ്ട്. സ്കൂളിനുള്ളതുപോലെയോ അതിലേറെയോ പ്രാധാന്യം ഗ്രന്ഥശാലകൾക്കും കൊടുക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയത്തിന്റെ അതിപ്രസരം വായനശാലകളെയും ഗ്രന്ഥശാലകളെയും തകർക്കുന്നതിനും ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്. ഞാൻ ഏത് രാഷ്ട്രീയമെന്ന് പറയുന്നില്ല, ഇടതുപക്ഷമായാലും ഐക്യജനാധിപത്യമുന്നണിയായാലും ലൈബ്രറി കൗൺസിലിന്റെ ജില്ല, താലൂക്ക്, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, അതിന്റെ പ്രവർത്തനങ്ങളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടായിട്ടുണ്ട്. അത് നമ്മുടെ അറിവില്ലായ്മ കൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ രാഷ്ട്രീയം നോക്കേണ്ട കാര്യമില്ല. കാരണം വിജ്ഞാനമെന്നുപറയുന്നത് രാഷ്ട്രീയത്തേക്കാൾ എത്രയോ ഉയർന്നുനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംഗതിയാണ്. വായനകൊണ്ട് രക്ഷപ്പെടുകയല്ലാതെ, നന്നാവുകയല്ലാതെ ഒരു ദോഷവും ആർക്കും സംഭവിക്കാനില്ല. ജീവിതത്തിലെ സുപ്രധാനമായ അറിവുകൾ പങ്കുവയ്ക്കാൻ കിട്ടുന്ന സുവർണ്ണാവസരമാണ് വായനയെന്നു പറയുന്നത്. ആ വായനയ്ക്കുള്ള പ്രാധാന്യം നമുക്കൊരിക്കലും കളയാനാവില്ല. വിനോദത്തിനും കായിക കാര്യങ്ങൾക്കും മ്യൂസിയത്തിനും ഗവൺമെന്റിൽ പ്രത്യേകം വകുപ്പുകളുണ്ട്. മ്യൂസിയത്തിനേക്കാൾ പ്രധാനപ്പെട്ട ഒരു വകുപ്പല്ലേ ഗ്രന്ഥശാല. ഇതിനെ ഒരു പ്രത്യേക വകുപ്പാക്കി തീർക്കേണ്ടതല്ലേ, ഒരു രാജ്യത്തിന്റെ പുരോഗതിക്ക്, ഒരു ജനതയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായിട്ടുള്ള ഒന്നല്ലേ ഗ്രന്ഥശാലകൾ. നോവലുകളും ലേഖനങ്ങളും പ്രബന്ധങ്ങളും തത്ത്വചിന്തകളുമൊക്കെ മനുഷ്യ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നു. Gabriel Garcia Marquez-നോടുള്ള നമ്മുടെ ബഹുമാനം, അദ്ദേഹത്തിന്റെ "കോളറ കാലത്തെ പ്രണയം" , "ഏകാന്തതയുടെ നൂറ് വർഷങ്ങൾ" , ഉറുസുല എന്നുപറയുന്ന കഥാപാത്രം ആർക്കാണ് വിസ്മരിക്കാനാവുക. ആടുജീവിതവും, മഞ്ഞവെയിൽ മരണങ്ങളു മൊക്കെയാണ് ഇപ്പോൾ ആളുകൾ വായിക്കുന്നതെങ്കിലും പഴയ ക്ലാസിക്കുകൾ നമുക്ക് വിസ്മരിക്കാനാവുമോ? Milan_Kundera-യുടെ ഗ്രന്ഥങ്ങൾ, ജപ്പാനീസ് നൊബേൽ പ്രൈസ് ജേതാവായ Yasunari Kawabata-യുടെ ഗ്രന്ഥങ്ങൾ, അതിമനോഹരമായ ലോകത്തിന്റെ തന്നെ സമ്പത്തായിട്ടുള്ള എത്രയോ ക്ലാസിക്കുകളുണ്ട്. ഇതെല്ലാം കണ്ടെത്താൻ മനുഷ്യരെ സഹായിക്കുന്നത് ഗ്രന്ഥശാലകളാണ്. മുമ്പ് പ്രതിഫലത്തിനുവേണ്ടിയല്ല ഇതൊന്നും തുടങ്ങിയത്. നമ്മുടെ രാജ്യത്തെ അദ്ധ്യാപകരോടാണ് നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനം കടപ്പെട്ടിരിക്കുന്നത്. എല്ലാ അദ്ധ്യാപകരും എല്ലാ ഗ്രാമപ്രദേശങ്ങളിലും ഏതെങ്കിലുമൊരു വായനശാലയുടെ പ്രസിഡന്റായിരിക്കും, ഇല്ലെങ്കിൽ ഒരു ലൈബ്രേറിയനായിരിക്കും. സ്കൂൾ വിട്ടുവന്ന സമയത്താണ് അവർ ഇതൊക്കെ നടത്തിക്കൊണ്ടിരുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. അദ്ധ്യാപകരുടെ പങ്ക് ഇതിൽ വളരെ വലുതാണ്. അങ്ങനെയാണ് ഗ്രന്ഥശാലാ പ്രസ്ഥാനം വളർന്നുവന്നത്. ഞാനും ചെറിയ ഒരു ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ ജില്ലാപ്രസിഡന്റായിരുന്നു. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണനെപ്പോലുള്ളവർ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ നേതാക്ക ന്മാരായിരുന്നു. അദ്ദേഹം സ്വന്തമായി ഒരു ലൈബ്രറി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന ആളാണ്. അതുപോലെയുള്ള ആളുകൾ വേറെയുമുണ്ടാകും. എനിക്ക് പേരറിയാത്തതു കൊണ്ടാണ്. അല്പസ്വല്പം ഗ്രന്ഥശാലാ പ്രവർത്തനത്തിൽ ഏർപ്പെടാത്തവരായി ആരുമില്ല. നമ്മുടെ ഗ്രാമീണജീവിതത്തിന്റെ ചൈതന്യവും ഒരു ഗ്രാമത്തെ സമ്പന്നമാക്കുന്നതും ആ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ/സാംസ്കാരിക

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ/കായികകാര്യങ്ങൾക്ക വേണ്ടിയുള്ള ക്ലബ്ബുകൾ/കലാ-സാംസ്കാരിക പരിപാടികൾ ഇവയൊക്കെയാണ്. ലൈബ്രറി കൗൺസിലുകൾ ഏറ്റെടുത്ത് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുകയാണ്. മഹത്തായ ഗ്രന്ഥങ്ങളെല്ലാം ലോകത്തിന്റെ പൊതുസ്വത്താണ്, പൊതുസമ്പത്താണ്. അടുത്തകാലത്ത് ശ്രീമതി സുഷമാ സ്വരാജ് ഭഗവത്ഗീതയെ ദേശീയഗ്രന്ഥമാക്കി മാറ്റണമെന്ന ഒരു അഭിപ്രായം പറയുകയുണ്ടായി. അത് ദേശീയ ഗ്രന്ഥമാക്കണമെന്ന പറയുന്നത് വാസ്തവത്തിൽ ആ ഗ്രന്ഥത്തെ ചെറുതാക്കലാണ്. ഭഗവത്ഗീതയും ഖുറാനും ബൈബിളും മഹാഭാരതവും എല്ലാം തന്നെ ലോകത്തിന്റെ സമ്പത്താണ്. വിശ്വമാനവികതയുടെ പൈതൃകമാണ്. മാനവരാശിയുടെ പൊതുസ്വത്തായ ഭഗവത്ഗീത ഇന്ത്യയുടെ ദേശീയ ഗ്രന്ഥമാക്കിമാറ്റണമെന്നപറയുമ്പോൾ അതിനെ ചെറുതാക്കലാണ്, അത് ലോകത്തിന്റെ മുഴുവൻ സമ്പത്തായി മാറ്റിക്കൊടുക്കേണ്ട താണ്. ഓരോ ഗ്രന്ഥവും പൊതുസ്വത്താണ്, മാനവരാശിക്ക് ആകെയുള്ളതാണ്. അതിൽ നിന്നെല്ലാം പല കാര്യങ്ങളും മനസിലാക്കുവാനും മാർഗ്ഗദർശനം നേടുവാനുമുള്ള ബാദ്ധ്യത നമുക്കുണ്ട്. അത് വിസ്മരിക്കാൻ പാടില്ല.

5.00 PM]

ലൈബ്രറി കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ച് പറയുമ്പോൾ ലൈബ്രറി കൗൺസിലുകൾക്ക് ലഭിക്കുന്ന ഗ്രാന്റാണ് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു സംഗതി. കൃത്യമായി ഗ്രാന്റ് ലഭിക്കുന്നില്ല. ഇതുമൂലം ഗ്രന്ഥശാലകളിൽ പുസ്തകം വാങ്ങാൻ സാധിക്കുന്നില്ല. ഒരു ഗ്രന്ഥശാലയുടെ ഏറ്റവും വലിയ പ്രശ്നം, പുസ്തകം വാങ്ങിയാൽ അത് സൂക്ഷിക്കാൻ ഒരിടം ഉണ്ടാകുക എന്നുള്ളതാണ്. അത് അതിപ്രധാനമായിട്ടുള്ള ഒരു കാര്യമാണ്. പുസ്തകത്തേക്കാൾ എത്രയോ അധികം പണം ചെലവഴിച്ചാണ് ഒരു ഷെൽഫ് പണിയുക എന്നത്. ഒരു അലമാരി പണിത് അതിൽ പുസ്തകം വയ്ക്കുക, അത് കേടുവരാതെ സൂക്ഷിക്കുക എന്നുള്ളത് ഒരു വലിയ കാര്യമാണ്. ഗ്രന്ഥശാലകളിൽ ബുക്ക് ഷെൽഫുകൾ ഉണ്ടാവുക, ആവശ്യാനുസരണം പഴയതും പുതിയതുമായ പുസ്തകങ്ങൾ ഉണ്ടാവുക, ലൈബ്രേറിയനെ നിയമിക്കുമ്പോൾ ലൈബ്രേറിയന് വളരെ ചെറിയ സംഖ്യയാണ് ശമ്പളമായി കൊടുക്കുന്നത്. ലൈബ്രേറിയൻ നിയമനം പി.എസ്.സി.-ക്ക് വിടുകയാണെങ്കിൽ ലൈബ്രേറിയന് അതിനനുസരിച്ചുള്ള യോഗ്യതയുണ്ടാകണം. യോഗ്യരായിട്ടുള്ള ലൈബ്രേറിയൻമാർ വേണം. അതനുസരിച്ചുള്ള വേതനവും വർദ്ധിപ്പിച്ച് കൊടുക്കണം. 1200 രൂപയും 2000 രൂപയൊന്നുമല്ല. പതിനായിരം രൂപവരെയെങ്കിലും വേതനം കൊടുക്കാവുന്ന ഒരു പ്രവൃത്തിയാണ്. നല്ല ഒരു ലൈബ്രേറിയൻ, if he is qualified in all respects -

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള ഒരാളാണെങ്കിൽ ചുരുങ്ങിയത് ഒരു പതിനായിരം രൂപയെങ്കിലും സാലറി കൊടുക്കാവുന്ന, അതിലേറെ സാലറി കിട്ടുന്ന ലൈബ്രേറിയന്മാരുണ്ട്. പി.എസ്.സി. വഴിയാകുമ്പോൾ സേവന-വേതന വ്യവസ്ഥകൾ വരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എന്തായാലും യോഗ്യത വേണം, അതനുസരിച്ചുള്ള സാലറിയും വേണം. ഗ്രാന്റ് കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരുപാട് പണം നീക്കിവയ്ക്കുന്നുണ്ട്. പക്ഷേ അതൊന്നും മതിയാകുകയില്ല. ഗ്രാന്റ് വർദ്ധിപ്പിക്കണം. അതുപോലെ പുസ്തകമേളകൾ സംഘടിപ്പിക്കാറുണ്ട്. നല്ല പുസ്തകമേളകൾ എല്ലാ ഗ്രാമങ്ങളിലും നടക്കട്ടെ. വായനയോടുള്ള ആഭിമുഖ്യം മനുഷ്യർക്ക് വളരട്ടെ. കുടുംബശ്രീ പോലെ 'വായനശ്രീ' എന്നൊരു പ്രസ്ഥാനം ആരംഭിക്കണമെന്ന് ഞാൻ പറയുകയാണ്. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും എല്ലാ ആളുകളെയും വായിക്കാനും അറിയാനും പ്രേരിപ്പിക്കുന്ന ഒരു മഹാപ്രസ്ഥാനം സർക്കാരിന് ആരംഭിക്കാവുന്നതാണ്. പബ്ലിക് ലൈബ്രറി അല്ലെങ്കിൽ ലൈബ്രറി കൗൺസിൽ എന്നതിന് നിയമമുണ്ടായി സർക്കാരിന്റെ കയ്യിൽ അതിന്റെ നിയന്ത്രണം വരുമ്പോൾ അതൊരു സർക്കാർ ഓഫീസായി മാറരുതെന്നൊരു താക്കീതുകൂടി നൽകാൻ എനിക്കാഗ്രഹമുണ്ട്. ഗ്രന്ഥശാല ഒരു ജനകീയപ്രസ്ഥാനമായാണ് നിലനിൽക്കേണ്ടത്. ജനങ്ങൾക്ക് എല്ലാവർക്കും accessibility വേണം. ഒരു പ്രത്യേക രാഷ്ട്രീയപാർട്ടി തെരഞ്ഞെടുപ്പിലൂടെ ജയിക്കുന്നവർ ആരായാലും അതൊരു പാർട്ടി ഓഫീസായി മാറ്റാൻ പാടില്ല. ചില സ്ഥലത്തെ ഗ്രന്ഥശാലകൾ കണ്ടാൽ മറ്റുപാർട്ടികളിൽപ്പെട്ടവർക്ക് കയറിപ്പോകാൻ തോന്നില്ല. അവിടെ നല്ല ചുവന്ന പെയിന്റാണ് അടിച്ചിരിക്കുന്നത്. ഞങ്ങളുടെ നാട്ടിലാണെങ്കിൽ പച്ച പെയിന്റും വേറെ ചില സ്ഥലങ്ങളിൽ ത്രിവർണ്ണ നിറമുള്ള പെയിന്റുമാണ് കാണുന്നത്. അങ്ങനെ ഗ്രന്ഥശാല പാർട്ടിക്കാരുടെ കയ്യിലാകുന്ന അവസ്ഥയിൽ നിന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും മോചനം നേടണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, കേരള നിയമസഭ 1957-ൽ ആരംഭിച്ചതാണ്. അന്നുതൊട്ട് ഇന്നുവരെ എം.എൽ.എ.മാർക്ക് പുസ്തകം വാങ്ങാൻ ഒരു കാലത്തും പണം നൽകിയിരുന്നില്ല. നല്ലൊരു പരന്ന വായനയുടെ ഉടമസ്ഥനായ നമ്മുടെ പ്രിയങ്കരനായ സ്പീക്കർ എം.എൽ.എ.മാർക്കെല്ലാം ഓരോ വർഷവും 15,000 രൂപ തന്നു. അനാരോഗ്യം മൂലം ഈ ചർച്ച നടക്കുമ്പോൾ അദ്ദേഹത്തിന് ഇവിടെ സാന്നിദ്ധ്യം പ്രകടിപ്പിക്കാൻ സാധിച്ചില്ല. പക്ഷേ അത് ഈ നിയമസഭയുടെ ചരിത്രത്തിൽ ഒരു വലിയ സംഭവമായി നമ്മൾ കാണണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട മെമ്പർ സി.പി. മുഹമ്മദ് പറഞ്ഞ കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്. അദ്ദേഹം ഇക്കാര്യം എന്നെ ഓർമ്മിപ്പിച്ചതിൽ ഞാൻ നന്ദിപറയുകയാണ്. ബഹുമാനപ്പെട്ട നമ്മുടെ സ്പീക്കർ 15,000 രൂപ പുസ്തകം വാങ്ങുവാൻ അനുവദിച്ചുവെന്നുപറഞ്ഞാൽ അത് ഈ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമാണ്. ഞാൻ പണ്ട് കമ്മ്യൂണിസ്റ്റായതിനെക്കുറിച്ച് പലവിധത്തിലുള്ള അഭിപ്രായം പലരും പ്രകടിപ്പിക്കാറുണ്ട്. ഞാൻ അത് പറയുകയല്ല. പക്ഷേ ഞാൻ എപ്പോഴും ആലോചിച്ചിട്ടുണ്ട്: How I became a communist? ഞാൻ കക്ഷിരാഷ്ട്രീയമല്ല പറയുന്നത്. അതെന്താണെന്നുവച്ചാൽ കലാ-സാംസ്കാരിക രംഗത്തും വായനയിലുമുള്ള എന്റെ താൽപ്പര്യം കൊണ്ടും ആകാശവാണിയിൽ 'വസന്തോൽസവം' എന്ന ഒരു കാവ്യ സമാഹാരം ഒരു ബാലകലാസമിതി അവതരിപ്പിച്ചപ്പോൾ അതിൽ ചെറിയ ഒരു കവിതയുടെ വരികളുണ്ടായിരുന്നു.

"നാലും കൂട്ടി മുറുക്കിത്തുപ്പിയ നിറമാണല്ലേ കണ്ടാൽ
ദേവന് പൂജയ്ക്കായി പലരും കൂടയിലാക്കിയെടുക്കും." -

എന്ന് മുക്കുറ്റിയായി ബാലലോകം പരിപാടി അവതരിപ്പിച്ചപ്പോൾ ഒരു സംഭവമുണ്ടായിരുന്നു. ആരാണ് ഈ വസന്തോൽസവം എഴുതിയതെന്ന് ഞാൻ അന്വേഷിച്ചു. അത് അന്വേഷിക്കാൻ കാരണം ഈ കവിതയോടുള്ള എന്റെ ഇഷ്ടം കൊണ്ടാണ്. അത് അന്വേഷിച്ച് ഞാൻ ചെന്നെത്തിയപ്പോൾ അത് എഴുതിയത് ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു. അദ്ദേഹത്തെ പരിചയപ്പെട്ടതു മുതൽ അദ്ദേഹത്തിന്റെ ഒരു സ്വാധീനത്തിൽ അകപ്പെട്ടിട്ടാണ് ഞാൻ അറിഞ്ഞോ അറിയാതെയോ ഒരു കമ്മ്യൂണിസ്റ്റുകാരനായി മാറിയത്. എന്റെ ജീവിതത്തിന്റെ ഗതി മാറ്റുന്നതിലും എന്നെ ഒരു രാഷ്ട്രീയ പ്രവർത്തനകനാക്കി മാറ്റുന്നതിലും 'വസന്തോൽസവം' എന്ന കാവ്യസമാഹാരത്തിന് ഒരു പങ്കുണ്ടായിരുന്നു. അതുപോലെ ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ആദ്യമായി എന്നെ വായിക്കാൻ പ്രേരിപ്പിച്ച അദ്ധ്യാപകനെ എനിക്കൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. രാമവാര്യർ എന്ന ഒരദ്ധ്യാപകനായിരുന്നു. അദ്ദേഹം ആദ്യമായി എനിക്ക് വായിക്കാൻ തന്ന പുസ്തകം ചങ്ങമ്പുഴയുടെ 'രമണൻ' എന്ന കവിതയായിരുന്നു. ആ രമണൻ വായിച്ചു. പിന്നീട് ഓരോ പുസ്തകവും മാറിമാറിത്തന്ന് വായിക്കാൻ പ്രേരിപ്പിച്ചതോടുകൂടിയാണ് വായനയിൽ ചെറിയൊരു താൽപ്പര്യം എനിക്കുണ്ടായത്. അതുപോലുള്ള അനുഭവങ്ങൾ എല്ലാവരുടെയും ജീവിതത്തിലുമുണ്ടാകുമെന്നാണ് ഞാൻ പറയുന്നത്. വായന അത്ര സുപ്രധാനമായിട്ടുള്ള.....ശിവൻകുട്ടി സംസാരിക്കട്ടെ..ഞാൻ നീതി ചെയ്യണമല്ലോ;

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് നീതിമാനാണെന്ന് എനിക്കറിയാം. സത്യം സഭയിൽ പറഞ്ഞാൽ അങ്ങ് ഏറ്റവും കൂടുതൽ വായിച്ചിട്ടുള്ളത് കമ്മ്യൂണിസ്റ്റുകാരനായിരുന്ന അവസരത്തിലാണ്. അല്ല എന്ന് അങ്ങേയ്ക്ക് നിഷേധിക്കാൻ പറ്റില്ല. അങ്ങ് ഒരുപാട് വായിച്ചിട്ടുണ്ട്. രണ്ടാമതായി രാഷ്ട്രീയം പാടില്ലെന്ന് അങ്ങ് പറഞ്ഞല്ലോ; ഞാൻ അതിനോട് യോജിക്കുകയാണ്. സത്യസന്ധമായി ചിന്തിച്ചാൽ ഒരു ഗ്രന്ഥശാല ഉണ്ടാക്കുന്നതിന് പുറകിൽ വലിയൊരു പരിശ്രമം നടത്തണമെന്ന് അങ്ങേയ്ക്കറിയാമല്ലോ; വലിയൊരു പരിശ്രമം നടത്തിയാൽ മാത്രമേ ഗ്രന്ഥശാല തുടങ്ങാൻ സാധിക്കുകയുള്ളൂ. പുരോഗമന ജനാധിപത്യ ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഉണ്ടാക്കിയ ഗ്രന്ഥശാലകളാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഗ്രന്ഥശാലകൾ എന്നുള്ള സത്യം അങ്ങ് അംഗീകരിക്കുന്നുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, അങ്ങ് 'വസന്തോൽസവം' എന്ന കവിത വായിച്ചാണ് കമ്മ്യൂണിസ്റ്റായത് എന്നുപറഞ്ഞു. എന്റെ നാട്ടുകാരനായിരുന്ന പൊൻകുന്നം ദാമോദരന്റെ 'പച്ചപ്പനംതത്ത' എന്നുള്ള കവിത വായിച്ചാണോ അങ്ങ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽ ചേർന്നത് എന്നുള്ള ഒരു സംശയമാണ് ഞാൻ ചോദിക്കാൻ വന്നത്?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ കാര്യം ഞാൻ ആദ്യം പറയാം. ഒരാൾ കൂടുതൽ വായിച്ചതുകൊണ്ട് കമ്മ്യൂണിസ്റ്റാകണമെന്നില്ല, പാർട്ടിക്കാരനാകണമെന്നില്ല. അധികം വായിക്കുന്ന ആൾ ഒരു പാർട്ടിയിലും ഇല്ലാതെ പുറത്തുപോകാനാണ് സാദ്ധ്യതയെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. വായനയുടെ കുറവുകൊണ്ട് രാഷ്ട്രീയപാർട്ടികളിൽ തങ്ങിനിൽക്കുന്ന ആളുകളുമുണ്ട്. വായന അധികമായതുകൊണ്ട് രാഷ്ട്രീയംതന്നെ ഉപേക്ഷിച്ച് പോയവരുമുണ്ട്. അല്ലെങ്കിൽ ഒരു പ്രത്യേക പാർട്ടിക്കാരനായിരിക്കെ കൂടുതൽ വായിച്ചാൽ പാർട്ടിയോട് ആഭിമുഖ്യമില്ലാതെ മാറിപ്പോകും. ശ്രീ. വി. ശിവൻകുട്ടിക്ക് അത് അദ്ദേഹത്തിന്റെ ഒരു കുടുംബപ്രശ്നം തന്നെയായതുകൊണ്ട് ഞാൻ പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. അതുപോലെ എം. എൻ. വിജയന്റെ കാര്യമുണ്ട്. അത് കൂടുതൽ വായിച്ചതു കൊണ്ടാണ്. അച്ചുതമേനോന്റെ കാര്യവുമുണ്ട്. അത് വലിയ വിഷയമായി നടക്കുകയായിരുന്നല്ലോ. വായിച്ച എല്ലാവരും വായനകൊണ്ട് അവിടെത്തന്നെ നിന്നുകൊള്ളണമെന്നില്ല. ആ വായന ഏതുവിധത്തിൽ അയാളെ സ്വാധീനിക്കുന്നുവെന്ന് അനുസരിച്ചിരിക്കും. ഡോ. എൻ. ജയരാജ് പറഞ്ഞതിനെക്കുറിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ 'വസന്തോൽസവം' വായിച്ച് കമ്മ്യൂണിസ്റ്റായതല്ല. അത് കേട്ടത് മനസ്സിലാകാത്തതുകൊണ്ടാണ്. 'വസന്തോൽസവം' വായിച്ചപ്പോൾ അതിന്റെ രചയിതാവിനെ അന്വേഷിച്ച് ചെന്നപ്പോൾ അദ്ദേഹം കമ്മ്യൂണിസ്റ്റായതുകൊണ്ട് അദ്ദേഹത്തിന്റെ സ്വാധീനത്തിൽപ്പെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. വസന്തോൽസവത്തിൽ വേറൊന്നുമുണ്ടായിരുന്നില്ല. അതുപോലെ പൊൻകുന്നം ദാമോദരന്റെ പച്ചപ്പനംതത്തയ്ക്ക് it has nothing to do with green. പച്ചയോട് യാതൊരു ബന്ധവും അതിനില്ല. മനുഷ്യനെ സംബന്ധിച്ച് വായന എന്നുപറയുന്നത് അത് ജന്മസിദ്ധമായ instinct തന്നെയാണ്. വായിക്കാനുള്ള ധാരാളം അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വായിക്കാൻ പ്രേരിപ്പിക്കുകയുമാണ്. ഓരോരുത്തരുടെ ഇന്ററസ്റ്റ് എന്താണ്, താൽപ്പര്യമെന്താണ് എന്നത് നമ്മൾ മനസ്സിലാക്കണം. കുട്ടികളെ വായനശാലകളിലേയ്ക്കും ഗ്രന്ഥശാലകളിലേയ്ക്കും ബുക്ക്സ്റ്റാളുകളിലേയ്ക്കും കൊണ്ടുപോകണം. ടൂറിംഗ് ബുക്ക്സ്റ്റാൾ എന്നുപറയുന്ന ഒരു ബുക്ക്സ്റ്റാൾ ഉണ്ട്. അതിന്റെ ഉടമസ്ഥനായ ബാലകൃഷ്ണമാരാർ സൈക്കിളിൽ പുസ്തകങ്ങൾ വിറ്റുനടന്നിരുന്ന ഒരാളാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. അതാണ് ടൂറിംഗ് ബുക്ക്സ്റ്റാൾ എന്നുതന്നെ പേരിട്ടത്. ഇന്ന് അദ്ദേഹം വലിയ പുസ്തക പ്രസിദ്ധീകരണശാലയുടെ ഉടമസ്ഥനായിത്തീർന്നു. പുസ്തകപ്രസിദ്ധീകരണം അല്ലെങ്കിൽ പ്രസാധക പ്രവൃത്തി നടത്താൻ ലൈബ്രറി കൗൺസിലിന് സാധിക്കും. പ്രസാധനം ലൈബ്രറി കൗൺസിലിന് നിർവ്വഹിക്കാൻ സാധിക്കുന്ന, അതിന്റെ നേതൃത്വത്തിൽ ചെയ്യാൻ സാധിക്കുന്ന ഒരു കാര്യമാണ്. നല്ല ഒന്നാന്തരം പുസ്തക പ്രദർശനങ്ങൾ എല്ലാ ഗ്രാമപ്രദേശങ്ങളിലും ചെറിയ തോതിലെങ്കിലും സംഘടിപ്പിക്കാൻ ലൈബ്രറി കൗൺസിലിന് സാധിക്കും. അതുപോലെ എല്ലാവർക്കും ആക്സസബിളായിട്ടുള്ള രീതിയിൽ വളരെ മനോഹരമായ ലൈബ്രറികൾ എല്ലാ ഗ്രാമങ്ങളിലും വന്നാൽ കേരളത്തിൽ അത് വലിയ മാറ്റം ഉണ്ടാക്കുന്ന സംഭവമായിത്തീരും. ഇവിടെ സംസാരിച്ച പലരും പറഞ്ഞത് ഗവൺമെന്റ് ഗ്രാന്റും കൊടുക്കുന്നില്ല, ഇതിനെ കൊല്ലുകയാണ്, നശിപ്പിക്കുകയാണ്. ഇതിനെ ആരും ജനിപ്പിച്ചതല്ല. ആരുടെയും പണം പ്രതീക്ഷിച്ചോ, ഒരു ഗ്രാന്റും പ്രതീക്ഷിച്ചോ ഉണ്ടായതല്ല. സ്വയംഭൂവായിട്ട് ഒരു സന്ദർഭത്തിൽ അത്യാവശ്യമായിരുന്ന ഒരു സംഗതിയായതുകൊണ്ട് ഇത് വളർന്നുവന്ന മഹത്തായ പ്രസ്ഥാനമാണ്. ആ നിലയ്ക്ക് ഗ്രന്ഥശാലാപ്രസ്ഥാനം കേരളീയന്റെ സാമൂഹ്യ ജീവിതത്തിൽ .......

<u>ശ്രീ. എ. കെ. ബാലൻ:</u> ബഹുമാനപ്പെട്ട മെമ്പർ ചെറുപ്പത്തിൽത്തന്നെ വളരെ വായനാശീലമുള്ള ആളാണ്. അതിന്റെ ഭാഗമായി നല്ലൊരു കമ്മ്യൂണിസ്റ്റുമായി. പിന്നീട് വന്ന മാറ്റത്തിന് സഹായിച്ച വായന എന്തൊക്കെയായിരുന്നു?

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ഈ വൈകിയ വേളയിൽ ശ്രീ. എ. കെ. ബാലന്റെ ചോദ്യം സഹായകരമല്ല. സാധാരണയുള്ള ബില്ല് ചർച്ചയാണെങ്കിൽ ചോദിക്കാമായിരുന്നു. മിലോവാൻ ഡിലാസിനോട് ചോദിക്കാവുന്ന ഒരു ചോദ്യമാണ് എന്നോട് ചോദിച്ചത്. അദ്ദേഹം പുത്തൻവർഗ്ഗം (New Class) എന്നൊരു ബുക്ക് എഴുതിയിട്ടുണ്ട്. അദ്ദേഹം കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. ആ കമ്മ്യൂണിസ്റ്റ് നേതാവിനെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുതന്നെ ജയിലിൽ അടച്ചപ്പോൾ ടോയ്‌ലെറ്റ് പേപ്പറിൽ എഴുതി ഉണ്ടാക്കിയ ഗ്രന്ഥമാണത്. ഓരോരുത്തർക്കും വായനയുടെ ഫലമായി അറിവുണ്ടായി...... എനിക്ക് തോന്നുന്നു, ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുതന്നെ ക്ഷീണം സംഭവിച്ചത്, അറിവും വിജ്ഞാനവും വർദ്ധിച്ചതുകൊണ്ടാണെന്നാണ്. അല്ലാതെ കുറഞ്ഞതുകൊണ്ടല്ല. ലോകത്ത് വെളിച്ചം/മാറ്റം ഉണ്ടാകുമ്പോൾ, മനുഷ്യർ കൂടുതൽ വായിക്കുമ്പോൾ, കൂടുതൽ അറിയുമ്പോൾ, ലോകത്തിനെക്കുറിച്ചാകെ മനസ്സിലാകുമ്പോൾ പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലൊന്നും നിൽക്കാൻ കഴിയില്ല. അതാണ് അവസ്ഥ. അറിവും തിരിച്ചറിവും രണ്ടാണ്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമോ സാമൂഹിക വികാസ നിയമങ്ങളോ...... കാറൽ മാർക്സിന്റെ ഡയലക്റ്റിക്കൽ മെറ്റീരിയലിസത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമം സാമൂഹിക വികാസ നിയമമാണ്. സാമൂഹിക വികാസ നിയമത്തിൽ വിപരീതങ്ങളുടെ ഐക്യത്തിന്റെയും സമരത്തിന്റെയും നിയമമുണ്ട്. സമൂഹത്തിലും പദാർത്ഥങ്ങളിലും ക്രമാനുഗതമായി ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു പ്രത്യേക ഘട്ടത്തിൽ ഗുണകരമായി ഭവിക്കുന്നുവെന്ന നിയമമുണ്ട്. നിഷേധത്തിന്റെ നിഷേധ നിയമമുണ്ട്. സാമൂഹ്യ പരിവർത്തനം ഉണ്ടായി എന്ന് മാർക്സിസം പറയുന്നത്, ആദ്യം പ്രാകൃത കമ്മ്യൂണിസം, അതുകഴിഞ്ഞ് അടിമ-ഉടമ സമ്പ്രദായം, പിന്നെ നാടുവാഴിത്തം, പിന്നെ മുതലാളിത്തം പിന്നീട് അനിവാര്യമായ സോഷ്യലിസം വന്നു. സോഷ്യലിസത്തിൽ വന്നാൽ അങ്ങനെ നിൽക്കാൻ പറ്റുമോ; മാറ്റമില്ലാത്തത് ഒന്നുമാത്രമേ ഉള്ളുവെങ്കിൽ സോഷ്യലിസം തന്നെ മാറില്ലേ; അല്ലെങ്കിൽ ഒരുപാട് ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കും. അതിൽതന്നെ നിൽക്കാൻ കഴിയില്ല. 175 വർഷങ്ങൾക്കുമുമ്പ് അന്നത്തെ ഭൗതിക സാഹചര്യത്തിനനുസരിച്ച് കാറൽ മാർക്സ് എഴുതിയ സംഗതിയാണ്. അതിന് സ്വാഭാവികമായുള്ള കാലഹരണം വരും. ഒരാൾ കമ്മ്യൂണിസ്റ്റുകാരനായി യാതൊരു മാറ്റവുമില്ലാതെ എതൊരുകാലത്തും നിൽക്കുമെന്നുകരുതുന്നതുതന്നെ



LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് വിരുദ്ധ കാഴ്ചപ്പാടാണ്. ഒരാളെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിൽക്കുമെന്നുവിചാരിക്കുന്നതുതന്നെ മാർക്സിസത്തിന് എതിരാണ്. അയാൾ ഇടയ്ക്ക് പോകാൻ സാദ്ധ്യതയുണ്ടെന്ന കരുതലാണ് യഥാർത്ഥ മാർക്സിസം. മാർക്സിസത്തെക്കുറിച്ചാണ് ഇപ്പോൾ സംസാരിക്കുന്നത്. മാർക്സിസമാണ് പറയേണ്ടതെങ്കിൽ മാർക്സിസം പറയാം. അങ്ങനെ ഒരുപാട് സംഗതികളുണ്ട്. നിഷേധത്തിന്റെ നിഷേധ നിയമമുണ്ട്, നെഗേഷൻ ഓഫ് നെഗേഷൻ, വിത്ത് പോയി ചെടിയായി, ചെടി പോയി വിത്തായി. ഇതൊന്നും ശ്രീ. എ. കെ. ശശീന്ദ്രന് അറിയില്ല, എൻ.സി.പി.യിൽ ഇതൊന്നുമില്ല. നിഷേധത്തിന്റെ നിഷേധം അനുസരിച്ച് നെല്ല് പോയി വിത്ത് വന്നു, വിത്ത് പോയി നെല്ല് വരികയാണെങ്കിൽ സോഷ്യലിസം പോയാൽ മുതലാളിത്തം, മുതലാളിത്തം പോയാൽ സോഷ്യലിസം അങ്ങനെ വരണ്ടേ, ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്; ഈ ലോകത്ത് ഇന്നേവരെ ഏത് കാലത്തും കമ്മ്യൂണിസ്റ്റ് പാർട്ടി പാസ്സാക്കിയിരുന്ന പ്രമേയം, മുതലാളിത്തം തകർന്നുകൊണ്ടിരിക്കുന്നു, ലോകത്ത് മാറ്റം വന്നുകൊണ്ടിരിക്കുന്നു, സോഷ്യലിസം ഉണ്ടാകാൻ പോകുന്നു, സോഷ്യലിസം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു ഇങ്ങനെയുള്ള പ്രമേയമാണ് പാസ്സാക്കിയിരുന്നത്. അവസാനം മുതലാളിത്തം ശക്തിപ്പെട്ട് അത് സാമ്രാജ്യത്വമായി അതിന്റെ വിശ്വരൂപം കാണിക്കുന്ന സമയമായപ്പോൾ, ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്; കാറൽ മാർക്സ് പറഞ്ഞതുപോലെയാണോ; കാറൽ മാർക്സ് പറഞ്ഞതുപോലെയാണെങ്കിൽ ബ്രിട്ടനിൽ അല്ലേ വിപ്ലവം നടക്കേണ്ടത്; 400 കൊല്ലത്തെ മൂത്ത മുതലാളിത്തം ഉണ്ടായിരുന്നില്ലേ ബ്രിട്ടനിൽ; എന്നിട്ട് അവിടെ വിപ്ലവം നടന്നില്ലല്ലോ; മാർക്സ് പറയാത്ത സ്ഥലത്താണല്ലോ വിപ്ലവം നടന്നത്; ഇങ്ങനെ ഒരുപാട് സംഗതികളുണ്ട്. നിങ്ങൾ എന്നെ ആ വിഷയത്തിലേയ്ക്ക് കൊണ്ടുപോകുന്നതുകൊണ്ട് പറയുകയാണ്. ഞാൻ ഇതൊന്നും പറയാൻ വിചാരിച്ചതല്ല. ഞാൻ ഗ്രന്ഥശാലകളിലൂടെ സഞ്ചരിക്കുകയായിരുന്നു.

ശ്രീ. സി. പി. മുഹമ്മദ്: ഏലംകുളം മനയ്ക്കലെ നാലുകെട്ടിന്റെ നടുമുറ്റത്ത് വേദമന്ത്ര ഇതിഹാസങ്ങൾ കേട്ടുവളർന്ന് ഭാരതീയ തർക്ക ശാസ്ത്രത്തിൽ അവഗാഹം നേടിയ ഇ.എം.എസ്സും, അതുപോലെ ഭാരതീയ വേദാന്തം കൊല്ലങ്ങളോളം പഠിച്ച വെളിയം ഭാർഗ്ഗവനും കമ്മ്യൂണിസത്തിലാണ് എത്തിയത്. വേദ ഇതിഹാസങ്ങളും ഉപനിഷത്തുകളും പഠിച്ച ഭാരതീയ സന്യാസിവര്യന്മാരിൽ ഏറ്റവും പ്രശസ്തനായ ചാർവാകൻ നാസ്തികനായാണ് വളർന്നത്. അതുകൊണ്ട് കമ്മ്യൂണിസ്റ്റായ അങ്ങ് പിന്നീട് അതിൽ നിന്ന് പോന്നതിൽ ഒരു അത്ഭുതവുമില്ല. അത് ശരിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: ഇങ്ങനെയും കാര്യങ്ങൾ സമർത്ഥമായി അവതരിപ്പിക്കുന്നതിൽ ബഹുമാനമുള്ളതുകൊണ്ട് ചോദിക്കുകയാണ്, നമ്മുടെ നാട്ടിലുള്ള പല മതവിശ്വാസികളും ഹിന്ദുക്കളുടേതായാലും മുസ്ലീങ്ങളുടേതായാലും ക്രിസ്ത്യാനികളുടേതായാലും, ഇതൊക്കെ ഒരു മനുഷ്യന്റെ ചിന്തയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. വർഷങ്ങൾ കഴിഞ്ഞശേഷം താങ്കൾക്ക് ഇതിന്റെ ചർച്ചകളെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ, 25 മിനിട്ട് കഴിഞ്ഞു.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ വേഗം നിർത്താം. എന്നെ പ്രകോപിപ്പിച്ചതുകൊണ്ടാണ്. അല്ലെങ്കിൽ ഞാൻ വേഗം നിർത്തിയേനെ. വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും ഏറ്റവും വലിയ മഹത്വം ഇതാണ്. ഒരു ഗ്രാമീണ വായനശാലയിൽ ഖുറാനും ഖുറാന്റെ പരിഭാഷയും ബൈബിളും ഭഗവദ്ഗീതയും രാമായണവും തുടങ്ങിയ എല്ലാ മഹത്തായ ഗ്രന്ഥങ്ങളും വേണം. അതൊക്കെ എല്ലാവരും വായിക്കണം. അത് വായനശാലയിൽ ചർച്ച ചെയ്യണം. ഖുറാൻ പറഞ്ഞതെന്താണ്, ബൈബിൾ പറഞ്ഞതെന്താണ്, ഇതെല്ലാം ഒന്നുതന്നെയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു ചോദിച്ചതുകൊണ്ട് പറയുകയാണ്. എല്ലാം ഒന്നുതന്നെയാണെന്ന് കാണാൻ പ്രയാസമില്ല. ദൈവം വെളിച്ചം ആകുന്നു, അവനിൽ ഇരുട്ട് ഒട്ടുമില്ല, ബൈബിളിൽ പറഞ്ഞതാണ്. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു, എന്നെ അനുഗമിക്കുന്ന ആരും അന്ധതമസ്സിൽ അകപ്പെടുകയില്ല എന്ന് യേശു, ഈസ നബി (അ) പറഞ്ഞു, ഖുറാനിൽ അള്ളാഹു, നൂറുസ്സമാവാത്തി വൽ അർള്, അള്ളാഹു ഭൂമിയുടേയും വാനലോകങ്ങളുടേയും പ്രകാശമാകുന്നുവെന്ന് ഖുറാനിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ ഞാൻ എപ്പോഴും പറയാറുണ്ട്, ദൈവം സത്ഗുണ സമ്പൂർണ്ണനായിട്ടുള്ള പിതാവാണെന്ന് യേശു പറഞ്ഞിട്ടുണ്ട്. സത്ഗുണ സമ്പൂർണ്ണതയാണ് ദൈവത്തിന്റെ മഹത്വം.

ഓം പൂർണ്ണമദ: പൂർണ്ണമിദം

പൂർണ്ണാത് പൂർണ്ണമുദച്യതേ

പൂർണ്ണസ്യ പൂർണ്ണമാദായ

പൂർണ്ണമേവാവശിഷ്യതേ.

പൂർണ്ണത്തോട് പൂർണ്ണം ചേർത്താലും പൂർണ്ണത്തിൽനിന്ന് പൂർണ്ണം എടുത്താലും പൂർണ്ണം അവശേഷിക്കുന്നുവെന്ന് കാണാൻ സാധിക്കും. എല്ലാ സംഗതികളും, എല്ലാ വിശ്വാസപ്രമാണങ്ങളും, എല്ലാ ദൈവീക വചനങ്ങളും, എല്ലാ മതഗ്രന്ഥങ്ങളും അനുശാസിക്കുന്നത് ഒരുപോലുള്ള കാര്യങ്ങളാണ്, യാതൊരു സംശയവുമില്ല. പക്ഷെ നമ്മുടെ രാജ്യത്ത് ഈ വർഗ്ഗീയത വരുന്നത് പ്രധാനമായും രാഷ്ട്രീയ കാരണങ്ങളാലാണ്. ശ്രീമതി സുഷമാ സ്വരാജ് ഭഗവദ്ഗീത ദേശീയ ഗ്രന്ഥമാക്കണ മെന്നുപറഞ്ഞത് ഭഗവദ്ഗീതയോടുള്ള ബഹുമാനം കൊണ്ടല്ല, ബി.ജെ.പി.യുടെ നിലനിൽപ്പിനുവേണ്ടിയാണ്. ശ്രീ. നരേന്ദ്ര മോഡി ഗുജറാത്തിൽ അക്രമം കാണിച്ചത്, ആ പാർട്ടി എങ്ങനെയെങ്കിലും അധികാരത്തിൽ വരട്ടേയെന്ന് വിചാരിച്ചാണ്. ബാബ്റി മസ്ജിദ് പൊളിക്കുന്നതിന് ചില ആളുകൾ ശ്രമിച്ചത്, ഇൻഡ്യയിൽ അധികാരം പിടിക്കാൻ വേണ്ടിയാണ്. ശരിയായ ഹൈന്ദവരും മുസ്ലീങ്ങളും ക്രൈസ്തവരും തമ്മിൽ യാതൊരു വഴക്കും ഉണ്ടാകില്ല. ശരിയായ രീതിയിൽ മതവിശ്വാസത്തെ എടുക്കാത്തതുകൊണ്ടാണ്. ഞാൻ ഈ ഭേദഗതിയെ അനുകൂലി ക്കുകയാണ്.

ശ്രീ. സാജു പോൾ: ബഹുമാന്യനായ ശ്രീ. കെ. എൻ. എ. ഖാദർ വളരെ പ്രൗഢഗംഭീരമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം അക്ഷരത്തെ ക്കുറിച്ചും, വെളിച്ചത്തെക്കുറിച്ചുമൊക്കെ പറഞ്ഞപ്പോൾ വളരെ താൽപ്പര്യം തോന്നി. ഒരു നല്ല വായനക്കാരൻ ആയിരം ജന്മങ്ങളിലൂടെ കടന്നുപോകുന്നുവെന്നാണ്. വായിക്കാത്തവന് ഒരു ജന്മവും, ജനിച്ചു, ജീവിച്ചു, മരിച്ചു. കഴിഞ്ഞ ജൂൺ 19-ാം തീയതിയിലെ വായനാദിനത്തിലെ സന്ദേശം കൂടിയായിരുന്നു ഇത്. ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദറിനോട് എനിക്ക് ചോദിക്കാനുള്ളത്, അദ്ദേഹം അറിവിനെ ക്കുറിച്ചും വെളിച്ചത്തെക്കുറിച്ചുമൊക്കെ വളരെ ഗംഭീരമായി ഇവിടെ സംസാരിച്ചു. അങ്ങനെയാണെങ്കിൽ ആ വെളിച്ചത്തിന്റെ ഏറ്റവും മഹത്വമായ, ഭാരതീയ രൂപമായ നിലവിളക്ക് കൊളുത്തുന്നതിൽനിന്ന് നിങ്ങളെപ്പോലുള്ള ആളുകൾ മാറി നിൽക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അങ്ങനെയുള്ളൊരു ചർച്ചയാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടതെന്ന് എനിക്ക് അറിയില്ല. അവനവന്റെ പാർട്ടികളുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും എത്ര വലിയവനായാലും അനുസരിക്കുമെന്നത് വേറെകാര്യം. അങ്ങനെയൊരു വിഷയം ചർച്ച ചെയ്യേണ്ടുന്നൊരു വേദിയല്ല ഇത്. ആയിരം ജൻമങ്ങളെന്നൊക്കെ പറയുമ്പോൾ.... ജനനവും മരണവും ഇല്ലെന്നാണ് ഞാൻ കരുതുന്നത്. നമ്മൾ ജനിച്ചിട്ടുമില്ല മരിക്കുന്നുമില്ലെന്ന് വേണമെങ്കിൽ പറയാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴാണ് നമ്മൾ ജനിച്ചത്, എപ്പോഴാണ് നമ്മൾ മരിച്ചത്, ഞാൻ ജനിക്കുന്നതിനുമുൻപ് ഞാൻ എന്റെ മാതാപിതാക്കളിൽ ഉണ്ടായിരുന്നു. അവർ അവരുടെ മാതാപിതാക്കളിൽ ഉണ്ടായിരുന്നു. ഈ പ്രപഞ്ചം ഉണ്ടായതാണെങ്കിൽ ഉണ്ടായ കാലംതൊട്ട് നമ്മളൊക്കെയുണ്ട്. ഇത് അവസാനിക്കുമെങ്കിൽ അവസാനിക്കുന്നതുവരെ ഉണ്ടാകും. അങ്ങനെ പറയുമ്പോൾ നിരന്തരമായി നമ്മൾ ഈ മഹാപ്രപഞ്ചത്തിന്റെ ഭാഗമായിട്ട് അനുസ്യൂതമായി തുടരുകയാണ്. അതിനിടയിൽ നമ്മൾ മരിക്കും ജനിക്കും എന്നൊക്കെ പറയുമ്പോൾ... അങ്ങനെ കരുതുന്ന വരുമുണ്ട്. സ്വയം അറിയലാണ് അറിവ് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം. അറിവും അറിയലും തമ്മിൽ വ്യത്യാസമുണ്ട് (Knowledge and knowing). Knowledge എന്നു പറഞ്ഞാൽ മറ്റ് ആളുകളുടെ experience ആണ്. Knowing എന്നുപറയുന്നത് അവനവന്റെ experience ആണ്. നമുക്ക് വേണ്ടത് അറിയലാണ് (knowing) not knowledge. നേരത്തെ ഇവിടെ ചർച്ച ചെയ്ത സാമൂഹ്യ വിരുദ്ധൻമാരെ തടയുന്നതിനുവേണ്ടിയുള്ള ചില പ്രസ്ഥാനങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. അതുകൊണ്ട് നമ്മൾ സ്വയം തിരിച്ചറിയുക, അവനവനെ അറിയുക. പുസ്തകം വായിച്ചാൽ അവസാനം എത്തിച്ചേരുന്ന ഒരു നിഗമനം അതാണ്. സ്വയം അറിയാനുള്ള കഴിവുണ്ടാകും, തിരിച്ചറിവുണ്ടാകും. സ്വയം അറിയുന്നവനുമാത്രമേ ബാക്കിയെല്ലാം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. സാധാരണ വേദങ്ങളും ഉപനിഷത്തുക്കളുമൊക്കെ പറയുന്നത് 11 ദിക്കുകളുണ്ടെന്നാണ്. നമ്മൾ എട്ടുദിക്കുകൾ എന്നാണ് പറയുന്നത് - അഷ്ടദിക്കുകൾ. അഷ്ടദിക്കുകൾക്കുപുറമേ മുകളിലും താഴെയും കൂടി കൂട്ടിയാൽ 10 ദിക്കുകളായി. പതിനൊന്നാമത്തെ ദിക്കേതാണെന്നു ചോദിച്ചാൽ അത് അവനവന്റെ ഉള്ളിലേയ്ക്കുള്ള ദിക്കാണ്. പതിനൊന്നാമത്തെ ദിക്കിലൂടെ അന്വേഷിച്ചുചെന്ന് അവനവനെ കണ്ടെത്തുക എന്നതാണ് ഭാരതീയ ദർശനത്തിന്റെ അന്തഃസത്ത എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ആ ഭാരതീയ ദർശനവും ബൈബിളും ഭഗവദ്ഗീതയും ഖുറാനും വിശ്വപ്രസിദ്ധമായ മനുഷ്യനിർമ്മിതമായ മഹത്തായ ക്ലാസിക്കുകളും ഗ്രന്ഥങ്ങളുമൊക്കെ നമ്മുടെ ഗ്രാമീണ ജനതയെ പരിചയപ്പെടുത്തുവാൻ ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും ലൈബ്രറി കൗൺസിലിനും മഹത്തായൊരു പങ്ക് വഹിക്കുവാനുണ്ട്. ആ നിലയിൽ ഈ വിഷയത്തെ കൈകാര്യം ചെയ്യുവാൻ സർക്കാർ മുന്നോട്ടുവരണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>മി: ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങേയ്ക്ക് 2 (b) നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി ജമീലാ പ്രകാശം]

ലൈബ്രറി കൗൺസിലിന്റെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടണമെന്ന് നിഷ്കർഷിക്കുന്ന ഈ ബിൽ സ്വാഗതാർഹമാണ്. അതേസമയം ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചിരിക്കുന്ന ഗവൺമെന്റ് കേരളത്തിലെ ഗ്രന്ഥശാലകളോട് ഇപ്പോൾ എടുക്കുന്ന നയസമീപനം എന്താണെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾ ഗവൺമെന്റ് ഉണ്ടാക്കിയതല്ല. ഓരോ പ്രദേശത്തെയും പുരോഗമന ചിന്താഗതിക്കാരായ യുവാക്കളും മറ്റാളുകളും ചേർന്ന് അതാത് പ്രദേശത്ത് രൂപീകരിച്ചവയാണ് ഗ്രന്ഥശാലകൾ. അവരുടെ വിയർപ്പിന്റെ ഫലമാണ് നമ്മുടെ അഭിമാനമായി ഇന്ന് കേരളത്തിന്റെ നാനാഭാഗങ്ങളിലും ഉയർന്നു നിൽക്കുന്ന ഗ്രന്ഥശാലകൾ. ഈ ഗ്രന്ഥശാലകൾ വലിയ സാംസ്കാരിക പ്രവർത്തനമാണ് കേരളത്തിൽ നടത്തുന്നത്. കേരള മോഡലിന്റെ കൂടി ഭാഗമാണ് ഈ ഗ്രന്ഥശാലകൾ.

കേരളത്തിൽ വലിയ സാമൂഹ്യ പ്രവർത്തനത്തിന്റെയും സാംസ്കാരിക പ്രവർത്തനത്തിന്റെയും സ്വാതന്ത്ര്യസമര പോരാളികളുടെയും സംഗമ സ്ഥാന മായിരുന്നു ഈ ഗ്രന്ഥശാലകൾ. സ്വാതന്ത്ര്യത്തിനുമുൻപ് കേരളത്തിൽ രൂപീകരിച്ച ഏത് ഗ്രന്ഥശാലയുമെടുത്ത് നോക്കിയാൽ അതാണ് ആ പ്രദേശത്തെ സ്വാതന്ത്ര്യ സമരപോരാട്ടത്തെ സഹായിച്ചത് എന്നറിയാൻ സാധിക്കും. അവിടെ ഒത്തുകൂടിയ ചെറുപ്പക്കാർ അവിടെ വന്നിരുന്ന വർത്തമാന പത്രങ്ങളിലൂടെ ഇൻഡ്യയുടെ നാനാ ഭാഗങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് കിട്ടിയ വാർത്തകൾ അവയെല്ലാമാണ് കേരളത്തിന്റെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും സ്വാതന്ത്ര്യസമര പോരാട്ടത്തെ ത്രസിപ്പിച്ചതും സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട വിവിധ ഗ്രൂപ്പുകൾ രൂപംകൊണ്ടതും. അങ്ങനെ വലിയൊരു ചരിത്രമുണ്ട് നമ്മുടെ നാട്ടിലെ ഗ്രന്ഥശാല കൾക്ക്. അതേപോലെ മലബാറിലാണെങ്കിലും തിരുവിതാംകൂറി ലാണെങ്കിലും കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരിക സംഭവങ്ങളായിരുന്നു ഗ്രന്ഥശാലകളിലെ വാർഷികങ്ങൾ. തിക്കോടിയൻ എഴുതിയ "അരങ്ങു കാണാത്ത നടൻ". അതിനകത്തെ അദ്ദേഹത്തിന്റെ അനുഭവങ്ങൾ, ആ പ്രദേശത്തെ വായനശാലയുമായി ബന്ധപ്പെട്ടാണ് ആ നാട്ടിലെ പ്രധാനപ്പെട്ട നാടകങ്ങൾ രചിക്കപ്പെട്ടതും സ്റ്റേജ് ചെയ്യപ്പെട്ടതും. ...... (ബഹളം).......

<u>ചെയർ പേഴ്സൺ</u> : പ്ലീസ്..

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, തിരുവനന്തപുരത്തെ ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ വാർഷികത്തോടനുബന്ധിച്ച് നടന്നിട്ടുള്ള നാടകങ്ങൾ കേരളത്തിലെ പ്രധാനപ്പെട്ട നാടകങ്ങളായിരുന്നു. ആ നാടകങ്ങളിൽ അഭിനയിച്ചവരായിരുന്നു കേരളത്തിലെ പ്രധാനപ്പെട്ട അമച്വർ നടൻമാരായി അറിയപ്പെട്ടത്. തിരുവനന്തപുരം നഗരം ഉറ്റു നോക്കിയിരുന്നതാണ് ശ്രീചിത്തിരതിരുനാൾ വായനശാലയുടെ വാർഷികാഘോഷങ്ങൾ. അങ്ങനെ ഓരോ നാട്ടിലെയും പ്രധാനപ്പെട്ട സാംസ്കാരിക സംഭവങ്ങളാണ് ആ നാട്ടിലെ ഗ്രന്ഥശാലയും അതിന്റെ പ്രവർത്തനങ്ങളും. ഇതിനൊരു ഏകീകൃതരൂപം കൊടുക്കുകയാണ് ഗവൺമെന്റ് ചെയ്തത്. കേരളത്തിൽ പല ഭാഗത്തും ചിതറിക്കിടന്ന ഗ്രന്ഥശാലകൾ, ഗ്രന്ഥശാലാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇതിനെല്ലാംകൂടി ഏകീകൃതരൂപം കൊടുത്തിട്ടാണ് നമ്മൾ നിയമം കൊണ്ടുവന്നത്. ഗ്രന്ഥശാലകൾക്ക് പഞ്ചായത്തുകളിൽനിന്ന് പിരിക്കുന്ന സെസ്സ് കൊടുക്കാൻ നിയമം കൊണ്ടുവന്നു. ഗവൺമെന്റ് ഗ്രാന്റ് കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ ഇപ്പോൾ എന്താണ് സ്ഥിതി. ഈ സെസ്സ് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ പഞ്ചായത്തുകൾ പലതും കൊടുക്കുന്നില്ല. വഴിമാറി അത് ചെലവഴിക്കുന്നതിന് നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. കഴിഞ്ഞ വർഷത്തെ ഗ്രാന്റ് മുഴുവൻ ഇനിയും കൊടുക്കാനുണ്ട്. ഈ വർഷത്തെ ഗ്രാന്റ് കൊടുത്തിട്ടുമില്ല. ഗ്രാന്റ് കൊടുക്കാതെ ഗ്രന്ഥശാലകളെ ഇങ്ങനെ ശ്വാസം മുട്ടിക്കുന്നത് എന്തിനാണ്? ഇഷ്ടമില്ലാത്ത ചില ആളുകൾ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിലുള്ളതു കൊണ്ട് അതിനെ എങ്ങനെയെങ്കിലും ശ്വാസംമുട്ടിച്ച് കൊല്ലുക എന്നുള്ള നയസമീപനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. അല്ലെങ്കിൽ ഗ്രാന്റ് കൊടുക്കാത്തതിന് എന്ത് ന്യായമാണുള്ളത്, കേരളത്തിലെ സർവ്വകലാശാലകളിലും സഹകരണ സംഘങ്ങളിലുമെല്ലാം എടുത്ത സമീപനം തന്നെയാണ് ലൈബ്രറി കൗൺസിലുകളോടും ഈ ഗവൺമന്റ് അധികാരത്തിൽ വന്ന കാലംമുതൽ എടുക്കുന്നത്. നിയമാനുസൃതമായി ജനാധിപത്യ രീതിയിൽ അധികാരത്തിൽ വന്നൊരു ലൈബ്രറി കൗൺസിലാണ്. താഴെത്തട്ടിൽനിന്നുള്ള തെരഞ്ഞെടുപ്പ് നടന്നുവന്നിരുന്ന ആ ലൈബ്രറി കൗൺസിലിൽ ഇവർക്ക് ഇഷ്ടമില്ലാത്തയാളുകൾ വന്നു എന്നുള്ളതുകൊണ്ട് ഗ്രാന്റ് കൊടുക്കണ്ട, ലൈബ്രറി കൗൺസിലിനെ ഏതു നിമിഷവും പിരിച്ചുവിടാം, പിരിച്ചുവിടൽ നോട്ടീസ് കൊടുക്കുക, ഇന്ന് പിരിച്ചുവിടും നാളെ പിരിച്ചുവിടും എന്നുള്ള ഭീഷണിയിൽ കേരളത്തിലെ പ്രധാനപ്പെട്ട ഈ സാംസ്കാരിക സ്ഥാപനം പ്രവർത്തിക്കുകയാണ്. അങ്ങനെയുള്ള ഗവൺമെന്റാണ് ഇപ്പോഴിത് പി.എസ്.സി.ക്ക് വിടണമെന്നുള്ള നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധി

LIBRARY ARCHIVES Kerala Legislative Assembly

എന്തുതന്നെയാണെങ്കിലും ലൈബ്രറികളോട് എടുക്കുന്ന സമീപനം ഗവൺമെന്റ് മാറ്റുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ലൈബ്രറികൾക്ക് ഗ്രാന്റ് കൊടുത്തത് ലൈബ്രറികളെ മാത്രമല്ല സഹായിച്ചത്. ഇവിടെ ഒരു സുഹൃത്ത് ചൂണ്ടിക്കാണിച്ചു, നമ്മുടെ നാട്ടിലെ പുസ്തക പ്രസാദന രംഗം നിലനിൽക്കുന്നതും അത് flourish ചെയ്യുന്നതും ഈ ലൈബ്രറികൾ പ്രവർത്തിക്കുന്നതുകൊണ്ടാണ് എന്ന്. കേരളത്തിൽ ഒന്നുരണ്ട് പ്രധാനപ്പെട്ട പുസ്തക പ്രസിദ്ധീകരണശാലകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഒട്ടനവധി പ്രസിദ്ധീകരണശാലകൾ വന്നു. ആ പ്രസിദ്ധീകരണ ശാലകളെല്ലാം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ക്വാളിറ്റി ഇൻഡ്യയിലും ലോകത്തിലെവിടെയും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളോട് കിടപിടിക്കുന്നതാണ്. ഈ പുസ്തകങ്ങൾ ചെലവാകുന്നതുകൊണ്ടാണ് അങ്ങനെയെല്ലാം വന്നത്. പുസ്തകങ്ങൾ പതിനായിരക്കണക്കിന് കോപ്പികൾ ചെലവായത് എങ്ങനെയാണ്. ഗ്രന്ഥശാലകൾക്ക് കിട്ടുന്ന ഗ്രാന്റുകൊണ്ട് ലൈബ്രറി കൗൺസിലുകൾ കേരളത്തിലുടനീളം നടത്തിയ പുസ്തകമേളകൾ, അവിടെയെല്ലാം വന്ന പുസ്തക പ്രസിദ്ധീകരണശാലകൾ, അവരുടെ പുസ്തകങ്ങൾ വിറ്റുപോയതിന്റെ ഭാഗമായിട്ടാണ് കേരളത്തിന് പുറത്ത് പല പ്രസിദ്ധീകരണശാലകളും അച്ചടിക്കുന്ന പുസ്തകങ്ങൾ ആയിരം കോപ്പി വർഷങ്ങൾ കൊണ്ട് ചെലവാകുമ്പോൾ കേരളത്തിൽ പതിനായിരക്കണക്കിന് കോപ്പികൾ ഈ പുസ്തക പ്രസിദ്ധീകരണശാലകൾ അച്ചടിക്കുന്നതും വിറ്റുപോകുന്നതും. അപ്പോൾ ഈ ഗ്രാന്റ് കൊടുക്കാതിരിക്കുന്നതിന്റെ ഫലമായി കേരളത്തിന്റെ ഒട്ടനവധി മേഖലകളെ അത് ബാധിക്കുകയാണ്. നമ്മുടെ സാംസ്കാരിക രംഗത്തെ ആകെ ബാധിക്കുന്ന ഒരു സുപ്രധാനമായ പ്രശ്നമാണ് ഗവൺമെന്റ് വൈരനിര്യാതന ബുദ്ധിയോടുകൂടി ലൈബ്രറികൗൺസിലിനെ കാണുകയും ലൈബ്രറി കൗൺസിലിനുള്ള ഗ്രാന്റ് തടഞ്ഞുവച്ച് തങ്ങളുടെ രാഷ്ട്രീയം പിന്തുടരാത്തവരാണ് ഇതിന്റെ മുകളിൽ ഇരിക്കുന്നതെങ്കിൽ അത് ഞങ്ങൾ കൊടുക്കില്ല എന്നുള്ള തീരുമാനമെടുത്തത്. ആ തീരുമാനം മാറ്റാതെ എന്ത് ഉദ്ദേശ്യശുദ്ധിയാണ് ഈ ലൈബ്രറികളുടെ കാര്യത്തിൽ ഇവർക്ക് ഉള്ളതെന്ന് നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഈ ഗ്രാന്റ് കിട്ടി ഇവർ ചുമ്മാതെ ഇരിക്കുകയാണോ; ഈ ലൈബ്രറി കൗൺസിൽ, ജില്ലാ ലൈബ്രറി കൗൺസിൽ, താലൂക്ക് ലൈബ്രറി കൗൺസിൽ എല്ലാം ഏതെല്ലാം തരത്തിലാണ് നമ്മുടെ കുട്ടികളുടെ ഇടയിലും ചെറുപ്പക്കാരുടെ ഇടയിലും വായന പ്രോത്സാഹിപ്പിക്കുന്ന നടപടികൾ എടുത്തത്; വായനാ മത്സരം നടത്തുന്നില്ലേ, കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും വായനാ മത്സരങ്ങളുണ്ട്. അതിൽ ആയിരക്കണക്കിന് സ്കൂൾ കുട്ടികൾ പങ്കെടുക്കുന്നുണ്ട്. ആ സ്കൂൾ കുട്ടികൾക്ക് അംഗീകാരവും സമ്മാനങ്ങളും കിട്ടുന്നുണ്ട്. ഇതെല്ലാം ഈ ഗ്രാന്റിന്റെ അടിസ്ഥാനത്തിലാണ് നടന്നുപോകുന്നത്. അതെല്ലാമാണ് ഇവർ നിർത്തിവച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. എസ് ജയലാൽ</u>: സർ, അങ്ങ് ഇവിടെ പറയുന്നത് ഗ്രന്ഥശാലകളുടെ പ്രാധാന്യത്തെക്കുറിച്ചാണ്. ഏതാണ്ട് 8000-ഓളം ഗ്രന്ഥശാലകൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നാണ് കണക്ക്. നല്ല മനുഷ്യരില്ലാത്തതാണ് ഇവിടെ ക്രൈം കൂടാനുള്ള കാരണമെന്ന് നേരത്തേ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ ഇവിടെ പറഞ്ഞു. സാമൂഹികമായ ഈ അധഃപതനത്തിന് ഏറ്റവും പ്രധാനപ്പെട്ട കാരണം നല്ല മനുഷ്യരില്ലാത്തതാണ്, മനുഷ്യത്വമുള്ള ഒരു സമൂഹമില്ലാത്തതാണ്. നല്ല മനുഷ്യരെ സൃഷ്ടിക്കുവാൻ....., സഹകരണമേഖല എന്നുപറയുമ്പോൾ എല്ലാപേർക്കും അറിയാം, ഇന്ന് സാധാരണക്കാരുടെ ജീവിതത്തെ വളരെയധികം സഹായിക്കുന്നുണ്ട്. സഹകരണമേഖലയെ ഗവൺമെന്റ് ആ തരത്തിൽ വളർത്തിക്കൊണ്ടുവന്നതിനാലാണ് ആ സാമൂഹ്യ ഇടപെടൽ നമുക്ക് ദർശിക്കാൻ കഴിയുന്നത്. അങ്ങ് പറഞ്ഞതുപോലെ, നമ്മുടെ ഗ്രാമ പ്രദേശങ്ങൾ സ്വാതന്ത്ര്യ സമരം പോലും ഏറ്റെടുക്കാൻ കാരണമായ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ നല്ല മനുഷ്യരെ സൃഷ്ടിക്കുവാൻ കഴിയുന്ന നന്മയുടെ നിക്ഷേപമായി കണ്ടുകൊണ്ട്, പ്രത്യേക വകുപ്പാക്കിക്കൊണ്ട് ഗൗരവതരമായ ഒരു ഇടപെടൽ അനിവാര്യമാണെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, തീർച്ചയായും അങ്ങനെയാണ്. ഗ്രന്ഥശാലകൾ പ്രത്യേക വകുപ്പായി മാറ്റേണ്ടതാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. എങ്കിൽ മാത്രമേ ലൈബ്രറികൾ പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പര്യാപ്തമാക്കപ്പെടുകയുള്ളൂ. ലൈബ്രറികളെ കംപ്യൂട്ടർവൽക്കരിക്കുകയെന്നത് പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണ്. ചെറുപ്പക്കാർ കൂടുതലായി അവിടെ വരികയും അവർക്കാവശ്യമുള്ള കാര്യങ്ങൾ നെറ്റിൽ തിരയുകയുമൊക്കെ ചെയ്യുന്ന ഒരു സ്ഥലമായി ലൈബ്രറികൾ മാറണമെങ്കിൽ ആധുനിക കാലഘട്ടത്തിലെ പുതിയ സാങ്കേതികവിദ്യ നമ്മുടെ ലൈബ്രറികളിൽ ഉണ്ടാവണം. ലൈബ്രറികൾ കംപ്യൂട്ടർ വൽക്കരിക്കാൻ പുതിയ ഫണ്ടുണ്ടാക്കണം. ഉള്ള ഗ്രാന്റുകൾ തടഞ്ഞു വയ്ക്കുകയല്ല, കൂടുതൽ ഗ്രാന്റ് കൊടുക്കുകയും ആ ഗ്രാന്റ് ഇന്നയിന്ന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യണമെന്ന നിലപാടാണ് ഗവൺമെന്റ് എടുക്കേണ്ടത്. എങ്കിൽ മാത്രമേ പുതിയ തലമുറയെ ഈ മേഖലയിലേയ്ക്ക് വീണ്ടും ആകർഷിച്ച് കൊണ്ടുവരാൻ കഴിയുകയുള്ളൂ. എ ഗ്രേഡ് ലൈബ്രറിക്ക് 20,000 രൂപ, എഫ് ഗ്രേഡ് ലൈബ്രറിക്ക് 7500 രൂപ എന്നിങ്ങനെ വളരെ തുച്ഛമായ ഗ്രാന്റാണ് ഇപ്പോൾ കൊടുക്കുന്നത്. ലൈബ്രേറിയൻമാർക്ക് 1000-1200 രൂപ എന്ന രീതിയിലാണ് ഓണറേറിയം കൊടുക്കുന്നത്. ഇത്രയും തുച്ഛമായ ശമ്പളം കൊടുത്തിട്ടാണ് കേരളത്തിലുടനീളമുള്ള വായനശാലകൾ പ്രവർത്തിപ്പിച്ചുകൊണ്ടുപോകുന്നത് എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്. വായനശാലകളെ തളർത്തുകയല്ല പ്രോൽസാഹി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. കേരള മാതൃകയുടെ പ്രധാനപ്പെട്ട ഘടകം എന്നുപറയുന്നത് ലൈബ്രറികളാണ്. ഇൻഡ്യയിൽ എവിടെയെങ്കിലും പഞ്ചായത്തുതോറും ഇത്രയേറെ ലൈബ്രറികളുണ്ടോ; ഇൻഡ്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് ഇത്രയേറെ വായനശാലകളെക്കുറിച്ച് അഭിമാനിക്കാൻ കഴിയുമോ? നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരിക ചിഹ്നമാണ് ഈ വായനശാലകൾ. ഈ ഗ്രന്ഥശാലകളിൽ വരുന്ന ചെറുപ്പക്കാർ കേരളത്തിന്റെ, ഇൻഡ്യയുടെ തന്നെ ഭാവി വാഗ്ദാനങ്ങളാണ്. ഗ്രന്ഥശാലകൾ ഉപയോഗിക്കാൻ അവരെ കൂടുതലായി പ്രോൽസാഹിപ്പിക്കേണ്ടതിനു പകരം ഗ്രന്ഥശാലകളെ തളർത്തുകയും അവയെ ഇല്ലാതാക്കുകയും ചെയ്യുന്ന നടപടികളിൽ നിന്നും ഈ ഗവൺമെന്റ് പിൻവാങ്ങണം എന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്താം. ഗ്രന്ഥശാലകൾക്ക് എം. എൽ.എ/എം.പി ഫണ്ട് കൊടുക്കുന്നുണ്ട്. ഞാൻ എന്റെ നാട്ടിലെ പുരാതനമായ എസ്.എം.എസ്.എം വായനശാലയ്ക്ക് അവരുടെ പുതിയ കെട്ടിടം പണിയാൻ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും 40 ലക്ഷം രൂപ കൊടുത്തു. ആ 40 ലക്ഷം രൂപ അവർക്ക് ഉപയോഗിക്കണമെങ്കിൽ ആ ഗ്രന്ഥശാലയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിനോ ഗവൺമെന്റിനോ വിട്ടുകൊടുക്കണമെന്ന് പറഞ്ഞിട്ടാണ് ഗവൺമെന്റിന്റെ അവസാനത്തെ സർക്കുലർ വന്നിരിക്കുന്നത്. ഇത് എന്ത് ന്യായമാണ്; എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമില്ലാത്ത ഒരു കാര്യത്തിൽ അസറ്റ് ഡവലപ്മെന്റ് ഫണ്ട് ഉപയോഗിക്കണമെങ്കിൽ ഗ്രന്ഥശാലയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കണമെന്ന് തീരുമാനിക്കേണ്ട കാര്യമെന്താണ്; അങ്ങനെ കേരളത്തിലെ ഏതെങ്കിലും ഗ്രന്ഥശാലകൾ പഞ്ചായത്തിലേയ്ക്ക് നിക്ഷിപ്തമാക്കാൻ പറ്റുമോ ? അവ ആ നാടിന്റെ പൊതുസ്വത്തായി നിൽക്കുകയാണ്. ആ ഗ്രന്ഥശാലകൾക്ക് അനുവദിക്കുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുകയോ അല്ലെങ്കിൽ അതിനു വേണ്ടി പണിയുന്ന കെട്ടിടം പിന്നീട് വിൽക്കാൻ സാധിക്കുകയോ ഇല്ല. എം.എൽ.എ. ഫണ്ടും, എം.പി. ഫണ്ടും ഉപയോഗിക്കുന്നതുപോലെതന്നെ നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയാൻ വേണ്ടി അസറ്റ് ഡെവലപ്മെന്റ് ഫണ്ടും ഉപയോഗിക്കുവാൻ കഴിയണം. അതിനനുസരിച്ച് അതിന്റെ നിയമങ്ങൾ ഭേദഗതി ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മോൻസ് ജോസഫ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ഗ്രന്ഥശാലകൾക്ക് ഫണ്ട് കൊടുക്കാൻ നമുക്ക് കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് എ.ജി.യുടെ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, ഗ്രന്ഥശാലകൾക്ക് ലൈബ്രറി കൗൺസിലിന്റെ ഫണ്ട് ഉണ്ട്, അതുപയോഗിച്ച് അവർ കെട്ടിട നിർമ്മാണം

നടത്തിക്കൊള്ളും, എം.എൽ.എ ഫണ്ടോ, എം.പി ഫണ്ടോ വിനിയോഗിക്കേണ്ട കാര്യമില്ല എന്നാണ്. എ.ജി.യുടെ ഈ റിപ്പോർട്ടാണ് ഇപ്പോൾ നമുക്ക് തടസ്സമായിരിക്കുന്നത്. സത്യത്തിൽ നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾക്ക് ഫണ്ട് കൊടുക്കാൻ മുഴുവൻ എം.എൽ.എ.മാർക്കും എം.പി.മാർക്കും ആഗ്രഹമുണ്ട്. ഗ്രന്ഥശാലകൾക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ടോ, എം.എൽ.എ./എം.പി. ഫണ്ടോ കൊടുക്കാനുള്ള സാഹചര്യമുണ്ടാകണമെങ്കിൽ എ.ജി.യുടെ ഈ റിപ്പോർട്ടിലെ അപാകത ചൂണ്ടിക്കാണിക്കാനും തിരുത്താനും ഗവൺമെന്റിന് കഴിയേണ്ടതായിട്ടുണ്ട്. അങ്ങനെ കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക പ്രവർത്തനം നടത്തുന്ന ഗ്രന്ഥശാലകൾക്ക് ഫണ്ട് കൊടുക്കാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് പ്രത്യേകമായി ഒരു ഇടപെടൽ നടത്തുക എന്നത് ആവശ്യമാണ്. ആ ഒരു വികാരം സഭയുടെ പൊതുവികാരമായി കൊണ്ടുവരാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ബഹുമാനപ്പെട്ട മന്ത്രിതന്നെ നേതൃത്വം കൊടുക്കേണ്ടത് ഒരു ആവശ്യമല്ലേ എന്നതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, ഗ്രാന്റ് കിട്ടിയാൽത്തന്നെ അതുമാത്രമുപയോഗിച്ച് കേരളത്തിലെ ഒരു ഗ്രന്ഥശാലയും കെട്ടിടം പണിയാൻ പറ്റുകയില്ല. ഒന്നുകിൽ നാട്ടുകാരിൽനിന്നും പിരിക്കണം, അല്ലെങ്കിൽ എം.എൽ.എ./എം.പി ഫണ്ട് ഉപയോഗിക്കണം. എങ്കിൽ മാത്രമേ ഗ്രന്ഥശാലകൾക്ക് പുതിയ കെട്ടിടം പണിയാനോ പഴയ കെട്ടിടം നവീകരിക്കാനോ പറ്റുകയുള്ളൂ. അതിന് ഗവൺമെന്റിന്റെ ഒരു ഫലപ്രദമായ ഇടപെടൽ വരണം. ഗ്രാന്റ് ഇമ്മീഡിയറ്റായി കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. ഇതു രണ്ടുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ചെയർപേഴ്സൺ:</u> ബഹുമാന്യരായ രണ്ടു മെമ്പർമാർ ഇപ്പോൾ സഭയിൽ ഉന്നയിച്ച കാര്യം, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നും അതിനെപ്പറ്റി കൂടുതൽ അന്വേഷിച്ച് ഉടനെതന്നെ നടപടി എടുക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, തികച്ചും മാതൃകാപരമായി ജനാധിപത്യ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, തെരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറി സംവിധാനങ്ങളെ, അതിന്റെ പ്രവർത്തനങ്ങളെ കൂച്ചുവിലങ്ങിടുകയെന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യമെന്ന് സ്വാഭാവികമായും സംശയിക്കുകയാണ്. ലൈബ്രറികൾ പിടിക്കുവാൻ, പുത്തനുടുപ്പുകൾ വാങ്ങി, മഴ നനയാതിരിക്കാൻ പോലും ലൈബ്രറിയുടെ ഇളം തിണ്ണയിൽക്കയറി നിൽക്കാത്തവർ, തങ്ങളുടെ പരാജയത്തിന് നിങ്ങൾക്കുള്ള മറുപടി ഞങ്ങളുടെ ഗവൺമെന്റ് തരുമെന്നുപറഞ്ഞാൽ അതിന് കൂട്ട് നിൽക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

പതിനായിരക്കണക്കിന് പ്രാദേശിക സാംസ്കാരിക പ്രവർത്തകരുടെ ആത്മ സമർപ്പണമാണ് ഓരോ വായനശാലയും. അത് ഒരു സോഷ്യൽ പ്ലാറ്റ്ഫോം കൂടിയാണ് എന്ന ധാരണ ഇവിടെ ചർച്ച ചെയ്യപ്പെട്ടു. ഇടതുപക്ഷ പുരോഗമന പ്രവർത്തകർ ലൈബ്രറി പ്രവർത്തനങ്ങളുടെ നേതൃനിരയിലേയ്ക്ക് സ്വാഭാവികമായി എത്തുന്നത് തടയാൻ എത്ര ശ്രമിച്ചാലും അത് എളുപ്പമാവില്ല. അടി കൊണ്ട് പതം വന്ന ഒരു കവലച്ചട്ടമ്പിയുടെ സ്ഥിതിയിലാണ് ഗവൺമെന്റ്. എത്ര കൊണ്ടാലും, എത്ര കേട്ടാലും ഒരു കുലുക്കവുമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അവിഹിത പണ സമ്പാദനം നടത്തുന്നവർ, ഗവൺമെന്റിനെ നോക്കി കൊലവിളി നടത്തുകയാണ്. അതിനുതക്കവിധം അധികാരത്തിന്റെ ഇടനാഴികളിൽ വച്ചുനീട്ടിയ അപ്പക്കഷണങ്ങൾ ബോധപൂർവ്വം വാങ്ങിക്കഴിച്ചവർ ഇപ്പോൾ വിളറി വെളുത്ത് നിസ്സഹായരായി നിൽക്കുന്ന കാഴ്ചയാണ് കേരളം കാണുന്നത്. അഴിമതിയും, പെണ്ണുകേസ്സും, കള്ളപ്പണവും, ഇടനിലക്കാരും എന്നുവേണ്ട ഒരു മൂന്നാംകിട സിനിമയുടെ എല്ലാ ചേരുവകളും ഇപ്പോൾ ഈ ഗവൺമെന്റിന് കൂട്ടായുണ്ട്. സിങ്കം സ്റ്റൈലിൽ ഭരണകക്ഷിയംഗത്തിന്റെ വെളിപ്പെടുത്തൽ, 'പിന്നിൽ കളിക്കുന്നവരെ ഞങ്ങൾക്കറിയാം' എന്ന മുസ്ലീം ലീഗ് പാർലമെന്ററി പാർട്ടി നേതാവായ കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പ്രയോഗം ആരെയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന സംശയം ഞങ്ങൾക്കുമുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ മുഖ്യമന്ത്രിക്ക് കൊടുത്ത കത്ത് പുറത്തുവന്നിട്ടുണ്ട്. വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ വന്നപ്പോൾ . യു.ഡി.എഫ്.-ൽ ഉന്നയിക്കാമായിരുന്നു, വെറും ഉഭയകക്ഷി ചർച്ചയിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിക്ക് ശ്രമിക്കാമായിരുന്നു. എന്നാൽ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്, പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമായി എം.എൽ.എ.മാർ നടത്തിയ വികസന പ്രവർത്തനങ്ങളും അവരുടെ ആവശ്യങ്ങളും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തു-ന്നതിനുവേണ്ടിയാണ് ഈ കത്ത് ആവശ്യപ്പെട്ടത് എന്നാണ്. അങ്ങനെ യു.ഡി.എഫ്. എം.എൽ.എ.മാർക്ക് മാത്രമായി കത്തു നൽകി അവരുടെ മണ്ഡലങ്ങളിൽ മാത്രമായി വികസനപ്രവർത്തനം നടത്തുന്നതിന് കേരളത്തിലെ മുഖ്യമന്ത്രി അത്തരമൊരു കത്ത് നൽകിയിട്ടുണ്ടെങ്കിൽ, തികച്ചും സത്യവിരുദ്ധമായ പ്രസ്താവനകളാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും കഴിഞ്ഞ ദിവസം അടിയന്തരപ്രമേയത്തിനുള്ള മറുപടിയുടെ ഭാഗമായി ഉണ്ടായത്. ഇത് ഒരു അവകാശലംഘനം കൂടിയാണ്. യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഭരണകക്ഷി എം.എൽ.എ.മാർക്ക് മാത്രമായി ഏതെങ്കിലും തരത്തിലുള്ള സേവനം നടത്തുന്നു എന്നുപറയുന്നത് ശരിയായ നിലപാടാണെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. അത് സത്യപ്രതിജ്ഞാലംഘനം കൂടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഭരണം കൂടുതൽ നന്നാക്കുന്നതിന് ജനങ്ങളുടെ അഭിപ്രായങ്ങൾ എന്താണെന്ന് അദ്ദേഹം ഞങ്ങളോട് ചോദിച്ചു. നിങ്ങളോട് ചോദിച്ചാൽ പറയുകയില്ലല്ലോ; ഞങ്ങളെല്ലാവരും ഞങ്ങളുടെ അഭിപ്രായങ്ങൾ എഴുതിക്കൊടുത്തു, അത്രയേയുള്ളൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാനപ്പെട്ട മെമ്പർ, അദ്ദേഹം നിങ്ങളോട് ചോദിച്ചു നിങ്ങൾ എഴുതിക്കൊടുത്തു എന്നിരിക്കട്ടെ. ശ്രീ. കെ. ബി. ഗണേഷ് കുമാർ എഴുതിക്കൊടുത്തതിൽ ആരോപണങ്ങൾ ഉണ്ടായിരുന്നു. ആ കത്ത് ഇപ്പോൾ പുറത്തുവന്നു, നമ്മൾ എല്ലാവരും വായിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ഉന്നയിച്ച ആരോപണങ്ങൾ ശരിയാണ് എന്ന് മുഖ്യമന്ത്രിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ആ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഉഭയകക്ഷി ചർച്ച നടത്തേണ്ടതല്ലേ? മുസ്ലീംലീഗിനോടും ശ്രീ. ഇബ്രാഹിം കുഞ്ഞിനോടുമുള്ള ആത്മാർത്ഥത കൊണ്ടാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കഴിഞ്ഞ ദിവസം നടത്തിയ സ്റ്റേറ്റ്മെന്റ് എങ്കിൽ, തീർച്ചയായും ലീഗിന്റെ പാർലമെന്ററി പാർട്ടി നേതാവായ കുഞ്ഞാലിക്കുട്ടി സാഹിബിനെയും ശ്രീ. ഇബ്രാഹിം കുഞ്ഞിനെയും വിളിച്ചിരുത്തി, ഈ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിങ്ങളുടെ പേരിൽ ഇത്തരം ചില ആരോപണങ്ങൾ ഉണ്ടായിരിക്കുന്നു, ഇതിനെക്കുറിച്ച് ചർച്ച ചെയ്യണം എന്നുപറയാൻ കേരളത്തിന്റെ മുഖ്യമന്ത്രി മനസ്സു കാണിക്കേണ്ടതല്ലേ, അതിന് മനസ്സുകാണിച്ചില്ല എന്നുമാത്രമല്ല, ആരോപണം ഉന്നയിക്കുന്നതിനുള്ള അവസരം ശ്രീ. കെ. ബി. ഗണേഷ് കുമാറിന് ഇവിടെ ഉണ്ടാക്കിക്കൊടുത്തു എന്നതാണ് പ്രശ്നം.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ബഹുമാനപ്പെട്ട അംഗം തെറ്റായ പ്രസ്താവന നടത്തുന്നത് ശരിയല്ല. അദ്ദേഹം കൊടുത്ത കത്ത് ചാനലിലൂടെയാണ് ഞാൻ കാണുന്നത്. ചാനലിൽ അദ്ദേഹം ചില പരിഭവങ്ങളാണ് പറഞ്ഞത്. അദ്ദേഹം ഒരു എ.എസ്. ലഭിക്കുന്നതിനുവേണ്ടി ചെന്നുവെന്നും ഫയൽ മുക്കിയതുകാരണം കിട്ടിയില്ലായെന്നുമൊക്കെയുള്ള പരിഭവങ്ങളാണ് പറഞ്ഞത്. ഇതൊക്കെ എല്ലാ എം.എൽ.എ.മാർക്കുമുള്ള പരിഭവങ്ങളാണ്. എല്ലാ വർക്കിനും എ. എസ്. കിട്ടുകയില്ല. അദ്ദേഹത്തിന്റെ വർക്കിന് എ.എസ്. കിട്ടിയില്ലായെന്നുള്ള പരിഭവം മാത്രമാണ് ആ കത്തിലുണ്ടായിരുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയത്.

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, ശ്രീ. കെ. ബി. ഗണേഷ് കുമാർ പരിഭവമൊന്നുമല്ല പറഞ്ഞത്. ഭരണകക്ഷിയുടെ ഭാഗമായ എം.എൽ.എ. വളരെ വ്യക്തമായ ആരോപണങ്ങളാണ് ഉന്നയിച്ചത്. ഉന്നയിച്ചുവെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ കയ്യിൽ തെളിവുണ്ടെന്നും അത് ഹാജരാക്കാമെന്നും പറഞ്ഞ്

വെല്ലുവിളിച്ചപ്പോൾ നിങ്ങൾ നിശബ്ദമായിരിക്കുന്ന സാഹചര്യമാണുണ്ടായത്. മുസ്ലീം ലീഗിന്റെ എം.എൽ.എ.മാരും അവരുടെ മന്ത്രിമാരും വലിയ കുഴപ്പങ്ങളില്ലാതെ പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. നിങ്ങളെ കുടുക്കിയതാരാണ്; നിങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡർ പറഞ്ഞതിനകത്ത് എന്തെങ്കിലും കുഴപ്പുണ്ടോയെന്ന്, നിങ്ങളുടെയിടയിൽ പരസ്പരം സംശയത്തിനിടയാക്കിയതിനെപ്പറ്റി നിങ്ങൾ അന്വേഷിച്ചുനോക്കൂ. നിങ്ങളെ സമ്മർദ്ദത്തിലാക്കിയത് ഞങ്ങളാരുമല്ല, ഭരണകക്ഷിയുടെ ഭാഗമായിട്ടുള്ള ശ്രീ. കെ. ബി. ഗണേഷ് കുമാറാണ്. നിങ്ങളെ കൂടെ നിർത്തുന്നതിനുവേണ്ടി, നിങ്ങളിൽ ചിലർക്ക് സംശയമുണ്ടായപ്പോൾ ആരെങ്കിലും ഇത്തരം തന്ത്രങ്ങൾ മെനഞ്ഞതാണോ; ആരുടെയെങ്കിലും കുശാഗ്രബുദ്ധി ഇതിന് പിന്നിലുണ്ടോയെന്ന് നിങ്ങൾക്കാണ് സംശയം. ഈ കള്ളക്കളി ആർക്കാണ് മനസ്സിലാകാത്തത്? തന്റെ പേർ പുറത്തുവരുമെന്ന ഘട്ടത്തിൽ, സഭയുടെ ശ്രദ്ധ തിരിച്ചുവിടാൻ.........., ആരാണ് ഈ കള്ളക്കളിക്ക് പിന്നിലെന്ന് ഒരു ഘട്ടം കഴിഞ്ഞപ്പോൾ ആത്മാർത്ഥതയോടെ ശ്രീ. ഇബ്രാഹിം കുഞ്ഞിന്റെ വായിൽ നിന്നുതന്നെ ഈ നിയമസഭയിലേയ്ക്ക് വരാൻ പോകുന്നുവെന്ന് മനസ്സിലായപ്പോഴാണ് കേരളത്തിന്റെ മുഖ്യമന്ത്രി സി.പി.ഐ.ക്കാരുടെ നേരെ ചില വിലകുറഞ്ഞ പ്രയോഗങ്ങൾ ഉന്നയിച്ചത്. ഈ സഭയിൽ മുഖ്യമന്ത്രി നടത്തിയ വിലകുറഞ്ഞ പ്രയോഗങ്ങളുടെ പേരിൽ ഇന്ന് ഖേദം പ്രകടിപ്പിച്ചു. സി.പി.ഐ. എന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ അപമാനിച്ചതിനുശേഷം ഒരു ഖേദപ്രകടനം കൊണ്ടുമാത്രം ഈ പ്രശ്നങ്ങൾ അവസാനിപ്പിക്കുവാൻ കഴിയില്ല. ......(ബഹളം)....... നിങ്ങളുടെ ഒച്ചയൊന്നും എന്റെ ഒച്ചയുടെ മുമ്പിൽ ഒന്നുമല്ല. ഒച്ചയിട്ട് എന്നെ പേടിപ്പിക്കുകയും വേണ്ട.

അഴിമതിയെപ്പറ്റി പറയുമ്പോൾ എം.എൽ.എ.മാർ കൊടുത്ത കത്തുകൾ കാട്ടി പ്രതിരോധിക്കുന്ന രീതി ശരിയല്ല. ഞങ്ങൾ എല്ലാവരും കത്തുകൾ കൊടുക്കാറുണ്ട്. പല മണ്ഡലങ്ങളിലെയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും ജനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടും ഇവിടെയിരിക്കുന്ന മന്ത്രിമാർക്കെല്ലാം പല നിവേദനങ്ങളും നൽകാറുണ്ട്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിൽ, പ്രത്യേകിച്ച് പീരുമേട്ടിലെ തോട്ടംമേഖലയെപ്പറ്റിയുള്ള നിരവധി വിഷയങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണിനെ നിരന്തരം കാണേണ്ടതായും കത്ത് നൽകേണ്ടതായും വരും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ വകുപ്പ് ഏറ്റെടുത്തപ്പോൾ സത്യത്തിൽ എനിക്ക് പേടിയുണ്ടായിരുന്നു. അങ്ങ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ടുള്ള പേടിയല്ല, എങ്ങനെയായിരിക്കും ആ വകുപ്പ് കൈകാര്യം ചെയ്യുന്നതെന്നുള്ള പേടിയായിരുന്നു. ഇപ്പോൾ എന്തായാലും ആ ആശങ്ക പരിഹരിച്ചുപോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞുവന്നത്, പല മന്ത്രിമാരേയും പല വിഷയങ്ങളുമായി ബന്ധപ്പെട്ട് കാണുകയും സംസാരിക്കുകയും ചെയ്യേണ്ടതായിവരും. അതൊക്കെ ഒരു തെളിവായി ഇവിടെക്കൊണ്ടുവന്നിട്ട് ബിജിമോൾ വന്ന് കരഞ്ഞുപറഞ്ഞു, അല്ലെങ്കിൽ ശ്രീ. വി. എസ്. സുനിൽ കുമാർ വന്ന് കരഞ്ഞുപറഞ്ഞുവെന്ന് പറഞ്ഞാൽ, ഞാൻ പറയുന്നു, മണ്ഡലത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് സുനിൽ കുമാർ കരഞ്ഞിട്ടുള്ളതെങ്കിൽ ആ കരച്ചിലിനൊപ്പം കേരളത്തിലെ ജനങ്ങളുണ്ടാകും, ഞങ്ങളുണ്ടാകും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുണ്ടാകും. അങ്ങനെ ശ്രീ. വി. എസ്. സുനിൽ കുമാർ കരഞ്ഞുവെന്നുപറഞ്ഞ് സുനിലിനെ അപമാനിക്കാനായി ശ്രമിക്കുന്നതും നിയമസഭയിൽ അങ്ങനെ പരാമർശങ്ങൾ നടത്തുന്നതും ശരിയല്ല. വാക്കുകളില്ലാതെ വരുമ്പോൾ ..

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഇവിടെ ഇന്നലെ അദ്ദേഹം മറുപടി പറഞ്ഞപ്പോൾ എന്നെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിച്ചത് വളരെ ഖേദകരമാണ്. അതുകൊണ്ടാണ് ശ്രീമതി ഇ. എസ്. ബിജിമോൾ ഇത് പറയുന്നത്. അത് പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ഒരു തെറ്റിന്റെ പേരിലുണ്ടായ വിഷയമാണ്. ആ വിഷയത്തെ ഒരു ആയുധമാക്കി മാറ്റുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. അദ്ദേഹം പ്രതിരോധിക്കാൻവേണ്ടി ചെയ്ത ഒരു കാര്യമാണ്. അത് മോശപ്പെട്ട കാര്യമായിപ്പോയെന്ന് മാത്രമെ ഞാൻ പറയുന്നുള്ളു.

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, ഇന്നലെ ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള നേതാക്കൾ ഉന്നയിച്ച ആക്ഷേപങ്ങൾ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ സംബന്ധിച്ചുള്ള വ്യക്തിപരമായിട്ടുള്ള ആക്ഷേപങ്ങളല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് ഉദ്യോഗസ്ഥരും പ്രിൻസിപ്പൽ സെക്രട്ടറിയുമടക്കമുള്ള ആളുകൾ കക്ഷിയായി വരുന്നു. ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഒരു റോഡിനുവേണ്ടി 400 കത്തെങ്കിലും നൽകിക്കാണും. അങ്ങ് ആ റോഡ് അനുവദിച്ചു, നമ്മൾ ആ റോഡ് ഉദ്ഘാടനം ചെയ്തു. 12 കോടി രൂപയാണ് അനുവദിച്ചത്, അതൊരു ഔദാര്യമല്ല. ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് ഭക്തർ ആശ്രയിക്കുന്ന ഈ റോഡ്, 105-ഓളം അയ്യപ്പഭക്തൻമാരുടെ ജീവൻ ബലിദാനമായി കൊടുത്തതിനു ശേഷം ഹൈക്കോടതി ഇടപെടലിലൂടെയും മറ്റും കിട്ടിയ റോഡാണ്. നാളെ, ബിജിമോൾ കരഞ്ഞുപറഞ്ഞു, 450 കത്തെഴുതിത്തന്നു, ചേമ്പറിൽ കയറിയിറങ്ങി നടന്നു എന്നൊക്കെ പറഞ്ഞിട്ട് ഇത്തരം ഒരു കത്ത് എടുത്തുയർത്തിക്കാണിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ അതിനെ രാഷ്ട്രീയ പാപ്പരത്തമെന്ന് പറയുവാനേ കഴിയൂ. അത് അങ്ങ് ഇരിക്കുന്ന സീറ്റിന് ചേരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു നടപടിയല്ലായെന്ന് കേട്ടുകൊണ്ടിരുന്ന എനിക്ക് തോന്നിയതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. ഇവിടെയിരിക്കുന്ന എല്ലാ ആളുകളും അത്തരം കത്തുകൾ തന്നിട്ടുണ്ടാകും, അങ്ങയെപ്പോലുള്ള ഒരാൾ അങ്ങ് ഇരിക്കുന്ന പദവി വച്ച് അത് നടത്തരുതായിരുന്നുവെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എനിക്ക് ഇന്നലത്തെ ചർച്ച കേട്ടപ്പോൾ തോന്നിയത്, ആനയുടെ മസ്തകത്തിൽ കയറിയിരുന്ന് കാഷ്ഠിച്ചിട്ട് താൻ ആനയെക്കാൾ വലിയ കേമനാണെന്ന് ധരിക്കുന്ന കാക്കയെപ്പോലെയാണ് നിങ്ങളുടെ ഇന്നലത്തെ രാഷ്ട്രീയ നിലപാടെന്നാണ്. സി.പി.ഐ.ക്കാരുടെ എണ്ണവും വണ്ണവും ഒന്നും നോക്കേണ്ട, ആരും ഞങ്ങളെ പരിഹസിക്കുകയും വേണ്ട. സി.പി.ഐ. വ്യക്തമായ നിലപാടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ്. ചരിത്രം പരിശോധിച്ചാൽ, സാംസ്കാരിക കേരളത്തിന് മാതൃക നൽകുവാൻ സി.പി.ഐ. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാക്കാം. കാട്ടുപോത്തായാലും കണ്ടാമൃഗമായാലും അത് മുഖ്യമന്ത്രി ആയാലും, മന്ത്രി ആയാലും സി.പി.ഐ.ക്കാർ പറയാനുള്ളത് പറയും. അത് പറയുന്ന സി.പി.ഐ.ക്കാരെ വ്യക്തിപരമായി കശാപ്പ് ചെയ്ത് കളയാമെന്നും ഭീഷണിപ്പെടുത്തിക്കളയാമെന്നും അങ്ങനെ ഞങ്ങൾ വഴിപ്പെടുമെന്നും കരുതുന്നെങ്കിൽ ആ നിലപാട് ശരിയല്ല. അതുകൊണ്ട്, കാട്ടുപോത്തായാലും കണ്ടാമൃഗമായാലും അങ്ങനെ വ്യക്തിപരമായി ......(ബഹളം).... ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങയോടോ മുസ്ലീം ലീഗിനോടോ അല്ല ഞാൻ പറയുന്നത്. കാട്ടുപോത്തെന്ന് പറയുമ്പോൾ ദയവായി മുസ്ലീം ലീഗിന്റെ എം.എൽ.എ. മാരെല്ലാം കൂടി ഇങ്ങനെ ചാടി എഴുന്നേൽക്കരുത്. പപ്പുണ്ടെന്ന് പറയുമ്പോൾ ഇവരെല്ലാം കൂടി തലയിൽ തപ്പുന്നതെന്തിനാണ്? ഇത് മുസ്ലീം ലീഗിന്റെ മന്ത്രിമാരെ ഉദ്ദേശിച്ച് നടത്തുന്ന പ്രയോഗമല്ല. ഇവിടെപ്പറഞ്ഞ കാര്യം കാട്ടുപോത്തായാലും കണ്ടാമൃഗമായലും അത് പറയാതിരിക്കാൻ നിർവ്വാഹമില്ല എന്നുള്ളതാണ്. ഇടതുപക്ഷ എം.എൽ.എ.മാരിൽ ചിലരൊക്കെ അവരുടെ ഹിറ്റ് ലിസ്റ്റിലാണെന്ന് പറയുന്നു. ശ്രീ. ബാബു. എം. പാലിശ്ശേരി, ശ്രീ. വി. എസ്. സുനിൽ കുമാർ തുടങ്ങിയ ചില എം.എൽ.എ.മാർ ഹിറ്റ് ലിസ്റ്റിലാണെന്നും അവസരം വന്നാൽ അവരെ ഷൂട്ട് ചെയ്യണമെന്നും പറയുന്ന നിലപാട് ഈ നിയമസഭയ്ക്ക് ചേർന്നതല്ല. ശ്രീ. കെ. എം. മാണി സാർ കോഴ വാങ്ങിയെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല, പറഞ്ഞത് ബിജു രമേശാണ്, അയാൾ യു.ഡി.എഫ്.കാരനാണ്. അദ്ദേഹം യു.ഡി.എഫ്.-ന്റെ ഒരു അനുഭാവിയാണെന്ന് അവിടെയുള്ള ആളുകൾ പറയുന്നു, പത്രങ്ങളിൽ നിരവധി തവണ വാർത്ത വന്നു. ബാർ കോഴ ആരോപണത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്നുപറഞ്ഞത് ഇടതുപക്ഷമല്ല, അങ്ങനെ പറഞ്ഞത് മാണി സാറിന്റെ പാർട്ടിക്കാരാണ്. അതുമായി ബന്ധപ്പെട്ട് ശ്രീ. സി. എഫ്. തോമസ് അദ്ധ്യക്ഷനായ ഒരു അന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷനെ നിയമിച്ചു. ശ്രീ.സി.എഫ്. തോമസ്, അങ്ങയെ ഞാൻ ഈ സഭയിൽ ഈ വേഷത്തിൽ പ്രതീക്ഷിച്ചില്ല. സർ ഓവർക്കോട്ടൊക്കെയിട്ട് ഡിറ്റക്ടീവ് മോഡലിൽ ഈ നിയമസഭയിൽ പ്രത്യക്ഷപ്പെടുമെന്നാണ് കരുതിയത്. സർ, അന്വേഷിച്ച റിപ്പോർട്ട് എന്താണെന്നറിയില്ല. പക്ഷേ, ഒരു കാര്യമുറപ്പാണ്, ആ റിപ്പോർട്ട് യു.ഡി.എഫ്.-നെതിരാണെന്ന് വ്യക്തമാക്കുന്ന ചില മർമ്മറിംഗുകൾ നിങ്ങളുടെ പാർട്ടിക്കകത്തുണ്ട്. ഇവിടെ അഴിമതിക്ക് വിധേയരായ ആളുകൾ സംരക്ഷിക്കപ്പെടുന്നു. അത് പുറത്തുപറയുന്നവരെ ഭീഷണിപ്പെടുത്തുകയും അവരെ കൈകാര്യം ചെയ്യുമെന്ന് പറയുകയും ചെയ്യുന്നു. ആരോപണവിധേയരായ വൻകിട കാട്ടുപോത്തുകളും കണ്ടാമൃഗങ്ങളും രക്ഷപ്പെട്ടുപോകുമോയെന്ന സംശയത്തിൽ ശ്രീ. വി. എസ്. സുനിൽ കുമാർ കോടതിയിൽ ഒരു കേസ് കൊടുത്തു. ആ കേസ് വിധി പറഞ്ഞത് പ്രശസ്തമായ ലളിതകുമാരി കേസിലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. അതുപ്രകാരം കോടതി പറഞ്ഞിരിക്കുന്നത് ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്യണമെന്നാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയുണ്ട്. കേസ് രജിസ്റ്റർ ചെയ്തെന്നും ചെയ്തില്ലെന്നും രജിസ്റ്റർ ചെയ്താൽ അതിന്റെ ഭവിഷ്യത്ത് വളരെ വലുതാണെന്നും പറഞ്ഞുകേൾക്കുന്നു. എന്താണ് ഭവിഷ്യത്തെന്ന് എനിക്കറിയില്ല. എന്താണ് ശ്രീ. പി. സി. ജോർജ്, താങ്കളല്ലേ പറഞ്ഞത് മാണി സാർ കാശ് വാങ്ങിച്ചുവെന്ന്, ഞാനാണോ പറഞ്ഞത്?

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഒരു എം.എൽ.എ.-യ്ക്ക് അവകാശമുണ്ടെന്നു കരുതി എന്ത് വർത്തമാനവും എന്നോട് പറയരുത്. ........(ബഹളം)...... ആരും വർത്തമാനം പറയരുത്. ........(ബഹളം)...... ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ........(ബഹളം)...... മാണി സാർ കൈക്കൂലി വാങ്ങിച്ചുവെന്ന് ഞാൻ പറഞ്ഞിട്ടില്ല. നിങ്ങൾ എന്താണ് പറയുന്നത്? ആ വർത്തമാനം പറയരുത്. ........(ബഹളം)...... നിങ്ങൾക്ക് എന്തുമാകാമെന്നാണോ ........(ബഹളം)...... പറയാത്ത കാര്യം പറഞ്ഞുവെന്നുപറയരുത്. ........(ബഹളം)...... നിങ്ങൾ എന്ത് വർത്തമാനമാണ് പറയുന്നത്. ........(ബഹളം)...... ഞാൻ പറഞ്ഞത് വിത്ഡ്രോ ചെയ്യു, അത് വിട്ടേക്കൂ. ........(ബഹളം)...... ഞാൻ പിൻവലിച്ചുവെന്ന് പറഞ്ഞാലും സമ്മതിക്കുകയില്ലേ? .......ഞാൻ ഇത്രയും മാത്രമേ ചോദിക്കാൻ തുടങ്ങിയുള്ളൂ, .......(ബഹളം)...... ശ്രീ. കെ. എം. മാണി കാശ് വാങ്ങിച്ചുവെന്ന് ഞാൻ പറഞ്ഞുവെന്ന് പറയുന്നത് എനിക്ക് സമ്മതിക്കാൻ പറ്റുമോ? ........(ബഹളം)...... പറയുന്നത് കേൾക്കാനുള്ള മാന്യത നിങ്ങൾ കാണിക്കണം. ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. എടുത്തു.



LIBRARY ARCHIVES Kerala Legislative Assembly

എഫ്.ഐ.ആർ. എടുക്കുന്നത് വലിയ ആനക്കാര്യമാണെന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങളുടെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രനെതിരെ കേസ് എടുത്തിട്ടില്ലേ, അദ്ദേഹം രാജി വച്ചോ. സുപ്രീം കോടതി ഡയറക്ഷനനുസരിച്ച് ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. എടുത്തു, അത് വലിയ ആനക്കാര്യമാണോ; അതിൽ എന്താണ് പ്രശ്നം? .......(ബഹളം)...... ഞാൻ ഈ രാജ്യത്താണ്. .......(ബഹളം)...... ഞാൻ ഒരൊറ്റ കാര്യം ചോദിക്കാം, ഞാൻ ഇത്രയും നേരം മിണ്ടാതിരുന്ന് കേൾക്കുകയായിരുന്നല്ലോ; എന്നെ ഒരു കാര്യം ചോദിക്കാൻ അനുവദിക്കണം. .......(ബഹളം)...... ഇവിടെ സഭയിൽ നടന്നത് എന്താണ്; ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിൽ അദ്ദേഹം പറഞ്ഞ കാര്യം എന്താണ്? ഒന്നേമുക്കാൽ കോടിരൂപ കൈക്കൂലി വാങ്ങിച്ചുവെന്ന ആരോപണം. മുഖ്യമന്ത്രി അങ്ങനെ പറഞ്ഞിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞതിന്റെ റെക്കോർഡ് എടുത്ത് പരിശോധിച്ചു. സി.പി.ഐ. നേതാവ് ഒന്നേമുക്കാൽ കോടി രൂപ കൈക്കൂലി വാങ്ങിച്ചുവെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞിട്ടില്ല. റെക്കോർഡുകൾ മുഴുവൻ പരിശോധിച്ചു. പിന്നെ ശ്രീ. ഉമ്മൻ ചാണ്ടി എന്താണ് ചെയ്യേണ്ടത്? .......(ബഹളം)......

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ...... സഭയിലില്ലാത്ത സഖാവ് കെ. പി. രാജേന്ദ്രനെപ്പറ്റി ഇല്ലാത്തൊരു കാര്യം ഈ സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹത്തിനെതിരെ കേസ് എടുത്തിട്ടില്ല. അത് നീക്കം ചെയ്യണം.

<u>ചെയർപേഴ്സൺ</u>: ഇരുഭാഗത്തെയും മെമ്പർമാർ ദയവായി സംയമനം പാലിക്കണം. ബഹുമാന്യയായ മെമ്പറെ പ്രസംഗം പൂർത്തീകരിക്കാൻ അനുവദിക്കണം ....... (ബഹളം)...... ബഹുമാനപ്പെട്ട സി. ദിവാകരൻ, സീറ്റിൽ ഇരിക്കണം. ശ്രീമതി ഇ. എസ്. ബിജി മോൾക്ക് പ്രസംഗം പൂർത്തീകരിക്കാനുള്ളതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ സഭയിൽ അംഗമായിരുന്ന, റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രന്റെ പേരിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. ആ പേര് ആവശ്യമില്ലാതെ ഇവിടെ വലിച്ചിഴച്ചതാണ്. അത് സഭാരേഖയിൽ കാണരുത്.

<u>ചെയർപേഴ്സൺ</u>: സഭയിൽ ഇപ്പോഴില്ലാത്ത മറ്റ് പലരെയുംപറ്റി പ്രസംഗത്തിൽ ആരോപണങ്ങളും പരാമർശങ്ങളും വന്നു. .......(ബഹളം)...... ബഹുമാന്യയായ മെമ്പറെ പ്രസംഗം പൂർത്തീകരിക്കാൻ അനുവദിക്കണം. സമയം അതിക്രമിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: സർ, ചീഫ് വിപ്പ് അങ്ങനെ പറഞ്ഞു വെന്ന് പറഞ്ഞത് ഞാനല്ല. അദ്ദേഹം എപ്പോഴും പത്രസമ്മേളനം നടത്തിക്കൊണ്ടി രിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മെമ്പർ 16 മിനിട്ട് കഴിഞ്ഞു, ദയവായി പ്രസംഗം പൂർത്തീകരിക്കുക.

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: സർ, ചാനലുകളിൽ അദ്ദേഹമില്ലാത്ത ഒരു ദിവസം പോലുമില്ല. അത് അദ്ദേഹത്തിന്റെ സാമർത്ഥ്യം കൊണ്ടാണെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. എന്തായാലും ആരോപണമുന്നയിച്ചത് ഞങ്ങളാരുമല്ല. നിങ്ങൾ മാണി സാറിനെ നന്നാക്കി നന്നാക്കി കിടത്തരുതെന്നുള്ള അഭ്യർത്ഥന മാത്രമേയുള്ളൂ. ഇങ്ങനെപോയാൽ അദ്ദേഹത്തിന് ആ കസേരയിലിരിക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. .......(ബഹളം)...... ഞാൻ സഭ്യമല്ലാത്ത ഒരു വാക്കും ഉപയോഗിക്കുന്നില്ല. ഞാൻ ബില്ലിലേയ്ക്ക് വരികയാണ്. .......(ബഹളം)...... പിൻവലിക്കാൻ തക്കവിധം ചീഫ് വിപ്പ് പറഞ്ഞതുപോലെ ഞാൻ ഒരു വാക്കു പോലും പറഞ്ഞിട്ടില്ല. ഞാൻ പറയാനുള്ള കാര്യങ്ങൾ പറഞ്ഞു. .......(ബഹളം)...... ഞാൻ പറഞ്ഞ കാര്യങ്ങൾ ബില്ലിനകത്തുനിന്ന് മാത്രമാണ്. അഴിമതി ആരോപണത്തിന് വിധേയനായ, ഇപ്പോൾ ഒന്നാം പ്രതിയായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള മാണി സാറിനെ ആ കസേരയിലിരുത്താതിരിക്കാനുള്ള എല്ലാ പണിയും, എല്ലാ സംഭാവനകളും ചീഫ് വിപ്പിന്റെ വകയായിട്ടുണ്ടോ എന്നുള്ള സംശയം എനിക്കുണ്ട്. സംശയം മാത്രമാണ്, ഉറപ്പിച്ച് പറയുന്നില്ല. ചീഫ് വിപ്പ് പൊട്ടിത്തെറിക്കരുത്. സംശയം മാത്രമാണ്, സംശയിക്കാൻ പാടില്ലേ?

<u>ചെയർപേഴ്സൺ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ, വിഷയത്തിലേയ്ക്ക് തിരിച്ചുവരു. ബഹുമാനപ്പെട്ട അംഗം ദയവായി പ്രസംഗം പൂർത്തീകരിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, .......(മൈക്ക് ഓഫ്)...... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന്റെ പിന്നിലുള്ളതെന്നാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. അല്ലാതെ വേറെ രൂപത്തിൽ പറഞ്ഞിട്ടില്ല, തെറ്റിദ്ധരിക്കരുത്.

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: സർ, അങ്ങ് പറഞ്ഞത് ഞാനും കേട്ടതാണ്. അത് ഇപ്പോൾ പറഞ്ഞാൽ ചീഫ് വിപ്പ് പിന്നെയും പ്രകോപിതനാകും എന്നുള്ളതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. അദ്ദേഹത്തെ പ്രകോപിത നാക്കാനുള്ള ഒരു വാക്കും എന്റെ വായിൽ നിന്ന് വരില്ല. ഇങ്ങനെ നാട്ടിലൊക്കെ പറഞ്ഞുകേട്ട കാര്യം ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 950 രൂപ മുതൽ 1000 രൂപ വരെ യാണ് ലൈബ്രേറിയൻമാർക്ക് അലവൻസായി കിട്ടുന്നത്. അതെങ്കിലും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണം. എ ഗ്രേഡിൽപ്പെട്ട ഗ്രന്ഥശാലകൾക്കുപോലും 20,000 രൂപയാണ് കൊടുക്കുന്നത്. അത് വർദ്ധിപ്പിക്കണമെന്നുപറഞ്ഞാൽ ഗവൺമെന്റ് ചെയ്യില്ലായെന്നുള്ള ഉത്തമധാരണയുള്ളതുകൊണ്ട് ഈ 20,000 രൂപയെങ്കിലും സമയത്ത് വിതരണം ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്. ഇന്റർനെറ്റിന്റെയും വാട്ട്സ് അപ്പിന്റെയും മെസഞ്ചറിന്റെയും കാലത്ത് ഒരു മോഡണൈസേഷൻ ഗ്രന്ഥശാലകൾക്കും ആവശ്യമാണ്. ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. കെ. എൻ. എ. ഖാദറും ശ്രീ. എം. ചന്ദ്രനുമൊക്കെ ആ വിഷയത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ രംഗത്ത് അനുഭവസമ്പത്തുള്ള ശ്രീ. സാജു പോളിനെപ്പോലെയുള്ള പല മെമ്പർമാരും ഇടപെട്ട് സംസാരിച്ചു. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട് ഒട്ടനവധി ഗുണകരമായ നിർദ്ദേശങ്ങൾ ശ്രീ. ജി. എസ്. ജയലാൽ ഇവിടെ ചൂണ്ടിക്കാണിച്ചു. ലൈബ്രറിയുടെ മോഡണൈസേഷൻ വളരെ അനിവാര്യമാണ്. മോഡണൈസേഷനില്ലായെങ്കിൽ ലൈബ്രറി പ്രസ്ഥാനങ്ങളെ ആളുകൾ ഉപേക്ഷിക്കുന്ന ഒരു സാഹചര്യമുണ്ടാകും. ഒരു വിജ്ഞാപനത്തിലൂടെ ഒരു ഗ്രന്ഥശാലാ സമിതി പിടിച്ചെടുക്കാൻ ഒരുപക്ഷേ അങ്ങേയ്ക്ക് കഴിഞ്ഞേക്കും. എന്നാൽ ഓരോ ഗ്രന്ഥശാലയുടെയും രൂപീകരണത്തിനും വളർച്ചയ്ക്കും അതിന്റെ പ്രവർത്തനങ്ങൾക്കും വേണ്ടി ആളുകൾ ജീവത്യാഗം ചെയ്തിട്ടുള്ളതാണെന്ന കാര്യം അങ്ങ് മറക്കരുത്. ഏതാണ്ട് 7658 വായനശാലകൾ നമ്മുടെ നാട്ടിലുണ്ട്. ഈ സ്ഥാപനങ്ങൾ പൊതുസമൂഹത്തിന് ആശയ വിനിമയത്തിനുള്ള ഒരു പ്ലാറ്റ്ഫോം കൂടിയാണ്. പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സിന്റെ വിനിയോഗത്തിൽ അക്കൗണ്ടബിലിറ്റി യുണ്ടാകണം, ആ കാര്യത്തിൽ ജാഗ്രത പാലിക്കണമെന്നുള്ളതാണ് നിലവിലുള്ള അഭിപ്രായം. ആ അഭിപ്രായത്തോട്, എ.ജി.-യുടെ ഓഡിറ്റിനോട് പൂർണ്ണമായും യോജിക്കുകയാണ്. അതുകൊണ്ട് ലൈബ്രറി കൗൺസിലിന്റെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന ഈ നീക്കത്തിൽനിന്ന് ഗവൺമെന്റ് പിൻമാറണ മെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഈ പ്രസംഗത്തിന്റെ അടിസ്ഥാനമായ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഭരണകക്ഷിയിലെ ചില എം.എൽ.എ.-മാർക്കുള്ള ഒരു നിവേദനംകൂടി മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളും മൂന്നോറോ നാന്നൂറോ കത്തെഴുതാം, പറ്റുകയാണെങ്കിൽ

12 കോടി രൂപയുടെ റോഡ് ഞങ്ങളുടെ മണ്ഡലത്തിലും അനുവദിച്ച് തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതിന്റെ പേരിൽ ഇവിടെ വന്ന് ഇപ്പോൾ കണ്ട പ്രകടനങ്ങളൊന്നും നടത്താൻ ഞങ്ങൾ നിൽക്കില്ല. ബില്ലിലെ ചർച്ച തുടങ്ങിയപ്പോൾ ഇവിടെയെല്ലാവരും പ്രതീക്ഷിച്ചിരുന്നത് ഒരച്ഛൻ മകൾക്ക് എഴുതിയ കത്തുകളെ സംബന്ധിച്ചുള്ള ചർച്ചകളായിരിക്കും ഈ ഗ്രന്ഥശാലാ ബില്ലുമായി ബന്ധപ്പെട്ട് നടക്കുകയെന്നാണ്. എന്നാൽ ഇവിടെ അവസാനത്തെ അംഗം സംസാരിച്ചപ്പോഴും, ഒരു എം.എൽ.എ. മുഖ്യമന്ത്രിക്ക് എഴുതിയ കത്ത് മാത്രമായി ഈ ചർച്ചയെ മാറ്റാനുള്ള ശ്രമം നടക്കുന്നത് കണ്ടു.

2007 ജൂലൈയിൽ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ലൈബ്രറി കൗൺസിലിന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയെടുത്ത തീരുമാനമാണ് ഇന്ന് ഇവിടെ ബില്ലായി മാറുന്നത്. അതിന് നേതൃത്വം നൽകിയ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ആദരപൂർവ്വം അഭിനന്ദിക്കുകയാണ്. ഇത് കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത തീരുമാനമായിരുന്നുവെങ്കിലും അത് നടപ്പാക്കാൻ അവർക്ക് കഴിയാതെപോയി. ഈ വിഷയം നിരവധി ചർച്ചകളിൽ മാത്രം ഒതുങ്ങിനിന്നപ്പോൾ അത് പ്രാവർത്തികമാക്കി കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് കൂടുതൽ വിശ്വാസ്യത നൽകുന്നതിനും അതിനെ കൂടുതൽ കരുത്തുറ്റ തരത്തിലുമാക്കുന്ന നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോയത് തീർച്ചയായും അഭിനന്ദനാർഹമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഒരു ഗ്രാമത്തിന്റെ ഉത്തമ ലക്ഷണങ്ങളിലൊന്ന് വായനശാലയാണെന്ന് നമ്മളെ പഠിപ്പിച്ചത് രാഷ്ട്രപിതാവാണ്. സ്വാതന്ത്ര്യസമര കാലഘട്ടത്തിലും അതിനുശേഷവുമുള്ള ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടുമാണ് ഈ രാജ്യത്തും നമ്മുടെ ഗ്രാമങ്ങളിലും നിരവധി ഗ്രന്ഥശാലകൾ ഉയർന്നുവന്നിട്ടുള്ളതെന്നത് ആർക്കും തർക്കിക്കാൻ കഴിയാത്ത വസ്തുതയാണ്. ഇടതുപക്ഷ നേതാക്കൻമാർപോലും കെ.പി.സി.സി.-യുടെ ഭാഗമായിരുന്ന കാലഘട്ടത്തിലാണ് ഇത്തരത്തിലുള്ള ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ഭാഗമായി ആദ്യകാലങ്ങളിൽ പ്രവർത്തിച്ചതെന്നുള്ളത് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ചരിത്രം പറയുന്ന രേഖകളിൽ നിന്നുതന്നെ നമുക്ക് ബോധ്യം വരുന്നതാണ്. നാട്ടിൽ കോൺഗ്രസ് കമ്മിറ്റികളുണ്ടാക്കാനും ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കാനും പുതിയ വായനശാലകൾ ആരംഭിക്കാനുമൊക്കെ അന്ന് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നിരുന്ന ആളുകളോട് മഹാത്മാവ് നിർദ്ദേശം നൽകിയതിന്റെ ഭാഗമായിട്ടാണ് ഇന്ന് കാണുന്ന തരത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ഈ നാട്ടിൽ വളർച്ചയുണ്ടായതെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഗ്രന്ഥശാലാ പ്രസ്ഥാനത്തിനുതന്നെ ഏറ്റവും സഹായകമാകുന്ന ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുന്ന അവസരത്തിൽപ്പോലും, 'ഇതിനെ തകർക്കാൻ ശ്രമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിനെതിരെ' എന്ന പതിവ് വാചകമാണ് പലരുടെയും പ്രസംഗത്തിൽ നിറഞ്ഞുനിന്നത്. നല്ല നിർദ്ദേശങ്ങളുണ്ടായി എന്നുള്ളത് നിഷേധിക്കുന്നില്ല. അതിനെ സ്വാഗതം ചെയ്യുന്നു.

6.00 PM]

ഗ്രന്ഥശാലാപ്രസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി അതിനെ ഒരു ക്ലോസ്ഡ് ഗ്രൂപ്പാക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം നടക്കുന്നുണ്ട് എന്നുള്ളതാണ്. പല സ്ഥലങ്ങളിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ഭാഗമായി നിലനിൽക്കുന്ന ലൈബ്രറികളെ പാർട്ടി ഓഫീസുകളെപ്പോലെ മാത്രമാക്കി പ്രവർത്തിക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ട്. പൊതുജനങ്ങളിൽനിന്ന് ഈ പ്രസ്ഥാനം അകന്നതും ലൈബ്രറിയിലേയ്ക്ക് സാധാരണ ജനങ്ങൾ കടന്നു വരുന്നത് ഒരു പരിധിവരെ തടഞ്ഞുനിർത്തിയതും ഒരു പ്രത്യേക രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകൾക്കുമാത്രമുള്ള വേദികളായി അതിനെ ഉപയോഗപ്പെടുത്താൻ ചില ആളുകൾ ശ്രമിച്ചതിന്റെ ഭാഗമാണെന്ന് ആർക്കും പരിശോധിക്കാവുന്നതാണ്. എല്ലാ ഗ്രന്ഥശാലകളും തുടങ്ങിയത് ഇടതുപക്ഷമാണെന്നാണ് ഇവിടെ ചിലർ അഭിപ്രായപ്പെട്ടത്. പക്ഷേ, ഇന്ന് എല്ലാ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെയും ഗ്രന്ഥശാലകളുടെയും തലപ്പത്തിരിക്കുന്നത് ഇടതുപക്ഷത്തിന്റെ ആളുകൾ തന്നെയാണെങ്കിലും അത് ആരംഭിച്ചത് അവരായിരുന്നില്ല. നേരെമറിച്ച് രാഷ്ട്രീയമായി അതിനെ പിടിച്ചടക്കിയതായിരുന്നു എന്നുള്ളത് നാട്ടിൻപുറത്ത് ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്ന ആളുകൾക്കെല്ലാം ബോദ്ധ്യമുള്ളതാണ്. അതുകൊണ്ട് ഇതിനെ കുറച്ചുകൂടി ഓപ്പണാക്കി, കുറച്ചുകൂടി ഡെമോക്രാറ്റിക്കാക്കി, കുറച്ചുകൂടി ജനകീയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്കുകൂടി ഗവൺമെന്റ് നേതൃത്വം നൽകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. കേരളം എന്നു പറയുന്ന .....ഞാൻ പ്രസംഗം തുടങ്ങിയിട്ടേയുള്ളൂ. സഭയിലെ പ്രവർത്തനവും തുടങ്ങിയിട്ടേയുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇവിടെ ഇടതുപക്ഷക്കാരെല്ലാം ആരുടെയൊക്കെയോ ഗ്രന്ഥശാലകൾ പിടിച്ചെടുത്തു എന്നുപറഞ്ഞു. അങ്ങനെ പിടിച്ചെടുത്ത ഒരു ഗ്രന്ഥശാലയുടെ പേരുപറയാമോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ പ്രദീപിന് ലിസ്റ്റ് തരാം. ലിസ്റ്റ് വേണോ? പി.എൻ. പണിക്കർ ചുമന്നുണ്ടാക്കിയതാണ് ഇത്. അതു മുഴുവൻ കൈവശപ്പെടുത്തിയിട്ട്...... ലിസ്റ്റ് തരാം. ഞാൻ ലിസ്റ്റ് തരാം. എത്രയെണ്ണത്തിന്റെ ലിസ്റ്റ് വേണം? പ്രദീപിന് എത്ര ലിസ്റ്റ് വേണം, എന്തിനാണ് കണ്ണടച്ച് ഇരുട്ടാട്ടാക്കുന്നത് ? കണ്ണടച്ച് ഇരുട്ടാക്കാതെ .... കണ്ണടച്ച് ഇരുട്ടാക്കാതെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഷാഫി പറമ്പിൽ :</u> സർ കേരളത്തിൽ പല ഗ്രന്ഥശാലകളുടെയും പേര് മഹാത്മാ ഗ്രന്ഥശാല, ബാപ്പുജി ഗ്രന്ഥശാല, ദേശപോഷിണി ഗ്രന്ഥശാല എന്നൊക്കെയാണ്. പക്ഷേ, ഈ പ്രസ്ഥാനം പിടിച്ചടക്കിയതാണോ അല്ലയോ എന്ന് ഭരണസമിതിയിൽ ഇരിക്കുന്ന ആളുകളെ ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ കഴിയും. സ്വാഭാവികമായും എല്ലാവർക്കും ബോധ്യം വരും. കാരണം ആ കാലഘട്ടത്തിൽ ബാപ്പുജിയെ സംബന്ധിച്ചും ദേശീയപ്രസ്ഥാനത്തെ സംബന്ധിച്ചും സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ചുമൊക്കെ അന്നത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുണ്ടായിരുന്ന നിലപാട് എന്തായിരുന്നു എന്നുള്ളതുതന്നെ ബാപ്പുജിയുടെ പേരിൽ മഹാത്മാവിന്റെ പേരിലൊരു ഗ്രന്ഥശാല അന്നത്തെ ഇടതുപക്ഷ മുന്നണി തുടങ്ങില്ല എന്നുള്ളതിന്റെ വ്യക്തമായ ഉദാഹരണം തന്നെയാണ്. എന്തായാലും കേരളം എന്നുപറയുന്ന ഈ കൊച്ചു സംസ്ഥാനത്ത് സംസാരിക്കുന്ന ഭാഷ സജീവമായി നിലിനിൽക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങൾ തീർച്ചയായിട്ടും ഇവിടെയുള്ള എഴുത്തുകാരിൽ കുറേപേർ ഇതൊരു ഉപജീവനമാർഗ്ഗമാക്കി മുന്നോട്ടുപോകുന്നു എന്നുള്ളതാണ്. ഇത് മറ്റ് ഭാഷകൾ സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ആളുകൾക്ക് അത്ഭുതമാണ് എന്നുള്ള കാര്യത്തിലും തർക്കമില്ല. അതിന് പ്രധാനപ്പെട്ട കാരണം മലയാളികളുടെ പുസ്തകപ്രേമവും വായനയിലുള്ള അഭിരുചിയുമാണ്. ഒരുകാലത്ത് ചെറുപ്പക്കാർ ഒത്തുകൂടിയിരുന്നാൽ നാട്ടിലുണ്ടാക്കാൻ കഴിയുന്ന ഏറ്റവും വലിയ സംഘമെന്നുപറയുന്നത് വായനശാലകൾ ആണെന്നുള്ളതിന് തർക്കമില്ല. വായനശാലകളെ അന്നത്തെ കാലഘട്ടത്തിൽ ഒരു പുസ്തകവിതരണ കേന്ദ്രമെന്നതിന് അപ്പുറത്തേയ്ക്ക് ആശയവിനിമയത്തിന്റെ ഉപാധികളായി സമൂഹം കണ്ടിരുന്നു. നാഷണൽ ബുക്ക് ട്രസ്റ്റോ കേന്ദ്രസാഹിത്യ അക്കാദമിയോ ഇല്ലാതിരുന്ന കാലഘട്ടത്തിൽപോലും വലിയ പുസ്തകങ്ങൾ മെനക്കെട്ടിരുന്ന് മാതൃഭാഷയിലേയ്ക്ക് കൺവെർട്ട് ചെയ്തിരുന്നതും എല്ലാവർക്കും ബോധ്യമുണ്ട്. നമ്മുടെ ഗ്രന്ഥശാലകൾക്ക് കരുത്ത് പകർന്നിരുന്നത് ഇത്തരത്തിലുള്ള പുസ്തകങ്ങളിൽക്കൂടിയായിരുന്നു. മലയാളികൾ ഹിന്ദി പഠിച്ചപ്പോഴും ഇംഗ്ലീഷ് പഠിച്ചപ്പോഴും ആ പഠനത്തിന്റെ ഭാഗമായി പല ചരിത്രത്തിലെ ക്ലാസിക്കുകളും വിവർത്തനം ചെയ്ത് മലയാളത്തിലേയ്ക്ക് മാറ്റി നമുക്കെല്ലാവർക്കും വായനയ്ക്ക് തന്നിരുന്നത് ഈ പ്രസ്ഥാനങ്ങളിൽക്കൂടിയാണ്. അതുപോലെ പെരുമ്പടവത്തിന്റെ 'സങ്കീർത്തനംപോലെ' മറ്റു ഭാഷകളിൽനിന്ന് ഇവിടെ കൺവെർട്ട് ചെയ്ത് മലയാളത്തിലാക്കി നമുക്ക് അനുവദിച്ചുതന്നതും വായിച്ചതും ആസ്വദിച്ചതും ലോകം അത്ഭുതത്തോടുകൂടിയാണ് നോക്കിക്കണ്ടത്. പക്ഷേ, ആ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളിൽ ഇന്ന് ചില മാറ്റങ്ങളുണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജമീലാ പ്രകാശം : ..........(മൈക്ക് ഓഫ്)............

ശ്രീ. ഷാഫി പറമ്പിൽ : മലയാളത്തിലേയ്ക്ക് ട്രാൻസ്ലേറ്റ് ചെയ്തതിനെ പ്പറ്റിയാണ് ഞാൻ പറയുന്നത്. ഞാൻ പറഞ്ഞത് ഗ്രന്ഥശാലാ പ്രസ്ഥാനംകൊണ്ട് ട്രാൻസ്ലേഷൻ നടന്നു എന്നുള്ളതല്ല. ഗ്രന്ഥശാലാ പ്രസ്ഥാനത്തിനുമുമ്പ് നാഷണൽ ബുക്ക്ട്രസ്റ്റോ കേന്ദ്ര സാഹിത്യ അക്കാദമിയോ നിലവിൽ വരുന്നതിന് എത്രയോ വർഷങ്ങൾക്കുമുമ്പ് മലയാളികളുടെ ശീലമായിരുന്നു മെനക്കെട്ടിരുന്ന് വലിയ ചരിത്രത്തിലെ ക്ലാസ്സിക്കുകളെ നമുക്ക് വിവർത്തനം ചെയ്യുതന്നിട്ട് അത് ഈ ഗ്രന്ഥശാലകളിലൂടെ ഒരുപാട് തലമുറകളിലേയ്ക്ക് പകർന്നുകൊടുക്കുവാൻ നമുക്ക് കഴിഞ്ഞു എന്നുള്ളതാണ്. അതല്ലാതെ ഗ്രന്ഥശാലാ പ്രസ്ഥാനം വന്നതിനുശേഷം ഇത് മാറ്റി എഴുതി എന്നുള്ളതല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇങ്ങനെ പറഞ്ഞ കൂട്ടത്തിൽ ഒരു 'സങ്കീർത്തനംപോലെ' എന്ന നോവൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി എന്നു അങ്ങ് പറഞ്ഞുപോയതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാവങ്ങളെ സംബന്ധിച്ചും പരിഭാഷ പ്പെടുത്തിയതും 'ഒരു സങ്കീർത്തനം പോലെ' തുടങ്ങിയ നോവലുകൾ തലമുറകളായി വായിച്ചത് സംബന്ധിച്ചും ഈ ഗ്രന്ഥശാലകൾക്കുള്ള പങ്കിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അല്ലാതെ ഗ്രന്ഥശാലാ പ്രസ്ഥാനം വന്നതിനുശേഷം വിവർത്തനം ചെയ്തു എന്നുള്ളതല്ല. ഇവിടെ ഒരു പ്രധാനപ്പെട്ട കാര്യം ഒരു ചെറിയ സജഷൻ എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്, ഈ ഗ്രന്ഥശാലാ പ്രസ്ഥാനം ഇന്ന് കാണുന്ന പ്രതിസന്ധി യിലേയ്ക്ക് പോകാനുള്ള പ്രധാനപ്പെട്ട ഒരു കാരണത്തെ സംബന്ധിച്ചുകൂടി നമ്മൾ ആലോചിക്കേണ്ടിവരും. നമ്മുടെ നാട്ടിൽ രൂപം കൊണ്ടിരിക്കുന്ന ഒരു വൈജ്ഞാനിക സമൂഹത്തിന്റെ (ഇൻഫർമേഷൻ സൊസൈറ്റി) ക്വാളിറ്റിയും അതുപോലെ വിജ്ഞാനത്തിന്റെ അറിവും വൈവിദ്ധ്യവും ഉദ്ദേശിക്കാത്ത തലത്തിൽ വളർന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിലധികമായി ഇവിടെ ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ പുരോഗതി സാങ്കേതികമായ വിപ്ലവത്തെ മാത്രമല്ല ഉറപ്പുവരുത്തിയത് സാംസ്കാരികമായ മാറ്റങ്ങൾകൂടി അതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഇൻഫർമേഷന്റെ കൺസംപ്ഷനെ സംബന്ധിച്ചും അതിന്റെ ഉപയോഗത്തെ സംബന്ധിച്ചും ഇവിടെ നിലനിന്നിരുന്ന പല ആശയങ്ങൾക്കും സങ്കല്പങ്ങൾക്കും മാറ്റമുണ്ടായി. ഇന്ന് ഇൻഫർമേഷൻ വരുന്ന വഴിയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ ഗ്രന്ഥശാലകളുടെ ഒരു കാലത്തെ പ്രസക്തി എന്നുപറയുന്നത് നമ്മുടെ പാഠപുസ്തകങ്ങൾക്കപ്പുറത്തേയ്ക്കുള്ള ഇൻഫർമേഷൻസ് പ്രൊവൈഡ് ചെയ്തിരുന്ന ഒരു പ്രധാനപ്പെട്ട കേന്ദ്രമായി നിലനിന്നിരുന്നു എന്നതാണ്. പക്ഷേ, ഇന്ന് നമ്മുടെ വിരൽത്തുമ്പിലും കണ്ണിന്റെ മുമ്പിലും വിവരങ്ങൾ പലതരത്തിൽ

ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഇൻഫർമേഷൻ നേടാൻ വേണ്ടിമാത്രം ആളുകൾ വായനശാലയിലേയ്ക്ക് പോകുക എന്നുപറയുന്ന ആ ഒരു സ്വഭാവത്തിന് സ്വാഭാവികമായും മാറ്റങ്ങൾ വരും. ആ മാറ്റങ്ങളെ ...

ശ്രീ. വി. റ്റി. ബൽറാം : വൈജ്ഞാനിക സമൂഹത്തിന്റെ വളർച്ചയെക്കുറിച്ച് താങ്കൾ വളരെ ശരിയായ രീതിയിൽ സൂചിപ്പിച്ചു. എനിക്ക് ചോദിക്കുവാനുള്ളത് നമ്മുടെ ലൈബ്രറികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്വന്തമായി പുസ്തകം വാങ്ങാനോ ആ രീതിയിൽ മുന്നോട്ടുപോകാനോ ഉള്ള ഫണ്ടിന്റെ അവയിലബിലിറ്റി - സർക്കാരിന്റെ ഗ്രാന്റിനെമാത്രം ഡിപ്പന്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ മാറുന്ന കാലഘട്ടത്തിനനുസൃതമായി വിവിധ തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ വൈജ്ഞാനിക രംഗവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ റിലേറ്റഡായ പ്രോജക്ടുകൾ ഏറ്റെടുക്കാനും അതുവഴി സ്വന്തമായി വരുമാനം ആർജ്ജിക്കുവാൻ കഴിയുന്ന തരത്തിൽ നമ്മുടെ ലൈബ്രറിയെ ശക്തിപ്പെടുത്തണം. അവയെ ലോക്കൽ ഇൻഫർമേഷൻ സെന്ററുകളാക്കി മാറ്റി റിസർച്ച് ഓറിയന്റഡായിട്ടുള്ള ആക്ടിവിറ്റീസ് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ സ്ഥാപനങ്ങളുടെ ഈ വൈജ്ഞാനിക പ്രോജക്ടുകളെ ഔട്ട് സോഴ്സ് ചെയ്യാൻ പറ്റുന്ന തരത്തിലേയ്ക്കുള്ള ഒരു കപ്പാസിറ്റി ബിൽഡിംഗ് ഈ ലൈബ്രറികളുടെ ഭാഗമായി നടത്തേണ്ടതുണ്ടെന്ന് താങ്കൾക്ക് തോന്നുന്നില്ലേ?

ശ്രീ. ഷാഫി പറമ്പിൽ : സർ, ഞാൻ അതിലേയ്ക്കാണ് വരുന്നത്. ലൈബ്രറിയുടെ പ്രവർത്തനത്തിലും സ്വഭാവത്തിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ഇവിടെ അങ്ങ് ശരിയായി സൂചിപ്പിച്ചതുപോലെ ഇതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഇങ്ങനെ ഇൻഫർമേഷൻ സൊസൈറ്റിയിൽ ഇൻഫർമേഷനുമായി ബന്ധപ്പെട്ട് ഇത്രയും മാറ്റങ്ങൾ വന്നപ്പോൾ അതിനെ ഉൾക്കൊള്ളുവാൻ കഴിയുന്ന സൗകര്യങ്ങളും കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങളും നമ്മുടെ ലൈബ്രറികൾക്കകത്തുണ്ടായിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഒരിടം മാത്രമായി ലൈബ്രറികൾ മാറുന്നുണ്ട്. ജോസഫ് ബ്രോഡ്സ്കിയുടെ പ്രസിദ്ധമായ ഒരു വാചകമുണ്ട് - 'There are worse crimes than burning books, one of them is not reading' -ഒരു പുസ്തകം കത്തിക്കുന്നതിനേക്കാൾ വലിയ കുറ്റങ്ങളാണ് അത് വായിക്കാതിരിക്കുന്നത്. അങ്ങനെ പലപ്പോഴും വായിക്കപ്പെടാതിരിക്കുന്ന പുസ്തകങ്ങൾ എടുത്തുവയ്ക്കുന്ന കേന്ദ്രങ്ങൾ മാത്രമായി നമ്മുടെ ചില വായനശാലകളെങ്കിലും മാറിയതിന്റെ പ്രധാനപ്പെട്ട കാര്യം ഇൻഫർമേഷൻ സൊസൈറ്റിയുമായി ബന്ധപ്പെട്ട് നമ്മുടെയിടയിൽ ശാസ്ത്രപുരോഗതി ഉണ്ടായപ്പോൾ ഉണ്ടായ സാങ്കേതിക വിപ്ലവത്തിൽ അതിനനുസരിച്ച് കാലാനുസൃതമായ മാറ്റങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വായനശാലയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. നമ്മുടെ ലൈബ്രറികളുടെ characteristics-ഉം physical infrastructure-ഉം കാലാനുസൃതമായ മാറ്റം അടിയന്തരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടെ modern library-കളേയും E-library-കളേയും കുറിച്ച് പറഞ്ഞു. ടെക്നോളജിയിലുണ്ടാകുന്ന മാറ്റങ്ങൾ അതിൽ നിന്നും മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ ജനതയ്ക്ക് access ഉള്ള സ്ഥലമായി വായനശാലകളെ മാറ്റണമെന്ന് എല്ലാവരും പറഞ്ഞു. ഇൻഫർമേഷന്റെ access ചില കേന്ദ്രങ്ങളിലെ ആളുകൾക്കുമാത്രമായി ലിമിറ്റ് ചെയ്തിരുന്ന സമയത്ത് ഒരുപക്ഷെ ഗ്രാമങ്ങളിലുള്ള ജനങ്ങളെ നമുക്ക് ആ തരത്തിൽ മാറ്റിനിർത്താൻ കഴിയുമായിരുന്നു. ഇന്ന് ഒരു വിവരത്തിലേയ്ക്കുള്ള access-ൽ ഗ്രാമീണനായ ഒരാളും നഗരത്തിലുള്ള ഒരാളും തമ്മിൽ ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല. No longer an idea is geographically confined-ഒരാശയത്തെ ഒരു പ്രദേശത്തേയ്ക്കു മാത്രമായോ ഒരു നഗരത്തിലേയ്ക്കു മാത്രമായോ confined ആയി നിർത്താൻ ഇന്ന് കഴിയുന്നില്ല. അത് ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ള, കുഗ്രാമത്തിലും മെട്രോയിലുമുള്ള ആളുകൾക്കും access ഉള്ളതായി മാറുന്നുണ്ട്. അപ്പോൾ ഒരു കെട്ടിടത്തിനകത്തുള്ള ഷെൽഫുകളും പുസ്തകങ്ങളും എന്നുള്ള നിലയിൽമാത്രം ഗ്രാമീണ ജനതയെ വായനശാലകളിലേയ്ക്ക് അടുപ്പിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിന് മാറ്റങ്ങളുണ്ടാകണം. അങ്ങനെ മാറ്റങ്ങളുണ്ടാകണമെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ നമ്മുടെ ലൈബ്രറിയുടെ സ്വഭാവത്തിലും അതിന്റെ പ്രവർത്തന രീതിയിലും ഇൻഫ്രാസ്ട്രക്ച്ചറിലുമൊക്കെ മാറ്റങ്ങൾ ഉണ്ടായേ മതിയാകൂ. ഈയൊരു മാറ്റത്തിന്റെ പീരിയഡിലൂടെയാണ് നമ്മുടെ ലൈബ്രറികൾ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തിനനുസൃതമായി നമ്മുടെ ലൈബ്രറികളിലും മാറ്റമുണ്ടാക്കാൻ ചില കാര്യങ്ങൾ നിർബന്ധമായും നമ്മൾ ശ്രദ്ധിച്ചേ മതിയാകൂ. നമ്മുടെ ലൈബ്രറി പ്രവർത്തനങ്ങളിൽ മാറ്റം വരണം. നമ്മുടെ ലൈബ്രറി function ഒരിക്കലും user service oriented അല്ല. വായനശാല എന്നതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത് ഷെൽഫുകളും പുസ്തകങ്ങളും വൃത്തിയായി അടുക്കിവയ്ക്കാനുള്ള സ്ഥലം എന്നാണ്, അങ്ങനെയല്ല വേണ്ടത്. User oriented ആക്കി ലൈബ്രറിക്ക് മാറ്റങ്ങൾ വരുത്തണം. വായനക്കാരന് സൗകര്യപ്രദമായ രീതിയിൽ, വായന പ്രൊമോട്ട് ചെയ്യുന്നതക്ക രീതിയിൽ അവിടെ വരാനുള്ള ആഗ്രഹം വർദ്ധിപ്പിക്കത്തക്ക തരത്തിൽ ഇൻഫ്രാസ്ട്രച്ചർ മുതലുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യേണ്ടതുണ്ട്. അതുപോലെതന്നെ ടെക്നോളജി - ഒരു ലൈബ്രറിയുടെ നിർമ്മാണം കഴിഞ്ഞാൽ അവിടെ ഉപയോഗിക്കുന്ന .......

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എൻ. ജയരാജ്: സർ, ലൈബ്രറികളെക്കുറിച്ചുള്ള സങ്കൽപ്പത്തിൽ നമ്മുടെ ഗ്രാമീണ വായനശാലകളെക്കുറിച്ചാണോ അങ്ങ് പറയുന്നത് എന്നെനിക്ക് സംശയമുണ്ട്. കാരണം, കേരളത്തിലെ മഹാഭൂരിപക്ഷം ലൈബ്രറികളും ഗ്രാമങ്ങളിലാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ അങ്ങ് പറഞ്ഞരീതിയിൽ, അതായത് പുസ്തകങ്ങൾ ഷെൽഫുകളിൽ അടുക്കി വയ്ക്കുന്ന അവസ്ഥയ്ക്കുമപ്പുറത്ത് ലൈബ്രറികളുടെ ഘടനയിൽ വലിയൊരു മാറ്റം വളരെ പെട്ടെന്ന് ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഞാൻ ഈ അടുത്ത കാലത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ നാട്ടിൽ പോയപ്പോൾ അദ്ദേഹത്തിന്റെ പിതാവിന്റെ പേരിലുള്ള ലൈബ്രറിയിൽ പോകുകയുണ്ടായി. എത്രയോ മനോഹരമായ ലൈബ്രറി, ഞാൻ പല ആളുകളോടും ഇതിനെക്കുറിച്ച് പറഞ്ഞു. ഒരു ലൈബ്രറി എങ്ങനെ ആയിരിക്കണമെന്നുള്ള സങ്കൽപ്പത്തിൽ വളരെ ഭംഗിയായി അതിനെ മാറ്റിത്തീർക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഒരാളിന്റെ മാത്രമല്ല, ഒരു നാടിന്റെ മുഴുവൻ പ്രവർത്തനവും അവിടെയുണ്ട്. കാരണം അവിടെ പുസ്തകങ്ങൾ മാത്രമല്ല..... പുസ്തകങ്ങൾ ജീവിക്കുന്ന അക്ഷരങ്ങൾ തന്നെയാണെന്ന് വിശ്വസിക്കുന്ന ആളുകളാണ് നമ്മളെല്ലാവരും. അതുകൊണ്ടുതന്നെ ലൈബ്രറിയിലുള്ള നമ്മുടെ ഓരോ ഇടപെടലുകളും പുസ്തക വായനയ്ക്കപ്പുറത്തുള്ള ഒരു ഗ്രാമീണ സജീവതയെ തീർച്ചയായും നില നിർത്തിക്കൊണ്ടുപോകുന്നുണ്ട്. അതിന് സാങ്കേതികതയുടെ മുഖം മാത്രം കൊടുത്താൽപോരാ, കുറച്ചുകൂടി ജൈവപരമായ തലത്തിലൂടെ അതിനെ കാണണമെന്നുള്ള ധാരണ തീർച്ചയായും നമുക്ക് ഉണ്ടാക്കിയെടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ നമ്മുടെ സഹൃദയത്വം നിലനിർത്തുന്ന കേന്ദ്രങ്ങളായി വായനശാലകൾ മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷെ ആ വായനശാലകളിലേയ്ക്ക് ഒരു പുതിയ തലമുറ കടന്നുവരേണ്ടത് ഇവയുടെ നിലനിൽപ്പിന് അനിവാര്യമാണ്. നമ്മളുദ്ദേശിച്ച സംരക്ഷണത്തിന് വായനശാലകളിലേയ്ക്ക് പുതിയ തലമുറകൾക്കൂടി കടന്നുവരേണ്ടത് അനിവാര്യമാകുമ്പോൾ ആ തലമുറ ആഗ്രഹിക്കുന്ന തരത്തിലുള്ള വൈജ്ഞാനിക വിവരത്തിലെ വൈവിദ്ധ്യവും അതിന്റെ quantity-യിലുമുണ്ടാകുന്ന മാറ്റങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ വായനശാലകൾക്ക് മാറ്റമുണ്ടാകണം. ഞാൻ ചെറിയൊരു ഉദാഹരണം പറയാം, നമ്മുടെ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് ഏറ്റവും പ്രതാപത്തിൽ നിന്ന ഒരു ഡിപ്പാർട്ടുമെന്റ് ആയിരുന്നു. ഞങ്ങൾ ഉൾപ്പെടെയുള്ള തലമുറകളിൽപ്പെട്ടവർക്ക് ഓരോ ഗ്രാമത്തിലെയും പോസ്റ്റുമാന്റെ പേര് കൃത്യമായി അറിയാമായിരുന്നു. പക്ഷെ ഞാൻ എന്റെ ചെറിയ അനിയത്തിയോട് നമ്മുടെ നാട്ടിലെ പോസ്റ്റുമാന്റെ പേര് എന്താണെന്നു ചോദിച്ചാൽ ആ കുട്ടിക്ക് അറിയാൻ വഴിയില്ല. കാരണം ആ കുട്ടി പോസ്റ്റുമാനുമായി

ബന്ധപ്പെടുന്നില്ല. ആ കട്ടിയ്ക്ക് വരുന്ന കമ്മ്യൂണിക്കേഷൻ മുഴുവൻ പോസ്റ്റലായിട്ടല്ല വരുന്നത്. അങ്ങനെ പ്രതാപത്തിൽ നിലനിന്നിരുന്ന ഡിപ്പാർട്ടുമെന്റ് ഇന്ന് അത്രത്തോളം പ്രസക്തിയില്ലാതെയായി പ്പോയതിന്റെ പ്രധാന കാരണം ഈ മാറ്റങ്ങൾ മുൻകൂട്ടി കാണാൻ ആ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞില്ലായെന്നുള്ളതു കൊണ്ടാണ്. ഓരോ ഗ്രാമത്തിലുമുണ്ടായിരുന്ന നമ്മുടെ ചെറിയ പോസ്റ്റോഫീസുകൾ മാറ്റങ്ങൾ മുൻകൂട്ടി കണ്ടിരുന്നുവെങ്കിൽ ഒരുപക്ഷേ കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ ആദ്യ നാളുകളിൽ, ഇന്റർനെറ്റിന്റെ ആദ്യ നാളുകളിൽ ഇന്റർനെറ്റിനെ സാധാരണ ജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിയുമായിരുന്ന ഏറ്റവും നല്ല പ്രാദേശിക കേന്ദ്രങ്ങളായി മാറാൻ ഈ പോസ്റ്റോഫീസുകൾക്ക് കഴിയുമായിരുന്നു. അപ്പോൾ കാലഘട്ടത്തിനനുസരിച്ച് കമ്മ്യൂണിക്കേഷനിലുൾപ്പെടെയുണ്ടാകുന്ന മാറ്റങ്ങളെ മുൻകൂട്ടി കാണാൻ നമുക്ക് കഴിയണം. അല്ലാതെ ലൈബ്രറി എന്നുപറഞ്ഞാൽ ഒരു ടെക്നോളജിയെ മാത്രം ആശ്രയിച്ചുനിൽക്കുന്ന സ്ഥലം എന്നാക്കി മാറ്റാൻ വേണ്ടിയല്ല. ഈ പ്രസ്ഥാനം നിലനിൽക്കാൻ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഈ മേഖലയിലുമുണ്ടാകാൻ ചില സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അങ്ങ് സൂചിപ്പിച്ച ഒരു കാര്യത്തിൻമേൽ എനിക്ക് ചെറിയൊരഭിപ്രായം കൂടി പറയാനുണ്ട്. ലൈബ്രറി ടെക്നോളജിയുടെ കാര്യത്തിൽ ഇപ്പോൾ കമ്പ്യൂട്ടറിന്റെ ഉപയോഗം പല സ്ഥലങ്ങളിലും വ്യാപകമായി.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, താങ്കൾ പറഞ്ഞത് അടിസ്ഥാനപരമായ ഇൻഫർമേഷൻ ലഭിക്കാൻ വേണ്ടി ആധുനിക സംവിധാനങ്ങളെ ഉപയോഗിക്കുക എന്നാണ്. ഇൻഫർമേഷൻ പാസ് ചെയ്യാൻ വേണ്ടി ആധുനിക സങ്കേതങ്ങളെ ഉപയോഗിക്കണം എന്നുപറഞ്ഞത് ശരിയാണ്. പക്ഷെ വായന എന്നത് പുസ്തകങ്ങൾ എടുത്ത് വായിച്ചാൽ മാത്രമേ കഴിയൂ. പുസ്തകങ്ങൾ വായിക്കുന്നതിലൂടെ ലഭിക്കുന്ന അനുഭൂതിയും അറിവും മാനസികവികാസവും ഒരു ഇൻഫർമേഷൻ ലഭിക്കുന്നതിലൂടെ ഉണ്ടാവുകയില്ല എന്നുള്ള അടിസ്ഥാനപരമായ കാഴ്ചപ്പാടിൽനിന്നും അങ്ങ് വഴുതി പ്പോകുന്നോ എന്നുള്ള ഒരു സംശയമാണ് ഇവിടെ ഉന്നയിക്കുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഒരിക്കലുമില്ല. എനിക്കുമുമ്പ് ഇവിടെ പ്രസംഗിച്ച ആളുകൾ പറഞ്ഞ അതേ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ മുമ്പ് പ്രസംഗിച്ച ആളുകൾ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. വരുന്ന കാലഘട്ടത്തിൽ വായനശാലകൾ അതിന്റെ പ്രസക്തിയോടെ നിലനിൽക്കണമെങ്കിൽ ഉണ്ടാകേണ്ട ചില മാറ്റങ്ങളെ സംബന്ധിച്ച് ഒരു മേഖലയിലുന്നി ഞാൻ സംസാരിക്കുന്നു എന്നുമാത്രം. അതല്ലാതെ ഞാൻ പുസ്തക വായനയ്ക്ക് എതിരായിട്ടല്ല സംസാരിക്കുന്നത്. പുസ്തക വായന വർദ്ധിപ്പിക്കാൻ വേണ്ടിത്തന്നെ........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞത് ശരിയാണ്. ടി.വി.യിൽ അല്ലെങ്കിൽ കമ്പ്യൂട്ടറിൽ ഒരു വിഷയം തെരഞ്ഞെടുക്കുമ്പോൾ അത് നമ്മുടെ കണ്ണിനെ തൃപ്തിപ്പെടുത്തുന്നു. പുസ്തകം വായിച്ചാൽ അത് നമ്മുടെ മനസ്സിനെ, ഹൃദയത്തെ കീഴ്പ്പെടുത്തുന്നു. ചെറുപ്പകാലത്ത് വായിച്ച പുസ്തകങ്ങൾ ഒരാൾക്ക് മറക്കാൻ സാധിക്കില്ല. നമ്മുടെ ഗ്രന്ഥശാലകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്വന്തം കാലിൽ നിൽക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. ആധുനിക പുസ്തകങ്ങൾ സെലക്ട് ചെയ്ത് അവ വാങ്ങാനുള്ള ഫണ്ടില്ല. സ്റ്റാഫിന് ശമ്പളം കൊടുക്കാനുള്ള വരുമാനമാർഗ്ഗമില്ല. തദ്ദേശ ഭരണസ്ഥാപനങ്ങളോ ഗവൺമെന്റോ ഈ ലൈബ്രറികൾക്ക് വേണ്ടത്ര പിന്തുണ കൊടുക്കുന്നില്ല. പണ്ടുകാലത്ത് നല്ലൊരു ശതമാനം വായനക്കാർ മാത്യു മറ്റം, മുട്ടത്തുവർക്കി, കാനം ഇ.ജെ. എന്നിവരുടെ പൈങ്കിളി നോവലുകൾ വായിക്കുന്നതിനായിരുന്നു ഗ്രന്ഥശാലകളിൽ എത്തിയിരുന്നത്. ഇന്ന് അത്തരത്തിലുള്ള ആസ്വാദകരെല്ലാം ടി.വി. സീരിയലുകളിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. 'വായന മരിക്കുകയാണ്' എന്നുപറയപ്പെടുന്നുവെങ്കിലും വായന മരിക്കുകയല്ല, കേരളത്തിലെ പ്രസാധകരുമായി ബന്ധപ്പെട്ടാൽ, അവരുടെ പുസ്തകോത്സവങ്ങൾ സന്ദർശിച്ചാൽ പല ഗ്രന്ഥങ്ങളും പബ്ലിഷ് ചെയ്തുകഴിഞ്ഞ് ഒന്നോ രണ്ടോ മാസത്തിനുള്ളിൽ out of print ആയി മാറുന്നു. ഡി.സി. ബുക്സുമായി ബന്ധപ്പെട്ടാൽ പ്രീ-പബ്ലിക്കേഷനിൽ അവർ ഉദ്ദേശിക്കുന്നതിനെക്കാൾ കൂടുതൽ പുസ്തകങ്ങളുടെ വിൽപ്പന നടന്നുകൊണ്ടിരിക്കുന്നു. ഇതിന് അടിസ്ഥാനപരമായ മാറ്റമുണ്ടാകാത്തിടത്തോളംകാലം രാഷ്ട്രീയ താത്പര്യങ്ങളും ഇത് നടത്തുന്നവരുടെ സ്ഥാപിത താൽപര്യങ്ങളും ഗ്രന്ഥശാലകളെ ഞെക്കിക്കൊല്ലുകയാണ്. അതുകൊണ്ട് ലൈബ്രറി സ്റ്റാഫിന്റെ നിയമനം പി.എസ്.സി.-ക്ക് വിടുന്നത് ഇതിൽ നല്ലൊരു കാൽവയ്പ്പാണ്. അതിനനുസരിച്ചുള്ള ഫണ്ടുകൂടി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് ആണോ ശ്രീ ഷാഫി പറമ്പിൽ ആണോ പ്രസംഗിക്കുന്നത്. അങ്ങാണ് സംസാരിക്കുന്നത് എന്നു തോന്നുന്നതായി ഇവിടെ എല്ലാവരും പറയുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങും ഡോ. എൻ. ജയരാജും സൂചിപ്പിച്ച കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. പുസ്തക വായനയ്ക്ക് എതിരായിട്ടുള്ള കാര്യമായിട്ടല്ല ഇതെല്ലാം സൂചിപ്പിക്കുന്നത്. 2007-ൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. എം.ടി. വാസുദേവൻ നായർ "ഒരു പേജിലെ രണ്ട് വാക്കുകൾക്കിടയിലുള്ള വിടവ്, വായനയിലൂടെ ലഭിക്കുന്ന

ആസ്വാദനം ഒരുപക്ഷെ മറ്റ് പലതിലൂടെയും ലഭിക്കില്ല" എന്നുപറഞ്ഞു. എന്നാൽ ആ പ്രസംഗത്തിൽത്തന്നെ അദ്ദേഹം പറയുന്നുണ്ട്, ഇന്ന് വിനോദോപാധികൾ പലതുമുണ്ട്, ദൃശ്യമാധ്യമങ്ങൾ നൽകുന്ന വിനോദമുണ്ട്. അധികം ബുദ്ധിമുട്ടാതെ കൈവിരലൊന്നനക്കിയാൽ ചാനലുകൾ മാറുന്നു, പുതിയ വിനോദങ്ങൾ ലഭിക്കുന്നു എങ്കിലും പുസ്തകങ്ങളുടെ പ്രസക്തി എവിടെയും നഷ്ടപ്പെടുന്നില്ല. ഓഡിയോ ബുക്സ് വിദേശനാടുകളിൽ സുലഭമാണ്. നിങ്ങൾക്കാവശ്യമുള്ള ജർമ്മൻ-ഫ്രഞ്ച് ക്ലാസിക്കുകൾ ആരോ ഭംഗിയായി വായിക്കും. ഇത് പുസ്തകങ്ങൾ വായിക്കാൻ സൗകര്യമില്ലാത്ത ആളുകൾക്ക് ഉപകാരപ്രദമാണ് എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. പുസ്തകങ്ങളുടെ വ്യാപാരവത്ക്കരണം ഇങ്ങനെ ഒരുഭാഗത്ത് നടക്കുന്നുണ്ട്. ഇത്തരം ചില മാറ്റങ്ങൾകൂടി നമുക്കുൾക്കൊള്ളേണ്ടതായി വരും. അത് പുസ്തകങ്ങൾക്കെതിരായിട്ടല്ല, നേരെമറിച്ച് പുസ്തകങ്ങളുടെ ലോകത്തേയ്ക്ക് വരുംകാല തലമുറകൾ അടുക്കണമെന്നുള്ളതും ആ തലമുറയും വായനയിലൂടെ പുസ്തകങ്ങളിലൂടെ അക്ഷരങ്ങളിലൂടെ സഹൃദയമുള്ള ആളുകളായി മാറണമെന്നുള്ള ആഗ്രഹംകൊണ്ടു തന്നെയാണ്. കൂടുതൽ മികവിലേയ്ക്ക് നമ്മുടെ വായനശാലകളെ മാറ്റിയാൽ കാലഘട്ടത്തിന്റെ ചുവരെഴുത്ത് വായിക്കാതെ ഒറ്റപ്പെട്ടുപോകാതിരിക്കാനും ചില മേഖലകളിലുള്ള നിശ്ചലാവസ്ഥ മാറ്റാനും നമുക്ക് കഴിഞ്ഞെന്നുവരാം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ പുസ്തക വായനയെ തള്ളിപ്പറയുന്നില്ല, പുസ്തക വായനയിലൂടെയാണ് എല്ലാ അനുഭൂതിയും ലഭിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ചോദിക്കുന്നത്, അത്തരം അനുഭവങ്ങളെയും അനുഭൂതികളെയുമൊക്കെയെല്ലാം ആഗ്രഹിക്കുന്ന മനസ്സുകളെ സമ്മേളിപ്പിക്കുന്ന, സാമൂഹിക ഗുണം ഉറപ്പാക്കാൻ കഴിയുന്ന ഇടമാക്കി ഗ്രന്ഥശാലകളെ മാറ്റണമെന്ന അഭിപ്രായം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എനിക്കുണ്ട്. വളരെ കറക്ടായിട്ടുള്ള ഒരു സജഷനാണ് അദ്ദേഹം പറഞ്ഞതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ എന്റെ പ്രസംഗം ചുരുക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ വായനശാലകളെ നിർബന്ധമായും മൾട്ടിഫംഗ്ഷണലാക്കണം. പുസ്തകങ്ങൾ എടുത്തുവയ്ക്കുന്ന ഒരു സ്ഥലമെന്നുള്ളതിനപ്പുറത്തേയ്ക്ക് സാംസ്കാരികമായും സാമൂഹികമായും ഒരുപക്ഷേ ഭാഷാപരമായിട്ടുള്ള പ്രവർത്തനങ്ങൾക്കെല്ലാം ഉപകരിക്കുന്ന തരത്തിൽ ആളുകൾക്ക് സമ്മേളിക്കാവുന്ന പൊതു ഇടങ്ങളായി നമ്മുടെ വായനശാലകൾ മാറണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വായനയ്ക്ക് പുസ്തകങ്ങൾ കൊടുക്കുന്ന സ്ഥലം എന്നതിനപ്പുറത്തേയ്ക്കുള്ള മൾട്ടി ഫംഗ്ഷണലായിട്ടുള്ള പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, വായനയുടെ പ്രാധാന്യത്തെക്കുറിച്ചും പുതിയ സങ്കൽപ്പത്തെക്കുറിച്ചുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ നാട്ടിലെ മലയോര മേഖലയിൽ കുടിയേറ്റത്തിന്റെ അത്രയും പഴക്കമുണ്ട് വായനയ്ക്കും വായനശാലയ്ക്കും. ഇന്ന് വന്നിരിക്കുന്ന ഒരു പ്രശ്നം, പുസ്തകം വാങ്ങിക്കാൻ ആവശ്യമായ സൗകര്യം ഇന്ന് ആ വായനശാലയിൽ കിട്ടുന്നില്ല എന്ന അവസ്ഥ സംജാതമാകുന്നുണ്ട്. ഒരു സജഷൻ എന്ന രീതിയിൽ ഒരു ടെലിവിഷൻ ഗ്രാമപ്രദേശത്തെ വായനശാലയിൽ വയ്ക്കാൻ കഴിയുന്നില്ല. ചിലപ്പോൾ ഒരുപക്ഷേ അവയൊക്കെ ഗ്രാമീണ വായനശാല കളായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ നേരത്തെ സൂചിപ്പിച്ചതുപോലെ വായനശാലകൾ മൾട്ടിപർപ്പസ് വായനശാലകളായി ഉപയോഗിക്കുമ്പോൾ അവിടെ എല്ലാവരും ഒത്തുകൂടാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകണം. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കുറച്ച് പുസ്തകങ്ങളും ടെലിവിഷനും വാങ്ങിച്ചുകൊടുക്കാൻ നിലവിൽ ഇപ്പോൾ പ്രൊവിഷനില്ല. ഗ്രാമീണ തലത്തിലുള്ള വായനശാലകളെ പ്രോത്സാഹിപ്പിക്കാൻ കുറച്ച് പുസ്തകങ്ങൾ വാങ്ങിച്ചു കൊടുക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന തരത്തിലുള്ള ഗൈഡ് ലൈൻസിന്റെ മാറ്റങ്ങൾ അനിവാര്യമല്ലേ?

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഇക്കാര്യത്തിൽ തീർച്ചയായും ഈ സഭയ്ക്കും പൊതുമനസ്സാണ് എന്നുള്ളത് നമ്മുക്കെല്ലാവർക്കും ബോധ്യമുണ്ട്. എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ സർക്കാറിൽനിന്ന് തീർച്ചയായും ഇതിനനുകൂലമായ ഒരു മറുപടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഇത്തരത്തിലുള്ള, മൾട്ടി ഫംഗ്ഷണലായുള്ള കേന്ദ്രങ്ങളായി നമ്മുടെ വായനശാലകളെ മാറ്റാൻ നിർബന്ധമായും സർക്കാരിന്റെ നടപടികളുണ്ടാകണം. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ കഴിഞ്ഞ സർക്കാരിന് ചെയ്യാൻ കഴിയാത്ത ഒരു കാര്യമാണ്. ഈ നിയമനങ്ങളെ പി.എസ്.സി.-ക്ക് വിട്ട സർക്കാരിന്റെ നടപടിയെ ഒരിക്കൽക്കൂടി ഞാൻ അഭിനന്ദിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഗ്രാന്റുകൾ തടഞ്ഞുവച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് പ്രധാനമായും മെമ്പർമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായത്. ഒരു ഗ്രാന്റും തടഞ്ഞുവച്ചിട്ടില്ല. 2011-12-ലെ പ്ലാൻ ഫണ്ടിൽ 55 ലക്ഷവും നോൺ പ്ലാനിൽ 13,00,50,000; 2012-13-ലെ പ്ലാൻ ഫണ്ടിൽ 65 ലക്ഷവും നോൺ പ്ലാനിൽ 14,00,85,000; 2013-14-ലെ പ്ലാൻ ഫണ്ടിൽ 70 ലക്ഷവും നോൺ പ്ലാനിൽ 12,00,30,000; 2014-15-ലെ പ്ലാൻ ഫണ്ടിൽ 30 ലക്ഷവും നോൺ പ്ലാനിൽ 4.54 കോടിയും അനുവദിച്ചിരുന്നു. 2013-14-ലെ അവസാനത്തെ ഒരു ഗഡുവാണ് കൊടുക്കാൻ ബാക്കിയുള്ളത്. എന്നാൽ 2014-15-ലെ

ആദ്യഗഡു കൊടുക്കുകയും ചെയ്തു. അതിന്റെ യൂട്ടിലൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമർപ്പിക്കാത്തതുകൊണ്ടാണ് പ്രസ്തുത തുക കൊടുക്കാതിരിക്കാനുള്ള കാരണം. ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് നൽകുന്നത് റൂൾസിന് വിധേയമായിട്ടാണ്. മുൻ വർഷങ്ങളിലെ ചെലവ് വിവരങ്ങൾ, ലോക്കൽ ഫണ്ട് ആഡിറ്റ്, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് പ്രകാരമുള്ള അപാകതകൾ പരിഹരിക്കപ്പെടാത്തതുകൊണ്ടും; സർക്കാർ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രവർത്തിച്ചതുകൊണ്ടുമാണ് ലൈബ്രറി കൗൺസിലിന്റെ 2013-14-ന്റെ അവസാനത്തെ ഗഡു കൊടുക്കാൻ സാധിക്കാതെ പോയത്. ലൈബ്രറി കൗൺസിലിനോട് വളരെ നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിക്കുന്നുവെന്നാണ് ഇവിടെ മെമ്പർ സൂചിപ്പിക്കുകയുണ്ടായത്. അങ്ങനെയൊരു നിലപാടൊന്നും സ്വീകരിച്ചിട്ടില്ല. ഗ്രാന്റുകൾ റിലീസ് ചെയ്തത് അതിന്റെ ഒരു തെളിവാണ്. മാത്രമല്ല കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, നിയമനങ്ങൾ സർക്കാരിന്റെ അനുമതിയില്ലാതെ നടത്താൻ പാടില്ല എന്ന് 2007-ൽ ഒരു ഉത്തരവുണ്ടായിരുന്നു. ആ ഉത്തരവ് ലംഘിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തിയത്. പുതിയ ഗവൺമെന്റ് വന്നപ്പോൾ ആ ഗവൺമെന്റ് വരുന്നതിന് രണ്ടുമാസങ്ങൾക്കുമുമ്പ് നടത്തിയ നിയമനങ്ങൾ ലൈബ്രറിയുമായി ബന്ധപ്പെട്ട് മാത്രമല്ല എല്ലാ വകുപ്പുമായി ബന്ധപ്പെട്ട നിയമനങ്ങൾ പാടില്ല എന്ന് പറഞ്ഞിരുന്നു. അങ്ങനെ നടത്തിയ നിയമനങ്ങൾ പിരിച്ചുവിടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇപ്പോൾ കേസ് നടന്നുകൊണ്ടിരിക്കുന്നത്. അതാണ് കാര്യം. ഡെയിലി വേജസ് എംപ്ലോയീസിനെ പെർമനന്റാക്കിയതുമായി ബന്ധപ്പെട്ടും; പെർമനെന്റ് അപ്പോയിന്റ്മെന്റ് നടത്തിയതുമായി ബന്ധപ്പെട്ടും; 50 ലക്ഷം രൂപ എസ്.ബി. അക്കൗണ്ടിൽനിന്ന് കറണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതുമായി ബന്ധപ്പെട്ടും; ലൈബ്രറി സെസ്സ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്..... അങ്ങനെയുള്ള ധാരാളം അപാകതകൾ ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടെങ്കിലും ഗവൺമെന്റ് അവരോട് ആ രീതിയിലുള്ള ഒരു നിലപാടും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടില്ല. മാത്രമല്ല, നിയമനങ്ങളുടെ കാര്യത്തിൽ സംവരണതത്വങ്ങളൊന്നും പാലിക്കാത്ത രീതിയിലാണ് നടത്തിയത്. അതുകൊണ്ടാണ് ഗവൺമെന്റ് ആ നിയമനങ്ങൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെടാനുള്ള കാരണം. കാലിക്കട്ട് യൂണിവേഴ്സിറ്റി സമരത്തെക്കുറിച്ച് ഇവിടെ ഡോ. കെ. ടി. ജലീൽ സൂചിപ്പിക്കുകയുണ്ടായി. ഈ ബില്ലുമായി ബന്ധപ്പെട്ട വിഷയമല്ല ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചത്. എന്താണ് അവിടത്തെ പ്രശ്നം; ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യത്തിൽ പക്ഷപാതപരമായ ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു മാസം മുമ്പ് ചർച്ച നടത്തുകയുണ്ടായി. ഇന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷ ഉപനേതാവ്, ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീ. റ്റി. എൻ. പ്രതാപൻ എല്ലാവരും ചർച്ച നടത്തുകയുണ്ടായി. ആ ചർച്ച ചെയ്തതിൽ പൊതുവായി വന്നൊരു ധാരണയിലേയ്ക്ക് എസ്.എഫ്.ഐ.-യിലെ കുട്ടികളെ കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നുള്ളതാണ് ഇന്നുണ്ടായ പ്രശ്നം. അതുകൊണ്ട് ആ പ്രശ്നം തീർക്കണമെങ്കിൽ ആ ഭാഗത്തുനിന്നു തന്നെ ശ്രമിച്ചാൽ മാത്രമേ തീർക്കാൻ പറ്റുകയുള്ളൂ. അല്ലാതെ എനിക്കതിൽ യാതൊരു പിടിവാശിയും നിർബന്ധ ബുദ്ധിയുമില്ല എന്ന് ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

സ്കൂൾ ലൈബ്രറികൾ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കാം. അതുപോലെ എം.എൽ.എ. ഫണ്ടുപയോഗിച്ച് ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങാനുള്ള അനുമതി കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഏത് രീതിയിലാണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് പരിശോധിക്കാം. കോഴിക്കോട് ലൈബ്രറിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കഴിഞ്ഞ മാസം ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. കുറേക്കാലമായി അവിടെ കുറേ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ആ പ്രശ്നങ്ങൾ തീർക്കാൻ വേണ്ടിയുള്ള നടപടികളുടെ ആദ്യഘട്ടം ഒരു മാസം മുമ്പ് ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. അതിന്റെ തുടർന്നുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായത്.

ശ്രീ. സാജു പോൾ: സർ, പതിനെട്ടര കോടി രൂപയാണ് ഈ വർഷത്തെ നോൺ പ്ലാൻ കുടിശ്ശിക. അതുകൂടാതെ രാജാറാം മോഹൻറോയ് ഫൗണ്ടേഷന് നമ്മൾ കൊടുക്കേണ്ട കഴിഞ്ഞ മൂന്ന് വർഷത്തെ മാച്ചിംഗ് ഗ്രാന്റ് ഒരു കോടി രൂപ കുടിശ്ശികയാണ്. ഇപ്പോൾ ബിൽഡിംഗ് സെസ്സിന്റെ ഭാഗമായി കിട്ടിയ ഫണ്ട് ഉപയോഗിച്ചാണ് ഇതുവരെയുള്ള ദൈനംദിന കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഇൻസ്പെക്ഷൻ വിംഗിന്റെ അപാകതകൾക്ക് കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോടതിയിലാണ്. 1,090 രൂപ അല്ലെങ്കിൽ 1,200 രൂപയാണ് ഒരു



LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രേറിയന് അലവൻസ് കിട്ടുന്നത്. ആ ലൈബ്രേറിയൻ അലവൻസ് തടസ്സപ്പെടുത്തുക എന്നുപറയുന്നത് ഒരു നീതിയില്ലാത്ത കാര്യമാണ്. ഇതിനുമുമ്പ് ഒരു ഗവൺമെന്റിന്റെ കാലത്തും സംഭവിക്കാത്ത വിഷയങ്ങളാണ്. ഞാൻ ഒരു താലൂക്ക് ലൈബ്രറി കൗൺസിലിന്റെ പ്രസിഡന്റാണ്. അവിടത്തെ ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പിൽ എതിരില്ലാതെ വീണ്ടും 9 പേർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അതിനൊന്നും രാഷ്ട്രീയനിറമോ മറ്റ് വകഭേദങ്ങളോ ഒന്നുമില്ല. ഒരു രാഷ്ട്രീയ വകഭേദവും മറ്റ് പക്ഷപാതവും കാണിക്കാതെയാണ് അവിടെയുള്ള ലൈബ്രറി കൗൺസിലുകൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവർക്കുള്ള ഗ്രാന്റ് കൊടുക്കാൻ തീരുമാനമുണ്ടാകണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ ഇവിടെ പറഞ്ഞത് .....ഞാൻ വഴങ്ങുന്നില്ല, ഞാൻ വഴങ്ങുന്നില്ലായെന്ന് പറഞ്ഞല്ലോ. .......(ബഹളം)............ ഡോ. കെ. ടി. ജലീൽ, ഞാൻ വഴങ്ങുന്നില്ല ..........(ബഹളം)............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞാൽ മതി യെസ്........... യെസ്......... പ്ലീസ്........ പ്ലീസ്......... ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയണം .........(ബഹളം).....

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഇങ്ങനെ തടസ്സപ്പെടുത്തുകയാണെങ്കിൽ എനിക്ക് മറുപടി പറയാൻ കഴിയില്ല. ഡോ. കെ. ടി. ജലീൽ പറഞ്ഞ കാര്യം ഞാൻ കേട്ടു. ഞാൻ പറയുന്നത് ഡോ. കെ. ടി. ജലീലും കേട്ടാൽ മതി. വേറെ പറയേണ്ട കാര്യമില്ല. ഇല്ല, അതിന്റെ ആവശ്യമില്ല. .........(ബഹളം)............ അങ്ങനെ വഴങ്ങേണ്ട ആവശ്യമില്ല. ഞാൻ വഴങ്ങുന്നില്ല. ഇവിടെ ശ്രീ. സാജു പോൾ പറഞ്ഞ കാര്യത്തിൽ ഞാൻ പറഞ്ഞത് എന്റെ കയ്യിലുള്ള കണക്കാണ്. ഞാൻ പറഞ്ഞത് ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടാണ്. അതിനപ്പുറം അക്കാര്യത്തെക്കുറിച്ച് എനിക്ക് ഒന്നും പറയാനില്ല ......(ബഹളം)....... ഈ ബില്ലുമായി ബന്ധപ്പെടാത്ത കാര്യമാണ് ഡോ. കെ. ടി. ജലീൽ ഉന്നയിച്ചത്. ഞാൻ അതിന് മറുപടി പറയുകയും ചെയ്തു ..........(ബഹളം)............

<u>ശ്രീ. സി. ദിവാകരൻ</u>: സർ, വസ്തുതാപരമല്ലാത്ത ഒരു പ്രസ്താവന ബഹുമാനപ്പെട്ട മന്ത്രി നടത്തിയതിന് സംശയം ഉന്നയിക്കുകയാണ്. അത് ശരിയാണോ; അത് അങ്ങനെയാണോ? തെറ്റായ രീതിയിൽ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ സമരം ഒത്തുതീർപ്പിലെത്തിക്കാൻ തടസ്സമായി നിൽക്കുന്നത് എസ്.എഫ്.ഐ. അല്ല, എം.എസ്.എഫ്. ആണെന്നാണ് അവർ പറയുന്നത്. അത് എന്താണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി കേൾക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം ശ്രീ. റ്റി. എൻ. പ്രതാപനോട് ചോദിക്കൂ. ശ്രീ. റ്റി. എൻ. പ്രതാപൻ പറയുന്നത് കേട്ടാൽ മതി.

(ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുസമീപം വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, അവിടെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നു. അതിനുശേഷം ഉരുത്തിരിഞ്ഞ ഫോർമുലയ്ക്കനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് എഴുതിത്തരാൻ പറഞ്ഞു. അവർ എഴുതിത്തന്നത് ഏകപക്ഷീയമായ സ്റ്റേറ്റ്മെന്റാണ്. ആ സ്റ്റേറ്റ്മെന്റ് മറ്റുള്ളവർ അംഗീകരിക്കുന്നില്ല, അതാണ് പ്രശ്നം. ....... (ബഹളം) ........

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരുംകൂടി സംസാരിക്കാതെ ആരെങ്കിലും ഒരാൾ സംസാരിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സമരത്തെ സംബന്ധിച്ച് സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. തുടർനടപടികൾ എന്ന നിലയിൽ ഒത്തുതീർപ്പുണ്ടാക്കാനുള്ള ഫോർമുലയുടെ ഡ്രാഫ്റ്റ് എഴുതി ശ്രീ. റ്റി.എൻ. പ്രതാപൻ ഇവിടെ കൊണ്ടുവന്ന് ഞങ്ങളുമായി ചർച്ച ചെയ്യുകയും ഞങ്ങൾ അത് എഗ്രി ചെയ്യുകയും ചെയ്തു. ഞങ്ങൾ എഗ്രി ചെയ്തപ്പോൾ എം.എസ്.എഫ്.കാർ ഇത് അംഗീകരിക്കുന്നില്ലെന്നും എന്താണ് വേണ്ടത് എന്നും ചോദിച്ചുപോയ അദ്ദേഹം പിന്നെ വന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സർവ്വകലാശാല ബിൽ അല്ല ....... (ബഹളം) ...... ശ്രീ. കെ.എൻ.എ. ഖാദർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.സുരേഷ് കുറുപ്പ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു. .....(ബഹളം).......

(ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിനുമുന്നിൽ വന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

## വകുപ്പുതിരിച്ചുള്ള പരിഗണന

### രണ്ടാം വകുപ്പ്

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ഖണ്ഡം 2(ഇ) യിൽ "ലൈബ്രറി കൗൺസിലുകൾക്ക്" എന്നതിനു മുമ്പ് "കേരളത്തിലെ" എന്ന വാക്കു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2 (ഇ) യിൽ "കീഴിലുള്ള സർവ്വീസുകൾ" എന്നതിനു പകരം "കീഴിലുള്ള സേവനത്തുറകൾ" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികളൊന്നും പ്രസ് ചെയ്യപ്പെട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിയും ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3-ാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ഖണ്ഡം 3 (1)(എ) യിൽ, "കൗൺസിലുകളിലെ" എന്ന വാക്കിനു ശേഷം "സ്ഥിരം" എന്ന വാക്ക് ചേർക്കുക.

130. ഖണ്ഡം 3(1)(ബി)-യിൽ "തത്വങ്ങളിന്മേലും" എന്ന വാക്കിനുശേഷം "നടപടിക്രമങ്ങളിന്മേലും" എന്ന വാക്കു ചേർക്കുക.

148. ഖണ്ഡം 3(3)-ൽ, "റഫർ ചെയ്യേണ്ടതും" എന്ന വാക്കിനു പകരം "നിർദ്ദേശിക്കപ്പെടേണ്ടതും" എന്ന വാക്ക് ചേർക്കുക.

152. ഖണ്ഡം 3(3) ന്റെ ക്ലിപ്തനിബന്ധനയിൽ, " കമ്മീഷന് റഫർ" എന്നീ വാക്കുകൾക്ക് പകരം "കമ്മീഷനോട് പരാമർശിക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. ഖണ്ഡം 3(1)(എ) - യിൽ, "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്നതിനു പകരം "സേവകരുടെ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3(1)(എ)-യിൽ "നിയമനക്രമവുമായി" എന്നതിനു പകരം "നിയമന നടപടിക്രമവുമായി" എന്നു ചേർക്കുക.

129. ഖണ്ഡം 3(1)(ബി)-യിൽ "നിയമനം വഴി" എന്ന വാക്കിനുപകരം "നിയമനം വഴി" എന്നീ വാക്കുകൾ ചേർക്കുക.

133. ഖണ്ഡം 3(1)(ബി)-യിൽ "അനുയോജ്യത" എന്ന വാക്കിനുപകരം "യോഗ്യത" എന്നു ചേർക്കുക.

139. ഖണ്ഡം 3(2)-ൽ "പബ്ലിക് സർവ്വീസ് " എന്നീ വാക്കുകൾക്ക് മുമ്പ് " കേരള " എന്ന വാക്ക് ചേർക്കുക.

144. ഖണ്ഡം 3(2)-ൽ "ഉപദേശം " എന്ന വാക്കിനു പകരം " നിർദ്ദേശം " എന്ന വാക്ക് ചേർക്കുക.

145. ഖണ്ഡം 3(3)-ൽ "പബ്ലിക് സർവ്വീസ് " എന്ന വാക്കുകൾക്ക് മുമ്പ് "കേരള " എന്ന വാക്ക് ചേർക്കുക.

149. ഖണ്ഡം 3(3)-ൽ, "റഫർ ചെയ്യേണ്ടതും" എന്നതിനു പകരം "രേഖാമൂലം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ഖണ്ഡം 3(1)(ബി)-യിൽ "നേരിട്ടുള്ള നിയമനം വഴി" എന്നതിനുപകരം "നേരിട്ടുള്ള നിയമനരീതി പ്രകാരം" എന്നു ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 3(1)(ബി)-യിൽ "അങ്ങനെയുള്ള" എന്നതിനുപകരം "അത്തരം" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 3(2)-ൽ "ഒരു കാര്യത്തിൽ " എന്നതിനു പകരം "ഏതെങ്കിലും ഒരു കാര്യത്തിൽ " എന്നു ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3(2)-ൽ "സംഗതിയിൽ " എന്നതിനു പകരം "സന്ദർഭത്തിൽ " എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 3(2)-ൽ "ആ കാര്യത്തിൽ " എന്നതിനു പകരം "അതു സംബന്ധമായി " എന്നു ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 3(3)-ൽ "അഭിപ്രായ വ്യത്യാസമുള്ള പക്ഷം" എന്നതിനു പകരം "അഭിപ്രയ വ്യത്യാസം ഉടലെടുക്കുന്ന പക്ഷം " എന്ന് ചേർക്കുക.

ശ്രീ. സി. മമ്മുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 3(3)-ൽ "സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടതും" എന്നതിനു പകരം "സർക്കാരിനെ അറിയിക്കേണ്ടതും " എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3(3)-ൽ, "തീരുമാനം" എന്ന വാക്കിനു മുമ്പായി "സുചിന്തിത" എന്നു ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, " കമ്മീഷന് റഫർ ചെയ്യേണ്ടതാണ്" എന്നതിനു പകരം "കമ്മീഷനെ അറിയിച്ചിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികളൊന്നും പ്രസ് ചെയ്യപ്പെട്ടില്ല.)

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 123, 130, 148, 152 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 126, 129, 133, 139, 144, 145, 149 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154. ഖണ്ഡം 4(1)-ൽ, " പബ്ലിക് സർവ്വീസ്" എന്നീ വാക്കുകൾക്ക് മുമ്പ് "കേരള" എന്ന വാക്ക് ചേർക്കുക.

159. ഖണ്ഡം 4(3) - ൽ, " കഴിയാവുന്നത്രവേഗം" എന്നതിനു പകരം " കഴിയുന്നത്രവേഗം" എന്നത് ചേർക്കുക

160. ഖണ്ഡം 4(3) - ൽ, " അതിന്റെ മുൻപാകെ" എന്നതിനു പകരം " സംസ്ഥാന നിയമസഭയുടെ മുമ്പാകെ" എന്നത് ചേർക്കുക

162. ഖണ്ഡം 4(3) - ൽ, " വയ്ക്കേണ്ടതും" എന്ന വാക്കിനു പകരം " സമർപ്പിക്കേണ്ടതും" എന്ന വാക്ക് ചേർക്കുക

167. ഖണ്ഡം 4(3) ൽ "യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ" എന്നതിനുപകരം "റദ്ദാവുകയോ" എന്നത് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 4(2)-ൽ, " ഭംഗം വരാതെയും" എന്നതിനു പകരം "ഭംഗം വരാതെ" എന്നത് ചേർക്കുക.

<u>ശ്രീ. സി. മോയിൻകുട്ടി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 4(2)(ബി)-യിൽ, " ആനുഷംഗികമോ" എന്നതിനു പകരം "ഉപോത്ബലകമോ" എന്നത് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 4(2) (സി) - യിൽ, " കാര്യത്തിന്" എന്നതിനു പകരം " കാര്യമുണ്ടെങ്കിൽ അതിന്" എന്നത് ചേർക്കുക

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 4(3) - ൽ, " രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന" എന്നതിനു പകരം " രണ്ടു സമ്മേളനങ്ങളിലോ ഉൾപ്പെടുന്ന" എന്നത് ചേർക്കുക

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 4(3) - ൽ, " ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനു പകരം " ആ ചട്ടം അസാധുവാക്കാൻ" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 4(3) - ൽ, " ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനു പകരം " ചട്ടത്തിന് സാധുതയില്ലെന്ന്" എന്നത് ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 4(3) ൽ "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനു പകരം "ആവശ്യമില്ലെന്ന് " എന്നത് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 4(3) ൽ "അതതു സംഗതിപോലെ" എന്നതിനു പകരം "യഥാവിധി" എന്നത് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4(3) ന് പകരം താഴെപ്പറയുന്നത് ചേർക്കുക; "(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗത്തിൽ, നിയമസഭയുടെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ഉൾപ്പെടുന്ന ആകെ പതിന്നാലു ദിവസത്തേക്ക് നിയമസഭ സമ്മേളനത്തിലായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോൾ അതിന്റെ മുമ്പാകെ വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളന ത്തിൽ സഭയിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരു ത്തുകയോ അല്ലെങ്കിൽ ആ ചട്ടം തന്നെ ആവശ്യമില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, യഥാവിധി അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരി ക്കേണ്ടതാണ്."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികളൊന്നും പ്രസ് ചെയ്യപ്പെട്ടില്ല.)

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 154, 160, 162, 167 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 5(2) ൽ "ഏതെങ്കിലും നടപടിയോ" എന്നതിനു പകരം "ഏതെങ്കിലും തീരുമാനമോ" എന്നു ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ, "ലൈബ്രറി കൗൺസിലുകളുടെ" എന്നതിനു മുമ്പിലായി "കേരളത്തിലെ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ, "സർവ്വീസുകൾ" എന്നതിനു പകരം "സേവനത്തുറയെ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ, "ചില" എന്ന വാക്ക് ഒഴിവാക്കുക.

115. പീഠികയിൽ, "കൂടുതൽ" എന്ന വാക്കിന് പകരം "പ്രത്യേക" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ, "ലൈബ്രറി കൗൺസിലുകളുടെ" എന്നീ വാക്കുകൾക്ക് മുമ്പിലായി "കേരളത്തിലെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. പീഠികയിൽ, "സർവ്വീസുകൾ" എന്നതിന് പകരം "സേവനത്തുറയെ" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്യപ്പെട്ടില്ല.)

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മീഷന്റെ ശിപാർശകളെത്തുടർന്ന് 2-2-2006-ൽ ജി. ഒ. പി. നമ്പർ 8/2006 പ.ജ.പ.വ.വി.വ. ഉത്തരവിൽ മറ്റ് തീരുമാനങ്ങൾക്കൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവകളിലെ നിയമനാധികാരം പി.എസ്.സി.ക്ക് വിടാൻ നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായതിന്റെ തുടർ നടപടിയായി തീർന്നതാണ് ഈ ബിൽ. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ലോക്ആയുക്തയിലെയും മറ്റുചില സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകൊണ്ട് നിയമമുണ്ടായിക്കഴിഞ്ഞു. ഇനിയിത് നടപ്പിലാക്കേണ്ടത് കേരളത്തിലെ സർവകലാശാലകളിലാണ്. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അത് നിയമസഭയുടെ പരിഗണനയ്ക്ക് വരാനിരിക്കുകയാണ്. ലൈബ്രറി കൗൺസിലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനക്രമങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണെന്ന് വിയോജനക്കുറിപ്പിൽ സമ്മതിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ചേർത്തിട്ടില്ല. പി.എസ്.സി.-യുമായി കൂടിയാലോചിക്കാൻ മാത്രമേ വ്യവസ്ഥയുള്ളൂ എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 4 (1)-ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഇത്തരമൊരു നിയമം ആവശ്യമായി വന്നതിനാലാണ് ഈ ബിൽ സഭയിൽ കൊണ്ടുവരേണ്ടിവന്നത്. നിയമനം നടത്തുന്ന രീതി സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഉണ്ടാക്കുന്നതും പി.എസ്.സി.യുമായി കൂടിയാലോചിച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ. ഭരണഘടനയുടെ 320 (3) അനുച്ഛേദത്തിൽ കൂടിയാലോ ചിക്കേണ്ടതാണ് എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## XIII റൂളിംഗ്

### ക്രമപ്രശ്നം അനുവദിക്കാത്തത് സംബന്ധിച്ച്

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ ബില്ലിന്റെ ചർച്ച അവസാനിക്കാറായപ്പോൾ ചില അംഗങ്ങൾ ബഹളമുണ്ടാക്കിയത് നിർഭാഗ്യകരമായിപ്പോയി. എല്ലാവരും ഒരുമിച്ച് എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കി. ബഹുമാനപ്പെട്ട ഒരു കക്ഷി നേതാവിനോട് അതെന്താണെന്ന് ചോദിച്ചു. ഈ ബില്ലുമായി ഒരു ബന്ധവുമില്ലാത്ത കാര്യത്തെപ്പറ്റിയുള്ള വിവരമാണ് ചോദിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുന്നില്ല എന്നും പറഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കാൻ ആവശ്യപ്പെട്ടിട്ടും ഇരിക്കാത്ത സാഹചര്യത്തിലാണ് മറ്റ് നടപടി കളിലേയ്ക്ക് ചെയർ കടന്നത്. വ്യക്തമായ ഏതെങ്കിലും ചട്ടലംഘനമുണ്ടായാൽ മാത്രമേ റൂൾ 303 അനുസരിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാവൂ. ഇവിടെ അങ്ങനെ യുണ്ടായില്ല. വെറുതെ ബഹളമുണ്ടാക്കുന്നതിന് ക്രമപ്രശ്നമുന്നയിക്കുകയെന്നത് ഒന്നിന്റെയും ലംഘനമല്ല. അതുകൊണ്ടാണ് ചെയർ അനുവദിക്കാതിരുന്നത്. അവസാന നിമിഷം ഇത്തരത്തിൽ ഒരു സംഭവമുണ്ടായതിൽ ചെയറിന് വിഷമമുണ്ട്. ദയവുചെയ്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ....................ഓർഡർ..................... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 12-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## II. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

### 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന ധനവിനിയോഗ ബില്ലുകൾ ഞാൻ അവതരിപ്പിക്കുന്നു.

1. 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ
2. 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ
3. 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ
4. 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ
5. 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ആകെ 523 കോടി രൂപയുടെ ഡിമാന്റാണ്. പാസാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയാണുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, 17 വകുപ്പുകളിലായി 668.12 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റിനുവേണ്ടിയുള്ളതാണ് ഈ അപ്രോപ്രിയേഷൻ ബിൽ. ധാർമ്മികമായോ, രാഷ്ട്രീയമായോ നിയമപരമായോ ഈ ബിൽ അവതരിപ്പിക്കാനുള്ള ഒരധികാരവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കില്ല. കേരളം കണ്ട ഏറ്റവും വലി സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച ഒരു ഗവൺമെന്റാണിത്. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് Kerala Taxation Laws (Amendment) Bill, 2014. ജനറൽ ബഡ്ജറ്റിന് ശേഷം 4000 കോടി രൂപയുടെ അധികബാദ്ധ്യത അടിച്ചേൽപ്പിച്ച, ഏഴ് ഓർഡിനൻസിനെ തുടർന്ന് വന്ന ബില്ല് ഇവിടെ പാസ്സായി. 1500 കോടി രൂപയുടെ അധികബാദ്ധ്യതയ്ക്ക് പുറമേയാണ് ഇത് കൊണ്ടുവന്നത്. ബില്ലിൽ സാമ്പത്തിക തകർച്ചയുണ്ടെന്ന് സമ്മതിക്കുമ്പോൾ പോലും ധനകാര്യവകുപ്പുമന്ത്രിയുടെ മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിയില്ല, സാമ്പത്തിക ഞെരുക്കം മാത്രമാണുള്ളത് എന്നുമാത്രമാണ് ഇതുവരെ പറഞ്ഞിട്ടുള്ളത്. സത്യം സത്യമായി ഉൾക്കൊള്ളാൻ

പോലും പറ്റാത്ത ഒരു മാനസികാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിക്കെങ്ങനെയുണ്ടായി എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. തെറ്റായ നയത്തിന്റെ ഭാഗമായിബാർ തൊഴിലാളികളും 19 കെ.എസ്.ആർ.ടി.സി പെൻഷൻകാരും  ഇവിടെ ആത്മഹത്യ ചെയ്തു. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട്  ഇത് സംബന്ധിച്ച ചർച്ച നടന്നതാണ്, ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.  ഭക്ഷണം കിട്ടാതെ  80 ആദിവാസി കുട്ടികൾ, ഒന്നുകിൽ പ്രസവിച്ച ഉടനെ അല്ലെങ്കിൽ ഗർഭപാത്രത്തിനുള്ളിൽ വച്ച് മരണപ്പെട്ടത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി എന്ന നിലയിൽ ഡോ.  എം. കെ. മുനീർ  **5.12.2014 -ൽ** ഈ സഭയ്ക്ക് നൽകിയ  മറുപടി ഞാൻ വായിക്കാം. വികലാംഗപെൻഷൻ, അഗതി/വിധവ പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുടങ്ങിയവയുടെ  കുടിശ്ശിക - 2014 സെപ്തംബർ മുതൽ 533 കോടി രൂപ.  ഇന്ദിരാ ആവാസ് യോജന - സംസ്ഥാന വിഹിതം കൊടുക്കാൻ ബാക്കിയുള്ളത് 650 കോടി രൂപ,  50,000 വീട് പൂർത്തീകരിക്കാൻ ബാക്കിയാണ് - ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫ് പറഞ്ഞതാണ്. എസ്.സി/എസ്.റ്റി ഡിപ്പാർട്ട്മെന്റ് പൂർത്തിയാക്കാത്ത വീട് 13000 ആണ്, കുടിശ്ശിക 110 കോടി രൂപയാണ്. അട്ടപ്പാടി

പോഷകാഹാരത്തിനുവേണ്ടിയുള്ള കമ്മ്യൂണിറ്റി കിച്ചൻ - കുടിശ്ശിക 30,81,580 ആണ്. 186 കമ്മ്യൂണിറ്റി കിച്ചണിൽ പകുതിപോലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒരു കിച്ചണിനുവേണ്ടി പാവപ്പെട്ട ഒരു ആദിവാസിക്ക് കിട്ടുന്നത് 4 രൂപയാണ്. നാല് രൂപകൊണ്ട് എന്ത് പോഷകാഹാരമാണ് കൊടുക്കുന്നത്? ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പട്ടിയുടെ രണ്ടാം ജന്മദിനത്തിന് ചെലവഴിച്ചത് രണ്ടര ലക്ഷം രൂപയാണ്. പട്ടിയുടെ പിന്നാളിന് പങ്കെടുക്കാൻ ഓഫീസ് അടച്ചുപൂട്ടി മൂന്ന് ഔദ്യോഗിക കാറിലാണ് ആളുകൾ പോയത്. ആ പട്ടിയോട് കാട്ടിയിട്ടുള്ള സ്നേഹത്തിന്റെ നൂറിൽ ഒരംശമെങ്കിലും ഈ ആദിവാസിയോട് കാട്ടാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ ദുഃസ്ഥിതി ഇവിടെയുണ്ടാകുമായിരുന്നില്ല. എവിടെ പോയി ഈ സ്പെഷ്യൽ പാക്കേജ്? ആദിവാസികളുടെ ആനുകൂല്യത്തിന് ഒരു രൂപത്തിലും ട്രഷറിബാൻ ഉണ്ടാകില്ലെന്നാണ് മന്ത്രി പറഞ്ഞത്. എന്നാൽ ട്രഷറി ബാൻ ഇപ്പോഴുമുണ്ട്, ഇതുവരെ നീക്കിയിട്ടില്ല. പട്ടികജാതി പ്ലാൻ ഫണ്ട് ചെലവ് എസ്.സി. 16 ശതമാനവും എസ്.റ്റി 22 ശതമാനവുമാണ്. പട്ടികജാതിക്കാർ കടംവാങ്ങിയ ഒരുലക്ഷം രൂപവരെ എഴുതിത്തള്ളുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കുറപ്പ് നൽകിയതാണ്. ആ ഫയൽ ഇപ്പോഴും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ മേശപ്പുറത്തുണ്ട്. ഇന്നേവരെ ഒപ്പിട്ടിട്ടില്ല.

വാൽസല്യനിധിയും വിദ്യാഭ്യാസജ്യോതിയും എവിടെ പോയി? കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളമില്ല പെൻഷനുമില്ല. എല്ലാക്ഷേമപദ്ധതികളും ഇല്ലാതാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം സ്തംഭനത്തിലാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാതാക്കി. ഇപ്പോൾ കെ.എസ്.ആർ.ടി.സി-യിൽ കാണുന്ന ആത്മഹത്യ സിവിൽ സർവ്വീസ് മേഖലയിൽ ഇന്നല്ലങ്കിൽ നാളെ നമ്മൾ കാണാൻ പോകുന്നു. 48000 കോടി രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടമെടുത്തു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകുമ്പോൾ 78677 കോടി രൂപയാണ് കടമെടുത്തതെങ്കിൽ ഇപ്പോൾ മൊത്തം 125258 കോടി രൂപയാണ്. കേരളം 50 വർഷം കൊണ്ട് എടുത്ത കടം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായി. എന്നിട്ടും പ്രതിസന്ധിയില്ലായെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എങ്ങനെ കഴിയുന്നു? ഇത് വല്ലാത്ത തൊലിക്കട്ടിയാണ്. ഇതുപോലെ തൊലിക്കട്ടിയുള്ള ഒരു മന്ത്രിയെ കേരളം ഇന്നേവരെ കണ്ടിട്ടില്ല. പ്രതിസന്ധിയുണ്ട് എന്നുപറയാനുള്ള ആർജ്ജവം കാണിക്കേണ്ടേ? ഇവിടെ വിവാദഭരണമല്ലാതെ മറ്റെന്തെങ്കിലും നടന്നിട്ടുണ്ടോ. ആരംഭത്തിൽത്തന്നെ അഞ്ചാംമന്ത്രി വിവാദം, താക്കോൽ സ്ഥാനവുമായി ബന്ധപ്പെട്ട രമേശ് ചെന്നിത്തല വിവാദം. ഗണേശ് പ്രശ്നം,

സോളാർ പ്രശ്നം, സലീംരാജ് പ്രശ്നം, പ്ലസ് ടു - ബാർ കുംഭകോണം. ഐ.എ.എസ്.- ചീഫ് സെക്രട്ടറി വിവാദം, സൂരജ് വിവാദം, രാഹുൽ നായർ വിവാദം, ഇതല്ലാതെ ഇവിടെ എന്തുഭരണമാണ് നടന്നത്; ഈ വിവാദങ്ങൾ എൽ.ഡി.എഫ് കൊണ്ടുവന്നതാണോ? അഞ്ചാം മന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ. ആര്യാടൻ മുഹമ്മദാണ് തുടക്കം കുറിച്ചത്. അഞ്ചാം മന്ത്രി സ്ഥാനത്തിന് ലീഗിന് വഴങ്ങിയാൽ യ.ഡി.എഫ്.ന്റെ അവസാനത്തെ മുഖ്യമന്ത്രയായിരിക്കും ശ്രീ. ഉമ്മൻ ചാണ്ടിയെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. എന്റെ വീട്ടിൽ കല്ലെറിഞ്ഞവരുടെ സത്യപ്രതിജ്ഞയ്ക്ക് ഞാൻ പോകില്ലെന്നും അദ്ദേഹം പറഞ്ഞു. ആദ്യമായി ഒരു മന്ത്രി മറ്റൊരു മന്ത്രിയുടെ സത്യപ്രതിജ്ഞയ്ക്ക് പോകില്ലെന്ന് പ്രഖ്യാപിച്ച മന്ത്രിയുള്ള ഗവൺമെന്റാണിത്. കൂട്ടുത്തരവാദിത്വം എന്നുപറയുന്നത് ഇവിടെയുണ്ടായിരിന്നോ; പരസ്പരം പാരവച്ച് ഇവർ എന്തൊക്കെയാണ് പറഞ്ഞത് ? 2500 മഹദ്വചനങ്ങൾ എന്റെ കയ്യിലുണ്ട്. ഞാൻ അതൊന്നും ഇപ്പോൾ വായിക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. പി.സി. ജോർജ് ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരായും ശ്രീ. കെ. മുരളീധരനെതിരായും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായും എന്താണ് പറഞ്ഞത്; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെതിരായി എന്തെല്ലാം പറഞ്ഞു; ശ്രീ. ആര്യാടൻ മുഹമ്മദ് മുസ്ലീംലീഗിനെതിരായി എന്തെല്ലാം

പറഞ്ഞു; മുസ്ലീംലീഗ് ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി എന്തെല്ലാം പറഞ്ഞു; ശ്രീ. ആർ. ബാലകൃഷ്ണ പിള്ള ശ്രീ. അനൂപ് ജേക്കബിനെതിരായി എന്തെല്ലാം പറഞ്ഞു; കേരളാ കോൺഗ്രസ്സ് (എം) കോൺഗ്രസ്സിനെതിരായി എന്തെല്ലാം പറഞ്ഞു; എനിക്ക് എന്റെ വഴി, നിങ്ങൾക്ക് നിങ്ങളുടെ വഴിയെന്നാണ് അവസാനം ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ശ്രീ. ഉമ്മൻചാണ്ടിയോട് പറഞ്ഞത്. ഇങ്ങനെയുള്ള 2500 പരാമർശങ്ങൾ എന്റെ കയ്യിലുണ്ട്, അതൊന്നും ഞാനിവിടെ വായിക്കാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട വിജിലൻസ് കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട സുപ്രീംകോടതിയും 47 പ്രാവശ്യമാണ് സലീംരാജുമായി ബന്ധപ്പെട്ടും സരിതയുമായി ബന്ധപ്പെട്ടും പാമോലിനുമായി ബന്ധപ്പെട്ടും ടൈറ്റാനിയവുമായി ബന്ധപ്പെട്ടും ഇവിടെ പരാമർശങ്ങൾ നടത്തിയത്. ഇതൊന്നും പ്രതിപക്ഷം പറഞ്ഞതല്ല. ബഹുമാനപ്പെട്ട കോടതികളുടെ പരാമർശത്തിന്റെ ഭാഗമായിട്ടാണ് ഇതൊക്കെ വന്നത്. ബഹുമാനപ്പെട്ട മാണിസാറിനോട് ഒരു കാര്യം ഞാൻ ചോദിക്കുന്നു; കേരള രാഷ്ട്രീയത്തിൽ താങ്കൾക്ക് ഒരു സ്പേസുണ്ടായിരുന്നു; അത് ആരില്ലാതാക്കി? താങ്കൾ തന്നെ ഇവിടെ പറഞ്ഞല്ലോ ബാർ കുംഭകോണത്തിൽ എന്നെ പ്രതിയാക്കിയത് രാഷ്ട്രീയ ഗൂഢാലോചനയാണ്. താങ്കളുടെ ഇമേജ് തകർക്കാൻ ആരാണ്

ഗൂഢാലോചന ഈ നടത്തിയത്; ഇപ്പോഴെങ്കിലും പറയാൻ അങ്ങേയ്ക്ക് കഴിയുമോ? നട്ടെല്ല് എന്നുപറയുന്ന സാധനം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടെങ്കിൽ ഈ സഭയിൽ അത് പറയണം. കൂടെയുള്ളവരിൽ ആരാണ് ഗൂഢാലോചന നടത്തിയതെന്ന് പറയാമെങ്കിൽ പറയണം. പ്രതിപക്ഷമാണ് ഗൂഢാലോചന നടത്തിയതെങ്കിൽ അതും പറയണം. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞതെന്തായിരുന്നു? ഇതിന്റെ പിന്നിൽ കോൺഗ്രസ്സ് (എ) ആണുള്ളതെന്ന് 7 പ്രാവശ്യം അദ്ദേഹം പറഞ്ഞു. കെ. കരുണാകരനേയും എ.കെ. ആന്റണിയേയും പുകച്ചുചാടിച്ചതുപോലെ കോൺഗ്രസ്സ് (എ) മാണിയെ പുകച്ച് പുറത്തുചാടിക്കാൻ നോക്കണ്ട. ഇതിനു പിന്നിൽ ശ്രീ. ഉമ്മൻ ചാണ്ടിയാണുള്ളതെന്ന് 7 പ്രാവശ്യം ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞു. അവസാനം പറഞ്ഞു ഞാനിതൊക്കെ പുസ്തകത്തിലാക്കി പെട്ടിയിൽ വച്ചിട്ടുണ്ട്, ആ പുസ്തകം ഞാനിപ്പോൾ തുറക്കില്ലായെന്ന്. ബഹുമാനപ്പെട്ട പി.സി. ജോർജ് ഇന്നെങ്കിലും ആ പുസ്തകം തുറക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട പി.സി. ജോർജ്, അദ്ദേഹം ആദ്യം സ്വീകരിച്ച നിലപാടിൽ ഉറച്ചുനിൽക്കുമെന്ന് പറയുമോ? ഇന്ന് ഈ സെഷന്റെ അവസാനദിവസമാണ്, അതെങ്കിലും ബഹുമാനപ്പെട്ട പി.സി. ജോർജിന് പറയാൻ കഴിയണം. എന്തിന് പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നു. യു.ഡി.എഫിന്

ഉറക്കമില്ലാത്ത രാത്രികൾ സംഭാവന ചെയ്തത് ഞങ്ങളാണോ; ജനങ്ങളിൽനിന്നും പരിപൂർണ്ണമായും ഒറ്റപ്പെട്ടത് ഞങ്ങളാണോ? ഇനി ഒരു വഴിമാത്രമേ ബഹുമാനപ്പെട്ട മാണിസാറിനുള്ളൂ. രാജിവയ്ക്കുക, ശ്രീ. സി.എഫ്. തോമസിനെ ആ സ്ഥാനം ഏൽപ്പിക്കുക, ഒരു ബുദ്ധിമുട്ടുമില്ല. പകരം മന്ത്രിസ്ഥാനത്ത് തുടർന്ന് അന്വേഷണത്തെ അട്ടിമറിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ പ്രതിപക്ഷം ഇവിടെയുള്ളിടത്തോളം കാലം ഒരു രൂപത്തിലും അട്ടിമറിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലായെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി ചെയർമാൻ</u>: പ്ലീസ്.......കൺക്ലൂഡ്.........

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പരിപൂർണ്ണമായും യു.ഡി.എഫ്. ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടു. ഇതിനെ മറികടക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണുന്ന മാർഗ്ഗം ബി.ജെ.പി.-യുമായി സന്ധിചെയ്യുക എന്നുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും അടുക്കാൻ പോകുന്നു. അതിൽ ജയിക്കണമെങ്കിൽ ബി.ജെ.പി-യുടെ സഹായം വേണം. വടകര-ബേപ്പൂർ മോഡൽ പരീക്ഷണമാണ് ഇവിടെ നടത്താൻ പോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 7 സഖാക്കളെ ആർ.എസ്.എസ്/ബി.ജെ.പി-ക്കാർ കൊലപ്പെടുത്തി. കൊലപാതകവുമായി ബന്ധപ്പെട്ട് ഒരന്വേഷണം നടത്തി.

അന്വേഷണത്തിൽ പ്രതികളെ പരിപൂർണ്ണമായും രക്ഷിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: എന്നാൽ കണ്ണൂർ ജില്ലയിലെ ഒരു ആർ.എസ്.എസ്. പ്രവർത്തകന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ് സി.ബി.ഐ. ക്ക് വിട്ടു, ഇതെന്ത് ന്യായമാണ്? വർഗ്ഗീയ വിഷം ചുരത്തിയ പ്രസംഗം നടത്തിയ ശ്രീ. പ്രവീൺ തൊഗാഡിയയ്ക്കെതിയുള്ള കേസ് പിൻവലിച്ചു. എം.ജി. കോളേജിൽ വച്ച് സി. ഐ. മോഹനനെ ബോംബെറിഞ്ഞ് ശരീരം കഷണമാക്കിയ 31 ആർ.എസ്.എസ്. -ബി.ജെ.പി. പ്രതികളുടെ വിചാരണ നടക്കുന്ന ഘട്ടത്തിൽ, ഒരു ആർ.എസ്.എസ്. പ്രവർത്തകൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ കേസ് പിൻവലിച്ചു. അദ്ദേഹത്തിന് ഇപ്പോൾ പോലീസിലാണ് സെലക്ഷൻ കിട്ടിയിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഇത് തീ കൊണ്ടുള്ള കളിയാണ്. ആർ.എസ്.എസ്.നെ കൂട്ട് പിടിച്ച് എൽ.ഡി.എഫിനെ തകർക്കാൻ കഴിയില്ല. ഞങ്ങൾ ഉറപ്പിച്ചു പറയുകയാണ്, ആർ.എസ്.എസ്.നെയും ബി.ജെ.പി.യെയും ബി.ജെ.പി. യെ കൂട്ട് പിടിച്ച് ഇടതുപക്ഷജനാധിപത്യമുന്നണിയേയും സി.പി.എം-നേയും തകർക്കാനാണ്

നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അത് കേരളത്തിൽ കോൺഗ്രസ്സിന്റെ ശവപ്പറമ്പ് സൃഷ്ടിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്.........

ശ്രീ. എ. കെ. ബാലൻ: അഖിലേന്ത്യാ തലത്തിൽ കോൺഗ്രസിന് ഇപ്പോൾ 44 സീറ്റാണ്, ഏത് രൂപത്തിലാണ് ബി.ജെ.പി. കോൺഗ്രസ്സിനെ റാഞ്ചിയതെന്നുള്ളത് ഞങ്ങൾക്കറിയാം. അതേ രൂപത്തിൽ കേരളത്തിലെ കോൺഗ്രസ്സിന്റെ അവസാനം കണ്ടാൽ മാത്രമേ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥാനമൊഴിയുകയുള്ളൂ എന്നുള്ള കാര്യം ഉറപ്പാണ്. ഒരു രൂപത്തിലും കേരളത്തിലെ ജനതയ്ക്ക് അംഗീകരിക്കാനാവുന്നതല്ല ഈ അപ്രോപ്രിയേഷൻ ബിൽ. രാഷ്ട്രീയ വിരുദ്ധവും ധാർമ്മികതയ്ക്ക് നിരക്കാത്തതുമായ ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനെ ഞാനെതിർക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ഡിമാന്റിനെ അനുകൂലിക്കുന്നു. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ മുഖം ജനക്ഷേമപ്രവർത്തനങ്ങളിലുള്ള മുഖമാണ്. ആദിവാസികളുടെ സമരം ഇന്നലെ ഒത്തുതീർപ്പാക്കി. ആദിവാസികൾ ഈ ഗവൺമെന്റിനോടൊപ്പമാണെന്ന് അവർ തന്നെ പറയുന്നു. സൗജന്യ കാൻസർ ചികിൽസ ഏർപ്പെടുത്തിയ ഗവൺമെന്റാണിത്. സൗജന്യ കാൻസർ ചികിൽസ

ഏർപ്പെടുത്തിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇന്നലെ ഇവിടെ ശ്രീ. ഷിബു ബേബിജോൺ ഒരു കാര്യം പറഞ്ഞിരുന്നു. നമ്മുടെ നാട്ടിലെ പാവപ്പെട്ട സഹോദരിമാരായ നഴ്സിംഗ് സമൂഹത്തിന് ജോലി സ്ഥിരതയുണ്ടാക്കി മിനിമം കൂലി കൊടുക്കാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. പാവപ്പെട്ടവന്റെ ഗവൺമെന്റാണിത്. സൗദിയിലും ഇറാഖിലുമൊക്കെ നമ്മുടെ സഹോദരിമാർക്ക് ബുദ്ധിമുട്ടുണ്ടായപ്പോൾ ഈ ഗവൺമെന്റ് ഉണർന്നുപ്രവർത്തിച്ചു, അവരെ ഇവിടെ കൊണ്ടുവന്നു. ഇറാഖിൽ നിന്ന് ഇവിടെ വന്ന മുഴുവൻ ആളുകൾക്കും ജോലി കൊടുത്തു. അവർക്ക് പല സ്ഥലങ്ങളിലായി ജോലി കൊടുക്കുന്നതിന് മുൻകൈ എടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രി, പ്രവാസി കാര്യമന്ത്രി എന്നിവരെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. വികസനപ്രവർത്തനത്തിൽ വൻകുതിപ്പുകൾ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ എന്നീ പദ്ധതികളൊക്കെ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതൊന്നും പുറത്തുവരാതിരിക്കത്തക്കവിധത്തിലുള്ള പ്രചരണപരിപാടികളാണ് ഇവിടെ ആസൂത്രിതമായി നടത്തിക്കൊണ്ടിരിക്കുന്നത്. കണ്ണൂർ വിമാനത്താവളം പ്രവൃത്തി

ആരംഭിച്ചില്ലേ; 57 വർഷമായി 5 മെഡിക്കൽ കോളേജുകൾ മാത്രമായിരുന്നു ഗവൺമെന്റ് ഉടമസ്ഥതയിൽ ഉണ്ടായിരുന്നത്. ഇതിനകം ഗവൺമെന്റ് പുതിയതായി ഉടമസ്ഥതയിൽ 4 മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു. അതുപോലെ തന്നെ അടുത്ത വർഷം തിരുവനന്തപുരം, കോന്നി, കാസർഗോഡ്, ഹരിപ്പാട്, എന്നിവിടങ്ങളിലും പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങും. ഇന്ത്യയിലാദ്യമായി, നൂറിൽ 70 സീറ്റും പട്ടികജാതി വിഭാഗങ്ങൾക്കുമാത്രമായി സംവരണം ചെയ്തുകൊണ്ടുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് ആരംഭിച്ചത് ഈ ഗവൺമെന്റാണ്. ശ്രീ. എ.കെ. ബാലൻ പട്ടികജാതി വിഭാഗത്തിന്റെ മന്ത്രിയായിരുന്നില്ലേ; അദ്ദേഹം പാലക്കാട്ടുകാരൻ അല്ലേ; എന്തുകൊണ്ട് ഇതുനടന്നില്ല. ഇതാണ് ഈ ഗവൺമെന്റിന്റെ മുഖം. ഈ മുഖം മറയ്ക്കാനാണ് ഇല്ലാത്ത കാര്യങ്ങൾ പറയുന്നത്. നിങ്ങൾ വെറുതെ ഓരോന്ന് പറയുകയാണ്. എന്നാൽ മറുപടി കേൾക്കാൻ നിൽക്കില്ല. ഇവിടെ ഇപ്പോൾ പറയുന്ന കാര്യത്തിനുപോലും മറുപടി കേൾക്കാൻ നിൽക്കുകയില്ല എന്ന് വ്യക്തമാക്കുന്ന തരത്തിലല്ലേ ആരംഭത്തിൽ ശ്രീ. വി.എസ്. സുനിൽകുമാറൊക്കെ എഴുന്നേറ്റ് ഒച്ചവച്ചത്. നിങ്ങൾക്ക് എന്തും പറയാം, അതിന് മറുപടി ആരും പറയരുത് എന്ന നിലപാടാണ്. ഗീബൽസിന്റെ കാര്യമൊക്കെ ഇന്നലെ പറഞ്ഞു. ഗീബൽസ്

വന്നിരുന്നുവെങ്കിൽ, ഇടതുമുന്നണിയുടെ വർത്തമാനം കേട്ടിരുന്നുവെങ്കിൽ ആത്മഹത്യ ചെയ്യുമായിരുന്നു. ഗവൺമെന്റിന്റെ മുഖമുദ്ര ജനക്ഷേമപ്രവർത്തനങ്ങളിലാണ്, വികസനപ്രവർത്തനങ്ങളിലാണ്. അത് സംസാരിക്കാൻ ഇടതുമുന്നണിക്ക് ആർജ്ജവമില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ബി.ജെ.പി.യാണ് മുഖ്യ ശത്രുവെന്ന് നിങ്ങൾ തീരുമാനിച്ചോ; പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് കോൺഗ്രസ് ആയിരുന്നു നിങ്ങളുടെ മുഖ്യശത്രു. ഇപ്പോൾ ബി.ജെ.പി. ആണോ കോൺഗ്രസ് ആണോ എന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. പ്രാദേശികമായി ആരുമായും കൂട്ടുകൂടാമെന്ന അടവുനയം ഇംപ്ലിമെന്റേഷനിൽ പരാജയപ്പെട്ടുവെന്നാണ് ഒരു രേഖ. പി.ബി.യിലെ ഒരു രേഖയാണത്. യെച്ചൂരി ബദൽ രേഖ അവതരിപ്പിക്കുന്നു. അതുകൊണ്ട് .....(ബഹളം)..... എന്നാൽ പിന്നെ അവർ സംസാരിക്കട്ടെ. എന്റെ സമയം കളയരുത്. പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ ...(ബഹളം) .......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നമ്മുടെ നിയമസഭാ സമ്മേളനം കുറച്ചുകൂടി ഉയർന്ന തലത്തിലേക്ക് വരണം എന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ അവതരിപ്പിച്ചതിന് എം. വി. രാഘവനെ പുറത്താക്കിയില്ലേ; യെച്ചൂരിയെ എന്താണ്

പുറത്താക്കാത്തത്; പോളിറ്റ് ബ്യൂറോയിൽ ബദൽരേഖ വന്നതിനുശേഷം ആർക്കെങ്കിലുമെതിരെ നടപടിയെടുത്തോ; ... (ബഹളം).....നടപടി എടുത്തില്ലെന്നുമാത്രമല്ല, പോളിറ്റ് ബ്യൂറോയിൽ തീരുമാനമെടുത്തില്ല. ഇപ്പോഴും മുഖ്യശത്രു ആരാണെന്ന് പോളിറ്റ് ബ്യൂറോയിൽ തീരുമാനമെടുക്കാത്ത പാർട്ടിയാണ് നിങ്ങളുടേത്. നിങ്ങളുടെ തെയറ്റായ നയം കൊണ്ട് പരോക്ഷമായി നിങ്ങൾ ബി.ജെ.പി.യെ സഹായിച്ചു. അതിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കാവിവൽക്കരണത്തിലേക്ക് നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഓരോ കേന്ദ്രമന്ത്രിമാരുടെയും പ്രസ്താവനകൾ നമ്മുടെ പൊതുജീവിത്തിന് അപകടകരമാണ്. ഈ അപകടം വരുത്തിവച്ചതിൽ ഇടതുപക്ഷത്തിന്റെ പരോക്ഷമായ പിന്തുണ ഉണ്ടായിരുന്നുവെന്നതിന് എന്താണ് തർക്കം; ശ്രീ. എ.കെ. ബാലൻ ഞങ്ങളുടെ പ്രസ്താവനയെക്കുറിച്ച് പറഞ്ഞു. എന്നാൽ നിങ്ങൾ തമ്മിൽ എന്ത് യോജിപ്പാണുള്ളത്? നിങ്ങൾ സഭയ്ക്കകത്തുവരുമ്പോൾ ചുംബനസമരം പോലെ യോജിപ്പാണ്. പുറത്ത് ചെല്ലുമ്പോൾ അന്യോന്യം പുലഭ്യ സമരമാണ്. ഇതാണ് സി.പി.ഐ.യും സി.പി.ഐ (എം)-ഉം തമ്മിലുള്ള യോജിപ്പ്. സി.പി.എം-ലെ യോജിപ്പ് എന്താണ്; ഒരു വലിയ പ്രതിസന്ധി നിങ്ങൾ നേരിടുകയാണ്. പാർട്ടിക്കകത്ത് മൂപ്പിളമ തർക്കമാണ്.

പിണറായിക്കുശേഷം ആര് എന്നുള്ളതാണ് അവിടത്തെ തർക്കം. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. എ. ബേബിയും യോഗ്യരാണ്. ശ്രീ. എം. എ. ബേബി പോളിറ്റ് ബ്യൂറോ മെമ്പറാണ്, പക്ഷേ സ്വന്തം നിയോജകമണ്ഡലത്തിൽ ഭൂരിപക്ഷം കിട്ടിയില്ലെന്ന പോരായ്മയുണ്ട്. ഡോ. തോമസ് ഐസക്കും ഒട്ടും മോശക്കാരനല്ലല്ലോ; ശ്രീ. കോടിയേരി ബാലകൃഷ്ണനേക്കാൾ സീനിയറായ ശ്രീ. എ.കെ. ബാലന് എന്താണ് കുഴപ്പം: പാർട്ടിയിൽ സീനിയറല്ലേ; പട്ടികജാതിക്കാരനായ ഒരാൾ പാർട്ടി സെക്രട്ടറിയായാൽ എന്താണ് ദോഷം; കഴിവുള്ളയാളല്ലേ? ഇങ്ങനെയുള്ള തർക്കങ്ങൾ ഒരുപാട് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. .....(ബഹളം).... സഖാവ് പി. കൃഷ്ണപിള്ള സ്മാരകം കത്തിച്ചു, പ്രതിമ എറിഞ്ഞുതകർത്ത് വികൃതമാക്കി. ഇക്കാര്യത്തിലെങ്കിലും പ്രതിഷേധിക്കാൻ യോജിച്ച ഒരു നിലപാടെടുക്കാൻ കഴിയാത്ത നിങ്ങളുടെ പാർട്ടിക്ക് എന്തു യോജിപ്പാണുള്ളത്; ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ അഭിപ്രായം പാർട്ടിയുടെ അഭിപ്രായമല്ലെന്ന് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. ഗൂഢാലോചനയില്ല എന്ന് പാർട്ടി തീരുമാനമെടുത്തു. ഗൂഢാലോചന ഉണ്ടെന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പറഞ്ഞു. ശ്രീ. എ.കെ. ബാലൻ, എന്ത് യോജിപ്പാണ് നിങ്ങൾക്കുള്ളത്? പി. കൃഷ്ണപിള്ളയുടെ പ്രതിമയുടെ മുഖം വികൃതമാക്കിയതുവഴി

യഥാർത്ഥത്തിൽ വികൃതമാകുന്നത് സി.പി.ഐ.(എം.)-ന്റെ മുഖമാണ്. ഇക്കാര്യത്തിൽപ്പോലും യോജിച്ച നിലപാടെടുക്കാൻ കഴിയാത്ത ഒരു പാർട്ടി എങ്ങനെയാണ് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിൽക്കുന്നത്; നിങ്ങൾ അതിന് മറുപടി പറയണം. സി.പി.ഐ.(എം.)ന്റെ ആട്ടുംതുപ്പുമേറ്റ് എം. എൻ. ഗോവിന്ദൻ നായരുടേയും ടി. വി. തോമസിന്റേയും നേതൃത്വത്തിൽ പുറത്തുവന്നവരെ കോൺഗ്രസ് രണ്ട് കൈയും നീട്ടി സ്വീകരിച്ചു. കോൺഗ്രസ് സ്വീകരിച്ചതുകൊണ്ട് സി. അച്യുതമേനോനും പി. കെ. വാസുദേവൻ നായരും മുഖ്യമന്ത്രിമാരായി. എന്നാൽ പിന്നീട് കോൺഗ്രസിൽ നിന്ന് മാറി വീണ്ടും അങ്ങോട്ടുതന്നെ പോകുവാൻ നിങ്ങൾ തീരുമാനിച്ചു. തെറ്റുപറ്റിയെന്ന് നിങ്ങൾ അവസാനം പറഞ്ഞു. ആ തെറ്റിന്റെ ഫലമാണ് സി. അച്യുതമേനോൻ മുഖ്യമന്ത്രിയായതെന്ന് നിങ്ങളോർക്കണം. ആ തെറ്റിന്റെ ഫലമാണ് കേരളത്തിൽ പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായതെന്ന് നിങ്ങളോർക്കണം. എം. എൻ. ഗോവിന്ദൻ നായർക്കും ടി. വി. തോമസിനും മാത്രമല്ല നിങ്ങൾക്കെല്ലാവർക്കും അവിടുന്ന് ഇഷ്ടംപോലെ ആട്ടുതുപ്പും കിട്ടുന്നുണ്ടല്ലോ; എന്തൊരു യോജിപ്പാണ് നിങ്ങൾ തമ്മിൽ; നിങ്ങൾ അന്ന് പുറത്തേയ്ക്ക് പോന്നതാണ്. നിങ്ങളും മോശക്കാരാണെന്ന് ഞാൻ പറയുന്നില്ല. നിങ്ങളുടെ ശക്തിക്കനുസരിച്ച് പറയുന്നുണ്ട്. ജനയുഗത്തിൽ ശ്രീ. കെ.

ഇ. ഇസ്മയിലിന്റെ ഒരു പ്രസംഗത്തിന്റെ വാർത്ത വന്നു. അതിന്റെ കുറച്ചുഭാഗം ഞാൻ വായിക്കാം - "ഒറ്റയ്ക്ക് മത്സരിച്ചിരുന്നുവെങ്കിൽ ഒരു സീറ്റിലെങ്കിലും ജയിക്കാൻ കഴിയുമായിരുന്നോയെന്ന് അവർ(സി.പി.ഐ.(എം.).) ചിന്തിക്കണം സി.പി.ഐ. ഒറ്റയ്ക്ക് മത്സരിച്ചാണ് മൂന്ന് സീറ്റിൽ വിജയിച്ചത്. അത് അഭിമാനകരമായ വിജയമാണ്. ഞങ്ങളാണ് വലിയ പാർട്ടിയെന്ന് തുടർച്ചയായി അവകാശപ്പെടുന്നത് പരിഹാസ്യമാണ്. ഇറച്ചി തിന്നുന്നവർ എല്ലിൻ കഷണം കഴുത്തിൽ തൂക്കി നടക്കാറില്ല. ഭിന്നിപ്പിന്റെ പഴമ്പുരാണങ്ങൾ ഇനിയും വച്ചുവിളമ്പുന്നതിൽ അർത്ഥമില്ല. യോജിപ്പ് ആവശ്യമുള്ള കാലത്ത് അട്ടയുടെ കണ്ണിൽ ചുണ്ണാമ്പ് തേയ്ക്കുന്നതുപോലെയുള്ള നിലപാട് സി.പി.ഐ.(എം.) സ്വീകരിക്കുന്നത് ശരിയല്ല." പല പഴമൊഴികളും കേട്ടിട്ടുണ്ട്. ഇതൊരു മൊഴിമുത്താണ്. ഇറച്ചി തിന്നിട്ട് എല്ലിൻ കഷണം കഴുത്തിൽ കെട്ടിത്തൂക്കിയിട്ട് നടക്കുന്നത് ശരിയല്ലെന്ന് സി.പി.ഐ.(എം.) ന്റെ മുഖത്തുനോക്കി ശ്രീ. കെ. ഇ. ഇസ്മയിൽ പറയുന്നു. നിങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്; സി.പി.ഐ.യിലെ ശ്രീ. വി. എസ്. സുനിൽ കുമാർ എഴുന്നേറ്റ് നിൽക്കുന്നത് കണ്ടാൽ, അഴിമതിക്കെതിരെയുള്ള പോരാട്ടം നടത്തുന്ന ആദർശത്തിന്റെ ആൾരൂപമാണ് അദ്ദേഹമെന്ന് തോന്നും. ഡോ. ബെനറ്റ് എബ്രഹാം സത്യം തുറന്നു പറഞ്ഞാൽ സി.പി.ഐ. ഉണ്ടാകില്ല. സത്യം തുറന്നു

പറയാതിരിക്കാൻ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിക്കാർ അദ്ദേഹത്തിന്റെ വീടിന്റെ മുന്നിൽ കാവലാണ്. സത്യം തുറന്നു പറഞ്ഞാൽ കുഴപ്പമാകുമെന്ന് പറഞ്ഞത് സി.പി.ഐ.യുടെ മുൻ ജില്ലാ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ നായരാണ്, ഞാൻ പറഞ്ഞതല്ല. ഡോ. ബെനറ്റ് എബ്രഹാമിനെ സ്ഥാനാർത്ഥിയാക്കിയതിൽ പാർട്ടിക്ക് ഉത്തരവാദിത്വമില്ലേ; ശ്രീ. പന്ന്യൻ രവീന്ദ്രന് ഒരു ഉത്തരവാദിത്വവുമില്ലേ; ശ്രീ. പന്ന്യൻ രവീന്ദ്രൻ തെരഞ്ഞെടുപ്പിന് വേണ്ടി പ്രവർത്തിച്ചപ്പോൾ ഡോ. ബെനറ്റ് എബ്രഹാം യോഗ്യനായിരുന്നോ; ഇപ്പോൾ പഴിചാരാൻ പാവം ശ്രീ. സി. ദിവാകരനെ മാത്രമേ കിട്ടിയുള്ളൂ. ശ്രീ. സി. ദിവാകരനെ മാത്രമേ തരംതാഴ്ത്തിയുള്ളൂ. അങ്ങ് ഇപ്പോൾ ആ പാർട്ടി നേതാവായതുകൊണ്ടാണ് ആ കസേരയിലിരിക്കുന്നത്. ഇല്ലെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരുടെ പുറകെ, ശ്രീ. വെഞ്ഞാറമൂട് ശശിയുടെ പുറകെ, കൊമ്പൻ പോയ പുറകെ മോഴയും എന്ന് പറയുന്നതുപോലെ അങ്ങേയ്ക്കും പോകേണ്ടി വരുമായിരുന്നു എന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ):</u> അങ്ങ് ഇവിടെ ശ്രീ. പി. രാമചന്ദ്രൻ നായരെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ശ്രീ. പി. രാമചന്ദ്രൻ നായർ സി.പി.ഐ.(എം.) നേതാക്കന്മാരുമായി ചർച്ച നടത്തിയെന്നും അദ്ദേഹം സി.പി.ഐ.(എം.) ലേയ്ക്ക് തിരിച്ചുപോകുന്നുമെന്നുള്ള വാർത്ത അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> ശ്രീ. ടി. ജെ. ആഞ്ചലോസിനെ സി.പി.ഐ.യ്ക്ക് എടുക്കാമെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരെ സി.പി.ഐ.(എം.)- ന് എടുത്താൽ എന്താണ്; ശ്രീ. ടി. ജെ. ആഞ്ചലോസിനെ സി.പി.ഐ.(എം.) പുറത്താക്കിയപ്പോൾ സി.പി.ഐ.യ്ക്ക് എടുക്കാമെങ്കിൽ ശ്രീ. പി. രാമചന്ദ്രൻ നായരെ സി.പി.ഐ.(എം.)നും എടുക്കാം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങൾ വലിയ യോജിപ്പാണല്ലോ; നിങ്ങൾ പുറത്തിറങ്ങി ഈ യോജിച്ച മുഖം ജനങ്ങളുടെ മുമ്പാകെ ആദ്യമൊന്ന് തുറന്നുവയ്ക്കൂ. ഇവിടെ ബാർ അഴിമതിക്കെതിരെ പറയുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടു സ്റ്റാർ ഹോട്ടലുകൾക്ക് ത്രീ സ്റ്റാർ പദവി അക്വയർ ചെയ്യുന്നതിന് 31-ാം തീയതി വരെ സമയം നൽകിക്കൊണ്ട് മാർച്ച് മാസം 12-ാം തീയതി ഉത്തരവിറക്കുന്നു. 13-ാം തീയതി, ഒരു ദിവസം കൊണ്ട് നിലവാരം ഉണ്ടോ ഇല്ലയോ എന്ന് നോക്കാതെ ഈ ബാറുകൾക്ക് മുഴുവൻ ലൈസൻസ് കൊടുത്ത് റെഗുലറൈസ് ചെയ്യണമെന്ന് നോട്ടിഫിക്കേഷൻ നടത്തിയ ആളുകൾ ഞങ്ങളുടെ മുഖത്തുനോക്കി ഞങ്ങൾ അഴിമതിക്കാരാണെന്ന് പറയുകയാണ്. ഞങ്ങൾ ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ഔട്ട്‌ലെറ്റുകൾ പൂട്ടിച്ച ആളുകളാണ്. ഞങ്ങളുടെ മുഖത്തുനോക്കി പറയുന്നു, ഞങ്ങൾ ഈ രാജ്യത്ത് മദ്യം

ഒഴുക്കുകയാണെന്ന്. മദ്യ മുതലാളിമാർക്കുവേണ്ട എല്ലാ ഒത്താശയും ചെയ്തുകൊടുത്ത ആളുകൾ ഞങ്ങളുടെ മുഖത്തുനോക്കി ഞങ്ങൾ കൈക്കൂലിക്കാരാണെന്ന് പറയുകയാണ്. ഞങ്ങളുടെ മദ്യനയത്തിൽ ഒരു മാറ്റവും വരുത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾ യു.ഡി.എഫ്.ന്റെ മദ്യനയം നടപ്പാക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ നയത്തിൽ നിന്ന് ഞങ്ങൾ മാറുന്നില്ല. പക്ഷെ ആ മദ്യനയം ആരെയാണ് ബാധിക്കുക? ആ മദ്യനയം ദോഷകരമായി ബാധിക്കുന്നത് ബാർ മുതലാളിമാരെയാണ്, ഷാപ്പ് ഉടമസ്ഥരെയാണ്. അവരാണ് ഞങ്ങളെ എതിർക്കുന്നത്. അവർ ഞങ്ങൾക്കെതിരെ ആരോപണം ഉന്നയിക്കുകയാണ്. ആ ആരോപണം ഏറ്റുപിടിച്ചുകൊണ്ട് അവരെ എല്ലാക്കാലത്തും സഹായിച്ച, എവരെ എല്ലാക്കാലത്തും സംരക്ഷിച്ച ഇടതുമുന്നണി ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുകയാണ്. അതാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഐക്യ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം മദ്യനയത്തിന്റെ കാര്യത്തിൽ യോജിച്ച തീരുമാനമാണ് കഴിഞ്ഞ കാലങ്ങളിൽ എടുത്തിട്ടുള്ളത്. നാളെയും ആ തീരുമാനം എടുത്തുകൊണ്ടുതന്നെ ഞങ്ങൾ മുന്നോട്ടുപോകും എന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. കെ. എം. മാണി മറുപടി പറയുന്നത് കേൾക്കാനുള്ള ജനാധിപത്യ ബോധം, സാമാന്യ മര്യാദ നിങ്ങൾക്കുണ്ടാകണം എന്ന് മാത്രം

പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റ്സിനെ പിന്തുണയ്ക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ ബിൽ അവതരിപ്പിക്കാൻ ഒരു കാരണവശാലും അർഹതയില്ലാത്ത ആളാണ് ശ്രീ. കെ. എം. മാണി. ഈ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതിൽതന്നെ 24 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കിയൊന്നും ചെലവഴിച്ചിട്ടില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ട് പറയുന്നതിന് മുമ്പ് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. തൊട്ടുമുമ്പ് ബഹുമാന്യനായ കെ. ശിവദാസൻ നായർ ജനയുഗത്തിൽ വന്ന ഒരു വാർത്തയെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ജനയുഗം ഇപ്പോഴെങ്കിലും വായിച്ചതിൽ സന്തോഷമുണ്ട്. സാധാരണ വായിക്കാറില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഈ കാര്യത്തിനെങ്കിലും ജനയുഗം വായിച്ചതിൽ സന്തോഷമുണ്ട്. ഞങ്ങളുടെ പാർട്ടിയും സി.പി.ഐ.(എം.) ഉം തമ്മിൽ എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ ഞങ്ങൾ പരിഹരിച്ചോളാം. അതിന് ശ്രീ. കെ. ശിവദാസൻ നായരുടെ സപ്പോർട്ട് വേണ്ട. അദ്ദേഹം പറഞ്ഞതെന്താണ്, ശ്രീ. പി. രാമചന്ദ്രൻ നായർ പാർട്ടിയെക്കൊണ്ട് ഒരുപാട് കാര്യങ്ങൾ നേടിയെടുത്തിട്ടുള്ള ആളാണ്. പാർട്ടി അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി നടപടിയെടുത്തിട്ടുണ്ട്. തെറ്റ് ചെയ്താൽ തെറ്റാണെന്ന് സമ്മതിക്കുന്ന പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. നിങ്ങൾ അത് സമ്മതിക്കുന്നുണ്ടോ; നിങ്ങൾ തെറ്റ് ചെയ്താൽ ആ തെറ്റിലൂടെ തന്നെയാണ്

സഞ്ചരിക്കുന്നത്; ആ തെറ്റ് അങ്ങനെതന്നെ നിങ്ങൾ ആവർത്തിച്ചുപോരുന്നു. ഏതെങ്കിലും തെറ്റ് ഇന്നേവരെ നിങ്ങൾ സമ്മതിച്ചിട്ടുണ്ടോ; ഏതെങ്കിലും തെറ്റിന് നടപടി എടുത്തിട്ടുണ്ടോ? കേരളത്തിലെ ജനങ്ങളെ പറ്റിക്കാൻവേണ്ടി, ബാർ കോഴ വിഷയം കേരളത്തിലെ ജനങ്ങളിൽ നിന്ന് ഒഴിച്ചുകളയാൻ വേണ്ടിയാണ് ഈ ബില്ലിൽ....., ബാർ കോഴ വിഷയം മാതൃഭൂമി ചാനലും മാതൃഭൂമി പത്രവും പുറത്തുവിട്ടു. നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു. അതുമായി ബന്ധപ്പെട്ട് നിയമ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത്, ഞാൻ നിയമ വകുപ്പുമന്ത്രിയായതുകൊണ്ട് എ.ജി. എന്നെ കാണാൻ വരും എന്നാണ്. എ.ജി. അന്വേഷണ ഉദ്യോഗസ്ഥനെ രണ്ട് പ്രാവശ്യം വിളിച്ചിരിക്കുന്നു. ഗവൺമെന്റിന് ദോഷം വരുന്ന റിപ്പോർട്ട് നിങ്ങൾ കൊടുക്കരുതെന്ന് പറയാനാണ് വിളിച്ചത്. ഇത് അഴിമതിയല്ലേ; നിയമ വകുപ്പുമന്ത്രിയെ സംരക്ഷിക്കാൻ ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും ഒന്നിച്ചു നിൽക്കുന്നുവെന്ന് മാതൃഭൂമി പത്രത്തിൽ വന്നു. അതുമായി ബന്ധപ്പെട്ട് നിങ്ങൾ എന്തു ചെയ്തു? ആരെങ്കിലും പ്രസംഗിച്ചാൽ കേസെടുക്കുന്നവരല്ലേ നിങ്ങൾ; ശ്രീ. കെ. എം. മാണിക്ക് ഞങ്ങൾ ഒരു കോടി രൂപ കൊടുത്തുവെന്ന് ശ്രീ. ബിജു രമേശ് പറഞ്ഞില്ലേ; ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ ആത്മാഹുതി ചെയ്യാം, എന്റെ വസ്തുവകകൾ കണ്ടുകെട്ടാം, ഞാൻ നുണ പരിശോധനയ്ക്ക് വിധേയനാകാം എന്നെല്ലാം

പറഞ്ഞിട്ടും നിങ്ങൾ എന്ത് ചെയ്തു? ഒരു നടപടിയും സ്വീകരിച്ചില്ല. ശ്രീ. ബിജു രമേശ് പറഞ്ഞത് നൂറ് ശതമാനവും സത്യസന്ധമായതുകൊണ്ടല്ലേ നിങ്ങൾ നടപടി സ്വീകരിക്കാതിരുന്നത്; യാതൊരു നടപടിയും സ്വീകരിക്കാതെ അഴിമതിക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്ന ഒരു ഗവൺമെന്റും മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമല്ലേ; അവിടെ ഇരിക്കുന്നവരിൽ ആരാണ് അഴിമതി നടത്താത്തത്; ടൈറ്റാനിയം അഴിമതി, സോളാർ അഴിമതി, കൺസ്യൂമർഫെഡ് അഴിമതി, സിവിൽ സപ്ലൈസ് അഴിമതി, പ്ലസ് ടു അഴിമതി, പി.ഡബ്ല്യു.ഡി. അഴിമതി, ഉദ്യോഗസ്ഥന്മാരുടെ കോഴ, ബാർ കോഴ- ബാർ അനുവദിച്ചതിൽ കോഴ, അനുവദിക്കാമെന്ന് പറഞ്ഞ് കോഴ, അതുപോലെ റദ്ദ് ചെയ്ത് പുനസ്ഥാപിക്കാനുള്ള കോഴ. കോഴയും അഴിമതിയും മാത്രം നിറഞ്ഞ ഒരു കോഴ ഗവൺമെന്റാണിത്. നിങ്ങൾ എന്തുകൊണ്ട് ഈ അഴിമതിക്കാരെ സംരക്ഷിക്കുന്നു; ശ്രീ. കെ. ശിവദാസൻ നായർ, നിങ്ങൾ എന്തുകൊണ്ടാണ് ഈ അഴിമതിയെക്കുറിച്ച് ഒരക്ഷരം പറയാതിരുന്നത്? കോഴയും അഴിമതിയും മാത്രം നിറഞ്ഞൊരു ഗവൺമെന്റല്ലേയിത്. ഒരു കോഴ ഗവൺമെന്റല്ലേയിത്. ബഹുമാനപ്പെട്ട ശ്രീ. ശിവദാസൻ നായർ, ഞാനങ്ങയോട് ചോദിക്കുകയാണ്, നിങ്ങളെന്തുകൊണ്ട് ഈ അഴിമതിക്കാരെ സംരക്ഷിക്കുന്നു; നിങ്ങൾ ഒരക്ഷരം പറഞ്ഞോ. ജനക്ഷേമകരമായിട്ടുള്ള നടപടികൾ

നടത്തുന്നൊരു ഗവൺമെന്റാണിതെന്നാണ് കോൺഗ്രസ് പറയുന്നത്. പട്ടികജാതിക്കാരുടെ വിഷയങ്ങൾ പരിഹരിച്ചു എന്നാണ് പറഞ്ഞത്. ആദിവാസികൾ എത്രയോ ദിവസമായി നിൽക്കുന്നു. ഏതെങ്കിലും വിഷയം പരിഹരിച്ചോ, അവർക്ക് ഭൂമി കൊടുത്തോ. ഭൂമി കൊടുത്തില്ല. ഏതെങ്കിലും ആനുകൂല്യങ്ങൾ നിങ്ങൾ കൊടുത്തോ. ഭക്ഷണവും മരുന്നും കൊടുക്കാനില്ല. അപ്പോൾ അദ്ദേഹം പറയുന്നു, മെഡിക്കൽ കോളേജ് കൊടുക്കാമെന്ന്. ഭക്ഷണം കൊടുക്കാനില്ല, മെഡിക്കൽ കോളേജ് കൊടുക്കാമെന്ന്. എന്താണിത്. ഭക്ഷണമില്ല, ഭക്ഷ്യസുരക്ഷാ ബിൽ നടപ്പിലാക്കുന്നില്ല. എന്നിട്ട് പണ്ട് ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗ് പാവപ്പെട്ട ഗ്രാമീണരോട് പറഞ്ഞത് നിങ്ങൾക്ക് സൗജന്യമായി സിംകാർഡ് തരാമെന്നാണ്. വയർ വിശക്കുമ്പോൾ നിങ്ങൾ രാവിലെ 10 എസ്.എം.എസ്. അയക്കുക, നിങ്ങളുടെ വിശപ്പ് മാറും. എന്ത് നടപടിയാണിത്. ഇതാണോ നിങ്ങളുടെ ഭരണം. കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ച് 19 പേർ ആത്മഹത്യ ചെയ്തു. ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത്, നിങ്ങൾ തൊഴിൽ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കർഷകത്തൊഴിലാളികൾ ആത്മഹത്യ ചെയ്യാൻ പോവുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിച്ചേർന്ന 60

വയസ്സ് കഴിഞ്ഞിട്ടുള്ളവർ ആനുകൂല്യം കിട്ടാതെ കഷ്ടപ്പെടുകയാണ്. 207 കോടി രൂപ കൊടുക്കണം. നിങ്ങൾ കൊടുത്തോ. കർഷകത്തൊഴിലാളികൾ, കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സ്, ബാർ തൊഴിലാളികൾ എന്നിവരെല്ലാം ആത്മഹത്യ ചെയ്യാൻ പോകുന്നു. കർഷക തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നു. കേരളത്തിലെ എല്ലാ പാവപ്പെട്ട മനുഷ്യരും അത്മഹത്യ ചെയ്യാൻ പോവുകയാണ്. അതിലേയ്ക്ക് അവരെ തള്ളിവിടുന്ന സമീപനങ്ങളുമായിട്ടല്ലേ ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻചാണ്ടിയുമെല്ലാം മുന്നോട്ടു പോകുന്നത്. എന്ത് ജനക്ഷേമ പ്രവർത്തനമാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും പെൻഷൻ കൊടുക്കുന്നുണ്ടോ നിങ്ങൾ, ഒരു പെൻഷനും കൊടുക്കുന്നില്ലല്ലോ. ഒരു പെൻഷനും കൊടുക്കാതെ അഴിമതി നടത്തിക്കൊണ്ടിരിക്കുകയും ജനക്ഷേമ പ്രവർത്തനങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നൊരു ഗവൺമെന്റാണ്, അഴിമതിയെ സംരക്ഷിക്കുന്ന, ശ്രീ. കെ. എം. മാണിക്ക് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് യാതൊരു യോഗ്യതയുമില്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ദു:സ്വഭാവിയായ സ്ത്രീ, വഞ്ചകനായ സുഹൃത്ത്, അനുസരണയില്ലാത്ത പരിചാരകൻ, പാമ്പുകൾ വസിക്കുന്ന വീട് എന്നിവ മൃത്യുതന്നെയാണെന്നതിൽ സംശയമില്ല. ഇതെല്ലാം ചേർന്നതാണ് ഈ യു.ഡി.എഫ്. എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മണ്ഡലങ്ങളിൽ..... ഞാനൊന്ന് പറയട്ടെ, നിങ്ങളെന്തിനാണിങ്ങനെ മോങ്ങുന്നത്. നിങ്ങൾക്കുമാത്രം ഇവിടെ സംസാരിച്ചാൽ മതിയോ. ഒരാൾപോലും മിണ്ടരുത്. മര്യാദയ്ക്ക് അവിടെ ഇരുന്നോണം. നിങ്ങളാരാണ്. അവിടെ മിണ്ടാതിരുന്നുകൊള്ളണം. ഇത് ഞാൻ സമ്മതിക്കില്ല. ഇവർക്കെന്താണ് രണ്ട് കൊമ്പുണ്ടോ;

പുതിയ കോഴ്സുകൾ, കോളേജുകൾ, താലൂക്കുകൾ, മെഡിക്കൽ കോളേജുകൾ എന്നിവയെല്ലാം കൊടുത്തൊരു ഗവൺമെന്റാണിത്. മഞ്ചേരിയിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ രണ്ട് പ്രാവശ്യം അതിനെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചു. ലാബ് സ്ഥാപിച്ചിരിക്കുന്നത് കക്കൂസിന്റെ മുകളിലാണെന്നും കുട്ടികൾക്ക് പഠിക്കാൻ സൗകര്യമില്ലെന്നുമൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഓപ്ഷൻ കൊടുക്കുമ്പോൾ മഞ്ചേരി മെഡിക്കൽ കോളേജിനെ അവസാനമാണ് കുട്ടികൾ സെലക്ട് ചെയ്യുന്നത്. അങ്ങനെയുള്ള മഞ്ചേരി മെഡിക്കൽ കോളേജാണ് ഇന്ന് സംസ്ഥാനത്തെ 25 മെഡിക്കൽ കോളേജുകളിൽ ഫസ്റ്റ് ഇയറിൽ ഏറ്റവുമധികം കുട്ടികൾ പാസ്സായിട്ടുള്ള (93 ശതമാനം) മെഡിക്കൽ കോളേജ്.

അതിന് ആദ്യമായി ബഹുമാനപ്പെട്ട മാണിസാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആ കോളേജ് അനുവദിച്ചത് മാണിസാറാണ്. പഠിച്ച കുട്ടികൾ വേറെയാണെങ്കിലും കോളേജ് അനുവദിക്കണ്ടേ; അതിന് പണം കൊടുക്കണ്ടേ; നിങ്ങളെന്താണ് പറയുന്നത്? കുട്ടികൾക്ക് മലപ്പുറത്ത് വന്നാലേ ബുദ്ധിയുണ്ടാവുകയുള്ളൂ. നിങ്ങളുടെ നാട്ടിൽ വന്നാൽ ബുദ്ധിയുണ്ടാവില്ല. അത് നിങ്ങൾ ആദ്യം മനസ്സിലാക്കണം. അതുപോലെത്തന്നെ കാരുണ്യ പദ്ധതി. 32,000 പുതിയ തസ്തികകൾ നിയമിച്ച ഗവൺമെന്റ്. 1957 മുതലുള്ള കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലും ഗവൺമെന്റ് ഇത്രയും തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ. 32,000 ആളുകൾക്ക് ജോലി കൊടുത്തില്ലേ. ഇങ്ങനെ പുതിയപുതിയ തസ്തികകളും മെഡിക്കൽ കോളേജുകളും കോളേജില്ലാത്ത മണ്ഡലങ്ങളിൽ കോളേജുകളും പുതിയ കോഴ്സുകളും പുതിയ താലൂക്കുകളും എല്ലാം കൊടുക്കുമ്പോൾ സാമ്പത്തിക ബാധ്യതയുണ്ടാകും. 1957 കാലഘട്ടത്തിൽ ശ്രീ. ശിവദാസമേനോൻ മന്ത്രിയായിരുന്നുവല്ലോ. ട്രഷറി ഇവിടെ പൂട്ടിയിട്ടില്ലേ. മാണിസാറിന്റെ കാലത്ത് ട്രഷറി പൂട്ടിയിട്ടുണ്ടോയെന്ന് നിങ്ങൾ പറയൂ. സംസ്ഥാനത്തിന്റെ വരുമാനത്തിൽക്കൂടുതൽ ചെലവാക്കേണ്ടി വരുമ്പോൾ കുറച്ചൊക്കെ സാമ്പത്തിക ഞെരുക്കമുണ്ടാകും. ഇവിടെ എല്ലാവർക്കും ചോദിച്ചതൊക്കെ തരുന്നില്ലേ. നിങ്ങളിൽ ആർക്കാണ് തരാത്തത്. ശ്രീ. ഗണേഷ്

കുമാർ പറഞ്ഞതിലേക്കൊക്കെ ഞാൻ പിന്നീട് വരാം. ശ്രീ. ഗണേഷ് കുമാറിനോട് എന്നുമുതലാണ് നിങ്ങൾക്ക് സ്നേഹം തോന്നിത്തുടങ്ങിയതെന്ന് എനിക്കറിയാം. അഴിമതിക്കാരനായ അച്ഛന്റെ മകനാണ് ഇവിടെ അതിനെക്കുറിച്ച് പറയുന്നത്. അതിനെസംബന്ധിച്ചൊന്നും നിങ്ങളിപ്പോൾ പറയണ്ട. ഞങ്ങളുടെ ആളുകളൊന്നും അങ്ങനെ ജയിലിൽ പോയിട്ടില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ജയിലിൽ പോയിട്ടില്ലേ. അദ്ദേഹത്തിന്റെ മകനല്ലേ ശ്രീ. ഗണേഷ് കുമാർ. അതൊന്നും നിങ്ങൾ പറയണ്ട. നിങ്ങൾ എല്ലാവരേയും ഏറ്റെടുക്കും. നിങ്ങൾ ഏത് ചണ്ടിയും ഏറ്റെടുക്കും. ആശ്രിതനിയമനത്തിലെ എല്ലാവർക്കും നിയമനം നൽകിയ ഗവൺമെന്റാണിത്. ഇവിടെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഒരു പോയിന്റുമില്ല. ഒരു മണ്ണാങ്കട്ടയുമില്ല. അവിടെയിരിക്ക്. സർ, ഞാൻ വഴങ്ങുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ. പോയിന്റ് ഓഫ് ഓർഡർ..

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഈ സഭയിലെ അംഗം പറഞ്ഞിരിക്കുന്നത് ശ്രീ. ആർ. ബാലകൃഷ്ണപിള്ള അഴിമതിക്കാരനാണെന്നാണ്. ഈ ഗവൺമെന്റാണ് അഴിമതിക്കാരനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ മുന്നോക്കവികസന

കോർപ്പറേഷനിൽ നിയമിച്ചിരിക്കുന്നത്. അത് ക്യാബിനറ്റ് റാങ്കാണ്. ഇത് ഗവൺമെന്റ് പരിശോധിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, അതിലൊരു പോയിന്റുമില്ല. അതെല്ലാം വിട്ടുകളഞ്ഞേയ്ക്ക്. ഞാൻ പറഞ്ഞതെന്താണെന്ന് വച്ചാൽ ശ്രീ. ഗണേഷ് കുമാർ ഇവിടൊരു ആരോപണം ഉന്നയിച്ചു. അദ്ദേഹത്തിന്റെ അച്ഛനാണ് അഴിമതിക്ക് ജയിലിൽ കിടന്നത്. എന്നിട്ടാണ് ശ്രീ. ഗണേഷ് കുമാർ ഇവിടെ വന്നിങ്ങനെ പറയുന്നത് എന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ അങ്ങനെയും ഇങ്ങനെയും പറയരുത്. സി.പി.ഐ. ക്കാരോട് ഞാൻ ചോദിക്കട്ടെ, റോഡിൽനിന്ന് ഓരോരുത്തരങ്ങ് കൂവിയാൽ അതിനൊക്കെ നമുക്ക് കേസെടുക്കാൻ സാധിക്കുമോ. ഈ സഭയിലുള്ള ഒരംഗത്തിനെക്കുറിച്ച്... ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ ഒരു ആത്മഹത്യയെ സംബന്ധിച്ച് വന്നിട്ടുണ്ടല്ലോ. ഞങ്ങളാരും അതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ലല്ലോ. നാട്ടിൽ ഓരോരുത്തർ ഓരോന്ന് എഴുതി വയ്ക്കുക, മരിക്കാൻ പോകുമ്പോൾ ആത്മഹത്യാകുറിപ്പ് എഴുതി വയ്ക്കുക ഇതിനൊക്കെ കേസെടുക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ തയ്യാറാകുമോ; താങ്കളാണ് അതിൽ കുറച്ചു വിവരമുള്ള മനുഷ്യൻ. ആരെങ്കിലും എന്തെങ്കിലും പറയുന്നതിനനുസരിച്ച് നമുക്ക് നിൽക്കാൻ സാധിക്കുമോ. ഒരു എഫ്.ഐ.ആർ.-ന്റെ പേരിൽ കിട്ടിയ അനുഭവം

നിങ്ങൾക്കറിയാമല്ലോ. ശ്രീ. വി.എസ്. സുനിൽ കുമാർ, ഇതിനൊക്കെ ഒരു മാന്യത വേണം. ഇപ്പോഴത്തെ കാലത്ത് ആർക്കും എന്തും പറയാം. അതിനൊരു പത്തിരുപത്തിനാല് ചാനലുകളുമുണ്ട്. അതിലൊരു ബ്രേക്കിംഗും. അതിൽപോയി ശ്രീ. വി.എസ്. സുനിൽ കുമാറിനെപ്പോലെ മനോരമയ്ക്ക് ഒരു മേയ്ക്കപ്പ്, ഏഷ്യനെറ്റിന് ഒരു മേയ്ക്കപ്പ്.... ഇങ്ങനെ പന്ത്രണ്ടിടത്ത് കയറിയിട്ട് ചർച്ചയാണ്. ഇതല്ലാതെ വേറെന്താണുള്ളത്. ഇതിലൊന്നുമില്ല. ഇതിനെ പ്രോത്സാഹിപ്പിക്കാൻ പറ്റുമോ. നിങ്ങൾ ശ്രീ. മാണിസാറിനെക്കുറിച്ച് പറയുന്നുണ്ടല്ലോ. മാണിസാറിന്റെ പേരിൽ ഒരാൾ അഴിമതി വെളിപ്പെടുത്തി. പണം കൊടുത്തെന്നും പറഞ്ഞു. ഇത് ആരാണ് കണ്ടത്. വെറുതേയങ്ങ് പറയുകയാണ്. മാണിസാറിനെ സംബന്ധിച്ച് നിങ്ങളെന്താണ് മനസ്സിലാക്കിയത്. 50 കൊല്ലത്തെ രാഷ്ട്രീയ പാരമ്പര്യമുള്ളയാളാണ് ശ്രീ. മാണിസാർ. ബാർ കിട്ടാത്തതിന്റെ ദേഷ്യത്തിൽ ഒരു കൂട്ടർ മാണിസാറിന്റെ പേരിൽ അരോപണം ഉന്നയിച്ചു. അതങ്ങോട്ട് ഏറ്റെടുക്കാൻ സാധിക്കുമോ. നാളെ കേരളം ഭരിക്കുന്ന നിങ്ങളെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ എന്തായിരിക്കും സ്ഥിതി. സി.പി.ഐ. ക്കാരോട് ഞാനൊന്ന് ചോദിക്കട്ടെ. നിങ്ങൾ അഴിമതിക്കെതിരെയും എ.ഫ്.ഐ.ആർ.-നെക്കുറിച്ചുമൊക്കെ പറയുന്നുണ്ടല്ലോ. മാണിസാറിന്റെ മറുപടികളെ ബഹിഷ്കരിക്കുന്നുണ്ടല്ലോ. അടിയന്തരപ്രമേയം

അവതരിപ്പിക്കാൻ വരുന്നുണ്ടല്ലോ. പാർട്ടി നേതാക്കൻമാർ പറയുമ്പോൾ മുന്നിട്ട് ചാടി വരുന്നുണ്ടല്ലോ. ഞാൻ ചോദിക്കട്ടെ നിങ്ങൾ ഒരു സ്ഥാനാർത്ഥിക്ക് പണം വാങ്ങിയെന്ന് പറഞ്ഞ് നിങ്ങളുടെ പാർട്ടി കമ്മിറ്റി ചർച്ച ചെയ്തിട്ട് ലോകായുക്ത അത് അന്വേഷിക്കാൻ തീരുമാനമെടുത്തപ്പോൾ എന്തിനാണ് നിങ്ങളതിന് ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങിയത്. ആണത്വമുണ്ടെങ്കിൽ രണ്ട് മുഖം പാടില്ല. ഒരുമുഖമേ പാടുള്ളൂ. അന്വേഷണത്തെ നേരിടണം. മാണിസാർ അന്വേഷണത്തെ നേരിടണമെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. പണം വാങ്ങുമ്പോൾ അതോർക്കണം. (...ബഹളം...)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്തിനാണിങ്ങനെ ബഹളം വയ്ക്കുന്നത്. ആരും സംസാരിക്കാൻ പാടില്ലെന്ന് പറഞ്ഞാൽ.... ഇപ്പുറത്തുനിന്നും സംസാരിക്കുന്നില്ലേ.

<u>ശ്രീ. പി. കെ. ബഷീർ</u>: മാണി സാറിന്റെ പേരിൽ എഫ്.ഐ.ആർ. ഇട്ടു. നിങ്ങൾക്ക് ഒരു ധാരണയുണ്ട് ആരുടെയങ്കിലും പേരിൽ എഫ്.ഐ.ആർ. ഇട്ടാൽ അവരെ അറസ്റ്റ് ചെയ്യണം. ഞാൻ ചോദിക്കട്ടേ, ആഭ്യന്തരമന്ത്രിയായിരുന്ന ആളാണ് ശ്രീ. കോടിയേരി, മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്ചുതാനന്ദൻ, അപ്പുറത്തിരിക്കുന്ന ശ്രീ. സി. ദിവാകരൻ, വലിയ വക്കീലാണെന്ന് പറയുന്ന ശ്രീ. മാത്യൂ റ്റി. തോമസ് ഞാൻ ചോദിക്കട്ടേ എഫ്.ഐ.ആർ. ഇടുമ്പോൾ തന്നെ ഒരാളെ അറസ്റ്റ് ചെയ്ത്

കൊണ്ടുപോകാൻ പറ്റുമോ? ഒരു എഫ്.ഐ.ആർ. ൽ എന്റെ പേര് ഉണ്ടായിരുന്നുവല്ലോ, അന്ന് എന്നെ കൊണ്ടുപോയിരുന്നുവെങ്കിൽ എന്തായിരുന്ന സ്ഥിതി. തെറ്റ ചെയ്തു കഴിഞ്ഞാൽ തെറ്റാണ് എന്ന് ഏറ്റു പറയും, നിങ്ങളുടെ മാതിരി രണ്ടു മുഖമൊന്നും ഉണ്ടാകില്ല. ഒരു നിലപാട് എല്ലാ കാര്യത്തിലും വേണം. അല്ലാതെ നിങ്ങളെപ്പോലെ ആവശ്യമില്ലാത്തതിനെല്ലാം കൂടി, ഇനി എന്താണ് നിങ്ങൾ ചെയ്യാൻ പോകുന്നത്, മാണിസാർ പറയുന്ന മറുപടി നിങ്ങൾ കേൾക്കുമോ? കേൾക്കുകയില്ല. നിങ്ങൾ ബഹിഷ്കരിച്ചിട്ട് പോകും. നിങ്ങൾക്കെല്ലാം ഒന്നുപോലെയാണ്. സി.പി.എം. നെ ചാക്കിടണം. അതുപോലെ ബഹുമാനപ്പെട്ട ബാലേട്ടൻ ഇവിടെ പറഞ്ഞു. ഞങ്ങൾ ജനങ്ങളുടെ അടിത്തറയിലാണ് എന്ന്. മൂന്നരക്കൊല്ലം സരിത, കിരിതാ എന്നൊക്കെ പറഞ്ഞ്കൂട്ടി പാർലമെന്റ് ഇലക്ഷന് പോയിട്ട് 12 സീറ്റും, 90 അസംബ്ലിസീറ്റിലും ഭൂരിപക്ഷമുള്ളത് യു.ഡി.എഫ്. നാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്ന് ഒരു സമരവും വിജയിക്കുകയില്ല. നിങ്ങൾ ജനങ്ങളിൽ നിന്ന് അകന്ന് പോയിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിനെ എന്തിനാണ് കുറ്റം പറയുന്നത്. നിങ്ങളുടെ സ്ഥിതി എന്താണ്? 46 ആളുകൾ ഉണ്ടായിരുന്ന ഇൻഡ്യൻ പാർലമെന്റിൽ, ഇപ്പോൾ 9 പേർ മാത്രമേയുള്ളൂ. അത് നിങ്ങൾ മനസ്സിലാക്കണം. സി.പി.ഐ. യുടെ കാര്യം പോട്ടേ, നിങ്ങളുടെ

മുഹബത്ത്, നല്ല മൊഞ്ചുള്ള മൊഹബത്തിലാണല്ലോ സി.പി.എം. ഉം സി.പി.ഐ. യും തമ്മിൽ. ശ്രീ. പ്രകാശ് ബാബു, പണ്ട് എം.എൽ.എ. ആയിരുന്നു. ഇപ്പോഴാണ് ഓരോ സ്റ്റേറ്റ്മെന്റുകൾ കാണുന്നത്, ബിനോയ് വിശ്വം..........അതിന് നമ്മുടെ പിണറായിയുടെ കടുകട്ടി മറുപടി, എന്താണ് നിങ്ങളൊന്നും മിണ്ടാത്തത്? എന്നിട്ട് നിങ്ങളാണ് പറഞ്ഞത് ആര്യാടനെ ഞങ്ങൾ അങ്ങനെ പറഞ്ഞു, അത് ഞങ്ങൾ ആര്യാടനോട് ഇടയ്ക്ക് ഇടയ്ക്ക് അങ്ങനെ പറയാറുള്ളത് തന്നെ, നിങ്ങളുടെ മാതിരി അല്ല. കൂടുതലായി ഞാൻ ഒന്നും പറയുന്നില്ല, മാണിസാറേ, നിങ്ങൾ എല്ലാ പ്രതിസന്ധിയും തരണം ചെയ്ത ഒരു വ്യക്തിയാണ്. വളരെ ശക്തമായി ആരോപണങ്ങളെ പുച്ഛത്തോടെ തള്ളിക്കളഞ്ഞുകൊണ്ട് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, മലയാള മനോരമയിൽ വന്ന ഒരു എഡിറ്റോറിയലാണ് ഞാൻ ആദ്യം വായിക്കുന്നത്. സംസ്ഥാനത്തെ വാർഷിക പദ്ധതിക്ക് അനുവദിച്ച 22,762 കോടി രൂപയിൽ ആറു മാസം പിന്നിട്ടപ്പോൾ ഉള്ള ചെലവ് 4,174 കോടി രൂപ, സെപ്റ്റംബർ വരെ 30 ശതമാനം ചെലവ് ലക്ഷ്യമിട്ടിരുന്നിടത്താണ് 18.34 ശതമാനം മാത്രം ചെലവിട്ട് വാർഷിക പദ്ധതി മുടന്തുന്നത്. സർക്കാർ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ പദ്ധതി

നിർവ്വഹണം തുടർന്നും അവതാളത്തിലാകുമെന്ന് ആശങ്കയുണ്ട്. ഇത് മലയാള മനോരമ പറയുമ്പോൾ ഇതിന്റെ ഉത്തരവാദിത്വം ധനകാര്യവകുപ്പിന് മാത്രമല്ല. ബഡ്ജറ്റിൽ പറയുന്നതിന് കൃത്യമായ തുക നൽകാതെ മറ്റ് കാര്യങ്ങൾക്ക് ചെലവഴിക്കുന്ന അശാസ്ത്രീയമായ നടപടികൾ നിയന്ത്രിക്കാതെ സാമ്പത്തിക സ്ഥിതിയെ നിയന്ത്രിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ കാര്യത്തിൽ ഒരു റോളും ഇല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ജോസ് തെറ്റയിൽ: ഇതോടൊപ്പം തന്നെ കൊടുത്ത പൈസ ചെലവഴിക്കാതിരിക്കുകയും, പുതിയ നികുതിക്കുവേണ്ടി ചോദിക്കുകയും ചെയ്യുക.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ജോസ് തെറ്റയിൽ: ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇന്ന് രാവിലെ പറഞ്ഞ ഒരു കാര്യം ഉണ്ടായിരുന്നു. ബി.ജെ.പി. യുടെ കൂടെ കോൺഗ്രസ്സ് ഒരിക്കലും കൂടിയിട്ടില്ലാ എന്ന്, വി.പി. സിംഗ് - ന്റെ ഗവൺമെന്റിനെ താഴെയിറക്കാൻ ബി.ജെ.പി. യും കോൺഗ്രസ്സും കൂടിചേർന്ന് ആ സർക്കാരിനെ താഴെയിറക്കിയില്ലേ?

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. സാമ്പത്തിക മേഖലയിലെ വെല്ലുവിളികളെ അവഗണിച്ചുകൊണ്ട് വളരെ സമർത്ഥമായ നിലയിൽ ഈ ധനകാര്യവകുപ്പിനെ മുന്നോട്ട് കൊണ്ടുപോകുന്ന ബഹുമാനപ്പെട്ട മാണിസാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ സന്ദർഭത്തിലും, റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വിലയിടിവുമൂലം വിപണിയിലുണ്ടാകുന്ന മാന്ദ്യവുമൊക്കെ പല കാരണങ്ങളാണ് നമ്മുടെ സാമ്പത്തിക മേഖലയുടെ ഇത്തരത്തിലുള്ള ഞെരുക്കത്തിന് കാരണമെന്ന് നമ്മൾക്കെല്ലാപേർക്കും അറിയാം. ഈ സന്ദർഭത്തിൽ വളരെ വിദഗ്ദ്ധമായ രീതിയിൽ ധനകാര്യ മാനേജ്മെന്റ് കൊണ്ടുപോകുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ആ സന്ദർഭത്തിലാണ് വളരെ വിൽപ്പവറോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തരത്തിൽ മുന്നോട്ട് പോകുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 1,06,810 പുതിയ നിയമനങ്ങൾ നടത്തുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഇതേ കാലയളവിൽ കേവലം 60,000 പേർക്ക് മാത്രമാണ് ജോലി കൊടുക്കുവാനായി കഴിഞ്ഞത്. 25,000 ത്തോളം പുതിയ തസ്തിക സൃഷ്ടിക്കാനായി ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആ

ഗവൺമെന്റ് അധികാരത്തിൽ നിന്ന് പുറത്തുപോയ സന്ദർഭത്തിൽ വലിയ സാമ്പത്തിക ബാദ്ധ്യത പുതിയ ഗവൺമെന്റിന് നൽകിക്കൊണ്ടാണ് പുറത്തുപോയത്. ആ ബാദ്ധ്യതകളൊക്കെ ചുമലിൽ വച്ചുകൊണ്ടാണ് ധനകാര്യവകുപ്പ് മന്ത്രി മുന്നോട്ട് പോയിക്കൊണ്ടിരുന്നത്. പുതിയ 8 മെഡിക്കൽ കോളേജുകൾ നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കുകയുണ്ടായി. പുതിയ 12 താലൂക്കുകൾ, 22 കോളേജുകൾ, നമ്മുടെ സംസ്ഥാനത്ത് കോളേജുകൾ ഇല്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ക്ഷേമ പെൻഷനുകൾക്ക് തുക വർദ്ധിപ്പിച്ച, 18 പുതിയ ട്രഷറികൾ നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് സ്ഥാപിക്കുകയുണ്ടായി. ശമ്പള കമ്മീഷനെ നിയമിക്കുകയും, ഡി.എ. അനുവദിക്കുകയും, ബോണസ്സ്, ഫെസ്റ്റിവൽ അലവൻസ് ഓരോ വർഷവും വർദ്ധിപ്പിച്ച കൊടുക്കുകയും ചെയ്തത് ഈ ഗവൺമെന്റാണ്. ചരിത്രത്തിൽ ആദ്യമായി എൽ.ടി.സി. അനുവദിച്ചത് ഈ ഗവൺമെന്റാണ്. നിലവിലുള്ള വികസന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് മുന്നോട്ട് കൊണ്ടു പോയിക്കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതി, ടെക്നോപാർക്ക്, ഇൻഫോസിസിന്റെ രണ്ടാം ഘട്ടം, കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ കാര്യങ്ങൾ മുന്നോട്ടു

കൊണ്ടു പോയി. ഈ ഗവൺമെന്റ് വികസന പദ്ധതികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ക്ഷേമ പദ്ധതികളിൽ തുക വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. കർഷക തൊഴിലാളി പെൻഷൻ തുടങ്ങി കർഷക പെൻഷൻ വരെയുള്ള പെൻഷൻ പദ്ധതികൾ സമൃദ്ധമായി നടപ്പിലാക്കുന്നതിന് വലിയ നേതൃത്വം കൊടുത്തത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ്. കാരുണ്യ ബനവലന്റ് പദ്ധതി, ലോക ചരിത്രത്തിൽ റിക്കോർഡ് സംഭവമാണ്. 65,000 പേർക്ക് 58 കോടി രൂപയുടെ സാമ്പത്തിക സഹായം ചെയ്ത ഗവൺമെന്റ്. ഈ സന്ദർഭത്തിലൊക്കെ തന്നെയും, പ്രശ്നങ്ങളും, പ്രതിസന്ധിയുമൊക്കെ ഉണ്ടാകുമ്പോഴും കരുണയോടുകൂടി രോഗികളേയും കഷ്ടപ്പെടുന്നവരേയും ഒക്കെ തലോടിക്കൊണ്ട് പോകുന്ന ഒരു വലിയ മാനസ്സികമായ നിലയിൽ, ദയയുള്ള ഒരു മന്ത്രിയെയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മാണിസാറിനെ സംബന്ധിച്ചിടത്തോളം ഒരുപാട് ആരോപണങ്ങളിൽ നിൽക്കുകയാണ്. വളരെ വലിയ വിഷമം ഞങ്ങൾക്ക് തോന്നുകയാണ്. ബഹുമാനപ്പെട്ട മാണിസാറിനെ സംബന്ധിച്ചിടത്തോളം നമുക്ക് ഏവർക്കുമറിയാം 50 വർഷ കാലഘട്ടത്തിലെ വളരെ വലിയ നിലയിലുള്ള രാഷ്ട്രീയ പ്രവർത്തനം നടത്തിയിട്ടുള്ളയാളാണ്. ഒരു നിയോജകമണ്ഡലത്തിൽ നിന്ന് തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുകയാണ്.

പരാജയം എന്തെന്ന് അറിയാത്ത ഒരു രാഷ്ട്രീയ നേതാവാണ് മാണിസാർ. അദ്ദേഹം അവതരിപ്പിച്ച 12 ബഡ്ജറ്റുകൾ, കേരളത്തിന്റെ ചരിത്രത്തിലെ പൊൻതൂവലുകളായി മാറിയിട്ടുള്ള ബഡ്ജറ്റുകളാണ്. മന്ത്രി എന്ന നിലയിൽ അദ്ദേഹം വഹിച്ച വകുപ്പുകൾ എത്രയോ സ്തുത്യർഹമായ രീതിയിൽ വഹിക്കുകയുണ്ടായി. അനാവശ്യമായ രീതിയിൽ കാര്യങ്ങൾ ഉന്നയിക്കുക, ഒരു കാര്യം വസ്തുതയല്ലേ, ഏതൊരാളോടും എത്ര മാത്രം സൗമ്യമായി ചോദിക്കുന്ന കാര്യങ്ങൾക്കൊക്കെ കൈയയച്ച് സഹായം ചെയ്യുന്ന ഒരു മന്ത്രിയെ, ഒരു ജനനേതാവിനെ അനാവശ്യമായ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട്, ചെളിവാരിയെറിയാൻ മനഃസാക്ഷിയുള്ള ഒരു പൊതുപ്രവർത്തകന് സാധിക്കുമോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഒരു കാര്യം വളരെ യാഥാർത്ഥ്യമാണ്, ബഹുമാന്യനായ മാണിസാറിനെ ഞങ്ങൾക്കൊക്കെ വിശ്വാസമുണ്ട്, കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമുണ്ട്, അണിഞ്ഞിരിക്കുന്ന തൂവെള്ള വസ്ത്രം പോലെ തന്നെ വെണ്മയുള്ള മനസ്സാണ്, ചിന്തയാണ് അദ്ദേഹത്തിനുള്ളത് എന്ന് മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകണം. ഇവിടെ ആരോപണം ഉന്നയിക്കുന്ന ചില രാഷ്ട്രീയ നേതാക്കൻമാരെ നമുക്കറിയാം, ലോക ചരിത്രത്തിലെ, ഇൻഡ്യൻ ജനാധിപത്യമെന്നു പറയുന്നത് ഏറ്റവും വലിയ മാതൃകയാണ്. നമ്മുടെ ഇൻഡ്യൻ ജനാധിപത്യത്തിന്റെ

ശ്രീകോവിലെന്നു പറയുന്നത് ഇൻഡ്യൻ പാർലമെന്റാണ്. ഇൻഡ്യൻ പാർലമെന്റിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തെ പാർലമെന്റ് മണ്ഡലത്തിൽ നിന്നും സ്ഥാനാർത്ഥിയെ നിർണ്ണയിക്കുന്നതിന് വേണ്ടി കോടിക്കണക്കിന് രൂപ കോഴ വാങ്ങിയ ഒരു പാർട്ടി, ആ പാർട്ടി അന്വേഷണം നടത്തി, മറ്റുള്ളവരും അന്വേഷണം നടത്തി, എല്ലാപേരും കുറ്റം ചെയ്തു എന്ന് കണ്ടെത്തിയിരിക്കുന്നു, കോടതികൾ നിരങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഒരു രാഷ്ട്രീയ പാർട്ടി ഇവിടെ ആരോപണങ്ങൾ ഉന്നയിക്കുന്നു. അതിന്റെ പുറകെ പന്ന്യൻ രവീന്ദ്രൻ ആരോപണം ഉന്നയിക്കുന്നു, ആർക്കെതിരെ; പിണറായിക്കെതിരെ. പിണറായി പന്ന്യൻ രവീന്ദ്രനെതിരെ ആരോപണം ഉന്നയിക്കുന്നു. ആരോപണവും, പ്രത്യാരോപണവും, പരിഹാസവും, ആക്ഷേപവും ഉണ്ടാകാത്ത ഒരു ദിവസം പോലുമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ആർക്കും .......(ബഹളം)............

<u>ശ്രീ. കെ. രാജു</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. കെ. രാജു</u>: സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അവാസ്തവമായിട്ടുള്ള ഒരു പ്രസ്താവനയാണ് ഇവിടെ

നടത്തിയിരിക്കുന്നത്. അതായത് സി.പി.ഐ. യുടെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആ പാർട്ടി കോഴ വാങ്ങിച്ചുകൊണ്ട് സീറ്റു കൊടുത്തു എന്നുള്ള അദ്ദേഹത്തിന്റെ ആക്ഷേപം എന്നു പറയുന്നത് അദ്ദേഹം നിയമസഭയിൽ ഉന്നയിച്ചത് കളവായ പ്രസ്താവനയാണ്, അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല, അങ്ങനെയൊരു കമ്മീഷനും കണ്ടെത്തിയിട്ടില്ല. അതുകൊണ്ടു തന്നെ ആ പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

<u>മി.ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട രാജു, ബഹളത്തിനിടയിൽ ചെയർ അത് കേട്ടില്ല. ചെയർ അത് പരിശോധിക്കാം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാരണം ഈ ഗവൺമെന്റ് ജനക്ഷേമകരമായ എല്ലാ പദ്ധതികളും മരവിപ്പിച്ചിരിക്കുന്നതിനാൽ വികസന മേഖലയിൽ മുരടിപ്പ് അനുഭവപ്പെടുകയാണ്. അതിലുപരിയായി ഈ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും ഇങ്ങനെയൊരു ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കാനുള്ള ധാർമ്മികത നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിഷയങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഒരുപാട് കാര്യങ്ങളുണ്ട്. എനിക്ക് ഒറ്റ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ഭരണപക്ഷത്തോടും അപേക്ഷിക്കാനുള്ളത്. ഇവിടെ ശ്രീ. മാണി

സാറിനെതിരെ ആരോപണമുന്നയിച്ചത് ഒരു ബാറുടമയാണ്. അദ്ദേഹത്തിനെതിരെ വക്കീൽ നോട്ടീസ് അയച്ചതിനെത്തുടർന്ന് ബാറുടമയായ ശ്രീ. ബിജു രമേശ് ഒരു മറുപടി അയച്ചിട്ടുണ്ട് - 'നിങ്ങൾ ചോദിച്ച പത്ത് കോടിയുടെ പോയിട്ട് ഒരു പൈസയുടെ പോലും മാനം നിങ്ങൾക്കില്ല. ഞാൻ ഈ ആരോപണത്തിൽ ഉറച്ച് നിൽക്കുന്നു. ധൈര്യമുണ്ടെങ്കിൽ എന്റെ പേരിൽ നടപടിയെടുക്കാൻ തയ്യാറുണ്ടോ' എന്ന് ചോദിച്ചുകൊണ്ടുള്ള ആ കത്തിന് നാളിതുവരെയായി ധനകാര്യ വകുപ്പുമന്ത്രിയോ ഗവൺമെന്റോ മറുപടി പറഞ്ഞിട്ടില്ല. അതിന് മറുപടി പറയാൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എളമരം കരീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന് എന്തിനാണ് ധനാഭ്യർത്ഥനയിലൂടെ പണമനുവദിക്കുന്നത്. ഈ സർക്കാർ കുട്ടുത്തരവാദിത്തം നഷ്ടപ്പെട്ട ഗവൺമെന്റാണ്. കേരളത്തിൽ ഒരു വികസന പ്രവർത്തനങ്ങളും നടക്കുന്നില്ല. എല്ലാ വികസന പ്രവർത്തനങ്ങളും തകർന്നു. പെൻഷൻ കൊടുക്കാനും ശമ്പളം കൊടുക്കാനും കഴിയാതെ എത്ര ദയനീയമായ അവസ്ഥയിലാണ് ഈ ഗവൺമെന്റ്. റബ്ബർ കൃഷി തകർന്നു, റബ്ബർ കൃഷിക്കാരെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ എന്ത് നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്? നിങ്ങൾ പ്രഖ്യാപിച്ച സാമ്പത്തികാശ്വാസം കൊണ്ട്

റബ്ബർ കർഷകർക്ക് എന്തെങ്കിലും ആശ്വാസം കൊടുക്കാൻ സാധിച്ചോ? ബഹുമാനപ്പെട്ട മാണി സാറും ശ്രീ ഉമ്മൻചാണ്ടിയും ആസിയാൻ കരാർ വന്നപ്പോൾ പറഞ്ഞത് റബ്ബർ protected ലിസ്റ്റിലാണെന്നും അത് റബ്ബറിനെ ബാധിക്കില്ലായെന്നുമാണ്. അന്ന് പ്രക്ഷോഭം നടത്തിയവരെ പരിഹസിച്ചു. ഇന്ന് റബ്ബർ കർഷകരുടെ അവസ്ഥ എന്താണ്? എന്തിനാണ് കേരള കോൺഗ്രസ്സെന്ന് പറയുന്ന പാർട്ടി, കേരളത്തിന്റെ പ്രത്യേക താൽപര്യത്തെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് കോൺഗ്രസ്സായാൽ പോരെ. എന്തിന് ഇങ്ങനെ ഒരു നയവുമായിട്ട് കേരള കോൺഗ്രസ്സ് എന്ന് പറഞ്ഞ് നടക്കുന്നു. എവിടെ നിങ്ങളുടെ അദ്ധ്വാന വർഗ്ഗ സിദ്ധാന്തം? നിങ്ങൾക്ക് എന്ത് ബദൽ നയമാണ് മുന്നോട്ട് വയ്ക്കാനുള്ളത്. നിങ്ങളുടെ വികസന പദ്ധതികളായ കോച്ച് ഫാക്ടറി, ഐ.ഐ.ടി., വിഴിഞ്ഞം പദ്ധതി ഇവയൊക്കെ എവിടെ? എന്തിനാണ് ഈ പണം അനുവദിക്കുന്നത്. നിങ്ങളുടെ സപ്തധാരാ പദ്ധതി, ഏഴ് പദ്ധതികൾ പറഞ്ഞില്ലേ സുതാര്യവും അഴിമതി രഹിതവുമായ ഭരണം - അതാണല്ലോ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. സമൃദ്ധം - സാമ്പത്തിക രംഗം അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നടപടികൾ എന്താണ് ഈ മൂന്നര വർഷത്തിനുള്ളിൽ നടന്നത്? സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ എവിടെ

നടന്നു? നിങ്ങളുടെ ഈ സപ്തധാരാ പദ്ധതിയുടെ ഭാഗമായി ഏതെങ്കിലും ഒരു കാര്യം നടന്നതായി പറയാൻ പറ്റുമോ? എമർജിംഗ് കേരള എന്ന പദ്ധതി പരാജയപ്പെട്ടുവെന്ന് നിങ്ങളും സമ്മതിക്കുന്നില്ലേ. കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പറ്റുന്ന മെഗാ പദ്ധതികളിൽ ഏതെങ്കിലുമൊന്നു നടന്നോ? കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ എന്ന കമ്പനിക്ക് പ്രോജക്ടിന്റെ ചുമതല കൊടുത്തു ഇൻവെസ്റ്റിഗേഷൻ നടത്താൻ സാധിച്ചോ? കോഴിക്കോട് - തിരുവനന്തപുരം മോണോ റെയിൽ പദ്ധതി പാതി വഴിക്ക് ഉപേക്ഷിച്ചു. ഇപ്പോൾ ലൈറ്റ് മെട്രോയെന്ന പദ്ധതിക്ക് വേണ്ടി ചർച്ച നടക്കുകയാണ്. കൊച്ചി കോയമ്പത്തൂർ ഇടനാഴി സാധ്യതാ പഠനം എവിടെയെത്തി? സ്മാർട്ട് സിറ്റി കരാർ പ്രകാരമുള്ള കെട്ടിടനിർമ്മാണം നടക്കുന്നുണ്ടോ? കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത വല്ലതും നടക്കുന്നുണ്ടോ? എൽ.എൻ.ജി. ടെർമിനൽ പദ്ധതിയുടെ പൈപ്പ് പൂർത്തിയാക്കാൻ സാധിക്കുന്നുണ്ടോ? ഏത് പദ്ധതിക്കാണ് നിങ്ങൾ പണം ചോദിക്കുന്നത്? കരുതലും വികസനവും - ഐക്യജനാതിപത്യമുന്നണി സർക്കാരിന്റെ തെരഞ്ഞെടുപ്പു പ്രകടന പത്രികയിലെ പ്രധാന വിഷയങ്ങളാണ്. ഇതിൽ പറഞ്ഞ ഏതെങ്കിലുമൊരു കാര്യം ഈ മൂന്നരകൊല്ലം കൊണ്ട് നിങ്ങൾ നടപ്പിലാക്കിയോ? 2011-16 കാലയളവിൽ ഒരു ലക്ഷം കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികളിൽ

എത്ര പദ്ധതികൾ നടപ്പാക്കി? വിഴിഞ്ഞം തുറമുഖ പദ്ധതിയിലുൾപ്പെടുത്തി കേരളത്തിൽ 17 ചെറുകിട തുറമുഖങ്ങളുടെ വികസനം, കാപ്പിറ്റൽ സിറ്റിയുടെ ഡെവലപ്മെന്റ്, എല്ലാ നഗരങ്ങളിലും പി.പി.പി. മോഡൽ വാഹന പാർക്കിംഗ് സൗകര്യം. 550 കി.മീ. ദൈർഘ്യമുള്ള തീരദേശ ഹൈവേ, ശബരിമല റോഡ് എൻ.എച്ച്. ആക്കാനുള്ള നിർദ്ദേശം ഇങ്ങനെ പോകുന്നു വാഗ്ദാനങ്ങൾ. സീ പ്ലെയിനും പോയി എല്ലാ പ്ലെയിനും പോയി. ഇങ്ങനെ എല്ലാ കാര്യങ്ങളിലും പരാജയം മാത്രമുള്ള കൂട്ടുത്തരവാദിത്തമില്ലാത്ത ഈ സർക്കാർ എന്തിനാണ് ധനം അഭ്യർത്ഥിക്കുന്നത്. കെ.എസ്.ആർ.ടി.സി-യിലെ ഒരു പെൻഷണറുടെ ആത്മഹത്യാപ്രശ്നം സംബന്ധിച്ച അടിയന്തരപ്രമേയം ചർച്ചചെയ്തു കൊണ്ടാണ് ഇന്ന് സഭ ആരംഭിച്ചത്. കെ.എസ്.ആർ.ടി.സി. യുടെ ഇന്നത്തെ സ്ഥിതിയുടെ ഉത്തരവാദിത്തമാർക്കാണ്? ധനകാര്യ വകുപ്പ് മന്ത്രിക്ക് ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ പറ്റുമോ? ഇത് കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തിയ ചർച്ചയുടെ ഒരു minutes ആണ്. ഇത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പ് യൂണിയനുകൾക്ക് നൽകിയ minutes-ന്റെ പകർപ്പാണ്. അംഗീകൃത തൊഴിലാളി സംഘടനകളുമായി 26.08.2014-ൽ ഉച്ചയ്ക്ക് മൂന്ന് മണിക്ക് ബഹുമാനപ്പെട്ട ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന

യോഗത്തിന്റെ മിനിട്ട്സിൽ പറയുന്നത്, 'കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിലെ പ്രധാന നിർദ്ദേശമായ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യത്തിൽ ധനവകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിരിക്കുന്നതിനാൽ.........' അതുകൊണ്ട് അത് നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്നാണ്. ആ പെൻഷൻ പദ്ധതി നടപ്പിലാകില്ലായെന്ന് മനസ്സിലാക്കി അതിൽ നിരാശരായ 19 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. ഈ ആത്മഹത്യയ്ക്ക് പ്രേരകയായ നടപടി സ്വീകരിച്ച അങ്ങയുടെ പേരിൽ ആത്മഹത്യാ പ്രേരണകുറ്റത്തിന് കേസ്സെടുക്കണ്ടേ? അതിലെ ഒന്നാം സാക്ഷി ഗതാഗത വകുപ്പ് മന്ത്രിയുമാണ്, ഈ നിലയിലല്ലേ കാര്യങ്ങൾ പോകുന്നത്. എങ്ങനെയാണ് നിങ്ങൾ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ പോകുന്നത്? കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കേരള റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ. ട്രാൻസ്പോർട്ട് കോർപറേഷൻ നിന്നുപോയാൽ കേരളത്തിലെ ഗതാഗത പ്രശ്നമെന്തായിരിക്കും? അതിനൊരു സമഗ്രമായ പാക്കേജില്ലാതെ എല്ലാ മാസവും കടം വാങ്ങി ശമ്പളം കൊടുക്കാൻ സാധിക്കുമോ? എത്ര ദിവസമായി തൊഴിലാളികൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്തു വരുന്നു. അത് ഏതെങ്കിലും

പ്രതിപക്ഷമെന്ന് പറഞ്ഞ് ആക്ഷേപിക്കാൻ കഴിയുമോ? ഐ.എൻ.ടി.യു.സി. നേതൃത്വത്തിലുള്ള തൊഴിലാളി ഫേഡറേഷൻ സമരപ്പന്തൽ കെട്ടി അവരും അനിശ്ചിതകാല സമരം നടത്തിക്കൊണ്ടിരിക്കുകയല്ലേ? ഇങ്ങനെയാണോ തൊഴിലാളി പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത്. ഒരു പൊതുമേഖല വ്യവസായത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് ഈ വിധത്തിലാണോ? അവരുമായി ഒരു പാക്കേജിനെപ്പറ്റി ചർച്ചചെയ്ത് ആ സ്ഥാപനത്തെ പുനരുദ്ധരിക്കാനുള്ള നടപടികളെപ്പറ്റി ഗവൺമെന്റ് ആലോചിക്കണ്ടേ? ഇന്നലെ ആ തൊഴിലാളിയുടെ മൃതശരീരം സമരപ്പന്തലിന്റെ മുമ്പിലെത്തിച്ചപ്പോൾ അവിടെ ഐ.എൻ.ടി.യു.സി. നേതാവ് ആ മൃതശരീരത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് മാധ്യമങ്ങളോട് സംസാരിക്കുകയാണ് നന്ദികെട്ട ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റെന്ന്. ശ്രീ. വി. എസ്. സുനിൽകുമാറും ഞാനും സാക്ഷിയാണ്. ഞങ്ങൾ അവിടെ പോയിരുന്നു. അവരുടെ വികാരം നിങ്ങൾ കാണുന്നുണ്ടോ? ആനപ്പുറത്തുനിന്ന് നിങ്ങളെല്ലാപേരും താഴെയിറങ്ങി പാവപ്പെട്ട തൊഴിലാളികളുടെയും പാവപ്പെട്ട ജനങ്ങളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കണം. അവരല്ലേ നിങ്ങളെ എം.എൽ.എ. മാരാക്കി അധികാരത്തിലേയ്ക്ക് കൊണ്ട് വന്നത്? ട്രേഡ് യൂണിയൻ നേതാവായ ശ്രീ. ആര്യാടൻ മുഹമ്മദുൾപ്പെടെയുള്ളവർ ഇവിടെ

ഇരിക്കുന്നുണ്ടല്ലോ ഈ വികാരം നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റുന്നില്ലേ? ഏത് വിധത്തിലാണ് നിങ്ങൾ ഈ ട്രാൻസ്പോർട്ട് കോർപറേഷനെ സംരക്ഷിക്കാൻ പോകുന്നതെന്നതിന് സമഗ്രമായൊരു പദ്ധതി വേണ്ടേ? അതെങ്കിലും അവതരിപ്പിക്കാതെ എന്തിനാണ് ഈ ധനാഭ്യർത്ഥന. ഓരോ മസവും ശമ്പളം കൊടുക്കാൻ ആയിരം കോടി വീതം കടം മേടിക്കേണ്ടിവരുന്ന അവസ്ഥ ചരിത്രത്തിലെപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ? പെൻഷൻ കൊടുക്കാൻ പറ്റുന്നില്ല, ഒരു പെൻഷൻ പദ്ധതിയുമില്ല പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് കാശ് കൊടുക്കാനില്ലാത്തതുകൊണ്ട് നാട്ടിലെ വികസന പദ്ധതികൾ മുഴുവൻ മുടങ്ങി. ഞങ്ങൾ എം.എൽ.എ.മാർ ആസ്തിവികസന ഫണ്ടുപയോഗിച്ച് പ്രവർത്തിക്ക് വളരെ കഷ്ടപ്പെട്ട് സാങ്ഷൻ വാങ്ങിച്ച് ടെണ്ടർ ചെയ്താൽ ഒറ്റ കാരാറുകാരനും എടുക്കുന്നില്ല. ഒരു നിർമ്മാണ പ്രവർത്തിയും ഈ നാട്ടിൽ നടക്കുന്നില്ല. നിർമ്മാണ തൊഴിലാളികൾക്ക് ജോലിയില്ല. കയർ തൊഴിലാളികളുടെ ജോലി നഷ്ടപ്പെട്ടു. ആശാവർക്കേഴസ് കഴിഞ്ഞ പത്തു ദിവസമായി സമരം ചെയ്ത് വരികയാണ് ഇന്നലെയാണ് ആരോഗ്യ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് താൽക്കാലികമായി ഒത്തുതീർപ്പുണ്ടാക്കിയത്. ഇതിനു വേണ്ടി എത്ര ദിവസങ്ങളാണ് ആ സ്ത്രീ ജീവനക്കാർ അവിടെ സമരം ചെയ്യേണ്ടി വന്നത്. നഴ്സിംഗ് റാങ്ക് ലിസ്റ്റിൽപ്പെട്ടവർ തുടങ്ങി

എല്ലാപേരും സമരത്തിലാണ്, നിങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റുകളോടും ഒഴിവുകൾ റിപ്പോർട്ടു ചെയ്യേണ്ടായെന്ന് പറഞ്ഞിരിക്കുകയാണ്. അവരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നു. കമാന്റോ റാങ്ക് ലിസ്റ്റിലുള്ളവർ കെട്ടിടത്തിന്റെ മുകളിൽ നിന്ന് ആത്മഹത്യാ ഭീക്ഷണി മുഴക്കുന്നു, ഇതാണ് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അവസ്ഥ. നിങ്ങളും നമ്മളെല്ലാപേരും ഈ ഹാളിനുള്ളിൽ സുരക്ഷിതരാണ്. എവിടെ സംരംഭകത്വമിഷൻ? എവിടെ തൊഴിലില്ലായ്മാ നിർമാർജ്ജന പദ്ധതികൾ? എവിടെ വ്യവസായ വികസന പദ്ധതികൾ? ഇതൊന്നും നടപ്പാക്കാതെ നിങ്ങൾക്ക് ഒരു ഗവൺമെന്റെന്നുള്ള നിലയിൽ തുടരാൻ കഴിയുമോ? ഐക്യ ജനാതിപത്യമുന്നണിയിൽ ഐക്യമില്ല. ഈ ഐക്യജനാതിപത്യമുന്നണിയുടെ നേതൃത്വം കോൺഗ്രസ്സിനല്ലേ? സ്വന്തം ഘടകകക്ഷിയായിരുന്ന ജെ.എസ്.എസ്സ്.-നെയും സി.എം.പി. യെയും കോൺഗ്രസ്സ് പിളർത്തി ഇന്ന് എവിടെയാണ് അവർ നിൽക്കുന്നത്? ആർ. ബാലകൃഷ്ണപിള്ള പാർട്ടിയെ നിങ്ങൾ ഒന്നുമല്ലാതാക്കി മാറ്റി. ആകെയുള്ള ഒരു എം.എൽ.എ. ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് ആർക്കുമറിയില്ല. ഈ മുന്നണിയിലെ മറ്റൊരു പ്രധാന ഘടകകക്ഷിയായ കേരള കോൺഗ്രസ്സിനെ കോൺഗ്രസ്സ് പാർട്ടിയെന്താ ചെയ്തത്. നിങ്ങൾ ഇന്ന് ഈ ഗതികേടിലെത്തിയതിന്റെ ഉത്തരവാദിത്തം കോൺഗ്രസ്സിനല്ലേ? അത് തുറന്ന്

പറയുവാനുള്ള ആർജ്ജവമെങ്കിലും കേരളാ കോൺഗ്രസ്സ് കാണിക്കുമോ? രാഷ്ട്രീയ ഗൂഢാലോചനയെന്നാണ് പറയുന്നത് എന്ത് രാഷ്ട്രീയ ഗൂഡാലോചനയാണ്? ഞങ്ങളുടെ നാട്ടിലെ ചില സ്ത്രീകൾ ഭർത്താക്കന്മാരെക്കുറിച്ച് പറയുന്നത് കുട്ടികളുടെ അച്ഛനെന്നാണ്. പേര് പറയുവാനുള്ള മടികൊണ്ട് കുട്ടികളുടെ അച്ഛനെന്നാണ് വിളിക്കുന്നത്. അരാണ് ഈ രാഷ്ട്രീയ ഗൂഢലോചന നടത്തിയത്? നിങ്ങൾക്കെതിരെയുള്ള ആരോപണമുന്നയിച്ചത് പ്രതിപക്ഷത്തുനിന്നല്ല നിങ്ങൾക്കെതിരെ ആരോപണമുന്നയിച്ചതും കേസ്സിൽ പ്രതിയാക്കിയതും നിങ്ങളുടെ കൂടെയിരിക്കുന്ന ഘടക കക്ഷി നേതൃത്വ പാർട്ടികളുടെ നേതാക്കന്മാരാണ്. അവരുടെ ഒത്താശയോടുകൂടി നിങ്ങളെ രാഷ്ട്രീയമായി തകർക്കാൻ വേണ്ടിയുള്ള രാഷ്ട്രീയ ഗൂഢാലോചന ആയിരുന്നു. ഒരു കാട്ടിൽ രണ്ട് സിംഹം വേണ്ട, കോട്ടയത്ത് മറ്റൊരു നേതൃത്വം വേണ്ട. ഒരിക്കൽ താങ്കൾ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ഡൽഹിയിലേയ്ക്ക് പോയതാണ് ആരാണത് തകർത്തത് കോൺഗ്രസ്സല്ലേ? മകന്റെ സത്യപ്രതിജ്ഞ തകർത്തത് കോൺഗ്രസ്സ്പാർട്ടിയല്ലേ? ഇതെല്ലാം ചെയ്ത് കഴിഞ്ഞിട്ട് നിങ്ങൾ ആരുടെ അനൈക്യത്തെക്കുറിച്ചാണ് പറയുന്നത്. മുസ്ലീം ലീഗിനെ നിർവീര്യമാക്കാനുള്ള രാഷ്ട്രീയ ഗൂഢാലോചന കോൺഗ്രസ്സ് നേതൃത്വത്തിലില്ലേ? ഈ കോൺഗ്രസ്സ് എല്ലാ ഘടക കക്ഷികളേയും കുടുക്കും. കാട്ടു പൂച്ച പ്രസവിച്ച

കഴിഞ്ഞാൽ മക്കളെ തിന്നുന്ന സ്വഭാവമുണ്ടെന്ന് കേട്ടിട്ടുണ്ട്. ആ സ്വഭാവത്തിലാണ് ഇന്ന് കോൺഗ്രസ്സ്. ഇവിടെ കെ.എസ്.ആർ.ടി.സി. യിലെ തൊഴിലാളികളുടെ ആത്മഹത്യക്ക് കാരണ മായ അഴിമതിയാരോപണത്തിന് വിധേയമായ കേസ്സിൽ പ്രതിയായ ധനകാര്യ വകുപ്പുമന്ത്രി, ആ സ്ഥാനത്തിരുന്നുകൊണ്ടുള്ള ഒരു ഗവൺമെന്റ് അധാർമ്മികമാണ്, അന്യായമാണ്, നിയമ വിരുദ്ധമാണ് അതുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച ധന വിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുന്നു.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കാനാരംഭിച്ചു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എളമരമെന്നാണ് പേര്, വളരെ മൃദുവായ സ്വഭാവമായിരുന്നു എളമരത്തിന്റേത്. ........(ബഹളം)...... പക്ഷേ ഇന്ന് വലിയ ഹാർഡായി ........വലിയ കട്ടിയായി .......

(പ്രതിപക്ഷാംഗങ്ങൾ ബാനറുകൾ ഉയർത്തിക്കാട്ടി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, (ബഹളം)...... (ബഹളം)...... ഇവിടെ ശ്രീ. ചിറ്റയം ഗോപകുമാറും

ശ്രീ. ജോസ് തെറ്റയിലും പറയുന്നു, 24 ശതമാനം മാത്രമേ ബഡ്ജറ്റിൽ ചെലവഴിച്ചിട്ടുള്ളൂവെന്ന്. അങ്ങനെയല്ല, 50 ശതമാനം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 49.86. മാനനഷ്ടക്കേസ് കൊടുത്തോ, നോട്ടീസ് അയച്ചുകൊടുത്തോയെന്ന് ശ്രീ. എ. കെ. ശശീന്ദ്രൻ ചോദിച്ചു. അതിനുള്ള നടപടികൾ വരാൻപോകുകയാണ്. കാത്തിരുന്നത് കാണുകയെന്ന് മാത്രമേ എനിക്ക് അതിനെപ്പറ്റി പറയാൻ സാധിക്കുകയുള്ളൂ. ........(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിങ്ങൾക്ക് മാണി സാറിന്റെ മറുപടി കേൾക്കാൻ ധൈര്യമുണ്ടോ? ........(ബഹളം)...... എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്. ........(ബഹളം)...... മറുപടി പറയും. ........(ബഹളം)...... നിങ്ങൾക്ക് മറുപടി കേൾക്കാൻ ഭയമാണ്. ഇത് എന്തൊരു ജനാധിപത്യമാണ്. ........(ബഹളം)...... മാണി സാറിന്റെ മറുപടി കേൾക്കൂ. ........(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): സർ, ശ്രീ. എ. കെ. ശശീന്ദ്രനോട് പറയുവാനുള്ളത്, അതിന് കേസ് കൊടുക്കാൻ പോകുകയാണ്. ........(ബഹളം)...... റബ്ബറിനുവേണ്ടി എന്ത് ചെയ്തുവെന്നാണ് വേറൊരു ചോദ്യം. റബ്ബർ കർഷകരുടെ രക്ഷയ്ക്കുവേണ്ടി ഈ ഗവൺമെന്റ് ചെയ്യാവുന്ന നടപടികളൊക്കെ ചെയ്യും. ഇന്ന് വ്യവസായികളുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്. ........(ബഹളം)...... ഈ സഭ കഴിഞ്ഞാലുടനെ വ്യവസായികളുമായിട്ടുള്ള ചർച്ചയാണ്. ........(ബഹളം)...... അവർ ന്യായമായ വില കൃഷിക്കാർക്ക് കൊടുക്കുമെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ റബ്ബർ കൃഷി നിലനിൽക്കുകയുള്ളൂ. അത് ബോധ്യപ്പെടുത്താനാണ് ഇന്ന് അവരെ വിളിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിൽ കൂടുതലൊന്നും ഇവിടെ സംസാരിച്ചിട്ടില്ല. ........(ബഹളം)...... ഇതൊക്കെ നാണംകെട്ട ഇടപാടല്ലേ. അവിടെനിന്ന് വിമർശിക്കുകയാണ്. ........(ബഹളം)...... മറുപടി പറയുമ്പോൾ ബഹളം വയ്ക്കുകയാണ്. ........(ബഹളം)...... എന്ത് ഇടപാടാണ്. അതുകൊണ്ട് ഞാൻ നിർത്തുന്നു. ........(ബഹളം)...... മന്ത്രി പ്രസംഗിക്കുക, ഒച്ചയുണ്ടാക്കുക, ഇതൊക്കെ നാണംകെട്ട ഇടപാടല്ലേ. ........(ബഹളം)...... അതുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ധനവിനിയോഗ ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## 1) 2014-ലെ കേരള ധനവിനിയോഗ (16-ാം) നമ്പർ ബിൽ

## വകുപ്പുതിരിച്ചുള്ള പരിഗണന

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (16-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (16-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 2) 2014-ലെ കേരള ധനവിനിയോഗ (17-ാം) നമ്പർ ബിൽ

### വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (17-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (17-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 3) 2014-ലെ കേരള ധനവിനിയോഗ (18-ാം ) നമ്പർ ബിൽ

## വകുപ്പ് തിരിച്ചുള്ള പരിഗണന

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (18-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ

പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (18-ാം ) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 4) 2014-ലെ കേരള ധനവിനിയോഗ (19-ാം ) നമ്പർ ബിൽ

## വകുപ്പ് തിരിച്ചുള്ള പരിഗണന

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പട്ടിക

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (19-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (19-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 5) 2014-ലെ കേരള ധനവിനിയോഗ (20-ാം) നമ്പർ ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണന 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (20-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ, എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ഇല്ല, പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (20-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: Budget in Brief 2014-2015-ന്റെ ടേബിൾ എ (52)-ലുണ്ടായ വസ്തുതാപരമായ പിശക് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, Budget in Brief 2014-2015-ന്റെ ടേബിൾ എ (52)-ലുണ്ടായ വസ്തുതാപരമായ പിശക് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 - ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ.**

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 - ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 - ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള

സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിരുന്ന സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, സി. ദിവാകരൻ, മാത്യു. റ്റി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടിട്ടില്ല.)

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014- ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 - ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## വകുപ്പുതിരിച്ചുള്ള പരിഗണന

## രണ്ടാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2-ൽ, ഉപഖണ്ഡം (എ) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(എ) "അധികാരസ്ഥാനം" എന്നാൽ "അഞ്ചാം വകുപ്പ് അനുസരിച്ച് രൂപീകരിച്ച അധികാരസ്ഥാനം എന്ന് അർത്ഥമാകുന്നു;"

146. ഖണ്ഡം 2(ഡി)-യിൽ, "ബസ്സിൽ" എന്നതിനു ശേഷം "യാത്രാസൗജന്യത്തിന് അർഹതയുള്ളവർ" എന്ന് ചേർക്കുക.

164. ഖണ്ഡം 2 (ഇ) -യിൽ, "പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ" എന്നതിനു ശേഷം "സുരക്ഷാ സൗകര്യങ്ങൾ " എന്നു ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2(ഡി)-യിൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനു പകരം "കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന" എന്ന് ചേർക്കുക.

167. ഖണ്ഡം 2 (എച്ച്)-ൽ, "ആക്റ്റിന്റെ പട്ടിക" എന്നതിനു പകരം "ആക്ടിന്റെ ഭാഗമായ പട്ടിക" എന്നത് ചേർക്കുക.

172. ഖണ്ഡം 2(ജെ)-യിൽ, "ജീവനക്കാർക്ക് പെൻഷൻ നല്കുന്നത് ഉൾപ്പെടുന്നതാകുന്നു" എന്നതിന് പകരം "ജീവനക്കാർക്ക് നല്കുന്ന പെൻഷൻഅവർക്കുള്ള യാത്രാ സൗജന്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാകുന്നു"എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(ഡി)-യിൽ, "നടത്തുന്ന" എന്നതിന് പകരം "അധീനതയിലുള്ള" എന്ന് ചേർക്കുക.

173. ഖണ്ഡം 2(ജെ)യിൽ, "പെൻഷൻ" എന്ന വാക്കിന് പകരം "പെൻഷനും മറ്റ് ആനുകൂല്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2(ഡി)-യിൽ, രണ്ടിടത്തായി വരുന്ന "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

158. ഖണ്ഡം 2 (ഇ) -യിൽ, " യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ" എന്നതിനു പകരം " യാത്രാ സൗകര്യങ്ങൾ എന്നതിൽ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2(ഡി)-യിൽ, "ഒരു സ്റ്റേജ് കാര്യേജ് ബസ്സിൽ ഒരു" എന്നീ വാക്കുകൾക്കു പകരം "ഏതു സ്റ്റേജ് കാര്യേജ് ബസ്സിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2(ഡി)-യിൽ, " യാത്ര" എന്ന വാക്കിനു മുമ്പുള്ള "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

150. ഖണ്ഡം 2 (ഡി) -യിൽ, " ഒരു കുട്ടിയും" എന്നീ വാക്കുകൾക്ക് മുൻപ്

“ നിർണ്ണയിക്കപ്പെട്ട വയസ്സുള്ള" എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 2(ജെ)യിൽ, "നൽകുന്നത്" എന്ന വാക്കിന് പകരം "നൽകുന്നതും" എന്ന് ചേർക്കുക.

178. ഖണ്ഡം 2(ജെ) യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“ (കെ) "നിയമസഭ" എന്നാൽ കേരള സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു."

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2 (ഡി) -യിൽ “ ഒരു കുട്ടിയും" എന്നീ വാക്കുകൾക്ക് പകരം “ ടിക്കറ്റെടുക്കാൻ പ്രായമാകാത്ത ഒരു കുട്ടിയും" എന്ന് ചേർക്കുക.

163. ഖണ്ഡം 2 (ഇ) -യിൽ, "കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ" എന്നീ വാക്കുകൾക്കു ശേഷം "ലഘുഭക്ഷണശാല" എന്നു ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152 ഖണ്ഡം 2 (ഡി) -യിൽ, “ ഒരു കുട്ടിയും" എന്നതിനു പകരം “ കുട്ടികളും" എന്ന് ചേർക്കുക.

153. ഖണ്ഡം 2 (ഡി) -യിൽ, “ ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് " എന്നതിനു പകരം “ ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഭാഗികമായ ഇളവിന് " എന്നത് ചേർക്കുക.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2 (ഡി) -യിൽ, " ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് " എന്നതിനു പകരം " ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഭാഗികമോ, പൂർണ്ണമോ ആയ ഇളവിന് " എന്നു ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (ഡി) -യിൽ, " ഉൾപ്പെടുന്നതുമാകുന്നു" എന്നതിനു പകരം " ഉൾപ്പെടുന്നതും എന്നാൽ പൂർണ്ണമായ സൗജന്യ പാസ്സ് ഉപയോഗിച്ച് യാത്ര ചെയ്യുന്ന ഒരാൾ ഉൾപ്പെടാത്തതുമാകുന്നു" എന്ന് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

159. ഖണ്ഡം 2 (ഇ)- യിൽ, "യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ കാത്തിരിപ്പിനുള്ള മുറി" എന്നതിനു പകരം " "യാത്രാസൗകര്യങ്ങൾ" എന്നതിൽ കാത്തിരിപ്പിനുള്ള മുറി, അവിടെ മിതമായ നിരക്കിൽ ലഘുഭക്ഷണസൗകര്യം ശുചിത്വമുള്ള സൗജന്യ" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു

160. ഖണ്ഡം 2 (ഇ) -യിൽ;-സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു
(i) "കാത്തിരിപ്പിനുള്ള മുറി" എന്നതിനു ശേഷം "അവിടെ" എന്നു ചേർക്കുക.

(ii) "എന്നിവ ഉൾപ്പെടുന്നതാണ്" എന്നതിനു പകരം "എന്നിവയും, യാത്രക്കിടയിൽ ഏതെങ്കിലും അപകടമോ, യന്ത്രത്തകരാറോ മൂലമോ, മറ്റേതെങ്കിലും തടസ്സം മൂലമോ, സ്റ്റേജ് കാര്യേജിന് യാത്ര തുടരാനാവാതെ വന്നാൽ, യാത്രാടിക്കറ്റ് എടുത്തിട്ടുള്ള സ്ഥലംവരെ എത്തിച്ചേരുന്നതിനുള്ള പകരം ഏർപ്പെടുത്തുന്ന യാത്രാസൗകര്യവും ഉൾപ്പെടുന്നതുമാകുന്നു" എന്നു ചേർക്കുക.

168. ഖണ്ഡം 2 (ഐ) യിൽ, "ഈ ആക്റ്റ്പ്രകാരം" എന്നതിനു പകരം "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്നത് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2 (ഇ) -യിൽ, "കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ" എന്നതിനു പകരം "കുടിവെള്ളത്തിനുള്ള സൗകര്യം, പ്രാഥമിക ചികിത്സാസൗകര്യം, കാത്തിരിപ്പു സ്ഥലത്ത് മിതമായ നിരക്കിൽ ലഘുഭക്ഷണ സൗകര്യം" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 147, 175 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 147, 175 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 138, 146, 164, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 142, 167, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 143, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 144, 158 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 151, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 152, 153 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്ക് അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 160, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ .................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## മൂന്നാം വകുപ്പ്

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

180. ഖണ്ഡം 3(1)-ൽ, "അതിന്റെ യാത്രക്കാർക്കുവേണ്ടി" എന്നതിനുപകരം "ഈ ആക്റ്റിൻകീഴിൽ" എന്ന് ചേർക്കുക.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

181. ഖണ്ഡം 3(1)-ൽ, "യാത്രാക്കാർക്കുള്ള" എന്നതിനുപകരം "യാത്രക്കാർക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 3(1)-ൽ, "ഇൻഷ്വറൻസ് പരിരക്ഷ" എന്നീ വാക്കുകൾക്ക് ശേഷമുള്ള "യാത്രക്കാർക്കുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

186. ഖണ്ഡം 3(1)-ൽ, "നടപടികളും" എന്ന വാക്കിനു പകരം "സൗകര്യങ്ങളും" എന്ന വാക്ക് ചേർക്കുക.

194. ഖണ്ഡം 3(2)(എ)(i)-ൽ, "ഇന്ത്യൻ" എന്ന വാക്കിനു മുമ്പ് "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 3(2)(എ)(iv)-ൽ, " സംഭവിക്കുന്ന സംഗതിയിലും" എന്നതിനു പകരം "സംഭവിച്ചാൽ" എന്ന് ചേർക്കുക.

207. ഖണ്ഡം 3(2)(എ)(iv)-ൽ, "അർഹതയും" എന്നതിനു പകരം "അവകാശവും" എന്ന് ചേർക്കുക.

218. ഖണ്ഡം 3(2)(ബി)-യിൽ, "യാതാ സൗകര്യങ്ങൾക്കു" എന്നതിനു പകരം "യാത്രാ സൗകര്യങ്ങൾക്കു" എന്ന് ചേർക്കുക.

220. ഖണ്ഡം 3(2)(ബി)(i)-ൽ, "ലഭ്യമാക്കാവുന്ന" എന്നതിനു പകരം "നൽകുന്ന" എന്ന് ചേർക്കുക.

226. ഖണ്ഡം 3 (2)(ബി)(ii)-ൽ, " സൗകര്യങ്ങളുടെ" എന്ന വാക്കിനു മുമ്പ് "മെച്ചപ്പെട്ട" എന്ന് ചേർക്കുക.

230. ഖണ്ഡം 3 (2)(ബി)(iii)-ൽ, "ഏത് സൗകര്യവും"എന്നതിനു പകരം "ആവശ്യമായ സൗകര്യങ്ങൾ" എന്ന് ചേർക്കുക.

234. ഖണ്ഡം 3(2)സി(i)-ൽ, "കഴിയാതെവരുന്ന" എന്നതിനുപകരം "കഴിയാതെ വരുന്ന" എന്നു ചേർക്കുക.

235. ഖണ്ഡം 3(2)സി(i)-ൽ, "നൽകുന്നതിനുവേണ്ടി" എന്നതിനുപകരം "നൽകുന്നതിനുവേണ്ടി" എന്നു ചേർക്കുക.

241. ഖണ്ഡം 3(2)സി(iii)-ൽ, "ജീവനക്കാരുടെ" എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

246. ഖണ്ഡം 3(3)-ൽ "പ്രസിദ്ധീകരിച്ചാലുടൻ" എന്നതിനു പകരം "വിജ്ഞാപനം ചെയ്താൽ ഉടൻ" എന്ന് ചേർക്കുക.

249. ഖണ്ഡം 3(3)-ൽ "വയ്ക്കേണ്ടതാണ് " എന്നതിനുപകരം "സമർപ്പിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

187. ഖണ്ഡം 3(1)-ൽ, "ഗസറ്റ് " എന്ന വാക്കിന് മുമ്പായി "സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 3(2)(എ)(i)-നു ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

“ (ii) വ്യക്തിഗത ഇൻഷ്വറൻസ് പ്രീമിയം തുക ഇനത്തിൽ ഒടുക്കേണ്ടതു സംബന്ധിച്ചും;

(iii) ഇപ്രകാരമുള്ള വ്യക്തിഗത ഇൻഷ്വറൻസ് പരിരക്ഷ ഇനത്തിൽ പരമാവധി ലഭിക്കുന്ന തുക സംബന്ധിച്ചും "

224. ഖണ്ഡം 3 (2)(ബി)(i)-ൽ, "വിനിർദ്ദേശിക്കാവുന്നതാണ് " എന്ന വാക്കിനു മുന്നിൽ "സേവനങ്ങളും " എന്ന വാക്ക് ചേർക്കുക.

239. ഖണ്ഡം 3(2)സി(iii)-ൽ, "നിധിയിലേയ്ക്ക് " എന്ന വാക്കിനുമുന്നിൽ "പെൻഷൻ" എന്ന വാക്കു ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു:

188. ഖണ്ഡം 3(2)എ -യിൽ, "അപകട സമൂഹ ഇൻഷ്വൻസ് " എന്നതിനു പകരം "അപകട സമൂഹ ഇൻഷ്വറൻസ് "എന്ന് ചേർക്കുക.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

191. ഖണ്ഡം 3(2)(എ)(i)-ൽ, "മുൻകൂർ അനുമതിയോടുകൂടി" എന്നതിനു പകരം "മുൻകൂർ അനുമതിയോടെ, സുവ്യക്തമായ വ്യവസ്ഥകളിൻമേൽ," എന്നും "ക്രമീകരണങ്ങൾക്കുവേണ്ടിയും"എന്നതിനുപകരം"ക്രമീകരണങ്ങൾക്കും" എന്നും ചേർക്കുക.

205. ഖണ്ഡം 3(2)(എ)(iv)-ൽ, " യാത്രാക്കാരന്റെയും" എന്ന വാക്കിനു പകരം "യാത്രക്കാരന്റെയും" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

195. ഖണ്ഡം 3(2)(എ)(i)-ൽ, "ഇന്ത്യൻ" എന്ന വാക്കിനു ശേഷം "ദേശസാൽകൃത" എന്ന വാക്ക് ചേർക്കുക.

206. ഖണ്ഡം 3(2)(എ)(iv)-ൽ, "അനന്തരാവകാശിയുടെയും" എന്ന വാക്കിനുശേഷം "അവകാശവും" എന്ന വാക്ക് ചേർക്കുക.

209. ഖണ്ഡം 3(2)(എ)(v)-ൽ, " തുക" എന്ന വാക്കിനു പകരം "ചികിത്സാ ചിലവുകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

197. ഖണ്ഡം 3(2)(എ)(i)-ൽ, "യാത്രക്കാർക്കുള്ള" എന്ന വാക്കിനു പകരം "യാത്രക്കാർക്ക് " എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3(2)(എ)(ii) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

211. ഖണ്ഡം 3(2)(എ)(vi)-ൽ "പദ്ധതിയിൻകീഴിലുള്ള ഏത് തർക്കവും" എന്നതിനു പകരം "പദ്ധതി നടത്തിപ്പിലുണ്ടാകാവുന്ന ഏതു തർക്കവും" എന്നത് ചേർക്കുക.

229. ഖണ്ഡം 3 (2)(ബി)(iii)-ൽ, "സേവനങ്ങൾ നല്കുന്നതിനായി ഏത് സൗകര്യവും "എന്നതിനു പകരം "സേവനം നല്കുന്നതിനായി സാമാന്യമായ മറ്റു സൗകര്യങ്ങൾ" എന്നത് ചേർക്കുക.

245. ഖണ്ഡം 3(2)(സി)(iii)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ (2)-ാം ഉപവകുപ്പിലെ (എ), (ബി) ഖണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതി വ്യവസ്ഥകൾക്ക് (സി) ഖണ്ഡത്തിലെ പദ്ധതിയെക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതാണ് ."

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

213. ഖണ്ഡം 3(2)(എ)(vii)-ൽ "നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള" എന്നതിനു പകരം "നടത്തിപ്പിന് ആവശ്യമെന്ന് കാണുന്ന" എന്നത് ചേർക്കുക.

223. ഖണ്ഡം 3 (2)(ബി)(i)-ൽ, "വിനിർദ്ദേശിക്കാവുന്നതാണ് " എന്നതിനുപകരം "വിശദമാക്കാവുന്നതാണ് " എന്നത് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

221. ഖണ്ഡം 3(2)(ബി)(i)-ൽ, "ലഭ്യമാക്കാവുന്ന" എന്നതിന് ശേഷം "സുരക്ഷ ഉൾപ്പെടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 3(സി)(iii)-ൽ, "നേട്ടത്തിനായി" എന്ന വാക്കിന് പകരം "ആവശ്യത്തിനായി" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 205-ാം

നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. 216-ാം നമ്പർ ഭേദഗതി ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3(2)(ബി)-യിൽ, "യാതാ" എന്ന വാക്കിനു പകരം "യാത്രാ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 216-ാം നമ്പർ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ . ഖാദർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 186, 194, 204, 207, 218, 220, 226, 230, 234, 235, 241, 246, 249 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 187, 199, 224, 239 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 195, 206, 209 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 229, 245 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 213, 223 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 242 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

251. ഖണ്ഡം 4 (1)-ൽ, "ആവശ്യങ്ങളിലേക്കായി" എന്നതിനു പകരം "നടത്തിപ്പിലേക്കായി" എന്നു ചേർക്കുക.

255. ഖണ്ഡം 4 (1)-ൽ, "സെസ്സ്" എന്ന വാക്കിനു മുൻപ് വരുന്ന "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

260. ഖണ്ഡം 4 (2)-ൽ, "ഓരോ ആളും" എന്നതിനു പകരം "ഓരോ യാത്രക്കാരനും" എന്ന് ചേർക്കുക.

263. ഖണ്ഡം 4(2)-ൽ, "യാത്രക്കൂലിയോടൊപ്പം "എന്നതിനു പകരം "യാത്രാക്കൂലിയോടൊപ്പം" എന്നു ചേർക്കുക.

266. ഖണ്ഡം 4(3)-ൽ, "ഉൾക്കൊള്ളേണ്ടതും" എന്നതിനു പകരം "ഉൾപ്പെടേണ്ടതും" എന്നു ചേർക്കുക.

267. ഖണ്ഡം 4(3)-ൽ, "'ടിക്കറ്റിൽ" എന്ന വാക്കിനു മുൻപ് "യാത്രാ" എന്ന വാക്ക് ചേർക്കുക.

269. ഖണ്ഡം 4(4)-ൽ, "നികുതിക്കോ" എന്ന വാക്ക് നീക്കം ചെയ്യുക.

276. ഖണ്ഡം 4(6)-ൽ "പിരിച്ചെടുത്ത സെസ്സ് " എന്നീ വാക്കുകൾക്ക് പകരം "(5) -ാം ഉപവകുപ്പ് പ്രകാരം വരവ് വച്ച " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു:

253. ഖണ്ഡം 4 (1)-ൽ, "യാത്രാടിക്കറ്റുകളിന്മേൽ" എന്നതിനു പകരം "ഓരോ ടിക്കറ്റിന്മേലും" എന്നത് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

256. ഖണ്ഡം 4 (1)-ൽ, "നിരക്കുകളിൽ, ഒരു" എന്നതിനു പകരം "നിരക്കിൽ" എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

258. ഖണ്ഡം 4 (2)-ൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനു പകരം "കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

261. ഖണ്ഡം 4(2)-ൽ, "ഓരോ ആളും, അയാൾക്ക് യാത്രാടിക്കറ്റ് നൽകിയാലുടൻ യാത്രാക്കൂലിയോടൊപ്പം"എന്നതിനു പകരം "ഓരോയാത്രക്കാരനും, യാത്രക്കൂലിയോടൊപ്പം" എന്നു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

262. ഖണ്ഡം 4 (2)-ൽ, "അയാൾക്ക് യാത്രാ ടിക്കറ്റ് നൽകിയാലുടൻ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

265. ഖണ്ഡം 4(3)-ൽ, "ടിക്കറ്റുകളിൽ"എന്നതിനു പകരം "യാത്രാടിക്കറ്റിൽ" എന്നു ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

268. ഖണ്ഡം 4(4)-ൽ, "തത്സമയം പ്രാബല്യത്തിലുള്ള മറ്റേതേങ്കിലും നിയമത്തിന്റെ കീഴിൽ റോഡിന്മേലോ യാത്രക്കാരിലോ വാഹനങ്ങളിന്മേലോ ചുമത്താവുന്ന ഏതെങ്കിലും" എന്നതിനു പകരം "തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെ കീഴിൽ, ഏതെങ്കിലും റോഡിലൂടെ സഞ്ചരിക്കുന്നതിനോ, അങ്ങനെ സഞ്ചരിക്കുന്ന യാത്രക്കാരിലോ വാഹനങ്ങളിന്മേലോ ചുമത്താവുന്ന മറ്റേതെങ്കിലും" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

278. ഖണ്ഡം 4(6)-ൽ "മൂന്ന് മാസം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് മാസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

279. ഖണ്ഡം 4(6)-ൽ "മൂന്ന് മാസം" എന്നീ വാക്കുകൾക്ക് പകരം "നാല്

മാസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

283. ഖണ്ഡം 4(7)-ൽ "ശീർഷകത്തിൻകീഴിൽ സൂക്ഷിക്കേണ്ടതുമാണ് " എന്നതിനു പകരം "ശീർഷകത്തിൻകീഴിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ് " എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

285. ഖണ്ഡം 4(7)-നുശേഷം താഴെ പറയുന്നത് ചേർക്കുക:
"(8) പ്രസ്തുത തുക കോർപ്പറേഷൻ സാമൂഹ്യ സുരക്ഷാപദ്ധതിക്കു മാത്രമായി ചിലവഴിക്കേണ്ടതുമാണ് "

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 254 -ാം നമ്പർ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

254. ഖണ്ഡം 4 (1)-ൽ "യാത്രാടിക്കറ്റുകളിന്മൽ" എന്ന വാക്കിനുപകരം "യാത്രാടിക്കറ്റുകളിന്മേൽ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 254-ാം നമ്പർ ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 251, 255, 260, 263, 266, 267, 269, 276 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 278 -ാം നമ്പർ ഭേദഗതിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**അഞ്ചാം വകുപ്പ്**

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 5(1)-ൽ, "സമൂഹ" എന്ന വാക്കിനു പകരം "ഗ്രൂപ്പ് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 5(1)-ൽ, "ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ യാത്രക്കാരനും അർഹത ഉണ്ടായിരിക്കുന്നതാണ്, " എന്നതിനു പകരം "ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് ഓരോ യാത്രക്കാരനും അർഹനായിരിക്കുന്നതാണ് " എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 5(2)-ൽ, "കോർപ്പറേഷന്റെ തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും, പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള" എന്നതിനു പകരം "കോർപ്പറേഷന്റെ തീരുമാനം തൃപ്തികരമല്ലെന്ന് കരുതുന്ന യാത്രക്കാരനോ, യാത്രക്കാരൻ മരണപ്പെട്ടുപോയിട്ടുള്ള പക്ഷം നിയമാനുസൃത അവകാശിക്കോ പദ്ധതിയിൽ നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

297. ഖണ്ഡം 5(3)-ൽ, "തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും" എന്നതിനു പകരം "തീരുമാനം തൃപ്തികരമല്ലെന്നു കരുതുന്ന യാത്രക്കാരനോ, യാത്രക്കാരൻ മരണപ്പെട്ടുപോയിട്ടുള്ള പക്ഷം നിയമാനുസൃത അവകാശിക്കോ" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 5(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്ന വാക്കിനു പകരം "പ്രയാസമനുഭവിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം 5(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്ന വാക്കിനു പകരം "നീതി ലഭിക്കാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 5(2)-ൽ, "യാത്രക്കാരനും" എന്ന വാക്കിനു പകരം "ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

298. ഖണ്ഡം 5(3)-ൽ, "യാത്രക്കാരനും" എന്ന വാക്കിനു പകരം "ഏതൊരു യാത്രക്കാരനോ യാത്രക്കാരന്റെ അനന്തരാവകാശികൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 5(2)-ൽ, "അങ്ങനെയുള്ള സമയപരിധിക്കകം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് മാസത്തിനകം" എന്നീ വാക്കുകൾ

ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 5(2)-ൽ, "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

<u>ശ്രീ. വി.ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5(3)-ൽ, "അറുപത് " എന്ന വാക്കിന് പകരം "നാൽപ്പത്തഞ്ച് " എന്ന വാക്ക് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 290, 297 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 6(1)-ൽ, "കുറയ്ക്കുകയോ" എന്ന വാക്കിനു ശേഷം "നീക്കം ചെയ്യുകയോ" എന്നീ വാക്കുകൾ ചേർക്കുക.

309. ഖണ്ഡം 6(2)-ൽ, "സംസ്ഥാന നിയമസഭയുടെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

310. ഖണ്ഡം 6(2)-ൽ, "ആക്റ്റ്" എന്ന വാക്കിനു മുമ്പ് "ഭേദഗതി" എന്ന് ചേർക്കുക.

314. ഖണ്ഡം 6(3)-ൽ, "സമ്മേളനം" എന്ന വാക്കിനുപകരം "സമ്മേളന കാലാവധി" എന്ന് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 6(2)-ൽ,

(i) "നിയമസഭയുടെ അങ്ങനെയുള്ള" എന്നതിനു പകരം "നിയമസഭയുടെ അതേ" എന്നത് ചേർക്കുക.

(ii) "നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരേണ്ടതാണ് " എന്നതിനു പകരം "നിയമസഭയിൽ ബിൽ അവതരിപ്പിച്ച് ആക്റ്റ് ആക്കേണ്ടതാണ് " എന്നത് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 6(2)-ൽ, "സമ്മേളനകാലത്ത് " എന്നതിന് പകരം "സമ്മേളന കാലത്തോ തൊട്ടടുത്ത സമ്മേളനത്തിലോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 6(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ (2)-ാം ഉപവകുപ്പ് പ്രകാരം നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്ന ബില്ലിൽ, നിയമസഭ എന്തെങ്കിലും മാറ്റം വരുത്തുന്ന പക്ഷം അങ്ങനെ മാറ്റം വരുത്തിയ പ്രകാരവും, ബില്ലിലെ നിർദ്ദേശങ്ങൾ അപ്പാടെ നിരാകരിക്കുന്ന പക്ഷം അപ്രകാരവും മാത്രമേ അന്നുമുതൽ അതിന് സാധുതയുണ്ടാകുകയുള്ളു."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

313. ഖണ്ഡം 6(3)-ൽ, "വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാത്തപക്ഷം" എന്നതിനുപകരം "വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ച് ആക്റ്റ് ആകാത്ത പക്ഷം" എന്ന് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 304, 309, 310, 314 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഏഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 7(1)-ൽ, "നിർത്തിവയ്ക്കാവുന്നതും" എന്നതിനു മുൻപ് "താല്ക്കാലികമായി" എന്ന് ചേർക്കുക.

321. ഖണ്ഡം 7(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " നിർത്തലാക്കിയാലുടൻ" എന്നതിനു പകരം " നിർത്തലാക്കി ആറ് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 7(2)-ൽ, "ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പദ്ധതികളും നിർത്തലാക്കുകയോ തുടരുകയോ ചെയ്യാവുന്നതാണ് " എന്നതിനു പകരം "ഈ ആക്റ്റിൻ കീഴിലുള്ള അപകട ഇൻഷ്വറൻസ് പദ്ധതി ഒഴികെയുള്ള ഏതൊരു പദ്ധതിയും നിർത്തലാക്കുകയോ, പുനരാരംഭിക്കുകയോ ചെയ്യാവുന്നതാണ് " എന്നതു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 7(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " നിർത്തലാക്കിയാലുടൻ" എന്ന വാക്കിനു ശേഷം " 6 മാസത്തിനുള്ളിൽ" എന്നീ അക്കവും വാക്കും ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 7(2)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:

" (3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും പുറപ്പെടുവിച്ച ശേഷമുള്ള തൊട്ടടുത്ത നിയമസഭാ സമ്മേളനക്കാലത്തു തന്നെ അതിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.".

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 316, 321 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**<u>എട്ടാം വകുപ്പ്</u>**

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുസമീപംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷ നേതാവിന്റെ ഇരിപ്പിടത്തിനരികിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**9-ാം വകുപ്പ്**

(ഭേദഗതികൾ ഇല്ല)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്താം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 10(1)-ൽ "സമൂഹ" എന്നതിനു പകരം "ഗ്രൂപ്പ് " എന്നു ചേർക്കുക.

<u>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 10(2)-ൽ, "നടപടിയോ" എന്ന വാക്കിനു പകരം "തീരുമാനമോ" എന്ന വാക്ക് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പട്ടിക

ശ്രീ. സി. പി. മുഹമ്മദ് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. പട്ടികയിൽ ക്രമനമ്പർ 1 താഴെപ്പറയും പ്രകാരം മാറ്റുക:

| ക്രമ നമ്പർ | ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ് | സെസ്സ് തുക (രൂപയിൽ) |
|---|---|---|
| 1 | 24 രൂപ വരെ | ഇല്ല |

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. പട്ടികയിൽ ക്രമനമ്പർ 2 താഴെപ്പറയും പ്രകാരം മാറ്റുക:

| ക്രമ നമ്പർ | ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ് | സെസ്സ് തുക (രൂപയിൽ) |
|---|---|---|
| 2 | 25 രൂപ മുതൽ 49 രൂപ വരെ | ഒന്ന് |

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. പട്ടികയിൽ, ക്രമനമ്പർ 6-നു നേരെയുള്ള മൂന്നാം കോളത്തിൽ "പത്ത് " എന്നതിനു പകരം "ഏഴ് " എന്ന് ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ, "സമൂഹ" എന്ന വാക്കിനു പകരം "ഗ്രൂപ്പ്" എന്ന വാക്ക് ചേർക്കുക.

110. ശീർഷകത്തിൽ, "യാത്രാക്കാർക്കുള്ള" എന്ന വാക്കിനു പകരം "യാത്രക്കാർക്കുള്ള" എന്ന വാക്ക് ചേർക്കുക.

115. ദീർഘശീർഷകത്തിൽ, "സമൂഹ" എന്ന വാക്കിനുപകരം "ഗ്രൂപ്പ്" എന്ന് ചേർക്കുക.

117. ദീർഘശീർഷകത്തിൽ, "മെച്ചപ്പെട്ട " എന്ന വാക്കിനു ശേഷം വരുന്ന "വ്യക്തിപര" എന്ന വാക്ക് നീക്കം ചെയ്യുക.

121. പീഠികയിൽ, "സമൂഹ" എന്നതിനു പകരം "ഗ്രൂപ്പ്" എന്ന് ചേർക്കുക.

125. പീഠികയിൽ, "സൗകര്യങ്ങളും" എന്ന വാക്കിനു മുമ്പ് വരുന്ന "വ്യക്തിപര" എന്ന വാക്കിനു പകരം "മെച്ചപ്പെട്ട" എന്ന വാക്കു ചേർക്കുക.

129. ഖണ്ഡം 1(1)-ൽ, "സമൂഹ ഇൻഷ്വറൻസ്" എന്നതിനുപകരം "ഗ്രൂപ്പ് ഇൻഷ്വറൻസ്" എന്നു ചേർക്കുക.

131. ഖണ്ഡം 1(1)-ൽ, "സെസ്സ് " എന്നതിനുപകരം "സെസ്സും ഏർപ്പെടുത്തൽ" എന്നു ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ശീർഷകത്തിൽ, "യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ" എന്നതിനു പകരം "മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ" എന്നു ചേർക്കുക.

<u>ശ്രീ.പി.ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ, "മെച്ചപ്പെട്ട വ്യക്തിപര" എന്നതിനുപകരം "മെച്ചപ്പെട്ട

യാത്രാ" എന്നു ചേർക്കുക.

ഇതിൽ 'മെച്ചപ്പെട്ട വ്യക്തിപര' സൗകര്യം എന്നതിനുപകരം 'മെച്ചപ്പെട്ട യാത്രാ' സൗകര്യം എന്ന് ചേർക്കണം.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ, "ജീവനക്കാർക്ക് സാമൂഹ്യസുരക്ഷാ നടപടികൾക്കും" എന്നതിനുപകരം "ജീവനക്കാർക്കുവേണ്ടിയുള്ള സാമൂഹ്യസുരക്ഷാ നടപടികൾക്കും" എന്നു ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പീഠികയിൽ, "കോർപ്പറേഷൻ നടത്തുന്ന" എന്നതിനു പകരം "കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന" എന്നത് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ, "യാത്രക്കാർക്ക് വ്യക്തിപര സൗകര്യങ്ങളും" എന്നതിനുപകരം "യാത്രാ സൗകര്യങ്ങളും" എന്നത് ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. പീഠികയിൽ, "ജീവനക്കാർക്കുകൂടി സാമൂഹ്യസുരക്ഷാനടപടികൾ വ്യാപിപ്പിക്കുന്നതും" എന്നതിനു പകരം "ജീവനക്കാർക്കു വേണ്ടിയുള്ള സാമൂഹ്യസുരക്ഷാ നടപടികൾ ഏറ്റെടുക്കേണ്ടതും" എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1(1)-ൽ,—

(i) "യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ" എന്നതിനുപകരം "മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ" എന്നു ചേർക്കുക;

(ii) "സുരക്ഷ" എന്ന വാക്കിനുശേഷം "എന്നിവയ്ക്ക്" എന്ന വാക്കു ചേർക്കുക.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109, 115, 117, 121, 125, 129, 131 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 2) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു നിയമമാണ് ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ബ്ലേഡ് മാഫിയയെ പൂർണ്ണമായി അമർച്ച ചെയ്യാനുള്ള ഈ സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് ഇതിലൂടെ പ്രകടമായിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക്, പാവപ്പെട്ട ആളുകൾക്ക് ആശ്വാസം പകരുന്ന ഒരു നിയമമാണ്. സാമൂഹ്യ വിരുദ്ധശക്തികളെ അടിച്ചമർത്തികൊണ്ട് ജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന ഒരു നിയമമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റിക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ബഹുമാന്യരായ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സബ്ജക്ട് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ നിയമസഭാ സമ്മേളനത്തിലെ ഏറ്റവും സന്തോഷകരമായ ഒരു കാര്യമാണ്. ......(ബഹളം).... വളരെ സന്തോഷകരവും സങ്കടവും. സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളെ നേരിടാൻ കഴിയുന്ന, കൊള്ളക്കാരെ അറസ്റ്റ് ചെയ്യാൻ കഴിയുന്ന, നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയുന്ന ഒരു ബിൽ പാസ്സാക്കികൊണ്ട് ഈ നിയമസഭാ സമ്മേളനം അവസാനിപ്പിക്കാൻ കഴിയുന്നു എന്നത് ഈ ഗവൺമെന്റിന് ഏറ്റവും അഭിമാനകരമാണ്. ഈ ബില്ലിനെ ഞാൻ സപ്പോർട്ട് ചെയ്യുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പുതിരിച്ചുള്ള പരിഗണന

## രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2-ൽ, "തടയൽ ആക്റ്റിന്റെ" എന്നതിനുപകരം "(തടയൽ) ആക്റ്റിന്റെ" എന്ന് ചേർക്കുക.

118. ഖണ്ഡം 2(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെ)-യിൽ, "മണി ചെയിൻ കുറ്റക്കാരൻ" എന്നതിനു പകരം "മണി ചെയിൻ തട്ടിപ്പുകാരൻ" എന്ന് ചേർക്കുക.

124. ഖണ്ഡം 2(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ്

2(ജെ)-യിൽ, "മണി ചെയിൻ കുറ്റക്കാരൻ" എന്നീ വാക്കുകൾക്കുശേഷം ", റിയൽ എസ്റ്റേറ്റ് തട്ടിപ്പുകാരൻ " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

135. ഖണ്ഡം 2 (iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (ക്യൂ)-വിൽ, "1958-ലെ കേരള പണം കടംകൊടുപ്പുകാർ" എന്നതിനു പകരം "1958-ലെ കേരള മണി ലെന്റിംഗ് " എന്ന് ചേർക്കുക.

137. ഖണ്ഡം 2(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ക്യൂ)-വിൽ, "മറ്റേതെങ്കിലും" എന്നതിനു മുമ്പ് "തത്സമയം പ്രാബല്യത്തിലുള്ള" എന്ന് ചേർക്കുക.

142. ഖണ്ഡം 2(iv)-ൽ "വാക്കുകൾ ചേർക്കേണ്ടതാണ് " എന്നതിന് പകരം "വാക്കുകളും", "ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ" എന്നതിനുശേഷം "മാനസിക പീഡനം നടത്തുകയോ" എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2 (iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 2 (എൽ) വകുപ്പിൽ "വിൽക്കുകയോ" എന്നതിന് ശേഷം "കൈവശം വയ്ക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്റ്റിലെ 2(ക്യൂ) വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന, "അമിത പലിശയ്ക്ക് നൽകിയ" എന്നീ വാക്കുകൾക്ക് പകരം "അമിത പലിശയ്ക്കു പണം നൽകിയ" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്റ്റിലെ 2(ക്യൂ) വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന "അമിത പലിശയ്ക്ക് നൽകിയ" എന്നീ വാക്കുകൾക്ക് പകരമായി "അമിത പലിശ ഈടാക്കിയ" എന്നീ വാക്കുകൾ ചേർക്കുക.

144. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ക്യൂഎ) വകുപ്പിൽ, "നേരിട്ടോ" എന്ന വാക്കിനുശേഷം "സംഘടിതമായോ" എന്ന വാക്കു ചേർക്കുക.

147. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ക്യൂഎ) വകുപ്പിൽ "ഉൾപ്പെടെയുള്ള" എന്ന വാക്കിനുശേഷം "ഏതൊരു ഗതാഗത ഉപാധിയേയും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2(കൃഎ) വകുപ്പിൽ, "പ്രേരണ നൽകുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "പ്രേരിപ്പിക്കുന്ന" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 117, 137 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 117, 137 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 118, 124, 135, 142 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 140, 144, 147 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

12-ൽ, " ആറു മാസം " എന്നതിന് പകരം " അഞ്ച് മാസം " എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 12-ൽ, " ഒരു വർഷം വരെയാകാവുന്ന " എന്നതിനു പകരം " ഒരു വർഷത്തിൽ കവിയാത്ത" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>നാലാം വകുപ്പ്</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിയ്ക്കുന്ന വകുപ്പ് 16 എ(1)-ൽ, " യാതൊരാളും " എന്നതിന് പകരം "ഏതൊരാളും " എന്ന് ചേർക്കുക.

<u>ശ്രീ. പി. എ. മാധവൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിയ്ക്കുന്ന വകുപ്പ് 16 എ(1)-ൽ, " ഉള്ള " എന്ന വാക്കിനു പകരം " അങ്ങനെയുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 എ(2)-ൽ, " നിലവിലില്ലാത്ത" എന്നതിനു പകരം " പ്രാബല്യത്തിലില്ലാത്ത" എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ,

ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

173. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(1)ൽ, "വാഹനമോ" എന്നതിനു

ശേഷം വരുന്ന "വണ്ടിയോ" എന്ന വാക്ക് നീക്കം ചെയ്യുക.

175. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(1)-ൽ, "വിശ്വസിക്കുവാൻത്തക്ക

കാരണമുള്ളപക്ഷം" എന്നതിനുപകരം "ബോധ്യമാകുന്ന

പക്ഷം" എന്ന് ചേർക്കുക.

176. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(1)-ൽ, "വാഹനം" എന്നതിനുശേഷം

വരുന്ന "വണ്ടി" എന്ന വാക്ക് നീക്കം ചെയ്യുക.

187. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(2)(എ)-യിൽ, "ക്ഷമതയുള്ള"

എന്നതിനു പകരം "അധികാരപ്പെടുത്തിയ" എന്നത്

ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(1)-ൽ, "താഴെയല്ലാത്ത" എന്ന

വാക്കിനു പകരം "കുറയാത്ത" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(2)(എ)-യിൽ, "ഉടൻ തന്നെ" എന്നീ

വാക്കുകൾക്കു പകരം "24 മണിക്കൂറിനുള്ളിൽ" എന്നീ

അക്കങ്ങളും വാക്കുകളും ചേർക്കുക.

190. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന

ആക്റ്റിലെ വകുപ്പ് 17(2)(ബി)-യിൽ, "ഉടൻതന്നെ " എന്നീ

വാക്കുകൾക്കു പകരം "24 മണിക്കൂറിനുള്ളിൽ" എന്നീ

വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 173, 175, 176, 187 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 185, 190 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ശ്രീ.എം.ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ (1)-ൽ "കഴിയുന്നിടത്തോളം"എന്നതിനു പകരം " പരമാവധി" എന്ന് ചേർക്കുക.

211. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1)(എ)-യിൽ, "ലിഖിതമായ" എന്നതിനുപകരം "രേഖാമൂലമായ" എന്നു ചേർക്കുക.

214. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1) (ബി)-യിലെ "ലിഖിതമായ" എന്നതിനു പകരം "രേഖാമൂലമായ" എന്ന് ചേർക്കുക.

216. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(1) (സി)-യിൽ "പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "ബോധിപ്പിക്കാനുള്ളത് ബോധിപ്പിക്കാൻ" എന്ന് ചേർക്കുക.

224. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)ൽ "വണ്ടി" എന്ന വാക്ക് വരുന്നിടത്തുനിന്നെല്ലാം ആയത് നീക്കം ചെയ്യുക.

227. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി(2)-ൽ "ഒത്താശയോ" എന്നതിനു പകരം "സമ്മതമോ" എന്നു ചേർക്കുക.

233. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ "വിട്ടുകിട്ടുന്നതിനോ" എന്നതിനു പകരം "വിട്ടുനൽകുന്നതിനോ " എന്ന് ചേർക്കുക.

234. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ "മടക്കി കിട്ടുന്നതിനോ" എന്നതിനു പകരം "മടക്കി നൽകുന്നതിനോ " എന്ന് ചേർക്കുക.

239. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ, "വിളംബരത്തീയതി" എന്നതിനു പകരം "പ്രസിദ്ധപ്പെടുത്തുന്ന" എന്നു ചേർക്കുക.

240. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 സി(2)-ൽ, "വിളംബരം" എന്നതിനു പകരം "ഉത്തരവ് " എന്നു ചേർക്കുക.

247. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17 ഡി-വകുപ്പിൽ "ഉടമസ്ഥനോ" എന്ന വാക്കിനു മുൻപ് "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന വാക്ക് ചേർക്കുക.

251. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

17 എഫ് വകുപ്പിൽ, "ഗതാഗത ഉപാധി" എന്നതിനു പകരം

"ഗതാഗത ഉപാധികൾ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 17 എ(2)-ൽ, "സങ്കടമനുഭവിക്കുന്ന" എന്നതിനു

പകരമായി "നീതിയുക്തമല്ലെന്നു കരുതുന്ന" എന്നു ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 17 എ(2)-ൽ, "മുപ്പത് " എന്നതിനു പകരം

"നാൽപ്പത്തഞ്ച്" എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 17 ബി(2)-ൽ "അയാളുടെയോ" എന്നതിനു

പകരം "അയാളുടെ"എന്നു ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 ബി (2)-ൽ "ഏതെങ്കിലുമുണ്ടെങ്കിൽ " എന്നതിനു പകരം "ആരെങ്കിലും ഉണ്ടെങ്കിൽ" എന്നു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 17 ബി(2)-ൽ "യാതൊരു" എന്നതിനു പകരം "ഒരു"

എന്ന് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

വകുപ്പ് 17 എഫ്-ൽ "ഉപദേശക ബോർഡിന്റെ" എന്ന വാക്കുകൾക്കുപകരം

"സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. അതായത് 203-ാം നമ്പർ ഭേദഗതിയിലെ "നാൽപ്പത്തഞ്ച്" എന്ന വാക്കിനുപകരം "അറുപത്" എന്നാക്കി അംഗീകരിക്കാവുന്നതാണ്. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

203. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 എ(2) -ൽ, " മുപ്പത്" എന്നതിനുപകരം " അറുപത്" എന്നു ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 198, 211, 214, 216, 224, 227, 233, 234, 239, 240, 247, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "തടയൽ" എന്ന വാക്കിനു പകരം " (തടയൽ)" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ...........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ നിയമഭേദഗതിയിലൂടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലേഡ് മാഫിയകളെ പൂർണ്ണമായി ഇല്ലാതാക്കാനും സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടാനും സർക്കാരിന് കഴിയുന്നതാണ്. നേരത്തെ പാസാക്കിയിട്ടുള്ള "കാപ്പ" നിയമത്തിന് കൂടുതൽ ടീത്ത് നൽകിക്കൊണ്ട് ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സമാധാനജീവിതം ഉറപ്പുവരുത്താനും ഈ ബിൽ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്ത്

പലതരത്തിലുള്ള സാമ്പത്തിക ഇടപാടുകളിലൂടെ സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുവാനും സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടാനുമുള്ള ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യമാണ് ഈ നിയമഭേദഗതിയിലൂടെ ആഗ്രഹിക്കുന്നത്. അതുകൊണ്ട് 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

# PROCEEDINGS

# OF THE

# TWELFTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

## SIXTH SESSION

*Monday, the 17th September 2007*

## OFFICIAL REPORT

Volume CXXXIV—No. 10

Price :

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
Government of Kerala
2010

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

*2007 സെപ്റ്റംബർ 17, തിങ്കൾ*

*സ്പീക്കർ*

**ശ്രീ. കെ. രാധാകൃഷ്ണൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. ജോസ് ബേബി**

*സെക്രട്ടറി*

**ഡോ. എൻ. കെ. ജയകുമാർ**

*ചീഫ് എഡിറ്റർ*

**ശ്രീമതി കെ. സുധാദേവി**


*എഡിറ്റിംഗ് ബ്രാഞ്ച്*

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

തിരുവനന്തപുരം

2/117/10-I



LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. വി. എസ്. അച്ചുതാനന്ദൻ |
| വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. എ. ബേബി |
| ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ |
| പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ബിനോയ് വിശ്വം |
| ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. സി. ദിവാകരൻ |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. ഗുരുദാസൻ |
| വ്യവസായ വകുപ്പുമന്ത്രി | : | ശ്രീ. എളമരം കരീം |
| ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി | : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ |
| റവന്യൂ വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. രാജേന്ദ്രൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. എസ്. ശർമ്മ |
| ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ |
| സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| ധനകാര്യ വകുപ്പുമന്ത്രി | : | ഡോ. തോമസ് ഐസക് |
| നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി | : | ശ്രീ. എം. വിജയകുമാർ |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ :**

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 52

**II. അടിയന്തിര പ്രമേയം :**

സുനാമി ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ .. 197
(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ :**

(1) ആസൂത്രിത നഗര വികസന പദ്ധതി .. 210
—ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

(2) കർഷകർക്ക് പെൻഷനും മറ്റ് സഹായങ്ങളും നൽകാൻ ക്ഷേമപദ്ധതി .. 214
—ശ്രീ. പി. കൃഷ്ണപ്രസാദ്

**IV. സബ്മിഷൻ :**

(1) കോഴിക്കോട് ഐ.ടി. പാർക്ക് .. 217
—ശ്രീ. എ. പ്രദീപ് കുമാർ

(2) വഴിക്കടവ് നാടുകാണിച്ചുരം ഗതാഗത യോഗ്യമാക്കാൻ നടപടി .. 218
—ശ്രീ. ആര്യാടൻ മുഹമ്മദ്

(3) പാളയം കണ്ണിമാറ മാർക്കറ്റ് നവീകരണം .. 219
—ശ്രീ. വി. ശിവൻകുട്ടി

(4) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ആവിഷ്ക്കരിച്ച പദ്ധതികൾ .. 220
—ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

(5) കാർഷിക വായ്പാ വിതരണം .. 221
—ശ്രീ. എം. വി. ശ്രേയാംസ് കുമാർ

(6) റവന്യൂ ഭൂമി 'ആശാപുര' കമ്പനിക്ക് പതിച്ചു നൽകുന്നതു സംബന്ധിച്ച് .. 223
—ശ്രീ. പള്ളിപ്രം ബാലൻ

| | | | പേജ് |
|---|---|---|---|
| (7) | പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ —ശ്രീമതി ഇ. എസ്. ബിജി മോൾ | .. | 224 |
| (8) | വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി —ശ്രീ. പി. സി. വിഷ്ണുനാഥ് | .. | 226 |
| (9) | പ്രാദേശിക വികസന ഫണ്ട്—ശ്രീ. എസ്. രാജേന്ദ്രൻ | .. | 228 |
| (10) | കൊലപാതകങ്ങൾ—ശ്രീ. കെ. കെ. ഷാജു | .. | 229 |
| (11) | വാഹന അപകടം—ശ്രീ. എ. എം. യൂസഫ് | .. | 231 |
| (12) | ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച സമഗ്രമായ അന്വേഷണം —ശ്രീ. ഉമ്മൻ ചാണ്ടി | .. | 232 |

**V. റിപ്പോർട്ട് സമർപ്പണം :**

| | | |
|---|---|---|
| പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ | .. | 236 |

**VI. നിയമനിർമ്മാണകാര്യം :**

| | | | |
|---|---|---|---|
| (1) | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ | .. | 236 |
| (2) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡു കളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007— അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും | .. | 287 |
| (3) | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ | .. | 325 |

| | | | |
|---|---|---|---|
| **VII.** | **2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം** | .. | 376 |
| | അനുബന്ധം I & II | .. | 377-378 |

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

2007 സെപ്റ്റംബർ 17, തിങ്കൾ

വാല്യം CXXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2007 സെപ്റ്റംബർ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

# I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ............. ചോദ്യം നമ്പർ: 271

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപരിപാടികൾ

1 (*271) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ശ്രീ. എം. കെ. പ്രേംനാഥ്:

ശ്രീ. ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ, വ്യവസായ വാണിജ്യ സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ വൈദ്യ സഹായത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ, വ്യവസായ-വാണിജ്യ സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിനുള്ള പരിപാടികൾ:

## I. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. സ്വയം തൊഴിൽ പദ്ധതികൾ: പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതിപ്രകാരം കാർഷിക വ്യവസായ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് ഒരു വ്യക്തിക്ക് 3 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതിക്ക് 1 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള സംരംഭത്തിന് 3.5 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും നൽകുന്നു. ടി പദ്ധതിക്ക് നടപ്പുവർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. ഷോപ്പിംഗ് കോംപ്ലക്സ്: വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ പട്ടികജാതിക്കാർക്ക് കച്ചവടത്തിലും വ്യവസായത്തിലും അഭിരുചി വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് നേരിട്ട് ഒരു ഷോപ്പിംഗ് കോംപ്ലക്സ് വിലയ്ക്കെടുത്ത് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതി പ്രകാരം തൃശൂർ ജില്ലയിൽ 28 മുറികളുള്ള കെട്ടിടം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്.

3. പ്രത്യേക ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായം: ഈ പദ്ധതിപ്രകാരം പട്ടികജാതിക്കാരുടെ പുരോഗതിക്ക് ഊന്നൽ നൽകുന്ന വരുമാന വർദ്ധന പരിപാടികൾ, തൊഴിൽദായക പരിപാടികൾ, പരിശീലന പരിപാടികൾ, ക്രിട്ടിക്കൽ ഗ്യാപ്പ് നികത്തുന്നതിനുള്ള നിക്ഷേപങ്ങൾ മുതലായവ നടപ്പിലാക്കുവാൻ നടപ്പുവർഷത്തിൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. വനിതാ സംരംഭങ്ങൾ: പട്ടികജാതിയിൽപ്പെട്ട വനിതകളുടെ സാമ്പത്തിക ഉന്നമനവും വനിതാ ശാക്തീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 20 കുടുംബങ്ങളെങ്കിലും ഉള്ള പട്ടികജാതി കോളനികളിലെ ദരിദ്രരായ സ്ത്രീകളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക ഉന്നമനത്തിനുതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നു. 1.25 ലക്ഷം രൂപയോ അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും 10,000 രൂപ നിരക്കിലോ, അതിലേതാണോ കുറവ് എന്ന് കണക്കാക്കി സർക്കാർ സബ്സിഡി നൽകും. പ്രസ്തുത ഗ്രൂപ്പിൽ കുറഞ്ഞത് 10-ഉം കൂടിയത് 20-ഉം എന്ന കണക്കിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒരേ കുടുംബത്തിലെ ഒരാൾക്ക് മാത്രം അംഗത്വം നൽകി സംഘം രൂപീകരിക്കുന്നു. ഇതിനായി നടപ്പുവർഷത്തിൽ ഒരുകോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ക്ലസ്റ്റർ വികസനം പരിപോഷിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം: പട്ടികജാതി സഹകരണ സംഘങ്ങൾക്ക് തൊഴിലിനും വരുമാന വർദ്ധനയ്ക്കും ഉതകുന്ന സംരംഭങ്ങൾ പരമ്പരാഗത മേഖലയിൽ നടപ്പാക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി 2007-08 വർഷത്തിൽ 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. കർഷക തൊഴിലാളികൾക്ക് ഭൂമി അനുവദിക്കൽ: സ്വന്തമായി ഭൂമി ഇല്ലാത്തവരോ അല്ലെങ്കിൽ കുറച്ച് ഭൂമി മാത്രം സ്വന്തമായുള്ളവരോ ആയ പട്ടികജാതിയിൽപ്പെട്ട കർഷക തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. ഇതുപ്രകാരം ഇതിന്റെ ഗുണഭോക്താക്കൾ കൃഷിക്ക് ഉപയുക്തമായ 25 സെന്റ് കര ഭൂമിയോ 50 സെന്റ് നിലമോ സ്വന്തം പേരിൽ വാങ്ങുമ്പോൾ അതിന്റെ വിലയുടെ 50 ശതമാനം അല്ലെങ്കിൽ 50000 രൂപ ഇതിലേതാണോ കുറവ് എന്നു കണക്കാക്കി സർക്കാർ ഗ്രാന്റായി നൽകും. നടപ്പുവർഷത്തിൽ ഇതിനായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

7. സഹകരണ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം: ഈ പദ്ധതിപ്രകാരം കൃഷി, വ്യവസായം, ഖാദി, കയർ, പട്ടുനൂൽകൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നടപ്പുവർഷത്തിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. വ്യവസായ പരിശീലന കേന്ദ്രങ്ങൾ: പട്ടികജാതി വികസന ഗ്രൂപ്പിന്റെ കീഴിൽ 41 ഐ.റ്റി.സി.-കളിൽ 11 വിവിധ ട്രേഡുകളിലായി ഓരോ വർഷവും 1031 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. ഐ. റ്റി. ഐ./ഐ. റ്റി. സി., എൻജിനീയറിംഗ് ഡിപ്ലോമ, എൻജിനീയറിംഗ് ഡിഗ്രി എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടിക വിഭാഗക്കാർക്ക് ഒരു വർഷത്തേയ്ക്ക് പ്രതിമാസം 1,000 രൂപ, 1,600 രൂപ, 1,800 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

9. സെന്റർ ഓഫ് എക്സലൻസ്: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും വൈദഗ്ദ്ധ്യം ആവശ്യമായ തൊഴിൽ നേടുന്നതിനും ആവശ്യമായ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ പരിശീലനം നൽകുന്ന ഒരു മികവിന്റെ കേന്ദ്രം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിന്റെ സഹായത്തോടെ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

1183 അഭ്യസ്തവിദ്യരായ പട്ടികജാതി തൊഴിൽരഹിതരെ എസ്സ്. സി. പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 2,000 രൂപ ഓണറേറിയമായി നൽകിവരുന്നു.

## II. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിലും വാണിജ്യ സംരംഭങ്ങളും തുടങ്ങുന്നതിനുള്ള പദ്ധതികൾ പ്രധാനമായും 100 ശതമാനം കേന്ദ്ര സഹായമുള്ള "പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായ" പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നു. നിലവിൽ ക്ളസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിപ്രകാരം പ്രധാനമായും കൃഷി അടിസ്ഥാനമായുള്ളതും സ്ഥിര വരുമാനം ലഭിക്കുന്നതുമായ സ്വയം തൊഴിൽ പരിപാടികൾ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് നടപ്പാക്കുന്നു. കൂടാതെ സംസ്ഥാന കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സ്ഥിരം വരുമാനം ലഭിക്കുന്ന തൊഴിൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. കൂടാതെ വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീ യുവാക്കളിൽ 1,000 പേരെ ട്രൈബൽ പ്രൊമോട്ടർമാരായും 75 പേരെ അപ്രന്റീസ്

LIBRARY ARCHIVES Kerala Legislative Assembly

ക്ളർക്കുമാരായും വകുപ്പ് നേരിട്ട് നിയമിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാരുടെ ഒഴിവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ യുവതീ യുവാക്കളെ നിയമിക്കുന്നു.

## III. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, വിദേശ തൊഴിൽ വായ്പാ പദ്ധതി, വനിതകൾക്കുള്ള പെട്രോൾ ഓട്ടോറിക്ഷാ വായ്പാ പദ്ധതി, പാരമ്പര്യ വംശീയ വൈദ്യൻമാർക്കുള്ള ചികിത്സാ സഹായ പദ്ധതി, കർഷക തൊഴിലാളികൾക്കുള്ള കൃഷി ഭൂമി വായ്പാ പദ്ധതി, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി, മഹിളാ സമൃദ്ധി യോജന, മിനി വെഞ്ച്വർ പദ്ധതികൾ, വാഹന വായ്പാ പദ്ധതി (പെട്രോൾ ഓട്ടോറിക്ഷാ), വാഹന വായ്പാ പദ്ധതി (3 വീലർ ഓട്ടോ പിക്അപ് വാൻ), സ്മോൾ എന്റർപ്രൈസസ് പദ്ധതികൾ, ആദിവാസി മഹിളാ ശാക്തീകരൺ യോജന, ഇതുകൂടാതെ ഒരു കമ്പ്യൂട്ടർ വായ്പാ പദ്ധതിയും കേന്ദ്ര സർക്കാർ സഹകരണത്തോടെ സ്വർണ ജയന്തി സ്വറോസ്ഗാർ യോജന (എസ്സ്. ജി. എസ്സ്. വൈ.)-യും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## IV. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ:

(എ) ഫെഡറേഷന്റെ അംഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾക്കായി പ്രവർത്തന മൂലധന വായ്പയായി 15,82,296 രൂപയും 34 സഹകണ സംഘങ്ങൾക്ക് മാവേലി സ്റ്റോർ നടത്തുന്നതിന് ലോൺ ആയി 6,80,000 രൂപയും 24 സഹകരണ സംഘങ്ങൾക്ക് കൺസ്യൂമർ സ്റ്റോർ നടത്തുന്നതിന് ലോൺ ആയി 2,40,000 രൂപയും 49 സഹകരണ സംഘങ്ങൾക്ക് അതിലെ അംഗങ്ങൾക്ക് തൊഴിലധിഷ്ഠിത പദ്ധതി നടപ്പാക്കുവാൻ 47,40,000 രൂപയും ഫെഡറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ചെറുകിട വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് എം. എഫ്. പി. ശേഖരിക്കുന്നതിന് വേണ്ട ധനസഹായവും നൽകുന്നുണ്ട്. ഇതുമൂലം ഏകദേശം 6,000-ൽപ്പരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലവസരം ലഭിക്കുന്നുണ്ട്. ഇതിനുപരിയായി അംഗസംഘങ്ങളുടെ ഉത്പ്പന്നങ്ങൾ ഫെഡറേഷൻ ഷോറൂമുകൾ മുഖേനയും എക്സിബിഷനുകൾ മുഖേനയും വിപണനം നടത്തിക്കൊടുക്കുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ആരോഗ്യ വകുപ്പിന്റെ 11-ഉം ഉൾപ്പെടെ ആകെ 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ വൈദ്യ സഹായം ഉൾപ്പെടെയുള്ള സേവനങ്ങൾക്കായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ 6 ഔട്ട് പേഷ്യന്റ് ക്ളിനിക്കുകൾ, 17 ആയുർവ്വേദ ഡിസ്പെൻസറികൾ, ഒരു ആയുർവ്വേദ ആശുപത്രി എന്നിവ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആദിവാസി മേഖലകളിലും ഉൾപ്രദേശങ്ങളിലും 3000 ജനങ്ങൾക്ക് ഒരു സബ്സെന്ററും

LIBRARY ARCHIVES Kerala Legislative Assembly

20,000 പേർക്ക് പ്രൈമറി ഹെൽത്ത് സെന്ററും പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ നൂൽപ്പുഴ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിലായി സ്പെഷ്യാലിറ്റി ആശുപത്രി തുറന്നു പ്രവർത്തിക്കുന്നു.

(സി) കേരള സംസ്ഥാനത്ത് ആകെയുള്ള 36 വിഭാഗം ആദിവാസികളിൽ പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിൽ 4500 കുടംബങ്ങളെ കേന്ദ്ര സർക്കാരിന്റെ 100 ശതമാനം കേന്ദ്ര സഹായ പദ്ധതിയായ "പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള ഇൻഷുറൻസ് പദ്ധതി" പ്രകാരം ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ജനശ്രീ ഭീമാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് വർഷത്തേയ്ക്ക് ഇൻഷുർ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 2000 കുടംബങ്ങളെക്കൂടി ഇൻഷുർ ചെയ്യാൻ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും 2003-2004 വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ നൽകുന്നതിന് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 13-08-2007-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളിൽ ഭൂരിഭാഗവും പണിയ സമുദായത്തിൽപ്പെടുന്നവരാണ്. ഇവരുടെ സാമ്പത്തിക വിദ്യാഭ്യാസ നിലവാരം ഇന്ന് വളരെ പിന്നോക്കമാണ്. ഈ വിഭാഗത്തിന്റെ ഉന്നമനം സംസ്ഥാനത്തെ ഭൂരിപക്ഷം വരുന്ന ആദിവാസികളുടെ ഉന്നമനത്തിന് വഴിയൊരുക്കും. ഇവർക്ക് പ്രത്യേക പരിഗണന നൽകി ഇവർക്ക് വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പണിയ സമുദായം പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെടുന്നതല്ല. മറ്റ് ആദിവാസി വിഭാഗങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ മാത്രമേ ഇവർക്കും ലഭ്യമാകുകയുള്ളൂ.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ളത് വയനാട്ടിലാണ്. ഇവിടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഇല്ല. തിരുവനന്തപുരത്തും ഇടുക്കിയിലുമാണ് ഇന്ന് സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ ഉള്ളത്. വയനാട്ടിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് പരിഗണിക്കുന്നതായിരിക്കും.

ശ്രീ. എം. കെ. പ്രേംനാഥ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് കമ്മീഷൻ നടത്തുന്ന പരീക്ഷ വഴി പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പ്രേംനാഥ്: സർ, ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിരിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: സർ, ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ കർമ്മ പദ്ധതിക്കാണ് ഗവൺമെന്റ് രൂപം കൊടുത്തിട്ടുള്ളത്. അതിന്റെ ഇടയിലാണ് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ Scheduled Tribes and Traditional Dwellers Act പാസ്സാക്കിയിട്ടുള്ളത്. നിർഭാഗ്യവശാൽ നിയമം നോട്ടിഫൈ ചെയ്തിട്ടില്ല. എല്ലാ സംസ്ഥാനങ്ങൾക്കും റൂൾ അയച്ചുകൊടുത്തിട്ടുണ്ട്. എങ്കിൽപ്പോലും നിയമം നോട്ടിഫൈ ചെയ്യാത്തതിന്റെ ഭാഗമായി ഇവിടെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അത് നടപ്പിലാക്കാൻ കഴിഞ്ഞാൽ പ്രശ്നം പരിഹരിക്കാൻ പറ്റും. എന്തായാലും ലഭ്യമായ ഭൂമി വിതരണം ചെയ്യാനുള്ള ശക്തമായ നിലപാട് ഇപ്പോൾ എടുത്തുകഴിഞ്ഞു. ഈ 22-ാം തീയതി 1117 കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂരിലെ ആറളത്ത് വിതരണം ചെയ്യാനുള്ള നടപടികളായിട്ടുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഷയ നിർണ്ണയ സമിതിയുടെ കുറിപ്പിൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് വിവിധ പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ 50 ശതമാനം പോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല എന്നു കാണാൻ കഴിഞ്ഞു. ഉദാഹരണത്തിന് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചർ ഇനത്തിൽ വകയിരുത്തിയിട്ടുള്ള കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടില്ല. ഇതിന്റെ നിയന്ത്രണം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. ഇത് നേരിട്ട് പട്ടിക വർഗ്ഗ വിഭാഗത്തിന്റെ കീഴിൽ ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പി. ഡബ്ല്യു. ഡി. ഹെഡ്ഡിൽ കോടിക്കണക്കിന് രൂപയുണ്ട്. കോർപ്പസ് ഫണ്ടിൽ ഈ വകുപ്പിന് ലഭ്യമായിട്ടുള്ള ഫണ്ട് ഡപ്പോസിറ്റായിട്ടും അവരെയാണ് ഏൽപ്പിക്കാറ്. സാധാരണനിലയിൽ ഇതിനൊരു റിവ്യു നടത്താറില്ല. ബഹുമാനപ്പെട്ട ടി. യു. കുരുവിള യുടെ കാലഘട്ടത്തിൽ രണ്ടു പ്രാവശ്യം റിവ്യൂ നടത്തി. ഇതിന്റെ ഭാഗമായി കുറെ പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ വിഭാഗത്തിന് നീക്കിവയ്ക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പണം കാലാകാലങ്ങളിൽ വിനിയോഗിക്കാത്ത സ്ഥിതിയുണ്ടോ എന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം വളരെ ശരിയാണ്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ ശക്തമായ നിലപാടാണ് എടുക്കാൻ പോകുന്നത്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഈ വർഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി എത്ര വീടുകൾ പണിതിട്ടുണ്ട്? അതിനുള്ള പദ്ധതിയുണ്ടോ? അത് പൂർത്തീകരിക്കാനുള്ള നടപടികൾ എത്രമാത്രമായി എന്നുപറയാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 8538 സ്പിൽ ഓവർ വീടുകളാണ് ഉണ്ടായിരുന്നത്. അതിൽ 4006 വീടുകൾ കഴിഞ്ഞ വർഷം പൂർത്തീകരിച്ചു. അതിന് 25 കോടി രൂപ കൊടുത്തു. കഴിഞ്ഞ വർഷം 5000 വീടുകൾ ഏറ്റെടുത്ത് അത് നിർമ്മിതിക്കും അതുപോലെ തന്നെ ഹൗസിംഗ് ബോർഡിനും കൊടുത്തു. അവരും ഇപ്പോൾ പണിയാരംഭിച്ചിട്ടുണ്ട്. ഈ വർഷം 10000 വീടുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ 7500 വീടുകൾക്ക് അൻപത്തിരണ്ടര കോടി രൂപ, സാമ്പത്തിക വർഷത്തിന്റെ ഏതാണ്ട് ബഡ്ജറ്റ് പാസ്സായി തൊട്ടടുത്ത മാസം തന്നെ എല്ലാ ജില്ലകളിലും എത്തിക്കാൻ കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന പണം പൂർണ്ണമായി ചെലവഴിക്കുന്നില്ല. മാത്രമല്ല പണം ചെലവഴിക്കാൻ പറ്റാത്തതുകൊണ്ട് അത് പാഴായി പോവുകയും, അവസാന സമയമാകുമ്പോൾ വകമാറ്റി ചെലവഴിക്കുകയും ചെയ്യുകയാണ്. ഈ കഴിഞ്ഞ സാമ്പത്തിക വർഷം 154 പദ്ധതികളാണ് പട്ടികജാതി-പട്ടികവർഗ്ഗ ഡയറക്ടർ അനുമതിക്കായി അപേക്ഷിച്ചത്. അതിൽ 129 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. പക്ഷേ ഒരു വർഷം കഴിഞ്ഞപ്പോൾ നടപ്പിലാക്കിയ പദ്ധതികൾ കേവലം 36 എണ്ണം മാത്രമാണ്. 40 കോടി രൂപയിലധികം പണം പാഴായിപ്പോയി. ഈ കാര്യത്തെക്കുറിച്ചുള്ള ഗൗരവമായ പഠനം നടത്താനും പദ്ധതി പണം ഇങ്ങനെ പാഴാക്കി കളയുന്നതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കഴിഞ്ഞ 8 വർഷത്തിനിടയിൽ ഏറ്റവുമധികം ഫണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനും അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുന്ന ഫണ്ടും ഏറ്റവും കൂടുതൽ വിനിയോഗിച്ച ഒരു വർഷമായിരുന്നു 2006-07. 86% ആണ് എസ്. സി. വിഭാഗത്തിന് ചെലവഴിക്കാൻ, കഴിഞ്ഞത്. 91% ആണ് എസ്. ടി. വിഭാഗത്തിന് ചെലവഴിക്കാൻ കഴിഞ്ഞത്. 88% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിച്ചു. 2003-04-ൽ 63% ആണ് ചെലവഴിച്ചത്. 2004-05-ൽ 65% ആണ് ചെലവഴിച്ചത്. 2005-06-ൽ 70.84% ആണ് ചെലവഴിച്ചത്. അപ്പോൾ ഒരു 10 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. എങ്കിൽപ്പോലും അഡ്വ. വി. ഡി. സതീശൻ പറഞ്ഞതുപോലെ പരിപൂർണ്ണമായും ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം കേന്ദ്രത്തിൽ നിന്നും ഇവിടെ കിട്ടുന്ന ഫണ്ടിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ വരുന്ന കാലതാമസമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചു 10 കോടി രൂപ, ചികിത്സാ ഫണ്ടിന് 2002-03-ൽ കിട്ടിയതാണ്. ഈ കഴിഞ്ഞ വർഷമാണ് പദ്ധതി ആവിഷ്ക്കരിച്ച് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒരു പരിതസ്ഥിതിയിലും ഈ പാവപ്പെട്ടവർക്ക് നീക്കിവച്ച ഫണ്ട് വിനിയോഗിക്കാത്ത ഒരു സാഹചര്യം ഉണ്ടാകരുതെന്ന ശക്തമായ ഒരു നിലപാടാണ് എടുക്കുന്നത്.

ശ്രീ. സി. കെ. സദാശിവൻ: സർ, കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാർ ഏറിയകൂറും താഴ്ന്ന പ്രദേശങ്ങളിലാണ് താമസിക്കുന്നത്. മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് ദുരിതപൂർണ്ണമായ ജീവിതമാണ് വാസ്തവത്തിൽ അവർ നയിക്കുന്നത്. അവരുടെ പുരയിടങ്ങൾ മണ്ണിട്ട് ഉയർത്തുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ? ഇല്ലെങ്കിൽ ആ പുരയിടം മണ്ണിട്ടുയർത്തിക്കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? ആലപ്പുഴയുടെ പശ്ചാത്തലം മുൻനിർത്തിയാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ആലപ്പുഴയുടെ പശ്ചാത്തലം മുൻനിർത്തി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കറക്ടാണ്. ഇതിനെ സംബന്ധിച്ച് ഞങ്ങൾ ചർച്ച നടത്തിയിട്ടുണ്ട്. സാധാരണനിലയിൽ ഹൗസിംഗിന് കൊടുക്കുന്ന ഫണ്ടിൽ കുറച്ച് കൂടുതൽ വർദ്ധനവ് ഉണ്ടായാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ പറ്റു. ഇക്കാര്യത്തെസംബന്ധിച്ച് പരിശോധിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാധുക്കളായ ആളുകൾക്ക്, ഭൂമിയും വീടും കൂടി കൊടുക്കുന്നതിനു വേണ്ടി ഇപ്പോളൊരു സിസ്റ്റം നിലവിലുണ്ട്. ആ സിസ്റ്റം വച്ച് വോട്ടിട്ട് എടുക്കുക എന്നാണ് വച്ചിരിക്കുന്നത്. വോട്ടിടുമ്പോൾ മിക്കവാറും നിശ്ചിതമായ ആളുകൾക്ക് മാത്രമായല്ല വന്നുപെടുന്നത് എന്ന് ധാരാളം പരാതികൾ വന്നിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനകത്തെ പരാതികൾ ഒഴിവാക്കി യഥാർത്ഥത്തിൽ അർഹിക്കുന്ന ആളുകൾക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് വോട്ടിട്ടല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഗവൺമെന്റ് എന്നുള്ള നിലയിൽ, അവർ ഏറ്റെടുത്താൽ മതിയെന്ന് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം കിട്ടി. അതിന്റെയടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം നമ്മൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. അതിലും ഒരാക്ഷേപം, വോട്ടിട്ട് എടുക്കുന്നതാണ് നല്ലത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കരുത് എന്നുള്ളത് അങ്ങയുടെ ഭാഗത്തുള്ള മെമ്പർമാർ എഴുതി തന്നിട്ടുണ്ട്. പക്ഷേ ഏറ്റവും സുതാര്യം, ഒരു പ്രാദേശിക ഗവൺമെന്റ് എന്നുള്ള നിലയിൽ ജനങ്ങളുമായി സംവദിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തന്നെ ഏൽപ്പിക്കുന്നതായിരിക്കും എന്നുള്ളതുകൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പരിപൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. കുഞ്ഞിരാമൻ: സർ, കഴിഞ്ഞ ഗവൺമെന്റുകളുടെ കാലത്ത് ആദിവാസികൾക്കുവേണ്ടി സംസ്ഥാനത്ത് പല ഭാഗങ്ങളിലും ഭൂമിയും തോട്ടങ്ങളുമടക്കം കൊടുത്തിട്ടുണ്ട്. എന്നാൽ വ്യാപകമായി റബ്ബർ തോട്ടങ്ങളടക്കം മറ്റുള്ളവർ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ മറ്റുള്ളവർ കൈവശപ്പെടുത്തിയ തോട്ടങ്ങൾ വീണ്ടെടുത്തത് ആദിവാസികൾക്ക് കൊടുക്കുന്നതിനുള്ള നടപടിയും മേലിൽ അന്യാധീനപ്പെട്ടുപോകാതിരിക്കാനുള്ള കർശനമായ നിയമവും കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, റബ്ബർ തോട്ടങ്ങൾ അന്യാധീനപ്പെടുന്നതും അതുപോലെ തന്നെ ആദിവാസികളുടെ കയ്യിലുള്ള ഏറ്റവും നല്ല റബ്ബർ തോട്ടങ്ങൾ കൈവശം വയ്ക്കുന്നതിനും അനധികൃതമായിട്ടുള്ള ചില ഇടപെടലുകൾ ചിലഭാഗങ്ങളിൽ നിന്നും ഉണ്ടായി എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കുന്നുണ്ട്. ജില്ല-താലൂക്ക് തലത്തിലുള്ള ഓഫീസർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധകൊടുക്കണം എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുമാത്രം ഇവിടെ ഒരു റിവ്യൂ മീറ്റിംഗ് വിളിച്ച് ചേർത്തിരുന്നു.

ശ്രീ. പള്ളിപ്രം ബാലൻ: സർ, അങ്ങ് ഈ പരിശീലന പരിപാടികളെക്കുറിച്ച് വളരെ വിശദമായി സംസാരിച്ചു. എനിക്ക് ചോദിക്കാനുള്ളത്, ശ്രീ. എം. എ. കുട്ടപ്പൻ മിനിസ്റ്ററായിരുന്ന കാലത്ത് പത്തനംതിട്ട, കൊല്ലം ജില്ലകളിൽ വൺ ഇയർ കമ്പ്യൂട്ടർ പരിശീലനം സിദ്ധിച്ചവർക്ക് ഇന്നലെവരെയും സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ അവർക്ക് ജോലിക്ക് അപേക്ഷിക്കാനും കഴിയുന്നില്ല. അവർക്ക് സ്റ്റൈപന്റ് കിട്ടിയില്ലെങ്കിലും കുഴപ്പമില്ല, ഈ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മതി. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 2003-04 വർഷം സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ടു എസ്. സി./എസ്. ടി. എന്ന വിഭാഗത്തിൽപ്പെട്ട ഒരു ഫണ്ട് ഉണ്ടായിരുന്നു. ആ ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം വിജിലൻസിന് വിട്ടു. ഇതിന്റെ ഭാഗമായി ഉണ്ടായ ഒരു പ്രശ്നം, നമുക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിഞ്ഞില്ല. അപ്പോൾ സ്വാഭാവികമായും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് കൊടുക്കാത്തതിന്റെ ഭാഗമായി അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയാലും സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ആയാലും കേരള ഗവൺമെന്റിന് തരുന്നതിന് കേന്ദ്രഗവൺമെന്റ് വലിയ വിമുഖത രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചു. അതിന്റെ ഭാഗമായി അടുത്തവർഷം മുതൽ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ കേന്ദ്രഗവൺമെന്റ് എടുത്തിട്ടുണ്ട്. ഈ കമ്പ്യൂട്ടർ കോഴ്സുകളുമായി ബന്ധപ്പെട്ട് ഒരു കണക്കും ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഇല്ല.

മി. സ്പീക്കർ: ഈ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല എന്നാണ് പറയുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, സർട്ടിഫിക്കറ്റ് കിട്ടില്ല. കാരണം കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നത് അനധികൃതമായിട്ടുള്ള ആൾക്കാരാണ്. അനധികൃതമായിട്ടുള്ള സ്ഥാപനങ്ങളാണ്. അവർ നടത്തുന്ന കമ്പ്യൂട്ടർ കോഴ്സിന് സർട്ടിഫിക്കറ്റ് കൊടുക്കാൻ ഗവൺമെന്റിന് കഴിയില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പല വീടുകളും കാലപ്പഴക്കം കാരണം താമസയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. പലതിനും വാതിലുകളില്ല, അതുപോലെ വയറിംഗ് ആകെ തകർന്ന് താമസിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇത്തരം വീടുകൾ പുന:രുദ്ധരിക്കുന്നതിനുള്ള വല്ല പദ്ധതികളും ഇപ്പോൾ നിലവിലുണ്ടോ? ഇല്ലെങ്കിൽ ഇതിനാവശ്യമായ ഫണ്ടുകൾ നീക്കിവച്ച് അതിന്റെ ശരിയായ കണക്ക് ശേഖരിച്ചുകൊണ്ട് ഇത്തരം വീടുകൾ അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതിയുടെ ബഡ്ജറ്റിന്റെ 63 ശതമാനവും പട്ടികവർഗ്ഗത്തിന്റെ 50 ശതമാനവും ഗ്രാന്റ്-ഇൻ-എയ്ഡായി നമ്മൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കൊടുത്തത്. അപ്പോൾ സ്വാഭാവികമായി ഇത്തരം കാര്യങ്ങളിൽ മെയിന്റനൻസ് നടത്താനുള്ള പ്രത്യേക പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഈ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് തന്നെ അവർക്ക് അത് നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, കേരളത്തിലെ ആദിവാസികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഭൂരഹിതരുടെ പ്രശ്നം. ആ ഭൂരഹിത ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനു വേണ്ടിയുള്ള പരിപാടി...........ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു—വരുന്ന 22-ാം തീയതി ആറളം ഫാമിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ് എന്ന്. അവിടെ 1700-ൽ അധികം കുടുംബങ്ങൾക്കാണ് പട്ടയം കൊടുക്കുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും സാംസ്കാരികമായിട്ട് വിവിധ തട്ടുകളിലുള്ള കുടുംബങ്ങളാണ് അവിടെ വരുന്നത്. അതൊരു വലിയ സാമൂഹിക പ്രശ്നമായി മാറാതിരിക്കാൻവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. കാരണം 1700 പട്ടികവർഗ്ഗ കുടുംബങ്ങൾ മാത്രം ഒരു മേഖലയിൽ വരികയാണ്. അവരുടെ സാമ്പത്തികവും സാംസ്ക്കാരികവും സാമൂഹികവുമൊക്കെയായിട്ടുള്ള അഭിവൃദ്ധിക്ക് വേണ്ടി എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, യഥാർത്ഥത്തിൽ ഇത് ഒരു മോഡൽ വില്ലേജായി ആദ്യം തന്നെ മാറ്റേണ്ടതായിരുന്നു. അതിന് നമുക്ക് കഴിഞ്ഞിട്ടില്ല. 1117 കുടുംബങ്ങൾക്ക് ഓരോ ഏക്കർ ഭൂമി കൊടുക്കുക, അവർക്ക് വീട് വച്ചുകൊടുക്കുക, പശ്ചാത്തല സൗകര്യങ്ങൾ എന്നുള്ള നിലയിൽ റോഡ്, വെള്ളം, വെളിച്ചം ഈ രൂപത്തിലുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക, അവിടെയുള്ള വിദ്യാർത്ഥികൾക്ക് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കുക, കുട്ടികളെ വീടുകളിൽനിന്നും സ്കൂളുകളിലേയ്ക്ക് എത്തിക്കാനുള്ള കൺവേയൻസ് ഉണ്ടാക്കുക, ഈ പരിപാടികളൊക്കെ തന്നെയാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെ പ്രഖ്യാപിക്കാം എന്നുള്ളതുകൊണ്ട് അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലാണ്. എന്നാൽ ജലനിധി പദ്ധതി നടപ്പിലാക്കിയ സമയത്ത് ആ ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കൾ 15 ശതമാനവും പട്ടികജാതി വിഭാഗങ്ങൾ 10 ശതമാനവും ഗുണഭോക്തൃ വിഹിതം വേണമെന്ന നിബന്ധന വച്ചിരിക്കുകയാണ്. പട്ടികജാതി വിഭാഗങ്ങൾക്ക് അത് ഏറെ പ്രയാസകരമാകും എന്ന കാര്യം ഉറപ്പാണ്. അതുകൊണ്ട് ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അല്ലെങ്കിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽനിന്ന് ഈ തുക അടയ്ക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഗുണഭോക്തൃ വിഹിതം പഞ്ചായത്തുകളുടെ ഫണ്ടിൽനിന്നും എടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഈ രൂപത്തിൽ രൂപീകൃതമായിട്ടുള്ള ഗുണഭോക്തൃ സമിതികൾ, അവർക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് താങ്ങാൻ കഴിയുമായിരുന്നില്ല. ഈ ഗവൺമെന്റ് വരുമ്പോൾ ഒരു യൂണിറ്റിന് 3.25 രൂപയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 95 പൈസയിലേയ്ക്ക് എത്തിച്ചു. അതിന്റെ ഭാഗമായി ഇന്ന് പട്ടികജാതി കോളനികളിലെല്ലാം കുടിവെള്ളം സുലഭമാണ്. വൈദ്യുതിയുടെ കാര്യത്തിൽ ഒരു പദ്ധതിയും ഇല്ലാതായ സ്ഥിതിയില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ജലനിധി പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10 ശതമാനമായിരുന്നു നേരത്തേ കോൺട്രിബ്യൂഷൻ. ആ 10 ശതമാനത്തിന്റെ രണ്ടര ശതമാനമായിരുന്നു ക്യാഷ് ആയി അവർ അടയ്ക്കേണ്ടിയിരുന്നത്. ഏഴര ശതമാനം അദ്ധ്വാനമായിരുന്നു. 2008 ജനുവരി മാസം 1-ാം തീയതി മുതൽ ആരംഭിക്കാൻ നിശ്ചയിച്ച്, വേൾഡ് ബാങ്കിന് സമർപ്പിച്ചിട്ടുള്ള പദ്ധതി പ്രകാരം സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം, 10 ശതമാനം കോൺട്രിബ്യൂഷൻ എന്നുള്ളത് 5 ശതമാനമായി കുറയ്ക്കാനും ക്യാഷ് കംപോണന്റ് 1 ശതമാനമായി പരിമിതപ്പെടുത്താനും 4 ശതമാനം അദ്ധ്വാനമായി മാറ്റാനുമാണ്. ഫോർമലായി ഏറെക്കുറേ അത് സമ്മതിച്ചിട്ടുണ്ട്. ആ വ്യവസ്ഥകൾ അംഗീകരിക്കുന്ന മുറയ്ക്ക് 2008 മുതൽ ഇത് പ്രാവർത്തികമാകുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 1 ശതമാനം മാത്രം ക്യാഷ് കംപോണന്റ് അടച്ചാൽ മതിയാകും. കാരണം, ഇത് ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ എന്നുള്ള നിലയിൽ നോമിനലായിട്ടെങ്കിലും കോൺട്രിബ്യൂഷൻ അടച്ചെങ്കിലേ കഴിയുകയുള്ളൂ.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇതുവരെ പട്ടികജാതി ഭവന നിർമ്മാണം നേരിട്ട് ഗുണഭോക്താക്കളെ ഏൽപ്പിക്കുകയായിരുന്നു. അത് അനന്തമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ അത് ഒഴിവാക്കാൻ ഭവനനിർമ്മാണ ചുമതല രണ്ട് സർക്കാർ ഏജൻസികളെ ഏൽപ്പിക്കുന്നതായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഏതാണ് ആ ഏജൻസികൾ? ആ ഏജൻസികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ? അതുപോലെ മാതൃകാ ട്രൈബൽ വില്ലേജ് ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് നിരവധി തവണ ഈ അസംബ്ലിയിൽ തന്നെ പറഞ്ഞതാണ്. ഈ പ്രാവശ്യം നേരിട്ട് തെരഞ്ഞെടുത്ത് ഗുണഭോക്താക്കൾക്ക് തന്നെയാണ് കാശ് കൊടുക്കുന്നത്. കഴിഞ്ഞ പ്രാവശ്യം പ്രതിപക്ഷത്തുനിന്നും ശക്തമായിട്ടുള്ള വിമർശനം വന്നതാണ്. പക്ഷേ അന്ന് ആ കാശ് കൊടുത്തില്ലായിരുന്നുവെങ്കിൽ ലാപ്സാകുമായിരുന്നു. അതുകൊണ്ട് ആ ഫണ്ട് ഹൗസിംഗ് ബോർഡിനും നിർമ്മിതിക്കും കൊടുത്തു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ഞാനും പങ്കെടുത്തുകൊണ്ട് റിവ്യൂ നടത്തി. ആ പണികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. 5,000 വീടുകളാണ് അവർക്ക് കൊടുത്തത്. ഏതെങ്കിലും പരിത:സ്ഥിതിയിൽ ഈ വീടുകൾ പൂർത്തീകരിക്കാൻ അവർക്ക് കഴിയുന്നില്ലെങ്കിൽ 12 ശതമാനം പെനാൽറ്റി ഫണ്ട് ഈ വകുപ്പിന് തിരിച്ചു തരണം. ആ എം. ഒ. യു-വിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ആദിവാസികളുടെ ഭൂമി പലപ്പോഴായി കയ്യേറി റിസോർട്ട് പണിയുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഏറ്റവും കൂടുതൽ ഭൂമി ആദിവാസികൾക്ക് നൽകിയത്. അദ്ദേഹം എന്റെ നിയോജകമണ്ഡലത്തിലെ കുരിയോട്ടുമല എന്നുപറയുന്ന ഗ്രാമപ്രദേശത്ത് 100 ഏക്കറിൽ അധികം ഭൂമി നൂറോളം കുടുംബങ്ങൾക്ക് നൽകുകയുണ്ടായി. ആ ഭൂമിയിൽ വീടുവച്ച് കൊടുക്കാനും വൈദ്യുതി എത്തിക്കാനുമുള്ള പണം അടച്ചിരുന്നു. ഞാൻ അത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അങ്ങ് ദിവസങ്ങൾ കൊണ്ടുതന്നെ അവിടെ വൈദ്യുതി എത്തിച്ചുതരികയും ചെയ്തതിൽ എനിക്ക്



LIBRARY ARCHIVES Kerala Legislative Assembly

നന്ദിയുണ്ട്. കഴിഞ്ഞ രണ്ട് സമ്മേളനങ്ങളിൽ ഇത് ഈ സഭയിൽ തന്നെ അവതരിപ്പിച്ച ഒരു വിഷയമാണ്. അവർക്ക് വീട് വച്ചു കൊടുക്കുന്നതിന് രണ്ടു പ്ലാനുകൾ അവരെ കാണിച്ച് മോഹിപ്പിച്ചു. അതിൽ ഏത് വേണമെങ്കിലും തെരഞ്ഞെടുക്കാമെന്ന് പറഞ്ഞു. അങ്ങനെ തെരഞ്ഞെടുത്തതിനുശേഷം കളക്ടർ അത് നിർമ്മിച്ചു കൊടുക്കുമെന്ന് പറഞ്ഞു. പിന്നീട് ചോദിച്ചപ്പോൾ കുടിവെള്ള പദ്ധതിക്ക് സമർപ്പിച്ചിട്ടുണ്ട്, അതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ അനുമതി കിട്ടുന്നില്ല, വെള്ളമില്ലാത്തതുകൊണ്ട് കെട്ടിടം പണിയാൻ കഴിയുന്നില്ല എന്നു പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷമായിട്ട് വീട് വച്ചുകൊടുക്കാനായി കാണിച്ചു കൊടുത്ത പ്ലാനിന്റെ സ്വപ്നവും കണ്ടുകൊണ്ടിരിക്കുകയാണ് അവർ. അവർക്ക് ജീവിക്കാൻ കഴിയുന്നില്ല. തിരിച്ച് അവർ വനഭൂമിയിലേയ്ക്ക് മടങ്ങുന്ന അവസ്ഥയാണ്. കാരണം, കാറ്റുള്ള സ്ഥലമായതുകൊണ്ട് അവിടെ കുടിൽ വച്ച് താമസിച്ചാൽ അത് പറന്നുപോകും. കൊല്ലം കളക്ടറോട് കഴിഞ്ഞ ദിവസം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, അതിനെക്കുറിച്ച് എനിക്ക് അറിയില്ല, ഞാൻ ചോദിച്ചിട്ടു പറയാമെന്നാണ്. ഇത്തരം കാര്യങ്ങളിൽ അങ്ങ് ശ്രദ്ധചെലുത്തിക്കൊണ്ട് സർക്കാരിന്റെ നടപടിക്രമങ്ങളിലെ നൂലാമാലകളിൽനിന്നും ഈ പാവങ്ങളെ രക്ഷിക്കാൻ എന്തു നടപടിയാണുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, വൈദ്യുതി കൊടുത്തു എന്നു പറയുന്നതിന് വളരെ നന്ദിയുണ്ട്. ഇപ്പോൾ ഞങ്ങൾ വന്നതിനുശേഷം 2388 ആദിവാസികൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. 1117 പേർക്ക് ഇപ്പോൾ കൊടുക്കാൻ പോവുകയാണ്. 5 വർഷംകൊണ്ട് നിങ്ങൾ ആകെ കൊടുത്തിട്ടുള്ളത് 3802 കുടുബങ്ങൾക്ക് 5902 ഏക്കർ ഭൂമിയാണ്. പലസ്ഥലത്തും ആദിവാസികൾ പോയിട്ടുമില്ല, താമസിക്കുന്നുമില്ല. എങ്കിൽപോലും പഴയ ഗവൺമെന്റ് ചില ശക്തമായിട്ടുള്ള നിലപാടുകൾ എടുത്തതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നമുക്ക് 19,000 ഏക്കർ ഭൂമി ലഭ്യമാകേണ്ടതുണ്ട്. അതിനുള്ള ശാശ്വതമായിട്ടുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള എസ്. ടി നിയമം നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ പറ്റും. വീടിന്റെ പ്രശ്നം വളരെ ഗൗരവത്തിൽ പരിശോധിക്കുന്നതും ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള ശക്തമായ നടപടിയെടുക്കുന്നതുമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ കാലത്തിനുള്ളിൽ തന്നെ ഈ വീടിന്റെ പ്രശ്നം പരിഹരിച്ചിരിക്കും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഷോളയാർ, പെരിങ്ങൽകുത്ത് പദ്ധതി പ്രദേശങ്ങളിൽ കഴിഞ്ഞ 50 വർഷമായി താമസിച്ചിരുന്ന ആദിവാസികൾക്ക് നാളിതുവരെ വൈദ്യുതി ലഭിച്ചിരുന്നില്ല. അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയായതിനുശേഷം അവിടെ മൂന്ന് കോളനികളിൽ ഇതിനകംതന്നെ വൈദ്യുതി കൊടുത്തു. ആദിവാസികൾ വളരെ സന്തോഷത്തിലാണ്. മറ്റു കോളനികളിൽ വൈദ്യുതി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്ന അങ്ങയെ പ്രത്യേകം അഭിനന്ദിക്കുന്നു. ആദിവാസി കോളനികൾ ചാലക്കുടി പട്ടണത്തിൽനിന്നും 90 മീറ്റർ അകലെ ഒറ്റപ്പെട്ടാണ് കിടക്കുന്നത്. അവർക്ക് ചികിത്സാ സൗകര്യങ്ങളില്ല. മലക്കപ്പാറയിൽ ഒരു ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനും മൊബൈൽ യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ആദിവാസികൾക്കുള്ള സമഗ്ര ചികിത്സാ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, പത്തും അൻപതും കൊല്ലമായിട്ടും പാവപ്പെട്ട ആദിവാസികളുടെ വീട്ടിലൊന്നും വൈദ്യുതി എത്തുന്നില്ല. ആതിരപ്പള്ളിയിൽ പോയ സമയത്ത് അവിടെയൊന്നുമില്ല. എല്ലാ ആദിവാസികൾക്കും വൈദ്യുതി കൊടുക്കാൻവേണ്ടി നടപടി സ്വീകരിച്ചു. അവരുടെ കയ്യിൽ നിയമപ്രകാരം ഭൂമിയില്ല എന്നതാണ് പ്രശ്നം. നിയമപ്രകാരം ഭൂമിയില്ലെങ്കിലും പഞ്ചായത്ത് നമ്പർ ഇട്ടതാണെങ്കിൽ അതു മാത്രം ക്രൈറ്റീരിയയാക്കിയെടുത്ത് വൈദ്യുതി കൊടുക്കാനാണ് ഇപ്പോൾ പറഞ്ഞത്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ അവിടെ വൈദ്യുതി കൊടുത്തത്. വൈദ്യസഹായവുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. കാശ് കയ്യിലില്ല എന്നതുകൊണ്ട് ഒറ്റ ആദിവാസികൾക്കുപോലും ചികിത്സ നിഷേധിക്കുന്ന സാഹചര്യം കേരളത്തിൽ ഉണ്ടാവില്ല. അതിന്റെ ഭാഗമായി ആദിവാസിക്ക് ഒരു അസുഖം വന്നുകഴിഞ്ഞാൽ 10,000 രൂപ വരെ ഹോസ്പിറ്റൽ സൂപ്രണ്ടിന് ചെലവഴിക്കാം. 10,000 മുതൽ 50,000 രൂപ വരെ എച്ച്. ഡി. സി.-ക്ക് ചെലവഴിക്കാം. 50,000-ന് മുകളിൽ ഗവൺമെന്റിന് ചെലവഴിക്കാം. ഈ രൂപത്തിൽ 10 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചു. പണം താഴോട്ട് കൊടുത്തു. ഇനി കേരളത്തിൽ കാശ് കയ്യിലില്ല എന്ന ഒറ്റ കാരണത്താൽ ആദിവാസികൾക്ക് ചികിത്സ നിഷേധിക്കുന്ന ഒരു സാഹചര്യം ഉണ്ടാകില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് 42 കോടി രൂപ കൊടുത്ത് കേന്ദ്ര ഗവൺമെന്റിൽനിന്നും വാങ്ങിയതാണ് ആറളം ഫാം. അതിന്റെ പകുതി പട്ടികവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കാനും പകുതി ഫാമായിട്ട് സൂക്ഷിക്കാനുമാണ് തീരുമാനിച്ചത്. ആദിവാസികൾക്ക് പതിച്ചുകൊടുക്കാൻ തീരുമാനിച്ചതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി, മുഖ്യമന്ത്രി അടുത്ത ദിവസം അത് കൊടുക്കുമെന്ന് പറഞ്ഞു. ഫാം ആയിട്ട് സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ള പകുതി സ്ഥലം, ഏതാണ്ട് ഏഴായിരത്തിൽപ്പരം ഏക്കർ വരും. അത് സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിരിക്കുന്നത്? അതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ മുഴുവൻ പൂർത്തിയായിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, മൊത്തം ഏഴായിരം ഏക്കർ ഭൂമിയാണ് ആറളത്തുള്ളത്. അതിൽ 3,500 ഏക്കർ ഭൂമിയാണ് വിതരണം നടത്താൻവേണ്ടി കഴിഞ്ഞ കാലഘട്ടത്തിൽ ശ്രീ. എ. കെ. ആന്റണി തീരുമാനിച്ചത്. 800-ൽ ചില്വാനം ഏക്കർ ഭൂമി കൊടുത്തു. ബാക്കിയുള്ള ഭൂമി കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യം വന്നു. ഈ ഗവൺമെന്റ് വന്ന സമയത്തുതന്നെ ഒരു മുത്തങ്ങ സംഭവം ഉണ്ടാകുമെന്ന് ഞങ്ങൾ ഭയപ്പെട്ടതാണ്. പക്ഷേ അവരേയും കൂടി വിശ്വാസത്തിൽ എടുത്തിട്ടാണ് ഈ ഭൂമി ഇപ്പോൾ വിതരണം നടത്താൻ കഴിഞ്ഞത്. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നല്ല സഹായം ഉണ്ടായിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി ഫാം ആയിട്ടുതന്നെ നിലനിർത്താനായി ഞങ്ങൾ ഒരു കമ്പനി രൂപീകരിക്കാൻ പോവുകയാണ്. ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ തന്നെയാണ് കമ്പനി എന്നുള്ള സങ്കൽപ്പം വന്നത്. വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉണ്ടാക്കി കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു ഫാം ആ പരിസരത്ത് റീഹാബിലിറ്റേറ്റ് ചെയ്ത് ആദിവാസികൾക്കടക്കം അതിന്റെ ഗുണം ലഭ്യമാക്കത്തക്ക രൂപത്തിലുള്ള ഒരു പദ്ധതിയാണ് ഇപ്പോൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, വകുപ്പ് നേരിട്ടുതന്നെ തൃശ്ശൂർ ജില്ലയിൽ ഇരുപത്തെട്ട് മുറികളുള്ള ഒരു കെട്ടിടം വിലയ്ക്കെടുത്തു എന്ന് പറഞ്ഞു. അത് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും കച്ചവടം നടത്തുന്നതിന് വാടകയ്ക്ക് കൊടുക്കാൻ വേണ്ടിയാണ്. ആ മുറികൾ വിലയ്ക്ക് വാങ്ങിയപ്പോൾതന്നെ അക്കൗണ്ടന്റ് ജനറലിന്റെ സംശയകരമായ റിപ്പോർട്ടുകളൊക്കെ അതിന്റെ പിന്നിൽ ഉണ്ടായിട്ടുണ്ട്. അത് ഇപ്പോൾ ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ; ഏതെങ്കിലും പട്ടികവിഭാഗക്കാർ ആ മുറി വാടകയ്ക്ക് ഏറ്റെടുത്തിട്ടുണ്ടോ; അതിനെ സംബന്ധിച്ച് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ; അതിനെക്കുറിച്ച് ഒന്ന് പറയാമോ?

ശ്രീ. എ. കെ ബാലൻ: സർ, അതിന് ബെനിഫിഷ്യറിയെ തെരഞ്ഞെടുക്കുന്നതിൽ ചെറിയ ഒരു അപാകത പഴയ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംഭവിച്ചത് ബോധപൂർവ്വമാണ് എന്നൊന്നും ഞാൻ പറയുന്നില്ല. അതുകൊണ്ട് ബെനിഫിഷ്യറിയെ തെരഞ്ഞെടുക്കുന്നത് എസ്.സി./എസ്.ടി കോർപ്പറേഷൻ ആയിരിക്കണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ എസ്. സി., എസ്. ടി. കോർപ്പറേഷൻ ബെനിഫിഷ്യറീസിനെ തെരഞ്ഞെടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. ബാബു പ്രസാദ്: സർ, പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം- ഇന്ന് ബ്ലോക്ക് പഞ്ചായത്തുകളും ത്രിതല പഞ്ചായത്തുകളും മുഖേന നടത്തുന്ന ധനസഹായം- ചില ദുർബ്ബലമായ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നടപ്പാക്കാത്തതുകൊണ്ട് കഴിഞ്ഞ വർഷം എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് ഏതാണ്ട് 20 ശതമാനം പട്ടികജാതിക്കാർക്ക് മാത്രമേ അതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചുള്ളൂ. ഈ വർഷം അങ്ങനെ നാനൂറോളം വീടുകൾ ത്രിതല പഞ്ചായത്ത് മുഖേന വിതരണം ചെയ്യാൻ പൈസ വന്നിട്ടുണ്ട്. പക്ഷേ ഉദ്യോഗസ്ഥൻമാർ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇത് തടയുന്നതുകൊണ്ട് പല ആനുകൂല്യങ്ങളും ലഭിക്കേണ്ടവർക്കും അത് ലഭിക്കാതെ പോവുകയാണ്. അത് അന്വേഷിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ ബാലൻ: സർ, ഇത് കറക്ടാണ്. കാരണം ഡിപ്പാർട്ടുമെന്റ് എത്ര സജീവമായി ചലിച്ച് കഴിഞ്ഞാലും താഴെ തട്ടിലുള്ള ചില ഉദ്യോഗസ്ഥൻമാരുടെ അലംഭാവവും അതുപോലെ കൃത്യവിലോപവും ഒക്കെതന്നെ പദ്ധതികൾ നടപ്പിലാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് ഹരിപ്പാട് ഭാഗത്തെ വീടിന്റെ പ്രശ്നം വളരെ സജീവമായി പരിശോധിക്കുന്നതാണ്. അതിന് പരിഹാരം കാണുന്നതാണ്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, കേരളത്തിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം പത്ത് ശതമാനത്തോളം പട്ടികജാതിക്കാരാണ്. എന്നാൽ കേരളത്തിൽ ആകെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ 19 ശതമാനവും പട്ടികജാതിക്കാരാണ്. ഇത് മൊത്തം ജനസംഖ്യയും പട്ടികജാതിക്കാരനും തമ്മിലുള്ള അനുപാതത്തിൽ ഇരട്ടിയോളം വ്യത്യാസം ദാരിദ്ര്യത്തിന്റെ കാര്യത്തിൽ ഉണ്ട്. അത് സൂചിപ്പിക്കുന്നത്, കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ ജനവിഭാഗത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് നമ്മൾ നടപ്പിലാക്കിയ പദ്ധതികളുടെ പോരായ്മയോ അല്ലെങ്കിൽ ഈ പദ്ധതികൾ ഉദ്ദേശിച്ച ജനവിഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്തുന്നില്ല എന്നുള്ളതിന്റെ കുറവോ ആണ്. എന്റെ ചോദ്യം, ദാരിദ്ര്യത്തിന്റെ കാര്യത്തിലുള്ള ഈ അന്തരം പരിഹരിക്കാൻവേണ്ടി ബോധപൂർവ്വമായ എന്ത് പരിശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്നതാണ്.

ശ്രീ. എ. കെ ബാലൻ: സർ, ഇതിൽ ബഹുമാനപ്പെട്ട മെമ്പർ ടി.പി. കുഞ്ഞുണ്ണി സൂചിപ്പിച്ചതുപോലെ ഈ ഒരു വ്യത്യാസം ഉണ്ട്. ഇതടക്കം പരിശോധിക്കുന്നതിനും പ്ലാൻ പ്രോസസ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ഇടപെടുന്നതിനും അഭിപ്രായം പറയുന്നതിനും അതിനനുസരിച്ച് പദ്ധതികളുടെ ആവിഷ്കരണത്തിൽ തന്നെ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും സഹായകരമായിട്ടുള്ള നിയമനിർമ്മാണമാണ് പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷനുമായി ബന്ധപ്പെട്ട് ഇപ്പോൾ നമ്മൾ ഇവിടെ ഉണ്ടാക്കിയത്. ആ കമ്മീഷന്റെ പരിധിയിൽ ഈ പ്രശ്നംകൂടി വരും എന്നുള്ളതുകൊണ്ട് ഈ പ്രശ്നം നമുക്ക് പരിഹരിക്കാൻ കഴിയും.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ശനിയാഴ്ച ആറളം ഭൂമി കൊടുത്തതിനെ സംബന്ധിച്ച് പറയുകയുണ്ടായി. നേരത്തെ ഈ ട്രൈബൽ മിഷൻ പറഞ്ഞിരുന്നത് 1200 പേർക്ക് ഭൂമി സ്പ്രെഡ് ചെയ്തു കൊടുക്കാതെ അൻപതോ നൂറോ വീടുകൾ ഒരു ക്ലസ്റ്ററായി കൊടുക്കുക. അതല്ലെങ്കിൽ 1200 ഏക്കറും സ്പ്രെഡ് ചെയ്ത് കിടന്നാൽ അവിടെ ആവശ്യമായ പ്രൈമറി ഫെസിലിറ്റീസ് ഉണ്ടാകില്ല; കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ ഉണ്ടാകില്ല. അതിന് പകരം അൻപതോ നൂറോ വീടുകൾ ഒരു ക്ലസ്റ്ററായി കൊടുത്തു കഴിഞ്ഞാൽ അവിടെ ഒരു കമ്മ്യൂണിറ്റി ഡെവലപ് ചെയ്യാൻ സാധിക്കും. അതിന് പകരം 1200 ഏക്കറും കൊടുക്കാനുള്ള രീതിയിൽ ഒരു മാറ്റം വരുത്താൻ ആലോചിക്കണം. വൈകി എന്ന് പറയുകയുണ്ടായി. വൈകിയിട്ടില്ല. ഇനിയും അതിന് ചെയ്യാവുന്ന കാര്യങ്ങളേ ഉള്ളൂ.

ശ്രീ. എ. കെ ബാലൻ: സർ, ഈ പറഞ്ഞ പ്രൊപ്പോസലാണ് ഞങ്ങൾ ഇപ്പോൾ നേരിയമംഗലത്ത് ആവിഷ്ക്കരിക്കാൻ പോകുന്നത്. ഇവിടെ ഒരു ഏക്കർ നമ്മൾ ഐഡന്റിഫൈ ചെയ്ത് ഓരോ ആൾക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചു. ഇനി ക്ലസ്റ്ററായിട്ട് വീട് ഉണ്ടാക്കുക എന്ന് പറയുന്നത് പ്രായോഗികമായി ശരിയല്ല. ഈ പറയുന്നതാണ് ഏറ്റവും നല്ലത്. ഏറ്റവും നല്ല പ്ലാനിംഗ് ആയിരുന്നു നമുക്ക് അവിടെ ആവശ്യം. എന്നാൽ തന്നെ കുറേ ഭൂമി നമുക്ക് ലാഭിക്കാൻ പറ്റുമായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ അത് കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും അത് നമുക്ക് പരിശോധിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഫലപ്രദമായി ആദിവാസി മേഖലയെ ശ്രദ്ധിക്കുന്നുണ്ട് എന്നത് വിജയകരമായ പല പദ്ധതികളിൽ നിന്നും മനസ്സിലാക്കിത്തന്നിട്ടുണ്ട്. പല ആദിവാസി മേഖലയിലുള്ള ആൾക്കാരുടെയും കുടുംബ കാർഡുകൾ എ. പി. എൽ. ലിസ്റ്റിൽപ്പെടുത്തുന്നതുകണ്ടു. ദൈനംദിന ജീവിതത്തിന് പോലും ബുദ്ധിമുട്ടുന്ന അവരുടെ ജീവിത നിലവാരം തകർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്രത്തിന്റെ ഇടപെടലിലൂടെ എ. പി. എൽ. ലിസ്റ്റിലേയ്ക്ക് കടന്നിട്ടുള്ളവരെ കൃത്യമായും യഥാർത്ഥ സാമ്പത്തിക സർവ്വേ അനുസരിച്ച് ബി. പി. എൽ. ലിസ്റ്റിൽ നിർത്തുവാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ ഉണ്ടാക്കുമോ?

ശ്രീ. എ. കെ ബാലൻ: സർ, യഥാർത്ഥത്തിൽ പട്ടിണിയിൽ കഴിയുന്ന ആദിവാസി ഫാമിലികളെ അടക്കം എ. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തും, കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിലും ഇത് പെടുത്തും. ഒരു പരിതസ്ഥിതിയിലും പാവപ്പെട്ട ആദിവാസികളെ എ. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ഒരു അർത്ഥവുമില്ല എന്നുള്ള അഭിപ്രായം തന്നെയാണ് ഉള്ളത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ആദിവാസികൾക്ക് ഭൂമി നൽകുന്ന കാര്യത്തിൽ യു. ഡി. എഫ്. ഗവൺമെന്റാണ് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ഭൂമി നൽകിയിട്ടുള്ളത് എന്ന് അങ്ങയുടെ കൈവശമുള്ള രേഖകളിൽ നിന്നും ഫയലുകളിൽ നിന്നും അങ്ങേയ്ക്ക് അറിയാം. ഈ ഗവൺമെന്റ് കൊടുക്കാൻ പോകുന്ന ഭൂമിയും കഴിഞ്ഞ ഗവൺമെന്റ് വാങ്ങിയ ആറളം ഫാം ഉൾപ്പെടെയുള്ള കാര്യങ്ങളുമാണ് ഇവിടെ പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ വർഷം 85 ശതമാനം പദ്ധതി വിഹിതം ചെലവഴിക്കാൻ കഴിഞ്ഞു എന്ന് പറഞ്ഞതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. പക്ഷേ ഫെബ്രുവരി മാസം വരെ ആയിട്ടും 60 ശതമാനം പോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ട് അത് 85 ശതമാനം മാത്രം ചെലവഴിക്കുന്നതിന് വേണ്ടി നിർമ്മിതി കേന്ദ്രങ്ങളിലേയ്ക്കും അതുപോലെ തന്നെ ഹൗസിങ് ബോർഡിലേയ്ക്കും വീട് വയ്ക്കുന്നതിന് ആവശ്യമായ പണം നീക്കി വയ്ക്കുകയാണ് ചെയ്തത്. ലാപ്സാകാതിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത് എന്ന് അങ്ങ് പറഞ്ഞത് സ്വാഗതം ചെയ്യുകയാണ്. പക്ഷേ അങ്ങ് ഇവിടെ പറഞ്ഞു ഹൗസിംഗ് ബോർഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്ന് വീഴ്ച വരുത്തിക്കഴിഞ്ഞാൽ 12 ശതമാനം പലിശ വാങ്ങുവാനുള്ള നടപടി സ്വീകരിക്കും എന്ന്. ഹൗസിംഗ് ബോർഡ് പോലുള്ള സ്ഥാപനങ്ങളിലെ ഇന്നത്തെ ധനകാര്യ സ്ഥിതി എന്താണ്? അവിടെനിന്ന് 12 ശതമാനം പോയിട്ട് ഒരു ശതമാനം പോലും പലിശ വാങ്ങാൻ കഴിയാത്ത സാഹചര്യമാണ് ഹൗസിംഗ് ബോർഡിന് ഉള്ളത് എന്ന് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. ഈ ഒരു സാഹചര്യത്തിൽ ഇത്രയും അധികം വീടുകൾക്ക് ആവശ്യമായ പണം ഇത്തരം സ്ഥാപനങ്ങൾക്ക് അനുവദിച്ച് അത് വേണ്ട രീതിയിൽ നടപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഈ വകുപ്പ് കൈകാര്യം ചെയ്ത സമയത്ത് ഇതിന്റെ എല്ലാ കാര്യത്തെക്കുറിച്ചും നല്ല ബോദ്ധ്യമുണ്ടാകുമല്ലോ? എത്ര വീടുകളാണ് നമ്മുടെ മുൻപിൽ നാലും അഞ്ചും കൊല്ലമായി തുടങ്ങിയിട്ട് പൂർത്തിയാകാത്തതായുള്ളത്. അടിത്തറ കെട്ടിയിട്ടുണ്ടാകും, പിന്നെ പണി നടക്കില്ല. പിന്നെ റൂഫിലേയ്ക്ക് എത്തിയിട്ടുണ്ടാവില്ല. അപ്പോൾ പിന്നെ അവിടെ ഓലകൊണ്ടോ പ്ലാസ്റ്റിക് കൊണ്ടോ മൂടുകയാണ് ചെയ്യുന്നത്. ഈ ഒരു പ്രശ്നം പരിഹരിക്കുന്നതിനാണ് ഗവൺമെന്റ് ഏജൻസിയെ ഏൽപ്പിക്കണമെന്ന് തോന്നിയത്. ഗവൺമെന്റ് ഏജൻസി എന്ന് പറഞ്ഞാൽ അതിനെക്കുറിച്ച് വിശ്വാസത്തിലെടുക്കണ്ടേ. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ എന്തെങ്കിലും ചെയ്തു എന്നുള്ളതുകൊണ്ട് അവരെ ചുമതലപ്പെടുത്തിയിട്ടുള്ള അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ഗവൺമെന്റ് ഏജൻസിയെ ശക്തിപ്പെടുത്തുന്നത് ഗവൺമെന്റിന്റെ ഒരു ബാദ്ധ്യതയാണ്. അതാണ് ഇതിന്റെ ഒരു ഭാഗം. മറ്റൊന്ന്, സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിന് ബെനിഫിഷ്യറീസിന്റെ കയ്യിൽ കൊടുത്തുകഴിഞ്ഞാൽ, നമുക്ക് അറിയാം ആദിവാസി മേഖലയിലേയ്ക്ക് പണം കിട്ടിക്കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും ആ പണം ചെലവഴിക്കാറില്ല. അതുകൊണ്ട് തന്നെ വീടുകൾ പൂർത്തീകരിക്കാറില്ല. ഇത് വച്ചുകൊണ്ട് നല്ല വിശ്വാസത്തിൽ ചെയ്തതാണ്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ അടക്കമുള്ള ആൾക്കാർ പറഞ്ഞതിനുശേഷം ഞാൻ അത് rethink ചെയ്തു. വീണ്ടും നമ്മൾ ബെനിഫിഷ്യറീസിന് തന്നെ കൊടുക്കുകയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, ആദിവാസി മേഖലയിൽ താരതമ്യേന എണ്ണത്തിൽ കുറവായ കുറുമർ, കുറിച്യർ എന്നീ വിഭാഗങ്ങൾ സാംസ്കാരികമായും സാമ്പത്തികമായും താരതമ്യേന മെച്ചപ്പെട്ടവരാണ് എങ്കിലും എണ്ണത്തിൽ കൂടുതലുള്ള പണിയ വിഭാഗത്തിൽപ്പെട്ട ആളുകൾ വളരെ പരിതാപകരമായിട്ടാണ് ഇന്ന് ജീവിക്കുന്നത്. തമിഴ്നാട്ടിൽ പണിയ, അടിയ എന്നീ ജനവിഭാഗങ്ങളെ പ്രാക്തന ഗോത്രവർഗ്ഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലും അവരെ അതിൽ ഉൾപ്പെടുത്താൻ കിർത്താഡ്സിനോട് ഗവൺമെന്റ് നിർദ്ദേശിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കുറുമർ അതുപോലെ കുറിച്യർ, പണിയ സമുദായം പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടതല്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതി പരിശോധിച്ച് ഇത് കിർത്താഡ്സിന് റിപ്പോർട്ട് ചെയ്യാനായി കൊടുക്കാം.

ശ്രീ. കെ. ബാബു: സർ, സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് പദ്ധതികൾക്കെല്ലാം അനുമതി ലഭിക്കുന്നത്. ഇവിടെ തന്നെ നേരത്തെ ശ്രീ. വി. ഡി. സതീശൻ ചോദിച്ച ചോദ്യത്തിൽ കഴിഞ്ഞ വർഷം പദ്ധതികൾ ലാപ്സായ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം ശനിയാഴ്ചയായിരുന്നു. ബഹുഭൂരിപക്ഷം പഞ്ചായത്തുകളും പദ്ധതികൾ സമർപ്പിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. പ്ലാനിംഗ് ബോർഡിന്റെ പിടുപ്പുകേട് ഇതിനകത്ത് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നു. എന്റെ ചോദ്യം ഇങ്ങനെ പദ്ധതികൾ ഓരോ വർഷവും ലാപ്സായി പോകാതിരിക്കാനും ഈ വർഷം കൃത്യമായി പദ്ധതികൾ നടപ്പാക്കാനും എന്ത് ക്രമീകരണമാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ചെയ്തിട്ടുള്ളത്: അതുപോലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നില്ല എന്നുള്ള ആക്ഷേപം ഉണ്ട്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട കെ. ബാബു സൂചിപ്പിച്ചതുപോലെ തുക ലാപ്സായിട്ടില്ല. നാല്പത് കോടി രൂപ ലാപ്സായി എന്ന് പറയുന്നത് തെറ്റാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അറുന്നൂറ്റിയൻപത് കോടി രൂപ ലാപ്സായി എന്ന് പറഞ്ഞിട്ടാണ് മാതൃഭൂമിയും മലയാള മനോരമയും വാർത്തകൾ കൊടുത്തിരുന്നത്. ഞാൻ ആ കണക്കും പരിശോധിച്ചു. കംപ്ലീറ്റ് ലാപ്സായ കണക്കല്ല അത്. ചില തുക നമുക്ക് ചെലവഴിക്കാനാകാത്ത, അനിവാര്യമായ സാഹചര്യം ഉണ്ടാകും. പക്ഷേ ലഭ്യമായിട്ടുള്ള ഫണ്ട് ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിയാവുന്ന സാഹചര്യം ഇപ്പോൾ ഇല്ല. അതിനുള്ള പ്രധാനകാരണം ഗവൺമെന്റിൽ നിന്നു കിട്ടുന്ന പദ്ധതികൾ ഇവിടെ നമ്മൾ ആവിഷ്കരിക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാനമാണ്. അങ്ങനെ വരുമ്പോൾ നമുക്ക് പൂർണ്ണമായും ആ ഫണ്ട് ചെലവഴിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല. ആര് വിചാരിച്ചാലും ചെലവഴിക്കാൻ കഴിയില്ല.. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാൽപത് കോടിയോളം രൂപ വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. അത് ഞങ്ങൾ വന്നു കൊടുത്തു. ഇപ്പോൾ ഏതെങ്കിലും ഒരു വിദ്യാർത്ഥിയിൽ നിന്നോ ഒരു വിദ്യാർത്ഥി സംഘടനയിൽനിന്നോ എനിക്ക് ഈ സമയം വരെ ഒരു പരാതി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്ന് പറഞ്ഞ് കിട്ടിയിട്ടില്ല. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ മാസം തന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിപൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്.

ശ്രീ. കെ. അജിത്: സർ, ഈ സംസ്ഥാനത്തെ പട്ടികജാതി കോളനികൾ ഇപ്പോൾതന്നെ വളരെ ശോചനീയാവസ്ഥയിലാണ്. സംസ്ഥാനത്തുണ്ടായിട്ടുള്ള ഭൂമി വില വർദ്ധനവിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെ ഭവന പദ്ധതികൾ മുഴുവൻ ഇപ്പോൾ മുടങ്ങാൻ പോകുകയാണ്. ഒരു ഭീകരമായ അവസ്ഥയിൽ എത്തുകയാണ്. ആ സാഹചര്യത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആൾക്കാരെ എല്ലാംകൂടി യോജിപ്പിച്ച് ഒരു ഫ്ളാറ്റ് നിർമ്മിച്ച് കേന്ദ്രീകൃത വികസന പ്രവർത്തനം നടത്തുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് നല്ല ഒരു നിർദ്ദേശമാണ്, പ്രത്യേകിച്ച് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് ഇത് പരിശോധിക്കാം. ഗ്രാമപ്രദേശത്ത് ഇപ്പോൾ ഭൂമി കിട്ടുന്നതിന് വലിയ ബുദ്ധിമുട്ടൊന്നുമില്ല. പക്ഷേ അർബൺ ഏരിയയിൽ ഭൂമി കിട്ടുന്നതിന് നല്ല ബുദ്ധിമുട്ടാണ്. അപ്പോൾ ഒരു പത്തോ പതിനഞ്ചോ സെന്റ് സ്ഥലമുണ്ടെങ്കിൽ അവിടെ ഒരു വലിയ ഫ്ളാറ്റുണ്ടാക്കി നിരവധി വീടുകൾ നമുക്ക് ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കും. കഴിഞ്ഞപ്രാവശ്യം ഫണ്ട് ലാപ്സാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കോർപ്പറേഷനുകളാണ് ഏറ്റവും ഗുരുതരമായിട്ടുള്ള ചില വീഴ്ചകൾ കാട്ടിയിട്ടുള്ളത്. അവരോട് പറഞ്ഞ് ഈ രൂപത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകഴിഞ്ഞാൽ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമല്ലോ. ആ രൂപത്തിൽ പട്ടണപ്രദേശങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അവർക്കാവശ്യമായ വാർഡൻ, കുക്ക്, അതുപോലെ ഫർണീച്ചർ ഇവ ഇല്ലാത്തതുകൊണ്ട് പലതും പൂട്ടിക്കിടക്കുകയാണെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഹോസ്റ്റലുകൾ പൂട്ടിക്കിടക്കുന്നത് ഇതുവരെയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 245 ഹോസ്റ്റലുകളിൽ എല്ലാ ഹോസ്റ്റലുകളും ഈ വർഷത്തോടുകൂടി നവീകരിച്ചിരിക്കും. അതിനാവശ്യമായിട്ടുള്ള ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകഴിഞ്ഞു. കഴിഞ്ഞപ്രാവശ്യം തന്നെ 35 ഹോസ്റ്റലുകൾ നവീകരിച്ചു. ഇപ്രാവശ്യം ഏതാണ്ട് 140-ഓളം ഹോസ്റ്റലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു; ഫണ്ടും കൊടുത്തുകഴിഞ്ഞു. ആവശ്യമായിട്ടുള്ള ബെഡ്സ് ഉണ്ടായിരുന്നില്ല, പുതയ്ക്കാൻ പുതപ്പുണ്ടായിരുന്നില്ല, ഫർണീച്ചർ ഉണ്ടായിരുന്നില്ല, കിച്ചണിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ ഉണ്ടായിരുന്നില്ല എന്നുപറഞ്ഞത് കറക്ടായിരുന്നു. ഇപ്പോൾ അതൊക്കെത്തന്നെ കൊടുത്തുകഴിഞ്ഞു. ഇപ്പോൾ ഹോസ്റ്റലുകളിൽ നല്ല ഭക്ഷണവും താമസിക്കാനുള്ള സൗകര്യവുമൊക്കെയുണ്ട്. ഇടമലയാറിലുള്ള ഹോസ്റ്റലിൽ ഈ പറഞ്ഞ രൂപത്തിലുള്ള നരകമായിരുന്നു. ഞാൻ ഇടമലയാറിൽ പോയപ്പോൾ രണ്ട് ട്രൈബൽ ഹോസ്റ്റലുകൾ കണ്ടു, ഇപ്പോൾ ആ രണ്ട് ട്രൈബൽ ഹോസ്റ്റലുകൾക്കും വേണ്ടി കൊടുത്തിരിക്കുന്നത് കെ. എസ്. ഇ. ബി.-യുടെ രണ്ട് ബംഗ്ലാവുകളാണ്. 8 ലക്ഷം രൂപയും കൊടുത്തു. രണ്ട് ആദിവാസി ഹോസ്റ്റലുകൾ മനോഹരമായ കെ. എസ്. ഇ. ബി.-യുടെ ബംഗ്ലാവുകളിലേയ്ക്കാണ് ഇപ്പോൾ മാറ്റിയിട്ടുള്ളത്.

ശ്രീ. തോമസ് ചാഴികാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ് കോട്ടയം മെഡിക്കൽ കോളേജിൽ 2000-മുതൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്കു വേണ്ടിയുള്ള ഒരു നഴ്സിംഗ് സ്കൂൾ. ആ സ്കൂളിന് ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലാതിരുന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയും പ്രത്യേകം താൽപ്പര്യമെടുത്ത് അവിടെ അതിനുള്ള ഭരണാനുമതി നൽകിയെങ്കിലും ബാക്കി നടപടികൾ ഇതുവരെയും പുരോഗമിച്ചിട്ടില്ല. ആറേഴ് വർഷമായിട്ടും കുട്ടികൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതിന്റെ മുന്നോട്ടുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, നഴ്സിംഗ് ഹോസ്റ്റൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ഈ വർഷം തന്നെ അതിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ സഹായവും ഈ വകുപ്പ് ചെയ്യുന്നതായിരിക്കും.

## നദീതീരങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്ന പദ്ധതി

2(*272) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. സി. രാജഗോപാലൻ:
ശ്രീ. എ. എം. യൂസഫ്:
ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിടിച്ചിൽ തടയുന്നതിന് നദീതീരങ്ങളിൽ വൃക്ഷംവച്ചുപിടിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പദ്ധതി നടത്തിപ്പിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നുണ്ടോ;

(സി) പദ്ധതി പ്രകാരം ഏതെല്ലാം വൃക്ഷങ്ങളാണ് നട്ടിട്ടുള്ളത്; ഇവ നശിച്ചു പോകാതെ സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ,

(എ & ബി) ഇത്തരമൊരു പദ്ധതി വനംവകുപ്പ് പ്രത്യേകമായി നടപ്പിലാക്കുന്നില്ല. എന്നാൽ 2005-06-ൽ ഇത്തരമൊരു പദ്ധതി കേന്ദ്രസർക്കാർ ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ തീരത്ത് നടപ്പിലാക്കിയിരുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത നദികളുടെ കരകളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടികളിൽ വനംവകുപ്പ് പൂർണ്ണ സഹകരണവും പങ്കാളിത്തവും നൽകിവരുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വനംവകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും സംയുക്തമായി നടപ്പിലാക്കിയ വൃക്ഷത്തൈ നടീൽ പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

തിരുവനന്തപുരം ജില്ല

കരമനയാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നദിയുടെ ഇരുകരകളിലുമായി പൊതുജന പങ്കാളിത്തത്തോടുകൂടി 8,300 മുളത്തൈകൾ നട്ടുപിടിപ്പിച്ചു.

കൊല്ലം ജില്ല

കല്ലടയാറിന്റെ ഇരുകരകളിലുമായി പുനലൂർ മുൻസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയംസഹായ സംഘങ്ങളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടുകൂടി 5,100 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

തൃശൂർ ജില്ല

തൃശൂർ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പുമായി യോജിച്ച് മണലിപ്പുഴയുടെ കരകളിൽ 10,500 മുളത്തൈകൾ പൊതുജന പങ്കാളിത്തത്തോടുകൂടി നട്ടുപിടിപ്പിച്ചു.

പാലക്കാട് ജില്ല

ഭാരതപ്പുഴയുടെ കരകളിൽ പാലക്കാട് ജില്ലയിലെ 3 മുൻസിപ്പാലിറ്റികളുടെയും 14 പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പൊതുജനപങ്കാളിത്തത്തോടു കൂടി കേന്ദ്ര സർക്കാരിന്റെ ആർ. എസ്. വി. വൈ. ഫണ്ടുപയോഗിച്ച് 83,900 മുളത്തൈകൾ നട്ടുപിടിപ്പിച്ചു.

വനം വകുപ്പ് ആവശ്യമായ മുളത്തൈകൾ വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എം. ചന്ദ്രൻ: സർ, ഈ വർഷത്തെ കാലവർഷം വളരെ ശക്തമായിരുന്നു. അതിന്റെ ഭാഗമായി ഭാരതപ്പുഴയും അതിന്റെ പോഷക നദികളുമൊക്കെ അതിന്റെ പഴയ

LIBRARY ARCHIVES Kerala Legislative Assembly

തീരങ്ങളിലൂടെയാണ് ഇപ്രാവശ്യം ഒഴുകിയത്. അപ്പോഴാണ് യഥാർത്ഥത്തിൽ നദിയുടെ അതിർത്തി ആളുകൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. നദികൾ കാണിച്ചുതന്ന ഈ അതിർത്തി റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി ഏറ്റെടുത്ത് അവിടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ വല്ല പദ്ധതിയും വനംവകുപ്പ് തയ്യാറാക്കുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, വനംവകുപ്പ് ആ പദ്ധതികളെപ്പറ്റി ചിന്തിക്കുന്നുണ്ട്. മൂന്ന് കൊല്ലംകൊണ്ട് പൂർത്തിയാക്കാവുന്ന ഒന്നേമുക്കാൽ കോടിയോളം രൂപ ഫണ്ടായി വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയാണ് ലക്ഷ്യമിടുന്നത്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, എല്ലാവരാലും പ്രകീർത്തിക്കപ്പെട്ട ഒരു പരിപാടിയായിരുന്നു എന്റെ മരം പദ്ധതി. സ്കൂളുകളിൽ നിന്ന് ലക്ഷക്കണക്കിന് തൈകളാണ് കുട്ടികൾ വാങ്ങിക്കൊണ്ടുപോയി വീടുകളിൽ നട്ടത്. ആ പരിപാടിയുടെ പിന്നീടുള്ള പ്രവർത്തനത്തെ സംബന്ധിച്ച് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് അത് പരിശോധിക്കാനാവശ്യമായിട്ടുള്ള വല്ല പദ്ധതിയും ആവിഷ്ക്കരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, തീർച്ചയായും അത് ചെയ്യുന്നുണ്ട്. തുടർന്നും ചെയ്യും. ആ പദ്ധതി സാമൂഹിക വനവൽക്കരണ മേഖലയിൽ ഒരു വമ്പിച്ച വഴിത്തിരിവായിരുന്നു. 25 ലക്ഷം വിദ്യാർത്ഥികൾ അതിൽ പങ്കെടുത്തു. അത് വിദ്യാഭ്യാസ വകുപ്പിനും വനം വകുപ്പിനും അഭിമാനപൂർവ്വം പറയാൻ കഴിയും. അതിന്റെ പരിശോധന നടക്കുന്നുണ്ട്. ഞാൻ വിശദമായ കണക്കുകൾ പറയാൻ തയ്യാറാണ്, പക്ഷേ സമയക്കുറവുകൊണ്ട് പറയുന്നില്ല. എല്ലാ ജില്ലകളിലും ശരാശരി 80 ശതമാനം തൈകളും നട്ടുപിടിപ്പിക്കപ്പെട്ടത് വളർന്നുവരുന്നുണ്ട്. വിദ്യാർത്ഥികൾ ആ തൈകളെ സ്വന്തം മക്കളെപ്പോലെ കാത്തുസൂക്ഷിക്കുമെന്ന് ഉറപ്പുണ്ട്.

ശ്രീ. കെ. സി. രാജഗോപാലൻ: സർ, ഈ നദീതീരങ്ങളിൽ നടുന്ന വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, ആ തൈകളിൽ ഒന്നിലും വനംവകുപ്പോ ഗവൺമെന്റോ ഒരവകാശവാദവും ഉന്നയിക്കാൻ പോകുന്നില്ല.

ശ്രീ. കെ. സി. രാജഗോപാലൻ: സർ, വനാതിർത്തിയിലെ നദീതീരങ്ങളിൽ ഈറ്റയും മുളയുമാണ് കൂടുതലായി വളരുന്നത്. അത് നശിച്ചുപോകുന്നുണ്ട്. അവിടെ അതിനു പകരം ഈറ്റയും മുളയും വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, തീർച്ചയായും അത് ചെയ്യാം.

ശ്രീ. എ. എം. യൂസഫ്: സർ, നദീതീരങ്ങളിൽ നദീതീര സംരക്ഷണ പരിപാടിയനുസരിച്ച് ഇതിനകം എത്ര വൃക്ഷങ്ങൾ നട്ടിട്ടുണ്ട്; പദ്ധതിയുടെ ഈ വർഷത്തെ ലക്ഷ്യം എന്താണ്; ഈ വർഷം എന്തു തുക ചെലവഴിക്കും; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, നദീതീരങ്ങളിലെ ആ തൈകളുടെ എണ്ണം ഞാൻ കൃത്യമായി പറഞ്ഞുകഴിഞ്ഞു. അത് ഇനി ആവർത്തിക്കേണ്ട കാര്യമില്ല. എല്ലാ സ്ഥലങ്ങളിലും പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ സഹകരിച്ചാലേ വിജയിക്കുകയുള്ളൂ, ഈ പദ്ധതികളെല്ലാം വിജയിക്കണമെങ്കിൽ ജനങ്ങളുടെ പങ്കാളിത്തം വേണം. ഇവിടെ മൊത്തം റിവ്യൂ ചെയ്തപ്പോൾ കണ്ട കാര്യം, ഈ തൈകളെല്ലാം മന്ത്രിയോ എം. പി.-യോ അല്ലെങ്കിൽ എം. എൽ. എ.-യോ ഒക്കെ പോയി വയ്ക്കും. പിറ്റേന്ന് പത്രത്തിൽ ഫോട്ടോ വരും, വച്ചുകഴിഞ്ഞാൽ പിന്നീട് ആ തൈകൾ അനാഥമായി മാറുകയാണ്. ആ സ്ഥിതിക്ക് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഈ തൈകൾക്കെല്ലാം ഓരോരോ ഉടമസ്ഥൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് വിദ്യാർത്ഥികളാകാം, തൊഴിലാളികളാകാം, ജനങ്ങളാകാം. അവർ സഹായിച്ചാൽ ഈ തൈകളെല്ലാം വളർന്നുവരും. അതിലൂടെ വമ്പിച്ച മാറ്റമുണ്ടാക്കാൻ കഴിയും.

ശ്രീ. എ. എം. യൂസഫ്: സർ, പരിസ്ഥിതി സന്തുലനം ചെയ്യപ്പെടുന്നതിന് സഹായിക്കുന്ന നാടൻ മാന്തോപ്പ് പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതി വ്യാപിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, നാടൻ മാന്തോപ്പ് പദ്ധതി ഒരു ജില്ലയൊഴികെ ബാക്കിയെല്ലായിടത്തും നടന്നിട്ടുണ്ട്. അത് ഏറ്റവും നല്ലവണ്ണം നടത്തിയ ജില്ല സ്പീക്കറുടെ ജില്ലയാണ്. താങ്കളുടെ മണ്ഡലമാണ്. എല്ലാ ജില്ലകളിലും പൊതുവേ അതിന്റെ അനുഭവങ്ങൾ ആവേശകരമാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, ഈ വെള്ളപ്പൊക്ക സമയത്ത് നദീതീരങ്ങൾ ഇടിഞ്ഞുകഴിഞ്ഞാൽ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ആ സൈഡ് കെട്ടി കഴിയുമ്പോൾ അത്തരം പ്രദേശങ്ങളിൽ വനംവകുപ്പ് മുൻകൈയെടുത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചാൽ ഭാവിയിൽ അത് വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനത്തിന് യോജിച്ചവിധം രൂപാന്തരപ്പെടും. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, ഈ കരിങ്കൽ ഭിത്തിക്കൊപ്പം വൃക്ഷങ്ങളുടേതായ ഒരു ഹരിതകവചമുണ്ടായാൽ അതായിരിക്കും ഏറെ ഫലപ്രദമെന്ന് ലോകത്തെമ്പാടുമുള്ള പഠനങ്ങളെല്ലാം വ്യക്തമാക്കുന്നുണ്ട്. ഗവൺമെന്റ് അക്കാര്യം ഗൗരവമായി പരിഗണിക്കും.

ശ്രീ. വി. എൻ. വാസവൻ: സർ, പ്രകൃതി രമണീയതകൊണ്ട് അനുഗ്രഹീതമായ കായൽ മേഖലയായ കുമരകം പോലുള്ള പ്രദേശത്ത് കേന്ദ്ര ടൂറിസം വകുപ്പ് വാക്ക്‌വേ നിർമ്മിക്കാൻവേണ്ടി തീരുമാനമായിട്ടുണ്ട്. ആ രംഗത്ത് തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വിനോദസഞ്ചാരികൾക്ക് ആകർഷകമായ ഒരു സാഹചര്യം സൃഷ്ടിക്കാൻ പരിശ്രമിക്കുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, കുമരകത്തിന്റെ ആകർഷണീയത ആ തണൽ മരങ്ങളാണ്. അത് വീണ്ടും ശക്തിപ്പെടുത്താൻ വേണ്ടതൊക്കെ നമുക്ക് ചെയ്യണം.

ശ്രീ. കെ. രാജു: സർ, അങ്ങ് തന്നെ വന്ന് ഉദ്ഘാടനം ചെയ്ത കല്ലട നദീതീരത്ത്, പുനലൂർ മുനിസിപ്പൽ പ്രദേശത്ത് ആയിരക്കണക്കിന് വൃക്ഷത്തൈകൾ വച്ചു

പിടിപ്പിച്ചതാണ്. ആവേശപൂർവ്വം ജനങ്ങൾ ഏറ്റെടുത്ത പരിപാടിയാണ്. എന്നാൽ ഇപ്പോൾ ആ തൈകളിൽ നല്ലൊരു പങ്ക് നശിച്ചുപോയിട്ടുണ്ട്. അവിടെ വീണ്ടും വച്ചുപിടിപ്പിക്കാൻ ആവശ്യമായിട്ടുള്ള തൈകൾ വനം വകുപ്പിൽ നിന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, നല്ല പങ്ക് നശിച്ചുപോയിട്ടില്ല. പക്ഷേ കുറേ പോയിട്ടുണ്ട്. നശിച്ചുപോയതിന് പകരം തൈകൾ കൊടുക്കാൻ തയ്യാറാണ്. ഇപ്പോൾ തന്നെ കുറേ തൈകൾ വച്ചിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കേരളത്തിന്റെ ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ധാരാളം ഭൂമി ഇന്ന് യഥാർത്ഥത്തിൽ വേക്കന്റായി കിടക്കുകയാണ്, പ്രത്യേകിച്ചും കനാലിന്റെ കരകൾ. ആ സ്ഥലങ്ങളിൽ വനം വച്ചുപിടിപ്പിക്കാനും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ? അതുപോലെ തന്നെ ഈ ഹരിതതീരം പദ്ധതിയുടെ ഭാഗമായി വ്യാപകമായി വൃക്ഷം വച്ചുപിടിപ്പിക്കുകയാണ്. പക്ഷേ അത് പരിഗണിക്കാനോ ശ്രദ്ധിക്കാനോ വേണ്ട ആരുമില്ല. വനംവകുപ്പ് വനം സംരക്ഷിക്കുന്നതിന് വേണ്ടി നിയമിക്കുന്ന താൽക്കാലിക ജീവനക്കാരെ, ഈ ഹരിതതീരം പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് തൈകൾ വളരുന്നത് വരെയെങ്കിലും ഏർപ്പെടുത്താൻ സന്നദ്ധമാകുമോ?

ശ്രീ. ബിനോയ് വിശ്വം: സർ, ഇറിഗേഷൻ വകുപ്പുമായി ചേർന്നുകൊണ്ട് കനാൽ തീരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ഏത് പദ്ധതിയേയും ഞങ്ങൾ സ്വാഗതം ചെയ്യും. ഇറിഗേഷൻ വകുപ്പുമായി സഹകരിക്കാൻ തയ്യാറാണ്. കേരളം മുഴുവൻ പ്രതീക്ഷാപൂർവ്വം നോക്കുന്ന ഹരിതതീരം പദ്ധതി അങ്ങനെ ആരുമില്ലാത്ത പദ്ധതിയല്ല. എല്ലാ ബന്ധപ്പെട്ട വകുപ്പുകളിലും ടി. എസ്. വി. എസ്-കളുണ്ട്. തീരസംരക്ഷണ വനവൽക്കരണ സമിതികളാണ് അവയുടെയെല്ലാം മേൽനോട്ടം വഹിക്കേണ്ടത്. അവരുടെ മുൻകൈയിൽ അത് നല്ലവണ്ണം പരിപാലിക്കപ്പെടുന്നുണ്ട് ഇപ്പോൾ. അത് നമുക്ക് വീണ്ടും ശക്തിപ്പെടുത്താൻ കഴിയും.

## മത്സ്യഫെഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

3(*273) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എം. മോനായി:
ശ്രീ. എം. കെ. പുരുഷോത്തമൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് മത്സ്യഫെഡ് നടപ്പിലാക്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യ വിപണനരംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി മത്സ്യഫെഡിന്റെ വില്പന ശാലകൾ കൂടുതലായി ആരംഭിക്കുമോ;

(സി) മത്സ്യ വില്പന സ്റ്റാളുകൾ ആരംഭിക്കുന്നതിന് സിവിൽസപ്ളൈസ് കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ,

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം മുൻനിർത്തി മത്സ്യ ഉൽപ്പാദന-സംസ്ക്കരണ-വിപണന മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക എന്നതാണ് മത്സ്യഫെഡിന്റെ ഉദ്ദേശ്യലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തി ഉദ്ദേശിച്ചുകൊണ്ട് താഴെ പറയുന്ന 9 പദ്ധതികൾ നടപ്പാക്കിവരുന്നു.

1) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസനപദ്ധതി.
2) നാടൻ വള്ളങ്ങളുടെ നവീകരണം.
3) മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് പരമാവധി 6000 രൂപ സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ധനസഹായം.
4) സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പ.
5) മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വേണ്ടിയുള്ള സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ പദ്ധതി.
6) മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
7) തീരദേശ ലേല ഗ്രൂപ്പുകൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി.
8) മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ നൽകുന്ന പദ്ധതി.
9) മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി.

(ബി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി സുനാമി അടിയന്തിര സഹായ/പുനരധിവാസ (ടീപ്പ്, റ്റി. ആർ. പി.) പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യവിപണനത്തിന് വാഹന സൗകര്യം എന്ന ഉപപദ്ധതിയിൽ 250 യൂണിറ്റുകളും മത്സ്യ വിപണന ബൂത്തുകൾ എന്ന ഉപപദ്ധതിയിൽ 45 യൂണിറ്റുകളും സീ ഫുഡ് കിച്ചൺ എന്ന ഉപപദ്ധതിയിൽ 40 യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ തന്നെ സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി (ടീപ്പ്) സപ്ലൈകോയുമായി സഹകരിച്ച് മിനി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾക്ക് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം തുടങ്ങുന്ന സൂപ്പർ മാർക്കറ്റുകളിൽ മത്സ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യവും വിവക്ഷിച്ചിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, ഈ മൽസ്യഫെഡിന്റെയും മൽസ്യത്തൊഴിലാളി സഹായ സഹകരണ സംഘടനകളുടെയും കടബാധ്യത തീർക്കുന്നതിന് എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ? അത് എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? അതോടൊപ്പംതന്നെ ഒരു കാര്യംകൂടി കൂട്ടിച്ചേർക്കാനുള്ളത് ഈ മൽസ്യസംഘങ്ങളുടേയും മറ്റും സഹായത്തിന് വേണ്ടി സുനാമി പദ്ധതിയിൽ അനുവദിച്ച തുക എങ്ങനെയാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്? സുനാമി പദ്ധതിയിൽ 162 കോടി രൂപയോളം ഈ സംഘങ്ങളുടെ സഹായത്തിനായി അനുവദിച്ചിട്ടുണ്ടല്ലോ. അത് എങ്ങനെ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ മൽസ്യഫെഡിന്റെയും സ്വയംസഹായ സംഘങ്ങളുടെയും കടബാധ്യത ഇപ്പോൾ ഒരുപാട് നിൽക്കുകയാണ്. അതെങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എസ്. ശർമ്മ: സർ, ഈ കടബാധ്യതയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു കടാശ്വാസ ബിൽ സഭയിൽ അവതരിപ്പിച്ച് ചർച്ചയ്ക്കുവേണ്ടി സെലക്ട് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. ആ സെലക്ട് കമ്മിറ്റിയിൽ നടക്കുന്ന തെളിവെടുപ്പിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും അഭിപ്രായങ്ങൾ ശേഖരിച്ചതിനുശേഷം ഒരു പൊതുതീരുമാനം കൈക്കൊള്ളുകയെന്നതാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി മൽസ്യഫെഡ് വഴി മൽസ്യ വിപണനത്തിന് വാഹന സൗകര്യം ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുക, അതിന് 80 ശതമാനത്തോളം വരുന്നത് സബ്സിഡിയായിട്ട് കൊടുക്കുക, 5 ശതമാനം ഗുണഭോക്താവിന്റെ വിഹിതമായിട്ട് എടുക്കുക, 15 ശതമാനം ബാങ്ക് വായ്പയായി എടുക്കുക, ഈ സ്കീമിൽ ഫണ്ട് റിവോൾവിംഗ് ഫണ്ടായിട്ട് വിവിധ പ്രോജക്ടുകൾക്ക്- മൽസ്യ വിപണനത്തിന് വേണ്ടിയുള്ള ആധുനിക സംവിധാനങ്ങളോട് കൂടിയിട്ടുള്ള ബൂത്ത് തുടങ്ങിയവയ്ക്ക്- ഉപയോഗിക്കുക എന്നിവയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, മൽസ്യവിപണന രംഗത്ത് തൊഴിലെടുക്കുന്ന സ്ത്രീകളുൾപ്പെടെയുള്ള ആളുകളെ സഹായിക്കാൻ പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? അതിന്റെ നടപടികളായിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ?

ശ്രീ. എസ്. ശർമ്മ: സർ, പലിശ രഹിത വായ്പയെന്നുള്ള തീരുമാനം നയപരമായി ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. ഇനി ബാങ്കുകളുടെ നേതൃയോഗം ചേർന്ന് അടുത്ത ആഴ്ച അതിന് അനുവാദം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പുമെല്ലാം ഇതിന് അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. ബാങ്കുകളുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. തത്വത്തിൽ അവർ അംഗീകരിച്ചിട്ടുണ്ട്. രേഖാപരമായിട്ടുള്ള തീരുമാനം അടുത്ത ആഴ്ച കൈക്കൊള്ളുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, മൽസ്യത്തിന്റെ കയറ്റുമതിയിൽ കേരളത്തിനുണ്ടായിട്ടുള്ള വലിയ മുന്നേറ്റത്തെക്കുറിച്ച് അങ്ങ് കഴിഞ്ഞ ദിവസം സഭയിൽ പരാമർശിച്ചിരുന്നു. 1500 കോടിയിലധികം രൂപയുടെ കയറ്റുമതി റവന്യൂ ഉണ്ടാകുന്നതിനെ സംബന്ധിച്ച് പറഞ്ഞു. പക്ഷേ ഇതിന്റെ മുഴുവൻ നേട്ടവും കൊണ്ടുപോകുന്നത് വൻകിട സ്വകാര്യ കയറ്റുമതി കമ്പനികളാണ്. ഈ മേഖലയിൽ മൽസ്യഫെഡ് ഇടപെടാനുദ്ദേശിക്കുന്നുണ്ടോ? എങ്കിൽ ഈ മൽസ്യത്തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ അതുവഴി സാധിക്കുമോ?

2/117/10 -2

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ: സർ, കയറ്റുമതി മേഖലയിൽ ഇപ്പോൾ ഉൽപ്പാദനത്തിലും ഉപകരണങ്ങൾ വാങ്ങുന്നതിലും സംഭരണത്തിലും വിപണന കാര്യങ്ങളിലുമെല്ലാം മൽസ്യഫെഡ് ഇടപെടുന്നുണ്ട്. കയറ്റുമതി രംഗത്ത് ഇടപെടുന്നത് ഒരു പ്രധാന ലക്ഷ്യമായി മൽസ്യഫെഡ് ഇപ്പോൾ അംഗീകരിച്ചിട്ടില്ല. കയറ്റുമതി ഈ വർഷം വർദ്ധിച്ചിട്ടുണ്ട്. വർദ്ധിച്ചുയെന്നുള്ളതുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിൽ പ്രത്യേകിച്ച് എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടെന്ന് എടുത്ത് പറയാൻ കഴിയില്ല. പക്ഷേ സ്വാഭാവികമായും കയറ്റുമതിയിലെ വർദ്ധനവ് കൂടുതൽ തൊഴിലവസരങ്ങൾക്ക് പങ്ക് വഹിക്കാൻ സഹായിക്കുമെന്നുള്ളതുകൊണ്ട് അത്രത്തോളം തൊഴിലാളികൾക്ക് ആശ്വാസമുണ്ടാകുമെന്നുള്ളതാണ്.

ശ്രീ. എം. കെ. പുരുഷോത്തമൻ: സർ, ഈ ഗവൺമെന്റ് ഈ മേഖലയിൽ മൽസ്യ സുരക്ഷാപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദാംശങ്ങളൊന്ന് വിശദീകരിക്കാമോ?

ശ്രീ. എസ്. ശർമ്മ: സർ, അത് വിപുലമായിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയാണ്. ആ ഇൻഷ്വറൻസ് കമ്പനികളും ബന്ധപ്പെട്ടവരുമായിട്ട് 3 തലത്തിലുള്ള ചർച്ച ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്. അവസാന ചർച്ച വരുന്ന 25-ാം തീയതി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ഇന്നത്തെ ഇൻഷ്വറൻസ് സ്കീം വളരെ പരിമിതികൾ നേരിടുന്നുണ്ട്. അതുകൊണ്ട് വിശാലമായ വിധത്തിൽ ഇൻഷ്വറൻസിന്റെ ആനുകൂല്യം ഈ മേഖലയ്ക്ക് പ്രയോജനപ്പെടുത്തുകയെന്ന കാഴ്ചപ്പാടാണ് ഈ മൽസ്യ സുരക്ഷാപദ്ധതി എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ആ അടിസ്ഥാനത്തിൽ വിശദമായിട്ടുള്ള ഇൻഷ്വറൻസ് സ്കീമാണ് അതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഈ അലങ്കാര മൽസ്യത്തിന്റെ മേഖലയിൽ മൽസ്യഫെഡിന് എന്തെങ്കിലും പ്രവർത്തനം നടത്താനുണ്ടോ? അതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: സർ, അലങ്കാര മൽസ്യമേഖലയിൽ മൽസ്യഫെഡ് ഇപ്പോൾ ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിൽ ചില പഞ്ചായത്തുകളെ പ്രത്യേകമായി തെരഞ്ഞെടുത്തുകൊണ്ട് മൽസ്യഫെഡിന്റെ സാമ്പത്തിക സഹായവും അതുപോലെ വിവിധ സ്ഥാപനങ്ങളെ കോ- ഓർഡിനേറ്റ് ചെയ്ത് കുടുംബശ്രീ യൂണിറ്റുകളെക്കൂടി പ്രയോജനപ്പെടുത്തി അലങ്കാര മൽസ്യ കൃഷിയെന്നുള്ള നിലയ്ക്ക് മൽസ്യഫെഡ് മുൻകൈയെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ അലങ്കാര മൽസ്യത്തിന്റെ കാര്യത്തിൽ വൻകയറ്റുമതി സാധ്യത കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് തന്നെ ഒരു കമ്പനി സംയുക്ത സംരംഭമായി ആവിഷ്ക്കരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന് നിയമാവലിയും മറ്റ് നടപടികളും ത്വരിതപ്പെടുത്തി വരികയാണ്. താമസിയാതെ അലങ്കാര മൽസ്യ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി 'അക്വാ ടെക്നോളജി പാർക്ക്' എന്ന സംയുക്ത സമ്പ്രദായം കേരളത്തിൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

3 [*273] ശ്രീ. എ. എം. ആരിഫ്:
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. എം. മോനായി:
ശ്രീ. എം. കെ. പുരുഷോത്തമൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് മത്സ്യഫെഡ് നടപ്പിലാക്കിവരുന്നത്;

(ബി) മത്സ്യ വിപണനരംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി മത്സ്യഫെഡിന്റെ വില്പന ശാലകൾ കൂടുതലായി ആരംഭിക്കുമോ;

(സി) മത്സ്യ വില്പന സ്റ്റാളുകൾ ആരംഭിക്കുന്നതിന് സിവിൽസപ്ളൈസ് കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം മുൻനിർത്തി മത്സ്യ ഉൽപ്പാദന-സംസ്ക്കരണ-വിപണന മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക എന്നതാണ് മത്സ്യഫെഡിന്റെ ഉദ്ദേശ്യലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തി ഉദ്ദേശിച്ചുകൊണ്ട് താഴെ പറയുന്ന 9 പദ്ധതികൾ നടപ്പാക്കിവരുന്നു:

(1) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസനപദ്ധതി.

(2) നാടൻ വള്ളങ്ങളുടെ നവീകരണം.

(3) മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് പരമാവധി 6,000 രൂപ സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ധനസഹായം.

(4) സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പ.

(5) മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വേണ്ടിയുള്ള സ്വർണ്ണ ജയന്തി ഗ്രാമസ്വരസ്ഗാർ പദ്ധതി.



LIBRARY ARCHIVES Kerala Legislative Assembly

(6) മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

(7) തീരദേശ ലേബ ഗ്രൂപ്പുകൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി.

(8) മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ നൽകുന്ന പദ്ധതി.

(9) മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി.

(ബി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി സുനാമി അടിയന്തിര സഹായ/പുനരധിവാസ (ടീപ്പ്, റ്റി.ആർ.പി.) പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യ വിപണനത്തിന് വാഹന സൗകര്യം എന്ന ഉപപദ്ധതിയിൽ 250 യൂണിറ്റുകളും മത്സ്യ വിപണന ബൂത്തുകൾ എന്ന ഉപപദ്ധതിയിൽ 45 യൂണിറ്റുകളും സീ ഫുഡ് കിച്ചൺ എന്ന ഉപപദ്ധതിയിൽ 40 യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ തന്നെ സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി (ടീപ്പ്) സപ്ലൈകോയുമായി സഹകരിച്ച് മിനി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം തുടങ്ങുന്ന സൂപ്പർ മാർക്കറ്റുകളിൽ മത്സ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യവും വിവക്ഷിച്ചിട്ടുണ്ട്.

## ദേശീയ സമ്പാദ്യ പദ്ധതി

4 [*274] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി പ്രകാരമുള്ള നിക്ഷേപങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കളക്ഷൻ ഏജന്റുമാർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥാപനങ്ങൾ (ക്ഷേമനിധി ബോർഡ്/ട്രസ്റ്റ്) മുഖേനയുള്ള നിക്ഷേപം ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിക്കുന്നത് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയതും, മാസ വരുമാന പദ്ധതിക്ക് നൽകി വന്നിരുന്ന ബോണസ് കേന്ദ്രം നിർത്തലാക്കിയതും, കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് പിൻവലിക്കപ്പെടുന്ന മാസ വരുമാന പദ്ധതി നിക്ഷേപങ്ങൾക്ക് കേന്ദ്രം പിഴ പലിശ ഏർപ്പെടുത്തിയതും, ദേശസാൽകൃത ബാങ്കുകളിൽ പലിശ ഇനത്തിൽ വന്ന വർദ്ധനവിന് ആനുപാതികമായി ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കാഞ്ഞതും ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള നിക്ഷേപം ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതികൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു.

(സി) നിലവിൽ ഏജന്റുമാർക്ക് മതിയായ പ്രോത്സാഹനം നൽകി വരുന്നുണ്ട്.

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി

5 [*275] ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) നെൽകൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് നൽകിവരുന്ന ഇളവുകൾ എന്തെല്ലാം;

(സി) കാർഷികാവശ്യത്തിന് വൈദ്യുത കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ തീരുമാനമാകാതെ കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ & ബി) 4-2-1999-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം. എസ്.) 30/99 കൃഷി പ്രകാരം 1-8-1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 1-4-1997 മുതൽ രണ്ടു ഹെക്ടറിൽ കവിയാത്ത മറ്റു കാർഷിക വിളകൾക്കും സൗജന്യമായി വൈദ്യുതി നൽകി വരുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | പോസ്റ്റ് ആവശ്യം ഇല്ലാത്തത് | പോസ്റ്റ് ആവശ്യമുള്ളത് |
|---|---|---|
| 1. തിരുവനന്തപുരം | — | 10 |
| 2. കൊല്ലം | — | 4 |
| 3. പത്തനംതിട്ട | — | — |
| 4. ആലപ്പുഴ | 43 | 11 |
| 5. കോട്ടയം | — | 15 |
| 6. എറണാകുളം | 66 | 108 |
| 7. ഇടുക്കി | 15 | 47 |
| 8. തൃശ്ശൂർ | 178 | 336 |
| 9. പാലക്കാട് | 81 | 421 |
| 10. കോഴിക്കോട് | 38 | 127 |
| 11. വയനാട് | 8 | 13 |
| 12. മലപ്പുറം | 268 | 1251 |
| 13. കണ്ണൂർ | 81 | 279 |
| 14. കാസർഗോഡ് | 339 | 617 |

## ടൂറിസ്റ്റ് ബസ്സുകൾ ഉപയോഗിച്ചുള്ള കള്ളക്കടത്ത്

6 [*276] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. ഹംസ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകളിലൂടെയുള്ള കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഈ സർക്കാർ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ടൂറിസ്റ്റ് ബസ്സുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്):

(എ) ഉണ്ട്.

(ബി) 1065 കേസുകൾ.

(സി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകളിലൂടെ ധാരാളം നികുതിവിധേയമായ സാധനങ്ങൾ കള്ളക്കടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ്സുകളിൽ യാത്രക്കാർ ഉള്ളതുകൊണ്ട് ചെക്ക്പോസ്റ്റുകളിലോ യാത്രയിലോ കർശനമായ പരിശോധന നടത്തുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. വാണിജ്യനികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം യാത്ര അവസാനിക്കുന്ന സ്ഥലത്ത് ബസ്സുകൾ പരിശോധന നടത്തി വരുന്നു. പരിശോധനയിൽ ചരക്ക് കള്ളക്കടത്ത് കണ്ടെത്തുകയാണെങ്കിൽ സാധനങ്ങളുടെ വില തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഈടാക്കുന്നുണ്ട്. കൂടാതെ ബസ്സുടമയുടെ പേരിൽ നിയമപ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

## പാർപ്പിട നയം

7 [*277] ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പാർപ്പിട നയം ഏതെല്ലാം കാര്യങ്ങളിലാണ് ഊന്നൽ നൽകുന്നത്;

(ബി) പാർപ്പിട നിർമ്മാണത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മാണ സാമഗ്രികളും മറ്റാവശ്യ ഘടകങ്ങളും ചെറുകിട ഉല്പാദകരിൽ നിന്നും ശേഖരിച്ച് നൽകുവാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി ശൃംഖലകളും പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) കരട് ഭവന നിർമ്മാണ പാർപ്പിട നയം 2007-ൽ പാർപ്പിട നിർമ്മാണ ഭൂമിയുടെ ലഭ്യത ഉറപ്പാക്കൽ, വിവിധ പദ്ധതികൾക്കായുള്ള താങ്ങാനാവുന്ന തരത്തിലുള്ള ധനസമാഹരണം, നിയമനിയന്ത്രണ മേഖലയിലെ പരിഷ്കാരങ്ങൾ, സാങ്കേതിക വിദ്യാ സഹായവും കൈമാറ്റവും, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി അതിജീവന പ്രശ്നങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാരെയും അംഗവൈകല്യമുള്ളവരെയും

LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധസ്ത്രീകൾ തുടങ്ങി സമൂഹത്തിലെ മറ്റ് ദുർബല വിഭാഗക്കാരെയും ഭവന പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നതിൽ ഭാഗഭാക്കാക്കൽ, സ്വാഭാവിക കൊടും ദുരിതങ്ങളായ ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, സുനാമി, ഭൂമികുലുക്കം എന്നിവയിലേതെങ്കിലും പെട്ടവർക്ക് അത്യാഹിതം ചെറുക്കുന്നതിനുതകുന്ന വിധത്തിലുള്ള ഭവനങ്ങളും അധിവാസ വികസനവും ഏർപ്പെടുത്തൽ, ഭവന നിർമ്മാണ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ, ചേരിപ്രദേശങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ' കരട് പാർപ്പിട നയം 2007'-ൽ വളരെയധികം കാര്യങ്ങൾ ലക്ഷ്യമിട്ടിട്ടുണ്ട്. മേല്പ്പറഞ്ഞവയെല്ലാം ലക്ഷ്യമിട്ട കാര്യങ്ങളിൽ ചിലതു മാത്രമാണ്.

(ബി) പാർപ്പിട നിർമ്മാണത്തിന്റെ ചിലവ് കുറയ്ക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനും ഉല്പാദന ക്ഷമത, കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനും കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007-ന്റെ കരട് വിഭാവനം ചെയ്യുന്നു. പാർപ്പിട നിർമ്മാണ രംഗത്ത് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വികസിപ്പിച്ചെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(സി) നിർമ്മാണ സാമഗ്രികളും മറ്റ് ആവശ്യ ഘടകങ്ങളും ചെറുകിട ഉൽപ്പാദകരിൽ നിന്നും ശേഖരിച്ച് നൽകുവാനുള്ള നിർദ്ദേശം കരട് പാർപ്പിട നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി ശൃംഖലകളും പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്താനുള്ള നിർദ്ദേശം കരട് പാർപ്പിട നയത്തിൽ ഉണ്ട്.

## സംസ്ഥാനത്തെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ

8 [*278] ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ ഉണ്ട്;

(ബി) ഈ സെറ്റിൽമെന്റുകളിൽ എത്രയെണ്ണത്തിൽ ഗവൺമെന്റ് കോളനികൾ സ്ഥാപിച്ചു കൊടുത്തിട്ടുണ്ട്;

(സി) ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ളതായ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിച്ചു കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി, കുടിവെള്ളം എന്നിവ എന്ന് എത്തിക്കാൻ കഴിയുമെന്ന് പറയുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 4082 പട്ടിക വർഗ്ഗ കോളനികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെന്റ് നേരിട്ട് ആദിവാസികൾക്ക് കോളനികൾ നിർമ്മിച്ചു കൊടുക്കാറില്ല. ആദിവാസികൾ പരമ്പരാഗതമായി കോളനി രീതിയിലാണ് അധിവസിച്ചു വരുന്നത്. ഇപ്രകാരം 4082 കോളനികൾ ഉണ്ട്.

(സി) ഗവൺമെന്റ് പട്ടികവർഗ്ഗ കോളനികൾ സ്ഥാപിച്ചിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ 4082 കോളനികളിൽ 2187 കോളനികളിൽ വൈദ്യുതിയും 2795 കോളനികളിൽ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളിൽ അടുത്ത മൂന്നുവർഷക്കാലം കൊണ്ട് ഇവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള സഹായം

9 [*279] ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) കടലിൽവെച്ചു മരിക്കുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ ആശ്രിതരെ ദത്തെടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) അവരുടെ ആശ്രിതരിൽ ഒരാൾക്ക് തൊഴിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) (1) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആർ. ഡി. ഒ.-യുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ നൽകുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

(2) പ്രതിമാസം 120 രൂപ വിധവാ പെൻഷൻ.

(3) മത്സ്യഫെഡിന്റെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ വ്യക്തിഗത പ്രീമിയം അടച്ച് അംഗത്വം എടുത്തിട്ടുണ്ടെങ്കിൽ അവകാശിക്ക് ഒന്നരലക്ഷം രൂപ ഇൻഷ്വറൻസ് നഷ്ടപരിഹാരം.

(ബി) കടലിൽവെച്ച് മരിക്കുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ ആശ്രിതരെ ദത്തെടുക്കുന്ന പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## സൗജന്യ റേഷന് സ്ഥിരം സംവിധാനം

10 [*280] ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ മത്സ്യത്തിന്റെ ലഭ്യത വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ പട്ടിണിയിൽ ആയിട്ടുണ്ടോ;

(സി) ഇത്തരക്കാർക്ക് വേണ്ടി മറ്റു തൊഴിലുകൾ കണ്ടെത്തുവാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(ഡി) ഇത്തരക്കാർക്ക് വേണ്ടി മറ്റ് തൊഴിലുകൾ ലഭ്യമാക്കുന്നതുവരെ കടൽത്തീരങ്ങളിലെ വറുതിക്കാലത്ത് സൗജന്യ റേഷന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഇക്കാര്യത്തിൽ ആധികാരികമായി അഭിപ്രായം പറയേണ്ട ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൻപ്രകാരം തീരക്കടലിലെ മത്സ്യത്തിന്റെ ലഭ്യതയിൽ കാര്യമായ കുറവ് അനുഭവപ്പെട്ടിട്ടില്ല. ചെറിയ ഏറ്റക്കുറച്ചിലുകൾ മാത്രമേ മത്സ്യോല്പാദനത്തിൽ അനുഭവപ്പെട്ടിട്ടുള്ളു.

(ബി) മത്സ്യ ലഭ്യത കുറവായതു മൂലം മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന കുടുംബങ്ങൾ പട്ടിണിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെയും ഏഷ്യൻ വികസന ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെയുള്ള 'സുനാമി പുനരധിവാസ പദ്ധതി' (റ്റി. ആർ. പി.) ' സുനാമി അടിയന്തിര സഹായ പദ്ധതി' (റ്റീപ്) എന്നീ പദ്ധതികൾ തീരദേശ വാസികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അവരെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനുമായി നടപ്പിലാക്കി വരുന്നു.

(ഡി) മൺസൂൺ കാല ട്രോളിംഗ് നിരോധന സമയത്ത് തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾ/പീലിംഗ് തൊഴിലാളികൾ എന്നിവർക്കും സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്.

## കുര്യാർകുറ്റി-കാരാപ്പാറ ജലവൈദ്യുത പദ്ധതി

11 [*281] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരാപ്പാറ ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാകുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കുരിയാർകുറ്റി-കാരാപ്പാറ ജലവൈദ്യുത പദ്ധതി ജലസേചന-വൈദ്യുതി വകുപ്പുകളുടെ സംയുക്ത സംരംഭമായി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

(ബി) ഈ പദ്ധതിയ്ക്ക് മൊത്തം 823.87 ഹെക്ടർ (2060 ഏക്കർ) ഭൂമി ആവശ്യമാണ്. ഇതിൽ 76.90 ഹെക്ടർ (192 ഏക്കർ) വനഭൂമിയും, 746.97 ഹെക്ടർ (1868 ഏക്കർ) പാട്ടത്തിനു നൽകിയ വനഭൂമിയിൽ ഉള്ള തോട്ടങ്ങളുമാണ്. 1994 മുതൽ ഫോറസ്റ്റ് ക്ലിയറൻസിനും എൻവയോൺമെന്റൽ ക്ലിയറൻസിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഇതുവരെ ഈ ക്ലിയറൻസുകൾ ലഭിച്ചിട്ടില്ല. ഈ സംരംഭത്തിന്റെ സാങ്കേതിക-സാമ്പത്തിക വശങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിലും, വൈദ്യുതി ബോർഡും ജലസേചന വകുപ്പും തമ്മിലും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികമായ പ്രായോഗികതയും കൂടി പരിഗണിച്ച് ജലസേചന-വൈദ്യുതി വകുപ്പുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ്

12 [*282] പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ് നൽകുന്നതിന് നിലവിൽ നിയമമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

സർക്കാരിന്റെ നയപരിപാടി അനുസരിച്ച് ജലനിധി, ജലധാര, സ്വജലധാര എന്നീ കുടിവെള്ള പദ്ധതികൾക്കും, എസ്. സി./ എസ്. റ്റി., ലക്ഷം വീട് കോളനികളിൽ സ്ഥാപിച്ചിട്ടുള്ളതും, ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതുമായ കുടിവെള്ള പദ്ധതികൾക്കും, എം. പി./എം. എൽ. എ. ഫണ്ട്/രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃകമ്മിറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾക്കും ബോർഡ് ഗാർഹിക നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികസമുദായത്തിലെ വിദ്യാർത്ഥികൾക്ക് നിർബന്ധിത വിദ്യാഭ്യാസം

13 [*283] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികസമുദായത്തിലെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എല്ലാ കുട്ടികളേയും സ്കൂളിൽ ചേർക്കുന്നതിന് മാതാപിതാക്കൾക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പതിനാലു വയസ്സുവരെയുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വകുപ്പു മുഖേന നിർബന്ധിത വിദ്യാഭ്യാസം നൽകുന്നു. പട്ടിക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നഴ്സറിതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾക്ക് വരെ എല്ലാ വിധ ഫീസാനുകൂല്യവും, സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയും നൽകി വരുന്നു. പട്ടികവർഗ്ഗ സമുദായത്തിലെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി 5 വയസ്സുമുതൽ 15 വയസ്സു വരെ പ്രായമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നതിന് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രീമെട്രിക് ഹോസ്റ്റൽ വാർഡന്മാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ മുഖേന എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിനു മുമ്പായി വിവിധ സങ്കേതങ്ങളിൽ എത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സ്കൂളിൽ ദിവസവും വന്നു പഠിച്ചു വീട്ടിൽ പോകുന്നതിനു കഴിയാത്ത പട്ടിക വിഭാഗം കുട്ടികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ സൗജന്യ താമസവും ഭക്ഷണവും നൽകി പഠിക്കുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി 25 ആശ്രമ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹനമായി പ്രതിമാസം 50 രൂപ നിരക്കിൽ ഒരു വിദ്യാഭ്യാസ വർഷം 500 രൂപ ധനസഹായമായി നൽകി വരുന്നു. അദ്ധ്യയന വർഷത്തിലെ ഓരോ മാസവും കുറഞ്ഞത് 75% ഹാജർ ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർ അയച്ചുതരുന്ന ഹാജരിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽ നിലവിൽ പദ്ധതികളില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കേന്ദ്രസർക്കാരിന്റെ മത്സ്യ ഇറക്കുമതി നയം

14 [*284] ശ്രീ. വി. ശശികുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മത്സ്യ ഇറക്കുമതി നയം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന അയല, ചാള, കോര, പാര തുടങ്ങിയ മത്സ്യങ്ങൾ മുൻപ് ഇറക്കുമതി ചെയ്തിട്ടുണ്ടോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുന്ന ഇറക്കുമതി നയം തിരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്.

(ബി) മുൻപ് ഇറക്കുമതി ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനും, കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശരത് പവാറിനും, കേന്ദ്ര വാണിജ്യമന്ത്രി ശ്രീ. കമൽനാഥിനും ഇറക്കുമതി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതിയിട്ടുണ്ട്.

## തീരക്കടലിലെ മത്സ്യസമ്പത്ത്

15 [*285] ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കടലിൽ കൃത്രിമപാര് നിക്ഷേപിക്കുന്നത് കൊണ്ട് മത്സ്യം വർദ്ധിക്കുമോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കടൽ മത്സ്യങ്ങളുടെ പ്രജനനം നടത്തി മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിക്കുന്നത് മൂലം തീരക്കടലിലെ മത്സ്യ സമ്പത്ത് വർദ്ധിക്കുമോ; എങ്കിൽ ഇത്തരം പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ഉണ്ട്. മത്സ്യ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഫിഷറീസ് മേഖലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം തീരക്കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ റാഞ്ചിംഗ് പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ തീരക്കടലിലെ മത്സ്യസമ്മർദ്ദം കുറയ്ക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന ത്തിലേക്ക് ബോട്ടുകളെ തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതിക്കും നടപടിയെടുത്തു വരുന്നു. വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി തീരത്തോടു ചേർന്നും അഴിമുഖങ്ങളിലും ഞണ്ട്, കക്ക, മുരിങ്ങ, കടൽപ്പായൽ എന്നിവയുടെ കൃഷി നടത്തുന്നതിനും നടപടിയെടുത്തു വരുന്നു. ജീവിതചക്രം പൂർത്തീകരിക്കുന്നതിനും പ്രജനനത്തിനുമായി കടലിൽ നിന്നും കായലുകളിലേക്കും മറിച്ചും സഞ്ചരിക്കുന്ന മത്സ്യങ്ങളെയും കുഞ്ഞുങ്ങളെയും നശിപ്പിക്കുന്ന 'ഏറ്റം കെട്ടൽ' പോലുള്ള അനധികൃത ബന്ധന നടപടികൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യ പ്രജനനത്തിന് ഏറെ പ്രയോജനം ചെയ്യുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന പദ്ധതിയും വനം വകുപ്പുമായി സഹകരിച്ച് നടത്തി വരുന്നു.

(ബി) കൃത്രിമപാര് നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യങ്ങൾക്ക് പ്രജനനം നടത്താനുള്ള സുരക്ഷിതയിടങ്ങൾ ഉണ്ടാകുകയും അത് മൂലം മത്സ്യസമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നതായാണ് കണ്ടു വരുന്നത്. വികസിതരാജ്യങ്ങളിൽ കൃത്രിമ പാര് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതി വളരെ ഊർജ്ജിതമായി നടപ്പാക്കി വരുന്നു.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം കേരളത്തിൽ തിരുവനന്തപുരം ജില്ല യിൽ 79.90 ലക്ഷം രൂപ മുടക്കി അഞ്ചു കൃത്രിമപാര് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അഡാക്ക് വഴി നടപടിയെടുത്തു വരുന്നു.

(സി) കാര, നാരൻ ഇനം ചെമ്മീൻ കുഞ്ഞുങ്ങളെ അഴിമുഖങ്ങളിലും കായൽ പ്രദേശത്തും നിക്ഷേപിക്കുന്നതുമൂലം തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിക്കുമെന്നാണ് ശാസ്ത്രീയനിഗമനം. കഴിഞ്ഞ വർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയതു മൂലം മത്സ്യ സമ്പത്തിന് വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഒരു പഠനം നടത്തു ന്നതിന് നടപടിയെടുത്തിട്ടുണ്ട്.

സർക്കാരിന്റെ കീഴിലുള്ള മത്സ്യ/ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രത്തിൽ വളർത്തി യെടുത്ത് ഗുണമേന്മയുള്ള ഇനം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ അഴിമുഖങ്ങളിലും കായൽ പ്രദേശങ്ങളിലും തുറന്നുവിടുന്ന പദ്ധതിയാണ് സീ റാഞ്ചിംഗ് പരിപാടി. 1997-98 മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുകയാണ്. സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും തദ്ദേശവാസികളുടെയും മത്സ്യത്തൊഴിലാളി കളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## ദീപാലങ്കാരങ്ങൾ, പരസ്യ ബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതി ഉപയോഗം

16 [*286] ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീപാലങ്കാരങ്ങൾ, പരസ്യബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ വൈദ്യുതി ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ദീപാലങ്കാരങ്ങൾക്കും പരസ്യ ബോർഡുകൾക്കും പ്രത്യേക മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും പ്രത്യേക താരിഫുകൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ദീപാലങ്കാരങ്ങൾ, പരസ്യബോർഡുകൾ എന്നിവയ്ക്കുള്ള വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി) ദീപാലങ്കാരങ്ങൾക്ക് പ്രത്യേക മീറ്റർ സ്ഥാപിച്ചാണ് വൈദ്യുത കണക്ഷൻ നൽകുന്നത്. പരസ്യ ഏജൻസികൾ സ്വന്തം ചെലവിൽ പ്രദർശന ബോർഡിന് സമീപം ഒരു കിയോസ്കിൽ വൈദ്യുതി മീറ്റർ സ്ഥാപിക്കണമെന്ന് നിർബന്ധമുണ്ട്.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 24-10-2002-ലെ നോട്ടിഫിക്കേഷൻ അനുസരിച്ച് ദീപാലങ്കാരങ്ങൾക്ക് എൽ. റ്റി. III താരിഫും, പരസ്യ ബോർഡുകൾക്ക് എൽ. റ്റി. VII A താരിഫുമാണ് നിലവിലുള്ളത്.

## ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ

17 [*287] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് ഇപ്പോൾ എന്തെല്ലാം കൺസൾട്ടൻസി പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്;

(ബി) കൺസൾട്ടൻസി സേവനങ്ങൾ ബോർഡ് ആർക്കൊക്കെയാണ് നൽകുന്നതെന്നും ആയതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) തനത് സാങ്കേതിക വിഭാഗം ഇല്ലാത്ത സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ടെക്നിക്കൽ കൺസൾട്ടൻസിയായി ബോർഡിനെ നാമനിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) ഹൗസിംഗ് ബോർഡ് ഇപ്പോൾ ഏറ്റെടുത്ത് നടത്തി വരുന്ന കൺസൾട്ടൻസി ജോലികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.† ഇതിൽ കൺസൾട്ടൻസി ജോലികളായ ആർക്കിടെക്ചറൽ ഡ്രോയിംഗുകൾ, സ്ട്രക്ചറൽ ഡ്രോയിംഗുകൾ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെൻഡറിംഗ് നിർമ്മാണ മേൽനോട്ടവും, മെഷർമെന്റ് എടുക്കലും, ചെക്ക് മെഷർ ചെയ്യലും, കൂടാതെ ഡെപ്പോസിറ്റ് ജോലികളും ടെൻഡർ വർക്കുകളും ഉൾപ്പെടുന്നു.

(ബി) ബോർഡിന്റെ കൺസൾട്ടൻസി സേവനങ്ങൾ എല്ലാ വിഭാഗങ്ങൾക്കും അതായത് മറ്റ് പബ്ലിക് സെക്ടർ സ്ഥാപനങ്ങൾക്കും, ക്വാസി ഗവൺമെന്റ് സ്ഥാപനങ്ങൾക്കും, പ്രൈവറ്റ് ഏജൻസികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ടെക്നിക്കൽ സർവ്വീസുകൾ ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങൾക്കും ബോർഡ് അംഗീകരിച്ചിട്ടുള്ള ഫീസ് നിരക്കിൽ സേവനം ലഭ്യമാക്കി വരുന്നു. ബോർഡ് അംഗീകരിച്ചിട്ടുള്ള പരമാവധി നിരക്കുകളുടെ വിശദവിവരം അനുബന്ധം II †ആയി ഉള്ളടക്കം ചെയ്യുന്നു.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പ്രത്യേക സാങ്കേതിക വിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുവാൻ നടപടി

18 [*288] ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് മത്സ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യമേഖലയ്ക്ക് പ്രതിവർഷം എത്ര ലിറ്റർ മണ്ണെണ്ണയാണ് ആവശ്യമുള്ളത്; ഇതിൽ എത്ര ലിറ്ററാണ് അനുവദിച്ചിട്ടുള്ളത്;

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിനായി 18070 ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചു വരുന്നു. ഇവർക്ക് പ്രതിവർഷം ഏകദേശം 159016 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. എന്നാൽ ഇതിൽ ഏകദേശം 30580.80 കിലോ ലിറ്റർ മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നത്.

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡിയാണ് നൽകി വരുന്നത്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## ലക്ഷം വീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കാൻ നടപടി

19 [*289] ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകളെ ഒറ്റ വീടുകളാക്കി മാറ്റുന്ന പദ്ധതി ഏത് ഘട്ടം വരെയായി;

(ബി) ഏത് ഏജൻസി വഴി എന്നു മുതൽ ഇത് നടപ്പിലാക്കി തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) ലക്ഷം വീടുകളുടെ നവീകരണത്തിനായി 26-11-04-ലെ സർക്കാർ ഉത്തരവു പ്രകാരം സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒരു വീടിന് 20,000 രൂപ നിരക്കിൽ 2500 വീടുകൾക്ക് ഈ തുക ഉപയോഗിച്ച് ധനസഹായം നൽകാവുന്നതാണ്. ഇതിൽ 31-8-07 വരെ 1328 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി) ലക്ഷം വീട് നവീകരണ പദ്ധതി 26-11-04-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 57/04/ഭവനം പ്രകാരം ഭവന നിർമ്മാണ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

20 [*290] ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി സംസ്ഥാനത്ത് എത്ര പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്.

(ബി) ഈ ഹോസ്റ്റലുകളിലേക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലകളിലും ഇത്തരം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഇത്തരം ഹോസ്റ്റലുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10 എണ്ണം ആൺകുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

5 എണ്ണം പെൺകുട്ടികൾക്കും വേണ്ടിയുള്ളതാണ്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-I ആയി ചേർക്കുന്നു.† പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് ഈ ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നത്. അവർ പഠിക്കുന്ന സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭിക്കാത്തവർക്കും ദിവസവും പോയി വരുന്നതിനുള്ള ദൂരപരിധിയിൽ വീടില്ലാത്തവർക്കുമാണ് പ്രവേശനം നൽകുന്നത്. പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ സീറ്റുകളിൽ 68% എസ്. സി., 17% എസ്. റ്റി., 5% ഒ. ബി. സി., 10% മറ്റുള്ളവർക്കുമായാണ് നീക്കിവെച്ചിട്ടുള്ളത്. ഇവയിൽ 5% ഐ. റ്റി. സി., 5% പി. ഇ. റ്റി. സി. വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നുണ്ട്. ഉത്തരത്തിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല. പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കും, വിദ്യാർത്ഥികളുടെ ലഭ്യതയ്ക്കും അനുസരിച്ച് പുതിയ ഹോസ്റ്റലുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി

21 [*291] ശ്രീ. സെമൺബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വീടുകൾ നിർമ്മിച്ചു നൽകി;

(സി) ഇനി എത്ര പേർക്കാണ് വീട് നിർമ്മിച്ചു നൽകാനുള്ളത്; പ്രസ്തുത ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ;

(ഡി) കടൽക്ഷോഭം മൂലം നിരന്തരം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പ്രദേശങ്ങളിൽ വീടുവച്ചു നൽകുന്ന പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം 325.54 കോടി രൂപയാണ് ഈ ആവശ്യത്തിനായി ലഭ്യമായിട്ടുള്ളത്. ഇതിൽ 280 കോടി രൂപ കടൽക്ഷോഭം മൂലം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത പ്രദേശങ്ങളിൽ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിപ്പാർപ്പിക്കുന്നതിനാണ്. പതിനായിരത്തോളം കുടുംബങ്ങളെയാണ് ഈ രീതിയിൽ മാറ്റിപ്പാർപ്പിക്കുന്നത്. 2007-08, 2008-09 വർഷങ്ങളിലായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. സുനാമി ബാധിത പ്രദേശങ്ങളിൽ കൂടുതൽ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും കടൽക്ഷോഭത്തിനു വിധേയമായവർക്ക് വീടുകൾ വച്ചു നൽകുന്നതിനുമായി 45.54 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ സുതാര്യമായി തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്രീ-മെട്രിക് ഹോസ്റ്റലുകൾ

22 [*292] ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. അജിത് :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്; അവയിൽ എത്രയെണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്;

(ബി) സ്വന്തം കെട്ടിടം ഇല്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്തവയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 91 പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. ഇവയിൽ 46 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും വേണ്ടിയുള്ളതാണ്. അവയിൽ 60 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. ഹോസ്റ്റലുകളുടെ പട്ടിക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.† കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് വേണ്ടി നീക്കിവെച്ചിട്ടുള്ള 10% സീറ്റിൽ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 31 ഹോസ്റ്റലുകളാണുള്ളത്. ഇപ്പോൾ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇവയിൽ സ്വന്തമായി ഭൂമി കണ്ടെത്തിയവർക്ക് ജില്ലാ പട്ടികജാതി വികസന ആഫീസർമാർ വഴി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വകുപ്പിൽ നിന്നും ഭരണാനുമതി നൽകി ധനസഹായം അനുവദിക്കുന്നു. ഭൂമി ലഭ്യമല്ലാത്തവയ്ക്കു വേണ്ടി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(സി) വാടകക്കെട്ടിടങ്ങളിലല്ലാതെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മിക്കവാറും ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കെട്ടിടഉടമകൾ തയ്യാറാകാത്ത സ്ഥിതി വിശേഷവും ഉണ്ട്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എത്രയും വേഗം സ്വന്തം കെട്ടിടം ഉണ്ടാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റലുകൾക്ക് ആവശ്യമായ പാത്രങ്ങൾ, ഫർണ്ണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1,38,12,057 രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 96,70,833 രൂപയ്ക്കുള്ള പുതിയ പദ്ധതികൾ കൂടി പരിഗണനയിൽ ഉണ്ട്. ലിസ്റ്റ് അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു.†

## രാജീവ് ഗാന്ധി വിദ്യുത് യോജന

23 [*293] ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി വിദ്യുത് യോജനയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പദ്ധതിയ്ക്ക് ഈ വർഷത്തേയ്ക്ക് എന്തു തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്:

(ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയും;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ & ബി) രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.) കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (ആർ. ഇ. സി.) നിന്നും ഇതിനാവശ്യമായ അനുമതി ലഭിച്ചു കഴിഞ്ഞു. ബാക്കി ഏഴു ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള ചുമതല ഹൈദ്രാബാദിലെ ഐ. സി. എസ്. എ. (ഇന്ത്യാ) ലിമിറ്റഡിനെ ഏൽപ്പിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി ആദ്യ ഗഡുവായ 5.02 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും, ആർ. ഇ. സി. വഴി ബോർഡിന് 21-3-2007-ൽ ലഭിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഐ. സി. എസ്. എ. (ഇന്ത്യാ) ലിമിറ്റഡ് ആരംഭിച്ചു കഴിഞ്ഞു.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള ചുമതല കേന്ദ്ര സർക്കാർ പൊതുമേഖല സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപ്പറേഷനെ (എൻ. റ്റി. പി. സി.) എൽപ്പിച്ചു. എൻ. റ്റി. പി. സി. അനുമതി ലഭിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കി ആർ. ഇ. സി.-ക്ക് സമർപ്പിച്ച് അനുമതി വാങ്ങിയതിനു ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കും. ബാക്കി ഏഴു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ നടന്നു വരുന്നു.

(സി) ആർ. ഇ. സി.-യിൽ നിന്നും ആദ്യഗഡു ലഭിച്ച നാൾ മുതൽ രണ്ടുവർഷ ക്കാലം കൊണ്ട് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പദ്ധതി 21-3-2009-ന് പൂർത്തീകരിക്കണം. ബാക്കി ജില്ലകളിലെ പദ്ധതികൾ ഒന്നാം ഗഡു ലഭിക്കുന്ന തീയതി മുതൽ രണ്ടു വർഷക്കാലം കൊണ്ട് പൂർത്തീകരിക്കു ന്നതാണ്.

(ഡി) ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ ഏകദേശം നാലര ലക്ഷത്തോളം ഭവനങ്ങളിലേക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി

24 [*294]. ശ്രീ. എസ്. രാജേന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കളെ എൽപ്പിക്കുന്നതിനു പകരം സർക്കാർ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഒരു വീടിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഈ വർഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകുമെന്ന് അറിയിക്കുമോ;

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഏത് വകുപ്പി നാണെന്ന് അറിയിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) മുൻവർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വന്ന ടി പദ്ധതി വിലയിരുത്തിയപ്പോൾ പദ്ധതിയുടെ നടത്തിപ്പ് ക്രമാനുഗത മായിരുന്നില്ലായെന്നും പലപ്പോഴും പദ്ധതി ലക്ഷ്യം നേടാനായില്ല എന്നും കണ്ടതി നാലാണ് മറ്റു ഏജൻസികളെ നിർമ്മാണച്ചുമതല ഏൽപ്പിക്കുവാൻ തീരുമാനിച്ചത്. ഒരു വീടിന് 70,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) പട്ടികജാതി വിഭാഗങ്ങൾക്ക് 7,500 വീടുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 228 പുതിയ വീടുകളും നിർമ്മിച്ചു നൽകുന്നതാണ്.

(ഡി) 2007-08 വർഷം ഗ്രാമസഭകൾ പട്ടികജാതി ഗുണഭോക്താക്കളേയും ഊരു കൂട്ടങ്ങൾ വഴി പട്ടികവർഗ്ഗ ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

25 [*295] ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ആവിഷ്കരിച്ചി ട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേരെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്; ഇൻഷ്വറൻസ് പ്രീമിയത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും മറ്റു തൊഴിലുപകരണങ്ങളും നഷ്ടപ്പെടുന്നത് മൂലമുള്ള നഷ്ടങ്ങളും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മരണത്തിനും കാണാതാകുന്നവരുടെ ആശ്രിതർക്കും, സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 1 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും ധനസഹായവും നൽകി വരുന്നു. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പു മുഖേനയാണ് ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. 1 വർഷമാണ് ഇൻഷ്വറൻസ് കാലാവധി. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ തൊഴിലാളി കളെയും അനുബന്ധ തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളിൽ നിന്നും ഇതിനായി പ്രീമിയം ഒന്നും ഈടാക്കുന്നില്ല. വർഷം തോറും പുതുക്കുന്നതോടൊപ്പം പുതുതായി മത്സ്യബോർഡിൽ അംഗത്വമെടുക്കുന്ന വരെയും ഈ പദ്ധതിയിൽ ചേർക്കുന്നുണ്ട്.

(ബി) മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 232388 മത്സ്യത്തൊഴിലാളികളെയും 50775 അനുബന്ധ തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക ഫിഷറീസ് വകുപ്പ് മുഖേനയാണ് മത്സ്യ ബോർഡിന് നൽകുന്നത്. കേന്ദ്ര സർക്കാർ വിഹിതം റീഇംപേഴ്സ്മെന്റ് വ്യവസ്ഥയിൽ സംസ്ഥാന സർക്കാരിനാണ് നൽകുന്നത്.

(സി) മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും മറ്റു തൊഴിലുപകരണങ്ങളും നഷ്ടപ്പെടുന്നത് മൂലമുള്ള നഷ്ടങ്ങളും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി 'മത്സ്യസുരക്ഷ' എന്ന പേരിൽ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തി വരികയാണ്.

## ക്ഷാമബത്ത കുടിശ്ശിക

26 [*296] ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007 ജൂലായ് 1 മുതൽ കേന്ദ്ര ജീവനക്കാർക്ക് ക്ഷാമബത്ത വർദ്ധിപ്പിച്ചു നൽകുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ സംസ്ഥാന ജീവനക്കാർക്ക് എത്ര ശതമാനം ഡി. എ. കൊടുക്കുന്നുണ്ട്; കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച എത്ര ഗഡു ഡി. എ. സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയുണ്ട്;

(സി) കുടിശ്ശിക ഡി. എ. ഗഡു എന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള ഓഫീസ് മെമ്മോറാണ്ടം ലഭിച്ചിട്ടില്ല.

(ബി) G. O. (P) No. 120/07/Fin. Dated 20-3-07 പ്രകാരം സംസ്ഥാന ജീവനക്കാർക്ക് 1-1-05, 1-7-05, 1-1-06, 1-7-06 മുതലുള്ള 4 ഗഡു ഡി. എ. (15% ഡി. എ.) അനുവദിച്ചിട്ടുണ്ട്. 1-1-05 മുതലുള്ള 3% ഡി. എ. മാർച്ച് 2007-ലെ ശമ്പളത്തോടൊപ്പവും 1-7-05-ലെ 4% ഡി. എ. സെപ്തംബർ 2007-ലെ ശമ്പളത്തോടൊപ്പവും 1-1-06-ലെ 3% ഡി.എ.-യും 1-7-06-ലെ 5% ഡി. എ.-യും ഫെബ്രുവരി 2008-ലെ ശമ്പളത്തോടൊപ്പവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. മൊത്തം 20% ഡി. എ. ജീവനക്കാർക്കുത്തരവായിട്ടുണ്ട്. എന്നാൽ 1-1-07 മുതൽ കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച 6% ഡി.ആർ. സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻകാർക്കും 1-1-07-നോ അതിനുശേഷമോ റിട്ടയർ ചെയ്തതോ/റിട്ടയർ ചെയ്യുന്നതോ ആയ സംസ്ഥാന ജീവനക്കാർക്ക് G. O. (P) No. 236/07/Fin. Dated 12-6-07 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് ഇനിയും സർവ്വീസിലുള്ള ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവായിട്ടില്ല.

(സി) 1-1-07 മുതൽ കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച 6% ഡി. എ., G. O. (P) No. 236/07/Fin. Dated 12-6-07 പ്രകാരം സംസ്ഥാന പെൻഷൻകാർക്കും 1-1-07-നോ അതിനു ശേഷമോ റിട്ടയർ ചെയ്തതോ/റിട്ടയർ ചെയ്യുന്നതോ ആയ സർക്കാർ ജീവനക്കാർക്കും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക നില മെച്ചമാകുന്ന മുറയ്ക്ക് സംസ്ഥാന ജീവനക്കാർക്ക് 1-1-07 മുതലുള്ള 6% ഡി. എ.-യും, 1-7-07 മുതലുള്ള 6% ഡി. എ.-യും അനുവദിക്കുന്നതാണ്.

## കമ്മ്യൂണിറ്റി റിസർവ്വുകൾ

27 [*297] ശ്രീ. മോൻസ് ജോസഫ് :
ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കുവാൻ ഏതെങ്കിലും പഠനങ്ങൾ ശുപാർശ ചെയ്തിരുന്നോ;

(ബി) ഈ പഠനങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കുമോ;

(ഇ) കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) ശുപാർശ ചെയ്തിരുന്നു.

(ബി) ലോക ബാങ്ക് സഹായത്തോടെ സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കിയ കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി പോണ്ടിച്ചേരിയിലെ ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഗവേഷണ-സ്ഥാപനത്തിന് നൽകിയ കൺസൾട്ടൻസി പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ ഏതാനും കമ്മ്യൂണിറ്റി റിസർവ്വുകൾ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കടലുണ്ടി അഴിമുഖവും ചേർന്നുള്ള പ്രദേശവും ഉൾപ്പെടുന്ന ഏകദേശം 150 ഹെക്ടർ പ്രദേശം കമ്മ്യൂണിറ്റി റിസർവ്വായി പ്രഖ്യാപിക്കാനുള്ള ഒരു പ്രപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയും പാരിസ്ഥിതിക ശോഷണവും മൂലം വനാതിർത്തിക്കു പുറത്തുള്ള ആവാസ വ്യവസ്ഥകളും അതിലെ ജൈവവൈവിധ്യവും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. അത്തരം പാരിസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

കവും ജൈവപരവുമായി പ്രാധാന്യമുള്ള പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് കമ്മ്യൂണിറ്റി റിസർവ്വിന്റെ രൂപീകരണം സഹായകരമാകും. കമ്മ്യൂണിറ്റി റിസർവ്വായി പ്രഖ്യാപിക്കുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തിലെ അഞ്ച് പ്രതിനിധികളും വനം വകുപ്പിന്റെ ഒരു പ്രതിനിധിയുമടങ്ങുന്ന ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ആയിരിക്കും കമ്മ്യൂണിറ്റി റിസർവ്വിന്റെ തുടർന്നുള്ള പരിപാലനം. കമ്മ്യൂണിറ്റി റിസർവ്വാക്കുന്നതു വഴി ജനങ്ങൾ ആ പ്രദേശത്ത് തുടർന്നു വന്നിരുന്ന പ്രവർത്തനങ്ങൾക്ക് ഭംഗം വരുന്നില്ല. എന്നു മാത്രമല്ല കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിസ്ഥിതിക്ക് അനുയോജ്യമായ വികസന പ്രവർത്തനങ്ങളും ടൂറിസവും നടപ്പിലാക്കുന്നതിനും ജനങ്ങളുടെ ജീവിതാഭിവൃദ്ധിക്ക് അനുയോജ്യമായ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനും സാധിക്കുന്നു.

(ഇ) അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടു വരുന്ന പക്ഷം പരിഗണിക്കുന്നതാണ്.

## അക്വാ ടെക്നോളജി പാർക്ക്

28 [*298] ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സാജുപോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതി ലക്ഷ്യമിട്ട് ആരംഭിക്കുവാനുദ്ദേശിക്കുന്ന അക്വാ ടെക്നോളജി പാർക്കിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും;

(ബി) ഇതിന്റെ പ്രവർത്തനത്തിനായി കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാർക്കിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഫാക്ടറികൾ ആരംഭിക്കുമോ;

(ഡി) പദ്ധതിയ്ക്ക് എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഇതുമൂലം എത്ര പേർക്ക് തൊഴിൽ ലഭ്യമാകും?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) അക്വാ ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനം KITCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. അക്വാ ടെക്നോളജി പാർക്കിന്റെ പ്രവർത്തനത്തിനായി ഒരു കമ്പനി രൂപീകരിക്കുവാൻ നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഫിഷറീസ് വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ, ബാങ്കുകൾ, കെ. എസ്. ഐ. ഡി. സി., സ്വയം സംരംഭകർ എന്നിവരെയാണ് ഈ കമ്പനിയിൽ ഉൾപ്പെടുത്തുന്നത്. അപ്രകാരം സ്വകാര്യ പങ്കാളിത്തമുള്ള ഒരു കമ്പനി രൂപീകരിച്ചു പ്രവർത്തിക്കും.

(സി) ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയ്ക്ക് 14 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്നു.

(ഇ) അക്വാ ടെക്നോളജി പാർക്ക് നിലവിൽ വന്നു കഴിഞ്ഞാൽ 5,000 പേർക്ക് നേരിട്ടും 10,000 പേർക്ക് അല്ലാതെയും തൊഴിൽ ലഭ്യമാകും.

മാന്തോപ്പ് പദ്ധതി

29 [*299] ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. വി. ശശികുമാർ :
ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് ആരംഭിച്ച മാന്തോപ്പ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനകം എത്ര ഏക്കർ സ്ഥലത്ത് മാന്തോപ്പ് പദ്ധതി ആരംഭിച്ചു;

(സി) മാന്തോപ്പ് പദ്ധതിക്കായി വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ഡി) എല്ലാ ജില്ലയിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം):

(എ) കേരളപ്പിറവിയുടെ 50-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വിവിധയിനം നാടൻ മാവുകളുടെ 50-ഉം അതിലധികവും തൈകൾ വീതം ഒരു സ്ഥലത്ത് നട്ട് വളർത്തിയിട്ടുണ്ട്. ഇതിനാവിശ്യമുള്ള മാവിൻ തൈകൾ വിവിധ ഉറവിടങ്ങളിൽ നിന്നും വിത്തുകൾ ശേഖരിച്ച് വനം വകുപ്പ് ഉൽപ്പാദിപ്പിച്ചതാണ്. മാവിൻ തൈകൾ നട്ടുപിടിപ്പിച്ചത് പ്രാദേശിക ജനപ്രതിനിധികളുടെയും സാമൂഹ്യ-സാംസ്കാരിക നായകന്മാരുടെയും നേതൃത്വത്തിലാണ്. കോഴിക്കോട് ജില്ലയിൽ അനുയോജ്യമായ സ്ഥലം യഥാസമയം ലഭിക്കാത്തതു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നത്.

(ബി) പതിമൂന്ന് ജില്ലകളിലായി 21.664 ഏക്കർ സ്ഥലത്ത് നാടൻ മാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞത് ഒഴികെ മാന്തോപ്പ് പദ്ധതിക്കായി വനം വകുപ്പ് മറ്റു സഹായങ്ങളൊന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോഴിക്കോട് ജില്ലയൊഴികെ ബാക്കി 13 ജില്ലകളിലും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഇ) മാവിൻതൈകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥലത്തിന്റെ ഉടമസ്ഥ സ്ഥാപനങ്ങളുടെയും സഹകരണം ലഭിക്കുന്നുണ്ട്.

## റിസർവോയറുകളിലെ സിൽട്ട്

30 [*300] ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവോയറുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം റിസർവോയറുകളിലാണ് ഇത് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനുമുമ്പ് ഈ റിസർവോയറുകളിൽ സിൽട്ട് നീക്കം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) സിൽട്ട് നീക്കം ചെയ്യുന്നതിന് എന്തു കാലപരിധിയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ & ബി) ജല സംഭരണികളിൽ ഒഴികിയെത്തുന്ന ചെളി, ജൈവ പദാർത്ഥങ്ങൾ എന്നിവ അടിയുന്നത് മൂലമുണ്ടാകുന്ന സിൽട്ട് വിസ്തൃതമായ സംഭരണി പ്രദേശത്തുനിന്ന് ശേഖരിച്ച് മാറ്റുന്നത് അപ്രായോഗികവും ചെലവ് ഏറിയതുമാണ്. വൈദ്യുതി ഉൽപ്പാദനത്തിന് ജലം പുറത്തേക്കെടുക്കുന്ന സംവിധാനത്തിന്റെ മുകളിൽ വരെ അടിഞ്ഞാൽ മാത്രമെ സിൽട്ട് റിസർവ്വോയറുകളുടെ ക്ഷമതയെ ബാധിക്കുകയുള്ളു. ഡാമുകളിൽ സിൽട്ട് ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനമുണ്ട്. സിൽട്ട് അടിയുന്നത് മൂലമുള്ള പ്രശ്നം രൂക്ഷമാകുമ്പോൾ ഇത് ഒഴുക്കിക്കളയുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(സി & ഡി) കല്ലാർക്കുട്ടി, പാംബ്ല ഡാമുകളിൽ വർഷകാലങ്ങളിൽ ആവശ്യമെങ്കിൽ സിൽട്ട് നീക്കം ചെയ്യൽ നടത്തി വരുന്നുണ്ട്.

(ഇ) സിൽട്ട് നീക്കം ചെയ്യുന്നതിന് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട തുക

1 [1875] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട കേന്ദ്രാവിഷ്കൃതവും, സംസ്ഥാന വിഹിതത്തിൽപ്പെട്ടതുമായ പദ്ധതി കൾക്ക് എത്ര രൂപ അനുവദിച്ചു എന്നും ഇവയിൽ എത്ര രൂപ ചെലവഴിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക ചെലവഴിക്കാൻ കഴിയാതെ വന്നിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിന് അനുവദിക്കപ്പെടുന്ന പണം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കുമായി 200.89 കോടി രൂപ വകയിരുത്തുകയും 172.73 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. പട്ടികവർഗ്ഗ ക്ഷേമത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കുമായി 83.06 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 76.09 കോടി രൂപ ചെലവഴിച്ചു.

(ബി) പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിൽ 85.98 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പിന് വകയിരുത്തി യിരുന്ന ബഡ്ജറ്റ് വിഹിതത്തിൽ 91.62 ശതമാനവും ചെലവഴിച്ചു. സംസ്ഥാന പദ്ധതിയിൽ പ്രധാനമായി നിർമ്മാണ പ്രവർത്തനങ്ങൾക്കും അധിക കേന്ദ്രസഹായമായും വകയിരുത്തിയ തുകയാണ് ചെലവാകാതിരുന്നത്. കേന്ദ്ര സഹായ പദ്ധതികൾക്ക് വകയിരുത്തുന്ന തുക ലാപ്സാകുന്നില്ല. ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തി ചെലവഴിച്ചു വരുന്നു.

(സി) പട്ടിക വിഭാഗത്തിന്റെ ക്ഷേമത്തിനായി അനുവദിക്കപ്പെടുന്ന പണം കാര്യ ക്ഷമമായി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പദ്ധതി അവലോകനം എല്ലാ മാസവും ജില്ലാ തലത്തിലും രണ്ട് മാസം കൂടുമ്പോൾ സംസ്ഥാന തലത്തിലും നടത്തി വരുന്നു. കൂടാതെ മന്ത്രി തലത്തിൽ പ്രതിവാര അവലോകനവും നടക്കുന്നു. ജില്ലാ തലത്തിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നത് ജില്ലാ കലക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ്. പ്രസ്തുത വർക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും ജില്ലാതലത്തിൽ വകുപ്പ് ഡയറക്ടറും സെക്രട്ടറിയും അവലോകന യോഗങ്ങളും ഫീൽഡ് ലെവൽ പരിശോധനകളും നടത്തി വരുന്നു.

## അട്ടപ്പാടി വികസനം

2 [1876] ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി-വികസനം-പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കി തുടങ്ങിയ AHADS പദ്ധതിയുടെ രൂപരേഖ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഒരു ആദിവാസി വികസന പദ്ധതി മാത്രമായി ചുരുങ്ങിയിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം നിർമ്മാണം, ഭരണം, പർച്ചേസ് എന്നീ വിഭാഗങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) പരിസ്ഥിതി വികസനത്തിനും മണ്ണ് സംരക്ഷണത്തിനും എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി ആഘാതം ഉണ്ടാക്കിയിട്ടുണ്ടോ;

(എഫ്) വനവൽക്കരണത്തിന്റെ പേരിൽ വിദേശത്തുനിന്ന് എത്തിയിട്ടുള്ള വൃക്ഷച്ചെടികൾ നട്ട് പിടിപ്പിച്ചത് പരിസ്ഥിതി ആഘാതത്തിന് ഇടയാക്കിയിട്ടുണ്ടോ;

(ജി) ഔഷധച്ചെടികൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(എച്ച്) പദ്ധതി നടപ്പിനെക്കുറിച്ച് സർക്കാരിന്റെ നിരീക്ഷണം എന്താണ്?

## ഉത്തരം

(എ) 745 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന അട്ടപ്പാടി പ്രദേശത്തിന്റെ തകർന്നടിഞ്ഞ പരിസ്ഥിതി പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുക 219.31 കോടി രൂപയാണ്. 2000 ഏപ്രിൽ 22-ാം തീയതിയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അട്ടപ്പാടിയുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന്റെ സാമൂഹിക സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് സാമൂഹ്യ വികസനത്തിന് ഉതകുന്ന വിവിധ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനവൽക്കരണം, കാർഷിക വനവൽക്കരണം, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നിവ ഉൾപ്പെടുന്ന സമ്പൂർണ്ണ ഊരു വികസന

LIBRARY ARCHIVES Kerala Legislative Assembly

പരിപാടി, വരുമാനദായക പ്രവർത്തനങ്ങൾ, കലാകായിക വികസനം, പരിസ്ഥിതി, സാക്ഷരത തുടങ്ങിയവ ഉൾപ്പെടുന്ന പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല.

(സി)

(എ) നിർമ്മാണ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ഊരു നിർമ്മാണം | 10.12 | കോടി രൂപ |
| ഗുണഭോക്തൃ സംഘ ഓഫീസ് നിർമ്മാണം | 0.61 | ,, |
| അഹാഡ്സ് ഓഫീസ് നിർമ്മാണം | 3.70 | ,, |
| പാലം നിർമ്മാണം | 1.42 | ,, |
| ആകെ | 15.85 | കോടി രൂപ |

(ബി) ഭരണപരമായ ചിലവുകൾ

(1) നികുതികളും തീരുവകളും മറ്റ് പരോക്ഷമായ ചെലവുകളും ഉൾപ്പെടെ 18.52 കോടി രൂപ.

(2) ഉപകരണങ്ങളും ഫർണിച്ചറുകളും വാഹനങ്ങളും ഉൾപ്പടെ 1.89 കോടി രൂപ.

(ഡി) പരിസ്ഥിതി വികസനത്തിന് 34 കോടി രൂപയും മണ്ണ് സംരക്ഷണത്തിന് 16.42 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) അട്ടപ്പാടിയുടെ വിവിധ ഭാഗങ്ങളിലായി 22.27 ഹെക്ടർ സ്വകാര്യ തരിശ് ഭൂമിയിൽ ഔഷധ സസ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

(എച്ച്) അക്കൗണ്ടന്റ് ജനറൽ, കേരളയുടെ 2005-2006 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് പൂർത്തിയാക്കുകയും അഹാഡ്സ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാൽ ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2006-2007-ലെ ഓഡിറ്റ് നടത്തുന്നതിന് മുന്നോടിയായി അഹാഡ്സ് നിയമിച്ച ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ഗിരിവർഗ്ഗ സെറ്റിൽമെന്റിലെ രോഗവും പട്ടിണി മരണങ്ങളും

3 [1877] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എ. പി. അനിൽകുമാർ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവർക്ക് ചികിത്സയ്ക്കും റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എല്ലാ ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ സൗകര്യങ്ങൾ ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ എന്ന് ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ, ഗിരിവർഗ്ഗ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ എത്ര പേർ ചികിത്സ കിട്ടാതെയും പട്ടിണിമൂലവും മരിക്കുകയുണ്ടായി?

## ഉത്തരം

(എ) കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചികിത്സ ലഭിക്കുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ചികിത്സാ ധനസഹായമായി പ്രൊജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർക്ക് പരമാവധി 500 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് പരമാവധി 9,999 രൂപയും അനുവദിക്കുന്നതിന് അധികാരമുണ്ട്. ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ ദീർഘ കാലം ചികിത്സ വേണ്ടി വരുന്ന രോഗങ്ങൾ എന്നിവയുടെ ചികിത്സാർത്ഥം വകുപ്പ് മന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ പദ്ധതിപ്രകാരം പരമാവധി 25,000 രൂപ വരെ അനുവദിച്ച് നൽകി വരുന്നു. ടി പദ്ധതികൾക്ക് പുറമെ കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം നൽകുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് നല്ലൂർനാട്ടിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി (കോട്ടത്തറ)-യിലും ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാൻ ഓരോ ആശുപത്രിയും നെടുമങ്ങാട്, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും 17 ആയുർവേദ ഡിസ്പെൻസറികളും 2 എ. എൻ. എം. സെന്ററുകളും 6 ഒ. പി. ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ തുടങ്ങിയ പഞ്ഞമാസങ്ങളിൽ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഫുഡ് സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അരിയും, പയറുവർഗ്ഗങ്ങളും ചില പ്രത്യേക സാഹചര്യങ്ങളിൽ സൗജന്യമായി റേഷനും അനുവദിച്ചു നൽകുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്, ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരും തന്നെ ചികിത്സ കിട്ടാതെയോ പട്ടിണിമൂലമോ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന വായ്പ

4 [1878] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട് എന്നും ആർക്കൊക്കെ എന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം I-ലും†, പട്ടികവർഗ്ഗക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം II-ലും†, കൊടുത്തിരിക്കുന്നു.

(ബി) പട്ടികജാതിക്കാർക്കുള്ള പലിശരഹിത ഭവന നിർമ്മാണ വായ്പയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അനുബന്ധം III-ൽ കൊടുത്തിട്ടുണ്ട്.† പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന ഭവന നിർമ്മാണ വായ്പ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആർക്കും ഭവന നിർമ്മാണ വായ്പ നൽകിയിട്ടില്ല.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം

5 [1879] ശ്രീ. കെ. ബാബു :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി എത്ര വീടുകൾ വച്ച് കൊടുത്തു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം ഈ വിഭാഗക്കാർക്കായി എത്ര വീടുകൾ നിർമ്മിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്;

(സി) ഇതിനായി എന്ത് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ഈ വർഷം ഇതു വരെ എത്ര വീടുകൾ നിർമ്മിച്ചു; എവിടെയെല്ലാം?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടിക-ജാതിക്കാർക്ക് 2006-07, 2007-08 വർഷങ്ങളിലായി 12,500 വീടുകൾ നിർമ്മിക്കുന്നതിന് അനുവാദം നൽകുകയും മുൻവർഷങ്ങളിൽ പൂർത്തിയാക്കാനുണ്ടായിരുന്ന 4006 വീടുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി † കൊടുത്തിട്ടുണ്ട്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2006-07 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടി രൂപ വിനിയോഗിച്ച് 262 വീടുകൾ താഴെപ്പറയും പ്രകാരം വിവിധ ജില്ലകളിലായി അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 5 വീടുകൾ |
| 2 | കോട്ടയം | 5 ” |
| 3 | കണ്ണൂർ | 15 ” |
| 4 | ഇടുക്കി | 30 ” |
| 5 | പാലക്കാട് | 25 ” |
| 6 | മലപ്പുറം | 10 ” |
| 7 | വയനാട് | 127 ” |
| 8 | കൊല്ലം/ആലപ്പുഴ | 5 ” |
| 9 | പത്തനംതിട്ട | 10 ” |
| 10 | എറണാകുളം | 5 ” |
| 11 | തൃശ്ശൂർ | 5 ” |
| 12 | കോഴിക്കോട് | 10 ” |
| 13 | കാസർഗോഡ് | 10 ” |
| | ആകെ | 262 വീടുകൾ |

അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗക്കാർക്കായി 1111 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | വയനാട് | 520 വീടുകൾ |
| 2 | കോഴിക്കോട് | 4 ” |
| 3 | പാലക്കാട് | 261 ” |
| 4 | മലപ്പുറം | 156 ” |
| 5 | തൃശ്ശൂർ | 50 ” |
| 6 | കാസർഗോഡ് | 120 ” |
| | ആകെ | 1111 വീടുകൾ |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2) 2007-08 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 2 കോടി രൂപ യിൽ 1,28,45,070 രൂപ വിനിയോഗിച്ച് 172 വീടുകൾ നിർമ്മിക്കുന്നതിനായി താഴെപ്പറയും പ്രകാരം വിവിധ ജില്ലകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 വീടുകൾ |
| 2 | കോട്ടയം | 5 " |
| 3 | ഇടുക്കി | 23 " |
| 4 | പാലക്കാട് | 17 " |
| 5 | വയനാട് | 75 " |
| 6 | മലപ്പുറം | 7 " |
| 7 | കണ്ണൂർ | 8 " |
| 8 | കൊല്ലം/ആലപ്പുഴ | 5 " |
| 9 | പത്തനംതിട്ട | 7 " |
| 10 | എറണാകുളം | 4 " |
| 11 | കോഴിക്കോട് | 6 " |
| 12 | തൃശ്ശൂർ | 4 " |
| 13 | കാസർഗോഡ് | 7 " |
| | ആകെ | 172 വീടുകൾ |

ശേഷിക്കുന്ന 71,54,930 രൂപ മുൻ വർഷങ്ങളിൽ വകുപ്പ് ഏറ്റെടുത്ത് നിർമ്മിച്ചു വന്നിരുന്ന വീടുകളുടെ പൂർത്തീകരണത്തിനായി (സ്പിൽ ഓവർ ഹൗസിംഗ്) അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം പട്ടികജാതി വിഭാഗക്കാർക്കായി 7,500 വീടുകളും പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി 228 വീടുകളും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) പട്ടികജാതിക്കാരുടെ ഭവന നിർമ്മാണത്തിനായി 52.50 കോടി രൂപയും പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2 കോടി 28 ലക്ഷം രൂപയും ചെലവാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഈ വർഷം 31-8-2007 വരെ പട്ടികജാതി വികസന വകുപ്പു മുഖേന 120 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കാണാ വുന്നതാണ്. 2007-08 വർഷം പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി പ്രകാരം പണിതീർന്ന വീടുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ചികിത്സക്കായി അനുവദിച്ച തുക

6 [1880] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര രോഗികൾക്ക് ചികിത്സക്കായി ദുരിതാശ്വാസ നിധിയിൽ നിന്നും എന്തു തുക വീതം ചികിത്സാ സഹായമായി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ചികിത്സാ സഹായം അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകർക്ക് മുഴുവൻ എന്നേക്ക് ചികിത്സാ സഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട 4403 പേർക്ക് 31-8-07 വരെ 2,22,01,441 രൂപയും, പട്ടികവർഗ്ഗത്തിൽപ്പെട്ട 19,355 പേർക്ക് 90,44,036 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ † ചേർത്തിരിക്കുന്നു. പട്ടികജാതിയിൽപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 3701 അപേക്ഷകൾ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ † ചേർത്തിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പട്ടികജാതി വിഭാഗത്തിൽ 334 അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിക്കാനുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) അർഹരായ എല്ലാ അപേക്ഷകർക്കും ഉടനെ തന്നെ ചികിത്സാ സഹായം നൽകാൻ കഴിയും.

## ഒറ്റപ്പാലത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം

7 [1881] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം നൽകി എന്ന് വിശദമാക്കാമോ;

(ബി) ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ആർക്കെല്ലാം എത്ര തുക വീതം നൽകി എന്ന് വിശദമാക്കാമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒറ്റപ്പാലം നായോജകമണ്ഡലത്തിൽ പട്ടികജാതിയിൽപ്പെട്ട 13 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ആകെ 21 അപേക്ഷകരിൽ 13 പേർക്ക് ധനസഹായം നൽകി. ബാക്കി 8 പേർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക വിതരണം ചെയ്തിട്ടില്ല. തുക നൽകിയിട്ടുള്ളവരുടെ വിവരം അനുബന്ധമായി † ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

## വയനാട് ജില്ലയിലെ എസ്. സി./എസ്. ടി. കോർപ്പസ് ഫണ്ട്

8 [1882] ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എസ്. സി./ എസ്. ടി. കോർപ്പസ് ഫണ്ട് ഇനത്തിൽ വയനാട് ജില്ലയിൽ അനുവദിച്ച തുകയും പദ്ധതികളും താലൂക്ക് അടിസ്ഥാന ത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

എസ്. സി./എസ്. ടി. കോർപ്പസ് ഫണ്ടിൽ നിന്നും വയനാട് ജില്ലയിലെ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിവരം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

I. പട്ടികജാതി വികസന വകുപ്പ്

1. ഭവന നിർമ്മാണം

| | |
|---|---|
| കൽപ്പറ്റ | 51,30,000 രൂപ |
| ബത്തേരി | 24,88,000 രൂപ |
| മാനന്തവാടി | 24,42,250 രൂപ |

2. ഭൂരഹിത പുനരധിവാസ പദ്ധതി

| | |
|---|---|
| കൽപ്പറ്റ | 12,65,000 രൂപ |
| ബത്തേരി | 8,50,000 രൂപ |
| മാനന്തവാടി | 6,00,000 രൂപ |

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## II. പട്ടികവർഗ്ഗ വികസന വകുപ്പ്

1. മാനന്തവാടി താലൂക്ക്

| പദ്ധതികൾ | തുക (ലക്ഷം) |
|---|---|
| കോളനി വൈദ്യുതീകരണം | 59.17 |
| കോളനി റോഡുകളുടെ പുനരുദ്ധാരണവും നിർമ്മാണവും | 44.70 |
| കുടിവെള്ള പദ്ധതി | 9.00 |
| പാലം | 23.60 |
| അഗതി മന്ദിര പ്രവർത്തന ഫണ്ട് | 3.00 |
| ആകെ | 139.47 |

2. സുൽത്താൻബത്തേരി താലൂക്ക്

| | തുക (ലക്ഷം) |
|---|---|
| കോളനി വൈദ്യുതീകരണം | 69.15 |

3. വൈത്തിരി താലൂക്ക്

| | തുക (ലക്ഷം) |
|---|---|
| അപ്രന്റീസ് ക്ലാർക്കുമാർക്കുള്ള ഹോണറേറിയം/അഗതി മന്ദിരത്തിന്റെ പ്രവർത്തനം | 9.57 |

## പേട്ടുംതടായിൽ സാമൂഹ്യ വിരുദ്ധ ശല്യം

9 [1883] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ പേട്ടുംതടായിൽ പട്ടികജാതി കോളനിയിൽ ശുദ്ധജല വിതരണത്തിനുള്ള പമ്പ് ഹൗസും പമ്പ് സെറ്റ് സാമഗ്രികളും സാമൂഹ്യ വിരുദ്ധർ തകർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനിയിൽ ശുദ്ധജലവും റോഡും വൈദ്യുതിയും എത്തിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിൽ നൽകിയിട്ടുള്ള നിവേദനങ്ങളിൽ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനും റോഡ് ടാറിംഗിനും/ വൈദ്യുതി എത്തിക്കുന്നതിനുമായി ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ചർച്ച ആരംഭിച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് സഹായം

10 [1884] ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി. ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി./ പ്ലസ്ടു പരീക്ഷയിൽ തോൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്നു പഠിച്ച് പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ 3 വർഷങ്ങളിൽ ഓരോ വർഷവും എത്ര കുട്ടികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി എന്ന് വ്യക്തമാക്കുമോ;

(സി) ആദ്യ പരീക്ഷയിൽ തോറ്റ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ട്യൂട്ടോറിയലിൽ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി † നൽകിയിരിക്കുന്നു.

(ബി) 2004-2005 വർഷത്തിൽ 1184, 2005-2006 വർഷത്തിൽ 793, 2006-2007 വർഷത്തിൽ 796 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി., പ്ലസ് ടു പരാജിതരായി ട്യൂട്ടോറിയലിൽ ചേർന്നു പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) എസ്. എസ്. എൽ. സി./ പ്ലസ് ടു എന്നീ കോഴ്സുകൾക്ക് ആദ്യ ചാൻസിൽ പരാജിതരാകുന്നവർക്ക് വീണ്ടും ട്യൂട്ടോറിയലിൽ ചേർന്നു പഠിച്ചു പരീക്ഷ എഴുതുന്നതിനാണ് ധനസഹായം നൽകുന്നത്.

## വയനാട് ജില്ലയിലെ പഴശ്ശിരാജാ കോളജിലെ സനൂപ് എം. എന്ന വിദ്യാർത്ഥിക്ക് കൊടുക്കേണ്ടതായ സ്കോളർഷിപ്പ് തുക

11 [1885] ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പഴശ്ശിരാജാ കോളേജിൽ മൈക്രോ ബയോളജി (M.Sc.) എം. എസ്സി. കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിഭാഗക്കാരായ സനൂപ് എം. എന്ന വിദ്യാർത്ഥിക്ക് 2005-06 വർഷത്തേക്കുള്ള ട്യൂഷൻ ഫീസ്, സ്പെഷ്യൽ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഫീസ്, പരീക്ഷാ ഫീസ് എന്നീ ഇനങ്ങളിൽ കൊടുക്കേണ്ടതായ സ്കോളർഷിപ്പ് തുക നൽകാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ പ്രസ്തുത വിദ്യാർത്ഥിക്ക് ലഭിക്കേണ്ട തുകയ്ക്കുള്ള ബിൽ അയച്ചപ്പോൾ ഈയിനത്തിലുള്ള തുക കൊടുക്കുവാൻ സർക്കാർ ഉത്തരവില്ലെന്ന് വയനാട് ജില്ലാ പട്ടികജാതി-വികസന ഓഫീസ് അറിയിച്ചിട്ടുണ്ടോ;

(ഡി) ഈ ഇനങ്ങളിലുള്ള ഫീസ് കൊടുക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതെന്തുകൊണ്ട്;

(ഇ) മറ്റു ജില്ലകളിൽ എയ്ഡഡ് കോളജുകളിലെ സ്വാശ്രയ കോഴ്സിന് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ഇനത്തിലുള്ള ഫീസ് കൊടുക്കുന്നുണ്ടോ;

(എഫ്) എം. സനൂപിന് ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. സർക്കാർ നിരക്കിൽ അനുവദനീയമായ ഫീസുകൾ നൽകിയിട്ടുണ്ട്. എം. എസ്‌സി. മൈക്രോ ബയോളജി സ്വാശ്രയ കോഴ്സായതിനാൽ ഉയർന്ന നിരക്കിൽ ഫീസ് അനുവദിക്കുവാൻ നിലവിൽ നിയമമില്ല.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഇ) മറ്റ് ജില്ലകളിൽ സർക്കാർ നിരക്കിലുള്ള ഫീസ് ആനുകൂല്യം നൽകി വരുന്നു.

(എഫ്) ഒന്നാം സെമസ്റ്ററിന് ഫീസിനത്തിലും, സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നീ ഇനങ്ങളിലുമായി 5700 രൂപ അനുവദിച്ചിട്ടുണ്ട്.

## കോയിലാണ്ടി മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

12 [1886] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വടകരയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ള കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മലബാർ ഓർഗാനിക്സ് ലിമിറ്റഡ് കമ്പനി എന്ന സ്ഥാപനം വക 8.14 ഏക്കർ സ്ഥലത്തിനും കെട്ടിടത്തിനും കൂടി വിവിധ ധനകാര്യ സ്ഥാപനങ്ങളിലായി ഏകദേശം 250 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. ബാദ്ധ്യതയുള്ള സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം വ്യവസ്ഥയില്ല. ആയതിനാൽ ബാദ്ധ്യത ഒഴിവാക്കി സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിച്ചു വരികയാണ്.

## പന്തളം ചേരിക്കൽ ഐ. റ്റി. ഐ.

13 [1887] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ചേരിക്കലിൽ പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ. റ്റി. ഐ.-യുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ എന്തൊക്കെ പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പന്തളം ചേരിക്കൽ ഐ. റ്റി. ഐ.-യിൽ ഹോസ്റ്റൽ സൗകര്യമുൾപ്പെടെ വികസന പരിപാടികൾ എന്ന് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പന്തളം ഐ. റ്റി. ഐ.-യെ മോഡൽ റസിഡൻഷ്യൽ ഐ. റ്റി. സി.-യാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(ബി) പുതുതായി കമ്പ്യൂട്ടർ കോഴ്സ് (കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഹോസ്റ്റൽ സൗകര്യമുൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനം നടപ്പു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വടക്കാഞ്ചേരി ഐ. ടി. സി.-യുടെ നവീകരണം

14 [1888] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി വകുപ്പിന്റെ ഐ. ടി. സി.-യുടെ നവീകരണത്തിനും വികസനത്തിനുമായി ഈ സാമ്പത്തിക വർഷം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവിടെ തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വകുപ്പിന്റെ കീഴിൽ എങ്കക്കാട്, എരുമപ്പെട്ടി എന്നീ രണ്ട് ഐ. റ്റി. സി.-കളാണ് പ്രവർത്തിക്കുന്നത്. എങ്കക്കാട് ഐ. റ്റി. സി.-യെ മോഡൽ റസിഡൻഷ്യൽ ഐ. റ്റി. സി.-യാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ എങ്കക്കാട് ഐ. റ്റി. സി.-യിൽ സർവ്വേയർ ട്രേഡും, എരുമപ്പെട്ടി ഐ. റ്റി. സി.-യിൽ ഡ്രാഫ്റ്റ്സ്മാൻ, സിവിൽ, പ്ലംബർ എന്നീ ട്രേഡുകളും നിലവിലുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

## പട്ടികവർഗ്ഗ പരമ്പരാഗത വനവാസി നിയമം

15 [1889] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് പാസ്സാക്കിയ പട്ടികവർഗ്ഗ പരമ്പരാഗത വനവാസികളുമായി ബന്ധപ്പെട്ട (വനാവകാശം അംഗീകരിക്കൽ-2006) നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ദോഷകരമാകുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിയമത്തിന്റെ അപാകതകൾ പരിഹരിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

## ഉത്തരം

(എ) സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് എതിരാകുമെന്ന് കരുതുന്നില്ല.

(ബി) പ്രസ്തുത നിയമത്തിൽ ഇത്തരം ഒരാശങ്കക്ക് അടിസ്ഥാനമുള്ളതായി കാണുന്നില്ല.

(സി) പ്രസക്തമല്ല.

(ഡി) നിയമത്തിൽ അപാകതകൾ ഉള്ളതായി കണ്ടിട്ടില്ല. ആദിവാസി പുനരധിവാസത്തിന് സഹായകരമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കാൻ കേന്ദ്രത്തിൽ ശുപാർശ നൽകിയിട്ടുണ്ട്.

## ട്രൈബൽ മിഷന്റെ പ്രവർത്തനം

16 [1890] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രൈബൽ മിഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ട്രൈബൽ മിഷന് കീഴിൽ നിലവിലുള്ള പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ട്രൈബൽ മിഷന് കീഴിൽ സുഗന്ധഗിരി നിവാസികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സുഗന്ധഗിരിയിലെ ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സുഗന്ധഗിരിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പുവർഷം പരിഗണനയിലുള്ള പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) കഴിഞ്ഞ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിരുന്നു. മറ്റു വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികവർഗ്ഗക്കാരിൽ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ഗവൺമെന്റ് ജോലി

17 [1891] ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ 20 വയസ്സിനു താഴെ പ്രായമുള്ളവരിൽ എസ്. എസ്. എൽ. സി. പാസ്സായവർ എത്ര പേർ ഉണ്ട്;

(ബി) അതിനു മുകളിൽ വിദ്യാഭ്യാസ യോഗ്യത കരസ്ഥമാക്കിയവർ എത്ര പേർ ഉണ്ട്; എസ്. എസ്. എൽ. സി. പാസ്സാവുകയോ അതിനു മുകളിൽ വിദ്യാഭ്യാസ യോഗ്യത കരസ്ഥമാക്കുകയോ ചെയ്തിട്ടുള്ള പട്ടികവർഗ്ഗക്കാരിൽ തൊഴിൽ രഹിതരുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; അവർക്ക് തൊഴിൽ നൽകുന്നതിന് ഗവൺമെന്റ് എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരിൽ ഒരു വീട്ടിൽ ഓരാൾക്കെങ്കിലും ഗവൺമെന്റ് ജോലി ഉറപ്പു വരുത്തുവാൻ കർമ്മപദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇത് സംബന്ധമായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

## ആദിവാസികൾക്ക് ആരോഗ്യ പദ്ധതി

18 [1892] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആദിവാസികൾക്കായി കേന്ദ്ര സഹായത്തോടെ സർക്കാർ നടപ്പാക്കുന്ന പുതിയ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര പദ്ധതിയിൽ നിന്നും എന്തൊക്കെ കാര്യങ്ങളിലാണ് വ്യത്യാസപ്പെട്ടിട്ടുള്ളത്;

(സി) പദ്ധതിയുടെ പ്രവർത്തന പുരോഗതിയും ജില്ലകൾക്കായി അനുവദിച്ച തുകയുടെ വിശദാംശവും വ്യക്തമാക്കുമോ;

(ഡി) പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വയനാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(എഫ്) വയനാട് ജില്ലയിലെ കല്പറ്റ ജനറൽ ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ജി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ആശുപത്രി അധികൃതരുടെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

## ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ അധിക കേന്ദ്ര സഹായമായ 10 കോടി രൂപ ഉപയോഗിച്ച് രൂപപ്പെടുത്തിയ ആദിവാസികൾക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയനുസരിച്ച് വരുന്ന അഞ്ചുവർഷക്കാലം 14 ജില്ലാ ആശുപത്രികൾ, വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ, 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & റിസർച്ച്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽ നിന്നും പട്ടിക വർഗ്ഗക്കാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭിക്കും. പതിനായിരം രൂപയ്ക്ക് മുകളിലുള്ള ചികിത്സ ബി. പി. എൽ. വിഭാഗത്തിന് മാത്രമായിരിക്കും. 14 ജില്ലാ ആശുപത്രികളിലേയും വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളിലെയും സൂപ്രണ്ടുമാരുടെയും 5 സർക്കാർ മെഡിക്കൽ കോളേജുകളിലേയും, രണ്ട് സഹകരണ മെഡിക്കൽ കോളേജുകളിലേയും സൂപ്രണ്ടുമാരുടെയും, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & റിസർച്ച്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലെ ഡയറക്ടർമാരുടെയും ആവശ്യാനുസരണം തുക അനുവദിച്ചു നൽകുകയും 13-8-2007-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 45/2007/SCSTDD-ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തുക വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേക്കാണ് 2003-04 സാമ്പത്തിക വർഷം അധിക കേന്ദ്ര സഹായമായി 10 കോടി രൂപ അനുവദിച്ചത്. സൗജന്യ ചികിത്സയാണ് കേന്ദ്ര പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാന സർക്കാർ കേന്ദ്ര നിർദ്ദേശം വളരെ ആഴത്തിൽ പഠിച്ചതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ടി പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാർക്ക് കാര്യമായ പ്രയോജനം ലഭിക്കില്ലെന്ന് മുൻ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ ഇൻഷ്വറൻസ് കമ്പനികളുടെ പങ്കാളിത്തം ഇല്ല. ഇൻഷ്വറൻസ് പോളിസിക്ക് പകരം പദ്ധതി പ്രകാരം ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

(സി) 13-8-2007-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നം. 45/2007/SCSTDD പ്രകാരം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും താഴെപ്പറയും പ്രകാരം ഓരോ ജില്ലകൾക്കും തുക (2007-2008 വർഷത്തേക്ക്) വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

I. തിരുവനന്തപുരം

| | | |
|---|---|---|
| (1) | ജനറൽ ആശുപത്രി തിരുവനന്തപുരം | 2 ലക്ഷം രൂപ |
| (2) | മെഡിക്കൽ കോളജ് ആശുപത്രി | 10 ” |
| (3) | റീജിയണൽ ക്യാൻസർ സെന്റർ | 20 ” |
| (4) | ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & റിസേർച്ച് | 10 ” |
| | ആകെ | 42 ലക്ഷം രൂപ |

II. കൊല്ലം

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 2 ലക്ഷം രൂപ |
| | ആകെ | 2 ലക്ഷം രൂപ |

III. പത്തനംതിട്ട

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 2 ലക്ഷം രൂപ |
| | ആകെ | 2 ലക്ഷം രൂപ |

IV. കോട്ടയം

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 2 ലക്ഷം രൂപ |
| (2) | മെഡിക്കൽ കോളജ് ആശുപത്രി, കോട്ടയം | 10 ” |
| | ആകെ | 12 ലക്ഷം രൂപ |

V. ഇടുക്കി

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 20 ലക്ഷം രൂപ |
| | ആകെ | 20 ലക്ഷം രൂപ |

VI. ആലപ്പുഴ

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 1 ലക്ഷം രൂപ |
| (2) | മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ | 5 ” |
| | ആകെ | 6 ലക്ഷം രൂപ |

LIBRARY ARCHIVES Kerala Legislative Assembly

VII. എറണാകുളം

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 2 ലക്ഷം രൂപ |
| (2) | സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി | 5 " |
| | ആകെ | 7 ലക്ഷം രൂപ |

VIII. തൃശ്ശൂർ

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 5 ലക്ഷം രൂപ |
| (2) | മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ | 20 " |
| | ആകെ | 25 ലക്ഷം രൂപ |

IX. മലപ്പുറം

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 5 ലക്ഷം രൂപ |
| | ആകെ | 5 ലക്ഷം രൂപ |

X. പാലക്കാട്

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 10 ലക്ഷം രൂപ |
| | ആകെ | 10 ലക്ഷം രൂപ |

XI. കോഴിക്കോട്

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 5 ലക്ഷം രൂപ |
| (2) | മെഡിക്കൽ കോളേജ് ആശുപത്രി | 40 " |
| | ആകെ | 45 ലക്ഷം രൂപ |

XII. വയനാട്

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി, മാനന്തവാടി | 30 ലക്ഷം രൂപ |
| | ആകെ | 30 ലക്ഷം രൂപ |

XIII. കണ്ണൂർ

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 10 ലക്ഷം രൂപ |
| (2) | സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം | 5 " |
| (3) | മലബാർ ക്യാൻസർ സെന്റർ | 5 " |
| | ആകെ | 20 ലക്ഷം രൂപ |

XIV. കാസർഗോഡ്

| | | |
|---|---|---|
| (1) | ജില്ലാ ആശുപത്രി | 10 ലക്ഷം രൂപ |
| | ആകെ | 10 ലക്ഷം രൂപ |

അഡീഷണൽ ആതറൈസേഷൻ വഴി തുക ലഭിക്കുന്ന മുറയ്ക്ക് സ്കീം നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതോടൊപ്പം വയ്ക്കുന്നു.†

(ഇ & എഫ്) ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികളും ഈ പദ്ധതിയിൽ ഉൾപ്പെടും.

(ജി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 45/2007/SCSTDD തീയതി 13-8-2007-ലെ സർക്കാർ ഉത്തരവിൽ ആശുപത്രി അധികൃതരുടെ അധികാരങ്ങളും ചുമതലകളും വ്യക്തമായി നിഷ്ക്കർഷിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ

19 [1893] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്;

(ബി) ഇത്രയും കോളനികളിലായി എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്;

(സി) ഇത്രയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമ കാര്യങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതിനായി ജില്ലയിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ഒരു തസ്തിക മാത്രമെ അനുവദിച്ചിട്ടുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉൾവന പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് യഥാ സമയം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ജില്ലയിൽ വാഴച്ചാൽ ആസ്ഥാനമായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 93.

(ബി) 1517.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

## മലക്കപ്പാറയിൽ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്

20 [1894] ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ പ്രദേശത്തെ കോളനികളിൽ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ കോളനികളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ കോളനികളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇടുക്കി ജില്ലയിലെ അടിമാലിയിലുള്ള എളംപ്ലാശ്ശേരി ഒ. പി. ക്ലിനിക്ക് ഇപ്പോൾ പ്രവർത്തനം നിലച്ച അവസ്ഥയിലായതിനാലും, മലക്കപ്പാറ പ്രദേശത്തെ കോളനികളിൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിനാലും ടി ഒ. പി. ക്ലിനിക്ക് അടിമാലിയിൽ നിന്നും അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലേക്ക് മാറ്റുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 1028/07/പജ.പവ.വിവ. തീയതി 6-9-2007 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## ശബരിമല വനത്തിനുള്ളിലെ ആദിവാസികൾക്ക് റേഷൻ

21 [1895] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല വനത്തിനുള്ളിൽ പുറം ലോകവുമായി ബന്ധമില്ലാതെ ജീവിക്കുന്ന ആദിവാസികൾക്ക് റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഭക്ഷ്യ ധാന്യങ്ങൾ മൺസൂൺ കാലങ്ങളിലും മഴമൂലം ജോലി ഇല്ലാത്ത അവസരങ്ങളിലും പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗ പ്രമോട്ടർമാർ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തിച്ച് നേരിട്ട് വീടുകളിൽ വിതരണം ചെയ്തു വരുന്നുണ്ട്. റേഷൻ സാധനങ്ങൾ വില കൊടുത്ത് റേഷൻകാർഡുടമ റേഷൻ കടയിൽ നിന്നും കൈപ്പറ്റേണ്ടതിനാൽ റേഷൻ കടകൾ മുഖേന ലഭിക്കുന്ന റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിച്ചു നൽകുക പ്രായോഗികമല്ല.

## ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ സ്കീം

22 [1896] ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി താലൂക്കിലെ അമ്പലവയൽ ചീങ്ങേരി ട്രൈബൽ എക്സ്റ്റൻഷൻ സ്കീമിൽ വരുന്ന കോളനിയും കൃഷി ഫാമുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കീമിന്റെ കൈവശക്കാരായ ആദിവാസികൾക്ക് പട്ടയം നൽകുന്നതിനും ഫാം നിലനിർത്തുന്നതിനുമായി കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) ഈ ശുപാർശകൾക്ക് വിരുദ്ധമായി മുഴുവൻ ഭൂമിയും വീതിച്ചു നൽകുന്നതിനായി 20-12-2005-ലെ ജി.ഒ. (എം.എസ്.) 50/05-എസ്.സി/എസ്.റ്റി.ഡി.ഡി. നമ്പർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ഡി) ഈ ഉത്തരവ് റദ്ദാക്കി എക്സ്റ്റൻഷൻ സ്കീമിന്റെ 182 ഏക്കർ കൃഷിത്തോട്ടം തോട്ടമായി സംരക്ഷിക്കണമെന്നും കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്ത കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രത്തോളമായെന്ന് വിശദമാക്കാമോ;

(എഫ്) മേല്പറഞ്ഞ ഉത്തരവ് റദ്ദാക്കി ഫാം നിലനിർത്തുന്നതിനും കൈവശക്കാരായ ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും സമയപരിധി പ്രഖ്യാപിക്കുമോ?

<u>ഉത്തരം</u>

(എ) ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം 1958-ലാണ് ആരംഭിച്ചത്. 100 പട്ടികവർഗ്ഗ കുടുംബങ്ങളെ കുടിയിരുത്താനും അവർക്ക് വീടും മറ്റ് സൗകര്യങ്ങളും നൽകാനും ഭൂമിയിൽ കൃഷി ചെയ്ത് ആദായമുണ്ടാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. മൊത്തം 526.35 ഏക്കർ ഭൂമിയിലാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 1958-ൽ ആരംഭിച്ച ഈ സ്കീമിൽ നാളിതുവരെ വളരെയധികം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവയുടെ ഏകദേശ വിവരം താഴെ ചേർക്കുന്നു:

1. ഭവന നിർമ്മാണം-371 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

2. കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

3. കോളനിയിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്.

4. 100 ഏക്കർ സ്ഥലത്തിൽ കാപ്പികൃഷി ചെയ്തിട്ടുണ്ട്.

5. 32 ഏക്കറിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വാനില കൃഷി ചെയ്തുവെങ്കിലും പിന്നീട് വാനില കൃഷി നശിച്ചു പോയതിനാൽ ഈ ഭൂമിയിൽ മറ്റു കൃഷികൾ ചെയ്തു വരുന്നു.

6. 50 ഏക്കറിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മോഡൽ ഫാം നടത്തുന്നു. ഇവിടെ കൃഷി വകുപ്പിന് കീഴിൽ വിപുലമായ നഴ്സറി നടത്തുന്നുണ്ട്. കൂടാതെ ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്:

1. ജി.എൽ.പി. സ്കൂൾ, ചീങ്ങേരി
2. പ്രീമെട്രിക് ഹോസ്റ്റൽ ഗേൾസ്, മട്ടപ്പാറ
3. പ്രീമെട്രിക് ഹോസ്റ്റൽ ബോയ്സ്, വടുവഞ്ചാൽ
4. പ്രീമെട്രിക് ഹോസ്റ്റൽ ഗേൾസ്, അമ്പലവയൽ
5. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ചീങ്ങേരി
6. ഗവ. ആയുർവേദ ഡിസ്പെൻസറി, ചീങ്ങേരി

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള നിയമസഭയുടെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതി നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ ഉൾപ്പെട്ട 270.95 ഏക്കർ ഭൂമി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 30-1-95 സ.ഉ. (സാധാ) നം. 8/95/പജ. പവ. വിവ. പ്രകാരം ഉത്തരവാകുകയും ഭൂമി വിതരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേവരെ 227 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ചീങ്ങേരി ട്രൈബൽ കോളനിയിലെ ഭൂമി വിതരണവുമായി ബന്ധപ്പെട്ട് ശ്രീ. മാതൻ മുതൽ 4 പേർ ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 4999/05 നമ്പർ ഒ.പി.-യിൽ ബഹു. ഹൈക്കോടതി ഭൂമി പതിച്ചു നൽകണമെന്ന ആവശ്യം പരിശോധിച്ചു തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും കൃഷി വകുപ്പു മേൽനോട്ടം വഹിക്കുന്നതുമായ 100 ഏക്കർ കാപ്പിത്തോട്ടവും 50 ഏക്കർ മോഡൽ ഫാമും 32 ഏക്കറിലെ വാനിലത്തോട്ടവും ചീങ്ങേരി കോളനിയിലെ അർഹരായ കുടുംബങ്ങൾക്ക് നൽകുന്നതിന് TRDM-നെ ഏൽപ്പിക്കണമെന്ന് കാണിച്ചാണ് 20-12-05-ലെ G.O. (Ms.) 50/2005/ SCSTDD പ്രകാരം ഉത്തരവ് ഇറക്കിയിട്ടുള്ളത്.

(ഡി) ചീങ്ങേരി കോളനി സംരക്ഷണ സമിതിയുടെ പേരിൽ 24-1-2005 തീയതി വെച്ച് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവു റദ്ദാക്കണമെന്നും എല്ലാ കൈവശക്കാർക്കും പട്ടയം നൽകണമെന്നും മറ്റും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കി നൽകാൻ കൃഷി വകുപ്പിനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) പ്രസ്തുത ഉത്തരവ് റദ്ദാക്കണമോ വേണ്ടയോ എന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## ആലക്കോട് എസ്റ്റേറ്റിൽ ആദിവാസികൾക്ക് ഭൂമി അനുവദിക്കുന്ന നടപടി

23 [1897] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആറളം, ആലക്കോട് എസ്റ്റേറ്റുകളിൽ എത്ര ആദിവാസികൾക്കാണ് ഭൂമി പതിച്ചു നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) ആറളം-ആലക്കോട് എസ്റ്റേറ്റിലെ ഭൂമി വിതരണ നടപടികൾ എപ്പോഴാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ആറളം ഫാമിൽ ഇതിനോടകം 840 പേർക്ക് ഭൂമി നൽകിക്കൊണ്ട് ഉത്തരവായി. ഇതിൽ 751 പേർക്ക് കൈവശരേഖ നൽകി. 1717 പേർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്. ആലക്കോട് എസ്റ്റേറ്റിൽ 340 പേർക്ക് ഭൂമി നൽകാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 57 പേർക്ക് കൈവശരേഖ നൽകുകയും ചെയ്തിരുന്നുവെങ്കിലും ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റിൽപ്പെട്ട ചിലർക്ക് സ്വന്തമായി ഭൂമിയുണ്ടെന്നുള്ള പരാതി ലഭിച്ചതിനെ തുടർന്ന് ഭൂമി വിതരണം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ 340 പേരുടെ യോഗ്യത വീണ്ടും പരിശോധിക്കുന്നതിനായി ഊരു കൂട്ടം യോഗങ്ങളുടെ ശുപാർശകൾ പരിശോധിച്ചു അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമി വിതരണ നടപടികൾ തുടർന്നു വരുന്നു. ആറളം ഫാമിൽ 1717 ആദിവാസി കുടുംബങ്ങൾക്ക് സെപ്തംബറിൽ തന്നെ ഭൂമി വിതരണം നടത്തും.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

24 [1898] ശ്രീ. കെ. സി. രാജഗോപാലൻ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. കെ. കെ. ദിവാകരൻ :

ശ്രീ. കെ. ടി. ജലീൽ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഏതെല്ലാം കോഴ്സുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ നടപടി സ്വീകരിച്ചു;

(ബി) വിവിധ വിഭാഗം ഹോസ്റ്റലുകളിൽ പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് മെസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലിലെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെയും അന്തേവാസികളുടെ പ്രതിമാസ മെസ് ചാർജ്ജ് യഥാക്രമം 700 രൂപയായും 900 രൂപയായും വർദ്ധിപ്പിച്ചു. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ അന്തേവാസികളായ +2 വിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 700 രൂപയിൽ നിന്ന് 900 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ മറാഠി സമുദായം

25 [1899] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവിഭാഗത്തിൽ നിലനിർത്തുന്നതിനും ഈ ജില്ലയിലെ മൂവാരി-മുഖാരി സമുദായത്തെ ഒ. ബി. സി.-യിൽ ഉൾപ്പെടുത്തുന്നതിനുമായി വർഷങ്ങളായി നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടി;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ അനുകൂല തീരുമാനങ്ങൾ എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ കേന്ദ്ര സർക്കാർ 8-1-2003-ൽ പുറപ്പെടുവിച്ച പട്ടികജാതി-പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) ആക്ട് 2002 പ്രകാരം പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. എങ്കിലും വീണ്ടും ആ സമുദായക്കാരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ശുപാർശ നൽകിയെങ്കിലും കൂടുതൽ വ്യക്തമായ ന്യായീകരണം നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും അതിൻപ്രകാരം വിശദമായ നരവംശശാസ്ത്രപരവും ഗോത്രപരവുമായ പുതുക്കിയ റിപ്പോർട്ട് കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുലഭിച്ച ശേഷം പരിശോധിച്ച് കേന്ദ്ര സർക്കാരിന് വീണ്ടും ശുപാർശ സമർപ്പിക്കുന്നതാണ്.

2005-ൽ കിർത്താഡ്സ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മറാഠിയെ മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുവാനുള്ള റിപ്പോർട്ട് കേരള പിന്നോക്ക വിഭാഗ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ഇത് കമ്മീഷന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ മൂവാരി-മുഖാരി സമുദായത്തെ ഒ. ബി. സി.-യിൽ ഉൾപ്പെടുത്തുന്നതിനായി 1993-ൽ നൽകിയ നിവേദനം സർക്കാർ പരിശോധിക്കുകയും ടി സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നു 13-2-2003-ലെ ജി.ഒ. (എം.എസ്.) 16/03/പജ.പവ.വിവ. പ്രകാരം തീരുമാനിക്കുകയുണ്ടായി.

(ബി) മറാഠി സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുവാനുള്ള കിർത്താഡ്സിന്റെ റിപ്പോർട്ട് തീരുമാനമെടുക്കുന്നതിനായി കേരള പിന്നോക്കവിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്.

മൂവാരി-മുഖാരി സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താനുള്ള നിവേദനവും പിന്നോക്കവിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്.

## തൃശ്ശൂരിലെ പിന്നോക്ക വികസന കോർപ്പറേഷൻ ആസ്ഥാനം

26 [1900] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ പിന്നോക്ക വികസന കോർപ്പറേഷന്റെ ഇപ്പോഴത്തെ ആസ്ഥാനത്തിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷന്റെ ആസ്ഥാനം ഇപ്പോഴുള്ള സ്ഥലത്തു നിന്നും മാറ്റുന്നതിനാവശ്യമായ നിർദ്ദേശം നിലവിലുണ്ടോ;

(സി) വേണ്ടത്ര യാത്രാ സൗകര്യമില്ലാത്തതിനാൽ ഇവിടേയ്ക്ക് എത്തിച്ചേരാനുള്ള ഗുണഭോക്താക്കളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അയ്യന്തോളിലേയ്ക്കോ ചെമ്പുകാവിലേയ്ക്കോ ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഓഫീസിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തികകൾ എന്തെല്ലാമാണ്;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നതിനാൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോർപ്പറേഷന്റെ തൃശ്ശൂരിലുള്ള ജില്ലാ ഓഫീസിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സൗകര്യപ്രദമായ സ്ഥലത്തേയ്ക്കു ഓഫീസ് മാറ്റുന്നതാണ്.

(ഡി)

| | | |
|---|---|---|
| ജില്ലാ മാനേജർ | .. | 1 |
| അസിസ്റ്റന്റ് മാനേജർ | .. | 1 |
| സീനിയർ അസിസ്റ്റന്റ് | .. | 1 |
| അക്കൗണ്ടന്റ്/സ്റ്റോർ കീപ്പർ | .. | 1 |
| പ്രോജക്ട് അസിസ്റ്റന്റ് | .. | 2 |
| ജൂനിയർ അസിസ്റ്റന്റ് | .. | 2 |
| ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് | .. | 2 |
| സ്റ്റെനോ ടൈപ്പിസ്റ്റ് | .. | 1 |
| പ്യൂൺ | .. | 1 |
| വാച്ച്മാൻ | .. | 1 |
| ഡ്രൈവർ | .. | 1 |
| പാർട്ട്ടൈം സ്വീപ്പർ | .. | 1 |

(ഇ) വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കെ. എസ്. ഇ. ബി.-യുടെ കുടിശ്ശിക

27 [1901] ശ്രീ. കെ. കെ. ഷാജു :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യുടെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുത്താൽ മാത്രം ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാമെന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) വൈദ്യുതമേഖലയെ ലാഭകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-2007 വരെ 1842.78 കോടി രൂപ കുടിശ്ശികയായി വൈദ്യുതി ചാർജ്ജ് ഇനത്തിൽ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 1117.66 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളായ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ, പോലീസ് സ്റ്റേഷനുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ്. സാമൂഹികമായ കാരണങ്ങളാൽ ഈ സ്ഥാപനങ്ങളുടെ വൈദ്യുതി വിച്ഛേദിക്കാൻ സാധിക്കാത്തതിനാൽ ഇവരുടെ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുന്നില്ല.

കൂടാതെ 658 കോടി രൂപയിലധികം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുണ്ട്. ഇവയിൽ പലതിലും വിവിധ കോടതികളിൽ താരിഫ് സംബന്ധമായ കേസുകളും അനുബന്ധ സ്റ്റേ ഉത്തരവുകളും നിലനിൽക്കുന്നത് കാരണം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനോ കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ കഴിയുന്നില്ല. ഇക്കാരണങ്ങളാൽ കുടിശ്ശിക പിരിച്ചെടുത്തതുകൊണ്ട് താരിഫ് വർദ്ധന ഒഴിവാക്കുന്ന കാര്യം പ്രായോഗികമല്ല.

(ബി) വൈദ്യുതി മേഖലയെ ലാഭകരമാക്കാൻ താഴെ പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു:

1. പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ. 2001-02-ൽ പ്രസരണ വിതരണ നഷ്ടം 32.15 % ആയിരുന്നത്, 2006-07-ൽ 23.43% ആയി കുറയ്ക്കാൻ സാധിച്ചു. ഇപ്രകാരം പ്രതിവർഷം രണ്ടു ശതമാനം വീതം പ്രസരണ വിതരണ നഷ്ടം കുറച്ച് 2011-12-ഓടെ 16% ആയി കുറയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

2. എ. പി. റ്റി. എസ്. (ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്)-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും അതുവഴി വൈദ്യുതി മോഷണം പരമാവധി തടയുകയും ചെയ്തു വരുന്നു.

3. വൈദ്യുതി ഉൽപ്പാദനവും, വാങ്ങലും മെറിറ്റ് ഓർഡർ ഡെസ്പാച്ച് മുഖേന കൂടുതൽ കാര്യക്ഷമമാക്കുകയും അൺഷെഡ്യൂൾഡ് ഇന്റർ ചെയ്ഞ്ച് പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു.

4. ജല വൈദ്യുതിയിൽ നിന്നുള്ള ഉൽപ്പാദനം പരമാവധി കൂട്ടാൻ നടപടികൾ എടുത്തുവരുന്നു.

5. വിലകൂടിയ ഇന്ധനങ്ങളായ നാഫ്ത, എൽ. എസ്. എച്ച്. എസ്സ്. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ പരമാവധി കുറയ്ക്കുന്നു.

6. ഒറീസ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളുടെ സംയുക്ത സഹകരണത്തോടെ താരതമ്യേന വില കുറഞ്ഞ ഇന്ധനമായ കൽക്കരിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പ്രാരംഭ നടപടികൾ എടുത്തുവരുന്നു.

7. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വഴി പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

8. വൈദ്യുതി സെക്ഷൻ ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും അതുവഴി എനർജി ആഡിറ്റ് & അക്കൗണ്ട് കൂടുതൽ കാര്യക്ഷമമാക്കുവാനും വേണ്ട നടപടികൾ പുരോഗമിക്കുന്നു.

9. പലിശ നിരക്ക് കൂടിയ ലോണുകളെ കുറഞ്ഞ പലിശ നിരക്കിലേക്ക് മാറ്റുക വഴി ഗണ്യമായ നേട്ടം ബോർഡിന് ഉണ്ടായിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

10. വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കൽ കൂടുതൽ ഊർജ്ജിതമാക്കി കളക്ഷൻ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു.

## ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധന

28 [1902] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. ജോർജ്ജ് എം. തോമസ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധനയുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി റഗുലേറ്ററി അതോറിറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന് ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

## പവർ കട്ട്

29 [1903] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പവർ കട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) റിസർവോയറുകൾ എല്ലാം നിറയുകയും മെച്ചപ്പെട്ട മഴ ലഭിക്കുകയും ചെയ്തിട്ടും പവർകട്ട് നടപ്പിലാക്കുവാനുദ്ദേശിക്കുന്നെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി സബ് ഡിവിഷനുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പവർ കട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) സബ് ഡിവിഷനുകൾ സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കാറ്റിൽനിന്ന് വൈദ്യുതി

30 [1904] ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെയാണ്;

(ബി) ഇവയിൽ നിന്ന് എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു;

(സി) എത്ര പദ്ധതികൾ നിർമ്മാണത്തിലുണ്ട്; അവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 2 MW ശേഷിയുള്ള നിലയം പ്രവർത്തിച്ചു വരുന്നു.

(ബി) ഉൽപ്പാദനം ആരംഭിച്ച മേയ് 1995 മുതൽ ജൂലൈ 2007 വരെ 27.07 MU ഉൽപ്പാദനം നടന്നിട്ടുണ്ട്.

(സി) കേരളത്തിലെ കാറ്റിന്റെ ലഭ്യത പഠനവിധേയമാക്കിയ അനെർട്ട് ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലായി 17 സ്ഥലങ്ങൾ പവന വൈദ്യുതോൽപ്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നായി ഏതാണ്ട് 600 മെഗാവാട്ടോളം വൈദ്യുതോൽപ്പാദനം പ്രായോഗികമായി സാദ്ധ്യമാണ്. ഇവയിൽ ഏറ്റവും ഉയർന്ന വൈദ്യുതോൽപ്പാദന സാദ്ധ്യതയുള്ള രാമക്കൽമേട്ടിൽ (ഇടുക്കി ജില്ല) കെ. എസ്. ഇ. ബി.-യുമായി ചേർന്ന് 5 മെഗാവാട്ടിന്റെ പവന വൈദ്യുതോൽപ്പാദനത്തിനുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതു കൂടാതെ സ്വകാര്യ മേഖലയിൽ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് ഇടുക്കിയിലെ രാമക്കൽമേട്ടിലെ 15 മെഗാവാട്ടിന്റെ പദ്ധതിയിൽ 9.75-നും, പാലക്കാട്ടെ അഗളിയിൽ 20 മെഗാവാട്ടിന്റെ പദ്ധതിയിൽ 7.2 മെഗാവാട്ടിനും അനെർട്ട് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

## പുതിയ വൈദ്യുത പദ്ധതികൾ

31 [1905] ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കി;

(ബി) വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8MW വൈദ്യുത ഉൽപ്പാദന ശേഷിയുള്ള പദ്ധതികൾ നടപ്പിൽ വരുത്തി.

1. ശബരിഗിരി പുനരുദ്ധാരണം

യൂണിറ്റ് 4—5MW

2. നേര്യമംഗലം പുനരുദ്ധാരണം

യൂണിറ്റ് 3—3MW

(ബി) വർദ്ധിച്ചുവരുന്ന വൈദ്യുതാവശ്യകത കണക്കിലെടുത്ത് 11-ാം പദ്ധതി കാലത്ത് 610.15 MW/1653.86 MU ശേഷിയുള്ള 30 പദ്ധതികൾ (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)† നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെ കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ, പവനോർജ്ജം, സൗരോർജ്ജം, ജൈവോർജ്ജം തുടങ്ങിയ എല്ലാ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനു പുറമെ ഒറീസയിലെ ബൈതരണി കൽക്കരി ബ്ലോക്കിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനാശ്യമായ കൽക്കരി കേരള സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഏകദേശം 1000 മെഗാവാട്ട് ശേഷിയുള്ള ഒരു താപനിലയം സ്ഥാപിക്കുന്നതിനുള്ള വിശദാംശങ്ങൾ പരിശോധിച്ചു വരികയാണ്.

## കേരളത്തിലെ ചെറുകിട വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

32 [1906] ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ചെറുകിട വൈദ്യുതി ഉൽപ്പാദന പദ്ധതികൾ ഉണ്ട്;

(ബി) 2005, 2006, 2007 വർഷങ്ങളിൽ ഇവ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ††

## തിരുവമ്പാടിയിലെ മിനി ഹൈഡൽ പ്രോജക്ടുകൾ

33 [1907] ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിൽ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കാനുദ്ദേശിക്കുന്നു;

(ബി) ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്നും എത്ര മെഗാവാട്ട് വീതം ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നുവെന്നും വ്യക്തമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്, ††അനുബന്ധം II

ഉത്തരം

(എ & ബി)

| പദ്ധതി | ഉൽപ്പാദന ശേഷി | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| 1. ആനക്കാം പൊയിൽ | 7.5 മെഗാവാട്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 2. കണ്ടപ്പൻ ചാൽ | 4.5 മെഗാവാട്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 3. പതംകയം | 4 മെഗാവാട്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 4. പൂവാരംതോട് | 2 മെഗാവാട്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 5. ഒലിക്കൽ | 5.5 മെഗാവാട്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |

## വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

34 [1908] ശ്രീ. വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) ഏതു കാലയളവ് വരെ ലഭിച്ച അപേക്ഷകളിന്മേലാണ് കണക്ഷൻ നൽകിയിട്ടുള്ളത്;

(സി) എത്ര അപേക്ഷകളാണ് നിലവിൽ പരിഹാരം കാണാനായിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) പരിഹാരം കാണാനുള്ള അപേക്ഷകളുടെ വിവരം ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ?

ഉത്തരം

(എ) വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തി അപേക്ഷ സെക്ഷൻ ഓഫീസിൽ നിന്നോ ഫ്രണ്ട്സിൽ നിന്നോ വാങ്ങിച്ച് പൂർണ്ണമായി പൂരിപ്പിച്ച് ലൈസൻസ്ഡ് വയർമാൻ, സൂപ്പർവൈസർ അല്ലെങ്കിൽ കോൺട്രാക്ടറുടെ ഒപ്പോടുകൂടിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട സെക്ഷൻ ആഫീസിൽ നൽകണം. അപേക്ഷ സ്വീകരിച്ച് ഏഴ് ദിവസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കി കാഷ് ഡെപ്പോസിറ്റ് അടയ്ക്കുവാൻ ഉപഭോക്താവിനെ തപാൽ മുഖാന്തിരം അറിയിക്കണം. ഇതിനുള്ള മുൻഗണനാക്രമം അപേക്ഷാ ഫീസിന്റെ തീയതിയുടെ അടിസ്ഥാനത്തിലാണ്. (വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം സ്വീകരിച്ചവർ ഫോമിന്റെ വില അപേക്ഷയോടൊപ്പം നൽകേണ്ടതാണ്). കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ രേഖാ മൂലം ഉപഭോക്താ

LIBRARY ARCHIVES Kerala Legislative Assembly

വിനെ അറിയിക്കുന്നതാണ്. കാഷ് ഡെപ്പോസിറ്റും സർവ്വീസ് കണക്ഷൻ ചാർജ്ജും അടയ്ക്കുമ്പോൾ കൺസ്യൂമർ നമ്പർ ലഭിക്കും. ഒ. വൈ. ഇ. സി. ചാർജ്ജും ഉപഭോക്താവിന് ഇതോടൊപ്പം അടയ്ക്കാവുന്നതാണ്. സർവ്വീസ് കണക്ഷൻ എഗ്രിമെന്റ് ഉപഭോക്താവിന് ആവശ്യമെങ്കിൽ വീട്ടിൽ വച്ചുതന്നെ ഒരു ബോർഡ് സ്റ്റാഫിന്റെ സാന്നിദ്ധ്യത്തിൽ വയ്ക്കാവുന്നതാണ്. രജിസ്റ്റർ ചെയ്ത മുൻഗണനാ ക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്.

(ബി) പോസ്റ്റ് വേണ്ടാത്ത 1-1-07 വരെയുള്ള ഏകദേശം എല്ലാ കണക്ഷനുകളും കൊടുത്തു തീർത്തിട്ടുണ്ട്. 31-7-2007-ലെ കണക്കനുസരിച്ച് ജൂലൈ 2001 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള 60327 പോസ്റ്റ് ആവശ്യമായ കണക്ഷനുകൾ നൽകുവാനുണ്ട്.

(സി & ഡി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

## വൈദ്യുതി കണക്ഷനുകൾ

35 [1909] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ ജില്ലയിലും എത്ര വൈദ്യുതി കണക്ഷനുകൾക്ക് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഓരോ വിഭാഗത്തിന്റെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഗാർഹിക കണക്ഷനുകൾ (ഒ. വൈ. ഇ. സി. നോൺ ഒ. വൈ. ഇ. സി. സ്കീമിൽ)ഏത് വർഷം വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(സി) പഞ്ചായത്തുകൾ പണമടയ്ക്കുന്ന ഗാർഹിക വൈദ്യുതീകരണ പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ഗാർഹിക കണക്ഷനുകൾക്ക് ഒ. വൈ. ഇ. സി. വിഭാഗത്തിൽ പണം അടയ്ക്കുന്ന മുൻഗണനാ ക്രമത്തിൽ ഉടൻതന്നെ വൈദ്യുതി കണക്ഷൻ നൽകി വരുന്നു. നോൺ ഒ. വൈ. ഇ. സി. വിഭാഗത്തിൽ പോസ്റ്റ് വേണ്ടവയിൽ 1-1-2007 വരെയും പോസ്റ്റ് വേണ്ടാത്തവയിൽ 1-9-2007 വരെയും ഉള്ള അപേക്ഷകർക്ക് കണക്ഷനുകൾ നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) മുൻഗണന നൽകുന്നുണ്ട്.

## വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച നടപടി

36 [1910] ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് എന്നുവരെ ലഭിച്ചിട്ടുള്ള അപേക്ഷകൾക്കാണ് വൈദ്യുത കണക്ഷൻ നൽകിയിട്ടുള്ളത്;

(ബി) ഈ ആവശ്യത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) വൈദ്യുത കണക്ഷൻ നൽകുന്നതിന് ബി. പി. എൽ. വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ;

(ഡി) തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളിന്മേൽ എത്ര നാളിനകം തീർപ്പു കൽപ്പിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ & ബി) ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് പ്രകാരമാണ് കണക്ഷനുകൾ നൽകി വരുന്നത്. നിലവിലുള്ള ടാർജറ്റ് പ്രകാരം വൈദ്യുത കണക്ഷൻ നൽകുന്നതിനുള്ള ടാർജറ്റ് 1-1-2007 ആണ്. പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക കണക്ഷനുകളുടെ ടാർജറ്റ് 1-9-2007 ആയി പുതുക്കി നിശ്ചയിക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ഇതു കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പോസ്റ്റ് വേണ്ടാത്ത ഉപഭോക്താക്കൾക്കും, എസ്. സി./എസ്. ടി. ഉപഭോക്താക്കൾക്കും വികലാംഗർക്കും പ്രത്യേക മുൻഗണനാടിസ്ഥാനത്തിൽ കണക്ഷനുകൾ നൽകി വരുന്നു. 31-8-07-ലെ കണക്കനുസരിച്ച് 164873 അപേക്ഷകർക്ക് കണക്ഷൻ നൽകുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | | അപേക്ഷകരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | .. | 17310 |
| കൊല്ലം | .. | 16302 |
| പത്തനംതിട്ട | .. | 4685 |
| കോട്ടയം | .. | 4751 |
| ആലപ്പുഴ | .. | 6744 |
| എറണാകുളം | .. | 8220 |
| ഇടുക്കി | .. | 4577 |
| തൃശ്ശൂർ | .. | 6062 |
| പാലക്കാട് | .. | 18542 |
| കോഴിക്കോട് | .. | 23544 |
| വയനാട് | .. | 5276 |
| മലപ്പുറം | .. | 28537 |
| കണ്ണൂർ | .. | 13881 |
| കാസർഗോഡ് | .. | 6442 |

(സി) ഉണ്ട്.

(ഡി) മാർച്ച് 2008-നകം വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## ഗാർഹിക വൈദ്യുത കണക്ഷനുകൾ

37 [1911] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്?

### ഉത്തരം

(എ) 4,64,751 അപേക്ഷകൾ.

(ബി) 4,65,450 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

## ഗാർഹിക വൈദ്യുത ഉപഭോക്താക്കളുടെ എണ്ണം

38 [1912] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. ബാബുപോൾ :
ശ്രീ. കെ. രാജു :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോഴുള്ള ഗാർഹിക വൈദ്യുത ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായി പ്രതിദിനം ആവശ്യമായി വരുന്ന വൈദ്യുതിയുടെ അളവ് എത്ര;

(സി) ഗാർഹിക ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 31—8-2007-ലെ കണക്കനുസരിച്ച് ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം 67,44,671 ആണ്.

(ബി) 2006-2007-ലെ കണക്കനുസരിച്ച് പ്രതിദിനം 14.3 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുന്നുണ്ട്.

(സി) ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനായി ട്രബിൾകാൾ മാനേജ്മെന്റ് സിസ്റ്റം (Trouble Call Management System) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഉപഭോക്തൃ തർക്ക പരിഹാര സമിതി കൊട്ടരക്കര, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു കേന്ദ്രങ്ങളിലായി പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഒ. വൈ. ഇ. സി. ഇൻസ്റ്റാൾമെന്റ് സ്കീം

39 [1913] ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മാർച്ച് 31 വരെ നിലവിലുണ്ടായിരുന്ന ഒ. വൈ. ഇ. സി. ഇൻസ്റ്റാൾമെന്റ് സ്കീം വീണ്ടും ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കീം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഉപഭോക്താക്കൾക്ക് ഉപകാരപ്രദമായ മറ്റെന്തെല്ലാം സ്കീമുകളാണ് കെ. എസ്. ഇ. ബി. നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) ഒ. വൈ. ഇ. സി. ഇൻസ്റ്റാൾമെന്റ് സ്കീം നിർത്തലാക്കിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സ്പോട്ട് ബില്ലർ വഴി വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്ന ഒരു പുതിയ സംവിധാനം നടപ്പിലാക്കുന്നതിനെകുറിച്ച് ബോർഡ് ആലോചിച്ചു വരുന്നു.

## രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതികൾ

40 [1914] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതിയിൽ പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) കട്ടച്ചിറ, നാറാണംതോട്, വാറുചാൽ, എന്നീ വൈദ്യുതീകരണ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണ്; ആരാണ് ടെണ്ടർ വിളിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനിയും ഈ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കരകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി-ഡി) കട്ടച്ചിറ, നാറാണംതോട്, വാറുചാൽ എന്നീ കരകളുടെ വൈദ്യുതീകരണ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

I കട്ടച്ചിറ:

പദ്ധതി തുക—41.55 ലക്ഷം രൂപ.

വൈദ്യുതീകരണ പ്രവൃത്തികൾ :

(1) 11 കെ. വി. ലൈൻ-6.5 കി. മീറ്റർ.

(2) അണ്ടർഗ്രൗണ്ട് കേബിൾ - 0.78 കി. മീറ്റർ

(3) 25 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 8 എണ്ണം

(4) ത്രീഫേസ് എൽ. റ്റി. ലൈൻ- 4.6 കി. മീറ്റർ

(5) സിംഗിൾഫേസ് എൽ. റ്റി. ലൈൻ-2.3 കി. മീറ്റർ

പ്രവർത്തികൾ തുടങ്ങുന്നതിനുള്ള ടെൻഡർ പത്തനംതിട്ട ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 22-8-2007-ൽ വിളിച്ചു. തുടർ നടപടികൾ കൈക്കൊണ്ടുവരികയാണ്.

ഈ പദ്ധതി ആരംഭിക്കുന്നതിന് ഫോറസ്റ്റ് ക്ലിയറൻസ് ആവശ്യമായി വരുന്നതിനാൽ വനം വകുപ്പും ബോർഡും സംയുക്തമായി സ്ഥലം പരിശോധിച്ചതിനു ശേഷം ആവശ്യമായ അപേക്ഷകൾ വനം വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ഫോറസ്റ്റ് ക്ലിയറൻസ് കിട്ടിയാൽ നാലുമാസത്തിനുള്ളിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

II വാറുചാൽ

പദ്ധതി തുക—5.72 ലക്ഷം രൂപ

വൈദ്യുതീകരണ പ്രവൃത്തികൾ.

(1) 11 കെ. വി. ലൈൻ-1.3 കി. മീറ്റർ.

(2) 25 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 1 എണ്ണം.

(3) ത്രീഫേസ് എൽ. റ്റി. ലൈൻ- 200 മീറ്റർ

(4) സിംഗിൾഫേസ് എൽ. റ്റി. ലൈൻ-580 മീറ്റർ

വൈദ്യുതീകരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 3-9-2007-ൽ ലൈൻ ചാർജ്ജ് ചെയ്തു.

III നാറാണംതോട്

പദ്ധതി തുക-18.04 ലക്ഷം രൂപ

വൈദ്യുതീകരണ പ്രവൃത്തികൾ:

(1) 11 കെ. വി. ലൈൻ-4 കി. മീറ്റർ.

(2) 1000 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 1 എണ്ണം

(3) ത്രീഫേസ് എൽ. റ്റി. ലൈൻ- 1.2 കി. മീറ്റർ

(4) സിംഗിൾഫേസ് എൽ. റ്റി. ലൈൻ-1.75 കി. മീറ്റർ

(5) ഓർഡിനറി സ്ട്രീറ്റ് ലൈറ്റ്-45 എണ്ണം

(6) സർവ്വീസ് കണക്ഷൻ (ബി. പി. എൽ.)-74 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരപ്പള്ളി ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വൈദ്യുതീകരണ പ്രവൃത്തികൾ തുടങ്ങുന്നതിനു വേണ്ടി ടെണ്ടർ വിളിച്ച് വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞു. 11 കെ. വി. ലൈനിന്റെ പണി ഏകദേശം 50% പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി പണികൾ പുരോഗമിച്ചു വരുന്നു.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം കോട്ടയം ജില്ലയിൽ നടത്തുന്ന വൈദ്യുതീകരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നാറാണംതോടിന്റെ വൈദ്യുതീകരണവും പൂർത്തീകരിക്കാനുള്ള അനുമതിക്കായി കാത്തിരുന്നതുകൊണ്ടാണ് പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം നേരിട്ടത്. ഇപ്പോൾ ബോർഡിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തികൾ ചെയ്യാൻ നടപടി സ്വീകരിച്ചു.

ഏകദേശം മൂന്നുമാസക്കാലം കൊണ്ട് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചാത്തന്നൂരിലെ സുനാമി ദുരിതാശ്വാസ പദ്ധതി

41 [1915] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി (റ്റി. ആർ. പി.) പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിലേക്ക് വൈദ്യുതി ബോർഡ് ഏതൊക്കെ പദ്ധതി നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് തുക സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളിൽ ഏതിനൊക്കെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് തുക ഉൾപ്പെടെ അറിയിക്കുമോ;

(സി) അനുമതി നൽകിയിട്ടില്ലായെങ്കിൽ എന്നത്തേക്ക് അനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എൽ. റ്റി. ലൈൻ നിർമ്മിക്കുന്നതിനും തെരുവു വിളക്കുകൾ നിർമ്മിക്കുന്നതിനും വേണ്ടി 57 പദ്ധതികൾക്കായി 178.72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി.

(ബി & സി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളിൽ 21 പദ്ധതികൾക്കായി 44.32 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (എസ്.എൻ.ഇ.സി.)-യുടെ തീരുമാനപ്രകാരമാണ് മേൽ സൂചിപ്പിച്ച അനുമതി ലഭിച്ചിട്ടുള്ളത്.

## വൈദ്യുതി ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച പരാതി

42 [1916] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് പ്രോപ്പർട്ടി ക്രോസിംഗുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളാണ് ജില്ലാ മജിസ്ട്രേറ്റുമാരുടെ മുന്നിൽ പരിഹാരം കാണാനായി ഉള്ളത്;

(ബി) ഓരോ ജില്ലയിലും ഇത്തരം എത്ര പരാതികൾ തീർപ്പാക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1258 അപേക്ഷകൾ.

(ബി)

| | | | |
|---|---|---|---|
| 1. തിരുവനന്തപുരം | .. | 198 | എണ്ണം |
| 2. കൊല്ലം | .. | 231 | ,, |
| 3. പത്തനംതിട്ട | .. | 96 | ,, |
| 4. കോട്ടയം | .. | 124 | ,, |
| 5. ആലപ്പുഴ | .. | 143 | ,, |
| 6. എറണാകുളം | .. | 75 | ,, |
| 7. ഇടുക്കി | .. | 21 | ,, |
| 8. പാലക്കാട് | .. | 17 | ,, |
| 9. തൃശ്ശൂർ | .. | 127 | ,, |
| 10. കോഴിക്കോട് | .. | 103 | ,, |
| 11. മലപ്പുറം | .. | 47 | ,, |
| 12. വയനാട് | .. | 6 | ,, |
| 13. കണ്ണൂർ | .. | 47 | ,, |
| 14. കാസർഗോഡ് | .. | 23 | ,, |

(സി) നിയമാനുസൃതം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭൂഗർഭ വൈദ്യുതി ലൈനുകൾ

43 [1917] ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിന് ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി ഭൂഗർഭ ലൈനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം പദ്ധതി ഒരു മാതൃകാ പദ്ധതിയായി തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുമോ?

ഉത്തരം

(എ) 11 കെ. വി. ഓവർ ഹെഡ് ലൈനുകൾക്കു പകരം സാധ്യമായ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാനുള്ള പദ്ധതി, അക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാമിൽ (എ. പി. ഡി. ആർ. പി.) കീഴിൽ സിറ്റി സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൻപ്രകാരം ട്രാൻസ്ഫോർമറുകളും 11 കെ. വി. ഭൂഗർഭ കേബിളുകളും സ്ഥാപിച്ചു വൈദ്യുതി വിതരണം കുറ്റമറ്റതാക്കാനുള്ള പ്രവൃത്തികൾ നടപ്പിലാക്കാനാണ് സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എ. പി. ഡി. ആർ. പി.-യുടെ കീഴിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരം നഗരത്തിൽ 122.39 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ അനുബന്ധ കമ്പ്യൂട്ടർവൽക്കരണം, പ്രസരണരംഗത്തെ വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പദ്ധതി പ്രകാരം 150 ട്രാൻസ്ഫോർമറുകളും 225 കി. മി. 11 കെ. വി. ഭൂഗർഭ കേബിളുകളും തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

മേൽ വിവരിച്ച ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പ്രവൃത്തികൾ, ടേൺ കീ വ്യവസ്ഥയിൽ 120 കോടി രൂപ കരാർ തുകയ്ക്ക് കേന്ദ്ര റയിൽവേ പൊതുമേഖല സ്ഥാപനമായ ഇർക്കോൺ (IRCON) ഇന്റർനാഷണൽ ലിമിറ്റഡ്, ന്യൂ ഡെൽഹി-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കുള്ള കോൺട്രാക്ട് എഗ്രിമെന്റ് 2007 ഏപ്രിൽ മാസം വയ്ക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ വർക്ക് അവാർഡ് ചെയ്ത ദിവസം മുതൽ 30 മാസത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## വൈദ്യുതിയുടെ പ്രസരണ നഷ്ടം

44 [1918] ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതുമൂലം എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി:

| | |
|---|---|
| 110 കെ. വി. സബ്സ്റ്റേഷൻ - | 5 എണ്ണം |
| 66 കെ. വി. സബ്സ്റ്റേഷൻ - | 5 എണ്ണം |
| 33 കെ. വി. സബ്സ്റ്റേഷൻ - | 13 എണ്ണം |
| ആകെ - | 23 എണ്ണം |

താഴെപ്പറയുന്ന സബ്സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു:

| | |
|---|---|
| 220 കെ. വി. സബ്സ്റ്റേഷൻ - | 4 എണ്ണം |
| 110 കെ. വി. സബ്സ്റ്റേഷൻ - | 21 എണ്ണം |
| 66 കെ. വി. സബ്സ്റ്റേഷൻ - | 3 എണ്ണം |
| 33 കെ. വി. സബ്സ്റ്റേഷൻ - | 50 എണ്ണം |

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസരണ നഷ്ടം 0.93% കുറയ്ക്കാൻ കഴിഞ്ഞു. അതായത് മെയ് 2006-ൽ 5.02% ആയിരുന്ന പ്രസരണ നഷ്ടം മെയ് 2007 -ൽ 4.09% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് അഡീഷണൽ ബിൽ

45 [1919] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് അഡീഷണൽ ബിൽ ഇനത്തിൽ വൻതുക അടയ്ക്കേണ്ടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അഡീഷണൽ ചാർജ്ജ് എന്തടിസ്ഥാനത്തിലാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചാർജ്ജ് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005-ലെ നിബന്ധനകളനുസരിച്ചാണ് വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്.

(ബി) റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005-ലെ 14-ാം വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ഉപഭോഗത്തിനനുസൃതമായി നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോ എന്നു പരിശോധിക്കുന്നതിനും ആവശ്യമെന്നു കണ്ടാൽ കഴിഞ്ഞ വർഷത്തെ ഊർജ്ജ ഉപഭോഗത്തിനനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് പുനർനിർണ്ണയം ചെയ്യുന്നതിനും നിലവിൽ ബോർഡിന്റെ കൈവശമുള്ള തിനേക്കാൾ കൂടുതൽ വേണ്ടി വരുന്ന തുക അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി 30 ദിവസത്തെ നോട്ടീസോടു കൂടി ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഡെപ്പോസിറ്റ് അധികമെന്നു കണ്ടാൽ അധിക തുക തിരികെ നൽകുന്നതാണ്.

(സി) ഇലക്ട്രിസിറ്റി ആക്ട് 2003 വകുപ്പ് (47) പ്രകാരവും വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ സപ്ലൈകോഡ് 2005-ലെ 14-ാം വകുപ്പ് പ്രകാരവുമാണ് അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നത്. അതിനാൽ ഇത് ഒഴിവാക്കാവുന്നതല്ല.

## വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്ക്

46 [1920] ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്ക് വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നിർദ്ദേശം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് താരിഫ് നിർദ്ദേശത്തിലോ ബോർഡ് കമ്മീഷനു സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിലോ പവർ ഇന്റൻസീവ് ഒഴികെയുള്ള വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതിക്ക് ചാർജ് വർദ്ധന ശുപാർശ ചെയ്തിട്ടില്ല.

എന്നാൽ കമ്മീഷന്റെ കരട് താരിഫ് നിർദ്ദേശത്തിൽ വൈദ്യുതി പ്രധാന അസംസ്കൃത വസ്തുവായുപയോഗിക്കുന്നവയും 17-12-1996-നു ശേഷം വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളവയും ആയ പവർ ഇന്റൻസീവ് വ്യവസായങ്ങൾക്കു മാത്രം പ്രാബല്യത്തിലുണ്ടായിരുന്ന പീക്ക് സമയത്തെ നിരക്ക് (സാധാരണ സമയത്തെ നിരക്കിന്റെ ഇരട്ടിയായിരുന്നത്) എല്ലാ പവർ ഇന്റൻസീവ് വ്യവസായങ്ങൾക്കും നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ബോർഡ് കമ്മീഷനു സമർപ്പിച്ച നിർദ്ദേശത്തിൽ മേൽപ്പറഞ്ഞതു കൂടാതെ പവർ ഇന്റൻസീവ് വ്യവസായങ്ങൾക്ക് എനർജി ചാർജിൽ ഒരു രൂപയുടെ വർദ്ധന ശുപാർശ ചെയ്തിട്ടുണ്ട്.

## കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

47 [1921] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്നും ഓരോ സ്ഥാപനവും വരുത്തിയിട്ടുള്ള കുടിശ്ശിക എത്രയെന്നും വ്യക്തമാക്കുമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടയ്ക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കുടിശ്ശിക വരുത്തിയ നിരവധി ഉപഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. †

(സി) വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, പൂട്ടിക്കിടന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജ്ജ് പിൻവലിക്കൽ, റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. നിരവധി ഉപഭോക്താക്കളുടെ കുടിശ്ശിക വിവിധ കോടതികളിലെ നടപടികളാൽ മുടങ്ങിക്കിടക്കുകയാണ്. കേസിന്റെ തുടർ നടപടികൾ ബന്ധപ്പെട്ട കോടതികളിൽ നടന്നു വരുന്നു.

(ഡി) വിച്ഛേദിച്ചിട്ടുണ്ട്.

---



†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) 15/3006 അൻജനേയ കെമിക്കൽസ്-വൈദ്യുത ബന്ധം വിച്ഛേദിക്കുകയും തുടർന്ന് അവസാനിപ്പിക്കുകയും ചെയ്തു. ഇപ്പോൾ റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നു.

(2) 19/2023 മലമ്പുഴ സിമന്റ്സ് ആന്റ് കെമിക്കൽസ്- വൈദ്യുത ബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

(3) 18/1859 പാലക്കാട് ക്ലോറേറ്റ്-വൈദ്യുത ബന്ധം വിച്ഛേദിക്കുകയും തുടർന്ന് അവസാനിപ്പിക്കുകയും ചെയ്തു.

(4) 18/3255 S.M.M സ്റ്റീൽ - റീ റോളിംഗ്സ് - വൈദ്യുത ബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

(5) 9/732. മദ്രാസ് സ്പിന്നേഴ്സ്-വൈദ്യുത ബന്ധം സ്ഥിരമായി പിൻവലിച്ചിട്ടുണ്ട്. (Dismantled)

(6) 9/950 - ലിബ്രാ സ്റ്റീൽസ് - വൈദ്യുത ബന്ധം സ്ഥിരമായി പിൻവലിച്ചിട്ടുണ്ട്. (Dismantled)

(7) 5/551- ഹംസവേണി കാർബൈഡ്-വൈദ്യുത ബന്ധം സ്ഥിരമായി പിൻവലിച്ചിട്ടുണ്ട്. (Dismantled)

(8) 4/1734- ബാലാജി പോളിമർ ബാഗ്സ്-വൈദ്യുത ബന്ധം സ്ഥിരമായി പിൻവലിച്ചിട്ടുണ്ട്. (Dismantled)

(9) 6/3202 എം. എസ്. - ഫൗണ്ടറി - വൈദ്യുത ബന്ധം സ്ഥിരമായി പിൻവലിച്ചിട്ടുണ്ട്. (Dismantled)

## കടയിക്കാട് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി

48 [1922] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചെറിയനാട് പഞ്ചായത്തിലെ കടയിക്കാട് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക്;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

### ഉത്തരം

(എ) 2 മാസത്തിനകം ട്രാൻസ്ഫോർമർ സ്ഥാപിക്കും.

(ബി) ഒരു കിലോ മീറ്റർ 11 KV ലൈൻ, ഒരു 100 KVA ട്രാൻസ്ഫോർമർ, 0.75 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുക എന്നീ പണികൾ ഉൾപ്പെടുത്തി 4,40,660 രൂപയുടെ പ്രവർത്തി അവാർഡ് ചെയ്തിട്ടുണ്ട്. ജോലി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ

49 [1923] ശ്രീ. മോൻസ് ജോസഫ് :
ശ്രീ. വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിൽ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് ബാങ്കുകളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ;

(സി) പുതിയ സംവിധാനം സംബന്ധിച്ച് ജീവനക്കാരുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) നിലവിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും, സബ് എഞ്ചിനീയർ ഓഫീസുകൾ / ക്യാഷ് കളക്ഷൻ സെന്ററുകളിലും സൗകര്യമുണ്ട്. കൂടാതെ ഫ്രണ്ട്സ്/അക്ഷയ ജനസേവന കേന്ദ്രങ്ങളിലും വൈദ്യുതി ചാർജ്ജ് അടയ്ക്കാവുന്നതാണ്.

(ബി) ബാങ്കുകളുമായി ചർച്ച നടത്തി വരുന്നു.

(സി) ജീവനക്കാരെ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## സ്പോർട്ട് ബില്ലിംഗ്

50 [1924] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട് ബില്ലിൽ വൈദ്യുതി ചാർജ്ജ് നൽകുന്നത് ബാങ്ക് വഴി ആയിരിക്കണമെന്ന് നിർബന്ധമുണ്ടോ;

(ബി) സ്പോർട്ട് ബില്ലിംഗ് ഉദ്യോഗസ്ഥൻ തന്നെ ബിൽ തുക സ്വീകരിക്കുന്നത് കൊണ്ട് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) സ്പോർട്ട് ബില്ലിംഗ് ഉദ്യോഗസ്ഥർ വഴി വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതേയുള്ളൂ.

## കേബിൾ ടി. വി. ഓപ്പറേറ്റർമാർ വൈദ്യുതി വകുപ്പിന് നൽകാനുള്ള തുക

51 [1925] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കേബിൾ ടി. വി. ഓപ്പറേറ്റർമാർക്ക് ഇലക്ട്രിക് പോസ്റ്റിലൂടെ കേബിളുകൾ വലിക്കുവാൻ അനുവാദം നൽകിയ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വൈദ്യുതി വകുപ്പിന് എത്ര തുക ലഭിച്ചു;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും കേബിൾ ഓപ്പറേറ്റർമാർ ഈയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അവരുടെ പേരും കുടിശ്ശിക തുകയും അറിയിക്കാമോ;

(ഇ) പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

## വൈദ്യുതി അപകടങ്ങൾ

52 [1926] ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണുള്ളത്; വിശദമാക്കാമോ;

(ബി) വൈദ്യുത സുരക്ഷാ പദ്ധതി, പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് വർക്ക്മെന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ധന സഹായം അനുവദിച്ചു; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന വൈദ്യുതി ബോർഡ് ജീവനക്കാരുടെ നിയമപരമായ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇതു കൂടാതെ പരേതന്റെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി, ഫാമിലി പെൻഷൻ, എംപ്ലോയീസ് വെൽഫയർ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നിവ നൽകി വരുന്നുണ്ട്. ജോലി സമയത്ത് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തിനു പുറമെ ചികിത്സാ ചെലവ് പൂർണ്ണമായും അനുവദിക്കുന്നുണ്ട്.

ജോലി സമയത്ത് അപകടത്തിൽപ്പെട്ട് മരിക്കുകയോ, പരിക്കുപറ്റുകയോ ചെയ്യുന്ന ചെറുകിട കാരാറുകാർക്കും അവരുടെ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകി വരുന്നു.

വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ ചാലകങ്ങളിൽ നിന്നും ഷോക്കേറ്റ് മരിക്കുകയോ പരിക്ക് പറ്റുകയോ ചെയ്യുന്ന പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം പരമാവധി 50,000 രൂപയും വളർത്തു മൃഗങ്ങൾക്ക് പരമാവധി 5,000 രൂപയും ധനസഹായമായി നൽകി വരുന്നുണ്ട്.

(ബി) വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ ചാലകങ്ങളിൽ നിന്നും ഷോക്കേറ്റ് മരിക്കുകയോ പരിക്ക് പറ്റുകയോ ചെയ്യുന്ന പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം പരമാവധി 50,000 രൂപയും വളർത്തു മൃഗങ്ങൾക്ക് പരമാവധി 5,000 രൂപയും ധനസഹായമായി നൽകി വരുന്നുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാരും പെറ്റി കോൺട്രാക്റ്റർമാരും അവരുടെ തൊഴിലാളികളും 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനങ്ങൾക്കും വൈദ്യുതി ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയില്ല.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം 97 പേർക്ക് സംഭവിച്ച അപകടത്തിന് 1,16,13,284 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

53 [1927] ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്ക് വൈദ്യുതി ബോർഡ് നഷ്ടപരിഹാരമായി എത്ര തുകയാണ് നൽകുന്നത്;

(ബി) ഇത്തരത്തിൽ വൈദ്യുതി ബോർഡ് എന്തു തുക കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്;

(സി) പ്രസ്തുത കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ കുടിശ്ശികത്തുക വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതാഘാതമേറ്റ് മരണമടയുന്ന വൈദ്യുതി ബോർഡ് ജീവനക്കാരുടെയും ചെറുകിട കരാർ തൊഴിലാളികളുടെയും ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ ചാലകങ്ങളിൽ നിന്നും ഷോക്കേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപയും ധനസഹായമായി നൽകി വരുന്നുണ്ട്.

(ബി - ഡി) 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അപകടം പറ്റി 30 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരം കൊടുത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ നഷ്ടപരിഹാരം നൽകുന്നതിൽ കുടിശ്ശിക ഒന്നും തന്നെ വരുത്തിയിട്ടില്ല. മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർ അവശ്യം വേണ്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തന്നെ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

## വൈദ്യുതി ബോർഡിൽ നിന്നും നഷ്ടപരിഹാരം

54 [1928] ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ പണി ചെയ്യവേ കരാർ തൊഴിലാളിയായ ശ്രീ. ബാബു കോട്ടപ്പള്ളി, വടകര എന്നയാൾ 19-4-2000-ത്തിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) പരേതന് വൈദ്യുതി ബോർഡിൽ നിന്നും എന്തെങ്കിലും കുടിശ്ശിക നൽകുവാനുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ തുക പരേതന്റെ ആശ്രിതർക്ക് ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 13-10-2000-ലെ വിശദവിവര റിപ്പോർട്ടിൽ ശ്രീ. ബാബു കോട്ടപ്പള്ളി എന്നയാൾ വൈദ്യുത ബോർഡിന്റെ വിതരണ ലൈനിൽ വൈദ്യുത ബോർഡിന്റെയോ ബോർഡ് അധികാരികളുടെയോ അറിവോ സമ്മതമോ നിർദ്ദേശമോ ഇല്ലാതെ അനധികൃതമായി അറ്റകുറ്റപ്പണി ചെയ്യുമ്പോൾ അപകടത്തിൽപ്പെട്ടു മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വൈദ്യുതി ബോർഡിന്റെ വിതരണ ലൈനിൽ അനധികൃതമായി ജോലി ചെയ്യുമ്പോൾ അപകടത്തിൽപ്പെട്ടു മരണപ്പെട്ടതിനാൽ പരേതന്റെ നിയമപരമായ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമമനുസരിച്ച് നഷ്ടപരിഹാരത്തിന് അർഹതയില്ല.

## പെരിങ്ങൽകൂത്ത് ഡാം തുറന്ന് വിട്ടപ്പോൾ ഉണ്ടായ നാശനഷ്ടം

55 [1929] ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മാസം മുമ്പ് പെരിങ്ങൽകൂത്ത് ഡാം തുറന്ന് വിട്ടപ്പോൾ വെള്ളം കയറി വീടുകൾക്കും കൃഷിയിടങ്ങൾക്കും നാശം നേരിട്ട ഏഴാറ്റുമുഖം നിവാസികൾക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നാശനഷ്ടം നേരിട്ടവർക്ക് ഉടൻ നഷ്ടപരിഹാരം ലഭിക്കുമോ; നാശനഷ്ടം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) ഭാവിയിൽ പെരിങ്ങൽകൂത്ത് ഡാം തുറന്ന് വിടുമ്പോൾ എറണാകുളം ജില്ലാ ഭരണകൂടത്തെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഏഴാറ്റുമുഖം നിവാസികൾക്ക് നേരിടേണ്ടി വന്ന കഷ്ടനഷ്ടങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നിയമസഭാംഗം ശ്രീ. ജോസ് തെറ്റയിൽ നൽകിയ കത്ത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഏഴാറ്റുമുഖത്തുണ്ടായ വെള്ളപ്പൊക്ക കെടുതികൾ കേരളത്തിൽ ആകമാനമുണ്ടായ വെള്ളപ്പൊക്ക കെടുതികളുടെ ഭാഗമായതുകൊണ്ട് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതി വകുപ്പിലെ ആശ്രിത നിയമനം

56 [1930] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടയിൽ ഷോക്കേറ്റ് മരണമടഞ്ഞ കോഴിക്കോട് രാമനാട്ടുകര സെക്ഷന് കീഴിലെ കരാർതൊഴിലാളി അബ്ദുൾ ഖാദറിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്ന നടപടിക്രമം എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) ജോലിക്കിടെ മരണമടയുന്ന കരാർ തൊഴിലാളികൾക്കും ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഫെറോക്ക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2-7-2007-ലെ വിശദവിവര റിപ്പോർട്ട് പ്രകാരം ശ്രീ. അബ്ദുൾ ഖാദർ വൈദ്യുതി ബോർഡിന്റെ അറിവോ സമ്മതമോ നിർദ്ദേശമോ ഇല്ലാതെ അനധികൃതമായി വൈദ്യുതി ബോർഡിന്റെ വിതരണ ലൈനിൽ പണി ചെയ്യുമ്പോഴാണ് അപകടം ഉണ്ടായത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അപകടം സംഭവിച്ചതിന് വൈദ്യുതി ബോർഡിന് ഉത്തരവാദിത്വം ഇല്ലാത്തതും അക്കാരണത്താൽ ടിയാന്റെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുവാൻ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം വ്യവസ്ഥയില്ല.

(ബി) മരണമടയുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ആശ്രിത നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

## ഇ. എം. സി.-യിലെ താൽക്കാലിക നിയമനം

57 [1931] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള ഇ.എം.സി.-യിൽ എത്ര കരാർ/ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇവരെ എന്നാണ് സ്ഥിരപ്പെടുത്തിയത്; ഇതിന് ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

### ഉത്തരം

(എ & ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഇ.എം.സി.-യുടെ ബൈലോ, റൂൾ ആന്റ് റഗുലേഷൻസ് പ്രകാരം സ്ഥിരം തസ്തികകളിൽ ആദ്യനിയമനം അഞ്ചുവർഷത്തേക്കാണ് നൽകിവന്നത്. പിന്നീട് പ്രവർത്തനം വിലയിരുത്തി നിയമന കാലാവധി നീട്ടിക്കൊടുക്കുന്ന രീതിയാണ് അവലംബിച്ചു പോന്നിരുന്നത്. ഊർജ്ജസംരക്ഷണ നിയമം 2001 നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഏജൻസിയായി ഇ. എം. സി.-യെ സർക്കാർ നിർദ്ദേശിച്ചതിനാലും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വേണ്ടി 18-3-2006-ൽ അന്നത്തെ ബഹു. വൈദ്യുതി വകുപ്പു മന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹണ സമിതിയോഗം (Governing Body Meeting) സ്ഥിരം തസ്തികകളിൽ സെന്ററിന്റെ ബൈലോ അനുസരിച്ച് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ ബൈലോ ഭേദഗതി അംഗീകരിക്കുകയും, നിലവിലുള്ള ബൈലോ പ്രകാരം ഭേദഗതി നടപ്പിലാക്കാനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അഞ്ചു വർഷം പൂർത്തിയാക്കിയ 11 ജീവനക്കാരെ മുൻ സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്.

ബൈലോ ഭേദഗതി സൊസൈറ്റീസ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

## ഇ. എം. സി.-യിൽ താല്ക്കാലിക ജീവനക്കാരനെ സ്ഥിരപ്പെടുത്തിയ നടപടി

58 [1932] ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സ്വയംഭരണ സ്ഥാപനമായ ഇ. എം. സി.-യിൽ ഏതെങ്കിലും താൽക്കാലിക ജീവനക്കാരനെ കരാർ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് സ്ഥിരപ്പെടുത്തിയത്;

(ബി) ടിയാൾക്ക് താൽക്കാലിക കരാർ നിയമനം നൽകിയ തസ്തിക അതിന്റെ ശമ്പള സ്കെയിൽ, അയാൾക്ക് അനുവദിച്ച അടിസ്ഥാന ശമ്പളം, സ്ഥിരപ്പെടുത്തിയ തസ്തിക, അതിന്റെ ശമ്പള സ്കെയിൽ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സ്ഥിരപ്പെടുത്തൽ നടപടികൾക്ക് ഗവൺമെന്റിന്റെ അനുവാദം ചോദിക്കുകയോ അതിൻപ്രകാരം അനുവാദം നൽകുകയോ ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ സ്ഥിരപ്പെടുത്തൽ നടപടി ഗവൺമെന്റിന്റെ അംഗീകാരത്തോടെയാണോ?

### ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഇ.എം.സി.-യുടെ ബൈലോ, റൂൾസ് ആന്റ് റഗുലേഷൻസ് പ്രകാരം സ്ഥിരം തസ്തികകളിൽ ആദ്യ നിയമനം അഞ്ചുവർഷത്തേക്കാണ് നൽകി വന്നത്. പിന്നീട് പ്രവർത്തനം വിലയിരുത്തി നിയമന കാലാവധി നീട്ടിക്കൊടുക്കുന്ന രീതിയാണ് അവലംബിച്ചു പോന്നിരുന്നത്. ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഏജൻസിയായി ഇ.എം.സി.-യെ സർക്കാർ നിർദ്ദേശിച്ചതിനാലും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും വേണ്ടി 18-3-2006-ൽ അന്നത്തെ ബഹു. വൈദ്യുതി വകുപ്പു മന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണ നിർവ്വഹണ സമിതി യോഗം (Governing Body Meeting) സ്ഥിരം തസ്തികകളിൽ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സെന്ററിന്റെ ബൈലോ അനുസരിച്ച് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ ബൈലോ ഭേദഗതി അംഗീകരിക്കുകയും, നിലവിലുള്ള ബൈലോ പ്രകാരം ഭേദഗതി നടപ്പിലാക്കാനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അഞ്ചുവർഷം പൂർത്തിയാക്കിയ 11 ജീവനക്കാരെ മുൻ സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്.

(ബി) ഇത്തരത്തിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് ജോലി ചെയ്തു വന്നിരുന്ന തസ്തികകളിൽ അതാത് ശമ്പള സ്കെയിലുകളിലാണ് സ്ഥിര നിയമനം നൽകിയത് (വിശദവിവരം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.)†

(സി & ഡി) നിലവിലുള്ള ബൈലോ പ്രകാരം ബൈലോ ഭേദഗതി ചെയ്യാനുള്ള അധികാരം ഭരണ നിർവ്വഹണ സമിതിയിൽ (Governing Body) നിക്ഷിപ്തമായതിനാൽ അതനുസരിച്ചാണ് നടപടികൾ പൂർത്തിയാക്കിയത്.

## തൃശ്ശൂർ ജില്ലയിൽ പുതിയ സബ് സ്റ്റേഷനുകൾ തുടങ്ങുവാൻ നടപടി

59 [1933] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ കെ. എസ്. ഇ. ബി. സബ് സ്റ്റേഷനുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ചേലക്കര, മുള്ളൂർക്കര, പാലയ്ക്കൽ, അന്നമനട, വെള്ളിക്കുളങ്ങര എന്നീ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മേത്തല, കുണ്ടുകാട് എന്നീ 33 കെ.വി. സബ് സ്റ്റേഷനുകളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

കൊമ്പൊടിഞ്ഞാമാക്കാൽ, വാഴാനി, ആറങ്ങോട്ടുകര എന്നീ സ്ഥലങ്ങളിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിവരുന്നു.

## ഇടപ്പോൺ 220 കെ. വി. സബ് സ്റ്റേഷൻ

60 [1934] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി ആരംഭിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) ഇടപ്പോൺ 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 98% പൂർത്തിയായി ക്കഴിഞ്ഞു. ഭരണിക്കാവിൽ നിന്നും ഇടപ്പോണിലേക്കുള്ള 8.5 കി.മീ. 220 കെ.വി. ലൈനിന്റെ നിർമ്മാണം ടാറ്റാ പ്രോജക്ട് ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിക്ക് ടേൺ കീ അടിസ്ഥാനത്തിൽ കരാർ നൽകിയെങ്കിലും പ്രസ്തുത കമ്പനി നിരക്കുവർദ്ധന ആവശ്യപ്പെട്ടതിനാൽ പ്രസ്തുത ജോലി റീ ടെൻഡർ ചെയ്യുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് ന്യൂ മോഡേൺ ടെക്നോമെക്ക് പ്രൈവറ്റ് ലിമിറ്റഡ്, ഒറീസ എന്ന കമ്പനിക്ക് 23-4-2007ൽ കരാർ നൽകി. പ്രസ്തുത ലൈനിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) ഇത്തരം പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണെന്ന് കണ്ടെത്തിയാൽ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. വകുപ്പു തലത്തിലുള്ള അന്വേഷണത്തെ തുടർന്നാണ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷം തന്നെ സബ് സ്റ്റേഷന്റെയും, ലൈനിന്റെയും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## തൃക്കൊടിത്താനത്തെ 110 കെ. വി. സബ്സ്റ്റേഷൻ

61 [1935] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ തൃക്കൊടിത്താനത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 110 കെ. വി. സബ് സ്റ്റേഷൻ എന്ന് പ്രവർത്തനമാരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) എന്നത്തേക്ക് ഈ സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ചങ്ങനാശ്ശേരിയിൽ തൃക്കൊടിത്താനത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 110 കെ. വി. സബ് സ്റ്റേഷൻ 2006 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനം ആരംഭിക്കുവാനാണ് ആദ്യം ലക്ഷ്യമിട്ടിരുന്നത്.

(ബി) ഡിസംബർ 2007-ൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## റാന്നി - പെരുനാട് 33 കെ. വി. സബ് സ്റ്റേഷൻ

62 [1936] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി - പെരുനാട് 33 കെ. വി. സബ് സ്റ്റേഷൻ എന്നാണ് ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിച്ചത്;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) റാന്നി-പെരുനാട് 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായുള്ള ടെൻഡർ സെപ്തംബർ 2000ൽ വിളിക്കുകയും എ. ആർ. എം. ഹൈദരാബാദ് (ഇപ്പോൾ ഐകോം ടെലി ലിമിറ്റഡ്) എന്ന കരാറുകാരന് 6-4-2001-ൽ കരാർ നൽകുകയും ചെയ്തു.

(ബി) പ്രസ്തുത കരാറുകാരൻ വളരെ മന്ദഗതിയിലാണ് പ്രവർത്തിച്ചിരുന്നത്. അവർ രണ്ടുകൊല്ലം പണി നിശ്ശേഷം നിർത്തിവച്ചിരുന്നു. അതിനെ തുടർന്ന് നിരന്തരം അവരുമായി ബന്ധപ്പെട്ട് മീറ്റിംഗുകൾ വിളിച്ചു ചേർത്ത് നിർദ്ദേശങ്ങൾ കൊടുത്തിരുന്നെങ്കിലും അതനുസരിച്ച് കരാറുകാരൻ പണി ചെയ്തിരുന്നില്ല. 22-7-2006-ൽ കരാറുകാരൻ ഏകപക്ഷീയമായി പണി നിർത്തിവയ്ക്കുകയും ചെയ്തു.

(സി) പ്രസ്തുത കരാർ 24-8-2007-ന് റദ്ദാക്കുകയും ബാക്കിയുള്ള ജോലികൾ ഡിപ്പാർട്ടുമെന്റലായി ചെയ്തു തീർക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പേരാമ്പ്ര ടൗണിലെ വൈദ്യുതി പ്രശ്നം

63 [1937] ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ടൗണിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ ഇവിടെ ഒരു സബ് സ്റ്റേഷനോ, 33 കെ.വി. ട്രാൻസ്ഫോർമറോ സ്ഥാപിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ടൗണിൽ നിന്നും 7 കി. മീ ദൂരെ ചക്കിട്ടപ്പാറയിൽ 110 കെ.വി. സബ് സ്റ്റേഷനും, 8 കി.മീ. ദൂരെ മേപ്പയൂർ 110 കെ. വി. സബ് സ്റ്റേഷനും. ഉള്ളതുകൊണ്ട് പേരാമ്പ്ര ടൗണിൽ ഒരു സബ് സ്റ്റേഷന്റെ സാദ്ധ്യത സാങ്കേതികമായി നിലനിൽക്കുന്നില്ല. അവിടെ 33 കെ. വി. ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കുന്നത്തുനാട്ടിലെ വോൾട്ടേജ് ക്ഷാമം

64 [1938] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കുളം ഗ്രാമപഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഴക്കുളം പഞ്ചായത്തിലെ കൈപ്പൂരിക്കര കേന്ദ്രീകരിച്ച് ഒരു സബ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു സ്ഥലത്ത് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുമ്പ് 'ലോഡ് ഫ്ളോ സ്റ്റഡി' എന്ന ഒരു സാങ്കേതിക പഠനം നടത്തേണ്ടതുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യമെന്നു കാണുന്ന പക്ഷം കൈപ്പൂരിക്കര കേന്ദ്രീകരിച്ച് ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## കാടുകുറ്റിയിൽ കെ. എസ്. ഇ. ബി. സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് നടപടി

65 [1939] ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളവൈദ്യുത ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ;

(ബി) ഈ ഗുണഭോക്താക്കൾ കെ. എസ്. ഇ. ബി.-യുടെ ഏത് ആഫീസിന് കീഴിൽ ആണ് വരുന്നത്;

(സി) ഗുണഭോക്താക്കളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി കെ. എസ്. ഇ. ബി.-യുടെ സെക്ഷൻ ആഫീസ് കാടുകുറ്റിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അല്ലാത്തപക്ഷം കാടുകുറ്റിയിൽ കെ. എസ്. ഇ. ബി.-യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഏകദേശം 4000 ഉപഭോക്താക്കൾ.

(ബി) കൊരട്ടി ഇലക്ട്രിക്കൽ സെക്ഷൻ.

(സി & ഡി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മഞ്ചേശ്വരം മണ്ഡലത്തിലെ പെർളയിൽ കെ. എസ്. ഇ. ബി.-യുടെ സെക്ഷൻ ഓഫീസ്

66 [1940] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽപെട്ട എൻകമജെ പഞ്ചായത്തിലെ പെർളയിൽ കെ. എസ്. ഇ. ബി.-യുടെ സെക്ഷൻ ഓഫീസ് തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം ഏതുവരെയായി എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## പേരാമ്പ്രയിലെ സെക്ഷൻ ഓഫീസ്

67 [1941] ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട്, അരിക്കുളം, കൂരാച്ചുണ്ട്, കൂട്ടാലിട എന്നിവിടങ്ങളിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നിവേദനം കിട്ടിയിരുന്നോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കൂരാച്ചുണ്ട്, കൂട്ടാലിട എന്നിവിടങ്ങളിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നിവേദനം കിട്ടിയിട്ടുണ്ട്. കൂടാതെ വടക്കര സർക്കിളിന്റെ കീഴിൽ കടിയങ്ങാട്, അരിക്കുളം ഉൾപ്പെടെ 12 സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനും പ്രൊപ്പോസൽ ഉണ്ട്. സെക്ഷൻ ഓഫീസ് തുടങ്ങുന്ന കാര്യംബോർഡ് പരിശോധിച്ചുവരുന്നു.

## കേരള ഹൈഡൽ ടൂറിസം

68 [1942] ശ്രീ. കെ. രാജു :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ രൂപീകരിച്ചതെന്നാണ്; ഈ സെന്ററിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈഡൽ ടൂറിസം സെന്ററുകളിൽ സന്ദർശകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

ഉത്തരം

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ രൂപീകരിച്ചത് 1-12-1999-ലാണ്. ഈ സെന്ററിന്റെ കീഴിൽ ഇപ്പോൾ അഞ്ച് സർക്യൂട്ടുകളിലായി മൊത്തം ഒൻപത് ഹൈഡൽ ടൂറിസം യൂണിറ്റുകൾ മുഖേന ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവ വയനാട് സർക്യൂട്ടിലെ ബാണാസുര സാഗർ, അതിരപ്പിള്ളി സർക്യൂട്ടിലെ പെരിങ്ങൽകുത്ത്, മൂന്നാർ സർക്യൂട്ടിലെ മൂന്നാർ, മാട്ടുപെട്ടി, കുണ്ടള, എക്കോപോയിന്റ്, ഇടുക്കി സർക്യൂട്ടിലെ ഇടുക്കി നാടുകാണി, തിരുവനന്തപുരം സർക്യൂട്ടിലെ ലോവർ മീൻമുട്ടി എന്നിവയാണ്. ഇവയിൽ നാടുകാണി ഒഴിച്ചുള്ള കേന്ദ്രങ്ങളിൽ വൈവിധ്യപൂർണ്ണമായ ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും ഈ ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലെ അണക്കെട്ടുകൾ, ജലാശയങ്ങൾ മുതലായവയുടെ വിനോദസഞ്ചാര സാധ്യതകൾ സുരക്ഷാ നിബന്ധനകൾ പാലിച്ചുകൊണ്ട് സന്ദർശകർക്ക് ആസ്വദിക്കുവാനുള്ള അവസരമൊരുക്കുന്നതും ഹൈഡൽ ടൂറിസത്തിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കൂടാതെ ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും പ്രകൃതിയുടെ വരദാനങ്ങളെ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ഹൈഡൽ ടൂറിസം സെന്റർ മുഖേന നടത്തിവരുന്നു.

(ബി) ടൂറിസം സെന്ററിന്റെ യൂണിറ്റുകളിൽ ബാണാസുര സാഗറിൽ സ്പീഡ് ബോട്ടിംഗും മാട്ടുപ്പെട്ടിയിൽ സ്പീഡ് ബോട്ടിങ്ങിനോടൊപ്പം സ്ലോ ബോട്ടിംഗും പെരിങ്ങൽകുത്തിൽ സ്പീഡ് ബോട്ട്, ഡ്രിഫ്റ്റിംഗ് കോഫി ഷോപ്പ്, പെഡൽ ബോട്ടിംഗ്, കുണ്ടളയിൽ കാശ്മീരിഷിക്കാര, റോയിംഗ് ബോട്ടുകൾ എന്നീ ആകർഷണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ലോവർ മീൻമുട്ടിയിൽ ഡ്രിഫ്ടിംഗ് കോഫി ഷോപ്പ്, റിവർ റാഫ്ടിംഗ് എന്നീ ആകർഷകങ്ങളായ വിനോദോപാധികളും കൂടാതെ പവർ ഹൗസ് സന്ദർശിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. മൂന്നാറിലെ ഹൈഡൽ പാർക്കിൽ ബോട്ടിങ്ങിനോടൊപ്പം അഡ്വഞ്ചർ സ്വിംഗ്, നേച്ചർ വാക്ക്, പൂന്തോട്ടം, പുൽത്തകിടികൾ മുതലായ ആകർഷകങ്ങളായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇടുക്കിയിലെ നാടുകാണി പവലിയൻ പുനരുദ്ധരിച്ച് സഞ്ചാരികൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ് മുതലായ ഉത്സവ കാലങ്ങളിൽ ഇടുക്കി ആർച്ച് ഡാം സന്ദർശകർക്കായി തുറുന്നു കൊടുക്കുന്നതും ജലാശയത്തിൽ ബോട്ടിംഗ് ഏർപ്പെടുത്തുന്നതും ഹൈഡൽ ടൂറിസം സെന്റർ മുഖേനയാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി

69 [1943] പ്രൊഫ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകളിൽ തീരുമാനമാകാതെ ശേഷിക്കുന്നുണ്ട്;

(സി) ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 938 എണ്ണം.

(സി) സ്വീകരിച്ചു വരുന്നു.

## പട്ടികജാതി കോളനികളിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി

70 [1944] ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :

ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനിയിലെ വൈദ്യുതീകരണത്തിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) വൈദ്യുതി എത്തിയിട്ടില്ലാത്ത എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളാണ് സംസ്ഥാനത്തുള്ളത്;

(സി) എല്ലാ കോളനികളും വൈദ്യുതീകരിക്കുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്ന് നിർദ്ദേശിക്കുന്ന കോളനികൾ വൈദ്യുതീകരിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആർ. ജി. ജി. വി. വൈ. പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാന്റ് ഇൻ എയ്ഡ് തുക എന്നീ സ്കീമുകൾ വഴിയും ടി കോളനികളുടെ വൈദ്യുതീകരണം നടന്നുവരുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കേരളത്തിലെ ഇനിയും വൈദ്യുതീകരിക്കാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ആർ. ജി. ജി. വി. വൈ.)-യുടെ പ്രയോജനം പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്കും ലഭിക്കുന്നതാണ്. ആർ. ജി. ജി. വി. വൈ. പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലേയും ഇനിയും വൈദ്യുതീകരിക്കാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിൽ 321 കോടി രൂപ ചെലവുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തു. ആദ്യഘട്ടം എന്ന നിലയ്ക്ക് പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും പദ്ധതി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഹൈദരാബാദിലെ ഐ. സി. എസ്. സി. (ഇൻഡ്യ) ലിമിറ്റഡിനെ ഏൽപ്പിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

അവർ കൈകൊണ്ടിട്ടുണ്ട്. ബാക്കി ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമ്മൽ പവർ കോർപ്പറേഷനെ ഏൽപ്പിച്ചു. പദ്ധതി നടത്തിപ്പിനുവേണ്ടി എൻ. റ്റി. പി. സി. വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കി, ആർ. ഇ. സി.-യിൽ നിന്നും അനുമതി വാങ്ങിയതിനുശേഷം ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ ക്ഷണിക്കുന്നതാണ്.

ബാക്കി ഏഴു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ ബോർഡ് കൈക്കൊണ്ടുവരികയാണ്. ഈ പദ്ധതി രണ്ടു കൊല്ലം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ഒരു ബാങ്ക്

71 [1945] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ഒരു ബാങ്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി

72 [1946] ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് കമ്പനികൾ എന്നറിയപ്പെടുന്ന അനധികൃത ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന വെട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിലേയ്ക്കായി ഉചിതമായ നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## മരാമത്ത് പണികളിലെ ക്രമക്കേട്

73 [1947] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ വൻ തോതിൽ ക്രമക്കേട് നടന്നു എന്ന് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതെയാണോ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്;

(സി) എ. ജി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) 2005-2006 കാലയളവിൽ നടന്ന എല്ലാ മരാമത്ത് പണികളെക്കുറിച്ചും അന്വേഷിക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എന്നത്തേക്ക് അന്വേഷണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) പൊതുമരാമത്തിലെ 2003-04/2005-06 കാലത്തെ പ്രവർത്തനത്തെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ ഒരു പ്രത്യേക റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. ഇതിൽ വലിയ തോതിൽ ക്രമക്കേട് നടന്നതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പൊതുവായ കാര്യങ്ങൾ ധനമന്ത്രി നിയമസഭയിൽ വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ സ്പെഷ്യൽ റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ 2006-07-ലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) അങ്ങനെയുള്ള ഒട്ടേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) എ. ജി.-യുടെ റിപ്പോർട്ടിന്റെയും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയുടെയും അടിസ്ഥാനത്തിൽ ധനവകുപ്പ് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട കേസുകളിൽ അന്വേഷണം നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം പൂർത്തിയാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

## ശമ്പള പരിഷ്ക്കരണ കമ്മീഷൻ

74 [1948] ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് 23-3-2007-ൽ ധനമന്ത്രി സർവ്വീസ് സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനം മെയ് ഒന്നിനകം നടപ്പിലാക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്ക്കരണത്തിലെ പ്രധാന അപാകതകൾ എന്തെല്ലാമായിരുന്നു.

(സി) അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരിക്കണമെന്ന തത്വം ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ;

(ഡി) 2002 മാർച്ച് മുതൽ ശമ്പള പരിഷ്ക്കരണത്തിന് മുൻകാല പ്രാബല്യം നൽകാൻ തയ്യാറാകുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒമ്പതാം ശമ്പള പരിഷ്ക്കരണ കമ്മീഷനെ എന്ന് നിയമിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലതാമസം ഉണ്ടായിട്ടുണ്ട്. എത്രയും വേഗം നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(ബി) 2004 ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് പൊതുവായി താഴെ പറയുന്ന അപാകതകൾ ആരോപിക്കപ്പെട്ടിട്ടുണ്ട്:

സീനിയർ-ജൂനിയർ അനോമലി, ചില വകുപ്പുകളിലെ ഹെഡ്ക്ലാർക്കിനും തത്തുല്യ തസ്തികകൾക്കും കോമൺ കാറ്റഗറിയിലെ സമാന തസ്തികകൾക്ക് നൽകിയിരിക്കുന്ന ശമ്പള സ്കെയിൽ ലഭിക്കുന്നില്ല. കൊളീജിയേറ്റ് എഡ്യൂക്കേഷന്റെ കീഴിലുള്ള പാർട്ട് ടൈം ലക്ചറേഴ്സിന് (ലാ/ജേർണലിസം) ശമ്പളപരിഷ്ക്കരണത്തോടുകൂടി ശമ്പളത്തിൽ കുറവ്, വിവിധ വകുപ്പുകളിലെ ചില തസ്തികകൾ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ചേർക്കാൻ വിട്ടുപോയത്, താഴ്ന്ന ശമ്പള സ്കെയിലുകളിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ശമ്പളത്തിൽ വന്ന സ്റ്റാഗ്നേഷൻ തുടങ്ങിയുള്ള അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

(സി) അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളം പരിഷ്ക്കരിക്കുന്ന കീഴ്വഴക്കം 1997 ശമ്പള പരിഷ്ക്കരണം വരെ നിലനിന്നിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തുമാത്രമേ ഓരോ പ്രാവശ്യവും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

(ഡി) പൂർവ്വകാല പ്രാബല്യം നൽകുമ്പോഴുള്ള വൻപിച്ച അധിക സാമ്പത്തിക ബാധ്യത കണക്കിലെടുക്കുമ്പോൾ ശമ്പള പരിഷ്ക്കരണത്തിന് 2002 മാർച്ച് മുതൽ മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല.

(ഇ) എട്ടാം ശമ്പളപരിഷ്ക്കരണം 1-7-2004 മുതൽക്കാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിനാൽ ഒമ്പതാം ശമ്പളപരിഷ്ക്കരണ കമ്മീഷനെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

## റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

75 [1949] ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനർ നിർമ്മാണത്തിനുമായി ധനകാര്യവകുപ്പ് ആവശ്യമായ പണമനുവദിച്ച് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുമോ?

ഉത്തരം

റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സീനിയോറിറ്റി ക്രമത്തിൽ പൂർത്തിയായ പണികളുടെ ബിൽ തുക നൽകുന്നതിന് ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly

## 2003–2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതികൾ

76 [1950] ശ്രീ. പി. ജയരാജൻ :
ശ്രീ. സാജുപോൾ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് 2003–2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതികൾ സംബന്ധിച്ച് ധനകാര്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്;

(സി) ടെണ്ടർ വിളിക്കാതെയും ഔദ്യോഗിക നടപടികൾ പാലിക്കാതെയും കരാർ നൽകാനും അധിക തുക നൽകാനും അന്നത്തെ പൊതുമരാമത്ത് മന്ത്രി ഉത്തര വിട്ടിട്ടുണ്ടോ; ഇങ്ങനെയുള്ള എത്ര കേസുകളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ഡി) ഇവ മൂലം സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്;

(ഇ) ഈ അഴിമതികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

### ഉത്തരം

(എ) ധനകാര്യ പരിശോധനാ വിഭാഗത്തിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ വ്യവസ്ഥയിൽ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നടത്തുക, ഒരേ പ്രവൃത്തി വിഭജിച്ച് ക്വട്ടേഷൻ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റേറ്റിനേക്കാൾ ഉയർന്ന നിരക്കിൽ പണികൾ നടത്തുക, ഹൈക്കോടതി ഉത്തരവ് ലംഘിച്ച് ബില്ലുകൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുക, വിവിധ സാമ്പത്തിക വർഷങ്ങളിലെ ലെറ്റർ ഓഫ് ക്രെഡിറ്റ് തുകകളിലെ ബാക്കി വന്നത് യഥാസമയം തിരിച്ചടക്കാതെ സൂക്ഷിക്കുക, എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിൽ ക്രമക്കേട് വരുത്തുക തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഇതു സംബന്ധമായ പൂർണ്ണ വിവരങ്ങൾ ശേഖരിച്ചു വരികയാണ്. ചട്ടങ്ങളും നടപടിക്രമങ്ങളും ലംഘിച്ചു അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാലയളവിൽ നേരിട്ട് ഉത്തരവ് നൽകിയ എട്ടു കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ എട്ടു കേസുകളിൽ 3,816 ലക്ഷം രൂപയാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ഡി) ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ) വിജിലൻസ് അന്വേഷണത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നികുതിയിനത്തിലും നികുതിയേതരയിനത്തിലും 2007-08-ൽ പിരിച്ചെടുക്കാനുദ്ദേശിക്കുന്ന തുക

77 [1951] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 സാമ്പത്തികവർഷം മൂല്യവർദ്ധിത നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തു;

(ബി) ഈയിനത്തിൽ 2006-07-ൽ എത്ര കോടി രൂപ പിരിച്ചെടുത്തു;

(സി) മൂല്യവർദ്ധിത നികുതി പിരിച്ചെടുത്തതിൽ 2006-07 സാമ്പത്തിക വർഷം എത്ര ശതമാനം മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) വാറ്റിനത്തിൽ 2007-08 വർഷം എത്രകോടി രൂപ പിരിച്ചെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(ഇ) 2006-07 സാമ്പത്തിക വർഷം വാറ്റിതര നികുതി പിരിവിൽ എത്ര ശതമാനം വർദ്ധനവുണ്ടായി; ആയത് എത്ര കോടി രൂപ;

(എഫ്) വാറ്റുൾപ്പെടെ നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനും നികുതിയേതരയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനുമാണ് 2007-08 വർഷം സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2946.11 കോടി രൂപ.

(ബി) 4482.11 കോടി രൂപ.

(സി) 52.14% വർദ്ധനവുണ്ടായി.

(ഡി) 6000 കോടി രൂപ.

(ഇ) താൽക്കാലിക കണക്കുകൾ പ്രകാരം 2006-07 സാമ്പത്തിക വർഷം വാറ്റിതര നികുതി പിരിവിൽ 9.17% വർദ്ധനവുണ്ടായി; അതായത് 626.82 കോടി രൂപ.

(എഫ്) 2007-08 വർഷം ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വാറ്റുൾപ്പെടെ സംസ്ഥാന നികുതിയിനത്തിൽ 13790.69 കോടി രൂപയും നികുതിയേതരയിനത്തിൽ 1133.06 കോടി രൂപയും പിരിച്ചെടുക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

## നികുതി കുടിശ്ശിക

78 [1952] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ധനകാര്യ വർഷാരംഭത്തിൽ നികുതി കുടിശ്ശിക എത്രയായിരുന്നു;

(ബി) ഇതിൽ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ട് ;

(സി) ഇനിയും എന്ത് തുക പിരിച്ചെടുക്കാനുണ്ട് ;

(ഡി) ഇതിൽ കോടതിയിൽ കേസ്സുകൾ നിലവിലുള്ളതുകൊണ്ട് പിരിക്കാൻ സാധിക്കാത്ത തുക എത്ര;

(ഇ) മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ശബരിമല റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

79 [1153] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തതിനാൽ കേരളത്തിലെ പി. ഡബ്ല്യു. ഡി. റോഡുകളുടെ അറ്റകുറ്റപണികളും പുനരുദ്ധാരണ ജോലികളും സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പു വർഷം ശബരിമല റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി എത്രകോടി രൂപയുടെ ശുപാർശയാണ് സമർപ്പിച്ചത്;

(സി) ഇതിൽ എത്ര കോടി രൂപയ്ക്ക് ഏതൊക്കെ പണികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പണികൾ ശബരിമല തീർത്ഥാടന കാലത്തിനു മുമ്പുതന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഇല്ല.

(ബി) നടപ്പുവർഷം 2081.86 ലക്ഷം രൂപയുടെ ശുപാർശയാണ് സമർപ്പിച്ചത്.

(സി) ശബരിമല റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നടപ്പു വർഷം 1742.96 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് പ്രകാരമാണ് അനുമതി നൽകിയത്. അനുമതി നൽകിയ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ † കാണാവുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബരിമല റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഫാം റോഡുകൾക്ക് ബഡ്ജറ്റ് വിഹിതം

80 [1954] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2705-00-101-97-04 ഹെഡ്ഡിൽ 2007-08 വർഷത്തെ ബഡ്ജറ്റിൽ തുക വക ഇരുത്തിയിട്ടുണ്ടോ;

(ബി) മേപ്പയൂർ മണ്ഡലത്തിൽപ്പെട്ട പള്ളിമുക്ക് - മീരങ്ങാട് കടവ് ഫാം റോഡ്, മുയ്യോട്ടുമ്മൽ താഴെ - ചോയിമഠം ഫാം റോഡ്, കുറിച്ചകം ഫാം റോഡ്, കുട്ടോത്ത് ഫാം റോഡ്, കാരയിൽനട ഫാം റോഡ് എന്നീ ഫാം റോഡുകൾക്ക് തുക വകയിരുത്തി യിട്ടുണ്ടോ?

### ഉത്തരം

(എ) വകയിരുത്തിയിട്ടില്ല.

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ആവിർഭാവത്തോടുകൂടി ഫാം റോഡുകളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനാവുമെന്നതിനാൽ കമാന്റ് ഏരിയവികസന ഏജൻസി മുഖേന ഫാം റോഡുകളുടെ നിർമ്മാണം നടത്തേണ്ടതില്ലായെന്ന് ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ ഈ റോഡുകൾക്ക് തുക വകയിരുത്തിയിട്ടില്ല.

## വയനാട് ജില്ലയിലെ ഗിരിധാരാ പദ്ധതി

81 [1955] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഗിരിധാരാ പദ്ധതി സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏതെങ്കിലും ക്രമക്കേട് പ്രാഥമിക അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗിരിധാരാ പദ്ധതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അന്വേഷണ റിപ്പോർട്ട് തീർപ്പാക്കിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) അന്വേഷണവുമായി ബന്ധപ്പെട്ട് എന്തെല്ലാം വിവരങ്ങളാണ് ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്നത് വ്യക്തമാക്കുമോ;

(എഫ്) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഒരു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രാഥമികവിവരങ്ങൾ വെളിപ്പെടുത്തുന്നതിന് നിയമപരമായ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗിരിധാരാ പദ്ധതി സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ മുഴുവൻ ഫയൽ നമ്പറുകളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ വയനാട് ജില്ലാ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ഇനിയും തീർപ്പാക്കിയിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ട് ഇനിയും തീർപ്പാക്കിയിട്ടില്ല.

(ഡി) അന്വേഷണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള ചില വിശദീകരണങ്ങളും വിവരങ്ങളും ഭരണവകുപ്പ് ഇനിയും ലഭ്യമാക്കിയിട്ടില്ല.

(ഇ) അന്വേഷണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിവരങ്ങൾ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്:

1. സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF)-നെ ഗിരിധാരാ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ അതോ അവർ ഒരു കൺസൽട്ടന്റ് ആണോ? അവരെ ഒരു NGO ആയിട്ടാണ് തിരഞ്ഞെടുത്തതെങ്കിൽ എന്തായിരുന്നു അവരുടെ പേമെന്റിനുള്ള വ്യവസ്ഥകൾ?

2. കൺസൾട്ടൻസി ചാർജ്ജിന്റെ 30% ആദ്യ ഇൻസ്റ്റാൾമെന്റായി നൽകുന്നതിനുള്ള ഡിസ്ട്രിക്റ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനം തെറ്റായിരുന്നോ?

3. പ്രോജക്റ്റ് റിപ്പോർട്ട് (ഡോക്യുമെന്റ്)-ന് സർക്കാരിന്റെ അനുമതിയുണ്ടോ?

4. എന്തിന്റെ അടിസ്ഥാനത്തിലാണ് വളരെ ഭീമമായ തുക ജില്ലാ കലക്ടർ നാഷനലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ചിരുന്നതെന്നും ധനകാര്യ വർഷത്തിന്റെ അന്തിമ മുഹൂർത്തത്തിൽ അത് പിൻവലിച്ചതെന്നും വ്യക്തമാക്കുമോ?

5. എങ്ങിനെയാണ് കൺസൽട്ടൻസി ചാർജ് ഫിക്സ് ചെയ്തത്? ഇതിന് സർക്കാരിന്റെ അനുമതിയുണ്ടോ?

6. എന്തിന്റെ അടിസ്ഥാനത്തിലാണ് SEUF വൗച്ചറുകൾ ഹാജരാക്കുവാൻ വിസമ്മതിച്ചത്?

(എഫ്) അന്വേഷണ റിപ്പോർട്ട് തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

(ജി) ഫയൽ നമ്പർ 275/Fiw-G2/2006/Fin.

## മഹിളാ പ്രധാൻ ഏജന്റ് നിയമനം നൽകുന്നതിന് നടപടി

82 [1956] ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യപൂർവ്വ രോഗമായ ലാങ്ഗർഗിഡിയോൻ സിൻഡ്രോം ബാധിച്ച കുട്ടിയുള്ള ശ്രീമതി രാജശ്രീ ഗോപൻ മഹിളാ പ്രധാൻ ഏജന്റായി നിയമനം ലഭിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ നാഷണൽ സേവിംഗ് ഓഫീസിൽ നൽകിയിട്ടുള്ള എൻ.എച്ച്. 2/239/04 ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2005 നവംബർ മാസത്തിൽ ശ്രീമതി രാജശ്രീ ഗോപൻ അന്നത്തെ തൃശ്ശൂർ ജില്ലാ കലക്ടർക്ക് ഈ വിഷയത്തിൽ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന അപേക്ഷ സമർപ്പിക്കുകയും പ്രത്യേക പരിഗണന നൽകാൻ കളക്ടർ നിർദ്ദേശിക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മകന്റെ ചികിത്സയ്ക്ക് ലക്ഷക്കണക്കിന് രൂപ ചെലവാകുന്നതിനാൽ മഹിളാ പ്രധാൻ ഏജന്റ് നിയമനം ലഭിക്കുന്നതിനായി അപേക്ഷക 25-10-2006-ന് ധനകാര്യ മന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് 7-11-2006-ലെ 6362/എം/ഫിൻ/വി.ഐ.പി./06 നമ്പരായി തൃശ്ശൂർ ഓഫീസിലേക്ക് നൽകിയ നിർദ്ദേശത്തിനു മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിനാൽ ശ്രീമതി രാജശ്രീ ഗോപന് നിയമനം ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 7-11-2006-ലെ 6362/എം/ഫിൻ/വി.ഐ.പി./06 നമ്പർ അപേക്ഷ തൃശ്ശൂർ ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ ഈ സമയത്ത് മഹിളാ പ്രധാൻ ഏജൻസി നിയമനം 1-8-2006-ലെ സ. ഉ. (ആർ. റ്റി.) 5497/06/ധന പ്രകാരം നിർത്തി വെച്ചിരുന്നു.

(ഡി) മഹിളാ പ്രധാൻ ഏജൻസി നിയമനം പുനരാരംഭിക്കാൻ സ. ഉ. (ആർ.റ്റി.) 2203/07/ധന. തീയതി 22-3-07 പ്രകാരം ഉത്തരവായ സാഹചര്യത്തിൽ പുതിയ ഏജന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീമതി രാജശ്രീ ഗോപന് ഏജൻസി നൽകുന്നതിന് പ്രത്യേക പരിഗണന നൽകുന്നതായിരിക്കും.

## ലക്കി വാറ്റ് പദ്ധതി

83 [1957] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള 'ലക്കിവാറ്റ്'-ന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര റിട്ടയേഡ് ടാക്സ് ഓഫീസേഴ്സിനെയാണ് ഓരോ ജില്ലയിലും ലക്കിവാറ്റ് പ്രോപ്പഗണ്ട ഓഫീസർമാരായി നിയമിച്ചിട്ടുള്ളത്;

(സി) ഇവർ ഏതെല്ലാം സർവ്വീസ് സംഘടനയിൽ പെട്ടവരായിരുന്നുവെന്ന് വെളിവാക്കുമോ;

(ഡി) ലക്കിവാറ്റ് സമ്മാനത്തുക ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ടി.വി., പത്രങ്ങൾ, മറ്റു മാധ്യമങ്ങൾ എന്നിവയിലൂടെ ലക്കിവാറ്റിന്റെ പരസ്യത്തിന് നാളിതുവരെ എന്തു തുക ചിലവാക്കി; വർഷം തിരിച്ച് കണക്ക് നൽകുമോ;

(എഫ്) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ലക്കിവാറ്റ് പ്രോപ്പഗണ്ട ഓഫീസർമാരായി നിയമിച്ച വകയിൽ ദിവസക്കൂലി, ബത്ത, വാഹനത്തിന്റെ ഇന്ധനച്ചെലവുകൾ എന്നീ ഇനങ്ങളിൽ ചെലവ് വന്ന തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ജി) ലക്കിവാറ്റ് കൊണ്ട് നികുതി പിരിവ് കൂടിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം-2, കൊല്ലം-2, ആലപ്പുഴ-2, പത്തനംതിട്ട-2, കോട്ടയം- 2, ഇടുക്കി-3, എറണാകുളം-2, മട്ടാഞ്ചേരി-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-1, കോഴിക്കോട്-2, കണ്ണൂർ-2, കാസർഗോഡ്-2. ആകെ 28.

(സി) വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) സമ്മാനത്തുക 5000 രൂപയ്ക്ക് താഴെയാണെങ്കിൽ ലക്കിവാറ്റ് കാർഡ് വിതരണം ചെയ്ത സ്ഥാപനത്തിൽ കാർഡ് തിരിച്ചു നൽകി വ്യാപാരിയിൽ നിന്നും സമ്മാനത്തുക കൈപ്പറ്റാവുന്നതാണ്. സമ്മാനത്തുക 5000 രൂപയ്ക്ക് മുകളിലാണെങ്കിൽ ഉപഭോക്താവിന് ആ സ്ഥാപനത്തിനടുത്തുള്ള കെ. എസ്. എഫ്. ഇ. ശാഖയിൽ കാർഡും വ്യാപാരി നൽകുന്ന ഡിക്ലറേഷനും നൽകി സമ്മാനത്തുക കൈപ്പറ്റാവുന്നതാണ്.

(ഇ) 2006-07 331.995 ലക്ഷം.

2007-08 3.830 ലക്ഷം.

(എഫ്)

| | 2006-07 | 2007-08 |
|---|---|---|
| ദിവസക്കൂലി | 7,16,247 | 5,72,926 |
| ബത്ത | 49,670 | 83,121 |
| ഇന്ധനച്ചിലവ് | 3,85,189 | 1,72,216 |

(ജി) ബില്ല് ചോദിച്ചു വാങ്ങാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൂതനമായ ഒരു സമ്മാന പദ്ധതിയാണ് 'ലക്കിവാറ്റ്'. ബില്ല് ചോദിച്ചു വാങ്ങുന്നതുമൂലം വ്യാപാരികൾ ബില്ല് നൽകാൻ നിർബന്ധിതരാകുകയും തദ്വാരാ നികുതി പിരിവിൽ വർദ്ധനവ് ഉണ്ടാകുന്നതുമാണ്. 2006-07 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വാറ്റ് നികുതിയിൽ 52% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർദ്ധനവിന് ലക്കിവാറ്റ് സമ്മാന പദ്ധതിയും ഒരു കാരണമാണ്.

## 2006-07-ൽ സ്വർണ്ണ നികുതിയിനത്തിൽ ലഭിച്ച തുക

84 [1958] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നികുതി പിരിവ് ഉയർന്നതുകാരണം സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) 2006-07-ൽ വാറ്റിനത്തിൽ അധികമായി കിട്ടിയ തുക എത്ര കോടി; അതിൽ നിന്നും വ്യാപാരി ക്ഷേമനിധിയിലേക്ക് എത്ര കോടി നൽകി;

(സി) 2006-07-ൽ സ്വർണ്ണ നികുതിയിനത്തിൽ എത്രകോടി അധികമായി കിട്ടുകയുണ്ടായി; പ്രസ്തുത തുകയിൽ നിന്നും എത്ര കോടി രൂപ വിവിധ ക്ഷേമനിധി യിലേക്ക് നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) 2006-07-ൽ വാറ്റിനത്തിൽ അധികമായി കിട്ടിയ തുകയുടെ വിവരം (കോടി രൂപയിൽ) ചുവടെ ചേർക്കുന്നു:

| വർഷം 2005-06 | വർഷം 2006-07 | അധികം കിട്ടിയ തുക |
|---|---|---|
| 2946.11 | 4492.11 | 1546 |

ഇതിൽ നിന്നും വ്യാപാരി ക്ഷേമ നിധിയിലേക്ക് 50 ലക്ഷം രൂപ നൽകുക ഉണ്ടായി.

(സി) 2005-06-ൽ സ്വർണ്ണ നികുതിയിനത്തിൽ 21.21 കോടി രൂപയും 2006-07-ൽ 97.90 കോടി രൂപയും ലഭിച്ചു. അധികമായി 76.69 കോടി രൂപ കിട്ടുകയുണ്ടായി.

വ്യാപാരി ക്ഷേമനിധിയിലേക്ക് നൽകിയ മേൽപ്പറഞ്ഞ തുക കൂടാതെ മറ്റു ക്ഷേമ നിധികളിലേക്ക് ഇതിൽ നിന്നും തുകയൊന്നും നൽകിയിട്ടില്ല.

## വില്പന നികുതി കുടിശ്ശിക

85 [1959] ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീമതി. ഇ. എസ്. ബിജിമോൾ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ ഒരു കോടി രൂപയ്ക്ക് മുകളിൽ പിരിഞ്ഞു കിട്ടാനുള്ള എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വില്പന നികുതി കുടിശ്ശികയിനത്തിൽ ഒരു കോടി രൂപയ്ക്കു മുകളിൽ പിരിഞ്ഞു കിട്ടാനുള്ള 254 കേസ്സുകൾ ഉണ്ട്. ഈ തുക പിരിച്ചെടുക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കുടിശ്ശിക കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ എടുത്തിട്ടുണ്ട്. റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കൊടുത്തു. ഈ വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടത്തിവരുന്നു.

2. എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

## 2006-07-ലെ വിൽപ്പന നികുതി പിരിവ്

86 [1960] ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുത്ത വിൽപ്പന നികുതി എത്രയാണ്;

(ബി) ഈ വിൽപ്പന നികുതി പ്രതീക്ഷിച്ചതിനേക്കാൾ എത്ര ശതമാനം കൂടുതലോ കുറവോ ആണോയെന്ന് വ്യക്തമാക്കുമോ;

(സി) ലക്കിവാറ്റ് നടപ്പിലാക്കിയതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് നികുതി ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ളത്?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം പിരിച്ചെടുത്ത വിൽപ്പന നികുതി 8686.82 കോടി രൂപയാണ്.

(ബി) വില്പന നികുതി 2006-07-ൽ പ്രതീക്ഷിച്ചത് 7930.38 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) കോടിയാണ്. എന്നാൽ ലഭിച്ചത് 8686.82 കോടിയാണ്. ഇത് 9.53% കൂടുതലാണ്.

(സി) ലക്കിവാറ്റ് നടപ്പിലാക്കുക വഴി ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്ന സാഹചര്യം വന്നതോടെ സർക്കാരിന് ലഭിക്കേണ്ട നികുതി നഷ്ടം ഒരു പരിധിവരെ തടയുന്നതിന് സാധിച്ചു.

## നികുതിയിനത്തിൽ റീഫണ്ട് ചെയ്ത തുക

87 [1961] ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കിയ ശേഷം വിവിധ വ്യാപാരികൾ നികുതിയിനത്തിൽ അടച്ച തുകയിൽ 2006-07 വർഷത്തിലും നടപ്പു സാമ്പത്തിക വർഷത്തിലും എത്ര തുക റീഫണ്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നടപ്പുവർഷം എറണാകുളം ജില്ലയിൽ നിന്ന് എത്ര വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിൽ നടപ്പുവർഷം (2007-08) എറണാകുളം ജില്ലയിൽ നിന്ന് 24,510 വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വാറ്റ് ഏർപ്പെടുത്തിയതിനുശേഷമുള്ള വില്പന നികുതി വർദ്ധനവ്

88 [1962] ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പിൽ വാറ്റ് ഏർപ്പെടുത്തിയ ശേഷം വില്പന നികുതി വരവ് വർദ്ധിച്ചിട്ടുണ്ടോ;

(ബി) വാറ്റ് അസ്സസ്മെന്റ് സംബന്ധിച്ച് ഓഡിറ്റിംഗ് നടത്താറുണ്ടോ;

(സി) നികുതി വകുപ്പിലെ ജോലിഭാരം വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ സർക്കാരിന് ആലോചനയുണ്ടോ;

(ഡി) നികുതി വകുപ്പിൽ നിന്നും റിട്ടയർ ചെയ്തവരിൽ എത്രപേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഇ) റിട്ടയർ ചെയ്തവരെ നിയമിക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) റിട്ടയർ ചെയ്തവർക്ക് പുനർനിയമനം നൽകുന്നത് തൊഴിൽരഹിതരെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പുനർനിയമനം നൽകിയിട്ടില്ല. ലക്കിവാറ്റ് പദ്ധതിയുടെ നടത്തിപ്പിനായി കോ-ഓഡിനേറ്റർമാരെയും പ്രമോട്ടർമാരെയും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഇ) പുനർനിയമനം നൽകിയിട്ടില്ല. ലക്കിവാറ്റ് പദ്ധതി വിജയകരമാക്കുന്നതിനുവേണ്ടി പരിചയ സമ്പന്നരും കാര്യശേഷി തെളിയിച്ചവരുമായ വിരമിച്ച ഉദ്യോഗസ്ഥരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.

(എഫ്) ബാധകമല്ല.

## ബുല്യന് ചുമത്തിയിരിക്കുന്ന നികുതി

89 [1963] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭരണ വ്യാപാരികൾ അംഗീകൃത ഏജൻസിയിൽ നിന്ന് വാങ്ങുന്ന ബുല്യന് എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ വാങ്ങുന്ന ബുല്യൻകൊണ്ട് നിർമ്മിച്ച ആഭരണങ്ങൾക്ക് വ്യാപാരികൾ വീണ്ടും നികുതി അടയ്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കോമ്പൗണ്ട് ചെയ്ത് വ്യാപാരികൾ ബുല്യൻ വാങ്ങിയാൽ ഇൻപുട്ട് ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ബുല്യൻ ഇൻപുട്ട് ആനുകൂല്യം നൽകിയാൽ അംഗീകൃത ഏജൻസിയിൽ നിന്ന് സ്വർണ്ണം വാങ്ങുന്നത് വഴി സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1%.

(ബി) ഉണ്ട്.

(സി) കോമ്പൗണ്ട് ചെയ്ത വ്യാപാരികൾക്ക് ഇൻപുട്ട് ആനുകൂല്യം ലഭ്യമല്ല.

(ഡി) ഇല്ല.

## കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും നിലവിലുള്ള വാറ്റ് നികുതി

90 [1964] ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും നിലവിലുള്ള വാറ്റ് നികുതി എത്രയാണ്;

(ബി) സർക്കാർ ഇതിന്മേലുള്ള വാറ്റ് നികുതി പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വാറ്റ് നികുതി നിലവിലില്ല.

(ബി) ഉണ്ട്. കൊപ്രയ്ക്ക് 1-6-2007 മുതലും വെളിച്ചെണ്ണയ്ക്ക് 1-5-2007 മുതലും വാറ്റ് നികുതി പിൻവലിച്ചിട്ടുണ്ട്.

## കരാറുകാർക്ക് വകയിരുത്തിയ തുക

91 [1965] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായും ഉപധനാഭ്യർത്ഥനകൾ വഴിയും പൊതുമരാമത്ത് കെട്ടിടം, നിരത്ത്, ജലവിഭവ വിഭാഗങ്ങളിലെ കരാറുകാർക്ക് നൽകുന്നതിനുവേണ്ടി എന്തു തുക വകയിരുത്തിയിരുന്നു;

(ബി) മേൽപ്പറഞ്ഞ പ്രകാരം വകയിരുത്തിയ തുകകൾ പൂർണ്ണമായി കരാറുകാർക്ക് നൽകിയോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് 266.96 കോടി രൂപയും നിരത്ത് വിഭാഗത്തിന് 589.77 കോടി രൂപയും ജലവിഭവ വിഭാഗത്തിന് 305.43 കോടി രൂപയും ഉൾപ്പെടെ ആകെ 1162.16 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) കരാറുകാർക്ക് തുക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിലെ മുൻഗണനാക്രമം പാലിച്ചാണ് കരാറുകാർക്ക് കുടിശ്ശികവിതരണം ചെയ്യുന്നത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡായും നബാർഡ് സഹായത്തോടെയുമുള്ള പദ്ധതികൾക്ക് വകയിരുത്തിയിരുന്ന വിഭാഗങ്ങളിൽ കുടിശ്ശിക ബില്ലുകൾ കുറവായിരുന്നതും പ്രസ്തുത കാലഘട്ടത്തിലെ സാമ്പത്തിക സ്ഥിതിയും കാരണം മുഴുവൻ തുകയും കരാറുകാർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല.

## മണി ചെയിൻ ചിട്ടികൾ നിയന്ത്രിക്കുന്നതിന് നടപടികൾ

92 [1966] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഘു നിക്ഷേപങ്ങൾ തവണകളായി സ്വീകരിച്ച് പണം ഇരട്ടിപ്പിക്കുമെന്ന പ്രചരണം നൽകി മണി ചെയിൻ മാതൃകയിൽ ഗ്രാമീണ മേഖലകളിൽ വ്യാപകമായി ചിട്ടികൾ തുടങ്ങുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഈ സർക്കാർ അധികാരമേറ്റശേഷം എടുത്ത നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1975-ലെ കേരള ചിട്ടി നിയമം സെക്ഷൻ (5) പ്രകാരം നൂറു രൂപ വരെയുള്ള ചിട്ടികൾക്ക് പെർമിറ്റ് എടുക്കേണ്ടതുണ്ട്. അതിനു മുകളിൽ വരുന്ന തുകകൾ ചിട്ടി സലയായി ചിട്ടി നടത്തുന്നതിന് ജില്ലാ രജിസ്ട്രാർമാരിൽനിന്നും നിയമാനുസൃതം അനുമതി സമ്പാദിച്ച് സബ് രജിസ്റ്റാർ മുമ്പാകെ രജിസ്റ്റർ ചെയ്യണം. ഇപ്രകാരമല്ലാതെ നടത്തുന്ന ചിട്ടി മുൻപൻമാർക്കെതിരെ വകുപ്പ് 62 പ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ വ്യവസ്ഥയുണ്ട്. 1978-ലെ ദി പ്രൈസ്സ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ് ആക്ട്) പ്രകാരം മറ്റു തരത്തിൽ പണമിടപാടുകൾ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.

(ബി) 1958-ലെ കേരള മണി ലെന്റിംഗ് നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിയമത്തിലുണ്ട്. പ്രസ്തുത നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കാറുണ്ട്. ഇപ്രകാരം ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും ആവശ്യമായ കേസുകളിൽ പിഴ ഈടാക്കാറുമുണ്ട്. കേരളത്തിനകത്തെ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരള പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്) ആന്റ് റഗുലേഷൻ ഓഫ് മണി ലെന്റേഴ്സ് ബിൽ 2007 എന്ന ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പുകയില ഉൽപന്നങ്ങളുടെ പ്രതിവർഷ വില്പന

93 [1967] ശ്രീ. കെ. സി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിഗരറ്റ് തുടങ്ങിയ പുകയില ഉല്പന്നങ്ങളുടെ പ്രതിവർഷ വില്പന എത്ര രൂപയാണ്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നികുതിയിനത്തിൽ എത്ര രൂപയാണ് ലഭിച്ചത്;

(സി) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന സിഗരറ്റ് ബ്രാന്റുകൾ ഏതൊക്കെയാണ്;

(ഡി) വിപണിയിലെത്തിയ പുതിയയിനം സിഗരറ്റുകൾ വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നികുതി വെട്ടിപ്പ് നടത്തുന്ന ബ്രാന്റുകളുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നികുതിയിനത്തിൽ ആകെ ലഭിച്ചത് 8686.82 കോടി രൂപയാണ്.

(സി മുതൽ ഇ വരെ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സംസ്ഥാനത്തെ സെയിൽസ് ടാക്സ് ചെക്കുപോസ്റ്റുകൾ

94 [1968] ശ്രീ. സി. എഫ്. തോമസ് :
പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവ നവീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(സി) ഈ ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സംസ്ഥാനത്ത് 6 - എ ക്ലാസ് ചെക്ക് പോസ്റ്റുകളും 5 - ബി ക്ലാസ് ചെക്ക് പോസ്റ്റുകളും 33 - സി ക്ലാസ് ചെക്ക് പോസ്റ്റുകളും 37 - താൽക്കാലിക ചെക്ക് പോസ്റ്റുകളും ഉൾപ്പെടെ ആകെ 81 സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ ബിൽറ്റ് ഓൺ ഓപ്പറേറ്റ് അടിസ്ഥാനത്തിൽ വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കൽ, ബംഗ്ര മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ ഹൈമാസ്റ്റ് ഫ്ളഡ്ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. വാളയാറിൽ ഇതു സ്ഥാപിച്ചു കഴിഞ്ഞു. വാളയാർ ചെക്ക് പോസ്റ്റിൽ ചരക്ക് പരിശോധനാ സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വാണിജ്യനികുതി, ആർ. ടി. ഒ., മൃഗസംരക്ഷണം, എക്സൈസ്, പോലീസ്, വനം എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വാളയാർ ഔട്ട് ചെക്ക് പോസ്റ്റിലെ തിരക്ക് ഒഴിവാക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കുമായി ഈ ചെക്ക് പോസ്റ്റ് ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും 2 കിലോമീറ്റർ അകലെ വാളയാർ പോലീസ് സ്റ്റേഷനു സമീപം വട്ടപ്പാറ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന്റെ പണി പുരോഗമിച്ചുവരുന്നു. വാളയാർ ചെക്ക് പോസ്റ്റിൽ നിലവിലുള്ള പ്ലാറ്റ് ഫോം നവീകരിക്കുന്നതിനും, പുതിയ ഒന്നുകൂടി സ്ഥാപിക്കുന്നതിനും വെയിംഗ് ബ്രിഡ്ജ്, ടോയ്‌ലറ്റ്, വാട്ടർ ടാങ്ക് എന്നിവ പൊളിച്ചു മാറ്റുന്നതിനും പുതിയ ക്യാബിൻ, ടോയ്‌ലെറ്റ് ബ്ലോക്ക്, ഓവുചാൽ, അതിരു വേലി എന്നിവയുടെ നിർമ്മാണത്തിനും, വാഹനങ്ങൾ നിർത്തി പരിശോധിക്കുന്ന സ്ഥലം വിപുലീകരിക്കുന്നതിനും, ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് മുതലായവയുടെ നവീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്. മഞ്ചേശ്വരം ചെക്ക് പോസ്റ്റിന്റെ പുനരുദ്ധാരണ പണികൾ നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചെക്ക് പോസ്റ്റുകളിൽ പരിശോധന കൂടുതൽ കർശനമാക്കാൻ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വാളയാർ ചെക്ക് പോസ്റ്റിലെ ഗ്രീൻ ചാനൽ വ്യവസ്ഥ

95 [1969] ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക് പോസ്റ്റിൽ ഗ്രീൻ ചാനൽ വ്യവസ്ഥ ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഗ്രീൻ ചാനൽ സമ്പ്രദായം ഏർപ്പെടുത്തിയതിലൂടെ ഈ ഉദ്ദേശലക്ഷ്യങ്ങൾ നേടുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഗ്രീൻ ചാനൽ വ്യവസ്ഥ ഏർപ്പെടുത്തുന്നതിന് മുമ്പുള്ള മാസത്തേക്കാൾ ഗ്രീൻ ചാനൽ സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷമുള്ള മാസങ്ങളിൽ പ്രസ്തുത ചെക്ക് പോസ്റ്റിൽ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കുന്ന ഫയൽ മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) വാളയാർ ചെക്ക് പോസ്റ്റിൽ ചരക്ക് വാഹനങ്ങൾ ക്ലിയറിംഗിനായി മണിക്കൂറുകളോളം കാത്ത് കിടക്കുന്നത് പതിവായിരുന്നു. ഇതിനിടയിൽ പച്ചക്കറി, പാൽ, പൂവ് തുടങ്ങി നികുതി വിധേയമല്ലാത്ത സാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങൾക്കും കടന്നു പോകാൻ കഴിയാതെ വന്നിരുന്നു. ഇതിനൊരു പരിഹാരമായാണ് ഗ്രീൻ ചാനൽ വ്യവസ്ഥ ഏർപ്പെടുത്തിയത്. ചെക്ക് പോസ്റ്റ് നടപടികൾക്ക് അധികസമയം ആവശ്യമില്ലാത്ത, നികുതി വിധേയമല്ലാത്ത സാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങൾ കടത്തിവിടുന്നതുവഴി ചെക്ക് പോസ്റ്റിലെ തിരക്ക് വലിയൊരളവോളം ഒഴിവായിട്ടുണ്ട്.

(ബി) ഗ്രീൻ ചാനൽ ഏർപ്പെടുത്തിയ മാസത്തേയും, അതിനു മുമ്പുള്ള മാസത്തേയും വരുമാനം താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടില്ല. സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു:

| കാലാവധി | അഡ്വാൻസ് നികുതി | സെക്യൂരിറ്റി ഡിപ്പോസിറ്റ് | ആകെ (ലക്ഷം) |
|---|---|---|---|
| 7-8-07 മുതൽ 31-8-07 വരെ (ഗ്രീൻ ചാനൽ ഏർപ്പെടുത്തിയ ശേഷം) | 285.67 | 18.50 | 304.17 |
| 7-7-07 മുതൽ 31-7-07 വരെ (ഏർപ്പെടുത്തും മുമ്പ്) | 343.38 | 20.91 | 364.29 |

## വാളയാർ ചെക്ക് പോസ്റ്റിലെ ഗ്രീൻ ചാനൽ വഴി സ്പിരിറ്റ് കടത്തിക്കൊണ്ടു പോയ സംഭവം

96 [1970] ശ്രീ. എൻ. ശക്തൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക് പോസ്റ്റിൽ അഴിമതി നടക്കുന്ന കാര്യം തെളിയിക്കുന്നവർക്ക് സമ്മാനം കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ;

(ബി) വാളയാർ ചെക്ക് പോസ്റ്റിലെ ഗ്രീൻ ചാനൽ വഴി 24 ലോഡ് സ്പിരിറ്റ് കടത്തിക്കൊണ്ടുപോയതായി രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച കൂടുതൽ അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇതിന്റെ നിജസ്ഥിതി മനസ്സിലാക്കി അതു ശരിയെങ്കിൽ പ്രഖ്യാപിത സമ്മാനം രഹസ്യാന്വേഷണ വിഭാഗത്തിന് നൽകുമോ?

ഉത്തരം

(എ) അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) വാണിജ്യനികുതി വകുപ്പിന് ഇതേപ്പറ്റി അറിവില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

## വാളയാർ ചെക്ക് പോസ്റ്റിലെ ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

97 [1971] ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക് പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കപ്പെട്ട ശേഷം ഇവിടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഏതെല്ലാം തസ്തികകളിൽ അധികമായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഈ ചെക്ക് പോസ്റ്റിലെ ജീവനക്കാർക്ക് നൽകിവരുന്ന അലവൻസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. വാണിജ്യനികുതി വകുപ്പിലെ മറ്റ് ഓഫീസുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വഴിയും വർക്കിംഗ് അറേഞ്ച്മെന്റ് വഴിയും 11 ഇൻസ്പെക്ടർമാരെയും 4 ക്ലാർക്ക്മാരെയും 21 ശിപായിമാരെയും ഉൾപ്പെടെ ആകെ 36 പേരെ അധികമായി നിയമിച്ചു.

(ബി) ഇല്ല.

(സി) വാളയാർ ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെല്ലാം സൗജന്യ താമസസൗകര്യവും ഭക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വാളയാർ ചെക്ക് പോസ്റ്റിലെ ജീവനക്കാർക്ക് പ്രത്യേകമായി അലവൻസ് ഒന്നും തന്നെ നൽകുന്നില്ല.

## ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി

98 [1972] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ പുനർവിന്യാസം വഴി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ പുനർവിന്യാസം വഴി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വിശദാംശങ്ങൾ പരിഗണനയിലാണ്.

## കാസർഗോഡ് - മഞ്ചേശ്വരം ചെക്ക് പോസ്റ്റ് അഴിമതി രഹിതമാക്കാൻ നടപടി

99 [1973] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് - മഞ്ചേശ്വരം ചെക്ക് പോസ്റ്റ് അഴിമതിരഹിത ചെക്ക് പോസ്റ്റാക്കുന്നതിന് നടപടികൾ ആരംഭിക്കുമോ?

ഉത്തരം

വാണിജ്യനികുതി ചെക്ക് പോസ്റ്റുകളെല്ലാം അഴിമതിരഹിതമാക്കാനുള്ള തീവ്ര ശ്രമത്തിന്റെ പ്രാരംഭഘട്ടമാണ് പാലക്കാട് ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ. ഇതിന്റെ തുടർച്ചയായി മഞ്ചേശ്വരം ഉൾപ്പെടെ കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകളും അഴിമതി രഹിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

## കറുകുറ്റി ചെക്ക് പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ നടപടി

100 [1974] ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകുറ്റി ചെക്ക് പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ചെക്ക് പോസ്റ്റിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കറുകുറ്റി ചെക്ക് പോസ്റ്റിൽ അഴിമതി ഇല്ലാതാക്കാൻ അവിടെ നിന്നും പരിശോധന കഴിഞ്ഞു വരുന്ന വാഹനങ്ങളിൽ കുറച്ചെണ്ണം വാണിജ്യനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ക്രമക്കേട് കണ്ടെത്തുകയാണെങ്കിൽ നികുതി പിഴസഹിതം ഈടാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസ് വിജിലൻസ് വിഭാഗവും സെക്രട്ടറിയേറ്റിലെ ഫൈനാൻസ് പരിശോധനാ വിഭാഗവും ചെക്ക് പോസ്റ്റിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്.

(ബി) ആവശ്യമെന്നു കണ്ടാൽ ഇക്കാര്യം യഥാസമയം പരിശോധിച്ച് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## വൺ റാങ്ക് വൺ പെൻഷൻ പദ്ധതി

101 [1975] ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ സർവ്വീസ് പെൻഷനേഴ്സിന്റെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) വൺ റാങ്ക് വൺ പെൻഷൻ പദ്ധതി പ്രകാരം എത്ര പേർക്ക് പെൻഷൻ വർദ്ധനവ് ഉണ്ടാകും;

(സി) ഇപ്രകാരം എത്രപേർക്ക് ഇതുവരെ പെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയാണ്;

(ഇ) ഇനിയും അനുവദിക്കാത്ത പെൻഷൻകാർക്ക് എന്നത്തേക്ക് അനുവദിച്ചുത്തരവാകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പെൻഷൻകാർ - 3,62,136.
ഫാമിലി പെൻഷൻകാർ - 71,791.

(ബി) ഈ പദ്ധതി പ്രകാരം പെൻഷൻ പരിഷ്ക്കരിച്ചപ്പോൾ ട്രഷറി/ബാങ്ക് വഴി പരിഷ്ക്കരിച്ച താൽക്കാലിക പെൻഷനിൽ നിന്നും 5-10 ശതമാനം പേർക്ക് കാര്യമായ വർദ്ധനവ് വന്നിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം കേസുകളിലും നാമമാത്രമായ വർദ്ധനവോ, വർദ്ധനവ് ഇല്ലാതെയോ ആണ് വന്നിട്ടുള്ളത്. എല്ലാ കേസുകളിലും അംഗീകാരം നൽകി യിട്ടില്ലാത്തതിനാൽ കൃത്യമായ എണ്ണം നൽകാൻ കഴിയില്ല.

(സി) 1967 മുതൽ 1989 വരെ എല്ലാ ജില്ലകളിൽ നിന്നുമുള്ള 20,651 പെൻഷൻ കേസുകൾ പരിഗണിച്ചവയിൽ 7,765 പേർക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയില്ല.

(ഇ) 31-12-07-ന് മുമ്പ് മുഴുവൻ പരിഷ്ക്കരണവും പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## വടകരയിൽ പെൻഷൻ ട്രഷറി സ്ഥാപിക്കുന്നതിന്

102 [1976] ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിൽ പെൻഷൻ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വടകര ട്രഷറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യം പിന്നീട് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) വടകര സബ് ട്രഷറിയുടെ പ്രവർത്തനം നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി നടന്നു വരികയാണ്.

## ശ്രീ. എം. ഹലീദിന്റെ ശമ്പളകുടിശ്ശിക

103 [1977] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മൗണ്ട് പോലീസിൽ റിസർച്ച് ഇൻസ്പെക്ടറായിരുന്ന ശ്രീ. എം. ഹലീദ് ടിയാൻ സർവ്വീസിലുണ്ടായിരുന്ന കാലയളവായ 1-3-1997 മുതൽ 30-9-1999 വരെയുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശിക ലഭിക്കുന്നതിനായി എ. ജി. ആവശ്യപ്പെട്ട പ്രകാരം 1-4-1998 മുതൽ 31-8-1999 വരെ ശമ്പളം, ഡി. എ. എന്നിവ വാങ്ങിയിട്ടില്ല എന്നും 3/97 മുതൽ 9/97 വരെ ഇടക്കാല ആശ്വാസമായ 338 രൂപ മാത്രമേ വാങ്ങിയിട്ടുള്ളൂ എന്നും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾക്കായി 14-6-2001-ൽ തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയ അപേക്ഷ തീർപ്പു കൽപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇദ്ദേഹത്തിന്റെ അപേക്ഷയിൽ ആറ് വർഷത്തോളമായിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്താണ്;

(സി) മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ കിട്ടാത്തതിനാൽ അർഹമായ 1,49,028 രൂപ അപേക്ഷകന് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപേക്ഷകന് കിട്ടാനുള്ള തുകയ്ക്ക് നാളിതുവരെയുള്ള പലിശ നൽകുവാനും ആ പലിശ, ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ നൽകാതെ ഉത്തരവാദിത്വത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എം. ഹലീദ് സമർപ്പിച്ച ശമ്പള വിവര പട്ടിക ട്രഷറി രേഖകളുമായി ഒത്തുനോക്കി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 25-6-2001-ന് തന്നെ തിരികെ നൽകിയിട്ടുള്ളതാണ്. ശ്രീ. എം. ഹലീദ് 6/98 വരെ പൂർണ്ണമായ ശമ്പളം വാങ്ങിയിട്ടുണ്ട്. അദ്ദേഹം 3/97 മുതൽ 9/97 വരെ ഇടക്കാലാശ്വാസമായ 338 രൂപ ഉൾപ്പെടെ പൂർണ്ണമായ ശമ്പളം വാങ്ങിയിട്ടുള്ളതായി അദ്ദേഹം തന്നെ പരിശോധനയ്ക്കായി ട്രഷറിയിൽ നൽകിയ രേഖകളിൽ നിന്നും വ്യക്തമാണ്.

(ബി) മേൽ (എ) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോദ്യം ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ട്രഷറി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികൾ

104 [1978] ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര ട്രഷറികളുണ്ടെന്ന് അറിയിക്കുമോ;

(ബി) എടക്കാട് നിയോജകമണ്ഡലത്തിലെ ചക്കരക്കൽ സബ് ട്രഷറി പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടത്തിലെ അസൗകര്യങ്ങൾ മൂലം ട്രഷറി ഇടപാടുകാർക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ ;

(സി) സബ് ട്രഷറിക്ക് സർക്കാർ കെട്ടിടം ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 8 ട്രഷറികൾ.

(ബി & സി) ചക്കരക്കൽ സബ് ട്രഷറിക്കുവേണ്ടി സൗകര്യപ്രദമായ മറ്റൊരു കെട്ടിടം കണ്ടെത്താൻ ശ്രമിച്ചുവരികയാണ്.

## ലോട്ടറി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ നിയമതടസ്സങ്ങൾ

105 [1979] ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോട്ടറി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ദൂരീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ. എ. 210/07 (എ) തീയതി 23-2-2007-ലെ വിധി പ്രകാരം വില്പന നികുതി നിയമത്തിലെ വകുപ്പ് 5 ബി. എ. ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചു. ഇതിനെതിരെ സംസ്ഥാനം 12657/07 നമ്പരായി എസ്. എൽ. പി. ഫയൽ ചെയ്തുവെങ്കിലും അത് ബഹു. കോടതി തള്ളുകയുണ്ടായി. 2006 ഏപ്രിൽ മാസത്തിലെ ബഹു. സുപ്രീം കോടതിയുടെ സൺറൈസ് അസോസിയേറ്റ്സ് കേസിലെ അഞ്ചംഗ ബഞ്ച് വിധിയുടെ അടിസ്ഥാനത്തിലാണ് ഈ വിധികൾ ഉണ്ടായിട്ടുള്ളത്. അതിനാൽ നികുതി കുടിശ്ശിക നിലവിലില്ല. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ ഹർജി നൽകാനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

## ലോട്ടറി നികുതി കുടിശ്ശിക

106 [1980] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നികുതിയിനത്തിൽ സാന്റിയാഗോ മാർട്ടിൻ സർക്കാരിന് നൽകുവാനുള്ള തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടിയാനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാന്റിയാഗോ മാർട്ടിൻ എന്ന ആൾക്ക് സംസ്ഥാനത്ത് വില്പന നികുതി രജിസ്ട്രേഷനോ ലോട്ടറി നികുതിയിനത്തിൽ കുടിശ്ശികയോ ഇല്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ലോട്ടറി സമ്മാനത്തുക നൽകുന്നതിലെ കാലതാമസം

107 [1981] ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയിൽ 2007 ആഗസ്റ്റ് മാസം വരെ സമ്മാനാർഹരായ വരിൽ എത്രപേർക്ക് ഇനിയും സമ്മാനത്തുക നൽകുവാനുണ്ട്;

(ബി) ആയതിൽ സമ്മാനാർഹമായ ടിക്കറ്റ് സമർപ്പിച്ചിട്ട് രണ്ടുമാസത്തിൽ ഏറെയായ എത്രപേരുണ്ട്;

(സി) സമ്മാനത്തുക നൽകുവാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സമ്മാനത്തുകകൾ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2007 ആഗസ്റ്റ് വരെ സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയവരിൽ 201 പേർക്ക് സമ്മാനത്തുക നൽകുവാനുണ്ട്.

(ബി) 96 പേർ.

(സി) ലോട്ടറി റൂൾ പ്രകാരം നിയമാനുസൃതമായ രേഖകൾ യഥാസമയം സമർപ്പിക്കാത്തതും, കോടതികളിൽ അവകാശ തർക്കം നിലനിൽക്കുന്നതുമാണ് കാല താമസം ഉണ്ടാകുന്നതിന് കാരണമാകുന്നത്.

(ഡി) സ്വീകരിക്കുന്നതാണ്.

## സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന നറുക്കെടുപ്പ്

108 [1982] ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാഗ്യക്കുറി വകുപ്പ് എത്രതരം നറുക്കെടുപ്പുകളുമാണ് നടത്തുന്നത്; അവ ഏതൊക്കെ; ഏതൊക്കെ ദിനങ്ങളിലാണ് പ്രസ്തുത നറുക്കെടുപ്പുകൾ നടത്തി ഫലം പ്രസിദ്ധപ്പെടുത്തുന്നത്;

(ബി) പ്രസ്തുത നറുക്കെടുപ്പുകളുടെ ഫലം നിർണ്ണയിക്കുന്ന രീതികൾ വിശദ മാക്കുമോ; ആയവ ഓരോന്നിന്റെയും ഒന്ന്, രണ്ട് തുടങ്ങിയ സ്ഥാനക്കാർക്കുള്ള സമ്മാന ത്തുകകൾ എത്രയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം നടത്തുന്ന ഓരോ നറുക്കെടുപ്പിലും ശരാശരി എത്ര തുക ഗവൺമെന്റിനു ലഭിക്കുന്നുണ്ട്;

(ഡി) ഇത്തരം ലോട്ടറികൾക്ക് പുറമെ സ്പോർട്സ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി തുടങ്ങിയവയിലേക്ക് ഉദ്ദേശിച്ചിട്ടുള്ള നറുക്കെടുപ്പുകൾ ഇപ്പോഴും തുടരുന്നുണ്ടോ; എത്ര തവണ അവയുടെ നറുക്കെടുപ്പ് നടന്നിട്ടുണ്ട്; ഇതുവഴി സ്പോർട്സ് ദുരിതാശ്വാസ നിധി എന്നിവയ്ക്ക് വെവ്വേറെ എത്ര തുക സമാഹരിക്കുവാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് എല്ലാ ആഴ്ചയിലും ആറ് നറുക്കെടുപ്പുകളാണ് നടത്തിവരുന്നത്. ഇതിൽ ഹരിത 6-8-2007-ലും ഭാഗ്യതാര 15-8-2007-ലുമാണ് ആരംഭിച്ചത്. ഭാഗ്യക്കുറിയുടെ പേരും നറുക്കെടുക്കുന്ന ദിവസവും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഹരിത | - | തിങ്കൾ |
| പെരിയാർ | - | ചൊവ്വ |
| ഭാഗ്യതാര | - | ബുധൻ |
| ചൈതന്യ | - | വ്യാഴം |
| കൈരളി | - | വെള്ളി |
| സൗഭാഗ്യ | - | ശനി |

നറുക്കെടുപ്പ് ഫലം തൊട്ടടുത്ത ദിവസത്തെ പ്രധാനപ്പെട്ട 14 പത്രങ്ങളിലും വെബ്സൈറ്റിൽ സി-ഡിറ്റ് മുഖേനയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിന് ഗവൺമെന്റ് പ്രസ്സിലും നറുക്കെടുപ്പ് ഫലം നൽകുന്നുണ്ട്.

(ബി) ഓരോ ഭാഗ്യക്കുറിയുടെയും സമ്മാനഘടന അനുസരിച്ചാണ് നറുക്കെടുപ്പ് നടത്തുന്നത്. സ്ഥലം എം. എൽ. എ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സാംസ്ക്കാരിക നായകർ, തുടങ്ങിയവരടങ്ങിയ ജഡ്ജിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് നറുക്കെടുപ്പ് നടത്തുന്നത്. നറുക്കെടുപ്പിൽ പങ്കെടുക്കുന്ന ജഡ്ജിംഗ് കമ്മറ്റി അംഗങ്ങൾക്ക് നറുക്കെടുക്കുന്ന ഭാഗ്യക്കുറിയിൽ, അച്ചടിച്ച ടിക്കറ്റുകൾ, വിൽക്കപ്പെട്ടത്, വിൽക്കപ്പെടാത്ത ടിക്കറ്റ് എന്നിവയുടെ വിശദാംശം നൽകുന്നുണ്ട്. ടിക്കറ്റിൽ പ്രിന്റ് ചെയ്തിരിക്കുന്ന പരമ്പര സൂചിപ്പിക്കുന്ന ഡ്രമ്മും ലക്ഷം മുതൽ ഒറ്റവരെ പ്രതിനിധാനം ചെയ്യുന്ന ആറ് ഡ്രമ്മുകളും നറുക്കെടുപ്പുവേദിയിൽ സജ്ജീകരിക്കുന്നു. ഇവയിൽ ടോക്കൺ നിക്ഷേപിക്കുന്നു. ഒന്നാം സമ്മാനത്തിന് ആദ്യം സീരിസ് ഡ്രമ്മിൽ നിന്നും ഒരു ടോക്കൺ എടുക്കുന്നു. തുടർന്ന് ലക്ഷത്തെ പ്രതിനിധാനം ചെയ്യുന്ന ഡ്രമ്മിൽ നിന്നും ഒരു ടോക്കൺ, അതിനുശേഷം പതിനായിരം, ആയിരം, നൂറ്, പത്ത്, ഒറ്റ എന്നീ സ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന ഡ്രമ്മുകളിൽ നിന്നും ഓരോ ടോക്കൺ എടുക്കുന്നു. പൂജ്യം കൂടാതെ 1 മുതൽ 9 വരെ 10 ടോക്കൺ ഈ ആറ് ഡ്രമ്മിൽ നിക്ഷേപിച്ചിട്ടുണ്ടാകും, ടോക്കൺ പ്ലാസ്റ്റിക് പേഴ്സിലാണ് നിക്ഷേപിച്ചിട്ടുള്ളതിനാൽ എടുക്കുന്ന നമ്പർ ഏതെന്ന് എടുക്കുന്ന ആൾക്ക് മനസ്സിലാകുന്നില്ല. ഒന്നും രണ്ടും സമ്മാനത്തുക വ്യത്യസ്ത ലോട്ടറികൾക്ക് വ്യത്യസ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

| ലോട്ടറിയുടെ പേര് | ഒന്നാം സമ്മാനത്തുക | രണ്ടാം സമ്മാനത്തുക |
|---|---|---|
| ഹരിത | പത്തുലക്ഷം | ഒരുലക്ഷം വീതം 5 പേർക്ക് |
| പെരിയാർ | ഇരുപതുലക്ഷം | ഒരുലക്ഷംവീതം 3 പേർക്ക് |
| ഭാഗ്യതാര | പത്തുലക്ഷം | ഒരുലക്ഷം വീതം 5 പേർക്ക് |
| ചൈതന്യ | പത്തുലക്ഷം | അൻപതിനായിരം വീതം 5 പേർക്ക് |
| കൈരളി | രണ്ടുലക്ഷം വീതം 5 പേർക്ക് | അൻപതിനായിരം വീതം 5 പേർക്ക് |
| സൗഭാഗ്യ | രണ്ടുലക്ഷം വീതം അഞ്ചുപേർക്ക് | ഇരുപത്തി അയ്യായിരം വീതം പത്തു പേർക്ക് |

ഒരു സാമ്പത്തികവർഷം കൈരളി ലോട്ടറിയിൽ ആറ് ബംമ്പർ നറുക്കെടുപ്പ് നടത്തി വരുന്നു. ഓരോന്നിന്റെയും സമ്മാനഘടന വ്യത്യസ്തമാണ്.

(സി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന വിവിധ ഭാഗ്യക്കുറികളുടെ ജൂലൈ 2007-ലെ ആകെ വിറ്റുവരവിന്റെ കണക്കുകൾ അനുബന്ധമായി † ചേർക്കുന്നു. ഹരിത, ഭാഗ്യതാര എന്നീ ഭാഗ്യക്കുറികൾ ആഗസ്റ്റ് മാസത്തിലാണ് ആരംഭിച്ചത്.

(ഡി) 2006-07 സാമ്പത്തിക വർഷം സ്പോർട്സ് ബംമ്പർ ഭാഗ്യക്കുറിയുടെ ഒരു നറുക്കെടുപ്പും 2007-08 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു നറുക്കെടുപ്പും നടത്തിയിട്ടുണ്ട്.

| | |
|---|---|
| സ്പോർട്സ് സൂപ്പർ ബംപർ ലോട്ടറി (കെ.1285)-യുടെ വിറ്റുവരവ് | : 29,44,79,800 രൂപ |
| മറ്റു വരവ് | : 2,500 |
| ആകെ വരവ് | : 29,44,82,300 രൂപ |

ലാഭമായി 9,35,12,453 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക മുഴുവനും സർക്കാർ നിർദ്ദേശിച്ച പ്രത്യേക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വനം (കെ. 1298) ഭാഗ്യക്കുറിയുടെ ആകെ വരുമാനം 13.23 കോടി രൂപയാണ്. വിവിധ ജില്ലാ കലക്ടർമാർ ഇനിയും തുക അടയ്ക്കാത്തതിനാൽ കൃത്യമായ ലാഭം കണക്കാക്കിയിട്ടില്ല. എങ്കിലും 6,69,97,826 രൂപ ഏകദേശ ലാഭമായി കണക്കാക്കിയിട്ടുള്ളതിൽ 5 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## 2007 ആഗസ്റ്റ് മാസത്തിലെ ലോട്ടറി വില്പന

109 [1983] ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ വിൽക്കപ്പെട്ട അന്യ സംസ്ഥാന ലോട്ടറികൾ എത്രയാണെന്ന കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ;

(ബി) ഇതേ മാസം കേരള സംസ്ഥാന ലോട്ടറികളുടെ വിൽപ്പന എത്രയായിരുന്നു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്യ സംസ്ഥാന ലോട്ടറികൾ ജനപ്രിയമാകുന്നതിന്റെ കാരണങ്ങളെ കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(ഡി) കേരള സംസ്ഥാന ലോട്ടറികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള സംസ്ഥാന ലോട്ടറികൾ കൂടുതൽ ജനപ്രിയമാക്കാൻ സമ്മാനങ്ങൾ നൽകുന്ന ഘടനയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2007 ആഗസ്റ്റ് മാസം കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ മൊത്തം വിൽപ്പന 2,04,87,917 ടിക്കറ്റുകളാണ്.

(സി) ചൂതാട്ട സ്വഭാവമുള്ള സമ്മാന ഘടനയാണ് അന്യ സംസ്ഥാന ഭാഗ്യക്കുറികളെ ജനപ്രിയമാക്കുന്നത്.

(ഡി) 1. സമ്മാനഘടനയിൽ മാറ്റങ്ങൾ വരുത്തി ഭാഗ്യക്കുറികൾ കൂടുതൽ ആകർഷകമാക്കി മാറ്റിയിട്ടുണ്ട്. ഏജന്റുമാരുടെ ആവശ്യം പരിഗണിച്ച് നറുക്കെടുപ്പ് ആഴ്ചയിൽ 6 ദിവസം നടത്തുന്നതിനായി പുതുതായി രണ്ട് ഭാഗ്യക്കുറികൾ കൂടി ആരംഭിച്ചു.

2. ടിക്കറ്റ് രൂപകൽപ്പനയിലും നമ്പർ സംവിധാനത്തിലും മാറ്റം വരുത്തി.

3. വിൽപ്പന കൂടുതൽ ശക്തമാക്കുന്നതിനായി ഡയറക്ടറേറ്റിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചു.

4. ഏജന്റുമാർക്ക് ടിക്കറ്റ് കടമായി നൽകുന്നതിനും ടിക്കറ്റുവില ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്നതിനും നടപടി ആരംഭിച്ചു.

5. പരസ്യപ്രചാരണത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നു.

6. ജില്ലാ ഭാഗ്യക്കുറി ആഫീസർമാർക്ക് സമ്മാന വിതരണത്തിന് കൂടുതൽ അധികാരങ്ങൾ നൽകി.

7. നിലവിലുള്ള ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധി വിപുലീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

8. നറുക്കെടുപ്പ് രീതി പരിഷ്ക്കരിക്കാനും, നറുക്കെടുപ്പുകൾ തത്സമയം ദൃശ്യമാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യുവാനും നടപടി സ്വീകരിച്ചുവരുന്നു.

9. ഏജൻസിയുടെ രജിസ്ട്രേഷൻ ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും, ഏജൻസി പുതുക്കാനുള്ള ഫീസ് 100 രൂപയിൽ നിന്നും 50 രൂപയായും കുറയ്ക്കുകയുണ്ടായി. താത്ക്കാലിക ഏജൻസിക്കുള്ള ഫീസ് 50 രൂപയായി നിജപ്പെടുത്തി.

(ഇ) ചൊവ്വാഴ്ച തോറും നടക്കുന്ന പെരിയാർ ഭാഗ്യക്കുറി ഒഴികെയുള്ള മറ്റ് അഞ്ച് ഭാഗ്യക്കുറികളുടെയും സമ്മാനങ്ങളിൽ വർദ്ധനവ് വരുത്തിക്കൊണ്ട് സമ്മാന ഘടന പരിഷ്ക്കരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് പദ്ധതികൾ

110 [1984] ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കുന്നത്;

(സി) ഇതിന്റെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭ്യമാകും?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഐ. എഫ്. ഡി. പി.-യുടെ വായ്പാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, മൂല്യ വർദ്ധിത ഉല്പാദന പദ്ധതി, മൈക്രോ ഫിനാൻസ്, സംയോജിത മത്സ്യവികസന പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം, വലകൾ വാങ്ങുന്നതിന് ധനസഹായം, എസ്. ജി. എസ്. വൈ. പദ്ധതി, മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷാപദ്ധതി, തീരദേശ ലേലം ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുന്ന പദ്ധതി, മത്സ്യവിപണന വായ്പ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്), സുനാമി പുനരധിവാസ പദ്ധതി (ടി. ആർ. പി.) പദ്ധതിയിൽ ഉൾപ്പെടുത്തി 300 ചെറുകിട തൊഴിൽ സംരംഭങ്ങൾ, 18 മിനി സൂപ്പർ മാർക്കറ്റുകൾ, 38 ഐ. റ്റി. കിയോസ്കുകൾ, 31 സോപ്പു നിർമ്മാണ യൂണിറ്റുകൾ, 60 ഉണക്ക മത്സ്യ/പച്ച മത്സ്യ യൂണിറ്റുകൾ, 30 അലങ്കാര മത്സ്യ ഉല്പാദന യൂണിറ്റുകൾ, 20 സീ ഫുഡ് കിച്ചണുകൾ, 45 ഫിഷ് കിയോസ്കുകൾ തുടങ്ങി തീരദേശവാസികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്ന നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) സുനാമി അടിയന്തിര സഹായ പദ്ധതികൾ 2008 മെയ് മാസത്തോടെ പൂർത്തിയാവുന്നതാണ്. സുനാമി പുനരധിവാസ പദ്ധതികൾ 2009-ലും പൂർത്തിയാകും. ബാക്കി പദ്ധതികൾ ഈ വർഷം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 50000 മത്സ്യത്തൊഴിലാളികൾക്ക് പ്രത്യക്ഷമായും 25000-ത്തോളം മത്സ്യത്തൊഴിലാളി തീരദേശവാസികൾക്ക് പരോക്ഷമായും സഹായം ലഭിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

111 [1985] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികളിൽ നിന്ന് ഇൻഷ്വറൻസ് പദ്ധതിയിലേക്ക് എത്ര രൂപ പ്രീമിയമായി ഈടാക്കുന്നുണ്ട്;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്ത് തുകയാണ് പ്രതിവർഷം ഇതിനായി നൽകുന്നത്.

(ഡി) ഇൻഷ്വറൻസ് പദ്ധതി ഏതെങ്കിലും ഒരു ഏജൻസി വഴി ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും, മത്സ്യഫെഡും മുഖേന നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം മരണമടഞ്ഞ മത്സ്യ തൊഴിലാളികളുടെ എത്ര ആശ്രിതർക്ക് ലഭിച്ചു;

(എഫ്) എത്ര അപേക്ഷകൾ ഇൻഷ്വറൻസ് കമ്പനിയിൽ കുടിശ്ശികയായിട്ടുണ്ട്;

(ജി) ഇൻഷ്വറൻസ് കമ്പനികൾ നിരസിക്കുന്ന അപേക്ഷകളിൽ സർക്കാർ ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഈ വർഷം പ്രഖ്യാപിക്കപ്പെട്ട "മത്സ്യസുരക്ഷ" എന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള പുതിയ ഇൻഷ്വറൻസ് പദ്ധതി ഏതു ഏജൻസി വഴി നടപ്പിലാക്കണമെന്ന തീരുമാനം ആയിട്ടില്ല. എന്നാൽ മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യുന്നതിന് മത്സ്യഫെഡിൽ 'ഇൻപുട്ട് ഇൻഷ്വറൻസ് സുരക്ഷാ പദ്ധതി' നിലവിലുണ്ട്.

(ബി) നിലവിൽ മത്സ്യബോർഡ് വഴിയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് മത്സ്യത്തൊഴിലാളിയിൽ നിന്നും പ്രീമിയം ഈടാക്കുന്നില്ല. പുതിയ സമഗ്ര ഇൻഷ്വറൻസിന്റെ പ്രീമിയത്തെ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഉപകരണങ്ങളുടെ 4%-മാണ് പ്രീമിയം തുക. ഇതിൽ 2% തുക സർക്കാർ സബ്സിഡിയായി നൽകുന്നു. ബാക്കി 2% ഗുണഭോക്താവിൽ നിന്നും പ്രീമിയമായി ഈടാക്കുന്നു.

(സി) ഇത് ഒരു 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന തുകയാണ് ഇതിനായി വിനിയോഗിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും 50% ആണ് ഇതിലേയ്ക്കായി റിലീസ് ചെയ്യേണ്ടത്.

(ഡി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10-9-01 - 9-9-02, 1-12-03 - 31-8-07 വരെയുള്ള കാലയളവിൽ മരണമടഞ്ഞ 318 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗത ഇൻഷ്വറൻസ് പ്രകാരമുള്ള ധനസഹായം 111 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കേണ്ട 148 അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്.

മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 8 അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്.

(ജി) മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരണമടഞ്ഞാലും ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഇൻഷ്വറൻസ് കമ്പനികൾ നിരസിക്കുന്ന അപേക്ഷകളിൽ മത്സ്യ ബോർഡിൽ നിന്ന് ധനസഹായമായി 5000 രൂപ ആശ്രിതർക്ക് നൽകിവരുന്നുണ്ട്.

(എച്ച്) ഈ വർഷം പ്രഖ്യാപിക്കപ്പെട്ട "മത്സ്യസുരക്ഷ" എന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക ആരോഗ്യ പദ്ധതി

112 [1986] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ ക്യാൻസർ, ക്ഷയം തുടങ്ങിയ മാരക രോഗങ്ങൾ വർദ്ധിച്ച് വരുന്നതും സാംക്രമിക രോഗങ്ങൾ നിരന്തരമായി പടർന്ന് പിടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണുവാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക ആരോഗ്യ പദ്ധതി നടപ്പിലാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന രോഗചികിത്സാ പദ്ധതി പ്രകാരം ക്യാൻസർ രോഗ ചികിത്സക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപ നൽകിവരുന്നുണ്ട്. ആരോഗ്യവകുപ്പുമായി ചേർന്ന് സമഗ്ര ചികിത്സാപദ്ധതിക്ക് രൂപം നൽകുന്നതിനാവശ്യമായ നടപടി മത്സ്യബോർഡ് വഴി സ്വീകരിക്കുന്നതാണ്.

## യൂറോപ്യൻ യൂണിയനിൽ നിന്ന് മത്സ്യം ഇറക്കുമതി

113 [1987] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ യൂണിയനിൽ നിന്ന് മത്സ്യം ഇറക്കുമതി ചെയ്യുന്നതിനുള്ള നീക്കം സംസ്ഥാനത്തെ മത്സ്യമേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മത്സ്യങ്ങളുടെ ഇറക്കുമതിയാണ് ഇന്തോ-യൂറോപ്യൻ സ്വതന്ത്ര വ്യാപാര കരാറിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കരാറിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്തോ-യൂറോപ്യൻ സ്വതന്ത്ര വ്യാപാര കരാർ പ്രകാരം ഇറക്കുമതി ചെയ്യാനുദ്ദേശിക്കുന്ന വിവിധ ഉല്പന്നങ്ങളുടെ കൂട്ടത്തിൽ 40 ഇനം മത്സ്യ/മത്സ്യ ഉല്പന്നങ്ങളുടെ ലിസ്റ്റ് ഐക്യരാഷ്ട്ര സഭാ വ്യാപാര വികസനസമിതി (UNCTAD)-യുടെ ഇന്ത്യയിലെ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് അനുബന്ധമായി † ചേർക്കുന്നു.

(സി) ഈ കരാർ മത്സ്യമേഖലയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായതിനാൽ കേന്ദ്രസർക്കാരിന്റെ മത്സ്യ ഇറക്കുമതിക്കുള്ള നീക്കം പുന:പരിശോധിക്കണമെന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്തി, അയല, നെത്തോലി തുടങ്ങിയ മത്സ്യങ്ങളെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തി ഇറക്കുമതിയുടെ ആഘാതത്തിൽ നിന്നും മത്സ്യമേഖലയെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇന്ത്യയുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനും കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശരത് പവാറിനും വാണിജ്യമന്ത്രി ശ്രീ. കമൽനാഥിനും കത്തെഴുതിയിട്ടുണ്ട്. കേരള നിയമസഭയുടെ ഐകകണ്ഠേനയുള്ള ഒരു പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഫിഷറീസ് മേഖലയിലെ സുനാമി പദ്ധതികൾ

114 [1988] ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. ബാബു പോൾ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പദ്ധതി (റ്റി.ആർ.പി.) അനുസരിച്ച് ഫിഷറീസ് മേഖലയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; അതിലേക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര രൂപ നാളിതുവരെ ചെലവഴിച്ചു;

(ബി) തീരപ്രദേശങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതി (റ്റി. ആർ. പി.) പ്രകാരം ജീവനോപാധികളുടെ പുന:സ്ഥാപനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന 64.85 കോടി രൂപയുടെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന ഫിഷ്ലാന്റിംഗ് സെന്ററുകളുടെയും തീരദേശ റോഡുകളുടെയും പുനരുദ്ധാരണത്തിനായി 97.97 കോടി രൂപയുടെയും പദ്ധതികളാണ് 9 തീരദേശ ജില്ലകളിലും നടപ്പിലാക്കി വരുന്നത്. നാളിതുവരെ 13.29 കോടി രൂപയാണ് ഫിഷറീസ് വകുപ്പിന് അനുവദിച്ച് കിട്ടിയത്. അതിൽ 7.547 കോടി രൂപ നാളിതുവരെ പദ്ധതി നിർവ്വഹണത്തിനായി പി. ഐ. യു. ഫിഷറീസിൽ നിന്നും താഴെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തലങ്ങളിലേക്ക് നൽകിയിട്ടുണ്ട്. ഇതിൽ സുനാമി അടിയന്തിര സഹായ പദ്ധതിയിൽ പെടുത്തി തീരദേശമേഖലയിലെ 47 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 6.86 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(ബി) തീരദേശവാസികളെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനായി തീരദേശ വാസികളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച്, സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ഉപപദ്ധതികളും സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ഉപപദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരായ മത്സ്യത്തൊഴിലാളി കൾക്ക് ടീപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6,000 രൂപാ വരെ പ്രവർത്തനമൂലധനം നൽകുന്ന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്ന തിന് സുരക്ഷാകിറ്റുകൾ നൽകുന്ന പദ്ധതി, സുനാമിയിൽ നാശനഷ്ടം സംഭവിച്ച വള്ളം, വല മുതലായവയ്ക്ക് പകരം നൽകുന്നതും, റിപ്പയർ ചെയ്യുന്നതുമായ പദ്ധതി, മത്സ്യ ലഭ്യത കൂട്ടുന്നതിന് കടലിൽ കൃത്രിമപാര് സ്ഥാപിക്കൽ തുടങ്ങിയവയും ഈ പദ്ധതി യിലൂടെ നടപ്പാക്കുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 400 തൊഴിൽ സംരംഭ യൂണിറ്റുകൾ, പച്ച മത്സ്യവിപണത്തിന് 250 വാഹനങ്ങൾ, ഒ.ബി.എം. ഘടിപ്പിച്ച വള്ളങ്ങളിൽ 750 എൽ. പി. ജി. കിറ്റുകൾ, അലങ്കാര മത്സ്യം വളർത്തൽ യൂണിറ്റുകൾ, കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ, ഫിഷ് കിയോസ്കുകൾ, സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

## അക്വാ പാർക്ക് പദ്ധതി

115 [1989] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സാങ്കേതിക സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 'അക്വാ പാർക്ക്' എന്ന പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിലേക്ക് എത്ര ഹെക്ടർ ഭൂമി ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്; അവ എവിടെയൊക്കെ;

(സി) ഈ പദ്ധതിയെക്കുറിച്ചുള്ള മറ്റ് വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) അക്വാ പാർക്ക് ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ടി പാർക്കിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ കിറ്റ്കോ-യെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. ഇതിനുള്ള സാങ്കേതിക ഉപദേശം നൽകുന്നതിന് ഒരു വിദേശ കൺസൾട്ടൻസിയെ നിയമിക്കുകയും അവർ അതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിലേക്ക് ആവശ്യമായ 10 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന്റെ അധീന തയിലുള്ള ആലുവായ്ക്കടുത്തുള്ള കടുങ്ങല്ലൂരിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അലങ്കാര മത്സ്യകൃഷി ഉൽപ്പാദനവും വിപണനവും ലക്ഷ്യമിട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി ആരംഭിക്കുന്ന ഒരു സംരംഭമാണ് അക്വാ ടെക്നോളജി പാർക്ക്. ആലുവായ്ക്കടുത്ത് കടുങ്ങല്ലൂരിലാണ് ഇതു സ്ഥാപിതമാകുന്നത്. ഇവിടെ അലങ്കാര മത്സ്യ കൃഷി ഉൽപാദനത്തിനും, കയറ്റുമതിക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുണ്ടായിരിക്കും. 10 മുതൽ 15 വരെ സ്വയം സംരംഭകരായ മത്സ്യ കർഷകർക്ക് 0.25 ഏക്കർ സ്ഥലം മത്സ്യ ഉൽപ്പാദന കയറ്റുമതി സെന്ററുകൾ തുടങ്ങുന്നതിന് ലഭ്യമാകും. അക്വാ പാർക്കിനോടനുബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് അനുയോജ്യമായ സാറ്റലൈറ്റ് ഫാമുകൾ കർഷകരുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളോ ടനുബന്ധിച്ച് ആ പ്രദേശങ്ങളിൽ താൽപ്പര്യമുള്ള ആളുകളുടെ ഭവനങ്ങളിൽ അലങ്കാര മത്സ്യകൃഷി ഉൽപ്പാദനത്തിനും വിപണനത്തിനും ഹോംസ്റ്റെഡ് ഫാമുകളും ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളിലും ഹോംസ്റ്റെഡ് ഫാമുകളിലും ഉൽപ്പാദിപ്പിക്കുന്ന മത്സ്യം അക്വാപാർക്ക് വഴി കയറ്റുമതി ചെയ്യുന്നതാണ്. പ്രസ്തുത പാർക്ക് ഫിഷറീസ് വകുപ്പും, അനുബന്ധ സ്ഥാപനങ്ങൾ, ബാങ്കുകൾ, കെ. എസ്. ഐ. ഡി. സി. സംരംഭകർ എന്നിവർ ഉൾപ്പെട്ട ഒരു സ്വകാര്യ പൊതുമേഖലാ കമ്പനിയായിട്ടായിരിക്കും തുടങ്ങുക.

## ഉൾനാടൻ മത്സ്യകൃഷി വികസനം

116 [1990] ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആദ്യമായി എത്ര ഹെക്ടർ സ്ഥലത്താണ് ഈ പദ്ധതി തുടങ്ങാൻ ലക്ഷ്യമിടുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്താമോ?

## ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'മത്സ്യകേരളം' എന്ന പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആദ്യവർഷം (2008-09) 1500 ഹെക്ടർ ശുദ്ധജല പ്രദേശങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും, 1000 ഹെക്ടർ ഓരുജല പ്രദേശങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം എന്ന ലക്ഷ്യം നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ 6000 ഹെക്ടർ ശുദ്ധജല പ്രദേശങ്ങളും, 3700 ഹെക്ടർ ഓരുജല പ്രദേശങ്ങളും, മൂന്നുവർഷം കൊണ്ട് വികസിപ്പിക്കുവാനും, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മത്സ്യകൃഷി വിപുലപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. കൂടാതെ 260 ഹെക്ടർ പ്രദേശത്ത് സംയോജിത മത്സ്യകൃഷി നടപ്പാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസി, ഓരുജല മത്സ്യകർഷക വികസന ഏജൻസി, അഡാക്ക് തുടങ്ങിയ ഏജൻസികളിലൂടെയാണ് പദ്ധതി നടപ്പാക്കാനു ദ്ദേശിക്കുന്നത്. മത്സ്യകർഷകർക്ക് പരിശീലനം, സാമ്പത്തിക സഹായം, സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

പരിജ്ഞാനം, ആവശ്യമായ മത്സ്യ/ചെമ്മീൻ വിത്ത് തുടങ്ങിയവ യഥാസമയം ലഭ്യമാക്കുക, മത്സ്യവിപണനത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംയോജിത മത്സ്യകൃഷി നടപ്പാക്കുക എന്നിങ്ങനെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

3 വർഷംകൊണ്ട് പൂർണ്ണമായി നടപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ അന്തിമലക്ഷ്യം 20000 ടൺ മത്സ്യവും, 4000 ടൺ ആറ്റുകൊഞ്ചും, 3700 ടൺ ചെമ്മീനും, 486 ടൺ കക്ക, ഞണ്ട് എന്നിവയും 52 ടൺ കടൽപ്പായലും അധികമായി ഉൽപ്പാദിപ്പിക്കുകയെന്നതാണ്.

## മത്സ്യമേഖലയിൽ 3000 കോടി രൂപയുടെ പദ്ധതി

117 [1991] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യമേഖലയിൽ നടപ്പിലാക്കും എന്ന് നിയമസഭയിൽ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

ഉണ്ട്. സമഗ്ര തീരദേശ വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു വികസനപരിപാടിയാണ് ആവിഷ്ക്കരിക്കുന്നത്. ഇതിനായി കേന്ദ്രധനസഹായം ഉൾപ്പെടെയുള്ള വിവിധങ്ങളായ ധനസ്രോതസ്സുകളിൽ നിന്നും ഫണ്ട് സമാഹരിക്കാൻ ഉതകത്തക്ക രീതിയിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ഹൈദ്രാബാദിലെ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനായി തീരദേശ വികസന ഏജൻസിയെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. 2007-08-ലെ സംസ്ഥാന ബജറ്റിൽ സമഗ്ര തീരദേശ വികസന പരിപാടിയുടെ ആദ്യവർഷ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള 7.27 കോടി രൂപ ഉപയോഗിച്ച് കാസർഗോഡ് ജില്ലയുടെ തീരദേശ വികസനത്തിന് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനായി ജില്ലാ കലക്ടർ ചെയർമാനായും വിവിധവികസന വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു കർമ്മസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തീരദേശ മേഖലയുടെ വിദ്യാഭ്യാസ പുരോഗതി

118 [1992] ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശ മേഖലകളിൽ കൂടുതൽ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഫിഷറീസ് മേഖലയിൽ ഇപ്പോൾ എത്ര ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളാണ് ഉള്ളത്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. തീരദേശ മേഖലയിലെ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ തീരദേശ ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്ന കുട്ടികളുടെ ഭക്ഷണത്തിനും, താമസത്തിനും, മറ്റു സൗകര്യങ്ങൾക്കുമായി ഈ വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനായി ലംപ്സംഗ്രാന്റ്, ട്യൂഷൻ ഫീസ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവ ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. ഇതിനായി ഈ വർഷം സർക്കാർ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന എസ്.എസ്.എൽ.സി., പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു.

3. വി. എച്ച്. എസ്. ഇ. പാസായ കുട്ടികളെ അപ്രന്റീസായി തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകിവരുന്നു.

(സി) ഫിഷറീസ് വകുപ്പ് മുഖേന സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) 1. ശോച്യാവസ്ഥ പരിഹരിച്ച് വരുന്നു. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 574 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

2. ഇപ്പോൾ സംസ്ഥാനത്ത് 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

3. തൽക്കാലം ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഫിഷറീസ് സ്കൂളുകളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവർ

119 [1993] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സ്കൂളുകളിൽ ഇത്തവണ എത്ര കുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷയെഴുതി;

(ബി) ഇതിൽ എത്രപേർ വിജയിച്ചു;

(സി) ഇവരിൽ എ+ ലഭിച്ച കുട്ടികളെത്ര; സ്കൂൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 235.

(ബി) 219.

(സി)

| | സ്കൂൾ | എഴുതിയവർ | ജയിച്ചവർ | എല്ലാ വിഷയങ്ങൾക്കും എ+ ലഭിച്ചവർ |
|---|---|---|---|---|
| 1. | വലിയതുറ | 26 | 26 | ഇല്ല |
| 2. | കരുനാഗപ്പള്ളി | 40 | 40 | 1 |
| 3. | അർത്തുങ്കൽ | 31 | 28 | 1 |
| 4. | തേവര | 23 | 14 | ഇല്ല |
| 5. | ചാവക്കാട് | 14 | 13 | ഇല്ല |
| 6. | താനൂർ | 23 | 23 | ഇല്ല |
| 7. | ബേപ്പൂർ | 7 | 4 | ഇല്ല |
| 8. | കൊയിലാണ്ടി | 37 | 37 | ഇല്ല |
| 9. | അഴീക്കൽ | 16 | 16 | ഇല്ല |
| 10. | കാഞ്ഞങ്ങാട് | 18 | 18 | ഇല്ല |

## ആറാട്ടുപുഴ പഞ്ചായത്തിലെ തീരവനം പദ്ധതി

120 [1994] ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച നാല്പതുകോടി രൂപയുടെ സ്പെഷ്യൽ പാക്കേജിൽ തീരവനം പദ്ധതി നടപ്പാക്കുവാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതി കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ബി) ബാധകമല്ല.

കായംകുളം മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

121 [1995] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്.എൽ.ഇ.സി.-യുടെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട കലാ ജംഗ്ഷൻ മുതൽ പൈപ്പ് ജംഗ്ഷൻവരെയുള്ള റോഡ്, പൈപ്പ് ജംഗ്ഷൻ മുതൽ കൂട്ടുംവാതുക്കൽ കടവ് വരെയുള്ള റോഡ് എന്നീ രണ്ടു റോഡുകൾ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ഈ റോഡുകൾക്ക് ഉടൻ ഭരണാനുമതി നൽകുന്നതും, ഭരണാനുമതി നൽകിയാലുടൻ ടെണ്ടറിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കണ്ണൂർ ജില്ലയിലെ പുനരധിവാസ പദ്ധതി

122 [1996] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തീരപ്രദേശത്ത് താമസക്കാരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവരുടെ ഓരോ ജില്ലയിലുമുള്ള എണ്ണം വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിൽ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളിൽ എത്ര പേരെയാണ് മാറ്റിപ്പാർപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) മാറ്റിപ്പാർപ്പിക്കൽ നടപടിയുടെ ഇതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ ഒഴികെയുള്ള 8 തീരദേശ ജില്ലകളിൽ തീരദേശത്തെ താമസക്കാരായ 9648 മത്സ്യത്തൊഴിലാളികളെയും, ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 10363 പേരെയും പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

| | | | |
|---|---|---|---|
| തിരുവനന്തപുരം | 700 | | |
| കൊല്ലം | 2000 | | |
| എറണാകുളം | 232 | | |
| കോഴിക്കോട് | 645 | | |
| മലപ്പുറം | 1375 | 9648 | |
| തൃശ്ശൂർ | 2283 | | |
| കാസർഗോഡ് | 1413 | | |
| കണ്ണൂർ | 1000 | | |
| ആലപ്പുഴ | 10363 | | |

(സി) കണ്ണൂർ ജില്ലയിൽ തീരദേശത്തുള്ള 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മാറ്റിപ്പാർപ്പിക്കൽ നടപടിയുടെ കണക്കെടുപ്പ് പൂർത്തിയാക്കി വരികയാണ്.

## അരൂരിൽ പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റ്

123 [1997] ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂരിൽ സമുദ്രോല്പന്ന കയറ്റുമതി മേഖലയിൽ പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(സി) ഈ രംഗത്ത് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) അരൂരിലെ പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 926 ലക്ഷം രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് KITCO തയ്യാറാക്കിയത് പരിശോധിച്ചു വരുന്നു. ഈ പദ്ധതിക്കായി 2007-08 വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അനുയോജ്യമാണോ എന്നു പരിശോധിച്ച് ജനപ്രതിനിധികളുൾപ്പെടെ, ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത ശേഷം പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## വയനാട് ജില്ലയിലെ പദ്ധതികൾ

124 [1998] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ മത്സ്യകൃഷി മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ മത്സ്യ കർഷക വികസന ഏജൻസി 73 മത്സ്യകർഷകർക്ക് 31250 ആറ്റുകൊഞ്ച് വിത്തും 254 മത്സ്യകർഷകർക്ക് 1,07,225 മത്സ്യവിത്തും വിതരണം ചെയ്തിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് സ്കീമിൽപ്പെടുത്തി 12.248 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 188 കർഷകർക്ക് 99180 മത്സ്യവിത്തും, 109 കർഷകർക്ക് 29975 മത്സ്യവിത്തും വിതരണം ചെയ്തിട്ടുണ്ട്. 2007-08 വർഷം നാളിതുവരെ 215 മത്സ്യ കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകിയിട്ടുണ്ട്. സ്പെഷ്യൽ പാക്കേജിൽ ഗുണഭോക്താക്കളായ കർഷകർക്ക് 2007-08 വർഷം ഇതുവരെയായി 3,21,968 രൂപ സബ്സിഡിയും അനുവദിച്ചിട്ടുണ്ട്.

## അലങ്കാര മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ

125 [1999] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) അലങ്കാര മത്സ്യങ്ങൾ വളർത്തുന്നതിനും വിപണനം നടത്തുന്നതിനും എന്തെങ്കിലും പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ച് വിവരം നൽകുന്നതിനും പരിശീലനം നൽകുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ കർമ്മപദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ടീപ്പിന്റെ സഹായത്തോടുകൂടി എറണാകുളം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ല കളിലെ സുനാമി ബാധിത പ്രദേശങ്ങളിലെ സ്വയം സഹായ സംഘങ്ങൾക്ക് അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തികമായും സാങ്കേതികമായും സഹായം നൽകിവരുന്നു.

2. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ യുവതീയുവാക്കൾക്ക് അലങ്കാര മത്സ്യകൃഷിയിൽ പരിശീലനം നൽകുന്നു.

3. ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ ഒരു അക്വാ പാർക്ക് സ്ഥാപിച്ച് അലങ്കാര മത്സ്യ ഉല്പാദനവും, കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

4. അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ പൊതുജനങ്ങളിൽ എത്തിക്കുന്ന തിനായി രണ്ടു വർഷത്തിലൊരിക്കൽ സർക്കാർ അന്തർദേശീയ നിലവാരത്തിൽ അക്വാ ഷോ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. കേന്ദ്രമാനവ വികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 48 ലക്ഷം രൂപാ മുടക്കി തിരുവനന്തപുരം മുതൽ മലപ്പുറം വരെയുള്ള 7 ജില്ലകളിൽപ്പെട്ട 600 മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു.

6. കോട്ടയം ജില്ലയിലെ ഉദയനാപുരം വില്ലേജ് ഒരു മത്സ്യഗ്രാമമായി സർക്കാർ പ്രഖ്യാപിക്കുകയും തുടർന്ന് 1000 ഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യകൃഷി വികസനവുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി സഹകരിച്ച് ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഇപ്രകാരം 200 പേർക്ക് പരിശീലനം നൽകി.

(ബി) പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അലങ്കാര മത്സ്യകൃഷി ഉൽപ്പാദന/പരിപാലനത്തിന് യുവതീയുവാക്കൾക്ക് അലങ്കാര മത്സ്യകൃഷിയിൽ പരിശീലനം നൽകിവരുന്നു.

(സി) അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ച് വിവരം നൽകുന്നതിനും പരിശീലനം നൽകുന്നതിനും തല്പരരായ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മത്സ്യകേരളം പദ്ധതിയിൽ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

## ചെങ്ങന്നൂർ അലങ്കാര മത്സ്യവിപണന കേന്ദ്രം

126 [2000] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെങ്ങന്നൂർ അലങ്കാര മത്സ്യവിപണന കേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ നിലവിൽ എത്രപേർ ജോലി ചെയ്യുന്നു; അവർ ആരൊക്കെ എന്നും ഏതൊക്കെ തസ്തികകളിലാണ് തൊഴിലെടുക്കുന്നതെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ 2007-08 വർഷത്തെ കർമ്മപദ്ധതികൾ എന്തെല്ലാം?

## ഉത്തരം

(എ) ചെങ്ങന്നൂർ അലങ്കാര മത്സ്യവിപണന കേന്ദ്രം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അലങ്കാര മത്സ്യവിപണന കേന്ദ്രത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) നിലിൽ ഒരു വാച്ച്മാൻ തസ്തിക മാത്രമാണുള്ളത്. പ്രസ്തുത തസ്തിക ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇപ്പോൾ സ്പെഷ്യൽ ഡ്യൂട്ടിയിൽ ഒരു താൽക്കാലിക വാച്ച്മാൻ ഡ്യൂട്ടി നോക്കിവരുന്നു.

(സി) 2007-08 വർഷത്തിൽ അലങ്കാര മത്സ്യവിപണന കേന്ദ്രത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി അനുവദിച്ച തുകയിൽ 3.6 ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കായംകുളത്തിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കായംകുളം മത്സ്യമാർക്കറ്റ്

127 [2001] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് സ്ഥാപിക്കുന്ന മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(സി) ഇതിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്?

### ഉത്തരം

(എ) ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ബി) രണ്ടു മാസത്തിനകം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്.

## കമലേശ്വരത്ത് മത്സ്യഫെഡ് മന്ദിരം

128 [2002] ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കമലേശ്വരത്ത് നിർമ്മിക്കുന്ന മത്സ്യഫെഡിന്റെ പുതിയ മന്ദിരത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത മന്ദിര നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര;

(സി) നിർമ്മാണത്തിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചു;

(ഡി) മന്ദിരത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) മത്സ്യഫെഡ് ആസ്ഥാന മന്ദിരത്തിന്റെ രണ്ടാം നിലയുടെ റൂഫ് സ്ലാബിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തിയായി വരുന്നു. ഒപ്പം താഴത്തെ നിലയുടെ ചുമരുകളുടെ പണികളും നടന്നുവരുന്നു.

(ബി) പ്രസ്തുത മന്ദിര നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 1,56,64,902 രൂപ ആണ്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ 1,18,60,852 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2007 ഡിസംബർ മാസത്തോടുകൂടി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളി ക്ഷേമബാങ്ക്

129 [2003] ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും വറുതികാലങ്ങളിൽ അവരെ സഹായിക്കുന്നതിനുമായി ഒരു 'മത്സ്യത്തൊഴിലാളി ക്ഷേമബാങ്ക്' ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല. എന്നാൽ ഇതേ ലക്ഷ്യം നിറവേറ്റുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതിയെന്ന പേരിൽ ഒരു കേന്ദ്രസഹായ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. മത്സ്യം സുലഭമായി ലഭിക്കുന്ന മാസങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്ന് വിഹിതം ശേഖരിക്കുകയും വറുതി മാസങ്ങളിൽ ഇങ്ങനെ ശേഖരിച്ച തുകയോടൊപ്പം കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചേർത്ത് മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചു നൽകുന്ന പദ്ധതിയാണിത്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

## മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ

130 [2004] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന പല പദ്ധതികളും ലാപ്സായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾ വിവിധ പദ്ധതികളിൽ നിന്നും എടുത്തിട്ടുള്ള ലോൺ കുടിശ്ശികകൾ എഴുതിത്തള്ളുമോ; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 1. തീരദേശ-ഉൾനാടൻ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വേണ്ടി സാഫ് വഴി നടപ്പിലാക്കുന്ന 'മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം' എന്ന പദ്ധതി വഴി മത്സ്യത്തൊഴിലാളി സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി അടങ്കൽ തുകയുടെ 50% അല്ലെങ്കിൽ 25% രൂപ വരെ സബ്സിഡി അനുവദിക്കുന്നു.

2. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ പദ്ധതി.

3. ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 'മത്സ്യ കേരളം' എന്ന പദ്ധതിക്ക് അന്തിമ രൂപം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള കർമ്മ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

5. സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്), സുനാമി പുനരധിവാസ പദ്ധതി (ടി. ആർ. പി.)-യിൽ ഉൾപ്പെടുത്തി 400 ചെറുകിട തൊഴിൽ സംരംഭങ്ങൾ, വനിതാ മത്സ്യവിപണന തൊഴിലാളികൾക്ക് 250 വാഹനങ്ങൾ, മിനി സൂപ്പർ മാർക്കറ്റുകൾ, 38 ഐ. റ്റി. കിയോസ്കുകൾ, 31 സോപ്പുനിർമ്മാണ യൂണിറ്റുകൾ, 60 ഉണക്ക മത്സ്യ/വൃത്തിയാക്കിയ പച്ച മത്സ്യ യൂണിറ്റുകൾ, 30 അലങ്കാര മത്സ്യ ഉല്പാദന യൂണിറ്റുകൾ, 20 സീ ഫുഡ് കിച്ചണുകൾ, 45 ഫിഷ് കിയോസ്കുകൾ തുടങ്ങി തീരദേശവാസികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്ന നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

6. എസ്. ജി. എസ്. വൈ. പദ്ധതി മുഖേന മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഒരു പരിധിവരെ ന്യായമായ വില ഉറപ്പുവരുത്തുന്നതിനും മത്സ്യമേഖലയിലെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും സാധിക്കും. 2500 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി സഹായം ലഭ്യമാക്കുവാൻ കഴിയും.

7. മൂല്യവർദ്ധിത മത്സ്യം/മത്സ്യ ഉല്പന്നങ്ങളുടെ വിപണന ശൃംഖല മുഖേന മത്സ്യം കൂടുതലായി ലഭ്യമാകുന്ന സാഹചര്യങ്ങളിൽ അതിന്റെ വിലയിടിവ് ഒരു പരിധിവരെ തടയുന്നതിനും, പോഷക സമൃദ്ധമായ മത്സ്യം കേടായി ഉപയോഗശൂന്യമാകാതിരിക്കാനും സാധിക്കുന്നതാണ്.

8. ആഴക്കടൽ മത്സ്യബന്ധനം മുഖേന തീരദേശത്തെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനും ആഴക്കടൽ മത്സ്യസമ്പത്ത് ഫലപ്രദമായി ചൂഷണം ചെയ്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

(ബി) ഈ മേഖലയിൽ അനുവദിച്ച കേന്ദ്രപദ്ധതികൾ ഒന്നും ലാപ്സായി പോയിട്ടില്ല.

(സി) വിവിധ പദ്ധതികളിലൂടെ എടുത്തിട്ടുള്ള ലോൺ ബാധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും, ഉചിതമായ ശുപാർശ ചെയ്യുന്നതിനുമായി 2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടിരിക്കുകയാണ്.

## താനൂർ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം

131 [2005] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നാല് സെന്റ് ഭൂമിക്ക് പട്ടയം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) താനൂർ നിയോജകമണ്ഡലത്തിൽ ഇനി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ടെന്നും അത് എന്നത്തേക്ക് നൽകുമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകി?

ഉത്തരം

(എ) തീരദേശങ്ങളിൽ നാല് സെന്റ് ഭൂമിക്ക് പട്ടയം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കാരണം തീരപ്രദേശങ്ങളിൽ നാല് സെന്റ് വച്ച് പട്ടയം നൽകിയാൽ ഗുണഭോക്താക്കളുടെ എണ്ണം നേർപകുതിയായി കുറയുമെന്നതിനാൽ ഈ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. ഈ വിവരം നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി (2001-04)-യെ അറിയിച്ചിട്ടുള്ളതാണ്.

(ബി) പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും പട്ടയം നൽകുന്നതും റവന്യൂ വകുപ്പാണ്. തീരപ്രദേശങ്ങളിലെ അപേക്ഷകളിന്മേൽ റവന്യൂ വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് അർഹരായവർക്ക് പട്ടയം നൽകാനുള്ള അനുവാദം ഫിഷറീസ് ജില്ലാ ഓഫീസർ നൽകിവരുന്നുണ്ട്. എന്നാൽ താനൂർ നിയോജക മണ്ഡലത്തിലെ 91 പേരുടെ പട്ടയത്തിനുള്ള എൻ.ഒ.സി. റവന്യൂ വകുപ്പ് ആവശ്യപ്പെട്ടത് 4 സെന്റിന് മുകളിലുള്ള സ്ഥലത്തിനാണ്. ആയത് നൽകാൻ നിർവ്വാഹമില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

## കടൽക്ഷോഭത്തിനിരയായ മത്സ്യത്തൊഴിലാളികൾക്ക് സഹായം

132 [2006] ശ്രീ. ബി. ബാബുപ്രസാദ് :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഉണ്ടായ കടൽക്ഷോഭവും കാലവർഷവും മൂലം എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നഷ്ടമായി; എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടു; മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടതുമൂലം എത്ര രൂപയുടെ നഷ്ടം കണക്കാക്കുന്നു;

(ബി) മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്തു തുക നഷ്ടപരിഹാരം നൽകുകയുണ്ടായി;

(സി) വീടു നഷ്ടപ്പെട്ടവർക്ക് ഇതുവരെ എന്തെല്ലാം സഹായം ചെയ്യുകയുണ്ടായി;

(ഡി) ദുരിതസമയത്ത് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന എല്ലാവരെയും പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഈ വർഷം ഉണ്ടായ കടൽക്ഷോഭവും കാലവർഷവും മൂലം 908 മത്സ്യത്തൊഴിലാളികൾക്ക് വീട് നഷ്ടമായി. 554 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടു. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടതുമൂലം 2,45,16,400 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളിക്ക് ഭവനവായ്പാ പദ്ധതി

133 [2007] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികൾക്കുള്ള ഭവനവായ്പാ പദ്ധതി പ്രകാരം തുക അനുവദിക്കപ്പെട്ടവരിൽ ചെങ്ങന്നൂർ മണ്ഡലത്തിൽപ്പെട്ട എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; അവർ ആരൊക്കെ;

(ബി) ഭവനവായ്പാ പദ്ധതിയിൽ നിന്നും വായ്പ ലഭിക്കുവാൻ വേണ്ട യോഗ്യതകളും നടപടിക്രമങ്ങളും എന്തൊക്കെ എന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് ഭവനവായ്പ നൽകുന്നില്ല. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം തുക അനുവദിക്കപ്പെട്ടവരിൽ രണ്ട് പേർ ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ടവരാണ്. പേർ വിവരം ചുവടെ ചേർക്കുന്നു:

1. തോമസ് ലാസർ, പള്ളിപ്പുറം, ലക്ഷംവീട്, ബുധനൂർ.
2. ജയിംസ് കുന്നുംപറമ്പിൽ, ബുധനൂർ.

(ബി) ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പ നൽകുന്നില്ല. ദേശീയ ഭവന പദ്ധതി പ്രകാരം ഗ്രാന്റ് ലഭിക്കുന്നതിനുള്ള യോഗ്യതകൾ താഴെ പറയുന്നവയാണ്:

1. അപേക്ഷകൻ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം.
2. വിവാഹിതനായിരിക്കണം.
3. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നയാളായിരിക്കണം.
4. 60 വയസ്സിന് താഴെ പ്രായമുള്ളയാളായിരിക്കണം.
5. 2 സെന്റിൽ കുറയാത്ത ഭൂമി സ്വന്തം പേരിലുണ്ടായിരിക്കണം.
6. അപേക്ഷകൻ താമസയോഗ്യമായ വീട് ഇല്ലാത്തയാളായിരിക്കണം.
7. അപേക്ഷകന്റെ വാർഷിക വരുമാനം 22,000 രൂപയിൽ കൂടരുത്.

ഭവനനിർമ്മാണത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന വിവരം പത്രങ്ങളിൽ പരസ്യപ്പെടുത്തി, ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി അർഹത ഉള്ളവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി ജില്ലാ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ബെനിഫിഷ്യറി കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങിയശേഷം ടി ലിസ്റ്റ് ബന്ധപ്പെട്ട മത്സ്യഭവനുകളിൽ പരസ്യപ്പെടുത്തും. ടി ലിസ്റ്റ് സംബന്ധിച്ച് പരാതിയുള്ളവർ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി 10 ദിവസത്തിനകം അവരുടെ പരാതി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ടി പരാതികൾ പുനരന്വേഷണം നടത്തുകയും അർഹതയുണ്ടെങ്കിൽ അർഹതാ ലിസ്റ്റിൽ ചേർത്ത് വീണ്ടും ജില്ലാ മത്സ്യത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണ ബെനിഫിഷ്യറി കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതുമാണ്. അംഗീകരിച്ച ഈ അർഹതാ ലിസ്റ്റിൽ നിന്നും ഓരോ വർഷവും അനുവദിക്കുന്ന വീടുകൾ ആനുപാതികമായി നറുക്കിട്ട് നൽകിവരുന്നു. ടി ലിസ്റ്റിലെ മുഴുവൻ പേർക്കും വീട് ലഭിച്ച് കഴിഞ്ഞാൽ വീണ്ടും അപേക്ഷകൾ ക്ഷണിച്ച് അർഹതാ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

## ചീനവല തൊഴിലാളികൾ

134 [2008] ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചീനവല തൊഴിലാളികൾ ഉണ്ട്;

(ബി) രജിസ്റ്റർ ചെയ്യാത്ത ചീനവല തൊഴിലാളികൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിപ്പിക്കപ്പെടുന്ന ചീനവല തൊഴിലാളികൾക്ക് എന്ത് നഷ്ടപരിഹാരമാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 1725.

(ബി) ഉണ്ട്.

(സി) കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനം അനുസരിച്ചാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

## ഫിഷ് ലാന്റിംഗ് സെന്ററിന്റെ തൂണുകൾക്ക് ഇപ്പോക്സി ആവരണം

135 [2009] ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഫിഷിംഗ് ഹാർബറിനുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന തൂണുകൾ ഫ്യൂഷൻ ബോണ്ടഡ് ഇപ്പോക്സി ആവരണം ചെയ്തവയായിരിക്കണമെന്ന് ഡിസൈനിംഗ് വിംഗ് തയ്യാറാക്കിയ പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നോ;

(ബി) ഇക്കാര്യം ടെണ്ടർ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ എത്ര തൂണുകൾ വാർത്തു കഴിഞ്ഞു;

(ഡി) അവയ്ക്ക് ഉപയോഗിച്ചത് ഫ്യൂഷൻ ബോണ്ടഡ് ഇപ്പോക്സി ആവരണം ചെയ്ത കമ്പികളാണോ;

(ഇ) ഒരു കിലോ കമ്പിക്ക് ഇപ്പോക്സി ആവരണം ചെയ്യുന്നതിന് എന്ത് ചെലവ് വരും;

(എഫ്) പ്രസ്തുത കെട്ടിടങ്ങൾക്ക് എത്ര ടൺ കമ്പി വേണ്ടിവരും;

(ജി) ആ കമ്പികൾക്ക് ഇപ്പോക്സി ചെയ്യാത്തപക്ഷം കരാറുകാരനുണ്ടാകുന്ന ലാഭമെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പൊന്നാനി ഹാർബറിനുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങളുടെ തൂണ് ഉപ്പുവെള്ളത്തിൽ മുങ്ങി നിൽക്കുന്നവയാണോ; എങ്കിൽ അവയ്ക്ക് ഇപ്പോക്സി ആവരണം ചെയ്യാത്തപക്ഷം തൂണുകളുടെ ആയുർദൈർഘ്യം കുറയുവാനിടയുണ്ടോ;

(ഐ) പ്രസ്തുത തൂണുകൾക്ക് ഇപ്പോക്സി ആവരണം നൽകാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ മുതൽ ഐ വരെ) വിവരം ശേഖരിച്ചുവരുന്നു.

## പൊന്നാനി ഫിഷിംഗ് ഹാർബർ നിർമ്മാണം

136 [2010] ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഫിഷിംഗ് ഹാർബറിനുവേണ്ടി നിർമ്മിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങൾക്ക് എഫ്.ഇ. 500 ഗ്രേഡിൽ കുറയാത്ത നിലവാരമുള്ള കമ്പികൾ ഉപയോഗിക്കണമെന്ന് അതിന്റെ ഡിസൈനിംഗിലും ടെണ്ടർ സംബന്ധിച്ച വിജ്ഞാപനത്തിലും പറഞ്ഞിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽപ്പെട്ട കമ്പി തന്നെയാണോ പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതെന്ന് പറയുമോ;

(ബി) അത്തരത്തിലുള്ള കമ്പി പ്രസ്തുത വർക്കിന് ഉപയോഗിക്കാത്ത പക്ഷം കരാറുകാരന് ഉണ്ടാകുന്ന ലാഭമെത്രയാണ്;

(സി) എഫ്.ഇ. 500 ഗ്രേഡിൽ കുറഞ്ഞ നിലവാരമുള്ള കമ്പികൾക്ക് സ്വയമേവ തുരുമ്പിനെ ചെറുക്കുവാൻ കഴിവുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം അത്തരത്തിലുള്ള കമ്പി ഉപയോഗിച്ചു ചെയ്യുന്ന നിർമ്മാണത്തിന് ദീർഘായുസ്സ് ഉണ്ടാകുമോ;

(ഇ) പൊന്നാനി ഫിഷിംഗ് ഹാർബറിനു വേണ്ടി നിർമ്മിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ കെട്ടിടങ്ങളുടെ നിർമ്മാണത്തിലുള്ള ന്യൂനതകൾ പരിഹരിച്ച് ഡിസൈനിലും ടെൻഡറിലും പറയും പ്രകാരം പ്രവർത്തി നടത്തിക്കുമോ?

ഉത്തരം

(എ) ഇല്ല. കെട്ടിടങ്ങൾക്ക് എഫ്. സി. 415 ഗ്രേഡ് കമ്പികളാണ് ഡിസൈനിലും ദർഘാസിലും നിർദ്ദേശിച്ചിട്ടുള്ളത്. അവ തന്നെയാണ് പണിക്ക് ഉപയോഗിക്കുന്നത്.

(ബി) ബാധകമല്ല.

(സി) കമ്പിയുടെ നിലവാരം ടെൻസൈൽ സ്ട്രെങ്ത്തിനെ ആസ്പദമാക്കിയാണ് നിശ്ചയിക്കുന്നത്. തുരുമ്പിക്കലും ഗ്രേഡുമായി ബന്ധമില്ല.

(ഡി) കെട്ടിടത്തിന് നിർദ്ദിഷ്ട ബലത്തിന് ആവശ്യമായ തരത്തിലുള്ള ഗ്രേഡ് കമ്പികളാണ് ഡിസൈൻ ചെയ്യുമ്പോൾ കണക്കാക്കുന്നത്. അതുകൊണ്ട് ദീർഘായുസ്സ് പ്രതീക്ഷിക്കാം.

(ഇ) ന്യൂനതകൾ ഒന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES.Kerala Legislative Assembly

## മുഖദാർ തെക്കെപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ

137 [2011] ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മുഖദാർ തെക്കെപ്പുറത്ത് പ്രകൃതി ദത്തമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

ഉണ്ട്. കോഴിക്കോട് ജില്ലയിലെ മാറാടിനും മുഖദാർ കടപ്പുറത്തിനും മദ്ധ്യഭാഗത്തായി കല്ലായി അഴിമുഖം ഒരു ചെറിയ മത്സ്യബന്ധന തുറമുഖമായി വികസിപ്പിക്കുന്ന കാര്യം വിശദമായ അന്വേഷണ ഗവേഷണ പഠനങ്ങൾക്കു ശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

## ബിനാമി ഭൂമി ഇടപാടുകൾ തടയുന്ന നിയമം

138 [2012] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിനാമി ഭൂമി ഇടപാടുകൾ തടയുന്നതിന് രജിസ്ട്രേഷൻ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മാറ്റങ്ങൾ നടപ്പിലാക്കുന്നതിന് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 4-5-2007-ലെ R. R. 4/5448/2003 നമ്പർ വിജ്ഞാപനം പ്രകാരം നിലവിൽ വന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതിയനുസരിച്ച് രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ, ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽ പതിപ്പും പതിക്കേണ്ടതാണ്. കൂടാതെ വിലയാധാരങ്ങളിൽ വാങ്ങുന്നയാളുടെയും വില്ക്കുന്നയാളുടെയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ചിരിക്കണം. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിലേക്കായി തിരിച്ചറിയൽ കാർഡും നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) നിയമത്തിൽ അനുശാസിക്കുന്ന വിധത്തിൽ ഫോട്ടോയും വിരൽ പതിപ്പും പതിക്കാതെ ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്ട്രേഷന് സ്വീകരിക്കുന്നതല്ല.

## ഭൂമി വില പുതുക്കി നിശ്ചയിക്കാൻ നടപടി

139 [2013] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രത്യേകിച്ച് സ്മാർട്ട് സിറ്റിയുടെ സമീപ മണ്ഡലങ്ങളിൽ ഭൂമിയുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഭൂമിവില വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വില പുതുക്കി നിശ്ചയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ ഭൂമിവില നിശ്ചയിച്ചിട്ടില്ല.

(ബി) ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കടകംപള്ളി വില്ലേജിലെ വ്യാജ ഭൂമി ഇടപാട്

140 [2014] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ, കടകംപള്ളി വില്ലേജിൽ ചാക്ക-കൊല്ലം, എൻ.എച്ച്. ബൈപ്പാസിൽ ആക്കുളത്തുള്ള റ്റോൾ പിരിക്കുന്ന സ്ഥലത്തിന് എതിർ വശത്തായും, പാർവ്വതി പുത്തനാറിന് ഇടയ്ക്കായും ഉള്ള സർവ്വേ നമ്പർ 1888-ൽ പെടുന്ന പതിനൊന്ന് ഏക്കറോളം സ്ഥലം തിരുവനന്തപുരം കോട്ടയ്ക്കകം സബ് രജിസ്ട്രാർ ഓഫീസിൽ രണ്ട് മാസത്തിന് മുമ്പ് എത്ര കോടി രൂപയ്ക്കാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 65 കോടിയിൽ അധികം തുക ഈ ആധാരത്തിൽ എല്ലാംകൂടി കാണിച്ചിട്ടുണ്ടെന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഇടപാടിൽ സ്ഥലം വാങ്ങിയ കമ്പനിയുടെയോ വ്യക്തിയുടെയോ മേൽവിലാസം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ആധാരപ്രകാരം വസ്തു വാങ്ങിയിരിക്കുന്ന വ്യക്തി/കമ്പനി വ്യാജനാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ ഭൂമി ഇടപാടിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന് അന്വേഷണം നടത്തുമോ;

(ജി) ഈ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഭൂമിയുടെ വിസ്തൃതിയും, ഓരോ ആധാരത്തിന്റെയും വിലയും വാങ്ങിയതും കൊടുത്തതുമായ ആളുകളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(എച്ച്) ഈ ആധാരം നടന്ന സ്ഥലത്തെ ഭൂമിയുടെ മാർക്കറ്റ് വില എത്ര;

(ഐ) സംസ്ഥാനത്തിന് വെളിയിൽ ഉള്ളവരാണ് ഈ ഭൂമികൾ വാങ്ങിയതെങ്കിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് നിയമാനുസരണം പാലിക്കേണ്ട നടപടികൾ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജെ) ഈ ആധാരങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകളും തീയതിയും വ്യക്തമാക്കുമോ;

(കെ) ഈ ആധാര പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്രലക്ഷം രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4-5-2007-ലെ R. R. 4/5448/2003 നമ്പർ വിജ്ഞാപനപ്രകാരം നിലവിൽ വന്ന രജിസ്ട്രേഷൻ ചട്ടം ഭേദഗതിയനുസരിച്ച് രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽപ്പതിപ്പും പതിക്കേണ്ടതാണ്. കൂടാതെ വിലയാധാരങ്ങളിൽ വാങ്ങുന്നയാളുടെയും വിൽക്കുന്നയാളുടെയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ചിരിക്കണം. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിലേക്കായി തിരിച്ചറിയൽ കാർഡും നിർബന്ധമാക്കിയിട്ടുണ്ട്.

കരണങ്ങളിൽ കെട്ടിടങ്ങളുടെ വില കുറച്ചുവയ്ക്കുന്നത് തടയുന്നതിലേക്കായി 1968-ലെ കേരള മുദ്രപ്പത്ര നിയമം ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 17-2-07-ലെ ജി. ഒ. (പി) 28/2007/നി.വ. നമ്പർ ഉത്തരവ് മുഖേന ആധാരങ്ങളുടെ അനുബന്ധമായി ഫോറം 1 ബി ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

കരണങ്ങളിൽ വസ്തുവിന്റെ വില കുറച്ചു കാണിക്കുന്നതു തടയുന്നതിനായി ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താമസം വിനാ ന്യായവില നടപ്പിൽ വരുന്നതാണ്.

(ബി) 64,23,40,000 (അറുപത്തിനാലു കോടി ഇരുപത്തിമൂന്നു ലക്ഷത്തി നാല്പതിനായിരം) രൂപയ്ക്കാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) 64,23,40,000 രൂപ വിലയുള്ളതായി പ്രമാണങ്ങളിൽ കാണിച്ചിരിക്കുന്നു.

(ഡി) മെസ്സേഴ്സ് പി. വൺ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് മുംബൈ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കൃത്രിമം നടന്നതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

(ജി) വിവരങ്ങൾ അനുബന്ധമായി † ചേർത്തിരിക്കുന്നു.

(എച്ച്) ഭൂമിയുടെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിട്ടില്ല.

(ഐ) പാലിച്ചിട്ടുണ്ട് എന്നാണ് സർക്കാരിന് ലഭിച്ചിട്ടുള്ളവിവരം. ബിനാമി ഇടപാടുകൾ തടയുന്നതിനായി വസ്തു വാങ്ങുന്നയാളുടെയും വിൽക്കുന്നയാളുടെയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ച് 32 എ വകുപ്പ് പ്രകാരം ആധാരത്തോടൊപ്പം ഹാജരാക്കണമെന്നും കക്ഷികളുടെ അനന്യത തെളിയിക്കുന്നതിനായി തിരിച്ചറിയൽ കാർഡ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഉള്ള നിബന്ധന പാലിച്ചിട്ടുണ്ട്.

| (ജെ) | ആധാര നമ്പർ | തീയതി |
|---|---|---|
| | 2505/2007 | 5-6-2007 |
| | 2506/2007 | 5-6-2007 |
| | 2507/2007 | 5-6-2007 |
| | 2508/2007 | 5-6-2007 |

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ആധാര നമ്പർ | തീയതി |
|---|---|
| 2509/2007, 2510/2007 | 5-6-2007 |
| 2512/2007 | 5-6-2007 |
| 2513/2007 | 5-6-2007 |

(കെ) 8,59,73,800 (എട്ട് കോടി അൻപത്തി ഒൻപതു ലക്ഷത്തി എഴുപത്തി മൂവായിരത്തി എണ്ണൂറ് രൂപ മാത്രം).

## ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ്

141 [2015] ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിൽ ഉപയോഗിക്കാതെ കിടക്കുന്നഭാഗം പോലീസ് സ്റ്റേഷനുവേണ്ടി വിട്ടുകൊടുക്കണമെന്നുള്ള ചിറയിൻകീഴ് പഞ്ചായത്തിന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ഭാഗം ചിറയിൻകീഴ് പോലീസ് സ്റ്റേഷനുവേണ്ടി വിട്ടുകൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചിറയിൻകീഴ് പഞ്ചായത്തിന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് വളപ്പിൽ നിന്നും 24 സെന്റ് സ്ഥലം പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനായി വിട്ടുകൊടുക്കാമെന്ന് രജിസ്ട്രേഷൻ വകുപ്പ് സമ്മതിച്ചിട്ടുണ്ട്.

(ബി) സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെ ഭാഗം പോലീസ് സ്റ്റേഷന് വിട്ടുകൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മുല്ലശ്ശേരിയിലെ സബ് രജിസ്ട്രാർ ഓഫീസ്

142 [2016] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത് ഏറെ പഴക്കം ചെന്ന കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് 4-9-2007-ന് ഒരു ഉന്നതതല യോഗം വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സ്വന്തമായി ഗവൺമെന്റ് ഭൂമിയുള്ള സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസിനായി കെട്ടിടങ്ങൾ പണിയുന്നതിനും, പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വടകര രജിസ്ട്രാർ ഓഫീസിന്റെ വികസനം

143 [2017] ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) വടകര രജിസ്ട്രാർ ഓഫീസിന്റെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ഓഫീസുകളിൽ 268 എണ്ണം കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. 41 ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം പുരോഗമിക്കുന്നു. രജിസ്ട്രേഷനുവേണ്ടി കക്ഷികളുടെ ഫോട്ടോ പതിച്ച് വിരൽ പതിപ്പു സഹിതം ആധാരങ്ങൾ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിനായി ഐഡന്റിറ്റി കാർഡും നിർബന്ധമാക്കിയിട്ടുണ്ട്. ആധാരപ്പകർപ്പുകൾ തയ്യാറാക്കി നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം സ്ഥാപിച്ച് വരുന്നു. ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം ഏർപ്പെടുത്തിയ 110 ഓഫീസുകളിൽ കാര്യക്ഷമത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ബാക്കിയുള്ള മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം ഈ വർഷം തന്നെ ഏർപ്പെടുത്തുന്നതാണ്.

(ബി) വടകര സബ് രജിസ്ട്രാർ ഓഫീസ് കമ്പ്യൂട്ടർ വൽക്കരിച്ചു. ആധാരപ്പകർപ്പുകൾ താമസം കൂടാതെ നൽകുന്നതിന് ഡിജിറ്റൽ ഇമേജ് പ്രിന്റർ സ്ഥാപിക്കും.

## കടയ്ക്കാവൂർ ഐ. എൻ. എ. സ്മാരക മന്ദിരത്തിൽ സബ് രജിസ്ട്രാർ ഓഫീസ്

144 [2018] ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കടയ്ക്കാവൂരിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പേരിലുള്ള ഐ. എൻ. എ. സ്മാരക മന്ദിരത്തിൽ കടയ്ക്കാവൂർ സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) കടയ്ക്കാവൂർ ഐ.എൻ.എ. സ്മാരകത്തിൽ സബ് രജിസ്ട്രാർ ആഫീസ് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കടയ്ക്കാവൂർ സബ് രജിസ്ട്രാർ ആഫീസിന്റെ പ്രവർത്തനത്തിന് ടി വില്ലേജിലെ സർവ്വേ നമ്പർ 1644/3-ൽ പെട്ടതും കേരള എക്സ് ഐ. എൻ. എ.



LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷൻ എന്ന സംഘടനയുടെ കേന്ദ്ര ആസ്ഥാനവുമായ നേതാജി ഭവൻ ഏറ്റെടുക്കുന്നതിന് 14-3-2007-ലെ സ.ഉ. (സാ) നം.196/07/നി.വ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കെട്ടിടത്തിന് അറ്റകുറ്റ പണികളും ഇലക്ട്രിക്കൽ റീ വയറിംഗും ചെയ്താൽ മാത്രമേ കമ്പ്യൂട്ടർവൽകൃതമായ സബ് രജിസ്ട്രാർ ഓഫീസ് മാറ്റി സ്ഥാപിച്ച് അവിടെ പ്രവർത്തനം തുടങ്ങാനാവൂ. ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും ഇലക്ട്രിക്കൽ ജോലികളും ചെയ്തു തരുവാൻ പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പണികൾ പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയാലുടനെ തന്നെ കടയ്ക്കാവൂർ രജിസ്ട്രാർ ഓഫീസ് നേതാജി ഭവനിലേക്ക് മാറ്റുന്നതാണ്.

## ഒറ്റപ്പാലം താലൂക്ക് സബ് രജിസ്ട്രാർ ഓഫീസിലെ ഒഴിവുകൾ

145 [2019] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആസ്ഥാനത്തുള്ള സബ് രജിസ്ട്രാർ ഓഫീസിൽ ആകെ ആവശ്യമുള്ള ജീവനക്കാർ എത്രയാണ്;

(ബി) പ്രസ്തുത ഓഫീസിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്;

(സി) ഇവിടെ ജീവനക്കാരുടെ ഒഴിവുണ്ടെങ്കിൽ നികത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) എട്ട്.

(ബി) എട്ട്.

(സി) ഈ ഓഫീസിൽ നിലവിൽ ഒഴിവുകളില്ല.

## അന്യ സംസ്ഥാനങ്ങളുടെ സഹകരണത്തോടെയുള്ള വനപാലനം

146 [2020] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ വനാതിർത്തി സംരക്ഷണം, അന്തർ സംസ്ഥാന വനം കൊള്ള, വന്യജീവി വേട്ട തുടങ്ങി മറ്റു സംസ്ഥാനങ്ങളുടെ സഹകരണം ആവശ്യമായിട്ടുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

മറ്റു സംസ്ഥാനങ്ങളുടെ സഹകരണം ആവശ്യമായിട്ടുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് 2006 നവംബർ 3,4 തീയതികളിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചു ചേർക്കുകയും, യോഗ തീരുമാനം അനുസരിച്ച് ചന്ദനമര സംരക്ഷണം, വന്യജീവി സംരക്ഷണം, വന്യജീവിവേട്ട തടയൽ, സംസ്ഥാന അതിർത്തികളിലെ കയ്യേറ്റങ്ങൾ, അന്തർ സംസ്ഥാന കുറ്റവാളികളെ പിടികൂടൽ, തൊണ്ടിമുതൽ കണ്ടെത്തൽ, കുറ്റവാളികളെ പിടികൂടുന്നതിനായി പരസ്പര

LIBRARY ARCHIVES Kerala Legislative Assembly

വാർത്താവിനിമയം മെച്ചപ്പെടുത്തൽ തുടങ്ങിയവയിൽ പരസ്പര സഹകരണം ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിശ്ചിത ഇടവേളകളിൽ അയൽ സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ചകളും നടത്തിവരുന്നു.

## മറയൂരിൽ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് കമ്പിവേലി നിർമ്മാണം

147 [2021] ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മറയൂർ ഫോറസ്റ്റ് ഡിവിഷന് കീഴിൽ ചന്ദന മരങ്ങൾ സംരക്ഷിക്കുന്നതിനായി കമ്പി വേലി നിർമ്മിച്ചതിൽ വനം വകുപ്പ് ഇതു വരെ എത്ര തുക ചെലവഴിച്ചു;

(ബി) ഇനിയും കമ്പി വേലി നിർമ്മാണത്തിന് പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) മറയൂർ വനം ഡിവിഷനിൽ കമ്പിവേലി നിർമ്മിക്കുന്നതിലേക്കായി 31-3-07 വരെ 157.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നാച്ചിവയൽ - 2 ചന്ദന റിസർവ്വിൽ 8 കി. മീറ്റർ നീളത്തിൽ കമ്പിവേലി നിർമ്മിക്കുന്ന ജോലി ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ആയതിലേക്ക് 99.89 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 2 കി. മീറ്റർ കൂടി കമ്പിവേലി നിർമ്മിക്കുന്നതിന് 16.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ XII[th] ഫിനാൻസ് കമ്മീഷൻ അവാർഡ് സംബന്ധിച്ചുള്ള 2007-08 കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അറയ്ക്കൽ മലമേൽ പ്രദേശത്തെ ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

148 [2022] ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്കിലെ അറയ്ക്കൽ മലമേൽ പ്രദേശത്തും റവന്യൂ ഭൂമിയിലുമുള്ള ചന്ദനമരങ്ങൾ നശിപ്പിച്ചുകൊണ്ടുള്ള പാറ ഖനനം നിർത്തണമെന്നും ചന്ദന മരങ്ങൾക്ക് സംരക്ഷണം നൽകണമെന്നും പരിസ്ഥിതി സംരക്ഷണ ഏകോപന സമിതിയും നിലമേൽ പരിസ്ഥിതി സംരക്ഷണ സമിതിയും ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തീയതികളിലാണെന്നും പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) ചന്ദനമരങ്ങളുള്ള പ്രദേശങ്ങളിൽ വനം വകുപ്പ് പട്രോളിംഗ് നടത്തുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 16-8-06-ലെ ശ്രീ. ഓടനാവട്ടം വിജയപ്രകാശ്, ശ്രീ. വി. എസ്. റാണ എന്നിവരുടെ പരാതിയെ തുടർന്നുള്ള അന്വേഷണത്തിൽ സർക്കാർ വക തരിശു ഭൂമിയിലാണ് പാറ ഖനനം നടക്കുന്നതെന്ന് പ്രഥമദൃഷ്ട്യാ കാണപ്പെട്ടു. ടി പ്രദേശത്ത് അറുപതോളം ചന്ദന തൈകൾ വളരുന്നുണ്ട്. അടുത്തുതന്നെ സ്ഥിതി ചെയ്യുന്ന മലമേൽ ക്ഷേത്രത്തോട് ചേർന്ന് വളരെയധികം കുരങ്ങുകളും ജീവിക്കുന്നു. സർവ്വേ 268/1-ൽ പാറ ഖനനം നടത്തുന്നതിന് കൊല്ലം മൈനിംഗ് ആന്റ് ജിയോളജി അധികൃതർ അനുമതി നൽകിയിട്ടുള്ളതായും എന്നാൽ ടി ഭൂമിയോട് ചേർന്ന് കിടക്കുന്ന സർക്കാർ വക ഭൂമിയിലും പാറ ഖനനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ പത്തനാപുരം താലൂക്ക് റവന്യൂ അധികാരികളെ കൊണ്ട് സർവ്വെ നടത്തി നിജസ്ഥിതി വെളിപ്പെടുത്തുന്നതിനും കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിപ്പിക്കുന്നതിനും വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ഫോറസ്റ്റ് കൺസർവേറ്റർ, ദക്ഷിണ മേഖല, കൊല്ലത്തിന്റെ ഓഫീസിൽ നിന്നും 5-9-07-ൽ കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്.

(സി) അഞ്ചൽ റെയിഞ്ചിലെ ഉദ്യോഗസ്ഥർ ചന്ദനമരങ്ങൾ ഉള്ള പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തുന്നുണ്ട്.

## മറയൂരിൽ ഫോറസ്റ്റ് ഡിവിഷൻ

149 [2023] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിൽ ചന്ദനക്കാടുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക ഫോറസ്റ്റ് ഡിവിഷൻ സ്ഥാപിക്കുകയുണ്ടായോ; എങ്കിൽ ഈ ഡിവിഷനിൽ എത്ര ജീവനക്കാരുണ്ട്; ഇവിടെ ചന്ദനമരങ്ങൾക്ക് നമ്പർ ഇടുന്ന ജോലി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; അവയുടെ സ്ഥാനം നിർണ്ണയിച്ചു കൊണ്ടുള്ള സ്കെച്ച് തയ്യാറാക്കിയോ;

(ബി) പ്രത്യേക ഡിവിഷൻ രൂപീകരിച്ചതിനു ശേഷവും അവിടെ നിന്നും ചന്ദന തടി മോഷണം പോകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര ചന്ദനമരം മോഷണം പോയിട്ടുണ്ട്?

## ഉത്തരം

(എ) ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി മറയൂർ ചന്ദന ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇവിടെ വന സംരക്ഷണ വിഭാഗത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 80 ജീവനക്കാരും ഓഫീസ് വിഭാഗത്തിൽ 14 ജീവനക്കാരുമായി ആകെ 94 ജീവനക്കാരുണ്ട്. മറയൂർ ഡിവിഷൻ രൂപീകരിക്കുന്നതിനു മുമ്പ് ഇവിടെ 57,846 ചന്ദനമരങ്ങൾക്ക് നമ്പർ ഇട്ടിട്ടുണ്ട്. പിന്നീട് ചന്ദനമരങ്ങൾക്ക് നമ്പർ ഇടുന്ന ജോലിയും അവയുടെ സ്ഥാനം നിർണ്ണയിക്കുന്ന സ്കെച്ചിംഗും ഇതുവരെ തുടങ്ങിയിട്ടില്ല.

(ബി) ഉണ്ട്. ഈ ഡിവിഷൻ രൂപീകരിച്ചതിനു ശേഷം ഇതു വരെ (31-8-07) 284 ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## തീരവനം പദ്ധതി

150 [2024] ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പ്രതിരോധത്തിനായി നടപ്പാക്കാൻ ഉദ്ദേശിച്ച തീരവനം പദ്ധതി എവിടെയെല്ലാം ആരംഭിക്കാൻ കഴിഞ്ഞു;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സുനാമി പ്രതിരോധത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ പേര് 'ഹരിതതീരം' എന്നാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലെ തീരപ്രദേശത്ത് പദ്ധതി നടപ്പിലാക്കി തുടങ്ങി. തീരപ്രദേശത്തെ സ്ഥല ലഭ്യതയുള്ള പ്രദേശങ്ങളിലാണ് ജൈവകവച നിർമ്മാണം വനം വകുപ്പ് നടപ്പിലാക്കുന്നത്.

(ബി) ഹരിത തീരം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 16-8-2007-ന് നടത്തി. ജൈവകവച നിർമ്മാണവും, അതുമായി ബന്ധപ്പെട്ട പ്രവൃത്തികളുമാണ് ഇപ്പോൾ നടന്നു വരുന്നത്. ഒൻപത് തീരദേശ ജില്ലകളിലും ജൈവകവച നിർമ്മാണം നടത്തുന്ന സ്ഥലങ്ങളിൽ തീര സംരക്ഷണ വനവൽക്കരണ സമിതികളുടെ രൂപീകരണം ആരംഭിച്ചു. സമിതിരൂപീകരിച്ച സ്ഥലങ്ങളിൽ ജൈവകവച നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും തീരദേശവാസികളുടെ പൂർണ്ണ പങ്കാളിത്തവും സഹകരണവും ലഭിക്കുന്നുണ്ട്. വീട്ടു വളപ്പിലും കൃഷിയിടങ്ങളിലും നട്ടു വളർത്തുന്നതിനായി ഒരുകുടുംബത്തിന് 25 വൃക്ഷത്തൈകൾ വരെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

## കാവുകളുടെ സംരക്ഷണം

151 [2025] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിന് എന്തെങ്കിലും പ്രത്യേക പ്രോജക്ടുകൾ ഉണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

### ഉത്തരം

ഉണ്ട്. സംസ്ഥാനത്തിന്റെ കാവുകളുടെ സംരക്ഷണത്തിനായി കാവുടമകളുടെയും ബന്ധപ്പെട്ട മറ്റാളുകളുടെയും പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി നടപ്പിലാക്കുന്ന ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. 5 വർഷം കൊണ്ട് അവസാനിക്കുന്ന പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് 127.50 ലക്ഷം രൂപയാണ്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ കാവിന്റെ സംരക്ഷണ പരിപാലനത്തോടൊപ്പം ആ പ്രദേശത്തെ വികസനത്തിന് വഴിയൊരുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന കാവുകളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റി ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## വേമ്പനാട്ട് കായലിന്റെ തീരങ്ങളിൽ കണ്ടൽവനം വച്ച് പിടിപ്പിക്കുന്ന പദ്ധതി

152 [2026] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേമ്പനാട് കായലിന്റെ തീരങ്ങളിൽ കണ്ടൽവനം വച്ച് പിടിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

വേമ്പനാട് കായലിന്റേയും തീരത്തിന്റെയും സംരക്ഷണത്തിനായുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയും ധനസഹായവും ലഭിച്ചിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷത്തിൽ 41.25 ലക്ഷം രൂപ അംഗീകരിച്ച പ്രവൃത്തികൾ നടത്തുന്നതിനായി ലഭിച്ചിരുന്നു. ഇതിൽ 29.83 ലക്ഷം രൂപ ചെലവഴിച്ചു. തെരഞ്ഞെടുക്കപ്പെട്ട അനുയോജ്യമായ കായൽതീരങ്ങളിൽ നട്ടു വളർത്തുന്നതിനായി കണ്ടൽതൈകളുടെ ഉല്പാദനം, കായലോരങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വിവിധയിനം വൃക്ഷത്തൈകളുടെ ഉൽപ്പാദനം, കുടുംബാരോഗ്യ-സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 2 ബോട്ടുകൾ, പ്രകൃതി പഠന ക്ലാസ്സുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ മുതലായവ നടത്തുന്നതിലേക്കായി ടെന്റുകൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, കൈപ്പുസ്തകങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനും, കണ്ടൽക്കാടുകളുടെ ഇപ്പോഴത്തെ അവസ്ഥയും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളും രേഖപ്പെടുത്തുന്നതിനായി ക്യാമറ, ലാപ്പ്ടോപ്പ്, കമ്പ്യൂട്ടറുകൾ എന്നിവയും സെമിനാർ, ശില്പശാലകൾ എന്നിവ നടത്തുന്നതിനായി ജനറേറ്റർ, ദൃശ്യ-ശ്രവണ ഉപകരണങ്ങൾ എന്നിവയ്ക്കുമായിട്ടാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്. ഉൽപ്പാദിപ്പിച്ച കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, കഴിഞ്ഞ വർഷത്തെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചെയ്തു തീർക്കുന്നതിനുമായി 2006-07-ൽ അനുവദിച്ച തുകയുടെ ബാക്കിയായ 11.32 ലക്ഷം രൂപ 2007-08 വർഷത്തിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ 2007-08 വർഷത്തിലേയ്ക്കുള്ള 71 ലക്ഷം രൂപയ്ക്കുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ കണ്ടൽക്കാടുകൾ

153 [2027] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കണ്ടൽ കാടുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കണ്ടൽ കാടുകൾ സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇവ സംരക്ഷിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 1700 ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും, പരിപാലനത്തിനും, വ്യാപനത്തിനുമായുള്ള പദ്ധതികളും പരിപാടികളും വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. വേമ്പനാട് കായലിന്റെയും തീരത്തിന്റെയും സംരക്ഷണത്തിനായി 5 വർഷത്തേക്കുള്ള 2.10 കോടി രൂപയുടെ പദ്ധതിയും ഉത്തര കേരളത്തിൽ കണ്ണൂർ റീജിയണിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി 6 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ 2006-07 വർഷത്തെ മാനേജ്മെന്റ് ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വേമ്പനാട് കായൽ പദ്ധതിക്ക് 51.25 ലക്ഷം രൂപയും കണ്ണൂർ റീജിയണിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി 49.21 ലക്ഷം രൂപയുമാണ് അനുവദിച്ചു കിട്ടിയത്. കൂടാതെ, സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഹരിത തീരം പദ്ധതിയിലും കണ്ടൽക്കാടുകൾ തീരപ്രദേശത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, തൃശൂർ, കൊല്ലം ജില്ലകളിലെ 50 ഹെക്ടർ സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്വീകരിച്ചു വരുന്നു.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വ്യാപനത്തിനും കോഴിക്കോട് ഡിവിഷനിൽ 23.6 ഹെക്ടറും കണ്ണൂർ ഡിവിഷനിൽ കാസർഗോഡ് ജില്ലയിൽ 12.925 ഹെക്ടറും കണ്ണൂർ ജില്ലയിൽ 133.5857 ഹെക്ടറും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ കണ്ണൂർ ഡിവിഷനിൽ റവന്യൂ പുറമ്പോക്കിൽ 1997 വർഷം മുതൽ 193.71 ഹെക്ടറിൽ കണ്ടൽ തൈകൾ നട്ടു പിടിപ്പിച്ച് പുതിയ കണ്ടൽക്കാടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

കോഴിക്കോട് ഡിവിഷനിൽ കണ്ടൽക്കാടുകൾ കൂടുതലായി കാണുന്ന കടലുണ്ടി ഭാഗത്തെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ടൽക്കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും കോളേജ് വിദ്യാർത്ഥികൾക്ക് അവ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. കണ്ടൽച്ചെടികൾ ഉൾക്കൊള്ളുന്ന സ്ഥലം സർവ്വെ ചെയ്ത് അളന്ന് അതിര് നിർണ്ണയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വ്യാപനത്തിനുമായി 2006-2007 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് റീജിയണിന്റെ കീഴിൽ 28 ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷത്തിൽ ഒരു കോടി നാൽപ്പത്തി ആറായിരം രൂപ അനുവദിച്ചതിൽ 85.45 ലക്ഷം രൂപ ലഭ്യമാവുകയും, ഇതിൽ 60.58 ലക്ഷം രൂപ അംഗീകരിക്കപ്പെട്ട പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പൊൻമുടിയിൽ ഐ. എസ്. ആർ. ഒ. വാങ്ങിയ ഭൂമി

154 [2029] ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ബഹിരാകാശ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി പൊൻമുടിയിൽ ഐ. എസ്. ആർ. ഒ. വാങ്ങിയ ഭൂമി സർക്കാർ ഭൂമിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) മാർച്ച് ഏഴിന് ഐ. എസ്. ആർ. ഒ.-യുമായി കരാർ ഉണ്ടാക്കിയ ശേഷം മാർച്ച് 30-ന് സേവി മനോ മാത്യു എന്നയാൾ ഭൂമി തനിക്കു പതിച്ച് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നോ;

(സി) ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭൂമി അപേക്ഷകനു നൽകിക്കൊണ്ട് ജൂൺ 12-നു വനം ചീഫ് കൺസർവേറ്റർ ശ്രീ. വി. ഗോപിനാഥൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(ഡി) അടിയന്തിരമായി ഈ ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; അപേക്ഷയ്ക്കും ഉത്തരവിനുമിടയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഇതിൽ ബന്ധപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) വനഭൂമിയാണ് പതിച്ചു നൽകിയതെന്ന് തെളിയുകയും ഗുരുതരമായ ക്രമക്കേടാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നും ആരുടെയൊക്കെ പേരിലാണെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(എഫ്) വനം മന്ത്രിയുടെ ഓഫീസ് ഇതിനായി ഇടപെട്ടതായി വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ലാന്റ് മാഫിയയുമായി ബന്ധപ്പെട്ട വൻ തട്ടിപ്പാണിതെന്നു കണ്ടെത്തിയിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(എച്ച്) ഉന്നതരായ പലരും ഇതിൽ ഉൾപ്പെട്ടതായും ഉത്തരവിറക്കുന്നതിനായി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ഉത്തരം

(എ) ബഹിരാകാശ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി പൊന്മുടിയിൽ ഐ. എസ്. ആർ. ഒ. വാങ്ങിയ ഭൂമി 2000-ലെ ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ് ഓർഡിനൻസ് പ്രകാരം 2-1-2001-ലെ സർക്കാർ ഗസറ്റിൽ സി4-21437/2000 തീയതി 20-10-2000 നമ്പരായി ഇറക്കിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്ന ഭൂമിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മാർച്ച് ഏഴിന് ഐ. എസ്. ആർ. ഒ.-യുമായി കരാർ ഉണ്ടാക്കിയിരുന്നോ എന്ന വിവരം ലഭ്യമല്ല. ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് സേവി മനോ മാത്യു 30-3-07-ൽ അപേക്ഷ നൽകിയിട്ടില്ല. 30-3-2007-ൽ എസ്റ്റേറ്റ് ഭൂമി ഇ. എഫ്. എൽ. ആക്ടിന്റെ സെക്ഷൻ 3-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിത്തരണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. സേവി മനോ മാത്യു എന്നയാൾ ഇ. എഫ്. എൽ. കസ്റ്റോഡിയന് അപേക്ഷ സമർപ്പിച്ചിരുന്നു.

(സി) അപേക്ഷകന് നൽകാൻ ഉത്തരവിറക്കിയിട്ടില്ല. 30-3-07-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 24.409 ഹെക്ടർ പ്രദേശം ഇ. എഫ്. എൽ. ആയി

പരിരക്ഷിക്കണമെന്നും ബാക്കി പ്രദേശം ഭൂമിയുടെ മുൻ ഉടമസ്ഥന് വിട്ടുകൊടുക്കാമെന്നും കാണിച്ച് വനം ചീഫ് കൺസർവേറ്റർ ശ്രീ. വി. ഗോപിനാഥൻ 12-6-2007-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 30-3-2007-ൽ ലഭിച്ച പരാതിയിൻമേൽ തീരുമാനമെടുത്തിരിക്കുന്നത് 12-6-2007-ൽ ആയതിനാൽ ഉത്തരവ് അടിയന്തിരമായി ഇറക്കിയെന്ന് പറയാനാവില്ല. ഇ. എഫ്. എൽ. ചട്ടം 20 പ്രകാരം അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം തീരുമാനമെടുത്ത് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. 30-3-2007-ലെ അപേക്ഷ 3-4-2007-ൽ കൊല്ലം ഫോറസ്റ്റ് കൺസർവേറ്റർക്കും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും അയച്ചു. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കൊല്ലം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ്, പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ചട്ടം 18 അനുസരിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ളവർ. കമ്മിറ്റിയുടെ പരിശോധന 8-5-2007-ൽ വച്ചിരുന്നെങ്കിലും അന്ന് പരിശോധന നടന്നില്ല. പിന്നീട് 24-5-2007-ൽ ആണ് പരിശോധന നടന്നത്. പരിശോധനയിൽ മറ്റ് റെയിഞ്ച് ഉദ്യോഗസ്ഥൻമാരും പങ്കെടുത്തിരുന്നു. കമ്മിറ്റി തങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി 8-6-2007-ൽ കൊല്ലം ഫോറസ്റ്റ് കൺസർവേറ്റർക്കും പകർപ്പ് കസ്റ്റോഡിയനും സമർപ്പിക്കുകയുണ്ടായി.

(ഇ) വസ്തുതകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി & എച്ച്) വസ്തുതകൾ പരിശോധിച്ച്, കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മർക്കിസ്റ്റൺ എസ്റ്റേറ്റ്

155 [2030] ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കളോജിക്കലി ഫ്രജൈൽ ലാന്റ്സ്) ഓർഡിനൻസ് അനുസരിച്ച് പൊന്മുടി മർക്കിസ്റ്റൺ എസ്റ്റേറ്റ് പൂർണ്ണമായോ, ഭാഗികമായോ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്നാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്;

(ബി) ഈ എസ്റ്റേറ്റ് ഏറ്റെടുത്ത കാര്യം വനംവകുപ്പ് റവന്യൂ വകുപ്പിനെ അറിയിച്ചതെന്നാണ്; അതിന് വലിയ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്റ്റേറ്റിൽ നിന്ന് മരം മുറിച്ചതിനെതിരെ സേവി മനോ മാത്യു എന്ന ആളിന്റെ പേരിൽ വനംവകുപ്പ് കേസ്സെടുത്തിരുന്നോ;

(ഡി) ഇതിനെതിരെ സേവി മനോ മാത്യു നൽകിയ പരാതിയെപ്പറ്റി ചർച്ച ചെയ്യുവാൻ 2007 ഏപ്രിലിൽ വനംവകുപ്പ് മന്ത്രിയുടെ ചേംബറിൽ ഒരു ഹൈലവൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസ് നടത്തിയിരുന്നുവോ; പ്രസ്തുത കോൺഫറൻസിൽ ആരെല്ലാം പങ്കെടുത്തിരുന്നു;

(ഇ) സർക്കാരിൽ നിക്ഷിപ്തമായ മെർക്കിസ്റ്റൺ എസ്റ്റേറ്റ് തിരിച്ചു നൽകുന്നതിന് അതിന്റെ ഉടമയായ സേവി മനോ മാത്യു അപേക്ഷ നൽകണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നോ; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) പ്രസ്തുത എസ്റ്റേറ്റ് ഉടമയ്ക്ക് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും ഈ തീരുമാനമെടുത്തത് ആരാണെന്നും വ്യക്തമാക്കുമോ;

(ജി) ഇതനുസരിച്ച് പുതിയ നോട്ടിഫിക്കേഷൻ നടത്തി ഭൂമി ഉടമയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ നോട്ടിഫിക്കേഷന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(എച്ച്) ഈ ഭൂമി എന്നാണ് അതിന്റെ ഉടമയ്ക്ക് കൊടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കളോജിക്കലി ഫ്രൈജൽ ലാന്റ്സ്) ഓർഡിനൻസ് അനുസരിച്ച് പൊന്മുടി മർക്കിസ്റ്റൺ എസ്റ്റേറ്റിൽ ഉൾപ്പെട്ട 268.872 ഹെക്ടർ ഭൂമി സർക്കാരിൽ നിക്ഷിപ്തമായി എന്നറിയിച്ചുകൊണ്ട് 2-1-2001-ലെ സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

(ബി) നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിലൂടെ പൊതുജനങ്ങളുടെ അറിവിലേക്ക് പരസ്യപ്പെടുത്തിയിരുന്നതിനാൽ ഈ വിവരം റവന്യൂ വകുപ്പിനെ പ്രത്യേകമായി അറിയിക്കേണ്ടതില്ല. മേൽപ്പറഞ്ഞ ഓർഡിനൻസിന് പകരമായുള്ള ആക്റ്റ് 2005-ലും അതിന്റെ ചട്ടങ്ങൾ 2007-ലും ഉണ്ടായി. 8-6-07-ൽ പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പുകൾ റവന്യൂ അധികൃതരുടെ പ്രത്യേക ശ്രദ്ധയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത എസ്റ്റേറ്റിലെ വനമായിക്കിടന്ന ഭാഗത്തു നിന്നും മരം മുറിച്ചതിനെതിരെ സേവി മനോ മാത്യു എന്നയാളിന്റേയും മറ്റുള്ളവരുടെയും പേരിൽ 5-5-2007-ൽ പാലോട് റെയിഞ്ചിലെ ഒ. ആർ. 14/2007 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരുന്നു.

(ഡി) ഇതിനെതിരെ സേവി മനോ മാത്യു പരാതി നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ 2007 ഏപ്രിലിൽ ഒരു ഹൈലെവൽ കോൺഫറൻസ് നടത്തുകയോ ചെയ്തിട്ടില്ല. എന്നാൽ വനം വകുപ്പിന്റെ ഇടപെടൽമൂലം എസ്റ്റേറ്റ് തുടർന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, 9-5-07 മുതൽ തോട്ടം പൂട്ടാൻ പോവുകയാണെന്നും കാണിച്ച് ടിയാൻ തൊഴിൽ വകുപ്പ് മന്ത്രിക്ക് നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 2007 മെയ് മാസം 16-ാം തീയതി വനംവകുപ്പ് മന്ത്രിയും തൊഴിൽ വകുപ്പ് മന്ത്രിയും സംയുക്തമായി ചേർന്ന് ഒരു യോഗം നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മന്ത്രിമാർക്കു പുറമെ താഴെ പറയുന്ന വ്യക്തികൾ പങ്കെടുത്തു:

1. ശ്രീ. സേവി മനോ മാത്യു
2. ശ്രീ. എ. അലക്സാണ്ടർ
3. ശ്രീ. കെ. അബ്ബാസ്, സി. ഐ. റ്റി. യു.
4. ശ്രീ. പാട്രിക് ഗോമസ്, ഡി. എഫ്. ഒ., തിരുവനന്തപുരം.
5. ശ്രീ. എൻ. സുകുമാരൻ, അഡീഷണൽ സെക്രട്ടറി (വനം വന്യജീവി വകുപ്പ്).

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. കെ. ജെ. വർഗ്ഗീസ്, ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം.
7. ശ്രീ. സി. വി. ബിമൽ റോയ്, അഡ്വക്കേറ്റ്, വഞ്ചിയൂർ.

(ഇ) എസ്റ്റേറ്റ് ഇ. എഫ്. എൽ.-ന്റെ പരിധിയിൽ വരികയില്ല എന്ന ശ്രീ. സേവി മനോ മാത്യു യോഗത്തിൽ നിരന്തരം പറഞ്ഞപ്പോൾ ഇതു സംബന്ധമായി ടിയാനു പരാതി ഉണ്ടെങ്കിൽ ചട്ടങ്ങൾ അനുസരിച്ച് കസ്റ്റോഡിയന് പരാതി നൽകുകയാണ് വേണ്ടതെന്ന് യോഗത്തിൽ അറിയിച്ചിരുന്നു. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) ഈ എസ്റ്റേറ്റിൽപ്പെട്ട 24.409 ഹെക്ടർ പ്രദേശം ഇ. എഫ്. എൽ. ആയി പരിരക്ഷിക്കുവാനും ബാക്കി പ്രദേശം എസ്റ്റേറ്റിന്റെ മുൻ ഉടമസ്ഥന് വിട്ടുകൊടുക്കുവാനും ഒരു സ്റ്റാറ്റ്യൂട്ടറി ക്വാസി ജുഡീഷ്യൽ അതോറിറ്റിയായ ഇ. എഫ്. എൽ. കസ്റ്റോഡിയന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. വി. ഗോപിനാഥൻ 12-6-2007-ൽ ഉത്തരവിറക്കിയിരുന്നു.

(ജി) പുതിയ നോട്ടിഫിക്കേഷൻ നടത്തി ഭൂമി ഉടമയ്ക്ക് നൽകിയിട്ടില്ല. ഉദിക്കുന്നില്ല.

(എച്ച്) ഭൂമി ഉടമയ്ക്ക് നൽകിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

## പാരറ്റ് ഗ്രോപ്പ് കമ്പനി കയ്യേറിയ കണ്ടൽവന ഭൂമി

156 [2031] ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിലെ വളന്തക്കാട് ദ്വീപിൽ പാരറ്റ് ഗ്രോപ്പ് കമ്പനി ചെയർമാനായ ശ്രീ. ഫാരീസ് അബൂബക്കർ എന്നയാൾ 47.60 ഏക്കർ ഭൂമി കയ്യേറുകയും അവിടെയുണ്ടായിരുന്ന കണ്ടൽ വനങ്ങൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; ഇത്തരത്തിലുള്ള ഒരാരോപണം നിയമസഭയിൽ ഒരംഗം ഉന്നയിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് എത്ര ഏക്കറിൽ കണ്ടൽ വനം ഉണ്ടായിരുന്നു; അത് നശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി; നടപടി എടുക്കാത്തപക്ഷം അതിന്റെ കാരണം വിശദമാക്കുമോ?

### ഉത്തരം

(എ) എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിലെ വളന്തക്കാട് ദ്വീപിൽ പാരറ്റ് ഗ്രോപ്പ് കമ്പനി ചെയർമാനായ ശ്രീ. ഫാരീസ് അബൂബക്കർ എന്നയാളുടെ പേരിൽ ഭൂമി ഉള്ളതായോ ഭൂമി കയ്യേറി കണ്ടൽക്കാടുകൾ നശിപ്പിച്ചതായോ കണ്ടെത്തിയിട്ടില്ലെന്നു ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## വട്ടച്ചിറ ആദിവാസി കോളനി നിവാസികൾക്ക് പതിച്ചു നൽകിയ ഭൂമി

157 [2032] ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കോടഞ്ചേരി പഞ്ചായത്തിലെ വട്ടച്ചിറ ആദിവാസി കോളനി നിവാസികൾക്ക് സർക്കാർ പതിച്ചു നൽകിയ ഭൂമിയിൽ നിന്നും കാർഷികവൃത്തിക്കായി പോലും മരം മുറിക്കാൻ അനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിന്നും അത്യാവശ്യ കാര്യങ്ങൾക്ക് മരം മുറിക്കാനുള്ള അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോടഞ്ചേരി വില്ലേജിൽപ്പെട്ട വട്ടച്ചിറ കോളനി പ്രദേശങ്ങൾ 1971-ലെ Vesting and Assignment Act പ്രകാരം ഏറ്റെടുത്ത് ആദിവാസികൾക്ക് പതിച്ചു നൽകുന്നതിനായി 1980-ൽ റവന്യൂ വകുപ്പിന് കൈമാറിയതാണ്. ഇപ്രകാരം വനഭൂമി പതിച്ചു നൽകിയപ്പോൾ റവന്യൂ വകുപ്പ് നൽകിയ പട്ടയത്തിൽ മരങ്ങൾ റിസർവ്വ് ചെയ്തതായി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും കോളനി പ്രദേശത്ത് 1975 -ലെ Kerala Forest Preservation Reproduction and disposal of trees and timber belonging to Government but grown on lands in the occupation of private persons rules ഈ പ്രദേശത്തെ മരങ്ങൾ മുറിക്കുന്നതിന് ബാധകമാണ്. മുകളിൽ പറഞ്ഞ റൂളുകളിലെ റൂൾ 3 പ്രകാരം തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നിവ കൈവശക്കാർ മുറിക്കുവാൻ പാടുള്ളതല്ല.

(ബി) ഇക്കാര്യത്തിൽ നിയമവശം കൂടി നോക്കി പരിഗണിക്കുന്നതാണ്.

## സുൽത്താൻ ബത്തേരി മണ്ഡലത്തിലെ ലീസ് കർഷകർ

158 [2033] ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ വനഭൂമിയിൽ താമസിക്കുന്ന ലീസ് കർഷകരുടെ പുനരധിവാസം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അനുവദിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി മണ്ഡലത്തിലെ വയനാട് വൈൽഡ് ലൈഫ് സാങ്ചറി പരിധിക്കകത്തുള്ള താമസക്കാരെ

(1) റവന്യൂ ഭൂമിയിലെ താമസക്കാർ

(2) പരമ്പരാഗതമായി കാട്ടിനുള്ളിൽ താമസിക്കുന്നവർ

(3) ലീസ് കർഷകർ എന്നീ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ച് വന്യമൃഗ സങ്കേതത്തിൽ നിന്നും മാറ്റി താമസിപ്പിക്കുന്നതിന് പുനരധിവാസ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പുനരധിവാസ പദ്ധതിക്ക് ഫണ്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കൂരോട്ടുപാറ വള്ളിക്കാട്ടുപറമ്പിൽ തോമസിന്റെ ഭൂമിയിലെ ജണ്ട നിർമ്മാണം

159 [2034] ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി റെയ്ഞ്ചിന് കീഴിൽ കോടഞ്ചേരി നെല്ലിപ്പൊയിൽ വില്ലേജിലെ കൂരോട്ടുപാറയിലെ വള്ളിക്കാട്ടുപറമ്പിൽ തോമസിന്റെ ഭൂമിയിൽ വനം വകുപ്പ് അനധികൃതമായി ജണ്ട കെട്ടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജണ്ട കെട്ടാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഈ ഭൂമി യഥാർത്ഥ കൃഷി ഭൂമിയാണെങ്കിൽ പ്രസ്തുത കർഷകന് നിയമ പ്രകാരം വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) വനഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി ജണ്ട കെട്ടി സംരക്ഷിക്കുന്നുണ്ട്. പരാമർശ സ്ഥലം താമരശ്ശേരി റെയിഞ്ചിലെ എടത്തറ സെക്ഷനിൽ പെട്ടതാണ്. ഇവിടെ എലിക്കോട്-പുലിക്കോട് മലവാരം വനഭാഗത്ത്, വനാതിർത്തിയിൽ 2000-നു മുൻപ് ജണ്ട നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഇതാവാം ഈ പരാമർശത്തിനു കാരണ മെന്നു കരുതുന്നു.

(സി) ഉത്തരം 'ബി'-യുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

## അടിച്ചിലിത്തൊട്ടി കോളനിയിലേക്ക് റോഡ് നിർമ്മാണം

160 [2035] ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരിപ്പിള്ളി ഗ്രാമപഞ്ചായത്തിൽ, അടിച്ചിലിത്തൊട്ടി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് നീക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ & ബി) ഉണ്ട്.

ഇപ്പോൾ നിലവിലുള്ള റോഡിൽ കുറച്ചുദൂരം ജീപ്പ് പോകാവുന്ന വഴിയും ബാക്കി ദൂരം നടപ്പാത മാത്രം ഉള്ളതുമാകുന്നു. അടിച്ചിലിത്തൊട്ടി കോളനിയിലേക്കുള്ള റോഡ് വികസിപ്പിക്കുമ്പോൾ പ്രസ്തുത ഭാഗത്തുള്ള വൃക്ഷങ്ങൾ മുറിക്കേണ്ടിവരും. ഇതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ ത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വനം വന്യമൃഗ സംരക്ഷണത്തെ ബാധിക്കു മെന്ന വാദവും ഉന്നയിക്കപ്പെടുമെന്നതിനാൽ, കേന്ദ്ര അനുമതിക്കു വിധേയമായി ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ഫോറസ്റ്റ് റോഡുകൾ

161 [2036] ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള ഫോറസ്റ്റ് റോഡുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 25-11-2006-ൽ 11 റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ 26-3-2007-ൽ നബാർഡ് സ്കീമിൽപ്പെടുന്ന 7 റോഡുകളുടെ പുനരുദ്ധാരണത്തിനായി തത്വത്തിൽ അനുമതിയും നൽകിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ച കണക്ക് താഴെ കൊടുക്കുന്നു:

#### നബാർഡ് സ്കീമിൽപ്പെടുത്തി ഭരണാനുമതി നൽകിയ റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ഡിവിഷൻ | ജില്ല |
|---|---|---|---|
| 1. | കുടിയാൻമല-പള്ളിക്കുന്ന് റോഡ് | കണ്ണൂർ | കണ്ണൂർ |
| 2. | പക്കം-കരുവായ്-പന്നിക്കൽ റോഡ് | വയനാട് | വയനാട് |
| 3. | ഉദയാക്കര-ചെക്കാട് റോഡ് | വയനാട് | വയനാട് |
| 4. | ഡീർ പാർക്ക് റോഡ് വാളയാർ | പാലക്കാട് | പാലക്കാട് |
| 5. | സപാൽ എലിവാൽ റോഡ് | പാലക്കാട് | പാലക്കാട് |
| 6. | മൂർത്തുകുന്ന്-താളിക്കല്ല് റോഡ് | നെൻമാറ | പാലക്കാട് |
| 7. | മുക്കാലി കരുവാര റോഡ് | മണ്ണാർക്കാട് | പാലക്കാട് |
| 8. | പെരിയചോല-തേക്കടി റോഡ് | നെൻമാറ | പാലക്കാട് |
| 9. | വേലൂപ്പാടം-വെറ്റിങ്ങപ്പാടം റോഡ് | ചാലക്കുടി | തൃശൂർ |
| 10. | മണിയാർ-കട്ടച്ചിറ-തണ്ണിത്തോട് റോഡ് | റാന്നി | പത്തനംതിട്ട |
| 11. | അച്ചൻകോവിൽ-ചിറ്റാർ റോഡ് | കോന്നി | കൊല്ലം |

#### നബാർഡ് സ്കീമിൽ പുനരുദ്ധാരണത്തിന് തത്വത്തിൽ അനുമതി നൽകിയ റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ഡിവിഷൻ | ജില്ല |
|---|---|---|---|
| 1. | മീൻപട്ടി-മുളകുതോട്ടം റോഡ് | കണ്ണൂർ | കണ്ണൂർ |
| 2. | അറക്കാല-പൊയിൽ-എഡോണി-കൂവക്കൊല്ലി കരിങ്കാട് റോഡ് | കണ്ണൂർ | കണ്ണൂർ |
| 3. | മുക്കാലി-ആനവായ റോഡ് | പാലക്കാട് | പാലക്കാട് |
| 4. | വെള്ളിക്കുളങ്ങര-നായാട്ടുകുണ്ട്-ചൊക്കന റോഡ് | ചാലക്കുടി | തൃശൂർ |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 5. | കാപ്രിക്കാട്-പനാംകുഴി റോഡ് | ചാലക്കുടി | തൃശൂർ |
| 6. | ആനമുക്കു ജംഗ്ഷൻ-തവളക്കുഴിപ്പാറ റോഡ് | വാഴച്ചാൽ | തൃശൂർ |
| 7. | കുളത്തൂപ്പുഴ-പെരുവഴിക്കാല റോഡ് | പുനലൂർ | കൊല്ലം |

## തടിലേലം ചെയ്യുന്ന ഡിപ്പോകൾ

162 [2037] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടി ലേലം ചെയ്യുന്ന എത്ര ഡിപ്പോകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോകളിൽ തടി ചില്ലറ വില്പന നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ തടി ഡിപ്പോകളിൽ നിന്നും തടി ചില്ലറ വില്പന നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് തടി ലേലം ചെയ്യുന്ന 35 തടി ഡിപ്പോകൾ ആറ് തടി വില്പന ഡിവിഷനുകളിലായി പ്രവർത്തിക്കുന്നുണ്ട്.

(ബി) തടി വില്പന ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന 35 തടി ഡിപ്പോകളിൽ, 17 എണ്ണത്തിൽ ചില്ലറ വിൽപ്പന നടത്തുന്നുണ്ട്.

(സി) ഉത്തരം (ബി)-യിൽ പറയുന്ന 17-നു പുറമേ മറ്റു ഡിപ്പോകളിലും സാദ്ധ്യത അനുസരിച്ച് ചില്ലറ വില്പനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തും.

## ഡിപ്പോകൾ വഴിയുള്ള തടിലേലം

163 [2038] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തടി ഡിപ്പോകളിലെ തടി ലേലം ആവശ്യമായ പ്രചാരണവും പ്രസിദ്ധീകരണവും നൽകിയാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ മാസവും വ്യാപകമായ പരസ്യം നൽകി ടെണ്ടർ വഴി തടി വില്പന നടത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) നഗരങ്ങളിൽ തടി ഡിപ്പോ സ്ഥാപിച്ച് ലേലം വഴിയോ ടെണ്ടർ വഴിയോ തടിക്കച്ചവടം നടത്തുന്ന കാര്യം ആലോചിക്കുമോ?

## ഉത്തരം

(എ) അതെ.



LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം വകുപ്പിന്റെ കീഴിലുള്ള തടി ഡിപ്പോകളിൽ ലേലം നടത്തുന്നത് ടെണ്ടർ/ദർഘാസ് വഴിയും വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പത്രങ്ങളിലൂടെയും കേരളാ ഗസറ്റ് മുഖേനയും വ്യാപകമായ പരസ്യം നൽകിയ ശേഷമാണ് തടി വില്പന നടത്തുന്നത്.

(സി) ഇപ്പോഴുള്ള തടി ഡിപ്പോകൾ പലതും നഗരത്തിനുള്ളിലും, നഗരത്തിനടുത്തുമാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ചോദ്യം പ്രസക്തമല്ല.

## ജീപ്പ് കാണാതായ സംഭവം

164 [2039] ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഒരു ജീപ്പ് കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനം ആരാണ് ഉപയോഗിച്ചിരുന്നതെന്നും; ഏത് സാഹചര്യത്തിലാണ് മോഷണം പോയതെന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ വിശദീകരണം എന്തായിരുന്നുവെന്നും അത് തൃപ്തികരമായിരുന്നോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇയാൾക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ വാഹനത്തിന്റെ നഷ്ടപരിഹാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഈ വാഹനം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച ഫയൽ നമ്പറും തീയതിയും ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്, വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേക്ക് നൽകിയ പുതിയ മഹീന്ദ്ര ജീപ്പാണ് 19-08-1997-ന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രി കോമ്പൗണ്ടിൽ നിന്നും മോഷണം പോയത്. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടി നടന്നുവരുന്നതിനിടെയാണ് ജീപ്പ് മോഷ്ടിക്കപ്പെട്ടത്.

(ബി) അന്ന് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ശ്രീ. എം. മുരളി ആയിരുന്നു ടി. വാഹനത്തിന്റെ കസ്റ്റോഡിയനും ടി. വാഹനം ഉപയോഗിച്ചിരുന്നതും. കോഴിക്കോട്ടുള്ള ബേബി മെമ്മോറിയൽ ആശുപത്രി കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന ജീപ്പാണ് മോഷണം പോയത്.

(സി) ശ്രീ. മുരളി നൽകിയ വിശദീകരണം ഭാഗികമായി തൃപ്തികരമായിരുന്നെന്ന് സർക്കാർ വിലയിരുത്തി. വിശദീകരണത്തിൽ താഴെ പറയുന്ന കാര്യങ്ങളാണ് ഉദ്യോഗസ്ഥൻ ഉന്നയിച്ചിരിക്കുന്നത്:

1. ചില പ്രത്യേക നിർബന്ധിത സാഹചര്യങ്ങളിലാണ് ജീപ്പ് ബേബി മെമ്മോറിയൽ ആശുപത്രി കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്നതെന്നും ഈ ജീപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും കരിഞ്ഞ മണം വന്നതുകൊണ്ടും ഡ്രൈവർ ഇല്ലാതിരുന്നതുകൊണ്ടുമാണ് ടി സ്ഥലത്ത് പാർക്ക് ചെയ്യുന്നതിന് കാരണമായതെന്നും 24 മണിക്കൂറും വാച്ച് ആന്റ് വാർഡുള്ളതിനാൽ വണ്ടി സുരക്ഷിതമായിരിക്കുമെന്നും ബോദ്ധ്യപ്പെട്ടതിനാലുമാണ് ജീപ്പ് അവിടെ പാർക്ക് ചെയ്തിരുന്നത്.

2. ജീപ്പിന്റെ കസ്റ്റോഡിയനായതിനാലും വാഹനം ഓടിക്കുന്നതിന് നിയമ പ്രാബല്യമുള്ള ലൈസൻസുണ്ടായിരുന്നതിനാലുമാണ് ഡ്രൈവറുടെ അഭാവത്തിൽ സ്വയം വണ്ടി ഓടിച്ചിരുന്നതെന്നും ജീപ്പിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങൾക്കായി ഡ്രൈവറെ കൽപ്പറ്റയിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്ക് അയച്ചതെന്നും വ്യക്തമാക്കിയിരുന്നു.

3. തന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് മോഷണം നടന്നിട്ടുള്ള തെന്നും ജീപ്പ് മോഷണം പോകുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ലെന്നും പോലീസി ന്റെയും സ്വകാര്യ ഡിറ്റക്ടീവ് ഏജൻസിയുടെയും മറ്റ് വനംവകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും സഹായത്തോടെ മോഷണം പോയ ജീപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്നു.

(ഡി) ഉണ്ട്. ടിയാൻ നൽകിയ വിശദീകരണം ഭാഗികമായി സ്വീകരിച്ചുകൊണ്ട് മോഷണം പോയ ജീപ്പിന്റെ വിലയായ 3,06,610 രൂപ ടിയാനിൽ നിന്നും വസൂലാക്കുന്ന സർക്കാരിന്റെ താൽക്കാലിക തീരുമാനം ഒഴിവാക്കിക്കൊണ്ടും ശമ്പളത്തിന്റെ ഒരു വാർഷിക വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടും 6-9-2005-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.) 499/05/വനം-വന്യജീവി വകുപ്പ് പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) നഷ്ടപ്പെട്ട ജീപ്പിന്റെ വിലയും ശ്രീ. മുരളിയുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങളും പരിഗണിക്കുമ്പോൾ ടിയാൻ സർക്കാരിൽ നിന്ന് ലഭിച്ച കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ടിയാന് നൽകിയ ശിക്ഷ പുന:പരിശോധിക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൽ ഒരു ഔപചാരികാന്വേഷണം നടത്തുന്നതിന് 30-06-2007-ലെ സർക്കാർ ഉത്തരവ് ആർ. ടി. 368/07/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) കോഴിക്കോട്ടെ നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം.നം.307/97 കേസ്സെടുക്കുകയും ജീപ്പ് കണ്ടെത്തുന്നതിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ 25-8-98-ലെ ഡി1-12464/98 നമ്പർ ഉത്തരവിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ജി) ഇതു സംബന്ധിച്ച് കേരളം വനം വകുപ്പിലെ ഫയലിന്റെ നം. B1-19800/99-ഉം സർക്കാരിൽ വനം-വന്യജീവി വകുപ്പിൽ ഇപ്പോൾ നടപടി തുടർന്നു വരുന്ന ഫയലിന്റെ നമ്പർ 5363/A1/06/വനം എന്നിവയുമാണ്.

## ചന്ദന വനം സംരക്ഷിക്കുവാൻ നടപടി

165 [2040] ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ പ്രദേശത്തെ എത്ര ഹെക്ടർ പ്രദേശത്താണ് ചന്ദനമരങ്ങൾ ഉള്ളത്; ഇവിടെ നിന്ന് വ്യാവസായിക ആവശ്യങ്ങൾക്കായി ഇപ്പോൾ ചന്ദനമരങ്ങൾ മുറിച്ച്



LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ തരത്തിലുള്ള ശാസ്ത്രീയ നിയന്ത്രണ ങ്ങളാണ് ഇക്കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) മറയൂർ പ്രദേശത്തുള്ള ചന്ദനമാഫിയയുടെ പ്രവർത്തനം വ്യാപകമാണോ; എങ്കിൽ ആയതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വനം മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ ഫോറസ്റ്റ് ഗാർഡ് തുടങ്ങിയ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് റൈഫിളുകൾ, പിസ്റ്റളുകൾ എന്നിവ നൽകി സുസജ്ജമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മറയൂർ പ്രദേശത്ത് ആകെ 6123.247 ഹെക്ടർ സ്ഥലത്താണ് ചന്ദന മരങ്ങളുള്ളത്. ഈ പ്രദേശത്ത് നിന്നും വ്യാവസായിക ആവശ്യങ്ങൾക്കായി ചന്ദന മരങ്ങൾ മുറിച്ച് ഉപയോഗിക്കാറില്ല. എന്നാൽ കാറ്റിലും മഴയിലും പെട്ട് കടപുഴകി വീഴുന്നതും പൂർണ്ണമായും ഉണങ്ങിയതുമായ ചന്ദന മരങ്ങൾ മാത്രമേ വനം വകുപ്പ് ശേഖരിച്ചു സൂക്ഷിക്കുകയും ലേലം ചെയ്തു വിൽക്കുകയും ചെയ്യുന്നുള്ളൂ.

(ബി) മറയൂർ പ്രദേശത്തുള്ള ചന്ദന മാഫിയയുടെ പ്രവർത്തനം വ്യാപകമല്ല. ചന്ദന മാഫിയയുടെ പ്രവർത്തനം തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.

1. എല്ലാ രാഷ്ട്രീയ പാർട്ടികളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് ചന്ദന സംരക്ഷണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് 28-6-06-ൽ ചന്ദന സംരക്ഷണ കൺവെൻഷൻ മറയൂരിൽ നടത്തി. ഇതുവഴി ചന്ദന സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കാൻ സാധിച്ചു.

2. വകുപ്പുമന്ത്രി തമിഴ്നാട് വനം വകുപ്പുമന്ത്രിയെ സന്ദർശിച്ച് ചന്ദന സംരക്ഷണത്തിന് വേണ്ട സഹായങ്ങൾ അഭ്യർത്ഥിച്ചു. അതനുസരിച്ച് ചന്ദന സംരക്ഷണ പ്രവർത്തനങ്ങളിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും തമിഴ്നാട് ഉദ്യോഗസ്ഥന്മാർ വേണ്ട സഹായങ്ങൾ നൽകുന്നു. ദക്ഷിണേന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ യോഗം 2006 നവംബർ 3, 4 തീയതികളിൽ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത് വനം സംരക്ഷണത്തിന് കൂട്ടായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ചന്ദന സംരക്ഷണം അതിലൊരു പ്രധാന തീരുമാനമാണ്.

3. ചന്ദന റീസർവ്വിനു ചുറ്റും ഏകദേശം 17 കി. മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തി. വീണ്ടും 8 കി. മീറ്റർ ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തുന്നതിനുള്ള പണി ആരംഭിച്ചു. ഇതുവഴി ചന്ദന കള്ളക്കടത്തുകാരുടെ പെട്ടെന്നുള്ള കടന്നുകയറ്റം തടയാൻ കഴിഞ്ഞു.

4. പോലീസും ഫോറസ്റ്റ് സ്റ്റാഫും കൂടുതൽ യോജിച്ച് പ്രവർത്തിക്കുന്ന തിനായി വകുപ്പുമന്ത്രി നേരിട്ട് യോഗം വിളിച്ചു കൂട്ടുകയും അതനുസരിച്ച് പോലീസ് സ്റ്റേഷൻ റെയ്ഞ്ച് തല മീറ്റിംഗും ജില്ലാതലത്തിൽ മീറ്റിംഗും നടത്തുന്നു.

5. ചന്ദന റീസർവ്വിനെ ചെറിയ ബ്ലോക്കുകൾ ആയി തിരിച്ച് ജീവനക്കാരെയും കൂടുതൽ ദിവസക്കൂലി വാച്ചർമാരേയും വിന്യസിച്ച് പകലും രാത്രിയും വനസംരക്ഷണം ഉറപ്പുവരുത്തുന്നു. സ്റ്റാഫിന് കൂടുതൽ ആയുധങ്ങളും വാർത്താ വിനിമയ ഉപകരണങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർഘടമായ സ്ഥലങ്ങളിൽ ക്യാമ്പ് ഷെഡ് സ്ഥാപിച്ച് വാച്ചർമാരെയും സ്റ്റാഫുകളെയും വിന്യസിച്ച് നിരീക്ഷണം നടത്തുന്നു.

6. അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെയും ആന്ധ്രാ പ്രദേശിലെയും ഫോറസ്റ്റ് പോലീസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംസ്ഥാനാന്തര കുറ്റവാളികളെ പിടികൂടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 2007 മെയ് മാസത്തിൽ ആന്ധ്രാ പ്രദേശിലെ അനന്ത്പൂർ ജില്ലയിലെ ബസ്ന ഹള്ളിയിൽ നിന്നും രണ്ട് സംസ്ഥാനാന്തര കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) മറയൂർ ഡിവിഷനിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ഉപയോഗത്തിനായി 26 റൈഫിളുകളും 4 റിവോൾവറുകളും നൽകിയിട്ടുണ്ട്.

## വഴിയോര തണൽ പദ്ധതി

166 [2041] ശ്രീ. രാജു എബ്രഹാം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി. കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര തണൽ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയനുസരിച്ച് എത്ര വൃക്ഷത്തൈകൾ നട്ടു സംരക്ഷിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചുമട്ടു തൊഴിലാളി സംഘടനകൾക്ക് പുറമേ മറ്റ് ഏതെങ്കിലും സംഘടനകൾ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോട്ടു വന്നിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കാവശ്യമായ വൃക്ഷത്തൈകൾ വനംവകുപ്പ് നൽകുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ 85,936 വൃക്ഷത്തൈകൾ നട്ട് സംരക്ഷിച്ചു വരുന്നുണ്ട്.

(സി) താൽപര്യമുള്ള മറ്റ് തൊഴിലാളി സംഘടനകളും ട്രീ ഗാർഡ് സ്പോൺസർ ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും സ്ഥലവാസികളും ചെറുകിട കച്ചവടക്കാരും പ്രാദേശികമായി പദ്ധതി നടത്തിപ്പിൽ പങ്കാളികളാകുന്നുണ്ട്.

(ഡി) ഈ പദ്ധതിക്കാവശ്യമായ വൃക്ഷത്തൈകൾ വനംവകുപ്പു തന്നെയാണ് നൽകുന്നത്.

## തൂത്തംപാറ എസ്റ്റേറ്റ്

167 [2042] ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പോബ്സൺ ഗ്രൂപ്പിന്റെ കൈവശമുണ്ടായിരുന്നതും പാട്ടക്കാലാവധി അവസാനിച്ചതിനെത്തുടർന്ന് വനം വകുപ്പ് ഏറ്റെടുത്തതുമായ തൂത്തംപാറ എസ്റ്റേറ്റ് തോട്ടമായി സംരക്ഷിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) പ്രസ്തുത എസ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കുമോ; എങ്കിൽ ഇതു കൈമാറുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത എസ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ നോക്കി നടത്തുവാൻ, വിട്ടുകൊടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രൊപ്പോസലുകളിന്മേൽ 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് കേന്ദ്ര സർക്കാർ ആയിരിക്കും വ്യവസ്ഥകൾ നിശ്ചയിക്കുന്നത്.

## പറമ്പിക്കുളം വന്യജീവി സങ്കേതം

168 [2043] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിലേയ്ക്ക് സന്ദർശകരെ കടത്തി വിടുന്നതിനും സന്ദർശകരുടെ വാഹനങ്ങളുടെ എണ്ണത്തിന് പരിധി നിശ്ചയിക്കുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സന്ദർശകരുടെ വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പറമ്പിക്കുളം വന്യജീവി സങ്കേതം സന്ദർശിക്കുന്നതിന് ദീർഘദൂരം യാത്ര ചെയ്ത് എത്തുന്നവരെ നിരാശപ്പെടുത്താതെ, അവർക്ക് വന്യജീവി സങ്കേതം കാണുന്നതിന് ബദൽ മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സന്ദർശകരുടെ വാഹനങ്ങളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചു കൊണ്ട് 17-4-07-ന് പറമ്പിക്കുളം വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. †

(ബി) പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ ഇക്കോ ടൂറിസം ആസ്വദിക്കാനും അതിന്റെ ഗുണങ്ങൾ മനസ്സിലാക്കാനുമായി ധാരാളം ടൂറിസ്റ്റുകൾ വരാറുണ്ട്. കൂടാതെ മറ്റു ചിലർ വെറും വിനോദ സഞ്ചാരത്തിനായോ, ദിവസയാത്രക്കാരായോ ആണ് വരുന്നത്. ഇക്കോടൂറിസം ആസ്വദിക്കാൻ വരുന്നവർക്ക് ഇവിടെ യാതൊരു പരിധിയും നിശ്ചയിച്ചിട്ടില്ല. എന്നാൽ വിനോദയാത്രയ്ക്ക് മാത്രമായി വരുന്നവർക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദ യാത്രയ്ക്ക് മാത്രമായി എത്തുന്നവരുടെ എണ്ണം അടുത്തിടെയായി ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇവിടുത്തെ മൃഗങ്ങളുടെ സ്വൈര്യജീവിതത്തിനും, പരിസ്ഥിതിക്കും ധാരാളം തടസ്സങ്ങൾ സൃഷ്ടിക്കുന്നതും വന്യജീവി സങ്കേതത്തിന്റെ നിലനിൽപ്പിനുതന്നെ അപകടമായിത്തീരുന്നതുമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പ്ലാസ്റ്റിക്കിന്റെയും മറ്റും അമിത സാന്നിദ്ധ്യവും പരിസ്ഥിതിയെയും വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതുമൂലം മാനേജ്മെന്റ് പ്ലാനിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിസ്ഥിതി സംരക്ഷണം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വരുന്നു. നിലവിലെ ജീവനക്കാരുടെ എണ്ണം പരിമിതമായതിനാൽ അവർക്ക് വന്യജീവി സംരക്ഷണത്തിനു പുറമെ വർദ്ധിച്ചുവരുന്ന സന്ദർശകരെയും വാഹനങ്ങളെയും ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായും, വന്യജീവി സങ്കേതത്തിന്റെയും, അതിലെ ജീവികളുടെയും സംരക്ഷണത്തെയും മുൻനിർത്തി എടുത്ത നടപടിയാണിത്.

(സി) പറമ്പിക്കുളം വന്യജീവി സങ്കേതം സന്ദർശിക്കുന്നവർക്കായി താഴെ പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്:

1. www.parambikulam.org എന്നപേരിൽ ഒരു വെബ്സൈറ്റ് പുറത്തിറക്കിയിട്ടുണ്ട്.

2. ഇക്കോ ടൂറിസം പാക്കേജ് പ്രകാരം താമസിക്കുന്ന വിനോദസഞ്ചാരികൾക്ക് യാതൊരുവിധ പരിമിതിയും ഉണ്ടായിരിക്കുന്നതല്ല.

3. ദൂരസ്ഥലങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികൾക്കായി ഫോൺ ബുക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

4. വിവിധ രാജ്യങ്ങളിൽ നിന്നും ഇ-മെയിൽ വഴി സ്ലോട്ട് ബുക്ക് ചെയ്യാൻ സൗകര്യം ഒരുക്കിയിരിക്കുന്നു.

5. തിരക്കുള്ള സീസണുകളിൽ സന്ദർശകർക്കായി ചുരുങ്ങിയ ചെലവിൽ അധിക യാത്രാ സൗകര്യവും ഏർപ്പെടുത്താറുണ്ട്.

ഈ പറഞ്ഞ വിവരങ്ങളെല്ലാം പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചിട്ടുള്ളതുമാണ്.

## പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ വന്യജീവികളുടെ സെൻസസ്

169 [2044] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ വന്യജീവികളുടെ സെൻസസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മൃഗങ്ങളുടെ കണക്ക് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പറമ്പിക്കുളത്ത് ഏതെങ്കിലും മൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയ്ക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന തലത്തിൽ നടത്തിയ വന്യജീവി സെൻസസിന്റെ ഭാഗമായി പറമ്പിക്കുളം വന്യജീവി സങ്കേതത്തിലും പ്രധാന സസ്തനികളുടെ സെൻസസ് 2002-ൽ നടത്തിയിട്ടുണ്ട്. സെൻസസിന്റെ അവസരത്തിൽ ബ്ലോക്കുകളിൽ നേരിട്ടുകണ്ട മൃഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | മൃഗങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1 | സിംഹവാലൻ കുരങ്ങ് | 180 |
| 2 | നാടൻ കുരങ്ങ് | 111 |
| 3 | കരിങ്കുരങ്ങ് | 411 |
| 4 | ഹനുമാൻ കുരങ്ങ് | 47 |
| 5 | ആന | 90 |
| 6 | കാട്ടുപോത്ത് | 293 |
| 7 | മ്ലാവ് | 214 |
| 8 | പുള്ളിമാൻ | 319 |
| 9 | കേഴമാൻ | 7 |
| 10 | കൂരൻ | 6 |
| 11 | കാട്ടുപന്നി | 121 |
| 12 | മലയണ്ണാൻ | 92 |
| 13 | മുള്ളൻപന്നി | 2 |
| 14 | കരടി | 8 |
| 15 | കാട്ടുനായ് | 7 |
| 16 | വരയാട് | 17 |
| 17 | കടുവ | 18 |

മുകളിൽ കാണിച്ചിട്ടുള്ള കണക്ക് 285 ച. കി. മീറ്റർ വിസ്തൃതിയുള്ള പറമ്പിക്കുളം വന്യജീവി സങ്കേതത്തിലെ മൃഗങ്ങളുടെ ആനുപാതിക കണക്ക് അല്ല. ഇതിനു പുറമെ 2005, 2007 എന്നീ വർഷങ്ങളിൽ ആന സെൻസസും, 2006-ൽ കടുവാ സെൻസസും എടുത്തിട്ടുണ്ട്. 2006-ലെ കടുവാ സെൻസസിനോടൊപ്പം തന്നെ മറ്റു പ്രധാന മൃഗങ്ങളുടെയും സെൻസസ് എടുത്തിട്ടുണ്ട്. 2006-ലെ കടുവാ സെൻസസിന്റെയും 2007-ലെ ആന സെൻസസിന്റെയും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. 2005-ലെ സെൻസസ് പ്രകാരം 388 ആനകൾ പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ ഉള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) 1997-ലും 2002-ലും നടന്ന സെൻസസുകളുടെ താരതമ്യ പഠനത്തിൽ മൃഗങ്ങളുടെ എണ്ണത്തിൽ കുറവ് കണ്ടെത്തിയിട്ടില്ല.

## നാട്ടാനകളെ സംബന്ധിച്ച നിയമ വ്യവസ്ഥകൾ

170 [2045] ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാട്ടാനകളുടെ വാങ്ങൽ, വളർത്തൽ, വില്പന ഇവ സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആനകളെ വിൽക്കുന്നതിനും, വാങ്ങുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമാനുസരണം വളർത്തുന്ന ഒരു നാട്ടാന പ്രസവിച്ചാൽ അതിന്റെ കുട്ടിയുടെ അവകാശം ഉടമസ്ഥനിൽ നിക്ഷിപ്തമാണോ; അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1972-ലെ വന്യജീവി സംരക്ഷണ നിയമം, 2003-ലെ കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ് എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ ആണ് നിലവിലുള്ളത്.

(ബി) ഉണ്ട്; വന്യജീവി സംരക്ഷണ നിയമപ്രകാരം ആനകളുടെ ക്രയ-വിക്രയങ്ങൾ നിരോധിച്ചിട്ടുണ്ട്.

(സി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുള്ള ഉടമയുടെ നാട്ടാന പ്രസവിച്ചാൽ, കുട്ടിയുടെ അവകാശം ഉടമസ്ഥനിൽ നിക്ഷിപ്തമാണ്. ആനക്കുട്ടിയ്ക്ക് വേണ്ടി ആന ഉടമസ്ഥൻ പ്രത്യേക ഡിക്ലറേഷൻ നടത്തേണ്ടതും ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നേടേണ്ടതുമാണ്.

ആനകളെ പരിപാലിക്കുന്നതിനുള്ള നിയമങ്ങൾ

171 [2046] ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളുടെ സംരക്ഷണത്തിനും പീഡനത്തിനെതിരെ നടപടി എടുക്കുന്നതിനുമായി ഏതെല്ലാം നിയമങ്ങളാണ് നിലവിലുള്ളത്;

(ബി) നാട്ടാന പരിപാലന നിയമങ്ങളനുസരിച്ച് ആനയെ ആഘോഷങ്ങളിൽ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) വ്യവസ്ഥകൾ ശരിയായി പാലിക്കാത്തതിനാൽ ആനകൾ വിരണ്ട് ഓടുന്നതിനും മരണത്തിനും കാരണമാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിയമങ്ങൾ കർശനമായി പാലിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 1972-ലെ വന്യജീവി സംരക്ഷണ നിയമം, 2003-ലെ നാട്ടാന പരിപാലന നിയമം എന്നിവയാണ് നിലവിലുള്ളത്.

(ബി) നാട്ടാന പരിപാലന നിയമങ്ങളനുസരിച്ച് ആനയെ ആഘോഷങ്ങളിൽ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട പ്രത്യേക വ്യവസ്ഥകൾ ഒന്നും നിലവിലില്ല. എന്നാൽ 2003-ലെ കേരള നാട്ടാന പരിപാലന നിയമത്തിലെ ചട്ടം (8) ഖണ്ഡിക (6) പ്രകാരം മൂന്ന് മണിക്കൂറിൽ കൂടുതൽ ആനകളെ ഒരു സമയത്ത് നടത്താൻ പാടില്ലെന്നും ചട്ടം (12) (x) പ്രകാരം കൂടുതൽ നേരം സൂര്യപ്രകാശത്തിൽ നിർത്താൻ പാടില്ലെന്നും, പടക്കങ്ങളുടെയും മറ്റും സമീപം നിർത്തുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഇത്തരം സന്ദർഭങ്ങളിൽ നിയമ നടപടികൾ എടുത്തിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടങ്ങൾ കർശനമായി പാലിക്കുവാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്.

## ആനകളുടെ രജിസ്ട്രേഷൻ

172 [2047] ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സി. എച്ച്. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനകളുടെ രജിസ്ട്രേഷൻ പൂർത്തിയായോ; എങ്കിൽ എത്ര ആനകളെ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ആനകളെ സംബന്ധിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് രജിസ്റ്ററിൽ ചേർത്തതെന്ന് വിശദമാക്കുമോ;

(സി) മൈക്രോചിപ്പ് ആനയുടെ ശരീരത്തിൽ പതിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ഉടമസ്ഥന്റെ പേര് വിവരങ്ങൾ, ഉടമസ്ഥാവകാശ രേഖ സംബന്ധിച്ച വിവരങ്ങൾ, ആനയെ സംബന്ധിച്ച വിവരങ്ങൾ, എങ്ങനെ ലഭ്യമായി എന്നുള്ള വിവരങ്ങൾ, ആരോഗ്യ സ്ഥിതി വിവരം,സ്വഭാവം, മൈക്രോചിപ്പ് നമ്പർ, പാപ്പാന്റെ വിവരങ്ങൾ തുടങ്ങിയവയാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

(സി) മൈക്രോചിപ്പ് ഘടിപ്പിക്കുന്നതുമൂലം ആനകൾക്ക് ഒരു സ്ഥിരം തിരിച്ചറിയൽ നമ്പർ നൽകുകയും അതുവഴി എവിടെ വച്ചും ഉദ്യോഗസ്ഥർക്ക് റീഡറിന്റെ സഹായത്തോടുകൂടി ആനകളെ തിരിച്ചറിയുവാനും സാധിക്കുന്നു. ഇതുമൂലം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ ദുരുപയോഗം തടയുന്നതിനും ആകെയുള്ള നാട്ടാനകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും സാധിക്കുന്നു.

## വന്യമൃഗവേട്ട

173 [2048] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാടുകളിൽ നിന്ന് വന്യമൃഗങ്ങളെ വേട്ടയാടുന്നതിനെതിരെ കഴിഞ്ഞ ഒരു വർഷക്കാലത്ത് എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വനമേഖലകളിലാണ് വന്യമൃഗവേട്ട നടത്തിയിട്ടുള്ളത്;

(സി) ഈ കേസ്സുകളിൽ എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം ഇനം മൃഗങ്ങളെ വേട്ടയാടിയതിനാണ് കേസ്സെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വന്യമൃഗവേട്ട തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 94 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മിക്കവാറും എല്ലാ വനമേഖലകളിലും വന്യമൃഗവേട്ട ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) കേസ്സുകൾ തീർപ്പാകാത്തതുമൂലം ആരെയും ശിക്ഷിച്ചിട്ടില്ല.

(ഡി) ആന, കാട്ടുപോത്ത്, കാട്ടുപൂച്ച, കാട്ടുപന്നി, കേഴമാൻ, പുള്ളിപ്പുലി, കൂരമാൻ, മുള്ളൻപന്നി, മ്ലാവ്, കീരി, ചിത്രശലഭങ്ങൾ, മലയണ്ണാൻ, മരപ്പട്ടി, പുള്ളിമാൻ എന്നീ മൃഗങ്ങളെ വേട്ടയാടിയതിനും, കൂടാതെ രേഖകളില്ലാതെ തത്ത, വേഴാമ്പൽ എന്നിവയെ വളർത്തിയതിനും, വനത്തിനുള്ളിലെ പുഴകളിൽ നിന്ന് മീൻ പിടിച്ചതിനും, കടുവാത്തോൽ കൈവശം വച്ചതിനും അനധികൃതമായി പക്ഷികളെയും, പാമ്പുകളെയും സൂക്ഷിച്ചതിനുമാണ് കേസ്സെടുത്തിട്ടുള്ളത്.

(ഇ) മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ഇന്ത്യൻ വന്യ ജീവി സംരക്ഷണ നിയമപ്രകാരം കുറ്റക്കാർക്കെതിരെ കേസുകളെടുത്ത് ശിക്ഷ ഉറപ്പാക്കുകയും, സംസ്ഥാനത്ത് മൃഗവേട്ട തടയുന്നതിന് കർശനമായ പട്രോളിംഗും ആന്റി പോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നുമുണ്ട്. സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ,ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടു പിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. വനാശ്രിത സമൂഹങ്ങൾ, തദ്ദേശവാസികൾ, വന സംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ സഹായത്തോടെ വേട്ടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും അപ്രകാരം വിവരം നൽകുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും, കുറ്റകൃത്യം കണ്ടെത്തുന്ന ജീവനക്കാർക്ക് പ്രശംസാ പത്രവും, ക്യാഷ് അവാർഡും നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളോട് ചേർന്നുള്ള വന മേഖലകളിൽ സംയുക്ത പട്രോളിംഗ് നടത്തുകയും കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ കൈമാറുകയും ചെയ്യുന്നുമുണ്ട്. കൂടാതെ, വാർത്താ വിനിമയ സംവിധാനങ്ങൾ ശക്തിപ്പെടുത്തി മൃഗവേട്ട പൂർണ്ണമായും തടയുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

## സമഗ്ര കെട്ടിട വാടക നിയന്ത്രണ നിയമം

174 [2049] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു കെട്ടിട വാടക നിയന്ത്രണ നിയമം നിലവി ലുണ്ടോ; ഇല്ലെങ്കിൽ കുടികിടപ്പുകാർക്കും, കെട്ടിടം ഉടമയ്ക്കും സ്വീകാര്യമായ നിലയിൽ ഒരു സമഗ്ര കെട്ടിട വാടക നിയന്ത്രണ നിയമം കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമം എന്ന് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1965-ലെ കേരള കെട്ടിട പാട്ടവും വാടക നിയന്ത്രണവും നിയമം നിലവിലുണ്ട്; അത് സമഗ്രമായി ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഭവന നിർമ്മാണ വായ്പാ പദ്ധതികൾ

175 [2050] ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന ഇടത്തരം വരുമാന വിഭാഗക്കാർക്ക് അനുയോജ്യമായ പുതിയ ഭവനനിർമ്മാണ വായ്പാ പദ്ധതികൾ ഹൗസിംഗ് ബോർഡ് വഴി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ വാടക വീട് പദ്ധതികളോ വനിതാ ഹോസ്റ്റലുകളോ ഭവന ബോർഡ് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരത്ത് പൂജപ്പുരയിലും (സ്റ്റേജ് II) തൃശ്ശൂരിൽ കുട്ടനെല്ലൂരും, നെടുങ്കണ്ടം, മുട്ടം, പീരുമേട്, കാസർഗോഡ് എന്നിവിടങ്ങളിൽ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ വാടകവീട് പദ്ധതിയും തൊടുപുഴയിലും കട്ടപ്പനയിലും കാസർഗോഡും കോഴിക്കോടും മാനന്തവാടിയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ഭവന നിർമ്മാണ ബോർഡ് വഴി കുറഞ്ഞ പലിശ നിരക്കിൽ ഭവനവായ്പ

176 [2051] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിന് വായ്പ നൽകുന്ന ബാങ്കുകൾ ഘട്ടംഘട്ടമായി ടി വായ്പക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ പലിശ വർദ്ധിപ്പിക്കുന്നതുമൂലം താഴ്ന്ന ഇടത്തരം വരുമാന പരിധിയിലുള്ളവർ ഭവന വായ്പയെടുത്ത് കടക്കെണിയിലാവുന്നതും വായ്പയെടുക്കാൻ കഴിയാതെയും തിരിച്ചടയ്ക്കാൻ കഴിയാതെയും ബുദ്ധിമുട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭവന നിർമ്മാണ ബോർഡ് വഴി വളരെ കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പ നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ നിലവിലില്ല.

(ഡി) സർക്കാരിന്റെ ധനസ്ഥിതി അനുസരിച്ച് പരിഗണിക്കുന്നതാണ്.

## ഹൗസിംഗ് ബോർഡ് ഭവന വായ്പാ പദ്ധതി

177 [2052] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ഇപ്പോൾ ഭവനവായ്പ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വായ്പാ പദ്ധതി പുനരാരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും ഭവന വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് നിലവിലുള്ള ആശ്വാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. വായ്പാ പദ്ധതി പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആശ്വാസ പദ്ധതിയായി നടപ്പിലാക്കി വന്നിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-6-2007-ൽ അവസാനിച്ചു. സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും ഭവന വായ്പ എടുത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരും വളരെ താഴ്ന്നവരുമാന വിഭാഗത്തിൽ പെട്ടവരുമായ ഗുണ ഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന്/ഇളവു നൽകുന്നതിന് 22/5/2007-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 18/2007/ഭവനം നമ്പർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

## ഭവന നിർമ്മാണ ബോർഡിന് ലഭിക്കാനുള്ള വിവിധ ഭവന വായ്പാ തുക

178 [2053] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിനു വിവിധ ഭവന വായ്പ, ഹയർ പർച്ചേസ് പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിന്നും ലഭിക്കാനുള്ള തുക എന്നിവയിൽ എത്ര തുക വീതം (മുതൽ, പലിശ, പിഴപ്പലിശ, മുടക്ക് പലിശ എന്നിവ) എഴുതിത്തള്ളുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ 2001-2002 മുതൽ നാളിതുവരെയുള്ള കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം എഴുതിത്തള്ളുവാൻ നിർദ്ദേശിച്ച തുകയ്ക്ക് തുല്യമായി ബോർഡിന് സഹായം നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വീടുകൾ, ഫ്ളാറ്റുകൾ തുടങ്ങിയവയുടെ ലേല വില്പന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയുടെ ഗുണഭോക്താക്കൾക്ക് എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് മൊത്തം നൽകിയതെന്നും ആയത് ബോർഡിന്റെ ലാഭം എത്രത്തോളം കുറച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഇ) സാമൂഹിക പ്രതിബദ്ധത മൂലം ഇപ്രകാരം ആനുകൂല്യങ്ങൾ നൽകിയത് വഴി ബോർഡിന് ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് സർക്കാർ സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡിന്റെ വിവിധ ഭവന വായ്പ പദ്ധതികളെ ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുവാനുള്ള തുകയിൽ 2001-2002 മുതൽ 2006-2007 വരെയുള്ള കാലയളവിൽ 54,26,396 രൂപ എഴുതിത്തള്ളാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് അതായത് മുതൽ, പലിശ, പിഴപ്പലിശ, മുടക്കപ്പലിശ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ഹയർ പർച്ചേസ് പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിച്ചുവരുന്നു.

(ബി) മേൽ പറഞ്ഞ രീതിയിൽ എഴുതിത്തള്ളി ഉത്തരവായ തുകയുടെ 2001-2002 മുതൽ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ബോർഡ് നടപ്പാക്കിയ വായ്പാ പദ്ധതികൾ, ജില്ലാ കളക്ടർമാർ മുഖേന നടപ്പാക്കിയ വായ്പാ പദ്ധതികൾ, എം. എൽ. എ./എം. പി. വായ്പാ പദ്ധതി എന്നിവയാണ് എഴുതിത്തള്ളി നിർദ്ദേശം നൽകിയിട്ടുള്ളത്.

| | വർഷം | എഴുതിത്തള്ളാനുള്ള തുക |
|---|---|---|
| 1. | 2001-2002 | 19,238 രൂപ |
| 2. | 2002-2003 | ഇല്ല |
| 3. | 2003-2004 | 6,97,908 രൂപ |
| 4. | 2004-2005 | 26,68,406 " |
| 5. | 2005-2006 | 8,05,235 |
| 6. | 2006-2007 | 12,35,609 |
| | ആകെ | 54,26,396 |

(സി) വിവിധ ഭവന വായ്പാ പദ്ധതികളിൽ ഗുണഭോക്താക്കളെ വായ്പാ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ബോർഡിന് ലഭിക്കേണ്ട തുക ബോർഡ് സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തട്ടിക്കഴിക്കുന്നതിന് നിർദ്ദേശിക്കാറുണ്ട്. അപ്രകാരമുള്ള ഉത്തരവ് അനുസരിച്ച് സർക്കാരിലേയ്ക്ക് എഴുതുകയും തുടർന്ന് തുക അഡ്ജസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തവർക്ക് ഇളവുകൾ നൽകാൻ നടപടി

179 [2054] ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാത്ത ദരിദ്ര ജനവിഭാഗങ്ങൾക്ക് വായ്പയിൽ ഇളവ് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(ബി) വായ്പ തിരിച്ചടയ്ക്കുന്നതിന് സാധിക്കാത്തവർക്കായി വായ്പ എഴുതി തള്ളൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) 22-5-2007-ലെ ജി. ഒ. (എം. എസ്.) 18/2007/ഭവനം നമ്പർ ഉത്തരവ് പ്രകാരം വായ്പ തിരിച്ചടക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾക്ക് 29.75 കോടി രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ വായ്പാ തിരിച്ചടവിന് സമാശ്വാസമായി 7-2-2004 മുതൽ 30-6-2007 വരെ നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ദുർബല വിഭാഗക്കാരുടെയും തിരിച്ചടവ് കാലാവധി കഴിഞ്ഞ സ്കീമുകളിൽപ്പെട്ട താഴ്ന്ന വരുമാന വിഭാഗക്കാരായ കുടിശ്ശികക്കാരുടെയും വായ്പാ കുടിശ്ശികയിൽ മുടക്കപ്പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കിയിരുന്നു.

(ബി) ബോർഡിൽ നിന്ന് വായ്പയെടുത്ത വിവിധ വായ്പാ പദ്ധതികളിൽ പെട്ട ദുർബ്ബല/താഴ്ന്ന വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കളുടെ കുടിശ്ശിക എഴുതി തള്ളുന്നതിന്/ആനുകൂല്യം അനുവദിക്കുന്നതിന് 22-5-2007-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 18/2007/ഭവനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

180 [2055] ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് എത്ര രൂപ സമാഹരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സംരംഭം വിജയകരമായിരുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി വീണ്ടും നടപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 7-2-2004 മുതൽ 30-6-2007 വരെ 14202.86 ലക്ഷം രൂപ സമാഹരിച്ചു.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിരവധി, പഴക്കമുള്ള കുടിശ്ശികക്കാർ ഈ പദ്ധതിയുടെ ആനുകൂല്യത്തോടെ തുക തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുകയുണ്ടായി. ഇതുവഴി, പിരിഞ്ഞു കിട്ടാതിരുന്ന കിട്ടാക്കടമായിരുന്ന കുടിശ്ശിക ഒരളവു വരെ പിരിച്ചെടുക്കുവാൻ സാധിച്ചു. ഈ പദ്ധതി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഹൗസിംഗ് ബോർഡ് ഒറ്റപ്പാലത്ത് നിർമ്മിച്ച വീടുകൾ

181 [2056] ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് എത്ര വീടുകളാണ് പണിതിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ വീടിനുമുള്ള നിർമ്മാണ ചെലവ് എത്രയെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും വീടുകൾ ബോർഡ് ആർക്കെങ്കിലും വില്പന നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) വീടുകളെ എത്ര കാറ്റഗറിയായിട്ടാണ് തിരിച്ചിരിക്കുന്നത്; ഓരോ വീടും എത്ര സ്ക്വയർ ഫീറ്റിലാണ് നിർമ്മിച്ചിരിക്കുന്നത്; എല്ലാ വീടുകളും വിതരണം ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

## ഉത്തരം

(എ) ഒറ്റപ്പാലത്ത് ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് 67 വീടുകളാണ് ബോർഡ് നിർമ്മിച്ചിട്ടുള്ളത്.

(ബി) ഓരോ മാതൃക വീടിനുമുള്ള നിർമ്മാണ ചെലവ് ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെ (പലിശ ചേർക്കാതെ) ചുവടെ ചേർക്കുന്നു:

| മാതൃക | ചെലവ് (രൂപയിൽ) |
|---|---|
| D11 | 3,20,009 |
| F19 | 5,55,993 |
| E9 | 5,82,810 |
| F12 | 5,99,347 |
| F17 | 7,58,904 |

(ച. അടിക്ക് 446.94 രൂപ)

(സി) ബോർഡ് നിർമ്മിച്ച 67 വീടുകളും പല പ്രാവശ്യം ഒറ്റപ്പാലം സെന്ററിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഓഫർ ചെയ്തെങ്കിലും ടി വീടുകൾ അലോട്ട്

ചെയ്യുവാൻ കഴിഞ്ഞില്ല. ഇപ്പോൾ ടി വീടുകൾ പൊതുലേലത്തിലൂടെ വിൽക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പദ്ധതി നടത്തിപ്പിനു ചെലവായ തുകയുടെ കൂടെ പലിശയും ചേർത്ത് നിശ്ചയിച്ച വില, മാർക്കറ്റ് വിലയേക്കാൾ കൂടുതൽ ആയതിനാലാവാം വീടുകൾ വിറ്റുപോകാതിരുന്നത്.

(ഡി) വീടുകളെ അഞ്ച് കാറ്റഗറിയായിട്ടാണ് തിരിച്ചിരിക്കുന്നത്. അവയുടെ വിവരം താഴെ കൊടുക്കുന്നു:

| മാതൃക | പ്ലിന്ത് ഏരിയ ച. അടിയിൽ | എണ്ണം |
|---|---|---|
| D11 | 716 | 4 |
| F19 | 1244 | 24 |
| E9 | 1304 | 24 |
| F12 | 1341 | 6 |
| F17 | 1698 | 9 |

വിറ്റഴിയാതെ കിടക്കുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ മുഖേന Tripartite Agreement വച്ച് ഹയർ പർച്ചേസ് ആനുകൂല്യം നൽകി ലേലവില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ഹൗസിംഗ് ബോർഡ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

182 [2057] ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഹൗസിംഗ് ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ എന്നിവ പുതുക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനും എത്ര തുക ഇതുവരെ ചെലവഴിക്കുകയുണ്ടായി;

(ബി) ഹൗസിംഗ് ബോർഡിന്റെ നിലവിലുള്ള ചെയർമാൻ, സെക്രട്ടറി എന്നിവരുടെ ക്വാർട്ടേഴ്സുകളും പരിസരവും മോടിപിടിപ്പിക്കുന്നതിന് ഇതുവരെ എത്ര തുക വീതം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മേഖലകൾക്ക് കീഴിൽ വരുന്ന ഓഫീസുകൾ പുതുക്കുന്നതിനും അനുബന്ധ അറ്റകുറ്റപ്പണികൾക്കുമായി ആകെ 5,87,478 രൂപയും ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഗസ്റ്റ് ഹൗസുകൾ പുതുക്കുന്നതിനും അനുബന്ധ അറ്റകുറ്റപ്പണികൾക്കുമായി ആകെ 3,83,196 രൂപയും, ആകെ 9,70,674 രൂപ ചെലവഴിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൗസിംഗ് ബോർഡിന്റെ ചെയർമാൻ, സെക്രട്ടറി എന്നിവരുടെ ക്വാർട്ടേഴ്സ് മോടിപിടിപ്പിക്കുന്നതിനായി പ്രത്യേക ചെലവൊന്നും വരുത്തിയിട്ടില്ല. അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി ചെയർമാന്റെ ക്വാർട്ടേഴ്സിൽ 1,32,645 രൂപയും, സെക്രട്ടറിയുടെ ക്വാർട്ടേഴ്സിൽ 1,65,549 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## ഹൗസിംഗ് ബോർഡിലെ വിവിധ തസ്തികകൾ

183 [2058] ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിൽ വിവിധ തസ്തികകളിലായി എത്ര പേർ വീതം കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുവെന്നും ഇവരുടെ തസ്തിക തിരിച്ചു ശമ്പള സ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ സമാന തസ്തികയിലെ ജീവനക്കാരെ വിവിധ ശമ്പള സ്കെയിലിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ;

(സി) സമാന തസ്തികകളുടെ വിവിധ ശമ്പള സ്കെയിൽ ഏകീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരുടെ തസ്തിക തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം | പ്രതിഫലം |
|---|---|---|---|
| 1 | ചീഫ് ആർക്കിടെക്ട് | 1 | 25,000 രൂപ |
| 2 | ആർക്കിടെക്ട് | 1 | 18,000 രൂപ |
| 3 | അസിസ്റ്റന്റ് ആർക്കിടെക്ട് | 2 | 13,500 രൂപ വീതം |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 4 | 12,676 രൂപ വീതം |
| 5 | ആർക്കിടെക്ച്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 1 | 13,344 രൂപ |
| 6 | ആർക്കിടെക്ച്ചറൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 2 | 9,294 രൂപ വീതം |
| 7 | എൽ.ജി.ഇ. | 4 | 2,000 രൂപ വീതം |
| 8 | പമ്പ് ഓപ്പറേറ്റർ | 1 | 750 രൂപ |
| 9 | ഇലക്ട്രീഷ്യൻ | 1 | 3,000 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 10 | വയർമാൻ | 1 | 4,350 രൂപ |
| 11 | സ്കിൽഡ് അസിസ്റ്റന്റ് | 1 | 4,950 രൂപ |
| 12 | സെക്യൂരിറ്റി ഗാർഡ്/വാച്ചർ | 28 | 1,500 രൂപ മുതൽ 5,100 രൂപ വരെ |
| 13 | ഗസ്റ്റ് ഹൗസ് കീപ്പർ | 2 | 2,700 രൂപ വീതം |
| 14 | സ്വീപ്പർ | 49 | 800 രൂപ മുതൽ 2,400 രൂപ വരെ |
| 15 | ഗാർഡ്നർ | 1 | 2,700 രൂപ |
| 16 | പ്ലംബർ | 1 | 2,700 രൂപ |
| 17 | ലിഫ്റ്റ് ഓപ്പറേറ്റർ | 10 | 2,000 രൂപ മുതൽ 2,250 രൂപ വരെ |

(ബി) ഉണ്ട്.

സെക്യൂരിറ്റി ഗാർഡ്/വാച്ചർ, സ്വീപ്പർ, ലിഫ്റ്റ് ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിൽ വിവിധ പ്രതിഫലത്തിൽ താഴെ പറയും പ്രകാരം നിയമിച്ചിട്ടുണ്ട്:

| | |
|---|---|
| സെക്യൂരിറ്റി ഗാർഡ്/വാച്ചർ | 1,500 രൂപ മുതൽ 5,100 രൂപ വരെ |
| സ്വീപ്പർ | 800 രൂപ മുതൽ 2,400 രൂപ വരെ |
| ലിഫ്റ്റ് ഓപ്പറേറ്റർ | 2,000 രൂപ മുതൽ 2,250 രൂപ വരെ |

ബോർഡിന്റെ കേരളത്തിലുടനീളമുള്ള വിവിധ ഓഫീസുകളിൽ ആവശ്യമായ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അതത് പ്രദേശങ്ങളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച ശേഷം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള ഏജൻസി/വ്യക്തികളെ നിയമിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഏജൻസി വഴിയല്ലാതെ ബോർഡിൽ ഏറെക്കാലമായി ജോലി ചെയ്തുവരുന്നവരുടെ വേതനം കാലാകാലങ്ങളിലുള്ള പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ ഓഫ് റേറ്റിനും, സർക്കാർ ഉത്തരവിനും അനുസൃതമായി ബോർഡ് തീരുമാനപ്രകാരം പരിഷ്ക്കരിച്ചു നൽകാറുണ്ട്.

(സി) ബോർഡിന്റെ ഇന്നത്തെ പരിതാപകരമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ പരിശോധനകൾക്കു ശേഷം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## ഹൗസിംഗ് ബോർഡ് ജീവനക്കാർക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് റെഗുലേഷൻ

184 [2059] ശ്രീ. ജോർജ്ജ് മേഴ്സിയർ :
ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2/117/10-13 (a)

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹൗസിംഗ് ബോർഡ് ജീവനക്കാർക്ക് സംസ്ഥാന ജീവനക്കാരുടേതിനു സമാനമായതും, വൈദ്യുതി ബോർഡ് പോലുള്ള ഇതര സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾക്ക് അനുവദിച്ചതുപോലുള്ളതുമായ ഒരു മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് റെഗുലേഷന് അംഗീകാരം നൽകണമെന്ന് ഹൗസിംഗ് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റെഗുലേഷന്റെ അംഗീകാരത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ; ഇതിന് തടസ്സമൊന്നുമില്ലെങ്കിൽ അടിയന്തിരമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

## ഹൗസിംഗ് ബോർഡ് ജീവനക്കാരുടെ പി. എഫ്. ക്രെഡിറ്റ് കാർഡുകൾ

185 [2060] ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് ജീവനക്കാർക്ക് ഏതു വർഷത്തേക്കുള്ള പി. എഫ്. ക്രെഡിറ്റ് കാർഡാണ് ഏറ്റവും അവസാനം വിതരണം നടത്തിയിട്ടുള്ളത്.

(ബി) എത്ര വർഷത്തെ ക്രെഡിറ്റ് കാർഡുകൾ തയ്യാറാക്കുന്നതാണ് ഇപ്പോൾ കുടിശ്ശിക ആയിട്ടുള്ളത്;

(സി) പി. എഫ്. വാർഷിക ക്രെഡിറ്റ് കാർഡുകൾ കുടിശ്ശികയില്ലാതെ എന്നത്തേക്ക് വിതരണം നടത്തുവാൻ കഴിയുമെന്ന് അറിയിക്കാമോ; ഇതിനായുള്ള സംവിധാനം കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡ് ജീവനക്കാർക്ക് 1997-98 വർഷത്തേയ്ക്കുള്ള പി. എഫ്. ക്രെഡിറ്റ് കാർഡാണ് ഏറ്റവും അവസാനമായി വിതരണം നടത്തിയിട്ടുള്ളത്.

(ബി) 98-99 വർഷം മുതലുള്ള 9 വർഷത്തെ ക്രെഡിറ്റ് കാർഡുകൾ തയ്യാറാക്കുന്നതാണ് ഇപ്പോൾ കുടിശ്ശിക ആയിട്ടുള്ളത്.

(സി) കുടിശ്ശികയായ ക്രെഡിറ്റു കാർഡുകൾ വിതരണം ചെയ്യുന്ന ജോലി കമ്പ്യൂട്ടറൈസ് ചെയ്ത് കാര്യക്ഷമമാക്കി കഴിയുന്നതും വേഗം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ്

186 [2061] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ ട്രേഡ് യൂണിയൻ നേതൃത്വവും നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡി ചെയർമാനുമായ രാജ്യസഭാംഗം ശ്രീ. പി. ആർ. രാജന്റെ സാന്നിദ്ധ്യത്തിൽ തൊഴിലാളികളുടെ ആവശ്യപ്രകാരം കരാർ ഒപ്പിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാർ വ്യവസ്ഥ ഏകപക്ഷീയമായി ലംഘിച്ചതിനെ തുടർന്ന് യൂണിയൻ നേതാവായ ശ്രീ. എം. വി. ജയരാജൻ എക്സ്. എം. എൽ. എ. നിരാഹാര സമരം പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാർ വ്യവസ്ഥകൾ ലംഘിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) തൊഴിലാളികളുടെയും ജീവനക്കാരുടെയും മുൻ ശമ്പളം പോലും തടഞ്ഞു വച്ച നിർമ്മിതി കേന്ദ്ര ഗവേണിംഗ് ബോഡ് സെക്രട്ടറിയുടെ നടപടി സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(എഫ്) വകുപ്പ് മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് പ്രശ്നപരിഹാരത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണെന്ന് വ്യക്തമാക്കുമോ;

(ജി) തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാരുടെ കാലാനുസൃതമായ ശമ്പള വർദ്ധനവും, ഗ്രേഡും നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ബൈലോ പ്രകാരം നിർമ്മിതി കേന്ദ്രത്തിലെ ഏതു നടപടികൾക്കും ഗവേണിംഗ് ബോഡിയുടെ ഭൂരിപക്ഷാംഗങ്ങളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. കരാറിൽ പറയുന്ന വ്യവസ്ഥകൾ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ പ്രാബല്യമുണ്ടാകൂ എന്ന നിബന്ധനയോടെയായിരുന്നു കരാറിൽ ജില്ലാ കലക്ടർ ഒപ്പുവച്ചിട്ടുള്ളത്. എന്നാൽ ഗവേണിംഗ് ബോഡി പ്രസ്തുത കരാർ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്തതിൽ ഭൂരിപക്ഷാംഗങ്ങൾ കരാറിലെ വ്യവസ്ഥകൾ അംഗീകരിക്കുകയുണ്ടായില്ല. ആയതിനാലാണ് പ്രസ്തുത കരാർ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത്.

(ഇ) തൊഴിലാളികളുടെയും ജീവനക്കാരുടെയും മുൻ ശമ്പളം തടഞ്ഞു വെയ്ക്കുകയുണ്ടായില്ല.

(എഫ്) ഉണ്ട്, ഇക്കാര്യം വകുപ്പുമന്ത്രി തൃശ്ശൂർ നിർമ്മിതി കേന്ദ്ര ചെയർമാനും സെക്രട്ടറിയും തൊഴിലാളി സംഘടനാ നേതാക്കളുമായി 14-8-2007-ൽ ചർച്ച ചെയ്തിട്ടുള്ളതും ചർച്ചയുടെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന ഹോണറേറിയം ജീവനക്കാർക്ക് അടിയന്തിരമായി നൽകുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം 17-8-2007-ൽ തന്നെ ഹോണറേറിയം നൽകുകയും ചെയ്തു. കൂടാതെ ഹോണറേറിയം വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് 2007 സെപ്തംബർ മാസത്തിൽ തന്നെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(ജി) ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുള്ളതും ഗവേണിംഗ് ബോഡി അംഗീകരിച്ച ശമ്പള പരിഷ്ക്കരണ നടപടി പ്രകാരം ശമ്പളം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഒരു വിഭാഗം ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് പരിഗണനയിലുള്ളതുമാണ്.

## ആഡംബര വീടുകൾ നിർമ്മിക്കുന്നതിന് നിയന്ത്രണം

187 [2062] ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും അധികം നിർമ്മാണ പ്രവർത്തനം നടക്കുന്നത് ഭവന നിർമ്മാണ മേഖലയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായതിനേക്കാൾ വളരെ വലിയ വീടുകൾ നിർമ്മിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വീടു നിർമ്മിക്കുവാൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് അനുയോജ്യമായ വീട് നിർമ്മിച്ചുകൊടുക്കുവാൻ ആവശ്യമായ തുക ആഡംബര വീടുകൾ നിർമ്മിക്കുന്നവരിൽ നിന്ന് നികുതിയായോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ സ്വരൂപിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ ഭവന നിർമ്മാണ മേഖലയിൽ വളരെ അധികം നിർമ്മാണ പ്രവർത്തനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഉണ്ട്. ഭവന നിർമ്മാണ രംഗത്തെ സമഗ്രമായ വികസനം മുൻനിർത്തി 3000 ച. അടിയിൽ അധികം വിസ്തീർണ്ണമുള്ള ഫ്ളാറ്റുകൾക്ക്/വീടുകൾക്ക് വിലയുടെ 1% സെസ് ഏർപ്പെടുത്തി പ്രസ്തുത തുക സംസ്ഥാന ഷെൽട്ടർ ഫണ്ടിൽ മുതൽക്കൂട്ടി പാവപ്പെട്ട ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി ഉപയോഗപ്പെടുത്തുവാൻ കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007-ന്റെ കരടിൽ വിഭാവനം ചെയ്യുന്നുണ്ട്.

## ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ

188 [2063] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

ഉണ്ട്. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും അടിയന്തിര ഘട്ടങ്ങൾ നേരിടുന്നതിനും കേരള ഭവന നിർമ്മാണ പാർപ്പിട നയം 2007-ന്റെ കരടിൽ ഊന്നൽ നൽകുന്നുണ്ട്.

## ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി

189 [2064] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുറമ്പോക്കിൽ താമസിക്കുന്നവർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതരായവർക്കും വീട് നിർമ്മിച്ചു നൽകുന്നതിന് പര്യാപ്തമായ ഏതെങ്കിലും പദ്ധതികൾ ഹൗസിംഗ് ബോർഡിനുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ഭവന നിർമ്മാണ ബോർഡിൽ ഇത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ പാവപ്പെട്ട പുറമ്പോക്കു താമസക്കാർക്ക് വീട് നിർമ്മിച്ചുനൽകുന്ന കാര്യം ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലുണ്ട്.

സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബല വിഭാഗങ്ങളിൽപ്പെട്ട സ്വന്തമായി രണ്ടുസെന്റ് ഭൂമിയുള്ള കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വീട് നിർമ്മിച്ചു നൽകുന്ന സുരക്ഷാ ഭവനപദ്ധതി ഭവന നിർമ്മാണ ബോർഡിൽ നിലവിലുണ്ട്.

## ദിവസ വേതനക്കാർക്കുള്ള ഭവന വായ്പാ പദ്ധതികൾ

190 [2065] ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സാധാരണക്കാരായ ദിവസ വേതനക്കാർക്ക് ഭവന നിർമ്മാണ വകുപ്പിൽ നിന്നും വായ്പ അനുവദിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വായ്പ ലഭിക്കുവാൻ വേണ്ട യോഗ്യതയും നടപടി ക്രമങ്ങളും നിബന്ധനകളും വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ വിഭാഗക്കാർക്ക് വായ്പ അനുവദിക്കുവാൻ പ്രത്യേക പദ്ധതിയൊന്നും ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(ബി) ബാധകമല്ല.

## മൈത്രീ ഭവന നിർമ്മാണ പദ്ധതി

191 [2066] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലയളവിൽ മൈത്രീഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആക്ഷേപത്തെ സംബന്ധിച്ച് ഏതെങ്കിലും തലത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ ഹൗസിംഗ് മന്ത്രി ആരായിരുന്നു; ഹൗസിംഗ് ബോർഡ് ചെയർമാൻ ആരായിരുന്നു;

(സി) മൈത്രീ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ആരോപണങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-2001 കാലഘട്ടത്തിൽ ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫും ഭവന നിർമ്മാണ ബോർഡ് ചെയർമാൻ കമാണ്ടർ ഷെവലിയർ ശ്രീ. റ്റി. യു. കുരുവിളയും ആയിരുന്നു.

(സി) മൈത്രി ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

1. മൈത്രി ഭവന നിർമ്മാണ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും ബോർഡ് സമാഹരിച്ച വായ്പ തുക ടി പദ്ധതിക്കായി വിനിയോഗിക്കാതെ ബോർഡിന്റെ ഇതര ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി സർക്കാർ അനുവദിച്ചതിനേക്കാൾ കവിഞ്ഞ തുക, ബോർഡ് വായ്പയായി സമാഹരിച്ച തുകയിൽ നിന്നും ചെലവഴിച്ചു.

3. അപേക്ഷിച്ച എല്ലാപേർക്കും മുഴുവൻ വായ്പാ ഗഡുക്കളും ബോർഡ് അനുവദിച്ചു നൽകിയില്ല.

4. വായ്പാ ഗഡുക്കൾ കൈപ്പറ്റിയവർ വീടുപണി മുഴുവനായി സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

5. അനവധി പേർ തെറ്റായ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകി ഗഡുക്കൾ കൈപ്പറ്റി ബോർഡുമായുള്ള കരാർ ലംഘനം നടത്തി.

(ഡി) ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്, അക്കൗണ്ടന്റ് ജനറൽ, മെ.ധൻ ആന്റ് കമ്പനി എന്നീ ഏജൻസികൾ നടത്തിയ അന്വേഷണങ്ങൾ പൂർത്തിയായിട്ടുണ്ട്. വിജിലൻസ് വകുപ്പ്, ലോക്കൽ ഫണ്ട് ആഡിറ്റ്, പഞ്ചായത്ത് ഡയറക്ടർ എന്നീ ഏജൻസികളുടെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## കായംകുളം നിയോജകമണ്ഡലത്തിൽ സുനാമി ബാധിത പ്രദേശങ്ങളിൽ വീട് നിർമ്മാണം

192 [2067] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിലെ സുനാമി ബാധിത പ്രദേശങ്ങളിൽ എത്ര വീടുകളാണ് സുനാമി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയ്ക്ക് 'എസ്. എൽ. ഇ. സി.'-യുടെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) 'എസ്. എൽ. ഇ. സി.'-യുടെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചിട്ടില്ലെങ്കിൽ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ മുതൽ സി വരെ) പുനരധിവാസ പദ്ധതിയിലെ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടില്ല. സ്ഥലം എടുക്കുന്നതിന്, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നു. ഫിഷറീസും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്നാണ് ഇതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നത്. ഭവന നിർമ്മാണ വകുപ്പിന്റെ ചുമതലയിലാണ് വീടുകളുടെ നിർമ്മാണം.

## എറണാകുളം ജില്ലയിലെ ലക്ഷം വീടുകൾ

193 [2068] ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുഴുവൻ ലക്ഷം വീടുകളിലും ആൾ താമസ മുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലക്ഷം വീടുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലക്ഷം വീടുകൾ പൂർണ്ണമായും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലക്ഷം വീടുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നവർക്കെതിരെ, അതാത് പഞ്ചായത്തുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കാൻ എല്ലാ തഹസീൽദാർമാർക്കും എറണാകുളം ജില്ലാ കലക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൂർണ്ണമായും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ

194 [2069] ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 26-11-04-ലെ സർക്കാർ ഉത്തരവു പ്രകാരം ഭവന നിർമ്മാണ ബോർഡു വഴി ലക്ഷം വീടു നവീകരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഒറ്റ വീടുകൾ പുതുക്കിപ്പണിയുന്നതിനും ഇരട്ട വീടുകൾ ഒറ്റ വീടുകളായി പുനർനിർമ്മിക്കുന്നതിനുമാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വീട് പുനർ നിർമ്മിക്കുന്നതിനുള്ള ചെലവ് 40,000 രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 50% (പരമാവധി 20,000 രൂപ) സർക്കാർ സഹായവും ബാക്കി (50%) തുക സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു. 2500 വീടുകളുടെ നവീകരണത്തിനായി ഇതുവരെ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 31-8-07 വരെ വിവിധ ജില്ലകളിലായി 1328 വീടുകൾ പുനർ നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി അറ്റകുറ്റപ്പണികൾക്ക് വിധേയമാക്കാൻ കഴിയാത്ത വീടുകൾ പുതുക്കിപ്പണിയുന്നതിന് പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി ധനലഭ്യതയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[നക്ഷത്ര ചിഹ്നമിടാത്ത 2028-ാം നമ്പർ ചോദ്യത്തിന്റെ മറുപടി എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly

# II അടിയന്തിര പ്രമേയം

## സുനാമി ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ

മി. സ്പീക്കർ: സുനാമി ബാധിത പ്രദേശങ്ങളിലെ സ്കൂളുകളുടെ അറ്റകുറ്റ പണികൾക്കായി മാറ്റിവയ്ക്കപ്പെട്ട തുക അനർഹമായി മറ്റ് മേഖലകൾക്ക് നൽകിയതിനെതിരെ ഇന്ന് ആലപ്പുഴയിൽ കളക്ടറേറ്റ് ഉപരോധവും തീരദേശ ഹർത്താലും നടക്കുന്നതുമൂലം ഉളവായ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. വേണുഗോപാൽ, സി. ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a. m.]

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. പി. രാജേന്ദ്രൻ): സർ, സുനാമി ദുരന്തത്തെത്തുടർന്ന് കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടിയുള്ള സുനാമി പുനരധിവാസ പദ്ധതി കേരള സർക്കാർ അങ്ങേയറ്റത്തെ ജാഗ്രതയോടു കൂടിയും സമയബന്ധിതമായും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. പാർപ്പിടം, ജീവനോപാധി, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം, തീരദേശ സംരക്ഷണം എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതി 2009 സെപ്റ്റംബറിൽ പൂർത്തീകരിക്കേണ്ടതാണ്. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി തീരദേശ മേഖലയിലെ 9 ജില്ലകളിൽ ഏകദേശം 80 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. 1441.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഈ പദ്ധതി പ്രധാനമായും നാലു മേഖലകളിൽ അതായത് ഭവനനിർമ്മാണം, അടിസ്ഥാന പശ്ചാത്തല വികസന സൗകര്യം, സാമൂഹ്യ പശ്ചാത്തല സൗകര്യം, തീരദേശ സംരക്ഷണം എന്നിവയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യപശ്ചാത്തല മേഖലയിലെ സൗകര്യത്തിനായി 146.18 കോടി രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 42.5 കോടി രൂപ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ലൈബ്രറികളുടെ നവീകരണം എന്നിവയ്ക്കാണ് മാറ്റിവച്ചിരിക്കുന്നത്. സംസ്ഥാനത്തെ തീരദേശത്തെ സ്കൂളുകളുടെ വികസനം ലക്ഷ്യമാക്കി 41.5 കോടി രൂപയുടെ പദ്ധതികൾ ഇതിനകം വിവിധ ജില്ലകളിൽനിന്ന് ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികൾ അംഗീകരിച്ചാണ് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കപ്പെട്ടത്. പ്രസ്തുത തുക എൽ. പി. സ്കൂളുകൾ 125 എണ്ണം, യു. പി. സ്കൂളുകൾ 65, ഹൈസ്കൂളുകൾ 20, ഹയർ സെക്കന്ററി സ്കൂളുകൾ 57, ഫിഷറീസ് സ്കൂളുകൾ 13, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ 17 എന്നീ ക്രമത്തിലാണ് വിവിധ ജില്ലകളിലെ വിവിധ സ്കൂളുകൾക്കായി വകയിരുത്തിയിരിക്കുന്നത്. ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി അംഗീകരിച്ചശേഷം ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുൻഗണനാക്രമം അനുസരിച്ച് നിശ്ചയിച്ച് സമർപ്പിച്ച ലിസ്റ്റാണ് എസ്. എൽ. ഇ. സി. അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി അയച്ചത്. സ്കൂളുകളെ തെരഞ്ഞെടുത്തതും മുൻഗണനാക്രമം നിശ്ചയിച്ചതും അതാത് ഭരണവകുപ്പുകളാണ്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സർക്കാർ സ്കൂളുകളുടെ പുനരുദ്ധാരണം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ടി. ആർ. പി.-യിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാരാണ് ഇതിനായിട്ടുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച സ്കൂളുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്കൂളുകൾ ഉൾപ്പെടുത്തിയതിൽ ചില ഗവൺമെന്റ് സ്കൂളുകൾ വിട്ടുപോയിട്ടുള്ളതായി ബഹുമാനപ്പെട്ട എം. എൽ. എ.-മാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കഴിഞ്ഞ ബുധനാഴ്ച ചേർന്ന മന്ത്രിസഭാ ഉപസമിതി ആ വിഷയം ഗൗരവമായി ചർച്ചചെയ്തു. വിട്ടുപോയിട്ടുള്ള ഏതെങ്കിലും ഗവൺമെന്റ് സ്കൂളുകൾ തീരപ്രദേശത്തുണ്ടെങ്കിൽ അതുൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് നമ്മൾ പ്രത്യേകമായി അയയ്ക്കണം. എയിഡഡ് സ്കൂളുകൾ ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം കഴിഞ്ഞ ദിവസം ശ്രീ. എ. എം. ആരിഫ്, എം. എൽ. എ. സബ്മിഷനിലൂടെയും ഉന്നയിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നാല് എം. എൽ. എ.-മാരും ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. ബി. ബാബു പ്രസാദ്, ശ്രീ. പി. തിലോത്തമൻ ഉൾപ്പെടെയുള്ളവർ ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തി, ഞങ്ങൾ ആ വിഷയം ചർച്ച ചെയ്തു. എയിഡഡ് സ്കൂളുകളെ ഉൾപ്പെടുത്താൻ മാനദണ്ഡപ്രകാരം കഴിയാത്തതു കൊണ്ടുമാത്രമാണ് ഉൾപ്പെടുത്താത്തത്. അവർ പറയുന്നത് ഗവൺമെന്റ് സ്കൂളുകൾ, ഗവൺമെന്റ് ആശുപത്രികൾ ഇവ പബ്ലിക് സ്ഥാപനങ്ങളാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് അവയെ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നാണ്. മറിച്ച് ഇതിനകത്ത് തീരദേശമേഖലയിലെ എയിഡഡ് സ്കൂളുകളിൽ ഭൂരിപക്ഷവും മൽസ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്നവയാണ് എന്നത് ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ ഞങ്ങൾ ആ വിഷയവും ചർച്ചചെയ്തു. ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി വീണ്ടും ചർച്ചചെയ്ത് ഏതെങ്കിലും തരത്തിൽ അങ്ങനെയുൾപ്പെടുത്താൻ കഴിയുന്നതാണോയെന്ന് പരിശോധിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ. പിന്നെ തീരദേശമേഖലയായ ആലപ്പുഴ ജില്ലയിൽ വന്ന ശക്തമായ ഒരു കാര്യം, ഇന്നത്തെ സമരത്തെക്കുറിച്ചാണ് ഇവിടെ അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചത്. അതോടൊപ്പം തന്നെ ഒരു കാര്യം എനിക്ക് അറിയിക്കാനുള്ളത് തീരദേശ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം കൂടി വരുന്നുണ്ട്. അത് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പാണ്; സുനാമി ബാധിതപ്രദേശങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളിലെ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഒന്നുമുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300 രൂപ നൽകുന്ന ഒരു പദ്ധതിയാണിത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിക്കുന്നത്. 2005-ൽ തയ്യാറാക്കി സംസ്ഥാന ഗവണ്മെന്റ് കേന്ദ്രസർക്കാരിന് അയച്ച ഏതാണ്ട് 18,500-ഓളം വരുന്ന കുട്ടികൾക്കാണ് പദ്ധതിപ്രകാരം പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്ന് തുക ലഭിച്ചത്. ഈ തുക വിതരണം ചെയ്തപ്പോൾ ധാരാളം അർഹതപ്പെട്ട കുട്ടികൾ ഒഴിവാക്കപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീ. ആനത്തലവട്ടം ആനന്ദൻ, ശ്രീ. എ. എം. ആരിഫ് എന്നിവർ ഈ സഭയിൽ സബ്മിഷനായിട്ട് ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. ഇത് പരിശോധിച്ചപ്പോൾ ചില അപാകതകളും പോരായ്മകളും ഗവൺമെന്റിന് ബോധ്യപ്പെട്ടു. ഇതിനെത്തുടർന്ന് തുക വിതരണം നിർത്തിവച്ചു. കേന്ദ്രസർക്കാരുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടതിനെത്തുടർന്ന് കുട്ടികളെ തെരഞ്ഞെടുക്കാൻ ഒരു ഗൈഡ്‌ലൈൻ സർക്കാർ പുറത്തിറക്കണമെന്നും കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അതനുസരിച്ച് സ്വീകരിക്കണമെന്നും നേരത്തെ ഗവൺമെന്റിന് സമർപ്പിച്ച, കേന്ദ്രം അനുവദിച്ച ആ ലിസ്റ്റിലെ കുട്ടികൾക്കുള്ള തുക വിതരണം ചെയ്തതിനുശേഷം കേന്ദ്രത്തിന് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുകയും കൂടുതൽ കുട്ടികളെ- വിട്ടുപോയ കുട്ടികളെ- ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കാമെന്നുള്ള ഒരു അഷ്വറൻസും നമുക്ക് കിട്ടിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾ അന്ന് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. തൃശ്ശൂർ ജില്ലയിൽ കേവലം 7 കുട്ടികൾ മാത്രമാണ് ഈ ലിസ്റ്റിലുള്ളത്. ആ ലിസ്റ്റ് പ്രകാരം പല ജില്ലകളിലും വളരെ വ്യത്യാസങ്ങളാണ് കാണുന്നത്. അതുകൊണ്ട് ആ അപാകതകൾ പരിഹരിച്ച് ഈ വർഷം കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കാനുള്ള പരിശ്രമം ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വരുന്ന രണ്ടുമാസത്തിനുള്ളിൽ ആ ലിസ്റ്റ് പൂർണ്ണമാകും. എല്ലാപേരും ചർച്ചചെയ്ത് കുറ്റമറ്റ വിധത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കി നമുക്ക് കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിയണം. ഇതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. സുനാമി പദ്ധതിയുമായി ഇതിൽ ഒരു ഭാഗത്ത് പറയപ്പെടുന്ന 1441.75 കോടി രൂപയിൽ 2005-2006-ൽ തന്നെ അതിന്റെ ടീപ്പ് എന്ന ആദ്യ ഘട്ട പരിപാടികളും രാജീവ് ഗാന്ധി പാക്കേജ് പദ്ധതിപ്രകാരം കിട്ടിയ 100 കോടി രൂപയുടെയും ടീപ്പിൽ നമുക്ക് എ. ഡി. ബി.-യുടെ സഹായത്തോടുകൂടി കിട്ടിയ 245 കോടി രൂപയുടെയും പദ്ധതികൾക്കുള്ള ഭരണാനുമതിയുമെല്ലാം നേരത്തെ നൽകിയിട്ടുള്ളതാണ്. ഇപ്പോൾ ബാക്കിവരുന്ന സംഖ്യയ്ക്കുള്ള ഏകദേശം 1100-ഓളം കോടി രൂപയ്ക്കുള്ള പദ്ധതികളാണ് വിവിധ മേഖലകൾക്കായി രൂപം നൽകിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന് ആദ്യം ജൂലൈ മാസത്തിൽ നമ്മൾ 460 കോടി രൂപയുടെ ഒരു ലിസ്റ്റ് അയച്ചു. ആഗസ്റ്റ് മാസത്തിൽ വീണ്ടും ഒരു ലിസ്റ്റ് അയച്ചു. ഈ രണ്ടു ലിസ്റ്റും പരിശോധിച്ച് ആദ്യം നമ്മൾ സമർപ്പിച്ച ലിസ്റ്റിനാണ് അംഗീകാരം കിട്ടിയത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് ഒരു തുകയും ഇതിനായി ലഭിച്ചിട്ടില്ല. കേന്ദ്ര മാനദണ്ഡം അനുസരിച്ച് അങ്ങനെ സംഖ്യ തരുന്നതല്ല. അവർ പദ്ധതികൾ അംഗീകരിച്ചാൽ അൻപത് ശതമാനം അഡ്വാൻസ് തരും. പദ്ധതി ഏകദേശം 75 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞാൽ ബാക്കി തുക കൂടി ലഭിക്കും. ഇതാണ് അവരുടെ നോംസ്. ഇതിന്റെ ഭാഗമായി കഴിഞ്ഞയാഴ്ചയിൽ 68 കോടി രൂപ അവർ റിലീസ് ചെയ്തിട്ടുണ്ട്. ആ സംഖ്യ ഏതൊക്കെ വിഭാഗത്തിന് കൊടുക്കണമെന്നത് തീരുമാനമായിട്ടില്ല. സംസ്ഥാന ഗവൺമെന്റ്, ഇത് കാലതാമസം വരാതെ പൂർത്തിയാക്കണമെന്നുള്ളതു കൊണ്ട് മന്ത്രിസഭാ ഉപസമിതിയും മന്ത്രിസഭ തന്നെയും ചർച്ചചെയ്തു. ധനകാര്യ വകുപ്പുമന്ത്രി കൂടി അതിനാവശ്യമായ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക സംസ്ഥാന ഗവൺമെന്റുതന്നെ അഡ്വാൻസായി നൽകി ഈ പദ്ധതികൾ ആരംഭിക്കണമെന്നുള്ള തീരുമാനമാണ് ഞങ്ങൾ എടുത്തിട്ടുള്ളത്. അതിന്റെ ചർച്ചയും തീരുമാനവും അടുത്ത മന്ത്രിസഭാ യോഗത്തിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞാൻ പല തവണ സഭയിൽ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്, തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്രത്യേകിച്ചും പാവപ്പെട്ടവരുടെ ഉന്നമനത്തിനും തീരദേശത്തിന്റെ വികസനത്തിനും മാത്രമേ ഈ സംഖ്യ വിനിയോഗിക്കുകയുള്ളൂ എന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടി സുനാമിയുമായി ബന്ധപ്പെട്ട് പല പ്രാവശ്യം ഈ സഭ കേട്ടതാണ്. ബഹു. മന്ത്രി പറഞ്ഞത്, അങ്ങേയറ്റം ജാഗ്രതയോടുകൂടിയാണ് ഈ സുനാമി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കാണുന്നത് എന്നാണ്. ജാഗ്രതയുടെ ഒരു പ്രധാനപ്പെട്ട തെളിവ് ഈ നിയമസഭാ സമ്മേളനം തുടങ്ങിയശേഷം വന്ന 816, 818, 819, 820 നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യൻസാണ്. ഈ ചോദ്യങ്ങളെല്ലാം സുനാമി പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികളെക്കുറിച്ചാണ്. ഒറ്റ ചോദ്യത്തിനുപോലും മറുപടി നൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുമാത്രമല്ല ശ്രീ. ടി. എൻ. പ്രതാപന് കൊടുത്ത മറുപടിയാണ് ഞാൻ വായിക്കുന്നത്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയെത്ര? ഇതിൽനിന്നും നാളിതുവരെ എന്തു തുക വിനിയോഗിച്ചു? പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധിയിൽനിന്നും പത്തൊൻപത് കോടി പതിനഞ്ചു ലക്ഷത്തി എൺപത്തിയൊന്നായിരത്തി എണ്ണൂറ് രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള പദ്ധതികൾ തയ്യാറാക്കി വരികയാണ്. ഇതാണ് ഉത്തരം. ഈ സഭയിൽ കൊടുത്ത ഉത്തരമാണ്. ഈ സഭയിൽ സുനാമിയുമായി ബന്ധപ്പെട്ട ജില്ലകളിലെ എം.എൽ.എ.-മാരുണ്ടല്ലോ. ബഹുമാനപ്പെട്ട മന്ത്രി 15 മാസമായി ഭരണത്തിലിരിക്കുന്നു. ഒരു പ്രവൃത്തിയെങ്കിലും സുനാമിയുമായി ബന്ധപ്പെട്ട് തുടങ്ങിയെന്ന് പറയാൻ സാധിക്കുമോ? ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയണം. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം സുനാമിയുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ സഹായം, എ. ഡി. ബി. സഹായം ഉപയോഗിച്ച് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ അന്ന് എ. എസ്. കൊടുത്ത കുറെ പദ്ധതികളുണ്ടായിരുന്നു. ആ പ്രവൃത്തികളൊഴിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു പ്രവൃത്തിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇവിടെ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം കിട്ടിയാലെ പണി തുടങ്ങാൻ കഴിയുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. പ്ലാനിംഗ് കമ്മീഷന് യഥാസമയം പദ്ധതികൾ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട ശ്രീ. ബാബുപ്രസാദ് ചോദ്യം ചോദിച്ചു. ആ ചോദ്യത്തിന് കൊടുത്ത മറുപടി എന്താണ്? ആലപ്പുഴ ജില്ലയിലെ സുനാമി നടന്ന പ്രദേശമായ ആറാട്ടുപുഴ പഞ്ചായത്തിലെ സുനാമി പുനരധിവാസ പ്രവൃത്തികളെക്കുറിച്ച്, എല്ലാ വകുപ്പുകളിൽനിന്നും പദ്ധതികൾ തയ്യാറാക്കിവരുന്നു. ഇത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ കൊടുത്ത മറുപടിയാണ്. പതിനാറ് മാസക്കാലമായി പദ്ധതികൾ തയ്യാറാക്കി തീർന്നിട്ടില്ല. 2008-ൽ തീരേണ്ടതല്ലേ? എ. ഡി. ബി.-യുടെ സഹായം, 2009-ൽ മറ്റ് സഹായങ്ങൾ എല്ലാം ഉപയോഗിച്ച് പ്രവൃത്തികൾ തീരണ്ടേ? ഇത് എവിടെ തീരാനാണ്? തീരപ്രദേശത്തെ ജനങ്ങൾ ആശങ്കാകുലരാണ്. അങ്ങ് അന്വേഷിക്കണം. പതിനയ്യായിരം പേർ ആലപ്പുഴ കളക്ടറേറ്റ് ഉപരോധിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടത്തെ ജനങ്ങളുടെ സംഖ്യ അന്വേഷിക്കണം? ആ സമരത്തിന്റെ ആവേശം അന്വേഷിക്കണം? എന്തുകൊണ്ടാണ്? എല്ലാം കേന്ദ്ര മാനദണ്ഡമനുസരിച്ചാണെന്ന് ഇവിടെ പറഞ്ഞു. ആലപ്പുഴ ജില്ലയിൽ സ്കൂൾ അനുവദിച്ചതിന്റെ ലിസ്റ്റുണ്ട്. ആ ലിസ്റ്റ് ഞാൻ അങ്ങേയ്ക്ക് തന്നിട്ടുണ്ട്. സുനാമിയുമായി പുലബന്ധം പോലുമില്ലാത്ത സ്കൂളുകൾ ഇതിനകത്തുണ്ട്. ബഹുമാനപ്പെട്ട റവന്യൂ

വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ, പുല്ലൂറ്റ് ഗവൺമെന്റ് സ്കൂൾ, അങ്ങ് അവിടെ അനുവദിച്ചില്ലേ? അത് ഏത് സുനാമി ഏരിയായിൽ പെട്ടതാണ്? അത് തീരപ്രദേശമാണോ? സുനാമി ഏരിയയാണോ? എയ്ഡഡ് സ്കൂളുകൾക്ക് കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറയണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ, കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡമാണെങ്കിൽ, സ്വകാര്യ ആശുപത്രികളെ മാത്രമല്ലേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രിക്ക് അറിയില്ലേ. സ്വകാര്യ ആശുപത്രികൾ മാത്രമാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കൊടുത്തിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് മേശപ്പുറത്ത് വയ്ക്കണം.ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനായി എന്തു വന്നാലും എല്ലാം കേന്ദ്ര ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കുന്ന സമീപനമുണ്ടല്ലോ- അത് ശരിയല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. കാട്ടൂർ സ്കൂൾ, അർത്തുങ്കൽ സ്കൂൾ, തുമ്പോളി സ്കൂൾ ഈ സ്കൂളുകളിലൊക്കെ ആരാ പഠിക്കുന്നത്? പാവപ്പെട്ട തീരപ്രദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ മാത്രം പഠിക്കുന്ന എത്രയോ സ്കൂളുകൾ ഉണ്ട്. സുനാമി ദുരന്തംമൂലം തകർന്ന സ്കൂളുകൾ,. അവയ്ക്കു പോലും സഹായം കൊടുക്കാതെ, ഈ ഫണ്ട് മുഴുവൻ ഡൈവേർട്ട് ചെയ്തിരിക്കുന്നു. സർക്കാർ സ്കൂളുകൾക്ക് കൊടുത്തതിൽ വിവേചനമില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിന് മറുപടി പറയണം. എന്റെ നിയോജകമണ്ഡലത്തിൽ 4 സർക്കാർ സ്കൂളുകളുണ്ട്. മുഹമ്മദൻസ് ഗവൺമെന്റ് ബോയ്സ്, മുഹമ്മദൻസ് ഗവൺമെന്റ് ഗേൾസ് അതെല്ലാം തീരപ്രദേശത്തുള്ള സ്കൂളുകളാണ്. ആ സ്കൂളുകളിൽ ഒരു സ്കൂളിനെപ്പോലും ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ടോ? രാഷ്ട്രീയമല്ലേ സർക്കാർ സ്കൂളുകളുടെ കാര്യത്തിൽപ്പോലും നിങ്ങൾ എടുത്തിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ, ആലപ്പുഴ ജില്ലയിൽ 53 സ്കൂളുകൾക്ക് അനുവദിച്ചിട്ട് ഒരു സർക്കാർ സ്കൂളിനുപോലും അനുവദിച്ചില്ല. അതുമാത്രമല്ല ബഹുമാനപ്പെട്ട ശ്രീ. ബാബു പ്രസാദ് ഇരിക്കുന്നു. സുനാമി വന്നിട്ട് 28 പേർ മരിച്ചു വീണ പ്രദേശത്തെ മൂന്ന് സർക്കാർ സ്കൂളുകൾപ്പോലും ഈ ലിസ്റ്റിൽ വന്നില്ല. ആര് തയ്യാറാക്കിയ ലിസ്റ്റാണിത്? ആര് അംഗീകരിച്ച ലിസ്റ്റാണിത്? ഇതിനെതിരായിട്ട് ആലപ്പുഴ ജില്ലയിലെ തീരപ്രദേശമാകമാനം ഇളകി മറിഞ്ഞിരിക്കുകയാണ്. ഇത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ആഹ്വാനം ചെയ്തതല്ല. തീരപ്രദേശത്തുള്ള ആളുകൾ ഒന്നാകെ ഇളകി മറിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ വികാരത്തെ കണക്കിലെടുക്കാൻ, ഈ ഗവൺമെന്റിന് കഴിയുമോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്? ഇതുമായി ബന്ധപ്പെട്ട് ധവളപത്രമിറക്കാൻ ഗവൺമെന്റ് തയ്യാറാകണം. എന്തൊക്കെ ചെയ്തു, എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി കൊടുത്തു. റോഡിന്റെ കാര്യം, ആലപ്പുഴ ജില്ലയിൽ സുനാമി വന്ന പ്രദേശത്ത് റോഡില്ല. കടൽഭിത്തിയുടെ കാര്യം, ബഹുമാനപ്പെട്ട എൻ. കെ പ്രേമചന്ദ്രൻ, അങ്ങ് പറഞ്ഞ നാല് കാര്യങ്ങളിൽ ഒന്ന് ഭവന നിർമ്മാണ പദ്ധതിയാണ്. റവന്യൂ വകുപ്പുമന്ത്രി ഒന്നു നോട്ട് ചെയ്യണം. ഭവന നിർമ്മാണ പദ്ധതിയിൽ നിങ്ങൾ എത്രപേർക്ക് വീടുകൾ സെലക്ട് ചെയ്തു? ഏതെങ്കിലും വീട് സെലക്ട് ചെയ്തിട്ടുണ്ടോ? ഭവന നിർമ്മാണ പദ്ധതിയിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീട് കൊടുക്കുവാൻ വേണ്ടി, ഒന്നരക്കൊല്ലമായിട്ടും തീരപ്രദേശത്ത് വീടില്ലാത്ത മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റെടുക്കാൻ പോലും നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലായെന്നു പറഞ്ഞാൽ ഇതിൽപ്പരം ലജ്ജാകരമായ കാര്യം വേറെ എന്താണുള്ളത്. വീടിന്റെ കാര്യത്തിൽ ഗുണഭോക്താവിനെ തെരഞ്ഞെടുത്തിട്ടില്ല. അതിന്

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കണ്ടെത്തിയിട്ടില്ല. 100, 150, 75 കി.മീറ്ററിനകത്തുള്ളവരെ മാറ്റിത്താമസിപ്പിക്കാൻ നിങ്ങൾ തീരുമാനിച്ചു. അതിനുവേണ്ടി സ്ഥലമെടുക്കാൻ തീരുമാനിച്ചു. അതിനുള്ള ഭൂമി ഇതുവരെ കണ്ടെത്തിയിട്ടുണ്ടോ? എന്നു തീരുമെന്നാണ് റവന്യൂ വകുപ്പുമന്ത്രി പറയുന്നത്? ഇത് എങ്ങനെ അവസാനിപ്പിക്കുമെന്നാണ് പറയുന്നത്? തീരദേശ സംരക്ഷണം ഒരു പദ്ധതിയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും കേൾക്കണം, ഒരു സെ.മീ. കടൽഭിത്തി സുനാമിയുടെ പേരിൽ കെട്ടിയിട്ടുണ്ടോ? യാതൊന്നും ചെയ്യാതെ, പ്രശ്നങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറുകയും കൊടുക്കുന്ന തുകയിൽ രാഷ്ട്രീയ വിവേചനവും മറ്റും കാട്ടി തീരപ്രദേശത്തെ ജനങ്ങളെ മാറ്റിമറിക്കുകയും ചെയ്തപ്പോൾ കക്ഷി രാഷ്ട്രീയത്തിനതീതമായ ജനവികാരമാണ് ഇന്ന് കേരളത്തിലെ തീരപ്രദേശങ്ങളിൽ ആകമാനം അലയടിക്കുന്നതെന്ന് മനസ്സിലാക്കാൻ തയ്യാറാവണം. ഇതു വളരെ ഗൗരവകരമായ കാര്യമാണ്. സ്കോളർഷിപ്പിന്റെ കാര്യം അങ്ങിവിടെ പറഞ്ഞു. പ്രധാനമന്ത്രി കൊടുത്ത സ്കോളർഷിപ്പ് ഒരു മാസം 300 രൂപ വച്ച് 10 കൊല്ലക്കാലം കിട്ടും. ആ പത്തു കൊല്ലക്കാലത്തെ തുക അഡ്വാൻസായി തന്നിട്ടുപോലും അതിന്റെ ലിസ്റ്റ് എടുക്കുവാനും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല; മാനദണ്ഡം കൊടുക്കാൻ പറ്റിയിട്ടില്ല. ഇപ്പോൾ നിങ്ങൾ വ്യാപകമായി അപേക്ഷ വിളിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് അപേക്ഷകളാണ് ഇതിന്റെ പേരിൽ വന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ ആശയക്കുഴപ്പത്തിന്റെ പടുകുഴിയിലേയ്ക്ക് ഈ സുനാമി പദ്ധതികളെ എത്തിച്ചിരിക്കുന്നു. നിങ്ങളുടെ കഴിവുകേടുകൾ, ദീർഘവീക്ഷണമില്ലായ്മ എന്നിവ കാരണം ഈ പദ്ധതികളെല്ലാം നേരായ രീതിയിൽ നടത്താൻ സാധിക്കാതെ വന്നിരിക്കുന്നു. ജില്ലാ തലത്തിൽ എം. എൽ. എ.-മാർ അംഗീകരിച്ച ലിസ്റ്റാണെന്ന് അങ്ങ് പറഞ്ഞു. ഏത് എം. എൽ. എ.-മാരാണ് അംഗീകരിച്ചിരിക്കുന്നത് എന്ന് അങ്ങ് ഒന്നു പറയണം. ഭരണപക്ഷത്ത് ഇരിക്കുന്ന എം.എൽ.എ.-മാർ ഈ ലിസ്റ്റ് അംഗീകരിച്ചതാണോ? ആരാണ് തെരഞ്ഞെടുത്തത്? യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കണം. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. തീരപ്രദേശത്തെ പാവപ്പെട്ട ജനങ്ങൾ മരിച്ചു വീണിട്ട് അതിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റ് ഉദാരമായ സമീപനം സ്വീകരിക്കുകയും ആവശ്യമുള്ള തുക അനുവദിക്കുകയും ചെയ്തിട്ട് ആ തുക ചെലവഴിക്കാൻ ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം കഴിയാത്തതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഇത് വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. തീരദേശത്തെ ജനങ്ങളിൽ ആശങ്കകളും തെറ്റായ രീതിയിലുള്ള മെസേജുകളും ചെല്ലുന്നത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ ആ വസ്തുതകൾ ഇവിടെ പറഞ്ഞത്. പ്രധാനമന്ത്രിയുടെ പദ്ധതി, കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതി, മിസ്റ്റർ വേണുഗോപാലിന്റെ കൂടി അറിവിനു വേണ്ടി ഞാൻ പറയാം. ഞങ്ങൾ ആ ലിസ്റ്റുകൾ മുഴുവൻ ഇവിടെ നിന്ന് എടുപ്പിച്ചു. 2005-ൽ ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അല്ല ഭരിക്കുന്നത്. 2005-ൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കൊല്ലം, ആലപ്പുഴ എന്നീ രണ്ട് ജില്ലകളിലെ, അയച്ചു കൊടുത്ത ലിസ്റ്റ്, 2005 നവംബർ, ഡിസംബർ മാസങ്ങളിൽ- ഞാൻ പ്രതിപക്ഷനേതാവ് കൂടി കേൾക്കാൻ വേണ്ടി പറയുകയാണ്- ഇത് ശ്രദ്ധിച്ച് കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്. 2005 നവംബർ, ഡിസംബർ മാസങ്ങളിൽ ഗവൺമെന്റ് ജില്ലാ കളക്ടർമാരിൽ നിന്നും ലിസ്റ്റ് വാങ്ങി ഡൽഹിയിലേയ്ക്ക് അയച്ചുകൊടുത്തു. പ്രധാനമന്ത്രിയുടെ ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിപ്രകാരം 18500-ഓളം കുട്ടികളുടെ ലിസ്റ്റ് അപ്രൂവ് ചെയ്ത് പ്രതിമാസം 300 രൂപ വച്ച് 12 മാസത്തേയ്ക്കുള്ള തുക ഇവിടെ വിതരണം ചെയ്തു. മലപ്പുറത്തെ കളക്ടർ അന്ന് എഴുതി അയച്ചത് ....(ബഹളം)......ഞാൻ പറയട്ടെ.... പറയുന്നത് കേൾക്കുക......പറയാൻ അനുവദിക്കണ്ടേ? 2005 നവംബർ, ഡിസംബർ മാസങ്ങളിലായി ജില്ലകളിൽ നിന്ന് ലിസ്റ്റുകൾ കളക്ട് ചെയ്തു, ആ ലിസ്റ്റ് ഇവിടെ വന്നു. ഡൽഹിയിലേയ്ക്ക് അയച്ചുകൊടുത്തു. ആ ലിസ്റ്റു പ്രകാരം മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളെ അന്ന് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. തൃശൂരിൽനിന്നും അയച്ചത് ഏഴ് കുട്ടികളുടെ പേരാണ്. ഏഴ് കുട്ടികളുടെയും പേര് ഇവിടെയുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ച് ഡിസംബർ മാസത്തിലാണ് ഫണ്ട് അയച്ചുതന്നത്. ഫണ്ട് കിട്ടിയപ്പോൾ അന്നത്തെ ഗവൺമെന്റിന്റെ ഡയറക്ഷൻ അനുസരിച്ച്, മുൻ ഗവൺമെന്റ് തയ്യാറാക്കിയ ലിസ്റ്റ് ഞങ്ങൾ റദ്ദാക്കുകയല്ല ചെയ്തത്, അതനുസരിച്ച് കിട്ടിയ തുക വിതരണം ചെയ്ത് തുടങ്ങിയപ്പോഴാണ് ശ്രീ. ആനത്തലവട്ടം ആനന്ദനും ശ്രീ. എ. എം. ആരിഫും ഈ സഭയിൽ ഉന്നയിച്ചത്, അർഹതപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ ഈ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്ന്. അത് പരിശോധിച്ചപ്പോൾ, ചില പോരായ്മകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് നിർത്തി വയ്ക്കാൻ പറഞ്ഞു. കേന്ദ്ര ഗവൺമെന്റുമായി പല പ്രാവശ്യം ചർച്ച ചെയ്തു. അപ്പോൾ കേന്ദ്ര ഗവൺമെന്റ് അറിയിച്ചത് ലിസ്റ്റ് അപ്രൂവ് ചെയ്തതും ഫണ്ട് പ്രധാനമന്ത്രി അനുവദിച്ചതുമാണ് എന്നാണ്. ഇവിടെ ഭരണാനുമതി നൽകുന്ന വിഷയമല്ലിത്. ആ സംഖ്യ നിങ്ങൾ വിതരണംചെയ്ത് പോരായ്മകൾ പരിഹരിച്ച് ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കി ജില്ലകൾക്ക് കൊടുത്ത്, അതനുസരിച്ച് കുട്ടികളെ സെലക്ട് ചെയ്യുമ്പോൾ എത്ര കുട്ടികളെ ഈ വർഷം ഉൾപ്പെടുത്താമെന്നതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കാം. അതിന്റെ അടിസ്ഥാനത്തിൽ സംഖ്യ നൽകാം. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഈ കഴിഞ്ഞ മാസമാണ് സംഖ്യ കൊടുത്തു തുടങ്ങിയത്. നിർത്തിവച്ചിരിക്കുകയായിരുന്നു; കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത് ഈ സംഖ്യ വിതരണം ചെയ്തിട്ട് അറിയിക്കാനാണ്. നമ്മൾ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ ആയിരക്കണക്കിന് കുട്ടികളുടെ അപേക്ഷ വരുന്നു. ശരിയാണ്. അപേക്ഷ സ്വീകരിച്ചുകൊണ്ടിരിക്കുകയല്ലേ? ആലപ്പുഴ ജില്ലയിൽതന്നെ ഈ മാസം 20-ാം തീയതി വരെ അപേക്ഷ സ്വീകരിക്കുകയാണ്. ചില ജില്ലകളിൽ അപേക്ഷ സ്വീകരിക്കാൻ കഴിഞ്ഞു. ഇനി അവ പ്രോസസ്സ് ചെയ്ത് നല്ലവണ്ണം ആലോചിച്ച്, ശ്രദ്ധിച്ച് ആ ലിസ്റ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി, നമുക്ക് പ്രധാനമന്ത്രിയുടെ ഓഫീസിലേയ്ക്ക് അയച്ച്, കിട്ടാവുന്നിടത്തോളം സംഖ്യ ഗവൺമന്റിൽ നിന്ന് ലഭ്യമാക്കാൻ ശ്രമിക്കണം. നമുക്ക് കൂട്ടായി ശ്രമിച്ച് കിട്ടാവുന്നിടത്തോളം സംഖ്യ വാങ്ങിയാൽ പരമാവധി കുട്ടികളെ സ്കോളർഷിപ്പിൽ ഉൾപ്പെടുത്താം. ഇത് ഒരു വർഷത്തെ പദ്ധതിയല്ല. അടുത്ത വർഷം വീണ്ടും അപ്ഡേറ്റ് ചെയ്യാം. അങ്ങനെ തുടർന്നുപോകുന്ന ഈ പദ്ധതി കേരളത്തിലെ തീരപ്രദേശത്ത് പരമാവധി കുട്ടികൾക്ക് കിട്ടാൻ പരിശ്രമിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 1,33,000 ആളുകളെ തെരഞ്ഞെടുത്തു. കഴിഞ്ഞ ആഗസ്റ്റ് 25-ാം തീയതി കേന്ദ്രമന്ത്രി ശ്രീ. എം. വി. രാജശേഖർ ഇവിടെ വന്നു. അദ്ദേഹം തന്നെയാണ് ഈ പദ്ധതി ഉദ്ഘാടനം ചെയ്തത്. ശ്രീ. കെ. ബാബുവും പ്രൊഫ. കെ. വി. തോമസുമൊക്കെ ആ പരിപാടിയിൽ പങ്കെടുത്തതാണ്. ആലപ്പുഴയിൽ ശ്രീ. വേണുഗോപാൽ ഉൾപ്പെടെ പങ്കെടുത്തതാണ്. അടുത്ത വർഷത്തെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ വിട്ടുപോയവരിൽ ഏതാണ്ട് ഒരു ലക്ഷം പേരെ



LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്താൻ കഴിയുമെന്നൊരു പ്രതീക്ഷ അവർക്കുണ്ട്. യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയാണ് ഇത് നടപ്പിലാക്കുന്നത്. രണ്ടര ലക്ഷത്തോളം കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയും. ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ സൗജന്യമായതുകൊണ്ട് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കുള്ള സഹായമാണ് ഈ പദ്ധതി. അത് ഇൻഡ്യാ ഗവൺമെന്റ് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ സ്കീമാണ്, അല്ലാതെ ഞങ്ങൾ ഏതെങ്കിലും പ്രൈവറ്റ് ആശുപത്രിയെ ഉൾപ്പെടുത്തി കൊണ്ടുവന്ന ലിസ്റ്റല്ല. ഇതിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റിദ്ധാരണയുണ്ടെങ്കിൽ അത് തിരുത്തണം.

ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ച് കെട്ടിട നിർമ്മാണത്തിനാണ് തടസ്സം പറഞ്ഞത്. സ്കോളർഷിപ്പിന് തടസ്സമില്ല. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങികൊടുക്കാൻ പറ്റും. കെട്ടിടം വയ്ക്കാൻ പറ്റുമോ? ചില തടസ്സങ്ങളും നിബന്ധനകളും വരുന്നു. പക്ഷേ നിങ്ങളെല്ലാവരും ഇക്കാര്യം ശക്തമായി ഉന്നയിച്ചപ്പോൾ മന്ത്രിസഭാ ഉപസമിതി ഇക്കാര്യം ചർച്ച ചെയ്തു. എയ്ഡഡ് സ്കൂളിനെക്കൂടി ഉൾപ്പെടുത്തണമെന്ന് ശ്രീ. ആരിഫ് ഇവിടെ സബ്മിഷനിലൂടെ ആവശ്യപ്പെട്ടതല്ലേ? അതിന് മറുപടിയായി ഞാൻ പറഞ്ഞു, മന്ത്രിസഭാ ഉപസമിതി ചർച്ച ചെയ്തു, കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യാതെ എനിക്ക് വ്യക്തമായ മറുപടി പറയാൻ കഴിയില്ല. ഞങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം. സ്കൂളുകളുടെ ലിസ്റ്റ് കേന്ദ്ര ഗവണ്മെന്റിന് അയച്ചുവെങ്കിലും അംഗീകാരം കിട്ടിയിട്ടില്ല. കാരണം ആഗസ്റ്റിലാണ് കൊടുത്തത്. ജൂലൈയിൽ കൊടുത്തത് അംഗീകരിച്ചു. ഏതാണ് നിങ്ങൾ ആരംഭിച്ചതെന്ന് ശ്രീ. വേണുഗോപാൽ ചോദിച്ചു. ഇപ്പോൾ ആരോഗ്യ പദ്ധതിയിലാണ് തുടക്കം കുറിച്ചത്. ഏറ്റവും വലിയ ആശുപത്രിയുടെ നവീകരണ പദ്ധതി പറവൂരിൽ ശ്രീമതി പി. കെ ശ്രീമതി ടീച്ചറും ശ്രീ. എസ്. ശർമ്മയും പങ്കെടുത്ത് കഴിഞ്ഞ ദിവസം തുടക്കം കുറിച്ചു. ചില പദ്ധതികൾ ആരംഭിച്ചിട്ടേയുള്ളു. കണ്ണൂർ ജില്ലയിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന വലിയൊരു പദ്ധതി തലശ്ശേരിയിലാണ് ആരംഭിച്ചത്. 460 കോടി രൂപയുടെ അനുമതിയാണ് കിട്ടിയിട്ടുള്ളത്. അതിൽ 68 കോടി രൂപ മാത്രമാണ് കഴിഞ്ഞ ആഴ്ച കേന്ദ്ര ഗവൺമെന്റ് നൽകിയത്. ഇത് വളരെ സ്ട്രിക്ടായിട്ടുള്ള നോംസാണ്. ആ നോംസ് വിട്ട് എന്തെങ്കിലും ചെയ്യാൻ കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് സമ്മതം കിട്ടുകയില്ല. നമുക്ക് എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ കൂട്ടായി എം. പി.-മാരുടെ ശ്രദ്ധയിൽ കൊണ്ടുവരാം. അതല്ലാതെ സംസ്ഥാന ഗവൺമെന്റിന് അതിൽ ഒന്നും ചെയ്യാൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താരംഭിച്ച ടീപ്പുമായി ബന്ധപ്പെട്ട പണികളുടെയെല്ലാം പ്രവർത്തനം വളരെ വേഗം മുന്നോട്ട് കൊണ്ടുപോകുകയാണ്. 2009 സെപ്റ്റംബറിൽ ഇത് പൂർത്തിയാക്കാനുള്ള പരിശ്രമത്തിലാണ്. അതാത് മണ്ഡലങ്ങളിൽ ഇതിന്റെ ഇംപ്ളിമെന്റേഷൻ തടസ്സങ്ങളില്ലാതെ നടപ്പിലാക്കി പൂർത്തീകരിക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. മന്ത്രിസഭാ ഉപസമിതി അംഗങ്ങളും ഉദ്യോഗസ്ഥൻമാരും കേന്ദ്രമന്ത്രി ശ്രീ. രാജശേഖറുമായും അദ്ദേഹത്തിന്റെകൂടെ കേന്ദ്രത്തിൽനിന്നും വന്ന ഉദ്യോഗസ്ഥരുമായും കഴിഞ്ഞ 25-ാം തീയതി ഇക്കാര്യം വളരെ വിശദമായി ചർച്ച ചെയ്തു. ചില നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവർ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിയുന്ന വിധത്തിൽ 400 കോടി രൂപയുടെ ഒരു പദ്ധതി അവിടെ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ ചർച്ചയ്ക്ക് കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചിരിക്കുകയാണ്. അങ്ങനെ കൂടുതലായി സഹായം കിട്ടാൻ പരിശ്രമിക്കുന്നതിന് പകരം തർക്കങ്ങൾ ഉന്നയിച്ച് ഇതെല്ലാം ഉൾപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞാൽ നമുക്ക് കിട്ടിയ സംഖ്യയിൽനിന്ന് കൂടുതലായി ഉൾപ്പെടുത്താൻ കഴിയുമോ? . 41 കോടി രൂപയിൽ കൂടുതൽ സ്കൂളുകൾക്ക് മാറ്റിവയ്ക്കാൻ കഴിയുമോ? വീടുകൾ തെരഞ്ഞെടുക്കാനും സ്ഥലം വിലയ്ക്ക് വാങ്ങാനുമുള്ള നടപടിക്രമങ്ങൾ തുടങ്ങി. എല്ലാ കളക്ടറേറ്റുകളിലും അതിന്റെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് മന്ത്രിസഭ കൂടി, എട്ട് മന്ത്രിമാർ ഉൾക്കൊള്ളുന്ന ഒരു ഉപസമിതിയെ തീരുമാനിച്ചു. ആ മന്ത്രിസഭാ ഉപസമിതി എല്ലാ ബുധനാഴ്ചകളിലും മന്ത്രിസഭായോഗം കഴിഞ്ഞാൽ ഒരാഴ്ച നടത്തിയ പ്രവർത്തനങ്ങൾ റിവ്യൂചെയ്ത് കുറ്റമറ്റ വിധത്തിലേയ്ക്ക് ആക്കാനുള്ള നടപടിക്രമത്തിലേയ്ക്ക് വന്നിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ മുഴുവൻ ഒഴിവാക്കി മറ്റ് പ്രദേശങ്ങളിൽ ഇത് നടപ്പിലാക്കി സംഖ്യ ചെലവഴിച്ചു എന്നൊക്കെയാണ് വാർത്തകളിലൂടെ കേട്ടത്. ഇതിന്റെ ഫണ്ട് മുഴുവൻ കേന്ദ്ര ഗവൺമെന്റ് തന്നു, സംസ്ഥാന ഗവൺമെന്റ് ഫണ്ടൊക്കെ വകമാറ്റി ചെലവഴിച്ചു, അങ്ങനെയുള്ള തെറ്റായ പ്രചരണങ്ങളുണ്ടാക്കരുത്. കൊടുങ്ങല്ലൂർ ഉൾപ്പെടെയുള്ള തീരപ്രദേശത്തെ രണ്ട് സ്കൂളുകൾ വിട്ടുപോയത് എന്റെ ശ്രദ്ധയിൽപ്പെട്ടത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുൾപ്പെടെ പരിഹരിക്കാൻ വിദ്യാഭ്യാസ വകുപ്പും റവന്യൂ വകുപ്പും ലിസ്റ്റ് അപ്ഡേറ്റ്ചെയ്ത് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയയ്ക്കുമെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. വീണ്ടും അത് ഞാൻ ആവർത്തിക്കുകയാണ്. അതുകൊണ്ട് തീരപ്രദേശത്ത് ആശങ്കയുണ്ടാക്കുന്ന വിധത്തിൽ ഈ പ്രശ്നം ചർച്ച ചെയ്ത് ഇതൊരിക്കലും നമുക്ക് നടപ്പിലാക്കാൻ കഴിയാതെ തീരപ്രദേശത്ത് എന്നും പ്രശ്നങ്ങളും തടസ്സങ്ങളുമായി ഈ പദ്ധതി മുടങ്ങുന്ന സ്ഥിതിയിലേയ്ക്ക് വരരുത്. മറിച്ച് ഈ പദ്ധതി കൃത്യമായി നടപ്പിലാക്കാൻ എല്ലാ ഭാഗത്തുനിന്നുമുള്ള സഹായമാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് ആശങ്കകളോ ധാരണാ പിശകുകളോ ഉണ്ടെങ്കിൽ അത് തീർച്ചയായും അവരെ മനസ്സിലാക്കി കൊടുക്കാം. അതിന് ഗവൺമെന്റ് സന്നദ്ധമായിരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ വിഷയം ഇതിനകത്തില്ല. സുനാമി ദുരിതാശ്വാസ പദ്ധതി തീരപ്രദേശത്തെ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വേണ്ടി നടപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടി കൂടുതൽ ആശങ്ക ഉളവാക്കിയിരിക്കുകയാണ്. ഇതിന്റെ സ്കീമുകൾ ഉണ്ടാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും ജാഗ്രത പുലർത്തണമെന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നു. അങ്ങ് തമിഴ്നാട്ടിൽ നടന്ന കാര്യങ്ങൾ അന്വേഷിക്കണം. അവിടെ എത്ര കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. അങ്ങയുടെ മറുപടിയിൽ പറഞ്ഞിരി



LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് കേന്ദ്രത്തിൽനിന്ന് ഇതുവരെ കിട്ടിയിരിക്കുന്നത് 68 കോടി രൂപയാണെന്നാണ്. നമ്മൾ കൊടുക്കുന്ന പ്രോജക്ടിന്റെ 50 ശതമാനം കേന്ദ്ര ഗവൺമെന്റിൽ നിന്നും അഡ്വാൻസ് ലഭിക്കും. അപ്പോൾ 68 കോടി രൂപ കഴിഞ്ഞ ആഴ്ച ഇവിടെ കിട്ടിയെന്ന് പറഞ്ഞാൽ 136 കോടി രൂപയുടെ പദ്ധതിയല്ലേ നിങ്ങൾക്ക് അവിടെ കൊടുത്ത് അംഗീകരിപ്പിക്കാൻ സാധിച്ചുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഒരു തെറ്റിദ്ധാരണ വരരുത്. ജൂലായ് മാസത്തിലാണ് നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ ജില്ലകളിൽ പ്രോജക്ട് തയ്യാറാക്കി എസ്.എൽ.ഇ.സി. അംഗീകരിച്ച് കൊടുത്തത്. ആദ്യം 460 കോടി രൂപയുടെ പ്രോജക്ട് ജൂലായ് മാസത്തിൽ കൊടുത്തു. ആഗസ്റ്റിൽ ബാക്കി സംഖ്യ കൊടുത്തു. ഇനി സ്പെഷ്യൽ പാക്കേജിന്റെ കൊടുക്കാനിരിക്കുകയാണ്. 68 കോടി രൂപ ഇപ്പോൾ തരുന്നു. അതുവച്ച് സ്റ്റാർട്ട് ചെയ്യുക, ബാക്കി തുക ഞങ്ങൾ നിങ്ങളെ അറിയിക്കുന്ന മുറയ്ക്ക് തരാമെന്നാണ് അവരിപ്പോൾ അറിയിച്ചിരിക്കുന്നത്. അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് അഡ്വാൻസ് ചെയ്ത് ഞങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു എന്നാണ് പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങുതന്നെയാണ് പറഞ്ഞത് അവിടെ അംഗീകരിച്ചതിന്റെ 50 ശതമാനം അഡ്വാൻസായി കിട്ടും, വർക്ക് 75 ശതമാനമാകുമ്പോൾ ബാക്കി 50 ശതമാനംകൂടി കിട്ടുമെന്ന്. അതുവച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. അപ്പോൾ

10.00 a. m.]

136 കോടി രൂപയ്ക്കാണ് അംഗീകാരം കിട്ടിയിട്ടുള്ളത്. തമിഴ്നാട്ടിൽ ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് അന്വേഷിക്കുന്നത് കൊള്ളാം. നിങ്ങൾക്ക് പറ്റിയ ഏറ്റവും വലിയ അപാകത ഇവിടെ ചൂണ്ടിക്കാണിച്ചു. കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിനുവേണ്ടി രൂപ അനുവദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലിസ്റ്റ് കൊടുത്തു. കേന്ദ്രത്തിൽനിന്ന് ഇതിന്റെ ലിസ്റ്റ് ആവശ്യപ്പെട്ട് കത്ത് കിട്ടി എത്ര ദിവസത്തിനകം ആ ലിസ്റ്റ് കൊടുത്തു എന്നുള്ളത് ഫയൽ നോക്കിയാൽ അങ്ങേയ്ക്ക് അറിയാൻ പറ്റും. അതിനകത്ത് പോരായ്മകളുണ്ട്, ഞാൻ സമ്മതിക്കുന്നു. നമുക്ക് കൂടുതൽ വേണം. പക്ഷേ വളരെ പെട്ടെന്ന് സമയബന്ധിതമായി കൊടുക്കേണ്ടി വന്നപ്പോൾ നമ്മൾ സർക്കുലർ അയച്ചു. യഥാസമയം ഗവൺമെന്റിന് വിവരം കിട്ടിയത് മുഴുവൻ ഡൽഹിയിലെത്തിച്ച് അനുവാദം വാങ്ങിച്ചു. അതിൽക്കൂടുതൽ വേണം. ഞാൻ അംഗീകരിക്കുന്നു. ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് ചെയ്യേണ്ടതെന്താണ്? വാങ്ങിയ തുക വിതരണം ചെയ്തിട്ട് ബാക്കി തുകയ്ക്കുവേണ്ടി പോകണമായിരുന്നു. അതിനുപകരം ഒരു വർഷക്കാലം വച്ചുതാമസിപ്പിച്ചത് ശരിയാണോ? 22-12-2006-ലാണ് നിങ്ങൾ രണ്ടാമത് ഓർഡർ ഇഷ്യൂ ചെയ്യുന്നത്. ഞാൻ നിങ്ങൾ പറയുന്നതിനോട് യോജിക്കുകയാണ്. അതിനകത്ത് കുറവുണ്ട്, ചില ജില്ലകൾ വന്നില്ല, ചില ജില്ലകൾക്ക് നമ്പർ കുറഞ്ഞുപോയി, ഞാൻ സമ്മതിക്കുന്നു. പക്ഷേ കേന്ദ്രത്തിൽനിന്ന് സർക്കുലർ കിട്ടി. ഇവിടത്തെ പാവപ്പെട്ട കുട്ടികൾക്ക് മാസം 300 രൂപവച്ച് കിട്ടുന്ന അവസരം വന്നപ്പോൾ യഥാസമയം ലിസ്റ്റ് വന്നത് ഞങ്ങൾ അയച്ചുകൊടുത്തു. അതിനകത്ത് അർഹതയില്ലാത്ത ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അത് തടഞ്ഞുവയ്ക്കാം.എനിക്ക് വിരോധമില്ല. കാരണം അർഹതയില്ലാത്ത ഒരാൾക്കും ഇത് കിട്ടാൻ പാടില്ല. പക്ഷേ അർഹതയുള്ളവർക്കാണ് ഇത് അനുവദിച്ചതെന്ന് നിങ്ങൾ ചിന്തിച്ചിരുന്നു എങ്കിൽ ആ തുകവിതരണം ചെയ്തിട്ട് ഞങ്ങൾക്ക് ഇത് പോരാ, ഞങ്ങൾ വളരെ പെട്ടെന്ന് കൊടുത്ത ലിസ്റ്റാണ് പുതിയ ലിസ്റ്റ് വന്നിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞ് ആ ലിസ്റ്റുമായി പോകണമായിരുന്നു. നിങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഇതുതന്നെയല്ലേ ചെയ്തത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങൾ എന്തിനാണ് സമയമെടുത്തത് എന്ന് ചോദിച്ചു. ഇവിടെ രണ്ട് എം. എൽ. എ.-മാർ സഭയിൽ ഉന്നയിച്ചതുകൊണ്ടാണ് ഞങ്ങൾക്ക് അത് പരിശോധിക്കേണ്ടി വന്നത്. അവസാനം ഇപ്പോഴാണ് അറിയിച്ചത് ചെലവഴിച്ചിട്ട് അറിയിക്കാൻ. തിരുവനന്തപുരം ജില്ലയിൽ 9154 ആളുകളെയും തൃശൂർ ജില്ലയിൽ ഏഴ് പേരെയുമാണ് തെരഞ്ഞെടുത്തത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽനിന്ന് ആരുമില്ല. ഞങ്ങൾക്ക് അത് പരിശോധിക്കാതെ പറ്റുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങൾ പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവിടെ എം. എൽ. എ.-മാർ ഉന്നയിച്ചത് ന്യായമായ കാര്യമാണ്. കാരണം ഈ ലിസ്റ്റിൽ എല്ലാവരും വന്നിട്ടില്ല. ഇതിന്റെ നമ്പർ കൂട്ടണം. ഞാൻ സമ്മതിക്കുന്നു. പക്ഷേ കേന്ദ്രത്തിൽനിന്ന് ഇങ്ങനെയൊരു ആനുകൂല്യം കിട്ടുന്ന സർക്കുലർ വന്നപ്പോൾ അതിന് യഥാസമയം റെസ്പോണ്ട് ചെയ്യാതെ ലിസ്റ്റ് കൊടുത്തു. അവർക്ക് വിതരണം ചെയ്തിട്ട് പുതിയ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് കൊടുക്കുന്നതിൽ എന്തായിരുന്നു തടസ്സം...... (ബഹളം)......

മി. സ്പീക്കർ: അടിയന്തിരപ്രമേയം ഇങ്ങനെ ചർച്ച ചെയ്യാൻ അനുവദിക്കില്ല. ....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: ഇതിൽ അപാകതയുണ്ടായിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അപാകത തിരുത്തുന്നത് അർഹതയുള്ളവർക്ക് കിട്ടിയ തുക പിടിച്ചുവച്ചുകൊണ്ടായിരിക്കരുതായിരുന്നു. നിങ്ങൾ അതാണ് ചെയ്തത്. അർഹതയുള്ളവരുടെ ആനുകൂല്യം നിങ്ങൾ പിടിച്ചുവച്ചു. അർഹതയുള്ളവർക്ക് കൊടുത്തിട്ട് ബാക്കിക്ക് അപേക്ഷിക്കണമായിരുന്നു. അതല്ലേ കോമൺ സെൻസുള്ളവർ ചെയ്യേണ്ടത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും നിങ്ങൾ അതുതന്നെ ചെയ്തു. കൂടുതൽ പേർക്ക് ഈ ആനുകൂല്യം കിട്ടണം. കൂടുതൽ പേർക്ക് കിട്ടുന്നതിനുവേണ്ടി നമുക്ക് ശ്രമിക്കാം. അർഹതയുള്ളവർക്ക് അനുവദിച്ചത് നിങ്ങൾ തടഞ്ഞുവച്ചു. അത് ശരിയാണോ? അർഹതയുള്ളവർക്ക് കൊടുത്തിട്ട് കൂടുതൽ കിട്ടാൻവേണ്ടി ശ്രമിക്കണം. അതാണ് ജനങ്ങളോട് ബാദ്ധ്യതയുള്ള ഗവൺമെന്റ് ചെയ്യേണ്ടത്. അർഹതയില്ലാത്ത ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ നിങ്ങൾ അത് ക്യാൻസൽ ചെയ്താൽ അതിൽ ന്യായമുണ്ട്. പക്ഷേ ഇതൊന്നും ചെയ്യാതെ നിങ്ങൾ വച്ചുതാമസിപ്പിച്ചിട്ട് അർഹതയുള്ളവർക്ക് കിട്ടുന്നതിന് മാസങ്ങൾ വൈകിച്ചു എന്നുള്ളത് വളരെ നിർഭാഗ്യകരമാണ്. വകമാറ്റി ചെലവഴിച്ചു എന്നുള്ളതിന് അങ്ങ് മറുപടി പറഞ്ഞില്ല. ഞാൻ ശ്രീ. രാജേന്ദ്രനോട് പറയുന്നു കഴിഞ്ഞ ഗവൺമെന്റ് തയ്യാറാക്കിയ സുനാമി പ്രോജക്ടുകളിൽ ഏതെങ്കിലും ഒരു പ്രോജക്ടോ ഒരു പൈസയോ തീരപ്രദേശത്തുനിന്നും വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ അങ്ങേയ്ക്ക് ഈ സഭയിൽ അത് പറയാമോ .......(ബഹളം)...

മി. സ്പീക്കർ: അനുമതി നിഷേധിച്ചതാണ്. പിന്നീട് ചർച്ച അനുവദിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഇതിന് മുമ്പും കൊടുത്തിട്ടുണ്ട്. ഇതിന് ശേഷവും കൊടുത്തിട്ടുണ്ട്. ഇത് എല്ലാക്കാലത്തും കൊടുത്തിട്ടുണ്ട്. പക്ഷേ തീരപ്രദേശത്തുനിന്നുംവിട്ട് ഏതെങ്കിലും ഒരു പ്രോജക്ട് യു. ഡി. എഫ്.-ന്റെ കാലത്ത് അനുവദിച്ചിട്ടുണ്ടെങ്കിൽ പറയണം..(ബഹളം).... ഞാനിത് വീണ്ടും വീണ്ടും ആവർത്തിക്കുന്നു. എല്ലാ ഫയലുകളും നിങ്ങളുടെ കയ്യിലുണ്ടല്ലോ. തീരപ്രദേശംവിട്ട് സുനാമിക്കുവേണ്ടി തന്നിട്ടുള്ള ഏതെങ്കിലും ഫണ്ട് മറ്റേതെങ്കിലും പ്രോജക്ടിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ പറയണം. അതുപോലെതന്നെ സുനാമി ദുരന്തത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ള ഫണ്ട് തീരപ്രദേശംവിട്ടുള്ള ആളുകൾക്ക് വള്ളമോ വലയോ വാങ്ങാൻ കൊടുത്തിട്ടുണ്ടെങ്കിൽ അത് പറയണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: മത്സ്യത്തൊഴിലാളികളുടെ ലംപ്സം ഗ്രാന്റും സ്കോളർഷിപ്പുമൊക്കെ കൊടുത്തത് വകമാറ്റി ചെലവഴിച്ചു എന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആവർത്തിച്ചു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇപ്പോൾ വീണ്ടും സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വന്നിട്ടുണ്ട്. അവരുടെ ഗൈഡ്‌ലൈൻസ് അനുസരിച്ച് മാത്രമേ അംഗീകരിക്കുന്നുള്ളൂ. അതുകൊണ്ടാണ് ഒരു ഗൈഡ്‌ലൈൻ പുറപ്പെടുവിച്ചിട്ടുവേണം സ്കോളർഷിപ്പിന് കുട്ടികളെ തെരഞ്ഞെടുക്കേണ്ടത് എന്ന് അവർ പറഞ്ഞത്. ആ ഗൈഡ്‌ലൈൻ ഞങ്ങൾ തയ്യാറാക്കി എല്ലാ ജില്ലകളിലും അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സി.ആന്റ്. എ. ജി. റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന 14 കോടി രൂപ തീരപ്രദേശത്തെ കുട്ടികൾക്കുമാത്രം കൊടുത്ത തുകയാണ്. പക്ഷേ അത് ബഡ്ജറ്റഡ് എമൗണ്ടിൽനിന്നും കൊടുക്കണമായിരുന്നു, ഇതിൽനിന്നല്ല. തീരപ്രദേശംവിട്ട് ഒരു പൈസ ആ 14 കോടിയിൽനിന്നും ചെലവഴിച്ചിട്ടില്ല. അങ്ങ് നോക്കണം. പക്ഷേ സി. ആന്റ്. എ. ജി. പറഞ്ഞത് ഇത് നിങ്ങളുടെ ബഡ്ജറ്റിൽപ്പെടുത്തി ബഡ്ജറ്റഡ് എമൗണ്ടാക്കി കൊടുക്കേണ്ടതായിരുന്നു എന്നാണ്. അതിനുപകരം നിങ്ങൾ ഇത് കൊടുത്തു. ഞങ്ങൾ അത് സമ്മതിക്കുന്നു. ഞങ്ങൾ കാബിനറ്റിൽ തീരുമാനിച്ചതാണ്. കാരണം സുനാമി ഏറ്റവും രൂക്ഷമായി ആഞ്ഞടിച്ചത് മൂന്ന് പഞ്ചായത്തുകളിലാണ്. പക്ഷേ സുനാമി വന്നതിനെത്തുടർന്ന് കേരളത്തിലെ ഒമ്പത് ജില്ലകളിലെ തീരപ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളും ബുദ്ധിമുട്ടി. അന്ന് അവർക്ക് സൗജന്യ റേഷൻ കൊടുത്തു. റേഷൻകൊണ്ട് മാത്രമാകില്ല എന്ന് കണ്ടപ്പോൾ വളരെ പെട്ടെന്ന് തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏതെല്ലാം വിധത്തിൽ കുടിശ്ശിക കൊടുക്കാനുണ്ടോ ആ കുടിശ്ശിക കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അത് അവിടത്തെ ജനങ്ങളെ സഹായിക്കാൻ വേണ്ടിയാണ്. ഇന്ന് നിങ്ങൾ എടുത്തിട്ടുള്ള സമീപനം തീരപ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനകരമല്ല. നിങ്ങൾ നോംസിന്റെ കാര്യം പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി ആ നോംസ് മേശപ്പുറത്ത് വയ്ക്കണം. എന്നിട്ട് കൂട്ടായി അതിനകത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്രത്തിൽ പറയാം. കഴിഞ്ഞ ലിസ്റ്റിലെ ആളുകൾക്ക് തുക വിതരണം ചെയ്തിട്ട് ബാക്കിയുള്ള ലിസ്റ്റ് അയയ്ക്കാൻ കേന്ദ്ര മന്ത്രി പറഞ്ഞല്ലോ? അതുപോലെ കേരളത്തിന്റെ സാഹചര്യങ്ങളുമായി ചേരത്തക്ക വിധത്തിലുള്ള മാറ്റങ്ങൾ നോംസിൽ വരുത്താൻ നമുക്ക് നിർദ്ദേശിക്കാം. തീരപ്രദേശത്ത് ഇന്ന് ആകെ അസ്വസ്ഥത ആളിപ്പടരുകയാണ്. നിങ്ങൾ അതിനെ നിസ്സാരമായി കാണരുത്. 1441 കോടി രൂപ തീരപ്രദേശത്തെ വികസനത്തിനുവേണ്ടി ലഭിച്ചിട്ട് അത് ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന പരാതിയാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസമുണ്ടായിട്ടുണ്ടെന്ന് മന്ത്രിതന്നെ സമ്മതിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ ഫണ്ട് വിനിയോഗിക്കുന്ന രീതി വച്ചുനോക്കിയാൽ നമുക്ക് വന്നിട്ടുള്ള വീഴ്ചകൾ വളരെ വലുതാണ്. നിങ്ങൾ അധികാരത്തിൽ വന്ന് 16 മാസം കഴിഞ്ഞിട്ടാണ് ഞങ്ങൾ ഈ പ്രശ്നം ഉന്നയിക്കുന്നത്. നിങ്ങൾക്ക് ഇത്രയും സമയം കിട്ടി. ആലപ്പുഴയിൽ ഇന്ന് പ്രതിഷേധത്തിന്റെ ശക്തിയായ കൊടുങ്കാറ്റ് ആഞ്ഞടിക്കുകയാണ്. ആരെങ്കിലും മന:പ്പൂർവ്വം സൃഷ്ടിക്കുന്നതല്ല. സ്വയം ഉയരുന്ന പ്രതിഷേധമാണ്. ഇതിന്റെ ഗൗരവം ഉൾക്കൊള്ളാൻ സാധിക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിൽ ഞങ്ങൾ ആശങ്ക ഉണ്ടാക്കത്തക്ക രീതിയിൽ ചർച്ച നടത്തരുതെന്ന് പറഞ്ഞു. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. നമ്മളെല്ലാവരും ഇവിടെ ഇരിക്കുന്നത് ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് വേണ്ടിയാണ്. ഈ തീരദേശത്ത് മുഴുവൻ കടുത്ത ആശങ്ക പടർന്ന് പിടിച്ചിരിക്കുകയാണ്. നാളെ ഒരു വർഷവും നാലു മാസവും തികയുന്നു. ഒരു വർഷവും നാലു മാസവും കഴിഞ്ഞിട്ട് ഇപ്പോഴും അങ്ങ് മറുപടി പറഞ്ഞപ്പോൾ പറഞ്ഞത് പദ്ധതികൾ തയ്യാറാക്കാൻ നടപടി തുടങ്ങിയിരിക്കുന്നു എന്നാണ്. അത് അങ്ങനെ മതിയോ? ഈ ഒരു വർഷവും നാല് മാസവുമായിട്ട് അതിന്റെ ഉപസമിതിക്ക് ശരിയായിട്ട് കൂടിയിരുന്ന് ചർച്ച ചെയ്യാൻ സാധിച്ചിട്ടില്ല. ഇവിടെ വേറെ പ്രശ്നങ്ങളാണ്. സംസ്ഥാനത്ത് സുനാമിയുടെ പേരിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തും അതിന് അപ്പുറത്തും നിങ്ങൾ എന്തെല്ലാം ബഹളങ്ങൾ വച്ചു. എന്തെല്ലാം അന്ന് പറഞ്ഞു പരത്തി. അങ്ങയുടെ ഈ ബുദ്ധിയൊന്നും അന്ന് അങ്ങേയ്ക്ക് ഉണ്ടായില്ല. ഇന്ന് അങ്ങ് അധികാരം ഏറ്റെടുത്ത് ഇത്രയും സമയമായിട്ടും, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ദുരിതമനുഭവിക്കുന്നവരാണ് തീരദേശത്തെ ആളുകളായ മത്സ്യത്തൊഴിലാളികൾ. വളരെ നിഷ്പക്ഷമായിട്ട് പറഞ്ഞാൽ, ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന മേഖലയാണ് തീരദേശം. അവർക്ക് സുനാമി കൂടി വന്നാലത്തെ അവസ്ഥയെന്താണ്? എന്നിട്ടുപോലും നിങ്ങൾക്ക് ഇതിനകത്ത് കാര്യമായി എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? തിരമാല അടിച്ചു വരുന്നതിന്, അവിടെ ഗവൺമെന്റ് സ്കൂളെന്നോ, എയ്ഡഡ് സ്കൂളെന്നോ ഉണ്ടോ? ഡോ. തോമസ് ഐസകിന്റെ മണ്ഡലം, അല്ലെങ്കിൽ തീരദേശത്തുള്ള സ്കൂളുകൾ അവിടെയൊക്കെ പഠിക്കുന്ന കുഞ്ഞുങ്ങളെല്ലാം ഈ നാട്ടിൽ ബി. പി. എൽ. കുടുംബങ്ങളിലെ കുഞ്ഞുങ്ങളാണ്. തമിഴ്നാട്ടിൽ എയ്ഡഡ് സ്കൂളിലെ എല്ലാം.....(മൈക്ക് ഓഫ്)........ഒരുക്കിയിരിക്കുന്നു. ഒരു തരത്തിലും അംഗീകരിക്കാൻ.....(മൈക്ക് ഓഫ്)............ഗവൺമെന്റ് ഈ കാര്യത്തിൽ കാണിച്ചിരിക്കുന്നത്. ഈ കടുത്ത കൃത്യവിലോപത്തിൽ, ജനങ്ങളോട് കാണിച്ചിരിക്കുന്ന ഈ ക്രൂരതയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ശ്രീ. കെ. സി. വേണുഗോപാൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ജനങ്ങളുടെ വികാരങ്ങളാണ് ഈ സഭയിൽ പ്രകടിപ്പിച്ചത്. 16 മാസം പിന്നിട്ട ഈ ഗവൺമെന്റ് ഈ കാര്യത്തിൽ തീരദേശത്തെ ജനങ്ങളോട് വളരെയെറെ അവഗണനയാണ് കാണിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതാണ്ട് 1441 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുപോലും യഥാസമയം അതിന്റെ പദ്ധതികൾ തയ്യാറാക്കാനോ, സമർപ്പിക്കാനോ കഴിയാതിരിക്കുകയും ലഭിച്ച തുക യഥാസമയം നൽകാതിരിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് 10 വർഷക്കാലം 300 രൂപ വച്ച് സ്കോളർഷിപ്പ് നൽകുന്ന ഏറ്റവും നല്ല ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം, കേന്ദ്ര ഗവൺമെന്റ് നൽകിയ ആ പദ്ധതിയുടെ പ്രയോജനം യഥാവസരം കുട്ടികൾക്ക് നൽകണമായിരുന്നു. ഇതിനുള്ള ഗൈഡ്‌ലൈൻസ് സംബന്ധിച്ച് ഇപ്പോഴും അവ്യക്തത നിലനിൽക്കുകയാണ്. ഈ കാര്യത്തിൽ വ്യക്തമായ ഗൈഡ്‌ലൈൻ തയ്യാറാക്കിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക യഥാവസരം അർഹിക്കുന്ന കുട്ടികൾക്ക് നൽകുകയും അതിൽ എന്തെങ്കിലും അപാകത ഉണ്ടായിരുന്നു എങ്കിൽ ആ കുട്ടികളെ ഒഴിവാക്കി അതിൽ അർഹിക്കുന്ന കുട്ടികൾക്ക് ആ നിമിഷം തന്നെ വിതരണം ചെയ്യുകയും ചെയ്യണമായിരുന്നു. അതുപോലെതന്നെ അതിൽ വിട്ടുപോയിട്ടുള്ള കുട്ടികൾ, അതിൽ എയ്ഡഡ് സ്കൂളോ സർക്കാർ സ്കൂളോ എന്നുള്ളത് നോക്കാതെ- ഈ ദുരന്തം എല്ലാ കുട്ടികളേയും ഒരുപോലെയാണ് ബാധിച്ചിട്ടുള്ളത്- അർഹിക്കുന്ന കുട്ടികളെ അതിൽ നിന്ന് തെരഞ്ഞെടുത്ത് അഡീഷണലായി അവർക്കുകൂടി കൊടുക്കാവുന്നതായിരുന്നു. ഇത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ അവഗണനയെയാണ്, നിരുത്തരവാദിത്വത്തെയാണ് കാണിക്കുന്നത്. അതുപോലെതന്നെ ഒട്ടേറെ പദ്ധതികൾ, ഭവനനിർമ്മാണം, റോഡ്, കുടിവെള്ള പദ്ധതി, ഇലക്ട്രിഫിക്കേഷൻ, സീവാൾ ഇതുപോലുള്ള കാര്യത്തിൽ പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു എന്നല്ലാതെ ഇതിന്റെ പദ്ധതികൾ തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കേന്ദ്രത്തിൽ നമ്മുടെ എം. പി.-മാർ സമ്മർദ്ദം ചെലുത്തിക്കൊണ്ട് സമർപ്പിക്കപ്പെട്ട പദ്ധതികൾ ഈ സുനാമി ബാധിത പ്രദേശങ്ങളിൽ മാത്രമായി വിനിയോഗിക്കപ്പെടുകയും, അല്ലാത്ത പ്രദേശങ്ങളിൽ ഒരു കാരണവശാലും ചെലവഴിക്കാൻ പാടില്ലാത്തതുമാണ്. ഈ പദ്ധതികൾക്കെല്ലാംതന്നെ എത്രയും വേഗത്തിൽ അംഗീകാരം നേടി ഈ ഗവൺമെന്റിന്റെ അനാസ്ഥ അവസാനിപ്പിക്കണം. ഈ പ്രധാനപ്പെട്ട വിഷയം സംബന്ധിച്ച അടിയന്തിര പ്രമേയം ഇവിടെ ചർച്ചയ്ക്ക് എടുക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോകുകയും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) ആസൂത്രിത നഗര വികസന പദ്ധതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, നമ്മുടെ നഗരങ്ങളുടെ ഇന്നത്തെ സ്ഥിതി അത്യന്തം പരിതാപകരമാണ്. അടിസ്ഥാന വികസനം ഇന്ന് നമ്മുടെ അജണ്ടയിൽ മുഖ്യവിഷയമായിട്ടില്ല. മാലിന്യ കൂമ്പാരങ്ങളും കൊതുകുശല്യവും നിത്യേനയുള്ള പൈപ്പ്

പൊട്ടലും കറണ്ട് കട്ടും വെള്ളക്കെട്ടും ഗതാഗതകുരുക്കുകളും മറ്റും ഉയർത്തുന്ന വെല്ലുവിളികൾക്ക് മുന്നിൽ നാം പകച്ചു നിൽക്കുകയാണ്. നമ്മുടെ നഗരങ്ങളുടെ വികലമായ വളർച്ച പുതിയ പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിലേയ്ക്ക് പ്രതീക്ഷകളോടെ വന്നെത്തുന്ന വിനോദ സഞ്ചാരികൾ നിരാശരായി മടങ്ങിപ്പോകുന്ന സ്ഥിതിയാണ്. നഗരങ്ങളിൽ ഉയർന്നു വരുന്ന ബഹുനിലക്കെട്ടിടങ്ങളിലും ഫ്ളാറ്റുകളിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ സാംക്രമിക രോഗങ്ങൾക്ക് വഴി തെളിയിക്കുന്നു. തൻമൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാലിന്യസംസ്കരണത്തിന് ശാസ്ത്രീയവും ഫലപ്രദവുമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നമുക്ക് ഇതുവരെയും സാധിച്ചിട്ടില്ല. വിളപ്പിൽശാലയും കുരിപ്പുഴയും ബ്രഹ്മപുരവും ലാലൂരും ഞെളിയംപറമ്പും നാഗരിക മുഖത്തിന്റെ കറുത്ത വ്രണങ്ങളായി മാറിയിരിക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശക്തമായ ഇടപെടലുകളുണ്ടായിട്ടുപോലും കൊച്ചിയിൽ മാലിന്യ സംസ്കരണത്തിന് താല്കാലിക പരിഹാരം പോലും കണ്ടെത്താൻ നമുക്ക് കഴിയുന്നില്ല. മാലിന്യങ്ങളെ ഊർജ്ജോൽപ്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥമാക്കി മാറ്റി പ്രഭവസ്ഥാനത്ത് തന്നെ ആവുന്നത്ര സംസ്ക്കരിക്കുന്നതിന് വേണ്ട സാങ്കേതിക വിദ്യ നാം കണ്ടെത്തിയേ പറ്റൂ. ജലനിർഗമന സൗകര്യങ്ങളുടെ അപര്യാപ്തമൂലം വെള്ളക്കെട്ട് നഗരജീവിതത്തിന് ഭീഷണിയായി മാറിയിരിക്കുന്നു. മനുഷ്യന്റെ മൗലിക ആവശ്യങ്ങളായ ശുദ്ധജലവും വെള്ളവും വെളിച്ചവും ലഭ്യമാക്കാൻ നമുക്ക് കഴിയുന്നില്ല. പാരിസ്ഥിതിക പ്രശ്നങ്ങളും അന്തരീക്ഷ മലിനീകരണവും നിയന്ത്രണാതീതമായിക്കൊണ്ടിരിക്കുന്നു. വാഹനപ്പെരുപ്പവും ഗതാഗതകുരുക്കുംമൂലം യാത്രകൾ തന്നെ പ്രയാസമേറിയതാകുന്നു. നഗര ജീവിതം നരക തുല്യമായി മാറിക്കഴിഞ്ഞു. ആസൂത്രിതമായ നഗരവികസനം അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ കാലഹരണപ്പെട്ട മാസ്റ്റർ പ്ലാനുകൾ മാറ്റി ദീർഘവീക്ഷണത്തോടുകൂടി പുതിയ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി നഗരങ്ങളുടെ സമതുലിതമായ വളർച്ച സാധ്യമാക്കാൻ നാം തയ്യാറാകണം. തലസ്ഥാന നഗരവികസനത്തിന് ചില പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെങ്കിലും അവ പകുതി വഴിയിൽ ഉപേക്ഷിച്ച ഘട്ടത്തിലാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗര വികസന അതോറിറ്റികൾ പല നവീകരണ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ടെങ്കിലും അവയൊന്നും നാം ആഗ്രഹിക്കുന്ന വിധം മുന്നോട്ട് പോകുന്നുണ്ടെന്ന് പറയാൻ വയ്യ. സ്മാർട്ട് സിറ്റിയും വല്ലാർപാടവും ഒക്കെ യാഥാർത്ഥ്യമാകുന്നതോടെ കൊച്ചി നഗരം അക്ഷരാർത്ഥത്തിൽ ശ്വാസം മുട്ടും. ക്രമേണ മറ്റ് നഗരങ്ങളുടെ സ്ഥിതിയും ഇത്തരത്തിൽ ആകാനാണ് സാധ്യത. നമ്മുടെ നഗരങ്ങളുടെ സ്വാഭാവിക വളർച്ചയ്ക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ പോലും നാം ശ്രദ്ധിക്കുന്നില്ല. സംസ്ഥാനത്ത് അഞ്ച് കോർപ്പറേഷനുകൾ ഉണ്ടെങ്കിലും തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളോട് സർക്കാരിന്റെ സമീപനം വിവേചനപരമാണ്. പുതുതായി രൂപവൽക്കരിക്കപ്പെട്ട തൃശ്ശൂർ, കൊല്ലം നഗരസഭകൾക്ക് പരിരക്ഷയും പ്രോൽസാഹനവും നൽകുന്നതിന് പകരം അവയെ തീരെ അവഗണിക്കുന്ന നിഷേധാത്മക സമീപനമാണ് സർക്കാർ കാണിക്കുന്നത്. അവിടെയുള്ള വികസന അതോറിറ്റികൾ വേണ്ടെന്നു വയ്ക്കുകയും തൃശ്ശൂർ നഗരവികസന അതോറിറ്റി ജനപങ്കാളിത്തത്തോടുകൂടി സ്വരൂപിച്ച

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപയുടെ ആസ്തി കണ്ടുകെട്ടുകയും ചെയ്തു. തുടങ്ങിവച്ച പദ്ധതികൾ പലതും അവതാളത്തിലായി. സർക്കാരുകൾ മാറുന്നതോടൊപ്പം നിലവിലുള്ള അടിസ്ഥാന വികസന പദ്ധതികൾ ഉപേക്ഷിക്കുന്നത് സങ്കുചിതമായ സമീപനമാണ്. കൈവന്ന പുരോഗതിയെ പുറകോട്ട് നയിക്കുന്ന നിഷേധാത്മകമായ സമീപനം നാടിന്റെ വളർച്ചയ്ക്ക് ഒട്ടും ഗുണകരമല്ല. തൃശ്ശൂർ, കൊല്ലം നഗരസഭ പുന:സ്ഥാപിക്കുന്ന കാര്യം സർക്കാർ ഗൗരവതരമായി പര്യാലോചിക്കണം. വളർച്ചയുടേയും തൊഴിലവസരങ്ങളുടേയും കേന്ദ്രങ്ങളായ നമ്മുടെ നഗരങ്ങൾക്ക് പുതിയ മുഖം നൽകണമെങ്കിൽ അടിസ്ഥാന സൗകര്യ വികസനവും മികച്ച ജീവിത സാഹചര്യങ്ങളും സൃഷ്ടിക്കേണ്ടത് അടിയന്തിരാവശ്യമാണ്. ഇത് സാധ്യമാകണമെങ്കിൽ വൻനിക്ഷേപവും ദീർഘവീക്ഷണ ത്തോടുകൂടിയുള്ള ആസൂത്രിത പദ്ധതിയും വേണം. നഗരങ്ങളുടെ വളർച്ചയും വികസനവും നഗരസഭകളെ മാത്രം ഏൽപ്പിക്കുന്ന ഇന്നത്തെ സ്ഥിതി തികച്ചും അനുഗുണമല്ല. നഗരസഭകൾ വിചാരിച്ചാൽ പല പ്രശ്നങ്ങൾക്കും പൂർണ്ണമായും പരിഹാരം കാണാനാകില്ല. അതുകൊണ്ട് സംസ്ഥാനത്ത് 5 കോർപ്പറേഷനുകളിലും സമഗ്രവികസനം സാധ്യമാക്കുന്നതിനുവേണ്ട വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുവായ പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാർ മുൻകൈ എടുക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഒരു കാര്യത്തിലൊഴികെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളോടൊക്കെ സർക്കാരിന് യോജിപ്പാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നഗര പ്രദേശങ്ങളിൽ പ്രശ്നം കൂടുതൽ രൂക്ഷമായി ക്കൊണ്ടിരിക്കുകയാണ്. പത്ത് ശതമാനം ഭൂവിസ്തൃതിയാണെങ്കിലും ഇവിടെ ഇന്ന് 25 ശതമാനം ജനങ്ങൾ അധിവസിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക വരുമാനം അൻപത് ശതമാനവും അവിടെ നിന്നാണ്. രണ്ട് ദശാബ്ദം കഴിയുമ്പോൾ നാൽപത് ശതമാനം ജനങ്ങളും എഴുപത്തിയഞ്ച് എൺപത് ശതമാനം വരുമാനം ഉള്ളവരായി മാറും. ഭൂവിസ്തൃതി പത്ത് ശതമാനമായിട്ട് തുടരുകയും ചെയ്യും. നഗരാ സൂത്രണത്തിൽ ഏറ്റവും സുപ്രധാന സ്ഥാനം സ്ഥലമാനത്തിനുണ്ട്. അത് ഒരു പ്രത്യേക ആസൂത്രണ ശാസ്ത്രമാണ്. അതിന്റെ അടിസ്ഥാനത്തിൽ പൊതുവായിട്ടുള്ള പ്ലാൻ സ്ട്രക്ച്ചറൽ പ്ലാനാണെന്ന് പറയാം. കൂടുതൽ വിശദാംശങ്ങൾ ഉള്ളത്, കൂടുതൽ പരിചിതമായിട്ടുള്ളത് മാസ്റ്റർ പ്ലാൻ എന്ന് വിളിക്കും. ഒരു പടി കൂടി കടന്ന് ജങ്ഷനുകളുടെ വിശദാംശങ്ങൾ ഉള്ളതിനെ ഡെവലപ്മെന്റ് പ്ലാൻ എന്ന് വിളിക്കും. ഇവ തയ്യാറാ ക്കുന്നതിന് ടൗൺ ആന്റ് കൺട്രി പ്ലാൻ ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിക്കുന്നു. തിരുവനന്തപുരത്തിന്റെ മാസ്റ്റർ പ്ലാൻ ആയിട്ടുണ്ട്. കൊച്ചിക്ക് സ്ട്രക്ച്ചറൽ പ്ലാനുണ്ട്. കോഴിക്കോടിനും കൊല്ലത്തിനും ഡെവലപ്മെന്റ് പ്ലാനുകൾ അവരുടെ മേഖല നിയന്ത്രണ ചട്ടം പരിഷ്കരിച്ച് കരട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരാസൂത്രണ പദ്ധതികളുടെ പരിഷ്കരിച്ച ചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. JNNURM-ന്റെ പ്രവർത്തനത്തിന്റെ ഭാഗമായി സിറ്റി ഡെവലപ്മെന്റ് പ്ലാൻ രൂപീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ഇതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യലൈസ്ഡായിട്ടുള്ള ഏജൻസിയുടെ സഹായം വേണം. ഈ സ്പെഷ്യൽ പ്ലാൻ തയ്യാറാക്കുന്നതിന് ഏജൻസിയുടെ സഹായവും ഉറപ്പാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ട്. പക്ഷേ വികസന അതോറിറ്റി വേണമെന്നുള്ള കാഴ്ചപ്പാട് സർക്കാർ അംഗീകരിക്കുന്നില്ല. കാരണം നമ്മൾ തെരഞ്ഞെടുക്കപ്പെട്ട സിറ്റി കൗൺസിൽ വഴിയാണ് കോർപ്പറേഷനുകളെ ശക്തിപ്പെടുത്തുന്നത്. അശോക് മേത്ത കമ്മിറ്റി റിപ്പോർട്ട് ഉണ്ട്. പി. രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടുണ്ട്. അവരൊക്കെ ചൂണ്ടിക്കാണിച്ചിട്ടുള്ളത് തെരഞ്ഞെടുക്കപ്പെട്ട സമിതികൾക്ക് സമാന്തരമായി ബോർഡുകളും അതോറിറ്റികളും ഒക്കെ വരുന്നത് അവയെ ദുർബലപ്പെടുത്തുമെന്നുള്ളതാണ്. വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇൻഡ്യയുടെ വികേന്ദ്രീകരണത്തിന്റെ അനുഭവം പരിശോധിച്ചു നോക്കുമ്പോൾ പണ്ഡിതൻമാരൊക്കെ ചൂണ്ടിക്കാണിച്ചിട്ടുള്ളതും, നമ്മുടെ അനുഭവവും അതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ആശങ്ക, വികസന അതോറിറ്റികൾ ചെയ്യുന്ന ചില തീരുമാനങ്ങൾ ഉണ്ട്. അവ ഇല്ലാതായി പോകില്ല. സംയോജിതമായിട്ടുള്ള നഗര വികസന അതോറിറ്റികൾക്ക് പകരം സംയോജിത പ്ലാനുകളുണ്ടാക്കി നഗരങ്ങളോടൊപ്പം നഗര പ്രാന്തപ്രദേശങ്ങളേയും പരിഗണിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയുണ്ട്. മുനിസിപ്പാലിറ്റി ആക്റ്റ് 37-ാം സെക്ഷൻ പ്രകാരവും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 165-ാം സെക്ഷൻ പ്രകാരവും പൊതുവായ വികസന പദ്ധതികൾ, സംയുക്ത സമിതികൾക്ക് രൂപം നൽകുക, ജില്ലാ പദ്ധതി എന്ന പുതിയ സങ്കൽപം സർക്കാർ അംഗീകരിച്ച് നടപ്പാക്കി വരുന്നുണ്ട്. രണ്ടാമത് വിശദമായിട്ടുള്ള പ്ലാനുകൾ തയ്യാറാക്കണം. അത് നഗര/ഗ്രാമ ആസൂത്രണ വകുപ്പുകൾ ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. മൂന്നാമത് ഇതൊക്കെ ചെയ്യുന്നതിനുള്ള കപ്പാസിറ്റിയുള്ള ഉദ്യോഗസ്ഥർ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഉണ്ടാകില്ല. വിശദമായ പ്ലാനുകൾ തയ്യാറാക്കുകയും അതോറിറ്റികൾ വേണ്ടെന്നുവയ്ക്കുകയും ചെയ്യുമ്പോൾ ഉദ്യോഗസ്ഥരും ആസ്തികളും നഗരസഭകളോട് സംയോജിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ അതോറിറ്റികൾ ഉണ്ടെങ്കിൽ സ്വതന്ത്രമായി വായ്പ സമാഹരിക്കുന്നതിന് കഴിയും. ഇപ്പോൾ നമ്മൾ തീരുമാനിച്ചിട്ടുള്ളത് റൂറൽ ഫിനാൻസും അർബൻ ഫിനാൻസും സംയോജിപ്പിച്ച് കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുകവഴി എ. ഡി. ബി. വായ്പയിൽ നിന്നും കിട്ടുന്ന തുകകൂടി പ്രയോജനപ്പെടുത്തി അവ നഗരസഭകളുടെ ധനസമാഹരണത്തിനാവശ്യമായ ഒരു സ്പെഷ്യലൈസ്ഡ് ഏജൻസിയായി പ്രവർത്തിക്കാൻ പോവുകയാണ്. ഈ വികസന അതോറിറ്റികൾ നിർവ്വഹിച്ചുവരുന്ന ധർമ്മങ്ങൾ- ഇതിന് പകരം സംവിധാനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം അതോറിറ്റികളുടെ പ്രവർത്തനം നാമമാത്രമാണ്. കൊച്ചി, തിരുവനന്തപുരം അതോറിറ്റികൾ ഏറ്റെടുത്തിട്ടുള്ള വലിയ പ്രോജക്ടുകൾ പെട്ടെന്ന് നിർത്തലാക്കാൻ കഴിയില്ല. ഇവ രണ്ടും തുടരട്ടെ. ബാക്കിയുള്ള അതോറിറ്റികളേയും ഉദ്യോഗസ്ഥരേയും നഗരസഭയോട് ലയിപ്പിക്കാം. അതുകൊണ്ട് യാതൊരു കുഴപ്പവും ഇല്ല. നമ്മുടെ നഗരസഭകളെ കൂടുതൽ ശക്തിപ്പെടുത്തുകയും അതുവഴി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മാലിന്യ നിർമ്മാർജ്ജനവും കുടിവെള്ള പ്രശ്നങ്ങളും അതിനുള്ള പണവും നഗരസഭകളുടെ സോഷ്യോ ഇക്കണോമിക് പ്ലാനിന്റെ ഭാഗമായിട്ട് വരുന്നതാണ്. അതിൽനിന്നും വ്യത്യസ്തമായി അതോറിറ്റി വേണ്ടെന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ നഗരസഭ വികസന അതോറിറ്റി നിഷ്ക്രിയമാണെന്ന് പറയുന്നത് വസ്തുതാപരമായി തെറ്റാണ്. ജന പങ്കാളിത്തത്തോടുകൂടി ഇൻഡ്യയിൽ ആദ്യ പ്രോപ്പർട്ടി പൂളിംഗ് നടത്തി കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ്. സർക്കാർ പത്ത് പൈസ തന്നില്ലെങ്കിലും ഒരു വിരോധവും ഇല്ല. നിങ്ങൾ മുൻപ് അവിടുത്തെ ജനപ്രതിനിധികളുമായി ആലോചിക്കാനുള്ള സാമാന്യ മര്യാദ പോലും കാണിക്കുകയുണ്ടായില്ല. ഇനിയും വൈകിയിട്ടില്ല. യോഗം വിളിച്ചാൽ സംസാരിക്കാം. അവരെ ഏൽപിച്ചാൽ എല്ലാം അവതാളത്തിലാകുന്ന പ്രശ്നമാണ്. ഇനിയും യോഗം വിളിച്ചാൽ നമുക്ക് ആസ്തിയുടെ കാര്യവും കൂടി സംസാരിക്കാം. പഞ്ചായത്ത് ആക്ടിലും മുനിസിപ്പൽ ആക്ടിലും വകുപ്പ് ഉണ്ടായാൽ പോര. എക്സ്പീരിയൻസ് വേണം. അതുകൊണ്ട് നഗരങ്ങളുടെ ആസൂത്രിതമായ വികസനത്തിന് നഗര വികസന അതോറിറ്റിയില്ലെങ്കിൽ വേണ്ട ജനപ്രതിനിധികളുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും ഒരു ബോഡി ഉണ്ടാക്കാൻ തയ്യാറുണ്ടോ? പല പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മാത്രം ചെയ്യാൻ പറ്റില്ല. മാലിന്യ നിർമ്മാർജ്ജനം ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു? അത് കണ്ടില്ല എന്ന് നടിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ഏകോപിച്ച ആസൂത്രിതമായ ഒരു സ്കീം സർക്കാർ തന്നെ ഏറ്റെടുക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം.

ഡോ. തോമസ് ഐസക്: ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന വിവാദങ്ങളൊക്കെ വന്നത്, അതോറിറ്റികൾ സ്വതന്ത്ര ഏജൻസിയായി നിന്നുകഴിഞ്ഞാൽ നഗരസഭകൾ ശക്തിപ്പെടില്ല. അതുകൊണ്ട് നഗരസഭകളുമായി സംയോജിച്ച് വേണം ഈ ഏജൻസികൾ പ്രവർത്തിക്കാൻ. അതുകൊണ്ട് നഗരസഭകളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കേണ്ടതുണ്ട്, സ്പെഷ്യലിസ്റ്റ് ഏജൻസികളുടെ സഹായം വേണം. പക്ഷേ നഗരസഭകൾക്ക് കീഴ്പ്പെട്ടു വേണം പ്രവർത്തിക്കാൻ.

## (2) കർഷകർക്ക് പെൻഷനും മറ്റുസഹായങ്ങളും നൽകാൻ ക്ഷേമപദ്ധതി

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, നമ്മുടെ സംസ്ഥാനത്തെ കർഷകർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പര്യാപ്തമായ ഒരു പുതിയ ക്ഷേമ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ ഇന്ന് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ കേരളത്തിന്റെ സാമ്പത്തിക ഘടന ഇന്നും കാർഷിക പ്രധാനമാണ്. നമ്മുടെ സമൂഹത്തിൽ കർഷകർ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ്. 75 ലക്ഷത്തോളം കർഷകരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇന്നാകട്ടെ ആ കാർഷിക മേഖല മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള ഒരു കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. കാർഷിക ചെലവ് ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിലത്തകർച്ച മൂലം കർഷകരുടെ വരുമാനം വൻതോതിൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇന്ന് കൃഷി ലാഭകരമല്ലാത്ത നിലയിലേയ്ക്ക് എത്തിച്ചേരുന്നു. കൃഷിക്കാർ കൃഷിയിൽനിന്നും വ്യാപകമായി പിൻമാറുന്ന സ്ഥിതിയാണ്. പുതിയ തലമുറയിൽപ്പെട്ട ആളുകൾ കാർഷികവൃത്തി തങ്ങളുടെ വരുമാനമായി സ്വീകരിക്കാൻ താൽപ്പര്യമെടുക്കുന്നില്ല. അതിന് അവർക്ക് കഴിയാത്ത

സാഹചര്യമാണുള്ളത്. കടബാധ്യതമൂലം കൃഷിഭൂമി പണയ വസ്തുവാക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ടുതന്നെ ആ ഭൂമി വിൽക്കാൻ നിരവധി കർഷകർ നിർബന്ധിതരാകുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റാകട്ടെ കൃഷിയെ തകർക്കുകയും കർഷകരെ പാപ്പിരീകരിക്കുകയും ചെയ്യുന്ന നയങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകരെ കടവിമുക്തരാക്കാനോ അവർക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കാനോ വിളകൾക്ക് വില സുരക്ഷിതത്വം ഉറപ്പാക്കാനോ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കർഷകരെ കടത്തിൽനിന്ന് രക്ഷിക്കാൻ നിരവധി നടപടികൾ സ്വീകരിച്ചു. ഞാൻ വിശദീകരിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന വ്യാപകമായ കർഷക ആത്മഹത്യ ഏറ്റവും കൂടുതൽ നടന്ന വയനാട് ജില്ലയിൽപ്പോലും ഇപ്പോൾ കുറഞ്ഞിരിക്കുന്നു. അത് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നയമാണ്. കർഷക പെൻഷനും ക്ഷേമ പദ്ധതിയും അപകട സുരക്ഷയും ഉറപ്പു വരുത്താൻ കഴിയണമെന്നുള്ളതാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ പ്രധാനപ്പെട്ട ആവശ്യം. കർഷകർക്ക് ആത്മവിശ്വാസം പകർന്നു നൽകുന്നതിന് അത് വലിയ തോതിൽ സഹായിക്കും. കൃഷിയെ രക്ഷിക്കാനും അത് സഹായിക്കും. മുമ്പത്തെ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് കർഷക രക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പക്ഷേ ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തയ്യാറാകാതെ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് അത് നിർത്തലാക്കി എന്നാണ് അറിയാൻ കഴിഞ്ഞത്. ഒരുലക്ഷം യുവ കർഷകരിൽനിന്ന് ആയിരം രൂപവീതം ശേഖരിച്ച് അവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ ആയിരം രൂപ പെൻഷൻ കൊടുക്കാൻ കഴിയുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. അതിനുവേണ്ടി ആയിരം രൂപവീതം യുവ കർഷകരിൽനിന്ന് ശേഖരിച്ചിരുന്നു. പക്ഷേ അത് നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. ആ സാഹചര്യത്തിൽ പുതിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന രൂപത്തിൽ ഈ ഗവൺമെന്റിന്റെ നേരത്തെയുള്ള പ്രഖ്യാപനത്തിൽ വന്നിട്ടുള്ളതാണ് കർഷകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ തയ്യാറാകുമെന്നുള്ളത്. ഇത് എത്രയും പെട്ടെന്ന് ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പി. കൃഷ്ണപ്രസാദ് കർഷകർക്ക് ആശ്വാസം നൽകാൻ കഴിയുന്ന ഒരു ക്ഷേമപദ്ധതിയുടെ ആവശ്യകതയിലേയ്ക്കാണ് ഈ പ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. കാർഷിക മേഖലയുടെ പരിരക്ഷ മുൻനിർത്തി സഭയിൽ ഈ വിഷയം ഉന്നയിക്കാൻ ബഹുമാനപ്പെട്ട അംഗം കാണിച്ച താൽപ്പര്യം അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ ഭൂരിപക്ഷം കർഷകരും ചെറുകിട/നാമമാത്ര കർഷകരാണ്. പ്രകൃതിക്ഷോഭം, രോഗകീടബാധ, കേന്ദ്രത്തിന്റെ വികലമായ ഇറക്കുമതി നയം, കാർഷികോൽപ്പന്നങ്ങൾക്കുണ്ടാകുന്ന വിലത്തകർച്ച എന്നിവമൂലം കർഷകർക്ക് പലപ്പോഴും ദുരിതം വന്നു ഭവിക്കാറുണ്ട്. കൃഷിയുടെ ചെലവിനെ അടിസ്ഥാനമാക്കി നഷ്ടപരിഹാരം ലഭിക്കുന്നതിന് ഒരു ഇൻഷ്വറൻസ് പദ്ധതി ഇല്ലാത്തത് കാർഷിക മേഖലയുടെ പുരോഗതിക്ക് വലിയ തടസ്സമാണ്. മാത്രമല്ല കർഷകർക്ക് സാമൂഹ്യ സുരക്ഷയിൽ ഊന്നിയുള്ള മറ്റ് ക്ഷേമപദ്ധതികളും നിലവിലില്ല. ഇതേ സാഹചര്യങ്ങൾ നിലനിന്ന അവസരത്തിലായിരുന്നു കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു കർഷക രക്ഷാ പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ പത്തുലക്ഷം കർഷകരെ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളാക്കി. ഒരു വർഷത്തേയ്ക്ക് ഒരു കർഷകന് പത്തു രൂപ പ്രീമിയം ഉണ്ടായിരുന്ന ഈ പദ്ധതിയിൽ അംഗമായ പത്തു ലക്ഷം കർഷകരുടേയും പ്രീമിയം തുക ഗവൺമെന്റ് വഹിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. കാർഷികവൃത്തിയിൽ ഏർപ്പെടുന്ന അവസരത്തിൽ അപകടത്തിൽ മരണപ്പെടുന്ന കർഷകരുടേയും ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾമൂലം മരണപ്പെടുന്ന കർഷകരുടേയും ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്നതിനും അംഗഭംഗം സംഭവിക്കുന്നവർക്കും കുട്ടികളുടെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹം അടക്കമുള്ള ആവശ്യങ്ങൾക്കും കർഷകർക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭിച്ചിരുന്നു. ഇങ്ങനെ വിവിധ നിലയിൽ മൂന്നുകോടി രൂപയായിരുന്നു ഒരു വർഷത്തിനുള്ളിൽ കർഷകർക്ക് ഈ പദ്ധതിയിലൂടെ ലഭിച്ചത്. തുടർന്നു വന്ന യു. ഡി. എഫ്. ഗവൺമെന്റ് ഈ പദ്ധതി നിർത്തലാക്കി. ഇപ്പോൾ കർഷകർക്ക് കേരളത്തിൽ സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നിലവിലില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്. ഇതിന് പരിഹാരം കാണുന്നതിനായി കിസാൻശ്രീ എന്ന സമഗ്രമായ ഒരു കർഷക ക്ഷേമ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപംനൽകാൻ തീരുമാനിച്ചിട്ടുണ്ട്. കർഷകർക്ക് അപകട സുരക്ഷയും ക്ഷേമസഹായങ്ങളും നൽകുന്നതിനുള്ള ഈ പദ്ധതിയുടെ രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി അധികൃതരെ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനായി കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. അപകട സുരക്ഷയ്ക്കും ക്ഷേമ സഹായങ്ങൾക്കുമൊപ്പം കർഷകർക്ക് പെൻഷൻകൂടി നൽകാൻ കഴിയുന്ന നിലയിലുള്ള ഒരു പദ്ധതിയാണ് ഇതിലൂടെ ആലോചിക്കുന്നത്. അതോടൊപ്പം കൃഷിച്ചെലവുകൂടി കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ കഴിയുന്ന വിള ഇൻഷ്വറൻസ് പദ്ധതിയും കിസാൻശ്രീ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. ഈ പദ്ധതി കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. കൃഷ്ണപ്രസാദ്: കർഷകർക്ക് പെൻഷൻ നൽകാൻ കഴിയുന്ന രൂപത്തിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കാമെന്നും ഒരു വിള ഇൻഷ്വറൻസ് പദ്ധതിയുണ്ടാക്കി നവംബർ 1-ാം തീയതിതന്നെ പ്രഖ്യാപിക്കാൻ കഴിയുമെന്നുമുള്ള വളരെ പോസിറ്റീവായിട്ടുള്ള മറുപടിയാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. തീർച്ചയായും ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജനവിഭാഗം എന്ന രൂപത്തിൽ കർഷകർക്കുള്ള കഷ്ടനഷ്ടങ്ങൾക്ക് അതീതമായിട്ടുള്ള വലിയ തോതിലുള്ള പിന്തുണയും അതുപോലെ എല്ലാ അർത്ഥത്തിലും അവർക്ക് പുരോഗതിയുമുണ്ടാക്കാൻ സാധിക്കുന്ന നടപടിയെടുത്ത ഈ ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: പ്രധാനമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച കർഷക രക്ഷാ പദ്ധതിയുമായി ഗവൺമെന്റ് ബന്ധപ്പെടാൻ ശ്രമിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ വളരെ സമഗ്രമായ ഒരു പദ്ധതി ഈ നവംബർ 1-ാം തീയതി നമുക്ക് പ്രഖ്യാപിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

# IV സബ്മിഷൻ

## (1) കോഴിക്കോട് ഐ. ടി. പാർക്ക്

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോട്ട് ഒരു ഐ. ടി. പാർക്ക് സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവന്ന് ഏഴ് മാസത്തിനുള്ളിൽ സമഗ്രമായ ഒരു കരട് ഐ. ടി. നയം പ്രഖ്യാപിക്കുകയുണ്ടായി. അറിവിന്റേയും സാങ്കേതിക വിദ്യയുടേയും കാര്യത്തിലും വിവരസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഘട്ടത്തിലും ഉണ്ടാകാനിടയുള്ള ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കാൻ ഉതകുന്ന വിധത്തിലുള്ള ഐ. ടി. നയമാണ് പ്രഖ്യാപിക്കപ്പെട്ടത്. കേരളത്തിൽ ഐ. ടി. രംഗത്ത് ചില നേട്ടങ്ങൾ നമ്മൾ കൈവരിച്ചിട്ടുണ്ട്. അവ പഴയ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് തിരുവനന്തപുരത്തുള്ള ടെക്നോ പാർക്ക്, കൊച്ചിയിലെ ഇൻഫോ പാർക്ക് എന്നിവയാണ്. പക്ഷേ മലബാർ മേഖല ഐ. ടി. വികസനത്തിന്റെ കാര്യത്തിൽ അർഹതപ്പെട്ട പരിഗണന ലഭിക്കാതെ പൂർണ്ണമായും അവഗണിക്കപ്പെടുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. അതെല്ലാം പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മലബാറിന്റെ കേന്ദ്രമായ കോഴിക്കോട്ട് ഒരു ഐ. ടി. പാർക്ക് ആരംഭിക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. അത് കോഴിക്കോട് നഗരത്തിൽതന്നെ തുടങ്ങാനാവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. വളരെ മനോഹരമായി ആവശ്യമുള്ള അത്രയും സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കി നേരത്തെ കൊടുത്തിട്ടുണ്ട്. പ്രകൃതി രമണീയത മാത്രമല്ല വൻകിട ഐ. ടി. പാർക്ക് ആരംഭിക്കാൻ ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഇന്ന് കോഴിക്കോട് നഗരത്തിലുണ്ട്. പക്ഷേ ഇതുവരെ ഇത് ആരംഭിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. ഇപ്പോൾ അവിടെ അടയാളപ്പെടുത്തിക്കൊടുത്ത സ്ഥലം യാത്രാ സൗകര്യങ്ങൾ ഏറെ ഉള്ളതാണ്. എയർപോർട്ടിൽനിന്ന് 25 മിനിറ്റ് യാത്ര മാത്രമാണ് അവിടേയ്ക്കുള്ളത്. അതുപോലെ റയിൽവേസ്റ്റേഷൻ, ബസ്സ്സ്റ്റാന്റ് എന്നിവയുടെ സൗകര്യവുമുണ്ട്. വികസിച്ചു കൊണ്ടിരിക്കുന്ന ബേപ്പൂർ ഫോർട്ട് പത്തു കിലോമീറ്റർ അപ്പുറത്താണ്. ഐ. ടി. വികസനത്തിന് അനിവാര്യമായ വാർത്താ വിനിമയ സൗകര്യങ്ങളുടെ ലഭ്യത കോഴിക്കോട് നഗരത്തിലുണ്ട്. ബി.എസ്.എൻ.എൽ. ഉൾപ്പെടെ എല്ലാ പ്രധാനപ്പെട്ട ടെലികോം കമ്പനികളുടെ സാന്നിദ്ധ്യവും ബ്രോഡ് ബാന്റ് കണക്ഷനും ഒപ്റ്റിക്കൽ കണക്ടിവിറ്റിയും എല്ലാമുണ്ട്. വൈദ്യുതിയുടേയും ജലത്തിന്റേയും ലഭ്യത ഈ നഗരത്തിലുണ്ട്. ഇൻഡ്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഐ. ടി. ഹബ്ബ് ആയ ബാംഗ്ളൂരിൽനിന്നും അഞ്ചോ ആറോ മണിക്കൂറുകൾകൊണ്ട് കോഴിക്കോട്ട് എത്താം. അങ്ങനെ വൻകിട ഐ. ടി. പാർക്ക് ആരംഭിക്കാനാവശ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ലോകത്തിലെ വൻകിട ഐ. ടി. കമ്പനികൾ ഇവിടേയ്ക്ക് വരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഗവൺമെന്റ് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കുകയേ വേണ്ടൂ. ഈ കാര്യം ഇനി കാലവിളംബം കൂടാതെ യാഥാർത്ഥ്യമാക്കാൻവേണ്ടി തയ്യാറാകണമെന്നാണ് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി. (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ടെക്നോപാർക്കും ഇൻഫോ പാർക്കും നിലവിലില്ലാത്ത (തിരുവനന്തപുരം, എറണാകുളം ജില്ലകളൊഴികെ) എല്ലാ ജില്ല കളിലും ഐ. ടി. പാർക്കുകൾ തുടങ്ങാൻ ഉദ്ദേശമുണ്ട്. കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിലെ നെല്ലിക്കോട്, കോവൂർ, പാലാഴി എന്നീ ദേശങ്ങളിൽപ്പെട്ട 68 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം ഐ. ടി. സ്പെഷ്യൽ സെക്രട്ടറി, ടെക്നോ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ, കെ. എസ്. ഇ. ബി., വാട്ടർ അതോറിറ്റി, ബി. എസ്. എൻ. എൽ., കോഴിക്കോട് കോർപ്പറേഷൻ എന്നിവയിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു ടീം പരിശോധന നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിൽ നിന്ന് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ തലത്തിൽ ഭരണാനുമതി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## (2) വഴിക്കടവ് നാടുകാണിചുരം ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നിലമ്പൂർ നിയോജകമണ്ഡലത്തിൽ തമിഴ്നാട് അതിർത്തിയിൽ കിടക്കുന്ന വഴിക്കടവ് പഞ്ചായത്തിൽ നാടുകാണി ചുരത്തിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് മൂന്ന് നാല് സ്ഥലം പിളർന്ന സംഭവമുണ്ടായി. അതിന്റെ രണ്ട് ഭാഗവും ഫോറസ്റ്റാണ്. റോഡിന്റെ മേൽഭാഗത്തും താഴ്ഭാഗത്തും ഈ പിളർപ്പ് കാണാൻ സാധി ക്കുന്നുണ്ട്. ഇതിന്റെ ഫലമായി അവിടെ ട്രാഫിക് പൂർണ്ണമായി ബ്ലോക്ക് ചെയ്തിരിക്കു കയാണ്. ദിവസേന ആയിരക്കണക്കിന് ആളുകൾ ഗൂഡല്ലൂർ പ്രദേശങ്ങളിലേയ്ക്കും അവിടെ നിന്ന് നിലമ്പൂർ, മലപ്പുറം, മഞ്ചേരി, കോഴിക്കോട് പ്രദേശങ്ങളിലേയ്ക്കും വരുന്ന പ്രധാനപ്പെട്ട റോഡാണ് ഇത്. ആ റോഡ് ബ്ളോക്ക് ചെയ്തിരിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങളുണ്ട്. അത് ജിയോളജി ഡിപ്പാർട്ടുമെന്റ് പരിശോ ധിച്ചു കഴിഞ്ഞിട്ടുണ്ട്. ആ റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കാനുള്ള നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി. (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, തുടർച്ചയായ മഴ കാരണം കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിൽ നാടുകാണിചുരത്തിന് സമീപമുള്ള കോവൂർ പാലം കോൺക്രീറ്റിന്റെ മധ്യഭാഗത്ത് കൺസ്ട്രക്ഷൻ ജോയിന്റ് അകന്ന് സ്ളാബും അബ റ്റ്മെന്റും താഴുകയുണ്ടായി. കൂടാതെ 100 മീറ്റർ അകലെയുള്ള റോഡിൽ വിള്ളൽ ഉണ്ടാ കുകയും ഒരു ഭാഗം താഴുകയും ചെയ്തു. വിവരം ലഭിച്ച ഉടനെ പൊതുമരാമത്ത് വകു പ്പിലെ ഉദ്യോഗസ്ഥന്മാരും ജില്ലാ കളക്ടറും സംഭവസ്ഥലം സന്ദർശിക്കുകയും റോഡിന്റെ അപകടസ്ഥിതി കണക്കിലെടുത്ത് ഗതാഗതം നിരോധിക്കുകയും ചെയ്തു. 6-9-2007-ൽ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ വിദഗ്ദ്ധർ സംഭവ സ്ഥലം പരിശോധിക്കുക യുണ്ടായി. 10 ദിവസക്കാലം വിള്ളലും താഴ്ചയും നിരീക്ഷണത്തിന് വിധേയമാക്കണ മെന്ന് അവർ നിർദ്ദേശിച്ചു. നിരീക്ഷണത്തിൽ വിള്ളലും താഴ്ചയും വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയിലെ വിദഗ്ദ്ധരുമായി ആലോചിച്ച് റോഡിന്റെ കേടുപാടുകൾ തീർത്ത് ഗതാഗതയോഗ്യമാക്കാൻ അടിയന്തിര മായി നടപടികൾ സ്വീകരിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

## (3) പാളയം കണ്ണിമാറ മാർക്കറ്റ് നവീകരണം

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരത്ത് എന്റെ മണ്ഡലത്തിലുള്ള പാളയം മാർക്കറ്റിന്റെ ശോചനീയമായ സ്ഥിതിയെ സംബന്ധിച്ചാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. 190 വർഷം പഴക്കമുള്ള മാർക്കറ്റാണ് പാളയം മാർക്കറ്റ്. 1817-ലാണ് ഈ മാർക്കറ്റ് സ്ഥാപിച്ചത്. 1817-ൽ റാണി പാർവതീഭായിയുടെ നിർദ്ദേശത്തെ തുടർന്ന് തിരുകൊച്ചി നാട്ടുരാജ്യങ്ങളുടെ നിയന്ത്രണമുള്ള മദ്രാസ് ഗവർണ്ണറാണ് കണ്ണിമാറാ മാർക്കറ്റ് സ്ഥാപിച്ചത്. അതുകൊണ്ടാണ് ഈ മാർക്കറ്റിന്റെ പേര് തന്നെ കണ്ണി മാറാ മാർക്കറ്റ് എന്നായത്. വിസ്തൃതമായ ഏകദേശം 4 ഏക്കർ ഭൂമി ഈ മാർക്കറ്റിനുണ്ട്. ഈ മാർക്കറ്റിന്റെ മുമ്പിലൂടെ ഇപ്പോൾ 6 വരിപ്പാത വന്നു. സമീപത്ത് രണ്ട് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. നിരവധി വികസന സാധ്യതകളുള്ള ഒരു മാർക്കറ്റാണ്. സെക്രട്ടേറിയറ്റിന്റേയും നിയമസഭാ കോംപ്ളക്സിന്റേയും ഹൃദയഭാഗത്തുള്ള ഒരു മാർക്കറ്റാണ്. ഇത് വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിയാൽ ഒരുപാട് സ്വകാര്യ സംരംഭകർ സഹകരിക്കുന്നതിനുവേണ്ടി തയ്യാറാവും. 10, 15 വർഷ ങ്ങൾക്കുമുമ്പ് ചാൾസ് കറിയ, വളരെ പ്രസിദ്ധനായിട്ടുള്ള ആർക്കിടെക്റ്റ് ഒരു വിപുലമാ യിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ മാർക്കറ്റിന്റെ പ്രത്യേകത എന്തെന്നു വച്ചാൽ, വെളുപ്പാൻകാലം 4 മണിക്ക് മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിച്ചാൽ രാത്രി 12 മണി വരെ പ്രവർത്തിക്കുകയാണ്. അവിടെ റീട്ടെയിൽ വ്യാപാരവും ഹോൾസെയിൽ വ്യാപാരവും നടക്കുന്നുണ്ട്. എല്ലാ സാധനങ്ങളും കിട്ടുന്ന ഒരു കേന്ദ്രമായിട്ടാണ് നാം ഇതിനെ കാണുന്നത്. 1500-ഓളം കടകളുണ്ട്. ഈ നഗരത്തിൽ ഉണ്ടാകുന്ന ട്രാഫിക് ബുദ്ധിമുട്ടിന് ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് ഈ പാളയം മാർക്കറ്റാണ്. ഇത്രയും ആൾക്കാർ വന്നുപോകുന്ന സ്ഥലത്ത് ഒരു സൈക്കിൾപോലും വയ്ക്കുന്നതിനു വേണ്ടിയുള്ള ഒരു പാർക്കിംഗ് സംവിധാനം ഇല്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. ഈ ഒരു സാഹചര്യം കണക്കിലെടുത്തുകൊണ്ട് അങ്ങയുടെ വകുപ്പിൽ നിന്നോ കേന്ദ്രത്തിൽ നിന്നോ അതുപോലെ മറ്റ് ഏതെങ്കിലും ഏജൻസികളുടെയോ സഹായം തേടിക്കൊണ്ട് കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് 190 വർഷം പഴക്കമുള്ള ഏറ്റവും പഴയ ഒരു മാർക്കറ്റ്, അതുപോലെ തിരുവിതാംകൂർ ചരിത്രവുമായി ബന്ധപ്പെട്ട ഈ കണ്ണിമാറാ മാർക്കറ്റിന് അർഹിക്കുന്ന നിലയിൽ തന്നെ വളരെ വിപുലമായിട്ടുള്ള ഒരു മാർക്കറ്റാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളും പദ്ധതികളും കേന്ദ്ര, സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയുമൊക്കെ സഹായത്തോടുകൂടി തയ്യാറാക്കുന്നതിന് കഴിയണം. ഇത് കേരളത്തിന്റെ തന്നെ അഭിമാനമായിട്ടുള്ള ഒരു കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ് ശർമ്മ): സർ, തിരുവനന്തപുരത്ത് പാളയത്തുള്ള കണ്ണിമാറ മത്സ്യ മാർക്കറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഏറ്റവും വൃത്തിഹീനമായ ചുറ്റുപാടിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി ഇവിടെ പരാമർശിച്ചിട്ടുള്ള അഭിപ്രായങ്ങൾ പൂർണ്ണമായിട്ടും ശരിയാണ്. ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ച രീതിയിലല്ല ഈ മാർക്കറ്റ് പ്രവർത്തിപ്പിച്ചു വരുന്നത്. കേരളത്തിലെ മത്സ്യ മാർക്കറ്റുകളുടെ പൊതു ശോച്യാവസ്ഥ കണക്കിലെടുത്ത് മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും



LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിനുമായി കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക വിനിയോഗിച്ച് മാർക്കറ്റുകൾ നവീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, ജില്ലാ ഫിഷറീസ് ഓഫീസ് എന്നിവ മുഖേന പ്രോജക്ടുകൾ ക്ഷണിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ബഹുമാനപ്പെട്ട അംഗത്തിന് അറിവുള്ളതുപോലെ പേട്ട മാർക്കറ്റിന്റെയും, പാങ്ങോട് മാർക്കറ്റിന്റെയും നവീകരണത്തിനാണ് പ്രോജക്ടുകൾ ലഭിച്ചത്. അതനുസരിച്ച് ഭരണാനുമതി നൽകുകയും 25 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാളയത്തെ കണ്ണിമാറ മാർക്കറ്റിന്റെ നവീകരണത്തിന് പ്രത്യേക നിർദ്ദേശമൊന്നും അന്ന് വന്നിരുന്നില്ല. ഇവിടെ ഒരു കാര്യം വ്യക്തമാക്കുകയാണ്. ഈ മാർക്കറ്റിന്റെ പുനരുദ്ധാരണത്തിന് കോർപ്പറേഷന്റെ ജവഹർലാൽനെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ സഹായത്തോടെ ഒരു ബൃഹത്തായ പദ്ധതി രൂപപ്പെടുത്തി വരുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. ഈ അവസരത്തിൽ അങ്ങനെ ഒരു പദ്ധതി ഇല്ലെങ്കിൽ പ്രത്യേകമായി ഞാൻ എടുത്തു പറയുന്നു കേരളത്തിൽ 5-ഓളം മാർക്കറ്റുകൾ ആധുനിക സംവിധാനത്തോടു കൂടി നവീകരിക്കുന്നതിന് ഒരു സെൻട്രൽ സ്പോൺസേർഡ് സ്കീമിന് രൂപം നൽകുന്നുണ്ട്. ഒരു മാർക്കറ്റിന് ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സ്കീമാണിത്. അപ്രകാരം നേരത്തെ പറഞ്ഞ ധാരണയ്ക്ക് വിധേയമായി തലസ്ഥാനത്തെ പ്രധാന മാർക്കറ്റ് എന്ന നിലയിൽ ഈ മാർക്കറ്റിന്റെ നവീകരണം ആ പ്രത്യേക കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്.

## (4) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ആവിഷ്ക്കരിച്ച പദ്ധതികൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മട്ടാഞ്ചേരി ഡബ്ല്യു ആന്റ് സി ഹോസ്പിറ്റൽ ഉൾപ്പെടെ സംസ്ഥാനത്തെ അഞ്ച് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നവീകരിക്കുന്നതിനുമായി മെയ് മാസത്തിൽ എൻ. ആർ. എച്ച്. എം-ന്റെ ഡയറക്ടർ 7,53,00,000 രൂപയുടെ ജോലികൾ ചെയ്യുന്നതിന് അതിന്റെ ഡി. പി. ആർ.-ഉം എസ്റ്റിമേറ്റും നൽകാൻവേണ്ടി ഡൽഹിയിലെ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ ഏൽപ്പിച്ചു. പക്ഷേ അതിന്റെ പ്രാരംഭ നടപടികൾ ഇതുവരേയും ആരംഭിച്ചിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള 5 സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിൽ ചികിത്സയ്ക്ക് വരുന്നത് പാവപ്പെട്ട ഗർഭിണികളായ സ്ത്രീകളും അതുപോലെ കുട്ടികളുമാണ്. പല ഡബ്ല്യു ആന്റ് സി ആശുപത്രികളിലും അടിസ്ഥാന സൗകര്യങ്ങളില്ലെന്നുള്ളതാണ് സ്ഥിതി. ഇപ്പോൾ എൻ. ആർ. എച്ച്. എം-ൽ നിന്ന് അനുവദിച്ചിട്ടുള്ള സംഖ്യയിൽ 25% മാത്രമേ സിവിൽ വർക്കിനുള്ളൂ. മറ്റുള്ളത് യന്ത്രങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങിക്കാനാണ് വകകൊള്ളിച്ചിട്ടുള്ളത്. അപ്പോൾ പെട്ടെന്ന് ജോലി ചെയ്തുതീർക്കാവുന്നതേയുള്ളൂ. ഇത്രയും കാലതാമസത്തിന്റെ കാര്യമില്ല. ഒരുപക്ഷേ ലാപ്സായിപ്പോകുന്ന സംഖ്യയല്ലായിരിക്കാം, ഫണ്ടല്ലായിരിക്കാം. പക്ഷേ ഇത് ചെയ്തുതീർത്തിട്ടില്ലെങ്കിൽ അടുത്തവർഷം കേന്ദ്രത്തിൽനിന്നോ, എൻ. ആർ. എച്ച്. എം-.ൽനിന്നോ ഈ സംഖ്യ നമ്മുടെ സംസ്ഥാനത്തിന് കുറയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് സമയബന്ധിതമായി, മാർച്ച് 31-നകം ഈ പണികൾ പൂർത്തീകരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി മോണിറ്ററിംഗ് നടത്തി പൂർത്തീകരിക്കണം. പാവപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്കും അതുപോലെ കുട്ടികൾക്കും ഏറ്റവും നല്ല ചികിത്സ ലഭിക്കാനുള്ള അവസരമാണ്. അത് പാഴാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, സംസ്ഥാനത്തെ ഡബ്ല്യു ആന്റ് സി എന്നുള്ള നിലയിൽ അഞ്ച് ജില്ലാതലത്തിലുള്ള ആശുപത്രികൾക്കും പ്രത്യേകമായ പരിഗണന കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചതിന്റെ ഭാഗമായി നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചപ്പോൾ ഒൻപത് ജില്ലകളിലായി പുതിയ ഡബ്ല്യു ആന്റ് സി ഹോസ്പിറ്റലുകൾക്കും പഴയ ഡബ്ല്യു ആന്റ് സി ഹോസ്പിറ്റലുകൾക്കും അടക്കം തുക വേണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ആശുപത്രി നവീകരണത്തിനായി നിലവിലുള്ള അഞ്ച് ജില്ലാ ആശുപത്രികളുടെ കാര്യത്തിൽ 7.53 കോടി രൂപ ലഭിക്കുകയുണ്ടായി. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള മട്ടാഞ്ചേരി ഡബ്ല്യു ആന്റ് സി ഹോസ്പിറ്റലിന്റെ കാര്യത്തിലുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രോജക്ടിന് 5 കൊല്ലം കൊണ്ട് ലഭിക്കുന്ന ഫണ്ടാണ്. ഈ 5 ആശുപത്രികൾക്കും കൂടിയാണ് ഈ വർഷം പി. എ. പി.-യിൽപ്പെടുത്തി അംഗീകരിച്ചുകിട്ടിയിട്ടുള്ളത്. അത് അംഗീകരിച്ചുകിട്ടിയതുതന്നെ ഈ ആഗസ്റ്റ് മാസം അവസാനമാണ്. എത്രയും പെട്ടെന്ന് മട്ടാഞ്ചേരി ഡബ്ല്യു ആന്റ് സി ഹോസ്പിറ്റൽ, അതുപോലെ തൃശ്ശൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള, പണ്ട് മെഡിക്കൽ കോളേജ് തുടങ്ങിയ കെട്ടിടത്തിൽ പുതിയ ഡബ്ല്യു ആന്റ് സി ഹോസ്പിറ്റൽ എന്നിവ ആരംഭിക്കുന്നതിനും പാലക്കാട് ജില്ലാ ആശുപത്രിയോടനുബന്ധിച്ച ഡബ്ല്യു ആന്റ് സി ഹോസ്പിറ്റലിന്റെ നവീകരണം, ആലപ്പുഴ ഡബ്ല്യു ആന്റ് സി ഹോസ്പിറ്റലിന്റെ നവീകരണം എന്നിവയ്ക്കെല്ലാം പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) കാർഷികവായ്പാ വിതരണം

ശ്രീ. എം. വി ശ്രേയാംസ് കുമാർ: സർ, കാർഷിക വായ്പാ വിതരണത്തിൽ വൻതോതിൽ ക്രമക്കേടുകൾ നടക്കുകയാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ സ്വർണ്ണപ്പണയത്തിൻമേൽ വൻതുക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്നു. ഈ വായ്പ കാർഷിക വായ്പയായി രേഖപ്പെടുത്തി റിസർവ് ബാങ്ക് അനുവദിച്ചിട്ടുള്ള പലിശയിളവിന്റെ ആനുകൂല്യം നേടിയെടുക്കുന്നു. ഇങ്ങനെ വൻതുക സംസ്ഥാനത്ത് കേന്ദ്രസഹായപദ്ധതിപ്രകാരം കാർഷികവായ്പയായി വിതരണം ചെയ്യുന്നുവെന്ന് രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രയോജനം കാർഷിക മേഖലയ്ക്കോ കർഷകർക്കോ കിട്ടുന്നില്ല. സ്വർണ്ണപ്പണയ വായ്പയെന്ന ഈ വായ്പാപരിപാടി സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യങ്ങൾക്ക് തീർത്തും എതിരാണ്. പ്രാഥമിക വായ്പാസംഘങ്ങളെ സംബന്ധിച്ചിടത്തോളം എൻ. പി. എ. ഇനത്തിൽ തെറ്റായ കണക്കുകൾ രേഖപ്പെടുത്താൻ ഇത് വഴിയൊരുക്കുന്നു. ഭാവിയിൽ കാർഷിക വായ്പകൾക്ക് അനുവദിക്കുന്ന വായ്പാപലിശയിളവുകളുടെ പ്രയോജനം ലഭിക്കുന്നത് സർക്കാർ ഉദ്യോഗസ്ഥനോ ബ്ലേഡുകാരനോ ആയിരിക്കും. കിസ്സാൻ ക്രെഡിറ്റ് കാർഡ്



LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വായ്പയ്ക്കുള്ള രേഖയായി നിശ്ചയിക്കണം. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെട്ട് കാർഷികവായ്പയായി രേഖപ്പെടുത്തി വിതരണം ചെയ്യുന്ന തുക കർഷകർക്കുതന്നെ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2006-2007 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഹ്രസ്വകാല വായ്പ ഉൾപ്പെടെ ആകെ 2112 കോടി രൂപയുടെ കാർഷിക വായ്പ സഹകരണമേഖലയിൽ നിന്ന് നൽകുകയുണ്ടായി. സംസ്ഥാനത്ത് സഹകരണ മേഖലയിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പയുടെ 31 ശതമാനമേ നബാർഡ് പുനർവായ്പയായി നൽകുന്നുള്ളു. സഹകരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് 7 ശതമാനത്തിനും അതിനു താഴെയും നാല് ശതമാനം മുതൽ ഏഴ് ശതമാനം വരെയും നിരക്കിൽ വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾക്കാണ് കേന്ദ്ര സഹായ പദ്ധതി പ്രകാരം രണ്ട് ശതമാനം ഇന്ററസ്റ്റ് സബ്‌വെൻഷൻ ലഭിക്കുന്നത്. 2006-07-ൽ ഇത്തരത്തിൽ ഇന്ററസ്റ്റ് സബ്‌വെൻഷനായി 7,79,74,499 രൂപയാണ് കേന്ദ്രത്തിൽ നിന്ന് സംസ്ഥാന സഹകരണബാങ്കുകൾക്ക് ലഭിച്ചിട്ടുള്ളത്. സഹകരണ മേഖലയിൽ കാർഷിക വായ്പകൾ കാർഷികാവശ്യങ്ങൾക്കുതന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ തലത്തിൽ സഹകരണ ഉദ്യോഗസ്ഥൻമാരും ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടറും സംഘം പ്രതിനിധികളുമടങ്ങിയ ഒരു കമ്മിറ്റിയും മോണിറ്ററിംഗിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അടങ്ങുന്ന കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കാർഷികേതര ആവശ്യങ്ങൾക്കായി കാർഷിക വായ്പ വിനിയോഗിച്ചാൽ ആ വായ്പ കാർഷികേതര വായ്പയായി കണക്കാക്കി ഉയർന്ന പലിശ നൽകേണ്ടിവരുമെന്ന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത് കൃഷിക്കുവേണ്ടിത്തന്നെ സഹകരണ സംഘങ്ങൾ കുറഞ്ഞ പലിശയ്ക്ക് നൽകുമ്പോൾ ഉപയോഗപ്പെടുത്തണമെന്ന് നിർബന്ധിക്കാൻ വേണ്ടിയാണ്. സഹകരണ മേഖലയിൽ കുറഞ്ഞ പലിശ നിരക്കിൽ കാർഷികവായ്പയെടുത്ത് കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ധാരാളം കേസ്സുകളുണ്ടായിട്ടുണ്ട്. 2001-06-ൽ ഏതാണ്ട് ആയിരക്കണക്കിനുകോടി രൂപ ഇപ്രകാരം ചെലവഴിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 2005-06-ൽ മാത്രം മൂവായിരത്തിലേറെ കോടി രൂപ ഇങ്ങനെ കൊടുത്തതിൽ രണ്ടായിരം കോടിയിലേറെ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി കാണുന്നു. ഈ സർക്കാർ വന്നതിനുശേഷം കർശനമായ നിർദ്ദേശത്തിന്റെ ഫലമായി ഇത് വളരെയേറെ ചുരുങ്ങിയിട്ടുണ്ട്. എങ്കിലും അവിടെയുമിവിടെയുമായി ചിലത് നടന്നിട്ടുണ്ടാകാൻ ഇടയുണ്ട്. അത് പൂർണ്ണമായും ഒഴിവാക്കുന്നതാണ്. സഹകരണ സംഘങ്ങളുടെ സ്വന്തം ഫണ്ടിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് സ്വർണ്ണപ്പണയത്തിന്റെ ഈടിൻമേൽ കാർഷിക വായ്പ നൽകുമ്പോൾ മറ്റ് ഈടിൻമേൽ നൽകുന്ന കാർഷിക വായ്പകൾക്ക് ബാധകമായ സ്കെയിൽ ഓഫ് ഫിനാൻസ് ഉൾപ്പെടെ എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ട്. 2006-07 വർഷത്തിൽ 7 ശതമാനമോ അതിനുതാഴെയോ നിരക്കിൽ സ്വർണ്ണപ്പണയ ഈടിന്മേൽ കാർഷിക വായ്പ നൽകിയിട്ടില്ലെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കിസാൻ ക്രെഡിറ്റിന്മേൽ ഊന്നൽ നൽകാനുള്ള തീരുമാനം ഉണ്ടെങ്കിലും എല്ലാപേർക്കും കിസാൻ ക്രെഡിറ്റ് കാർഡ് എടുക്കാൻ കഴിയുന്നില്ലെങ്കിൽ കൃഷി ആവശ്യങ്ങൾക്ക് ലോൺ കിട്ടാതെ വരാൻ പാടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗതശൈലിയും നമ്മൾ തുടരേണ്ടതുണ്ട്. പരമാവധി സ്വർണ്ണപ്പണയ വായ്പയെ നിരുത്സാഹപ്പെടുത്തണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായവും.

(6) റവന്യൂ ഭൂമി "ആശാപുര" കമ്പനിക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച്

ശ്രീ. പള്ളിപ്രം ബാലൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിനാനൂർ കരിന്തളം പഞ്ചായത്തിൽ, മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ആശാപുര' കമ്പനിക്ക് 200 ഏക്കർ ഭൂമി ഖനനത്തിന് അനുവദിക്കപ്പെട്ട വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. ഇതുസംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കാണ് നോട്ടീസ് കൊടുത്തതെങ്കിലും എനിക്കിവിടെ കിട്ടിയ ലിസ്റ്റിൽ വന്നത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകുന്നതായിട്ടാണ്. കണ്ണാടിപ്പാറയിൽ 2003-ലാണ് ബോക്സൈറ്റ് ഖനനത്തിന് അനുമതി കിട്ടിയത്. ഈ കമ്പനിയുടെ ലേയ്സൺ ഓഫീസർ ജിയോളജിക്കൽ വകുപ്പിന്റെ മുൻ ജോയിന്റ് ഡയറക്ടറാണ്. അദ്ദേഹം നൽകിയ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഈ കമ്പനിക്ക് ഖനനം നടത്തുന്നതിന് അനുവാദം ലഭിച്ചതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 81 ഏക്കർ സ്ഥലത്താണ് ഇപ്പോൾ അനുവാദം ലഭിച്ചതെന്ന് മനസ്സിലാക്കുന്നു. 1600-ൽപ്പരം ഏക്കർ സ്ഥലത്ത് ഖനനം നടത്തുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചുവെങ്കിലും 81 ഏക്കർ സ്ഥലത്താണ് ഖനനം നടത്താനുള്ള അനുമതി ലഭിച്ചത്. ഇപ്പോൾ 200 ഏക്കർ റവന്യൂ ഭൂമി കൂടി അനുവദിക്കണമെന്നുപറഞ്ഞ് വ്യവസായ വകുപ്പ് മുഖേന അപേക്ഷിച്ചതായും അത് റവന്യൂ വകുപ്പിന്റെ അനുവാദത്തിനായി കാത്ത് കിടക്കുന്നതായും മനസ്സിലാക്കുന്നു. ഈ പ്രദേശത്ത് ഖനനം നടത്തുന്നതിനെതിരായി നാട്ടുകാർ പ്രക്ഷോഭത്തിലാണ്. എന്നുമാത്രമല്ല അങ്ങനെ ഖനനം നടത്തിയാലുണ്ടാകുന്ന ആപത്ത് മാടായിപ്പറയിലെ അനുഭവം കണ്ണൂരിലെ ജനങ്ങൾക്കുണ്ട്. ഖനനം നടത്തുന്നതിന് ചോദിച്ച കണ്ണാടിപ്പാറ എന്ന പ്രദേശം കാര്യങ്കോട് പുഴയുടേയും നീലേശ്വരം പുഴയുടേയും ജലസ്രോതസ്സാണ്. ഒരുപാട് ജൈവസങ്കേതത്തിന്റെ ഒരു കേന്ദ്രവുമാണ്. അതുകൊണ്ട് ഈ പ്രദേശത്തുള്ള ജനങ്ങൾ വളരെ ആശങ്കയിലാണ്. അതുകൊണ്ട് ഈ സ്ഥലത്ത് ഖനനത്തിന് ഭൂമി അനുവദിക്കരുത്. നിലവിൽ നടത്തുന്ന ഖനനം തന്നെ നിർത്തൽ ചെയ്യണമെന്ന ജനങ്ങളുടെ ആവശ്യം കൂടി പരിഗണിച്ച് 200 ഏക്കർ സ്ഥലം അനുവദിക്കാനുള്ള അഭ്യർത്ഥന മാറ്റിവയ്ക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, മുംബൈ ആസ്ഥാനമായുള്ള മെസ്സേഴ്സ്. ആശാപുര മൈൻകെം എന്ന കമ്പനി ഹോസ്ദുർഗ്ഗ് താലൂക്കിൽ കിനാനൂർ വില്ലേജിലെ 675.9895 ഹെക്ടർ സർക്കാർ പുറംമ്പോക്ക് ഭൂമിയിലും കരിന്തളം വില്ലേജിലെ 426.5538 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിലും ബോക്സൈറ്റ്, അലുമിനസ് ലാറ്ററൈറ്റ്, ചൈനാ ക്ലേ എന്നിവ ഖനനം ചെയ്യുന്നതിനുള്ള അനുമതിക്കായി അപേക്ഷ നൽകിയിരുന്നു. മേൽപ്പറഞ്ഞ രണ്ട് അപേക്ഷകളിൽ കിനാനൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 198 പാർട്ടിൽപ്പെട്ട 80.937 ഹെക്ടർ (ഏകദേശം 200 ഏക്കർ) സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഖനനം ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുവാദം ലഭിച്ചതിനെത്തുടർന്ന് 25-04-2007-ലെ 54/2007/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുപ്പത് വർഷത്തേയ്ക്ക് മൈനിംഗ് ലീസ് അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടമനുസരിച്ച്

11.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly

ഖനന പാട്ടം ഒപ്പിടുന്നതിനുമുൻപായി ഭൂമിയുടെ സർഫസ് റൈറ്റ് സംബന്ധിച്ച രേഖകളോ ജില്ലാ കളക്ടറുടെ എൻ. ഒ. സി.-യോ ഹാജരാക്കേണ്ടതുണ്ട്. അതനുസരിച്ച് ടി സർക്കാർ ഉത്തരവിൽ കാസർകോഡ് ജില്ലാ കളക്ടറിൽനിന്ന് 30 വർഷത്തേയ്ക്ക് എൻ. ഒ. സി. ഹാജരാക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ പരിസ്ഥിതി ആഘാത പഠനം നടത്തി കേന്ദ്ര ഗവൺമെന്റിന്റെ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻവിയോൺമെന്റൽ ക്ളിയറൻസ് വാങ്ങുന്നതിനും പൊതുജനാഭിപ്രായം ആരായുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി ഖനന പാട്ടത്തിനുള്ള കരാർ നാളിതുവരെ ഒപ്പിട്ടിട്ടില്ല. ഭൂമി പതിച്ചു നൽകുന്നതിന് വ്യവസായ വകുപ്പ് റവന്യൂ വകുപ്പിന് ശുപാർശകളൊന്നും നൽകിയിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഹോസ്ദുർഗ്ഗ് താലൂക്കിൽ നടത്തിയ പഠനത്തിൽ ഖനനത്തിന് അപേക്ഷിച്ചിട്ടുള്ള സ്ഥലം ആൾ താമസമില്ലാത്തതാണ്. ഈ പ്രദേശത്തുള്ള ബോക്സൈറ്റ്, ചീനകളിമണ്ണ് എന്നിവയുടെ ഘടന കാരണം മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് ഊർന്നിറങ്ങുന്നില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രദേശത്ത് ഭൂഗർഭജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ബോക്സൈറ്റ് ഉപരിതലത്തിൽ കിടക്കുന്നതുകൊണ്ട് പ്രകൃത്യാ ഉള്ള മേൽമണ്ണ് ഇവിടെ ഉണ്ടാകുന്നില്ല. മേൽമണ്ണ് ഇല്ലാത്തതിനാൽ ഈ പ്രദേശം കൃഷിക്കനുയോജ്യമല്ല. ഉപരിതലത്തിൽ കാണുന്ന ഈ ഉറപ്പേറിയ ഭാഗവും അതിനുതാഴെയുള്ള കളിമണ്ണും ഖനനം ചെയ്തുമാറ്റിയാൽ പ്രസ്തുത സ്ഥലം കൃഷിക്ക് ഉപയുക്തമായ മണ്ണിട്ട് കുഴികൾ നികത്തിയശേഷം ഭാവിയിൽ കൃഷിക്കുപയോഗിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## (7) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

ശ്രീമതി ഇ. എസ്. ബിജി മോൾ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ ആറുവർഷക്കാലമായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനുവേണ്ടി നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽതന്നെ നിരവധി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒമ്പതോളം തോട്ടങ്ങൾ പീരുമേട് താലൂക്കിൽ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൽ പുള്ളിക്കാനം രണ്ടു തോട്ടങ്ങൾ, എം. എം. ജെ.-യുടെ 3 തോട്ടങ്ങൾ, ആർ. ബി. റ്റി.-യുടെ 4 തോട്ടങ്ങൾ ഉൾപ്പെടെ 9 തോട്ടങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് തുറന്നിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും ഈ കാലയളവിൽ നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. തോട്ടങ്ങൾ വിട്ടുവീഴ്ചാപരമായ സമീപനം സ്വീകരിച്ചതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനം പൂർണ്ണമായി നടപ്പാക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽപ്പോലും തുറന്ന തോട്ടങ്ങൾ തന്നെ നന്നായി പ്രവർത്തിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കിട്ടിയാൽ മാത്രമേ കഴിയൂ എന്നുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഇനിയും പീരുമേട്ടിൽ പീരുമേട് ടീ കമ്പനിയുടെ ഏഴും ആർ. ബി. റ്റി.-യുടെ തോട്ടങ്ങളും തുറക്കേണ്ടതുണ്ട്. ചർച്ചയ്ക്ക് അനുകൂലമായ നിലപാടല്ല ഈ കമ്പനികൾ സ്വീകരിച്ചിട്ടുള്ളത്. ഈ കമ്പനികൾ ഓഗസ്റ്റ് 31-ന് മുൻപ് തുറന്നില്ലായെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രിയുടെ പ്രസ്താവനയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇദ്ദേഹം എന്റെയും കൂടി സാന്നിദ്ധ്യത്തിൽ വണ്ടിപ്പെരിയാറിൽ നടത്തിയ ഒരു യോഗത്തിലാണ് ഈ പ്രസ്താവന നടത്തിയിട്ടുള്ളത്. ഇനിയും തുറക്കാത്ത തോട്ടങ്ങൾ, സംസ്ഥാന ഗവൺമെന്റ് ആനുകൂല്യങ്ങൾ എല്ലാം പ്രഖ്യാപിച്ചിട്ടും തുറക്കാത്ത പ്രസ്തുത തോട്ടങ്ങൾ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, ശ്രീമതി ഇ. എസ്. ബിജി മോൾ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് പറയാനുള്ളത് നമ്മുടെ സംസ്ഥാനത്ത് ഏഴോളം തോട്ടങ്ങളാണ് ഇപ്പോൾ പൂർണ്ണമായും അടച്ചിട്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിക്ക് മുൻപ് 6 തോട്ടങ്ങൾ തുറന്നു. അതിനുശേഷം 4 തോട്ടങ്ങളാണ് തുറന്നിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് നിരവധി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് തോട്ടങ്ങൾ തുറന്നിട്ടുള്ളത്. തോട്ടം നികുതി, കാർഷികാദായ നികുതി എന്നിവ ഒഴിവാക്കിക്കൊടുത്തു. വൈദ്യുതിയുടെ മിനിമം ഡിമാൻഡ് ചാർജ് ഒഴിവാക്കി. ഉപയോഗിച്ച വൈദ്യുതിക്കുമാത്രം ചാർജ് ചുമത്താനും അനുവദിച്ചു. അത് ഗഡുക്കളായി അടയ്ക്കാനും സൗകര്യം നൽകി. അതിന്റെ ഫലമായി 10 തോട്ടങ്ങൾ തുറന്നു. അതുപോലെതന്നെ ഫാക്ടറികളും തുറന്നു പ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ട്. അതിൽ ശ്രീമതി ബിജി മോൾ പറഞ്ഞ തോട്ടങ്ങൾ ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റിന്റെ സഹായ പദ്ധതിയനുസരിച്ച് ബാങ്ക് വായ്പകൾക്ക് അഞ്ച് വർഷം മോറട്ടോറിയം പ്രഖ്യാപിച്ചു. അതുപോലെതന്നെ പീനൽ ഇന്ററസ്റ്റ് വേവ് ചെയ്തു. ഇ. പി. എഫ്-ന്റെ കാര്യത്തിൽ അഞ്ചുവർഷം മോറട്ടോറിയം കൊടുത്തു. ടീ ബോർഡിന്റെ ബാദ്ധ്യതകൾ എല്ലാം എഴുതിത്തള്ളാൻ തീരുമാനിച്ചു. ഈ സഹായ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. തോട്ടം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് ടീ ആക്ട് അനുസരിച്ച് അതിനുവേണ്ടി ഒരു കമ്മിറ്റിയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. കേരളത്തിലെ ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറിയും ലേബർ സെക്രട്ടറിയും അടക്കമുള്ള ഒരു കമ്മിറ്റിയാണ് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളത്. ഓഗസ്റ്റ് 31-നകം അടച്ചിട്ട തോട്ടങ്ങൾ എല്ലാം തുറക്കാത്ത പക്ഷം എല്ലാം ടേക്ക് ഓവർ ചെയ്യുമെന്ന് കേന്ദ്ര വാണിജ്യകാര്യ സഹമന്ത്രി ശ്രീ. ജയറാം രമേഷ് പറഞ്ഞത് ശരിയാണ്. അദ്ദേഹം തന്നെ ഇടുക്കിയിൽ വച്ച് പറഞ്ഞത് ആർ.ബി.റ്റി.-യുടെ സെക്കൻഡ് ഗ്രൂപ്പ് തോട്ടങ്ങൾ നവംബറിൽ തുറക്കുമെന്നാണ്. അതുകൊണ്ട് ഓഗസ്റ്റ് 31-ന് ശേഷം അടച്ചിട്ട തോട്ടങ്ങൾ ഏറ്റെടുക്കുമെന്ന ആ പ്രഖ്യാപനം നിലവിൽ പ്രാവർത്തികമാകില്ല. എന്നാൽ ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പെട്ടെന്ന് തന്നെ ആർ. ബി. റ്റി.-യുടെ സെക്കന്റ് ഗ്രൂപ്പിന്റെ അഞ്ച് തോട്ടങ്ങളും അതുപോലെതന്നെ തിരുവനന്തപുരത്ത് സ്വാമി എന്നറിയപ്പെടുന്ന ടി. ആർ. എൻ. ടി എന്നു പറയുന്ന രണ്ട് തോട്ടങ്ങളും ഏറ്റെടുപ്പിക്കുന്നതിന് ആവശ്യമായ ശക്തമായ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുന്നതാണ്. തോട്ടങ്ങൾ ഏറ്റെടുപ്പിക്കുന്നതിനുള്ള പരിശ്രമം തുടർന്നും നടത്തുന്നതാണ്. അതോടൊപ്പം തേയിലത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര ഗവൺമെന്റിൽ ഒരു സ്കീം സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ വർഷം തന്നെ സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചിട്ടുണ്ട്. അതും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (8) വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഹയർ സെക്കന്ററിയിലെ ഏഴ് പാഠപുസ്തകങ്ങൾ മാറ്റുന്നത് സംബന്ധിച്ച നടപടി 12-09-2007-ലെ ഉത്തരവിൽ കൂടി സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പാഠപുസ്തകങ്ങൾ മാറ്റുന്നതിനെ സംബന്ധിച്ച് കെ. ഇ. ആർ.-ൽ വളരെ വ്യക്തമായ വ്യവസ്ഥകളുണ്ട്. ചാപ്റ്റർ VIII റൂൾ 2-ൽ പറയുന്നു. "A list of text books approved and/or prescribed for study in the various classes of different types of schools during any particular year shall be published in the Gazette by the Director with the sanction of the Government before the end of February of the preceding school year..........." . ഇത്തവണ ഏഴ് പുസ്തകങ്ങൾ മാറ്റാൻ ശ്രമിച്ചപ്പോൾ ഫെബ്രുവരി മാസത്തെ അവസാനത്തെ വർക്കിംഗ് ഡേയിൽ നോട്ടിഫിക്കേഷൻ ഉണ്ടായില്ല എന്നു മാത്രമല്ല, ജൂലായ് 31-ന് ഒരു പത്രക്കുറിപ്പ് മുഖേനയാണ് പുസ്തകം മാറ്റുന്നത് സംബന്ധിച്ച് വിദ്യാർത്ഥികളും രക്ഷിതാക്കളും അറിഞ്ഞത്. ഈ സഭയിൽ ശ്രീമതി കെ. എസ്. സലീഖയ്ക്ക് നൽകിയ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി 1, 3, 5, 7, 9, 11 തുടങ്ങിയ ക്ളാസ്സുകളിലെ പുസ്തകങ്ങൾ അടുത്ത വർഷം മാറ്റുമെന്നാണ് പറഞ്ഞത്. 25-ാം തീയതി തന്ന മറുപടിയിൽ ഈ വർഷം പുസ്തകം മാറ്റില്ല എന്നു പറയുകയും 31-ന് ഈ വർഷം മാറ്റാനുള്ള പത്രക്കുറിപ്പ് കൊടുക്കുകയും ചെയ്തു. അതിന് കേസും കാര്യങ്ങളും ഉണ്ടായി. അതിനോടനുബന്ധിച്ച് പരീക്ഷ മാറ്റിവയ്ക്കുകയും ഏറ്റവും ഒടുവിൽ പരീക്ഷ നടത്തേണ്ടിയുംവന്നു. വളരെ ഗുരുതരമായ കൃത്യവിലോപമാണ് എസ്. സി. ഇ. ആർ. ടി. അധികൃതരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. വ്യവസ്ഥാപിത മാർക്ഷങ്ങളിലൂടെ പുസ്തകവും എൻ. സി. ഇ. ആർ. ടി. സിലബസ്സും മാറുകയാണെങ്കിൽ സബ്ജക്ടിന്റെ സബ് കമ്മിറ്റി കൂടണമെന്നും ആ സബ് കമ്മിറ്റി കൂടി റിപ്പോർട്ട് കരിക്കുലം കമ്മിറ്റിയിൽ സമർപ്പിക്കുകയും, കരിക്കുലം കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനെ കാണിക്കുകയും ചെയ്തിട്ടുവേണം ഉത്തരവ് ഇറക്കേണ്ടതെന്നും വളരെ വ്യക്തമായി പറയുന്നുണ്ട്. അതിനുശേഷം അഞ്ചുമാസം കഴിഞ്ഞ് ക്ളാസ് തുടങ്ങി ഒരു ടേം അവസാനിക്കാറായപ്പോൾ ആണ് ഏഴ് പുസ്തകങ്ങൾ മാറ്റാനുള്ള തീരുമാനം വന്നത്. എൻ. സി. ഇ. ആർ. ടി. സിലബസ് അനുസരിച്ച് മാറ്റണം എന്നുണ്ടെങ്കിൽ ഈ ഗവൺമെന്റ് വന്നിട്ട് 10-16 മാസം ആയില്ലേ? ഇതേ വിദ്യാഭ്യാസ വകുപ്പായിരുന്നില്ലേ? ഇവർക്ക് മാറ്റണമെങ്കിൽ അതിന്റെ മാനദണ്ഡങ്ങളനുസരിച്ച് മാറ്റാമായിരുന്നു. അതിന്റെ ഒടുവിൽ വന്നിരിക്കുന്ന കാര്യം, വലിയ സാമ്പത്തിക ബാധ്യത ഉണ്ടായെന്നാണ് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരിക്കുന്നത്. 2.5 കോടി രൂപയുടെ പുസ്തകം പുതുതായി അച്ചടിച്ചുവെന്നാണ് പറയുന്നത്. സുപ്രീം കോടതി ഈ വർഷം പഴയ പുസ്തകങ്ങൾ പഠിപ്പിക്കാനാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ വ്യാഴാഴ്ച അദ്ധ്യാപരുടെ റിസോഴ്സ് ഗ്രൂപ്പിന്റെ യോഗം തിരുവനന്തപുരത്ത് വച്ചുണ്ടായിരുന്നു. കാസർഗോഡ് മുതലുള്ള അദ്ധ്യാപകർ വന്നു. ഒന്നും നടന്നില്ല. അവർക്ക് 7.5 ലക്ഷം രൂപ ടി.എ/ഡി.എ. ആയി കൊടുക്കേണ്ടി വന്നു. അത്രയും നഷ്ടം ഉണ്ടായി. ഈ രൂപത്തിലുള്ള വീഴ്ചയാണുണ്ടായിരിക്കുന്നത്. വളരെ ഗുരുതരമായ ക്രമക്കേട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി ഡയറക്ടറെ മാറ്റി നിർത്തി അന്വേഷിക്കുന്നതടക്കമുള്ള വളരെ ഉത്തരവാദിത്തപരമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച പ്രശ്നം പ്ലസ് വൺ പാഠപുസ്തകവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ സർവ്വകലാശാലകളിൽ നിന്നും പ്ലസ് വണ്ണും പ്ലസ് ടുവും മാറ്റി ഹയർ സെക്കന്ററിയാക്കി സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെയും പൊതുവിദ്യാഭ്യാസത്തിന്റെയും ഭാഗമാക്കി മാറ്റിയ ശേഷം 1991 മുതൽ ഈ പാഠപുസ്ക ത്തിന്റെ കാര്യത്തിൽ നടന്നുവരുന്ന ഒരു സമ്പ്രദായമുണ്ട്. ഭാഷാവിഷയങ്ങളിലൊഴികെ എൻ.സി.ഇ.ആർ.ടി.യുടെ പുസ്തകങ്ങളാണ് ഇവിടെ പഠിപ്പിക്കുന്നത്. എൻ.സി.ഇ.ആർ.ടി.-യുടെ സിലബസ് മാറ്റുമ്പോൾ ഇവിടേയും സിലബസ് മാറ്റും. ഈ സമ്പ്രദായമാണ് 1991 മുതൽ നടന്നുവരുന്നത്. അതോടൊപ്പം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യം സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസ വകുപ്പ് ഈ എല്ലാ വിദ്യാർത്ഥികൾക്കും പുസ്ത കങ്ങൾ അച്ചടിച്ചു കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നില്ല. സ്വകാര്യ സംരം ഭകർ ഈ പാഠപുസ്തകങ്ങൾ അച്ചടിച്ച് യഥാർത്ഥത്തിൽ അവയ്ക്ക് ചുമത്താവുന്നതിനേ ക്കാൾ വളരെ വലിയ വില ഇട്ടുകൊണ്ട് വിദ്യാർത്ഥികളെ കൊള്ളയടിക്കുന്ന ഒരു സമ്പ്രദായം തുടർന്നുവരികയായിരുന്നു. ഇതോടൊപ്പം വളരെ പ്രബലമായ ഗൈഡ് ലോബിയും പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളുമായി ബന്ധപ്പെട്ട് ഇവിടെ നിലവിലുണ്ട്. പുതിയ ഗവൺമെന്റ് ചുമതല ഏറ്റെടുത്തശേഷം ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഇത് നിയന്ത്രിക്കാൻ ഗവൺമെന്റ് ഭാഷാ വിഷയങ്ങൾക്ക്, സിലബസ് കമ്മിറ്റി തന്നെ ആലോചിച്ച് അച്ചടിച്ചു കൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. എൻ.സി.ഇ.ആർ.ടി.-യുടെ കോർ വിഷയങ്ങളിലെ പുസ്തകങ്ങളായ ഊർജ്ജതന്ത്രം, ജീവശാസ്ത്രം, ഗണിത ശാസ്ത്രം, ഭൂമിശാസ്ത്രം, രാഷ്ട്ര മീമാംസ, സാമ്പത്തിക ശാസ്ത്രം ഈ പുസ്തകങ്ങളിലെല്ലാം എൻ.സി.ഇ.ആർ.ടി നിശ്ച യിക്കുന്ന പുസ്തകം ഈ ഗൈഡ് ലോബിയും സ്വകാര്യ പുസ്തക ലോബിയും അച്ചടിച്ച് വിതരണം ചെയ്ത് കൊള്ള ലാഭം കൊയ്യുന്ന സംവിധാനത്തിന് വിരാമമിടാൻ തീരുമാനം എടുത്തുകൊണ്ടാണ് എൻ.സി.ഇ.ആർ.ടി.-യുമായി ബന്ധപ്പെട്ടത്. അപ്പോഴാണ് എൻ.സി.ഇ.ആർ.ടി. പറയുന്നത്, കേരളത്തിൽ ഞങ്ങളുമായി കരാറിലേർപ്പെടുകയോ ഞങ്ങൾക്ക് നൽകേണ്ട റോയൽറ്റി തരുകയോ ഒന്നും ചെയ്യാതെ ഈ സ്വകാര്യ സംരംഭ കർ പുസ്തകങ്ങൾ അച്ചടിച്ച് വിറ്റുകൊണ്ടിരിക്കുന്ന സമ്പ്രദായമാണുള്ളത് എന്നാണ്. ഇപ്പോൾ ഗവൺമെന്റ് നമ്മളുമായി ബന്ധപ്പെട്ടതിൽ വളരെയധികം സന്തോഷമുണ്ട്. സംസ്ഥാന ഗവൺമെന്റും എൻ.സി.ഇ.ആർ.ടി.-യുമായി കരാർ ഒപ്പിടുകയും രണ്ട് ശത മാനം റോയൽറ്റി കൊടുക്കുകയും ചെയ്തുകൊണ്ട് പുസ്തക വിതരണത്തിൽ ഒരു വ്യവസ്ഥ ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുന്നത് സ്വാഗതാർഹമാണെന്ന് എൻ.സി.ഇ. ആർ.ടി പറഞ്ഞു. അപ്പോഴാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നത് 2005-ൽ തന്നെ എൻ.സി.ഇ.ആർ.ടി മാറ്റിയ പുസ്തകങ്ങൾ ഇവിടേയും മാറ്റാനാവശ്യമായ നടപടികൾ മുൻ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിരുന്നു എന്ന്. അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ ഗവൺമെന്റിന് മുന്നിലാണ് ഈ മുഴുവൻ വൈതരണികളും പ്രശ്ന ങ്ങളും ഒരുമിച്ച് പ്രത്യക്ഷപ്പെടുന്നത്. ഇത് ശ്രദ്ധയിൽപ്പെട്ട സമയത്ത് തന്നെ എസ്.സി.ഇ. ആർ.ടി.യുടെ പ്രതിനിധികൾ എൻ.സി.ഇ.ആർ.ടി.-യുമായി ചർച്ച ചെയ്യുകയും എൻ.സി. ഇ.ആർ.ടി നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങൾ തന്നെ അച്ചടിച്ച് ഇവിടെ വിദ്യാർത്ഥികൾക്ക് ന്യായവിലയ്ക്ക് വിൽക്കാനുള്ള അനുമതിപത്രം എൻ.സി.ഇ.ആർ.ടി.-യുമായി ഒപ്പിടുകയും അവർക്ക് റോയൽറ്റി കൊടുക്കാനുള്ള കരാറിൽ ഒപ്പിടുകയും ചെയ്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്ളസ് വൺ, പ്ളസ് ടൂ പാഠപുസ്തക രംഗത്തെ ലാഭക്കൊതിയൻമാരായ ലോബികളെ ഈ രംഗത്ത് നിന്ന് ഒഴിവാക്കാനാവശ്യമായ ശക്തമായ തീരുമാനവും നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുകയുമുണ്ടായി. എന്നാൽ ഈ ലോബിയുടെ സ്വാധീനത്തെ കുറിച്ച് പിന്നീടാണ് വ്യക്തമായത്. ചില വിദ്യാർത്ഥികളെ മുന്നിൽ നിറുത്തികൊണ്ട് അവർ ഹൈക്കോടതിയിൽ പോകുകയും ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ആദ്യം തന്നെ ഇടപെട്ട് ഗവൺമെന്റിന്റെ ഈ സത്സംരംഭങ്ങളെ തടയുന്ന ഒരു സമീപനം കൈക്കൊള്ളുകയും ചെയ്തു. ഗവൺമെന്റ് ഡിവിഷൻ ബഞ്ചിലേയ്ക്ക് അപ്പീൽ പോയി. ഡിവിഷൻ ബഞ്ച് സംസ്ഥാന ഗവൺമെന്റിന്റെ വാദമുഖങ്ങൾ അംഗീകരിച്ചുതന്നെ, ഈ പാഠ്യപദ്ധതി ഈ വർഷം തന്നെ എൻ.സി.ഇ.ആർ.ടി. പുതുക്കിയതനുസരിച്ച് പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് അനുമതി തരുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇപ്പോൾ സുപ്രീം കോടതി പഠിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ എൻ. സി. ഇ. ആർ. ടി. പിൻവലിച്ചുകഴിഞ്ഞതാണ്. എൻ.സി.ഇ.ആർ.ടി പിൻവലിച്ചു കഴിഞ്ഞ ഈ പാഠപുസ്തകങ്ങൾ പഠിപ്പിക്കാൻ നമുക്ക് കഴിയില്ല. നിയമപരമായി സാധ്യമല്ല. അതിൽ സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. അതു സംബന്ധിച്ച നടപടിക്രമങ്ങൾ 2006-ൽ തന്നെ ആരംഭിക്കേണ്ടതായിരുന്നു. അത് ആരംഭിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ ഇത് സംബന്ധിച്ച ആശയകുഴപ്പങ്ങൾക്കെല്ലാം പൂർണ്ണ വിരാമമിട്ടിരിക്കുകയാണ്. സുപ്രീം കോടതിയുടെ ഒരു ex-partc വിധിയാണ് തന്നിരിക്കുന്നത്. ഇതുപോലുള്ള ഒരു വിഷയത്തിൽ സുപ്രീം കോടതിക്ക് നിയമപരമായി ex-partc വിധി പ്രഖ്യാപിക്കാം. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തത് എന്ന് സുപ്രീം കോടതി കേൾക്കാതെയാണ് തൽക്കാലം ഒരു വിധിപറഞ്ഞിരിക്കുന്നത്. അവിടെ സുപ്രീം കോടതിയിൽ ഇനി വാദവുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ ക്ലാസ് ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു, എന്താണ് പഠിപ്പിക്കേണ്ടതെന്ന അനിശ്ചിതത്വം ഇനിയും തുടർന്നുപോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ സുപ്രീം കോടതി വിധി അനുസരിച്ച് എൻ.സി.ഇ.ആർ.ടി സിലബസ് പഠിപ്പിക്കാൻ പാടില്ലായെന്ന് വിലക്കി. പിൻവലിച്ചുകഴിഞ്ഞ പാഠപുസ്തകങ്ങൾ സുപ്രീം കോടതി പഠിപ്പിക്കണമെന്ന് പറഞ്ഞിരിക്കുന്നതിനാൽ അത് നമ്മൾ ഈ വർഷം പഠിപ്പിക്കാൻ പോകുകയാണ്. ഇപ്പോൾ അച്ചടിച്ചിട്ടുള്ള പുതിയ പാഠപുസ്തകങ്ങൾ അടുത്ത വർഷം പഠിപ്പിക്കാൻ കഴിയുമെന്നും അതിന് അനുയോജ്യമായ വിധി സുപ്രീം കോടതിയിൽ നിന്ന് ലഭ്യമാക്കാൻ കഴിയുമെന്നും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

## (9) പ്രാദേശിക വികസന ഫണ്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ മാത്രമല്ല, ഇടുക്കി ജില്ലയിലെ എം.എൽ.എ.മാരുടേയും എം. പി. മാരുടേയും വികസന ഫണ്ട് ഉപയോഗിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ഈ സബ്മിഷൻ. ഒന്നേകാൽ കോടിയോളം രൂപ ഇപ്പോൾ വികസന ഫണ്ട് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ, കമ്പ്യൂട്ടർ, വി. സി. ഡി. പ്ളേയർ, സി. ഡി. കാസറ്റ്, ലാബ് എക്വിപ്മെന്റ്സ്, അപ്പാരറ്റസ്, ലൈബ്രറി ബുക്ക് എന്നിവ അടക്കവും അതുപോലെതന്നെ ഇലക്ട്രിക്കൽ എൽ.ടി. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ബില്ലുകൾ,

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളത്തിന്റെ കുടിശ്ശിക അടച്ച് തീർത്ത വക-ഇവയിലൊക്കെയായി 50 ലക്ഷത്തോളം രൂപ ദേവികുളം മണ്ഡലത്തിൽ മാത്രം കൊടുക്കാൻ കിടക്കുകയാണ്. ഇത്രയും ബില്ലുകൾ കളക്ടറേറ്റിൽ എത്തിയിട്ടുണ്ടെങ്കിൽപോലും പാസ്സാക്കി നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല എന്നുള്ള ഒരു വസ്തുതയും ഒരുവശത്തുണ്ട്. അതുപോലെതന്നെ എന്റെ മണ്ഡലത്തിൽ മാത്രം ഈ സർക്കാർ വന്നശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നടപടിയിലൂടെ 57 പേർക്ക് 1,15,000 രൂപ (ഒരു ലക്ഷത്തി പതിനയ്യായിരം രൂപ) ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ കാശും ഇതുവരെ നൽകിയിട്ടില്ല. എന്നാൽ അനുവദിക്കപ്പെട്ടിട്ടുള്ള ചിലരെങ്കിലും ഇതിനുള്ളിൽ മരണപ്പെട്ടിട്ടുണ്ട് എന്നുള്ള വസ്തുതയും ഉണ്ട്. അത് സമയബന്ധിതമായി ചെയ്യുവാനുള്ള ജോലി പൂർത്തീകരിക്കുന്നില്ല എന്നതുകൊണ്ടാണെന്ന വസ്തുതയും ഉണ്ട്. അതോടൊപ്പംതന്നെ കാലവർഷം തുടർന്നുനിൽക്കുന്നതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നൊരു സ്ഥിതിയും നിലനിൽക്കുമ്പോൾ തന്നെ വന്നിട്ടുള്ള ഏതാനും ബില്ലുകൾ പോലും എ. ഡി. എം. പരിശോധിക്കണമെന്നുള്ള നിലയിൽ ഉപേക്ഷിക്കപ്പെടുകയോ തിരിച്ചയയ്ക്കുകയോ ചെയ്യുന്ന ഒരു പ്രക്രിയ തുടരുകയാണ്. അങ്ങനെ മൂന്നുനാല് മാസക്കാലമായി ഈ നില തുടരുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിന് ബില്ലുകൾ ഉടനടി പാസ്സാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നുള്ളതാണ് ആവശ്യം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഇടുക്കി ജില്ലയിലെ ഇടുക്കി, പീരുമേട്, ദേവികുളം, തൊടുപുഴ, ഉടുമ്പൻചോല എന്നീ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലും കൂടി 375 ലക്ഷം രൂപയാണ് 2006-07 വർഷം നൽകിയിട്ടുള്ളത്. അതിൽ ഇപ്പോൾ മൊത്തം 300 കോടി രൂപയുടെ ഭരണാനുമതി നൽകാൻ കഴിഞ്ഞു. ഭരണാനുമതി നൽകുന്നതിൽ വലിയ വീഴ്ച വന്നിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം പൂർത്തീകരിച്ച പണികൾക്ക് പണം നൽകുന്നതിന് കാലതാമസം വന്നിരിക്കുന്നു എന്നുള്ളതാണ്. എന്നാൽ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ള വിവരം അനുസരിച്ച് 27 ലക്ഷം രൂപയുടെ ബില്ലുകൾ പാസ്സാക്കിയിട്ടുണ്ട്. 18 ലക്ഷം രൂപയുടെ ആറ് ബില്ലുകൾ കുടിശ്ശികയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ 50 ലക്ഷം രൂപയുടെ ബിൽ കുടിശ്ശിക കിടക്കുന്ന കാര്യമാണ് പറഞ്ഞത്. അപ്പോൾ കണക്ക് പൊരുത്തപ്പെടുന്നില്ല. നിശ്ചയമായിട്ടും എന്താണ് പ്രശ്നമെന്നുള്ളത് പരിശോധിച്ച് നോക്കാം.

ശ്രീ. കെ. സി. ജോസഫ്: എല്ലാ ജില്ലകളിലും പ്രശ്നങ്ങളുണ്ട്.

ഡോ. തോമസ് ഐസക്: എല്ലാ ജില്ലകളിലേയും കണക്കുകൾ പരിശോധിച്ചിട്ട് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

## (10) കൊലപാതകങ്ങൾ

ശ്രീ. കെ. കെ. ഷാജു: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ വ്യത്യസ്തങ്ങളായിട്ടുള്ള മൂന്ന് കൊലപാതകങ്ങൾ ഈ അടുത്ത ദിവസങ്ങളായി ഉണ്ടായി. തഴക്കര പഞ്ചായത്തിലെ മടത്തിത്തറയിൽ പരേതനായ കൊച്ചുകുഞ്ഞിന്റേയും അമ്മിണിയുടേയും മകൾ 24 വയസ്സുള്ള ഉദയശ്രീ, നൂറനാട് പാറ്റൂരിലെ പോസ്റ്റുമാൻ വാസുദേവൻ, താമരക്കുളം ചാവടിയിലെ വേണുഗോപാൽ- ഈ മൂന്ന് ആളുകളാണ് വ്യത്യസ്ത സംഭവങ്ങളിലായി കൊലചെയ്യപ്പെട്ടത്. അതിൽ വേണുഗോപാലിനെ വീടിനടുത്ത് ഒരു ബൈക്കിനു മുകളിൽ മൃതപ്രായനായി ചാരിവച്ച

LIBRARY ARCHIVES Kerala Legislative Assembly

നിലയിലാണ് കണ്ടെത്തിയത്. ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴി അദ്ദേഹം മരണപ്പെടുകയാണുണ്ടായത്. നൂറനാട് പാറ്റൂരിൽ പോസ്റ്റുമാൻ സ്വന്തം വീടിന്റെ വാതിൽക്കലാണ് കൊലചെയ്യപ്പെട്ടത്. ആ കൊലക്കേസുമായി ബന്ധപ്പെട്ട് മൂന്നു പ്രതികളാണുള്ളത്. രണ്ട് ആളുകളെ അറസ്റ്റു ചെയ്തു. മൂന്നാമത്തെ പ്രതി സ്ത്രീയാണ്. അവരെ അറസ്റ്റു ചെയ്തിട്ടില്ല. ഈ പ്രതികളെ അറസ്റ്റുചെയ്യാനുള്ള നടപടിക്രമവുമായി മുന്നോട്ടുപോകാത്തത് രാഷ്ട്രീയ ഇടപെടൽ മൂലമാണെന്ന് ആ പ്രദേശത്തെ ജനങ്ങൾ വിശ്വസിക്കുന്നുണ്ട്. അതുകൊണ്ട് ആ സ്ത്രീ അടക്കമുള്ള പ്രതികളെ കസ്റ്റഡിയിലെടുക്കാനും ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാനും കഴിയണം. അതുപോലെ വേണുഗോപാലിന്റെ കൊലപാതകം ആ പ്രദേശത്താകെ നടുക്കമുണ്ടാക്കിയിട്ടുള്ള സംഭവമാണ്. വേണുഗോപാലിനെ വീടിന്റെ സമീപം ബൈക്കിൽ ചാരി വച്ച നിലയിലാണ് കണ്ടത്. കൂടുതൽ ആളുകൾ ചേർന്നുള്ള ഗൂഢാലോചന അതിന്റെ പിന്നിലുണ്ടെന്ന് സംശയിക്കുന്നു. അത് സംബന്ധിച്ചുള്ള അന്വേഷണം എങ്ങും എത്തിയിട്ടില്ല. തഴക്കര പഞ്ചായത്തിൽ ഉദയശ്രീ എന്നു പറയുന്നത് ഏഴുമാസം പ്രായമുള്ള ഒരു കൊച്ചു കുട്ടിയുടെ മാതാവാണ്. മാന്നാറിലെ പാവുക്കര എന്നുപറയുന്ന സ്ഥലത്ത് ഭർത്താവ് ബാലകൃഷ്ണനും അദ്ദേഹത്തിന്റെ സഹോദരനുംകൂടി ചേർന്ന് നിരന്തരമായി പീഡിപ്പിച്ചശേഷം ഈ പെൺകുട്ടിയെ വളരെ ഗുരുതരമായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും അറിടെവച്ച് മരിക്കുകയും ചെയ്തു. ഈ മൂന്നു സംഭവങ്ങളിലേയും പ്രതികളായിട്ടുള്ള ആളുകളെ കണ്ടുപിടിക്കാനും മാതൃകാപരമായി ശിക്ഷിക്കാനും ആവശ്യമായിട്ടുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. കെ. ഷാജു നൽകിയിട്ടുള്ള സബ്മിഷന്റെയടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുകയുണ്ടായി. 28-7-2007-ന് വൈകുന്നേരം 5.30-ന് നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വാസുദേവൻ എന്നയാളെ സുഗതൻ, ഭാര്യ വാസന്തി, സഹോദരൻ കവലൻ എന്നിവർ ചേർന്ന് ജാതി പറഞ്ഞ് ആക്ഷേപിക്കുകയും തുടർന്ന് വെട്ടിയും കുത്തിയും പരിക്കേൽപ്പിക്കുകയും ചെയ്തുവെന്ന് ആക്ഷേപമുണ്ടായി. ഗുരുതരമായ പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 9-8-2007-ന് രാത്രി വാസുദേവൻ മരണപ്പെട്ടു. ഇക്കാര്യത്തിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികൾ വാസുദേവന്റെ ഭാര്യയെ ജാതി പറഞ്ഞ് ആക്ഷേപിച്ചതിന് നൂറനാട് പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതിയുടെ യടിസ്ഥാനത്തിൽ അതിന്റെ വിരോധമാണ് ഇത്തരത്തിൽ ഒരു സംഭവത്തിന് ഇടയായത് എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പോലീസ് പ്രതികളെ അറസ്റ്റ് ചെയ്ത് അവരെ റിമാന്റ് ചെയ്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തി വരുകയാണ്. ഇവിടെ പറഞ്ഞ മറ്റൊരു സംഭവം, തഴക്കരയിലുള്ള ഉദയശ്രീ എന്ന യുവതിയും ഭർത്താവുമായി മാന്നാറിലുള്ള ഭർതൃഗൃഹത്തിൽവച്ച് വഴക്കുണ്ടാവുകയും തുടർന്ന് ബന്ധുക്കൾ ചേന്ന് 28-8-2007-ന് മൂന്നു മണിയോടെ മാന്നാറിൽനിന്ന് കൂട്ടിക്കൊണ്ടുവരുകയും ഉദയശ്രീക്ക് തഴക്കരയിലുള്ള അവരുടെ വീട്ടിൽവച്ച് ദേഹാസ്വാസ്ഥ്യം ഉണ്ടാകുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. അവിടെവച്ച് മരണപ്പെടുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ ക്രിമിനൽ നടപടിക്രമം 174 പ്രകാരം ക്രൈം 395 നമ്പറായി മാവേലിക്കര പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 27-8-2007 9.30-ന് നൂറനാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട താമരക്കുളം മാർക്കറ്റ് ജംഗ്ഷനു സമീപം റോഡിൽവച്ച് മോട്ടോർ സൈക്കിളിൽ വരികയായിരുന്ന താമരക്കുളം വൈശാഖ് വീട്ടിൽ വേണുഗോപാലിനെ സുനൽരാജ് എന്ന സുനിൽ, അനിൽ, സുരേഷ്, സുഭാഷ് തുടങ്ങിയ 5 പേർ ചേർന്ന് വെട്ടിയും കുത്തിയും അടിച്ചും പരിക്കേൽപ്പിച്ചു. ഗുരുതരമായി പരുക്കേറ്റ വേണുഗോപാൽ മോട്ടോർ സൈക്കിളിൽ തന്റെ കുടുംബ വീട്ടിലേയ്ക്ക് പോകവേ വീടിനു മുന്നിലെ റോഡിൽ വച്ച് ബോധംകെട്ട് വീഴുകയും തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ ചികിത്സിക്കവേ 29-ന് മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. പ്രതികളായ സുനിൽരാജിനേയും അനിലിലേയും പോലീസ് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. അവരെ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെ പിടിക്കുന്നതിനുള്ള അന്വേഷണം ഊർജ്ജിതമായി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വാസുദേവന്റേയും വേണുഗോപാലിന്റേയും മരണം സംബന്ധിച്ചും ഉദയശ്രീയുടെ കേസിനെ സംബന്ധിച്ചും ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവതരമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## (11) വാഹന അപകടം

ശ്രീ. എ. എം. യൂസഫ്: സർ, ആലുവ മണ്ഡലത്തിൽ കഴിഞ്ഞദിവസം ഉണ്ടായ വളരെ ഗൗരവവും സഹതാപമുണ്ടാകുന്നതുമായ ഒരു സംഭവം സംബന്ധിച്ചാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതിന് അവസരം തന്ന ബഹുമാനപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് കള്ളച്ചാരായം ഇല്ലാതാക്കാൻവേണ്ടി ഈ ഗവൺമെന്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനം നടക്കുമ്പോൾത്തന്നെ സ്പിരിറ്റു ലോബികളും വളരെ സജീവമാണ്. കഴിഞ്ഞദിവസം പള്ളിയിൽ നിസ്കരിക്കാൻ പോയ മൂന്നുപേരിൽ റോഡ് സൈഡിൽകൂടി പോയ രണ്ടുപേരെ സ്പിരിറ്റ് ലോബി ഇടിച്ചു വീഴ്ത്തുകയും ഒരാളെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൊട്ടടുത്തുള്ള വീടിന്റെ ഒരു വശവും ഇടിച്ചു തകർത്തിട്ടുണ്ട്. വാഹനം നിർത്താതെ ഓടിച്ചു പോവുകയാണ് ചെയ്തിട്ടുള്ളത്. തോട്ടയ്ക്കാട്ടുള്ള സിഗ്നലിൽ വണ്ടി ഉപേക്ഷിക്കപ്പെട്ടു പോയിട്ടുണ്ട്. പോലീസ് ആ വണ്ടി കസ്റ്റഡിയിലെടുത്തു. അതിനകത്ത് സ്പിരിറ്റുണ്ടായിരുന്നു. സ്പിരിറ്റുലോബി വ്യാപകമായി പ്രവർത്തിക്കുന്നു എന്നുള്ള വാർത്തകൾ ദേശാഭിമാനി ഉൾപ്പെടെയുള്ള പത്രങ്ങളിൽ വരുന്നുണ്ട്. മാതൃഭൂമി പത്രത്തിലും ഈ വിഷയത്തെക്കുറിച്ച് വാർത്ത വന്നിട്ടുണ്ട്. ഈ സംഭവത്തിൽ കുറ്റവാളികളായ ആളുകളെ പുറത്തുകൊണ്ടുവരാനും കടുത്ത ശിക്ഷ കൊടുക്കാനും വേണ്ട നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ സംഭവം അറിഞ്ഞപ്പോൾത്തന്നെ വേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടു ത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ആ സമയത്തുതന്നെ ബന്ധപ്പെട്ട പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥരെ വിളിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. എന്നാലും ശ്രീ. എ. എം. യൂസഫ് സംഭവം ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് പറയാം. എറണാകുളം ആലുവ യു. സി. കോളേജ് പോസ്റ്റാഫീസിനു മുന്നിൽവച്ച് 15-ാം തീയതി രാത്രി സുമാർ 9 മണിക്ക് അതിവേഗതയിൽ ആലുവാ ഭാഗത്തേയ്ക്ക് ഓടിച്ചുപോയ കെ.എൽ-7 6418 നമ്പർ ഇൻഡിക കാർ നടന്നുപോകുകയായിരുന്ന അബ്ദുൽമാലിക്, അൻസാർ, ഷക്കീർ എന്നിവരെ ഇടിച്ചു തെറിപ്പിക്കുകയും ഗുരുതരമായി പരിക്കേറ്റ അബ്ദുൽമാലിക്, അൻസാർ എന്നിവർ സംഭവസ്ഥലത്തുവച്ച് മരണപ്പെടുകയും ഷക്കീറിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൻ ഇപ്പോൾ എറണാകുളത്ത് സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ചികിത്സയിലാണ്. ഈ സംഭവത്തിൽ ഷക്കീറിന്റെ പരാതിപ്രകാരം ആലുവാ പോലീസ് സ്റ്റേഷനിൽ ക്രൈം 1069/2007 ആയി ഇൻഡ്യൻ ശിക്ഷാനിയമം 338, 304 വകുപ്പുകൾ പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ ഉൾപ്പെട്ട കാർ ആലുവാ പമ്പ് ഹൗസിനു സമീപം ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. വാഹന പരിശോധനയിൽ രണ്ട് കന്നാസുകളിലായി സുമാർ 11 ലിറ്റർ ചാരായം കണ്ടെത്തുകയുണ്ടായി. തുടർന്ന് ഈ കേസിൽ കേരളാ അബ്കാരി ആക്ട് 55 (എ) വകുപ്പു കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതികളെക്കുറിച്ചുള്ള അന്വേഷണം നടന്നുവരുകയാണ്. അവരെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരുന്നുണ്ട്. ആലുവയിലും പരിസരപ്രദേശങ്ങളിലും സമീപകാലത്ത് വാഹന അപകടങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടം ഒഴിവാക്കാൻ പോലീസ് പല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അതിനായി ഉന്നത തലത്തിൽ ഒരു യോഗം തന്നെ ബഹുമാനപ്പെട്ട എം. എൽ. എ. പറഞ്ഞതിന്റെയടിസ്ഥാനത്തിൽ വിളിച്ചു കൂട്ടിയിരുന്നു. അതിന്റെ ഭാഗമായി സ്പീഡ് ചെക്കിംഗ് നടത്തുകയും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോലീസിനെ വിന്യസിപ്പിക്കുകയും ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുകയും മറ്റും ചെയ്യാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ പ്രശ്നം ഗവൺമെന്റിന്റെ പ്രത്യേകമായ പരിഗണനയിലുണ്ട്. ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

## (12) ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച സമഗ്രമായ അന്വേഷണം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പൊൻമുടി ഭൂമി വിവാദത്തെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം വേണമെന്നുള്ള ആവശ്യം മുഖ്യമന്ത്രി തള്ളിക്കളഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രി ആ വാദം ന്യായീകരിക്കാൻവേണ്ടി വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് കഴിഞ്ഞദിവസം ഇവിടെ പ്രസ്താവനയായി പറഞ്ഞത്. ഞാൻ രണ്ടു വാചകം മാത്രമേ വായിക്കുന്നുള്ളൂ. "2000-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസ് അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ ഭൂമി 2003-ൽ യു.ഡി.എഫ്. കൊണ്ടുവന്ന നിയമം വഴി സ്വകാര്യ തോട്ടം ഉടമകളുടെ കൈകളിൽ എത്തിച്ചേരുകയാണുണ്ടായത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് നടപ്പിലാക്കിയ നിയമത്തിന്റെ പരിരക്ഷ ഉപയോഗിച്ചുകൊണ്ടാണ് പതിനായിരക്കണക്കിന് ഏക്കർ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്വന്തമാക്കാൻ അവസരം ലഭിച്ചത്" എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ഒരിഞ്ചു ഭൂമിപോലും ഇതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് നഷ്ടപ്പെട്ടിട്ടില്ല. അതിന്റെ റൂൾ എന്റെ കയ്യിലുണ്ട്. റൂൾ കൊണ്ടുവന്നതുതന്നെ 2007 ഫെബ്രുവരി 3-ാം തീയതിയാണ്. റൂൾ ഇല്ലാതെ എങ്ങനെ ആ ഭൂമി വിട്ടുകൊടുക്കാൻ സാധിക്കും? അതിന് കോടതിയെ സമീപിച്ചു. കോടതി സംസ്ഥാന ഗവൺമെന്റിന്റെ വാദം പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമി തിരിച്ചുകിട്ടണമെന്നു പറഞ്ഞ അപേക്ഷകളെല്ലാം തള്ളിക്കളഞ്ഞു. തടിവെട്ടണം എന്ന് പറഞ്ഞുകൊണ്ട് ഈ പൊന്മുടി എസ്റ്റേറ്റിൽ പുതിയതായി ഭൂമി കൈവശപ്പെടുത്തി എന്ന് അവകാശപ്പെടുന്ന സേവി മനോമാത്യു അപേക്ഷ കൊടുത്തു. യു. ഡി. എഫ്. ഗവൺമെന്റ് അനുവദിച്ചില്ല. റൂൾപോലും ഉണ്ടാക്കാതെ ഈ ഭൂമി നഷ്ടപ്പെടുത്തി എന്ന് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. റൂളിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ഇപ്പോൾ സേവി മനോമാത്യുവിന്റെ അപേക്ഷ സ്വീകരിച്ചിരിക്കുന്നത് ഈ ഫെബ്രുവരി 3-ാം തീയതി ഇറക്കിയിരിക്കുന്ന റൂളിലെ സെക്ഷൻ 17 അനുസരിച്ചാണ്. ആ അപേക്ഷയെ സംബന്ധിച്ച് ഈ റൂളിലെ 18-ാമത്തെ വകുപ്പനുസരിച്ചാണ് ഡെസിഗ്നേറ്റഡ് കമ്മിറ്റി പരിശോധന നടത്തിയിരിക്കുന്നത്. ഈ റൂളിലെ സെക്ഷൻ 20 അനുസരിച്ചാണ് കസ്റ്റോഡിയൻ ഈ ഭൂമി വിട്ടുകൊടുക്കാൻ ഉത്തരവിട്ടിരിക്കുന്നത്. യു. ഡി. എഫ്.-ന്റെ കാലത്ത് ഈ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നു. അത് പരിസ്ഥിതി ദുർബല ഭൂമി സംരക്ഷണ നിയമത്തിന്റെ മറവിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ യഥാർത്ഥ കർഷകരെ ദ്രോഹിക്കാതിരിക്കാൻ വേണ്ടിയാണ്; കൊടുത്ത ഭൂമി തിരിച്ചെടുക്കാൻ വേണ്ടിയായിരുന്നില്ല. കൊടുത്ത ഭൂമി തിരിച്ചെടുക്കാൻ വേണ്ടിയായിരുന്നെങ്കിൽ ഞങ്ങൾ അന്ന് ഈ റൂൾ കൊണ്ടുവരണമായിരുന്നു. കൊടുത്ത ഭൂമി തിരിച്ചെടുക്കാൻ വേണ്ടിയായിരുന്നില്ല യു.ഡി.എഫ്.ന്റെ ആ നിയമഭേദഗതി മറിച്ച് യഥാർത്ഥ കർഷകരെ - തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ, തേയില എന്നിവ കൃഷി ചെയ്യുന്ന യഥാർത്ഥ കർഷകരെ - ഭീഷണിപ്പെടുത്തുന്ന, ദ്രോഹിക്കുന്ന നിരവധി പരാതികൾ വന്നപ്പോൾ അത് തടസ്സപ്പെടുത്താൻ വേണ്ടിയായിരുന്നു. പക്ഷേ തിരിച്ചെടുക്കാൻ ആവശ്യമായ റൂൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നില്ല. അതുകൊണ്ടുവന്നത് ഈ ഐ. എസ്. ആർ. ഒ. ഭൂമിക്ക് വേണ്ടി........ (ബഹളം).......

മി. സ്പീക്കർ: പ്ലീസ്....മുഖ്യമന്ത്രി മറുപടി പറയും....

ശ്രീ. ആനത്തലവട്ടം ആനന്ദൻ: അങ്ങ് പറഞ്ഞതനുസരിച്ച് 2007-ലാണ് റൂൾസ് കൊണ്ടുവന്നത്. പക്ഷേ 2003-ൽ കൊണ്ടുവന്ന ആക്ടിന് വിധേയമായിട്ടാണല്ലോ റൂൾ കൊണ്ടുവന്നത്. 2003-ൽ കൊണ്ടുവന്ന ആ ആക്ടിന് വിധേയമായിട്ടാണല്ലോ 2005-ൽ ജയശ്രീ എസ്റ്റേറ്റ് സേവി മനോ മാത്യു വില്പന നടത്തിയത്. അന്ന് പോക്കുവരവും പട്ടയവും ചെയ്തുകൊടുത്തത് നിങ്ങളുടെ ഗവൺമെന്റല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ കാര്യങ്ങൾ പറയുകയാണ്. പതിനായിരക്കണക്കിന് ഏക്കർ സ്ഥലം നഷ്ടപ്പെട്ടു എന്ന് മുഖ്യമന്ത്രി പറഞ്ഞു. റൂൾ പോലും കൊണ്ടുവരാതെ യു.ഡി.എഫ്.ന്റെ കാലത്ത് എങ്ങനെ നഷ്ടപ്പെട്ടു എന്നാണ് ഞാൻ ചോദിച്ചത്. ആക്ടിന് വിധേയമായിട്ടാണ് റൂൾ കൊണ്ടുവരുന്നത്. പക്ഷേ ആക്ടിലെ ഭേദഗതി എനേബ്ലിംഗ് പ്രൊവിഷൻ മാത്രമാണ്. ആ ഒരു നിയമ വ്യവസ്ഥ വന്നതോടുകൂടി ഈ ഭൂമിയെല്ലാംകൂടെ ആട്ടോമാറ്റിക്കായിട്ട് മറ്റുള്ളവർക്ക് പോവുന്നില്ല. അതിന്റെ നടപടി

LIBRARY ARCHIVES Kerala Legislative Assembly

ക്രമങ്ങൾ മുഴുവൻ പൂർത്തീകരിച്ചേപറ്റൂ. ഞാൻ വീണ്ടും ആവർത്തിക്കുന്നു (......ബഹളം........) ശ്രീ. ആനത്തലവട്ടം ആനന്ദൻ, അങ്ങ് വാദിച്ച് ഈ കേസ് കളയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ; റൂൾപോലും ഇല്ലാതെ ഭൂമി തിരിച്ച് കൊടുത്തു എന്നുപറഞ്ഞാൽ ഒരിഞ്ച് ഭൂമി യു.ഡി.എഫ്. ഗവൺമെന്റിന്റെ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നഷ്ടപ്പെട്ടിട്ടില്ല എന്ന് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ഒരു അന്വേഷണം ഒഴിവാക്കാൻ വേണ്ടി അങ്ങ് ബോധപൂർവ്വമായി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ഒരു സംഘടിതമായ ശ്രമം, വളരെ പെട്ടെന്ന് റൂൾ കൊണ്ടുവരുന്നു, അതിന്റെയടിസ്ഥാനത്തിൽ മന്ത്രിമാർ കോൺഫറൻസ് വിളിച്ചുകൂട്ടുന്നു. കോൺഫറൻസിനെ തുടർന്ന് എല്ലാം വേഗത്തിൽ പോയി കസ്റ്റോഡിയൻ തീരുമാനം എടുക്കുന്ന സ്ഥിതിവിശേഷമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): അങ്ങ് ഇവിടെ കുറെ ദിവസമായി അറിഞ്ഞുകൊണ്ട് ഒരുപാട് അസത്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ദയവായി ഇത് ചെയ്യരുത്. ഇക്കാര്യങ്ങൾ നല്ലവണ്ണം അങ്ങേയ്ക്കറിയാം, 2005 മാർച്ച് മാസം 30-ാം തീയതിയാണ് ബിർളയിൽ നിന്ന് സേവി മനോമാത്യു ഭൂമി ഏറ്റു വാങ്ങുന്നത്. അന്ന് ആ വാങ്ങലിന് വേണ്ടി എല്ലാം ചെയ്തത് യു. ഡി. എഫ്. ഗവൺമെന്റാണ്. പോക്കുവരവിന്റെ നിരക്ക് ഞാൻ പറയുന്നില്ല. ഇവിടെ അതൊക്കെ പറയും. എത്രവേഗത്തിലാണ്, റോക്കറ്റിനേക്കാൾ വേഗത്തിലാണ് ഉണ്ടായത്. നിങ്ങൾ അന്ന് നികുതിയിളവ് ചെയ്തുകൊടുക്കുകയുണ്ടായി. ഞങ്ങൾ എന്താ ചെയ്തത്? സേവി മനോമാത്യു ആ ഭൂമി ഇപ്പോൾ ഐ. എസ്. ആർ. ഒ.-യ്ക്ക് വിറ്റു. വില്പന ഈ ഗവൺമെന്റ് തടഞ്ഞിരിക്കുകയാണ്. അതാണ് വ്യത്യാസം. നിങ്ങൾ സഹായിച്ചു ഞങ്ങൾ സഹായിച്ചില്ല. ഞങ്ങൾ ഇല്ലായിരുന്നു എങ്കിൽ ആ വില്പനയെല്ലാം പൂർത്തീകരിക്കപ്പെടുമായിരുന്നു. എൽ. ഡി. എഫ്. ഗവൺമെന്റായതുകൊണ്ടു മാത്രമാണ് ആ വില്പന്ന തടയാനായത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇപ്പോൾ എന്റെ വാദം പൂർണ്ണമായി. ഞങ്ങളുടെ ഭാഗത്താണ് തെറ്റ് വന്നതെങ്കിൽ അത് ഉൾപ്പെടെ അന്വേഷിക്കാം. (.....ബഹളം.....) ശ്രീ. ബിനോയ്‌വിശ്വം, ഞങ്ങളുടെ കാലത്തുണ്ടായ ഒരു തെറ്റ് മറച്ചുവയ്ക്കാൻ അങ്ങ് കൂട്ടുനിൽക്കരുത്. (........ബഹളം.........) അതുൾപ്പെടെ അങ്ങ് അന്വേഷിക്കണം എന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞു ഞാൻ കുറേ ദിവസങ്ങളായി പല അസത്യങ്ങളും പറയുന്നുവെന്ന്. കഴിഞ്ഞ ദിവസം ഞാൻ അവിടുത്തെ മരം മുറിക്കലിനെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങ് നിഷേധിച്ചു. അതിനുശേഷം പുറത്തുപോയി പത്രക്കാരോട് പറഞ്ഞു, അങ്ങയുടെ വകുപ്പിൽ നിന്ന് നിർദ്ദേശം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് കൊടുത്തിട്ടുണ്ട്........(....ബഹളം....) പ്രധാനമന്ത്രിയുടെ വരവുമായി ബന്ധപ്പെട്ട് (......ബഹളം.....) അതിനകത്ത് വ്യക്തമായി പറഞ്ഞിട്ടുണ്ട്, ഹെലിപ്പാട് പണിയുന്നിടത്തെ മരം സേവി മനോമാത്യു നേരത്തെ തന്നെ വെട്ടിക്കളഞ്ഞു. (......ബഹളം.......) ഇത് ഞാൻ മേശപ്പുറത്തുവയ്ക്കാം. വനം വകുപ്പുമന്ത്രി ഇവിടെ പറഞ്ഞപ്പോൾ കാര്യം വ്യക്തമായി. അതുകൊണ്ട് ഇതിനെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, യു. ഡി. എഫ്. സർക്കാർ പാസ്സാക്കിയ 2003-ലെ നിയമത്തിന് 2005-ൽ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചു. നിയമം നടപ്പിലാക്കാനുള്ള വിജ്ഞാപനം 03-05-2005-ന് പുറപ്പെടുവിച്ചു. എന്നാൽ ഈ ആക്ട് നടപ്പിലാക്കണമെന്നുണ്ടെങ്കിൽ അതിനുള്ള ചട്ടങ്ങളും പുറപ്പെടുവിക്കേണ്ടിയിരുന്നു. സാധാരണഗതിയിൽ നിയമം നടപ്പിലാക്കാനുള്ള വിജ്ഞാപനത്തോടൊപ്പം തന്നെ ചട്ടങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ നിയമമനുസരിച്ച് രൂപീകരിക്കേണ്ട ഉപദേശക സമിതി, ജില്ലാ ജഡ്ജി ചെയർമാനായുള്ള നാല് ട്രൈബ്യൂണൽ, കസ്റ്റോഡിയന് ഭൂമി സംബന്ധിച്ച് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമം എന്നിവ ചട്ടങ്ങളിലാണ് വരേണ്ടത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും 3-2-2007-ൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും നിയമങ്ങൾക്ക് വിധേയമായി 4 ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും ചെയ്തു. 2000 ജൂൺ മാസം 2-ാം തീയതി മുതൽ പിൽക്കാല പ്രാബല്യത്തോടു കൂടി നടപ്പിലാക്കിയ നിയമം ചട്ടങ്ങളുടെ അഭാവത്തിൽ നടപ്പിലാക്കാൻ സാധിക്കില്ല എന്ന കാര്യം എല്ലാവർക്കും അറിയാം. യു. ഡി. എഫ്. അധികാരം ഒഴിയുന്ന 2006 മെയ് വരെ, ഒരു കൊല്ലത്തിലേറെ ചട്ടങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറായിരുന്നില്ല. ഇതാണ് സേവി മനോമാത്യു ഉൾപ്പെടെയുള്ളവർക്ക് അവർ കൈവശപ്പെടുത്തിയ ഭൂമി സംരക്ഷിക്കുന്നതിനുള്ള അവസരമൊരുക്കി കൊടുത്തത്. മാത്രമല്ല 10 ശതമാനമായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 4 ശതമാനമായി കുറച്ചുകൊടുക്കുകയും ചെയ്തു. ആർക്കുവേണ്ടി, മനോമാത്യൂവിനുവേണ്ടി. മാർച്ച് 30-ന് അയാളുടെ രജിസ്ട്രേഷൻ തീർന്നപ്പോൾ ഏപ്രിൽ 1 മുതൽ വീണ്ടും 10 ശതമാനമായി സ്റ്റാമ്പ് ഡ്യൂട്ടി. ആർക്കുവേണ്ടി, മനോമാത്യൂവിനുവേണ്ടി; ഇതാണ് സേവി മനോമാത്യു ഉൾപ്പെടെയുള്ളവർക്കുവേണ്ടി അവർ കൈവശപ്പെടുത്തിയ ഭൂമി സംരക്ഷിക്കാനുള്ള എല്ലാം ഒരുക്കിക്കൊടുത്തത്. ഇതാണ് വസ്തുത. ഈ അവസരം ശരിക്കും പ്രയോജനപ്പെടുത്തിയത് വൻകിടക്കാരായ ഭൂമി കൈവശക്കാരായിരുന്നു എന്നുകാണാൻ കഴിയും. ഈ നിയമമനുസരിച്ചുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് നിയമം അതിന്റെ അന്ത:സത്തയ്ക്ക് അനുസൃതമായിട്ടാണ് ഉണ്ടാകേണ്ടത്. നിയമത്തിനു വിരുദ്ധമായി ചട്ടങ്ങൾ ഉണ്ടാക്കിയാൽ അത് കോടതികൾ തടയും. നിങ്ങൾ പാസ്സാക്കിയ 2005-ലെ നിയമത്തിനുള്ളിൽ നിന്നുകൊണ്ടാണ് സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചത്. അതുകൊണ്ട് നിങ്ങൾ പുറപ്പെടുവിക്കാതിരുന്ന ചട്ടങ്ങൾ ഈ സർക്കാർ പുറപ്പെടുവിച്ചു എന്നുള്ളതാണോ കണ്ടുപിടിച്ച കുറ്റം? ചട്ടങ്ങൾ പുറപ്പെടുവിച്ചതിനു പുറമേ 2005-ൽ നിങ്ങൾ കൊണ്ടുവന്ന നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് സർക്കാരിന് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് ഈ നിയമത്തിൽത്തന്നെ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. 2000-ൽ എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിലെ വ്യവസ്ഥകൾ പുന:സ്ഥാപിച്ച്, 2005-ലെ നിങ്ങളുടെ നിയമത്തിലൂടെ വൻകിടക്കാരുടെ കൈയിൽ എത്തിച്ചു കൊടുത്തതും സർക്കാരിൽ നിക്ഷിപ്തമാകേണ്ടതുമായ ഭൂമി ഈ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ച് കൈവശപ്പെടുത്തുന്നതാണ്. അത് പരിശോധിച്ച് ആവശ്യമായ കാര്യങ്ങളെല്ലാം ഈ ഗവൺമെന്റ് ചെയ്യുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ഞങ്ങൾക്ക് ഒട്ടും സ്വീകാര്യമല്ല. ഇത് അഴിമതി ചെയ്ത മന്ത്രിയേയും ഗവണ്മെന്റിനേയും സംരക്ഷിക്കാൻ വേണ്ടിയുള്ള മറുപടിയാണ്. (..........ബഹളം.......) ഇത്



LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കാരെ രക്ഷിക്കാൻ വേണ്ടിയുള്ള സ്റ്റേറ്റ്മെന്റാണ്. യു. ഡി. എഫ്-ന്റെ കാലത്ത് എന്തെങ്കിലും തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചുകൂടി അന്വേഷിച്ചോ, നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഇതിനെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്താമോ? ഞാൻ വെല്ലുവിളിക്കുകയാണ്. ഗവണ്മെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഈ സഭാ കവാടത്തിൽ സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, യു. സി. രാമൻ, കെ. കെ. ഷാജു എന്നീ ഞങ്ങളുടെ അഞ്ച് സഹപ്രവർത്തകർ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ജനാധിപത്യാവകാശങ്ങൾ ഗവണ്മെന്റ് നിഷേധിക്കാത്തിടത്തോളം കാലം ഞങ്ങൾ സഭാനടപടികളിൽ സഹകരിക്കും. ഗാന്ധിയൻ മാർഗ്ഗത്തിലുള്ള സമരമുറയുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രിയെ അറിയിച്ചുകൊണ്ട് ആ അഞ്ച് സഹപ്രവർത്തകർ നിരാഹാരമാരംഭിക്കുകയാണ്.

(മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്തതിൽ പ്രതിഷേധിച്ച് അനിശ്ചിത കാല നിരാഹാര സത്യാഗ്രഹത്തിന് തയ്യാറായ അംഗങ്ങളുമായി പ്രതിപക്ഷം സഭയിൽ നിന്നും പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാവുകയും ചെയ്തു.)

# V റിപ്പോർട്ട് സമർപ്പണം

## പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴുമുതൽ നാൽപ്പത്തിനാലു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ മുപ്പത്തിയേഴുമുതൽ നാൽപ്പത്തിനാലു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI നിയമനിർമ്മാണ കാര്യം

## (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തര ഘട്ടങ്ങളും

### 1 (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശശികുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ വളരെ സമഗ്രമായ രീതിയിലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്ത് വളർന്നുവരുന്ന പലതരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായി വന്നിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. നമുക്കറിയാം കേരളത്തിൽ ഇതിനുമുമ്പ് പുറപ്പെടുവിച്ചിരുന്ന ഓർഡിനൻസിൽ നിന്നും വ്യത്യസ്തമായി വളരെ വിശാലമായ അർത്ഥത്തിലാണ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വ്യാജവാറ്റുകാർ, കള്ളനോട്ടടിക്കാർ, പരിസ്ഥിതി വിധ്വംസകർ, ഡിജിറ്റൽ ഡാറ്റാ വ്യാജ പകർപ്പവകാശ അപകർത്താക്കൾ, മയക്കുമരുന്ന് കുറ്റവാളികൾ, ഹവാല തട്ടിപ്പുകാർ, അസാൻമാർഗ്ഗിക കുറ്റവാളികൾ, കുപ്രസിദ്ധ ഗുണ്ടകൾ, റൗഡികൾ, വസ്തു കയ്യേറ്റക്കാർ, കൊള്ളപ്പലിശക്കാർ, വായ്പാ ചതിയൻമാർ, വാടക ചട്ടമ്പികൾ തുടങ്ങിയവരെയെല്ലാം കൈകാര്യം ചെയ്യാൻ പറ്റുന്നവിധത്തിൽ വളരെ പ്രസക്തമായ രീതിയിലാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഈ ബില്ലിന്റെ അവതരണവേളയിൽ തന്നെ ഇതിന് ആധാരമായിട്ടുള്ള നിരവധി കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തതാണ്. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഈ ബിൽ ഇപ്പോൾ ഇവിടെ വന്നിരിക്കുകയാണ്. ഈ ബിൽ വായിച്ചുവന്നപ്പോൾ, ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള പത്ത് പതിമൂന്ന് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലുമൊക്കെ കയ്യേറ്റം നടത്തുന്നവരെക്കൂടി സാമൂഹ്യ വിരുദ്ധ പ്രവർത്തകരുടെ പട്ടികയിൽ പെടുത്തേണ്ടതുണ്ട് എന്നുള്ള അഭിപ്രായം എനിക്ക് തോന്നുകയുണ്ടായി. എന്റെ മണ്ഡലത്തിലെ തളിക്ഷേത്രത്തിന്റെ ഗോപുരവാതിൽ അക്രമികൾ തീവച്ച് നശിപ്പിച്ച സംഭവം യഥാർത്ഥത്തിൽ ഒരു സാമൂഹ്യവിരുദ്ധ പ്രവർത്തനമായിരുന്നു. അവിടത്തെ ജനങ്ങളും രാഷ്ട്രീയ പാർട്ടികളും ഭരണകൂടവും ഒത്തൊരുമിച്ച് പ്രവർത്തിച്ചതുകൊണ്ട് തൽക്കാലം അത് തടയാൻ കഴിഞ്ഞു എങ്കിലും കുറ്റവാളികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ട് ഇപ്പോഴും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമൂഹത്തിൽ തങ്ങിനിൽക്കുകയാണ്. യഥാർത്ഥത്തിൽ ആരാധനാലയങ്ങൾക്കു നേരെ കയ്യേറ്റം നടത്തുന്ന ആളുകളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കാരണം അത് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അത്രയ്ക്ക് വലുതാണ്. അതുകൊണ്ട് തളിക്ഷേത്രം പോലുള്ള ആരാധനാലയങ്ങൾ കയ്യേറി അതിനുനേരെ അക്രമം നടത്തിയ ശക്തികളെ ഈ പരിധിയിൽപ്പെടുത്തണം എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇത്തരം നിയമവിരുദ്ധമായ സംഭവബഹുലമായ പ്രശ്നങ്ങൾ നാട്ടിൽ ചർച്ചചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ, വളരെ ബോധപൂർവ്വം അത്തരം വിഷയങ്ങളിൽ നിന്ന് ഗവൺമെന്റിന്റേയും ജനങ്ങളുടേയും ശ്രദ്ധ തിരിക്കുന്നതിനുവേണ്ടി ക്രിമിനൽ ബാക്ക്ഗ്രൗണ്ടുള്ള ഈ ആളുകൾ ആരാധനാലയങ്ങളിൽ ബോധപൂർവ്വം ഇത്തരം സംഭവങ്ങൾ സൃഷ്ടിക്കുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. ശശികുമാർ: ഞാൻ അത് ഈ നിയമസഭയിൽ ഒരു സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നു. അവിടെ നടന്ന സംഭവം തന്നെ ഇത്തരം ശക്തികളുടെ ഇടപെടലാണെന്ന് പറയപ്പെടുന്നുണ്ട്. ഗവൺമെന്റ് ഈ അടുത്ത ദിവസമാണ് ഏതാണ്ട് 200 കോടി രൂപയുടെ ഹവാല പണം മലപ്പുറം ജില്ലയിൽ പല റെയ്ഡുകളിലൂടെ പിടിച്ചെടുത്തത്. അതുപോലെതന്നെ നിരവധി കുറ്റവാളികളെ പിടികൂടിയത്. അതുപോലെയുള്ള പ്രവർത്തനങ്ങളിൽ നിന്നും ഗവൺമെന്റിന്റേയും പോലീസിന്റെയും ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി സാമൂഹ്യവിരുദ്ധൻമാർ നടത്തുന്ന ഒരു ഇടപെടലായിട്ടും ഇതിനെ കണക്കാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം കേസ്സുകളെ വളരെ ഗൗരവമായിട്ടെടുത്ത് സാമൂഹ്യ ഐക്യത്തിന്റെ അന്തരീക്ഷം തകർക്കാനിടയുള്ള വിഷയങ്ങളായതുകൊണ്ട് ഇത്തരം കേസ്സുകളെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളായി കണക്കാക്കി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ ഈ കേസിൽ ഉത്തരവാദിയായ ശക്തികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായ നടപടിയെടുക്കണമെന്നുള്ള കാര്യം കൂടി ഞാൻ ഇവിടെ കൂട്ടിച്ചേർക്കുകയാണ്. ഈ ബില്ലിന്റെ വിയോജനക്കുറിപ്പായി ഇതോടൊപ്പം ചേർത്തിട്ടുള്ളതിൽ പ്രധാനപ്പെട്ട കാര്യമായി ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം, ഇത്തരം നിയമങ്ങൾ അസാധാരണ സാഹചര്യത്തിൽ അസാധാരണ നടപടികൾ എടുക്കാനുള്ള അധികാരം ഗവൺമെന്റിന് നൽകുന്നു. അതുകൊണ്ട് ഇത് പൗരൻമാരുടെ ജനാധിപത്യ അവകാശത്തെ കവർന്നെടുക്കാനിടയുള്ളതും ജനാധിപത്യ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നതുമാണ്, ഇത് ജനങ്ങളുടെ മൗലികാവകാശത്തെ കവർന്നെടുക്കാനിടയുള്ളതാണ് എന്നുള്ള ഒരു ആക്ഷേപം... രാഷ്ട്രീയമായ താൽപ്പര്യത്തോടുകൂടി ഇത്തരം നിയമങ്ങൾ ഉപയോഗിക്കുമെന്നുള്ള ഒരു വിമർശനം ഇവിടെ ഉയർത്തിക്കൊണ്ടുവന്നിരുന്നു. വിയോജനക്കുറിപ്പിലും അത്തരം കാര്യങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് ഇത്തരം ബില്ലുകൾ പരിശോധിക്കുമ്പോൾ നമ്മൾ ഗൗരവമായി പരിഗണിക്കേണ്ട ഒരു വിഷയം തന്നെയാണ്. കാരണം ഇൻഡ്യൻ ഭരണഘടനയുടെ 21, 22 വകുപ്പുകൾ ഇതുമായി ബന്ധപ്പെട്ടതാണ്. പൗരന്റെ ജനാധിപത്യ അവകാശങ്ങൾ, ജീവന്റേയും വ്യക്തി സ്വാതന്ത്ര്യത്തിന്റേയും സംരക്ഷണത്തിന് ഭരണഘടന നൽകുന്ന അധികാരങ്ങൾ വ്യക്തമാക്കുന്നതാണ് ആർട്ടിക്കിൾ 21. അത് പൗരന്റെ ജനാധിപത്യ അവകാശങ്ങളെ വിശദീകരിക്കുന്നതോടൊപ്പം തന്നെ, ആർട്ടിക്കിൾ 22, ചില സംഗതികളിൽ അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം എന്നുപറയുന്ന ഭരണഘടനയുടെ ഒരു ആർട്ടിക്കിൾ ഉണ്ട്. അറസ്റ്റ് ചെയ്ത ഏതൊരാളെയും ആ അറസ്റ്റിനുള്ള കാരണങ്ങൾ കഴിയുന്നത്ര വേഗം അറിയിക്കാതെ തടങ്കലിൽ സൂക്ഷിക്കുകയോ അയാൾക്കിഷ്ടമുള്ള ഒരു അഭിഭാഷകനുമായി ആലോചിക്കാനും അദ്ദേഹം മുഖേന പ്രതിപാദിക്കാനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവകാശം നിഷേധിക്കുകയോ ചെയ്യാൻ പാടില്ലായെന്നുള്ളതാണ് ഈ ആർട്ടിക്കിൾ 22. ഈ പുതിയ ബില്ലിൽ, തടങ്കലിൽ വയ്ക്കാനുള്ള കാരണം അയാളെ അറസ്റ്റുചെയ്യുമ്പോൾ അയാളെ വായിച്ചു കേൾപ്പിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അഞ്ചു ദിവസത്തിനകം നൽകേണ്ടതുമാണ്. തടങ്കലിൽ വയ്ക്കപ്പെടുന്ന ആൾക്ക് അഭിഭാഷകന്റെ സഹായം തേടാമെന്ന് പ്രത്യേകമായി ഈ ബില്ലിൽ എടുത്തുപറയുന്നത് ശ്രദ്ധേയമായ കാര്യമാണ്. സ്വാഭാവികമായും വ്യക്തിസ്വാതന്ത്ര്യങ്ങളെ ഹനിക്കാൻ ഉതകുന്ന വിധത്തിലുള്ള, പ്രത്യേകിച്ച് ഭരണകൂടത്തിന്റെ വ്യക്തിസ്വാതന്ത്ര്യത്തിനുമേലുള്ള കൈയേറ്റത്തിന്റെ ചരിത്രം ഇൻഡ്യയിൽ ധാരാളമുണ്ടായിട്ടുണ്ട്. പക്ഷേ നമ്മൾ ആ ചരിത്രം പരിശോധിച്ചുനോക്കിയാൽ ഭരണവർഗ്ഗ രാഷ്ട്രീയപാർട്ടികൾ പ്രത്യേകിച്ച് കോൺഗ്രസും കോൺഗ്രസിനു ബദലായി ഇൻഡ്യയിൽ അധികാരത്തിൽ വന്ന ബി. ജെ. പി.-യും അധികാരത്തിലിരുന്ന കാലഘട്ടങ്ങളിലാണ് ഗവൺമെന്റിന്റെ ഇത്തരം നിയമങ്ങളെ പൗരാവകാശ ധ്വംസനത്തിനുവേണ്ടി വിനിയോഗിച്ചിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. ആ കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത്തരമൊരു ശ്രദ്ധ, 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിൽ നമ്മുടെ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കുകയാണ്. കാരണം ഇൻഡ്യയിലെ അനുഭവം- 1962-ൽ ഇൻഡ്യാ-ചൈനാ യുദ്ധം നടക്കുന്ന കാലത്ത്, നമ്മുടെ ഡിഫൻസ് ആക്ട് ഉപയോഗപ്പെടുത്തി അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ, അതിന്റെ പ്രവർത്തകരെ ദേശവിരുദ്ധരാണെന്ന് ചിത്രീകരിച്ചുകൊണ്ട്, ചൈനാ ചാരൻമാരാണെന്ന് വിശേഷിപ്പിച്ചുകൊണ്ട്, ഇ.എം.എസി-നേയും എ.കെ.ജി.-യേയുമൊക്കെ തടങ്കലിൽ വച്ച അനുഭവം- അന്നുമുതലേയുണ്ട്. അതുപോലെതന്നെ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ജനാധിപത്യത്തിന്റെ ഏറ്റവും കറുത്ത അദ്ധ്യായമായിരുന്നു 1975 ജൂൺ 26-ന് ഇൻഡ്യയിൽ പ്രഖ്യാപിച്ച അടിയന്തിരാവസ്ഥ. ആ അടിയന്തിരാവസ്ഥക്കാലത്ത്, നമുക്കറിയാം ഇന്നത്തെ കേരള മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യ നേതാവുമായ സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളെ മിസ നിയമമനുസരിച്ച് അറസ്റ്റ് ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ മിസ അനുസരിച്ച് അറസ്റ്റിന് വഴങ്ങാതെ ഒളിവിൽ കഴിയുകയായിരുന്നു നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിട്ടുള്ള ശ്രീ. പാലോളി മുഹമ്മദ് കുട്ടി. ആ കാലഘട്ടത്തിൽ ഡി.ഐ.ആർ അനുസരിച്ച് ഈ നിയമസഭയിൽ ഇപ്പോൾ മന്ത്രിമാരായിട്ടുള്ള ശ്രീ. എം. വിജയകുമാറും ശ്രീ. ജി. സുധാകരനും ഡോ. തോമസ് ഐസക്കും ശ്രീ. എം. എ. ബേബിയും ഉൾപ്പെട്ട ആളുകൾ തടവിലാക്കപ്പെട്ടിരുന്നു. അപ്പോൾ കേരളത്തിൽ നമുക്ക് ആ അനുഭവം ഉള്ളതാണ്. അതുകഴിഞ്ഞ് ടാഡാ നിയമം ഇൻഡ്യയിൽ വന്നു. അത് ഓർഡിനൻസായി വന്നു. പിന്നീട് 1993-ൽ ആ നിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് നിരവധി ജനനേതാക്കൾ ഇൻഡ്യയിലെമ്പാടും ടാഡ നിയമമനുസരിച്ച് വിചാരണ കൂടാതെ ജയിലിലടയ്ക്കപ്പെട്ടു. അന്ന് കണ്ണൂർ ജില്ലയിലെ നാല് കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ ടാഡാ നിയമമനുസരിച്ച് ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. എം. എൽ. എ. ആയിട്ടുള്ള ശ്രീ. പി. ജയരാജനുൾപ്പെടെയുള്ളവർ അന്ന് ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. ടാഡ നിയമത്തിനു ശേഷം ഇൻഡ്യയിൽ 2002-ൽ പോട്ടാ നിയമം വന്നു. ബി.ജെ.പി.യാണ് ആ നിയമം കൊണ്ടുവന്നത്. പോട്ടാ നിയമപ്രകാരം കാശ്മീരിലെ നിരപരാധിയാണെന്ന് പിൽക്കാലത്ത് തെളിയിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. ഗിലാനിയുൾപ്പെടെയുള്ള ആളുകൾ കരുതൽ തടങ്കൽ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. ഗുജറാത്തിൽ ഇത്തരത്തിലുള്ള ഒരു നിയമത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ടാണ് സൊഹറാബുദീൻ ഷെയ്ക്കിനേയും അദ്ദേഹത്തിന്റെ ഭാര്യ കൗസർബീയേയും പോലീസ് വെടിവച്ചുകൊന്നത്. ആ വെടിവച്ചുകൊന്നതിനെ ഏറ്റുമുട്ടലെന്നാണ് പോലീസുകാർ പിന്നെ വിശേഷിപ്പിച്ചത്. അങ്ങനെ ഭരണകൂടം ഇത്തരം നിയമങ്ങൾ ദുരുപയോഗപ്പെടുത്തിയതിന്റെ നിരവധിയനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. പക്ഷേ ആ നിയമങ്ങളെല്ലാംതന്നെ ഇന്നത്തെ ഭരണകക്ഷിയായിട്ടുള്ള കോൺഗ്രസിന്റേയും ബി.ജെ.പി.യുടെയും ഭരണത്തിൻകീഴിലാണ് നമ്മുടെ രാജ്യത്ത് വന്നിട്ടുള്ളത്. ആ അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതയുൾക്കൊണ്ടുകൊണ്ട് വളരെ കർശനമായ വ്യവസ്ഥകളോടു കൂടിയാണ് ഇപ്പോൾ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോഴും കേന്ദ്രത്തിൽ അത്തരം ഒരു നിയമമുണ്ട്- എൻ. എസ്. എ. (നാഷണൽ സെക്യൂരിറ്റി ആക്ട്). അത് ഇപ്പോഴും ഇൻഡ്യയിൽ നിലവിലുണ്ട്. ആ നാഷണൽ സെക്യൂരിറ്റി ആക്ടിന്റെ പരിധിയിൽ, അത് നിലനിൽക്കുമ്പോൾ തന്നെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന അക്രമങ്ങളും ഗുണ്ടാ പ്രവർത്തനങ്ങളും കൈയേറ്റങ്ങളും അവസാനിപ്പിക്കുന്നതിനുവേണ്ടി വളരെ ജാഗ്രതയോടുകൂടിയ ഒരു ശ്രമമാണ്, എല്ലാപേരും ആഗ്രഹിക്കുന്ന ഒരു ഇടപെടലാണ് ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്ന് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അത് വളരെ വളരെ സ്വാഗതാർഹമാണ് എന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ചില്ലറ ഭേദഗതികൾ ഇതിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ചയിലൂടെ ചൂണ്ടിക്കാണിക്കാനുണ്ട്. അത് അന്നേരം കൂട്ടിച്ചേർക്കാമെന്ന് ഞാൻ കരുതുകയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന ക്രമത്തിൽ ബിൽ എടുക്കാത്തതുകൊണ്ട് ഡിസന്റ് അവതരിപ്പിക്കാൻ അവസരം കിട്ടിയിട്ടില്ല. ......(ബഹളം)......

12.00 Noon]

മി. ഡെപ്യൂട്ടി സ്പീക്കർ: ആ സമയത്ത് ബഹുമാനപ്പെട്ട മെമ്പർ സഭയിൽ ഇല്ലായിരുന്നു. സഭയിൽ ധാരണ ഉണ്ടാക്കിയാൽ പോരേ. അതൊരു പ്രശ്നമുള്ള കാര്യമേ അല്ലല്ലോ. ഇതു കഴിഞ്ഞ് അത് എടുക്കുകയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഓർഡർ അനുസരിച്ച് എടുക്കണമെന്ന് പറയുന്നത് ശരിയാണ്. പക്ഷേ നിയമസഭയ്ക്കകത്ത് ഒരു നടപടി ആരംഭിച്ചതിനുശേഷം, നിരാകരണ പ്രമേയം അവതരിപ്പിക്കാനുള്ള സമയം കഴിഞ്ഞശേഷം അവരെ വിളിച്ചിട്ടില്ല. ഇത് ചെയർ രേഖപ്പെടുത്തിയതിന് ശേഷം, ഡിസന്റ് രേഖപ്പെടുത്തിയതിന് ശേഷം, പിന്നീട് അതിലേയ്ക്ക് തിരിച്ചു പോകാൻ നിയമസഭാ ചട്ടം അനുവദിക്കുന്നില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് അമന്റുമെന്റിനെ സംബന്ധിച്ച ചർച്ചയാണ്. അതിൽനിന്ന് തിരിച്ച് പോകാൻ എന്തായാലും സാധിക്കില്ല. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ.... .......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, ശ്രീ. കെ. സി. വേണുഗോപാൽ...... അത് ചോദിച്ചു......... സമയത്ത് ആളില്ലായിരുന്നു. ഇനി പഴയതിലേയ്ക്ക് പോകാൻ ആവില്ല.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. സി. ജോസഫ്: Sir, I am raising a point of order. ഇന്ന് ഈ ദിവസത്തെ കാര്യവിവരപട്ടികയിൽ, നിയമനിർമ്മാണകാര്യം (1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലാണ്. അത് വിശദീകരിക്കുകയാണ്. അത് ഇവിടെ അവതരിപ്പിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ ആ ബില്ലിന്റെ ഭാവിയെന്താണ്? .................(ബഹളം)............. ബിൽ അവതരിപ്പിച്ചിട്ടില്ല. ഇവിടെ ലെജിസ്ലേറ്റീവ് ബിസിനസ്സിൽ കാണിച്ചിരിക്കുന്നത് ഒന്ന്, Kerala Public Service Commission (Additional Functions as Respects the Administrative Service under Devaswom Boards) Bill, 2007. ആ ബിൽ സഭയിൽ അവതരിപ്പിച്ചിട്ടില്ല. ഇവിടെ രണ്ടാമത്തെ ബില്ലിൽ ഞങ്ങളുടെ ഡിസന്റിംഗ് നോട്ട് ഉണ്ടായിരുന്നു -വിയോജനക്കുറിപ്പുകൾ. ആ ബിൽ അവതരിപ്പിക്കാനുള്ള സാവകാശം ഇല്ലാത്തതുകൊണ്ട് ഞങ്ങളുടെ ആ ഡിസന്റിംഗ് നോട്ട് മൂവ് ചെയ്യാൻ സാധിച്ചിട്ടില്ല. ..........(ബഹളം).........

മി. സ്പീക്കർ: ചെയർ പറയാം. ഇതു സംബന്ധിച്ച് ഒന്നാമത് എടുക്കേണ്ടിയിരുന്നത് നേരത്തെ ഇവിടെ ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞതുപോലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 എന്ന ബില്ലായിരുന്നു. ആ ബിൽ എടുക്കുന്നതിന് തൊട്ടുമുൻപ് തന്നെ ബഹുമാനപ്പെട്ട മന്ത്രി ചെയറിന് ഒരു കുറിപ്പ് തന്നിരുന്നു, അദ്ദേഹത്തിന് വയറു സംബന്ധമായിട്ടുള്ള ചെറിയ അസുഖം ഉണ്ടായിരുന്നു. അതുകൊണ്ട് രണ്ടാമത് എടുക്കണമെന്ന്. അത് ചെയർ പറയുന്നതിന് മുൻപ് തന്നെ പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ച് പോയതുകൊണ്ട് അത് അനൗൺസ് ചെയ്യാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് രണ്ടാമത്തെ ബിൽ എടുത്തത്. അത് ശരിതന്നെയാണ്. പ്രത്യേക സാഹചര്യത്തിലാണ് ആ ബിൽ എടുത്തത്.

ശ്രീ. കെ. സി. ജോസഫ്: അത് അനുവദിക്കുമോ?

മി. സ്പീക്കർ: ഇല്ല, അത് എടുത്തുകഴിഞ്ഞു. ചെയർ ഒരു കാര്യം ചെയ്യാം. ............(ബഹളം)........... പ്രതിപക്ഷത്തിന് സംസാരിക്കാനുള്ള അവസരം തരാം. ഭേദഗതി അവതരിപ്പിക്കുന്നതുവച്ച് സംസാരിക്കാനുള്ള അവസരം ഉണ്ടാക്കിത്തരാം.

ശ്രീ. വി. ശശികുമാർ: വളരെ അപ്രധാനമായ കാര്യത്തിൽ സഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുകയും വളരെ പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കുള്ള സമയം ഇല്ലാതാക്കുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ നിലപാടാണ് ഈ ദുരവസ്ഥകൾ ഇവിടെ ഉണ്ടാക്കികൊണ്ടിരിക്കുന്നത്. പൊൻമുടി ഇടപാടിനെ സംബന്ധിച്ചുള്ള വളരെ വ്യക്തമായ വിശദീകരണം മുഖ്യമന്ത്രി ഇവിടെ തന്നതിനുശേഷം യാതൊന്നും പറയാൻ കഴിയാതിരുന്ന പ്രതിപക്ഷം ഇവിടെ നിന്ന് ഇറങ്ങി പോകുകയാണ് ചെയ്തത്. ഏറ്റവും പ്രധാനപ്പെട്ട ബില്ല് എടുക്കാനിരിക്കുന്ന സന്ദർഭത്തിൽ നിയമനിർമ്മാണത്തോട് കാണിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടിയ പ്രതിപക്ഷം പിന്നീട് ഇത്തരത്തിലുള്ള വിതണ്ഡാവാദം ഉന്നയിക്കുന്നത് വളരെ വിചിത്രമാണെന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച് എന്റെ വാക്കുകൾ ഇവിടെ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിനുള്ള ഭേദഗതി നോട്ടീസ്, അതുപോലെ അതിൽ ഞാൻ ഡിസന്റിംഗ് നോട്ട് നേരത്തെ സബ്ജക്ട് കമ്മിറ്റിയിൽ രേഖപ്പെടുത്തിയതാണ്. പ്രത്യേക സാഹചര്യത്തിൽ ഇവിടെ ഉണ്ടായ നിരാഹാര സത്യാഗ്രഹത്തോട് അനുബന്ധിച്ച് ഞങ്ങൾ പുറത്തു നിന്നതുകൊണ്ട് ക്രമം തെറ്റിച്ചുള്ള ബിൽ ഇവിടെ ചർച്ചയ്ക്ക് എടുക്കുകയാണ് ഉണ്ടായത്. അതിൽ അതിയായി ഖേദിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി, ക്രമം തെറ്റിച്ചല്ല എടുത്തത്. അത് പ്രത്യേക സാഹചര്യത്തിലാണ് എടുത്തത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, അത് പ്രത്യേക സാഹചര്യം. അതുപോലെ അസുഖം വന്നതും പ്രത്യേക സാഹചര്യം. രണ്ടും പ്രത്യേക സാഹചര്യമാണ്. വളരെ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടമാണ് നടന്നു വരുന്നത്. പല നിയമങ്ങളും ഇതുതടയുന്നതിന് നിലവിലുണ്ടെങ്കിലും അവ കൊണ്ടൊന്നും നമുക്ക് ഈ കുറ്റങ്ങൾ തടയാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായത്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ കൂടിക്കൂടി വരികയാണ്. അതിൽ പ്രധാന കാരണം തന്നെ നമ്മുടെ നിയമങ്ങൾ, പൂർണ്ണമായും ഈ കുറ്റ കൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള നമ്മുടെ രഹസ്യാന്വേഷണ വിഭാഗത്തിന്റെയും അതുപോലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റേയുമെല്ലാം കഴിവുകേടും അതുപോലെ രാഷ്ട്രീയ ഇടപെടലുകളുമാണ്. നമുക്കറിയാം, നമ്മുടെ പോലീസിന് സ്വതന്ത്രമായി അവരുടെ ചുമതലവഹിക്കാനുള്ള സ്വാതന്ത്ര്യം നൽകിയാൽ, ഇന്ത്യയ്ക്ക് മാതൃകയായുള്ള ഒരു പോലീസ് സേനയുള്ള ഒരു സംസ്ഥാനമായി നമ്മുടെ കേരളം മാറും. അതുകൊണ്ട് ഈ കാര്യത്തിൽ പോലീസിന് നിഷ്പക്ഷമായി അവരുടെ പ്രവർത്തനം നടത്താനുള്ള സ്വാതന്ത്ര്യമാണ് ആദ്യം നൽകേണ്ടത്. പാർട്ടി ഓഫീസുകളിൽ ഇരുന്ന് പോലീസിനെ നിയന്ത്രിക്കുന്ന നിലപാട് മാറ്റി പോലീസ് മേധാവികൾ പോലീസ് സേനയെ നിയന്ത്രിക്കുന്ന നിഷ്പക്ഷമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് വരേണ്ടത്. നമുക്കറിയാം, ഇവിടെ പട്ടാപ്പകൽ ഗുണ്ടകൾ വിളയാടുന്നു; വീടുകളും മറ്റും കൊള്ളയടിക്കപ്പെടുന്നു. അതുപോലെ നടുറോഡിൽ പട്ടാപ്പകൽപോലും ആളുകൾ കൊലചെയ്യപ്പെടുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. സംസ്ഥാനത്ത് ബോംബ് നിർമ്മിക്കുന്നത് കണ്ടുപിടിക്കുന്നതിൽ നമ്മുടെ രഹസ്യാന്വേഷണ വിഭാഗങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. അനാശാസ്യ പ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങൾ, ചൂതുകളിയും ചൂതാട്ടവും നടത്തുന്ന കേന്ദ്രങ്ങൾ, ഹവാല പണം കടത്തൽ, ബാങ്ക് കൊള്ളകൾ, സ്പിരിറ്റ് മാഫിയ ഇവയെയെല്ലാം നിലയ്ക്കുനിർത്താനും നിയന്ത്രിക്കാനും വേണ്ടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഇൻഡ്യയ്ക്ക് മാതൃകയായി മത സൗഹാർദ്ദം നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. വിവിധ മത വിഭാഗങ്ങൾ സന്തോഷത്തോടുകൂടിയാണ് ഇവിടെ കഴിയുന്നത്. വർഗ്ഗീയ സംഘട്ടനം ഉണ്ടാകാതിരിക്കാനുള്ള നടപടി എടുക്കണം. വർഗ്ഗീയ വികാരങ്ങൾ ഇളക്കിവിടുന്ന ബോർഡുകളും ചുമരെഴുത്തുകളും പൊതുസ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കാനുള്ള അടിയന്തിര നടപടികളുണ്ടാകണം. ഒറ്റപ്പെട്ട വർഗ്ഗീയ ലഹളകൾ ഇവിടെ ഉണ്ടാകുന്നുണ്ട്. അതിന്

നേതൃത്വം കൊടുക്കുന്ന ഗുണ്ടകൾക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുകയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും വേണം. ഭൂമി കയ്യേറ്റം തടയാൻ നടപടിയുണ്ടാകണം. ഭൂമി വില കുതിച്ചുയരുകയാണ്. അതുകൊണ്ട് സാധാരണക്കാരന് അഞ്ചോ പത്തോ സെന്റ് ഭൂമി വാങ്ങി വീടുവയ്ക്കാൻ സാധിക്കുന്നില്ല. അതുമാത്രമല്ല, വീട് കെട്ടാൻ ഉപയോഗിക്കുന്ന സിമന്റ്, കമ്പി, മണൽ മുതലായ സാധനങ്ങൾക്ക് വില വർദ്ധിച്ചുവരുന്നു. സർക്കാർ ഭൂമിയുടെ കയ്യേറ്റം തടയാനാവശ്യമായ നടപടികളുണ്ടാകണം. വാഹനപ്പെരുപ്പം ഉണ്ടാകുന്നതിന്റെ ഫലമായി വാഹനാപകടങ്ങളും അതേത്തുടർന്ന് മരണവും കൂടിക്കൂടി വരുന്നുണ്ട്. പക്ഷേ റോഡുകളുടെ വീതി കൂട്ടാൻ കഴിയുന്നില്ല. റോഡുകൾ മുഴുവൻ കയ്യേറി സ്തൂപങ്ങളും കൊടിമരങ്ങളും കെട്ടിയിരിക്കുന്നു. ഇതെല്ലാം ഈ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ട് ഇത്തരം കയ്യേറ്റങ്ങൾ അവസാനിപ്പിക്കണം. യാതൊരു രാഷ്ട്രീയ പരിഗണനയും കൂടാതെ കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കുകയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും വേണം. ഈ നിയമം നിയമസഭ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ വകുപ്പുതിരിച്ചുള്ള ചർച്ചകൾ നടക്കുമ്പോൾ ആവശ്യമായ ഭേദഗതികൾ അംഗീകരിച്ചു കൊണ്ട് നടപ്പാക്കണം. ഡിസന്റ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രൊഫ. കെ. വി. തോമസ്: സർ, ഇതൊരു പ്രധാനപ്പെട്ട നിയമ നിർമ്മാണമാണ്. അസാധാരണ സാഹചര്യങ്ങളിൽ അസാധാരണ നടപടികളെടുക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്ന ഒരു ബില്ലാണിത്. ഇത് യാതൊരു കാരണവശാലും മിസ്യൂസ് ചെയ്യപ്പെടരുത്. അധികാരത്തിൽ വരുന്ന രാഷ്ട്രീയ പാർട്ടികളുടെ ഇച്ഛാശക്തിക്ക നുസരിച്ച് നിയമം വളച്ചൊടിച്ച് അവർക്ക് ഉപകാരപ്രദമായ രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ളതാകരുത്. ഈ ബില്ലുമായി ബന്ധപ്പെട്ടതല്ലെങ്കിലും പ്രധാനപ്പെട്ട ഒരു കാര്യം പറയുകയാണ്. ഞാൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥി കൊച്ചി യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാറാണ്. അദ്ദേഹം എടുത്ത നടപടിയിൽ രാഷ്ട്രീയ ഇടപെടലുണ്ടായിരിക്കുന്നു. വളരെ ഔന്നിത്യമുള്ള ജീവിതരീതി നയിക്കുന്നവർ പോലും ചോദ്യം ചെയ്യപ്പെടുന്നു എന്നുള്ളത് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. ഇത് ഇവിടെ പറയാൻ കാരണം ഈ ബില്ലിന് ധാരാളം അധികാരങ്ങളുണ്ട് എന്നതുകൊണ്ടാണ്. ആ അധികാരം ഉപയോഗിക്കുന്നത് ജനങ്ങൾക്കുകൂടി ബോദ്ധ്യപ്പെടുന്ന രീതിയിലായിരിക്കണം. ഉപദേശക ബോർഡിന്റെ ചെയർമാൻ ഹൈക്കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജി യായിരുന്നതോ ആയ ആൾ എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ഹൈക്കോടതി ജഡ്ജി തന്നെയാവണം. ഹൈക്കോടതി ജഡ്ജിയായിരുന്ന ആൾ എന്നുവച്ചാൽ സർക്കാരിന്റെ സ്വാധീനം കൂടും. അതിനുദാഹരണം സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ ഫീസ് നിർണ്ണയ കമ്മീഷന്റെ പ്രവർത്തനം തന്നെയാണ്. എനിക്ക് ഏറ്റവും ബഹുമാനമുള്ളവരാണ് ജഡ്ജിമാർ. പക്ഷേ ജഡ്ജിമാരെ കുരങ്ങു കളിപ്പിക്കരുത്. അങ്ങനെയൊരു സമീപനം ഈ ബില്ലിൽ വന്നാൽ, ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന് റിട്ടയർ ചെയ്ത ആളാണ് വരുന്നതെങ്കിൽ, ഗവൺമെന്റിന് ഇഷ്ടമുള്ള ആളെ വയ്ക്കാം. ഗവൺമെന്റിന് ഇത് മിസ്യൂസ് ചെയ്യാൻ കഴിയും. അത് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തണം. അതല്ലെങ്കിൽ സുപ്രീംകോടതി ജഡ്ജിയാവണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, പോയിന്റ് ഓഫ് ഓർഡർ. പ്രൊഫ. കെ. വി. തോമസ് പറഞ്ഞ കാര്യം അദ്ദേഹത്തിനുതന്നെ മോശമാണെന്നുള്ളതു കൊണ്ടാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ഹൈക്കോടതി ജഡ്ജിയായിരുന്ന ആളെക്കുറിച്ചുള്ള പരാമർശം സാന്ദർഭികമാണെങ്കിൽപ്പോലും കുരങ്ങൻ എന്നുള്ള പദവുമായി ചേർത്താണ് വന്നിട്ടുള്ളത്. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

പ്രൊഫ. കെ. വി. തോമസ്: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. കുരങ്ങനെ കളിപ്പിക്കുന്നതുപോലെ കളിപ്പിക്കുന്നു എന്നാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: കുരങ്ങനെ കളിപ്പിക്കുന്നതുപോലെ ജഡ്ജിയെ കളിപ്പിക്കാൻ പാടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്.

പ്രൊഫ. കെ. വി. തോമസ്: ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ളവരാണ് മറ്റ് രണ്ട് അംഗങ്ങൾ. ഇത് വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട കാര്യമാണ്. ഗവൺമെന്റിന് ആരെ വേണമെങ്കിലും വയ്ക്കാം. രാഷ്ട്രീയ പ്രേരിതമായി ആളുകളെ നിയമിച്ചാൽ എതിരാളികളെ ഒതുക്കുന്നതിന് വേറെ നിയമം വേണ്ടിവരില്ല. കാരണം ഈ നിയമമനുസരിച്ച് നടപടി എടുത്താൽ ആറ് മാസം ജയിലിൽനിന്ന് പുറത്തുവരാൻ കഴിയുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ, പ്രതിപക്ഷനേതാവ്, ആഭ്യന്തര വകുപ്പുമന്ത്രി എന്നീ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി, കേരളാ ചീഫ് ജസ്റ്റിസുമായി കൺസൾട്ട് ചെയ്ത് ഉന്നത നിലവാരം പുലർത്തുന്ന ആളുകളെ വേണം വയ്ക്കേണ്ടത്. ഗവൺമെന്റുകൾ മാറിമാറി വരും. അതുകൊണ്ട് ഈ നിയമം കൊണ്ടുവരുമ്പോൾ വളരെ ആലോചിച്ച് കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഗവൺമെന്റിന്റെ രാഷ്ട്രീയമായ വൈരനിരാതനത്തിനുവേണ്ടിയുള്ള ഒരു നിയമമായി ഇത് മാറും. ഇത്തരം നിയമങ്ങൾ നമ്മുടെ അയൽ സംസ്ഥാനങ്ങളിലുമുണ്ട്. അവിടെയെല്ലാം ഇത് കുറേക്കൂടി കർക്കശവും സുതാര്യവുമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഈ നിയമം സുതാര്യമായി കൊണ്ടുവരുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ എറണാകുളത്തെ ജനപ്രതിനിധിയാണ്. അടുത്ത കാലത്ത് ഈ നിയമം വരുന്നു എന്നറിഞ്ഞപ്പോൾ അവിടത്തെ അറിയപ്പെടുന്ന പല ഗുണ്ടകളും രാഷ്ട്രീയ പാർട്ടികളുണ്ടാക്കുകയാണ്. രാഷ്ട്രീയ പാർട്ടിയുടെ മേലങ്കിയണിഞ്ഞ്, നമ്മുടെ സമൂഹത്തിലെ ഗുണ്ടകൾ രക്ഷപ്പെടുവാൻ പാടില്ല. ഭീകരപ്രവർത്തകരും തീവ്രവാദികളും ഹവാലാ സംഘങ്ങളും കവലച്ചട്ടമ്പികളും മദ്യമാഫിയയും ഇതുപോലെ ശക്തമായ ഒരു കാലഘട്ടമുണ്ടായിട്ടില്ല. ഗവൺമെന്റ് നടപടിയെടുക്കുന്നുവെന്നു പറയുന്നു. പക്ഷേ ഓരോ ദിവസവും ആയിരക്കണക്കിന് ലിറ്റർ മദ്യം ഒഴുകുകയാണ്. ആരാണിതിന് പുറകിൽ നിൽക്കുന്നത്? ചെറിയ ആളുകളല്ല. വൻകിടക്കാരാണ്. അവരെ തൊടാൻ നമുക്ക് കഴിയുന്നില്ല. അത്തരം ആളുകളെയൊക്കെ ഈ നിയമത്തിൻ കീഴിൽ കൊണ്ടുവരണം. വേറൊന്നുണ്ട്. സൈബർ കുറ്റവാളികൾ. ഐ. ടി. ഒരു പുതിയ മേഖലയെന്ന നിലയിൽ കടന്നുവരുന്ന സന്ദർഭത്തിൽ, സൈബർ കുറ്റവാളികളെ കൂടി ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരണം. നമ്മുടെ സംസ്ഥാനത്ത്, കഴിഞ്ഞ ഓണക്കാലത്ത് വ്യാപകമായി കരിഞ്ചന്തയും പൂഴ്ത്തി വയ്പ്പും നടന്നു. അതിനെതിരെ നടപടിയെടുക്കണം. അവരെയൊക്കെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. കള്ളനോട്ട് കേസ്സുകൾ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ ആണെങ്കിൽപ്പോലും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഇടപെടാൻ കഴിയുന്ന മേഖലയാണ്. വിദേശ നോട്ടുകൾ ഇവിടെ എത്തുന്നു. പൊതുമുതൽ നശിപ്പിക്കപ്പെടുന്നതാണ് മറ്റൊരു പ്രശ്നം. കർശനമായ നടപടിയെടുക്കണ്ടേ? ആര് ഭരിച്ചാലും പൊതു മുതൽ നശിപ്പിക്കുന്നത് ശരിയാണോ? ജനകീയ സമരങ്ങൾക്ക്, ജനാധിപത്യ സമരങ്ങൾക്ക് ആരും എതിരല്ല. പക്ഷേ കേരളത്തിൽ സമരങ്ങളോട് ബന്ധപ്പെട്ട് വ്യാപകമായി പൊതുമുതൽ നശിപ്പിക്കപ്പെടുന്നു. അത്തരം കാര്യങ്ങളിൽ ഗവൺമെന്റ് കർക്കശമായ നിലപാടെടുക്കണ്ടേ? അതെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നില്ലെങ്കിൽ, നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സമരങ്ങളുടെ പേരിൽ ഒരുപാട് കൊലയും കൊള്ളിവയ്പ്പുകളും നടക്കും. വേറൊന്ന് ഫിഷറീസ് മേഖലയിൽ. അവിടെ കൊള്ളപ്പലിശയ്ക്ക് പണമിടപാട് നടത്തുന്നവർക്ക് എതിരായി ...... നടപടി ഉണ്ടാകണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇപ്പോൾ തന്നെ വ്യക്തമായിട്ടുള്ള നിയമമുണ്ടായിരിക്കുകയും അതനുസരിച്ച് കേസ്സുകൾ എടുക്കുകയും ചില കേസ്സുകളിലെങ്കിലും ശിക്ഷിക്കപ്പെടുകയും ചെയ്ത അനുഭവം നമ്മുടെ മുന്നിലുണ്ടല്ലോ. അപ്പോൾ പിന്നെ അത് ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ?

പ്രൊഫ. കെ. വി. തോമസ്: കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം പൂഴ്ത്തിവയ്പ്പ് ഒരു കലയായി കൊണ്ടുനടക്കുന്ന ആളുകളുണ്ട്. അവരെ ഉദ്യോഗസ്ഥൻമാർക്ക് അറിയാം. പക്ഷേ തൊടില്ല. കാരണം ഒരുപാട് ബന്ധങ്ങൾ അവർക്കുണ്ട്. ഈ പൂഴ്ത്തിവയ്പ്പുകൾ അവസാനിക്കണമെങ്കിൽ മുഖം നോക്കാതെ നടപടിയെടുക്കണം. അതുപോലെ ഞാൻ പറഞ്ഞു വന്നതാണ് കൊള്ളപ്പലിശക്കാർ. എത്ര ബ്ലേഡ് കമ്പനികളാണ് നമ്മുടെ നാട്ടിലുള്ളത്? എറണാകുളം പോലുള്ള നഗരങ്ങളിൽ റൗഡിസത്തിനും കൊലപാതകത്തിനും ഉത്തരവാദികൾ ഈ കൊള്ളപ്പലിശക്കാരാണ്. കൊടുത്ത പൈസ കിട്ടിയില്ലെങ്കിൽ റൗഡി സംഘങ്ങളെ അയയ്ക്കും. ഇത് നമ്മൾ പരിശോധിക്കണ്ടെ? മറ്റൊന്ന് ഈ സംസ്ഥാനം അഭിമുഖീകരിക്കുന്ന, ഒരു കാലഘട്ടത്തിലും നേരിടാത്ത പ്രശ്നം....

ശ്രീ. കെ. കെ. ജയചന്ദ്രൻ: നേരത്തെ ഞാൻ ചോദിച്ചത്, പൊതുമുതൽ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു നിയമം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ആ നിയമവുമായി ബന്ധപ്പെട്ട് പൊതുമുതൽ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട നിരവധി ആളുകളുടെ പേരിൽ കേസ്സുകൾ എടുക്കുകയും ചില കേസ്സുകളിലെങ്കിലും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു സാഹചര്യത്തിൽ, ഈ നിയമത്തിന്റെ പരിധിയിൽ അത്തരം ഒരു വകുപ്പ് കൊണ്ടുവരേണ്ടതുണ്ടോ എന്നാണ് ചോദിച്ചത്.

പ്രൊഫ. കെ. വി. തോമസ്: സമരം നടക്കുമ്പോൾ സ്വാഭാവികമായും അക്രമപ്രവർത്തനം നടക്കാം. ഞാൻ അതിനെക്കുറിച്ചല്ല പറഞ്ഞത്. ഇതിന്റെ പുറകിൽ നിന്നുകൊണ്ട്, പലപ്പോഴും മട്ടാഞ്ചേരി തുടങ്ങിയ മേഖലകളിൽ കാണുന്നതുപോലെ, ലഹളയുണ്ടാകുമ്പോൾ സാമൂഹ്യവിരുദ്ധരാണ് പുറകിൽ നിൽക്കുന്നത്. വിദ്യാർത്ഥികൾ സമരം നടത്തിയാൽ ചിലപ്പോൾ കല്ലെറിഞ്ഞ് ബസ്സുകൾക്ക് കേടു വരാം. അതല്ല ഞാൻ ഇവിടെ ഊന്നൽ നൽകുന്നത്. ഇതിന്റെ പുറകിൽ നിൽക്കുന്ന ഗുണ്ടാസംഘങ്ങൾ മന:പൂർവ്വമായി സന്ദർഭങ്ങളുണ്ടാക്കി പ്രശ്നമുണ്ടാക്കുന്നു. അത്തരം ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ഐഡന്റിഫൈ ചെയ്യാൻ പോലീസിന് കഴിയുകയും ശക്തമായി കേസ്സെടുക്കുകയും വേണം. ഏത് കേസ്സെടുത്താലും മാറി മാറി വരുന്ന ഗവൺമെന്റ് കേസ് വിത്ത്ഡ്രോ ചെയ്യുന്ന രീതി ഗുണകരമല്ല. എത്രയോ കേസ്സുകൾ ഇങ്ങനെ പിൻവലിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: നമ്മളിപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന നിയമത്തിനകത്ത് ബോധപൂർവ്വമുള്ള പൊതുമുതൽ നശിപ്പിക്കലും സമരത്തിന്റെ ഭാഗമായി കല്ലേറ് സംഭവിക്കുന്നതുമായി വ്യവച്ഛേദിക്കേണ്ടതില്ല. വ്യവച്ഛേദിക്കേണ്ടതല്ലേ, എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

പ്രൊഫ. കെ. വി. തോമസ്: ഞാൻ പറഞ്ഞത് അതുതന്നെയാണ്. ജനാധിപത്യരാജ്യത്ത് സമരം ചെയ്യാൻ ജനങ്ങൾക്ക് അവകാശമുണ്ട്. സ്വാഭാവികമായി ചിലപ്പോൾ കല്ലേറുണ്ടായി എന്നു വരാം. പൊതുമുതൽ നശിപ്പിച്ചു എന്നും വരാം. അതൊന്നും മന:പൂർവ്വമല്ല. ചില സന്ദർഭങ്ങളിൽ, മന:പൂർവ്വമായി റൗഡികൾ, ഗുണ്ടകൾ, കൊള്ളക്കാർ കടന്നു വരികയും അവർ കൊള്ള നടത്തുകയും ചെയ്തിട്ടുണ്ട്. ഒരുപാട് ഇൻസ്റ്റൻസസ് അനുഭവത്തിലുണ്ട്. അതുകൊണ്ട് മന:പൂർവ്വമായി ഇത്തരം സന്ദർഭങ്ങൾ ദുർവിനിയോഗം ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. മറ്റൊന്ന് സർക്കാർ ഭൂമി കയ്യേറ്റമാണ്. സർക്കാർ ഭൂമി ആര് കൈയേറിയാലും അവരെ വിടാൻ പാടില്ല. രാഷ്ട്രീയ പാർട്ടികൾ ഭൂമി കൈയേറിയാലും എക്സംപ്ഷൻ പാടില്ല. അതുപോലെതന്നെ അക്രമ സമരങ്ങൾ. ഞാൻ ജനകീയ സമരങ്ങൾക്ക് എതിരല്ല. വേറൊന്ന്, ബഹുമാനപ്പെട്ട ഹോം മിനിസ്റ്റർക്ക് അറിയാവുന്ന കാര്യമാണ്. ഇന്ന് കേരളത്തിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സാ എന്നിവിടങ്ങളിൽ നിന്ന്, ധാരാളം ആളുകൾ കടന്നു വരികയാണ്. തമിഴ്നാട്ടിലേയും ഒറീസ്സായിലേയും കുപ്രസിദ്ധങ്ങളായ ചില ഗ്രാമങ്ങളിൽ നിന്നാണ് ഈ കൊള്ളക്കാരും കൊലപാതകികളും വരുന്നത്. അവരെ നമുക്ക് തടയണ്ടേ? അവരെ കൊണ്ടു വരുന്ന ഏജൻസികളില്ലേ. ഇവരുണ്ടാക്കുന്ന അക്രമങ്ങൾ തമിഴ്നാട്ടിലും കർണ്ണാടകയിലും ഒറീസ്സയിലും പോയി അന്വേഷിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അപ്പോൾ കേരളം നേരിടുന്ന പുതിയ സംഭവവികാസമാണിത്.

കേരളം ടൂറിസം രംഗത്തും ഐ. ടി. രംഗത്തും അതിവേഗം വളരുന്നു. കൊച്ചി തുറമുഖത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ, അവിടത്തെ കായലുകളിൽ, കടലിൽ നടക്കുന്ന കൊള്ളയെക്കുറിച്ച്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനറിയാം ഒരു നടപടിയും എടുക്കാൻ കഴിഞ്ഞിട്ടില്ല. കാരണം നിയമത്തിന്റെ അഭാവമാണ്. ഒരിക്കൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഇന്റലിജൻസ് ഏജൻസി കേരള സർക്കാരിന് കത്തയയ്ക്കുകയുണ്ടായി. കേരളത്തിന്റെ കടൽത്തീരത്ത് നടക്കുന്ന കടൽക്കൊള്ളയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് കേന്ദ്ര ഏജൻസികൾ കേരള സർക്കാരിനെ അറിയിച്ചത്. ഈ നിയമത്തിനുള്ളിൽ ഇത്തരക്കാരെയും കൊണ്ടുവരണ്ടേ? കുറച്ചുകൂടി അർത്ഥവ്യാപ്തി ഈ നിയമത്തിന് കൊടുക്കുവാൻ നമുക്ക് കഴിയണം. റൗഡി എന്ന നിർവ്വചനത്തിൽ ഒരു കൊലയാളിയോ കവർച്ചക്കാരനോ ഇവരെയൊക്കെ സഹായിക്കുന്നവരെയോ ഉൾക്കൊള്ളിക്കുവാൻ കഴിയണം. ഇതൊക്കെ പരിശോധിച്ചുകൊണ്ട് വേണം ഈ നിയമം മുന്നോട്ടുകൊണ്ടുപോകാൻ. ഒരിക്കലും ഇത് രാഷ്ട്രീയപ്രേരിതമായി, രാഷ്ട്രീയ എതിരാളികളെ വകവരുത്തുന്നതിനു വേണ്ടിയാകരുത്. ഈ നിയമം "പാസ്സാക്കണം" ഇന്ന് കേരള ചരിത്രത്തിലെ ഏറ്റവും കറുത്ത ദിനമായി മാറരുത്. വളരെ

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിച്ച്, നിഷ്പക്ഷമായി ഈ നിയമനിർമ്മാണം നടത്താനും അത് ജനങ്ങളെ ബോധ്യപ്പെടുത്താനും കഴിയണം. സബ്ജക്റ്റ് കമ്മിറ്റിയിൽ തന്നെ, ഈ നിയമസഭ കൂടുന്ന പശ്ചാത്തലത്തിൽ, വളരെ വേഗത്തിലാണ് നിയമത്തിന് ഒരു അന്തിമരൂപം നൽകിയത്. ഒരു ഗൗരവകരമായ ചർച്ച ഇക്കാര്യത്തിലുണ്ടായോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അതുകൊണ്ട് വളരെ ഗൗരവമായി, ക്ലാസ് ബൈ ക്ലാസ് ആയി പരിശോധിക്കുമ്പോൾ, ഓരോ വശങ്ങളും പരിശോധിച്ചുവേണം മുന്നോട്ടുപോകാൻ. ഇല്ലെങ്കിൽ ചരിത്ര പ്രാധാന്യമുള്ള ഈ ബിൽ, നാളെ കേരളത്തിന് ഒരു കറുത്ത അദ്ധ്യായമായി മാറും. അതുകൊണ്ട് ഈ നിയമം വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സബ്ജക്റ്റ് കമ്മിറ്റിയിൽ ഈ ബിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയതാണ്. അതിന്റെയടിസ്ഥാനത്തിൽ ഒട്ടേറെ മാറ്റങ്ങളോട് കൂടിയാണ്, കമ്മിറ്റിയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള ഈ ബിൽ ഇപ്പോൾ ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നത്. സബ്ജക്റ്റ് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മെമ്പർമാർ വളരെ വിലപ്പെട്ട ചർച്ച നടത്തുകയുണ്ടായി. പ്രതിപക്ഷത്തുള്ള അംഗങ്ങളും, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, ബഹുമാന്യരായിട്ടുള്ള ശ്രീ. കെ. എം. മാണി, ശ്രീ. സി. ടി. അഹമ്മദ് അലി തുടങ്ങിയ പ്രതിപക്ഷത്തുള്ള കക്ഷി നേതാക്കന്മാരും ഉൾപ്പെടെ വിലപ്പെട്ട സംഭാവനകളാണ് കമ്മിറ്റിയുടെ ചർച്ചയിൽ പങ്കെടുത്ത് നൽകിയിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ ഒട്ടേറെ ഭേദഗതികൾ സബ്ജക്റ്റ് കമ്മിറ്റിയിൽ തന്നെ വരുത്തുകയുണ്ടായി. പ്രതിപക്ഷത്തുള്ള അംഗങ്ങളോടൊപ്പം തന്നെ ഭരണപക്ഷത്തുള്ള മെമ്പർമാരും സജീവമായി പങ്കെടുത്തിരുന്നു. അതുകൊണ്ടുതന്നെ ഒരു ദിവസം മാത്രമല്ല, രണ്ടു ദിവസം സബ്ജക്റ്റ് കമ്മിറ്റി, ഈ പ്രശ്നം തുടർച്ചയായി ചർച്ച ചെയ്തതിന് ശേഷമാണ് ഇത്തരത്തിലുള്ള ഭേദഗതികളോടുകൂടി സഭയുടെ മുൻപാകെ വരാൻ സാധിച്ചത്. ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിനെ സംബന്ധിച്ച് ഉന്നയിച്ചിരുന്നു. അങ്ങനെ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളെല്ലാം ഗൗരവപൂർവ്വം തന്നെ സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന കുറെയധികം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ ഈ ബിൽ സഭയുടെ മുൻപാകെ വച്ചിട്ടുള്ളത്. ബഹുമാന്യനായ പ്രൊഫ. കെ. വി. തോമസ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട നിയമനിർമ്മാണമാണിത്. നമ്മൾ ശ്രദ്ധിച്ചു കൊണ്ടുവരേണ്ടുന്ന ഒരു നിയമം കൂടിയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു പ്രശ്നം, ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്നാൽ വളരെയധികം അധികാരങ്ങൾ കൊടുക്കുന്ന നിയമം ആകുമ്പോൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ടെന്നാണ്. ഈ ആശങ്കയാണ് ഇത്തരത്തിലുള്ള ഒരു ആക്ട് കൊണ്ടുവരുന്നതിന് തടസ്സമായിട്ട് നിന്നത്. ഈ സാഹചര്യത്തിൽ ഒരു നിയമനിർമ്മാണം വേണ്ട എന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ചിന്തിക്കുകയും അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഈ ഓർഡിനൻസ് കുറച്ചു മാസത്തേയ്ക്ക് ഉണ്ടായില്ല. അതുകൊണ്ടാണ് പിന്നീട് മറ്റു ചില വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആ ബിൽ ഇവിടെ കൊണ്ടുവരാൻ സാഹചര്യം ഉണ്ടായത്. ശ്രീ. കെ. വി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ളതിനെ

LIBRARY ARCHIVES Kerala Legislative Assembly

ആശ്രയിച്ചായിരിക്കും ഈ ആക്ടിന്റെ ഭാവി. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള നിയമങ്ങൾ ദുരുപയോഗപ്പെടുത്തിയാൽ ആ ആക്ട് നിലനിൽക്കുകയില്ല. ആ ആക്ട് ഒരു കാരണവശാലും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇത് ദുരുപയോഗപ്പെടുത്തുകയില്ല എന്നുള്ളതിനെ ആശ്രയിച്ചാണ് ഈ നിയമത്തിന്റെ ഭാവി കുടികൊള്ളുന്നത്. അതിന് നമ്മുടെ രാജ്യത്ത് തന്നെ ഒട്ടനവധി അനുഭവങ്ങളുണ്ട്. ഏതെല്ലാം നിയമങ്ങളാണോ ദുരുപയോഗപ്പെടുത്തിയിട്ടുള്ളത് ആ നിയമങ്ങൾക്ക് ഇവിടെ നിലനിൽപ്പുണ്ടായിട്ടില്ല. അതിന്റെ ഏറ്റവും വലിയ തെളിവാണ് ശ്രീ. ശശികുമാർ ചൂണ്ടിക്കാണിച്ച മിസ (മെയിന്റനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റി ആക്ട്). അടിയന്തിരാവസ്ഥക്കാലത്ത് കൊണ്ടുവന്ന മിസ നിയമപ്രകാരം ഒരു ഘട്ടം കഴിഞ്ഞപ്പോൾ ആരെയും അറസ്റ്റ് ചെയ്യാം. ആരോടെങ്കിലും വിരോധം തോന്നിയാൽ വിരോധം തോന്നുന്ന ആളുകളെയൊക്കെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുന്ന നിലയിൽ എത്തിയപ്പോൾ ലക്ഷക്കണക്കിനാളുകൾ ജയിലിൽ കിടക്കുന്ന അവസ്ഥ വന്നു. ഇൻഡ്യാ രാജ്യം തന്നെ ഒരു തടവറ ആണെന്ന ഒരു അവസ്ഥയിൽ കാര്യങ്ങൾ എത്തി. അവസാനം മിസ നിയമം കൊണ്ടുനടത്താൻ കഴിഞ്ഞില്ല. മിസ ദുരുപയോഗപ്പെടുത്തിയപ്പോഴാണ് ആ ആക്ട് ദുർബലപ്പെടുത്താൻ തീരുമാനിക്കുകയും ഇന്ന് ആ ആക്ട് നിലനിൽക്കാത്ത സാഹചര്യം ഈ രാജ്യത്ത് വരികയും ഉണ്ടായത്. ഇതേ നിലയിൽത്തന്നെ ഒട്ടനവധി നിയമനിർമ്മാണങ്ങൾ, കരുതൽ തടങ്കലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയമങ്ങൾ ദുരുപയോഗപ്പെടുത്തിയാൽ, ഒരു കാരണവശാലും ഇത്തരത്തിലുള്ള നിയമം തുടരാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ഈ ബില്ലിനകത്ത് ഒരിടത്തും കരുതൽ തടങ്കൽ എന്ന വാക്ക് ചേർത്തിട്ടില്ല. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരാളെ താൽക്കാലികമായി തടങ്കലിൽ വയ്ക്കാനുള്ള ഒരു നിയമം എന്നുള്ള നിലയിലാണ് ഈ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ നിയമം കൊണ്ടു വന്നതുകൊണ്ടു മാത്രം, ഈ ആക്ടിന് അംഗീകാരം കിട്ടുന്നതോടുകൂടി കേരളത്തിൽ നടക്കുന്ന എല്ലാ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും സ്വിച്ച് ഇട്ടതുപോലെ ഇല്ലാതാകും എന്നുള്ള പ്രതീക്ഷ ഗവൺമെന്റിന് ഇല്ല. ഇങ്ങനെയുള്ള നിയമങ്ങൾ കൊണ്ടുവന്ന സംസ്ഥാനങ്ങളിൽ ഇപ്പോഴും ഒട്ടനവധി സംഭവങ്ങൾ നടക്കുകയാണ്. ബഹുമാനപ്പെട്ട കെ. വി. തോമസ് കർണ്ണാടകയിലൊക്കെയുള്ള കാര്യം ചൂണ്ടിക്കാണിച്ചു. അവിടുത്തെ സ്ഥിതി നമുക്കറിയാവുന്നതാണ്. ഈ ആക്ട് പാസ്സാക്കി നിയമം നടപ്പിലാകുന്നതോടുകൂടി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഒറ്റമൂലിയാകുമെന്നൊന്നും ഗവൺമെന്റ് കരുതുന്നില്ല. അതേ സന്ദർഭത്തിൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന പ്രത്യേക തരത്തിൽ നടക്കുന്ന സംഘടിതമായ കുറ്റകൃത്യങ്ങൾ തടയാൻ നിലവിലുള്ള നിയമങ്ങൾക്ക് പുറമെ ഒരു സ്പെഷ്യൽ ആക്ട് നമുക്ക് ആവശ്യമായി വന്നിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് ഈ ബിൽ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഒരാളെ കസ്റ്റഡിയിൽ എടുക്കുമ്പോൾ നമ്മുടെ ഭരണഘടന അംഗീകരിച്ചിരിക്കുന്ന തത്വങ്ങളും ഇവിടെ പറഞ്ഞ ആർട്ടിക്കിൾ 21, 22 വകുപ്പുകളുടെ സംരക്ഷണവും വളരെ പ്രധാനപ്പെട്ടതാണ്. പൗരാവകാശങ്ങൾ ഒരു കാരണവശാലും അംഗീകരിക്കാതിരിക്കാൻ ആകില്ല. ഭരണഘടന 21, 22 വകുപ്പുകൾ അനുശാസിക്കുന്ന പൗരൻമാരുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ഇത്തരത്തിലുള്ള തടങ്കൽ നടപടികൾ നമുക്ക് സ്വീകരിക്കാൻ സാധിക്കൂ. അടിയന്തിരാവസ്ഥക്കാലത്ത് ഇൻഡ്യയിലെ അറ്റോർണി ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീം കോടതിയിൽ തന്നെ പറഞ്ഞു പൗരാവകാശങ്ങളെല്ലാം സസ്പെന്റ് ചെയ്തിരിക്കുന്നു എന്ന്. അങ്ങനെ ആ നിലയിലേയ്ക്ക് പോകാൻ ഒരു കാരണവശാലും ഈ ഗവൺമെന്റ് തയ്യാറാവുകയില്ല. അതുകൊണ്ടാണ് ഭരണഘടനാപരമായിട്ടുള്ള സംരക്ഷണത്തോടുകൂടിയുള്ള വ്യവസ്ഥകളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നത്. അതുകൊണ്ട് ഇതിന് ഒരു പരിമിതിയുണ്ട്. മറ്റ് സ്റ്റേറ്റിൽ കൊണ്ടുവന്നതുപോലുള്ള ഒരു കർക്കശത്വം ഇതിൽ ഇല്ല എന്ന ആക്ഷേപം വന്നിട്ടുണ്ട്. മറ്റ് സ്റ്റേറ്റുകളിൽ കൊണ്ടുവന്ന നിയമത്തിനകത്ത് ആരെ വേണമെങ്കിലും അറസ്റ്റ് ചെയ്യാം. ഈ നിയമത്തിൽ അങ്ങനെ ഇല്ല. ചില വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഒരാളെ തടങ്കലിൽ വയ്ക്കാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ട് വ്യക്തമായിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടുള്ള ഒരു നിയമമാണ് നമ്മൾ ഇവിടെ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ്. ഇതിൽ ശ്രീ. സി. ടി. അഹമ്മദ് അലിയും ശ്രീ. കെ. വി. തോമസും ശ്രീ. ശശികുമാറും ഒക്കെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ ഇതിനകത്ത് ഉൾപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ തന്നെയാണ്. കഴിഞ്ഞ ഓർഡിനൻസിനകത്ത് കൊണ്ടുവന്നതിനേക്കാൾ കുറേക്കൂടി വിപുലീകരണം വരുത്തിയിട്ടുണ്ട്. വ്യാജവാറ്റുകാരൻ, കള്ളനോട്ടടിക്കുന്ന ആൾ, പരിസ്ഥിതി വിധ്വംസകൻ, വനം കൊള്ളക്കാരനായാലും വന്യജീവി സംരക്ഷണത്തിന് ദോഷം വരുത്തുന്നവരായാലും എല്ലാം ഇതിനകത്ത് വരും. ഡിജിറ്റൽ ഡാറ്റാ പകർപ്പവകാശം അപഹരിക്കുന്ന ആളുകൾ, മയക്കുമരുന്നു കുറ്റവാളികൾ, ഹവാല തട്ടിപ്പുകാർ, അസാൻമാർഗ്ഗിക കുറ്റവാളികളായി അറിയപ്പെടുന്നവർ, ഗുണ്ടകൾ, റൗഡികൾ, കവലച്ചട്ടമ്പികൾ, വാടക സംഘത്തിൽ പ്രവർത്തിക്കുന്ന ആളുകൾ, വസ്തു കയ്യേറ്റക്കാർ, കൊള്ളപ്പലിശക്കാർ, വായ്പാ ചതിയൻമാർ, വാടക ചട്ടമ്പികൾ ഇങ്ങനെയുള്ളവരൊക്കെ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം ഹൈക്കോടതിയിൽ ഒരു പരാമർശം ഉണ്ടായി, വാഹനങ്ങൾക്ക് പണം കടം കൊടുത്തശേഷം ആ പണം ഈടാക്കാൻ വേണ്ടി അതിന്റെ പേരിൽ ഒരു ഗുണ്ടാ സംഘം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന്. ഇത് വളരെ പ്രധാനപ്പെട്ട ഒരു നിരീക്ഷണമാണ്. അത്തരത്തിലുള്ള സംഘങ്ങളെ അമർച്ച ചെയ്യണം. അതിന് പറ്റിയ വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തെ ശ്രീ. ശശികുമാർ ആരാധനാലയങ്ങൾക്കു നേരേ നടക്കുന്ന കവർച്ച, കൊള്ള ഇതിനൊക്കെ ഇതിൽ ഒരു പ്രൊവിഷൻ വേണമെന്നു പറഞ്ഞു. അതിന് നമ്മുടെ നാട്ടിൽ പ്രത്യേകമായിട്ടുള്ള വ്യവസ്ഥകൾ ഉണ്ട്. കള്ളൻമാരേയും കൊള്ളക്കാരേയും അതുപോലുള്ള ആളുകളെയും ആ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവിടെ ശ്രീ. സി. ടി. അഹമ്മദ് അലി, നമ്മുടെ നാട്ടിൽ നടക്കുന്ന വർഗ്ഗീയ സംഘർഷം, വർഗ്ഗീയ കലാപം ഉണ്ടാക്കുന്ന ആളുകളെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തേണ്ടതുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ തവണ ചർച്ച നടന്ന സന്ദർഭത്തിലും ചില മെമ്പർമാർ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി ഈ പ്രശ്നം ഗൗരവതരമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 1973-ലെ ക്രിമിനൽ നിയമ സംഹിതയിലെ 153 (എ), 153 (ബി) പ്രകാരമുള്ള കുറ്റങ്ങൾ കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം വർഗ്ഗീയ സംഘർഷം ഉണ്ടാക്കുന്നവർ, വർഗ്ഗീയ കലാപങ്ങളിൽ ഏർപ്പെടുന്നവർ, ദേശീയോദ്ഗ്രഥനത്തിന് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, ആരാധനാ സ്ഥലത്തോ മറ്റോ വച്ച് അക്രമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്ന ആളുകൾ ഇങ്ങനെയുള്ള വിഭാഗങ്ങളെ കൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നവരാണ് ഇതിനകത്ത് വരുന്നത്. ഇതിന് പ്രേരിപ്പിക്കുന്നവരും ഇതിൽ വരണം. അതുകൊണ്ട് അത് ക്ലിയറായിട്ട് വേണമെന്നാണ് ഞങ്ങൾ ആദ്യത്തെ ഡിസ്ക്കഷനിൽ ചൂണ്ടിക്കാണിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ നിയമപ്രകാരം 153 (എ), 153 (ബി) പ്രകാരം കുറ്റങ്ങൾ ചെയ്തിട്ടുള്ള ആളുകൾ കൂടി ഇതിനകത്ത് ഉൾപ്പെടും. ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞ തരത്തിലുള്ള കേസ്സുകൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന നിയമ പ്രകാരം ഇതിനകത്ത് പെടും. ടെററിസ്റ്റ് ആക്ട് പ്രകാരം ആ വിഭാഗങ്ങളെല്ലാം, ഭീകര പ്രവർത്തനം നടത്തുന്ന ആളുകളും ഉൾപ്പെടുന്നുണ്ട്. അത്തരത്തിലുള്ള മേഖലകളിലേയ്ക്ക് ഈ നിയമം പോകുന്നില്ല. പ്രസിഡന്റിന്റെ അംഗീകാരം ഉണ്ടെങ്കിൽ മാത്രമേ അത്തരത്തിൽ ഒരു വകുപ്പ് ഇതിനകത്ത് ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. നമുക്കിപ്പോൾ സാധിക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ, ഇവിടുത്തെ മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നവ സംബന്ധിച്ച് വകുപ്പു തിരിച്ചുള്ള ചർച്ചയിൽ പറയാം. ഇപ്പോൾ ഞാൻ കൂടുതൽ സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി മറ്റൊരു കാര്യം പറഞ്ഞത്, രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തണമെന്നാണ്. അത് ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. അത്തരം സംഭവങ്ങൾ മനസ്സിലാക്കാനും കൈകാര്യം ചെയ്യാനും ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗത്തിനകത്തുതന്നെ ഇപ്പോൾ ഭീകരവാദ പ്രവർത്തനവും മറ്റും നടത്തുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിനും വീക്ഷിക്കുന്നതിനുമായി പ്രത്യേകം സംവിധാനം തന്നെ ഉൾപ്പെടുത്തിക്കഴിഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. കെ. വി. തോമസ് പറഞ്ഞു ഇപ്പോൾ ഗുണ്ടകളൊക്കെ രാഷ്ട്രീയ പാർട്ടിയിൽ ചേരുകയാണെന്ന്. ഇതിന്റെ സംരക്ഷണം കിട്ടുമെന്ന് വിചാരിച്ച് രാഷ്ട്രീയ പാർട്ടിയിൽ ചേർന്നാൽ ഒരു സംരക്ഷണവും ഈ നിയമപ്രകാരം കിട്ടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പ്രൊഫ. കെ. വി. തോമസ്: എറണാകുളത്ത് അങ്ങ് അന്വേഷിച്ചാൽ അറിയാം, ഏറ്റവും വലിയ ഒരു ഗുണ്ട ഇപ്പോൾ ഒരു റീജിയണൽ പാർട്ടി ഉണ്ടാക്കി അതിന്റെ സംസ്ഥാന പ്രസിഡന്റാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാന പ്രസിഡന്റ് ആയാലും ഏത് പ്രസിഡന്റ് ആയാലും ഈ നിയമ പ്രകാരം കസ്റ്റഡിയിൽ വയ്ക്കേണ്ട ആളാണെങ്കിൽ കസ്റ്റഡിയിൽ വച്ചിരിക്കും, അതിന് ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് ഈ കേരളത്തിൽ ഉണ്ടെന്ന കാര്യം ബഹുമാനപ്പെട്ട കെ. വി. തോമസിന് ഉറപ്പിക്കാം. അതേ സന്ദർഭത്തിൽ ഇവിടെ പറഞ്ഞിരിക്കുന്നത്, ഇപ്പോൾ കൊലപാതകം നടത്തുന്നു, പിടിച്ചുപറി നടത്തുന്നു, വനംകൊള്ള നടത്തുന്നു, ഇങ്ങനെയൊക്കെ ചെയ്യുന്ന കുറ്റങ്ങൾ നോക്കുമ്പോൾ മൂന്ന് കുറ്റങ്ങൾ ചെയ്ത കേസ്സുകളിൽപ്പെട്ടവരാണ് ഇതിൽ ഉൾപ്പെടുന്നത്. കേസ്സിന്റെ എണ്ണം കണക്കാക്കുന്നതിനുവേണ്ടി ഇപ്പോഴൊരു പ്രക്ഷോഭ സമരത്തിൽ പങ്കെടുത്തു, അതിന്റെ പേരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ആ കേസിനകത്തുള്ള കുറ്റകൃത്യങ്ങൾ-സാന്നിദ്ധ്യം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുമാത്രം ആ കേസിൽ പ്രതിയാകാം. അങ്ങനെയുള്ള ആളുകൾ ഇതിനകത്ത് ഉൾപ്പെടില്ല എന്നു മാത്രമേ ഇതിനകത്ത് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളു. അല്ലാതെ രാഷ്ട്രീയ പാർട്ടികൾ ഗുണ്ടാ പ്രവർത്തനം നടത്തിയാൽ അതിനൊരു സംരക്ഷണം ഒരു കാരണ വശാലും ഈ നിയമത്തിൽ ഉൾപ്പെടുന്നില്ല. അങ്ങനെ കൊടുക്കുന്ന പ്രശ്നം ഇല്ലെന്നാണ് ഗവൺമെന്റ് വ്യക്തമാക്കുന്നത്. ഇത് സംബന്ധിച്ചുള്ള മറ്റ് കാര്യങ്ങൾ വകുപ്പ് തിരിച്ച് ചർച്ച ചെയ്യുന്ന സമയത്ത് പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർമാർ സജീവ മായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാ ഭാഗത്തുനിന്നുമുള്ള സഹക രണത്തോടുകൂടി മാത്രമേ നമുക്ക് ഒരു നിയമം കാര്യക്ഷമമായി നടത്താൻ സാധിക്കുക യുള്ളു. അതുകൊണ്ട് അതിനുവേണ്ടി നമുക്ക് സമയമെടുക്കാം എന്നുപറഞ്ഞുകൊണ്ട് വകുപ്പ് തിരിച്ചുള്ള ചർച്ചയിലേയ്ക്ക് കടക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

മി. സ്പീക്കർ: ശ്രീ. വി. ശശികുമാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശശികുമാർ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്,

അനുകൂലിക്കുന്നവർ.........
പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ എന്റെ 107-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

107.(1) ഖണ്ഡം 2-ൽ,-

(എ).-ഉപഖണ്ഡത്തിൽ-

(i) "രീതിയിൽ പ്രവർത്തിക്കുന്നതും" എന്ന വാക്കുകൾക്കുശേഷം "ഈ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) "ഉപഖണ്ഡങ്ങളിൽ" എന്ന വാക്കിനുപകരം "ഖണ്ഡങ്ങളിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) "പരാമർശിക്കുന്ന പ്രവർത്തനങ്ങളും" എന്ന വാക്കുകൾക്കു പകരം "പരാമർശിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(2) (ഇ) ഉപഖണ്ഡത്തിൽ "മനപ്പൂർവ്വമായും കളളനാണയമോ നോട്ടോ ഐ. പി. സി. സെക്ഷൻ 30-ൽ" എന്നീ അക്ഷരങ്ങൾക്കും വാക്കുകൾക്കും അക്കങ്ങൾക്കും പകരം "മന:പൂർവ്വമായും വ്യാജമായ നാണയമോ നോട്ടോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്ട്)-യിലെ 30-ാം വകുപ്പിൽ" എന്നീ വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(3) (എച്ച്) ഉപഖണ്ഡത്തിൽ "ലംഘിക്കുന്ന ഏതെങ്കിലും ആളും" എന്ന വാക്കുകൾക്കു പകരം "ലംഘിക്കുന്ന ഏതെങ്കിലും ആൾ"എന്നർത്ഥമാകുന്നതും, "അതിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) (ഐ) ഉപഖണ്ഡത്തിൽ "എന്തെങ്കിലും മയക്കുമരുന്ന്" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും മയക്കുമരുന്ന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(5) (എൽ) ഉപഖണ്ഡത്തിൽ "സംഘടനയിലെ" എന്ന വാക്കിനു പകരം "സംഘത്തിലെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(6) (ഒ) ഉപഖണ്ഡത്തിൽ,-

(i) "ചെയ്ത കുറ്റങ്ങൾക്ക്" എന്ന വാക്കുകൾക്കു പകരം "ചെയ്ത പ്രവൃത്തികൾമൂലം"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) ഇനം (ii)-ൽ "കുറ്റം ചെയ്തതായി കാണുന്ന" എന്ന വാക്കുകൾക്കു പകരം "കുറ്റം ചെയ്തതായി കാണുന്നതോ ആയ"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) (ക്യു) ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്,. അതായത്, -

"(ക്യു)" "കൊള്ളപ്പലിശക്കാരൻ എന്നാൽ വായ്പയുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ, അതിന്റെ ഏതെങ്കിലും ഗഡുവോ പിരിക്കുന്നതിനോ വായ്പ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു എടുക്കുന്നതിനോ, വായ്പ തുക ഭാഗികമായോ മുഴുവനുമായോ അതിന്മേലുള്ള പലിശയോ ഈടാക്കുന്നതിനോ വേണ്ടി ഏതെങ്കിലും വ്യക്തിക്ക് നേരെ നേരിട്ടോ അല്ലാതെയോ മറ്റൊരാൾ മുഖേനയോ ശാരീരികമായ അക്രമം നടത്തുകയോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന ഒരു പണം കടം കൊടുപ്പുകാരനോ, പണം കടംകൊടുപ്പുകാരനാൽ ഏർപ്പാടാക്കിയിട്ടുള്ള ഏതെങ്കിലും ആളോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാളോ എന്നർത്ഥമാകുന്നു."

(8) (ടി) ഉപഖണ്ഡം ഇനം (ii)-ൽ "ഒഴിവാക്കി ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചുവർഷത്തിൽ കുറഞ്ഞ തടവിനോ" എന്ന വാക്കുകൾക്കു പകരം "ഒഴികെ, ഏതെങ്കിലും തരത്തിൽപ്പെട്ട അഞ്ചു വർഷത്തിൽ കുറഞ്ഞ തടവിനായി ശിക്ഷാർഹമായതോ"എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

അതോടൊപ്പംതന്നെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ തന്നിട്ടില്ലാത്ത ഒരു കാര്യംകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത് ഒരു വാചാ ഭേദ

LIBRARY ARCHIVES Kerala Legislative Assembly

ഗതിയായി ഈ സന്ദർഭത്തിൽ പറയുന്നു. 2(ഓ)-ൽ (1)-ൽ "അധികാരമുള്ള കോടതിയോ ഭരണാധികാരിയോ" എന്നതിനുപകരം "അധികാരമുള്ള കോടതിയോ അധികാരസ്ഥനോ" എന്നു ചേർക്കണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

കഴിഞ്ഞ ചർച്ചയ്ക്കിടയിൽ ശ്രീ. കെ. എം. മാണിസാർ ആണ് ഈ പ്രശ്നം ഉന്നയിച്ചത്. സബ്ജക്റ്റ് കമ്മിറ്റിയുടെ ഘട്ടത്തിൽ മാറ്റം തീരുമാനിച്ചതാണ്. എന്നാലും അടിച്ചുവന്ന കൂട്ടത്തിൽ വന്നിട്ടില്ല. അതുകൊണ്ട് ഇതിനൊരു വാക് ഭേദഗതി വേണമെന്നുള്ളതുകൊണ്ട് അത് അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 108, 121, 145, 172, 190, 204, 226, 238, 253, 273 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ഖണ്ഡം 2 (എ)-യിൽ "ഭയമോ" എന്നതിനുശേഷം "വെറുപ്പോ വിദ്വേഷമോ" എന്നു ചേർക്കുക.

121. ഖണ്ഡം 2 (സി)-യിൽ "സംഭരിക്കുകയോ" എന്നതിനുശേഷം "കൈവശം വയ്ക്കുകയോ" എന്ന് ചേർക്കുക.

145. ഖണ്ഡം 2 (ഇ)-യിൽ "അറിഞ്ഞുകൊണ്ടും മന:പൂർവ്വമായും" എന്നത് നീക്കം ചെയ്യുക.

172. ഖണ്ഡം 2 (എച്ച്)-ൽ

(1) "ശാസ്ത്രീയപരമായതോ" എന്നതിന് പകരം "ശാസ്ത്രപരമായതോ" എന്ന് ചേർക്കുക.

(2) "ശാസ്ത്രീയപരമായതോ" എന്നതിന് പകരം "ശാസ്ത്ര സംബന്ധമായതോ" എന്ന് ചേർക്കുക.

(3) "ശാസ്ത്രീയപരമായതോ" എന്നതിന് ശേഷം "ബൗദ്ധിക നയത്തെ സംബന്ധിച്ചതോ" എന്ന് ചേർക്കുക.

190. ഖണ്ഡം 2 (ജെ)-യിൽ "ഏർപ്പെടുകയോ" എന്നതിനു ശേഷം "അതിനെ" എന്നു ചേർക്കുക.

204. ഖണ്ഡം 2 (എൽ)-ലെ "സംഘടനയിലെ" എന്നതിനു പകരം "സംഘത്തിലെ" എന്നും "അംഗമെന്ന നിലയിൽ" എന്നതിനു പകരം "അംഗമെന്ന നിലയിലോ അല്ലാതെയോ" എന്നും ചേർക്കുക.

226. ഖണ്ഡം 2 (ഓ)-യിൽ "തീയതി മുതൽ കണക്കാക്കിയ പ്രകാരം കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ" എന്നതിന് പകരം "തീയതി മുതൽ മുന്നോട്ടു കണക്കാക്കിയ ഏഴു വർഷങ്ങൾക്കുള്ളിൽ" എന്നു ചേർക്കുക.

238. ഖണ്ഡം 2 (പി) (iii)-ലെ രണ്ടാമത്തെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

2/117/10-17 (a)

LIBRARY ARCHIVES Kerala Legislative Assembly

253. ഖണ്ഡം 2 (ക്യൂ) താഴെ പറയും പ്രകാരം തിരുത്തിയെഴുതുക.

"(ക്യൂ)" "കൊള്ളപ്പലിശക്കാരൻ" എന്നാൽ "ബാങ്ക് നിരക്കിന്റെ പല മടങ്ങ് പലിശ മാസക്രമത്തിൽ നിശ്ചയിച്ച് ഈടാക്കുന്ന ഒരു പണം കടം കൊടുപ്പുകാരനും വായ്പ യുടെ ഏതെങ്കിലും ഭാഗമോ അതിന്റെ പലിശയോ അതിന്റെ ഏതെങ്കിലും ഗഡുവോ വായ്പാ ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാവരമോ ജംഗമമോ ആയ വസ്തു ബലാൽക്കാരേണ എടുക്കുന്നതിനോ വായ്പാ തുക ഭാഗികമായോ മുഴുവനുമായോ അതി ന്മേലുള്ള പലിശ സഹിതം ഈടാക്കുന്നതിന് വേണ്ടി പണം വായ്പ വാങ്ങിയ വ്യക്തിക്കു നേരെ ശാരീരികമായ അക്രമം നടത്തുന്നതിനോ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന തിനോ ആയി പണം കടം കൊടുപ്പുകാരാൽ അയാൾക്കു വേണ്ടി നേരിട്ടോ അല്ലാതെയോ ഏർപ്പാടാക്കിയിട്ടുള്ള ഏതൊരാളും എന്നർത്ഥമാകുന്നു."

273. ഖണ്ഡം 2 (യു) ന്ശേഷം (വി) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(വി) വർഗ്ഗീയ ലഹളക്കാരൻ എന്നാൽ ഒരു സമുദായത്തിലോ മതത്തിലോപെട്ടയാൾക്ക് മറ്റൊരു സമുദായത്തിലോ മതത്തിലോപെട്ട ആളോട് കോപമോ അസൂയയോ വിരോധമോ പ്രതികാര ചിന്തയോ ഉണ്ടാകത്തക്കവിധത്തിൽ അവരുടെ വികാരങ്ങളെ ഉത്തേജിപ്പിക്കത്തക്ക പ്രസംഗമോ പ്രവർത്തിയോ ചെയ്യുകയോ മറ്റു മതങ്ങളിലോ സമുദായങ്ങളിലോപ്പെടുന്നവരെ മത വൈരാഗ്യത്തിന്റെ പേരിൽ കൊല ചെയ്യുകയോ ഗുരുതരമായതോ അല്ലാത്തതോ ആയ ശരീരക്ഷതം ഉണ്ടാക്കുകയോ അവരുടെയോ പൊതുവായുള്ളതോ ആയ സ്ഥാവരജംഗമ വസ്തുക്കൾക്ക് നാശനഷ്ടം ഉണ്ടാക്കുകയോ അവയുടെ മൂല്യം കുറയത്തക്ക പ്രവർത്തി ചെയ്യുകയോ കലാപങ്ങളും സംഘട്ടനങ്ങളും നടത്തുകയോ കൊള്ളിവയ്പോ പൊതുമുതൽ നശിപ്പിക്കുകയോ ചെയ്തതിനാൽ ഏതെങ്കിലും പരാതിയുടെ പുറത്തോ അല്ലാതെയോ ഒരു പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സിൽ പ്രതിയായിരുന്ന ഒരാൾ എന്നർത്ഥമാക്കുന്നു."

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ 112, 132, 153, 154, 191, 210, 228, 240, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2(എ)-യിൽ "ഭീഷണിയോ" എന്നതിനുശേഷം "നാശമോ നഷ്ടമോ" എന്നു ചേർക്കുക.

132. ഖണ്ഡം 2(സി)-ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം.– ഒരു മോഷ്ടിക്കപ്പെട്ട വാഹനത്തിൽ മദ്യമോ ലഹരി പദാർത്ഥമോ കടത്തുന്ന കാര്യത്തിൽ വാഹനത്തിന്റെ ഉടമയെ വ്യാജവാറ്റുകാരനായി കണക്കാക്കാൻ പാടുള്ളതല്ല".

153. ഖണ്ഡം 2 (ഇ)-യിൽ "വിതരണം നടത്തുകയോ" എന്നതിനുശേഷം "അല്ലെങ്കിൽ പ്രതിഫലം പറ്റിക്കൊണ്ടോ അല്ലാതെയോ ഇത്തരം കാര്യങ്ങൾക്കു സഹായം ചെയ്യുകയോ പ്രേരിപ്പിക്കുകയോ" എന്നു കൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

154. ഖണ്ഡം 2 (ഇ)-യിൽ "വിതരണം നടത്തുകയോ" എന്നതിനുശേഷം "ഇറക്കുമതിയോ കയറ്റുമതിയോ" എന്ന് ചേർക്കുക.

191. ഖണ്ഡം 2 (ജെ)-യിലെ "നിയമവിരുദ്ധ പ്രവർത്തികൾ പ്രോൽസാഹിപ്പിക്കുകയോ" എന്നതിന് പകരം "നിയമവിരുദ്ധ പ്രവർത്തികൾ ചെയ്യുകയോ അവ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയോ" എന്ന് ചേർക്കുക.

210. ഖണ്ഡം 2 (എൽ)-ലെ "വിൽക്കുകയോ" എന്നതിനുശേഷം "കൈവശം വയ്ക്കുകയോ" എന്നു ചേർക്കുക.

228. ഖണ്ഡം 2 (ഒ) (ii)-ൽ "രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ" എന്നതിനു പകരം "ഒന്നിലധികം വ്യത്യസ്ത സംഭവങ്ങളിൽ" എന്നു ചേർക്കുക.

240. ഖണ്ഡം 2 (പി) (iii)-ലെ നാലാമത്തെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

271. ഖണ്ഡം 2 (ടി)-ക്ക് ശേഷം (ടി ടി) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(ടി ടി) കവലചട്ടമ്പി എന്നാൽ ഒരാളിൽ നിന്ന് അന്യായമായി പണമോ മറ്റെന്തെങ്കിലുമായ പ്രതിഫലമോ പറ്റിക്കൊണ്ട് അയാൾ മറ്റേതെങ്കിലും വ്യക്തിക്കോ വ്യക്തികൾക്കോ കൊടുക്കേണ്ട പണമോ സ്ഥാവരജംഗമ വസ്തുക്കളോ മറ്റെന്തെങ്കിലും സാധനമോ കൊടുക്കാതിരിക്കാനോ വാങ്ങാതിരിക്കാനോ വേണ്ടിയോ അയാൾക്കർഹമല്ലാത്ത മറ്റെന്തെങ്കിലും കാര്യങ്ങൾ നേടുന്നതിനു വേണ്ടിയോ സ്വയമായോ മറ്റാരെങ്കിലുമായി കൂട്ടു ചേർന്നോ എന്തെങ്കിലും മാരകായുധമുപയോഗിച്ചോ അല്ലാതെയോ ബലപ്രയോഗം നടത്തിയോ ഭീഷണിപ്പെടുത്തിയോ പ്രസ്തുത വ്യക്തിക്കോ വ്യക്തികൾക്കോ ഗുരുതരമോ അല്ലാത്തതോ ആയ ശാരീരികമോ മാനസികമോ അഭിമാന സംബന്ധമോ ആയ ക്ഷതമുണ്ടാക്കുകയോ മന:പ്രയാസം സൃഷ്ടിക്കുകയോ ചെയ്തതിന്റെ പേരിലോ തൽപ്രമാണിത്തത്തിനുവേണ്ടി മറ്റുള്ളവരെ മാരകായുധങ്ങളുപയോഗിച്ചോ അല്ലാതെയോ ദേഹോപദ്രവം ചെയ്യുകയോ ഭീഷണിപ്പെടുത്തുകയോ അന്യായമായി പണപ്പിരിവ് നടത്തുകയോ ചെയ്തതിന്റെ പേരിലോ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രണ്ടോ അതിലധികമോ പരാതി ലഭിക്കുകയും അതിന്മേൽ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ പ്രതിയായിട്ടുള്ളയാളോ എന്നർത്ഥമാകുന്നതും തവണ വ്യവസ്ഥയിൽ പണമടയ്ക്കാമെന്ന കരാറിൽ വാഹനങ്ങളോ മറ്റെന്തെങ്കിലും സാധനങ്ങളോ വാങ്ങുന്നയാൾ തവണമുടക്കുമ്പോൾ അവ നൽകിയ ആളിനുവേണ്ടി പ്രസ്തുത വാഹനങ്ങളോ മറ്റെന്തെങ്കിലും സാധനങ്ങളോ നിയമവിരുദ്ധമായി ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ മറ്റു വിധത്തിലോ പിടിച്ചെടുത്തതിന്റെ പേരിൽ അപ്രകാരമുള്ള ആളിനെപ്പറ്റി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കിട്ടിയ പരാതിയുടെ പേരിൽ പ്രതി ചേർക്കപ്പെട്ടയാളോ എന്നർത്ഥമാകുന്നു."

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ 113, 122, 151, 199, 212, 229, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ഖണ്ഡം 2(എ)-യിൽ "ഏതെങ്കിലും സ്വത്തിനോ" എന്നതിനുപകരം "ഏതെങ്കിലും ആസ്തിക്കോ സ്വത്തിനോ" എന്നു ചേർക്കുക.

122. ഖണ്ഡം 2 (സി)-യിൽ "കടത്തുകയോ" എന്നവാക്ക് നീക്കം ചെയ്യുക.

151. ഖണ്ഡം 2 (ഇ) -യിൽ "വിതരണം നടത്തുകയോ" എന്നതിനുശേഷം "കള്ളനോട്ടോ നാണയമോ ഉണ്ടാക്കുവാനുള്ള യന്ത്രം നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ" എന്നു ചേർക്കുക.

199. ഖണ്ഡം 2 (ജെ) യിൽ "കൊള്ളപ്പലിശക്കാരൻ" എന്നതിനുശേഷം "തീവ്രവാദി" എന്നുകൂടി ചേർക്കുക.

212. ഖണ്ഡം 2 (എൽ)-ലെ "കൈകാര്യം ചെയ്യുകയോ" എന്നതിനുശേഷം "സ്വന്തമെന്ന് തെളിയിക്കുവാൻ സാദ്ധ്യമല്ലാത്തതും പ്രഭവസ്ഥാനം വെളിപ്പെടുത്തുവാൻ ഒക്കാത്തതുമായ ഇൻഡ്യൻ കറൻസി കൈവശം വയ്ക്കുകയോ" എന്നു ചേർക്കുക.

229. ഖണ്ഡം 2 (ഒ) (ii)-ൽ "പോലീസ് ഉദ്യോഗസ്ഥർ അല്ലാത്ത ആളുകളുടെ പരാതികളിന്മേൽ" എന്നതിനുപകരം "ആരുടെയെങ്കിലും പരാതിയിന്മേലോ അല്ലാതെയോ" എന്നു ചേർക്കുക.

242. ഖണ്ഡം 2 (പി)(iii)-ലെ അഞ്ചാമത്തെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ: സർ, ഞാൻ 115, 138, 149, 158, 202, 247 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 (എ)-യിൽ "അപ്രകാരമുള്ള രീതിയിൽ പ്രവർത്തിക്കുന്നതും" എന്നതിനു പകരം "അപ്രകാരമുള്ള പ്രവർത്തനങ്ങളും" എന്നു ചേർക്കുക.

138. ഖണ്ഡം 2 (ഡി)-യിൽ "കുട്ടികൾ അല്ലെങ്കിൽ സഹോദരങ്ങളും" എന്നതിനുപകരം "കുട്ടികളോ സഹോദരങ്ങളോ അല്ലെങ്കിൽ" എന്നും "രക്തബന്ധമുള്ളവരും" എന്ന വാക്കിനു പകരം "രക്തബന്ധമുള്ളവരോ" എന്നും ചേർക്കുക.

149. ഖണ്ഡം 2 (ഇ)-ൽ "ഐ. പി. സി. സെക്ഷൻ 30-ൽ നിർവചിച്ചിട്ടുള്ള വാല്യൂബിൾ സെക്യൂരിറ്റിയോ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

158. ഖണ്ഡം 2 (ഇ) "കള്ളനോട്ട് നിർമ്മാതാവ്" എന്നാൽ "അറിഞ്ഞുകൊണ്ടും മനഃപൂർവമായും നാണയമോ നോട്ടോ ഐ. പി. സി. സെക്ഷൻ 30-ൽ നിർവചിച്ചിട്ടുള്ള പ്രകാരമുള്ള വാല്യൂബിൾ സെക്യൂരിറ്റിയോ വ്യാജമായി നിർമ്മിക്കുകയോ വ്യാജമായി നിർമ്മിച്ചവ വിതരണം നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാൾ എന്നർത്ഥമാകുന്നതും അത്തരം ഏതെങ്കിലും പ്രവർത്തനങ്ങളെ അറിഞ്ഞുകൊണ്ട് പ്രേരിപ്പിക്കുന്ന ഒരാളും ഉൾപ്പെടുന്നതും ആകുന്നു" എന്നാക്കി മാറ്റുക.

202. ഖണ്ഡം 2 (എൽ)-ൽ "ഏതെങ്കിലും സംഘടനയിലെ അംഗമെന്ന നിലയിൽ ഒരാൾ പ്രവർത്തിക്കുന്നുവെന്ന് ന്യായമായി കരുതാവുന്ന സാഹചര്യത്തിൽ" എന്ന ഭാഗം നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

247. ഖണ്ഡം 2 (ക്യൂ)-വിൽ "എന്നാൽ" എന്ന വാക്കിനും "പണം" എന്ന വാക്കിനും ഇടയിലുള്ള "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 118, 119, 128, 156, 157, 160, 161, 162, 177, 215, 231, 236, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 (എ)-യിൽ "എന്നർത്ഥമാകുന്നു" എന്ന വാക്കുകൾ മാറ്റി "വ്യാജ ലോട്ടറി നിർമ്മാതാക്കൾ, കരിഞ്ചന്തക്കാർ, പൂഴ്ത്തിവയ്പുകാർ, സൈബർ കുറ്റവാളികൾ, പൊതുമുതൽ നശിപ്പിക്കുന്നവർ എന്നിവരുടെ പ്രവർത്തനങ്ങളും" എന്നാക്കുക.

119. ഖണ്ഡം 2 (എ)-യ്ക്ക് ശേഷം (എ എ) ആയി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്:- "(എ എ) ഉപദേശക ബോർഡ് എന്നാൽ 8-ാം വകുപ്പു പ്രകാരം സർക്കാർ രൂപീകരിച്ച ഉപദേശക ബോർഡ് എന്നർത്ഥമാകുന്നു."

128. ഖണ്ഡം 2 (സി)-യിൽ "പിന്തുണ നല്കുന്നതിനോ വേണ്ട" എന്ന വാക്കുകൾ മാറ്റി "പിന്തുണ നൽകുന്നതിനോ വേണ്ടി" എന്ന് ആക്കുക.

156. ഖണ്ഡം 2 (ഇ)-യിലെ "നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ഒരാൾ" എന്ന വാക്കുകൾക്ക് പകരം "നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ അത്തരം കള്ളനാണയമോ നോട്ടോ വ്യാജ വാല്യൂബിൾ സെക്യൂരിറ്റിയോ ഉണ്ടാക്കുന്നതിലേയ്ക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നവരും" എന്ന് ചേർക്കുക.

157. ഖണ്ഡം 2 (ഇ)-യിൽ "വാല്യൂബിൾ സെക്യൂരിറ്റിയോ" എന്ന വാക്കുകൾ "വാല്യൂബിൾ സെക്യൂരിറ്റി വ്യാജമായി" എന്ന് ആക്കുക.

160. ഖണ്ഡം 2 (ഇ)-ക്കുശേഷം താഴെ പറയുന്ന പിരിവുകൾ ചേർക്കുക.

"(ഇ) (i) "വ്യാജ ലോട്ടറി തട്ടിപ്പുകാരൻ" എന്നാൽ നിയമ വിരുദ്ധമായി വ്യാജ സംസ്ഥാനലോട്ടറിയോ വ്യാജ അന്യസംസ്ഥാന ലോട്ടറിയോ നിർമ്മിക്കുകയും അത് സംസ്ഥാനത്ത് വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു. അതിൽ അത്തരം ആൾക്കാരിൽ നിന്ന് പ്രതിഫലം പറ്റി സഹായിക്കുന്നവരും ഉൾപ്പെടും."

"(ഇ) (ii) "കരിഞ്ചന്തക്കാർ" എന്നാൽ താൽക്കാലികമായ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം സൃഷ്ടിച്ച് തൽസമയം നിലവിലുള്ള അവശ്യസാധനനിയമമനുസരിച്ച് നിജപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ അധിക റിലയ്ക്ക് അവശ്യസാധനങ്ങൾ വിപണനം നടത്തുന്ന ആൾ എന്ന് അർത്ഥമാകുന്നു."

161. ഖണ്ഡം 2 (എഫ്)-നുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്.

"(എഫ് എ) "പൂഴ്ത്തിവയ്പുകാർ" എന്നാൽ തൽസമയം പ്രാബല്യത്തിലുള്ള അവശ്യസാധന നിയമങ്ങൾക്ക് വിരുദ്ധമായി വിലക്കയറ്റം സൃഷ്ടിക്കുന്നതിലേക്ക് അവശ്യസാധനങ്ങൾ സംഭരിക്കുന്നയാൾ എന്നർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

162. ഖണ്ഡം 2 "(എഫ്) "കരുതൽ തടങ്കൽ ഉത്തരവ്" എന്നാൽ 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഒരു കരുതൽ തടങ്കൽ ഉത്തരവ് എന്നർത്ഥമാകുന്നു" എന്നാക്കി മാറ്റുക.

177. ഖണ്ഡം 2 (എച്ച്) "ഒരാൾ ഉൾപ്പെടുന്നതാകുന്നു" എന്നത് "ആളും 2000-ലെ വിവര സാങ്കേതികവിദ്യാ നിയമത്തിൻ കീഴിൽ ചെയ്യുന്ന എല്ലാ സൈബർ കുറ്റവാളികളും ഉൾപ്പെടും" എന്നാക്കി മാറ്റുക.

215. ഖണ്ഡം 2 (എൽ)-ലെ"അർത്ഥമാകുന്ന" എന്നതിന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"അതിൽ വിദേശ നിർമ്മിത വ്യാജ ഇൻഡ്യൻ കറൻസി കൈകാര്യം ചെയ്യുന്നവരും ഉൾപ്പെടും."

231. ഖണ്ഡം 2 (ഒ) (ii)-ന്റെ ക്ലിപ്ത നിബന്ധനയിൽ "എന്നിരുന്നാലും ചാരായമോ" എന്ന വാക്കുകൾ മാറ്റി "എന്നാൽ വ്യാജമദ്യമോ" എന്നു ചേർക്കേണ്ടതാണ്.

236. ഖണ്ഡം 2 (പി) (iii)-ലെ ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

258. ഖണ്ഡം 2 (ആർ)-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ് "(ആർ എ) രാഷ്ട്രീയ പാർട്ടി എന്നാൽ പാർലമെന്റിലോ, കേരള നിയമസഭയിലോ പ്രാതിനിധ്യം ഉള്ളതോ അല്ലെങ്കിൽ 1968-ലെ തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ (റിസർവേഷൻ ആന്റ് അലോട്ട്മെന്റ് ഓർഡറിലെ 6-ാം ഖണ്ഡിക പ്രകാരം ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയായി കണക്കാക്കിയിട്ടുള്ളതോ 1951-ലെ ജനപ്രാതിനിധ്യ നിയമ (1951-ലെ 43-ാം കേന്ദ്ര ആക്ട്) ത്തിലെ 29 എ വകുപ്പിൻ പ്രകാരം രജിസ്റ്റർ ചെയ്തതോ ആയ ഒരു രാഷ്ട്രീയ പാർട്ടി അഥവാ ഗ്രൂപ്പ് എന്നർത്ഥമാകുന്നു."

"(ആർ ബി) നിർണ്ണയിക്കപ്പെട്ട എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു."

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ 120, 127, 144, 183, 184, 222, 225, 254, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ഖണ്ഡം 2 (സി)-യിൽ "എന്നിവ എന്നതിനുപകരം "എന്നിവയിലേതെങ്കിലും ഒന്നോ എല്ലാമോ" എന്നു ചേർക്കുക.

127. ഖണ്ഡം 2 (സി)-യിൽ "അറിഞ്ഞുകൊണ്ട് പണം ചെലവാക്കുകയോ" എന്നതിനുപകരം "അറിഞ്ഞുകൊണ്ടോ അല്ലാതെയോ പൂർണ്ണമായോ ഭാഗികമായോ പണം ചെലവാക്കുകയോ" എന്നു ചേർക്കുക.

144. ഖണ്ഡം 2 (ഡി)-യിൽ "സഹോദരങ്ങളും" എന്നതിനുശേഷം "ഒരു ദത്തുപുത്രന്റെയോ പുത്രിയുടെയോ സഹോദരങ്ങളും" എന്നു ചേർക്കുക.

183. ഖണ്ഡം 2 (ഐ)-യിൽ "സംഭരിക്കുകയോ" എന്നതിനുശേഷം "കൈവശം വയ്ക്കുകയോ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

184. ഖണ്ഡം 2 (ഐ)-യിൽ "കടത്തിക്കൊണ്ടു പോവുകയോ" എന്നതിനു പകരം "കടത്തിക്കൊണ്ടുവരികയോ പോവുകയോ" എന്നു ചേർക്കുക.

222. ഖണ്ഡം 2 (എം)-ലെ "നാശം" എന്നതിനുപകരം "നാശമോ നഷ്ടമോ" എന്നു ചേർക്കുക.

225. ഖണ്ഡം 2(എൻ)-ൽ "പ്രേരിപ്പിക്കുകയോ" എന്നതിനുശേഷം "സഹായിക്കുകയോ" എന്നു ചേർക്കുക.

254. ഖണ്ഡം 2 (ക്യൂ)-ന് ശേഷം ( ക്യൂ ക്യൂ) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(ക്യൂ ക്യൂ) "ഭീകരൻ" അഥവാ "ഭീകര പ്രവർത്തകൻ" എന്നാൽ രാജ്യത്തേയോ നിലവിലുള്ള വ്യവസ്ഥിതിയേയോ വ്യവസ്ഥാപിത രീതിയേയോ ഭരണകൂടത്തെയോ അതിന്റെ ഭാഗത്തേയോ തകർക്കുന്നതിനായി രഹസ്യ പ്രവർത്തനം നടത്തുകയോ ഈ ഉദ്ദേശത്തോടുകൂടി മറ്റുള്ളവരെ പരിഭ്രാന്തരാക്കി സമൂഹത്തെ വരുതിയിലാക്കുന്നതിനായോ മറ്റുദ്ദേശത്തോട് കൂടിയോ ഏതുവിധത്തിലുള്ള കലാപമോ സംഘട്ടനമോ കൊലയോ കൂട്ടക്കൊലയോ കൊള്ളിവെയ്പോ സ്ഫോടനമോ നടത്തുകയോ അതിനു വേണ്ടി ശ്രമിക്കുകയോ അതിനായി ആയുധങ്ങളോ സ്ഫോടന വസ്തുക്കളോ സംഭരിക്കുകയോ പൊതുവായതോ സ്വകാര്യമായതോ ആയ സ്ഥാപനങ്ങളോ കെട്ടിടങ്ങളോ വിപണികളോ വിപണന സ്ഥലങ്ങളോ ആളുകൾ കൂടുന്ന മറ്റുസ്ഥലങ്ങളോ പൈതൃകമോ സാംസ്ക്കാരിക മൂല്യമുൾക്കൊള്ളുന്നതോ ആയ വസ്തുക്കളോ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഇതുപോലുള്ള മറ്റു കാര്യങ്ങളോ റോഡോ പാലമോ റെയിൽപാതയോ ആളുകൾ സഞ്ചരിക്കുന്ന വാഹനങ്ങളോ തകർക്കുകയോ തകർക്കാൻ ശ്രമിക്കുകയോ ചെയ്തതിന്റെ പേരിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസിൽ പ്രതി ചേർക്കപ്പെട്ടയാൾ എന്നർത്ഥമാകുന്നു."

262. ഖണ്ഡം 2 (എസ്)-ലെ "സാമ്പത്തികസഹായം നൽകുകയോ" എന്നതിനുശേഷം "അല്ലെങ്കിൽ സ്വാധീനം പ്രയോഗിക്കുകയോ" എന്നു ചേർക്കുക.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഞാൻ 123, 170, 201, 251, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ഖണ്ഡം 2 (സി)-യിൽ "അറിഞ്ഞുകൊണ്ട്" എന്നതിനുശേഷം "അതിനുവേണ്ടി" എന്നു ചേർക്കുക.

170. ഖണ്ഡം 2 (ജി)-യിൽ "പ്രേരിപ്പിക്കുകയോ ചെയ്യുന്ന" എന്നതിനു പകരം "പ്രേരിപ്പിക്കുകയോ ചെയ്യുന്നതോ പരിസ്ഥിതിയ്ക്കാഘാതമേൽക്കത്തക്കവിധത്തിൽ ജലത്തേയോ ചുറ്റുപാടുകളേയോ മലിനപ്പെടുത്തുകയോ" എന്നു ചേർക്കുക.

201. ഖണ്ഡം 2 (ജെ)-യിൽ "വസ്തു കയ്യേറ്റക്കാരൻ" എന്നതിനുശേഷം "വർഗ്ഗീയലഹളക്കാരൻ" എന്നു കൂടി ചേർക്കുക.

251. ഖണ്ഡം 2 (ക്യൂ)-വിൽ "പണം കൊടുപ്പുകാരനാൽ നേരിട്ടോ അല്ലാതെയോ ഏർപ്പാടാക്കിയിട്ടുള്ള ഏതെങ്കിലും ആളോ" എന്നത് നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

252. ഖണ്ഡം 2 (ക്യൂ)-വിൽ "ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതിനായി അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാൾ" എന്നതിന് ശേഷം "പണം കടം കൊടുപ്പുകാരൻ നേരിട്ടോ അല്ലാതെയോ ഏർപ്പാടാക്കിയിട്ടുള്ള ആളും" എന്നു ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ 124, 131, 173, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 2 (സി)-യിൽ "മുകളിൽ വിവരിച്ചിട്ടുള്ള" എന്നതിനു പകരം "ഈ ഖണ്ഡത്തിൽ ഇതിനുമുമ്പു വിവരിച്ചിട്ടുള്ള" എന്നു ചേർക്കുക.

131. ഖണ്ഡം 2 (സി)-യിൽ "പ്രേരിപ്പിക്കുന്ന" എന്നതിനു പകരം "സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന" എന്നു ചേർക്കുക.

173. ഖണ്ഡം 2 (എച്ച്)-ലെ "ശാസ്ത്രീയപരമായതോ" എന്നതിനു പകരം "ശാസ്ത്രീയമായതോ" എന്നു ചേർക്കുക.

189. ഖണ്ഡം 2 (ജെ)-യിൽ " 'ഗുണ്ട' എന്നാൽ ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ പ്രത്യക്ഷമായോ പരോക്ഷമായോ പൊതു വ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ" എന്നതിനുപകരം " 'ഗുണ്ട' എന്നാൽ ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളോ പ്രത്യക്ഷമായോ പരോക്ഷമായോ പൊതുവ്യവസ്ഥയുടെ പരിപാലനത്തിന് ഹാനികരമാകുന്ന നിയമവിരുദ്ധ പ്രവൃത്തികളോ ചെയ്യുകയോ അവ ചെയ്യുവാൻ ആരെയെങ്കിലും പ്രോത്സാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ" എന്നു ചേർക്കുക.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ 125, 167, 180, 214, 255 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ഖണ്ഡം 2 (സി)-യിൽ " ഇവയ്ക്കോ അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഒന്നിനോ" എന്നീ വാക്കുകൾ " അറിഞ്ഞുകൊണ്ട്" എന്ന വാക്കിന് ശേഷം ചേർക്കുക.

167. ഖണ്ഡം 2 (ജി)-യിൽ " വന്യജീവി സംരക്ഷണവുമായി" എന്നതിനു പകരം "വന്യജീവികളുടേയോ സംരക്ഷണവുമായി" എന്നു ചേർക്കുക.

180. ഖണ്ഡം 2(ഐ)-യിൽ "നിയമത്തിനോ" എന്നതിനുപകരം "നിയമത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്ക്" എന്നു ചേർക്കുക.

214. ഖണ്ഡം 2 (എൽ)-ൽ " കൈകാര്യം ചെയ്യുകയോ" എന്ന വാക്കിന് ശേഷം "കടത്തികൊണ്ടുപോകുകയോ" എന്ന വാക്ക് ചേർക്കുക.

255. ഖണ്ഡം 2 (ആർ)-ൽ " സ്ഥാപനമോ" എന്ന വാക്കിനുപകരം "സ്ഥാപനം" എന്നു ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ഞാൻ 133, 171, 188, 200, 257, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

133. ഖണ്ഡം 2 (സി)-യുടെ അവസാനത്തിൽ താഴെപ്പറയുന്ന വിശദീകരണം ചേർക്കുക.

"വിശദീകരണം:- മനുഷ്യോപയോഗത്തിനുള്ളതോ അല്ലാത്തതോ ആയ ഏതെങ്കിലും ലഹരിപദാർത്ഥത്തോടുകൂടി കള്ളോ വെള്ളമോ മറ്റെന്തെങ്കിലും ദ്രാവകമോ നിറമോ ചേർത്തോ കുപ്പിയിലടച്ചോ അടയ്ക്കാതെയോ സംഭരിക്കുകയോ കടത്തിക്കൊണ്ടു പോവുകയോ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളിനേയും അയാളിൽ നിന്ന് പ്രതിഫലംപറ്റിയോ പറ്റാതെയോ ഈ പ്രവർത്തനങ്ങളിൽ അയാളെ സഹായിക്കുന്ന മറ്റേതൊരാളിനേയും വ്യാജവാറ്റുകാരനായി കണക്കാക്കേണ്ടതാണ്".

171. ഖണ്ഡം 2 (ജി)-യിലെ "ഒരു ആൾ" എന്നതിനുപകരം "ഒരാളോ അല്ലെങ്കിൽ ഏതെങ്കിലും ജലസ്രോതസുകളുടേയോ നീരൊഴുക്കിന്റെയോ ചതുപ്പുകളുടെയോ നാശത്തിനോ വയലുകളുടെ നികത്തലിലോ നേരിട്ടോ അല്ലാതെയോ ഉത്തരവാദിയായ ആളോ" എന്നു ചേർക്കുക.

188. ഖണ്ഡം 2 (ഐ)-ക്ക് ശേഷം (ഐ ഐ) ആയി താഴെപ്പറയുന്ന ഉപ ഖണ്ഡം ചേർക്കുക.

"(ഐ ഐ) "കരിഞ്ചന്തക്കാരൻ" എന്നാൽ കൂടുതൽ ലാഭമോ സാമ്പത്തിക നേട്ടമോ ഉണ്ടാക്കുന്നതിനായി സമൂഹത്തിനാവശ്യമുള്ള ഏതെങ്കിലും സാധനമോ സാധനങ്ങളോ സംഭരിച്ചു പൂഴ്ത്തിവയ്ക്കുകയും അപ്രകാരം പൂഴ്ത്തിവെച്ച സാധനങ്ങൾ രഹസ്യമായെടുത്ത് അത്യാവശ്യക്കാരന് അതിന്റെ വാങ്ങിയ വിലയേക്കാൾ പലമടങ്ങ് വർദ്ധിച്ച വിലയ്ക്ക് വിൽക്കുകയും ചെയ്തതിന്റെ പേരിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സിൽ പ്രതിയായിട്ടുള്ളയാൾ എന്നർത്ഥമാകുന്നു".

200. ഖണ്ഡം 2 (ജെ)-യിൽ "വസ്തു കയ്യേറ്റക്കാരൻ" എന്നതിനുശേഷം "കരിഞ്ചന്തക്കാരൻ" എന്നു ചേർക്കുക.

257. ഖണ്ഡം 2 (ആർ)-ൽ "എന്നർത്ഥമാകുന്നു" എന്നതിന് ശേഷം "അതിൽ കേരള പണം കടം കൊടുപ്പുകാർ ആക്ടു പ്രകാരം ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന ഒരു പണം കടം കൊടുപ്പുകാരൻ ഉൾപ്പെടാത്തതുമാകുന്നു" എന്നു ചേർക്കുക.

268. ഖണ്ഡം 2 (ടി) (i)-ൽ "അഞ്ചോ അതിലധികമോ" എന്നതിനു പകരം "ഒന്നോ അതിലധികമോ" എന്നു ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ 139, 198, 234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (ഡി)-യിലെ "കുട്ടികൾ" എന്നതിനു ശേഷമുള്ള "അല്ലെങ്കിൽ സഹോദരങ്ങളും അപ്രകാരമുള്ള ഭർത്താവിന്റെയോ, ഭാര്യയുടെയോ മാതാപിതാക്കളുടെയോ സഹോദരങ്ങളുടെയോ ഒന്നാം തലമുറയിലെ രക്തബന്ധമുള്ളവരും എന്നർത്ഥമാകുന്നതും അത്തരത്തിലുള്ള ആളുകളുടെ കുട്ടികളും അവരുടെ ഭർത്താവോ/ഭാര്യയോ ഉൾപ്പെടുന്നതുമാകുന്നു" എന്നത് ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

198. ഖണ്ഡം 2 (ജെ)-ലെ "കൊള്ളപ്പലിശക്കാരൻ" എന്നതിനു ശേഷമുള്ള "വസ്തു കൈയേറ്റക്കാരൻ" എന്നത് ഒഴിവാക്കുക.

234. ഖണ്ഡം 2 (പി) (i)-ൽ "ഒരിക്കലെങ്കിലും" എന്നതിനു പകരം "രണ്ടു തവണയെങ്കിലും"എന്നു ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ 152, 267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 (ഇ)-യിൽ "വിതരണം നടത്തുകയോ" എന്നതിനുശേഷം "അതിനു സഹായിക്കുകയോ" എന്നു കൂടി ചേർക്കുക.

267. ഖണ്ഡം 2 (ടി) (i)-ൽ "ഏതെങ്കിലും തരത്തിൽപ്പെട്ട"എന്നതിനു ശേഷം "കുറ്റത്തിന്" എന്ന് ചേർക്കുക.

പ്രൊഫ. കെ. വി. തോമസ്: സർ, ഞാൻ 155, 206, 272 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2 (ഇ) യിൽ "വിതരണം നടത്തുകയോ" എന്നതിനുശേഷം "കള്ളനോട്ടോ നാണയമോ നിർമ്മിക്കുന്നതിനുള്ള യന്ത്രമോ മറ്റനുസാരികളോ കൈവശം വയ്ക്കുകയോ" എന്ന് ചേർക്കുക.

206. ഖണ്ഡം 2 (എൽ) -ലെ "സാഹചര്യത്തിൽ" എന്നതിനുപകരം "സാഹചര്യത്തിലോ അല്ലാതെയോ" എന്നു ചേർക്കുക.

272. ഖണ്ഡം 2 (യു)-ലെ "സർക്കാരിനാൽ നിയമിതനായ" എന്നതിനുപകരം "സർക്കാരിനാൽ നിയമിക്കപ്പെട്ട" എന്നു ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ 218-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 2 (എം)-ൽ "ഉപദ്രവം ഉണ്ടാക്കുന്നതിന് വേണ്ടിയോ" എന്നതിനുശേഷം "ശാരീരിക പീഡനം ഏല്പിക്കുന്നതിനു വേണ്ടിയോ" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. കെ. എം. മാണിക്കു വേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഖണ്ഡം 2 (എ)-യ്ക്ക് ശേഷം (എ എ) ആയി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്:-

"(എഎ) ഉപദേശകബോർഡ് എന്നാൽ 8-ാം വകുപ്പു പ്രകാരം സർക്കാർ രൂപീകരിച്ച ഉപദേശക ബോർഡ് എന്നർത്ഥമാകുന്നു" എന്ന 119-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (സി)-യിൽ "പിന്തുണ നൽകുന്നതിനോ വേണ്ട" എന്ന വാക്കുകൾ മാറ്റി "പിന്തുണ നൽകുന്നതിനോ വേണ്ടി" എന്ന് ആക്കുക എന്ന 128-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. എ. എം. ആരിഫ് നോട്ടീസ് നൽകിയ ഖണ്ഡം 2 (ഡി)-യിൽ "കുട്ടികൾ അല്ലെങ്കിൽ സഹോദരങ്ങളും" എന്നതിനുപകരം "കുട്ടികളോ സഹോദരങ്ങളോ അല്ലെങ്കിൽ" എന്നും "രക്തബന്ധമുള്ളവരും" എന്ന വാക്കിനു പകരം

LIBRARY ARCHIVES Kerala Legislative Assembly

"രക്തബന്ധമുള്ളവരോ"എന്നും ചേർക്കുക എന്ന 137-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഖണ്ഡം 2 (ജി)-യിൽ "വന്യജീവി സംരക്ഷണവുമായി" എന്നതിനുപകരം "വന്യജീവികളുടെയോ സംരക്ഷണവുമായി" എന്ന് ചേർക്കുക എന്ന 167-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (ആർ)-ൽ "സ്ഥാപനമോ" എന്ന വാക്കിന് പകരം "സ്ഥാപനം" എന്ന് ചേർക്കുക എന്ന 255-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഖണ്ഡം 2 (എച്ച്)-ലെ "ശാസ്ത്രീയപരമായതോ" എന്നതിന് പകരം "ശാസ്ത്രീയമായതോ" എന്ന് ചേർക്കുക എന്ന 173-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. എം. എ. വാഹീദ് നോട്ടീസ് നൽകിയ 178-ാം നമ്പർ ഭേദഗതി, അതായത് ഖണ്ഡം 2 (ഐ)-യിൽ "സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിലെയോ" എന്നതിനുപകരം "സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിനോ" എന്നും "സംഭരിക്കുകയോ" എന്നതിനുപകരം "സംസ്ക്കരിച്ചെടുക്കുകയോ സംഭരിക്കുകയോ"എന്നും ചേർക്കുക എന്നത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഖണ്ഡം 2 (ഒ) (ii) -ൽ "രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ" എന്നതിനു പകരം "ഒന്നിലധികം വ്യത്യസ്ത സംഭവങ്ങളിൽ" എന്നു ചേർക്കുക എന്ന 228-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിച്ച 107-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 119, 128 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. എ. വാഹീദ് നോട്ടീസ് നൽകിയ 178-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചു.

ശ്രീ. എ. എം. ആരിഫ് നോട്ടീസ് നൽകിയ 137-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 167, 255 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 108, 121, 145, 172, 190, 204, 226, 238, 253, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 112, 132, 153, 154, 191, 210, 240, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 113, 122, 151, 199, 212, 229, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 115, 138, 149, 158, 202, 247 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 118, 156, 157, 160, 161, 162, 177, 215, 231, 236, 258 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 120, 127, 144, 183, 184, 222, 225, 254, 262 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 123, 170, 201, 251, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 124, 131, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 125, 180, 214 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 133, 171, 188, 200, 257, 268 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 139, 198, 234 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 152, 267 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. കെ. വി. തോമസ് അവതരിപ്പിച്ച 155, 206, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 3-(3)ൽ "സാമഗ്രികൾ" എന്ന വാക്കിനുപകരം "രേഖകളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 276, 305 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

276. ഖണ്ഡം 3-ൽ "തടങ്കൽ" "തടങ്കലിൽ" എന്നീ വാക്കുകൾക്കു മുന്നിൽ "കരുതൽ" എന്ന വാക്കു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

305. ഖണ്ഡം 3 (3)-ൽ "ഗസറ്റിലെ അവധി ദിവസങ്ങൾ ഒഴിച്ച്" എന്നതിന് പകരം "പൊതു അവധി ദിവസങ്ങൾ ഒഴിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ 284, 294, 300 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 3 (1)-ൽ "അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ" എന്നതിനുപകരം "അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥനോ" എന്നു ചേർക്കുക.

294. ഖണ്ഡം 3 (3)-ൽ "അധികാരപ്പെടുത്തിയ" എന്നതിനുപകരം "അധികാരപ്പെടുത്തപ്പെട്ട" എന്നു ചേർക്കുക.

300. ഖണ്ഡം 3 (3)-ൽ "12 ദിവസത്തിലധികം കാലം" എന്നതിന് പകരം "ഏഴ് ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ 285, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 3 (1)-ൽ "ആവശ്യമാണെന്ന" എന്നതിനുപകരം "അനിവാര്യമാണെന്ന്" ചേർക്കുക.

303. ഖണ്ഡം 3 (3)-ൽ "12 ദിവസത്തിലധികം കാലം" എന്നതിന് പകരം "പന്ത്രണ്ട് ദിവസക്കാലത്തിനകം" എന്ന് ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ 288, 301 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3(2)-ൽ "വിനിർദ്ദേശിക്കാവുന്ന" എന്നതിനുശേഷം "ഒരു മാസത്തിലധികമാകാത്ത" എന്നു ചേർക്കുക.

301. ഖണ്ഡം 3 (3)-ൽ "12 ദിവസത്തിലധികം കാലം" എന്നതിന് പകരം "പത്ത് ദിവസക്കാലത്തിനകം" എന്ന് ചേർക്കുക.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ 289-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 3 (2)-ൽ "വിനിർദ്ദേശിക്കാവുന്ന" എന്നതിനുശേഷം "രണ്ടുമാസത്തിലധികമാകാത്ത എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 290-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3 (2)-ൽ "വിനിർദ്ദേശിക്കാവുന്ന" എന്നതിനുശേഷം "മൂന്നുമാസത്തിലധികമല്ലാത്ത" എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ 295-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 3 (3)-ൽ "ഉത്തരവിന്റെ പകർപ്പും ഉപോത്ബലകമായ സാമഗ്രികളും" എന്നീ വാക്കുകൾക്ക് പകരം "ഉത്തരവിന്റെ പകർപ്പും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

ആധാരമാക്കിയ തെളിവുകളും ഉപോത്ബലകമായ സാമഗ്രികളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ശക്തൻ: സർ, ഞാൻ 283, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 3 (1)-ൽ "അറിയപ്പെടുന്ന റൗഡിയുടെയോ" എന്നതിനു പകരം "റൗഡിയുടെയോ അറിയപ്പെടുന്ന റൗഡിയുടെയോ" എന്ന് ചേർക്കുക.

299. ഖണ്ഡം 3 (3)-ൽ "അതിനകം" എന്നത് നീക്കം ചെയ്യുക.

ശ്രീ. കെ. ബാബു: സർ, ഞാൻ 304-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 3 (3)-ൽ "ഗസറ്റിലെ അവധി ദിവസങ്ങൾ ഒഴിച്ച്" എന്നതിന് പകരം "ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അവധി ദിവസങ്ങൾ ഒഴികെ" എന്ന് ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയ, ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകത്തിനുശേഷം "(1)" എന്ന് ചേർക്കുക എന്ന 277-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ഭേദഗതികൾ അംഗീകരിച്ച് 3-ാം വകുപ്പ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിച്ച 274, 277 എന്നീ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 284, 294, 300 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 285, 303 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 288, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 283, 299 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 307-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 4-ൽ "കേരള സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും ഒരു തടങ്കൽ ഉത്തരവ് നടപ്പിലാക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "ഇന്ത്യയിൽ ഏതൊരു സ്ഥലത്തും ഒരു കരുതൽ തടങ്കൽ ഉത്തരവ് നടപ്പാക്കുന്നതിലേയ്ക്ക് കരുതൽ തടങ്കൽ ഉത്തരവിൽ പറയുന്ന വ്യക്തിയെ അറസ്റ്റ് ചെയ്ത് ഉത്തരവിൽ പറയുന്ന കരുതൽ തടങ്കൽ സ്ഥലത്ത് പാർപ്പിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തടങ്കൽ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ചാണ് 4-ാം വകുപ്പ്. ഇതുസംബന്ധിച്ച് ഇപ്പോഴുള്ളതിൽനിന്ന് മാറ്റംവരുത്തേണ്ട ആവശ്യമില്ല. അതുകൊണ്ട് ഭേദഗതി സ്വീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 308-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 5-ൽ "തടങ്കൽ" എന്ന വാക്ക് എവിടെയെല്ലാം ഉണ്ടോ അതിനുപകരം അവിടെയെല്ലാം "കരുതൽ തടങ്കൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 5-ാം വകുപ്പ് തടങ്കലിലുള്ള സ്ഥലങ്ങൾ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അടിസ്ഥാനപരമായ മാറ്റം വരുത്തേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.



LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 6-ൽ 2-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്,-

"1-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻ കീഴിൽ ഏതെങ്കിലും ആളിനെതിരെ റിപ്പോർട്ട് നൽകപ്പെടുമ്പോൾ അയാൾക്കെതിരെയുള്ള തടങ്കൽ ഉത്തരവ് മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഒരു വാറണ്ടിനു സമാനമായി പരിഗണിച്ച് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2) 82, 83, 84, 85, 86 വകുപ്പുകളിലെ വ്യവസ്ഥകൾ അയാൾക്കും അയാളുടെ സ്വത്തിനും എതിരെ ബാധകമായിരിക്കും."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 311-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 6 (1)(ബി)-യിൽ "ഗസറ്റിൽ" എന്നതിനുശേഷം "സംസ്ഥാനത്ത് വ്യാപകപ്രചാരമുള്ള രണ്ടു പത്രങ്ങളിലോ" എന്നു ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 313-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 6 (2)-ൽ "വ്യവസ്ഥകൾ അയാൾക്കും അയാളുടെ സ്വത്തിനും എതിരെ മജിസ്ട്രേറ്റ് അയാൾക്കെതിരെ പുറപ്പെടുവിച്ച ഒരു വാറണ്ട്പോലെ തടങ്കൽ ഉത്തരവ് ബാധകമായിരിക്കും" എന്ന വാക്കുകൾക്കു പകരം "വ്യവസ്ഥകൾ കഴിയുന്നിടത്തോളം പാലിച്ചുകൊണ്ട് അയാൾക്കും അയാളുടെ സ്വത്തിനും എതിരെ അധികാരപ്പെട്ട ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ 315-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 6(3)-ൽ "സാദ്ധ്യമല്ലാതാക്കിത്തീർത്ത കാരണങ്ങളും അയാൾ എവിടെയായിരുന്നുവെന്നും" എന്നീ വാക്കുകൾക്കു പകരം "സാദ്ധ്യമല്ലാതാക്കിത്തീർത്ത കാരണങ്ങളും സാഹചര്യങ്ങളും അയാൾ എവിടെയായിരുന്നുവെന്നും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ 318-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 6 (3)-ൽ "അയാൾ കുറ്റസ്ഥാപനത്തിൻമേൽ രണ്ടുവർഷക്കാലം" എന്നീ വാക്കുകൾക്ക് പകരം "അയാൾ കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷക്കാലം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ 320, 323, 324 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

320. ഖണ്ഡം 6 (3)-ൽ "രണ്ടു വർഷക്കാലം വരെയാകുന്ന" എന്നതിനുപകരം "ഒരു വർഷക്കാലം വരെയാകാവുന്ന" എന്നു ചേർക്കുക.

323. ഖണ്ഡം 6 (3)-ൽ "അല്ലെങ്കിൽ പിഴക്കോ" എന്നതിനു പകരം "അല്ലെങ്കിൽ രണ്ടായിരം രൂപവരെയാകാവുന്ന പിഴക്കോ" എന്നു ചേർക്കുക.

324. ഖണ്ഡം 6 (3)-ൽ പിഴക്കോ രണ്ടിനും കൂടിയോ" എന്നതിനുപകരം "പിഴക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്നു ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ 321-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 6 (3)-ൽ "രണ്ടു വർഷക്കാലം" എന്നതിനു പകരം "പത്തുമാസക്കാലം" എന്നു ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ 322-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

322. ഖണ്ഡം 6 (3)-ൽ "അല്ലെങ്കിൽ പിഴക്കോ" എന്നതിനു പകരം "ആയിരം രൂപവരെയാകാവുന്ന പിഴക്കോ" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു; മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 320, 323, 324 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.



LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 325, 327 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

325. ഖണ്ഡം 7-ൽ "തടങ്കൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം "കരുതൽ തടങ്കൽ" എന്നു ചേർക്കുക.

327. ഖണ്ഡം 7-ൽ "ഒരു തടങ്കൽ ഉത്തരവ് അനുസരിച്ച് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ" എന്ന വാക്കുകൾക്ക് പകരം "ഒരു കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുന്നതിലേക്ക് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 333-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 7 (2)-ൽ "പ്രസക്തമായ കഴിയുന്നത്ര" എന്നതിനുപകരം "പ്രസക്തമായതും ലഭ്യമായതുമായ" എന്നു ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ 337-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 7 (4)-ന്റെ ക്ളിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ: സർ, ഞാൻ 338, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 7 (4)-ന്റെ ക്ളിപ്ത നിബന്ധന താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"എന്നാൽ അപ്രകാരമുള്ള വെളിപ്പെടുത്തൽ ഏതെങ്കിലും രഹസ്യ സ്രോതസ്സിന്റെ അടയാളം വെളിപ്പെടുത്തുന്നതോ അല്ലെങ്കിൽ ആഭ്യന്തര സുരക്ഷയുടേയോ ദേശീയ സുരക്ഷയുടേയോ താൽപ്പര്യത്തിന് വിപരീതമാകുന്നതോ ആണെങ്കിൽ അപ്രകാരമുള്ള സംഗതികൾ മാത്രം തടങ്കലിലാക്കപ്പെട്ട ആളോട് വെളിപ്പെടുത്തുന്നതിന് ഏതെങ്കിലും അധികാര സ്ഥാനത്തോട് ഈ വകുപ്പിലെ യാതൊന്നും ആവശ്യപ്പെടുന്നില്ല."

340. ഖണ്ഡം 7 (4)-ന്റെ കീഴിലുള്ള ക്ളിപ്ത നിബന്ധന ഉപഖണ്ഡം (2)-ന്റെ ഭാഗമാക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 7-ാം വകുപ്പ് തടങ്കൽ ഉത്തരവിന്റെ കാരണങ്ങൾ വെളിപ്പെടുത്തുന്നത് സംബന്ധിച്ചാണ്. അതിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിക്കപ്പെട്ടതിൽ രണ്ട് ഭേദഗതികൾ അംഗീകരിക്കേണ്ടതായുണ്ട്. ശ്രീ. ടി. എൻ. പ്രതാപന്റെ ഖണ്ഡം 7 (1)-ൽ "ഒരു ഉത്തരവിന്റെ" എന്നതിനുപകരം "ഉത്തരവിന്റെ" എന്നു

LIBRARY ARCHIVES Kerala Legislative Assembly

ചേർക്കുക എന്ന 329-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച ഖണ്ഡം 7 (4)-ന്റെ കീഴിലുള്ള ക്ളിപ്ത നിബന്ധന ഉപഖണ്ഡം (2)-ന്റെ ഭാഗമാക്കുക എന്ന 340-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 325, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജയരാജനുവേണ്ടി ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ 360-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

360. ഖണ്ഡം 8 (2)-ൽ "കൂടാതെ ഭാരതത്തിന്റെ ഭരണഘടന പ്രകാരം ഒരു ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് അർഹതയുള്ള മറ്റു രണ്ടംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്" എന്നതിനുപകരം "കൂടാതെ ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ഒരാളും ഗവൺമെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരാളും അംഗങ്ങളായിരിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ 361-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

361. ഖണ്ഡം 8 (2)-ൽ "കൂടാതെ" എന്ന വാക്കിന് ശേഷമുള്ള ഭാഗങ്ങൾ നീക്കം ചെയ്ത് താഴെപ്പറയും പ്രകാരം ചേർക്കുക. "പ്രതിപക്ഷ നേതാവിന്റെ സമ്മതത്തോടുകൂടി ഗവൺമെന്റ് നിയമിക്കുന്ന ഒരു ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജിയും ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളും അടങ്ങിയിരിക്കേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ 366-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

366. ഖണ്ഡം 8 (2)-ൽ "മറ്റ് രണ്ട് അംഗങ്ങളും" എന്നീ വാക്കുകൾക്ക് പകരം "മറ്റ് മൂന്ന് അംഗങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ 369-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 8 (2)-നുശേഷം (2 എ) ആയി താഴെപ്പറയുംപ്രകാരം ചേർക്കുക.

"(2 എ) ബോർഡിന്റെ നിയമനം ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്."

ശ്രീ. വർക്കല കഹാർ: സർ, ഞാൻ 370-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

370. ഖണ്ഡം 8 (2)-നു ശേഷം (2എ) ആയി താഴെപ്പറയും പ്രകാരം ചേർക്കുക.

"(2 എ) ബോർഡിനെ ഗവൺമെന്റ് നിയമിക്കേണ്ടതാണ്."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 371-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 8 (2) താഴെപ്പറയും പ്രകാരം തിരുത്തിയെഴുതുക.

"(2) അങ്ങനെയുള്ള ഓരോ ബോർഡിലും അഞ്ചംഗങ്ങൾ വീതമുണ്ടായിരിക്കുന്നതും അവരിൽ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള രണ്ടുപേരെ അംഗങ്ങളായി ഗവൺമെന്റും അപ്രകാരമുള്ള യോഗ്യതയുള്ള രണ്ടുപേരെ അംഗങ്ങളായി പ്രതിപക്ഷ നേതാവും നിയമിക്കേണ്ടതും ബോർഡിന്റെ ചെയർമാനെ പ്രതിപക്ഷ നേതാവിന്റെ അംഗീകാരത്തോടെ ഗവൺമെന്റും നിയമിക്കേണ്ടതാണ്."

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 375-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 8 ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തിരുത്തിയെഴുതുക.

"8. ഉപദേശക ബോർഡിന്റെ രൂപീകരണം"

(1) ഈ ആക്ടിൻ കീഴിൽ പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനും അതിന്മേലുള്ള പരാതികൾ പരിശോധിക്കുന്നതിനും പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനുമായി സർക്കാർ ഒന്നിലധികം ജില്ലയ്ക്കുവേണ്ടിയോ സംസ്ഥാനത്തിനു മുഴുവനും വേണ്ടിയോ ഒരു ഉപദേശക ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) സർക്കാരിന്റെ തീരുമാനപ്രകാരം ഉപദേശക ബോർഡിൽ ചെയർമാൻ ഉൾപ്പെടെ മൂന്നിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ബോർഡിലെ അംഗങ്ങളെ ഭാഗിക സമയ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

(3) ചെയർമാനായി നിയമിക്കപ്പെടുന്ന ആൾ സുപ്രീം കോടതി ജഡ്ജിയായോ ഹൈക്കോടതി ജഡ്ജിയായോ ഉദ്യോഗം വഹിച്ചിരുന്ന ഒരാൾ ആയിരിക്കേണ്ടതും സംസ്ഥാന നിയമസഭാ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷ നേതാവുമായും സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുമായും ആലോചിച്ച് മുഖ്യമന്ത്രി നിയമിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) അംഗങ്ങളായി നിയമിക്കപ്പെടുന്ന ആൾ ജില്ലാ ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാളായിരിക്കേണ്ടതും സംസ്ഥാന നിയമസഭയുടെ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷ നേതാവുമായും സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുമായും കൂടിയാലോചിച്ച് മുഖ്യമന്ത്രി നിയമിക്കേണ്ടതുമാണ്.

എന്നാൽ ഒരു സിറ്റിംഗ് ജഡ്ജിയെ ബോർഡിലെ അംഗമായി നിയമിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിക്കേണ്ടതാണ്.

(5) ചെയർമാന്റെയോ അംഗത്തിന്റേയോ ഒഴിവ് ഉണ്ടായ തീയതിക്ക് തൊട്ടു മുമ്പുള്ള അഞ്ച് വർഷക്കാലയളവിൽ എപ്പോഴെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിലെ അംഗമായിരുന്ന ഒരാൾക്ക് ഉപദേശക ബോർഡിന്റെ ചെയർമാനായോ അംഗമായോ നിയമിക്കപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(6) ഉപദേശക ബോർഡിന്റെ ചെയർമാനായോ അംഗമായോ നിയമിക്കപ്പെടുന്ന ഒരാൾ താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

എന്നാൽ ചെയർമാനോ അംഗത്തിനോ മുഖ്യമന്ത്രിക്ക് സംബോധന ചെയ്ത് സ്വയം എഴുതിയതും മുദ്രയുമായി ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരം ചെയർമാന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് പുതിയ നിയമനംമൂലം നികത്താവുന്നതും അങ്ങനെ നിയമിക്കപ്പെട്ട ചെയർമാനോ അംഗത്തിനോ ആരുടെ സ്ഥാനത്തേയ്ക്കാണോ താൻ നിയമിക്കപ്പെട്ടത് ആ ചെയർമാനോ അംഗമോ സ്ഥാനം വഹിക്കുമായിരുന്ന ശേഷിക്കുന്ന കാലത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്.

(8) ഉപദേശക ബോർഡിന്റെ ചെയർമാനും അംഗങ്ങളും നൽകേണ്ട വേതനവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 8-ാം വകുപ്പ് ഉപദേശക ബോർഡിന്റെ രൂപീകരണം സംബന്ധിച്ചാണ്. മുമ്പത്തെ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന അമെന്റ്മെന്റിൽ ഉപദേശക സമിതിയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തന്നെയാണ് ഇവിടെയും ഉൾപ്പെടുത്തിയിരിക്കുന്നത്. അന്നത്തെ ഓർഡിനൻസിൽ ഇങ്ങനെയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. ബാബുപ്രസാദ് അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

1.00 p.m.] ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ.തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 376-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 9-ൽ 'തടങ്കൽ ഉത്തരവ്' എന്നതിന് പകരം 'കരുതൽ തടങ്കൽ' ഉത്തരവ് എന്നുചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ 377-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 9-ൽ "സർക്കാർ ഒരാളെ തടങ്കലിൽ വച്ച തീയതി മുതൽ മൂന്ന് ആഴ്ചക്കുള്ളിൽ" എന്നതിനുപകരം "സർക്കാർ ഒരാളെ തടങ്കലിൽ വച്ച തീയതി മുതൽ രണ്ട് ആഴ്ചക്കുള്ളിൽ" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പ്രസ്തുത വകുപ്പിൽ 'ഉപദേശക സമിതി' എന്നത് 'ഉപദേശക ബോർഡ്' എന്നാക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. മുകളിൽ ഉപദേശക ബോർഡ് എന്നും താഴെ ഉപദേശക സമിതിയെന്നും വന്നതുകൊണ്ട് ഒരു വ്യക്തത വരുത്താൻ ഉപദേശക ബോർഡ് എന്നാക്കി മാറ്റുന്നതാണ് നല്ലത്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ 385, 386 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ഒരു വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

385. ഖണ്ഡം 10-ൽ 1-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"10. ഉപദേശക ബോർഡിന്റെ നടപടിക്രമവും തുടർനടപടികളും":-

(1) മേൽപ്പറഞ്ഞ വകുപ്പിൻ കീഴിൽ ഒരു റഫറൻസ് നൽകപ്പെട്ടിട്ടുള്ള ഉപദേശക സമിതിക്ക് പ്രസ്തുത റഫറൻസും അതിനു മുമ്പാകെ സമർപ്പിക്കപ്പെട്ട വസ്തുതകളും പരിശോധിച്ച ശേഷവും അതിനാവശ്യമെന്നു തോന്നുന്ന മറ്റ് കൂടുതൽ വിവരങ്ങൾ സർക്കാരിൽ നിന്നോ സർക്കാർ മുഖേന ഈ ആവശ്യത്തിലേയ്ക്കായി വിളിച്ചുവരുത്തപ്പെടുന്ന മറ്റേതെങ്കിലും വ്യക്തിയിൽ നിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ആവശ്യപ്പെട്ടും അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അതിനു തോന്നുന്ന പക്ഷമോ അല്ലെങ്കിൽ ബന്ധപ്പെട്ട വ്യക്തി പറയാനുള്ളത് നേരിട്ടു കേൾക്കണമെന്ന് താൽപ്പര്യപ്പെടുമ്പോഴോ പ്രസ്തുത വ്യക്തിയെ നേരിട്ടു കേട്ടതിനു ശേഷവും ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വയ്ക്കേണ്ടതിന് മതിയായ കാരണം ഉണ്ടോ ഇല്ലയോ എന്ന അതിന്റെ അഭിപ്രായം ഒരു പ്രത്യേക ഖണ്ഡികയായി വ്യക്തമാക്കിക്കൊണ്ട് അതിന്റെ റിപ്പോർട്ട് തയ്യാറാക്കേണ്ടതും, ആയത് ബന്ധപ്പെട്ട വ്യക്തിയെ തടങ്കലിൽ വച്ച ദിവസം മുതൽ ഒൻപത് ആഴ്ചകൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

386. ഖണ്ഡം 10 ന്റെ (4)-ാം ഉപഖണ്ഡത്തിൽ "ഉറപ്പാക്കേണ്ടതും" എന്ന വാക്കിനു പകരം "സ്ഥിരീകരിക്കേണ്ടതും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10-ാം വകുപ്പിൽ വരുന്ന "ഉപദേശക സമിതി" എന്നത് "ഉപദേശക ബോർഡ്" എന്നാക്കണമെന്ന വാക്കാൽ ഭേദഗതിയും ഞാൻ അവതരിപ്പിക്കുന്നു. മെമ്പർമാരുടെ ഭാഗത്തുനിന്ന് വരാത്തതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. കെ. എം. മാണിക്കു വേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 387, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

387. ഖണ്ഡം 10 (1)-ൽ "മേൽപ്പറഞ്ഞ വകുപ്പിൽ" എന്നവാക്കുകൾക്ക് പകരം "9-ാം വകുപ്പിൽ" എന്നുചേർക്കുക.

410. ഖണ്ഡം 10(4) വകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂടി ചേർക്കുക.

"(5) ഉപദേശകബോർഡിന്റെ മുൻപാകെയുള്ള ഏതൊരു നടപടിയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ാം വകുപ്പിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

228-ാം വകുപ്പിന്റെയും അർത്ഥപരിധിയിൽ വരുന്ന നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതാണ്.

(6) ഉപദേശകബോർഡിന്റെ സിറ്റിംഗ് നടത്തുവാനുള്ള സ്ഥലവും സമയവും നിശ്ചയിക്കുവാനും പരസ്യമായോ സ്വകാര്യമായോ കൂടേണ്ടതെന്ന് തീരുമാനിക്കുവാനും ഉൾപ്പെടെയുള്ള അതിന്റെ സ്വന്തം നടപടിക്രമങ്ങൾ ക്രമീകരിക്കുവാൻ അതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്".

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ 392, 395, 399, 403 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 10 (1)-ൽ ''ഒമ്പത് ആഴ്ചകൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്" എന്നതിനുപകരം "അഞ്ച് ആഴ്ചകൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

395. ഖണ്ഡം 10 (2)-ൽ "അസാധുവാകുന്നതല്ല" എന്നതിനുമുമ്പ് ഒരംഗം ഹാജരായില്ലെങ്കിലും എന്നതിനുപകരം "രണ്ട് അംഗങ്ങളെങ്കിലും ഹാജരില്ലെങ്കിൽ" എന്നു ചേർക്കുക.

399. ഖണ്ഡം 10 (3)-ൽ "യാതൊരു കാര്യത്തിനും ഒരു അഭിഭാഷകൻ മുഖേന ഹാജരാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും" എന്ന ഭാഗം ഒഴിവാക്കുക.

403. ഖണ്ഡം 10 (3)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

ശ്രീ. എൻ. ശക്തൻ: സർ, ഞാൻ 394-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

394. ഖണ്ഡം 10 (2)-ൽ "അത്തരം അംഗങ്ങളിൽ" എന്നത് നീക്കം ചെയ്യുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ 396-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 10 (2)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

''എന്നാൽ ബോർഡിന്റെ യോഗത്തിൽ രണ്ട് അംഗങ്ങൾ മാത്രം പങ്കെടുക്കുകയും അവർക്കിടയിൽ അഭിപ്രായവ്യത്യാസംമൂലം യോജിച്ച തീരുമാനത്തിൽ എത്താൻ കഴിയാതെ വരുകയും ചെയ്താൽ തീരുമാനം മാറ്റി വയ്ക്കേണ്ടതും മുഴുവൻ അംഗങ്ങളും പങ്കെടുക്കുന്ന യോഗത്തിൽ ഭൂരിപക്ഷപ്രകാരം തീരുമാനിക്കേണ്ടതുമാണ്".

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ 406-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

406. ഖണ്ഡം 10 (4)-ൽ ''അതിന് യുക്തമെന്നുതോന്നുന്ന കാലയളവിലേയ്ക്ക്" എന്നതിനുപകരം "മൂന്നു മാസത്തിലധികമായ കാലയളവിലേയ്ക്ക്" എന്നുചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ 407-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

407. ഖണ്ഡം 10 (4)-ൽ "അതിനു യുക്തമായ കാലയളവിലേയ്ക്ക്" എന്നതിന് പകരം "ഒരു നൂറു ദിവസത്തിലധികമാകാത്ത കാലയളവിലേയ്ക്ക്" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 385, 386 എന്നീ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കു വേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 387, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 392, 395, 399, 403 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 411-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 11 താഴെപ്പറയും പ്രകാരം തിരുത്തി എഴുതുക.

"സംശയങ്ങളുടെ നിവാരണം:- ഈ ആക്ട് പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥന്റെ പ്രാദേശിക അധികാരപരിധിക്ക് പുറത്താണ്, കരുതൽതടങ്കലിലാക്കപ്പെട്ട വ്യക്തി സാധാരണ താമസിച്ചിരുന്നതെന്നോ അല്ലെങ്കിൽ ആ വ്യക്തിയെ കരുതൽ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നതെന്നോ കാരണത്താൽ മാത്രം അത്തരം കരുതൽ തടങ്കൽ ഉത്തരവ് അസാധുവോ പ്രാവർത്തികമാകാത്തതോ ആകുന്നില്ല".

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 413, 414 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

413. ഖണ്ഡം 12-ൽ "(1)" എന്ന അക്കവും ബ്രാക്കറ്റും നീക്കം ചെയ്യുക.

414. ഖണ്ഡം 12-ൽ "തടങ്കൽ" "തടങ്കലിൽ" എന്നീ വാക്കുകൾക്കു പകരം യഥാക്രമം "കരുതൽ തടങ്കൽ" "കരുതൽ തടങ്കലിൽ" എന്നീ വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 414-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 414-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 419, 420 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

419. ഖണ്ഡം 13-ന്റെ (1)-ഉം (2)-ഉം ഉപഖണ്ഡങ്ങളിൽ "തടങ്കൽ ഉത്തരവ്" "തടങ്കൽ ഉത്തരവിന്റെ" എന്ന വാക്കുകൾക്കുപകരം "കരുതൽ തടങ്കൽ ഉത്തരവ്" "കരുതൽ തടങ്കൽ ഉത്തരവിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

420. ഖണ്ഡം 13 (1)-ൽ "റദ്ദ് ചെയ്യാവുന്നതോ" എന്നതിനുപകരം "രേഖപ്പെടുത്തിയ കാരണങ്ങളാൽ റദ്ദ് ചെയ്യാവുന്നതോ" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 13-ാം വകുപ്പ് ഉത്തരവ് റദ്ദ് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദമാക്കുന്നതാണ്. ഇതിൽ ഇപ്പോഴുള്ളത് മതിയാകുന്നതാണ്. അതുകൊണ്ട് ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 419, 420 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 427-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

427. ഖണ്ഡം 14-ലെ "തടങ്കലിൽ വയ്ക്കാനുള്ള" എന്നതിനുപകരം "ഉപദേശക ബോർഡുമായി ആലോചിച്ച് രേഖപ്പെടുത്തിയ കാരണങ്ങളാൽ കരുതൽ തടങ്കലിൽ വയ്ക്കാനുള്ള" എന്ന് ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പതിനാലാം വകുപ്പ് തടങ്കലിലുള്ള ആളുകളെ താൽക്കാലികമായി മോചിപ്പിക്കണമെങ്കിൽ അതിനുള്ളൊരു അധികാരം സ്വീകരിച്ചിട്ടുള്ളതാണ്. അതിന് നിലവിലുള്ളത് മതിയാകുന്നതാണ്. അതുകൊണ്ട് ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 434, 439, 444, 445, 446, 447, 451 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 15 (1)-ൽ "അയാളെ തടയുന്നതിനുള്ള ഉദ്ദേശത്തോടെ" എന്ന വാക്കുകൾക്കു പകരം "അയാളെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നത് തടയുന്നതിനും അത്തരം പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

439. ഖണ്ഡം 15 (1) (എ)-യിൽ "സന്ദർശിക്കുവാൻ പാടുള്ളതല്ല" എന്ന വാക്കുകൾക്കു പകരം "മുൻകൂട്ടിയുള്ള അനുമതിയില്ലാതെ സന്ദർശിക്കുവാനോ അവിടെ പ്രവേശിക്കുവാനോ പാടുള്ളതല്ല" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

444. ഖണ്ഡം 15 (1) (ബി)-യുടെ ക്ലിപ്ത നിബന്ധനയിൽ "പോലീസ് ഡയറക്ടർ ജനറൽ മുഖേന സർക്കാരിന്" എന്ന വാക്കുകൾക്ക് പകരം "പോലീസ് ഡയറക്ടർ ജനറൽ മുഖേന സർക്കാരിനും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്കും" എന്ന വാക്കുകൾ ചേർക്കുക.

445. ഖണ്ഡം 15 (2)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. "എന്നാൽ ഉപദേശക ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ ഒരു പകർപ്പ് പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ ജനറൽ മുഖേന സർക്കാരിനും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്കും അയച്ചുകൊടുക്കേണ്ടതാണ്".

446. ഖണ്ഡം 15 (3)-ൽ "അതിന് സ്വന്തമായി" എന്ന വാക്കുകൾക്ക് പകരം "അപേക്ഷയിൽമേലോ സ്വയമേയോ കാരണങ്ങൾ രേഖപ്പെടുത്തി" എന്ന വാക്കുകൾ ചേർക്കുക.

447. ഖണ്ഡം 15 (4)-ൽ "(1)-ാം ഉപവകുപ്പിൽ" എന്നതിന് പകരം (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ" എന്ന വാക്കുകളും അക്കങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുക.

451. ഖണ്ഡം 15 (4)-ൽ "ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ശിക്ഷയും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും നൽകാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. ജയരാജനു വേണ്ടി ശ്രീ. വി. ശശികുമാർ: സർ, ഞാൻ 448-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

448. ഖണ്ഡം 15 (4)-ൽ "മൂന്നു വർഷം" എന്നതിന് പകരം "ഒരു വർഷം" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പതിനഞ്ചാം വകുപ്പ് സംബന്ധിച്ച് നിലവിലുള്ള വകുപ്പിൽത്തന്നെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചില ആളുകൾ വേണമെങ്കിൽ ഒരു പ്രദേശത്ത് കടക്കുന്നതു നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം സംബന്ധിച്ചുള്ളതാണ്. അതുകൊണ്ട് നിലവിലുള്ള ക്ലാസിനകത്ത് ഉള്ളത് മതി എന്നാണ് സർക്കാരിന്റെ അഭിപ്രായം. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 434, 439, 444, 445, 446, 447, 451 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജനു വേണ്ടി ശ്രീ. വി. ശശികുമാർ അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ 453-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

453. ഖണ്ഡം 16-ൽ "3-ാം വകുപ്പ് അല്ലെങ്കിൽ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാൻ ഉത്തരവായിട്ടുണ്ട്" എന്ന വാക്കിന് പകരം

LIBRARY ARCHIVES Kerala Legislative Assembly

"3-ാം വകുപ്പ് പ്രകാരം തടങ്കലിൽ വയ്ക്കാനോ 15-ാം വകുപ്പ് പ്രകാരം സഞ്ചലന സ്വാതന്ത്ര്യം നിയന്ത്രിച്ചുകൊണ്ടോ ഉത്തരവ് ആയിട്ടുണ്ടെന്ന്" എന്ന് ചേർക്കുക.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ 455-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

455. ഖണ്ഡം 16-ൽ "മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷം വരെ ആകാവുന്നതുമായ" എന്നതിനുപകരം "ആറു മാസം വരെ ആകാവുന്നതുമായ" എന്നുചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 456-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 16-ൽ "ആയിരം രൂപ വരെയാകാവുന്ന" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തയ്യായിരം രൂപയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ശ്രീ. ടി. എൻ. പ്രതാപൻ നോട്ടീസ് നൽകിയ 452-ാം നമ്പർ ഭേദഗതി ഞാൻ ഒഫിഷ്യൽ അമെന്റുമെന്റായും, ഒരു വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

452. ഖണ്ഡം 16-ൽ "3-ാം വകുപ്പ് അല്ലെങ്കിൽ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാൻ" എന്നതിനു പകരം "3-ാം വകുപ്പ് അനുസരിച്ച് ഏതെങ്കിലും ആളിനെ തടങ്കലിൽ വയ്ക്കാനോ 15-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളിന്റെ സഞ്ചലനം നിയന്ത്രിക്കാനോ" എന്നു ചേർക്കുക.

പ്രസ്തുത വകുപ്പിൽ "തടവിൽ വയ്ക്കാൻ" എന്നത് "തടങ്കലിൽ വയ്ക്കാൻ" എന്ന് ഭേദഗതി ചെയ്യേണ്ടതാണ് എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബി. ബാബു പ്രസാദ് അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

17-ാം വകുപ്പ്

ശ്രീ. എൻ. ശക്തൻ: സർ, ഞാൻ 458-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം 17 (2)-ൽ "അധികാരപ്പെടുത്തിയ" എന്നതിനുപകരം "അധികാരപ്പെടുത്തപ്പെട്ട" എന്നു ചേർക്കുക.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 460-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 17-ൽ (3)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്.

"(4) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) സെർച്ചും പിടിച്ചെടുക്കലും സംബന്ധിച്ച വ്യവസ്ഥകൾ, ആകാവുന്നിടത്തോളം (1)-ഉം (2)-ഉം ഉപവകുപ്പ് പ്രകാരമുളള സെർച്ചുകൾക്കും പിടിച്ചെടുക്കലുകൾക്കും ബാധകമാണ്".

"(5) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് എല്ലാ ആവശ്യങ്ങൾക്കും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം ആക്ട്) 93-ാം വകുപ്പ് അനുസരിച്ച് ഒരു കോടതി പുറപ്പെടുവിക്കുന്ന ഒരു വാറണ്ട് ആയി കരുതേണ്ടതാണ്".

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 461, 465 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

461. ഖണ്ഡം 18(1)-ൽ "ഈ ആക്ട് പ്രകാരം ഉത്തമവിശ്വാസത്തിൽ" എന്നതിനുപകരം "ഈ ആക്ടിൻ കീഴിൽ തന്റെ ഒദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉത്തമവിശ്വാസത്തോടെ" എന്നു ചേർക്കുക.

465. ഖണ്ഡം 18(4)-ൽ "ഏതെങ്കിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ഒരു പബ്ലിക് സർവെന്റ്" എന്നു ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ 462-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

462. ഖണ്ഡം 18 (3)-ൽ "ഏതൊരു പ്രവർത്തിക്കോ വീഴ്ചയ്ക്കോ" എന്നതിനുപകരം "ഏതൊരു പ്രവർത്തിക്കോ അതിൽ സംഭവിക്കുന്ന വീഴ്ചയ്ക്കോ" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നോട്ടീസ് നൽകിയ 466-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

466. ഖണ്ഡം 18 (4)-ൽ "ചെയ്താൽ" എന്നതിനുശേഷം "സാധാരണയുള്ള ശിക്ഷാ നടപടികൾക്കു പുറമെ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. എം. മാണിക്കുവേണ്ടി തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച 466-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 461-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 473-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

473. ഖണ്ഡം 19-ൽ "നൽകിയിട്ടുള്ള" എന്ന വാക്കിനു പകരം "പുറപ്പെടുവിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.



LIBRARY ARCHIVES Kerala Legislative Assembly

20-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 474-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 20-ന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കുക.

"20 ഉത്തരവുകൾ പുറപ്പെടുവിക്കുന്ന രീതി:- ഈ ആക്ട് പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അപ്രകാരം തീരുമാനം എടുത്ത അധികാരസ്ഥാനത്തിന്റെ സീലോടും ഒപ്പോടും കൂടിയുള്ളതായിരിക്കേണ്ടതാണ്".

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21 -ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 477-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം 21 (2)-ൽ "രൂപഭേദം വരുത്തുകയോ", "രൂപപ്പെടുത്തിയ രൂപത്തിൽ", "രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ", എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "ഭേദഗതി വരുത്തുകയോ", "ഭേദഗതി ചെയ്ത രൂപത്തിൽ", "ഭേദഗതി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ 478-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

478. ഖണ്ഡം 22 (2) - നു പകരം താഴെ പറയുന്നത് ചേർക്കുക.

"(2) അപ്രകാരം റദ്ദായിരുന്നാൽ തന്നെയും,

LIBRARY ARCHIVES Kerala Legislative Assembly

(i) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം പ്രസ്തുത ഓർഡിനൻസിൻ കീഴിലോ അതിൻകീഴിലുള്ള ചട്ടപ്രകാരമോ, ചെയ്ത ഏതെങ്കിലും പ്രവർത്തിയോ, കാര്യമോ, ഈ ആക്ടിലെ സമാനമായ വ്യവസ്ഥകൾക്ക് കീഴിൽ തുടരുകയും പൂർത്തീകരിക്കുകയും ചെയ്യാവുന്നതാണ്.

(ii) ഉപദേശക ബോർഡിൻ മുമ്പാകെ റദ്ദാക്കപ്പെട്ട ഓർഡിനൻസിൻ കീഴിൽ തീരുമാനിക്കപ്പെടാതെ കിടക്കുന്ന എല്ലാ റഫറൻസും അന്വേഷണ വിചാരണയും അന്വേഷണവും മറ്റ് നടപടികളും ഈ ആക്ടിൻ കീഴിൽ അതത് സംഗതിപോലെ രൂപീകരിച്ചു ഉപദേശക ബോർഡിന് മാറ്റം ചെയ്യപ്പെടാവുന്നതാണ്.

(iii) റദ്ദാക്കപ്പെട്ട ഓർഡിനൻസ് പ്രകാരം ചെയ്തതോ അഥവാ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഗതിയോ അല്ലെങ്കിൽ എടുത്തതോ അഥവാ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്".

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. മുരളി: സർ, ഞാൻ 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

106. ഖണ്ഡം 1 (1) -ൽ "(തടയൽ)" എന്നതിനു പകരം "(തടയലും നിയന്ത്രിക്കലും)" എന്നു ചേർക്കുക.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭേദഗതി സ്വീകാര്യമല്ല. അത് അത്യാവശ്യമുള്ള ഒരു ഭേദഗതി അല്ല. നിലവിലുള്ളത് തന്നെ മതിയാകും.

ശ്രീ. എം. മുരളി അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് മാഫിയകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെട്ടു വരികയാണ്. പ്രത്യേകിച്ച് ക്രിമിനൽ കുറ്റങ്ങളും അതുപോലെ തന്നെ വർദ്ധിച്ചുവരുന്നു. അത്തരം മാഫിയകൾ പിടിമുറുക്കികൊണ്ടിരിക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിലാണ് യു.ഡി.എഫ്.-ന്റെ കാലത്ത് തന്നെ ഓർഡിനൻസിലൂടെ ഇതിനൊരു നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റ് കുറച്ച് കാലതാമസം വന്നെങ്കിലും ഈ നിയമം കൊണ്ടുവന്നത് വളരെ സ്വാഗതാർഹമാണ്. അതോടൊപ്പം തന്നെ പ്രായോഗികമായി നടപ്പാക്കുമ്പോൾ ഇതിന്റെ യഥാർത്ഥ സ്പിരിറ്റിൽ നിന്നുകൊണ്ട് നടപ്പാക്കാനും ദുരുപയോഗപ്പെടുത്താതിരിക്കാനും മുൻകരുതൽ ആവശ്യമാണ്. മലപ്പുറം ജില്ലയിൽ ഉണ്ടായ ഒരു സംഭവം ഞാൻ ആവർത്തിക്കുന്നില്ല. പ്രത്യേകിച്ച് ദുരുപയോഗപ്പെടുത്താതിരിക്കാനും രാഷ്ട്രീയ പ്രതിയോഗികളെ കൈകാര്യം ചെയ്യുന്നതിന് ഉപയോഗിക്കാതിരിക്കാനുമുള്ള ജാഗ്രത ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു വളരെ പ്രസക്തമായ കാര്യമാണ് ഇവിടെ പറഞ്ഞത്. മാഫിയകളുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് തടയാൻ ഫലപ്രദമായ ഒരു നിയമനിർമ്മാണം വേണം. അതുകൊണ്ടാണ് ഇത്തരത്തിൽ ഒരു സ്പെഷ്യൽ ആക്ട് കൊണ്ടുവരണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് ഈ കാര്യം കൈകാര്യം ചെയ്യാൻ സന്നദ്ധമായത്. മാത്രമല്ല മനുഷ്യാവകാശ പ്രവർത്തകരെ ഇത്തരം ഒരു തടങ്കലിൽ വയ്ക്കുമ്പോൾ സ്വാഭാവികമായും വലിയ പ്രതിഷേധം ഉണ്ടാകേണ്ട വിഷയമാണ്. പക്ഷേ കുറെയധികം മുൻകരുതൽ സ്വീകരിച്ചതിന്റെ ഫലമായി, ദുരുപയോഗപ്പെടുത്താൻ പഴുതില്ലാതെ കുറെ കാര്യങ്ങൾ വ്യവസ്ഥപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഇതിന് പൊതു അംഗീകാരം നേടിയെടുക്കാൻ സാധിച്ചത്. അതുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞു, ഇത് ദുരുപയോഗം ചെയ്യുന്ന സ്ഥിതിവിശേഷം വന്നാൽ ഈ ആക്ട് ഇല്ലാതാകും. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻമാർ, ഇംപ്ളിമെന്റ് ചെയ്യുന്ന ആളുകൾ വളരെ കരുതലോടെ മാത്രമേ ചെയ്യാൻ പാടുള്ളൂ. എന്നാൽ അതേ സന്ദർഭത്തിൽ ഒരു പ്രദേശത്തെ സ്വൈരവിഹാരത്തിന് ഭീഷണി ഉയർത്തുന്ന ഒരു ഗുണ്ടാ പ്രവർത്തനം നടത്തുന്ന ഒരാളേയോ രണ്ടാളെയോ മൂന്നാളെയോ ഇത്തരത്തിൽ തടങ്കലിൽ വയ്ക്കണമെന്നുണ്ടെങ്കിൽ അങ്ങനെ തടങ്കലിൽ വയ്ക്കാൻ ഇതുപ്രകാരം സാധിക്കും. സ്വൈരജീവിതത്തിന് ഭീഷണി ഉയർത്തുന്ന മാഫിയ പ്രവർത്തനം തടഞ്ഞു നിറുത്തുന്നതിനുള്ള ഒരു നടപടി എന്നുള്ള നിലയിലാണ് ഗവൺമെന്റ് ഈ നിയമത്തെ കാണുന്നത്. ഇപ്പോൾ 60 പേരെ ഈ നിയമമനുസരിച്ച് കസ്റ്റഡിയിലെടുത്ത് തടങ്കലിൽ വച്ചിട്ടുണ്ട്. അത് അഡ്വൈസറി ബോർഡ് പരിശോധിക്കുന്നുണ്ട്. എന്തെങ്കിലും പ്രത്യേകിച്ച് ഒരു കേസ് ഇതിലുണ്ടെങ്കിൽ ഗവൺമെന്റിന് ഇതിൽ ഇടപെടാവുന്നതാണ്. അതുകൊണ്ട് അത്തരം ഒരു ഇടപെടൽ ഇല്ലാതിരിക്കാനുള്ള എല്ലാ ജാഗ്രതയും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിരിക്കും. ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം കൂടി പൂർണ്ണമായി സഹകരിക്കണം. ഇതിന്റെ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ കെ. എം. മാണി, ശ്രീ. സി. ടി. അഹമ്മദ് അലി ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാർ നല്ലതുപോലെ സഹകരിക്കുകയുണ്ടായി. സഭയിൽ നല്ലരീതിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള എല്ലാ അംഗങ്ങൾക്കും ഞാൻ നന്ദി പറയുന്നു. ഇത് നടപ്പാക്കുന്ന സന്ദർഭത്തിൽ യാതൊരു ദുരുപയോഗപ്പെടുത്തലും ഇല്ലാതെ ചെയ്യാൻ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കും. രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായി ഇത്തരം കാര്യങ്ങൾ ഉപയോഗിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. അത്തരത്തിൽ ഒരവസ്ഥയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല എന്ന് ശ്രീ. ബാബുവിന് പൂർണ്ണമായും വിശ്വസിക്കാം എന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (2) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 അവതരണവും സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയവും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007 ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ ബിൽ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ ചുരുക്കി സംസാരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നു. കഴിഞ്ഞ 57, 58 വർഷങ്ങളായി കേരളത്തിൽ നിലവിലുള്ള തിരുവിതാംകൂർ-കൊച്ചി ദേവസ്വം ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ആക്ട് സ്വാതന്ത്ര്യത്തിനുശേഷം, കേരളപ്പിറവിക്കു മുമ്പ് തിരുവിതാംകൂർ കൊച്ചി രാജവാഴ്ചയുടെ കീഴിലായിരുന്നപ്പോൾ കേന്ദ്ര ഗവൺമെന്റും രാജപ്രമുഖനും തമ്മിൽ ഒപ്പു വച്ച കവനന്റ് പ്രകാരമാണ് അടിസ്ഥാന നിയമം നിലനിൽക്കുന്നത്. ഈ ഗവൺമെന്റ് വന്ന് ദേവസ്വം ഭരണങ്ങളിൽ കൂടുതൽ കാര്യക്ഷമത വരുത്താനും സംശുദ്ധമാക്കാനുമുള്ള ലക്ഷ്യത്തോടുകൂടി ഈ വർഷം ആദ്യം അവതരിപ്പിച്ച നിയമ ഭേദഗതിയിൽ തന്നെ കവനന്റ് ഭേദഗതി ചെയ്യാനുള്ള തീരുമാനം ഒന്നും അവതരിപ്പിച്ചിരുന്നില്ല. പക്ഷേ അതിൽ ചരിത്രത്തിലാദ്യമായി അഡ്മിനിസ്ട്രേറ്റീവ് നിയമനങ്ങൾ പി. എസ്. സി.-ക്ക് വിടാനുള്ള എനേബിളിംഗ് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. ആ വ്യവസ്ഥ പ്രകാരം ഇത് നടപ്പി

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്]

ലാക്കണമെങ്കിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന നിയമം നമ്മൾ ചർച്ച ചെയ്തു പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റൂളുകൾ ഉണ്ടാക്കുകയും ചെയ്തെങ്കിൽ മാത്രമേ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. കഴിഞ്ഞ ബോർഡിന്റെ കാലത്ത് ഗുരുതരമായ അഴിമതികൾ കാരണം നിയമനങ്ങൾ നടത്താനാകാത്ത വിധം കോടതിയും ബഹുജനപ്രക്ഷോഭവും ചേർന്ന് തടഞ്ഞിരിക്കുകയായിരുന്നു. നിയമനങ്ങളുമായി മുന്നോട്ടുപോകാതിരിക്കുന്നതാണ് നല്ലതെന്നുള്ള ഉപദേശം ഗവൺമെന്റ് നൽകിയിരുന്നു. ഒന്നര വർഷക്കാലമായി അവിടെ നിയമനങ്ങൾ നടക്കുന്നില്ല. ഈ നിയമം പാസ്സാക്കിയതിനുശേഷം മാത്രമേ അവിടെ നിയമനങ്ങൾ നടത്താൻ കഴിയൂ. നിലവിലുള്ള സമ്പ്രദായം 58 വർഷക്കാലത്തെ അനുഭവം വച്ച് പരിശോധിക്കുമ്പോൾ മൗലികമായ 7 തകരാറുകൾ ഇപ്പോഴുള്ള റിക്രൂട്ട്മെന്റ് വ്യവസ്ഥയിൽ കാണാവുന്നതാണ്. വളരെ ഗുരുതരമായ അഴിമതി ഹൈക്കോടതി തന്നെ പല തവണ ചൂണ്ടിക്കാണിച്ചിരുന്നു. അർഹതയില്ലാത്തവർ കടന്നു വരികയും അർഹതയുള്ളവരെ ഒഴിവാക്കുകയും ചെയ്യുന്നത് വലിയ തരത്തിൽ നടന്നു വന്നിരുന്നു. മൂന്നാമതായി ഭരണഘടനാപരമായ ബാധ്യത കൂടിയുള്ള സംവരണ തത്വങ്ങളൊന്നും നിയമനങ്ങളിൽ പാലിക്കാതിരിക്കുക, നിയമനങ്ങളിൽ കയറിപ്പറ്റുന്നവർ ദേവസ്വം ഫണ്ടുകൾ ചോർത്തിയെടുക്കാൻ താൽപ്പര്യമുള്ള ദേവസ്വം ഭരണാധികാരികൾക്കു കൂട്ടുനിൽക്കുകയും ജീവനക്കാരിൽ തന്നെ വലിയൊരു വിഭാഗം ദേവസ്വം ഫണ്ട് ചോർത്തിയെടുക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി ഭക്തജനങ്ങളിൽ വലിയ ചിന്താക്കുഴപ്പം ഉണ്ടാവുകയും ദേവസ്വം ബോർഡുകളിൽ അഴിമതിയാണെന്നുള്ള ഒരു 'കാഴ്ചപ്പാട് ഉണ്ടാവുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മലബാർ ദേവസ്വം ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അവിടെ അഡ്മിനിസ്ട്രേറ്റീവ് സൈഡിലേയ്ക്കുള്ള നിയമനങ്ങൾ എല്ലാം പി.എസ്.സി. തന്നെയാണ് നടത്തിവരുന്നത്. യാതൊരു അഴിമതി ആരോപണവും ഇവിടുത്തെ നിയമനങ്ങളെപ്പറ്റി ഇല്ലായെന്നുള്ളത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ഭരണഘടന പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട തുല്യാവകാശങ്ങളും സംവരണാവകാശങ്ങളും ഏതാണ്ട് പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള നിയമന രീതികളാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സുപ്രധാനമായ, ഭരണഘടനാപരവും ഭരണപരവും പ്രായോഗികവും സാമൂഹ്യ നീതിയുടെ തലത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് ചരിത്ര പ്രാധാന്യമുള്ള ഈ നിയമനിർമ്മാണം ഈ സഭയിൽ നടത്തിയതെന്ന് പറയാൻ സന്തോഷമുണ്ട്. തിരുവിതാകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി പട്ടികവർഗ്ഗത്തിന് അതിഭീകരമായ അവഗണനയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. അൻപത്തെട്ട് വർഷം ആയിട്ടും ഭരണഘടനയിൽ പറയുന്ന രീതിയിലുള്ള സംവരണം നടപ്പാക്കാൻ യാതൊരു നടപടികളും നാളിതുവരെ എടുക്കാൻ കഴിഞ്ഞിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ശതമാനം—അത് ക്ഷേത്രത്തിനകത്തെ പൂജാദി കർമ്മങ്ങൾ നിർവ്വഹിക്കുന്ന ആളുകളുടെ കാര്യമല്ല. അവിടെ ആരും ഉണ്ടെന്ന് തോന്നുന്നില്ല—എസ്റ്റാബ്ളിഷ്മെന്റ് വിഭാഗത്തിൽ വെറും 48 പേരാണ് 1025-ൽ, അതായത് 4.68 ശതമാനം ആണ് ഈ സ്വതന്ത്ര ഭാരതത്തിൽ, ജനാധിപത്യ കേരളത്തിൽ അൻപത്തെട്ട് വർഷമായി അവർക്ക് നൽകിയിട്ടുള്ളത്. ഇതിന് പരിഹാരം ഉണ്ടാക്കണമെന്ന് പറയുമെങ്കിലും സാധിച്ചിട്ടില്ല. ഏറ്റവും ഗുരുതരമായ ഭരണഘടനാ ലംഘനം തിരുത്താൻ നമ്മുടെ സഭയ്ക്ക് ഒരു അവസരം വന്നിരിക്കുകയാണ് എന്നുള്ളത് നമ്മൾക്കെല്ലാം കൂട്ടായി അഭിമാനിക്കാവുന്ന കാര്യമാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ ക്ഷേത്ര ജീവനക്കാരിൽ സ്ഥിരം ജീവനക്കാരെ എടുക്കുമ്പോൾ വെറും 3.63 ശതമാനമാണ് എസ്.സി/എസ്.ടി. വിഭാഗം. ഗവൺമെന്റ് നേരിട്ട് നിയന്ത്രിക്കുന്ന മലബാർ എച്ച്. ആർ. ആന്റ് സി. ഇ.-യിൽ പട്ടികജാതി/പട്ടികവർഗ്ഗം 20.15 ശതമാനം ഉണ്ട്. ഗവൺമെന്റ് ന്യായമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുകയും ഭരണഘടന പ്രകാരം അതിനെ സംരക്ഷിക്കുവാൻ ശ്രമിക്കുകയും ചെയ്യും. ഗവൺമെന്റ് ഇടപെടുമ്പോൾ, ഗവൺമെന്റ് ഇടപെടുന്നേ എന്ന് അകാരണമായി ബഹളം ഉണ്ടാക്കുന്നവർ അതീവ ഗുരുതരമായ സാമൂഹ്യ നീതി നിഷേധത്തെ മറച്ചുവയ്ക്കുകയും ചാതുർവർണ്ണ്യ സംസ്ക്കാരത്തിലധിഷ്ഠിതമായ നിമയനങ്ങൾ മാത്രമേ ദേവസ്വം ബോർഡിൽ നടക്കാവൂ എന്ന ഹിഡൻ അജൻഡ മറച്ചുവച്ചുകൊണ്ടുമാണ് ഇതെല്ലാം പ്രഖ്യാപിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇതെല്ലാവരും ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. അൻപത്തെട്ട് വർഷമായി നൂറുകണക്കിന് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ടതല്ലേ ഇത്? അതെല്ലാം നിഷേധിച്ചിരിക്കുകയാണ്. എങ്ങനെയാണ് ഇന്ന് അതെല്ലാം പൂർവ്വകാല പ്രാബല്യത്തോടെ കൊടുക്കാൻ പറ്റുക? സമുദായ സംഘടനകളെയെല്ലാം ഗവൺമെന്റ് അങ്ങേയറ്റം ബഹുമാനിക്കുന്നു. അവയെല്ലാം, സമൂഹത്തിന്റെ പൊതു താത്പര്യം പറയുമ്പോൾ, കേരള സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനത, ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷവും പട്ടികജാതി പട്ടികവർഗ്ഗക്കാരും പിന്നോക്ക സമുദായക്കാരുമാണ്. 75-80 ശതമാനത്തോളം ആളുകൾ, ഹിന്ദു ജനത, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ അംഗങ്ങളാണ്. അവർ ഇത്രയും കാലം അടങ്ങിയൊതുങ്ങി കഴിഞ്ഞതും ഇതെല്ലാം സഹിച്ചതും അവരുടെ കഴിവുകേടുകൊണ്ടോ ഇതെല്ലാം ആസ്വദിക്കുന്നവരുടെ കഴിവുകൊണ്ടോ അല്ല. ഇവിടെ ഒരു നിയമനിർമ്മാണ സഭയുണ്ട്, ഭരണഘടനയുണ്ട്. ഇന്നല്ലെങ്കിൽ നാളെ ഇതെല്ലാം ശരിയാകുമെന്നുള്ള പ്രതീക്ഷയിലാണ്. അത് ശരിയാക്കാനുള്ള ഒരു എളിയ പരിശ്രമമാണ് ഇവിടെ നടത്തുന്നത്. അതാതു കാലത്തെ ഗവൺമെന്റിന് മലബാർ ദേവസ്വങ്ങളിലെ നിയമനങ്ങളിൽ 20.15 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗത്തിനും അതിലേറെ 30 ശതമാനത്തോളം പിന്നോക്ക സമുദായത്തിനും കൊടുക്കാൻ കഴിഞ്ഞു. അതിനു കാരണം ഏത് ഗവൺമെന്റായാലും സാമൂഹ്യ നീതിയും ഭരണഘടനാ പരിരക്ഷയും ഉറപ്പാക്കാൻ കഴിയുന്നത് അവ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിയന്ത്രണത്തിലുള്ളതായതുകൊണ്ടാണ്. അഴിമതിയെപ്പറ്റി കൂടുതലായി ഒന്നും പറയുന്നില്ല. ഇവിടെ കേരള ഹൈക്കോടതി 2-1-07-ൽ പ്രഖ്യാപിച്ച ഒരു വിധിയിലെ അഴിമതിക്കണക്കിലെ ഒരു ഫിഗർ മാത്രം പറയാം. തിരുവിതാംകൂർ ദേവസ്വം ബോർഡ് വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ മാത്രം 85-90 ലക്ഷം രൂപ ചെലവഴിച്ചു. ലാൻസർ, ഫോർഡ് ഐക്കൺ, ടാറ്റാ-ഇൻഡിക കാറുകളും അവിടെ വാങ്ങി. ദേവസ്വം ഭരണാധികാരികൾ മന്ത്രിമാർക്കുപോലുമില്ലാത്ത സൗകര്യങ്ങളാണ് അവിടെ ഏർപ്പാട് ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ നിയമസഭ പാസ്സാക്കിയ നിയമപ്രകാരം സ്ഥിര വസതികൾ ആവശ്യമില്ല. ഡ്യൂട്ടി ബൗണ്ട് ആയിട്ടുള്ള, യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പേഴ്സിന് കിട്ടുന്ന പോലെ, ഡ്യൂട്ടിക്കുപോകുമ്പോൾ കാറുകൊണ്ടുപോകാം എന്ന റൂൾ ഉണ്ടാക്കി അയച്ചു. ആ റൂൾ എടുത്തുകളയാൻ വേണ്ടി ഒരുപാട് പരിശ്രമങ്ങൾ ദേവസ്വം ബോർഡിൽ നടക്കുന്നുവെന്നുള്ളതുകൊണ്ട് ഈ കുഴപ്പങ്ങളുടെ വേരറുക്കാൻ അത്ര വേഗം കഴിയുന്നതല്ല. അത് വളരെ ആഴത്തിലുള്ളതാണ്. ഇനിയും കഠിന പരിശ്രമം വേണ്ടിവരും. ഇനിയും നിയമനിർമ്മാണങ്ങളും ഭേദഗതികളും വേണ്ടിവരും. എന്നാൽ ഇതുപോലെയുള്ള കാര്യങ്ങൾ ഈ ബോർഡ് വന്നശേഷം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റീസ് ശ്രീ. ബാലിയും ജസ്റ്റിസ് ശ്രീ. രാമചന്ദ്രനും ജസ്റ്റിസ് ശ്രീ. സ്വാമിനാഥനുമടക്കമുള്ള ഡിവിഷൻ ബെഞ്ച് പറഞ്ഞത് ഒരിക്കലും എടുക്കാൻ പാടില്ലാത്ത ദേവസ്വം ഫണ്ടിൽ നിന്ന് സെക്ഷൻ 25 വയലേറ്റ് ചെയ്ത് 60 കോടി രൂപ എടുത്ത് അനധികൃതമായ മരാമത്ത് പണികൾക്ക് നൽകിയതായും ശാസ്താവിന് നേദിക്കാനും, ഭക്തജനങ്ങൾക്ക് നൽകാനുമായി പലഹാരങ്ങൾ ഉണ്ടാക്കുന്നതിന് ശർക്കര വാങ്ങിയതിൽ 25 ലക്ഷം രൂപയുടെ ക്രമക്കേട് കാണിച്ചതായും ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശബരിമലയിൽ ഭക്തർക്ക് അന്നദാനം നൽകും. അതുപോലെ ഗസ്റ്റ് ഹൗസിലെ ഭക്ഷണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ വലിയ തരത്തിലുള്ള അഴിമതി കാണിച്ചു എന്നാണ് പറയുന്നത്. അതുപോലെതന്നെ വീടുകൾ മോടിപിടിപ്പിക്കുന്നതിന് മൂന്ന് ദേവസ്വം ബോർഡ് മെമ്പർമാർ 30 ലക്ഷം രൂപ ചെലവഴിച്ചുവെന്ന് പറയുന്നു. അതുപോലെ അദ്ധ്യാപക നിയമനങ്ങളിൽ ഓരോരുത്തരോടും 9 ലക്ഷം രൂപ വാങ്ങി. ഹൈക്കോടതി വിധിയിൽ പറയുന്നത് നേരിട്ട് 147 കോടി രൂപയുടെ പ്രത്യക്ഷമായ അഴിമതിയും നിയമനങ്ങളിൽ കോഴ വാങ്ങിയത് തിട്ടപ്പെടുത്താൻ കഴിയാത്ത വിധത്തിലുള്ള അഴിമതിയുമാണെന്നാണ്. ഞാനത് വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധികളെല്ലാം ഇവിടെയുണ്ട്. ഒരു കാര്യം മാത്രം പറയാം. രാജവാഴ്ചക്കാലത്ത്, 12-4-1922-ൽ, അന്നത്തെ മഹാരാജാവ് ദേവസ്വം പ്രൊക്ളമേഷൻ നടത്തിയത് ഇവിടുത്തെ ദേവസ്വങ്ങളുടെ അഴിമതി കണ്ട് മടുത്ത് ദേവസ്വങ്ങളെ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ വേണ്ടിയാണ്. അങ്ങനെ രാജവാഴ്ചയിലുണ്ടായിരുന്ന ക്ഷേത്രങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തു. പക്ഷേ ജനാധിപത്യ ഗവൺമെന്റുകൾ ക്ഷേത്രം ഏറ്റെടുത്തുവെങ്കിലും ഭരണം അവരുടെ തന്നെ ബോർഡുകൾ മതി എന്നും നമ്മൾ അവർ പാലിക്കേണ്ട നിയന്ത്രണങ്ങളെയും മര്യാദകളെയും പറ്റി കോടതി വിധിയും ഭക്തജനങ്ങളുടെ അഭിപ്രായവും എം.എൽ.എ.-മാരുടെ അഭിപ്രായങ്ങളും എല്ലാം യോജിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കൊണ്ടുവരിക മാത്രമാണ് ചെയ്യുന്നത്. കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധിയിൽ പറയുന്നത്, ഒരു പരീക്ഷ നടത്തുന്നതിനുമാത്രം 90 ലക്ഷം രൂപ ഫീസ് കൊടുത്തു. റൂട്രോണിക്സ് എന്ന സ്ഥാപനത്തിന് 90 ലക്ഷം രൂപ ഫീസ് കൊടുത്ത് ക്ളാർക്കുമാരെ എടുക്കാൻ പരീക്ഷ നടത്തിയതിനെ ബഹുമാനപ്പെട്ട കോടതി വലിയ തരത്തിൽ ആക്ഷേപിച്ചിരിക്കുന്നു. ഇത്രയും അഴിമതിയിൽ കൂടി ദേവസ്വം ബോർഡിൽ നിയമനം ലഭിക്കുന്നവർ കൊടുക്കുന്ന പൈസ മുതലാക്കുന്നവർ, ദൈവത്തിന് ലഭിക്കുന്നതിൽ നിന്ന് എടുക്കുമെന്നുള്ളതിന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു സംശയവുമില്ല. ഇതെല്ലാംകൂടി, പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി ഭരണ ഘടനാപരമായ എല്ലാ മര്യാദകളും പാലിച്ചുകൊണ്ട്, പി.എസ്.സി. നിയമങ്ങൾ പാലിച്ചുകൊണ്ട്, സമുദായ സംവരണം പാലിച്ചുകൊണ്ട്, സാമൂഹ്യ നീതിയും എല്ലാ താത്പര്യങ്ങളും പാലിച്ചുകൊണ്ട്, നിയമനങ്ങൾ നടത്തുന്ന തരത്തിൽ നടക്കണം. ദേവസ്വം മന്ത്രി എന്ന നിലയിൽ സഭയ്ക്കകത്തും പുറത്തും പറഞ്ഞ കാര്യങ്ങൾ ഇവിടെ ആവർത്തിച്ച് ഉറപ്പിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ഇടതു-വലതു പക്ഷ ഭേദമെന്യേ, ഇപ്പോഴത്തെ ബോർഡ് കുറച്ച് മര്യാദ കാട്ടുന്നുണ്ട്. അതിന് മുൻപ് മൂന്ന് ബോർഡും പൂർണ്ണമായി വിജിലൻസ് കേസിൽപ്പെട്ടിരിക്കുകയാണ്. ഇടതുമുന്നണി സർക്കാർ വച്ച ബോർഡും-വലതുപക്ഷ, യു.ഡി.എഫ്. എന്നാണ് ഉദ്ദേശിക്കുന്നത്. നിങ്ങൾ ഇരിക്കുന്നത് വലതു വശത്തായതുകൊണ്ടല്ല അത് പൊതുവേ ഒരു ഐഡിയോളജിയുടെ പ്രശ്നമാണ്. ഐഡിയോളജി വേറെ നമുക്ക് ചർച്ച ചെയ്യാം-യു.ഡിഎഫ്. ഗവൺമെന്റ് വച്ച ബോർഡുകളും ഇടതുമുന്നണി വച്ച ബോർഡുകളും, ബോർഡുകൾവച്ചു കഴിഞ്ഞാൽപ്പിന്നെ സർക്കാരിന് നിയന്ത്രണമില്ല. ആർക്കും നിയന്ത്രണമില്ല എന്നുള്ളതുകൊണ്ട് മുഴുവൻ ബോർഡുകളും വിജിലൻസ് കേസ്സുകളിൽ പെട്ടിരിക്കുകയാണ്. ശ്രീ. രാമൻ നായർ പ്രസിഡന്റായിരുന്ന ബോർഡും ബഹുമാന്യനും അഴിമതി രഹിതനുമായ ബാബു സാർ പ്രസിഡന്റായിരുന്ന ബോർഡും. അദ്ദേഹം അഴിമതി കാണിക്കാതെയാണ് അഴിമതികേസിൽപ്പെട്ടത്-സഹപ്രവർത്തകരുടെ ഗുണം കാരണം അഴിമതികേസിൽ പെട്ടിരിക്കുകയാണ്. ശ്രീ. വി. ജി. കെ. മേനോന്റെ ബോർഡും മൂന്നു ബോർഡും വിജിലൻസ് കേസിൽപ്പെട്ടിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നത്? ഏത് വിപ്ളവകാരികളായാലും ഗാന്ധിയൻമാരായാലും ആര് അവിടെ ചെന്നാലും ഇവർ എങ്ങനെ അഴിമതിയുടെ ഭാഗമാകും എന്ന പ്രതിഭാസം മനസ്സിലായതുകൊണ്ടാണ് അതിന് പരിഹാരം കാണാൻ മഹത്തായ ഈ സഭയിൽ, പ്രതി പക്ഷം ബോയ്ക്കോട്ട് ചെയ്തുപോയി എങ്കിലും ബിൽ ചർച്ചയിൽ നിങ്ങൾ നന്നായി പങ്കെടുത്തു. നേരത്തെ അമെന്റ്മെന്റ് ബിൽ പാസ്സായി. അതിൽ പറയുന്ന എനേബിളിംഗ് ക്ളോസ്സാണ് പി.എസ്.സി.-യുടെ അഡീഷണൽ ഫങ്ഷൻ. അവരെ ചുമതലപ്പെടുത്തുന്ന പ്രത്യേക ബിൽ ഇവിടെ പാസ്സാക്കുന്നതിന്റെ കാര്യം.......

ശ്രീ. കെ. ബാബു: പത്രത്തിലുള്ള ഒരു വാർത്തയാണ് ഞാൻ ചോദിക്കുന്നത്. അങ്ങ് അതിനുള്ള മറുപടി കൃത്യമായി പറയുമെന്ന് ഞാൻ കരുതുന്നു. ബഹുമാനപ്പെട്ട എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ ഒരു പ്രസ്താവന ഇന്നത്തെ മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ളത് മതവിശ്വാസം സംരക്ഷിക്കാനുള്ള ബാദ്ധ്യത ഭരണകൂടത്തിന് ഉണ്ടെന്നിരിക്കേ ഈശ്വരവിശ്വാസിയല്ലാത്ത ഒരു മന്ത്രി ഭരണ വിരുദ്ധ പ്രവൃത്തികളാണ് ചെയ്തുവരുന്നതെന്ന് ശ്രീ. നാരായണപ്പണിക്കർ ആരോപിച്ചു. ഇതിനെക്കുറിച്ച് അങ്ങയുടെ ഒരു മറുപടി പ്രതീക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ: എന്തായാലും പി.എസ്.സി.-ക്കു വിടുന്ന ഈ അവസരത്തിൽ ആമുഖമായി അവതരിപ്പിക്കുമ്പോൾ അതിന് മറുപടി പറയേണ്ട കാര്യമില്ല. എൻ.എസ്.എസ്സും ഇതുപോലുള്ള സമുദായ സംഘടനകളും ഓരോ കാര്യവും ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കും.

ശ്രീ. കെ. പി. മോഹനൻ: ആരാണ് ഈശ്വര വിശ്വാസി എന്ന് തീരുമാനിക്കേണ്ടത് പണിക്കരല്ല. എല്ലാവരും ഈശ്വര വിശ്വാസികളാണ് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ ഒരു പ്രസ്താവനയാണ് ഞാൻ വായിച്ചത്. ഇത് എന്റെ അഭിപ്രായമല്ല. ഈ കാര്യത്തിൽ മന്ത്രിയുടെ അഭിപ്രായമാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. ജി. സുധാകരൻ: എനിക്കല്ല ഇവിടെയിരിക്കുന്ന ഒരു മന്ത്രിക്കും അഭിപ്രായം പറയുന്നതിന് യാതൊരു വിഷമവുമില്ല. പക്ഷേ ഇപ്പോൾ ബഹുമാനപ്പെട്ട നാരായണപ്പണിക്കർ സാറിനെപ്പറ്റി ചർച്ച ചെയ്യേണ്ട സമയമല്ല. ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. നാരായണപ്പണിക്കർ സാറും പറയുന്നതിന് അപ്പപ്പോൾ മറുപടി പറയുന്ന പ്രശ്നം എന്നെ സംബന്ധിച്ചില്ല. അവർ രണ്ടും സമുദായ സംഘടനാ നേതാക്കന്മാരാണ്. അവർക്ക് ഇതിനകത്ത് വരുന്ന ഇംപൾസ് അനുസരിച്ച് പലതും പറയേണ്ടിവരും. പക്ഷേ ഒരു കാര്യം ലക്ഷക്കണക്കിന് വിശ്വാസികളുടെ താൽപ്പര്യങ്ങൾ എൽ.ഡി.എഫ്., യു.ഡി.എഫ്. വ്യത്യാസമില്ലാതെയാണ് സംരക്ഷിക്കപ്പെടുന്നത്. പിന്നെ ഭരണഘടനയെ സംബന്ധിച്ച് പറയേണ്ടത് ഒന്ന്, നിയമനിർമ്മാണ സഭയാണ്. മറ്റൊന്ന് അന്തിമമായി പറയേണ്ടത് ബഹുമാനപ്പെട്ട കോടതിയാണ്. ഭരണഘടനാപരമായത് ഏതാണ് എന്ന് നമുക്ക് ഇവിടെ പറയാൻ അവകാശമുണ്ട്. നമ്മൾ പറയുന്നതൊക്കെ ശരിയോ തെറ്റോ എന്ന് നിലവിലുള്ള നിയമപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് പറയാം. കേരള നിയമസഭയിൽ ദേവസ്വങ്ങളെ സംബന്ധിച്ച് ഭരണപരമായി എടുത്ത ഒരൊറ്റ നിലപാടുപോലും ബഹുമാനപ്പെട്ട ഹൈക്കോടതിയോ സുപ്രീം കോടതിയോ നാളിതുവരെ ചോദ്യം ചെയ്യുകയോ തള്ളിക്കളയുകയോ ചെയ്തില്ല എന്നുള്ളതാണ് മറുപടി. ഞാൻ അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. അഭിവന്ദ്യനായ അദ്ദേഹത്തെ പ്രീണിപ്പെടുത്താൻ അങ്ങ് ശ്രമിക്കുന്നുണ്ടെങ്കിൽ എനിക്ക് അതിൽ അഭിപ്രായ വ്യത്യാസമില്ല. എനിക്ക് വിരോധപ്പെടുത്തേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. കെ. ബാബു: അങ്ങ് പറഞ്ഞത് ഇവിടെ എടുത്ത ഒരു നിയമവും ഹൈക്കോടതി ചോദ്യം ചെയ്തിട്ടില്ല എന്നാണ്. അപ്പോൾ സ്വാശ്രയ നിയമത്തിൽ വിധി പ്രഖ്യാപിച്ചപ്പോൾ നിങ്ങൾ അതിനെതിരായി ഒരുപാട് സമരങ്ങളും പ്രക്ഷോപണങ്ങളും നടത്തി. ഇപ്പോൾ പറയുന്നതിന്റെ അർത്ഥം കോടതി കൊള്ളാമെന്നല്ലേ?

ശ്രീ. ജി. സുധാകരൻ: കോടതി കൊള്ളില്ല എന്ന് നമുക്ക് പറയാൻ പറ്റുമോ? ബഹുമാനപ്പെട്ട ഭരണഘടനയെതൊട്ട് ആണയിട്ടിട്ടാണ് നമ്മൾ എല്ലാവരും ഇതിനകത്തിരിക്കുന്നത്. കോടതി കൊള്ളില്ല എന്നല്ല ഞാൻ പറഞ്ഞത്. ദേവസ്വം നിയമങ്ങളിൽ ഭരണഘടനാപരമല്ലാത്ത എന്തെങ്കിലും ചെയ്തെന്ന് ഒരു കോടതിയും പറഞ്ഞിട്ടില്ല. സ്വാശ്രയനിയമത്തിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്. അത് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യേണ്ട കാര്യമില്ല. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റായിരുന്ന ശ്രീ. വിജയരാഘവൻ അഴിമതി കാണിച്ചതായി പരാതി വന്നു. വിജിലൻസ് പറഞ്ഞത് അദ്ദേഹം ഒരു പബ്ലിക് മാൻ അല്ല അതുകൊണ്ട് അദ്ദേഹത്തിന്റെ പേരിൽ കേസ് എടുക്കാൻ പറ്റില്ലയെന്നാണ്. അദ്ദേഹത്തെ ഒഴിവാക്കിയിട്ട് ബാക്കിയുള്ളവരുടെ ഫയലാണ് ഞാൻ ഈ ചുമതല ഏറ്റെടുത്തപ്പോൾ എന്റെയടുത്ത് വരുന്നത്. പ്രസിഡന്റ് ഉൾപ്പെടുന്ന ഒരു അഴിമതിക്ക് പ്രസിഡന്റിന് ഉത്തരവാദിത്വമില്ല. ദേവസ്വം ബോർഡ് പ്രസിഡന്റിനെ ഗവൺമെന്റും നിയമസഭയുംകൂടി തെരഞ്ഞെടുക്കുന്നതാണ്. ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നവരും ആ ബോർഡിനകത്തുണ്ട്. നിയമസഭ എടുക്കുന്നവരുമുണ്ട്. അതിൽനിന്നും ഒരാളെയാണ് പ്രസിഡന്റായിട്ട് എടുക്കുന്നത്. പക്ഷേ വിജിലൻസ് എഴുതുകയാണ് അദ്ദേഹം പബ്ലിക് മാൻ അല്ല എന്ന്. അദ്ദേഹത്തെ ഒഴിവാക്കിയിട്ട് കേസ് വന്നു. ഞാനത് വീണ്ടും അയച്ചു. വീണ്ടും അവർ എഴുതി അയച്ചു പബ്ലിക് മാൻ അല്ല, അതുകൊണ്ട് കേസ് എടുക്കാൻ കഴിയില്ല എന്ന്. മൂന്നാമത്തെ തവണ പ്രോപ്പറായിട്ട് എഴുതേണ്ടതൊക്കെ എഴുതിയിട്ടുണ്ട്. ഞാൻ ലാ ഡിപ്പാർട്ടുമെന്റിനയച്ചു. ലാ ഡിപ്പാർട്ടുമെന്റ് പറഞ്ഞത് പബ്ലിക് മാൻ ആണ്; ഒഴിവാക്കിയത് ഗുരുതരമായ തെറ്റാണ് എന്ന്. അങ്ങനെ ഒരു വർഷക്കാലം ഫയൽ യുദ്ധം നടത്തി. ഞാൻ വിട്ടിട്ടില്ല. ഇനിയും ആ പ്രശ്നം വിടാൻ പോകുന്നില്ല. ലാ ഡിപ്പാർട്ടുമെന്റ് പറഞ്ഞു കേസെടുക്കണമെന്ന്. ഏത് ഗവൺമെന്റ് ഭരിച്ചാലും ഗവൺമെന്റിന്റെ നയങ്ങൾ മാത്രമല്ല ഒരുപാട് nexus ഉണ്ട്. ഇവിടെ കുഴപ്പം കാണിച്ച, ക്രിമിനൽ കുറ്റങ്ങളിലും വിജിലൻസ് പറഞ്ഞ കുറ്റങ്ങളിലും അന്വേഷണം നടത്താതെ ഫയലുകൾ മാറ്റിവയ്ക്കുകയും ശ്രീ. വേണുഗോപാലിന് പ്രോപ്പറായി ഇൻഫർമേഷൻ കൊടുക്കാതെ സകല അഴിമതികളേയും സംരക്ഷിക്കുകയും ചെയ്ത ഫയലുകൾ കണ്ടുപിടിച്ച് ഞാൻ നടപടിയെടുത്തപ്പോൾ ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. ഭരത് ഭൂഷൺ എനിക്കെതിരെ പരസ്യ പ്രസ്താവന നടത്തി. അദ്ദേഹത്തോട് സമാധാനം ചോദിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചു. ഈ പറയുന്ന ശ്രീ. വിജയരാഘവന്റെ ഫയലിൽ അദ്ദേഹം എഴുതിയിരിക്കുന്നത് പബ്ലിക് മാൻ അല്ല എന്നാണ്. ദേവസ്വം സെക്രട്ടറിയായിരിക്കുമ്പോൾ അദ്ദേഹം ചെയ്ത ഓരോ കാര്യങ്ങളും പരിശോധിച്ചാൽ എല്ലാ അഴിമതിക്കും കൂട്ടുണ്ടായിരുന്നു എന്നുകാണാം. നിയമസഭയിൽ ഞാൻ പറയുന്നു. ഫയലുകൾ പരിശോധിക്കാം. ശ്രീ. ഭരത് ഭൂഷൺ ഒപ്പിട്ട ഫയലാണ്. പബ്ലിക് മാൻ അല്ല എന്ന് വിജിലൻസും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരും പറയുന്നു. അതിനടിയിൽ ഒപ്പിടുന്നു. എന്നാൽ അതിനടിയിൽ ഒപ്പിടാൻ ഇടതുപക്ഷ മന്ത്രിസഭയിലെ മന്ത്രിമാരെ കിട്ടില്ല. ഐ.എ.എസ്.-കാരെ ആക്ഷേപിക്കുകയാണെന്ന് ധരിക്കണ്ട. അഴിമതി കാണിച്ചവരെപ്പറ്റിയും അതിന് കൂട്ടുനിന്നവരെപ്പറ്റിയും പറയുകയാണ്. അല്ലാതെ ആരെപ്പറ്റിയും തർക്കമില്ല. പൊതുപ്രവർത്തകരായ നമ്മൾ ചുമതലയേൽക്കുമ്പോൾ അതിനെ ജുഡീഷ്യസായി നോക്കി നിലപാട് എടുക്കുന്നുണ്ട് എന്നു പറയുമ്പോൾ ആരെയൊക്കെ നിയമിച്ചു എന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു ഈ നിയമസഭയിൽ ഒരിക്കൽ ചോദിച്ചു പ്രസിഡന്റിനെ ഒഴിവാക്കിയത് ശരിയാണോ എന്ന്. ശ്രീ. ബാബു പരാതി തന്നാലും അത് ഡീൽ ചെയ്യുമെന്ന് മനസ്സിലായില്ലേ? ശ്രീ. ബാബുവിനോട് വിരോധമില്ല എന്ന് ഇപ്പോൾ മനസ്സിലായില്ലേ? ഞാൻ കൂടുതലൊന്നും ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഏറ്റവും സുപ്രധാനമായ ചരിത്ര പ്രാധാന്യമുള്ള ഒരു നിയമനിർമ്മാണമാണിത്. അത്യാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം ഉന്നയിച്ചു. എത്രയും വേഗം ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ശുപാർശ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ആമുഖ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എം. എ. സലാം: സർ, 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-9-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നീതി, സത്യം, സ്നേഹം, കാരുണ്യം എന്നിവയൊക്കെയാണ് ദൈവവിശ്വാസത്തിന്റെ അടിത്തറ. എന്നാൽ ഈ ദൈവീക ഗുണങ്ങളൊക്കെ കാറ്റിൽ പറത്തി ദൈവത്തിന്റെ പേരിൽ ദൈവഭക്തരെ ചൂഷണംചെയ്യുന്ന ഒരു സാഹചര്യത്തിനെതിരെയുള്ള ശക്തമായ ഒരു കാൽവെയ്പാണ് ഈ ബിൽ. അതുകൊണ്ടുതന്നെ ക്ഷേത്ര ഭരണ നിയമത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഈ ബിൽ എന്നതിൽ സംശയമില്ല. കപടവിശ്വാസികൾ ക്ഷേത്ര നടത്തിപ്പിൽ കടന്നുകൂടി ക്ഷേത്രങ്ങളുടെ വരുമാനം കവർന്നെടുക്കുന്നതായും ജീവനക്കാരെ നിയമിക്കുന്നതിൽ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നതായും പരക്കെ ആക്ഷേപം ഉയർന്നുവന്നു. തിരുവിതാംകൂർ ദേവസ്വത്തിനു കീഴിലുള്ള നിയമനങ്ങളിൽ ഗൗരവമായ അഴിമതിയാരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. ശബരിമല ക്ഷേത്രത്തിൽപ്പോലും മേൽശാന്തിയെ നിയമിക്കുന്നതിൽ സേവയും ശുപാർശയും അഴിമതിയും നടക്കുന്നതായി അനുഭവജ്ഞർ തുറന്നുപറഞ്ഞു. ജോലിക്കാരെ നിയമിക്കുന്നതിനുള്ള പരീക്ഷകളുടെ ചോദ്യപേപ്പറുമായി ബന്ധപ്പെട്ട നാറുന്ന കഥകളും ഈ കേരളം ദർശിച്ചതാണ്. സമുദായ സംഘടനാ നേതാക്കൾ ഇക്കാര്യത്തിൽ പരസ്പരം കുറ്റാരോപണം നടത്തിയതും പടപൊരുതിയതും നമ്മൾ കണ്ടു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തന്നെ ഈ വിഷയത്തിൽ നിരവധി തവണ അഭിപ്രായം പ്രകടിപ്പിച്ചു. ദേവസ്വം ബോർഡ് അംഗങ്ങൾ അഴിമതി നടത്തിയാൽ ഫലപ്രദമായി ഇടപെടാൻ ആർക്കും അധികാരമില്ലാത്ത നിലയാണുണ്ടായിരുന്നത്. ക്ഷേത്ര സ്വത്തുക്കൾ പൊതുസ്വത്താണ്. അത് നശിക്കാതെ സംരക്ഷിക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്. ഈ ചുമതല നിർവ്വഹിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ ബില്ലുമായി രംഗത്ത് വന്നിട്ടുള്ളത്. ക്ഷേത്രത്തിലെ ശാന്തി, കഴകം, വാദ്യം തുടങ്ങിയ ആരാധനാനുഷ്ഠാന ക്രമങ്ങളിലും പൂജാ കർമ്മങ്ങളിലും ബന്ധപ്പെട്ട കാര്യങ്ങൾ ഒഴികെ അതിൽ ഇടപെടാതെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന നിയമം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ക്ഷേത്രാരാധന നടത്തുന്ന ഹിന്ദു മതവിശ്വാസികൾക്കും ഈശ്വര വിശ്വാസികൾക്കും യഥാർത്ഥ ഭക്തൻമാർക്കും ആശ്വാസം നൽകുന്ന ബില്ലാണിത്. അവരുടെ താൽപ്പര്യവും അവകാശവും സംരക്ഷിക്കുന്ന ഈ ബിൽ കൊണ്ടുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനും വിശിഷ്യാ അതിലെ ദേവസ്വം മന്ത്രിക്കും കൃതജ്ഞത രേഖപ്പെടുത്തുകയാണ്. അസംഖ്യം ആരാധകർക്കുവേണ്ടി പണിതുയർത്തിയവയാണ് അമ്പലങ്ങൾ. അത് ആരുടേയും സ്വകാര്യ സ്വത്തോ സ്വകാര്യ സ്ഥാപനങ്ങളോ വ്യവസായ സ്ഥാപനങ്ങളോ അല്ല. ദേവസ്വം ബോർഡിന്റെ കീഴിൽ നടക്കുന്ന നിയമനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു തത്വവും മാനദണ്ഡവും പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത. നിയമനങ്ങളെ സ്വാധീനിക്കുന്നത് ഭൗതിക ഘടകങ്ങളാണെന്നത് പരസ്യമായ രഹസ്യമാണ്. ഈ അനീതിക്ക് അറുതി വരുത്തേണ്ടതാണ് എന്ന് കേരളസമൂഹം ഒന്നായി കരുതുന്നു. യോഗ്യതയും കഴിവും ഉള്ളവർ പിൻതള്ളപ്പെടുന്ന അവസ്ഥ ഇന്ന് കേരളത്തിൽ ഉണ്ട്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. ഹൈന്ദവരിൽ നിന്നുതന്നെ ഉദ്യോഗ നിയമനങ്ങൾ നടത്തണമെന്നുള്ള ഇപ്പോഴത്തെ നിയമത്തിന് വിധേയമായി പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിൽ ഒരു തെറ്റും ആർക്കും കാണാൻ കഴിയില്ല. അഴിമതിക്ക് ഇടവരാത്ത രൂപത്തിലുള്ള നിയമനമാണ് നടത്താൻ പോകുന്നത്. ആരോടും ഉത്തരവാദിത്വമില്ലാതെ തോന്നിയ പോലുള്ള ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ന്യായമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഇത്തരം ഒരു നിയമനിർമ്മാണവുമായി ഈ സർക്കാർ മുന്നോട്ടുവന്നത്. ആരാധകരും ക്ഷേത്ര വിശ്വാസികളും ഈ കാര്യങ്ങൾ ഗൗരവപൂർവ്വം ചിന്തിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. അവരുടേതാണ് ആരാധനാലയങ്ങൾ. അവിടെ ഭരണം സംശുദ്ധമാക്കേണ്ടതുണ്ട്. അതിനോട് ആർക്കും എതിർപ്പ് പ്രകടിപ്പിക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ടുതന്നെ ഈ ബില്ലിനെ വിമർശിക്കുന്നവർ ക്ഷേത്രഭരണം സംരക്ഷിക്കപ്പെടണമെന്നും നീതി നടപ്പാക്കിക്കിട്ടണമെന്നും ആഗ്രഹിക്കുന്നവരല്ല. നിക്ഷിപ്ത താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ അത്തരക്കാർ മന:പൂർവ്വം തെറ്റിദ്ധാരണ സൃഷ്ടിക്കാനുള്ള പ്രചരണങ്ങളാണ് നടത്തുന്നത്.

ശ്രീ. കെ. ബാബു: അങ്ങ് ഈ നിയമത്തെക്കുറിച്ച് നന്നായിട്ട് സംസാരിച്ചുകൊണ്ടിരിക്കുകയാണല്ലോ, ഇപ്പോൾ ഈ ദേവസ്വം ബോർഡിന്റെ അംഗസംഖ്യ ഏഴാക്കി ഉയർത്തുന്നതിനെ സംബന്ധിച്ച് ചില വാർത്തകളൊക്കെ വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ദേവസ്വം ബോർഡിൽ സി.പി.ഐ.(എം.) പിടി മുറുക്കുകയാണ് എന്നാണ്. ദേവസ്വം ബോർഡിൽ ഇപ്പോഴുള്ള ഒരു മെമ്പർ ആർ.എസ്.പി.- യുടേയും ഒരു മെമ്പർ സി.പി.ഐ.-യുടേയുമാണ്. അപ്പോൾ ബോർഡ് പ്രസിഡന്റുമാരും മെമ്പർമാരും കൂടുമ്പോൾ രണ്ട് മെമ്പർമാരും പ്രസിഡന്റിനെ ഒറ്റപ്പെടുത്തുകയാണ്. അതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പലപ്പോഴും ഉണ്ടാകുന്നത്. ഇപ്പോൾ, ഈയടുത്ത ദിവസങ്ങളിൽ ഉണ്ടായ സംഭവവും അത്തരത്തിലാണ്. ഞാൻ അതിലേയ്ക്ക് കടക്കുകയല്ല. ഇതിന് ഒരു നിയന്ത്രണം പൂർണ്ണമായും അടിച്ചേൽപ്പിക്കുന്ന വിധത്തിൽ ഭേദഗതി കൊണ്ടുവരികയാണ്. ഇത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തെ ബാധിക്കില്ലേ? അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. എം. എ. സലാം: ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കാനും അഴിമതി ഒഴിവാക്കാനും വേണ്ടിയുള്ള നിയമമാണ് ഈ രംഗത്ത് കൊണ്ടുവരുന്നത്. അത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള പ്രവർത്തനവുമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. രാജു എബ്രഹാം: ശ്രീ. രാമൻ നായരേയും കൂട്ടരേയും നിങ്ങൾ വച്ചുകഴിഞ്ഞപ്പോൾ, എത്ര അംഗങ്ങളെ കൂട്ടാനാണ് അന്ന് യു.ഡി.എഫ്. തീരുമാനിച്ചത്? ബഹുമാനപ്പെട്ട ബാബുവിന് പറയാനാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ഇപ്പോൾ വച്ചിട്ടുള്ള മെമ്പർമാർ ഞങ്ങൾ വച്ചതല്ലല്ലോ. ഇപ്പോൾ ശ്രീ. നാരായണൻ എക്സ് എം.എൽ.എ.-യേയും ആർ.എസ്.പി.-യുടെ പ്രതിനിധിയേയും ഞങ്ങൾ വച്ചതല്ലല്ലോ. ഈ സമീപ ദിവസങ്ങളിൽ ദേവസ്വം ബോർഡിലുണ്ടായ പ്രശ്നങ്ങൾക്കൊന്നും ഉത്തരവാദി ഞങ്ങളല്ലല്ലോ? തനി ഇടതുപക്ഷക്കാർ ഇരുന്നിട്ടും ദേവസ്വം ബോർഡിൽ പ്രശ്നങ്ങളാണല്ലോ?

ശ്രീ. പി. എം. എ. സലാം: ഘടക കക്ഷികളെ വിശ്വാസത്തിൽ എടുക്കാതെ അവരെ സംശയിച്ചുകൊണ്ട് നടത്തുന്ന ഏർപ്പാട് എൽ.ഡി.എഫ്.-ൽ ഇല്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കാതെ പോയതിൽ ഖേദമുണ്ട്. ഈ ബില്ലിനെ വിമർശിക്കുന്നവർ സത്യത്തിൽ ക്ഷേത്ര ഭരണം സംശുദ്ധമാക്കണമെന്നും നീതി നടപ്പാക്കണമെന്നും ആഗ്രഹിക്കുന്നവരല്ല. നിക്ഷിപ്ത താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ മന:പൂർവ്വം ഇതുപോലുള്ള തെറ്റിദ്ധാരണകൾ സൃഷ്ടിക്കാനുള്ള പ്രചാരണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇപ്പോൾ ഇവിടെ സൃഷ്ടിക്കപ്പെട്ട വാർത്തയൊക്കെ.

ശ്രീ. എം. മുരളി: ശ്രീ. ബാബു ചോദിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഇന്നത്തെ പത്രത്തിൽ ഇന്നലത്തെ തീരുമാനം റിപ്പോർട്ട് ചെയ്തു വന്നതോടുകൂടി നിയമനം പി.എസ്.സി.-ക്ക് വിടുന്ന ഈ ചർച്ചയിൽ നിന്നുപോലും ആർ.എസ്.പി. ബഹിഷ്ക്കരിച്ചു. ആർ.എസ്.പി.-യുടെ അംഗങ്ങൾ, ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ ആരുമില്ല. സി.പി.ഐ.-ക്കാർ രണ്ടോ മൂന്നോ പേർ ഉണ്ടെങ്കിലും അവർ നിശബ്ദമായിട്ട് ഇരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചോ?

ശ്രീ. പി. എം. എ. സലാം: എല്ലാവരുടേയും സ്വപ്നങ്ങൾക്കനുസരിച്ച് കാര്യങ്ങൾ വിശദീകരിക്കാനുള്ള അവകാശം എല്ലാവർക്കും ഉണ്ട്. ഏതെങ്കിലും പത്രത്തിൽ വന്ന വാർത്തയുടെ പേരിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമൊന്നും വിജയിക്കില്ല എന്ന് മനസ്സിലാക്കുക. ദേവസ്വം ബോർഡിനെ അഴിമതി വിമുക്തമാക്കാനും ഈശ്വര വിശ്വാസികൾക്ക് അനുഗുണമായി ആ സ്ഥാപനങ്ങളെ വളർത്തിയെടുക്കാനുമുള്ള വളരെ കരുത്തുറ്റ ഒരു ബില്ലും നിയമവുമൊക്കെയായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ രംഗത്ത് വന്നിരിക്കുന്നത്. അതുകൊണ്ട് ഊഹാപോഹങ്ങൾ സൃഷ്ടിച്ച് പത്രങ്ങളിൽ വരുന്ന തെറ്റായ വാർത്തകൾ സാങ്കൽപ്പിക ലോകത്തുനിന്ന് ഉണ്ടാക്കിയെടുത്ത് ഇതിനെ തകർക്കാനുള്ള ശ്രമം സത്യത്തിൽ വിജയിക്കില്ല, ഈശ്വര വിശ്വാസികൾക്കു നേരെയാണ് നിങ്ങളുടെ നീക്കങ്ങൾ എന്ന് മനസ്സിലാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ദേവസ്വം ബോർഡിലെ അഴിമതികളെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞു. അദ്ദേഹത്തിന്റെ കാലത്ത് രൂപീകരിച്ച ബോർഡിന്റെ കാലത്തിന് മുമ്പുള്ള അഴിമതി പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ഇനിയും അതിലേയ്ക്ക് കടന്നുപോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. നേരത്തെ ശ്രീ. രാമൻ നായരുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ദേവസ്വം ബോർഡ് അവരെ പിരിച്ചുവിട്ടു. അവർ പോകുന്ന സമയത്തുപോലും അഴിമതി നടത്തിയിട്ടാണ് പോയത്. ജനുവരി 30-നാണ് അത് പിരിച്ചുവിട്ട് ഉത്തരവ് ഇറങ്ങിയത്, പക്ഷേ ജനുവരി 31-നുപോലും അവിടെ ക്രമവിരുദ്ധമായി 17 ഡ്രൈവർമാരെ നിയമിക്കാനുള്ള തീരുമാനങ്ങൾ എടുക്കാനുള്ള ശ്രമങ്ങൾ നടന്നു. അത്രത്തോളം അഴിമതി ഈ രംഗത്തുണ്ട്. സാധാരണ

നമ്മൾ ഒരു പുരയിടം പാട്ടത്തിന് എടുത്താൽ അത് ഒഴിഞ്ഞുപോകുന്ന സമയത്ത് അവിടത്തെ കരിക്ക് കൂടി വെട്ടി നശിപ്പിച്ചിട്ടേ പോകൂ എന്നു പറയുന്നതുപോലെ ഇറങ്ങിപ്പോകേണ്ടിവരും എന്ന് ഉറപ്പായപ്പോൾ ആ പ്രസ്ഥാനത്തെ തന്നെ തകർക്കാനുള്ള ശ്രമമാണുണ്ടായത്. 39 പൊതുമരാമത്ത് പ്രവർത്തികൾക്കാണ് 18 ശതമാനം മുതൽ 55 ശതമാനംവരെ തുക വർദ്ധിപ്പിച്ച് നൽകിയത്, കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ആ വർക്കുകളിൽ നടന്നതെന്ന് കാണിക്കുന്നു. അതുപോലെതന്നെ 17 ഡ്രൈവർമാരെ നിയമിക്കാൻ എടുത്ത തീരുമാനം. സത്യത്തിൽ ഇതുപോലുള്ള തീരുമാനങ്ങളാണ് ഇത്തരത്തിൽ ഒരു ബില്ലുമായിവരാൻ ബഹുമാനപ്പെട്ട മന്ത്രിയേയും ഈ ഗവൺമെന്റിനേയും പ്രേരിപ്പിച്ചത്. ആ 17 ഡ്രൈവർമാരെ നിയമിക്കാമെന്ന് ഓഫർ കൊടുത്തവരിൽ നിന്ന് ഭീമമായ സംഖ്യ വാങ്ങിച്ചിരുന്നു. അതിലൊരാൾ ഒരു ബോർഡ് അംഗത്തിന്റെ വീട്ടിലെ ഡ്രൈവർ കൂടിയായിരുന്നു എന്നു മനസ്സിലാക്കുമ്പോൾ ഈ അഴിമതിയുടെ വ്യാപ്തി എത്രമാത്രമുണ്ടായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഹൈക്കോടതി ഉത്തരവ് പ്രകാരം അന്വേഷണം നടത്തുന്ന ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ മുമ്പാകെ ഇപ്പോൾ നടന്നുവരുന്ന വിചാരണ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നു. കേരളീയ സമൂഹത്തെ ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ദിവസേനയെന്നോണം പുറത്തുവന്നുകൊണ്ടിരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ മരാമത്ത് പണികൾ, നിയമനങ്ങളിലെ അഴിമതികൾ ഇതൊക്കെ അതീവ ഗുരുതരമാണ്. കോടിക്കണക്കിന് രൂപയുടെ 31 പ്രവർത്തികൾ 18 മുതൽ 55 ശതമാനം വരെ തുക എസ്റ്റിമേറ്റിൽ നിന്ന് വർദ്ധിപ്പിച്ച് കരാറുകാർക്ക് നൽകി. ഇങ്ങനെ വർദ്ധിപ്പിച്ച തുക എവിടെയാണ് പോയത് എന്നത് വളരെ വ്യക്തമാണ്. ജനുവരി 30-ന് പിരിച്ചുവിട്ട ബോർഡിൽ 31-ന് രാവിലെത്തന്നെ കമ്മീഷണറുടെ ഔദാര്യത്തോടുകൂടി ഈ 17-പേരെ നിയമിക്കാനുള്ള ശ്രമം നടന്നു. ഇത്തരത്തിൽ നിയമനങ്ങളിലുണ്ടായ വ്യാപകമായ അഴിമതികൾ, ക്രമക്കേടുകൾ, സ്വജനപക്ഷപാതം ഇതൊക്കെ കൂടിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തെ ആ അഴിമതികളിൽ നിന്നും തെറ്റുകളിൽ നിന്നും മോചിപ്പിച്ച് ശരിയായ ദിശയിലേയ്ക്ക് കൊണ്ടുപോകാനുള്ള ഒരു ശ്രമമാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ സാമൂഹിക നീതി ഇതിൽ വന്നിട്ടുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹിക നീതി വെറും ഭംഗിവാക്കല്ല. അത് യാഥാർത്ഥ്യമാകണമെങ്കിൽ വളരെദൂരം ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു പ്രയാണത്തിൽ ഏറ്റവും വലിയ ഒരു നാഴികക്കല്ലാണ് ഈ ബിൽ. ഇവിടെ സൂചിപ്പിച്ചതുപോലെ നിയമനങ്ങളിൽ സംവരണം പാലിക്കപ്പെട്ടിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദേവസ്വം നിയമനങ്ങളിൽ എത്ര ശതമാനം സംവരണമാണുള്ളതെന്ന് മന്ത്രി ഇവിടെ പറഞ്ഞു. പക്ഷേ ഒരു ശതമാനം പോലും അവരെ നിയമിക്കപ്പെട്ടിട്ടില്ല എന്നുള്ളത് എത്രമാത്രം സാമൂഹിക നീതി ഈ രംഗത്ത് അട്ടിമറിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ ഉദാഹരണമാണ്. അതേ അവസരത്തിൽ മലബാർ മേഖലകളിലെ സർക്കാർ നിയന്ത്രണത്തിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ 20 ശതമാനത്തിലേറെ പിന്നോക്ക വിഭാഗക്കാർക്ക് പ്രാതിനിധ്യം ലഭിച്ചിരിക്കുന്നു എന്നുവരുമ്പോൾ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് ഈ വിഭാഗങ്ങൾക്ക് എത്രമാത്രം പ്രയോജനപ്രദമാവുമെന്നും ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനും സത്യസന്ധതയ്ക്കും എത്രമാത്രം ഗുണകരമാവുമെന്നും കൂടി നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഈശ്വര വിശ്വാസികളുടേയും

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹികനീതിക്കുവേണ്ടി ശബ്ദിക്കുന്ന സാമാന്യ ജനങ്ങളുടേയും താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ഈ ബിൽ ഒരു പുണ്യകർമ്മമാണ്. അതുകൊണ്ടുതന്നെ പുണ്യങ്ങളുടെ പൂക്കാലമായ റംസാൻ മാസത്തിൽ ഒരു പുണ്യകർമ്മം ചെയ്ത ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, 2007-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്ട് ഭേദഗതി ചെയ്തുകൊണ്ട് 2007-ൽ നിയമസഭ പാസ്സാക്കിയ നിയമം കേരളത്തിലെ മതവിശ്വാസികളും കേരളമാകെത്തന്നെയും പിന്താങ്ങുകയും സ്വാഗതം ചെയ്തിരിക്കുകയുമാണ്. ആ ഭേദഗതിക്കെതിരെ സ്ഥാപിത താല്പര്യക്കാർ ഉയർത്തിക്കൊണ്ടുവന്ന പ്രതിഷേധമാകെത്തന്നെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വിശ്വാസികൾ അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആ പ്രതിഷേധത്തിലൊന്നും പങ്കുചേരാൻ തയ്യാറാകാതെ 2007-ൽ നിയമസഭ പാസ്സാക്കിയ ദേവസ്വം ഭേദഗതി ബിൽ അംഗീകരിക്കുകയാണുണ്ടായത്. ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മൂന്ന് ദേവസ്വം ബോർഡുകളും അതിന്റെ പ്രസിഡന്റുമാരും ഇന്ന് വിജിലൻസ് അന്വേഷണം നേരിട്ടുകൊണ്ടിരിക്കുകയാണ്. മതസ്ഥാപനങ്ങൾക്കെതിരായി ഉയർന്നുവരുന്ന അഴിമതി ആരോപണങ്ങളേയും ആക്ഷേപങ്ങളേയും സംബന്ധിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതിന് പലപ്പോഴും ഭരണാധികാരികൾ അറച്ചുനിൽക്കുന്ന സാഹചര്യമാണുള്ളത്. ഈ സഭയിൽത്തന്നെ ഏതെങ്കിലും ഒരു മതത്തേയോ മതസ്ഥാപനത്തേയോ സംബന്ധിച്ച് ചർച്ച ചെയ്താൽപ്പോലും ചില ആളുകൾ രോഷം കൊള്ളുന്നത് കാണാൻ കഴിയും. എന്നാൽ ഇന്ന് ദേവസ്വത്തിന്റെ ചുമതല വഹിക്കുന്ന പ്രിയപ്പെട്ട മന്ത്രി സഖാവ് ജി. സുധാകരനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരും ദേവസ്വങ്ങൾക്കെതിരായി ഉയർന്നുവന്ന പ്രശ്നങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ദേവസ്വം നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ധീരമായ നടപടികളാണ് സ്വീകരിക്കാൻ തയ്യാറായത്. തിരുവനന്തപുരം, കൊച്ചി ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ ബോർഡിൽത്തന്നെ നിക്ഷിപ്തമായിരുന്നതുകൊണ്ട് എപ്പോഴും പൊതുജനങ്ങളുടെ വിമർശനവും വ്യാപകമായ അഴിമതി ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. 1949 ആഗസ്റ്റ് മാസം 22-ാം തീയതിയിലെ കവനന്റിലെ മുഖ്യസൂചന കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭരണത്തിന് ഒരു കളങ്കവും പാടില്ലെന്നുള്ളതാണ്. കഴിഞ്ഞ 55 വർഷത്തെ ദേവസ്വം ബോർഡിന്റെ പ്രവർത്തനം പരിശോധിച്ച് നോക്കിയാൽ ഉദ്യോഗസ്ഥരുടെ നിയമനത്തിലെ അഴിമതിയായിരിക്കും കാണാൻ കഴിയുന്നത്. അത് കവനന്റ് വ്യവസ്ഥയ്ക്കുതന്നെ എതിരാണ്. തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭ കൊണ്ടുവന്ന ഓർഡിനൻസിന്റെ അടിസ്ഥാനത്തിലാണ് മൂന്നംഗ ബോർഡ് അധികാരത്തിൽ വന്നത്. 1950-ൽ എച്ച്.ആർ.എ. ആക്ട് പാസ്സാക്കി. അതിൽ പറയുന്ന നിലയിലാണ് ഇന്നിപ്പോൾ കൊച്ചി ദേവസ്വത്തിലും തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വത്തിലും ഉദ്യോഗനിയമനം നടന്നുകൊണ്ടിരിക്കുന്നത്. 2007-ലെ ഭേദഗതി നിയമത്തിലെ 29-എ അനുസരിച്ച് ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള ജീവനക്കാരെ നേരിട്ട് നിയമനം നടത്താനാവശ്യമായി വരുന്ന സാഹചര്യത്തിൽ അതിനുള്ള ചുമതല പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിരിക്കുകയാണ്. അഡ്മിനിസ്ട്രേറ്റീവ് എസ്റ്റാബ്ലിഷ്മെന്റ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുവഴി, സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും സംവരണ തത്വങ്ങൾ പാലിക്കുന്നതിനും അഴിമതി ഒഴിവാക്കുന്നതിനും ദേവസ്വത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിയ ഉദ്യോഗത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. കേരളത്തിലാണോ ഇത് നടക്കുന്നതെന്ന് തോന്നിപ്പോകുന്ന തരത്തിലുള്ളതാണ് ആ കണക്കുകൾ. ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി ചുമതലപ്പെടുത്തിയത് അനുസരിച്ച് ഇതേക്കുറിച്ച് അന്വേഷണം നടത്തി വരികയാണ്. ദേവസ്വം ബോർഡുകളിലെ അഴിമതി, ദുർഭരണം, വിവിധ തസ്തികകളിലെ നിയമനത്തിൽ നടക്കുന്ന ക്രമക്കേട് എന്നിവ സംബന്ധിച്ചാണ് ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ മുഖ്യമായും അന്വേഷിക്കുന്നത്. പ്രധാനമായും തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽ നടത്തിയിട്ടുള്ള നിയമനത്തെ സംബന്ധിച്ചാണ് പരിശോധിക്കുന്നത്. വർത്തമാന കാലഘട്ടത്തിൽ കേരളത്തിൽ സാമൂഹ്യനീതി ഉറപ്പാക്കാനും അഴിമതിരഹിത ഭരണം നടത്താനും ആഗ്രഹിക്കുന്ന ആർക്കും 2007-ൽ നിയമസഭ പാസ്സാക്കിയ നിയമത്തെ ഒഴിവാക്കാൻ കഴിയുമായിരുന്നില്ല എന്നതാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും കണ്ടെത്തലുകളും അതിനെത്തുടർന്ന് അന്വേഷണം നടത്തുന്ന കമ്മീഷൻ വെളിവാക്കുന്നതും. ദേവസ്വം ബോർഡിന്റെ പതിമൂന്നാമത്തെ പ്രസിഡന്റ് രാമൻ നായർ ആയിരുന്നു. ഒന്നാമത്തെ പ്രസിഡന്റ് മന്നത്ത് പത്മനാഭനായിരുന്നു. 2007-ൽ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ ഫലമായി സ്ഥാനം നഷ്ടപ്പെട്ട പ്രസിഡന്റും കൂട്ടരും വീണ്ടും ആ സ്ഥാനങ്ങളിൽ കടിച്ചുതൂങ്ങി നിൽക്കുന്നതിനെ അംഗീകരിക്കുന്ന നിലപാടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയും സ്വീകരിച്ചിട്ടുള്ളത്. ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചു, ഗവൺമെന്റ് സ്വയംഭരണാവകാശത്തിൻമേൽ കൈകടത്തുന്നുവെന്ന്. ദേവസ്വം ബോർഡിൽ അഴിമതിയും ഫണ്ട് ദുരുപയോഗവും ദുർഭരണവും നടക്കുമ്പോൾ ഗവൺമെന്റിന് നോക്കുകുത്തിയായി ഇരിക്കാൻ കഴിയില്ല. ഈ ബില്ലിന്റെ ഏതു ഭാഗത്താണ് സ്വയംഭരണാവകാശത്തെ ഹനിച്ചിട്ടുള്ളത്? സാമൂഹ്യനീതി ഉറപ്പാക്കാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു മെമ്പർ ഉണ്ടാകണമെന്ന് പറഞ്ഞു. അത് നിഷേധിക്കാൻ കഴിയുമോ? ഒരു വനിതാ മെമ്പർ ഉണ്ടാകണമെന്നു പറഞ്ഞു. അതാണ് വന്നിരിക്കുന്ന ഭേദഗതി. ക്ഷേത്ര ഉപദേശക സമിതികൾ ക്ഷേത്രങ്ങളുടെ വളർച്ചയ്ക്കു വേണ്ടി നടത്തുന്ന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യണം. എന്നാൽ ചില ക്ഷേത്ര ഉപദേശക സമിതികൾക്ക് ദേവസ്വം ബോർഡും ഗവൺമെന്റ് തീരുമാനങ്ങളുമൊന്നും ഒരു പ്രശ്നമല്ല. ചില സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമിതികളാണ് പലയിടത്തും ഉള്ളത്.

2.00 p.m]

അത്തരം ക്ഷേത്ര സമിതികളെ പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചു. അതിൽ അവിടത്തെ ഏത് ആട്ടോണമസ് സ്വഭാവത്തെയാണ് വെല്ലുവിളിക്കുന്നത്? ഈ സ്ഥാപനങ്ങളുടെ ചുമതലയുള്ള മന്ത്രി അദ്ദേഹത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടക്കുന്ന



LIBRARY ARCHIVES Kerala Legislative Assembly

തോന്ന്യാസങ്ങളിൽ ഇടപെടാൻ പാടില്ല എന്നുപറഞ്ഞാൽ ജനാധിപത്യത്തിൽ ഏത് പാർട്ടിക്കാണ് അത് അംഗീകരിക്കാൻ കഴിയുന്നത്? രണ്ടുമൂന്നു മാസത്തിലൊരിക്കൽ ദേവസ്വം ബോർഡിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിനു നൽകണമെന്നു പറയുന്നതിലൂടെ ജനാധിപത്യപരമായിട്ടുള്ള ഇടപെടലുകളാണ് ഇവിടെ നടക്കുന്നത്. അങ്ങനെ റിപ്പോർട്ട് കൊടുക്കുന്നതിൽ എന്ത് തടസ്സമാണുള്ളത്? ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ 1950-നുശേഷം കേരളത്തിലെ ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന അടിസ്ഥാന നിയമങ്ങളിൽ വരുത്തേണ്ട മാറ്റത്തെ സംബന്ധിച്ചും പരിശോധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ: സർ, ക്ഷേത്രങ്ങളിലെ പൂജാരിമാർ തന്ത്രവിധികളോ പൂജാവിധികളോ അറിയാവുന്നവരല്ല. മറിച്ച്, നിയമനം മുഴുവൻ പണാധിഷ്ഠിതമായിരുന്നുവെന്ന് ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷന്റെ ഒരു പരാമർശം വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: ഞാൻ അത് പറഞ്ഞുവരികയാണ്. സകലമാന മാനദണ്ഡങ്ങളും മര്യാദകളും നിയമങ്ങളും ലംഘിച്ചുകൊണ്ട് പണം മാത്രം അടിസ്ഥാനമാക്കി മാറ്റിക്കൊണ്ട് നിയമനം നടത്തിയാൽ സ്വാഭാവികമായും അവർക്ക് ഇത്തരം കാര്യങ്ങളിൽ അറിവുണ്ടാകില്ല. ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ. ബാബു: വിശ്വാസികളുടെ വിശ്വാസം സംരക്ഷിക്കാൻ വേണ്ടിയാണ് ഈ നിയമമൊക്കെ കൊണ്ടുവരുന്നത്. എന്നാൽ ഗുരുവായൂരിൽ കളഭത്തിന് നാലിരട്ടി വിലകൂടിയെന്നു പറഞ്ഞ് ഒരു വാർത്ത വന്നു. വിശ്വാസികളെ സഹായിക്കാൻവേണ്ടി ഇതൊക്കെ കുറയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് നിർദ്ദേശം കൊടുത്തുകൂടേ?

ശ്രീ. വി. ശിവൻകുട്ടി: കേരളത്തിൽ എല്ലാ സാധനങ്ങളുടേയും വില നിയന്ത്രിക്കുന്നതിലും ചിട്ടപ്പെടുത്തുന്നതിലും ഉത്തരവാദിത്തമുള്ളത് കേന്ദ്രഗവൺമെന്റിനാണ്. ഓരോ സ്ഥലത്തുമുള്ള സാധനങ്ങളുടെ വിലക്കൂടുതൽ അനുസരിച്ച് ഇതിന്റെയെല്ലാം വില കൂടുകയും കുറയുകയും ചെയ്യുന്നത് സ്വാഭാവികമല്ലേ? അത് ഇത്ര ഗൗരവമായ വിഷയമായി എടുക്കേണ്ട കാര്യമില്ല. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിലാണ്. ആ നിയമനത്തിലെ അഴിമതി അവസാനിപ്പിക്കുന്നതിനും സംവരണതത്വം പാലിക്കുന്നതിനുംവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ നിയമം കേരളീയ സമൂഹം ഒറ്റക്കെട്ടായി നിന്ന് സ്വാഗതം ചെയ്യുമെന്നുള്ളതിൽ സംശയമില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എൽ.ഡി. ക്ലാർക്ക് മുതൽ എസ്റ്റാബ്ലിഷ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ 1363 ജീവനക്കാരാണുള്ളത്. 983 പേർ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലും 380 ജീവനക്കാർ മരാമത്ത് വിഭാഗത്തിലുമാണ് ജോലി ചെയ്യുന്നത്. 1363 പേരിൽ എൽ.ഡി. ക്ലാർക്ക്, ഓവർസീയർ, സബ് ഗ്രൂപ്പ് ഓഫീസർ, ഡ്രൈവർ, പ്യൂൺ തുടങ്ങിയവരും ഉൾപ്പെടും. 3501 ക്ഷേത്ര ജീവനക്കാരുള്ളതിൽ ശാന്തി, തന്ത്രി, വാച്ചർ, തളി, കഴകം, നാദസ്വരം, പഞ്ചവാദ്യം, പുറംതളി എല്ലാം ഉൾപ്പെടും. കൊച്ചി ദേവസ്വം ബോർഡിൽ 401

LIBRARY ARCHIVES Kerala Legislative Assembly

അമ്പലങ്ങളിൽത്തന്നെ 320 എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ പണിയെടുക്കുകയാണ്. 1200 ക്ഷേത്ര ജീവനക്കാരുണ്ട്. മലബാറിൽ 1339 ക്ഷേത്രങ്ങളുണ്ട്. അവിടെ അങ്ങ് സൂചിപ്പിച്ചതുപോലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ 129 ജീവനക്കാരാണുള്ളത്. മലബാർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരെ ഇപ്പോഴും നിയമിക്കുന്നത് പി.എസ്.സി.-യാണ്. പക്ഷേ അവിടെ ക്ഷേത്രജീവനക്കാരായി 5528 ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേത്രജീവനക്കാരുടെ നിയമനങ്ങളും കേരള പബ്ളിക് സർവ്വീസ് കമ്മീഷന് വിടുന്നതു സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ ഇന്ന് ഒരു മാനദണ്ഡവുമില്ല. ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് നിയമനക്കാര്യത്തിലാണ്. ബോർഡിന് ഇഷ്ടമുള്ളവരെ ടെസ്റ്റോ ഇന്റർവ്യൂവോ നടത്താതെ ബോർഡ് മെമ്പർമാർ തീരുമാനിക്കുന്നു. പാർട്ട്ടൈം ജീവനക്കാരായി അവരെ നിയമിക്കുകയും ഭാവിയിൽ അവർ ഫുൾടൈം ജീവനക്കാരായി മാറുകയും ചെയ്യുന്നു. ക്ഷേത്രങ്ങളിൽ ആവശ്യാനുസരണമുള്ള ജീവനക്കാരെയല്ല നിയമിക്കുന്നത്. നിയമനം നടത്താൻ അവർ തന്നെയാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. അതുകൊണ്ട് ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാർ വേണമെന്നുള്ളത് ഒരു കമ്മീഷനെ നിയോഗിച്ചുകൊണ്ട് അന്വേഷണം നടത്തി തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വങ്ങളിൽ ഇപ്പോൾ എത്ര തസ്തികയുണ്ടെന്ന് നമുക്ക് അറിയില്ല. അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം മാത്രമാണ് നമുക്കറിവുള്ളത്. ഈ ദേവസ്വങ്ങളിൽ എത്ര തസ്തികകൾ വേണം, അത് ഏതെല്ലാം കാറ്റഗറിയിൽ വേണമെന്നതിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് ആധികാരികമായിട്ടുള്ള ഒരു കണക്ക് ഒരു സ്ഥാപനങ്ങളും തീരുമാനിച്ചിട്ടില്ല. കാലാകാലങ്ങളിൽ വരുന്ന ബോർഡിന്റെ ഇഷ്ടത്തിനനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുകയാണ്. അതുകൊണ്ട് തസ്തികകളെ സംബന്ധിച്ചിടത്തോളം ഒരു അന്വേഷണവും പഠനവും നടത്തി ഒരു തീരുമാനമുണ്ടാക്കണം.

മറ്റൊരു വലിയ അഴിമതിയുണ്ടാകുന്നത് സ്വകാര്യ രംഗത്തുള്ള ക്ഷേത്രങ്ങൾ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നത് സംബന്ധിച്ചാണ്. കാലാകാലങ്ങളിൽ വരുന്ന ബോർഡുകൾ തീരുമാനിക്കും, സ്വകാര്യ രംഗത്തുള്ള ഏത് ക്ഷേത്രങ്ങൾ ഏറ്റെടുക്കണമെന്ന്. അവിടെ ഒളിഞ്ഞുകിടക്കുന്നത് സാമ്പത്തിക അഴിമതി മാത്രമല്ല, ദേവസ്വം ബോർഡിന് വലിയ തോതിലുള്ള സാമ്പത്തിക ബാധ്യത വരുന്നുവെന്നുള്ളത് ഒരു വശത്തുണ്ട്. മറുവശത്ത് ഓരോ ക്ഷേത്രവും ഏറ്റെടുക്കുമ്പോൾ, ഏറ്റെടുക്കുന്നതിന് ബോർഡ് തീരുമാനിക്കുന്നതിന് ഒരാഴ്ച മുമ്പുതന്നെ അഞ്ചും പത്തും ജീവനക്കാരെ അവിടത്തെ പ്രൈവറ്റ് മാനേജുമെന്റ് നിയമിക്കുകയും ബോർഡ് ആ സ്വകാര്യ ക്ഷേത്രം ഏറ്റെടുക്കുന്നതോടുകൂടി അവിടെയുള്ള ജീവനക്കാർകൂടി ദേവസ്വം ബോർഡിലെ സ്റ്റാഫായി മാറുകയും ചെയ്യുന്നു. അവിടെയും ഔദ്യോഗിക നിയമനം ഒളിഞ്ഞുകിടക്കുന്നു എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അപ്പോൾ തീർച്ചയായിട്ടും അത്തരം സ്വകാര്യ ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇന്ന് ദേവസ്വം ബോർഡുകളിൽ ഒരു മാനദണ്ഡവുമില്ല. കാലാകാലങ്ങളിൽ വരുന്ന ബോർഡ് മെമ്പർമാരും ബോർഡും തീരുമാനിക്കും, ഇന്ന ക്ഷേത്രം ഏറ്റെടുക്കണോ വേണ്ടയോയെന്ന്. അത് അവർക്ക് തോന്നുന്ന രീതിയിൽ ഏറ്റെടുക്കുന്നു. അതുകൊണ്ട് തന്നെ ഈ ക്ഷേത്രങ്ങൾ



LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം മാനദണ്ഡങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥി ക്കുകയാണ്. അതുപോലെതന്നെ ഇപ്പോൾ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്കൂളും കോളേജും പ്രൈവറ്റ് മാനേജുമെന്റിന്റെ ആനുകൂല്യങ്ങളും അവകാശങ്ങളുമൊക്കെയു ള്ളതാണ്. എങ്കിൽപ്പോലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽപ്പെട്ട ആൾക്കാരെ നിയമിക്കാ നുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ കഴിയുന്നതാണ്. ദേവസ്വം ബോർഡ് സ്കൂളുകളിലും കോളേജുകളിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിയമന ത്തിനുപോലും കൊടുക്കേണ്ടി വരുന്ന തുകയെ സംബന്ധിച്ച് കൊടുത്തവർ തന്നെ രഹസ്യമായി പറയുന്നത് കേട്ടാൽ നാമൊക്കെ ഞെട്ടിപ്പോകും. ഈ ജനാധിപത്യ കേരള ത്തിലാണോ ഇത്തരം കാര്യങ്ങളുണ്ടാകുന്നത് എന്ന് നമ്മൾ അത്ഭുതപ്പെട്ടുപോകും. അതു കൊണ്ടുതന്നെ ദേവസ്വം ബോർഡ് സ്കൂളുകളിലേയും കോളേജുകളിലേയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതും കൂടി പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെടു ത്തണമെന്ന് അപേക്ഷിക്കുകയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ 1950-ലെ ആക്ട് പ്രകാരം നിലവിൽ വന്ന ദേവസ്വം ബോർഡ് ആക്ടിൽ നിഷ്ക്കർഷിച്ചിട്ടുള്ള റിക്രൂട്ട്മെന്റ് നിയമം അനുസരിച്ചാണ് 1985 വരെ പ്രവർത്തിച്ചത്. അന്ന് ഒരു മാനദണ്ഡ വുമില്ല. അപേക്ഷ വാങ്ങുന്നു. ഇന്റർവ്യൂപോലുമില്ല. 1985 വരെ, ദേവസ്വം ബോർഡു കളിൽ ജോലി കിട്ടിയ ജീവനക്കാരോട് വിളിച്ചുചോദിച്ചാൽ... അങ്ങ് വിളിച്ചുചോദിക്കണം, ഒരു ഇന്റർവ്യൂവുമില്ലായിരുന്നു. ഒരു വെള്ളപേപ്പറിൽ ഒരപേക്ഷ എഴുതി വാങ്ങുന്നു. ക്വാളിഫിക്കേഷൻ നോക്കുന്നില്ല. ഉടനേ തന്നെ ദേവസ്വത്തിൽ അപ്പോയിന്റുമെന്റ് നടത്തുകയാണ്. 1985-ന് ശേഷമാണ് അതിന് ഒരു മാറ്റം വന്നത്. 1985-ൽ ഒരു പൊതു പ്രവർത്തകൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഹർജി നൽകുന്നതിനുവേണ്ടി തയ്യാറായി. ആ ഹർജി ജസ്റ്റിസ് ശ്രീധരന്റെ ബഞ്ചിലാണ് വന്നത്. അന്ന് ദേവസ്വങ്ങളുടെ കാര്യങ്ങൾ പരിശോധിക്കുകയും വിധി പറയുകയും ചെയ്യുന്ന ഉത്തരവാദിത്വം ബഹുമാ നപ്പെട്ട ജസ്റ്റിസ് ശ്രീധരനായിരുന്നു. 1985-ൽ ജസ്റ്റിസ് ശ്രീധരന്റെ ചരിത്രപ്രധാനമായ ഒരു ഉത്തരവ് വന്നു. ഈ ബിൽ പോലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവായിരുന്നു. ആ ഉത്തരവെന്ന് പറയുന്നത്, ദേവസ്വം ബോർഡിൽ നിയമനം നടത്തണമെങ്കിൽ പരസ്യപ്പെടുത്തണം എന്നാണ്. 1985 വരെ ഒരു പത്രങ്ങളിലും ഔദ്യോഗിക നിയമനത്തെ സംബന്ധിച്ചിടത്തോളം ഒരു പരസ്യവുമില്ലായിരുന്നു. ബഹുമാനപ്പെട്ട ജസ്റ്റിസ് ശ്രീധരന്റെ വിധി ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വന്നു. ആ വിധിയിലാണ് നിങ്ങൾ പരസ്യം ചെയ്യണം, അപേക്ഷ സ്വീകരിക്കണം, ഇന്റർവ്യൂ നടത്തണം, റാങ്ക് ലിസ്റ്റ് തയ്യാ റാക്കണം, അത് പരസ്യം ചെയ്യണമെന്നൊക്കെ പറയുന്നത്. അത് 1985-ന് ശേഷമാണ്. കേരളത്തിൽ കൊച്ചി, അതുപോലെതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആ നിയമം വരുന്നത് 1985-ന് ശേഷമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ദേവസ്വത്തിന്റെ തന്നെ ഒരു റിക്രൂട്ട്മെന്റ് പോളിസിയില്ലാത്ത ഒരു സാഹചര്യമുണ്ടായിരുന്നു എന്നുള്ള കാര്യം കൂടി ഇതിൽ നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തന്നെ ഒരു സ്ഥാപനത്തിന്റെ കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ. ഈ സ്ഥാപനത്തിന് ലക്ഷക്കണക്കിന് വരുന്ന അപേക്ഷകൾ പരിശോധിച്ച് പ്രോസസ്സ് ചെയ്യാ നുള്ള ത്രാണിയും ശേഷിയുമുണ്ടോ? ഏറ്റവും ഒടുവിൽ വിവാദമായ ക്ലാർക്ക് ഔദ്യോഗിക നിയമനവുമായി ബന്ധപ്പെട്ട് ഏതാണ്ട് 75,000-ത്തോളം വരുന്ന അപേക്ഷ കളാണ് ക്ഷണിച്ചത്. 75,000-ത്തോളം വരുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്ത് അതിന്

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായ നടപടിക്രമങ്ങൾ അനുസരിച്ച് പരീക്ഷ നടത്തുവാനുള്ള ത്രാണിയൊന്നും ദേവസ്വം ബോർഡിനില്ല. അതുകൊണ്ട് സംഭവിക്കുന്നത് അവർ ഏതെങ്കിലും സ്ഥാപനത്തെ ഏൽപ്പിക്കുകയാണ്, ഒരു സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരുന്നു. ആ സ്ഥാപനത്തെ ഏൽപ്പിക്കുമ്പോൾ മുതൽ തന്നെ അഴിമതിയുണ്ടാകുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഈ രണ്ട് ബോർഡുകളെ സംബന്ധിച്ചിടത്തോളം ആരെയും നിയമിക്കാനും, പിരിച്ചുവിടാനും, പ്രൊമോഷൻ നൽകാനും, തസ്തികമാറ്റം നൽകാനും, ഡെപ്യൂട്ടേഷൻ നൽകാനും ആർക്കും ചോദ്യം ചെയ്യുവാൻ നിയമപരമായ അധികാരമില്ലാത്ത ഒരു സ്ഥാപനമായി കുറേ നാളുകളായി വിലസിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ഇക്കാര്യത്തിൽ ഇടപെടാനും ജനാധിപത്യ വിരുദ്ധമായിട്ടുള്ള സാമൂഹ്യനീതി നിഷേധിക്കപ്പെടുന്ന നടപടി അവസാനിപ്പിക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഈ രണ്ട് നിയമനിർമ്മാണത്തിലൂടെ ശ്രദ്ധിച്ചുവെന്നത് ഏറ്റവും സ്വാഗതാർഹമാണ്. അങ്ങേയ്ക്ക് അറിയാമല്ലോ. ഒരു പക്ഷേ അങ്ങ് നന്നായി തന്നെ ദേവസ്വം ബോർഡിന്റെ കാര്യങ്ങൾ നോക്കുന്ന, പഠിക്കുന്ന ..... തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആനക്കാരൻ ക്ലാർക്കായി, പുറംതളി ജോലിയിൽപ്പെട്ട വനിതകൾ കംപ്യൂട്ടർ ഓപ്പറേറ്ററായി, കഴകം സ്പെഷ്യൽ ഗ്രൂപ്പ് ഓഫീസറായി. അത്തരം വിചിത്രമായിട്ടുള്ള നടപടിക്രമങ്ങൾ നമ്മുടെ നാട്ടിൽ തന്നെ ഈ ദേവസ്വം ബോർഡുകളിൽ മാത്രമേയുണ്ടാകൂ എന്നുള്ള വിവരം അങ്ങേയ്ക്കറിയാം. ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ, ക്ലാർക്ക് നിയമനത്തിന് 74,000-ത്തോളം പേരാണ് ടെസ്റ്റ് എഴുതിയത്. വളരെ വിചിത്രമാണ്, 507 പേർ ജയിച്ചു. 507 പേർക്കും 43 ശതമാനം മാർക്കാണ്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ മുമ്പാകെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും മന്ത്രിയുടെയും മുമ്പാകെയും ഫയലുണ്ട്. 74,000-ത്തോളം പേർ പരീക്ഷയെഴുതിയപ്പോൾ 507 പേർക്ക് കൃത്യമായി 43 ശതമാനം മാർക്ക്. റൂട്രോണിക്സ് എന്നുപറയുന്ന, എന്റെ മണ്ഡലത്തിലെ ശാസ്തമംഗലത്തുള്ള സ്ഥാപനത്തിനാണ് ഈ 74,000 പേരുടെ ക്ലാർക്ക് പരീക്ഷ നടത്തുന്നതിന് വേണ്ടിയിട്ടുള്ള ചുമതല തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. രാമൻ നായരും കൂട്ടരും കൊടുക്കുന്നതിനുവേണ്ടി തയ്യാറായത്. റൂട്രോണിക്സ് എന്നുപറയുന്ന സ്ഥാപനം ഖാദി ബോർഡിന്റെ കീഴിലുള്ള വനിതാ സഹകരണ സംഘം പോലെയുള്ള ഒരു സ്ഥാപനമാണ്. അവിടെ എസ്.എസ്.എൽ.സി. പാസ്സായ ജീവനക്കാർ തന്നെ കുറവാണ്. അങ്ങനെയുള്ള ഒരു സ്ഥാപനത്തിനാണ് ഇത്രയും വലിയ 74,000-ത്തോളം വരുന്ന ആൾക്കാരുടെ പരീക്ഷാ നടത്തിപ്പും അതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റും നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള ചുമതല കൊടുത്തിരിക്കുന്നത്. എൽ.ഡി. ക്ലാർക്ക് നിയമനം ബഹുമാനപ്പെട്ട മന്ത്രിയും കോടതിയും ഇടപെട്ടുകൊണ്ട് നിർത്തിവെച്ചു. ഇത് സംബന്ധിച്ച് ഇവിടെ നേരത്തേ എനിക്ക് മുമ്പ് സംസാരിച്ച സ്നേഹിതനുമൊക്കെ കുറേ അഴിമതി ആരോപണം സൂചിപ്പിച്ചു. അങ്ങയുടെ 2007-ലെ നിയമഭേദഗതി വന്ന് അധികാരം നഷ്ടപ്പെടുന്നതിന് ഒരാഴ്ച മുമ്പ്, നിയമത്തെ സംബന്ധിച്ച് പത്രങ്ങളിലും സഭയ്ക്കകത്തും പുറത്തുമൊക്കെ ധാരാളം ചർച്ച നടന്നുകൊണ്ടിരിക്കുന്നു; ദേവസ്വം ബോർഡ് നിയമം വരാൻ പോകുന്നു. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ നിയമം പാസ്സാകുന്നതിന് ഒരാഴ്ച മുമ്പ് അവർ ചെയ്ത കടുംകൈ അങ്ങ് മനസ്സിലാക്കണം. 10 ഗാർഡുകളെ ക്ലാർക്കുമാരാക്കി. ക്വാളിഫിക്കേഷനുണ്ടോ എന്നൊക്കെ പരിശോധിച്ചുനോക്കേണ്ടതായിട്ടുണ്ട്. 20 ഡ്രൈവർമാരെ നിയമിച്ചു. അത് ഇവിടെ നേരത്തെ പറഞ്ഞ ഡ്രൈവർമാരല്ല. ഡ്രൈവർമാരുടെ വേക്കൻസിയുണ്ടെങ്കിൽ നിയമിക്കണം. പക്ഷേ വാഹനമില്ല. അവസാനം

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കപ്പെട്ട ഡ്രൈവർമാരോട് ആനക്കാരോടുകൂടി നിന്നോളാൻ പറയും. അത്തരത്തിൽ 8 വാച്ചർമാരെ ക്ലാർക്കാക്കി. ഈ ബിൽ വരുന്നതിന് ഒരാഴ്ച മുമ്പ് 3 വാച്ചർമാരെ ടൈപ്പിസ്റ്റാക്കി. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അത്തരത്തിലുള്ള കേട്ടുകേൾവിയില്ലാത്ത വിചിത്രമായിട്ടുള്ള നിയമനങ്ങളാണ് നടന്നുകൊണ്ടിരുന്നത്. ഇത് ചില പത്രങ്ങളിൽ വരികയും നാട്ടുകാർ തന്നെ പറഞ്ഞത് ഒരു എ. ഇ.-യുടെ നിയമനത്തിന് 16 ലക്ഷവും ഒരു വാച്ചറിന് രണ്ടര ലക്ഷവുമാണ് കൊടുക്കുന്നത് എന്നാണ്. ഇതിനെല്ലാം ഏജന്റുമാരുണ്ട്, കഴകത്തിന് ഒന്നര ലക്ഷം രൂപയാണ്. ശാന്തിക്കാരന് ഒന്നര ലക്ഷം രൂപയാണ് കൊടുക്കേണ്ടി വരുന്നത്. തകിലിനും നാദസ്വരത്തിനും ഒന്നര ലക്ഷം കൊടുത്താൽ മതി. അതുപോലെ ശബരിമലയിലും കേരളത്തിലെ മേജർ അമ്പലങ്ങളിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലും കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലും ഉള്ള മേജർ അമ്പലങ്ങളിൽ എ. ഒ.-മാരായിട്ടും സബ് ഗ്രൂപ്പ് ഓഫീസർമാരായിട്ടും സ്ഥലം മാറ്റം കിട്ടണമെങ്കിൽ ഇപ്പറഞ്ഞ തുകയേക്കാൾ കൂടുതൽ തുക കൊടുത്താൽ മാത്രമേ സ്ഥലംമാറ്റം കിട്ടുകയുള്ളൂ. ഇങ്ങനെ കാശ് കൊടുത്ത് പോകുന്നവർ എത്ര ആത്മാർത്ഥതയായിരിക്കും ദേവസ്വം ബോർഡിനോട് കാണിക്കാൻ തയ്യാറാകുന്നത്? ഭക്തജനങ്ങളോട് എത്ര ആത്മാർത്ഥതയായിരിക്കും കാണിക്കാൻ തയ്യാറാകുന്നത്. യു.ഡി.എഫ്. സുഹൃത്തുക്കൾ ഒന്നും ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് മിണ്ടുന്നില്ല? ഈ സാഹചര്യത്തിൽ അങ്ങ് കൊണ്ടുവന്നിട്ടുള്ള തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡിൽ സബോർഡിനേറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വിദൂര ഭാവിയിൽ മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ നിയമനം കൂടി ക്ഷേത്ര ജീവനക്കാരുടെ കൂടെ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള നിയമം കൊണ്ടുവരുമെന്ന പ്രതീക്ഷയോടെ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ചർച്ച വിശ്വാസികളുമായി ബന്ധപ്പെട്ട ചർച്ചയാണ്. വിശ്വാസം ഇല്ലാത്തവർക്ക് കൂടുതൽ സൂക്ഷ്മത വേണ്ടിവരും. ഈ ബിൽ ദേവസ്വം ബോർഡുകളിലെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നത് സംബന്ധിച്ചാണ്. ഇത് കേൾക്കുമ്പോൾ വളരെ സദുദ്ദേശപരമാണെങ്കിൽപ്പോലും ബില്ലിലൂടെ കടന്നുനോക്കുമ്പോൾ, ആഴത്തിൽ ഒരു പഠനം നടത്തിയാൽ അതിലെ ചില ദുരുദ്ദേശങ്ങൾ കാണാനാകും. എല്ലാം സദുദ്ദേശമാണെന്ന് പറയാനാകില്ല. ബില്ലിൽ സെക്ഷൻ (3)-ൽ സബ് സെക്ഷൻ (2)-ൽ പി.എസ്.സി.-യുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത കാര്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിനുണ്ടാക്കാവുന്നതാണ് എന്നാണ് എഴുതിയിരിക്കുന്നത്. ഈ വ്യവസ്ഥയോടെ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. അല്ലെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് അങ്ങനെയുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് എന്ന് ബില്ലിൽ വ്യക്തമായി പറയേണ്ടതായിരുന്നു. അത് പറഞ്ഞിട്ടില്ല. അതിനർത്ഥം പി.എസ്.സി.-യെ ഒരു നോക്കുകുത്തിയാക്കി സർക്കാരിന് ആവശ്യമായ നിയമനങ്ങൾ ആവശ്യമുള്ള സമയത്ത് ആവശ്യമായ തസ്തികകളിൽ യഥേഷ്ടം നടത്താൻ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

തടസ്സവും ഇല്ല എന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. അതോടൊപ്പം തന്നെ സെക്ഷൻ(3) സബ് സെക്ഷൻ (3)-ൽ "പബ്ലിക് സർവ്വീസ് കമ്മീഷനും, ദേവസ്വം ബോർഡും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം, ദേവസ്വം ബോർഡ് അക്കാര്യം സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നുമാണ്" പറഞ്ഞിരിക്കുന്നത. പി.എസ്.സി.-യെ പോലെ ഭരണഘടനാനുസൃതമായി രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനത്തെ ഗവൺമെന്റിന്റെ സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യത്തിന് വേണ്ടി ദുരുപയോഗപ്പെടുത്തുക മാത്രമല്ല അവഹേളിക്കുക കൂടിയാണ് സർക്കാർ ഈ ബില്ലിലെ വ്യവസ്ഥയിലൂടെ ചെയ്യുന്നത്. സർക്കാർ രൂപം നൽകിയ പുതിയ ബോർഡും സർക്കാരും ചേർന്നാൽ പിന്നെ അവിടെ പി.എസ്.സി.-ക്ക് എന്താണ് റോൾ? തങ്ങളുടെ നിയമനാധികാരം ബോർഡിൽനിന്ന് എടുത്തു മാറ്റി പി.എസ്.സി.-ക്ക് വിട്ടു എന്ന് പറയുമ്പോൾ തന്നെ ആ നിയമനാധികാരം സർക്കാരിലും നിക്ഷിപ്തമാക്കാൻ ഈ ബിൽ ശക്തി പകരുകയാണ്. അതുകൊണ്ട് ക്ലോസുകളിൽ വളരെയേറെ തിരുത്തലുകൾ ആവശ്യമാണ്. സെക്ഷൻ 3(1)-ൽ ഹിന്ദുമതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്ന് മാത്രമേ നിയമനം നടത്താവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് നല്ല കാര്യമാണെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. കാരണം ക്ഷേത്രാരാധനയ്ക്ക് വരുന്നത് തികഞ്ഞ ഭക്തരും വിശ്വാസികളുമാണ്. അതുകൊണ്ടുതന്നെ അവിടുത്തെ ഭരണകർത്താക്കളും ഉദ്യോഗസ്ഥരുമൊക്കെ തികഞ്ഞ വിശ്വാസികൾ ആയിരിക്കണം എന്നുള്ളത് വളരെ പ്രധാനമാണ്. എന്നാൽ അവിടെ ഹിന്ദുമതത്തിലെ ഉദ്യോഗാർത്ഥികളെയാണ് നിയമനത്തിന് പരിഗണിക്കുക എന്നു പറയുന്നതുകൊണ്ട് അവർ വിശ്വാസികളായിക്കൊള്ളണമെന്നില്ല. ഉദാഹരണത്തിന് ക്ഷേത്രത്തിൽ പോയി തന്റെ ഷർട്ട് ഊരി വച്ചിട്ട് ശ്രീകോവിലിനു മുന്നിൽ എത്തിയിട്ട് പോലും ഒന്ന് തൊഴാൻ തയ്യാറാകാത്തവർ നമ്മുടെ ഇടയിലുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നു മാത്രമല്ല, വളരെ മതപരമായി തന്നെ ദേവസ്വത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നവർ തികഞ്ഞ മത വിശ്വാസികൾ ആയിരിക്കണം എന്നത് വളരെ നിർബന്ധമില്ല എങ്കിൽ ക്ഷേത്രഭരണവും അതിന്റെ ആത്മീയതയും ഒക്കെ എവിടെ ചെന്നെത്തും എന്നത് ഊഹിക്കാവുന്നതേയുള്ളൂ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം എന്ത് മനസ്സിലാക്കിയിട്ടാണ് ഇത് പറയുന്നത് എന്ന് എനിക്കറിയില്ല ഹിന്ദുമതം വളരെ വിശാലമായ ഒരു മതമാണ്. ദൈവവിശ്വാസികളും ദൈവവിശ്വാസം ഇല്ലാത്ത ആളുകളും ഹിന്ദുമതത്തിന്റെ പരിധിയിൽ വരുമെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ? ആരാധന സംബന്ധിച്ച് പൂർണ്ണമായിട്ട് വിഗ്രഹാരാധനയ്ക്ക് എതിരായിട്ടുള്ള ആളുകൾ ഹിന്ദുമത വിശ്വാസികളുടെ കൂട്ടത്തിൽ ഉണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇവിടെ പറഞ്ഞ വിശ്വാസികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശ്വാസം ഇല്ലാത്ത ആളുകളെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. വിശ്വാസം ഇല്ലാത്തവർ എന്നു പറയുന്നത് പൂർണ്ണമായും ഈ പ്രപഞ്ചത്തിലെ ഒന്നിലും വിശ്വാസം ഇല്ലാത്തവരാണ്. പക്ഷേ വിഗ്രഹത്തെ വിശ്വസിക്കാത്തവരാണെങ്കിൽ മറ്റൊരു വിശ്വാസം ഉണ്ടായിരിക്കും. ഞാൻ ഉദ്ദേശിക്കുന്നത് മതത്തെ എതിർക്കുക തന്നെ വേണം എന്ന് ചിന്തിക്കുന്ന ആളുകൾ, അതാണ് തങ്ങളുടെ പ്രത്യയശാസ്ത്രത്തിന്റെ എ.ബി.സി. എന്ന് വിശ്വസിക്കുന്ന ആളുകളെക്കുറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ: വിശ്വാസം എന്ന് പറയുന്നത് ക്ഷേത്രാരാധന മാത്രമാണെന്ന് ധരിക്കുന്നത് ശരിയല്ല. വിശ്വാസികളും അവിശ്വാസികളും നിറഞ്ഞതാണ് ഹിന്ദുമതത്തിന്റെ പൂർവ്വകാലത്തിലുള്ള കപിലനും കണാദനും ചാർവാകനും-അങ്ങനെയുള്ള മഹർഷിമാരെല്ലാം തന്നെ ഈശ്വര നിഷേധികളായിരുന്നു. അണു സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ കണാദ മഹർഷിയെ പാണ്ഡവ സേനയുടെ ഗുണ്ടകൾ അടിച്ചുകൊന്നു എന്നാണ് ഐതീഹ്യം. അതുപോലെ ഈശ്വരാരാധന എന്നുപറയുന്നതും അമ്പലത്തിൽ പോയി ആരാധിക്കുന്നതുമായി കൂട്ടിക്കുഴയ്ക്കരുത്. അറിയാവുന്ന കാര്യത്തിൽ മാത്രമേ ശ്രീ. രണ്ടത്താണി കൈവയ്ക്കാവൂ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഇവിടെ വിശ്വാസം എന്നു പറയുന്നതിന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. വിശ്വാസവും നിരീശ്വര വാദവും രണ്ടും രണ്ട് തന്നെയാണ്. നിരീശ്വര വാദത്തെ മത വിശ്വാസവുമായി കൂട്ടിക്കുഴയ്ക്കാനാകില്ല. മത വിശ്വാസം എന്ന് പറയുന്നത് വേറെയാണ്. നിരീശ്വര വാദമെന്ന് പറയുന്നത് വേറെയാണ്.

ശ്രീ. സി. പി. മുഹമ്മദ്: കണാദനേയും ചാർവാകനേയും ഒക്കെ ശ്രീ. എൻ. അനിരുദ്ധൻ ഉദ്ധരിച്ചു. അവരൊക്കെ നാസ്തികൻമാരായിരുന്നു. പക്ഷേ അവർ ആ സാമൂഹ്യ വ്യവസ്ഥിതിയിലെ ഏതെങ്കിലും ക്ഷേത്രത്തിലെ ആചാര്യൻമാർ ആകാനോ ക്ഷേത്രം ഭരിക്കാനോ പുറപ്പെട്ടിട്ടില്ല. നാസ്തികൻമാരായ ആളുകൾക്ക് അങ്ങനെ ജീവിക്കാം. വിഗ്രഹാരാധനയിൽ വിശ്വാസമുള്ളവർക്ക് അങ്ങനെ ജീവിക്കാം. പക്ഷേ വിഗ്രഹാരാധന നടത്തുന്ന ക്ഷേത്രത്തിൽ നാസ്തികൻമാരായ ആളുകൾ കയറിപ്പറ്റുന്നത് ഒരു അധികപ്രസംഗമാണെന്ന് താങ്കൾക്ക് അറിയാമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ജോലിക്കായി അപേക്ഷ ക്ഷണിക്കുമ്പോൾ ഉദ്യോഗാർത്ഥികൾ തികഞ്ഞ വിശ്വാസികൾ ആയിരിക്കണമെന്നുള്ളത് ഈ ബില്ലിന്റെ സെക്ഷൻ 3 (1) (ബി)-ൽ ഉൾപ്പെടേണ്ടതാണ്. അതോടൊപ്പം യു.പി.എസ്.സി., പി.എസ്.സി. ഇവയൊക്കെ ഭരണഘടനാനുസൃതമായി രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളാണ്. ഇവയിൽ കൂടിയുള്ള നിയമനങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ തന്നെ ആ മത വിശ്വാസവുമായി ബന്ധപ്പെട്ട ആളുകൾക്ക് കൂടി റിസർവേഷൻ ചെയ്യേണ്ട കാര്യം ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ മലബാറിൽ ഉള്ളതുപോലെ ട്രാവൻകൂർ മേഖലയിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട് മറ്റ് പിന്നോക്ക വിഭാഗങ്ങൾ വളരെ കുറവാണ്. അങ്ങനെയുള്ള സാഹചര്യം ഒരിക്കലും ഉണ്ടാകാൻ പാടില്ല എന്ന് മാത്രമല്ല 1950-ൽ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന ആക്ട് നിലവിൽ വന്നു. ആ ആക്ട് നിലവിൽ വന്നതിനുശേഷം അന്നത്തെ രാജാക്കൻമാരുടെ കൈയിൽ ഉണ്ടായിരുന്ന ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിന് സ്വാഭാവികമായും രാജപ്രമുക്കൻമാരും ഗവൺമെന്റും തമ്മിൽ കരാർ ഉണ്ടാക്കി. അതാണ് നേരത്തെ സൂചിപ്പിച്ച കവനന്റ് പോലുള്ള കാര്യങ്ങൾ. അത്തരം കാര്യങ്ങളിൽ എടുത്ത തീരുമാനം ഉണ്ടായിരുന്നു. ആ കരാറിൽ മൂന്ന് അംഗങ്ങൾ എന്ന് പറയുന്നത് വളരെ വ്യക്തമായിരുന്നു. ആ കരാർ ഉണ്ടാക്കിയതിനുശേഷമാണ് privy purse നിർത്തലാക്കുന്നത്. അത് നിർത്തലാക്കിയതോടുകൂടി ഇത്തരം നിയമങ്ങൾ നേരിട്ട് ഭരണഘടനയുടെ ഭാഗമായി മാറുകയാണ്. അത്തരം നിയമം കൊണ്ടുവരുന്ന സമയത്ത് ശ്രദ്ധാപൂർവ്വം തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

എടുക്കേണ്ടത് വളരെ പ്രധാനമാണ്. എന്നുമാത്രമല്ല, ഇവിടെ ഇപ്പോൾ അംഗസംഖ്യ മൂന്ന് എന്നുള്ളത് മാറ്റിയിട്ട് ഒൻപത് ആക്കണമെന്ന് നേരത്തെ തീരുമാനിച്ചിരുന്നത് ഇന്ന് പത്രങ്ങളിൽ കാണുന്നത് ഏഴ് എന്നാക്കി മാറ്റാൻ തീരുമാനിച്ചു എന്നാണ്. "ദേവസ്വം ബോർഡുകളിൽ സി.പി.ഐ. (എം) പിടിമുറുക്കുന്നു" എന്നാണ് തലക്കെട്ട്. ഇതിൽ തന്നെ പറയുന്നത് അംഗസംഖ്യ ഏഴാക്കും എന്നാണ്. ആ ഏഴാക്കുന്നതിൽ തന്നെ പലർക്കും വേണ്ടി പങ്കുവയ്ക്കപ്പെടുന്നു എന്നുവരെ പറയുന്നു. അതിന്റെ പേരിൽ വലിയ പിടി മുറുക്കം നടക്കാൻ പോകുന്നുയെന്നാണ് പറയുന്നത്. അപ്പോൾ സത്യത്തിൽ ഇങ്ങനെ ഏഴാക്കുമ്പോഴും ഈ കാര്യങ്ങളിലൊക്കെ രാഷ്ട്രീയമായ ഒരു ഇടപെടൽ ഇല്ലാത്ത രീതിയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. ഇവിടെ ട്രാവൻകൂർ-കൊച്ചി ദേവസ്വം ബോർഡിനെ കുറിച്ചാണ് ചർച്ച. ഞാൻ ഇന്ന് അന്വേഷിക്കുകയാണ്, ട്രാവൻകൂർ-കൊച്ചി-ഗുരുവായൂർ, എന്തുകൊണ്ട് മലബാറിന് ഒരു ദേവസ്വം ബോർഡില്ല? വളരെ വർഷങ്ങളായിട്ട് ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. മലബാറിനൊരു ദേവസ്വം ബോർഡ് വേണം. അത് വളരെ വർഷങ്ങളായിട്ട് ഉയർന്നു വരുന്ന ഒരു ആവശ്യമാണ്. അതിനുവേണ്ടി ബില്ലു വരെ വന്നിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഉണ്ടാക്കണം. കാരണം നിങ്ങൾക്ക് അറിയാം, ആയിരക്കണക്കിന് ക്ഷേത്രങ്ങൾ മലബാറിൽ ഉണ്ട്. ആ മലബാറിലെ ആയിരക്കണക്കിന് ക്ഷേത്രങ്ങളിൽ ഏറ്റവും വലിയ പ്രത്യേകത അധികവും സാമൂതിരി കുടുംബത്തിന്റെ ക്ഷേത്രങ്ങൾ ആയിരുന്നു. ആ സാമൂതിരി കുടുംബത്തിന്റെ ക്ഷേത്രങ്ങളിൽ ഇന്ന് നല്ല വരുമാനമുള്ള ക്ഷേത്രങ്ങളെയൊക്കെ അങ്ങ് ഏറ്റെടുത്തു. നല്ല വരുമാനമുള്ള ക്ഷേത്രങ്ങളൊക്കെ ഏറ്റെടുത്തിട്ട്, മറ്റ് ക്ഷേത്രങ്ങളിൽ ഇന്ന് നോക്കാൻ വേറെ ആളില്ലാത്ത പരുവത്തിലാണ്. ആ വരുമാനമുള്ള ക്ഷേത്രങ്ങളുടെ സ്ഥിതിയാണെങ്കിൽ ഏറെ കഷ്ടമാണ്. കാരണം, കാടാമ്പുഴ ഭഗവതി ക്ഷേത്രം ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ക്ഷേത്രങ്ങളിൽ ഒന്നാണ്. പക്ഷേ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ കിട്ടുന്ന വരുമാനത്തിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യം പോലും ഒരുക്കാൻ സാധിച്ചിട്ടില്ല. എന്റെ വീടിന്റെ തൊട്ടടുത്താണ്. ദിവസേന ആയിരക്കണക്കിന് തീർത്ഥാടകർ വരുന്ന ആ സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കണം. അവിടെ ഭക്തജനങ്ങൾക്ക് താമസിക്കാൻ സൗകര്യം ഉണ്ടാക്കണം. ദൈനംദിന കാര്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാക്കണം. അതുപോലെതന്നെയാണ് മലബാറിലെ ഒട്ടേറെ ക്ഷേത്രങ്ങളുടേയും സ്ഥിതി. തിരുനാവായ ക്ഷേത്രവുമായി ബന്ധപ്പെട്ട് വാവുബലിക്ക് ആയിരങ്ങളാണ് എത്തുന്നത്. ആ ദിവസങ്ങളിൽ അവിടെ പോയാൽ അവിടത്തെ പ്രയാസങ്ങൾ അറിയാം. അവിടെ എത്തുന്ന തീർത്ഥാടകരുടെ, ഭക്തജനങ്ങളുടെ പ്രയാസങ്ങൾ വളരെ വലുതാണ്. ആ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ സാധിക്കണം. ഇവിടെ കേവലം അംഗങ്ങളെ ഉണ്ടാക്കുകയും രാഷ്ട്രീയമായി കുറെ ആളുകളെ നോമിനേറ്റ് ചെയ്യുകയും ഒരു ബോർഡ് ഉണ്ടാക്കുകയും ചെയ്യുന്നതിനോടൊപ്പം തന്നെ വളരെയേറെ ചിന്തിക്കേണ്ട ഒരു കാര്യം, മലബാറിലെ ഒരുപാട് ക്ഷേത്രങ്ങളിൽ ഒരു ആളും നോക്കാനില്ലാത്ത അവസ്ഥയുണ്ട് എന്നതാണ്. ഇതിൽ പിന്നെ മറ്റൊരു വിഭാഗം പറയുന്നത്, അഡ്മിനിസ്ട്രേറ്റീവ് രംഗത്തുള്ളവരെ മാത്രമേ ഈ പി.എസ്.സി. വഴി നിയമിക്കുന്നുള്ളൂ എന്നാണ്. മറ്റു വിഭാഗങ്ങളിൽ പി. എസ്. സി. വഴി നിയമനം നടത്തണോ, ഏത് രീതിയിൽ നിയമനം നടത്തണമെന്നത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: ശ്രീ. ശിവൻകുട്ടി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ഒരു സംഘടനയുടെ നേതാവ് കൂടിയായിരുന്നു. ആണോ? അല്ലെങ്കിൽ സ്ഥാനം ഒഴിഞ്ഞിരിക്കും. ഏതായാലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന് ഒരു കാര്യം വ്യക്തമായി, കഴിഞ്ഞ പ്രാവശ്യം ദേവസ്വം ഭേദഗതി നിയമം കൊണ്ടുവരുമ്പോൾ പ്രതിപക്ഷത്തുനിന്ന് ഉൾപ്പെടെ ശക്തമായ അഭിപ്രായം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് രംഗത്തെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം പി.എസ്.സി.-ക്ക് വിടുന്നു എന്നുള്ള ഈ നിയമം കൊണ്ടുവരുന്നത്. പക്ഷേ അനതിവിദൂരഭാവിയിൽ പൂജാരി മുതലുള്ള ക്ഷേത്ര ജീവനക്കാരെ മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമപരിധിയിലേയ്ക്ക് വിട്ടുകൊടുക്കാനുള്ള പുതിയ നിയമം വരും എന്നുള്ളതിന്റെ സൂചനയാണ് ശ്രീ. ശിവൻകുട്ടിയുടെ പ്രസംഗം എന്നുള്ളത് മെമ്പർ ശ്രദ്ധിച്ചോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രണ്ടത്താണിയെ ബുദ്ധിമുട്ടിക്കേണ്ട. കാരണം രണ്ടത്താണിയും അമ്പലവും തമ്മിൽ പ്രശ്നമുണ്ടാക്കേണ്ട.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: എന്റെ വീടിന്റെ വിളിപ്പാടകലെയാണ് കാടാമ്പുഴ ഭഗവതി ക്ഷേത്രം.

മി. ഡെപ്യൂട്ടി സ്പീക്കർ: പള്ളി കമ്മിറ്റിയുടെ കാര്യമൊക്കെ ആണെങ്കിൽ കൃത്യമായി പറയും. അമ്പലത്തിന്റെ കാര്യത്തിൽ വെറുതെ പറഞ്ഞ് ബുദ്ധിമുട്ടിക്കേണ്ട.

ശ്രീ. ബാബു എം. പാലിശ്ശേരി: ബഹുമാനപ്പെട്ട ചെയർ പറഞ്ഞതിനോട് എനിക്ക് യോജിപ്പാണ്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി, അറിയാത്ത കാര്യങ്ങളാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് തുടർന്നോളൂ. ഇപ്പോൾ ചില അമ്പലങ്ങളിൽ ചില സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും സൗകര്യമില്ലായ്മയെക്കുറിച്ചുമൊക്കെ അങ്ങ് പറഞ്ഞു, വിശ്വാസങ്ങളിൽ അങ്ങനെ ചിലത് കൂടിയുണ്ട്. അത് അങ്ങേയ്ക്ക് അറിഞ്ഞുകൂടാ. ഹിന്ദു വിശ്വാസങ്ങളിൽ പ്രത്യേകിച്ചും. ഇപ്പോൾ ശബരിമലയ്ക്ക് പോകുമ്പോൾ ഒരു വിമാനത്തിൽ കയറി പോകാനല്ല. "കല്ലും മുള്ളും കാല്ക്ക് മെത്ത" എന്നാണ്. എന്നുവച്ചാൽ അങ്ങനെ നടന്ന് പോകണമെന്നാണ് അതിന്റെ ഒരു വിശ്വാസം. അത് അങ്ങേയ്ക്ക് അറിയാൻ സാധ്യതയില്ല. അതുപോലെതന്നെ ഹിന്ദുമത വിശ്വാസത്തിൽ ഗരുഡൻ തൂക്കമുണ്ട്, ശൂലം തറയ്ക്കലുണ്ട്. അങ്ങനെ പ്രയാസമേറിയ പലതുമുണ്ട്. അതൊക്കെ വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. അതിനുപകരം വേറെ സംവിധാനം ഉണ്ടാക്കാനാവില്ല. അപ്പോൾ എല്ലായിടത്തും എന്തൊക്കെ സൗകര്യങ്ങൾ വേണം എന്തൊക്കെ വേണ്ട എന്നത് വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. അപ്പോൾ അങ്ങേയ്ക്ക് അത് അറിയാത്തതുകൊണ്ടായിരിക്കും അങ്ങ് അത് തെറ്റി പറയുന്നതെന്ന് തോന്നുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇതെനിക്ക് അറിഞ്ഞു കൊണ്ട് തന്നെയാണ് പറയുന്നത്. പിന്നെ ചിലർക്ക് ഒരു ധാരണയുണ്ട്. ഇത്തരം കാര്യങ്ങളൊക്കെ മറ്റ് പലർക്കും അറിയില്ലെന്ന്. അങ്ങനെയുള്ള ഒരു മതവിശ്വാസിക്ക് മറ്റൊരു മതവിശ്വാസത്തെക്കുറിച്ച് അറിയില്ലെന്ന് പറയുന്നത് തെറ്റാണ്. ....... (ബഹളം) ......... മനുഷ്യന് ദൈനംദിനം ചെയ്യേണ്ട ........ (ബഹളം) ........ കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയാൻ ഗവേഷണത്തിന്റെ ആവശ്യമില്ല. ഇതിന് മാനുഷികമായ മൂല്യങ്ങൾ ഉണ്ട്. ഈ സഭയ്ക്കകത്ത് ഇരിക്കുന്നവർ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു ജാതിയുടെയോ മതവിഭാഗത്തിന്റേയോ ഏജന്റുമാരാണെന്ന് വിശ്വസിക്കുന്നവനല്ല ഞാൻ. അവർ നിയമനിർമ്മാണം നടത്തേണ്ടവരാണ്. നിയമനിർമ്മാണം നടത്തേണ്ടവർ, നിയമനിർമ്മാണത്തിൽ സജീവമായി പങ്കെടുക്കേണ്ടവരായ ജനപ്രതിനിധികളെ ഇങ്ങനെ കുറച്ച് കാണിക്കുന്നത് തെറ്റാണ്. ആ തെറ്റ് ആദ്യം തിരുത്തണം. കാരണം ഇത് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ചർച്ചയ്ക്കുള്ളതല്ല. ഇത് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും നന്മയുടെ പക്ഷത്തേയ്ക്ക് കൊണ്ടുപോകാനുള്ളതാണ്.

ശ്രീ. കെ. പി. മോഹനൻ: ബഹുമാനപ്പെട്ട മെമ്പർ നല്ലൊരു ഇസ്ലാമാണ്. ഇപ്പോൾ റമദാന്റെ പുണ്യനാളുകളാണ്. ഈ റമദാനിൽ വ്രതം അനുഷ്ഠിക്കുമ്പോൾ ആഹരിക്കുന്നതിൽ നിന്നുമാത്രം വിട്ടുനിൽക്കുക എന്നതല്ല. മറ്റുള്ളവരെ അപമാനിക്കുന്നതിൽ നിന്നും നുണ പറയുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ മറ്റുള്ളവരെ അപമാനിക്കുന്നതിൽ നിന്നും വിട്ടു നിൽക്കുക എന്നുള്ളതാണ് ശരിയായ ഇസ്ലാമിന്റെ ധർമ്മം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അന്യ മതസമുദായങ്ങളുടെ ആരാധനാലയങ്ങളെ നിന്ദിക്കരുത്. അത് നിന്റെ നാഥനെ നിന്ദിക്കുന്നതിന് തുല്യമാണെന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. അതുകൊണ്ട് തന്നെ കാടാമ്പുഴ ക്ഷേത്രം നിന്ദിക്കപ്പെടാൻ പാടില്ല. ഗുരുവായൂർ ക്ഷേത്രം നിന്ദിക്കപ്പെടാൻ പാടില്ല. ശബരിമല ക്ഷേത്രം നിന്ദിക്കപ്പെടാൻ പാടില്ല. ഈ ക്ഷേത്രങ്ങളുടെയൊക്കെ പവിത്രത നിലനിൽക്കണം. നിന്ദിക്കപ്പെടാതെ തന്നെ സമൂഹത്തിൽ നിലനിൽക്കുന്ന അവസ്ഥയിലേയ്ക്ക് അത് ഉയരണം. അതുകൊണ്ട് ഈ സമയത്ത് ചർച്ചയിൽ പങ്കെടുക്കുന്നത് ഗുണകരമായ ഒന്നാണെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇവിടെ നേരത്തെ മലബാർ ദേവസ്വം ബില്ലിനെ സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു. വളരെ പ്രധാനപ്പെട്ട ഒരു ആവശ്യവുമായിരുന്നു. പക്ഷേ മലബാർ ദേവസ്വം ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ ആഗ്രഹിച്ച ദേവസ്വം മന്ത്രിമാർക്കൊന്നും ആ നിയമം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കാലാവധി പൂർത്തിയാക്കാനും കഴിഞ്ഞിട്ടില്ല. ശ്രീ. കെ. ജി. അടിയോടി ആയാലും ശ്രീ. പി. ആർ. കുറുപ്പായാലും ശ്രീ. നാണുവേട്ടനായാലും ശ്രീ. നീലലോഹിതദാസ് ആയാലും ശ്രീ. ജി. കാർത്തികേയനായാലും ഒന്നും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് പല മന്ത്രിമാർക്കും കാലാവധി പൂർത്തീകരിക്കാൻ കഴിയാതെ രാജിവയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ടായി. അതൊക്കെയാണെങ്കിൽ പോലും, ഈ നിയമം ഞാൻ ഈ നിയമസഭയിൽ പാസ്സാക്കിയെടുക്കുമെന്ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: ബഹുമാനപ്പെട്ട അംഗം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, നമ്മുടെ കേരളത്തിന്റെ ഒരു സാഹചര്യത്തിൽ, നമ്മുടെ മതത്തെക്കുറിച്ച് അറിയലല്ല ഇതര സമുദായത്തെക്കുറിച്ച് കൂടി ആധികാരികമായിട്ട് പറയാൻ കഴിയുമ്പോഴാണ് മതസൗഹാർദ്ദം നിലനിർത്താൻ കഴിയുക. അങ്ങ് വളരെ നല്ല

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലാണ് സംസാരിക്കുന്നത്. പക്ഷേ ബഹുമാനപ്പെട്ട അംഗം, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട ഒരു അംഗം കൂടിയായ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞത് ഹിന്ദുമതത്തിൽപ്പെട്ട കാര്യങ്ങൾ അങ്ങ് എങ്ങനെ ചോദിക്കുന്നു എന്നാണ്. ഒരു കമ്മ്യൂണിസ്റ്റ് വിശ്വാസിയായ അങ്ങ് ഒരു വിശ്വാസപ്രമാണത്തിൽ നിന്ന് സംസാരിക്കുന്നതുകൊണ്ട് അങ്ങ് ഒരു വിശ്വാസി ആണെന്ന് പറയാൻ കഴിയുമോ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: തിരുനാവായയിൽ എനിക്കോ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്കോ കയറാമോ? ഞാൻ കയറിയിട്ടില്ല എന്ന് പറയുന്നില്ല. പക്ഷേ കയറിയിട്ടുണ്ടെങ്കിൽ എന്താണ്? നമ്മളെ അവിടെ നിന്ന് ഇറക്കിവിടും. പിന്നെ നമ്മൾ എങ്ങനെ അവിടുത്തെ സൗകര്യങ്ങളും കാര്യങ്ങളും മനസ്സിലാക്കും? ശബരിമലയിൽ വേണമെങ്കിൽ പോകാം. പക്ഷേ ശബരിമലയിൽ ഞാൻ പോയിട്ടില്ല. പക്ഷേ അതുപോലെ വേറെ ചില ക്ഷേത്രങ്ങളിൽ പോയപ്പോൾ വഴിക്ക് വച്ച് പാർട്ടി സഖാക്കൾ പറഞ്ഞു, അങ്ങോട്ട് പോകരുത്, അവർ കാത്തു നിൽപ്പുണ്ട്, ശരിപ്പെടുത്തും എന്ന്. അതുകൊണ്ട് അങ്ങനെ പോകാത്ത ഒരു സ്ഥലത്തെക്കുറിച്ച് ........ തിരുനാവായ മണപ്പുറത്ത് പോകണമെന്നുണ്ടെങ്കിൽ നവാമുകുന്ദ ക്ഷേത്രത്തിൽ പോകണം. അതല്ലെങ്കിൽ അക്കരെ നിന്ന് നീന്തി ഇങ്ങോട്ട് വരണം. അങ്ങനെയുള്ള ഈ ക്ഷേത്രങ്ങളിൽ എനിക്കോ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്കോ (ഞാൻ ഒരു വിശ്വാസിയുമൊന്നുമല്ല) പോകാൻ പറ്റാത്ത സ്ഥിതിക്ക് അത്തരം കാര്യങ്ങളെ കുറിച്ച് എങ്ങനെ അഭിപ്രായം പറയാൻ കഴിയും?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തിരുനാവായയെക്കുറിച്ച് പറഞ്ഞു. വാവുബലിയെക്കുറിച്ച് പറഞ്ഞു, കാടാമ്പുഴയെക്കുറിച്ച് പറഞ്ഞു. ഞാൻ ഇവിടെ പറഞ്ഞത് അതിനകത്ത് കയറിയിട്ടുള്ള പ്രാർത്ഥനയെക്കുറിച്ചല്ല. അതിനകത്ത് കയറിയിട്ടുള്ള പ്രാർത്ഥനയെക്കുറിച്ച് വിഭിന്നമായ അഭിപ്രായമുണ്ടാകാം. പക്ഷേ അതിനപ്പുറം ആ ക്ഷേത്രത്തിലേയ്ക്ക് എത്തുന്ന ലക്ഷോപലക്ഷം ആരാധനാ സമൂഹം ആ പ്രദേശത്തെ റോഡുകളിലൂടെയാണ് വരുന്നത്. തിരുനാവായ ഉൾപ്പെടുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. അതുപോലെ കാടാമ്പുഴയുമായും നല്ല സൗഹൃദബന്ധം സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരുപാട് ആളുകളുമായി വളരെയേറെ അടുത്ത ബന്ധം പുലർത്തുന്നവരാണ് ഞങ്ങൾ. അവിടുത്തെ പല ക്ഷേത്രങ്ങളുടേയും പ്രതിഷ്ഠാ ചടങ്ങുകളിൽവരെ അതിഥികളായി ഞങ്ങളെ ക്ഷണിക്കാറുണ്ട്. ശ്രീകോവിൽവരെ പോകാറില്ലെങ്കിലും അതിന്റെ പരിസരങ്ങളിലൊക്കെ പോകാറുണ്ട്. ഞങ്ങളൊക്കെ നല്ല ബന്ധങ്ങൾ വച്ചു പുലർത്തുന്നവരാണ്. ഇവരോടൊക്കെ അന്വേഷിച്ച് അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് അറിഞ്ഞ് പഠിച്ച് അവർ നൽകുന്ന ഇൻഫർമേഷൻകൂടി വച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. അല്ലാതെ മറ്റൊരു...........

ശ്രീ. പി. വിശ്വൻ: ഉജ്ജ്വലമായ ചർച്ചയാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം വളരെ ആഴത്തിൽ ഈ വിഷയങ്ങൾ പറഞ്ഞു എന്നുള്ളത് പറയാതെ പൊയ്ക്കൂടാ എന്നുള്ളതുകൊണ്ട് പറയുകയാണ്. നന്നായി. കേരളീയ മനസ്സിന്റെ മതനിരപേക്ഷതയുടെ വികാരത്തെ ജ്വലിപ്പിക്കുകയാണ്. പക്ഷേ ഞാൻ കുറേക്കൂടി വ്യത്യസ്തനാണ്. കബീർദാസിനെ എല്ലാവർക്കും അറിയാമല്ലോ? അദ്ദേഹം പറഞ്ഞിരിക്കുന്നത് മനസ്സ് തന്നെയാണ് ദൈവം എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

*"തേരാ സായി തുജ് മേം, ജ്യോം പുഹുപൻ മേം വാസ്,*
*കസ്തൂരി കാ മൃഗ് ജ്യോം ഫിർ ഫിർ ഡൂഡേ ഘാസ്."*

തുംഹാരെ ഭഗ്‌വാൻ തുംഹാരെ അന്തർ ഹെ, യേ നാ ജാൻകർ മനുഷ്യ് ഇധർ ഉധർ ഡൂഡ്താഹെ; ഫിർതാഹെ ഭഗ്‌വാൻ കൊ ഖോജ്കർ എന്നാണ് പറയുന്നത്. ഏതായാലും നന്നായി അദ്ദേഹത്തിന്റെ പ്രസംഗം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: നന്നായി എന്നുപറഞ്ഞതിൽ സന്തോഷം. കബീർദാസിന്റെ അവസാന നിമിഷങ്ങൾ, കബീർദാസ് മരണപ്പെട്ട ശേഷമുള്ള അനുഭവങ്ങളും അറിയാം. അദ്ദേഹത്തിന്റെ ഭൗതിക ശരീരത്തിന് ഇരു വിഭാഗങ്ങൾ തമ്മിൽ അവകാശമുന്നയിച്ച സമയത്ത് അതുവഴി വന്ന ഒരു സൂഫി വര്യൻ പറഞ്ഞതുമായി ബന്ധപ്പെട്ട കഥയാണ്. ഒരു വെള്ളത്തുണിയിട്ട് നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുക. ഹിന്ദുക്കൾ റാമിനോടും മുസ്ലീങ്ങൾ റഹിമിനോടും പ്രാർത്ഥിക്കാൻ പറഞ്ഞു. പ്രാർത്ഥനയ്ക്ക് ശേഷം ശവം പൂക്കളായി മാറി. പകുതി പൂക്കൾ മുസ്ലീങ്ങളും പകുതി പൂക്കൾ ഹിന്ദുക്കളും കൊണ്ടുപോയി എന്നതുകൂടി കബീർദാസിന്റെ കഥയുടെ അവസാന നാളുകളിലേയ്ക്ക് എത്തുകയാണ്. ഞാൻ പറയുന്നത്, നമുക്ക് ഇത്തരത്തിലുള്ള വിശ്വാസത്തിന്റെ കാഠിന്യംകൊണ്ട്, ഈ അവസ്ഥയിലേയ്ക്ക്-ദേവസ്വം ബോർഡിന്റെ കാര്യത്തിൽ മറ്റ് മതസ്ഥർ ചർച്ച ചെയ്യുന്നതും വഖഫ് ബോർഡിന്റെ കാര്യത്തിൽ ഹൈന്ദവ സഹോദരങ്ങൾ ചർച്ച ചെയ്യുന്നതും മതപരമായ ഇടപെടലല്ല, ഇവിടുത്തെ ജനങ്ങൾക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും മറ്റും ഉതകുന്ന രീതിയിൽ ചർച്ച നടത്താനും സൗകര്യങ്ങളുണ്ടാക്കാൻ വഴിയൊരുക്കാനും കഴിയണം. അതിലേയ്ക്ക്............

ശ്രീ. എം. ഉമ്മർ: മലപ്പുറം ജില്ലയിൽ സംസ്കൃതം പഠിച്ച് ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ മുഹമ്മദ് ഫൈസി എന്ന പണ്ഡിതനേയും അറബിഭാഷ പഠിപ്പിക്കുന്ന അന്തർജനത്തേയും പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അറബിഭാഷ പഠിപ്പിക്കുന്ന അന്തർജനങ്ങളുണ്ട്. കാലടി യൂണിവേഴ്സിറ്റിയിലടക്കം സംസ്കൃത കോളേജുകളിൽ സംസ്കൃത ഡിപ്പാർട്ടുമെന്റിന്റെ ഹെഡ്ഡ് ആയി മുസ്ലീം വനിത ഉണ്ടായിരുന്നു. സംസ്കൃത ഭാഷയാണെങ്കിലും അതിന്റെ ആചാരങ്ങളും കർമ്മങ്ങളുമൊക്കെ ഹൈന്ദവ ആചാരങ്ങളുമായി ബന്ധപ്പെട്ടതാണ്. ശ്രീ. ടി. എൻ. പ്രതാപൻ നോമ്പ് എടുക്കുന്നു. അത് ഓരോരുത്തരും ഓരോ മതങ്ങളോടുള്ള ബന്ധത്തിന്റെ ഭാഗമായിട്ടാണ് ചെയ്യുന്നത്.

ശ്രീ. വി. ശശികുമാർ: ഈ വിഷയം സമഗ്രമായി പറയുന്നതിൽ യാതൊരു തടസ്സവുമില്ല. ശ്രീ. ടി. എൻ. പ്രതാപൻ നോമ്പ് എടുക്കുന്നുയെന്ന് പറയുന്നതുപോലെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്ക് അമ്പലത്തിൽ പോകാനും അദ്ദേഹത്തിന്റെ രീതിയനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ നടത്തി തിരിച്ചു പോരാനും അവകാശമുണ്ടെന്ന് അംഗീകരിക്കാൻ കഴിയാത്തതെന്താണ്? ഇവിടെ മാത്രം സങ്കുചിത രാഷ്ട്രീയവും മറ്റ് കാര്യങ്ങളിൽ വളരെ വിശാലമായ മനോഭാവവും എങ്ങനെയാണ് പൊരുത്തപ്പെടുക?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഈ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ നോമ്പ് എടുക്കുക എന്നു പറഞ്ഞാൽ മുസ്ലീങ്ങൾ അവരുടെ വിശ്വാസത്തിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

നോമ്പ് എടുക്കുന്ന സമയത്ത് നിരാഹാരമെടുത്ത് അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാം. അദ്ദേഹം അത് ചെയ്യുന്നു. അത് ഒരു വിശ്വാസമാണ്. അതേസമയം മതവിശ്വാസമില്ലാത്ത ആളുകൾ കടന്നുചെല്ലാൻ പാടില്ലാത്ത സ്ഥലങ്ങളിൽ മതവിശ്വാസിയല്ലാത്ത ആളുകൾ കടന്നു ചെല്ലുന്നത് അപകടമാണ്. രണ്ടും രണ്ട് വിധത്തിലാണ്. ഒരേ കാഴ്ചപ്പാടോടുകൂടി രണ്ടിനേയും വിലയിരുത്തുന്നത് ശരിയല്ല.

ശ്രീ. എ. പ്രദീപ് കുമാർ: ശ്രീ. ടി. എൻ. പ്രതാപൻ അനുഷ്ഠിക്കുന്ന നോമ്പ് വിശ്വാസത്തിന്റെ സ്പർശമില്ലാത്ത കാപട്യം നിറഞ്ഞ നോമ്പാണെന്നാണോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഞാൻ പറയുന്നത് 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്നു പറഞ്ഞതുപോലെയാണിത്. എന്നാൽ അദ്ദേഹം അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു എന്നുള്ളതാണ് ഞങ്ങൾ കാണുന്നത്. അദ്ദേഹത്തിന്റെ വിശ്വാസപരമായ കാര്യങ്ങളോട് ബന്ധപ്പെട്ടല്ല. ഞങ്ങളോട് അദ്ദേഹം ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു എന്നല്ലാതെ അതിനപ്പുറം മറ്റൊന്ന് പറയാനാവില്ല. അതേ സമയം...............

ശ്രീ. എ. പി. അനിൽകുമാർ: പരസ്പരം മതങ്ങൾ തമ്മിലുള്ള ഐക്യദാർഢ്യത്തിന്റെ എത്രയോ ഉദാഹരണങ്ങൾ കേരളത്തിൽ കാണാൻ കഴിയും. മലപ്പുറം ജില്ലയിലെ തളി ക്ഷേത്രത്തിന്റെ ഗോപുര വാതിലിന് തീപിടിച്ച സമയത്ത് ആദ്യം അവിടെ കടന്നു ചെന്നത് ബഹുമാന്യനായ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളാണ്. ശ്രീ. ബാബു എം. പാലിശ്ശേരി ചോദിച്ചതുപോലെ എന്താണ് ഇവിടെ കാര്യമെന്ന് വേണമെങ്കിൽ അദ്ദേഹത്തിന് ചോദിക്കാമായിരുന്നു. പക്ഷേ കേരളംപോലെയുള്ള ഒരു സംസ്ഥാനത്ത് ഇത്തരത്തിലുള്ള സൗഹാർദ്ദവും ഐക്യവും ഐക്യദാർഢ്യവുമാണ് മതേതരത്വത്തെ ശക്തിപ്പെടുത്തുന്നതെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തീർച്ചയായും. ഈ വിഷയംവച്ച് കേരളത്തിലെ പ്രമുഖ പത്രങ്ങൾ മുഖപ്രസംഗം എഴുതുകയുണ്ടായി. മലയാള മനോരമ പോലെയുള്ള പത്രങ്ങൾ മലപ്പുറം കേരളത്തിന് മാതൃകയാകട്ടെ എന്ന പേരിൽ മുഖപ്രസംഗം എഴുതി. കാരണം ആ ക്ഷേത്രത്തിന്റെ കവാടം കത്തിയ സമയത്ത് അവിടെയെത്തുന്നത് പാണക്കാട് ശിഹാബ് തങ്ങൾ ആയിരുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ശ്രീ. ജി. സുധാകരൻ ദേവസ്വം മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഗുരുവായൂർ ക്ഷേത്രത്തിൽ പോയത്. അത്തരം ഒരു കാര്യത്തെ മതനിരപേക്ഷ വാദികളായിട്ടുള്ള കോൺഗ്രസ്സുകാരും സെക്യുലർ മൂവ്മെന്റും എതിർക്കുന്നതിനെ ന്യായീകരിക്കാൻ കഴിയുമോ? ഇവിടെ വിശ്വാസം ഉണ്ടോ; ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. അമ്പലത്തിന്റെ സെക്യൂരിറ്റി, ദേവസ്വത്തിന്റെ സെക്യൂരിറ്റി ഇതാണ് പ്രശ്നം. വിശ്വാസമുള്ള ആളുകൾ ഭരിച്ചിരുന്ന കാലത്തും ക്ഷേത്രമുതലുകൾ മോഷണം പോയിട്ടുണ്ട്. ഒരാൾ വിശ്വാസിയാണോ അവിശ്വാസിയാണോ എന്നുള്ളതല്ല പ്രശ്നം. സെക്യുലർ ആയിട്ടുള്ള ഒരാളുടെ ,ഭരണം ക്ഷേത്രത്തെ എങ്ങനെ പരിപോഷിപ്പിക്കുമെന്നുള്ളതാണ്. അതല്ല, ഇതിനെ സങ്കുചിതമായ തലത്തിലേയ്ക്ക് കൊണ്ടുപോകുന്നത് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി വാദിച്ചുകൊണ്ടിരിക്കുന്ന ശരിയായ വാദത്തിന് ചേരുന്നതാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഞാൻ വളരെ വ്യക്തമായി ഈ കാര്യം പറഞ്ഞു. കേരളത്തിന്റെ ഭരണ രംഗത്ത് ആര് വരുന്നു എന്നുള്ള കാര്യത്തിൽ ഒരിക്കലും രണ്ട് അഭിപ്രായമില്ല. പക്ഷേ ഒരു ഭരണാധികാരിയുടെ ഏറ്റവും വലിയ പ്രത്യേകത ചില മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടിടത്ത്, വിശ്വാസികളുടെ വിശ്വാസങ്ങളും ആദർശങ്ങളും കാത്തു സൂക്ഷിക്കേണ്ട അവസരമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. അത് അഡ്മിനിസ്ട്രേറ്റീവ് ഭാഗത്തുനിന്നുകൊണ്ട് ചെയ്യാം.

മി. ഡെപ്യൂട്ടി സ്പീക്കർ: മനസ്സിലാകാത്ത കാര്യം, നമ്മൾ ഒരു വിഷയം അവതരിപ്പിക്കുമ്പോൾ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും വഴങ്ങിക്കൊടുക്കുക എന്നുള്ളതിന് എവിടെയും റൂൾ ഇല്ല. അതിന് അർത്ഥമില്ല. മെമ്പർക്ക് പ്രധാനപ്പെട്ട പോയിന്റ്സ് പറയാം എന്നതൊഴിച്ചാൽ ഓരോരുത്തരും പറയുമ്പോൾ എഴുന്നേറ്റുനിന്ന് അപ്പോൾത്തന്നെ കമന്റ് പറയുക, നാല് ഭാഗത്തേയ്ക്കും നോക്കുക അതിന്റെ ആവശ്യമില്ല. കൺക്ലൂഡ് ചെയ്യുക.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ചെയർ അനുവദിച്ചാലേ വഴങ്ങാൻ ഒക്കുകയുള്ളു. അല്ലാതെ സ്വയം വഴങ്ങാൻ പറ്റില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പ്രസംഗിച്ചപ്പോൾ വിശ്വാസവുമായി ബന്ധപ്പെട്ട് ഇതര മതവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇതര മതവിഭാഗത്തിൽപ്പെടുന്നവർ ചർച്ച ചെയ്യുകയും അതിനെല്ലാം ന്യായമായ പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നത് മതനിരപേക്ഷതയ്ക്ക് ഏറ്റവും നല്ലതും അനുയോജ്യവുമാണെന്ന് പറഞ്ഞു. അതിനെ സ്വാഗതം ചെയ്യുന്നു. അതുപോലെതന്നെ അമ്പലങ്ങളുടേയും ദേവസ്വങ്ങളുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടെ നടക്കുന്ന തെറ്റായ പ്രവണതകൾക്കെതിരെ വിശ്വാസമുള്ളവരാണെങ്കിലും വിശ്വാസം ഇല്ലാത്തവരാണെങ്കിലും ശരി, ആ രൂപത്തിൽ പ്രവർത്തിക്കുന്നതിന് എന്ത് തെറ്റാണുള്ളത്? ആ ശരിയല്ലേ ഇവിടെ ദേവസ്വം മന്ത്രിയിലൂടെ നടന്നുകൊണ്ടിരിക്കുന്നത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തീർച്ചയായും ദേവസ്വം ഭരണം കാര്യക്ഷമമാക്കുക എന്ന അടിസ്ഥാനത്തിൽ ഇതുപോലെ നിയമനിർമ്മാണ സഭകളിൽ നടക്കുന്ന ചർച്ചകളിലൂടെത്തന്നെ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ക്ഷേത്രജീവനക്കാരിൽ അഡ്മിനിസ്ട്രേറ്റീവ് രംഗത്തുള്ള ആളുകളുടെ മാത്രമാണ് നിയമനം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗുരുവായൂരിലെയുമൊക്കെ ദേവസ്വവുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന കൂട്ടത്തിൽ മലബാറിലെ പുനരുദ്ധാരണം നടക്കേണ്ട, വളരെയേറെ തകർന്നു കിടക്കുന്ന, വരുമാനങ്ങൾ ഇല്ലാത്ത ക്ഷേത്രങ്ങളും അവിടെ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ആളുകളുമുണ്ട്. അത്തരം ആളുകൾക്ക് പലപ്പോഴും നേരത്തെ പറഞ്ഞ മതധർമ്മ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ആനുകൂല്യങ്ങൾ, ഇപ്പോൾ ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പിന്റെ നിത്യക്കൂലിക്കൊക്കെ നിയമിച്ച ആളുകൾക്ക് അവരുടെ വേതനം കിട്ടാൻ വർഷങ്ങളായിട്ട് വലിയ കാലവിളംബം ഉണ്ടാവുകയാണ്. മലബാറിലൊക്കെ പല ജീവനക്കാർക്കും വേതനം കിട്ടിയിട്ട് വർഷങ്ങളായിട്ടുണ്ട്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെയൊക്കെ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന രീതിയിൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചാൽ കുറെക്കൂടി കാര്യക്ഷമമാക്കാൻ കഴിയും. അതിനുകൂടി ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ നിയമനിർമ്മാണം മുമ്പാരും തന്നെ, ഒരു ഗവൺമെന്റും കേരള നിയമസഭയിൽ ശ്രമിക്കാതിരുന്നതാണെന്ന് വീണ്ടും ഓർമ്മിപ്പിക്കേണ്ടി വന്നിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റോ, ഗവൺമെന്റുകളോ കേരളത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്തോ ഇത്തരം കാര്യങ്ങളെപ്പറ്റി ഞങ്ങൾ കൂടുതലായി ആലോചിച്ചിരുന്നില്ല. അന്ന് അതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. 1957-ലെ പ്രഥമ ഗവൺമെന്റിൽ ദേവസ്വം വകുപ്പിന്റെ ചുമതല മുഖ്യമന്ത്രി ആയിരുന്ന സഖാവ് ഇ.എം.എസ്സിനുതന്നെയായിരുന്നുവെന്ന് എനിക്ക് ഈ അടുത്ത കാലത്താണ് മനസ്സിലാക്കാൻ ഇടവന്നത്. അന്ന് കേരളം കണ്ട എക്കാലത്തെയും സമുന്നതരായ കോൺഗ്രസ്സ് നേതാക്കന്മാരും പി.എസ്.പി. നേതാക്കന്മാരും മുസ്ലീം ലീഗ് നേതാക്കന്മാരും ആ സഭയിൽ ഉണ്ടായിരുന്നിട്ടും അവരാരും തന്നെ ദേവസ്വം മന്ത്രി ആകാൻ ഇ.എം.എസ്സിന് എന്താണ് യോഗ്യതയെന്ന് ഒരു പ്രശ്നം ഉന്നയിച്ചിട്ടില്ല. കാരണം ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധവും ദേവസ്വം നിയമങ്ങൾ ഉണ്ടാക്കുന്നതിന് നിയമസഭയെ ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദിത്തങ്ങളുടെ നിരാസവും ഫലത്തിൽ മതനിരപേക്ഷതയെ ചോദ്യം ചെയ്യലും ഹൈന്ദവ വർഗ്ഗീയവാദത്തെ അറിയാതെ അടിത്തറയിടുന്നതുമായ ഒരു കാര്യമായതുകൊണ്ട് അന്ന് അവരാരും അത് ഉന്നയിച്ചില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റിയും മാർക്സിസം-ലെനിനിസത്തെപ്പറ്റിയും മറ്റൊരുപാട് ആക്ഷേപങ്ങൾ താത്വികമായി ഉന്നയിച്ചിട്ടുണ്ടെങ്കിലും ഈ പ്രശ്നം ഉന്നയിച്ചിട്ടില്ല. ഇപ്പോൾ അടുത്തകാലത്താണ് ഉന്നയിച്ചു വന്നിരിക്കുന്നത്. കാരണം നമ്മുടെ രാജ്യത്ത് മതാന്ധശക്തികൾ, വിശേഷിച്ചും ഹൈന്ദവ വർഗ്ഗീയ ശക്തികൾ കേന്ദ്രാധികാരംതന്നെ പിടിച്ചെടുക്കുകയും അധികാരം നിലനിർത്താൻവേണ്ടി ഭരണഘടന തന്നെ ഭേദഗതി ചെയ്യാൻ ശ്രമിക്കുകയുമൊക്കെ ചെയ്ത സാഹചര്യത്തിൽ മതങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൊതുവെയും ഹൈന്ദവമതവുമായി ബന്ധപ്പെട്ടവ പ്രത്യേകിച്ചും ഞങ്ങളുടെ മൗലിക അവകാശമാണ്, വേറെ ആരും അതിൽ ഇടപെടരുത് എന്ന ഒരു മൗലികവാദം രാഷ്ട്രീയാധികാരം ലക്ഷ്യമാക്കി ഇവിടെ സ്ഥാപിക്കാൻ ശ്രമിച്ചു. അധികാരത്തിൽ നിന്നുപോയിട്ടും അവർ ശ്രമിക്കുകയാണ്. ആ പരിശ്രമത്തെയാണ് ഇന്ത്യയിലെ ഏറ്റവും വലിയ മതന്യൂനപക്ഷ വിഭാഗമായ മുസ്ലീം ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നുവെന്ന് രാഷ്ട്രീയമായി അവകാശപ്പെടുന്ന മുസ്ലീം ലീഗിന്റെ ഈ സഭയിലെ മെമ്പറായ ശ്രീ. അത്താണി, ആ തെറ്റായ വിശ്വാസത്തെ അടിവരയിടുന്ന..............

മി. ഡെപ്യൂട്ടി സ്പീക്കർ: വെറും അത്താണി അല്ല. രണ്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: രണ്ടത്താണി. എന്ന് വച്ചാൽ ഒരത്താണി നഷ്ടപ്പെട്ടാൽ മറ്റൊരു അത്താണി ഉണ്ടാകും എന്നാണ്. അത് നന്നായി. നല്ല പേരാണ്. അപ്പോൾ ഞാൻ താത്വികമായി പറയുകയാണ്. ഇത് ഞാൻ ശ്രീ. ജി. കാർത്തികേയനോടും ശ്രീ. കെ. സി. ജോസഫിനോടും സഭയ്ക്ക് വെളിയിൽവച്ച് പറഞ്ഞിട്ടുണ്ട്. അവർ

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം ആ പ്രശ്നത്തിൽ ഒരു നിലപാട് എടുത്തിട്ടില്ല. അങ്ങനെ ഇരിക്കട്ടെ. നിങ്ങൾ മനസ്സിലാക്കേണ്ട പ്രശ്നം, പറയുന്ന വാക്കുകൾ സഭാരേഖയിൽ ഉണ്ടാകും. നിങ്ങളുടെ ഓരോരുത്തരുടെയും പാർട്ടികളുടെയോ മുന്നണിയുടെയോ രാഷ്ട്രീയ നയത്തിനും കർമ്മ പരിപാടികൾക്കും അനുസരണമായിട്ടാണോ ഈ മതനിരപേക്ഷത ഇന്ത്യയിൽ നിങ്ങൾ ഓരോരുത്തരും സംസാരിക്കുന്നതെന്ന് നിങ്ങൾ ഓരോരുത്തരും സ്വയം പരിശോധിക്കുന്നത് നന്നായിരിക്കും. ഇതെല്ലാം ഒരു കാലത്ത് മതനിരപേക്ഷ പ്രസ്ഥാനങ്ങൾ ആണെങ്കിൽ ഒരു മതത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുമ്പോഴും മതനിരപേക്ഷമായി പ്രവർത്തിക്കാം. തിരിഞ്ഞു കുത്തുമെന്നുള്ള കാര്യം ആരുംതന്നെ മറന്നു പോകണ്ട. അതാണ് ഞാൻ സഭയ്ക്ക് വെളിയിൽ..........................................................................................

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു മെമ്പറാണ് ശ്രീ. ജി. കാർത്തികേയൻ. ശ്രീ. ജോസഫിനോട് ഇഷ്ടക്കേടൊന്നുമില്ല, രണ്ടത്താണിയോടുമില്ല. ഞാൻ ഓർമ്മിപ്പിച്ചതാണ്. നിങ്ങൾ മനസ്സിലാക്കേണ്ട പ്രശ്നം, താങ്കൾ ഇവിടെ പറയുകയുണ്ടായി റംസാൻ നോമ്പിന്റെ കാലമാണ് എന്ന്. ഞാൻ അതിനെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. എന്നെക്കാൾ കൂടുതൽ രണ്ടത്താണിക്ക് അറിയാം. എന്താണ് ഇസ്ലാമിക പാരമ്പര്യം? ഇസ്ലാമിക പാരമ്പര്യത്തിൽ വിഗ്രഹാരാധന ഇല്ലെന്നുള്ളത് നിങ്ങൾക്ക് അറിയില്ലേ? നിങ്ങൾ, വിഗ്രഹാരാധനയുടെ മാഹാത്മ്യത്തെപ്പറ്റിയും ഞാൻ വിഗ്രഹത്തെ തൊഴുതില്ലെന്നും പറയുന്ന ആൾ ഇസ്ലാമിന് അനുയോജ്യനായ ഒരു മെമ്പറാണോ? ആണോ? താങ്കൾ പറയൂ. വിഗ്രഹാരാധനയിൽ വിശ്വാസമുള്ളവർ വിശ്വസിച്ചുകൊള്ളട്ടെയെന്ന് പറയുന്നതല്ലാതെ എല്ലാവരും നിർബന്ധമായും വിഗ്രഹത്തെ ആരാധിക്കണമെന്ന് പറയുന്ന ആൾ അനിസ്ലാമാണ്. ഭരണഘടനാപരമായി ജാതീയമായാൽ പോരാ. ധാർമ്മികമായി അനിസ്ലാമിക് ആണ്. ശ്രീ. രണ്ടത്താണി തിരുത്തുന്നത് നന്നായിരിക്കും. നിങ്ങൾ വിഗ്രഹത്തെ ആരാധിക്കണമെന്ന് നിയമനിർമ്മാണ സഭയിൽ മന്ത്രിയോട് പറയുകയാണ്. ആരാണ്? ഒരു കാരണവശാലും വിഗ്രഹങ്ങളെ ആരാധിക്കുന്നത് ശരിയല്ലെന്ന് കരുതുന്ന മഹത്തായുള്ള ഒരു മതത്തിന്റെ പ്രതിനിധി. നിങ്ങൾ തിരുത്തണം. നിങ്ങൾ നിങ്ങളുടെ മതത്തിന്റെ അന്തസ്സിന് എതിരായി സംസാരിക്കുകയാണ്.

മി. സ്പീക്കർ: മിനിസ്റ്റർ, മിനിസ്റ്റർ......

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട മെമ്പർ പറയാത്ത ഒരു കാര്യം ഈ സഭയിൽ പറയുന്നത് ഓർഡറിലാണോ? ആ ഭാഗം സഭാ രേഖയിൽനിന്നും നീക്കം ചെയ്യണം. ബഹുമാനപ്പെട്ട മെമ്പർ പറയാത്ത കാര്യം പറയുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ചെയർ പരിശോധിക്കാം.† ചെയർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ജി. സുധാകരൻ: ഞാൻ ചിന്തിക്കാൻ വേണ്ടിമാത്രം പറയുകയാണ്. പ്രകോപനം ഉണ്ടാക്കാനല്ല. നിങ്ങൾക്ക് എതിരായ വാദം നിങ്ങൾ ഉന്നയിക്കരുത് എന്നാണ് പറഞ്ഞത്. നാളെ ഇതിനെ ന്യായീകരിക്കാൻ പറ്റുമോ? നിങ്ങൾക്ക് വെളിയിൽ ന്യായീകരിക്കാൻ പറ്റുമോ? നിങ്ങൾ മുസ്ലീം ലീഗിന്റെ സംസ്ഥാന കമ്മിറ്റി കൂടി ഇത് ചർച്ച ചെയ്യൂ. ന്യായീകരിക്കാൻ പറ്റുമോ?

† സഭാദ്ധ്യക്ഷന്റെ ഉത്തരവ് നം. 3340/ഇ. സി. /07/ലെജി. തീയതി 15-2-08] പ്രകാരം സഭാരേഖയിൽ നിലനിർത്തുന്നു.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ജി. സുധാകരൻ: ഞാൻ വിഗ്രഹാരാധന നടത്തണമെന്ന് വിഗ്രഹാരാധന ഇല്ലാത്ത മഹത്തായ ഒരു ആധുനിക മതത്തിന്റെ വക്താവ് ഇവിടെ പറയുകയാണ്. അത് ശരിയാണോ എന്നാണ് ചോദിച്ചത്. ഞാൻ ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഞാൻ ഇവിടെ സൂചിപ്പിച്ചത് എന്താണ്? ഞാൻ ഇവിടെ സൂചിപ്പിച്ചത്, മറ്റ് മതസമുദായങ്ങളുടെ ആരാധനാലയങ്ങളെ നിങ്ങൾ നിന്ദിക്കരുത്, അത് സ്വന്തം ദൈവത്തെ നിന്ദിക്കുന്നതിന് തുല്യമാണ്. അതാണ് പ്രവാചകൻ പഠിപ്പിച്ചത്. എന്നു മാത്രമല്ല, മറ്റ് വിശ്വാസികളൊക്കെ കൊള്ളരുതാത്തവരെന്ന് വിശ്വസിക്കുന്ന ഒരു മതമല്ല ഇസ്ലാം. നെജ്റാനിൽനിന്നു വന്ന ക്രിസ്ത്യാനികൾ പ്രാർത്ഥിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് തിരിച്ചു പോകുകയാണെന്ന് പറഞ്ഞപ്പോൾ മദീനയിലെ പള്ളിയിൽ അവർക്ക് പ്രാർത്ഥിക്കാൻ സൗകര്യം ചെയ്തു കൊടുത്ത പ്രവാചകന്റെ അനുയായിയാണ് ഞാനെന്ന കാര്യം അങ്ങ് മറക്കരുത്.

ശ്രീ. ജി. സുധാകരൻ: ശരി. ഞാൻ അതിനെപ്പറ്റി കൂടുതൽ പറയുന്നില്ല, അത് നമുക്ക് ചർച്ച ചെയ്യാം. ഞാൻ മാർക്സിസം-ലെനിനിസത്തിൽ വിശ്വസിക്കുകയും ......(ബഹളം).....

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞല്ലോ?

ശ്രീ. ജി. സുധാകരൻ: രേഖയിൽ കാണാൻ പാടില്ലാത്തതൊന്നും വേണ്ട. അത് അവിടെ തീരുമാനിച്ചോട്ടേ, അത് വിട്ടുകളയുക. അത് തീരുമാനിക്കാൻ സ്പീക്കർക്ക് വിട്ടിരിക്കുന്നു. ഇവിടെയുള്ള പ്രശ്നം ഞാൻ അഭിമാനപൂർവ്വം പറയുകയാണ്.......(ബഹളം)..................

ശ്രീ. സി. പി. മുഹമ്മദ്: അങ്ങ് ക്ഷേത്രങ്ങളുടെ കാര്യം ഹിന്ദുക്കൾ മാത്രമേ പറയാൻ പാടുള്ളു എന്ന.......(ബഹളം).... ഞാൻ മുഴുവൻ പറയട്ടെ, ഞാൻ പൂർത്തിയാക്കട്ടെ. തോക്കിൽ കയറി വെടി വയ്ക്കണ്ട, മുഴുവൻ പറയട്ടെ.

ശ്രീ. ജി. സുധാകരൻ: ഞാൻ വഴങ്ങുന്നില്ല ...... .....വഴങ്ങുന്നില്ല. സർ, ഇത് കേരള മാണ്. നമ്മളെ എല്ലാവരെയും കേരളീയർക്ക് അറിയാം. ആരെങ്കിലും പറയുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല നമ്മളെ ഓരോരുത്തരേയും ....(ബഹളം)..... ഞാൻ ഇവിടെ ഉന്നയിച്ച പ്രശ്നം, ഇപ്പോൾ ശ്രീ. രണ്ടത്താണി പറഞ്ഞതിനെ ഞാൻ പ്രത്യയശാസ്ത്രപരമായി പറഞ്ഞു. എനിക്ക് അഭിമാനമുണ്ട്. എനിക്ക് മാത്രമല്ല ഇവിടെയിരിക്കുന്ന ഒരുപാട് പേർക്ക് അഭിമാനമുണ്ട്. ഞങ്ങൾ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാരാണ്. ദേശീയവാദികൾ മാത്രമല്ല. സാർവ്വദേശീയവാദികളാണ്. ഞങ്ങൾക്ക് എല്ലാ മതങ്ങളും ഒരുപോലെയാണ്. ഞങ്ങൾ ഒരു മതത്തിലും പ്രത്യേകിച്ച് വിശ്വസിക്കുന്നില്ല. എല്ലാ മതങ്ങളെയും ബഹുമാനിക്കുന്നു. ലോകത്തെല്ലാമുള്ള കമ്മ്യൂണിസ്റ്റുകാരുടെ രൂപമാണത്. അതിനെയൊക്കെ ഇവിടെ വന്ന് ചോദ്യം ചെയ്തിട്ട് വല്ല കാര്യവുമുണ്ടോ? പത്ത് നൂറ്റമ്പത് വർഷക്കാലം പാരമ്പര്യമുള്ള ഒരു പ്രസ്ഥാനത്തെ........ ഒരു അവസരം കിട്ടി പി.എസ്.സി.-ക്ക് വിടുന്ന ബില്ലിനിടയിൽ........... അതുകൊണ്ട് നമുക്ക് വേറെ ചർച്ച ചെയ്യാം, ശ്രീ. രണ്ടത്താണി. നല്ല കാര്യമാണ്. നമുക്ക് വേറെ ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ഈ കാര്യങ്ങൾ വളരെ വ്യക്തമാണ്. അങ്ങ് മനസ്സിലാക്കണം. ഞാൻ ഈ സഭയിലെ ഊർജ്ജസ്വലനായ ഒരു മെമ്പർ ആണ്, താങ്കളും അങ്ങനെതന്നെയാണ്. പക്ഷേ നമ്മൾ സംസാരിക്കുമ്പോൾ, നമുക്ക് ഒരു പാർട്ടിയുണ്ട്, നമുക്കിടയിൽ ഒരു ഐക്യ മുന്നണിയുണ്ട്, ആ പാർട്ടിയുടെ പരിപാടി അനുസരിച്ചാണോ ഓരോ പ്രശ്നവും സംസാരിക്കുന്നതെന്ന് നോക്കണം. പ്രത്യയശാസ്ത്രപരമായ പ്രശ്നങ്ങളാണ് ഉന്നയിച്ചത്. വെറും സാധാരണ പ്രശ്നമല്ല. അപ്പോൾ അത് വേണമെന്നേ പറഞ്ഞുള്ളു. നിങ്ങളുടേത് അനുസരിച്ചാണെങ്കിൽ സമ്മതിച്ചു. എനിക്ക് സംശയമുണ്ടായി. അതുകൊണ്ട് ഞാൻ ചോദിച്ചുവെന്ന് മാത്രമേയുള്ളു. സംശയം വേണ്ടെന്ന് പറഞ്ഞാൽ എനിക്ക് സംശയം ഇപ്പോഴുമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ശിവൻകുട്ടി പറഞ്ഞ ശരിയായ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ റെഫർ ചെയ്യുന്നില്ല. ഏറ്റവും നല്ല കുറച്ചധികം കാര്യങ്ങൾ ഇവിടെ പറഞ്ഞു. ദേവസ്വങ്ങളെ നന്നാക്കുന്നതിനുള്ള ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ ദേവാലയങ്ങൾക്കകത്തുള്ള ശാന്തി, കഴകക്കാരൻ, അടിച്ചുതളി തുടങ്ങി ധാരാളം ജോലികളുണ്ട്. അതാണ് മൂവായിരത്തിൽ ചില്വാനം പോസ്റ്റുകൾ. കൂടുതൽ ആ പോസ്റ്റുകളാണ്. ആ പോസ്റ്റുകൾ കൂടി പി.എസ്.സി.-ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ, വിടേണ്ടതല്ലേയെന്ന് ചോദിക്കുകയുണ്ടായി. അത് പി.എസ്.സി.-ക്ക് വിടാൻ ഉദ്ദേശിക്കുന്നില്ല. കാരണം അത് പി.എസ്.സി.-ക്ക് വിട്ടാൽ ഇന്നത്തെ സ്ഥിതിയിൽ ശരിയാവുകയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. എന്നാൽ അതാണ് ഏറ്റവും കൂടുതൽ അഴിമതിയും കാര്യങ്ങളും ഒക്കെ നടന്നിട്ടുള്ള ഒരു രംഗം. അതുംകൂടി അഴിമതിയില്ലാത്ത തരത്തിൽ ദേവസ്വം ബോർഡുമായി ആലോചിച്ച് എന്തെങ്കിലും പൊതുവായിട്ടുള്ള സംവിധാനത്തെപ്പറ്റി നമുക്കാലോചിക്കാവുന്നതാണ്. ദേവസ്വം ബോർഡിലെ സ്കൂളുകളിലെ അധ്യാപകനിയമനം, മാനേജുമെന്റിന് വേണമെങ്കിൽ

3.00 p.m.] പി.എസ്.സി.-ക്ക് വിടാം. മാനേജുമെന്റിന് ആ അവകാശം റിലിൻക്വിഷ് ചെയ്താൽ അതു പി.എസ്.സി.-ക്ക് കൊടുക്കാം. അതെല്ലാം ഭരണഘടനാപ്രശ്നങ്ങൾകൂടി ഉൾക്കൊള്ളുന്നതായതുകൊണ്ട് അഴിമതി കുറയ്ക്കാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടാക്കാമെന്നുള്ളത് പിന്നീട് നമുക്ക് കൂട്ടായി ആലോചിക്കാവുന്നതാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ നിയമത്തിലെ ചില സെക്ഷനുകൾ ഉദ്ധരിച്ചുകൊണ്ടും സബ്സെക്ഷൻ ഉദ്ധരിച്ചുകൊണ്ടും പറയാം. പി.എസ്.സി.-ക്ക് എല്ലാം വിടുന്നില്ല. ദേവസ്വം ബോർഡും പി.എസ്.സി.-യും തമ്മിൽ തർക്കമുണ്ടായാൽ സർക്കാർ തന്നെയാണ് ഇടപെടേണ്ടത്. അങ്ങനെതന്നെയാണ് എല്ലാ നിയമത്തിലും. അവർ തമ്മിൽ തർക്കമുണ്ടായാൽ ആരാണ് സെറ്റിൽ ചെയ്യേണ്ടത്? അതിനൊന്നും ചർച്ചയുടെ ആവശ്യമില്ല. അത് എല്ലാ നിയമത്തിലും അങ്ങനെതന്നെയാണ്. സർക്കാരിന്റെ ജോലിയാണ്.

പി.എസ്.സി.-യെ നിയമിച്ചത് ആരാണ്? പി.എസ്.സി.-യെ നിയമിച്ചത് ഭരണഘടനയാണ്. ഭരണഘടനപ്രകാരം കേന്ദ്ര പി.എസ്.സി.-യെ കേന്ദ്രവും സംസ്ഥാന പി.എസ്.സി.-യെ സംസ്ഥാനവുമാണ് നിയമിക്കുന്നത്. പി.എസ്.സി. മെമ്പറെ നിയമിക്കുന്നത് സർക്കാരല്ലേ? പി.എസ്.സി. മെമ്പർ ആകുന്നതിന് തലേദിവസം വരെ അദ്ദേഹം ഏതെങ്കിലും പാർട്ടിയുടെ ആളോ, ഉദ്യോഗസ്ഥനോ ആയിരിക്കുമല്ലോ. അദ്ദേഹം പി.എസ്.സി. മെമ്പറാകുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കണം. പൊതുവെ പി.എസ്.സി. മെമ്പർമാരെപ്പറ്റി ആക്ഷേപം ഉണ്ടായിട്ടില്ലെന്നത് ശരിയാണ്. ദേവസ്വം ബോർഡിനെ



LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അതല്ല. സർക്കാരാണ് ഇവിടേയും മെമ്പർമാരെ നിയമിക്കുന്നത്. എന്നിരുന്നാലും ആൾ മാറുകയാണ്. ആ മാറ്റം അവസാനം ജയിലിൽ അവരെ എത്തിക്കുന്ന സ്ഥിതിയിലാണ് ഇപ്പോഴെത്തിയിരിക്കുന്നത്. അപ്പോൾ ഇതൊക്കെ സാധാരണ നിയമനിർമ്മാണത്തിൽ, ഭരണവകുപ്പ് തയ്യാറാക്കി, നിയമവകുപ്പ് ശരിക്ക് സ്ക്രൂട്ടണൈസ് ചെയ്യണം, കാരണം ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ല. അങ്ങനെ കൊണ്ടുവരുന്നതാണ്. എന്നാലും ചിലപ്പോൾ ചോദ്യം ചെയ്യപ്പെടാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അപ്പോൾ അതിലൊന്നും ദയവായി ആക്ഷേപകരമായി കാണാതിരിക്കുക. അതൊക്കെ ശരിയായ കാര്യങ്ങൾ തന്നെയാണ്. ഇതിന്റെ റൂൾസ് സർക്കാർ തന്നെയാണ് ഉണ്ടാക്കുന്നത്. അങ്ങനെ റൂൾസ് ഉണ്ടാക്കി നിയമസഭയുടെ അംഗീകാരം വേണ്ടെങ്കിലും നിയമസഭയിൽ സമർപ്പിക്കണം. ഏതെങ്കിലും സമയത്ത് അതിന്മേൽ നിങ്ങൾക്ക് ചോദ്യങ്ങൾ റെയ്സ് ചെയ്യാവുന്നതാണ്. ഇവിടെ നമ്മൾ ഏറ്റവും പ്രധാനമായും മനസ്സിലാക്കേണ്ട മറ്റ് ചില കാര്യങ്ങളുണ്ട്. അതെന്താണെന്നുവച്ചാൽ വിശ്വാസത്തിന്റെ പ്രശ്നത്തിൽ, ആര് സഭയിലെന്ത് സംസാരിച്ചാലും സഭയിൽ വരുമ്പോൾ ഇതാണ്. സഭയിൽനിന്ന് പുറത്ത് വരുമ്പോൾ എല്ലാപേരും ഇതൊരു നല്ല കാര്യമെന്നാണ് പറഞ്ഞിട്ടുള്ളത്. പൊതുയോഗങ്ങളിലും പറയാറുണ്ട്. പക്ഷേ എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നതിൽ പ്രശ്നമില്ല. കേരളത്തിന്റെ വിശ്വാസ സമൂഹം, ഇപ്പോൾ ഹൈന്ദവ വിശ്വാസ സമൂഹത്തെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്. ഞാൻ പറയുന്നത് വിശ്വാസ സമൂഹത്തിന് ദോഷം ഉണ്ടാക്കുന്ന യാതൊന്നും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. ഒരു വിശ്വാസ സമൂഹത്തിനും ദോഷമുണ്ടാക്കുന്നത് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല, ചെയ്യാൻ കഴിയില്ല, ചെയ്യാൻ പാടില്ല. അത് അവർക്ക് കൊടുക്കുന്ന ഒരു ഔദാര്യമല്ല, ഗവൺമെന്റിന് അവരെ സംരക്ഷിക്കേണ്ടത് ഭരണഘടനാപരമായ ബാദ്ധ്യതയാണെന്ന അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഇവിടെ ഞാൻ ചോദിക്കുന്നു എന്തുകൊണ്ട് ഇത്രയും കാലമായിട്ട് പി.എസ്.സി.-ക്ക് വിടണമെന്ന് മുൻ നിയമസഭകൾ ആലോചിച്ചിട്ടില്ല. കാരണം ഇത് അന്നൊരു ചർച്ചാവിഷയമല്ല. ബഹുമാനപ്പെട്ട കോടതികൾ നമ്മെ ഉൽബുദ്ധമാക്കിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഇല്ലായെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? മലയാള മനോരമ പത്രത്തിലെ ഇന്നത്തെ ഒരു പ്രധാന വാർത്തയാണ് സി.പി.ഐ. (എം) പിടിമുറുക്കുന്നുയെന്ന്. മലയാള മനോരമ പത്രത്തിന് പത്രവായനക്കാരുടെ ഇടയിലുള്ള അതുല്യമായ സ്ഥാനത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. അത് എഴുതുന്നത് ശരിയോ തെറ്റോ എന്നല്ല ഞാൻ പറയുന്നത്. 14, 15 ലക്ഷം കോപ്പിയുള്ള അതിനെപ്പറ്റി ഞാൻ പറയേണ്ട കാര്യമില്ല. അതുല്യമായ സ്ഥാനമാണ് അതിനുള്ളത്. നമ്മളെല്ലാപേരും രാവിലെ അത് വായിക്കും; എതിർക്കാൻവേണ്ടി രാവിലെ അത് വായിക്കും. അതിൽ പറയുന്ന ചില കാര്യങ്ങൾ എതിർക്കേണ്ടതായിട്ടുണ്ട്. എല്ലാമൊന്നും എതിർക്കാറില്ല. ഞങ്ങളൊക്കെ പറയുന്നത് എതിർക്കാൻവേണ്ടി അവരും നിൽക്കുകയാണ്. പക്ഷേ ആ വാർത്തയിൽ സി.പി.ഐ. (എം) പിടിമുറുക്കുന്നു എന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. വാർത്തയിൽ പറഞ്ഞിട്ടുള്ള മറ്റ് കാര്യങ്ങളൊന്നും എനിക്ക് അറിയില്ല. അതല്ല സി.പി.ഐ. (എം) എവിടെയാണ് പിടിമുറുക്കുന്നത്? ഒരൊറ്റ കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർക്കും ദേവസ്വം ബോർഡ് മെമ്പറാകാൻ പറ്റില്ല. സി.പി.ഐ.(എം)-ന്റെ ഒറ്റ മെമ്പർക്കും, ഒരു ലൈവായിട്ടുള്ള മെമ്പർക്കും ദേവസ്വം ബോർഡ് മെമ്പറാകാൻ ഒക്കില്ല. കാരണം അവിടെ പ്രതിജ്ഞ ചെയ്യണം. ആ പ്രതിജ്ഞ ഞങ്ങൾ ചെയ്യില്ല, ചെയ്യാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാവുന്നവരെ മാത്രം അങ്ങോട്ടേയ്ക്ക് അയയ്ക്കും. കാരണം ഞങ്ങളുടെ കൂട്ടത്തിൽ ഇഷ്ടംപോലെ ആളുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ മൂന്നര ലക്ഷം ആളുകളേയുള്ളൂ ഇതിന് പറ്റാത്തവർ. ബാക്കി കിട്ടിയ വോട്ടിൽ ഒരു കോടിയോളം ഇതിന് പറ്റിയവരാണ്. അപ്പോൾ ഞങ്ങൾക്ക് വോട്ട് ചെയ്തത് ആരാണ്? ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പൊതുവിലും അതിലേറ്റവും കൂടുതൽ ജനപിന്തുണയുള്ള പാർട്ടിയെന്ന വോട്ടിന്റെ അടിസ്ഥാനത്തിൽ കാണുന്ന സി.പി.ഐ. (എം)-ന് വോട്ട് ചെയ്യുന്നവർ ആരാണ്? ഈ നാട്ടിലെ 95 ശതമാനം ഹൈന്ദവ, ഇസ്ലാം, ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിശ്വാസികളാണ്. അങ്ങനെയുള്ളൊരു പ്രസ്ഥാനത്തിന് ഈ രാജ്യത്തിലെ വിശ്വാസികളോട് ഉത്തരവാദിത്വമുണ്ട്. ഭരണഘടനയോട് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വമാണ് ഞങ്ങൾ നിർവ്വഹിക്കുന്നത്. മറ്റ് തരത്തിൽ പറയണ്ട. ഇവിടെ സി.പി.ഐ. (എം) ഒന്നും പിടിമുറുക്കുന്നില്ല. ബഹുമാനപ്പെട്ട ഇന്ത്യാഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഈ സഭയിൽ കൊണ്ടുവന്ന് അവതരിപ്പിക്കുന്നതിന് വേണ്ടി ക്യാബിനറ്റിന്റെ പരിഗണനയിലിരുന്ന, ഏകദേശം തീരുമാനമാകാൻ പോകുന്ന ഒരു ഭേദഗതി നിയമത്തിൽ അതിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഇവിടെ പരാമർശിച്ചു. നിങ്ങളാരും അത് കണ്ടില്ലല്ലോ. ഈ നിയമസഭയിൽത്തന്നെ തീരുമാനിച്ചതാണ്. അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന് പറഞ്ഞിട്ടുള്ളത് രേഖയെടുത്ത് നോക്കുക. 7 മുതൽ 9 വരെ വർദ്ധിപ്പിക്കണമെന്നാണ് നിയമസഭയിൽ പൊതുവെ അഭിപ്രായം വന്നിട്ടുള്ളത്. അത് വർദ്ധിപ്പിക്കാൻ എന്തായാലും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ 200 കോളേജുകൾ ഉള്ളിടത്ത് 21 സിൻഡിക്കേറ്റ് മെമ്പർമാരുണ്ട്. 100 കണക്കിന് ക്ഷേത്രങ്ങൾക്കുള്ള കോടിക്കണക്കിന് വരുമാനം നോക്കാനൊന്നും ആളില്ല. അത് നോക്കാൻ 3 പേർ മതിയോ? രാജാവിന്റെ കാലത്ത് 3 ആളുകളെ വച്ചത് മതിയോ? എല്ലാ നിയമങ്ങളും മാറി. ഈ നിയമം മാത്രമേ മാറാനുള്ളൂ. അതിന്മേൽ വരെ പ്രതിപക്ഷം വ്യത്യാസപ്പെട്ട അഭിപ്രായങ്ങൾ ഉയർത്തുന്നത് കാര്യം മനസ്സിലാക്കാതെയാണ്. പിന്നെ ദേവസ്വങ്ങൾ പിടിച്ചടക്കുന്നുവെന്നു പറയുന്നവർ എത്രപറഞ്ഞാലും അവിടെ നിന്ന് മാറില്ല. എന്നാലും ഞാൻ ഒന്നുകൂടെ പറയുകയാണ് .....(ബഹളം)......... ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റീസ് ബാലി അടങ്ങുന്ന ഡിവിഷൻ ബഞ്ച് 2007 ജനുവരി 2-ാം തീയതി ദേവസ്വത്തിലെ അഴിമതികളെപ്പറ്റി നടത്തിയ അന്വേഷണത്തിന് ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷനെ നിയമിച്ച കോടതി വിധിയുടെ ഒരു ഭാഗത്ത് പറയുകയുണ്ടായി, "The management of Devaswoms along with their endowments vested in the Government control by the Devaswom proclamation of His Highness, The Maharaja of Travancore dated 12-4-1922. The proclamation was made owing to the mismanagement with a view to their better management and the maintenance of the temples." സ്വതന്ത്രമായി, ആർക്കും ഉത്തരവാദിത്വമില്ലാതെ നടന്ന കാലത്ത് തിരുവിതാംകൂർ ദേവസ്വങ്ങളിലെ അസഹനീയമായ അഴിമതിയുടെ അഴിഞ്ഞാട്ടത്തിൽ മനംനൊന്ത് മഹാരാജാവ് ആ ക്ഷേത്രങ്ങളെയെല്ലാം നേരിട്ട് ഭരണകൂടത്തിന്റെ കീഴിലാക്കിയ പ്രൊക്ലമേഷനാണ് 12-4-1922-ലേത്. വീണ്ടും അതു വിട്ടുകൊടുത്തു. നമ്മളൊന്നും എടുക്കുന്നില്ല. ഇന്നത്തെ ജനാധിപത്യ വ്യവസ്ഥിതിയിൽ പഴയ സ്ഥിതിയല്ല. ഇപ്പോൾ അതിൽ ഉത്തരവാദിത്വമുള്ള നിയമസഭ ചർച്ച ചെയ്ത് ചില കാര്യങ്ങൾ ചെയ്യണം. അവിടെയുള്ള സ്വയംഭരണത്തിന്മേൽ ആരും തൊടുന്നില്ല. ഈ സംശയം ഇനിയും ഉന്നയിക്കുന്നത് ഒന്നുകിൽ ഇക്കാര്യം മനസ്സിലാക്കിയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സ്വതന്ത്രമായി വിട്ട് കഴിഞ്ഞ കാലത്തെ ബോർഡുകളെപ്പോലെ അഴിമതി കാണിക്കാനും നമ്മൾ അയയ്ക്കുന്ന സഹപ്രവർത്തകരെ വിജിലൻസ് കേസിൽപ്പെടുത്തുന്നതിനുമുളള ഒരു വല്ലാത്ത സാഡിസ്റ്റ് സന്തോഷം കാണാൻ വേണ്ടിയാണ്. അത് പാടില്ല. നമുക്ക് അവിടെ അയയ്ക്കുന്നവരെ രക്ഷിക്കേണ്ടതായിട്ടുണ്ട്. അവരെ രക്ഷിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതായിട്ടുണ്ട്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സത്യപ്രതിജ്ഞ ചെയ്യണമെന്നുള്ളതുകൊണ്ട് സി.പി.ഐ. (എം)-കാരായ ഒരാൾക്കുപോലും ദേവസ്വം ബോർഡിൽ മെമ്പറാകാൻ പാടില്ലെന്ന്. അങ്ങ് യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുകയാണെന്ന് എനിക്ക് അഭിപ്രായമില്ല. അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. കാരണം കൊച്ചിൻ ദേവസ്വം ബോർഡിലെ മെമ്പറായി നോമിനേറ്റ് ചെയ്ത ശ്രീ. കെ. കെ. മോഹനൻ തൃപ്പൂണിത്തുറ ഏരിയ കമ്മിറ്റി മെമ്പറാണ്. തൃപ്പൂണിത്തുറ ടൗൺ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്നു. തൃപ്പൂണിത്തുറ മുൻസിപ്പൽ ചെയർമാനായിരുന്ന അദ്ദേഹം സി.പി.ഐ. (എം)-ന്റെ പ്രധാനപ്പെട്ട ആളാണ്. അങ്ങയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറി ദേവസ്വം ബോർഡ് മെമ്പറായിരുന്നു. അപ്പോൾ ഇവരാരും സി.പി.ഐ. (എം) മെമ്പർ അല്ലെന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. ജി. സുധാകരൻ: സഖാവ് ചന്ദ്രാനന്ദൻ മെമ്പറായ സമയത്ത് സത്യപ്രതിജ്ഞ ഇല്ല. അതറിഞ്ഞിരിക്കണം. സത്യപ്രതിജ്ഞ ഞങ്ങൾ പുതിയതായി നിയമത്തിൽ കൊണ്ടു വന്നതാണ്. ശ്രീ. കരുണാകരൻ കൊണ്ടു വന്നതല്ല. അമ്പലത്തിൽ പോയി തൊഴുന്ന ഹിന്ദുക്കൾ മാത്രമേ വോട്ട് ചെയ്യാവൂ എന്നാണ് ശ്രീ. കരുണാകരൻ പറഞ്ഞത്. മന്ത്രിമാരും എം.എൽ.എ.-മാരും. അത് ഞങ്ങൾ അംഗീകരിക്കില്ല. അതാണിവിടെ ഉന്നയിക്കുന്നത്. ശ്രീ. കരുണാകരൻ കോൺഗ്രസ്സിൽ നിന്ന് പോയിട്ടും അദ്ദേഹത്തിന്റെ വാദം നിങ്ങൾ വിട്ടിട്ടില്ല എന്നുള്ളത് നല്ല കാര്യം തന്നെ. അത് ഒരു ആശയപരമായ പ്രശ്നമാണ്. കാരണം പല പാർട്ടികൾ ഒരു ഐഡിയോളജിയിൽ ഒരുമിച്ച് നിൽക്കും. നമ്മുടെ ലെഫ്റ്റ് ഐഡിയോളജിയിൽ ഞങ്ങൾക്ക് ഒരു പൊതുകുടയുണ്ടല്ലോ. ഐഡിയോളജിയുടെ ബേസിക് വ്യത്യാസം എന്നു പറഞ്ഞതുപോലെ. അന്ന് ഈ സത്യപ്രതിജ്ഞ ഇല്ല. ശ്രീ. മോഹനൻ, ഇപ്പോൾ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ അതിൽ നിന്നെല്ലാം മാറി നിന്നിട്ടുണ്ടാവും. അവധിയെടുത്തിട്ടുണ്ടാകാം. യാതൊരു സംശയവും വേണ്ട. അതേപ്പറ്റി അത്രയേ പറയുന്നുളളൂ. സി.പി.ഐ (എം) മെമ്പർമാർ ദൃഢപ്രതിജ്ഞയോ അതുപോലുള്ള പ്രതിജ്ഞയോ അല്ലാതെ യാതൊരു പ്രതിജ്ഞയും എടുക്കുന്ന പ്രശ്നമില്ലെന്ന് അറിയുക. ദയവായി നിങ്ങൾ അതിനെ റെഫ്യൂട്ട് ചെയ്യാൻ ശ്രമിക്കരുത്.

ശ്രീ. കെ. സി. ജോസഫ്: ഈ സി.പി.ഐ. (എം) മെമ്പർമാർക്ക് ദൃഢപ്രതിജ്ഞയേ പാടുള്ളൂ എന്നു പറഞ്ഞു. ഈ സഭയിൽ രണ്ട് സി.പി.ഐ (എം) എം.എൽ.എ.-മാർ ദൈവ നാമത്തിലാണ് പ്രതിജ്ഞ ചെയ്തതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജി. സുധാകരൻ: സമ്മതിച്ചു. അവർ ആ നാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. ഞങ്ങളുടെ പാർട്ടി പരസ്യമായിട്ടു തന്നെ അതു ശരിയായില്ല എന്നു പറഞ്ഞു. ആ പ്രശ്നം തീർന്നല്ലോ. പി.എസ്.സി.-ക്ക് വിടുന്നത് തെറ്റാണെന്ന് ആരും പറഞ്ഞില്ല. നമ്മൾ അറിഞ്ഞിരിക്കണം. ഇതൊക്കെ മനസ്സിലാക്കണം. നിങ്ങളുടെ കാലത്തെ ഗവൺമെന്റ് ചെയ്യാൻ ശ്രമിച്ചത് ചെയ്തില്ല. ചെയ്യാത്തതിന്റെ കാരണമൊന്നും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ഞാൻ ശ്രീ. വേണുഗോപാലിനെയൊന്നും കുറ്റപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ ഒരു പാരഗ്രാഫ് ഇവിടെ വായിച്ചേ പറ്റൂ. ഒരുപാടുണ്ട്. അതിന്റെ സാമ്പിൾ ഞാൻ വായിക്കുകയാണ്. For the appointment of Administrative Officers at Sabarimala and Pampa, an amount of Rs.20 lakhs and Rs.15 lakhs were received as bribes by the President and Board members. ഹൈക്കോടതി വിധിയാണ്. Likewise the Executive Officer at Sabarimala has also paid Rs.30 lakhs." അപ്പോൾ എമ്പ്രാന്തിരി അല്പം കട്ടു ഭുജിച്ചാൽ.... പിന്നെ ആവശ്യമുള്ളത് അദ്ദേഹം ഇങ്ങോട്ട് വാങ്ങിയെന്നാണ്. "The above amounts were paid by them because they thought that like last year by the end of the season after their appointment they could acquire at least Rs.75 lakhs to Rs.1 crore each." വെറുതെ കൊടുത്തതല്ല. "Though through various illegal means and also by presenting fabricated bills and vouchers by submitting bogus figures regarding the expenses incurred for running of the mess etc. This year to get appointment as Melsanthi at Sabarimala it is suspected that a sum of Rs.30 lakhs has been paid as bribe to the members. A close friend of the present Melsanthi has withdrawn Rs.30 lakhs from his account, The Dhanalakshmi Bank Ltd., Guruvayoor, NRI Branch and the amount was handed over to the Board members at Pampa." മറ്റൊരു ഒബ്സർവേഷൻ ഉണ്ട്. "Recently the board has taken action to make appointments of class teachers. For each post, the contribution is Rs.9 lakhs. The Board members have made arrangements with candidates seeking appointments, as if those persons given Rs.9 lakhs. Thus they would come out successful in the so called selection process. എന്നിട്ട് മനംനൊന്ത് നിങ്ങളെല്ലാവരും ഞങ്ങളുമായി തർക്കത്തിൽ വന്നപ്പോൾ വലിയ പിൻതുണ നിങ്ങൾ കൊടുത്തു. ബഹുമാനപ്പെട്ട ജസ്റ്റിസ് ബാലി അവർകൾ അടങ്ങുന്ന ബഞ്ച് പറയുകയാണ്, We cannot as so shut our eyes to the reality that complaints about corruption and misappropriations of public funds; one after another in an unending manner, are reason to further enquiry to the matter and discover the truth. ഇതെല്ലാം പറഞ്ഞ ഈ നാട്ടിൽ, മാർക്സിസ്റ്റുകാർ അധികാരത്തിലിരിക്കുന്നു, അതുകൊണ്ട് ഇതെല്ലാം അനുവദിച്ചു കൊടുക്കണം. കോടതി പോലും അനുവദിക്കാൻ പാടില്ല എന്നാണ് പറയുന്നത്. അനുവദിച്ചു കൊടുക്കുന്നത് ദൈവ വിശ്വാസിയാണ് എന്ന് പരസ്യമായി ഐഡിയോളജിക്കലായി അംഗീകരിക്കാത്ത ഒരാളാണ് എന്നതിലാണ് കുറ്റം കണ്ടുപിടിക്കുന്നത്. ദൈവവിശ്വാസിയായ ശ്രീ. വേണുഗോപാൽ എന്തുകൊണ്ട് ഇത് ചെയ്തില്ല? ദൈവവിശ്വാസിയായ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ എന്തുകൊണ്ട് ഇത് ചെയ്തില്ല? എൻ.എസ്.എസ്സുമായി ബന്ധപ്പെട്ട് നിരവധി മന്ത്രിമാർ ദേവസ്വം വകുപ്പ് കൈകാര്യം ചെയ്തിരുന്നില്ലേ. ശ്രീ. രാമചന്ദ്രൻ നായരും അതുപോലെ മറ്റുള്ളവരും എന്തുകൊണ്ട് ചെയ്തില്ല? കാലാവധിക്കു മുൻപ് അവരുടെ സ്ഥാനം നഷ്ടപ്പെട്ടത് എന്തുകൊണ്ട്? കറപ്ഷൻ ചാർജിനല്ലേ പോയത്. അതുകൊണ്ട് ഞങ്ങളെ കല്ലെറിയണ്ട. ഒരൊറ്റ കല്ലുപോലും ഞങ്ങളുടെ ശരീരത്ത് വീഴില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ കബീർദാസ് അന്തരിച്ചുകഴിഞ്ഞപ്പോൾ ആദ്ധ്യാത്മികമായ കഴിവുകൊണ്ടായിരിക്കും അദ്ദേഹത്തിന്റെ ശരീരം പൂക്കളായി മാറുകയും ജനങ്ങൾ അത് പകുത്തെടുക്കുകയും ചെയ്തു. അതുപോലെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കെതിരെ ഏതൊരു വർഗ്ഗീയ വാദിയും സമുദായവാദിയും എറിയുന്ന കല്ലുകൾ, ഭക്ത ജനങ്ങൾ അതെല്ലാം തടഞ്ഞ്, അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട്, പൂക്കളാക്കി മാറ്റി. ഈ കാലത്ത് അതേ ചെയ്യാൻ പറ്റൂ. നേരത്തേ പറഞ്ഞത് കബീർദാസിന്റെ കാലത്ത് നടന്നിട്ടു ണ്ടാവും. ഇവിടെ ഒരു കാര്യം ഞാൻ പറയുകയാണ്. ഇത്തരത്തിലുള്ള ഒരു മതനിരപേക്ഷ രാഷ്ട്രത്തിന്റെ ചുമതലയേറ്റവർ, ചുമതല ചെയ്യുമ്പോൾ, മറ്റു ചിലർ ചെയ്യുന്നതുപോലെ ചെയ്യണം എന്നു പറയേണ്ട കാര്യമില്ല. വ്യക്തിപരമായ വിശ്വാസത്തിൽ വിടുക. നമ്മൾ ഭരണഘടനയെ ലംഘിക്കുന്നുണ്ടോ, നമ്മൾ ആരുടെയെങ്കിലും ആചാരങ്ങളെ നിന്ദിക്കുന്നുണ്ടോ എന്നു നോക്കിയാൽ മതി. ഗുരുവായൂരിൽ ഞാൻ കയറിയത് ഗുരുവായൂർ ദേവസ്വം കമ്മിറ്റിയുടെ അഭിപ്രായപ്രകാരമാണ്. അവരല്ലേ തീരുമാനി ക്കേണ്ടത്. അവരല്ലേ കൊണ്ടുപോകുന്നത്. അവിടത്തെ ശാന്തിമാർ മുഴുവൻ എന്റെ കൂടെ വരികയാണ്. ഞാനവിടെ തൊഴുതിരുന്നുവെങ്കിൽ ഞാനൊരു കള്ളനാകുമായിരുന്നു. ഇന്ത്യാരാജ്യത്ത് എന്റെമേൽ അപമാനത്തിന്റെ ഘോരമാരി പെയ്യുമായിരുന്നു. നിങ്ങൾക്ക് താത്പര്യമുള്ളപ്പോൾ അവിടെപ്പോയി തൊഴാമല്ലോ. അതൊന്നും ഒരു ചർച്ചാ വിഷയമല്ല. ഓരോരുത്തരുടേയും ഉള്ളിൽ എന്തൊക്കെയുണ്ടെന്ന് ആർക്കറിയാം. എങ്ങനെ അത് പറയാൻ കഴിയും. നല്ലതുണ്ടാവട്ടെയെന്ന് നമുക്ക് കരുതാം. അതുമാത്രമേ എനിക്ക് പറയാനുള്ളൂ. സി.പി.ഐ. (എം) ഒന്നും പിടിച്ചടക്കാൻ വരുന്നില്ല. പക്ഷേ എനിക്ക് അഭി മാനമുണ്ട്. ഒരുപാട് മതനിരപേക്ഷ വാദികളുടെ പ്രസ്ഥാനമാണ് കോൺഗ്രസ്. എല്ലാവരു മൊന്നും വർഗ്ഗീയ വാദികളാണെന്ന് ഒരഭിപ്രായവുമില്ല. കുറച്ചുപേരൊക്കെ കാണും. അത് സ്വാഭാവികമാണ്. വലിയൊരു പാർട്ടിയല്ലേ. പണ്ടു മുതലേ അതിന്റെ സ്വഭാവം അതാണ്. പക്ഷേ ആ പാർട്ടിക്കുപോലും അധികാരത്തിലിരുന്നപ്പോൾ ഇതൊന്നും അന്വേഷിക്കാൻ പറ്റിയില്ല. സി.പി.ഐ.(എം) അടങ്ങുന്ന ഒരു മുന്നണി ഇവിടെ ഭരിക്കുമ്പോൾ സി.പി.ഐ. (എം)-ന്റെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെയുള്ളപ്പോൾ, ഈ വകുപ്പ് എന്നെ ചുമതലപ്പെടുത്തി എന്റെ പാർട്ടി ഇത്തരം അഴിമതികൾ തുടച്ചു നീക്കണമെന്ന് എനിക്കൊരു ശാസന നൽകിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് അല്ലെങ്കിൽ ചെയ്യാൻ പറ്റില്ല. ചില പാർട്ടിയിൽ മന്ത്രിമാർക്ക് ആഗ്രഹമുണ്ടെങ്കിലും ചെയ്യാൻ കഴിയില്ല. കാരണം പാർട്ടിക്കാർ കൈയിൽ പിടിക്കും. പൊളിറ്റിക്കൽ വില്ലിന്റെ പ്രശ്നമാണ്. എനിക്ക് വളരെയേറെ അഭിമാനമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി പൊതുവിലും സി.പി.ഐ.(എം) പ്രത്യേകിച്ചും നമ്മുടെ സ്റ്റേറ്റ് സെക്രട്ടറി ഇത്തരം വൃത്തികെട്ട സമ്പ്രദായങ്ങൾക്കെതിരെ ശക്തമായ നിയമനിർമ്മാണം നടത്തണമെന്ന് പാർട്ടിപരമായി പറയുകയും എൽ.ഡി.എഫ്.-ൽ അത് തീരുമാനിച്ച് വരികയും, ഗവൺമെന്റ് നടപ്പിലാക്കി വരികയുമാണ്. എല്ലാവരും അങ്ങനെയാണ് ചെയ്യുന്നത്. എന്റെ വകുപ്പിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് നമുക്ക് ആ സംശയങ്ങൾ വേണ്ട.

ഇനി അംഗങ്ങളെ പുതുക്കുന്ന കാര്യം പറയാം. കുറച്ചു അംഗങ്ങൾ വേണം. എങ്കിൽ മാത്രമേ ഇത് നടത്താൻ പറ്റുകയുള്ളൂ. അമ്പലം നോക്കാൻ ആളില്ല. അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന് ഈ നിയമസഭ തീരുമാനിച്ചതാണ്. എത്ര വേണമെന്നത് ഭരണ വകുപ്പിന്റെ അവകാശമാണ്. ഭരണവകുപ്പ് കാബിനറ്റിൽ കൊടുക്കും. കാബിനറ്റ് തീരുമാനിക്കും. ഇവിടെ 7 അംഗങ്ങളാക്കിയതിനെപ്പറ്റി പറഞ്ഞു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി മലബാർ ദേവസ്വം ബോർഡിന്റെ കാര്യം പറഞ്ഞു. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോയിലുള്ള കാര്യമാണ്. ഒരു നല്ല കാര്യം നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറഞ്ഞു. ഞങ്ങളുടെ മാനിഫെസ്റ്റോയിലുണ്ട്. ഞാൻ ആവർത്തിച്ചാവർത്തിച്ച് ഈ സഭയ്ക്കകത്തും പുറത്തും പറഞ്ഞു. വീണ്ടും പറയുന്നു. ഈ 2007 അവസാനമാകുന്നതിനു മുൻപ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ഇത് നിയമവകുപ്പിലിരിക്കുകയാണ്. നിയമ വകുപ്പുമന്ത്രിയുമായി ആലോചിച്ച് രണ്ടു മാസത്തിനുള്ളിൽ അത് നിയമനിർമ്മാണത്തിൽ കൊണ്ടുവരാൻ കഴിയും എന്ന് ആലോചിക്കുകയാണ്. അത് ഞങ്ങളുടെ തീരുമാനമാണ്. ഹൈക്കോടതി വിധിയുണ്ട്. പ്രതിപക്ഷത്തിന്റെ കൂടി ആവശ്യമാണെന്നുള്ളതുകൊണ്ട് യുനാനിമസായി അന്ന് ചർച്ച ചെയ്ത് പാസ്സാക്കണം. ആ ദിവസം ഇവിടെ തളത്തിലൊന്നും ഇറങ്ങി പ്രശ്നമുണ്ടാക്കരുത്. ആ ഒരു ദിവസമെങ്കിലും മാറ്റിവയ്ക്കണം. എന്തു പ്രശ്നമുണ്ടായാലും ആ ദിവസം അത് പാടില്ലായെന്നു ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകൻ ശ്രീ. എ. കെ. ബാലൻ പറഞ്ഞു, അത് മുമ്പ് പലരും അവതരിപ്പിച്ച് നോക്കിയിട്ട് സമയമാകാതെ അവരെല്ലാം മാറിപ്പോയി. ശരിയാണ്. ഞാൻ അതിന്റെ പട്ടിക നോക്കി. ഇത് അവതരിപ്പിച്ച ഒരു ദേവസ്വം മന്ത്രിക്കും അത് പാസ്സാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന് പറ്റിയിട്ടില്ല. ചിലർ കുറച്ചുകഴിഞ്ഞ് മരിച്ചു പോയി. ചിലരുടെ സ്ഥാനം പോയി. മലബാറിൽ അന്വേഷിച്ചപ്പോൾ ഒരു അന്ധവിശ്വാസമുണ്ട്, ഇത് അവതരിപ്പിക്കുന്നയാൾ മരിച്ചുപോകുമെന്ന്. ഞാൻ സസന്തോഷം മരണത്തെ സ്വാഗതം ചെയ്യുന്നു. ഇത് അവതരിപ്പിക്കുന്നയാൾ മരിച്ചുപോകും എങ്കിൽ നൂറു രൂപ പോലും ശമ്പളം കിട്ടാത്ത കുചേലന്മാരായിട്ടുള്ള അവിടുത്തെ അമ്പല ജോലിക്കാരില്ലേ, അവർക്കുവേണ്ടി മരിക്കാനും എനിക്ക് യാതൊരു പ്രയാസവുമില്ല. ബോർഡിൽ പത്താളെ വയ്ക്കുന്നതിനുവേണ്ടി മാത്രമല്ല ലക്ഷോപലക്ഷം വരുന്ന ഭക്തജനങ്ങൾക്ക് ഏറ്റവും നല്ല ഒരു ഭരണം കാഴ്ച വയ്ക്കാനും ദേവസ്വം ബോർഡിലെ പ്യൂണുവരെ ആയിരങ്ങൾ ശമ്പളം വാങ്ങുമ്പോൾ അവിടെ നൂറു രൂപ പോലും ശമ്പളം ഇല്ലാത്ത-35 രൂപയാണ് ശമ്പളം. അതുപോലും കൊടുക്കാനില്ല-അവരെ ഒക്കെ രക്ഷിക്കാനും സാമ്പത്തിക സ്വർഗ്ഗത്തിലേയ്ക്കൊന്നും ആനയിച്ചില്ലെങ്കിലും അവരെ സംബന്ധിച്ച് അതൊരു സ്വർഗ്ഗം തന്നെയാണ്. ഈ ബിൽ പാസ്സാകാത്തത് എന്താണെന്ന യഥാർത്ഥ രഹസ്യം ഞാൻ പറയാം. ഏത് സർക്കാരിന്റെയും ഒടുവിലാണ് ഈ ബിൽ കൊണ്ടുവരുന്നത്. സർക്കാർ കാലാവധി അവസാനിക്കുന്നതിന് ആറുമാസം മുൻപ് ഇത് കൊണ്ടുവന്നാൽ പാസ്സാക്കാൻ പറ്റില്ലല്ലോ. അതാണ് പാസ്സാകാത്തത്. അല്ലാതെ ആരും മരിക്കാൻ പോകുന്നില്ല. ഏതൊരു സർക്കാരും കാലാവധി കഴിയുന്ന അവസാന കാലത്തേ ഇത് കൊണ്ടുവന്നിട്ടുള്ളൂ. അതും ഞാൻ നോക്കി. അപ്പോൾ പിന്നെ സബ്ജക്ട് കമ്മിറ്റിക്കുപോയി, അങ്ങോട്ടുപോയി ഇങ്ങോട്ടുപോയി വരുമ്പോൾ സമയം കാണില്ല. അതുകൊണ്ട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിശ്വാസത്തിന്റെ ഭാഗമല്ല. വിശ്വാസത്തെപ്പറ്റി വലിയ ചർച്ച നടക്കുകയാണ്. നമ്മുടെ മാതാ അമൃതാനന്ദമയി ഒടുവിൽ പറഞ്ഞത് കേട്ടില്ലേ. അവർ ഗവൺമെന്റിനുവേണ്ടി പറഞ്ഞതാണെന്ന് ആരോപണമുണ്ടായി. ഗവൺമെന്റിന് അവർ പറയുന്നതുപോലെ പ്രത്യേക മതവിശ്വാസമില്ല. എങ്കിലും ഞങ്ങൾ മതവിശ്വാസികളുടെ ഹൃദയത്തെ തൊട്ടുകണ്ടിരിക്കുന്നു. മാതാ അമൃതാനന്ദമയിയുടെ ഹൃദയത്തെ കാണാൻ കഴിയുന്ന ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടെന്നാണ്. നമ്മൾ മതവിശ്വാസി അല്ലെങ്കിലും ഇതൊരു വല്ലാത്ത കോയിൻസിഡൻസ് ആണെന്നു തോന്നും. അവിശ്വാസികളും വിശ്വാസികളും അഭിരമിക്കുന്ന ഒരുപാട് വേദികളുണ്ട്. ഒരുപാട് ചിന്താ

LIBRARY ARCHIVES Kerala Legislative Assembly

വേദികളുണ്ട്. അവർ അവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുമ്പോൾ ഞങ്ങൾ ഞങ്ങളുടേതിൽ നിൽക്കുമ്പോഴും പരസ്പരം അഭിരമിക്കാനും ബന്ധപ്പെടാനും യോജിച്ചുപോകാനും കഴിയും. അങ്ങനെയാണ് ഈ രാജ്യം മുന്നോട്ടു പോകുന്നത്. അതിന് മാതൃക കാണിച്ചത് നിങ്ങളുടെ രാഷ്ട്രീയ നേതാവും നമ്മുടെ പ്രധാനമന്ത്രിയുമായിരുന്ന ജവഹർലാൽ നെഹ്റു ആണ്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മന്ത്രി മാതാ അമൃതാനന്ദമയിയുടെ കാര്യം പറഞ്ഞപ്പോഴാണ് ഒരു കാര്യം ഓർത്തത്. ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട ശ്രീ. ടി. കെ. ഹംസ മാതാ അമൃതാനന്ദമയിയെക്കുറിച്ച് ഒരു പരാമർശം നടത്തിയിട്ടുണ്ട്. ഈ സഭയിൽ ഉണ്ടായ കാര്യമാണ്............

ശ്രീ. ജി. സുധാകരൻ: ഞാൻ ആ സഭയിൽ ഉണ്ടായിരുന്നു. അത് ശരിയാണ്. മാതാ അമൃതാനന്ദമയിയെപ്പറ്റിയുള്ള ഞങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാണ്. നല്ല കാര്യം വരുമ്പോൾ നല്ലതെന്ന് പറയും. ഞങ്ങൾ അവരുടെ ഫോളോവറോ അവരുടെ അനുയായി വൃന്ദത്തിൽപ്പെട്ടതോ അവരുടെ ആശ്രമത്തിൽ പോയി താമസിക്കുന്ന ആളോ അല്ല. ആരെങ്കിലും താമസിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഞാൻ ഇസ്ലാം മതത്തിന്റെ മഹത്വത്തെക്കുറിച്ച് ബഡ്ജറ്റ് ചർച്ചയിൽ സംസാരിച്ചപ്പോൾ ഏറ്റവും ഒടുവിൽ പിറന്ന മതമായതുകൊണ്ട് ആധുനികത ആ മതത്തിൽ ഉണ്ട്, വിഗ്രഹാരാധനയില്ലാത്ത മതമാണെന്ന് പറയുകയും ചെയ്തു. തുടർന്ന് ഹൈന്ദവ മതത്തിന് ഒരുപാട് ദൈവങ്ങളുണ്ട് എന്ന് ഞാൻ പറഞ്ഞപ്പോൾ, അന്ന് ഹിന്ദു വർഗ്ഗീയ വാദികൾക്കുവേണ്ടി സഭയിൽ നിന്ന് ഇറങ്ങിപ്പോയ ആളുകളിവിടെ ഉണ്ട്. അന്ന് അങ്ങനെ പോകണമായിരുന്നോ? ഞാൻ പറഞ്ഞത് ശരിയല്ലേ. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അറിയാൻ വേണ്ടി പറയുന്നു. ഞാൻ അത് ഡിഫൻഡ് ചെയ്തതാണ്. അതുകൊണ്ട് കൂടുതൽ ദൈവങ്ങൾ ഉള്ളത് മോശമാണെന്നല്ല പറഞ്ഞത്. ദൈവത്തിൽ വിശ്വാസം ഉണ്ടെങ്കിലും വിഗ്രഹാരാധനയില്ലാത്ത....... ഇസ്ലാം മതത്തിന്റെ കാര്യമെടുക്കാം. മുസ്ളീങ്ങൾ കാറിൽ പോകുകയാണെങ്കിൽ പോലും പ്രാർത്ഥനയ്ക്ക് സമയം ആകുകയാണെങ്കിൽ ഒന്നും വേണ്ട, ഏതെങ്കിലും ഒരു കെട്ടിടത്തിന്റെ ഒരു ഒഴിഞ്ഞ കോണിൽ തലയിൽ ടവൽ ഇട്ട് അവിടെയിരുന്ന് പ്രാർത്ഥിക്കും. ഈശ്വരൻ എല്ലായിടത്തും ഉണ്ടെന്നാണ് അതിന്റെ സങ്കൽപ്പം. കല്ലിലും മരത്തിലും എല്ലാം ദൈവമുണ്ടെന്നാണ് വിശ്വാസികളുടെ വിശ്വാസം. എങ്കിൽ നിങ്ങൾ ആരുടെയും ഹൃദയങ്ങളിൽ കയറി തപ്പേണ്ട, രാഷ്ട്രീയത്തിൽ കയറി തപ്പേണ്ട. ഈശ്വര വിശ്വാസിയായ ഒരാൾ ഇത്തരത്തിൽ പൂജ നടത്തുന്നു എന്ന് പറയുന്നത് ചാതുർവർണ്ണ്യത്തിന്റെ സംസ്ക്കാരമാണ്. അത് രാജ്യത്തെ നശിപ്പിച്ച സംസ്ക്കാരമാണ്. ലോകത്തെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുരോഗതിയിലും കൃഷിയിലും എല്ലാറ്റിനും മുന്നിലായിരുന്ന ഭാരത രാജ്യത്തെ യൂറോപ്യൻമാരുടെ പുറകിലേയ്ക്ക് തള്ളിയതിന് കാരണം ചാതുർവർണ്ണ്യ വ്യവസ്ഥ വഴി പണിയെടുക്കുന്നവനെ അറിവില്ലാത്തവനാക്കി മാറ്റി അവരെ അവഗണിച്ചതിന്റെ ഫലമായിട്ടാണ് എന്നുള്ളത് നാം മനസ്സിലാക്കണം. ആ ഒരു വിടവിലാണ് ശാസ്ത്രത്തിലും ടെക്നോളജിയിലും യൂറോപ്യന്മാർ മുന്നോട്ടുകയറിയത്. നമ്മൾ ഇപ്പോൾ മുന്നേറാൻ ശ്രമിക്കുകയാണ്. ഇത്തരം കാര്യങ്ങളെപ്പറ്റി ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ നെഹ്റു അടക്കമുള്ള ബൂർഷ്വാ ദേശീയ വാദികളുടെ ബൂർഷ്വാ സിദ്ധാന്തങ്ങളെ അംഗീകരിക്കുമ്പോൾ അതിൽ ഞങ്ങളെ ആക്ഷേപിക്കുന്നത് ശരിയാണോ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള മൗലികമായ പ്രശ്നം ഇന്ന് ഇവിടെ ഉയർന്നുവന്നിരിക്കുകയാണ്. ബൂർഷ്വാ ഡെമോക്രസിയുടെ നേതാക്കന്മാർക്ക് ഇന്ന് സംഭവിച്ചിരിക്കുന്നത് അപചയമാണ്. നിങ്ങൾക്ക് അപചയം സംഭവിച്ചപ്പോൾ ബൂർഷ്വാ ഡെമോക്രസിയുടെ മാഹാത്മ്യം, അതിന്റെ കൊടി ഉയർത്തി പിടിച്ചുകൊണ്ട് ഞങ്ങൾ വിശ്വാസികളും വിശ്വാസികളല്ലാത്തവരുമായ ഇൻഡ്യൻ ജനസഞ്ചയത്തെ, പൊതുവിലും കേരളത്തിലെ ജനങ്ങളെയും, സംരക്ഷിക്കത്തക്ക വിധത്തിൽ നിന്നുകൊണ്ട് നിങ്ങൾ ഉപേക്ഷിച്ച ധർമ്മം ഞങ്ങൾ ഇപ്പോൾ നിർവ്വഹിക്കുകയാണ്. ഞങ്ങളാണ് അത് നിർവ്വഹിക്കാൻ പ്രാപ്തർ എന്നുള്ളത് തെളിയിക്കുന്നത് നിങ്ങളുടെ രാഷ്ട്രീയമായോ ആദർശപരമായോ ഉള്ള കഴിവുകേടു കൊണ്ടാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് ചർച്ച ചെയ്ത് ഈ സഭയിൽ തന്നെ പാസ്സാക്കി തരാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം. എങ്കിലേ നിയമനം വേഗം നടത്താൻ പറ്റൂ, കാലതാമസമുണ്ടാകാതിരിക്കാൻ ഒക്കുകയുള്ളൂ എന്നു പറഞ്ഞുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. എം. എ. സലാം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. എം. എ. സലാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: 2007-ലെ കേരള പബ്ളിക് സർവീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........
പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 1 (ബി) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ദേശീയ വനിതാ കമ്മീഷനും കേരളത്തിലെ വനിതാ കമ്മീഷനും മറ്റു സ്റ്റേറ്റുകളിലെ വനിതാ കമ്മീഷനും നിലവിൽ വന്നത് തുല്യതയ്ക്കുവേണ്ടി മഹിളാ പ്രസ്ഥാനങ്ങൾ നടത്തിയ നീണ്ട കാലത്തെ പോരാട്ടങ്ങളുടെ ഫലമായാണ്. ജീവിതത്തിന്റെ നാനാതുറകളിൽ പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ സാമ്പത്തിക അവഗണനയിലായിരുന്ന സ്ത്രീകളുടെ നീറുന്ന പ്രശ്നങ്ങൾ ശ്രദ്ധിക്കുന്നതിനും ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു സംവിധാനമാണ് നീണ്ട കാലത്തെ ഇന്ത്യൻ സ്ത്രീകളുടെ ഒരു ആവശ്യം. സാക്ഷരതയുണ്ടെങ്കിൽപ്പോലും ഇന്ത്യൻ ഗ്രാമങ്ങളിൽ സ്ത്രീ പുരുഷൻ എന്നും ആൺകുട്ടി പെൺകുട്ടി എന്നുമുള്ള ഏറ്റവും വലിയ അന്തരമാണ് നിലനിന്നിരുന്നത്. ഇന്ത്യയിലെ സ്ത്രീ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം എന്നു പറയാവുന്ന സ്ത്രീധനപീഡനം, അതുകാരണമുള്ള ആത്മഹത്യ, കൊലപാതകം എല്ലാം സ്ത്രീധനം ഒന്നുകൊണ്ടുമാത്രം ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്ന ലക്ഷക്കണക്കിന് സഹോദരിമാരുള്ള രാജ്യമാണ് ഇന്ത്യ. സ്ത്രീ എന്നുള്ള ഒറ്റക്കാരണം കൊണ്ട് ആക്രമിക്കപ്പെടുന്നവരും ഒട്ടേറെയാണ്. അതെല്ലാം കണക്കിലെടുത്തുകൊണ്ട് സ്ത്രീകൾക്ക് സുരക്ഷിതത്വം നൽകുവാനും അവരെ പീഡിപ്പിക്കുന്നവരെ, അപമാനിക്കുന്നവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനും സാധിക്കുന്ന രീതിയിൽ സ്ത്രീകൾക്കായുള്ള ഒരു സംവിധാനം വേണം എന്നുള്ളതിന് ഒട്ടേറെക്കാലം ശബ്ദമുയർത്തിയതിന്റെ ഫലമായിട്ടാണ് ഒരു സംവിധാനം നിലവിൽ വന്നത്. പക്ഷേ നമ്മുടെ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും എല്ലാം വനിതാ കമ്മീഷൻ നിലവിൽ വന്നശേഷം വളരെ പ്രാധാന്യത്തോടുകൂടിയാണ് വന്നതെങ്കിൽപ്പോലും ശ്രീമതി സുഗതകുമാരി ചെയർപേഴ്സണായ കമ്മീഷനും ഒരുവിധം നല്ല നിലയിൽ പ്രവർത്തിച്ചെങ്കിൽപ്പോലും നമ്മൾ ഉദ്ദേശിച്ച രീതിയിൽ ആ സംവിധാനം കൊണ്ടുവരുന്നതിന് സാധിച്ചില്ല. അതിനുശേഷം ജസ്റ്റീസ് ശ്രീദേവി ചെയർപേഴ്സണായ വനിതാ കമ്മീഷന്റെ കാര്യത്തിൽ അതിന് പിന്നീട് വന്നിട്ടുള്ള ഗവൺമെന്റ് കമ്മീഷന്റെ പ്രവർത്തനങ്ങൾ തന്നെ മരവിപ്പിച്ചിരിക്കുകയാണ്. അതേ തുടർന്ന് വന്ന മൂന്നംഗ കമ്മീഷന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പീഡനങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, കൊലപാതകങ്ങൾ, കൂട്ട ബലാത്സംഗക്കേസ്സുകൾ ഇതെല്ലാം കൈകാര്യം ചെയ്യുന്നതിന്, അത്തരം പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ഉണ്ടാക്കിയ സംവിധാനത്തിനുമുൻപിൽ അവതരിപ്പിക്കാൻ കഴിയണമെന്ന് സ്ത്രീകൾ ആഗ്രഹിച്ചപ്പോൾ അതിന് പറ്റുന്ന ഒരു സാഹചര്യം ഇല്ലാത്ത അവസ്ഥയിൽ പൂർണ്ണമായും നിർജ്ജീവമായ അവസ്ഥയിലാണ് ജസ്റ്റിസ് ശ്രീദേവി കമ്മീഷൻ പിരിച്ചുവിട്ടതിനുശേഷം ശ്രീമതി എം. കമലം ചെയർപേഴ്സണായി വന്ന മൂന്നംഗ കമ്മീഷന്റെ പ്രവർത്തനം. കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് അവരുടെ കാലത്ത് ഒരു നല്ല വാക്കുപോലും പറയാൻ ആവുന്നില്ല എന്നത് അവരുടെ കുറ്റമായി ഞാൻ കാണുന്നില്ല. മറിച്ച് അവർക്ക് പ്രവർത്തിക്കാനാവശ്യമായ ഒരു സാഹചര്യവും അന്നത്തെ ഗവൺമെന്റ് ഒരുക്കിക്കൊടുത്തില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് ഇത്തരത്തിൽ വനിതാ കമ്മീഷന്റെ പ്രവർത്തനം പോയാൽ സ്ത്രീകളുടെ പദവിയും അവർക്കു നേരെയുണ്ടാകുന്ന നീതിരഹിതമായ, വിവേചനപരമായ നടപടികളിലും ആവശ്യമായ അന്വേഷണം നടത്തുന്നതിനും പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട അധികാരികളോടും സർക്കാരിനോടും ശുപാർശ ചെയ്യാനും അതിൻമേൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഉണ്ടാക്കാനും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷൻ ഉണ്ടാകണം എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ആ കമ്മീഷന്റെ പ്രവർത്തനം വേണ്ട വിധത്തിൽ മുന്നോട്ടു കൊണ്ടുപോകണമെന്നുണ്ടെങ്കിൽ മൂന്ന് അംഗങ്ങൾ എന്ന നിലയിൽ കമ്മീഷന്റെ പ്രവർത്തനം ചുരുക്കിയാൽ പറ്റില്ല. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. അതിനുവേണ്ടിയാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് എല്ലാ തരത്തിലുമുള്ള സ്ത്രീകളുടേയും സാമൂഹ്യ പദവി ഉയർത്തിക്കൊണ്ടുവരുന്നതിനും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായിട്ടുള്ള, അവർക്ക് ഒരു അത്താണി എന്ന നിലയിൽ ആശ്രയിക്കാവുന്ന കേരള വനിതാ കമ്മീഷന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന നിലയിൽ വളരെ നല്ല ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമഭേദഗതി ഭരണ-പ്രതിപക്ഷ ഭേദമെന്യേ പാസ്സാക്കി എടുക്കണം. നിയമം പാസ്സാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വനിതാ കമ്മീഷൻ ബില്ലിന്മേൽ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ച പ്പോൾ ഒരു പുതിയ ബിൽ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന രീതിയിലാണ് വളരെ കുറഞ്ഞ വാക്കുകളിലാണെങ്കിലും പറഞ്ഞുനിറുത്തിയത്. ഇതിനകത്ത് ഉദ്ദേശകാരണ ങ്ങളുടെ വിവരണത്തിനകത്ത് വളരെ വ്യക്തമായി തന്നെ പറയുന്നുണ്ട്, വനിതാ കമ്മീഷന് ധാരാളം ഹർജികൾ കിട്ടിക്കൊണ്ടിരിക്കുകയും ധാരാളം ഹർജികൾ കെട്ടിക്കിടക്കുകയും ചെയ്യുകയാണ് എന്ന്. കമ്മീഷനിൽ മതിയായ അംഗങ്ങളുടെ ദൗർലഭ്യമാണ് ഒരു കാരണ മായി പറയുന്നത്. പിന്നീട് പ്രധാനമായി പറയുന്ന മറ്റൊരു കാര്യം ഡയറക്ടർക്ക് പുറമെ മെമ്പർ സെക്രട്ടറിയെ അധീഷണലായി വയ്ക്കുന്ന കാര്യമാണ്. ഈ രണ്ട് കാര്യങ്ങളാണ് ഈ ബില്ലിനകത്തുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ; ഇത്തരത്തിൽ രണ്ട് കാര്യങ്ങൾ അവതരി പ്പിക്കുമ്പോൾ പുതിയ ബിൽ അവതരിപ്പിക്കുന്ന രീതിയിൽ കേരളത്തിലേയും ഇന്ത്യ യിലേയും സ്ത്രീ സമൂഹത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പി ക്കുകയുണ്ടായി. ആ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനാണ് ഇത്തരം ഒരു നിയമം നമ്മൾ നടപ്പാക്കി മുന്നോട്ടു കൊണ്ടുപോകുന്നത്. യഥാർത്ഥത്തിൽ ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഇവിടെ പലപ്പോഴും ഈ ബിൽ ചർച്ചയ്ക്ക് വന്ന സമയത്ത് സൂചിപ്പിച്ച ഒരു കാര്യം, മൂന്ന് അംഗങ്ങൾ ഉള്ളത് ആറാക്കി മാറ്റുക എന്നതാണ്. അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. യഥാർത്ഥത്തിൽ ഇടതുമുന്നണിയും സി.പി.എം. മുന്നണിയും, കഴിഞ്ഞ കാലത്തെ ഏത് കാര്യം എടുത്ത് പരിശോധിച്ച് നോക്കിയാലും കേരളത്തിൽ മന്ത്രിമാരുടെ എണ്ണം കൂട്ടുമ്പോൾ അതിനെതിരായി നിലപാട് എടുക്കുന്നവരാണ്. എന്തിനിത്ര കൂടുതൽ അംഗങ്ങളുടെ ആവശ്യം എന്ന് ചോദിക്കുന്ന സി.പി.എം. ഇന്ന് വനിതാ കമ്മീഷന്റെ കാര്യത്തിൽ മൂന്ന് അംഗങ്ങൾ പോരാ എന്നാണ് പറയുന്നത്. വനിതാ കമ്മീഷനെ സംബന്ധിച്ചിടത്തോളം ഈ മൂന്ന് അംഗങ്ങൾ ആറംഗങ്ങൾ ആകുന്നതുകൊണ്ട് കേരളത്തിലെ വനിതകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് അല്ലെങ്കിൽ ഏതെങ്കിലും സ്ത്രീക്ക് ഒരു ഗുണവും ലഭിക്കില്ല എന്നു പറയാൻ ഞാനാളല്ല. കൂടുതലായി വരുന്ന മൂന്നംഗങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഇവർ മൂന്നും സ്ത്രീകളായതുകൊണ്ട് ഇതിന്റെ ഗുണം ലഭിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മറിച്ച് ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഗുണം ഇത്തരം കാര്യം കൊണ്ട് ഉണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം യഥാർത്ഥ ത്തിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇവിടെ അംഗങ്ങളുടെ വർദ്ധനവല്ല വേണ്ടത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി വനിതാ കമ്മീഷൻ ചെയർ പേഴ്സണാക്കി വച്ച ജസ്റ്റിസ് ശ്രീദേവി തന്നെ പറയുന്നത്, വനിതാ കമ്മീഷനിലെ അടിസ്ഥാന പ്രശ്നം അവിടത്തെ ഇല്ലായ്മകളാണ്; അംഗങ്ങളുടെ കുറവല്ല എന്നാണ് പറയുന്നത്. മറിച്ച് അടിസ്ഥാന സൗകര്യങ്ങൾ പലതും ഇല്ല, ഈ ഗവൺമെന്റ് അതിനുള്ള സഹായം ചെയ്ത് തരുന്നില്ല. അത്തരം കാര്യങ്ങൾ പരിഹരിക്കലാണ് ആവശ്യം എന്നാണ് പറയുന്നത്. അംഗങ്ങളുടെ വർദ്ധനവല്ല, മറിച്ച് ഗുണം എത്രയാണെ ന്നുള്ളതാണ് കാര്യം. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടെന്ത് കാര്യം. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ ജീവനക്കാരും അതിനാവശ്യമായ നടപടിക്രമ ങ്ങൾക്കുള്ള സാമ്പത്തികമായ പിന്തുണയും ഗവൺമെന്റ് നൽകാതിരുന്നുകഴിഞ്ഞാൽ മൂന്ന് ആറാക്കിയതുകൊണ്ടോ ആറ് പന്ത്രണ്ടാക്കിയതുകൊണ്ടോ കേരളത്തിലെ വനിത കൾക്ക് എന്തെങ്കിലും ഗുണം ലഭിക്കുമെന്നൊരഭിപ്രായം ഞങ്ങൾക്ക് ആർക്കുമില്ല. അതു കൊണ്ട് ഇതിനകത്ത് തീർച്ചയായും മൂന്ന് ആറാക്കി മാറ്റുക എന്നുള്ളതാണ് നടത്തുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ വനിതകൾക്ക് ആർക്കും ഗുണമില്ല എന്ന് ഞാൻ പറയുന്നില്ല. ഈ അധികമായി കടന്നുവരുന്ന മൂന്ന് വനിതകൾക്ക് ഇതിന്റെ ഗുണം ലഭിക്കും. മാത്രമല്ല നിങ്ങൾക്ക് രാഷ്ട്രീയമായി ഏതൊക്കെ പാർട്ടികൾക്ക് വീതം വച്ച് അംഗങ്ങളെ കൊടുക്കാൻ കഴിയുമോ അതു കൊടുക്കുവാനുള്ള ഒരു വേദിയാക്കി വനിതാ കമ്മീഷനെ വീണ്ടും മാറ്റുക വഴി യഥാർത്ഥത്തിൽ മന്ത്രി ഇവിടെ സൂചിപ്പിച്ച കേരളത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ, പ്രശ്നങ്ങൾ അതിന് പരിഹാരം കാണാനുള്ള ഒരു കാര്യവും ഈ ഒരു നിയമ ഭേദഗതി കൊണ്ട് നടക്കില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു കാര്യം ഉറപ്പാണ്. ഇത്തരം കമ്മീഷനെ നോക്കുകുത്തികളായി നിറുത്തുന്ന അല്ലെങ്കിൽ രാഷ്ട്രീയ നിയമനങ്ങൾക്ക് വേദിയാക്കി മാറ്റാനുള്ള ശ്രമം നമ്മൾ എത്രകാലം നടത്തുന്നുവോ അത്രയും കാലം ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ അടുത്തേയ്ക്ക് പോലും കടന്നു ചെല്ലുവാൻ നമുക്ക് കഴിയില്ല. ഇവിടെ പലപ്പോഴും നമുക്കറിയാവുന്നതാണ് വനിതാ കമ്മീഷൻ നിലവിൽവന്നതിനുശേഷമുള്ള കണക്കുകൾ. ബഹുമാനപ്പെട്ട മന്ത്രിക്കുമതറിയാം. ഓരോ കണക്കും വച്ചു നോക്കുമ്പോൾ ഓരോ വർഷവും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, അതിക്രമങ്ങൾ, കുറ്റകൃത്യങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ് എന്നുകാണാം. വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏറ്റവും സജീവമായി നമ്മൾ നടത്തുന്നുവെന്ന് പറയുമ്പോഴും ഇത്തരം കാര്യങ്ങൾ ഉണ്ടായി ക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അടിസ്ഥാനപരമായി ഇതിന്റെ പ്രശ്നങ്ങൾ എന്താണെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ആ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണം. അത് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാ കണമെങ്കിൽ ഇത്തരത്തിലുള്ള വേദികളെ രാഷ്ട്രീയത്തിനതീതമായി കാണാൻ കഴിയണം. ഇത്തരം വേദികളെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റ് വന്ന ഉടനെ ചെയ്തത്. രാഷ്ട്രീയവൽക്കരിച്ച് മുന്നോട്ടുപോയിക്കഴിഞ്ഞാൽ ഇവിടത്തെ സ്ത്രീകളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചു പാർട്ടി താൽപര്യങ്ങൾക്കനുസരിച്ച്രാഷ്ട്രീയമായ നിയമനങ്ങളൊക്കെ നടത്താൻ കഴിയും. നമുക്ക് അറിയാം, ഇന്ത്യയിലെ കാര്യം പറയുന്നില്ല, കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്ക് ഇന്ന് വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ മറ്റേതൊരു പ്രദേശത്തെക്കാൾ കൂടുതൽ സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. അത് നമ്മൾ പത്ത് അമ്പത് വർഷക്കാലത്തെ പ്രവർത്തനം കൊണ്ടാണ് നേടിയെടുത്തത്. മുമ്പുതന്നെ സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളുടെ ഭാഗമായി സ്ത്രീകൾ അരങ്ങത്ത് കടന്നുവന്ന സാഹചര്യം. അങ്ങനെ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള ഒരു പ്രയാണമാണ് കേരളത്തിൽ ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും സ്ത്രീകൾക്ക് കടന്നുവരാൻ കഴിഞ്ഞിട്ടുള്ളത്. ദശാബ്ദങ്ങൾ നീണ്ടു നിന്ന പോരാട്ടങ്ങളുടെ ഫലമായിട്ടാണ് സ്ത്രീകൾ ഇന്ന് എല്ലാ രംഗത്തും എത്തിയത്. സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് നമ്മൾ പറയുന്നു. ഇപ്പോൾ സ്ത്രീക്കും പുരുഷനും തുല്യമായ സമത്വമില്ല എന്ന തിരിച്ചറിവ് നമുക്കുണ്ട്. ആ തിരിച്ചറിവ് ഉള്ളതുകൊണ്ടാണല്ലോ വനിതാ കമ്മീഷൻ നമുക്ക് ഉള്ളത്. പുരുഷനെപോലെ തന്നെ സ്വാതന്ത്ര്യം സ്ത്രീക്കും ഉണ്ടായിരുന്നെങ്കിൽ ഇന്ന് ഇത്തരം ഒരു കമ്മീഷന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. സ്ത്രീ-പുരുഷ സമത്വം പറയുന്നതോടൊപ്പം തന്നെ സ്ത്രീ ഇന്ന് ഒറ്റപ്പെടുകയും സ്ത്രീ അക്രമിക്കപ്പെടുകയും കുറ്റകൃത്യങ്ങൾക്ക് വിധേയമാകുകയും ചെയ്യുന്നു എന്ന തിരിച്ചറിവാണ് ഇത്തരത്തിലുള്ള കമ്മീഷൻ രൂപീകരിക്കാനുള്ള സാഹചര്യം വന്നത്. ഒരു ഭാഗത്ത് വലിയ നേട്ടങ്ങൾ ഉണ്ടാക്കി എന്ന് നമുക്ക് പറയാൻ കഴിയും. അംഗൻവാടി ടീച്ചർ മുതൽ ഇന്ത്യയുടെ പ്രസിഡന്റ് തലം വരെ കേരളത്തിലേയും ഇന്ത്യയിലേയും സ്ത്രീകൾക്ക് വളരാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ബഹിരാകാശത്തും, ഫ്ളൈറ്റുകൾ പറപ്പിക്കുന്ന പൈലറ്റ് വരെ സ്ത്രീകളുണ്ട് എന്ന കാര്യം അഭിമാനത്തോടെ നമുക്ക് പറയാം. പക്ഷേ യഥാർത്ഥത്തിൽ സ്ത്രീ സമൂഹത്തിനെ പരിച്ഛേദമായി നമുക്ക് അങ്ങനെ പറയാൻ കഴിയില്ല. ഒറ്റപ്പെട്ടതായേ കാണാൻ കഴിയൂ. മൊത്തത്തിൽ എടുത്തുകഴിഞ്ഞാൽ സ്ത്രീ സമൂഹം പ്രയാസം അനുഭവിക്കുന്ന സാഹചര്യം ഇന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട അനിൽകുമാർ ഇത്തരം വേദികളൊന്നും രാഷ്ട്രീയവൽക്കരിക്കരുതെന്ന് പറഞ്ഞു. ശ്രീ. അനിൽകൂടി അംഗമായിരുന്ന കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു, ഓംബുഡ്സ്മാന്റെ എണ്ണം കുറച്ചു. മറ്റ് നിരവധി ബോർഡുകൾ, കോർപ്പറേഷനുകൾ, ദേവസ്വം ബോർഡ്, വനിതാ കമ്മീഷൻ ഇങ്ങനെയുള്ള നിരവധി ബോർഡുകളിൽ നിയമനങ്ങൾ നടത്തിയപ്പോൾ അതിലൊന്നും രാഷ്ട്രീയവൽക്കരണം ഇല്ലായിരുന്നുവെന്ന് കരുതുന്നുണ്ടോ? മറ്റൊരു സംഗതി ഇത്രമാത്രം പ്രവർത്തനം യു.ഡി.എഫ്.-ന്റെ കാലത്ത് വനിതകൾക്ക് വേണ്ടി നടത്താത്തതുകൊണ്ടാണോ മരുന്നിനുപോലും ഒരു വനിതയെ അപ്പുറത്ത് ഈ നിയമസഭയിൽ കൊണ്ടുവരാൻ കഴിയാതിരുന്നതെന്നും കൂടി ശ്രീ. അനിൽകുമാർ ഒന്ന് വിശദീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഇന്ത്യൻ നാഷണൽ കോൺഗ്രസാണ് ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ഇന്ദിരാഗാന്ധിയെപ്പോലെ ഒരു വനിതയെ അവതരിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? ഇന്ന് യു.പി.എ.-യുടെ ചെയർപേഴ്സണായിരിക്കുന്ന സോണിയാഗാന്ധിയാണ് മൂന്ന് നൂറ്റാണ്ട് കഴിഞ്ഞ് നിൽക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ നയിക്കുന്നതെന്ന് അങ്ങേയ്ക്കറിയാ

LIBRARY ARCHIVES Kerala Legislative Assembly

മല്ലോ? അതുപോലെതന്നെ ഇന്ത്യൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഇന്ത്യൻ ചരിത്രത്തിലാദ്യമായി ഒരു വനിതയെ കൈപിടിച്ചു കൊണ്ടുവന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണെന്ന് അങ്ങേയ്ക്കറിയാമല്ലോ; ആ പാരമ്പര്യമുള്ള കോൺഗ്രസിനോടാണ് ഇങ്ങനെ ചോദ്യം ചോദിക്കുക എന്ന് പറഞ്ഞുകഴിഞ്ഞാൽ ഞാൻ ശ്രീ. സാജുപോളിനോട് മറുപടി പറയുന്നില്ല. അത്രയ്ക്ക് മഹത്തായ ഒരു പാരമ്പര്യവും പശ്ചാത്തലവും പൈതൃകവുമുള്ള കോൺഗ്രസിനെ..... വനിതകളുടെ താൽപ്പര്യം പറയുന്നതിന് കേരളത്തിലെ നിയമസഭ നോക്കിക്കൊണ്ട് അത് പറയേണ്ട കാര്യം ഇന്ത്യൻ നാഷണൽ കോൺഗ്രസിനില്ല. കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം അത് മഹത്തായ പാരമ്പര്യമുള്ള ഇന്ത്യ മുഴുവൻ പടർന്നു നിൽക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ 19-ാം നൂറ്റാണ്ടിൽ തുടങ്ങി 20-ലും 21-ാം നൂറ്റാണ്ടിലും എത്തിനിൽക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തിന് വനിതകളെ സംഭാവന ചെയ്ത കാര്യത്തിൽ അഭിമാനത്തോടെ പറയാൻ എത്രയാണ് കാര്യങ്ങൾ. അതുകൊണ്ട് ശ്രീ. സാജു, ഇവിടത്തെ സഭ വച്ച് കാര്യങ്ങൾ അളക്കരുത്. ഈ തെരഞ്ഞെടുപ്പിൽ 140 നിയോജകമണ്ഡലത്തിൽ കോൺഗ്രസ് മത്സരിച്ചിടത്തു മാത്രം 12 വനിതാസ്ഥാനാർത്ഥികളെ മൽസരിപ്പിച്ചവരാണ് കോൺഗ്രസ്. 12 പേർ വനിതകളായിരുന്നു. 140-ൽ 90 സീറ്റ് മാത്രമാണ് കോൺഗ്രസ് മൽസരിച്ചത്. കോൺഗ്രസ് സീറ്റിനകത്ത് 10 ശതമാനം വനിതകൾക്ക് കൊടുത്ത പ്രസ്ഥാനമാണ് കോൺഗ്രസ്. അതുകൊണ്ട് കോൺഗ്രസിന്റെ വനിതകളോടുള്ള നിലപാടിനെക്കുറിച്ച് നിയമസഭയിലെ അംഗസംഖ്യ ഒരു വേദിയാക്കി അങ്ങ് എടുക്കരുത്. അതുകൊണ്ട് ഞാൻ കൂടുതലായി അതിനെക്കുറിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ കൂടുതലായിട്ടൊന്നും സംസാരിക്കുവാൻ സമയം വിനിയോഗിക്കുന്നില്ല. ഭേദഗതി ബില്ലിൽ, നിഷ്പക്ഷമായി തന്നെ അങ്ങ് അവതരിപ്പിച്ച ഭേദഗതിയിൽ മൂന്ന്, ആറ് ആക്കുന്നു എന്ന് പറയുന്നതോടുകൂടി തന്നെ വളരെ വ്യക്തമാണ് അതിനകത്ത് രാഷ്ട്രീയമല്ലാതെ മറ്റൊന്നുമില്ല. വനിതാ കമ്മീഷൻ പുഷ്ടിപ്പെടുത്താനോ ശക്തിപ്പെടുത്താനോ അല്ല, വനിതാ കമ്മീഷൻ പുഷ്ടിപ്പെടുത്തണമെങ്കിലും ശക്തിപ്പെടുത്തണമെങ്കിലും അതിനു വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കണം. അതിനുവേണ്ട ജീവനക്കാരെ കൊടുക്കണം. അതിന് കൗൺസിലിംഗ് വിംഗ് ഉണ്ടെങ്കിൽ അത് ശക്തിപ്പെടുത്തണം. അതുപോലെതന്നെ അതിന് ലീഗൽ സെൽ ഉണ്ടെങ്കിൽ അത് ശക്തിപ്പെടുത്തണം. അപ്പോൾ അത്തരം കാര്യങ്ങൾ ഒന്നും ചെയ്യാതെ മൂന്ന് അംഗങ്ങളെ, ആറ് അംഗങ്ങളാക്കി മാറ്റിയതുകൊണ്ടു മാത്രം ഇത്തരം കാര്യങ്ങളിലൊന്നും കേരളത്തിലെ സ്ത്രീകൾക്ക് യാതൊരു നേട്ടവും ഉണ്ടാക്കാൻ കഴിയില്ല. ഞാൻ പറഞ്ഞുകൊണ്ടുവന്നത്, എല്ലാ രംഗത്തും വലിയ നേട്ടങ്ങളും, ചൂണ്ടിക്കാണിക്കുവാൻ ഒട്ടേറെ പ്രതിഭകളുമൊക്കെ വനിതകൾക്കിടയിൽ നിന്നും ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും കേരളീയ സമൂഹത്തിൽ, ഇന്ത്യയിലെ ഏറ്റവും സംസ്ക്കാര സമൂഹമെന്ന് നമുക്ക് പറയാൻ കഴിയുന്ന കേരളീയ വനിതകൾ തന്നെ ഇന്ന് ഏറ്റവും കൂടുതൽ പ്രയാസങ്ങൾക്കും ദുരിതങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയമാകുന്നു എന്ന ഒരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഇന്ന് ഓരോ സമയത്തും കടന്നുവരുന്ന കേസ്സുകൾ അത് പീഡനങ്ങളുടേതായാലും മറ്റ് ഏത് തരത്തിലുള്ള കേസ്സുകളായാലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇന്ന് വർദ്ധിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ അതിനെ തടയിട്ട് നിർത്തുവാനുള്ള സംവിധാനം നമുക്ക് ഉണ്ടാകണം. എല്ലാ കാര്യങ്ങളിലും കേസെടുത്ത് മുന്നോട്ട് കൊണ്ടുപോകണം എന്നാണ് കമ്മീഷൻ പറയുന്നത്. അതിന് നമുക്ക് മറ്റു സംവിധാനങ്ങളുണ്ടല്ലോ? കുടുംബ

LIBRARY ARCHIVES Kerala Legislative Assembly

കോടതികളുണ്ട്, അതുപോലെതന്നെ ജുഡീഷ്യറിയുടെ ഭാഗമായിട്ടുള്ള കോടതികളിൽ ഇത്തരം കാര്യങ്ങൾ വരാം. അതോടൊപ്പം വനിതാ കമ്മീഷന് അതിനേക്കാൾ മഹത്തായ ഉത്തരവാദിത്വമുണ്ട്. അതെന്ന് പറയുന്നത് കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന ശൈഥില്യങ്ങൾ, അത് വേർപ്പെടുത്താനല്ല അത് കൂട്ടിയോജിപ്പിക്കാനുള്ള ശ്രമങ്ങളാണ് വനിതാ കമ്മീഷൻ നടത്തേണ്ടത്. എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കഴിഞ്ഞ 5 വർഷക്കാലം ഒന്നും ചെയ്തില്ല എന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ എടുത്ത് പരിശോധിച്ചു നോക്കിക്കഴിഞ്ഞാൽ കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഭരണത്തിലിരിക്കുമ്പോൾ വനിതാ കമ്മീഷന്റെ ഇടപെടലുകൾകൊണ്ട് എത്രയോ കുടുംബങ്ങൾ ഒരുമിച്ചു ചേർന്ന ചിത്രം വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുണ്ട്. പരിമിതികൾ ഉണ്ടായിരിക്കും, പരിമിതികൾക്കു കാരണം ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ. ഒരുപാട് ഇല്ലായ്മകളുടെ നടുവിലാണ് വനിതാ കമ്മീഷൻ എന്ന് ഇവിടെ നിങ്ങൾ വച്ച പുതിയ ചെയർപേഴ്സൺ ജസ്റ്റിസ് ശ്രീദേവി തന്നെ പറഞ്ഞല്ലോ. ആ ഇല്ലായ്മകളുടെ നടുവിൽ നിന്നുകൊണ്ടും പരമാവധി കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞ 5 വർഷക്കാലത്ത്, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഓരോന്നോരോന്നായി പറയുന്നില്ല, ഒട്ടനവധി കാര്യങ്ങൾ ചെയ്യാനായി കഴിഞ്ഞിട്ടുണ്ട്. പക്ഷേ പൂർണ്ണമല്ല. യഥാർത്ഥത്തിൽ ഇന്ന് സ്ത്രീകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ, പ്രശ്നങ്ങൾ, സ്ത്രീധനത്തിന്റേയും, അതുപോലെ ഇന്ന് സമൂഹത്തിൽ അനുഭവിക്കുന്ന മറ്റു പല കാര്യങ്ങളും നമുക്കറിയാം. അത്തരം കാര്യങ്ങൾക്കൊക്കെ വേർപെടുത്തലിന്റെ മാർഗ്ഗമല്ല മറിച്ച് കൂട്ടിയോജിപ്പിക്കലിന്റെ മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകാനാണ് വനിതാ കമ്മീഷൻ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത്. ആ പ്രാധാന്യം കൊടുക്കാൻ കഴിഞ്ഞ പ്രാവശ്യം കഴിഞ്ഞിട്ടുണ്ട്. എല്ലാ രംഗത്തും പരാജയപ്പെടുമ്പോൾ മാത്രമേ നമുക്ക് അത്തരത്തിലേയ്ക്കുള്ള തലങ്ങളിലേയ്ക്ക് പോകുവാനും ബന്ധങ്ങൾ വേർപ്പെടുത്തുവാനും, വേർപ്പെടുത്തുന്ന ബന്ധങ്ങൾക്ക് അർഹമായ അവകാശങ്ങളും, അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ മുന്നോട്ടുവയ്ക്കുവാനുമൊക്കെയുള്ള ശ്രമങ്ങൾ നടത്തേണ്ട കാര്യമുള്ളു. അതുകൊണ്ട് വനിതാ കമ്മീഷന്റെ ഉത്തരവാദിത്വങ്ങൾ വളരെ വലുതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ആ വനിതാ കമ്മീഷന്റെ ഉത്തരവാദിത്വങ്ങൾ വിപുലമായി നടപ്പാക്കണമെങ്കിൽ സാമ്പത്തികമായിട്ട് അവരുടെ പ്രവർത്തനങ്ങൾക്കുള്ള സഹായം ഗവൺമെന്റ് കൊടുക്കണം. ഇവിടെ അതില്ല. ഇവിടെ ജാഗ്രത സമിതികളെക്കുറിച്ചൊക്കെ നേരത്തെ സംസാരിച്ചതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. ജാഗ്രത സമിതികളുടെ പ്രവർത്തനങ്ങൾ, ഇന്നു നടത്തുന്നുവെന്ന് കടലാസിൽ പറയുന്നു എന്നല്ലാതെ പ്രാവർത്തിക തലത്തിലേയ്ക്ക് എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അപ്പോൾ ഇത്തരത്തിൽ കമ്മീഷന്റെ കീഴിലുള്ള ബോധവൽക്കരണമായാലും, ജാഗ്രത സമിതികളായാലും അതൊക്കെ വേണ്ട രീതിയിൽ നമുക്ക് പ്രവർത്തിപ്പിക്കുവാൻ കഴിയാതെ പോയിക്കഴിഞ്ഞാൽ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലേയ്ക്ക് ഇന്ന് കേരളത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ, പ്രശ്നങ്ങൾ പരിഹരിക്കുവാൻ, ദൂരീകരിക്കുവാൻ എത്രകൊല്ലം വനിതാ കമ്മീഷൻ പ്രവർത്തിച്ചാലും കഴിയില്ല. കാരണം കമ്മീഷന്റെ പ്രവർത്തനം കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ നമുക്ക് ലക്ഷ്യത്തിലേയ്ക്ക് എത്തിക്കണമെങ്കിൽ അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിനു പകരം വനിതാ കമ്മീഷന് ആവശ്യമായ സഹായമുണ്ടാകണം, ക്വാളിറ്റി വർദ്ധിപ്പിക്കണം. അംഗങ്ങളുടെ



LIBRARY ARCHIVES Kerala Legislative Assembly

എണ്ണം കൂട്ടലല്ല. അംഗങ്ങളുടെ എണ്ണം കൂട്ടുമ്പോൾ, അല്ലെങ്കിൽത്തന്നെ സാമ്പത്തിക ബാദ്ധ്യതയാണെന്ന് ഇതിനകത്ത് പ്രത്യേകം പറയുന്നുണ്ടല്ലോ? മറ്റ് അംഗങ്ങൾക്കു കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഈ അംഗങ്ങൾക്കും കൊടുക്കണം. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്നിടത്ത് മൂന്ന് പേർക്ക് കൊടുത്തത് വീണ്ടും ആറ് പേർക്ക് കൊടുക്കുമ്പോൾ നിലവിൽ മുന്നോട്ടുപോകുവാനുള്ള വനിതാ കമ്മീഷന്റെ ഊർജ്ജം പോലും നഷ്ടപ്പെടുന്ന സാഹചര്യമല്ലേ ഉണ്ടാകുക? അപ്പോൾ ഇതൊക്കെ തിരിച്ചറിഞ്ഞുകൊണ്ട് വനിതാ കമ്മീഷൻ ശക്തിപ്പെടുത്താനും വനിതകളുടെ താല്പര്യവും വനിതകളുടെ സംരക്ഷണവും ഉറപ്പുവരുത്താനും അവർക്കെതിരെയുള്ള കൈയേറ്റങ്ങൾ അവസാനിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇത് ചെയ്തിരുന്നതെങ്കിൽ ഇത്രയും ധൃതിപിടിച്ച് ഒരു ഓർഡിനൻസ് കൊണ്ടുവന്ന്, ആ ഓർഡിനൻസിന്റെ പേരിൽ നിലവിലുള്ള കമ്മീഷൻ പിരിച്ചുവിട്ട്, മൂന്ന് അംഗങ്ങളുള്ള കമ്മീഷന് പകരം ആറ് അംഗങ്ങളെ വച്ചുകൊണ്ട് ഇപ്പോൾ ഈ രീതിയിൽ മുന്നോട്ടു പോകുന്ന സാഹചര്യം ഇതിനകത്ത് ഉണ്ടാകുമായിരുന്നില്ല. അപ്പോൾ ഗവൺമെന്റിന്റെ താല്പര്യം എന്നുപറയുന്നത് ഇവിടത്തെ വനിതകളുടെ താല്പര്യം സംരക്ഷിക്കലല്ല, സ്ത്രീകളുടെ താല്പര്യം സംരക്ഷിക്കലല്ല. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത്തരം വേദികളിൽ വരുന്ന ആളുകൾ ആരായാലും, ചിലപ്പോൾ രാഷ്ട്രീയവുമായി കഴിഞ്ഞ കാലത്ത് ബന്ധങ്ങളുള്ള ആളായിരിക്കാം, അല്ലാത്തവരുണ്ടായിരിക്കാം, പക്ഷേ ഇത്തരം വേദികളിൽ എത്തിക്കഴിഞ്ഞാൽ വനിതാ കമ്മീഷൻ ചെയർപേഴ്സൺ അല്ലെങ്കിൽ അംഗങ്ങളൊക്കെ ആയിക്കഴിഞ്ഞാൽ മുഴുവൻ വനിതകളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അവർക്ക് കഴിയണം. ഗവൺമെന്റിന്റെ രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കുകയോ ഗവൺമെന്റിന്റെ മന്ത്രിയേയോ, മുഖ്യമന്ത്രിയേയോ സംരക്ഷിക്കുകയോ ആകരുത് കേരളത്തിലെ വനിതാ കമ്മീഷൻ അംഗങ്ങളുടേയും ചെയർപേഴ്സന്റേയും ഉത്തരവാദിത്വം. കേരളത്തിലെ പാവപ്പെട്ട സ്ത്രീകളുടെ കണ്ണുനീരിന് പരിഹാരം കാണുന്നതിനുപകരം കേരളത്തിലെ മന്ത്രിമാരുടേയും മുഖ്യമന്ത്രിമാരുടേയും മുന്നിൽ കടന്നുവരുന്ന ആക്ഷേപങ്ങൾക്ക് മറുപടി പറയുവാനും അതിന് പ്രതിഷേധമറിയിക്കുവാനുമൊന്നും നമ്മുടെ കമ്മീഷൻ അംഗങ്ങൾ പോകുന്നത് ഒട്ടും ആശാസ്യമല്ല. അത്തരം അംഗങ്ങൾ.............

ശ്രീമതി ഇ. എസ്. ബിജിമോൾ: ഈ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനിതാ കമ്മീഷനെ പിരിച്ചുവിട്ട ഒരു സംഭവമുണ്ട്. അന്ന് ക്യാബിനറ്റിൽ ഉണ്ടായിരുന്ന മന്ത്രിമാർക്കെതിരെ വന്ന ആക്ഷേപങ്ങളുടെ പേരിലാണ് അന്നത്തെ കമ്മീഷനെ പിരിച്ചുവിട്ടത് എന്ന് പറയപ്പെടുന്നു. അക്കാര്യത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എ. പി. അനിൽകുമാർ: എനിക്കറിയില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ആക്ഷേപം എന്താണെന്ന് എനിക്ക് മനസ്സിലായില്ല. കേരളത്തെക്കുറിച്ച് നമുക്കറിയാം, പൊതുപ്രവർത്തന രംഗത്തെ ആക്ഷേപം, അത്തരം കാര്യങ്ങളെക്കുറിച്ച്........

ശ്രീമതി കെ. കെ. ലതിക: 80% തീപ്പൊള്ളലേറ്റ ഒരു പെൺകുട്ടിയെ, ആശുപത്രിയിലെ ഒരു ജീവനക്കാരൻ പീഡിപ്പിച്ചപ്പോൾ നമ്മുടെ വനിതാ കമ്മീഷൻ ചെയർപേഴ്സനടക്കം അവർക്കനുകൂലമായി പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: ഇത്തരത്തിലുള്ള ഒരു സംഭവം തന്നെ...., ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതിനെക്കുറിച്ച് മുമ്പിവിടെ ചർച്ചചെയ്തതാണ്. കഴിഞ്ഞ കമ്മീഷനെ പിരിച്ചുവിട്ട സാഹചര്യം നമുക്കറിയാം. അങ്ങനെയാണെങ്കിൽ ഇപ്പോൾ എത്ര കമ്മീഷനെ പിരിച്ചുവിടേണ്ടി വരും. ഒരു കൊല്ലവും മൂന്നു മാസവും കഴിഞ്ഞ ഈ ഗവൺമെന്റിന്റെ മുന്നിൽ മന്ത്രിമാർക്കെതിരെയുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും നമുക്കറിയാമല്ലോ. അതിനനുസരിച്ച് പിരിച്ചുവിടാനൊക്കുമോ? കഴിഞ്ഞ ചെയർപേഴ്സൺ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട കാര്യത്തിൽ അങ്ങനെ ഒരു കാര്യം പറഞ്ഞിട്ടില്ലെന്ന് മുൻ ചെയർപേഴ്സൺ ശ്രീമതി എം. കമലം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. അപ്പോൾ അത്തരത്തിലുള്ള ആക്ഷേപം, നിങ്ങളെ സംബന്ധിച്ചിടത്തോളം ഏത് പ്രവർത്തനങ്ങളെയും രാഷ്ട്രീയമായ കണ്ണാടിയിലൂടെ നോക്കിക്കാണുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ആ കമ്മീഷനെ പിരിച്ചുവിട്ടത് മന്ത്രിമാർക്കെതിരെയുള്ള ആക്ഷേപം കൊണ്ടാണ്, ആരോപണം കൊണ്ടാണ് എന്ന് പറഞ്ഞുകഴിഞ്ഞാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മന്ത്രിമാർക്കെതിരെ ആക്ഷേപം ഉണ്ടായിട്ടില്ലേ? ആക്ഷേപത്തിന്റെ പേരിൽ മന്ത്രി രാജിവച്ച സാഹചര്യം ഈ ഗവൺമെന്റിലും ഉണ്ടായിട്ടില്ലേ? ഞാൻ ആദ്യമേ സൂചിപ്പിച്ചു, രാഷ്ട്രീയമായ കാര്യങ്ങൾ പറയുവാൻ ഞാൻ സമയം വിനിയോഗിക്കുന്നില്ല. പക്ഷേ ഞാൻ പറഞ്ഞുകൊണ്ടുവന്നത് ഇതിൽ നിയോഗിക്കുന്ന അംഗങ്ങൾക്ക്, ആ അംഗങ്ങൾ ഏത് വിഭാഗത്തിനോടാണോ നീതിപുലർത്തേണ്ടത് ആ വിഭാഗത്തിനോട് നീതിപുലർത്താൻ കഴിയണം. ഇവിടെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടിയാണ് കമ്മീഷൻ വച്ചിട്ടുള്ളത്. അപ്പോൾ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് മുമ്പിൽ രാഷ്ട്രീയമായ ചേരിതിരിവ് കാണാതെ, പ്രയാസം അനുഭവിക്കുന്നവർക്ക് എന്തെങ്കിലും ന്യായമായ കാര്യങ്ങൾ കൊണ്ടുചെന്നെത്തിക്കാൻ കഴിയണം. അതല്ലാതെ കേരളത്തിൽ വളരെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾപോലും......, ഞാൻ അതിലേയ്ക്ക് കടന്നുപോകുന്നില്ല. പക്ഷേ അത്തരം വിഷയങ്ങൾ വരുമ്പോൾ അതിന് മറയായി നിൽക്കേണ്ടത് കേരളത്തിലെ വനിതാ കമ്മീഷൻ അല്ല. അവർക്ക് നിഷ്പക്ഷമായി കാര്യങ്ങൾ അന്വേഷിച്ച് തെറ്റും ശരിയും ഉണ്ടെങ്കിൽ പറയാം. പക്ഷേ ആത്യന്തികമായി വളരെ ചർച്ചചെയ്യപ്പെട്ട ചില കാര്യങ്ങൾ സംബന്ധിച്ചുപോലും ഈ വനിതാ കമ്മീഷൻ അംഗങ്ങളും ചെയർപേഴ്സണുമൊക്കെ നടത്തിയിട്ടുള്ള പരാമർശങ്ങൾ കമ്മീഷന്റെ ഉന്നതമായ പദവിക്ക് ചേർന്നതല്ല എന്ന് പറയാതിരിക്കാൻ വയ്യ. കാരണം അപ്പുറത്തും ഇപ്പുറത്തും ചർച്ചചെയ്ത കാര്യമാണ്. ഞാൻ അത് വീണ്ടും വലിച്ചിഴയ്ക്കുകയല്ല. പക്ഷേ ഇത്തരം പദവിയിലേയ്ക്ക് വരുന്ന ആളുകൾ, ഇനിയും ഇതിനകത്ത് നിയമിക്കുന്ന ആളുകൾ അത്തരത്തിലുള്ള ഒരു തലത്തിലേയ്ക്ക് ഉയരുവാൻ കഴിയുന്ന ആളുകളാകണം എന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാനത് പറഞ്ഞത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. വനിതാ കമ്മീഷൻ ഇവിടെ നടപ്പാക്കുവാനും, ആദ്യത്തെ കമ്മീഷൻ ചെയർപേഴ്സൺ എന്നുള്ള നിലയ്ക്ക് വളരെ പ്രഗൽഭയായ ശ്രീമതി സുഗതകുമാരി ടീച്ചറെ വയ്ക്കുവാനും കഴിഞ്ഞു. അന്നത്തെ കമ്മിറ്റിക്കകത്ത് കൂടുതൽ പങ്കാളിത്തം ഓരോ രാഷ്ട്രീയ പാർട്ടികൾക്കും ഉണ്ടായിരുന്നു എന്ന് നമുക്കറിയാം. സി.പി.എം.-ന്റേയും, സി.പി.ഐ.-യുടേയുമൊക്കെ പ്രതിനിധികൾ ഉണ്ടായിരുന്നു. പിന്നീട് കാലം കഴിഞ്ഞു വരുന്തോറും അത് കുറഞ്ഞു കുറഞ്ഞു വന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ഇത്തരം കാര്യങ്ങളിൽ നമുക്ക് ഭരണപക്ഷത്തോടൊപ്പം പ്രതിപക്ഷത്തുനിന്നുമുള്ള ആളുകളെ കൂടി ഉൾക്കൊള്ളുവാനുള്ള ഒരു സൻമനസ്സ് കാണിക്കുവാൻ



LIBRARY ARCHIVES Kerala Legislative Assembly

കഴിയണം. മുൻകാലത്ത് യു.ഡി.എഫ്. ഗവൺമെന്റ് ഇത് കാണിച്ചിട്ടുണ്ട്. അപ്പോൾ തിരിച്ചും അതുപോലെതന്നെ-ഇടക്കാലത്ത് മാറിപ്പോയിട്ടുണ്ടെങ്കിൽ തിരിച്ചും അത് കൊണ്ടുവന്നുകൊണ്ട്-അംഗങ്ങളെ വയ്ക്കുവാനും രാഷ്ട്രീയത്തിന് അതീതമായി നല്ല കാഴ്ചപ്പാടുള്ള എല്ലാ വിഭാഗത്തിലുംപ്പെട്ട ആളുകളെ വയ്ക്കുവാനും ആ ആളുകളെ തന്നെ ഉന്നതമായ പദവികളെ കാത്തുസൂക്ഷിക്കാൻ കഴിയുന്ന ആളുകളാക്കി മാറ്റാനും കഴിയണം. ആ രീതിയിൽ കൊണ്ടുപോകുവാനുള്ള സമീപനമാണ് വേണ്ടത്. ഞാൻ അവസാനിപ്പിക്കുകയാണ്.........

ശ്രീമതി കെ. എസ്. സലീഖ: രാഷ്ട്രീയപ്രേരിതം അല്ലാതായിരുന്നു വനിതാ കമ്മീഷൻ എന്ന് നിങ്ങൾ തന്നെ സമ്മതിക്കുന്നു. അത് രാഷ്ട്രീയ പ്രേരിതമാക്കിയത് കഴിഞ്ഞ തവണത്തെ യു.ഡി.എഫ്. ഭരണ കാലത്താണ് എന്നുള്ളത് നിങ്ങൾക്കറിയുമോ? വെറും മൂന്ന് യു.ഡി.എഫ്.-ന്റേതായിട്ടുള്ള ആളുകളായിരുന്നു കമ്മീഷനകത്ത് ഉണ്ടായിരുന്നതെന്ന വസ്തുത നിങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണോ ഇത് പറയുന്നത്?

ശ്രീ. എ. പി. അനിൽകുമാർ: ഈ കമ്മീഷൻ വന്ന സമയത്ത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമല്ലോ, ശ്രീമതി ദേവിയും അതുപോലെ തന്നെ മൂന്ന് ഇടതുപക്ഷ അംഗങ്ങളും ശ്രീമതി സുഗതകുമാരി ടീച്ചർ ചെയർപേഴ്സൺ ആയിരുന്ന ആദ്യ കമ്മറ്റിയിൽ ഉണ്ടായിരുന്നു. വനിതാ കമ്മീഷനിൽ മാത്രമല്ല അംഗങ്ങളുടെ എണ്ണം കുറച്ചത് അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞപ്പോൾ ഉണ്ടാക്കിയ സാമ്പത്തികമായ ബാദ്ധ്യത പുതിയ ഗവൺമെന്റിന് താങ്ങാൻ പറ്റാത്ത പശ്ചാത്തലത്തിൽ ഒട്ടനവധി കമ്മീഷനുകളുടെ എണ്ണം കുറച്ചിട്ടുണ്ട്. പല കാര്യങ്ങളിലും എണ്ണം കുറച്ചു. അതുപോലെതന്നെ ഇവിടെയും കുറച്ചു. അതിനകത്ത് ഒരു വിശാലമായ കാഴ്ച്ചപ്പാടോ, ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ അംഗങ്ങളുടെ എണ്ണം വച്ചുകൊണ്ട്........, 100 അംഗങ്ങളെ വച്ചു കഴിഞ്ഞാൽ കേരളത്തിലെ സ്ത്രീകളുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമോ? ഒരിക്കലും കഴിയുകയില്ല. അപ്പോൾ അംഗങ്ങളുടെ എണ്ണമല്ല കാര്യം. മറിച്ച് സ്വാഭാവികമായും ആ 100 സ്ത്രീകളുടെ, അതിനകത്ത് വരുന്നവരുടെ, പ്രശ്നങ്ങൾ വേണമെങ്കിൽ പരിഹരിക്കാൻ കഴിഞ്ഞേക്കും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, വനിതാ കമ്മീഷനെ സംബന്ധിച്ചിടത്തോളം അംഗങ്ങളുടെ എണ്ണം ഒരു പ്രധാന വിഷയമാണ്. കേരളത്തിൽ പതിനാല് ജില്ലകളിലും പോയി പരാതികൾ കേട്ട് തീരുമാനം എടുക്കാൻ സാധിക്കുന്ന നിലയിൽ ആ സംവിധാനത്തെ ശക്തിപ്പെടുത്താൻ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടത് ഒരു ആവശ്യമാണ്. അതാണ് ഈ ഭേദഗതിയുടെ ഭാഗമായിട്ട് വരുന്നത്. അപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടായിരുന്ന കാലത്ത് ചെയ്തത് അതിന്റെ സങ്കുചിതമായ കക്ഷി രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ട് അതിനെ ചുരുക്കുകയും തികച്ചും യു.ഡി.എഫ്.-ന്റെ ഭാഗമായി നിൽക്കുന്ന ആളുകളെ ചേർത്തുകൊണ്ട് അത് ഉണ്ടാക്കുകയും ചെയ്തു. അവർക്കാണെങ്കിൽ ആ ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിക്കാനും സാധിച്ചില്ല. അതിന്റെ ഫലം വനിതാ കമ്മീഷന്റെ അടുത്തേയ്ക്ക് ആരും വരാതായി എന്നുള്ളതാണ്. പരാതിക്കാർ ഇല്ലാതായി. പരാതിക്കാർ ഇല്ലാതായത് നാട്ടിൽ പ്രശ്നം ഇല്ലാത്തതുകൊണ്ടല്ല, കമ്മീഷനിൽ വിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ അതിനകത്ത് പ്രകടമായ മാറ്റം വന്നു, ഒരു കൊല്ലക്കാലത്തിനകത്ത്. മാറ്റം സദുദ്ദേശകരമാണ് എന്ന് അംഗീകരിക്കേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: ഞാൻ ചോദിക്കട്ടെ, ഞങ്ങൾ ചുരുക്കി, അത് നിങ്ങൾ ബലൂൺപോലെ അങ്ങ് വീർപ്പിച്ചു. ഞങ്ങൾ ചുരുക്കി കഴിഞ്ഞപ്പോൾ അത് സങ്കുചിത രാഷ്ട്രീയമായി. നിങ്ങൾ അത് വിശാലമാക്കുമ്പോൾ സങ്കുചിത രാഷ്ട്രീയത്തിന്റെ സീമകൾക്കപ്പുറത്ത് എല്ലാ ആളുകളെയും നിങ്ങൾ ഉൾപ്പെടുത്തുമോ? നിങ്ങൾ ഒന്ന് പറയൂ. ഉൾപ്പെടുത്തില്ല. ആരും ചെയ്യില്ല. ജസ്റ്റിസ് ശ്രീദേവിയെക്കുറിച്ച് ഞാൻ പരാമർശിക്കുന്നില്ല. അടുത്തകാലത്ത് വന്ന ചില പ്രസ്താവനകളെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ഞാൻ പറഞ്ഞുകൊണ്ടുവന്നത് ഇതിനകത്ത് മൂന്ന് അംഗങ്ങൾ ഉള്ളത് ആറ് അംഗങ്ങൾ ആക്കുവാനുള്ള ഈ തീരുമാനവും ഇതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചു, ഇവിടെ ഡയറക്ടറെ വയ്ക്കുന്ന കാര്യത്തിൽ ഡയറക്ടറെ കൂടാതെ തന്നെ ഒരു സെക്രട്ടറിയെ കൂടി അപ്പോയിന്റ് ചെയ്യുന്നതിനുള്ള അധികാരംകൂടി കൊടുത്തിരിക്കുകയാണ്. സ്വാഭാവികമായിട്ടും ഈ ഒരു ഭേദഗതി കേരളത്തിലെ വനിതകൾക്ക് ഉപകാരപ്രദമാകണമെങ്കിൽ മൂന്ന് അംഗങ്ങൾ ആറ് ആയാലും ആറ് അറുപതായാലും കാര്യമില്ല. മറിച്ച് വനിതാ കമ്മീഷനെ ശക്തിപ്പെടുത്തുന്നതിന്, അവരുടെ പ്രവർത്തനങ്ങൾ വളരെ ഊർജ്ജസ്വലമാക്കണമെങ്കിൽ അതിന് ആവശ്യമായ ബാക്കിംഗ് കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ആവശ്യമായ ജീവനക്കാരെ കൊടുക്കണം. അതുപോലെ കൗൺസിലിംഗ് സംവിധാനമുണ്ട്. കൗൺസിലിംഗ് സംവിധാനത്തിന് ആകെ രണ്ടോ മൂന്നോപേരാണ് അതുമായി ബന്ധപ്പെട്ട് ഉള്ളത് എന്നാണ് പറയുന്നത്. കമ്മീഷൻ അംഗങ്ങൾതന്നെ കൗൺസിലിംഗ് നടത്തുന്ന സാഹചര്യമാണ് പലപ്പോഴുമുള്ളത്. ഈ കൗൺസിലിംഗ് രംഗത്ത് നമുക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ കഴിയും. ലീഗൽ സെൽ കുറേക്കൂടി ശക്തിപ്പെടുത്തി എടുക്കാൻ കഴിയും. ജാഗ്രതാ സമിതികൾ വെറുതെ പറഞ്ഞ് ഉണ്ടാക്കിയാൽ പോര, ആ ജാഗ്രതാ സമിതികൾക്ക് ചെയ്ത് കൊടുക്കാൻ കഴിയുന്നത് ഗവൺമെന്റ് ചെയ്ത് കൊടുക്കണം. ഒരു സർക്കുലർ അയച്ചുകൊടുത്തുകൊണ്ട് ജാഗ്രതാ സമിതികൾ ഉണ്ടാക്കണം എന്ന് പറഞ്ഞാൽ ജാഗ്രതാ സമിതികൾ ഉണ്ടാവില്ല. ജാഗ്രതാ സമിതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഇന്ധനം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം. അത്തരം കാര്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക മാത്രമാണ് വനിതാ കമ്മീഷനെ ശക്തിപ്പെടുത്തുക എന്നുള്ളതുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യം. മറിച്ചുള്ള ഏത് കാര്യവും രാഷ്ട്രീയമായ താൽപര്യങ്ങൾ സംരക്ഷിക്കാനും രാഷ്ട്രീയമായ നിയമനം നടത്തുവാനും തങ്ങളുടെ ഘടകകക്ഷികളുടെ മുറവിളികൾക്ക് ആവശ്യമായ അംഗങ്ങളെ കൊടുത്ത് അത് പരിഹരിക്കുന്നതിനുമല്ലാതെ കേരളത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ, കേരളത്തിലെ സ്ത്രീകളുടെ കണ്ണുനീരിന് പരിഹാരം കാണുവാൻ, കേരളത്തിലെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെ എന്തെങ്കിലും പരിഹാരം നടപ്പിലാക്കുവാനൊന്നും കഴിയില്ല എന്നുകൂടി അറിയിച്ചുകൊണ്ട് അതിന് ആവശ്യമായ നടപടികൾ, ഈ കമ്മീഷൻ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ് ഉണ്ടാകേണ്ടത് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. മുരളി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച കമ്മീഷനെ നീക്കം ചെയ്യാനും കമ്മീഷൻ അംഗങ്ങളെ നീക്കം ചെയ്യാനും പകരക്കാരെ നിയമിക്കാനും അംഗസംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചുകൊണ്ട് നിയമിക്കാനും വേണ്ടി കൊണ്ടുവന്ന ഓർഡിനൻസിന്റെ റീപ്ളെയ്സ്മെന്റാണ് നമ്മുടെ സഭ പരിഗണിക്കുന്ന ഈ ബിൽ. കാലാകാലങ്ങളിൽ ഗവൺമെന്റുകൾ മാറി മാറി വരുമ്പോൾ വനിതാ കമ്മീഷൻ അംഗങ്ങളെ കൂട്ടുകയും കുറയ്ക്കുകയും, രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ട് നിയമിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കാനുള്ള ഒരു കോൺസെൻസസ്സാണ് ഇരുഭാഗത്തുനിന്നും ഉണ്ടാകേണ്ടത് എന്നുള്ള അഭിപ്രായം പറയുന്നതിൽ എനിക്ക് അശേഷം മടിയില്ല. കാരണം കേരളത്തിലെ ജനസംഖ്യയുടെ 55 ശതമാനത്തോളം വരുന്ന നമ്മുടെ സഹോദരിമാർ, സ്ത്രീജനങ്ങൾ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും ഈ ഗവൺമെൻറ് വന്ന് പതിനഞ്ച് മാസമായിട്ടും ഒരു മാറ്റവും വന്നിട്ടില്ല. അങ്ങനെ ഒരു മാറ്റവും വരാതിരിക്കുന്ന സാഹചര്യത്തിൽ അത് ഗവൺമെന്റിന്റെ കൊടിയുടെ നിറം അല്ലെങ്കിൽ ആര് ഭരിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല ഈ പീഡനങ്ങൾ തുടരുന്നത്. സ്ത്രീകൾ ഇന്നനുഭവിക്കുന്ന അരക്ഷിതാവസ്ഥ, ഒരു സാഹചര്യത്തിൽ മാത്രം സംജാതമായ ഒരു കാര്യമല്ല എന്നുള്ള തിരിച്ചറിവ് ഉണ്ടാകണം. സ്ത്രീജനങ്ങൾക്ക് നീതി ലഭിക്കാനുള്ള ഒരു സംവിധാനമായി വനിതാ കമ്മീഷനെ മാറ്റണമെങ്കിൽ അത് ഒരു തുടർപ്രക്രിയ ആകണം. കാലാകാലങ്ങളിൽ തെരഞ്ഞെടുപ്പിലൂടെ ഗവൺമെന്റ് വരുമ്പോൾ ആ ഗവൺമെന്റിന്റെ അഭീഷ്ടപ്രകാരം മാറ്റി മറിക്കുന്ന ഒരു സംവിധാനമായി നമ്മുടെ വനിതാ കമ്മീഷനെങ്കിലും മാറാതിരിക്കാനുള്ള ഒരു ഇച്ഛാശക്തി ഇരു ഭാഗത്തുനിന്നും ഉണ്ടാകണം എന്നുള്ളതാണ് എന്റെ വിനീതമായ അഭിപ്രായം. ഇവിടെ ഈ ഓർഡിനൻസ് റീപ്ലെയ്സ്മെന്റിനുവേണ്ടി നിയമം കൊണ്ടുവരുന്നതിനപ്പുറത്ത് വനിതാ കമ്മീഷന്റെ മൂലനിയമത്തിൽ സമഗ്രമായ ഒരു മാറ്റമായിരുന്നു ബഹുമാന്യയായ മന്ത്രി ഇവിടെ കൊണ്ടുവരേണ്ടിയിരുന്നത് എന്നതാണ് ഞങ്ങളുടെ ഡിസെന്റ്. ഇപ്പോൾ കമ്മീഷന്റെ അംഗ സംഖ്യ കൂട്ടുകയും കുറയ്ക്കുകയും ഒക്കെ ചെയ്യുന്നത് ഒരു വിവാദമാക്കേണ്ട കാര്യമില്ല. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി അംഗസംഖ്യ കുറച്ചു. ഇപ്പോൾ അനൗദ്യോഗിക അംഗങ്ങൾ നാലായി. സെക്രട്ടറിയെക്കൂടി ഇതിൽ അംഗമാക്കിയിരിക്കുന്നു. അങ്ങനെ ആറ് മെമ്പർമാർ വരികയാണ്. പതിനാല് ജില്ലകളിലും പീരിയോഡിക്കലായിട്ടുള്ള സിറ്റിംഗ് നടത്താനും പരാതികൾ സ്വീകരിക്കാനും ആ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാനും, അംഗസംഖ്യ വർദ്ധിപ്പിക്കണമെങ്കിൽ വർദ്ധിപ്പിക്കണം. പക്ഷേ ആ അംഗസംഖ്യ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം വനിതാ കമ്മീഷന്റെ പ്രവർത്തനം പാവപ്പെട്ട സ്ത്രീജനങ്ങൾക്ക് അനുഭവ വേദ്യമാക്കികൊടുക്കാൻ കഴിയില്ല എന്നാണ് കഴിഞ്ഞ 12 വർഷക്കാലത്തെ വനിതാ കമ്മീഷന്റെ പ്രവർത്തനം തെളിയിക്കുന്നത്. ഈ സഭയുടെ മുൻപിൽ തന്നെ വന്ന വനിതാ കമ്മീഷന്റെ റിപ്പോർട്ടുകളിലേയ്ക്ക് സബ്ജക്റ്റ് കമ്മിറ്റി ലെവലിൽ ഇതു പരിശോധിക്കുമ്പോഴും അതിനുശേഷം ഈ ഡിസെന്റ് അവതരിപ്പിക്കുമ്പോഴും ഞങ്ങളൊക്കെ ഒരെത്തിനോട്ടം നടത്തുകയുണ്ടായി. വനിതാ കമ്മീഷന്റെ പീരിയോഡിക്കലായിട്ടുള്ള എല്ലാ റിപ്പോർട്ടുകളിലും പറയുന്നു, പരാതികൾ പരിഗണിച്ചു, പരാതികൾ പരിശോധിച്ചു, കുറച്ചു പേർക്ക് നോട്ടീസ് കൊടുക്കുന്നു, കുറച്ചുപേർ വരുന്നു, കുറേ പേർ തിരസ്ക്കരിക്കുന്നു, കുറേ പേർ വരാതിരിക്കുന്നു എന്ന്. കമ്മീഷന് സിവിൽ കോടതിയുടെ അധികാരം മൂലനിയമത്തിൽ കൊടുത്തിട്ടുണ്ട് എങ്കിലും വരാതിരിക്കുന്നവരെ വരുത്തുവാനുള്ള ഒരു സംവിധാനവും വനിതാ കമ്മീഷന് ഇല്ല. ഒരു പക്ഷേ ആദ്യ

LIBRARY ARCHIVES Kerala Legislative Assembly

നാളുകളിൽ പീഡനങ്ങൾക്കും അക്രമങ്ങൾക്കും ഇരയായവർ, ഇതാ ഒരു അഭയകേന്ദ്രം ഉണ്ടായിരിക്കുന്നു, ആശ്രയകേന്ദ്രമുണ്ടായിരിക്കുന്നു, ഒരു പരിഹാരകേന്ദ്രം ഉണ്ടായിരിക്കുന്നു, ഒരു അധികാരസ്ഥാനം ഉണ്ടായിരിക്കുന്നു എന്നുകണ്ടുകൊണ്ട് അവർ അവരുടെ സങ്കടങ്ങളും പരാതികളുമായി കടന്നു വന്നുവെങ്കിൽ അവർക്ക് നിരാശമാത്രമാണ് പ്രതിഫലമായി ലഭിച്ചത്. വനിതാ സംഘടനാ നേതാവ് കൂടിയായ ശ്രീമതി ശ്രീമതി ടീച്ചർ അത് ശരിക്കും ബോദ്ധ്യമാകുന്ന ഒരാളാണ്. ഒരുപക്ഷേ ഒരു ടേബിളിൽ ഇരു കൂട്ടരേയും ഇരുത്തി ചില പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതൊഴിച്ചാൽ വനിതാ കമ്മീഷൻ ശാക്തീകരിക്കപ്പെട്ടിട്ടില്ലാത്ത ഒരു സംവിധാനമായിപ്പോയി എന്നതുകൊണ്ട്, ഈ വനിതാ കമ്മീഷൻ മൂലനിയമം തയ്യാറാക്കുമ്പോൾ ഈ സഭ എന്ത് ആഗ്രഹിച്ചോ അത് യാഥാർത്ഥ്യമാക്കാനും അത് പ്രയോഗത്തിൽ കൊണ്ടുവരുവാനും സാധിക്കണം. 'വനിതാ കമ്മീഷനെ അഭയം തേടിയാൽ എന്റെ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകും' എന്നുകരുതി വനിതാ കമ്മീഷന്റെ വാതിലുകൾ കടന്നുവന്നവർക്ക് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് 90% അപേക്ഷകരുടേയും അനുഭവം എന്നത് വിസ്മരിക്കരുത്. കാലാകാലങ്ങളിൽ വനിതാ കമ്മീഷന്റെ തലപ്പത്ത് രാഷ്ട്രീയ പരിഗണന കൊണ്ട് കടന്നുവന്നവർ സ്വീകരിച്ച സമീപനത്തെക്കുറിച്ചൊക്കെ ഇവിടെ ശ്രീ. എ. പി. അനിൽകുമാർ പറയുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതൊക്കെ ഒരുപക്ഷേ ആപേക്ഷികമാകാം. പക്ഷേ ഇവിടെ ആയിരക്കണക്കിന് അപേക്ഷകൾ ഇന്നും കുന്നുകൂടി കിടക്കുകയാണ്. ഈ 12 വർഷങ്ങളിൽ ആദ്യത്തെ ഒരു വർഷം കഴിഞ്ഞപ്പോൾതന്നെ ആ സ്ഥിതി സംജാതമായി.

ശ്രീമതി ഇ. എസ്. ബിജിമോൾ: വനിതാ കമ്മീഷന്റെ ബിൽ ഇവിടെ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ അതിലെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തോട് യോജിച്ചിട്ടുണ്ട്. നമ്പർ കൂട്ടി എന്ന് പറയുന്നതിനോട് അങ്ങ് അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചില്ല. വനിതാ കമ്മീഷൻ അംഗങ്ങളുടെ സിറ്റിംഗുമായി ബന്ധപ്പെട്ടുവരുന്ന പരാതികൾ മുഴുവനും മൂന്നു പേർ ഇരുന്നാൽ പരിഹരിക്കാൻ കഴിയില്ല എന്ന പ്രശ്നം അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നുള്ള വസ്തുത ഏറെ സന്തോഷകരമാണ്. അതോടൊപ്പംതന്നെ വനിതാ കമ്മീഷൻ അംഗങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവർക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കേണ്ടതിന്റെ ആവശ്യകതയും മറ്റു സപ്പോർട്ടുകളെ സംബന്ധിച്ചും പറഞ്ഞു. അതോടൊപ്പം അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൂടുതൽ പണം അനുവദിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്നുകൂടി വ്യക്തമാക്കുന്നത് നന്നായിരിക്കും.

4.00 p.m.]

ശ്രീ. എം. മുരളി: സബ്ജക്ട് കമ്മിറ്റിയിൽ സ്വീകരിച്ച ഒരു നിലപാട് അതാണ്. അപേക്ഷകൾ പെരുകുമ്പോൾ 14 ജില്ലകളിൽ സിറ്റിംഗ് നടത്തി അപേക്ഷകൾ ഡിസ്പോസ് ചെയ്യാനും അതിന്മേൽ തുടർനടപടി സ്വീകരിക്കാനും കമ്മീഷൻ അംഗങ്ങളെ വർദ്ധിപ്പിക്കാൻ ആവശ്യമായ സാഹചര്യമുണ്ടായാൽ വർദ്ധിപ്പിക്കണം. അതിനെക്കുറിച്ച് ഞങ്ങൾ അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനിതാ കമ്മീഷൻ മാത്രമല്ല ഇത്തരം നിരവധി സംവിധാനങ്ങളിൽ ചെലവു ചുരുക്കലിന്റെ ഭാഗമായിട്ടാണ് ചില പരിമിതികൾ ഏർപ്പെടുത്തിയത്. ഞാൻ ഈ വിഷയത്തെ അക്കാഡമിക് ആയിട്ടാണ് കാണുന്നത്. വിമർശനാത്മകമായിട്ട് മാത്രമല്ല കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീമതി ബിജിമോൾ ചൂണ്ടിക്കാണിച്ചതുപോലെ ഒരു സബ് ഇൻസ്പെക്ടറും രണ്ട് കോൺസ്റ്റബിളും ഉള്ളതുകൊണ്ട് ആയിരക്കണക്കിന് പരാതികൾക്ക് അന്വേഷണം നടത്താൻ കഴിയുമോ? നോട്ടീസ് അയച്ചാൽ വരുന്നില്ല. വരാതിരിക്കുന്നവരെ വരുത്താൻ കഴിയുകയില്ല എന്ന കാര്യം ഞാൻ ചൂണ്ടിക്കാണിച്ചു. മൂലനിയമത്തിൽ സിവിൽ കോടതിയുടെ അധികാരമാണ് പറയുന്നത്. പക്ഷേ, വരുത്താൻ സാധിക്കുന്നില്ല. രണ്ടാമതും നോട്ടീസ് അയച്ചാൽ പ്രതികരിക്കുന്നില്ലായെങ്കിൽ ഒന്നും ചെയ്യാൻ പറ്റില്ല. ഇപ്പോൾ അതിൽ നാലുപേരെ കൊടുത്തു എന്നു തോന്നുന്നു. ആ നാലു പേർക്ക് എന്തു ചെയ്യാൻ പറ്റും? അപ്പോൾ അതിന്റെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ഉണ്ടാകണം. കമ്മീഷന്റെ പ്രവർത്തനം അഭംഗുരം മുന്നോട്ടു കൊണ്ടുപോകാനുള്ള സ്റ്റാഫും അന്വേഷണ സംവിധാനവും കൊടുക്കാനുള്ള നടപടിയാണ് ഉണ്ടാകേണ്ടത്. അത് നിയമത്തിലൂടെ കൊണ്ടുവരേണ്ട കാര്യമില്ല. അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഗവൺമെന്റാണ്. നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് വന്ന് 15 മാസങ്ങളായിട്ടും ആ പോരായ്മ പരിഹരിക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന കാര്യം ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെ തന്നെ ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മൂലനിയമത്തിൽ വേണ്ട ഭേദഗതി വരുത്തിക്കൊണ്ട്, റൂൾസിൽ മാറ്റം വരുത്തിക്കൊണ്ട് അന്വേഷണ സംവിധാനം ശക്തിപ്പെടുത്തണം. സിവിൽ കോടതിയുടെ അധികാരം കൊടുത്തിട്ടുണ്ടെങ്കിൽപ്പോലും ആ അധികാരം പ്രയോഗിക്കാൻ പറ്റുന്നില്ല. പണിഷ്മെന്റിനുള്ള അധികാരമില്ല. അപ്പോൾ പണിഷ്മെന്റിനുള്ള അധികാരം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കൊടുക്കണം. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. സിവിൽ കോടതിയുടെ അധികാരം മുഴുവൻ പകർന്നു കൊടുത്താൽപ്പോര. അതിനുവേണ്ട സംവിധാനം കൂടി കമ്മീഷന് പകർന്നു കൊടുക്കണം. പന്ത്രണ്ടു വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാകും. പരാതി വരുന്നു, പരിഗണിക്കുന്നു. കമ്മീഷൻ കേവലം ഒബ്സർവേഷൻ മാത്രം നടത്തിയാൽ പോര. അധികാരം ഇപ്പോൾ ഇല്ലാത്തതുകൊണ്ട് പണിഷ്മെന്റ് എന്നു ഞാൻ പറയുന്നില്ല. പണിഷ്മെന്റ് എൻഫോഴ്സ് ചെയ്യത്തക്ക നിലയിലുള്ള തീരുമാനമെടുക്കാനുള്ള അധികാരം കൊടുക്കുന്നതിനുള്ള ഭേദഗതിയെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കണം. ഇപ്പോൾ അംഗസംഖ്യ വർദ്ധിപ്പിക്കുക, സെക്രട്ടറിയെക്കൂടി അംഗമാക്കുക, ഡയറക്ടറുടെ കാര്യം തുടങ്ങിയവ മാത്രമല്ല തീരുമാനിക്കേണ്ടിയിരുന്നത്. 12 വർഷക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷനെ ശാക്തീകരിക്കാനുള്ള നടപടിയായിരുന്നു ഗവൺമെന്റ് യഥാർത്ഥത്തിൽ സ്വീകരിക്കേണ്ടത് എന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ കമ്മീഷന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ യാതൊരു സംവിധാനവുമില്ല. ഇത് അച്ചടിച്ച് എം.എൽ.എ.-മാർക്ക് കൊടുക്കാം, പത്രങ്ങളിൽ വാർത്ത വരുത്താം എന്നുള്ളതിനപ്പുറത്ത് ഒരു കാര്യവും കമ്മീഷനിൽ നടക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് കമ്മീഷന്റെ തീരുമാനങ്ങൾ എൻഫോഴ്സ് ചെയ്യാനുള്ള വ്യവസ്ഥകൾ ഈ മൂലനിയമത്തിൽ കൊണ്ടുവരാനുള്ള ഭേദഗതി ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ കൊണ്ടുവരേണ്ടതാണ് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഇതിനകത്ത് അധികാരങ്ങൾ കൂടുതൽ കൊടുക്കണം എന്ന് പറഞ്ഞു. അത് പ്രധാനപ്പെട്ട പോയിന്റാണ്. യഥാർത്ഥത്തിൽ ഇത്തരം വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്. ഇതിനകത്ത് പരിമിതികളുണ്ട്. കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനവുമായി ബന്ധപ്പെട്ട് പല ഘട്ടത്തിലും മഹിളാ സംഘടനയുമായി ബന്ധപ്പെട്ട് അതിന്റെ പ്രവർത്തനങ്ങളോടൊപ്പം നിന്ന ആൾ എന്നുള്ള നിലയിൽ ഒരുപാട് നല്ല തീരുമാനങ്ങളെടുക്കാൻ വനിതാ കമ്മീഷന് കഴിയുന്നുണ്ട് എന്ന് എനിക്കറിയാം. എങ്കിൽപ്പോലും അത് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ അധികാരങ്ങൾ നൽകേണ്ടതുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എം. മുരളി: പീരിയോഡിക്കൽ റിപ്പോർട്ടും ആനുവൽ റിപ്പോർട്ടും നോക്കിയാലറിയാം. കുറച്ച് കേസ്സുകൾ നെഗോഷിയേഷനിലൂടെ പരിഹരിക്കുന്നുണ്ട്. കക്ഷികളെ വിളിച്ച് കമ്മീഷൻ അംഗങ്ങൾ ചർച്ച ചെയ്യുമ്പോൾ ചില പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നുണ്ട്. പക്ഷേ വളരെ കുറച്ച് പ്രശ്നങ്ങൾക്കാണ് പരിഹാര മുണ്ടാകുന്നത്. ഒരു കക്ഷി ചലഞ്ചുചെയ്താൽ കമ്മീഷൻ നിസ്സഹായാവസ്ഥയിലെത്തും. അതാണ് 12 വർഷക്കാലത്തെ അനുഭവം. 'ഞാൻ ഇവിടെ വഴങ്ങുന്നില്ല, ഞാൻ എന്റെ മാർക്ഷത്തിലൂടെ പോകുമെന്ന്' എതിർകക്ഷി ഒരു നിലപാട് സ്വീകരിച്ചാൽ കമ്മീഷൻ അവിടെ നിർവീര്യമായിപോകും. അതാണ് കഴിഞ്ഞ 12 വർഷക്കാലത്തെ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോഴുള്ള അനുഭവം. നെഗോഷിയേഷന് ഇരുകക്ഷികളും തയ്യാറാകുമ്പോൾ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. ചില കാര്യങ്ങൾ നെഗോഷിയേറ്റ് ചെയ്ത് പോകുന്നുണ്ട്. ഇരു കക്ഷികളുടേയും സന്മനസ്സുകൊണ്ടാണ് ആ പ്രശ്നം പരിഹരിക്കപ്പെടുന്നത്. ഒരാൾ എതിർപ്പ് ഉയർത്തിക്കഴിഞ്ഞാൽ എൻഫോഴ്സ്മെന്റ് നടക്കുകയില്ല. കമ്മീഷന്റെ തീരുമാനത്തെ പുച്ഛത്തോടെ കണ്ടുകൊണ്ട് അവർ ഇറങ്ങിപ്പോകും. അതാണ് അനുഭവം.

ശ്രീ. കെ. രാജു: കമ്മീഷന്റെ മുമ്പിൽ വരുന്ന പരാതിയെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള ഒരു ടീം കമ്മീഷന് ആവശ്യമല്ലേ? അതേസമയം മനുഷ്യാവകാശ കമ്മീഷനിൽ വരുന്ന പരാതിയെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. ഇവിടെ അത് ഉണ്ടാകണ്ടേ?

ശ്രീ. എം. മുരളി: അത് ഞാൻ പറഞ്ഞുകഴിഞ്ഞു. രണ്ട് കോൺസ്റ്റബിൾമാരും ഒരു സബ് ഇൻസ്പെക്ടറും മാത്രമാണ് ഈ കിട്ടുന്ന 100 കണക്കിന് പരാതിയിൻമേൽ അന്വേഷണം നടത്താനുള്ളത്. അവർക്ക് ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ പിന്നെ ടൈം ബൗണ്ടല്ല; അത് മൂലനിയമത്തിലെ അപാകതയാണ്. കമ്മീഷന് ഒരു പരാതി സമർപ്പിച്ചുകഴിഞ്ഞാൽ ഇത്ര നാളുകൾക്കുള്ളിൽ കമ്മീഷൻ അത് ഡിസ്പോസ് ചെയ്യണമെന്നുള്ള സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഒരു വ്യവസ്ഥ മൂലനിയമത്തിൽ ഇല്ല. എന്റെ ഒരു ഭേദഗതി കഴിഞ്ഞ ഒരു ബില്ലിന്റെ ചർച്ചയിൽ ശ്രീ. എ. കെ. ബാലൻ അവസാനം നിഷ്ക്കരുണം തള്ളിക്കളഞ്ഞത് ഞാൻ അനുസ്മരിക്കുകയാണ്. ആ പോരായ്മ ഒരു ഭേദഗതിയിലൂടെ പരിഹരിക്കണം. സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഒരു ഒബ്ലിഗേഷനായിട്ട് ഒരു പരാതി ഫയൽ ചെയ്തുകഴിഞ്ഞാൽ 90 ദിവസത്തിനുള്ളിൽ ആ പരാതിയിൻമേലുള്ള നടപടികളിൽ ഇനിഷ്യേറ്റീവ് എടുക്കണമെന്നെങ്കിലും മൂലനിയമത്തിൽ വ്യവസ്ഥ വേണം. ആ കാര്യത്തിൽ ഒരു പരിഹാരത്തിന് ആറ് മാസത്തിൽ കൂടുതൽ സമയം അനുവദിക്കാൻ പാടില്ല. ആ വ്യവസ്ഥകൾ ഇപ്പോൾ മൂലനിയമത്തിൽ ഇല്ല എന്നുള്ള പോരായ്മയും ഉണ്ട്. അപ്പോൾ അതിന് സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിയില്ല. കാരണം സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കമ്മീഷന് പറ്റില്ല. കമ്മീഷന്

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷനുള്ള സംവിധാനവും തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനവുമില്ല. ഏറ്റവും ഒടുവിൽ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു തീരുമാനത്തിൽ എത്തിക്കഴിഞ്ഞാൽ അത് എൻഫോഴ്സ് ചെയ്യാനുള്ള സംവിധാനമില്ല. തീരുമാനം എടുത്തുകഴിഞ്ഞാൽ അത് എൻഫോഴ്സ് ചെയ്യുവാനുള്ള സംവിധാനം വേണ്ടതാണ്. യഥാർത്ഥത്തിൽ ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരവും പ്രയോഗിക്കാനുള്ള സംവിധാനം കമ്മീഷന് ഉണ്ടാകാതെ അംഗങ്ങളെ നീക്കിയതുകൊണ്ടോ അംഗങ്ങളെ കുറച്ചതുകൊണ്ടോ കേരളത്തിലെ പാവപ്പെട്ട വനിതകൾക്ക് ഇപ്പോൾ കിട്ടുന്ന ആ പരിമിതമായ പ്രയോജനത്തിനപ്പുറത്ത് ഒരു പ്രയോജനവും ലഭിക്കാൻ പോകുന്നില്ല എന്നുള്ളതാണ് അനുഭവം തെളിയിക്കുന്നത്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ബഹുമാനപ്പെട്ട മുരളി ഈ ബില്ലിന്റെ കാര്യത്തിൽ ആയാലും എസ്.സി./എസ്.ടി. കമ്മീഷൻ ബില്ലിന്റെ കാര്യത്തിൽ ആയാലും വളരെയേറെ ഫലപ്രദമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് പറഞ്ഞത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ നമ്മുടെ നിലവിലുള്ള നിയമവ്യവസ്ഥയിൽ കോടതികളുടെ അധികാരം അല്ലെങ്കിൽ എക്സിക്യൂട്ടീവിന്റെ അധികാരം കമ്മീഷന് ലഭിക്കില്ല. കമ്മീഷൻ കൊണ്ട് ഉദ്ദേശിക്കുന്നത് ഗവൺമെന്റ് സംവിധാനത്തെ, എക്സിക്യൂട്ടീവിനെ ചലിപ്പിക്കുക എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഒരു ഗവൺമെന്റിന്റെ വിൽപവറാണ് ഇതിലെ പ്രധാനപ്പെട്ട പ്രശ്നം. അല്ലാതെ എൻഫോഴ്സ് ചെയ്യാനുള്ള അധികാരവും പണിഷ്മെന്റ് നടത്താനുള്ള അധികാരവും ഒരിക്കലും കമ്മീഷന് കൊടുക്കാൻ കഴിയില്ല. ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് പ്രശ്നം. എക്സിക്യൂട്ടീവിന്റെ, ഭരണ നിർവ്വഹണ വിഭാഗത്തിന്റെ ഇനിഷ്യേറ്റീവാണ് പ്രശ്നം. അവിടെയാണ് നമ്മൾ ഊന്നൽ കൊടുക്കേണ്ടത് എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എം. മുരളി: അങ്ങ് പറഞ്ഞ പോയിന്റിലേയ്ക്കാണ് ഞാൻ വരുവാൻ ആഗ്രഹിക്കുന്നത്. ഞാൻ അത് പറയാൻ പോകുകയായിരുന്നു. വനിതാ കമ്മീഷന് ഭേദഗതിയിലൂടെ എത്രയെല്ലാം അധികാരം കൊടുത്താലും അത് ഇഫക്ടീവായിട്ട് നടപ്പാക്കാൻ പറ്റില്ല. അതുകൊണ്ടാണല്ലോ സിവിൽ കോടതിയുടെ അധികാരം പല സംവിധാനങ്ങൾക്കും നിയമസഭ പകർന്ന് കൊടുത്തിട്ടും അത് ഇഫക്ടീവ് ആകാതിരിക്കുന്നത്. അത് ശ്രീ. രാജു പറഞ്ഞതുപോലെ പണിഷ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൊടുക്കണമെന്ന് ഞാനും സമ്മതിച്ചുവെങ്കിലും അത് ഇഫക്ടീവായിട്ട് നടപ്പാക്കാൻ പറ്റില്ല എന്നുള്ളത് ഞാനും സമ്മതിക്കുന്നു. ഞങ്ങളുടെ ഡിസെന്റും അതാണ്. ഈ പീരിയോഡിക്കൽ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ കമ്മീഷൻ തീരുമാനം എടുത്തുകഴിഞ്ഞാൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകൾ അല്ലെങ്കിൽ ഗവൺമെന്റ് ആയിരിക്കും. ഈ 12 വർഷക്കാലത്തെ ആനുവൽ റിപ്പോർട്ട് പരിശോധിച്ചാൽ, 12 വർഷക്കാലത്തെ കമ്മീഷന്റെ പ്രവർത്തനം പരിശോധിച്ചാൽ ഇടതുപക്ഷ/വലതുപക്ഷ ഗവൺമെന്റുകളുടെ കാലത്ത് രൂപീകരിക്കപ്പെട്ട കമ്മീഷന്റെ പ്രവർത്തനം ആ കാലഘട്ടങ്ങളിലെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടേയും വനിതാ കമ്മീഷന്റേയും റെക്കമെന്റേഷൻസ് അല്ലെങ്കിൽ ഒബ്സർവ്വേഷന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിലയിരുത്തിയാൽ

നിരാശയായിരിക്കും ഫലം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഏറ്റവും കുറഞ്ഞത് വനിതാ കമ്മീഷന്റെ ശുപാർശകളുടെ അല്ലെങ്കിൽ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, വെറും നിഗമനമല്ല, വ്യക്തികളുടേയും സമൂഹത്തിന്റേയും അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങളിലാണ് അവർ ഈ നിഗമനത്തിൽ എത്തുന്നത്. ആ നിഗമനം നടപ്പിലാക്കാനുള്ള ഇച്ഛാശക്തിപോലും കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ കാണിക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ ഡിസെന്റിൽ വളരെ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. അവിടെയാണ് അപേക്ഷ പരിഗണിക്കാനും പരിഗണന തുടങ്ങിക്കഴിഞ്ഞാൽ നീട്ടിക്കൊണ്ടുപോകാതെ ആറ് മാസത്തിനുള്ളിൽ നോട്ടീസ് കൊടുത്ത് ഇരു കക്ഷികളേയും വരുത്തി വേണ്ട തെളിവുകളും മറ്റു പരിശോധനകളും നടത്തി ഒരു നിഗമനത്തിൽ എത്താനും (180-ദിവസം) ആറു മാസത്തിൽ കൂടുതൽ എടുക്കാൻ പാടില്ല എന്നുപറയുന്നത്. പട്ടികജാതി കമ്മീഷന്റെ ചർച്ചാവേളയിൽ ഞാൻ കൊണ്ടുവന്ന ഒരു ഭേദഗതിപോലെ, 90 ദിവസത്തിനുള്ളിൽ (മൂന്ന് മാസം) ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് - അത് പോലീസ് ഡിപ്പാർട്ടുമെന്റ് അല്ലെങ്കിൽ ആഭ്യന്തര വകുപ്പാണെങ്കിൽ ആ ഡിപ്പാർട്ടുമെന്റ്, മറ്റേതെങ്കിലും ഒരു സർക്കാർ വകുപ്പാണെങ്കിൽ ആ വകുപ്പ്, മറ്റേതെങ്കിലും സ്ഥാപനങ്ങൾ ആണെങ്കിൽ ആ സ്ഥാപനം- കമ്മീഷന്റെ അന്തിമ നിഗമനം അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാനുള്ള വ്യവസ്ഥ കൂടി ഈ നിയമത്തിൽ വരാതെ അംഗസംഖ്യ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം, സെക്രട്ടറിയെക്കൂടി ഇതിനകത്ത് മെമ്പർ ആക്കിയതുകൊണ്ടുമാത്രം ഫലമുണ്ടാവുകയില്ല; അത് തൊലിപ്പുറത്തെ ഒരു ചികിൽസ മാത്രമാണ്, യാതൊരു പ്രയോജനവുമുണ്ടാവുകയില്ല എന്നതിനാൽ ബില്ലിനോടുള്ള എന്റെ വിയോജനം ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ ബഹുമാനപ്പെട്ട അനിൽ കുമാറും ശ്രീ. എം. മുരളിയുമൊക്കെ വളരെ പ്രസക്തമായ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പത്ത്-പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പ് നിലവിൽ വന്ന ഒരു നിയമം അതിൽ ഭേദഗതി വരുത്തുമ്പോൾ കാര്യമായ ഭേദഗതികൾ ഉണ്ടാകും എന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. മാത്രമല്ല ഈ ബിൽ അവതരിപ്പിച്ചതും അതിനുശേഷം മുമ്പ് ഭേദഗതികൾ കൊണ്ടുവന്നതുമൊക്കെ പുരുഷൻമാരാണ്. സ്ത്രീകൾക്കു വേണ്ടി മറ്റൊരു സ്ത്രീ പ്രത്യേകിച്ച് സമൂഹത്തിൽ വനിതാ പ്രവർത്തന രംഗത്ത് വളരെ ശക്തമായ നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രീമതി ശ്രീമതി ടീച്ചറുടെ ഭേദഗതിയുണ്ടാകുമ്പോൾ ഒരു കന്നിക്കാരനെന്നുള്ള നിലയിൽ ഞാൻ പ്രതീക്ഷിച്ചത് വളരെ സമൂലമായ മാറ്റം അതിനകത്തുണ്ടാകുമെന്നാണ്. എന്നാൽ വളരെ നിരാശയാണ് തോന്നിയത്. ഈ രാജ്യത്ത് ഈ നിയമം നടപ്പിലാക്കിയിട്ട് പത്ത്-പന്ത്രണ്ട് വർഷക്കാലം കഴിഞ്ഞു. എന്നാൽ ലെജിസ്ലേച്ചറിന്റെ ഇന്റൻഷൻ അതിലൂടെ നടപ്പിലായോ എന്നതിനെ സംബന്ധിച്ച് ഒരു പരിശോധന ഇതുവരെ ഉണ്ടായിട്ടില്ല. മാത്രമല്ല ഈ കമ്മീഷനുകളുടെ-നേരത്തെ ബഹുമാനപ്പെട്ട സുഗതകുമാരി, അതിനുശേഷം ഒരു തവണ ജസ്റ്റീസ് ശ്രീദേവി, അതിനുശേഷം ശ്രീമതി കമലം തുടങ്ങിയ ആളുകളൊക്കെത്തന്നെ ചെയർപേഴ്സണായിട്ടുള്ള കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അവരുടെ റിപ്പോർട്ടുകൾ പരിശോധിച്ച്, അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എന്തെങ്കിലും ഒരു ശുപാർശയുടെ അടിസ്ഥാനത്തിൽ, ഒരു ഭേദഗതി ഈ നിയമത്തിൽ വരുത്തുന്നത് കാണാൻ കഴിഞ്ഞിട്ടില്ല. ആകെയുള്ളത് അംഗസംഖ്യ മൂന്നിൽ നിന്ന് ആറ് ആക്കണമെന്നുള്ളതാണ്. മൂന്നിൽ നിന്ന് ആറ് ആക്കണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശ്രീമതി ടീച്ചർ ഭേദഗതി ബിൽ അവതരിപ്പിക്കേണ്ട കാര്യമില്ല, വേറെ ഏതെങ്കിലും പുരുഷൻ അവതരിപ്പിച്ചാലും മതിയായിരുന്നു. മൂന്നിൽ നിന്ന് ആറ് ആക്കുക എന്നുള്ളത് ഒരു സംഭവമല്ല. മാത്രമല്ല ഇത് ഒരു ഭേദഗതി ബിൽ എന്നുപറയാൻ കഴിയില്ല. ഇത് ഒരു അക്കോമൊഡേഷൻ ബിൽ എന്ന് വേണമെങ്കിൽ പറയാം. അത്രമാത്രം ചുരുങ്ങിയ ഒരു പർപ്പസാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ തുടക്കത്തിൽ പ്രസംഗിച്ചതു കേട്ടപ്പോൾ ഞാൻ വിചാരിച്ചു ഇനിയും ധാരാളം ഭേദഗതികൾ ശക്തിപ്പെടുത്തേണ്ട കാര്യത്തിലുണ്ടാകും എന്ന്. യാതൊന്നും ഉണ്ടായിട്ടില്ല. നമ്മുടെ ലെജിസ്ലേച്ചർ പത്ത്-പന്ത്രണ്ട് വർഷക്കാലമായി ഒരു നിയമം നടപ്പിലാക്കിയപ്പോൾ ഉണ്ടായ പ്രയാസങ്ങളെ സംബന്ധിച്ച് ശ്രീ. മുരളി സൂചിപ്പിക്കുകയുണ്ടായി. അപ്പോൾ അങ്ങനെയുള്ള ഒരു ഭേദഗതിയോ അതുപോലുള്ള നിർദ്ദേശങ്ങളോ, വനിതാ പ്രവർത്തകരുടേയോ സംഘടനകളുടേയോ അതല്ലെങ്കിൽ നേതാക്കൻമാരുടേയോ വിവിധ കമ്മീഷനുകളുടെയോ ഒന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്രമായ ഭേദഗതിയില്ലാതെ മൂന്ന് പേർക്ക് അക്കോമൊഡേഷനു വേണ്ടി മാത്രമുള്ള ഒരു ബില്ലായി ഇത് ചുരുങ്ങിപ്പോയി എന്നുള്ളത് ഖേദകരമാണ്. അതുപോലെതന്നെ ഇതിന്റെ മൂലനിയമത്തിൽ സിവിൽ കോടതിയുടെ അധികാരം ഉണ്ടെന്ന് പറയുന്നുണ്ട്. സിവിൽ കോടതിയുടെ അധികാരം വേണമെങ്കിൽ നമുക്ക് വികസിപ്പിച്ചെടുക്കാമായിരുന്നു. സിവിൽ കോടതിയുടെ അധികാരം വച്ച് സാക്ഷികൾക്ക് സമൺസ് അയയ്ക്കാമെന്ന് പറയുന്നുണ്ട്. ഈ സാക്ഷികൾ സമൺസ് അയച്ചിട്ട് വന്നില്ലെങ്കിൽ എന്താണ് സ്ഥിതി. നമ്മൾ ചില സ്ഥലങ്ങളിലൊക്കെ യൂണിഫോം ഇട്ട സെക്യൂരിറ്റിക്കാരെ നിർത്താറുണ്ട്. സെക്യൂരിറ്റിക്കാർ നമ്മൾ വണ്ടി ഓടിച്ച് ചെല്ലുമ്പോൾ തൽക്കാലം സ്റ്റോപ്പ് എന്നുപറഞ്ഞ് നിർത്തുമ്പോൾ, നിർത്താതെ നമ്മൾ മുന്നോട്ടു പോകുകയാണെങ്കിൽ പോകട്ടെ എന്നുപറഞ്ഞ് പോകാനുള്ള സിഗ്നൽ തരും. അതുപോലെ സമൺസ് അയച്ചിട്ട് കക്ഷികൾ വന്നില്ലെങ്കിൽ നമ്മുടെ കമ്മീഷന് യാതൊന്നും ചെയ്യാൻ കഴിയില്ല. അങ്ങനെയുള്ള ആളുകളെ വരുത്തുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും ഭേദഗതി വേണ്ടിവരും. ഇവിടെ നേരത്തെ സൂചിപ്പിച്ചല്ലോ, ഇപ്പോൾ കമ്മീഷന്റെ മുന്നിലെത്തുന്ന പരാതിക്കാരുടെ എണ്ണം കുറവാണെന്ന്. പരാതിക്കാരുടെ വരവ് കുറവ് കമ്മീഷന്റെ പ്രവർത്തനത്തിന്റെ കുറവുകൊണ്ടല്ല. മുമ്പ് ജനകീയാസൂത്രണം വന്നപ്പോൾ എന്തായിരുന്നു നമ്മുടെ ഗ്രാമസഭകളിൽ ഉണ്ടായിരുന്ന തിരക്ക്. ഓരോ ഗ്രാമസഭയിലും ജനങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. ഈ ഗ്രാമസഭ കൂടിയാൽ എന്റെ നാടിന്റെ, എന്റെ ഗ്രാമത്തിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന ഒരു ധാരണ ജനങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ട് ഓരോ ഗ്രാമസഭകളിലും വലിയ ജനകീയ പങ്കാളിത്തം ഉണ്ടായിരുന്നു. ഞാൻ ഓർക്കുകയാണ്. ഞാൻ അക്കാലത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ഓരോ ഗ്രാമപഞ്ചായത്തിന്റേയും ഗ്രാമസഭയിൽ അഞ്ഞൂറും അറുന്നൂറും ആളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അത് ചുരുങ്ങി ചുരുങ്ങി ക്വാറം തികയ്ക്കാൻവേണ്ടി ജനപ്രതിനിധികൾ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. പത്തും ഇരുപത്തിയഞ്ചും ആളുകളെ വിളിച്ചുവരുത്തി ചായകൊടുത്ത് പിരിയുകയാണ്. കാരണമെന്താണ്, ഇപ്പോൾ ഗ്രാമസഭകളിൽ വന്നാൽ കാര്യങ്ങളൊന്നും നേടി പോകാൻ കഴിയുന്നില്ല. അതുകൊണ്ട് അധികാരത്തെ സംബന്ധിച്ച്, ജനങ്ങൾക്കും സഹോദരിമാർക്കും ഈ നിയമം കൊണ്ട് ഒന്നും നേടാൻ കഴിയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടാണ് പരാതിക്കാരുടെ എണ്ണം കുറഞ്ഞത്. അതേസമയം

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ അധികാരങ്ങൾ നൽകി ആളുകൾക്ക് പ്രയോജനം നൽകുന്ന രീതിയിലേയ്ക്ക് ബില്ലിനെ മാറ്റിയെടുത്തിരുന്നുവെങ്കിൽ കൂടുതൽ പരാതിക്കാരായ ആളുകൾ വരും. പരാതിക്കാരെ കൂടുതൽ സൃഷ്ടിക്കുകയെന്നതല്ലല്ലോ നമ്മൾ ഉദ്ദേശിക്കുന്നത്. പക്ഷേ പരാതിക്കാരായി വരുന്ന ആളുകളുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിക്കൊടുക്കാൻ കഴിയുകയെന്നുള്ളതാണ്. ഇത്രയും കാലത്തെ നമ്മുടെ കമ്മീഷന്റെ പ്രവർത്തനം വച്ചുനോക്കുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു കമ്മീഷനൊന്നും വേണമെന്നില്ല. ബഹുമാനപ്പെട്ട ടീച്ചർ മഹിളാ അസോസിയേഷന്റെ മീറ്റിംഗ് വിളിച്ചുകൂട്ടുകയാണെങ്കിൽ തന്നെ ഈ പ്രശ്നങ്ങളൊക്കെ പരിഹരിച്ചുകൊണ്ട് പോകാൻ കഴിയും. ഇതിനപ്പുറമായി വലിയ കാര്യങ്ങളൊന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഒരു നിയമം ഭേദഗതി വരുത്തുമ്പോൾ......

ശ്രീമതി കെ. കെ. ലതിക: മഹിളാ അസോസിയേഷനുമായി സ്ഥിരമായി ഇടപെടുന്നതാണ്. അതും ഈ കമ്മീഷനുമായി വ്യത്യാസമുണ്ടല്ലോ?

ശ്രീ. എം. ഉമ്മർ: അതിനപ്പുറമായി ഈ കമ്മീഷന് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നാണ് പറയുന്നത്. ഇടപെടുന്നുണ്ട് എന്നുതന്നെയാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ അസോസിയേഷന്റെ പ്രവർത്തനത്തെ ശ്ലാഘിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്, കുറ്റപ്പെടുത്തിയതല്ല. ഈ നിയമം കൊണ്ട് ഇതിനപ്പുറമായി നമുക്ക് ചെയ്യാൻ കഴിയണമെന്നാണ് ഞാൻ പറഞ്ഞത്. അതല്ലാതെ അതിനെ കുറ്റപ്പെടുത്തി പറഞ്ഞതല്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിക്കരുത്. അതുപോലെ സിവിൽ കോടതിയുടെ നിയമമെന്നുപറയുമ്പോൾ നമുക്ക് എൻഫോഴ്സ് ചെയ്യാൻ കഴിയണം. ഇപ്പോഴും നമുക്ക് കഴിയുന്നുണ്ടല്ലോ. പല ആക്ടുകളും വരുമ്പോൾ എല്ലാം കോടതിയായിക്കൊള്ളണമെന്നില്ലല്ലോ. അവാർഡ് കൊടുക്കണമെങ്കിൽ സഹകരണ നിയമത്തിൽ എ.ആർ.സി.-യുടെ നേതൃത്വത്തിലുള്ള അഡ്ജ്യുഡിക്കേഷനുണ്ടെങ്കിൽ അതിന് നമുക്ക് സാധിക്കുന്നുണ്ട്. അതുപോലെതന്നെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, സെൻട്രൽ ആക്ടാണെങ്കിലും അതിന്റെ ചുവടുപിടിച്ചുകൊണ്ട് കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന്റെ അതിശക്തമായ നടപടികൾ ഉണ്ടാക്കാനും സെക്ഷൻ 27 ഉപയോഗിച്ച് ആളുകളെ ജയിലിൽ അടയ്ക്കാനുമുള്ള പ്രൊവിഷനടക്കം ഇതിലുണ്ട്. അപ്പോൾ അതിനുവേണ്ട ഇച്ഛാശക്തിയാണ് നമുക്കുവേണ്ടത്. അങ്ങനെയുള്ള പ്രൊവിഷനുണ്ടെങ്കിൽ ഈ ആക്ട് കൂടുതൽ കുറ്റമറ്റതാക്കിത്തീർക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുമല്ലെങ്കിൽ ഒരു ഇന്ററിം അവാർഡ് കൊടുക്കാനെങ്കിലും നമുക്ക് കഴിയണം. ഇപ്പോൾ ഭാര്യാഭർത്താക്കൻമാർ സങ്കീർണ്ണമായ നിയമ പ്രശ്നങ്ങളൊന്നുമില്ലാത്ത, പെറ്റേണിറ്റി ഡിസ്പ്യൂട്ട് ചെയ്യാത്ത പെറ്റീഷനാണെന്ന് വിചാരിക്കുക, അങ്ങനെയുള്ള കേസ്സുകളാണ് കമ്മീഷന്റെ മുമ്പിൽ വരുന്നതെങ്കിൽ ഭാര്യയെയും ഭർത്താവിനെയും തമ്മിൽ യോജിപ്പിക്കാനുള്ള ശ്രമങ്ങൾ കമ്മീഷൻ നടത്തിയിട്ട് അത് ഒത്തുതീർക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ കോടതിയിലേയ്ക്ക് പോകാൻ അവരെ ശുപാർശ ചെയ്യുന്നതിനു മുമ്പായി താൽക്കാലികമായി ഒരു ഇന്ററിം അവാർഡ് കൊടുക്കാനുള്ള അധികാരമെങ്കിലും കമ്മീഷന് കൊടുക്കണം. കോടതിയിൽ പോകുന്നതുവരെയെങ്കിലും കുട്ടികൾക്ക് ചെലവിനുകൊടുക്കാൻ, താൽക്കാലികമായിട്ടുള്ള ഒരു ഇന്ററിം റിലീഫ് കൊടുക്കാനുള്ള പരിമിതമായിട്ടുള്ള അധികാരമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുള്ള ഒരു ഭേദഗതിയെങ്കിലും ഇതിനകത്തുവരുത്തണം. അതല്ലാതെ കമ്മീഷനിൽ മൂന്നാളുകൾ ഉള്ളത് ആറ് ആളുകളാക്കിയാൽ യാതൊരു പ്രയോജനമില്ലാത്ത അവസ്ഥയിലേയ്ക്ക് ഇതുപോകും. അതുപോലെതന്നെ കമ്മീഷനെടുക്കുന്ന അധികാരങ്ങൾക്ക് അതിനെ ചോദ്യം ചെയ്യണമെങ്കിൽ അപ്പീലിന് ഒരു പ്രൊവിഷനെങ്കിലും കൊടുത്തുകൊണ്ട് കൂടുതൽ അധികാരമുണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ചെയർപേഴ്സൺന്റേയും മെംമ്പേഴ്സിന്റേയും ക്വാളിഫിക്കേഷനെ സംബന്ധിച്ച് ഒന്നും പറയുന്നില്ല. ഇപ്പോൾ ഇവിടെ പറയുകയുണ്ടായി നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ ശ്രീമതി ശ്രീദേവി, ഹൈക്കോടതിയിൽ ജഡ്ജിയായിരുന്നു, ധാരാളം നിയമവുമായി ബന്ധപ്പെട്ട് പരിചയമുള്ളവരാണ്, അതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. പക്ഷേ അതിനുപകരം വേറൊരാൾ വരുന്നുവെങ്കിൽ അങ്ങനെയുള്ള ആളുകൾക്ക് ഒരു മിനിമം ക്വാളിഫിക്കേഷൻ വയ്ക്കേണ്ടത് വളരെ ആവശ്യമാണ്. അതുപോലെതന്നെ ഏജിന്റെ കാര്യത്തിൽ, ഇപ്പോൾ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് ആകട്ടെ, മറ്റേതെങ്കിലും ആക്ടുകളാകട്ടെ ഏജിനെ സംബന്ധിച്ചിടത്തോളം വ്യക്തതയുണ്ട്. ഇപ്പോൾ കമ്മീഷനിൽ 90 വയസ്സായ ആളിനെ വയ്ക്കുന്നതിൽ നമുക്ക് തടസ്സമില്ല. അപ്പോൾ എൺപത് എൺപത്തിയഞ്ചു വയസ്സായ ആളുകളെ ഒരു പ്രായപരിധി വയ്ക്കാതെ നിയമിക്കുകയാണെങ്കിൽ രാജ്യം മുഴുവൻ സഞ്ചരിച്ചുകൊണ്ട് സിറ്റിംങ് നടത്താനോ പ്രവർത്തിക്കാനോ കഴിയുകയില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: ക്വാളിഫിക്കേഷൻ വയ്ക്കണമെന്നു പറഞ്ഞു; ഈ നിയമത്തിൽത്തന്നെ പറയുന്നു, എങ്ങനെയുള്ളവരായിരിക്കണം, എങ്ങനെയുള്ള ഒരാൾക്കാണ് ചെയർപേഴ്സൺ ആകാൻ കഴിയുക, അതിനകത്തെ മെമ്പറാകാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് അതിനകത്തൊരു നിബന്ധന പറയുന്നുണ്ട്. എന്നാൽ വ്യത്യസ്തമായി അതിനകത്ത് ഒരു ക്വാളിഫിക്കേഷൻ വയ്ക്കണമെന്നുപറയുമ്പോൾ, മറ്റെല്ലായിടത്തും നോമിനേഷനാണ് വരുന്നത്. അതിൽനിന്ന് വ്യത്യസ്തമായി വനിതാ കമ്മീഷനകത്തുമാത്രം ക്വാളിഫിക്കേഷൻ വേണമെന്ന് പറഞ്ഞതുകൊണ്ട് മെമ്പർ എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. ഉമ്മർ: ഞാൻ നേരത്തെ കമ്മീഷന് കൂടുതൽ അധികാരം കൊടുക്കണമെന്നുപറഞ്ഞു, അങ്ങനെ സിവിൽ കോടതിക്ക് ഇതുപോലെ അധികാരം കൊടുക്കണമെന്നു പറയുമ്പോൾ കൂടുതൽ നിയമങ്ങളും അതുപോലെയുള്ള കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ചെയർപേഴ്സൺ എങ്കിലും വേണം. നിയമങ്ങളും കാര്യങ്ങളും അറിഞ്ഞിരിക്കുന്ന ആൾ ആയിരിക്കണം. ഇപ്പോൾ ഗുണ്ട ആക്ടൊക്കെ കൈകാര്യം ചെയ്യുമ്പോൾ, ആക്ടുകൾ കൈകാര്യം ചെയ്യുമ്പോൾ അതിനെയൊക്കെ സംബന്ധിച്ച് നമ്മൾ വയ്ക്കുന്ന അഡ്വൈസറി ബോഡിക്കുപോലും നമ്മൾ ക്വാളിഫിക്കേഷൻ പറയുന്നില്ലേ. ഹൈക്കോടതി ജഡ്ജിയാകാൻ ക്വാളിഫിക്കേഷനുള്ള ആളുകൾ, ഇതിനുമാത്രമല്ല പലതിനും വച്ചിട്ടുണ്ടല്ലോ. ഇപ്പോൾ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, അതിനകത്ത് ജില്ലാ ജഡ്ജി ആകാൻ യോഗ്യതയുള്ള ആളായിരിക്കണം പ്രസിഡന്റ് എന്ന നിബന്ധനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു: സർ, സിവിൽ കോടതിയുടെ അധികാരങ്ങളുണ്ടെന്ന് പറയുമ്പോൾ അധികാരങ്ങൾ, നോട്ടീസ് അയയ്ക്കാൻ, കക്ഷിയെ വരുത്താൻ, ആവശ്യമെങ്കിൽ റെക്കാർഡുകൾ വരുത്താൻ, അതിനപ്പുറമുള്ള ഒരു സിവിൽ കോടതിയുടെ അധികാരങ്ങളും ഈ കമ്മീഷനില്ല. മറ്റ് അധികാരങ്ങൾ കൂടിയില്ലെങ്കിൽ. ഇതിന് ഒരു അഡൈ്വസറി നേച്ചർ മാത്രമേയുള്ളൂ എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എം. ഉമ്മർ: മറ്റ് അധികാരങ്ങൾ കൂടി വേണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായത്തോടു യോജിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. അതുപോലെ സംസ്ഥാനത്ത് തലസ്ഥാനനഗരിയിൽ മാത്രമാണ് ഓഫീസുള്ളത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഒരു ആഫീസും ചുരുങ്ങിയത് ഒന്നോ രണ്ടോ സ്റ്റാഫെങ്കിലുമുണ്ടെങ്കിൽ അവിടേയ്ക്ക് പരാതികൾ തരാനും അത് നോക്കാനുമുള്ള സംവിധാനങ്ങളുണ്ടാകണം. പലപ്പോഴും നമ്മൾ കാണുന്നത് കമ്മീഷൻ സിറ്റിംഗ് നടത്താൻവേണ്ടി ജില്ലാ ആസ്ഥാനത്ത് വരുമ്പോൾ അവിടെ കളക്ടറേറ്റിൽ സൗകര്യം കിട്ടുന്നില്ല, അങ്ങനെ പല അനുഭവങ്ങളുണ്ട്. കളക്ടറേറ്റ് കോൺഫറൻസ് ഹാൾ എൻഗേജ്ഡ് ആണ്, അതുകൊണ്ട് സിറ്റിംഗിന് അവിടെ സീറ്റ് കിട്ടുമോ, മുനിസിപ്പാലിറ്റിയിൽ കിട്ടുമോ, ജില്ലാ പഞ്ചായത്തിൽ കിട്ടുമോ എന്നിങ്ങനെ വിളിച്ചുചോദിച്ചിട്ട് കമ്മീഷന് സിറ്റിംഗ് നടത്താൻ സ്ഥലംപോലും കിട്ടാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകുന്നുണ്ട്. എനിക്ക് അങ്ങനെ അനുഭവമുണ്ടായിട്ടുണ്ട്. അങ്ങനെ കമ്മീഷന് അനുഭവം വരികയാണെങ്കിൽ ഇന്നദിവസം സിറ്റിംഗ് നടത്തും, പബ്ലിക്കിന് വരാൻ കഴിയുന്ന സൗകര്യമുള്ള സ്ഥലമുണ്ട് എന്നുറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള സംവിധാനമുണ്ടാക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് മുഴുവൻ ഡെപ്യൂട്ടേഷനിലാണ്. ഡെപ്യൂട്ടേഷനിൽ വരുന്ന സ്റ്റാഫ് പലപ്പോഴും നമുക്കറിയാം, വിവിധ ലാവണങ്ങളിൽനിന്ന് സൗകര്യത്തിന് ഏതെങ്കിലും സൗകര്യമുള്ള ഒരു സ്ഥലത്തുവന്ന് പ്രവർത്തിക്കുകയല്ലാതെ ആ ഡെപ്യൂട്ടേഷനിൽ വരുന്ന സ്റ്റാഫിനെ സംബന്ധിച്ച് ഏത് സ്ഥലത്തേയ്ക്കു പോയിരുന്നാലും സ്ഥിരം സ്റ്റാഫിനോളം കമ്മിറ്റ്മെന്റ് ഇതിനോട് കാണിക്കാറില്ല. അതുകൊണ്ട് ഡെപ്യൂട്ടേഷൻ ഒരു സ്ഥിരം സംവിധാനമാക്കാതെ, തുടക്കത്തിൽ കമ്മീഷന്റെ പ്രവർത്തനത്തിന് ഇത് ആവശ്യമാണ്, ഡെപ്യൂട്ടേഷനിലോ അല്ലെങ്കിൽ പി.എസ്.സി. മുഖേനയോ എന്നതിന് പകരം സ്ഥിരമായി സ്റ്റാഫിനെ ഉണ്ടാക്കാനുള്ള ഒരു സംവിധാനം കൂടിയുണ്ടാക്കണം. ഇപ്പോൾ പല സ്റ്റാഫും ഡെയ്‌ലി വേജസാണ്. ഈ ഡെയിലി വേജസിൽ പ്രവർത്തിക്കുന്ന ആളുകൾക്കെതിരെ കൃത്യവിലോപം കാണിച്ചാൽ വല്ല നിയമനടപടിയും എടുക്കാൻ കഴിയുമോ? അവർക്ക് വല്ല ഉത്തരവാദിത്വവുമുണ്ടോ? അവരൊന്നും ചെയ്തിട്ടില്ലെങ്കിൽ, അവരോട് എന്തെങ്കിലും കർക്കശമായി ചെയ്യാൻ പറഞ്ഞാൽ അവർ പിറ്റേന്ന് ഇറങ്ങിപ്പോകും. അവരുടെ പേരിൽ യാതൊരു ആക്ഷനും എടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഡെയിലി വേജസിൽ ആളുകളെ എടുക്കുന്നത് നിരുൽസാഹപ്പെടുത്തിക്കൊണ്ട് അതിനൊക്കെ പകരമായി സ്ഥിരമായി സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ പോലീസ് സഹായം. ഇവിടെ ബഹുമാനപ്പെട്ട എം. മുരളി സൂചിപ്പിക്കുകയുണ്ടായി, ഇപ്പോൾ നിലവിലുള്ള ഡി.ഐ.ജി., സി.ഐ. കഴിഞ്ഞാൽപ്പിന്നെ എസ്.ഐ. ആണ്. അതിനിടയിലുള്ള എസ്.പി., ഡിവൈ.എസ്.പി. എന്നീ റാങ്കിലുള്ള ആൾക്കാരില്ല. ഡി.ഐ.ജി. കഴിഞ്ഞാൽ നേരെ പോകുന്നത് സി.ഐ.-യാണ്. അതിനകത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

എസ്.പി.-യേയും, ഒരു ഡിവൈ.എസ്.പി.-യേയും ഉൾപ്പെടുത്തുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാകും. ഇതിനകത്ത് ആകെയുള്ളത് നാല് കോൺസ്റ്റബിൾമാരാണ്. രണ്ട് വനിതാ കോൺസ്റ്റബിളും രണ്ട് പുരുഷ കോൺസ്റ്റബിൾമാരും, ആകെ നാലുപേരാണ് ഉള്ളത്. അതുകൊണ്ട് പോലീസിന്റെ ശക്തികൂടി ഇതിനകത്ത് കൂടുതൽ ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇന്ന് സ്ത്രീ ശാക്തീകരണമുണ്ടോ, പരാതികൾ കൂടിവരികയാണോ, എന്നതിനെ സംബന്ധിച്ച് നമ്മൾ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ചീഫ് സെക്രട്ടറിക്കുപോലും വേണ്ട വിധത്തിൽ നീതി കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കണം. സംസ്ഥാനത്ത് ഒരു വനിതാ ചീഫ് സെക്രട്ടറി വന്നപ്പോൾ അവർക്ക് മാന്യമായി റിട്ടയർ ചെയ്യാൻപോലും കഴിയാത്ത സാഹചര്യം...........

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെക്കുറിച്ചെല്ലാം രാവിലെ ഇഷ്ടം പോലെ പറഞ്ഞതല്ലേ. ഇനി നമുക്ക് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കാം.

ശ്രീ. എം. ഉമ്മർ: ഇത് സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് പറഞ്ഞതാണ്. ഞാൻ തികച്ചും ഇതിനകത്ത് നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ഒരു പുരുഷന്റെയും കാര്യം പറയുന്നില്ല. സ്ത്രീകളെക്കുറിച്ച് മാത്രമേ പറയുന്നുള്ളു. അപ്പോൾ അത് നമ്മൾ പരിശോധിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഈ സഭയിലേയ്ക്ക് ആദ്യമായി കയറിവന്നപ്പോൾ പീഡനത്തെ സംബന്ധിച്ച് എന്തൊരു ശബ്ദമായിരുന്നു. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറടക്കം അതുപോലുള്ള പ്രസംഗങ്ങൾ നടത്തിയതാണ്. വളരെ ശക്തമായ പോരാട്ടം നടത്തിയ ശ്രീമതി ശ്രീമതി ടീച്ചർ മന്ത്രിയായിരിക്കുമ്പോൾ അവരുടെ കീഴിലുള്ള വനിതാ വികസന കോർപ്പറേഷനിൽ, ഇന്ന് കോടതിയിൽ നിലവിലുള്ള സ്ത്രീ പീഡനക്കേസിൽ 354-ാം വകുപ്പുപ്രകാരം പ്രതിയായ ആളെ പിടിച്ച് എം.ഡി.-യാക്കിയത് ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഇന്ന് കോഴിക്കോട് കോടതിയിൽ, മൂന്നാം നമ്പർ കോടതിയിൽ പെൻഡിംഗ് ആയ ഒരു പീഡനകേസിൽപ്പെട്ട,...... ഞങ്ങളായിരുന്നു വച്ചിരുന്നതെങ്കിൽ രാജ്യമാകെ കത്തിക്കുമായിരുന്നു. ഇപ്പോൾ ഒരു പ്രശ്നവുമില്ലല്ലോ ആർക്കും. സാംസ്ക്കാരിക നായകൻമാർക്കും വനിതാ സംഘടനക്കാർക്കും അങ്ങനെ ഒരാളെ വച്ചതിനെ സംബന്ധിച്ച് യാതൊരു പ്രശ്നവുമില്ലല്ലോ. അതുപോലെ ഇവിടെ ഐസ്ക്രീം കേസിനെ സംബന്ധിച്ച് എന്തൊരു പോരാട്ടമായിരുന്നു. എല്ലാം കഴിഞ്ഞു, ഒരു കേസിൽപോലും പ്രതിയാകാത്ത ഒരാളുടെ പേരിൽ എത്രമാത്രം പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ആ കേസിൽ പ്രതിയായിട്ടുള്ള ആളെ സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാൻ ആക്കുന്ന കാര്യത്തിൽ യാതൊരു തടസ്സവുമുണ്ടായിട്ടില്ലല്ലോ. യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ലല്ലോ. കേസ് വിട്ടുപോയി എന്നുള്ളത് ശരിയായിരിക്കാം. എനിക്ക് അദ്ദേഹത്തെ സംബന്ധിച്ച് വ്യക്തിപരമായി യാതൊരു ആക്ഷേപവുമില്ല. പക്ഷേ ആ കേസ് നടത്തിയ ജഡ്ജിയേയും പ്രോസിക്യൂട്ടറേയും ആക്ഷേപിച്ച ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അതിൽനിന്നു പുറത്തു വന്ന ആളെ പിടിച്ച് സ്പോർട്ട്സ് കൗൺസിലിന്റെ ചെയർമാനാക്കിയത് വേറെ ആരേയും കിട്ടാത്തതുകൊണ്ടാണോ? എന്നിട്ട് യാതൊരു പ്രശ്നവുമില്ലല്ലോ. അപ്പോൾ നിങ്ങൾ ചെയ്യുമ്പോൾ പീഡനം ഒരു പ്രശ്നമല്ല,

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ ഭാഗത്തുനിന്ന് കേസ്സിൽപ്പെടാത്ത ആളുകളെക്കൂടി പീഡനക്കേസിൽ ബന്ധപ്പെടുത്തി സഭയിൽ ബഹളം ഉണ്ടാക്കിയിരുന്നത് ശരിയായില്ല എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഈ നിയമം കാലാനുസൃതമായി മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ശക്തമാക്കിത്തീർക്കാൻ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളാണ്. മാനസികവും ശാരീരികവുമായ പീഡനം അനുഭവിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ്. തൊഴിൽ സ്ഥലത്തും പൊതുസ്ഥലങ്ങളിലും സ്ത്രീകൾ സുരക്ഷിതർ അല്ലെന്ന തോന്നൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി ഇത്തരമൊരു അമെന്റ്മെന്റ് ബിൽ കൊണ്ടുവരുന്നത്. സ്ത്രീകളുടെ സാമൂഹിക പദവിയും അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഐക്യരാഷ്ട്രസഭയുടെ ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് 'സിഡോ' എന്നുപറയുന്നത്. സമത്വം, വിവേചനരാഹിത്യം, ഭരണകൂടത്തിന്റെ കടമ, എന്നീ മൂന്നുകാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് ഐക്യരാഷ്ട്രസഭ സ്ത്രീകൾക്കുവേണ്ടിയുള്ള അവകാശങ്ങളെ ആ പ്രത്യേക രേഖയിൽക്കൂടി നിർവ്വചിക്കുന്നത്. എന്നാൽ ശൈശവ വിവാഹത്തിനെതിരായി ചില ക്യാമ്പയിനുകളിൽ പങ്കെടുത്തുവെന്നു പറഞ്ഞ് 1992-ൽ രാജസ്ഥാനിൽ ബൽവാരി ദേവി എന്ന സ്ത്രീയെ സവർണ്ണരായ അഞ്ച് പുരുഷന്മാർ ചേർന്ന് അതിക്രൂരമായി ബലാൽസംഗം ചെയ്തപ്പോഴാണ് തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകളെ പീഡിപ്പിക്കുന്നത് തടയുന്നതിനുവേണ്ടിയുള്ള ശക്തമായ നിയമം നമ്മുടെ രാജ്യത്ത് ഇല്ലെന്ന യാഥാർത്ഥ്യം സുപ്രീംകോടതി തിരിച്ചറിയുകയും അങ്ങനെയൊരു മാർഗ്ഗനിർദ്ദേശം ഐക്യരാഷ്ട്രസഭയുടെ സിഡോ രേഖയുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ നടപ്പിലാക്കാനുള്ള വളരെ സുപ്രധാനമായ നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകുകയും ചെയ്തത്. സിഡോ അടക്കമുള്ള നിർദ്ദേശങ്ങളും നിയമങ്ങളും ഉള്ളപ്പോഴും അതിക്രമങ്ങൾ കൂടിവരികയാണ്. സ്ത്രീകൾക്കെതിരായ അതിക്രമം തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ അന്നത്തെ പ്രതിപക്ഷനേതാവിന്റെ ഏറ്റവും പ്രധാനപ്പെട്ട ആയുധമായിരുന്നു. പെൺവാണിഭക്കാരെയെല്ലാം കയ്യാമം വച്ച് തെരുവിലൂടെ നടത്തിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ ആറു വർഷംകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി ഉണ്ടായ അതിക്രമങ്ങളെ സംബന്ധിച്ച് 20-6-07-ൽ ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ചോദിച്ച ചോദ്യത്തിന് മറുപടിയായി ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് കഴിഞ്ഞ ഒരു വർഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുണ്ടായ പീഡനങ്ങൾ 10116 ആണ് എന്നാണ്. അപ്പോൾ പീഡനങ്ങൾ കുറയുന്നില്ല. മുനിയറയിലെ സന്ധ്യയുടെ അനുഭവം, നരാധമന്മാർ പിച്ചിച്ചീന്തുകയും പരാതിപ്പെടാൻ പോലീസ് സ്റ്റേഷനിൽ പോയപ്പോൾ അവിടെ നിന്നുപോലും മോശമായ സമീപനങ്ങളും പീഡനങ്ങളും ഉണ്ടാവുകയും ചെയ്തു. പതിമൂന്ന് ദിവസമായിട്ടും ആരേയും അറസ്റ്റ് ചെയ്തില്ല. അവസാനം ആ സഹോദരി ആത്മഹത്യചെയ്തു. ഇതൊക്കെയാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ ഡിസന്റിംഗ് നോട്ട് കൊടുത്ത് സംസാരിച്ചപ്പോൾ അവിടെ പറഞ്ഞു ഡിസന്റ് അവതരിപ്പിക്കുന്നത് ഇതൊരു സമഗ്രമായ നിയമമാക്കാൻ വേണ്ടിയാണെന്ന്. അതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. 1997-ൽ Visakha Vs. State of Rajasthan എന്ന കേസിൽ തൊഴിൽസ്ഥലങ്ങളിൽ സ്ത്രീകൾ വലിയ തോതിൽ



LIBRARY ARCHIVES Kerala Legislative Assembly

ലൈംഗികപീഡനം അനുഭവിക്കുന്നുണ്ടെന്ന് പറയുകയും അത്തരത്തിലുള്ള സ്ത്രീകൾക്ക് പരാതി പറയുന്നതിനും അത്തരം കേസ്സുകൾ അന്വേഷിക്കുന്നതിനുംവേണ്ടി വേറെ ചില മാർഗ്ഗനിർദ്ദേശങ്ങൾകൂടി സുപ്രീംകോടതി പുറപ്പെടുവിക്കുകയുമുണ്ടായി. വളരെ പ്രസക്തമായ ഒരു സംഭവം ഈ ഗവൺമെന്റ് വന്നശേഷം ഉണ്ടായതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. Visakha Vs. State of Rajasthan കേസ്സിന്റെ കോടതിവിധിയിൽ പറയുന്നത് ലൈംഗിക പീഡനത്തിന് ഇരയായ സ്ത്രീക്ക് ആ തൊഴിൽ സ്ഥലത്തുനിന്ന് മാറി മറ്റൊരു തൊഴിൽ സ്ഥലത്ത് ജോലി ചെയ്യാനുള്ള അവസരം നൽകണമെന്നാണ്. അതാണ് Visakha Vs. State of Rajasthan എന്ന ആ കേസ്സിന്റെ വിധിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം. കോഴിക്കോട് സർവ്വകലാശാലയിലെ ജീവനക്കാരിയായിരുന്ന ശ്രീമതി പി. ഇ. ഉഷ വളരെ മോശമായ നിലയിലുള്ള ഒരു പീഡനത്തിനിരയാവുകയും അവർ ഡെപ്യൂട്ടേഷൻ വാങ്ങി അട്ടപ്പാടിയിലേയ്ക്ക് പോവുകയും ചെയ്തു. അഞ്ച് വർഷത്തെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചപ്പോൾ അവർക്ക് തിരികെ കോഴിക്കോട് സർവ്വകലാശാലയിൽ വരാൻ താല്പര്യമില്ല. കാരണം അവർ ആർക്കെതിരെയാണോ പരാതി കൊടുത്തത് ആ പുരുഷൻ അവിടെയുണ്ട്. കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിൽ അപേക്ഷ സമർപ്പിച്ചപ്പോൾ ഇടതുപക്ഷ മുന്നണിക്ക് വലിയ ഭൂരിപക്ഷമുള്ള ആ സിൻഡിക്കേറ്റ് അവരോട് തിരികെ കോഴിക്കോട് സർവ്വകലാശാലയിൽത്തന്നെ ജോയിൻ ചെയ്യണമെന്നാണ് പറഞ്ഞത്. നിയമപരമായി Visakha Vs. State of Rajasthan കേസ് പ്രകാരം പി. ഇ. ഉഷയ്ക്ക് അട്ടപ്പാടിയിൽത്തന്നെ ജോലിയിൽ തുടരാവുന്നതാണ്. അതുപോലും മാനിക്കുന്നില്ല. ബഹുമാനപ്പെട്ട കെ. കെ. ലതിക പറഞ്ഞു ഇത്തരം പ്രശ്നങ്ങളിൽ ഇടപെടുന്ന ഒരുപാട് വനിതാ ആക്ടിവിസ്റ്റുകളുണ്ടെന്ന്. പക്ഷേ ഇക്കാര്യത്തിൽ ആരും ഇടപെട്ടില്ല എന്നു മാത്രമല്ല, പി. ഇ. ഉഷ കോഴിക്കോട് സർവ്വകലാശാലയുടെ ആസ്ഥാനത്തിനു മുമ്പിൽ നീതിക്കുവേണ്ടി നിരാഹാരസമരം നടത്തിയപ്പോൾ ഇടതുപക്ഷത്തിന്റെ സർവ്വീസ് സംഘടനയും എസ്.എഫ്.ഐ. അടക്കമുള്ള പോഷകസംഘടനകളും ആ സമരപ്പന്തലിനെതിരെ പ്രതിസമരപ്പന്തൽ കെട്ടി സത്യാഗ്രഹം നടത്തി. എന്നിട്ട് അവിടെ വളരെ പ്രധാനപ്പെട്ട ഒരു നേതാവ്, എന്റെ സഹോദരിക്കും ബസ്സിനുള്ളിൽ വച്ച് പി. ഇ. ഉഷയ്ക്കുണ്ടായതു പോലുള്ള അനുഭവമുണ്ടായി, പക്ഷേ നാലാം ക്ലാസ്സ് വരെമാത്രം പഠിച്ച എന്റെ സഹോദരി എന്നോടുപോലും പറയാതെ ബസ്സിനുള്ളിൽ വച്ചുതന്നെ ആ പ്രശ്നം പരിഹരിച്ചു എന്നും പക്ഷേ ഇവിടെ പി.എച്ച്.ഡി.-യൊക്കെ കിട്ടിയ പി. ഇ. ഉഷ ഇത്തരം കാര്യങ്ങളൊക്കെ മൈക്ക് വച്ചുകെട്ടി പറയുന്നതും പൊതുസ്ഥലത്ത് നിരാഹാരം കിടക്കുന്നതും ശരിയാണോ എന്നും പ്രസംഗിക്കുകയുണ്ടായി. ആ നേതാവിന്റെ പെങ്ങൾ നാലാം ക്ലാസ്സുകാരിയാണെങ്കിലും അവർക്ക് പ്രായോഗിക ജ്ഞാനമുണ്ട്. സഹോദരനോടുപോലും പറയാതിരുന്നത് എന്തുകൊണ്ടാണ്? അതിൽ കാര്യമില്ല, ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയുമൊക്കെ ഫലമായി ലോകവ്യാപകമായി സംഭവിച്ചു കൊണ്ടിരിക്കുന്നതാണ് എന്നുള്ള മറുപടിയായിരിക്കും സഹോദരൻ കൊടുക്കുക എന്നുള്ളതുകൊണ്ടാണ്. അതാണ് അവർ ആ പ്രശ്നം സ്വന്തമായി പരിഹരിച്ചത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ആഗോളവൽക്കരണത്തിന്റെ പരിശ്രമം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്ക് നന്നായി ബോദ്ധ്യപ്പെട്ടതുകൊണ്ടാണോ ശ്രീമതി ശോഭനാ ജോർജ്ജിനെതിരായി ഇങ്ങനെയൊരു പീഡനശ്രമം ഉണ്ടായപ്പോൾ അവർ ആരോടും പറയാൻ കൂട്ടാക്കാതെ അത് അവിടെത്തന്നെ അവസാനിപ്പിച്ചത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: എനിക്ക് അതിനെപ്പറ്റി അറിയുകയില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. മൂലനിയമത്തിൽ സമഗ്രമായ മാറ്റം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വനിതാ കമ്മീഷന് സിവിൽ കോടതിയുടെ അധികാരമുണ്ടെങ്കിൽപ്പോലും പരാതി ലഭിച്ചാൽ സമൺസ് അയച്ച് അവരെ അവിടെ വിളിച്ചുവരുത്താൻ ശ്രമിക്കുന്നു. സമൺസ് കിട്ടിയിട്ടും വരാതിരുന്നാൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ഈ കമ്മീഷന് യാതൊരു അധികാരവുമില്ല. ഇത് ഈ നിയമം പ്രാവർത്തികമായതുമുതലുള്ളതാണ്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സമൺസ് അയച്ചിട്ടും വരുന്നില്ലെങ്കിൽ കളക്ടർക്ക് വാറണ്ട് അയയ്ക്കാനും സമൺസ് ചെയ്യാനുമുള്ള അധികാരമുണ്ട്. കളക്ടർക്ക് ഇംപ്രിസൺമെന്റ് നടപ്പാക്കാം. അത് ഉപയോഗിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. കെ. ജയചന്ദ്രൻ]

ശ്രീ. പി. സി. വിഷ്ണുനാഥ്: വനിതാ കമ്മീഷന് കളക്ടറോട് ശുപാർശ ചെയ്തുകൊണ്ട് ഈ നടപടികൾ തുടരാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് ഉൾക്കൊണ്ടുകൊണ്ടുതന്നെ മൂലനിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് സമൺസ് അയച്ചിട്ടും വരുന്നില്ലെങ്കിൽ വനിതാ കമ്മീഷന് നേരിട്ട് അവരെ വരുത്താനുള്ള അധികാരം കൊടുത്ത് വനിതാ കമ്മീഷന്റെ അധികാരം വിപുലപ്പെടുത്തണം. ഇതിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം വരുന്നത്, സൈബർ ക്രൈമിനെക്കുറിച്ച് നിരവധി കേസ്സുകൾ വരുന്നുണ്ട് എന്നതാണ്. നമ്മൾ കോളേജുകളിൽ പഠിക്കുമ്പോൾ ഗ്രൂപ്പ് ഫോട്ടോകൾ എടുക്കാറുണ്ട്. ആ ഫോട്ടോയെടുത്ത് അതിൽ മാറ്റം വരുത്തി നഗ്നമാക്കി ഇന്റർനെറ്റിൽ അയക്കുക, അങ്ങനെ നിരവധി സഹോദരിമാർ ആത്മഹത്യ ചെയ്യുന്നു. അങ്ങനെയുള്ള സംഭവങ്ങൾ പ്രൊഫഷണൽ കോളേജുകളിലടക്കം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സൈബർക്രൈം അടക്കം കൈകാര്യം ചെയ്യുന്ന തരത്തിൽ, ഇടപെടാൻ കഴിയുന്ന തരത്തിൽ അധികാരങ്ങൾ ശക്തിപ്പെടുത്തണമെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം. വേറൊന്നുള്ളത്, ജില്ലാതലത്തിൽ ഇതിന്റെ ഓഫീസ് സംവിധാനം വരണം. സാധാരണക്കാരായ, പാവപ്പെട്ടവരായ, പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾ ഇവിടെ വരുന്ന ഒരു സാഹചര്യം ഒഴിവാക്കണം. ഡിവൈ.എസ്.പി. റാങ്കിലുള്ള ഒരുദ്യോഗസ്ഥനും ഒന്നോ രണ്ടോ കോൺസ്റ്റബിളും മാത്രമാണുള്ളത്. പകരം ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ കീഴിൽ വളരെ ശക്തമായ പോലീസ് സംവിധാനം കൂടി സമാന്തരമായി കേസ്സുകൾ അന്വേഷിക്കാനും കണ്ടെത്താനും കഴിയുന്ന സംവിധാനം കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ഡിസന്റിനെക്കുറിച്ചാണ് പറയുന്നത്. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ഡിസന്റ് മാത്രമല്ല രേഖപ്പെടുത്തിയത്. നിയമസഭാ സമ്മേളനം തുടങ്ങിയ അവസരത്തിൽ ശ്രീമതി



LIBRARY ARCHIVES Kerala Legislative Assembly

പി. കെ. ശ്രീമതി ടീച്ചർ ഉൾപ്പെടെ രണ്ട് മന്ത്രിമാർ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബഹളം വച്ചവരുടെ കൂട്ടത്തിൽ ഉള്ളയാളാണ് ശ്രീ. പി. സി. വിഷ്ണുനാഥ്. ശ്രീമതി ടീച്ചറെ വെറുതെ വിട്ടോ? കാരണം പുറത്ത് പോയി സത്യാഗ്രഹം നടത്തുകയും അകത്ത് വന്ന് ശ്രീമതി ടീച്ചർ പൈലറ്റ് ചെയ്ത ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്യുന്നത് മന്ത്രിമാരുടെ രാജി ആവശ്യത്തിൽനിന്നും പിൻവലിഞ്ഞുകൊണ്ടാണോ; ശ്രീമതി ടീച്ചറെ അതിൽ നിന്നും ഒഴിവാക്കിയതിന്റെ ഭാഗമായിട്ടാണോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ വലിച്ചിഴച്ച് കൊണ്ടുവന്നതിൽനിന്ന് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറെയും പുറത്താക്കുന്ന വികാരത്തിലേയ്ക്ക് ചിലരുടെ ഗ്രൂപ്പിസം എത്തിയിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാനും ശ്രീ. എ. പി. അനിൽകുമാറും ശ്രീ. എം. മുരളിയുമടക്കം നിയമസഭയിൽ വളരെ അക്കാഡമിക്കായിട്ട് ഈ ബില്ലിനെ കാണുകയും ഈ ബില്ലിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ പറയുകയും ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. അതേ ഒരു സമീപനമാണ് ബില്ലിന്റെ ചർച്ചയിൽ വരുമ്പോഴും സ്വീകരിക്കുന്നത്. തീർച്ചയായും എന്തുതന്നെ ആയാലും അക്കാഡമിക് തലത്തിൽനിന്നും മാറാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. ബാബു: കണ്ണൂർ പൊളിറ്റിക്സിൽ മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. ഇ. പി. ജയരാജനും ശ്രീ. പി. ജയരാജനും തമ്മിൽ വലിയ തർക്കമാണെന്നുള്ളത് എല്ലാ പത്രങ്ങളിലും വന്നിട്ടുള്ളതാണ്. ശ്രീമതി ശ്രീമതി ടീച്ചറുടെ ബന്ധുവാണ് ശ്രീ. ഇ. പി. ജയരാജൻ. അദ്ദേഹത്തിനെതിരായിട്ടുള്ള ഒളിയമ്പാണ് ശ്രീ. പി. ജയരാജൻ ഇപ്പോൾ നടത്തിയതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: ഇതുമായി ബന്ധമില്ലാത്ത ഒരു കാര്യം ആവശ്യമില്ലാത്ത സമയത്ത് ശ്രീ. പി. ജയരാജൻ ഉന്നയിച്ചതിന് പിന്നിൽ എന്തെങ്കിലും ഉണ്ടോയെന്ന് അവരുടെ പാർട്ടി അന്വേഷിക്കട്ടെ. യു.ഡി.എഫ്. അഴിമതിക്കെതിരായിട്ട് ഒരു നിലപാട് എടുക്കുമ്പോൾ ആ നിലപാടിൽ ഉറച്ച് നിൽക്കും. ആ അഴിമതിക്കെതിരായിട്ടുള്ള പോരാട്ടം നടത്തുമ്പോൾ അതിനെ ആ വേദിയിൽ എങ്ങനെ പ്രകടിപ്പിക്കണമെന്നുള്ള ഉത്തമ വിശ്വാസത്തോടെയാണ് പ്രകടിപ്പിക്കുന്നത്. അത് ഇനിയും തുടരുക തന്നെ ചെയ്യും. ഈ വിഷയത്തിൽ സംസാരിക്കുമ്പോൾ, പരമാവധി അക്കാഡമിക്ക് ആകുമ്പോൾ അങ്ങയെപ്പോലുള്ള മുതിർന്ന അംഗങ്ങൾ അത്തരത്തിൽ ഉപദേശിക്കുമെന്നാണ് കരുതിയത്. അല്ല മറിച്ചാണ് പറയുന്നതെങ്കിലും ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പറയാതെ തന്നെ അങ്ങയുടെ ഉദ്ദേശം സ്ഥാപിക്കപ്പെട്ടു എന്ന് പറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. ഇത്തരം കാര്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്രമായ നിയമനിർമ്മാണം ഉണ്ടാകണം. ഇപ്പോൾ ആൽബം എന്നുള്ള ഒരു സംവിധാനമുണ്ട്. അതിന്റെ പിന്നിൽ മുഴുവൻ പീഡനങ്ങളാണ്. വളരെ കുറച്ചാളുകൾ മാത്രമേ ഉള്ളൂ നല്ല ആളുകൾ. പത്തൻപതോളം പെൺകുട്ടികളെ ഇന്റർവ്യൂ ചെയ്യുക, അവരെ കൊണ്ട് മറ്റ് മാർഗ്ഗങ്ങളിൽ ആക്കുക എന്നുള്ളതിനെതിരായിട്ട് വളരെ ശക്തമായ നിയന്ത്രണങ്ങൾ വേണം. മസാജ് പാർലറുകളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുന്നതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വന്ന് ആർക്കും ഇത്തരത്തിലുള്ള വേഷം കെട്ടി എന്തും ചെയ്യാം എന്ന സാഹചര്യം ഉണ്ട്. ഇതിനകത്തൊക്കെ ശക്തമായ ഇടപെടൽ വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളിൽകൂടി ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ ശ്രദ്ധേയമായ ഒരു ബില്ലിന്റെ ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത, പ്രത്യേകിച്ച് ഡിസന്റ് രേഖപ്പെടുത്തി സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ഒക്കെ തന്നെയും വളരെയേറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഈ ബില്ലിൽ വളരെ പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുള്ളത്, അംഗബലം വർദ്ധിപ്പിക്കുകയും അതോടൊപ്പം സെക്രട്ടറി മെമ്പർ സെക്രട്ടറിയായി മാറുകയും ചെയ്യുന്ന രണ്ട് പ്രധാനപ്പെട്ട മാറ്റങ്ങൾ മാത്രമാണ്. പക്ഷേ ഈ കാലഘട്ടത്തിൽ വനിതാ കമ്മീഷന്റെ ഒരു ഭേദഗതി ബിൽ ചർച്ചയ്ക്ക് വരുമ്പോൾ നിലനിൽക്കുന്ന നിയമം അനുസരിച്ച് കേരളത്തിലെ പ്രവർത്തനങ്ങളിൽ ഏറെ ബുദ്ധിമുട്ടുണ്ടെന്നുള്ളതാണ് തെളിയുന്നത്. പന്ത്രണ്ട് വർഷക്കാലത്തെ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ, അത് ചെറിയ ഒരു കാലഘട്ടമല്ല. വിവിധ ചെയർപേഴ്സൺസ് വന്നു. വിവിധ കമ്മിറ്റി മെമ്പർമാർ വന്നു. വിവിധ ഗവൺമെന്റുകൾ വന്നു. പക്ഷേ ഇപ്പോഴും ബാലാരിഷ്ടതയിൽ നിൽക്കുന്ന ഈ കമ്മീഷന്റെ കാര്യത്തിൽ കൂട്ടായ ഉത്തരവാദിത്വവും ഫലപ്രദമായ മാറ്റവും ആവശ്യമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസം ഉള്ളതായി കേട്ടില്ല. സ്ത്രീകൾ നേരിടുന്ന, പറയാൻ കഴിയുന്നതും പറയാൻ കഴിയാത്തതുമായ ഒട്ടേറെ വിഷയങ്ങളിൽ അവർക്ക് നിയമ പരിരക്ഷ നൽകുവാനും അവരെ സംരക്ഷിക്കുവാനും അവരെ പരിപാലിച്ചുകൊണ്ടുപോകുന്നതിനും വേണ്ടി നിലനിൽക്കുന്ന രീതിയിൽ വേണം ഈ നിയമത്തെ നാം കാണേണ്ടത്. പ്രധാനപ്പെട്ട പല പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുമ്പോഴും ഈ ബിൽ വരുന്ന സന്ദർഭത്തിൽ നിയമപരമായ ഇതിന്റെ ചില വസ്തുതകളാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. 1990-ലാണ് നാഷണൽ വിമൻസ് കമ്മീഷൻ ആക്ട് പാർലമെന്റിൽ പാസ്സാക്കുന്നത്. 1991-ൽ കേരള നിയമസഭ ഒരു ബിൽ കൊണ്ടുവന്നുവെങ്കിലും കൺകറന്റ് ലിസ്റ്റിൽപ്പെട്ടിട്ടുള്ളതുകൊണ്ട് ഭരണഘടനയുടെ 254 (2) അനുച്ഛേദമനുസരിച്ച് നിയമത്തിന് പിൻബലം വേണമെങ്കിൽ ആക്ടിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയേ സാധിക്കുകയുള്ളു. അതുകൊണ്ടാണല്ലോ ആ നിയമം കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ചർച്ചകൾ നടത്തുകയും 1995-ൽ അത് നിയമമാക്കുകയും ചെയ്തത്. നമ്മുടെ നിയമത്തിന് നാഷണൽ വിമൻസ് കമ്മീഷനേക്കാൾ ഓവർ റൈഡിംഗ് എഫക്ടുണ്ട്. നമുക്ക് ഇത് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. പക്ഷേ ഇപ്പോൾ വന്നിരിക്കുന്ന ഈ മാറ്റം, ഇതിൽ വരുത്തിയിട്ടുള്ള വളരെ പ്രസക്തമായിട്ടുള്ള വിഷയം, വളരെ പ്രധാനപ്പെട്ടതായി കണക്കാക്കുന്നത് രാഷ്ട്രീയമായിട്ടുള്ള മാറ്റമാണ്. കമ്മീഷൻ മെമ്പർമാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നുള്ളതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഓർഡിനൻസിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള സാംഗ്ഷൻ വാങ്ങിയിട്ടില്ല. ഈ ഘട്ടത്തിൽ കൺകറന്റ് ലിസ്റ്റിലുള്ള പാർലമെന്റ് പാസ്സാക്കിയ നിയമവും സംസ്ഥാനം പാസ്സാക്കിയ നിയമവും ഒരേ സമയത്ത് നിലനിൽക്കുകയില്ല. നിയമം നിലനിൽക്കണമെങ്കിൽ സഭ പാസ്സാക്കിയ ബില്ലിന് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ട്. അത്തരം നിയമത്തിന് ഓർഡിനൻസ് മുഖാന്തിരമായി ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ഭരണഘടനയുടെ 213 (1) അനുച്ഛേദ പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വേണ്ടതുണ്ട് എന്നുള്ളത് ഒരിക്കലും നിഷേധിക്കാൻ കഴിയില്ല. ഇവിടെ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ല. ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ഈ സാഹചര്യത്തിലാണ്. ഈ ഓർഡിനൻസ് ഭരണഘടനയനുസരിച്ച് അസാധുവാണ്. ഈ ഓർഡിനൻസിന്റെ കീഴിൽ നിയമിച്ച കമ്മീഷന് നിയമ പ്രാബല്യം ലഭിക്കുകയില്ല. പ്രസിഡന്റിന്റെ അനുമതി വാങ്ങാതെ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുകയാണെങ്കിൽ അത് മുൻകാല പ്രാബല്യത്തോടെ അസാധുവാക്കുകയും ചെയ്യും. അതുകൊണ്ട് പ്രസിഡന്റിന്റെ അനുമതി വാങ്ങിച്ച് നിയമ പ്രാബല്യം നൽകുകയാണെങ്കിൽ അത് ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യതയുണ്ട്. അങ്ങനെ ചോദ്യം ചെയ്യപ്പെട്ട ഈ ബിൽ കഴിഞ്ഞകാലങ്ങളിൽ പല അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ നഷ്ടമായാൽ അതുകൊണ്ട് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി ഈ ഗവൺമെന്റായിരിക്കും. അതുകൊണ്ട് ഈ നിയമം എത്രയും പെട്ടെന്ന് പാസ്സായശേഷം പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി മുന്നോട്ട് പോകണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. അതോടൊപ്പം കൂടുതൽ അംഗങ്ങൾ വരുന്നത് ഇവിടെ സൂചിപ്പിച്ചതുപോലെ നല്ലതാണ്. അതിനോട് അഭിപ്രായവ്യത്യാസം ഇല്ല. അതുകൊണ്ടുമാത്രം ഇത് സ്ട്രെങ്തൺ ചെയ്യാൻ പറ്റുകയില്ല. കൂടുതൽ അംഗങ്ങളും കുറച്ച് അംഗങ്ങളും ഉണ്ടായിരുന്ന കാലഘട്ടം ഉണ്ട്. നമ്മൾ വിലയിരുത്തുമ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ 12 വർഷത്തെ പീരിയഡ് എടുത്ത് നോക്കുമ്പോൾ ഫലപ്രദമായിട്ടുള്ള മാറ്റങ്ങളൊന്നും ദർശിക്കാൻ കഴിഞ്ഞിട്ടില്ല. കേസ്സുകളുടെ എണ്ണം വർദ്ധിക്കുന്നു. പരാതികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. ആ കമ്മീഷന്റെ പരാമർശത്തിൽ പറഞ്ഞിട്ടുള്ളത്, അവിടെ കേസ്സുകൾ ഇല്ലാത്തതുകൊണ്ടല്ല, കമ്മീഷന് മുൻപാകെ പോയാൽ നീതി കിട്ടുമോ എന്നുള്ള ആശങ്ക പരക്കെ ജനങ്ങളിൽ എത്തിയതുകൊണ്ടാണ് ഈ വിഷയം നിലനിൽക്കുന്നത് എന്നാണ്. അതുകൊണ്ട് രാഷ്ട്രീയമായ ചിന്താഗതി ഇതിൽനിന്ന് മാറ്റേണ്ടത് അനിവാര്യമാണെന്ന് എനിക്ക് ഈ സന്ദർഭത്തിൽ തോന്നുകയാണ്. അതോടൊപ്പംതന്നെ നിയമത്തിൽ ഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്. സെക്രട്ടറി മെമ്പർ സെക്രട്ടറിയാകുന്നു. ഇതൊക്കെ നിലനിൽക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരം നൽകുന്നതുകൊണ്ട് കമ്മീഷന്റെ അധികാരത്തിൽ യാതൊരു വർദ്ധനവും ഉണ്ടാകുന്നില്ല. ഐ.എ.എസ്.-കാരനായ സെക്രട്ടറിക്കും ഐ.പി.എസ്.-കാരനായ ഡയറക്ടർക്കും അധികാരം കൂടുതൽ നൽകുന്നു എന്നുള്ളതുകൊണ്ട് കമ്മീഷന്റെ പ്രവർത്തനത്തെ കൂടുതൽ ദോഷകരമായി ബാധിക്കും. മാത്രമല്ല ഉദ്യോഗസ്ഥരെ കമ്മീഷനിൽനിന്ന് ഒഴിവാക്കണം. കമ്മീഷന്റെ തീരുമാനം നടപ്പിലാക്കുന്ന ജോലി മാത്രമേ ഡയറക്ടർക്കും സെക്രട്ടറിക്കും നൽകാവൂ എന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ ഉദ്യോഗസ്ഥരല്ല ഭരിക്കുന്നത്. കമ്മീഷന്റെ തീരുമാനം നടപ്പാക്കുന്നതിന് നിർദ്ദശിച്ചിട്ടുള്ള ഡയറക്ടർ ആയാലും സെക്രട്ടറിയായാലും അവർ അതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുമ്പോഴാണ് ഈ കമ്മീഷന്റെ അധികാരത്തെ കൂടുതൽ പവിത്രമായി കാണാൻ നമുക്ക് സാധിക്കുന്നത്. അതിന് പകരമായി കൂടുതൽ ആൾക്കാരെ ഇതിൽ ഉൾക്കൊള്ളിച്ച് രാഷ്ട്രീയമായ മാറ്റം വരുത്തി ചേരി തിരിഞ്ഞ് എല്ലാക്കാലത്തും നീതി ലഭിക്കാത്ത സ്ഥാപനമായി ഈ വനിതാ കമ്മീഷനെ മാറ്റുന്നത് നീതിപൂർവ്വമല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി പ്രാരംഭത്തിൽ സൂചിപ്പിച്ച വസ്തുതകൾ ഏറെ

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷകരമാണ്. ആ മാറ്റങ്ങൾക്ക് വേണ്ടിയാണ് ഇവിടുത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത്. പലരും ഇവിടെ സംസാരിച്ചു മൂലനിയമത്തിന് സിവിൽ കോർട്ടിന്റെ അധികാരമുണ്ട് എന്ന്. പക്ഷേ സിവിൽ കോർട്ടിന്റെ അധികാരമുള്ളതുകൊണ്ട് എന്തെങ്കിലും കാര്യം നമുക്ക് നടത്താൻ കഴിയുമോ? ബഹുമാനപ്പെട്ട മെമ്പർമാർ ഇടപെട്ട് സംസാരിച്ചു രേഖ ഹാജരാക്കാനും വിളിച്ചു വരുത്താനും വിസ്തരിക്കാനുമൊക്കെ അവകാശമുണ്ടെങ്കിലും അതിൻമേൽ യഥാർത്ഥത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. ആഭ്യന്തര മന്ത്രി ഇടപെട്ട് സംസാരിച്ചു. വേണമെങ്കിൽ ജില്ലാ കളക്ടറെക്കൊണ്ട് വാറന്റ് അയപ്പിച്ച് വിളിക്കാനുള്ള അധികാരവും ഈ നിയമത്തിൽ പറയുന്നുണ്ട്. പക്ഷേ എവിടെയെങ്കിലും അങ്ങനെയൊരു കേസ്സ്, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ജില്ലാ കളക്ടറെക്കൊണ്ട് വാറന്റ് എഴുതിച്ച് വിളിപ്പിച്ച ചരിത്രം കാണാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? രാഷ്ട്രീയവത്ക്കരണത്തിന്റെ പാതയിലേയ്ക്ക് പോകുന്നത് അപകടമാണ്. നിഷ്പക്ഷവും നീതിപൂർവ്വവും ആയിരിക്കണം കമ്മീഷന്റെ പ്രവർത്തനങ്ങൾ. സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും അവരുടെ വിഷമങ്ങൾ നേരിട്ട് അറിയാനും മനസ്സാന്നിധ്യമുള്ളവരായി മാറണം. ഇതിനുമുമ്പ് ദേവസ്വം ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ശ്രീ. ജി. സുധാകരൻ പറയുന്നത് കേട്ടു, പി.എസ്.സി. മെമ്പർ ആകുന്നതിന് മുമ്പ് പലർക്കും പല രാഷ്ട്രീയ ബന്ധങ്ങളുമുണ്ടാകും; പക്ഷേ മെമ്പർ ആയ ശേഷം നിഷ്പക്ഷമായ നിലപാട് സ്വീകരിക്കുന്നു. അതേ രീതി അവലംബിക്കേണ്ടതല്ലേ മഹത്തായ ഈ സംരംഭത്തിന്റെ അധികാര സ്ഥാനത്ത് വരേണ്ടവർ? പക്ഷേ അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും രാവും പകലുംപോലെ വെളിവാകുന്ന പല കാര്യങ്ങളും നമ്മുടെ മുമ്പിൽ ദൃശ്യമായിക്കാണുമ്പോൾ അത് വളരെ സൂക്ഷിച്ചും വളരെ ബുദ്ധിമുട്ടിയും വളരെ ശാസ്ത്രീയമായും നിയമമാക്കി കൊണ്ടുവരേണ്ടത് നമ്മുടെ രാജ്യത്തെ നീതിബോധത്തിന്റെ ഏറ്റവും വലിയ സത്യാവസ്ഥ തെളിയിക്കുന്നതിന് അനിവാര്യമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതോടൊപ്പംതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവല്ല ആവശ്യം. ജസ്റ്റിസ് ശ്രീദേവി പറഞ്ഞിട്ടുള്ളതിൽ കമ്മീഷൻ അംഗങ്ങളെക്കുറിച്ചല്ല പ്രതിപാദിച്ചത്. സ്റ്റാഫിന്റെ അഭാവം, ജില്ലാ തല മോണിറ്ററിംഗ് സൗകര്യമില്ല, മെമ്പർമാർക്ക് ഓടിയെത്താൻ കഴിയുന്നില്ല, സിറ്റിംഗ് പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയുന്നില്ല, കേസ്സുകളുടെ എണ്ണം എത്രയെന്ന് പരിമിതപ്പെടുത്തിക്കൊണ്ടുവരാനുള്ള ശാസ്ത്രീയമായ നിരീക്ഷണങ്ങളില്ലാതെ ഇങ്ങനെ ഈ ബിൽ പാസ്സാക്കിയെടുക്കുകയും അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തതുകൊണ്ട് എന്ത് ഫലമാണ് നമുക്ക് ലഭിക്കാൻ പോകുന്നതെന്നുള്ളത് ഏറ്റവും വലിയ വിഷയമാണ്. അതുപോലെതന്നെ ഇതിനെ കൂടുതൽ സ്ട്രെങ്തെൻ ചെയ്യാൻ പോലീസ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. കമ്മീഷന്റെ വ്യവസ്ഥ സംബന്ധിച്ച് ഒരു ഡി.ഐ.ജി.-യും സി.ഐ.-യും എസ്.ഐ.-യും മാത്രമടങ്ങുന്ന പോലീസ് സംവിധാനമാണ് ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ചിട്ടുള്ളത്. അതിന് ശക്തമായ ഹൈറാർക്കിംഗ് സിസ്റ്റം നമുക്ക് വേണം. അത് സ്ട്രെങ്തെൻ ചെയ്യണം. പോലീസിന്റെ അധികാരം പൂർണ്ണമായും ഉപയോഗിക്കാൻ കമ്മീഷന് അധികാരം കൊടുത്തിട്ടുണ്ടെങ്കിൽ കമ്മീഷൻ വിളിപ്പിക്കുന്ന കക്ഷിയെ ഹാജരാക്കിക്കൊടുക്കാനുള്ള അവകാശവും അധികാരവും ഗവൺമെന്റിൽ നിക്ഷിപ്തമാക്കാൻ തീരുമാനമെടുക്കുംമുമ്പ് അവരെ ക്രോസ്സ് ചെയ്യാനുള്ള അധികാരം നൽകിയിരിക്കുന്നത് ഈ കമ്മീഷന്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം സമൂഹത്തിലുണ്ടെന്ന് ബോധ്യപ്പെടുത്തിയാൽ മാത്രമേ ഈ കമ്മീഷനിൽ സാധാരണ ജനങ്ങൾക്ക് വിശ്വാസം വരികയുള്ളൂ. അതുകൊണ്ട് ആദ്യമായി വേണ്ടത് സ്ത്രീകളിൽ വിശ്വാസം ജനിപ്പിക്കത്തക്കവിധം നിഷ്പക്ഷമായ ഒരു കമ്മീഷൻ എന്ന് ബോധ്യപ്പെടുത്താൻ അടിസ്ഥാന സൗകര്യമുണ്ടെന്ന് ബോധ്യപ്പെടണം. ജനകീയ വിശ്വാസം ആർജ്ജിക്കാൻ കഴിയുന്ന രൂപത്തിൽ സുതാര്യമായ നിയമനിർമ്മാണം നടക്കുന്ന സാഹചര്യത്തിൽ ഈ മാറ്റങ്ങൾ അതിൽ ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് ഈ കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഇത്തരത്തിൽ, ഈ കമ്മീഷൻ സംബന്ധിച്ച ഭേദഗതി ബിൽ കൊണ്ടുവരുന്നതിന് മുമ്പുതന്നെ അടിസ്ഥാനപരമായ കാര്യങ്ങൾ മനസ്സിലാക്കി മൂലനിയമത്തിൽത്തന്നെ വേണ്ടിവന്നാൽ മാറ്റങ്ങൾ വരുത്തി ഈ ബിൽ സ്ട്രെങ്തെൻ ചെയ്യാനും അതിനാവശ്യമായ നിർദ്ദേശങ്ങൾ നേടുന്നതിനുമായിരുന്നു ശ്രമിക്കേണ്ടത്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇത്തരം ഒരു ബിൽ വനിതാ കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഫലപ്രദമായ ഇടപെടലിനുമെല്ലാം സഹായകരമാക്കി കൊണ്ടുവന്ന ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറെ അഭിനന്ദിക്കുകയാണ്. ഇതിൽ വന്നിട്ടുള്ള ഭേദഗതി മെമ്പർമാരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചു എന്നു മാത്രമല്ല ഇതിലെ അംഗങ്ങളിൽ ഒരാൾ എസ്.സി./എസ്.ടി. ആയിരിക്കണമെന്ന് പറയുന്നത് അഭിമാനകരമായി ചൂണ്ടിക്കാണിക്കുകയാണ്. മറ്റൊരു കാര്യം എനിക്ക് ഈ കാര്യത്തിൽ അഭിപ്രായ രൂപത്തിൽ വയ്ക്കാനുള്ളത് എസ്.സി/ എസ്.ടി.-ക്ക് റിസർവ്വേഷൻ ചൂണ്ടിക്കാണിച്ചതുപോലെതന്നെ മറ്റൊരു മെമ്പർ മൈനോറിറ്റി കമ്മ്യൂണിറ്റി ആയിരിക്കണമെന്നുള്ളതുകൂടി വരുന്നത് ഈ കമ്മീഷന്റെ പ്രവർത്തനത്തിന് നല്ലതാണെന്നുള്ള അഭിപ്രായംകൂടി പരിഗണിക്കണമെന്ന നിർദ്ദേശം വയ്ക്കുകയാണ്. അതേസമയം ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഓരോ വനിതാ എം.എൽ.എ.-മാർകൂടി വേണമെന്ന ഭേദഗതി ഞാൻ പറയുന്നില്ല. അങ്ങനെ പറഞ്ഞാൽ യഥാർത്ഥത്തിൽ ആന്ധ്രാപ്രദേശിൽനിന്നോ അല്ലെങ്കിൽ പ്രതിപക്ഷത്തുനിന്ന് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയോ മാത്രമേ ഒരംഗത്തെ വയ്ക്കാൻ കഴിയൂ എന്നുള്ളതുകൊണ്ടാണ് അങ്ങനെ ഒരു ഭേദഗതി ഞാൻ പറയാത്തത്. ഇവിടെ യഥാർത്ഥത്തിൽ കാര്യങ്ങളെ സംബന്ധിച്ച നിയമസഭാ പ്രാതിനിധ്യം ചില കമ്മീഷനിലും സിൻഡിക്കേറ്റിലും വരണമെന്ന് ആഗ്രഹിച്ചാലുള്ള അവസ്ഥയാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് വിഷമം വേണ്ട. ഈ രംഗത്ത് ഏതായാലും വരും കാലങ്ങളിൽ.................

ശ്രീ. റോഷി അഗസ്റ്റിൻ: അങ്ങനെ വന്നാൽ ലിംഗമാറ്റ ശസ്ത്രക്രിയ വേണ്ട രണ്ടുപേരെ ഭരണപക്ഷത്തുനിന്ന് എടുക്കുന്നതിനുള്ള ഭേദഗതി കൊടുക്കാമോ?

ശ്രീ. വി. എൻ. വാസവൻ: ഭരണപക്ഷത്ത് അല്ലല്ലോ വേണ്ടത്. പ്രതിപക്ഷത്തുനിന്നാണെന്ന് ഞാൻ എടുത്തു പറഞ്ഞു. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഓരോ വനിതാ എം.എൽ.എ മാർ വരേണ്ടിവന്നാൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വരേണ്ട സ്ഥലത്ത് നിങ്ങളുടെ കൂട്ടത്തിൽ ആരുമില്ലാത്തതുകൊണ്ട് ഒന്നുകിൽ ആന്ധ്രപ്രദേശിലേയ്ക്കോ കർണ്ണാടകയിലേയ്ക്കോ തമിഴ്നാട്ടിലേയ്ക്കോ പോകണം അല്ലെങ്കിൽ ശസ്ത്രക്രിയ വേണമെന്നാണ് ഞാൻ പറഞ്ഞത്. അതിന് പറ്റിയ ഒരാൾ വേണമെങ്കിൽ അപ്പുറത്തുണ്ട്. ഞാൻ പേര് പറയുന്നില്ല. ഫലപ്രദമായി കമ്മീഷന്റെ പ്രവർത്തനം വരണമെന്ന് പറയാൻ കാരണം അംഗങ്ങൾ കൂടുതൽ കാര്യക്ഷമമായി വരണം. കേരളീയ സമൂഹത്തിൽ സ്ത്രീകൾക്കെതിരായി അതിക്രമങ്ങളും അതോടൊപ്പംതന്നെ അവരെ പാർശ്വവത്കരിക്കപ്പെടുന്ന പൊതുസ്ഥിതിയും പൊതുസാഹചര്യം വളർന്നു വരുമ്പോൾ, ഇന്നത്തെ ഗവൺമെന്റ് വന്നശേഷം ആ രംഗത്തെടുത്ത സമീപനങ്ങളൊക്കെത്തന്നെ പക്ഷപാതപരമായി ഏതെങ്കിലും സമീപനങ്ങൾ സ്വീകരിച്ചു എന്ന് ആർക്കും പറയാനാവാത്ത നിഷ്പക്ഷമായ ഈ കമ്മീഷന്റെ പ്രവർത്തന ശൈലിയിൽ ജുഡീഷ്യൽ സ്വഭാവമുള്ള കമ്മീഷന്റെ രൂപത്തിൽത്തന്നെ ജനങ്ങൾക്ക് തോന്നുന്ന ഫീലിംങ്സാണ് ജസ്റ്റിസ് ശ്രീദേവി അതിന്റെ അദ്ധ്യക്ഷ പദവിയിലേയ്ക്ക് വരികവഴി പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. അതേസമയം മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ രാഷ്ട്രീയമായി ചില ആളുകളെ അക്കോമൊഡേറ്റ് ചെയ്യാൻ ഇത്തരം കമ്മീഷനുകളെ ഉപയോഗിച്ചതിന്റെ ഫലമായി അക്ഷരാർത്ഥത്തിൽ, കിളിരൂർ പീഡനക്കേസ്സുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അന്ന് കമ്മീഷൻ അംഗമായിരുന്ന ലിസ്സി കമ്മീഷന്റെ മുമ്പിൽ കൊടുത്ത ശാരിയുടെ മൊഴിയും ശാരിയുടെ അച്ഛനമ്മമാരുടെ മൊഴിയുമെല്ലാം രേഖപ്പെടുത്തി കൊടുത്ത റിപ്പോർട്ടിൽ ബഹുമാനപ്പെട്ട ചെയർപേഴ്സൺ എം. കമലം, അന്ന്, 15-10-2004-ൽ അന്നത്തെ മുഖ്യമന്ത്രിക്കും 26-10-04-ൽ അന്നത്തെ ഡി.ജി.പി.ക്കും അയച്ച കത്തുകളുടെ കോപ്പി എടുത്ത് പരിശോധിച്ചാൽ ഇന്ന് അവർ എടുക്കുന്ന സമീപനവും തമ്മിലുള്ള പരസ്പര വിരുദ്ധ നീക്കങ്ങൾ മനസ്സിലാകും. വനിതാ കമ്മീഷൻ ചെയർ പേഴ്സണായിരുന്ന ബഹുമാന്യയായ എം. കമലം അന്ന് ആ റിപ്പോർട്ടുമായി ബന്ധപ്പെട്ടാണ് വളരെ സീരിയസായി, ക്രിട്ടിക്കൽ സ്റ്റേജിൽ കഴിയുന്ന ശാരിക്ക് സെക്യൂരിറ്റി കൊടുക്കണമെന്നും മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ അയച്ച് പരിശോധിച്ച് കുട്ടിയെ രക്ഷപ്പെടുത്തണമെന്നും എഴുതിയത്. അതേ എം. കമലം ഉൾപ്പെടുന്ന മഹിളാ കോൺഗ്രസ്സ് ഇന്നിപ്പോൾ ഈ കാര്യത്തിൽ തലതിരിഞ്ഞ് അല്ലെങ്കിൽ കടകവിരുദ്ധമായ സമീപനം സ്വീകരിച്ച് അന്നത്തെ യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്താൻ വേണ്ടി വി.ഐ.പി. പ്രയോഗം നടത്തിക്കൊണ്ട് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർക്കെതിരായി മറ്റൊരു പീഡനവുമായി മുന്നോട്ട് വരികയാണെന്നുള്ളതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ ഇന്ന് ചെയ്യേണ്ടത് ആ മഹിളാ കോൺഗ്രസ്സ് നേതാക്കളുടെ പേരിൽ ശ്രീമതി ടീച്ചറെ പീഡിപ്പിച്ചതിന്റെ പേരിൽ 498-ാം വകുപ്പനുസരിച്ച് കേസ്സ് എടുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. യഥാർത്ഥത്തിൽ പീഡനം നടക്കുന്നത്

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അത്തരം രൂപത്തിലാണ്. യഥാർത്ഥത്തിൽ ആ സംഭവവുമായി ബന്ധപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിൽനിന്ന് പ്രസവിച്ചതിന്റെ അന്നുതന്നെ ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട ശാരിയെ അന്നുതന്നെ (29-ാം തീയതി) കാരിത്താസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും എന്നാൽ മാതാ അമൃതാനന്ദമയി ഹോസ്പിറ്റലിൽ കൊണ്ടുപോയെങ്കിലേ കുട്ടി രക്ഷപ്പെടുവെന്ന കാരിത്താസ് ഹോസ്പിറ്റൽകാരുടെ ഉപദേശപ്രകാരം

5.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുമ്പോൾ വഴിയിൽവച്ച് തടഞ്ഞുനിർത്തി മാതാ അമൃതാനന്ദമയി ഹോസ്പിറ്റലിനുപകരം മാതാ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യിക്കുകയും ചെയ്ത മറിമായം കേരളീയ സമൂഹം കണ്ടതാണ്. എന്തിനാണ് ഇങ്ങനെ മാതാ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോയത്? കോട്ടയം മെഡിക്കൽ കോളേജിൽ 36 ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നു. ഏറ്റവും ഉന്നതമായ ആതുരസേവന രംഗത്തെ സങ്കേതമാണ് മെഡിക്കൽ കോളേജെങ്കിൽ ആ മെഡിക്കൽ കോളേജിൽനിന്ന് ഡിസ്ചാർജ് ചെയ്യിച്ചിട്ട് വണ്ടി തടഞ്ഞുനിർത്തി കേവലം ആറോ-ഏഴോ ഡിപ്പാർട്ടുമെന്റുകൾ മാത്രം പ്രവർത്തിക്കുന്ന ഒരു സാധാരണ ആശുപത്രിയിലേയ്ക്ക് ആ കുട്ടിയെ കയറ്റിയതെന്തിനാണ്? ഈ പ്രശ്നം വനിതാ കമ്മീഷൻ അംഗമായിരുന്ന ലിസിയുടെ മുമ്പിൽ മൊഴി കൊടുക്കുമ്പോൾ ആ കുട്ടിയുടെ മാതാപിതാക്കൾ സൂചിപ്പിച്ചിട്ടുണ്ട് ഞങ്ങൾക്ക് മെഡിക്കൽ കോളേജിലെ ചികിത്സയുടെ രംഗത്ത് ദുരൂഹതകൾ അനുഭവപ്പെട്ടു; ഞങ്ങളെ വളരെ പെട്ടെന്ന് ഡിസ്ചാർജ് ചെയ്യിച്ചതാണ് എന്ന്. അതിൽ അന്നത്തെ സർക്കാരിന്റെ സ്വാധീനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലിസിയുടെ മുമ്പാകെ രേഖപ്പെടുത്തിയ 22-9-2004-ലെ ആ മൊഴിയുടെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. അങ്ങനെ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ ഈ കുട്ടിയെ ബോധപൂർവ്വം അവിടെനിന്ന് ഡിസ്ചാർജ് ചെയ്തിട്ട് മാതാ ഹോസ്പിറ്റലിൽ കൊണ്ടുവന്ന് അഡ്മിറ്റ് ചെയ്ത് ഒരു ലാപ്രോസ്കോപിക് സർജറിക്ക് വിധേയമാക്കുകയാണ് ചെയ്തത്. അങ്ങനെ വിധേയമാക്കിയപ്പോൾ കുടലിലൊരു ഹോൾ ഉണ്ടാകുന്നു. ആ ഹോളിലൂടെ ഭക്ഷണശലകങ്ങൾ പുറത്തുവന്ന് പെരിറ്റോണിയത്തിനകത്ത് വരികയാണ്. അത് അവിടെക്കിടന്ന് വല്ലാത്തൊരു അവസ്ഥയിലെത്തി ഇൻഫെക്ഷനാകുമ്പോൾ Peritonitis എന്ന അസുഖമായി. ആ അസുഖമുണ്ടായിട്ടും ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കാനോ ട്രീറ്റ്മെന്റ് കൊടുക്കാനോ തയ്യാറാകുന്നില്ല. അവസാനം മാരകമായ Septicemia എന്ന ഇൻഫെക്ഷൻ വരികയാണ്. ഈ മാരകമായ ഇൻഫെക്ഷൻ വരുന്നതുവരെ ഈ ആറേഴ് ആഴ്ചകളിൽ ആ ആശുപത്രിയിൽ കഴിയുന്ന സമയത്ത് വനിതാ കമ്മീഷന്റെ മുമ്പാകെ കൊടുത്ത മൊഴിയും കമലേടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്ത 15-10-2004-ലെ ലെറ്ററിൽ സൂചിപ്പിക്കുന്നുണ്ട്. അപ്പോൾ വളരെ വ്യക്തമായി ഇക്കാര്യത്തിൽ ഈ കുട്ടിക്കൊരു സെക്യൂരിറ്റി ഉറപ്പാക്കാനും അതോടൊപ്പം ഉന്നത ചികിത്സ ലഭ്യമാക്കാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് വനിതാ കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ശുപാർശ ചെയ്യുന്നു. അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ചോദിച്ചാൽ ഒരു നടപടിയും സ്വീകരിച്ചില്ല. എന്നിട്ടും ഇപ്പോൾ അക്കൂട്ടർ പുറത്തിറങ്ങിയിട്ട് പറയുകയാണ് അതുകൊണ്ടൊന്നുമല്ല കാര്യങ്ങൾ സംഭവിച്ചത്, അവിടെ ഒരു വി.ഐ.പി. വന്നപ്പോൾ ഉണ്ടായ ഒരു ഷോക്കിൽ നിന്നാണ് കുട്ടി മരിക്കാനിടയായത് എന്നാണ്. എത്ര അപഹാസ്യമായ ഒരു നാടകമാണ് ഈ രംഗത്ത് കേരളീയ സമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ വേണ്ടി പരിശ്രമിച്ചത്. എത്ര കുറ്റകരമായ ഒരു കാര്യമാണ് ഈ രംഗത്ത് വീണ്ടും വനിതാ കമ്മീഷൻ ഉൾപ്പെടെ മനസ്സിലാക്കി എഴുതിയിരിക്കുന്ന റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. കുട്ടി ജീവിച്ചിരുന്നപ്പോൾത്തന്നെ കൊടുത്ത മൊഴിയിൽ കുമളി, പളനി, ഗുരുവായൂർ എന്നിവിടങ്ങളിൽ പോയതായി പറയുന്നുണ്ട്. അതുപോലെ കുട്ടനാട്ടിലെ ഒരു റിസോർട്ടിൽ പോയ ഒരു കാര്യവും പറയുന്നു. അതൊരു പൊതുപ്രവർത്തകന്റേതാണ്. ഞാൻ പേരൊന്നും പറഞ്ഞ് ആരേയും അപമാനിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ മറ്റ് ചില മാന്യന്മാരുടേയും പേരെടുത്തു പറഞ്ഞിട്ടുണ്ട്. അതൊക്കെ ഇതിനകത്തുണ്ട്. അവരുടെ പേര് പറഞ്ഞ് അസംബ്ലി രേഖയിൽ വരുത്താൻ ഉദ്ദേശിക്കുന്നില്ല. ആ തരത്തിൽ ആ കേസ് മുന്നോട്ട് പോകുമ്പോഴാകട്ടെ അന്വേഷണ രംഗത്ത് അന്നത്തെ യു.ഡി.എഫ്. സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയെന്നുള്ള കാര്യത്തിൽ ഏറ്റവും വലിയ ഉദാഹരണമാണ് ഇത്. കേരളാ ഹൈക്കോടതിയിൽ ലതാ നായർക്ക് വേണ്ടി ആന്റിസിപ്പേറ്ററി ബെയിൽ മൂവ് ചെയ്യുമ്പോൾ കോടതി പോലീസിനോട് കേസ് ഡയറി ഹാജരാക്കാൻ പറഞ്ഞു. ആ കേസ് ഡയറിയുമായി വരുമ്പോഴാണ് രസകരമായ ഒരു കാര്യമുണ്ടായത്. അത് അന്നത്തെ കോട്ടയം വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടറുടെ ഡയറിൽനിന്നും ഒരു പേജ് കാണാനില്ല. കാണാനില്ലാത്ത പേജിലെ വാചകത്തിൽ ഉള്ളത്, ഈ കുട്ടിയുടെ വയസ്സുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. 18 വയസ്സ് കഴിഞ്ഞതാണെങ്കിൽ പ്രായപൂർത്തിയെന്ന് എഴുതും, 16-നും 18-നും ഇടയ്ക്കാണെങ്കിൽ കിഡ്നാപ്പിംഗ് ആകും. 16-ന് മുമ്പേയാണെങ്കിൽ റേപ്പ് ആകും. അപ്പോൾ റേപ്പ് അല്ലെങ്കിൽ കിഡ്നാപ്പിംഗ് ഒന്നും വരരുത് എന്ന് ബോധപൂർവ്വമായി പോലീസും അതിനുപിന്നിൽ പ്രവർത്തിച്ച ആളുകളും കൂടിച്ചേർന്ന് കേസ് ഡയറി അപ്രത്യക്ഷമാക്കുമ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറയുകയാണ് ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച അന്വേഷണ ഉദ്യോഗസ്ഥർ വരുത്തിക്കാണുന്നുവെന്നാണ്. അതുകൊണ്ട് ഇത് മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആദ്യമായി അഭിപ്രായം പറഞ്ഞത് കേരളാ ഹൈക്കോടതിയാണ്. അപ്പോൾ ആ പ്രശ്നത്തിൽ അന്നുതന്നെ യു.ഡി.എഫ്. സർക്കാരിന്റെ, പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളുണ്ട്. വനിതാ കമ്മീഷന്റെ മുമ്പാകെ കിട്ടിയ മൊഴി വേണ്ടരൂപത്തിൽ അന്നത്തെ ആഭ്യന്തര വകുപ്പിന് കൊടുത്തിരുന്നുവെങ്കിൽപ്പോലും പരാതി എടുക്കാത്തതിൽ അവർക്ക് യാതൊരു പ്രതിഷേധമോ, ഉൽക്കണ്ഠയോ ഇല്ല. ഇന്നിപ്പോൾ തിരിച്ച് അതെല്ലാം സൗകര്യപൂർവ്വം വിസ്മരിച്ചിട്ട് ഇപ്പുറത്ത് വന്ന് വി.ഐ.പി.-യുടെ സന്ദർശനമാണ് കുഴപ്പകാരണമെന്നു പറയുന്നു.

ശ്രീ. രാജു എബ്രഹാം: ഈ കേസ്സിനകത്ത് വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അന്നത്തെ ആഭ്യന്തര വകുപ്പുകൂടി കൈകാര്യം ചെയ്തിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി അറിയാതെയാണ് നഷ്ടപ്പെട്ടതെന്ന് തോന്നുന്നുണ്ടോ? അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. എൻ. വാസവൻ: ഇവിടെ സംസാരിച്ച കാര്യങ്ങൾ ഒക്കെ വച്ചിട്ടാണെങ്കിൽ അത്ര വിവാദപരമായ കേസിൽ ആഭ്യന്തര വകുപ്പ് അറിയാതെ പേജ് അപ്രത്യക്ഷമാകും എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ജനങ്ങളും വിശ്വസിക്കുന്നില്ല. വനിതാ കമ്മീഷൻ അംഗവും വിശ്വസിക്കില്ലെന്നാണ് ഈ കത്തിന്റെ ഉള്ളടക്കം. ഈ കത്തിനകത്ത് ഇതിൽ പ്രവർത്തിച്ച വലിയ ആളുകളെപ്പറ്റി കമലേടത്തി സൂചിപ്പിക്കുന്നുണ്ട്. കത്ത് മുഴുവൻ വായിച്ച് ഒരുപാട് സമയം മെനക്കെടുത്തുന്നില്ല. കമലേട്ടത്തി കൊടുത്ത രണ്ട് കത്തും എന്റെ കയ്യിലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: കത്തൊന്നും വേണ്ട.

ശ്രീ. വി. എൻ. വാസവൻ: ഈ പ്രശ്നത്തിൽ ഞാൻ സൂചിപ്പിച്ചുവന്നത്, വനിതാ കമ്മീഷനിൽ അംഗങ്ങൾ വരുമ്പോൾ അതിൽ രാഷ്ട്രീയത്തിന്റെ ദുരന്തവശങ്ങൾ എന്താണെന്നുകൂടി സഭ അറിഞ്ഞതുകൊണ്ടാണ് ഞാനെന്റെ ഭേദഗതിയിലേയ്ക്ക് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: വിശദീകരിച്ച സംഭവങ്ങളും രണ്ടുമൂന്ന് തവണ ഈ സഭയിൽ പ്രതിപക്ഷം നടത്തിയ അട്ടഹാസവും സമരവുമായി ബന്ധപ്പെട്ടുവരുമ്പോൾ പൊരുത്തപ്പെടാൻ കഴിയുന്നില്ല. അരിയും തിന്ന് ആളെയും കടിച്ച് വീണ്ടും നായ്ക്കാണ് മുറുമുറുപ്പ് എന്നുള്ള മട്ടിൽ ഇവരുടെ കാലത്ത് ഈ കൊള്ളരുതായ്മകൾ മുഴുവൻ കാണിച്ച് ഒരു പെൺകുട്ടിയെ കൊണ്ടുപോയി കടിച്ചുകീറി മാനഭംഗപ്പെടുത്തി കുഴിച്ചുമൂടിയശേഷം ഇവിടെവന്ന് ഇപ്പുറത്തിരിക്കുന്നവരാണ് പ്രതിയെന്നുപറയുന്ന നടപടിക്രമമല്ലേ കഴിഞ്ഞ മൂന്നുനാല് ദിവസമായി നടന്നുവരുന്നത്. ഇവരുടെ പറച്ചിൽകേട്ടാൽ തോന്നും ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഗർഭമുണ്ടാക്കിയാണ് കുട്ടി മരിച്ചതെന്ന്. എത്ര നാണംകെട്ട ഇടപാടാണ് ഈ പ്രതിപക്ഷം സ്വീകരിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ്: ഈ പറഞ്ഞതൊക്കെ ശരിയാണ്. പക്ഷേ അത് ഞങ്ങളോടല്ല ചോദിക്കേണ്ടത്. നാളെ വരുമ്പോൾ ഒന്നാം നമ്പർ സീറ്റിലേയ്ക്ക് നോക്കിയാണ് ചോദിക്കേണ്ടത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ഒന്നാം നമ്പർ സീറ്റും രണ്ടാം നമ്പർ സീറ്റുമല്ല ഇവിടെ പ്രസക്തമായ പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറിനെ പ്രതിയാക്കാൻ വേണ്ടിയാണ് നിങ്ങൾ നിരന്തരമായി പ്രചാരവേല നടത്തുന്നത്. അവർ രാജിവയ്ക്കണമെന്നു പറഞ്ഞ് തെരുവിലിറങ്ങി സമരം നടത്തുകയാണ്. എത്ര നാണംകെട്ട ഒരു പണിയാണ് നിങ്ങൾ നടത്തുന്നത്. വി.ഐ.പി. പ്രശ്നം എന്നുപറഞ്ഞാൽ വി.ഐ.പി. ആരാണെന്ന് ഒന്നാം നമ്പർ സീറ്റിലിരുന്ന ആൾ പറഞ്ഞിട്ടുണ്ടോ? ആര് ആശുപത്രിയിൽ സീരിയസ്സായി കിടന്നാലും രോഗികളെ കാണാൻ ആളുകൾ ചെന്നാൽ ഡോക്ടർമാർ പറയും ഇങ്ങനെ കൂടുതൽ ആളുകൾ വന്നുകാണുന്നത് രോഗിയുടെ സമനില തെറ്റാനിടയാകും അതുകൊണ്ട് കാണേണ്ട എന്ന്. ഇവിടെ ഇപ്പോൾ വി.ഐ.പി.-യെന്നാണ് പറയുന്നത്. അന്ന് ആരാണ് വി.ഐ.പി.? ഈ സംസ്ഥാനം ഭരിച്ചത് അവരല്ലേ? സംസ്ഥാനം ഭരിച്ച നേതാക്കന്മാർ അവിടെ പോയിട്ടില്ലേ? അവരെല്ലാം വി.ഐ.പി. അല്ലേ? ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ വി.ഐ.പി. ആണെന്ന് ആരു പറഞ്ഞു. പറഞ്ഞിട്ടേയില്ല. ആ കുട്ടിയുടെ അച്ഛൻ പോലും പറഞ്ഞിട്ടില്ല. ആ കുട്ടിയുടെ അച്ഛനിപ്പോൾ എഴുതിക്കൊടുത്തതിൽ പറഞ്ഞിരിക്കുന്നത്, ഞാൻ ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ വി.ഐ.പി.യാണെന്ന് പറഞ്ഞിട്ടില്ലെന്നാണ്. നിങ്ങളാണ് ആ കെട്ടുകഥയുണ്ടാക്കുന്നത്. വാദി തന്നെ പ്രതിയാകുകയാണ്. ഇവിടെ വാദിയെ പ്രതിയാക്കാനാണ് നിങ്ങളുടെ പരിശ്രമം.

ശ്രീ. കെ. ബാബു: ഞങ്ങളോട് പറയേണ്ട. ഇവിടെ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞു, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറാണ് ആ കുട്ടിക്ക് ഗർഭമുണ്ടാക്കിയതെന്ന്. അദ്ദേഹത്തിന് അത്രയും വലിയ തലയാണെന്ന് എനിക്കറിയാം. എന്നാൽ ഇത്രയും വലിയ കണ്ടുപിടിത്തം നടത്തുമെന്ന് എനിക്ക് മനസ്സിലായില്ലായിരുന്നു. ..(ബഹളം)...... നിങ്ങളുടെ കൂടെയുള്ള സ്ത്രീകളുടെ കപ്പാസിറ്റി ഞങ്ങൾക്ക് അറിഞ്ഞുകൂടല്ലോ? അത് ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞപ്പോൾ മനസ്സിലായി.

ശ്രീ. വി. എൻ. വാസവൻ: ശാരി എസ്. നായരെ ഒരു വർഷക്കാലത്തിലധികം കുമിളിയിലും അതുപോലെതന്നെ കേരളത്തിന്റെ പല പ്രദേശങ്ങളിലും കൊണ്ടുപോയി പീഡിപ്പിക്കുക, കേരളത്തിനകത്തു മാത്രമല്ല പളനിയിലും കൊണ്ടുപോയി പീഡിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ആ കുട്ടിയുടെ രക്ഷിതാക്കളും നൽകിയിട്ടുള്ള മൊഴിയിൽ പറയുന്നത്. അങ്ങനെ ഒരു വർഷത്തിലുടനീളം ഈ പ്രായപൂർത്തിയാകാത്ത കുട്ടിയെ പീഡിപ്പിക്കുകയും ഗർഭിണിയാക്കുകയും ചെയ്തു. മതിയായ ചികിത്സ പോലും കൊടുക്കാത്ത നിലയിലായപ്പോഴാണ് അത് കേരളത്തിന്റെ സജീവ ശ്രദ്ധയിൽപ്പെട്ടത്. അതിനെല്ലാം നേതൃത്വം കൊടുത്ത ഒരു നായരുണ്ട്. ലതാ നായർ. ആ ലതാ നായർ, കേസ് വന്നപ്പോൾ ഒളിവിൽ പോയി. മാവേലിക്കരയിലെ സച്ചിൻമയി ആശ്രമത്തിലാണ് അവർ ഒളിച്ചിരുന്നത് എന്നാണ് ലതാ നായരുടെ കുറ്റസമ്മതമൊഴിയിൽ പറയുന്നത്. കെ.പി.സി.സി.-യുടെ ഉന്നതൻമാരുമായി ബന്ധമുള്ള ആശ്രമമാണ് ലതാ നായർക്ക് സംരക്ഷണം കൊടുത്തത് എന്നുള്ള കാര്യം .......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വാസവൻ, അങ്ങയുടെ പ്രസംഗം വനിതാ കമ്മീഷൻ ബില്ലിലേയ്ക്ക് കൊണ്ടുവരിക.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ വനിതാ കമ്മീഷൻ അംഗങ്ങൾ തിരിച്ചുകൊടുത്ത മൊഴിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണിവിടെ സൂചിപ്പിക്കുന്നത്. അത് വനിതാ കമ്മീഷനുമായി ബന്ധപ്പെട്ട കാര്യം തന്നെയാണ്. ഇവിടെ എടുത്ത് സൂചിപ്പിക്കുവാനുള്ളത് ശ്രീമതി ടീച്ചറിനെ ഒരു വി.ഐ.പി. പ്രയോഗത്തിലൂടെ പ്രതിയാക്കുവാൻ ശ്രമിക്കുന്നതിന് മറ്റൊരു ഉദ്ദേശം കൂടിയുണ്ട്. ഭാവിയിൽ ഇത്തരത്തിൽ എവിടെയെങ്കിലും ഒരു സ്ത്രീ പീഡിപ്പിക്കപ്പെട്ടാൽ, ആ പീഡനത്തിനെതിരായി ഒരു കലാപമുണ്ടാക്കാനോ ബഹളമുണ്ടാക്കാനോ ജനാധിപത്യ മഹിളാ അസ്സോസിയേഷനോ ശ്രീമതി ടീച്ചറോ വന്നുകൂടാ, ഞങ്ങൾക്ക് ഇതിനുള്ള അവകാശം കിട്ടണമെങ്കിൽ ശ്രീമതി ടീച്ചറെ കൈകാര്യം ചെയ്ത് തീർക്കണമെന്നുള്ള ലക്ഷ്യം കൂടി ഇതിന്റെ പിന്നിലുണ്ട്. അതാണ് വിഷയം. അത്തരമൊരു നീക്കം ഇതിന്റെ പിന്നിൽ നടക്കുന്നതിന്റെ ഭാഗമായിട്ടാണ് വി.ഐ.പി. പ്രയോഗം വന്നത്. അല്ലെങ്കിൽ എങ്ങനെയാണ് ഇതിലെ പ്രതികളെല്ലാം പകൽ പോലെ തെളിയുന്ന രൂപത്തിൽ മൊഴി തന്നതിനുശേഷവും.... മറ്റൊരു ഞെട്ടിപ്പിക്കുന്ന കാര്യംകൂടി പറയാനുള്ളത്, ഈ കുട്ടി മരിച്ചുകഴിഞ്ഞപ്പോൾ കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടത്തിനു വന്ന ഒരു കൂട്ടം ആളുകൾ കുട്ടിയെ ദഹിപ്പിക്കണമെന്നു പറഞ്ഞു. ഞാൻ ആ സമയത്ത് ആ രംഗത്തുണ്ട്. ഞാൻ പറഞ്ഞു, ഒരു കാരണവശാലും ഈ കുട്ടിയുടെ ബോഡി കത്തിക്കാൻ പാടില്ല. അങ്ങനെ കത്തിച്ചാൽ ഞങ്ങൾ ബലം പ്രയോഗിച്ച് ഇതിനെ തടയും. ഞാനും ഇന്നത്തെ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. പി. സുഗുണനും കൂടി അതിന്റെ മുന്നിൽ ചാടി വീണാണ് യഥാർത്ഥത്തിൽ ആ ദഹന പ്രക്രിയയിൽ നിന്ന് അവരെ പിൻതിരിപ്പിച്ചത്. എന്തായിരുന്നു അതിന്റെ ഉദ്ദേശം? അതുപോലെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് വാങ്ങിച്ച് കൊണ്ടുപോയതിന്റെ ഉദ്ദേശം എന്താണ്? ഇതിന്റെ പുറകിൽ, ഓരോ സ്റ്റെപ്പും ഇത്തരത്തിൽ നീക്കുമ്പോൾ, ലതാ നായരെ പിടികൂടി ആരാണ് അടിമാലി കോടതിയിൽ ഹാജരാക്കിയത്. ശ്രീ. റോഷി അഗസ്റ്റിന് അറിയാമല്ലോ. വേറെയാരുമായിരുന്നില്ല. കേരളാ കോൺഗ്രസ്സിന്റെ ഒരു അഡ്വക്കേറ്റ്, മാണി ഗ്രൂപ്പിന്റേയും ആളാണ് അടിമാലി കോടതിയിൽ ഈ കക്ഷിയെ ഹാജരാക്കുന്നത്. ഇപ്പോഴും ആ രംഗത്ത് അത്തരം കാര്യങ്ങളെല്ലാം, അവർക്ക് ഉള്ളറ രഹസ്യങ്ങളും അണിയറ സൗകര്യങ്ങളും ഉണ്ടാക്കി കൊടുത്തവർ തിരിച്ചുവന്ന് ശ്രീമതി ടീച്ചറുടെ മെക്കിട്ടു കയറുന്നു. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു രസകരമായ സംഭവം, ഞങ്ങൾ കോട്ടയത്ത് ഒരു സമരപരിപാടിയിൽ ശ്രീമതി ടീച്ചറിനെ ക്ഷണിച്ചു. അത്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ഘാടനം ചെയ്യാൻ വന്നപ്പോഴാണ് ഈ കുട്ടിയുടെ ദുരവസ്ഥയറിഞ്ഞത്. അത്തരമൊരു പ്രശ്നം ഇനി ഉണ്ടായിക്കൂടാ, ഒന്നു സന്ദർശിച്ചു പോകാം, അങ്ങനെയാണ് പോകാൻ ഇടവരുന്നത്. പോകുമ്പോഴാകട്ടെ അവിടത്തെ ജനാധിപത്യമഹിളാ അസ്സോസിയേഷന്റെ നേതാക്കൻമാരും അതുപോലെ അവിടത്തെ നഴ്സിംഗ് സൂപ്രണ്ടുമാരും സ്റ്റാഫും എല്ലാപേരും ശ്രീമതി ടീച്ചറോടൊപ്പം ഈ കുട്ടിയെ കാണാൻ രംഗത്തുണ്ട്. അതു കഴിഞ്ഞതിനുശേഷം ബഹുമാന്യനായ ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി, അന്നത്തെ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വന്നു. അതുപോലെതന്നെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നു. അതുകഴിഞ്ഞ് ഈ വി.ഐ.പി.-യെ സംബന്ധിച്ച് ഒരു പ്രയോഗമുണ്ടായപ്പോൾ, പത്രക്കാരെല്ലാം അത് വല്ലാത്ത രീതിയിൽ കൊടുത്തു. രണ്ടുനാൾ കഴിഞ്ഞപ്പോൾ സഖാവ് പിണറായി വിജയൻ അവിടെയെത്തി. അദ്ദേഹം ഈ ആശുപത്രിയിൽ പോകുന്ന കൂട്ടത്തിൽ, ഞാനുമുണ്ടായിരുന്നു; അവിടെച്ചെന്ന് രോഗിയെ സന്ദർശിച്ച ശേഷം ആ കുട്ടിയുടെ അച്ഛനേയും അമ്മയേയും അവിടത്തെ ഡോക്ടർമാരേയും മറ്റെല്ലാ സ്റ്റാഫിനേയും വിളിച്ച് മുഴുവൻ മാധ്യമങ്ങളുടേയും സാന്നിദ്ധ്യത്തിൽ സഖാവ് പിണറായി വിജയൻ ഒരു കാര്യം ചോദിച്ചു. പത്രങ്ങളിൽ ഇങ്ങനെയൊരു വിവാദം കണ്ടല്ലോ. ഒരു വി.ഐ.പി. വന്നപ്പോൾ കുട്ടിക്ക് അസ്വസ്ഥത ഉണ്ടായിയെന്നു പറയുന്നു. അപ്പോൾ ഡോക്ടർ ശങ്കർ അന്ന് മറുപടി പറഞ്ഞത് ഞാൻ അങ്ങനെ ഒരു വി.ഐ.പി. എന്ന രൂപത്തിൽ പറഞ്ഞിട്ടില്ല. മറിച്ച് വലിയ വലിയ ആളുകളെ കാണുമ്പോൾ കുട്ടിക്ക് ഫെയ്സ് ചെയ്യാൻ മന:പ്രയാസമുണ്ട്. ഇങ്ങനെ വരുന്ന കുട്ടിക്ക് അത് സ്വാഭാവികമാണ് എന്നു മാത്രമേ ഞാൻ ഉദ്ദേശിച്ചുള്ളു. അതാണ് ഞാൻ പറഞ്ഞത്. ആ കാര്യം തന്നെയാണ് ഡോക്ടർ ഇപ്പോഴും കോടതി പറഞ്ഞതനുസരിച്ച് ഡിവൈ.എസ്.പി.-യുടെ മുമ്പാകെ കൊടുത്തിരിക്കുന്ന മൊഴി. അദ്ദേഹം സ്വകാര്യ ആശുപത്രിയിലെ ഡോക്ടറാണ്. ഞങ്ങൾക്കാർക്കും ഒരു ബന്ധവുമുള്ളതല്ല. അതേസമയത്ത് പഴയ തങ്കമണി കേസിലെ തമ്പാനാണ് ആ ഹോസ്പിറ്റലിലെ മാനേജരായി ഇപ്പോൾ പ്രവർത്തിക്കുന്നത്. ആ രംഗത്ത് ഞാൻ സൂചിപ്പിച്ചത്, യഥാർത്ഥത്തിൽ ഈ സംഭവത്തെക്കുറിച്ച് അന്നുതന്നെ പത്രങ്ങളെല്ലാം വിശദീകരിച്ചെങ്കിൽപ്പോലും അതെല്ലാം മറച്ചുപിടിച്ച് വീണ്ടും ഒരു വി.ഐ.പി. പ്രയോഗം.....

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇതിൽ ശ്രീമതി ടീച്ചറുടെ പേര് ശ്രീ. വി. എൻ. വാസവൻ ഉയർത്തികാട്ടിയിട്ടുള്ള രേഖയിൽ എവിടെയെങ്കിലും ഉണ്ടോ? ശാരി കൊടുത്തിട്ടുള്ള മൊഴിയിൽ ഈ പറയുന്ന വി.ഐ.പി.-കളിൽ ഇന്ന് ഭരണകക്ഷിയിലുള്ള ഏതെങ്കിലും വി.ഐ.പി. ഉണ്ടോ? ശ്രീമതി ടീച്ചറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം രണ്ടാമത് കുത്തിപ്പൊക്കിയത് 2007 ആഗസ്റ്റ് 15-ന് ജയ്ഹിന്ദ് ടി.വി.-യാണ്. ശാരി കുട്ടിയെ പ്രസവിക്കുന്നത് 2004 ആഗസ്റ്റ് 15-ന് ആണ്. ആഗസ്റ്റ് 15-ഉം ഇതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: ഇതിൽ അങ്ങ് സൂചിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ വി.ഐ.പി.-യെ സംബന്ധിച്ച് ഒരു സ്ഥലത്തും ശ്രീമതി ടീച്ചറുടെ പേര്, കുട്ടിയുടെ മൊഴിയിലോ കുട്ടിയുടെ അച്ഛനമ്മമാരുടെ മൊഴിയിലോ, അന്ന് വനിതാ കമ്മീഷൻ അംഗമായിരുന്ന ലിസ്സിക്കു കൊടുത്ത മൊഴിയിലോ, കമ്മീഷനിലെ മറ്റ് അംഗങ്ങൾക്ക് കൊടുത്ത മൊഴിയിലോ, എവിടേയും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

....(ബഹളം)... അങ്ങ് ചോദിച്ചത് മൂന്ന് കാര്യങ്ങളാണ്. അതിൽ ഒന്നാമത്തെ കാര്യം ഈ മൊഴിയിൽ എവിടെയെങ്കിലും ശ്രീമതി ടീച്ചറുടെ പേര് കുട്ടിയോ, കുട്ടിയുടെ അച്ഛനമ്മമാരോ ഒരു സ്ഥലത്തും രേഖപ്പെടുത്തിയിട്ടില്ല. ഈ വനിതാ കമ്മീഷൻ അംഗങ്ങളുടെ മുന്നിലോ, പോലീസിലോ മറ്റെവിടെയെങ്കിലുമോ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാമത്, ഭരണകക്ഷിയിലെ ഏതെങ്കിലും വി.ഐ.പി.-മാരുടെ പേര് പറഞ്ഞിട്ടുണ്ടോ? അന്നത്തെ ഭരണകക്ഷിയിലെ, ഇന്നത്തെ പ്രതിപക്ഷത്തെ ആളിന്റെ പേര് പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞിട്ടുള്ള പേര് എന്റെ മാന്യതകൊണ്ട് ഞാൻ സഭയിൽ പറയുന്നില്ല. സഭാരേഖകളിൽ വരുന്നതല്ലേ. അത് അന്വേഷണ ഉദ്യോഗസ്ഥർ തീരുമാനിക്കട്ടെ. ഇതിനകത്ത് ആളിന്റെ പേരുണ്ട്. പക്ഷേ ഞാൻ പറയുന്നത് ശരിയല്ല. അത്തരത്തിലൊരു കാര്യം ഇതിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്. മൂന്നാമത്തെ കാര്യം അങ്ങ് ചോദിച്ചത്, ജയ്ഹിന്ദ് ചാനലിനുവേണ്ടി ഒരു തിരക്കഥയുണ്ടാക്കാൻ കുറെ ദിവസങ്ങളായി ഇവിടെ ഒരു ശ്രമം നടന്നുവരുന്നു. കോൺഗ്രസ്സിന്റെ ചാനലായിട്ടുള്ള ജയ്ഹിന്ദ് ചാനലിനുവേണ്ടി ഒരു എക്സ്ക്ലൂസീവ് വാർത്തയുണ്ടാക്കാൻ വേണ്ടി, അവിടെ ഒരു നാടകം നടന്നു. അതിനുവേണ്ടി രാജു എന്ന കക്ഷിയെ ആക്ഷൻ കൗൺസിൽ കൺവീനറാക്കുകയാണ്. ആക്ഷൻ കൗൺസിൽ കൺവീനറായി വരുന്ന ആളാകട്ടെ, അദ്ദേഹം നേരത്തെ പോയി അവിടത്തെ ഒരു ചാനലിന്റെ പ്രതിനിധിയോട് ചോദിച്ചു, എനിക്കൊരു വാർത്താസമ്മേളനം ഇതുമായി ബന്ധപ്പെട്ട് നടത്തണമെങ്കിൽ എന്തു വേണം എന്ന്. അപ്പോൾ ചാനലിന്റെ പ്രതിനിധി പറഞ്ഞു നീയൊരു കാര്യം ചെയ്യണം. അവിടെപ്പോയി ആക്ഷൻ കൗൺസിൽ ഉണ്ടാക്കി ഒരു കൺവീനറാണെന്ന് പ്രഖ്യാപിക്കുക. അവിടെ അങ്ങനെയൊരു ആക്ഷൻ കൗൺസിലും ഉണ്ടായിട്ടില്ല. ആരും കൂടിയിട്ടുമില്ല. എന്നാൽ ശ്രീ. രാജു ആക്ഷൻ കൗൺസിൽ കൺവീനറാണെന്ന് പ്രഖ്യാപിച്ചതിനുശേഷം കൺവീനറാണെന്നു പറഞ്ഞിട്ട് ഒരു വാർത്ത കൊടുക്കുകയും, ഏറ്റുമാനൂർ കോടതിയിൽ പോയി ഒരു കേസ് ഫയൽ ചെയ്യുകയും ചെയ്തു. അതിനു മുൻപ് തന്നെ കുറെ ആളുകളെക്കൂടി ചേർത്തുകൊണ്ട് എന്തൊക്കെ വേണമെങ്കിലും ചെയ്തുകൊടുക്കാം എന്ന രൂപത്തിൽ തിരുവനന്തപുരത്ത് പോകണമെന്നും ഈ ചാനലിനുവേണ്ടി ഒരു അഭിമുഖം കൊടുക്കണമെന്നും പറഞ്ഞു. പക്ഷേ എന്നിട്ടും ഒരു ചാനലിനും ശ്രീമതി ടീച്ചറാണ് വി.ഐ.പി. എന്നും പറഞ്ഞ് അഭിമുഖം കൊടുത്തിട്ടില്ല. എന്നു മാത്രവുമല്ല, ഞങ്ങൾ ഇങ്ങനെ പറഞ്ഞിട്ടില്ലായെന്ന് ചാനലിന്റെ മുൻപാകെ വ്യക്തമായി പറയുകയും ചെയ്തു. എന്നിട്ടും അത് വളച്ചൊടിച്ച് ലെറ്റർ എഴുതിപ്പിച്ചിട്ടാണ് ഇവിടെ കൊണ്ടുവന്ന് വീണ്ടും ശ്രീമതി ടീച്ചറിനെ പ്രതിക്കൂട്ടിലാക്കുവാൻ കഴിയുമോയെന്ന് പരിശ്രമിക്കുന്നത്. അവിടെയാണ് ഞാൻ പറഞ്ഞത്, ഒരു സ്ത്രീയെ-അതും കേരളത്തിലെ ഏറ്റവും കുടുതൽ ജനസ്വാധീനമുള്ള ഒരു മഹിളാ അസ്സോസിയേഷന്റെ നേതാവ്, സാമൂഹ്യ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന, ഒരു വീരാംഗനയെപ്പോലെ സമരമുഖങ്ങളിൽ നിന്ന് അടരാടിയിട്ടുള്ള, ആ സ്ത്രീയെ-ഇത്തരത്തിൽ പീഡിപ്പിക്കുവാൻ വേണ്ടി മുന്നോട്ടുവന്നതിന്റെ പേരിൽ, മഹിളാ കോൺഗ്രസ് നേതാക്കൻമാരുടെ പേരിൽ, റൂൾ 498 അനുസരിച്ച് സ്ത്രീ പീഡനത്തിന് കേസ് എടുക്കണമെന്ന് ആദ്യം സുചിപ്പിക്കുവാൻ കാരണം. യഥാർത്ഥത്തിൽ അവരെ പീഡിപ്പിക്കുന്ന തരത്തിൽ വാർത്തകളുണ്ടാക്കുവാൻ ഗൂഢാലോചന നടത്തുകയാണ്.. ഇനി ശ്രീ. കെ. ബാബു പറഞ്ഞോളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: വി.ഐ.പി. പ്രശ്നം കേരളത്തിൽ ഉയർത്തിക്കൊണ്ട് വന്നത് ഞങ്ങളാരുമല്ലെന്ന് എല്ലാപേർക്കും അറിയാം. ഈ നിയമസഭയിൽ പ്രതിപക്ഷനേതാവിന്റെ കസേരയിലിരുന്നുകൊണ്ട്, വി.ഐ.പി. പ്രശ്നം ഏറ്റവും കൂടുതൽ ഉയർത്തിക്കൊണ്ടു വന്നതും, അതുമായി ബന്ധപ്പെട്ട ഒരു ബുക്ക് തന്നെ എഴുതിയതും ബഹുമാനപ്പെട്ട നമ്മുടെ മുഖ്യമന്ത്രിയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരുപാട് കാമ്പെയിൻ ചെയ്ത വിഷയം അതായിരുന്നു. അധികാരത്തിൽ വന്നാൽ, ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ വി.ഐ.പി.-യെ പിടിക്കുമെന്ന് പറഞ്ഞത് ആരാണ്? മുഖ്യമന്ത്രി തന്നെയാണ്. ഞങ്ങളാരുമല്ല. ഇപ്പോൾ ഒരു കത്തെഴുതി വാങ്ങി കൈയിൽ വച്ചുകൊണ്ട് ശ്രീമതി ടീച്ചറിനെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത് ആരാണ്? ഞങ്ങളാണോ? ശ്രീമതി ടീച്ചറുടെ പേര് ഉൾപ്പെടെയുള്ള ഒരു പരാതി .... ഇവിടെ ......വെള്ളിയാഴ്ച ......ഞാൻ പറഞ്ഞ് പൂർത്തിയാക്കട്ടെ. ..(ബഹളം) ....ഇപ്പോൾ ഞാനല്ലേ സംസാരിക്കുന്നത്. ഞാൻ ചോദിക്കുന്നത് കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ അടിയന്തിര പ്രമേയത്തിൽ ഒരു വിഷയം വന്നു. ആ കാര്യത്തിലും മുഖ്യമന്ത്രി മറുപടി പറഞ്ഞത് മുഴുവൻ ഈ കേസാണ്. ഞങ്ങൾ എത്ര ക്ഷമിച്ചാലും നിങ്ങളുടെ മുഖ്യമന്ത്രി ഈ വിഷയത്തിൽ നിങ്ങളെ വിടുന്ന പ്രശ്നമില്ല. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അതിന് ഞങ്ങളെ കുറ്റം പറയുന്നത് എന്തിനാണ്? ഞങ്ങൾ വനിതാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കളക്ടറേറ്റിലും സമരം നടത്തിയിട്ടുണ്ട്. ഞങ്ങൾ വിട്ടിട്ടില്ലല്ലോ. പിന്നെ ചർച്ചയിൽ പങ്കെടുക്കുന്നത് ശരിയാണോ എന്നു ചോദിച്ചാൽ നിയമസഭയിലുള്ള അവസരം ഉപയോഗപ്പെടുത്തണ്ടേ. ശ്രീ. ജയരാജൻ ആദ്യമേ ശ്രമിക്കുന്നത് ശ്രീ. ഇ. പി. ജയരാജനോടുള്ള വഴക്ക് ശ്രീമതി ടീച്ചറിനോട് തീർക്കാനാണ്. ഞങ്ങൾക്ക് ആ ഒരു ഉദ്ദേശമില്ല.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വി.ഐ.പി പ്രശ്നം സംബന്ധിച്ച് മഹിളാ കോൺഗ്രസ് പ്രവർത്തകർ ധർണ്ണ നടത്തുകയാണ്. ശാരി കൊടുത്ത മൊഴിയിൽ വി.ഐ.പി.-യുടെ പേര് ഞങ്ങളെക്കൊണ്ട് പറയിച്ചേ നിങ്ങൾ അടങ്ങൂ..................... പറയിപ്പിക്കണോ?

ശ്രീ. വി. എൻ. വാസവൻ: നിങ്ങൾ പറഞ്ഞ കാര്യത്തിൽ ഏതായാലും ചോദ്യം ഒന്നും കേട്ടില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: വനിതാ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട്, അതിന്റെ അധികാരം വിനിയോഗിക്കുന്നതുമായി ബന്ധപ്പെടുത്തി പോരായ്മകളാണ് പ്രധാനമായും പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അവരുടെ പ്രസംഗം എല്ലാം കേൾക്കുമ്പോൾ സൂര്യനെല്ലി മുതൽ കിളിരൂർ വരെയുള്ള കേസ്സുകളിൽ കോൺഗ്രസിന്റെയും അവരുടെ നേതാക്കൻമാരുടെയും നിർണ്ണായക പങ്കു പരിശോധിച്ചാൽ അവരുടെ പ്രസംഗവും അതേ സമയം അവരുടെ പ്രവർത്തിയും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്ന് കാണാൻ കഴിയും. അവർ ചെയ്യുന്ന മോശമായ കാര്യങ്ങൾ നിയന്ത്രിക്കാൻ വേണ്ടി നടത്തുന്ന നടപടിയാണിതെന്ന് മനസ്സിലായില്ലേ? ................(ബഹളം)

ശ്രീ. വി. എൻ. വാസവൻ: സൂര്യനെല്ലി കേസിലെ കക്ഷികളെയൊക്കെ ഞാൻ പറയാം. ശ്രീ. കെ. ബാബു ഇക്കാര്യത്തിൽ ഉന്നയിച്ച വി.ഐ.പി. ഒരാൾ ഉണ്ട്, ശരിയാണ്. അദ്ദേഹം ഇപ്പോൾ പ്രതിപക്ഷത്താണിരിക്കുന്നത്. അതാണ് പ്രശ്നം. അത് ആരാണെന്ന് ഞാൻ പറയുന്നില്ല. ആളുടെ പേര് രേഖയിൽ വരുന്നത് മോശമാണല്ലോ. മുഖ്യമന്ത്രി ഇതേ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞു 'അന്ന് ഡോക്ടർ പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്' എന്ന്. ഡോക്ടറുടെ മൊഴി ഇപ്പോൾ പോലീസിന്റെ മുൻപാകെ വന്നു കഴിഞ്ഞു. ഇങ്ങനെ പ്രമുഖരായ ആളുകൾ വരുമ്പോൾ കുട്ടിക്ക് അസ്വസ്ഥതയുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങനെയാണ് ഡോക്ടർ മൊഴികൊടുത്തത്. അങ്ങനെ ഡോക്ടർ പറഞ്ഞിട്ടുപോലും നിങ്ങൾ വീണ്ടും വനിത എന്ന പരിഗണന പോലും കൊടുക്കാതെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ മാനസികമായി പീഡിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇത്തരത്തിൽ പീഡിപ്പിക്കുന്ന കുറ്റത്തിന് മഹിളാ കോൺഗ്രസിന്റെ പേരിൽ നടപടി സ്വീകരിക്കണം. കേസ് എടുക്കണമെന്ന് ഞാൻ പറയുകയാണ്. ഇവിടെ നിങ്ങൾ സൂചിപ്പിച്ച ധർമ്മരാജന്റെ കാര്യം... ഏത് ഗവൺമെന്റിന്റെ കാലത്താണ് സൂര്യനെല്ലി കേസുണ്ടായത്. നിങ്ങൾക്കറിയാം യു.ഡി.എഫ്. കേരളം ഭരിച്ചിരുന്ന കാലത്താണ്. അന്ന് കേസിൽ വേണ്ടത്ര നടപടി എടുക്കാതിരുന്നു. അതിനുശേഷം സഖാവ് നായനാർ മുഖ്യമന്ത്രി ആയി എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ശ്രീ. സിബി മാത്യു എന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. ആ കേസന്വേഷണത്തിലാണ് നിങ്ങളുടെ ഡി.സി.സി സെക്രട്ടറി ജേക്കബ് സ്റ്റീഫനെയടക്കം കൈയാമം വച്ച് കൽത്തുറുങ്കിലടയ്ക്കുന്ന സാഹചര്യം ഉണ്ടായത്. നിങ്ങൾ മറ്റൊരു കാര്യം വിശദീകരിച്ചിരുന്നു. ധർമ്മരാജൻ അതിലെ പ്രതിയാണ്. അതിലെ പ്രതികളെ സംരക്ഷിച്ചത് യു.ഡി.എഫ്.ലെ ഉന്നതരായ നേതാക്കൻമാരായിരുന്നു. അതുപോലെ പീഡന കേസ്സുകളിലെ പൊതു ചിത്രം പരിശോധിച്ചാൽ, കിളിരൂർ കേസായാലും സൂര്യനെല്ലി കേസായാലും പന്തളം കേസായാലും ശരി, അതിന്റെ മുകളിലേയ്ക്ക് പോയി സുശീൽ ശർമ്മ നയ്നാ സാഹ്നി എന്ന പെൺകുട്ടിയെ തന്തൂരി ചിക്കൻ ചുടുന്ന പോലെ ചുട്ടുതിന്നതായാലും ശരി, ഇത്തരം പീഡനങ്ങളിൽ പ്രതിയാവുന്ന കാര്യത്തിൽ മുൻപിൽ യോഗ്യത നിങ്ങൾക്കുതന്നെയാണ്. അതിന് യാതൊരു സംശയവും വേണ്ട. അതേ സമയം ഇവിടെ ഈ രംഗത്ത് കാണുന്നത് നിയമത്തിന്റെ മുൻപിൽ കുറ്റവാളികളെ കൊണ്ടുവരുന്നതിന് വേണ്ടി ........(ബഹളം) ... പ്രധാനമായി വി.ഐ.പി. പ്രശ്നവുമായി ബന്ധപ്പെട്ട പെൺകുട്ടിയുടെ മൊഴിയിൽ വനിതാ കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിച്ചത് രണ്ടുതരം സമീപനമാണ്. അതാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. നേരത്തെ മൊഴിയിൽ സൂചിപ്പിച്ച കാര്യമാണ്. മെഡിക്കൽ കോളേജിൽ ഞങ്ങൾക്ക് ആവശ്യമായ ചികിത്സ ലഭിച്ചില്ല എന്നുമാത്രമല്ല ഇതിൽ ഒത്തിരി ദുരൂഹത നിലനിൽക്കുന്നു-ആ കുട്ടിയുടെ മൊഴിയാണ്. അതുപോലെ ആ കുട്ടിയെ കൊണ്ടുപോയ സ്ഥലങ്ങളെക്കുറിച്ചെല്ലാം ഇവിടെ സൂചിപ്പിച്ചു. പോലീസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ശരിയല്ല. യഥാർത്ഥ പ്രതികളെ പിടിക്കാൻ കഴിയുന്നില്ല. ആ കുട്ടി കൊടുത്ത മൊഴിയുടെ ഭാഗമായി അത് വനിതാ കമ്മീഷന് കൊടുത്തു കഴിഞ്ഞിട്ടും എന്തുകൊണ്ടാണ്......

ശ്രീ. കെ. സി. ജോസഫ്: ഇത് മുഖ്യമന്ത്രിക്ക് 21-8-2007-ൽ സുരേന്ദ്രകുമാർ നൽകിയ കത്താണ്. ആ കത്തിനകത്ത് പറയുന്നത്, ആ കൂട്ടത്തിൽ പി. കെ. ശ്രീമതി ടീച്ചർ മാത്രമാണ് മകളെ അകത്തുകയറി കണ്ടത്. അവരുടെ സന്ദർശനം കഴിഞ്ഞ് എന്റെ മകൾ അസ്വസ്ഥയാവുകയും അവൾക്ക് ശ്വാസതടസ്സവും നെഞ്ചുവേദനയും ഉണ്ടാവുകയും ചെയ്തു. ഞങ്ങൾ പറഞ്ഞത് ഈ കത്തിൽ പറയുന്നതാണ്.................(ബഹളം)......

ശ്രീ. ആനത്തലവട്ടം ആനന്ദൻ: വി.ഐ.പി. ശ്രീമതി പി. കെ. ശ്രീമതിയാണെന്ന് പറഞ്ഞിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ, ഇത് ആ കത്തിന്റെ കോപ്പിയാണ്. ഈ കത്തിൽ പറയുന്നത്, ശ്രീമതി ടീച്ചറും ജോസഫൈനും കൂടി മെഡിക്കൽ കോളേജിൽ പോയി. ടീച്ചർ മാത്രം അകത്ത് കയറി ശാരിയെക്കണ്ടു. അതിനുശേഷമാണ് എന്റെ മകൾ അസ്വസ്ഥയായത് എന്നു പറഞ്ഞാൽ അർത്ഥം എന്താണ്? ഞങ്ങൾ സാമാന്യ മര്യാദയ്ക്ക് വിമൻസ് കമ്മീഷൻ ബില്ലിന്റെ ചർച്ചയിൽ ഇക്കാര്യം പറയാതിരിക്കുകയായിരുന്നു. നിങ്ങൾ അത് കുത്തിപ്പൊക്കി കമ്മീഷൻ ചർച്ചയിൽ ഇക്കാര്യം പറഞ്ഞ് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറെ വലിച്ചിഴക്കുന്നതെന്തിനാണെന്നറിയില്ല.

ശ്രീ. പി. ജയരാജൻ: ശ്രീ. വാസവൻ വായിച്ചത് വനിതാ കമ്മീഷൻ മുൻപാകെ അന്നത്തെ ചെയർപേഴ്സൺ ശ്രീമതി എം. കമലത്തിന് മുൻപിൽ രക്ഷിതാക്കൾ നൽകിയ മൊഴിയുടെ ഭാഗമാണ്. സംഭവം നടന്ന് 2004 നവംബറിൽ ആ കുട്ടി മരിച്ചു. മരിച്ച് 3 കൊല്ലം ആവുമ്പോഴേയ്ക്കും ജയ്ഹിന്ദ് ടി.വി.-ക്കുവേണ്ടി നടത്തിയ നാടകം ആയിരുന്നു ഈ നിവേദന സമർപ്പണം എന്ന കാര്യം നിങ്ങൾ മറച്ചുവച്ചിട്ടു കാര്യമില്ല. അതേസമയം ശാരി ആശുപത്രിയിൽ മരിച്ചതിനുശേഷം മൂന്നുവർഷം കഴിഞ്ഞ് നൽകിയ മൊഴിയാണല്ലോ നിങ്ങൾ എടുക്കുന്നത്? ലതാ നായരെന്നു പറയുന്ന വ്യക്തി ഈ കുട്ടിയെകൂട്ടി ഒരു വർഷം കേരളത്തിനകത്തും പുറത്തും കൊണ്ടുപോയി പീഡിപ്പിച്ചു. ആ ലതാ നായർ സംരക്ഷിക്കപ്പെട്ടു. ആ ലതാ നായരുടെ മുൻകൂർ ജാമ്യത്തിന്റെ കേസ് പരിഗണിച്ചപ്പോൾ കേരള ഹൈക്കോടതിയിലെ ജസ്റ്റീസ് ബസന്ത് എഴുതിയ വിധി ന്യായമാണ് ഇത്; അതിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. നിങ്ങളുടെ ഭരണത്തിൽ ആ പീഡിപ്പിക്കപ്പെട്ട കുട്ടിയുടെ കേസ് കൈകാര്യം ചെയ്തതും അതിലെ വി.ഐ.പി.-മാരെ സംരക്ഷിക്കാൻ വേണ്ടി നാണംകെട്ട നടപടികൾ എന്തെല്ലാമാണ് അന്ന് സ്വീകരിച്ചതെന്നും കോടതി വിധിയിൽ അദ്ദേഹം പറയുന്നു. "Suffice to say that the perusal of the case diary leads the Court to gather the impression that there has been no efficient and expeditious investigation"...... ഇത്രയും ഞെട്ടിപ്പിക്കുന്ന ഒരു കാര്യം, പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഒരു വർഷത്തിലധികം പീഡിപ്പിച്ചുകൊണ്ടിരുന്ന കാര്യം, അതിന് ഉത്തരവാദികളായവരെപ്പറ്റി കൃത്യമായ അന്വേഷണം നടത്തിയില്ല എന്നതാണ് കേസ് ഡയറി തെളിയിക്കുന്നത് എന്നാണ് ഹൈക്കോടതിയുടെ വിധി. ഇപ്പോൾ സംഭവം നടന്ന് മൂന്ന് കൊല്ലം ആകാറാവുമ്പോഴേയ്ക്കും ആരുടേയോ ദു:സ്വാധീനത്തിന് വഴങ്ങി എഴുതിക്കൊടുത്ത പരാതിയേക്കാളും പ്രധാനം ഹൈക്കോടതിയുടെ നിരീക്ഷണം ആണെന്ന് ശ്രീ. കെ. സി. ജോസഫിന് അറിയില്ലേ?

ശ്രീ. വി. എൻ. വാസവൻ: ഇക്കാര്യത്തിൽ പ്രധാനമായും ..........(ബഹളം)...............

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ പോയിന്റിലേയ്ക്ക് വരാൻ ഞാൻ എത്ര സമയം കൊണ്ട് പറയുന്നു. നേരത്തെ മുതൽ പറയുന്ന കാര്യമാണ്.

ശ്രീ. കെ. ബാബു: പോയിന്റ് ഓഫ് ഓർഡർ ....... എന്റെ പോയിന്റ് ഇവിടെ ശ്രീ. പി. ജയരാജൻ പറഞ്ഞത് ജയ്ഹിന്ദ് ടി.വിക്കുവേണ്ടി ഒരുക്കിയ നാടകമാണെന്നാണ്. ജയ്ഹിന്ദ് ടി.വി.-ക്കുവേണ്ടി ഒരുക്കുന്ന നാടകത്തിന് മുഖ്യമന്ത്രി കൂട്ടുനിൽക്കേണ്ട കാര്യമില്ലല്ലോ. ഇവിടെ ഉണ്ടായത് സി. എൻ. സുരേന്ദ്രകുമാർ ഒരു പരാതി മുഖ്യമന്ത്രിക്ക് കൊടുത്തത് മുഖ്യമന്ത്രി മാധ്യമങ്ങളെ കാണിച്ചു. ഞങ്ങൾ ആദ്യം തൊട്ടേ പറഞ്ഞു, ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിൽ യഥാർത്ഥത്തിൽ ശ്രീമതി ടീച്ചറെ വി.ഐ.പി.-ആയും കുറ്റവാളിയായും ചിത്രീകരിക്കാൻ ശ്രമിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. യഥാർത്ഥ വസ്തുത അതായിരിക്കേ, ജയ്ഹിന്ദ് ടി.വി.-ക്കുവേണ്ടി നാടകം ഒരുക്കി എന്നു പറയുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയത്തിലല്ല ശ്രീ. വാസവന്റെ ഭേദഗതി. അങ്ങ് 34 മിനിറ്റ് സംസാരിച്ചു, ഇനി സമയം അനുവദിക്കാനാവില്ല. ഈ ബിൽ വേറെയായി മാറും. വനിതാ കമ്മീഷൻ ബില്ലിന്റെ ഭേദഗതിയാവില്ല. അങ്ങ് കൺക്ളൂഡ് ചെയ്യണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: വർഷങ്ങളായി കൊണ്ടുനടന്ന് പലരുടേയും മുമ്പിൽ കാഴ്ചവച്ച് അവസാനം ഈ പെൺകുട്ടി മരിക്കാൻ കിടക്കുന്ന സമയത്താണല്ലോ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അശുപത്രി സന്ദർശിക്കുന്നത്. മരിക്കാൻ ഇടയായതിന് ഉത്തരവാദി ആര്? ആ ഉത്തവാദികളായ ആൾക്കാരല്ലേ അപ്പുറത്തിരിക്കുന്നത്. (....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. ...(.....ബഹളം.....)

ശ്രീ. വി. എൻ. വാസവൻ: വനിതാ കമ്മീഷനെ സംബന്ധിച്ചിടത്തോളം ഫലപ്രദമായി പ്രവർത്തിക്കുന്ന കമ്മീഷൻ ആകണമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് ഉദ്ദേശിക്കുവാൻ കാരണം അല്ലെങ്കിൽ ബിൽ കൊണ്ടു വന്നത് എന്തുകൊണ്ടെന്നാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ കാലഘട്ടത്തിൽ വനിതാ കമ്മീഷൻ ഇത്തരം പ്രശ്നങ്ങളിൽ എടുത്തിട്ടുള്ള നിലപാടുകളെല്ലാം ഇരകൾക്ക് അനുകൂലമായിരുന്നില്ല. മറിച്ച് പ്രതികൾക്കനുകൂലമായിരുന്നു. ഇരകളെ രക്ഷപ്പെടുത്തുക എന്ന അന്നത്തെ വനിതാ കമ്മീഷന്റെ ദൗത്യം പൂർത്തീകരിച്ചില്ല. ഇന്ന് പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞുവരുന്നത്. അതാണ് ഞാൻ സൂചിപ്പിച്ചത്. ഇനി വരുന്ന അംഗങ്ങൾ ഇത്തരത്തിലുള്ളവർ ആയിരിക്കരുത് എന്നുള്ളതുകൊണ്ടാണ് നീതിബോധമുള്ള ഒരു ജസ്റ്റിസ് അതിൽ കടന്നു വരുകയും അംഗങ്ങൾ കൂടുകയും ഒരു എസ്.എസി./എസ്.ടി. പ്രതിനിധി വരുന്നതുപോലെതന്നെ മൈനോറിറ്റി കമ്മ്യൂണിറ്റിയിൽ നിന്നും ഒരു പ്രതിനിധി വരുകയും ചെയ്യണം എന്ന നിർദ്ദേശവും മുന്നോട്ട് വയ്ക്കുന്നത്. ഇത്തരത്തിൽ ഫലപ്രദമായി ഈ കമ്മീഷൻ പ്രവർത്തിച്ചു പോകണം. അതോടൊപ്പംതന്നെ ഈ രംഗത്ത് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറെ പീഡിപ്പിക്കാൻ മുന്നോട്ടു വന്നവർക്കെതിരായി നടപടിയും വേണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി ജെ. അരുന്ധതി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം, വനിതാ കമ്മീഷൻ ബിൽ ഒരു മാഗ്നാകാർട്ടയായിട്ടാണ് ഞങ്ങൾ കാണുന്നത്. 1987-91-ലെ ഗവൺമെന്റ് അത് പാസ്സാക്കുമ്പോൾ അന്നത്തെ പത്രങ്ങളെല്ലാം തന്നെ വിലയിരുത്തിയിട്ടുള്ളതും അതുപോലെതന്നെയാണ്, പക്ഷേ ഈ നിയമസഭാ കാലത്ത് നിരവധി ബില്ലുകൾ പാസ്സാക്കുമ്പോൾ അതിന് നിരാകരണക്കുറിപ്പുകൾ നൽകിയ നമ്മുടെ പ്രതിപക്ഷ അംഗങ്ങൾ പ്രതികരിച്ചതുപോലെതന്നെ ഈ ബില്ലിനെക്കുറിച്ചും വളരെ ശക്തമായിട്ടാണ് പ്രതികരിക്കാൻ വേണ്ടി മുന്നോട്ടു വന്നിട്ടുള്ളത്. ശ്രീ. കെ. എം. മാണി തന്നെ വളരെ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിശിതമായിട്ടുള്ള വിമർശനമാണ് നടത്തിയിട്ടുള്ളത്. ഈ ബിൽ അൺകോൺസ്റ്റിറ്റ്യൂഷണലാണെന്നും അതുപോലെതന്നെ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിൽ കൊടുത്തിട്ടില്ല എന്നുമുള്ള കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. വളരെ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും എന്ന് തെളിയിച്ചതാണ് വനിതാ കമ്മീഷൻ. യു.ഡി.എഫ്.-ന്റെ കാലത്താണ് അതിന്റെ ചെയർപേഴ്സൺമാരെ ആദ്യമായിട്ട് നിയമിച്ചത്. ശ്രീമതി സുഗതകുമാരി ടീച്ചറും അതിനുശേഷം ജസ്റ്റിസ് ശ്രീദേവിയും അതിനുശേഷം ശ്രീമതി എം. കമലവുമെല്ലാം ഈ ചെയർപേഴ്സൺ സ്ഥാനത്ത് ഇരുന്നിട്ടുള്ളവരാണ്. ആദ്യകാലങ്ങളിൽ ദേശീയ വനിതാ കമ്മീഷനെക്കാൾ നല്ല സേവനമാണ് അത് നടത്തിയിരുന്നത്. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണം വന്നതോടുകൂടി അതിനെ വളരെ വികൃതമാക്കി മാറ്റുന്നതിനാണ് ശ്രമിച്ചത്. ചെയർപേഴ്സൺ സ്ഥാനത്ത് ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെ പ്രതിഷ്ഠിച്ചതോടെ അതിന്റെ സ്വഭാവംതന്നെ മാറിപ്പോവുകയാണ് ചെയ്തത്. അതുപോലെതന്നെ ഇതിന്റെ അംഗസംഖ്യ വെട്ടിക്കുറച്ചു. അപ്പോൾ അംഗസംഖ്യ 3 ആയി വെട്ടിക്കുറച്ചതിന്റെ ഫലമായി, നിരവധി പ്രശ്നങ്ങളുള്ള ഒരു സംസ്ഥാനമെന്നുള്ള നിലയിൽ, നിരവധി സ്ത്രീപീഡന വിഷയങ്ങൾ ഉണ്ടാകുന്ന ഒരു സംസ്ഥാനം എന്നുള്ള നിലയിൽ, 14 ജില്ലയിലും ഉണ്ടാകുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യാൻ തീർച്ചയായും ഈ മൂന്നംഗ കമ്മീഷന് കഴിയില്ല എന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ ഈ നിയമസഭ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച ഈ ബില്ലിൽ അതിന് ആവശ്യമായിട്ടുള്ള ഭേദഗതികളാണ് നിശ്ചയിക്കേണ്ടത്. ഈ കമ്മീഷന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റിനു വേണ്ടി ഒരു സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തന്നെ കൊടുക്കുന്നതിനുവേണ്ടിയുള്ള ഭേദഗതി ഇവിടെ 2-ാമത്തെ സെക്ഷനായിട്ട്, 6-ാമത്തെ അമെന്റ്മെന്റിൽ പറയുന്നുണ്ട്. അംഗസംഖ്യ വർദ്ധിപ്പിക്കലും അതുപോലെതന്നെയാണ്. ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വരുന്നതിന്റെ ഭാഗമായി തീർച്ചയായും കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കുവാനും എസ്റ്റാബ്ലിഷ്മെന്റ്, അതുപോലെ അക്കൗണ്ട്, പരാതികളുടെ ബാഹുല്യം പരിഹരിക്കൽ തുടങ്ങിയവയ്ക്ക് സുതാര്യത കുറേക്കൂടി ഉറപ്പുവരുത്താനും കഴിയും. അതുപോലെതന്നെ പട്ടികജാതി വിഭാഗത്തിലെ ഒരു വനിതയെക്കൂടി കമ്മീഷൻ അംഗമായി മാറ്റുന്നതിലേയ്ക്കുള്ള വകുപ്പ് ഇതിൽ ഉൾക്കൊള്ളിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഇന്നിപ്പോൾ സ്ത്രീപീഡന കേസ്സുകൾ ഒഴിവാക്കുന്നതിന് ആവശ്യമായിട്ടുള്ള ജാഗ്രതാസമിതികൾ വരണം എന്ന് പറയുന്നുണ്ട്. പക്ഷേ നേരത്തെ ഉണ്ടായിട്ടുള്ള സ്ത്രീപീഡന കേസ്സുകളിൽ വനിതാ കമ്മീഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ-അത് കോഴിക്കോട് തീപ്പൊള്ളലേറ്റ് മരിച്ച വനിതയുടെ കാര്യത്തിലായിരുന്നാലും നേരത്തെ നമ്മുടെ ശ്രീ. വി. എൻ. വാസവൻ, എം.എൽ.എ. സൂചിപ്പിച്ചതുപോലെയുള്ള വിഷയങ്ങളിലായിരുന്നാലും-വനിതാ കമ്മീഷൻ ചെയ്തിട്ടുള്ള കാര്യങ്ങളും അതിലെ രേഖകളുംപോലെ തന്നെ കാര്യക്ഷമമായി പ്രവർത്തിക്കാനായിട്ട് ഈ അടുത്ത കാലത്ത് കഴിഞ്ഞിട്ടില്ല. ഇന്നിപ്പോൾ ഈ അംഗസംഖ്യ വിപുലീകരിക്കുന്നതിന്റെ ഭാഗമായിട്ട് 14 ജില്ലകളിലും വനിതാ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ തീർച്ചയായും 3 അംഗങ്ങളെക്കൊണ്ട് കഴിയുകയില്ല എന്നുള്ളത് ഇവിടുത്തെ അംഗങ്ങൾക്ക് ആർക്കെങ്കിലും തർക്കമുള്ളതാണോ? ഒരു തർക്കവുമുള്ളതല്ല. പക്ഷേ അനാവശ്യമായിട്ടുള്ള തർക്കമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. 14 ജില്ലകളിലും അതിന്റെ ഹിയറിംഗ് നടത്തണമെങ്കിൽ ഒരംഗത്തിന് തന്നെ ഒന്നിലധികം ജില്ലകളുടെ

ചുമതലകൾ ഏറ്റെടുത്തുക്കേണ്ടതായിട്ട് വരും. ജസ്റ്റിസ് ശ്രീദേവിയെപോലുള്ള ചെയർപേഴ്സൺ-നെത്തന്നെ ഇതിന്റെ കാര്യക്ഷമമായിട്ടുള്ള പ്രവർത്തനത്തിനുവേണ്ടി നിയോഗിക്കാൻ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് കുറേ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു ഭേദഗതി ബിൽ അതിന്റെ ചുമതലകൂടി വഹിക്കുന്ന ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അപ്പോൾ ഇതിനെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പറയാനുള്ളത്, സ്ത്രീപീഡനത്തിന്റെ കുത്തൊഴുക്ക് ഒഴിവാക്കുന്നതിന് വേണ്ടി പഞ്ചായത്തുതലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണം എന്ന് പറയുന്നതിനോടൊപ്പംതന്നെ അത് സ്ഥാപിച്ചെടുക്കാൻ കഴിയണം. അതോടൊപ്പംതന്നെ ജില്ലാസമിതികൾ ഉണ്ടാകണം. ആ ജില്ലാ സമിതികളിൽ നിയമസഭാംഗങ്ങളെക്കൂടി ക്ഷണിക്കാൻ വേണ്ടിയുള്ള നിർദ്ദേശം ഈ ഭേദഗതിയിൽ ഉണ്ടാകുന്നത് വളരെ നന്നായിരിക്കും. നമ്മുടെ നാട്ടിൽ ഇതുപോലെയുണ്ടാകുന്ന കേസ്സുകൾ ശ്രദ്ധയിൽപ്പെടുത്തുവാനും അതിൽ എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾകൂടി മാനിച്ചുകൊണ്ട് ജാഗ്രതാ സമിതികൾ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നത് കുറേക്കൂടി കാര്യക്ഷമമാക്കാൻ കഴിയും. വെറുമൊരു റഫർ ചെയ്യുന്ന വേദിയല്ലാതെ നിയമോപദേശം നൽകി പരിഹാരം കാണുന്ന വേദിയാക്കി കമ്മീഷനെ മാറ്റാൻ ഈ ഭേദഗതിയിൽ നിർദ്ദേശം ഉണ്ടായാൽ നന്നായിരിക്കുമെന്നുള്ളതാണ് പറയാനുള്ളത്. തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ത്രീപീഡന കേസ്സുകൾക്ക് തക്ക സമയത്ത് പരിഹാരം കാണുവാൻ ആവശ്യമായിട്ടുള്ള ഒരു ഭേദഗതി കൊണ്ടുവരുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, കേരള വനിതാ കമ്മീഷൻ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തു നിന്നും ബഹുമാന്യരായ ശ്രീ. എ. പി. അനിൽകുമാർ, ശ്രീ. എം. മുരളി, ശ്രീ. എം. ഉമ്മർ, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. റോഷി അഗസ്റ്റിൻ ഒപ്പം ശ്രീ. വി. എൻ. വാസവൻ, ശ്രീമതി ജെ. അരുന്ധതി എന്നിവരും ഇവിടെ സംസാരിച്ചു. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിച്ച ബഹുമാന്യരായ എല്ലാ അംഗങ്ങളും നിയമ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് ചില പുതിയ നിർദ്ദേശങ്ങളും ഒപ്പം ചില അഭിപ്രായ പ്രകടനങ്ങളും നടത്തുകയുണ്ടായി. ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ രണ്ടു പക്ഷത്തുനിന്നും വന്നിട്ടുണ്ട് എന്നുള്ളതിനെ തീർച്ചയായും ഞാൻ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ സംവിധാനത്തെ എന്തുകൊണ്ടും ശക്തിപ്പെടുത്തുക എന്നുള്ള ലക്ഷ്യം മാത്രം മുൻനിർത്തി ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ നമുക്ക് ഭാവിയിലും അത് നടപ്പിലാക്കാൻ കഴിയത്തക്ക വിധത്തിൽ സമഗ്രമായ ചില ഭേദഗതികൾ മൂലനിയമത്തിൽ എങ്ങനെ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതിനെ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സംബന്ധിച്ച് പരിശോധിക്കാം. അത്തരം ഭേദഗതികൾ വളരെ പെട്ടെന്ന് കൊണ്ടുവരാവുന്ന ഒന്നല്ല. മറിച്ച് മൂന്ന് അംഗങ്ങൾ ഉൾക്കൊള്ളുന്ന കേരള വനിതാ കമ്മീഷനെ എന്തുകൊണ്ടാണ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ ആറംഗ കമ്മീഷൻ എന്നുള്ള നിലയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്? ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും അറിയാം. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് ഏകദേശം ഒരു വർഷം, വന്നതിനുശേഷം പിന്നീട് ആറേഴ്

LIBRARY ARCHIVES Kerala Legislative Assembly

മാസക്കാലവും കേരളാ വനിതാ കമ്മീഷന്റെ പ്രവർത്തനം ബഹുമാന്യയായ ശ്രീമതി എം. കമലേടത്തി ചെയർപേഴ്സണായായിട്ടുള്ള ഒരു കമ്മീഷൻ ആയിരുന്നു പ്രവർത്തിച്ചത്. ശാരീരികമായ അവശതയും മറ്റു പലകാരണങ്ങളും ഉണ്ടോ എന്നെനിക്കറിയില്ല, അതിനുമുമ്പ് പ്രവർത്തിച്ചതുപോലുള്ള ഒരു സജീവമായ പ്രവർത്തനമോ ഇടപെടലോ ഉണ്ടായിട്ടില്ല എന്നുള്ളത് ഏറ്റവും അവസാനത്തെ അവരുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ പരിശോധിച്ചാൽ കാണാവുന്നതാണ്. അതിന് മുമ്പുള്ള പ്രവർത്തനം തീരെ നിർജീവമാണ്. ഒന്നും ചെയ്തില്ലായെന്ന കുറ്റപ്പെടുത്തലൊന്നും എന്റെ ഭാഗത്തുനിന്നും ഇല്ല. മറിച്ച് ഈ ഗവൺമെന്റ് വരുന്നതിനും ഏകദേശം ഒരു കൊല്ലം മുമ്പുതന്നെ കേരള വനിതാ കമ്മീഷൻ ഒരു നിശ്ചലാവസ്ഥയിലായിപ്പോയതിനെ സംബന്ധിച്ച വിമർശനം ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾക്ക് ഉണ്ടായിരുന്നു. അന്നും ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അഞ്ച് ആറ് മാസക്കാലം അവർ തന്നെയാണ് പ്രവർത്തിച്ചത്. പക്ഷേ ആ കമ്മീഷന്റെ പ്രവർത്തനത്തിൽ മൂന്നംഗങ്ങളേ ഉള്ളൂയെന്ന പരിമിതി ഉണ്ട്. ഒപ്പം അവർക്ക് പ്രവർത്തിക്കാനുള്ള എന്തോ വൈമുഖ്യം തന്നെ ഉണ്ടായിട്ടുണ്ടോ എന്ന് സംശയം ഉണ്ടായിരുന്നു. മറ്റ് തരത്തിലുള്ള ശാരീരികമായ അസുഖത്തിന്റേയും ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുകൊണ്ടാണ്, വനിതാ കമ്മീഷന്റെ ഇന്നുള്ള നില മാറ്റിയെടുക്കണം എന്നുള്ളതുകൊണ്ടാണ് അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നുള്ളത് ഏറ്റവും ആദ്യം ചെയ്യേണ്ടുന്ന ഒരു കാര്യമാണെന്ന് തീരുമാനിച്ചത്. ഇവിടെ ചില വസ്തുതാപരമായിട്ടുള്ള പിശകുകൾ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പറഞ്ഞിട്ടുണ്ട്. ആ വസ്തുതാപരമായ പിശക് എന്ന് പറയുന്നത്, 1995-ൽ ഈ നിയമം കേരള നിയമസഭ പാസ്സാക്കിയ ശേഷം 14-6-96-ൽ യു.ഡി.എഫ്. ഭരിക്കുന്ന സന്ദർഭത്തിലാണ് ശ്രീമതി സുഗതകുമാരി ചെയർപേഴ്സണായിട്ടുള്ള ആദ്യത്തെ കമ്മീഷൻ നിലവിൽ വരുന്നത്. അന്ന് ആ കമ്മീഷനിൽ അംഗങ്ങളായിട്ട് ശ്രീമതി നഫീസത്ത് ബീവി, ശ്രീമതി നൂർബിനാ റഷീദ് പോലുള്ള ആളുകളും ഉണ്ടായിരുന്നു. പക്ഷേ പെട്ടെന്നാണ് പിന്നീടുള്ള ഇലക്ഷനിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. ശ്രീമതി സുഗതകുമാരി ചെയർപേഴ്സണായിട്ടുള്ള ആ വനിതാ കമ്മീഷനെ പിരിച്ചുവിടേണ്ടതില്ലെന്നാണ് യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റിന് അതിൽ ഒരു രാഷ്ട്രീയവും ഉണ്ടായിരുന്നില്ല. ശ്രീമതി നഫീസത്ത് ബീവി ആരാണെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് പറയേണ്ടതില്ലല്ലോ? കെ.പി.സി.സി-യുടെ പ്രധാന ഭാരവാഹിയും സജീവ പ്രവർത്തകയുമായ നഫീസത്ത് ബീവി, ആ അഞ്ച് വർഷക്കാലവും സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരിക്കുന്ന ആ കാലഘട്ടത്തിലാണ് ശ്രീമതി സുഗതകുമാരി ചെയർപേഴ്സണായിട്ടും നഫീസത്ത് ബീവിയും നൂർബിനാ റഷീദും അതിൽ അംഗങ്ങളായിട്ടുമുണ്ടായിരുന്നത്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രവർത്തകയാണവർ. അവരെ പിരിച്ചുവിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അതിൽ ഒരു രാഷ്ട്രീയം കണ്ടിട്ടില്ല. പ്രത്യേകിച്ച് വനിതാ കമ്മീഷൻ എന്നുള്ള നിലയിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കണമെന്നുള്ള ഒരു കാഴ്ചപ്പാടോടുകൂടി അഞ്ച് വർഷക്കാലവും സുഗതകുമാരി ചെയർപേഴ്സണായിട്ടുള്ള ആ കമ്മീഷനാണ് പ്രവർത്തിച്ചിരുന്നത്. അവരുടെ കാലാവധി കഴിഞ്ഞു. ആ കാലാവധി കഴിഞ്ഞതിനുശേഷം അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ആരെയാണ് ചെയർപേഴ്സണാക്കി വച്ചത്? ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത

ജസ്റ്റിസ് ശ്രീദേവിയെയാണ്. നിയമരംഗത്ത് പരിണതപ്രജ്ഞ. എത്രയോ വർഷക്കാലത്തെ ജഡ്ജിയായിട്ടുള്ള, കുടുംബകോടതി ജസ്റ്റിസായിട്ടുള്ള പ്രവർത്തനം നടത്തി നല്ല അനുഭവ സമ്പത്തുള്ളവർ. അങ്ങനെയുള്ള ഒരു ബഹുമാന്യയായ ജസ്റ്റിസിനെ കണ്ടെത്തി ചെയർ പേഴ്സണായിട്ട് വച്ചുകൊണ്ട് ഏഴംഗ സമിതി എന്നുള്ള നിലയിലാണ് തീരുമാനിച്ചത്. ഇന്നിപ്പോൾ മെമ്പർ സെക്രട്ടറി ഉൾപ്പെടെ ആറംഗങ്ങളേയുള്ളു. അന്ന് ഏഴംഗങ്ങ ളായിരുന്നു. അതിനുമുമ്പ് ഈ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ഒരു നല്ല കാര്യ മുണ്ടായിരുന്നു. യു.ഡി.എഫ്.-ന്റെ ആദ്യത്തെ വനിതാ കമ്മീഷനിൽ എസ്.സി./എസ്.ടി. അംഗം ഉണ്ടായിരുന്നില്ല. അതിന് ഒരു ഭേദഗതിയോടുകൂടി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളെ വനിതാ കമ്മീഷനിൽ അംഗമായിട്ട് എൽ.ഡി.എഫ്. ഗവൺമെന്റ് വച്ചല്ലോ? നമ്മളെ പ്പോഴും പറയുന്നുണ്ട് പട്ടികജാതി-പട്ടികവിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കുന്നുവെന്ന്, പ്രതിപക്ഷത്തുള്ളവർക്ക് അന്ന് അത് തോന്നിയില്ലല്ലോ. എൽ.ഡി.എഫ്. ഗവൺമെന്റ് ആ കാര്യത്തിൽ ഒരു തീരുമാനം എടുത്തു. എന്തുകൊണ്ട് യു.ഡി.എഫ്. പിന്നെയും ഈ ഒരു സംവിധാനം പരിഷ്കരിച്ചപ്പോൾ അത് ചെയ്തില്ല. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ഹൈക്കോടതിയിൽ നിന്ന് റിട്ടയർ ചെയ്ത ജസ്റ്റിസ് ശ്രീദേവി ചെയർപേഴ്സണായിട്ടുള്ള ആ സമിതിയിൽ, ഏറ്റവും പ്രഗത്ഭകളായിട്ടുള്ള ഒരു നേതൃത്വം ആ വനിതാ കമ്മീഷനിൽ ഉണ്ടായിരുന്നു. ഒരുകൊല്ലംപോലും പ്രവർത്തിക്കാനുള്ള സാഹചര്യം യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചോ? ബഹുമാനപ്പെട്ട മുരളി, അങ്ങ് ഒന്ന് ശ്രദ്ധിക്കണം. അങ്ങ് നിക്ഷ്പക്ഷമായിട്ട് ഒരുപാട് കാര്യങ്ങൾ സംസാരിക്കുന്ന ഒരു എം.എൽ.എ. ആണ്. ശ്രീ. മുരളി ഒന്ന് പറയണം, അങ്ങയുടെ ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുമ്പോൾ, ജസ്റ്റിസ് ശ്രീദേവിയെപ്പോലൊരാൾ ചെയർപേഴ്സൺ ആയിരിക്കുമ്പോൾ വനിതാ കമ്മീഷനെ ഗളഹസ്തം ചെയ്തിട്ട് വീണ്ടും ഒരു കമ്മീഷനെ കൊണ്ടുവന്നത്, ആരായിരുന്നു അതിന്റെ ചെയർപേഴ്സൺ? എനിക്ക് കമലേടത്തിയോട് യാതൊരു വിരോ ധവുമില്ല. ബഹുമാനം വളരെയേറെ ഉണ്ടുതാനും. അവരെയാക്കിയതിൽ എനിക്ക് വിരോ ധമില്ല. പക്ഷേ അവർ കെ.പി.സി.സി.-യുടെ ഏറ്റവും പ്രധാനപ്പെട്ട എത്രയോ വർഷക്കാ ലത്തെ സജീവ പ്രവർത്തകയും നേതാവുമാണ്. അങ്ങനെയുള്ള കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇരിക്കുന്ന ഒരാളെതന്നെ വേണ്ടിയിരുന്നോ വനിതാ കമ്മീഷന്റെ ചെയർ പേഴ്സൺ ആക്കുന്നത്? വേണ്ടിയിരുന്നോ? പറയണം. എന്താ മറുപടി ഇല്ലാത്തത്? ശ്രീമതി സുഗതകുമാരിയെപ്പോലെ ഒരാളെ ചെയർപേഴ്സണാക്കിയതിൽ ഞങ്ങൾക്ക് വിരോധമില്ല. ആ ഗവൺമെന്റ് മാറ്റിയിട്ടുമില്ല. എന്നാൽ ജസ്റ്റിസ് ശ്രീദേവി ചെയർപേഴ്സണായ കമ്മീഷനെ പിരിച്ചുവിട്ട് പകരം കൊണ്ടു വരുന്നത് ശ്രീമതി എം. കമലം എന്ന വ്യക്തി യെയല്ല. മറിച്ച് കേരളത്തിലെ പ്രമുഖമായിട്ടുള്ള രാഷ്ട്രീയ പാർട്ടിയുടെ ഭരണകക്ഷിയുടെ തലപ്പത്തിരിക്കുന്ന ഒരു പ്രധാനപ്പെട്ട നേതാവിനെയാണ് ചെർപേഴ്സണായിട്ട് കൊണ്ടു വരുന്നത്. അത് നിങ്ങൾ പറഞ്ഞിട്ടുള്ള ഈ നിഷ്പക്ഷ രാഷ്ട്രീയത്തിന് യോജിച്ചതാണോ? പറയണം. ഉത്തരം ഉണ്ടാകില്ല. ഉത്തരം പറയാൻ സാധ്യമല്ല. വസ്തുത അതായിരുന്നു.

<u>പ്രൊഫ. കെ. വി. തോമസ്:</u> നിങ്ങളെപ്പോലെ ഒരാൾ ഇത് പറയുന്നത് വളരെ ദു:ഖകരമാണ്. കാരണം ഇവിടെ നിങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം നിഷ്പക്ഷ മായി കാണേണ്ട എത്രയോ കമ്മിറ്റികളിൽ നിങ്ങളുടെ രാഷ്ട്രീയവുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ വച്ചിരിക്കുന്നു. ജസ്റ്റിസ് ശ്രീദേവിയെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം അവരെ എനിക്കറിയാം. അതുപോലെതന്നെ മാന്യതയുള്ള ആളാണ് കമലേടത്തി. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഞാൻ ആ കാര്യം ആദ്യം പറഞ്ഞു. ശ്രീമതി കമലേടത്തിയെ എനിക്ക് നന്നായി അറിയാം. എത്രയോ വർഷം കൊണ്ടറിയാം. വളരെ മാന്യയായ, ബഹുമാന്യയായ എല്ലാവരും ബഹുമാനിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്.

ശ്രീ. എം. മുരളി: കമലേടത്തി വളരെ വലിയ രാഷ്ട്രീയ ബാക്ക്ഗ്രൗണ്ട് ഉള്ള ആളാണ്. വനിതാ കമ്മീഷന്റെ നേതൃത്വത്തിലേയ്ക്ക് വരുമ്പോൾ, അവർ ഔദ്യോഗിക ഭാരവാഹിത്വം ഒഴിഞ്ഞുനിൽക്കുന്ന സമയമാണ്. പക്ഷേ അവരുടെ ആ പ്രവർത്തനങ്ങൾ ഒന്ന് പരിശോധിച്ചാൽ, ഞാൻ പറഞ്ഞല്ലോ, ഒരു കണ്ടിന്യൂസ് പ്രോസസ് ആണ്. രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും വരണം. ഒരു പക്ഷഭേദവും പാടില്ല എന്നാണ് അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ പറഞ്ഞത്. അവരുടെ പ്രവർത്തനം പരിശോധിച്ചാൽ ഒരിക്കലും പ്രിജുഡിസ്ഡ് അല്ലായിരുന്നു എന്ന വിലയിരുത്തലാണ് എനിക്കുള്ളത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അത് ഒരു വല്ലാത്ത വിലയിരുത്തലായിപ്പോയി മുരളി. കാരണം വനിതാ കമ്മീഷൻ ചെയർപേഴ്സണായിട്ടും സത്യാഗ്രഹപന്തലിൽ പോലും കമലേടത്തി ഇരുന്ന പടം ഉണ്ടായിരുന്നു എന്നുള്ള കാര്യം ഓർക്കണം. കോൺഗ്രസിന്റെ സത്യാഗ്രഹപന്തലിൽ പോലും അവർ ഉണ്ടായിരുന്നു. എല്ലാ പരിപാടികളിലും രാഷ്ട്രീയ പ്രവർത്തനത്തിലും ഉണ്ടായിരുന്നു.

ശ്രീ. കെ. സി. ജോസഫ്: ജസ്റ്റിസ് ശ്രീദേവിയെവച്ച അതേ കമ്മീഷനിൽ തന്നെ മഹിളാഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായ ശ്രീമതി ദേവി അംഗമായിരുന്നില്ലേ? ശ്രീമതി ദേവി നിഷ്പക്ഷയാണോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ്, വനിതാ കമ്മീഷനിൽ ശ്രീമതി ടി. ദേവിയുടെ രാഷ്ട്രീയത്തെക്കുറിച്ച് പറയുമ്പോൾ ഫിലിം സെൻസർ ബോർഡിൽ ആരൊക്കെയാണുള്ളത്? സിനിമ ഒരിക്കലും കണ്ടിട്ടില്ലാത്ത ആളുകൾവരെ കോൺഗ്രസിന്റെ ആളുകളായി വന്നിട്ടുണ്ട്. ശ്രീ. വിഷ്ണുനാഥ് വന്നാൽ എനിക്ക് മനസ്സിലാകും. കാരണം സിനിമയെക്കുറിച്ച് അറിവുള്ള ആളാണ്. ശ്രീ. പാലോട് രവി ഉൾപ്പെടെയുള്ള ആളുകളുണ്ട് ഫിലിം സെൻസർ ബോർഡിൽ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. ഇവിടെ വനിതാ കമ്മീഷൻ അംഗങ്ങളെക്കുറിച്ചല്ല പറയുന്നത്. വനിതാ കമ്മീഷനിൽ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെയാണ് നിശ്ചയിക്കുന്നത്. പക്ഷേ ഒരു ചെയർപേഴ്സൺ എന്നുള്ളനിലയിൽ നിശ്ചയിക്കുമ്പോൾ ശ്രീമതി കമലം എന്നുള്ള വ്യക്തിയോടല്ല, മറിച്ച് ഭരണരംഗത്ത് അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകയായ, അതിന്റെ നേതാവായിട്ടുള്ള ഒരാളെ ചെയർപേഴ്സണായിട്ട് വച്ചത് എന്തുദ്ദേശത്തിലാണ്? മൂന്നംഗങ്ങളായി ചുരുക്കണമെന്ന് തീരുമാനിച്ചതിന് ഒരുപാട് കാരണങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കണ്ട എന്നുള്ള താൽപ്പര്യം തന്നെയാണ് നിങ്ങൾക്കുണ്ടായിരുന്നത്. അവർ അനുഭവിച്ച ബുദ്ധിമുട്ട് അവർതന്നെ ഒരുപാട് പ്രാവശ്യം നേരിട്ട് പറഞ്ഞിട്ടുണ്ട്. മൂന്ന് അംഗങ്ങൾ സിറ്റിംഗ് നടത്താൻവേണ്ടി എങ്ങനെയാണ് എല്ലാ ജില്ലകളിലും പോകുന്നത്? അതിന് ആവശ്യമായ എന്തു സംവിധാനമാണ് ഉണ്ടായിട്ടുള്ളത്? ഒന്നും ഉണ്ടായിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഏഴംഗങ്ങൾ എന്നുള്ളത് മെമ്പർ സെക്രട്ടറി ഉൾപ്പെടെ ആറംഗങ്ങളാക്കി ചുരുക്കി. ആറ് അംഗങ്ങളടങ്ങുന്ന ഒരു വനിതാ കമ്മീഷൻ പ്രവർത്തിക്കണം എന്ന സദുദ്ദേശപരമായ തീരുമാനത്തിൽ യാതൊരു തരത്തിലുള്ള രാഷ്ട്രീയവുമില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ കുറേ നിർദ്ദേശങ്ങൾ വച്ചു. എനിക്കും ചില അഭിപ്രായങ്ങളുണ്ട്. പക്ഷേ ഈ സംസ്ഥാനത്ത് കഴിഞ്ഞ മാർച്ചിനുശേഷം നിലവിൽ വന്നിട്ടുള്ള വനിതാ കമ്മീഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ഫലപ്രദമാക്കുന്നതിന് സാധിക്കത്തക്കരീതിയിൽ ചില നടപടികളെല്ലാം എടുത്തിട്ടുണ്ട്. ഈ പ്രാവശ്യം ഞങ്ങൾ ചെയ്തത് എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട ഒരു വനിത വേണം എന്നതാണ്. അവർക്ക് ഒരു അംഗീകാരം വേണം. ബഹുമാനപ്പെട്ട വാസവൻ പറഞ്ഞു മൈനോറിറ്റിയിൽപ്പെട്ട ഒരാൾ വേണമെന്ന്. എല്ലാ പ്രാവശ്യവും മൈനോറിറ്റിയിൽപ്പെട്ട ഒരാളെങ്കിലും ഈ കമ്മീഷനിൽ അംഗമാണ്. അത് ആദ്യം മുതൽ തന്നെയുണ്ട്. മൈനോറിറ്റിയെ തഴഞ്ഞുകൊണ്ട് ഒരു തരത്തിലും മുന്നോട്ടുപോകാൻ കഴിയില്ല. യു.ഡി.എഫി-ന്റെ കാലത്തും മൈനോറിറ്റിയുടെ പ്രാതിനിധ്യമുണ്ട്. പക്ഷേ നിങ്ങളുടെ കാലത്ത് എസ്.സി./എസ്.ടി.-യെ മറന്നുപോയി. അങ്ങനെ മറക്കാൻ പാടില്ല. ആ മറവി ഞങ്ങൾ തിരുത്തി. ഒട്ടേറെ നിർദ്ദേശങ്ങൾ വന്നതിൽ ഒന്നാണ് സ്ത്രീ/പുരുഷ സമത്വം ഉറപ്പു വരുത്തുക എന്നത്. സ്ത്രീ/പുരുഷ സമത്വം പെട്ടെന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നതല്ല. കുറച്ചു ബുദ്ധിമുട്ടുണ്ട്. നിലനിൽക്കുന്ന പ്രശ്നങ്ങൾ വനിതാ കമ്മീഷന്റെ മുമ്പിൽ കൊണ്ടുവന്നാൽ പരിഹാരം കാണാൻ കഴിയും എന്ന പ്രതീക്ഷ കേരളത്തിലെ സ്ത്രീസമൂഹത്തിനുണ്ടായിരുന്നു. ആ പ്രതീക്ഷ കഴിഞ്ഞ വനിതാ കമ്മീഷന്റെ അവസാനഘട്ടത്തിൽ അറ്റുപോയി. വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടു. എന്തിനാണ് കേരളാ വനിതാ കമ്മീഷൻ ഇവിടെ പ്രവർത്തിക്കുന്നത് എന്ന മട്ടിൽ, അവസാന ഘട്ടത്തിൽ പ്രവർത്തനം തീർത്തും നിർജ്ജീവമായിരുന്നു. അതുകൊണ്ടാണ് അതിനെ സ്ട്രെങ്തൻ ചെയ്യണമെന്ന് നമ്മൾ തീരുമാനിച്ചത്. അതിന്റെയടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നത്. വനിതാ കമ്മീഷന്റെ ഉത്തരവാദിത്വം വലുതാണ്. ബഹുമാനപ്പെട്ട മുരളി പറഞ്ഞത് ശരിയാണ്. ഉത്തരവാദിത്വം ഇപ്പോഴും അവർക്ക് വേണ്ടത്ര നിർവ്വഹിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് സ്വയം വിമർശനപരമായി അംഗീകരിക്കുന്ന ഒരാളാണ് ഞാൻ. അതു പോരാ. അവർക്ക് കുറച്ചുകൂടി സ്റ്റാറ്റസു വേണം. ആരംഭം തൊട്ട് ഉപയോഗിക്കുന്ന വാഹനമാണ് അവർ ഇപ്പോഴും ഉപയോഗിക്കുന്നത്. ജസ്റ്റിസിനും അംഗങ്ങൾക്കും പുതിയ വണ്ടി കൊടുക്കണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചു. അതുപോലെ സൗകര്യപ്രദമായ ആഫീസുവേണം പോലീസുകാരുടെ കാര്യം പറഞ്ഞു. അത് പെട്ടെന്ന് തീരുമാനിക്കാൻ പറ്റിയില്ലെങ്കിലും കുറേശ്ശേ ചില മാറ്റങ്ങൾ വരുത്തണം. മാറ്റം വരുത്തുന്നതുവരെ ഈ മൂന്നംഗങ്ങൾ മതി എന്ന നിലപാടല്ല. മറിച്ച് എണ്ണത്തിലുള്ള വർദ്ധനവ് ഗുണത്തിലുള്ള വർദ്ധനവാക്കി മാറ്റണം. അതിന് പ്രാപ്തമായ ഒരു കമ്മീഷനെയാണ് ഇപ്പോൾ വച്ചിട്ടുള്ളത്. ഈ ഫെബ്രുവരി മാസത്തെ ഉത്തരവ് നിങ്ങളെല്ലാം ശ്രദ്ധിച്ചിരിക്കും. ജാഗ്രതാ സമിതിയെക്കുറിച്ച്, കഴിഞ്ഞ 5 കൊല്ലവും ഒരു തീരുമാനമെടുത്ത് നടപ്പിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചില്ല. പക്ഷേ ഈ കമ്മീഷൻ നിലവിൽ വന്നതിനുശേഷം 2007 ജൂൺ 23-ന് സാമൂഹ്യക്ഷേമ വകുപ്പിന്റെ ഒരു ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. ഇപ്പോൾ ചില സ്ഥലങ്ങളിലൊക്കെ വന്നുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ജില്ലാ/പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാതല സമിതിയും മുൻസിപ്പൽ/കോർപ്പറേഷൻ/പഞ്ചായത്ത് തലത്തിലുള്ള ഒരു സമിതിയും രൂപീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പും സാമൂഹ്യക്ഷേമ വകുപ്പും യോജിച്ച് ചർച്ചചെയ്ത് വളരെ നല്ല ഒരു ഗൈഡ്‌ലൈനോടുകൂടിയുള്ള ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ജാഗ്രതാ സമിതി രണ്ടു മാസത്തിനുള്ളിൽ താഴെ തലംവരെയാകും. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി പറഞ്ഞിട്ടുണ്ട്. പ്രോജക്ടുകൾ വയ്ക്കുമ്പോൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ജാഗ്രതാ സമിതികൾക്കെല്ലാം ഒരു ചെറിയ തുക വച്ചാൽ പഞ്ചായത്തുതലം തുടങ്ങി മുനിസിപ്പൽ തലം, കോർപ്പറേഷൻ തലം, ജില്ലാതലം അതിനുശേഷം സ്റ്റേറ്റ് തലം വരെ ഈ സമിതികൾ പ്രവർത്തിപ്പിക്കണം എന്നുള്ളതാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. മുരളി: ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതുപോലെതന്നെ പീരിയോഡിക്കൽ റിപ്പോർട്ട് അല്ലെങ്കിൽ ആനുവൽ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ഈ കാര്യങ്ങളിൽ ഗവൺമെന്റ് ഭാഗത്തുനിന്നുമുള്ള നടപടികൾ നിർവ്വഹിച്ചു എന്ന് ഉറപ്പുവരുത്താൻ ഹോം സെക്രട്ടറി ഉൾപ്പെടെയുള്ള ഒരു ഹയർ ലെവൽ കമ്മിറ്റി രൂപീകരിക്കുന്നതിനുകൂടി ഗവൺമെന്റ് തയ്യാറാകണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരെയിരുത്തിക്കൊണ്ട് ചർച്ച നടത്തിയിട്ടുണ്ട്. വനിതാ നയം എന്നുള്ള നയംതന്നെ സമഗ്രമായി പരിഷ്ക്കരിക്കണം എന്നുള്ള ഉദ്ദേശത്തിൽ കഴിഞ്ഞ കുറേ വർഷക്കാലമായി കിട്ടിയിട്ടുള്ള റിപ്പോർട്ടിന്റെ യടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ എങ്ങനെ നടപ്പിലാക്കാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് പഠിച്ച് ശുപാർശ ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും ചില തീരുമാനങ്ങളും നടപടികളും സ്വീകരിക്കാൻ സാധിക്കും. അതിനുശേഷം സമഗ്രമായ ഭേദഗതികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം. വനിതാ കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് മറുപടി പറഞ്ഞതാണ്. ഭരണഘടനാ പ്രതിസന്ധിയില്ല. ഇവിടെ വോട്ട് ചെയ്ത് പാസ്സാക്കിയതാണ്. മാത്രമല്ല കേന്ദ്രനിയമത്തിന്റെ ഉള്ളിൽനിന്നാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ഒരു പൈസയുടെപോലും അധികച്ചെലവ് മെമ്പർ സെക്രട്ടറിയുമായി ബന്ധപ്പെട്ടുകൊണ്ടില്ല. ബഹുമാനപ്പെട്ട കെ. എം. മാണി ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഇതൊക്കെ പറഞ്ഞതാണ്. വീണ്ടും ശ്രീ. റോഷി അഗസ്റ്റിൻ അത് എടുത്തു പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോൾ ഗാർഹിക പീഡന നിയമം കൂടി വന്നു. പ്രൊട്ടക്ഷൻ ആഫീസേഴ്സ് വന്നു. നമ്മുടെ സഹോദരിമാർക്ക് പെട്ടെന്ന് ആശ്രയിക്കാൻ പറ്റുന്ന ഒരു സംവിധാനം എന്നുള്ള നിലയിൽ ബ്ലോക്ക് തലത്തിൽതന്നെ പ്രൊട്ടക്ഷൻ ആഫീസേഴ്സിനെ നിശ്ചയിക്കണം എന്നുള്ളതാണ് ഗവൺമെന്റ് ആലോചിക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പിൽ അതിനുള്ള ഉദ്യോഗസ്ഥകളുണ്ട്. കഴിയുന്നതും സ്ത്രീകളെ തന്നെ നിശ്ചയിക്കണം. അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുകയാണ്. സർവ്വീസ് പ്രൊവൈഡേഴ്സിന് നടപടിയായിട്ടുണ്ട്. ഇതൊക്കെ ഒരുമിച്ച് വരുന്ന ഘട്ടത്തിൽ കേരളാ വനിതാ കമ്മീഷന് കുറേക്കൂടി ഫലപ്രദമായി പ്രവർത്തിക്കാനുള്ള ഒരു സാഹചര്യം ഒരുക്കുക എന്നുള്ളതാണ് ഉദ്ദേശിച്ചിട്ടുള്ളത്.

6.00 p. m.] ഇവിടെ ശ്രീ. എം. ഉമ്മറും ശ്രീ. റോഷി അഗസ്റ്റിനും ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. വി. എൻ. വാസവനും ശ്രീമതി ജെ. അരുന്ധതിയുമെല്ലാം മുന്നോട്ടുവച്ചിട്ടുള്ള കുറേ നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങളെല്ലാം ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. പക്ഷേ അത്തരത്തിലുള്ള പുതിയ ഭേദഗതികളൊന്നും ഈ സന്ദർഭത്തിൽ നമുക്ക് ആ രീതിയിൽ സ്വീകരിക്കാൻ സാധിക്കില്ല. പിന്നീട് നമുക്ക് അത് വീണ്ടും ചർച്ച ചെയ്യാവുന്നതാണ്. ഇതിനെ ശക്തിപ്പെടുത്തണമെന്നുള്ള പൊതു അഭിപ്രായമുണ്ട്, അതിൽ വളരെ സന്തോഷമുണ്ട്. ആ അഭിപ്രായമാണ് എനിക്കുള്ളത്. ഈ വനിതാ കമ്മീഷനെ ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിൽ നമ്മുടെ സഹോദരിമാർ നേരിടുന്ന പ്രശ്നങ്ങൾക്ക് എന്തൊക്കെ പരിഹാരം കാണാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. വി. എൻ. വാസവൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ശ്രീമതി ജെ. അരുന്ധതി അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി ജെ. അരുന്ധതി: പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

**Shri K. Babu:** Sir, I move the following amendments:

112. In Section 5(1) of the Principal Act proposed to be amended by clause 3(1) (a) for the words "who is committed to the cause of Women" substitute the words "who is eminent and committed to the cause of women".

118. In Section 5(1) of the Principal Act proposed to be amended by clause 3(1)(b) for the words "four other members" substitute the words "four other eminent members".

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 112, 118 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

**Shri C. P. Muhammed:** Sir, I move the following amendment:

127. In Section 6(1) of the principal Act proposed to be amended by clause 4(i) after the words "Every member" the words and punctuation marks "other than the Secretary" shall be inserted.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

**Shri M. Prakashan Master:** Sir, I move the following amendment:

128. In Section 7 of the principal Act proposed to be amended by clause 5 the word instead of "four" substitute the following:

"three excluding the member Secretary" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയിട്ടുള്ള 129-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

129. "In Section 12(1) of the principal Act proposed to be amended by clause 7(i) insert the words "exercising" in between the words " besides" and "the functions".

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8 മുതൽ 12 വരെയുള്ള വകുപ്പുകൾ

8 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8 മുതൽ 12 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VII 2007-ലെ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ബഹുമാനപ്പെട്ട അങ്ങയുടെ അനുവാദത്തോടുകൂടി ഇവിടെ രൂപീകരിച്ചിട്ടുള്ള 2007-ലെ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ പ്രൊഫ. കെ. വി. തോമസ്, ശ്രീ. കെ. വി. കുഞ്ഞിരാമൻ എന്നീ രണ്ട് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം വയ്ക്കുന്നു..

മി. സ്പീക്കർ: രണ്ട് പേരുകളും അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2007 സെപ്റ്റംബർ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.05-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം I

[17-9-07-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (1884) കാണുക]

## S. S. L. C. പരീക്ഷയിൽ പരാജിതരായവർക്ക് നൽകുന്ന ധനസഹായം

1. ട്യൂഷൻ കോഴ്സിന്റെ കാലയളവ് - 4 മാസം
(സെപ്റ്റംബറിൽ പരീക്ഷ എഴുതുന്നവർക്ക്)

| ഇനം | തുക |
|---|---|
| ലംപ്സംഗ്രാന്റ് | ഒരു കോഴ്സിന് 300 രൂപ |
| ട്യൂഷൻ ഫീസ് | ഭാഷാ വിഷയങ്ങൾക്ക് മാത്രം 500 രൂപ<br>മറ്റ് വിഷയങ്ങൾക്ക് മാത്രം-750 രൂപ |
| സ്റ്റൈപ്പന്റ് | കോഴ്സ് കാലയളവിലേക്ക് പ്രതിമാസം 250 രൂപ വീതം |

2. ട്യൂഷൻ കോഴ്സിന്റെ കാലയളവ് - 10 മാസം

| ഇനം | തുക |
|---|---|
| ലംപ്സംഗ്രാന്റ് | ഒരു കോഴ്സിന് 300 രൂപ |
| ട്യൂഷൻ ഫീസ് | 10 മാസത്തേക്ക് ഭാഷാ വിഷയങ്ങൾക്ക് 600 രൂപ<br>മറ്റ് വിഷയങ്ങൾക്ക് മാത്രം-900 രൂപ |
| സ്റ്റൈപ്പന്റ് | കോഴ്സ് കാലയളവിലേക്ക് (10 മാസം) പ്രതിമാസം 120 രൂപ |

3. ഹയർ സെക്കന്ററി പരീക്ഷകളിൽ പരാജിതരാകുന്നവർക്ക് നൽകുന്ന ധനസഹായം (കോഴ്സ് കാലയളവ് - 10 മാസം)

| ഇനം | തുക |
|---|---|
| ലംപ്സംഗ്രാന്റ് | 500 രൂപ ഒരു കോഴ്സിന് |
| സ്റ്റൈപ്പന്റ് | 200 രൂപ പ്രതിമാസം |
| ട്യൂഷൻ ഫീസ് | ഒരു കോഴ്സ് കാലയളവിലേക്ക് സയൻസ് വിഷയങ്ങൾക്ക് ഓരോന്നിനും കമ്പ്യൂട്ടർ സയൻസോടു കൂടിയ കോമേഴ്സ് വിഷയത്തിനും 750 രൂപ നിരക്കിലും മറ്റ് വിഷയങ്ങൾക്കും ഭാഷയ്ക്കും ഓരോന്നിനും 600 രൂപ നിരക്കിലും |

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം II

[17-9-07-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 32 (1906) കാണുക]

| *Sl. No.* | *Name of Generating Station* | *Generation in MU during the last three years* | | |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | 2004-05 | 2005-06 | 2006-07 |
| 1 | Kallada | 78.11 | 64.11 | 76.16 |
| 2 | Peppara | 5.80 | 3.84 | 7.48 |
| 3 | Madupetty | 4.75 | 6.87 | 5.68 |
| 4 | Poringalkuthu LBE | 107.89 | 105.38 | 107.81 |
| 5 | Malampuzha | 2.95 | 0.68 | 2.0613 |
| 6 | Lower Meenmutty | - | - | 5.6221 |
| 7 | Urumi | 1.52 | 12.85 | 14.52 |
| 8 | Chembukkadavu | 5.93 | 10.59 | 12.17 |
| 9 | Malankara | - | 20.58 | 32.22 |
| 10 | Maniyar (Pvt.) | 34.69 | 41.66 | 43.02 |
| 11 | Kuthungal (Pvt.) | 36.11 | 46.13 | 47.52 |
| | Total | 277.75 | 312.69 | 352.20 |

LIBRARY ARCHIVES Kerala Legislative Assembly

# PROCEEDINGS

OF THE

# TWELFTH KERALA LEGISLATIVE ASSEMBLY

## SIXTH SESSION

**Tuesday, the 4th September 2007**

# OFFICIAL REPORT

**Vol. CXXXIV—No. 1**

**Price : 50 P.**

©

GOVERNMENT OF KERALA

2010

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

2007 സെപ്റ്റംബർ 4, ചൊവ്വ

*സ്പീക്കർ*

**ശ്രീ. കെ. രാധാകൃഷ്ണൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. ജോസ് ബേബി**

*സെക്രട്ടറി*

**ഡോ. എൻ. കെ. ജയകുമാർ**

*ചീഫ് എഡിറ്റർ*

**ശ്രീമതി കെ. സുധാദേവി**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

## പന്ത്രണ്ടാം കേരള നിയമസഭ

### മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | .. ശ്രീ. വി. എസ്. അച്ചുതാനന്ദൻ |
| വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി | .. ശ്രീ. എം. എ. ബേബി |
| ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി | .. ശ്രീ. കോടിയേരി ബാലകൃഷ്ണൻ |
| പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി | .. ശ്രീ. എ. കെ. ബാലൻ |
| വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | .. ശ്രീ. ബിനോയ് വിശ്വം |
| ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി | .. ശ്രീ. സി. ദിവാകരൻ |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | .. ശ്രീ. പി. കെ. ഗുരുദാസൻ |
| വ്യവസായ വകുപ്പുമന്ത്രി | .. ശ്രീ. എളമരം കരീം |
| ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി | .. ശ്രീ. മാത്യു ടി. തോമസ് |
| തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി | .. ശ്രീ. പാലോളി മുഹമ്മദ് കുട്ടി |
| ജലവിഭവ വകുപ്പുമന്ത്രി | .. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ |
| റവന്യൂ വകുപ്പുമന്ത്രി | .. ശ്രീ. കെ. പി. രാജേന്ദ്രൻ |
| കൃഷി വകുപ്പുമന്ത്രി | .. ശ്രീ. മുല്ലക്കര രത്നാകരൻ |

2/415/2010/SMT–

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | .. ശ്രീ. എസ്. ശർമ്മ |
| ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | .. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ |
| സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി | .. ശ്രീ. ജി. സുധാകരൻ |
| ധനകാര്യ വകുപ്പുമന്ത്രി | .. ഡോ. തോമസ് ഐസക് |
| നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി | .. ശ്രീ. എം. വിജയകുമാർ |

LIBRARY ARCHIVES Kerala Legislative Assembly

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

### നിയമസഭാംഗങ്ങൾ

1. ശ്രീ. പി. കെ. അബ്ദുറബ്ബ് (മഞ്ചേരി)
2. ,, കെ. വി. അബ്ദുൾഖാദർ (ഗുരുവായൂർ)
3. ,, പി. പി. അബ്ദുള്ളക്കുട്ടി (തിരൂർ)
4. ,, അബ്ദുറഹിമാൻ രണ്ടത്താണി (താനൂർ)
5. ,, കെ. അച്ചുതൻ (ചിറ്റൂർ)
6. ,, വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
7. ,, സി. ടി. അഹമ്മദ് അലി (കാസർഗോഡ്)
8. ശ്രീമതി അയിഷാ പോറ്റി (കൊട്ടാരക്കര)
9. ശ്രീ. കെ. അജിത് (വൈക്കം)
10. ,, മഞ്ഞളാംകുഴി അലി (മങ്കട)
11. ,, അൽഫോൺസ് കണ്ണന്താനം (കാഞ്ഞിരപ്പള്ളി)
12. ,, ആനത്തലവട്ടം ആനന്ദൻ (ആറ്റിങ്ങൽ)
13. ,, എ. പി. അനിൽകുമാർ (വണ്ടൂർ)
14. ,, എൻ. അനിരുദ്ധൻ (ചാത്തന്നൂർ)
15. ,, എ. എം. ആരിഫ് (അരൂർ)
16. ശ്രീമതി ജെ. അരുന്ധതി (വാമനപുരം)
17. ശ്രീ. എ. എ. അസീസ് (ഇരവിപുരം)
18. ,, കെ. ബാബു (തൃപ്പൂണിത്തുറ)
19. ,, ബാബു എം. പാലിശ്ശേരി (കുന്നംകുളം)
20. ,, ബാബുപോൾ (മൂവാറ്റുപുഴ)
21. ,, ബാബു പ്രസാദ് (ഹരിപ്പാട്)
22. ,, എം. എ. ബേബി (കുണ്ടറ)
23. ,, കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
24. ,, എ. കെ. ബാലൻ (കുഴൽമന്ദം)
25. ,, പള്ളിപ്രം ബാലൻ (ഹോസ്ദുർഗ്ഗ്)

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീമതി ഇ. എസ്. ബിജി മോൾ
27. ശ്രീ. ബിനോയ് വിശ്വം (നാദാപുരം)
28. „ എ. കെ. ചന്ദ്രൻ (മാള)
29. „ എം. ചന്ദ്രൻ (ആലത്തൂർ)
30. „ വി. ചെന്താമരാക്ഷൻ (കൊല്ലങ്കോട്)
31. „ ബി. ഡി. ദേവസ്സി (ചാലക്കുടി)
32. „ സി. എം. ദിനേശ് മണി (പള്ളുരുത്തി)
33. „ സി. ദിവാകരൻ (കരുനാഗപ്പള്ളി)
34. „ കെ. കെ. ദിവാകരൻ (പാലക്കാട്)
35. „ വി. കെ. ഇബ്രാഹിം കുഞ്ഞ് (മട്ടാഞ്ചേരി)
36. „ കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
37. „ പി. സി. ജോർജ് (പൂഞ്ഞാർ)
38. „ ജോർജ് എം. തോമസ് (തിരുവമ്പാടി)
39. „ ജോർജ് മേഴ്സിയർ (കോവളം)
40. „ പി. കെ. ഗുരുദാസൻ (കൊല്ലം)
41. „ എം. ഹംസ (ഒറ്റപ്പാലം)
42. „ എം. ജെ. ജേക്കബ് (പിറവം)
43. „ കെ. ടി. ജലീൽ (കുറ്റിപ്പുറം)
44. „ കെ. കെ. ജയചന്ദ്രൻ (ഉടുമ്പൻചോല)
45. പ്രൊഫ. എൻ. ജയരാജ് (വാഴൂർ)
46. ശ്രീ. പി. ജയരാജൻ (കൂത്തുപറമ്പ്)
47. „ ജോസ് ബേബി (മണ്ണാർക്കാട്)
48. „ ജോസ് തെറ്റയിൽ (അങ്കമാലി)
49. „ കെ. സി. ജോസഫ് (ഇരിക്കൂർ)
50. „ പി. ജെ. ജോസഫ് (തൊടുപുഴ)
51. „ ജോസഫ് എം. പുതുശ്ശേരി (കല്ലൂപ്പാറ)
52. „ വർക്കല കഹാർ (വർക്കല)
53. „ എളമരം കരീം (ബേപ്പൂർ)
54. „ ജി. കാർത്തികേയൻ (ആര്യനാട്)

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. പി. കൃഷ്ണപ്രസാദ് (സുൽത്താൻ ബത്തേരി)
56. ,, സി. എച്ച്. കുഞ്ഞമ്പു (മഞ്ചേശ്വരം)
57. ,, കെ. കുഞ്ഞമ്മത് മാസ്റ്റർ (പേരാമ്പ്ര)
58. ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
59. ,, കെ. സി. കുഞ്ഞിരാമൻ (വടക്കേ വയനാട്)
60. ,, കെ. വി. കുഞ്ഞിരാമൻ (ഉദുമ)
61. ,, ടി. പി. കുഞ്ഞുണ്ണി (തൃത്താല)
62. ,, കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)
63. ,, റ്റി. യു. കുരുവിള (കോതമംഗലം)
64. ,, കെ. കുട്ടി അഹമ്മദ് കുട്ടി (തിരൂരങ്ങാടി)
65. ശ്രീമതി കെ.കെ. ലതിക (മേപ്പയൂർ)
66. ശ്രീ. കെ. എം. മാണി (പാലാ)
67. ,, മാത്യു ടി. തോമസ് (തിരുവല്ല)
68. ,, പാലോളി മുഹമ്മദ് കുട്ടി (പൊന്നാനി)
69. ,, കെ. പി. മോഹനൻ (പെരിങ്ങളം)
70. ,, എ. സി. മൊയ്തീൻ (വടക്കാഞ്ചേരി)
71. ,, എം. എം. മോനായി (കുന്നത്തുനാട്)
72. ,, മോൻസ് ജോസഫ് (കടുത്തുരുത്തി)
73. ,, കെ. മുഹമ്മദുണ്ണി ഹാജി (കൊണ്ടോട്ടി)
74. ,, ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
75. ,, സി. പി. മുഹമ്മദ് (പട്ടാമ്പി)
76. ,, എം. മുരളി (മാവേലിക്കര)
77. ,, മുരളി പെരുനെല്ലി (മണലൂർ)
78. ,, ഉമ്മൻചാണ്ടി (പുതുപ്പള്ളി)
79. ,, സി. കെ. പി. പത്മനാഭൻ (തളിപ്പറമ്പ്)
80. ,, എ. പ്രദീപ് കുമാർ (കോഴിക്കോട്-1)
81. ,, അടൂർ പ്രകാശ് (കോന്നി)
82. ,, എം. പ്രകാശൻ മാസ്റ്റർ (അഴീക്കോട്)
83. ,, ടി. എൻ. പ്രതാപൻ (നാട്ടിക)

LIBRARY ARCHIVES Kerala Legislative Assembly

84. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ (ചവറ)
85. „ എം. കെ. പ്രേംനാഥ് (വടകര)
86. „ എം. കെ. പുരുഷോത്തമൻ (ഞാറയ്ക്കൽ)
87. „ കെ. രാധാകൃഷ്ണൻ (ചേലക്കര)
88. „ മാങ്കോട് രാധാകൃഷ്ണൻ (നെടുമങ്ങാട്)
89. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ (അടൂർ)
90. „ ബി. രാഘവൻ (നെടുവത്തൂർ)
91. „ പി. ടി. എ. റഹിം (കൊടുവള്ളി)
92. „ കെ. സി. രാജഗോപാൽ (ആറന്മുള)
93. „ രാജാജി മാത്യു തോമസ് (ഒല്ലൂർ)
94. „ എൻ. രാജൻ (കിളിമാനൂർ)
95. „ കെ. പി. രാജേന്ദ്രൻ (കൊടുങ്ങല്ലൂർ)
96. „ എസ്. രാജേന്ദ്രൻ (ദേവികുളം)
97. „ രാജു എബ്രഹാം (റാന്നി)
98. „ കെ. രാജു (പുനലൂർ)
99. „ രാമചന്ദ്രൻ കടന്നപ്പള്ളി (എടക്കാട്)
100. „ തേറമ്പിൽ രാമകൃഷ്ണൻ (തൃശ്ശൂർ)
101. „ യു.സി. രാമൻ (കുന്നമംഗലം)
102. „ മുല്ലക്കര രത്നാകരൻ (ചടയമംഗലം)
103. പ്രൊഫ. സി. രവീന്ദ്രനാഥ് (കൊടകര)
104. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
105. „ സി. കെ. സദാശിവൻ (കായംകുളം)
106. „ സാജു പോൾ (പെരുമ്പാവൂർ)
107. „ എൻ. ശക്തൻ (നേമം)
108. „ പി. എം. എ. സലാം (കോഴിക്കോട്-II)
109. ശ്രീമതി കെ. എസ്. സലീഖ (ശ്രീകൃഷ്ണപുരം)
110. ശ്രീ. എ. കെ. ശശീന്ദ്രൻ (ബാലുശ്ശേരി)
111. „ വി. ശശികുമാർ (പെരിന്തൽമണ്ണ)
112. „ വി. ഡി. സതീശൻ (പറവൂർ)

LIBRARY ARCHIVES Kerala Legislative Assembly

113. ശ്രീ. ആർ. സെൽവരാജ് (പാറശ്ശാല)
114. „ കെ. കെ. ഷാജു (പന്തളം)
115. „ എസ്. ശർമ്മ (വടക്കേക്കര)
116. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (പേരാവൂർ)
117. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
118. „ കെ. ശിവദാസൻ നായർ (പത്തനംതിട്ട)
119. „ വി. ശിവൻകുട്ടി (തിരുവനന്തപുരം ഈസ്റ്റ്)
120. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ (പയ്യന്നൂർ)
121. ശ്രീ. എം. വി. ശ്രേയാംസ് കുമാർ (കൽപ്പറ്റ)
122. „ ജി. സുധാകരൻ (അമ്പലപ്പുഴ)
123. „ കെ. സുധാകരൻ (കണ്ണൂർ)
124. „ വി. എസ്സ്. സുനിൽ കുമാർ (ചേർപ്പ്)
125. „ വി. സുരേന്ദ്രൻപിള്ള (തിരുവനന്തപുരം വെസ്റ്റ്)
126. „ വി.ജെ. തങ്കപ്പൻ (നെയ്യാറ്റിൻകര)
127. „ പി. തിലോത്തമൻ (ചേർത്തല)
128. „ സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
129. പ്രൊഫ. കെ. വി. തോമസ് (എറണാകുളം)
130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)
131. „ തോമസ് ചാഴികാടൻ (ഏറ്റുമാനൂർ)
132. ഡോ. തോമസ് ഐസക് (മാരാരിക്കുളം)
133. ശ്രീ. തോമസ് ഉണ്ണിയാടൻ (ഇരിങ്ങാലക്കുട)
134. „ എം. ഉമ്മർ (മലപ്പുറം)
135. „ എം. എ. വാഹീദ് (കഴക്കൂട്ടം)
136. „ വി. എൻ. വാസവൻ (കോട്ടയം)
137. „ കെ. സി. വേണുഗോപാൽ (ആലപ്പുഴ)
138. „ എം. വിജയകുമാർ (തിരുവനന്തപുരം നോർത്ത്)
139. „ പി. സി. വിഷ്ണുനാഥ് (ചെങ്ങന്നൂർ)
140. „ പി. വിശ്വൻ (കൊയിലാണ്ടി)
141. „ എ. എം. യൂസഫ് (ആലുവ)

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 25

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 55

II അടിയന്തിര പ്രമേയം

മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഐ.എസ്.ആർ.ഒ.യ്ക്ക്
വിറ്റത് സംബന്ധിച്ച് .. 181

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ
സമഗ്രവികസനം— .. 195
ശ്രീ. വി. ജെ. തങ്കപ്പൻ

(2) ഗൾഫിൽ നിന്ന് തിരിച്ചെത്തുന്നവരുടെ
പുനഃരധിവാസം— .. 197
ശ്രീ. സി. ടി. അഹമ്മദ് അലി

IV ചെയർമാൻമാരുടെ പാനൽ .. 200

V സബ്മിഷൻ

(1) ദേശീയപതാക തലകീഴായി ഉയർത്തിയ സംഭവം— .. 200
ശ്രീ. പി. കെ. അബ്ദുറബ്ബ്

(2) തോമസ് സെബാസ്റ്റ്യന്റെ വിധവയ്ക്ക് ആശ്രിതനിയമനം— .. 202
ശ്രീ. വി. ശിവൻകുട്ടി

(3) പാഠപുസ്തക വിതരണത്തിലെ കാലതാമസം— .. 203
ശ്രീ. എ. പി. അനിൽകുമാർ

(4) സൗജന്യ റേഷൻ— .. 207
ശ്രീ. എൻ. അനിരുദ്ധൻ


LIBRARY ARCHIVES Kerala Legislative Assembly

പേജ്

(5) തോട്ടം തൊഴിലാളികളുടെ പാഡികളിൽ പദ്ധതിവിഹിതം ചെലവ് ചെയ്യുന്നത് സംബന്ധിച്ച്— .. 208
പ്രൊഫ. സി. രവീന്ദ്രനാഥ്

(6) കാട്ടാന ശല്യം— .. 209
ശ്രീ. ജോർജ് എം. തോമസ്

(7) ക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിച്ച സംഭവം— .. 210
ശ്രീ. വി. ശശികുമാർ

VI മേശപ്പുറത്തുവച്ച കടലാസുകൾ .. 212

VII നിയമനിർമ്മാണകാര്യം

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 213

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

VIII ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച ഒബ്ജക്ഷൻ .. 214
ശ്രീ. ആര്യാടൻ മുഹമ്മദ്
ശ്രീ. കെ. എം. മാണി

IX റൂളിംഗ്—

1. 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ .. 224
2. 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ .. 291
3. 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ .. 300

(ചർച്ച തുടർച്ച)

അനുബന്ധം: I മുതൽ III വരെ .. 313

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

2007 സെപ്റ്റംബർ 4, ചൊവ്വ

വാല്യം CXXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

(നിയമസഭ 2007 സെപ്റ്റംബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ,.........ഓർഡർ......... [ചോദ്യം നമ്പർ 1]

വില നിയന്ത്രണ നടപടികൾ

*1 [1] ശ്രീമതി കെ. കെ. ലതിക :
ശ്രീ. സാജു പോൾ :
പ്രൊഫ.സി.രവീന്ദ്രനാഥ് :
ശ്രീ. എസ്. രാജേന്ദ്രൻ:
,, കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില എന്തുമാത്രം കുറയ്ക്കാൻ കഴിഞ്ഞു;



LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനോട് ജനങ്ങളുടെ പ്രതികരണം എങ്ങനെയാണ്; ഇത് സ്ഥിരം സംവിധാനമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഓണക്കാലത്ത് എത്ര കോടി രൂപയുടെ വില്പനയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലക്ഷ്യമിട്ടത് ;

(ഇ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) കാലവർഷക്കെടുതി, പകർച്ചപ്പനി, കുത്തകകളുടെ പ്രവേശനം എന്നീ കാരണങ്ങളാൽ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സർക്കാർ കാലേകൂട്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സിറ്റി കോർപ്പറേഷനുകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും 129 ഓണം മാർക്കറ്റുകളുമടക്കം 145 വിൽപ്പന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ വിൽപ്പന ഔട്ട്ലെറ്റുകളും മിനി ഓണം ബസാറുകളായും പ്രവർത്തിച്ചു. ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. മെട്രോ/ടൗൺ പീപ്പിൾസ് ബസാറുകളിൽ സപ്ലൈകോ സ്റ്റാളുകൾക്ക് പുറമെ ഗവൺമെന്റ് സ്ഥാപനങ്ങളായ എം.പി.ഐ., മിൽമ, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ്, കയർബോർഡ് എന്നിവയുടെ സ്റ്റാളുകളും പ്രവർത്തിച്ചിരുന്നു. 19-8-2007, 26-8-2007 എന്നീ ഞായറാഴ്ചകളിലും സപ്ലൈകോ വിൽപ്പന ശാലകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ഓണ ദിവസങ്ങളായ 22-8-2007 മുതൽ 26-8-2007 വരെ എല്ലാ മാവേലി സ്റ്റോറുകളും ഇടവേളയില്ലാതെ പ്രവർത്തിച്ചു. ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കും 1.5 കിലോഗ്രാം പഞ്ചസാര റേഷൻ വിലയ്ക്ക് നൽകിയിരുന്നു.

ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 550 കേസ്സുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചു നിറുത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 50 ശതമാനത്തിലേറെ വിലക്കുറവിൽ സപ്ലൈകോ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഓണക്കാലത്തെ പൊതുവിപണിയിലെ വിലയും സിവിൾ സപ്ലൈസ് കോർപ്പറേഷന്റെ വിലയും താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | സപ്ലൈകോ വില | പൊതുവിപണി യിലെ വില |
|---|---|---|---|
| 1 | ചെറുപയർ | 33.00 | 43.00 |
| 2 | ഉഴുന്ന് (ബോൾ) | 35.50 | 49.00 |
| 3 | ഉഴുന്ന് (പിളർന്നത്) | 34.00 | 45.00 |
| 4 | കടല (വലുത്) | 27.00 | 35.00 |
| 5 | തുവരൻപരിപ്പ് | 29.00 | 38.00 |
| 6 | വൻപയർ | 26.50 | 34.00 |
| 7 | പീസ്പരിപ്പ് | 18.00 | 24.00 |
| 8 | മുളക് | 48.00 | 60.00 |
| 9 | മല്ലി | 34.00 | 44.00 |
| 10 | ജീരകം | 96.00 | 140.00 |
| 11 | കടുക് | 22.00 | 29.00 |
| 12 | ഉലുവ | 28.00 | 36.00 |
| 13 | പഞ്ചസാര | 14.00 | 15.50 |

(സി) ഓണത്തോടനുബന്ധിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ 5-8-2007 മുതൽ 26-08-2007 വരെ പ്രവർത്തിച്ചിരുന്നു. ജനങ്ങളിൽ നിന്നും നല്ല രീതിയിലുള്ള പ്രതികരണമാണ് പീപ്പിൾസ് ബസാറുകൾക്ക് ലഭിച്ചത്. ഇത് ഒരു സ്ഥിരം സംവിധാനമാക്കുന്നതിനെ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) ഓണക്കാലത്ത് 100 കോടി രൂപയുടെ വിൽപ്പനയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലക്ഷ്യമിട്ടിരുന്നത്.

(ഇ) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാവേലി സ്റ്റോറുകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും കൂടുതൽ ഇനം ഉൾപ്പെടുത്തികൊണ്ടും മാവേലി സ്റ്റോറുകൾ വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സെൽഫ് സർവ്വീസ് സംവിധാനം വ്യാപകമാക്കുന്ന കാര്യവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.കെ. ലതിക: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്ന എല്ലാ കാലഘട്ടങ്ങളിലും വിലക്കയറ്റം പിടിച്ചുനിർത്താനുള്ള സംവിധാനങ്ങൾ ഉണ്ടാകാറുണ്ട്. ഈ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനും സഹകരണ സംഘങ്ങളും മുഖേന പ്രത്യേകമായ സംവിധാനത്തിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താനുള്ള സംവിധാനമാണ് ഉണ്ടായത്. ഈ സംവിധാനം തുടർന്നുകൊണ്ടുപോകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായിട്ടും ഈ ഓണക്കാലത്തെ അനുഭവം ജനങ്ങൾ സ്വാഗതം ചെയ്തതാണ്. ഇത്തരത്തിലുള്ള നിരന്തരമായ മാർക്കറ്റ് ഇന്റർവെൻഷൻ കുത്തകകളുടെ പ്രവേശനത്തോടുകൂടി അനിവാര്യമായിത്തീർന്നിട്ടുണ്ട്. പീപ്പിൾസ് ബസാർ എന്നുള്ള ഒരു പുതിയ പരീക്ഷണം ജനങ്ങൾ സ്വാഗതം ചെയ്യുകയാണുണ്ടായത്. തീർച്ചയായും ഒരു കുടക്കീഴിൽ എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാകുന്ന തരത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പീപ്പിൾസ് ബസാർ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീമതി കെ.കെ. ലതിക: സർ, ഈ സർക്കാർ വന്നതിനുശേഷം മാവേലിസ്റ്റോറുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്, പുതുതായി മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, മാവേലി സ്റ്റോറുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സാജുപോൾ: സർ, കേരള ചരിത്രത്തിലെ ഏറ്റവും സമൃദ്ധമായ ഓണനാളുകൾ സമ്മാനിച്ച ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും മലയാളക്കരയുടെ അഭിമാനഭാജനങ്ങളാണ്. പലവ്യഞ്ജനത്തിന്റേയും പച്ചക്കറികളുടേയുമൊക്കെ വില നമുക്ക് നിയന്ത്രിക്കാൻ കഴിഞ്ഞപ്പോഴും മൽസ്യം, മാംസം ഇവയുടെ വില വളരെയധികം ഉയരുകയാണ്. അതുകൊണ്ട് കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകളും ഉപയോഗിക്കുന്ന മൽസ്യത്തിന്റേയും മാംസത്തിന്റേയും വിലകൂടി നിയന്തിക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, മാംസത്തിന്റെ വില നിയന്ത്രിക്കാൻ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഗവൺമെന്റ് നടപടികൾ എടുത്തുവരികയാണ്. അതോടുകൂടി മാംസത്തിന്റെ വില നിയന്ത്രിക്കാൻ കഴിയും എന്ന് പ്രത്യാശിക്കുന്നുണ്ട്. മൽസ്യത്തിന്റെ വിലയുടെ കാര്യം മൽസ്യഫെഡ്ഡുമായി ഞങ്ങൾ ആലോചിച്ച് പൊതുവിതരണ സമ്പ്രദായത്തിൽ അത് ക്ലബ്ബ് ചെയ്ത് ന്യായമായ വിലയ്ക്ക് മൽസ്യവും വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. സാജുപോൾ: സർ, വില നിലവാരം പിടിച്ചു നിർത്തിയത് മാത്രമല്ല, ടൂറസം ഡിപ്പാർട്ടമെന്റ് സംഘടിപ്പിച്ച പരിപാടികളും അതുപോലെത്തന്നെ ധനകാര്യ വകുപ്പ് പെൻഷനുകളും മറ്റുമൊക്കെ കൊടുത്തുതീർത്തതുമൊക്കെ വളരെ ഫലപ്രദമായിരുന്നു. എന്നാൽ ഈ ഓണക്കാലത്തും വളരെ രൂക്ഷമായ പാചകവാത ക്ഷാമം അനുഭവപ്പെട്ടു. അത് ഇപ്പോഴും തുടരുകയാണ്. പാചക വാതകത്തിന്റെ ദുരുപയോഗവും ക്ഷാമവും പരിഹരിച്ചുകൊണ്ട് സത്വരമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട സാജുപോൾ ഉന്നയിച്ചത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. കേരളത്തിന്റെ ആവശ്യക്കാർക്ക് അനുസരണമായിട്ടുള്ള എൽ.പി.ജി. സിലിണ്ടർ വിതരണം ചെയ്യാൻ ഓയിൽ കമ്പനിക്കാർ തയ്യാറാകുന്നില്ല. സിലിണ്ടറിന് കൂടുതൽ കൂടുതൽ ക്ഷാമം വർദ്ധിപ്പിക്കാനുള്ള നടപടികളും അവർ സ്വീകരിക്കുന്നുണ്ട്. അതിന് പറയുന്ന ന്യായം 307 രൂപയുടെ സബ്സിഡി നിരക്കിലാണ് ഒരു സിലിണ്ടർ കേരളത്തിൽ വിതരണം ചെയ്യുന്നത്; അതിന്റെ ഫലമായി ഭീമമായ നഷ്ടം അവർക്ക് വരുന്നു എന്നൊക്കെയാണ്. ആ നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള മാർഗ്ഗങ്ങളാണ് അവർ ആലോചിക്കുന്നത്. ഗവൺമെന്റ് ഓയിൽ കമ്പനികളുടെ ഉന്നത തല കോൺഫറൻസ് രണ്ടു തവണ വിളിച്ചു. അവരുടെ കണക്കനുസരിച്ച് 67,000 സിലിണ്ടറുകളുടെ ഷോർട്ടേജാണ് ഇപ്പോഴുള്ളത്. എന്നാൽ ഡിമാന്റുമായി താരതമ്യപ്പെടുത്തുമ്പോൾ ആ കണക്ക് ശരിയല്ല. വീണ്ടും ഗവൺമെന്റ് അക്കാര്യത്തിൽ ഇടപെട്ട് സുതാര്യമായിട്ടും സുഗമമായിട്ടും എൽ.പി.ജി. സിലിണ്ടർ ഉപഭോക്താക്കൾക്ക് കൃത്യ സമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. എൻ. രവീന്ദ്രനാഥ്: സർ, ഈ കുത്തകകളുടെ രംഗപ്രവേശനം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾക്കൊപ്പംതന്നെ ഗുരുതരമായ ഒരു പ്രശ്നം ഇന്ന് നിലവിലുള്ളത് ഡോളറിന്റെ വില കുറയുകയും രൂപയുടെ മൂല്യം കൂടുകയും ചെയ്യുന്നു എന്നുള്ളതാണ്. അതുകൊണ്ട് ഇറക്കുമതി ലാഭവും കയറ്റുമതി നഷ്ടവും ആയിരിക്കുകയാണ്. അതിന്റെ ഫലമായി ഇറക്കുമതി വല്ലാതെ വർദ്ധിക്കുകയും ആഭ്യന്തര കമ്പോളം തകരുകയും ചെയ്യുന്ന ഒരു അവസരം ഉണ്ടായപ്പോൾ അതുകൂടി കണക്കിലെടുത്തുകൊണ്ടല്ലേ സർക്കാർ ഈ പൊതു കമ്പോളത്തിൽ ഇടപെട്ടത്?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായിട്ടും ആ സാമ്പത്തിക പ്രശ്നം കൂടി നമ്മുടെ രാജ്യത്തെ കമ്പോളങ്ങളെ സാരമായി ബാധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ കമ്പോളത്തിൽ സ്ഥിരമായി ഇടപെട്ടുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കഴിയുന്ന, ചരിത്രത്തിൽ ഇല്ലാത്ത തരത്തിലുള്ള ഇടപെടലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ബഹുരാഷ്ട്ര കമ്പനികളുടെ റീട്ടെയിൽ സെക്ടറിലേക്കുള്ള പ്രവേശനത്തെ മൽസരത്തിലൂടെ നേരിടാനും ഗവൺമെന്റ് തയ്യാറെടുക്കുന്നുണ്ട്. മറ്റ് നിയമ നടപടികളും സ്വീകരിക്കാൻ കഴിയുന്നതാണ്.

പ്രൊഫ. എൻ. രവീന്ദ്രനാഥ്: സർ, കുടുംബശ്രീ യൂണിറ്റുകൾ ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്; ഉല്പന്നങ്ങൾക്ക് വിലയും കുറവാണ്. പക്ഷെ അവർക്ക് നല്ല ഒരു മാർക്കറ്റിംഗ് നെറ്റ് വർക്ക് ഇന്ന് ഇല്ല. ആ കുറവ് പരിഹരിക്കത്തക്ക രീതിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ യൂണിറ്റുകളിലൂടെ ഈ കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് ഔട്ട്ലെറ്റ് അനുവദിച്ച് ഒരു മാർക്കറ്റിംഗ് നെറ്റ്വർക്ക് ഉണ്ടാക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഇപ്പോൾത്തന്നെ സപ്ലൈ-കോ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് കുറച്ചുകൂടി വിപുലമാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 'അഭിമാനകരം ഈ സാഹസിക കുതിപ്പ്' എന്ന് പത്രത്തിൽ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഇൻസാറ്റ് (സി) 6-ന്റെ പ്രവർത്തനം ഈ അവസരത്തിൽ ആശംസിക്കുക തന്നെയാണ്. കേന്ദ്രം പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടാൻ പോകുന്ന പ്രക്രിയയും തുടരുകയാണ് എന്ന പത്രവാർത്ത വായിക്കാനിടയായി. അത്തരത്തിലേക്ക് കേന്ദ്രത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വില കൂട്ടുന്നതിന്റെ ഭാഗമായി കേരളത്തിലേക്ക് വരാൻ പോകുന്ന വിലക്കയറ്റത്തെ തടയുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, നിലവിലുള്ള പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കി സപ്ലൈ-കോയുടെ ഔട്ട്ലെറ്റുകൾ വിപുലീകരിക്കുക. ആ വഴികൾ അല്ലാതെ വേറെ പുതിയ വഴികളൊന്നും വിലക്കയറ്റം തടയാൻ ഗവൺമെന്റിന്റെ മുമ്പിലില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ അടിമാലി, മൂന്നാർ, മറയൂർ., കാന്തല്ലൂർ, മാങ്കുളം തുടങ്ങിയ മേഖലകൾ പൂർണ്ണമായും തോട്ടം മേഖലയും ആദിവാസികൾ താമസിക്കുന്നതുമാണ്. അവിടെ ഇപ്പോഴും മഴക്കാലം കൊണ്ടുതന്നെ ജോലിയില്ലാത്ത അവസ്ഥയാണ്. ആ മേഖലയിൽ ലാഭം സ്റ്റോറുകളോ ശബരി സ്റ്റോറുകളോ പഞ്ചായത്തിൽ ഒന്ന് എന്നുള്ള നിലയിൽ അനുവദിച്ച് സഹായിക്കുവാനുള്ള തീരുമാനം സർക്കാർ എടുക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ഇത് സർക്കാരിന്റെ ഒരു സ്ഥാപനമാണ്. സർക്കാരിന്റെ ഒരു സ്ഥാപനത്തിന്റെ ഔട്ട്ലെറ്റ് തുടങ്ങണമെങ്കിൽ സർക്കാരിന്റെ ഭരണപരമായ നടപടിക്രമങ്ങൾ ഒരുപാടുണ്ട്. സ്റ്റാഫിനെ കിട്ടേണ്ടതുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന് അഡ്വൈസ് ചെയ്യേണ്ടതുണ്ട്. അതിനാവശ്യമായ എല്ലാം പരിശോധിച്ച് തീർച്ചയായിട്ടും അങ്ങയുടെ മണ്ഡലത്തിൽ ആവശ്യമായ മാവേലിസ്റ്റോറും ലാഭം മാർക്കറ്റുകളും ഉണ്ടാക്കുന്നതാണ്.

ശ്രീ. കെ. സി. രാജഗോപാലൻ: സർ, പാചകവാതകത്തിന്റെ കുറവ് നികത്തും എന്ന് ഇവിടെ പറഞ്ഞു. എന്നാൽ ഇപ്പോൾ അത് കരിഞ്ചന്തയിൽ വിൽപ്പനയുണ്ടെന്നൊരു ആക്ഷേപം ഉണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഇടപെട്ടു കൊണ്ട് ഈ രംഗത്ത് കൂടുതൽ ഏജൻസികൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആരംഭിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, അപ്രകാരം ഒരു നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനും ഓയിൽ കമ്പനികൾക്കും സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. രാജഗോപാലൻ: ശബരിസ്റ്റോർ കൂടുതൽ പ്രയോജനപ്പെടുന്നതാണ്. അത് കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റിന് ലാഭകരമായി വലിയ ബുദ്ധിമുട്ടില്ലാതെ നടത്താവുന്ന ഒരു സ്ഥാപനം ആണ്.

ശ്രീ. സി. ദിവാകരൻ: സർ, ശബരി സ്റ്റോർ എന്നു പറയുന്നത് എ.ആർ.ഡി. ഷോപ്പുകളുടെ കൺവർഷൻ ആണ്. അതിൽ ചിലത് നഷ്ടത്തിലാണ്. അത് വ്യാപിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, ശക്തമായ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയതായിട്ട് പറഞ്ഞു. ഇപ്രാവശ്യം മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി എത്ര തുക ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചിലവാക്കി എന്ന് പറയുമോ? കഴിഞ്ഞ പ്രാവശ്യത്തേക്കാൾ ടേൺ ഓവർ കൂടിയിട്ടുണ്ടെങ്കിലും ക്വാണ്ടിറ്റിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കുമോ ?

ശ്രീ. സി. ദിവാകരൻ: സർ, ടേൺ ഓവർ വർദ്ധിച്ചിട്ടുണ്ട്. ക്വാണ്ടിറ്റിയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓണം കഴിഞ്ഞതേയുള്ളൂ. അവസാനമായിട്ടുള്ള കണക്കുകൾ പരിശോധിച്ചുകഴിഞ്ഞാൽ മാത്രമേ ഇതിന്റെ യഥാർത്ഥ വസ്തുത പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഡോളറിന്റെ വില ഇടിവിന്റെ ഫലമായി ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ കൂടുതൽ ഇറക്കുമതി ചെയ്യാൻ താല്പര്യമുണ്ടാകുന്നു. കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് വൻ തോതിൽ നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ നഷ്ടം സംഭവിക്കുന്ന സ്ഥാപനങ്ങൾക്ക് അല്ലെങ്കിൽ കമ്പനികൾക്ക്, അവരെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, അത് ഒരു സാമ്പത്തിക പ്രശ്നമാണ്. ധനകാര്യ വകുപ്പാണ് അത് പരിശോധിക്കേണ്ടത്.

ശ്രീ. സി. എഫ്. തോമസ്: സർ, വിലക്കയറ്റം പിടിച്ചു നിർത്തി എന്നു പറയുന്നു. കഴിഞ്ഞ വർഷം ഓണം സീസണിൽ ഉണ്ടായിരുന്നതിനേക്കാൾ കുറെ പലവ്യഞ്ജന സാധനങ്ങൾക്ക് ഇപ്രാവശ്യം വില കൂടുതലായിരുന്നു. ഞാൻ നേരിട്ട് പരിശോധിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ മാർക്കറ്റു വിലയും ഇപ്രാവശ്യത്തെ മാർക്കറ്റു വിലയും തമ്മിൽ താരതമ്യം ചെയ്താൽ റീട്ടെയിൽ പ്രൈസ്സുകളിൽ 8 ഇനങ്ങൾക്ക് മാർക്കറ്റിൽ വില കൂടുതലാണ്. അങ്ങനെ വിലകൂടുതലുണ്ടോയെന്ന് നിഷ്പക്ഷമായി പരിശോധിച്ച് കഴിഞ്ഞ വർഷത്തിനേക്കാൾ വില കൂടിയ പലവ്യഞ്ജന സാധനങ്ങളുടെ വില പിടിച്ചു നിർത്താൻ സത്യസന്ധമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ അവ്യക്തമാണ്. കാരണം, അദ്ദേഹം കഴിഞ്ഞ വർഷത്തെ ഓണത്തിന്റെ പലവ്യഞ്ജനങ്ങളുടെ വിലയുടെ കാര്യങ്ങളാണ് പറയുന്നത്. എന്റെ കൈയ്യിൽ കണക്ക് ഉണ്ട്. സഭയിൽ ഞാൻ വയ്ക്കുകയാണ്. കഴിഞ്ഞ 10 മാസക്കാലമായി പലവ്യഞ്ജനങ്ങളുടെ 14 ഐറ്റംസ്സിന്റെ യാതൊരു വിലയും വർദ്ധിച്ചിട്ടില്ല. സ്റ്റേബിൾ ആയി നിൽക്കുകയാണ്. ചെറുപയർ 33 രൂപയാണ്, കഴിഞ്ഞ വർഷത്തേക്കാൾ വളരെ കുറവാണ്. കണക്കുകൾ പരിശോധിക്കാം. സുതാര്യം ആണ്. ഓണക്കാലത്തേക്കാൾ 10 മാസം മുമ്പുള്ള കണക്കാണ് ഞാൻ പറയുന്നത്. അങ്ങ് പറയുന്നത് അതിനും 2 മാസത്തിന് മുമ്പുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | ഇനം | സപ്ലൈകോ വില | പൊതുവിപണിയിലെ വില |
|---|---|---|---|
| 1 | ചെറുപയർ | 33.00 | 43.00 |
| 2 | ഉഴുന്ന് (ബോൾ) | 35.00 | 49.00 |
| 3 | ഉഴുന്ന് (പിളർന്നത്) | 34.00 | 45.00 |
| 4 | കടല (വലുത്) | 27.00 | 35.00 |
| 5 | തുവരൻപരിപ്പ് | 29.00 | 38.00 |
| 6 | വൻപയർ | 25.00 | 34.00 |
| 7 | പീസ്പരിപ്പ് | 18.00 | 24.00 |
| 8 | മുളക് | 48.00 | 60.00 |
| 9 | മല്ലി | 34.00 | 44.00 |
| 10 | ജീരകം | 96.00 | 140.00 |
| 11 | കടുക് | 22.00 | 29.00 |
| 12 | ഉലുവ | 28.00 | 36.00 |
| 13 | പഞ്ചസാര | 14.00 | 15.50 |

10 മാസക്കാലമായി 11 രൂപ മുതൽ 44 രൂപ വരെ വില കുറവാണ്.

ശ്രീ. സി. കെ. സദാശിവൻ: സർ, സാധനങ്ങളുടെ വില വിവരപ്പട്ടിക ഗ്രാമീണ മേഖലയിൽ പ്രദർശിപ്പിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം മേഖലയിൽ വിലവിവരപട്ടിക പ്രസിദ്ധീകരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, ഈ മേഖലയിൽ വില വിവരപ്പട്ടിക എല്ലാ വ്യാപാരികളും പ്രദർശിപ്പിക്കണമെന്നാണ് നിയമം. അതിന് പരിശോധന നടക്കുന്നുണ്ട്, റെയിഡ് നടക്കുന്നുണ്ട്, കുറ്റക്കാരെ കണ്ടുപിടിക്കുന്നുണ്ട്, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സി. എഫ്. തോമസ് ചോദിച്ചത് 12 മാസം മുമ്പ്, കഴിഞ്ഞ ഓണക്കാലത്തെ വിലയും ഈ ഓണക്കാലത്തെ വിലയും തമ്മിൽ വ്യാത്യാസം ഉണ്ടോ എന്നാണ്. അതിന് 10 മാസത്തെ വിലവിവരപ്പട്ടിക വായിച്ചാൽ മതിയോ. ഇത് എഴുതിത്തയ്യാറാക്കിയ വേറെ ഒരു ഉത്തരം എന്നേയുള്ളൂ. സി. എഫ്. തോമസ് ചോദിച്ചത് കഴിഞ്ഞ ഓണക്കാലത്തെ വിലയേക്കാൾ ഈ ഓണക്കാലത്ത് ചില സാധനങ്ങൾക്ക് വില കൂടിയില്ലേ എന്നാണ്. അതിന് അങ്ങ് ഇപ്പോൾ ഉത്തരം പറയണം അല്ലെങ്കിൽ പരിശോധിച്ച് ഈ നിയമസഭയ്ക്ക് ഉത്തരം നൽകാൻ തയ്യാറാണോ?

ശ്രീ. സി. ദിവാകരൻ: സർ, 10 മാസത്തെ കാര്യം പറഞ്ഞതിൽ രണ്ട് മാസത്തെ തർക്കം ആണ് ഞാനും ശ്രീ. കെ. എം. മാണിസാറുമായുള്ളത്. അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ: സർ, വിലക്കയറ്റത്തെ സംബന്ധിച്ച് യാതൊരുവിധ പരാതികളും ഇല്ലാത്ത ഒരു ഓണമാണ് കേരളത്തിൽ ആഘോഷിക്കപ്പെട്ടത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുപോലും വിലക്കയറ്റത്തെ സംബന്ധിച്ചുള്ള ഒരു പരാതിയോ പ്രസ്താവനയോ നമുക്ക് കാണാൻ കഴിഞ്ഞില്ല. ഇപ്പോൾ ഓണം കഴിഞ്ഞ് കൊയ്ത്ത് ആരംഭിച്ചിരിക്കുകയാണ്. കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി വില നിശ്ചയിച്ച് ഉടൻ നെല്ല് സംഭരണം നടത്താൻ വേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ആണ് നെല്ല് സംഭരണത്തിനുള്ള അറിയിപ്പ് കൊടുത്തിട്ടുണ്ട്. കൃഷിക്കാർ ഇപ്പോൾ രജിസ്ട്രേഷൻ തുടങ്ങിയിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നെല്ല് സംഭരണം ആരംഭിക്കും. കഴിഞ്ഞ തവണത്തെ 8.50 പൈസയ്ക്ക് തന്നെ ഇത്തവണയും സംഭരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളിൽ ഓരോ ഐറ്റത്തിന്റെയും വില കഴിഞ്ഞ ഓണത്തിന് എത്രയായിരുന്നുവെന്നും ഇന്ന് ഓപ്പൺമാർക്കറ്റിൽ അതിന്റെ വില എത്രയാണെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. സി. ദിവാകരൻ: സർ, 18 ഇനം അരിയുണ്ട്. 18 ഇനം അരിയുടെയും വിലവിവരപ്പട്ടിക എന്റെ പക്കൽ ഇല്ല. സിവിൽ സപ്ലൈസ് വഴിയോ റേഷൻ കട വഴിയോ കൊടുക്കുന്ന വിലയാണുള്ളത്. അത് 8.50 രൂപ, 8.30 രൂപ, 6.30 രൂപ എന്നിങ്ങനെയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഏറ്റവും വലിയ വിലക്കുറവ് ഇത്തവണ ഉണ്ടായിട്ടുള്ളത് നമ്മുടെ പ്രതിപക്ഷത്തിനാണ്. എന്റെ മണ്ഡലത്തിൽപ്പെട്ട പാപ്പിനിശ്ശേരി പഞ്ചായത്തിൽ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന് അവിടെയുള്ള പഞ്ചായത്ത് ഭരണസമിതി പറഞ്ഞിട്ടുപോലും ശബരി സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നില്ല. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്.. പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അവിടെ ശബരി സൂപ്പർ മാർക്കറ്റ് അനുവദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: സർ, പരിഗണന വളരെ സജീവമാണെന്ന് ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, സി. എഫ്. തോമസ് ചോദിച്ച ചോദ്യത്തിന് മന്ത്രി ഒരുപാട് സാധനങ്ങളുടെ ലിസ്റ്റ് ഇവിടെ വായിക്കുകയാണുണ്ടായത്. ഇവിടെ കേരം തിങ്ങുന്ന കേരളനാട്ടിൽ വെളിച്ചെണ്ണയുടെ വില മന്ത്രി പറഞ്ഞില്ല. പൊതു മാർക്കറ്റിൽ 1 കിലോഗ്രം വെളിച്ചെണ്ണ 50 രൂപയ്ക്കു വിൽക്കുമ്പോൾ അങ്ങയുടെ ശബരി സ്റ്റോറിൽ 920 ഗ്രാം വിൽക്കുന്നത് 55 രൂപയ്ക്കായിരുന്നു. ഇപ്പോൾ 1 രൂപ കൂട്ടി. പാമോയിലിന് 49 രൂപക്ക് പുറത്തു വിൽക്കുമ്പോൾ 59 രൂപ ആണ്. കുറുവ അരിയുടെ വില 14.25 രൂപയായി മാവേലിസ്റ്റോറിൽ വർദ്ധിക്കുമ്പോൾ 13.50 രൂപ ആണ് പുറത്ത്. കേരളത്തിൽ വെളിച്ചെണ്ണ, കേരപോലും, 62.40 രൂപയ്ക്കാണ് വിൽക്കുന്നത്. അതുകൊണ്ട് കേരളത്തിൽ



LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചെണ്ണയ്ക്ക് വിലകൂട്ടുന്നത് അപമാനകരമാണ്. അതോടൊപ്പം തന്നെ പ്രധാനപ്പെട്ട ഒരുകാര്യം പറയാം . റംസാൻ വരികയാണ്. ശ്രീ. സാജുപോൾ പറഞ്ഞതുപോലെ സുപ്രീം കോടതിയുടെ വിധിയെതുടർന്ന് ശാസ്ത്രീയമായ അറവുശാലകൾ ഇല്ലാത്തതുകൊണ്ട് എല്ലാ അറവു തൊഴിലാളികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോട്ടീസ് കൊടുത്തിരിക്കുകയാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കണം, ആയിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതിനുകൂടി ഒന്നു മറുപടി പറയണം.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നമ്മുടെ വെളിച്ചെണ്ണയുടെ വില നിലവാരത്തിന്റെ വ്യത്യാസം ആണ്. കേരഫെഡ് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് വില ഓപ്പൺമാർക്കറ്റിനെക്കാൾ കുറച്ചു കൂടുതൽ ആണ് എന്നുള്ളത് ഒരു വസ്തുതയാണ്. ഉൽപ്പാദനച്ചെലവുകളെല്ലാം സ്വകാര്യ മേഖലയിൽ നടക്കുന്നതിൽ നികുതി വെട്ടിപ്പുകളും കൂലി കൊടുക്കാത്തതിന്റെയും മായം ചേർക്കുന്നതിന്റെയും മറ്റുപലതും ഉണ്ടാവാം. അതുകൊണ്ട് ഓപ്പൺമാർക്കറ്റിൽ ചിലപ്പോൾ ചില സാധനങ്ങൾക്ക് അങ്ങ് ഇങ്ങായി വിലക്കുറവ് ഉണ്ടാകാം. എന്നാൽ ഫുൾ ഗ്യാരന്റി യുള്ള ഉൽപ്പന്നങ്ങളാണ് സപ്ലൈകോയും കേരഫെഡും വിതരണം ചെയ്യുന്നത്. ചെറിയ തോതിലുള്ള വിലക്കയറ്റം ഉണ്ട്, ഇല്ല എന്ന് ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ ഒരു കാലത്തും ഇല്ലാത്ത രീതിയിൽ വിലക്കയറ്റം ഇത്ര കർക്കശമായി നിയന്ത്രിച്ചിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒരു നല്ല വാക്കുപോലും പറയാതെ 2 മാസത്തിനുമുമ്പെന്താണ് വെളിച്ചെണ്ണയുടെ വില എന്ന് ചോദിക്കുന്നത് നിർഭാഗ്യകരമാണ്. അറവുതൊഴിലാളികൾക്ക് നോട്ടീസ് കൊടുത്തിരിക്കുന്നത് സുപ്രീംകോടതിയുടെ വിധി അനുസരിച്ചാണ്. ഗവൺമെന്റ് അത് ഗൗരവപൂർവ്വം പരിഗണിക്കുകയും റംസാനുമുമ്പ് തന്നെ ഏതെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ഈ ഓണക്കാലത്ത് ആരംഭിച്ച ഓണച്ചന്തകൾ വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായിരുന്നു എന്നത് കണക്കിലെടുത്തുകൊണ്ട് ഓണക്കാലത്തും റംസാൻ കാലത്തും അതുപോലെ ക്രിസ്മസ് കാലത്തുമൊക്കെ സ്ഥിരമായിട്ട് ഈ ചന്തകൾ നടത്താനും ഈ ചന്തകൾ നിലനിർത്താനും ഗവൺമെന്റിന് സാധിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ നല്ല കാര്യമാണ്. പക്ഷെ സ്ഥിരമായി നടത്തുന്നതിന്റെ ഫലമായിട്ട് ഭീമമായ ഒരു സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും, എന്നാലും ജനങ്ങളുടെ പൊതു താൽപ്പര്യത്തെ പരിഗണിച്ചുകൊണ്ട് ആ നിർദ്ദേശം സ്വാഗതം ചെയ്യുന്നു. അത് പരിശോധിക്കാനും പരിഗണിക്കാനും പ്രായോഗികമായി നടപ്പിലാക്കാനുമുള്ള ശ്രമങ്ങൾ നടത്തുന്നതായിരിക്കും.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെന്നും ഇനി കൂടുതൽ തുടങ്ങാൻ തയ്യാറാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. നാലു മാസം മുമ്പ് അങ്ങ് അനുവദിച്ച ഒരു മാവേലി സ്റ്റോറിന് പഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയതാണ്. അവിടെ പതിനൊന്നായിരം രൂപയുടെ കച്ചവടം നടക്കാൻ ഇടയില്ല എന്ന ആന്റിസിപ്പേറ്ററി കൺക്ലൂഷന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ അധികൃതർ ആ മാവേലി സ്റ്റോറിന് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്തരത്തിൽ പ്രാദേശിക ഉദ്യോഗസ്ഥൻമാരുടെ അനാവശ്യമായ തടസ്സവാദങ്ങൾ ഇത്തരം പ്രവർത്തനങ്ങളുടെ പ്രയോജനം ലഭ്യമാക്കാതിരിക്കുന്നതിന് ഇടയാക്കുന്നു എന്ന് മനസ്സിലാക്കി കർശനമായി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: തീർച്ചയായിട്ടും അവിടെ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശപ്രകാരം ആ സ്ഥാപനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശശീന്ദ്രൻ പറഞ്ഞ അതേ കാര്യം തന്നെയാണ് എനിക്കും പറയാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ അനുവദിച്ച മാവേലി സ്റ്റോറിന് പഞ്ചായത്ത് നല്ല സൗകര്യമുള്ള സ്ഥലങ്ങൾ അനുവദിച്ചു; റോഡ് സൈഡാണ്. ഒരുപാട് ആളുകൾ വരും, ഇതൊക്കെയുണ്ട്. മൊകേരി ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മാവേലി സ്റ്റോറുകൾ തുടങ്ങാൻ വളരെ ചെറിയ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് തള്ളുകയാണ്. മൊകേരി ഗ്രാമപഞ്ചായത്തിൽ പുതിയതായി അനുവദിച്ച മാവേലി സ്റ്റോറുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മോഹനന്റെ നിർദ്ദേശവും അടിയന്തിരമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

ശ്രീ. എം. മുരളി: സർ, ഓണച്ചന്തകളിൽ ഏറ്റവും ആകർഷകമായ ഇനം ഏത്തക്കായ് ആണ്. ഈ പ്രാവശ്യത്തെ ഓണച്ചന്തകളിൽ ഏത്തൻകായ്, നാടൻ കായ് എന്നുപറഞ്ഞുകൊണ്ട് കോർപ്പറേഷൻ കൊടുത്തത് മുഴുവൻ തമിഴ്നാട്ടിൽ നിന്നു കൊണ്ടുവന്ന കായ് ആണ്. ഞാൻ തന്നെ അങ്ങയോട് ഫോണിൽക്കൂടി മാവേലിക്കരയിലെ ഓണച്ചന്തയുടെ ഉത്ഘാടനം കഴിഞ്ഞപ്പോൾ പരാതി പറഞ്ഞു. 18 രൂപയ്ക്കാണ് കൊടുത്തത്. പിറ്റേദിവസം കുറച്ച് സ്ഥലത്ത് ഒരു രൂപ കുറച്ചു. അവസാനം ഉണ്ടായത് അവിടെ കൊണ്ടുവന്ന ഏത്തക്കായ് പൊതുജനങ്ങൾ ബഹിഷ്ക്കരിച്ചു എന്നുള്ളതാണ്. പൊതുമാർക്കറ്റിൽ അതേ വിലയ്ക്കോ, അതിനേക്കാൾ കുറച്ചോ കിട്ടുന്നു. ഒടുവിൽ ഈ കായ് മുഴുവൻ പഴുത്ത് കോർപ്പറേഷൻകാർക്ക് കൊണ്ടുവന്നതുപോലെ ലോറികളിൽ കയറ്റി തിരിച്ചുകൊണ്ടുപോകേണ്ടിവന്നു. ഇക്കാര്യത്തിൽ കൃത്രിമം നടന്നിട്ടുണ്ട്. അത് അന്വേഷിക്കണം. നാടൻ കായ് എന്നുപറഞ്ഞ് പുറത്തുനിന്നുള്ള തമിഴ്നാട്ടിലെ കായ് വിതരണം ചെയ്തതും വിലകുറയ്ക്കാൻ നടപടി സ്വീകരിക്കാത്തതുമാണ് അങ്ങ് പരിശോധിക്കേണ്ടത്.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ ആ പരാതി പരിശോധിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. ബാബു പോൾ: സർ, പകർച്ചപ്പനി ബാധിച്ച ബി.പി.എൽ. കാർക്കും കോളനികളിൽ പാർക്കുന്നവർക്കും സൗജന്യമായി ഭക്ഷണപ്പൊതി വിതരണം നടത്തിയ നടപടി തികച്ചും ശ്ലാഘനീയമാണ്. ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. പക്ഷെ ഇത് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭ്യമാക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇടയ്ക്കുവച്ച് നിറുത്തിവയ്ക്കുകയുണ്ടായി. ഇപ്പോഴും രോഗം തുടർന്നുവന്നു കൊണ്ടിരിക്കുകയുമാണ്. ആഴ്ചകളോളവും മാസങ്ങളോളവും പണിക്കുപോകാൻ കഴിയാത്ത സാഹചര്യം ഇത്തരം കുടുംബങ്ങളിലെ ആളുകളെ സംബന്ധിച്ചിടത്തോളമുണ്ട്. അതുകൊണ്ട് ഈ ഭക്ഷണപ്പൊതി അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. മൂന്നു ലക്ഷം കിറ്റുകളാണ് വിതരണം ചെയ്യാൻ തീരുമാനിച്ചത്. മൂന്നു ലക്ഷം കിറ്റുകളും വിതരണം ചെയ്തു. അങ്ങനെ വന്നപ്പോൾ ഈ ലിസ്റ്റിലെ അർഹരായിട്ടുള്ള ആളുകൾക്ക് പൂർണ്ണമായിട്ട് കൊടുക്കാൻ കഴിയാതെ വന്നു. അതിന്റെ കണക്കുകൾ ഞങ്ങളെടുത്തു. രണ്ടു ലക്ഷത്തിലേറെ അപേക്ഷകൾ പെൻഡിംഗിലുണ്ട്. 16-8-2007 വരെ പട്ടിക പൂർത്തിയാക്കിയ എല്ലാപേർക്കും കൊടുക്കാൻ പ്രത്യേകം മന്ത്രിസഭ കൂടി പഞ്ചായത്തിന് കാശ് അനുവദിച്ചു. അതിന്റെ വിതരണം ആരംഭിച്ചിട്ടുണ്ട്. 16-8-2007 വരെ പട്ടികപൂർത്തിയാക്കിയവർക്കാണ് കൊടുക്കുന്നത്. അതോടുകൂടി ഈ സമ്പ്രദായം അവസാനിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ.പി. അനിൽകുമാർ: സർ, ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്ന കാര്യത്തിൽ കുത്തകകളുടെ കടന്നുവരവ് വലിയ പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട് എന്ന് അങ്ങയുടെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. കുത്തക കമ്പനികളെ ചെറുകിട വ്യാപാര മേഖലയിലേക്ക് കടന്നുവരുന്നതിന് എല്ലാവിധ സൗകര്യവും ഗവൺമെന്റുതന്നെ ഒരുക്കിക്കൊടുക്കുന്ന സാഹചര്യം ഒരു ഭാഗത്ത് നിൽക്കുമ്പോൾ അത് ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നു എന്നുപറയുന്നതിൽ വൈരുദ്ധ്യമുണ്ട്. കേരളത്തിൽ ഏതാണ്ട് 160 കേന്ദ്രങ്ങളിൽ ഇത്തരത്തിലുള്ള കുത്തക കമ്പനികൾക്ക് ലൈസൻസ് കൊടുത്തു എന്നാണ് പറയുന്നത്. ചെറുകിട വ്യാപാരികൾ പല സ്ഥലങ്ങളിലും വ്യാപകമായി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള കുത്തക കമ്പനികളുടെ കടന്നുവരവ് കേരളത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ലാഭം മാർക്കറ്റ്, ഇത്തരം സ്ഥാപനങ്ങളെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്നതാണ് എന്റെ ചോദ്യം. ബാധിച്ചിട്ടുണ്ടെങ്കിൽ അതിനെ അതിജീവിക്കാനുള്ള ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ ഗുരുതരമായ പ്രശ്നമാണ്. ദേശീയ പ്രശ്നംകൂടിയാണ്. ഈ കുത്തകകൾക്ക് എല്ലാസൗജന്യങ്ങളും അനുവദിക്കണമെന്ന നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുകയും അതിന്റെ ഫലമായി പല സംസ്ഥാനങ്ങളിൽ ആരംഭിക്കുകയും അവിടത്തെ ജനങ്ങൾ അതിനെ അടിച്ചുപൊളിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ അങ്ങിങ്ങ് ചില ലൈസൻസുകൾ കൊടുത്തതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ലൈസൻസുകൾ മേലാൽ കൊടുക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് അതിജീവിക്കാൻ....

ശ്രീ. കെ. ബാബു: കൊടുത്ത ലൈസൻസ് റദ്ദാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: കേന്ദ്ര ഗവൺമെന്റ് കൊടുത്തതെല്ലാം റദ്ദാക്കുമോ? ഉറപ്പുണ്ടോ? അവിടെ ചോദിക്കാം, അവിടേയും ചോദിക്കുന്നുണ്ട്. ഇവിടെ ചിലത് കൊടുത്തിട്ടുണ്ട്. അത് പുനഃപരിശോധിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ പരിശോധിക്കേണ്ടതാണ്, പരിശോധിക്കുന്നതാണ്. ഏത് മൊണോപ്പൊളി വന്നാലും അവരോട് മൽസരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കുത്തകകളുടെ കടന്നുവരവിന് ബദലായി പീപ്പിൾസ് ബസാറുകൾ വളരെ വലിയ പ്രതികരണമാണ് ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ളത്. പീപ്പിൾസ് ബസാറുകൾ താലൂക്ക് തലത്തിലേക്കുകൂടി വ്യാപിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: തീർച്ചയായിട്ടും ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ അഭിപ്രായം സ്വാഗതം ചെയ്യുന്നു. നടപടി സ്വീകരിക്കാം.

ശ്രീ. കെ. ടി. ജലീൽ: സർ, റംസാൻ വരികയാണ്. റേഷൻ ഷോപ്പുകളിൽ പച്ചരിയുടെ ദൗർലഭ്യം ഇപ്പോൾത്തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റംസാൻ വരുന്നതിനുമുമ്പ് ആവശ്യത്തിന് പച്ചരി റേഷൻ ഷോപ്പുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: റംസാന് മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നമുക്ക് ആവശ്യമായ പച്ചരി (ബിരിയാണിക്ക് പച്ചരി ആവശ്യമാണ്) തീർച്ചയായിട്ടും കൊടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, മാർക്കറ്റ് ഇന്റർവെൻഷൻ കാര്യമായിട്ട് നടന്നില്ല. മാർക്കറ്റ് ഇന്റർവെൻഷൻ കാര്യമായിട്ട് നടന്നു എന്ന് പറയുന്നത് ശരിയല്ല. ഓപ്പൺ മാർക്കറ്റിൽനിന്നാണ് സാധനങ്ങൾ വാങ്ങിച്ചത്. ആ സാധനത്തിനാണ് 20 ശതമാനം സബ്സിഡി കൊടുത്ത് ഈ പറയുന്ന കാര്യം നടത്തിയത്. എന്നിട്ട് തന്നെ പഞ്ചസാരയ്ക്ക് 14.50 രൂപ എന്ന് മന്ത്രി കണക്ക് പറഞ്ഞു. 14 രൂപയ്ക്ക് പഞ്ചസാര വേണമോ മാർക്കറ്റിൽനിന്നു വാങ്ങിക്കൊടുക്കാം. 14 രൂപയ്ക്ക് പഞ്ചസാര വേണമോ? എത്ര ചാക്കു പഞ്ചസാര വേണം. അത് ഒരു കാര്യം, രണ്ടാമത്തെ കാര്യം വെളിച്ചെണ്ണയുടെ കാര്യമാണ്. പിന്നെ മുളകിന്റെ മഹിമയുടെ കാര്യം പറയാം. ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽനിന്ന് വാങ്ങിയ മുളകിന് എരിവില്ലായിരുന്നു. മറ്റൊരു കാര്യം പറയാനുള്ളത് മന്ത്രിപറഞ്ഞ കാര്യത്തെ കുറിച്ചാണ് ടാറ്റയുടേയും റിലയൻസിന്റേയും ബിഗ് ബസാറുകളിൽ വലിയ തള്ളിക്കയറ്റമായിരുന്നു. ഇടതുപക്ഷ നേതാക്കൻമാർ തിരുവനന്തപുരത്തും എറണാകുളത്തും ഉൽഘാടനം ചെയ്ത ബിഗ് ബസാറുകളിൽ വിലക്കുറവായിരുന്നു. അടുത്ത ഓണത്തിന് അത് വരാതിരിക്കാൻ ശ്രദ്ധിക്കണം.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട കഹാർ പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. പഞ്ചസാര 14 രൂപയ്ക്കാണ് വിൽക്കുന്നത് എന്നാണ് ഞാൻ പറഞ്ഞത്. ചിലപ്പോൾ കഹാറിന് ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് പഞ്ചസാരയും പലവ്യഞ്ജനങ്ങളും കിട്ടുന്നുണ്ടായിരിക്കാം. അത്രയും എക്സ്പീരിയൻസ് എനിക്കില്ല. ഇതെല്ലാം കൂടി നോക്കിയിട്ട് സബ്സിഡിയെല്ലാം കണക്കാക്കി വിൽക്കുകയെന്നുള്ളത് കേരളത്തിലെ ജനങ്ങൾ സ്വാഗതം ചെയ്തതാണ്. ഇത്തവണ എല്ലാ സാധനങ്ങൾക്കും വിലക്കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. യൂസഫ്: സർ, വിലക്കയറ്റം ഇല്ലാത്ത ഒരു ഓണമായിരുന്നു ഈ പ്രാവശ്യം കേരളത്തിൽ ഉണ്ടായിരുന്നത്. നമ്മുടെ മഹാബലിപോലും വി. എസ്. ഗവൺമെന്റിനെയും വകുപ്പുമന്ത്രിയേയും അഭിനന്ദിച്ചിട്ടാണ് പോയിട്ടുള്ളത്. ഈ സംവിധാനം സഞ്ചരിക്കുന്ന മാവേലി സ്റ്റോർ വഴി എല്ലായിടത്തും എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: ഏഴ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുണ്ട്. അതിന് പരിഗണന കൊടുത്തിരിക്കുന്നത് റിമോട്ടഡ് ഏരിയകളായ ആദിവാസി കോളനികളിലും ഹരിജൻ കോളനികളിലുമാണ്. അത് വിപുലമാക്കാൻ സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പകർച്ചപ്പനി ബാധിച്ച് വിറങ്ങലിച്ചു നിൽക്കുന്ന കേരളത്തിൽ യഥാർത്ഥത്തിൽ 50 ശതമാനം ആളുകൾപോലും ഇപ്രാവശ്യം ഓണം ആഘോഷിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റിലായാലും പൊതു മാർക്കറ്റിലായാലും ഡിമാന്റ് അൻപത് ശതമാനത്തിലും വളരെ കുറവായിരുന്നു. പല മാർക്കറ്റിലും ആൾക്കൂട്ടം പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഉൽപ്പന്നങ്ങളുടെ ലോഡുകൾ കുറവായിരുന്നു. എന്റെ പ്രധാനപ്പെട്ട ചോദ്യം അങ്ങ് ഈ കുത്തകകളെ നിയന്ത്രിക്കുന്നു, റിലയൻസുൾപ്പെടെയുള്ള ആളുകൾക്ക് ലൈസൻസ് കൊടുക്കരുതെന്ന് പറഞ്ഞു. പക്ഷെ സംസ്ഥാനത്തിന്റെ വിവിധ നഗരങ്ങളിലും പട്ടണങ്ങളിലും വ്യാപകമായി ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങാൻ വേണ്ടി പല കുത്തകകൾക്കും സ്ഥലവും സൗകര്യവും ഒരുക്കിക്കൊടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് മുൻകൈയെടുക്കുന്നത് സർക്കാരാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ: ഇതിനൊന്നും സർക്കാർ മുൻകൈയെടുത്തിട്ടില്ല. ആ ആരോപണം ഞാൻ നിഷേധിക്കുകയാണ്.

ശ്രീ. എം. ഹംസ: സർ, വിലക്കയറ്റം നിയന്ത്രിക്കാൻ, ഇന്ത്യയ്ക്ക് ആകെ മാതൃകയായരീതിയിൽ മാർക്കറ്റിൽ ഇടപെടാനും, ഓണകാലത്ത് വിലക്കയറ്റം നിയന്ത്രിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുപോലെ പകർച്ചവ്യാധികൾ വ്യാപിക്കുന്ന സന്ദർഭത്തിൽ മാവേലി മെഡിക്കൽ സ്റ്റോറുകളിൽ പ്രത്യേക സബ്സിഡികളോടെ മരുന്നുകൾ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഏതാനും മാവേലി മെഡിക്കൽ സ്റ്റോറുകളിൽ 50 ശതമാനം വരെ പനിയ്ക്കുള്ള മരുന്നുകൾക്ക് വില കുറച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. അറുപത് മെഡിക്കൽ മാവേലി സ്റ്റോറുകൾ ഉണ്ട്. അറുപതിടത്തും അത് വിപുലമായിട്ട് കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കഴിഞ്ഞ അഞ്ചെട്ട് മാസമായിട്ട് ഇൻഫ്ളേഷൻ 6 ശതമാനത്തോളം വന്നിരുന്നു. അത് പടിപടിയായി കുറഞ്ഞ് ഇപ്പോൾ 4 ശതമാനത്തിന് താഴെയിരിക്കുകയാണ്. ഇൻഫ്ളേഷനും വിലയും തമ്മിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. ഇൻഫ്ളേഷൻ കുറയുമ്പോഴും കേരളത്തിൽ നിത്യോപയോഗസാധങ്ങളുടെ വില കൂടുന്നത്

എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? മരുന്നിന് ബഡ്ജറ്റിൽ ഈ ഗവൺമെന്റ് 4 ശതമാനം ടാക്സ് ഏർപ്പെടുത്തി. ഷെഡ്യൂൾ ഒന്നിൽ ഉണ്ടായിരുന്നത് ഷെഡ്യൂൾ മൂന്നിലേക്ക് കൊണ്ടുവന്നു. അതിന്റെ ഫലമായി ഏപ്രിൽ ഒന്നാം തീയതി മുതൽ 4 ശതമാനം വില വർദ്ധനവ് ഈ സർക്കാർ ഉണ്ടാക്കി. അത് ഒഴിവാക്കാനുള്ള നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഇൻഫ്ളേഷന് കറസ്പോണ്ടിംഗ് ആയി മാർക്കറ്റിൽ റിഫ്ളക്ഷൻ വരണം എന്നാണ്. പക്ഷേ ഇൻഫ്ളേഷൻ എന്ന് പറയുന്നത് സ്റ്റേബിൾ അല്ല. കൂടിയും കുറഞ്ഞും ഇരിക്കുകയാണ്. കൂടിയും കുറഞ്ഞും ഇരിക്കുമ്പോൾ മാർക്കറ്റിൽ വില നിലവാരവും കൂടിയും കുറഞ്ഞും വരുന്നത് സ്വാഭാവികമായിട്ടുള്ളതാണ്. രണ്ടാമതായിട്ട് മരുന്നിന്റെ 4 ശതമാനം നികുതി വർദ്ധിച്ചതിന്റെ ഫലമായി വിലക്കയറ്റം ഉണ്ടായത് ഗവൺമെന്റിന്റെ ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, വില നിയന്ത്രിക്കുന്നതിൽ റേഷൻ കടകൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. നമ്മുടെ റേഷൻ കടകളിലേക്കുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നത് മൊത്ത വിതരണ കേന്ദ്രങ്ങളിൽ നിന്നാണ്. അത് സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ മേഖലയിലുമാണ്. മുഴുവൻ വിതരണ കേന്ദ്രങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നയപരമായ പ്രശ്നമാണ്. ഇപ്പോൾ വ്യാപകമായ തോതിൽ ഈ പൊതുവിതരണമൊത്ത കച്ചവടക്കാർ ഡൈവർഷൻ നടത്തിയതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ട്. ഇത് പൂർണ്ണമായി ഒഴിവാക്കാൻ വേണ്ടിവന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെപ്പോലുള്ള പൊതുമേഖല സ്ഥാപനത്തിലേക്ക് കൈമാറാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്റ്റ് നടപ്പിലാക്കാൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റേഷൻ ഷോപ്പുകളിലൂടെ സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ഒരു ടൈ-അപ് വരാൻ പോകുന്നു എന്ന് അറിയാൻ സാധിച്ചു. അങ്ങനെ ഗവൺമെന്റ് തീരുമാനമുണ്ടോ? അതോടൊപ്പം തന്നെ സപ്ലൈകോ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് മാവേലി സ്റ്റോറുകൾ തുറന്നിട്ടുള്ളത്. എന്റെ നിയോജക മണ്ഡലത്തിൽ, കൊടിഞ്ഞിയിൽ അനുവദിച്ച മാവേലി സ്റ്റോർ നാല് മാസക്കാലമായിട്ടും ഇതുവരെ ഒരു തസ്തിക സൃഷ്ടിക്കപ്പെടാത്തതുകൊണ്ട് ജീവനക്കാരില്ല എന്നു പറഞ്ഞ് തുറക്കാതെ കിടക്കുകയാണ്. ഇത്തരം മാവേലി സ്റ്റോറുകളടെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എത്രയും പെട്ടെന്ന് തീരുമാനമുണ്ടാകുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുള്ള മാവേലി സ്റ്റോർ തുറക്കാത്തതിന്റെ കാരണം അങ്ങ് തന്നെ പറഞ്ഞതാണ്. ജീവനക്കാരുടെ ഷോർട്ടേജ് എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് ഉടനെ പരിഹരിച്ച് ആ സ്ഥാപനം ആരംഭിക്കും. സപ്ലൈകോയുടെ ഉൽപ്പന്നങ്ങളെല്ലാം റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള പരിപാടി ആലോചിച്ചു. ഇപ്പോൾ കുറച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ റിസൾട്ട് നോക്കിയിട്ട് വിജയകരമാണെങ്കിൽ തീർച്ചയായിട്ടും നടപ്പാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, ഈ ഓണക്കാലത്ത് വില നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽപോയി വില കുറച്ച് വാങ്ങി, വിലകുറച്ച് വിപണിയിൽ വിതരണം ചെയ്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ചോദ്യത്തിന്റെ മറുപടിയായി ഇത് നിലനിർത്താനുള്ള തയ്യാറെടുപ്പ് ഗവൺമെന്റിന് ഇല്ല എന്ന് പറഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ട് ഇല്ലാതെ മെട്രോപൊളിറ്റൻ സിറ്റികളിലെങ്കിലും ഈ തരത്തിലുള്ള സംവിധാനം നിലനിർത്താൻ ഗവൺമെന്റിന് കഴിഞ്ഞാൽ വലിയ ഗുണം ജനങ്ങൾക്ക് ഉണ്ടാകും. മെട്രോപൊളിറ്റൻ സിറ്റികളിലെങ്കിലും സ്ഥിരമായി ഈ സംവിധാനം നിലനിർത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട ശ്രീ. സുരേന്ദ്രൻപിള്ള പറഞ്ഞ ആ മാതൃകയിൽത്തന്നെ മെട്രോ പീപ്പിൾസ് ബസാർ എല്ലാ ജില്ലകളിലും ഓരോന്നു വീതം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഇവിടെ കിറ്റ് വിതരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഓണത്തിന് മുൻപ് പനി ബാധിതരായ ആളുകൾക്ക് ഇത് നൽകുന്നതിനെക്കുറിച്ചാണ് പറഞ്ഞിരുന്നത്. മാസങ്ങളായി പനി ബാധിച്ച് പട്ടിണിയായി ജോലിക്ക് പോകാൻ കഴിയാത്തവർക്ക്, അതായത് ഒ. പി. ടിക്കറ്റും, ഡോക്ടർ സർട്ടിഫിക്കറ്റും ഉള്ള ആളുകൾക്കുപോലും കിറ്റ് കൊടുത്തില്ല. ഒരാൾക്കുപോലും കിറ്റ് കൊടുക്കാത്ത പഞ്ചായത്തുകളും കേരളത്തിലുണ്ട്. വളരെ ഗുരുതരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ ഉണ്ടായത്. അതുകൊണ്ട് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? അതോടൊപ്പം തന്നെ ഓണക്കാലത്ത് വിലവർദ്ധനവ് ഉണ്ടായില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഓണക്കാലത്ത് ഓപ്പൺ മാർക്കറ്റിൽ വിറ്റതിനേക്കാൾ കൂടിയ വിലയ്ക്ക് പല സാധനങ്ങളും ഈ ഓണച്ചന്തയിൽ വിറ്റു. ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അത്തരത്തിലുണ്ടായത് ഏതൊക്കെ സാധനങ്ങളാണെന്ന് വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. സി. ദിവാകരൻ: അങ്ങയുടെ രണ്ടാമത്തെ ചോദ്യം പരിശോധിക്കാം. ഓണകിറ്റ് വിതരണത്തിൽ പരാതി ഉണ്ടാകാതെ 16-8-2007 വരെയുള്ള എല്ലാ ലിസ്റ്റിനും കൊടുക്കുന്ന നടപടി സ്വീകരിക്കും.

## എം. ഒ. പി., സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്ക്കരണവും ഫയൽ തീർപ്പാക്കുന്നതിലെ കാലതാമസവും

*2 [2] ശ്രീ. പി. വിശ്വൻ :
,, വി. ജെ. തങ്കപ്പൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
,, പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ആഫീസ് നടപടി ക്രമങ്ങളിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലാതാമസമുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എം. ഒ. പി., സെക്രട്ടേറിയറ്റ് മാന്വൽ എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഓരോ വകുപ്പിലും വിവിധ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം വകുപ്പ് തലവനിൽ കേന്ദ്രീകരിക്കുന്നതിനുപകരം താഴത്തെ നിലകളിൽ തീരുമാനമെടുക്കുവാൻ അധികാരം നൽകി അധികാര പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫയലുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനായി ഓരോ മാസവും നടത്തുന്ന സ്റ്റാഫ് മീറ്റിംഗിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത് കൂടാതെ ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിൽ വകുപ്പുകളുടെ ഓരോ മാസത്തേയും പ്രവർത്തന വിവരം അവലോകനം ചെയ്യുന്നുമുണ്ട്. ഫയലുകൾ ശരിയായ രീതിയിൽ പരിശോധിക്കാതെയും അനാവശ്യമായി വച്ചുതാമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നത് ആണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മാസത്തിലൊരിക്കലെങ്കിലും സെക്രട്ടറിമാർ അവരുടെ വകുപ്പിലെ സെക്ഷനുകളിൽ പരിശോധന നടത്തി ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അധികാരപ്പെടുത്തുന്ന ഒരു ടീം ജീവനക്കാരുടെ ഹാജർ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തി മേൽനടപടികൾ എടുക്കണമെന്നും 3-8-2007-ലെ സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉസെക്രട്ടറി തലത്തിൽ ഇത് സംബന്ധിച്ച് എടുക്കുന്ന നടപടികളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് മൂന്ന് മാസത്തിൽ ഒരിക്കൽ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) ഓരോവകുപ്പിലും നിശ്ചിത വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം താഴെത്തലങ്ങളിലേക്ക് വികേന്ദ്രീകരിച്ചു നൽകുന്ന കാര്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ: സർ, ഫയലുകളിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് വേണ്ടിയുള്ള ഈ സർക്കാരിന്റെ ഇടപെടൽ പ്രത്യേകിച്ചും അങ്ങയുടെ ഇടപെടൽ വലിയ താൽപ്പര്യത്തോടെയാണ് കേരളീയ സമൂഹം നോക്കികാണുന്നത്. ഒരു സെക്ഷനിലെ ക്ലാർക്ക് അവധിയാണെങ്കിൽ ആ സീറ്റിലെ ഫയലിനെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കുറേനാൾ അവധിയാണെങ്കിൽ അതുവരെ ആ ഫയലിലെ വിവരം അറിയാൻ കഴിയില്ല. ഈ സാഹചര്യത്തിൽ സെക്ഷൻ ഹെഡ്ഡിനുതന്നെ ഫയലിലെ വിവരങ്ങൾ പരാതിക്കാരനെ അറിയ്ക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗൗരവമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. വിശ്വൻ: സർ, ഫയലിനെ സംബന്ധിച്ച് അന്വേഷിക്കുമ്പോൾ ഫയൽ കാണുന്നില്ല എന്നു പറഞ്ഞ് മടക്കി അയയ്ക്കുന്ന സ്ഥിതിവിശേഷം പലപ്പോഴും കാണുന്നുണ്ട്. ഫയലിന്റെ പോക്കുവരവ് പി. ആർ. രജിസ്റ്ററിൽ രേഖപ്പെടുത്താത്തതാണ് ഇതിനു കാരണം. പി. ആർ. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അതെല്ലാം വ്യക്തമായ വസ്തുതകൾ ചൂണ്ടിക്കാണിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ, അടിയന്തിരമായി തന്നെ അത് പരിഹരിക്കാൻ വളരെ സഹായകരമായിരിക്കും.

ശ്രീ. വി. ജെ തങ്കപ്പൻ: സർ, ഫയലുകളുടെ നീക്കത്തെ സംബന്ധിച്ച് ജനങ്ങൾക്ക് അറിയുന്നതിനുവേണ്ടി ഇപ്പോൾ ഓരോ സെക്ഷനിലും കയറിയിറങ്ങിയാണ് കാര്യങ്ങൾ അന്വേഷിക്കുന്നത്. അത് ഒഴിവാക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിലും മറ്റ് ആഫീസുകളിലും എൻക്വയറി കൗണ്ടറുകൾ തുടങ്ങാനുള്ള നിർദ്ദേശം മൂന്നാം ഭരണ പരിഷ്ക്കാര സമിതിയുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അത് നടപ്പിലാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: അതുപോലെ തന്നെ സെക്രട്ടേറിയറ്റിനെ സംബന്ധിച്ച് കമ്പ്യൂട്ടർ ഉപയോഗിച്ചുകൊണ്ടുള്ള ഫയൽ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് മൂന്നാം ഭരണപരിഷ്ക്കാര സമിതി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അത് നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പരിശോധിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അധികാര വികേന്ദ്രീകരണം നടന്നതിന്റെ ഫലമായി തസ്തികകളിൽ പുനർവിന്യാസം ഉണ്ടാക്കണമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ആവശ്യമായ ചട്ടങ്ങളും ക്രമീകരണങ്ങളും ഇപ്പോഴും പൂർത്തിയാകാത്തതിനാൽ ഈ പുനർവിന്യാസം പൂർണ്ണമായിട്ട് ഉപയോഗത്തിൽ വരുത്താൻ സാധിക്കുന്നില്ല. ഈ ഒരു പശ്ചാത്തലത്തിൽ സെക്രട്ടേറിയറ്റ് മാന്വലും അതുപോലെ തന്നെ മാന്വൽ ഓഫ് ഓഫീസ് പ്രൊസ്യൂഡുവറും പരിഷ്ക്കരിച്ച് ഈ പുനർവിന്യാസംകൂടി പൂർത്തിയാക്കിക്കൊണ്ട് പ്രവൃത്തിവിഭജനം കൃത്യമായി നടത്താൻ നടപടിയെടുക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ വികേന്ദ്രീകരിച്ചുകൊണ്ടുള്ള ഫയൽ കൈകാര്യം കൂടുതൽ ഫലപ്രദം ആണെങ്കിൽ കണിശമായും അത് പരിശോധിച്ച് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതിന് വേണ്ടത് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: രണ്ട് വകുപ്പുകൾ തമ്മിൽ യോജിച്ച് കൈകാര്യം ചെയ്യേണ്ട ചില ഫയലുകളിൽ രണ്ട് മന്ത്രിമാരും സമ്മതിച്ച് ഒപ്പിട്ടാലും ഈ ഫയൽ മൂന്നോ നാലോ തവണ സെക്ഷൻ ക്ലാർക്കിന്റെ അടുത്തുവരെ പോകേണ്ടതായിട്ടുള്ള ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. അനാവശ്യമായിട്ടുള്ള ഈ ഫയൽ മൂവ്മെന്റ് അവസാനിപ്പിച്ചുകൊണ്ട് നേരത്തെ തീരുമാനിച്ചതുപോലെ ഒന്നോ രണ്ടോ സെക്രട്ടറിമാർ മാത്രം കണ്ട് തീർപ്പ് കൽപ്പിക്കുന്ന സ്ഥിതിയുണ്ടാകുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഫയലുകൾ താമസിപ്പിക്കുകയെന്നുള്ളതിന്റേയും പരാതിക്കാരെയും ആവശ്യക്കാരെയും ബുദ്ധിമുട്ടുക എന്നതിന്റേയും അംശങ്ങൾ സെക്രട്ടേറിയറ്റിൽ നിലനിൽക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അത് ഒഴിവാക്കുന്നതിന് കർശനമായിട്ടുള്ള നിലയിൽ ചീഫ് സെക്രട്ടറിയേയും വകുപ്പ് സെക്രട്ടറിമാരെയും എല്ലാം തന്നെ നിരന്തരം അറിയിച്ച് ആവലാതിക്കാരെ ഉപദ്രവിക്കാതിരിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, സാധാരണ ഫയലെന്നും ഇമ്പോർട്ടന്റ് ഫയലെന്നും രണ്ട് രീതിയിൽ വരും. ഇത് നമ്പർ ഇടുകയും ഓൾഡസ്റ്റ് ഫയൽ സ്പെസിഫൈഡ് ചെയ്തു കിട്ടുന്ന രീതിയിൽ മന്തിലി സ്റ്റേറ്റ്മെന്റ് കിട്ടുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതുസംബന്ധിച്ച് ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഒരു ക്ലാർക്കോ അസിസ്റ്റന്റോ സ്ഥലം മാറി പോകുമ്പോൾ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ എം.ഒ.പി.യിലും സെക്രട്ടേറിയറ്റ് മാന്വലിലുമുണ്ട്. പി. ആർ. പ്രകാരം സീറ്റിലുള്ള ഫയലും ലിസ്റ്റിലുള്ള ഫയലും മേലധികാരിയെ ബോധ്യപ്പെടുത്തി നൽകണം. ഈ സമ്പ്രദായം പലപ്പോഴും പാലിക്കപ്പെടുന്നില്ല. ഇത്തരക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട അംഗം ഇതുപോലെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അത് ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടി അടിയന്തിരമായി കൈക്കൊള്ളുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ആഫീസ് സമയത്ത് അവധിയെടുക്കാതെ ഉദ്യോഗസ്ഥന്മാർ അവരുടെ സംഘടനകളുടെ ജാഥയ്ക്കും പ്രകടനത്തിനുമൊക്കെ പോകുന്നത് പതിവാണ്. അത് നിയന്ത്രിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അവരവരുടെ ചുമതലകൾ നിറവേറ്റിക്കൊണ്ടു വേണം ജാഥയ്ക്കും മീറ്റിംഗിനുമൊക്കെ പോകേണ്ടത് എന്ന് അറിയിച്ചിട്ടുണ്ട്. എല്ലാവരും അത് പാലിച്ചു കാണുന്നില്ല. എന്നുള്ളതുകൊണ്ട് ഇതുപോലെ ചില സംഭവങ്ങൾ ഉണ്ടാകാറുമുണ്ട്. അത് മേലിൽ ആവർത്തിക്കാതിരിക്കാൻവേണ്ടി കർശനമായ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: ഒരു സെക്ഷനിൽ ഒരു ഫയൽ രണ്ടിലധികം ഉദ്യോഗസ്ഥന്മാർ കാണേണ്ടതില്ല എന്ന ഒരു തീരുമാനം എടുക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങനെ നിർദ്ദേശം കൊടുക്കുന്നത് ബുദ്ധിപൂർവ്വമാണോ എന്നു ആലോചിക്കണം. ചിലപ്പോൾ രണ്ടു കൂട്ടരും കാണേണ്ടതു തന്നെയായിരിക്കും. അതെല്ലാം പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, കേരളത്തിലെ സർവ്വീസ് മേഖലയിലുള്ള ജീവനക്കാരെ പ്രത്യേകിച്ചും സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഭൂരിപക്ഷം ആളുകളും പണിയെടുക്കാത്തവരാണെന്നും ഉത്തരവാദിത്വം നിർവ്വഹിക്കുന്നവരല്ല എന്നും പറഞ്ഞത് ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങ് പറയുന്ന അഭിപ്രായം മന്ത്രിസഭയുടെ അഭിപ്രായമാണെങ്കിലും അങ്ങയുടെ അഭിപ്രായങ്ങളെ ആദരിച്ചുകൊണ്ട് ഒരു മന്ത്രി സംസ്ഥാനത്തുടനീളം പത്രസമ്മേളനം നടത്തുകയും ചെയ്തു. ഈ ഫയലുകളുടെ നീക്കത്തിനും മോണിട്ടറിംഗിനും ഉണ്ടാകുന്ന കാലതാമസം, ഈ ഉദ്യോഗസ്ഥൻമാർ കസേരയിൽ ഇല്ലാത്തതുകൊണ്ടാണോ? അത് മോണിട്ടർ ചെയ്യുന്നതിന് മന്ത്രിമാർ തയ്യാറാകാത്തതുകൊണ്ടാണോ? എന്തുകൊണ്ടാണ് ഇങ്ങനെ ഒരു കാലതാമസം ഉണ്ടാകുന്നത്? ഉദ്യോഗസ്ഥന്മാർ പണിയെടുക്കുന്നില്ല എന്ന അങ്ങയുടെ അഭിപ്രായ പ്രകടനം വന്നതിനുശേഷം ഉദ്യോഗസ്ഥന്മാർ പണിയെടുക്കുന്നതിന് മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങും ഗവൺമെന്റും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അവർ ഉൽസാഹപൂർവ്വം പണിയെടുക്കുന്നതിനു വേണ്ടിയിട്ട് പരസ്യമായ വിമർശനം നല്ലതാണെന്ന ഉദ്ദേശത്തോടുകൂടി പരസ്യമായിത്തന്നെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പിന്നെ അവരുടെ സംഘടനയുടെ നേതാക്കന്മാരെ വിളിച്ചുകൂട്ടി ഇത് ഈ നിലയിൽ പോയാൽ പോര. ആനുകൂല്യങ്ങളും അവകാശങ്ങളുമെല്ലാം തന്നെ നേടുന്നതിനുവേണ്ടിയിട്ട് ശ്രമങ്ങൾ നടത്തുമ്പോൾത്തന്നെ ചുമതല നിറവേറ്റുന്ന കാര്യത്തിലും വീഴ്ച വരാതെയിരിക്കണമെന്നു നേതാക്കന്മാരോട് പറഞ്ഞു കൊണ്ടാണിരിക്കുന്നത്. അത് കൂടെക്കൂടെ നടത്തണമെന്നുള്ളതാണ് ഇപ്പോൾ ഇത് കാണിക്കുന്നത്. കൂടെക്കൂടെ നടത്തുന്നതിനുവേണ്ടിയിട്ടുള്ള നിലയിലാണ് ഗവൺമെന്റ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, സെക്രട്ടേറിയറ്റിലെ ഫയലുകളുടെ മൂവ്മെന്റിനെ സംബന്ധിച്ച് നിലവിലുള്ള ചുവപ്പ് നാടയുടെ കുരുക്ക് അഴിക്കാൻ കഴിയുകയില്ലല്ലോ, പല ജീവിതങ്ങളാണ് ചുവപ്പ് നാടയിൽ കുരുങ്ങി തകരുന്നത്. ഇതിന് നേരത്തെ എല്ലാവരും ചോദിച്ചതുപോലെ തട്ടുകളുടെ എണ്ണം കുറയ്ക്കുന്നതുസംബന്ധിച്ചുള്ള ഗൗരവമായ പ്രശ്നമുണ്ട്. ഒരു സെക്ഷൻ ആഫീസർ അവധിയായാൽ, കഴിഞ്ഞ മാസം നേരിട്ട് എനിക്ക് അനുഭവപ്പെട്ട ഒരുപാട് കാര്യങ്ങളുണ്ട്. ഓരോ മൂന്നു മാസം കൂടുമ്പോൾ ഫയൽ ഡിസ്പോസൽ ക്യാമ്പയിൻ നടത്തുന്നതിനുള്ള സംവിധാനമെങ്കിലും ഉണ്ടാകണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതുസംബന്ധിച്ച് ഞങ്ങളെല്ലാംകൂടി ആലോചിച്ചിട്ട് ഈ ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരും എല്ലാമായിട്ട് ആനുകാലികമായിട്ട് നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച കുറച്ചുകൂടി ചുരുക്കി കൂടെക്കൂടെ നടത്തി ഇത് സ്പീഡപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ ആവലാതിക്കാരെയും പ്രശ്നങ്ങൾ ഉന്നയിക്കുന്ന ആളുകളെയും എല്ലാം തന്നെ തൃപ്തിപ്പെടുത്തി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയത്തക്കവിധത്തിൽ കൈകാര്യം ചെയ്യാനുള്ള താൽപ്പര്യവും ഉൽസാഹവുമാണ് ഞങ്ങൾ കാണാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭാവിയിൽ അത് തുടരുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ പരസ്യമായി വിമർശിച്ചാലും രഹസ്യമായി വിമർശിച്ചാലും ഏത് ഗവൺമെന്റാണെങ്കിലും കുറെ സർക്കാർ ആഫീസുകളിലെ ജീവനക്കാർ സമയത്ത് വരാറില്ല. സീറ്റിൽ കാണാറില്ല. അത് യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എം.എൽ.എ.മാർ നൽകുന്ന കത്തുകൾപോലും, മുഖ്യമന്ത്രിക്ക് കൊടുത്താൽ പോലും റിപ്ലൈ കിട്ടാറില്ല. അങ്ങനെയുള്ള മന്ത്രിമാരുടെ ആഫീസിൽ ആരുടെ ഉപദേശമാണ് സ്വീകരിക്കുക. അതുകൊണ്ട് എം.എൽ.എ.മാരുടെ നിവേദനത്തിനെങ്കിലും സമയബന്ധിതമായി മന്ത്രിമാർ ഉത്തരവ് കൊടുക്കാനും അതിന്റെ ഫോളോ അപ് ആക്ഷൻ ഉണ്ടാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പട്ടിയുടെ വാൽ എത്രകാലം കുഴലിൽ ഇട്ടാലും കുഴലിൽ നിന്നു എടുത്താൽ വീണ്ടും വളഞ്ഞിരിക്കുമെന്നുള്ള നിലയിൽ ഞങ്ങൾ ഉദ്യോഗസ്ഥന്മാരെ കാണുന്നില്ല. കണിശമായും അവരോട് കാര്യങ്ങൾ പറഞ്ഞാൽ മനസിലാകുമെന്നും അങ്ങനെ അവരെ തിരുത്താൻ കഴിയുമെന്നും കുറവുകൾ പരിഹരിക്കാൻ കഴിയുമെന്നുമുള്ള ഉദ്ദേശത്തോടുകൂടി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ തന്നെ കുറച്ചുകൂടി അടുത്തടുത്ത് നടത്തി അവരെ ഊർജ്ജസ്വലമായി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന വിധത്തിലേക്ക് കൊണ്ടുപോകാനാണ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാം. സ്പെസിഫിക്കായിട്ട് ഏതെങ്കിലും കത്തുകൾക്ക് അങ്ങനെ മറുപടി കിട്ടാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തിയാൽ ആ തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തുകയും ചെയ്യാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽ നിന്ന് തുക അനുവദിച്ചുകൊണ്ടുള്ള കത്തുകൾ മാസങ്ങൾക്കുമുമ്പേ ഞങ്ങൾക്ക് ലഭിക്കുന്നുണ്ടെങ്കിലും, അതിന്റെ ഗുണഭോക്താക്കളായ ആളുകൾ മരിച്ചിട്ടുപോലും സഹായം കിട്ടാത്ത സ്ഥിതിയുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നുള്ള സഹായം ആളുകൾ മരിക്കുന്നതിന് മുമ്പ് കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ദുരിതാശ്വാസ നിധിയിൽ കാശ് തീരെയില്ലാതെ വരുന്ന സന്ദർഭത്തിൽ താമസിക്കാറുണ്ട്. കണിശമായിട്ടും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ഇവിടെ വിവിധ വിഭാഗം ആളുകളോട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് സംഭാവന ചെയ്യാൻ വേണ്ടിയുള്ള അഭ്യർത്ഥന നടത്തുകയും ചെയ്തിട്ടുണ്ട്. അഭ്യർത്ഥന നല്ലപോലെതന്നെ സ്വാഗതം ചെയ്തുകൊണ്ടുള്ള മറുപടിയുമുണ്ട്. അതെല്ലാം കൂടി സ്വീകരിച്ച് ദുരിതാശ്വാസ നിധിയിലേക്ക് ആവശ്യമായിട്ടുള്ള ഫണ്ട് വന്നുകഴിഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നതുപോലെ ഈ സഹായങ്ങൾ ത്വരിതമായി തന്നെ എത്തിക്കുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഫയൽ ഡിലേ ചെയ്യുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഒരു ഫയൽ തന്നെ ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറി തുടങ്ങിയവർ കണ്ടിട്ടാണ് വരുന്നത്. ഇതിന്റെ ആവശ്യമില്ല. ബന്ധപ്പെട്ട ഒരു സെക്രട്ടറിയെ ചുമതലപ്പെടുത്തിയാൽ അദ്ദേഹം കണ്ടാൽ മതിയെന്നുള്ള തീരുമാനം നമ്മൾ പലപ്പോഴുമെടുക്കാറുണ്ടെങ്കിലും, ഇതുവരെ ഫലപ്രദമായി നടപ്പിൽ വന്നിട്ടില്ല. അതുകൊണ്ടാണ് ഇവിടെ സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി അങ്ങ് അനുവദിക്കാൻ പറഞ്ഞാൽപോലും അനുവദിച്ച് പാസ്സാക്കുന്നതിന് മൂന്നുമാസമോ, നാലുമാസമോ എടുക്കുകയാണ്, അപ്പോൾ ആളുകൾ മരിച്ചുപോകുകയാണ്. ഇത് മാറ്റാൻവേണ്ടി ഒരു ഫയൽ കൈകാര്യം ചെയ്യാൻ, ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നടപടിക്രമം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളും വിമർശനങ്ങളുമെല്ലാം ഗൗരവമായി തന്നെ പരിശോധിച്ചിട്ട് ആ ഫയൽ അങ്ങനെ കെട്ടിക്കിടക്കുന്ന സ്ഥിതി ഒഴിവാക്കാനാവശ്യമായിട്ടുള്ള നടപടികൾ കണിശമായിട്ടും, കർശനമായിട്ടും സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ഫയലുകൾ കെട്ടിക്കിടക്കുന്നത് നിരന്തരമുള്ള പരാതിയാണ്. അതുപോലെ സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസത്തെപ്പറ്റിയൊക്കെ ഉണ്ടാകുന്ന പരാതി ഒഴിവാക്കുന്നതിന്, യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥർ നല്ല മിടുക്കരാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവരുടെ ഉത്തരവാദിത്വബോധം വർദ്ധിപ്പിച്ച് ചുമതലാബോധത്തോടുകൂടി പ്രവർത്തിക്കുന്നതിനും അവരുടെ കഴിവുകളെ പരമാവധി വിനിയോഗിക്കുന്നതിന് വേണ്ടിയും നല്ല കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് എല്ലാ വിഭാഗത്തിലുള്ളവർക്കും കൊടുക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: തീർച്ചയായിട്ടും കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗിന് വേണ്ടിയിട്ടുള്ള എന്തെല്ലാം സാങ്കേതിക കാര്യങ്ങളുണ്ട് എന്ന് ഞങ്ങൾ അന്വേഷിച്ച് അത് ഇവരിലേക്ക് ചെലുത്തുന്നതിന് വേണ്ടിയിട്ടുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: സർ, അങ്ങ് ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ എം. ജി. പി. എല്ലാം വന്നതിനുശേഷം കോടിക്കണക്കിന് രൂപ മുടക്കി സെക്രട്ടേറിയറ്റിലെ കുറേയധികം ഉദ്യോഗസ്ഥർക്ക് കംപ്യൂട്ടർ വാങ്ങിച്ചു കൊടുത്തു. അവർക്കെല്ലാം എ. സി-യും മറ്റ് പല സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ നേരത്തേ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഫയൽ തീർപ്പാക്കുന്നതിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ? അത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കുറേ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ആശാവഹമായിട്ടുള്ള നിലയിലുള്ള പുരോഗതിയുണ്ടായിട്ടില്ല. അതിന് വേണ്ടിയിട്ടുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ സെക്രട്ടേറിയറ്റിലേക്ക് ഡിപ്പാർട്ടുമെന്റ് ഹെഡ്സ് പ്രെപ്പോസൽസ് അയച്ചാൽ, ഉദാഹരണത്തിന് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ അതല്ലെങ്കിൽ ചീഫ് എഞ്ചിനീയർ അയയ്ക്കുന്ന പ്രെപ്പോസൽസ് ഇവിടെ സെക്രട്ടറിയോ അല്ലെങ്കിൽ ആരെങ്കിലും ഒരാൾ പരിശോധിക്കട്ടെ. ഇതിന്റെ ഫലമായി ബഡ്ജറ്റിൽ നടപ്പാക്കേണ്ട പല പ്രെപ്പോസൽസും ഇപ്പോൾ ആഗസ്റ്റ് സെപ്റ്റംബർ മാസമായാൽപോലും സെക്രട്ടറിയേറ്റിലേക്ക് നീങ്ങുകയില്ല. പല പർട്ടിക്കുലർ വർക്കുകളും എനിക്കറിയാം. വയനാട് ചുരം റോഡ്. ചീഫ് എഞ്ചിനീയർ പ്രെപ്പോസൽ അയച്ചിട്ട് ഏഴുമാസമായി. സെക്രട്ടേറിയറ്റിൽ കിടക്കുകയാണ്. ബഡ്ജറ്റിൽ ധനകാര്യമന്ത്രി അനൗൺസ് ചെയ്തതാണ്. എന്റെ എം. എൽ. എ റോഡ്, ആ പ്രെപ്പോസൽ ആറുമാസമായി ഇടുക്കി കളക്ട്രേറ്റിൽ കിടക്കുകയാണ്. നീങ്ങുകയില്ല. ഇത്തരം ആളുകൾക്കെതിരെ നടപടി സ്വീകരിക്കണ്ടേ? വൈരാഗ്യപൂർവം പിടിച്ചുവച്ചിരിക്കുകയാണ്. കാലവിളംബമാണ് ഇങ്ങനെയുള്ള അഴിമതിയുടെ കാരണം. കാലവിളംബമുണ്ടാകുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഇതേപോലുള്ള കാര്യങ്ങളെല്ലാം സ്പെസിഫിക്കായിട്ട് നേരത്തേ ബന്ധപ്പെട്ടവരെ അറിയിക്കാൻ ശ്രമിച്ചാൽ കണിശമായിട്ടും ഇതിനെല്ലാം .........(ബഹളം).......... ഇപ്പോൾ പറയുന്നതുപോലെ ഞങ്ങളെയെല്ലാം ഒന്ന് നേരത്തേ അറിയിച്ചാൽ ..........(ബഹളം).......... പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അങ്ങ് ഈ ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 52,000 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 18 കോടി രൂപ പാസ്സാക്കിയിട്ടുണ്ട്. 52,000 പേരുടെ ഫയൽ അങ്ങയുടെ ഓഫീസ്സിൽ പെൻഡിംഗായി കിടക്കുകയാണ്. പാവപ്പെട്ട രോഗികളാണ്. കേരളത്തിലെ ഭരണകക്ഷി പ്രതിപക്ഷം വ്യത്യാസമില്ലാത്ത എല്ലാവരുടെയും മണ്ഡലത്തിൽ 52,000 പേർക്ക് ചികിത്സാ സഹായം കൊടുക്കാനുണ്ട്. ആ ഫയലുകൾ ഒന്ന് തീർപ്പാക്കി 52,000 പേർക്ക് ചികിത്സാ സഹായം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: എന്റെ സ്നേഹിതന് എവിടെനിന്നാണ് ഈ കണക്ക് കിട്ടിയതെന്ന് മനസ്സിലായില്ല. ഇതെല്ലാം ശുദ്ധഅസംബന്ധമാണ്. അങ്ങനെയുള്ള വസ്തുതകളേയില്ല.

ശ്രീ. ജോസ് തെറ്റയിൽ: നടപടിക്രമങ്ങളിലുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചാണ് എല്ലാവരും പറഞ്ഞത്. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസ്സുകളിൽ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഹെൽപ്പ് ഡെസ്ക്കും അതുപോലെ ഏകജാലക സംവിധാനവും ഏർപ്പെടുത്താൻ മാന്വൽ ഓഫ് ഓഫീസ് പ്രൊസിഡ്യൂർ പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പരിശോധിക്കാം.

പ്രൊഫ. കെ. വി. തോമസ്: സർ, പാർലമെന്റിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലഘട്ടം മുതൽ അംഗങ്ങൾ മന്ത്രിമാർക്ക് പരാതി കൊടുക്കുന്നത് അവരുടെ പുറകേ നടന്നല്ല. പാർലമെന്റിന്റെ എൻട്രൻസിൽ നോട്ടീസ് ബോർഡുണ്ട്. ആ നോട്ടീസ് ബോർഡിൽ പരാതിയിട്ടാൽ അത് വി. വി. ഐ. പി ഫയലായി അതിന്റെ ആദ്യത്തെ മറുപടി മന്ത്രി കൊടുക്കും. 30 ദിവസം കൊണ്ട് അത് എവിടെ വരെയായിയെന്ന് പറയും. ആറുമാസത്തിനുള്ളിൽ അവസാനത്തെ മറുപടി മന്ത്രി തന്നെയാണ് കൊടുക്കുന്നത്. അതുപോലെ ഒരു സിസ്റ്റം കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞാൽ വളരെ ഫലപ്രദമാകും. ഇപ്പോൾ ഞങ്ങൾക്ക് കിട്ടുന്ന മറുപടി അപേക്ഷ നൽകുന്നവർക്ക് കൊടുക്കാൻ കഴിയില്ല. ആ രീതിയിലാണ് ഞങ്ങൾക്ക് മറുപടി കിട്ടുന്നത്. അതുകൊണ്ട് മന്ത്രിമാരുടെ പുറകെ പോകാതെ ക്ലാരിറ്റിയോടുകൂടി സമയബന്ധിതമായി മറുപടി കിട്ടുന്ന സംവിധാനം ഇവിടെയുണ്ടാക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട കെ. വി. തോമസ് ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായിട്ട് തന്നെ പരിശോധിച്ച് അത് സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, നീതി നിഷേധിക്കുന്നതിന് തുല്യമാണ് നീതി താമസിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് വരുമ്പോൾ സമയത്ത് അഫിഡവിറ്റ് ഹാജരാക്കാൻ കഴിയാതെ വളരെയേറെ കേസ്സുകളിൽ ഗവൺമെന്റ് പരാജയപ്പെടുകയാണ്. എറണാകുളത്തും തിരുവനന്തപുരത്തും ഫയലുമായി ഉദ്യോഗസ്ഥൻമാർ പോകുന്ന ഒരു ഗതികേട്മൂലം വളരെയേറെ താമസമാണുണ്ടാകുന്നത്. താമസത്തേക്കാൾ കൂടുതലായി കോടിക്കണക്കിന് രൂപയുടെ നഷ്ടവും സർക്കാരിന് ഉണ്ടാകുകയാണ്. എറണാകുളത്ത് അൻപത്തിയെട്ടോളം പ്ലീഡർമാരുണ്ട്. അതിൽ രണ്ട് പ്ലീഡർമാരുടെ സേവനം ഈ സെക്രട്ടേറിയറ്റിൽ സ്ഥിരമായി ഏർപ്പെടുത്തിയാൽ ഈ അഫിഡവിറ്റുമായിട്ട് ചെല്ലാനുള്ള താമസം ഒഴിവാകും. അതോടൊപ്പം സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർക്ക് ടി. എ.-യും ഡി. എ.-യും എഴുതാനുള്ള ബുദ്ധിമുട്ടും ഒഴിവാകും. തീർച്ചയായും രണ്ട് ഗവൺമെന്റ് പ്ലീഡർമാരെ ഇവിടെ നിയമിച്ചുകൊണ്ട് ഒരു തീരുമാനമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: വിവിധ വകുപ്പുകളിലെ പ്രശ്നങ്ങളെല്ലാം നോക്കാൻ രണ്ട് ഗവൺമെന്റ് പ്ലീഡർമാർ ഇവിടെ ചുറ്റിക്കറങ്ങിയാൽ സാധിക്കുമോ ഇല്ലയോയെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കാം. ഏതായാലും അതാത് വകുപ്പുകളിലെ കേസ് സംബന്ധിച്ചുള്ള കാര്യങ്ങൾ അഡ്വക്കേറ്റ് ജനറലും, ഗവൺമെന്റ് പ്ലീഡർമാരുമായിട്ടും ബന്ധപ്പെട്ടാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. കേസ്സുകൾ സമയത്ത് കൈകാര്യം ചെയ്യാൻ കഴിയാതെ വരുന്നതിന്റെ ഫലമായിട്ട് ചില കേസ് തോറ്റിട്ടുണ്ട്. തോൽക്കുന്ന കേസ് ഉടനേ തന്നെ അപ്പീൽ കൊടുത്ത് ജയിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികളും കൈക്കൊണ്ടുവരുകയാണ്. ചില കേസ്സുകൾ മുൻകാലങ്ങളിൽ കൈകാര്യം ചെയ്തു കൊണ്ടിരുന്നതിന്റെ തുടർച്ചയെന്നുള്ള നിലയിൽ തോൽക്കാനിടയായിട്ടുണ്ട്. അതെല്ലാം പരിശോധിച്ചിട്ട് അതിൽ നിന്ന് ഗവൺമെന്റിന് ക്ഷീണം വരുത്താത്ത വിധത്തിൽ കൈകാര്യം ചെയ്യുന്നത് അപ്പീൽ കൊടുക്കുകയെന്നുള്ളതാണ്. അങ്ങനെ അതിന് പരിഹാരം കാണാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സേലം റെയിൽവേ ഡിവിഷൻ

*3 [3] ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. എം. ചന്ദ്രൻ:
" എം. ഹംസ:
" വി. ചെന്താമരാക്ഷൻ :
" ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സേലം റെയിൽവേ ഡിവിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ഏറ്റവും ഒടുവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച് റെയിൽവേ മന്ത്രി മുഖ്യമന്ത്രിയ്ക്ക് എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ;

(സി) തമിഴ്നാട്-കേരള മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) പാലക്കാട് ഡിവിഷനിൽ നിന്നും ഭൂരിഭാഗം പ്രദേശങ്ങളും അടർത്തിയെടുത്ത് സേലം ഡിവിഷൻ രൂപീകരിക്കുന്നതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ,

(എ) പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ആസ്ഥാനമായി ഒരു പുതിയ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ മന്ത്രിസഭ ഇക്കാര്യം ചർച്ചചെയ്യുകയും സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം റെയിൽ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. തുടർന്ന് മുഖ്യമന്ത്രി, റെയിൽവേയുടെ ചുമതലയുള്ള മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിലെ എം. പി.-മാരും പാർട്ടി നേതാക്കളും അടങ്ങുന്ന നിവേദകസംഘം പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും നേരിൽക്കണ്ട് നിവേദനം നൽകി. തുടർന്ന് 30-6-2007-ൽ സംസ്ഥാനത്തെ മുഴുവൻ എം. പി.-മാരുടേയും ഒരു യോഗം വിളിച്ചുചേർക്കുകയും പാലക്കാട് ഡിവിഷനെ വിഭജിച്ച് സേലം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ രൂപീകരിക്കുന്നതിനെതിരായി ശക്തമായ പ്രതിഷേധം പാർലമെന്റിലും പുറത്തും നടത്തുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇതേത്തുടർന്ന് കേരളം, തമിഴ്നാട്



LIBRARY ARCHIVES Kerala Legislative Assembly

എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കൂടിയാലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു എന്ന ഒരു ഉറപ്പും സഭാതലത്തിൽ ലഭിക്കുകയുണ്ടായി. കേരള മുഖ്യമന്ത്രി ബഹു: റെയിൽവേ മന്ത്രിയേയും ബഹു: പ്രധാനമന്ത്രിയേയും നേരിൽ കണ്ട് ഇതേ ആവശ്യം ഉന്നയിക്കുകയും കേരളത്തിന് ഒരു സോൺ അനുവദിക്കണം എന്ന ആവശ്യം ശക്തമായി ഉന്നയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ തികച്ചും സ്വാഗതാർഹമായ പ്രതികരണമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്.

(ബി) ഇത് സംബന്ധിച്ച് രേഖാമൂലം ഉറപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) ചർച്ചയ്ക്ക് തീയതി നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ആസ്ഥാനമാക്കി ഒരു പുതിയ റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ട-ഉടൻതന്നെ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം റെയിൽ മന്ത്രാലയത്തെ അറിയിച്ചു. കേരള നിയമസഭ ഇതിനെതിരെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. മുഖ്യമന്ത്രിയും കേരളത്തിലെ റെയിൽവേയുടെ ചുമതലയുള്ള സംസ്ഥാന നിയമ പാർലമെന്ററികാര്യ മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനങ്ങൾ നൽകുകയും അവരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. കൂടാതെ ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടേയും സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയുടേയും കേരളത്തിൽ നിന്നുള്ള എം.പി.-മാരുടേയും നേതൃത്വത്തിൽ നിവേദകസംഘം പ്രധാനമന്ത്രിയെക്കണ്ട് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

സേലം ഡിവിഷൻ രൂപീകരിക്കുന്നതിനെതിരെയല്ല മറിച്ച് പാലക്കാട് ഡിവിഷനിൽ നിന്നുമാത്രം അതിർത്തി വിഭജിച്ച് പുതിയ ഡിവിഷൻ ഉണ്ടാക്കുന്നതിനോടാണ് സംസ്ഥാന സർക്കാരിന് ശക്തമായ എതിർപ്പുള്ളത്.

## പരമ്പരാഗത വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിന് പദ്ധതി

*4 [4] ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
„ കെ. കെ. ജയചന്ദ്രൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കെ. സദാശിവൻ:
„ ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്നതിനും പുനഃരുദ്ധരിക്കുന്നതിനുമായി സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഫലമായി കയർ, കൈത്തറി മേഖലകളിൽ ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കൈത്തറി മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി, കശുവണ്ടി, കരകൗശലം, ഈറ, മുള, ബീഡി എന്നിവയെ സഹായിക്കുന്നതിനും പുനഃരുദ്ധരിക്കുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുംവിധമാണ്:

- കയർ മേഖല : —

അനുബന്ധം 1-ൽ കാണാവുന്നതാണ്. †

- കൈത്തറി മേഖല : —

കണ്ണൂർ ജില്ലയിൽ പുതുതായി ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും, ആയതിനായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് മിനി പ്രീലും പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 2006-07-ൽ 31 പ്രാഥമിക സംഘങ്ങൾക്ക് 60 ലക്ഷം രൂപ നൽകുകയുണ്ടായി. പുതിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി റ്റി.പി.ഡി.സി. മുഖാന്തിരം നൂതനമായ ഡിസൈനുകൾ തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറി/ഖാദി യൂണിഫോം ധരിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ ശനിയാഴ്ച ദിവസം കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കുഴിനൂൽ സബ്സിഡി ഇനത്തിൽ കഴിഞ്ഞ വർഷം 2 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് 2001-02-ലെ റിബേറ്റ് കുടിശ്ശികയായി 122 ലക്ഷം രൂപയും ഹാൻവീവിനും, ഹാന്റെക്സിനും 2004-05-ലെ റിബേറ്റ് കുടിശ്ശികയായ 1.78 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് 433 സംഘങ്ങളുടെ ആഡിറ്റ് നടത്തി. അതിന്റെ വിശദ വിവരം നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റിന് സഹായത്തിനായി നൽകിയിട്ടുണ്ട്. 2007-08 വർഷത്തിലെ പ്രധാന പദ്ധതികളും അവയുടെ വിഹിതവും അനുബന്ധം 2-ൽ കാണാവുന്നതാണ്. ‡

- ഖാദി മേഖല: —

ഖാദി ഗ്രാമ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി 490 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് അനുവദിച്ചിരുന്ന റിബേറ്റ് തുടർന്നും

† അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുണ്ട്. റിബേറ്റ് തുടർന്നും നൽകുന്നതിനായി 473 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഒരു ഗ്രാമ പഞ്ചായത്തിൽ 10 എന്ന കണക്കിന് പതിനൊന്നാം പദ്ധതിക്കാലത്ത് ധനസഹായം നൽകുന്നതാണ്. ബാങ്ക് വഴി ലഭിക്കുന്ന വായ്പയ്ക്ക് പദ്ധതി തുകയുടെ 30 ശതമാനം മുതൽ 50 ശതമാനം വരെ മാർജിൻ മണി ആയി നൽകുന്നതാണ്. പരമാവധി 50,000 രൂപ വരെയുള്ള പ്രോജക്ടുകൾക്ക് ഈ പദ്ധതിയിൻ കീഴിൽ സഹായം നൽകും. ഇതിനായി ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കശുവണ്ടി മേഖല:-

2006-07 സാമ്പത്തിക വർഷം കാഷ്യു കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യത തീർക്കുന്നതിന് വാർഷിക ഗഡുവായി 22.32 കോടി രൂപയും പ്രവർത്തന മൂലധനമായി 11 കോടി രൂപയും കാപ്പക്സിന് 4 കോടി രൂപയും നൽകിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തേക്ക് ബാങ്ക് വായ്പയുടെ ഗഡു അടയ്ക്കുന്നതിനുവേണ്ടി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് (†). കശുവണ്ടി വ്യവസായത്തിന്റെയും കശുമാവു കൃഷിയുടെയും വികസനത്തിനുവേണ്ടി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ വിവിധ തലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1400 പേർക്ക് പുതിയതായി നിയമനം നൽകി. തൊഴിലാളികളുടെ മിനിമം കൂലി 2007 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു കാഷ്യു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടിയുടെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ വിവിധ ജില്ലകളിൽ ഔട്ട്ലറ്റുകൾ തുറന്ന് കൺസ്യൂമർഫെഡ്, ത്രിവേണി എന്നിവ വഴി കശുവണ്ടിപ്പരിപ്പ് വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നിയന്ത്രണത്തിൽ കശുമാവ് കൃഷിയുടെ വ്യാപനത്തിനായി കൊല്ലത്ത് കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- കരകൗശലം, ഈറ്റ/മുള മേഖലകൾ: —

ഈറ്റ/മുള വികസനം ഉൾപ്പെടെ കരകൗശല മേഖലയുടെ അഭിവൃദ്ധിക്കും പുനഃരുദ്ധാരണത്തിനുമായി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം 104 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്:

പ്രാഥമിക കരകൗശല സംഘങ്ങൾക്ക് സർക്കാർ ഓഹരിപങ്കാളിത്തം ഉറപ്പു വരുത്തൽ, വാർദ്ധക്യകാല പെൻഷൻ, കരകൗശല മേഖലയിലെ അഗ്രതല സ്ഥാപനങ്ങൾ വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ, ദേശീയ പിന്നോക്ക ധനകാര്യ വികസന

† 18-9-2007-ൽ വ്യവസായ വകുപ്പുമന്ത്രി തിരുത്തിയ ഉത്തരം മേശപ്പുറത്ത് വച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പാ പദ്ധതി നടപ്പാക്കൽ, കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ ആരംഭിക്കൽ, നിലവിലുള്ളവ നവീകരിക്കൽ, പുതിയ ഡിസൈനുകൾ പ്രോൽസാഹിപ്പിക്കൽ എന്നിവയാണ് പദ്ധതികൾ.

കരകൗശല മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം കരകൗശല വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നു. ഇതിനാവശ്യമായ പരിശീലനവും സഹായവും കോർപ്പറേഷൻ നൽകിവരുന്നു. കരകൗശല കലാകാരന്മാരുടെ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം തൊഴിലാളികൾക്ക് സുരഭി വഴി നൽകി വരുന്നു. കൂടാതെ വിവിധ ക്ഷേമ പദ്ധതികളും നടപ്പാക്കിവരുന്നു.

ഈറ്റ, മുള മേഖലയിൽ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെയും നാഷണൽ ബാംബൂ മിഷന്റെയും സാമ്പത്തിക സഹായത്തോടെ ഈറ്റവെട്ട്-പനമ്പ്-നെയ്ത്ത് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും ദിവസ വരുമാനവും വർദ്ധിപ്പിക്കുന്നതിനായി വിവിധപ്രദേശങ്ങളിൽ കമ്മ്യൂണിറ്റി പനമ്പ്-നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനികവത്കരണത്തിനും, വൈവിധ്യ വത്കരണത്തിനുമായി 370 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

- ബീഡി: —

ബീഡി വ്യവസായ രംഗത്തെ പ്രതിസന്ധിയെ തുടർന്ന് ടി രംഗത്തെ പുനഃരുദ്ധാരണത്തിനും ബീഡിത്തൊഴിലാളികളുടെ പുനഃരധിവാസത്തിനുമായി 2006-07 വർഷത്തിൽ 4 കോടി രൂപ കേരളാ ദിനേശ് ബീഡി സഹകരണസംഘത്തിന് അനുവദിച്ചു. ഈ ഫണ്ട് ഉപയോഗിച്ച് ദിനേശ് ബീഡിയുടെ വൈവിദ്ധ്യവൽക്കരണം നടത്തിവരുന്നു.

(ബി) ഉണ്ട്. കയർ മേഖലയിലും കൈത്തറി മേഖലയുലും എത്തിക്കാൻ കഴിഞ്ഞ ആശ്വാസ നടപടികൾ താഴെ പറയും വിധമാണ്:

- കയർ: —

കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 430 സംഘങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 1982.70 ലക്ഷം രൂപ വിതരണം ചെയ്തു. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി 7 സംഘങ്ങൾക്ക് ആകെ 187.58 ലക്ഷം രൂപ നൽകിയിട്ടുണ്ട്. NCRMI യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം 50 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം 151 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കയർ ഭൂവസ്ത്ര പദ്ധതിക്കായി NCRMI -ക്ക് 50 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. MDA, PMI പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരുന്നു. CFSC പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഡിസ്ട്രസ് പർച്ചേയ്സ് പദ്ധതിയിലൂടെ 860.51 ലക്ഷം രൂപയുടെ കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും സംഭരിച്ച് ഈ വർഷം ഇതിനുവേണ്ടി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനും കയറുൽപ്പന്നങ്ങളുടെ പരസ്യങ്ങൾ നൽകുന്നതിനും വേണ്ടി കഴിഞ്ഞ വർഷം ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകിയിരുന്നു. ഈ വർഷത്തിൽ ഇതുവരെ ഈ ഇനത്തിൽ 2,11,301 രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ ഉൾപ്പെടെ കയർ വ്യവസായത്തെ സഹായിക്കുന്നതിനും പുനഃരുദ്ധരിക്കുന്നതിനുമായി 2006-07 വർഷത്തിൽ 47.965 കോടി രൂപയും 2007-08 വർഷത്തിൽ ഇതുവരെ 18.60 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

● കൈത്തറി: —

(എ) പിരിവിൽ പറഞ്ഞിരിക്കുന്ന കൈത്തറി മേഖലയിൽ സ്വീകരിച്ച നടപടികളുടെ ഫലമായി ഈ മേഖലയിൽ ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സംഘത്തിന്റെയും നഷ്ടം എഴുതിത്തള്ളുന്ന കാര്യവും, സഹകരണ ബാങ്കുകളിൽ നിന്ന് കൈത്തറി സംഘങ്ങൾക്കും അപ്പക്സ് സംഘത്തിനുമുള്ള വായ്പ One time settlement ഉണ്ടാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(സി) കൈത്തറി മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കെൽട്രോണിന്റെ നവീകരണം

*5 [5] ശ്രീ. ആർ. സെൽവരാജ്:
,, ആനത്തലവട്ടം ആനന്ദൻ:
,, വി. ശിവൻകുട്ടി:

ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കെൽട്രോണിന്റെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് പരിഗണനയിലുള്ളത്;

(സി) ഐ. ടി. മേഖലയിൽ കെൽട്രോണിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെൽട്രോണിന് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കെൽട്രോണിന്റെ എല്ലാ യൂണിറ്റുകളും നവീകരിക്കുവാൻ പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇന്ത്യൻ നേവിക്കുവേണ്ടി "സോണാർ അറേ" (Sonar Array) നിർമ്മിക്കുന്നതിനായി എൻ. പി. ഒ. എൽ. (NPOL)-മായി ടെക്നോളജി ട്രാൻസ്ഫർ ഒപ്പുവയ്ക്കുകയും ഇതിനുള്ള അടിസ്ഥാന സൗകര്യ വികസനം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കിത്തുടങ്ങുകയും ചെയ്തു. മലിനീകരണ നിയന്ത്രണത്തിനും പരിസ്ഥിതി നിരീക്ഷണ സംവിധാനത്തിനുമായി DURAG, Germany-യുമായി MOU ഒപ്പുവയ്ക്കുകയും എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇ. ആർ. പി. പാക്കേജ് വികസന രംഗത്തെ പ്രഗത്ഭരായ എസ്. എ. പി. എ. ജി. യുമായി കെൽട്രോൺ കരാറിൽ ഏർപ്പെടുകയും SAP നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. റ്റി. ഇ. യു. മൂടാടിയിൽ ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ എസ്. എം. റ്റി. സ്ഥാപിച്ചുകഴിഞ്ഞു. ഐ. എസ്. ആർ. ഒ. യുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും ടെസ്റ്റ് സെറ്റ് അപ് സ്ഥാപിക്കുകയും ചെയ്തു, C-DAC- മായി Area Traffic Systems നിർമ്മിക്കുന്നതിനുള്ള Technology Transfer ഒപ്പുവയ്ക്കുകയും ടെൻഡറുകളിൽ പങ്കെടുക്കാനുള്ള സാദ്ധ്യത തേടുകയും ചെയ്തു. ട്രാൻസ്ഫോർമർ രംഗത്തെ നൂതനമായ "High Voltage High Frequency Transformer" വികസിപ്പിച്ചെടുത്തു. കാവലില്ലാത്ത ലെവൽക്രോസിൽ മുന്നറിയിപ്പിനുള്ള സംവിധാനം വികസിപ്പിച്ചെടുത്തു.

കെൽട്രോണിന്റെയും അനുബന്ധ കമ്പനികളുടേയും പുനഃരുദ്ധാരണത്തിന്റ ഭാഗമായി കൺസോർഷ്യം ബാങ്കുകൾക്ക് നൽകുവാനുള്ള തുക സംബന്ധിച്ച് 57.85 കോടി രൂപയുടെ ഒരു ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയും ഇതിനായി രണ്ട് ഗഡുക്കൾ അനുവദിക്കുകയും ചെയ്തു.

(ബി) ഡിഫൻസ് രംഗത്തെ അതികായരായ ബി. ഇ. എൽ. (BEL) മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് ഡിഫൻസ് ഇലക്ട്രോണിക് സിസ്റ്റംസ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. കൊച്ചിൻ ഷിപ്പ്യാർഡുമായി ചേർന്ന് ആവശ്യമായ മേഖലകളിൽ സഹകരണം ഉറപ്പാക്കാൻ "ഒരു മറൈൻ സിസ്റ്റം ഗ്രൂപ്പ്" കെൽട്രോൺ കൺട്രോൾസിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഐ. റ്റി. രംഗത്ത് അനന്തസാദ്ധ്യതകളുള്ള ജി. ഐ. എസ്. ആപ്ലിക്കേഷൻസ് വികസിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. IT Education രംഗത്ത് ഇന്ത്യക്കകത്തും പുറത്തും ശാഖകൾ തുടങ്ങുവാൻ തീരുമാനിച്ചു. സ്പെയ്സ് ഇലക്ട്രോണിക്സ് രംഗത്ത് ISRO യുമായി ചേർന്ന് ഉണ്ടാക്കിയ കരാറിന്റെ ഫലമായി കൂടുതൽ ഓർഡറുകൾ ലഭ്യമാക്കാനുള്ള സാദ്ധ്യതകൾ ഏറിയിട്ടുണ്ട്. ട്രാഫിക് സിഗ്നൽ രംഗത്തുള്ള കെൽട്രോണിന്റെ പ്രവർത്തന പരിചയം നൂതനമായ Area Traffic Control System Technology, C-DAC-ൽ നിന്നും കെൽട്രോൺ സ്വായത്തമാക്കുകയുണ്ടായി.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കെൽട്രോണിന്റെ അനുബന്ധ കമ്പനികളുടെ നവീകരണത്തിനായി 12-3-2007-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 30/07/വ്യവ പ്രകാരം 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പുതിയ റേഷൻ കാർഡുകൾ

*6 [6] ശ്രീ. ബി. ഡി. ദേവസ്സി:
" കെ. കുഞ്ഞിരാമൻ:
" ടി. പി. കുഞ്ഞുണ്ണി:
" എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ പുതുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണ്;

(സി) കാർഡ് വിതരണം എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) പൂർത്തിയായിട്ടില്ല.

(ബി ആന്റ് സി) 2007-ലെ റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട ഫോട്ടോ എടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് എ. പി. എൽ., ബി. പി. എൽ. സർവെ പൂർത്തിയാക്കി, കേരളത്തിൽ പടർന്നുപിടിച്ച പകർച്ചപ്പനി, കാലവർഷക്കെടുതി ഇവയെല്ലാം റേഷൻകാർഡ് പുതുക്കൽ നടപടികളുടെ വേഗതയെ ബാധിച്ചു.

റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ

*7 [7] ശ്രീ. മോൻസ് ജോസഫ്:
" വി. സുരേന്ദ്രൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സംഭവങ്ങളിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ;

(സി) ഭക്ഷ്യ ധാന്യങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നത് ഒഴിച്ചാൽ മറ്റ് തുടർ നടപടികൾ ഇത്തരം കേസ്സുകളിൽ സ്വീകരിക്കാറുണ്ടോ; വിശദ വിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരിഞ്ചന്തക്കേസ്സുകളിൽ ഭക്ഷ്യധാന്യങ്ങളുടെ ഉറവിടവും ഉദ്യോഗസ്ഥരുടെ പങ്കും അന്വേഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) എഫ്. സി. ഐ. യിൽ നിന്നും റേഷൻ സാധനങ്ങളുമായി പുറപ്പെടുന്ന ലോറികളുടെ ട്രിപ്പ് ഷീറ്റ് പരിശോധിച്ച് പ്രതികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കരിഞ്ചന്തക്കേസ്സുകൾ അന്വേഷിക്കുന്നതിന് ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിച്ച് 165 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം ഇതോടൊപ്പം വയ്ക്കുന്നു.†

(ബി) ഉണ്ട്.

(സി) ഭക്ഷ്യ ധാന്യങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതോടൊപ്പം കുറ്റക്കാർക്കെതിരെ ഇ. സി. ആക്ട് പ്രകാരം നടപടികൾ കൈക്കൊള്ളുകയും ഗുരുതരമായ ക്രമക്കേടുകൾക്ക് പോലീസ് കേസ്സെടുത്ത് കോടതി മുഖാന്തിരം നടപടി എടുക്കുകയും ചെയ്യാറുണ്ട്.

(ഡി) കരിഞ്ചന്തക്കേസ്സുകളിൽ ഭക്ഷ്യധാന്യങ്ങളുടെ ഉറവിടവും ഉദ്യോഗസ്ഥരുടെ പങ്കും വകുപ്പുതലത്തിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പ് മുഖാന്തിരവും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥരേയും ടി ഭക്ഷ്യധാന്യങ്ങളുടെ ഉറവിടം അന്വേഷിക്കാൻ ചുമതലപ്പെടുത്താറുണ്ട്.

(ഇ) ട്രിപ്പ് ഷീറ്റ് കണ്ടെത്തിയാൽ ഇത്തരം കേസ്സുകളിൽ ആയത് തെളിവായി സ്വീകരിച്ച് നടപടി സ്വീകരിക്കാറുണ്ട്.

(എഫ്) കേസ്സുകളുടെ ഗൗരവം പരിഗണിച്ച് ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

*8 [8] ശ്രീ. കെ. കെ. ദിവാകരൻ:
„ എ. എം. യൂസഫ്:
„ ആനത്തലവട്ടം ആനന്ദൻ:
„ സി. എം. ദിനേശ് മണി:
„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കമ്പനികൾ ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ലാഭം ഉണ്ടാക്കിയത്;

† അനുബന്ധം-II



LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കമ്പനികൾ ഉണ്ട്; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) സമാന സ്വഭാവമുള്ള ചെറിയ കമ്പനികൾ ലയിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതിക വിദ്യയുടെ നവീകരണം, Manpower retraining/redeployment, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രധാനമായി വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ മാർഗ്ഗങ്ങളും സമാന മേഖലയിലുള്ള ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, Web enabled Perfomance Monitoring കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കൽ, നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും മാനേജിംഗ് ഡയറക്ടർമാർക്കും അവാർഡ് നൽകൽ മുതലായ സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കൂടാതെ കേന്ദ്ര സർക്കാരിന്റെയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

പ്രവർത്തന കരാർ സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) ഉണ്ട്; കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കേരള സെറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഹാൻഡി ക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ കമ്പനികൾ ലാഭമുണ്ടാക്കിയിട്ടുണ്ട്.

(സി) 2006-07-ലെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി † ചേർത്തിരിക്കുന്നു. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ഉത്തരം (എ) യിൽ പറഞ്ഞിട്ടുണ്ട്.

(ഡി) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലയിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളും സർക്കാർ പരിശോധിച്ചുവരുന്നു.

† അനുബന്ധം-III

LIBRARY ARCHIVES Kerala Legislative Assembly

'ഇൻകലി'ന്റെ പ്രവർത്തനം

*9 [9] ശ്രീ. അൽഫോൺസ് കണ്ണന്താനം:
„ പി. കൃഷ്ണപ്രസാദ്:
„ സി. എച്ച്. കുഞ്ഞമ്പു:
„ വി. ശിവൻകുട്ടി:
„ എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ രൂപീകരിച്ച പുതിയ കമ്പനിയായ 'ഇൻകൽ' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) കമ്പനിയിൽ മുതൽ മുടക്കാൻ വൻകിട വ്യവസായികളും പ്രവാസി ഇന്ത്യാക്കാരും മുന്നോട്ടു വന്നിട്ടുണ്ടോ;

(സി) 'ഇൻകൽ' ഏതെങ്കിലും വൻകിട പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 'ഇൻകൽ' ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളെക്കുറിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്.

സൈനിക ഉപകരണങ്ങളുടെ നിർമ്മാണത്തിനായുള്ള വ്യവസായപാർക്ക്

*10 [10] ശ്രീ. പി. എം. എ. സലാം:
„ എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക ഉപകരണങ്ങളും നിർമ്മാണത്തിന് സംസ്ഥാനത്ത് വ്യവസായ പാർക്ക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വ്യവസായപാർക്കിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഏക്കർ ഭൂമിയാണ് ഈ ആവശ്യത്തിനായി വേണ്ടി വരുന്നത്;

(ഡി) വ്യവസായപാർക്ക് ആരംഭിക്കുന്നതിനായി എന്തുതുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) ഉണ്ട്.

(ബി) സ്ഥലം കണ്ടെത്താനുള്ള ശ്രമം നടന്നുവരുന്നു.

(സി) പ്രോജക്റ്റ് തയ്യാറാവുന്ന മുറയ്ക്ക് മാത്രമേ എത്ര ഏക്കർ സ്ഥലമെന്ന് തീരുമാനിക്കാനാവൂ.

(ഡി) എത്ര തുക എന്ന് നിർണ്ണയിച്ച് കഴിഞ്ഞിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം

* 11 [11] ശ്രീ. സി. കെ. പി. പത്മനാഭൻ:
,, എ. സി. മൊയ്തീൻ:
,, കെ. സി. കുഞ്ഞിരാമൻ:
,, കെ. കുഞ്ഞമ്മത് മാസ്റ്റർ :
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുവാൻ സംവിധാനം നിലവിലുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം പരിശോധിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അപാകതകൾ അപ്പപ്പോൾ പരിഹരിക്കുന്നതിനുമായി ഒരു സ്ഥിരം സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ ആന്റ് ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് അടുത്ത മാസം 10-ാം തീയതിക്കുമുമ്പ് Public Sector Restructuring and Internal Audit Board (RIAB)-ൽ നൽകുന്നതിനും അതിൻമേലുള്ള RIAB-ന്റെ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കു മുമ്പ് വ്യവസായ വകുപ്പുമന്ത്രിയുടെ മുൻപാകെ സമർപ്പിക്കുയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തനം മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച വാർഷികാവലോകനവും നടത്തിവരുന്നു.

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു സ്ഥിരം സമിതി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## യു. എ. ഇ. യിൽ പൊതുമാപ്പ് ലഭിച്ചവർക്ക് സഹായ പദ്ധതി

* 12 [12] ശ്രീ. കെ. ടി. ജലീൽ:
„ സി. എച്ച്. കുഞ്ഞമ്പു:
„ ബാബു എം. പാലിശ്ശേരി:
„ വി. ശശികുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ.യിൽ അനധികൃതമായി കഴിയുന്നവർക്ക് പൊതുമാപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര കേരളീയർ മടങ്ങിയെത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർക്ക് മടങ്ങിവരുന്നതിനും ആവശ്യമായ മറ്റുരേഖകൾ നൽകുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ തിരികെ എത്തുന്നവർക്ക് എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) ഏകദേശം രണ്ടായിരത്തോളം കേരളീയർ മടങ്ങിയെത്തിയതായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ തിരിച്ചെത്തുന്നവർക്ക് മാത്രമായി ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ പ്രവാസി മലയാളികൾക്ക് പ്രത്യേക ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## കരിഞ്ചന്തയും പൂഴ്ത്തിവയ്പും

* 13 [13] ശ്രീ. എം. കെ. പുരുഷോത്തമൻ:
„ മുരളി പെരുനെല്ലി:
„ കെ. സി. കുഞ്ഞിരാമൻ:
„ കെ. സി. രാജഗോപാലൻ:
„ ടി. പി. കുഞ്ഞുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; പ്രവർത്തനം വിശദമാക്കുമോ;

(ബി) ഓണക്കാലം ലക്ഷ്യമാക്കി നടത്തിയ പൂഴ്ത്തിവയ്പ് തടയുന്നതിന് എത്ര ഗോഡൗണുകളിൽ പരിശോധന നടത്തി;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റേഷൻ ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നവരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഈ സർക്കാർ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന്നതിനായി നിലവിലുള്ള എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ കളക്ടറുടെ കീഴിൽ സിവിൽ സപ്ലൈസ്, ഹെൽത്ത്, ലീഗൽ മെട്രോളജി, സെയിൽ ടാക്സ്, പോലീസ് എന്നീ വകുപ്പുകളുടെ ജില്ലാതല/താലൂക്ക്തല സ്ക്വാഡുകൾ, പൊതു കമ്പോളത്തിൽ ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, പലവ്യഞ്ജനക്കടകൾ എന്നിവയിൽ റെയ്ഡ് നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ/താലൂക്ക്തല പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് കമ്മറ്റികൾ എന്നിവ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ജില്ലാതല ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്യുകയും യോഗതീരുമാനപ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്.

(ബി) 1892 ഗോഡൗണുകളിൽ പരിശോധന നടത്തി.

(സി) 165 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) റേഷൻ ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നതിന് എതിരെ റേഷൻ മൊത്ത വ്യാപാരകേന്ദ്രങ്ങൾ, ചില്ലറ വ്യാപാരകേന്ദ്രങ്ങൾ എന്നിവ ജില്ലാ സപ്ലൈ ആഫീസർമാർ താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവർ നിരന്തരം പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പൊതുമാർക്കറ്റുകളിൽ വിവിധ സ്ക്വാഡുകൾ പരിശോധിച്ച് നടപടിയെടുക്കാറുണ്ട്. ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1976 കേസ്സുകൾ എടുത്തിട്ടുണ്ട്.

## തിരുവനന്തപുരം വിമാനത്താവളത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

* 14 [14] ശ്രീ. വി. സുരേന്ദ്രൻപിള്ള:
" മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ നിർമ്മാണം ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) പുതിയ ടെർമിനലിന്റെ പണി എന്ന് പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത്;

(സി) വിമാനത്താവളത്തോടനുബന്ധിച്ച് നിർമ്മിക്കുന്ന എയർ ഇന്ത്യ എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാങ്കർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വിമാനത്താവളത്തിലേക്കുള്ള പുതിയ ബൈപ്പാസ് റോഡ്, ഫ്ളൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏത് ഏജൻസിയെ ഏൽപ്പിക്കാനാണുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഉത്ഘാടനം 2006 നവംബർ 1-ന് ബഹു: ഇന്ത്യൻ പ്രധാനമന്ത്രി നിർവഹിക്കുകയുണ്ടായി. ഇതിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ 27.56 ഏക്കർ ഭൂമിയിൽ ഇതിന്റെ പണി പുരോഗമിച്ചുവരുന്നു. ടെർമിനൽ കോംപ്ലക്സിന്റെ പൈലിംഗ് ജോലികൾ 2007 സെപ്റ്റംബർ മാസം പൂർത്തിയാക്കും. ഇതിനായി ഏകദേശം 250 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 24,000 ച.മീറ്റർ വിസ്തീർണ്ണമുള്ള ടെർമിനൽ കോംപ്ലക്സിന്റെ പണി ചെന്നൈ ആസ്ഥാനമായ കൺസ്ട്രക്ഷൻ കൺസോർഷ്യത്തെയാണ് വിമാനത്താവള അതോറിറ്റി ഏൽപ്പിച്ചിരിക്കുന്നത്. ഇവിടെ 24 മണിക്കൂറും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇപ്പോൾ പണി ഷെഡ്യൂൾ പ്രകാരം നടന്നുവരുന്നുണ്ട്.

(ബി) ഷെഡ്യൂൾ പ്രകാരം 2008 ഡിസംബർ മാസം പണി പൂർത്തിയാക്കി ടെർമിനൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഹാങ്കർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ 5.8879 ഹെക്ടർ സ്ഥലം സർക്കാർ എയർ ഇന്ത്യക്ക് അനുവദിച്ചുവെങ്കിലും ആ സ്ഥലത്ത് ഉണ്ടായിരുന്ന ട്രിവാൻഡ്രം റബ്ബർ വർക്സിന്റെ ചില വിഷയങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കൈമാറ്റത്തിന് കാലതാമസം നേരിട്ടിരുന്നു. ട്രിവാൻഡ്രം റബ്ബർ വർക്സിന്റെ വിഷയങ്ങൾ സംബന്ധിച്ച് തീരുമാനമെടുത്തുകഴിഞ്ഞു. ഈ ഭൂമി ഉടൻതന്നെ എയർ ഇന്ത്യക്ക് കൈമാറാൻ കഴിയും. ഭൂമി ലഭിച്ചുകഴിഞ്ഞാലുടൻ പണി ആരംഭിച്ച് ഒന്നര വർഷം കൊണ്ട് അത് പൂർത്തിയാക്കാനാണ് എയർ ഇന്ത്യ ഉദ്ദേശിക്കുന്നത്.

(ഡി) പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഉദ്ദേശം 15 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള വിമാനത്താവളത്തിലേക്കുള്ള പുതിയ അപ്രോച്ച് റോഡ് നിർമ്മാണത്തിന് പൊതുമേഖലയിലെ കിറ്റ്കോ എന്ന സ്ഥാപനത്തെയാണ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്/ഇംപ്ലിമെന്റിംഗ് ഏജൻസിയായി ട്രിവാൻഡ്രം എയർപോർട്ട് ഡെവലപ്മെന്റ് സൊസൈറ്റി നിശ്ചയിച്ചിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽത്തന്നെ ഇതിന്റെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## സ്മാർട്ട് സിറ്റി കരാർ

* 15 [15] പ്രൊഫ. എൻ. ജയരാജ്:
ശ്രീ. സി. എഫ്. തോമസ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി കരാർ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതു സംബന്ധിച്ച് ടീകോമുമായി രണ്ട് തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിന് നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേയ്ക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം. ഒ. എ. യ്ക്കും എ. ഒ. എ. യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേയ്ക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചു കഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന തിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽത്തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഉണ്ട്. 246 ഏക്കറിൽ 222 ഏക്കർ ഏറ്റെടുത്ത് കഴിഞ്ഞു. ബാക്കി 24 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് പുനരധിവാസ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

## സ്മാർട്ട് സിറ്റി കരാർ-ഭൂമി ഏറ്റെടുക്കൽ

* 16 [16] ശ്രീ. എ. എം. യൂസഫ്:
,, സി. എം. ദിനേശ്മണി:
,, എം. എം. മോനായി:
,, കെ. കെ. ജയചന്ദ്രൻ:
,, എം. ജെ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിനുശേഷം പദ്ധതി ആരംഭിക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത്;

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതു സംബന്ധിച്ച് ടീകോമുമായി രണ്ടു തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിന് നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിലേയ്ക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം. ഒ. എ. യ്ക്കും എ. ഒ. എ. യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേയ്ക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചു കഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽത്തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(ബി ആന്റ് സി) 246 ഏക്കറിൽ ഏറ്റെടുത്ത് കഴിഞ്ഞ 222 ഏക്കർ ഒഴികെ ബാക്കി 24 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് പുനഃരധിവാസ നടപടികൾ പൂർത്തീകരിച്ചു വരുന്നു. TECOM/SPV side-ൽ നിന്ന് പാട്ടത്തിന് നൽകുന്നതിനുള്ള കരാർ ഒപ്പിടാനുണ്ട്. എം. ഒ. എ. യും എ. ഒ. എ. യും രജിസ്റ്റർ ചെയ്യാനുണ്ട്. പദ്ധതി സ്ഥലത്തേക്ക് റോഡ്, TECOM തയ്യാറാക്കുന്ന master plan-ന്റെ അടിസ്ഥാനത്തിൽ വെള്ളം, വൈദ്യുതി എന്നിവ എത്തിക്കാനുള്ള നടപടികൾ പൂർത്തിയാക്കാനുണ്ട്.

(ഡി) സർക്കാർ ഭാഗത്തുനിന്നും ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായുള്ള വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും മറ്റുദ്യോഗസ്ഥരും അംഗങ്ങളായ ഹൈലെവൽ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## 'ക്രീമിലെയർ' പരിധി നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട്

* 17 [17] ശ്രീ. സി. ടി അഹമ്മദ് അലി:
,, അബ്ദുറഹിമാൻ രണ്ടത്താണി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയർ പരിധി നിശ്ചയിക്കുവാൻ സുപ്രീം കോടതി നിർദ്ദേശപ്രകാരം നിയമിച്ച ജസ്റ്റീസ് രാജേന്ദ്ര ബാബു കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഇതിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ബി) ഇതിൻമേൽ സർക്കാർ എന്തുനടപടി സ്വീകരിച്ചു;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് പ്രകാരമുള്ള നടപടി എന്ന് സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) 7-8-2007-ൽ കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പട്ടിക 6 പ്രകാരം സംസ്ഥാന സർക്കാരിന്റെ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയായി നിജപ്പെടുത്തി



LIBRARY ARCHIVES Kerala Legislative Assembly

27-5-2000-ാം തീയതിയിലെ സ.ഉ. (പി) 36/00/പജപവവിവ. ഭേദഗതി വരുത്തുന്നതിനും ക്രീമിലെയർ നിർണ്ണയിക്കുമ്പോൾ കാർഷിക വൃത്തിയിൽ നിന്നും ലഭിക്കുന്ന വരുമാനം ശമ്പളത്തോടൊപ്പം കൂട്ടേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി-ഡി) 25-8-2007-ലെ സ.ഉ. (പി) 46/2007/പജപവവിവ. പ്രകാരം കമ്മീഷന്റെ ഇടക്കാല ശുപാർശകൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ചെറുകിട വ്യവസായങ്ങൾ

* 18 [18] ശ്രീ. ബി. രാഘവൻ:
„ വി. എൻ. വാസവൻ:
„ രാജു എബ്രഹാം:
„ എം. എം. മോനായി:
„ പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ;

(സി) ഏകജാലകസംവിധാനം കാര്യക്ഷമമാക്കുന്നതിന് നിയമഭേദഗതി കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) കഴിഞ്ഞ വർഷം എത്ര ചെറുകിട വ്യവസായികൾക്ക് രജിസ്ട്രേഷൻ നൽകിയെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെമിനാറുകൾ, പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ സംഘടിപ്പിച്ച് നിക്ഷേപകരുമായി ചർച്ച നടത്തി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് അർഹമായ വായ്പകൾ ലഭ്യമാക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നു. കൂടാതെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി.
2. മാർജിൻ മണി വായ്പ.
3. പീഢിത വ്യവസായ പുനഃരുദ്ധാരണ പദ്ധതി.
4. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
5. സമഗ്ര വ്യവസായവൽക്കരണ പരിപാടി.



LIBRARY ARCHIVES,Kerala Legislative Assembly

6. സാങ്കേതിക വിദ്യയും നവീകരണ പരിപാടിയും.
7. വിപണന വികസന പദ്ധതി.
8. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്കുള്ള സഹായം.
9. ഉപോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനു പ്രോത്സാഹനം.
10. കരകൗശല വ്യവസായത്തിനുള്ള സഹായം.

കൂടാതെ സിഡ്കോ എസ്. എസ്. ഐ. യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനും മാർക്കറ്റിംഗിനും സഹായിക്കുന്നു. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഓർഡറുകൾ സിഡ്കോയിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സിഡ്കോയുടെ കീഴിലുള്ള 17 വ്യവസായ എസ്റ്റേറ്റുകൾ 36 മിനി വ്യവസായ എസ്റ്റേറ്റുകൾ 7 വ്യവസായ പാർക്കുകൾ എന്നിവയിലുള്ള ഷെഡ്ഡുകൾ, ഭൂമി എന്നിവ വ്യവസായ സംരംഭകർക്ക് വാടകയ്ക്കും ഒ. ആർ. എസ്. വ്യവസ്ഥയിലും ദീർഘകാല പാട്ട വ്യവസ്ഥയിലും നൽകി വരുന്നു.

(ബി) നടപടികൾ ലഘൂകരിക്കാനുദ്ദേശിക്കുന്നു. കൂടാതെ ലൈസൻസിംഗ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) "കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ട് 1999" ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനിതാ വ്യവസായമായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് ഗ്രാന്റും അധിക സബ്സിഡിയും നൽകുന്നു.

(ഇ) 2006-2007 വർഷത്തിൽ 2659 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എം. എസ്. എം. ഇ. ഡി. ആക്ടിൻപ്രകാരം 31-3-2007 വരെ 1759 വ്യവസായ സംരംഭങ്ങൾ പാർട്ട് II പ്രകാരം മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുണ്ട്.

## മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്ന് തമിഴ്നാട്ടിലേക്കുള്ള തോട് നിർമ്മാണം

* 19 [19] ശ്രീ. കെ. ശിവദാസൻ നായർ:
,, സി. പി. മുഹമ്മദ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്ന് ബോഡിനായ്ക്കന്നൂർ വഴി തമിഴ്നാട് തോട് വെട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിന്റെ അറിവും അനുമതിയും ഇക്കാര്യത്തിൽ ലഭ്യമാക്കിയിരുന്നോ;

(ബി) പ്രസ്തുത തോടുവഴി മുല്ലപ്പെരിയാർ ഡാമിൽ നിന്ന് വെള്ളം കൊണ്ട് പോകുന്നത് നിയമാനുസൃതമാണോ;

(സി) ഒറിജിനൽ എഗ്രിമെന്റിൽ പറയുന്നതിനേക്കാൾ കൂടുതൽ സ്ഥലത്തേക്ക് വെള്ളം കൊണ്ടുപോകുന്നതിന് കേരളം തമിഴ്നാടിന് അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിനുള്ളിലുള്ള വനത്തിൽ കേരളത്തിന്റെ ആവശ്യത്തിന് അണകെട്ടുന്നതിനോ മറ്റുപ്രവൃത്തികൾ ചെയ്യുന്നതിനോ അനുവാദം നൽകാത്ത കേന്ദ്ര ഗവൺമെന്റ് തമിഴ്നാടിന്റെ ആവശ്യത്തിനായി കേരളത്തിന്റെ വനത്തിലൂടെ തോട് വെട്ടുവാൻ അനുവദിച്ചതിനെ കോടതിയിൽ ചോദ്യം ചെയ്യാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) മുല്ലപ്പെരിയാർ ഡാമിൽ നിന്നും നേരിട്ട് ബോഡിനായ്ക്കന്നൂരിലേയ്ക്ക് വെള്ളം കൊണ്ടുപോകുവാൻ തമിഴ്നാട് തോട് വെട്ടുന്നില്ല. തമിഴ്നാട്, മുല്ലപ്പെരിയാറിൽ നിന്നും എരച്ചിൽപാലം വഴി കൊണ്ടുപോകുന്ന വെള്ളം തമിഴ്നാട്ടിലുള്ള ലോവർക്യാമ്പിൽ എത്തിച്ചതിനുശേഷം അവിടെ നിന്നാണ് ബോഡിനായ്ക്കന്നൂരിലേയ്ക്ക് തിരിച്ചുവിടുന്നത്. ഇതിനായി വെട്ടുന്ന തോട് പരിപൂർണ്ണമായും തമിഴ്നാട് പ്രദേശത്താണ്. ഇതിന് കേരളത്തിന്റെ അനുമതി ആവശ്യമില്ല.

(ബി) നിലവിലുള്ള ടണൽ മാർഗ്ഗം മാത്രമേ തമിഴ്നാട് മുല്ലപ്പെരിയാർ ഡാമിൽ നിന്നു വെള്ളം കൊണ്ടുപോകുന്നുള്ളൂ.

(സി) പെരിയാർ പാട്ടക്കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം നദിയുടെ ഏറ്റവും താഴ്ന്ന തട്ടിൽ നിന്ന് 155 അടി contour വരെ തമിഴ്നാടിന് പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂപ്രദേശത്തേയ്ക്കോ, അതിൽ നിന്നോ, അതിൽ കൂടിയോ ഒഴുകുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. തമിഴ്നാട് അവരുടെ ഏതെല്ലാം പ്രദേശത്ത് എപ്രകാരം ഈ ജലം സംഭരിക്കേണ്ടതാണ് എന്നതിനെ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യുന്നില്ല.

(ഡി) 'എ' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം

* 20 [20] ശ്രീ. ജി. കാർത്തികേയൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സർവ്വീസിലേയ്ക്ക് എപ്രകാരമാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സർവ്വീസ് രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാന സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ കുറയുന്നുണ്ടോ;

(ഡി) ഇതിൽ നിലവിലുള്ള ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന എന്തെങ്കിലും സംഗതികളുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ,

(എ)—(ഡി) നിലവിലുള്ള ഭരണസംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ രൂപീകരിച്ച കേരള ഭരണ പരിഷ്കാര സമിതി സർക്കാരിന് സമർപ്പിച്ച 9-ാ മത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ ഉണ്ട്. എന്നാൽ ഇതിന്റെ വിശദമായ നടപ്പാക്കൽ പരിപാടികൾ ചർച്ചകൾക്കും പരിയാലോചനകൾക്കും ശേഷം മതിയെന്ന് തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ സംഘടനകളും മറ്റുമായി മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രാരംഭഘട്ട ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവെങ്കിലും ഒരു സമവായം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പല പ്രായോഗിക ബുദ്ധിമുട്ടുകളും ഇത്തരുണത്തിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിലവിലുള്ള വിവിധ സർവ്വീസുകളെ ഒരുപരിധിവരെ ഇതു ദോഷകരമായി ബാധിക്കുമെന്നുള്ള സംഘടനകളുടെ പരാതികൾ കണക്കിലെടുത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ വിശദമായ ചർച്ചയും പരിശോധനയും ആവശ്യമുണ്ടെന്ന് വിലയിരുത്തുകയാണുണ്ടായത്.

## ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ

*21 [21] ശ്രീ. കെ. രാജു:
,, എൻ. അനിരുദ്ധൻ:
,, പള്ളിപ്രം ബാലൻ:
ശ്രീമതി ഇ. എസ്സ്. ബിജിമോൾ:
ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കമ്മിറ്റികളുടെ ഘടനയും പ്രവർത്തന ലക്ഷ്യങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലും താലൂക്കുകളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വിലക്കയറ്റം തടയുന്നതിനും വിലനിലവാരം അവലോകനം ചെയ്യുന്നതിനും രൂപീകരിച്ച മോണിറ്ററിംഗ് സെല്ലുകളുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) ഉണ്ട്. സംസ്ഥാന തലത്തിൽ ബഹു: ഭക്ഷ്യ വകുപ്പുമന്ത്രി ചെയർമാനും ഭക്ഷ്യ വകുപ്പ് സെക്രട്ടറി കൺവീനറുമായി പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാനതല ഭക്ഷ്യോപദേശക സമിതിയിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉപഭോക്തൃ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകളിലെ അംഗങ്ങളും ബന്ധപ്പെട്ട വകുപ്പ് തലവൻമാരും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലാതലത്തിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധിയും ജില്ലാ ട്രേഡ് യൂണിയൻ സംഘടനാ പ്രതിനിധികളും ജില്ലയിലെ എല്ലാ എം. പി. മാരും എം. എൽ. എ. മാരും ഉപഭോക്തൃസംഘടനകളുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പാലിറ്റി സെക്രട്ടറി/ചെയർമാൻ, ജില്ലാ പഞ്ചായത്തിലെ പ്രതിപക്ഷനേതാവ് തുടങ്ങിയവരെ ഉൾപ്പെടുത്തി ജില്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

പൊതു വിതരണ സമ്പ്രദായം സുഗമവും സുതാര്യവും കാര്യക്ഷമവുമാക്കുക, ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള അളവിലും ഗുണത്തിലും തൂക്കത്തിലും നിരക്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ ലക്ഷ്യങ്ങൾ. പൊതുവിതരണ സമ്പ്രദായത്തിലെ ക്രമക്കേടുകളെയോ അഴിമതിയേയോ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത് വകുപ്പുതല ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ഭക്ഷ്യോപദേശക സമിതിയംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും ഭക്ഷ്യോപദേശക സമിതികൾ പുനഃസംഘടിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. താലൂക്ക്, പഞ്ചായത്ത് തല സമിതികൾ പുനഃസംഘടിപ്പിച്ച് യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിലക്കയറ്റം തടയുന്നതിനായി സർക്കാർ നിർദ്ദേശം അനുസരിച്ച് പ്രൈസ് മോണിറ്ററിംഗ് സെൽ ജില്ലാതലത്തിൽ രൂപീകരിക്കുകയും വില നിലവാരം അവലോകനം ചെയ്യുകയും പൊതുവിപണിയിൽ റെയ്ഡുകൾ നടത്തുകയും ചെയ്തു വരുന്നു. എല്ലാ താലൂക്കുകളിലും പൊതു വിപണിയിലെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി, ഫുഡ് ഇൻസ്പെക്ടർ, പോലീസ് എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പ്രസ്തുത സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ക്വാഡുകൾ എല്ലാ മാസവും പൊതു വിപണിയിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസരണം ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

## മേൽത്തട്ട് പരിധി

* 22 [22] ശ്രീ. കെ. അച്ചുതൻ:
,, എൻ. ശക്തൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേൽത്തട്ട് പരിധി നിർണ്ണയിക്കുവാൻ സർക്കാർ നിയോഗിച്ച രാജേന്ദ്രബാബു കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ മേൽത്തട്ട് പരിധി എത്ര രൂപയായിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇടക്കാല റിപ്പോർട്ടിൽ മേൽത്തട്ട് പരിധി നിർണ്ണയിക്കുന്നതിന് ശുപാർശ ചെയ്ത തുകയും കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ച തുകയും തുല്യമാണോ;

(ഡി) മേൽത്തട്ട് നിർണ്ണയിക്കുന്നതിനുള്ള വരുമാന പരിധിയിൽ നിന്നും കേന്ദ്ര സർക്കാർ ചില സമുദായങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത സമുദായങ്ങൾ സംസ്ഥാനത്തുള്ള പക്ഷം ആ സമുദായങ്ങളെ മേൽത്തട്ട് സംബന്ധിച്ച ആദായ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) 7-8-2007-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുവരെ 2.50 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(സി) അതെ.

(ഡി) ഇല്ല.

(ഇ) പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളെ സംസ്ഥാന സർക്കാർ വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത

* 23 [23] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമുള്ള പാൽ എത്രയാണ്;

(ബി) അതിൽ എത്ര പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്;

(സി) പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത എന്നു കൈവരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) സംസ്ഥാനത്ത് പ്രതിദിനം 80 ലക്ഷം ലിറ്റർ പാൽ വിതരണത്തിനാവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 2006-07-ലെ കണക്കുകൾ പ്രകാരം പ്രതിദിനം 55.91 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നുവെന്നു കണക്കാക്കപ്പെടുന്നു.

(സി ആന്റ് ഡി) ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പശുഗ്രാമം, മിൽക്ക് ഷെഡ് വികസനം വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി, ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കുക, ഊർജ്ജിത

LIBRARY ARCHIVES Kerala Legislative Assembly

കന്നുകാലി വികസനം, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും, രോഗനിയന്ത്രണം വഴി കന്നുകാലി സമ്പത്തിന്റെ ആരോഗ്യനില ഉറപ്പുവരുത്തുന്ന ഗോരക്ഷാ പദ്ധതി, ശാസ്ത്രീയ കന്നുകാലി പ്രജനന നയം, പ്രീമിയം വിത്തുകാള, ഗോരേഖ, ക്ഷീരധാര, വിദർഭാ പദ്ധതി, ഗുണമേൻമ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി, വന്ധ്യതയുള്ള പശുക്കളേയും കിടാരികളേയും പരിശോധിച്ചു ചികിൽസ നൽകി വരുന്ന വന്ധ്യതാ നിവാരണ ക്യാമ്പുകൾ തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പുകളും, കെ. എൽ. ഡി. ബോർഡും സംയുക്തമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## പാലിന്റെ ഗുണനിലവാരം

* 24[24] ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:
,, ബി. ഡി. ദേവസ്സി:
,, എം. ജെ. ജേക്കബ്:
,, കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബ്രാന്റുകളിൽ സംസ്ഥാനത്ത് വിപണിയിലെത്തുന്ന പാലുകൾ പലതും ഗുണനിലവാരമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം ഏതെല്ലാം ബ്രാൻഡുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) മിൽമ പാലിന്റെ വിതരണം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലും പാലുല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പു വരുത്തുവാൻ പി. എഫ്. എ. (പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ) നിയമപ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ അവശ്യസാധന നിയന്ത്രണ നിയമത്തിലെ മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ (എം. എം. പി. ഒ.) പ്രകാരം ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥരും സാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തുകയും, ഡയറികൾ പരിശോധിച്ച് പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും നിർമ്മാണവും ശുദ്ധവും സുരക്ഷിതവുമായാണ് നടക്കുന്നതെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

മാത്രമല്ല മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം പാലും പാലുൽപ്പന്നങ്ങളും സംസ്ക്കരിച്ച് വിപണനം ചെയ്യുന്ന ഡയറികൾ രജിസ്റ്റർ ചെയ്യുന്ന സ്റ്റേറ്റ് രജിസ്റ്ററിംഗ് അതോറിറ്റി ക്ഷീര വികസന വകുപ്പ് ഡയറക്ടറാണ്. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

വിപണിയിൽ നിന്ന് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഗുണ നിയന്ത്രണ ഉദ്യോഗസ്ഥർക്കുണ്ട്. പാലിന്റേയും പാലുല്പന്നങ്ങളുടേയും സ്റ്റാറ്റ്യൂട്ടറി പരിശോധന എം. എം. പി. ഒ. പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ക്ഷീര വികസന വകുപ്പിന്റെ ആലത്തൂരിലെ ലാബറട്ടറിയിൽ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ പാൽ വിപണനം തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഫെബ്രുവരി വരെ 3364 വിപണി പാൽ സാമ്പിളുകൾ പരിശോധന നടത്തി ഗുണനിലവാരം കുറഞ്ഞ 237 സാമ്പിളുകളുടെ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു. കൂടാതെ മിൽക്ക് വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തിയതിൽ 4 സ്ഥാപനങ്ങൾക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിന് പുറമേ എം. എം. പി. ഒ. നിയമപ്രകാരം നിർമ്മൽഗ്രാം വനിതാ ഡയറി സൊസൈറ്റിയുടെ സംസ്കരണശേഷി 33,000 ലിറ്ററിൽ നിന്നും 24,000 ലിറ്ററായി കുറച്ചു. കാമധേനു, പ്രയങ്ക എന്നീ ഡയറികളുടെ പ്രവർത്തനം നിരോധിക്കുകയും ആര്യാ, നന്ദിനി, സുനന്ദിനി എന്നീ ബ്രാന്റുകളുടെ കേരളത്തിലെ വിപണനം നിരോധിക്കുകയും ചെയ്തു.

(ഡി) മിൽമാ പാൽ വിതരണം കാര്യക്ഷമമാക്കാൻ പരമാവധി ഉല്പാദനം വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. പാൽ വിതരണത്തിന് മിൽമയ്ക്ക് സ്വന്തമായ സംവിധാനം നിലവിലുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

* 25 [25] ശ്രീ. വി. ശശികുമാർ:

,, സി. കെ. പി. പത്മനാഭൻ:

,, പി. വിശ്വൻ:

,, ജോർജ് എം. തോമസ്:

,, പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ വർഷം ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കാലവർഷം, പകർച്ചപ്പനി എന്നിവയ്ക്കുള്ള ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചു;

(ഡി) കേന്ദ്രത്തിൽ നിന്നും അർഹമായ ദുരിതാശ്വാസം ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) കാലവർഷം തുടങ്ങിയ 2007 മേയ് മുതൽ 31-8-2007 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ ജില്ലകൾക്ക് 9,07,78,500 രൂപ നൽകിയിട്ടുണ്ട്. ഇതിൽ 5 കോടി രൂപ ചിക്കുൻഗുനിയ ബാധിത പ്രദേശങ്ങളിൽ കിറ്റ് വിതരണത്തിന്



LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയും 47.78 ലക്ഷം രൂപ സൗജന്യ റേഷൻ വിരണത്തിലേക്കും 20 ലക്ഷം രൂപ പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ പകർച്ചപ്പനിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായമായും നൽകിയിട്ടുണ്ട്. കാലവർഷക്കെടുതിക്ക് മാത്രമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പ്രത്യേകമായി തുക അനുവദിക്കാറില്ല. ഇതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി നിലവിലുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണമേഖലയിലെ ജീവനക്കാർ എന്നിവരിൽ നിന്ന് സംഭാവനകൾ സ്വരൂപിക്കുന്നതിനായി 9-8-2007-ലെ സർക്കുലർ നമ്പർ 67240/സി.ഡി.എൻ/07/പൊ.ഭ.വ. പുറപ്പെടുവിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയ്ക്കായി ബഹു: മുഖ്യമന്ത്രി 31-7-2007-ന് പൊതുജനങ്ങളോട് അഭ്യർത്ഥന പുറപ്പെടുവിക്കുകയും 16-8-2007-ന് ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങൾ, ഐ.ടി. സ്ഥാപനങ്ങൾ, റസിഡന്റ് അസോസിയേഷനുകൾ, അംഗീകൃത സർവ്വീസ് സംഘടനകൾ, ട്രേഡ് യൂണിയനുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം വിളിച്ചുചേർക്കുകയും അവരുടെ സഹായം അഭ്യർത്ഥിക്കുകയും അവർ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംഭാവനകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) 2007 ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടായ കാലവർഷക്കെടുതിമൂലം ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനും മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രസർക്കാർ നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 50 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചു. കൂടാതെ സംസ്ഥാനത്തിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയുടെ ഈ വർഷത്തെ കേന്ദ്രവിഹിതമായ 70.70 കോടി രൂപയും രണ്ട് ഗഡുക്കളായി ഇതിനകം അനുവദിച്ചിട്ടുണ്ട്.

പകർച്ചപ്പനിയോട് ബന്ധപ്പെട്ട് ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കാലവർഷക്കെടുതികൾ വിവിധ വകുപ്പുകളിലെ പ്രതിനിധികൾ വിലയിരുത്തുകയുണ്ടായി. മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ വിവിധ കക്ഷി നേതാക്കളും എം.പി. മാരുമടങ്ങുന്ന നിവേദക സംഘം പ്രധാനമന്ത്രിയെക്കണ്ട് നിവേദനം നൽകുകയുണ്ടായി. മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രിയെ കണ്ട് നിവേദനം സമർപ്പിക്കുകയും കേരളത്തിന് അർഹതപ്പെട്ട പരമാവധി ദുരിതാശ്വാസം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നാശനഷ്ടങ്ങളുടെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. 1431.32 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി ആദ്യം കണക്കാക്കി ഒരു മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഇന്റർ മിനിസ്റ്റീരിയൽ ടീമും സംസ്ഥാനം സന്ദർശിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇതിനിടെ ശേഖരിച്ച കൂടുതൽ നാശനഷ്ടങ്ങളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 1532.34 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുകയും അതിൽ കലാമിറ്റി റിലീഫ് മാനദണ്ഡ പ്രകാരം അർഹമായ 641.29 കോടി രൂപ അഭ്യർത്ഥിച്ചുകൊണ്ട് അനുബന്ധ മെമ്മോറാണ്ഡം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ

*26 [26] ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
,, എം. കെ. പ്രേംനാഥ്:
,, ജോസ് തെറ്റയിൽ:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് വിശദമാക്കുമോ;

(സി) പുതുതായി ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) പുതുതായി ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) സർക്കാർ തലത്തിൽ ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി ആന്റ് സി) വ്യവസായ പങ്കാളിത്തത്തോടെ ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കുക എന്നത് ഐ.ടി. നയത്തിൽ ഉൾപ്പെടുന്ന കാര്യമാണ്. ഐ.ടി. മിഷനും IHRD യും മറ്റു ഏജൻസികളുമായി ചേർന്ന് ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനപരിചയമുള്ള സ്വകാര്യ സംരംഭകർ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിന് മുന്നോട്ടുവന്നാൽ ആവശ്യമായ പ്രോത്സാഹനം സർക്കാർ നൽകുന്നതാണ്.

(ഡി) പുതുതായി ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് പൊതുമേഖലയിലുള്ള IHRDയുമായി ധാരണയിൽ എത്തിയിട്ടുണ്ട്. മറ്റ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

നിത്യോപയോഗ സാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചുകൊടുക്കുന്ന പദ്ധതി

*27 [27] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, പി. തിലോത്തമൻ:
,, പള്ളിപ്രം ബാലൻ:
,, രാജാജി മാത്യു തോമസ്:
ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് കുടുംബശ്രീ, പുരുഷ സഹായസംഘങ്ങൾ എന്നീ സംഘടനകൾക്ക് പ്രാമുഖ്യം നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ,

(എ) നിത്യോപയോഗ സാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചുകൊടുക്കുന്നതിനായി സപ്ലൈകോ E-retailing എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള ഏഴ് മൊബൈൽ മാവേലിവഴിയായി അവശ്യസാധനങ്ങൾ ഓരോ പാർപ്പിട മേഖലകളിലും എത്തിച്ചും കച്ചവടം നടത്തിവരുന്നുണ്ട്. കൂടാതെ Stretch retailing എന്ന പദ്ധതിയിലൂടെ ഓരോ പഞ്ചായത്ത് പ്രദേശങ്ങളിലെയും വീടുകളിൽ ഡോർ ഡെലിവറി നടത്തുന്നതിന് ഒരു പദ്ധതിയും ഉണ്ട്.

(ബി) ഇ-റീട്ടെയിലിംഗ് പദ്ധതിക്കായുള്ള കമ്പ്യൂട്ടർ വെബ് സൈറ്റ് നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്ട്രെച്ച് റീട്ടെയിലിംഗിനായി കുടുംബശ്രീ വഴി ബന്ധപ്പെട്ട് ഓട്ടോ റിക്ഷാ ഡ്രൈവിംഗ് ലൈസൻസുള്ള 35 വയസിൽ താഴെ പ്രായമുള്ള എസ്.എസ്.എൽ.സി. പാസ്സായ യുവതികളെ ക്യാൻവാസ് ചെയ്തുവെങ്കിലും നിലവിലുള്ള മാർജിൻ നിരക്ക് കുറവായതിനാൽ ഏജൻസി എടുക്കുവാൻ ഒരു ഏജന്റ് ഒഴികെ മറ്റാരും മുന്നോട്ട് വന്നിട്ടില്ല. അതിനാൽ നിലവിലുള്ള പദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കുടുംബശ്രീ ജില്ലാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയിൽ അംഗമായിട്ടുള്ള അർഹരായ യുവതികളെയാണ് ഈ സ്ട്രെച്ച് റീട്ടെയിലിംഗ് പദ്ധതിയിലേക്ക് ഏജന്റായി നിയമിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. അവരുടെ അഭാവത്തിൽ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറുള്ള പുരുഷ സഹായ സംഘങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാത

*28 [28] ശ്രീ. കെ. കുഞ്ഞിരാമൻ :
,, വി. എൻ. വാസവൻ:
,, എ. എം. ആരിഫ്:
,, എം. കെ. പുരുഷോത്തമൻ:
,, കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഏതെല്ലാം ഭാഗത്തെ പണികളാണ് പൂർത്തിയായിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലത്തുനിന്നും കോവളത്തേയ്ക്കുള്ള ജലപാത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ;

(ഡി) ദേശീയ ജലപാതയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) ദേശീയ ജലപാത ഈ വർഷംതന്നെ ഗതാഗതക്ഷമമാക്കാൻ ഉദ്ദേശിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. പുന്നമടക്കായലിലെ കാർഗോ ടെർമിനലിനാവശ്യമായ ഭൂമിയെടുക്കുന്നപ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കനാലുകളിൽനിന്നും ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ദേശീയ ജലപാത III- ലെ പണിതീർന്ന ഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഐ. ഡബ്ല്യു. എ. ഐ. യിൽനിന്നും ശേഖരിച്ചുനൽകുന്നതാണ്. 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാന ജലപാതയുടെ ഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) കൊല്ലത്തുനിന്നും കോവളത്തേക്കുള്ള ജലപാതയുടെ നവീകരണ പ്രവർത്തികൾ 2010-ഓടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) കേരളത്തിലെ ജലപാതകളുടെ വികസനം സംബന്ധിച്ച് 22-5-2007-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ദേശീയ ജലപാത-III, 2007 നവംബറോടെ പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനുള്ള മുഴുവൻ ജോലികളും പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഐ. ഡബ്ല്യു. എ. ഐ. അധികാരികൾ ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ജോലി ഒക്ടോബർ 2007-ൽ പൂർത്തിയാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ. എം. എം. എൽ-ന്റെ അടിസ്ഥാന നവീകരണം

*29 [29] ശ്രീ. കെ. ബാബു:
„ ജി. കാർത്തികേയൻ:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എം. എം. എൽ-ന്റെ അടിസ്ഥാന നവീകരണ പ്രക്രിയയ്ക്കായി മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടി സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നവീകരണ പദ്ധതിക്കായി ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നവീകരണപ്രവർത്തികൾ നിർത്തിവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിന്നും പിന്മാറിയത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) 23-4-2004-ലെ ജി.ഒ. (എം.എസ്.) നമ്പർ 46/2004/ഐ.ഡി-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 760 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകി. ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റിന്റെ വാർഷിക ശേഷി ഒരു ലക്ഷം ടണ്ണായി ഉയർത്തുക, 1.5 ലക്ഷം വാർഷിക ശേഷിയുള്ള മിനറൽ സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക, 1.35 ലക്ഷം ടൺ സിന്തറ്റിക്ക് റൂട്ടൈൽ പ്ലാന്റ്, 10 എം. എൽ. ഡി. വാർഷിക ശേഷിയുള്ള ഡീ-സലൈനേഷൻ പ്ലാന്റ് എന്നിവയായിരുന്നു പ്രധാന പദ്ധതികൾ. ഇതിൻ പ്രകാരം 431 കോടി രൂപയ്ക്കുള്ള ഓർഡറുകൾ വിവിധ ഏജൻസികൾക്ക് നൽകി. പ്രോജക്ടിനാവശ്യമുള്ള ബാക്കി ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ തുടങ്ങി.

(ബി) 56 കോടി രൂപ ചെലവായിട്ടുണ്ട്.

(സി ആന്റ് ഡി) 23-4-2004-ലെ ജി. ഒ.(എം.എസ്.) 46/04/ഐ. ഡി. ഉത്തരവിന് വിരുദ്ധമായി കരാറുകൾ നൽകിയതും പ്രസ്തുത കരാർ നടപ്പിലാക്കാൻ മെക്കോൺ എന്ന കൺസൾട്ടൻസിക്ക് പൗവ്വർ ഓഫ് അറ്റോർണി നൽകിയത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ പുനഃപരിശോധിക്കുവാൻ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്.

## ഒന്നാം ജനകീയാസൂത്രണത്തിലെ പാളിച്ചകൾ

*30 [30] ശ്രീ. എ. പി. അനിൽകുമാർ :
,, എൻ. ശക്തൻ:
,, ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിലുള്ള പാളിച്ചകളെപ്പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. എം. ഒ. ഉമ്മനെ കമ്മീഷനായി നിയമിച്ചിരുന്നോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞോ;

(സി) അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കാത്തപക്ഷം അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ബഹു: മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

(എ) നിയമിച്ചിട്ടുണ്ട്. 30-1-2007-ലെ സ.ഉ. (സാധാ)നം. 326/07/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പ്രാരംഭചർച്ചകളും വിശദമായ പഠനങ്ങളും തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫിലുള്ളവർക്കും വേണ്ടി വിവിധയിനങ്ങളിൽ ചെലവായിട്ടുള്ള തുക

1 [1] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭയിലെ എല്ലാ മന്ത്രിമാരും കൂടി ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നീയിനങ്ങളിൽ ഇതേവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ബി) നിലവിലുള്ള എല്ലാ മന്ത്രിമാർക്കും കൂടി അവരുടെ ഓഫീസ്, ഔദ്യോഗിക വസതി, നിയോജകമണ്ഡലങ്ങളിലെ വസതി എന്നിവിടങ്ങളിൽ നൽകിയിട്ടുള്ള ഫോണിനും, മൊബൈൽ ഫോണിനും വേണ്ടി ഇതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(സി) നിലവിലുള്ള മന്ത്രിമാർ എല്ലാവരുടേയും അതിഥി സൽക്കാരത്തിനുവേണ്ടി എത്ര തുക ഇതുവരെ ചെലവായിട്ടുണ്ട്;

(ഡി) നിലവിലുള്ള മന്ത്രിസഭയുടെ യോഗങ്ങൾക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(ഇ) നിലവിലുള്ള മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ള എല്ലാവരും കൂടി ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നീയിനങ്ങളിൽ ഇതുവരെ ആകെ എത്ര തുക പറ്റിയിട്ടുണ്ട്;

(എഫ്) നിലവിലുള്ള എല്ലാ മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ഓഫീസിലും വസതിയിലും നൽകിയിട്ടുള്ള ടെലഫോണിനും, മൊബൈൽ ഫോണിനും കൂടി ഇതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(ജി) നിലവിലുള്ള മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫിനും വേണ്ടി മുകളിൽ പറഞ്ഞിട്ടുള്ള എല്ലായിനങ്ങളിലും കൂടി ആകെ വന്നിട്ടുള്ള ചെലവെത്രയാണെന്ന് വിശദമാക്കുമോ?

#### ഉത്തരം

(എ)—(ജി) 'വിവരം ശേഖരിച്ചുവരുന്നു.'

### 'മന്ത്രിമാരുടെ ശമ്പളം, അലവൻസ് ഇനങ്ങളിൽ ചെലവായ തുക'

2 [2] ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയും ശമ്പളം, അലവൻസ് എന്നീയിനങ്ങളിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഓരോ മന്ത്രിയും എത്ര തുക വീതം മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ വാങ്ങിയിട്ടുണ്ട്?

#### ഉത്തരം

(എ ആന്റ് ബി) വിവരങ്ങൾ അനുബന്ധം I & II ആയി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ ടി. എ., ഡി. എ.

3 [3] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ഇതുവരെ ടി.എ., ഡി.എ. എന്നീയിനങ്ങളിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ട്;

(ബി) 2007 ആഗസ്റ്റ് 31 വരെ ലഭിക്കേണ്ടിയിരുന്ന ടി.എ., ഡി.എ. ഇനത്തിൽ ഈ മന്ത്രിമാർക്ക് ഇനി എത്ര തുക വീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ടി.എ./ഡി. എ., എന്നീയിനങ്ങളിൽ കൈപ്പറ്റിയ തുക അനുബന്ധം 'എ' യിൽ കാണാവുന്നതാണ്. †

(ബി) ഓരോ മന്ത്രിയും ടി.എ./ഡി.എ. ക്ലെയിം ചെയ്തിട്ടുള്ള കാലയളവ് അനുബന്ധം 'എ'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2007 ആഗസ്റ്റ് 31 വരെ ലഭിക്കേണ്ടിയിരുന്ന ടി.എ./ഡി.എ. മന്ത്രിമാരുടെ ഔദ്യോഗിക യാത്രകൾക്ക് ആനുപാതികമായിരിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ ടി.എ./ഡി.എ. ക്ലെയിം ചെയ്തതിന് ശേഷമേ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

'മന്ത്രിമാരുടെ ന്യൂഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിലുള്ള താമസം'

4 [4] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയും ന്യൂഡൽഹിയിൽ എത്ര ദിവസം വീതം താമസിച്ചിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിയും മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിൽ എത്ര ദിവസം വീതം താമസിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ ഫോൺ ചെലവ്

5 [5] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയുടെയും ഓഫീസ് ഫോൺ, ഔദ്യോഗിക വസതിയിലെ ഫോൺ നിയോജക മണ്ഡലത്തിലെ വസതിയിലുള്ള ഫോൺ എന്നിവയ്ക്ക് വേണ്ടി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിക്കും മൊബൈൽ ഫോൺ വാങ്ങുന്നതിനും ഫോൺ ചാർജ്ജ് ഇനത്തിലും എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും മന്ത്രയുടെ ഓഫീസിൽ പി. എ. ബി. എക്സ്. സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മന്ത്രിമാരുടെ ഓഫീസിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധം 'എ' യിൽ ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം 'ബി' യിൽ ചേർത്തിട്ടുണ്ട്. †

(സി) അനുബന്ധം 'സി' യിൽ ചേർത്തിട്ടുണ്ട്. †

## മന്ത്രിമാർ അതിഥി സൽക്കാരത്തിനുവേണ്ടി ചെലവഴിച്ച തുക

6 [6] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിനുവേണ്ടി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

## മരാമത്ത് വകുപ്പുന്ത്രിയുടെ വിമാനയാത്രാചെലവ്

7 [7] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007 ജനുവരി ഒന്നുമുതൽ ആഗസ്റ്റ് മാസം 22-ാംതീയതി വരെ മരാമത്ത് വകുപ്പുമന്ത്രി നടത്തിയ വിമാനയാത്രാക്കൂലി എത്രയാണെന്ന് വിശദമാക്കുമോ; ഇതിൽ കേരളത്തിൽ മാത്രമായി സഞ്ചരിച്ച വിമാനയാത്രാക്കൂലി എത്രയാണ്;

(ബി) ഇങ്ങനെ സംസ്ഥാനത്തിനകത്ത് വിമാനയാത്ര ചെയ്യുന്നതിനായി പ്രസ്തുത മന്ത്രിക്കുവേണ്ടി പ്രത്യേക മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) 2007 ജനുവരി ഒന്നുമുതൽ ആഗസ്റ്റ് മാസം 22-ാം തീയതിവരെ മരാമത്ത് വകുപ്പുമന്ത്രി നടത്തിയ വിമാനയാത്രാക്കൂലി ഇനത്തിൽ പൊതുഭരണ (അക്കൗണ്ട്സ് എ) വകുപ്പിൽ നിന്നും 7,781 രൂപ (ഏഴായിരത്തി എഴുനൂറ്റി എൺപത്തിഒന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. ടി തുക കേരളത്തിൽ മാത്രമായി സഞ്ചരിച്ച വിമാനയാത്രാകൂലിയാണ്.

(ബി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ എണ്ണവും റാങ്കും

8 [8] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ മന്ത്രിസഭയിലെ ഓരോ മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽ എത്രപേർ വീതമുണ്ട്; അവരിൽ ഓരോരുത്തരുടേയും റാങ്ക് എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം അനുബന്ധമായി ചേർക്കുന്നു. †

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ശമ്പളം, അലവൻസുകൾ മുതലായവ

9 [9] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ഇതുവരെ ശമ്പളം, അലവൻസുകൾ എന്നീയിനങ്ങളിൽ ആകെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(ബി) നിലവിലുള്ള ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ഇതുവരെ ടി. എ., ഡി. എ. ഇനങ്ങളിൽ ആകെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്;

(സി) നിലവിലുള്ള ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ഇതുവരെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ ആകെ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ള നോൺ ഗസറ്റഡ് ജീവനക്കാർ 31-8-2007 വരെ ശമ്പളവും, അലവൻസുകളും മറ്റു അലവൻസുകളായ ഫെസ്റ്റിവൽ അലവൻസ്/ബോണസ്, അസംബ്ലി ഓവർടൈം അലവൻസ്, യൂണിഫോം അലവൻസ്, ഏൺഡ് ലീവ് സറണ്ടർ തുടങ്ങിയ ഇനങ്ങളും ഉൾപ്പെടെ വാങ്ങിയ തുക സംബന്ധിച്ച വിവരം അനുബന്ധം 'എ'-യിൽ ചേർത്തിരിക്കുന്നു. †

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ സെൽഫ് ഡ്രോയിംഗ് (ഗസറ്റഡ്) ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും, അലവൻസുകളും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(ബി) ഇതു സംബന്ധിച്ച വിശദവിവരം പട്ടിക അനുബന്ധം 'ബി'-യിൽ ചേർത്തിരിക്കുന്നു. †

(സി) ഇതു സംബന്ധിച്ച വിശദവിവരം പട്ടിക അനുബന്ധം 'സി'-യിൽ ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ടി. എ./ ഡി. എ. തുക

10 [10] ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ള ഓരോരുത്തരും ടി. എ., ഡി. എ. ഇനത്തിൽ എത്ര തുക വീതം വാങ്ങിയിട്ടുണ്ട്; അവർ ഇതുവരെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ വാങ്ങിയിട്ടുള്ള തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് അനുവദിച്ചിട്ടുള്ള ഫോണുകൾ

11 [11] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഓരോ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര പേർക്ക് അവരുടെ ഓഫീസിലും വീട്ടിലും ടെലഫോൺ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ടെലഫോണുകളിലെ ഫോൺ കോളുകൾക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ആർക്കെല്ലാം ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്; അതിനുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) മന്ത്രിമാരുടെ ഔദ്യോഗിക ആവശ്യത്തിനായി ഓഫീസിൽ നൽകിയിട്ടുള്ള ഫോണുകളാണ് പേഴ്സണൽ സ്റ്റാഫ് ഉപയോഗിക്കുന്നത്. പേഴ്സണൽ സ്റ്റാഫിന്റെ വസതികളിൽ നൽകിയിട്ടുള്ള ഫോണുകളുടെ വിവരങ്ങളും ടെലഫോൺ കോളുകൾക്ക് ചെലവായ തുകയും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

(സി) ആറ് പേഴ്സണൽ സ്റ്റാഫിന് ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ വാങ്ങി നൽകിയ ഇനത്തിൽ 27,870 രൂപ ചെലവ് വന്നിട്ടുണ്ട്.

പ്രതിപക്ഷനേതാവിന്റെ ടി. എ./ഡി. എ.

12 [12] ശ്രീ. വി. ജെ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവ് ടി. എ., ഡി. എ. ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട്;

(ബി) ഇതിൽ വിമാനയാത്രക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-7-2007 വരെ ബഹു: പ്രതിപക്ഷനേതാവ് ടി. എ./ഡി. എ. ഇനത്തിൽ 3,55,164 രൂപയും വിമാന യാത്രാകൂലി ഇനത്തിൽ 1,41,479 രൂപയുമായി ആകെ 4,96,643 രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുനൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ട്.

പ്രതിപക്ഷനേതാവിന്റെ ചായ സൽക്കാരത്തിനുള്ള ചെലവ്

13 [13] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ ചായ സൽക്കാരത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ ചായ സൽക്കാരത്തിനായി തുകയൊന്നും ചെലവായിട്ടില്ല.

പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിന്റെ ടി. എ./ഡി. എ.

14 [14] ശ്രീ. വി. ജെ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിന് ടി. എ./ഡി. എ. ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിന് ടി. എ./ഡി. എ. ഇനത്തിൽ 48,058 രൂപ (നാൽപ്പത്തി എട്ടായിരത്തി അൻപത്തി എട്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്.

പ്രതിപക്ഷനേതാവിന്റെ വസതിക്കുള്ള ചെലവ്

15 [15] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ വസതിയുടെ അറ്റകുറ്റപ്പണിക്കും ഫർണിച്ചർ വാങ്ങുന്നതിനും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ വസതിയുടെ അറ്റകുറ്റപ്പണികൾക്കായി 4,88,457 രൂപയും ഫർണിച്ചർ വാങ്ങിയ ഇനത്തിൽ 10,944 രൂപയും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവിന്റെ ടെലഫോൺ ബിൽ

16 [16] ശ്രീ. വി. ജെ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പ്രതിപക്ഷനേതാവ് ടെലഫോൺ ചാർജ്ജിനത്തിൽ എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(ബി) ഇതിൽ മൊബൈൽ, ലാന്റ് ഫോണുകളുടെ തുക വേർതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രതിപക്ഷനേതാവിന് അനുവദിച്ചിട്ടുള്ള ടെലഫോണുകൾക്ക് ചാർജ്ജിനത്തിൽ ഇതുവരെ 2,80,034 രൂപ ചെലവ് വന്നിട്ടുണ്ട്.

(ബി) മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

മന്ത്രിമാർ തീരുമാനമെടുത്ത ഫയലുകളുടെ എണ്ണം

17 [17] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും സംസ്ഥാന തലസ്ഥാനത്ത് എത്ര ദിവസം ചെലവഴിച്ചിട്ടുണ്ടെന്നും ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിയും എത്ര ഫയലുകളിൽ വീതം തീരുമാനമെടുത്തുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

ക്യാബിനറ്റ് യോഗവും ചെലവും

18 [18] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ക്യാബിനറ്റ് യോഗങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഈ ക്യാബിനറ്റ് യോഗങ്ങൾക്കുവേണ്ടി ഭക്ഷണ പാനീയങ്ങൾ നൽകിയ വകയിൽ ഇതുവരെ എത്ര തുക ചെലവു വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ 80 ക്യാബിനറ്റ് യോഗങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന മന്ത്രിസഭാ യോഗങ്ങളിൽ ലഘുഭക്ഷണം നൽകിയ വകയിൽ ഇതുവരെ 1,51,717 രൂപ (ഒരു ലക്ഷത്തി അൻപത്തി ഒന്നായിരത്തി എഴുനൂറ്റി പതിനേഴ് രൂപ മാത്രം) നൽകിയിട്ടുണ്ട്.

മന്ത്രി സഭാംഗത്തിന്റെ ഭാര്യ വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജോലി നേടിയെന്ന പരാതി

19 [20] ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

,, യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു മന്ത്രിസഭാംഗത്തിന്റെ ഭാര്യ വ്യാജ ടി. സി. എച്ച്. സർട്ടിഫിക്കറ്റ് ഹാജരാക്കി 1979-80 കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ പെരിങ്ങളം വെസ്റ്റ് മുഴിക്കര എൽ. പി. സ്കൂളിൽ ജോലി സമ്പാദിച്ചു എന്നും ഇക്കാരണത്താൽ ജോലിയിൽ നിന്നും പിരിച്ചുവിട്ടുവെന്നുമുള്ള ഒരു വിദ്യാർത്ഥി സംഘടനാ നേതാവിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ സർട്ടിഫിക്കറ്റ് നൽകി സർക്കാരിനെ കബളിപ്പിച്ച് ഉദ്യോഗം നേടിയത് കണക്കിലെടുത്ത് ഇവരുടെ പേരിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടത് ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ;

(സി) അന്വേഷണം ആവശ്യപ്പെടുന്ന വ്യക്തിയുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ കൃത്രിമമായി ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ച വ്യക്തിക്കെതിരെ ഗവൺമെന്റ് നാളിതുവരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി അന്വേഷണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ എൻ. ജി.ഒ. സ്ഥാപനങ്ങൾ

20 [21] ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 'നോൺ ഗവൺമെന്റൽ ഓർഗനൈസേഷനു' കളിൽ എത്രയെണ്ണമാണ് വിദേശ ധനസഹായം കൈപ്പറ്റിയിട്ടുള്ളതെന്നും ഇവ എത്ര തുകയാണ് കൈപ്പറ്റിയിട്ടുള്ളതെന്നും സംഘടന തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സർക്കാർ ജീവനക്കാരുടെ ബോണസ്സ് വർദ്ധന

21 [22] ശ്രീ. കെ. അച്ചുതൻ:
,, പി. സി. വിഷ്ണുനാഥ്:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഈ വർഷത്തെ ബോണസ്സ് വർദ്ധപ്പിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളിൽ നിന്ന് എന്തെല്ലാം നിർദ്ദേശങ്ങൾ ലഭിച്ചിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഓരോ സർവ്വീസ് സംഘടനയും ഇക്കാര്യത്തിൽ വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഗവൺമെന്റ് ഈ നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോ;

(സി) അതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) (1) എല്ലാ സർക്കാർ ജീവനക്കാർക്കും ശമ്പള പരിധിയില്ലാതെ ഒരു മാസത്തെ ശമ്പളം ബോണസ്സായി അനുവദിക്കുക.

(2) സർക്കാർ ജീവനക്കാർക്കുള്ള ഓണം അഡ്വാൻസ് തുക വർദ്ധിപ്പിക്കുക എന്നിവ.

(ബി) മേൽ നിർദ്ദേശങ്ങൾ തന്നെയാണ് എല്ലാ സർവ്വീസ് സംഘടനകളും വച്ചിരുന്നത്. ഈ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചിരുന്നു.

(സി) (1) ബോണസ് നൽകുന്നതിനുള്ള ശമ്പള പരിധി 6000 രൂപയായി ഉയർത്തി.

(2) ഓണം അഡ്വാൻസ് തുക 1000 രൂപയായി ഉയർത്തി.

## പുതിയ ശമ്പള പരിഷ്ക്കരണം

22 [23] ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ സീനിയർമാരായ ചില സെക്ഷൻ ഓഫീസർമാരെക്കാൾ ജൂനിയർ മാരായ ചില സെക്ഷൻ ഓഫീസർമാർക്ക് കൂടുതൽ ശമ്പളം ലഭിക്കുന്നുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നെല്ലാമാണ്;

(സി) ശമ്പളത്തിലെ അപാകതകൾ സംബന്ധിച്ച് ഇവരിലെ എത്രപേരുടെ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലിൽനിന്നും പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്;

(ഡി) അക്കൗണ്ടന്റ് ജനറൽ പരിശോധിച്ച് തന്ന കേസുകളിൽ അനോമലി പരിഹരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിൻമേൽ കാലവിളംബം കൂടാതെ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 71 പേരുടെ കാര്യത്തിൽ അക്കൗണ്ടന്റ് ജനറലിൽനിന്നും പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്;

(ഡി) ഇല്ല.

(ഇ) അനോമലി പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

23 [24] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഒരു മാസത്തിൽ കൂടുതലായി കെട്ടിക്കിടക്കുന്ന ഫയലുകൾ എത്രയാണെന്ന് വിശദമാക്കുമോ;

(ബി) അപേക്ഷകളിൻമേൽ ഒരാഴ്ചക്കകം തീരുമാനം എടുക്കത്തക്ക രീതിയിൽ ഫയൽ മൂവ്മെന്റ് തട്ടുകളുടെ എണ്ണം കുറയ്ക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റിലെ പെൻഡിംഗ് ഫയലുകൾ

24 [25] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-7-2007-ൽ ഫൈനാൻസ്, നിയമവകുപ്പുകളുൾപ്പെടെ സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലും എത്ര ഫയലുകൾ വീതം തീരുമാനമാകാതെ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) ഇവയിൽ രണ്ടു വർഷത്തിലധികം പഴക്കമുള്ള ഫയലുകളുടെ എണ്ണമെത്ര;

(സി) ഒരു വർഷത്തിനുമേൽ രണ്ടു വർഷംവരെ കാലപ്പഴക്കമുള്ള ഫയലുകൾ എത്ര;

(ഡി) കാൾബുക്കിൽ ചേർത്തതിനുശേഷം റീ-ഓപ്പൺ ചെയ്ത ഫയലുകളിൽ അവ ആദ്യം ആരംഭിച്ച തീയതി മുതൽ നിലവിൽ ഉള്ള തീയതിവരെയുള്ള അവയുടെ കാലദൈർഘ്യം രണ്ടു വർഷത്തിൽ കൂടുതലുള്ളപക്ഷം അത്തരത്തിലുള്ള എത്ര ഫയലുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-7-2007-ൽ 130376 ഫയലുകൾ തീരുമാനമാകാതെ കെട്ടിക്കിടപ്പുണ്ട്. ഓരോ വകുപ്പിലെയും കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) രണ്ട് വർഷത്തിലധികം പഴക്കമുള്ള 13172 ഫയലുകൾ ഉണ്ട്.

(സി) ഒരു വർഷത്തിനുമേൽ രണ്ട് വർഷംവരെ കാലപ്പഴക്കമുള്ള 17198 ഫയലുകൾ ഉണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വകുപ്പ് മേധാവിയുടെ ഓഫീസിൽ പെൻഡിംഗിലുള്ള ഫയലുകൾ

25 [26] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് മേധാവികളുടെ ഓഫീസിൽ 31-7-2007-ലെ കണക്കനുസരിച്ച് എത്ര ഫയലുകൾ പെൻഡിംഗിലുണ്ട്;

(ബി) ഇവയിൽ സെക്രട്ടേറിയറ്റ് തലത്തിലുള്ള ഉത്തരവുകൾ ലഭിച്ചാൽ മാത്രം മേൽ നടപടികൾ അവസാനിപ്പിക്കാവുന്ന എത്ര ഫയലുകൾ ഉണ്ട്;

(സി) സെക്രട്ടേറിയറ്റ് തലത്തിൽ തീരുമാനമെടുക്കേണ്ടതും വകുപ്പുമേധാവികളുടെ ഫൈനൽ റിപ്പോർട്ട് കിട്ടാത്തതുമൂലം തീരുമാനം കാത്തുകിടക്കുന്നതുമായ ഫയലുകളിലെ തീരുമാനം വേഗത്തിലാക്കുന്നതിന് സെക്രട്ടേറിയറ്റ് വകുപ്പും ബന്ധപ്പെട്ട വകുപ്പ് മേലധികാരിയുടെ ഓഫീസും തമ്മിൽ മന്തിലി കോൺഫറൻസ് നടത്തുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ മന്ത്രിസഭ നിലവിൽ വന്നശേഷം അത്തരത്തിലുള്ള എത്ര കോൺഫറൻസുകൾ നടന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

26 [27] ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ;

(സി) നിയമങ്ങളും ചട്ടങ്ങളും ലളിതവൽക്കരിക്കുന്നതിനും ലഘൂകരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാര്യക്ഷമതാരാഹിത്യത്തിന്റെ പേരിൽ ഈ സർക്കാർ വന്നതിനുശേഷം ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ വകുപ്പിന്റേയും നടപടികൾ സമയബന്ധിതമായി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഫൈവ്ഡേ റൂൾ അനുസരിച്ച് തപാലുകളുടെയും ഫയലുകളുടെയും സമയബന്ധിതമായ സമർപ്പിക്കൽ പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ട്. അതാത് വർഷങ്ങളിൽ വിവിധ വകുപ്പുകളുടെ പരിശോധന നടത്തി വകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പുകളോട് നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. അതാത് വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

കാര്യക്ഷമമായ സിവിൽ സർവ്വീസിനുവേണ്ടി സ്വീകരിച്ച നടപടികൾ

27 [28] ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഫയൽ ഡിസ്പോസൽ 'ക്യാമ്പയിൻ' സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമക്കുന്നതിന് ഓരോ വകുപ്പിന്റേയും നടപടികൾ സമയബന്ധിതമായി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഫൈവ്ഡേ റൂൾ അനുസരിച്ച് തപാലുകളുടെയും ഫയലുകളുടെയും സമയബന്ധിതമായ സമർപ്പിക്കൽ പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ട്. അതാത് വർഷങ്ങളിൽ വിവിധ വകുപ്പുകളുടെ പരിശോധന നടത്തി വകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പുകളോട് നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. അതാത് വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ആസൂത്രണബോർഡിന്റെ ചുമതലകൾ

28 [29] ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആസൂത്രണബോർഡിന്റെ ചുമതലകളും അധികാരങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പത്താം പഞ്ചവത്സര പദ്ധതിയുടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖ തയ്യാറാക്കിയത് ആസൂത്രണ ബോർഡാണോ;

(സി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖ തയ്യാറാക്കിയത് ആസൂത്രണ ബോർഡാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിനെ സംബന്ധിച്ച മാർഗ്ഗരേഖയിൽ മറ്റ് വകുപ്പുകളെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വികേന്ദ്രീകരണം വഴി പഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന ജീവനക്കാരുടെ വേതനവിതരണം, സ്ഥലം മാറ്റം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച അധികാരം പഞ്ചായത്തുകൾക്ക് നൽകുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ആസൂത്രണബോർഡിന്റെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു. †

(ബി) അതെ.

(സി) അല്ല. എന്നാൽ ആസൂത്രണബോർഡ് വൈസ്ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ അംഗീകാരത്തോടെ തയ്യാറാക്കിയ മാർഗ്ഗരേഖ മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ഇല്ല. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പ്ലാൻ പ്രക്രിയകൾ സംബന്ധിച്ച് ആണ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ഇപ്പോൾ ഇത് പരിഗണനയിലില്ല.

## രണ്ടാം ജനകീയാസൂത്രണം

29 [30] ശ്രീ. എം. എ. വാഹീദ്:

„ തേറമ്പിൽ രാമകൃഷ്ണൻ:

„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ജനകീയാസൂത്രണത്തെപ്പറ്റി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ എത്ര യോഗങ്ങളിൽ ചർച്ച ചെയ്തുവെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിന്റെ നടത്തിപ്പിനെപ്പറ്റി പ്ലാനിംഗ് ബോർഡ് എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ തീരുമാനങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

രണ്ടാം ജനകീയാസൂത്രണ പദ്ധതി

30 [31] ശ്രീ. ബി. ബാബു പ്രസാദ്:
,, എൻ. ശക്തൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 11-ാം പദ്ധതി രണ്ടാം ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി ഏതെല്ലാം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുവിവരം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1-9-2007-ലെ സ.ഉ.(സാധാ) 2366/07/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പത്തംഗ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്;

(ബി) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

2006-2007-ലെ വാർഷിക പദ്ധതി

31 [32] ശ്രീ. വർക്കല കഹാർ:
,, ജോർജ് മേഴ്സിയർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2007-ലെ വാർഷിക പദ്ധതിയിൽ 'കീ സെക്ടറു' കൾക്ക് നീക്കിവച്ച തുക എത്രവീതമാണെന്ന് വ്യക്തമാക്കുമോ; ഇതിൽ ഓരോ സെക്ടറിനുവേണ്ടി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷം 'കീ സെക്ടറു' കളിൽ എന്തെല്ലാം നേട്ടങ്ങളുണ്ടാക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കുമോ; അതിൽ ഓരോ സെക്ടറിലും എന്ത് നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2006-2007-ലെ വാർഷിക പദ്ധതിയിൽ 6210 കോടി രൂപയുടെ അടങ്കലുള്ള പദ്ധതികൾക്കാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയിരുന്നത്. 'കീ സെക്ടറു'കൾക്കായി നീക്കിവച്ച തുകയേയും ചെലവഴിച്ച തുകയേയും സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) 2006-2007 സാമ്പത്തിക വർഷത്തിൽ 'കീ സെക്ടറു' കളിൽ കൈവരിക്കുവാൻ ഉദ്ദേശിച്ചിരുന്ന നേട്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

2006-2007-ലെ വാർഷിക പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചുവരുന്നതേയുള്ളൂ. അവ ലഭിച്ചാൽ മാത്രമേ ഓരോ കീ സെക്ടറിലും കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

## 2007-2008-ലെ വാർഷിക പദ്ധതി

32 [33] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2007-ലെ വാർഷിക പദ്ധതിക്ക് എത്ര തുക വകയിരുത്തിയിരുന്നുവെന്നും ഇതിൽ 2007 മാർച്ച് 31 വരെ എത്ര തുക ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 'കോർ സെക്ടറു' കൾക്ക് എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2007-2008-ലെ വാർഷിക പദ്ധതിയുടെ അടങ്കൽതുക എത്രയാണ്;

(ഡി) ഇതിൽ 'കോർ സെക്ടറു' കൾക്ക് വകയിരുത്തിയ തുകയെത്ര വീതമാണ്;

(ഇ) 2007 ജൂൺ 30 വരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2006-2007-ൽ പ്ലാനിംഗ് കമ്മീഷൻ സംസ്ഥാനത്തിന് അംഗീകരിക്കപ്പെട്ട വാർഷിക പദ്ധതിയുടെ അടങ്കൽ 6210 കോടി രൂപയായിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതം 6680 കോടി (പുതുക്കിയ ധനാഭ്യർത്ഥനകൾ ഉൾപ്പെടുത്താതെ) രൂപയായിരുന്നു. 2007 മാർച്ച് 31 വരെയുള്ള പദ്ധതി ചെലവ് 4558.64 കോടി രൂപയാണ്. ഇത് പദ്ധതി വിഹിതത്തിന്റെ 68 ശതമാനമാണ്.

(ബി) 'കോർ സെക്ടറു' കൾക്ക് 888.06 കോടി രൂപയാണ് വകയിരുത്തിയത്. ഇതിൽ 769.74 കോടി രൂപ ചെലവഴിച്ചു. ഇത് 87 ശതമാനമാണ്.

(സി) 2007-2008-ലെ വാർഷിക പദ്ധതിയുടെ അടങ്കൽതുക 6950 കോടി രൂപയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോർ സെക്ടറുകൾക്ക് വകയിരുത്തിയ തുക താഴെ പറയുന്നു:

1. കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും-368.48 കോടി
2. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും-215.27 കോടി
3. വ്യവസായവും ധാതുക്കളും-151.04 കോടി

(ഇ) 2007 ജൂൺ 30 വരെയുള്ള പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഈ വകുപ്പിൽ ലഭ്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ 2007 ജൂൺ 30 വരെ 395.84 കോടി രൂപ ചെലവഴിച്ചു. ഇത് പദ്ധതി വിഹിതത്തിന്റെ 6 ശതമാനമാണ്.

## പതിനൊന്നാം പദ്ധതി

33 [34] പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
„ പി. ജയരാജൻ:
„ കെ. വി. കുഞ്ഞിരാമൻ:
„ അൽഫോൺസ് കണ്ണന്താനം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പദ്ധതിയിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള പദ്ധതിവിഹിതം എത്രയാണ്;

(ബി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മുഴുവൻ തുകയും പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം മേഖലയിലാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത്;

(സി) പത്താം പദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ പദ്ധതി വിഹിതത്തിൽ എത്ര സംഖ്യയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ഡി) പത്താം പദ്ധതിയിൽ അനുവദിച്ച തുകയിൽ പദ്ധതി കാലയളവിൽ ആകെ എത്ര കോടി ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ഇ) ഏതെല്ലാം മേഖലകളിലാണ് ലക്ഷ്യം നേടാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ ആന്റ് ബി ) പതിനൊന്നാം പദ്ധതിയിൽ സംസ്ഥാനത്തിനായി 40422 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷമേ അനുവദിച്ച തുകയെ സംബന്ധിച്ചും, വരുത്തിയ വെട്ടിക്കുറവുകളെ സംബന്ധിച്ചും തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(സി) പദ്ധതിവിഹിതത്തിൽ ഉണ്ടാകുന്ന വർദ്ധനവിനെ സംബന്ധിച്ച വിവരങ്ങൾ പതിനൊന്നാം പദ്ധതിക്ക് അംഗീകാരം ലഭിച്ചതിനുശേഷമേ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലിക കണക്കുപ്രകാരം 31-3-2007 വരെ പത്താം പദ്ധതിയിൽ 20189.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) 2006-07 വർഷത്തെ യഥാർത്ഥ കണക്കുകൾകൂടി ലഭ്യമായതിനുശേഷമേ ഇത് സംബന്ധിച്ച വിവരങ്ങൾ നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ അടങ്കൽ തുക

34 [35] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ അടങ്കൽ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിൽ 'കോർ സെക്ടറി' ന് തുക വകയിരുത്തിയിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കാനായി 40422 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

ഇതിൽ വിവിധ മേഖലകൾക്ക് ഉൾക്കൊള്ളിച്ചിരിക്കുന്ന വിഹിതം അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു. †

സംസ്ഥാനത്തെ പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള തുക

35 [36] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന്റെ വിവിധ പദ്ധതികൾക്കായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച എത്ര തുക ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന പണം ചെലവഴിക്കുന്നതിൽ കേരളത്തേക്കാളേറെ ഉദാസീനത കാട്ടുന്ന സംസ്ഥാനം വേറെയില്ലെന്ന കേരള ധനമന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിക്കുന്ന പണം സമയബന്ധിതമായി ചെലവഴിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രത്തിൽനിന്ന് പദ്ധതികളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിനും പ്രൊപ്പോസലുകൾ നൽകുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും മറ്റ് സംസ്ഥാന ങ്ങളെപ്പോലെ ഡൽഹിയിൽ ഒരു ഏകോപനമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിക കേന്ദ്ര സഹായമുള്ള പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ എന്നീ ഇനങ്ങളിലായി ആകെ 1188.08 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 234.69 കോടി രൂപ വായ്പ ഇനത്തിലും 953.39 കോടി രൂപ ഗ്രാന്റ് ഇനത്തിലും ആണ് ലഭിച്ചിട്ടുള്ളത്.

(ബി) ഈ ഇനത്തിൽ ലഭിച്ചിട്ടുള്ള തുക ലാപ്സായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തുക ലഭിക്കുന്ന വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെ തൊട്ടടുത്ത വർഷം ഉപയോഗിക്കുകയാണ് ചെയ്യാറുള്ളത്.

(സി) ഉണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക മുഴുവനും ആ വർഷം തന്നെ ചെലവാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുടെ അദ്ധ്യക്ഷൻമാരെ യഥാസമയം തന്നെ അറിയിക്കാറുണ്ട്. തുക മുഴുവനായി ആ വർഷംതന്നെ ഉപയോഗിക്കുന്നതിനുവേണ്ടി പദ്ധതി നടത്തിപ്പിന്റെ തുടർ നടപടികളായ ഭരണാനുമതി നൽകൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി കേന്ദ്രത്തിൽ സമർപ്പിക്കുക എന്നിവ യഥാസമയം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി വരുകയും ചെയ്യുന്നു. എങ്കിലും തുക പൂർണ്ണമായി വിനിയോഗി ക്കപ്പെടുന്നില്ല എന്ന സ്ഥിതിയുണ്ട്. അത് ഒഴിവാക്കാനും അനുവദിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കാനും അതിന്റെ ഗുണഫലം ലഭ്യമാക്കാനും ശക്തമായ നടപടികൾ ആവശ്യമുണ്ട്. അതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രത്തിൽ നിന്ന് പദ്ധതികളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളത്തിനും ഡൽഹിയിൽ റസിഡന്റ് കമ്മീഷണറുടെ ആഫീസ് പ്രവർത്തിച്ചുവരുന്നുണ്ട്. ഡൽഹിയിലെ കേരളാ ഹൗസിൽ എം. പി. സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിന് ലഭിക്കേണ്ട പദ്ധതികൾ സംബന്ധിച്ചും മറ്റും സംസ്ഥാന സർക്കാരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി ഏകോപനം ശക്തി പ്പെടുത്തുവാൻ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഇതുമൂലം എം. പി. മാർക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## കോർസെക്ടറുകൾക്കായി വകയിരുത്തിയിരുന്ന തുക

36 [37] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 പദ്ധതിയിൽ 'കോർസെക്ടറു'കൾക്ക് വകയിരുത്തിയിരുന്ന തുക എത്ര; ഓരോ സെക്ടറിലും എന്തെല്ലാം നേട്ടം കൈവരിക്കുവാനാണ് ഇക്കാലത്ത് ഉദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത വർഷം ഓരോ 'കോർസെക്ടറു'കൾക്കുവേണ്ടിയും ചെലവഴിച്ച തുകയെത്രവീതമാണ്;

(സി) പ്രസ്തുത വർഷം 'കോർസെക്ടറി'ൽ നേടാൻ ലക്ഷ്യമിട്ട കാര്യങ്ങളുടെ എത്ര ശതമാനം നേടാൻ കഴിഞ്ഞുവെന്നും മുഴുവൻ ലക്ഷ്യവും കൈവരിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2006-07 പദ്ധതിയിൽ 'കോർസെക്ടറു'കൾക്ക് വകയിരുത്തിയ തുക 888.06 കോടി രൂപയാണ്. ഓരോ സെക്ടറിലും കൈവരിക്കുവാൻ ഉദ്ദേശിച്ച നേട്ടങ്ങളിൽ ചിലത് താഴെ പറയുന്നു.

1. കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും:- ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ, കൃഷിയിൽ ലക്ഷ്യമിട്ടിട്ടുള്ള വളർച്ചാനിരക്ക് കൈവരിക്കുക, പ്രത്യേക കന്നുകാലി വളർത്തൽ പരിപാടി പ്രോത്സാഹിപ്പിക്കുക, സംയോജിത സമീപനത്തിലൂടെയുള്ള ഉൾനാടൻ മത്സ്യവികസനവും മത്സ്യകൃഷിയും, സ്വാഭാവിക വനങ്ങളുടെ പരിപാലനം, പാലുല്പാദനം വർദ്ധിപ്പിക്കുക.

2. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും:- നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുക, ഭൂഗർഭ ജല പരിരക്ഷ, തീരദേശ സംരക്ഷണം.

3. വ്യവസായവും ധാതുക്കളും:- പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം, കൈത്തറി, കയർ, പട്ടുനൂൽ, കശുവണ്ടി എന്നീ വ്യവസായങ്ങൾ പ്രോത്സാഹപ്പിക്കൽ, കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ പ്രവർത്തനങ്ങൾ, അക്ഷയ പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കൽ, കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടിയുള്ള മിഷൻ പരിപാടികൾ, നാഷണൽ ഇ-ഗവേർണൻസ് ആക്ഷൻ പ്ലാൻ എന്നിവ.

(ബി) 2006-07-ലെ യഥാർത്ഥ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. താൽക്കാലിക കണക്കനുസരിച്ച് 2006-07-ൽ കോർസെക്ടറുകൾക്ക് ചെലവഴിച്ച തുക താഴെ പറയുന്നു:

1. കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും-369.13 കോടി
2. ജലസേചനവും വെള്ളപ്പൊക്കനിയന്ത്രണവും—161.96 കോടി
3. വ്യവസായവും ധാതുക്കളും-238.65 കോടി



LIBRARY ARCHIVES Kerala Legislative Assembly

(സി) താൽക്കാലിക കണക്കനുസരിച്ച് 2006-07-ൽ 'കോർസെക്ടറി'ൽ ലക്ഷ്യമിട്ടതിന്റെ 87 ശതമാനം നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു. 2006-07-ലെ അന്തിമ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ ലക്ഷ്യം കൈവരിക്കാതിരുന്ന മേഖലകളുടെ കാരണങ്ങൾ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം

37 [38] ശ്രീ. കെ. ബാബു:
,, വി.ഡി. സതീശൻ:
,, പി.സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ശേഖരിച്ച് ദിവസവും സർക്കാരിന് നൽകാറുണ്ടോ;

(ബി) 2007 ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ മാസങ്ങളിൽ വകുപ്പ് ശേഖരിച്ച കണക്കനുസരിച്ച് നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

എ) ഉണ്ട്.

(ബി) ഏതാനും പച്ചക്കറികൾക്ക് നേരിയ വിലവർദ്ധന ഉണ്ടായിട്ടുണ്ട്. വില വർദ്ധന ഉണ്ടായിട്ടുള്ളവ അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയും പെട്ടെന്ന് കേടായിപ്പോകുന്നവയുമാണ്. കാലാവസ്ഥ, ഉല്പന്നത്തിന്റെ ലഭ്യത, ആവശ്യകത, ട്രാൻസ്പോർട്ടേഷൻ, വിളവെടുത്തശേഷം സൂക്ഷിക്കാവുന്ന ദിവസങ്ങൾ, കീടബാധ മുതലായവ വില വ്യതിയാനം ഉണ്ടാക്കുന്ന ഘടകങ്ങളാണ്. സീസണിന്റെ ,വ്യത്യാസം ബാധകമാകുന്ന അരി, വെളിച്ചെണ്ണ മുതലായവയ്ക്കും നേരിയ വിലവർദ്ധനയും വിലയിൽ ഏറ്റക്കുറച്ചിലും ഉണ്ടായിട്ടുണ്ടെന്നും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ കാലവർഷക്കെടുതി

38 [39] ശ്രീ. വി. സുരേന്ദ്രൻപിള്ള:
,, മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാലവർഷക്കെടുതികൾക്ക് സഹായം ലഭിക്കുന്നതിനായി കേന്ദ്രഗവൺമെന്റിന് നിവേദനം നൽകിയിരുന്നോ;

(ബി) കേന്ദ്രസംഘം എന്ന് എവിടെയെല്ലാമാണ് സന്ദർശനം നടത്തിയതെന്നും ഇതിന്മേലുള്ള തുടർ നടപടികൾ എന്തായെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ എത്ര തുകയാണ് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത്;

(ഡി) കേന്ദ്രഗവൺമെന്റ് നഷ്ടപരിഹാര തുക നിശ്ചയിച്ചതായി അറിവുണ്ടോ;

(ഇ) കേന്ദ്രത്തിൽനിന്നും മുൻകൂർ സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ തുക എങ്ങിനെ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു †. കേന്ദ്രപഠനസംഘത്തിന്റെ റിപ്പോർട്ട് കേന്ദ്ര ആഭ്യന്തര, കൃഷി വകുപ്പുകൾക്ക് സമർപ്പിക്കുമെന്ന് അറിയുന്നു.

(സി) 1532 കോടി രൂപയുടെ നാശനഷ്ടമാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്. ദുരിതാശ്വാസ നിധയുടെ മാനദണ്ഡമനുസരിച്ച് ഇതിൽ 641.29 കോടി രൂപ സഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

(ഡി) അറിവില്ല.

(ഇ) ഉണ്ട്. ദേശീയ അടിയന്തിര ദുരിതാശ്വാസനിധിയിൽ (എൻ.സി.സി.എഫ്.) നിന്നും 50 കോടി രൂപ സഹായമായി ഇതിനകം ലഭിച്ചിട്ടുണ്ട്.

(എഫ്) നിലവിലുള്ള മാനദണ്ഡമനുസരിച്ച് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു.

വയനാട്ടിലെ ഭൗമ പ്രതിഭാസങ്ങളെ സംബന്ധിച്ച പഠനം

39. [40] ശ്രീ. കെ.സി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മൺസൂൺ കാലയളവിൽ രൂപംകൊണ്ട ഭൗമപ്രതിഭാസങ്ങളെ സംബന്ധിച്ച പഠനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ തൊണ്ടർമല-പാളാംതോട് മേഖലയിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. ഇനിയും ഉരുൾപൊട്ടൽ ഉണ്ടാവാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്. ഇവിടെ ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള പല പ്രദേശങ്ങളിൽ വിള്ളലുകൾ കാണപ്പെട്ടിട്ടുണ്ട്. കുന്നിൻ ചരിവുകളുടെ ബലഹീനതയും നിരങ്ങി ഇറങ്ങൽ മൂലവുമാണ് ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുന്നത്. ഈ പ്രദേശങ്ങളിൽ അയ്യായിരം ലിറ്റർ ശേഷിയുള്ള വാട്ടർ സ്റ്റോറേജ് ടാങ്ക് ഉള്ളത് അപകടം വിളിച്ചു വരുത്തുന്നു. തവിഞ്ഞാർ പഞ്ചായത്ത്, കുന്ദമംഗലം വയൽ, വെൺമണി, ചെമ്പ്രാപീക്ക് എസ്റ്റേറ്റ്, എന്നീ സ്ഥലങ്ങളിൽ വിള്ളലുകൾ കാണപ്പെട്ടിട്ടുണ്ട്. കൂടാതെ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചില സ്ഥലങ്ങളിൽ ടണൽ പോലുള്ള ഗർത്തങ്ങൾ ഉണ്ടാക്കുന്ന പൈപ്പിംഗ് പ്രക്രിയ ഉണ്ടായതായും കാണപ്പെടുന്നു. കുന്ദമംഗലം ഭാഗത്ത് അഞ്ച് ഏക്കറോളം ഭൂമി നിരങ്ങിയിറങ്ങിയതായി കാണുന്നുണ്ട്.

സംസ്ഥാനത്തെ ശാസ്ത്ര സ്കേതിക സ്ഥാപനങ്ങൾ

40 [41] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുണ്ട്; അതിൽ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വെളിപ്പെടുത്തുമോ; ഇവ ഓരോന്നിന്റെയും പ്രവർത്തന മേഖലകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം ഗവേഷണങ്ങൾ ആണ് നടന്നു വരുന്നത്; ഗവേഷണ ഫലങ്ങൾ പൊതുജനങ്ങൾക്കു ഉപകരിയ്ക്കത്തക്കവിധം പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ എങ്ങനെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സംസ്ഥാനതലത്തിൽ അവലോകന യോഗങ്ങൾ നടത്തി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിൽ എട്ട് സ്ഥാപനങ്ങളുണ്ട്; കൂടുതൽ വിവരം ശേഖരിച്ചു വരുന്നു. ഇതിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത സ്ഥാപനം തിരുവനന്തപുരത്ത് പൂജപ്പുര എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ജനിതക വിദ്യയുടെ വിപുലമായ മാനവശേഷി വികസനമാണ് മുഖ്യലക്ഷ്യം.

(ബി) 1. ആർ.ജി.സി.ബി. പൂജപ്പുര, തിരുവനന്തപുരം:- ജനിതക വിദ്യയിലെ അത്യാധുനിക രീതികൾ, മോളിക്കുലർ ബയോളജി, ബയോ ഇൻഫർമാറ്റിക്സ്, പകർച്ചവ്യാധികൾ, ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ്, പിതൃത്വ നിർണ്ണയം എന്നീ വിഷയങ്ങളിൽ സുപ്രധാന ഗവേഷണങ്ങൾ നടത്തുന്നു.

2. ടി.ബി.ജി.ആർ.ഐ., പാലോട്, തിരുവനന്തപുരം:-

സസ്യവർഗ്ഗീകരണം, സസ്യരാസഘടനാ പഠനം, സസ്യ സംരക്ഷണം എന്നിവയിൽ ഗവേഷണം നടത്തുന്നു.

3. കെ.എഫ്.ആർ.ഐ., പീച്ചി, തൃശ്ശൂർ:-

വനം, വനൗഷധികൾ, വന സമ്പത്ത്, വനവും മനുഷ്യാധിനിവേശവും, ജൈവ വൈവിധ്യം തുടങ്ങിയ വിഷയങ്ങളിൽ പ്രധാനമായും ഗവേഷണം നടത്തുന്നു.

4. സി.ഡബ്ല്യു.ആർ.ഡി.എം. കുന്ദമംഗലം, കോഴിക്കോട്:-

ജലസ്രോതസ്സുകൾ, ഭൂജലം, ഉപരിതലജലം എന്നിവയുടെ ലഭ്യത, ഉപയോഗം

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ സംബന്ധിച്ച പഠനം, ജലവിനിയോഗം, ഗുണനിലവാരം ജലസംബന്ധിയായ പരിസ്ഥിതി പഠനം എന്നിവയും നടത്തിവരുന്നു.

5. സെസ്സ്, ആക്കുളം, തിരുവനന്തപുരം :-

ഭൗമ വിജ്ഞാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ സംബന്ധിച്ച പഠനം, തീരദേശ പരിപാലനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച പഠനവും ഗവേഷണവും.

6. നാറ്റ്പാക്, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം :-

ഗതാഗതമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ഗവേഷണം, ബഹുജന സമ്പർക്ക പരിപാടികൾ എന്നിവ നടത്തുന്നു.

7. സ്റ്റെഡ് പ്രോജക്ട്, കോഴിക്കോട്:-

സംരംഭകത്വ വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലുമാണ് മുഖ്യലക്ഷ്യങ്ങൾ.

8. എം.ബി.ജി.എസ്., കോഴിക്കോട് (മലബാർ ബൊട്ടാണിക് ഗാർഡൻ സൊസൈറ്റി) :-

ജലസസ്യങ്ങളുടെ ജനിതക സമ്പത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജലസസ്യങ്ങളുടെ സംരക്ഷണം എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

ഗവേഷണഫലങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി നേരിട്ടും അല്ലാതെയും ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

(സി) ഉണ്ട്. അതാത് ഗവേഷണ സ്ഥാപനങ്ങങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റി, റിസർച്ച് കൗൺസിൽ എന്നിവ വഴി നേരിട്ടും ബഹു: മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള കൗൺസിലിന്റെ വാർഷിക മീറ്റിംഗുകളിലൂടെയും എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലൂടെയും ഓരോ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും വേണ്ട വ്യക്തമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

## രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി

41 [42] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സി.എഫ്. തോമസ്:
പ്രൊഫ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി' കേന്ദ്ര ഗവൺമെന്റിന് കൈമാറുവാനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കൈമാറ്റശേഷം സംസ്ഥാന സർക്കാരിന് ഈ സ്ഥാപനത്തിൻമേൽ എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം ഉണ്ടാകുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധമായി എന്തെങ്കിലുംവ്യവസ്ഥകൾ കൈമാറ്റക്കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) 'രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി' കേന്ദ്ര സർക്കാരിന് കൈമാറുന്നത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടില്ല. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

42 [43] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി' കേന്ദ്ര ഗവൺമെന്റിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചതെന്നാണ്;

(ബി) ഈ സ്ഥാപനം എന്നാണ് കേന്ദ്ര ഗവൺമെന്റിന് കൈമാറിയതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ 2006-07 ബഡ്ജറ്റിൽ ഈ സെന്ററിനുവേണ്ടി 40 കോടി രൂപ മാറ്റി വച്ചത് ഈ സ്ഥാപനത്തിന് വേണ്ടി ചെലവിടാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-2-2007-ൽ ചേർന്ന മന്ത്രിസഭാ യോഗം ഇതു സംബന്ധിച്ച തീരുമാനം എടുക്കുകയും 8-2-2007-ൽ സ.ഉ. (കൈയ്യെഴുത്ത്) 2/2007/ശാ.സാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(ബി) കൈമാറിയിട്ടില്ല. കേന്ദ്ര സർക്കാരിന് കൈമാറുന്നതിലേയ്ക്കാവശ്യമായ നടപടികൾ എടുത്തു വരുന്നു.

(സി) 2006-07-ലെ കേന്ദ്ര സർക്കാർ വിഹിതം സംബന്ധച്ച അറിയിപ്പ് ലഭിച്ചിട്ടില്ല.

ഭരണ ഭാഷ മലയാളമാക്കുന്നതിന് നടപടി

43 [44] ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഭരണഭാഷ മലയാളമാക്കുന്നതിനായി ഏർപ്പെടുത്തിയ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണ്. ഇതിൽ നടപ്പിലാക്കുവാൻ അവശേഷിക്കുന്ന ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) മന്ത്രിമാരുടെ എല്ലാ ഉത്തരവുകളും കുറുപ്പുകളും ഗവൺമെന്റ് ഓർഡറുകളും മലയാളത്തിലാക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഔദ്യോഗികഭാഷ ആക്ടിന്റെ അടസ്ഥാനത്തിൽ നാളിതുവരെയായി 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 36 അർദ്ധസർക്കാർ സ്വയംഭരണ പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാള മാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ തലത്തിൽ 50 ശതമാനവും വകുപ്പുതലത്തിൽ 80 ശതമാനവും ഭരണഭാഷാമാറ്റം കൈവരിച്ചു എന്ന് വകുപ്പുകൾ നൽകിയ കണക്കിൽ നിന്ന് വ്യക്തമാകുന്നു. ജില്ലാ-താലൂക്ക് തലങ്ങളിൽ മിക്ക വകുപ്പുകളിലും ഭാഷാ മാറ്റം എതാണ്ട് പൂർണ്ണമായി വരുന്നു. വിവിധ വകുപ്പുകളുടെ കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ തുടങ്ങിയവ അതതു വകുപ്പിൽ പരിഭാഷ ചെയ്തു വരുന്ന മുറയ്ക്ക് സൂക്ഷ്മ പരിശോധന നടത്തിക്കൊടുക്കുന്നു. സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഔദ്യോഗികഭാഷാ പരിശീലന പരിപാടിയിൽ പതിനായിരത്തോളം സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. ഭാഷാമാറ്റത്തിന് സഹായകമായ വിധത്തിൽ സർക്കാർ സി-ഡിറ്റിന്റെ സഹായത്തോടുകൂടി നിർമ്മിച്ച ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയർ-നിള, കാവേരി എന്നിവ ഫലപ്രദമായി വിവിധ ഓഫീസുകളിൽ ഉപയോഗിക്കുന്നുണ്ട്. ഭാഷാമാറ്റത്തിന് സഹായകമായി സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ യഥാസമയം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.വർഷം തോറും സംഘടിപ്പിക്കുന്ന മലയാള ദിനാഘോഷവും ഭരണഭഷാ വാരാഘോഷവും മുഖേന ഉദ്യോഗസ്ഥരെയും മാധ്യമ പ്രതിനിധികളെയും പൊതുജനങ്ങളെയും ഭരണ ഭാഷാ മാറ്റത്തിന്റെ ആവശ്യകതയും അതു സംബന്ധിച്ച വിവിധ നടപടികളും ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഭരണഭാഷ മലയാളമാക്കുന്നതിനായി സർക്കാർ കമ്മീഷനെ ഏർപ്പെടുത്തിയിട്ടില്ല. കോടതികളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച നടപടികൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ജസ്റ്റീസ് കെ.കെ. നരേന്ദ്രന്റെ അധ്യക്ഷതയിൽ 1985-ൽ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 1987-ൽ സർക്കാരിന് ലഭിച്ചിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ബഹു: ഹൈക്കോടതിയുമായി പലവട്ടം ചർച്ചകൾ നടത്തുകയും ഏറ്റവും ഒടുവിൽ 2006 മാർച്ച് 7-ന് നടത്തിയ ചർച്ചയിൽ കോടതിഭാഷ മലയാളമാക്കുന്നതിന് മുന്നോടിയായി ചെയ്യേണ്ട ഏഴു കാര്യങ്ങൾ പൂർത്തി യാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണമെന്ന് തീരുമാനിക്കുകയും ഉണ്ടായി. ടി ഏഴ് കാര്യങ്ങൾ താഴെപ്പറയുന്നു.

1. പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാവനങ്ങൾ മുതലായവ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് കോടതിയുടെ ഉപയോഗത്തിന് സൗജന്യമായി അച്ചടിച്ച് വിതരണം ചെയ്യുക.

2. ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതിക്കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുക.

3. നിയമശബ്ദാവലി തയ്യാറാക്കി പ്രസിദ്ധീകരിക്കുക.

4. ആവശ്യത്തിനുള്ള മലയാളം ടൈപ്പിസ്റ്റുമാരുടെയും ചുരുക്കെഴുത്തുകാരുടെയും തസ്തിക കോടതികളിൽ സൃഷ്ടിക്കുക.

5. ആവശ്യത്തിന് മലയാളം ടൈപ്പ് റൈറ്ററുകൾ വിതരണം ചെയ്യുക.

6. ഹൈക്കോടതിഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ന്യായാധിപൻമാർക്ക് പരിശീലനം നൽകുക.

7. നിയമവിദ്യാഭ്യാസം മലയാളത്തിലാക്കുക.

കോടതിഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് വേണ്ടി മേല്പറഞ്ഞ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) ഇല്ല. മലയാളം ഭരണഭാഷയാക്കിയിട്ടുള്ള വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുള്ള സംഗതികൾ ഒഴിച്ച് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കത്തിടപാടുകൾക്ക് ഇംഗ്ലീഷോ ന്യൂനപക്ഷ ഭാഷകളോ ഉപയോഗിക്കുന്ന സംഗതികളിലും കുറിപ്പു ഫയൽ മലയാളത്തിൽ എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മലയാളത്തിൽ എഴുതിപ്പോകുന്ന ഫയലുകൾ ഒരു ഘട്ടത്തിലും ഇംഗ്ലീഷിലേയ്ക്ക് മാറ്റരുതെന്നും നിർദ്ദേശമുണ്ട്.

## നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ

44 [45] ശ്രീ. എ.എം. ആരീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ നടപ്പാക്കാനുള്ള പാക്കേജിന് മുൻകാല പ്രാബല്യം നൽകിയതുവഴി പി.എസ്.സി. അഡ്വൈസ് ചെയ്ത് ജോലിയിൽ പ്രവേശിച്ച എത്രപേരെയാണ് ടെർമിനേറ്റ് ചെയ്യേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ന്യൂനപക്ഷസമുദായത്തിൽപ്പെട്ട എത്ര പേരുണ്ട്;

(സി) ലഭിച്ച ജോലി തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് നഷ്ടപ്പെടാനിടയാക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ ഹൈക്കോടതിയെ സമീപിച്ച് പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരെ സ്റ്റേ സമ്പാദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(എഫ്) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച കമ്മീഷൻ റിപ്പോർട്ട് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുന്നതുവഴി ന്യൂനപക്ഷത്തിൽപ്പെട്ടവരുടെതന്നെ ജോലി നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 33 പേരെ.

(ബി) പിന്നോക്കവിഭാഗത്തിൽപ്പെട്ട 27 പേർ.

(സി ആന്റ് ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ ആന്റ് എഫ്) പി.എസ്.സി. യുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ബാക്ക്‌ലോഗ് നികത്തുന്നതിനായി നടപടി

45 [46] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില പ്രത്യേക സമുദായങ്ങൾക്ക് നഷ്ടപ്പെട്ടുവെന്ന് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ തസ്തികകളിലേയ്ക്ക് 'ബാക്ക്‌ലോഗ്' നികത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഇതിനകം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 'ബാക്ക്‌ലോഗ്' നികത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി ആന്റ് സി) . 1979 ജൂൺ മുതൽ പിന്നോക്ക സമുദായങ്ങൾക്ക് എൻ.സി.എ./ഒ.സി. മുഖേന ഉണ്ടായിട്ടുള്ള 'ബാക്ക്‌ലോഗ്' സംബന്ധിച്ച വിവരം 1-6-2007-ൽ പി.എസ്.സി.യിൽ നിന്നും ശേഖരിച്ചതു ഉള്ളടക്കം ചെയ്യുന്നു.† ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## പിന്നോക്കവിഭാഗ കമ്മീഷൻ

46 [47] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെയാണ് നിലവിൽ ഒ. ബി. സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഏതെങ്കിലും വിഭാഗങ്ങൾ സംസ്ഥാന പിന്നോക്ക കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പിന്നോക്കവിഭാഗ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.എസ്. ആന്റ് എസ്.എസ്.ആർ. പാർട്ട് I-ലെ ലിസ്റ്റ് III പ്രകാരമുള്ള ഒ. ബി. സി. വിഭാഗക്കാർ (പട്ടികയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ബി ആന്റ് സി) ഒ. ബി. സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും പ്രസ്തുത അപേക്ഷകളിലെടുത്ത നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ നൽകിയ നായിഡു, കമ്മാറ, കൊങ്കിണി, ലത്തീൻ കത്തോലിക്ക, വെള്ളാളഷെട്ടി, മുവാരി-മുഖാരി, കൈക്കോളൻ, യാദവ ഉപജാതികളായ ഊരാളിനായർ, കോനർ, ഗൊല്ല എന്നീ വിഭാഗങ്ങളെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചിരുന്ന എരുമക്കാർ, മറാത്തി, തുർക്കർ, മാളവാസ് എന്നീ വിഭാഗങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് കിർത്താഡ്സിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ടുകളുടേയും കമ്മീഷൻ നടത്തുന്ന തെളിവെടുപ്പുകളുടേയും അടിസ്ഥാനത്തിലാണ് കമ്മീഷൻ ശുപാർശ നൽകുന്നത്. ഇവ കൂടാതെ കളനാടി, പത്മശാലിയ, കൊങ്കുവെള്ളാള, തീയകാവുതീയ, ശൈവവെള്ളാള, പെരുമലൈകള്ളർ, അഹമുഡയാർ, ചേർപൈ, നാടാർ ക്രിസ്റ്റ്യൻ തുടങ്ങിയ വിഭാഗങ്ങളുടെയും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) പിന്നോക്കവിഭാഗ കമ്മീഷനിൽ നിലവിൽ മൂന്ന് അംഗങ്ങളാണുള്ളത്. ചെയർമാന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. എസ്.സി./എസ്.റ്റി. പ്രിൻസിപ്പൽ സെക്രട്ടറി മെമ്പർ സെക്രട്ടറിയായും ശ്രീ. അബ്ദുൾസലാം മെമ്പറായും കമ്മീഷൻ പ്രവർത്തിച്ചുവരുന്നു. ചെയർമാന്റെ തസ്തിക നികത്തുന്നതിനായി നടപടി സ്വീകരിച്ചു വരികയാണ്.

## സച്ചാർ കമ്മീഷൻ റിപ്പോർട്ട്

47 [48] ശ്രീ. സി.റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ കേരള സംസ്ഥാലത്തെക്കുറിച്ചുള്ള പരാമർശങ്ങൾ എന്തൊക്കെയാണ്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സച്ചാർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എന്തൊക്കെ നടപടികളാണ് ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പ്രസക്തഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി ആന്റ് സി) റിപ്പേർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത റിപ്പേർട്ടിന്റെ വെളിച്ചത്തിൽ മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പിരശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. അതോടൊപ്പം കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ കൈക്കൊള്ളുന്ന നടപടികൾ കൂടി പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

## മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ

48 [49] ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖാന്തിരമുള്ള നിയമനത്തിൽ മിശ്രവിവാഹിതരുടെ മക്കൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) സമീപകാലത്ത് പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) 2001 ജനുവരി മുതൽ 2007 ജൂലൈ വരെ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ബാധകമല്ല.

## ഉയർന്ന തസ്തികകളിലെ പ്രൊമോഷൻ

49 [50] ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ഡി.പി.സി. കൂടാൻ കഴിയാത്തതുമൂലം വിവിധ വകുപ്പുകളിലെ ഉയർന്ന തസ്തികകളിലേക്കുള്ള പ്രൊമോഷനുകൾ സമയബന്ധിതമായി നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-3-2007-ലെ 11919/ആർ1/06/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം യഥാസമയം ഡി.പി.സി. വിളിച്ചുകൂട്ടുന്നതിനായി എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 14-3-2007-ലെ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

## ക്ലാസ് IV തസ്തികയിലുള്ളവരുടെ പ്രൊമോഷൻ

50 [51] ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ് IV തസ്തികയിലുള്ളവരുടെ പ്രൊമോഷൻ 5 ശതമാനത്തിൽ നിന്നും 10 ശതമാനം ആക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;

(സി) ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഇല്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഓൺലൈൻവഴി മാത്രം അപേക്ഷ സ്വീകരിക്കുന്നതിനുള്ള പി.എസ്.സി.യുടെ തീരുമാനം

51 [52] ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ തസ്തികകളിലേക്ക് നിയമനത്തിനായി ഓൺലൈൻ വഴി മാത്രം അപേക്ഷ സ്വീകരിക്കാനുള്ള പി.എസ്.സി.യുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമല്ലാത്ത സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടി അച്ചടിച്ച ഫാറത്തിൽ അപേക്ഷ സ്വീകരിക്കുന്നതിനായി പി.എസ്.സി. യ്ക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ ആന്റ് ബി) തെരഞ്ഞെടുപ്പ് ത്വരിതപ്പെടുത്തുക എന്ന സദുദ്ദേശത്തോട് കൂടിയാണ് MBBS, B. Tech തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രികൾ, ബിരുദ ബിരുദാനന്തര യോഗ്യതകൾ, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട തസ്തികകൾ എന്നിവയ്ക്ക് മാത്രമായി ആദ്യഘട്ടമെന്ന നിലയിൽ "ഓൺലൈനിലൂടെ മാത്രം" അപേക്ഷ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. മറ്റു തസ്തികൾക്കെല്ലാം ഓൺലൈനിലൂടെയോ നിർദ്ദിഷ്ട ഫോറത്തിലൂടെയോ (OMR) അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## പി.എസ്.സി. നിയമനങ്ങൾ

52 [53] ശ്രീ. സി. കെ. പി. പദ്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തിരം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

### ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

53 [54] ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിഎസ്സി മുഖേന എത്ര ആളുകൾക്ക് ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയിരുന്ന നിയമന നിരോധനം പൂർണ്ണമായും പിൻവലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

54 [55] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന 1996-2001 വരെയുള്ള കാലയളവിൽ എത്ര പേർക്ക് നിയമനം ലഭിച്ചു;

(ബി) 2001-2006 കാലയളവിൽ പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം ലഭിച്ചു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ 2007 ജൂലൈ 31 വരെ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 110087 പേർക്ക്.

(ബി) 140629 പേർക്ക്.

(സി) 27140 പേർക്ക്.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

55 [56] ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. നിയമനത്തിന് ഏതെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകളെക്കുറിച്ച് യഥാസമയം റിപ്പോർട്ട് ചെയ്യാതെ മനഃപൂർവം വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള വേക്കൻസികൾ റിപ്പോർട്ട് ചെയ്യാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) മനഃപൂർവം വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി. പരീക്ഷാകേന്ദ്രങ്ങൾ

56 [57] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പരീക്ഷകൾ നടത്തുന്നതിന് ദിവസങ്ങൾ തീരുമാനിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കാറുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒരു പ്രത്യേക ജില്ലയിലെ ഒഴിവുകളിലേക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് മറ്റ് വിദൂര ജില്ലകളിലെ കേന്ദ്രങ്ങളിൽ പോകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതു അവധികൾ, വിശേഷാൽ അവധികൾ എന്നിവ ഒഴിവാക്കി പരീക്ഷാ കേന്ദ്രങ്ങളായി സ്കൂളുകൾ ലഭിക്കുന്ന ദിവസങ്ങൾ കണക്കിലെടുത്താണ് പരീക്ഷാ തീയതികൾ നിശ്ചയിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പരീക്ഷാ കേന്ദ്രങ്ങളാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

ചിറ്റൂരിൽ പി.എസ്.സി. പരീക്ഷാകേന്ദ്രം

57 [58] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും പി.എസ്.സി. ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പരീക്ഷാ കേന്ദ്രം ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിലാണ് നിലവിൽ കേന്ദ്രങ്ങൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(സി) ചിറ്റൂർ താലൂക്ക് ആസ്ഥാനത്ത് ഒരു കേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

കാലാവധി നീട്ടിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

58 [59] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ കാലാവധി പൂർത്തിയാകുന്ന ഏതെങ്കിലും പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം റാങ്കുലിസ്റ്റുകളാണെന്നും എത്ര മാസത്തേക്ക് കാലാവധി നീട്ടി കൊടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എൽ. ഡി. ക്ലാർക്ക് തസ്തികയിലെ നിയമനം

59 [60] ശ്രീ. യു. സി. രാമൻ:
,, എം. ഉമ്മർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് വിവിധ ജില്ലകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് ജില്ല തിരിച്ചും സമുദായം തിരിച്ചും വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് യഥാസമയം അഡ്വൈസ് ചെയ്യാത്തതുമൂലം ബന്ധപ്പെട്ട ഓഫീസുകളിൽ ജീവനക്കാരെ ലഭിക്കാത്ത അവസ്ഥയെക്കുറിച്ച് അന്വേഷിക്കുമോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് യഥാസമയം അഡ്വൈസ് ചെയ്യാത്തതുമൂലം 'എൻ.ജെ.ഡി.' ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, കൊല്ലം, കണ്ണൂർ ജില്ലകളിൽ എൽ.ഡി. ക്ലാർക്ക്മാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ എത്രപേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്;

(ജി) അഡ്വൈസ് ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ—ജി ) വിവരം ശേഖരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റ്

60 [61] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതി ഉത്തരവിനെ തുടർന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ താമസിച്ചതു മൂലം നിയമനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ ഉദ്യോഗാർത്ഥികൾ നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് കോടതി ഉത്തരവിനെ തുടർന്ന് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരച്ച് നൽകുന്നതാണ്.

## പാലക്കാട് ജില്ലയിലെ ഇല്ക്ട്രിസിറ്റി വർക്കർ/മസ്തൂർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

61 [62] ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി എഴുത്തുപരീക്ഷ നടത്തിയിട്ടുണ്ടോ; അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അന്തിമ റാങ്ക് ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 216 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്. അന്തിമ റാങ്ക് ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ്, സൈക്ലിങ് ടെസ്റ്റ് എന്നിവ നടത്തേണ്ടതുണ്ട്. അത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

(ഇ) പി.എസ്.സി. യിൽ നിന്നും അഡൈ്വസ് ലിസ്റ്റ് ലഭിച്ചാൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## പാർലമെന്റ് അസംബ്ലി മണ്ഡലങ്ങളുടെ അതിർത്തി പുനർനിർണ്ണയം

62 [63] ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാർലമെന്റ് അസംബ്ലി മണ്ഡലങ്ങളുടെ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പുനർനിർണ്ണയപ്രകാരമുള്ള മണ്ഡലങ്ങൾ എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർലമെന്റ് അസംബ്ലി മണ്ഡലങ്ങളുടെ അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ 31-5-2005-ലെ 282/കെ.എൽ./05 എന്ന നമ്പരിലുള്ള വിജ്ഞാപനം 31-5-2005-ൽ തന്നെ 1822/ഇ.എൽ.3/2002/ഇലക്. എന്ന നമ്പർ പ്രകാരം സംസ്ഥാന സർക്കാർ പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) ഡീലിമിറ്റേഷൻ കമ്മീഷന്റെ വിജ്ഞാപനം അനുസരിച്ചുള്ള പുനർനിർണ്ണയം പ്രാബല്യത്തിൽ വരുന്നത് ബഹു: ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്ന തീയതി മുതൽക്കാണ്.

## മാഹി, ഗോവ വിമോചന സമരങ്ങളിൽ പങ്കെടുത്തവർ

63 [64] ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹി, ഗോവ വിമോചന സമരങ്ങളിൽ പങ്കെടുത്തവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദീകരിക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സമരങ്ങളിൽ പങ്കെടുത്തവർക്ക് കേന്ദ്ര പെൻഷൻ ലഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മാഹി, ഗോവ വിമോചന സമരങ്ങളിൽ പങ്കെടുത്തവരിൽ കേരള സംസ്ഥാന സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടങ്ങളിൽ അനുശാസിക്കുന്ന അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാർ ചുവടെ നൽകുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

1. പ്രതിമാസം 3000 രൂപാ പെൻഷനും അതിന്റെ 30 ശതമാനം ഡി.എ. യും.

2. സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തര ചെലവുകൾക്കായി 3000 രൂപ.

3. ട്രാൻസ്പോർട്ട് ബസുകളിൽ സേനാനികൾക്കും ആശ്രിതർക്കും സൗജന്യ യാത്രാ സൗകര്യം.

4. സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സാ സൗകര്യം മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങളും.

5. വൈദ്യുതി കണക്ഷന് മുൻഗണന.

6. ടെലിഫോൺ കണക്ഷന് മുൻഗണന.

7. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വയനാട് വെറ്ററിനറി കോളേജിൽ BVSC/AH കോഴ്സിന് (ആശ്രിതർക്ക്) ഒരു സീറ്റ് റിസർവേഷൻ.

(ബി) ഗോവ വിമോചന സമരത്തിൽ പങ്കെടുത്ത കേരളത്തിൽ നിന്നുള്ള സ്വാതന്ത്ര്യസമര സേനാനികൾക്ക് കേന്ദ്ര പെൻഷനായ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ നൽകുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

## രാഷ്ട്രപിതാവിന്റെ പ്രതിമയിൽ ചുവപ്പുമാല അണിയിച്ച സംഭവം

64 [65] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
" യു. സി. രാമൻ:
" അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രപിതാവിന്റെ പ്രതിമയിൽ മാല ചാർത്തുന്നത് സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) അരിമ്പൂർ പഞ്ചായത്തിൽ രാഷ്ട്രപിതാവിന്റെ പ്രതിമയിൽ ചുവപ്പ് മാല അണിയിച്ചത് സംബന്ധിച്ച് സംഘർഷം ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതി അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരൊക്കെയാണ് ഇതിലെ കുറ്റക്കാർ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ജലസേവന കേന്ദ്രങ്ങൾ

65 [66] ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുജനങ്ങളുടെ സൗകര്യാർത്ഥം ജനസേവനകേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾ താലൂക്ക് തലത്തിലും പഞ്ചായത്തുതലത്തിലും ലഭ്യമാക്കുവാൻ പദ്ധതിയുണ്ട്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ഇക്കാര്യം ശുപാർശചെയ്തിട്ടുണ്ട്. ഇപ്പോൾ തന്നെ അക്ഷയ കേന്ദ്രങ്ങളിലൂടെ ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് പ്രോജക്ട്

66 [67] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് പ്രോജക്ട്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ തീരുമാനങ്ങളിൽ ഏതെല്ലാമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ്ഭവൻ, പബ്ലിക്ക് ആഫീസ് എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുകയും, ഓരോ ഓഫീസുകളേയും നെറ്റ്വർക്ക് വഴി ബന്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ ഓഫീസുകളിലെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കാൻ ഉദ്ദേശിച്ചുള്ളതാണ് സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ്വർക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാം ഘട്ടമെന്ന നിലയിൽ സെക്രട്ടേറിയറ്റ് നെറ്റ്വർക്ക് പ്രോജക്ട് സെക്രട്ടേറിയറ്റിൽ ആദ്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിനായി കാലാകാലങ്ങളിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മറ്റി കൂടുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിലെ പ്രധാന തീരുമാനങ്ങൾ അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചായിരുന്നു. സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്കും കളക്ടറേറ്റ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയായ ഡി. സി. സ്യൂട്ടും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള തീരുമാനം പ്രധാന തീരുമാനങ്ങളിലൊന്നാണ്.

(ഡി) പ്രധാന തീരുമാനങ്ങളിൽ സെക്രട്ടേറിയറ്റിൽ പവർ ആഗ്മെന്റേഷൻ ഏതാണ്ട് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. 'IDEAS' സോഫ്റ്റ് വെയർ നടപ്പിലാക്കിവരുന്നു.

നെറ്റ്വർക്ക് വയറിങ് പ്രധാന കെട്ടിടത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞു. നെറ്റ്വർക്ക് ബ്ലാക്ക് ബോൺ നടപ്പിൽ വരുത്തുവാൻ വേണ്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു. കമ്പ്യൂട്ടർ നൽകുവാനുള്ള തീരുമാനം പടിപടിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്കും ഡി.സി. സ്യൂട്ടും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഡി.സി. സ്യൂട്ടിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് കളക്ട്രേറ്റുകളിൽ നിന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

## ഇ-ഗവേണൻസ് പദ്ധതി

67 [68] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഇ-ഗവേണൻസ് പദ്ധതി' യിൽ ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ വകുപ്പുകളെയും ഈ പദ്ധതിയിൽ, ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരമുള്ള നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി 16 വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾ:

1. കൃഷി
2. വാണിജ്യനികുതി
3. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
4. പഞ്ചായത്ത്
5. മുനിസിപ്പാലിറ്റി
6. സർവേ ആന്റ് ലാന്റ് റെക്കോർഡ്സ്
7. പോലീസ്
8. രജിസ്ട്രേഷൻ
9. ആരോഗ്യം
10. മോട്ടോർ വാഹനം
11. സാമൂഹ്യക്ഷേമം
12. ട്രഷറി
13. ഭക്ഷ്യപൊതുവിതരണം
14. പൊതുവിദ്യാഭ്യാസം
15. വ്യവസായം
16. പട്ടികജാതി-പട്ടികവർഗ്ഗം

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## സോഫ്റ്റ് വെയർ കയറ്റുമതി

68 [69] ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നുള്ള സോഫ്റ്റ് വെയർ കയറ്റുമതി 2006-07 സാമ്പത്തിക വർഷം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; ഇത് 2005-06 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ എത്ര കണ്ട് കൂടുതലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കയറ്റുമതി രംഗത്ത് സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറ്റുമതി രംഗത്തെ വളർച്ചാനിരക്ക് എത്ര ശതമാനം കണ്ട് കൂടിയിട്ടുണ്ടെന്നും ഇപ്പോൾ എത്രശതമാനം കവിഞ്ഞിട്ടുണ്ടെന്നും ദേശീയ വളർച്ചാനിരക്ക് എത്ര ശതമാനമെന്നും വിശദമാക്കുമോ;

(ഡി) രാജ്യത്തെ മികച്ച ഐ. ടി. കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടെക്നോപാർക്കിലെ വിവിധ കമ്പനികൾ 2006-07-ൽ ഏകദേശം 1000 കോടി രൂപയുടെ സോഫ്റ്റ് വെയർ കയറ്റുമതി നടത്തിയതായാണറിയുന്നത്. 2005-06-ൽ ഇത് 450 കോടി രൂപ ആയിരുന്നു. ഏകദേശം 550 കോടി രൂപയോളം അധികം ഇൻഫോപാർക്കിൽ 2006-07-ൽ 195 കോടി രൂപയുടെ കയറ്റുമതി നടന്നതായാണ് അറിയുന്നത്. 2005-06-ൽ ഇത് 67 കോടി രൂപയായിരുന്നു. ഏകദേശം 128 കോടി രൂപ അധികം.

(ബി) ഇൻഫോസിസ്, യു.എസ്. സോഫ്റ്റ് വെയർ, ഐ.ബി.എസ്., സൺടെക്, നെസ്റ്റ്, ടാറ്റാ കൺസൾട്ടൻസി സർവീസ്, അഫിലിയേറ്റഡ് കമ്പ്യൂട്ടർ സർവീസസ്, ഒ.പി.ഐ. ഗ്ലോബൽ തുടങ്ങിയ സ്ഥാപനങ്ങൾ സോഫ്റ്റ്വെയർ കയറ്റുമതി രംഗത്ത് മുൻനിരയിലാണ്.

(സി) 2006-07 സാമ്പത്തിക വർഷം 2005-06-നെ അപേക്ഷിച്ച് 50 ശതമാനത്തിലധികം കണ്ട് സോഫ്റ്റ്വെയർ കയറ്റുമതി രംഗത്ത് വളർച്ച ഉണ്ടായിട്ടുണ്ട്. ദേശീയ വളർച്ചാനിരക്ക് 33 ശതമാനം ആണ്.

(ഡി) രാജ്യത്തെ പ്രധാന ഐ. ടി. കേന്ദ്രമാക്കി കേരളത്തെ വികസിപ്പിക്കുന്നതിനും കൊച്ചി, തിരുവനന്തപുരം ഒഴികെ മറ്റ് ജില്ലകളിൽ ഐ. ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും, മാനവവിഭവശേഷി ഐ. ടി. മേഖലയിൽ വികസിപ്പിക്കുന്നതിനും, സാമ്പത്തിക-സാമ്പത്തികേതര ആനുകൂല്യങ്ങൾ നൽകുന്നതിനും ടെക്നോപാർക്കിന്റെ മൂന്നും നാലും ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും 8.8 മില്ല്യൺ ചതുരശ്ര അടിയിൽ 90,000 പേർക്ക് തൊഴിൽ നൽകുന്ന സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിനും ഇതോടൊപ്പം ഇൻഫോപാർക്കിൽ 40 ലക്ഷം ചതുരശ്ര അടിയിൽ 40,000 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഐ. ടി. വ്യവസായ സ്ഥാപനങ്ങൾ

69 [70] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ. ടി. അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയെന്നും എത്ര സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധാരണയിലെത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനങ്ങളിലെല്ലാം കൂടി എത്രപേർക്ക് തൊഴിൽ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെക്നോപാർക്കിലെ 23 ഐ. ടി. സ്ഥാപനങ്ങൾ വ്യവസായം തുടങ്ങുകയും 5 സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ഇൻഫോപാർക്കിൽ TCS, IBS, L & T Tech എന്നീ സ്ഥാപനങ്ങൾ സ്വന്തം ക്യാമ്പസുകൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ Leela Lace Holdings ഉം US Technology യും വിസ്മയ ബിൽഡിംഗിൽ സോഫ്റ്റ് വെയർ വികസനകേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) ടെക്നോപാർക്കിലെ പുതിയതായി ആരംഭിച്ച കമ്പനികളിൽ 755 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. ഇൻഫോപാർക്കിൽ ആരംഭിക്കുന്ന കമ്പനികളിലൂടെ 20,000 പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കരുതുന്നത്.

സ്മാർട്ട് സിറ്റി പദ്ധതി

70 [71] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന കമ്പനികളുടെ 'ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ' സർക്കാർ അംഗീകാരം നൽകിയോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ചുറ്റളവിൽ എത്ര ദൂരം വരെയുള്ള പാടം നികത്തി കെട്ടിടനിർമ്മാണം നടത്താമെന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ വികസനത്തോടനുബന്ധിച്ച് ഒരു നിശ്ചിത ദൂരത്തിലുള്ള ഏത് ഭൂമിയും വികസിപ്പിക്കാൻ തക്കവിധത്തിലുള്ള സർക്കാർ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതുസംബന്ധിച്ച് ടീകോമുമായി രണ്ട് തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിന് നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി

വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം.ഒ.എ. യ്ക്കും എ.ഒ.എ. യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചുകഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചു കഴിഞ്ഞു. 'മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽത്തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള വിവരം.

(ബി) നൽകി.16-8-2007-ലെ ജി.ഒ. (എം.എസ്.) നമ്പർ 19/07/വി.സാ.വ പ്രകാരം സ്മാർട്ട് സിറ്റി കരാറിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷന് സർക്കാർ അംഗീകാരം നൽകി. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

(ഡി) ഐ. ടി. കമ്പനികൾക്കാവശ്യമായ പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാനാണ് സ്മാർട്ട് സിറ്റിക്കുവേണ്ടി തയ്യാറാക്കപ്പെടുന്നത്. ഇതോടനുബന്ധിച്ചുള്ള കാര്യങ്ങൾ എല്ലാം മാസ്റ്റർ പ്ലാൻ തയ്യാറാകുമ്പോഴേ വ്യക്തമാവുകയുള്ളു.

## സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം

71 [72] ശ്രീ. കെ. കെ. ഷാജു:
,, തോമസ് ചാണ്ടി:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സ്മാർട്ട് സിറ്റി' യുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ബി) ഇത് എന്നാണ് പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാകുക;

(സി) സ്മാർട്ട് സിറ്റി സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതുസംബന്ധിച്ച് ടീകോമുമായി രണ്ട് തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിന് നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം.ഒ.എ. യ്ക്കും എ.ഒ.എ. യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേക്ക് സർക്കാർ നോമിനികളായ ചെയർമാനേയും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടറേയും നിയമിച്ചുകഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു.

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽത്തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള വിവരം. പൂർണ്ണമായ തോതിൽ പ്രവർത്തനങ്ങൾ സജ്ജമാകാൻ അഞ്ച് വർഷമെങ്കിലും വേണ്ടിവരുമെന്നാണ് കരുതുന്നത്.

(സി) സർക്കാർ ഭാഗത്തുനിന്നും ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായുള്ള വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും മറ്റുദ്യോഗസ്ഥരും അംഗങ്ങളായ ഹൈലെവൽ സമിതി തന്നെ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഐ. ടി. മേഖലയുടെ വികസനം

72 [73] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
" എ. പ്രദീപ് കുമാർ:
" മുരളി പെരുനെല്ലി:
" എ. സി. മൊയ്തീൻ:
" കെ. വി. കുഞ്ഞിരാമൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മേഖലയുടെ വികസനത്തിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ കേന്ദ്രങ്ങളിൽ സാറ്റലൈറ്റ് ഐ. ടി. പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ഇതിനായി നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഐ. ടി. പാർക്കുകളിലേക്ക് വൻകിട ഐ. ടി. കമ്പനികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് മുന്നോട്ട് വന്നിട്ടുള്ളത്.

(സി) ഐ. ടി. രംഗത്തും അനുബന്ധമേഖലകളിലുമായി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## ഉത്തരം

(എ) ഐ. ടി. മേഖലയുടെ വികസനത്തിനായി ഐ. ടി./ഐ. ടി. ഇ. എസ്. വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ചെറിയ പട്ടണങ്ങളിൽ ഐ. ടി. പാർക്കുകൾ സ്ഥാപിക്കുക, സാമ്പത്തിക-സാമ്പത്തികേതര



LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ അനുവദിക്കുക ടെക്നോപാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, ടെക്നോസിറ്റി, സ്മാർട്ട്സിറ്റി തുടങ്ങിയ വൻപദ്ധതികൾ യാഥാർത്ഥ്യമാക്കുക തുടങ്ങിയ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടെക്നോപാർക്കും ഇൻഫോപാർക്കുമുള്ള തിരുവനന്തപുരം, എറണാകുളം ജില്ലകളൊഴികെ ഐ. ടി. പാർക്കുകൾ മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ട്. ഇതിലേക്കായി കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിലും സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുന്നു.

(സി) ഉണ്ട്. ജില്ലാതല ഐ. ടി. പാർക്കുകളിൽ പങ്കാളികളാകാൻ ഐ.ബി.എസ്., യൂ.എസ്. സോഫ്റ്റ് വെയർ തുടങ്ങിയ നിരവധി കമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട്.

(സി) അടുത്തനാല് വർഷത്തിനുള്ളിൽ ഏകദേശം 2 ലക്ഷം പേർക്ക് പ്രത്യക്ഷമായും 6 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സ്മാർട്ട്സിറ്റി പദ്ധതി

73 [74] ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതി സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സ്മാർട്ട്സിറ്റി കരാർ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ സ്മാർട്ട്സിറ്റി കരാർ നിർദ്ദേശവും ഈ സർക്കാരിന്റെ സ്മാർട്ട്സിറ്റി കരാർ നിർദ്ദേശവും എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ പതിനാല് മാസത്തിനുള്ളിൽ ഐ. ടി. കമ്പനികൾ പുതിയ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എത്രകോടി രൂപയുടെ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്;

(എഫ്) ഇതിന്റെ ഭാഗമായി പ്രത്യക്ഷമായും പരോക്ഷമായും എത്രപേർക്കാണ് പുതിയ തൊഴിൽ ലഭ്യമായതെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) സ്മാർട്ട്സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ടീകോമുമായി രണ്ട് തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിന് നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം.ഒ.എ. യ്ക്കും എ.ഒ.എ. യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേയ്ക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചുകഴിഞ്ഞു. പദ്ധതിയ്ക്ക്സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽത്തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള വിവരം.

(ബി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(സി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ പ്രധാന വ്യവസ്ഥ അനുബന്ധം 1 † ആയി ചേർത്തിരിക്കുന്നു. ഈ സർക്കാർ ഒപ്പിട്ട കരാറിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. †

(ഡി) ഉണ്ട്.

(ഇ) ഏകദേശം 66 കോടി രൂപയുടെ സംരംഭങ്ങളാണ് പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. സ്മാർട്ട്സിറ്റി പദ്ധതിക്കുപുറമേ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി ഏകദേശം 1125 കോടി രൂപയുടെ സംരംഭങ്ങൾ തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഇപ്പോൾ പുതിയതായി പ്രവർത്തനക്ഷമമായ കമ്പനികളിലൂടെ 755 പേർക്ക് നേരിട്ട് ജോലി ലഭിച്ചു കഴിഞ്ഞു. സ്മാർട്ട്സിറ്റി കൂടാതെ പുതിയതായി തുടങ്ങാൻ നടപടികൾ സ്വീകരിച്ച കമ്പനികളിലൂടെ ഏകദേശം 48000 പേർക്ക് നേരിട്ടും 144000 പേർക്ക് പരോക്ഷമായും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്ന് കരുതുന്നു.

## കോഴിക്കോട് ഐ.ടി. പാർക്ക്

74 [76] ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിലെ വഴിപോക്ക് എന്ന സ്ഥലത്ത് ഐ. ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഈ ഐ. ടി. പാർക്ക് എന്നുമുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

## ഉത്തരം

(എ) കോഴിക്കോട് താലൂക്കിലെ നെല്ലിക്കോട്, കോവൂർ, പാലാഴി ദേശങ്ങളിലായി 67.99 ഏക്കർ സ്ഥലം ഐ. ടി. പാർക്ക് ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഐ. ടി. പാർക്കിനായി കണ്ടെത്തിയ പ്രസ്തുത സ്ഥലം ഐ. ടി. വകുപ്പ്, സ്പെഷ്യൽ സെക്രട്ടറി, കോഴിക്കോട് ജില്ലാ കളക്ടർ, റവന്യൂ അധികാരികൾ, KSEB, KWA, BSNL, നഗരസഭാധികൃതർ തുടങ്ങിയവരടങ്ങുന്ന ടീം പരിശോധന

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പാർക്കിനായി കേന്ദ്രസഹായം ലഭിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(സി) ഭരണാനുമതി നൽകി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എറണാകുളം ജില്ലയിലെ അക്ഷയ പദ്ധതി

75 [77] ശ്രീ. ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിയുടെ എറണാകുളം ജില്ലയിലെ പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) ജില്ലയിൽ എത്രപേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അക്ഷയ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2005 ഡിസംബർ 16-ാം തീയതിയാണ് എറണാകുളം ജില്ലയിൽ അക്ഷയ പദ്ധതി തുടങ്ങിയത്. 215 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2007 ആഗസ്റ്റ് 15 വരെ ജില്ലയിലെ 45 ശതമാനം പഠിതാക്കളെ കമ്പ്യൂട്ടർ സാക്ഷരരാക്കി മാറ്റിയിട്ടുണ്ട്. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു. പത്തോളം പഞ്ചായത്തുകൾ സെപ്റ്റംബർ 30 നകം സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കും. ജില്ലയിൽ 14 കേന്ദ്രങ്ങളിലായി രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകി കഴിഞ്ഞു.

(ബി) 197538 പേർക്ക്

(സി) അക്ഷയ പദ്ധതിയുടെ തുടർ പ്രവർത്തനത്തിനായി ഇ-വിദ്യ, ലേൺ ഇംഗ്ലീഷ്, ഇന്റർനെറ്റ്-ടു-മാസസ്സ്, അറബിക് ടൈപ്പിംഗ് ട്യൂട്ടർ, ഇന്റൽലേൺ എന്നീ കോഴ്സുകളും, വൈദ്യുതി, ടെലിഫോൺ, ജല അതോറിറ്റി ബില്ലുകൾ അടയ്ക്കാനുള്ള ഇ-പേയ്മെന്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ അക്ഷയ പദ്ധതി

76 [78] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ അക്ഷയ പദ്ധതി പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളാണ് ജില്ലയിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ പരിശീലനം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്ഷയ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ അന്നമനട, ഒരുമനയൂർ, താന്ന്യം എന്നി മൂന്ന് പഞ്ചായത്തുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ആഫീസർ എന്നിവരുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയിൽ പിന്നോക്കം നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, അവിടങ്ങളിൽ പ്രത്യേക ആക്ഷൻ കൗൺസിലുകൾ രൂപീകരിച്ച് കമ്പ്യൂട്ടർ സാക്ഷരതയുടെ പുരോഗതി തുടർച്ചയായി മോണിറ്റർ ചെയ്ത് അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ അക്ഷയ സെന്ററുകൾ

77 [79] ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ അക്ഷയ പ്രോജക്ട് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലാ അക്ഷയ പ്രോജക്ടാഫീസിന്റെ ഇതേവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എന്തൊക്കെ സേവന സൗകര്യങ്ങളാണ് ഈ ആഫീസ് വഴി അക്ഷയ സെന്ററുകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഇ) ജനങ്ങളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം എത്തിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ ഓരോ വർഷവും ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 201 അക്ഷയ കേന്ദ്രങ്ങൾ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി)

| | |
|---|---|
| അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്റർ | — 1 |
| അക്ഷയ കോർഡിനേറ്റർ | — 1 |
| അസിസ്റ്റന്റ് പ്രോജക്ട് കോർഡിനേറ്റർ | — 2 |
| കാമ്പയിൻ എക്സിക്യൂട്ടീവ് | — 1 |
| പ്രോജക്ട് അസിസ്റ്റന്റ് | — 2 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | — 2 |

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അക്ഷയ പദ്ധതിയുടെ എല്ലാ സേവനങ്ങളും ജില്ലാ പ്രോജക്ട് ആഫീസ് വഴിയാണ് നടപ്പാക്കുന്നത്. അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനും വേണ്ട സഹായം നൽകൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, സംസ്ഥാന ആഫീസ് എന്നിവയുമായി നിരന്തരം ബന്ധപ്പെട്ട് പദ്ധതിയുടെ ഏകോപനം നടപ്പാക്കൽ, സാക്ഷരത ഫണ്ട്, കമ്പ്യൂട്ടർ സാക്ഷരത പൂർത്തിയാകുന്ന മുറയ്ക്ക്, ലഭ്യമാക്കൽ, രണ്ടാം ഘട്ടസേവനങ്ങൾ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കൽ, സംരംഭകർക്കുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കലും, നടപ്പിലാക്കലും തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ജില്ലാ ആഫീസ് വഴി അക്ഷയകേന്ദ്രങ്ങൾക്ക് നൽകി വരുന്നു.

(ഇ) 2006-07—48,75,880 രൂപ

2007-08—88,64,240 രൂപ

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

78 [80] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്ന ആശ്വാസ സഹായം കാലതാമസം കൂടാതെ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാൻസർ, കിഡ്നി ട്രാൻസ്പ്ലാന്റ്, ഹാർട്ട് ഓപ്പറേഷൻ തുടങ്ങിയ രോഗങ്ങളുടെ ചികിത്സക്ക് ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്ന സഹായത്തിന്റെ തുക ഇരുപത്തയ്യായിരം രൂപയായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദിരതാശ്വാസനിധിയിൽ നിന്നും നൽകുന്ന ധനസഹായം കാലതാമസം കൂടാതെ അർഹരായവർക്ക് ലഭിക്കുന്നതിനായി കാലാകാലങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർക്ക് നൽകുന്നുണ്ട്. മാത്രമല്ല ജില്ലാ താലൂക്ക് ആഫീസുകളിൽ ധനസഹായം വിതരണം കാലതാമസം കൂടാതെ നടത്തുന്നുണ്ടോ എന്നത് ഉൾപ്പെടെ ബന്ധപ്പെട്ട ധനസഹായവിനിയോഗവുമായി വീഴ്ചകൾ വന്നിട്ടുണ്ടോ എന്ന് കണ്ടെത്താനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാനുമായി പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) ക്യാൻസർ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ , ഹാർട്ട് ഓപ്പറേഷൻ തുടങ്ങിയ ചികിത്സക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 5,000 രൂപ വരെയുള്ള ധനസഹായം നൽകി വരുന്നു. ഈ തുക 25,000 രൂപയായി ഉയർത്തുവാൻ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

79 [81] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സർക്കാർ ജീവനക്കാർ ഒരു ദിവസത്തെ ശമ്പളം നൽകണമെന്ന നിർദ്ദേശം എല്ലാ ജീവനക്കാരും സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എല്ലാ ജീവനക്കാരും ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക അധികമായി ദുരിതാശ്വാസനിധിയിലേക്ക് സ്വരൂപിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ ജീവനക്കാരല്ലാതെ മറ്റേതെങ്കിലും സ്ഥാപനങ്ങളോ തൊഴിലാളികളോ പ്രസ്തുത നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങളിൽ നിന്നും എത്ര തുക വീതമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) അവശ ജനവിഭാഗങ്ങളെ സഹായിക്കാൻ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിലേക്ക് കൂടുതൽ തുക കണ്ടെത്തുവാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സർക്കാർ ജീവനക്കാർ ഒരു ദിവസത്തെ വേതനം സംഭാവന ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ ബന്ധപ്പെട്ട ജീവനക്കാരുടെ ലിസ്റ്റും സംഭാവന ചെയ്ത തുകയും സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ വകുപ്പ് തലവന്മാരും 10-10-2007 ന് മുമ്പായി ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ മേൽ തീയതി കഴിഞ്ഞേ ഇത് സംബന്ധിച്ചുള്ള വിവരം ലഭ്യമാകുകയുള്ളൂ.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) 30-8-2007 വരെ സർക്കാർ ജീവനക്കാരല്ലാത്ത താഴെപ്പറയുന്ന വിഭാഗം ജീവനക്കാരിൽ നിന്നും സംഭാവനയായി 42,29,193 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുണ്ട്:

| | | |
|---|---|---|
| കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | - | 6,29,193 |
| ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് | - | 10,00,000 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | - | 25,00,000 |
| പെരിയാർ ട്രേയ്സ് | - | 1,00,000 |
| ആകെ | - | 42,29,193 |

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

80 [82] ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2007 ആഗസ്റ്റ് 20 വരെ സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും എത്ര രൂപ ലഭിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽനിന്നും എത്ര രൂപ ലഭിച്ചു; വകുപ്പ് തിരിച്ച് വിശദ വിവരം നൽകുമോ?

### ഉത്തരം

(എ) 22-7-2007 മുതൽ 20-8-2007 വരെ വിവിധ വിഭാഗം ജീവനക്കാരിൽ നിന്നുമായി 7,58,056 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. താഴെപ്പറയും പ്രകാരമുള്ള സംഭാവനകൾ വിവിധ വകുപ്പുകളിൽ നിന്നുമായി മേൽ തീയതി വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പേഴ്സണൽ സ്റ്റാഫ് ഓഫ് മിനിസ്റ്റേഴ്സ് | – | 57,381 |
| ലീഗൽ മെട്രോളജി | – | 7,114 |
| ജയിൽ | – | 51,843 |
| കെ. എസ്. ഇ. ബി. | – | 10,000 |
| സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് | – | 1,500 |
| മൈനർ ഇറിഗേഷൻ | – | 1,025 |
| കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | – | 6,29,193 |
| ആകെ | – | 7,58,056 |

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജീവനക്കാരിൽ നിന്നുള്ള സംഭാവന

81 [83] ശ്രീ. കെ. ബാബു :

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ആനുകൂല്യങ്ങളുമുൾപ്പെടുന്ന ഒരു ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകണമെന്ന് സർക്കാർ ജീവനക്കാരോട് അഭ്യർത്ഥിച്ചിരുന്നോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം അഭ്യർത്ഥനയുണ്ടാവുകയും ജീവനക്കാരുടെ സഹകരണം തേടുന്നതിനായി സർവ്വീസ് സംഘടനാ നേതാക്കളുടെ യോഗം ചേരുകയും ചെയ്തപ്പോൾ ഇഷ്ടമുള്ളവർ മാത്രം തുക നൽകിയാൽ മതിയെന്ന അഭിപ്രായം പ്രകടിപ്പിച്ചത് ഏതെല്ലാം സംഘടനകളാണ്; അതിൻപ്രകാരം ഇഷ്ടമുള്ളവർ മാത്രമാണോ ദുരിതാശ്വാസനിധിയിലേക്ക് വിഹിതം നൽകുകയുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോഴും ഇതേ രീതിയിലുള്ള നടപടി സ്വീകരിക്കണമെന്ന അഭിപ്രായം സർവ്വീസ് സംഘടനകൾ മുന്നോട്ടുവച്ചിരുന്നോ; എങ്കിൽ ഈ അഭിപ്രായം സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2007 ആഗസ്റ്റിലെ ശമ്പളത്തിൽ നിന്നും പ്രസ്തുത വിഹിതം പിടിച്ചിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പ്രൊഫഷണൽ ടാക്സ് പിടിച്ചത് ഓണം ആഘോഷിക്കുന്ന ആഗസ്റ്റ് മാസത്തെ ശംബളത്തിൽ നിന്നും ആയിരുന്നോ;

(ഇ) ഓണാഘോഷവും പ്രൊഫഷണൽ ടാക്സ് പിരിവും ഒന്നിച്ചുവരുന്ന ആഗസ്റ്റ് മാസത്തിൽ തന്നെ ദുരിതാശ്വാസനിധിയിലേക്ക് ജീവനക്കാരിൽ നിന്നുള്ള സംഭാവനയും പിരിച്ചെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## ഉത്തരം

(എ) കാലവർഷക്കെടുതിമൂലം കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു ദിവസത്തെ ശമ്പളം സംഭാവനയായി നൽകണമെന്ന് ജീവനക്കാരോട് അഭ്യർത്ഥിച്ചിരുന്നു.

(ബി ആന്റ് സി) ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികളുടേയും മറ്റും യോഗം 16-8-2007-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 29-12-2004-ൽ സർവ്വീസ് സംഘടനകളുടെ യോഗം ചേരുകയും ഒരു ദിവസത്തിൽക്കുറയാത്ത ശമ്പളം സംഭാവനയായി നൽകാൻ സർക്കാർ ജീവനക്കാരോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഈ യോഗങ്ങളിൽ പങ്കെടുത്ത എല്ലാ സർവ്വീസ് സംഘടനാ പ്രതിനിധികളും സർക്കാരിന്റെ അഭ്യർത്ഥനയോട് അനുഭാവപൂർവ്വമാണ് പ്രതികരിച്ചത്. ഇഷ്ടമുള്ളവർ മാത്രം തുക നൽകിയാൽ മതിയെന്ന അഭിപ്രായം ആരും പ്രകടിപ്പിച്ചതായി അറിവില്ല.

(ഡി ആന്റ് ഇ) സെക്രട്ടേറിയറ്റ് ജീവനക്കാരിൽനിന്നുള്ള സംഭാവന സ്വീകരിക്കാൻ ആഗസ്റ്റ് മാസത്തെ ശമ്പളം നൽകിയ അവസരത്തിൽ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രൊഫഷണൽ ടാക്സ് ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽനിന്നുതന്നെ പിരിച്ചെടുക്കാൻ പ്രത്യേക നിർദ്ദേശമൊന്നും പുറപ്പെടുവിച്ചിരുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നിർബന്ധപൂർവ്വം ഒരു ദിവസത്തെ ശമ്പളം പിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. ജീവനക്കാർ സ്വമേധയാ നൽകിയ സംഭാവനയാണ് സ്വീകരിച്ചിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

82 [84] ശ്രീ. ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിലെ അങ്കമാലി അസംബ്ലി മണ്ഡലത്തിൽനിന്ന് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ എത്രപേർക്ക് ചികിത്സാ സഹായം അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിലെ അങ്കമാലി അസംബ്ലി മണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിലേക്ക് 24 അപേക്ഷകൾ ജില്ലാ കളക്ടർ മുഖേന ലഭിച്ചിട്ടുണ്ട്.

(ബി) 22 പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

(സി) കാലതാമസം ഒഴിവാക്കാനുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

കോഴിക്കോട് വിമാനത്താവളത്തിലെ പ്രശ്നങ്ങൾ

83 [85] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിമാനസർവ്വീസുകൾ റദ്ദാക്കുകയോ പത്ത് മണിക്കൂറിലധികം വൈകുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ യാത്രക്കാരും വിമാന അധികൃതരും തമ്മിൽ ഇടയ്ക്കിടെ പ്രശ്നങ്ങളുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിമാനങ്ങൾ വൈകുന്നത് കൊണ്ട് യാത്രക്കാർക്കുണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിനും ഫ്ളൈറ്റ് റദ്ദായാൽ ഭക്ഷണ/താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര വ്യോമയാന അധികൃതരോട് അഭ്യർത്ഥിക്കുമോ;

(ഡി) ഫ്ളൈറ്റുകൾ ഇടയ്ക്കിടെ കോഴിക്കോട് വിമാനത്താവളത്തിൽ റദ്ദാക്കുന്നതും വൈകുന്നതും കൊണ്ടുള്ള ബുദ്ധിമുട്ടുകൾ കേന്ദ്ര വ്യോമയാന വകുപ്പിന്റെ ശ്രദ്ധയിൽ രേഖാമൂലം കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് വിമാനത്താവളത്തിൽനിന്നും സർവ്വീസ് നടത്തുന്ന വിവിധ വിമാനക്കമ്പനികളുടെ 80 ഫ്ളൈറ്റുകൾ റദ്ദാക്കുകയും 68 ഫ്ളൈറ്റുകൾ ലേറ്റാവുകയും ചെയ്തിട്ടുണ്ട് എന്ന് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) ഇത്തരത്തിൽ ഒരാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വിമാനങ്ങൾ ലേറ്റായത് കാരണം യാത്രക്കാർക്ക് ഭക്ഷണവും മറ്റ് സൗകര്യങ്ങളും അതായത് ഹോട്ടൽ അക്കോമഡേഷൻ/അവരുടെ വീടുകളിൽ പോയി മടങ്ങിവരുന്നതിനുള്ള യാത്രാ ചെലവ് എന്നിവ ബന്ധപ്പെട്ട എയർലൈൻ കമ്പനികൾ നൽകിയിട്ടുണ്ടെന്ന് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## വിവരാവകാശ കമ്മീഷൻ

84 [86] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ 39 ഉദ്യോഗസ്ഥർക്കെതിരെ പിഴശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ഇൻഫർമേഷൻ കിയോസ്കുകൾ

85 [87] ശ്രീ. എൻ. രാജൻ:

,, ബാബുപോൾ:

,, എ. കെ. ചന്ദ്രൻ:

,, കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ തുടങ്ങാനുള്ള കേന്ദ്രപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ തുടങ്ങാനുണ്ടാകുന്ന കാലതാമസം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ ഇത്തരം കിയോസ്കുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയ്ക്കായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കിയോസ്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച കോമൺസർവീസ് സെന്റർ (സി.എസ്.സി.) പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി ആന്റ് സി) ആറ് വില്ലേജുകൾക്ക് ഒന്ന് എന്ന തോതിൽ 227 സി.എസ്.സി. കൾ ആരംഭിക്കുവാൻ 3.6 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതം 1.8 കോടി രൂപയാണ്. ബാക്കി സംസ്ഥാന വിഹിതമായിരിക്കും. ഇതിന്റെ ആദ്യ ഗഡുവായി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാല് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ആറ് വില്ലേജുകൾക്ക് ഒരു കിയോസ്ക് എന്നതാണ് പദ്ധതിനിർദ്ദേശം. എന്നാൽ കേരളത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന എല്ലാ അക്ഷയകേന്ദ്രങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും, സി.എസ്.സി. സെന്ററുകളെ നിലവിലുള്ള അക്ഷയ കേന്ദ്രങ്ങളുമായി സംയോജിപ്പിച്ച് 3180 കേന്ദ്രങ്ങൾ അനുവദിക്കണമെന്നുമാണ് സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വിവരാവകാശ നിയമപ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെ നിയമനം

86 [88] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, പി. തിലോത്തമൻ:

,, കെ. അജിത്:

,, വി. എസ്. സുനിൽ കുമാർ:

,, രാജാജി മാത്യു തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം പബ്ലിക് അതോറിട്ടിയുടെ കീഴിലുള്ള എല്ലാ ആഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാന നിർദ്ദേശം ചെയ്യണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഇത്തരത്തിൽ സ്ഥാന നിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ നിർദ്ദേശം ചെയ്യപ്പെടുന്നവരുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) താഴെ തട്ടുകളിലുള്ള പല സർക്കാർ ആഫീസുകളിലും ഇത്തരം ആഫീസർമാരെ ഇതുവരെ സ്ഥാനനിർണ്ണയം ചെയ്തിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനും വിവരാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ—സി) 2005-ലെ വിവരാവകാശ നിയമത്തിലെ 5 (1)-ഉം 5 (2)-ഉം വകുപ്പുകൾ പ്രകാരം എല്ലാ പൊതു അധികാരികളും, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം സ്ഥാനനിർദ്ദേശം ചെയ്യപ്പെടുന്നവർ പ്രധാനമായും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ നിയമത്തിൽ പ്രതിപാദിക്കും പ്രകാരം പരിശോധിച്ച് തീർപ്പുകൽപ്പിക്കുവാൻ ബാദ്ധ്യസ്ഥരാണ്. വിവരാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അതാത് പൊതു അധികാരസ്ഥാപനത്തിന്റെ ഭരണത്തലവന്മാർ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കേണ്ടതാണെന്ന് 10-10-2005-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇപ്രകാരം ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച് 30-10-2006-ൽ വ്യക്തവും വിശദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വിവരാവകാശ കമ്മീഷനിലെ മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന നടപടി

87 [89] ശ്രീ. കെ. സി. ജോസഫ്:
,, കെ. സി. വേണുഗോപാൽ:
,, പി. സി. വിഷ്ണുനാഥ് :
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ കമ്മീഷനിലെ മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ജോലിഭാരം കൂടുതൽ നിമിത്തം മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം വിവരാവകാശ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ—സി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതിലെ മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വിവരാവകാശ കമ്മീഷനിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

## വിദേശ മലയാളികൾക്കായി ക്ഷേമ പദ്ധതികൾ

88 [90] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദേശങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) യു.എ.ഇ.-യിൽ അനധികൃതമായി തങ്ങുന്നവർക്കായി അധികൃതർ പ്രഖ്യാപിച്ച പൊതുമാപ്പിനെ തുടർന്ന് നാട്ടിലെത്താൻ ബുദ്ധിമുട്ടനുഭവിക്കുന്ന മലയാളികൾക്ക് വേണ്ടി ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ നാട്ടിലെത്തിക്കുന്നതിന് പ്രത്യേകം വിമാനം ഏർപ്പെടുത്തുകയോ സൗജന്യ വിമാന ടിക്കറ്റ് നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്കായി അവർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, കസ്റ്റംസ്, വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ അവിടുത്തെ സാമൂഹിക സാംസ്കാരിക ചുറ്റുപാടുകൾ മുതലായവയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി "പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം" എന്ന പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടങ്ങളുമായി സഹകരിച്ചുകൊണ്ട് കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ വിദേശ തൊഴിൽ കാംക്ഷികൾക്കായുള്ള ഏകദിന ശില്പശാലകൾ 2007 ഏപ്രിൽ-മേയ് മാസങ്ങളിൽ നോർക്കാ-റൂട്ട്സ് നടത്തുകയുണ്ടായി. പ്രസ്തുത ശില്പശാലകൾ എല്ലാ ജില്ലകളിലും നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി ആന്റ് സി) യു.എ.ഇ. യിലെ പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി മതിയായ രേഖകളില്ലാതെ അവിടെക്കഴിയുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ഏകോപിക്കുന്നതിനായി നോർക്കാ-റൂട്ട്സിലെ രണ്ട് ഉദ്യോഗസ്ഥരെ യു.എ.ഇ.-ലേക്ക് അയയ്ക്കുകയുണ്ടായി. ഇവരുടെ ശ്രമഫലമായി 350 വിമാനടിക്കറ്റുകൾ സമാഹരിക്കാൻ കഴിഞ്ഞു. ഇപ്രകാരം 30 ഓളം മലയാളികൾ 24-8-2007-ന് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരുകയുണ്ടായി. കൈരളി ടി. വി. യുടെ ആഭിമുഖ്യത്തിൽ 160 പ്രവാസി മലയാളികളെ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം വഴി 30-7-2007 ന് നാട്ടിലെത്തിക്കുകയുണ്ടായി. ഇവരെയെല്ലാം വിമാനത്താവളത്തിൽ സ്വീകരിക്കുകയും അവരവരുടെ സ്വദേശങ്ങളിൽ എത്തിച്ചേരുന്നതിനുവേണ്ടിയുള്ള ചെലവിലേക്കായി 500 രൂപ വീതം ധനസഹായം നൽകുകയും യാത്രാസൗകര്യം ഒരുക്കികൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മലയാളികൾ വരും ദിവസങ്ങളിൽ നാട്ടിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വിദേശത്തുവച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്ന ചുമതല ബന്ധപ്പെട്ട സ്പോൺസർക്കാണ്. സ്പോൺസർ ഇതിന് തയ്യാറാകാത്ത അവസരങ്ങളിൽ ചില നിബന്ധനകൾക്കുവിധേയമായി മൃതദേഹം നാട്ടിൽകൊണ്ടുവരുന്നതിന് സർക്കാർ ധനസഹായം നൽകാറുണ്ട്.

## വിദേശ ഇന്ത്യാക്കാർക്ക് വോട്ടവകാശം

89 [91] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഇന്ത്യാക്കാർക്ക് വോട്ടവകാശം നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധമായി സംഘടനകളിൽ നിന്നോ ഏജൻസികളിൽ നിന്നോ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പ്രവാസി ഭാരതീയർക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെൻറും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും സംയുക്തമായാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച് വിവിധ വിദേശ മലയാളി സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദേശ മലയാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി

90 [92] ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്കായി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയിൽ എത്ര വിദേശ മലയാളികൾ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ ഇങ്ങനെയുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിദേശ മലയാളികൾക്കായി സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നോർക്കാ-റൂട്ട്സ്, 'യുണൈറ്റഡ് ഇന്ത്യാ' ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലേർപ്പെട്ട് അപകട, സഹായ കുടുംബാരോഗ്യപദ്ധതി എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ എത്ര വിദേശ മലയാളികൾ ചേർന്നിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിദേശത്ത് ജോലിതേടുന്ന മലയാളികൾക്ക് സംരക്ഷണം

91 [93] ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്കായി പോകുന്ന മലയാളികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സംരക്ഷണത്തിനായി കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ). വിദേശ രാജ്യങ്ങളിൽ ജോലിക്കായി പോകുന്ന മലയാളികൾ ചൂഷണത്തിന് വിധേയരാകാതിരിക്കാനും കബളിക്കപ്പെടാതിരിക്കാനുമായി നോർക്കാ-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം' എന്ന ദ്വിദിന പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, കസ്റ്റംസ്, വിദേശരാജ്യത്തെ തൊഴിൽ നിയമങ്ങൾ, അവിടുത്തെ സാമൂഹ്യ-സാംസ്ക്കാരിക ചുറ്റുപാടുകൾ എന്നീ വിഷയങ്ങളിൽ അവബോധം നേടാനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നതിനുമായി ജില്ലാ ഭരണകൂടങ്ങളുമായി സഹകരിച്ചുകൊണ്ട് നോർക്കാ-റൂട്ട്സ് കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ വിദേശ തൊഴിൽ അന്വേഷകർക്കായി ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. ഓരോ ശില്പ ശാലയിലും 100 മുതൽ 200 വരെ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത ശില്പശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ഒ. ഡി. ഇ. പി. സി. വിദേശ തൊഴിലുടമകളെ നേരിട്ട് ബന്ധപ്പെടുകയും അവർക്കുവേണ്ടി ഉദ്യോഗാർത്ഥികളെ തികച്ചും സുതാര്യമായി തിരഞ്ഞെടുക്കുകയും ചെയ്തുവരുന്നു. ഒ. ഡി. ഇ. പി. സി. നടത്തുന്ന പരിശീലന പരിപാടികളിലൂടേയും മാധ്യമങ്ങൾ മുഖേന ബോധവൽക്കരണം നടത്തിയും ചൂഷണം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി നോർക്കാ-റൂട്ട്സിന് റിക്രൂട്ട്മെന്റ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. പ്രവർത്തനമാരംഭിക്കുമ്പോൾ ഈ സേവനം പ്രയോജനപ്പെടുത്തി മലയാളി ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ഒരു പരിധിവരെ ചൂഷണമില്ലാതെ ജോലിസമ്പാദിക്കാൻ കഴിയുന്നതാണ്.

ഒമാനിൽ മരണപ്പെട്ട സജീഷ്കുമാറിന്റെ കുടുംബത്തിന് നഷ്ടപരിഹാരം

92 [94] ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) ഒമാനിൽ ഈയിടെയുണ്ടായ ചുഴലിക്കൊടുങ്കാറ്റിലും വെള്ളപ്പൊക്കത്തിലുംപ്പെട്ട് കാണാതായ പാലപ്പറമ്പത്ത് സജിത്കുമാറിന്റെ മാതാവ് കുന്ദമംഗലം സ്വദേശിയായ ശാന്ത പാലപ്പറമ്പത്തിന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സജിത്കുമാർ ജോലി ചെയ്ത കമ്പനിയിൽ നിന്നും അദ്ദേഹത്തിന്റെ കുടുംബത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരതുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സജിത്കുമാർ ഒമാനിലെ എഞ്ചിൻ എഞ്ചിനീയറിംഗ് കമ്പനിയിൽ ജോലി നോക്കുകയായിരുന്നെങ്കിലും പ്രസ്തുത കമ്പനിയുടെ വിസയിലായിരുന്നില്ല ജോലി ചെയ്തിരുന്നത് എന്നതിനാൽ നഷ്ടപരിഹാരം നൽകാൻ കമ്പനി ബാധ്യസ്ഥരല്ല എന്ന് ഒമാനിലെ ഇന്ത്യൻ എമ്പസ്സിയെ കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. എങ്കിലും ദുരന്തത്തിൽ മരണമടഞ്ഞവരുടെ ഇൻഷ്വറൻസ് തുക സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് സജിത്കുമാറിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് കമ്പനി അധികാരികൾ എമ്പസ്സിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രീ. സജിത്കുമാറിന്റെ അമ്മയെ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര മന്ത്രി മുഖ്യമന്ത്രിക്കയച്ച കത്ത് ചോർന്ന സംഭവം

93 [95] ശ്രീ. ജോർജ് മേഴ്സിയർ:

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൂത്തമ്പാറ എസ്റ്റേറ്റ് പ്രശ്നത്തിൽ കേന്ദ്ര മന്ത്രി ശ്രീ. ജയറാം രമേശ് മുഖ്യമന്ത്രിയെ അഭിസംബോധന ചെയ്ത് എഴുതിയ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കത്ത് ചോരുന്നതിനിടയായിട്ടുണ്ടോ ; എങ്കിൽ അതെപ്രകാരം സംഭവിച്ചുവെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കത്ത് ചോർന്നതിനെക്കുറിച്ച് ഇതുവരെ യാതൊരന്വേഷണവും നടത്താത്തപക്ഷം അതെക്കുറിച്ച് അന്വേഷണം നടത്തി ഇതിൽ ഉത്തരവാദികളായവരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുഖ്യമന്ത്രിക്ക് ലഭിച്ച കത്ത് ചോരുന്നതിനിടയായിട്ടില്ല. അതുകൊണ്ട് അതേക്കുറിച്ച് അന്വേഷണം ആവശ്യമായി വന്നിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## "കിളിരൂർ കേസ്സിലെ വി. ഐ. പി."

94 [96] ശ്രീ. കെ. സുധാകരൻ:

,, എം. എ. വാഹിദ്:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിരൂർ കേസിൽ മരിച്ച ശാരിയുടെ അച്ഛൻ, 21-8-2007-ൽ മുഖ്യമന്ത്രിക്ക് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ ഉള്ളടക്കം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ശാരി രോഗിയായി ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ അവരെ സന്ദർശിച്ച വി. ഐ. പി. യെപ്പറ്റി അതിൽ പരാമർശിക്കുന്നുണ്ടോ ; എങ്കിൽ ആ വി. ഐ. പി. ആരാണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതിയിൻമേൽ കിളിരൂർ കേസിന്റെ പുനരന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പരാതിയിലെ ആവശ്യങ്ങൾ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പരാതി നൽകിയിരുന്നു. (തന്റെ മകൾ ശാരിയുടെ മരണം സംബന്ധിച്ച് CBI അന്വേഷണം കാര്യക്ഷമമാക്കണമെന്നാണ്).

(ബി) നിരവധി വി. ഐ. പി. കൾ സന്ദർശിച്ചിതായി പരാമർശിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 'സി' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

## ബഹുരാഷ്ട്ര കമ്പനികളുടെ ചില്ലറ വില്പന കേന്ദ്രങ്ങൾ

95 [98] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില്ലറ വില്പന മേഖലയിലേക്ക് ബഹുരാഷ്ട്ര കമ്പനികൾ പ്രവേശിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ബഹുരാഷ്ട്ര കമ്പനികൾ ചില്ലറ വില്പന മേഖലയിലേക്ക് കടന്നുവരുന്ന സാഹചര്യത്തിൽ പൊതുവിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) റേഷൻ കടകളും സിവിൽസപ്ലൈസിന്റെ സൂപ്പർമാർക്കറ്റുകളും മറ്റും ഏതെല്ലാം തരത്തിൽ നവീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ചില്ലറ വില്പന മേഖലയിലേക്ക് ബഹുരാഷ്ട്ര കമ്പനികൾ പ്രവേശിക്കുന്നതു തടയുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

(ബി) ഉണ്ട്.

(സി) റേഷൻ കടകൾ വഴി ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കൂടുതൽ പൊതു വിതരണ ശാലകളും ഹൈപ്പർമാർക്കറ്റുകളും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റേഷൻ സാധനങ്ങൾ കുറ്റമറ്റരീതിയിൽ തൂക്കി നൽകുന്നതിന് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

മാർജിൻഫ്രീ മാർക്കറ്റുകളുടെ പ്രവർത്തനം

96 [99] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാർജിൻഫ്രീ എന്ന പേരിൽ ചില്ലറ വില്പന മേഖലയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഉപഭോക്താക്കളെ കബളിപ്പിക്കുന്ന സ്ഥാപനങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉല്പന്നങ്ങളിൽ എം. ആർ. പി. രേഖപ്പെടുത്താതെ വിലയിലും തൂക്കത്തിലും കൃത്രിമം നടത്തി കബളിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഇവിടങ്ങളിൽ പരിശോധന നടത്തി തട്ടിപ്പുകൾ തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ചില മാർജിൻഫ്രീ ഷോപ്പുകളിൽ അളവു തൂക്ക നിയമങ്ങൾ,പായ്ക്കറ്റുകളെ സംബന്ധിച്ച ചട്ടങ്ങൾ എന്നിവ ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാ സപ്ലൈ ആഫീസർമാർ പരിശോധനകൾ നടത്തുമ്പോൾ മാർജിൻ ഫ്രീ മാർക്കറ്റുകളും പരിശോധിക്കുന്നുണ്ട്. വൻകിടകുത്തക വ്യാപാരശാലകൾ മാർജിൻഫ്രീഷോപ്പുകൾ, സൂപ്പർമാർക്കറ്റ് എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുവാൻ ലീഗൽ മെട്രോളജി വകുപ്പിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നിയമപരമായി കർശന ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മായം ചേർക്കൽ നിരോധന നിയമം

97 [100] ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം മായം ചേർക്കൽ നിരോധന നിയമപ്രകാരം എത്ര കേസുകൾ സംസ്ഥാനത്ത് ഇക്കഴിഞ്ഞ മാസം വരെ എടുത്തു; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സാധനങ്ങളിലാണ് മായം ചേർക്കൽ വ്യാപകമായി കണ്ടിട്ടുള്ളത്;

(ഡി) മായം ചേർത്തത് തിരിച്ചറിയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ബോധവത്കരണ സംവിധാനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അത് ശക്തമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 265 ആഹാര സാധനങ്ങളിൽ മായം ചേർത്തിട്ടുള്ളതായി ആരോഗ്യവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുകയും കേസെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(ബി) ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികളെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

(സി) മായം ചേർക്കൽ വ്യാപകമായി കണ്ടിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റ് അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.†

(ഡി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ മായം ചേർക്കുന്നത് പരിശോധിക്കാൻ സംസ്ഥാനത്ത് വിപുലമായ സംവിധാനങ്ങളുണ്ട്. സംസ്ഥാനത്ത് 60 സർക്കിളുകളിലായി 60 ഫുഡ് ഇൻസ്പെക്ടർമാരെയും, മേൽനോട്ടത്തിനായി 14 ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് റീജിയനുകളിലായി ഓരോ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. കൂടാതെ മായം ചേർത്തത് കണ്ടുപിടിക്കുവാൻ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികളും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ടയിൽ ഒരു ഫുഡ് ടെസ്റ്റിംഗ് സെന്ററും എല്ലാ വിധ ആധുനിക യന്ത്രസാമഗ്രികളോടും കൂടി പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങൾക്ക് അറിവ് പകരുവാൻ കഴിഞ്ഞ വർഷം എല്ലാ ജില്ലകളിലും ബോധവത്കരണ ക്ലാസുകൾ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചിരുന്നു.

(ഇ, എഫ്) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് 2006 നിലവിൽ വന്നതോടുകൂടി കർഷകനെയും സംഭരണ വിതരണക്കാരെയും ബോധവത്കരിക്കാനും ഒരളവുവരെ അനാരോഗ്യകരമായ മായം ചേർക്കൽ പ്രവണത കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി കൂടുതൽ ചർച്ചാ ക്ലാസ്സുകളും, സെമിനാറുകളും ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതാണ്.

## പകർച്ചപ്പനി ബാധിതർക്ക് ഭക്ഷ്യധാന്യക്കിറ്റ് വിതരണം

98 [101] ശ്രീ. കെ. സി. ജോസഫ്:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി ബാധിതർക്ക് ഭക്ഷ്യ വകുപ്പിൽ നിന്നും ഭക്ഷ്യധാന്യ കിറ്റ് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഏതൊക്കെ ജില്ലകളിൽ എത്ര പേർക്ക് വീതമാണ് പകർച്ചപ്പനി ബാധിതർക്ക് ധാന്യ കിറ്റ് നല്കിയിട്ടുള്ളത്;

(സി) ഇപ്രകാരം നൽകിയ കിറ്റുകളിൽ എന്തൊക്കെ ഭക്ഷ്യസാധനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്;

(ഡി) ഭക്ഷ്യ കിറ്റ് വിതരണം ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ ഇത് എന്നു വരെ തുടരുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പകർച്ചപ്പനി ബാധിതർക്ക് സൗജന്യമായി ഭക്ഷ്യധാന്യങ്ങളടങ്ങിയ കിറ്റ് നടത്തുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റ് വില്ലേജ് ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നിവർ ചേർന്നുനല്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ ധാന്യ കിറ്റുകൾ റേഷൻ കടകളിലൂടെയും പൊതുവേദികളിലൂടെയും അർഹതപ്പെട്ടവർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നല്കി വരുന്നു.

(ബി) താഴെ പറയും പ്രകാരം 6 ജില്ലകളിലെ പകർച്ചപ്പനി ബാധിതർക്ക് സൗജന്യ കിറ്റ് വിതരണം ചെയ്തു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | ജില്ല | കിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 69120 |
| 2 | കോട്ടയം | 97928 |
| 3 | എറണാകുളം | 52721 |
| 4 | ഇടുക്കി | 27991 |
| 5 | പത്തനംതിട്ട | 65244 |
| 6 | ആലപ്പുഴ | 209 |
| | ആകെ | 3,13,213 |

(സി) 1. അരി - 7 കിലോഗ്രാം

2. പഞ്ചസാര - ½ കിലോഗ്രാം

3. മുളക് - 100 ഗ്രാം

4. തേയില - ¼ കിലോഗ്രാം

5. പയർ - 1 കിലോഗ്രാം

(ഡി) തുടരുന്നുണ്ട്. 16-8-2007 വരെ തയ്യാറാക്കിയ ലിസ്റ്റ് തീരുന്നതുവരെ ഭക്ഷ്യ കിറ്റ് വിതരണം നടത്തുന്നതാണ്.

## ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം

99 [102] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വില നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

(ബി) പൊതു കമ്പോളത്തിൽ ഇടപെടൽ നടത്തുവാൻ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

### ഉത്തരം

(എ, ബി) ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചു നിറുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി പൊതു കമ്പോളത്തിൽ ഇടപെട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഗരസഭകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും 129 ഓണം മാർക്കറ്റുകളുമടക്കം 145 വിൽപ്പന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. കൂടാതെ എല്ലാ വിൽപ്പന ഔട്ട്ലെറ്റുകളും മിനി ഓണം ബസാറുകളായും പ്രവർത്തിച്ചു. ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലെതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. 19-8-2007, 26-8-2007 എന്നീ ഞായറാഴ്ചകളിലും സപ്ലൈകോ വിൽപ്പന ശാലകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ഓണ ദിവസങ്ങളായ 22-8-2007 മുതൽ 26-8-2007 വരെ എല്ലാ മാവേലി സ്റ്റോറുകളും ഇടവേളയില്ലാതെ പ്രവർത്തിച്ചു.

ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 550 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് APL/BPL ഭേദമന്യേ കാർഡുടമകൾക്ക് കിലോഗ്രാമിന് 13 രൂപ 50 പൈസാ നിരക്കിൽ സ്പെഷ്യൽ പഞ്ചസാര 1.5 കിലോഗ്രാം വീതം നൽകിയിരുന്നു.

## ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണവും ലഭ്യതയും

100 [103] ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണവും ലഭ്യതയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഉത്തരം

ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി കോർപ്പറേഷനുകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും 129 ഓണം മാർക്കറ്റുകളുമടക്കം 145 വിൽപ്പന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ വിൽപ്പന ഔട്ട്ലെറ്റുകളും മിനി ഓണം ബസാറുകളായും പ്രവർത്തിച്ചു. ഈ വിൽപ്പന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കം ഉള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. മെട്രോ/ടൗൺ പീപ്പിൾസ് ബസാറുകളിൽ സപ്ലൈകോ സ്റ്റാളുകൾക്ക് പുറമെ ഗവൺമെന്റ് സ്ഥാപനങ്ങളായ MPI, MILMA പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ്, കയർബോർഡ് എന്നിവയുടെ സ്റ്റാളുകളും പ്രവർത്തിച്ചിരുന്നു. 19-8-2007, 26-8-2007 എന്നീ ഞായറാഴ്ചകളിലും സപ്ലൈകോ വിൽപ്പന ശാലകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ഓണ ദിവസങ്ങളായ 22-8-2007 മുതൽ 26-8-2007 വരെ എല്ലാ മാവേലി സ്റ്റോറുകളും ഇടവേളയില്ലാതെ പ്രവർത്തിച്ചു. ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശോധന സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് APL/BPL ഭേദമെന്യേ

LIBRARY ARCHIVES Kerala Legislative Assembly

കാർഡുടമകൾക്ക് കിലോഗ്രാമിന് 13 രൂപ 50 പൈസാ നിരക്കിൽ സ്പെഷ്യൽ പഞ്ചസാര 1.5 കിലോഗ്രാം വീതം നൽകിയിരുന്നു.

ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 550 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

മുകളിൽ വിവരിച്ച നടപടികളുടെ ഫലമായി ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പൂർണ്ണമായും നിയന്ത്രിച്ചു നിറുത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരളീയ വിഭവങ്ങളുടെ കയറ്റുമതി

101 [104] ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയ വിഭവങ്ങളുടെ ആഗോള ഡിമാന്റ് കണക്കിലെടുത്ത് ഇവയുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

നേന്ത്രക്കായ് ചിപ്സ് കയറ്റുമതി ചെയ്യുന്നത് സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

സാധനങ്ങളുടെ ഗുണനിലവാരം

102 [105] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) ഈ സ്ഥാപനങ്ങൾ വഴി വിതരണം നടത്തുന്ന സാധനങ്ങളുടെ ഗുണ നിലവാരം എല്ലായിടത്തും ഒരുപോലെയാക്കാൻ സംവിധാനമുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് ഗുണനിലവാരം എല്ലായിടത്തും ഒരുപോലെ ആയിട്ടുണ്ടോ?

ഉത്തരം

(എ) റേഷൻകടകളും ഭക്ഷ്യധാന്യ മൊത്ത വ്യാപാര ശാലകളും മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളും സർക്കാർ അനുവാദത്തോടെ നിയോഗിക്കപ്പെട്ട പൊതുവിതരണ സ്ഥാപനങ്ങളാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലി സ്റ്റോറുകളും, സൂപ്പർ മാർക്കറ്റുകളും, മാവേലി മെഡിക്കൽ സ്റ്റോറുകളും പെട്രോൾ ബങ്കുകളും ശബരി സ്റ്റോറുകളും മൊത്ത വ്യാപാര സബ് ഡിപ്പോകളും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നവയാണ്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് സ്റ്റോക്കെടുക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാർ എഫ്. സി. ഐ.-യിൽ പോയി അലോട്ട്മാർക്ക് ചെയ്ത് സാമ്പിൾ എടുക്കുന്നതും ആയത് എ.ആർ.ഡി./എ.ഡബ്ല്യു.ഡി. കൾക്ക് നൽകുന്നതുമാണ്. സ്റ്റോക്ക് എടുത്തതിന് ശേഷം മാർക്ക് ചെയ്ത് സ്റ്റോക്ക് തന്നെയാണ് വിട്ടെടുത്തതെന്ന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാർ ഉറപ്പു വരുത്തുന്നതുമാണ്. സ്റ്റോക്കിന്റെ ഗുണനിലവാരം മൊത്തത്തിൽ വിലയിരുത്തിയാണ് വിട്ടെടുക്കുന്നത്. എല്ലായിടത്തും ഗുണനിലവാരമുള്ള സ്റ്റോക്ക് എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാധനങ്ങളും ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(സി) ഗുണനിലവാരം പരമാവധി ഒരുപോലെയായി വരുന്നുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം

103 [106] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില എത്ര വീതമായിരുന്നു എന്ന് വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ 20-8-2007-ലെ വിലനിലവാരം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വില വർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയും 20-8-2007-ലെ വിലയും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കാലവർഷക്കെടുതി മൂലം ഉല്പാദന കേന്ദ്രങ്ങളിൽ വിളനാശം സംഭവിച്ചതു മൂലം വില കുതിച്ചുയരുമെന്ന് മുൻകൂട്ടിക്കണ്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പൊതുവിപണിയിൽ പച്ചക്കറിക്കടകൾ, ഹോട്ടലുകൾ, പലവ്യഞ്ജനക്കടകൾ, എന്നിവയിൽ റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പീപ്പിൾസ് ബസാറുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, പൊതുവിതരണ ശാലകൾ എന്നിവ വഴി ഗുണമേന്മയുള്ള സാധനങ്ങൾ വിലക്കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ശ്രമഫലമായി കേന്ദ്ര സർക്കാരിൽ നിന്നും ഓണക്കാലത്തേയ്ക്ക് പ്രത്യേകമായി ലഭിച്ച 8000 മെട്രിക് ടൺ പഞ്ചസാരയും 21000 മെട്രിക് ടൺ അരിയും ഓണക്കാലത്ത് പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വിലക്കയറ്റം തടയുന്നതിന് നടപടി

104 [107] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് പൊതുകമ്പോളത്തിൽ ഉണ്ടാകാനിടയുള്ള വിലക്കയറ്റം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഓണക്കാലത്ത് സാധാരണക്കാരെ സഹായിക്കുവാൻ എത്ര പീപ്പിൾ ബസാറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുവെന്നും പൊതുവിപണിയിലെ വിലയെക്കാൾ എത്ര രൂപ കുറച്ചാണ് ഇത്തരം ബസാറുകളിൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര കോടി രൂപയുടെ വില്പനയാണ് ഇതുമൂലം ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 550 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശോധനാ സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് APL/BPL ഭേദമന്യേ കാർഡുടമകൾക്ക് കിലോഗ്രാമിന് 13 രൂപ 50 പൈസാ നിരക്കിൽ സ്പെഷ്യൽ പഞ്ചസാര 1.5 കിലോഗ്രാം വീതം നൽകിയിരുന്നു.

ഓണക്കാലത്ത് സിറ്റി കോർപ്പറേഷനുകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും, ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും അടക്കം 145 വില്പന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. ഇവയിൽ പൊതുവിപണിയേക്കാൾ 30 മുതൽ 50 ശതമാനം വരെ വില കുറച്ചാണ് വില്പന നടത്തിയത്. (വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.) †

(സി) പീപ്പിൾസ് ബസാറുകൾ വഴി ഓണക്കാലത്ത് 2.36 കോടി രൂപ വിറ്റുവരവുണ്ടായി.

## അന്നപൂർണ്ണ പദ്ധതി

105 [108] പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. അച്ചുതൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) അന്നപൂർണ്ണ പദ്ധതിയനുസരിച്ച് വിതരണം ചെയ്യേണ്ട അരിയുടെ വില മുൻകൂറായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് നൽകാറുണ്ടോ;

(ബി) 2007-08 വർഷത്തിൽ ഈ പദ്ധതി പ്രകാരം കൊടുക്കേണ്ട അരി വിലയിനത്തിൽ കേന്ദ്ര ഗവൺമെന്റ് എത്ര രൂപ ഇതുവരെ സംസ്ഥാന സർക്കാരിനു നൽകി;

(സി) ഈ തുക എത്ര കാലത്തേക്ക് അരി വിതരണം ചെയ്യാനുള്ളതാണ്;

(ഡി) ഈ തുക വകമാറ്റി ചെലവു ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലാത്തപക്ഷം ഈ പദ്ധതി പ്രകാരമുള്ള അരി യഥാസമയം റേഷൻ കടകളിലെത്തിക്കാത്തതെന്തുകൊണ്ടെന്ന് പറയുമോ?

ഉത്തരം

(എ) നൽകാറുണ്ട്.

(ബി) 280 ലക്ഷം രൂപ.

(സി) കേന്ദ്ര വിഹിതമായ 260 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 54 ലക്ഷം രൂപയും ചേർത്ത് ആകെ 334 ലക്ഷം രൂപ 2007-08 വർഷത്തെ അന്നപൂർണ്ണ പദ്ധതി പ്രകാരം അരി വിതരണത്തിനായി വേണ്ടി വരുന്നതാണ്.

(ഡി) ഇല്ല.

(ഇ) നടപ്പു സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനുള്ള തുക വകയിരുത്തിയിരുത്തുന്നുവെങ്കിലും അരിയുടെ അലോട്ട്മെന്റ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത് 2007 ജൂലൈ മാസത്തിലാണ്. ഇതുകാരണമാണ് അന്നപൂർണ്ണ പദ്ധതി പ്രകാരമുള്ള അരി യഥാസമയം റേഷൻ കടകളിലെത്താൻ താല്ക്കാലികമായ കാലതാമസം നേരിട്ടത്.

## നെല്ല് സംഭരണത്തിന് നടപടികൾ

106 [109] ശ്രീ. റോഷി അഗസ്റ്റിൻ:

„ ജോസഫ് എം. പുതുശ്ശേരി:

„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പാടശേഖരങ്ങളിലെ നെല്ല് സംഭരിക്കുവാൻ സപ്ലൈകോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ക്വിന്റലിന് എന്ത് വില നൽകിയാണ് കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്;

(സി) സംഭരണ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ സത്വര നടപടി സ്വീകരിച്ച്, സാമ്പത്തിക ക്ലേശമനുഭവിക്കുന്ന നെൽകർഷകരെ രക്ഷിക്കുവാൻ തയ്യാറാകുമോ;

(ഡി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിന്നും എത്ര ക്വിന്റൽ നെല്ല് ഇതിനകം സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2007-08 സീസണിലെ നെല്ല് സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ക്വിന്റലിന് 850 രൂപയ്ക്കാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്.

(സി) കർഷകർക്കുള്ള രജിസ്ട്രേഷൻ ഫോറം പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) 2006-07 സീസണിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിന്നും സംഭരിച്ച നെല്ലിന്റെ കണക്ക് താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| ആലപ്പുഴ | - | 918475.13 ക്വിന്റൽ |
| കോട്ടയം | - | 356363.48 ,, |
| പത്തനംതിട്ട | - | 12937.82 ,, |

സപ്ലൈകോ സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടി

107 [110] ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരിയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റും ന്യായവില മെഡിക്കൽ ഷോപ്പും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാരശ്ശേരിയിൽ നിന്നും ഒരു കിലോമീറ്റർ അകലത്തിൽ മുക്കം അങ്ങാടിയിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റും മെഡിക്കൽ സ്റ്റോറും പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിനാൽ ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 'ഇ' ടെൻഡറിംഗ് സമ്പ്രദായം

108 [111] ശ്രീ. ജോർജ് മേഴ്സിയർ:

,, എം. മുരളി:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുൻ സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വാങ്ങുന്നതിന് 'ഇ' ടെൻഡറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നോ;

(ബി) ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലോക്കൽ പർച്ചേസ് നടത്തുന്ന കാര്യത്തിൽ 'ഇ' ടെൻഡർ ഏർപ്പാട് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 'ഇ' ടെൻഡർ കൂടാതെ എത്ര തുകയ്ക്കുള്ള പർച്ചേസ് നടത്തിയിട്ടുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) പലവ്യഞ്ജനങ്ങൾ, പയറുവർഗ്ഗങ്ങൾ, പഞ്ചസാര മുതലായ നിത്യോപയോഗ സാധനങ്ങൾ ഹെഡ് ഓഫീസ് തലത്തിൽ വാങ്ങുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ചിലയിനങ്ങൾ 'ഇ' ടെൻഡർ മുഖേന വാങ്ങിയിരുന്നു.

(ബി) ലോക്കൽ പർച്ചേസിന് 'ഇ' ടെൻഡർ സമ്പ്രദായം ഒരിക്കലും നടപ്പിലാക്കിയിട്ടില്ല.

(സി) 2005-06 സാമ്പത്തിക വർഷത്തിൽ ഏകദേശം 36.43 കോടി രൂപയുടേയും 2006-07-ൽ 19.46 കോടി രൂപയുടേയും മാവേലി വിഭാഗത്തിലെ സാധനങ്ങൾ ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയിട്ടുണ്ട്. 2007-08-ൽ പനി ബാധിതർക്ക് സൗജന്യ കിറ്റ് നൽകുവാനുൾപ്പെടെ അത്യാവശ്യഘട്ടങ്ങൾ തരണം ചെയ്യുന്നതിനായി 2.02 കോടി രൂപയുടെ സാധനങ്ങളും വാങ്ങിയിട്ടുണ്ട്. മുൻ കാലങ്ങളിൽ ലോക്കൽ പർച്ചേസിന്റെ വിശദമായ കണക്കുകൾ സൂക്ഷിച്ചിരുന്നില്ല. എന്നാൽ 2007-08 മുതൽ ലോക്കൽ പർച്ചേസിന്റെ കണക്ക് സൂക്ഷിക്കാൻ നടപടികൾ സ്വീകരിച്ചു.

## സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിലെ വിറ്റുവരവ്

109 [112] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണ സമയത്തെ വിലനിലവാരം പിടിച്ചുനിർത്താൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ;

(ബി) ഓണ ദിവസങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക സ്ഥാപനങ്ങളിലെ മൊത്തം വിറ്റുവരവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവും കൂടുതൽ വിറ്റുവരവ് നടന്ന ജില്ല ഏതാണ്;

(ഡി) പൊതുവിപണിയിൽ ഏറ്റവും കൂടുതൽ വില വർദ്ധനവ് ഉണ്ടായ നിത്യോപയോഗസാധനം ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലവർഷക്കെടുതിയും ഉല്പാദനകേന്ദ്രങ്ങളിലെ വിളനാശവുംമൂലം നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം കുതിച്ചുയരുമെന്ന് മുന്നിൽ കണ്ട് ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യത ഉറപ്പുവരുത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 5 മെട്രോ പീപ്പിൾസ് ബസാറുകളും 11 ടൗൺ പീപ്പിൾസ് ബസാറുകളും അടക്കം 145 വില്പന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. ഈ വില്പന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു. കൂടാതെ പൊതു കമ്പോ ളത്തിലെ പച്ചക്കറിക്കടകൾ, ഹോട്ടലുകൾ, പലവ്യഞ്ജനക്കടകൾ എന്നിവയിൽ റെയ്ഡു കൾ നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എണ്ണായിരം മെട്രിക് ടൺ പഞ്ചസാരയും 21,000 മെട്രിക് ടൺ അരിയും പൊതുജന ങ്ങൾക്ക് ഓണക്കാലത്ത് കൂടുതലായി ലഭ്യമാക്കി.

(ബി) ആഗസ്റ്റ് മാസം 1 മുതൽ 26-ാം തീയതിവരെയുള്ള (ഉത്രാടം) കണക്കനു സരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊത്തം വിറ്റുവരവ് ഏകദേശം 129 കോടി രൂപയാണ്.

(സി) ഏറ്റവും കൂടുതൽ വിറ്റുവരവ് നടന്നത് എറണാകുളം ജില്ലയിലാണ്.

(ഡി) പൊതുവിപണിയിൽ ഏറ്റവും കൂടുതൽ വില വർദ്ധനവ് ഉണ്ടായ സാധനം ജീരകമാണ്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

110 [113] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട് ; അവ ഏതെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രത്തിൽ നിന്ന് എത്ര പദ്ധതികൾക്ക് എന്ത് തുക ലഭിച്ചു; ഓരോന്നിനും എത്ര വീതം;

(സി) ഇതിൽ എന്തുതുക ചെലവഴിച്ചു; ബാക്കി എന്ത് തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തി;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ എത്രയെണ്ണത്തിന്റെ ഫണ്ട് വികസനത്തിനായി ഒട്ടും ചെലവഴിക്കാതെ ലാപ്സാക്കി എന്നും വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നാല് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട്. അവ അന്നപൂർണ്ണ പദ്ധതി, ഉപഭോക്തൃ ബോധവത്കരണ പരിപാടികൾക്കായുള്ള പദ്ധതി, ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ പദ്ധതി, രാജ്യത്തുള്ള ഉപഭോക്തൃ കോടതികളെ നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കൺഫോ നെറ്റ് പദ്ധതി എന്നിവയാണ്. ഇവയ്ക്കു പുറമെ കേരള

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നെല്ല് സംഭരണ പദ്ധതിക്കും കേരളത്തിലെ ബി.പി.എൽ. കാർഡുടമകൾക്കായി നടപ്പിലാക്കിയിട്ടുള്ള ലെവി പഞ്ചസാര സംഭരണ വിതരണ പദ്ധതിക്കും കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-07, 2007-08 വർഷങ്ങളിൽ അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിവർഷം 280 ലക്ഷം രൂപ വീതം അനുവദിച്ച് കിട്ടിയിട്ടുണ്ട്. കൂടാതെ ഉപഭോക്തൃ ബോധവത്കരണ പരിപാടികൾക്കായി 17.50 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ പദ്ധതിക്ക് 2,65,50,000 രൂപയും ലഭിച്ചിട്ടുണ്ട്. കേരളത്തിൽ രൂപീകൃതമായ ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബിനായി 1.26 കോടി രൂപ ആദ്യ ഗഡുവും ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്ററിനായി 7 ലക്ഷം രൂപയും കേന്ദ്രത്തിൽ നിന്നും ഈ സാമ്പത്തിക വർഷം ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ നെല്ലുസംഭരണ പദ്ധതി പ്രകാരം സംഭരിച്ച നെല്ല് അരിയാക്കി പൊതു വിതരണ ശൃംഖലയിലൂടെ വിതരണം നടത്തിയ വകയിലുള്ള സബ്സിഡിയായി 2006 ജൂൺ മുതൽ 2007 ആഗസ്റ്റ് വരെ 83.77 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) അന്നപൂർണ്ണ പദ്ധതിക്ക് 2006-07 വർഷത്തിൽ അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചു. 2007-08 വർഷത്തിൽ അനുവദിച്ച തുക ചെലവഴിച്ചുവരുന്നു. ഭക്ഷ്യ ഗവേഷണ കൗൺസിലിന് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾക്കായി അനുവദിച്ച 17.50 ലക്ഷം രൂപയിൽ നിന്ന് 15,20,000 രൂപ ചെലവഴിച്ചു. ബാക്കി 2,30,000 രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്റഗ്രേറ്റഡ് പ്രോജക്ട് ഓൺ കൺസ്യൂമർ പ്രൊട്ടക്ഷൻ പദ്ധതിയിൽ അനുവദിച്ച 2,65,50,000 രൂപയിൽനിന്നും 26,45,965 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കുകയുണ്ടായി. ബാക്കി തുകയായ 2,39,04,035 രൂപ ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണത്തിനായി ലഭിച്ച കേന്ദ്ര സഹായം പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സഹായത്തിൽ നിന്ന് തുകയൊന്നും ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടില്ല.

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഒരു പദ്ധതിയുടെയും ഫണ്ട് ചെലവഴിക്കാതെ ലാപ്സാക്കിയിട്ടില്ല.

## പാലക്കാട് മണ്ഡലത്തിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ

111 [114] ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തോടനുബന്ധിച്ച് പാലക്കാട് നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എത്ര പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഓണത്തോടനുബന്ധിച്ചുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഔട്ട്ലെറ്റുകൾ വഴി എത്ര തുകയുടെ വിപണനം നടത്തിയിട്ടുണ്ട്;

(ഡി) പാലക്കാട് നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എത്ര സ്ഥിരം ഔട്ട്ലെറ്റുകൾ ഉണ്ട്;

(ഇ) ഇവിടെ സ്ഥിരം ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ ഔട്ട്ലെറ്റുകൾ ഒന്നും തന്നെ ഓണത്തോടനുബന്ധിച്ച് ആരംഭിച്ചിട്ടില്ല. എന്നാൽ 17-8-2007 മുതൽ 26-8-2007 വരെ ഫോർട്ട് മൈതാനിയിൽ ടൗൺ പീപ്പിൾസ് ബസാർ പ്രവർത്തിച്ചിരുന്നു. കൂടാതെ ഓണക്കാലത്ത് എല്ലാ മാവേലി സ്റ്റോറുകളും ഓണ ബസാറുകളായി പ്രവർത്തിച്ചു.

(ബി) ഓണക്കാലത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പച്ചക്കറികളും പലവ്യഞ്ജനങ്ങളും പൊതുമാർക്കറ്റിലേതിനേക്കാൾ വിലകുറച്ച് ലഭ്യമാക്കുന്നതിനായി ഓണച്ചന്തകൾ എല്ലാ നിയോജകമണ്ഡലങ്ങിലും പ്രവർത്തിച്ചിരുന്നു. കൂടാതെ ഈ സർക്കാരിന്റെ ശ്രമഫലമായി കേന്ദ്രസർക്കാരിൽ നിന്നും 8,000 മെട്രിക് ടൺ പഞ്ചസാരയും 21,000 മെട്രിക് ടൺ അരിയും സംസ്ഥാനത്തൊട്ടാകെ അധികമായി വിതരണം നടത്തുന്നതിന് ഓണക്കാലത്ത് ലഭ്യമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പീപ്പിൾസ് ബസാറുകൾ വഴിയും പൊതുവിതരണ ശാലകൾ വഴിയും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ഗണ്യമായി വില കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കി. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടഞ്ഞ് വിലകൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ലീഗൽ മെട്രോളജി, സെയിൽസ് ടാക്സ്, പോലീസ് എന്നീ വകുപ്പുകളുടെ ജില്ല/താലൂക്ക്തല സ്ക്വാഡുകൾ പൊതു കമ്പോളത്തിൽ പലവ്യഞ്ജനകടകൾ, പച്ചക്കറികടകൾ, ഹോട്ടലുകൾ എന്നിവ റെയിഡു നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു.

(സി) പീപ്പിൾസ് ബസാർ വഴി പാലക്കാട് നിയോജകമണ്ഡലത്തിൽ 12,09,301 രൂപയുടെ വിപണനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകദേശം 129 കോടി രൂപയുടെ വിപണനം നടത്തി.

(ഡി) പാലക്കാട് നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 6 സ്ഥിരം ഔട്ട്ലെറ്റുകൾ (3 മാവേലി സ്റ്റോർ, ഒരു സൂപ്പർ മാർക്കറ്റ്, ഒരു ലാഭം മാർക്കറ്റ്, ഒരു മാവേലി മെഡിക്കൽ സ്റ്റോർ) ഉണ്ട്.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി കെട്ടിടവും മറ്റ് സൗകര്യവും ലഭിക്കുന്ന മുറയ്ക്ക് പുതിയ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിൽ പോത്തിറച്ചി

സംസ്ക്കരണ ഫാക്ടറി

112 [115] ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) പരിയാരം പഞ്ചായത്തിൽ കാഞ്ഞിരപ്പള്ളിയിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പോത്തിറച്ചി സംസ്ക്കരണ ഫാക്ടറിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫാക്ടറിക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിൽ പോത്തിറച്ചി സംസ്ക്കരണ ഫാക്ടറി ഒരു സംയുക്ത സംരംഭമായി സ്ഥാപിക്കുന്നതിനായി അന്താരാഷ്ട്ര കമ്പനികളെ ഉൾപ്പെടുത്തി ദർഘാസ് പ്രക്രിയയിലൂടെ സംരംഭകരെ കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രദേശം ചുറ്റുമതിൽ കേടുപോക്കിയും ബോർഡ് സ്ഥാപിച്ചും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ചിങ്ങവനം ഡയമണ്ട് റോളർ ഫ്ളവർ മില്ലിൽ നിന്നും

പിടിച്ചെടുത്ത ഗോതമ്പ്

113 [116] ശ്രീ. വർക്കല കഹാർ:

,, ബാബു പ്രസാദ്:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് ചിങ്ങവനത്തിന് സമീപം പ്രവർത്തിക്കുന്ന ഡയമണ്ട് റോളർ ഫ്ളവർ മില്ലിന്റെ ഗോഡൗണിൽ നിന്നും 2007 ആഗസ്റ്റിൽ റേഷൻ ഗോതമ്പ് പിടിക്കുകയുണ്ടായോ; എങ്കിൽ എത്ര ടൺ ഗോതമ്പ് ഈ ഇനത്തിൽ പിടിച്ചെടുത്തു; ഇതിന്റെ മാർക്കറ്റ് വില എത്രയാണ്; ഇത് ഏത് വിഭാഗം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവാനുള്ളതായിരുന്നു;

(ബി) ഇത് എപ്രകാരം ആണ് ഈ ഫ്ളവർ മില്ലിന്റെ ഗോഡൗണിൽ എത്തിച്ചേർന്നത്; ഇതിനുള്ള ഉത്തരവാദികൾ ആരെല്ലാമാണ്;

(സി) ഈ സംഭവം സംബന്ധിച്ച് കേസെടുത്തിരുന്നോ; എങ്കിൽ ആരുടെയെല്ലാം പേരിൽ; ഈ സംഭവം സംബന്ധിച്ച് ആരെയെല്ലാം അറസ്റ്റ് ചെയ്തു; പിടിച്ചെടുത്ത ഗോതമ്പ് എന്ത് ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2007 ആഗസ്റ്റ് മാസം ഡയമണ്ട് റോളർ ഫ്ളവർ മില്ലിന്റെ ഗോഡൗണിൽ നിന്നും റേഷൻ ഗോതമ്പ് പിടിക്കുകയുണ്ടായി. 1851.58 ക്വിന്റൽ ഗോതമ്പ് പിടിച്ചെടുത്തു. കിലോഗ്രാമിന് 12 രൂപ വച്ച് മാർക്കറ്റ് വില കണക്കാക്കിയാൽ 22,21,896 രൂപ വിലവരും. പൊതുവിതരണ സംവിധാനത്തിലെ റേഷൻ കടകൾ വഴി എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവാനുള്ളതായിരുന്നു പ്രസ്തുത ഗോതമ്പ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. കൂടാതെ ചങ്ങനാശ്ശേരി താലൂക്ക് സപ്ലൈ ആഫീസറും ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഉത്തരവാദി ആരാണെന്ന് വ്യക്തമാവുകയുള്ളു.

(സി) ഇ. സി. ആക്റ്റ് പ്രകാരം മിൽ ഉടമയായ ശ്രീ. റ്റി. കെ. അമീർ അലി, കടവൻകോട്ടുകുളം, മേട്ടുപാളയം എന്നയാൾക്കെതിരെ ക്രൈം നമ്പർ 324/07, തീയതി 13-8-2007 പ്രകാരം ചിങ്ങവനം പോലീസ് സബ്ഇൻസ്പെക്ടർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണം നടന്നുവരുന്നു. ടി സംഭവം സംബന്ധിച്ച് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. പിടിച്ചെടുത്ത ഗോതമ്പ് ചങ്ങനാശ്ശേരി, കോട്ടയം താലൂക്കുകളിലെ ഹോൾസെയിൽ ഡീലർമാരെയും റീട്ടെയിൽ ഡീലർമാരെയും താൽക്കാലിക സൂക്ഷിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്. കോടതിയിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് റേഷൻ കടകൾവഴി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ റേഷനരി കരിഞ്ചന്ത തടയാൻ നടപടി

114 [117] ശ്രീ.പി.വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കോഴിക്കോട് ജില്ലയിൽ അനധികൃതമായി സൂക്ഷിച്ച ഗോതമ്പ്, റേഷനരി എന്നിവ എത്ര ടൺ കണ്ടെടുത്തു;

(ബി) ആരുടെയെല്ലാം പക്കൽ നിന്നാണ് ഇവ പിടിച്ചെടുത്തത്; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കോഴിക്കോട് ജില്ലയിൽ 98 ചാക്ക് അരിയും 554 ചാക്ക് ഗോതമ്പും പിടിച്ചെടുക്കുകയുണ്ടായി.

(ബി) വെള്ളിപ്പറമ്പിലെ 16/319, 320 എന്നീ നമ്പർ കെട്ടിടത്തിന്റെ പുറകിലായി കെ. എം. മുഹമ്മദ് എന്നയാളിൽ നിന്നുമാണ് അരി പിടിച്ചെടുക്കുകയുണ്ടായത്. കെ. ഗോവിന്ദൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള എസ്.കെ.ജി. എന്റർപ്രൈസസ്സ് എന്ന സ്ഥാപനത്തിൽ നിന്നും അരിയും ഗോതമ്പും കെ. എൽ. 09-ജെ-8693 ലോറിയിൽ നിന്നുമാണ് ഗോതമ്പ് പിടിച്ചെടുക്കുകയുണ്ടായത്.

ഇവർക്കെതിരെ ഇ. സി. ആക്റ്റ് പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കടക്കാർക്കുള്ള അരി കുടിശ്ശിക

115 [118] ശ്രീ. സി. പി. മുഹമ്മദ്:

,, കെ. ശിവദാസൻ നായർ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്നപൂർണ്ണ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഒരുമാസം വിതരണം ചെയ്യേണ്ട അരിയുടെ അളവെത്ര;

(ബി) ഈ പദ്ധതി പ്രകാരമുള്ള അരി കിട്ടാതെ വരുമ്പോൾ APL വിഭാഗത്തിലുള്ള അരി വിതരണം ചെയ്യാൻ റേഷൻ കടകൾക്ക് നിർദ്ദേശം നൽകാറുണ്ടോ;

(സി) അപ്രകാരം വിതരണം ചെയ്യുന്ന അരിക്കു പകരം റേഷൻ കടകൾക്ക് അരി നൽകാറുണ്ടോ;

(ഡി) ഇതുവരെ അന്നപൂർണ്ണ പദ്ധതിയനുസരിച്ച് റേഷൻ കടക്കാർ നൽകിയ APL അരിക്കുപകരം എത്ര ക്വിന്റൽ അരി റേഷൻ കടക്കാർക്ക് കൊടുക്കാനുണ്ട്?

ഉത്തരം

(എ) 450 മെട്രിക് ടൺ.

(ബി) നിർദ്ദേശം നൽകാറുണ്ട്.

(സി) ഉണ്ട്.

(ഡി) 31-7-2007 വരെ ആകെ 2194.01 മെട്രിക് ടൺ അരി മറ്റു പദ്ധതികളിൽ നിന്നും അന്നപൂർണ്ണ പദ്ധതി നടത്തിപ്പിനായി വിതരണം ചെയ്ത വകയിൽ തിരികെ നൽകാനുണ്ട്. ഇതിൽ 1800 മെട്രിക് ടൺ അരി അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 394.01 മെട്രിക് ടൺ അരി നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

ക്ഷീരവികസന മേഖലയിലെ പുതിയ പദ്ധതികൾ

116. [119] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ക്ഷീരവികസന മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്ക വിധത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോൽപാദനവും മിൽക്ക് ഷെഡ് വികസനവും.
2. തീറ്റപ്പുൽ കൃഷി വ്യാപനം.
3. സ്റ്റേറ്റ് ഡയറി ലബോറട്ടറി.
4. മാർക്കറ്റ് പാലിന്റെ ഊർജ്ജിതമായ പരിശോധന.
5. കൂടുതൽ ക്ഷീരസംഘങ്ങളുടെ രൂപീകരണം.
6. വനിതകൾക്കായി കന്നുകാലി പരിശീലന പരിപാടി.

(ബി) ക്ഷീരവികസന മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്കവിധത്തിൽ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

(1) ഹൈടെക് ഡയറി ഫാമുകൾ.

(2) ഫോഡർ ഉൽപ്പാദനം.

(3) ക്ഷീരോല്പന്ന നിർമ്മാണം.

(4) വനിതാ ക്ഷീരസംഘങ്ങളുടെ രൂപീകരണം.

(5) മിൽക്ക് ഷെഡ് വികസനം.

റേഷൻ കടകളിലേയ്ക്കുള്ള മൊത്തവിതരണ കേന്ദ്രങ്ങൾ

117. [120] ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിലേയ്ക്കുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിന് കേരളത്തിൽ എത്ര മൊത്തവിതരണ കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം സർക്കാർ അധീനതയിലുണ്ടെന്ന് വിശദമാക്കാമോ;

(സി) മുഴുവൻ മൊത്തവിതരണ കേന്ദ്രങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിൽ കൊണ്ടുവരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റേഷൻ കടകളിലേയ്ക്കുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിന് സംസ്ഥാനത്ത് മൊത്തം 336 മൊത്തവിതരണ കേന്ദ്രങ്ങളാണുള്ളത്.

(ബി) ഇതിൽ 9 മൊത്തവിതരണ കേന്ദ്രങ്ങൾ സർക്കാർ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിലുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ മുഴുവൻ മൊത്തവിതരണ കേന്ദ്രങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

പുതിയ റേഷൻ കാർഡുകൾ

118 [121] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കി നല്കുന്നതിനുള്ള നടപടി ഏതുഘട്ടം വരെ ആയി;

(ബി) ഇതിനായുള്ള ഫോട്ടോ എടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) റേഷൻ കാർഡുകൾ പുതുക്കി നല്കുന്നതിനുവേണ്ടി എ.പി.എൽ./ബി.പി.എൽ. സർവ്വേ തദ്ദേശസ്വയംഭരണ വകുപ്പ് നടത്തി വരികയാണ്. ഗൃഹനാഥന്റെ ഫോട്ടോ എടുക്കൽ പ്രക്രിയയും നടന്നുകൊണ്ടിരിക്കുകയാണ്.

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റേഷൻ ഡിപ്പോകൾ

119 [122] ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, ചുതക്കുളം, ചിറക്കര, നെടുമ്പന, കല്ലുവാതുക്കൽ, ആദിച്ചനെല്ലൂർ എന്നീ പഞ്ചായത്തുകളിലും, പരവൂർ നഗരസഭയിലും എത്ര റേഷൻ ഡിപ്പോകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻകടകളുടെ നമ്പരും ഗുണഭോക്താക്കളുടെ എണ്ണവും എത്രയാണ്;

(സി) നിശ്ചിത എണ്ണത്തിൽ കൂടുതലുള്ള റേഷൻ കടകളിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമീകരിച്ച് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റേഷൻ ഡിപ്പോകളെ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

| പഞ്ചായത്ത് | എ. ആർ. ഡി. കളുടെ എണ്ണം | കാർഡുടമകളുടെ എണ്ണം |
|---|---|---|
| ചാത്തന്നൂർ | 12 | 6743 |
| ചൂതക്കുളം | 12 | 6573 |
| ചിറക്കര | 8 | 4420 |
| നെടുംപന | 17 | 9641 |
| കല്ലുവാതുക്കൽ | 19 | 10823 |
| ആദിച്ചനല്ലൂർ | 16 | 8248 |
| പരവൂർ (നഗരസഭ) | 16 | 8571 |
| ആകെ | 100 | 55019 |

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നിശ്ചിത എണ്ണത്തിൽ കൂടുതലുള്ള ഗുണഭോക്താക്കളുടെ എണ്ണം ക്രമീകരിച്ചും നിലവിലുള്ള മറ്റുറേഷൻകടകളുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കാത്ത രീതിയിലും പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിൽ വിതരണം ചെയ്ത സൗജന്യ റേഷൻ

120 [123] ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതി മൂലം ദുരിതം അനുഭവിച്ചവരിൽ എത്ര കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തു;

(ബി) എത്ര കിലോ വീതം നൽകി; ആകെ എത്ര ടൺ ചിലവിച്ചു;

(സി) പഞ്ചായത്ത്/മുൻസിപ്പൽ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(ഡി) ഇങ്ങനെ സൗജന്യ റേഷൻ കൊടുത്തതുമൂലം റേഷൻ ഡീലേഴ്സിന് എത്ര രൂപ കൊടുത്തു; കുടിശ്ശിക ഉണ്ടെങ്കിൽ എത്ര എന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 19,458 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഡൊന്നിന് ആഴ്ചയിൽ 5 കിലോഗ്രാം വീതം നാലാഴ്ചത്തേയ്ക്ക് വിതരണം ചെയ്തു. ആകെ 389.16 ടൺ വിതരണം ചെയ്തു.

(സി) പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നമ്പർ | മുനിസിപ്പാലിറ്റി/ പഞ്ചായത്ത് | കുടുംബം | വിഹിതം (മെ.ടൺ) |
|---|---|---|---|
| 1 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 4305 | 86.10 |
| 2 | ചെങ്ങോട്ട്കാവ് പഞ്ചായത്ത് | 3581 | 71.62 |
| 3 | തുറവൂർ പഞ്ചായത്ത് | 1844 | 36.88 |
| 4 | പയ്യോളി പഞ്ചായത്ത് | 5036 | 100.72 |
| 5 | മൂടാടി പഞ്ചായത്ത് | 912 | 18.21 |
| 6 | ചേമഞ്ചേരി പഞ്ചായത്ത് | 819 | 16.38 |
| 7 | തിക്കോടി പഞ്ചായത്ത് | 2961 | 59.22 |
| | ആകെ | 19,458 | 389,16 |

(ഡി) ഈയിനത്തിൽ റേഷൻ വ്യാപാരികൾക്ക് 3,11,796 രൂപ കൊടുത്തിട്ടുണ്ട്. ഇനി 23,48,030 രൂപ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്.

## പകർച്ചപ്പനി ബാധിതർക്ക് ധാന്യകിറ്റ്

121 [124] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നു പിടിച്ച പകർച്ചപ്പനി മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ധാന്യക്കിറ്റ് വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ധാന്യക്കിറ്റ് വിതരണത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; അതനുസരിച്ച് എത്ര പേർ അർഹരാണ്; അവരിൽ എത്ര പേർക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഇനിയും ധാന്യക്കിറ്റ് ലഭിക്കാത്തവർക്ക് എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിനായി ആകെ എത്ര തുക ഇതിനകം ചെലവഴിച്ചു;

(എഫ്) ഒരു ധാന്യക്കിറ്റിൽ എന്തൊക്കെ സാധനങ്ങൾ, ഏതൊക്കെയളവിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പകർച്ചപ്പനി ബാധിതർക്ക് 3,13,213 കിറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. കിറ്റിന് അർഹരായവരുടെ ലിസ്റ്റ് വീണ്ടും ലഭിച്ചിട്ടുള്ളതിനാൽ കിറ്റുകളുടെ വിതരണം 31-08-2007-ൽ പുനഃരാരംഭിച്ചിട്ടുണ്ട്.

(ബി) പകർച്ചപ്പനി ബാധിച്ചിട്ടുള്ള തോട്ടം തൊഴിലാളി കുടുംബങ്ങൾ, ലക്ഷം വീട് കോളനികളിലെ കുടുംബങ്ങൾ, എസ്.സി./എസ്.ടി. കോളനികളിലെ കുടുംബങ്ങൾ, പഞ്ചായത്തിലെ ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾ എന്നീ വിഭാഗങ്ങളിൽ നിന്നും അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ, വില്ലേജ് ആഫീസർ എന്നിവർ ചേർന്ന് തയ്യാറാക്കിയ ലിസ്റ്റിൽപ്പെട്ടവർക്കാണ് ധാന്യകിറ്റ് വിതരണം ചെയ്തത്.

(സി) മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ച് 521676 പേരുടെ ലിസ്റ്റ് കിട്ടുകയും അതിൽ 313213 എണ്ണം വിതരണം നടത്തുകയും ചെയ്തു. ജില്ല തിരിച്ചു വിതരണം ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു:

| | |
|---|---|
| കോട്ടയം | 97928 |
| പത്തനംതിട്ട | 65244 |
| ഇടുക്കി | 27991 |
| കൊല്ലം | 69120 |
| എറണാകുളം | 52721 |
| ആലപ്പുഴ | 209 |
| ആകെ | 313213 |

(ഡി) കിറ്റു വിതരണം 31-8-2007 മുതൽ പുനഃരാരംഭിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഇ) കിറ്റു വിതരണത്തിനായി ഏകദേശം 5.5 കോടി രൂപ ചെലവഴിച്ചു;

(എഫ്) ഓരോ ധാന്യക്കിറ്റിലും അരി - 7 കിലോഗ്രാം, ചെറുപയർ - 1 കിലോ ഗ്രാം, പഞ്ചസാര - 500 ഗ്രാം, തേയില - 250 ഗ്രാം, മുളക് 100 ഗ്രാം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## പകർച്ചപ്പനി ബാധിതർക്കുള്ള സൗജന്യറേഷൻ

122 [125] ശ്രീ. കെ. സി. ജോസഫ് :

,, കെ. സി. വേണുഗോപാൽ:

,, വി. ഡി. സതീശൻ:

,, കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച മേഖലയിൽ 2007 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ എത്ര പേർക്ക് സൗജന്യമായി റേഷൻ നൽകിയെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) സൗജന്യ റേഷൻ എത്ര ആഴ്ച നൽകിയെന്നും ഏത് അളവിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ പകർച്ചപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ച 352426 കുടുംബങ്ങൾക്ക് 2007 ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ സൗജന്യ റേഷൻ നൽകി. ഇതിലേക്കായി 2,03,05,268 രൂപ 95 പൈസ ചെലവായിട്ടുണ്ട്.

(ബി) ചിക്കുൻഗുനിയ ബാധിതർക്ക് ഒരു മാസവും, പകർച്ചപ്പനി ബാധിതർക്ക് രണ്ടാഴ്ചയുമാണ് സൗജന്യം റേഷൻ നൽകിയത്. സർക്കാർ പദ്ധതിയനുസരിച്ച് കാർഡിനർഹതപ്പെട്ട തോതിലാണ് സൗജന്യ റേഷൻ നല്കിയത്. എന്നാൽ എല്ലാ പദ്ധതിയിൽപ്പെട്ടവർക്കും ഒരുപോലെ സൗജന്യ റേഷൻ ലഭിക്കുന്നതിനുവേണ്ടി ആഴ്ചയിൽ 5 കിലോഗ്രാം സൗജന്യ റേഷൻ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

## മാവേലി മെഡിക്കൽ സ്റ്റോറുകൾ

123 [126] ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള മാവേലി മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മാവേലി മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; പുതുതായി മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശവും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) വയനാട് ജില്ലയിൽ ഓരോ താലൂക്കിലും ഒരു മാവേലി മെഡിക്കൽ സ്റ്റോർ വീതം നടപ്പു സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പൊതു വിപണിയിലേയും മാവേലി മെഡിക്കൽ സ്റ്റോറുകളിലേയും വില വ്യത്യാസം വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 5 |
| 4 | കോട്ടയം | 4 |
| 5 | ഇടുക്കി | 2 |
| 6 | ആലപ്പുഴ | 9 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | - |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 0 |
| | | 60 |

(ബി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| ആലപ്പുഴ | 2 |
| കോഴിക്കോട് | 2 |

എല്ലാ താലൂക്കിലും മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 5 പുതിയ മെഡിക്കൽ സ്റ്റോറുകൾ വീതം തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നല്ല രീതിയിൽ വിൽപ്പന ലഭിക്കുമെന്ന ഉറപ്പുള്ള സ്ഥലങ്ങളിൽ (ആശുപത്രികൾ, പൊതുവിൽപ്പന കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റുകൾ എന്നിവയ്ക്ക് സമീപം) സപ്ലൈകോ അംഗീകരിച്ച വാടക നിരക്കിൽ (പഞ്ചായത്ത്-5, മുനിസിപ്പാലിറ്റി-7, കോർപ്പറേഷൻ-12) കുറഞ്ഞത് 150 ചതിരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ളതും സമീപത്ത് നീതി/ന്യായവില മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ജീവനക്കാരുടെ ലഭ്യത അനുസരിച്ച് മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) വയനാട് ജില്ലയിലെ എല്ലാ താലൂക്കുകളിലും 5 വീതം മെഡിക്കൽ സ്റ്റോറുകൾ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് തുടങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) പൊതു വിപണിയേക്കാൾ 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിൽ മാവേലി മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമാണ്.

## മാവേലി സ്റ്റോറുകൾ

124 [127] ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ഉണ്ടോ;

(ബി) ആവശ്യമായ കേന്ദ്രങ്ങളിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

## ഉത്തരം

(എ) വടകര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ മാവേലി സ്റ്റോർ/ലാഭം മാർക്കറ്റ്/സപ്ലൈകോ സൂപ്പർ മാർക്കറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള നിബന്ധനകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സപ്ലൈകോ വിപണന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിനു വേണ്ടി ഗുണനിലവാരമുള്ള സാധനങ്ങളാണ് സപ്ലൈയർമാരിൽ നിന്നും സ്വീകരിക്കുന്നത്. കൂടാതെ സാധനങ്ങൾ വാങ്ങിക്കുന്നതിനുള്ള ദർഘാസുകളിൽ ഗുണനിലവാരം പ്രത്യേകം നിഷ്ക്കർഷിക്കുന്നുണ്ട്. ഇതുകൂടാതെ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രണ്ട് ജൂനിയർ മാനേജർമാർ ജോലി ചെയ്തുവരുന്നുണ്ട്. ഇതിനു പുറമെ Quality Assurance Comittee യും വിപണന കേന്ദ്രങ്ങളിലെ സാധനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി Retailer Watch Comittee യും പ്രവർത്തിച്ചു വരുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

125 [128] ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ പുതുതായി മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ മലാപ്പറമ്പ്, പുതിയങ്ങാടി, കുതിരവട്ടം, പുതിയപാലം, ഈസ്റ്റ് ഹിൽ, എരഞ്ഞിപ്പാലം, വരയ്ക്കൽ, കാരപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ പുതിയങ്ങാടിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതിയങ്ങാടിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോട്ടപ്പള്ളിയിൽ മാവേലി സ്റ്റോർ

126 [129] ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേപ്പയൂർ നിയോജകമണ്ഡലത്തിലെ കോട്ടപ്പള്ളിയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

മേപ്പയൂർ നിയോജകമണ്ഡലത്തിലെ കോട്ടപ്പള്ളി പ്രദേശം ഉൾപ്പെടുന്ന തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽത്തന്നെ തോടന്നൂരിൽ ഒരു മാവേലി സ്റ്റോറും നാല് കിലോ മീറ്റർ അകലെയായി ആയാഞ്ചേരിയിൽ സപ്ലൈകോയുടെ ഒരു സൂപ്പർ മാർക്കറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ സപ്ലൈകോയുടെ നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് കോട്ടപ്പള്ളിയിൽ ഒരു പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## പുതുതായി അനുവദിച്ച മാവേലി സ്റ്റോറുകൾ

127 [130] ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറുകൾ തുടങ്ങി എന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ കോട്ടയം ജില്ലയ്ക്ക് എത്രയെണ്ണം ലഭിച്ചു എന്നു വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചു.

(ബി) കോട്ടയം ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

## ഗ്യാസ് സിലിണ്ടറുകളുടെ കരിഞ്ചന്ത തടയാൻ നടപടി

128 [131] ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ആവശ്യത്തിന് അനുവദിച്ചിട്ടുള്ള ഗ്യാസ് സിലിണ്ടറുകൾ കരിഞ്ചന്തയിൽ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഗ്യാസ് സിലിണ്ടറുകൾ കരിഞ്ചന്തയിൽ പോകുന്നത് തടയുന്നതിനായി കൂടുതൽ കർശനമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ആഗസ്റ്റ് മാസത്തിൽ മാത്രം 1149 റെയ്ഡുകളിലായി 242 കേസ്സുകൾ കണ്ടെത്തുകയും 549 സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുറ്റക്കാർക്കെതിരെ അവശ്യവസ്തു നിയമം (1955 ലെ ഈ സി ആക്ട്) 2000-ലെ എൽ. പി. ജി. (റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ആക്ട് എന്നിവ പ്രകാരം ജില്ലാ കളക്ടർമാർ കേസ് എടുത്ത് യുക്തമായ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റക്കാർക്കെതിരെ ജില്ലാ കളക്ടർമാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പാചക വാതകത്തിന്റെ ദുരുപയോഗം തടയുന്നതിന് ഹോട്ടലുകൾ, വാഹനങ്ങൾ എന്നിവ പരിശോധിച്ചുവരുന്നു. കുറ്റക്കാർക്കെതിരെ ജില്ലാ കളക്ടർമാർ 1955 ലെ ഇൗ സി ആക്ട് പ്രകാരം കേസ്സെടുത്ത് സിലിണ്ടറുകൾ കണ്ടുകെട്ടുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ഡീലർമാർക്കെതിരെ ഗുരുതരമായ ക്രമക്കേടുകൾ കണ്ടവയിൽ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട കമ്പനികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഗ്യാസ് ഏജൻസികൾ

129 [132] ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന വർമ്മാ ഗ്യാസ് ഏജൻസിയിൽ എത്ര ഗാർഹിക ഉപഭോക്താക്കളാണ് നിലവിലുള്ളത്; മറ്റ് ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്;

(ബി) ഉപഭോക്താക്കളുടെ വർദ്ധന നിമിത്തം ഗ്യാസ് സിലിണ്ടറുകൾ യഥാസമയം ലഭ്യമാകുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂതക്കുളം കേന്ദ്രീകരിച്ച് സപ്ലൈകോയുടെ നേതൃത്വത്തിൽ ഗ്യാസ് വിതരണം നടത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ ഗ്യാസ് വിതരണശാല തുടങ്ങുവാൻ സർക്കാർ സന്നദ്ധമാണോ?

### ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന വർമ്മാ ഗ്യാസ് ഏജൻസിയിൽ 14256 ഗാർഹിക ഉപഭോക്താക്കളാണ് നിലവിലുള്ളത്; വാണിജ്യ ഉപഭോക്താക്കളുടെ എണ്ണം 110 ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ച് വരികയാണ്.

## ഗ്യാസ് സിലിണ്ടർ മറിച്ചു വിൽക്കുന്നതിനെതിരെ നടപടി

130 [133] ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഓണക്കാലത്ത് വിവിധ ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കൾക്ക് ഗ്യാസ് നൽകാതെ മറിച്ചു വിൽക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തുടനീളം എത്ര ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ ഗ്യാസ് ഏജൻസിയുടെയും കീഴിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്; എത്ര ഗ്യാസ് സിലിണ്ടറുകൾ ഉണ്ട്; വിശദാംശം നൽകാമോ;

(സി) ഓരോ ഏജൻസികൾക്കും മിനിമം എത്ര കണക്ഷനുകളാണ് ഇപ്പോൾ നൽകിയിരുന്നത്;

(ഡി) വിവിധ ഏജൻസികൾക്ക് പരിധിയിൽ കൂടുതൽ കണക്ഷൻ നൽകുന്നതുമൂലം സിലിണ്ടർ മറിച്ചുവിൽക്കുന്നത് വ്യാപകമായിരിക്കുന്നതിനാൽ ഓരോ ഏജൻസികൾക്കും നിശ്ചയിക്കുന്ന മിനിമം ഗ്യാസ് കണക്ഷൻ മാത്രം നൽകി കൂടുതൽ ഏജൻസികൾ അനുവദിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഇ) അതിർത്തി പ്രദേശങ്ങളിലെ ഗ്യാസ് ഏജൻസികൾ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ ഗ്യാസ് സിലിണ്ടറുകൾ മറിച്ചു വിൽക്കുന്നതു തടയുവാൻ ആ പ്രദേശങ്ങളിൽ പരിശോധന സ്ക്വാഡുകളെനിയോഗിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗ്യാസ് വിതരണം സുതാര്യമാക്കാനും കാര്യക്ഷമമാക്കാനും ഒന്നിലധികം തവണ എണ്ണക്കമ്പനി പ്രതിനിധികളടക്കം ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടി. കൂടാതെ വിതരണ കേന്ദ്രത്തിൽ വകുപ്പു മന്ത്രി നേരിട്ട് പരിശോധന നടത്തി. ഓണക്കാലത്ത് വിവിധ ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടറുകൾ നൽകാതെ മറിച്ചു വിൽക്കുന്നത് തടയാൻ സാധ്യമായ മുഴുവൻ നടപടിയും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിൽ വിവിധ ദിവസങ്ങളിലായി ഹോട്ടലുകളിലും മറ്റ് സ്ഥാപനങ്ങളിലും റെയ്ഡ് നടത്തുകയും പാചകവാതകം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയവർക്കെതിരെ കേസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസം ഇത്തരത്തിൽ 1149 റെയ്ഡുകളിലായി 242 കേസ്സുകളെടുക്കുകയും ചെയ്തു. ഗ്യാസ് ഏജൻസികളും ഗ്യാസ് ഏജൻസികളിൽ നിന്ന് സിലിണ്ടർ കയറ്റി വിതരണം നടത്തുന്ന വാഹനങ്ങളും പരിശോധിച്ചിട്ടുണ്ട്. ബില്ലുകൾ പ്രകാരമുള്ള സിലിണ്ടറുകളാണോ കൊണ്ടുപോകുന്നത് എന്ന കാര്യവും പരിശോധന നടത്തിയിരുന്നു.

(ബി) സംസ്ഥാനത്ത് 356 ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗ്യാസ് ഏജൻസികളുടെയും അവയിൽ നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണവും ലഭ്യമായ സിലിണ്ടറുകളുടെ എണ്ണവും അനുബന്ധമായി† ചേർത്തിരിക്കുന്നു.

(സി) ഗ്യാസ് ഏജൻസികൾക്ക് മിനിമം കണക്ഷനുകൾ നിശ്ചയിച്ചിട്ടില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓയിൽ കമ്പനികളുടെ പ്രതിനിധികളുമായി ചർച്ച ചെയ്തു സർക്കാർ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ഇ) വകുപ്പ് ഉദ്യോഗസ്ഥർ, എണ്ണക്കമ്പനി ഉദ്യോഗസ്ഥർ എന്നിവർ അടങ്ങിയ സ്ക്വാഡ്, അളവ് തൂക്കം/റവന്യൂ/ഫുഡ് ഇൻസ്പെക്ടർ/പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സ്പെഷ്യൽ സ്ക്വാഡ് എന്നീതലത്തിലാണ് ജില്ലയിൽ വ്യാപകമായ തോതിൽ പരിശോധനകൾ നടത്തിവരുന്നത്. എണ്ണക്കമ്പനി ഉദ്യോഗസ്ഥർ അടങ്ങിയ സ്ക്വാഡ് മുഖാന്തിരം അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ കർശനമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ പാചകവാതക ക്ഷാമം

131 [134] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പാചകവാതക ഏജൻസികൾ പാചകവാതകം കരിഞ്ചന്തയിൽ വിൽക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര കേസ്സുകൾ കണ്ടെത്തിയെന്നും എത്ര കേസ്സുകൾ എടുത്തു എന്നും വ്യക്തമാക്കാമോ;

(സി) കളക്ടർ ട്രിച്ച്യൂർ ഗ്യാസ് ഏജൻസി സീൽ ചെയ്തതിനെത്തുടർന്ന് ഇവിടുത്തെ ഉപഭോക്താക്കൾക്ക് നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഏജൻസിക്ക് കീഴിലുള്ള കണക്ഷൻ ഉടമകൾക്ക് ഗ്യാസ് ലഭിക്കാൻ എന്ത് പകരം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) 2006 ജനുവരി മുതൽ 2007 ജൂലൈ വരെ 125 കേസ്സുകൾ കണ്ടെത്തുകയും ഇവയിൽ മൂന്ന് കേസ്സുകളിന്മേൽ ക്രിമിനൽ നടപടി സ്വീകരിക്കാൻ പോലീസിനെ ഏൽപ്പിക്കുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) ഗ്യാസ് ഏജൻസി സീൽ ചെയ്തതിനെ തുടർന്ന് ഇവിടുത്തെ ഉപഭോക്താക്കൾക്ക് ഗുരുദേവ ഗ്യാസ് ഏജൻസീസ്, പട്ടിക്കാട്, വിഷ്ണു ഗ്യാസ് ഏജൻസീസ്, പുതുക്കാട്, ബെസ്റ്റ് ഗ്യാസ് ഏജൻസീസ്, മതിലകം എന്നീ ഏജൻസികളിൽ നിന്നും ഓണത്തിന് മുമ്പുള്ള മൂന്ന് ദിവസങ്ങളിലായി മൊബൈൽ വാഹനം വഴി പാചക വാതകം വിതരണം ചെയ്തു. താൽക്കാലികമായി വിതരണച്ചുമതല ഏൽപ്പിച്ച ഗ്യാസ് വേൾഡ്, ചേലക്കര, കുമാർ ഗ്യാസ് ഏജൻസീസ്, തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നും പാചക വാതക സിലിണ്ടറുകൾ നേരിട്ട് വിതരണം ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മണലൂർ നിയോജക മണ്ഡലത്തിൽ ഗ്യാസ് ഏജൻസി

132 [135] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിനകത്ത് ഒരൊറ്റ ഗ്യാസ് ഏജൻസി മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എട്ട് പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ ഒരു ഗ്യാസ് ഏജൻസി കൂടി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ അനുവദിക്കുന്നതിൽ വളരെ ഏറെ കാലതാമസം വരുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ഓയിൽ കമ്പനികളുടെ ശ്രദ്ധയിൽപ്പെടുത്താം.

(സി) ഓയിൽ കമ്പനി പ്രതിനിധികളുമായുള്ള ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കുകയും പരിഹാര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ആശ്രിതനിയമനം വൈകിക്കുന്നവർക്കെതിരെ നടപടി

133 [136] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്ക് സപ്ലൈ ആഫീസിലെ യു.ഡി. ക്ലാർക്കായിരുന്ന എസ്. കെ. ലീനയുടെ അനന്തരാവകാശിയ്ക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് 2007 ജനുവരിയിൽ ഡയറക്ടർക്ക് നൽകിയിരുന്ന അപേക്ഷയിൽ 8 മാസമായിട്ടും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലാകളക്ടർ ഈ ഫയൽ സംബന്ധിച്ച് റിപ്പോർട്ട് നൽകിയെങ്കിൽ അത് എന്നാണ് നൽകിയത്;

(സി) ഈ ഫയലിൽ 8 മാസമായി നടപടികൾ മുടങ്ങിക്കിടന്നതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ-സി) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്ക് സപ്ലൈ ഓഫീസിലെ യു. ഡി. ക്ലാർക്കായിരുന്ന എസ്. കെ. ലീനയുടെ അനന്തരാവകാശി എസ്. രാഹുലിന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ 30-1-2007-ൽ കൊല്ലം ജില്ലാ കളക്ടർക്ക് അന്വേഷണ റിപ്പോർട്ടിനായി അയച്ചുകൊടുത്തിരുന്നു. ആയതിന്മേലുള്ള റിപ്പോർട്ട് 31-7-2007-ൽ ലഭിച്ചുവെങ്കിലും പ്രസ്തുത റിപ്പോർട്ടിൽ ജില്ലാകളക്ടറുടെ ഒപ്പു രേഖപ്പെടുത്താത്തതിനാലും അപ്പെൻഡിക്സ് 2-ൽ സീൽ പതിച്ചിട്ടില്ലാത്തതിനാലും തിരിച്ചയയ്ക്കുകയുണ്ടായി. ഈ ന്യൂനതകൾ പരിഹരിച്ച റിപ്പോർട്ട് 31-8-2007-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്യായമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ചു യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തെ കൺസ്യൂമർ കോടതികളുടെ പ്രവർത്തനം

134 [137] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൺസ്യൂമർ കോടതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോടതികൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് ;

(സി) കാസർഗോഡ് പ്രവർത്തിക്കുന്ന കൺസ്യൂമർ കോടതി 2006 മുതൽ പൂട്ടിയിട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്നറിയിക്കാമോ;

(ഡി) പ്രസ്തുത കോടതി തുറന്നു പ്രവർത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ ?

### ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ചില ജില്ലാ കൺസ്യൂമർ കോടതികളിൽ പ്രസിഡന്റ്/മെമ്പർമാരുടെ കുറവുമൂലം പ്രവർത്തനം കാര്യക്ഷമമല്ല. പ്രസിഡന്റ്മാരുടേയും/മെമ്പർമാരുടേയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് ജില്ലാ ഫോറം 12-2-2007-വരെ പ്രവർത്തനക്ഷമമായിരുന്നു. എന്നാൽ 13-2-2007 മുതൽ ഒരു മെമ്പർ മാത്രമുള്ളതിനാൽ പൂർണ്ണമായ തോതിൽ ഈ ഫോറം പ്രവർത്തിക്കുന്നില്ല. എന്നാൽ ഫോറം ഓഫീസ് പൂട്ടിയിടുന്ന അവസ്ഥ ഉണ്ടായിട്ടില്ല. പരാതികൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും സ്വീകരിക്കുന്നുണ്ട്.

(ഡി) കാസർഗോഡ് ജില്ലാ ഫോറത്തിൽ ഒരു പ്രസിഡന്റിന്റേയും ഒരു മെമ്പറുടേയും ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## കേരളത്തിലെ പാലുൽപ്പാദനവും ഉപഭോഗവും

135 [138] ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാലുൽപ്പാദനം പ്രതിവർഷം എത്ര ലിറ്ററാണ്;

(ബി) കഴിഞ്ഞ ഒരു വർഷം കൊണ്ട് പാലുൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞോ; കഴിഞ്ഞെങ്കിൽ എത്ര ലിറ്റർ പാൽ കൂടുതലായി ഉൽപ്പാദിപ്പിച്ചു;

(സി) കേരളത്തിലെ പാൽ ഉപഭോഗം എത്ര ലിറ്ററാണ്; പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(ഡി) ശീതള പാനീയത്തിന്റെ രൂപത്തിൽ മിതമായ വിലയിൽ പാൽ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2006-07-ൽ കേരളത്തിലെ മൊത്തം പാലുൽപാദനം 20407 ലക്ഷം ലിറ്റർ ആണെന്നു കണക്കാക്കപ്പെടുന്നു.

(ബി) കഴിഞ്ഞ ഒരു വർഷം പാലുൽപാദനത്തിൽ 378 ലക്ഷം ലിറ്റർ വർദ്ധനവുണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) കേരളത്തിലെ പാൽ ഉപഭോഗം പ്രതിദിനം 80 ലക്ഷം ലിറ്ററാണ്. ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പശുഗ്രാമം മിൽക്ക്ഷെഡ് വികസനം വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി, ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കുക ഊർജ്ജിത കന്നുകാലി വികസനം പ്രത്യേക കന്നുകുട്ടി പരിപാലനം മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടയും, രോഗനിയന്ത്രണം വഴി കന്നുകാലി സമ്പത്തിന്റെ ആരോഗ്യ നില ഉറപ്പുവരുത്തുന്ന ഗോരക്ഷ പദ്ധതി ശാസ്ത്രീയ കന്നുകാലി പ്രജന നയം, പ്രീമിയം വിത്തുകാള, ഗോരേഖ, ക്ഷീരധാര, വിദർഭാ പദ്ധതി, ഗുണമേന്മകൂടിയ വിത്തുകാളകളുടെ ഇറക്കുമതി വന്ധ്യതയുള്ള പശുക്കളേയും, കിടാരികളേയും പരിശോധിച്ചു ചികിൽസ നൽകി വരുന്ന വന്ധ്യത നിവാരണ ക്യാമ്പുകൾ തുടങ്ങിയ വിവിധ പദ്ധതികൾ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പുകളും കെ.എൽ.ഡി. ബോർഡും സംയുക്തമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

(ഡി) മിൽമ പ്ലസ് എന്ന പേരിൽ 5 വ്യത്യസ്ത രുചികളിലുള്ള ശീതളപാനീയവും, മാംഗോഡ്രിങ്കും മിൽമ ഇപ്പോൾ തന്നെ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ മിൽമ സംഭാരവും കേരളത്തിലെ എല്ലാ ഭാഗങ്ങളിലും യഥേഷ്ടം ലഭിക്കുന്നുണ്ട്.

## കാസർകോട് ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡയറിയും കാലിത്തീറ്റ ഫാക്ടറിയും

136 [139] ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ മിൽമയുടെ നേതൃത്വത്തിൽ ആരംഭിക്കാൻ തീരുമാനിച്ച ഡയറിയുടെയും, കാലിത്തീറ്റ ഫാക്ടറിയുടെയും പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) കാസർകോട് ജില്ലയിലെ തിമിരി വില്ലേജിൽ ഡയറിയും, കാലിത്തീറ്റ ഫാക്ടറിയും തുടങ്ങുന്നതിനായുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

137 [140] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കുവാനാണ് ആലോചന നടക്കുന്നത്;

(സി) കൊല്ലം ജില്ലയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും താലൂക്കിൽ പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അനുകൂല തീരുമാനം എടുക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി 2005-ൽ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി 2006 ഏപ്രിലിൽ ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് മൃഗ സംരക്ഷണ വകുപ്പ് സെക്രട്ടറിയെ സർക്കാർ സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 12-2-2007-ൽ അദ്ദേഹം ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ "വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപനം സംബന്ധിച്ച കരട് ബിൽ" നിയമ, ധനകാര്യ വകുപ്പുകളുടെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിൽ പൂക്കോട് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സാധ്യത ഇല്ല.

## കായംകുളം മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം

138 [141] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട സുനാമി ബാധിത പ്രദേശങ്ങളിൽ മൃഗ സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തികളാണ് സുനാമി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് എസ്. എൽ. ഇ. സി. യുടെ അംഗീകാരവും ഭരണാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) എസ്. എൽ. ഇ. സി. യുടെ അംഗീകാരവും ഭരണാനുമതിയും ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കായംകുളം നിയോജക മണ്ഡലം ഉൾപ്പെട്ട സുനാമി ബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി ആന്റ് സി) ഉണ്ട്. അതനുസരിച്ച് പദ്ധതി നടത്തിപ്പിന് ഭരണാനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണലൂർ വെറ്ററിനറി ആശുപത്രി

139 [142] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ പഞ്ചായത്തിലെ മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി;

(സി) പ്രസ്തുത മൃഗാശുപത്രി എന്നുമുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണലൂർ മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് വാങ്ങി അവിടെ കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഇതിനായി 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം തന്നെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാനും മൃഗാശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

മൃഗാശുപത്രി ആരംഭിക്കുന്നതിന് നടപടി

140 [143] ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽ ക്ഷീര കർഷകർ ധാരാളമുള്ള മേലൂർ ഗ്രാമ പഞ്ചായത്തിലെ പാലപ്പിള്ളി പ്രദേശത്ത് മൃഗാശുപത്രിയോ സബ്സെന്ററോ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ മേലൂർ ഗ്രാമ പഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പെൻസറിയും ഒരു ഊർജ്ജിത കന്നുകാലി വികസന സബ്സെന്ററും പ്രവർത്തിച്ചു വരുന്നതുകൊണ്ട് പുതിയ മൃഗാശുപത്രി സ്ഥാപിക്കുവാൻ നിർവ്വാഹമില്ല.

എലവത്തൂർ വെറ്ററിനറി സബ്സെന്ററിൽ സ്ഥിരം ഡോക്ടർ നിയമനം

141 [144] ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലെ എലവത്തൂരിൽ പ്രവർത്തിക്കുന്ന വെറ്ററിനറി സബ്സെന്ററിൽ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ള ഈ പ്രദേശത്തെ സബ്സെന്ററിൽ സ്ഥിരം ഡോക്ടറെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലെ എലവത്തൂരിൽ പ്രവർത്തിക്കുന്നത് ഐ.സി.ഡി.പി. സബ്സെന്റർ ആണ്. (വെറ്ററിനറി സബ്സെന്റർ അല്ല) വെറ്ററിനറി സബ്സെന്ററുകളിലും ഐ.സി.ഡി.പി. സബ് സെന്ററുകളിലും ഡോക്ടർമാരുടെ തസ്തിക അനുവദിക്കപ്പെട്ടില്ല. അവിടെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് ഉള്ളത്. ആയതിനാൽ സബ്സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കാൻ കഴിയുകയില്ല.

കണ്ടക്കൈ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

142 [145] ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മയ്യിൽ പഞ്ചായത്തിലുള്ള കണ്ടക്കൈ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടറില്ലാത്തതിന്റെ പേരിൽ ക്ഷീര കർഷകർക്ക് മൃഗാശുപത്രി മുഖാന്തിരം ലഭിക്കാവുന്ന സേവനങ്ങൾ നഷ്ടപ്പെടുന്നതായുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മൃഗാശുപത്രിയിൽ അടിയന്തിരമായി സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ടക്കൈ മൃഗാശുപത്രി മുഖേന ക്ഷീര കർഷകർക്ക് ലഭിക്കേണ്ടുന്ന സേവനങ്ങൾ നഷ്ടപ്പെടാതിരിക്കാനായി പ്രസ്തുത മൃഗാശുപത്രിയുടെ അധികച്ചുമതല, താൽക്കാലികമായി കോലച്ചേരിമുക്ക് മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർക്ക് നൽകിയിട്ടുണ്ട്. റെഗുലർ നിയമനം നടത്തുന്നതിനായി വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ കാലതാമസം ഉണ്ടാകുമെന്നുള്ളതിനാൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിച്ച് വരികയാണ്. ഇപ്രകാരം ഡോക്ടറെ ലഭിക്കുന്ന മുറയ്ക്ക് കണ്ടക്കൈ മൃഗാശുപത്രിയിലെ ഒഴിവ് നികത്തുന്നതാണ്.

കാലിത്തീറ്റ വിതരണത്തിലെ അപാകതകൾ

143 [146] ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ വിതരണം ചെയ്യുന്നതിൽ കേരള ഫീഡ്സ് അലംഭാവം കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഏജൻസി നിലവിൽ ഉള്ളപ്പോൾ അവരുടെ പ്രവർത്തന പരിധിയിൽ സ്വകാര്യ ഏജൻസികൾക്ക് അംഗീകാരം കൊടുക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷീര മേഖലയിൽ ഒഴിവുള്ള തസ്തികകൾ നിയമനം നടത്താത്തതിനാൽ കർഷകർക്ക് വലിയ പ്രയാസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമനങ്ങൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഫീഡ്സിനുള്ള ഡിമാന്റ് കമ്പനിയ്ക്കുള്ള ഉൽപ്പാദനശേഷിയിൽ അധികമായതിനാൽ വിതരണത്തിൽ നേരിയ കാലതാമസം നേരിടുന്നുണ്ട്. ആദ്യം പണം അടച്ചവർക്ക് ആദ്യം വിതരണം നടത്തുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഈ കാലതാമസം ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു സ്വകാര്യ ഡീലർ, സാധാരണ മുൻസിപ്പാലിറ്റിയിൽ ഒരു സ്വകാര്യ ഡീലർ, ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മുൻസിപ്പാലിറ്റിയിൽ 2 സ്വകാര്യ ഡീലർ, കോർപ്പറേഷനുകളിൽ 3 സ്വകാര്യ ഡീലർ എന്ന തോതിലാണ് കേരള ഫീഡ്സ് സ്വകാര്യ ഡിലർമാരെ നിയമിക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് അവരുടെ മെമ്പർമാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് അവരുടെ ബൈലോയിൽ പറയുന്ന പരിധിക്കുള്ളിൽ ഡീലർഷിപ്പ് നൽകുന്ന വ്യവസ്ഥകളാണ് കമ്പനി ഇതുവരെ പാലിച്ചിരിക്കുന്നത്. ആയതിനാൽ ഒരു ഡീലറുടെ പരിധിയിൽ അതേ സ്വഭാവമുള്ള മറ്റൊരു ഡീലർഷിപ്പ് കമ്പനി അനുവദിച്ചിട്ടില്ല.

(സി) ഇല്ല. ക്ഷീര വികസന വകുപ്പിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ വ്യവസായങ്ങൾ

144 [147] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം പുതിയ വ്യവസായങ്ങളാണ് ആരംഭിക്കുവാൻ നടപടികളായിട്ടുള്ളത്; ഇവ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകി വരുന്നത്;

(സി) കൂടുതൽ സഹായം നൽകി കൂടുതൽ വ്യവസായികളെ ആകർഷിക്കുവാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി ആന്റ് സി) വ്യവസായ സംരംഭകർക്കായി താഴെപ്പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്/കേന്ദ്രങ്ങൾ വഴി നിലവിൽ നൽകിവരുന്നുണ്ട്:

- മൂലധന നിക്ഷേപ സബ്സിഡി.
- മാർജിൻ മണി വായ്പ പദ്ധതി.
- പ്രവാസികളായ കേരളീയർ സ്ഥാപിക്കുന്ന ചെറുകിട വ്യവസായ സംരംഭത്തിനുള്ള മാർജിൻ മണി വായ്പ.

LIBRARY ARCHIVES Kerala Legislative Assembly

ഇ.എം.ഡി./സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നുള്ള ഇളവ്.

ഇതുകൂടാതെ നിക്ഷേപം ആകർഷിക്കുവാനായി താഴെപ്പറയുന്ന വിവിധതരം ഇൻസെന്റീവുകൾ നൽകുന്ന കാര്യം ഈ സർക്കാരിന്റെ അംഗീകരിച്ച വ്യവസായ വാണിജ്യനയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്:

• മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്ക്കരണം എന്നീ മേഖലകളെ സഹായിക്കുന്നതിനായി പ്രോത്സാഹന പദ്ധതി ആവിഷ്കരിക്കും. മൊത്തം ചെലവിന്റെ 50 ശതമാനമോ അല്ലെങ്കിൽ ഏറ്റവും ഉയർന്ന പരിധിയായ 25 ലക്ഷം രൂപയോ ആയി ഇത് നിജപ്പെടുത്തും.

• മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല സമിതിയുടെ ശുപാർശ പ്രകാരം നൂറു കോടിയോ അതിലധികമോ മൂലധനമുള്ള വൻ സംരംഭങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതി.

• കേന്ദ്ര സർക്കാരിന്റെ എം. എസ്. എം. ഇ. ആക്ടിനനുസൃതമായി എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും ഇൻസെന്റീവ് നൽകും.

• സൂക്ഷ്മ, ചെറുകിട മദ്ധ്യതല സംരംഭ നിയമത്തിൽ പറഞ്ഞിരിക്കുന്നത് പോലെ ലഘു ചെറുകിട സംരംഭങ്ങൾക്ക് പ്രൈസ് പ്രിഫറൻസ് നടപ്പിലാക്കും.

• നിലവിലുള്ള നെഗറ്റീവ് ലിസ്റ്റ് പരിഷ്ക്കരിക്കുകയും സേവന മേഖലയ്ക്ക് നിലവിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള വിലക്ക് എടുത്തുകളയുകയും ചെയ്യും. പുതുക്കിയ നെഗറ്റീവ് ഇൻഡസ്ട്രീസ് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

## സ്വകാര്യ നിക്ഷേപം

145 [148] ശ്രീ. ബാബു പോൾ:
,, എൻ. അനിരുദ്ധൻ:
,, കെ. അജിത്:
,, വി. എസ്. സുനിൽകുമാർ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻകിട സ്വകാര്യ നിക്ഷേപങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) 'ഇൻകൽ' എന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വകാര്യ നിക്ഷേപകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ; ഈ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം; മൊത്തം എത്ര രൂപയുടെ നിക്ഷേപമാണ് സ്വരൂപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇൻകൽ ഏറ്റെടുക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

സൈനിക ഉപകരണങ്ങളുടെ നിർമ്മാണം

146 [149] ശ്രീ. സി. കെ. സദാശിവൻ:
,, എ. എം. ആരിഫ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സാജു പോൾ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ വകുപ്പിന് ആവശ്യമായ സൈനിക ഉപകരണങ്ങൾ സംസ്ഥാനത്ത് നിർമ്മിച്ചു നൽകുന്നതിനുള്ള സാധ്യതകൾ ആഭ്യന്തര മന്ത്രാലയവുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നിർമ്മിച്ചു നൽകാവുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കൾ, തൊഴിലാളികളുടെ വൈദഗ്ദ്ധ്യം തുടങ്ങിയവ പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ഹൈടെക് ഇൻഡസ്ട്രീസ് പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് ആന്റ് ഡവലപ്പ്മെന്റ് ഓർഗനൈസേഷന് കൈമാറുന്ന നടപടി ഏതുവരെയായി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രതിരോധ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്.

(ബി) പ്രതിരോധ മന്ത്രാലയം അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തി വരുന്നുണ്ട്.

(ഇ) 22-3-2007-ലെ ജി. ഒ. (എം. എസ്.) 39/07/വ്യവ. ഉത്തരവ് പ്രകാരം ഹൈടെക് ഇൻഡസ്ട്രീസ്, ഡിഫൻസ് ആന്റ് ഡവലപ്പ്മെന്റ് ഓർഗനൈസേഷന് (ഡി. ആർ. ഡി. ഒ.) കൈമാറുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അനന്തര നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സൈനിക ഉപകരണങ്ങളുടെ നിർമ്മാണത്തിന് വ്യവസായ പാർക്ക്

147 [150] ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക ഉപകരണങ്ങളുടെ നിർമ്മാണത്തിനായി വ്യവസായ പാർക്ക് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അവയുടെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ വ്യവസായ പാർക്ക് എവിടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറായിട്ടില്ല.

## ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം

148 [151] ശ്രീ. എ. കെ. ശശീന്ദ്രൻ:
,, പി. എം. എ. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കമ്പനി വിദേശ മലയാളികളിൽ നിന്നും നിക്ഷേപം സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

## സ്വകാര്യ വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

149 [152] ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വ്യവസായ മേഖലയിൽ മുതൽ മുടക്കുവാൻ സ്വകാര്യ സംരംഭകർ വൈമനസ്യം കാണിക്കുന്നുണ്ടെന്ന നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ വ്യവസായ സംരംഭകർക്ക് പ്രോൽസാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഇതിന്റെ ഗുണഫലങ്ങൾ സംസ്ഥാന വ്യവസായ മേഖലയിൽ പ്രതിഫലിച്ച് തുടങ്ങിയിട്ടുണ്ടോ;

(ഡി) വ്യവസായിക അനുമതി പത്രങ്ങൾ അതിവേഗം ലഭ്യമാക്കുന്നതിന് ഏക ജാലക ക്ലിയറൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1. ഒരു പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ട്.

2. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻകൽ എന്ന ഒരു പുതിയ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പുതിയ വ്യവസായ നയപ്രകാരം യന്ത്ര സാമഗ്രികൾക്കും പ്ലാന്റിനും 25 കോടി രൂപ വരെ മുതൽ മുടക്ക് വരുന്ന വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ-വാണിജ്യ വകുപ്പ്) അദ്ധ്യക്ഷനായുള്ള സംസ്ഥാനതല ക്ലിയറൻസ് കമ്മിറ്റിയും 25 കോടി രൂപയിലേറെ മുതൽ മുടക്ക് വേണ്ടി വരുന്ന വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനും വ്യവസായ മന്ത്രി ഉപാദ്ധ്യക്ഷനുമായ സംസ്ഥാന ഉന്നതതല ക്ലിയറൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## ശോഭാ ഹൈടെക് സിറ്റിയുമായുള്ള ധാരണാപത്രം

150 [153] ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ശോഭാ ഡെവലപ്പേഴ്സിന്റെ ശോഭാ ഹൈടെക് സിറ്റിയുമായി സർക്കാർ എന്തെങ്കിലും ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ധാരണാപത്രത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ശോഭാ ഹൈടെക് സിറ്റിക്കുവേണ്ടി സർക്കാർ നൽകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശോഭാ ഹൈടെക് സിറ്റി മുന്നോട്ട് വയ്ക്കുന്ന വികസന, തൊഴിൽ പദ്ധതികൾ ഉറപ്പ് വരുത്തുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ശോഭാ ഹൈടെക് സിറ്റിക്കുവേണ്ടി എത്ര ഭൂമിയാണ് സർക്കാർ ഏറ്റെടുത്ത് നൽകുന്നത്;

(എഫ്) ഇതിൽ സർക്കാർ ഭൂമിയും ഉൾപ്പെടുമോയെന്നും എങ്കിൽ ഇവയ്ക്ക് എന്ത് വിലയാണ് ഈടാക്കുന്നത് എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) സർക്കാർ തലത്തിൽ ചെയ്യാൻ പറ്റുന്ന സേവനങ്ങൾ നൽകുന്നതാണ്.

(ഡി) പദ്ധതി അതിന്റെ പ്രാരംഭ ദിശയിലാണ്.

(ഇ) സ്ഥലമെടുത്തുകൊടുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(എഫ്) ബാധകമല്ല.

## കൊച്ചിയിലെ നിർദ്ദിഷ്ട ഹൈടെക് സിറ്റി

151 [154] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, ജോസഫ് എം. പുതുശ്ശേരി താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഹൈടെക് സിറ്റി സംബന്ധിച്ച് സർക്കാർ കരാറിൽ ഒപ്പ് വച്ചിരുന്നോ; പ്രസ്തുത പദ്ധതിയുടെ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്;

(സി) ഇതിനായി എത്ര സ്ഥലമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്നുമുതൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ;

(ഇ) പദ്ധതി നടപ്പിലാക്കുവാൻ ഏതൊക്കെ സ്ഥാപനങ്ങൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) 75000 പേർക്ക് നേരിട്ട് ജോലി നൽകുന്ന, വിജ്ഞാനാധിഷ്ടിത വ്യവസായ പാർക്കും, അനുബന്ധ സ്ഥാപനങ്ങളുമാണ് കമ്പനി സമർപ്പിച്ചിട്ടുള്ള പ്രോജക്ട്.

(സി) ഉദ്ദേശം 400 ഏക്കർ.

(ഡി) പണി ഉടനെ തുടങ്ങി 8 വർഷം കൊണ്ട് പൂർത്തീകരിക്കുമെന്നാണ് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(ഇ) ശോഭാ ഡെവലപ്പേഴ്സാണ് സർക്കാരിനെ സമീപിച്ചത്. ഇതിന്റെ ഭാഗമായി ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹൈടെക് സിറ്റി

152 [155] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഹൈടെക് സിറ്റി തുടങ്ങുന്നതിനായി ശോഭാ ഡെവലപ്പേഴ്സുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിൽ വളന്തക്കാട് ദ്വീപിൽ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് ശോഭാ ഗ്രൂപ്പിന് കൈമാറാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) എത്ര രൂപ വില വച്ചാണ് സർക്കാർ ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്;

(ഡി) ആരിൽ നിന്നുമാണ് സ്ഥലം ഏറ്റെടുക്കുന്നത്; പേരു വിവരം വ്യക്തമാക്കുമോ;

(ഇ) ഏറ്റെടുക്കുന്ന സ്ഥലം ശോഭാ ഡെവലപ്പേഴ്സിന് കൊടുക്കുന്നത് ഏത് മാനദണ്ഡം വച്ചാണെന്ന് വിശദമാക്കുമോ;

(എഫ്) എന്ത് വില വച്ചാണ് ഭൂമി കൈമാറാൻ ഉദ്ദേശിക്കുന്നത്;

(ജി) ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങി എന്ന് പൂർത്തീകരിക്കാനാവും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശോഭാ ഗ്രൂപ്പിന് സ്ഥലമേറ്റെടുത്ത് കൊടുക്കാനുള്ള ഒരാവശ്യവും കമ്പനി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) 8 വർഷത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതായാണ് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

ഇൻവെസ്റ്റേഴ്സ് മീറ്റ്

153 [156] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഇൻവെസ്റ്റേഴ്സ് മീറ്റുകളിൽ എത്ര കോടി രൂപയുടെ വാഗ്ദാനങ്ങളാണ് വന്നിട്ടുള്ളത്;

(ഡി) ഇവയിൽ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ നടപ്പാക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ആകെ അഞ്ച് ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ വച്ചാണ് മീറ്റുകൾ നടത്തിയത്.

(സി) കെ.എസ്.ഐ.ഡി.സി.യ്ക്ക് ആകെ 2388.50 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനവും, കിൻഫ്രയ്ക്ക് ഏകദേശം 839.33 കോടി രൂപയുടെ വാഗ്ദാനങ്ങളുമാണ് വന്നിട്ടുള്ളത്.

(ഡി) ഇവയിൽ മൊത്തം 454 കോടി രൂപയുടെ വ്യവസായങ്ങൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

## സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിംഗ് കേന്ദ്രം ആരംഭിക്കുവാൻ നടപടി

154 [157] ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. ശിവദാസൻ നായർ:
,, ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിംഗിന്റെ ഒരു കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ എടുത്തുവെന്നും ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ സമീപനം എന്തെന്നും ഇതെവിടെയാണ് സ്ഥാപിക്കുന്നത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശമുണ്ട്.

(ബി) ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടന്നുവരുന്നു.

## അരൂർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായ സ്ഥാപനങ്ങൾ

155 [158] ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ നിരവധി വ്യവസായ സ്ഥാപനങ്ങൾ പൂട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) അടഞ്ഞു കിടക്കുന്ന കമ്പനികൾ റീ അലോട്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന കേസ്സുകളിൽ സർക്കാർ സ്ഥിരമായി പരാജയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻഡസ്ട്രീയൽ ഡവലപ്പ്മെന്റ് ഏരിയയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളാണ്. സാമ്പത്തിക കാരണങ്ങളാലും മറ്റു പ്രശ്നങ്ങളും കാരണം പ്രവർത്തന രഹിതമാവുകയോ പ്രവർത്തനം മന്ദീഭവിക്കുകയോ ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾ പ്രശ്നങ്ങൾ പരിഹരിച്ച് പുനഃരാരംഭിക്കാൻ നിർദ്ദേശം നൽകുന്നു. പ്രവർത്തനം തുടരാൻ സാധിക്കാത്ത സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ തയ്യാറുള്ള സംരംഭകർക്ക് കൈമാറ്റം ചെയ്തു നൽകി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു.

(സി) പ്രവർത്തന രഹിതമായ സ്വകാര്യ സ്ഥാപനങ്ങൾ തിരികെ എടുക്കുമ്പോൾ ഉടമകൾ കോടതിയെ സമീപിക്കാറുണ്ട്. കോടതി കേസ്സുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ചില കേസ്സുകളിൽ ഉടമകളുടെ പരാതി ജില്ലാ തലത്തിലോ വ്യവസായ വാണിജ്യ ഡയറക്ടർ തലത്തിലോ, സർക്കാർ തലത്തിലോ ഒരിക്കൽക്കൂടി പരിഗണിക്കുന്നതിനുള്ള നിർദ്ദേശം നൽകി ബഹുമാനപ്പെട്ട കോടതി തീർപ്പാക്കാറുണ്ട്. എന്നാൽ സർക്കാരിനെതിരായി വിധി ഉണ്ടാകാറില്ല.

കോടതി മുമ്പാകെ വരുന്ന അന്യായങ്ങളിൽ സമയബന്ധിതമായി കേസ് നടത്തുവാൻ ആവശ്യമായ നിർദ്ദേശം, രേഖകൾ, എതിർ സത്യവാങ്മൂലം എന്നിവ നൽകി സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നുണ്ട്.

## അടഞ്ഞു കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

156 [159] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടഞ്ഞു കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും, സ്വകാര്യ സ്ഥാപനങ്ങളുടെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പൊതു മേഖലാ സ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളുമാണ് അടച്ചിട്ടിരിക്കുന്നത്;

(ബി) ഈ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഇതിനകം എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തനം നിലച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കേരള സോപ്പ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്.
2. കേരളാ കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, ചേർത്തല.
3. മോട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം.
4. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തിരുവനന്തപുരം.
5. കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, തൃശ്ശൂർ.
6. ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, തൃശ്ശൂർ.
7. കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്, തിരുവനന്തപുരം.
8. കെൽട്രോൺ പവ്വർ ഡിവൈസസ് ലിമിറ്റഡ്, തൃശ്ശൂർ.
9. സിഡ്കെൽ ടെലിവിഷൻസ് ലിമിറ്റഡ്, മഞ്ചേരി.
10. ആസ്ട്രൾ വാച്ചസ് ലിമിറ്റഡ്, കാസർഗോഡ്.
11. കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, തിരുവനന്തപുരം.
12. കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കുറ്റിപ്പുറം.
13. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, ചിറ്റൂർ.
14. മന്നം ഷുഗർ മിൽസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, പന്തളം.
15. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പുനലൂർ.

സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തനം നിലച്ചിരുന്ന Keltron Counters Ltd.-ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Development Corporation Ltd.-നോട് നിർദ്ദേശിച്ചിട്ടുണ്ട്.

BIFR-ന്റെ തീരുമാനപ്രകാരം പ്രവർത്തനം നിർത്തലാക്കിയിരുന്ന Trivandrum Spinning Mills-നെ Kerala State Textile Corporation-ന്റെ യൂണിറ്റാക്കി ഒരു Opened Spinning Mill തുടങ്ങുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കൂടാതെ പ്രവർത്തനം നിർത്തലാക്കിയിരുന്ന Kerala State Textile Corporation-ന്റെ യൂണിറ്റായ Malabar Spinning & Weaving Mills പ്രവർത്തനം ആരംഭിക്കുന്നതിനായി തുറക്കുകയുണ്ടായി.

ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്ന കേരള സംസ്ഥാന സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd.-മായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷന് കൈമാറാൻ തീരുമാനമായിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

Kerala Soaps & Oils Ltd.-ലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നൂഡിൽസ് യൂണിറ്റുണ്ടാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ Travancore Cochin Chemicals Ltd. KITCO-യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്.

പ്രവർത്തനമില്ലാതെ കിടക്കുന്ന മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd.-ന് കൈമാറാനും അവിടെ ഒരു Hyper Super Market-cum-Office Complex സ്ഥാപിക്കാനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പ്രവർത്തനമില്ലാതെ കിടക്കുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

157 [160] ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006, 2006-2007 വർഷങ്ങളിൽ സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങളിൽ ഉണ്ടായ കമ്മി/ലാഭം എത്രയാണെന്ന് സ്ഥാപനവും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഈ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) 2005-2006, 2006-2007 വർഷങ്ങളിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നഷ്ടക്കണക്കുകളുടെ വിശദമായ സ്റ്റേറ്റുമെന്റ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. †

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-II) †

ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, Manpower retraining/redeployment, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മാർഗ്ഗങ്ങളും സമാന മേഖലയിലുള്ള ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, Web enabled Performance Monitoring

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ള വരെ തെരഞ്ഞെടുത്ത് കൊണ്ടുള്ള നിയമനം, നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും മാനേജിംഗ് ഡയറക്ടർമാർക്കും അവാർഡ് നൽകൽ മുതലായ സംവിധാനങ്ങളും പ്രധാനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കേന്ദ്ര സർക്കാരിന്റെയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

പ്രവർത്തന കരാർ സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

കൂടാതെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് അടുത്ത മാസം 10-ാം തീയതിക്കുമുൻപ് Public Sector Restructuring and Internal Audit Board (RIAB)-ൽ നൽകുന്നതിനും അതിൻമേലുള്ള RIAB-ന്റെ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കുമുൻപ് വ്യവസായ വകുപ്പ് മന്ത്രിയുടെ മുൻപാകെ സമർപ്പിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതു കൂടാതെ കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച വാർഷിക അവലോകനവും നടത്തിവരുന്നു.

## നിക്ഷേപ സംഗമം

158 [161] ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വച്ച് നടന്ന നിക്ഷേപക സംഗമത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) നിക്ഷേപക സംഗമത്തിൽ ഒപ്പുവച്ച ഏതെങ്കിലും വ്യവസായം തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 13-1-2007-ൽ കാസർഗോഡ് വച്ച് നടന്ന നിക്ഷേപക സംഗമത്തിൽ ആകെ 407 കോടി രൂപയുടെ അഞ്ച് നിക്ഷേപ വാഗ്ദാനങ്ങൾ കെ.എസ്.ഐ.ഡി.സി. യ്ക്ക് ഉണ്ടായിരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

കൂടാതെ താഴെ പറയുന്ന സംരംഭകരുമായി കിൻഫ്ര ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്:

1. ശ്രീ. അബൂബക്കർ, എം.എം., കാസർഗോഡ്.
2. ,, ചേർക്കളം അബ്ദുള്ള, കാസർഗോഡ്.
3. ,, പി. സി. ഗോയൽ, വൈസ് പ്രസിഡന്റ്, ആശാപുര മൈൻച്ചം ലിമിറ്റഡ്, മുംബൈ.
4. ,, യൂനസ്, കാസർഗോഡ്.
5. ,, ഷംസു, കാലിക്കറ്റ്.

(ബി ആന്റ് സി) കെ.എസ്.ഐ.ഡി.സി. 407 കോടി രൂപയുടെ വാഗ്ദാനത്തിൽ 27 കോടി രൂപയുടെ മുതൽ മുടക്ക് വരുന്ന ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

കിൻഫ്രയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളവർ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

159 [162] ശ്രീ. വി. സുരേന്ദ്രൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിലുണ്ടായിരുന്നത്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെകൂടി ലാഭത്തിൽ ആക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. അവയുടെ പേരുവിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) 2005-2006 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 10 പൊതുമേഖലാ സ്ഥാപനങ്ങൾകൂടി 2006-2007-ലെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നു. ഇവയുടെ പേരുവിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. †

## വ്യാവസായിക വികസനത്തിന് നടപടി

160 [163] ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മണ്ഡലങ്ങളിലെ വ്യാവസായിക വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സുഗമമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

## ഉത്തരം

(എ) സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭങ്ങളുടെ (എം.എസ്.എം.ഇ.) വികസനത്തിനുവേണ്ടി വ്യവസായ ക്ലസ്റ്റർ വികസനം കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തിവരുന്നു. ഇതിൽ 4 ക്ലസ്റ്ററുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കാനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ, കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള സൂക്ഷ്മ ചെറുകിട മദ്ധ്യതല സംരംഭകരുടെ പ്രാതിനിധ്യത്തോടുകൂടി സംസ്ഥാനത്ത് ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോ, സെപ്റ്റംബർ 2007-ൽ കൊച്ചിയിൽവച്ച് നടത്തുവാൻ നടപടിയെടുത്തിട്ടുണ്ട്. ഇത് പ്രധാനമായും ഈ മേഖലയുടെ വിപണന സാദ്ധ്യത അന്താരാഷ്ട്ര തലത്തിൽ ഉയർത്തുവാനും മെച്ചപ്പെടുത്തുവാനും ഉദ്ദേശിച്ചിട്ടാണ് അതുപോലെ തന്നെ ലോകമെമ്പാടും നിലവിലുള്ള സാങ്കേതിക വൈദഗ്ദ്ധ്യം പരിചയപ്പെടുത്തുവാനും ഉപകരിക്കും.

(ബി) ഈ സർക്കാരിന്റെ അംഗീകരിച്ച വ്യവസായ വാണിജ്യ നയത്തിൽ, സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭങ്ങൾ സുഗമമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

- ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കി എം. എസ്. എം. ഇ. കളുടെ വികസനം സാധ്യമാക്കും.
- സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തും.
- തദ്ദേശ സ്ഥാപനങ്ങളുടെ ഉപയോഗപ്പെടുത്താത്ത ഭൂമി ഉപയോഗിച്ച് സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭങ്ങൾ സ്ഥാപിക്കും. എസ്.എസ്.ഐ. യൂണിറ്റുകൾക്ക് വിലയിൽ മുൻഗണന, ഇ.എം.ഡി./സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ നിന്നുള്ള ഇളവ് എന്നിവ ചില ഉപാധികളോടെ ലഭ്യമാക്കും.
- സൂക്ഷ്മ, ചെറുകിട, സംരംഭങ്ങൾക്ക് ബാങ്കിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ആവശ്യമായ സഹായം വ്യവസായ വകുപ്പ് ഏജൻസികൾ ചെയ്തുകൊടുക്കും.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കെ. എം. എം. എൽ.-ന്റെ ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിനുള്ള പദ്ധതി

161 [164] ശ്രീ. കെ. സി. ജോസഫ്:

„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചവറ കെ.എം.എം.എൽ.-ന്റെ കീഴിൽ ടൈററാനിയം സ്പോഞ്ച് നിർമ്മാണത്തിനുള്ള പദ്ധതിക്ക് ആഗോള ടെണ്ടർ ക്ഷണിക്കണമെന്ന് തീരുമാനമെടുത്തിരുന്നോ;

(ബി) എങ്കിൽ തീരുമാനത്തിന് വിരുദ്ധമായി ടെണ്ടർ വിളിക്കാതെ ഈ പദ്ധതിക്കായി റഷ്യയിലെ റോസൊ ബൊറോൺ എക്സ്പോർട്ട്സ് എന്ന കമ്പനിയുമായി ഈ സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(സി) എത്ര കോടിയുടെ പദ്ധതിക്കാണ് ഇപ്രകാരം ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്;

(ഡി) ആഗോള ടെണ്ടർ വിളിക്കാതെ ഈ കമ്പനിയുമായി ധാരണാപത്രം ഒപ്പിടാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കമ്പനിക്ക് ആയുധ വ്യാപാരമല്ലാതെ ടൈറ്റാനിയം വ്യവസായവുമായി യാതൊരു ബന്ധവുമില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ ധാരണാപത്രം റദ്ദുചെയ്യുകയും ആഗോള ടെണ്ടർ ക്ഷണിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആഗോള ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിരുന്നില്ല. ആഗോളാടിസ്ഥാനത്തിൽ ഒരു 'Expression of Interest', 2005 ഒക്ടോബർ 20-ലെ പ്രമുഖ ദിനപത്രങ്ങളിലൂടെ ക്ഷണിച്ചിരുന്നു.

(ബി) ബാധകമല്ല.

(സി) വിശദാംശം തയ്യാറാക്കിയിട്ടില്ല.

(ഡി) ടൈറ്റാനിയം ലോഹം നിർമ്മാണത്തിൽ ലോകത്ത് ലഭ്യമായ നൂതന സാങ്കേതിക വിദ്യയുടെ ഉടമയായ റഷ്യൻ കമ്പനിയുമായി സാധ്യതാ പഠനം സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടത് സ്റ്റേറ്റിന്റെ ഉത്തമ താൽപര്യം പരിഗണിച്ചും കേന്ദ്ര സർക്കാരിന്റെ അഭിപ്രായം പരിഗണിച്ചുമാണ്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കെ. എം. എം. എൽ.-ലെ ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉൽപ്പാദനം

162 [165] ശ്രീ. കെ. സി. ജോസഫ്:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ. ഇപ്പോൾ പ്രതിവർഷം എത്ര ടൺ ടൈറ്റാനിയം ഡയോക്സൈഡാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ബി) ഇതിനായി എത്ര ടൺ ടൈറ്റാനിയം ടെട്രാ ക്ലോറൈഡ് ആണ് വേണ്ടത്;

(സി) ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിനായി റഷ്യൻ കമ്പനിയുമായുണ്ടാക്കിയ ധാരണ പ്രകാരം ഈ കമ്പനിക്ക് കെ.എം.എം.എൽ. പ്രതിവർഷം എത്ര ടൺ ടൈറ്റാനിയം ടെട്രാ ക്ലോറൈഡ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(ഡി) ഇത്തരത്തിൽ ഒരു കരാറിൽ ഏർപ്പെടുന്നത് കെ.എം.എം.എൽ.-ന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്ത് ഈ കരാറിൽ നിന്നും പിൻമാറാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2006-07-ൽ 34373 എം. ടി. ടൈറ്റാനിയം ടൈറ്റാനിയം ഡയോക്സൈഡാണ് ഉൽപ്പാദിപ്പിച്ചത്. 2007-08-ൽ 36000 എം. ടി. ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇതിനായി ഏകദേശം 88000 എം. ടി. ടൈറ്റാനിയം ടെട്രാ ക്ലോറൈഡ് ആണ് വേണ്ടത്.

(സി) റഷ്യൻ കമ്പനിയും കേരള സർക്കാരും തമ്മിൽ, ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിനുള്ള സാധ്യതകളെക്കുറിച്ച് ചർച്ച നടത്താനുള്ള ഒരു ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. വിശദാംശങ്ങളെപ്പറ്റി ചർച്ച നടന്നുവരികയാണ്.

(ഡി) കെ.എം.എം.എൽ.-ന് ദോഷകരമായ ഒരു കരാറിലും ഏർപ്പെടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

163 [166] ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ മലിനീകരണ നിർമ്മാർജ്ജന യൂണിറ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിലെ നിലവിലുള്ള മറ്റ് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദമാക്കുമോ?

ഉത്തരം

(എ) അഴിമതി നടന്നതായി ചില പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ കിറ്റ്കൊയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) ചോദ്യം വ്യക്തമല്ല.

(ഡി) ഉദിക്കുന്നില്ല.

## കോട്ടയം കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം

164 [167] ശ്രീ. വി. എൻ. വാസവൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

കോട്ടയം കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കോട്ടയം ജില്ല കേന്ദ്രീകരിച്ച് സ്വകാര്യമേഖലയിൽ ധാരാളം റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ചങ്ങനാശ്ശേരി കേന്ദ്രമാക്കി ഒരു റബ്ബർ ക്ലസ്റ്റർ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ടി ചെറുകിട വ്യവസായ സംരംഭകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി പ്രകാരമുള്ള സഹായങ്ങൾ നൽകി വരുന്നു.

## നാളികേരാധിഷ്ഠിത വ്യവസായം

165 [168] ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ നാളികേരാധിഷ്ഠിത വ്യവസായ പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ "സുഭിക്ഷ" മോഡലിലുള്ള വ്യവസായത്തിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വയനാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ

166 [169] ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിൽ വ്യവസായ വകുപ്പ് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പുതിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യത സംബന്ധിച്ച പഠനം ജില്ലയിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പവർ ലൂമിൽ കൂടുതൽ ആധുനിക മെഷീനുകൾ സ്ഥാപിക്കുന്നതിനും അവിടെയുള്ള 20 കൈത്തറികൾ സിൽക്ക് നെയ്ത്തിനായി മാറ്റുവാനും നടപടികൾ സ്വീകരിച്ചു. കിൻഫ്രയുടെ ചെറുകിട വ്യവസായ പാർക്കിൽ കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് നിക്ഷേപ സംഗമം നടത്തുകയും കൂടുതൽ അലോട്ട്മെന്റ് നടത്തുകയും ചെയ്തു.

(ബി) മെഗാ ഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റഗ്രേറ്റഡ് പവർ ലൂം കോംപ്ലക്സിന്റെ ഭാഗമായി സിൽക്ക് ഉൽപ്പാദനം, മെയ്ഡ് അപ്സ് എന്നിവയുടെ ഉൽപ്പാദനം ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

(സി) ഇല്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസക്കൂലി നിയമനം

167 [170] ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പറ്റിയ ജീവനക്കാർക്ക് ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(സി) എത്ര പേർ ഇങ്ങനെ ജോലി ചെയ്യുന്നുണ്ട് എന്നറിയിക്കാമോ?

### ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്വർണ്ണ നിക്ഷേപം

168 [171] ശ്രീ. എം. വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് സ്വർണ്ണ നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വർണ്ണ നിക്ഷേപ ഖനനത്തിന് കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഖനനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാൻ ഉള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സംസ്ഥാന വനം വകുപ്പിന്റെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

ചക്കിട്ടപാറ പഞ്ചായത്തിലെ ഇരുമ്പയിര് സംസ്ക്കരണം

169 [172] ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ പഞ്ചായത്തിലെ ഇരുമ്പയിര് നിക്ഷേപത്തെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇരുമ്പയിര് സംസ്ക്കരണത്തിന് സാധ്യതയുണ്ടോ;

(സി) ഇരുമ്പയിര് സംസ്ക്കരണത്തിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

വയനാട് ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം

170 [173] ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം വയനാട് ജില്ലയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ യുക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ധാതുമണൽ ഖനനം

171 [174] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, യു. സി. രാമൻ:
,, എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുമണൽ ഖനനം ചെയ്യുന്നതിന് സർക്കാർ അനുവാദം കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അത് ആർക്കെല്ലാമാണെന്നും ഇതിൽ എത്ര വിദേശ കമ്പനികൾ ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ധാതുമണൽ ഇവിടെ സംസ്ക്കരിച്ച് വിൽപ്പന നടത്തിയാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ധാതുമണൽ സംസ്ക്കരിച്ച് ധാതു സമ്പത്തുകൾ ക്രയവിക്രയം നടത്തി വികസനാവശ്യമായ ധനം കണ്ടെത്താൻ ശ്രമം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനും മാത്രമാണ് ധാതുമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ വിദേശ കമ്പനികൾ ഉൾപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

കേരള തീരത്തെ ധാതുമണൽ ഖനനം

172 [175] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുമണൽ ഖനനം നടത്തുന്നതിനായി സ്വകാര്യ കമ്പനികളുമായി ഈ സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികളുമായിട്ടാണ് കരാറിൽ ഒപ്പിട്ടിട്ടുള്ളത്;

(സി) ഇവയിൽ ഓരോ കമ്പനികളുടെയും സ്ഥാപിത ശേഷി എത്ര വീതമാണ്;

(ഡി) ഈ പദ്ധതികൾക്കായി പ്രതിവർഷം സംസ്ഥാനത്ത് എത്ര ടൺ ധാതുഖനനം നടത്തേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം കരാറുകൾ സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്ക് അനുസൃതമായിട്ടാണോ നടപ്പിലാക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

## കിനാവൂർ വില്ലേജിലെ ബോക്സൈറ്റ് ഖനനം

173 [176] ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ വില്ലേജിൽ 'ആശാപുര' കമ്പനിക്ക് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് അനുമതി നൽകുന്നതിനെതിരെ പ്രസ്തുത പ്രദേശത്ത് പ്രക്ഷോഭം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദഗ്ദ്ധ പഠനം നടത്തിയ ശേഷം മാത്രമേ ഖനനാനുമതി നൽകുകയുള്ളുവെന്ന് കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ജനപ്രതിനിധികളുടെ യോഗത്തിൽ വച്ച് ജനങ്ങൾക്ക് ഉറപ്പ് ലഭിച്ചിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 22-4-2007-ലെ ജി.ഒ. (എം.എസ്.) 54/07/ഐ.ഡി. പ്രകാരം ഖനനാനുമതി നൽകുന്നതിന് മുമ്പ് വിദഗ്ദ്ധ പഠനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മെ. ആശാപുര കമ്പനിക്കുവേണ്ടി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാർ സ്ഥാപനമായ റീജിയണൽ റിസർച്ച് ലബോറട്ടറിയും സംയുക്തമായി പരിസ്ഥിതി വിലയിരുത്തൽ പഠനം നടത്തിയിരുന്നു.

## ഓണാഘോഷവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സ്വീകരിച്ച നടപടികൾ

174 [177] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണാഘോഷ പരിപാടികൾ ഗംഭീരമാക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം തനത് നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളാ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിന്റെ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം സബ്സിഡിയാണ് നൽകിയത്; ഓണ സമയത്ത് വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായോ എന്നത് വ്യക്തമാക്കുമോ;

(സി) ഹാൻടെക്സ്, ഹാൻവീവ് തുണിത്തരങ്ങൾക്ക് എത്ര ശതമാനം സബ്സിഡി ഓണ സമയത്ത് നൽകി; വിൽപനയിൽ വർദ്ധനവ് വന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓണാഘോഷ പരിപാടികൾ ഗംഭീരമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണന മേളകളും സംഘടിപ്പിച്ചിരുന്നു. ഖാദി ഗ്രാമ വ്യവസായ ബോർഡ് നിലവിലുള്ള വിപണന കേന്ദ്രങ്ങൾക്കു പുറമേ പ്രത്യേക സ്റ്റാളുകൾ ഏർപ്പെടുത്തിയിരുന്നു. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഖാദി ചില്ലറ വിൽപ്പനക്കുള്ള റിബേറ്റ് ഗുണഭോക്താക്കൾക്ക് അനുവദിച്ചു. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ചുള്ള ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുകയും ആവശ്യമായ പരസ്യം നൽകുകയും ചെയ്തു.

ഓണാഘോഷത്തിന്റെ ഭാഗമായി സെറിഫെഡ് സിൽക്ക് ഉൽപ്പന്നങ്ങളുടെ ഒരു ഓണം വിപണന മേളയും സംഘടിപ്പിച്ചിരുന്നു.

(ബി) കോട്ടൺ/മസ്ലിൻ, സ്പൺ സിൽക്ക് തുണിത്തരങ്ങൾക്ക് 30%, സിൽക്ക് തുണിത്തരങ്ങൾക്ക് 20%, പോളി വസ്ത്രങ്ങൾക്ക് 20% വീതം റിബേറ്റ് നൽകി. ഈ കാലയളവിൽ 510 ലക്ഷം രൂപയുടെ വിൽപന കൈവരിച്ചിട്ടുണ്ട്. ക്രഡിറ്റ് വിൽപന വിവരങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ മുൻവർഷത്തെക്കാൾ വിൽപന ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഹാൻടെക്സ്, ഹാൻവീവ് തുണിത്തരങ്ങൾക്ക് ഓണക്കാലത്ത് സർക്കാർ പ്രഖ്യാപിച്ച 20% റിബേറ്റും 10% കേന്ദ്ര സർക്കാർ റിബേറ്റും ഉണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിൽപനയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

## അന്യ സംസ്ഥാനങ്ങളിൽ നിന്നും ഹാന്റെക്സും ഹാൻഡ്‌വീവും വാങ്ങിയ തുണിത്തരങ്ങൾ

175 [178]. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
" എം. എ. വാഹീദ് :
" കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ലെ ഓണത്തിന് അന്യ സംസ്ഥാനങ്ങളിലുള്ള ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നാണ് ഹാന്റെക്സും, ഹാൻഡ്‌വീവും തുണിത്തരങ്ങൾ വാങ്ങി സംസ്ഥാനത്ത് വിറ്റഴിക്കുകയുണ്ടായത് ;

(ബി) ഈ വിധത്തിൽ ഓരോ സംഘത്തിൽ നിന്നും എത്ര തുകയ്ക്കുള്ള തുണിത്തരങ്ങളാണ് ഹാന്റെക്സും, ഹാൻഡ്‌വീവും വാങ്ങിയത് ; ഇതു എത്ര രൂപയ്ക്കാണ് സംസ്ഥാനത്ത് വിറ്റഴിച്ചതെന്നും ഈ വിൽപനയിലൂടെ എത്ര രൂപയുടെ ലാഭം ഹാന്റെക്സിനും, ഹാൻഡ്‌വീവിനും ഉണ്ടായെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2007-ലെ ഓണത്തിന് ഹാന്റെക്സും, ഹാൻഡ്‌വീവും അന്യ സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങിയിട്ടില്ല.

(ബി) ബാധകമല്ല.

ഹാന്റെക്സ്-ഹാൻഡ്‌വീവ് തുണിത്തരങ്ങൾ

176 [179] ശ്രീ. കെ. ബാബു :
,, എം. മുരളി :
,, ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006, 2007 വർഷങ്ങളിലെ ഓണക്കാലത്ത് ഹാന്റെക്സും, ഹാൻഡ്‌വീവും അവയുടെ കൈവശമുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിച്ചിട്ടുണ്ടോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഹാന്റെക്സും, ഹാൻഡ്‌വീവും വാങ്ങിയ തുണിത്തരങ്ങളും ഈ കൂട്ടത്തിൽ വിറ്റഴിച്ചിട്ടുണ്ടോ;

(സി) ഹാന്റെക്സും, ഹാൻഡ്‌വീവും ഇക്കാലത്ത് വിറ്റഴിച്ച തുണിത്തരങ്ങൾക്ക് റിബേറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ റിബേറ്റിനത്തിൽ ഹാന്റെക്സിനും, ഹാൻഡ്‌വീവിനും ഗവൺമെന്റ് എത്ര തുക കൊടുത്തു;

(ഡി) ഇതിൽ ഹാന്റെക്സും, ഹാൻഡ്‌വീവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിറ്റ തുണിക്ക് റിബേറ്റ് നൽകിയ വകയിൽ ഗവൺമെന്റ് ഹാന്റെക്സിനും, ഹാൻഡ്‌വീവിനും എത്ര തുക വീതം കൊടുക്കുകയുണ്ടായി;

(ഇ) അന്യ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് റിബേറ്റ് നൽകുന്നത് സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ എപ്രകാരം പോഷിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായകമാകുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹാൻവീവിൽ 2006 ഓണക്കാലത്ത് 1449 ലക്ഷം രൂപയുടെ സ്റ്റോക്ക് ഉണ്ടായിരുന്നതിൽ 857 ലക്ഷം രൂപയുടെ വിൽപ്പന നടത്തി. 2007 ഓണക്കാലത്ത് 929 ലക്ഷം രൂപയുടെ സ്റ്റോക്ക് ഉണ്ടായിരുന്നതിൽ 435 ലക്ഷം രൂപയുടെ വിൽപ്പന ഉണ്ടായി. ഹാന്റെക്സ് ഈ വർഷങ്ങളിൽ കൈവശമുണ്ടായിരുന്ന സ്റ്റോക്ക് മുഴുവനും വിൽപ്പന നടത്തിയിട്ടില്ല. എന്നാൽ പരമാവധി വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2006-2007 വർഷങ്ങളിൽ ഹാന്റെക്സും, ഹാൻഡ്‌വീവും അന്യ സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടില്ല.

(സി) ഈ കാലത്ത് വിറ്റഴിച്ച തുണികൾക്ക് 20% റിബേറ്റ് അനുവദിച്ചിരുന്നു. എന്നാൽ ഇക്കാലത്തെ റിബേറ്റ് തുക അനുവദിച്ചിട്ടില്ല. 2006-ൽ ഈ ഇനത്തിൽ അനുവദിച്ച 3 കോടി രൂപയും, 2007-ൽ അനുവദിച്ച 4 കോടി രൂപയും, മുൻ കാലങ്ങളിലുള്ള കുടിശ്ശിക തീർക്കാനാണ് വിനിയോഗിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) ബാധകമല്ല.

## കൈത്തറിയുടെ പരിപോഷണം

177 [180] ശ്രീ. ബാബു പ്രസാദ്:
„ എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിയുടെ പരിപോഷണത്തിനുവേണ്ടി ഗവൺമെന്റ് ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്നും സ്കൂളുകളിൽ ഒരു ദിവസം കൈത്തറി യൂണിഫോം കുട്ടികൾ ധരിക്കണമെന്നും ഗവൺമെന്റ് തീരുമാനിച്ചിരുന്നോ;

(ബി) അതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(സി) ഇതു നടപ്പിലാക്കിയോ;

(ഡി) ഇതുമൂലം എത്ര കൂടുതൽ കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്?

### ഉത്തരം

(എ) കൈത്തറി മേഖലയുടെ പരിപോഷണത്തിനുവേണ്ടി സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്നും, സ്കൂളുകളിൽ ആഴ്ചയിൽ ഒരു ദിവസം കൈത്തറി യൂണിഫോം കുട്ടികൾ ധരിക്കണമെന്നും സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

(ബി) ഇത് സംബന്ധിച്ച് ഒരു അഭ്യർത്ഥന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ 14-8-2007 വരെ 237 ലക്ഷം രൂപയുടെ കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർ കൈത്തറി വസ്ത്രം ധരിക്കുന്ന പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച അധിക വിൽപ്പനയുടെ കണക്കുകൾ എടുത്തിട്ടില്ല.

## കയറ്റുമതി രംഗത്തുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര പദ്ധതി

178 [181] ശ്രീ. എം. വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂപയുടെ മൂല്യം കൂടിയതിനെ തുടർന്ന് കയറ്റുമതി രംഗത്തുണ്ടായ പ്രതിസന്ധി തരണം ചെയ്യാനായി 1400 കോടി രൂപയുടെ പ്രത്യേക പദ്ധതി കേന്ദ്രം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ കൈത്തറി വസ്ത്ര കയറ്റുമതിക്കായി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെല്ലാം കയറ്റുമതി മേഖലകൾക്കാണ് പദ്ധതി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(സി) രൂപയുടെ മൂല്യം കൂടിയതിനെ തുടർന്ന് കയറ്റുമതി രംഗത്തുണ്ടായ പ്രതിസന്ധി തരണം ചെയ്യാനായി 1400 കോടി രൂപയുടെ പ്രത്യേക പദ്ധതി കേന്ദ്രം പ്രഖ്യാപിച്ചതായി അറിവായിട്ടുണ്ട്.

രൂപയുടെ മൂല്യം കൂടിയതിനെ തുടർന്ന് കയറ്റുമതിക്കാർ നേരിടേണ്ടി വരുന്ന വിപരീതഫലങ്ങൾ തരണം ചെയ്യുവാനുള്ള വിവിധ പദ്ധതികളാണ് ഇതിലുൾക്കൊള്ളിച്ചിരിക്കുന്നത്. ഈ പ്രത്യേക പാക്കേജിലൂടെ വർദ്ധിച്ച നികുതി തിരിച്ചു നൽകുക, കൂടുതൽ എളുപ്പത്തിൽ ഷിപ്പ്മെന്റിന് മുൻപും പിൻപും ബാങ്ക് ക്രഡിറ്റ് ലഭ്യമാക്കുക എന്നിവയാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്നാണ് അറിയുവാൻ സാധിച്ചത്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പരിശോധിച്ചുവരുന്നു.

മലബാർ സിമന്റ്സ്

179 [182] ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി. കെ. എസ്. സലീഖ :
ശ്രീ. ഹംസ :
,, കെ. കെ. ദിവാകരൻ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഉൽപ്പാദനശേഷി പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; 2007-2008-ൽ കമ്പനിയുടെ ഉൽപാദനലക്ഷ്യം എത്ര ടൺ ആണ്;

(സി) കമ്പനിക്ക് ദോഷകരമായ ദീർഘകാല കരാറുകൾ പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാർ സിമന്റ്സിൽ നടന്ന അഴിമതി സംബന്ധിച്ച അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) മലബാർ സിമന്റ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കമ്പനിയിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി.
2. കമ്പനിക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും ലഭ്യമായ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമാണ് ഇപ്പോൾ ലഭ്യമാക്കുന്നത്.
3. ചെലവിന്റെ കാര്യത്തിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

(ബി) ഉണ്ട്. 2007-2008-ൽ ഉൽപ്പാദനം 7.50 ലക്ഷം ടൺ ആയിട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ദോഷകരമായ ദീർഘകാല കരാറുകളിൽ ചിലത് റദ്ദുചെയ്തുകഴിഞ്ഞു.

(ഡി) ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

<u>പാലക്കാട് ടെക്സ്റ്റൈൽ പാർക്ക്</u>

180 [183] <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ടെക്സ്റ്റൈൽ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഇത് നിലവിൽ വന്നാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(സി) ടെക്സ്റ്റൈൽ പാർക്ക് ആരംഭിക്കുന്നതിന് പരിസ്ഥിതിയുമായി ബന്ധപ്പെട്ടോ, മറ്റേതെങ്കിലും പ്രശ്നങ്ങളോ നിലവിലുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്രയുടെ അധീനതയിലുള്ള 350 ഏക്കർ സ്ഥലത്ത് ഒരു ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള ടെൻഡർ ഉടനെതന്നെ ക്ഷണിക്കുന്നതാണ്. ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആ സ്ക്കീമിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട പ്രധാന



LIBRARY ARCHIVES Kerala Legislative Assembly

നിബന്ധനകളിൽ ഒന്നായ സ്വകാര്യ സംരംഭകരുടെ ഭൂരിപക്ഷ ഓഹരി പങ്കാളിത്തം ഇതിന് വേണ്ടി രൂപീകരിക്കേണ്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് ഇതുവരെ ലഭിക്കാത്തതിനാൽ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചശേഷം ഇതിന്റെ മാർക്കറ്റിംഗ് ആരംഭിക്കുന്നതിനും അവിടെ വരുന്ന വ്യവസായ സംരംഭകരെ ഉൾപ്പെടുത്തി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി സ്വകാര്യ സംരംഭകരുടെ മൂലധന നിക്ഷേപം ഉറപ്പുവരുത്താൻ ശ്രമിക്കുന്നതുമാണ്. അതിന് ശേഷം കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) ഈ സമഗ്ര ടെക്സ്റ്റൈൽ പാർക്കിൽ ടെക്സ്റ്റൈൽ മേഖലയിലുള്ള സ്പിന്നിംഗ്, വീവിംഗ്, ഗാർമെന്റ് തുടങ്ങി ടെക്സ്റ്റൈൽ മേഖലയിലുള്ള എല്ലാത്തരം യൂണിറ്റുകളും സ്വകാര്യ സംരംഭകരെ കൊണ്ട് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ടെക്സ്റ്റൈൽ രംഗത്ത് ഇന്ത്യ പ്രതീക്ഷിക്കുന്ന കുതിച്ചു ചാട്ടത്തിൽ കേരളത്തെയും പങ്കാളിയാക്കുന്നതോടൊപ്പം ധാരാളം തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യും.

(സി) നിലവിൽ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

181 [184] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം കമ്പനി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) മില്ലിന്റെ നവീകരണത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. മിൽ നവീകരണത്തിന്റെ ഭാഗമായ അറ്റകുറ്റപ്പണികൾ അടിയന്തിരമായി തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) എൻ. സി. ഡി. സി. അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ ധനസമാഹരണത്തിന് നടപടികൾ തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രവർത്തനം

182 [185] ശ്രീ. ജോസ് തെറ്റയിൽ:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ). കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രധാന പ്രവർത്തന പരിപാടികൾ വ്യക്തമാക്കാമോ;

(ബി) ഖാദി ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്?

### ഉത്തരം

(എ) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രങ്ങൾ നടത്തുക, ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ബോർഡ് നടത്തിവരുന്ന ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കുക, പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുക, ഖാദി സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന റിബേറ്റ് വിതരണം ചെയ്യുക, ത്രിതല പഞ്ചായത്തുകളുമായും മറ്റ് വകുപ്പുകളുമായും സഹകരിച്ച് ഖാദി ഗ്രാമ വ്യവസായങ്ങളെ പുരോഗമിപ്പിക്കുക എന്നിവയാണ് ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രധാന പരിപാടികൾ.

ഖാദി കമ്മീഷന്റെ വിവിധ പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ളതും ബോർഡ് വിതരണം ചെയ്തതുമായ വായ്പകൾ ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച് കമ്മീഷന്റെ വ്യവസ്ഥകളനുസരിച്ച് തിരിച്ച് നൽകുകയെന്നതും ബോർഡിന്റെ ചുമതലയിൽപ്പെടുന്നു.

അതുപോലെ ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് പരസ്യം നൽകുക, സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതും ബോർഡിന്റെ പരിപാടികളാണ്.

കൂടാതെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ നിലവിലുള്ള ഗ്രാമീണ തൊഴിൽദാന പദ്ധതി (മാർജിൻ മണി പദ്ധതി) പ്രകാരം തൊഴിൽ സംരംഭകർക്ക് മാർജിൻ മണി ഗ്രാന്റ് വിതരണം ചെയ്യുക, ഇതേ കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയും ബോർഡിന്റെ പ്രവർത്തന പരിപാടികളിൽപെടുന്നു.

(ബി) വിവിധ സംസ്ഥാന സർക്കാർതല പദ്ധതികളും ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ മാർജിൻ മണി പദ്ധതിയും ഖാദി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ബോർഡിന്റെ പരിഗണനയിൽപെടുന്നു.

1. ബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ.
2. തേനീച്ച വളർത്തൽ വികസനം.
3. ഖാദി നെയ്ത്തുരംഗം ശക്തിപ്പെടുത്തൽ. (തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകുക)

4. ഖാദി സഹകരണ സംഘങ്ങൾക്കും മറ്റു ഖാദി സ്ഥാപനങ്ങൾക്കും പുനഃരുദ്ധാരണ ഗ്രാന്റ് അനുവദിക്കുക.

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിൽ സംരംഭകർക്ക് ഖാദി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രത്യേക തൊഴിൽദാന പദ്ധതി ആവിഷ്കരിക്കുക.

6. ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

7. ഖാദി ബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകൾക്ക് ആവശ്യമായ വർക്ക് ഷെഡുകൾ നിർമ്മിച്ച് തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുക.

ചെറുകിട സംരംഭകർക്കും കൈത്തൊഴിലുകാർക്കും പൊതു സൗകര്യങ്ങൾ

183 [186] ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുകിട സംരംഭകർക്കും കൈത്തൊഴിലുകാർക്കും പൊതുസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചെറുകിട സംരംഭകർക്ക് പൊതുസൗകര്യങ്ങൾ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. ഇത്തരം സംരംഭകർ കൂട്ടായി ഒരു ക്ലസ്റ്റർ സംവിധാനമായി രൂപാന്തരപ്പെട്ട ശേഷം അത്തരം ക്ലസ്റ്ററുകൾക്ക് പൊതുസംവിധാനങ്ങൾ ഒരുക്കാൻ പദ്ധതി അധിഷ്ഠിത സഹായം നൽകുന്നതാണ്.

കൂടാതെ കരകൗശല മേഖലയിലുള്ളവർക്ക് പൊതുസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 50 ലക്ഷം രൂപ കരകൗശല മേഖലയിലെ അഗ്രതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കെൽപ്പാം, കരകൗശല അപ്പക്സ് സഹകരണസംഘമായ സുരഭി, ബാംബു വികസന കോർപ്പറേഷൻ മുതലായ ഏജൻസികളിലൂടെ നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 19, 75, 97 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## II അടിയന്തിരപ്രമേയം

### മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഐ.എസ്.ആർ.ഒ.യ്ക്ക് വിറ്റത് സംബന്ധിച്ച്

മി. സ്പീക്കർ: 2009-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രാജൈൽ ലാൻഡ്സ്) ഓർഡിനൻസ് അനുസരിച്ച്സർക്കാരിൽ നിക്ഷിപ്തമായ ഭൂമി ഐ.എസ്.ആർ.ഒ.യുടെ ആവശ്യാർത്ഥം വിൽപ്പന നടത്തുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ഈ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയതിന് ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോടും യു.ഡി.എഫ്. സുഹൃത്തുക്കളോടും നന്ദി പറയുകയാണ്. ഈ സഭയും ഇവിടത്തെ ജനങ്ങളും അറിയേണ്ടതായ ചില കാര്യങ്ങൾ പറയാൻ അവസരം ഉണ്ടാകുകയാണ്. ചില മാദ്ധ്യമങ്ങൾ വ്യക്തമായ ലക്ഷ്യങ്ങളോടുകൂടി സർക്കാരിനെതിരായി നിറംപിടിപ്പിച്ച് നുണകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ സത്യസ്ഥിതി പറയാൻ ഇത് അവസരം ഒരുക്കുന്നുണ്ട്. ഗവൺമെന്റ് ഒരു കാര്യം ഇവിടെ വ്യക്തമാക്കുന്നു, ഐ.എസ്.ആർ.ഒ. നമ്മുടെ നാട്ടിന്റെ മൊത്തം അഭിമാനമാണ്. ഇന്നലെ ഇന്ത്യയിലെ ആ മഹത് സ്ഥാപനം നേടിയ നേട്ടം ലോകത്തോട് വിളിച്ചുപറയുന്ന ഉജ്ജ്വലമായ ഒന്നാണ്. ആ സ്ഥാപനം മുൻകൈ എടുത്തുകൊണ്ട് ഒരു പഠന കേന്ദ്രം (ഇൻസ്റ്റിറ്റ്യൂട്ട്) ഇവിടെ ഉണ്ടാകുന്നത് നമുക്കെല്ലാം ആവേശമുണ്ടാക്കുന്ന ഒന്നാണ്. ഐ.എസ്.ആർ.ഒ. ആരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ടെക്നോളജി സംസ്ഥാനത്ത് സ്ഥാപിതമാക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അതിന് ഐ.എസ്.ആർ.ഒ.-യോട് സഹകരിക്കാൻ ഗവൺമെന്റ് പൂർണ്ണമായും ഒരുക്കമായിരിക്കും. ആ സ്ഥാപനം ഇവിടെ വന്നേതീരൂ എന്ന നിർബന്ധം ഗവൺമെന്റിനുണ്ട്. അതേസമയം ഇതുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും സുതാര്യമായതും കുറ്റമറ്റതായതും ആയിരിക്കണമെന്നും കളങ്കമൊന്നും ഉണ്ടാകാൻ പാടില്ലെന്നുമുള്ള നിർബന്ധവും ഗവൺമെന്റിനുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവാദങ്ങളുണ്ടാകുകയും വനം വകുപ്പുമന്ത്രിയായ എന്റെ മുമ്പാകെ ഈ വിഷയം വരുകയും ചെയ്തപ്പോൾ കഴിഞ്ഞ 20-ാം തീയതി വനം വകുപ്പിന്റെ സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ ഈ നിലപാട് വ്യക്തമാക്കപ്പെട്ടു. ഗവൺമെന്റ് നിൽക്കുന്നത് എന്തിനുവേണ്ടിയാണെന്നുള്ള കാര്യം ഞാൻ ഇവിടെ പറഞ്ഞു. അതാണ് അവിടേയും വ്യക്തമാക്കിയത്. അതിന്റെ വെളിച്ചത്തിൽ ഇതുമായി ബന്ധപ്പെട്ട് മാദ്ധ്യമങ്ങളിൽ വന്ന വാർത്തകളുടെ എല്ലാ വശങ്ങളും പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് വേണമെന്നാണ് ഞങ്ങൾ തീരുമാനിച്ചത്. ആ റിപ്പോർട്ട് ഇന്നോ നാളെയോ ലഭിക്കും. വിവിധ വകുപ്പുകൾ അടങ്ങുന്ന, ഒരുപാട് നിയമ-സാങ്കേതിക പ്രശ്നങ്ങളെല്ലാം അടങ്ങുന്ന ഒരു വിഷയമായതുകൊണ്ട് ആ റിപ്പോർട്ട് കിട്ടാൻ അല്പം താമസം ഉണ്ടായിട്ടുണ്ട്. പക്ഷേ ആ റിപ്പോർട്ട് കിട്ടുന്നതുവരെ കാത്തുനിൽക്കാതെ ഞാൻ തന്നെയാണ് ഗവൺമെന്റിനുവേണ്ടി ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ടത്. കേരള

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഐ.എസ്.ആർ.ഒ.-യെ അങ്ങേയറ്റം ആദരിക്കുന്ന ഗവൺമെന്റാണ്. ഈ ഇൻസ്റ്റിറ്റ്യൂട്ട് വരണമെന്ന നിർബന്ധമുണ്ടെന്ന് അവരെ അറിയിച്ചു. ഏറ്റവും മാന്യമായ സഹകരണം ഉണ്ടാകുമെന്ന് അവർക്ക് ഉറപ്പുകൊടുത്തു. പക്ഷേ ഒരു തരത്തിലുമുള്ള വിവാദങ്ങളുടെ കക്ഷിയാകാൻ ഗവൺമെന്റിന് താല്പര്യമില്ല. ഒരു ലാൻഡ് ഡീലിങ് സ്വഭാവത്തിനുള്ള ഇടപാട് ഉണ്ടായതായി മാദ്ധ്യമങ്ങളെല്ലാം പറയുന്നു. അതിന്റെ നിഴലിൽ നിൽക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട എല്ലാ സ്റ്റെപ്പ്സും വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അതുപ്രകാരം മലയാളത്തിന്റെ പ്രിയപുത്രൻ, ലോകം ആദരിക്കുന്ന ശാസ്ത്രജ്ഞനായ ഡോ. ജി. മാധവൻ നായർ കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തോടും പറഞ്ഞ കാര്യം ഇതാണ്. ഇതൊരു Shady ഇടപാടായി മാറുന്നത് ഗവൺമെന്റിന് ഇഷ്ടമുള്ള കാര്യമല്ല, ഐ.എസ്.ആർ.ഒ.-യ്ക്ക് അത് ഭൂഷണമല്ല; വരാൻ പോകുന്ന സ്ഥാപനത്തിന്റെ നന്മയ്ക്കും അത് ഗുണകരമല്ല, അതുകൊണ്ട് എല്ലാ തരത്തിലും പ്രകാശമുള്ള സുതാര്യമായ രീതിയിൽ വേണം അത് വരേണ്ടതെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കുള്ള ആകാംക്ഷ അറിയിക്കാനാണ് ശ്രമമെന്ന് അദ്ദേഹത്തോട് പറഞ്ഞു അതുതന്നെയാണ് ഐ.എസ്.ആർ.ഒ.-യുടേയും സ്റ്റാൻഡ് എന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ നൽകിയ ഒരു കത്തിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-ാം തീയതി ഒരു യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. ആ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും മന്ത്രിമാരും സെക്രട്ടറിമാരും ഐ.എസ്.ആർ.ഒ.-യും പങ്കെടുക്കുന്നുണ്ട്. ആ യോഗത്തിലും ഗവൺമെന്റ് വ്യക്തമാക്കാൻ പോകുന്ന കാര്യം ഇതുതന്നെയായിരിക്കും. തോട്ടങ്ങൾ തോട്ടങ്ങളായിത്തന്നെ നിലനിർത്തേണ്ടതുണ്ട്. അത് ഒന്നിനുവേണ്ടിയും വെട്ടിമുറിക്കാനും വിൽക്കാനും പാടില്ല. ഇവിടെ ഐ.എസ്.ആർ.ഒ.-യുടെ മറവിൽ തോട്ടങ്ങൾ തുണ്ടങ്ങളാക്കി വിൽക്കാൻ നീക്കമുണ്ടെങ്കിൽ അതിന് ഐ.എസ്.ആർ.ഒ. കൊടുക്കുകയില്ല എന്നതാണ് ഞങ്ങളുടെ ഉത്തമ വിശ്വാസം. അത് സമ്മതിക്കപ്പെടാൻ പാടില്ല. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധികളിൽ നിന്ന് തോട്ടങ്ങൾ ഒഴിവാക്കപ്പെട്ടത് അത് തോട്ടമായതുകൊണ്ടാണ്. ആ തോട്ടങ്ങൾ ഐ.എസ്.ആർ.ഒ.-യുടെ പേരിലോ മറ്റോ മുറിച്ചുവിൽക്കുന്ന കീഴ്വഴക്കം അംഗീകരിക്കപ്പെട്ടാൽ നമ്മുടെ നാടിന്റെ ഏറ്റവും വലിയ നാഴികക്കല്ലായ ഭൂപരിഷ്കരണ നിയമം അട്ടിമറിക്കപ്പെടുമെന്ന ഒരു ആപത്തുണ്ട്. അതും ഈ ഗവൺമെന്റ് കാണുന്നുണ്ട്. അതിന് വഴിയുണ്ടാകാൻ പാടില്ലെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ഐ.എസ്.ആർ.ഒ.-യും ഗവൺമെന്റും തമ്മിലുള്ള സുതാര്യമായ ഒരു ബന്ധത്തിലൂടെ ഈ സ്ഥാപനം വരണമെന്ന കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളത്. അതിൽ വ്യക്തിഗത താല്പര്യങ്ങൾക്കുവേണ്ടിയുള്ള കരുനീക്കം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനേയും ഈ ഗവൺമെന്റ് തെല്ലും പിന്താങ്ങുകയില്ല. എന്നു മാത്രമല്ല, ഇതിൽ തെറ്റായ എന്തെങ്കിലും നീക്കം ഉണ്ടായാൽ അത് പുറത്തുകൊണ്ടുവന്ന് കുറ്റക്കാർ ആരായാലും ശിക്ഷിക്കപ്പെടാനുതകുന്ന നടപടികൾ ഉണ്ടാകുകയും വേണം. 6-ാം തീയതിയിലെ യോഗത്തിൽ വച്ച് ഞങ്ങൾ അതിന് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുള്ളതായി തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ഒരു ചർച്ചയാകാം എന്ന മട്ടിലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. ഞങ്ങൾ നോട്ടീസ് കൊടുത്തത് സന്തോഷമായി, വളരെ സ്വാഗതാർഹമായി, പ്രതിപക്ഷം നല്ലൊരു കാര്യം ചെയ്തു എന്ന രീതിയിൽ അങ്ങ് ഞങ്ങളെ അഭിനന്ദിച്ചതിന് നന്ദി പറയുകയാണ്. നമുക്ക് ചർച്ചയാകാം. ചർച്ചയ്ക്ക് പിന്നെ സമയം തീരുമാനിച്ചാൽ മതി. അതിനുള്ള സമയം പന്ത്രണ്ടര മണിയാണ്. അതുകൊണ്ട് ചർച്ചയിലേക്ക് പോകുന്നതാണ് ഭൂഷണമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട വിഷയത്തിന് അദ്ദേഹം മറുപടി പറഞ്ഞില്ല. ഐ.എസ്.ആർ.ഒ. അഭിമാനഭാജനമാണെന്നുള്ളതിൽ ആർക്കാണ് തർക്കം? പത്മഭൂഷൺ അവാർഡ് നേടിയ ഡോ. ജി. മാധവൻ നായർ ഇന്ത്യൻ പൗരത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിത്വമാണെന്നതിൽ ആർക്കാണ് തർക്കം? ഇവിടെ പ്രശ്നം അതല്ല. ഐ.എസ്.ആർ.ഒ. പോലുള്ള വളരെ ക്രെഡിബിലിറ്റിയുള്ള ഒരു ഓർഗനൈസേഷൻ അതിന്റെ മറ ഉപയോഗിച്ചുകൊണ്ട് ഒരു Shady deal നടത്തുന്നതിനുവേണ്ടി നിന്നുകൊടുക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ഐ.എസ്.ആർ.ഒ. സ്പേസ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണം. അത് കേരളത്തിന്റെ ആവശ്യമാണ്. അതിന് ഞങ്ങളെല്ലാവരും ഒരുമിച്ച് നിൽക്കുകയാണ്. സ്പേസ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റ് സ്ഥലം കൊടുക്കണം. അത് സൗജന്യമായി തന്നെ കൊടുക്കണം. കേരളത്തിൽ ഇത്രയും പ്രശസ്തമായ ഒരു സ്ഥാപനം വരേണ്ടത് ആവശ്യമല്ലേ? 100 ഏക്കർ സ്ഥലം ആവശ്യമാണെന്നാണ് അവരുടെ ആദ്യത്തെ മിനിട്സിൽ പറയുന്നത് വേണ്ടിവന്നാൽ 100 ഏക്കറോ അല്ലെങ്കിൽ അവർ ചോദിക്കുന്ന ഭൂമിയോ കൊടുക്കണം. അതിനു വേണ്ടിയുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതിനുപകരം ഒരു ഷേഡി ഡീലിൽ പോയി പെടരുത്. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇതിൽ ചില ഗൂഢാലോചനകളും ദുരൂഹതയും നിൽക്കുകയാണ്. 7-3-2007-ൽ മെർക്കിസ്റ്റൺ എസ്റ്റേറ്റ് 217 ഏക്കർ സ്ഥലം ഐ.എസ്.ആർ.ഒ-യ്ക്ക് നൽകുന്നതിനുവേണ്ടിയുള്ള എഗ്രിമെന്റ് വച്ചു. ആ എഗ്രിമെന്റിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. ആ എഗ്രിമെന്റിൽ ഒരു ഏക്കർ ഭൂമിക്ക് നാല് ലക്ഷം രൂപയാണ്. സേവി എന്നുപറയുന്ന ഒരു മുതലാളിയാണ് അത് കൊടുക്കുന്നത്, ആ മുതലാളിക്ക് ഈ ഭൂമി കിട്ടിയത് ഒന്നര ലക്ഷം രൂപയ്ക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനകത്ത് ഒന്നാം സാക്ഷിയാണ്. കാരണം ലാൻഡ് മാഫിയയും ലാൻഡ് ബാങ്കും ഉണ്ടെന്നും അങ്ങനെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഈ രംഗത്ത് തിരിമറി നടത്തി സമ്പാദിച്ചുകൊണ്ടിരിക്കുന്ന ചില ആളുകളുണ്ടെന്നും കേരള ജനതയോടും ലോകത്തോടും ഉറക്കെപ്പറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ഈ ഒന്നര ലക്ഷം രൂപയ്ക്ക് വാങ്ങിച്ച ഭൂമി നാല് ലക്ഷം രൂപയ്ക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള കരാർ ഉണ്ടാക്കി. അവർ 3.21 കോടി രൂപയ്ക്ക് വാങ്ങിയ ഭൂമി യഥാർത്ഥത്തിൽ 8 കോടി രൂപയ്ക്കാണ് വിൽക്കുന്നത്. 8 കോടി രൂപയ്ക്ക് ഭൂമി വിൽക്കുന്നതിനുവേണ്ടിയുള്ള ഒരു കത്ത് കൊടുക്കുകയാണ് ഇവർ ചെയ്തത്. വിൽക്കുന്നതിനുവേണ്ടിയുള്ള ഈ എഗ്രിമെന്റ് ഉണ്ടാക്കുന്ന സമയത്ത് ഇയാളുടെ കൈയ്യിൽ ഭൂമി ഇല്ല. ഭൂമിയില്ലാത്ത സ്ഥലത്ത് ഭൂമി കൊടുക്കാം എന്നു പറഞ്ഞു കൊണ്ടാണ് എഗ്രിമെന്റ്. അങ്ങനെ ചില എഗ്രിമെന്റുകൾ കേരള രാഷ്ട്രീയ ത്തിൽ കറങ്ങി നിൽക്കുന്നുണ്ടല്ലോ. ഞാൻ അതിലേക്ക് പോകുന്നില്ല. ഭൂമിയില്ലാത്ത സ്ഥലത്ത് കൊടുക്കുന്നതിനുവേണ്ടിയുള്ള എഗ്രിമെന്റാണ് ഉണ്ടാക്കിയത്. അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

30-3-2007-ൽ സേവി മനോ മാത്യു, മാനേജിംഗ് ഡയറക്ടർ, സതേൺ ഫീൽഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, വഴുതക്കാടിന് ഒരു കത്ത് കൊടുക്കുകയാണ്. കസ്റ്റോഡിയന് വേണ്ടി ഒരു കത്ത് കൊടുക്കുകയാണ്. കസ്റ്റോഡിയന് കൊടുക്കുന്ന കത്തിനകത്ത് ഇവർ പറഞ്ഞിരിക്കുന്നത്, Land tax receipt for the entire area is also produced herewith, 30-3-2007-ൽ കൊടുത്ത ഈ കത്തിനകത്ത് പറയുന്നത് ലാന്റിനെല്ലാം കരം കെട്ടിയതിന്റെ രസീത് മുഴുവൻ ഞങ്ങൾ വച്ചിട്ടുണ്ട് എന്നാണ്. കരം കെട്ടിയതിന്റെ രസീത് ആണ് ഇത്. കൈവശാവകാശ രേഖയാണിത്. കൈവശാവകാശ രേഖയും കരം കെട്ടിയതിനുള്ള രസീതും ഈ 30-3-2007 ൽ കൊടുക്കുന്ന സന്ദർഭത്തിൽ ഇത് മുഴുവൻ ചെയ്തിട്ടുണ്ട് എന്നു പറയുകയാണ്. ഈ തേനൂർ വില്ലേജിൽ നിന്നുള്ളവർക്ക് 19-4-2007-ലാണ് കൈവശാവകാശ രേഖ കൊടുക്കുന്നത്. കരം കെട്ടിയ രസീതിന്റെ ഫോട്ടോകോപ്പി ആണിത്. ഈ രസീതിൽ 19-4-2007 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 19-4-2007-ൽ കരം കെട്ടിയ ശേഷം 30-3-2007-ൽ ഞാൻ ഇതെല്ലാം ചെയ്തിട്ടുണ്ട്, അതുകൊണ്ട് ഇതു മുഴുവൻ എന്റേതാണെന്ന് അവകാശപ്പെട്ടുവരുന്ന ഒരു offender, അയാളുടെ ഒരു തട്ടിപ്പ്, ആ തട്ടിപ്പിന് നമുക്ക് കൂട്ടുനിൽക്കുവാൻ പറ്റുമോ? ഇവിടെ ഈ ഭൂമി ഏതാണ്? നേരത്തെ സൂചിപ്പിച്ചല്ലോ. ഈ ഭൂമി സംബന്ധിച്ച നോട്ടിഫിക്കേഷന്റെ കോപ്പി എന്റെ കൈയ്യിൽ ഉണ്ട്. 2001-ലെ ഗസറ്റ് നോട്ടിഫിക്കേഷനാണിത്. 2000 ഒക്ടോബർ 20-ാം തീയതിയുള്ള ഗസറ്റ് നോട്ടിഫിക്കേഷനാണ്. 268.87 ഏക്കർ സ്ഥലം വെസ്റ്റ് ചെയ്തതായി നോട്ടിഫൈ ചെയ്തുകൊണ്ടുള്ള കേരള ഗസറ്റ് നോട്ടിഫിക്കേഷനാണിത്. നേരത്തെ ഉണ്ടായിരുന്ന ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് 2003-ൽ ഈ നിയമസഭ തന്നെ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കിയ നിയമമാണിത്. Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003. നേരത്തെ ഓർഡിനൻസനുസരിച്ച് 2001-ൽ പ്രസ്തുത ഭൂമി ഗവൺമെന്റിൽ വെസ്റ്റ് ചെയ്തു. അതിന് ശേഷം ആ ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് ഈ നിയമസഭ തന്നെ പുതിയ നിയമം കൊണ്ടുവന്നു. ആ നിയമത്തിനകത്ത് പറഞ്ഞിട്ടുള്ള എല്ലാ വശത്തിലേക്കും ഞാൻ പോകുന്നില്ല. "The Government shall have power to declare, by notification in the Gazette, any land to be ecologically fragile land on the recommendation of the Advisory Committee". അപ്പോൾ അത് ചെയ്യാനുള്ള അവകാശമുണ്ട്. ആ അവകാശത്തിന്റെ അടിസ്ഥാനത്തിൽ കൊടുത്തതാണ് ആ ഭൂമി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇതിനെക്കുറിച്ച് നമ്മുടെ കസ്റ്റോഡിയന് ഒരു കത്ത് കൊടുത്തു എന്നുള്ളതാണ്. കസ്റ്റോഡിയൻ എന്ത് ചെയ്തു? കസ്റ്റോഡിയൻ ആ കത്ത് താഴേക്ക് കൊടുത്തു. പുതിയ ആക്ട് അനുസരിച്ച് ഭൂമി കേരള ഗവൺമെന്റിന്റേതാണ്. അവിടെയാണ് പ്രശ്നം. സർക്കാരിൽ വെസ്റ്റ് ചെയ്താൽ പിന്നെ ഡീവെസ്റ്റ് ചെയ്യാൻ സാദ്ധ്യമല്ല. സർക്കാരിൽ ഒരിക്കൽ വെസ്റ്റ് ചെയ്താൽ പിന്നെ റീനോട്ടിഫിക്കേഷൻ ഇറക്കിയാലും ഡീവെസ്റ്റ് ചെയ്യാൻ സാദ്ധ്യമല്ല. ഭൂമി കേരള ഗവൺമെന്റിന്റെ തന്നെയാണ്. കേരള ഗവൺമെന്റിന്റെ ഭൂമി ഗവൺമെന്റിന്റെ പേരിലാണ്. ഇവിടെ ഈ കസ്റ്റോഡിയൻ ശ്രീ. വി. ഗോപിനാഥിന് 12-6-2007-ൽ ഒരു കത്ത് കൊടുക്കുന്നു. ശ്രീ. വി. ഗോപിനാഥ് അതിന്റെ മേൽ തീരുമാനം എടുക്കുകയാണ്. അവിടെയാണ് പ്രധാന പ്രശ്നം. ഇതെല്ലാം അറിഞ്ഞിരിക്കേ 19-6-2007-ൽ ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രി ഒരു കോൺഫറൻസ് വിളിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിലെ ചില ഇടപെടൽമൂലം മെർക്കിസ്റ്റൻ എസ്റ്റേറ്റ് തുടർന്ന് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട് എന്നുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് വനം വകുപ്പുമന്ത്രി കോൺഫറൻസ് വിളിക്കുന്നത്. ആ കോൺഫറൻസിൽ പങ്കെടുത്തിട്ടുള്ള ആളുകൾ ആരൊക്കെയെന്ന് അറിയാമോ? കോൺഫറൻസിൽ സേവി മനോ മാത്യു അടക്കം ഏഴ് ആളുകൾ പങ്കെടുക്കുകയാണ്. അതിന്റെ മിനിട്സിലെ തീരുമാനം എന്താണ്? എസ്റ്റേറ്റ് ഉടമ ഫോറസ്റ്റ് ട്രിബ്യൂണലിൽ നൽകിയ പരാതിയിൽ 283 ഹെക്ടർ ഭൂമി സംബന്ധിച്ച് സർക്കാരിന് അനുകൂലമായ വിധി വന്നിട്ടുണ്ട് എന്ന് പങ്കെടുത്ത കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മി. വർഗ്ഗീസ് ആ യോഗത്തിൽ വച്ചുതന്നെ പറഞ്ഞതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്തുനിന്നുള്ള ഓഫീസറാണ് ശ്രീ. വർഗ്ഗീസ്. വർഗ്ഗീസ് ആ യോഗത്തിൽത്തന്നെ ഇത് ഗവൺമെന്റിൽ ഇരിക്കേണ്ട ഭൂമിയാണെന്ന് പറഞ്ഞു. 2002 ജൂണിൽ ഇ.എഫ്.എൽ. ഓർഡിനൻസിൽ ഉൾപ്പെടുത്തി ഭൂമി സർക്കാർ ഏറ്റെടുക്കുകയും ആ വിവരം ഉടമയേയും കോടതിയേയും അറിയിക്കുകയും ചെയ്തു എന്നുള്ളത് ഈ മിനിട്സിനകത്ത് രേഖപ്പെടുത്തിയിരിക്കുകയാണ്. സർക്കാർ വക ഭൂമിയിൽ നിന്നും മരം മുറിച്ചുമാറ്റിയതിന് എസ്റ്റേറ്റ് ഉടമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ആ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. അവിടെ നിങ്ങൾ കോൺഫറൻസിന് വിളിച്ച ഈ സേവി മനോ മാത്യു സർക്കാർ വക ഭൂമിയിൽ നിന്ന് 69 മരം മുറിച്ച് മാറ്റിയതിനാണ് ഫോറസ്റ്റ് ആക്ടിന്റെ ലംഘനത്തിന് കേസ് എടുത്തിരിക്കുന്നതെന്നും ഈ മിനിട്സിനകത്ത് പറഞ്ഞിരിക്കുകയാണ്. ഇവിടത്തെ രണ്ട് മന്ത്രിമാർ യോഗത്തിൽ പങ്കെടുത്തതാണ്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ, അങ്ങ് പങ്കെടുത്തത് തൊഴിലാളികളുടെ ക്ഷേമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഭംഗ്യന്തരേണ വരത്തക്ക വിധത്തിലുള്ള ഒരു സൂചനയോടുകൂടിയാണ് എന്നുള്ളത് ഞാൻ മറക്കുന്നില്ല. ഇവിടെ തീരുമാനം എന്താണ് വന്നിരിക്കുന്നത്? കേരള ഗവൺമെന്റിൽ വെസ്റ്റ് ചെയ്തിരിക്കുന്ന 707 ഏക്കർ ഭൂമി, ആ ഭൂമിയെ സംബന്ധിച്ച് ഈ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്ന തീരുമാനം എന്താണെന്നറിയാമോ? എസ്റ്റേറ്റ് ഉടമകൾ ഇപ്പോൾ കൈവശം വച്ചിട്ടുള്ള ഭൂമിയിൽ നിന്ന് എസ്റ്റേറ്റിന്റെ പ്രവർത്തനത്തിനായി വിറക് മരം മുറിക്കാവുന്നതാണ്. അയാളുടെ സ്വകാര്യ ആവശ്യത്തിന് ഭൂമി കൊടുക്കുകയാണ്. ഉടമ ഇവിടെ 23.71 ഹെക്ടർ ഭൂമി ഒഴികെയുള്ളവ ഇ.എഫ്.എൽ. ൽ നിന്നും ഡീനോട്ടിഫിക്കേഷൻ ചെയ്യുന്നതിനുവേണ്ടി ഇവിടെ അപേക്ഷ കൊടുക്കേണ്ടതാണ്. മന്ത്രിയും ഗൂഢാലോചനയിൽ ഉണ്ടെന്നുള്ളതാണ് ഇവിടെ പ്രധാനപ്പെട്ട പ്രശ്നം. മൂന്ന് കോടിക്ക് വാങ്ങിച്ചത് എട്ട് കോടിക്ക് വിൽക്കുന്നു. ഈ രാഷ്ട്രീയ ഗൂഢാലോചനയിൽ ബഹുമാനപ്പെട്ട മന്ത്രികൂടി വന്നുപെട്ടിരിക്കുകയാണ് ...........(മൈക്ക് ഓഫ്)........... ഇത് വളരെ സീരിയസ് ആയിട്ടുള്ള പ്രശ്നമല്ലേ? ഈ കേസ്സിനകത്ത് ഏറ്റവും പ്രസക്തമായത് കേരള ഗവൺമെന്റിന്റെ കൈവശമുള്ള എഴുന്നൂറ്റി ചില്വാനം ഏക്കർ ഭൂമി ഒരു സ്വകാര്യ വ്യക്തിക്ക് മടക്കിക്കൊടുക്കണം എന്ന് പറഞ്ഞിട്ടുള്ളതാണ്. ഇവിടെ കോടികളുടെ അഴിമതിയുണ്ട്, കുഴപ്പങ്ങളുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഒരു ചർച്ച മാത്രം മതിയോ? ചർച്ചയെങ്കിൽ, ചർച്ചയിൽ ബാക്കിഭാഗം കൂടി എടുക്കാം. പത്ത് മിനിറ്റുകൊണ്ട് തീരുന്നതല്ല. ബാക്കിയുള്ള കാര്യങ്ങൾ കൂടി ചർച്ച ചെയ്യാം. ഇതിൽ നിങ്ങൾക്ക് പങ്കാളിത്തമില്ലേ? നിങ്ങൾക്ക് കൈ ഒഴിയാൻ പറ്റുമോ? സത്യം പറഞ്ഞാൽ അറബിനാട്ടിലെ മുഴുവൻ സുഗന്ധദ്രവ്യവും കൊണ്ടുവന്ന് കഴുകിയാലും ഈ രക്തക്കറയിൽ നിന്നും ബഹുമാനപ്പെട്ട ബിനോയ് വിശ്വം അങ്ങയുടെ കൈ ശുദ്ധമാകില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് തന്നെ അറിയാം അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം സാങ്കല്പികകഥയാണെന്ന്. ഇഷ്ടംപോലെ സമയമെടുത്തുകൊണ്ട് ഇവിടെ അദ്ദേഹം കെട്ടിപ്പൊക്കിയത് മുഴുവൻ ഒരു കഥയില്ലാ കഥയാണ്. കഴമ്പുള്ള കാര്യമല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിൽ മറച്ചു വയ്ക്കാൻ യാതൊന്നും ഇല്ല. ഈ കേസ്സുമായി ബന്ധപ്പെട്ട് എല്ലാ തലത്തിലുമുള്ള അന്വേഷണം നടത്താനും ഇടതുമുന്നണി ഗവണ്മെന്റ് ഒരുക്കമാണ്. ഈ കേസ്സുമായി ബന്ധപ്പെട്ട് യാതൊരു കാര്യവും ഈ ഗവണ്മെന്റിന് മറച്ചുവയ്ക്കാനില്ല. 6-ാം തീയതി യോഗം കഴിയുമ്പോൾ ഈ കാര്യത്തിൽ വ്യക്തമായ നടപടികൾ ഉണ്ടാകും. അക്കാര്യത്തിൽ ഒരാൾക്കും ഒരു സംശയവും വേണ്ട. ഇത് ഗവൺമെന്റ് വേറെയാണ്. .................(ബഹളം)................ ഞാൻ പറയാം............ തേനൂർ വില്ലേജിലെ കാര്യങ്ങൾ പറയുകയുണ്ടായി. അതിലെ നടപടിക്രമങ്ങളിൽ പതിവിൽ കവിഞ്ഞ വേഗത ഉണ്ടായി എന്ന് ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് അന്വേഷിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു അന്വേഷണക്കമ്മിറ്റി ഇപ്പോൾ റവന്യൂ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. അതുപോലെ രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാനും യാതൊരു മടിയും സങ്കോചവും ഈ ഗവണ്മെന്റിനില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ പല കാര്യങ്ങളും ശരിക്കു പറഞ്ഞാൽ തിരിച്ചു കൊള്ളുക യു.ഡി.എഫ്.-നാണ്. ഞാൻ വളരെ ആദരവോടെ പറയട്ടെ നമുക്കെല്ലാം അറിയാവുന്ന ഒരു ചൊല്ലുണ്ട് ഇംഗ്ലീഷിൽ, "When you point a finger to somebody, mind you that 3 fingers are being pointed against you." അങ്ങ് പറയുന്ന സേവി മനോ മാത്യുവിന്റെ ഭൂമി മൊത്തം സർക്കാരിലേക്ക് ഓർഡിനൻസ് മുഖേന ഏറ്റെടുക്കപ്പെട്ടതാണെന്ന്. അങ്ങ് തന്നെ തീയതി പറഞ്ഞു. 2000-ലെ ഓർഡിനൻസ് പ്രകാരമാണ്. 2003-ൽ അത് ആക്ടായി മാറി. അപ്പോൾ ഈ തോട്ടത്തിന്റെ ഉടമ കീർത്തി എസ്റ്റേറ്റാണ്. കീർത്തി എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഈ ഭൂമി താങ്കൾ ഇപ്പോൾ പറയുന്നത് എല്ലാ കുറ്റങ്ങളുടേയും മഹാരാജാവായ സേവി മനോ മാത്യു വാങ്ങിയിരിക്കുന്നു എന്നാണ്. 30-3-2005-ൽ മൂന്ന് ആധാരങ്ങൾ നടന്നു. അങ്ങ് പറയണം ഗവൺമെന്റിന്റെ ഭൂമി വാങ്ങാനായി സേവി മനോ മാത്യുവിന് കുടപിടിച്ചുകൊടുത്തത് ആരാണെന്ന്. ................(ബഹളം)................ അന്വേഷണ പരിധിയിൽ അക്കാര്യം വരണം. വന്നേ മതിയാകൂ. അങ്ങയുടെ ഭാഷയിൽ യു.ഡി.എഫ്.-ന്റെ ഒത്താശയോടുകൂടി ഭൂമി വാങ്ങാൻ വേണ്ടി അനുമതി കൊടുക്കുകയും യു.ഡി.എഫ്.-ന്റെ സഹായത്തോടുകൂടി സേവി മനോ മാത്യു ഭൂമി വാങ്ങിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം അത് ഐ.എസ്.ആർ.ഒ.-ക്ക് വിൽക്കുകയാണ് ചെയ്തത്. ഒരു വലിയ കാര്യം പോലെ അങ്ങ് ഇവിടെ പറഞ്ഞത് ഒരു മിനിട്സ് ആധാരമാക്കിയാണ്. ആ മിനിട്സും ഐ.എസ്.ആർ.ഒ. യുടെ ഈ വിൽപനയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഈ മിനിട്സ് നൂറ്വട്ടം വായിക്കുക. യു.ഡി.എഫ്.-ന്റെ ഭരണത്തിന്റെ ബലത്തിൽ കൈമാറ്റം ചെയ്യപ്പെട്ട ഭൂമി ഐ.എസ്.ആർ.ഒ.-ക്ക് മറിച്ച് വിറ്റ ഇടപാടുമായി എന്തെങ്കിലും ബന്ധം ഈ മിനിട്സിന് ഉണ്ടോ? ഈ മിനിട്സിൽ കാര്യങ്ങളെല്ലാം വളരെ വ്യക്തമാണ്. വനം വകുപ്പിന്റെ ഇടപെടലുകൾമൂലം പൊന്മുടിയിലെ മെർക്കിസ്റ്റൺ എസ്റ്റേറ്റ് തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്നും മറ്റുമുള്ള പരാതികൾ തൊഴിൽ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മുഖേന ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർത്തത്. അന്ന് വനം വകുപ്പുമന്ത്രി ആമുഖമായി പറഞ്ഞത് നിയമ പ്രകാരം പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനും വനംവകുപ്പ് എതിരല്ല എന്നാണ്. യാതൊരു തൊഴിലാളി ദ്രോഹവും വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല എന്നും മന്ത്രി പറഞ്ഞു. തന്ത്രശാലിയായ സേവി മനോ മാത്യു പറഞ്ഞു, വനം വകുപ്പു വന്നിട്ട് കേസ്സെടുക്കുന്നു; ഈ തോട്ടം നടത്തുന്നത് നിർത്തി വയ്ക്കാൻ പറ്റുന്നില്ല; ഒരുപാട് വർക്കേഴ്സ് പണിയെടുക്കുന്നു; അവർക്കെല്ലാം വേണ്ട ശമ്പളം കൊടുക്കുന്നു എന്നൊക്കെ. വനം വകുപ്പിന്റെ ഇടപെടൽമൂലം നിർത്തി വയ്ക്കാൻ പോകുന്നു എന്നുള്ള കത്ത് സേവി മനോ മാത്യു തൊഴിൽകാര്യ വകുപ്പുമന്ത്രിക്ക് കൊടുക്കുന്നു. അദ്ദേഹം എന്നോട് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത് ഞാൻ ഇപ്പോഴാണ് സംഭവം അറിയുന്നത്, നമുക്ക് ഉടൻ യോഗം വിളിക്കാം എന്നാണ്. ഉടൻ യോഗം വിളിച്ചു. രണ്ടുപേരും പങ്കെടുത്ത യോഗത്തിന്റെ മിനിട്സിന്റെ ഒരു ഭാഗത്ത്, "ഈ തർക്കഭൂമിയിൽ നിന്നും ഏകപക്ഷീയമായി മരം മുറിച്ചത് ശരിയല്ലെന്നും തർക്കങ്ങൾ പരിഹരിച്ച് കിട്ടുന്നതിനായി നിയമത്തിൽ ഇത് അനുശാസിക്കും പ്രകാരമുള്ള പ്രതിവിധികൾ തേടുകയാണ് വേണ്ടതെന്നും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അഭിപ്രായപ്പെട്ടു" എന്ന് പറഞ്ഞിട്ടുണ്ട്. തൊഴിൽ വകുപ്പുമന്ത്രിയുടെ വാചകങ്ങളാണിത്. വനം വകുപ്പുമന്ത്രിക്കും തൊഴിൽ വകുപ്പുമന്ത്രിക്കും നിങ്ങളുടെ ബന്ധുവായ സേവി മനോ മാത്യുവുമായി ഒരു ബന്ധവുമില്ലെന്ന് ഈ വാചകം വ്യക്തമാക്കുന്നുണ്ട്. ................(ബഹളം)................ ഒരു ബന്ധവും ഉണ്ടാകുകയില്ല. ................(ബഹളം)................ എന്നു മാത്രമല്ല.., തീരുമാനം വായിക്കാം. ................(ബഹളം)................ 2003-ലെ ആക്ട് പ്രകാരം രൂപീകൃതമായ റൂൾ ഞാൻ വായിക്കാം. മിനിട്സും വായിക്കാം. തീരുമാനം (3) - 23.7371 ഹെക്ടർ ഭൂമി ഒഴികെയല്ലാതെ ഇ.എഫ്.എൽ.-ൽ നിന്നും ഡീ-നോട്ടിഫൈ ചെയ്യുന്നതിലേക്ക് ഉടമ ചട്ടങ്ങൾ അനുസരിച്ച് കസ്റ്റോഡിയൻ ഇ.എഫ്.എൽ.-ന് പരാതി നൽകേണ്ടതുണ്ട്. 2. എസ്റ്റേറ്റ് ഉടമ ഇപ്പോൾ കൈവശം വച്ചിട്ടുള്ള ഭൂമിയിൽനിന്നും എസ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾക്കായി, വിറകിനുവേണ്ടി മരം മുറിക്കാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും വിറക് പുറത്ത് കൊണ്ടുപോകാൻ പാടില്ല. ................(ബഹളം)................ അതെല്ലാം പറയേണ്ടത്..., 2005 മാർച്ച് മാസം 3 മുതൽ സേവി മനോ മാത്യു ആ തോട്ടം വാങ്ങിച്ചു കഴിഞ്ഞു. ആ തോട്ടം നടത്താൻ സമ്മതം കൊടുത്ത യു.ഡി.എഫ്. പറയണം. ഞങ്ങളല്ല പറയേണ്ടത്. ആ തോട്ടത്തിനെ എന്തുകൊണ്ട് ഏറ്റെടുത്തു എന്ന് യു.ഡി.എഫ്. പറയണം. ................(ബഹളം)................ എന്നെ പറയാൻ അനുവദിക്കണം സർ.

മി. സ്പീക്കർ: അങ്ങ് പറയണം.

ശ്രീ. ബിനോയ് വിശ്വം: ഇതാണ് റൂൾസ്. 2003-ലെ ആക്ടിന്റെ റൂൾസ് പറയുകയാണ്,

APPLICATION FOR REVIEW OF NOTIFICATION:

"17. Owner claiming exemption to apply.—(1) any owner or any person having the right of possession or enjoyment of any land notified under sub section (1) of section 3 of the Act may file an application before the custodian giving details of the location, extent, Survey Number, crops cultivated etc., seeking a scrutiny of the notification and to decide whether such land qualify to be notified as ecologically fragile in accordance with the provisions of the Act." ഇത് പ്രകാരം അയാൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഹർജി കൊടുക്കാൻ അവകാശമുണ്ടെന്ന് ഈ മിനിട്സിലുണ്ട്. അതുപ്രകാരം സേവി മനോ മാത്യു ഒരു ഹർജി കൊടുത്തു. ആ ഹർജിയിൻമേൽ ശ്രീ. വി. ഗോപിനാഥന്റെ ഉത്തരവാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വായിച്ചത്. അതിന്റെ അവസാന ഭാഗം അങ്ങ് വായിക്കണം. അതിൽ പറയുകയാണ്, "The remaining land shall be restored to its ex-owners after proper verification of records, survey and demarcation of the property as per the provisions contained in the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003." ഇത് പ്രകാരം എക്സ്-ഓണർക്കാണ് ഇത് ഈ കസ്റ്റോഡിയൻ വിട്ട് കൊടുത്തിരിക്കുന്നത്. എക്സ്-ഓണർ സേവി മനോ മാത്യു അല്ലേ. ഇത് പ്രകാരം "after proper verification....." ................(ബഹളം)................ ഇത് പ്രകാരം പ്രോപ്പർ വെരിഫിക്കേഷൻ ഉണ്ടായിട്ടില്ല. സർവ്വേ ഉണ്ടായിട്ടില്ല. അതൊന്നും ഉണ്ടാകാതിരിക്കേ ഐ.എസ്.ആർ.ഒ.യുമായി സേവി മനോ മാത്യു ഉണ്ടാക്കിയ ആ ഉടമ്പടിയ്ക്ക് നിയമപരമായി എന്തെങ്കിലും സാംഗത്യം ഉണ്ടോയെന്ന കാര്യം പരിശോധിച്ചേ മതിയാകൂ. ഐ.എസ്.ആർ.ഒ.-യുടെ ഭൂമിയുടെ കാര്യം പറയുമ്പോഴേക്കും ഇവിടെ പറയുന്നത് യോഗത്തെപ്പറ്റിയാണ്. യോഗത്തിന്റെ കാര്യം വേറെ. ഐ.എസ്.ആർ.ഒ-യുടെ കാര്യം വേറെ. രണ്ടും രണ്ടാണ്. അത് മനസ്സിലാക്കണം. അതുകൊണ്ട് നൂറ് ശതമാനവും സേവി മനോ മാത്യുവുമായുള്ള ഇടപാടിനകത്ത് ആദ്യമായി സമ്മതം മൂളിയത് യു.ഡി.എഫ്. ആണ്. യു.ഡി.എഫ്. മൂളിയ സമ്മതത്തിന്റെ ബലത്തിൽ ഐ.എസ്.ആർ.ഒ.-യുമായി ഒരു ബന്ധമുണ്ടാക്കാനും അനവധി കോടികളുടെ കച്ചവടം ഉണ്ടാക്കാനും അതിന്റെ മറവിൽ പിന്നീട് ഭൂമി തുണ്ടുകളാക്കി മറിച്ചു വിൽക്കാനും എല്ലാം ഈ സേവി മനോ മാത്യു നീക്കം നടത്തിയാൽ ആ നീക്കത്തിനുമുമ്പിൽ ഈ സർക്കാർ ലവലേശം മുട്ടുമടക്കില്ല. ഈ സർക്കാരിന്റെ പേര് എൽ.ഡി.എഫ്. സർക്കാർ എന്നാണ്. അതുകൊണ്ട് ഞങ്ങൾ പറയുന്നു, 6-ാം തീയതിയിലെ യോഗാനന്തരം ഐ.എസ്.ആർ.ഒ.യുടെ മഹത്തായ സ്ഥാപനം ഇവിടെ വരുമെന്ന് ഉറപ്പാക്കിക്കൊണ്ട് ചെയ്യേണ്ടതായ എല്ലാ സ്റ്റെപ്പും എൽ.ഡി.എഫ്. കൈക്കൊള്ളും. ആ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നീക്കത്തിനെ താറടിക്കാനുള്ള യു.ഡി.എഫ്-ന്റെ നീക്കം അടിസ്ഥാനരഹിതമാണ്, അമാന്യമാണ്. അതുകൊണ്ടുതന്നെ സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യം തീർത്തും ഇല്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ....ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പൂർത്തിയായപ്പോഴാണ് ചിത്രം ശരിക്ക് മനസ്സിലായത്. ഐ.എസ്.ആർ.ഒ.-യുടെ ഇൻസ്റ്റിറ്റ്യൂട്ട് വരുന്നതിന് ഞങ്ങളാരും എതിരല്ല. അത് കേരളത്തിൽ വരണം. ഐ.എസ്.ആർ.ഒ കേരളത്തിന് മാത്രം അല്ല, രാജ്യത്തിനുതന്നെ അഭിമാനകരമായ സ്ഥാപനം ആണ്. അതിന്റെ ആഭിമുഖ്യത്തിലുള്ള സ്പേസ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ വരുന്നു എന്നു പറയുന്നത് കേരളത്തിന് അഭിമാനകരമാണ്. ആ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഈ സ്ഥലം ഗവൺമെന്റ് വിട്ടുകൊടുക്കാൻ തീരുമാനിച്ചാൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. പക്ഷെ സേവി മനോ മാത്യുവിന് രൂപ കൊടുത്തിട്ട് ഗവൺമെന്റ് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഐ.എസ്.ആർ.ഒ.-ക്ക് കൊടുക്കുന്നതിനെ മാത്രമാണ് ഞങ്ങൾ എതിർക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഓർഡറിൽ പറയുന്നത് എക്സ്-ഓണർക്ക് കൊടുക്കാൻ വേണ്ടിയാണ് എന്നാണ്. സേവി മനോ മാത്യൂ ഈ ഇടപാടിന്റെ രംഗത്തൊന്നുമില്ല. എല്ലാവരും കയ്യടിച്ചല്ലോ. Ecologically fragile land-ന്റെ കസ്റ്റോഡിയനായ ശ്രീ. ഗോപിനാഥന്റെ ഓർഡർ ആണ് എന്റെ കയ്യിലിരിക്കുന്നത്. ഈ ഓർഡറിന്റെ റഫറൻസിൽ പറയുന്നത് എന്താണെന്ന് അറിയാമോ? റഫറൻസിൽ രണ്ടാമത് പറഞ്ഞിരിക്കുന്നത് 'Representation of Shri Xavy Mano Mathew dated 30-3-2007....' ആരാണ് ഈ സേവി മനോ മാത്യൂ?. അങ്ങ് പറഞ്ഞു, ഞങ്ങൾക്ക് ഒരു ബന്ധവുമില്ല, എക്സ് ഓണർക്ക് ആണ് കൊടുത്തിരിക്കുന്നത് എന്ന്. സേവി മനോ മാത്യൂ അല്ല അതിന്റെ ഓണർ, അങ്ങു പറഞ്ഞതിനെ അനുകൂലിക്കുന്നു. പിന്നെ എങ്ങനെ സേവി മാത്യൂ പറഞ്ഞതനുസരിച്ച് ഈ കസ്റ്റോഡിയൻ ഈ അപേക്ഷ എന്റർടെയിൻ ചെയ്തു; അതിൻമേൽ തീരുമാനമെടുത്തു? അങ്ങ് പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്കും ഈ ഓർഡർ കിട്ടിക്കാണുമല്ലോ. ഇല്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. സേവി മനോ മാത്യൂവിന് ഈ ഇടപാടുമായി യാതൊരു ബന്ധവുമില്ല എന്ന് പറഞ്ഞ് എക്സ്-ഓണർ വേറെയാണ്, അത് വേറെ ഓണർക്കാണ് കൊടുക്കുന്നത് എന്ന് അങ്ങ് പറഞ്ഞ് ഇരുന്നപ്പോഴാണ് ഞാൻ ഈ ഓർഡർ എടുക്കുന്നത്. സേവി മനോ മാത്യൂവിന്റെ.........

ശ്രീ. ബിനോയ് വിശ്വം:-ഞാനൊന്ന് പറഞ്ഞോട്ടെ, അങ്ങയുടെ ചോദ്യം റെലവന്റ് ആണ്. അങ്ങയുടെ അറിവിലേക്ക് ഈ ആക്ട് പ്രകാരം റൂൾസിലെ സെക്ഷൻ 17 വായിക്കുകയാണ്. ...Any owner or any person having the right of possession or enjoyment of any land notified under sub section (1) of section (3)....... നിങ്ങൾ സേവി മനോ മാത്യുവിന് ഏല്പിച്ചു കൊടുത്ത പ്രകാരം ഇപ്പോൾ അയാളുടെ പൊസഷനിലാണ്. That is the only reason. അതുകൊണ്ടുമാത്രം ഈ റൂൾസ് പ്രകാരം ഞങ്ങൾ വിളിക്കേണ്ടിവന്നതാണ്. ഇതിൽ വേറെ കാര്യമൊന്നുമില്ല. .................(ബഹളം).................

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് കുഴിച്ച കുഴിയിൽ അങ്ങ് വീണു കൊണ്ടിരിക്കുകയാണ്. നിങ്ങൾ കോൺഫറൻസ് വിളിച്ചു കൂട്ടി. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും കൂടി ഉണ്ടായിരുന്നു. തൊഴിലാളികളുടെ ഒരു പ്രശ്നം വന്നാൽ അതിന് യോഗം വിളിക്കുന്നതിനോടൊന്നും ഞങ്ങൾ എതിരല്ല. അതൊക്കെ ആവശ്യമാണ്. ഒരു ഗവൺമെന്റ് ചെയ്യേണ്ടതാണ്. നിങ്ങൾ വിളിച്ച് ചർച്ച ചെയ്യേണ്ടതാണ്. പക്ഷേ നിങ്ങൾ ചർച്ച ചെയ്ത ആൾ കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള വന ഭൂമിയിൽ നിന്ന് മരം വെട്ടി വിൽക്കാൻ ശ്രമിച്ച ആളാണ്. ആ കേസ്സിലെ പ്രതിയോടൊപ്പം ഇരുന്നാണ് നിങ്ങൾ ചർച്ച ചെയ്തത്. അപ്പോൾ സേവി മനോ മാത്യൂവിന്റെ ആ സ്വാധീനമാണ് കറങ്ങിത്തിരിഞ്ഞു വരുന്നത്. പിന്നെ അങ്ങ് പറഞ്ഞു, 2005-ൽ യു.ഡി.എഫ്-ന്റെ ഭരണകാലത്താണ് കൈമാറ്റം ചെയ്തതെന്ന്. അന്ന് അങ്ങനെ ഒരു അനുമതി കൊടുത്ത രേഖകൾ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് കാണിക്ക്. ഒന്നു മേശപ്പുറത്ത് വയ്ക്കുമോ ? ഞാൻ സമ്മതിക്കാം. ഞാൻ പരസ്യമായി കുറ്റം സമ്മതിക്കാം. അങ്ങ് ആ രേഖകളൊന്ന് വയ്ക്കുമോ. യു.ഡി.എഫ്. അനുവാദം കൊടുത്ത, ഈ ഭൂമി കൈമാറ്റം ചെയ്യാൻ അനുമതി കൊടുത്ത രേഖകൾ അങ്ങേയ്ക്ക് ഒന്ന് മേശപ്പുറത്ത് വയ്ക്കാമോ എന്ന് ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: അതൊക്കെ വയ്ക്കേണ്ടത് സേവി മനോ മാത്യുവാണ്. ഞാനല്ല ................(ബഹളം)................

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെയാണെങ്കിൽ ഒരു കാര്യംകൂടി ഞാൻ പറയുവാൻ പോവുകയാണ്. ഞാൻ ഉദ്ധരിക്കുന്നത് ദേശാഭിമാനിയാണ്. ഇന്നത്തെ ദേശാഭിമാനി പത്രത്തിൽ 707 ഏക്കർ ഭൂമി 3.26 കോടി രൂപയ്ക്ക് വാങ്ങിയിട്ട് 81 ഏക്കർ വിറ്റത് 3.22 കോടി രൂപയ്ക്കാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ രണ്ടു കൊല്ലം കൊണ്ടു ഒമ്പത് ഇരട്ടി വില കൂടിയിരിക്കുന്നു എന്നാണ് ദേശാഭിമാനിയിൽ എഴുതിയത്. എന്താണ് ഇതിന്റെ അർത്ഥം ? അന്ന് ഇത് ചുളുവിലയ്ക്ക് വാങ്ങി ഇന്നിപ്പോൾ അതിന്റെ ആധാരമൊക്കെ ശരിയാക്കി, ഇ.എഫ്.എൽ. ലാന്റിന്റെ കസ്റ്റോഡിയന്റെ ഓർഡർ കിട്ടുന്നുവെന്ന് വന്നപ്പോൾ വില ഷൂട്ട് ചെയ്തു. ഏക്കറിൽ വ്യത്യാസമുണ്ട്. ദേശാഭിമാനിയിൽ വന്നതല്ലേ വായിക്കാൻ പറ്റുകയുള്ളൂ. ദേശാഭിമാനിയിൽ വന്നത് വച്ച് ഇത് വളരെ വ്യക്തമാണ്. അന്ന് ഗവൺമെന്റിന്റെ ഭൂമി, ഗവൺമെന്റിന്റെ അധീനതയിൽപ്പെട്ട ഭൂമി നിയമപ്രകാരം ആധികാരികമായി ആക്കിയതിനുശേഷം വളരെ ഉയർന്ന വിലയ്ക്ക് വിൽക്കുന്ന സംഭവത്തിന്റെ പിന്നിലുള്ള എല്ലാ കഥകളും................ വിലവർദ്ധനവ് ദേശാഭിമാനിയിൽ വന്നതാണ്. ................(ബഹളം)................ ദേശാഭിമാനിയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. എനിക്ക് ഒരു കാര്യം കൂടിയേ സൂചിപ്പിക്കാനുള്ളൂ. ഇതിന്റെ ബന്ധങ്ങളെല്ലാം വ്യക്തമാക്കുന്നത് ഒരേ ഒരു കാര്യം മാത്രമാണ്. അതായത് മന്ത്രിമാരുടെ കോൺഫറൻസ് കൂടിയത് 16-5-2007-ൽ അണ്. ഐ.എസ്.ആർ.ഒ. ഭൂമി ഇടപാടുമായിട്ടൊന്നുമല്ല നിങ്ങൾ കൂടിയത്. ഞാൻ സമ്മതിക്കുന്നു. ഞാൻ പറഞ്ഞല്ലോ, പക്ഷെ നിങ്ങൾ കൂടിയ മീറ്റിംഗിന്റെ മിനിട്സ് പുറത്തുവന്നതിനു ശേഷം ബാക്കി നടപടികൾ എല്ലാം വളരെ വേഗത്തിലായിരുന്നു. 16-5-2007-ൽ കൂടിയ യോഗത്തിൽ മിനിട്സിന് ഒരു ഭാഗമുണ്ട്. അതിവിടെ ശ്രീ. രാധാകൃഷ്ണൻ സൂചിപ്പിച്ചു. 23.7371 ഹെക്ടർ ഭൂമി ഒഴികെയുള്ളവ ഇ.എഫ്.എൽ.-ൽ നിന്നും ഡീനോട്ടിഫൈ ചെയ്യുന്നതിലേക്ക് ഉടമ ചട്ടങ്ങളനുസരിച്ച് കസ്റ്റോഡിയൻ ഇ.എഫ്.എൽ-ന് പരാതി നല്കേണ്ടതുണ്ട്. ................(ബഹളം)................അദ്ദേഹം പരാതി കൊടുക്കാൻ പറഞ്ഞ നിങ്ങൾ രണ്ട് മന്ത്രിമാരും ഇരുന്ന യോഗത്തിൽ വച്ച് തീരുമാനം എടുത്തു. 24-5-2007-ൽ ഡെസിഗ്നേറ്റഡ് കമ്മിറ്റി കൂടി റിപ്പോർട്ട് കൊടുത്തു കഴിഞ്ഞു. ഇത് അത്ര പെട്ടെന്ന് ചെയ്യാവുന്ന കാര്യമാണോ? അതിന്റെ മിനിട്സ് ഇറങ്ങിയതുതന്നെ മൂന്ന് നാല് ദിവസങ്ങൾ കഴിഞ്ഞാണ്. പക്ഷേ മിനിട്സ് വന്നയുടനെ കമ്മിറ്റി കൂടി. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കൊടുത്ത ഡേറ്റാണ് 24-5-2007. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, കൊല്ലം 11-6-2007-ൽ കസ്റ്റോഡിയൻ റിപ്പോർട്ട് കൊടുത്തു. ശ്രീ. ബിനോയ് വിശ്വം, കസ്റ്റോഡിയൻ തീരുമാനമെടുത്തത് എന്നാണെന്ന് അറിയാമോ? 12-6-2007-ൽ ആണ്. ഒരു ദിവസം അഞ്ചുപേജുള്ള റിപ്പോർട്ട് ടൈപ്പ് ചെയ്ത് അതിൻമേൽ തീരുമാനമെടുത്ത് 11-6-2007-ന്. അന്ന് റിപ്പോർട്ട് കൊടുക്കുന്നു. 12-6-2007-ന് കസ്റ്റോഡിയൻ ഇത് ഡിനോട്ടിഫൈ ചെയ്യുന്നതിന് അനുകൂലമായിട്ടുള്ള ഉത്തരവ് ഇറക്കുന്നു. ഇത് അഗ്ളി ഹേസ്റ്റ് അല്ലേ? അങ്ങേയ്ക്ക് അറിയാമല്ലോ അങ്ങയുടെ നേതാവ് എം.എൻ. ഗോവിന്ദൻ നായർ ചെയ്തത് മണ്ണുത്തി കാർഷിക സർവ്വകലാശാലയ്ക്കുവേണ്ടി തട്ടിൽ എസ്റ്റേറ്റ് വാങ്ങുന്നത് സംബന്ധിച്ചുള്ള പ്രശ്നം വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് ഓർഡറിട്ടു. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

അഗ്ലിഹേസ്റ്റ് എന്നൊരു വാക്ക് വന്നതിന്റെ പേരിലാണ് അന്ന് അദ്ദേഹം രാജിവച്ചു പോയത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനു ബന്ധമുണ്ടെന്നുവരെ ശ്രീ. ബിനോയ് വിശ്വം പറഞ്ഞുവച്ചിരിക്കുകയാണ്. അദ്ദേഹത്തോട് രേഖകൾ ഹാജരാക്കാമോ എന്നു ചോദിച്ചിട്ട് മിണ്ടുന്നില്ല. സേവി മനോ മാത്യുവിനോട് ചോദിക്കാനാണ് പറയുന്നത്. ഏതായാലും ഐ.എസ്.ആർ.ഒ. നമുക്ക് അഭിമാനകരമായ സ്ഥാപനമാണ് എന്നുള്ളതിൽ തർക്കമില്ല. ആ സ്ഥാപനത്തെക്കൂടി വലിച്ചിഴയ്ക്കത്ത വിധത്തിലുള്ള വിവാദം വന്ന സാഹചര്യമുണ്ടായിരിക്കുന്നു. ശ്രീ. ബിനോയ് വിശ്വം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കാര്യങ്ങൾ കൂടി പറഞ്ഞു. അത് സി.ബി.ഐ. തന്നെ അന്വേഷിക്കണം. അതിനുള്ള നടപടിയെടുക്കണം. അതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ തീരുമാനവും അദ്ദേഹത്തിന്റെ അഭിപ്രായവും അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങ് അതുസംബന്ധിച്ച് അഭിപ്രായം പറയണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഈ പ്രശ്നം സംബന്ധിച്ച് ഞാനും വകുപ്പുമന്ത്രിയും മറ്റുചില മന്ത്രിമാരും എല്ലാംകൂടി പങ്കെടുത്തുകൊണ്ടും ഐ.എസ്.ആർ.ഒ.യിലെ ശ്രീ. മാധവൻനായർ അടക്കമുള്ള ആളുകളേയും ചേർത്ത് ഒരു കോൺഫറൻസ് വിളിച്ചിട്ടുള്ള കാര്യം വനം വകുപ്പുമന്ത്രി ശ്രീ. ബിനോയ് വിശ്വം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ആ കോൺഫറൻസ് കഴിയുമ്പോൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ട തനുസരിച്ച് എന്തെങ്കിലും കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിൽ അതിനുശേഷം പറയാം. സർക്കാർ ഇവിടെ നിലനിൽക്കുമ്പോൾ ഐ.എസ്.ആർ.ഒ.യുടെ പ്രോജക്ടിനുവേണ്ടി കോടികൾ കൊടുത്ത് സ്ഥലം വാങ്ങേണ്ടി വന്നു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഞങ്ങൾ ഈ പ്രശ്നത്തിൽ സീരിയസായി ഇടപെട്ടത്, ഈ ഇടപാടുകളെ സംബന്ധിച്ച് അന്വേഷിക്കാൻ ഇടയായിട്ടുള്ളതും ഞാനും വനംവകുപ്പുമന്ത്രിയുമായി ഈ കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തതും മറ്റും അതുകൊണ്ടാണ്. അങ്ങനെ ചർച്ച ചെയ്തപ്പോഴാണ് ഇതിന്റെ മുമ്പുള്ള കാര്യങ്ങൾ മനസ്സിലായി വന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് ഐ.എസ്.ആർ.ഒ.യുടെ ഭാരവാഹികൾ സേവി മനോ മാത്യുവുമായി ചർച്ച ചെയ്തതും അവരുടേതാണെന്നു കരുതി വില പറഞ്ഞതും അത് കരാറാകുകയും ചെയ്തു എന്നുള്ളതാണ് ചർച്ചയിൽ നിന്നുമനസ്സിലായത്. ഈ കാര്യത്തെ സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെന്റിന് വേണ്ടപോലെ അറിയിപ്പ് തരികയോ സ്റ്റേറ്റ് ഗവൺമെന്റിന് സ്ഥലം കൊടുക്കാനുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് പരതുകയോ വേണ്ടതുപോലെ ചെയ്യുകയോ ചെയ്തതായി ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. അപ്പോൾ ഇതേക്കുറിച്ചെല്ലാംതന്നെ അദ്ദേഹത്തിന്റെ കൂടി സാന്നിധ്യത്തിൽ ഞങ്ങൾ ഒരു യോഗം വിളിച്ചിരിക്കുകയാണ്. ആ ചർച്ച കൂടി കഴിയുമ്പോൾ ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. അപ്പോൾ ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ള കാര്യങ്ങൾ പറയാമെന്നാണ് ഈ അവസരത്തിൽ എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങ് പറഞ്ഞതനുസരിച്ച് വനം വകുപ്പുമന്ത്രി കോൺഫറൻസ് വിളിച്ചു കൂട്ടി എന്നു പറഞ്ഞു. അദ്ദേഹം അങ്ങയുടെ മന്ത്രിസഭയിൽ അംഗമാണ്. പക്ഷേ അദ്ദേഹമാണ് ഏറ്റവും ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നത്. അങ്ങയുടെ മറുപടി

LIBRARY ARCHIVES Kerala Legislative Assembly

കേട്ടിട്ട് പറയാനിരുന്നതാണ്. ഒരു പോയിന്റ് കൂടിയേ ഞാൻ പറയുന്നുള്ളൂ. എസ്റ്റേറ്റിലെ തൊഴിലാളി ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമുള്ള തടിക്കുവേണ്ടി എസ്റ്റേറ്റ് ഉടമയുടെ കൈവശമുള്ള ഭൂമിയിലെ മരങ്ങൾ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ മുൻകൂർ അനുമതി വാങ്ങി മുറിക്കാവുന്നതാണ്. ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ കൈവശമിരിക്കുന്ന ഭൂമി എന്നു പറയുന്നത് സർക്കാർ ഭൂമിയാണ്. അതിലെ തടി മുറിച്ചു വിറ്റുകൊള്ളാനാണ് പറഞ്ഞിരിക്കുന്നത്. വനം വകുപ്പുമന്ത്രികൂടിയുണ്ടാക്കിയ ഒരു കരാറാണിത്. ഡീനോട്ടിഫൈ ചെയ്യാൻ അപേക്ഷകൊടുത്തുകൊള്ളാൻ പറഞ്ഞു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ഇവിടെ പറഞ്ഞതിൽനിന്നുതന്നെ ഇതിനുമുമ്പുള്ള ഗവൺമെന്റിന്റെ കാലത്ത് അംഗീകരിച്ച നിയമമനുസരിച്ച് അയാൾ ചിലപ്പോൾ ഉടമയായി വന്നേക്കാം. ഉടമയായിരിക്കുന്ന അവസരത്തിൽ ഉടമ എന്നുള്ള നിലയിൽ ചിലപ്പോൾ വ്യാഖ്യാനങ്ങളോ പദങ്ങളോ വന്നേക്കാം. ഏതായാലും അതുസംബന്ധിച്ച് എനിക്കുകൂടി ഒരു പരിശോധനയ്ക്ക് അവസരം കിട്ടിയാൽ ഇക്കാര്യത്തിൽ thorough ആയിട്ടുതന്നെ ഞങ്ങൾക്ക് ഇടപെടാൻ കഴിയും. വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യമാണോ ശരി, അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണോ ശരി എന്നു നോക്കേണ്ടതുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തിരപ്രമേയം എന്നുള്ള നിലയിൽ അവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വകുപ്പുമന്ത്രി വളരെ വിശദമായ മറുപടിയാണ് പറഞ്ഞു കഴിഞ്ഞിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച് ചെയ്യേണ്ടതായ പ്രശ്നമില്ല. കൂടുതൽ കാര്യങ്ങൾ ഞാൻ പറയണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെടുകയും അതുസംബന്ധിച്ച് പറയാമെന്ന് ഞാൻ പറയുകയും ചെയ്തിരുന്നു. ഒരു വെരിഫിക്കേഷൻ കൂടി ഇവിടെ ആവശ്യമാണ്. അതിനുശേഷം പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങയുടെ കോൺഫറൻസിന്റെ പ്രാധാന്യത്തെ അല്പം പോലും കുറച്ചു കാണുന്നില്ല. അത് ഐ.എസ്.ആർ.ഒ.യ്ക്ക് ഭൂമി കൊടുക്കുന്നത് സംബന്ധിച്ചും ഐ.എസ്.ആർ.ഒ.യുടെ ഇൻസ്റ്റിറ്റ്യൂഷൻ നഷ്ടപ്പെടാതിരിക്കാനും വേണ്ടിയുള്ളതാണ്. ഗവൺമെന്റിന്റെ ഭൂമി ഒരു സ്വകാര്യ വ്യക്തിക്ക് മറിച്ചു വിൽക്കുന്നതിന് കൂട്ടു നിൽക്കുന്ന മന്ത്രി അങ്ങയുടെ മന്ത്രിസഭയിൽ ഇരിക്കുകയാണ്. അതിനുള്ള തെളിവുകളാണ് ഞങ്ങൾ ഹാജരാക്കിയിരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഏക പിടിവള്ളി ഇത് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയതാണ് എന്നതാണ്. യു.ഡി.എഫ്.-ന്റെ കാലത്തുള്ളത് കൂടി അന്വേഷിച്ചോളു. ആകെക്കൂടി മന്ത്രി പറഞ്ഞ ഒരേയൊരു കാര്യം യു.ഡി.എഫ്-ന്റെ കാലത്ത് ഇത് തുടങ്ങി എന്നുള്ളതാണ്. എന്നാൽ അതുകൂടി അന്വേഷിക്ക്. അതുകൊണ്ട് ..............

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : റിയൽ എസ്റ്റേറ്റ് വിദ്വാന്മാർ നടത്തിക്കൊണ്ടിരിക്കുന്ന ഭൂമിയിടപാടുകൾ കുറെയധികമുണ്ട്. ഒന്നോ രണ്ടോ അല്ല. അതെല്ലാം പഠിക്കാൻ നമുക്ക് ഇതും സഹായകരമാണ്. കുറച്ച് സമയം എടുക്കുക, ക്ഷമ കാണിക്കുക, ധൃതി കാണിക്കാതിരിക്കുക എന്നിട്ട് നമുക്ക് അതിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കാം. ഞങ്ങൾ അതിനുവേണ്ടി ശ്രമം നടത്തിയപ്പോൾ അതിന്റെ പാസ്റ്റ് ഹിസ്റ്ററി ഞങ്ങൾക്ക് മനസ്സിലായി. അതിനേക്കാൾ കൂടുതൽ എന്തെങ്കിലുമുണ്ടെങ്കിൽ നമുക്കത് മനസ്സിലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങ് ഇങ്ങനെ പറയുന്നതല്ലാതെ നടപടി വരുന്നില്ല. അങ്ങ് എറണാകുളത്തെ ലാന്റ് ബാങ്ക് മാഫിയയെക്കുറിച്ച് പറഞ്ഞു. അങ്ങ് ക്യാബിനറ്റിൽതന്നെ എം.ഒ.യു. സൈൻ ചെയ്യാൻ തീരുമാനിച്ചു. എം.ഒ.യു. അംഗീകരിച്ചു. തീരുമാനമെടുക്കുന്ന സമയത്ത് ലാന്റ് മാഫിയയ്ക്ക് അനുകൂലമായിട്ടാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് വളരെ വ്യക്തമായ തെളിവുകളോടെയാണ് ഞങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ വനഭൂമി മറിച്ചു വിൽക്കുകയും വനഭൂമിയിൽനിന്ന് തടി വെട്ടി വിൽക്കുകയും ചെയ്തിട്ടുള്ള ആളെ വച്ചുകൊണ്ട് കോൺഫറൻസ് നടത്തുക, അവരോട് ഡീനോട്ടിഫൈ ചെയ്യാൻ അപേക്ഷ കൊടുക്കാൻ പറയുക, ഉടമസ്ഥരല്ലെന്ന് അറിഞ്ഞുകൊണ്ട് അവർ കൊടുക്കുന്ന അപേക്ഷയുടെ പുറത്ത് തീരുമാനമെടുത്ത് ഡീനോട്ടിഫൈ ചെയ്യുക, ഇതുപോലെയുള്ള നടപടികൾ ഗുരുതരമായ തെറ്റാണ്. ഈ മന്ത്രിയെ സംരക്ഷിക്കുന്ന മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, ഇത് വളരെ വളരെ ക്ലിയറായ കേസ്സാണ്. ഈ ഇടപാടിനുപിന്നിൽ അഴിമതിയുണ്ടെന്നുള്ളത് വളരെ ക്ലിയറായ കേസ്സാണ്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞു, സേവി മനോ മാത്യു വെറുതെ പോകില്ല എന്ന്. ഇതൊക്കെ വൈകി വന്ന വിവേകമാണ്. ഇവിടെ സേവി മനോ മാത്യു എന്ന് ഭൂമി വാങ്ങി എന്നുള്ളതല്ല പ്രശ്നം. സേവി മനോ മാത്യു അവകാശമില്ലാത്ത, ബോഗസ് ആയിട്ടുള്ള ഭൂമി വാങ്ങിയിരിക്കാം. പക്ഷേ ഇന്ന് ഗവൺമെന്റ് ഉത്തരം പറയേണ്ടത് അവകാശമില്ലാത്ത, അധികാരമില്ലാത്ത സർക്കാർ വക ഭൂമി നിയമ വിരുദ്ധമായി ട്രാൻസാക്ഷൻ നടത്തിയിട്ട് അത് റെഗുലറൈസ് ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റ് എന്തിന് കൂട്ടുനിന്നു എന്നുള്ളതാണ്. അത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് റെഗുലറൈസ് ചെയ്യാൻവേണ്ടി നിങ്ങൾ ഉന്നതാധികാര കോൺഫറൻസ് വിളിച്ചുകൂട്ടി. ഇവിടെ എത്രയോ കോൺഫറൻസുകൾ നമ്മൾ കണ്ടിട്ടുണ്ട്. ഇവിടെ ആർക്കുവേണ്ടിയാണ് ശ്രീ. ബിനോയ് വിശ്വം ഈ കോൺഫറൻസ് വിളിച്ചുകൂട്ടിയത്? സർക്കാർ വക ഫോറസ്റ്റ് ഭൂമിയിൽ തടി വെട്ടിയ കേസിലെ പ്രതി പറഞ്ഞപ്പോൾ വലിയ കോൺഫറൻസാണ് വിളിച്ചുകൂട്ടിയത്. ഗവൺമെന്റ് സെക്രട്ടറി, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, മറ്റു ഉദ്യോഗസ്ഥൻമാർ എന്നുവേണ്ട മറ്റൊരു മന്ത്രിയും കൂടിയിരുന്നുകൊണ്ട് ഉന്നതാധികാര കോൺഫറൻസാണ് നടത്തിയത്. തടി വെട്ടിയ കേസിലെ പ്രതി, ആ പ്രതിക്ക് വേണ്ടിയത്, ആ പ്രതിയുടെ കൈവശമുള്ള ഭൂമി, അതു റെഗുലറൈസ് ചെയ്തു കിട്ടുക എന്നുള്ളതാണ്. ഫെർട്ടൈൽ ലാന്റ് എന്നുള്ളതിന്റെയടിസ്ഥാനത്തിൽ, നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നോട്ടിഫൈ ചെയ്ത് ഗവൺമെന്റ് ഏറ്റെടുത്ത ഭൂമി എന്തുകൊണ്ട് ഡീനോട്ടിഫൈ ചെയ്ത് സേവി മനോ മാത്യുവിന് കൊടുത്തു? അതിന്റെ ഉത്തരം പറയണ്ടേ? ഐ.എസ്.ആർ.ഒ.യ്ക്ക് അല്ലല്ലോ കൊടുത്തത്? സേവി മനോ മാത്യുവിനെ സഹായിക്കുവാൻ വേണ്ടി ഗവൺമെന്റ് ഭൂമി ഡീനോട്ടിഫൈ ചെയ്ത് അയാൾക്ക് കൊടുക്കുന്നു. അവിടെയാണ് അഴിമതി. അതിന്റെ ഉറവിടമാണ് അങ്ങയുടെ കോൺഫറൻസ്. അങ്ങ് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് പറഞ്ഞു, ഇതിന്റെ നടപടി ക്രമം എന്നുപറയുന്നത് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നിങ്ങൾ അപേക്ഷ കൊടുക്കണം.



LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ആ വഴി പറഞ്ഞുകൊടുത്തിട്ട് അയാൾ ഉടനെതന്നെ അവിടെ അപേക്ഷ കൊടുക്കുന്നു. അപേക്ഷ കൊടുത്തുകഴിഞ്ഞ ഉടനെതന്നെ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡീനോട്ടിഫൈ ചെയ്യുന്നു. വളരെ പ്ലെയിനല്ലേ ഈ കാര്യം. ഇതിന് ഉത്തരവാദികളായവർ ഇവിടെ മന്ത്രിസഭയിൽ ഇരിക്കാമോ? ഇതിനെതിരേ നടപടി വേണ്ടേ? ഇങ്ങനെ ഡീനോട്ടിഫൈ ചെയ്തുകൊടുത്ത സ്ഥലമാണ് ഐ.എസ്.ആർ.ഒ.യ്ക്ക് വമ്പിച്ച വിലയ്ക്ക് ഇയാൾ കൈമാറുന്നത്. 217 ഏക്കർ സ്ഥലം ഐ.എസ്.ആർ.ഒ.യ്ക്ക് ഇരട്ടി വിലയ്ക്ക് ഇയാൾ കൈമാറാനുള്ള എഗ്രിമെന്റ് ഉണ്ടാക്കുന്നത് ഈ സ്ഥലത്തിനാണ്. ഈ ലാന്റ് മാഫിയയ്ക്ക് കൂട്ടുനിൽക്കുകയും അയാൾക്ക് ഭൂമി റെഗുലറൈസ് ചെയ്ത് കൊടുക്കുകയും കൊള്ള ലാഭത്തിനുവേണ്ടി മന്ത്രി കൂട്ടുനിൽക്കുകയും ചെയ്യുന്നു. ഇത് വളരെ ഗുരുതരമായ ഒരു തെറ്റാണ്. അവിടെ നിന്ന് തടി മുറിക്കുവാൻ കൂടി അനുവാദം കൊടുക്കുന്നു. സ്പഷ്ടമായ ഈ കേസിനെ സംബന്ധിച്ചിടത്തോളം ഈ അടിയന്തിരപ്രമേയത്തിന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞ റിപ്ലൈയും ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്ര ലാഘവത്തോടുകൂടി ഇതിനെ കാണരുതായിരുന്നു. ഞങ്ങളൊരു കോൺഫറൻസ് നടത്തുന്നുണ്ട്. ഐ.എസ്.ആർ.ഒ.യ്ക്ക് ഭൂമി കൊടുക്കണോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് കോൺഫറൻസ് നടത്തുന്നുണ്ട് എന്നുപറഞ്ഞു. അതല്ല ഇവിടെ പ്രശ്നം. നിങ്ങളുടെ ഭൂമി ഡീനോട്ടിഫൈ ചെയ്ത് തിരിച്ച് ഒരു വ്യക്തിക്ക് കൊടുത്ത് അയാൾ അത് മറിച്ചുവിറ്റ് കൊള്ള ലാഭം ഉണ്ടാക്കാൻ നിങ്ങൾ കൂട്ടുനിന്നു. അതുകൊണ്ട് ഇതിൻമേൽ ഉടനടി നടപടി വേണം. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം. അത് മുഖ്യമന്ത്രി വ്യക്തമായി ഇവിടെ പ്രതിപാദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സർക്കാർ വനഭൂമി അതൊരു സ്വകാര്യ വ്യക്തിക്ക് ഡീനോട്ടിഫൈ ചെയ്തുകൊണ്ട് കൈമാറുന്ന ഈ നടപടി ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അതുപോലെതന്നെ ബഹുമാനപ്പെട്ട മാണി സാറും ഇവിടെ സൂചിപ്പിച്ചതുപോലെ സർക്കാരിൽ നിക്ഷിപ്തമായ ഭൂമി ശ്രീ. സേവി മനോ മാത്യുവിന്, അതായത് ഒരു സ്വകാര്യ വ്യക്തിക്ക് ഡീനോട്ടിഫൈ ചെയ്തു നൽകാനും മരം മുറിക്കാനും അനുമതി നൽകിയത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും അഴിമതിയാണ്. ഇതിൽ നിന്ന് ഗവൺമെന്റ് രക്ഷപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷണം നടത്തി ഇതുമായി ബന്ധപ്പെട്ട, മന്ത്രിയായാലും ഉദ്യോഗസ്ഥരായാലും കുറ്റക്കാരായ ആളുകളുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകണം. അതുകൊണ്ട് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ അടിയന്തിരപ്രമേയത്തിന്റെ ചർച്ചയ്ക്ക് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി സഭാനടപടികളിൽ പങ്കെടുക്കുകയുണ്ടായി)

LIBRARY ARCHIVES Kerala Legislative Assembly

## III ശ്രദ്ധക്ഷണിക്കൽ

### (1) സംസ്ഥാനത്തെ കൈത്തറിമേഖലയുടെ സമഗ്ര വികസനം

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കൈത്തറി മേഖല നേരിടുന്ന ചില പ്രശ്നങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്. കൈത്തറി മേഖലയിൽ ഏകദേശം ഒന്നര ലക്ഷത്തോളം പേർ ജോലി ചെയ്യുന്നു. അവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. ഏറ്റവും കുറഞ്ഞ തുക മുടക്കി കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന ഒരു വ്യവസായമാണ് കൈത്തറി വ്യവസായം. പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഏകദേശം ഒന്നരലക്ഷത്തോളം ആളുകൾ പണിയെടുക്കുന്ന ഈ മേഖല കഴിഞ്ഞ കുറെ കാലമായി അവഗണിക്കപ്പെട്ടു കിടക്കുകയാണ് . 12-ഉം 16-ഉം ശതമാനം പലിശയ്ക്ക് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും പണം കടമെടുത്താണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി അതിലെ അംഗങ്ങൾ ഉല്പന്നങ്ങൾ വാങ്ങി ഓരോ സാധനങ്ങളും നിർമ്മിച്ച് സഹകരണസംഘങ്ങൾ മുഖേന വിപണനം നടത്തുന്നത് ഈ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഒരു പ്രധാനപ്പെട്ട നയം അല്ലെങ്കിൽ ജനങ്ങളോടുള്ള ഒരഭ്യർത്ഥന ഒരാഴ്ചയിൽ ഒരു ദിവസം ഗവൺമെന്റുദ്യോഗസ്ഥരും വിദ്യാർത്ഥികളും കൈത്തറി വസ്ത്രം ധരിക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ആ അഭ്യർത്ഥന ജനങ്ങൾ സ്വീകരിച്ചതിന്റെ ഫലമായി കൈത്തറിയുടെ ഡിമാന്റ് വളരെയധികം വർദ്ധിച്ചുവെങ്കിലും ഡിമാന്റനുസരിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യാനുള്ള ശേഷി ഇന്ന് സഹകരണസംഘങ്ങൾക്ക് ഇല്ല. അതിനുള്ള പ്രധാന കാരണം, കൂടിയ പലിശയ്ക്ക് വായ്പ ലഭിക്കുന്നു എന്നുള്ളതു തന്നെയാണ്. കൂടിയ പലിശയ്ക്ക് വായ്പ എടുത്ത്, ഉല്പന്നങ്ങൾ ഉണ്ടാക്കി മാസങ്ങളോളം സൂക്ഷിച്ചതിനു ശേഷമാണ് മാർക്കറ്റ് ചെയ്യാൻ കഴിയുക. അത്രയും കാലം കൂടിയ പലിശയ്ക്ക് പണം കടമെടുക്കാൻ കഴിയാത്തതുകൊണ്ടാണ് സഹകരണ മേഖല, കൈത്തറി രംഗത്ത് തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക് പോകുന്നത്. ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവിടെ പണി യെടുക്കുന്ന തൊഴിലാളികൾക്ക് പല ആനുകൂല്യങ്ങളും കൊടുക്കാനുണ്ട്. പി. എഫ്. കുടിശ്ശിക വന്നതുകൊണ്ട് പി.എഫ്. കമ്മീഷണർ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നു; ഫണ്ട് മരവിപ്പിക്കുന്നു. ഈ പ്രതിസന്ധിയെ നേരിടുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. ഈ രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുന്നത്. കാർഷിക മേഖലയിൽ അഞ്ചര ശതമാനം പലിശയ്ക്ക് ഗവൺമെന്റ് പണം കടം കൊടുക്കുന്നു. അത് കൃഷിക്കാരനാണ്; കൃഷിക്കല്ല. ഇവിടെ യഥാർത്ഥ നെയ്ത്തുകാരുടെ സഹകരണസംഘത്തിന് അഞ്ചര ശതമാനം പലിശയ്ക്ക് പണം കടം കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ജില്ലാ സഹകരണ ബാങ്കുകൾ, കൈത്തറി സഹകരണ സംഘങ്ങൾക്ക് സഹായകരമായ നിലപാടല്ല ഇപ്പോൾ എടുക്കുന്നത്. അതുകൊണ്ട് കൈത്തറി വിപണനത്തിനുവേണ്ടി ഹാൻഡ്‌ലൂം മേഖലയ്ക്ക് ധനസഹായം നൽകുന്നതിന് ഒരു ബാങ്ക് തുടങ്ങേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. അതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം. ഹാൻഡ്‌ലൂം ഫാബ്രിക് ഡെവലപ്മെന്റ് ബാങ്ക് രൂപീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുന്നിൽ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുവാനുള്ള നിർദ്ദേശം. കൈത്തറി മേഖലയെ ഈ സങ്കീർണ്ണമായ അവസ്ഥയിൽ നിന്നും പുറത്തുകൊണ്ടുവരണം. കയർ മേഖലയിൽ അഞ്ചര ശതമാനം കുറഞ്ഞ പലിശയ്ക്ക് പണം കടം കൊടുക്കുന്നുണ്ട്. ആ പലിശയെല്ലാം ഗവൺമെന്റ് സബ്സിഡൈസ് ചെയ്യുന്നു. കയർ മേഖലയിലും കാർഷിക മേഖലയിലും സബ്സിഡൈസ് ചെയ്ത് പണം കടം കൊടുക്കുമ്പോൾ അതുപോലെ പരമ്പരാഗതമായതും ഒന്നര ലക്ഷത്തോളം ജീവനക്കാർ പണിയെടുക്കുന്നതുമായ കൈത്തറി മേഖലയിലും ഗവൺമെന്റ് സബ്സിഡൈസ് ചെയ്തുകൊണ്ട് കുറഞ്ഞ പലിശയ്ക്ക് പണം കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നമ്മുടെ കൈത്തറി സഹകരണസംഘങ്ങളെല്ലാം വലിയ കടക്കെണിയിലാണ്. നബാർഡിൽ നിന്നും കൂടുതൽ വായ്പ ലഭിക്കണമെങ്കിൽ സംഘങ്ങളെ അവരുടെ കിട്ടാകടബാദ്ധ്യതയിൽ നിന്നും (Non-performing assets) ഒഴിവാക്കേണ്ടതുണ്ട്. ജില്ലാ ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുകയും വേണം. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് പലിശയിളവ് ചെയ്യേണ്ടത്. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും നബാർഡ് വഴി കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, എൻ.സി.ഡി.സി (National Co-operative Development Corporation) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട് (ICDP) എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രധാനമായും വായ്പ ലഭിക്കുന്നത്.

ജില്ലാ സഹകരണ ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് 11.5 ശതമാനവും നബാർഡ് വഴി ജില്ലാ സഹകരണ ബാങ്ക് നൽകുന്ന വായ്പയ്ക്ക് ഒൻപതര ശതമാനവും സർക്കാരിൽ നിന്നും അനുവദിക്കുന്ന ഓഹരി പങ്കാളിത്ത വായ്പയ്ക്ക് ആറ് ശതമാനവും എൻ.സി.ഡി.സി വഴി ലഭിക്കുന്ന വായ്പകൾ ഒമ്പതര ശതമാനവും പലിശ നൽകണം. 31-3-2006-വരെ ഹാന്റെക്സിന് 18.69 കോടി രൂപയുടേയും ഹാൻവീവിന് 13.67 കോടി രൂപയുടേയും പ്രൈമറി സംഘങ്ങൾക്ക് 201.87 കോടി രൂപയുടേയും കടബാദ്ധ്യതയുണ്ട്. പലിശയിനത്തിൽ മാത്രം ഹാന്റെക്സിന് ഒരു വർഷം 4.43 കോടി രൂപയുടേയും ഹാൻവീവിന് 1.91 കോടി രൂപയുടേയും പ്രൈമറി സംഘങ്ങൾക്ക് 23.21 കോടി രൂപയുടേയും കടബാദ്ധ്യതയുണ്ടാകുന്നു. മേൽപ്പറഞ്ഞ കടബാദ്ധ്യതകൾ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘങ്ങളെ വളരെയധികം ബാധിച്ചിട്ടുണ്ട്. നെയ്ത്തുകാർക്ക് സമയത്തിന് നൂലും കൂലിയും നൽകാൻ കഴിയാത്തതിനാൽ ഭൂരിപക്ഷം സംഘങ്ങളിലും വളരെ കുറച്ച് തറികൾ മാത്രമേ പ്രവർത്തിപ്പിക്കാൻ കഴിയുന്നുള്ളൂ. ഹാന്റെക്സിനെ സംബന്ധിച്ചിടത്തോളം 23 കോടി രൂപ തുണി വാങ്ങിയതിന്റെ വില ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് കൊടുത്തുതീർക്കാനുണ്ട്. ഹാന്റെക്സ് സമയത്തിന് തുക നൽകാത്തതുകൊണ്ട് സംഘങ്ങളുടെ ക്യാഷ്-ക്രെഡിറ്റ് അക്കൗണ്ട് നിലനിർത്താൻ ബുദ്ധിമുട്ടുന്നു. ഹാൻവീവിനെ സംബന്ധിച്ചിടത്തോളം പ്രവർത്തനമൂലധനം ഇല്ലാത്തതുകൊണ്ട് ദൈനംദിന പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നു. ബാദ്ധ്യത തീർക്കാൻ കേന്ദ്ര സർക്കാർ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മാത്രമേ നിലവിലുള്ളൂ. ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പരിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങളെ കൊണ്ടുവരാൻ സമയബന്ധിതമായി ഇവയുടെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിപ്പോൾ നബാർഡിന്റെ പരിഗണനയിലാണ്. കുറഞ്ഞ പരിശയ്ക്ക് വായ്പ നൽകുന്ന പ്രശ്നം റിസർവ് ബാങ്കിന്റെ നയത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. എന്നിരുന്നാലും, സർക്കാരിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നൂൽ, ചായം എന്നിവ വാങ്ങുന്നതിന് 10 ശതമാനം സബ്സിഡി യാൺ ബാങ്ക്, എൻ.സി.ഡി.സി എന്നിവ മുഖാന്തിരം നൽകിവരുന്നു. കൈത്തറി മേഖലയ്ക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്ന ഒരു പദ്ധതി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചതായി മനസ്സിലാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ലഭ്യമാക്കാൻ വേണ്ടത് ചെയ്യുന്നതാണ്. കൈത്തറി മേഖലയിലെ മേൽ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ ഉന്നയിച്ചിട്ടുള്ള ബാങ്ക് തുടങ്ങുന്ന കാര്യത്തെ സംബന്ധിച്ച് അങ്ങ് ശ്രദ്ധിക്കാതെ പോയതുകൊണ്ട് അതിന് ഉത്തരം ലഭിച്ചില്ല. സർക്കാർതന്നെ കൈത്തറി മേഖലയെ സഹായിക്കുന്നതിനുവേണ്ടി എറണാകുളം, കോഴിക്കോട് എന്നീ രണ്ട് ശാഖകളോടുകൂടിയ ഒരു ബാങ്കിംഗ് സംവിധാനം ഉണ്ടാക്കണം. അതുകൂടി വന്നാൽ ഹാന്റെക്സിന് കുറേക്കൂടി ഫലപ്രദമായി ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിയുമെന്നുള്ളതാണ് എന്റെ വിശ്വാസം.

ശ്രീ. എളമരം കരീം: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ വിഷയം കൂടി കമ്മിറ്റിയുടെ പഠനത്തിന് വിധേയമാണെന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

## (2) ഗൾഫിൽ നിന്ന് തിരിച്ചെത്തുന്നവരുടെ പുനരധിവാസം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, നമ്മുടെ നാട്ടിലെ പ്രവാസി മലയാളികളെ സംബന്ധിച്ചിടത്തോളം ജോലിയില്ലാതെ കഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർ ഗൾഫ് നാടുകളിൽ പോയി തൊഴിൽ മേഖല കണ്ടെത്തി പണിയെടുക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ രാജ്യത്തെ രൂക്ഷമായ തൊഴിൽ പ്രശ്നം പരിഹരിക്കുന്നത് ഒരു പരിധിവരെ സഹായകമായത് വിദേശ തൊഴിൽ മേഖലകളാണ്. ഇന്ന് നമ്മുടെ സമ്പദ് ഘടനയിൽ വിദേശനാണ്യം നേടിത്തരുന്നത് പ്രവാസി മലയാളികളാണ്. അവർ നാടും വീടും കുടുംബവും വിട്ട് വിദേശരാജ്യങ്ങളിൽ പണിയെടുത്ത് നമ്മുടെ രാജ്യത്തിന് വലിയതോതിൽ വിദേശനാണ്യം നേടിത്തരുന്നതിന് നിർണ്ണായകമായ പങ്ക് വഹിക്കുന്നു. അവരെ പലപ്പോഴും നാം മറന്നുപോകുകയാണ്. ഈ ഘട്ടത്തിൽ ഗൾഫിൽ ജോലി ചെയ്യുന്ന ചെറിയൊരു ശതമാനം ബിസിനസ്സുകാരൊഴിച്ചാൽ വലിയൊരു ശതമാനം തൊഴിലാളികളും സാധാരണക്കാരും തുച്ഛമായ ശമ്പളം വാങ്ങുന്നവരാണ്. ജീവിക്കാൻ മാത്രം അവർ വിദേശരാജ്യങ്ങളിൽ കഴിഞ്ഞിരുന്നവരാണ്. ഗൾഫ് നാടുകളിൽ താൽക്കാലിക വിസിറ്റിംഗ് വിസയിലും മറ്റും പോയി ജോലിയിലേർപ്പെട്ടിരുന്ന ലക്ഷക്കണക്കിന് പ്രവാസി മലയാളികൾ ഔട്ട്പാസ്സിലൂടെ ഇന്ന് നമ്മുടെ നാടുകളിലേക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. നാട്ടിലേക്ക് പറഞ്ഞ് അയയ്ക്കുന്ന ഇത്തരം പാവപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കുന്നതിനോ, മറ്റോ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചില പ്രവാസി സംഘടനകൾ ഇവരെ നാട്ടിലെത്തിക്കുന്നു എന്നുള്ളതിൽക്കവിഞ്ഞ് സർക്കാർ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി മലയാളിക്കായി പല പദ്ധതികളും നടപ്പാക്കാമെന്ന് സർക്കാർ പറഞ്ഞുവെങ്കിലും ഇതുവരേയും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഇവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർ സ്ഥാപനമായ നോർക്ക (Non-Resident Keralites Affairs) പോലും യാതൊരു നടപടിയും സ്വീകരിച്ചില്ല. വിദേശത്ത് ജോലിക്ക് റിക്രൂട്ട് ചെയ്യുന്ന ഒഡേപെക് (Overseas Development and Employment Promotion Consultants Ltd.) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനവും പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. റിക്രൂട്ട് ചെയ്യുന്നവരുടെ എണ്ണവും വളരെ പരിമിതമാണ്. യു.എ.ഇ.യിൽ മാത്രം ഉള്ള 184,873 പൊതു മാപ്പ് അപേക്ഷകളിന്മേൽ 121,605 പേർക്ക് പൊതു മാപ്പ് നൽകിയിട്ടുണ്ട്. അതിലേറ്റവും കൂടുതലുള്ളത് മലയാളികളാണ്. നിയമപരമായ കാരണങ്ങളാൽ പുറംതള്ളപ്പെടുന്നവരെ നാട്ടിൽ സുരക്ഷിതമായി എത്തിക്കാൻ സർക്കാരോ നോർക്കയോ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന് ഈ സാഹചര്യത്തിൽ ബോദ്ധ്യമാണ്. ജോലിയുടെ കാലാവധി കഴിഞ്ഞും ആരോഗ്യം ക്ഷയിച്ചും നാട്ടിൽ തിരിച്ചെത്തുവന്നവരുടെ ജീവിതം പ്രയാസകരമാണ്. പ്രസ്തുത വിഭാഗങ്ങളുടെ ശരിയായ കണക്ക് ശേഖരിക്കാനും അതുപോലെ പ്രവാസി വിഭാഗക്കാരെ പുനരധിവസിപ്പിക്കാനും അവർക്ക് നാട്ടിൽ തൊഴിൽ നൽകുന്നതിനും ഒരു കമ്മീഷനെ നിയോഗിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. ഇപ്പോൾ ഗൾഫിൽ ജോലി ചെയ്യുന്നവരുടെ എണ്ണത്തിന് കണക്കില്ല. അതുകൊണ്ട് വിദേശത്ത് പോയിട്ടുള്ളവരുടെ കണക്കുകൾ ശേഖരിച്ച്, അവരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിവിധ മലയാളി സംഘടനാ നേതാക്കളുമായി ചർച്ച നടത്താൻ ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം എന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഔട്ട് പാസ് മുഖേന തിരിച്ചയയ്ക്കുന്നവരെ വിമാനമാർഗ്ഗം നാട്ടിലെത്തിക്കാൻ സഹായിക്കുന്ന പല പ്രവാസി സംഘടനകളുടേയും പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. കെ.എം.സി.സി. പോലുള്ള ചില പ്രവാസി സംഘടന കഴിഞ്ഞ ദിവസം പ്രത്യേക വിമാനത്തിൽ കരിപ്പൂർ വിമാനത്താവളത്തിൽ ലക്ഷക്കണക്കിനാളുകളെ എത്തിച്ചത് വളരെ മാതൃകാപരമാണ്. ലക്ഷക്കണക്കിന് ആളുകൾ ഇത്തരത്തിൽ നാട്ടിൽ തിരിച്ചുവന്നുകൊണ്ടിരിക്കുമ്പോൾ ഈ ഗുരുതരമായ പ്രശ്നം വളരെ ലാഘവത്തോടെയാണ് സർക്കാർ കാണുന്നത്. ഔട്ട് പാസ്സിൽ ആളുകളെ നാട്ടിലേക്ക് അയയ്ക്കുന്ന രാജ്യങ്ങളിലെ മന്ത്രിമാരേയോ, അധികാരികളേയോ കാണാനോ, അതുപോലെ പ്രവാസി സംഘടനാനേതാക്കളുമായി ചർച്ച നടത്താനോ പ്രവാസിവകുപ്പിന്റെ ചുമതലയുള്ള മന്ത്രി ഇതുവരെയായി തയ്യാറാകാത്തതിൽ അത്യധികം ഖേദമുണ്ട്. വിദേശ മലയാളികൾ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിലാണ്. അദ്ധ്യയന വർഷത്തിനിടയിൽ നാട്ടിലേക്ക് വന്നാൽ ചിലപ്പോൾ ടി. സി. കയ്യിലുണ്ടാകില്ല; സ്കൂളുകളിൽ അഡ്മിഷൻ കഴിഞ്ഞിരിക്കും. ഈ കാര്യത്തിൽ പ്രവാസിമലയാളികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തുമ്പോൾ അവരുടെ കുട്ടികൾക്ക് സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗൾഫിൽ തുച്ഛമായ ശമ്പളം വാങ്ങുന്ന തൊഴിലാളികളേയും ഉന്നത വ്യാപാരികളേയും എൻ.ആർ.ഐ. ക്വോട്ടയിൽ ഒരു പോലെയാണ് സർക്കാർ കണക്കാക്കുന്നത്. ഈ രണ്ടുകൂട്ടർക്കും ഒരേ ഫീസാണ് ഈടാക്കുന്നത്. ഗൾഫിലെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം കണക്കാക്കി എൻ.ആർ.ഐ. ക്വോട്ടയിൽ പ്രവേശനത്തിന് ആവശ്യമായ ഫീസ് നിർണ്ണയിക്കാനുള്ള നടപടിയെടുക്കണം. ഇന്ന് എല്ലാ വിഭാഗം ജനങ്ങൾക്കും പെൻഷൻ പദ്ധതിയുണ്ട്; ക്ഷേമനിധി ബോർഡുകളുണ്ട്. ഗൾഫ് മലയാളികൾക്ക് മാത്രം ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായും സർക്കാർ നടപടികൾ സ്വീകരിക്കണം. ഗൾഫ് മലയാളികൾക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കണം. ഗുണഭോക്താവും അതുപോലെ സർക്കാരും ഒരു വിഹിതം പ്രീമിയമായി നിശ്ചയിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണം. ഇന്ന് നമ്മുടെ നാട്ടിൽ അപകടത്തിൽപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ദുരിതാശ്വാസനിധിയിൽ നിന്നും സഹായം നൽകുന്നതുപോലെ ഗൾഫിൽ അപകടത്തിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്കും ഇതുപോലെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം നൽകാനാവശ്യമായ നടപടി അടിയന്തിരമായും ഉണ്ടാകണം. ജോലിക്ക് റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ ചൂഷണത്തിൽ നിന്ന് വഞ്ചിക്കപ്പെടുന്ന തൊഴിലന്വേഷകരെ രക്ഷിക്കാനാവശ്യമായ നടപടികളുണ്ടാകണം. പത്രപ്പരസ്യത്തിലൂടെ നിരവധിപേർ വഞ്ചിക്കപ്പെടുന്നു. അവർക്ക് ഇവിടെനിന്നും പരസ്യപ്പെടുത്തുന്ന ശമ്പളമല്ല അവിടെ കിട്ടുന്നത്. അതിനൊക്കെ പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച് വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്. പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച് എസ്.ഐ.യ്ക്കുള്ള അധികാരത്തെപ്പറ്റി ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എസ്.ഐ.യ്ക്ക് പോലീസ് വെരിഫിക്കേഷന്റെ ചുമതല നൽകിയതിനുശേഷം അതുസംബന്ധിച്ചുള്ള ഒരു നടപടിയും നടക്കുന്നില്ല. അതുകൊണ്ട് ഇതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിപ്പിച്ചുകൊണ്ട് ഈ അധികാരം ഉപയോഗപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. വിമാന ചാർജ്ജുകളുടെ..........(മൈക്ക് ഓഫ്)..........

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഗൾഫ് നാടുകളിൽ അനധികൃതമായി കഴിയുന്ന വിദേശികൾക്ക് അവരുടെ നാടുകളിലേക്ക് തിരിച്ച് പോകുന്നതിന് സാധ്യമാക്കുന്നതിനുവേണ്ടി പല രാജ്യങ്ങളിലും പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. യു. എ. ഇ.യിൽ 2007 ജൂൺ മൂന്നാം തീയതി മുതൽ 2007 സെപ്തംബർ രണ്ടാം തീയതി വരെ പൊതുമാപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നിരുന്നാലും അനധികൃതമായി കഴിയുന്നവർക്ക് യു. എ. ഇ. വിടുന്നതിന് നവംബർ മാസം മൂന്നാം തീയതി വരെ സമയം അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം അയ്യായിരത്തോളം മലയാളികൾ മടങ്ങി എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി നാട്ടിൽ തിരിച്ച് വരാൻ ആഗ്രഹിക്കുന്ന മലയാളികളെ നാട്ടിൽ തിരിച്ച് എത്തിക്കാൻ സഹായിക്കുന്നതിന് അവിടുത്തെ മലയാളി സംഘടനകളും ഇന്ത്യൻ എംബസ്സിയും കഴിയുന്നത്ര പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അത് ഏകോപിപ്പിക്കുന്നതിനും രേഖകളും ടിക്കറ്റുമെല്ലാം ശരിയാക്കി നൽകുന്നതിനും സംസ്ഥാന സർക്കാർ നോർക്ക വഴി സഹായം ചെയ്യുന്നുണ്ട്. നോർക്കയിലെ രണ്ട് ഉദ്യോഗസ്ഥൻമാരെ ഇതിനായി പ്രത്യേകം യു.എ.ഇ.യിൽ അയച്ചിരുന്നു. തിരിച്ച് വരുന്നവർക്ക് വിമാനത്താവളത്തിൽനിന്നും നാട്ടിലേക്ക് പോകുന്നതിനുള്ള യാത്രാസൗകര്യവും നോർക്ക ഒരുക്കിയിരുന്നു. വിവിധ മലയാളി സംഘടനകളും ചില സ്ഥാപനങ്ങളും ഇക്കാര്യത്തിൽ കാര്യമായ സഹായം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു.എ.ഇ.-യ്ക്ക് പുറമെ മറ്റ് ഗൾഫ് നാടുകളിലും ഇത്തരത്തിൽ പൊതുമാപ്പ് പ്രഖ്യാപിക്കുന്നതിന്റെ ഫലമായി അനധികൃതമായി താമസിക്കുന്നവരെ നാട്ടിൽ എത്തിക്കാനും ശ്രമങ്ങൾ നടത്തുന്നതാണ്. ഇപ്രകാരം തിരിച്ച് എത്തുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. വിദേശത്ത് നിന്നും തിരിച്ചെത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ സാന്ത്വന പദ്ധതി പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്ന പദ്ധതി നോർക്ക വകുപ്പിനുണ്ട്. അത് തികച്ചും അപര്യാപ്തമാണ്. എന്നാൽ വിദേശത്ത് വച്ച് മരണപ്പെടുകയോ ഗുരുതരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പ്രവാസി മലയാളികളുടെ കുടുംബത്തിന് അര ലക്ഷം രൂപ ധനസഹായം ചെയ്യുന്ന ഒരു പദ്ധതിക്ക് നോർക്ക വകുപ്പ് രൂപം നൽകിയിട്ടുണ്ട്. പ്രവാസികളുടെ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികളും തീരുമാനമായിട്ടുണ്ട്. കൂടാതെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി വിപുലമായൊരു പെൻഷൻ ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കരട് ബിൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇപ്പോൾ വിവിധ സംഘടനകളാണ് ഇവരുടെ വിമാന ചാർജ്ജ് വഹിക്കുന്നത്. ഔട്ട്പാസ്സിലൂടെ നാട്ടിലേക്ക് വരുന്ന മുഴുവൻ ആളുകളുടെയും വിമാന ചാർജ്ജ് ഗവൺമെന്റ് തന്നെ വഹിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇത് സംബന്ധിച്ച് നോർക്ക വകുപ്പ് അവരെ സഹായിക്കുന്നതിനുവേണ്ടിയിട്ടുള്ള വിവിധ പദ്ധതികൾ ആലോചിച്ച് കൊണ്ടിരിക്കുകയാണ്.

## IV ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. ബി. രാഘവൻ, കെ. കെ. ജയചന്ദ്രൻ, സി. പി. മുഹമ്മദ് എന്നിവരെ 12-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V സബ്മിഷൻ

### (1) ദേശീയ പതാക തലകീഴായി ഉയർത്തിയ സംഭവം

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഇക്കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ കോഴിക്കോട് സർവ്വകലാശാലയിൽ ദേശീയ പതാക തലകീഴായിട്ടാണ് ഉയർത്തിയത്. ആ ഗൗരവകരമായ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോഴിക്കോട് സർവ്വകലാശാലയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംഭവം ഉണ്ടാകുന്നത്. വൈസ്ചാൻസലർ, ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ, വിദ്യാർത്ഥികൾ എല്ലാവരും പങ്കെടുത്ത സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ ദേശീയ പതാക തലകീഴായി ഉയർത്തുകയുണ്ടായി. വൈസ്ചാൻസലർ പതാകയെ സല്യൂട്ട് ചെയ്തു.

സ്വാതന്ത്ര്യദിന പ്രഭാഷണം നടത്തി. ദേശീയ ഗാനവും ആലപിച്ചു. അപ്പോഴാണ് ദേശീയ പതാക തലകീഴായിട്ടാണ് ഉയർത്തിയത് എന്നുള്ള കാര്യം സദസ്സിൽ നിന്ന് ആരോ ശ്രദ്ധയിൽപ്പെടുത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പതാക താഴ്ത്തുകയും ശരിയായ രീതിയിൽ ഉയർത്തി വീണ്ടും വൈസ് ചാൻസലർ സല്യൂട്ട് ചെയ്യുകയും ദേശീയഗാനം ആലപിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. എം.എസ്.എഫ്. കെ.എസ്.യു. പോലുള്ള വിദ്യാർത്ഥി സംഘടനകൾ ഈ സംഭവം സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ നോമിനേറ്റഡ് സിൻഡിക്കേറ്റിലെ അംഗങ്ങളായിരുന്ന മാർക്സിസ്റ്റ് അനുഭാവികളായ സുവോളജി വിഭാഗം തലവൻ ഡോ. കെ. പി. ജനാർദ്ദനനേയും, കോമേഴ്സ് വിഭാഗം തലവൻ ഡോ. വി. മുരളീധരനേയും വൈസ് ചാൻസലർ ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയോ, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഹിന്ദി വിഭാഗം തലവനായ ഡോ. ആർ. സുരേന്ദ്രൻ സർവ്വകലാശാലയിൽ സത്യാഗ്രഹം നടത്തുകയുണ്ടായി. ഇതേ തുടർന്ന് നേരത്തേ ചുമതലപ്പെടുത്തിയവർക്ക് പുറമെ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വൈസ്ചാൻസലർ കമ്മിറ്റി വിപുലീകരിക്കുകയുണ്ടായി. പക്ഷേ സ്വാതന്ത്ര്യദിനം കഴിഞ്ഞ് മൂന്ന് ആഴ്ച കഴിഞ്ഞിട്ടും ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയതായിട്ടോ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിച്ചതായിട്ടോ യാതൊരു വാർത്തയും ഇതുവരെ പുറത്തുവന്നിട്ടില്ല. സർവ്വകലാശാലയുടെ എല്ലാ കാര്യങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വം രജിസ്ട്രാർക്കാണ്. ഈ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിനെ സംബന്ധിച്ചുള്ള ക്ഷണക്കത്തുകളും അദ്ദേഹം തന്നെയാണ് എല്ലാവർക്കും അയച്ചത്. പക്ഷേ ആ ചടങ്ങിൽ അദ്ദേഹം പങ്കെടുത്തിട്ടില്ല. അദ്ദേഹം മംഗലാപുരത്ത് ആയിരുന്നുവെന്ന് വൈസ് ചാൻസലർ പറയുകയുണ്ടായി. അദ്ദേഹം ലീവിലായിരുന്നുവെന്ന് യൂണിയൻകാർ പറയുകയുണ്ടായി. പക്ഷേ അദ്ദേഹം സ്ഥലത്ത് ഉണ്ടായിരുന്നിട്ടും ചടങ്ങിൽ പങ്കെടുക്കാതെ മാറിനിന്നുവെന്നും വാർത്ത ഉണ്ടായിരുന്നു. മാത്രമല്ല അവിടത്തെ മാർക്സിസ്റ്റ് യൂണിയൻ ഈ സംഭവത്തെ വളരെ ലഘൂകരിച്ച് കാണാൻ ശ്രമിക്കുകയും രജിസ്ട്രാറെ വെള്ളപൂശാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ചടങ്ങിനു മുൻപായി മൂന്നു തവണ ദേശീയ പതാക ഉയർത്തുന്നതിന്റെ റിഹേഴ്സൽ നടത്തണമെന്നാണ് നിയമം. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഗൗരവതരമായ ഈ വീഴ്ച ഉണ്ടാകുമായിരുന്നില്ല. ദേശീയ പതാകയെ അപമാനിച്ച രജിസ്ട്രാറുടെയും ബന്ധപ്പെട്ട മറ്റ് ആളുകളുടെയും പേരിൽ കർശനമായ നടപടി സ്വീകരിക്കണം. മൂന്ന് ആഴ്ച കഴിഞ്ഞിട്ടും ഒരു റിപ്പോർട്ട് പോലും പുറത്തു വരാത്ത സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുകയും വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും എതിരായി കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകളുടെ ഭാഗമായി കോഴിക്കോട് സർവ്വകലാശാല ആസ്ഥാനത്ത് ദേശീയ പതാക ഉയർത്തുന്ന ചടങ്ങ് നിർവഹിച്ചത് സർവ്വകലാശാലയിലെ ഉയർന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ വൈസ് ചാൻസലറായിരുന്നു. പതാക ഉയർത്തിക്കഴിഞ്ഞപ്പോൾ പതാക തലകീഴായി കാണപ്പെട്ടു. ഉടൻ തന്നെ പതാക താഴെ ഇറക്കുകയും പതാക ശരിയായ നിലയിൽ ആചാര്യമര്യാദകൾ അനുസരിച്ച് വീണ്ടും



LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തുകയും ചെയ്തു. ഇത്തരം ഒരു ഗൗരവതരമായ വീഴ്ച സംഭവിച്ചതിൽ വൈസ്ചാൻസലർ പരസ്യമായി ഖേദം പ്രകടപ്പിക്കുകയുണ്ടായി. ഇതേക്കുറിച്ച് വിശദമായി അന്വേഷിക്കാൻ സർവ്വകലാശാലയിലെ നാല് പ്രൊഫസർമാരെ നിയോഗിക്കുകയും ചെയ്തു. അന്വേഷണത്തിൽ ഇത് ബോധപൂർവ്വം സംഭവിച്ച പിഴവല്ലായെന്നാണ് കണ്ടെത്തിയത്. ഇത്തരം വീഴ്ച മേലിൽ പറ്റാതിരിക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതോടൊപ്പം വീഴ്ചയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥരെ താക്കീത് ചെയ്യാനും നടപടി സ്വീകരിക്കുകയുണ്ടായി.

## (2) തോമസ് സെബാസ്റ്റ്യന്റെ വിധവയ്ക്ക് ആശ്രിത നിയമനം

<u>ശ്രീ. വി. ശിവൻകുട്ടി:</u> ഫുട്ബാൾ രംഗത്ത് സാർവ്വദേശീയ നിലവാരത്തിൽ നിരവധി നേട്ടങ്ങൾ കൊയ്തെടുത്തിട്ടുള്ള ആളാണ് തോമസ് സെബാസ്റ്റ്യൻ. കേരളം കണ്ടതിൽ വച്ച് ഏറ്റവും വേഗതയേറിയ ഫുഡ്ബാൾ കളിക്കാരനും ഇന്ത്യൻ ടീമിൽ നിരവധി പ്രാവശ്യം അംഗമായിരിക്കുകയും ചെയ്തിരുന്ന തിരുവനന്തപുരം വെട്ടുകാട് സ്വദേശിയും ടൈറ്റാനിയം ജീവനക്കാരനുമായിരുന്ന തോമസ് സെബാസ്റ്റ്യൻ മരിച്ചിട്ട് ഒരു വർഷം തികയുകയാണ്. ആ മരണാനന്തര ചടങ്ങിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും പങ്കെടുത്തതാണ്. ഏഴ് തവണ കേരളത്തിന് വേണ്ടി സന്തോഷ് ട്രോഫി ഫുട്ബാൾ ടൂർണ്ണമെന്റിൽ അദ്ദേഹം കളിച്ചിട്ടുണ്ട്. 1988-ൽ സന്തോഷ് ട്രോഫി ടൂണ്ണമെന്റിൽ കേരളം റണ്ണറപ്പ് ആയപ്പോൾ തോമസ് സെബാസ്റ്റ്യൻ കേരളത്തിന്റെ ക്യാപ്ടൻ ആയിരുന്നു. 1981-ൽ ജൂനിയർ വിഭാഗത്തിന്റെ സ്റ്റേറ്റ് അംഗമായിരുന്നു. 1982-ൽ ഏഷ്യൻ യൂത്ത്, 1983-ൽ നെഹ്റു വേൾഡ് കപ്പ്, 1983-ലെ പ്രീ ഒളിമ്പിക്സ്, 1983-ലെ പ്രസിഡന്റ്സ് ഗോൾഡ് കപ്പ്, 1987-ലെ നെഹ്റു വേൾഡ് കപ്പ് എന്നീ സാർവ്വദേശീയ ടൂർണമെന്റുകളിൽ ഇന്ത്യയ്ക്ക് വേണ്ടി ജേഴ്സി അണിഞ്ഞിട്ടുണ്ട്. 1987-ലെ രണ്ടാമത് നാഷണൽ ഗെയിംസിൽ കേരളം വിജയിച്ചപ്പോൾ കേരളാ ടീമിന്റെ ക്യാപ്ടൻ ആയിരുന്നു തോമസ് സെബാസ്റ്റ്യൻ. ജി. വി. രാജ ഗോൾഡ് മെഡലും 1989-ലെ ഫുഡ്ബാൾ അസോസിയേഷന്റെ ഏറ്റവും നല്ല കളിക്കാരന്റെ ട്രോഫിയും അദ്ദേഹം നേടിയിട്ടുണ്ട്. 28-8-2006-ൽ ഹൃദയസ്തംഭനംമൂലമാണ് തോമസ് സെബാസ്റ്റ്യൻ മരിച്ചത്. മരിക്കുമ്പോൾ തോമസ് സെബാസ്റ്റ്യൻ ടൈറ്റാനിയത്തിലെ സെക്ഷൻ ഓഫീസർ ആയിരുന്നു. കമ്പനി നിയമം അനുസരിച്ച് ആശ്രിത നിയമനത്തിനായി സെബാസ്റ്റ്യന്റെ ഭാര്യ ബിരുദധാരിണിയായിട്ടുള്ള ലെറ്റീഷ്യാ പെരേര അപേക്ഷ നൽകി ഒരു വർഷമായിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ടവരുമായി സംസാരിച്ചപ്പോൾ ടൈറ്റാനിയത്തിൽ ഇവർക്ക് ജോലിനൽകുവാനുള്ള ഒഴിവില്ലെന്ന വിചിത്രമായിട്ടുള്ള മറുപടിയാണ് മാനേജുമെന്റ് പറയുന്നത്. സെബാസ്റ്റ്യന്റെ രണ്ട് കുട്ടികൾക്കും വിദ്യാഭ്യാസം പോലും ചെയ്യാൻ കഴിയാത്ത വിധം ആ കുടുംബം സാമ്പത്തിക ബുദ്ധിമുട്ടിലാണ്. 18 വർഷക്കാലം ടൈറ്റാനിയം ഫുട്ബാൾ ടീമിൽ അംഗമായ സെബാസ്റ്റ്യന്റെ കുടുംബത്തോട് ടൈറ്റാനിയം മാനേജുമെന്റ് കാണിക്കുന്നത് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. മാത്രമല്ല, ഇത് കായിക കേരളത്തിന് തന്നെ അപമാനകരമായ ഒരു കാര്യമാണ്. കേരള ഫുട്ബാൾ രംഗത്ത് നേട്ടം കൊയ്യുന്ന കാലഘട്ടമാണിപ്പോൾ. നെഹ്റുകപ്പ് അന്തർദേശീയ ഫുഡ്ബാൾ ടൂർണമെന്റിൽ ഇന്ത്യക്ക് ചരിത്രം രചിക്കുവാൻ കേരളത്തിന്റെ എം. കെ. പ്രദീപിന്റെ 43-ാം മിനിട്ടിലെ ഗോൾ കാരണമായി. ഈ സാഹചര്യത്തിൽ, ഫുട്ബാൾ കളിക്കാർക്ക് പ്രോത്സാഹനം കൊടുക്കേണ്ടതാണ്. മാനേജുമെന്റ് ചില സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ പറയുന്നുണ്ടെങ്കിൽ പോലും അങ്ങ് ഇടപ്പെട്ട് ഒരു പ്രത്യേക ഉത്തരവ് കൊടുത്ത് തോമസ് സെബാസ്റ്റ്യന്റെ കുടുംബത്തെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം മാത്രമല്ല, കഴിഞ്ഞ രണ്ട്മൂന്ന് വർഷക്കാലത്തെ നിയമനങ്ങൾ തന്നെ പരിശോധിച്ചുനോക്കിയാൽ ഇത്തരം ആശ്രിത നിയമനങ്ങൾ ധാരാളം തന്നെ നടന്നിട്ടുണ്ട്. ഇത്രയധികം പ്രധാന്യം കൊടുത്തുകൊണ്ട് നിയമനം നടത്തേണ്ടതും പരിഗണന അർഹിക്കുന്നതുമായിട്ടുള്ള തോമസ് സെബാസ്റ്റ്യന്റെ വിഷയത്തിൽ അങ്ങ് ഇടപെടുകയും ഒരു പ്രത്യേക ഉത്തരവ് കൊടുത്തുകൊണ്ട് ഈ തോമസ് സെബാസ്റ്റ്യന്റെ ഭാര്യയ്ക്ക് യോഗ്യതകളനുസരിച്ച് ജോലി കൊടുക്കുകയും ചെയ്യണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഇൻഡ്യൻ ഫുട്ബാൾ ടീം ക്യാപ്റ്റൻ ആയിരുന്ന തോമസ് സെബാസ്റ്റ്യൻ ടൈറ്റാനിയം കമ്പനിയിൽ സെക്ഷൻ ആഫീസറായി ജോലി ചെയ്തു വരവേ 28-8-2006-ൽ നിര്യാതനായി. കമ്പനിയിൽ സർവ്വീസിലിരിക്കേ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരെ നിയമിക്കുന്നതിനുള്ള ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ജോലിക്കായി പരേതന്റെ ഭാര്യ ശ്രീമതി ലെറ്റീഷ്യാ പെരേര 17-1-07-ൽ അപേക്ഷ സമർപ്പിച്ചു. കമ്പനിയുടെ ആശ്രിത നിയമനത്തിനുള്ള നിയമാവലി ഗവൺമെന്റ് നിയമം അനുസരിച്ചുള്ളതാണ്. അതനുസരിച്ച് ഒഴിവുള്ള തസ്തികകളിലേക്ക് മാത്രമേ ആശ്രിത നിയമനം നടത്താൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി സൂപ്പർ ന്യൂമററിയായോ പുതിയ തസ്തികകൾ സൃഷ്ടിച്ചോ നിയമനം നടത്താൻ പാടില്ല. ബിരുദധാരിണിയായ ശ്രീമതി ലെറ്റീഷ്യാ പെരേരയുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായ തസ്തികകളിൽ ജൂനിയർ ക്ലാർക്കായോ അല്ലെങ്കിൽ തതുല്യമായ തസ്തികകളിലോ നിലവിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം കിട്ടുന്നതിനായി കാത്തിരിക്കുകയോ ജോലിയ്ക്ക് പകരം കമ്പനി നിയമപ്രകാരം ലഭിക്കാവുന്ന പരമാവധി തുകയായ ഒരു ലക്ഷം രൂപ കൈപ്പറ്റുകയോ ചെയ്യണമെന്ന് ശ്രീമതി ലെറ്റീഷ്യയ്ക്ക് 14-6-07-ന് കമ്പനി മാനേജുമെന്റ് കത്തയച്ചിരുന്നു. ഇതിൻപ്രകാരം തനിക്ക് ജോലി മതിയെന്നും അത് എത്രയും വേഗം തന്ന് സഹായിക്കണമെന്നും 16-8-07-ന് ശ്രീമതി ലെറ്റീഷ്യാ പെരേര കമ്പനിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ പ്രത്യേകത പരിഗണിച്ച് കഴിയും വേഗത്തിൽ തീരുമാനമെടുക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകുന്നതാണ്.

## (3) പാഠപുസ്തക വിതരണത്തിലെ കാലതാമസം

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് സർവ്വശ്രീ. സി. ടി. അഹമ്മദ് അലി, സി. എഫ്. തോമസ്, കെ. കുട്ടി അഹമ്മദ് കുട്ടി, എ. പി. അനിൽകുമാർ തുടങ്ങിയവർ നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. എ. പി. അനിൽകുമാറിന് വിഷയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: സഭയിലെ വളരെ സീനിയറായ അംഗങ്ങൾ ഈ വിഷയത്തെക്കുറിച്ച് നോട്ടീസ് നൽകിയതുകൊണ്ടുതന്നെ ഈ വിഷയത്തിന്റെ ഗൗരവം വർദ്ധിച്ചിരിക്കുകയാണ്. ഒന്നാം ക്ലാസ്സ് മുതൽ പതിനൊന്നാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ രക്ഷിതാക്കളും അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ അധികം ആശങ്കയിലാണ്. ആ ആശങ്കയാണ് സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും മുൻപിൽ വയ്ക്കുന്നത്. ഈ വർഷം വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമതാവർഷമായി കൊണ്ടാടുകയാണ്. കാര്യക്ഷമതയുടെ അർത്ഥം നമുക്ക് എല്ലാവർക്കുമറിയാം. ആർക്കും അതിൽ തർക്കമില്ല. പക്ഷേ കാര്യക്ഷമതാ വർഷത്തിന്റെ പിന്നിട്ട മൂന്നു മാസങ്ങൾ എന്തെങ്കിലും പഠിപ്പിക്കാൻ അദ്ധ്യാപകർക്ക് കഴിഞ്ഞിട്ടില്ല. എന്റെ ഒരു അദ്ധ്യാപക സുഹൃത്ത് പറഞ്ഞത് കാര്യക്ഷമതാവർഷം എന്നതിന്റെ അർത്ഥം അദ്ധ്യാപകരും കുട്ടികളും രക്ഷിതാക്കളും കാര്യമായി ക്ഷമിക്കേണ്ട വർഷം എന്നാണ്. കാരണം മൂന്നുമാസമായി ഒന്നാം ക്ലാസ്സുമുതൽ പതിനൊന്നാം ക്ലാസ്സു വരെയുള്ള കുട്ടികൾ എന്തു പഠിക്കണം; ഏത് പഠിക്കണം; ഏത് പുസ്തകം പഠിക്കണം എന്നറിയാതെ ടീച്ചറിന്റെ മുഖത്തേക്കും ടീച്ചർ കുട്ടികളുടെ മുഖത്തേക്കും ടീച്ചറും കുട്ടികളും ആകാശത്തേക്കും നോക്കി നിൽക്കുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്നത്. ഓണപ്പരീക്ഷ തുടങ്ങിയിട്ടുപോലും ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ നമ്മുടെ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ആവശ്യമായ പുസ്തകങ്ങൾ അച്ചടിച്ചു എന്ന് പറയുമ്പോൾ അച്ചടിച്ച പാഠപുസ്തകങ്ങളിൽ കൂടുതൽ പോയത് സ്വകാര്യ മേഖലയിലേക്കാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. പൊതുമേഖലയിലെ വിദ്യഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ ശക്തമായ നിലപാടുകൾ എടുക്കും എന്നുപറയുന്ന ഗവൺമെന്റ് പൊതു വിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ഒന്നാംക്ലാസ്സിലെ പുസ്തകങ്ങൾ വിതരണം ചെയ്യാൻ ഓണപ്പരീക്ഷ കഴിഞ്ഞിട്ടുപോലും സാധിച്ചിട്ടില്ല. പല വിദ്യഭ്യാസ സ്ഥാപനങ്ങളിലും ഓണപ്പരീക്ഷ കഴിഞ്ഞ് ഇന്നുമുതൽ സ്കൂൾ തുറന്ന് പ്രവർത്തിക്കുകയാണ്. ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ-ന് എന്ത് പഠിക്കണം എന്ന് ഗവൺമെന്റും ഹൈക്കോടതിയും തമ്മിൽ തർക്കമാണ്. ഹൈക്കോടതി പറയുന്നു, പഴയത് പഠിച്ചാൽ മതിയെന്ന് ഗവൺമെന്റ് പറയുന്നു, പുതിയത് പഠിച്ചാൽ മതിയെന്ന്. ഹൈക്കോടതിയിൽ ഇതിനെതിരായി വിധിയുണ്ടായതുകൊണ്ട് അപ്പീലിന് പോകും എന്നാണ് ഗവൺമെന്റ് പറയുന്നത്. അപ്പീലുകളുടെ കാര്യത്തിൽ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഇന്നും അനിശ്ചിതാവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ വീണ്ടും ഹയർ സെക്കണ്ടറിയുടെ കാര്യത്തിലും അപ്പീൽ പോകുന്നു എന്നുപറയുന്നു. ഗവൺമെന്റിനും വിദ്യാഭ്യാസ വകുപ്പിനും അപ്പീൽ മാനിയ ആണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശക്തമായ സമീപനങ്ങൾ അല്ല ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. സഭയുടെ അറിവിലേക്ക് പറയുകയാണ്, ഒന്നാം ക്ലാസ്സിലെ പാഠപുസ്തകളുടെ കാര്യം സൂചിപ്പിച്ചു, രണ്ടാ ക്ലാസ്സിലെ അറബിക്, മലയാളം എന്നീ പുസ്തകങ്ങൾ, മൂന്നാം ക്ലാസ്സിലെ അറബിക്, മലയാളം, സയൻസ് പുസ്തകങ്ങൾ. നാലാം ക്ലാസ്സിലെ അറബിക്, മലയാളം എന്നീ പുസ്തകങ്ങൾ അഞ്ചാം ക്ലാസ്സിലെ ഇംഗ്ലീഷ്, സയൻസ്, സോഷ്യൽ സയൻസ് പുസ്തകങ്ങൾ. ആറാം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസ് പുസ്തകം, ഏഴാം ക്ലാസ്സിലെ ഇംഗ്ലീഷ് പുസ്തകം എന്നിവയൊന്നും ഇതുവരെ പൂർണ്ണമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി മാത്രമേ കാണാൻ കഴിയൂ. ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഈ വർഷം കാര്യക്ഷമതാവർഷമായി പ്രഖ്യാപിച്ച ഗവൺമെന്റിന്, മൂന്ന് മാസം പിന്നിട്ടിട്ടും, വിദ്യാർത്ഥികൾക്ക് പഠിക്കാൻ ആവശ്യമായ പുസ്തകം വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നുപറയുന്നത് ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയ്ക്ക് ഉത്തമ ഉദാഹരണമാണ്. അതിന് ഇതിനപ്പുറം തെളിവ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ല. സൗജന്യ പുസ്തക വിതരണം നടത്തേണ്ട സമയം കഴിഞ്ഞു. പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്കും പെൺകുട്ടികൾക്കും നൽകേണ്ട സൗജന്യ പുസ്തകങ്ങൾ പോലും ഇതുവരെ വിതരണം ചെയ്തിട്ടില്ല. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഒരു പുസ്തകം മാത്രം ഇഷ്ടം പോലെ കിട്ടും. 'എന്റെ മരം' എന്ന പുസ്തകം. എല്ലാ കുട്ടികൾക്കും എത്തിച്ചുകൊടുക്കാൻ ഗവൺമെന്റ് താത്പര്യം എടുത്തു. മറിച്ച് സിലബസ് അനുസരിച്ച് പഠിക്കാനുള്ള പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള കാലതാമസത്തിന് പിന്നിലെന്തെന്ന് മന്ത്രി വ്യക്തമാക്കണം. കാലതാമസം ഉണ്ടാക്കാൻ വേണ്ടി പ്രവർത്തിക്കുന്നത് ആരാണ് എന്ന് വെളിപ്പെടുത്താമോ? അവരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാണോ എന്നുകൂടി വ്യക്തമാക്കണം. എന്നത്തേക്ക് പുസ്തക വിതരണം പൂർത്തിയാക്കി വിദ്യാർത്ഥികൾക്ക് അത് ഉപയോഗിക്കാൻ സാധിക്കുമെന്നുകൂടി വ്യക്തമാക്കണം. ഒന്നാം ക്ലാസ്സുമുതൽ പതിനൊന്നാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ ആശങ്കയിലാണ്. ആ ആശങ്ക പരിഹരിക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വെളിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എ. പി. അനിൽകുമാർ നമ്മുടെ പൊതു വിദ്യാഭ്യാസ രംഗത്തെ പുസ്തക വിതരണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പുസ്തക വിതരണവുമായി ബന്ധപ്പെട്ട് ഈ അധ്യയന വർഷം ചില പോരായ്മകളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഭാവിയിൽ ഇത്തരം പോരായ്മകളും പ്രശ്നങ്ങളും ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നത്തിന്റെ ചില വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനുമുൻപ്, ഈ പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പാഠപുസ്തക ലഭ്യതയിലുണ്ടായിരുന്ന പ്രശ്നം പരിപൂർണ്ണമായി പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട് എന്ന് പറയുകയാണ്. ആ വസ്തുത ബഹുമാനപ്പെട്ട അംഗത്തിനും അങ്ങനെ സഭയിലും ജനങ്ങൾക്കും ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്. മുൻപ്, പറഞ്ഞ പല പുസ്തകങ്ങളും ലഭ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ ആ പുസ്തകങ്ങൾ മുഴുവൻ അച്ചടിച്ച് ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. പുസ്തകങ്ങൾ ഇപ്പോൾ ലഭ്യമാണ്. ഈ പുസ്തകങ്ങൾ ഇപ്പോൾ ഓണാവധി കഴിഞ്ഞ് വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തുമ്പോൾ ലഭ്യമായിരിക്കും. അതിൽ യാതൊരു സംശയവും വേണ്ട. കേരളത്തിൽ ഒന്നുമുതൽ പത്താം ക്ലാസ്സുവരെയുള്ള 202 പുസ്തകങ്ങളാണ് കുട്ടികൾക്ക് പഠിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആകെ ആവശ്യമുള്ള 373,45,438 പുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി ഓർഡർ കൊടുത്ത് അച്ചടിച്ച് ലഭ്യമാക്കേണ്ടതുണ്ട്. ഇത്രയും പുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് മൂന്ന് വിഭാഗത്തിൽപ്പെട്ട പ്രസ്സുകളെയാണ് ആശ്രയിച്ചിട്ടുള്ളത്. പുസ്തകങ്ങൾ 2007 മാർച്ച് 31-നകം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് പ്രസ്സുകൾ, എറണാകുളത്തെ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള പ്രസ്സുകൾ, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നിവയെയാണ് ഏൽപ്പിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രസ്സ്, കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റി എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലല്ല. വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ അച്ചടിച്ചത് വളരെ തുച്ഛമായ എണ്ണം പുസ്തകം മാത്രമാണ്. വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത പ്രസ്സുകളുടെ കാര്യം ആ വകുപ്പിന്റെ മന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും രണ്ട് വകുപ്പിലെയും ഉദ്യോഗസ്ഥരുമായി പല തവണ യോഗം ചേർന്ന് പുസ്തകങ്ങൾ എല്ലാം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഈ ശ്രമത്തിന്റെ ഭാഗമായി 2007 മാർച്ച് 31-നകം ഇപ്പറഞ്ഞ മൂന്നേമുക്കാൽ കോടി പുസ്തകങ്ങൾ ലഭ്യമാക്കാമെന്ന കരാറിൽ പ്രസ്സുകൾ ഒപ്പിട്ടിട്ടുണ്ട്. അതിൽ ഗവൺമെന്റ് പ്രസ്സും ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററും മാത്രമാണ് അല്പം ന്യായീകരിക്കാവുന്ന കാലതാമസം വരുത്തിക്കൊണ്ട് മാർച്ചിൽ നൽകേണ്ടത് ജൂണിലും ജൂലായിലുമായി അച്ചടിച്ചു നൽകിയത്. എന്നാൽ കേരള ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റി ഓഗസ്റ്റ് മാസം മാത്രമാണ് ഇത് ലഭ്യമാക്കിയിട്ടുള്ളത്. അവർ കരാർ ലംഘനമാണ് നടത്തിയിരിക്കുന്നത്. ആ കാലതാമസത്തിന് കാരണം ഇതിനു വേണ്ടിയുള്ള പേപ്പർ വാങ്ങിക്കൊടുക്കുന്ന മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രശ്നമാണ്. സെക്രട്ടേറിയറ്റിൽ ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളിൽ ഉണ്ടാകാവുന്നതും എന്നാൽ ഒഴിവാക്കപ്പെടേണ്ടതുമായ ഒരു പ്രശ്നം ആണിത്. പുസ്തക വിതരണത്തിൽ ന്യായീകരിക്കാൻ പറ്റാത്ത കാലതാമസം ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെയുള്ള പ്രതിസന്ധികളും പ്രശ്നവുമാണ് പുസ്തക വിതരണത്തിന്റെ കാര്യത്തിലുമുണ്ടായത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷന്റെ സമയമാണ് ചോദ്യോത്തര വേളയാക്കരുത്.

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് പറഞ്ഞത് എല്ലാം കേട്ടു. തർക്കത്തിനുവേണ്ടി പറയുന്നതല്ല. അങ്ങ് പറയുന്ന കാലതാമസം വിവിധ ക്ലബ്ബുകളും വിവിധ മന്ത്രിമാരും വിവിധ വകുപ്പുകളും ഈ സാഹചര്യങ്ങളും പശ്ചാത്തലവും എല്ലാം കേരളത്തിൽ മുൻപും ഉണ്ടായിരുന്നതാണ്. ശ്രീ. അനിൽകുമാർ ഇവിടെ അവതരിപ്പിച്ച പ്രശ്നം ഈ വർഷം ഇത്രയും ഗുരുതരമായ വീഴ്ച എന്തുകൊണ്ട് ഉണ്ടായി എന്നതാണ്. അങ്ങ് അത് പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഓണാവധികഴിഞ്ഞ് സ്കൂൾ തുറക്കുമ്പോൾ പുസ്തകം കൊടുക്കാമെന്നല്ലേ പറഞ്ഞത്.

ശ്രീ. എം. എ. ബേബി : ഈ കാലതാമസം വ്യത്യസ്ത തോതിൽ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. ചില പുസ്തകങ്ങളുടെ കാര്യത്തിൽ കുറച്ചുകൂടുതൽ കാലതാമസം ഉണ്ടായിട്ടുണ്ട്. അത് പരിഹരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു കാര്യം, പ്ലസ് വൺ പുസ്തകങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. എൻ.സി.ഇ.ആർ.ടി. പിൻവലിച്ച പുസ്തകങ്ങൾ പഠിപ്പിച്ചു കൊണ്ടിരുന്ന സ്ഥിതിയായിരുന്നു. നിയമവിരുദ്ധമായ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അടിയന്തിരമായി നടപടി സ്വീകരിച്ചു. എൻ.സി.ഇ.ആർ.ടി. പുസ്തകം 1991 മുതൽ സ്വകാര്യ ഏജൻസികൾ അച്ചടിച്ച് കൊടുത്ത് വലിയ ലാഭം ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയായിരുന്നു. അതിനെക്കുറിച്ച് ഇന്നത്തെ കേരളകൗമുദി പത്രത്തിലുണ്ട്. എല്ലാം കുഴപ്പങ്ങൾ ആണ്. പുസ്തക ലോബിയുണ്ട് ഗൈഡ് ലോബിയുണ്ട്. നമ്മുടെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇവരെല്ലാം എന്തെല്ലാം കുഴപ്പങ്ങളാണുണ്ടാക്കുന്നത്; എന്തെല്ലാം കൊള്ളലാഭമാണുണ്ടാക്കുന്നത്. അത് തടയുന്നതിനുവേണ്ടിയാണ് എൻ.സി.ഇ.ആർ.ടി.യുമായി കരാർ ഒപ്പിട്ട് അവർക്ക് റോയൽറ്റി നൽകാൻ തീരുമാനിക്കുകയും ഗവൺമെന്റ് തന്നെ എൻ. സി. ഇ. ആർ. ടി. വഴി പുസ്തകങ്ങൾ അച്ചടിച്ചു കൊടുക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തത്. അപ്പോഴാണ് ചിലർ കോടതിയിൽ പോയത്. അവരുടെ ഉദ്ദേശം എന്തെന്നറിയില്ല; ഈ വർഷം എൻ.സി.ഇ.ആർ.ടി. പുസ്തകം പ്ലസ് വൺ-ന് പ്രിസ്ക്രൈബ് ചെയ്യേണ്ടതില്ലെന്ന് കോടതി വിധി വന്നു. അതിൻമേൽ അപ്പീൽ പോയി, കോടതിയുടെ പരിഗണനയിലിരിക്കുന്നവിഷയം ആയതുകൊണ്ട് അതിനെക്കുറിച്ച് അധികം പറയുന്നില്ല. ഇനി കോടതി വിധി എന്തായാലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്ലസ് വൺ പാഠപുസ്കകങ്ങളുമായി ബന്ധപ്പെട്ട അനിശ്ചിതത്വം ഒഴിവാക്കേണ്ടതുണ്ട്. എന്താണ് പഠിക്കേണ്ടത് എന്നതിനെക്കുറിച്ച് ഇന്നോ നാളെയോ വ്യക്തമായ തീരുമാനം ഉണ്ടാകും എന്നുകൂടി ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുകയാണ്.

## (4) സൗജന്യ റേഷൻ വിതരണം

ശ്രീ. എൻ. അനിരുദ്ധൻ: സർ, പ്രളയക്കെടുതിയും പകർച്ചപ്പനിയും ബാധിച്ച് ദുരിതത്തിലായ പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നിതിന് സർക്കാർ തീരുമാനിച്ചു. സർക്കാരിന്റെ ആ തീരുമാനം പരക്കെ അംഗീകരിക്കപ്പെട്ടതും ശ്ലാഘനീയവുമാണ്. എന്നാൽ അത് കൊല്ലം ജില്ലയിൽ നടപ്പാക്കിയത് വളരെ മോശമായിട്ടാണ്. ഈ ഗവൺമെന്റിന്റെ നയസമീപനത്തിന് ആഘാതം ഏൽപ്പിക്കത്തക്ക രീതിയിലാണ് അത് നടപ്പാക്കിയത്. അതിന് പരിഹാരം കാണുന്നതോടൊപ്പം തന്നെ ദുരിതബാധിതരെ സഹായിക്കുന്നതിന് എടുത്ത മനുഷ്യത്വപരമായ തീരുമാനത്തിൽ വേണ്ടത്ര പ്രാധാന്യം നൽകി നടപ്പാക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ അന്വേഷണം നടത്തി തീരുമാനം ഉണ്ടാകണം. അവർക്ക് ഈ കുടുംബങ്ങളെ തെരഞ്ഞെടുത്ത് പഞ്ചായത്തുകൾ ലിസ്റ്റുകൾ കൊടുത്തു. സാധാരണ സർക്കാർ നടപടിപോലെ കളക്ടർമാർ, ആർ.ഡി.ഒ. അല്ലെങ്കിൽ തഹസീൽദാർമാർക്ക് ലിസ്റ്റുകൾ സമർപ്പിക്കുമ്പോൾ സാങ്കേതികത്വം പറഞ്ഞാണ് അത് മടക്കിക്കൊടുക്കുക. ഇങ്ങനെ പല പഞ്ചായത്തുകൾ പ്രത്യേകിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം, ചിറക്കര തുടങ്ങിയ പഞ്ചായത്തുകളിൽ ഈ കിറ്റുകളോ അതുപോലെ തന്നെ സൗജന്യ റേഷനോ ആർക്കും നൽകാത്ത അവസരവും ഉണ്ടായിട്ടുണ്ട്. ഇതിനെതിരെ പരാതിപ്പെടുകയും ഡി.ഡി.സി.യിൽ ഈ വിഷയം ഉന്നയിക്കുകയും ചെയ്തിട്ട് ജില്ലാ ഭരണാധികാരിക്ക് ആ കാര്യം രുചിച്ച മട്ടല്ല കാണുന്നത്. അതിൽ പ്രതിഷേധം അറിയിച്ചിട്ടും സ്ഥിതിക്ക് മാറ്റം ഉണ്ടായിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോട് ഈ വിഷയത്തെക്കുറിച്ച് നേരിട്ട് സംസാരിച്ചിട്ടുണ്ട്. തീർച്ചയായും ഇങ്ങനെ ഒരു നടപടി സ്വീകരിച്ച് ഗവൺമെന്റിന്റെ ശോഭ കെടുത്താൻ ശ്രമിച്ച ഭരണാധികാരികൾക്കെതിരെ അന്വേഷണം നടത്തി അവർക്കെതിരെ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ഇപ്പോഴും ദുരിതബാധിതരായി നിൽക്കുന്നവർക്ക് സഹായം എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കാലവർഷക്കെടുതിയോട് അനുബന്ധിച്ച് ദുരന്തങ്ങൾക്കിരയായ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യാൻ വിവിധ ഉത്തരവുകളിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. കൊല്ലം ജില്ലയിൽ മാത്രം ഈയിനത്തിൽ ഒരുകോടി ഒൻപതുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. ജില്ലയിൽ കാലവർഷംമൂലം കെടുതി അനുഭവിച്ച 1,11,141 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചതായാണ് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തത്. ഇതിന് പുറമെ 1267 ആദിവാസി കുടുംബങ്ങൾക്കും 373 ഈറ്റ തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം നടത്തിയിട്ടുണ്ട്. ജില്ലയിൽ 18-8-2007 വരെ സൗജന്യ റേഷൻ വിതരണം ചെയ്ത ഇനത്തിൽ 3,33,99,000 രൂപ ചെലവ് വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൊല്ലം ജില്ലയിലെ സൗജന്യ റേഷൻ വിതരണത്തിൽ ചില വീഴ്ചകൾ വന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ വേണ്ടിവന്ന കാലതാമസം മാത്രമാണ് റേഷൻ വിതരണത്തിൽ ഉണ്ടായ വീഴ്ചയെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയിട്ടുണ്ടോ എന്നും അർഹരായ ദുരിത ബാധിതർക്ക് സൗജന്യ റേഷൻ നിഷേധിച്ചിട്ടുണ്ടോ അല്ലെങ്കിൽ വൈകിച്ചിട്ടുണ്ടോ എന്നും ഗവൺമെന്റ് പരിശോധിച്ച ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) തോട്ടം തൊഴിലാളികളുടെ പാടികളിൽ പദ്ധതി വിഹിതം ചെലവുചെയ്യുന്നത് സംബന്ധിച്ച്

പ്രൊഫ: സി. രവീന്ദ്രനാഥ്: സർ, കൂലി കുറവും തൊഴിൽ രാഹിത്യവുംമൂലം ജീവിക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുന്നവരാണ് തോട്ടം തൊഴിലാളികൾ. ഇവർ താമസിക്കുന്നത് തോട്ടത്തിനുള്ളിലെ പാടികളിലാണ്. ഇവർ താമസിക്കുന്ന പാടികൾ പൊട്ടിപ്പൊളിഞ്ഞതും, വെളിച്ചം ഇല്ലാത്തതും വെള്ളമില്ലാത്തതുമൊക്കെയാണ്. പക്ഷെ ഇവർക്ക് വേണ്ട ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യാൻ പദ്ധതി വിഹിതം ഉപയോഗിക്കുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അതിനാൽ പാടികളിൽ പദ്ധതി വിഹിതം ചെലവ് ചെയ്യുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവാദം നൽകുവാൻ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, തോട്ടം മേഖലയിലെ എസ്റ്റേറ്റ് ഉടമകളുടെ കൈവശമുള്ള സ്വകാര്യ റോഡുകൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് കൈമാറിയ ശേഷം പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും തനതുഫണ്ടും ഉപയോഗിച്ച് പ്രസ്തുത റോഡുകളുടെ ടാറിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്താവുന്നതാണ്. തോട്ടം മേഖലയിൽ സ്ഥിതിചെയ്യുന്ന പൊതുസ്ഥാപനങ്ങൾ, അംഗനവാടികൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടേയും അറ്റകുറ്റപ്പണികൾ പദ്ധതി വിഹിതം ഉപയോഗിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നടത്താവുന്നതാണ്. കൂടാതെ തോട്ടം മേഖലയിൽ താമസിക്കുന്ന മറ്റുള്ളവർക്കും ഓരോ മാനദണ്ഡം അനുസരിച്ചാണ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ വ്യക്തിഗത ആനുകൂല്യം നൽകുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വാസസ്ഥലങ്ങളിലെ അറ്റകുറ്റപ്പണികളും മറ്റും നടക്കാത്ത സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സെക്രട്ടറി, ലേബർ കമ്മീഷണർ, ജില്ലാ ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് അധികൃതർ ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ പരിഹാരം ഉണ്ടാക്കാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

## (6) കാട്ടാനശല്യം

ശ്രീ. ജോർജ് എം. തോമസ്: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കോടഞ്ചേരി പഞ്ചായത്തിലെ ജീരകപ്പാറ, അതുപോലെ പൂരോട്ടുപാറ തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപ്പുഴ, മഞ്ഞക്കടവ് എന്നീ പ്രദേശങ്ങളിൽ കാട്ടാനകളുടെ ശല്യം വല്ലാതെ വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷവും അതിനുമുമ്പിലത്തെ വർഷവും ഈ പ്രശ്നം ആവർത്തിക്കപ്പെട്ടതാണ്. വനാതിർത്തി ഡീമാർക്കേറ്റ് ചെയ്തിട്ടില്ല എന്ന പേര് പറഞ്ഞ് ഇനിയും ഏഴ് കുടുംബത്തിന് 2005-ലെ കൃഷി നാശത്തിന് വന്നിട്ടുള്ള നഷ്ടപരിഹാര സംഖ്യ കൊടുത്തുകഴിഞ്ഞിട്ടില്ല. കാട്ടാനകളുടെ ശല്യത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കുവാൻവേണ്ടി ഇപ്പോൾ അവിടെ ഓലപ്പടക്കമാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. മഴയത്ത് തണുപ്പും കൂടി ബാധിക്കുന്നതുകൊണ്ട് ഈ പടക്കം പൊട്ടുന്നേയില്ല. 50 ശതമാനം ഗവൺമെന്റും 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി മുതൽമുടക്കി വനാതിർത്തി വേലികെട്ടി സംരക്ഷിക്കും എന്ന് ബഡ്ജറ്റിൽ അനൗൺസ് ചെയ്തതാണ്. എന്നാൽ അതിനുള്ള യാതൊരും നടപടിയും ഇനിയും സ്വീകരിക്കപ്പെട്ടിട്ടില്ല. ഇവിടെ ചില പ്രദേശങ്ങളിലെല്ലാം വൈദ്യുതി ഉണ്ട്. വൈദ്യുതി എത്തിയിട്ടുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും വനത്തിന്റെ ഉള്ളിൽ ആനകൾക്ക് വേണ്ട ഭക്ഷ്യവസ്തുക്കളായ ഈറ, മുള തുടങ്ങിയവ ഉണ്ടാക്കുകയും ചെയ്താൽ കുറെയെല്ലാം ഇതിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. അതുപോലെതന്നെ കൃഷിക്കാരുടെ വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ചില ഒറ്റപ്പെട്ട വീടുകളുണ്ട്. അത്തരം കൃഷിക്കാരുടെ കൃഷി ഭൂമിയെങ്കിലും വനം വകുപ്പ് ഏറ്റെടുത്ത് കൊണ്ട് അവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ. അതുകൊണ്ട് ഈ കാട്ടാനശല്യംകൊണ്ട് കൃഷി നശിച്ചിട്ടുള്ള ആളുകൾക്ക് കൊടുക്കാൻ അവശേഷിക്കുന്ന നഷ്ടപരിഹാര സംഖ്യ ഉടനെ കൊടുക്കണം. വനാതിർത്തിയിൽ ജൈവവേലി കെട്ടി അത് കൃഷിക്കാരെ ഏൽപ്പിക്കുകയാണ് പ്രായോഗികമായി നടപ്പാക്കാനുള്ള ഏക മാർഗ്ഗം. മുള, ഈറ, നാരകം തുടങ്ങിയിട്ടുള്ള ജൈവവേലി കൂടുതൽ ഫലപ്രദമാണെന്നാണ് മനസ്സിലാകുന്നത്. അത് വയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനും കൃഷിക്കാരെതന്നെ ചുമതലപ്പെടുത്തുക എന്ന രീതി ആവിഷ്കരിച്ചു കൊണ്ട് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ജോർജ് എം. തോമസ് ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ള ഒന്നാണ്. അവിടെ മാത്രമല്ല സംസ്ഥാനത്തിന്റെ പല ഭാഗത്തും ഈ പ്രശ്നം ഗുരുതരമാണ്. വനം മേഖലയിലാകെ



LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർ ഈ പ്രശ്നം ഏറെക്കാലമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. തിരുവമ്പാടി മണ്ഡലത്തിലുൾപ്പെട്ട കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, കൂടരഞ്ഞി തുടങ്ങിയ പ്രദേശങ്ങളിലെ വനസംരക്ഷണസമിതികളുടെ സഹായത്തോടെ വന്യമൃഗങ്ങളെ കാട്ടിലേക്ക് തന്നെ കയറ്റിവിടുന്നതിന് ഒരു ശ്രമം ഉണ്ടായിട്ടുണ്ട്. അത് പക്ഷെ അപൂർണ്ണമാണ്. അവിടെ കുന്നും മലയും നിറഞ്ഞതായതിനാൽ കിടങ്ങുകൾ കുഴിക്കുക പ്രായോഗികമല്ല. സൗരോർജ്ജ കമ്പിവേലി അവിടെ അഭികാമ്യമാണെന്ന നിർദ്ദേശം ഉണ്ടായതിന്റെ വെളിച്ചത്തിൽ കോടഞ്ചേരി പഞ്ചായത്ത് ഉൾപ്പെടുന്ന കൂരോട്ടുപാറ, കണ്ണപ്പൻചാൽ എന്നിവിടങ്ങളിൽ രണ്ട് കിലോമീറ്റർ വീതം സൗരോർജ്ജ കമ്പിവേലി ഇതിനോടകം നിർമ്മിച്ചിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ ഇത് ഉണ്ടാക്കാനുള്ള സ്റ്റെപ്പ്സ് എടുക്കാം. സാമ്പത്തിക പ്രയാസം ഉണ്ടെങ്കിലും വേലി കെട്ടുന്നതിനുള്ള വിഹിതത്തിന്റെ 50 ശതമാനം ഈ പഞ്ചായത്തുകളുടെ ഭാഗത്തുനിന്ന് വഹിക്കുകയാണെങ്കിൽ ബാക്കി 50 ശതമാനം വഹിച്ച് അതുപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്; ബഡ്ജറ്റിലുമുണ്ട്. ഇവിടെ ശ്രീ. ജോർജ് എം. തോമസ് പറഞ്ഞതുമാതിരി ജൈവവേലികെട്ടുന്ന കാര്യത്തിൽ ഗവൺമെന്റിന് എല്ലാ തരത്തിലും സഹായിക്കാനും സഹകരിക്കാനും മനസ്സുണ്ട്, തയ്യാറുമായിരിക്കും. ജൈവവേലി കെട്ടുന്നതിനായി എം.എൽ.എ. തന്നെ മുൻകൈ എടുത്ത് അവിടെ ഉദ്യോഗസ്ഥരുടെയും കൃഷിക്കാരുടെയും ഒരു യോഗം വിളിച്ചുകൂട്ടിയാൽ ആ യോഗത്തിൽ വച്ച് നമുക്ക് അതിർത്തികളിൽ ജൈവ വേലിക്കുള്ള സാദ്ധ്യതകൾ ഗൗരവത്തോടെതന്നെ ആരായാം. അതോടൊപ്പം ഇവിടെ പറഞ്ഞ ഒരു കാര്യം നഷ്ടപരിഹാരത്തിന്റേതാണ്. കൃഷിക്കാർക്കുള്ള 2006-07-വർഷത്തിലെ നഷ്ടപരിഹാരമായി 12,746 രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇനി കൊടുക്കാൻ ബാക്കിയുള്ള തുക ഓരോ കേസ്സും പരിഗണിച്ചുകൊണ്ട് എത്രയുംപെട്ടെന്ന് കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു കാര്യം കൂടി പറഞ്ഞോട്ടെ, എലിഫന്റ് കോറിഡോർസ് എന്ന സ്കീം സംസ്ഥാന ഗവൺമെന്റ് സെൻട്രൽ ഗവൺമെന്റിന് വർഷങ്ങൾക്കുമുമ്പ് സമർപ്പിച്ചിട്ടുണ്ട്. കാട്ടാന ശല്യമുണ്ടായ പ്രദേശങ്ങളിൽ കാട്ടാനയെ തുരത്തുവാൻ വേണ്ടിയുള്ള കിടങ്ങ് കുഴിക്കലും ജൈവവേലിയുടെ കാര്യങ്ങളും നഷ്ടപരിഹാരവുമെല്ലാം അടങ്ങുന്ന ഒരു വലിയ പദ്ധതിയാണത്. കേന്ദ്ര ഗവൺമെന്റ് എപ്പോഴും പറയും അത് പരിഗണനയിലാണെന്ന്. അതുകൂടി പരിഗണിക്കപ്പെട്ടു കിട്ടിയാൽ നമ്മുടെ കൃഷിക്കാർക്ക് അവകാശപ്പെട്ട സഹായം കൊടുക്കാൻ സ്റ്റേറ്റ് ഗവൺമെന്റിന് കുറച്ചുകൂടി സാധിക്കും. ആ വഴിക്കുള്ള സ്റ്റെപ്പ്സും നമ്മൾ എടുത്തുകൊണ്ടിരിക്കുകയാണ്.

## (7) ക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിച്ച സംഭവം

ശ്രീ. വി. ശശികുമാർ: സർ, എന്റെ മണ്ഡലത്തിലെ ചരിത്ര പ്രസിദ്ധമായ അങ്ങാടിപ്പുറം ശ്രീമഹാദേവ ക്ഷേത്രത്തിന്റെ ഗോപുരവാതിൽ സാമൂഹ്യവിരുദ്ധർ കത്തിച്ച സംഭവം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ അങ്ങാടിപ്പുറത്ത് റോഡിന്റെ ഓരത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. 31-8-2007-ന് പുലർച്ചെ ഏതാണ്ട് മൂന്നേകാൽ മണിയോടുകൂടിയാണ് ഈ സംഭവമുണ്ടായത്. ആരോ ബോധപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

കത്തിച്ചതാണെന്നാണ് പോലീസിന്റെ നിഗമനം. 15-അടിയോളം ഉയരമുള്ള ശിൽപ്പങ്ങൾ കൊത്തിയ ഗോപുരവാതിലിന്റെ ഒരു പാളിയാണ് കത്തിനശിച്ചത്. സാമുദായികമൈത്രിക്ക് പേരുകേട്ട വള്ളുവനാടിന്റെ സാമുദായിക മൈത്രി തകർക്കുവാനുള്ള ബോധപൂർവ്വമായ ഒരു നീക്കമാണ് ഇതിന്റെ ലക്ഷ്യമെന്ന് കരുതാം. എന്നാൽ വളരെ സമയോചിതമായി സർക്കാർ മെഷീനറി ഉണർന്ന് പ്രവർത്തിച്ചത് സംഭവങ്ങളെ നിയന്ത്രിക്കാൻ ഇടയാക്കിയിട്ടുണ്ട്. വിവിധ രാഷ്ട്രീയ നേതാക്കളും വിവിധ മതനേതാക്കളും ഈ സംഭവത്തിൽ കാണിച്ച ഉയർന്ന നിലവാരത്തോടുകൂടിയ സമീപനം പ്രശംസനീയമാണ്. സർക്കാരിന്റെ മെഷീനറി പ്രത്യേകിച്ച് പോലീസ് വളരെ ഉയർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സംഭവം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അന്വേഷണത്തിനിടയിൽ തൊട്ടപ്പുറത്തുള്ള ഒന്നുരണ്ട് സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിലും ഒരു പള്ളിയിലും ഇതുപോലെ കുഴപ്പം ഉണ്ടാക്കാനുള്ള ചില വിലകുറഞ്ഞ നീക്കങ്ങൾ നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ സംഭവത്തിലെ പ്രതികളെ കണ്ടെത്തി നിയമത്തിന്റെ മുമ്പിലേക്ക് കൊണ്ടുവരാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാകത്തിലുള്ള ശക്തമായ നടപടികൾ എടുക്കാനും സർക്കാരിന് കഴിയേണ്ടതുണ്ട്. കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രത്യേകിച്ചും പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട അങ്ങാടിപ്പുറം തളി മഹാദേവക്ഷേത്രത്തിന്റെ ഗോപുരവാതിൽ 31-8-2007-ന് വെളുപ്പിന് സുമാർ 3.15-ന് ആരോ തീ വയ്ക്കുകയും തീ കത്തുന്നതുകണ്ട് വഴിയാത്രക്കാർ വിവരം അറിയിച്ചതിനെത്തുടർന്ന് പോലീസും, ഫയർ ഫോഴ്സും, നാട്ടുകാരും ചേർന്ന് തീ അണയ്ക്കുകയുമാണുണ്ടായത്. ഈ കാര്യത്തിന് ക്ഷേത്രസമിതി സെക്രട്ടറിയുടെ പരാതിപ്രകാരം ക്രൈം നമ്പർ 631/07 ആയി 31-ാം തീയതി രാവിലെ 4.30-ന് തന്നെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. സംഭവത്തിൽ സുമാർ ഒരു ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. സാമുദായിക സൗഹൃദം തകർക്കുന്നതിന് ഏതോ സാമൂഹ്യ ദ്രോഹികൾ ഇപ്രകാരം ചെയ്തതാണെന്നാണ് പ്രാഥമികമായ അന്വേഷണത്തിൽ മനസ്സിലാകുന്നത്. സംഭവം അറിഞ്ഞയുടൻ എല്ലാ രാഷ്ട്രീയ നേതാക്കളും മത നേതാക്കളും പോലീസ് ഉദ്യോഗസ്ഥരും കളക്ടറും സംഭവസ്ഥലം സന്ദർശിച്ച് സാമുദായികമൈത്രി തകരാതിരിക്കാനുള്ള സമാധാന ശ്രമങ്ങൾക്കുവേണ്ടി മുന്നോട്ടുവരികയും ചെയ്തിരുന്നു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്. സ്ഥലത്ത് പോലീസ് പിക്കറ്റും പെട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ് എന്നിവയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ രാഷ്ട്രീയ നേതൃത്വവും ജനങ്ങളും പ്രകടിപ്പിച്ച മനോഭാവത്തെ ഈ സന്ദർഭത്തിൽ പ്രത്യേകം പ്രകീർത്തിക്കുകയാണ്. എല്ലാവരും സന്ദർഭത്തിന് അനുസരിച്ച് സമചിത്തതയോടുകൂടി ഉയർന്ന് പ്രവർത്തിച്ചിട്ടുണ്ട്.. അതിന്റെ ഫലമായി ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ സാധിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ. ശശികുമാർ പറഞ്ഞതുപോലെ തൊട്ടടുത്തുള്ള ചില ആരാധനാലയങ്ങളും മലീമസമാക്കാനുള്ള ചില ശ്രമങ്ങൾ നടന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ സംഭവവുമായി ബന്ധപ്പെട്ട പ്രതികളെ പിടികൂടുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാനും പോലീസിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചുകൊണ്ട് കേസ്സിന്റെ അന്വേഷണം ത്വരിതഗതിയിൽ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മതസൗഹാർദ്ദം നിലനിറുത്തുന്നതിന് വേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായിരിക്കും. അതിന് എല്ലാവരുടേയും സഹായം ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

## VI മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

I വിദ്യാഭ്യാസവും സാംസ്ക്കാരികവും വകുപ്പുമന്ത്രി: (ശ്രീ. എം. എ. ബേബി) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ദി യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 46 ഓഫ് 2007)
2. ദി യൂണിവേഴ്സിറ്റി ലാസ് (അമന്റ്മെന്റ്) അമെന്റിംഗ് ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 47 ഓഫ് 2007)
3. ദി മഹാത്മഗാന്ധി യൂണിവേഴ്സിറ്റി (അമന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 48 ഓഫ് 2007)
4. ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (ഓർഡിനൻസ്, 2007) (ഓർഡിനൻസ് നമ്പർ 49 ഓഫ് 2007)
5. ദി കേരള പ്രൊഫഷണൽ കോളേജസ് ഓർ ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീ, റെഗുലേഷൻ ഓഫ് അഡ്മിഷൻ, ഫിക്സേഷൻ ഓഫ് നോൺ എക്സ്പ്ലോയിറ്റേറ്റീവ് ഫീ ആൻഡ് അദർ മെഷേഴ്സ് ടു എൻഷ്വർ ഇക്വിറ്റി ആന്റ് എക്സലൻസ് ഇൻ പ്രൊഫഷണൽ എഡ്യൂക്കേഷൻ) അമന്റ്മെന്റ് ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 58 ഓഫ് 2007)

II ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ദി കേരള ആന്റി-സോഷ്യൽ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 44 ഓഫ് 2007)
2. ദി കേരള പോലീസ് (അമന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 45 ഓഫ് 2007)

III പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ദി കേരള (ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്) റെഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ്) അമെന്റ്മെന്റ്) ഓർഡിനൻസ് 2007 (ഓർഡിനൻസ് നമ്പർ 55 ഓഫ് 2007)
2. ദി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ദി ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ദി ഷെഡ്യൂൾഡ് ട്രൈബ്സ് ഓർഡിനൻസ് 2007 (ഓർഡിനൻസ് നമ്പർ 56 ഓഫ് 2007)

LIBRARY ARCHIVES Kerala Legislative Assembly

IV റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ദി കേരള റവന്യൂ റിക്കവറി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 51 ഓഫ് 2007)
2. ദി ഇടവഗൈ റൈറ്റ്സ് അക്വിസിഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 52 ഓഫ് 2007)
3. ദി കേരള സർവ്വേ ആന്റ് ബൗണ്ടറീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 53 ഓഫ് 2007)
4. ദി അർത്ഥപലിശ, ജന്മിഭോഗം ആന്റ് കരത്തിൽചിലവ് (അബോളിഷൻ) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 54 ഓഫ് 2007)
5. 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2007-ലെ 57-ാം നമ്പർ ഓർഡിനൻസ്)

V ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ദി കേരള വിമൻസ് കമ്മീഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2007 (ഓർഡിനൻസ് നമ്പർ 42 ഓഫ് 2007)
2. 2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ഓർഡിനൻസ് (2007-ലെ 43-ാം നമ്പർ ഓർഡിനൻസ്).

VI നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2007-ലെ 50-ാം നമ്പർ ഓർഡിനൻസ്)

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VII നിയമനിർമ്മാണകാര്യം

### ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## VIII ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച ഒബ്ജക്ഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടം നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ചല്ല ഇവിടെ വന്നിട്ടുള്ളത്. ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ച് റൂൾ 73-ൽ പറയുന്നത് "A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law" എന്നാണ്. ഇതിന് റെക്കറിംഗ് എത്രവരും, നോൺ റെക്കറിംഗ് എത്രവരും, അത് ഏത് ക്ലാസ്സിനാണ് വരുന്നത്. ഇത്യാദി കാര്യങ്ങളെല്ലാം റൂൾ 73 അനുസരിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ വരണം. ഇവിടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഈ വക കാര്യങ്ങൾ ഒന്നും വന്നില്ല; എന്നു മാത്രമല്ല ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. അതും പൂർണ്ണമായി ആ കാര്യം പറഞ്ഞിട്ടില്ല. നോൺ റെക്കറിംഗ് ഉണ്ടോ; ഉണ്ടെങ്കിൽ എത്ര? എന്നീ കാര്യങ്ങളൊന്നും ഫിനാൻഷ്യൽ മോമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് എത്ര? അത് ഏത് ക്ലാസ്സിന്, നോൺ റെക്കറിംഗ് എത്ര? അത് ഏത് ക്ലാസ്സിന്, അത് എത്ര വരുമെന്ന് സ്പെസിഫിക് ആയി പറയേണ്ടതാണ്. ഇവിടെ പറഞ്ഞിട്ടുള്ളത് ഞാൻ ചുരുക്കിവായിക്കാം. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് ചെയർമാനും മറ്റ് അംഗങ്ങൾക്കുമുള്ള ശമ്പളം, സൗകര്യങ്ങൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ ചെലവുകൾ തുടങ്ങി ആവർത്തന ചെലവുകൾ ഉണ്ടാകുന്നതാണ്. ഓരോ വർഷത്തേയും ആവർത്തനച്ചെലവ് 20 ലക്ഷം ഉറുപ്പികയായി കണക്കാക്കിയിട്ടുണ്ട്. ഒന്നുകിൽ ആനാവർത്തനച്ചെലവ്/നോൺ-റെക്കറിംഗ് എക്സ്പെൻഡീച്ചർ ഇല്ല എന്ന് എങ്കിലും പറയണം. പറഞ്ഞില്ല എന്നുമാത്രമല്ല, ഇവിടെ നോൺ റെക്കറിംഗ് വരും. ആവർത്തന ചെലവുകൾക്ക് 20 ലക്ഷമാണ് മാറ്റിവച്ചത്. ഈ ബില്ലിന്റെ ക്ലാസ് 8 അനുസരിച്ച് ഉപദേശക ബോർഡിലെ അംഗങ്ങൾ ആരാണ്? ക്ലാസ് 8 ഞാൻ വായിക്കാം.

8. ഉപദേശക ബോർഡിന്റെ രൂപവൽക്കരണം:- (1) സർക്കാർ ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കായി ആവശ്യമായേക്കാവുന്ന ഒന്നോ അല്ലെങ്കിൽ അപ്രകാരമുള്ള എണ്ണമോ ഉപദേശക ബോർഡുകൾ വിനിർദ്ദേശിച്ചേക്കാവുന്ന അപ്രകാരമുള്ള പ്രാദേശികമോ അല്ലെങ്കിൽ പ്രവർത്തിപരമായോ ആയ ആധികാരിതയോടുകൂടി, രൂപവൽക്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) അങ്ങനെയുള്ള ഓരോ ബോർഡിലും ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതിയിൽ ജഡ്ജി ആയിരുന്നതോ ആയ ആൾ ചെയർമാനും, കൂടാതെ ഭാരതത്തിന്റെ ഭരണഘടനാ പ്രകാരം ഒരു ഹൈക്കോടതി ജഡ്ജി ആയി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള മറ്റ് രണ്ട് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

ഒരു ഹൈക്കോടതി ജഡ്ജി അല്ലെങ്കിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാൻ, ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള രണ്ടാളുകൾ മെമ്പർമാർ, അതാണ് ഒരു കമ്മിറ്റിയുടെ ഘടന. അങ്ങനെ മൂന്ന് ഹൈക്കോടതി ജഡ്ജിമാരുള്ള അല്ലെങ്കിൽ ജഡ്ജിമാർ ആകാൻ യോഗ്യതയുള്ള ഒരു കമ്മിറ്റിയുണ്ട്. അതിന്റെ ചെലവുകൾക്കായി 20 ലക്ഷം രൂപയാണ് ഒരു കൊല്ലത്തേക്ക് മാറ്റിവച്ചിട്ടുള്ളത്. ഒന്നോ ഒന്നിലധികമോ ഇതുപോലുള്ള അഡ്വൈസറി കമ്മിറ്റികൾ വരാവുന്നതാണ് എന്നും ക്ലാസ് 8-ൽ പറഞ്ഞിട്ടുണ്ട്. വേണമെങ്കിൽ കോഴിക്കോട് ആസ്ഥാനമായി മലബാറിന് ഒന്ന്, തലശ്ശേരി ആസ്ഥാനമായി മലബാറിൽ ഒന്ന്, അല്ലെങ്കിൽ കൊച്ചി ആസ്ഥാനമായി ഒന്ന്, അതൊക്കെ ഉണ്ടാക്കാനുള്ള അധികാരം ഇതുമൂലമുണ്ട്. ഒന്നിലധികം വരാം. അങ്ങനെ രണ്ടെണ്ണം വന്നു എന്നിരിക്കട്ടെ. അപ്പോൾ ആറ് ഹൈക്കോടതി ജഡ്ജിമാർ വേണ്ടിവരും. മൂന്ന് എണ്ണം വന്നു എന്നിരിക്കട്ടെ. 9 ഹൈക്കോടതി ജഡ്ജിമാരുണ്ട്. ഈ മൂന്ന് ആൾ ആണെങ്കിൽത്തന്നെ മൂന്ന് ഹൈക്കോടതി ജഡ്ജിമാർക്ക് ഒരു കൊല്ലത്തെ യാത്രാബത്ത, ശമ്പളം, അതുപോലുള്ള ബാക്കിയുള്ള എല്ലാ കാര്യങ്ങൾക്കും കൂടി 20 ലക്ഷം രൂപ മതിയാകുമോ? ഒരു അഡ്വൈസറി കമ്മിറ്റിയാണെങ്കിൽത്തന്നെ ഒരു മാസത്തേക്കേ അത് ഉണ്ടാകുകയുള്ളൂ. മറ്റൊരു കാര്യം ഇതിന് ബാക്കി സ്റ്റാഫ് വേണ്ടേ? ഇതിന് ഹൈക്കോടതി ജഡ്ജിയുടെ ആ സ്റ്റാറ്റസ്സിൽ ആകുമ്പോൾ ഹൈക്കോടതിയിൽ ഒരു ജഡ്ജിയുടെ സ്റ്റാറ്റസ്സിന് അനുസരിച്ചുള്ള ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ട്. ഈ സ്റ്റാഫ് പാറ്റേണിന്റെ പകുതി ഭാഗമെങ്കിലും വേണ്ടേ. പകുതിയെങ്കിലും അനുവദിക്കണ്ടേ, അനുവദിച്ചാൽത്തന്നെ എന്താണ് സ്ഥിതി? അവസാനം കാർഷിക കടാശ്വാസ കമ്മീഷന്റെ സ്ഥിതിയാകും. ഒരു സംശയവും വേണ്ട, കാർഷിക കടാശ്വാസ കമ്മീഷന്റെ കാര്യത്തിൽ പത്ര സമ്മേളനം നടത്തിയതുപോലുള്ള ഒരു സ്ഥിതി അങ്ങേക്ക് ഉണ്ടാകരുത് എന്ന് കരുതിയാണ് ഞാൻ ഇതു പറയുന്നത്. അല്ലാതെ അങ്ങയോട് പ്രത്യേകം സ്നേഹം ഉണ്ടായിട്ടല്ല. അതുകൊണ്ട് 20 ലക്ഷം രൂപ മതിയാകില്ല. മറ്റൊരു കാര്യം നോൺ റിക്കറിംഗ് ഇല്ല. ഉണ്ടെന്ന് പറയുന്നില്ല, ഇല്ലെന്നും പറയുന്നില്ല. പക്ഷെ ഇതിന് സംഖ്യ വകയിരുത്തിയിട്ടില്ല. ഒരു കമ്മിറ്റിയാണെന്ന് ഇരിക്കട്ടെ. ഒരു ഹൈക്കോടതി ജഡ്ജി, ജഡ്ജിയുടെ സ്റ്റാറ്റസ്സിന് തുല്യതയുള്ള രണ്ട് അംഗങ്ങൾ; അങ്ങനെ മൂന്നാളുകൾ വേണം. അതിൽ മൂന്ന് ഹൈക്കോടതി ജഡ്ജിക്കും ഓരോ കാർ കൊടുക്കേണ്ടേ. അത് നോൺ റെക്കറിംഗ് അല്ലേ, . അതിന് പ്രൊവിഷൻ ഉണ്ടോ? അവർക്ക് ഓഫീസ്, കമ്പ്യൂട്ടർ, ആധുനിക സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് വേണ്ടി വരുന്ന ചെലവ് നോൺ റെക്കറിംഗ് അല്ലേ. അതിന് പ്രൊവിഷനുണ്ടോ? അതൊന്നും വേണ്ടേ, ഒന്നും നൽകണ്ടേ. നിങ്ങൾ കാർഷിക കടാശ്വാസ കമ്മീഷനെ പ്രചാരണത്തിനുവേണ്ടി വച്ചതുപോലെ വയ്ക്കാനാണോ ഇതും ഉദ്ദേശിക്കുന്നത്. നിയമസഭാ നടപടി ചട്ടത്തിലെ റൂൾ 73 അനുസരിച്ച് ഒരു ഫിനാൻഷ്യൽ ബില്ലിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളൊന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ലോക്സഭയിലെ റൂളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. This is Shakdher and Kaul. Ruling -During discussion on the motion for reference of the Essential Commodities (Second Amendment) Bill, 1967 to a Select Committee, a point of order was raised that the financial memorandum appended to the Bill was incomplete as it did not give an estimate of the recurring and non/recurring expenditure involved. The pont of order was upheld by the Chair and further consideration of the Bill was postponed with a view to enabling Government to furnish a revised financial memorandum giving particulars of recurring and non-recurring expenditure involved. The revised finacial memorandum furnished by Government was circulated to members separately. A letter conveying fresh recommendation of the President for consideration of the Bill received from the Minister was also published in the Bulletin. സർ, ബില്ലിന്റെ ഫർദർ ഡിസ്കഷൻ തന്നെ പോസ്റ്റ്പോൺ ചെയ്തു. പാർലമെന്റിൽ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ സെക്കന്റ് അമെന്റ്മെന്റ് ബിൽ വന്ന സന്ദർഭത്തിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ക്ലിയർ അല്ല എന്നുള്ള കാരണത്താൽ അതിന്റെ അവതരാണാനുമതി അന്നത്തെ സ്പീക്കർ നിഷേധിച്ചു, എന്നുമാത്രമല്ല പ്രസിഡന്റിനോട് പുതിയ ശുപാർശ വാങ്ങി ഫിനാൻഷ്യൽ മെമ്മോറാണ്ടം മെമ്പർമാർക്ക് സർക്കുലേറ്റ് ചെയ്തതിനുശേഷം മാത്രമാണ് രണ്ടാമത്തെ ബിൽ ചർച്ചയ്ക്ക് എടുത്തത്. ഇവിടെയും സ്ഥിതി അതുതന്നെ. ഗവർണ്ണറുടെ റെക്കമെന്റേഷൻ ആ റെക്കറിംഗിനെക്കുറിച്ച് മാത്രമാണ്. അതും ക്ലിയറല്ല. അതിൽ ക്ലാസ് ബൈ ക്ലാസ് ഇല്ല. എന്നാലും ഞാൻ ഭാഗികമായി അത് സമ്മതിക്കുന്നു. നോൺ റെക്കറിംഗിനെക്കുറിച്ച് ഒരു അക്ഷരം പറഞ്ഞിട്ടില്ല, അത് ഇല്ല എന്നുപറയണം. അല്ലെങ്കിൽ ഉണ്ട് എന്നുപറയണം. അത് പറഞ്ഞിട്ടില്ല. 20 ലക്ഷം രൂപ ഒരു മാസത്തേക്ക് തികയുകയില്ല. ആ സാഹചര്യത്തിൽ ഫിനാൻസ് മെമ്മോറാണ്ടം ഒരിക്കലും ശരിയല്ല. ഇതിന് അവതരണാനുമതി നൽകരുത്. പാർലമെന്റിന്റെ റൂളിംഗ് അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ 73-ാം റൂൾ അനുസരിച്ച് ആവർത്തന, ആനാവർത്തന ചെലവുകൾ പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ടുള്ള തുകയാണ്നമ്മൾ വകയിരുത്തേണ്ടത്. കണ്ടിൻജൻസി ഫണ്ടിൽനിന്ന് അങ്ങനെ രൂപ വകയിരുത്തുന്നതിന് മുൻകൂട്ടിയുള്ള അനുവാദം വേണം. ശ്രീ. ആര്യാടൻ മുഹമ്മദ് പറയാത്ത ഒന്നുരണ്ട് മേഖലയിലേക്ക് ഞാൻ കടക്കട്ടെ. ക്ലാസ് 5-ൽ പറയുന്നത് ഇങ്ങനെ ആരെയെങ്കിലും സാമൂഹ്യവിരുദ്ധർ എന്നുപറഞ്ഞുകൊണ്ട് തടങ്കലിൽ വയ്ക്കുന്നുവെങ്കിൽ-സാമൂഹ്യ വിരുദ്ധപ്രവർത്തനം നടത്തുന്നവരെ, ആറ് മാസം വരെ തടങ്കലിൽ വയ്ക്കാൻ നിയമമുണ്ട്-അവരെ സെൻട്രൽ ജയിലിലോ, ജില്ലാ ജയിലിലോ തടങ്കലിൽ വയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നു. ജയിലിൽ പാർപ്പിക്കുമ്പോൾ അവർക്ക് ആഹാരം വേണം. ജയിലിൽ പാർപ്പിക്കുമ്പോൾ അവർക്ക് ചെലവ് വരും. അപ്പോൾ അങ്ങനെയുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം ക്ലാസ് 5 അനുസരിച്ച് വരുന്ന ചെലവുകൾ എത്ര? അതിന്റെ ആവർത്തന ചെലവുകൾ എത്ര? അത് പ്രത്യേകമായി എടുത്തുപറയേണ്ടതായിരുന്നു. അത് ഈ ബില്ലിൽ പറഞ്ഞിട്ടില്ല. ക്ലാസ് 6 ൽ ഒളിവിൽ പോകുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒളിവിൽ പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തടവുകാരുടെ സ്വത്തുക്കൾ കണ്ടുകെട്ടണമെന്നുണ്ടെങ്കിൽ ചില പ്രക്രിയകൾ ഉണ്ട്. അതിൽ ചില നടപടിക്രമങ്ങളും ഉണ്ട്. അത് എടുക്കുമ്പോൾ തീർച്ചയായിട്ടും എക്സ്പെന്റിച്ചർ ഇൻകർ ചെയ്യാം. അപ്പോൾ ക്ലാസ് 6 അനുസരിച്ച്, എക്സ്പെന്റിച്ചർ ഇൻകർ ചെയ്യുന്നതിനെ സംബന്ധിച്ച് ഇവിടെ യാതൊരു പ്രതിപാദ്യവുമില്ല. അത് പറയാതിരിക്കുന്നത് തെറ്റാണ്. അത് പറയുകയും വേണം; അങ്ങനെയുള്ളതിന് ഗവർണറുടെ മുൻകൂട്ടിയുള്ള അനുവാദവും നമുക്ക് ഇവിടെ ആവശ്യമായിരുന്നു. അത് രണ്ടും ഇവിടെ ചെയ്തിട്ടില്ല. നമ്മുടെ നിയമ സഭാ ചട്ടം 305 അനുസരിച്ച് സഭാനടപടികൾ മലയാളത്തിലോ, കന്നടയിലോ, തമിഴിലോ, ഇംഗ്ലീഷിലോ നടത്താം. ബില്ലുകൾ മലയാളത്തിൽ വേണമെന്ന് സ്പീക്കറുടെ ഒരു റൂളിംഗും ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് പുതിയ ബില്ലുകളാണെന്നുണ്ടെങ്കിൽ മലയാളത്തിൽ അച്ചടിച്ച് സർക്കുലേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. മലയാളത്തിൽ ബില്ലുകൾ അച്ചടിക്കുക ആണെങ്കിൽ കോൺസ്റ്റിറ്റ്യൂഷണൽ ആയിട്ടുള്ള ഒരു ഒബ്ളിഗേഷൻ നമുക്ക് ഉണ്ട്. ആ ഒബ്ളിഗേഷൻ എന്നു പറയുന്നത് ആർട്ടിക്കിൾ 348, Language to be used in the Supreme Court and in the High Courts ........ അത് കഴിഞ്ഞ്, ആർട്ടിക്കിൾ 348-ന്റെ സബ്സെക്ഷൻ 3-ൽ പറയുന്നത് Notwithstanding anything in sub-clause (b) of clause (1), where the Legislature of a State has prescribed any language other than the English language for use in Bills introduced in,..... അപ്പോൾ ഇവിടെ എടുത്തിരിക്കുന്നത് മലയാളത്തിലാണ്. മലയാളത്തിലാണ് നമ്മൾ introduce ചെയ്യുന്നത്, ........ or Acts passed by, the Legislature of the State or in Ordinances promulgated by the Governor....of the State or in any order, rule, regulation or byelaw referred to in paragraph (iii) of that sub-clause, a translation of the same in the English Language published under the authority of the Governor .....of the State in the Official Gazette of that State shall be deemed to be the Authoritative text thereof in the English language under this article. ഇതനുസരിച്ച് മലയാളത്തിൽ ഒരു ബിൽ introduce ചെയ്യുകയാണ് ചെയ്യുന്നത്. പുതിയ ഒരു ബിൽ ആണ്, അമെന്റ്മെന്റ് ബിൽ അല്ല. ഇംഗ്ലീഷിൽ ഉള്ള ബില്ലാണെങ്കിൽ അതിന്റെ അമെന്റ്മെന്റ് ബിൽ തീർച്ചയായും ഇംഗ്ലീഷിലേ വരികയുള്ളൂ. ഇപ്പോൾ പുതിയ വിഷയത്തെ സംബന്ധിച്ച് ഒരു പുതിയ നിയമമാണ് കൊണ്ടുവരുന്നതെങ്കിൽ മലയാളത്തിലാകാം. പക്ഷെ മലയാളത്തിലാകുമ്പോഴുള്ള കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ എന്നുപറയുന്നത് ആർട്ടിക്കിൾ 348 സബ് ക്ലാസ്സ് 3 അനുസരിച്ച് ഇതിന്റെ അതോറിറ്റേറ്റീവ് വേർഷൻ, ഗവർണർ അപ്രൂവ് ചെയ്ത ഒരു അതോറിറ്റേറ്റീവ് ഇംഗ്ലീഷ് ടെക്സ്റ്റ് ഇതിന്റെ കൂടെ സർക്കുലേറ്റ് ചെയ്തേ തീരൂ. That is a Consitutional obligation. അത് ഇവിടെ പലപ്പോഴും ഗവൺമെന്റ് നിർവ്വഹിക്കുന്നില്ല. അത് എന്തിനാണെന്ന് ചോദിച്ചാൽ ഏതെങ്കിലും ഇംഗ്ലീഷ് വാക്കുകളെ സംബന്ധിച്ചിടത്തോളം മലയാളത്തിൽ ശരിയായിട്ടുള്ള അർത്ഥം വരുന്നില്ല, അത് വേഗം ആണെന്നുണ്ടെങ്കിൽ അത് കോടതിയിൽ ചെല്ലുമ്പോൾ വ്യാഖ്യാനിക്കുന്നതിനുവേണ്ടി ശരിയായ വാക്ക് ഏതെന്നും, ഏത് നിലയിലാണ് നിയമസഭ നിയമം പാസ്സാക്കിയതെന്നും അറിയുന്നതിന് വേണ്ടി ഇംഗ്ലീഷ് ടെക്സ്റ്റുകൂടി വയ്ക്കണം. ഉദാഹരണമായി പറഞ്ഞാൽ രണ്ട് വകുപ്പുകൾ തമ്മിൽ, ഓർഡിനൻസിലെ വകുപ്പ് 3(3) ഉം ഈ ബില്ലിലെ വകുപ്പ് 3(3) തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഓർഡിനൻസ് നമ്മൾ എടുത്തു വായിക്കുന്നുവെങ്കിൽ ഓർഡിനൻസിലെ ക്ലാസ് 3-ഉം സബ് ക്ലാസ് 3-ഉം ഈ ബില്ലിലെ ക്ലാസ് 3-ഉം



LIBRARY ARCHIVES Kerala Legislative Assembly

സബ്ക്ലാസ് 3-ഉം തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നവയാണ്. ഓർഡിനൻസിൽ പറയുന്നത് ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചാൽ പ്രസ്തുത ഉത്തരവും ബന്ധപ്പെട്ട രേഖകളും ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ സർക്കാറിനും, ഡി.ജി.പി.ക്കും നൽകണമെന്നാണ്. കരുതൽ തടവുകാരനെ തടങ്കലിൽ വച്ച തീയതി മുതൽ 10 ദിവസത്തിനകം പ്രസ്തുത ഉത്തരവിന് സർക്കാർ അംഗീകാരം നൽകാത്ത പക്ഷം അതിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഉത്തരവ് മുതൽ 10 ദിവസത്തിനകം സർക്കാർ അംഗീകാരം നൽകുന്നില്ല എങ്കിൽ അതിന് പ്രാബല്യം ഉണ്ടാകുന്നതല്ല എന്നത് പുറപ്പെടുവിച്ച തീയതി മുതലാണ്. എന്നാൽ മലയാളത്തിലുള്ള ബില്ലിൽ ക്ലാസ് 3(3) എന്ന് പറയുന്നത്, പ്രസ്തുത ഉത്തരവ് സർക്കാരിനും, ഡി.ജി.പി. ക്കും അയയ്ക്കണമെന്നും, അതിനിടെ സർക്കാർ അംഗീകാരം നൽകാത്ത പക്ഷം കരുതൽ തടങ്കൽ നിയമത്തിൽ, കരുതൽ തടങ്കൽ തീയതി മുതൽ 10 ദിവസത്തിനകം പ്രാബല്യമില്ലാതാകും എന്നാണ്. 'അതിനിടെ' എന്നുള്ളത് ആ ഓർഡിനൻസിനകത്ത് ഇല്ല, ഇതിനിടെ എന്നാണ്. 'അതിനിടെ 10 ദിവസത്തിനകം ഇതിന് പ്രാബല്യം പോകും' എന്ന് പറയുന്നത് ഡിഫറന്റ് ആയിട്ടുള്ള അർത്ഥമാണ് സൂചിപ്പിക്കുന്നത്. ഗവൺമെന്റിന് സമർപ്പിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചതിനും ഇടയിൽ 10 ദിവസത്തിനകം ഇതിന് പ്രാബല്യം ഇല്ലാതാകും എന്നാണ് മലയാളത്തിൽ വന്നിരിക്കുന്നത്. നേരെ മറിച്ച് ഇംഗ്ലീഷിലുള്ളത്, എന്ന് ഈ ഉത്തരവ് പുറപ്പെടുവിച്ചോ അന്നുമുതൽ 10 ദിവസത്തിനകം ഗവൺമെന്റ് അംഗീകാരം കൊടുക്കുന്നില്ലെങ്കിൽ അതിന് പ്രാബല്യം പോകും എന്ന്. അർത്ഥ വ്യത്യാസത്തിൽ ആണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത് സമർപ്പിക്കുന്നതിനും ഉത്തരവിനും ഇടയ്ക്ക് പ്രാബല്യം പോകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ കോടതിയിൽ ഇത് ചെല്ലുകയാണെങ്കിൽ, എങ്ങനെ കോടതിക്ക് ഇത് വ്യാഖ്യാനിക്കാൻ കഴിയും. ഒരു ഇംഗ്ലീഷ് ടെക്സ്റ്റ്, അതോറിറ്റേറ്റീവ് ടെക്സ്റ്റ് ഉണ്ടെങ്കിൽ ഇതിൽ ഏതാണ് ശരിയെന്ന് . കോടതിക്ക് കാണാൻ കഴിയും. അതുകൊണ്ട് ചെറിയ കാര്യമല്ല. കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 348(3) ൽ പറഞ്ഞിരിക്കുന്ന ഈ ഓതറൈസ്ഡ് ടെക്സ്റ്റ്, നിയമത്തെ സംബന്ധിച്ചിടത്തോളം കോടതിയുടെ ലാംഗ്വേജ് എപ്പോഴും ഇംഗ്ലീഷ് ആയിരിക്കണമെന്നാണ്. കോടതികൾക്ക് അത് വ്യാഖ്യാനിക്കുമ്പോൾ അത് ഏത് അർത്ഥത്തിലാണ് നിയമസഭ പാസ്സാക്കിയത്, നിയമസഭയുടെ ഇന്റൻഷൻ എന്തായിരുന്നു എന്ന് മനസ്സിലാക്കുവാൻ വേണ്ടിയാണ്. ആർട്ടിക്കിൾ 348(3) അനുസരിച്ച് ഓതറൈസ്ഡ് ടെക്സ്റ്റ് ഇവിടെയില്ല. ഇല്ലാത്ത സ്ഥിതിക്ക് ഇത് തെറ്റാണ്. ഒരു ഓതറൈസ്ഡ് ടെക്സ്റ്റ് കൊണ്ടുവരാൻ വേണ്ടി അങ്ങ് പറയണം. ഇതിന് പ്രത്യേകത ഒന്നുമില്ല ഇത് നാളെയെടുത്താലും മതി. ഓതറൈസ്ഡ് ടെക്സ്റ്റ് വരട്ടെ. ഈ ഓതറൈസ്ഡ് ടെക്സ്റ്റ് കൊണ്ടുവരാനായിട്ട് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിരുന്നോ? ഓർഡിനൻസ് പുറപ്പെടുവിച്ചിട്ട് 2 വർഷമായി. അങ്ങേയ്ക്ക് ഇതിനിടയിൽ ഓതറൈസ്ഡ് ടെക്സ്റ്റ് കൊണ്ട് വരാൻ ഒരുബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. നിയമവകുപ്പിൽ ഇഷ്ടംപോലെ ഉദ്യോഗസ്ഥരുണ്ട്. ഇത് വെറും അനൗപചാരികതകൊണ്ട് സംഭവിച്ചതാണ്. ആ നിലയ്ക്ക് കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ നിർവ്വഹിക്കപ്പെട്ടിട്ടില്ല. ഓതറൈസ്ഡ് ടെക്സ്റ്റ് വേണം. വേറെ ഒരു കാര്യം എനിക്ക് പറയാനുള്ളത് ബില്ലിന്റെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധവും ഈ സഭയുടെ നിർമ്മാണ പരിധിക്ക് അപ്പുറത്തുള്ളതാണ്. ഉദാഹരണമായിട്ട് പറഞ്ഞാൽ ക്ലാസ് 2 (1), 2 (ഒ) (i), 2 (ഡി), 3, 3 (1), 3 (2), എന്നിവയുടെ Constitutionality-യെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഒബ്ജക്ഷൻ ഉണ്ട്. Constitutionality-യെ സംബന്ധിച്ച് ഒബ്ജക്ഷൻ ഉണ്ടെങ്കിൽ നമ്മുടെ റൂളിൽ പറയുന്നത് ഒരു ഫുൾ ഡിസ്കഷൻ തന്നെ സ്പീക്കർ അനുവദിക്കണമെന്നാണ്. കുപ്രസിദ്ധ ഗുണ്ടയേയോ, ഒരു കുപ്രസിദ്ധ റൗഡിയേയോ കരുതൽ തടങ്കലിൽ വയ്ക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനകത്ത് ഡെഫനിഷനിൽ പറഞ്ഞിരിക്കുന്നത്, കുപ്രസിദ്ധ ഗുണ്ട എന്നാൽ അധികാരമുള്ള കോടതിയോ, ഭരണാധികാരിയോ, ഒരിക്കലെങ്കിലും കുറ്റക്കാരനായി കാണുന്നയാളാണ്. ലോകത്തിൽ ഒരു നിയമവും ഇങ്ങനെ ഭരണാധികാരിക്ക് അധികാരം കൊടുത്തിട്ടില്ല. ഭരണാധികാരി ഒരാളെ ഗുണ്ടയായിട്ട് കാണുന്നു. കോടതിയാണ് ഗുണ്ടയായിട്ട് കാണേണ്ടത്. കോടതി ഗുണ്ടയായിട്ട് കാണുന്നതിനുപകരം ഒരു ഭരണാധികാരി, നാളെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുകയാണ് ഇയാൾ ഗുണ്ടയാണ് എന്ന് ഒരു ഫയലിൽ ഒപ്പിട്ടാൽ അയാൾ ഗുണ്ടയായി. കോടതിയുടെ ഈ അധികാരം എങ്ങനെ ഒരു എക്സിക്യൂട്ടീവിന് പ്രയോഗിക്കാൻ കഴിയും, കോൺസ്റ്റിറ്റ്യൂഷണലായിട്ട് നിലനിൽക്കുന്ന കാര്യമല്ല. കോൺസ്റ്റിറ്റ്യൂഷണലായി നിലനിൽക്കാത്ത രീതിയിൽ ഇത് ഫ്രെയിം ചെയ്തിരിക്കുന്നത് തെറ്റാണെന്ന് ഞാൻ വളരെ വിനയപൂർവ്വം പറയുകയാണ്. അതുപോലെ തന്നെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ തന്നെ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞു വിദേശ നിർമ്മിത ഇന്ത്യൻ കറൻസിയും കള്ളപ്പണവും കേരളത്തിലേക്ക് ഒഴുകുകയാണെന്ന്. വിദേശത്ത് നിർമ്മിക്കുന്ന ഇന്ത്യൻ രൂപയാണ്, വിദേശ കറൻസി അല്ല, ഡോളറല്ല. ഞാൻ ചോദിക്കുകയാണ്, അവരെ പിടിക്കുന്നതിനുള്ള എന്തെങ്കിലും വകുപ്പ് ഇതിനകത്ത് ഉണ്ടോ? ഇല്ല. കള്ളപ്പണം പിടിക്കാനുള്ള വകുപ്പില്ല. അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനകത്ത് വിദേശ കറൻസി റെഗുലേറ്റ് ചെയ്യാനുള്ള നിയമം ഉണ്ട്. വിദേശ കറൻസി റെഗുലേറ്റ് ചെയ്യാൻ കേന്ദ്ര നിയമം ഉണ്ട്. ഫോറിൻ കറൻസി റെഗുലേറ്റ് ചെയ്യാനുള്ള നിയമം എന്നു പറയുന്നത് സെൻട്രൽ നിയമമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം സെൻട്രൽ നിയമം ഇല്ലാത്ത മേഖലയിലേക്ക് കടന്നു കൊണ്ട് ഇവിടത്തെ കള്ളപ്പണം പിടിക്കണം എന്നുണ്ടെങ്കിൽ അതിന് പര്യാപ്തമായ വകുപ്പ് കൊണ്ടുവരുന്നതിനു പകരം നമുക്ക് ജൂറിസ്ഡിക്ഷൻ ഇല്ലാത്ത മേഖലയിലേക്ക് കടന്ന് നമ്മൾ വകുപ്പുകളും വ്യവസ്ഥകളും കൊണ്ടുവന്നതുകൊണ്ട് കാര്യമില്ല. കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് നമുക്ക് അധികാരം ഇല്ലാത്ത രീതിയിലാണ് അതിൽ പലതും കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ചുരുക്കുകയാണ് ഞങ്ങൾ പ്രധാനപ്പെട്ട ഓരോ കാര്യവും പറയുന്നത് വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിന് ഗവൺമെന്റ് വ്യക്തമായ മറുപടി പറയണം. ഇത് സ്വീകരിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം പറയണം. അങ്ങ് കാരണം പറയുകയില്ല. നാളെ പത്രം എടുക്കുമ്പോൾ ആര്യാടന്റെയും മാണിയുടേയും തടസ്സ വാദങ്ങൾ സ്പീക്കർ തള്ളി. പത്രം വായിക്കുന്നവർ വിചാരിക്കും ഇവൻമാർ എന്തു മണ്ടന്മാരാണ്. ഇതിന് കാരണം പറയണ്ടേ. ഞങ്ങൾക്ക് ഈ ദുരനുഭവം ഉള്ളതുകൊണ്ട് പറയുകയാണ്. ഞാൻ വാലിഡായിട്ടുള്ള കോൺസ്റ്റിറ്റ്യൂഷണൽ പോയിന്റുകളാണ് നിരത്തി വച്ചത്. അതിന് ഉത്തരം പറയണം. വാലിഡായിട്ടുള്ള പോയിന്റ് സിന്, ഇന്ന കാരണങ്ങളാൽ മാണി കൊണ്ടുവന്ന ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല എന്നുപറയുകയും ആ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അങ്ങ് റൂളിംഗ് നൽകുകയും ചെയ്യണം, ഇല്ലെങ്കിൽ ജനങ്ങളുടെ ഇടയിൽ ഞങ്ങൾക്ക് വലിയ ഒരു ബുദ്ധിമുട്ട് വരുന്നു. ഞങ്ങളുടെ തടസ്സവാദങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് തള്ളുന്നു. അങ്ങനെയാണെങ്കിൽ തടസ്സവാദങ്ങൾ കൊണ്ടുവരുന്നില്ല. അത് കൊണ്ട് വ്യക്തമായ രീതിയിൽ ഇതിന് മറുപടി പറയണം എന്ന് ഞാൻ പറയുകയാണ്. ഇപ്പോൾ ഈ ബില്ലിന്റെ പരിഗണന മാറ്റി വയ്ക്കണം. ഈ രീതിയിൽ ഇംഗ്ലീഷ് ടെക്സ്റ്റ് കൂടി ഇവിടെ ഹാജരാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാന്യനായ ആര്യാടൻ മുഹമ്മദും ശ്രീ. കെ. എം. മാണിയും ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങളിൽ ഒന്നുരണ്ട് കാര്യങ്ങളാണ് എനിക്ക് വിശദീകരിക്കാനുള്ളത്. ശ്രീ. ആര്യാടൻ മുഹമ്മദ് പ്രധാനമായി പറഞ്ഞത് ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തനച്ചെലവ് മാത്രമെ പറഞ്ഞിട്ടുള്ളു; അനാവർത്തന ചെലവ് സംബന്ധിച്ച് പറഞ്ഞിട്ടില്ല എന്നാണ്. ഈ ധനകാര്യ മെമ്മോറാണ്ടത്തിനകത്ത് അനാവർത്തന ചെലവ് വരുന്നതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ ഒരു കാര്യം ഹൈക്കോടതി ജഡ്ജിമാരായിട്ടുള്ളവർ, റിട്ടയർ ചെയ്തിട്ടുള്ള ആളുകളെ നിയമിക്കാൻ ഇതിൽ വ്യവസ്ഥയുണ്ട്; ഒന്നോ അതിലധികമോ വരും; അപ്പോൾ അവർക്ക് ചെലവ് വേണ്ടിവരും എന്നൊക്കെയാണ്. അതിനെ സംബന്ധിച്ച് വിശദമായിട്ടുതന്നെ ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വാദഗതികൾ കേട്ടപ്പോൾ പ്രത്യക്ഷത്തിൽ അദ്ദേഹം പറഞ്ഞത് ശരിയല്ലേയെന്നുപോലും എനിക്ക് തോന്നിപ്പോയി. പക്ഷേ ഈ ബില്ലിൽ ഇതിന് മുമ്പ് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫെലോനിയസ് ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ (തടയൽ) ബിൽ ബഹുമാന്യനായ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അന്ന് നിയമ മന്ത്രി ബഹുമാന്യനായ ശ്രീ. കെ. എം. മാണിയാണ്. അദ്ദേഹം അന്നത്തെ മന്ത്രിസഭയിലെ അംഗമായിരുന്നു. ബഹുമാന്യനായ ആര്യാടൻ മുഹമ്മദ്, ആ ബില്ലിനകത്തുള്ള ക്ലാസ്സിനകത്തും പറയുന്നത് സർക്കാരിന് ഈ ആക്ട് പ്രകാരം ഒന്നോ അതിലധികമോ ഉപദേശക ബോർഡുകൾ രൂപീകരിക്കാമെന്നാണ്. അങ്ങനെയുള്ള ഓരോ ബോർഡിലും ഒരു ചെയർമാനും ഏതെങ്കിലും ഹൈക്കോടതിയിൽ ജഡ്ജിയായിട്ടുള്ളതോ ജഡ്ജിയായിരുന്നതോ അഥവാ ഇന്ത്യൻ ഭരണഘടന പ്രകാരം ഒരു ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ളതോ ആയ മറ്റ് രണ്ട് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ് എന്നാണ്. അതേ ഉപദേശക സമിതി ബോർഡാണ് ഇപ്പോഴത്തെ ബില്ലിനകത്തുള്ള ഉപദേശക ബോർഡ്. അന്നത്തെ ഉപദേശക ബോർഡിൽ ഇല്ലാത്ത എന്തെങ്കിലും ചെലവ് ഇന്നത്തെ ഉപദേശക ബോർഡിനുണ്ടാകുമോ? അന്നും ധനകാര്യ മെമ്മോറാണ്ടത്തിനകത്ത് പറഞ്ഞത് പ്രതിവർഷം ആവർത്തന ചെലവായി 20 ലക്ഷം രൂപ കണക്കാക്കിയിരിക്കുന്നുവെന്നാണ്. അതേ വാദം തന്നെയാണ് ഇപ്പോഴത്തെ ബില്ലിനകത്തും ചേർത്തിട്ടുള്ളത്. ഇപ്പോഴത്തെ ബില്ലിനകത്ത് ഇത് ചേർത്തത് തെറ്റാണെങ്കിൽ അന്ന് നിങ്ങൾ ചേർത്തതും തെറ്റാണെന്ന് സമ്മതിക്കേണ്ടതായി വരും. അന്ന് ധനകാര്യ മെമ്മോറാണ്ടത്തിനകത്ത് കൊടുത്ത അതേ കാര്യം തന്നെയാണ് ഇതിനകത്ത് വന്നിട്ടുള്ളത്. ചോദ്യം അനാവർത്തന ചെലവ് ഉണ്ടാകുമോയെന്നുള്ളതാണ്. ഇപ്പോൾ അങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ല. അതുകൊണ്ടാണ് ആ ഒരു കാര്യം ഇതിനകത്ത് രേഖപ്പെടുത്താതിരുന്നത്. ഇപ്പോൾ ആവർത്തനച്ചെലവ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഈ ബോർഡ് ഒരു സ്ഥിരം സംവിധാനമാണോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതൊരു ഉപദേശക സമിതിയാണ്. ഉപദേശക സമിതിയെന്നുള്ള നിലയ്ക്ക് അവർക്ക് ഈ പറയുന്ന തരത്തിൽ യോഗങ്ങൾ ചേരേണ്ടി വരും. ഇപ്പോൾ അവർ ഗസ്റ്റ് ഹൗസിൽ യോഗങ്ങൾ ചേരുന്നുണ്ട്. ഇതുസംബന്ധിച്ച് നമുക്ക് ബില്ലിന്റെ ചർച്ച വരുന്ന സന്ദർഭത്തിൽ അതിന്റെ വ്യക്തത വരുമ്പോൾ തീരുമാനിക്കാവുന്നതാണ്. ഇപ്പോൾ ഉദ്ദേശിക്കുന്ന കാര്യം ഇത്ര മാത്രമെയുള്ളു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉദ്ദേശിച്ച കാര്യങ്ങൾ മാത്രമെ ഇപ്പോൾ ഈ ബില്ലിനകത്ത് ഉദ്ദേശിച്ചിട്ടുള്ളു. അതുകൊണ്ടാണ് അന്നത്തെ ബില്ലിനകത്തും ഇതിനകത്തും 20 ലക്ഷം രൂപ ആവർത്തന ചെലവ് പറഞ്ഞരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇതിനകത്ത് പറയുന്ന ഒളിവിൽ പോകുന്ന ആളുകളുടെ പ്രശ്നങ്ങൾ, തടവുകാരെ തടവിൽ പാർപ്പിക്കുന്ന ചെലവ് മുതലായവയാണ്. അതൊക്കെ സാധാരണഗതിയിൽ വരുന്ന സംവിധാനമാണ്. ജയിലിനകത്ത് എത്രയാൾ വരുമെന്ന് കണക്കാക്കി മുൻകൂട്ടി പൈസ കണക്കാക്കി ഇതിൽ വയ്ക്കേണ്ട കാര്യമില്ല. ജയിലിനകത്ത് വരുന്ന കാര്യങ്ങൾ ഒരു പ്രത്യേകം സംവിധാനം എന്ന നിലയിലും സംവിധാനമുണ്ട്. അത് അത്തരത്തിൽ കൈകാര്യം ചെയ്യാവുന്നതാണ്. പിന്നെ ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞ മറ്റൊരു പ്രസക്തമായ കാര്യം ഇംഗ്ലീഷിലുള്ള ശരിപ്പകർപ്പ് സംബന്ധിച്ചാണ്. ഗവർണ്ണർ അംഗീകരിച്ച ട്രാൻസ്‌ലേഷനോടുകൂടിയ അതോറിറ്റേറ്റീവ് ടെക്സ്റ്റ് ഇല്ല എന്നു പറയുകയുണ്ടായി. ഇതിന്റെ ഇംഗ്ലീഷിലുള്ള ശരിപ്പകർപ്പ് ഇവിടെ കൊടുത്തിട്ടുണ്ട്. ഗവർണ്ണർ അംഗീകരിച്ചിട്ടുള്ള അതോറിറ്റേറ്റീവ് ടെക്സ്റ്റ് സാധാരണ ഗതിയിൽ ഇതിനുമുമ്പ് ചെയ്തതുപോലെ തന്നെയാണ് ഇപ്പോഴും ചെയ്തിട്ടുള്ളത്. നിയമ മന്ത്രിയായിട്ട് ശ്രീ. കെ. എം. മാണി ഇരിക്കുന്ന സന്ദർഭത്തിലും സ്വീകരിച്ചിട്ടുള്ള അതേ നടപടിക്രമം തന്നെയാണ് ഇപ്പോഴും ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഇത് അനവധാനതയാണെങ്കിൽ, കുഴപ്പമാണെങ്കിൽ അതുസംബന്ധിച്ചുള്ള കാര്യങ്ങൾ നമുക്ക് ചെയ്യാവുന്നത് മാത്രമേയുള്ളു. അതൊരു തടസ്സം എന്നുള്ള നിലയിൽ ഉന്നയിക്കപ്പെടാവുന്ന ഒരു പ്രശ്നമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. എം. മാണി: ഇതൊരു മറുപടിയല്ല. ഞങ്ങളുടെ ഭാഗത്ത് എന്തെങ്കിലും പിശക് ഉണ്ടായിരുന്നുവെങ്കിൽ അന്ന് ഇവിടെ പ്രതിപക്ഷത്തിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് ചൂണ്ടിക്കാണിച്ച് ഗവൺമെന്റിന് അത് തിരുത്താനുള്ള അവസരം നൽകണമായിരുന്നു. അന്ന് വേണമെങ്കിൽ അത് തിരുത്തും. അത് ചെയ്യാതെ ഇങ്ങനെ ഉത്തരം പറയുന്നത് ശരിയല്ല. ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് നിയമപരമായ ഒരു കാര്യം പറഞ്ഞാൽ നിങ്ങൾ അത് ശരിയോ തെറ്റോ എന്നാണ് പറയേണ്ടത്. അല്ലാതെ പണ്ട് നിങ്ങളുടെ കാലഘട്ടത്തിൽ ഇങ്ങനെ ചെയ്തിട്ടുണ്ടല്ലോ; അതിന് ഞങ്ങൾ ഒന്നും പറഞ്ഞില്ല എന്നു പറഞ്ഞിട്ടു കാര്യമില്ല. നിങ്ങൾ പറയേണ്ടതായിരുന്നു. അപ്പോൾ നിങ്ങൾ ഒപ്പോസിഷനിൽ വിജിലന്റായിരിക്കണം. അതുകൊണ്ട് ഞങ്ങൾ വിജിലന്റായിരിക്കുന്നത് ഞങ്ങളുടെ കുഴപ്പമായിട്ട് വരുത്തിയാൽ അത് ശരിയല്ലല്ലോ. അതുകൊണ്ട് ഞാൻ പറഞ്ഞത് ശരിയോ തെറ്റോ എന്നുള്ളതാണ്. അപ്പോൾ ആർട്ടിക്കിൾ 348 അനുസരിച്ച് ഗവർണ്ണർ അംഗീകരിച്ച ആതറൈസ്ഡ് ഇംഗ്ലീഷ് ടെക്സ്റ്റ് വേണം. രണ്ട്, ഇതിനൊക്കെ ചെലവ് വരും. അതിനൊക്കെ സാധാരണ നടപടിക്രമം ഉണ്ടെന്നു പറഞ്ഞാൽ അതിനൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എന്താണ് പറയുന്നത്? ഇതിന്റെ ഫലമായി കൂടുതൽ ആളുകൾ ജയിലിലേക്ക് വരുന്നുവെങ്കിൽ അതിന് ചെലവ് വരുകയില്ലേ? ഇപ്പോൾ ആകെ ജയിലിൽ എത്ര പേരുണ്ട്, അതിന് വേറെ ബഡ്ജറ്റ് കാണുമായിരിക്കാം. ഒരു പുതിയ നിയമത്തിന്റെ ഫലമായി കൂടുതൽ ആളുകൾ ജയിലിലേയ്ക്ക് വരുന്നുണ്ടെങ്കിൽ അതിന് ചെലവ് വരുകയില്ലേ? കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഒരു രൂപയെങ്കിലും മാറ്റണമെന്നുണ്ടെങ്കിൽ ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുവാദം വേണം. അപ്പോൾ അതിന് ഉത്തരം പറയാതെ ഇന്നത്തെ സംവിധാനത്തിൽ ചോറ് കൊടുത്തു കൊള്ളാം എന്നു പറഞ്ഞാൽ ഒക്കുമോ, ഒരാളുടെ ഭൂമി കണ്ടുകെട്ടണമെന്നുണ്ടെങ്കിൽ അതിന് രൂപ വേണ്ടേ? അതിന് വ്യക്തമായ ഉത്തരം പറയണം. ചെലവ് ഉണ്ടാവുകയില്ല എന്നു പറഞ്ഞാൽ മതി, I am satisfied. അതിന് അധികച്ചെലവ് ഉണ്ടാവുകയില്ല എന്നു പറഞ്ഞാലും മതി, I am satisfied. പക്ഷേ ഉണ്ടാകുമോ ഇല്ലയോ എന്നതാണ് ചോദ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത് സാധാരണ ഗതിയിൽ ചെയ്യുന്ന ഒരു സംവിധാനം മാത്രമാണ്. യു.ഡി.എഫ്.ന്റെ കാലത്ത് തയ്യാറാക്കിയ ബിൽ ആണിത്. അന്ന് തടവുകാരെ പിടിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നില്ലേ. ആരെയും പിടിക്കാൻ ഉദ്ദേശിക്കാതെയാണോ അന്ന് ചെലവ് കണക്കാക്കി രേഖപ്പെടുത്താതിരുന്നത്. അതിന് വലിയ പ്രസക്തിയില്ല. മുൻ കാലങ്ങളിൽ നിങ്ങൾ ചൂണ്ടിക്കാണിച്ചോ എന്നു ചോദിച്ചാൽ, മാണി സാറെ, എത്ര പ്രാവശ്യം ഞങ്ങൾ അവിടുന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്നു നിങ്ങൾ പറഞ്ഞിട്ടുള്ള ഉത്തരം തന്നെയാണ് ഇപ്പോൾ ഞാനും പറഞ്ഞത്. അന്ന് നിങ്ങൾ പറഞ്ഞ ഉത്തരം നോക്കിയിട്ടാണ് ഞാനും പറഞ്ഞത്. അന്ന് ബഹുമാനപ്പെട്ട കെ. എം. മാണി, ഇതൊക്കെ സാധാരണ നടന്നു പോകുന്നതാണ് എന്നു പറയുകയാണ് ചെയ്തത്. സർ, നമുക്കതിൽ മാറ്റം വേണം എന്നുപറയുന്നത് ശരി . ബഹുമാനപ്പെട്ട കെ. എം. മാണി ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം അത് പ്രസക്തമായിട്ടുള്ള കാര്യം തന്നെയാണെന്ന് ഞാൻ അംഗീകരിക്കുന്നു. നമുക്ക് ഇത്തരം കാര്യങ്ങൾ പരിശോധിച്ച് വേണ്ടതു ചെയ്യാം. ധൃതിപിടിച്ച് പലകാര്യങ്ങളും ചെയ്തതിന്റെ ഫലമായിട്ട് സംഭവിച്ച കാര്യങ്ങളുണ്ട്. അതുകൊണ്ട് നമുക്ക് ഈ കാര്യങ്ങൾ ചെയ്യാവുന്നതു മാത്രമെയുള്ളു. ഇപ്പോൾത്തന്നെ ഇത് വേണമെന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അന്ന് ഈ ഭാഗത്തിരുന്നു കൊണ്ട് അങ്ങും ബാക്കി പ്രതിപക്ഷക്കാരും ഇത് ചൂണ്ടിക്കാണിച്ചിരുന്നു. അന്ന് മാണിസാർ തന്നെയാണ് ഉത്തരം പറഞ്ഞത്. ഇന്ന് അതേ ഉത്തരം ഞാൻ പറയുന്നു. ഒന്നാമത്തെ കാര്യം ഒരു ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുമ്പോഴാണ് ബില്ല് വരിക. ആ ബില്ലിന്റെ അവസരത്തിലാണ് ഇത് പറയുക. അത് ഉണ്ടായിട്ടില്ല. അത് പോകട്ടെ. പ്രധാനപ്പെട്ട മറ്റൊരു കാര്യം ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് അന്ന് മാണിസാർ അങ്ങേഭാഗത്തിരുന്നു പറഞ്ഞുവെന്നു പറയുകയാണ്. അപ്പോൾ അന്ന് ഇവിടെയിരുന്നു അങ്ങ് പറഞ്ഞത് തെറ്റാണെന്ന് ഇപ്പോൾ സമ്മതിക്കുമോ ? അതിൽ എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശരി. പ്രതിപക്ഷത്തിരുന്നുകൊണ്ട് ചെയ്യേണ്ടുന്ന ഉത്തരവാദിത്വങ്ങൾ നിങ്ങൾ നിർവ്വഹിക്കൂ, നമ്മളത് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : സർ, ഈ പറയുന്ന കാര്യങ്ങൾ റൂൾസ് വരുമ്പോൾ അതിനകത്ത് പെടുത്തിയാൽ പോരെ.

ശ്രീ. കെ. എം. മാണി : പോര.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത് ഓർഡിനൻസിലെ വകുപ്പുകളും ബില്ലിലെ വകുപ്പുകളും തമ്മിൽ വ്യത്യാസം ഒന്നും തന്നെയില്ല. മലയാളത്തിലുള്ള പരിഭാഷയിൽ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു. അത് നമുക്ക് തിരുത്താവുന്നത് മാത്രമേയുള്ളു. ഭരണഘടനാ വിരുദ്ധമായിട്ടുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിനകത്ത് ഉൾപ്പെടുന്നില്ല. ബഹുമാനപ്പെട്ട കെ. എം. മാണി ഉന്നയിച്ചിട്ടുള്ള വാദത്തെ ഞാൻ തള്ളിക്കളയുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നതിൽ ഒന്ന്, ഹവാല ഇടപാടുകാരെ സംബന്ധിച്ച കാര്യമാണ്. ഹവാല സംബന്ധിച്ച് നമുക്ക് കേസ് എടുക്കാൻ അധികാരമില്ല. അത് എടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഇതിൽ ഉദ്ദേശിക്കുന്നത് ഹവാല എൻഫോഴ്സുമെന്റുകാർ രജിസ്റ്റർ ചെയ്യുന്ന കേസുകൂടി ഈ കുറ്റകൃത്യങ്ങൾ കണക്കാക്കുന്ന കൂട്ടത്തിൽ പെടുത്താം എന്നു മാത്രമേയുള്ളു. കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിലേക്ക് കടന്നുകൊണ്ടുള്ള ഒരു നിർദ്ദേശവും ഈ ബില്ലിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. ഇവിടെ കള്ളപ്പണം ഇൻഡ്യൻ കറൻസിയായി വരുന്നത് സംബന്ധിച്ച് അദ്ദേഹം ചോദിച്ചു. അത് വളരെ പ്രസക്തമായ കാര്യമാണ്. സബ്ജക്ട് കമ്മിറ്റിയിലും മറ്റും ചർച്ച നടക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. അതുപോലെതന്നെ ഇവിടെ 'കുപ്രസിദ്ധ റൗഡി' എന്നതിന്റെ നിർവ്വചനത്തെ സംബന്ധിച്ചും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വകുപ്പുകൾ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ പരിശോധിക്കാവുന്നത് മാത്രമാണ്. ഭരണാധികാരി എന്നുള്ളത് സംബന്ധിച്ച്, ഗവൺമെന്റ് ഒരാളെ കുറ്റവാളിയായി കാണുന്ന വിധത്തിലുള്ളതല്ല. ഇവിടെ പോലീസ് ഓഫീസർമാർക്കും മറ്റും ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ട്, കളക്ടർക്ക് അധികാരം കൊടുത്തിട്ടുണ്ട്. അതനുസരിച്ചാണ് അത്തരത്തിലുള്ള ഒരു വ്യവസ്ഥ കൊടുത്തിട്ടുള്ളത്. കളക്ടർക്ക് ചില അധികാരങ്ങളുണ്ട്. അതാണ് ഭരണാധികാരി എന്നുള്ളതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ വകുപ്പുപ്രകാരം ഒരു കുറ്റകൃത്യം ചെയ്യുമെന്ന് തോന്നിയാൽ കളക്ടർക്ക് അയാൾ ഒരു വർഷത്തേക്ക് ആ പ്രദേശത്ത് കടക്കാൻ പാടില്ലെന്ന ഉത്തരവ് കൊടുക്കാം. അത് നിർവ്വഹിക്കുന്നതിനുവേണ്ടി കളക്ടർക്കുള്ള അധികാരത്തിനാണ് ഇത്തരത്തിലൊരു പ്രയോഗം കൊടുത്തിട്ടുള്ളത്. അത് നമുക്ക് പരിശോധിക്കാവുന്നതേയുള്ളൂ. അത് ബില്ലിന്റെ വകുപ്പു തിരിച്ചുള്ള ചർച്ചയിൽ പരിശോധിക്കാവുന്ന പ്രശ്നമാണെന്ന്. 'ഭരണാധികാരി' എന്നു പറഞ്ഞതിൽ സാങ്കേതികവും ഭരണഘടനാപരവുമായ പ്രശ്നമുണ്ടെങ്കിൽ അതിന് അനുസരിച്ചുള്ള കാര്യം ചേർക്കാവുന്നതേയുള്ളൂ. ഈ ബില്ലിന്റെ അവതരണത്തിൽ ഇതൊരു തടസ്സവാദമായി ഉന്നയിക്കേണ്ട കാര്യമുണ്ടോ? സാധാരണ ഗതിയിൽ പ്രതിപക്ഷത്തു നിന്ന് ഉന്നയിക്കേണ്ട പ്രശ്നങ്ങൾ അവർ ഉന്നയിച്ചു. ബഹുമാനപ്പെട്ട ചെയർ ഇത് പരിശോധിച്ചുകൊണ്ട് ഒരു തീരുമാനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## IX റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ശ്രീ. കെ.എം. മാണിയും പ്രധാനമായും ഇവിടെ ഉന്നയിച്ച ഒബ്ജക്ഷൻ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ചെലവ് കൃത്യമായി പറയുന്നില്ല എന്നാണ്. ഇത്തരം പ്രശ്നങ്ങൾ പലപ്പോഴും ബിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഈ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അന്നുതന്നെ ചെയർ വ്യക്തമാക്കിയിട്ടുള്ളതാണ്, ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൃത്യമായും റക്കറിംഗ്, നോൺ റക്കറിംഗ് എക്സ്പെൻഡിച്ചറിന്റെ ഡീറ്റെയിൽ കൊടുത്തിരിക്കണമെന്ന്, പക്ഷേ അത് പലപ്പോഴും വേണ്ടത്ര ഫലപ്രദമായി നടത്താൻ നമുക്ക് കഴിയുന്നില്ല. റക്കറിംഗ് എക്സ്പെൻഡിച്ചറും അതുപോലെ നോൺ റക്കറിംഗ് എക്സ്പെൻഡിച്ചറും കൃത്യമായി പറയണമെന്നു തന്നെയാണ് ചെയറിന്റെ അഭിപ്രായം. നോൺ റക്കറിംഗ് എക്സ്പെൻഡിച്ചർ ഒന്നുമില്ലെങ്കിൽ അത് അപ്രകാരം തന്നെ പറയുന്നതാണ് ഏറ്റവും ശരിയായ നിലപാട്. പ്രസ്തുത ബില്ലിൽ നോൺ റക്കറിംഗ് എക്സ്പെൻഡിച്ചർ ഉണ്ടാകുന്നില്ലെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ വിശദീകരിക്കുക ഉണ്ടായി, അതുകൊണ്ട് മിനിസ്റ്ററുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബിൽ നമുക്ക് അവതരിപ്പിക്കാവുന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട ഒബ്ജക്ഷൻ ശ്രീ. കെ.എം.മാണി ഉന്നയിച്ചത് ഓർഡിനൻസ് ഇറക്കിയത് ഇംഗ്ലീഷിലും ബിൽ മലയാളത്തിലുമാണ്; അതുകൊണ്ട് അതോറിറ്റേറ്റീവ് ടെക്സ്റ്റ് ബില്ലിനോടൊപ്പം സർക്കുലേറ്റ് ചെയ്യണമെന്നാണ്. അതും ശരിയാണ്. ബില്ലിന്റെ ഇംഗ്ലീഷിലുള്ള ട്രൂ ട്രാൻസ്ലേഷൻ ഇവിടെ നൽകിയിട്ടുണ്ട്. നിയമാനുസൃതം ഗവർണ്ണർ അംഗീകരിച്ച അതോറിറ്റേറ്റീവ് ട്രാൻസ്ലേഷൻ യഥാർത്ഥത്തിൽ നൽകേണ്ടതാണ്. പക്ഷേ പലപ്പോഴും ഇവിടെ ട്രൂ. ട്രാൻസ്ലേഷൻ നൽകാതെ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്ന രീതി തുടർന്നുവരികയാണ്. ഭാവിയിൽ അതുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പംതന്നെ അങ്ങ് ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ ഇതിലുണ്ടെന്ന് പറയുന്നുണ്ട്. ഇവിടെ മിനിസ്റ്ററുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിലെ വകുപ്പുകൾ പ്രഥമദൃഷ്ട്യാ ഭരണഘടനാവിരുദ്ധമാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് ബിൽ അവതരിപ്പിക്കാവുന്നതാണ്. ഇവിടെ ശ്രീ. കെ.എം. മാണി സംസാരിക്കുമ്പോൾ പറഞ്ഞു ഞങ്ങൾ ഒബ്ജക്ഷൻസ് ഉന്നയിച്ചാൽ അത് വെറുതെ തള്ളിക്കളയുകയാണെന്ന്. അങ്ങനെയുള്ള ഒരു സമീപനമല്ല ചെയറിന്റേത്. റലവന്റായ ഒബ്ജക്ഷൻസ് അതേ രീതിയിൽത്തന്നെ ചെയർ കാണുന്നതാണ്.

## 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ

### (ചർച്ച തുടർച്ച)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. സംസ്ഥാനത്തെ നിയമവാഴ്ചയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു നിയമ നിർമ്മാണം ആവശ്യമായി വന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഓർഡിനൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്നത്. ഈ ബില്ലിൽ 22 വകുപ്പുകളായാണ് പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത്തരത്തിലുള്ള ഒരു ശ്രമം നടന്നിരുന്നു. അന്ന് അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് 2006 മേയ് 18-നാണ് അധികാരത്തിലെത്തിയത്. അതിനുശേഷം ഇത് സംബന്ധിച്ച് പരിശോധനകൾ നടത്തിക്കൊണ്ടാണ് 2006 ഡിസംബർ 13-ന് ഗവൺമെന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കേണ്ടതായിവന്നു. ഇപ്പോൾ അതിന്റെ ബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അവസരം ലഭ്യമായിരിക്കുകയാണ്. ഇതിൽ ഉപദേശക സമിതി രൂപീകരണം എന്നത് സംബന്ധിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെ ചെയർമാനായി കിട്ടണമെന്നുള്ള നിലപാട് സ്വീകരിച്ചതിന്റെ ഫലമായി പ്രസിഡന്റിന്റേയും മറ്റും അംഗീകാരം കിട്ടാൻ വൈകിയത് കൊണ്ടാണ് ബിൽ അവതരിപ്പിക്കുന്നതിന് താമസമുണ്ടായത്. ജസ്റ്റീസ് ദിനേശൻ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് നടപടികൾ ആരംഭിച്ചു. ഇതിനകം 53 പേരെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. അതിൽ ചില കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് ഉപദേശക സമിതി തന്നെ 13 പേരെ മോചിപ്പിച്ചിട്ടുണ്ട്. 40 പേരുടെ കാര്യം സംബന്ധിച്ച് പരിശോധിക്കുകയും 29 പേരുടെ അറസ്റ്റ് സ്ഥിരീകരിക്കുകയും അവരെ ഇപ്പോൾ തടവിൽ പാർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. 11 കേസ്സുകൾ വിവിധ പരിശോധനയിലാണ്. ഇവിടെ ഒരു പ്രത്യേകമായ കുറ്റകൃത്യം തടയുന്നതിനുവേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവരുന്നത്. കേന്ദ്ര നിയമത്തിലുള്ള നാഷണൽ സെക്യൂരിറ്റി ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നില്ല. ആ നിയമത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളിലേക്കൊന്നും പോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇതിൽ പ്രധാനമായും ഈ സംസ്ഥാനത്ത് നടക്കുന്ന ചില സംഘടിതമായ കുറ്റകൃത്യങ്ങൾ തടയണമെന്നുള്ളതാണ് വിവക്ഷിക്കുന്നത്. വ്യാജവാറ്റുകാർ, കള്ളനോട്ട് നിർമ്മാണം നടത്തുന്നവർ, പാരിസ്ഥിതിക വിധ്വംസക പ്രവർത്തനം നടത്തുന്നവർ, മണൽ ഖനന കാര്യങ്ങളിലൊക്കെ കൊള്ള നടത്തുന്ന ആളുകൾ, ഡിജിറ്റൽ ഡേറ്റാ പകർപ്പവകാശ അപഹർത്താവായ ആളുകൾ, മയക്കുമരുന്ന് കുറ്റവാളികളായ ആളുകൾ, നമ്മുടെ സൈ്വര ജീവിതത്തിന് തന്നെ ഭീഷണിയുയർത്തുന്ന ഗുണ്ടാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾ, ഹവാല തട്ടിപ്പുകാർ, വാടക ചട്ടമ്പികളായി പ്രവർത്തിക്കുന്ന ആളുകൾ, അസാന്മാർഗ്ഗിക കുറ്റവാളികൾ എന്നിങ്ങനെയുള്ള വ്യത്യസ്ത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. അതേ സന്ദർഭത്തിൽ ആരേയും തടങ്കലിൽ വയ്ക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ബിൽ അല്ല ഇവിടെ അവതരിപ്പിക്കുന്നത്. വളരെ കരുതലോടുകൂടി മാത്രമേ ഇത്തരം കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ. പ്രധാനമായും ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ഒരു പ്രദേശത്ത് അക്രമമുണ്ടായാൽ കുറ്റകൃത്യങ്ങളിൽ തുടർച്ചയായി ഏർപ്പെടുന്ന രണ്ടോ മൂന്നോ ആളുകളെ അറസ്റ്റ് ചെയ്ത് തടങ്കലിൽ പാർപ്പിച്ചാൽ ആ പ്രദേശത്ത് സമാധാനമുണ്ടാകുമെങ്കിൽ അങ്ങനെ ചെയ്യാം എന്നുള്ളതാണ്. ഏതെങ്കിലും കേസ്സുകളിൽ പ്രതികളായിട്ടുള്ളവരെ കണക്കാക്കിയാൽ ലക്ഷക്കണക്കിന് ആളുകൾ ഇതിന്റെ പരിധിയിൽ വരും. അങ്ങനെയുള്ളവരെയെല്ലാം പിടിച്ച് ജയിലിലടയ്ക്കണമെന്ന ഉദ്ദേശം ഗവൺമെന്റിന് ഇല്ല. അതുകൊണ്ടാണ് ഉദ്യോഗസ്ഥർ ദുരുപയോഗപ്പെടുത്താതിരിക്കാനായി കുറെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഏഴ് വർഷത്തിനുള്ളിൽ ചെയ്ത കുറ്റങ്ങൾ കണക്കാക്കിയാണ് ഒരാളെ ഗുണ്ടയായോ മറ്റ് രീതിയിലുള്ള കുറ്റവാളിയായോ കണക്കാക്കപ്പെടുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

ഒരു കേസ്സിലെങ്കിലും ശിക്ഷിക്കപ്പെട്ടിരിക്കുന്ന ആളോ അല്ലെങ്കിൽ രണ്ട് കേസ്സുകളിലെങ്കിലും പ്രതിയായി കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട ആളോ ആണ് ഇതിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നത്. ഒരു വർഷത്തിൽ താഴെ ശിക്ഷ വിധിക്കാവുന്ന കുറ്റങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ഒഴിവാക്കിയിട്ടുണ്ട്. അഞ്ച് വർഷമോ അതിൽ കൂടുതലോ ശിക്ഷ വിധിക്കാവുന്ന കുറ്റങ്ങൾ ചെയ്യുന്നവരെ കുപ്രസിദ്ധ ഗുണ്ടകളായി കണക്കാക്കി അവരുടെമേൽ നടപടികൾ സ്വീകരിക്കാനുള്ള വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആരെയെങ്കിലും വെറുതെ പിടിച്ച് പോലീസിനുള്ള അധികാരം ദുർവിനിയോഗിക്കാൻ അവസരമുണ്ടായിക്കൂടാ. അതുകൊണ്ട് കേസ്സിൽ പ്രതിയാകുന്നതിനുള്ള കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള നോട്ടീസ് നൽകിക്കൊണ്ടു മാത്രമേ ഒരാളെ അറസ്റ്റ് ചെയ്യാൻ പാടുള്ളു. തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചാൽ ഉടൻതന്നെ ഡി.ജി.പി. മുഖേന ഗവൺമെന്റിന് റിപ്പോർട്ട് നൽകേണ്ടതാണ്. അറസ്റ്റ് ചെയ്യുന്നതു സംബന്ധിച്ചും ഒരാളെ കസ്റ്റഡിയിൽ വയ്ക്കുന്നത് സംബന്ധിച്ചും വ്യക്തമായ വ്യവസ്ഥകളുണ്ട്. എസ്.പി.-മാർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാരാണ് തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്, പോലീസുകാരല്ല. പല തരത്തിലുള്ള സ്ക്രൂട്ടിനി നടത്തിക്കൊണ്ടാണ് ജില്ലാ കളക്ടർ ഇത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്. അങ്ങനെ പുറപ്പെടുവിച്ച ഉത്തരവിന് പത്ത് ദിവസത്തിനകം ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കണം. അല്ലെങ്കിൽ അയാൾക്ക് മോചനം കിട്ടും. അനാവശ്യമായി ഒരാളെ കസ്റ്റഡിയിൽ വയ്ക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപദേശക ബോർഡിന്റെ മുമ്പിൽ അഞ്ച് ദിവസത്തിനകം അറസ്റ്റ് ചെയ്യുന്ന ആൾ ആരാണോ അദ്ദേഹം അതു സംബന്ധിച്ച എല്ലാ രേഖകളും ഹാജരാക്കിയിരിക്കണം. ഉപദേശക ബോർഡ് ഇതുസംബന്ധിച്ച് രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുത്ത് സർക്കാരിന് റിപ്പോർട്ട് നൽകണം. ഒരാളെ ആറ് മാസംവരെ ഇങ്ങനെ തടങ്കലിൽ വയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഇതിലുള്ള പ്രധാനപ്പെട്ട കാര്യം. ഉപദേശക ബോർഡ് തടങ്കലിന് അംഗീകാരം നൽകിയിട്ടില്ലെങ്കിൽ അങ്ങനെ ഒരാളെ കസ്റ്റഡിയിലെടുത്താലും ഉടൻതന്നെ അയാളെ മോചിപ്പിക്കേണ്ടതാണ്. അതിനുള്ള വ്യവസ്ഥയും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റൊന്ന്, ഒരു പ്രദേശത്ത് കുഴപ്പം ഉണ്ടാക്കും എന്നു തോന്നുന്ന ഒരാൾ ഉണ്ടെങ്കിൽ അയാൾ ആ പ്രദേശത്ത് കടന്നാൽ, നിയമ സമാധാനത്തിന് ഭംഗം ഉണ്ടാകുമെന്ന് തോന്നിയാൽ, അത്തരമൊരാൾ ആ പ്രദേശത്ത് കടക്കാൻ പാടില്ല എന്നുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം ഇതിനകത്ത് കൊടുത്തിട്ടുണ്ട്. അതുതന്നെ ആർക്കെങ്കിലും അങ്ങനെ ചെയ്യാനുള്ള അധികാരം ഇല്ല. ഡി.ഐ.ജി.-ക്കോ കളക്ടർക്കോ, അല്ലെങ്കിൽ ഡി.ഐ.ജി.-ക്ക് മുകളിലുള്ള ഉദ്യോഗസ്ഥനോ മാത്രമെ ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അധികാരമുള്ളു. അത് താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് അത്തരമൊരു അധികാരം നൽകിക്കൂടാ എന്നതുകൊണ്ടാണ് ഇതിനുള്ള വ്യവസ്ഥകൾ ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ചെയ്താൽ ഉടനെതന്നെ ഡി.ജി.പി മുഖേന ഇക്കാര്യം ഗവൺമെന്റിനെ അറിയിക്കുകയും വേണം. ഒരാളെ സംബന്ധിച്ച് ഒരു പ്രദേശത്ത് കടക്കാൻ പാടില്ല എന്ന ഉത്തരവ് കൊടുത്താൽ അങ്ങനെയുള്ള വ്യക്തിക്ക് 15 ദിവസത്തിനുള്ളിൽ ഉപദേശക സമിതിക്ക് നിവേദനം കൊടുക്കാം. ഉപദേശക സമിതി 30 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച് തീരുമാനം എടുത്തിരിക്കണം. ഇത്തരത്തിലുള്ള ഒരു ഉത്തരവ് ലംഘിച്ചാൽ 3 വർഷം വരെ ശിക്ഷ നൽകാവുന്ന വ്യവസ്ഥ ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കുറ്റവാളികളെ ഒളിവിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിപ്പിക്കുന്നത് കുറ്റകരമായി അതിനകത്ത് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ള വ്യവസ്ഥകളോടുകൂടി 22 വകുപ്പുകൾ കൂടിച്ചേർന്നുള്ള ഒരു ബിൽ ആണിത്. ഇതിനകത്ത് നമ്മുടെ അംഗങ്ങളുടെ ചർച്ച ഫലപ്രദമായി നടത്തിക്കൊണ്ട് ഇതൊരു സമഗ്രമായിട്ടുള്ള നിയമ നിർമ്മാണമാക്കി മാറ്റാനാവശ്യമായ സഹകരണം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകണം. സംസ്ഥാനത്ത് നടക്കുന്ന മാഫിയ പ്രവർത്തനങ്ങളും മറ്റ് സംഘടിതമായ കുറ്റകൃത്യങ്ങളും തടഞ്ഞേ മതിയാകൂ. ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുവാൻ നിലവിലുള്ള നിയമങ്ങൾക്ക് .പുറമെ സ്വീകരിക്കാവുന്ന ഒരു നടപടിയാണിത്. ഒരു പ്രദേശത്ത് അപകടകരമായ ഒരു സാഹചര്യം വരുമ്പോൾ അത്തരത്തിലുള്ള ഒരാളെ താല്ക്കാലികമായി തടങ്കലിൽ വയ്ക്കുവാനുള്ള ഉത്തരവാണിത്. ഇത് ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങിയതിനുശേഷം പൊതുവിൽ ഇത്തരക്കാർ ഒന്നു മാറി നില്ക്കുകയാണ്. ഇതാണ്. ഇതു കൊണ്ടുള്ള ഗുണം. പലരും ഇപ്പോൾ സ്ഥലം വിട്ടിരിക്കുകയാണ്. ഈ ഗണത്തിൽപ്പെട്ട ആളുകളൊക്കെ സ്ഥലം വിട്ടുകഴിഞ്ഞ ഒരു സ്ഥിതിവിശേഷവുമുണ്ട്. ഇവരെ പിടിക്കാനുള്ള ഒരു സാഹചര്യം ഉണ്ട്. ഇത് ഗവൺമെന്റിനെ സംബന്ധിച്ച് പ്രയോഗിക്കാൻ ഏറ്റവും നല്ല ഒരു ആയുധമാണ്. പക്ഷെ ഇത് ദുരുപയോഗപ്പെടുത്താൻ സാധ്യമല്ല. ഫലപ്രദമായി മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളു. അത്തരത്തിലുള്ള ഏതെങ്കിലും കേസ്സുകൾ ഉണ്ടാവാൻ പാടില്ലെന്നുള്ള വ്യവസ്ഥകളൊക്കെ ചേർത്തുകൊണ്ടാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. അതുപോലെ രാഷ്ട്രീയപാർട്ടി പ്രവർത്തനം, പിക്കറ്റിംഗ്, പ്രകടനം ഇതുപോലുള്ള പരിപാടികളിലൊക്കെ പങ്കെടുക്കുമ്പോൾ പലരുടെ പേരിലും കേസ്സുകൾ ഉണ്ടാകും. അങ്ങനെയുള്ള കേസ്സുകൾ ഒക്കെചേർന്ന് ഇത് രണ്ട് കേസ്സാക്കി കണക്കാക്കാം; മൂന്ന് കേസ്സായി കണക്കാക്കാം; എന്നൊന്നും വരാൻ പാടില്ല. അതുകൊണ്ട് അതിനുള്ള വ്യവസ്ഥകളും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു കാരണവശാലും ഗവൺമെന്റ് രാഷ്ട്രീയ പ്രതിയോഗികളേയോ, രാഷ്ട്രീയ പ്രവർത്തകരേയോ ഇത്തരത്തിലുള്ള തടങ്കൽ വിഭാഗമായി ഉൾപ്പെടുത്താൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇത് നടപ്പാക്കാൻ തുടങ്ങിയതോടുകൂടി ഗുണ്ടകളെല്ലാം സ്ഥലം വിട്ടിരിക്കുകയാണ് എന്ന്. അതിനുശേഷമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രണ്ട് സുപ്രധാന പരാമർശങ്ങൾ കേരള പോലീസിനെതിരെ നടത്തിയിട്ടുള്ളത്. ഇന്നലെ തിരുവനന്തപുരം നഗരത്തിൽ നടന്ന സംഭവങ്ങൾ ഇന്നത്തെ പത്രത്തിൽ വന്നു. രണ്ട് ഫ്ളാറ്റ് കുത്തിതുറന്നു. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയുള്ള സംഭവങ്ങളൊക്കെ നടത്തുന്ന മുഴുവൻ ആളുകളും പിടിയിലായിട്ടില്ലല്ലോ. അവരെ പ്രോത്സാഹിപ്പിക്കുന്ന ആളുകൾ നാട്ടിലുണ്ടല്ലോ. അത് നമുക്ക് ചർച്ച ചെയ്യുന്ന സമയത്ത് പറയാം. ഏതായാലും ഇത് സംബന്ധിച്ച് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ടിയിട്ടുള്ള ശക്തമായ നടപടി വേണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതേ സന്ദർഭത്തിൽ വലിയ ഒരു ആശങ്ക ഇതിനകത്ത് വന്നിരിക്കുന്നത് ഇത് പ്രതിയോഗികൾക്കെതിരായി ഉപയോഗിക്കുമെന്നുള്ളതാണ്. അങ്ങനെ പാടില്ല. ജനാധിപത്യപരമായി നടക്കുന്ന സമരങ്ങൾ, പ്രക്ഷോഭണങ്ങൾ ഇതിലൊക്കെ വരുന്ന കേസ്സുകൾ ഇതിൽ ഉൾപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. വസ്തുതർക്കത്തിന്റെ പേരിൽ തർക്കമുണ്ടാകാം, അങ്ങനെയുള്ള കേസ്സുകൾ ഇതിൽ ഉൾപ്പെടുത്താൻ പാടില്ല. അങ്ങനെയൊക്കെയായാൽ ഇത് വളരെയേറെ ദുരുപയോഗം ചെയ്യും എന്നുള്ളതുകൊണ്ട് അതൊക്കെ ഒഴിവാക്കിയിട്ടുണ്ട്. സർവ്വീസ് സംഘടനകൾ നടത്തുന്ന പ്രക്ഷോഭണങ്ങളുടെ പേരിലുള്ള കേസുകൾ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഭീകര പ്രവർത്തനം നടത്തുന്ന ഭീകരവാദികളെക്കൂടി റൗഡികൾ എന്നുള്ള തലത്തിൽ കൊണ്ടു വരാൻ വേണ്ടി ശ്രമിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ഇത്തരത്തിൽ കൊണ്ടു വന്നതിനകത്ത് ഇല്ലെങ്കിലും നമുക്ക് സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയുടെ ഘട്ടത്തിൽ ആ പ്രശ്നം കൂടി ആലോചിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. നമുക്ക് ഇതേ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി തലത്തിൽ ആലോചിക്കാവുന്നതാണ്. ഈ സഭയിൽ ചർച്ച ചെയ്യുന്ന സമയത്തും ഇത് കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുന്ന ഏതു വിധത്തിലുള്ള ഏതു നിർദ്ദേശവും ഗവൺമെന്റിന് സ്വീകാര്യമായിരിക്കും. അത്തരത്തിലുള്ള കാര്യങ്ങളിൽ സമഗ്രമായ ചർച്ച നടക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങേയ്ക്ക് 2007-ലെ 44-ാം നമ്പർ ഓർഡിനൻസ് ആയ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. അതിനുമുമ്പ് ഒരു കാര്യം പറയാനുള്ളത് മൂന്ന് ബില്ലുകൾ എടുക്കണം അതുകൊണ്ട് സംസാരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമയം നിയന്ത്രിക്കണമെന്നു പറയുന്നു.

ശ്രീ. ജി. കാർത്തികേയൻ: ഇത് തുടക്കമല്ലെ. ഇത് പൂർത്തിയാക്കട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ ദീർഘമായിട്ട് സംസാരിക്കുന്ന ആളല്ല.

മി. സ്പീക്കർ: അത് ചെയറിന് അറിയാം. അതുകൊണ്ടാണ് അങ്ങയോട് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: Sir, I move that This House resolves to disapprove The Kerala Anti social Activities (Prevention), Ordinance 2007 (Ordinance No. 44 of 2007). അങ്ങിത് പറഞ്ഞപ്പോൾ ഒരു ദുഃസൂചന വന്നിട്ടുള്ളതുകൊണ്ട് പറഞ്ഞെന്നേയുള്ളൂ. ശുദ്ധഹൃദയനായതുകൊണ്ട് എനിക്ക് വിഷമം തോന്നിപ്പോയതാണ്. ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ടേ സംസാരിക്കാൻ കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് നിരാകരണ പ്രമേയം തന്നെ അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ തടയൽ ഓർഡിനൻസ് നേരത്തെ 2005-ൽ ഉണ്ടായിരുന്നതാണ്. അതിനുശേഷം ഈ ഗവൺമെന്റ് പറഞ്ഞതുപോലെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുമാതിരി അത്ര തീവ്രമായ വികാരം ഈ കാര്യത്തിൽ ഉണ്ടായിരുന്നു എങ്കിൽ ഗവൺമെന്റിന്റെ ഇതിനോടുള്ള സമീപനം കുറച്ചുകൂടി വേഗത്തിൽ ആകുമായിരുന്നു എന്നുതന്നെയാണ് എന്റെ വിശ്വാസം. 2005-ൽ അതീവ കുറ്റകരമായ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ഓർഡിനൻസ് ലാപ്സായിപ്പോകുന്നതിനുവേണ്ടി ബോധപൂർവ്വമായി ഗവൺമെന്റ് കാത്തിരുന്നു. ആ ഓർഡിനൻസ് ലാപ്സായിപ്പോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം വന്നപ്പോൾ ഞങ്ങൾ ചോദിച്ചു; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചു. ഈ ഗവൺമെന്റ് എന്ത് സമീപനമാണ് ഈ കാര്യത്തിൽ എടുക്കുന്നതെന്ന് കുറ്റമറ്റ മറ്റൊരു നിയമം കൊണ്ടുവരാൻ പോകുന്നു എന്നുള്ളതുകൊണ്ട് തൽക്കാലം അതിനുവേണ്ടി കാത്തിരിക്കുയാണ് എന്നാണ് അതിന് മറുപടി പറഞ്ഞത്. എന്നിട്ട് എത്ര സമയമാണ് കാത്തിരുന്നത്? 2006-ൽ 60-ാം നമ്പർ ഓർഡിനൻസായി ഡിസംബർ 13-ന് നോട്ടിഫൈ ചെയ്തിട്ട് ഡിസംബർ 27-ാം തീയതിയുള്ള അസംബ്ലിയിൽ അത് അവതരിപ്പിച്ചില്ല. 2007 ഫെബ്രുവരി മാസം വീണ്ടും ഓർഡിനൻസ് ഇറക്കുകയുണ്ടായി. 2007 മാർച്ച് മാസത്തിലെ സമ്മേളനത്തിലും അത് കൊണ്ടു വന്നില്ല. മാർച്ച് 30 ന് മൂന്ന് പ്രാവശ്യം വീണ്ടും ഓർഡിനൻസ് കൊണ്ടുവന്നു. എന്നിട്ട് ജൂൺ മാസത്തിൽ നിയമസഭയിൽ ബിൽ അവതരിപ്പിക്കാതെ ഇപ്പോൾ ബിൽ അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അപ്പോൾ ചുരുക്കിപ്പറഞ്ഞാൽ ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചിരിക്കുന്നത്. 'കുരുവിളച്ചേട്ടന്റെ കുഴിയടയ്ക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ' എന്നൊക്കെ പറഞ്ഞതുപോലെ ഇതു വളരെ യുദ്ധകാലാടിസ്ഥാനത്തിൽ എന്നൊക്കെ വെറുതെ നമ്മെ പറഞ്ഞ് പ്രകോപിപ്പിക്കുന്നതല്ലാതെ ഗവൺമെന്റിന്റെ സമീപനം വളരെ വളരെ മെല്ലെപ്പോകുന്ന രൂപത്തിലുള്ളതാണ്. ഗവൺമെന്റ് ഇങ്ങനെ മെല്ലെപ്പോകാനുള്ള സമീപനം എടുക്കുമ്പോൾ കേരളത്തിലെ ലാ ആന്റ് ഓർഡർ വളരെ പെർഫക്ട് ആണെങ്കിൽ ഒരു പ്രശ്നവും ഇല്ല. റൗഡികൾ, ഗുണ്ടകൾ, അറിയപ്പെടുന്ന കുറ്റവാളികൾ ഇങ്ങനെയുള്ള ആളുകളിൽ നിന്നെല്ലാം വിമുക്തമായി കേരള സംസ്ഥാനം ഒരു നല്ല ഭൂപ്രദേശമായി നിൽക്കുകയാണ് എങ്കിൽപ്പിന്നെ ഈ മെല്ലെപ്പോക്ക് സമീപനത്തെ ന്യായീകരിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളുണ്ട് ഇപ്പോൾ ശ്രീ. ബാബു ഒരു ചോദ്യം ചോദിച്ചു. ഇന്നലെ തിരുവനന്തപുരത്ത്, തലസ്ഥാന നഗരിയിൽ വീടുകളെല്ലാം അടിച്ചു പൊളിച്ചിരിക്കുകയാണ്. അവിടെയെല്ലാം പൂട്ടു പൊളിച്ച് ആളുകൾ അകത്ത് കയറുകയാണ്. അവർ ഹാബിചുൽ ഒഫന്റേഴ്സാണെന്നും മറ്റുമൊക്കെ പറഞ്ഞ് നമുക്ക് തടിതപ്പി നിൽക്കാൻ പറ്റും. കുറ്റകൃത്യങ്ങളുടെ വർദ്ധനവ് ഉണ്ടാകുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

നാട്ടിൽ വ്യാപകമായി ആളുകൾ ഭയക്കുകയാണ്. ഒരു പ്രദേശത്ത് ഒരുമിച്ച് കള്ളൻമാർ ഇരച്ച് കയറി ആ പ്രദേശത്തുള്ള വീടുകളിലെല്ലാം മോഷണം നടത്തുകയാണ്. ആരോടും ഒരു പരാതിയും പറയാൻ കഴിയാത്ത ഒരു സാഹചര്യവും നിലവിലുണ്ട്. അങ്ങനെയുള്ള ലാ ആന്റ് ഓർഡർ സിറ്റുവേഷൻ ഇവിടെ നിൽക്കുകയാണ്. വ്യാജമദ്യം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുമെന്ന് പറഞ്ഞിരിക്കുന്നു. പക്ഷെ അത് ഇപ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ കുറ്റകൃത്യങ്ങൾക്ക് രാഷ്ട്രീയമായി രക്ഷപ്പെടുന്നതിന് നമ്മൾ ന്യായീകരണം കാണുകയാണ്. വ്യാജമദ്യത്തിന് വിധേയനായി വിഷാംശം ഉള്ളിൽച്ചെന്ന് മരിച്ചുപോയ വ്യക്തിയെപ്പോലും അമിത മദ്യപാനംകൊണ്ടാണ് മരിച്ചത് എന്നുപറയുകയുണ്ടായി. നമ്മൾ diversion-നും distortion-നും ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ശരിയായ കുറ്റം കണ്ടെത്തി എന്നു വരികയാണെങ്കിൽ മാത്രമല്ലേ നമുക്ക് നടപടിയെടുക്കാൻ പറ്റുകയുള്ളു? ശരിയായ കുറ്റകൃത്യം ഇതാണെന്ന് ഗവൺമെന്റിന് അറിയാമെന്ന് വരുകിൽപ്പോലും ജനകീയമായ മനസാക്ഷിക്കു മുന്നിൽ ഗവൺമെന്റ് ഒരുപക്ഷെ ചോദ്യചിഹ്നമായി മാറും. ഗവൺമെന്റ് ഈ കുറ്റകൃത്യത്തെ തേച്ചുമാച്ച്

LIBRARY ARCHIVES Kerala Legislative Assembly

കളയുന്നതിനുവേണ്ടി പരിശ്രമിക്കുകയാണ്. സത്യം പറഞ്ഞാൽ കുറ്റകൃത്യം ചെയ്യുന്നതിനേക്കാൾ മാരകമല്ലേ കുറ്റകൃത്യം ഇല്ലെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം. നമ്മൾ നിയമത്തിനകത്ത് ഇതൊക്കെ എഴുതി വച്ചുവെങ്കിലും നാട്ടിൽ നടന്നുവരുന്ന സാധാരണ സംഭവങ്ങൾ വളരെ വ്യത്യസ്തമാണ്. ഗുണ്ടകളുടെ കൂട്ടത്തിൽ ദേശവിരുദ്ധ ശക്തികളെ ഉൾക്കൊള്ളിക്കുന്നതിനെക്കുറിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ചോദിച്ച ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞോ? നമ്മുടെ ചർച്ചയുടെ സന്ദർഭത്തിൽ നമുക്ക് അതും കൂടി എടുക്കാമെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തിന്റെ പൊതുവായ താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചുവരുന്ന ആളുകളുടെ കൈയിൽ കിട്ടുന്ന ആയുധം എന്തൊക്കെയാണ്. കേരളത്തിലെ പോലീസ് ഡിപ്പാർട്ടുമെന്റിൽ മൊത്തത്തിൽ നോക്കിയാൽപോലും കിട്ടാത്ത ആയുധങ്ങൾ അവരുടെ കൈയിൽ ഇരിക്കുകയാണ്. അവർ നമ്മുടെ ബദ്ധ ശത്രുക്കളായി നമ്മുടെ സമൂഹത്തിൽ ഓരോ രൂപത്തിൽ നുഴഞ്ഞ് കയറി ഈ സമൂഹത്തിൽ പ്രവർത്തിക്കുകയാണ്. അവരെ പിടിക്കുന്നതിനുവേണ്ടിയുള്ള നടപടി ഇല്ല. നിയമം ഉണ്ടാക്കിയാലും പോര, അവരെ പിടിക്കത്തക്ക വിധത്തിലുള്ള അത്യന്താധുനിക സജ്ജീകരണങ്ങളോടുകൂടി ഹോം ഡിപ്പാർട്ടുമെന്റ് ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടി കൂടി വേണം. ഇപ്പോൾ നമ്മുടെ നാട്ടിൽ ക്രിമിനൽ കുറ്റവാളികളായ ആളുകളെ പിടിക്കുന്നതിനുവേണ്ടി പോലീസ് ശ്രമിക്കുന്നില്ലെന്നല്ല പറയുന്നത്. രാഷ്ട്രീയമായ ഒരു കാലഘട്ടം വന്നതുകൊണ്ടും ഞങ്ങൾ ഇപ്പുറത്തും നിങ്ങൾ അപ്പുറത്തും ആയതുകൊണ്ടും കൂടി എന്ന് എനിക്ക് അഭിപ്രായം ഇല്ല. ഇപ്പോൾ അക്രമങ്ങൾ കുറയാൻ കാരണം പണ്ട് ക്രിമിനൽ കുറ്റം നടത്തിവന്നിരുന്ന ആളുകൾ ഏറെക്കുറേ സംതൃപ്തരായി അപ്പുറത്ത് ഉള്ളതുകൊണ്ട് കാര്യമായ ക്രിമിനൽ കുറ്റങ്ങൾ ഇപ്പോൾ ഉണ്ടാകുന്നില്ല. പോലീസ്സിനകത്ത് തന്നെ ക്രിമിനൽ കുറ്റവാളികൾ ഉണ്ടെന്ന് ആഭ്യന്തരവകുപ്പുമന്ത്രി സമ്മതിച്ചു. തീക്കട്ടയിൽ ഉറുമ്പരിച്ചാൽ എന്താണ് രക്ഷ? പോലീസിനകത്ത് പത്ത് ശതമാനം കുറ്റവാളികൾ ഉണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ഈ ശതമാനം ഏത് ബാരോമീറ്റർ വച്ച് അളന്നു എന്ന്. എനിക്കറിയില്ല. ഞാൻ ശതമാനത്തെക്കുറിച്ച് പറയുന്നില്ല. കേരള സംസ്ഥാനത്തെ നിയമസമാധാനം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ആയുധത്തിൽ തുരുമ്പെടുത്തു എന്നല്ലേ ഇതിനർത്ഥം. സാധാരണഗതിയിൽ പോലീസിനെ ഡിഫന്റ് ചെയ്യാൻ ബാധ്യതപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്കുപോലും കൺഫെസ് ചെയ്യേണ്ട സാഹചര്യം ഉണ്ടായി എങ്കിൽ കേരളത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണെന്ന് ആലോചിക്കേണ്ടതാണ്. ഇവിടെ മാഫിയ സംഘങ്ങളുടെ അഴിഞ്ഞാട്ടമാണ് നടക്കുന്നത്. മാഫിയാ സംഘങ്ങൾ എവിടെയൊക്കെ ചെന്ന് പെട്ടിട്ടുണ്ടെന്ന് ദൈവത്തിനുമാത്രമേ അറിയൂ സത്യം പറഞ്ഞാൽ മേലോട്ട് നോക്കി പറയുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം. പോലീസിന്റെ കണക്കനുസരിച്ച് അൻപതിനായിരം കോടി രൂപയുടെ മാഫിയ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയുന്നത്. സാധാരണഗതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഗവൺമെന്റ് സംസ്ഥാനം ഭരിക്കുന്ന കാലഘട്ടത്തിൽ സർക്കാരിനുള്ള മൊത്തം ബഡ്ജറ്റ് തുകയേക്കാൾ കൂടിയ തുകയാണ് ഇവിടെ മാഫിയാ സംഘങ്ങളുടെ നിയന്ത്രണത്തിൽ നിൽക്കുന്നത്. ഗവൺമെന്റിന്റെ ഒഫീഷ്യലായുള്ള അഭിപ്രായമാണിത്; ഞാൻ പ്രതിപക്ഷത്തുനിന്ന് പറയുന്നതല്ല. നമ്മൾ പരസ്പരം യഥാർത്ഥ സ്ഥിതി മനസ്സിലാക്കിക്കൊണ്ടുവേണം ഈ രോഗത്തിന് ചികിൽസിക്കാൻ. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ചിക്കുൻ ഗുനിയക്ക് പാരസെറ്റമോൾ അടിച്ചേൽപിച്ച് ആളുകളെ ആക്ഷേപിക്കുന്ന വിധത്തിൽ പോകാതെ യഥാർത്ഥ കുറവ് എവിടെയാണ്, നമ്മുടെ ന്യൂനത എന്താണെന്ന് മനസ്സിലാക്കി അതിന് പരിഹാരം കണ്ടെത്തണം. മാഫിയ ഒരു ചെറിയ സമൂഹമാണ്. അവരുടെ സാമ്പത്തിക ശക്തി ചെറുതാണോ? ഇവിടെ ഡിഫൈൻ ചെയ്തതുപോലുള്ള ബ്ലെയ്ഡ് മാഫിയയുടെ കൈയിൽ മാത്രമല്ല അതുള്ളത്. ധാരാളം ശക്തികൾ ഉണ്ട്. നമ്മൾ മുന്നിൽ കാണുന്ന മധുര മനോഹരമായ മുഖങ്ങളുടെ ഏറ്റവും അങ്ങേയറ്റം പോയി നിൽക്കുന്നത് ഒരുപക്ഷെ ഈ മാഫിയയുടെ കരങ്ങളിൽ ആയിരിക്കില്ലെന്നുള്ളതിന് എന്താണ് തെളിവ്? സ്വാഭാവികമായി ഇവർ ഭീകരൻമാരാണ്. നമ്മുടെ സമൂഹത്തെ മൊത്തം കിടിലംകൊള്ളിക്കാൻ കഴിയുന്നവരാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടുപോലും ഈ നിയമം കൊണ്ടുവരുന്നതിനുവേണ്ടി ഇത്രയും കാലം ദീർഘിച്ചു പോയതിനെക്കുറിച്ചാണ് എനിക്ക് ദുഃഖം. പ്രൈവറ്റ് ഡിഫൻസ് എന്നു പറയുന്ന നിയമത്തിനകത്ത് ഒരു വ്യവസ്ഥയുണ്ട്. ഉദാഹരണത്തിന് എന്നെ കൊല്ലുമെന്ന് ബോധ്യപ്പെട്ടാൽ എന്നെ കീഴ്പ്പെടുത്തുമെന്ന് തോന്നുന്ന ആളിനെ എനിക്ക് കൊന്നാലും നിയമത്തിനു മുന്നിൽ, നമ്മുടെ കോടതിക്കു മുന്നിൽ സെൽഫ് ഡിഫൻസിന്റെ അടിസ്ഥാനത്തിൽ ഒരു പരിരക്ഷയുണ്ട്. അങ്ങനെ ക്വട്ടേഷൻ ഗുണ്ടകൾ ധാരാളം നിൽക്കുകയാണ്. നമ്മുടെ ഹൈവേയിൽ എത്രയോ കുട്ടികളെയാണ് കൊന്നത്. അന്യ സംസ്ഥാനങ്ങളിൽനിന്ന് വന്നിട്ടുള്ള എത്രയോ കുട്ടികളെയാണ് കൊന്നിട്ടുള്ളത്. ആ കുട്ടികൾ വല്ല തെറ്റും ചെയ്തതുകൊണ്ടാണോ? ക്വട്ടേഷൻ ഗുണ്ടകളെ വാടകയ്ക്ക് എടുക്കുകയാണ്. എന്റെ പരിമിതമായ അറിവിൽ ഞാൻ പറയുകയാണ് തിരുവനന്തപുരം പട്ടണത്തിൽ മാത്രമായി പന്ത്രണ്ട് മാഫിയാ സംഘങ്ങൾ ഈ ക്വട്ടേഷൻ പണിക്ക് നിൽക്കുന്നു എന്നാണ് എനിക്ക് കിട്ടിയ വിവരം. നമ്മുടെ നഗരങ്ങളെ കേന്ദ്രീകരിച്ച് ഈ ക്വട്ടേഷൻ ഗുണ്ടകളും മാഫിയാ സംഘങ്ങളും വൻകിടക്കാരായ ക്രിമിനൽ കുറ്റവാളികളും ഒരുമിച്ച് നിൽക്കുകയാണ്. 53 പേരെ അറസ്റ്റ് ചെയ്തു എന്ന് ഇവിടെ പറഞ്ഞു. ഈ നിയമം പ്രാബല്യത്തിൽ ആയതിനുശേഷം ചില ആളുകൾ ഈ പണിയൊക്കെ നിർത്തി എന്നുപറഞ്ഞു. കുറ്റവാളികളായ ആളുകൾ രാഷ്ട്രീയപാർട്ടിയിൽ അഭയം തേടി അതിനകത്ത് ഒളിച്ചിരുന്നാൽ എന്ത് നടപടിയാണ് എടുക്കാൻ പോകുന്നത്? ഈ നിയമത്തിന് വിധേയരാകുകയില്ല. കാരണം അവരുടെ മുഖം ഒരു പൊതു പ്രവർത്തകന്റെ മുഖവും, പെരുമാറ്റം സമൂഹത്തിന്റെ ഏറ്റവും വലിയ കുറ്റവാളികളുടെതും ആയിരിക്കും. അത് തമ്മിൽ എങ്ങനെയാണ് ഒരുമിച്ച് പോകുക?

ശ്രീ. വി. ഡി. സതീശൻ: കൊച്ചി നഗരത്തിലെ ഒരു കുപ്രസിദ്ധനായ ഗുണ്ട, നിരവധി ക്രിമിനൽ കേസ്സുകളിലും കൊലക്കേസ്സുകളിലും പ്രതിയായ ഗുണ്ട ഈ നിയമം ഓർഡിനൻസായി വന്നതിനുശേഷം ശ്രീ. ലാലു പ്രസാദ് യാദവിന്റെ ആർ.ജെ.ഡി. യിൽ ചേർന്ന് എറണാകുളം ജില്ലയുടെ പ്രസിഡന്റായി മാറിയ കാര്യം ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ അത് തന്നെയാണ് പറഞ്ഞത് ഗുണ്ടകൾക്ക് എവിടെയും ചെന്ന് കയറാമല്ലോ? ഉദാഹരണത്തിന്, എനിക്ക് ഇഷ്ടമില്ലാത്ത ആളിനിട്ട് രണ്ട് കൊടുക്കുന്നവരാണെങ്കിൽ എന്റെ പാർട്ടിയിൽ തന്നെ ഇരുന്നോട്ടെ എന്ന് വിചാരിക്കുന്നവരും നമ്മുടെ കൂടെ ഉണ്ടാകുമല്ലോ. അങ്ങനെയുള്ള ഗുണ്ടകൾക്ക് രാഷ്ട്രീയപാർട്ടിയിൽ അഭയം കൊടുത്താൽ ആ ഗുണ്ടയ്ക്കെതിരെ ഈ നിയമംകൊണ്ട് നമുക്ക് എന്ത് നടപടി എടുക്കാൻ പറ്റും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രാഷ്ട്രീയ പ്രവർത്തകരൊന്നും ഇതിൽനിന്നും ഒഴിവാകുന്നില്ല. അത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ രാഷ്ട്രീയ പ്രവർത്തകരായാലും ഈ നിയമപ്രകാരം തടങ്കലിൽ വയ്ക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് നേരത്തെ പറഞ്ഞതുപോലെ ബില്ലിന്റെ വകുപ്പുതിരിച്ചുള്ള ചർച്ച വരുന്ന സമയത്ത് അങ്ങ് ഈ അമന്റ്മെന്റ് സ്വീകരിക്കുമെന്ന് ഞാൻ കണക്കാക്കുകയാണ്. കാരണം ഇപ്പോൾ നമുക്ക് തന്നിട്ടുള്ളതിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ല എന്നുള്ളതുകൊണ്ട് വകുപ്പ് തിരിച്ചുള്ള ചർച്ച വരുമ്പോൾ ഇത് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2005-ൽ കൊണ്ടുവന്ന ഒരു നിയമമാണിത്. കംപാരിസണു വേണ്ടി യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നൊക്കെ പറയാം. നമ്മുടെ വൊക്കാബുലറിയിലെ ഏത് വാക്കുകൾ വേണമെങ്കിലും ഉപയോഗിച്ച് ചതുരംഗത്തിനകത്ത് അങ്ങോട്ടും ഇങ്ങോട്ടും ആളെ ഇറക്കി നമുക്ക് കളിക്കാം. നമ്മൾ ഇവിടെ നിന്ന് കുതിരയെ ഇറക്കുമ്പോൾ അവിടെ നിന്ന് മറ്റൊരു കരു ഇറക്കി നമുക്ക് അങ്ങോട്ടും ഇങ്ങോട്ടും രാഷ്ട്രീയത്തിൽ സർക്കസ് നടത്താം. നമ്മൾ കംപാരറ്റീവ് സ്റ്റഡി നടത്തുകയാണെങ്കിൽ ഈ വർത്തമാന കാലഘട്ടത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിൽക്കുന്ന നിയമം കൂടെ നോക്കണ്ടേ? മഹാരാഷ്ട്രയിൽ 1981-ൽ ഇതിന് സമാനമായ ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. Prevention of Dangerous Activities of Slumlords, Bootleggers and Drug Offenders Act, 1981, അതാണ് ആ നിയമത്തിന്റെ പേര്. അവർ ആ രൂപത്തിൽ പോകുന്നുണ്ട്. മഹാരാഷ്ട്ര നിയമത്തെപ്പോലെ സിമിലറായി തമിഴ്നാട്ടിൽ Prevention of Dangerous Activities of Bootleggers എന്ന ഒരു നിയമം 1982-ൽ ഉണ്ടാക്കി. 2004-ൽ അവർ അതിന് അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. 2004 ഒക്ടോബർ മാസം മുതൽ അത് നടപ്പിലാക്കിയിട്ടുണ്ട്. കർണ്ണാടകയിൽ Prevention of Dangerous Activities of Bootleggers തുടങ്ങി ആറ് നിയമങ്ങൾ ഇതുപോലെയുള്ള ആക്ടിവിറ്റീസിനെ തടയത്തക്ക വിധത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. കമ്പാരറ്റീവ് സ്റ്റഡി എടുത്താൽ പണ്ട് നിങ്ങൾ ചെയ്തോ ഞങ്ങൾ ചെയ്തോ എന്ന് നമ്മൾ തമ്മിലുള്ള വാദപ്രതിവാദങ്ങളല്ല പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ഗുണ്ടകൾക്ക് വേണമെങ്കിൽ കർണ്ണാടകയിൽനിന്ന് ഇങ്ങോട്ടും ഇവിടെനിന്ന് തമിഴ്നാട്ടിലേക്കുമൊക്കെ പോകാം. പണ്ടത്തെപ്പോലെ ആളുകൾക്ക് ഇത് വലിയ ദൂരമല്ലല്ലോ? അവർക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യാൻ കഴിയുന്ന രൂപത്തിലായി മാറിയിട്ടുണ്ട്. സൗത്ത് ഇന്ത്യയിൽ മൊത്തത്തിലുള്ള സംസ്ഥാനങ്ങൾക്കെങ്കിലും സിമിലറായ രൂപത്തിൽ ഒരു നിയമം ഉണ്ടാക്കത്തക്ക വിധത്തിലേക്ക് നമ്മുടെ നിയമം ഉയരേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ അത് ആലോചിച്ചില്ലേ എന്ന് തിരിച്ച് ഒരു ചോദ്യം എന്നോട് ചോദിച്ചാൽ അന്ന് ഒരു കരട് ബിൽ കൊണ്ടുവന്നു. ബിൽ ചർച്ചയ്ക്ക് വച്ചു. ചർച്ചയിൽ നിങ്ങളുടെ അഭിപ്രായം ഞങ്ങൾ പൂർണ്ണമായും കേൾക്കും. അന്ന് ഇതുപോലെയുള്ള അഭിപ്രായം പറഞ്ഞാൽ ആ അഭിപ്രായമനുസരിച്ച് പരിഷ്കരിക്കും. അങ്ങനെയാണ് നിയമത്തെ പെർഫക്ടാക്കി കൊണ്ടുവരുന്നത്. അതിനുവേണ്ടിയുള്ള സാധ്യത ഉണ്ടായിരുന്നു. അതുകൊണ്ട് അങ്ങെങ്കിലും ഇതുപോലെ ഒരു ചോദ്യം എന്നോട് ചോദിക്കില്ല എന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ പറയുന്നു, കർണ്ണാടകയിൽ 1985-ൽ അവർ പാസ്സാക്കുകയും 1987-ലും 2001-ലും അമെന്റ് ചെയ്യുകയും ചെയ്ത അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

നിയമമുണ്ട്; ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട, വേണമെങ്കിൽ മാതൃകയായി കാണിക്കാവുന്ന രണ്ട് നിയമങ്ങൾ തമിഴ്നാട്ടിലേയും കർണ്ണാടകയിലേയുമാണ്; ഈ നിയമം നിയമസഭ പാസ്സാക്കുന്നതിനുമുമ്പ് ദയവായി അങ്ങ് ആ നിയമങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇതുപോലെയുള്ള ................

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് കഴിഞ്ഞല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് എനിക്കൊരു ദൗർബല്യമാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞാൽ ഞാൻ അനുസരിക്കും. മാത്രമല്ല, നല്ലയൊരു പാർലമെന്റേറിയൻ ആകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അസംബ്ലിയിൽ ഈ ആക്ടിന് വിധേയനാകുന്ന ആളിനെപ്പോലെ നിൽക്കാൻ ഞാൻ ആഗ്രഹിക്കാത്ത ആളാണ്. വഴി തെറ്റിക്കരുത്. അങ്ങനെ തെറ്റിയാൽപ്പോലും അങ്ങയുടെ വഴിയെ പോകാൻ നിർബന്ധിക്കരുത്. ഇതിലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം രാഷ്ട്രീയമായി ഈ നിയമം ഉപയോഗിക്കാൻ ഇടയാകരുത് എന്നതാണ്. മലപ്പുറത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ രണ്ട് പ്രവർത്തകരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്തു. അങ്ങുതന്നെ പറഞ്ഞത് രാഷ്ട്രീയ പ്രവർത്തകരെ ഒഴിവാക്കുമെന്നാണ്. പക്ഷേ ഈ നിയമമനുസരിച്ച് ആദ്യത്തെ അറസ്റ്റ് നടന്നത് മലപ്പുറത്താണ്. അത് പ്രതിപക്ഷപാർട്ടി പ്രവർത്തകരായ സഹോദരൻമാരാണ്. ഇതുപോലെയുള്ള കാര്യങ്ങളുണ്ടാകില്ല എന്ന് അങ്ങ് കഴിഞ്ഞ നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. അഡ്വൈസറി ബോർഡിന്റെ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇതൊരു ക്വാസി ജുഡീഷ്യൽ ബോഡിയാകേണ്ടേ? അഡ്വൈസറി ബോർഡ് രാഷ്ട്രീയമായ പ്രേരണയുടെ അടിസ്ഥാനത്തിലുണ്ടാകുന്നതാണോ? നേരത്തെ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. എം. മാണിസാറും പറഞ്ഞ ഒബ്ജക്ഷന് മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇതൊരു പെർമനന്റായ സംവിധാനമാണോ എന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ പരാമർശനത്തിന് അങ്ങ് പറഞ്ഞത് അതേക്കുറിച്ചും ആലോചിക്കാമെന്നാണ്. അഡ്വൈസറി ബോർഡ് പെർമനന്റായേ പറ്റൂ. കാരണം ഒരാളെ അറസ്റ്റ് ചെയ്താൽ പതിനഞ്ച് ദിവസത്തിനകം ആയാൾക്ക് റിലീഫ് കിട്ടത്തക്ക വിധത്തിലുള്ള യാതൊരു നടപടിക്രമങ്ങളും നിയമപരമായി ഈ ബോഡിയിൽ ഇല്ല. നമ്മൾ ഉണ്ടാക്കാൻ ശ്രമിക്കുന്നെങ്കിൽ ഈ അറസ്റ്റ് മാത്രമല്ലല്ലോ നടക്കുന്നത്. പിന്നെയും പിന്നെയും 365 ദിവസവും ഇങ്ങനെയുള്ള അറസ്റ്റുകൾ വന്നാൽ ഈ ബോഡി പെർമനന്റ് ബോഡിയല്ലാതെ വല്ലപ്പോഴും കൂടുന്ന ഒരു ഞായറാഴ്ച കൂട്ടമായി ഇതിന് നിൽക്കാൻ സാധ്യമല്ല. പെർമനന്റ് ബോഡിയാകുമ്പോൾ ക്വാസി ജുഡീഷ്യൽ ബോഡിയായി നിൽക്കണം. മനുഷ്യാവകാശങ്ങൾപോലും എടുക്കാൻ കഴിയത്തക്ക വിധത്തിലുള്ള ഒരു നിയമത്തിലേക്കാണ് നമ്മൾ നിൽക്കുന്നത്. മനുഷ്യാവകാശങ്ങൾ നിഷേധിക്കാൻ പറ്റുമോ? ഒരു കൊല്ലക്കാലംവരെ വേണമെങ്കിൽ തടവിൽ വയ്ക്കാം. സാധാരണ ഗതിയിൽ ആറ് മാസക്കാലത്തേക്ക് തടവിൽ വയ്ക്കാം. കാരണങ്ങളൊക്കെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രോസസ്സ് ഉണ്ടെങ്കിൽപ്പോലും നമുക്ക് വ്യക്തികളെ തടങ്കലിൽ വയ്ക്കാനുള്ള അധികാരം കിട്ടുകയാണ്. അങ്ങനെയുള്ള അമിതാധികാരം നമുക്ക് കിട്ടുമ്പോൾ ആ അധികാരം ദുർവിനിയോഗം ചെയ്യുകയാണെങ്കിൽ അതിന്റെ മുകളിൽ നമുക്ക് ഒരു റിലീഫുണ്ടാകണം. അതിനുവേണ്ടിയുള്ള നടപടിയാണ് വേണ്ടത്. ഞാൻ നേരത്തെ



LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ കർണ്ണാടകത്തിൽ അവരുടെ നിയമത്തിൽ പറഞ്ഞിട്ടുള്ളത് ഹൈക്കോടതിയുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ അഡ്വൈസറി ബോർഡ് രൂപീകരിക്കണമെന്നാണ്. ഇവിടെ ഗവൺമെന്റാണ് അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതെങ്കിൽ അതത് കാലത്തുണ്ടാകുന്ന ഗവൺമെന്റുകളുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രതിഫലിപ്പിക്കാൻ സാധ്യതയുണ്ട്. അതാതുകാലത്തുണ്ടാകുന്ന ഗവൺമെന്റുകളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അതീതമായ ഒരു ബോഡിയായി പ്രവർത്തിച്ച് മനുഷ്യാവകാശ ധ്വംസനങ്ങൾകൂടി ഉൾക്കൊള്ളാൻ സാധ്യതയുള്ള ഒരു നിയമമാക്കി മാറ്റണമെന്നുള്ളത് കൊണ്ടാണ് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ റെക്കമെന്റേഷൻ അനുസരിച്ച് ബോർഡ് രൂപീകരിക്കണമെന്ന് ഞാൻ പറയുന്നത്. അതുകൊണ്ട് കർണ്ണാടക നിയമത്തിലെ അഡ്വൈസറി ബോർഡിന്റെ വകുപ്പ് ഉൾപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ ജാഗ്രതാപൂർവ്വം ഈ നിയമം പാസ്സാക്കുകയും നടപ്പാക്കുകയും ചെയ്യണമെന്ന് അഭിപ്രായപ്പെടുന്നത് അടിയന്തിരാവസ്ഥക്കാലത്ത് നടന്നതുപോലെയുള്ള ജനാധിപത്യ ധ്വംസനവും മനുഷ്യാവകാശ ലംഘനവുമൊന്നും നമ്മുടെ നാട്ടിലുണ്ടാകരുതെന്നും അന്ന് നടന്നത് പിശകാണെന്നുമുള്ള അർത്ഥത്തിലാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇന്ത്യൻ ഭരണ ഘടനയ്ക്കകത്ത് അടിയന്തിരാവസ്ഥയ്ക്കുള്ള വകുപ്പ് ഇൻവോക്ക് ചെയ്തിട്ടാണ് അന്ന് അടിയന്തിരാവസ്ഥ ഉണ്ടായത്. ഇന്ന് അടിയന്തിരാവസ്ഥ ഇല്ലാത്ത കാലമാണ്.

ശ്രീ. കെ. ബാബു: അടിയന്തിരാവസ്ഥ കേരളത്തിൽ നല്ല നിലയിലാണ് നടപ്പിലാക്കിയത് എന്നുള്ളതിന് തെളിവല്ലേ വീണ്ടും തെരഞ്ഞെടുപ്പ് നടന്നപ്പോൾ വൻ ഭൂരിപക്ഷത്തോടുകൂടി യു.ഡി.എഫ്. അധികാരത്തിൽ വന്നത്? എന്നുമാത്രമല്ല സി.പി.ഐ.യും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് കറക്ടാണ്. ഇവരിപ്പോൾ പഴയതൊക്കെ മറന്നു പോകുകയാണ്. ഇപ്പോൾ ചില ആളുകൾ അന്നന്ന് കാണുന്ന വാഴുന്ന കൈയ്ക്ക് വളയണിയിക്കുകയാണ്. അന്നന്ന് കാണുന്ന ആളിനെ .............. മറ്റേത് ഞാൻ പറയുന്നില്ല. പറഞ്ഞാൽ ഞാൻ വല്ലതും പറഞ്ഞു എന്നുവരും. അതുകൊണ്ട് ഞാൻ പറയുന്നില്ല. ഇവിടെ വിമോചന സമരം നടത്തിയത് ഞങ്ങൾ മാത്രമല്ല, അങ്ങയുടെ പാർട്ടിയുമുണ്ട്. എല്ലാ പാർട്ടികളും ഉണ്ടായിരുന്നല്ലോ? പക്ഷേ ഇവിടെ ഭരണ മുന്നണിക്കകത്തുള്ള എത്ര പാർട്ടികളുണ്ടായിരുന്നു അതിൽ? അങ്ങയുടെ പുറകിലും മുമ്പിലും ഇരിക്കുന്ന എത്രയോ ആളുകളുണ്ടായിരുന്നു. അവസാനം വരുമ്പോൾ കുറ്റകൃത്യത്തിന്റെ മാല ഞങ്ങളുടെ തോളിൽ. എനിക്ക് അത് കുറ്റമാണെന്ന അഭിപ്രായമില്ല. അത് കറക്ടാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ജനാധിപത്യ ധ്വംസനം നടത്തിയാൽ അതിനേക്കാൾ ശക്തമായ സമരം നടത്തിയേ മതിയാകൂ.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അടിയന്തിരാവസ്ഥയിൽ അങ്ങയുടെ പാർട്ടി ഞങ്ങളോടൊപ്പമുണ്ടായിരുന്നു എന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. വിമോചന സമരത്തിൽ അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി ഉൾപ്പെടെയുള്ള പാർട്ടിയേയും സിപി.ഐ.യേയുമെല്ലാം നയിച്ച ഒരു ഗവൺമെന്റിനെതിരെ കോൺഗ്രസ്സുകാർ ആളുകളെ സംഘടിപ്പിച്ചതാണ്. അങ്ങയുടെ പാർട്ടി അന്ന് ഭരണത്തിലിരുന്ന പാർട്ടിയാണ്. സമരത്തിലല്ല. അത് രേഖയിൽ കിടക്കും. അതുസംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ അങ്ങയുടെ പാർട്ടി ഉണ്ടായിരുന്നു എന്നു പറഞ്ഞത് സത്യമാണ്. പക്ഷേ ഞാൻ അത് ശ്രീ. ടി. യു. കുരുവിളയെ നോക്കിയാണ് ചോദിച്ചത്. അദ്ദേഹത്തിന്റെ പാർട്ടിയുണ്ടായിരുന്നു, ആർ. എസ്. പി. ഉണ്ടായിരുന്നു, സോഷ്യലിസ്റ്റ് പാർട്ടിയുണ്ടായിരുന്നു, ഇന്നത്തെ ജനതാദളിന്റെ അന്നത്തെ രൂപമുണ്ടായിരുന്നു, ഇവരെല്ലാം അതിലുണ്ടായിരുന്നു. ഞാൻ എനിക്ക് നേരെ എതിരെ ഇരിക്കുന്ന ശ്രീ. ടി. യു. കുരുവിളയോട് ചോദിച്ച ചോദ്യം എന്തിനാണ് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഏറ്റെടുത്തത്?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അങ്ങ് വിമോചന സമരം തെറ്റാണെന്ന് അഭിപ്രായമില്ലെന്ന് ശക്തമായി പറഞ്ഞു. അന്ന് വിമോചന സമരത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകൾ-എണ്ണൂറിൽ എഴുന്നൂറ്റി ഇരുപത്തഞ്ച് പഞ്ചായത്തുകളും- അന്ന് കേരളത്തിലുണ്ടായിരുന്ന ഇരുപത്തിയൊൻപത് മുനിസിപ്പാലിറ്റികളിൽ ഇരുപത്തിയാറ് മുനിസിപ്പാലിറ്റികളും അതിനെ അനുകൂലിച്ച് പ്രമേയം പാസ്സാക്കിയ വിവരം അങ്ങേക്ക് അറിയാമോ? അതുകൂടാതെ ബാർ ഫെഡറേഷൻ പ്രമേയം പാസ്സാക്കി. കേരളത്തിലെ മുപ്പത് ബാർ അസ്സോസ്സിയേഷനുകൾ പ്രമേയം പാസ്സാക്കി. ജയപ്രകാശ് നാരായണൻ ആ സമരത്തെ അനുകൂലിച്ചു. കെ. ബാലകൃഷ്ണനെ പോലെയുള്ള പുരോഗമന വാദികൾ അനുകൂലിച്ചു. അത്തരത്തിൽ കേരളത്തിലെ മഹാ ഭൂരിപക്ഷവും അനുകൂലിച്ച സമരമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ശ്രീ. ജോസഫ്.എം. പുതുശ്ശേരിയുടെ ദർശനമാണ്. എല്ലാവരും അത് അംഗീകരിക്കണമെന്നില്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എല്ലാ വിഷയങ്ങളും വരട്ടെ. ചർച്ച വരട്ടെ. അതെല്ലാം ഈ സഭാരേഖയിൽ കിടക്കട്ടെ ..................

ശ്രീ. സി. കെ. പി പത്മനാഭൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഇവിടെ സംസാരിച്ചത്. വിമോചനസമരം കഴിഞ്ഞതിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ അന്നത്തെ ഭരണകക്ഷി തോറ്റു എന്ന കാര്യം സത്യമാണ്. പക്ഷേ 41 ശതമാനം വോട്ട് 44 ശതമാനമായി വർദ്ധിച്ചത്......................

മി. ഡെപ്യൂട്ടി സ്പീക്കർ: ആ വിഷയം അവസാനിപ്പിക്കുക. വിമോചനസമരമല്ലല്ലോ ബില്ലിൽ വരുന്നത്. ബില്ല് ഗുണ്ടാ ആക്ടാണ്. വിമോചനസമരമല്ല.

ശ്രീ. രാജു എബ്രഹാം: സർ, വിമോചന സമരത്തിന് കേരളത്തിൽ പ്രസക്തിയില്ലെന്ന് ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി കഴിഞ്ഞ ദിവസം അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി. അപ്പോൾ ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരിയുടെ അഭിപ്രായത്തിന് എന്ത് പ്രസക്തിയാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് ചോദിക്കണമെങ്കിൽ എന്നോട് ചോദിക്കണമായിരുന്നോ? ശ്രീ. ജോസഫ് എം. പുതുശ്ശേരിയോട് ചോദിച്ചാൽ പോരെ. ഇവിടെ ശ്രീ. എ. കെ. ആന്റണിയുടെ അഭിപ്രായം അംഗീകരിച്ച് അവർ പോരുമെന്ന് വരുകിൽ ഞങ്ങൾ നിങ്ങളോടും യോജിക്കാം. പക്ഷേ ശ്രീ. എ. കെ. ആന്റണി പറയുന്ന എല്ലാ അഭിപ്രായങ്ങളുടെയും കൂടെ നിങ്ങൾ നിൽക്കണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, വിമോചന സമരത്തിലുള്ള ഏറ്റവും വലിയ പാതകമായി പറയുന്നത് നിയമസഭയിൽ ഭൂരിപക്ഷമുള്ളൊരു ഗവൺമെന്റിനെ കേന്ദ്രം പിരിച്ചുവിട്ടു എന്നാണ്. അടിയന്തിരാവസ്ഥ കഴിഞ്ഞ് മൊറാർജി ദേശായിയുടെ ഗവൺമെന്റ്, മാർക്സിസ്റ്റ് പാർട്ടി പിൻതുണ കൊടുക്കുന്ന ഗവൺമെന്റ്, ഭൂരിപക്ഷമുള്ള ഒൻപത് നിയമസഭകളെ പിരിച്ചുവിട്ടത് ശരിയും, 1957-ലെ പിരിച്ചുവിടൽ തെറ്റുമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിശദീകരണം ആവശ്യമില്ല. പതിനാല് ആളുകളെ വെടിവച്ചു കൊല്ലുകയും ഒരു ദുർഭരണം ഉണ്ടാവുകയും ചെയ്തപ്പോൾ ഒരു ഭാഗത്ത് ജനകീയ പ്രക്ഷോഭണം നടന്നു. ആ ഗവൺമെന്റ് പോയി. പകരം അന്ന് തെരഞ്ഞെടുപ്പ് വന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയുന്നത് ബില്ലല്ല .............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: തെരഞ്ഞെടുപ്പിൽ അന്നത്തെ ഭരണകക്ഷി തോറ്റു എന്നുമാത്രമല്ല, ആ മന്ത്രിസഭയിൽ ഉണ്ടായിരുന്ന ഒട്ടുമുക്കാൽ ആളുകളേയും ജനങ്ങൾ റിജക്റ്റ് ചെയ്തു. അതിന്റെ ന്യായീകരണമാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരി പറയുന്നത്. അതവിടെ നിൽക്കട്ടെ. ബഹുമാനപ്പെട്ട ചെയർ പറയുന്നത് നമ്മൾ വിമോചനസമരത്തിൽ നിന്ന് മാറിപ്പോകണമെന്നാണ്. മാറിപ്പോകാം. ഏതായാലും ഞാൻ ബില്ലിലേക്ക് വരികയാണ്. ഇവിടിപ്പോൾ ജനങ്ങളുടെ ഹിതമാണ് പ്രധാനപ്പെട്ട പ്രശ്നം. അങ്ങനെ വരുമ്പോൾ ഒരു തെരഞ്ഞെടുപ്പിൽ, ഞങ്ങൾ നിങ്ങളെ അംഗീകരിക്കുന്നു. കാരണം നിങ്ങൾക്ക് ഭൂരിപക്ഷം കിട്ടി. 2001-ൽ നിങ്ങൾ ഞങ്ങളെ അംഗീകരിച്ചു? ഞങ്ങൾക്ക് നല്ല ഭൂരിപക്ഷം കിട്ടി. 1960-ൽ നമ്മളെല്ലാം ഒരുമിച്ച് പട്ടം താണുപിള്ളയുടെ ഗവൺമെന്റിനെയാണ് അംഗീകരിച്ചത്. നിങ്ങളെ തോൽപ്പിച്ച് ആ ഗവൺമെന്റിന് ഭൂരിപക്ഷം കിട്ടി. അപ്പോൾ പിന്നെ സമരം തെറ്റോ ശരിയോ എന്നുള്ളത് നമ്മൾ പുതിയ ത്രാസിലിട്ട് തൂക്കേണ്ട കാര്യമില്ല. അത് ജനങ്ങൾ വിധിയെഴുതിക്കഴിഞ്ഞിരിക്കുന്നു. പഴയ കാര്യങ്ങളൊക്കെ അമ്മൂമ്മമാർ പറയുന്നതുപോലെ എന്റെ ആയകാലത്ത് ഞാൻ ആരായിരുന്നു എന്നൊക്കെ ചിന്തിക്കുന്ന ഒരു ചിന്ത, കുഴപ്പമൊന്നുമില്ല. ഉത്തർപ്രദേശിൽ എട്ട് സീറ്റ് ഞങ്ങൾക്ക് കിട്ടിയപ്പോൾ നിങ്ങൾക്കെത്ര കിട്ടി? 1951-ലെ തെരഞ്ഞെടുപ്പിൽ, ഇന്ത്യയിൽ നിങ്ങൾക്ക് എട്ട് ശതമാനം വോട്ട് കൂടുതൽ കിട്ടിയവരാണ്. ഇപ്പോൾ ആ പാർട്ടിയുണ്ടോ? ആ പാർട്ടി 1964-ൽ രണ്ടായിപ്പോയില്ലേ? എന്തിന്റെ പേരിലാണ്? ചൈനയുടെ പേരിലാണ് പോയത്. വീണ്ടും പുതിയ രൂപത്തിൽ ചൈനീസ് പ്രേതം നിങ്ങളെ വേട്ടയാടുകയാണ്. സത്യം പറഞ്ഞാൽ ആ ചൈനയുടെ പ്രേതം ഇപ്പോഴും നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. നമുക്ക് കാര്യത്തിലേക്ക് വരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ശ്രീ. തിരുവഞ്ചൂരിനെ പോലുള്ള ആളുകൾ സംസാരിക്കുമ്പോൾ സാധാരണ ഗതിയിൽ വസ്തുതകളെ തെറ്റായ നിലയ്ക്ക് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സി.പി.ഐ.-യും സി.പി.എം.-ഉം തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിന്റെ മൂലകാരണം നിങ്ങളുടെ പാർട്ടി ഏത് വർഗ്ഗത്തിന്റെ പാർട്ടിയാണ് എന്നു പറയുന്ന വിഷയമാണ്. അതല്ലാതെ ചൈനയ്ക്കും റഷ്യയ്ക്കുമൊന്നും അതിനകത്ത് പങ്കാളിത്തമില്ല. ശ്രീ. തിരുവഞ്ചൂരിനെപ്പോലെ ഒരാൾ പറയുമ്പോൾ വസ്തുതാപരമായി കാര്യങ്ങൾ പറയുന്നതാകില്ലേ ശരി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അപ്പോൾ ഡൽഹിയിൽ നമ്മൾ ഏത് വർഗ്ഗത്തിലാണ്? കേരളത്തിൽ ഏത് വർഗ്ഗത്തിലാണ്? ഞാൻ പ്രകാശൻമാസ്റ്ററോടൊന്നും തർക്കിക്കാനില്ല. എനിക്ക് ഇഷ്ടമില്ലാത്ത ആളുകളാണെങ്കിൽ തർക്കം നടക്കട്ടെയെന്നു വയ്ക്കും. ഇഷ്ടമുള്ള ആളുകളോട് ഞാൻ തർക്കത്തിനില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ നിയമമാണ്. ഈ നിയമത്തിനകത്ത് കാലോചിതമായ മാറ്റം വരണം. ക്വാസി ജുഡിഷ്യൽ ബോഡി ആയിരിക്കണം. കർണ്ണാടക നിയമത്തിൽ പറയുന്നതുപോലെ ഹൈക്കോടതി ജഡ്ജിമാർ, ഉപദേശക പ്രകാരം അഡ്വൈസറി ബോർഡ് രൂപീകരിക്കണം. മാത്രമല്ല ഈ അഡ്വൈസറി ബോർഡിൽ രാഷ്ട്രീയ ഭിക്ഷാംദേഹികൾ വരാൻ ഇടയാകരുത്. ഇതിനകത്ത് രണ്ട് അംഗങ്ങൾ ഹൈക്കോടതിയിൽ ജഡ്ജിയാകാൻ യോഗ്യതയുള്ളവരാണ്. അതിൽ ഒന്ന് ബാറിൽ നിന്ന് സെലക്ഷൻ ഉണ്ടാവണം. രണ്ടാമത്തേത് ജുഡിഷ്യറിയിൽ നിന്ന് സെലക്ഷൻ ഉണ്ടാവണം. നിശ്ചിത വർഷം പ്രാക്ടീസ് ഉണ്ടെങ്കിൽ അങ്ങനെയുള്ള വരെ ബാറിൽ നിന്ന് ഹൈക്കോടതി ജഡ്ജിയാക്കാം. എന്നാൽ ഇതിന്റെയർത്ഥം ഹൈക്കോടതിയിൽ നിശ്ചിത വർഷം പ്രാക്ടീസുള്ള ഒരു രാഷ്ട്രീയ നേതാവിനെ, നിങ്ങൾക്ക് ഇഷ്ടപ്പെട്ട വ്യക്തിയെ വേണമെങ്കിൽ ഈ അഡ്വൈസറി ബോർഡിനകത്ത് വയ്ക്കാം എന്നതാണ് അതിന്റെ സാരാംശം. അങ്ങിത് മാറ്റാൻ പോവുകയാണെങ്കിൽ അവരേയും മാറ്റുമായിരിക്കുമല്ലോ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ അതിൽ അംഗമാക്കിയതുപോലെയാണ് ഇവിടെയും ഉണ്ടാകുന്നതെന്ന അപകടത്തെക്കുറിച്ചല്ലേ അങ്ങ് സൂചിപ്പിച്ചത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉന്നത വിദ്യാഭ്യാസ കൗൺസിൽ മാത്രമല്ല നമ്മുടെ ഫിലിം ഡെവലപ്പുമെന്റ് കോർപ്പറേഷനിൽ എന്താണ്. അതിനകത്ത് നല്ല എക്സ്പർട്ട്സ് അല്ലേ ഇരിക്കുന്നത്. അപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നു പറയുന്നത് നാട്ടിലുള്ള വിദ്യാഭ്യാസം അറിയണ്ട. അവർ ഉന്നതങ്ങളിലെ വിദ്യാഭ്യാസം അറിഞ്ഞാൽ മാത്രം മതി. അതുകൊണ്ട് ദയവായി ഈ നിയമത്തെ ആക്ഷേപിക്കുന്ന വിധത്തിലുള്ള അഡ്വൈസറി കമ്മിറ്റി വരരുത്. ഈ നിയമത്തിലെ അഡ്വൈസറി ബോർഡ് എല്ലാപേർക്കും വിശ്വാസമുള്ള ഒന്നായിരിക്കണം.

ശ്രീ. എൻ. അനിരുദ്ധൻ: ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത് ഹൈക്കോടതി ജഡ്ജി ആകാൻ യോഗ്യതയുള്ള ഒരു അഭിഭാഷകൻ എന്നാണ്. അങ്ങനെയുള്ള അഭിഭാഷകരോട് ശ്രീ. തിരുവഞ്ചൂരിന് ഒരു ഇൻഹെറിറ്റന്റായിട്ടുള്ള അലർജി ഉള്ളത് പോലെയാണല്ലോ പറയുന്നത്. അവർ യോഗ്യരല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അല്ല. അങ്ങ് അഭിഭാഷകന്റെ മൂടുപടത്തിനകത്ത് ഇതുകൊണ്ട് ഒളിപ്പിക്കരുത്. അഭിഭാഷകർ എത്രയോ യോഗ്യരാണ്. ഇവിടെ ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രവർത്തകൻ, കോടതിയിലും പോകത്തില്ല, ഓഫീസ്സിലും പോകത്തില്ല, അവസാനം ബാർ അസോസ്സിയേഷനകത്ത് പോയി ചുറ്റിക്കറങ്ങി നിന്ന് രാവിലെ ഒരു ചായയും കുടിച്ച് മടങ്ങി പോരുന്ന ആളിനെ അഭിഭാഷകൻ എന്നുള്ള മേൽവിലാസത്തിനകത്ത് അങ്ങ് അടക്കം ചെയ്യരുത്. അങ്ങേക്ക് നല്ല പ്രാക്ടീസുണ്ട്. അതെനിക്കറിയാം. പത്മരാജൻ വക്കീലിന്റെ ഓഫീസ്സിൽ ഇരുന്നപ്പോഴും എനിക്കറിയാം നല്ല വക്കീലാണ്; എനിക്ക് അങ്ങയെക്കുറിച്ച് നല്ല അഭിപ്രായവുമാണ്. പക്ഷേ അങ്ങയുടെ മൂടുപടത്തിനകത്ത് .......

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് പറയുന്നതിൽ ശ്രീ. സതീശനൊക്കെ പ്രതിഷേധം ഉണ്ടാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇല്ല. നല്ല അഭിഭാഷകർക്ക് ഒരു പ്രതിഷേധവും ഇല്ല. ഇവിടെ രാഷ്ട്രീയ ഭിക്ഷാംദേഹികളെ അഭിഭാഷകൻ എന്നുള്ള മേൽവിലാസം ചാർത്തി അങ്ങനെയൊരു സ്റ്റിക്കർ ഒട്ടിച്ച്, അവരെ ഇതിനകത്ത് വച്ച്, നമ്മുടെ മേൽ പതിച്ച് നടത്തരുതെന്നാണ് ഞാൻ പറഞ്ഞതിന്റെ സാരാംശം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ശ്രീ. തിരുവഞ്ചൂർ വക്കീലാണല്ലോ. തിരുവഞ്ചൂരിനെപ്പോലെയുള്ള ആൾക്കാരെ ഇതിനകത്ത് ഉൾപ്പെടുത്തരുതെന്നാണോ ഈ വാദിക്കുന്നതിന്റെ അർത്ഥം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങനെ വ്യക്തിഗതമാക്കേണ്ട, ശ്രീ. ആനത്തലവട്ടം ആനന്ദനെപ്പോലുള്ള നല്ലൊരാള്. ഞാനിന്നലെ എന്റെ അഭിപ്രായം പറഞ്ഞല്ലോ.

ശ്രീ. കെ. ബാബു: ശ്രീ. ആനത്തലവട്ടം ആനന്ദനെ പോലുള്ള ആളുകൾ വക്കീൽ എന്നുള്ള മേൽവിലാസത്തിൽ ഇതിൽ വരരുത് എന്നാണോ ഉദ്ദേശിച്ചത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഒരു നിയമത്തെ എങ്ങനെ നമുക്ക് മിനുക്കി മെച്ചപ്പെടുത്താം; അതാണ് നമ്മുടെ ചോദ്യം. അങ്ങനെ നമ്മൾ ചെയ്യുമ്പോൾ, നമ്മുടെ മനസ്സിൽ ചില സ്പെസിഫിക്കേഷൻസ് ഉണ്ടാകണം. ഇതിനകത്ത് വരാൻ പോകുന്ന അഡ്വൈസറി കമ്മിറ്റിയിൽ വന്നെത്താൻ പറ്റുന്ന ആളുകളാര്? ഈ നിയമം അനുസരിച്ച് പിടിക്കപ്പെടാൻ അർഹതപ്പെട്ട ആളുകളെ നമ്മുടെ വക്കീലാണ് എന്നുള്ള പേരിൽ ഇതിന്റെ അഡ്വൈസറി ബോർഡിൽ വയ്ക്കാൻ പറ്റുമോ? അതുകൊണ്ട് ഈ നിയമം അനുസരിച്ച് കുറ്റവാളിയല്ലാത്ത ഒരാൾ വരണമെന്നാണ് ഞാൻ പറയുന്നതിന്റെ അർത്ഥം. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട്, നമ്മുടെ അഭിപ്രായം നടപ്പാക്കുന്നതിനുവേണ്ടി, നമ്മൾ രാഷ്ട്രീയവിരോധികളെ ഭീഷണിപ്പെടുത്തി, നമ്മുടെ വഴിക്ക് വരുത്തുന്നതിനുവേണ്ടിയുള്ള സമീപനം ഉണ്ടാകരുത്. അങ്ങനെ ഈ നിയമത്തെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇതൊന്നുകൂടി ശാന്തമായി ആലോചിക്കണം. അങ്ങ് സ്വന്തമായി ആലോചിച്ചാൽ കുറച്ചുകൂടി മെച്ചപ്പെടുമെന്നാണ് എന്റെ വിശ്വാസം. പക്ഷേ ആലോചന ഈ രൂപത്തിൽ പോയാൽ .................. ഞാനങ്ങനെ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ദിവസവും ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ കഴിയില്ല. കാരണം മൂന്ന് ദിവസം പി.ബി കൂടി. പിന്നെ മൂന്ന് ദിവസം സി.സി. പിന്നെ മൂന്ന് ദിവസം സെക്രട്ടേറിയറ്റ് കൂടി. പിന്നെ സ്റ്റേറ്റ് കമ്മിറ്റി മൂന്ന് ദിവസം കൂടുന്നു. പിന്നെ മൂന്ന് ദിവസം റിപ്പോർട്ടിംഗ് കൂടി കഴിയുമ്പോൾ ഒരു മാസം ഇതിനെക്കുറിച്ച് ചിന്തിക്കാനേ സമയമുണ്ടാകില്ല.

ശ്രീ. കെ. ബാബു: വലിയൊരു ചുമതല അദ്ദേഹം ഏറ്റെടുക്കാൻ പോകുകയാണ്. ബ്രാഞ്ച് കമ്മിറ്റി തെരഞ്ഞെടുപ്പ് തുടങ്ങിയിരിക്കുകയാണ്. വളരെ കൂടുതൽ ശ്രദ്ധിക്കേണ്ടി വരും. അതറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബാബുവിന് മിക്കവാറും ഇത് കഴിയുമ്പോൾ ഒരു ഡോക്ടറേറ്റ് കിട്ടും. കമ്മ്യൂണിസത്തിന്റെ കാര്യം മാത്രം പരിശോധിക്കുന്നതിന് ഡോക്ടറേറ്റ് ശ്രീ. ബാബുവിന് കിട്ടാൻ വേണ്ടി ശുപാർശ ചെയ്യേണ്ടി വരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സാധാരണഗതിയിൽ എത്രയോ ശാന്തയായിരിക്കുന്ന ശ്രീമതി ലതിക പോലും പുറകിൽ നിന്ന് ഉയരുന്ന രൂപത്തിലാണ് ഈ നിയമത്തിന്റെ നിൽപ്പ്. അതുകൊണ്ട് ഈ നിയമത്തിലെ പോരായ്മകൾ മാറ്റിക്കൊണ്ട് പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടി ഞാൻ എന്റെ പ്രമേയം മൂവ് ചെയ്യുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിൽ ഇന്ന് ഗുണ്ടകൾ അരങ്ങ് വാഴുന്ന കാലമാണ്. കൊലയാളികളുടെ അക്രമം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകാരണം കേരളത്തിലെ ജനങ്ങളുടെ സ്വസ്ഥത ഇല്ലാതായിരിക്കുകയാണ്. ഇത്തരം സാമൂഹിക വിരുദ്ധപ്രവർത്തനങ്ങൾ തടയുകയെന്നത് ഏത് സർക്കാരിന്റെയും ബാദ്ധ്യതയാണ്. അതുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി സർക്കാർ ഇതിനായി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്. എന്നാൽ ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും നടപ്പിലാക്കുന്നതിനും ഈ സർക്കാർ മടി കാണിച്ചു. വളരെ നിർബന്ധിതമായ ഒരു സാഹചര്യത്തിൽ, മധുരിച്ചിട്ട് തുപ്പാനും വയ്യ കയ്ച്ചിട്ട് ഇറക്കാനും വയ്യായെന്നുള്ള നിലയിലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇത് നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധിക്കാൻ പര്യാപ്തമായ ബില്ലാണോയെന്ന് എനിക്ക് സംശയമുണ്ട്. 2006-ലാണ് ഇതിന് ഓർഡിനൻസ് പുറപ്പെടുവിച്ചത്. നിയമപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാർ കുറച്ചു ആളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. പക്ഷേ ഇവിടെ അക്രമം ഇന്നും കുറഞ്ഞുവന്നിട്ടില്ല. ഓരോ ദിവസവും അക്രമം വർദ്ധിച്ചുവരികയാണ്. ഇവിടെ എന്റെ സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചപോലെ കേരളം ഇന്ന് പലതരത്തിലുള്ള മാഫിയകളുടെ കയ്യിലാണ്. പല വലിയ തരത്തിലുള്ള മാഫിയകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടയ്ക്കിടെ പറയും "ലാന്റ് മാഫിയ" എന്ന് അതിനെ ശ്രീ. കെ. പി. രാജേന്ദ്രൻ പറയും 'ലാന്റ് ബാങ്കിംഗ്' എന്ന്. അദ്ദേഹം അതിനൊരു മാന്യത കൊടുത്തു; ഞങ്ങൾ ലാന്റ് ബാങ്ക് ഉണ്ടാക്കാൻ പോകുകയാണെന്നുള്ളതാണ്. അതുപോലെയുള്ള പല മാഫിയകളും വർദ്ധിച്ചുവരുന്നു എന്നാണ് കാണിക്കുന്നത്. ഓർഡിനൻസ് ഉണ്ടായിട്ടും വേണ്ടവിധത്തിൽ നമുക്ക് ഈ ഗുണ്ടകളേയും അതുപോലെയുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളേയും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. ഐക്യ ജനാധിപത്യമുന്നണി കൊണ്ടുവന്ന നിയമത്തിൽ ഉപദേശകസമിതിയിൽ 3 സിറ്റിംഗ് ജഡ്ജിമാരെയാണ് അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീം കോടതി ജഡ്ജി ചെയർമാനും മറ്റ് 2 സിറ്റിംഗ് ജഡ്ജിമാർ അംഗങ്ങളുമാണ്. എന്നാൽ ഇവിടെയെന്താണ് ചെയ്തത്? ആ നിയമം മാറ്റി. എന്നിട്ട് നിങ്ങൾ ചെയ്തത് ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ചെയർമാനും ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യത യുള്ള 2 ആളുകൾ അംഗങ്ങളും എന്നാണ് പറഞ്ഞിരിക്കുന്നത്. 2 ആളുകളെ നോമിനേറ്റ് ചെയ്തതിൽ രാഷ്ട്രീയപക്ഷപാതിത്വം പാടില്ല. നോമിനേറ്റ് ചെയ്ത 2 പേരേയും എനിക്ക് അറിയാവുന്നവരും അടുത്ത ബന്ധം പുലർത്തുന്നവരുമാണ്. പക്ഷേ കമ്മ്യൂണിസ്റ്റ് സഹയാത്രികരായിരുന്നു. കമ്മ്യൂണിസ്റ്റ് സഹയാത്രികരെന്നുപറഞ്ഞാൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് നിഷേധിക്കുമോ? അത് അയോഗ്യതയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അത് വളരെ വ്യക്തമായ കാര്യങ്ങളാണ്. നമ്മളൊക്കെ രാഷ്ട്രീയക്കാരാണ്, ഒരു പരിധി വരെ നമ്മുടെ താൽപ്പര്യങ്ങൾ വരും. അങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥികളായ 2 ആളുകളെ വളരെ ഉന്നതമായി നിഷ്പക്ഷമായി നീതിപൂർവ്വകമായി പ്രവർത്തിക്കേണ്ട ഉപദേശകസമിതിയിലേക്ക് എടുത്തത് അഭികാമ്യമാണോ അല്ലയോ എന്ന് ബഹുമാനപ്പെട്ട മന്ത്രിയൊന്ന് ചിന്തിക്കണം. അതുപോലെ അബ്കാരി കുറ്റങ്ങൾ ചെയ്തവരെ ഓർഡിനൻസിൽ ഗുണ്ടകളുടെ ലിസ്റ്റിൽപ്പെടുത്തിയിരുന്നു. ഇവിടെ അതിന് ഒരു ലഘുവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വ്യാജവാറ്റുകാർ എന്ന് മാത്രമാണ് ചേർത്തിരിക്കുന്നത്. നാഷണൽ സെക്യൂരിറ്റി ആക്റ്റാണ് ഇതിന്റെ മെയിൻ ആക്റ്റ്. ഇന്ത്യയ്ക്ക് ആകെ ബാധകമായ ആക്റ്റാണത്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കർണ്ണാടകയുടെ ആക്റ്റും തമിഴ്നാടിന്റെ ആക്റ്റും ചൂണ്ടിക്കാണിച്ചു. ഈ രണ്ട് ആക്റ്റിന്റേയും കോപ്പി എന്റെ കയ്യിലുണ്ട്. ഞാനത് വളരെ നന്നായി പരിശോധിച്ചതാണ്. ഇവിടെ നമ്മൾ ഇത്തരം ഒരു ആക്റ്റ് പ്രധാനമായും പബ്ലിക് ഓർഡറിന് വേണ്ടിയാണ് കൊണ്ടുവരുന്നത്. ലാ ആന്റ് ഓർഡറും പബ്ലിക് ഓർഡറും തമ്മിൽ ചെറിയ വ്യത്യാസമുണ്ട്. ഒരു സാധാരണ മോഷ്ടാവ് ആരുമറിയാതെ മോഷ്ടിച്ചുകൊണ്ട് പോകുന്നത് ലാ ആന്റ് ഓർഡർ ഇഷ്യൂ ആണ്. നേരെമറിച്ച് ഒരു കത്തിയെടുത്ത് അല്ലെങ്കിൽ കുറേ ബോംബുമെടുത്ത് ആളുകളെ ഭീഷണിപ്പെടുത്തി; ഞാൻ ആക്രമിക്കും; ഞാൻ നിന്റെ വീട് കവർച്ച ചെയ്യുമെന്ന് പറഞ്ഞ് ആളുകളെ ഭീഷണിപ്പെടുത്തുന്ന അത്തരക്കാരെ നേരിടുന്നതിന് നിലിവിലുള്ള നിയമങ്ങൾ പോര. അപ്പോൾ അത്തരക്കാരെ നേരിടുന്നതിനാണ് നമ്മൾ നിയമങ്ങൾ കൊണ്ടുവരുന്നത്. പക്ഷേ എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് നിയമത്തിൽ 'കുപ്രസിദ്ധ റൗഡി', 'കുപ്രസിദ്ധ ഗുണ്ട' എന്നൊക്കെയാണ് എഴുതിച്ചേർത്തിട്ടുള്ളത്. അതിനുപകരം 'അറിയപ്പെടുന്ന റൗഡി', 'അറിയപ്പെടുന്ന ഗുണ്ട' എന്നുചേർക്കണം. കുപ്രസിദ്ധ ഗുണ്ടകളുണ്ടെങ്കിൽ സുപ്രസിദ്ധ ഗുണ്ടകളും സുപ്രസിദ്ധ റൗഡികളും വേറെയുണ്ടാകില്ലേ? നമ്മുടെ സിനിമയിലൊക്കെ കാണുന്ന നായകന്മാർ അവതരിപ്പിക്കുന്ന ആന്റി ഹീറോകളൊക്കെ സുപ്രസിദ്ധ റൗഡികളായിരിക്കും. ഇവിടെയൊരു കാര്യം ശ്രദ്ധിക്കേണ്ടത് കുപ്രസിദ്ധ റൗഡിയാണെങ്കിൽ കുപ്രസിദ്ധ ഗുണ്ടയാണെങ്കിൽ മാത്രമേ ആക്റ്റുപ്രകാരം നമുക്ക് ആളുകളെ പിടിക്കാൻ പറ്റുകയുള്ളൂ. റൗഡീയിസത്തിലും, ഗുണ്ടായിസത്തിലും ഗ്രാഡ്വേഷൻ പോര പോസ്റ്റ് ഗ്രാഡ്വേഷൻ ഉള്ളവരെ മാത്രമേ പിടിക്കൂവെന്നാണ് നമ്മുടെ നിയമത്തിൽ പറയുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ: ചില നാമപദങ്ങൾക്ക് വിശേഷണം ചേർക്കാവുന്നത് വളരെ സൂക്ഷിച്ചാണ്. സുപ്രസിദ്ധ റൗഡിയെന്ന് പറയാറില്ല. കുപ്രസിദ്ധം എന്നാണ് ചേർക്കുന്നത്. റൗഡിയായതുകൊണ്ട് അയാൾ സുപ്രസിദ്ധമെന്നുപറയുന്നത് ശരിയായ പ്രയോഗമല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങ് ഇതിനെക്കുറിച്ചുള്ള സോഷ്യോളജിയും സൈക്കോളജിയുമായിട്ടുള്ള കാര്യങ്ങളാണ് പറയുന്നത്. നമ്മുടെ സിനിമയിലേയും സാഹിത്യത്തിലേയും ആന്റി ഹീറോ സങ്കൽപ്പമുണ്ടല്ലോ. അതിൽ എസ്. പി. യെ അടിക്കുന്ന ആളുകൾ സുപ്രസിദ്ധരാണെന്നാണ് ഞാൻ പറഞ്ഞത്. അതിന് കുപ്രസിദ്ധനെന്ന വാക്ക് വേണ്ട. റൗഡിക്ക് പോസ്റ്റ് ഗ്രാഡ്വേഷൻ വേണ്ടായെന്നാണ് ഞാൻ പറയുന്നത്. നമ്മൾ മാത്രം എന്തിനാണ് ഒരു കുപ്രസിദ്ധ റൗഡിയായെങ്കിലെ അവനെ തടങ്കലിൽ വയ്ക്കാൻ പാടുളളൂവെന്ന് പറയുന്നത്? അതുകൊണ്ട് കുറച്ച് കൂടി നല്ല വാക്ക് ഉപയോഗിക്കണം. നോൺ റൗഡി, നോൺ ഗുണ്ടായെന്നതിന് അറിയപ്പെടുന്ന റൗഡി, അറിയപ്പെടുന്ന ഗുണ്ടായെന്ന് ആക്കുന്നതല്ലേ നല്ലത്. ഇംഗ്ലീഷ് വേർഷനിൽ അങ്ങനെയാണ് . ഇതിന്റെ ഓപ്പറേറ്റീവ് പാർട്ട് സെക്ഷൻ (3) ആണ്. സെക്ഷൻ (3)ൽ കുപ്രസിദ്ധ ഗുണ്ടകളേയും കുപ്രസിദ്ധ റൗഡികളേയും തടങ്കലിൽ വയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസർക്ക് നൽകുന്നതാണ്. ഇത് ഇരുതലമൂർച്ചയുള്ള ഒരു വാളാണ്. വളരെ സൂക്ഷിച്ചുമാത്രമേ കൈകാര്യം ചെയ്യാൻ പാടുളളൂ. നമ്മുടെ പോലീസിനെ കുറിച്ച് അറിയാമല്ലോ. അപ്പുറത്ത് ബഹുമാനപ്പെട്ട മന്ത്രി ഇരിപ്പുണ്ട്. നിങ്ങൾ പോലീസിനെ സ്വന്തം പാർട്ടിയിലെ താൽപ്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുമെന്ന് പറയുമ്പോൾ പരിഭവിക്കരുത്. ഈ വകുപ്പ് ഉപയോഗിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചത് പോലെ പൊന്നാനിയിലെ അലിമോൻ എന്നൊരാളെ അറസ്റ്റുചെയ്തു. അതുസംബന്ധിച്ച് റിവ്യൂ കമ്മിറ്റി പരിശോധിച്ചു വിട്ടു. ഇത് ഗുണ്ടകളെ പിടിക്കുന്നതിന് പകരം ....... പോലീസ് സാധാരണ ചെയ്യാറുള്ള കാര്യമുണ്ട്. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കുക അതിന് ശ്രീ. ഉമ്മറൊക്കെ ഇവിടെ സബ്മിഷൻ ഉന്നയിച്ചിരുന്നു. അതൊരു വലിയ പ്രശ്നമായി മാറിയപ്പോൾ മാർക്സിസ്റ്റ് പാർട്ടിയിലെ ഒരാളേയും പിടിക്കേണ്ടിവന്നു. വിവേചനമല്ലാതെ നീതിപൂർവ്വകമല്ലാതെ പോലീസുകാർ ഈ വകുപ്പ് കൈകാര്യം ചെയ്താൽ ബുദ്ധിമുട്ടുകളുണ്ടാകും. അതുകൊണ്ട് വളരെയധികം സൂക്ഷ്മത ഇക്കാര്യത്തിൽ പുലർത്തണം. അതിനുള്ള പ്രിക്കാഷൻസ് വേണം. നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 22 (5) ൽ പറയുന്നത് അറസ്റ്റ് ചെയ്യപ്പെടുന്ന ആളുകളെ കുറിച്ചും അവർക്ക് എതിരെ സ്വീകരിച്ചിരിക്കുന്ന നിയമത്തെക്കറിച്ചുമാണ് (5) When any person is detained in pursuance of an order made under any law providing for preventive detention, the authority making the order shall, as soon as may be, communicate to such person the grounds on which the order has been made and shall afford him the earliest opportunity of making a representation against the order. ഈ വിവരം അഞ്ച് ദിവസത്തിനുള്ളിൽ അറിയിക്കണമെന്നാണ് പറയുന്നത്. എന്നാൽ എനിക്ക് പറയാനുള്ളത്, ഒരു കോടതി വിധിയുണ്ട് വായിക്കാം. As per the said provision the officer who is passing the detention order with intention to falsely implicate a person shall be liable to ............. ഈ നിയമത്തിൽ പറയുന്നത് false ആയി

LIBRARY ARCHIVES Kerala Legislative Assembly

ആരെയെങ്കിലും പിടിക്കുന്നെങ്കിൽ ഒരു ചെറിയ ശിക്ഷ ഒരു പെനാൽറ്റി ഉണ്ട്. ഇതിൽ ഈ detention-ന് ഒരാളെ preventive detention-ന് വേണ്ടി മുതിരുമ്പോൾ എല്ലാ വിവരവും കൊടുക്കാൻ കഴിയണം. അല്ലെങ്കിൽ ജയിലിൽ വച്ച് അറിയിക്കണം. അയാളുടെ കൈയിൽ നിന്ന് റെസീപ്റ്റ് ഒപ്പിട്ട് വാങ്ങിക്കണം; ഇനി പോലീസിന് മുൻപിൽ കിട്ടിയ കക്ഷിയെ അറിയിക്കാൻ വേറെ ഒരു വഴിയുമില്ലെങ്കിൽ അയാളുടെ ബന്ധുക്കളെ അറിയിക്കണം . എന്നുള്ള ഒരു വകുപ്പുകൂടി കൂട്ടിച്ചേർക്കണം. ഒരുപാട് കോടതി വിധികൾ ഇതുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുണ്ട്. അതോടൊപ്പം അതിൽ എഴുതിച്ചേർക്കേണ്ട കാര്യത്തിലും ഭേദഗതിയുണ്ട്. അറിയാവുന്ന ലാംഗ്വേജിൽത്തന്നെ അയാളെ വായിച്ച് കേൾപ്പിക്കണം. അയാളുടെ ബന്ധുക്കളെ അറിയിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇപ്പോൾ നേരത്തെ കോടതി വിധി ഇല്ലാതെ തന്നെ പോലീസ് ഓഫീസർമാർ തന്നെ കണ്ടെത്തി ഗുണ്ട എന്നു നിർവ്വചിക്കാൻ കഴിയുന്ന വിധത്തിൽ വകുപ്പുണ്ട്. ഇക്കാര്യത്തിന് കോടതിയിൽ പോകണമെന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജഡ്ജി വിധി പറയും മുൻപേ ഏതെങ്കിലും രണ്ട് ആളുകൾ പരാതി നൽകിയാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ ഇത്തരം കുറ്റം ചെയ്തു എന്ന് ബന്ധപ്പെട്ട പോലീസുകാരന് ബോദ്ധ്യപ്പെടുകയും ചെയ്താൽ ഇയാളെ ഗുണ്ടയുടെ പരിധിയിൽ ഉൾപ്പെടുത്താമെന്നു പറയുന്ന രീതിയിൽ ഒരു ക്ലാസ് ഉണ്ട്. ഇത് വളരെ അപകടകരമായ ഇടപെടലുകളിലേക്ക് കൊണ്ടെത്തിക്കും. ഭരിക്കുന്ന കക്ഷികളും അവർ തീരുമാനിക്കുന്ന പോലീസ് ഉദ്യോഗസ്ഥനും വേണമെങ്കിൽ ആരെയും ഗുണ്ടയാക്കാൻ കഴിയുന്ന ഒരു വകുപ്പ് ഇതിൽ ഉണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇത് ദുരുപയോഗം ചെയ്യുമെന്ന ആശങ്ക എല്ലാവരിലുമുണ്ട്. ഇത് വളരെ സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ട കാര്യമാണ്. അങ്ങനെ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ആവശ്യമായ വകുപ്പുകൾ ഇതിൽ ചേർക്കണം. നേരത്തെ പറഞ്ഞ detention-നെ സംബന്ധിച്ച വിവരം അയാളെ അറിയിക്കണം. അതിന് കോടതിയിൽ ഉപയോഗിക്കുന്ന വാക്ക് communicate എന്നാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ എവിഡൻസും വെറുതേ ഒരു വെള്ളക്കടലാസ്സിൽ എഴുതി നിന്നെ ഒരു റൗഡിയായി പ്രഖ്യാപിച്ചിരിക്കുന്നു എന്ന് പറഞ്ഞ് അയാൾക്ക് കൊടുക്കാൻ പറ്റില്ല. ഏതാണ് കാരണം ഏതൊക്കെ കേസ്സാണ് എന്നതിനെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ അയാളെ അറിയിക്കണം. അയാളുടെ ബന്ധുക്കളെ അറിയിക്കണം. അഞ്ച് ദിവസത്തിനുള്ളിൽ കൊടുക്കണം. കോഫേപോസ-യിൽ പറഞ്ഞിരിക്കുന്നത് അഞ്ചുദിവസം എന്നല്ല as soon as എന്നാണ് പറഞ്ഞിരിക്കുന്നത്. അഞ്ച് ദിവസത്തിനുള്ളിൽ എന്നതിനുപകരം വളരെ വേഗം തന്നെ എന്ന് ഭേദഗതി കൊണ്ടുവരണം. ഇതുമായി ബന്ധപ്പെട്ട ഒരു ലേഖനത്തിൽ വന്ന വാചകം ഞാൻ വായിക്കാം Preventive detention is an invasion on personal liberty violating the fundamental rights governed by the Constitution of India. Therefore periodical review of the detention order is necessary and hence the new provision may be added in the Act for the said purpose. Since this is a matter of violation on the fundamental rights. India is a country wheeled with a rule of law having Constitution with fundamental rights

LIBRARY ARCHIVES Kerala Legislative Assembly

and therefore it is the duty of the democratic Government to review the detention order periodically to assess the situation and to consider whether it is necessary to continue the detention or not the stage by stage. This principle is reported in AIR 1974/SC/832/ Shri Anil Dev *vs.* State of West Bengal. ഈ വിധി പറഞ്ഞത് ചീഫ് ജസ്റ്റീസ് ആയിരുന്ന വി. ആർ. കൃഷ്ണയ്യരാണ്. തീർച്ചയായും യാതൊരു കാരണവും ഇല്ലാതെ പോലിസുകാർക്ക് തോന്നുന്ന വിധത്തിൽ ആളുകളെ എടുത്തു detain ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഈ വിധി ന്യായം വായിച്ചതുൾപ്പെടെയുള്ള ബന്ധപ്പെട്ട കാര്യങ്ങൾക്ക് അന്യായമായി ഒരുപാട് മാസക്കാലം ജയിലിൽ കിടന്നിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി. അദ്ദേഹം ഇത്തരം ഒരു ബിൽ കൊണ്ട് വരുമ്പോൾ ഇക്കാര്യത്തെക്കുറിച്ചെല്ലാമുള്ള precaution ഉണ്ടാകുമെന്ന് സ്വാഭാവികമായി കരുതാൻ കഴിയുന്ന കാര്യമാണ് എന്ന് അങ്ങേക്കറിയില്ലേ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സ്വാഭാവികമായി അങ്ങനെ കരുതാമെങ്കിലും അനുഭവത്തിൽ അങ്ങനെയല്ല. എന്നാണ് ബോധ്യമാകുന്നത്. അതുകൊണ്ട് വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണ് . ദോശ ചുട്ടെടുക്കുന്നപോലെ എടുക്കാൻ കഴിയുന്ന ഒരു നിയമം അല്ല ഇത്. വളരെ ഡീറ്റെയ്ൽഡ് ആയി ഡിസ്കസ് ചെയ്ത്.....

മി. ഡെപ്യൂട്ടി സ്പീക്കർ: ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിൽ ഇത് വരുമല്ലോ:

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതിന്റെ spirit of the law നാം മനസ്സിലാക്കണം. അങ്ങ് തിരക്ക് കൂട്ടിയാൽ ഇത് ആരുടെയൊക്കെ മേലാണ് എടുക്കുക എന്ന് ഇന്ന് പറയാൻ കഴിയില്ല. ഒരു പക്ഷേ സി.പി.ഐ.(എം) സി.പി.ഐ. ക്കാരുമായി തെറ്റിക്കഴിഞ്ഞാൽ സി.പി.ഐ. ക്കാർക്കെതിരെ എടുത്തുകൂടെന്നുണ്ടോ? അത് സാധാരണയായി ഉണ്ടാകുന്ന ഒരു അനുഭവമാണ്.

ശ്രീ. സാജു പോൾ: ശ്രീ. കുട്ടി അഹമ്മദ് കുട്ടി സാഹിബ് വളരെ ഗൗരവപൂർവ്വം ഏറ്റവും ഫലപ്രദമായി കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത കാലത്ത് ഒരുപാട് ഗുണ്ടകളെപ്പറ്റിയുള്ള വിവരങ്ങൾ നമ്മൾ അറിഞ്ഞിട്ടുണ്ട്. അതിൽ കോടാലി ശ്രീധരൻ എന്നു പറയുന്ന കുപ്രസിദ്ധ ഗുണ്ടയെ അറസ്റ്റ് ചെയ്തപ്പോൾ അയാളെ ആദ്യമായി കുറ്റകൃത്യങ്ങൾക്ക് നിയോഗിച്ചത് മലപ്പുറം ഡി.സി.സി. ട്രഷറർ ആണെന്നും തൃശ്ശൂർ ഡി.സി.സി. സെക്രട്ടറി ചെയ്തുതന്ന സഹായങ്ങൾക്ക് പ്രതിഫലമായി വൻതുക നൽകിയെന്നും മൊഴി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കാര്യങ്ങൾ എന്നേക്കാൾ അധികംഅറിയാവുന്ന കുട്ടി അഹമ്മദ് കുട്ടി സാഹിബിനാണല്ലോ. ഇത്തരത്തിൽ കോടാലി ശ്രീധരൻമാരെ വളർത്തുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : കോടാലി ശ്രീധരൻ എന്നയാൾ ഒരുപാട് കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആളാണ്. അയാൾ പോലീസിന്റെ മുൻപിൽ വച്ച് എല്ലാ പാർട്ടിയും ആയാളെ ഉപയോഗിച്ചുവെന്ന് പറഞ്ഞു. എല്ലാ പാർട്ടിയുമായി ബന്ധമുണ്ട് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ഗുണ്ടകൾ ഉൾപ്പെടെയുള്ള ആളുകൾ ഒരു പരിധിവരെ സഹായം അന്വേഷിച്ച് എല്ലാ പാർട്ടിയുടെ അടുത്തും ചെല്ലുമെന്ന് ശ്രീ. സാജുപോൾ ബോധപൂർവ്വം എന്നെക്കൊണ്ട് പറയിക്കുന്നതാണ്. രണ്ട് ആളുകളെ പറയാൻ വേണ്ടി ആണ് സി.പി.ഐ. ക്കാരാണ്.......

ശ്രീ. പി. ജയരാജൻ : ഘടക പാർട്ടികളെ ഉദ്ദേശിച്ചാണ് ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നാണോ ധരിച്ചിരിക്കുന്നത്? അടിയന്തിരാവസ്ഥക്കാലത്ത് കോൺഗ്രസ് വിട്ട് ഇടതുപക്ഷത്തേയ്ക്കു വന്ന മാണി സാറിന്റെ പാർട്ടിയെ ഭീഷണിപ്പെടുത്തി കോൺഗ്രസ് നടത്തിയ പ്രവർത്തനം ഓർത്തുകൊണ്ടാണോ ഇക്കാര്യം പറയുന്നത്?

ശ്രീ. കെ. ബാബു: സി.പി.ഐ.(എം) -ൽ സമീപ കാലത്തുണ്ടായ വിഭാഗിയതയുടെ അടിസ്ഥാനത്തിൽ വി. എസ്. ഗ്രൂപ്പിനെതിരായി ഉപയോഗിക്കും എന്ന ആശങ്ക അങ്ങേക്കുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതൊക്കെ കഴിഞ്ഞു പോയ കാര്യങ്ങളാണ്. നമ്മൾ വളരെ ഗൗരവമായി കാണേണ്ട സംഗതികളാണ്. അവിടെയും ഇവിടെയും ഇരിക്കുന്ന നമ്മൾ രാഷ്ട്രീയക്കാർ വളരെ വിശാലമായി ചിന്തിക്കുന്ന നമ്മൾ ചിലപ്പോഴൊക്കെ സങ്കുചിതമായ രീതിയിലേക്ക് ഞങ്ങളായാലും നിങ്ങളായാലും വരും. അപ്പോൾ ഇക്കാര്യത്തെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥൻമാരും അവർക്ക് ദേഷ്യമുള്ള ആളുകളെ ഉൾപ്പെടുത്താൻ ശ്രമിക്കും. ഗ്രൂപ്പിസം ഉണ്ടായാൽ ആ ഗ്രൂപ്പിസത്തിനുവേണ്ടി ഉപയോഗിച്ചു എന്നു വരാം. അത് മനുഷ്യ സഹജമാണ്. അതിനുസരിച്ച് ഉയർന്നിട്ട് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഇത് ഉപയോഗിച്ച് പോലീസുകാർ വന്നിട്ട് ഉപദേശിക്കും. ആരു ഭരിക്കുന്നോ അവരുടെ കൂടെ നിന്ന് വന്നിട്ട് പറയും മറ്റവനെ ഗുണ്ടാ ആക്റ്റിൽപെടുത്തി കസ്റ്റഡിയിൽ എടുക്കാം. അവനെക്കൊണ്ട് ഭയങ്കര ബുദ്ധിമുട്ടാണ്; ഗുണ്ടാ ആക്ടിൽപ്പെടുത്താം എന്നുപറഞ്ഞുകൊണ്ട് നമ്മളെ ഉപദേശിക്കുന്നു. ചില ആളുകൾ വീണുപോകും. എം.എൽ.എ. മാർ ആരെങ്കിലും അതിന് പിന്നാലെ പോയെന്നിരിക്കും. ഗുണ്ടകളെ അമർച്ച ചെയ്യുന്നതോടൊപ്പം തന്നെ നിരപരാധികളെ ഹരാസ് ചെയ്യുന്ന ഒരു അവസ്ഥ ഉണ്ടാകുകയും ചെയ്യരുത് എന്നാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ അബ്ക്കാരിയെക്കുറിച്ച് ഒരു നേരിയ പരമാർശം മാത്രമേയുള്ളു. അതോടൊപ്പം തന്നെ വനം കൊള്ളക്കാരെ ഇതിലൊന്നും ഉൾപ്പെടുത്തിയിട്ടില്ല. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്തണം. ആധുനിക കാലഘട്ടത്തിൽ ഒരുപാട് കുറ്റകൃത്യങ്ങൾ പുതുതായി വന്നിരിക്കുകയാണ്. ഇതിൽ പണത്തിനുവേണ്ടി എന്തും ചെയ്യാമെന്നുള്ള സ്ഥിതിയാണ് ഇപ്പോൾ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെ വണ്ടിപിടുത്തക്കാർ അങ്ങനെ ഒരുപാട് ആളുകൾ ഉണ്ട് . ക്ലാസ് ബൈ ക്ലാസ് ആകുമ്പോൾ അതൊക്കെ ചേർത്ത് വരണം എന്നാണ് എനിക്ക് പറയാനുള്ളത്. പൊന്നാനിയിലെ ആലിമോനെയും അതുപോലെ കാസർഗോഡുള്ള ആളുകളേയും അറസ്റ്റ് ചെയ്ത അനുഭവങ്ങൾ ഉണ്ടാകരുത്. റിവ്യൂ കമ്മിറ്റിക്ക് വരെ അവരെ വിടേണ്ടി വന്നു എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഓർക്കണം. ഞാൻ പറഞ്ഞതുപോലെ, പോലീസുകാർക്ക് ഈ അധികാരം കൊടുത്താൽ ഇത് ഭസ്മാസുരന് വരം കൊടുത്തപോലെ ആകരുത്. അത് സൂക്ഷിക്കേണ്ടി വരും. ഞാൻ ഒരു കാര്യം ഓർക്കുകയാണ്. പഞ്ചായത്തീ രാജ് നിയമങ്ങൾക്ക് ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ ഇതിലെ ക്രിമിനൽ കുറ്റങ്ങളുടെ വിവരം കൊടുക്കണമെന്ന് പറഞ്ഞപ്പോൾ വളരെ ശക്തമായി എതിർത്തത്, ഓർക്കുന്നുണ്ടോ? സ്ഥാനാർത്ഥികളുടെ ലിസ്റ്റ് കൊടുക്കുമ്പോൾ ക്രിമിനൽ കുറ്റവാളിയാണോ അവരുടെ കുറ്റകൃത്യങ്ങളുടെ വിവരം വ്യക്തമായി വെളിപ്പെടുത്തണമെന്നു പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. അത് അത്തരത്തിലുള്ള ആറ് കേസ്സുകളിലെങ്കിലും ഉൾപ്പെട്ട ആളുകളെ ഇതിന്റെ പരിധിയിൽ വരുത്തണം. അത് രാഷ്ട്രീയക്കാരാണെന്ന് നോക്കണ്ട. ആ ആളുകളെ കൂടി ചേർക്കണം. പേടിയുണ്ടാകും, അപ്പുറത്തിരിക്കുന്നവർ കഴിഞ്ഞ പ്രാവശ്യം പ്രതിപക്ഷത്തിരുന്നപ്പോൾ നടത്തിയ സമരങ്ങളിൽ ഒരുപാട് പൊതു മുതൽ നശിപ്പിച്ചിട്ടുണ്ട്. ആ പ്രവണതയും കൂടി ഇല്ലാതാക്കാൻ വേണ്ടി ശ്രമിക്കണം. ഇത് കുറേക്കൂടി കുറ്റമറ്റതായ രീതിയിൽ പാസ്സാക്കി എടുക്കാൻ വേണ്ടിയുള്ള ശ്രമം വേണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, അങ്ങേയ്ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന ഒന്നാം നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, "2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന" ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗുണ്ടകൾ ഇന്ന് വളരെ ഏറെയും ഗുണ്ടകളുള്ള നഗരമാണ് കൊച്ചി. ആ കൊച്ചിയിലേയ്ക്ക് വളരെയേറെ ഗുണ്ടകളെ സപ്ലൈ ചെയ്യുന്ന ഒരു പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. പലപ്പോഴും ഈ ഗുണ്ടകൾ എങ്ങനെ രൂപം കൊള്ളുന്നു എന്ന് കൂടി പറഞ്ഞിട്ട് തുടങ്ങാം. ഇവരെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ ഏറ്റവും സാധാരണക്കാരായ ഏറ്റവും നല്ല രീതിയിൽ ജീവിക്കുന്ന പാവങ്ങളായിട്ടുള്ള അച്ഛന്റേയും അമ്മയുടേയും മക്കളാണ് പലരും പിന്നീട് ഗുണ്ടകളായിട്ട് മാറിയിട്ടുള്ളതെന്ന് എനിക്ക് ഒരു അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഗുണ്ടകളായിട്ട് എങ്ങനെയാണ് മാറുന്നത്? ഒന്ന്, തൊഴിലില്ലായ്മ. ഈ നാട്ടിലെ സാമ്പത്തിക പ്രതിസന്ധികൾ. ഈയൊരു സാഹചര്യത്തിൽ ഇവർ പലപ്പോഴും പലരുടേയും നിന്ദാവചനങ്ങൾ കേൾക്കുകയും അതിന് പ്രതിഷേധിക്കുകയും ചെയ്തതിനു ശേഷം ഗുണ്ടകളെ എല്ലാം റിക്രൂട്ട് ചെയ്യുന്ന ലോക്കലായിട്ടുള്ള ആശാൻമാരുടെ അടുത്തേയ്ക്ക് മറ്റ് ഗുണ്ടകളുടെ കൂടെപോകുകയും ചെയ്തിട്ട് ആദ്യം അതിൽ നിന്ന് മാറി നിൽക്കുകയും പിന്നീട് അവരുടെ കൂടെ ചെല്ലുകയും ചെയ്യുന്നു. അങ്ങനെ പോകുന്ന അവസരത്തിൽ ഭക്ഷണവും അൽപം പൈസയും വാഹനസൗകര്യങ്ങളെല്ലാം കൊടുക്കുകയും പിന്നീട് ആദ്യമായി പലപ്പോഴും വാഹനപിടുത്തത്തിലേയ്ക്ക് പോകുകയും ആ വാഹനങ്ങൾ പിടുത്തത്തിലേയ്ക്ക് പോകുന്ന അവസരത്തിൽ അതുമായി കാഴ്ചക്കാരായി നിൽക്കുകയും ആ അവസരത്തിൽ അവർക്ക് പണം കൊടുക്കുകയും അതിന് ശേഷം പിന്നീട് ആക്റ്റിവിറ്റീസുകളിലേയ്ക്ക് വരികയും വീണ്ടും ക്രിമിനൽ കേസ്സുകളിൽപ്പെടുകയും പിന്നീട് സ്ഥിരം ഗുണ്ടയായിട്ട് മാറുകയും ചെയ്യുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഇത്തരം ഗുണ്ടകളെ ഈ ഓർഡിനൻസ് വന്നതിന് ശേഷം എങ്ങനെയാണ് നമുക്ക് അനുഭവപ്പെട്ടത്. ഈ ഓർഡിനൻസ് വന്നതിനു ശേഷം കൊച്ചി നഗരത്തിലും കേരളത്തിൽ എല്ലായിടത്തും തന്നെ ഗുണ്ടാ ആക്റ്റിവിറ്റി വളരെ അധികം കുറഞ്ഞു എന്നുള്ളത് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. നമ്മുടെ നാട്ടിൽ പല ഗുണ്ടകളും ഈ ഗുണ്ടാപ്രവർത്തനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് മാറി. അതുപോലെ ക്രിമിനൽ ആക്റ്റിവിറ്റീസ് കുറഞ്ഞു. പല ഗുണ്ടകളും ഇതിൽ നിന്നും പിൻമാറി. വേണമെങ്കിൽ അവരുടെ പേര് സഹിതം എനിക്ക് ഓരോന്നായി പറയാൻ കഴിയും. ഇതെല്ലാം പറയുമ്പോൾ ഇവിടെ നടന്ന ചർച്ചയിൽ പ്രധാനപ്പെട്ടത് ഇന്ന് കസ്റ്റഡിയിൽ കിടക്കുന്ന ഒരു പ്രതിയാണ് തമ്മനം ഷാജി. ബഹുമാനപ്പെട്ട യു.ഡി.എഫ്-ലെ ആളുകളോട് ചോദിക്കാനുള്ളത് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് തമ്മനത്ത് യു.ഡി.എഫ്-ന്റെ ബൂത്തിലെ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന ഒരാളായി തമ്മനം ഷാജി നിൽക്കുകയും എൽ.ഡി.എഫ്-നെ ഭീഷണിപ്പെടുത്തുകയും അതിനോട് പ്രതികരിക്കുകയും ചെയ്ത ഒരാളാണ് ഞാൻ. അപ്പോൾ നിങ്ങൾ എന്തുകൊണ്ട് ഈ ഗുണ്ടകളെ പ്രൊട്ടക്ട് ചെയ്യുന്നു? ഗുണ്ടകളെ പ്രൊട്ടക്ട് ചെയ്യുന്നത് പൊളിറ്റീഷ്യൻസ് ആണെന്ന് പലപ്പോഴും പറയും. പക്ഷെ ഏത് പൊളിറ്റീഷ്യൻസ് ആണെന്ന് വ്യക്തമാക്കണം. മറിച്ച് എൽ.ഡി.എഫ്-നെ സംബന്ധിച്ചിടത്തോളം ഇങ്ങനെ പ്രൊട്ടക്ട് ചെയ്യുന്ന ഒരു character ഞങ്ങൾക്ക് ഇല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചില പരമാർശങ്ങൾ അതുപോലെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സാഹിബിന്റെ ചില പരമാർശങ്ങൾ, അതിൽ പറയുന്നത് എന്താണെന്നുവച്ചാൽ മഹാരാഷ്ട്രയിലും കർണ്ണാടകയിലും തമിഴ്നാട്ടിലും വന്ന ആക്ടുകളെ സംബന്ധിച്ചാണ് ഇതുപോലെ വേറെയും ആക്ടുകൾ ടാഡാ ഉണ്ട്, എൻ.എസ്.എ. ഉണ്ട്. ആ ആക്ടുകൾക്ക് അനുരോധം പോലെയായിരിക്കണമോ കേരളത്തിൽ ഒരു ആക്ടിന് നമ്മൾ രൂപം കൊടുക്കേണ്ടത്? ഇതിനെ സംബന്ധിച്ച് മഹാരാഷ്ട്രയിൽ പ്രത്യേകിച്ച്, ബോംബെയിൽ ക്രിമിനൽ ആക്റ്റിവിറ്റിക്കെതിരായി നിയമം വരുന്നത് മാത്രമല്ല അന്ന് റിവേറോ എന്നുപറയുന്ന പോലീസ് ഉദ്യോഗസ്ഥൻ 'shoot at sight' നടപ്പിലാക്കി. അതിന് ശേഷമാണ് അവിടെയുള്ള ഗുണ്ട എലിമെന്റ്സിൽ കുറവ് സംഭവിച്ചത്. എന്നിട്ടും ബോംബെയിൽ കലാപങ്ങൾ വീണ്ടും ഉണ്ടായി. ഇവിടെ ഈ പറയുന്ന ഒരു നിയമം കൊണ്ടുവരണം. ഈ നിയമം എങ്ങനെ കൊണ്ടുവരണം? ഏറ്റവും പ്രാഥമികമായി ഈ നിയമത്തെ പരിശോധിക്കേണ്ടത് ഇത് ഭരണഘടനാനുസൃതമാണോ എന്നാണ്. ഇത് കോൺസ്റ്റിറ്റ്യൂഷണലായിട്ട് നമ്മൾ എങ്ങനെയാണ് ഇതിനെ സമീപിക്കേണ്ടത്? ഒന്ന് ആർട്ടിക്കിൾ 14 – നിയമത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണ്. അതാണ് ആർട്ടിക്കിൾ 14. ആർട്ടിക്കിൾ 16 വരുമ്പോൾ equality between equals വരുന്നു. മറ്റൊന്ന് ഒരു സ്റ്റേറ്റ് ആർട്ടിക്കിൾ 14-നെ കൈകാര്യം ചെയ്യുമ്പോൾ അതിൽ ആർട്ടിക്കിൾ 21 നമ്മൾ consider ചെയ്യണം. അതിൽ ലിബർട്ടിയെക്കുറിച്ചാണ് പറയുന്നത്. അതിൽ അബ്സല്യൂട്ട് ലിബർട്ടിയെക്കുറിച്ച് പറയുന്നുണ്ട്. ഈ അബ്സല്യൂട്ട് ലിബർട്ടി എന്നുപറയുന്നത് സ്റ്റേറ്റിൽ അധിഷ്ഠിതമാണെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ സ്റ്റേറ്റിന് എങ്ങനെയും നിയമം ഉണ്ടാക്കാം. പക്ഷെ അങ്ങനെ എങ്ങനെയും നിയമം ഉണ്ടാക്കാൻ കഴിയുമോ? ഡെമോക്രാറ്റിക്കായി അബ്സല്യൂട്ട് ലിബർട്ടിയെ ഉപയോഗിക്കുന്നതാണ് ഈ പറയുന്ന ബിൽ. ഈ ബിൽ ഞാൻ പരിശോധിച്ചു. ഇതിന് മുമ്പ് ഉണ്ടായിരുന്ന യു.ഡി.എഫ്-ന്റെ ബിൽ പരിശോധിച്ചു. ആ രണ്ട് ബില്ലുകളും പരിശോധിച്ചപ്പോൾ അതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് സെലക്ട് കമ്മിറ്റിക്ക് വിടുന്ന ഈ ബിൽ എല്ലാംകൊണ്ടും വളരെ പെർഫക്ട് ആയിട്ടുള്ള ഒരു ബില്ലാണെന്ന് എനിക്ക് പറയാൻ കഴിയും. പിന്നീടുള്ള വാക്കുകൾ അതിനെക്കുറിച്ചാണ് പറയുന്നത്. മറ്റൊന്ന്, ക്രിമിനൽ ആക്ടിവിറ്റീസ് ഇവിടെ പറയുന്നത്, "Crime Statistics of Kerala in respect of violent crimes compared with national average in India" എന്നതിൽ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുമ്പോൾ എൽ.ഡി.എഫ് അധികാരത്തിൽ വന്നതിനു ശേഷം പല ക്രിമിനൽ ആക്റ്റിവിറ്റീസും കേരളത്തിലെ വലിയ നഗരങ്ങളിലും കേരളമെമ്പാടും കുറഞ്ഞുവരുന്നു എന്നുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്നത്. എങ്ങനെയാണെങ്കിലും ഈ പരിതസ്ഥിതിയിലും ഒരു നിയമം കൊണ്ടുവരുമ്പോൾ ആ നിയമം കുറ്റമറ്റതായിരിക്കണം. ആ നിയമം കുറ്റമറ്റതാകാൻ, എന്തുകൊണ്ടാണ് ഈ നിയമം കൊണ്ടുവരുന്നത് എന്നുള്ളതിന് ഒരു പരിശോധന ആവശ്യമാണ്. നമുക്ക് ഐ.പി.സി. ഉണ്ട്, സി.ആർ.പി.സി. ഉണ്ട്. ആ ഐ.പി.സി-യും സി.ആർ.പി.സി-യുമൊക്കെ നിലനിൽക്കുമ്പോൾ അതിന്റെ എല്ലാം സത്താംശയെ സോഷ്യൽ വാണിംഗ് എന്നാണ് പറയുന്നത്. ഒരാൾ ഒരു കൊലപാതകം ചെയ്യുന്നു. അല്ലെങ്കിൽ പോകുന്ന പോക്കിൽ ഒരാൾ കൈയ്യിൽ വെട്ടുകത്തിയെടുത്ത് വെട്ടുന്നു. കൈവെട്ടു കൊള്ളുന്നു. അപ്പോൾ അതിന് ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് ഒരു ശിക്ഷ കിട്ടും. ആ ശിക്ഷയെന്ന് പറയുന്നത്, it is a social warning. പക്ഷെ ഒരു ക്രിമിനൽ, ഒരു ഗുണ്ട, ഒരു തെമ്മാടി, ഒരു ചട്ടമ്പി, മാഫിയ അങ്ങനെയുള്ള ആൾക്കാരെ സംബന്ധിച്ചിടത്തോളം ഇവർക്ക് സോഷ്യൽ വാണിംഗ് ഒരു പ്രശ്നമേയല്ല. ഇത് പ്രതിനായകൻമാരുടെ ഒരു കാലഘട്ടമാണ്. പ്രതിനായകൻമാരെ സൃഷ്ടിച്ച ഒരു കാലഘട്ടമാണ്. പ്രോഗ്രസ്സീവായിട്ടുള്ള ഒരു സിവിൽ സൊസൈറ്റിയിൽ, ഒരു ഡെമോക്രാറ്റിക് സൊസൈറ്റിയിൽ ജനാധിപത്യ സംവിധാനത്തിൽ നമ്മൾ കുറ്റമറ്റ ഒരു നിയമം കൊണ്ടുവരുമ്പോൾ ഈ പറയുന്ന ആർട്ടിക്കിൾ 14-നേയും ആർട്ടിക്കിൾ 21-നേയും അതോടൊപ്പം തന്നെ പറയുന്ന ഈ ക്രൈമിനെ എങ്ങനെയാണ് സമൂഹം കാണുന്നത്. വളരെയേറെപ്പേർ ഈ ഐ.പി.സി.-ക്കും സി.ആർ.പി.സി.-ക്കും വിധേയമായിട്ട് നിൽക്കുമ്പോൾ മറ്റു കുറേപേർ അതിന് വിധേയമല്ലാതെ അതിൽ നിന്ന് മാറി നിന്നുകൊണ്ട് അവർ പറയുന്നത് ശരി ഞങ്ങൾക്ക് ഇതൊന്നും ബാധകമല്ല എന്നാണ് പറയുന്നത്. ഈ പറയുന്ന ബില്ലിൽ അതുസംബന്ധിച്ച് ഒരുഭാഗത്ത് പ്രത്യേകം പറയുന്നുണ്ട്. നിലവിലുള്ള ചട്ടങ്ങളിൽ നിന്നുകൊണ്ട് ആ നിലവിലുള്ള ചട്ടങ്ങളിൽ കൂടി രക്ഷപ്പെട്ടുപോയി ക്രിമിനൽ ആക്ടിവിറ്റി യഥേഷ്ടം ചെയ്യുന്ന ഗുണ്ടകൾക്ക് ഒരു പുതിയ നിയമം, പുതിയ ബിൽ അനിവാര്യമായി വരുന്നു. അതാണ് ഈ ബില്ലിന്റെ റിലവൻസ്. അപ്പോൾ ചോദിക്കും എൻ.എസ്.എ. നിലവിലില്ലേ എന്ന്. ഉണ്ട്. എന്തുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് എൻ.എസ്.എ. എന്നു പറയുന്നത് നടപ്പിലാക്കുന്നില്ല. ബഹുമാനപ്പെട്ട നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണൻ അടിയന്തിരാവസ്ഥക്കാലത്ത് 18 മാസം ജയിലിൽ കിടന്നതാണ്. അപ്പോൾ ഞങ്ങളൊക്കെ പുറത്തായിരുന്നു. അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒപ്പിട്ട എസ്.എഫ്.ഐ.-യുടെ മെമ്പർഷിപ്പ് പൊക്കിക്കൊണ്ട് ഞങ്ങൾ പറയും ഞങ്ങളുടെ നേതാവ് ജയിലിനകത്താണെന്ന്. അന്ന് പലരും പറയും നീ ഇതെല്ലാം കൊണ്ടുനടന്നാൽ നീയും അകത്തുപോകും. അങ്ങനെ 18 മാസം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ജയിലിനകത്തായിരിക്കുമ്പോൾ ഞങ്ങളൊക്കെ പുറത്തായിരുന്നു. പോലീസ് എപ്പോഴും ഞങ്ങളുടെ പിറകെയുണ്ടായിരുന്നു. മറ്റൊന്ന് ഡോ. തോമസ് ഐസക് അന്ന് അകത്താകുകയും ഡോ. തോമസ് ഐസക്കിനെതിരായിട്ട് ഒരാൾ കള്ളസാക്ഷി കൊടുക്കുകയും ചെയ്തു. ഒരു നോട്ടീസ് ഇറങ്ങിയപ്പോൾ അത് അറപ്പും വെറുപ്പും ഉണ്ടാക്കുന്നു എന്നുപറഞ്ഞുകൊണ്ട് കള്ളസാക്ഷി പറയിപ്പിച്ച് അവസാനം സാക്ഷി വിസ്താരത്തിൽ കുറച്ച് കഴിഞ്ഞപ്പോൾ അത് പൊളിഞ്ഞു. മറ്റൊന്ന് അന്ന് പ്രകടനം നടത്തിയ ശ്രീ. എം.എ. ബേബി തല്ല്കൊണ്ട് അകത്തായി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ അകത്തായി. അതുപോലെ ബഹുമാനപ്പെട്ട എം. വിജയകുമാർ അകത്തായി. അടിയന്തിരാവസ്ഥയുടെ അട്രോസിറ്റീസിന് വിധേയമായിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിമാരും എം.എൽ.എ.-മാരുമുണ്ട്. ഭരണപക്ഷത്തിരിക്കുന്നവരിൽ അധികം പേരും അടിയന്തിരാവസ്ഥയുടെ ഈ പറയുന്ന മർദ്ദനങ്ങൾക്കും ഭീകര നിയമങ്ങൾക്കും ഇരയായിപ്പോയിട്ടുള്ളവരാണ്. ഇത് പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളെ ഞാൻ കാണാതെപോകുന്നില്ല. കണ്ണൂർ എം.എൽ.എ. ആയിട്ടുള്ള ശ്രീ. സുധാകരൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ഇപ്പുറത്തുണ്ടായിരിക്കുകയും ബഹുമാനപ്പെട്ട വൈക്കം വിശ്വന്റെ നേതൃത്വത്തിൽ അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ജാഥയുമായി മുന്നോട്ടുപോകുകയും ചെയ്തു. നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ ആ ജാഥയിൽ ഉണ്ടായിരുന്നു എന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ കാലം മാറിയപ്പോൾ ഒരുപാട് മാറി. അതുകൊണ്ട് ഈ അടിയന്തിരാവസ്ഥയുടെ തിക്താനുഭവം എല്ലാവരക്കും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചു; അടിയന്തിരാവസ്ഥയുടെ കാലഘട്ടമല്ലല്ലോ ഇത് എന്ന്. അല്ല, പക്ഷെ അടിയന്തിരാവസ്ഥ കാലഘട്ടം ഉണ്ടോ എന്നുള്ളതല്ല, ആ നിയമത്തിന്റെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ എന്തായിരുന്നു? ഇൻഡ്യയിലെ നിയമമനുസരിച്ച് ഒരു പൗരനെ 24 മണിക്കൂർ മാത്രമേ കസ്റ്റഡിയിൽ വയ്ക്കാൻ പാടുള്ളു. പക്ഷെ അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ആരെയും എപ്പോഴും കസ്റ്റഡിയിൽ വയ്ക്കാവുന്ന ഒരു അവസ്ഥയായിരുന്നു. അടിയന്തിരാവസ്ഥ കാലഘട്ടം കഴിഞ്ഞ് പിന്നീട് ടാഡ നിയമം വന്നു. പിന്നെ ഇപ്പോഴത്തെ നാഷണൽ സെക്യൂരിറ്റി ആക്ട്. ഈ എൻ.എസ്.എ., എൽ.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കാത്തത് നമ്മൾ ഈ പറയുന്ന അബ്സൊല്യൂട്ട് ലിബർട്ടി കയ്യിലെടുത്തുകൊണ്ട്, ആർട്ടിക്കിൾ 14-നെ സംബന്ധിച്ചിടത്തോളം ആ ആർട്ടിക്കിൾ 14-ന്റെ അവകാശങ്ങളുടെ പേരിനുനേരെ കൂടുതൽ കടന്നുകയറുന്നതുകൊണ്ട് അത് അത്രയും ഡെമോക്രാറ്റിക് അല്ലാത്തതുകൊണ്ടാണ്. ഈ എൻ.എസ്.എ. നടപ്പിലാക്കാത്തതുകൊണ്ടാണ് ഇതുപോലുള്ള ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്നാണ് ഇതിന്റെ കോണ്ടസ്റ്റ്. അപ്പോൾ ഈ പറയുന്ന അടിയന്തിരാവസ്ഥ കാലഘട്ടം ഇന്ന് നിലനിൽക്കുന്നില്ല എന്നുപറയുന്നത് ശരിയല്ല. പക്ഷെ അടിയന്തിരാവസ്ഥ കാലഘട്ടത്തിന്റെ പ്രാധാന്യം എന്നുപറയുന്നത് ആരെയും എപ്പോഴും കസ്റ്റഡിയിൽ എടുക്കാമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് പറയുമ്പോൾ ഒന്ന്, പഴയ ബിൽ അതായത് യു.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിന്റെ അവസ്ഥ കസ്റ്റഡിയിൽ വയ്ക്കുന്നതിന് അംഗീകാരം കിട്ടുന്നതിനുള്ള കാലയളവ് 21 ദിവസത്തിൽ കവിയാൻ പാടില്ല എന്നുള്ളതാണ്. അപ്പോൾ ചോദിക്കും പഴയ ബിൽ കൊണ്ടുവന്നാൽ പോരേ, എന്തുകൊണ്ട് പഴയ ബിൽ കൊണ്ടുവന്നില്ല, എന്തുകൊണ്ട് പുതിയ ബിൽ കൊണ്ടുവന്നു എന്ന് അതിന്റെ പ്രസക്തിയാണ് ഞാൻ ഇവിടെ അടിവരയിട്ട് പറയുന്നത്. അന്നത്തെ ബില്ലിൽ 21 ദിവസത്തിൽ കവിയാൻ പാടില്ല, ഈ ബില്ലിൽ 10 ദിവസമായിട്ട് മാറ്റി. പക്ഷെ ഒരു പൗരനെ സംബന്ധിച്ച് 21 ദിവസവും 10 ദിവസവും തമ്മിൽ വ്യത്യാസമുണ്ട്. 24 മണിക്കൂർ മാത്രമേ കസ്റ്റഡിയിൽ വയ്ക്കാൻ പാടുള്ളൂ എന്നുപറയുന്ന ഒരാളെ അത് 21-ൽ നിന്നും 10-ലേയക്ക് കൊണ്ടുവന്നു. ഈ പറയുന്ന ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുമ്പോൾ പഴയ ബില്ലിൽ സർക്കാരിനോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്വയം ബോധ്യം വന്നാൽ തടങ്കലിൽ വയ്ക്കാം. സർക്കാരിന് വയ്ക്കാം, ഉദ്യോഗസ്ഥന് തടങ്കലിൽ വയ്ക്കാം. തടങ്കലിൽ വയ്ക്കാൻ വേണ്ടതായ നിബന്ധനകൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഉദ്യോഗസ്ഥൻമാർ ഈ നിയമത്തിന്റെ ഉപ വകുപ്പിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ തടങ്കലിൽ വയ്ക്കാൻ പാടുള്ളൂ എന്നാണ് ഇവിടെ പറയുന്നത്. നേരത്തെ ഒരു ഡി.വൈ.എസ്.പി.ക്ക് കൈകാര്യം ചെയ്യാവുന്ന വിഷയം ഇപ്പോൾ ഡി.ഐ.ജി. യിലേയ്ക്ക് മാറി. അങ്ങനെവരുമ്പോൾ കുറ്റങ്ങൾ-ഈ നിയമത്തിന്റെ പേരിലുള്ള അട്രോസിറ്റീസ് കുറയും എന്നാണ് പറയുന്നത്. ഈ രണ്ട് ബിൽ ഞാൻ വായിച്ചപ്പോൾ എനിക്ക് വളരെയധികം സ്തുത്യർഹമായ ഒരു കാര്യം പഴയ ബില്ലിൽ ഇല്ലാത്ത ഒരവകാശം ഇതിലുള്ളത് പ്രധാനമായിട്ടും ചെറുതല്ല. അത് വലിയ കാര്യമാണ്. എന്താണത്? അതായത് ബില്ലിൽ തടങ്കലിൽ വയ്ക്കുവാനുള്ള കാരണം തടങ്കലിൽ വച്ച തീയതിമുതൽ 5 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതും സർക്കാരിൽ പരാതി കൊടുക്കുവാനുള്ള അവസരം നൽകേണ്ടതുമാണ് എന്നുപറഞ്ഞുകൊണ്ട് അവസാനിക്കുമ്പോൾ ഇവിടെ സംഭവിക്കുന്നത് ഗുണ്ട എന്നുപറയുന്ന ആൾക്ക് അവന്റെ കാര്യങ്ങൾ പറയുവാനുള്ള അവകാശം കിട്ടുന്നില്ല. എന്നതാണ് അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ എന്താണ്? അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ നമുക്ക് കോടതിയിൽ പറയാനായിട്ട് കോടതിയിൽ പോകാനൊന്നും സാധിക്കില്ല. ഇവിടെ തടങ്കലിൽ വയ്ക്കുവാനുള്ള കാരണം അറസ്റ്റ് ചെയ്യുമ്പോൾ അയാളെ വായിച്ച് കേൾപ്പിക്കണം, നിന്നെ അറസ്റ്റ് ചെയ്യുന്നത് ഇന്ന കാരണം കൊണ്ടാണെന്ന്. ഉത്തരവിന്റെ പകർപ്പ് 5 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. മാത്രമാണോ, തടങ്കലിൽ വയ്ക്കുന്ന ആളിന് അഭിഭാഷകന്റെ സഹായം തേടാവുന്നതാണ്. ഇവിടെയാണ് പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നത്. അഭിഭാഷകന്റെ റിലവൻസ് എന്താണ്? ഒരു ക്രൈം ഉണ്ടാകുന്നു, അല്ലെങ്കിൽ കോടതിയിൽ ഒരു കേസ് വരുമ്പോൾ, there is a MERIT and there is a legality. ഒരാൾ തെറ്റ് ചെയ്യുന്നു, ഗുണ്ട ഒരാളെ കൊല്ലുന്നു. കോടതിയിൽ വരുമ്പോൾ അതിന്റെ മെറിറ്റ് ഒരു കൊലപാതകം നടന്നോ? ഒരു കൊലപാതകം നടന്നു, അല്ലെങ്കിൽ അതിന് തക്കതായിട്ടുള്ള ഒരു ഒഫൻസ് നടക്കുമ്പോൾ കോടതി അംഗീകരിക്കുന്നു. ഞങ്ങൾ ലാ കോളേജിൽ പഠിക്കുമ്പോൾ ഞങ്ങളുടെ അദ്ധ്യാപകൻ വന്നിട്ട് പറയുന്നത് Indian judiciary is the paradise of the advocates എന്നാണ്. വക്കീലൻമാർക്ക് ഇഷ്ടംപോലെ കേസ് കിട്ടും; വാദിച്ച് പൈസ ഉണ്ടാക്കിക്കൊള്ളാമെന്നാണ് പറയുന്നത്. പക്ഷെ ഈ വക്കീലിന്റെ ധർമ്മമെന്താണ്? നിയമം അനുശാസിക്കുന്നത് ഇൻഡ്യയിലെ ഓരോ പൗരനും അല്ലെങ്കിൽ പൗരൻമാർ എല്ലാവരും തന്നെ നിയമം അറിഞ്ഞിരിക്കണം. പക്ഷെ എല്ലാവർക്കും അറിയാൻ കഴിയില്ല. അതുകൊണ്ട് ഒരാൾക്ക് ഒരു വക്കീലിനെ വയ്ക്കാം. അങ്ങനെ വക്കീലിനെ വയ്ക്കുമ്പോൾ സംഭവിക്കുന്നത് വക്കീൽ പലപ്പോഴും ലീഗാലിറ്റി ഡിസ്ക്കഷന് വിധേയമാകും. അപ്പോൾ ഇത്തരം കാര്യങ്ങളൊക്കെ വളരെ സ്ട്രക്ച്ചറൈസ് ചെയ്തിരിക്കുന്നു. അതുകൊണ്ട് വളരെ ക്ലീയർ കട്ട് ആയിട്ട് ഈ ബില്ലിൽ സ്ട്രക്ച്ചർ ചെയ്തിരിക്കുന്നതുകൊണ്ട് ഈ ലീഗാലിറ്റി എന്നുപറയുന്നത് ഈ ബില്ലിനെ സംബന്ധിച്ച് അതിലൂടെ വാർന്നുപോകില്ല. മറ്റൊന്ന് ഈ വക്കീൽ മുഖാന്തിരം മുന്നോട്ട് പോകാൻ ഒരു പൗരന് റൈറ്റുണ്ട്. പിടിക്കുന്ന ആള് പരിശോധിച്ചിട്ട് അയാൾ പുറത്തേക്ക് പോകും. ചിലപ്പോൾ അയാൾ അകത്ത് കിടക്കും. എന്തുമാകട്ടെ ആ പൗരനെ സംബന്ധിച്ചിടത്തോളം വക്കീൽ മുഖാന്തിരം പറയുവാൻ അവകാശമുണ്ട്. സ്നേഹലതാ റെഡ്ഡി ആരായിരുന്നു She was an actress. വളരെ ക്രീയേറ്റീവായിട്ടുള്ള ആക്ട്രസ്സ് ആയിരുന്നു. ക്രീയേറ്റീവായിട്ടുള്ള ഒരു സറ്റേജ് ആക്ട്രസ്സായിരുന്നു. അടിയന്തിരാവസ്ഥ



LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ കർണ്ണാടകയിൽ ജയിലിലിട്ട് അവരെ കൊന്നു. സത്യമല്ലേ? അതിന് ശേഷം U D F ഇലക്ഷന് ജയിച്ചു. അംഗീകരിക്കുന്നു. പക്ഷെ കാലഘട്ടത്തിന്റെ അട്രോസിറ്റീസ് പുറത്തേക്ക് വന്നത് അടിയന്തിരാവസ്ഥയ്ക്ക് ശേഷമാണ്. ശ്രീ. സുധാകരൻ അപ്പുറത്തിരുപ്പുണ്ട്. ബഹുമാനപ്പെട്ട അദ്ദേഹം കൂടി ചേർന്നിട്ടുള്ള ഒരു ജാഥ പുറത്തേയ്ക്കു വന്നു, അന്ന് ഞങ്ങൾ ചോദിച്ചു, രാജനെവിടെ? പിന്നീട് കേസ്സുകൾ വീണ്ടു വീണ്ടും വന്നു, ജനം പിന്നീട് അറിഞ്ഞു, അന്ന് ഞങ്ങൾ ചോദിച്ചു, വർക്കല വിജയൻ എവിടെയെന്ന് ചങ്ക് പൊട്ടി ചോദിച്ചു? കിട്ടിയില്ല, അന്ന് ഞങ്ങൾ വീണ്ടും ചോദിച്ചു, കണ്ണനെവിടെ? അടിയന്തിരാവസ്ഥ കാലഘട്ടത്തിന്റെ ഗുണമാണ് ഇലക്ഷന്റെ റിസൾട്ട് എന്നുപറയുന്നത് ശരിയല്ല. അട്രോസിറ്റീസ് പിന്നീടാണ് പുറത്തേക്കു വന്നത്. ഞാൻ പറഞ്ഞുവന്നത് അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഇന്ത്യയിലെ പല ജയിലുകളിലും പലരും കിടന്നു, ഈ പറയുന്ന റൈറ്റ് ഒരു വക്കീൽ മുഖാന്തിരം തനിക്ക് പറയാവുന്ന കാര്യങ്ങൾ, താൻ എന്തു പറയുന്നുവോ ആ പറയാവുന്ന കാര്യങ്ങൾ, അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ പറയാൻ കഴിഞ്ഞില്ല.

ശ്രീ. സാജു പോൾ: ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വിമോചന സമരത്തേയും അതുപോലെ അടിയന്തിരാവസ്ഥയേയും ശക്തിയായി ന്യായീകരിക്കുക ഉണ്ടായി. എന്നാൽ വിമോചന സമരം തെറ്റായിരുന്നു എന്ന് പറഞ്ഞ് ഇൻഡ്യയിൽ സഞ്ജയ്ഗാന്ധിക്ക് സ്വീകരണം നൽകാത്ത ഏക കെ.പി.സി.സി. പ്രസിഡന്റായിരുന്നു ശ്രീ. എ. കെ. ആന്റണി. ഇന്ദിരാഗാന്ധിക്ക് ചിക്മംഗ്ലൂരിൽ പിന്തുണ പ്രഖ്യാപിച്ചതിന്റെ പേരിൽ അദ്ദേഹം രാജിവയ്ക്കുകയും അങ്ങനെ ആ സംഭവ വികാസങ്ങൾ 1980-ൽ സി.പി.ഐ. (എം) അടക്കമുള്ള ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾക്കൊപ്പം ചേരാൻ ഇടയാകുകയും ചെയ്തു. അങ്ങനെ 1980-ൽ ഈ പാർട്ടികൾക്കൊപ്പം ഇരുന്ന് അടിയന്തിരാവസ്ഥയേയും വിമോചന സമരത്തേയും തള്ളിപ്പറഞ്ഞ ആ ഭൂതകാലത്തെ വിസ്മരിച്ചുകൊണ്ടും അവഗണിച്ചുകൊണ്ടും അല്ലേ യഥാർത്ഥത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചത്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: കോൺഗ്രസിന് ഒറ്റ അഭിപ്രായമുണ്ടോ? ഒരാൾ ഒരു അഭിപ്രായം പറയും, അടുത്തയാൾ അങ്ങനെയല്ല എന്നുപറയും.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിലേക്ക് വരൂ.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഞാൻ ബില്ലിനെക്കുറിച്ച് പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട, സ്പെസിഫിക് ആയിട്ടുള്ള കാര്യങ്ങളാണ് പറയുന്നത്. ഒരു വക്കീലിനെ പ്രസന്റ് ചെയ്യുമ്പോൾ ഈ വക്കീലിന് കാര്യങ്ങൾ വ്യക്തമായി പറയാൻ കഴിയും. അത് അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഉണ്ടായിരുന്നില്ല. ഞാൻ പറഞ്ഞു വരുന്ന പോയിന്റ്, ടാഡാ ആക്ട് അല്ലെങ്കിൽ നാഷണൽ സെക്യൂരിറ്റി ആക്ടിൽ നമുക്ക് ഇതുപോലെ സുതാര്യമായിട്ട് നമ്മുടെ കാര്യങ്ങൾ വക്കീലിനെവച്ച് പറയാൻ കഴിയുന്നില്ല. എന്നുമാത്രമല്ല ഹൈക്കോടതി വഴി പ്രൊസീഡ് ചെയ്ത് വരുമ്പോൾ അയാൾ അകത്തു കിടക്കുന്ന അവസ്ഥയാണ്. അതുകൊണ്ട് ഒരു പൗരന്റെ റൈറ്റ് അവിടെ അംഗീകരിച്ചുകൊടുക്കുന്നു. മറ്റൊരു കാര്യം പറയാനുള്ളത്, ഈ പറയുന്ന പഴയ ബില്ലിൽ ഏതാണ്ട് ആറ് കാര്യങ്ങൾ.., ഞാൻ ചുരുക്കിപ്പറയുകയാണ്. കുറ്റകൃത്യങ്ങൾ ആറാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ കാലാനുസൃതമായി പലതും ഇതിലേക്ക് ചേർത്തില്ല എന്നുപറഞ്ഞു. പക്ഷെ 13 കാര്യങ്ങളാണ് ചേർത്തിരിക്കുന്നത്. ഈ പറയുന്ന ഹവാലയും, അതുപോലെ കുറച്ച് കുറ്റകൃത്യങ്ങൾകൂടി ഉൾപ്പെടുത്തി ആറിൽനിന്ന് 13 ആയി.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇവിടെ തടങ്കലിൽ വയ്ക്കുന്നവർക്ക് അഭിഭാഷകന്റെ സഹായം തേടാൻ സാധിക്കുമെന്ന് സമർത്ഥിക്കുകയുണ്ടായി. പക്ഷെ അഭിഭാഷകന്റെ സഹായം തേടുന്നതിന് ആരോട് പറയാനാണ്. സർക്കാരിനോടാണോ, സർക്കാർ പറയുന്ന ഈ ഉപദേശക സമിതിയോടാണോ? . ഈ ഉപദേശക സമിതിയിലെ അംഗങ്ങൾ ഹൈക്കോടതി ജഡ്ജിയല്ല, ഹൈക്കോടതി ജഡ്ജിയുടെ യോഗ്യതയുള്ള ആളുകളെ വയ്ക്കാമെന്നാണ്. അതിലേക്ക് യോഗ്യതയെന്നുപറയുന്നത് ഒരു ബാറിൽ പ്രാക്ടീസ് ചെയ്യുന്ന ഏതെങ്കിലും രാഷ്ട്രീയ താൽപ്പര്യമുള്ള രണ്ട് അഭിഭാഷകൻമാർ അടങ്ങുന്ന ഒരു ഉപദേശക സമിതിയുണ്ടാക്കി ആ രാഷ്ട്രീയവൽകൃതമായിട്ടുള്ള ബോഡിയുടെ മുമ്പിൽ ഒരു അഭിഭാഷകനെ വച്ചുകൊണ്ട് കാര്യങ്ങൾ പറയാൻ കഴിയുമ്പോൾ നിങ്ങൾ ഉദ്ദേശിക്കുന്നതു പോലെ ഒരു കോടതിയിൽ നിന്നുള്ള നീതി ലഭിക്കുമെന്ന് വിശ്വസിക്കാൻ സാധിക്കുമോ?

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചർച്ചയിൽ പങ്കെടുത്തപ്പോൾ, നിങ്ങൾ ഉന്നയിച്ച രണ്ടാളുകളെ ഈ അഡ്വൈസറി കമ്മിറ്റി വെറുതെവിട്ടു എന്ന് പറയുകയുണ്ടായി. അപ്പോൾ ഈ അഡ്വൈസറി കമ്മിറ്റി നിഷ്പക്ഷമാണെന്ന് നിങ്ങൾ തന്നെ സമ്മതിച്ച സ്ഥിതിക്കാണോ പുതിയ ആർഗ്യുമെന്റ് കൊണ്ടുവരുന്നത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കോടതിയുടെ പരിഗണന അഡ്വൈസറി കമ്മിറ്റിക്ക് കിട്ടുമെന്നുള്ള രീതിയിലാണ് സംസാരിച്ചത്. ആ അഡ്വൈസറി കമ്മിറ്റിയിൽത്തന്നെ രാഷ്ട്രീയവൽക്കരണത്തിന്റെ മുഖം വരരുത് എന്നാണ് ഇവിടെ സൂചിപ്പിച്ചത്. ഒരു രാഷ്ട്രീയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷി ബന്ധമുള്ളവർ തങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താനുതകുന്ന രീതിയിൽ ഇത് ഉപയോഗപ്പെടുത്താൻ ഇടയുള്ള സാഹചര്യം ഉണ്ടാകരുത്. അതുകൊണ്ടാണ് ഇതിൽ വളരെ വ്യക്തമായിട്ടുള്ള തീരുമാനമുണ്ടാകണമെന്ന് മാത്രമല്ല, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇത്തരം കേസ്സുകളിൽ ഒരാളെ കസ്റ്റഡിയിൽ എടുത്താൽ അകാരണമായി അയാളെ തടങ്കലിൽ വച്ചുവെന്ന് അറിയുന്നുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻമാർക്ക് എതിരെ നടപടിയെടുക്കാനുള്ള ക്ലാസ് കൂടി ഉണ്ടാക്കണം. അത് ഇല്ലാത്തിടത്തോളം കാലം ഏത് ഉദ്യോഗസ്ഥനും ഏത് രീതിയിൽ പെരുമാറുന്ന അവസ്ഥയുണ്ടാകും.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ബില്ലിൽ ഈ പറയുന്ന രീതിയിൽ ആണെങ്കിൽ എൻ.എസ്.എ. തുടങ്ങിയാൽ മതിയല്ലോ. ടാഡാ പോലുള്ള ഒരു ബിൽ കൊണ്ടുവന്നാൽ മതിയല്ലോ. മറിച്ച് ഇവിടെ ഇത്തരത്തിൽ ജനങ്ങളുടെ സ്വത്തിനും അവകാശത്തിനും സംരക്ഷണം കൊടുക്കുകയാണ് ചെയ്യുന്നത്. ഒരു ഗുണ്ട എന്നുപറഞ്ഞ് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ അയാൾക്ക് പറയാനുള്ള മുഴുവൻ കാര്യങ്ങളും ഒരു വക്കീലിനോട് പറയുന്നതും പറയാതിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം വലുതാണ്. ഒരു വക്കീലിനോട് പറയുന്നത് ഒരു ജുഡീഷ്യറിയുടെ ഭാഗമാണ്. ആരെയാണ് ഭയപ്പെടുന്നത്? ഈ കമ്മിറ്റിയിൽ രാഷ്ട്രീയ പ്രേരിതമായിട്ടുള്ള കാര്യങ്ങൾ നടക്കുമെന്ന് പറയുന്നത് തെറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണെങ്കിൽ, അങ്ങനെ ഒരു ഉദ്ദേശശുദ്ധിയില്ലാത്തതാണ് ഈ ബിൽ എങ്കിൽ മറിച്ച് ഈ ബിൽ കൊണ്ടുവരാതെ നിലവിലുള്ള എൻ.എസ്.എ. ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയമായിട്ട് എതിരാളികളെ നേരിടാമല്ലോ .വേറൊരു കാര്യം പറഞ്ഞ് ഇത് ഒന്നുകൂടി എക്സ്പ്ലെയിൻ ചെയ്തുതരാം. എന്നാൽ മാത്രമേ ഒന്നുകൂടി ക്ലാരിറ്റി കിട്ടുകയുള്ളൂ. ഇതിൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം ചില ആൾക്കാരെ ഇതിൽ ഉൾപ്പെടുത്താത്തതിനെ കുറിച്ച് ഒരു കാര്യം ഇവിടെ പറയുന്നുണ്ട്. രാഷ്ട്രീയ സമരത്തിൽ പങ്കെടുക്കുന്ന ആൾക്കാരെ അതിൽ പെടുത്തുന്നില്ല. ഉൾപ്പെടുത്താത്ത ആൾക്കാരുടെ ലിസ്റ്റ് അതിൽ പറയുന്നുണ്ട്. വായിച്ചാൽ വ്യക്തമായി കാര്യങ്ങൾ അറിയാം. ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗം എന്ന നിലയിൽ രണ്ടാം വകുപ്പ്, ടി. ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള 'കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യം കൊണ്ടും അതിന് സഹായകമായ കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും ആധികാരികതയുള്ള പോലീസ് ഓഫീസറെയോ മജിസ്ട്രേറ്റിനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടിയിലോ ആ പാർട്ടിയിലെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽകൊണ്ട് ഉണ്ടായിട്ടുള്ള ഒരു സംഭവത്തിലും' എന്ന് പറയുന്നുണ്ട്. അപ്പോൾ ഒരു രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ ആ രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്ന ഒരാൾ ഒരു കൊലപാതകം നടത്തിയിട്ടുണ്ടെങ്കിൽ he is an offender. മറിച്ച് ഒരു പിക്കറ്റിംഗിന് പോകുന്നു. ധർണ്ണയ്ക്കുപോകുന്നു, ഇത് കോൺഗ്രസ്സിനും ലീഗിനും ബാധകമാണ്. അവരെ ഇതിൽപ്പെടുത്തില്ല എന്നുമാത്രമല്ല, വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികൾ അവരുടെ അവകാശങ്ങൾക്ക് വേണ്ടി സമാധാനപരമായി പ്രകടനങ്ങളും പ്രക്ഷോഭങ്ങളും നടത്തുമ്പോൾ അതിൽപ്പെടുന്ന വിദ്യാർത്ഥികളെ ഇതുപോലുള്ള കേസ്സിൽപ്പെടുത്തുന്നില്ല എന്നുമാത്രമല്ല, ആ വിദ്യാർത്ഥികൾ ക്രിമിനൽ ഒഫൻസ് നടത്തിയാൽ അതിൽപ്പെടുത്തുകയും ചെയ്യും . പെട്ടെന്ന് തീർക്കാനുള്ളതുകൊണ്ട് മറ്റൊരു കാര്യം കൂടി സൂചിപ്പിച്ചിട്ട് അവസാനിപ്പിക്കാം. ഇതിൽ ഞാൻ നേരത്തെ പറഞ്ഞ 13 പോയിന്റുകളെ സംബന്ധിച്ച് പറയാം ഇതിൽ വാടകച്ചട്ടമ്പി, വായ്പാ ചതിയൻമാർ, കൊള്ളപ്പലിശക്കാർ എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ന്യൂ ജനറേഷൻ ബാങ്കുണ്ട്. ഐ.സി.ഐ.സി.ഐ. അതുപോലെ എച്ച്.ഡി.എഫ്.സി. ഈ ബാങ്കുകൾക്ക് റിസർവ് ബാങ്കിനും കോ-ഓപ്പറേറ്റീവ് ബാങ്കിനും കിട്ടുന്നതുപോലെയുള്ള പ്രൊട്ടക്ഷൻ ബാങ്ക് എന്ന നിലയ്ക്ക് കിട്ടുന്നുണ്ട്. ഇവർക്ക് വാഹനവില്പന ഇഷ്ടം പോലെയാണ്. ഐ.സി.ഐ.സി..ഐ ബാങ്കുകൾ പലിശ തിരിച്ചുപിടിക്കാൻ പലപ്പോഴും ഗുണ്ടകളെ ഉപയോഗിക്കുന്നു. അതുകൊണ്ട് ഈ പറയുന്ന പ്രൊട്ടക്ഷൻ ഐ.സി.ഐ.സി.ഐ. ബാങ്കിന് കൊടുക്കരുത് എന്നുള്ള നിർദ്ദേശം കൂടി ഈ അവസരത്തിൽ ഞാൻ വയ്ക്കുകയാണ്. അതോടൊപ്പംതന്നെ ഈ പറയുന്ന കാര്യങ്ങളെല്ലാം പോകുന്നത് തികച്ചും ഭരണഘടനാനുസൃതമായിട്ടാണ്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. ഇതൊരു സ്ട്രക്ച്ചറാണ്. വ്യക്തമായി എത്രപേർ ജയിലിൽ ശിക്ഷ അനുഭവിച്ചു കിടക്കുന്നു. പക്ഷെ ഓരോ വർഷവും കിടക്കുന്ന ഒരാൾക്ക് കൃത്യമായിട്ട് അവരുടെ ഫെസിലിറ്റീസ് ഒന്നും നഷ്ടപ്പെടാതെ ഏറ്റവും കൂടുതൽ കാര്യക്ഷമമായി നോക്കുന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. അതുകൊണ്ട് ഇത്രയെണ്ണം കുറ്റവാളികൾ ജയിലിൽ കിടക്കുമെന്ന് മുൻകൂട്ടി പറയണമെന്ന് ശാഠ്യം പിടിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. അതുകൊണ്ട് ഈ പറയുന്ന നിയമം തികച്ചും, കേരളത്തിന്റെ മാഫിയവൽക്കരണത്തെ അവസാനിപ്പിക്കാൻ പര്യാപ്തമാണ്. ഈ കാലഘട്ടത്തിൽ മാഫിയകൾ ഗുണ്ടകൾ, സെക്സ് റാക്കറ്റിംഗ്, ഡ്രഗ് ട്രാഫിക് തുടങ്ങി നിരവധി സാമൂഹ്യ വിരുദ്ധരുണ്ട്. ഡ്രഗ് ട്രാഫിക് നിയമം അനുസരിച്ച് ഇപ്പോൾ ഒരു കിലോ കഞ്ചാവിൽ കൂടുതലുണ്ടെങ്കിൽ മാത്രമേ ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരാളെ അറസ്റ്റ് ചെയ്യാൻ കഴിയൂ. മറിച്ച് 100 ഗ്രാമോ, 1/2 കിലോയോ ആണെങ്കിൽ ഒരാളെ അറസ്റ്റ് ചെയ്യാൻ പറ്റാത്ത ഒരു നിയമമാണ് സെൻട്രൽ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നിയമങ്ങൾക്ക് മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ കൂടുതൽ കാര്യക്ഷമമായി ഈ നിയമവും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. പി. മുഹമ്മദ്]

ശ്രീ. പി. ജയരാജൻ: സർ, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 12-ാം കേരള നിയമസഭയുടെ ആറാം സമ്മേളനം നിയമ നിർമ്മാണത്തിനുവേണ്ടി മാത്രമുള്ള ഒരു സമ്മേളനമാണ്. ഇങ്ങനെ നിയമസഭയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സന്നദ്ധമായതിനെ ഞാൻ അനുമോദിക്കുകയാണ്. അത് പോലെത്തന്നെ 2007- ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇതുപോലെയുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്തെ പല സംസ്ഥാനങ്ങളിലും ഉണ്ട്. ഇത്തരം നിയമം സമീപ സംസ്ഥാനങ്ങളിലും ഉണ്ട്. ഇപ്പോൾ കർണ്ണാടകയിലും തമിഴ്നാട്ടിലുമുണ്ട്. പക്ഷേ ഈ നിയമം കേരളത്തിന്റെ പ്രത്യേകത പരിഗണിച്ച് കൊണ്ടുവന്ന നിയമമാണ്. ഇപ്പോൾ ഇവിടെ പല അംഗങ്ങളും ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. സംഘടിതമായ കുറ്റകൃത്യങ്ങൾ തടയുന്നതിന് വേണ്ടിയുള്ള നിയമനിർമ്മാണത്തിന്റെ ആലോചന കേരളത്തിന്റെ ഭരണ നേതൃത്വം കഴിഞ്ഞ കുറച്ചുകാലമായി നടത്തികൊണ്ടിരിക്കുകയാണ്. എന്താണ് ഇതിന്റെ പശ്ചാത്തലം? ഇതിന്റെ പശ്ചാത്തലം എന്നു പറയുന്നത് ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തോടു കൂടിആരംഭിച്ചതാണ്. ആഗോള മൂലധനത്തിന്റെ ഒഴുക്ക് ശക്തിപ്പെട്ടതോടുകൂടി പണത്തിന് വേണ്ടിയുള്ള വ്യഗ്രത വർദ്ധിച്ചിരിക്കുകയാണ്. ദേശീയമായിട്ടുള്ള തടസ്സങ്ങൾ തട്ടിനീക്കിയ തോടുകൂടി നാനാതരത്തിലുള്ള പണത്തിന്റെ ഒഴുക്ക് സമൂഹത്തിൽ ശക്തിപ്പെട്ടിരിക്കുകയാണ്. എങ്ങനെയും പണം സമ്പാദിക്കാനുള്ള വ്യഗ്രത സമൂഹത്തിൽ ശക്തിപ്പെട്ടിരിക്കുകയാണ്, പ്രത്യേകിച്ച് യുവാക്കളിൽ. അതിന്റെ അടിസ്ഥാനത്തിലാണ് ദേശവ്യാപകമായിട്ടുള്ള ഈ ഗുണ്ടാപ്രവർത്തനം ശക്തിപ്പെട്ടിട്ടുള്ളത്. ഈ കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ വയോപരിധി നോക്കുകയാണെങ്കിൽ 18നും 25നും ഇടയിൽ പ്രായമുള്ളവരാണ് ഏറ്റവും കൂടുതലായി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതെന്ന് കാണാൻ കഴിയും. അപ്പോൾ എങ്ങനെയും പണം സമ്പാദിക്കാനുള്ള വ്യഗ്രതയുടെ ഫലമായി കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജീവിതച്ചെലവും വർദ്ധിച്ചിരിക്കുകയാണ്. ആർഭാടത്തോടുകൂടി നടക്കാനുള്ള ഒരു താൽപ്പര്യം ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പണത്തിന് വേണ്ടിയുള്ള ഈ വ്യഗ്രതയുടെ ഫലമായിട്ടാണ് ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്ന് കാണാൻ കഴിയും. ഈ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടിയുള്ള നിയമങ്ങൾ നമ്മുടെ ബില്ലിൽ ഉണ്ട്. ഇപ്പോൾ കുറ്റം തെളിയിക്കപ്പെട്ടു കഴിഞ്ഞാൽ ശിക്ഷിക്കാനുള്ള നിയമം ഉണ്ട്. പക്ഷേ ആ നിയമം ഉണ്ടായിട്ടും കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. അപ്പോൾ അത്തരമൊരു സാഹചര്യമാണ് ഇത്തരം ഒരു നിയമത്തിന് സാഹചര്യം ഉണ്ടാക്കുന്നത്. അതിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ യാതൊരു വിത്യാസവുമില്ല. ഇതിനെ നമുക്ക് തടയാൻ കഴിയണം. കുറ്റങ്ങൾക്കുള്ള ശിക്ഷയേക്കാളും പ്രധാനമാണ് ആ കുറ്റ കൃത്യങ്ങൾ തടയുന്നതിനുവേണ്ടിയുള്ള പരിശ്രമം. ഇത് ഒരു തടയൽ നിയമമാണ്. പ്രിവന്റ് ചെയ്യാനുള്ള നിയമമാണ്. തീർച്ചയായിട്ടും ഇവിടെ സഖാവ് ബ്രിട്ടോ എനിക്ക് മുമ്പ് സംസാരിക്കുകയുണ്ടായി. അദ്ദേഹം ഈ ശിക്ഷിച്ചുകൊണ്ടുള്ള തടയൽ മാത്രമല്ല കരുതലായി തടങ്കൽ വച്ചുകൊണ്ടും കുറ്റകൃത്യങ്ങൾ തടയാനാകും എന്ന് സൂചിപ്പിക്കുക ഉണ്ടായി. അങ്ങനെ പല നിയമങ്ങളും വന്നിട്ടുണ്ട്, ഇപ്പോൾ ഇവിടെ ശ്രീ. ബ്രിട്ടോ പല കാര്യങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കോടിയേരി തന്നെ അടിയന്തിരാവസ്ഥ ക്കാലത്ത് പതിനെട്ട് മാസക്കാലം ജയിലിലായിരുന്നു. അന്ന് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു. എസ്.എഫ്.ഐ. യുടെ സംസ്ഥാന ജനറൽ സെക്രട്ടറി ആയിരുന്നു സഖാവ് കോടിയേരി. കോടിയേരി മാത്രമല്ല ഇന്ത്യാരാജ്യത്ത് ഇന്ദിരാഗാന്ധിക്ക് അനിഷ്ടമുള്ള ആളുകളെയൊക്കെ പോലീസ് പിടിച്ചുവച്ച കാലമായിരുന്നു. അന്നത്തെ നിയമം എന്തായിരുന്നു? ആഭ്യന്തര സുരക്ഷിതത്വ നിയമം. ആഭ്യന്തര സുരക്ഷിതത്വ നിയമം അനുസരിച്ചാണല്ലോ ഈയിടെ അന്തരിച്ച ശ്രീ. ചന്ദ്രശേഖറിനെ പോലും പിടിച്ചത്. MISA (Maintenance of Internal Security Act) അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടവുകാരനായിരുന്നു. ആഭ്യന്തര സുരക്ഷിതത്വത്തിന് അപകടകാരികളാണ് ഈ രാജ്യത്തെ ഇടതുപക്ഷക്കാർ. തൊഴിലാളികൾക്കും, കർഷകത്തൊഴിലാളികൾക്കും സമൂഹത്തിലെ അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തനം ഇന്ത്യയുടെ ആഭ്യന്തരസുരക്ഷയ്ക്ക് അപകടമാണെന്ന് വിലയിരു ത്തികൊണ്ടാണ് MISA പ്രകാരം ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ആഭ്യന്തര മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി എന്നിവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. ആ നിങ്ങളിപ്പോൾ ജനാധിപത്യത്തെപ്പറ്റി ഘോരഘോരം പ്രസംഗിക്കുകയാണ്. നിയമത്തിന്റെ ദുരുപയോഗത്തിനെതിരായി വലിയ പ്രസംഗം ഇവിടെ നടക്കുകയാണ്. പക്ഷേ നിങ്ങൾ നടത്തിയിട്ടുള്ള പ്രവൃത്തികൾ ചരിത്രത്തിലുണ്ട്. അത് ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ആ ചരിത്രത്തിലെ കുറ്റവാളികളാണ് ഇവിടെ വച്ച് വലിയ പ്രസംഗം നടത്തുന്നതെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ MISA അനുസരിച്ച് മാത്രമല്ല.....

ശ്രീ. കെ. സി. ജോസഫ്: നമ്മൾ വാചാലമായി പറയുമ്പോഴും രാഷ്ട്രീയ ത്തിൽ പ്രതികളെ വകവരുത്താൻ വേണ്ടി വാടക ഗുണ്ടകളെ ഉപയോഗിക്കുകയാണ്. അവരെ സംരക്ഷിക്കാൻ വേണ്ടി ഫണ്ട് പിരിക്കുക, കൊലക്കേസിലെ പ്രതികൾക്ക് വേണ്ടി ഫണ്ട് പിരിച്ചുകൊടുക്കുക. കോടതി വെറുതെ വിട്ടാലും ഞങ്ങൾ വെറുതെ വിടില്ലെന്ന് പറഞ്ഞ് വെറുതെവിട്ടവരെ പിടിച്ച് വെട്ടികൊല്ലുക. ഇതൊക്കെ ചെയ്യുന്ന ആളുകൾ മനഃസാക്ഷി ഇല്ലാതെ സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. പി. ജയരാജൻ: അതായത് സാമ്രാജ്യത്വം കരിനിയമം പാസ്സാക്കിയ അവസരത്തിലും ശ്രീ. കെ.സി.ജോസഫ് പറഞ്ഞ അതേ ന്യായമാണ് നടത്തിയിട്ടുള്ളത്. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യം ഈ കുറ്റകൃത്യങ്ങൾ തടയുന്നതിവേണ്ടി വന്നിട്ടുള്ള നിയമങ്ങൾ പലതും ഇതായിരുന്നു. അതിലൊന്നാണ് MISA. അതു മാത്രമല്ല, Defence of India Rules ഉണ്ട്. ഇപ്പോൾ ഇവിടെ ശ്രീ. വിജയകുമാർ, ശ്രീ. തോമസ് ഐസക്, ശ്രീ. ജി. സുധാകരൻ, ശ്രീ. ബേബി അടക്കമുള്ള ആളുകളെ അടിയന്തിരാവസ്ഥക്കാലത്ത് ഡി.ഐ.ആർ. അനുസരിച്ചാണ് പിടിച്ച് ജയിലിലടച്ചത്. ജനാധിപത്യത്തെക്കുറിച്ച് പറയുകയും വ്യത്യസ്ത അഭിപ്രായങ്ങളെ ഞങ്ങൾ പരിഗണിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്ന കോൺഗ്രസ് കഴിഞ്ഞ കാലത്ത് ചെയ്തിട്ടുള്ള ഹീനമായ കൃത്യത്തെക്കുറിച്ച് ഞാൻ ഓർമ്മിപ്പിക്കുക മാത്രമാണ് ചെയ്തത്. ഇവിടെ ശ്രീ. കെ. സി. ജോസഫ് ചോദിച്ച അടുത്ത ചോദ്യത്തിന് മറുപടി പറയാം. നിങ്ങൾ രാഷ്ട്രീയ സംഘർഷത്തെ കുറിച്ച് പറഞ്ഞല്ലോ. ഇനി മറ്റൊരു നിയമം ഉണ്ടല്ലോ. TADA നിയമം. എന്താണ് TADA എന്നു പറയുന്നത്. Terrorists and Disruptive Activities (Prevention) Act ആണ്. അതൊരു പ്രിവൻഷൻ ആക്ട് ആണ്. ഇതുപോലൊരു തടയൽ നിയമം തന്നെയാണ്. ആ 'ടാഡാ'കേസിൽ നിങ്ങളുടെ ഗവൺമെന്റ് പ്രതിയാക്കപ്പെട്ട ഒരാളാണ് ഞാൻ. ഞാനെങ്ങനെ ആണ് ഭീകരനാകുന്നത്? 'ടാഡാ' നിയമത്തിലെ മുഴുവൻ വകുപ്പുകളെ സംബന്ധിച്ചും നിങ്ങളെപ്പോലെ ഞാനും മനസ്സിലാക്കി. എന്തിനാണ് 'ടാഡാ' കൊണ്ടുവന്നത്? വിദേശ ശക്തികളുടെ സഹായത്തോടുകൂടി രാജ്യത്തിനകത്ത് വിധ്വംസക പ്രവർത്തനം നടത്തുന്നവരെ തടഞ്ഞ് അവരെ ജയിലിടയ്ക്കാനാണ് 'ടാഡാ'. അതുപ്രകാരം കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ സംഘർഷത്തിന്റെ പേരിൽ പ്രയോഗിക്കാൻ വേണ്ടി നിങ്ങളുടെ നേതൃത്വത്തിൽ നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഞാനുൾപ്പെടെയുള്ള സി.പി.ഐ. പ്രവർത്തകൻമാർ 'ടാഡാ' പ്രകാരം കേസ്സിൽ പ്രതികളായത്. നിങ്ങളുടെ കണ്ണിൽ ഞങ്ങൾ ഭീകരൻമാരാണ്. നിങ്ങൾ എങ്ങനെയാണ് നേരിട്ടത് ?. തീർച്ചയായിട്ടും രാഷ്ട്രീയ സംഘർഷങ്ങൾ ഒഴിവാക്കപ്പെടണം. ആ രാഷ്ട്രീയ സംഘർഷങ്ങൾ ഒഴിവാക്കണമെങ്കിൽ അക്രമം നടത്തുന്ന രാഷ്ട്രീയനേതൃത്വം, അതിന് പ്രോൽസാഹിപ്പിക്കുന്ന പ്രധാന നേതൃത്വം, അതിന്റെ നിലപാടിൽ നിന്ന് മാറിയാൽ തീർച്ചയായിട്ടും സമാധാനപരമായ പ്രവർത്തനം ഉണ്ടാകും. അപ്പോൾ സംഘർഷങ്ങൾ തടയുന്നതിനുവേണ്ടിയാണ് 'ടാഡാ' പ്രയോഗിക്കുന്നതെന്ന് മനസിലാക്കണം. ശ്രീ. കെ. സി. ജോസഫ് രാഷ്ട്രീയ സംഘർഷങ്ങളേയും, വാടക കൊലയാളിയുടേയും കാര്യത്തെക്കുറിച്ച് പറഞ്ഞല്ലോ. രാഷ്ട്രീയ സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വിദേശ ശക്തികളുടെ സഹായത്തോടുകൂടി രാജ്യത്തിനകത്ത് ആഭ്യന്തര സുരക്ഷയ്ക്ക് അപകടം വരുത്തിവയ്ക്കുന്ന വിധ്വംസക പ്രവർത്തനം നടത്തുന്നവരെ തടയുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമം ഈ രാജ്യത്തിലെ അംഗീകൃത രാഷ്ട്രീയപാർട്ടിയുടെ നേതാക്കൻമാർക്കും പ്രവർത്തകർക്കും എതിരായി ചാർജ്ജ് ചെയ്യുന്നതാണോ ശരിയായ നീതിയുടെ നടത്തിപ്പ്.ഞങ്ങളൊക്കെ 'ടാഡാ' പ്രകാരം കേസ്സിലെ പ്രതികളാണ്. അന്ന് സ്പെഷ്യൽ കോടതി തിരുവനന്തപുരത്തായിരുന്നു. എങ്ങനെയാണ് 'ടാഡാ' യുടെ വിചാരണ എന്നറിയാമോ? ഇൻക്യാമറയാണ്. രഹസ്യമായിട്ടുള്ള വിചാരണ. പോലീസ് ഉദ്യോഗസ്ഥന്റെ അടുത്ത് കൊടുത്ത മൊഴി കോടതിയിൽ വിശ്വസനീയമാണോ? ഇന്ത്യൻ തെളിവ് നിയമം അനുസരിച്ച് വിശ്വസനീയമായിട്ടുള്ള കാര്യമല്ല. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഈ 'ടാഡാ'നിയമം അനുസരിച്ച് ഒരു ഡി.വൈ.എസ്.പി.യുടെ

LIBRARY ARCHIVES Kerala Legislative Assembly

റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന്റെ അടുത്ത് കൊടുക്കുന്ന മൊഴി കുറ്റസമ്മതമായ മൊഴിയായി കണക്കാക്കപ്പെടുന്നു. അത്രയും മാരകമായിട്ടുള്ള നിയമം ഈ രാജ്യത്തിലെ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് എതിരായി ഉപയോഗിച്ച പാർട്ടി കൂടിയാണ് കോൺഗ്രസ് എന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂരിനേയും ശ്രീ. കെ. സി. ജോസഫിനേയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഈ നിയമത്തെപ്പറ്റി പറയുന്ന അവസരത്തിൽ നിയമത്തിന്റെ ദുരുപയോഗം ഇല്ലാതെ, 'മിസ' യിലും 'ടാഡാ' വഴിയും കോൺഗ്രസ് ചെയ്ത നിയമത്തിന്റെ ദുരുപയോഗം കൂടാതെ ഗുണ്ടകളെ നമുക്ക് തടയാൻ കഴിയണം. സമൂഹത്തിൽ സമാധാനം നിലനിർത്താൻ കഴിയണം. കുറ്റകൃത്യങ്ങൾ തടയാൻ കഴിയണം. അതിനുള്ള ഉറപ്പാണ് ഉണ്ടാക്കിയത്. അതാണ് ഞാൻ ആദ്യം പറഞ്ഞത്. കർണ്ണാടകത്തിലും തമിഴ്നാട്ടിലുമുള്ള നിയമം ഞാൻ പരിശോധിച്ചിട്ടുണ്ട്. ദുരുപയോഗം തടയാനുള്ള ഉറപ്പ് കുറെക്കൂടി ഈ നിയമത്തിൽ ചേർത്തിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെ പ്രത്യേകമായി അഭിനന്ദിക്കുന്നത്. അദ്ദേഹത്തിനറിയാം ഇതിന്റെ ദുരുപയോഗം. മലപ്പുറത്ത് ദുരുപയോഗിച്ചു, കാസർഗോഡ് ദുരുപയോഗിച്ചു ഈ ഗവൺമെന്റ് ഇടപെട്ടല്ലോ, അതാണ് ഗവൺമെന്റ്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ തെറ്റായ നിലയ്ക്ക് ഈ നിയമത്തിലെ വകുപ്പുകൾ ഉപയോഗിക്കുന്നുവെങ്കിൽ, ദുരുപയോഗം നടത്തുന്നുവെങ്കിൽ, അതിൽ ഇടപെടാനാണ് ഉപദേശക സമിതി. ആ ഉപദേശക സമിതിയുടെ തലവനാരാണ്? ഹൈക്കോടതിയുടെ ജഡ്ജിയോ അല്ലെങ്കിൽ റിട്ടയേർഡ് ജഡ്ജിയോ ആണ് തലവൻ. അപ്പോൾ രാഷ്ട്രീയക്കാരായി നടക്കുന്ന ചില അഭിഭാഷകരെ ഉപയോഗപ്പെടുത്തി രാഷ്ട്രീയ എതിരാളികൾക്കെതിരെ ഉപയോഗിച്ചു കളയും എന്നുള്ള ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. അപ്പോൾ നിങ്ങൾ കൊണ്ടുവന്ന ബിൽ അല്ല ഈ ബിൽ. അതിൽ നിന്നും നല്ല വ്യത്യാസം വരുത്തിയിട്ടുണ്ട്. ഫെലോണിയസ് ആക്ടിവിറ്റീസ് പ്രിവൻഷൻ ഓർഡിനൻസ് യു.ഡി.എഫ്. ഗവൺമെന്റ് പുറപ്പെടുവിച്ചു. നിങ്ങൾ വലിയ പ്രസംഗമൊക്കെ നടത്തും. ഞങ്ങൾ ഗുണ്ടകൾക്ക് എതിരാണ്, സമൂഹത്തിൽ സമാധാനം ഉണ്ടാക്കാൻവേണ്ടി കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ഫലപ്രദമായിട്ട് ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. നിങ്ങൾ ഓർഡിനൻസ് കൊണ്ടു വന്നിട്ട് ഒറ്റയാളെയെങ്കിലും നിങ്ങൾ പിടിച്ചോ ? 2005 ഡിസംബർ 15-നാണ് ഈ ഓർഡിനൻസ് യു.ഡി.എഫ്. ഗവൺമെന്റ് പുറപ്പെടുവിക്കുന്നത്. ഇത് നടപ്പിലാക്കാൻ അഞ്ച് മാസം ഉണ്ടായിരുന്നു. എന്താണ് ഒറ്റയാളെയും പിടിക്കാത്തത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഒരു കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ് അദ്ദേഹത്തിന്റെ ആവേശ പ്രസംഗത്തിനിടയിൽ വസ്തുത അദ്ദേഹത്തിന് സമ്മതിക്കേണ്ടിവന്നു. ഈ ഗവൺമെന്റ് വന്നതിന് ശേഷം കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുന്നു. അതാണ് ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി. കുറ്റവാളികൾ ഇപ്പുറത്ത് വന്നുവെന്നു പറഞ്ഞിട്ട് ഇപ്പോൾ കുറ്റമൊന്നും ചെയ്യുന്നില്ലല്ലോ. അപ്പോൾ കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുന്നു എന്നു സമ്മതിക്കേണ്ടി വന്നു അദ്ദേഹത്തിന്. അത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നതു മാത്രമല്ല കേരളത്തിലെ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുണ്ട്. അവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ നിർദ്ദേശം അനുസരിച്ചുള്ള ആളുകളല്ല ഉള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഡാറ്റയിൽപ്പെടുന്നത് രജിസ്റ്റേർഡ് കേസ്സുകളാണ്. പോലീസ് സ്റ്റേഷനുകളിൽ ഒത്തുതീർപ്പ് നടക്കുന്നതും അവിടെ നിന്നും പറഞ്ഞു വിടുന്നതും അവിടെ നിന്നും ആളെ

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുകൊണ്ടു പോകുന്നതുമായ കേസ്സുകളൊന്നും രജിസ്റ്ററിൽ വരുകയേയില്ല. ചുരുക്കിപ്പറഞ്ഞാൽ രജിസ്റ്റേർഡ് കേസ്സുകളുടെ കണക്കിനകത്ത് വേണമെങ്കിൽ നമ്പർ കുറഞ്ഞുവെന്നു വേണമെങ്കിൽ വാദിക്കാൻ പറ്റും. പക്ഷേ അത് രജിസ്റ്റേർഡ് കേസ്സാണ്. രജിസ്റ്റേർഡ് കേസ്സിനപ്പുറത്ത് നടക്കുന്ന ദുരുപയോഗമാണ് സത്യത്തിൽ ഏറ്റവും അസഹനീയമായ ഭാഗം. അതാണ് ഒരു സത്യം.

ശ്രീ. പി. ജയരാജൻ: അതായത് ഈ രജിസ്റ്റേർഡ് കേസ് ഉണ്ടാക്കിയിട്ടുള്ള അതേ പോലീസ് ഉദ്യോഗസ്ഥന്മാരാണ് ഇപ്പോഴുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തുള്ള പോലീസ് ഉദ്യോഗസ്ഥരാണ് ഇപ്പോൾ ഉള്ളത്. കണ്ണൂർ ജില്ലയെ സംബന്ധിച്ച് നമുക്കറിയാം. കണ്ണൂരിലെ ഇപ്പോഴത്തെ എസ്.പി. നിങ്ങളുടെ കാലത്ത് നിയമിച്ച അതേ എസ്.പി. യാണ്. പോലീസ് ഉദ്യോഗസ്ഥരും നിങ്ങൾ നിയമിച്ചതുതന്നെയാണ്. ആ പോലീസ് ഉദ്യോഗസ്ഥർ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിന്റെ എണ്ണം അനുസരിച്ച് നോക്കുമ്പോൾ യു.ഡി.എഫ്.ന്റെ കാലത്ത് ഉണ്ടായിട്ടുള്ളത്ര കുറ്റകൃത്യങ്ങൾ ഇപ്പോൾ ഇല്ല. അത് കുറയുന്നുവെന്ന് ശ്രീ. തിരുവഞ്ചൂരിന് തന്നെ സമ്മതിക്കേണ്ടിവരുന്നു എന്നുള്ളത് നമ്മളെല്ലാം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ശ്രീ. തിരുവഞ്ചൂർ കുറ്റകൃത്യങ്ങൾ കുറയുന്നു എന്നു പറഞ്ഞു. അതിന്റെ പ്രധാനപ്പെട്ട കാരണം പലതവണയും ഹൈക്കോടതി പറഞ്ഞു. പോലീസുകാർ അധോലോക കുറ്റവാളികളെയും മാഫിയകളെയും സഹായിക്കുന്നുവെന്നും നമ്മുടെ പോലീസിന് അധോലോക മുഖമാണുള്ളതെന്നും ഹൈക്കോടതി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അവർ അധോലോകക്കാരെയും മാഫിയകളുടെയും പേരിൽ കേസ് എടുക്കാത്തതുകൊണ്ടാണ് കുറ്റകൃത്യങ്ങൾ കുറഞ്ഞത്.

ശ്രീ. പി. ജയരാജൻ: ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ചോദ്യം ചോദിച്ചാൽ മാത്രം പോര. ഞാൻ പറയുന്നതുകൂടി കേൾക്ക്. ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കൃത്യം സംബന്ധിച്ച് ഹൈക്കോടതിയും ചിലപ്പോൾ വിമർശനങ്ങൾ ഉന്നയിച്ചേക്കാം. ഭാവിയിലും ഉന്നയിക്കും. പക്ഷേ രാഷ്ട്രീയ നേതൃത്വം എന്ന നിലയ്ക്ക് കുറ്റകൃത്യങ്ങൾക്ക് എതിരായി ഉറച്ച ഇച്ഛാശക്തിയോടുകൂടി ഭരിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായിട്ടാണ് കുറ്റകൃത്യങ്ങൾ കുറഞ്ഞത്. മാഫിയകളെ പ്രോൽസാഹിപ്പിക്കുന്ന ഒരു ഭരണമല്ല. മാഫിയകൾക്ക് എതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്ന ഭരണമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം. ഈ ബില്ലിന്റെ പരിധിയിൽ എല്ലാത്തരം മാഫിയ പ്രവർത്തനങ്ങളും ഉൾപ്പെടുകയാണ്. നിങ്ങളുടെ ബില്ലും ഇപ്പോഴത്തെ ബില്ലും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ആറെണ്ണമാണ് നിങ്ങൾ പെടുത്തിയതെങ്കിൽ ഇപ്പോൾ 13 കുറ്റകൃത്യങ്ങൾ ഇതിന്റെ പരിധിയിൽ വരികയാണ്. എല്ലാത്തരം മാഫിയകളും വരികയാണ്. നിങ്ങളുടെ കാലത്തെ ബില്ലിൽ തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം ജില്ലാ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കുമായിരുന്നുവെങ്കിൽ ഇപ്പോൾ അത് ഡി.ഐ.ജി. ക്കും അതിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർമാർക്കുമായി നൽകിയിരിക്കുകയാണ്. ഇതുപോലെ തന്നെ തടങ്കലിൽ വയ്ക്കാൻ വേണ്ടതായിട്ടുള്ള നിബന്ധനകൾ വ്യക്തമായി ബില്ലിൽ പറഞ്ഞിട്ടുണ്ട്. തടങ്കൽ കാലയളവാണെങ്കിൽ പരമാവധി കേവലം ആറ് മാസം മാത്രം.



LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ നേരത്തെ ഇവിടെ പറഞ്ഞതുപോലെ തടങ്കലിൽ വയ്ക്കാനുള്ള കാരണങ്ങൾ, ആ കാരണങ്ങൾ അറസ്റ്റ് ചെയ്യുമ്പോൾ തന്നെ പറയണം. അഞ്ച് ദിവസത്തിനകം ആ ഉത്തരവിന്റെ പകർപ്പ് തന്നെ നൽകേണ്ടതാണ് എന്നുള്ളതും വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ ബിൽ നിങ്ങളുടെ ബില്ലിൽ നിന്നും വളരെ വ്യത്യസ്തമായിട്ടുള്ളതാണ്. അതുപോലെ തന്നെ 'റൗഡി' എന്ന പദത്തിന്റെ നിർവ്വചനത്തിൽ 1959-ലെ ആയുധ നിയമവും 1908-ലെ എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ടും അനുസരിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്നവരേയും അതുപോലെ തന്നെ ചില സാമൂഹിക വിപത്തുകൾ സൃഷ്ടിക്കുന്നവരേയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ സമൂഹം നേരിടുന്ന മഹാവിപത്ത് മതവൈരമാണ്. വർഗ്ഗീയ ലഹളയും സാമുദായിക ലഹളയും ഉണ്ടാക്കുന്ന മതമൗലികവാദികളുണ്ട്. അവരെ അമർച്ച ചെയ്യുക എന്ന ലക്ഷ്യത്തോടെ ഐ.പി.സി. സെക്ഷൻ 153 (എ), 153 (ബി) കുറ്റം ചെയ്യുന്നവരെയും ഐ. പി. സി. യിലെ ചാപ്റ്റർ 15 -ൽ ഉൾപ്പെട്ട സെക്ഷൻ 295 മുതൽ 298 വരെ ഉൾപ്പെടുത്തി ഈ നിയമം വളരെ വിപുലപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ തന്നെ 'കുപ്രസിദ്ധ ഗുണ്ട', 'കുപ്രസിദ്ധ റൗഡി' എന്നിവരെ വ്യക്തമായി ഇതിനകത്ത് നിർവ്വചിച്ചിട്ടുണ്ട്. അപ്പോൾ നേരത്തെയുള്ള ബില്ലിൽ ഒഴിവാക്കപ്പെട്ട വിഭാഗത്തെ അടക്കം ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ നിയമം വിപുലപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഫലപ്രദമായിട്ടുള്ള ഒരു നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. എന്നാലും വിശദാംശങ്ങളിൽ പോരായ്മകൾ ഉണ്ടായേക്കാം. ആ പോരായ്മകൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചകളിലും മറ്റും നമുക്ക് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. ഇത് കൂടുതൽ ഫലവത്താക്കേണ്ടതുണ്ട്. ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുണ്ട്. ഇതനുസരിച്ച് തടങ്കലിൽ വയ്ക്കാൻ ഉത്തരവ് കൊടുത്തിട്ടുള്ള ഉദ്യോഗസ്ഥന് എന്തെങ്കിലും പിഴവ് പറ്റിയാൽ നൽകുന്ന പിഴ പ്രതിദിനം ആയിരം രൂപയാണ്. അത്തരത്തിലുള്ള വകുപ്പുകൾ തീർച്ചയായിട്ടും ഇതിന്റെ ദുരുപയോഗം തടയാൻ വേണ്ടിയുള്ള നല്ല ഉദ്ദേശത്തോടുകൂടിയാണ് ചേർത്തിരിക്കുന്നത് എങ്കിലും ഈ ഉദ്യോഗസ്ഥർക്ക് വന്നിട്ടുള്ള പിഴവുകളുടെ മേലെ ഒരു ശിക്ഷയെങ്കിലും നൽകിയാൽ അത്. ഇത്തരം ഗുണ്ടകൾക്കെതിരായി നടപടി എടുക്കുന്നതിൽ നിന്നും തടയുകയല്ലേ ചെയ്യുക എന്നുള്ള സംശയമുണ്ട്. അത് തീർച്ചയായിട്ടും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ അത് പരിഹരിക്കണമെന്നുള്ള നിർദ്ദേശം ഞാൻ ഇവിടെ വയ്ക്കുകയാണ്. അതുപോലെ തന്നെ ഇപ്പോൾ ചില വകുപ്പുകളുടെ ഏകോപനം ഉണ്ടാകേണ്ടതുണ്ട്. പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന കാര്യം മാത്രമല്ല, വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ അത് ചെയ്യുന്നവർ ഈ നിയമത്തിന്റെ പരിധിയിൽവരുമ്പോൾ പോലീസ് വകുപ്പിന് മാത്രമായി ഇത് ചെയ്യാൻ കഴിയുമോ, അപ്പോൾ മറ്റ് വകുപ്പുകളുമായിട്ടുള്ള കോ-ഓർഡിനേഷൻ എങ്ങനെ എന്നുള്ള കാര്യത്തിൽ കൂടി ഒരു വ്യക്തത വരുത്തേണ്ടതുണ്ടെന്ന അഭിപ്രായമാണ് ഇതു സംബന്ധിച്ചുള്ളത്. ഇവിടെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇതുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ളത്. അദ്ദേഹം പറഞ്ഞു, "ഞാൻ നല്ല പാർലമെന്റേറിയനാകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്". പക്ഷേ ഇന്നത്തെ പ്രസംഗത്തിൽ അതിനുള്ള പൂർണ്ണമായ ലക്ഷണം കണ്ടില്ല എന്ന വിമർശനം ഞാൻ ഉന്നയിക്കുകയാണ്. അദ്ദേഹം പറഞ്ഞു, ഇവിടെ ചൈനീസ് പ്രേതം സി.പി.ഐ.(എം) ന്റെ

LIBRARY ARCHIVES Kerala Legislative Assembly

വേട്ടയാടുന്നു. ചൈനീസ് പ്രേതം ഞങ്ങളെ വേട്ടയാടുകയല്ല ചെയ്യുന്നത്. അമേരിക്കൻ പ്രസിഡന്റ് ബുഷിന്റെ പ്രേതം നിങ്ങളുടെ പാർട്ടിയേയും നിങ്ങളുടെ കേന്ദ്ര ഗവൺമെന്റിനെയും വേട്ടയാടുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിനെതിരെയാണ് ഞങ്ങൾ പോരാടിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ ദിവസത്തിന് ഒരു പ്രാധാന്യമുണ്ട്. അമേരിക്കയുമായി സംയുക്ത നാവിക അഭ്യാസം നടത്താനുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കത്തിന് എതിരായി ഞങ്ങളുടെ പാർട്ടിയും സി.പി.ഐ. അടക്കമുള്ള ഇടതുപക്ഷ പാർട്ടികളും ഇന്ന് ഒരു ജാഥ തുടങ്ങുകയാണ്. ആ ദിവസം അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷിന്റെ പ്രേതം ഇന്ത്യയെ ബാധിക്കാതിരിക്കാൻവേണ്ടി യു.പി.എ. ഗവൺമെന്റിനെതിരായി ഇടതുപക്ഷ പാർട്ടികൾ പ്രചാരണജാഥ തുടങ്ങുന്ന ദിവസമാണ് നിങ്ങൾ ആക്ഷേപം ഉന്നയിക്കുന്നത്. ഞങ്ങളെ ചൈനീസ് പ്രേതം ബാധിച്ചിട്ടില്ല. ഞങ്ങളെ ബാധിച്ചത് ഇന്ത്യയുടെ പ്രേതമാണ്. ഇന്ത്യയുടെ ദേശീയ താല്പര്യമാണ് ഞങ്ങൾ ഇക്കാര്യത്തിൽ ഉയർത്തിപ്പിടിക്കുന്നത്. കാരണം ഇന്ത്യ എന്നുപറയുന്നത് സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യത്തിന്റെ രാജ്യമാണ്. സ്വാതന്ത്ര്യം കിട്ടിയശേഷം ഉയർത്തിപ്പിടിച്ചിട്ടുള്ള സ്വതന്ത്രമായ വിദേശനയം പിന്തുടരുമെന്നാണ് ജനങ്ങൾക്ക് കോമൺ മിനിമം പ്രോഗ്രാമിലൂടെ നൽകിയിട്ടുള്ള ഉറപ്പ്. ആ ഉറപ്പ് ലംഘിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് പറയുന്നതിനടിയിൽ ഒപ്പിടുന്ന നിലയിലേക്ക് ഡോ. മൻമോഹൻ സിംഗ് ^പാകുന്നതിനെതിരായി ഇടതുപക്ഷത്തിന് മാത്രമല്ല നിങ്ങളുടെ പാർട്ടിയിൽത്തന്നെ ·തമായ എതിർപ്പുണ്ട്. കോൺഗ്രസ്സിൽത്തന്നെ ശക്തമായ എതിർപ്പുണ്ട്. ബില്ലിന്റെ ·ച്ചയായതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷിന്റെ പ്രേതം ഡോ. മൻമോഹൻ സിംഗിനെ ബാധിച്ച കാര്യം ബഹുമാനപ്പെട്ട കോൺഗ്രസ്സ് അംഗങ്ങൾ മനസ്സിലാക്കണം. അതിനെതിരായി പ്രതികരിക്കണം. ആ പ്രേതം ഒഴിപ്പിക്കാൻവേണ്ടിയുള്ള എന്തെങ്കിലും പരിഹാരക്രിയകൾ നടത്തുകയാണ് വേണ്ടതെന്ന് മാത്രമാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ഈ ബിൽ പോരായ്മകൾ പരിഹരിച്ച് ഏകകണ്ഠമായി നമുക്ക് പാസ്സാക്കാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2005-ലെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസ് മാറ്റിയാണ് ഈ ഗവൺമെന്റ് 2006 ഡിസംബർ മാസം 13-ാം തീയതി പുതിയ ഓർഡിനൻസ് ഇറക്കിയത്. പല പ്രാവശ്യം നിയമസഭാ സമ്മേളനം നടന്നെങ്കിലും അത് നിയമമാക്കാൻ കഴിയാതെ നാല് പ്രാവശ്യം ഓർഡിനൻസായി വീണ്ടും പുറത്തിറക്കേണ്ടിവന്നു. നമ്മുടെ നാട്ടിൽ സംഘടിത കുറ്റവാളികളുടെയും മാഫിയകളുടെയും എണ്ണം വർദ്ധിച്ചുവരികയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണഘടനാപരമായ ബാദ്ധ്യത ജനാധിപത്യ ഭരണക്രമത്തിലെ ഭരണകൂടത്തിനുണ്ട്. ആ ബാദ്ധ്യത നിറവേറ്റാൻ കഴിയാത്തതിനാൽ ജനങ്ങൾ ഭീതിയിലും ഉത്കണ്ഠയിലുമാണ്. നമ്മുടെ സംസ്ഥാനത്തെ പോലീസ് സേനയെക്കുറിച്ചുള്ള ജനങ്ങളുടെ വിശ്വാസ്യതപോലും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ നഗരങ്ങളെയും പട്ടണങ്ങളെയും ഗ്രാമങ്ങളെയും മാത്രമല്ല പോലീസിനെപ്പോലും നിയന്ത്രിക്കുന്നത് മാഫിയ സംഘങ്ങളാണ്. പണ്ട് സി.പി.ഐ.(എം) അധികാരത്തിൽ വരുമ്പോൾ ഞങ്ങൾ ആക്ഷേപിച്ചിരുന്നത് പോലീസ് സ്റ്റേഷൻ ഭരിക്കുന്നത് സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റിക്കാരാണെന്നാണ്. ആ സ്വാധീനമൊന്നും ഇന്നത്തെ ലോക്കൽ കമ്മിറ്റികൾക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവർ ഭരിക്കാനൊക്കെ ശ്രമിക്കുന്നുണ്ടെങ്കിലും അവരേക്കാൾ സ്വാധീനം അതാത് പ്രദേശങ്ങളിലുള്ള മാഫിയ സംഘങ്ങൾക്കാണ്. മണൽ മാഫിയ, ഗുണ്ടാ സംഘങ്ങൾ, ബ്ലേഡ് മാഫിയ എന്നിങ്ങനെയുള്ള സംഘങ്ങളാണ് പല പോലീസ് സ്റ്റേഷനുകളും ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഇതിനുമുമ്പ് ഉണ്ടാകാത്ത തരത്തിൽ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നു. പഴയ കാലങ്ങളിൽ ഒരു കൊലപാതകം നടന്നാൽ കൊലപാതകത്തെക്കുറിച്ചുള്ള തുടർച്ചയായ വാർത്തകൾ പത്രത്താളുകളിൽ നിറയുമായിരുന്നു. ഇന്നിപ്പോൾ ക്രൂരമായ, മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്ന കൊലപാതകങ്ങൾപോലും അകത്തെ പേജിലെ വാർത്തകളായി മാറിയിരിക്കുന്നു. ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്ന ആളുകൾ പോലീസിനെ ഒരു വഴിയിൽ സ്വാധീനിക്കുകയും മറ്റൊരു തരത്തിൽ അവരെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഒരു മാഫിയരാജ് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും പോലീസ് നിസ്സംഗരായാണ് നിൽക്കുന്നത്. മാഫിയകളാണോ കേരളത്തിലെ പോലീസിനെ നിയന്ത്രിക്കുന്നതെന്ന് കേരളത്തിലെ ഉന്നത നീതിപീഠമായ ഹൈക്കോടതിയിലെ ക്രിമിനൽ കേസ് കൈകാര്യം ചെയ്യുന്ന ബഞ്ച് പല പ്രാവശ്യം ചോദിച്ചിരിക്കുന്നു. അത് കേരളത്തിലെ ഭരണകൂടത്തോടുള്ള ചോദ്യമാണ്. ഹവാലക്കാരാണ് നിയന്ത്രിക്കുന്നത്. ഹവാല പണം പിടിച്ച കേസ്സിൽ ജനക്കൂട്ടം വളഞ്ഞ് നിന്ന് പോലീസ് വന്നപ്പോൾ പോലീസും ജനങ്ങളും ഇതിൽ ഇടപെടേണ്ട, ഈ കേസ് ഞങ്ങളുടെ ബോസ് തീർത്തുകൊള്ളുമെന്ന് പരസ്യമായി പറയാൻ കേരളത്തിലെ മാഫിയ സംഘങ്ങൾക്ക് എവിടെ നിന്നാണ് ധൈര്യമുണ്ടായതെന്ന് ഞാൻ ചോദിക്കുന്നതല്ല, ഹൈക്കോടതി ചോദിച്ചതാണെന്ന് നിങ്ങൾ ഓർക്കണം. നമ്മുടെ നിയമ വ്യവസ്ഥകളേയും നീതിന്യായ സംവിധാനങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് പുല്ലുവിലപോലും കൽപ്പിക്കാതെ മാഫിയാ സംഘങ്ങൾ അരങ്ങ് തകർത്ത് വാഴുന്ന അവസ്ഥ സംസ്ഥാനത്തുണ്ട്. നമ്മുടെ നാട്ടിലെ ആളുകൾക്ക് പുറമെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകൾപോലും ക്രൂരമായ കൊലപാതകങ്ങളും മോഷണവും നടത്തിയശേഷം അടുത്ത ട്രെയിനിൽ കയറി പോവുകയാണ്. നമ്മുടെ പോലീസ് സംവിധാനത്തിൽ ഇൻവെസ്റ്റിഗേഷൻ സംവിധാനം ഇല്ല. പോലീസുകാർക്ക് പാറാവ് ഡ്യൂട്ടിയും എസ്കോർട്ട് ഡ്യൂട്ടിയും അല്ലാതെ ഇൻവെസ്റ്റിഗേഷനുവേണ്ടിയുള്ള പ്രത്യേകമായ ഒരു പോലീസ് സംവിധാനം ഇല്ല. പോലീസ് സംവിധാനം പഴയതുപോലെ തന്നെ തുടരുകയാണ്. കാലാനുസൃതമായ ഒരു ഇൻവെസ്റ്റിഗേഷൻ സംവിധാനം പോലീസ്സിൽ ഉണ്ടാകണം. ഈ നിയമം പാസ്സാക്കിയത് കൊണ്ടു മാത്രം കേരളത്തിലെ ഗുണ്ടാസംഘങ്ങളെ നിയന്ത്രിക്കാൻ കഴിയുമോ? ഇന്ത്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസിഡ്യുവർ കോഡും ഉൾപ്പെടെ നിരവധി നിയമങ്ങൾ സംസ്ഥാനത്ത് ഉണ്ട്. അത് വേണ്ട എന്നല്ല ഞാൻ പറയുന്നത്. ഈ നിയമങ്ങളിൽപ്പോലും ലൂപ്ഹോൾസ് കണ്ടുപിടിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യമുണ്ട്. പത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്ന കൊലപാതകശ്രമങ്ങളും മോഷണവും ക്ഷേത്ര ധ്വംസനവും ഉൾപ്പെടെയുള്ള സംഭവങ്ങൾ ഉണ്ടായി രണ്ടുമൂന്ന് ദിവസം കഴിഞ്ഞ് അതിനേക്കാൾ ബ്രൂട്ടലായ മറ്റൊരു ക്രിമിനൽ ആക്ടിവിറ്റി ഉണ്ടാകുമ്പോൾ ആദ്യത്തെ സംഭവം മുങ്ങിപ്പോകുന്നു. ഇതെല്ലാംനോക്കി നിസ്സഹായരായി നിൽക്കുന്ന പോലീസ് സേനയാണ് സംസ്ഥാനത്തുള്ളത്. ഇത്തരത്തിലുള്ള എത്ര ശതമാനം കേസ്സുകളിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ കഴിയുന്നുണ്ട്? സൂര്യന് താഴെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും അഭിപ്രായം പറയുന്ന ആളാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ. അദ്ദേഹം പറഞ്ഞതുകേട്ട് ഞാൻ ഞെട്ടി. ഈ ഗവൺമെന്റ് വന്നശേഷം ആകെ പത്ത് ക്ഷേത്രങ്ങളിലേ മോഷണം നടന്നിട്ടുള്ളൂ എന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് അറിയാം. അദ്ദേഹം പറവൂരിൽ സർക്കിൾ സ്റ്റേഷൻ ഉത്ഘാടനം ചെയ്യാൻ വന്നതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പറവൂർ താലൂക്കിൽ മാത്രം ഈ ഗവൺമെന്റ് വന്നശേഷം 16 ക്ഷേത്രമോഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഒറ്റക്കേസ്സിൽപ്പോലും ഇതുവരെ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. ക്ഷേത്രങ്ങളിലും ദേവാലയങ്ങളിലും വ്യാപകമായ മോഷണം ഉണ്ടായി. ഇതൊക്കെ ഇപ്പോൾ എഡിഷൻ പേജിൽ അല്ലെങ്കിൽ ഏതെങ്കിലുമൊരു ഏരിയയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വാർത്തകളായിരിക്കുന്നു. തിരുവനന്തപുരത്ത് ഭരണത്തിന്റെ മൂക്കിനുതാഴെ നടക്കുന്ന ക്രിമിനൽ ആക്ടിവിറ്റി തന്നെ വളരെയധികം വർദ്ധിച്ചിരിക്കുന്നു. ഞാൻ രാഷ്ട്രീയമായ ആരോപണം ഉയർത്തുകയല്ല. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്രിമിനൽ ആക്ടിവിറ്റി വർദ്ധിച്ചുവെന്നല്ല ഞാൻ പറയുന്നത്. ക്രൈം എന്നുപറയുന്നത് വലിയൊരു സബ്ജക്ടാണ്. അതിന്റെ പുറകിൽ സാമ്പത്തികമായതും സൈക്കോളജിക്കലായതുമായ ആസ്പെക്ടസുണ്ട്. അത് വളരെ വിശദമായി ചർച്ച ചെയ്യപ്പെടുകയും പരിശോധിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ജനങ്ങളിൽ പോലീസിനെക്കുറിച്ച് ഒരു വിശ്വാസമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു ക്രിമിനൽ കുറ്റം നടത്തിയാൽ പോലീസ് അന്വേഷണം നടത്തി എവിടെ നിന്നെങ്കിലും ഒരു തുരുമ്പ് കണ്ടുപിടിച്ച് കുറ്റവാളിയെ നിയമത്തിനുകീഴിൽ കൊണ്ടുവരുമെന്ന ഒരു വിശ്വാസം ജനങ്ങൾക്കുണ്ടായിരുന്നു. ഇപ്പോൾ ആ വിശ്വാസം ജനങ്ങൾക്കില്ല, കുറ്റവാളികൾക്ക് ഭയവുമില്ല. പോലീസിനേക്കാൾ തികഞ്ഞ സംവിധാനങ്ങളോടുകൂടി, ആധുനിക സംവിധാനങ്ങളോടെ കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്ത് കുറ്റവാളികളുടെ സംഘം മുന്നോട്ടുപോകുമ്പോൾ അതിനോടൊപ്പം ചലിക്കാൻ കഴിയാതെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ സംസ്ഥാനത്തെ പോലീസ് നിൽക്കുകയാണ്. അതിന് ആവശ്യമായ മാറ്റങ്ങൾ വരുത്താതെ ക്രിമിനൽ സംഘങ്ങളെ അമർച്ച ചെയ്യാൻ കഴിയില്ല. പതിനഞ്ച് വയസ്സ് മുതൽ മുപ്പത് വയസ്സുവരെയുള്ള ആൺകുട്ടികളുള്ള വീടുകളിൽ മുഴുവൻ ഉൽകണ്ഠയാണ്. മകൻ എവിടെയാണ് പോയിരിക്കുന്നത്? കൂലിത്തല്ല് സംഘത്തിന്റെയോ അതോ വ്യാജവാറ്റുകാരന്റെ സംഘത്തിലാണോ പോയിരിക്കുന്നത്? വൈകുന്നേരങ്ങളിൽ രാത്രി വൈകുവോളം മേശയുടെ മീതെ അടച്ചുവച്ച ഭക്ഷണവുമായി മകനെ കാത്തിരിക്കുന്ന അമ്മമാരുടെ നാടായി കേരളം മാറിയിരിക്കുന്നു. നമ്മൾ ഒരു നിയമ നിർമ്മാണം നടത്തുമ്പോൾ അതിന്റെ ഡ്രാഫ്റ്റിംഗ് ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട ഒന്നാണ്. രണ്ടാം ക്ലാസിൽത്തന്നെ ഇവിടെ പറഞ്ഞിരിക്കുന്ന പി. (i) (ii) (iii) (iv).(v) പ്രൊവൈസോസ് ആണ്. Known Goonda, Known Rowdy എന്നുള്ള വാക്കിനേക്കാൾ നല്ലതായി കുപ്രസിദ്ധ എന്നർത്ഥം വരുന്ന notorious എന്ന തരത്തിലുള്ള വാക്ക് പ്രയോഗിക്കുന്നതാണ് നല്ലത്. Known Rowdy എന്നുള്ളത് ഇംഗ്ലീഷ് ഭാഷയിൽ പ്രയോഗിക്കുന്ന വാക്കല്ല. Known Personality എന്നൊക്കെ പ്രയോഗിക്കും. 'കുപ്രസിദ്ധ റൗഡി' എന്ന ഡെഫിനിഷൻ കൊടുത്തിരിക്കുന്നിടത്ത് കുറേ പ്രൊവൈസോസ് ഉണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള സംഘർഷമോ, കുടുംബത്തിലെ അംഗം എന്നുള്ള നിലയിലുള്ള അയാളുടെ ഇടപെടലോ,

LIBRARY ARCHIVES Kerala Legislative Assembly

അയൽക്കാർ തമ്മിലുള്ള കലഹമോ അതിൽ വരില്ല. സേവന വ്യവസ്ഥകൾ സംബന്ധിച്ച് സ്ഥാപനവും വ്യക്തിയും തമ്മിൽ നടക്കുന്ന സംഘർഷം അതിലുണ്ടാകില്ല. വിദ്യാഭ്യാസ സ്ഥാപനത്തിലെ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നം അതിൽ വരില്ല, രാഷ്ട്രീയ പാർട്ടി പ്രവർത്തകരെ സംരക്ഷിച്ചുകൊണ്ടുള്ള ക്ലാസ്സാണ് 2 (പി) (v). ആറാമത്തെ കാര്യം മാത്രം നിയമപരമായി നിലനിൽക്കുന്ന കാര്യം, പതിനെട്ട് വയസ്സ് പൂർത്തിയാകുന്നതിനുമുൻപ് അയാൾ ചെയ്തിട്ടുള്ള ഒരു കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലവും, അയാൾ ഒരു കുപ്രസിദ്ധ റൗഡിയാണെന്ന് തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളുടെ എണ്ണം കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കേണ്ടതാണ്. അതിന് നിയമപരമായ പിൻബലമുണ്ട്. മറ്റ് പ്രൊവൈസോസ് നിയമപരമായി നിലനിൽക്കില്ല. എന്നതാണ് ഇവിടെ ലീഗൽ ഒബ്ജക്ഷനായി അവതരിപ്പിക്കേണ്ടിയിരിക്കുന്ന വിഷയമായി എനിക്ക് തോന്നുന്നത്. നമ്മുടെ ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ആർട്ടിക്കിൾ 14-ൽ വളരെ ക്ലീയറായിട്ട് പറയുന്നുണ്ട്, The State shall not deny to any person equality before the law or the equal protection of the laws within the territory of India. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമൻമാരാണ്. ഐ.പി.സി. അനുസരിച്ച് ഒരേ കുറ്റം ചെയ്യുന്ന ആളുകളെ എങ്ങനെയാണ് രണ്ട് ചേരിയിൽ ആക്കി ക്ലാസിഫിക്കേഷൻ നടത്താൻ നമുക്ക് കഴിയുന്നത്? ഐ.പി.സി. പ്രകാരം കുറ്റം ചെയ്തയാളെ അയാൾ കുടുംബ ലഹളയിലാണുൾപ്പെട്ട തെന്നോ, രാഷ്ട്രീയപാർട്ടിയിലെ അംഗമാണെന്നോ പറഞ്ഞുകൊണ്ട് മാറ്റി നിർത്താൻ പറ്റുമോ? ക്രിമിനൽ പ്രൊസീഡ്യുവർ കോഡ്, പ്രൊസീഡ്യുവർ ലോ അനുസരിച്ച് നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട ഒരാളെ അയാൾ രാഷ്ട്രീയത്തിലെ അംഗമാണെന്ന കാരണം പറഞ്ഞ് കുടുംബ ലഹളയിൽ ക്രിമിനൽ കുറ്റം ചെയ്തതാണെന്ന് പറഞ്ഞോ അയൽക്കാർ ചെയ്ത സംഘർഷമാണെന്ന് പറഞ്ഞോ അല്ലെങ്കിൽ വിദ്യാർത്ഥി സംഘർഷത്തിൽ പറ്റിയതാണെന്നോ പറഞ്ഞ് നമുക്ക് മാറ്റി നിർത്താൻ കഴിയുമോ? രണ്ട് തരം വിവേചനം ഇവിടെ ഉണ്ട്. സുപ്രീംകോടതി പലപ്രാവശ്യം ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. പാർലമെന്റിലാണെങ്കിലും നിയമസഭയിലാണെങ്കിലും നിയമനിർമ്മാണം നടത്തുമ്പോൾ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി നമുക്കുണ്ടോ? അക്കാര്യത്തിൽ Indra Sawhney v Union of India ഇതിൽ .വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്, Parliament and the Legislatures in the country cannot run the basic feature of the Constitution namely the Principle of Equality enshrined in Article 14. അത് വളരെ ക്ലിയറാണ്. നിരവധി കേസ്സുകളിൽ ഈ വിഷയം അവിടെ ചർച്ച ചെയ്തിട്ടുണ്ട്. അതുപോലെ മറ്റൊരു കേസ്, Northern India Caterers v State of Punjab, അതിൽ പറയുന്നത്, An important consequence of the rights to Equality is the element of reasonableness. Classification which is unreasonable is open to challenge and to this extend the policy of legislation is open to judicial review. ഒരു നിയമം നിയമസഭ പാസ്സാക്കിയാൽ ആ നിയമം നിലനിൽക്കണ്ടേ? വിവേചനപരമായ തരത്തിൽ ഒരു ഡെഫിനിഷൻ ക്ലാസ് നമ്മൾ ഇതിനകത്ത്, അവരെയെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടി ഇത്ര ആളുകൾക്ക് ഒരു എക്സംപ്ഷൻ, ക്രിമിനൽ സ്വഭാവമുള്ള അല്ലെങ്കിൽ ക്രിമിനൽ പ്രൊസീഡ്യുവറുമായി ബന്ധപ്പെട്ട പ്രൊവിഷൻ ഉൾപ്പടെ നിയമം പാസാക്കുമ്പോൾ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് തടയാനുള്ള ഈ നിയമം ..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻമാസ്റ്റർ: രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ ആളുകൾ കൂടി ഈ നിയമപരിധിക്കകത്ത് ഉൾപ്പെടണമെന്നുള്ളതാണോ അങ്ങ് പറയുന്നത്?.

ശ്രീ. വി.ഡി. സതീശൻ: ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞില്ല. ഡെഫിനിഷനിൽ പറയുന്നതും കുറ്റകൃത്യങ്ങൾ ചെയ്തതുമായ ആളുകൾ രാഷ്ട്രീയക്കാർ ആയതുകൊണ്ട് അവരെ ഇതിനകത്ത് പെടുത്താതിരിക്കാനുള്ള പ്രൊവിഷൻ ഇതിൽ കൊണ്ടുവന്നാൽ ഇത് നിലനിൽക്കുകയില്ല.

ശ്രീ. എൻ.അനിരുദ്ധൻ: ആർട്ടിക്കിൾ 14-ൽ പറഞ്ഞിരിക്കുന്ന റെസ്ട്രിക്ഷൻസ് ആകാമല്ലോ? ആ റെസ്ട്രിക്ഷൻസ് റീസണബിൾ ആയിരിക്കണമെന്ന് മാത്രമല്ലേ പറയുന്നുള്ളൂ. ഇത് ജനറൽ ലാ അല്ലല്ലോ, സ്പെഷ്യൽ ലാ അല്ലേ? സ്പെഷ്യലായി അതിൽ ഉന്നയിക്കുന്ന റെസ്ട്രിക്ഷൻസ് ലെജിസ്ലേറ്റീവ് കോമ്പീറ്റെൻസിയെ തടസ്സപ്പെടുത്താത്തതല്ലേ?

ശ്രീ. വി.ഡി. സതീശൻ: തീർച്ചയായും റീസണബിൾ റെസ്ട്രിക്ഷൻ ആർട്ടിക്കിൾ 14-ലും ആകാം. ഇവിടെ റീസണബിൾ റെസ്ട്രിക്ഷനല്ല. അതാണ് ഞാൻ പറഞ്ഞത് പ്രൊവൈസോ തുടങ്ങുന്നത് ബഹുമാനപ്പെട്ട അങ്ങ് ശ്രദ്ധിക്കണം. ഒരു വ്യക്തി ചെയ്യുന്ന ഏതെങ്കിലും കുറ്റം അത് രാഷ്ട്രീയപാർട്ടിയിലെ അംഗമാണെങ്കിൽ അയാൾ അതിനകത്ത് വരില്ല. അയൽകൂട്ടങ്ങൾ തമ്മിലുള്ള കലഹത്തിന്റെ ഭാഗമായി അല്ലാത്ത ഒരാൾ വരും. രാഷ്ട്രീയപാർട്ടിയിലെ അംഗമായി വരുന്ന ഒരാൾ ചെയ്യുന്ന കുറ്റം ഇതിൽ വരില്ല. രാഷ്ട്രീയ പാർട്ടിയിൽ അംഗമല്ലാത്ത ഒരാൾ ചെയ്യുന്ന കുറ്റം ഇതിൽ വരും. അവിടെയാണ് ക്ലാസിഫിക്കേഷൻ. റീസണബിൾ റെസ്ട്രിക്ഷനല്ല. ഇവിടെ ലോ ഡിപ്പാർട്ടുമെന്റിൽനിന്ന് ചെയ്തിരിക്കുന്നത്, കുറ്റകൃത്യം ചെയ്യുന്നതിന് സഹായകരമായ, കുറ്റകരമായ ഗൂഢാലോചനയിൽ ഉൾപ്പെടാതെയും ആധികാരികതയുള്ള പോലീസ് ഓഫീസറേയോ മജിസ്ട്രേറ്റിനേയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പരിപാടിയിലോ ആ പാർട്ടിയുടെ പ്രവർത്തകരുടെ പൊതുവായ ഇടപെടൽ ഉണ്ടായിട്ടുള്ള സംഭവത്തിലോ ഒന്നും പെടില്ല എന്ന് പറഞ്ഞിരിക്കുന്നു. ഒരേ ക്രിമിനൽ കുറ്റമാണ്. അത് ക്ലിയറല്ല. മജിസ്ട്രേറ്റിന്റെയോ പോലീസ് ഓഫീസറുടെയോ സാങ്ഷൻ വാങ്ങിച്ചിട്ട് രാഷ്ട്രീയപാർട്ടിയുടെ പ്രകടനം നടത്തുന്നു. രാഷ്ട്രീയ പാർട്ടികളുടെ പ്രകടനവുമായി ബന്ധപ്പെട്ട് കേരളത്തിലുള്ള സമാന സംഭവങ്ങളാണ് ഞാൻ പറയുന്നത്. ആ പ്രകടനവുമായി ബന്ധപ്പെട്ട സമയങ്ങളിൽ കുറ്റവാളികളായ ആളുകൾ ഉണ്ടാകുമല്ലോ. കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ എങ്ങനെ അവരെ സംരക്ഷിക്കാൻ കഴിയും? രാഷ്ട്രീയ പാർട്ടിയിൽ അംഗങ്ങളാണ് എന്നുള്ള എക്സംപ്ഷൻ വാങ്ങിച്ച് കുറ്റകൃത്യത്തിൽനിന്നും ഒഴിവാക്കപ്പെടുന്നത് ഡിസ്ക്രിമിനേഷനാണ്. അങ്ങനെ ഒരു പ്രൊവിഷൻ ഇതിനകത്ത് എഴുതി ചേർക്കേണ്ട കാര്യം ഇല്ലല്ലോ? അങ്ങനെ എഴുതിച്ചേർത്ത് അവർക്ക് സംരക്ഷണം കൊടുക്കുമ്പോൾ നിയമത്തിന്റെ മുമ്പിൽ അത് നിലനിൽക്കാത്തതായി വരും.

ശ്രീ. എൻ. അനിരുദ്ധൻ: ഈ നിയമം വളരെ മിസ്യൂസ് ചെയ്യാൻ സാധ്യതയുള്ളതാണ്. അങ്ങനെ മിസ്യൂസ് ചെയ്യാതിരിക്കുന്നതിന് കൂടുതൽ കരുതലോടുകൂടിയുള്ള ഈ വകുപ്പുകൾ അനിവാര്യമല്ലേ? മിസ് യൂസ് തടയുന്നതിന് abundant caution എന്നുള്ള നിലയിൽ ഒരു റെസ്ട്രിക്ഷൻ ഏർപ്പെടുത്തിയിരിക്കുന്നത് ശരിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.വി.ഡി. സതീശൻ: ആ റെസ്ട്രിക്ഷൻ ചേർത്തുകൊണ്ടല്ല തെറ്റ്. പക്ഷേ അത് നിയമപരമായി നിലനിൽക്കില്ല. അങ്ങേക്ക് അറിയാമല്ലോ, ലീഗൽ ഡ്രാഫ്റ്റിംഗ് നടത്തുമ്പോൾ കോടതിയിൽ ഏതെങ്കിലും കേസ്സിൽ ഉൾപ്പെടുന്ന ഒരാൾ ഇതിന്റെ വിവേചന പരമായ പ്രൊവിഷൻ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ ഇത് നിൽക്കുമോ? അത് ക്രിമനൽ ലാ കൂടിയാണ്. യഥാർത്ഥത്തിൽ ഇതിലെ പ്രൊസീഡ്യൂവർ അനുസരിച്ച് ഒരു നിരപരാധി പെട്ടുപോയാൽ സമയം നോക്കി ഉപദേശക ബോർഡുകൂടി തീരുമാനം എടുക്കുമ്പോൾ ഏകദേശം ഒരു മാസമെങ്കിലും അയാൾ ജയിലിൽ കിടക്കേണ്ടിവരും. നിരപരാധികളായ ആളുകളെപ്പോലും അകത്താക്കാൻ കഴിയും. അതുകൊണ്ട് ഇത് വളരെ സൂഷ്മതയോടെ കൈകാര്യം ചെയ്യേണ്ട നിയമമാണ്. ഇവിടെയുള്ള പ്രശ്നം അത് ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്താൽ ..................

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ഡെഫനിഷൻ അനുസരിച്ചാണെങ്കിൽ ടാഡ, മിസ്സാ, പോട്ട എന്നീ മൂന്ന് ലെജിസ്ലേഷനുകളും ക്രിമിനൽ നടപടി ക്രമത്തിന്റെ ചട്ടത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽപ്പോലും സ്പെഷ്യൽ ലെജിസ്ലേഷൻ എന്നുള്ള നിലയിൽ ഒഫൻസിനെ ഡിഫന്റ് ചെയ്യുന്നത് പ്രത്യേകമാണ്. ആ സാഹചര്യത്തിൽ ഈ നിയമവും സൂക്ഷ്മമായി പരിശോധിച്ചു കഴിഞ്ഞാൽ തീർച്ചയായും ഒരു റീസണബിളായിട്ടുള്ള വിവേചനം കാണാൻ കഴിയും. അതുകൊണ്ടുതന്നെ സ്പെഷ്യലൈസ്ഡ് ഒഫൻസ് എന്നുള്ള നിലയിൽ ഇത്തരം ഒഫൻസുകളെ നിരോധിക്കണമെന്നുള്ളതുകൊണ്ട് തീർച്ചയായും ഈ നിർവചനം കോടതിയുടെ പരിഗണനയിൽ സാധൂകരിക്കപ്പെടുന്നതാണ്. അങ്ങനെയല്ലെങ്കിൽ പോട്ട, മിസ്സാ, ടാഡ തുടങ്ങിയവയൊക്കെ സ്പെഷ്യൽ കാറ്റഗറൈസ്ഡ് ഒഫൻസായിട്ടാണ് ഇതെല്ലാം ഡിഫൈൻ ചെയ്തിട്ടുള്ളത്. ആ ഡെഫനിഷന്റെ ചുവടുപിടിച്ചുകൊണ്ട് തീർച്ചയായും ഇതും സാധൂകരിക്കപ്പെടേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: തീർച്ചയായും അങ്ങ് പറഞ്ഞ ആദ്യത്തെ പോയിന്റ് വളരെ ശരിയായ കാര്യമാണ്. പോട്ട ഉൾപ്പെടെയുള്ള നിയമങ്ങൾ ഇന്ത്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും നിലനിൽക്കുമ്പോൾപ്പോലും മറ്റൊരു പ്രത്യേകമായ സ്പെഷ്യൽ ലാ ആയി സമ്മതിക്കാനുള്ള കാര്യം ശ്രീ. എൻ. അനിരുദ്ധൻ ചൂണ്ടിക്കാണിച്ചതുപോലെ റീസണബിൾ റെസ്ട്രിക്ഷൻ ഉൾപ്പെടുത്തിയിരിക്കുന്നതു കൊണ്ടാണ്. പക്ഷേ അതിൽ വീണ്ടും നമ്മൾ പ്രൊവിസൊ കൊടുത്തിരിക്കുകയാണ്. ഇതിൽ പറയുന്നത് ഒരേ കുറ്റം ചെയ്ത ആളുകളെയാണ്. ഹാബിചൽ ഒഫൻഡേഴ്സിനെ കൈകാര്യം ചെയ്യാൻവേണ്ടിയാണ് ഇത് ചെയ്തിരിക്കുന്നത്. ഹാബിചൽ ഒഫൻസർ ഒരു രാഷ്ട്രീയപാർട്ടിയിൽ അംഗമാണോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ ചോദിച്ചത് സത്യമാണ്. കേരളത്തിൽത്തന്നെ അറിയപ്പെടുന്ന ഒരു ഗുണ്ട എറണാകുളം ജില്ലക്കാരൻ, നിരവധി കൊലക്കേസ്സുകളിലെ പ്രതിയാണ്. ഈ വാർത്തകൾ വന്നശേഷം ശ്രീ. ലാലു പ്രസാദ് യാദവിന്റെ പാർട്ടിയിൽ ചേർന്ന് എറണാകുളത്ത് ജില്ലാ പ്രസിഡന്റായി പ്രകടനം നടത്തുകയാണ്. ഈ ഡെഫനിഷനിൽ വരില്ലേ? നാഷണലൈസ്ഡ് റെക്കഗനൈസ്ഡ് പാർട്ടിയാണ് ശ്രീ. ലാലു പ്രസാദ് യാദവിന്റെ ആർ.ജെ.ഡി. എന്ന് പറയുന്നത്. ആ പാർട്ടിയിൽ ചേർന്നിരിക്കുകയാണ്. അങ്ങനെ ഗുണ്ടകൾ സംരക്ഷണത്തിനുവേണ്ടി രാഷ്ട്രീയ പാർട്ടിയിൽ അംഗങ്ങളാകുന്നു. ഒരു കോളനിയിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്ന ആൾ അയൽ വീട്ടുകാരെ ഉപദ്രവിക്കുന്നു. ഗുണ്ടാ നിയമത്തിന്റെ സംരക്ഷണം ആ അയൽ വീട്ടുകാരന് വേണ്ടേ? അയൽക്കാർ തമ്മിലുള്ള സംഘർഷത്തിന്റെ പേരിൽ ഹാബിച്വൽ ഒഫൻഡേഴ്സിന് രക്ഷപ്പെടാനുള്ള പ്രൊവിഷൻ അതിൽ പ്രൊവിസൊ ആയി കൊടുക്കുന്നത് ശരിയാണോ? അല്ലെങ്കിൽ ചില കുടുംബങ്ങളിൽ എല്ലാവരേയും ഉപദ്രവിക്കുന്ന ആളുകളുണ്ട്, ഗുണ്ടകളുണ്ട്, ക്രിമിനൽസുണ്ട്. അവർ പുറത്തു കാണുന്നതുപോലെ ക്രൂരമായി കുടുംബാംഗങ്ങളോടും പെരുമാറുന്നവരുണ്ട്. അവർക്ക് എക്സംപ്ഷൻ കൊടുക്കാൻ കഴിയുമോ? ഈ എക്സംപ്ഷൻ എന്നു പറയുന്നത് അങ്ങ് പറഞ്ഞ റീസണബിൾ റെസ്ട്രിക്ഷനകത്ത് വരില്ല. ഈ നിയമനിർമ്മാണം വരും. ക്രിമിനൽ പ്രൊസീഡ്യുവർ ലായും ഐ.പി.സി.യും ഉള്ളപ്പോൾ എന്തിനാണ് ഇങ്ങനെയൊരു നിയമം എന്നുള്ള ചോദ്യത്തിന്റെ ഉത്തരമാണ് ബഹുമാനപ്പെട്ട മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞത്. പക്ഷേ ഞാൻ പറഞ്ഞത് ഇതിനകത്ത് വീണ്ടും പ്രൊവിസൊ കൊടുക്കുന്നത് റീസണബിൾ റെസ്ട്രിക്ഷനിൽ വരില്ല. അത് പൂർണ്ണമായും ഡിസ്ക്രിമിനേഷൻ തന്നെയാണ്. നിരവധി കേസ്സുകളിൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട പോയിന്റിൽക്കൂടി ഈ വിഷയം വരുന്നുണ്ട്. 2(ആർ) പണം കടംകൊടുപ്പു കാരനെക്കുറിച്ചുള്ള ഡെഫനിഷനാണ്. പണം കടംകൊടുപ്പുകാരനെക്കുറിച്ചുള്ള ഡെഫനിഷൻ കൊടുത്തിരിക്കുന്ന സ്ഥലത്ത് പറഞ്ഞിരിക്കുന്നത് റെക്കഗനൈസ്ഡ് ബാങ്ക് പണം കടംകൊടുപ്പുകാരൻ എന്നാൽ ഏത് തരത്തിൽപ്പെട്ടതുമായ ഏതെങ്കിലും പണം കടം കൊടുക്കുന്ന സ്ഥാപനമോ എന്നർത്ഥമാകുന്നതും, എന്നാൽ ഭാരതീയ റിസർവ്വ് ബാങ്ക് അംഗീകരിച്ച ഒരു ബാങ്കിംഗ് സ്ഥാപനമോ, 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘമോ ഉൾപ്പെടാത്തതാകുന്നു എന്നാണ്. ഈ നിയമം നിൽക്കാൻവേണ്ടിയാണ് പറയുന്നത്. തെറ്റിദ്ധരിക്കരുത്. ആർട്ടിക്കിൾ 19(1 ജി) അനുസരിച്ച് എല്ലാവർക്കും വ്യാപാരം നടത്താനും മറ്റ് കാര്യങ്ങൾ ചെയ്യാനുമുള്ള സൗകര്യമുണ്ട്. അപ്പോൾ ബ്ലേഡ് കമ്പനി നടത്തുന്ന ഒരാൾക്ക് എതിരായി നിയമം കൊണ്ടുവരുമ്പോൾ എന്തിനാണ് പ്രത്യേകമായി ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് അതിൽ എക്സംപ്ഷൻ കൊടുക്കുന്നത്? നിയമത്തിൽ വിവേചനം കാണിക്കുന്നത്? ഇവിടെ സുപ്രീം കോടതിതന്നെ പറഞ്ഞിട്ടുണ്ട് പബ്ലിക് ഇന്ററസ്റ്റിനുവേണ്ടി ചെയ്യുമ്പോൾപ്പോലും പ്രൈവറ്റ്/പബ്ലിക് എന്നുള്ള ക്ളാസിഫിക്കേഷൻ കൊടുത്ത് രണ്ടു കൂട്ടർക്ക് ഒരേ നിയമത്തിൽ രണ്ട് രീതിയിലുള്ള ക്ലാസിഫിക്കേഷന് എതിരായി സുപ്രീംകാടതിയി വിധികളുണ്ടായിട്ടുണ്ട്. അപ്പോൾ യഥാർത്ഥത്തിൽ ബ്ലേഡ്കാരനെ അതിൽനിന്നും മാറ്റാൻവേണ്ടിയല്ല പറയുന്നത്. ഇവിടെ റെക്കഗനൈസ്ഡ് ബാങ്കുകൾക്കും സൊസൈറ്റികൾക്കും കൊടുത്തിരിക്കുന്ന എക്സംപ്ഷൻ...................... ഇവിടെ ഏതെങ്കിലും പോലീസ് എതെങ്കിലും സൊസൈറ്റിയിൽപ്പെട്ട ആളുകളെയോ അല്ലെങ്കിൽ നാഷണലൈസ്ഡ് ബാങ്കിലെയോ ഷെഡ്യൂൾഡ് ബാങ്കിലേയോ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ? പോലീസ് ഇവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ പോകുമോ? റിക്കവറി പ്രൊസീഡിംഗ്സുമായി ചെന്ന് ഗുണ്ടകളുമായി ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കുകാരനോ ഏതെങ്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സെക്രട്ടറിയോ ഏതെങ്കിലും റിക്കവറി പ്രൊസിഡ്യുവർ നടത്താൻ പോകുമോ? 'അവർക്ക് സംരക്ഷണം കൊടുക്കാൻവേണ്ടി' എന്ന വാചകത്തിന്റെ ആവശ്യമില്ല. കേരളത്തിൽ അവരല്ല ക്രിമിനൽ



LIBRARY ARCHIVES Kerala Legislative Assembly

ആക്ടിവിറ്റീസ് നടത്തുന്നത്. നാഷണലൈസ്ഡ് ബാങ്കുകളോ ഷെഡ്യൂൾഡ് ബാങ്കുകളോ കോ-ഓപ്പറേറ്റീവ് സെക്ടറിൽപ്പെട്ട ആളുകളോ റിക്കവറി പ്രൊസീഡ്യുവറിന്റെ ഭാഗമായി ക്രിമിനൽ ആക്ടിവിറ്റീസ് നടത്തുന്നു എന്ന് ഒരു കേസ്സുപോലും ഇതുവരെ വന്നിട്ടില്ല. കാശ് കൊടുത്തില്ലെങ്കിൽ അവർ പതിപ്പിച്ചിട്ട് പോകും. അല്ലാതെ ബലം പ്രയോഗിച്ച് എന്തെങ്കിലും എടുത്തുകൊണ്ടുപോകില്ല, കേരളത്തിലെ ഒരു ബാങ്കുകളും. പക്ഷേ നേരത്തെ പറഞ്ഞത് ന്യൂ ജനറേഷൻ ബാങ്കുകളാണ്. അവർ ബ്ലേഡ് കമ്പനികൾക്ക് സമാനമാണ്. ബ്ലേഡ് കമ്പനികൾ സാധാരണ ഗുണ്ടകളെയാണ് വിടുന്നതെങ്കിൽ ഇവർ വിടുന്നത് കുറച്ചുകൂടി വെൽഡ്രസ്സ്ഡ് ആയിട്ടുള്ള ഗുണ്ടകളെയായിരിക്കും എന്നേയുള്ളൂ. അവിടെ എക്സംപ്ഷൻ കൊടുക്കാമോ? ഈ നിയമത്തെ നിയമപരമായി കോടതിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള ഒരു പ്രശ്നംകൂടി ഉണ്ടാകുമെന്നാണ് സൂചിപ്പിക്കുന്നത് ഞാൻ അതിലെ ചില പോയിന്റുകൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ക്ലാസ് 10(1) 'ഉപദേശക ബോർഡിന്, സർക്കാരിൽ നിന്ന് കിട്ടിയ റിപ്പോർട്ടോ, അല്ലെങ്കിൽ തടങ്കലിൽ വയ്ക്കപ്പെട്ട ആളിൽനിന്നോ അല്ലെങ്കിൽ ബാധകമാകുന്ന മറ്റേതെങ്കിലും ആളിൽ നിന്നോ കിട്ടിയ നിവേദനമോ അത് യുക്തമെന്ന് കരുതാവുന്ന അപ്രകാരമുള്ള രീതിയിൽ പരിഗണിച്ചശേഷവും പ്രസക്തമായ രേഖകൾ ആരോടും വെളിപ്പെടുത്താതെ പരിശോധിച്ചശേഷവും അവർക്ക് തീരുമാനമെടുക്കാവുന്നതാണ്' എന്നുപറഞ്ഞിരിക്കുന്നു. അതിന് ഒരു സമയ ക്ലിപ്തത വേണം. ഒരാളെ നമ്മൾ തടങ്കലിൽ വച്ചിരിക്കുകയാണ്. ആ ആൾ കൊടുത്തിരിക്കുന്ന റിക്വസ്റ്റോ അല്ലെങ്കിൽ ഒരാളെ തടങ്കലിൽ വച്ചിരിക്കുന്നു എന്നു പറഞ്ഞ് ഗവൺമെന്റ് കൊടുക്കുന്ന റിപ്പോർട്ടോ ഇതിൽ ഏതെങ്കിലും ഒന്നാണ് അഡ്വൈസറി ബോർഡ് പരിശോധിക്കുന്നത്. ഒരാളെ തടങ്കലിൽ വച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനകം പരിശോധിക്കണമെന്ന് നോക്കേണ്ടേ? ഒരു മാസം കഴിഞ്ഞോ രണ്ടുമാസം കഴിഞ്ഞോ ആണ് ഇത് നോക്കുന്നതെങ്കിലോ, ഇയാൾ നിരപരാധി ആണെങ്കിലോ? നിരപരാധി ആണെന്ന് നമ്മൾ സങ്കൽപ്പിക്കുക. അതുകൊണ്ടാണല്ലോ അയാളുടെ കരുതൽ തടങ്കൽ റദ്ദ് ചെയ്യാനുള്ള അവകാശം അഡ്വൈസറി ബോർഡിന് നമ്മൾ കൊടുത്തിട്ടുള്ളത്? തടങ്കലിൽ വച്ചിരിക്കുന്ന ആൾ നിരപരാധിയാണെന്ന് നമ്മൾ സങ്കൽപ്പിക്കുക. ഒന്നുരണ്ട് മാസം കഴിഞ്ഞിട്ടാണ് ഉപദേശക ബോർഡ് ഈ കേസ് ഹാൻഡിൽ ചെയ്യുന്നതെങ്കിലോ? അപ്പോൾ കൃത്യമായ സമയ ക്ലിപ്തത വയ്ക്കണം. എത്രയെന്ന് ഞാൻ നിർദ്ദേശിക്കുന്നില്ല. പ്രായോഗികമായി ആലോചിച്ച് എത്ര ദിവസത്തിനകം ഈ കേസ് ബോർഡ് പരിഗണിക്കുമെന്ന് പരിശോധിക്കണം. മൂവ്മെന്റ് റെസ്ട്രിക്ട് ചെയ്യുന്ന കാര്യത്തിൽ പതിനഞ്ച് ദിവസത്തിനകം. അത് പരിശോധിക്കണമെന്ന് ഒരു പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. മൂവ്മെന്റ് റെസ്ട്രിക്ട് ചെയ്യുന്നതിനുള്ള അധികാരത്തിൽ കൊടുത്തിരിക്കുന്ന സമയ ക്ലിപ്തത ഈ കാര്യത്തിൽ കൊടുത്തിട്ടില്ല. ഇവിടെ എല്ലാവരും സംശയിച്ചത് മിസ്യൂസ് ചെയ്യാതിരിക്കാനുള്ള കാര്യങ്ങൾ ഇതിൽ പുതുതായി കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്?

(i) "തടങ്കലിന്റെ ഓരോ ദിവസത്തിനും അല്ലെങ്കിൽ തടങ്കലിന്റെ സംഗതിയിൽ അതിന്റെ ഭാഗത്തിനോ പ്രതിദിനം ആയിരം രൂപയിൽ കവിയാത്ത ഒരു തുക സർക്കാർ അപ്രകാരം ഉത്തരവിടുകയാണെങ്കിൽ സർക്കാരിലേക്ക് അടയ്ക്കുവാൻ ബാധ്യസ്ഥനായിരിക്കും. അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

(ii) ഈ ആക്ട് പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ തെറ്റായി ആരോപിക്കപ്പെട്ടതുമൂലം ഏതെങ്കിലും ഒരാൾക്ക്, അയാളുടെ സാധാരണ ജോലിയിലോ പ്രവർത്തിയിലോ ഹാജരാകുന്നതിന് തടസ്സം വന്നാൽ, ബാധിക്കപ്പെട്ട ആളിന് പ്രതിദിനം നൂറ് രൂപ നിരക്കിൽ ഓരോ ദിവസത്തേക്കും നൽകണം".

ഒരാളെ പിടിച്ച് അകത്തിട്ടത് തെറ്റാണെന്ന് കണ്ടു കഴിഞ്ഞാൽ ആ ആൾക്ക് നൂറ് രൂപവച്ച് എല്ലാ ദിവസത്തേക്കും കൊടുക്കാൻ തീരുമാനിക്കുക എന്നു പറഞ്ഞാൽ നമ്മൾ ഈ നിയമത്തിൽ അത് എഴുതി വയ്ക്കുന്നതിന്റെ അസാംഗത്യത്തെപ്പറ്റി ആലോചിക്കണം. അത് വലിയ അസാംഗത്യമാണ്. ഒരാളെ പിടിച്ച് അകത്തിട്ടത് ഹൈക്കോടതി ജഡ്ജിമാർ ഉൾപ്പെടെയുള്ള ആളുകൾ തീരുമാനിക്കുന്നത് തെറ്റായിപ്പോയിക്കഴിഞ്ഞാൽ അയാൾക്ക് കൊടുക്കുന്ന കോമ്പൻസേഷൻ ഒരു ദിവസം നൂറ് രൂപയാണ്. ഒരു ദിവസം ജയിലിൽ കിടന്നതിന് സർക്കാർ 100 രൂപ കോമ്പൻസേഷൻ കൊടുക്കുകയാണ്. അത് ശരിയായ സംവിധാനമല്ല. അത് മിസ് യൂസ് ചെയ്യാതിരിക്കണമെങ്കിൽ കുറേക്കൂടി കർശനമായ ഒരു പീനൽ പ്രൊവിഷൻ വേണം. അതായത് തെറ്റായി ഇത് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ പീനൽ പ്രൊവിഷൻ വേണം. ഇപ്പോൾ വെറുതെ ഒരു പ്രൊവിഷൻ മാത്രമേയുള്ളു. ആയിരം രൂപയാണ് സർക്കാരിലേക്ക് അടയ്ക്കണമെന്ന് പറഞ്ഞിരിക്കുന്നത്. ഒരു നിരപരാധിയെപ്പോലും അകത്തിടാൻ ഒരു ഉദ്യോഗസ്ഥനും തോന്നാൻ പറ്റാത്ത രീതിയിലുള്ള ശക്തമായ പീനൽ പ്രൊവിഷൻ ഇതിനകത്ത് ഉൾപ്പെടുത്തണം. അതുപോലെ ക്ലാസ് (17)-ൽ കോൺഫിസ്ക്കേറ്റ് ചെയ്യാനുള്ള അധികാരമാണ് പറഞ്ഞിരിക്കുന്നത്. "സർക്കാരിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവ് വഴി ഏതൊരു സ്ഥലവും പരിശോധിക്കുന്നതിനും, ഏതൊരു ഉരുവോ വാഹനമോ, മൃഗത്തെയോ തടഞ്ഞുനിർത്തുവാനും പരിശോധിക്കുവാനും, സാമൂഹിക വിരുദ്ധ പ്രവർത്തനം നടത്തുവാൻ ഉപയോഗിച്ചെന്നോ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നോ ഉപയോഗിക്കുവാൻ പോകുന്നുവെന്നോ അദ്ദേഹത്തെ വിശ്വസിക്കാൻ കാരണമുള്ള എന്തും പിടിച്ചെടുക്കുന്നതിനും ഏതൊരു പോലീസ് ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്താവുന്നതാണ് . ഇത് മിസ് യൂസ് ചെയ്യപ്പെടാതിരിക്കാൻ വേണ്ടി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തുവരുമ്പോൾ അതിന് കുറച്ചുകൂടി ക്ലാരിറ്റി ബില്ലിൽ ഉണ്ടാക്കണം. അതുപോലെ 2 (എസ്) ലും 2 (ആർ) ലും പറയുന്ന ഡെഫനിഷൻ വച്ച് സംസ്ഥാനത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്ത് ആ വാടക കൊണ്ട് ജീവിക്കുന്ന ഒരുപാട് സാധാരണക്കാരായ ആളുകളുണ്ട്. അവർക്ക് വാടക പിരിക്കാൻപോലും കഴിയാത്ത ഒരു അവസ്ഥയുണ്ടാകരുത്. അതുപോലെ വാഹനങ്ങൾക്ക് ലോൺ കൊടുക്കുന്ന ആളുകൾക്ക് ഇതൊന്നും കൃത്യമായി അടച്ചില്ലെങ്കിൽ അത് റിക്കവർ ചെയ്യാൻ കഴിയണം. അതിന് അവർ ചെന്നുകഴിഞ്ഞാൽ അവരെ ആക്രമിച്ചാലോ? അവരെ ആക്രമിച്ചിട്ട് അവർക്കെതിരെ പരാതി കൊടുത്താലോ? അപ്പോൾ നമുക്ക് സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യാനും നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കാനും സാധിക്കണം. ലാന്റ് ലോർഡുകൾ വാടക ചോദിച്ചു ചെന്നാൽ പലരും കൊടുക്കാറില്ല. അവൻ ജീവിതത്തിലെ മുഴുവൻ സ്വത്തും സമ്പാദിച്ച് പണിതൊരു വീടായിരിക്കും വാടകയ്ക്ക് കൊടുത്തിരിക്കുന്നത്. അതുകൊണ്ടായിരിക്കും അവരുടെ വീട് കഴിഞ്ഞുപോകുന്നത്. വാടക ചോദിച്ചുചെന്നുകഴിഞ്ഞാൽ അയാളെക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

ആക്രമിക്കുന്ന ആളുകൾ ഉള്ളവരുടെ നാടാണ് നമ്മുടേത്. അപ്പോൾ വളരെ ജെന്യൂവിൻ കേസ്സുകൾ ഇത്തരം കാര്യങ്ങളിലുണ്ട്. പണം കടം കൊടുക്കുന്ന ആളുകൾ എല്ലാപേരും കുഴപ്പക്കാരാണെന്ന് പറഞ്ഞാൽ നമ്മളൊക്കെ കടം മേടിക്കുന്നവരാണ്. അതുകൊണ്ട് നാട്ടിലാരും പണം കടം തരാത്ത സ്ഥിതിയുണ്ടാകരുത്. അതുപോലെ വാടകയ്ക്ക് കെട്ടിടം കൊടുത്തിരിക്കുന്ന ആളുകളെയെല്ലാം അതിന്റെ പരിധിയിൽപ്പെടുത്തുന്നത് എന്തിനു വേണ്ടിയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുപോലെ അബ്കാരി ഒഫൻസിന്റെ ഡെഫനിഷൻ 2 (സി) യിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ വ്യാജവാറ്റുകാരനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. പക്ഷേ 2(ജെ)-ൽ ഗുണ്ടാഎന്നത് ഡിഫൈൻ ചെയ്യുന്നത് തെറ്റാണ്. അതിൽ ഗുണ്ടായെന്നു പറഞ്ഞാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവൃത്തിയിൽ ഏർപ്പെടുകയോ പ്രോത്സാഹിപ്പിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, .........." എന്നുള്ളത് ഇംഗ്ലീഷ് ട്രാൻസ്ലേഷനിൽ കൃത്യമായി വന്നിട്ടില്ല. അതൊന്നുകൂടി പരിശോധിക്കണം. അതൊരു ടെക്സ്റ്റായി കോടതികൾ പരിശോധിക്കുന്ന കാര്യമാണ്. അതുപോലെ തീവ്രവാദികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. തീവ്രവാദികളായി ഒരുപാട് ആളുകൾ നമ്മുടെ സംസ്ഥാനത്തുപോലും സംശയിക്കത്തക്ക രീതിയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ അവർ കൂടി സ്പെസിഫിക്കായി ഇതിനകത്ത് വരത്തക്ക രീതിയിൽ ചെയ്യണം. നേരത്തെ സൂചിപ്പിച്ചതുപോലെ കുറേക്കൂടി ഗൗരവമായി അമിതമായ അധികാരം ഉദ്യോഗസ്ഥവൃന്ദത്തിന് കൊടുക്കുന്നത് നമ്മുടെ നാട്ടിലുള്ള സാമൂഹ്യ വ്യവസ്ഥിതിയും അതുപോലെ മാഫിയാ സംഘങ്ങളുടെ പ്രശ്നങ്ങളുമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി നിലവിലുള്ള നിയമങ്ങളുടെ തലനാരിഴ കീറി ഇവരെല്ലാം രക്ഷപ്പെടുന്ന ഒരു അവസ്ഥയില്ലാതാക്കാൻ വേണ്ടിയാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. പക്ഷേ എന്തു പറഞ്ഞാലും എക്സ്സസ് പവറാണ് നമ്മൾ കൊടുക്കുന്നതെന്നുള്ള ബോധം ഈ എക്സിക്യൂട്ടീവിനും ലെജിസ്ലേച്ചറിനും ഉണ്ടാകണം. അമിതമായി കൊടുക്കുന്ന അധികാരം മനുഷ്യാവകാശലംഘനമാകരുത്. മനുഷ്യാവകാശലംഘനങ്ങളുള്ള ധാരാളം കേസുകൾ രാജ്യത്തിന്റെ എല്ലാഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. അപ്പോൾ ഈ അമിതാധികാരം മനുഷ്യാവകാശലംഘനത്തിന്റെ അതിര് കടന്ന് അപ്പുറത്തേക്ക് പ്രവേശിക്കാത്തത്ര നിയന്ത്രണം ഉണ്ടാകണം. ആ കാര്യത്തിനാണ് കഴിഞ്ഞ ഐക്യ ജനാധിപത്യമുന്നണി സർക്കാർ 3 ഹൈക്കോടതി സിറ്റിംഗ് ജഡ്ജിമാരെത്തന്നെ വയ്ക്കണമെന്ന് നിർബന്ധബുദ്ധി പിടിച്ചത്. ഇപ്പോൾ അങ്ങനെയല്ല. ഞാനതൊന്നും ആവർത്തിക്കുന്നില്ല. ഇപ്പോൾ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയാണ്. ചെയർമാൻ രണ്ട് പേർ മറ്റ് അംഗങ്ങളുമാണ്. നമ്മളൊരു പ്രത്യേക സാഹചര്യത്തിൽ മനസ്സില്ലാമനസ്സോടെ ഉണ്ടാക്കുന്ന ഒരു നിയമമാണിത്. ഏത് സർക്കാർ ഭരിച്ചാലും ഉദ്യോഗസ്ഥർക്ക് കിട്ടുന്ന അമിതാധികാരമാണ്. ആ അധികാരം വളരെ സ്ട്രിക്റ്റായി നിയമത്തിന്റെ തലനാരിഴ കീറിത്തന്നെ പരിശോധിക്കാനും ഒരു നിരപരാധിപോലും അനാവശ്യമായി തടങ്കലിൽ അടക്കപ്പെടരുതെന്ന് ഉറപ്പുവരുത്താനുമുള്ള ബാദ്ധ്യത നിറവേറ്റിക്കൊണ്ട് അത് പരിശോധിക്കുന്ന ഉപദേശകബോർഡിൽ 3 സിറ്റിംഗ് ജഡ്ജിമാർ തന്നെ ഉണ്ടായിരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ: സർ, 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഇതിൽ ഒരു സാമൂഹിക പശ്ചാത്തലമുണ്ട്. സമ്പദ്‌വ്യവസ്ഥയിൽ വന്ന മാറ്റം മാഫിയാ സംഘങ്ങളുടെ ആവർഭാവത്തിന് കാരണമായിട്ടുണ്ട്. സമ്പത്തിന് വേണ്ടിയുള്ള പരക്കം പാച്ചിലിൽ പൊതുസമൂഹത്തിൽ മാനവികത നഷ്ടപ്പെട്ടുപോകുന്നു. ഇങ്ങനെ മാനവികത നഷ്ടപ്പെടുന്നവർ എന്തും ചെയ്യാൻ മടിക്കാത്തവരായി മാറുന്നുണ്ട്. ഏറ്റവും കൂടുതൽ സമ്പന്നരാകാനും പോഷ് ലൈഫ് വേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു തലമുറയെ സൃഷ്ടിക്കുന്നതിനും പുതിയ സാമ്പത്തികനയം പ്രേരണയായിട്ടുണ്ട്. മാഫിയാസംഘങ്ങളുടെ ആവിർഭാവത്തിന് ഒന്നാമത്തെ കാരണമതാണ്. രണ്ടാമത്തെ കാരണം പൊതുവിൽ പറയുന്ന അരാഷ്ട്രീയവാദമാണ്. ജനാധിപത്യരാഷ്ട്രത്തിലെ പൗരന്മാർ രാഷ്ട്രീയം അനിവാര്യമല്ലായെന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ അരാഷ്ട്രീയവാദം ഉന്നയിക്കുകയും രാഷ്ട്രീയവും രാഷ്ട്രീയപാർട്ടികളും എല്ലാം സാമാന്യ ജനങ്ങൾക്ക് മോശക്കാരും മോശപ്പെട്ടതാണെന്ന് വരുത്തുകയും രാഷ്ട്രീയ രഹിതമാണ് ഉത്തമപൗരന്റെ കടമയെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു അഭിപ്രായരൂപീകരണം സമൂഹത്തിലുണ്ടാക്കിയിട്ടുണ്ട്. ആ അരാഷ്ട്രീയ വാദികളാണ് ഈ സാമൂഹികരംഗത്തെ മൂല്യച്യുതിക്ക് ഏറ്റവും കൂടുതൽ സഹായകമാകുന്നതെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഈ അരാഷ്ട്രീയവാദികൾക്ക് ( രാഷ്ട്രീയപാർട്ടിയിൽ അംഗങ്ങളാണെങ്കിലും അല്ലെങ്കിലും) സാമൂഹിക പ്രതിബദ്ധത അനിവാര്യമാണ്. സാമൂഹിക പ്രതിബദ്ധതയെന്നുപറയുന്നത് രാഷ്ട്രീയപാർട്ടിയിൽ അംഗമായിട്ടുള്ളവരുടെ ഏറ്റവും വലിയ കടപ്പാടാണ്. അതിന് നിയന്ത്രണങ്ങളുണ്ട്. ആ നിയന്ത്രണങ്ങളൊന്നുമില്ലാതെ സമൂഹത്തോട് എനിക്ക് ഒരു ബാദ്ധ്യതയുമില്ലായെന്ന വിശ്വാസത്തിൽ ജനിച്ച് വളർന്നു ജീവിക്കുന്ന സാഹചര്യങ്ങൾക്ക്, എനിക്ക് രാഷ്ട്രീയം പുച്ഛമാണ് എന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ മാനവികത നഷ്ടപ്പെട്ടുപോയ സംഘത്തെ വളർത്താനാണ് ഇത് സഹായിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഇന്ത്യയിലെ ആഭ്യന്തരവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഒ. പി. ഗുപ്ത സർക്കാരിലേക്ക് മാഫിയാ സംഘങ്ങളെ സംബന്ധിച്ച ഒരു റിപ്പോർട്ട് സമർപ്പിച്ചത്. The nexus between the Police and Mafias അതിനോടൊപ്പം ചേർന്ന് Nexus between the Mafias and politicians എന്നു പറയുന്ന ഈ റിപ്പോർട്ടിൽ മാഫിയാസംഘത്തിന്റെ ആവിർഭാവത്തെപ്പറ്റിയെല്ലാം പറയുന്നുണ്ട്. അപ്പോൾ അതിന് അനിവാര്യമായി ഒരു നിയമം വേണമെന്നുള്ള പ്രൊപ്പസലുണ്ടായി. നമ്മൾ സ്വാഭാവികമായും പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ക്രിമിനൽ നടപടികൾ നിർത്തലാക്കുന്നതിനും അത്തരക്കാരെ ശിക്ഷിക്കുന്നതിനും വേണ്ടിയുള്ള നിയമങ്ങൾ നമുക്കുണ്ട്. പക്ഷേ ആ നിയമങ്ങളെ അതിജീവിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത് ഭരണപക്ഷത്ത് നിന്നും പ്രതിപക്ഷത്തുനിന്നും ഉണ്ടാകാറുണ്ട്. മാറാട് റിപ്പോർട്ട് സംബന്ധിച്ച് അസംബ്ലിയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന് കമ്മീഷന്റെ നിഗമനമെന്താണ്? ഒന്നാം മാറാട് കലാപത്തിൽ ഉൾപ്പെട്ടവരെ കോടതിയുടെ മുമ്പാകെ കൊണ്ടുവന്ന് വിചാരണ ചെയ്ത് ശിക്ഷിച്ചിരുന്നെങ്കിൽ രണ്ടാം മാറാട് കലാപം ഉണ്ടാകില്ലെന്നായിരുന്നു. ഇപ്പോൾ നിയമത്തിന്റെ അപര്യാപ്തത മാത്രമല്ല നിയമം നടപ്പാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

താത്പര്യകുറവാണ് പ്രകടമാകുന്നത്. അതാണ് ഒരു വിഷയമായി വരുന്നത്. ആ നിയമത്തിലുള്ള പഴുതുകൾ അതിജീവനത്തിന്റെ പഴുതുകൾ ഉപയോഗിച്ചുകൊണ്ട് അതിജീവനം നടത്തുന്നതിന് സാധിക്കുന്നുണ്ട്. മാഫിയ സംഘങ്ങളുടെ രൂപീകരണം സാമ്പത്തിക അടിസ്ഥാനത്തിലാണ്. സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലല്ല. അരാഷ്ട്രീയ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് അത് രൂപീകരിക്കുന്നത്. ഇങ്ങനെ ഏറ്റവും കൂടുതൽ ശക്തമായ, ഏറ്റവും സോഫിസ്റ്റിക്കേറ്റഡായിട്ടുള്ള ആയുധ സാമഗ്രികളുണ്ട്. നമ്മുടെ നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥർക്ക് അവരെ അപേക്ഷിച്ച് സന്നാഹങ്ങളും കൈവശം ഉള്ള ആയുധങ്ങളും തുലോം കുറവാണ്. അങ്ങനെയുള്ള ആയുധങ്ങൾ കുറവായ സാഹചര്യത്തിൽ ഈ കുറ്റകൃത്യങ്ങൾ ചെയ്ത ശേഷം അവരുടെ പേരിൽ ക്രിമിനൽ നടപടിയെടുത്ത് അല്ലെങ്കിൽ കോടതി മുൻപാകെ ഹാജരാക്കുമ്പോൾ അവരെ ശിക്ഷിക്കും. അങ്ങനെയുള്ള നടപടികളിലേക്കൊക്കെ കടക്കുന്നതിനുമുമ്പ് കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നതിന് ഒരു നിയമനിർമ്മാണം അനിവാര്യമായി വന്നു. അങ്ങനെ അനിവാര്യമായ ഒന്നാണ് ഈ നിയമനിർമ്മാണം. അതിന്റെ പാസ്സാക്കൽ ആണ് ഇവിടെ നടക്കുന്നത്. കർണ്ണാടകയിലും തമിഴ്നാട്ടിലും ഇത്തരത്തിലുള്ള നിയമം നേരത്തെ ഉണ്ടായിട്ടുണ്ട്. അതെല്ലാം ഓർഡിനൻസിന്റെ ചുവട് പിടിച്ചാണ്. പക്ഷേ ഇതിൽ ചില വ്യത്യസ്തതകൾ ഉണ്ട്. ഈ നിയമം കൊണ്ട് വന്നിരിക്കുന്നത് കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടിയാണ്. ഒരു പൗരന് കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് ഈ നിയമം നടപ്പാക്കുന്നവർക്ക് അധികാരം നൽകുന്നു. ആ നിയമം നടപ്പാക്കുന്നവർ, അധികാരം ഉള്ളവർ തീർച്ചയായും മിസ്യൂസ് ചെയ്യുന്നതിന് എളുപ്പമുള്ളതാണ് ഈ നിയമം എന്നത് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ശ്രദ്ധിക്കണം. ഈ നിയമം മിസ്യൂസ് ചെയ്യാതിരിക്കാനുള്ള എല്ലാ നടപടികളും ഉണ്ടാകണം. അത് ഈ നിയമത്തിന് അനിവാര്യമാണ്. ഈ നിയമം നടപ്പാക്കുമ്പോൾ നിയമം നടപ്പാക്കുന്ന രീതി ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു ആർട്ടിക്കിൾ 14 ന് എതിരായി ഇതിലുള്ള Exemptions ആണ് അദ്ദേഹം പറഞ്ഞത്. എനിക്കത് തോന്നുന്നില്ല. അതിൽ നിയമനിർമ്മാണം നടത്തിയിരിക്കുന്നത് സ്പെഷ്യൽ ലോ പ്രകാരമാണ് . അതിൽ റീസണബിൾ റെസ്ട്രിക്ഷൻസ് ആകാം. ഭരണഘടനയുടെ ആർട്ടിക്കിൾ 14 ൽ പറയുന്നു സർവ്വതന്ത്ര സ്വതന്ത്രമായി എന്തും ചെയ്യാനുള്ളതല്ല സ്വാതന്ത്ര്യം. അതിന് റെസ്ട്രിക്ഷൻസ് ഉണ്ട്. സുപ്രീംകോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ റെസ്ട്രിക്ഷൻ റീസണബിൾ റെസ്ട്രിക്ഷൻ ആണ്. മാത്രമല്ല ഭരണഘടനാ വിധേയമായിട്ടാണോ ഇവിടെ റീസണബിൾ റെസ്ട്രിക്ഷൻസ് ആ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ആലോചിക്കേണ്ടതാണ്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഒറീസ്സയിലും ഉള്ള നിയമത്തിൽ ഈ റെസ്ട്രിക്ഷൻ ഇല്ല. റെസ്ട്രിക്ഷൻ ഇല്ല എന്നുള്ളതുകൊണ്ട് ഇത് മിസ്യൂസ് ചെയ്യാൻ എളുപ്പമാണ്. തീർച്ചയായും ക്രിമിനിൽ കുറ്റവാളികളെ നിയമപരമായി അവരെ കരുതൽ തടങ്കലിൽ എടുക്കാനുള്ള അവകാശം ഏതൊരു പോലീസ് ഓഫീസർക്കും മിസ്യൂസ് ചെയ്യാനുള്ള അവസരമുണ്ട്. ആ അവകാശം തന്നെ ഉപയോഗിക്കുന്ന പോലീസ് ഓഫീസർമാരുണ്ട്. അത് നമ്മൾ ആന്റിസിപ്പേറ്റ് ചെയ്യണം. നിയമം ഒറിജിനൽ ആയി നിർമ്മിക്കുമ്പോൾ സാമാന്യേന മാന്യൻമാരായ ആളുകൾ കൈകാര്യം ചെയ്യുമെന്നുള്ളതാണ് സങ്കൽപ്പം. ഇപ്പോൾ സമൂഹത്തിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമം കൈകാര്യം ചെയ്യുന്നവർ അത്ര മാന്യൻമാരായ ആളുകൾ ആകണമെന്നില്ല എന്ന നിഗമനത്തിൽ എത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമാണ് വന്നുചേർന്നിരിക്കുന്നത്. അങ്ങനെ വരുമ്പോൾ കൂടുതൽ കർക്കശമായ നിയമം അനിവാര്യമായി വരും. ഇവിടെ ഈ നിയമത്തിൽ പറഞ്ഞ റെസ്ട്രിക്ഷൻസ് കർണ്ണാടക നിയമത്തിലില്ല. നേരത്തെ ഇറക്കിയ ഓർഡിനൻസിലുമില്ല. ആ നിയമത്തിൽ ഇല്ലാത്തതുകൊണ്ട് മിസ്യൂസ് ചെയ്യാൻ എളുപ്പമാണ്. ഒരു പോലീസ് ഓഫീസർ ഉത്തമ ബോധ്യം.....

ശ്രീ. വി. ഡി. സതീശൻ: ഒരു മജിസ്ട്രേറ്റിന്റെയോ പോലീസിന്റെയോ മുൻകൂർ അനുമതി വാങ്ങി പ്രകടനം നടത്തുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ അംഗങ്ങൾ ഒരു കുറ്റം ചെയ്താൽ ഇതിൽ വരില്ല. പോലീസ് ഓഫീസറോട് മുൻകൂർ അനുവാദം വാങ്ങി പ്രകടനം നടത്തുന്ന സാംസ്ക്കാരിക സംഘടനയുടെ കുറ്റം ഇതിൽ വരുമോ? അപ്പോൾ discrimination അല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ: ഞാൻ മനസ്സിലാക്കുന്നത് ഇത് habitual offenders-ന്റെ കുറ്റകൃത്യം തടയുന്നതിനും അവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുമാണ് എന്നാണ്. ഒരു sudden provocation കൊണ്ട് ഒരാൾ ഒരു കുറ്റകൃത്യം ചെയ്തു എന്നുപറയുന്നത്, sudden provocation കൊണ്ട് ചെയ്യുന്ന കുറ്റകൃത്യം ഈ ആക്റ്റിന്റെ പരിധിയിൽ വരുന്നതല്ല. വരാൻ പാടില്ല. ഒരു സാംസ്ക്കാരിക സംഘടനയുടെ ജാഥയിൽ ഉണ്ടാകുന്ന sudden provocation കൊണ്ട് ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച് കേസ് എടുക്കുന്നതിന് ഐ.പി.സി. ഉണ്ട്. സി. ആർ.പി.സി. ഉണ്ട്. പക്ഷേ ഇത് ആ ഉദ്ദേശ്യം അല്ല. ആ ആക്റ്റിന്റെ ഉദ്ദേശ്യം തീർച്ചയായും ഇവിടെ പറഞ്ഞതല്ല. അത് സാധാരണ നിയമം അനുസരിച്ചുപോകും. ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രകടനം നടക്കുമ്പോൾ sudden provocation ഉണ്ടായി ചില കുറ്റകൃത്യങ്ങൾ നടന്നെന്നിരിക്കും. ആ കുറ്റകൃത്യങ്ങൾ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്ന ബിൽ അനുസരിച്ചല്ല. ഈ ആക്റ്റ് അനുസരിച്ച് എടുക്കുന്നത് ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. ജി. കാർത്തികേയൻ: നമ്മുടെ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങൾ ജാഥ നടത്തുമ്പോൾ കല്ല് എറിയുകയും വീടുകൾ നശിപ്പിക്കുകയും സമരത്തിൽ പങ്കെടുക്കാത്ത സ്ത്രീകളുടെ സാരി വലിച്ചുകീറുകയും അവരെ ചെരുപ്പുകൊണ്ട് അടിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ കേരളത്തിൽ നടന്നിട്ടുണ്ട്. ശാരീരികമായി ആക്രമിക്കുകയും മറ്റും ചെയ്തത് സ്ത്രീ പീഡനത്തിന്റെ വിവക്ഷയിൽ വന്നില്ല എന്നേയുള്ളു. വഴിയിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ തകർക്കുകയും അത്യാവശ്യം തീവച്ച് നശിപ്പിക്കുകയും ചെയ്യുന്നത് ഇതൊക്കെ ചെയ്യുന്ന പൊളിറ്റിക്കൽ വർക്കറെ, സംഘടനാ പ്രവർത്തകനെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാതെ, വനിതാ പ്രവർത്തകരെ ശാരീരികമായി ആക്രമിച്ചത്, ഒക്കെ ആര് ചെയ്താലും അതിനൊക്കെ രാഷ്ട്രീയമുഖം നൽകുന്നത് ശരിയാണോ?

ശ്രീ. എൻ. അനിരുദ്ധൻ: അത് സമീപനത്തിന്റെ വ്യത്യാസമാണ്. ശ്രീ. ജി. കാർത്തികേയന്റെ സമീപനവും എന്റെ സമീപനവും വ്യത്യസ്തമാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ സമരമുഖത്തിൽ നിൽക്കുമ്പോൾ സമരമുഖത്ത് ലാത്തിച്ചാർജുണ്ടാകും ലാത്തിച്ചാർജിന് വിധേയരാകുന്നവർ ചിലപ്പോൾ കല്ലെറിയുമ്പോൾ നാശനഷ്ടമുണ്ടാകാം അതും സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയുന്ന ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിധിയിൽ കൊണ്ടുവന്ന് കേസ്സെടുക്കണമെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. അതിന് അല്ലാതെ നിയമമുണ്ടല്ലോ. അതിന് ജനറൽ ലോ ഉണ്ട്. അതനുസരിച്ച് അത്തരം ആളുകളെ നിയന്ത്രിക്കുന്നതിന് ഐ.പി.സി. ഉണ്ട്. സി. ആർ. പി. സി. ഉണ്ട്. പോലീസ് ആക്റ്റ് ഉണ്ട്. അത്തരം ആളുകൾക്ക് ജനറൽ ലാ ആണ്. ആ അവശ്യത്തനല്ല ഈ നിയമം പാസ്സാക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: ഈ proviso വച്ചാലും ഇല്ലെങ്കിലും രാഷ്ട്രീയക്കാരെ അറസ്റ്റ് ചെയ്യാൻ പറ്റുമോ; ഇതിൽ പറയുന്ന കുറ്റങ്ങൾ "depredator of environment" ഈ proviso എഴുതിയിരിക്കുന്നത് വെറുതേ അനാവശ്യമായി രാഷ്ട്രീയ പ്രവർത്തകരെയും രാഷ്ട്രീയ പാർട്ടികളെയും അപമാനിക്കുന്നതിനാണ്. ഇതെല്ലാം ചെയ്തു എന്ന് വന്നാലും ഈ നിയമം പാസ്സാക്കിയാലും ഇല്ലെങ്കിലും അവർക്ക് സംരക്ഷണമുണ്ട്; എന്നു വിചാരിച്ച് ഇതിനകത്ത് രാഷ്ട്രീയ പ്രവർത്തകർ എങ്ങനെ അതിൽ വരുന്നു? ഡെഫനിഷനിൽ ഇത് അനാവശ്യമായി എഴുതിച്ചേർത്ത് രാഷ്ട്രീയപാർട്ടികളെ അപമാനിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അനിരുദ്ധൻ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കുറ്റങ്ങൾ ചെയ്യുന്ന എല്ലാവരും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഇപ്പോൾ habitual offenders-നെപ്പറ്റി നിയമത്തിൽ പ്രത്യേക നിർദ്ദേശമുണ്ട്. habitual offenders-നെ താമസിപ്പിക്കുന്നതിന് പ്രത്യേകം ജയിലുകൾ ഈ രാജ്യത്തുണ്ട്. habitual offenders ആയവരെ പരിഗണിക്കുന്ന നിയമം ആണ് എന്നുളള വസ്തുതയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത് വളരെ പ്രധാനപ്പെട്ട പോയിന്റാണ്.

ശ്രീ. ജി. കാർത്തികേയൻ: നമ്മൾ 140 പേർ മറ്റാർക്കും കടക്കാൻ അധികാരമില്ലാത്ത എയർ കണ്ടീഷൻഡ് ആഡിറ്റോറിയത്തിൽ ഇരുന്നുകൊണ്ട് നമ്മുടെ വർഗ്ഗത്തിൽപ്പെട്ട ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമം ഉണ്ടാക്കുകയാണ്. പുറത്ത് നിൽക്കുന്ന ആളുകൾ ഇതിനെക്കുറിച്ച് എന്താ ആലോചിക്കുക? നമ്മുടെ സമൂഹത്തിനെ പ്രൊട്ടക്ട് ചെയ്തുകൊണ്ട് നാം എന്തുചെയ്താലും ഒരു നിയമം ഉണ്ടാക്കുമ്പോൾ എന്തുപറഞ്ഞാലും ഇതിനെക്കുറിച്ച് പുറമേ ആക്ഷേപം ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. എൻ. അനിരുദ്ധൻ: ശ്രീ. ജി. കാർത്തികേയന്റെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. നമ്മൾ ഇവിടെ ഇരിക്കുന്ന 140 പേരുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ അംഗീകരിക്കുന്ന രാഷ്ട്രീയ പാർട്ടിക്കാർ മാത്രമാണ് കേരളത്തിലെ ജനങ്ങൾ എന്ന ധാരണ എനിക്കില്ല. മറിച്ച് നമ്മൾ പ്രതിനിധാനം ചെയ്യുന്ന ജനങ്ങൾക്ക് വേണ്ടിയാണ് ഈ ലെജിസ്ലേഷൻ ഇവിടെ നടത്തുന്നത്. ആ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ലെജിസ്ലേഷൻ ഒരു പോലീസ് ഉദ്യോഗസ്ഥൻ മിസ്യൂസ് ചെയ്ത് നിരപരാധിയായ ഒരാളോട് രാഷ്ട്രീയ പാർട്ടിയിലെ അംഗമാണ് എന്ന കാരണംകൊണ്ട് വൈരാഗ്യം വച്ച് പ്രവർത്തിച്ചാൽ അയാളെ സംരക്ഷിക്കുന്നതിനുള്ള നിയമം ഉണ്ടാക്കണം. അങ്ങനെ ഉണ്ടാക്കാതിരുന്നാൽ നമ്മുടെ കൃത്യവിലോപമായിപ്പോകും എന്നുള്ളതുകൊണ്ടാണ് ഇത് വേണമെന്ന് ഞാൻ പറയുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: അമ്പലങ്ങൾക്കും പള്ളികൾക്കുമെതിരെ സംസ്ഥാനത്ത് അക്രമം നടക്കുന്നുണ്ട്. ഇപ്പോൾ അങ്ങാടിപ്പുറം തളി മഹാദേവക്ഷേത്രം തീവച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. സമുദായ സംഘടനകളും രാഷ്ട്രീയ നേതൃത്വവും സന്ദർഭത്തിനനുസരിച്ച് ഉണർന്നില്ല എങ്കിൽ വലിയപ്രശ്നം ഉണ്ടാകുമായിരുന്നു. നമ്മുടെ രാജ്യം തീ കത്തുന്നവിധത്തിലുള്ള ലക്ഷ്യത്തോടുകൂടി ആര് എന്ത് ചെയ്താലും അങ്ങനെയുള്ളവരെ ഈ നിയമത്തിന്റെ പരിധിയിൽപ്പെടുത്തണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എൻ. അനിരുദ്ധൻ: തീർച്ചയായും ഒരു രാഷ്ട്രീയ പാർട്ടിയിലുള്ള ആളുകൾ അങ്ങനെ ചെയ്യില്ല. എന്തുകൊണ്ടെന്നാൽ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിന്റെ നിയന്ത്രണത്തിന് വിധേയത്വമുള്ളവരാണ് രാഷ്ട്രീയ പ്രവർത്തകർ. അരാഷ്ട്രീയ വാദികളാണ് അങ്ങനെ ചെയ്യുന്നത്. മാത്രമല്ല മതവിശ്വാസികളും ചെയ്യില്ല. മതത്തിന്റെ മൗലീകമായ ഘടനാവൈകല്യംകൊണ്ട് ഉണ്ടാകുന്നതാണ് ഈ മതമൗലീക വാദം. മതത്തിന്റെ ഘടനാ വൈകല്യങ്ങൾ മുതലെടുത്ത് ആ മതമൗലീകവാദികൾ ഉണ്ടാക്കുന്നതാണ് മതമൗലീകവാദം. മതമൗലീകവാദികളായ ആളുകൾ ചിലപ്പോൾ അത് ചെയ്തു എന്നിരിക്കും. സാമൂഹ്യവിരുദ്ധർ എന്ന് ബില്ലിൽ നിർവ്വചിക്കുന്ന ആളുകളും ചെയ്തു എന്നിരിക്കും. നമ്മൾ മാറിനിന്നിട്ട് അതിൽ നമ്മൾ നിസ്സഹായരാണെന്ന് പറയുന്നതിനുപകരം അല്ലെങ്കിൽ ഐ.പി.സി. യുടെ പർവ്യൂവിനുള്ളിൽ കൊണ്ടുവന്ന് അവരെ മാറാട് കലാപത്തിലെ ആളുകളുടെ ഒന്നാമത്തെ കേസ് എടുത്തതുപോലെ എടുത്തുപോകുകയാണെങ്കിൽ തീർച്ചയായും ഒരു ആരാധനാലയമല്ല ഒന്നിലധികം ആരാധനാലയങ്ങളെ തകർക്കുന്നതിന് അവർ ശ്രമിച്ചു എന്നിരിക്കും. അത് ദുഷ്ടലാക്കോടുകൂടി കരുതിക്കൂട്ടി ചെയ്യുന്ന പ്രവർത്തികളാണ്. പക്ഷെ അത് എവിടെയാണ്? ഈ മൗലീകവാദികളും അല്ലെങ്കിൽ മാഫിയ സംഘങ്ങളും ഒരു ഭാഗത്തും അതിനെ ചെറുക്കുന്നതിനുവേണ്ടി നമ്മൾ വിശ്വസിച്ച് ഏൽപ്പിച്ചിരിക്കുന്ന പോലീസ് സേന മറുഭാഗത്തും നിൽക്കുകയാണ്. ആ പോലീസ് സേനയിൽത്തന്നെ സി.ആർ.പി.സി. അനുസരിച്ച് ഒരു പോലീസ് ഓഫീസറുടെ ഉത്തമവിശ്വാസം എന്നുപറയുന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ ഉത്തമവിശ്വാസത്തോടുകൂടി ഒരു cognizable offence നടക്കുന്ന ഒരു സ്ഥലത്ത് കടന്നുകയറുന്നതിനും ആ കതക് വേണമെങ്കിൽ പൊളിച്ച് അകത്ത് കയറുന്നതിനും ആളെ കസ്റ്റഡിയിൽ എടുക്കുന്നതിനും ഒരു പോലീസ് ഓഫീസർക്ക് അധികാരമുണ്ട്. ആ പോലീസ് ഓഫീസർക്ക് അങ്ങനെ നൽകിയിട്ടുള്ള അധികാരം വിനിയോഗിക്കുമ്പോഴാണ് ഉത്തമബോദ്ധ്യത്തിന്റെ പ്രാധാന്യം വരുന്നത്. നിർഭാഗ്യവശാൽ പോലീസ് ഓഫീസറുടെ ഉത്തമബോദ്ധ്യം ഇപ്പോൾ പലപ്പോഴും ശിഥിലമായി പല ആളുകളുടേയും വ്യക്തി വൈരാഗ്യം തീർക്കുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്ന സാഹചര്യം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിൽ അങ്ങനെയുള്ളതിനെ നിയന്ത്രിക്കുന്നതിന് ശ്രമിച്ചിരിക്കുന്നത്. നിയമം കൊണ്ടുവരുന്ന ആളുകളെപ്പോലെ യോഗ്യരായിരിക്കണമെന്നില്ല നിയമം നടപ്പാക്കുന്ന ആളുകൾ. യോഗ്യരായിരിക്കും എന്നുള്ള സങ്കൽപ്പത്തിൽ ആ നിയമം കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തെ നമ്മൾ ഉദ്ദേശിക്കുന്ന വിധത്തിൽ നടപ്പാക്കണമെന്നുണ്ടെങ്കിൽ അതിനുവേണ്ടുന്ന റെസ്ട്രിക്ഷൻസ് ഈ നിയമത്തിൽ ഉണ്ടാകേണ്ടതാണ്. രാഷ്ട്രീയ പാർട്ടിക്കാർ എന്തെങ്കിലും ചെയ്യുമോ? ശ്രീ. വി. ഡി. സതീശൻ 'ഇല്ല' എന്നാണ് പറഞ്ഞത്. ഒരുപക്ഷെ ഭരണകക്ഷി രാഷ്ട്രീയക്കാരാരും ചെയ്തില്ല എന്നിരിക്കും, പ്രതിപക്ഷ



LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയക്കാരന് അത് ചെയ്യാമല്ലോ. ജാഥ നടത്തി എന്ന ഏക കാരണം കൊണ്ട് ഇപ്പോഴും മൂന്ന് കേസ്സുകളുടെ വിചാരണയിൽ ഉൾപ്പെട്ടിരിക്കുന്നവനാണ് ഞാൻ. ഞാൻ ഒരു ക്രിമിനൽ ഒഫൻസും ചെയ്തിട്ടില്ല. ഞാൻ ഒരു habitual offender അല്ല. ഞാൻ സാമാന്യേന വൃത്തിയുള്ള ഒരു സദാചാര ബോധമുള്ള ആളാണ്. പക്ഷെ എന്റെ പേരിൽ കേസ് എടുത്തിരിക്കുകയാണ്. പോലീസ് ഓഫീസറുടെ ഉത്തമവിശ്വാസമാണ്. ഉത്തമവിശ്വാസമെന്ന് പറഞ്ഞാൽ ഇയാളാണ് കുറ്റക്കാരൻ എന്നുപറഞ്ഞ് എന്റെ പേരിൽ സെഷൻസ് ഒഫൻസ് ആണ് വന്നിരിക്കുന്നത്. ഞാൻ പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടിക്ക് തടസ്സം വരുത്തി എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വന്നാൽ അത് non-bailable offence ആണ്. ഞാൻ മനസ്സാ വാചാ കർമ്മണാ അങ്ങനെ ചെയ്തിട്ടുള്ളവനല്ല. കഴിഞ്ഞ അഞ്ച് കൊല്ലം ഇതുപോലുള്ള എത്ര കേസ് എടുത്തിരിക്കുന്നു. ഞങ്ങളുടെ പാർട്ടി സെക്രട്ടറിയുടെ പേരിൽ ഇപ്പോൾ 16 കേസ്സുകളുണ്ട്. അപ്പോൾ അങ്ങനെ വരുമെന്നുള്ള വെറുതെയുള്ള ഊഹത്തിലല്ല, ഇത് ഒരു ഹൈപ്പോത്തെറ്റിക്കൽ ക്വസ്റ്റ്യനല്ല. ഇത് അനുഭവത്തിന്റെ വെളിച്ചത്തിൽ അങ്ങനെ സംഭവിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ട് അതിനെ അതിജീവിക്കണം ഈ നിയമം. അതുകൊണ്ട് അതിനെ അതിജീവിക്കണം എന്നുള്ളതുകൊണ്ട് തന്നെയാണ് ഈ നിയമത്തിൽ ഇതിന്റെ പ്രയോഗത്തിൽ വരുന്നിടത്ത് ഈ റെസ്ട്രിക്ഷൻസ് വച്ചിരിക്കുന്നത്. മാത്രമല്ല, ഒരാളിനെ അന്യായമായി തടങ്കലിൽ വയ്ക്കുന്നു എന്നുകരുതുക. അന്യായമായി തടങ്കലിൽ വയ്ക്കുന്ന ആളിന് പ്രതിദിനം 100 രൂപാ ക്രമത്തിൽ നഷ്ടപരിഹാരം കൊടുക്കണമെന്നാണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. അത് വളരെ മോശമാണ്. ബഹുമാന്യനായ മന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കണം. മോണിറ്ററി വാല്യൂ വളരെ കുറഞ്ഞുപോയ ഈ സാഹചര്യത്തിൽ അത് ഒരു 500 രൂപയെങ്കിലും ആക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ഒരു പോലീസ് ഓഫീസർ ചെയ്യുന്ന കാര്യങ്ങൾക്ക് അയാൾക്ക് ഇതിൽ എക്സംപ്ഷൻ ഉണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ ഉത്തമ വിശ്വാസത്തിൽ ഏതെങ്കിലും ഒരാളിനെ അറസ്റ്റ്ചെയ്ത് കസ്റ്റഡിയിലെടുത്ത് അത് തെറ്റിപ്പോയി എന്നുപറഞ്ഞാൽ ആ ഉത്തമവിശ്വാസത്തെ സംബന്ധിച്ചിടത്തോളം അയാളെ ശിക്ഷിക്കാൻ ഇതിൽ വകുപ്പില്ല. തീർച്ചയായും ഇത് എല്ലാ നിയമത്തിലും ഉണ്ട്. പക്ഷെ ആ ഉത്തമവിശ്വാസം അയാൾ മിസ്യൂസ് ചെയ്തതാണെന്ന് ബോദ്ധ്യപ്പെട്ടാൽ ഗവൺമെന്റ് കൊടുക്കേണ്ട 500 രൂപ അയാളിൽ നിന്ന് ഈടാക്കാൻ ഗവൺമെന്റിന് വ്യവസ്ഥചെയ്യാൻ കഴിയും. അങ്ങനെ ഈ ആക്ടിൽ വ്യവസ്ഥചെയ്ത് ആ തുക വർദ്ധിപ്പിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. മറ്റൊരു കാര്യം ഈ നിയമം കൊണ്ടുവരുന്നതിന് മുമ്പുള്ള ഓർഡിനൻസുണ്ട്. ആ ഓർഡിനൻസിൽ ഈ റെസ്ട്രിക്ഷൻസ് ഒന്നും പറഞ്ഞിട്ടില്ല. ആ ഓർഡിനൻസിൽ റെസ്ട്രിക്ഷൻസ് പറയാതിരിക്കുക മാത്രമല്ല യഥാർത്ഥത്തിൽ ആ ഓർഡിനൻസ് നടപ്പാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല കൊണ്ടുവന്നത്. അത് 2005-ൽ കൊണ്ടുവന്നതാണ്. ഒരാളിനേയും ആ ഓർഡിനൻസ് അനുസരിച്ച് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ എടുത്തിട്ടേയില്ല. ആ ഓർഡിനൻസ് പ്രകാരമുള്ള ഒരു നടപടിയും ഉണ്ടാക്കിയിട്ടുമില്ല. അതുകൊണ്ട് അത് കൊണ്ടുവന്നപ്പോൾ നടപ്പാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നില്ല എന്ന് വ്യക്തമാണ്. ഇപ്പോൾ നടപ്പാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒരു നിയമം കൊണ്ടുവന്നിരിക്കുന്നു. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, തീർച്ചയായിട്ടും ഇങ്ങനെ ഒരു നിയമം കൊണ്ടുവരുമ്പോൾ നമ്മുടെ ആധുനിക യുഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പോലീസ് ഓഫീസർമാരുടെ കയ്യിലിരിക്കുന്ന ആയുധങ്ങൾ അതായത് തോക്കും ലാത്തിയും എത്രയോ പഴക്കം ചെന്ന ഔട്ട്ഡേറ്റഡ് ആയ സാധനങ്ങളായിരിക്കും. അവർക്ക് അതുകൊണ്ട് കൗണ്ടർ ചെയ്യാൻ കഴിയില്ല. പക്ഷെ ഈ മാഫിയ സംഘങ്ങൾക്കും സോഫിസ്റ്റിക്കേറ്റഡായിട്ടുള്ള ആയുധങ്ങളും കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും സകലതുമുണ്ട്. അവരുടെ കയ്യിൽ വാഹനങ്ങൾ ഉണ്ട്. വാഹനങ്ങൾ മോഷ്ടിച്ചുകൊണ്ടുവന്ന് അതിലാണ് അവർ ഇത്തരം പ്രവർത്തികൾ നടത്തുന്നത്. എത്രയോ സംഘങ്ങൾ ഉണ്ട്. ഈ ടൗണിലൊക്കെയാണെങ്കിൽ കുറച്ചുകാലംകൊണ്ട് ഇതെല്ലാം നടന്നുവരുന്നതല്ലേ കൂലിക്ക് കൊന്നുകൊടുക്കപ്പെടും എന്ന് ബോർഡ് വയ്ക്കുന്നില്ല എന്നേയുള്ളൂ. കൊല്ലുന്നതിന് ഒരു മടിയും ഇല്ല. ഞാൻ മുമ്പ് പറഞ്ഞതാണ് മനുഷ്യത്വം എന്നുപറയുന്നത് ഇല്ല, പണം മതി എന്ന് ആധുനിക സമ്പദ് വ്യവസ്ഥയിലും ലാഭമാണ് മുഖമുദ്ര. ആ ലാഭത്തിന് വേണ്ടിയുള്ള പരക്കംപാച്ചിലിൽ സഹജീവിയെ ഒരു കുറ്റവും ചെയ്യാത്തവരെ മുമ്പൊരിക്കലും തമ്മിൽ കണ്ടിട്ടില്ലാത്തവരെ കാശിന് വേണ്ടി കൊല്ലുന്നതിനും മടിക്കുന്നില്ല. ആ സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ആ സാഹചര്യമാണ് നമ്മൾ നോക്കേണ്ടത്. ഈ സാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കാതെ ഇതിന്റെയൊപ്പം നിന്നുകൊണ്ട് അരാഷ്ട്രീയ വാദികൾ നടത്തുന്ന പ്രചാരണങ്ങളുണ്ട്. ഈ കൊള്ളയ്ക്കും കൊള്ളിവയ്പ്പിനും സകല ഏർപ്പാടിനും രാഷ്ട്രീയക്കാരാണ് കാരണക്കാർ എന്ന് വരുത്തി അവർ രക്ഷപ്പെടുന്നു. അത് ഒരതിർത്തി വരെ നമ്മിൽ ചിലരും അല്ലെങ്കിൽ ചില കക്ഷികളും ഇപ്പോൾ അത് ചെയ്തുപോകുന്നു. വലിയ അപരാധമാണ്. ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമായിരിക്കുന്നിടത്തോളം കാലം ഇന്ത്യയിലെ എല്ലാ പൗരനും രാഷ്ട്രീയം ഉണ്ടാകണം. രാഷ്ട്രീയം ഇല്ല എന്നുപറയുന്നത് കപടമാണ്. ആ കപട രാഷ്ട്രീയമില്ലായ്മയാണ് ഈ മാഫിയാ സംഘങ്ങളുടെ രൂപീകരണത്തിന് കാരണമാകുന്നത്. ഉദാഹരണമായി ഒരു കാര്യം പറയാം, പള്ളിക്കൂടങ്ങളിലെ വിദ്യാർത്ഥി സംഘടനകളെ ഹൈക്കോടതി എന്ത് സങ്കൽപ്പത്തിലാണ് എതിർക്കുന്നതെന്ന് അറിയില്ല. അവരുടെ സാമൂഹിക വീക്ഷണത്തെക്കുറിച്ചൊന്നും എനിക്ക് ഒരു നിശ്ചയവും ഇല്ല. അവരുടെ ശമ്പളം അവർ തീരുമാനിക്കും. അവരുടെ റിട്ടയർമെന്റ് ഏജ് അവർ തീരുമാനിക്കും. അവരുടെ ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റ് ഏജും അവരാണ് തീരുമാനിക്കുന്നത്. എക്സിക്യൂട്ടീവിന് അതിൽ ഒരു കാര്യവും ഇല്ല. ഞാൻ പഠിച്ചിട്ടുള്ള നിയമത്തിൽ അഡ്മിനിസ്ട്രേറ്റീവ് ലായും ജുഡീഷ്യറിയും, ഇതിനൊക്കെ പ്രത്യേകമായ അതിർ വരമ്പുകൾ നിശ്ചയിച്ചായിരുന്നു പോയിക്കൊണ്ടിരുന്നത് എന്നാണ് എനിക്കുതോന്നുന്നത്. കാലം ഒരുപാട് മാറിപ്പോയി. കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിയവരും നിയമങ്ങൾ നിർമിച്ചവരും അത് കൈകാര്യം ചെയ്യുന്നത് മാന്യൻമാർ ആണെന്ന സങ്കൽപ്പത്തിലാണ് ചെയ്തത്. ഇപ്പോൾ അത്ര മാന്യൻമാരല്ല ഇത് കൈകാര്യം ചെയ്യുന്നതെന്ന ഒരു ധാരണ വന്നിരിക്കാം. അതുകൊണ്ടാണ് രാഷ്ട്രീയം നിഷേധിച്ചത്. ഇന്ത്യയിൽ ജീവിക്കുന്ന 18 വയസ്സുള്ള പ്ലസ്ടുവിന് പഠിക്കുന്ന ഒരു കുട്ടി, അവന് രാഷ്ട്രീയം വേണ്ട എന്നുപറയുന്നത് എത്രയോ തെറ്റായ ഒരു നിലപാടാണ്. തീർച്ചയായിട്ടും അത് ശരിയായിട്ടുള്ള നിലപാടല്ല. 18 വയസ്സായവന് വോട്ട് ചെയ്യാൻ അധികാരമുള്ളവന് ഒരുപക്ഷെ കക്ഷി രാഷ്ട്രീയത്തിൽ മനസ്സില്ല എന്ന് പറയാൻ കഴിയും. പക്ഷെ രാഷ്ട്രീയം ഇല്ലെന്ന് പറയുന്നത് കപടമാണ്. മാഫിയ സംഘങ്ങളുടെ വളർച്ചയുടെ കാരണമായി ഞാൻ കാണുന്നത് ഇതാണ്. പള്ളിക്കൂടങ്ങളിൽ നിന്ന് ഈ വിദ്യാർത്ഥികളെ നിരോധിച്ച,

LIBRARY ARCHIVES Kerala Legislative Assembly

അത് പാടില്ല എന്നുള്ള കോടതിവിധിയുടെ അടിസ്ഥാനത്തിൽ പുറത്താക്കിയത് സമൂഹ്യവിരുദ്ധരുടെ പണിയാണ്. അഡോളസെൻസ് പീരീഡിലുള്ള യുവാക്കൻമാരായിട്ടുള്ള, യുവത്വത്തിന്റെ ആദ്യപടിയിൽ നിൽക്കുന്ന ആ കുട്ടികൾക്ക് സ്വന്തം ഔന്നത്യത്തിലോ, അല്ലെങ്കിൽ സ്വന്തമായി അറിയപ്പെടാൻ ആഗ്രഹം ഉള്ളവരാണ്. ഏത് രീതിയിൽ അറിയാം, രാഷ്ട്രീയ നേതാവാകാം, രാഷ്ട്രീയപാർട്ടിയിലെ അംഗമാകാം, ലീഡർഷിപ്പിൽ വരാം, ഈ കാര്യങ്ങളെക്കുറിച്ച് അവൻ അവബോധമുള്ളവനാണ്. അങ്ങനെയുള്ള കുട്ടികൾക്ക് അത് ഇല്ലാതെ വന്നപ്പോൾ അവന് തോന്നി എന്തെങ്കിലും ചെയ്യാം എന്ന്. പെൺകുട്ടികൾ പോകുകയാണെങ്കിൽ ആ പെൺകുട്ടികളെ ശല്യം ചെയ്യാം. ശല്യം ചെയ്യുക മാത്രമല്ല പുറത്തു നടക്കുന്ന സംഭവങ്ങൾക്ക് അനുരോധമായ കാര്യങ്ങൾ അകത്തും ചെയ്യാം, ആരും ചോദിക്കാനും പറയാനുമില്ല, എനിക്ക് രാഷ്ട്രീയപാർട്ടിയുമായിട്ട് ബന്ധമില്ല, ഒരു വിദ്യാർത്ഥി സംഘടനയുമില്ല, ഞാൻ സർവ്വത്ര സ്വതന്ത്രൻ എന്ന രീതിയിലാണ് പോകുന്നത്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് പറഞ്ഞത് ശരിയാണ്. കലാലയങ്ങളിൽ രാഷ്ട്രീയം പാടില്ല എന്നുള്ള അഭിപ്രായം ശരിയല്ല. 18 വയസ്സുമുതൽ അവർക്ക് വോട്ടവകാശമുണ്ട്. വിദ്യാർത്ഥികൾക്ക് രാഷ്ട്രീയമുണ്ടാകണം. പക്ഷെ നമ്മുടെ തലസ്ഥാനത്ത് മൂക്കിന് താഴെയുള്ള പല കോളേജുകളിൽപോലും തങ്ങളുടെ പാർട്ടി ഗ്രാമങ്ങൾപോലെ തങ്ങളുടെ പാർട്ടി കാമ്പസ്സുകളിൽ മറ്റാരേയും കടക്കാൻ സമ്മതിക്കാതിരിക്കുക; അങ്ങേക്കറിയാമല്ലോ എ.ഐ.എസ്.എഫ്.-നെപ്പോലും കടക്കാൻ സമ്മതിക്കാതെ, ആ പ്രവണത ശരിയാണോ?

ശ്രീ. എൻ. അനിരുദ്ധൻ: കെ. സി. ജോസഫ് പറഞ്ഞതുപോലെ ഒറ്റപ്പെട്ട സംഭവങ്ങളെ സംബന്ധിച്ച് ഒരു ജനറലൈസേഷനിൽ എത്തിച്ചേരുന്നത് ശരിയല്ല. ഈ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നതുതന്നെ ശരിയല്ല എന്നുള്ള അഭിപ്രായം തന്നെയാണ് എന്റേത്. എനിക്ക് അതിൽ അഭിപ്രായ വ്യത്യാസമൊന്നുമില്ല. എന്നാൽ അതൊരു ജനറലൈസേഷനാണ്. നമ്മുടെ ശരീരത്തിൽ ഒരു ഈച്ച വന്നിരുന്നാൽ അല്ലെങ്കിൽ കൊതുക് കടിച്ചാൽ ആ ഭാഗത്തെ മുറിച്ചുകളയാമെന്നു വിചാരിക്കുന്നത് ശരിയാണോ? അതല്ലല്ലോ, കറക്ട് ചെയ്ത് കറക്ട് ചെയ്തുകൊണ്ടുവരികയല്ലേ വേണ്ടത്. ആ രീതിയിൽ രാഷ്ട്രീയം വേണ്ട എന്നുപറയുന്നതിന് ആധാരമായി പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കൊച്ചുങ്ങൾ എന്നേയോ രാധാകൃഷ്ണനെയോ പോലുള്ളവരല്ല, അവർ പത്തുപതിനെട്ട് വയസ്സുള്ളവരാണ്. അവർ കുറച്ച് എക്സർസൈസ് ചെയ്യണം. ചെയ്തില്ലായെങ്കിൽ അയാളെ വൈദ്യപരിശോധന നടത്തണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങളൊക്കെ സ്റ്റുഡന്റ്സ് പൊളിറ്റിക്സിൽക്കൂടി ഇവിടെ വന്നവരാണ്. അങ്ങ് ചിലപ്പോൾ ആയിരിക്കുകയില്ല. പക്ഷെ ഇവിടെ ഇരിക്കുന്നവരിൽ മഹാഭൂരിപക്ഷവും സ്റ്റുഡന്റ്സ് പൊളിറ്റിക്സിൽക്കൂടി വന്നവരാണ്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പതിനഞ്ച് ശതമാനവും ഇരുപത് ശതമാനവും കുട്ടികൾ മാത്രമേ വോട്ടുചെയ്യാൻ പോകുന്നുള്ളൂ. അതിന്റെ അർത്ഥം ഭൂരിപക്ഷം ആളുകൾ വോട്ടിംഗിൽനിന്നുമാറി നിൽക്കുന്നു എന്നുള്ളതാണ്. മാറ്റി നിർത്തുന്നതോ മാറി നിൽക്കുന്നതോ ആണ്. കാരണം അന്നുപോയാൽ തല്ലുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള ദുരുപയോഗമാണ് അവസാനം ആന്റി പൊളിറ്റിക്സ് ആയിട്ടുള്ള ആളുകൾക്ക് ആയുധമായിട്ട് മാറുന്നത് എന്നുള്ളത് അങ്ങേക്കറിയാമോ?

ശ്രീ. എൻ. അനിരുദ്ധൻ: തിരുവഞ്ചൂർ പറഞ്ഞ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല, കാരണമെന്താണെന്നുവച്ചാൽ രാഷ്ട്രീയപാർട്ടി സ്ഥാനാർത്ഥിയെ നിറുത്തിയാൽ വോട്ട് ചെയ്യാൻ പോകേണ്ട കാര്യമില്ല. നിനക്ക് രാഷ്ട്രീയം വേണ്ട, നീ വിദ്യാർത്ഥിയാണ്. ഹൈക്കോടതിയും മറ്റും രാഷ്ട്രീയം വേണ്ട എന്നു പറയുന്നു. അതുകൊണ്ട് മാറി നിന്നുകളയാം എന്ന് ധരിക്കുന്നു. നിങ്ങളുടെ പ്രചരണം കൂടിയാകുമ്പോൾ എല്ലാം ശരിയാകും. അതുവേണ്ട, അതല്ല വോട്ട് ചെയ്യാൻ പോകണമെന്ന് നിർബന്ധിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങൾ നിൽക്കുന്നത് ക്വാളിറ്റി പൊളിറ്റിക്സിനുവേണ്ടിയാണ്.

ശ്രീ. എൻ. അനിരുദ്ധൻ: തിരുവഞ്ചൂർ പറയുന്ന ആ ക്വാളിറ്റി പൊളിറ്റിക്സിന്റെ കഥയൊന്നും നമ്മൾ ഈ വൈകുന്നേരത്ത് എടുത്താൽ ശരിയാകില്ല. വിദ്യാർത്ഥികൾ ടീൻ ഏജേഴ്സാണ്. ആ ടീൻ ഏജേഴ്സിനെ പൊളിറ്റിക്സിൽ നിന്ന് മാറ്റി നിർത്തുന്നതെന്തിനാണ്? മാർക്സിസം എന്നുപറയുന്നത് മനുഷ്യസ്നേഹത്തിന്റെ തത്വശാസ്ത്രമാണ്. ആ മനുഷ്യസ്നേഹത്തിന്റെ തത്വശാസ്ത്രം പഠിച്ചിട്ട് നീ അവിടെപ്പോയി കൂലിക്ക് തല്ലണമെന്നുപറഞ്ഞാൽ ആരും തല്ലില്ല; നല്ല ഉറപ്പാണ്. ചിലപ്പോൾ എക്സംപ്ഷൻസ് കാണാം. നമ്മളൊക്കെയല്ലേ അത് കൈകാര്യം ചെയ്യുന്നത്, അത് വരും. ആ മനുഷ്യ സ്നേഹത്തിന്റെ തത്വശാസ്ത്രത്തിന്റെ കൊടിപിടിക്കുന്നവൻ അങ്ങനെ ചെയ്യണമെന്നില്ല. ഒരു കാര്യം മാത്രമേ ഞാൻ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. ആ മനുഷ്യ സ്നേഹത്തിന്റെ തത്വശാസ്ത്രത്തിന് പകരം വയ്ക്കുന്നതെന്താണ്? ലാഭം മുഖമുദ്രയാക്കിക്കൊണ്ടുള്ള പരക്കം പാച്ചിലിൽ കൈമോശം വന്നുപോയ മാനവികത വീണ്ടെടുക്കാനുള്ള ശ്രമം നടത്തുകയല്ലാതെ ഈ നിയമം കൊണ്ടുമാത്രം എല്ലാമാകുമെന്ന് എനിക്ക് തോന്നുന്നില്ല. തീർച്ചയായിട്ടും നിയമം കൊണ്ടുമാത്രം എല്ലാമാകുമെന്ന് സാമൂഹികമായ ഈ മാറ്റത്തിന്റെ ഒരു ചാലകശക്തിയായി പ്രവർത്തിക്കാൻ രാഷ്ട്രീയ കക്ഷികൾക്ക് ബാദ്ധ്യതയില്ലേ. ഈ ബില്ലിന്റെ ചർച്ചയിൽ വരുമ്പോൾ അതല്ലേ ഊന്നൽ നൽകേണ്ടത്. ഞാൻ ഇതൊക്കെ മര്യാദയായിട്ട് പാലിച്ചിട്ടാണ് പറയുന്നത്. അല്ലെങ്കിൽ ഞാനും മോശക്കാരനായിരുന്നുവെങ്കിൽ ഞാൻ കൂലിത്തല്ലിന് പോകുന്ന ആൾ ആയിരുന്നുവെങ്കിൽ അല്ലെങ്കിൽ ലാഭത്തിന് വേണ്ടി എന്തും ചെയ്യുന്ന ആളായിരുന്നുവെങ്കിൽ ഞാൻ പറയുന്നതിൽ അർത്ഥമുണ്ടാകുമായിരുന്നില്ല. ശ്രീ. ജി. കാർത്തികേയന് എന്നെ അറിയാമല്ലോ. അതുകൊണ്ട് ഞാൻ പറയുന്നത് ആത്മാർത്ഥമായിട്ടാണ്. ഈ സാഹചര്യം വച്ചുനോക്കുമ്പോൾ സമൂഹത്തിൽ നമ്മൾ ഏത് വിധത്തിലും പണമുണ്ടാക്കി, പണത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമായ ഔന്നത്യത്തിൽ എത്തിയാൽ എന്തും തങ്ങൾക്ക് വാങ്ങിക്കാൻ കിട്ടുമെന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞിട്ടുണ്ട്. ഭാര്യപുത്ര കളത്രാദികളെയും ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്നവൻ ആരാണോ അവനാണ് ശരിയായിട്ടുള്ള മുതലാളി. ആ ശരിയായിട്ടുള്ള മുതലാളിത്തത്തിന്റെ കടന്നുകയറ്റത്തെ പ്രതിരോധിക്കാനല്ലാതെ ആ നിയമം കൊണ്ടുമാത്രം

LIBRARY ARCHIVES Kerala Legislative Assembly

ഇത് സാധിക്കില്ല. അതുകൊണ്ട് ഈ നിയമത്തെക്കുറിച്ച് കൂടുതൽ ചർച്ച അനിവാര്യമായത് കൊണ്ട് ഇത് സെലക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി . ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. എം. മാണി: സർ, ഇവിടെ പെരുകിവരുന്ന ഗുണ്ടാ പ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടി യു.ഡി.എഫ്. ഭരണസമയത്ത് ഒരു ഓർഡിനൻസ് കൊണ്ടുവരികയുണ്ടായി. യു.ഡി.എഫ്. നടപ്പിലാക്കിയ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാൻ അന്ന് കഴിഞ്ഞില്ല. തെരഞ്ഞെടുപ്പ് വന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നയുടനെ ചെയ്തത് യു.ഡി.എഫ്. പുറപ്പെടുവിച്ച ഓർഡിനൻസ് റദ്ദ് ചെയ്യുകയാണ്. വേറൊന്നും നിങ്ങൾ ചെയ്തില്ല. ആദ്യം ചെയ്തത് ഗുണ്ടാനിയമം എടുത്തുകളയുകയായിരുന്നു, നിങ്ങൾക്ക് എന്ത് നീതീകരണമാണുള്ളത്? നിങ്ങൾ ഒരു വർഷം കളഞ്ഞില്ലേ. പകൽ കൊള്ളകളാണ്; പകൽ കവർച്ചകളാണ്; കൊലപാതകങ്ങളാണ്; അധോലോകപ്രവർത്തനങ്ങളാണ് സംസ്ഥാനത്തുനടക്കുന്നത് കള്ളനോട്ടുകൾ വ്യാപരിക്കുന്നു. കരിപ്പൂർ വിമാനത്താവളത്തിൽത്തന്നെ 20 ലക്ഷം രൂപയുടെ കള്ളനോട്ട് പെട്ടിയിൽ വന്നിരിക്കുന്നു. പാകിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ. കള്ളനോട്ട് അടിക്കുന്നു. രാജ്യത്ത് മുഴുവൻ കള്ളനോട്ട് വ്യാപകമായിരിക്കുന്നു. ലാന്റ് മാഫിയ കള്ളനോട്ടുകൾ ഉപയോഗിച്ചുകൊണ്ട് വസ്തുവകകൾ വാങ്ങിച്ചുകൂട്ടുന്നു. കഴിഞ്ഞ ഒരു വർഷമായി ഇവിടെ കണ്ടത് ഗുണ്ടാ വിളയാട്ടമായിരുന്നു. നിങ്ങൾ ഗുണ്ടാ നിയമം എടുത്തുകളഞ്ഞു. എന്നിട്ട് നിങ്ങൾ കുറെ തത്വങ്ങൾ പറഞ്ഞു. പഴയ നിയമം ഒന്നിനും കൊള്ളുകയില്ല, ഞങ്ങൾ ഒരു പുതിയ നിയമം കൊണ്ടുവരും, ശ്രീ. കോടിയേരി പറഞ്ഞത് ഞാൻ നോട്ട് ചെയ്തിട്ടുണ്ട്. അതായത് മി. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് പഴയ നിയമം അനുസരിച്ച് കൊള്ളപ്പലിശക്കാരെ അമർച്ച ചെയ്യാൻ കഴിയുന്നില്ല; അതിലെ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്യാൻ കഴിയും; അതുകൊണ്ട് ഒരു പുതിയ മാതൃകാനിയമം കൊണ്ടുവന്നിരിക്കുകയാണ് എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചിരിക്കുന്ന നിയമം വരാൻ പോകുന്നു എന്ന് കണ്ടുകൊണ്ടോ കേട്ടുകൊണ്ടോ സംസ്ഥാനത്തുള്ള റൗഡികളെല്ലാം ഇപ്പോൾ പോയി എന്നാണ് പറയുന്നത്. ഓടി ഒളിച്ചിരിക്കുകയാണ്. അപ്പോൾ ഇത് നടപ്പിലാക്കുകയാണെന്നുണ്ടെങ്കിൽ എത്രയോ മനോഹരമാണ്. അവതരിപ്പിക്കുന്നു എന്ന് കേട്ടപ്പോൾത്തന്നെ റൗഡികളും ഗുണ്ടകളുമെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. തമിഴ്നാട്ടിലേക്ക് പോയിരിക്കുന്നു. ഇനി വളരെ വലിയ പ്രയാസമാണ്. ഇനി എവിടെ നിന്നെങ്കിലും തേടിപ്പിടിച്ച് കൊണ്ട് വരേണ്ടിയിരിക്കുന്നു. ഇപ്പോൾ വാസ്തവത്തിൽ എന്തൊരു സുഖമാണ്. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെ പരിഹസിക്കുകയല്ല. ഞാൻ എന്തെങ്കിലും പറഞ്ഞാൽ ഉടനെ യു.ഡി.എഫ്. ഗവൺമെന്റ് അങ്ങനെ അല്ലേ കൊണ്ട്വന്നത് ഞങ്ങൾ അത് കോപ്പി ചെയ്തു എന്നൊക്കെയാണ് പറയുന്നത്. നിങ്ങൾ കോപ്പി ചെയ്യാനായിട്ട് അല്ലല്ലോ, കോപ്പി ചെയ്യാനായിട്ടല്ല ഒരു ഗവൺമെന്റ് വരുന്നത്. ഒരു ഗവൺമെന്റ് വരുമ്പോൾ അതിന് വ്യത്യസ്തമായ ഐഡന്റിറ്റിയും, വ്യക്തിത്വവുമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഓരോ കാര്യങ്ങളും പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ ചൂണ്ടി കാണിച്ച് ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ട് വരുന്നത്. ഗവൺമെന്റ് അത് തിരുത്തുകയും ചെയ്യണം. നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ ആ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിച്ചില്ലെന്നുണ്ടെങ്കിൽ, ആ ചുമതല നിർവ്വഹിച്ചില്ല എന്നു പറയണം. അപ്പോൾ ഞാൻ പറയുന്ന ഏതെങ്കിലും കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ആയിരുന്നല്ലോ എന്ന് പറയുന്നതല്ല മറുപടി. ഈ പറയുന്നത് ശരിയാണോ, തെറ്റാണോ, ഈ പറയുന്നത് പരിഹരിക്കാൻ എന്തു ചെയ്തു എന്നുള്ളതിന്റെ അടിസ്ഥാന ത്തിലാണ് നമ്മൾ ഇവിടെ നടക്കുന്ന വിമർശനങ്ങളെ കാണേണ്ടത്. അല്ലെങ്കിൽ അതിന് അർത്ഥമൊന്നുമില്ല. അതുകൊണ്ട് ഞാൻ ഇതിന്റെ നിരാകരണത്തെ സംബന്ധിച്ച് പറഞ്ഞിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഇതിൽ അൺകോൺസ്റ്റിറ്റ്യൂഷണൽ ആയിട്ടുള്ള പല വകുപ്പുകളും ഉണ്ട് എന്നാണ്. ഇത് കോടതിയിൽ പോയാൽ നിലനിൽക്കണ്ടേ? കോടതിയിൽ പോയാൽ നിലനിൽക്കണം. അതുകൊണ്ടാണ് ഞങ്ങൾ ഇത് പറയുന്നത്. കോടതിയിൽ പോയാൽ നിലനിൽക്കണമെങ്കിൽ ഇതിൽ ചില മാറ്റങ്ങൾ വരുത്തണം. ഉദാഹരണമായിട്ട് 19-ാം വകുപ്പ്. പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ നിരാകരണമാണ് 19-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. 19-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് കുറ്റങ്ങൾ കോഗ്നിസബിളും, ജാമ്യം ലഭിക്കാത്തവയും ആയിരിക്കണം എന്നാണ്. 1973 ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ 2-ാം ആക്ടിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന എല്ലാ കുറ്റങ്ങളും ഈ ആക്ടിൻ കീഴിൽ നൽകിയിട്ടുള്ള ഉത്തരവുകളുടെ മന:പൂർവ്വമായ ലംഘനങ്ങളും കോഗ്നിസബിളും ജാമ്യം അനുവദിക്കാതിരിക്കുന്നതുമാണ്. അത് പാർലമെന്റ് പാസ്സാക്കിയ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ഇതിൽ പറയുന്ന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം ഇതിലെ കുറ്റകൃത്യങ്ങളെല്ലാം കോഗ്നിസബിൾ ആയിരിക്കും നോൺബെയ്‌ലബിൾ ആയിരിക്കും എന്നാണ് പറയുന്നത്. കോഗ്നിസബിൾ, നോൺബെയ്‌ലബിൾ എന്നുള്ളതിന് ചില തത്വങ്ങൾ ഉണ്ട്. ഇന്ത്യൻ പീനൽ കോഡ് അനുസരിച്ച് ഏതൊക്കെ കുറ്റകൃത്യങ്ങൾ ചെയ്താൽ കോടതിയുടെ അറസ്റ്റ് വാറന്റ് ഇല്ലാതെ പോലീസിന് അറസ്റ്റ് ചെയ്യാം, ഏതൊക്കെയാണ് കോഗ്നിസബിൾ എന്ന് ഒന്നാമത്തെ ഷെഡ്യൂളിൽ എടുത്ത് പറഞ്ഞിട്ടുണ്ട്. ഏതൊക്കെയാണ് ബെയിലബിൾ, പോലീസുകാർക്ക് ബെയിൽ കൊടുക്കാവുന്നത് ഏതാണ്, പോലീസുകാർക്ക് ബെയിൽ കൊടുക്കുവാൻ പറ്റാത്തത് ഏതാണ് കോടതിയിൽ പോയി ബെയിൽ മേടിക്കേണ്ടത് ഏതാണ് തുടങ്ങിയവയൊക്കെ ഈ പട്ടിക ഒന്നിൽ പറയുന്നുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ ഒരു കാര്യം പറയാം. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ ഏറ്റവും അവസാനം ഒന്നാമത്തെ പട്ടികയിലെ 2-ാം പാർട്ടായിട്ട് ഒന്നു പറയുന്നുണ്ട് ഐ.പി.സി. അല്ലാത്ത ഒഫൻസസ്സ് ആണെങ്കിൽ 3 വർഷമോ അതിൽ കൂടുതലോ ശിക്ഷയുള്ള കുറ്റങ്ങൾ മാത്രമേ കോഗ്നിസബിൾ ആകൂ. Classification of offences against other laws. If punishable with imprisonment for 3 years and upwards but not more than 7 years – Cognizable, non-bailable. If punishable with imprisonment for less than 3 years or with fine only– Non-cognizable, bailable. അപ്പോൾ ഇന്ത്യൻ പീനൽ കോഡ് ഒഴികെയുള്ള ഏത് നിയമത്തിലെ കാര്യങ്ങളെടുത്താലും, ആ കുറ്റങ്ങൾ 3 വർഷമോ അതിൽ കൂടുതലോ ശിക്ഷാർഹമായിട്ടുള്ളതിനേ കോഗ്നിസബിൾ എന്ന് പറയാവൂ. നിങ്ങളുടെ ഈ നിയമത്തിൽ കുറ്റം എത്രയാ? നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തിൽപ്പറയുന്ന ശിക്ഷ എത്രയാണെന്നറിയാമോ? 16-ാം വകുപ്പിൽ പറയുന്നത് തടവിൽ പാർപ്പിക്കുന്നവരെ ഒളിപ്പിക്കുന്നതിന് ശിക്ഷ വെറും 3 മാസം, അതായത് തെറ്റായ ഉത്തരവ് പുറപ്പെടുവിച്ച

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകളിൽ വെറും ഫൈൻ. നിങ്ങൾ ഒരാളെ കുറ്റകൃത്യത്തിന് തടവിലാക്കി. തടവിലായ ആൾ ഒളിവിൽ പോയാൽ 3 മാസം, അയാളെ ഒളിപ്പിച്ചാൽ 3 മാസം അല്ലെങ്കിൽ ഫൈൻ. ഇങ്ങനെ ചെറിയ ചെറിയ ഫൈൻ ആണ് കുറ്റങ്ങൾക്ക് നിങ്ങൾ നൽകിയിരിക്കുന്നത്. വെറും ഫൈനും 3 മാസത്തെ തടവും ശിക്ഷാർഹമായിട്ടുള്ള കുറ്റങ്ങളെ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിങ്ങൾ കോഗ്നിസബിൾ ആക്കുന്നുവെങ്കിൽ കോഗ്നിസബിൾ ആക്കണം എന്നുണ്ടെങ്കിൽ ഇത് കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒന്നാണ്. നമ്മുടെ സി.ആർ.പി.സി.യെ സംബന്ധിച്ചിടത്തോളം നമുക്ക് ഇതിനെ മാറ്റി അമെന്റ്മെന്റ് കൊണ്ടുവരാം. അങ്ങനെ അമെന്റ്മെന്റ് കൊണ്ടു വരുമ്പോൾ കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച്.........

ശ്രീ. എൻ. അനിരുദ്ധൻ : Sir, I raise a point of order. കേന്ദ്ര നിയമമായ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിന് വിരുദ്ധമല്ലേ നമ്മുടെ ലാന്റ് റിഫോംസ് ആക്ട്. ആ ലാന്റ് റിഫോംസ് ആക്ട് നമ്മൾ പാസ്സാക്കി നടപ്പിലാക്കിയിട്ടില്ലേ?

ശ്രീ. കെ. എം. മാണി : ശ്രീ. എൻ. അനിരുദ്ധൻ ഇത് കേൾക്കാതെ തോക്കിൽ കയറി വെടിവയ്ക്കുകയാണ്. എന്റെ ആർഗ്യുമെന്റ് വരുന്നതല്ലേയുള്ളു. പാർലമെന്റ് പാസ്സാക്കിയ ആക്ടിന് വിരുദ്ധമായ വ്യവസ്ഥകൾ നമുക്ക് കൊണ്ടുവരാം. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളിലാണെങ്കിൽ നമുക്ക് കൊണ്ടുവരാം. കൊണ്ടുവന്നാൽ ഒറ്റക്കാര്യമേയുള്ളു, 254(2) അനുസരിച്ച് പ്രസിഡന്റിന്റെ അംഗീകാരം വേണം. ആർട്ടിക്കിൾ 254(2) അനുസരിച്ച് പ്രസിഡന്റിന്റെ അംഗീകാരം വേണ്ട ഒരു വിഷയത്തിൻമേൽ ഓർഡിനൻസ് കൊണ്ടുവന്നാൽ ആർട്ടിക്കിൾ 213(1) അനുസരിച്ച് പ്രസിഡന്റിന്റെ പ്രീവിയസ് കൺകറൻസ് വേണം, പ്രീവിയസ് ഇൻസ്ട്രക്ഷൻ വേണം. ഓർഡിനൻസ് ഇവിടെ കൊണ്ടുവരണം എന്നുണ്ടെങ്കിൽ, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ പ്രസിഡന്റിന്റെ പ്രീവിയസ് ഇൻസ്ട്രക്ഷൻ ഇല്ലാതെ നിങ്ങൾ കൊണ്ടുവന്ന ഓർഡിനൻസ് ഭരണഘടനാ വിരുദ്ധമാണ്. ഇപ്പോൾ ശ്രീ. എൻ. അനിരുദ്ധൻ എന്നോട് ചോദിച്ച ചോദ്യത്തിന് ഉത്തരമായി. അതു മനസ്സിലായോ? ഇത് ഭരണഘടനാ വിരുദ്ധമാണ്. അപ്പോൾ ഭരണഘടനാ വിരുദ്ധമായ ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ വേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ പാടില്ല. ഞാൻ പറഞ്ഞത് ഒന്നുകിൽ ഇതിനെ സംബന്ധിച്ചിടത്തോളം നമുക്ക് ആകാം, ആകണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇന്ത്യൻ പ്രസിഡന്റിന്റെ പ്രീവിയസ് ആയിട്ടുള്ള ഇൻസ്ട്രക്ഷൻ വേണ്ടിയിരുന്നു. സംശയം ഉണ്ടെങ്കിൽ ആർട്ടിക്കിൾ 213 മാത്രം വായിക്കാം. എല്ലാം എടുത്തു വായിക്കേണ്ട കാര്യമില്ല. Article 213- Power of Governor to promulgate Ordinances during recess of Legislature. Provided that the Governor shall not, without instructions from the President, promulgate any such Ordinance if -- (b) he would have deemed it necessary to reserve a Bill containing the same provisions for the consideration of the President; or... 254(2) അനുസരിച്ച് പ്രസിഡന്റ് റിസർവ് ചെയ്യുന്ന ഒരു ബിൽ ആയതുകൊണ്ട് 213(1) അനുസരിച്ച് പ്രീവിയസ് ഇൻസ്ട്രക്ഷൻ വേണം എന്നാണ് ഭരണഘടനയിൽ പറയുന്നത്. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എനിക്ക് വളരെ വിനയപൂർവ്വം പറയാനുള്ളത്, നിങ്ങൾ എന്ത് മറുപടി പറയും എന്ന് എനിക്ക് അറിയില്ല. എന്ത് വേണമെങ്കിലും പറഞ്ഞുകൊള്ളൂ, ഇത് തെറ്റാണ്. ഈ തെറ്റായ നിയമം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടാണ് ഇങ്ങനെയൊരു ഓർഡിനൻസ് നിങ്ങൾ റിപ്ലേസ് ചെയ്യാനായിട്ട് പറയുന്നത്. ഞാൻ പ്രതിപക്ഷത്ത് ഇപ്പോഴാണ് വന്നിരിക്കുന്നത്. ഞാൻ വളരെ വ്യക്തമായി ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറയുന്നു, ഇത് തെറ്റായ നടപടി ക്രമമാണ്, തിരുത്തണം. ലെജിസ്ളേച്ചേഴ്സ് മാതൃക കാണിക്കണം, ഭരണഘടനാ വിരുദ്ധമായിട്ട് ഒന്നും ചെയ്യാൻ പാടില്ല. ഇതിന്റെ ക്രഡിബിലിറ്റി പോകും. ഇവിടെ പാസ്സാക്കിക്കിട്ടാനാണെങ്കിൽ നിങ്ങൾ പറയുന്നത് ഒക്കെ ചെയ്യാം, നിങ്ങൾക്ക് ഭൂരിപക്ഷം ഉണ്ട്. എപ്പോഴും those for, those against പറഞ്ഞാൽ എല്ലാം പാസ്സായിപ്പോകും, ഞങ്ങൾ എന്ത് ഒബ്ജക്ഷൻ പറഞ്ഞാലും അതെല്ലാം തള്ളും. അതൊക്കെ നമുക്കറിയാം. പക്ഷെ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചിന്തിക്കണം എന്നു മാത്രമാണ് എനിക്ക് പറയാനായിട്ടുള്ളത്. അതുപോലെ തന്നെ മറ്റൊരു കാര്യം ഞാൻ പറയട്ടെ, ബഹുമാനപ്പെട്ട കോടിയേരി.............

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ): സർ, ഇതേ ഓർഡിനൻസ്, നേരത്തെ മാണിസാർ തന്നെ സൂചിപ്പിച്ചു; യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് പുറപ്പെടുവിച്ചപ്പോൾ പ്രസിഡന്റിന്റെ ഇൻസ്ട്രക്ഷൻ കിട്ടിയിരുന്നോ, അതിന്റെ അടിസ്ഥാനത്തിലാണോ നേരത്തെ ഈ ഓർഡിനൻസ് യു.ഡി.എഫ്. ഗവൺമെന്റ് ഇരുന്നപ്പോൾ നടപ്പിലാക്കിയത്.

ശ്രീ. കെ. എം. മാണി : നിങ്ങൾ എല്ലാം യു.ഡി.എഫ്.നെ ക്വോട്ട് ചെയ്യുകയാണ്. എല്ലാവരും ചെയ്യുന്നത് അങ്ങനെയാണ്. നിങ്ങൾ ഒന്നും നോക്കണ്ട കണ്ണുമടച്ച് യു.ഡി.എഫ്. ആയിരിക്കുമല്ലോ നിങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ... ഞാൻ അതിലേയ്ക്കല്ല കടക്കുന്നത്. I am now in the opposition and I am now examining the bill you have introduced. No... No... നിങ്ങൾ ഒരു ബിൽ ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ നിങ്ങൾക്ക് റെസ്പോൺസിബിലിറ്റിയുണ്ട്. അതിലെ തെറ്റുകൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതിന് അന്നത്തെ ബിൽ ഇപ്പോൾ ഞാൻ നോക്കിയില്ല. അന്നത്തെ ബില്ല് എടുത്തിട്ട് യു.ഡി.എഫ്. അങ്ങനെയല്ലേ. ഞാൻ ആദ്യമേ നിങ്ങളോട് പറഞ്ഞല്ലോ. ഞങ്ങൾ ആ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്തില്ല. ഒരു കാര്യം സംബന്ധിച്ചിടത്തോളം..............

മി. ഡെപ്യൂട്ടി സ്പീക്കർ : അന്ന് പറഞ്ഞത് ഒന്നു പരിശോധിച്ച് നോക്കിയിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി: നോക്കിയിട്ടുണ്ട്. അതുകൊണ്ട് നമുക്ക് ഒരു കാര്യം ചെയ്യാം. കോംപ്രമൈസ് ചെയ്യാം. യു.ഡി.എഫ്. ചെയ്തപോലെ തന്നെ ആ പാതയിൽക്കൂടി തന്നെ നമുക്ക് പോകാം. അപ്പോൾ നിങ്ങൾക്ക് ഒരു വ്യത്യാസവുമില്ല. യു.ഡി.എഫ്. തെളിച്ച വഴിയിലൂടെ പോകാം നമുക്ക്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഓർഡിനൻസ് ബില്ലായി അവതരിപ്പിച്ചിട്ടില്ല അതുകൊണ്ട് ആ സമയത്ത് പറയാൻ പറ്റിയിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മാണിസാർ പറയുന്നത്. പക്ഷേ അന്ന് നിങ്ങൾ ഒരു ഓർഡിനൻസ് ഇറക്കി. ആ ഓർഡിനൻസിനകത്ത് ഇതേ തരത്തിലുള്ള വകുപ്പുണ്ട്. അങ്ങനെയാണെങ്കിൽ നിങ്ങൾ ആ ഓർഡിനൻസ് ഇറക്കുന്ന സന്ദർഭത്തിൽ നിയമ മന്ത്രിയായിരുന്ന അങ്ങ് എന്തുകൊണ്ട് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഞാനിത് പറയുന്നത് അന്നത്തെ ഓർഡിനൻസും ഇന്നത്തെ ഓർഡിനൻസും തമ്മിലുള്ള കണ്ടന്റ്സിലേയ്ക്ക് കടന്നുകൊണ്ടുള്ള ഡിസ്ക്കഷനല്ല. അതിലേയ്ക്കുള്ള ചർച്ച നമുക്ക് വേറൊരു സമയമാകാം. ഞാൻ അതിന്റെ കണ്ടൻസെല്ലാം നോക്കിയിട്ട് അതിന്റെ കണ്ടന്റ്സും എങ്ങനെയിരുന്നുവെന്നു ഡിസ്ക്കസ് ചെയ്യാം. എന്റെ മുമ്പാകെയുള്ളത് നിങ്ങളുടെ ബില്ലാണ്. നിങ്ങളുടെ ബിൽ ഞാൻ പരിശോധിക്കുന്നു. നിങ്ങളുടേത് യു.ഡി.എഫ്. ബില്ലാണോ അല്ലല്ലോ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് നിങ്ങളുടെ ബില്ലിൽ നിന്നും മാറ്റംവരുത്തുന്നു. യു.ഡി.എഫ്.-ന്റെ ബില്ലല്ല എന്നുപറഞ്ഞിട്ട് ആ ബില്ല് മാതൃകയായി എടുക്കുന്നത് ശരിയാണോ? ഇതിൽ കൂടുതൽ ആക്ഷേപകരമായിട്ടുള്ള കാര്യമുണ്ടോ, നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ബില്ലിനെയാണ് ഞാൻ വിമർശനാത്മകമായി എക്സാമിൻ ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ ശരിയോ തെറ്റോയെന്നുള്ളത് നിങ്ങൾ പറയണം. ഇവിടെ ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഒരു കാര്യം എനിക്ക് പറയാനുള്ളത് നിങ്ങൾ ഈ കൊണ്ടുവന്ന ബിൽ അനുസരിച്ച് ഒരിക്കലും ഇവിടുത്തെ ഗുണ്ടകളെ മുഴുവൻ അമർച്ച ചെയ്യാൻ കഴിയുകയില്ല. നിങ്ങളുടെ ഈ ബില്ലിന്റെ കൺസ്ട്രക്ഷൻ കൊണ്ടുണ്ടായ ഒരു തെറ്റാണ് അതിന് കാരണം. നിങ്ങൾക്ക് സദുദ്ദേശം ഉണ്ടായിരിക്കാം. പക്ഷേ ഈ ബില്ലിന്റെ കൺസ്ട്രക്ഷനിൽ വന്ന ഒരു കുഴപ്പംകൊണ്ട് കാളയെ വണ്ടിയുടെ പുറകിൽ കെട്ടുന്നതുപോലെ ആയിരിക്കുകയാണ്. ഇതിന്റെ നിർവചനത്തിലും ഇതിന്റെ രീതിയിലും എല്ലാം കുഴപ്പങ്ങളുണ്ട്. നിങ്ങളുടെ നിയമത്തിൽ "സാമൂഹ്യവിരുദ്ധർക്ക്" ഒരു ഡെഫനിഷനുണ്ട്. ആ ഡെഫനിഷനിലല്ല നിങ്ങൾ ഗുണ്ടകളെയോ സുപ്രസിദ്ധ ഗുണ്ടകളേയോ, ഹവാലക്കാരെയോ നോട്ടടിക്കാരെയോ മണൽ മാഫിയായെയോ ലാന്റ് മാഫിയായെയോ ഉൾപ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ ഗുണ്ടയുടെ ഡെഫനിഷനിൽ എന്താണ് പറഞ്ഞിരിക്കുന്നത്? "ഗുണ്ട" എന്നാൽ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവൃത്തിയിൽ ഏർപ്പെടുകയോ പ്രോൽസാഹിപ്പിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നയാൾ എന്ന് അർത്ഥമാകുന്നതും, കൂടാതെ വ്യാജവാറ്റുകാരൻ, കള്ളനോട്ട് നിർമ്മാതാവ്, പാരിസ്ഥിതിക വിധ്വംസകൻ, ഡിജിറ്റൽ ഡേറ്റയും പകർപ്പ് അവകാശവും അപഹർത്താവ്, മയക്കുമരുന്ന്, കുറ്റവാളി, ഹവാല തട്ടിപ്പുകാരൻ, വാടകച്ചട്ടമ്പി, അസാന്മാർക്ഷിക കുറ്റവാളി, കൊള്ളപ്പലിശക്കാരൻ, വസ്തു കൈയേറ്റക്കാരൻ എന്നിവർ ഉൾപ്പെടുന്നതാകുന്നു. ഇത് എത്രയോ മനോഹരമാണ്. എന്താ ഇപ്പോഴത്തെ നിയമ മന്ത്രി ? എല്ലാം കോമ്പ്രിഹെൻസീവാണ്. എല്ലാം ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതിന്റെയെല്ലാം ഡെഫനിഷനിൽ നിന്നു വരുന്നുണ്ട്. ഇതെല്ലാം അങ്ങ് നിർവചിച്ചിട്ടുണ്ട്. പക്ഷേ അവസാനം വരുന്നത് എന്താണെന്നറിയാമോ ? ഇതെല്ലാം നിർവചിച്ചതിനുശേഷം അവസാനം വരുന്നു ഗുണ്ട, സൂപ്പർ ഗുണ്ടയാണ് കുപ്രസിദ്ധ ഗുണ്ട, സൂപ്പർ റൗഡിയാണ് കുപ്രസിദ്ധ റൗഡി. അത് എന്തും ആകട്ടെ. അപ്പോൾ ഇത് കഴിഞ്ഞിട്ട് 3 (1) ലാണ് നമുക്ക് ആരെ തടങ്കലിൽ വയ്ക്കണം എന്നുള്ളത് പറയുന്നത്. നമുക്ക് 3 (1) എടുത്ത് വായിക്കാം. അതിൽ മൊട്ടതോട് പൊട്ടുന്നതുപോലെ ഇത് പൊട്ടുന്നു. അതിൽ പറയുന്നത് "കുപ്രസിദ്ധ ഗുണ്ടകളേയും കുപ്രസിദ്ധ റൗഡികളേയും തടങ്കലിൽ വയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിനോ അല്ലെങ്കിൽ രണ്ടാം ഉപവകുപ്പിൻ കീഴിൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ, ഏതെങ്കിലും കുപ്രസിദ്ധ ഗുണ്ടയുടെയോ കുപ്രസിദ്ധ റൗഡിയുടെയോ ഏതെങ്കിലും പ്രവർത്തനങ്ങളെ സംബന്ധിച്ച് പോലീസ് സൂപ്രണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

റാങ്കിൽ കുറയാത്ത ഒരു പോലീസ് ആഫീസറിൽ നിന്നു ലഭിക്കുന്ന വിവരം ബോധ്യപ്പെടുന്ന പക്ഷം, ആയാളെ കേരള സംസ്ഥാനത്തിനകത്ത് ഏതെങ്കിലും രീതിയിലുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്നു കണ്ടാൽ, അങ്ങനെയുള്ള ആളിനെ തടങ്കലിൽ വയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.'' എന്താണ് ലാ മിനിസ്റ്റർ? ഈ പറയുന്ന കാറ്റഗറിയിലുള്ള ആളുകൾ എന്ത് ചെയ്യണം. ഈ കാറ്റഗറിയിലുള്ള ആളുകൾ വ്യാജവാറ്റ് നടത്തിയാൽ കുറ്റമല്ല, കള്ളനോട്ട് അടിച്ചാൽ കുറ്റമല്ല. ഡിജിറ്റൽ ഡേറ്റാ അപഹരിച്ചാൽ കുറ്റമല്ല, ഹവാല ഇടപാട് നടത്തിയാൽ കുറ്റമല്ല, കൊള്ളപ്പലിശ വാങ്ങിയാൽ കുറ്റമല്ല, മണൽ ലോബി നടത്തിയാൽ കുറ്റമല്ല. പക്ഷേ ഇങ്ങനെയുള്ള ആളുകൾ സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തിയാൽ കുറ്റവാളിയാണ്. അയാളെ നമുക്ക് തടഞ്ഞുവയ്ക്കാം. ഇനി നമുക്ക് സാമൂഹ്യവിരുദ്ധ പ്രവർത്തനം എന്താണെന്നു നോക്കാം. സാമൂഹ്യ വിരുദ്ധ പ്രവർത്തനം വായിച്ചേയ്ക്കാം. "സാമൂഹ്യവിരുദ്ധ പ്രവർത്തനമെന്നാൽ പൊതു ജനങ്ങൾക്കിടയിലോ അതിന്റെ ഏതെങ്കിലും വിഭാഗത്തിലോ ഏതെങ്കിലും സുരക്ഷിതത്വമില്ലായ്മയോ ആപത്തോ ഭയമോ അല്ലെങ്കിൽ വ്യക്തികളുടെ സുരക്ഷിതത്വത്തിനോ പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനോ പൊതുജനാരോഗ്യത്തിനോ പാരിസ്ഥിതിക വ്യവസ്ഥയ്ക്കോ എന്തെങ്കിലും ഭീഷണിയോ പൊതുഖജനാവിനോ അല്ലെങ്കിൽ പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സ്വത്തിനോ ഏതെങ്കിലും നഷ്ടമോ നാശമോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ ആയ അപ്രകാരമുള്ള രീതിയിൽ പ്രവർത്തിക്കുന്നത് എന്നർത്ഥമാകുന്നു.'' ഇതാണ് സാമൂഹ്യ വിരുദ്ധ പ്രവർത്തനം എന്നു പറഞ്ഞ് ഈ ഒരു പാരഗ്രാഫ്. അതിന്റെ അർത്ഥം എന്താണെന്നറിയാമോ ഇതിൽ പറഞ്ഞിട്ടുള്ളത് മാത്രം. ഇതിൽ വ്യാജവാറ്റ് വരുന്നില്ല, കള്ളനോട്ട് വരുന്നില്ല, ഡിജിറ്റൽ പകർപ്പ് അവകാശം വരുന്നില്ല, ഹവാല വരുന്നില്ല, കൊള്ളപ്പലിശ വരുന്നില്ല, മണൽ മാഫിയ വരുന്നില്ല ആകെ വരുന്നത് എന്താണ്? സുരക്ഷിതത്വത്തിന് ഭീഷണിയാണെങ്കിൽ വരും. പൊതുജനാരോഗ്യത്തിനും പാരിസ്ഥിതിക വ്യവസ്ഥിതിക്കും ഭീഷണിയാണെങ്കിൽ വരും. പൊതു ഖജനാവിന് നഷ്ടം വരുന്നതാണെങ്കിൽ വരും. സ്വത്തിനു വരുത്തുന്ന ഭീഷണിയും വരും. ഇത് ഒഴികെ മറ്റൊന്നും വരില്ല. കള്ളനോട്ടുകാരൻ വരുകയില്ല. കള്ളനോട്ട് അടിയല്ല കുറ്റകരം. വ്യാജവാറ്റ് നടത്തുന്നതുമല്ലകുറ്റകരം. സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തണം. കള്ളവാറ്റുകാരൻ ഈ ഡെഫനിഷനിൽ പറയുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തിയാൽ, മണൽ കൊള്ളക്കാരൻ ഈ ഡെഫനിഷനിൽ പറയുന്നത് നടത്തിയാൽ കുറ്റകരമാണ്. ഞാൻ പറയുന്നത് ശരിയല്ലേ. അപ്പോൾ ഇത് വന്ന് വന്ന്, എന്താ പറയുക മല എലിയെ പ്രസവിച്ചതുപോലെയായി മിസ്റ്റർ കോടിയേരി ബാലകൃഷ്ണൻ. ഈ നിയമം അനുസരിച്ച് ഗുണ്ട എന്നു പറഞ്ഞാൽ എന്താണ്? അടിപിടിക്കാരനെ പിടിക്കാം. സ്വത്തിനും ജീവനും നഷ്ടം ഉണ്ടെങ്കിൽ അടിപിടിക്കാരനെ പിടിക്കാം. മറ്റ് ഇവിടെ നടക്കുന്ന അധോലോകത്തെ നിങ്ങൾക്ക് തൊടാനൊക്കുകയില്ല. കള്ളപ്പണക്കാരെ തൊടാനൊക്കുകയില്ല. കള്ളലോബിയെ നിങ്ങൾക്ക് തൊടാനൊക്കുകയില്ല. ലാന്റ് മാഫിയായെ തൊടാനൊക്കുകയില്ല. എന്ത് നിയമമാണ്, . മിസ്റ്റർ കോടിയേരി ബാലകൃഷ്ണൻ? നിങ്ങൾ യു.ഡി.എഫ്.ന്റെ നിയമം മാറ്റുന്നുവെന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

റദ്ദ് ചെയ്തിട്ട് ഒന്നേകാൽ വർഷം കഴിഞ്ഞ് ഒരു ബില്ല് കൊണ്ടുവന്നപ്പോൾ ഇങ്ങനെയായിപ്പോയതെന്തേ? ഞാൻ വിചാരിച്ചു ഇത് മാതൃകാപരമായ ബില്ലായിരിക്കും എന്ന്. യു.ഡി.എഫ്.-ന് പറ്റിയ അമളികൾ വല്ലതും ഉണ്ടെങ്കിൽ അത് തിരുത്തിക്കൊണ്ടു വരും എന്നു വിചാരിച്ചിട്ട് എന്നെ നിങ്ങൾ നിരാശനാക്കി. അതുകൊണ്ട് കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഈ ബിൽ ഈ രീതിയിൽ പാസ്സാക്കാൻ ഒക്കുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : മാണിസാറിന് സുഖമില്ലാത്തതാണ്.

ശ്രീ. കെ. എം. മാണി : ഇങ്ങനെയുള്ള വിഷയങ്ങൾ വരുമ്പോൾ ഞാൻ സ്വയം എന്നെത്തന്നെ മറന്നു പോവുകയാണ്. കാരണം നമ്മുടെ നാടിനോട് ഒരു ഉത്തരവാദിത്തം വേണ്ടേ. ഞാൻ ഒറ്റക്കാര്യമേ പറയുന്നുള്ളു. ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം. നമുക്ക് സെലക്ട് കമ്മിറ്റിക്ക് അയച്ചിട്ട് കൊണ്ടു വരാം. റിപ്പോർട്ട് വരട്ടെ. പോരായ്മകൾ നികത്താം അതുകൊണ്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അതിനുവേണ്ടി തയ്യാറാകണം എന്നു മാത്രം പറഞ്ഞുകൊണ്ട് നമുക്ക് നല്ല ഒരു നിയമം പാസ്സാക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാന്യരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽ ശ്രീ. കെ.എം. മാണി വരെയുള്ള വിവിധ പാർട്ടിയുടെ നേതാക്കൻമാരായിട്ടുള്ളവർ ഇവിടെ ചർച്ചയിൽ പങ്കെടുത്തു കൊണ്ട് വളരെ പ്രസക്തമായ ചില കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതെല്ലാം തന്നെ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്ന സന്ദർഭത്തിൽ വിവിധ വകുപ്പുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പരിശോധിക്കുന്നതും. സദുദ്ദേശത്തോടെയുള്ളവ പ്രത്യേകമായി ഗവൺമെന്റ് പരിഗണിക്കുന്നതുമാണ്. സംസ്ഥാനത്ത് സംഘടിതമായി നടക്കുന്ന കുറ്റകൃത്യങ്ങളും മാഫിയ പ്രവർത്തനങ്ങളും തടയുക എന്നതാണ് ഗവൺമെന്റ് പ്രധാനമായി ഉദ്ദേശിക്കുന്നത്. നിലവിലുള്ള നിയമങ്ങൾ കൊണ്ടുമാത്രം ഇത്തരം പ്രവർത്തനങ്ങൾ തടയാൻ കഴിയുന്നില്ല എന്നുള്ളതുകൊണ്ടാണ് ഒരു പുതിയ സ്പെഷ്യൽ ആക്ട് വേണമെന്ന അഭിപ്രായം വന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു ഓർഡിനൻസ് ഗവണ്മെന്റ് പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഇവിടെ ബഹുമാന്യനായ കെ.എം. മാണി പറഞ്ഞു ഒന്നേകാൽ വർഷം നിങ്ങൾ കാത്തിരുന്നു എന്ന്. അത് ശരിയല്ല. ഏഴ് മാസമായപ്പോൾത്തന്നെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോൾത്തന്നെ 40 പേർ ജയിലിൽ കിടക്കുകയാണ്. ബഹുമാനപ്പെട്ട കെ.എം. മാണി ഇത് ഇംപ്ലിമെന്റ് ചെയ്തിട്ടില്ലെന്ന വിധത്തിലാണ് സംസാരിച്ചത്. അദ്ദേഹം കുറച്ചുമാസം ഇവിടെ ഇല്ലാതിരുന്നതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചത്. അതിനിടയിലാണ് ഗുണ്ടകളെ മുഴുവൻ പിടിച്ച് അകത്താക്കാനുള്ള അവസരം നമുക്ക് ലഭ്യമായത്. ബഹുമാനപ്പെട്ട വി.ഡി. സതീശൻ വളരെ പ്രസക്തമായ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഇവിടെ നടന്നുവരുന്ന ചില സംഭവങ്ങൾ പറഞ്ഞു. അവയെല്ലാം ഇങ്ങനെ ഒരു ആക്ട് കൊണ്ടുവന്നാൽ തടയാൻ കഴിയുമോയെന്ന് ചോദിച്ചു. സംസ്ഥാനത്ത് നടക്കുന്ന എല്ലാ അക്രമങ്ങളും തടയാനുള്ള ഒരു ഒറ്റമൂലിയായി ഗവൺമെന്റ് ഇതിനെ കാണുന്നില്ല. ഈ നിയമം വർഷങ്ങൾക്കുമുമ്പ് കൊണ്ടുവന്നിട്ടുള്ള സംസ്ഥാനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിന് സാധിച്ചിട്ടില്ല. മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട്, വെസ്റ്റ് ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പാക്കിയെങ്കിലും സമ്പൂർണ്ണ സമാധാനമായി എന്നുള്ള അഭിപ്രായമൊന്നും എവിടേയുമില്ല. മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുവന്ന നിയമവും ഇവിടെ കൊണ്ടുവന്ന നിയമവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ഇവിടത്തെ നിയമത്തിന് ശക്തി പോരായെന്ന ഒരു അഭിപ്രായം അപ്പുറത്തുനിന്ന് പറഞ്ഞു. ഇത് വളരെ കരുതലോടുകൂടി കൊണ്ടുവരുന്ന ഒരു നിയമ നിർമ്മാണമായാണ് ഞങ്ങൾ കാണുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുവന്ന നിയമത്തിൽ കരുതൽ വ്യവസ്ഥകളൊന്നുമില്ല. ഗുണ്ടയാണെന്ന് തോന്നുന്ന ഏതൊരാളെയും അറസ്റ്റ് ചെയ്ത് തടങ്കലിൽ വയ്ക്കാം. അങ്ങനെയുള്ള ഒരു നിയമം കേരളത്തിൽ വേണമോ എന്നുള്ളതു സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്തപ്പോൾ അങ്ങനെ ഒരു നിയമം വേണ്ട എന്നാണ് ഗവണ്മെന്റ് തീരുമാനിച്ചത്. ടാഡ നടപ്പാക്കുന്നതിൽ ഞങ്ങൾ എതിരായിരുന്നു. എൻ.എസ്.എ. ഇവിടെ നടപ്പാക്കുന്നില്ല. എൻ.എസ്.എ. ഉപയോഗിച്ചുകൊണ്ട് 1 ലക്ഷത്തിൽപ്പരം ആളുകൾ ജയിലിൽ കിടക്കുന്ന ഒരു സംസ്ഥാനമാണ് ഗുജറാത്ത്. [അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ] അങ്ങനെ ആളുകളെ ജയിലിൽ അടയ്ക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി കേരളത്തിൽ ഇന്ന് നടപ്പിലാക്കി വരുന്ന നിയമങ്ങൾക്കു പുറമേ ഒരു സ്പെഷ്യൽ ആക്ട് മുഖേന വിധ്വംസക പ്രവർത്തനങ്ങളും അസാന്മാർഗ്ഗിക പ്രവർത്തനങ്ങളും മാഫിയാ പ്രവർത്തനങ്ങളും തടയാനുള്ള ഒരു സംവിധാനമാണ് ഈ നിയമനിർമ്മാണം വഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. യു.ഡി.എഫ്-ന്റെ കാലത്തു തന്നെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ ഗൗരവാവസ്ഥയെ സംബന്ധിച്ച് അന്നുതന്നെ ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ് ഇത്തരമൊരു ഓർഡിനൻസ് പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഇതിന് വേണ്ടത്ര ആത്മാർത്ഥത ഉണ്ടായില്ല എന്നാണ്. യു.ഡി.എഫ്-ന്റെ കാലത്തും ഡിസംബർ 15-നാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഓർഡിനൻസ് പുറപ്പെടുവിച്ച് ഉപദേശക സമിതി രൂപീകരിച്ചു. ഉപദേശക സമിതി രൂപീകരണം വന്നത് 2006 മാർച്ച് മാസം 2-ാം തീയതിയാണ്. യഥാർത്ഥത്തിൽ അത് ഇലക്ഷൻ വരുന്ന സന്ദർഭത്തിൽ ഒരു പ്രചരണ സ്റ്റണ്ട് എന്ന നിലയിൽ പുറപ്പെടുവിച്ച ഓർഡിനൻസ് മാത്രമായിരുന്നു. അതിന്റെ ഇംപ്ലിമെന്റേഷൻ ഉദ്ദേശിച്ചിരുന്നില്ല എന്നുള്ളത് അതിന്റെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തന്നെ ഇതുസംബന്ധിച്ച് പരിശോധന നടത്തി ഒരു തീരുമാനമെടുക്കണമെന്നുള്ളതുകൊണ്ടാണ് യു.ഡി.എഫ്-ന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസ് അതേപടി പുനഃപ്രഖ്യാപിച്ചത്. പിന്നീട് പരിശോധിച്ച് പുതിയൊരു ഓർഡിനൻസ് പുറപ്പെടുവിച്ച് അത് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഈ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഉദ്ദേശിച്ചത്. ഉപദേശക സമിതിയെ സംബന്ധിച്ചും അപ്പുറത്തു നിന്ന് പ്രശ്നം ഉന്നയിക്കുകയുണ്ടായി. നാഷണൽ സെക്യൂരിറ്റി ആക്ടിൽപ്പോലും ഉപദേശക സമിതിയിൽ ഇതേ തരത്തിലുള്ള വ്യവസ്ഥകളാണ് കാണുന്നത്. ഹൈക്കോടതി ജഡ്ജി, റിട്ടയർ ചെയ്ത ആളുകൾ, ജഡ്ജിയാകാൻ യോഗ്യതയുള്ളവർ എന്നീ പരിഗണനകളാണ് മിക്ക ഉപദേശക സമിതിയിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. അപ്പുറത്തു നിന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളത് കർണ്ണാടക ആക്ടിൽ മാത്രമുള്ളതാണ്. ചീഫ് ജസ്റ്റീസിന്റെ നിർദ്ദേശത്തിന് വിധേയമായ ഒരു സംവിധാനം കർണ്ണാടക ആക്ടിൽ മാത്രമാണ് കാണുന്നത്. ബാക്കിയുള്ള ആക്ടുകളിലെല്ലാം തന്നെ

ഇതേ തരത്തിലുള്ള വ്യവസ്ഥകളാണ് ഉപദേശക സമിതി രൂപീകരണത്തിൽ കാണിച്ചിട്ടുള്ളത്. ഉപദേശകസമിതിയിൽ ചെയർമാനായി സിറ്റിംഗ് ജഡ്ജി തന്നെ വേണമെന്ന് എഴുതിയതുകൊണ്ട് പ്രസിഡന്റിന്റെ അനുമതി ലഭിക്കാൻ കാലതാമസം വന്നിരുന്നു. ഇപ്പോൾ ജസ്റ്റീസ് ദിനേശൻ ചെയർമാനായ ഒരു ഉപദേശകസമിതിയാണ് പ്രവർത്തിക്കുന്നത്. ഭരണഘടന പ്രകാരമുള്ള വ്യവസ്ഥകൾ തന്നെയാണ് ഇതിൽ ചേർത്തിട്ടുള്ളത്. പത്തു വർഷത്തിലധികം ജുഡീഷ്യൽ സർവ്വീസ്സുള്ള ആളുകളെയാണ് ഉപദേശകസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശ്രീ. നിസാർ ജില്ലാ ജഡ്ജിയായിരുന്നു. 30 വർഷത്തെ ജുഡീഷ്യൽ സർവ്വീസുണ്ട്. 15 വർഷം അദ്ദേഹം ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് തന്നെയായിരുന്നു. ലാ സെക്രട്ടറിയായി പ്രവർത്തിച്ച ആളാണ്. ശ്രീ. മോഹൻ കുമാറും 16 വർഷത്തെ ജുഡീഷ്യൽ സർവ്വീസുള്ള ആളാണ്. ഇത്തരത്തിൽ ജുഡീഷ്യൽ സർവ്വീസുള്ള ആളുകളെ തന്നെയാണ് ഇതിൽ ജഡ്ജിയായി വച്ചിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തക ബന്ധമുണ്ടായിപ്പോയി എന്നുള്ളതുകൊണ്ട് നല്ല ജഡ്ജിയാകുന്നതിന് തടസ്സമില്ലെന്ന് എത്രയോ സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇവിടെത്തന്നെ ആഭ്യന്തര വകുപ്പും നിയമ വകുപ്പുമൊക്കെ കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്നല്ലോ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ. അതിനുശേഷമാണ് അദ്ദേഹം ലോകത്തിലെ അറിയപ്പെടുന്ന ഒരു ജഡ്ജിയായി മാറിയത്. അതുപോലെ എം.പി. മേനോൻ കെ.എസ്.പി.-യുടെ എം.എൽ.എ. ആയിരുന്നു. അദ്ദേഹമല്ലേ പിന്നീട് ഹൈക്കോടതി ജഡ്ജിയായി മാറിയത്. ജാനകിയമ്മ ഹൈക്കോടതി ജഡ്ജിയായിരുന്നില്ലേ? എറണാകുളം മുനിസിപ്പാലിറ്റി ചെയർ പേഴ്സണായും അംഗമായും പ്രവർത്തിച്ച ആളല്ലേ? അവർ പിന്നീട് ജഡ്ജിയായില്ലേ? രാഷ്ട്രീയ പ്രവർത്തകയായിരുന്നില്ലേ അവർ? ജസ്റ്റീസ് പി. ഗോവിന്ദ മേനോൻ കോഴിക്കോട്മുനിസിപ്പാലിറ്റി ചെയർമാനായി പ്രവർത്തിച്ച ആളാണ്. ഏറ്റവും നല്ല ജഡ്ജിയായി പിന്നീട് അദ്ദേഹം മാറിയില്ലേ?

ശ്രീ. കെ.എം. മാണി: ഞാൻ ജസ്റ്റീസ് ഗോവിന്ദമേനോന്റെ ജൂനിയറായിരുന്നു. അങ്ങനെയുള്ള സത്യസന്ധന്മാരെ കിട്ടുന്നത് വളരെ റെയറാണ്. രാഷ്ട്രീയ ബന്ധമുള്ളവരൊക്കെ നല്ലവരാണെന്ന് നിങ്ങൾ പറയുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അപ്പുറത്തു നിന്നുവന്ന വാദഗതികളെയാണ് ഞാൻ പറഞ്ഞത്. ഒരു കാലത്ത് രാഷ്ട്രീയ പ്രവർത്തകരായിപ്പോയി എന്നുള്ളതുകൊണ്ട് പിന്നീട് ജഡ്ജിയായാൽ അയാൾ അതുപോലെതന്നെയാകുമെന്ന് കണക്കാക്കാൻ പാടില്ല. അതുകൊണ്ടാണ് എനിക്ക് പരിചയമുള്ള ഗോവിന്ദമേനോന്റെ കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അങ്ങ് അദ്ദേഹത്തിന്റെ ജൂനിയറായിരുന്നു എന്നുള്ളത് ഇവിടെ വെളിപ്പെട്ടു. ആ ഒരു ഗുണമാണ് അങ്ങയിൽ ഇപ്പോൾ കാണുന്നത്. ജസ്റ്റീസ് കെ. ടി. തോമസ്സ്, ജുഡീഷ്യൽ സർവ്വീസിൽ വരുന്നതിനു മുൻപ് അദ്ദേഹത്തിനു രാഷ്ട്രീയ ബന്ധം ഉണ്ടായിരുന്നുവെന്നുള്ളത് എല്ലാവർക്കും അറിഞ്ഞുകൂടേ. ഏറ്റവും നല്ല ജഡ്ജിമാരിൽ ഒരാളായി പേരെടുത്ത ആളല്ലെ ജസ്റ്റീസ് കെ. ടി. തോമസ്സ്. സുപ്രീം കോടതി ജഡ്ജിയായിട്ടുള്ള ജമ്മുകാശ്മീരിൽ ചീഫ് ജസ്റ്റീസായി പ്രവർത്തിച്ചിരുന്ന ജസ്റ്റീസ് ബി. ഖാലിദ്, കണ്ണൂർ മുനിസിപ്പൽ കൗൺസിലറായിരുന്നു. ഏറ്റവും നല്ല ജഡ്ജിയായിട്ട് അദ്ദേഹം പേരെടുത്തു. ജസ്റ്റീസ് ഇ. കെ. മൊയ്തു. 1944-ൽ അദ്ദേഹം മുൻസിഫായി സെലക്ഷൻ കിട്ടുന്നതിന് മുൻപ് മുസ്ലീംലീഗിന്റെ വോളന്ററി ക്യാപ്ടൻ ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീംലീഗിന്റെ വോളന്ററി ക്യാപ്ടനായിരുന്ന ഇ. കെ. മൊയ്തു ജുഡീഷ്യൽ സർവ്വീസിലേയ്ക്ക് വന്നു. അദ്ദേഹം ജസ്റ്റീസ് ആയിട്ട് റിട്ടയർ ചെയ്തു. ആ ജസ്റ്റീസ് ഇ. കെ. മൊയ്തുവിന്റെ മകനാണ് ഇപ്പോഴത്തെ ജഡ്ജി ശ്രീ. നിസ്സാർ; അതുകൊണ്ട് ഇത്തരത്തിലുള്ള ആളുകൾക്ക് ആരെങ്കിലും രാഷ്ട്രീയ ബന്ധമുണ്ടായിയെന്നുള്ളതുകൊണ്ട് അവർ പിന്നീട് ജുഡീഷ്യൽ സ്ഥാനത്തേയ്ക്ക് വന്നാൽ അതേപടി അവർ നിൽക്കും എന്ന് കാണാൻ പറ്റില്ല. അവരുടെ സ്ഥാനത്ത് നിൽക്കുമ്പോൾ അവർക്ക് കൊടുത്ത ജൂഡീഷ്യൽ അധികാരം ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്നുണ്ടോ, അങ്ങനെ ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുകൊണ്ടാണ് ഈ കാര്യത്തിൽ നമ്മൾ തീരുമാനം എടുക്കേണ്ടത്. അതുകൊണ്ട് ഈ ഓർഡിനൻസ് അനുസരിച്ചുകൊണ്ടുള്ള യോഗ്യതയുള്ള ആളുകളെയാണ് ഇതിനകത്ത് വച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് സംബന്ധിച്ച് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസിനകത്തും ഇതേതരത്തിലുള്ള വ്യവസ്ഥകൾതന്നെയാണ് ഉൾപ്പെടുത്തിയിരുന്നത്. അന്ന് നിങ്ങൾ ഹൈക്കോടതി ജഡ്ജി വേണമെന്ന് ചോദിച്ചു എന്നുള്ളത് ശരിയാണ്. അത് ഇലക്ഷൻ കഴിഞ്ഞാൽ നിങ്ങൾ തന്നെ വന്നാൽ പിന്നെ ഈ ബിൽ അവതരിപ്പിക്കുമ്പോൾ മാറ്റാമല്ലോ എന്ന് വിചാരിച്ചു കാണും. ആ ഉദ്ദേശത്തോടുകൂടിയായിരിക്കും അത് ചെയ്തിട്ടുണ്ടാവുക. പക്ഷെ ആ ഉദ്ദേശമൊക്കെ പൊളിഞ്ഞുപോയി. ഇതിനകത്ത് ചൂണ്ടികാണിച്ചിരിക്കുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കി ഇവിടെ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾക്ക് ചില അവ്യക്തതകൾ അപ്പുറത്ത് ഉണ്ടായിയെന്നാണ് തോന്നുന്നത്. കുടുംബ തർക്കത്തിന്റെ പേരിലുണ്ടാകുന്ന ഒരു സംഭവം നടന്നാൽ കേസ് ഉണ്ടാവുകയില്ലായെന്ന് ഇതിനകത്ത് പറഞ്ഞിട്ടില്ല. അതിന് നിലവിലുള്ള നടപടി പ്രകാരം ഐ. പി. സി. അനുസരിച്ചുകൊണ്ടുള്ള കേസ്സുകൾ ഉണ്ടാകും. അതിനൊന്നും യാതൊരു എക്സംപ്ഷനും കൊടുത്തിട്ടില്ല. അയൽക്കാർ തമ്മിലുള്ള തർക്കത്തിന്റെ പേരിലുണ്ടാകുന്ന കേസ്സിലും ഇന്നുള്ള നിയമ പ്രകാരമുള്ള എല്ലാ കേസ്സുകളും അവരുടെ പേരിൽ നിലനിൽക്കും. തൊഴിൽത്തർക്കത്തിന്റെ പേരിൽ ഉണ്ടാകുന്ന കേസ്സുകൾ, നിലവിലുള്ള നിയമപ്രകാരമുള്ള കേസ്സുകളൊക്കെ അത്തരത്തിലുള്ള പ്രശ്നത്തിന്റെ പേരിൽ നിലനിൽക്കും. വിദ്യാർത്ഥി സംഘട്ടനം നടക്കുമ്പോൾ സംഘർഷമുണ്ടാകുന്ന സ്ഥലത്ത് നിലവിലുള്ള നിയമം അനുസരിച്ചുകൊണ്ടുള്ള കേസ്സുകളൊക്കെ നിലനിൽക്കും. രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സംഭവത്തിലും നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ചുകൊണ്ടുള്ള കേസ്സുകളൊക്കെ നിലനിൽക്കും. ഞാൻ ഒരുദാഹരണം പറയാം. സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരം നടന്നു. രണ്ടായിരം ആളുകൾ പങ്കെടുത്ത സമരം, ആ സമരത്തിന്റെ ഭാഗമായിട്ട് ഒരു കല്ലേറ് നടത്തി. ആ കല്ലേറിന്റെ ഭാഗമായിട്ട് ചാർജ്ഷീറ്റിൽ പറയുന്ന ഒരു ഗോവിന്ദൻ കല്ലെറിഞ്ഞു. ഗോവിന്ദൻ ഇതിനകത്ത്പെടും. എന്നാൽ സാന്നിധ്യം കൊണ്ട് മാത്രം ആയിരത്തോളം ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഇതിനകത്ത് കൗണ്ട് ചെയ്യാൻ പാടില്ല. ഇതാണ് ഇതിനകത്ത് ഉദ്ദേശിക്കുന്ന കാര്യം. കുറ്റം ചെയ്ത ആളുകൾ ഒന്നും ഇതിൽ ഒഴിവാക്കപ്പെടുന്നില്ല. സാന്നിധ്യം കൊണ്ടുമാത്രം ആ സ്ഥലത്ത് പങ്കാളിയായിട്ടുള്ള ആളാണെങ്കിൽ അയാൾ ഇതിൽ ഉൾപ്പെടില്ല. ഇപ്പോൾ നമ്മൾ ദിവസേന പിക്കറ്റിംഗിന് പോകുന്നു. പിക്കറ്റിംഗിന് പോകുന്ന ദിവസങ്ങളിൽ പല കേസ്സുകളും ചാർജ്ജ് ചെയ്യും. മൈക്ക് ഉപയോഗിച്ചു. മൈക്ക് ഉപയോഗിച്ചതിന്റെ പേരിൽ നിയമവിരുദ്ധമായ പ്രവർത്തനം കണക്കാക്കിയാൽ എത്രകേസ് വരും. അങ്ങനെയുള്ള കേസ്സുകളൊക്കെ കണക്കാക്കി ഒരാളെ ഗുണ്ടയായിട്ട് നിശ്ചയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയാൽ ശരിയാകില്ല. നിങ്ങളുടെ കാലത്ത് കൊണ്ടുവന്ന ആ ആക്ട് പ്രകാരം ഏറ്റവും വലിയ ഗുണ്ട ആരായിരുന്നു എന്ന് അറിയാമോ. നമ്മുടെ മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ആയിരുന്നു. എൽ. ഡി. എഫിന്റെ കൺവീനർ എന്നതിന്റെ പേരിൽ ഏറ്റവും കൂടുതൽ കേസ്സുകൾ പാലോളിയുടെ പേരിലാണ്. മൈക്ക് പെർമിഷൻ വാങ്ങിയിട്ടില്ല എന്ന കേസ്, എൽ. ഡി. എഫ്. ആഹ്വാനം ചെയ്തിട്ടുള്ള സമരവുമായി ബന്ധപ്പെട്ട കേസ്, ഇങ്ങനെയൊക്കെ കണക്കാക്കികൊണ്ടാണ് കേസ്സെടുത്തിട്ടുള്ളത്. അതൊന്നും ഇതിനകത്ത് ഉൾപ്പെടുത്താൻ പാടില്ല. അങ്ങനെ ഒരു പരിരക്ഷയാണ് ഇതിനകത്ത് കൊടുത്തത്. അതേ സന്ദർഭത്തിൽ അക്രമം കാണിക്കുന്നവൻ, കൊലപാതകം നടത്തുന്നവർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലുള്ള കേസ്സിലുള്ള ഒരാൾ ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേർന്നു. അയാൾക്ക് യാതൊരു പരിരക്ഷയുമില്ല. അങ്ങനെയൊക്കെയുള്ള ആളുകളും ഇതിനകത്ത്പെടും. ചില രാഷ്ട്രീയ പ്രവർത്തകന്മാരെ അറസ്റ്റു ചെയ്തു. നിലവിലുള്ള നിയമപ്രകാരം അവരുടെ അറസ്റ്റ് ന്യായീകരിക്കത്തക്കതാണ്. അതിനകത്ത് യാതൊരു തെറ്റുമില്ല. ഈ ആക്ട് പ്രകാരം നമ്മുടെ ഓർഡിനൻസ് അനുസരിച്ച് അതിൽ തെറ്റില്ല. പക്ഷെ രാഷ്ട്രീയപ്രവർത്തകർ എന്നുള്ള നിലയിൽ അത്തരക്കാരെ അറസ്റ്റ് ചെയ്യുന്നതിനല്ല നമ്മൾ ആദ്യ പരിഗണന കൊടുക്കേണ്ടത്. ഗവൺമെന്റ് കാണുന്നത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകളെയും മറ്റും അറസ്റ്റ് ചെയ്ത് ജയിലിൽ വയ്ക്കുക എന്നുള്ളതല്ല. ഇപ്പോൾ നടക്കുന്ന രീതിയിലുള്ള പല തരത്തിലുള്ള മാഫിയ പ്രവർത്തനത്തിൽപ്പെടുന്ന ആളുകളെ തടഞ്ഞുനിർത്തുന്നതിന് വേണ്ടിയുള്ളതിനാണ് മുൻഗണന കൊടുക്കേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: അങ്ങ് വളരെ തെറ്റിദ്ധരിച്ചാണ് പറഞ്ഞത്. ഞാൻ പറഞ്ഞത് ഒരു പ്രധാനപ്പെട്ട, വളരെ ലീഗലായിട്ടുള്ള പോയിന്റാണ്. ഏതെങ്കിലും ഒരു കുറ്റം ചെയ്താൽ കുറ്റം ചെയ്ത കുറെ ആളുകൾക്ക് എക്സംപ്ഷൻ കൊടുത്തുകൊണ്ടാണ് ഒരു പ്രൊവൈസോ തുടങ്ങുന്നത് എന്നാണ്. ഒരേകുറ്റം ചെയ്യുന്ന കുറെ ആളുകൾക്ക് എക്സംഷൻ കൊടുത്തിരിക്കുകയാണ്. അങ്ങനെയുള്ള ഒരു പ്രൊവിഷൻ ചേർക്കേണ്ട യാതൊരു കാര്യവുമില്ല. യഥാർത്ഥത്തിൽ ഇതിനകത്ത് ഹാബിച്വൽ ഒഫൻഡേഴ്സായ ആളുകളെ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടിയാണ് ചെയ്തിരിക്കുന്നത്. അല്ലെങ്കിൽ യഥാർത്ഥത്തിലുള്ള രാഷ്ട്രീയക്കാരായ ആളുകൾ, രാഷ്ട്രീയ പ്രവർത്തകരായ ആളുകൾ ഈ കേസ്സിൽ എങ്ങനെയാണ് വരുന്നത്. നോൺ ഗുണ്ടയുടെയും നോൺ റൗഡിയുടെയും ലിസ്റ്റിൽ എങ്ങനെയാണ് വരുന്നത്. ആ ലിസ്റ്റിൽ വന്ന് അവർ ആന്റി സോഷ്യൽ ആക്ടിവിറ്റി കാണിച്ചാൽ മാത്രമല്ലെ ഡിറ്റെയിൻ ചെയ്യാൻ സാധിക്കുകയുള്ളു. വെറുതെ ചേർത്ത് വച്ചിരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളുടെ അംഗമാണ് എന്നുള്ള മറവിൽ ഹാബിച്വൽ ഒഫൻഡേഴ്സിനെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ഒരു സേവിംഗ് പ്രൊവിഷനാണ് വച്ചിരിക്കുന്നത്. അത് കോടതിയിൽ പോയാൽ നിലനിൽക്കില്ല.

ആഭ്യന്തരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇതൊക്കെ വെറുതെയുള്ള ആക്ഷേപങ്ങളാണ്. കോടതിയുടെ പേരു പറഞ്ഞുകൊണ്ട് നമ്മൾ നിയമജ്ഞരാകണ്ട. അത് കോടതി പരിശോധിക്കട്ടെ. ഇത്തരത്തിലുള്ള ഒരു ക്ലാസ് ചേർക്കുന്നതിൽ യാതൊരു തെറ്റുമില്ല. എന്നാണ് ഞങ്ങൾക്ക് കിട്ടിയ നിയമോപദേശം. കോടതിയിൽ പോയി ചോദ്യം ചെയ്യുന്ന കാര്യം ഇവിടെ പറയേണ്ട കാര്യമില്ല. ഇവിടെ നിയമനിർമ്മാണം നടക്കുന്ന ഈ ഘട്ടത്തിൽ നിയമനിർമ്മാണമായി ബന്ധപ്പെട്ട കാര്യം

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഇവിടെ ചർച്ച ചെയ്യാം. ആർക്കെങ്കിലും കോടതിയിൽ പോകണമെങ്കിൽ അവിടെ ചോദ്യം ചെയ്യട്ടെ. അത് ആ സമയത്ത് കോടതിയിൽ നമുക്ക് ഡിഫന്റ് ചെയ്യാം. അതേ സന്ദർഭത്തിൽ ഇവിടെ ഇത് എന്ന് ബാധകമാകും. ആ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർക്ക് ചൂണ്ടിക്കാണിക്കാം. അത് സംബന്ധിച്ചാണ് ഇപ്പോൾ ഞങ്ങൾക്ക് കിട്ടിയിട്ടുള്ള നിയമോപദേശം. അത് അനുസരിച്ചുകൊണ്ട് ഇത് നിലനിൽക്കുന്നതാണ്. ഇതിനകത്ത് യാതൊരു പ്രശ്നങ്ങളും ഉൾക്കൊള്ളുന്നതല്ല. അതേ സന്ദർഭത്തിൽ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ എന്തെങ്കിലും അക്രമം കാണിച്ചാൽ അല്ലെങ്കിൽ മറ്റു തരത്തിലുള്ള ക്രിമിനൽ പ്രവർത്തനത്തിൽ പങ്കാളികളായാൽ അതിന്റെ പേരിലുള്ള കേസ്സുകളൊന്നും ഇതിൽ ഒഴിവാക്കി കൊടുത്തിട്ടേയില്ല. ബഹുജനസമരങ്ങളിൽ പങ്കെടുക്കുന്നതിന്റെ പേരിൽ വരുന്ന സാന്നിധ്യം കൊണ്ടുള്ള കേസുകളിൽപ്പെട്ട ആളുകൾകൂടി, ഈ എണ്ണം കാണക്കാക്കുന്ന കൂട്ടത്തിൽ പെടാൻ പാടില്ല. അത് മറ്റ് തരത്തിലുള്ള കേസ്സുകളിൽ ഉൾപ്പെട്ടവരെല്ലാം തന്നെ ഉൾപ്പെടുത്തപ്പെടും. അത്തരക്കാർക്ക് യാതൊരു പരിരക്ഷയും ഒഴിവും ഈ നിയമത്തിൽ കൊടുത്തിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: രാഷ്ട്രീയ പ്രവർത്തനം ക്രിമിനൽ കവചമായി വിനിയോഗിക്കുമോ ഇല്ലയോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അതാണ് ഈ ചോദ്യംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോൾ വന്നിരിക്കുന്നത് എന്താണെന്നുവച്ചാൽ ഗുണ്ടകൾ പിടിക്കും എന്നുള്ള നില വരുമ്പോൾ അവർക്ക് പ്രൊട്ടക്ഷൻ കിട്ടാൻ വേണ്ടി നേരെ രാഷ്ട്രീയ പാർട്ടികൾക്കകത്ത് ഇൻഫിൽട്രേറ്റ് ചെയ്തു കയറുകയാണ്. അതിപ്പോൾ നമുക്ക് ഇവിടിരുന്ന് തടയാൻ പറ്റുന്ന കേസ്സല്ല. അപ്പോൾ അങ്ങനെയുള്ള ഒരു രീതി വരാതെ എങ്ങനെ വളരെ സുതാര്യമായും കറക്ടായും ഈ നിയമം നടപ്പിലാക്കാൻ പറ്റും എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗുണ്ടകളായിട്ടുള്ള ആളുകളെ രാഷ്ട്രീയ പാർട്ടിയിൽ ചേർത്തുകൊണ്ടുള്ള ഒരു സംരക്ഷണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഇതിനകത്തില്ല. അങ്ങനെയുള്ള ആളുകൾ എല്ലാം ഈ നിമയത്തിന്റെ പരിധിയിൽപെടും. ഇപ്പോൾ ഗുണ്ട പ്രവർത്തനം നടത്തുന്ന ഒരാൾ രക്ഷപ്പെടാൻ വേണ്ടി ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേർന്നാൽ ഇതിനകത്ത് യാതൊരു പരിരക്ഷയും ഈ നിയമത്തിൽ കൊടുക്കുന്നില്ല. ഇത് വെറും തെറ്റിദ്ധാരണ മാത്രമാണ്. ഇത് സംബന്ധിച്ച് ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ നമുക്ക് കൂടുതൽ കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഈ കാര്യം നമുക്ക് പരിശോധിക്കാം. അതുകൊണ്ട് എല്ലാ കാര്യങ്ങളും പരിശോധിച്ചുകൊണ്ട് ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നിങ്ങളുടെ സജഷൻസ്സ്വീകരിക്കാൻതയ്യാറാണ്.അതെ സന്ദർഭത്തിൽ ഞങ്ങൾക്ക് കിട്ടിയിട്ടുള്ള നിയമോപദേശം അനുസരിച്ച് ഈ ബില്ലിൽ ഈ പ്രൊവൈസോ ഉൾപ്പെടു ന്നതിൽ യാതൊരു തെറ്റും ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കൂടുതൽ കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാവുന്നതാണ്. മറ്റൊരു കാര്യം, ഈ പണം കടം കൊടുപ്പുകാരനെ സംബന്ധിച്ച് പറഞ്ഞ കൂട്ടത്തിൽ സതീശനും സൈമൺ ബ്രിട്ടോയും റിസർവ്വ് ബാങ്കിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്കും മറ്റും ഇതിൽ എക്സംക്ഷൻ കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. അത് സംബന്ധിച്ച് നമുക്ക് സബ്ജക്ട് കമ്മിറ്റിയുടെ ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്. റിസർവ്വ് ബാങ്കിന്റെ അംഗീകാരം ഉള്ള ഐ. സി. ഐ. സി. ഐ. ബാങ്കിനേയും മറ്റു ചില ബാങ്കുകളെ സംബന്ധിച്ച്



LIBRARY ARCHIVES Kerala Legislative Assembly

ഈ ആക്ഷേപം വരുന്നുണ്ട്. ആ പ്രശ്നം ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിയും ചൂണ്ടിക്കാണിച്ചു എന്ന് തോന്നുന്നു. അത് നമുക്ക് പ്രത്യേകിച്ച് പരിശോധിക്കാവുന്നതാണ്. ഇവിടെ ഉന്നയിച്ചിട്ടുള്ള മറ്റൊരു കാര്യം വനം മാഫിയക്കാർ ഇതിനകത്ത് പെടുന്നില്ല എന്ന താണ്. അത് ശരിയല്ല. പരിസ്ഥിതി വിധ്വംസകൻ എന്ന് പറയുന്ന കൂട്ടത്തിൽ വനങ്ങളുടെയും വന്യജീവി സംരക്ഷണവുമായിട്ട് ബന്ധപ്പെട്ട് ഏതെങ്കിലും നിയമത്തിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ചെയ്യുന്നയാൾ എന്ന് വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. വ്യാജവാറ്റുകാരനെ സംബന്ധിച്ച് നിർവ്വചിച്ച കൂട്ടത്തിലും വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. നിയമ വിരുദ്ധമായി ഏതെങ്കിലും മദ്യമോ ലഹരിപദാർത്ഥങ്ങളോ, ഉൽപ്പാദിപ്പിക്കുകയോ, സംഭരിക്കുകയോ, കടത്തികൊണ്ട് പോകുകയോ, വിൽക്കുകയോ, വിതരണം നടത്തുകയോ ചെയ്യുന്ന ഒരാൾ അല്ലെങ്കിൽ ഭാഗികമായോ മുഴുവനായോ അപ്രകാരമുള്ള പ്രവർത്തനത്തെ അറിഞ്ഞുകൊണ്ട് പ്രേരിപ്പിക്കുകയോ, സഹായിക്കുകയോ ചെയ്യുന്ന ആൾ എന്ന് വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: കുടിക്കുന്ന ആൾ രക്ഷപ്പെടും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ലഹരിപദാർത്ഥം ഉപയോഗിക്കുന്ന ആളുകളെല്ലാം തന്നെ ഈ നിർവ്വചനത്തിൽപ്പെടുത്തിയതു കൊണ്ട് ആർക്കും ഇതിൽ എക്സംക്ഷൻ കൊടുത്തിട്ടില്ല. ഇനിയും ശക്തിപ്പെടുത്തുവാൻ വേണ്ടിയുള്ള ഏതെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: ഗുണ്ടകളുടെയും കുപ്രസിദ്ധ ഗുണ്ടകളുടെയും നിർവ്വചനത്തിൽ ആണല്ലോ ഇതെല്ലാം പെടുത്തിയിരിക്കുന്നത്. അപ്പോൾ ആ ഗുണ്ടകളെയും കുപ്രസിദ്ധഗുണ്ടകളെയും സാമൂഹ്യവിരുദ്ധരുടെ നിർവ്വചനത്തിലേയ്ക്ക് കൊണ്ട് വരാൻ കഴിയുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് പരിശോധിക്കാവുന്നതാണ്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നുപറയുന്ന ഡെഫിനിഷന്റെ സ്ഥലത്തുതന്നെ ഇതെല്ലാം കൂടി ചേർക്കണമെന്നുണ്ടെങ്കിൽ നമുക്ക് ആ പ്രശ്നം സബ്ജക്ട് കമ്മിറ്റിയുടെ ഘട്ടത്തിൽ ആലോചിച്ച് ചെയ്യാവുന്നത് മാത്രമേയുള്ളു. അതുകൊണ്ട് ക്രീയാത്മകമായ നിർദ്ദേശങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ ഘട്ടത്തിൽ നമുക്ക് ചർച്ച ചെയ്യാം. മെമ്പർമാരുടെ അഭിപ്രായം കേൾക്കാം. ഇതിനെ ഫലപ്രദമായ ഒരു നിയമമാക്കി മാറ്റണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ..തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പിക്കർ: പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ്: അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ: അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ

ശ്രീ. ജി. കാർത്തികേയൻ: ബി.എ.സി. യിൽ ഞങ്ങളുടെ അഭിപ്രായം ഞങ്ങൾ പറഞ്ഞിരുന്നു. ഞങ്ങൾ ബില്ലുകൾ വരുന്നതിന് എതിരല്ല. ഗവൺമെന്റിനോട് പൂർണ്ണമായും യോജിക്കാൻ പ്രതിപക്ഷം തയ്യാറാണ്. ഇപ്പോൾ തന്നെ സമയം ഇത്രയുമായി. ബിൽ വരുമ്പോൾ സഭയ്ക്കകത്ത് ചർച്ച ചെയ്യുന്നതിന് സമയം വേണം. ഓടിച്ചുള്ള പ്രസംഗമല്ല, നിയമനിർമ്മാണമാണ്. ബിൽ പരിഗണനയ്ക്ക് എടുക്കേണ്ട എന്നല്ല പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യം അങ്ങയുടെ പരിഗണനയ്ക്ക് വിടുകയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി: (ശ്രീ. എം. വിജയകുമാർ): ബില്ലുകൾ പരിഗണനയ്ക്കെടുക്കുകയും ചർച്ചയ്ക്ക് അവസരം ഉണ്ടാകുകയും വേണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഈ സഭതന്നെ ഇപ്പോൾ ചേരുന്നത് ഓർഡിനൻസിനു പകരം ബില്ലുകൾ കൊണ്ടുവന്ന് നിയമമാക്കുന്നതിന് വേണ്ടി മാത്രമാണ്. എത്രയോ നാളുകൾക്ക് ശേഷം ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു സഭ ചേരുന്നത്. ആ രൂപത്തിൽ ഇത് സർക്കാരിന്റെ മാത്രം കാര്യമല്ല. ഈ ഓർഡിനൻസുകളിൽ ഭൂരിപക്ഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിർഭവിച്ച് ഇപ്പോൾ വന്നിട്ടുള്ളതാണ്. ആ ധാരണയോടുകൂടിയാണ് എടുക്കുക. ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലും രണ്ട് ചെറിയ ഭേദഗതികളുള്ള ബില്ലുകളും മാത്രമാണ് എടുക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ബില്ലാണ് ഗുണ്ടാ ആക്ട്. സാധാരണ ഒരു ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുമ്പോൾ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഒരാൾ പ്രസംഗിക്കും. അതിനുശേഷം അതിനെ പിന്താങ്ങിക്കൊണ്ട് മറ്റൊരാളും പ്രസംഗിക്കും.എന്നിട്ട് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് രണ്ടുപേർ പ്രസംഗിക്കും. ഇത്രയല്ലേ ഉള്ളൂ.ഇത് പഴയ കീഴ്വഴക്കമാണ്. എന്നാൽ ഇന്ന് വളരെ ലിബറലായിട്ട് ചർച്ച ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രമല്ല അര മണിക്കൂർ ഓരോ അംഗവും സമയമെടുത്ത് ചർച്ച ചെയ്തിട്ടുണ്ട്. ആരും തടഞ്ഞിട്ടില്ല. അതുകൊണ്ട് കുറച്ചു സമയം നീണ്ടുപോയി. അല്ലെങ്കിൽ രണ്ട് മണിക്ക് തീരേണ്ടതാണ്. നാല് മണിക്ക് സഭ അവസാനിപ്പിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് ഇത് സഭയുടെ കാര്യമാണെന്ന ധാരണയിൽ പരസ്പരം സഹകരിക്കണം. ഓർഡിനൻസ് ഇല്ലാത്ത നിയമസഭ എന്ന ഖ്യാതി ഈ സഭയ്ക്ക് ഉണ്ടാകണം.

ശ്രീ. കെ.എം. മാണി: ഇന്ന് എട്ടര മണിക്ക് ഞങ്ങൾ ഇവിടെ വന്നതാണ്. പലരും ചോറ് ഉണ്ണാതെയാണ് ഇരിക്കുന്നത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നാളത്തേയക്ക് ബില്ലുകൾ മാറ്റി വയ്ക്കണം.

ശ്രീ. എം. വിജയകുമാർ: കേരള നിയമസഭ ചേരുന്ന ഈ സമയത്ത് പാർലമെന്റ് സമ്മേളനവും ചേർന്നുകൊണ്ടിരിക്കുകയാണ്. എന്തെല്ലാം ബിസിനസ് ഉണ്ടെങ്കിലും ചുരുങ്ങിയ സമയംകൊണ്ട് 50 ബില്ലുകൾ പാസ്സാക്കുകയാണ്. നമുക്ക് പത്തെണ്ണമെങ്കിലും പാസാക്കണ്ടേ? നിയമസഭയെന്നുപറഞ്ഞാൽ നിയമനിർമ്മാണ സഭയാണ് എന്ന കാര്യം കൂടി വച്ചുകൊണ്ട് ഇക്കാര്യത്തിൽ യോജിച്ചുകൊണ്ട് പരസ്പരം സഹകരിച്ചാൽ അധികം സമയം നഷ്ടപ്പെടാതെ പാസ്സാക്കിയെടുക്കാൻ കഴിയും.

ശ്രീ. കെ.എം. മാണി: ഇവിടെ ഓപ്പണിംഗ് ഡേയിൽ രണ്ടുമൂന്ന് ബില്ലുകൾ ഒരുമിച്ച് പാസ്സാക്കാൻ പറ്റുമോ? അത് പ്രത്യേകമായി മനസ്സിലാക്കണം.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതല്ലേയുള്ളു.

ശ്രീ. കെ.സി. ജോസഫ്: കേരള നിയമസഭ ബിൽ കൊണ്ടുവരുന്നത് ആദ്യമൊന്നുമല്ല. അദ്ദേഹം പറഞ്ഞതു കേട്ടാൽ തോന്നും ആദ്യമായിട്ടാണ് ബിൽ പാസ്സാക്കാൻ പോകുന്നതെന്ന്. ഞങ്ങൾക്ക് ഒരു വിയോജിപ്പുമില്ല. നാല് മണിയായി., രണ്ട് ബിൽ ഉണ്ട്. ബിൽ അവതരിപ്പിക്കണം. നിരാകരണ പ്രമേയം വേണം. പൊതു ചർച്ച വേണം. ഇതെല്ലാം ഇവിടെ നടക്കണം. പാർലമെന്റ് രാവിലെ 11 മണിക്കാണ് ആരംഭിക്കുന്നത്. അസംബ്ലി എട്ടരയ്ക്ക് ആരംഭിക്കും. ദോശ ചുടുന്നതുപോലെ മെമ്പർമാരെ മുൾമുനയിൽ നിർത്തി പാസ്സാക്കേണ്ട കാര്യമൊന്നുമില്ല. ബിൽ പാസ്സാക്കാൻ ഞങ്ങൾ സഹകരിക്കാം. പക്ഷെ ഇങ്ങനെ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് സഭയ്ക്ക് ചേരുന്ന കീഴ്വഴക്കമല്ല.

മി. സ്പീക്കർ: എന്തായാലും ഇന്നത്തെ ദിവസത്തെ ബില്ലുകൾ എടുക്കാമെന്നാണ് സമവായം ഉണ്ടായിരിക്കുന്നത്. ഇനിയുള്ള ബില്ലുകൾ ചെറിയ ബില്ലുകളാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ശരിതന്നെയാണ്. ചെയറിന് അതിനോട് യോജിപ്പാണുള്ളത്.

ശ്രീ. കെ.എം. മാണി: രണ്ട് ബിൽ കൂടി എടുക്കാൻ പറ്റില്ല. ഒരു ബില്ലുംകൂടി എടുക്കാം. രണ്ട് ബില്ലുംകൂടി എടുത്ത് രാത്രി ഏഴ് മണിവരെ ഇരിക്കാനൊക്കില്ല. ഒരു ബിൽ കൂടി എടുക്കാം. അടുത്ത ബിൽ നാളത്തേയ്ക്ക് മാറ്റി വയ്ക്കാം.

ശ്രീ. എം. വിജയകുമാർ: ഇന്ന് കൂടിയ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഇതേ വിഷയം എത്രയോ തവണ നമ്മൾ വാദിച്ചു. എന്നിട്ട് ഒരു യോജിച്ച തീരുമാനം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുണ്ട്. യോജിക്കണം. യോജിച്ചേ പറ്റൂ. അടിച്ചേൽപ്പിക്കലല്ല ഇത്. സഭയുടെ കാര്യമാണ്. ഓർഡിനൻസ് ഈ രൂപത്തിൽ നിലനിർത്തിക്കൊണ്ട് പോകാൻ പറ്റില്ല. അതിന് ചർച്ച തന്നെ ആവശ്യമില്ലാത്തതാണ്.

മി. സ്പീക്കർ: എല്ലാവരും സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സഹകരിക്കുന്നതിലല്ല പ്രശ്നം., സാധാരണ ഗതിയിൽ ബിൽ വന്നാൽ ഒന്നര മണിക്ക് തീരേണ്ടതല്ലേ. ഇപ്പോൾ മൂന്നര മണിയായി. ബിൽ ചർച്ചയ്ക്ക് എടുക്കാമെന്ന് പറഞ്ഞു. എന്നിട്ട് ഇപ്പോൾ പറയുന്നത് ചർച്ച ലിമിറ്റ് ചെയ്യണമെന്ന്. ചെറിയ ബിൽ വലിയ ബിൽ എന്നൊന്നും ഇല്ല. അതിനകത്തെ കണ്ടന്റ്സാണ് പ്രധാനപ്പെട്ട പ്രശ്നം. ആ കണ്ടന്റ്സിനെക്കുറിച്ച് സ്വാഭാവികമായിട്ടും അവിടെയും ഇവിടെയും അഭിപ്രായം ഉണ്ടാകും. മന്ത്രിമാരാകുമ്പോൾ അവതരിപ്പിച്ച് കഴിഞ്ഞ് സഭയിൽ നിന്ന് പോകും. പക്ഷെ അംഗങ്ങൾ ഇവിടെ ഇരിക്കാൻ ബാധ്യസ്ഥരാണ്. അതുകൊണ്ട് അങ്ങ് ഞങ്ങളെ കയറില്ലാതെ കെട്ടിയിടരുത്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയുമായിട്ട് തർക്കിക്കുകയല്ല. സഭയുടെ കൺസൻസസ് മനസ്സിലാക്കണം. അപ്പുറത്ത് ഇരിക്കുന്ന ആളുകൾക്ക് പറയാൻ കഴിയാത്തതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് തന്നെ ദയവായിട്ട് മാണിസാർ പറഞ്ഞതുപോലെ ഒരു ബിൽ എടുത്ത് അവസാനിപ്പിക്കാം. അടുത്ത ബിൽ നാളെ എടുക്കാം.

ശ്രീ. എം. വിജയകുമാർ: നമ്മൾ ഒരു ധാരണ ഉണ്ടാക്കിക്കഴിഞ്ഞതാണ്. ശ്രീ. തിരുവഞ്ചൂർ പറഞ്ഞത് ശരിയാണ്. ഒന്നര മണി എന്നുള്ള സമയം നമുക്ക് പാലിക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ട് ഗുണ്ടാ ആക്ട് ബിൽ ഒന്നര മണിക്ക് അവസാനിപ്പിക്കാൻ സാധിച്ചില്ല? ഒന്നര മണിക്ക് അവസാനിപ്പിച്ചിരുന്നെങ്കിൽ തീർച്ചയായിട്ടും ഈ സമയംകൊണ്ടുതന്നെ മൂന്നും എടുക്കാമായിരുന്നു. നിയമനിർമ്മാണ കാര്യത്തിൽ പണ്ടേ തുടർന്നുവരുന്ന രീതി ഒന്നര മണിക്ക് അവസാനിപ്പിക്കുക എന്നുള്ളതാണ്. അതുകൊണ്ട് വാദഗതികളൊന്നും നിലനിൽക്കുന്നതല്ല. യോജിച്ച് മുന്നോട്ട് പോകണം.

മി. സ്പീക്കർ: എല്ലാവർക്കും കൂടി യോജിച്ച് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടാം.

ശ്രീ. ജി. കാർത്തികേയൻ: ഏതിനും ഒരു കൺസൻസസ് ഉണ്ടല്ലോ. ഇവിടെ ഗവൺമെന്റിന്റെ വികാരം ബഹുമാനപ്പെട്ട മന്ത്രി ഉൾക്കൊള്ളുന്നു. ഞങ്ങളുടെ വികാരവും ഗവൺമെന്റ് ഉൾക്കൊള്ളണം. രണ്ട് എന്നുള്ള പിടിവാശി പാടില്ല. ഒരു ബിൽ എടുക്കാം.

മി. സ്പീക്കർ: നമുക്ക് ഈ ബിൽ എടുക്കാം. അതുകഴിഞ്ഞിട്ട് നോക്കാം.

ശ്രീ. എം. വിജയകുമാർ: അത് ശരിയായ സമീപനമല്ല അതിനോട് യോജിക്കാൻ ആകില്ല. ഇന്നത്തെ ബി.എ.സി. ഉൾപ്പടെ ഇക്കാര്യം ചർച്ച ചെയ്തതാണ്.

മി. സ്പീക്കർ: ഇത് പെട്ടെന്ന് തീർത്താൽ അടുത്ത ബിൽ എടുക്കാം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സർ, 2007-ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സർ, 2007-ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : ഈ നിയമം ഏഴ് പ്രാവശ്യം ഓർഡിനൻസ് ആയി വന്നു. 2005-ൽ തുടങ്ങിയതാണ്. അതുകൊണ്ട് ഇത് പാസ്സാക്കിയെടുക്കണമെന്ന ഒരു പൊതു ധാരണയുണ്ട്. ഞാൻ മറുപടി പറയുന്ന സമയത്ത് സംസാരിക്കാം. നിങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ കേട്ടശേഷം സമയത്തിന്റെ ക്രമീകരണം നടത്താം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: Sir, I move that " This House resolves to disapprove The Kerala Revenue Recovery (Amendment), Ordinance 2007 (Ordinance No. 51 of 2007). 1968-ലെ കേരള നികുതി വസൂലാക്കൽ ആക്ടിലെ ചില വ്യവസ്ഥകൾക്ക് ഭേദഗതികൾ വരുത്തുന്നതിനു വേണ്ടിയാണ് 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഇപ്പോൾ നിയമസഭയിൽ കൊണ്ടു വന്നിരിക്കുന്നത്. തിരുവനന്തപുരം കളക്ടർക്ക് നികുതി വസൂലാക്കുന്നതിനുള്ള അധികാരം അധികഭാര മാകുന്നു എന്നും തിരുവനന്തപുരം ആസ്ഥാനമായുള്ള, മറ്റ് ജില്ലകൾ ആസ്ഥാനമായുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നു എന്നുമൊക്കെയാണ് ഈ ബില്ലിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ. സമയപരിധിയിൽ നിന്നുകൊണ്ട് ഇതിലെ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ മാത്രമാണ് പറയുന്നത്. പ്രധാന ആക്ടിന്റെ 71-ാം വകുപ്പിൽ കളക്ഷൻ ചാർജ്ജ് ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. എന്നാൽ ഈ കളക്ഷൻ ചാർജ്ജ് എത്രയാണെന്ന് നിർവചിച്ചിട്ടില്ല. എന്നു മാത്രമല്ല, ഈ തുക ഇടപാടുകാരിൽ നിന്ന് പിരിച്ചെടുക്കുന്ന അവസ്ഥയുണ്ടായിരിക്കുന്നു. നമ്മുടെ ധനകാര്യ സ്ഥാപനങ്ങളായ കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി, ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ പാവപ്പെട്ടവരിൽ നിന്ന് പിഴപ്പലിശയും മറ്റും ഈടാക്കിയശേഷം ഈ കളക്ഷൻ ചാർജ്ജുകൂടി ഈടാക്കുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് കളക്ഷൻ ചാർജ്ജ് ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത് എത്രയാണെന്നുകൂടി നിർവചിക്കണമെന്ന് പറയുകയാണ്. മറ്റൊന്ന് 1980 ഫെബ്രുവരി 27-ാം തീയതി മുതൽ മുൻകാല പ്രാബല്യമാണ് ഇതിനു നൽകിയിരിക്കുന്നത്. ഈ തുക മുൻകാല പ്രാബല്യത്തോടുകൂടി പിരിച്ചെടുക്കുമ്പോൾ ഭരണപരമായ അസൗകര്യങ്ങളുണ്ടാകും. അത് ഒഴിവാക്കാനുള്ള നടപടികൾ പരാമർശിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളും ധനകാര്യ സ്ഥാപനങ്ങളുമൊക്കെ ഇതിനകംതന്നെ അവരുടെ കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. മുൻകാല പ്രാബല്യ ത്തോടെ ഇനി മറ്റൊരു ഓഡിറ്റുകൂടി വേണമെന്നുള്ളത് വളരെ പ്രയാസമുണ്ടാക്കു മെന്നുള്ളതുകൊണ്ട് ആ മുൻകാല പ്രാബല്യം എന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്. മറ്റൊന്ന് ഓർഡിനൻസ് വരുന്നതിനുമുമ്പ് പ്രധാന ആക്ടിലെ സെക്ഷൻ 81 പ്രകാരം സിവിൽ കോടതിയെ സമീപിക്കാൻ ഏതൊരു വ്യക്തിക്കും അധികാരമുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇങ്ങനെയുള്ള റവന്യൂ റിക്കവറി വന്നുകഴിഞ്ഞാൽ സിവിൽ കോടതിയെ സമീപിക്കാനുണ്ടായിരുന്ന അവസരം ഇല്ലാതാകുകയാണ്. ചില കേസ്സുകളിലെങ്കിലും സിവിൽ കോടതി റിക്കവറി നടപടികൾ സ്റ്റേ ചെയ്യാറുണ്ട്. കാരണം ഈ കക്ഷിയുടെ ആ സമയത്തെ സാമ്പത്തികാവസ്ഥ, അദ്ദേഹത്തിന്റെ പ്രയാസങ്ങൾ എന്നിവ മനസ്സിലാക്കാൻ കോടതിക്ക് കഴിയും. കോടതിക്ക് വേണമെങ്കിൽ അത് സ്റ്റേ ചെയ്യാനുമുള്ള അവകാശവുമുണ്ട്. അത് ഒരു പൗരന് ഒരു രാജ്യത്ത് കിട്ടേണ്ട അവകാശമാണ്. പക്ഷേ ഇതോടുകൂടി ഉണ്ടാകുന്നതെന്താണ്? ന്യായമായ കേസ്സുകളിൽ പ്രയോജനകരമാകേണ്ട അവസ്ഥ ഇല്ലാതാകുകയാണ്. ഇപ്പോൾ സിവിൽ നിയമപ്രകാരം സിവിൽ കോടതിയെ സമീപിക്കുന്ന അവസ്ഥ ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല ഇത്തരം കേസ്സുകളിൽ രണ്ട് കക്ഷികളാണുള്ളത്. റിക്കവറിക്ക് വിധേയനാകുന്ന വ്യക്തിയും ഗവൺമെന്റും. ഇവിടെ ഗവൺമെന്റുതന്നെ ഈ കാര്യത്തിൽ തീരുമാനമെടുക്കുന്ന അവസ്ഥയുണ്ടാകുന്നത്, വാദിതന്നെ തീരുമാനമെടുക്കുന്ന അവസ്ഥയുണ്ടാകുന്നത് വളരെയേറെ പ്രയാസമുണ്ടാക്കും. ഇതു കുടിശ്ശിക വരുത്തുന്ന സാധാരണക്കാരന് ഏറെ ബുദ്ധിമുട്ടുണ്ടാക്കും എന്നുള്ളതുകൊണ്ട് കോടതിക്ക് ഈ കുടിശ്ശികത്തുകയുടെ സാധുത പരിശോധിക്കാനുള്ള അവസരമുണ്ടാകണം. കോടതിക്ക് പരിശോധിക്കാനുള്ള അവസരമുണ്ടാകുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ ഈ ബില്ലിന്റെ വളരെ പ്രധാനപ്പെട്ട വിഷയമായി കാണുന്നത്. മറ്റൊന്ന് 81-ാം വകുപ്പിലെ ഭേദഗതി പ്രകാരം റവന്യൂ റിക്കവറിക്കു വിധേയനാകുന്ന വ്യക്തിക്ക് സർക്കാരിന്റെയും ലാന്റ് റവന്യൂ കമ്മീഷണറുടെയും തീരുമാനത്തിനുശേഷം മാത്രമേ കോടതിയെ സമീപിക്കാനാകൂ. അത് വളരെയേറെ പ്രയാസകരമായ ഒരു കാര്യമാണ്. ലാന്റ് റവന്യൂ കമ്മീഷണറുടേയും സർക്കാരിന്റേയും തീരുമാനം കഴിഞ്ഞ ശേഷം മാത്രമേ കോടതിയെ സമീപിക്കാൻ കഴിയൂ എന്നു പറഞ്ഞാൽ നമ്മുടെ ഓഫീസുകളിലുള്ള ഡിലേ വരും. അത്തരം ചുവപ്പു നാടകളിൽനിന്ന് രക്ഷപ്പെട്ട് അവസാനം ലാന്റ് റവന്യൂ കമ്മീഷണറുടേയും സർക്കാരിന്റേയുമൊക്കെ തീരുമാനം കഴിഞ്ഞു വരുമ്പോൾ വീണ്ടും കടമെടുത്തവരുടെ മുതലിന് പലിശയും പിഴപ്പലിശയും ഒക്കെ ചേർത്ത് അടയ്ക്കാൻ കഴിയാത്ത ഭീമമായ തുകയായി മാറും. അപ്പോൾ സ്വാഭാവികമായും ലാന്റ് റവന്യൂ കമ്മീഷണറുടേയും സർക്കാരിന്റേയും തീരുമാനം വരുന്നതുവരെ കാത്തുനിൽക്കുന്ന സന്ദർഭത്തിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കണം എന്നുള്ളതുകൂടി ഈ വ്യവസ്ഥയിൽ ഉണ്ടാകണം. എന്നാൽ മാത്രമേ ഇത് സാധാരണക്കാരായ ആളുകൾക്ക് പ്രയോജനപ്പെടുന്ന ഒരു ബില്ലാക്കി മാറ്റാൻ സാധിക്കുകയുള്ളു. ഇത്രയും കാര്യങ്ങൾ സമർപ്പിച്ചുകൊണ്ട് നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി അഹമ്മദ് അലി: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007-വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്കൊണ്ടുവന്ന ഓർഡിനൻസാണിത്. 2003-ൽ 134-ാം നമ്പർ ബില്ലായി ഇത് സഭയിൽ അവതരിപ്പിക്കാൻ തയ്യാറായതാണ്. പക്ഷേ നിർഭാഗ്യവശാൽ അത് ഇൻട്രോഡ്യൂസ് ചെയ്യാൻ കഴിഞ്ഞില്ല. അതിനുശേഷം 2005 ഡിസംബറിൽ ഓർഡിനൻസായിട്ടു വന്നു. ആ ഓർഡിനൻസ് വീണ്ടും പല പ്രാവശ്യം റീപ്രൊമൂൽഗേറ്റ് ചെയ്തു. പല പ്രാവശ്യം ബില്ലായി

LIBRARY ARCHIVES Kerala Legislative Assembly

വന്നു. അതിനൊക്കെ ശേഷമാണ് ഇപ്പോൾ ഇത് നിയമമായി സഭയിൽ വരുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിലെ 1-ാം വകുപ്പിൽ പറയുന്ന മുൻകാല പ്രാബല്യത്തെക്കുറിച്ച് പരിശോധിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. അതിൽ പറയുന്നത് പുതുക്കിയ മൂന്നാം വകുപ്പിന്റെ നിബന്ധനകൾ 1980 ഫെബ്രുവരി 27-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്നാണ്. അങ്ങനെ മുൻകാലപ്രാബല്യത്തിൽ വന്നാൽ ഇത് എങ്ങനെ നടപ്പാക്കുമെന്നതിനെ സംബന്ധിച്ച് വിശദീകരണമൊന്നും ബില്ലിൽ പറയുന്നില്ല. ഉദ്ദേശകാര്യ വിശദീകരണത്തിൽ പറയുന്നതനുസരിച്ച് പ്രധാനമായും തിരുവനന്തപുരത്ത് ഹെഡ്ഡാഫീസുകളുള്ള കോർപ്പറേഷനുകൾ 1968-ലെ ആക്ട് അനുസരിച്ച് അവരുടെ ഡിമാന്റ് തിരുവനന്തപുരത്തെ കളക്ടർക്ക് കൊടുത്താൽ ആ ഡിമാന്റ് അനുസരിച്ചുള്ള മുഴുവൻ തുകയും മറ്റു സ്ഥലത്തുള്ള ആളുകളുടെ പ്രോപ്പർട്ടിയിൽ നിന്നാണ് റിക്കവർ ചെയ്യേണ്ടതെങ്കിൽ അതാത് ജില്ലകളിലേയ്ക്ക് അയച്ചുകൊടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു. അതുമാത്രമല്ല, മുൻകാല പ്രാബല്യം കൊണ്ടുവന്നാൽ ഇത് എങ്ങനെ നടപ്പാക്കുമെന്നുള്ളത് സംബന്ധിച്ച് ഒരു വിശദീകരണവും ഈ ബില്ലിൽ ഉണ്ടാകേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന് ഡിമാന്റുമായി ബന്ധപ്പെട്ട് 72-ാം വകുപ്പിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ലാന്റ് റവന്യൂ കമ്മീഷണറുടെ അടുത്ത് പോയശേഷം മാത്രമേ കോടതിയിൽ പോകാവൂ എന്നുപറയുന്നത് യഥാർത്ഥത്തിൽ അതിലെ അഗ്രീവ്ഡ് ആയിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുണ്ടാക്കും. പലപ്പോഴും റവന്യൂ റിക്കവറിക്ക് വിധേയരാകുന്ന ആളുകൾക്ക് പറയാനുള്ള കാര്യം കേൾക്കാനുള്ള അവസരം എന്നു പറയുന്നത് റവന്യൂ വകുപ്പുമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുക്കുക എന്നുള്ളത് മാത്രമാണ്. അങ്ങനെ പെറ്റീഷൻ കൊടുത്താൽ അത് തൽക്കാലത്തേക്ക് സ്റ്റേ ചെയ്യുകയോ ഇൻസ്റ്റാൾമെന്റായി അടയ്ക്കുകയോ ചെയ്യാനുള്ള അവസരം ലഭിക്കും. അത് എല്ലാക്കാലത്തും എല്ലാ മന്ത്രിമാരും കൊടുത്തിട്ടുള്ളതാണ്. അതുപോലെ കോടതിയിൽ പോകാനുള്ള അവകാശമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം; കോടതിയുടേയും ഗവൺമെന്റിന്റേയും അപ്പലേറ്റ് അതോറിറ്റിയുടേയുമൊക്കെ സ്റ്റേ വാങ്ങി നിൽക്കുന്ന എണ്ണായിരത്തിലധികം കേസ്സുകളുണ്ട്. ജനുവിനായിട്ടുള്ള കേസ്സുകളാണെങ്കിൽ അത് കൊടുക്കേണ്ടതല്ലേ? അതിനുപകരം ലാന്റ് റവന്യൂ കമ്മീഷണറുടേയും സർക്കാരിന്റേയും തീരുമാനത്തിന് ശേഷം മാത്രമേ കോടതിയിൽ പോകാവൂ എന്ന നിബന്ധന വന്നാൽ അത് ജനുവിൻ ആയിട്ടുള്ള കേസ്സുകളിൽ ബുദ്ധിമുട്ടുണ്ടാക്കും. ആ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. തീർച്ചയായും ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സംസ്ഥാനത്ത് പിരിഞ്ഞു കിട്ടേണ്ട വലിയ ഡിമാന്റ് ഇന്ന് പെന്റിംഗ് ആണ്. കോട്ടയം ജില്ലയിൽ മാത്രം ഏതാണ്ട് 83 കോടി രൂപയുടെ റിക്കവറി നടത്താനുണ്ട്. കളക്ടർ നോട്ടീസ് അയച്ചിട്ട് ഇന്നും പിരിഞ്ഞു കിട്ടേണ്ടതായുണ്ട്. സംസ്ഥാനത്ത് 185 കോടി രൂപയുടെ റിക്കവറി ഇനിയും നടത്തേണ്ടതുണ്ട്. അങ്ങനെയുള്ള കേസ്സുകളിൽ അടിയന്തിരമായി റിക്കവറി നടപ്പാക്കി ഗവൺമെന്റിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകാര്യമാണ്. അതിന് യാതൊരു സംശയവുമില്ല. പക്ഷേ ഇത്തരത്തിലുള്ള പോരായ്മകൂടി പരിഹരിച്ചുവേണം അത് നടപ്പാക്കാൻ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു: 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2007-ലെ 51-ാം നമ്പർ ഓർഡിനൻസിന് പകരമായി കൊണ്ടു വന്നിട്ടുള്ള ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ ശുപാർശ ചെയ്യുകയാണ്. 83-ാം വകുപ്പിന്റെ ഭേദഗതിയായി പറയുന്നത് റവന്യൂ ബോർഡ് നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മീഷണർ എന്ന വാക്ക് ബന്ധപ്പെട്ട ഭാഗങ്ങളിൽ ചേർക്കണമെന്നുള്ളതാണ്. അതുപോലെ തന്നെ 7-ാം വകുപ്പിൽ പറയുന്നത് റദ്ദാക്കലും, ഒഴിവാക്കലും എന്നതാണ്. ഓർഡിനൻസ് റദ്ദാക്കികൊണ്ട് പകരം നിയമം കൊണ്ടുവരുകയാണ്. 72-ാം വകുപ്പു തുടങ്ങിയുള്ള ഭേദഗതികളിൽ പ്രധാനമായും റവന്യൂ ബോർഡിനു പകരം റവന്യൂ കമ്മീഷണർ എന്നു ചേർക്കണമെന്നുള്ളതാണ് പറയുന്നത്. നികുതി വസൂലാക്കുന്നതിന് വിവിധ കോർപ്പറേഷനുകളിലെയും അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് ആകയാൽ തിരുവനന്തപുരത്താണ് ഡിമാൻഡ് ഉത്ഭവിക്കുന്നത് അതുകൊണ്ട് തിരുവനന്തപുരം കളക്ടർക്ക് ധാരാളം ജോലിഭാരം വന്നുചേരുന്നു. അതുകൊണ്ട് വേണ്ടത്ര കാര്യക്ഷമമായിട്ട് നികുതികൾ ഈടാക്കാൻ കഴിയുന്നില്ല. ഇതാണ് ഇതിന്റെ ഒരു ഉദ്ദേശമായി ഗവൺമെന്റ് ചൂണ്ടി കാണിക്കുന്നത്. തീർച്ചയായും ആ ഉദ്ദേശശുദ്ധിയെ സ്വാഗതം ചെയ്യുകയാണ്. ബ്രാഞ്ച് മേഖലകളിലോ അല്ലെങ്കിൽ ജില്ലാ ഓഫീസുകളിലോ വച്ച് കരാറുകൾ ഒപ്പിടുകയാണെങ്കിൽ ആ കരാർ ഒപ്പിടുന്ന പ്രദേശം എന്നുള്ള നിലയ്ക്ക് സിവിൽ ജൂറിസ്ഡിക്ഷന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തും ഉള്ള കോടതികളിലും കേസ് ഫയൽ ചെയ്യാവുന്നതേയുള്ളു. എന്നതുപോലെതന്നെ അതാത് ജില്ലാ കളക്ടർമാർക്ക് ഈ നികുതി കുടിശ്ശികകൾ വസൂലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പെട്ടെന്ന് നീക്കി അത് ഈടാക്കാൻ കഴിഞ്ഞാൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെ ഗവൺമെന്റിനും അതുപോലെതന്നെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭിക്കേണ്ടുന്ന തുക വളരെ പെട്ടെന്ന് തന്നെ ഈടാക്കാൻ കഴിയും. നേരത്തെ ഇവിടെ ചൂണ്ടി കാണിച്ചതുപോലെ പിരിഞ്ഞ് കിട്ടേണ്ട കോടിക്കണക്കിന് രൂപ റിക്കവർ ചെയ്യുന്നതിനും സഹായകരമായിരിക്കും എന്നുള്ളതുകൊണ്ട് കേരള നികുതി വസൂലാക്കൽ ഭേദഗതി ബില്ലിന് അനുകൂലമായ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇവിടെ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾ വളരെ ദീർഘമായി മറുപടി പറയേണ്ട ആവശ്യമുള്ളതല്ല. എന്നാൽ ചൂണ്ടിക്കാണിച്ച ചില വിഷയങ്ങൾ സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിക്കുന്നതാണ്. ഇതിൽ വരുന്ന ഒരു പ്രോബ്ളം, ഈ ഓർഡിനൻസ് തന്നെ വരാനുണ്ടായ കാരണം, ശ്രീ. തോമസ് ചാഴിക്കാടൻ പറഞ്ഞതുപോലെ 2003-ൽ ബിൽ പാസ്സാകാതെ ഓർഡിനൻസ് വന്നു. ധാരാളം സംഖ്യ, ഗവൺമെന്റിന് കിട്ടേണ്ട നികുതി പിരിച്ചെടുക്കാൻ കഴിയുന്നില്ല എന്നുള്ള ഒരു ഫാക്ട് ഇതിനകത്തുണ്ട്. കുറച്ച് ന്യായമായ കേസ്സുകൾ ഉണ്ടാകും. നമ്മൾ നോക്കുമ്പോൾ ചിലതിന് സ്റ്റേ കൊടുക്കും. പ്രത്യേകിച്ച് ജപ്തി ചെയ്യുന്ന സന്ദർഭത്തിൽ ആകുമല്ലോ സ്റ്റേ കൊടുക്കുന്നത്. സ്റ്റേ കൊടുത്ത് 10 തവണയോ, 15 തവണയോ അതിന്റെ കേസ്സിന്റെ മെറിറ്റ് അനുസരിച്ച് തവണകളാക്കി നൽകും. ഇതെല്ലാം ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് അറിയാവുന്നതാണ്. നമ്മൾ എല്ലാ കാലത്തും ചെയ്യുന്നതാണ്. അതുകൊണ്ട് ശരിക്കും ഗുണമാണ്. കാരണം കുടിശ്ശിക തവണകളായിട്ട് അടയ്ക്കും. ഇത് ജപ്തി ചെയ്യുമ്പോൾ ഈ സംഖ്യ തന്നെ പലേടത്തും കിട്ടാതെ റവന്യൂ വരവ് വളരെ കുറഞ്ഞു പോകും.



LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ശരിയായിട്ട് സ്റ്റേ കൊടുത്ത് 4 തവണ, 10 തവണ കേസ് അനുസരിച്ച് കൊടുത്താൽ അവർ ഈ സംഖ്യ ഒരു സാവകാശം കിട്ടുമ്പോൾ അടയ്ക്കുന്നുണ്ട്. പക്ഷേ അടയ്ക്കാതെ പോകുന്നവരും കൃത്യമായിട്ട് അടയ്ക്കുന്നവരും ഉണ്ട്. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ, കഴിഞ്ഞ കുറെ വർഷങ്ങളായി ഗവൺമെന്റ് നല്ല ഉദ്ദേശത്തിലാണ് സ്റ്റേ നൽകുന്നത്. അപ്പോൾ കൂടുതൽ അടയ്ക്കാൻ അവർക്ക് അവസരം കൊടുക്കുന്നു. ഇവിടെ ശ്രീ. രണ്ടത്താണി ചൂണ്ടിക്കാണിച്ചതുപോലെ, 8236 കേസ്സുകളാണ് 31-08-2007 വരെ കോട തിയിൽ വന്നിട്ടുള്ളത്. കോടതി കേസ്സിൽ 2119 സ്റ്റേ തന്നെ ഉണ്ട്. ഈ സ്റ്റേ പിന്നെ തീർത്ത് അതിന്റെ പണം അടപ്പിക്കുന്ന നടപടി വരുമ്പോൾ ഓരോരോ കേസ്സുകളായി എടുത്താൽ എത്രയോ വർഷങ്ങളാണ് പിന്നീട് വേണ്ടി വരുന്നത്. ഗവൺമെന്റ് പരിശോധിക്കേണ്ടത് ഗവൺമെന്റ് തന്നെ പരിശോധിക്കണം. അതാണ് ഈ 72-ഉം 81-ഉം വകുപ്പുകൾ. ഒരു വൈരുദ്ധ്യം തന്നെ ഈ ആക്ടിൽ വന്നു. അതുകൊണ്ടാണ് അത് ചൂണ്ടിക്കാണിച്ചത്. കാരണം, കമ്മീഷണർ കേൾക്കേണ്ടത് കമ്മീഷണർ കേൾക്കണം. കളക്ടർ തീരുമാനം എടുക്കേണ്ടത് കളക്ടർ തീരുമാനം എടുക്കണം. അത് ഈ ആക്ടിൽത്തന്നെ വ്യക്തമായിട്ട് സൂചിപ്പിട്ടുണ്ട്. 1968-ലെ റവന്യൂ റിക്കവറി ആക്ട് 72-ാം വകുപ്പ് പ്രകാരം റിക്കവറി സംബന്ധിച്ച പ്രശ്നങ്ങൾ സിവിൽ കോടതിയിൽ സ്യൂട്ട് ഫയൽ ചെയ്തല്ല തീർപ്പാക്കേണ്ടത്. അത് വ്യക്തമായിട്ട് സിവിൽ കോടതിയിൽ പറയുന്നു. മറിച്ച് കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിൻമേൽ ലാന്റ് റവന്യൂ കമ്മീഷണറും മറ്റ് താഴെതട്ടിലുള്ള അധികാരികൾ പുറപ്പെടുവിച്ച ഉത്തരവുകൾ ആണെങ്കിൽ കളക്ടറും അത് കേൾക്കണം. മറിച്ച് വഞ്ചനാകുറ്റം ആരോപിക്കപ്പെടുന്ന സംഗതിയിൽ സിവിൽ കോടതിയെ സമീപിക്കണം. 72-ലും 81-ലും അൽപം വൈരുദ്ധ്യം വന്നു. അത് കറക്റ്റ് ആക്കണം. നിയമത്തിന്റെ അടി സ്ഥാനത്തിലായതുകൊണ്ട് ആദ്യം ഗവൺമെന്റ് കേൾക്കേണ്ടത് കേൾക്കണം. അതുകൊണ്ട് അവർക്ക് കോടതിയിൽ പോകാനുള്ള അവസരം ആല്ലെങ്കിൽ നാചറൽ ജസ്റ്റീസ് നഷ്ട പ്പെടുന്നതിന്റെയല്ല. ഈ പറയുന്നതുപോലെ നീണ്ടു പോയാൽ പ്രശ്നം തന്നെയാണ്. നീണ്ടുപോകാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തീരുമാനം ഉണ്ടാകണം. ഇവിടെ റവന്യൂ റിക്കവറിയിൽ വരുന്ന കേസുകളെല്ലാം നോക്കുമ്പോൾ കണ്ടുവരുന്ന പ്രധാന കാര്യം അപ്പലേറ്റ് അപ്പീൽ കൊടുത്താൽ അതിൽ തീരുമാനം എടുത്ത് വരുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട് എന്നതാണ്. അതുകൊണ്ട് പലർക്കും ഇവിടെ സ്റ്റേ കൊടുക്കുന്നു. സ്റ്റേ കൊടുത്ത് ഒരു മാസം അല്ലെങ്കിൽ രണ്ട് മാസം കഴിയുമ്പോൾ വീണ്ടും അവർ വരും. കാരണം അവരുടെ കേസ് ഒത്തുതീർപ്പിലായിട്ടുണ്ടാവില്ല. പ്രത്യേകിച്ച് സെയിൽസ് ടാക്സിന്റെതാണ് കേസ് തീർപ്പ് കല്പിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ തന്നെ ഇതിൽ നേരിട്ട് ഇടപ്പെട്ട് വേഗത കൂട്ടിയിട്ടുണ്ട്. അതുകൊണ്ട് കളക്ഷനിൽ കുറച്ചു വ്യത്യാസം വന്നിട്ടുണ്ട്. എന്നാൽ 4145 കേസുകളാണ് ഇപ്പോൾ അപ്പലേറ്റ് സ്റ്റേയിൽ കിടക്കുന്നത്. ഗവൺമെന്റ് സ്റ്റേ കമ്പാരറ്റീവ്‌ലി കുറവാണ്. എന്നാലും ഗവൺമെന്റ് സ്റ്റേയും ഉണ്ട്. ഈ അപ്പലേറ്റ് സ്റ്റേയിൽ വേഗത്തിൽ തീർപ്പു കൽപ്പിച്ചാലും ബുദ്ധിമുട്ടുണ്ടാകും. കാരണം ഇതിൽ കുറെ ആളുകൾ പൈസ അടയ്ക്കേണ്ടവരല്ല. ഇത് അസ്സസ്സ് ചെയ്യുന്നി ടത്തും അതിന്റെ നടപടികൾ വരുന്നിടത്തും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഉണ്ട്. എന്നാൽ അട പ്പിക്കേണ്ട സ്ഥലത്ത് കൃത്യമായിട്ട് തീർപ്പ് കല്പിച്ചാൽ നമുക്ക് റിക്കവറി അനുസരിച്ച് സംഖ്യ ഈടാക്കാനും നടപടി സ്വീകരിക്കാനും എളുപ്പമുണ്ടാകും. ഇതെല്ലാം കഴിഞ്ഞ് കോടതിയിൽ ചെല്ലുമ്പോൾ നീതി കിട്ടിയിട്ടില്ല; അല്ലെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള നടപടി ശരിയല്ല എന്നു വന്നാൽ ഗവൺമെന്റ് എടുത്ത തീരുമാനം അവർക്ക് ചോദ്യം ചെയ്യാനുള്ള അവസരം നിഷേധിക്കുന്നില്ല. കോടതിയിൽ പോകേണ്ടവർക്ക് പോകാം. പക്ഷെ അതിനൊക്കെ ചില റെസ്ട്രിക്ഷൻസ് വേണം. ഇല്ലെങ്കിൽ ഇതെല്ലാം കോടതിയിൽ പോയി കോടതിയെല്ലാം സ്റ്റേ ചെയ്ത് കഴിഞ്ഞാൽ ഗവൺമെന്റിന് കിട്ടേണ്ട കോടി കണക്കിന് രൂപ, (അതിന്റെ കണക്കൊക്കെ വളരെ വലുതാണ്) അത് കിട്ടാതെ വരുമ്പോൾ അത് ഗവൺമെന്റിന്റെ റവന്യൂ വരുമാനത്തെ സാരമായി ബാധിക്കും. നേരിട്ട് ഗവൺമെന്റിന് കിട്ടേണ്ട നികുതി ഈ റിക്കവറി ആക്ട് അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള സ്ഥാപനങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും, മറ്റു പല സ്ഥാപനങ്ങളും പിരിച്ചു കൊടുക്കുന്നുണ്ട്. അത് പിരിച്ചു കൊടുക്കുന്നത് ഗവൺമെന്റിന് കിട്ടുകയില്ലല്ലോ. അതുകൊണ്ടാണ് ഈ കളക്ഷൻ ചാർജ് വരുന്നത്.

ശ്രീ. തോമസ് ചാഴിക്കാടൻ: ഈ ആക്ടിന്റെ 3-ാം വകുപ്പ് 1980 ഫെബ്രുവരി 27-ന് പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2005 ഡിസംബർ 12-ാം തീയതി പ്രാബ്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്. ശേഷിക്കുന്ന വ്യവസ്ഥകൾ 2005 ഡിസംബർ 12 എന്നു പറയുന്നതിന്റെ റിലവൻസ് മനസ്സിലാകും. കാരണം 2005 ഡിസംബറിലാണ് ആദ്യം ഇതിനെ സംബന്ധിച്ചുള്ള ഓർഡിനൻസ് പ്രൊമുൾഗേറ്റ് ചെയ്തത്. പക്ഷെ പിരിച്ചെടുക്കേണ്ട കളക്ഷൻ ചാർജ്ജസ് 1980 ഫെബ്രുവരി 27-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി എന്നു കണക്കാക്കുന്നതിന്റെ റീസൺ എന്താണെന്ന് ഇതിന്റെ ഉദ്ദേശകാരണങ്ങളിൽ പറയുന്നുമില്ല. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം.

ശ്രീ. കെ.പി. രാജേന്ദ്രൻ: അത് ഞാൻ പറയാം. ഇങ്ങനെ ഒരു പോരായ്മ ഉണ്ടെങ്കിൽ കറക്ട് ചെയ്യേണ്ടതാണ്. റവന്യൂ റിക്കവറി കളക്ഷൻ ചാർജസ് നിശ്ചയിച്ചുകൊണ്ട് റവന്യൂ റിക്കവറി റൂൾ 5 കൊണ്ടുവന്നത് 27-2-1980-ലെ നോട്ടിഫിക്കേഷൻ അനുസരിച്ചാണ്. പ്രസ്തുത നോട്ടിഫിക്കേഷൻ മൂലം ഈടാക്കിക്കൊണ്ടിരിക്കുന്ന കളക്ഷൻ ചാർജിന് സ്റ്റാറ്റ്യൂട്ടറി വാലിഡിറ്റി കൊടുക്കുന്നതിനുവേണ്ടിയാണ് ഈ ആക്ടിലെ ചില വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം കൊടുത്തുകൊണ്ടിരിക്കുന്നത്. ശ്രീ. ചാഴിക്കാടൻ പറഞ്ഞത് ശരിയാണ്. അത് സൂചിപ്പിക്കേണ്ടതായിരുന്നു. ഇതിൽ സർക്കാരിന് കിട്ടേണ്ട സെയിൽസ് ടാക്സ് ആയതുകൊണ്ട് ഞങ്ങൾ കുറച്ച് നിർബന്ധം ചെലുത്തേണ്ടേ? പ്രത്യേകിച്ച് ഏറ്റവും കൂടുതൽ വരുന്നത് സെയിൽസ് ടാക്സിൽ നിന്നായതുകൊണ്ട് ഫിനാൻസ് വകുപ്പ് അതിൽ ശക്തമായി ഇടപെടുന്നുണ്ട്. 2005-06-ൽ 20,871 ലക്ഷം (208 കോടി രൂപ) രൂപയായിരുന്നു നമ്മൾ റവന്യൂ റിക്കവറിയായി പിരിച്ചെടുത്തിരുന്നത്. 2006-07-ൽ ഈ മാർച്ച് 31-വരെ 224. 62 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു. അപ്പോൾ 16 കോടി യോളം രൂപ കളക്ഷനിൽ വ്യത്യാസം വന്നിട്ടുണ്ട്. അതുകൊണ്ടായില്ല. അത് നമുക്ക് കൂട്ടികൂട്ടികൊണ്ടുവരണം. എന്നാൽ തീർപ്പുകൽപ്പിക്കേണ്ട കേസ്സുകളിന്മേൽ എത്രയും വേഗം തീർപ്പുകൽപ്പിക്കാൻ കഴിയണം. ഇവിടെ ശ്രീ.തോമസ് ചാഴികാടൻ സൂചിപ്പിച്ചതു പോലെ ഉദ്ദേശകാരണത്തിൽ ചിലത് വിട്ടുപോയിട്ടുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റി യിൽവച്ച് പരിശോധിച്ച് അംഗീകരിക്കാവുന്നതാണ്. ചില നിയന്ത്രണങ്ങളില്ലെങ്കിൽ അത് ഗവൺമെന്റിന്റെ റവന്യൂവരുമാനത്തെ സാരമായി ബാധിക്കും. കളക്ഷൻ ചാർജ്ജിന് സ്റ്റാറ്റ്യൂട്ടറിവാലിഡിറ്റി കൊടുക്കുന്നതിനുവേണ്ടിയാണ് മുൻകാല പ്രാബല്യം കൊടുത്തി രിക്കുന്നത്. സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നയവസരത്തിൽ കൂടുതൽ കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം സഭയുടെ അനുമതി യോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. തോമസ് ചാഴികാടൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. കെ. രാജു അങ്ങേയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. രാജു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (3) 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സർ, 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സർ, 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ഇതിന് 7 തവണ ഓർഡിനൻസ് വന്നിട്ടുള്ളതാണ്. കഴിഞ്ഞ കാലത്തും വന്നതുതന്നെയാണ്. ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങൾ കേട്ടതിനുശേഷം എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഓർഡിനൻസ്) നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒന്നും പറഞ്ഞതായി കേട്ടില്ല. 8 തവണയാണ് ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനായി നിയമസഭയിൽ വരുന്നത്. 1955-ലെ ഇടവക ആക്റ്റിൽ 6-ാം വകുപ്പിൽ പ്രസക്തമായ 2 മാറ്റങ്ങളാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. പൂഞ്ഞാർ, കിളിമാനൂർ, വഞ്ചിപ്പുഴ എന്നീ ഇടവകകളുടെ ഭരണത്തിന് വേണ്ടി 2,43,666.56 രൂപയ്ക്ക് നിശ്ചയിച്ചിരുന്ന തുകയ്ക്ക് പലിശ നിരക്ക് 4 ശതമാനം ആയിരുന്നു. ഇന്ന് ട്രഷറി സേവിംഗ്സിന് പലിശ കാലാകാലം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ പലിശനിരക്കും അതാത് കാലങ്ങളിലുള്ളത് വർദ്ധിപ്പിക്കുകയാണ്. അതായത് ഏഴര ശതമാനം വരെ വർദ്ധിപ്പിക്കുകയാണ് അതിന്റെ ഫലമായി പൂഞ്ഞാർ, കിളിമാനൂർ, വഞ്ചിപ്പുഴ എന്നീ ദേവസ്വങ്ങൾക്ക് വരുമാനവർദ്ധനവ് കിട്ടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ 3 ദേവസ്വങ്ങളുടേയും പ്രധാനികൾക്കും അവിടത്തെ അംഗങ്ങൾക്കും ഒരു നിശ്ചിത ആന്വവിറ്റി വർഷാവസാനം വർദ്ധിപ്പിക്കുകയാണ്. നിലവിലിപ്പോൾ പൂഞ്ഞാർ കോയിക്കലുള്ള പ്രധാനിയുടെ ആന്വവിറ്റി 1,500 രൂപയാണ്. ഈ ദേവസ്വത്തിലെ പ്രായം കൂടിയ വനിതാ അംഗത്തിന് 900 രൂപയാണ് ആന്വവിറ്റിയായി നൽകുന്നത്. പൂഞ്ഞാർ-കോയിക്കലിലെ ഓരോ അംഗങ്ങൾക്കും 360 രൂപ വീതവുമാണ്. അതുപോലെ കിളിമാനൂർ കൊട്ടാരത്തിലെ പ്രധാനിക്കും ഇതുപോലൊരു തുകയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ ദേവസ്വങ്ങളുടെ ദയനീയമായ സ്ഥിതിയാണ്. ഗുരുവായൂർ ദേവസ്വവും ശബരിമല ദേവസ്വവുമൊക്കെ വലിയ വരുമാനമുള്ളവയാണ്. പക്ഷേ ഇന്ന് കേരളത്തിൽ ദൈനംദിന ചെലവിനുപോലും വരുമാനമില്ലാത്ത ധാരാളം ക്ഷേത്രങ്ങളുണ്ട്. 2005-ൽ നമ്മൾ അമെന്റ്മെന്റ് കൊണ്ടുവന്നപ്പോൾ ഒരു ചെറിയ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പൂഞ്ഞാർ കോയിക്കലുകളിലെ പ്രധാനിക്ക് 1,500 രൂപയിൽ നിന്ന് 15,000 രൂപയായും കിളിമാനൂർ കൊട്ടാരത്തിലെ പ്രധാനിക്ക് 900 രൂപയിൽ നിന്ന് 9,000 രൂപയായും വർദ്ധിപ്പിച്ചു. അതുപോലെ പൂഞ്ഞാർ കോയിക്കലിലെ പ്രായം കൂടിയ വനിതാ അംഗത്തിന് 900 രൂപയെന്നുള്ളത് 9,000 രൂപയാക്കി. കിളിമാനൂർ, പൂഞ്ഞാർ എന്നീ കോയിക്കലുകളിലെ മറ്റ് എല്ലാ അംഗങ്ങൾക്കും 360 രൂപായെന്നുള്ളത് 10 ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. എങ്കിൽപ്പോലും ആ ആന്വറ്റിയുടെ തുകയെത്രയാണ്? തൊഴിലാളിയുടെ ഒരു ദിവസക്കൂലി പോലും 150 രൂപയാണ്. അങ്ങനെയുള്ള അവസരത്തിൽ അവർക്ക് ആ ആന്വവിറ്റി തുകകൊണ്ട് ക്ഷേത്രങ്ങൾ നടത്തിക്കൊണ്ട് പോകാനും ദേവസ്വങ്ങളുടെ ഭരണം നടത്തിക്കൊണ്ടുപോകാനും പ്രയാസമാണ്. തീർച്ചയായും വിശ്വാസങ്ങളിൽ ആർക്കും കൈവയ്ക്കാൻ സാധിക്കില്ല. ഇപ്പോൾ വരുത്തിയ വർദ്ധനന് സ്വാഗതാർഹമാണെങ്കിലും ട്രസ്റ്റ് തുക ഇനിയും വർദ്ധിപ്പിച്ച് സർക്കാർ ഏറ്റവും കൂടുതൽ വരുമാനമുള്ള മറ്റ് ദേവസ്വങ്ങളെ ക്ലബ് ചെയ്തുകൊണ്ട് വരുമാനം കുറഞ്ഞ, ദൈനംദിന ചെലവുകൾക്കുപോലും വരുമാനമില്ലാത്ത ക്ഷേത്രങ്ങൾക്ക് അനാഥാവസ്ഥയുണ്ടാകാത്ത ഒരു സാഹചര്യത്തെക്കുറിച്ച് പിന്നീടാണെങ്കിലും ആലോചിക്കണം. ഇടവകയെ സംബന്ധിച്ച് നിയമം പാസ്സാക്കുമ്പോൾ ഭാവിയിൽ എങ്കിലും നമ്മുടെ ചെറിയ ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇടവകയെന്ന് പറഞ്ഞപ്പോൾ ആദ്യം വിചാരിച്ചു പള്ളിയുടേതായിരിക്കുമെന്ന്.

ശ്രീ. കെ. സി. ജോസഫ്: അത് ശ്രീ. എം. എ. ബേബിയുടേതുപോലുള്ള രൂപതയല്ല. വേറെ ഇടവകയാണ്. ഒരു കാര്യം കൂടി എനിക്ക് പറയാനുള്ളത്, എനിക്ക് അറിയാവുന്ന ഒരു കാര്യമാണ്. പൂഞ്ഞാർ രാജാവ് ഏറ്റവും വലിയ ജന്മിയായിരുന്നു. അദ്ദേഹം ആലക്കാട് രാജാവായി അറിയപ്പെട്ടു. ഇന്ന് ആ കുടുംബത്തിലെ ദൈനംദിന ചെലവിനുപോലും വകയില്ല. വലിയ സാമ്പത്തികതകർച്ച ഉണ്ടായിരിക്കുകയാണ്. ഏതായാലും ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ചെറിയ വരുമാനമുള്ള അമ്പലങ്ങൾക്ക് സംരക്ഷണമുണ്ടാക്കാൻ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പഴയ രാജകുടുംബാംഗങ്ങളേയും അതുപോലെ നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ള സ്ഥാപനങ്ങളേയും സംരക്ഷിക്കാനുള്ള യാതൊരു താൽപര്യവും എടുക്കാത്ത സാഹചര്യമാണ് ഉള്ളത്. നമുക്കറിയാം, വിദേശ രാജ്യങ്ങളായ ഇന്തോനേഷ്യ, ചൈന, തുടങ്ങിയവ ഇതുപോലുള്ള രാജവംശങ്ങളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കുന്നുണ്ട്. ഈ ബിൽ 8 പ്രാവശ്യം ഓർഡിനൻസായി വന്നതാണ്. സംസ്ഥാനത്ത് ഇപ്പോഴാണ് നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നത്. ഈ നിയമത്തിന്റെ കാലാവധി കഴിഞ്ഞു. 1955-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ ആക്ടിന്റെ 6-ാം വകുപ്പ് 2 (എ) 3(എ) 4(എ) എന്നീ ഉപ വകുപ്പുകൾ പ്രകാരം ഈ വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ എന്നീ ഇടവകകളുടെ ഭരണത്തിൻ കീഴിൽ ഉണ്ടായിരുന്ന ദേവസ്വങ്ങൾക്കുവേണ്ടി ആ ദേവസ്വങ്ങൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രതിവർഷം നാലുശതമാനം നിരക്കിൽ പലിശ നൽകുമെന്ന വ്യവസ്ഥയോടുകൂടി 2,43,666.56 കോടി രൂപ സർക്കാർ ട്രസ്റ്റി എന്ന നിലയിൽ കൈവശം വച്ചുവരുന്നതാണ്. ദേവസ്വങ്ങളുടെ പരിപാലനത്തിനും നടത്തിപ്പിനും ചിലവ് വർദ്ധിച്ചതുകാരണം ദേവസ്വങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പലിശ നിരക്കിൽ നിന്നും ദൈനംദിന ചെലവുകൾ നടത്തികൊണ്ടുപോകുന്നതിന് വളരെവിഷമം നേരിടുന്ന സാഹചര്യമുണ്ടായി. അതുകൊണ്ട് ദേവസ്വങ്ങൾക്കുവേണ്ടി സർക്കാർ അഞ്ച് വർഷത്തിൽ കുറയാത്ത കാലത്തേക്ക് ട്രഷറി സേവിംഗ്സ് ബാങ്കിൽ പണം ഇടുകയും കാലാകാലങ്ങൾ ബാങ്കിൽനിന്ന് ലഭിക്കുന്ന പലിശ നിരക്കിന് വർദ്ധന വേണമെന്നുള്ള ഭേദഗതിയാണ് ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊട്ടാരത്തിലെ നിലവിലുള്ള പ്രധാനിക്ക് അതിന്റെ ജീവിതകാലത്ത് 900 രൂപ വർഷാശനമായി കൊട്ടാരത്തിലെ മറ്റ് ഓരോ അംഗങ്ങൾക്കും 168 രൂപ വർഷാശനം നൽകാനും വ്യവസ്ഥയുണ്ട്. പൂഞ്ഞാർ കോയിക്കലിലെ നിലവിലുള്ള പ്രധാനിക്ക് അദ്ദേഹത്തിന്റെ ജീവിത കാലത്ത് 1,500 രൂപയുടെ വർഷാശനവും ഏറ്റവും പ്രായം കൂടിയ അംഗത്തിന് അവരുടെ ജീവിത കാലത്ത് 900 രൂപ വർഷാശനവും കോയിക്കലെ മറ്റ് ഓരോ അംഗത്തിനും 360 രൂപ വർഷാശനവും നൽകുന്ന വ്യവസ്ഥയാണുണ്ടായിരുന്നത്. ജീവിത ചെലവ് വർദ്ധിച്ചതും രൂപയുടെ മൂല്യശോഷണം കാരണവും കിളിമാനൂർ കൊട്ടാരത്തിലെയും പൂഞ്ഞാർ കോയിക്കലെയും അംഗങ്ങൾക്ക് വർഷാശനത്തിന്റെ നിരക്ക് വർദ്ധിപ്പിക്കണമെന്ന്

ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ വർദ്ധനവുണ്ടായിട്ടുള്ളത്. പൂഞ്ഞാർ കോയിക്കലിലെ പ്രധാനിക്ക് 15,000 രൂപയും കിളിമാനൂർ കൊട്ടാരത്തിലെ പ്രധാനിക്ക് 9,000 രൂപയും പൂഞ്ഞാർ കോയിക്കലെ ഏറ്റവും പ്രായം കൂടിയ വനിതാ അംഗത്തിന് 9,000 രൂപയുമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. കിളിമാനൂരെയും പൂഞ്ഞാറിലെയും മറ്റെല്ലാം അംഗങ്ങൾക്കും പ്രതിവർഷം 3600 രൂപ വീതം വർദ്ധിപ്പിക്കുന്ന ഭേദഗതിയാണ് ഈ നിയമത്തിലുള്ളത്. അതേ അവസരത്തിൽ വർദ്ധനവ് കാരണം ഏഴര ശതമാനം പലിശ ഇനത്തിൽ കണക്കാക്കുമ്പോൾ ആകെ വരുന്നത് ഒരു വർഷം 18,290 രൂപയാണ്. 2,43,666.56 രൂപയ്ക്ക് പലിശ ഇനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കൊണ്ട് ബിൽ പാസ്സാക്കുമ്പോൾ 9,60,972 രൂപയുടെ അധിക ബാധ്യതയാണ് സർക്കാരിന് ഉണ്ടാകാൻ പോകുന്നത്. സർക്കാർ കൈവശം വച്ചിരിക്കുന്ന 2,43,666.56 രൂപയുടെ ഏഴര ശതമാനം പലിശ വർദ്ധിച്ചപ്പോൾ 18,296 രൂപ മാത്രമാണ് ലഭ്യമാകുന്നത്. ഈ വലിയ തുകയ്ക്ക് സർക്കാരിന് ഓരോ വർഷവും അധികച്ചെലവ് വരുന്ന സാഹചര്യമുണ്ട്. 2,43,666.56 രൂപയ്ക്ക് 18,290 രൂപ പലിശ ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ഭീമമായ തുക ചെലവ് അനുസരിച്ച് അതിന് ആവശ്യമായ തുക ബാങ്കിൽ നിക്ഷേപിക്കുകയും ആ പണം കണ്ടെത്തുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഇതുപോലെയുള്ള സ്ഥാപനങ്ങളെ വളരെയേറെ സഹായിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾക്കുള്ള പ്രത്യേക സഹായങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണ മെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. രാജൻ:</u> 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2007-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ എന്നീ ഇടവകകളുടെ ഭരണത്തിലും അവരുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള 2,43,666.56 രൂപയുടെ പലിശ വർദ്ധിപ്പിക്കണമെന്നതാണ് ഒന്നാമത്തെ ആവശ്യം. രണ്ടാമത്തെ കാര്യം കിളിമാനൂർ കൊട്ടാരത്തെപ്പറ്റിയാണ്. കിളിമാനൂർ കൊട്ടാരം ലോക പ്രസിദ്ധ ചിത്രകാരനായിരുന്ന രാജാ രവിവർമ്മയ്ക്ക് ജന്മം കൊടുത്ത കൊട്ടാരമാണ്. ആ കൊട്ടാരത്തോടനുബന്ധിച്ച് അഞ്ച് ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങൾ വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഈ കൊട്ടാരത്തിൽ 200-ലധികം അന്തേവാസികളുണ്ട്. അവരുടെ കാര്യം വളരെ കഷ്ടമാണ്. ഗവൺമെന്റ് പ്രതിനിധികൾ പ്രത്യേകിച്ച് സാംസ്കാരിക വകുപ്പുമന്ത്രിമാർ പലവട്ടം ഇവിടം സന്ദർശിച്ചിട്ടുള്ളതാണ്. ശ്രീ. ജി. കാർത്തികേയൻ അടക്കമുള്ളവർ കൊട്ടാരവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പല ശ്രമവും നടത്തിയിട്ടുള്ളതാണ്. ഒന്നുപോലും നടന്നിട്ടില്ല. ഈ രാജകുടുംബാംഗമായിരുന്നു കേന്ദ്ര മന്ത്രിയായിരുന്ന രവീന്ദ്ര വർമ്മ. ഇതൊക്കെ പറയുമ്പോഴും കൊട്ടാരത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. അവരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ഒരു നിയമ നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. അവരുടെ ലൈഫ് ആന്വിറ്റി വർദ്ധിപ്പിക്കുന്നതിനും ഫാമിലി പെൻഷൻ വർദ്ധിപ്പിക്കുന്നതിനുമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ലൈഫ് ആന്വിറ്റി വർദ്ധിപ്പിക്കുന്നതിനും ഫാമിലി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും ചില റെസ്ട്രിക്ഷൻസ് പറഞ്ഞിട്ടുണ്ട്. ഫാമിലി പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

1949 വരെ ജനിച്ചവർക്ക് മാത്രമാണ്. ഇത്തരത്തിൽ 75 പേരാണ് ഇപ്പോൾ കൊട്ടാരത്തിലുള്ളത്. അവർക്ക് ഫാമിലി പെൻഷൻ മാസം തോറും 600 രൂപ വച്ചാണ് കൊടുത്തുക്കൊണ്ടിരിക്കുന്നത്. അതിനെക്കുറിച്ച് ഒന്നും ബില്ലിൽ ഇല്ല. കൊട്ടാരത്തിന്റെ ഇപ്പോഴത്തെ കഷ്ടസ്ഥിതി അറിയാവുന്ന ഒരാളെന്ന നിലയിൽ പറയുകയാണ്. ലൈഫ് ആന്വിറ്റി വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് ഇവിടെ പറയുന്നത്. അതിനും ഒരു റെസ്ട്രിക്ഷൻ ഉണ്ട്. 1953 വരെ ജനിച്ചവർക്ക് മാത്രമേയുള്ളു. അതുകഴിഞ്ഞുള്ളവർക്ക് ഒന്നും നിയമത്തിൽ കാണുന്നില്ല. കൊട്ടാരത്തിലെ അന്തേവാസികൾക്ക് മുഴുവൻ ആനുകൂല്യം കിട്ടുന്നവിധത്തിലാവണം ഇത്. 1953 വരെ ജനിച്ചവർക്ക് മാത്രം ലൈഫ് ആന്വിറ്റി ഒരു വർഷം 3,600 രൂപ എന്നത് ഒരുമാസത്തേക്ക് 300 രൂപ ക്രമത്തിൽ കൊടുക്കണം. ഇങ്ങനെയുള്ളവർ 150 പേരുണ്ട്. ഈ മൂന്നൂറ് രൂപകൊണ്ടാണ് ഒരു കുടംബം ജീവിക്കുന്നത്. അത് വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നേരത്തെ മന്ത്രി പറഞ്ഞതുപോലെ 9 പ്രാവശ്യം പുതുക്കിയ ഓർഡിനൻസ് ആണിത്. ഇപ്പോഴാണ് അത് നിയമം ആക്കാൻ സാധിക്കുന്നത്.

മി. സ്പീക്കർ: ഈ കൊട്ടാരത്തിൽ ജനിക്കുന്നവരെല്ലാം വെറുതെ ഇരിക്കുകയാണോ; അവർ മറ്റു ജോലികൾക്കൊന്നും പോകില്ലേ?

ശ്രീ. എൻ. രാജൻ: നമ്മുടെ ഗവൺമെന്റ് പ്രതിനിധികൾ പലരും അവിടെ വന്നിട്ടുണ്ട്. കൊട്ടാരം ജീർണ്ണാവസ്ഥയിലാണ്. രാജാ രവിവർമ്മ ഉപയോഗിച്ചിരുന്ന സ്റ്റുഡിയോ വരെ സംരക്ഷിക്കാൻ അവരെക്കൊണ്ട് സാധിക്കുന്നില്ല. ഗവൺമെന്റ് ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട് ഇല്ലെന്ന് പറയുന്നില്ല. വലിയ കൊട്ടാരമാണ് പത്തുമുന്നൂറ് പേരാണ് ഇവിടെ താമസിക്കുന്നത്. അതുകൊണ്ട് അവരുടെ ലൈഫ് ആന്വിറ്റി വർദ്ധിപ്പിക്കണം. ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെസ്ട്രിക്ഷൻ മാറ്റണം. അതുപോലെ ഫാമിലി പെൻഷൻ 75 പേർക്കാണ് കൊടുക്കുന്നത്. 1949 നുമുൻപ് ജനിച്ചവർക്ക്, അവരുടെ പ്രായം നമുക്കറിയാം. വളരെ പ്രായം ചെന്നവരാണ് കൊട്ടാരത്തിൽ കഴിയുന്നത്. ഇവർ പഴയ കാല രാജാക്കൻമാർ ആയിരുന്നു വളരെ പ്രൗഢിയായി ജീവിച്ചിരുന്നവർക്ക് ഇപ്പോൾ 300 രൂപകൊണ്ട് ജീവിക്കാൻ കഴിയുമോ. ഇതും കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. കൊട്ടാരം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ തുപോലെ ഇനിയും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ: 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജന്മത്തിന്റെ പേരിലും ജന്മിത്വത്തിന്റെ പേരിലും ഒരുപാട് ദുരിതങ്ങൾ അനുഭവിക്കുന്ന ഒത്തിരി ആളുകൾ നമ്മുടെ നാട്ടിൽ ജീവിച്ചിരിപ്പുണ്ട്. അവരുടെ ചരിത്രമാണ് ശ്രീ. രാജൻ ഇവിടെ അവതരിപ്പിച്ചത്. അങ്ങും ബഹുമാനപ്പെട്ട ശ്രീ. പി. കൃഷ്ണപ്രസാദും ചോദിച്ചു ഇവരെന്താ ജോലിക്കൊന്നും പോകുന്നില്ലേ എന്ന്. പ്രസക്തമായ ചോദ്യമാണ്. രാജ്യം മുഴുവൻ ഭരിച്ചിരുന്ന ആളുകളാണ് അവർ. വിദ്യാഭ്യാസം ഉള്ള ആളുകൾ ഉണ്ട്. അവരെല്ലാം വിദ്യാഭ്യാസത്തിന്റെ കരുത്തുകൊണ്ട് ജോലി നേടിയിട്ടുണ്ട്. പലരും കേരളത്തിന് പുറത്തും ഇന്ത്യയുടെ പുറത്തുമാണ് ജീവിക്കുന്നത്. വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക്, പ്രത്യേകിച്ചും, സ്ത്രീകൾ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നല്ല വിവാഹവും കിട്ടിയിട്ടില്ല. അവരെല്ലാം ജീവിച്ചിരിക്കുന്ന മൃതശരീരങ്ങളായി കൊട്ടാരത്തിനുള്ളിൽ പ്രേതങ്ങളെപ്പോലെ അലഞ്ഞ് നടക്കുന്ന ദയനീയമായ ചിത്രമുണ്ട്.. സ്വത്തും ഇല്ല, ജോലിയും ഇല്ല. ജോലി ചെയ്യാനുള്ള മനസ്സുമില്ല. ജോലി ചെയ്യാൻ ആഗ്രഹം ഉണ്ടെങ്കിൽ അതിനുള്ള ആരോഗ്യമില്ല. അത്തരത്തിലുള്ള ഒരു വിഭാഗവും അവരിൽത്തന്നെ യുണ്ട്. അത് നമുക്ക് ചർച്ചയിലൂടെ മാറ്റാൻ സാദ്ധ്യമല്ല. കിളിമാനൂരും പൂഞ്ഞാറും കാണുന്നത് അതാണ്. നമ്മുടെ നാട്ടിൽ ധാരാളം കൊട്ടാരങ്ങളും ഉണ്ട്. സമ്പന്നമായ കൊട്ടാരം വളരെ ചുരുക്കമാണ്. കവടിയാർ പാലസ്സുമായി ബന്ധപ്പെട്ട് അവർക്ക് ധാരാളം സ്വത്ത് ഉണ്ട്. ഒരുപാട് കമ്പനികളിൽ ഷെയർ ഉണ്ട്. അതുകൊണ്ട് കവടിയാർ കൊട്ടാരത്തിൽ അന്തരിച്ച മഹാരാജാവിന്റെ ചരമദിനവും ജന്മദിനവും ആചരിക്കുന്നതിന് സാംസ്ക്കാരിക രാഷ്ട്രീയ നേതാക്കൻമാർ ക്യൂവിലാണ്. നമ്മുടെ നാട്ടിൽ വേറെ ഒരുപാട് രാജാക്കൻമാർ അന്തരിച്ചിട്ടുണ്ട്. എന്നാണ് മരിച്ചതെന്ന് പോലും ആർക്കും അറിയില്ല. എന്തുകൊണ്ട് ഇവിടെ എന്നുപറഞ്ഞാൽ അതിന് അതിന്റേതായ പശ്ചാത്തലം ഉണ്ട്. അത് മാത്രം പറഞ്ഞ് നിർത്തുന്നു. ഇവിടെ മഹാരാജാവ് നാടുകടത്തിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ചരമദിനത്തിനും ജന്മദിനത്തിനും പോയി പൂവിടുന്നതും അദ്ദേഹത്തെ നാടുകടത്തിയ മഹാരാജാവിന്റെ ചരമദിനത്തിനും ജന്മദിനത്തിനും പോയി പൂവിടുന്നതും ഒരേ ആളുകളാണ്. അത് തിരുവനന്തപുരത്തിന്റെ വേറൊരു മുഖം. ഞാനും ഈ നാട്ടുകാരനാണ്. അതിന് നമുക്ക് യാതൊരു മടിയും ഇല്ല. ഞാൻ ഇതുവരെയും പോയിട്ടില്ല. ഇവിടത്തെ ക്ഷേത്രങ്ങളുടെ കാര്യം എടുത്താൽ ഹൈന്ദവ ക്ഷേത്രങ്ങളിലെല്ലാം തൂണിലും തുരുമ്പിലും ദൈവമുള്ളതാണ്. വിഗ്രഹാരാധനയാണ്. സർവ്വാഭരണ വിഭൂഷരാണ്. ഗുരുവായൂരപ്പൻ കോടികളുമായി ഇരിക്കുമ്പോൾ തിരുവനന്തപുരത്തെ ശ്രീകൃഷ്ണൻ ഒരു മാലയും ഒരു വളയുമിട്ടാണ് ഇരിക്കുന്നത്. ദേവിമാരെല്ലാം സർവ്വാഭരണ വിഭൂഷിതരായി ഇരിക്കുമ്പോഴൊക്കെ നാട്ടിൻപുറത്തെ ഇതുപോലെ അനാഥമായിക്കിടക്കുന്ന കൊട്ടാരത്തിലെ ദേവിമാർ മൂക്കുത്തിയും ഒരു വളയുംപോലും ഇല്ലാതെയിരിക്കുന്നു. ആരാധനയാണെങ്കിൽപോലും അതിനുള്ള പണം ഇല്ല. അവിടെയൊന്നും ആരും പോയി കാണിക്ക ഇടില്ല. അവിടെയൊന്നും പോകാൻ മന്ത്രിയുമില്ല. വിശ്വാസമില്ലെങ്കിലും ഗുരുവായൂരായതുകൊണ്ടാണ് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പോയത്. ക്ഷേത്രത്തിനകത്ത് പോയിട്ട് വിഗ്രഹാരാധനയിൽ വിശ്വസിക്കുന്ന ആളുകൾ പ്രാർത്ഥിക്കുമ്പോൾ അവർക്ക് വേണ്ടി എന്തോ കാര്യം ചെയ്യാൻ പോയിട്ട് അങ്ങോട്ടൊന്ന് നോക്കുകപോലും ചെയ്യാതിരുന്നത് വിപ്ലവമാണെങ്കിൽ ആയിക്കോട്ടെ, എനിക്കാക്ഷേപമില്ല.എങ്കിൽപ്പിന്നെ കയറാതിരിക്കണമായിരുന്നു. ഞാൻ ഒന്ന് സൂചിപ്പിക്കുന്നുവെന്നു മാത്രം. അമ്പലത്തിനകത്ത് കയറാതിരിക്കണമായിരുന്നു. കയറിയിട്ട് അങ്ങോട്ട് തിരിഞ്ഞു നോക്കാതെ വന്നതൊക്കെ പുരോഗമനമാണെങ്കിൽ അത്രയും നല്ലത്. ഞാൻ കുറ്റപ്പെടുത്തുന്നില്ല. അവിടെയൊക്കെ ആളുകൾ ശ്രദ്ധിക്കും. ശക്തിയുള്ളതുകൊണ്ട് ധാരാളം ആളുകൾ അവിടെ വരും. ഗുരുവായൂരിലെ ശ്രീകൃഷ്ണൻ തന്നെയാണ് തിരുവനന്തപുരത്തും. ആളുകൾ പറയും പണം കടം ചോദിക്കുന്നെങ്കിൽ ഉള്ളവനോട് ചോദിക്കണം, മനസ്സും വേണം. ഗുരുവായൂരപ്പന് ശക്തിയുണ്ട്. തിരുവനന്തപുരത്തെ ശ്രീകൃഷ്ണന് ശക്തിയില്ല. അതുകൊണ്ടാണ് മന്ത്രി വിശ്വാസമില്ലെന്ന് പുറമെ കാണിച്ചെങ്കിൽപ്പോലും നേരെ ഗുരുവായൂർ പോയതെന്തിനാണെന്നറിയാമോ. അവിടെ ഇരിക്കുന്ന വിഗ്രഹത്തിന് ശക്തി ഉണ്ട്. ഞങ്ങളെല്ലാം വിശ്വാസമുള്ളവരാണ്. ഞാൻ ഗുരുവായൂരിൽ പോകുന്ന ആളാണ്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: അദ്ദേഹം ശുദ്ധജലവിതരണം ഉദ്ഘാടനം ചെയ്യാനാണ് പോയത്.

ശ്രീ. ജി. കാർത്തികേയൻ: കേരളത്തിലെ ക്ഷേത്രങ്ങളിൽ ശുദ്ധജലം ഇല്ലാത്ത വേറെയും ക്ഷേത്രങ്ങളുണ്ട്. അവിടെ പോകാത്തതിൽ മാത്രമേ പറഞ്ഞുള്ളൂ. പോയതിൽ തെറ്റല്ല പറഞ്ഞത്. അങ്ങ് കഥയറിയാതെ ആട്ടം കാണുകയാണ്. കഥകളി കാണാൻ കഥ അറിയണം. ................(ബഹളം)............ എന്റെ ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ ഞാൻ വ്യാഖ്യാനിച്ചതല്ല. ബഹുമാനപ്പെട്ട മന്ത്രി പോയത് തെറ്റെന്ന് ഞാൻ പറഞ്ഞില്ല. ..............(ബഹളം)........... ഇങ്ങനെ വേണമെങ്കിൽ പറയാം. ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ശുദ്ധജലം കൊടുക്കാൻവേണ്ടി പോയതാണെങ്കിൽ അദ്ദേഹം നാലമ്പലത്തിനകത്ത് കടന്നിട്ട് അങ്ങനെ പോയത് ധിക്കാരം ആണെന്ന് വിനയത്തിന്റെ ഭാഷയിൽ ഞാൻ പറയുന്നു. ഞാനൊരു തർക്കത്തിനില്ല. ഇതെല്ലാം ഒരു ഈശ്വര വിശ്വാസമാണ്. ...........(ബഹളം).......... അവിടെ പോയ ഒരു മന്ത്രി ഈശ്വര നിഷേധം കാണിക്കുമ്പോൾ ഞാനത് പറഞ്ഞു എന്നു മാത്രമേയുള്ളൂ. അതിനകത്ത് വേറെ തർക്കത്തിനുള്ളതല്ല. ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് പറഞ്ഞുവെന്നേ ഉള്ളൂ.

മി. സ്പീക്കർ: കാര്യത്തിലേക്ക് വരാം.

ശ്രീ. ജി. കാർത്തികേയൻ: ഇന്നാണെങ്കിലും നാളെയാണെങ്കിലും നമ്മുടെ ഭരണകൂടത്തിന്റെ, രാഷ്ട്രീയ നേതൃത്വത്തിന്റെ, സജീവമായ ശ്രദ്ധ ഉണ്ടാകേണ്ട സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. തീർച്ചയായും ഇവർക്ക് എന്തെങ്കിലും കൊടുത്താൽ അത് കൂടുതലൊന്നുമല്ല.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞതിൽ വന്നിട്ടുള്ള സംശയംകൊണ്ടാണ് ചോദിക്കുന്നത്. ശ്രീ. ജി. സുധാകരൻ അമ്പലത്തിനകത്ത് പോയത് തെറ്റാണെന്ന് പറയുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: തെറ്റാണ് എന്ന് പറഞ്ഞില്ല.

ശ്രീ. പി. കൃഷ്ണപ്രസാദ്: താങ്കൾ പറഞ്ഞത് ശ്രീ. ജി. സുധാകരൻ അമ്പലത്തിനകത്ത് പോയി. പോയപ്പോൾ അദ്ദേഹം ആ പ്രതിഷ്ഠ ഉള്ളിടത്തേക്ക് പോയില്ല. ഇതാണ് അങ്ങ് പറഞ്ഞത്. ഗുരുവായൂരിൽ അമ്പലത്തിനകത്ത് കയറണമെങ്കിൽ ഷർട്ട് മാറ്റി മേൽവസ്ത്രമില്ലാതെ പോകണം. അങ്ങനെ അദ്ദേഹം പോയിട്ടുണ്ട്. അദ്ദേഹം ആരാധനയിൽ വിശ്വസിക്കുന്ന ഒരാളല്ലാത്തതുകൊണ്ട് അദ്ദേഹം അവിടത്തെ പ്രതിഷ്ഠയെ ആരാധിച്ചില്ല. പക്ഷേ അദ്ദേഹം ആ പ്രതിഷ്ഠയെ അപമാനിക്കുന്ന ഒരു തരത്തിലുമല്ല അകത്ത് പോയത്. ആ അമ്പലത്തിനകത്ത് പോകണമെങ്കിൽ അവിടത്തെ ആചാരം അങ്ങനെയായതുകൊണ്ടാണ് മേൽ വസ്ത്രം മാറ്റിയിട്ട് പോയത്. നേരത്തെ മലപ്പുറം ജില്ലയിൽ ഒരു അമ്പലത്തിൽ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പോയപ്പോൾ വലിയ വാർത്ത വന്നതാണ്. അദ്ദേഹം ജുബ്ബയൊക്കെ ഊരി മേൽ വസ്ത്രം ഇല്ലാതെ അകത്ത് പോയി. അന്ന് ഇങ്ങനെ ഒരു പരാതി ആരും പറഞ്ഞുകേട്ടില്ല. ..........(ബഹളം)....... ഞാനൊന്ന് പറഞ്ഞു തീർന്നോട്ടെ. വ്യത്യസ്തമായിട്ടുള്ള വിശ്വാസങ്ങളുള്ള

ഒരു സമൂഹമാണ്. ആ സമൂഹത്തിൽ നേതൃത്വത്തിന്റെ ചുമതലയുള്ള മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ. അദ്ദേഹം അവിടെ പോയത് വിശ്വാസികൾക്ക് ആഹ്ളാദമേ ഉണ്ടാക്കിയിട്ടുള്ളൂ. ഒരിക്കലും വിശ്വാസികളെ അപമാനിക്കുന്ന ഒന്നും മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കുത്സിതമായ രാഷ്ട്രീയ താൽപര്യത്തോടുകൂടി പോയിരുന്നുവെങ്കിൽ അവിടെപ്പോയി കൈ തൊഴുമായിരുന്നു എന്ന രൂപത്തിൽ പറയേണ്ടതുണ്ടായിരുന്നോ? അത് ഒഴിവാക്കാമായിരുന്നില്ലേ?

ശ്രീ. ജി. കാർത്തികേയൻ: യഥാർത്ഥത്തിൽ അങ്ങ് ഞാൻ പറഞ്ഞ പോയിന്റിലേക്ക് വരികയാണ്. അതായത് വിശ്വാസവും ആരാധനയും അനുഷ്ഠാനവും ആചാരവും ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഗുരുവായൂർ ക്ഷേത്രത്തിന്റെ നാലമ്പലത്തിൽ കടക്കണമെങ്കിൽ മേൽവസ്ത്രം പാടില്ല. അപ്പോൾ അദ്ദേഹം ഷർട്ടിടാതെ അകത്ത് കയറിയതുതന്നെ വിശ്വാസത്തിന്റെ പകുതി ഭാഗം കടന്നിരിക്കുന്നു. ആ ഭാഗം ഇല്ലെങ്കിൽ ദേവസ്വത്തിന്റെ സെക്രട്ടറിയെക്കൊണ്ട് ഉദ്ഘാടനം ചെയ്താൽ പോരേ? പകുതി ഭാഗം ശ്രീ. ജി സുധാകരൻ വിശ്വാസത്തിന്റെ ഭാഗത്തേക്ക് കടന്നിരിക്കുന്നു. ആചാരം വിശ്വാസത്തിന്റെ ഭാഗമാണ്. .............(ബഹളം)...........

മി. സ്പീക്കർ: ബില്ലിലേക്ക് തിരിച്ചു വരൂ.

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട സുധാകരൻ ദേവസ്വത്തിന്റെ മന്ത്രിയാണ്. അദ്ദേഹത്തിന് വിശ്വാസം ഉണ്ടാകാം. ഇല്ലായിരിക്കാം. അദ്ദേഹം ഗുരുവായൂർ ദേവസ്വത്തിന്റെ നാലമ്പലത്തിൽ കടക്കുമ്പോൾ അദ്ദേഹത്തിന് തൊഴാൻ താൽപ്പര്യം ഇല്ലെങ്കിൽ അദ്ദേഹം പോകാതിരുന്നാൽ മതിയായിരുന്നു. അതിനുപകരം അദ്ദേഹം അവിടെ പോകുകയും അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ധാർഷ്ട്യവും ധിക്കാരവും അവിടെ കാണിക്കുകയും ചെയ്തിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, ഇവർ വിവരം അറിയാതെ കിടന്ന് പറയുകയാണ്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് തന്നെയാണ് ശരി. വിശ്വാസമില്ലെങ്കിൽ കടക്കണ്ടായിരുന്നു. പകുതി ഭാഗം എന്തിനെന്ന് മാത്രമേയുള്ളൂ. ഇത്തരം ഒരു കാര്യം സംസാരിക്കുമ്പോൾ വകുപ്പ് ഭരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ആക്ഷേപത്തെ കുറിച്ച് പറഞ്ഞതായിരുന്നു. അല്ലാതെ അവിടെ പോകാനുള്ള അർഹത ഇല്ലെന്നോ പോകണ്ടയെന്നോ......., ശ്രീ.സുധാകരൻ പോയതിൽ ഞാൻ തെറ്റുംകുറ്റവും പറയുന്നില്ല. .............(ബഹളം).............

ശ്രീ. പി. കൃഷ്ണപ്രസാദ്: താങ്കൾ ഇപ്പോൾ പറഞ്ഞ ആരോപണം വളരെ വലുതാണ്. വിശ്വാസം ഇല്ലെങ്കിൽ പോകാൻ പാടില്ലായെന്ന് പറഞ്ഞു. തെരഞ്ഞെടുപ്പിന് നിന്നപ്പോൾ ഞാൻ തിരുമേനിയെ കാണാൻ പോയി. പോയത് ദേവാലയത്തിലാണ്. ദേവാലയത്തിൽ ചെന്നപ്പോൾ ചെരുപ്പെല്ലാം അഴിച്ചിട്ടാണ് അകത്ത് പോയത്. അദ്ദേഹത്തെ കണ്ടത്. അദ്ദേഹം കൈ പിടിച്ച് മുത്തം വയ്ക്കുന്ന ഒരു സമീപനം ഉണ്ട്. എന്റെകൂടെ വന്ന ആൾ മുത്തം വച്ചു. ഞാനങ്ങനെ ചെയ്തില്ല. ഞാൻ അദ്ദേഹത്തെ ചെന്ന് തൊഴുതതേയുള്ളൂ. പക്ഷേ അദ്ദേഹത്തിന് എന്നോട് ഒരു വിരോധവും തോന്നിയിട്ടില്ല. നല്ല ആശംസ പറയുകയും ചെയ്തു. ഞാൻ സൂചിപ്പിക്കുന്നത് ദേവാലയത്തിൽ പോയപ്പോൾ വേണമെങ്കിൽ ചെരുപ്പിട്ട്കൊണ്ട് എനിക്ക് കടക്കാമായിരുന്നു. ചെരുപ്പിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നത് ആചാരത്തിന് എതിരാണ്. അതൊരു മാന്യതയാണ്. ഒരു സമൂഹം വിലമതിക്കുന്ന ഒരു കാര്യത്തിനെതിരെ ആ സമൂഹത്തിനകത്ത് കടക്കുമ്പോൾ നമ്മൾ ചെയ്യാൻ പാടില്ല. അതുകൊണ്ട് അമ്പലത്തിനകത്ത് കടക്കുന്നതിന് ആചാരപ്രകാരം ചെയ്തതിനെ നിങ്ങൾ ഇങ്ങനെ കാണുന്നത് ശരിയല്ല.

ശ്രീ. ജി. കാർത്തികേയൻ: നിങ്ങൾ എത്ര ഉറക്കെ സംസാരിച്ചാലും, ബഹുമാനപ്പെട്ട മന്ത്രി. ജി. സുധാകരൻ ഇന്നലെ ചെയ്തത് എന്തുപറഞ്ഞാലും ശരിയല്ല. ഒന്നുകിൽ കയറാതിരിക്കണമായിരുന്നു. കയറിയിട്ട് ഇത് ചെയ്തത് ശരിയല്ല എന്നു തന്നെയാണ് എന്റെ ഉറച്ച അഭിപ്രായം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: മന്ത്രി സുധാകരൻ, അമ്പലത്തിൽ തൊഴാനല്ല പോയത്. മന്ത്രിയെന്നുള്ള തന്റെ ചുമതല നിർവ്വഹിക്കാനാണ് പോയത്. ചുമതല നിർവ്വഹിക്കാൻ പോകുമ്പോൾ അമ്പല കോമ്പൗണ്ടിനകത്ത് കയറണം. കയറുമ്പോൾ അവിടെയുള്ള ആചാരം അദ്ദേഹമനുഷ്ഠിച്ചു. അദ്ദേഹം പോയത് കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യാനാണ്. അതിൽ എന്തു പിശകാണ്, നിഷേധമാണ് ഉള്ളതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അവിടെ പോകാൻ പാടില്ലായിരുന്നു. പോയെങ്കിൽ തമ്പുരാനെ തൊഴുതേ പറ്റുകയുള്ളു എന്ന പരാമർശം ശരിയല്ല.

ശ്രീ. ജി. കാർത്തികേയൻ: സംസ്ഥാനത്തെ സഹകരണ വകുപ്പുമന്ത്രിയെക്കുറിച്ചല്ല പറഞ്ഞത്. ദേവസ്വം മന്ത്രിയെക്കുറിച്ചാണ്. അതുകൊണ്ട് ഈ വിഭാഗത്തിന് എല്ലാവിധ സഹകരണങ്ങളും നൽകണം. അതിനോട് ഞാനും യോജിക്കുന്നു.

ശ്രീ. പി. ജയരാജൻ: ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്, അദ്ദേഹം കോൺഗ്രസ്സിന്റെ നേതാവാണ്. ദേവസ്വം വകുപ്പ് ഭരിക്കുന്ന മന്ത്രി വിശ്വാസിയായിരിക്കണം എന്ന് ചിലയാളുകൾ പ്രചരിപ്പിക്കുന്നുണ്ട്. ആ അഭിപ്രായം കോൺഗ്രസ്സിനുണ്ടോ? അതാണ് വ്യക്തമാക്കേണ്ടത്.

ശ്രീ. ജി. കാർത്തികേയൻ: ദേവസ്വം മന്ത്രി വിശ്വാസി ആകുന്നതിൽ എന്താണ് തെറ്റ്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ വിശദമായി മറുപടി പറയേണ്ട കാര്യങ്ങളല്ല. എല്ലാവരും ഇതിനോട് യോജിക്കുകയാണ്. ഇവിടെ ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞതുപോലെ, ഒരു നല്ല കാര്യം കുറച്ച് വൈകിയിട്ടാണെങ്കിലും ചെയ്യുന്നു. ശ്രീ. എൻ. രാജൻ കിളിമാനൂർ കോവിലകവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറഞ്ഞു. ഇതിൽ നമുക്ക് വൈകിയിട്ടാണെങ്കിലും നീതിപൂർവ്വമായ ഒരു തീരുമാനം എടുക്കുവാൻ കഴിഞ്ഞതാണ്. അതാണ് ഈ ഓർഡിനൻസ്. ഇത് പാസ്സാക്കിക്കഴിഞ്ഞാൽ തീർച്ചയായും ഇവിടെ വന്ന നിർദ്ദേശങ്ങൾ കൂടി എങ്ങനെ നമുക്കതിൽ ഉൾക്കൊള്ളിക്കുവാൻ കഴിയും എന്നുള്ളത് ആലോചിക്കണം. പ്രത്യേകിച്ച് ശ്രീ. രാജൻ സംസാരിച്ചപ്പോൾ ശരിയായ ഒരു ചിത്രം ഇവിടെ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മറ്റുമെമ്പർമാരും ശ്രീ. കെ. സി. ജോസഫും അതുപറഞ്ഞു. ഇതൊക്കെ വസ്തുതയാണ്. അതുകൊണ്ട് ഏതുവിധത്തിലാണ് കൂടുതൽ സഹായിക്കുവാൻ കഴിയുക എന്നുള്ളത് ആലോചിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: 1952-ന് മുമ്പ് ജനിച്ചവർക്ക് മാത്രമേ കിട്ടുന്നുള്ളു. അതിന് ശേഷം ജനിച്ചവർക്ക് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ: ഞാൻ അത് പറയുന്നുണ്ട്. ഇപ്പോൾ വർദ്ധനവ് എന്ന് പറയുന്നത്, വർദ്ധനവിന്റെ തോത് നോക്കുമ്പോൾ വലിയ വർദ്ധനവാണ്. 1500-15000, 360-3600 വലിയ വർദ്ധനവാണ്. പക്ഷേ കണക്കുകൂട്ടി വരുമ്പോൾ കിട്ടുന്നത് വളരെ വളരെ തുച്ഛമായ സംഖ്യയാണ്. എന്നാലും ആ ഓർഡിനൻസ് പ്രബലൃത്തിൽ വന്നിട്ട് തുകകിട്ടിത്തുടങ്ങിയപ്പോൾ അവർക്ക് അതൊരു വലിയ ആശ്വാസമായി. രാജൻ താമസിക്കുന്നതിന്റെ തൊട്ടടുത്താണ് ഈ കൊട്ടാരം. വർദ്ധിപ്പിച്ചു കൊടുക്കാൻ പറ്റിയാൽ വർദ്ധിപ്പിച്ചു കൊടുക്കേണ്ടതാണ്. പക്ഷേ ഈ ആക്ട് 1955-ൽ പാസ്സാക്കുമ്പോൾ അന്നതിൽ കൃത്യമായി പറഞ്ഞിരുന്നു. ആക്ട് നിലവിൽ വന്ന തീയതിയിൽ ജീവിച്ചിരിക്കുന്ന കിളിമാനൂർ കൊട്ടാരത്തിലെ ചീഫിനും, അംഗങ്ങൾക്കും പൂഞ്ഞാർ കോയിക്കലിലെ ചീഫിനും, പ്രായം കൂടിയ സ്ത്രീക്കും മറ്റ് അംഗങ്ങൾക്കും. അതോടൊപ്പം ഒന്നുകൂടി പറഞ്ഞിട്ടുണ്ട്. അന്ന് ഗർഭിണിയായിട്ടുള്ളവരുടെ ഗർഭസ്ഥ ശിശുവിനും വളരെ ലിമിറ്റ് ചെയ്തു. ആ ലിമിറ്റ് ചെയ്തത് നമുക്ക് ആലോചിക്കാം. അങ്ങനെ വരുമ്പോൾ ബഹുമാനപ്പെട്ട ചെയർ ചോദിച്ച ഒരു കാര്യമുണ്ട്. കാരണം അത് കഴിയാത്തത് കൊടുങ്ങല്ലൂർ ഒരുപാട് കൊട്ടാരങ്ങളുള്ള സ്ഥലമാണ്. അവരുടെ ജീവിതത്തിന് വലിയൊരു തകർച്ചയുണ്ട് എന്നത് ഒരു വസ്തുതയാണ്. അവരെല്ലാം വലിയ കലാകാരൻമാരും സംഗീതവും ചിത്രകലാപാടവവും ഒക്കെക്കൊണ്ട് പ്രശസ്തരാണ്. ഇപ്പോഴും പ്രത്യേകിച്ച് സ്ത്രീകളുടെ കാര്യത്തിൽ, അവരുടെ ജീവിതം കാണുമ്പോൾത്തന്നെ, നമ്മൾ വല്ല ചടങ്ങുകളൊക്കെ വരുമ്പോഴാണ് അതിനകത്തേക്ക് പോകുന്നത്. അല്ലെങ്കിൽ അവരെ നമ്മൾ പുറത്തുനിന്നല്ലേ കാണുന്നുള്ളു. കൊട്ടാരത്തിന്റെ വലിയ വാതിലുകളും കെട്ടിടവും ഒക്കെ നമ്മൾ പുറത്ത് നിന്നല്ലേ കാണുന്നുള്ളു. പക്ഷേ അകത്തേക്ക് പോകുമ്പോൾ കാണുന്ന ചിത്രം എത്രയോ സങ്കടകരമാണ്. വളരെ വളരെ ദയനീയമാണ്. ഈ പറഞ്ഞപോലെ ചില ഒറ്റപ്പെട്ട കൊട്ടാരമുണ്ടാകും. വലിയ വരുമാനവും ഷെയറും സ്വത്തും ഉള്ളവരെ മാത്രമേ നമ്മൾ അറിയുന്നുള്ളു. കഴിയുന്നവിധം വർദ്ധിപ്പിക്കാൻ തീർച്ചയായും ആലോചിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ-ഇവിടിപ്പോൾ പൂഞ്ഞാർ കോയിക്കലിനും കിളിമാനൂരിലെ അന്തേവാസികൾക്കുമാണ് പറഞ്ഞത്. വഞ്ചിപ്പുഴ എന്നു പറയുന്നത് ഒരു പ്രത്യേക സ്ഥലമാണ്. പ്രത്യേക ക്ഷേത്രമാണ്. അത് കൂടി ഇതിനകത്ത് കവർ ചെയ്യുമോ? 1955-ലെ ആക്ട് അനുസരിച്ച് കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ എന്നീ ഇടവകകളാണ്. വഞ്ചിപ്പുഴ എന്നുപറയുന്നത് പൂഞ്ഞാർ കോയിക്കലാണോ? അതോ വഞ്ചിപ്പുഴ പ്രത്യേകമുണ്ടോ? അതൊന്ന്. രണ്ടാമത്, ജോലിയുടെ കാര്യം. കിളിമാനൂർ കൊട്ടാരത്തിലെ അന്തേവാസികൾ ഇപ്പോൾ ജോലിചെയ്യുന്നുണ്ട്. എഴുന്നേറ്റ് നടക്കാൻ ശേഷിയുള്ള സ്ത്രീകൾ അച്ചാറോ, ചിപ്സോ ഒക്കെ ഉണ്ടാക്കി വിൽക്കുകയാണ് ചെയ്യുന്നത്. അവർക്ക് അതുകൊണ്ട് ഈ ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ, ആകെ വരുന്നത് ഒൻപത് ലക്ഷം രൂപയുടെ ബാധ്യതയാണ്. അത് മുൻകൂറായി, ഈ ഗവൺമെന്റ് വന്ന നാൾ മുതൽ, മുൻകാല പ്രാബല്യത്തോടുകൂടി നൽകാൻ തീരുമാനിക്കണം. എന്നുമുതൽ എന്നു പറയുന്നില്ല. എന്നുതൊട്ടാണ് ഇത് പ്രാബല്യത്തിൽ വരുന്നത് എന്നുകൂടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടി കേരള ഗവൺമെന്റ് — ഏതു ഗവൺമെന്റായാലും — അക്കാര്യത്തിൽ മുൻകൈയെടുത്തിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുണ്ട്. മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് പത്ത് പന്ത്രണ്ട് പെൻഷൻ പദ്ധതികളുണ്ട്. സത്യം പറഞ്ഞാൽ ഇവർ ഒരു മാസത്തിൽ അൻപത് രൂപ വരുമാനം ഇല്ലാത്തവരാണ്. പട്ടിണിപ്പാവങ്ങളെന്നൊക്കെ പറഞ്ഞാൽ നമുക്ക് വിശദീകരിക്കുവാൻ പറ്റാത്ത വിധത്തിൽ വളരെ ദയനീയമാണ്. ഇവിടെ ഞാൻ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞ പോയിന്റിനോട് യോജിക്കുകയാണ്. ഇവിടെ മറ്റ് നിയമങ്ങളൊന്നും നോക്കാതെ ഏതെങ്കിലും രൂപത്തിൽ, കർഷകത്തൊഴിലാളികൾക്ക് നമ്മൾ കൊടുക്കുന്ന ഒരു ആനുകൂല്യം, പ്രതിമാസം കിട്ടാൻ പറ്റത്തക്കവിധത്തിൽ ഈ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി തീരുമാനിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതിൽ വഞ്ചിപ്പുഴ കുടുംബത്തിന് ഗ്രാറ്റിവിറ്റി ഇല്ല. മൈനറായ കുട്ടികൾ അവർ മേജറായപ്പോൾ തുക കൊടുത്തു. അവർക്കില്ല. ഇപ്പോൾ കൊടുക്കുന്നത് ഈ രണ്ട് .......

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കിളിമാനൂരിൽ 9,000 ആക്കിയല്ലോ. ദാരിദ്ര്യം അനുഭവിക്കുന്നത് കിളിമാനൂർ കൊട്ടാരത്തിലുള്ളവരാണ്. ഇത് രണ്ടുംകൂടി ഒന്ന് ഏകീകരിച്ചുകൂടെ?

ശ്രീ. കെ. പി. രാജേന്ദ്രൻ: നിയമത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് 1955-ലെ ആക്ട് വരുമ്പോൾ ഉണ്ടാക്കിയതിന്റെ ആനുപാതികമായിട്ടുവന്ന വർദ്ധനവാണ്. എല്ലാവർക്കും ഇതിനോട് സഹായകരമായ സമീപനമാണ് ഉള്ളത്. ഏറ്റവും അർഹതയുള്ളവർക്ക് നമ്മൾ ചെയ്യുന്ന ഒരു സഹായമായിരിക്കണം. വലിയൊരു സാമ്പത്തിക ബാധ്യത ഗവൺമെന്റിന് വരുന്നതല്ല. നമ്മൾ ആലോചിച്ച ഒരു പൊതു അഭിപ്രായമാണ് ഇത്. ഈ സഭയുടെ തന്നെ പൊതു അഭിപ്രായം വന്നു. സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കും. ക്ഷേത്രത്തിനുവേണ്ടി ഒരു വാക്കു കൂടി. ഈ നാല് ശതമാനം എന്നത് ആക്ടിൽ അങ്ങനെയാണ്. അന്ന് തീരുമാനിച്ചപ്പോൾ നാല് ശതമാനം വച്ചു. അന്ന് 2,43,000 രൂപയാണ്. അന്നത്തെ ആ എമൗണ്ട് വച്ച് വലിയ സംഖ്യയായിരിക്കാം. ഏഴര ശതമാനം വർദ്ധവ് കൂടി ഇതിന്റെ ഭാഗമായിട്ട് കൊണ്ടുവരണം. ഒരു കാര്യം കൂടി സൂചിപ്പിക്കുവാനുള്ളത് ഈ ആക്ട് വരുമ്പോൾ ഇതിൽ അന്ന് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടായിരിക്കുക ഇവരുടെയൊക്കെ ഒരുപാട് സ്വത്തും ഇതുമായി ബന്ധപ്പെട്ടതും അന്നത്തെ നിയമപ്രകാരം ഗവൺമെന്റിലേക്ക് നിക്ഷിപ്തമാകാൻ സഹായിക്കും എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. അപ്പോൾ അത് വച്ചുകൊണ്ട് ഈ പറയുന്ന കൊട്ടാരങ്ങൾക്ക്, അവരുടെ ജീവിതം ഒന്നു ഉയർത്തിക്കൊണ്ടു വരാനുള്ള മറ്റ് സാമൂഹ്യപരമായ ചില കാര്യങ്ങൾ ചെയ്യേണ്ടതൊക്കെ ഈ ആക്ടിന്റെ ഉള്ളിൽ നിൽക്കുന്നതല്ലെങ്കിലും, അതുകൂടി നമുക്ക് ആലോചിക്കാവുന്നതാണ്. പിന്നീട് സബ്ജക്ട് കമ്മിറ്റിയിൽ ഈ പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതിയോടുകൂടി കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ചർച്ചയിൽ വന്ന നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ്: ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. രാജൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. രാജൻ: ഞാൻ പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. ജി. കാർത്തികേയൻ അങ്ങയുടെ 1 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ : ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

[അനുകൂലിക്കുന്നവർ]

[പ്രതികൂലിക്കുന്നവർ]

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ......ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2007 സെപ്റ്റംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly